9. സൂറത്തു – ത്തൗബഃ سورة التوبة

മദീനായിൽ അവതരിച്ചത് – വചനങ്ങൾ 129 – വിഭാഗം (റുകൂഉ്) 16

ഈ സൂറത്തിൽ പലരുടെയും തൗബഃയെ (പാശ്ചാത്താപത്തെ)ക്കുറിച്ചു പ്രസ്താവിക്കുന്നതിൽ നിന്നാണ് ഇതിന് സൂറത്തുത്തൗബഃ എന്നു പേർ വന്നത്. സൂറത്തുൽ 'ബറാ അത്ത്' (براءة) എന്നും പേരുണ്ട്. ആരംഭ വചനത്തിൻെറ തുടക്കം 'ബറാഅത്ത്' എന്ന വാക്കാണല്ലോ. ഉള്ളടക്കത്തിൻെറ ചില പ്രത്യേക വശങ്ങളെ സൂചിപ്പിച്ചുകൊണ്ട് വേറെയും പേരുകൾ ഇതിന് പറയപ്പെട്ടിട്ടുണ്ട്. സൂറത്ത് മുഴുവനും അല്ലെങ്കിൽ മിക്കഭാഗവും ഹിജ്റഒമ്പതാം കൊല്ലത്തിൽ തബൂക്ക് യുദ്ധകാലത്തും അതിനുശേഷവുമായി അവതരിച്ചതാകുന്നു. ആദ്യത്തിലെ ഏതാനും വചനങ്ങൾ തിരുമേനി യുദ്ധം കഴിഞ്ഞ് മടങ്ങുമ്പോഴാണ് അവതരിച്ചതെന്ന് പലരും പറയുന്നു. താഴെ വിവരിക്കുന്ന പ്രകാരം, ആ വചനങ്ങളിലടങ്ങിയ കൽപനകൾ വിളംബരപ്പെടുത്തുവാൻ മക്കായിലേക്ക് തിരുമേനി ആളെ അയക്കുകയും ചെയ്തിരുന്നു.

എല്ലാ സൂറത്തുകളുടെയും ആരംഭത്തിലുള്ളതുപോലെ ഈ സൂറത്തിൻെറ ആരംഭത്തിൽ, സഹാബികളോ ശേഷമുള്ളവരോ ആരും തന്നെ അവരുടെ മുസ്ഹഫുകളിൽ 'ബിസ്മി' (البسملة) എഴുതി വന്നിട്ടില്ല. ഇതിന് ചില കാരണങ്ങൾ പറയപ്പെടുന്നു. മറ്റുള്ളവയെപ്പോലെ ഈ സൂറത്തിൽ 'ബിസ്മി' അവതരിച്ചിട്ടില്ല എന്നതാണ് കൂടുതൽ ശരിയായ അഭിപ്രായം. അല്ലാഹുവിൻെറ കാരുണ്യത്തെക്കുറിക്കുന്നതാണ് 'ബിസ്മി'. ഈ –സൂറത്തിലെ പ്രതിപാദ്യവിഷയങ്ങൾ പ്രധാനമായും മുശ്രിക്കുകളുമായുള്ള കർശന നടപടികളെ സംബന്ധിക്കുന്നവയുമാകുന്നു. അതുകൊണ്ടാണ് ഇതിൽ ബിസ്മി അവതരിക്കാതിരിക്കുവാൻ കാരണമെന്ന് ചിലർ പറയുന്നു. വേറെയും അഭിപ്രായങ്ങൾ കാണാവുന്നതാണ്. والله اعلم

1 (ഇത്) അല്ലാഹുവിൽ നിന്നും, അവൻെറ റസൂലിൽ നിന്നുമുള്ള ഒരു (ബാധ്യത) ഒഴിവാകലാണ് [ഒഴിവായിക്കൊണ്ടുള്ള പ്രഖ്യാപനമാണ്]; മുശ്രിക്കു [ബഹുദൈവ വിശ്വാസി] കളിൽ നിന്ന് നിങ്ങൾ കരാറു നടത്തിയിട്ടുള്ളവരോട്

بَرَآءَةٌ مِّنَ ٱللَّهِ وَرَسُولِهِۦٓ إِلَى ٱلَّذِينَ عَٰهَدتُّم مِّنَ ٱلْمُشْرِكِينَ ﴿١﴾

2 ആകയാൽ, (ഹേ, മുശ്രിക്കുകളേ,) നിങ്ങൾ നാലുമാസം ഭൂമിയിൽ (യഥേഷ്ടം) സഞ്ചരിച്ചുകൊള്ളുവിൻ. നിങ്ങൾ അറിയുകയും ചെയ്യുവിൻ: നിങ്ങൾ അല്ലാഹുവിനെ (തോൽപിച്ച്) അശക്തമാക്കുന്നവരല്ലെന്നും, അല്ലാഹു അവിശ്വാസികളെ അപമാനപ്പെടുത്തുന്നവനാണെന്നും.

فَسِيحُوا۟ فِى ٱلْأَرْضِ أَرْبَعَةَ أَشْهُرٍ وَٱعْلَمُوٓا۟ أَنَّكُمْ غَيْرُ مُعْجِزِى ٱللَّهِ ۙ وَأَنَّ ٱللَّهَ مُخْزِى ٱلْكَٰفِرِينَ ﴿٢﴾

---

1 **براءةٌ** ഒരു ഒഴിവാണ്, ഒഴിവ് പ്രഖ്യാപനമാകുന്നു. **من الله** അല്ലാഹുവിൽനിന്ന്. **ورسوله** അവൻെറ റസൂലിൽനിന്നും. **إلى الذين عاهدتم** യാതൊരുവരിലേക്ക്, യാതൊരു കൂട്ടരോട് നിങ്ങൾ കരാർ (ഉടമ്പടി) ചെയ്തവരോട്. **من المشركين** മുശ്രിക്കുകളിൽ(നിന്ന്). 2 **فسيحوا** അതിനാൽ (ഇനി) നിങ്ങൾ സഞ്ചരിക്കുവിൻ. **في الأرض** ഭൂമിയിൽ. **أربعة** നാലു. **أشهر** മാസങ്ങൾ. **واعلموا** അറിയുകയും ചെയ്യുവിൻ. **أنكم** നിങ്ങൾ (ആകുന്നു) എന്ന്. **غير** അല്ലാത്ത(വർ). **معجزي** കഴിയാതാക്കുന്നവർ, അശക്തമാക്കുന്നവർ (ആകുന്നു). **الله** അല്ലാഹുവിനെ. **وأن الله** അല്ലാഹു (ആകുന്നു) എന്നും. **مخزي** അപമാനിക്കുന്നവൻ, നിന്ദിക്കുന്നവൻ. **الكافرين** അവിശ്വാസികളെ..

നബി (ﷺ) യും സത്യവിശ്വാസികളും മക്കാ മുശ്‌രിക്കുകളുടെ മർദ്ദനംകൊണ്ട് വളരെക്കാലം പൊറുതിമുട്ടി അവസാനം മദീനയിലേക്ക് ഹിജ്റ പോയി. എന്നിട്ടും അവരുടെ അക്രമങ്ങളും ആക്രമണങ്ങളും നിലച്ചില്ല തക്കംകിട്ടുമ്പോഴൊക്കെ അവരത് നടത്തിക്കൊണ്ട് തന്നെയിരുന്നു. അങ്ങനെ ബദ്ർ, ഉഹ്ദ്, ഖൻദഖ് മുതലായ യുദ്ധങ്ങളുണ്ടായി. മദീനായിലെ യഹൂദികളെക്കൊണ്ടുള്ള ശല്യം ഇതിന് പുറമെയും, അവരുമായി നബി (ﷺ) സന്ധികൾ നടത്തിയെങ്കിലും അതെല്ലാം ലംഘിക്കുകയും, മുശ്‌രിക്കുകൾക്കു പിന്തുണ നൽകിക്കൊണ്ട് മുസ്‌ലിംകളെ കൂടുതൽ അലട്ടുകയുമാണവർ ചെയ്തത്. ഹിജ്റ 6-ാം കൊല്ലത്തിൽ മുശ്‌രിക്കുകളുമായി പ്രസിദ്ധമായ ഹുദൈബിയാ സന്ധി നടന്നു. ചരിത്രത്തിൽ തുല്യതയില്ലാത്തവിധം മുസ്‌ലിംകളുടെ ഭാഗത്തുനിന്ന് വിട്ടുവീഴ്ചകൾ അടങ്ങിയതായിരുന്നു പത്തുകൊല്ലക്കാലം അവധിവെച്ചുകൊണ്ടുള്ള ആ സന്ധി. അവധിക്കുമുമ്പേ തന്നെ മുശ്‌രിക്കുകളിൽനിന്ന് സന്ധിലംഘനമുണ്ടായി. അതിനെ തുടർന്ന് ഹിജ്റ 8-ാം കൊല്ലത്തിൽ മക്കാ വിജയത്തിന് ആ സന്ധി വഴി തെളിയിച്ചു. അതോടുകൂടി മുശ്‌രിക്കുകളുടെ കേന്ദ്ര ആസ്ഥാനം (മക്ക) ഇസ്‌ലാമിന്റെ അധീനത്തിൽ വന്നു. എങ്കിലും ചുറ്റുപുറങ്ങളിലുള്ള മുശ്‌രിക്കുകൾ ഇപ്പോഴും തക്കംപാർത്തും, ഉപയോഗപ്പെടുത്തിയും കൊണ്ടിരിക്കുകയാണ്. നബി (ﷺ) യും സഹാബികളും തബൂക്ക് യുദ്ധത്തിന് മദീനാ വിട്ടുപോയിരുന്ന അവസരത്തിൽ ഇവരുടെ ഭീഷണികളും കരാറ് ലംഘനങ്ങളും കൂടുതൽ പ്രകടമായി. അത് ഉപയോഗപ്പെടുത്തിക്കൊണ്ട് മദീനയിലെ കപടവിശ്വാസികൾ നാട്ടിൽ വലിയ ഭീതി ഉളവാക്കുകയും ചെയ്തു. അങ്ങനെ, കരാറ് വ്യവസ്ഥകൾക്കുംസന്ധിനിശ്ചയങ്ങൾക്കും മുശ്‌രിക്കുകളുടെ പക്കൽ വിലയില്ലെന്നും, വഞ്ചനക്കും ലംഘനത്തിനും കിട്ടുന്ന പഴുതുകളെല്ലാം അവർ ഉപയോഗപ്പെടുത്തുമെന്നും അനുഭവങ്ങൾ തെളിയിച്ചു. ചുരുക്കത്തിൽ, അവർക്കിടയിൽ സമാധാനപൂർവ്വം ജീവിക്കുവാനും, സന്ധി നടത്തി അടങ്ങിയിരിക്കുവാനും സാദ്ധ്യമല്ലാതായി. ഇങ്ങിനെയുള്ള ചുറ്റുപാടിലാണ് ഈ വചനങ്ങളും തുടർന്നുള്ള ഏതാനും വചനങ്ങളും അവതരിക്കുന്നത്.

മുശ്‌രിക്കുകളോടുള്ള പരസ്യമായ ഒരു വിളംബരമായിക്കൊണ്ടാണ് ഈ വചനങ്ങളും തുടർന്നുള്ള കുറേവചനങ്ങളും നിലകൊള്ളുന്നത്. വിളംബരം അല്ലാഹുവിങ്കൽനിന്നുള്ളതാണെങ്കിലും അത് നടപ്പിൽ വരുത്തുന്നത് നബി (ﷺ) മുഖാന്തരമാണല്ലോ. അതുകൊണ്ടാണ് അല്ലാഹുവിൽനിന്നും അവന്റെ റസൂലിൽ നിന്നുമുള്ള ബാധ്യത ഒഴിവാകൽ (براءة من الله ورسوله) എന്ന് ആദ്യത്തെ വചനത്തിലും, അല്ലാഹുവിൽനിന്നും അവന്റെ റസൂലിൽനിന്നുമുള്ള അിറയിപ്പ് (اذان من الله ورسوله) എന്ന് അടുത്തവചനത്തിലും അതിന്ന് ശീർഷകം നൽകിയിരിക്കുന്നത്. അക്കാലത്ത് അറേബ്യമുഴുവനും പരസ്യപ്പെടുത്തേണ്ടതുള്ള വല്ല കാര്യവും വിളംബരപ്പെടുത്തുവാൻ ഹജ്ജ് സമയത്തെപ്പോലെ ഉതകുന്ന മറ്റൊരവസരവും ഉണ്ടായിരുന്നില്ല. അതുകൊണ്ടാണ് അടുത്തവചനത്തിൽ കാണുന്ന പ്രകാരം ഈ വിളംബരം ഹജ്ജ് ദിവസം പ്രഖ്യാപനം ചെയ്വാൻ ആജ്ഞാപിച്ചിരിക്കുന്നത്. ഈ പ്രഖ്യാപനത്തെ സംബന്ധിക്കുന്ന ഹദീസുകളും രിവായത്തുകളും പലതും കാണാം. അവയുടെ രത്നചുരുക്കം ഇപ്രകാരമാകുന്നു:

ഹിജ്റ 9-ാം കൊല്ലത്തിൽ, 'തബൂക്ക്' യുദ്ധം കഴിഞ്ഞു വന്നശേഷം, നബി (ﷺ) ഹജ്ജിന് മക്കയിലേക്ക് പോകുവാൻ ആഗ്രഹിച്ചു. പക്ഷെ, മുശ്‌രിക്കുകളും ഹജ്ജിൽ പങ്കെടുക്കുമായിരുന്നതുകൊണ്ട് തിരുമേനി പോകാതിരിക്കുകയാണുണ്ടായത്. അക്കൊല്ലം ഹജ്ജിന്റെ അമീറായി (നേതാവായി) നബി (ﷺ) അബൂബക്കർ സിദ്ദീഖ് (رضي الله عنه) നെ അയച്ചു. നൂറുകണക്കിൽ മുസ്‌ലിംകളും അദ്ദേഹമൊന്നിച്ച് പോയിരുന്നു. അബൂബക്കർ (رضي الله عنه) പുറപ്പെട്ടുപോയിക്കഴിഞ്ഞശേഷം ഈ വചനങ്ങളെ ഹജ്ജിൽ വിളംബരപ്പെടുത്തുവാൻ പിന്നാലെ അലി (رضي الله عنه) യെയും നബി (ﷺ) അയക്കുകയുണ്ടായി. എനിക്കുവേണ്ടി വിളംബരം നടത്തുന്ന ആൾ എന്റെ കുടുംബത്തിൽ ഒരാളായിരിക്കണമെന്ന് പറഞ്ഞുകൊണ്ടാണ് നബി (ﷺ) അദ്ദേഹത്തെ അയച്ചത്. (*)

* ഇങ്ങിനെയുള്ള ഉത്തരവാദപ്പെട്ട പ്രഖ്യാപനങ്ങൾ നടത്തുവാൻ പ്രതിനിധിയെ അയക്കുമ്പോൾ, ആ പ്രതിനിധി അയാളെ അയക്കുന്ന ആളുടെ അടുത്ത ബന്ധുവായിരിക്കണമെന്നുള്ളത് അറബികളുടെ ഇടയിൽ അംഗീകരിക്കപ്പെട്ട ഒരു പതിവായിരുന്നു

അദ്ദേഹത്തിൻെറ നേതൃത്വത്തിൽ, മറ്റു ചിലരും കൂടി അക്കൊല്ലത്തെ ഹജ്ജ് മഹാ സമ്മേളനത്തിൽ വെച്ച് ദുൽഹജ്ജ് മാസം പത്തിന് ഈ സൂറത്തിൻെറ ആദ്യം മുതൽക്കുള്ള ഏതാനും വചനങ്ങൾ (മുപ്പതോ നാൽപതോ വചനങ്ങൾ) വിളംബരം ചെയ്തു. അതോടൊപ്പം തന്നെ, അടുത്തകൊല്ലം മുതൽ മുശ്രിക്കുകളാരും കഅ്ബത്തിങ്കൽ ഹജ്ജിന് വരരുതെന്നും, മേലിൽ ആരും നഗ്നരായി 'ത്വവാഫ്' (കഅ്ബഃ പ്രദക്ഷിണം) ചെയ്യരുതെന്നും പ്രഖ്യാപിക്കുകയുണ്ടായി. നേരത്തെത്തന്നെ ഈ രണ്ട് കാര്യങ്ങളും ഹജ്ജിൽ പ്രഖ്യാപനം ചെയ്‌വാൻ അബൂബക്കർ (رضي الله عنه) ഏൽപിക്കപ്പെട്ടിരുന്നുവെന്നും, അലി (رضي الله عنه) യുടെ വിളംബരത്തിലും ഇത് രണ്ടും ഉൾപ്പെട്ടിരുന്നുവെന്നും താഴെ ഉദ്ധരിക്കുന്ന അബൂഹുറൈറ (رضي الله عنه) യുടെ ഹദീസിൽ നിന്നും വ്യക്തമാകുന്നു.

ഈ വചനങ്ങളിലടങ്ങിയ ആശയങ്ങളെ വിവരിക്കുന്ന മദ്ധ്യെ ഇബ്നു കഥീർ (رحمه الله) ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: ''ഈ വചനത്തി (ൻെറ വ്യാഖ്യാനത്തി)ൽ വ്യാഖ്യാതാക്കൾക്ക് വളരെ അഭിപ്രായ വ്യത്യാസങ്ങളുണ്ട്. ഒരു വിഭാഗം ആളുകൾ പറയുന്നു: കാലാവധി നിർണ്ണയിക്കപ്പെട്ടിട്ടില്ലാത്തവരെയോ, നാലുമാസക്കാലത്തിന് താഴെ അവധി നിശ്ചയിക്കപ്പെട്ടവരെയോ സംബന്ധിച്ചാണ് ഈ വചനം. അവർക്ക് നാലുമാസം വരെ അവധി നൽകപ്പെടുന്നതാണ്. അവധി നിർണ്ണയിച്ചുകൊണ്ടുള്ള കരാറുകാർക്ക് അവരുടെ അവധികാലം തീരുന്നതുവരെയും അവധി നൽകപ്പെടും. അവർക്ക് അവരുടെ അവധി പൂർത്തിയാക്കിക്കൊടുക്കണമെന്ന് (നാലാം വചനത്തിൽ) പറയുന്നുണ്ടല്ലോ. ഇപ്രകാരം ഹദീസിലും വന്നിരിക്കുന്നു. ഇതാണ് ആ അഭിപ്രായങ്ങളിൽവെച്ച് ഏറ്റവും നല്ല അഭിപ്രായം. 'ഇബ്നു ജരീറും' (رحمه الله) ഇതാണ് നല്ലതായി അഭിപ്രായപ്പെട്ടിരിക്കുന്നത്. വേറെ പലരിൽ നിന്നും ഇങ്ങനെ നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്.''

രണ്ടാമത്തെ ആയത്തിൻെറ അവസാനഭാഗം മുശ്രിക്കുകൾക്കുള്ള താക്കിതാണെന്ന് പറയേണ്ടതില്ല. ഈ പ്രഖ്യാപനം കഴിഞ്ഞത് മുതൽക്ക് തന്നെ ആ താക്കീതിൻെറ ഫലം അവർ അനുഭവിച്ചറിയുകയും ചെയ്തിട്ടുണ്ട്.

وَأَذَٰنٌ مِّنَ ٱللَّهِ وَرَسُولِهِۦٓ إِلَى ٱلنَّاسِ يَوْمَ ٱلْحَجِّ ٱلْأَكْبَرِ أَنَّ ٱللَّهَ بَرِىٓءٌ مِّنَ ٱلْمُشْرِكِينَ ۙ وَرَسُولُهُۥ ۚ فَإِن تُبْتُمْ فَهُوَ خَيْرٌ لَّكُمْ ۖ وَإِن تَوَلَّيْتُمْ فَٱعْلَمُوٓا۟ أَنَّكُمْ غَيْرُ مُعْجِزِى ٱللَّهِ ۗ وَبَشِّرِ ٱلَّذِينَ كَفَرُوا۟ بِعَذَابٍ أَلِيمٍ ﴿٣﴾

3 അല്ലാഹുവിൽനിന്നും, അവൻെറ റസൂലിൽനിന്നുമുള്ള ഒരു അിറയിപ്പുമാകുന്നു. മഹത്തായ ഹജ്ജിൻെറ ദിവസത്തിൽ മനുഷ്യരോട് (പൊതുവിൽ). അല്ലാഹുവും അവൻെറ റസൂലും മുശ്രിക്കുകളിൽനിന്ന് (ബാദ്ധ്യത) ഒഴിവായവരാണെന്ന്. എന്നാൽ, (മുശ്രിക്കുകളേ) നിങ്ങൾ പശ്ചാത്തപിച്ചാൽ, അതു നിങ്ങൾക്ക് ഉത്തമമായിരിക്കും; നിങ്ങൾ തിരിഞ്ഞു കളഞ്ഞാൽ നിങ്ങൾ അല്ലാഹുവിനെ (പരാജയപ്പെടുത്തി) അശക്തമാക്കുന്നവരല്ലെന്ന് അറിഞ്ഞു കൊള്ളുവിൻ. അവിശ്വസിച്ചവർക്ക് (നബിയേ) വേദനയേറിയ ശിക്ഷയെക്കുറിച്ചു സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുക.

إِلَّا ٱلَّذِينَ عَـٰهَدتُّم مِّنَ ٱلْمُشْرِكِينَ ثُمَّ لَمْ يَنقُصُوكُمْ شَيْـًٔا وَلَمْ يُظَـٰهِرُوا۟ عَلَيْكُمْ أَحَدًا

4 (പക്ഷേ) മുശ്രിക്കുകളിൽനിന്ന് നിങ്ങൾ കരാറു നടത്തിയിട്ടുള്ളവരൊഴികെ, പിന്നീട് (അതിൽ) നിങ്ങളോട് യാതൊന്നും അവർ പോരായ്മ വരുത്തിയിട്ടുമില്ല. നിങ്ങൾക്കെതിരിൽ ഒരാൾക്കും അ

فَأَتِمُّوٓا۟ إِلَيْهِمْ عَهْدَهُمْ إِلَىٰ مُدَّتِهِمْ ۚ إِنَّ ٱللَّهَ يُحِبُّ ٱلْمُتَّقِينَ ﴿٤﴾

വർ പിന്തുണ നൽകിയിട്ടുമില്ല (ഇങ്ങിനെയുള്ളവരൊഴികെ); അപ്പോൾ, അവർക്ക് അവരുടെ കാലം [അവധി] വരേക്ക് അവരുടെ കരാറ് നിങ്ങൾ പൂർത്തിയാക്കുവിൻ. നിശ്ചയമായും അല്ലാഹു, സൂക്ഷ്മത പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു.

---

3 وأذانٌ ഒരു അറിയിപ്പു (പ്രഖ്യാപനവു) മാണ്. من الله അല്ലാഹുവിൽനിന്ന്. ورسوله അവൻെറ റസൂലിൽനിന്നും. إلى الناس മനുഷ്യരിലേക്ക്, ജനങ്ങളോട്. يوم الحج ഹജ്ജിൻെറ ദിവസം. الأكبر വലിയതായ (മത്തായ). أن الله അല്ലാഹു (ആണ്) എന്ന്. بريءٌ ഒഴിവായവനാണ് (എന്ന്). من المشركين മുശ്രിക്കുകളിൽ(നിന്ന്). ورسوله അവൻെറ റസൂലും. فإن تبتم എന്നാൽ നിങ്ങൾ പശ്ചാത്തപിക്കുന്ന പക്ഷം. فهو അപ്പോൾ അത്. خير لكُم നിങ്ങൾക്ക് ഉത്തമമാകുന്നു. وإن توليتم നിങ്ങൾ തിരിഞ്ഞുകളയുന്ന പക്ഷം. فَاعلموا നിങ്ങൾ അറിഞ്ഞുകൊള്ളുവിൻ. أنكُم നിങ്ങൾ (ആകുന്നു) എന്ന്. غير معجزي അസാദ്ധ്യമാക്കാത്തവർ, അശക്തമാക്കുന്നവരല്ല (എന്ന്). الله അല്ലാഹുവിനെ. وبشر സന്തോഷമറിയിക്കുകയും ചെയ്യുക. الذين كفَروا അവിശ്വസിച്ചവരോട്. بعذَابٍ ശിക്ഷയെപ്പറ്റി. أَليم വേദനപ്പെട്ട (വേദനയേറിയ). 4 إلا ഒഴികെ. الذين عاهدتم നിങ്ങൾ കരാർ നടത്തിയിട്ടുള്ളവർ. من المشركين മുശ്രിക്കുകളിൽനിന്ന്. ثُم പിന്നീട്. لم ينقُصوكُم അവർ നിങ്ങൾക്ക് ചുരുക്കി (നിങ്ങളോട് കുറവു വരുത്തി) യിട്ടില്ല. شيئًا യാതൊന്നും. ولم يظاهروا അവർ പിന്തുണ നൽകിയിട്ടുമില്ല. عليكُم നിങ്ങൾക്കെതിരിൽ. أحدا ഒരാൾക്കും. فَأتموا എന്നാൽ (അപ്പോൾ) പൂർത്തിയാക്കുവിൻ. إليهم അവരിലേക്ക്, അവരോട്. عهدهم അവരുടെ കരാറ്. إلى مدتهم അവരുടെ കാലംവരെ. إن الله നിശ്ചയമായും അല്ലാഹു. يحب ഇഷ്ടപ്പെടുന്നു, സ്നേഹിക്കും. المتقين സൂക്ഷ്മത പാലിക്കുന്നവരെ..

يوم الحج الاكبر(മഹത്തായ ഹജ്ജിൻെറ ദിവസം) 'ദുൽഹജ്ജ്' ഒമ്പതാം ദിവസമായ 'അറഫാ' ദിനത്തെ ഉദ്ദേശിച്ചും, പത്താം ദിവസമായ പെരുന്നാൾ ദിനത്തെ ഉദ്ദേശിച്ചും, തുടർന്നുള്ള മൂന്ന് ദിവസങ്ങളായ 'അയ്യാമുത്തശ്‌രീഖി'നെ ഉദ്ദേശിച്ചും ഉപയോഗിക്കപ്പെടാറുണ്ട്. ചിലപ്പോൾ, ഹജ്ജ് കാലത്തെ പൊതുവിൽ ഉദ്ദേശിച്ചും പറയപ്പെടും. പക്ഷേ, വിളംബരം നടത്തപ്പെട്ടത് പെരുന്നാൾ ദിവസമായിരുന്നുവെന്ന് ഹദീസിനാൽ സ്ഥിരപ്പെട്ടിരിക്കകൊണ്ട് ആ ദിവസമാണിവിടെ ഉദ്ദേശ്യമെന്ന് മനസ്സിലാക്കാം. ഹജ്ജിൻെറ വിശേഷണമായി الاكبر (ഏറ്റവും വലുതായ-അഥവാ മഹത്തായ) എന്ന് വിശേഷിപ്പിച്ചതിന് പലരും പല കാരണങ്ങൾ പറഞ്ഞ് കാണുന്നു: ഉംറഃകർമ്മത്തെപ്പറ്റി ചെറിയ ഹജ്ജ് (الحج الاصغر) എന്നു പറയപ്പെടാറുള്ളതുകൊണ്ട് അതല്ല ഉദ്ദേശ്യമെന്ന് വ്യക്തമാക്കുവാനാണെന്നും, ഹജ്ജിൻെറ പ്രധാന കർമ്മങ്ങൾ നടക്കുകയും ജനങ്ങളെല്ലാം മിനായിൽ ഒരുമിച്ചുകൂടുകയും ചെയ്യുന്നത് പെരുന്നാൾ ദിവസമായതുകൊണ്ട് അതാണിവിടെ ഉദ്ദേശിച്ചതെന്നും മറ്റുമാണ്. ഏതായാലും-ഇക്കാലത്ത് ചിലർ ധരിച്ചുവശായതു പോലെ-അറഫാ ദിവസം വെള്ളിയാഴ്ചയായി വരുന്ന കൊല്ലങ്ങളിലെ ഹജ്ജിനുള്ള ഒരു പ്രത്യേക നാമമോ, വിശേഷണമോ അല്ല 'ഹജ്ജുൽ അക്ബർ' (الحج الاكبر) എന്ന വാക്ക്.

ഈ വചനങ്ങളിലടങ്ങിയ പ്രഖ്യാപനങ്ങളുടെ രത്നച്ചുരുക്കം ഇങ്ങിനെ പറയാം: (1) നബി (ﷺ) യും മുശ്രിക്കുകളുമായുള്ള കരാറ് വ്യവസ്ഥകൾ ഇതോടെ അവസാനിച്ചു. (2) കഴിഞ്ഞുപോയ തെറ്റുകളിൽ നിന്നും ലംഘനങ്ങളിൽ നിന്നും പശ്ചാത്തപിച്ച് മടങ്ങിയാൽ അതവർക്ക് ഗുണമായിത്തീരും. അല്ലാത്തപക്ഷം അതിൻെറ ഫലം (ഇഹത്തിലും, പരത്തിലും) അവർ അനുഭവിക്കേണ്ടിവരും. അതിൽ നിന്ന് രക്ഷപ്പെടുവാൻ അവർക്ക് സാദ്ധ്യമാകുക ഇല്ലതന്നെ.

'പശ്ചാത്തപിച്ചു മടങ്ങുക' എന്നതുകൊണ്ടുദ്ദേശ്യം, ഇസ്‌ലാമിനെ സ്വീകരിക്കുക എന്നായിരിക്കും. കാരണം, ഇസ്‌ലാമിൽ പ്രവേശിക്കാത്ത മുസ്‌ലിംകളുടെ രക്ഷയിൽ വർത്തിക്കുവാൻ അപേക്ഷിക്കുന്നവരെപ്പറ്റി 6-ാം വചനത്തിൽ പ്രത്യേകം വിവരിക്കുന്നുണ്ട്. (3) മുസ്‌ലിംകളുമായി വല്ല കരാറും നിലവിലുണ്ടായിരിക്കുകയും, അതിൽ വിഘ്നം വരുത്തുകയോ, മുസ്‌ലിംകൾക്കെതിരായി ശത്രുക്കളെ സഹായിക്കുകയോ ചെയ്യാതിരിക്കുകയും ചെയ്യുന്നവർ മാത്രം ഇതിൽ നിന്ന് ഒഴിവാകുന്നു. അവരെ സംബന്ധിച്ചിടത്തോളം മുമ്പ് പറഞ്ഞ നാല് മാസങ്ങളുടെ അവധിയുടെ കണക്കില്ല. അവരുമായുള്ള കരാറിൽ നിശ്ചയിച്ച അവധി തീരുന്നതുവരെ അത് പാലിക്കുക തന്നെ ചെയ്യും.

അബൂഹുറൈറ (رضي الله عنه) പ്രസ്താവിച്ചതായി ഹുമൈദ്ബ്നു അബ്ദിർ റഹ്മാൻ (رحمه الله) ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു: ''ആ ഹജ്ജിൽ വെച്ച് അക്കൊല്ലത്തിനുശേഷം ഒരു മുശ്‌രിക്കും ഹജ്ജ് ചെയ്യരുതെന്നും, നഗ്നരായി ആരും 'ത്വവാഫ്' ചെയ്യരുതെന്നും ബലിപെരുന്നാൾ ദിവസം മിനായിൽ പ്രഖ്യാപനം ചെയ്യുന്നവരുടെ കൂട്ടത്തിൽ അബൂബക്കർ (رضي الله عنه) എന്നേയും അയച്ചിരുന്നു'' (നിവേദകനായ) ഹുമൈദ് പറയുകയാണ്: ''പിന്നീട് റസൂൽ (ﷺ) അലിയ്യുബ്നു അബീത്വാലിബ് (رضي الله عنه) നെയും 'ബറാഅത്ത്' പ്രഖ്യാപനത്തിനായി പിന്നാലെ അയച്ചു.'' അബൂഹുറൈറ (رضي الله عنه) തുടർന്ന് പറഞ്ഞു: ''അങ്ങനെ, അലിയും ഞങ്ങളൊന്നിച്ച് ബലിപെരുന്നാൾ ദിവസം മിനായിലെ ജനങ്ങളിൽ 'ബറാഅത്തും', ഇക്കൊല്ലത്തിനുശേഷം മുശ്‌രിക്കുകൾ ഹജ്ജ് ചെയ്യരുതെന്നും, നഗ്നൻമാർ ത്വവാഫ് ചെയ്യരുതെന്നും വിളംബരം നടത്തി.' (ബുഖാരി)

فَإِذَا ٱنسَلَخَ ٱلْأَشْهُرُ ٱلْحُرُمُ فَٱقْتُلُوا۟ ٱلْمُشْرِكِينَ حَيْثُ وَجَدتُّمُوهُمْ وَخُذُوهُمْ وَٱحْصُرُوهُمْ وَٱقْعُدُوا۟ لَهُمْ كُلَّ مَرْصَدٍ ۚ فَإِن تَابُوا۟ وَأَقَامُوا۟ ٱلصَّلَوٰةَ وَءَاتَوُا۟ ٱلزَّكَوٰةَ فَخَلُّوا۟ سَبِيلَهُمْ ۚ إِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿٥﴾

5 അങ്ങനെ, (യുദ്ധം) നിഷിദ്ധമായ (ആ) മാസങ്ങൾ കഴിഞ്ഞുപോയാൽ, മുശ്‌രിക്കുകളെ നിങ്ങൾ വധിക്കുവിൻ, അവരെ കിട്ടിയേടത്തുവെച്ച്. അവരെ പിടിക്കുകയും, അവരെ ഉപരോധിക്കുകയും, എല്ലാ പതിസ്ഥലങ്ങളിലും അവർക്കുവേണ്ടി (പതി) ഇരിക്കുകയും ചെയ്യുവിൻ. ഇനി, അവർ പശ്ചാത്തപിക്കുകയും, നമസ്കാരം നിലനിറുത്തുകയും, സക്കാത്തു കൊടുക്കുകയും ചെയ്യുന്ന പക്ഷം, (അവർക്ക്) അവരുടെ വഴി ഒഴിവാക്കി (വിട്ടു) കൊടുക്കുവിൻ. നിശ്ചയമായും അല്ലാഹു വളരെ പൊറുക്കുന്നവനാണ്, കരുണാനിധിയാണ്.

---

5 **فَإِذَا انسلخ** അങ്ങിനെ കഴിഞ്ഞാൽ. **الأشهر** (ആ) മാസങ്ങൾ. **الحرم** നിഷിദ്ധമായ, പരിപാവനമായ. **فَاقْتُلُوا** നിങ്ങൾ വധിക്കുവിൻ, കൊല്ലുവിൻ. **المشركين** മുശ്‌രിക്കുകളെ. **حيثُ** ഇടത്തിൽ, വിധത്തിൽ. **وجدتموهم** നിങ്ങൾക്ക് അവരെ കിട്ടിയ, നിങ്ങൾ കണ്ടെത്തിയ. **وخذُوهم** അവരെ പിടിക്കുകയും ചെയ്യുവിൻ. **واحصروهم** അവരെ ഉപരോധിക്കുകയും ചെയ്യുവിൻ. **واقعُدوا** ഇരിക്കുകയും ചെയ്യുവിൻ. **لهم** അവർക്കായി. **كُلّ مرصد** എല്ലാ പതിസ്ഥലത്തും, നിരീക്ഷണ സ്ഥാനത്തും. **فَإن تابوا** ഇനി (എന്നാൽ) അവർ പശ്ചാത്തപിച്ചെങ്കിൽ. **وأقاموا** അവർ നിലനിറുത്തുകയും. **الصلاة** നമസ്കാരം. **وآتوا** അവർ കൊടുക്കുകയും. **الزكاة** സക്കാത്ത്. **فخلوا** എന്നാൽ ഒഴിവാക്കുവിൻ. **سبيلهم** അവരുടെ വഴി, മാർഗ്ഗം. **إن الله** നിശ്ചയമായും അല്ലാഹു. **غَفُور** വളരെ പൊറുക്കുന്നവനാണ്. **رحيم** കരുണാനിധിയാണ്..

الاشهر الحرم (യുദ്ധം നിഷിദ്ധമായ മാസങ്ങൾ) കൊണ്ട് ഇവിടെ ഉദ്ദേശ്യമെന്താണെന്നുള്ളതിൽ രണ്ട് അഭിപ്രായങ്ങളുണ്ട്. (1) യുദ്ധം നിഷിദ്ധമായ ദുൽഖഅ്ദഃ, ദുൽഹിജ്ജഃ, മുഹറം എന്നിവയും റജബുംകൂടി നാലുമാസങ്ങൾതന്നെയാണ് ഇവിടെയും ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഇതനുസരിച്ച് മുമ്പ് കരാർ നിലവിലില്ലാത്ത മുശ്‌രിക്കുകളോട് പ്രഖ്യാപനം നടന്നത് മുതൽ അടുത്ത മുഹറം കഴിയുന്നതുവരെ നടപടിയൊന്നും എടുക്കേണ്ടതില്ലെന്നും, മുഹറം കഴിഞ്ഞാൽ-അവർ പശ്ചാത്തപിച്ച് മടങ്ങാത്തപക്ഷം--മേൽപറഞ്ഞ നടപടികൾ അവരോട് സ്വീകരിക്കണമെന്നുമായിരിക്കും ആയത്തിൻെറ ഉദ്ദേശ്യം. (2) യുദ്ധം നിഷിദ്ധമായ ആ മാസങ്ങളല്ല ഇവിടെ ഉദ്ദേശ്യം. കഴിഞ്ഞ വചനങ്ങളിൽ നാലുമാസം ഭൂമിയിലൂടെ സഞ്ചരിച്ചുകൊള്ളുക (فسيحوافى الارض اربعة اشهر) എന്ന് മുശ്‌രിക്കുകളോടും അവർക്ക് അവരുടെ കരാറ് പൂർത്തിയാക്കിക്കൊടുക്കുക (فأتموا إليهم عهدهم) എന്ന് മുസ്‌ലിംകളോടും പറഞ്ഞ ആ കാലമാണുദ്ദേശ്യം. ഇതനുസരിച്ച് ഈ പ്രഖ്യാപനത്തിനുശേഷം അതാത് കൂട്ടർക്ക് അനുവദിക്കപ്പെട്ടതും അവരോട് യുദ്ധം നടത്തുവാൻ പാടില്ലാത്തതുമായ ആ മാസങ്ങൾ കഴിയുന്നതുവരെ അവരോട് ഒരു നടപടിയും എടുക്കേണ്ടതില്ലെന്നും, അത് കഴിഞ്ഞാൽ പിന്നെ-അവർ പശ്ചാത്തപിച്ചു മടങ്ങാത്തപക്ഷം -മേൽപറഞ്ഞ നടപടികൾ സ്വീകരിക്കണമെന്നുമായിരിക്കും ഉദ്ദേശ്യം. ഈ അഭിപ്രായത്തിനാണ് ഇബ്നുകഥീർ (ﷺ) മുൻഗണന നൽകിയിരിക്കുന്നത്. മുജാഹിദ്, ഇബ്നുഇസ്ഹാഖ്, ഖത്താദഃ സുദ്ദീ (ﷺ) എന്നിവരുടെയും അഭിപ്രായം അതാണെന്നും, സന്ദർഭംകൊണ്ട് മനസ്സിലാകുന്നത് ഇതാണെന്നും, യുദ്ധം നിഷിദ്ധമായ നാല് മാസങ്ങളെ സംബന്ധിച്ച വിധി ഈ സൂറത്തിൽതന്നെ (36-ാം വചനത്തിൽ) പ്രത്യേകം താഴെ വരുന്നുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുകയും ചെയ്തിരിക്കുന്നു.

കരാറ് പ്രകാരം യുദ്ധ നടപടിയെടുക്കുവാൻ പാടില്ലാത്ത ആ മാസങ്ങൾ കഴിഞ്ഞതിനുശേഷം അവർ പശ്ചാത്തപിക്കാതെ പഴയപടി തന്നെ തുടരുകയാണെങ്കിൽ അവരുടെ നേരെ സ്വീകരിക്കേണ്ടുന്ന നടപടികൾ ഇവയാകുന്നു: (1) കിട്ടിയേടത്തുവെച്ച് കൊലപ്പെടുത്തുക. (2) പിടിച്ച് ബന്ധനത്തിലാക്കുക. ബന്ധനത്തിലാക്കുന്നത് സംബന്ധിച്ച് സൂറത്തുൽ അൻഫാൽ 67-ാം വചനത്തിൽ പ്രസ്താവിച്ച ആക്ഷേപം ഇപ്പോൾ നിലവിലില്ല. മുസ്‌ലീംകൾക്ക് ശക്തിയും പ്രതാപവും വന്ന് കഴിഞ്ഞിരിക്കുകയാണല്ലോ. (3) ഉപരോധം ചെയ്യുക. അവർ കോട്ടക്കകത്തോ മറ്റോ പ്രവേശിച്ച് രക്ഷപ്പെടുന്ന പക്ഷം അവർ പുറത്തുവന്ന് കീഴൊതുങ്ങാൻ നിർബന്ധിതരാകുമാറ് ഉപരോധം ഏർപ്പെടുത്തണമെന്ന് സാരം. (4) തക്കവും തരവും നോക്കി എല്ലാ മർമ്മസ്ഥാനങ്ങളിലും പതിയിരുന്നുകൊണ്ട് അവരെ സ്വൈരവിഹാരം കൊള്ളുവാൻ അനുവദിക്കാതിരിക്കുക. അക്കാലത്ത് ശത്രു വിഭാഗങ്ങൾ തമ്മിലുണ്ടായിരുന്ന യുദ്ധ നയങ്ങളാണിതെല്ലാം.

ഈ പ്രഖ്യാപനം കഴിഞ്ഞ ശേഷവും ആരെങ്കിലും പശ്ചാത്തപിച്ച് മടങ്ങുന്ന പക്ഷം അതുവരെ അവർ ചെയ്ത അക്രമങ്ങളുടെയോ മത്സരങ്ങളുടെയോ പേരിൽ യാതൊരു നടപടിയും എടുക്കപ്പെടുകയില്ല. പശ്ചാത്തപിക്കുക എന്ന് പറഞ്ഞതിൻെറ ഉദ്ദേശ്യം ശിർക്കിൽ നിന്ന് പിൻമാറി ഇസ്‌ലാമിനെ അംഗീകരിക്കുക എന്നാകുന്നു. പക്ഷെ, ഇസ്‌ലാമിൻെറ മുദ്രാവാക്യങ്ങളായ ശഹാദത്ത് കലിമകൾ നാവുകൊണ്ട് പറഞ്ഞാൽ മാത്രം പോരാ, അത് പ്രവർത്തനംകൊണ്ട് തെളിയിക്കുകയും വേണം. അതായത് ശാരീരികമായി ഏറ്റവും വലിയ നിർബന്ധകടമയായ നമസ്കാരം നിലനിറുത്തിപ്പോരുകയും, ധനപരമായി ഏറ്റവും വലിയ കടമയായ സക്കാത്ത് കൊടുക്കുകയും വേണം. അതവർ ചെയ്താൽ മുസ്‌ലിംകൾക്കുള്ള എല്ലാ പൗരാവകാശങ്ങൾക്കും അവർ അർഹരായിത്തീർന്നു. പ്രസിദ്ധമായ ഒരു ഹദീസിൽ നബി (ﷺ) ഈ തത്വം ഇങ്ങിനെ വ്യക്തമാക്കുന്നു: ''അല്ലാഹു അല്ലാതെ ആരാധ്യനില്ലെന്നും, മുഹമ്മദ് അല്ലാഹുവിൻെറ റസൂലാണെന്നും സാക്ഷ്യപ്പെടുത്തുകയും, നമസ്കാരം നിലനിറുത്തുകയും, സക്കാത്തുകൊടുക്കുകയും ചെയ്യുന്നതുവരെ യുദ്ധം മനുഷ്യരോടുചെയ്യാൻ എന്നോട് കല്പിക്കപ്പെട്ടിരിക്കുന്നു. അതവർ ചെയ്താൽ അവരുടെ രക്തങ്ങളും, സ്വത്തുക്കളും എന്നിൽ നിന്നും അവർ കാത്തു രക്ഷിച്ചു: (മറ്റു കുറ്റകൃത്യങ്ങൾ കാരണം) ഇസ്‌ലാമിക നിയമമനുസരിച്ച് (നടപടി) വേണ്ടി വന്നാലല്ലാതെ. (മറ്റു നിലക്കുള്ള)

അവരുടെ വിചാരണ (അഥവാ കൃത്യമായ കണക്ക് പരിശോധന) അല്ലാഹുവിന്‍റെ ബാധ്യതയാണ്.'' (ബു; മു) ഇപ്രകാരം ഇസ്‌ലാമില്‍ പ്രവേശിച്ച് കഴിഞ്ഞാല്‍ പിന്നെ ഇസ്‌ലാമിന്‍റെ മുറപ്രകാരമുള്ള ശാസനകളൊന്നും നിഷേധിക്കുവാന്‍ അവര്‍ക്കു പാടില്ല. നിഷേധിച്ചാല്‍ അതിന്‍റെ പേരില്‍ അവരോട് നിയമാനുസൃതമായ നടപടി എടുക്കുക തന്നെ ചെയ്യും എന്ന് സാരം. ഈ തത്വത്തെ അടിസ്ഥാനമാക്കിയാണ് നബി (ﷺ) യുടെ വിയോഗനന്തരം, മേലില്‍ തങ്ങള്‍ സക്കാത്തുകൊടുക്കുകയില്ലെന്ന് ശഠിച്ചവരോട് ഒന്നാം ഖലീഫ അബൂബക്കര്‍ (رضي الله عنه) യുദ്ധം നടത്തിയത്.

وَإِنْ أَحَدٌ مِّنَ ٱلْمُشْرِكِينَ ٱسْتَجَارَكَ فَأَجِرْهُ حَتَّىٰ يَسْمَعَ كَلَٰمَ ٱللَّهِ ثُمَّ أَبْلِغْهُ مَأْمَنَهُۥ ۚ ذَٰلِكَ بِأَنَّهُمْ قَوْمٌ لَّا يَعْلَمُونَ ﴿٦﴾

6 (നബിയേ) മുശ്‌രിക്കുകളില്‍ നിന്ന് ഏതെങ്കിലും ഒരാള്‍ നിന്നോട് രക്ഷ [അഭയം] തേടിയെങ്കില്‍, അവന്‍ അല്ലാഹുവിന്‍റെ വചനം കേള്‍ക്കുന്നതുവരെ അവന് രക്ഷ [അഭയം] നല്‍കുക. പിന്നെ, അവനെ അവന്‍റെ അഭയസ്ഥാനത്ത് എത്തിച്ചു കൊടുക്കുക. അത് അവര്‍ അറിഞ്ഞുകൂടാത്ത ഒരു ജനതയാണെന്നുള്ളതു കൊണ്ടത്രെ.

---

6 **وإنْ أحد** വല്ല ഒരുവനും (ഏതെങ്കിലും ഒരാള്‍) എങ്കിലും. **من المشركين** മുശ്‌രിക്കുകളില്‍ നിന്ന്. **استجارك** നിന്നോട് രക്ഷ (അഭയം-കാവല്‍) തേടി (യെങ്കില്‍). **فَأجِره** എന്നാലവന് രക്ഷ (അഭയം-കാവല്‍) നല്‍കുക. **حتى يسمع** അവന്‍ കേള്‍ക്കുവാന്‍ വേണ്ടി, കേള്‍ക്കുന്നതുവരെ. **كلامَ اللهِ** അല്ലാഹുവിന്‍റെ വചനം. **ثُم** പിന്നീട്. **أبلغه** അവനെ എത്തിച്ചുകൊടുക്കുക. **مأمنه** അവന്‍റെ അഭയ (സമാധാന) സ്ഥാനത്ത്. **ذَلك** അതു (കാരണം). **بأنهم** അവര്‍ (ആണ്) എന്നുള്ളത് കൊണ്ടാണ്. **قوم** ഒരു ജനതയാണ് (എന്നുള്ളത്). **لا يعلمونَ** അവര്‍ക്കറിഞ്ഞുകൂടാ..

മുസ്‌ലിംകളുമായി കരാറുകളൊന്നും നിലവിലില്ലാത്തവരും കണ്ടേടത്തുവെച്ച് വധിക്കപ്പെടുവാന്‍ അനുവദിക്കപ്പെട്ടവരുമായ മുശ്‌രിക്കുകളായിരുന്നാല്‍പോലും, അവരില്‍ ആരെങ്കിലും ഖുര്‍ആന്‍ കേട്ട് മനസ്സിലാക്കുവാന്‍ ഉദ്ദേശിച്ച് മുസ്‌ലീംകളെ സമീപിച്ചാല്‍, അവര്‍ക്ക് അഭയം നല്‍കുകയും അവര്‍ക്ക് ഖുര്‍ആന്‍ കേള്‍പ്പിച്ചുകൊടുക്കുകയും ചെയ്യണം. അവര്‍ വിശ്വസിച്ചാലും ഇല്ലെങ്കിലും ശരി, പിന്നീട് അവരുടെ അഭയസ്ഥാനത്ത്-നാട്ടിലും ജനങ്ങളിലും സുരക്ഷിതമായി എത്തിച്ചുകൊടുക്കുകയും ചെയ്യണം എന്ന് അല്ലാഹു കല്‍പിക്കുന്നു. ഖുര്‍ആന്‍ കേള്‍ക്കുക എന്ന് പറഞ്ഞതുകൊണ്ട് വിവക്ഷ ഇസ്‌ലാമിനെപ്പറ്റി സാമാന്യമായെങ്കിലും അവര്‍ പഠിക്കുക എന്നാകുന്നു. അറബികളെ സംബന്ധിച്ചിടത്തോളം അന്ന് അവര്‍ക്ക് ഖുര്‍ആന്‍ കേട്ടാല്‍തന്നെ അതിന്‍റെ ആശയം ശരിക്ക് മനസ്സിലാക്കുവാന്‍ പ്രയാസമില്ലല്ലോ. സത്യം ഗ്രഹിച്ചിട്ടും സത്യവിശ്വാസം സ്വീകരിക്കാതെ, മര്‍ക്കടമുഷ്ടിയോടെ കഴിയുന്ന പലരും മുശ്‌രിക്കുകളില്‍ ഉണ്ടാവാമെങ്കിലും മുശ്‌രിക്കുകള്‍ പൊതുവെ ഇസ്‌ലാമിനെപ്പറ്റി വേണ്ടതുപോലെ അറിയാത്തവരായിരിക്കും. അതുകൊണ്ടാണ് അവര്‍ക്ക് അഭയം നല്‍കണമെന്നും, ഖുര്‍ആന്‍ കേള്‍പ്പിക്കണമെന്നും കല്പിച്ചതെന്നുകൂടി അല്ലാഹു ഉണര്‍ത്തുന്നു. ഇസ്ലാമിനെപ്പറ്റി മനസ്സിലാക്കുവാന്‍ വരുന്നവരെ ഏത് പരിതസ്ഥിതിയിലും സ്വാഗതം ചെയ്യണമെന്നും, അതിനുവേണ്ടി സൗകര്യങ്ങള്‍ ഏര്‍പ്പെടുത്തിക്കൊടുക്കണമെന്നുമാണ് ഇതില്‍നിന്നുവ്യക്തമാകുന്നത്.

പല സന്ദര്‍ഭങ്ങളില്‍ ഓരോ ആവശ്യാര്‍ത്ഥം മുശ്‌രിക്കുകളായ ആളുകള്‍ നബി (ﷺ) യുടെ അടുക്കല്‍ വന്നപ്പോള്‍, അവിടുന്ന് അവരൊട് സമാധാനപൂര്‍വ്വം പെരുമാറുകയും, ചിലര്‍ക്ക് ഇസ്‌ലാമിനെക്കുറിച്ചു മനസ്സിലാക്കുവാന്‍ അവസരമുണ്ടാക്കിക്കൊടുക്കുകയും ചെയ്ത ചില

സംഭവങ്ങളെ സൂചിപ്പിച്ചുകൊണ്ട് ഇബ്നു കഥീർ (ﷺ) പറയുന്നു: ''ശത്രു നാട്ടിൽ നിന്ന് ഇസ്ലാമിൻെറ നാട്ടിലേക്ക് വല്ല ദൗത്യവും നിർവ്വഹിക്കുവാൻ വേണ്ടിയോ, കച്ചവടത്തിനുവേണ്ടിയോ, വല്ല കരാറും സന്ധിയും ആവശ്യപ്പെട്ടുകൊണ്ടോ, കപ്പം അടച്ച് തീർക്കുവാൻ വേണ്ടിയോ, അല്ലെങ്കിൽ അതുപോലെയുള്ള ഏതെങ്കിലും ആവശ്യത്തിന് വേണ്ടിയോ വല്ലവരും വന്ന് ഭരണാധികാരിയോടോ, അദ്ദേഹത്തിൻെറ പ്രതിനിധിയോടോ അഭയം ആവശ്യപ്പെട്ടാൽ, അയാൾ ഇസ്ലാമിൻെറ നാട്ടിൽ സ്ഥിതി ചെയ്യുമ്പോഴും, അയാളുടെ അഭയ സ്ഥാനത്തേക്കും നാട്ടിലേക്കും മടങ്ങിപ്പോകുന്നതുവരെയും അയാൾക്ക് അഭയം നൽകേണ്ടതാണ്.'' പക്ഷെ, ദീർഘകാലമോ, ആവശ്യത്തിലധികം കാലമോ അവരെ അവിടെ താമസിക്കുവാൻ അനുവദിക്കുന്നത് നല്ലതല്ലെന്നും, പല അനർത്ഥങ്ങൾക്കും അത് കാരണമാവാനിടയുണ്ടെന്നും പറയേണ്ടതില്ല.

വിഭാഗം-2

كَيْفَ يَكُونُ لِلْمُشْرِكِينَ عَهْدٌ عِندَ ٱللَّهِ وَعِندَ رَسُولِهِۦٓ إِلَّا ٱلَّذِينَ عَـٰهَدتُّمْ عِندَ ٱلْمَسْجِدِ ٱلْحَرَامِ ۖ فَمَا ٱسْتَقَـٰمُوا۟ لَكُمْ فَٱسْتَقِيمُوا۟ لَهُمْ ۚ إِنَّ ٱللَّهَ يُحِبُّ ٱلْمُتَّقِينَ ﴿٧﴾

7 എങ്ങിനെയാണ് (ആ) മുശ്രിക്കുകൾക്ക് അല്ലാഹുവിൻെറ അടുക്കലും, അവൻെറ റസൂലിൻെറ അടുക്കലും ഒരു കരാർ (നിലവിൽ) ഉണ്ടാകുന്നത്? നിങ്ങൾ 'മസ്ജിദുൽ ഹറാമി'ൻെറ അടുക്കൽ വെച്ചു കരാറ് നടത്തിയവർക്കല്ലാതെ! എന്നാൽ, അവർ നിങ്ങളോട് ചൊവ്വിനു നില കൊള്ളുമ്പോൾ, നിങ്ങൾ അവരോടും ചൊവ്വിനുനിലകൊള്ളുവിൻ. നിശ്ചയമായും അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു.

---

7 **كيف يكون** എങ്ങിനെ ഉണ്ടായിരിക്കും, ഉണ്ടാകും. **للمشركين** മുശ്രിക്കുകൾക്ക്. **عهد** ഒരു കരാർ, വല്ല ഉടമ്പടിയും. **عند الله** അല്ലാഹുവിൻെറ അടുക്കൽ. **وعند رسوله** അവൻെറ റസൂലിൻെറ അടുക്കലും. **إلا الذين** യാതൊരു കൂട്ടരൊഴികെ, ഒരു കൂട്ടർക്കല്ലാതെ. **عاهدتم** നിങ്ങൾ കരാർ (സന്ധി) നടത്തിയ. **عند المسجد الحرام** മസ്ജിദുൽ ഹറാമിൻെറ അടുക്കൽവെച്ച്. **فما استقاموا** എന്നാൽ അവർ ചൊവ്വിന് (നേർക്കുനേരെ) നിലകൊള്ളുമ്പോൾ. **لكم** നിങ്ങളോട്. **فاستقيموا** നിങ്ങൾ (നിങ്ങളും) ചൊവ്വിന് നിലകൊള്ളുവിൻ. **لهم** അവരോട്. **إن الله** നിശ്ചയമായും അല്ലാഹു. **يحب** ഇഷ്ടപ്പെടുന്നു, സ്നേഹിക്കും. **المتقين** സൂക്ഷമ്ത പാലിക്കുന്നവരെ..

നാലുമാസം കഴിഞ്ഞാൽ സന്ധിയില്ലാ സമരം നടത്തുമെന്ന് പ്രഖ്യാപിക്കപ്പെട്ട ആ മുശ്രിക്കുകളെപ്പറ്റിയാണ് പറയുന്നത്. അല്ലാഹുവിൻെറയും റസൂലിൻെറയും ഭാഗത്ത്നിന്ന് ഒരു കരാറും നടത്തപ്പെടുവാനുള്ള യാതൊര് അർഹതയും അവർക്കില്ല. അവരുടെ ഇതപര്യന്തമുള്ള ചെയ്തികളും, കരാറ് ലംഘനങ്ങളും, അല്ലാഹുവിനോടും റസൂലിനോടും അവർ അനുവർത്തിച്ചുകൊണ്ടിരുന്ന നയങ്ങളുമെല്ലാം നിലവിലിരിക്കെ, അതിന് അവർക്ക് എങ്ങിനെ അർഹതയുണ്ടാകുവാനാണ്?! പക്ഷെ, മസ്ജിദുൽ ഹറാമിൻെറ (കഅ്ബയുടെ) പരിസരത്തിൽവെച്ചുസന്ധിനടത്തിയിട്ടുള്ള ചിലർ തങ്ങളുടെ സന്ധി വ്യവസ്ഥ ലംഘിക്കാത്തവരായിട്ടുണ്ട്. അവർ അതേ നിലക്ക് ചൊവ്വിന്നിലക്കൊള്ളുന്ന കാലത്തോളം അവർക്ക് ഈ പ്രഖ്യാപനം ബാധകമാകുകയില്ല. അവരിൽ നിന്ന് വല്ല ലംഘനവും ഉണ്ടാകാത്ത കാലത്തോളം അവരോടങ്ങോട്ടും വ്യവസ്ഥ പ്രകാരം ചൊവ്വിന്പെരുമാറുക തന്നെ വേണം എന്ന് സാരം.

മസ്ജിദുൽ ഹറാമിൻെറ അടുക്കൽ വെച്ച്നടത്തിയ കരാറ് കൊണ്ടുദ്ദേശ്യം ഹുദൈബിയായിൽവെച്ച് നബി(ﷺ) യും മുശ്രിക്കുകളും തമ്മിൽ നടന്ന പ്രസിദ്ധ സന്ധിയാകുന്നു. ഖുറൈശികളുടെ ഭാഗത്തുനിന്നുസന്ധി ലംഘനമുണ്ടായിത്തീരുകയും, അത് മക്കാ വിജയത്തിന് കാരണമായിത്തീരുകയുംചെയ്തു. എന്നാൽ, ബനൂ കിനാനഃ, ബനൂളംറത്ത് എന്നീ രണ്ട് ഉപഗോത്രങ്ങൾ സന്ധിനിശ്ചയങ്ങൾ ശരിക്കും പാലിച്ചിരുന്നു. അവരെ ഉദ്ദേശിച്ചാണ് അവർ ചൊവ്വിന് നിലകൊള്ളുന്ന കാലത്തോളം അവരോടങ്ങോട്ടും ചൊവ്വിന്നിലകൊള്ളണമെന്ന് പറഞ്ഞത്. അല്ലാഹു തുടരുന്നു:-

كَيْفَ وَإِن يَظْهَرُوا۟ عَلَيْكُمْ لَا يَرْقُبُوا۟ فِيكُمْ إِلًّا وَلَا ذِمَّةً ۚ يُرْضُونَكُم بِأَفْوَٰهِهِمْ وَتَأْبَىٰ قُلُوبُهُمْ وَأَكْثَرُهُمْ فَٰسِقُونَ ﴿٨﴾

8 എങ്ങിനെയാണ് (അവർക്ക് കരാർ ഉണ്ടായിരിക്കുക)? നിങ്ങളുടെ മേൽ അവർ (വിജയം വരിച്ച്) പ്രത്യക്ഷപ്പെടുന്ന പക്ഷം, നിങ്ങളെപ്പറ്റി കുടുംബ ബന്ധമാകട്ടെ, (കരാറ്) ബാധ്യതയാകട്ടെ അവർ കാത്തുസൂക്ഷിക്കുകയില്ല [പരിഗണിക്കുകയില്ല]! അവരുടെ വായകൊണ്ട് അവർ നിങ്ങളെ തൃപ്തിപ്പെടുത്തും; അവരുടെ ഹൃദയങ്ങൾ വെറുക്കുകയും ചെയ്യും. അവരിൽ അധികപേരും തോന്നിയവാസികളുമാകുന്നു.

---

8 **كيف** എങ്ങിനെയാണ്. **وإن يظهروا** അവർ പ്രത്യക്ഷപ്പെടുന്ന (വിജയിക്കുന്ന) പക്ഷം. **عليكم** നിങ്ങളുടെമേൽ, നിങ്ങളോട്. **لا يرقبوا** അവർ കാത്തിരിക്കയില്ല, പ്രതീക്ഷിക്കുകയില്ല, കാത്തു സൂക്ഷിക്കുകയില്ല. **فيكم** നിങ്ങളിൽ, നിങ്ങളെപ്പറ്റി. **إلا** കുടുംബബന്ധം, സഖ്യബന്ധം. **ولا ذمة** ബാധ്യതയും (ഉത്തരവാദിത്വവും) ഇല്ല. **يرضونكم** അവർ നിങ്ങളെ തൃപ്തിപ്പെടുത്തും. **بأفواههم** അവരുടെ വായകൾ കൊണ്ട്. **وتأبى** വെറുക്കുക (വിസമ്മതിക്കുക-പ്രതികൂലിക്കുക)യും ചെയ്യും. **قلوبهم** അവരുടെ ഹൃദയങ്ങൾ. **وأكثرهم** അവരിൽ അധികപേരും, അധിക ഭാഗവും. **فَاسِقُونَ** തോന്നിയവാസി (ധിക്കാരി) കളാണ്..

അവർ നിങ്ങളോട് ജയിച്ച് ശക്തി പ്രാപിക്കുന്നപക്ഷം, നിങ്ങളും അവരും തമ്മിലുള്ള കുടുംബബന്ധം പോലുള്ള ബന്ധങ്ങളോ, കരാർ വ്യവസ്ഥകളോ ഒന്നുംതന്നെ അവർ വിലവെക്കുകയില്ല. നിങ്ങൾക്കെതിരെ എന്തും പ്രവർത്തിക്കുവാൻ അവർ മടിക്കുകയില്ല. എന്നിരിക്കെ, അവരോട് വല്ല കരാറോ, സഖ്യമോ ഒന്നും നടത്തിയിട്ടുകാര്യമില്ല. നല്ല വാക്കുകൾ പറഞ്ഞും നയത്തിൽ സംസാരിച്ചും നിങ്ങളെ തൃപ്തിപ്പെടുത്തുവാൻ അവർ ശ്രമിക്കുമെങ്കിലും അതിൽ ആത്മാർത്ഥത തൊട്ടുതീണ്ടിയിരിക്കയില്ല. ഹൃദയങ്ങളിൽ വെറുപ്പും വിദ്വേഷവും മാത്രമായിരിക്കും ഉണ്ടായിരിക്കുക. അതോടുകൂടി, അവരിൽ ഭൂരിഭാഗമാളുകളും ധിക്കാരശീലരും തോന്നിയവാസികളുമാണ്. ഇതെല്ലാം കാരണമായിട്ടാണ് മേൽപറഞ്ഞപ്രകാരം അവരോട് സന്ധിയില്ലാസമരംതന്നെ സ്വീകരിക്കണമെന്ന് കൽപിക്കുവാൻ കാരണം എന്ന് താൽപര്യം.

ٱشْتَرَوْا۟ بِـَٔايَٰتِ ٱللَّهِ ثَمَنًا قَلِيلًا فَصَدُّوا۟ عَن سَبِيلِهِۦٓ ۚ إِنَّهُمْ سَآءَ مَا كَانُوا۟ يَعْمَلُونَ ﴿٩﴾

9 അല്ലാഹുവിൻെറ 'ആയത്തു'കൾക്ക് [ലക്ഷ്യ ദൃഷ്ടാന്തങ്ങൾക്ക്] അവർ അല്പമായ വിലവാങ്ങി; അങ്ങനെ, അവൻെറ മാർഗ്ഗത്തിൽനിന്ന് അവർ (ആളുകളെ) തടഞ്ഞു. നിശ്ചയമായും അവർ പ്രവർത്തിച്ചുവരുന്നതു വളരെ ചീത്ത!

9 **اشتروا** അവർ വാങ്ങി (പകരമെടുത്ത്). **بآيات** ആയത്തുകൾക്ക്, ലക്ഷ്യ ദൃഷ്ടാന്തങ്ങൾക്ക് (പകരം). **الله** അല്ലാഹുവിൻെറ. **ثمنا** വില. **قليلا** അൽപമായ. **فصدوا** അങ്ങനെ (അതിനാൽ) അവർ തടഞ്ഞു. **عن سبيله** അവൻെറ മാർഗ്ഗത്തിൽനിന്ന്. **إنهم** നിശ്ചയമായും അവർ. **ساء** വളരെ മോശം, ചീത്ത. **ما كانوا** അവർ ആയിരിക്കുന്നത്. **يعملونَ** പ്രവർത്തിക്കും.

അല്ലാഹുവിൻെറ ലക്ഷ്യദൃഷ്ടാന്തങ്ങളെ അവഗണിക്കുക മാത്രമല്ല, അവർക്കുപകരം ഐഹികമായ സ്വാർത്ഥലാഭങ്ങൾകൊണ്ട് അവർ തൃപ്തി അടയുകയും ചെയ്തു. ഇതിനായി, മറ്റുള്ളവരെകൂടി നേർമാർഗ്ഗത്തിൽ ചരിക്കുവാനനുവദിക്കാതെ അതിൽനിന്ന് തട്ടിനീക്കിക്കൊണ്ടിരുന്നു. ഇതാണ് അവർ ഇത്രയും ദുഷിച്ചുപോകുവാനുള്ള സാക്ഷാൽ കാരണം.

10 ഒരു സത്യവിശ്വാസിയെപ്പറ്റിയും കുടുംബ ബന്ധത്തെയാകട്ടെ, (കരാറ്) ബാധ്യതയാകട്ടെ അവർ കാത്തു സൂക്ഷിക്കുക [പരിഗണിക്കുക] യില്ല. അക്കൂട്ടർ തന്നെയാണ് അതിക്രമികളും.

لَا يَرْقُبُونَ فِي مُؤْمِنٍ إِلًّا وَلَا ذِمَّةً ۚ وَأُولَٰئِكَ هُمُ الْمُعْتَدُونَ ﴿١٠﴾

---

10 **لا يرقُبونَ** അവർ കാത്തു സൂക്ഷിക്കുകയില്ല. **في مؤمن** ഒരു സത്യവിശ്വാസിയിലും, സത്യവിശ്വാസിയെപ്പറ്റിയും. **إلا** കുടുംബ (സഖ്യ) ബന്ധം. **ولا ذمةً** ബാധ്യതയും (ഉത്തരവാദിത്വവും) ഇല്ല. **وأُولئك هم** അക്കൂട്ടർതന്നെ. **المعتدونَ** അതിക്രമികൾ, അതിരു വിട്ടവർ.

ബഹു ദൈവ വിശ്വാസികൾ സത്യവിശ്വാസികൾക്കെതിരെ വിജയം നേടി ശക്തി പ്രാപിച്ചാൽ പിന്നെ അവർ കുടുംബ ബന്ധങ്ങളോ കരാറ് വ്യവസ്ഥകളോ ഒന്നും വില വെക്കുകയില്ല. അതിനെന്നും ഒരു പരിഗണനയും അവർ നൽകുകയില്ല എന്നു 8-ാം വചനത്തിൽ ഉണർത്തിയ ശേഷം, സത്യവിശ്വാസികൾക്കെതിരെ ഇതവരുടെ സ്ഥിരമായ ഒരു സ്വഭാവമാണെന്നും, അക്രമവും ധിക്കാരവും പ്രവർത്തിക്കുന്നതിൽ ഒരു അതിരും വരമ്പും അവർക്കില്ലെന്നും അല്ലാഹു വീണ്ടും ആവർത്തിച്ചുണർത്തുകയാണ്. മേൽ പ്രസ്താവിച്ച പ്രകാരം, അവരോട് നിഷ്കരുണം പെരുമാറാതെ അവരോട് സന്ധിക്കും വിട്ടുവീഴ്ചക്കും ഒരുങ്ങുകയോ, അല്ലെങ്കിൽ അവരുടെ വാക്കുകൾ കേട്ട് വഞ്ചിതരാവുകയോ ചെയ്താൽ, അത് നിങ്ങളുടെ ഭാവിക്ക് വളരെ ആപത്തായത്തീരുമെന്നാണ് ഇത് മൂലം സത്യവിശ്വാസികളെ അല്ലാഹു ഓർമ്മിപ്പിക്കുന്നത്.

ഇതിന് കാരണങ്ങളായി 8, 9, 10 വചനങ്ങളിൽ അല്ലാഹു എടുത്തു പറഞ്ഞ അവരുടെ സ്വഭാങ്ങൾ ഇവയാണ്: (1) അവർ വിജയം നേടിക്കഴിഞ്ഞാൽ നിങ്ങളുമായുള്ള കുടുംബ ബന്ധങ്ങളോ കരാറ് വ്യവസ്ഥകളോ ഒന്നും അവർ വിലവെക്കുകയില്ല. എല്ലാ സത്യവിശ്വാസികളോടുമുളള അവരുടെ നിലപാട് ഇത് തന്നെയായിരിക്കുമെന്ന് കൂടി ഉണർത്തിയിരിക്കുന്നു. (2) വായകൊണ്ട് നല്ല വാക്ക് പറഞ്ഞും നയത്തിൽ സംസ്സാരിച്ചും നിങ്ങളെ അവർ തൃപ്തിപ്പെടുത്തും. പക്ഷെ, ഹൃദയത്തിൽ നേരെ മറിച്ച് വെറുപ്പും വിദ്വേഷവുമാണുണ്ടായിരിക്കുക. (3) അവരിൽ മിക്കവരും തോന്നിയ വാസികളായിരിക്കും. അഥവാ എന്ത് അക്രമവും ധിക്കാരവും പ്രവർത്തിക്കുവാൻ അവർ മടിക്കയില്ല. (4) അല്ലാഹുവിൻെറ ലക്ഷ്യ ദൃഷ്ടാന്തങ്ങൾ വകവെക്കാതെ അതിനുപകരം നിസ്സാരമായ സ്വാർത്ഥലാഭങ്ങളെയാണവർ തിരഞ്ഞെടുത്തിരിക്കുന്നത് (5) അതിനെ തുടർന്ന് മറ്റുളളവരെ അവർ നേർമാർഗ്ഗത്തിൽ നിന്ന് തിരിച്ച് വിടുകയും ചെയ്യുന്നു. (6) അതിക്രമികളായിരിക്കും അവർ. അഥവാ തോന്നിയവാസങ്ങൾ പ്രവർത്തിക്കുന്നതിൽ വല്ല ക്രമമോ, അതിരോ അവർക്കുണ്ടായിരിക്കയില്ല.

ഇത്രയും വിശദവും വ്യക്തവുമായ രൂപത്തിൽ മുശ്‌രിക്കുകളുടെ സ്വഭാവങ്ങൾ അല്ലാഹു വിവരിച്ചത് സത്യവിശ്വാസികൾ അവരെപ്പറ്റി ജാഗ്രതയോട് കൂടിയിരിക്കുവാൻവേണ്ടിയും ഓർക്കാപുറത്ത് അപകടത്തിൽപെട്ടുപോകാതിരിക്കുവാൻ വേണ്ടിയുമത്രെ. സത്യവിശ്വാസികളെ വിളിച്ചുകൊണ്ട് അല്ലാഹു സൂ: ആലു ഇംറാനിൽ പറയുന്നു:
لايالونكم خبالا .... وما تخفى صدورهم اكبر (സാരം: അവർ നിങ്ങളോട് കുഴപ്പത്തിൽ വീഴ്ച വരുത്തുകയകില്ല. നിങ്ങൾ ബുദ്ധിമുട്ടുവാൻ അവർ ആഗ്രഹിക്കുന്നു. അവരുടെ വായിൽ നിന്ന് ഈർഷ്യത വെളിപ്പെട്ടുകഴിഞ്ഞിരിക്കുന്നു. അവരുടെ ഹൃദയങ്ങൾ ഒളിച്ച് വെക്കുന്നതാകാട്ടെ കൂടുതൽ വലിയതുമാകുന്നു.) (അലുഇംറാൻ 118) മേൽ വിവരിച്ചത് നബി (ﷺ) യുടെ കാലത്തുള്ള മുശ്‌രിക്കുകളെപ്പറ്റിയാണെങ്കിലും -ചരിത്രസാക്ഷ്യങ്ങളും അനുഭവ യാഥാർത്ഥ്യങ്ങളും പരിശോധിച്ചാൽ-എല്ലാ കാലത്തും ഇസ്‌ലാമിൻെറയും മുസ്‌ലീംകളുടെയും ശത്രുക്കളായി രംഗ പ്രവേശം ചെയ്യുന്നവരുടെ-വിശേഷിച്ചും മുശ്‌രിക്കുകളുടെ-സ്വഭാവം ഇത് തന്നെയാണ്. കഴിഞ്ഞ കാല ചരിത്രത്തിൽ ഇതിന് ധാരാളം ഉദാഹരണങ്ങൾ കാണാം. അത്രയുമല്ല, വിവിധനാടുകളിലായി മുസ്‌ലിംകൾക്കും അമുസ്‌ലികൾക്കുമിടയിൽ ഈ അടുത്തകാലങ്ങളിൽ ഉണ്ടാകാറുള്ള ഏറ്റുമുട്ടലുകളിൽ തന്നെയും ഈ യഥാർത്ഥം നാം കണ്ടും കേട്ടും കൊണ്ടിരിക്കുകയാണല്ലോ.
والله المستعان അല്ലാഹു പറയുന്നു:

11 എന്നാൽ, അവർ പശ്ചാത്തപിക്കുകയും, നമസ്കാരം നിലനിറുത്തുകയും, സക്കാത്തു കൊടുക്കുകയും ചെയ്താൽ, (അവർ) മതത്തിൽ നിങ്ങളുടെ സഹോദരങ്ങളായിരിക്കും. അറിയുന്ന ജനങ്ങൾക്കു വേണ്ടി നാം 'ആയത്തു'കൾ [ലക്ഷ്യ ദൃഷ്ടാന്തങ്ങൾ] വിശദീകരിക്കുകയാണ്.

فَإِن تَابُوا۟ وَأَقَامُوا۟ ٱلصَّلَوٰةَ وَءَاتَوُا۟ ٱلزَّكَوٰةَ فَإِخْوَٰنُكُمْ فِى ٱلدِّينِ ۗ وَنُفَصِّلُ ٱلْـَٔايَـٰتِ لِقَوْمٍ يَعْلَمُونَ ﴿١١﴾

12 അവരുടെ കരാറിനുശേഷം, അവർ അവരുടെ ശപഥങ്ങളെ ലംഘിക്കുകയും, നിങ്ങളുടെ മതത്തിൽ (ആക്ഷേപിച്ചു) കുത്തിപ്പറയുകയും ചെയ്തുവെങ്കിലോ, അപ്പോൾ, അവിശ്വാസത്തിൻെറ നേതാക്കളോട് നിങ്ങൾ യുദ്ധം നടത്തുവിൻ. (കാരണം) നിശ്ചയമായും അവർ-അവർക്കു ശപഥങ്ങളേയില്ല. [അതിന് അവർ ഒട്ടും വില കൽപിക്കാറില്ല] അവർ വിരമിച്ചേക്കാം.

وَإِن نَّكَثُوٓا۟ أَيْمَـٰنَهُم مِّنۢ بَعْدِ عَهْدِهِمْ وَطَعَنُوا۟ فِى دِينِكُمْ فَقَـٰتِلُوٓا۟ أَئِمَّةَ ٱلْكُفْرِ ۙ إِنَّهُمْ لَآ أَيْمَـٰنَ لَهُمْ لَعَلَّهُمْ يَنتَهُونَ ﴿١٢﴾

---

11 فَإِن تابوا എന്നാൽ (ഇനി) അവർ പശ്ചാത്തപിക്കുന്ന പക്ഷം. وأقاموا അവർ നിലനിറുത്തുകയും. الصلاةَ നമസ്കാരം. وآتوا അവർ കൊടുക്കുക(നൽകുക (യും). الزكاةَ സക്കാത്ത്. فَإِخوانكُم എന്നാൽ നിങ്ങളുടെ സഹോദരങ്ങളാണ്. في الدين മത(ത്തിൽ). ونفصلُ നാം വിശദീകരിക്കുന്ന, വിവരിക്കുകയാണ്. الآيات ആയത്തുകളെ, ലക്ഷ്യ ദൃഷ്ടാന്തങ്ങൾ. لقَومٍ ജനങ്ങൾക്ക് വേണ്ടി. يعلمونَ അറിയുന്നു.. 12 وإن نكثُوا അവർ ലംഘിച്ചുവെങ്കിലോ. أيمانهم അവരുടെ സത്യ (ശപഥ) ങ്ങളെ. من بعد ശേഷമായി, പിന്നീട്. عهدهم അവരുടെ കരാറിൻെറ, ഉടമ്പടിയുടെ. وطعنوا അവർ കത്തുക (കത്തിപ്പറയുക) യും, കുറ്റം പറയുകയും. في دينِكُم നിങ്ങളുടെ മതത്തിൽ. فَقاتلوا എന്നാൽ യുദ്ധംനടത്തുവിൻ. أئمة നേതാക്കളോട്. الكُفْرِ അവിശ്വാസത്തിൻെറ. إنهم നിശ്ചയമായും അവർ. لا أيمانَ സത്യ(ശപഥ)ങ്ങൾ ഇല്ല. لهم അവർക്ക്. لعلهم അവരായോക്കാം. ينتهونَ വിരമിക്കും

മുശ്‌രിക്കുകളുടെ തനി നിറങ്ങളും, അവരോട് സത്യവിശ്വാസികൾ സ്വീകരിക്കേണ്ടുന്ന രീതികളും മുമ്പ് വിവരിച്ചു. അതിനുശേഷം, അവരിൽ നിന്നുണ്ടാകുന്ന പ്രതികരണം രണ്ടിലൊരു വിധത്തിലായിരിക്കാമെന്നും, ഓരോന്നിലും കൈക്കൊള്ളേണ്ട നയമെന്താണെന്നും അല്ലാഹു ചൂണ്ടിക്കാട്ടുന്നു. ഒന്നുകിൽ, തങ്ങളുടെ പക്കൽ ഇതേവരെ വന്നുപോയ അക്രമങ്ങളെപ്പറ്റി അവർ ഖേദിച്ചു മടങ്ങും, അല്ലെങ്കിൽ കരാറ് ബാധ്യതകളും ശപഥങ്ങളുമൊക്കെ ലംഘിച്ചു ധിക്കാരം തുടരുകയും ഇസ്‌ലാമിനെപ്പറ്റി പരിഹാസങ്ങളും കുത്തുവാക്കുകളും അഴിച്ചു വിടുകയും ചെയ്യും. ഒന്നാമത്തെ നിലപാടാണ് സ്വീകരിക്കുന്നതെങ്കിൽ, അതുമുതൽ അവരെ മതത്തിൽ തങ്ങളുടെ സഹോദരൻമാരായി മുസ്‌ലിംകൾ കണക്കാക്കണം. സത്യവിശ്വാസികൾ പരസ്പരം സഹോദരൻമാരാണല്ലോ. انما المؤمنون اخوة മുമ്പ് അവർ എന്തുതന്നെ ചെയ്തിരുന്നാലും അതെല്ലാം മറന്നുകളയുകയും മാപ്പാക്കുകയും വേണം. മുസ്‌ലിംകളുടെ സുഖദുഃഖങ്ങളിലും, അവകാശങ്ങളിലും, കടമകളിലുമെല്ലാം അവരും ഭാഗഭാക്കായിരിക്കുന്നതുമാണ്.

രണ്ടാമത്തെ നിലപാടാണ് അവർ സ്വീകരിക്കുന്നതെങ്കിൽ, അവിശ്വാസത്തിൻെറയും അതിൻെറ പേരിൽ നടത്തപ്പെടുന്ന അക്രമങ്ങളുടെയും നേതൃത്വം വഹിക്കുന്ന അവരുടെ തലവൻമാരോട് ഏറ്റുമുട്ടി അവരെ മുട്ടുകുത്തിക്കുകതന്നെവേണം. മേലിൽ അവർ വെച്ചു കാട്ടുന്ന കരാറുകളോ, ശപഥങ്ങളോ ഒന്നും അംഗീകരിച്ചുകൂടാ. അവരുടെ അടുക്കൽ കരാറിനും സത്യത്തിനും വിലയില്ലെന്ന് അവർ തെളിയിച്ചു കഴിഞ്ഞതാണ്. മനസ്സുകൊണ്ട് ഖേദിച്ചുമടങ്ങിയാൽ മാത്രം പോരാ, നമസ്കാരവും, സക്കാത്തും അനുഷ്ടിക്കുക കൂടി വേണമെന്ന് 5-ാം വചനത്തിൽ പറഞ്ഞതുപോലെ ഇവിടെയും അല്ലാഹു വ്യക്തമാക്കിരിക്കുന്നു. ഇതിനുള്ള കാരണം നാം അവിടെ വിവരിച്ചിട്ടുണ്ട്.

13 (സത്യവിശ്വാസികളേ) തങ്ങളുടെ ശപഥങ്ങളെ ലംഘിക്കുകയും, റസൂലിനെ (നാട്ടിൽ നിന്ന്) പുറത്താക്കുവാൻ ശ്രമിക്കുകയും ചെയ്ത ഒരു ജനതയോട് നിങ്ങൾക്ക് യുദ്ധം ചെയ്തു കൂടേ? അവരാണ്, നിങ്ങളോട് ആദ്യപ്രാവശ്യം (തന്നെ, ആക്രമണം) തുടങ്ങിയിട്ടുള്ളതും (എന്നിരിക്കെ)! അവരെ നിങ്ങൾ ഭയപ്പെടുകയോ?! എന്നാൽ അല്ലാഹുവത്രെ, നിങ്ങൾ ഭയപ്പെടുവാൻ ഏറ്റവും അർഹനായുള്ളവൻ, നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ.

أَلَا تُقَٰتِلُونَ قَوۡمًا نَّكَثُوٓاْ أَيۡمَٰنَهُمۡ وَهَمُّواْ بِإِخۡرَاجِ ٱلرَّسُولِ وَهُم بَدَءُوكُمۡ أَوَّلَ مَرَّةٍۚ أَتَخۡشَوۡنَهُمۡۚ فَٱللَّهُ أَحَقُّ أَن تَخۡشَوۡهُ إِن كُنتُم مُّؤۡمِنِينَ ﴿١٣﴾

14 അവരോട് നിങ്ങൾ യുദ്ധം ചെയ്യുവിൻ, നിങ്ങളുടെ കരങ്ങളാൽ അല്ലാഹു അവരെ ശിക്ഷിക്കും; അവരെ അവൻ അപമാനിക്കുകയും,അവർക്കെതിരിൽ നിങ്ങളെ അവൻ സഹായിക്കുകയും ചെയ്യും; സത്യവിശ്വാസികളായ ജനങ്ങളുടെ നെഞ്ചു [മനസ്സു] കൾക്ക് അവൻ ശമനം നൽകുകയും ചെയ്യും;

قَٰتِلُوهُمۡ يُعَذِّبۡهُمُ ٱللَّهُ بِأَيۡدِيكُمۡ وَيُخۡزِهِمۡ وَيَنصُرۡكُمۡ عَلَيۡهِمۡ وَيَشۡفِ صُدُورَ قَوۡمٍ مُّؤۡمِنِينَ ﴿١٤﴾

15 അവരുടെ ഹൃദയങ്ങളിലെ ക്ളേശം അവൻ (നീക്കി) കളയുകയും ചെയ്യും. അല്ലാഹു, അവൻ ഉദ്ദേശിക്കുന്നവരുടെ പശ്ചാത്താപം സ്വീകരിക്കുന്നതുമാണ്. അല്ലാഹു (എല്ലാം) അറിയുന്നവനും, അഗാധജ്ഞനുമാകുന്നു.

وَيُذۡهِبۡ غَيۡظَ قُلُوبِهِمۡۗ وَيَتُوبُ ٱللَّهُ عَلَىٰ مَن يَشَآءُۗ وَٱللَّهُ عَلِيمٌ حَكِيمٌ ﴿١٥﴾

3 أَلَا تُقَاتِلُونَ നിങ്ങൾ യുദ്ധം ചെയ്യുന്നില്ലേ, ചെയ്തുകൂടെ. قَوْمًا ഒരു ജനതയോട്. نَكَثُوا അവർ ലംഘിച്ചു. أَيْمَانَهُمْ അവരുടെ ശപഥ (സത്യ)ങ്ങളെ. وَهَمُّوا അവർ ഉദ്ദേശിക്കുക (ശ്രമിക്കുക) യും ചെയ്തു. بِإِخْرَاجِ പുറത്താക്കുന്നതിന്. الرَّسُولِ റസൂലിനെ. وَهُمْ അവരാകട്ടെ, അവരാണ്. بَدَءُوكُمْ നിങ്ങളോട് തുടങ്ങിയിരിക്കുന്നു, ആരംഭിച്ചത്. أَوَّلَ مَرَّةٍ ഒന്നാം (ആദ്യ) പ്രാവശ്യം (ആദ്യം തന്നെ). أَتَخْشَوْنَهُمْ അവരെ നിങ്ങൾ ഭയപ്പെടുകയാണോ, ഭയപ്പെടുന്നോ. فَاللَّهُ എന്നാൽ അല്ലാഹു. أَحَقُّ ഏറ്റം അർഹൻ. أَنْ تَخْشَوْهُ അവനെ നിങ്ങൾ ഭയപ്പെടുവാൻ. إِنْ كُنْتُمْ നിങ്ങളാണെങ്കിൽ. مُؤْمِنِينَ സത്യവിശ്വാസികൾ. 14 قَاتِلُوهُمْ അവരോട് യുദ്ധം ചെയ്യുവിൻ. يُعَذِّبْهُمُ അവരെ ശിക്ഷിക്കും. اللَّهُ അല്ലാഹു. بِأَيْدِيكُمْ നിങ്ങളുടെ കരങ്ങളാൽ. وَيُخْزِهِمْ അവരെ അപമാനിക്കുക (വഷളാക്കുക)യും ചെയ്യും. وَيَنْصُرْكُمْ നിങ്ങളെ അവൻ സഹായിക്കുകയും ചെയ്യും. عَلَيْهِمْ അവരുടെ മേൽ (എതിരിൽ). وَيَشْفِ അവൻ ശമനം നൽകുകയും ചെയ്യും. صُدُورَ നെഞ്ചു (ഹൃദയം) കൾക്ക്. قَوْمٍ مُؤْمِنِينَ സത്യവിശ്വാസികളായ ജനങ്ങളുടെ. 15 وَيُذْهِبْ അവൻ നീക്കി (പോക്കി) കളയുകയും ചെയ്യും. غَيْظَ ക്ളേശം, രോഷം, ക്രോധം. قُلُوبِهِمْ അവരുടെ ഹൃദയങ്ങളുടെ. وَيَتُوبُ اللَّهُ അല്ലാഹു പശ്ചാത്താപം സ്വീകരിക്കുകയും ചെയ്യും. عَلَىٰ مَنْ يَشَاءُ അവൻ ഉദ്ദേശിക്കുന്നവരുടെ. وَاللَّهُ عَلِيمٌ അല്ലാഹു അറിയുന്നവനാണ്. حَكِيمٌ അഗാധജ്ഞനാണ്..

കരാറു നിശ്ചയങ്ങൾ ലംഘിക്കുക, റസൂലിനെ നാട്ടിൽ നിന്ന് പുറത്താക്കാൻ ശ്രമിക്കുക, ആദ്യമായി ഇങ്ങോട്ടുവന്ന് യുദ്ധം നടത്തുക മുതലായ അക്രമങ്ങൾ പ്രവർത്തിച്ച ആ ശത്രുക്കളോട് യുദ്ധം ചെയ്വാൻ എന്തിന് മടിക്കണം?! നിങ്ങൾ അവരെ ഭയപ്പെടുകയാണോ?! സത്യവിശ്വാസികൾക്ക് അല്ലാഹുവിനെ മാത്രമാണല്ലോ ഭയപ്പെടുവാനുള്ളത്. അവനാണല്ലോ നിങ്ങളോട് യുദ്ധം നടത്തണമെന്ന് പറയുന്നതും. ഇങ്ങിനെ സത്യവിശ്വാസികളെ അല്ലാഹു യുദ്ധത്തിന് പ്രേരിപ്പിക്കുകയും, അവർക്ക് അതിന് ആവേശവും ധൈര്യവും നൽകുകയുമാണ്. ഹുദൈബിയാ സന്ധിയിലെ നിശ്ചയങ്ങൾക്ക് വിരുദ്ധമായി, മുസ്ലിംകളോട് സഖ്യബന്ധത്തിലായിരുന്ന ബനൂഖുസാഅ: خزاعة ഗോത്രത്തിനെതിരിൽ, തങ്ങളോട് സഖ്യബന്ധമുണ്ടായിരുന്ന ബനൂ ബക്റിനെ ഖുറൈശികൾ സഹായിക്കുകയുണ്ടായി. റസൂൽ (ﷺ) തിരുമേനിയെ നാട്ടിൽനിന്ന് ബഹിഷ്ക്കരിക്കുവാൻ അവർ ശ്രമം നടത്തുകയും ചെയ്തു. മുസ്ലിംകളുടെ നേരെ ആദ്യമായി അക്രമമർദ്ധനങ്ങൾ അഴിച്ചുവിട്ടതും അവർതന്നെ. അതെ, ഒന്നാമത്തെ യുദ്ധമായ ബദ്ർ യുദ്ധത്തിന് കാരണമുണ്ടാക്കിയത് അവരാണ്. അബൂ സുഫ്യാനെയും സംഘത്തെയും രക്ഷിക്കാനാണ് അവർ മക്കയിൽനിന്ന് പുറപ്പെട്ടതെങ്കിലും, അവർ രക്ഷപ്പെട്ട വിവരം അറിഞ്ഞിട്ടും മടങ്ങിപ്പോകാതെ, ബദ്റിൽ വന്ന് പോർവിളി നടത്തുകയാണല്ലോ അവർ ചെയ്തത്. ഇതൊക്കെയാണ് അവരോട് യുദ്ധം നടത്തേണ്ടതിൻെറ ആവശ്യകതയായി അല്ലാഹു ചൂണ്ടിക്കാട്ടുന്നത്.

ഈ യുദ്ധാഹ്വാനം നിമിത്തം ഉണ്ടാകാൻ പോകുന്ന ഫലങ്ങളെയും അല്ലാഹു എടുത്ത് പറഞ്ഞിരിക്കുന്നു. (1) നിങ്ങളുടെ കൈക്ക് അല്ലാഹു അവരെ ശിക്ഷിക്കും. യുദ്ധത്തിൽ വെച്ചു വധവും, ബന്ധനവും പരാജയവും അനുഭവിക്കുന്നത് ഇഹത്തിൽവെച്ചുള്ള ശിക്ഷയാണല്ലോ. (2) അലാഹു അവരെ അപമാനപ്പെടുത്തും. ഒന്നാമത് പറഞ്ഞ സംഗതിയുടെ അനിവാര്യഫലമാണിത്. (3) നിങ്ങളെ അല്ലാഹു സഹായിക്കും. അല്ലാഹുവിൻെറ സഹായം ലഭിക്കുന്ന പക്ഷം വിജയം നിങ്ങൾക്ക് തന്നെയായിരിക്കുമല്ലോ. (4) സത്യവിശ്വാസികളുടെ മനസ്സിന് ആശ്വാസം നൽകും. മേൽപറഞ്ഞ മൂന്ന് കാര്യങ്ങളും ഉണ്ടാകുന്നതോടുകൂടി ഇത് വരെ അവർ അനുഭവിച്ചുകൊണ്ടിരുന്ന മനോ വേദനകൾക്ക് ശമനം വരുക സ്വാഭാവികമാണല്ലോ. (5) സത്യവിശ്വാസികളുടെ ഹൃദയങ്ങളിലുള്ള ക്ലേശത്തെ നീക്കിക്കളയും. അവരുടെ അമർഷവും മനോ വേദനയും നീക്കി അവർക്ക് പൊതുവെ ആശ്വാസവും സമാധാനവും നൽകുമെന്നുദ്ദേശ്യം. യുദ്ധത്തിൽ പങ്കുവഹിച്ചവരും അല്ലാത്തവരും ഈ രണ്ട് വിഷയത്തിലും ഭാഗഭാക്കായിരിക്കുന്നത് കൊണ്ടാണ് അവസാനത്തെ രണ്ട് കാര്യങ്ങളെക്കുറിച്ച് പറഞ്ഞപ്പോൾ, മുൻ വാക്യങ്ങളിലെ ശൈലിയനുസരി

ച്ച് 'നിങ്ങളുടെ ഹൃദയങ്ങൾ' എന്ന് പറയാതെ 'സത്യവിശ്വാസികളായ ജനങ്ങളുടെ ഹൃദയങ്ങൾ' എന്ന് പറഞ്ഞിരിക്കുന്നതും.

أَمْ حَسِبْتُمْ أَن تُتْرَكُوا۟ وَلَمَّا يَعْلَمِ ٱللَّهُ ٱلَّذِينَ جَٰهَدُوا۟ مِنكُمْ وَلَمْ يَتَّخِذُوا۟ مِن دُونِ ٱللَّهِ وَلَا رَسُولِهِۦ وَلَا ٱلْمُؤْمِنِينَ وَلِيجَةً ۚ وَٱللَّهُ خَبِيرٌۢ بِمَا تَعْمَلُونَ ﴿١٦﴾

16 അതല്ല, നിങ്ങൾ കണക്കാക്കിയോ, നിങ്ങൾ (വെറുതെ) ഉപേക്ഷിക്കപ്പെടുമെന്ന്? നിങ്ങളിൽ നിന്ന് സമരം ചെയ്യുകയും, അല്ലാഹുവിനും, അവൻെറ റസൂലിനും, സത്യവിശ്വാസികൾക്കും പുറമെ ഒരു രഹസ്യക്കൂട്ടുകെട്ട് ഉണ്ടാക്കിയിട്ടില്ലാതിരിക്കുകയും ചെയ്തവരെ അല്ലാഹു (പ്രത്യക്ഷത്തിൽ കണ്ട്) അറിയാത്ത സ്ഥിതിക്ക്! അല്ലാഹുവാകട്ടെ, നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായറിയുന്നവനാകുന്നു.

---

16 **أَمْ** അതല്ല, അഥവാ, അതോ. **حَسِبتم** നിങ്ങൾ കണക്കാക്കി (ഗണിച്ചു-കരുതി)യോ. **أن تتركوا** നിങ്ങൾ വിടപ്പെടു (ഉപേക്ഷിക്കപ്പെടു)മെന്ന്. **ولما يعلم** അറിയാത്ത സ്ഥിതിക്ക്, അറിയാതെ. **الله** അല്ലാഹു. **الذين جاهدوا** സമരം ചെയ്തവരെ. **منكُم** നിങ്ങളിൽനിന്ന്. **ولم يتخذُوا** അവർ ഉണ്ടാക്കിയിട്ടുമില്ല. **من دون الله** അല്ലാഹുവിന് പുറമെ, അല്ലാഹുവിനെ കൂടാതെ. **ولا رسوله** അവൻെറ റസൂലിനും (പുറമെ) ഇല്ല. **ولا المؤمنين** സത്യവിശ്വാസികൾക്കും (പുറമെ) ഇല്ല. **وليجةً** ഒരു രഹസ്യക്കൂട്ടുകെട്ട്, സ്വകാര്യബന്ധുവെ, ഉള്ളുകള്ളിക്കാരെ. **والله** അല്ലാഹു. **خبير** സൂക്ഷ്മമായി അറിയുന്നവനാണ്. **بما تعملونَ** നിങ്ങൾ പ്രവത്തിക്കുന്നതിനെപ്പറ്റി.

സമരങ്ങളും യുദ്ധങ്ങളും നടത്തുവാൻ കൽപിക്കുന്നതിലടങ്ങിയ ഒരു പ്രധാന രഹസ്യം അല്ലാഹു ചൂണ്ടിക്കാട്ടുകയാണ്. അതായത്, അല്ലാഹുവിൻെറ കൽപനകൾ അനുസരിക്കുകയും, അതിന് വേണ്ടിവരുന്ന ത്യാഗങ്ങളും ബുദ്ധിമുട്ടുകളും സഹിക്കുകയും ചെയ്വാൻ ആത്മാർത്ഥമായി മുന്നോട്ട് വരുന്നവർ ആരാണ്, അതിന് തയ്യാറില്ലാത്തവർ ആരാണ് എന്ന് വേർതിരിഞ്ഞ് കാണുവാനുള്ള ഒരു പരീക്ഷണമാണിത്. അതുകൊണ്ട് അല്ലാഹുവിനോടും, റസൂലിനോടും, സത്യവിശ്വാസികളോടും ഉണ്ടായിരിക്കേണ്ടുന്ന ബന്ധത്തിന് നിരക്കാത്ത കൂട്ടുകെട്ടുകളിൽനിന്നും, സ്വകാര്യബന്ധനങ്ങളിൽ നിന്നും വിമുക്തരായിക്കൊണ്ട് അല്ലാഹുവിൻെറ മാർഗത്തിൽ സമരം നടത്തുന്നവരും, അല്ലാത്തവരും തമ്മിൽ പ്രത്യക്ഷത്തിൽ വേർതിരിഞ്ഞ് കാണാതെ-നിങ്ങൾ സത്യവിശ്വാസികളാണെന്നും മുസ്ലിംകളാണെന്നും അവകാശപ്പെട്ടതുകൊണ്ടുമാത്രം-നിങ്ങളെ ഒഴിവാക്കി വിടുമെന്ന് നിങ്ങൾ കരുതേണ്ട; അതു സംഭവിക്കുവാൻ പോകുന്നില്ല. എന്ന് സാരം. മറ്റൊരിടത്ത് അല്ലാഹു പറയുന്നു: احسب الناس ان يتركوا ان يقولوا آمنا وهم لايفتنون (സാരം: ഞങ്ങൾ വിശ്വസിച്ചു എന്നു പറയുന്നതുകൊണ്ട് മാത്രം തങ്ങൾ പരീക്ഷിക്കപ്പെടാതെ ഉപേക്ഷിക്കപ്പെടുമെന്നു മനുഷ്യർ കണക്കാക്കിയിരിക്കുന്നുവോ?!) (29: 2)

ചെറുത്-വലുത്, ഭൂത-വർത്തമാന-ഭാവി, രഹസ്യം- പരസ്യം എന്നിങ്ങിനെയുള്ള വ്യത്യാസമില്ലാതെ എല്ലാ കാര്യങ്ങളും സസൂക്ഷമം അറിയുന്നവനാണ് അല്ലാഹു. അവൻെറ അറിവിനെതിരായി ഒരു അണുത്തൂക്കവും സംഭവിക്കുകയുമില്ല. എന്നിരിക്കെ, സമരം ചെയ്യുന്നവരെയും അല്ലാത്തവരെയും അവന് തിരിച്ചറിയുവാനാണ് ഇങ്ങനെയുള്ള പരീക്ഷണങ്ങൾ എന്നുപറയുന്നതിൻെറ അർത്ഥമെന്താണെന്ന് വല്ലവർക്കും സംശയം തോന്നിയേക്കാം.

രണ്ട് യാഥാർത്ഥ്യങ്ങൾ ഓർത്തിരുന്നാൽ, ഈ സംശയം അസ്ഥാനത്താണെന്ന് സ്വയം

ബോധ്യപ്പെടും. (1) സംഭവിച്ചു കഴിഞ്ഞിട്ടില്ലാത്ത ഭാവി കാര്യങ്ങളെപ്പറ്റി അവ ഇന്നിന്ന പ്രകാരമേ സംഭവിക്കൂ എന്ന് അല്ലാഹുവിനറിയാം. പക്ഷെ, അത് അനുഭവത്തിലും പ്രവർത്തനരംഗത്തും പ്രത്യക്ഷപ്പെട്ട് കാണലും, സംഭവിക്കുമ്പോൾ ഇന്നിന്ന പ്രകാരമായിരിക്കും അത് സംഭവിക്കുക എന്നുമുൻകൂട്ടി അറിഞ്ഞിരിക്കലും വെവ്വേറെ കാര്യങ്ങളാണ്.(2) മനുഷ്യൻ ചെയ്യുന്ന കാര്യങ്ങൾക്കനുസരിച്ചാണ് അല്ലാഹു അവന് പ്രതിഫലം നൽകുന്നത്. അഥവാ ഇന്നിന്ന പ്രകാരത്തിലായിരിക്കുമെന്നുള്ള അല്ലാഹുവിൻെറ അറിവിൻെറ അടിസ്ഥസ്ഥാനത്തിലല്ല അത്. അതുകൊണ്ട് ഓരോരുത്തൻെറയും നൻമ തിൻമകൾ കണക്കാക്കപ്പെടുന്നതിന് അവ അവൻെറ പ്രവർത്തന രംഗത്ത് തന്നെ പ്രകടമായിക്കാണേണ്ടിയിരിക്കുന്നു. الله اعلم

വിഭാഗം-3

17 മുശ്രിക്കുകൾക്ക് അല്ലാഹുവിൻെറ പള്ളികളെ പരിപാലിക്കുവാൻ പാടുള്ളതല്ല; (അവർ) തങ്ങളുടെ സ്വന്തങ്ങളുടെ മേൽ അവിശ്വാസത്തെപ്പറ്റി സാക്ഷ്യം വഹിക്കുന്നവരായിക്കൊണ്ട്. അക്കൂട്ടർ-അവരുടെ കർമ്മങ്ങൾ പൊളിഞ്ഞ് (നിഷ്ഫലമായി) പോയിരിക്കുന്നു. നരകത്തിലാകട്ടെ, അവർ സ്ഥിരവാസികളുമായിരിക്കും.

مَا كَانَ لِلْمُشْرِكِينَ أَن يَعْمُرُوا۟ مَسَٰجِدَ ٱللَّهِ
شَٰهِدِينَ عَلَىٰٓ أَنفُسِهِم بِٱلْكُفْرِ ۚ أُو۟لَٰٓئِكَ
حَبِطَتْ أَعْمَٰلُهُمْ وَفِى ٱلنَّارِ هُمْ خَٰلِدُونَ
﴿١٧﴾

18 നിശ്ചയമായും, അല്ലാഹുവിൻെറ പള്ളികളെ പരിപാലിക്കുക,- അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും, നമസ്കാരം നിലനിറുത്തുകയും, സക്കാത്ത് കൊടുക്കുകയും, അല്ലാഹുവിനെയല്ലാതെ ഭയപ്പെടാതിരിക്കുകയും ചെയ്തവർ മാത്രമാകുന്നു. [അവർക്കേ അതിനർഹതയുള്ളു] എന്നാൽ, അക്കൂട്ടർ സൻമാർഗ്ഗം പ്രാപിച്ചവരുടെ കൂട്ടത്തിലായിത്തീർന്നേക്കാം.

إِنَّمَا يَعْمُرُ مَسَٰجِدَ ٱللَّهِ مَنْ ءَامَنَ بِٱللَّهِ
وَٱلْيَوْمِ ٱلْءَاخِرِ وَأَقَامَ ٱلصَّلَوٰةَ وَءَاتَى ٱلزَّكَوٰةَ
وَلَمْ يَخْشَ إِلَّا ٱللَّهَ ۖ فَعَسَىٰٓ أُو۟لَٰٓئِكَ أَن يَكُونُوا۟
مِنَ ٱلْمُهْتَدِينَ ﴿١٨﴾

---

17 **ما كَانَ** ആക്കുകയില്ല, ആകാവതല്ല, പാടില്ല, നിവൃത്തിയില്ല. **للمشركين** മുശ്രിക്കുകൾക്ക്. **أن يعمروا** അവർ പരിപാലിക്കു (ശുശ്രൂഷിക്കു-സംരക്ഷിക്കു)വാൻ. **مساجد** പള്ളികളെ. **الله** അല്ലാഹുവിൻെറ. **شاهدين** സാക്ഷ്യം വഹിക്കുന്നവരായിക്കൊണ്ട്. **على أنفُسِهِم** തങ്ങളുടെ സ്വന്തങ്ങളുടെ (തങ്ങളുടെ തന്നെ)മേൽ. **بالكُفْر** കുഫ്റിന്, അവിശ്വാസത്തെപ്പറ്റി. **أُولئك** അക്കൂട്ടർ. **حبطت** പൊളിഞ്ഞിരിക്കുന്നു, നിഷ്ഫലമായി. **أعمالُهم** അവരുടെ പ്രവൃത്തി (കർമ്മം) കൾ. **وفي النار** നരകത്തിൽ. **هم** അവർ. **خالدونَ** സ്ഥിരവാസികളാണ്. 18 **إنما** നിശ്ചയമായും തന്നെ (മാത്രം). **يعمر** പരിപാലിക്കും, ശുശ്രൂഷിക്കും. **مساجِد الله** അല്ലാഹുവിൻെറ പള്ളികളെ. **من آمن** വിശ്വസിച്ചവർ (തന്നെ-മാത്രം). **بالله** അല്ലാഹുവിലും. **واليوم الآخر** അന്ത്യദിനത്തിലും. **وأقام** നിലനിറുത്തുകയും ചെയ്തു. **الصلاةَ** നമസ്കാരം. **وآتى الزكاةَ** സക്കാത്തു കൊടുക്കുകയും ചെയ്തു. **ولم يخش** ഭയപ്പെട്ടതുമില്ല. **إلا الله** അല്ലാഹുവിനെയല്ലാതെ. **فعسى** എന്നാൽ (അപ്പോൾ) ആയേക്കാം. **أُولئك** അക്കൂട്ടർ. **أن يكُونوا** അവരായിരിക്കുക. **من المهتدين** സൻമാർഗ്ഗം പ്രാപിച്ചവരിൽ പെട്ട(വർ).

നാലുമാസത്തിലധികം അവധിവെച്ച കരാറ് നിലവിലുള്ളവരൊഴിച്ച് മറ്റെല്ലാ മുശ്രിക്കുകൾക്കും നാലുമാസത്തെ ഒഴിവ് നൽകുകയും, പിന്നീട്. സന്ധിയില്ലാ സമരമായിരിക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തുകൊണ്ടല്ലോ സൂറത്തിൻെറ തുടക്കം. തുടർന്നുകൊണ്ട് ഈ പ്രഖ്യാപനത്തിന് ആസ്പദമായ കാരണങ്ങളും വിവരിച്ചു. എന്നാൽ കഅ്ബയുടെ സംരക്ഷണം, ശുശ്രൂഷ,

ഹജ്ജിന് വരുന്നവർക്ക് വെള്ളം എത്തിച്ചുകൊടുക്കൽ മുതലായ ചില നല്ല കാര്യങ്ങൾ അവർ നടത്തിവന്നിരുന്നു. അതിൽ അവർ അഭിമാനം കൊള്ളുകയും ചെയ്തിരുന്നു. ആ സ്ഥിതിക്ക് ഈ പ്രഖ്യാപനത്തിൻെറ ന്യായതയെക്കുറിച്ച് സംശയിക്കപ്പെടുവാനിടയുണ്ട്. 'ഞങ്ങളുടെ നൻമ കളെ നിങ്ങൾ മൂടിവെക്കുകയും, തിൻമകളെ നിങ്ങൾ എടുത്തുപറയുകയും ചെയ്യുന്നു'വെന്ന് അവർക്ക് ആക്ഷേപമുണ്ടായിരുന്നതായും പറയപ്പെടുന്നു. പ്രസ്തുത നൻമകളെ സമ്മതിച്ചുകൊണ്ടുതന്നെ, അതിനുള്ള മറുപടിയാണ് ഈ വചനങ്ങളിലും അടുത്ത ചില വചനങ്ങളിലും കാണുന്നത്.

കഅ്ബയുടെ ശുശ്രൂഷകൻമാരും പരിപാലകൻമാരുമായിരുന്നു അവരെന്നുള്ളത് ശരി. പക്ഷെ, അല്ലാഹുവിനെ മാത്രം ആരാധിക്കുകയും, അവൻെറ നാമം സ്മരിക്കുകയും ചെയ്വാൻ വേണ്ടി സ്ഥാപിക്കപ്പെടുന്നതാണ് പള്ളികൾ. ഇവരാകട്ടെ, പ്രത്യക്ഷത്തിൽ തന്നെ ബഹുദൈവാരാധകൻമാരും വിഗ്രഹാരാധകൻമാരുമാണ്. എന്നിരിക്കെ, പള്ളികളുടെ ശുശ്രൂഷ, മേൽനോട്ടം, അവയിൽവെച്ചുള്ള ആരാധനാകർമ്മങ്ങൾ എന്നിങ്ങിനെയുള്ള പരിപാലനങ്ങൾ അവരോട് യോജിക്കുന്ന കാര്യങ്ങളല്ല. അതിനവർക്ക് അർഹതയുമില്ല. പള്ളികളിൽ വെച്ച് ഏറ്റവും വലിയ പള്ളി കഅ്ബയാണല്ലോ. അപ്പോൾ അതിൻെറ പരിപാലന കൃത്യം വിശേഷിച്ചും അവർക്കു പാടില്ലാത്തതാണ്. അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും, നമസ്കാരം, സക്കാത്ത് മുതലായ നിർബന്ധ കാര്യങ്ങൾ അനുഷ്ഠിക്കുകയും അല്ലാഹുവിനെ മാത്രം ഭയപ്പെടുകയും ചെയ്യുന്ന സത്യവിശ്വാസികൾക്ക് മാത്രമേ അതിനവകാശമുള്ളു. ഇതാണ് അല്ലാഹു പറഞ്ഞതിൻെറ താൽപര്യം.

'പരിപാലിക്കുക' എന്ന് ഇവിടെ വിവർത്തനം ചെയ്തിരിക്കുന്നത് **يعمر** (യഹ്മുറു) എന്ന ക്രിയാരൂപത്തെയാകുന്നു. ഇതിൻെറ ധാതുനാമമാണ് അടുത്ത വചനത്തിൽ കാണുന്ന **عمارة** (ഇമാറത്ത്) എന്ന പദം. ഈ ക്രിയയുടെ കർത്താവും, കർമ്മം (**الفاعل والمفعول**) എന്നിവയുടെ വ്യത്യാസമനുസരിച്ച് പരിപാലനത്തിൻെറ സ്വഭാവത്തിലും വ്യത്യാസമുണ്ടായിരിക്കും. പള്ളികളെക്കുറിച്ച് പറയുമ്പോൾ രണ്ടുതരത്തിലുള്ള അർത്ഥത്തിൽ അത് ഉപയോഗപ്പെടാം. (1) കെട്ടിടത്തിൻെറ കേടുപാടുകൾ നന്നാക്കുക, ഭരണവും നടത്തിപ്പും കൈകാര്യം ചെയ്യുക മുതലായ ബാഹ്യമായ ശുശ്രൂഷകൾ. (2) സന്ദർശിച്ചും, പ്രാർത്ഥന, നമസ്കാരം മുതലായ ആരാധനാ കർമ്മൾ നടത്തിയും അവയുടെ സ്ഥാപനോദ്ദേശ്യങ്ങളെ സജീവമാക്കുക. ഈ രണ്ടാമത്തെ അർത്ഥത്തിലുള്ള പരിപാലനമാണ് ഇവിടെ പ്രധാനമായും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ഒന്നാമത്തെ അർത്ഥത്തിലുള്ള പരിപാലനത്തിൻെറ സ്ഥിതിയും ഇതിൽനിന്ന് ഭിന്നമല്ലെന്ന് വ്യക്തമാണ്. പള്ളി നിർമ്മാണത്തിൻെറയും നടത്തിപ്പിൻെറയും ലക്ഷ്യം അതിൽവെച്ച് അല്ലാഹുവിനെ മാത്രം ആരാധിക്കലും, അതുമായി ബന്ധപ്പെട്ട കാര്യങ്ങളുമാണല്ലോ.

പള്ളിയുടെ നിർമ്മാണത്തിലും, ഭരണത്തിലും അമുസ്ലിംകൾക്കു പങ്കുണ്ടായിക്കൂടാ എന്ന് ഈ വചനത്തിൻെറ അർത്ഥ വ്യാപ്തിയിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. പല മഹാന്മാരും ഇവിടെ അതു പ്രസ്താവിച്ചു കാണാം. ഇന്നത്തെ പൊതു പരിതസ്ഥിതികൾ നോക്കുമ്പോൾ വിശേഷിച്ചും അത് ക്രമേണ മുസ്ലിംകൾക്കെതിരെ അവകാശവാദങ്ങൾ ഉന്നയിക്കുവാൻ അവർക്കൊരു പഴുത് വെച്ച് കൊടുക്കൽകൂടിയായിരിക്കും. ഇതിന് ചില ഉദാഹരണങ്ങൾ ചില രാജ്യങ്ങളിൽ സംഭവിച്ച് കഴിഞ്ഞതുമാണ്. അമുസ്ലിംകളായ തൊഴിലാളികളെയും, കൂലിക്കാരെയും പള്ളി സംബന്ധമായ പ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്തുന്നതിന് ഇതൊന്നും ബാധകമാകുന്നല്ലതാനും. അമുസ്ലിംകൾ പള്ളിയിൽ പ്രവേശിക്കുന്നത് സംബന്ധമായ എതാനും വിവരങ്ങൾ താഴെ 28-ാം വചനത്തിൻെറ വ്യാഖ്യാനത്തിൽ കാണാം. പള്ളി പരിപാലനത്തെപ്പറ്റി (**عمارة المسجد**) ഇബ്നു കഥീർ (ﷺ) പറഞ്ഞ ചില വാക്കുകൾ വളരെ ശ്രദ്ധേയമാകുന്നു. അദ്ദേഹം പറയുന്നു: ''അവയെ പരിപാലിക്കുക എന്ന് പറഞ്ഞതിൻെറ ഉദ്ദേശ്യം, അവയെ മോടി കൂട്ടുകയും, അവയുടെ ആകൃതി നിലനിറുത്തുകയും ചെയ്യുക എന്നുള്ളതല്ല. അവയെ പരിപാലിക്കൽ, അവയിൽ

വെച്ച് അല്ലാഹുവിനെ സ്മരിക്കുകയും, അവൻെറ 'ശറഇ്'നെ (മതനിയമങ്ങളെ) അതിൽ നിലനിറുത്തുകയും, ശിർക്കിൽ നിന്നും മ്ളേച്ഛമായ കാര്യങ്ങളിൽ നിന്നും അവയെ ശുദ്ധമാക്കുകയും ചെയ്യുന്നത് മുഖേനയാണുണ്ടാകുന്നത്.''

പള്ളികളുടെ സ്ഥാപന ലക്ഷ്യത്തിനുതന്നെ വിരുദ്ധമായി കുഫ്റിൻെറ (അവിശ്വാസത്തിൻെറ) വാക്കുകളും, പ്രവർത്തികളും മുഖേന, തങ്ങൾ അവിശ്വാസികളാണെന്ന് വ്യക്തമായി തെളിയിച്ചുകൊണ്ടിരിക്കുന്നവരാണ് മുശ്രിക്കുകൾ. എന്നിരിക്കെ, പള്ളി പരിപാലനവും അവരും തമ്മിൽ എങ്ങിനെ പൊരുത്തപ്പെടും?! രണ്ടും പരസ്പരവിരുദ്ധമാണല്ലോ എന്നത്രെ **شاهدين على أنفسهم بالكفر** (തങ്ങളുടെ സ്വന്തം ദേഹങ്ങളുടെമേൽ അവിശ്വാസത്തിന് സാക്ഷ്യം വഹിക്കുന്നവരായിക്കൊണ്ട്) എന്ന വാക്യം ചൂണ്ടിക്കാട്ടുന്നത്. മേൽ പറഞ്ഞ പ്രകാരമുള്ള ഗുണങ്ങളോടുകൂടിയവർക്കാണ് യഥാർത്ഥത്തിൽ പള്ളിപരിപാലനത്തിന് അർഹതയുള്ളതെങ്കിലും ഇസ്ലാമിൻെറ ചില വിധിവിലക്കുകൾ പാലിക്കുന്നില്ലെന്ന കാരണത്താൽ, മുസ്ലിംകളായ വ്യക്തികൾ പള്ളിപരിപാലനത്തിൽ പങ്കുവഹിക്കാനുള്ള അവകാശം-കുഫ്റിൻെറതായ അടയാളമൊന്നും അയാളിൽ പ്രത്യക്ഷപ്പെടാത്ത കാലത്തോളം-തടയപ്പെട്ടുകൂടാ എന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം.**الله اعلم**

അല്ലാഹുവിനേയല്ലാതെ ഭയപ്പെടാതിരിക്കുക (**ولم يخشى الا الله**) എന്ന് പറഞ്ഞത് കൊണ്ടുദ്ദേശ്യം അല്ലാഹുവിൻെറ വിധിവിലക്കുകൾ പാലിക്കുന്നതിലും, മതപരമായ കടമകൾ നിർവ്വഹിക്കുന്നതിലും മറ്റാരെയും ഭയപ്പെടാതിരിക്കുകയാണ് എന്ന് സാമാന്യമായിപ്പറയാം എന്നല്ലാതെ, വല്ല ആപത്തുകൾ വരുന്നതിനെക്കുറിച്ചോ, ക്രൂരജന്തുക്കൾ മുതലായവയെക്കുറിച്ചോ ഭയമുണ്ടാകാതിരിക്കുക എന്നല്ല: ഇമാം ബൈളാവീ (رحمه الله) മുതലായവർ ചൂണ്ടിക്കാട്ടിയതുപോലെ പ്രകൃത്യാ മനുഷ്യനിൽ ഉണ്ടായിത്തീരുന്ന ഒരു സ്വഭാവമാണത്. ബുദ്ധിയുള്ള ഒരാളിലും അതുണ്ടാകാതിരിക്കയില്ല. **خشية** (ഖശ്യത്ത്) എന്ന ധാതുവിൻെറ അർത്ഥം 'ഭയപ്പാട്, പേടി, സൂക്ഷമത' എന്നൊക്കെയാണെങ്കിലും ഭക്തി ബഹുമാനത്തോടുകൂടിയുള്ള ഭയപ്പാടിലാണ് അതിൻെറ പ്രയോഗമെന്നു ഇമാം റാഗിബ് (رحمه الله) വ്യക്തമാക്കിയിട്ടുള്ളതും പ്രസ്താവ്യമാകുന്നു.

പള്ളിനിർമ്മാണം, പള്ളി പരിപാലനം എന്നീ വിഷയങ്ങളെ സംബന്ധിക്കുന്ന ഹദീസുകൾ പലതും കാണാം. ഉദാഹരണാർത്ഥം ചിലത് നമുക്കിവിടെ ഓർമ്മിക്കാം; (1) നബി (ﷺ) പ്രസ്താവിച്ചതായി ഉസ്മാൻ (رضي الله عنه) ഉദ്ദരിക്കുന്നു: ''ആരെങ്കിലും അല്ലാഹുവിന് ഒരു പള്ളി സ്ഥാപിച്ചാൽ അല്ലാഹു അവന് സ്വർഗ്ഗത്തിൽ ഒരു വീട് സ്ഥാപിക്കുന്നതാണ്.' (ബു; മു; തി) റസൂൽ (ﷺ) തിരുമേനിയുടെ പള്ളി ഉസ്മാൻ (رضي الله عنه) പുതുക്കിപ്പണിയുകയും, അതിൽ ചില പരിഷ്കരണങ്ങൾ വരുത്തുകയും ചെയ്തതിനെപ്പറ്റി ചിലർ ആക്ഷേപിച്ചു പറഞ്ഞതിനദ്ദേഹം മറുപടി നൽകിയ അവസരത്തിലായിരുന്നു നബി (സ)യിൽനിന്ന് അദ്ദേഹം കേട്ട ഈ വചനം അദ്ദേഹം ഉദ്ധരിച്ചത്. (2) നബി (ﷺ) പ്രസ്താവിച്ചതായി അബൂഹുറൈറഃ (رضي الله عنه) ഉദ്ധരിക്കുന്നു: ''ആരെങ്കിലും പള്ളിയിലേക്ക് പോകുകയോ വരുകയോ ചെയ്യുന്നതായാൽ, അവൻ പോകുമ്പോഴും വരുമ്പോഴുമെല്ലാം അവന് അല്ലാഹു സ്വർഗ്ഗത്തിൽ വിരുന്ന് ഒരുക്കുന്നതാണ്.'' (ബു; മു) (3) അല്ലാഹുവിൻെറ തണലല്ലാതെ മറ്റൊരു തണലും ഇല്ലാതിരിക്കുന്ന ദിവസം (ഖിയാമത്തു നാളിൽ) അല്ലാഹുവിൻെറ തണൽ ലഭിക്കുന്ന ഏഴു കൂട്ടരെപ്പറ്റി പ്രസ്താവിക്കുന്ന പ്രസിദ്ധമായ നബി വചനത്തിൽ 'ഹൃദയം പള്ളികളുമായി ബന്ധപ്പെട്ട ആളുകളെ'യാണ് നബി (ﷺ) ഒന്ന് എണ്ണിയിരിക്കുന്നത്. (ബു;മു) (4) റസൂൽ (ﷺ) പറഞ്ഞതായി അബൂ സഈദ് (رضي الله عنه) ഉദ്ധരിക്കുന്നു: ''ഒരു പുരുഷൻ പള്ളിയിലേക്ക് പതിവായി പോകുന്നത് കണ്ടാൽ, അവൻെറ സത്യവിശ്വാസത്തിന് നിങ്ങൾ സാക്ഷ്യം വഹിച്ചുകൊള്ളുവിൻ.' പിന്നീട് തിരുമേനി ഈ (18-ാം) വചനം ഓതുകയും ചെയ്തു. (അ;തി;ജ) (5) പള്ളിയിൽ അടിച്ചു വാരിയിരുന്ന- തൂപ്പുവേല ചെയ്തിരുന്ന-ഒരു സ്ത്രീ മരണപ്പെട്ടു. ആ സ്ത്രീയെ കാണാതായപ്പോൾ നബി (ﷺ) അവരെപ്പറ്റി അന്വേഷിച്ചു. അവർ മരണപ്പെട്ടുവെന്നറിഞ്ഞപ്പോൾ, ''അവരുടെ പേരിൽ നമസ്കരിക്കുവാൻ

വേണ്ടി എന്നെ ഒന്ന് വിവരം അറിയിച്ചു കൂടായിരുന്നോ?'' എന്ന് പറഞ്ഞുകൊണ്ട് തിരുമേനി അവരുടെ ഖബ്റിൻെറ അടുക്കൽ ചെന്ന് അവരുടെ പേരിൽ (ജനാസഃ) നമസ്കാരം നടത്തി. (ബു; മു; ദാ; ജ)

19 ഹജ്ജ് ചെയ്യുന്നവർക്ക് കുടിപ്പാൻ (വെള്ളം) കൊടുക്കലും, 'മസ്ജിദുൽ ഹറാമി'ൻെറ പരിപാലനവും (ചെയ്യുന്നവരെ) നിങ്ങൾ ആക്കുകയോ?-അല്ലാഹുവിലും, അന്ത്യദിനത്തിലും വിശ്വസിക്കുകയും അല്ലാഹുവിൻെറ മാർഗ്ഗത്തിൽ സമരം നടത്തുകയും ചെയ്യുന്നവരെപ്പോലെ! അവർ അല്ലാഹുവിൻെറ അടുക്കൽ സമൻമാരാകുകയില്ല. അല്ലാഹു, അക്രമികളായ ജനങ്ങളെ സൻമാർഗ്ഗത്തിലാക്കുകയില്ല.

۞ أَجَعَلْتُمْ سِقَايَةَ ٱلْحَآجِّ وَعِمَارَةَ ٱلْمَسْجِدِ ٱلْحَرَامِ كَمَنْ ءَامَنَ بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ وَجَٰهَدَ فِى سَبِيلِ ٱللَّهِ ۚ لَا يَسْتَوُۥنَ عِندَ ٱللَّهِ ۗ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلظَّٰلِمِينَ ﴿١٩﴾

---

19 **أجعلتم** നിങ്ങൾ ആക്കിയോ, ആക്കുകയാണോ. **سقاية** കുടിപ്പാൻ കൊടുക്കൽ, വെള്ളം നൽകൽ. **الحاج** ഹജ്ജ് ചെയ്യുന്നവന്, ഹജ്ജിന് വരുന്നവർക്ക്. **وعمارة** പരിപാലനവും, ശുശ്രൂഷയും. **المسجد الحرام** മസ്ജിദുൽ ഹറാമിൻെറ. **كمن** ഒരുവനെ (യാതൊരുവരെ)പ്പോലെ. **آمن** വിശ്വസിച്ചു. **بالله** അല്ലാഹുവിൽ. **واليوم الآخر** അന്ത്യദിനത്തിലും. **وجاهد** സമരം ചെയ്കയും. **في سبيل الله** അല്ലാഹുവിൻെറ മാർഗ്ഗത്തിൽ. **لا يستوون** അവർ സമമാകുകയില്ല. **عند الله** അല്ലാഹുവിങ്കൽ. **والله** അല്ലാഹുവാകട്ടെ. **لا يهدي** നേർമാർഗ്ഗ(സൻമാർഗ്ഗ) ത്തിലാക്കുകയില്ല. **القوم** ജനങ്ങളെ. **الظالمين** അക്രമികളായ

മുമ്പ് ചൂണ്ടിക്കാട്ടിയതുപോലെ, മക്കാ മുശ്രിക്കുകൾ തങ്ങളുടെ ശ്രേഷ്ഠ ഗുണങ്ങളായി എണ്ണി വന്നിരുന്നതാണ് ഹാജിമാർക്ക് വെള്ളം എത്തിച്ചുകൊടുക്കുവാനുള്ള ഏർപ്പാടും, കഅ്ബയുടെ ശുശ്രൂഷയും, മക്കായിൽ അക്കാലത്ത് വെള്ളത്തിന് വളരെ ക്ഷാമമായിരുന്നതു കൊണ്ട് ഹജ്ജിനു വരുന്നവർക്ക് അതതിടങ്ങളിൽ വെള്ളം എത്തിക്കുന്നതു വളരെ പ്രധാനപ്പെട്ട ഒരു ഏർപ്പാടായിരുന്നു. അതെല്ലാം നല്ലതും വേണ്ടപ്പെട്ടതുമായ കാര്യങ്ങളാണെങ്കിലും സത്യവിശ്വാസം സ്വീകരിക്കുകയും, അല്ലാഹുവിൻെറ മാർഗ്ഗത്തിൽ സമരം ചെയ്യുകയും ചെയ്വാൻ താൽപര്യമില്ലാത്ത കാലത്തോളം അല്ലാഹുവിൻെറ അടുക്കൽ അതിനു നിലയും വിലയുമില്ലെന്ന് അല്ലാഹു മുശ്രിക്കുകളെ ഉൽബോധിപ്പിക്കുകയാണ്.

20 വിശ്വസിക്കുകയും, 'ഹിജ്റ' പോകുകയും, അല്ലാഹുവിൻെറ മാർഗ്ഗത്തിൽ തങ്ങളുടെ ധനം കൊണ്ടും, തങ്ങളുടെ ദേഹം കൊണ്ടും സമരം നടത്തുകയും ചെയ്തവർ, അല്ലാഹുവിൻെറ അടുക്കൽ, പദവിയിൽ ഏറ്റവും മഹത്തായവരത്രെ. അക്കൂട്ടർ തന്നെയാണ് ഭാഗ്യം പ്രാപിച്ചവരും.

ٱلَّذِينَ ءَامَنُوا۟ وَهَاجَرُوا۟ وَجَٰهَدُوا۟ فِى سَبِيلِ ٱللَّهِ بِأَمْوَٰلِهِمْ وَأَنفُسِهِمْ أَعْظَمُ دَرَجَةً عِندَ ٱللَّهِ ۚ وَأُو۟لَٰٓئِكَ هُمُ ٱلْفَآئِزُونَ ﴿٢٠﴾

21 അവരുടെ റബ്ബ് തൻെറ പക്കൽ നിന്നുള്ള ഒരു (മഹത്തായ) കാരുണ്യത്തെയും, പ്രീതിയെയും, അവർക്കായുള്ള ചില സ്വർഗ്ഗങ്ങളെയും കുറിച്ച് അവരെ സന്തോഷവാർത്ത അറിയിക്കുന്നു. അതിൽ (ശാശ്വതമായി) നിലനിൽക്കുന്ന സുഖാനുഭവമു

يُبَشِّرُهُمْ رَبُّهُم بِرَحْمَةٍ مِّنْهُ وَرِضْوَٰنٍ وَجَنَّٰتٍ لَّهُمْ فِيهَا نَعِيمٌ مُّقِيمٌ ﴿٢١﴾

ണ്ടായിരിക്കും;

22 അതിൽ എന്നെന്നും (അവർ) നിത്യവാസികളായിക്കൊണ്ട്. നിശ്ചയമായും അല്ലാഹു-അവന്റെ അടുക്കൽ മഹത്തായ പ്രതിഫലമുണ്ട്.

خَٰلِدِينَ فِيهَآ أَبَدًاۚ إِنَّ ٱللَّهَ عِندَهُۥٓ أَجۡرٌ عَظِيمٞ ﴿٢٢﴾

23 ഹേ, വിശ്വസിച്ചവരേ, നിങ്ങളുടെ പിതാക്കളും, സഹോദരങ്ങളും സത്യവിശ്വാസത്തെക്കാൾ അവിശ്വാസത്തോട് ഇഷ്ടം കാണിക്കുന്നപക്ഷം, അവരെ നിങ്ങൾ മിത്രങ്ങൾ (അഥവാ കൈകാര്യക്കാർ) ആക്കരുത്. നിങ്ങളിൽ നിന്ന് ആരെങ്കിലും അവരോട് മിത്രബന്ധം പുലർത്തുന്ന (അഥവാ അവർക്ക് കൈകാര്യ കർതൃത്വം നൽകുന്ന) പക്ഷം, അക്കൂട്ടർ തന്നെയാണ് അക്രമികൾ.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تَتَّخِذُوٓاْ ءَابَآءَكُمۡ وَإِخۡوَٰنَكُمۡ أَوۡلِيَآءَ إِنِ ٱسۡتَحَبُّواْ ٱلۡكُفۡرَ عَلَى ٱلۡإِيمَٰنِۚ وَمَن يَتَوَلَّهُم مِّنكُمۡ فَأُوْلَـٰٓئِكَ هُمُ ٱلظَّـٰلِمُونَ ﴿٢٣﴾

24 (നബിയേ) പറയുക: ''നിങ്ങളുടെ പിതാക്കളും, നിങ്ങളുടെ പുത്രൻമാരും, നിങ്ങളുടെ സഹോദരങ്ങളും, നിങ്ങളുടെ ഇണകളും, നിങ്ങളുടെ ബന്ധുകുടുംബങ്ങളും, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ സ്വത്തുക്കളും, നിങ്ങൾ വിലയിടിവ് (അഥവാ ചിലവാകായ്മ) ഭയക്കുന്ന കച്ചവടവും, നിങ്ങൾ ഇഷ്ടപ്പെടുന്ന പാർപ്പിടങ്ങളുമാണ് അല്ലാഹുവിനെയും, അവന്റെ റസൂലിനെയും, അവന്റെ മാർഗ്ഗത്തിൽ സമരം ചെയ്യുന്നതിനെയും കാൾ (അധികം) നിങ്ങൾക്ക് പ്രിയങ്കരമെങ്കിൽ, എന്നാൽ അല്ലാഹു അവന്റെ കൽപന കൊണ്ടു വരുന്നതു വരെ നിങ്ങൾ കാത്തിരിക്കുവിൻ! അല്ലാഹു തോന്നിയവാസികളായ ജനങ്ങളെ സൻമാർഗത്തിലാക്കുകയില്ല.

قُلۡ إِن كَانَ ءَابَآؤُكُمۡ وَأَبۡنَآؤُكُمۡ وَإِخۡوَٰنُكُمۡ وَأَزۡوَٰجُكُمۡ وَعَشِيرَتُكُمۡ وَأَمۡوَٰلٌ ٱقۡتَرَفۡتُمُوهَا وَتِجَٰرَةٞ تَخۡشَوۡنَ كَسَادَهَا وَمَسَٰكِنُ تَرۡضَوۡنَهَآ أَحَبَّ إِلَيۡكُم مِّنَ ٱللَّهِ وَرَسُولِهِۦ وَجِهَادٖ فِي سَبِيلِهِۦ فَتَرَبَّصُواْ حَتَّىٰ يَأۡتِيَ ٱللَّهُ بِأَمۡرِهِۦۗ وَٱللَّهُ لَا يَهۡدِي ٱلۡقَوۡمَ ٱلۡفَٰسِقِينَ ﴿٢٤﴾

---

20 **الذين آمنوا** വിശ്വസിച്ചവർ. **وهاجروا** ഹിജ്റ പോകുകയും ചെയ്തു. **وجاهدوا** സമരം നടത്തുകയും ചെയ്തു. **في سبيل الله** അല്ലാഹുവിന്റെ മാർഗ്ഗത്തിൽ. **بأموالهم** തങ്ങളുടെ സ്വത്തുക്കൾ (ധനം) കൊണ്ട്. **وأنفسهم** തങ്ങളുടെ ദേഹങ്ങൾകൊണ്ടും. **أعظم** വമ്പിച്ചവരാണ്. **درجةً** പദവി, പദവിയിൽ. **عند الله** അല്ലാഹുവിന്റെ അടുക്കൽ. **وأولئك هم** അക്കൂട്ടർ തന്നെ. **الفائزونَ** ഭാഗ്യവാൻമാർ, വിജയികൾ.. 21 **يبشرهم** അവരെ സന്തോഷമറിയിക്കുന്നു. **ربهم** അവരുടെ റബ്ബ്. **برحمة** ഒരു കാരുണ്യത്തെപ്പറ്റി, കാരുണ്യം കൊണ്ട്. **منه** അവനിൽ നിന്നുള്ള. **ورضوان** പ്രീതികൊണ്ടും. **وجنات** ചില സ്വർഗ്ഗങ്ങൾകൊണ്ടും. **لهم** അവർക്കുള്ള, അവരുടേതായ. **فيها** അതിൽ (അവയിൽ) ഉണ്ട്. **نعيم** സുഖാനുഭവം, സുഖജീവിതം. **مقيم** നിലനിൽക്കുന്ന. 22 **خالدين** നിത്യവാസികളായിക്കൊണ്ട്. **فيها** അതിൽ. **أبدا** എക്കാലവും, എന്നെന്നും. **إن الله** നിശ്ചയമായും അല്ലാഹു. **عنده** അവന്റെ അടുക്കലുണ്ട്. **أجر** കൂലി, പ്രതിഫലം. **عظيم** വമ്പിച്ച മഹത്തായ. 23 **يا أيها الذين آمنوا** വിശ്വസിച്ചവരേ. **لا تتخذُوا** നിങ്ങൾ ആക്കരുത്. **آباءكم** നിങ്ങളുടെ പിതാക്കളെ. **وإخوانكم** നിങ്ങളുടെ സഹോദരങ്ങളെ (സഹോദരൻമാരെ)യും. **أولياءَ** ബന്ധുക്കൾ, കൈകാര്യക്കാർ, ഉടയവർ. **إن استحبوا** അവർ ഇഷ്ട(തൃപ്തി)പ്പെടുന്ന പക്ഷം. **الكُفْرَ** അവിശ്വാസത്തെ. **على الإيمان** സത്യവിശ്വാസത്തെക്കാൾ, വിശ്വാസത്തിനെതിരെ. **ومن يتولهم** ആരെങ്കിലും (ആർ-വല്ലവനും) അവരോട് മിത്രബന്ധം പുലർത്തിയാൽ,

അവർക്ക് കൈകാര്യം നൽകിയാൽ. مِنكُمْ നിങ്ങളിൽനിന്ന്. فَأُولَٰئِكَ എന്നാൽ അക്കൂട്ടർ. هُمُ الظَّالِمُونَ അവർ തന്നെ അക്രമികൾ.. 24 قُلْ പറയുക. إِن كَانَ ആണെങ്കിൽ, ആയിരുന്നാൽ. آبَاؤُكُمْ നിങ്ങളുടെ പിതാക്കൾ. وَأَبْنَاؤُكُمْ നിങ്ങളുടെ പുത്രൻമാരും (മക്കളും). وَإِخْوَانُكُمْ നിങ്ങളുടെ സഹോദരങ്ങളും. وَأَزْوَاجُكُمْ നിങ്ങളുടെ ഇണകളും (ഭാര്യാഭർത്താക്കളും). وَعَشِيرَتُكُمْ നിങ്ങളുടെ ബന്ധുകുടുംബവും. وَأَمْوَالٌ സ്വത്തുക്കളും, ധനവും. اقْتَرَفْتُمُوهَا നിങ്ങളത് സമ്പാദിച്ചുണ്ടാക്കി, തേടിച്ചുണ്ടാക്കിയ. وَتِجَارَةٌ കച്ചവടവും, വ്യാപാരവും. تَخْشَوْنَ നിങ്ങൾ ഭയപ്പെടുന്നു. كَسَادَهَا അതിൻെറ ചിലവഴിയായ്മയെ, വിലയിടിവ്. وَمَسَاكِنُ പാർപ്പിടങ്ങളും. تَرْضَوْنَهَا നിങ്ങളതിനെ ഇഷ്ടപ്പെടുന്നു. أَحَبَّ അധികം പ്രിയപ്പെട്ടത്, ഇഷ്ടപ്പെട്ടത്. إِلَيْكُم നിങ്ങൾക്ക്. مِّنَ اللَّهِ അല്ലാഹുവിനെക്കാൾ. وَرَسُولِهِ അവൻെറ റസൂലിനെയും (കാൾ). وَجِهَادٍ സമരത്തെയും (കാൾ). فِي سَبِيلِهِ അവൻെറ മാർഗ്ഗത്തിൽ. فَتَرَبَّصُوا എന്നാൽ നിങ്ങൾ കാത്തിരിക്കുവിൻ, പ്രതീക്ഷിക്കുവിൻ. حَتَّىٰ يَأْتِيَ വരുന്നതുവരെ. اللَّهُ അല്ലാഹു. بِأَمْرِهِ അവൻെറ കൽപനയും കൊണ്ട്. وَاللَّهُ അല്ലാഹു. لَا يَهْدِي അവൻ നേർമാർഗ്ഗത്തിലാക്കുകയില്ല. الْقَوْمَ ജനതയെ, ജനങ്ങളെ. الْفَاسِقِينَ തോന്നിയവാസികളായ, ദുർന്നടപ്പുകാരായ.

സ്വന്തം പിതാക്കളോ സ്വന്തം സഹോദരങ്ങളോ ആയിരുന്നാൽ പോലും-അവർ സത്യവിശ്വാസം സ്വീകരിക്കാതെ അവിശ്വാസം കൊണ്ട് തൃപ്തിപ്പെടുന്ന പക്ഷം-അവരുമായി മിത്രബന്ധം പുലർത്തുകയും, അവരെ കൈകാര്യക്കാരാക്കി വെക്കുകയും ചെയ്തുകൂടാ എന്ന് സത്യവിശ്വാസികളോട് അല്ലാഹു കൽപിക്കുന്നു. മത്സരത്തിൽ കഴിയുന്ന അവിശ്വാസികളോടു മൈത്രിയിലും കൂട്ടുകെട്ടിലും പെരുമാറുന്നതിനെപ്പറ്റി ഒന്നിലധികം സ്ഥലത്തു ഖുർആനിൽ അല്ലാഹു വിരോധിച്ചിരിക്കുന്നതു കാണാം. സൂ: മുജാദലഃയിൽ പറയുന്നു: അല്ലാഹുവിനോടും അവൻെറ റസൂലിലോടും മത്സരം കാണിക്കുന്നവരോട് അല്ലാഹുവിലും അവൻെറ റസൂലിലും വിശ്വസിക്കുന്ന ഒരു ജനത സ്നേഹബന്ധം പുലർത്തുന്നതായി നീ കണ്ടെത്തുകയില്ല. അവർ തങ്ങളുടെ പിതാക്കളോ, പുത്രൻമാരോ, സഹോദരങ്ങളോ, ബന്ധു കുടുംബങ്ങളോ ആയിരുന്നാലും ശരി. അങ്ങിനെയുള്ളവരുടെ-സ്നേഹബന്ധം പുലർത്താത്തവരുടെ-ഹൃദയങ്ങളിൽ അല്ലാഹു സത്യവിശ്വാസം രേഖപ്പെടുത്തിയിരിക്കുന്നു. അവൻെറ പക്കൽനിന്നുള്ള ഒരു ആത്മാവു മുഖേന അവൻ അവരെ ബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. (58:22)

കുടുംബ ബന്ധത്തെ ഓർത്തും, സ്വകുടുംബത്തിൻെറ അപ്രീതിയുണ്ടാകരുതെന്ന് കരുതിയും, സ്വത്തുക്കൾക്കോ പാർപ്പിടങ്ങൾക്കോ നാശം സംഭവിക്കുമെന്ന് വിചാരിച്ചുമൊക്കെ ദുർബ്ബല വിശ്വാസികളായ ചില മുസ്ലിംകൾ യുദ്ധം ചെയ്വാനോ, ഹിജ്റപോകാനോ ശ്രമിക്കാതെ ഒഴിഞ്ഞ് നിൽക്കുന്നുണ്ടായിരുന്നു. അവരുടെ വിഷയത്തിലാണ് ഈ വചനങ്ങൾ അവതരിച്ചതെന്ന് പറയപ്പെടുന്നുണ്ടെങ്കിലും ഈ തത്വം എല്ലാ കാലത്തുള്ളവർക്കും ബാധകം തന്നെയാണ്. അതായതു അല്ലാഹുവിൻെറ ദീനിനോട് മത്സരം പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നവർ എത്ര അടുത്ത ബന്ധുക്കളായാലും അവരോട് ഹൃദയം ഇണങ്ങിക്കൊണ്ട് അണഞ്ഞ ബന്ധം പുലർത്തിക്കൊണ്ടിരിക്കുവാൻ സത്യവിശ്വാസികൾക്ക് ഒര് കാലത്തും പാടില്ലാത്തതാകുന്നു. മാതാപിതാക്കൾ മുശ്രിക്കുകളായിരുന്നാൽ പോലും അവരോട് ഇഹത്തിൽ നന്നായി പെരുമാറണമെന്നും, അവിശ്വാസികളോടും നീതിയും മര്യാദയും പാലിക്കേണമെന്നും, നീതികേടും ആക്രമവും ആരോടും പാടില്ലെന്നുമുള്ള കൽപനകൾ ഇപ്പറഞ്ഞതിന് എതിരില്ലതാനും.

കുടുംബ ബന്ധങ്ങളോ, സ്നേഹ ബന്ധങ്ങളോ, സ്വത്തുക്കളിലും ജീവിതസൗകര്യങ്ങളിലുമുള്ള താൽപര്യങ്ങളോ ഒന്നും തന്നെ, അല്ലാഹുവിൻെറയും റസൂലിൻെറയും വിധിവിലക്കുകൾ അനുസരിക്കുന്നതിനോ, അല്ലാഹുവിൻെറ ദീനിനുവേണ്ടി സമരവും ത്യാഗവും അനുഷ്ഠിക്കുന്നതിനോ തടസ്സമായിരിക്കുവാൻ പാടില്ല. അങ്ങിനെ തടസ്സമാകത്തക്കവണ്ണം അവർക്കു പ്രാധാന്യം കൽപിച്ചാൽ അതിൻെറ ഭവിഷ്യത്ത് വളരെ ആപൽകരമായിരിക്കുമെന്ന് സത്യവിശ്വാസിക

ളോടുള്ള ഒരു താക്കീതാണ് 24-ാം വചനത്തിൽ കാണുന്നത്. ''അല്ലാഹു അവന്റെ കൽപനകൊണ്ടുവരുന്നതുവരെ കാത്തിരിക്കുവിൻ'' (فتربصوا حتى يأتي الله بامره) എന്നുള്ള ആ കനത്ത താക്കീത് വിഷയത്തിന്റെ ഗൗരവമാണ് ചൂണ്ടിക്കാട്ടുന്നത്. ആ കൽപനകൊണ്ടുദ്ദേശ്യം ഇന്നതാണെന്നോ, അത് എപ്പോഴായിരിക്കുമെന്നോ അല്ലാഹു വെളിപ്പെടുത്തിയിട്ടില്ല. ഇഹത്തിൽവെച്ചും, പരത്തിൽ വെച്ചും അതിന്റെ ഭവിഷ്യത്ത് നിങ്ങൾ അനുഭവിക്കേണ്ടിവരുമെന്നും, അത് നിങ്ങൾക്ക് താങ്ങാനാവാത്തതായിരിക്കുമെന്നുമത്രെ ആ വാക്ക് സൂചിപ്പിക്കുന്നത്. അല്ലാഹുവിന്റെയും റസൂലിന്റെയും ആജ്ഞാനിർദ്ദേശങ്ങളെക്കാൾ അത്തരം കാര്യങ്ങൾക്ക് പ്രാധാന്യം കൽപിച്ചുകൊണ്ടിരിക്കുന്നത് നിമിത്തം മുസ്‌ലിംകൾ അന്നും ഇന്നും എന്നും അനുഭവിച്ചുകൊണ്ടിരിക്കുന്ന ഐഹികമായ ഭവിഷ്യത്തുകൾ ബുദ്ധിയും വിശ്വാസവുമുള്ള ആർക്കും അജ്ഞാതമല്ല തന്നെ. അതുമൂലം ലോകത്തുവെച്ചുണ്ടാകാനിരിക്കുന്ന ഭവിഷ്യത്തിനെപ്പറ്റി പ്രത്യേകം പറയേണ്ടതില്ലതാനും.

നബി (ﷺ) ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു: ''എന്റെ ആത്മാവ് യാതൊരുവന്റെ കയ്യിലാണോ അവൻ തന്നെ സത്യം! നിങ്ങൾ ഒരാൾക്കുംതന്നെ, അവന്റെ മാതാപിതാക്കളെയും മക്കളെയും എല്ലാ മനുഷ്യരെയുംകാൾ ഇഷ്ടപ്പെട്ടവൻ ഞാനായിരിക്കുന്നതുവരെ അവൻ സത്യവിശ്വാസി ആയിരിക്കയില്ല.'' (ബു; മു) ഒരിക്കൽ ഉമർ (رضي الله عنه) നബി (ﷺ) യോട് ഇങ്ങനെ പറയുകയുണ്ടായി: ''അല്ലാഹുവിനെതന്നെ സത്യം! അല്ലാഹുവിന്റെ റസൂലേ, അങ്ങുന്നാണ് എന്റെ ദേഹം ഒഴിച്ചുള്ള മറ്റെല്ലാറ്റിനെക്കാളും എനിക്കിഷ്ടപ്പെട്ട ആൾ.'' ''അപ്പോൾ റസൂൽ (ﷺ) പറഞ്ഞു: 'നിങ്ങളിലൊരാൾക്ക് അവന്റെ ദേഹത്തെക്കാളും ഇഷ്ടപ്പെട്ടവൻ ഞാനായിരിക്കുന്നതുവരെ അവൻ സത്യവിശ്വാസിയായിരിക്കയില്ല.'' അപ്പോൾ ഉമർ (رضي الله عنه) പറഞ്ഞു: ''എന്നാൽ-ഇപ്പോൾ-അല്ലാഹുതന്നെ സത്യം! അങ്ങുന്ന് എനിക്ക് എന്റെ ദേഹത്തേക്കാൾ ഇഷ്ടപ്പെട്ടവനാകുന്നു.'' അപ്പോൾ നബി തിരുമേനി പറഞ്ഞു: ''ഇപ്പോഴാണ്, ഉമറേ, തന്റെ വിശ്വാസം പരിപൂർണ്ണമായത്.'' (അ; മു) അല്ലാഹുവിനെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുന്നതിന്റെ അനിവാര്യ ഫലമാണല്ലോ റസൂലിനെ സ്നേഹിക്കലും അനുസരിക്കലും. അഥവാ അത്രണ്ടും അർത്ഥത്തിൽ ഒന്നു തന്നെ. മനുഷ്യന്റെ ഐഹികവും പാരത്രികവുമായ നൻമകൾക്കുള്ള ഏക നിദാനവും അതുതന്നെ. എന്നിരിക്കെ, അതിനെക്കാൾ ഉപരിയായി മറ്റൊരു കാര്യവും ഒരു യഥാർത്ഥ സത്യവിശ്വാസിക്ക് ഉണ്ടായിരിക്കുവാൻ പാടില്ലല്ലോ. ''ഇപ്പോഴാണ് ഉമറേ തന്റെ വിശ്വാസം പരിപൂർണ്ണമായത്'' എന്ന തിരുവചനം ഈ വസ്തുതയാണ് ചൂണ്ടിക്കാട്ടുന്നത്. ഇതുതന്നെയാണ് സൂ: അഹ്സാബിൽ النبى اولى بالمؤمنين من أنفسهم (നബി സത്യവിശ്വാസികളോട് അവരുടെ ദേഹങ്ങളേക്കാൾ അധികം ബന്ധപ്പെട്ടവനാകുന്നു.) (33:6) എന്ന വാക്യം മുഖേന അല്ലാഹു അറിയിക്കുന്നത്

വിഭാഗം-4

25 വളരെ (യുദ്ധ) രംഗങ്ങളിൽ അല്ലാഹു നിങ്ങളെ സഹായിച്ചിട്ടുണ്ട്; ഹുനൈൻ (യുദ്ധ) ദിവസവും (സഹായിച്ചു); അതായത്, നിങ്ങളുടെ (ആൾ) പെരുപ്പം നിങ്ങളെ സംതൃപ്തിപ്പെടുത്തിയിട്ട് അതു നിങ്ങൾക്ക് യാതൊന്നും പര്യാപ്തമാക്കാതിരുന്നപ്പോൾ; ഭൂമി വിശാലമായതോടെ അതു നിങ്ങൾക്ക് ഇടുക്കമാകുകയും ചെയ്തു; പിന്നീട് നിങ്ങൾ പിന്നോക്കം തിരിഞ്ഞോടുകയും ചെയ്തു.

لَقَدْ نَصَرَكُمُ ٱللَّهُ فِى مَوَاطِنَ كَثِيرَةٍ ۙ وَيَوْمَ حُنَيْنٍ ۙ إِذْ أَعْجَبَتْكُمْ كَثْرَتُكُمْ فَلَمْ تُغْنِ عَنكُمْ شَيْـًٔا وَضَاقَتْ عَلَيْكُمُ ٱلْأَرْضُ بِمَا رَحُبَتْ ثُمَّ وَلَّيْتُم مُّدْبِرِينَ ﴿٢٥﴾

26 പിന്നെ, അല്ലാഹു അവന്റെ റസൂലിന്റെ മേലും, സത്യവിശ്വാസികളുടെ മേലും ത

ثُمَّ أَنزَلَ ٱللَّهُ سَكِينَتَهُۥ عَلَىٰ رَسُولِهِۦ وَعَلَى

ൻെറ (വക) ശാന്തത ഇറക്കിക്കൊടുത്തു; നിങ്ങൾ കണ്ടിട്ടില്ലാത്ത ചില സൈന്യങ്ങ ളെ അവൻ ഇറക്കുകയും ചെയ്തു: അവി ശ്വസിച്ചവരെ അവൻ ശിക്ഷിക്കുകയും ചെയ്തു. അതത്രെ, അവിശ്വാസികളുടെ പ്രതിഫലം.

ٱلْمُؤْمِنِينَ وَأَنزَلَ جُنُودًا لَّمْ تَرَوْهَا وَعَذَّبَ ٱلَّذِينَ كَفَرُوا۟ ۚ وَذَٰلِكَ جَزَآءُ ٱلْكَـٰفِرِينَ ﴿٢٦﴾

27 പിന്നീട് അതിനുശേഷം, താൻ ഉദ്ദേശിക്കു ന്നവരുടെ പശ്ചാത്താപം അല്ലാഹു സ്വീ കരിക്കുന്നതാണ്. അല്ലാഹു (വളരെ) പൊ റുക്കുന്നവനും കരുണാനിധിയുമത്രെ.

ثُمَّ يَتُوبُ ٱللَّهُ مِنۢ بَعْدِ ذَٰلِكَ عَلَىٰ مَن يَشَآءُ ۗ وَٱللَّهُ غَفُورٌ رَّحِيمٌ ﴿٢٧﴾

---

25 **لَقَدْ** തീർച്ചയായും ഉണ്ട്. **نصركُم الله** അല്ലാഹു നിങ്ങളെ സഹായിച്ചു. **في مواطن** (യുദ്ധ) രംഗങ്ങളിൽ. **كَثيرة** വളരെ. **ويوم حنين** ഹുനൈൻ ദിവസവും. **إذْ أعجبتكُم** നിങ്ങളെ സംതൃപ്തി (അത്ഭുത)പ്പെടുത്തിയപ്പോൾ. **كَثْرتكُم** നിങ്ങളുടെ പെരുപ്പം, ആധിക്യം. **فَلم تغن** എന്നിട്ടത് ധന്യമാക്കിയില്ല, പര്യാപ്തമാക്കിയില്ല, ഉപകരിച്ചില്ല. **عنكُم** നിങ്ങൾക്ക്. **شيئًا** യാതൊന്നും. **وضاقَت** ഇടുങ്ങുക (കുടുസ്സായിരിക്കുക)യും ചെയ്തു. **عليكُم** നിങ്ങൾക്ക്, നിങ്ങളുടെ മേൽ. **الأَرض** ഭൂമി. **بما رحبت** അത് വിശാലമായതോടെ. **ثُم وليتم** പിന്നെ നിങ്ങൾ തിരിഞ്ഞുപോന്നു. **مدبرين** പിൻതിരിഞ്ഞവരായി (പിന്നോക്കം). 26 **ثُم أنزلَ** പിന്നെ ഇറക്കി. **الله** അല്ലാഹു. **سكينته** അവൻെറ ശാന്തത, സമാധാനം, അടക്കം. **علَى رسوله** തൻെറ റസൂലിൻെറ മേൽ. **وعلَى المؤمنِين** സത്യവിശ്വാസികളുടെ മേലും. **وأنزلَ** അവൻ ഇറക്കുകയും ചെയ്തു. **جنودا** ചില സൈന്യങ്ങളെ. **لم تروها** നിങ്ങളത് കണ്ടിട്ടില്ല, കാണാത്ത. **وعذب** അവൻ ശിക്ഷിക്കുകയും ചെയ്തു. **الذين كَفَروا** അവിശ്വസച്ചവരെ. **وذَلك** അത്, അതത്രെ. **جزاءُ** പ്രതിഫലമത്രെ, പ്രതിഫലം. **الكَافرين** അവിശ്വാസികളുടെ. 27 **ثُم يتوب** പിന്നെ പശ്ചാത്താപം (മടക്കം) സ്വീകരിക്കും. **الله** അല്ലാഹു. **من بعد ذَلك** അതിൻെറ ശേഷം. **علَى من يشاءُ** അവൻ ഉദ്ദേശിക്കുന്നവരുടെ. **واللهُ** അല്ലാഹു. **غَفُور** (വളരെ) പൊറുക്കുന്നവനാകുന്നു. **رحيم** കരുണാനിധിയാണ്.

കുടുംബബന്ധം, ധനം, വാസസ്ഥലം ആദിയായവയെക്കാളെല്ലാം പ്രാധാന്യം നൽകേണ്ടത് അല്ലാഹുവിൻെറയും റസൂലിൻെറയും സ്നേഹം സമ്പാദിക്കുന്നതിനും, അല്ലാഹുവിൻെറ മാർഗ്ഗത്തിൽ സമരം ചെയ്യുന്നതിനുമാണെന്നും, അല്ലാത്തപക്ഷം അതിൻെറ ഭവിഷ്യത്ത് ഭയങ്കരമാണെന്നും അറിയിച്ചശേഷം, അല്ലാഹുവിൽനിന്നുള്ള സഹായം ഇതിനുമുമ്പ് നിങ്ങൾക്ക് പലപ്പോഴും ലഭിക്കുകയുണ്ടായിട്ടുണ്ടെന്നും, അതൊന്നും നിങ്ങളുടെ ശക്തി കൊണ്ടോ പ്രതാപം കൊണ്ടോ ആയിരുന്നില്ലെന്നും അല്ലാഹു സത്യവിശ്വാസികളെ ഓർമ്മിപ്പിക്കുന്നു. കൂട്ടത്തിൽ ഹുനൈൻ യുദ്ധത്തിൽ നൽകിയ സഹായവും, അതിൻെറ സന്ദർഭവും പ്രത്യേകം അനുസ്മരിപ്പിക്കുകയും ചെയ്യുന്നു. എണ്ണം കൊണ്ടും വണ്ണംകൊണ്ടും മുമ്പെന്നത്തെക്കാളും പ്രബലമായ ഒരു സേനയായിരുന്നു അന്ന് മുസ്ലിംകളുടേത്. അതിൽ അവർ അഭിമാനം കൊള്ളുകയും, ഇക്കുറി ഏതായാലും നമുക്ക് തോൽവി പിണയുകയില്ലെന്ന് അവർ കണക്കാക്കുകയും ചെയ്തിരുന്നു. പക്ഷേ, അവർ അല്ലാഹുവിങ്കൽനിന്നുള്ള ഒരു പരീക്ഷണത്തിന് വിധേയരാകുകയും, തിരിഞ്ഞോടേണ്ടി വരികയും ചെയ്തു. ആൾപ്പെരുപ്പം കൊണ്ടല്ല മുസ്ലിംകൾക്ക് വിജയം കൈവരുന്നതെന്ന് അവർക്ക് ബോധ്യമായി. അവസാനം, അല്ലാഹുവിങ്കൽ നിന്നുള്ള ചില പ്രത്യേകാനുഗ്രഹങ്ങൾ വഴി യുദ്ധം വമ്പിച്ച വിജയമായി കലാശിച്ചു. ഈ വചനങ്ങൾ അവതരിക്കുന്നതിന് അൽപമാത്രം മുമ്പ് കഴിഞ്ഞതും, ഓർമ്മ മങ്ങിപ്പോയിട്ടില്ലാത്തതുമാണ് ആ സംഭവം. അതുകൊണ്ടാണ് അതിവിടെ പ്രത്യേകം ഓർമ്മിപ്പിക്കുവാൻ കാരണം.

ഓരോ സന്ദർഭത്തിലായി അൽപം അംഗങ്ങൾ മാത്രം അടങ്ങുന്ന ചെറിയ സൈന്യസംഘങ്ങളെ നബി (ﷺ) പല ഭാഗത്തേക്കും അയക്കുകയുണ്ടായിട്ടുണ്ട്. ഈ സംഘങ്ങൾ **سرية** (ചെറിയ

സൈന്യസംഘം) എന്ന പേരിൽ അറിയപ്പെടുന്നു. നബി (ﷺ) യുടെ നേതൃത്വത്തിൽ പല സ്ഥല ത്തേക്കുമായി നയിക്കപ്പെട്ട സൈന്യങ്ങൾ മൊത്തം ഇരുപതിൽപരം വരും. ഇവ **غزوة** (പടയെടുപ്പ്) എന്ന പേരിലും അറിയപ്പെടുന്നു. ചിലതിൽ ശത്രുക്കളുമായി സന്ധി നടത്തി ഏറ്റുമുട്ടലൊന്നും കൂടാതെ തിരിച്ചുപോരുകയും, ചിലതിൽ യുദ്ധം നടക്കുകയും ഉണ്ടായിട്ടുണ്ട്. ബദ്ർ, ഉഹ്ദു, അഹ്സാബ് (ഖൻദഖ്), ഖുറൈളഃ, മുസ്ത്വലഖ്, ഖൈബർ, മക്കാ (വിജയം), ഹുനൈൻ, ത്വാഇഫ് എന്നിവയിലാണ് ഏറ്റുമുട്ടലുണ്ടായത്. മിക്കവാറും എല്ലാറ്റിലും വിജയം പൂർണ്ണമായും മുസ്ലിംകൾക്ക് തന്നെയായിരുന്നു. ചുരുക്കം ചിലതിൽ മുസ്ലിംകൾക്ക് വന്നുപോയ പാക പ്പിഴവുകൾ നിമിത്തം അവർ പരീക്ഷണങ്ങൾക്ക് വിധേയരാവുകയും ഉണ്ടായി. ആദ്യഘട്ടത്തിൽ വിജയം കണ്ടെങ്കിലും അവസാനം പരാജയത്തിൽ കലാശിച്ച യുദ്ധമാണ് ഉഹ്ദു-ഇതിനെപ്പറ്റി സൂ: ആലു ഇംറാനിൽ വിവരിച്ചിരിക്കുന്നു. ഇടക്കുവെച്ച് പരാജയം നേരിട്ടെങ്കിലും അവസാനം വിജയത്തിൽ കലാശിച്ച യുദ്ധമാണ് ഹുനൈൻ. അതിൻെറ ചില വശങ്ങളെപ്പറ്റിയാണ് ഈ വചനത്തിൽ അല്ലാഹു ചൂണ്ടിക്കാണിച്ചിരിക്കുന്നത്. അതിൻെറ ചുരുക്കം അറിയുന്നത് ഈ വചനത്തിലെ ആശയം മനസ്സിലാക്കുവാൻ ഉപകരിക്കുന്നതാണ്.

ഹുനൈൻ യുദ്ധം

ഹിജ്റ എട്ടാം കൊല്ലത്തിൽ മക്കാ വിജയം ഉണ്ടായതോടുകൂടി വിഗ്രഹ മതത്തിൻെറ പതാക നിലംപതിക്കുകയും, അറബികൾ മിക്കവരും ഇസ്ലാമിന് കീഴ്പ്പെടുകയും, ജനങ്ങൾ കൂട്ടം കൂട്ടമായി ഇസ്ലാമിൽ പ്രവേശിച്ചുകൊണ്ടിരിക്കുകയും ചെയ്തു. എന്നാൽ, ഹവാസിൻ, ഥഖീഫ് (**هوازن ، ثقيف**) എന്നീ ഗോത്രക്കാർക്ക് രോഷം മുഴക്കുകയാണുണ്ടായത്. അവർ തങ്ങളുടെ ഭുരഭിമാനം വിട്ടില്ല. മുഹമ്മദ് ഇങ്ങോട്ട് പടയെടുക്കും മുമ്പ് നമുക്കങ്ങോട്ട് പടയെടുക്കാമെന്ന് നിശ്ചയിച്ച് അവർ അതിന് ഒരുക്കം കൂട്ടുകയായി. വേറെ ചില ഗോത്രക്കാരും അതിൽ അവരോട് സഹകരിച്ചിരുന്നു. തങ്ങളുടെ സൈന്യം ഒരിക്കലും പരാജയപ്പെട്ട് പിൻമാറാതെ ആത്മവീര്യത്തോടുകൂടി യുദ്ധക്കളത്തിൽ ഉറച്ച് നിൽക്കണമെന്ന ഉദ്ദേശത്തിൽ, സാധാരണ പതിവുകൾക്കെതിരായി അവരുടെ സൈന്യനായകനായ മാലികുബ്നു ഔഫു ഒരു പുതിയ പരിപാടി ആവിഷ്കരിച്ചു. അവരിലുള്ള ഒരു നേതാവും ധീരനുമായിരുന്ന ദുറൈദ് അതിനെ എതിർത്തുവെങ്കിലും സൈന്യാധിപൻ അത് നടപ്പിലാക്കുക തന്നെ ചെയ്തു. സ്ത്രീകൾ, കുട്ടികൾ, തങ്ങളുടെ സ്വത്തുക്കളായ ആടുമാടുകൾ എന്നിവയെല്ലാം സൈന്യനിരയുടെ തൊട്ട് പിന്നിലായി നിരത്തി നിറുത്തുകയായിരുന്നു ആ പരിപാടി. തങ്ങളുടെ കുടുംബങ്ങളെയും സ്വത്തുക്കളെയും മുഴുവൻ ശത്രുക്കൾക്ക് (മുസ്ലിംകൾക്ക്) വിട്ടുകൊടുത്തുകൊണ്ട് ആരും യുദ്ധത്തിൽനിന്ന് പിൻതിരിഞ്ഞോടിപ്പോകുകയില്ല എന്നായിരുന്നു അവൻ കണക്കുകൂട്ടിയത്.

ഇവരുടെ പുറപ്പാടിനെപ്പറ്റി നബി (സ)ക്കു വിവരം കിട്ടി. മദീനായിൽ നിന്ന് വന്ന് മക്കാ വിജയ സംഭവത്തിൽ പങ്കെടുത്തിരുന്ന പതിനായിരം സഹാബികളോടുകൂടി നബി (ﷺ) അവരുടെ നേരെ പടയെടുത്തു. അവർക്ക് പുറമെ, മക്കയിൽനിന്നുള്ള രണ്ടായിരം പേർ വേറെയും ഉണ്ടായിരുന്നു. ഇവർ അധികവും പുതുവിശ്വാസികളും, വിശ്വാസം ദൃഢമായിക്കഴിഞ്ഞിട്ടില്ലാത്തവരുമായിരുന്നു. പലരും 'ഗനീമത്ത്' മോഹിച്ചും പുറപ്പെട്ടിരുന്നു. ഇസ്ലാമിനെ അംഗീകരിച്ച് കഴിയാത്ത ഏകദേശം എൺപത് മുശ്രിക്കുകളും ഈ പടയെടുപ്പിൽ നബി (ﷺ) യെ അനുഗമിക്കുകയുണ്ടായി. അതേ സമയത്ത് മറുപക്ഷത്ത് ശത്രുക്കളുടെ എണ്ണം നാലായിരം മാത്രമായിരുന്നു. അതെ, കേവലം മൂന്നിലൊന്നുമാത്രം. ഇത്തവണ തങ്ങളുടെ സംഖ്യാബലം കണ്ട് മുസ്ലിംകൾ അഭിമാനം കൊള്ളുകയും, സംതൃപ്തരാകുകയും ചെയ്തു. പക്ഷേ ഫലമുണ്ടായില്ല. മുസ്ലിംകളുടെ മുന്നണി സൈന്യം മുന്നോട്ട് നീങ്ങിയപ്പോഴേക്കും ശത്രുക്കളുടെ ഒരു വമ്പിച്ച ഒളിസൈന്യം അവരെ തുരുതുരെ ആക്രമിച്ചു. അവർ പിന്തിരിഞ്ഞ് പല പാട്ടിലും ഓടേണ്ടിവന്നു. അതോടെ സൈന്യത്തിൻെറ സമനില തെറ്റി. പിന്നണികളും അവരെ അനുഗമിക്കുകയുണ്ടായി.

നബി (ﷺ) തിരുമേനി യുദ്ധക്കളത്തില്‍ തന്നെ ഉറച്ചു നിന്നു. ഈ യാത്രയില്‍ തിരുമേനി ഇരട്ടപടയങ്കിയായിരുന്നു ധരിച്ചിരുന്നത്. മുഹാജിറുകളിലും, അന്‍സാരികളിലും പെട്ട ചില സഹാബീ പ്രമുഖന്‍മാരും തിരുമേനിയുടെ ഒന്നിച്ചു നിന്നു. 'ഇങ്ങോട്ടുവരീന്‍! ഇങ്ങോട്ടുവരീന്‍! അല്ലാഹുവിന്‍റെ അടിയാന്‍മാരേ!' എന്ന് നബി (ﷺ) വിളിച്ച് പറയുന്നുണ്ടായിരുന്നു. ഓടി രക്ഷപ്പെടുന്നവന്‍ അത് കേട്ട് മടങ്ങുകയുണ്ടായില്ല. അങ്കലാപ്പും ഭയപ്പാടും നിമിത്തം ഓടി രക്ഷപ്പെടുവാന്‍ പോലും ഇടമില്ലാത്തവിധം ഭൂമി വളരെ കുടുസ്സായി അവര്‍ക്ക് തോന്നി. ശിര്‍ക്കിന്‍റെ ചുവയില്‍ നിന്ന് തികച്ചും രക്ഷപ്പെട്ടിട്ടില്ലാത്ത ചിലരും, പുതുവിശ്വാസികളായ ചിലരും മുസ്ലിംകള്‍ക്കു പിണഞ്ഞ ഈ പരാജയത്തില്‍ സന്തോഷം കൊണ്ടു. 'സിഹ്ര്‍ ഇപ്പോഴാണ് പൊളിഞ്ഞതു' എന്നും മറ്റും ചിലര്‍ പറയുകപോലുമുണ്ടായി. അതേസമയം, നബി (ﷺ) യുടെ കൂടെ പോന്നിരുന്ന മുശ്രിക്കുകളില്‍ ചിലര്‍ അവരുടെ നേരെ പ്രതിഷേധം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. ഇതെല്ലാമായിട്ടും നബി (ﷺ) സ്ഥലം വിട്ടില്ല. അവസാനം, നബി (ﷺ) യുടെ കല്‍പന പ്രകാരം അവിടുത്തെ പിതൃവ്യനും, ഉച്ചത്തില്‍ ശബ്ദിക്കുന്ന ആളുമായിരുന്ന അബ്ബാസ് (رضي الله عنه) ജനങ്ങളെ ഉറക്കെ വിളിച്ചുകൊണ്ടിരുന്നു. അതോടെ, അവര്‍ ഓട്ടം നിറുത്തുവാനും, നബി (സ)യുടെ ചുറ്റും വന്നുകൂടുവാനും തുടങ്ങി. അല്ലാഹു അവര്‍ക്ക് മനസ്സമാധാനവും ശാന്തിയും നല്‍കുകയും, മനുഷ്യര്‍ക്ക് കാണ്‍മാന്‍ കഴിയാത്ത സൈന്യങ്ങളെ-മലക്കുകളെ-ഇറക്കി അവരെ അനുഗ്രഹിക്കുകയും ചെയ്തു. (*) അങ്ങനെ, സത്യവിശ്വാസികള്‍ക്ക് ഒരു പുതിയ ധൈര്യവും ഉന്‍മേഷവും ഉളവായി. അവര്‍ ശത്രുക്കളുടെ നേരെ കുതിച്ചു ചാടുകയായി. യുദ്ധരംഗം പാടു മാറി. ശത്രുക്കള്‍ തങ്ങളുടെ സ്വത്തുക്കളെയോ, സ്ത്രീകളെയും കുട്ടികളെയുമോ ഒന്നും വകവെക്കാതെ പടക്കളം വിട്ടോടിക്കളഞ്ഞു. മുസ്ലിംകള്‍ വിജയക്കൊടി ഉയര്‍ത്തി.

മുമ്പൊരിക്കലും ലഭിക്കാത്തത്ര ആടുമാടൊട്ടകങ്ങളടക്കം വളരെ ഗനീമത്ത് സ്വത്തുക്കള്‍ മുസ്ലീംകള്‍ക്ക് ലഭിച്ചു. പുരുഷന്‍മാര്‍ക്ക് പുറമെ വളരെയധികം സ്ത്രീകളും കുട്ടികളും ചിറയിലകപ്പെട്ടു. അപ്രതീക്ഷിതമായി അല്ലാഹു മുസ്ലിംകള്‍ക്ക് നല്‍കിയ ഈ വമ്പിച്ച സഹായം, വളരെയേറെ മുശ്രിക്കുകള്‍ ഇസ്ലാമിനെ ആശ്ളേഷിക്കുവാന്‍ കാരണമായിത്തീര്‍ന്നു. ഗനീമത്തിന്‍റെ വലിയൊരു ഭാഗം, വിശ്വാസം ഉറച്ച് കഴിഞ്ഞിട്ടില്ലാത്ത പുതുവിശ്വാസികള്‍ക്കും, കൂടെ പോന്നിരുന്ന മുശ്രിക്കുകള്‍ക്കുമായിരുന്നു നബി (ﷺ) നല്‍കിയത്. ഈ ഔദാര്യം നിമിത്തവും ഇസ്ലാമിന് വളരെ നേട്ടമുണ്ടായി. വളരെ ആളുകള്‍ വിശ്വസിക്കുവാനും, വളരെ ആളുകളുടെ വിശ്വാസം ശക്തിപ്പെടുവാനും ഇത് കാരണമായി. അന്‍സാരികളായി സൈന്യത്തിലുണ്ടായിരുന്നവര്‍ക്ക് കാര്യമായ ഓഹരിയൊന്നും ലഭിക്കാത്തതില്‍, അവര്‍ക്കിടയില്‍ ചില പിറുപിറുപ്പുമുണ്ടായി. നബി (ﷺ) അവരെ വിളിച്ചുകൂട്ടി അവര്‍ക്ക് ഉപദേശങ്ങള്‍ നല്‍കുകയും, ഈ പ്രാവശ്യത്തെ ഗനീമത്ത് മുന്‍വഴക്കത്തിനു വ്യത്യസ്ഥമായി വിനിയോഗിച്ചതിലടങ്ങിയ തത്വം അവരെ മനസ്സിലാക്കുകയും ചെയ്തു. ''ജനങ്ങള്‍ ആടുമാടുകളും കൊണ്ടുപോകുമ്പോള്‍, നിങ്ങള്‍ അല്ലാഹുവിന്‍റെ റസൂലിനെയും കൊണ്ട് (തിരിച്ച്) പോകുന്നതിന് നിങ്ങള്‍ ഇഷ്ടപ്പെടുന്നില്ലേ?!'' എന്ന് തിരുമേനി അവരോട് ചോദിച്ചു. അവര്‍ വളരെ തൃപ്തിപെട്ടുവെന്ന് മാത്രമല്ല, ഈ ചോദ്യം അവരില്‍ ഉണ്ടാക്കിയ സന്തോഷാധിക്യം കൊണ്ട് അവര്‍ കരയുകയും ചെയ്തു. കുറച്ചു ദിവസങ്ങള്‍ക്ക് ശേഷം, ഹവാസിന്‍ ഗോത്രത്തിന്‍റെ ഒരു നിവേദക സംഘം നബി (ﷺ) യുടെ സന്നിധിയില്‍ വന്ന് ഇസ്ലാമിനെ അംഗീകരിക്കുകയും ആറായിരത്തോളം വരുന്ന തങ്ങളുടെ സ്ത്രീകളെയും കുട്ടികളെയും വിട്ടുകൊടുക്കുവാന്‍ അപേക്ഷിക്കുകയും ചെയ്തു. അവര്‍ പലര്‍ക്കുമായി ഭാഗിക്കപ്പെട്ട് കഴിഞ്ഞിരുന്നതുകൊണ്ട് അവരെ വിട്ടുകൊടുക്കുവാന്‍ നബി(സ)ജനങ്ങളോടു ശുപാര്‍ശ ചെയ്തു. അതിനെത്തുടര്‍ന്ന് എല്ലാവരും വിട്ടുകൊടുക്കുകയും ചെയ്തു.

ഇതാണു ഹുനൈന്‍ യുദ്ധത്തിന്‍റെ ചുരുക്കം. ഇതില്‍ നിന്ന് 25, 26 വചനങ്ങളിലെ പരാമര്‍ശങ്ങളെപ്പറ്റി കൂടുതല്‍ മനസ്സിലാക്കാമല്ലോ. നിങ്ങള്‍ കണ്ടിട്ടില്ലാത്ത സൈന്യങ്ങള്‍

---

* മലക്കുകള്‍ക്കു യുദ്ധത്തില്‍ ഉണ്ടാകുന്ന പങ്കിനെപ്പറ്റി കഴിഞ്ഞ സൂറത്തിലും അതിനു മുമ്പും വിവരിച്ചിട്ടുണ്ട്.

(جنودا لم تروها) കൊണ്ടുദ്ദേശ്യം മലക്കുകളാണെന്നുള്ളതിൽ-റാസീ (ﷺ) പ്രസ്താവിച്ചതു പോലെ-ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ ഭിന്നാഭിപ്രായമില്ല. പക്ഷെ, ബദ്റിൽ ഇറക്കപ്പെട്ട മലക്കുകളുടെ എണ്ണത്തെക്കുറിച്ചും മറ്റും സൂ: ആലുഇംറാനിൽ പ്രസ്താവിച്ചതുപോലെ, ഇവിടെ അവരെക്കുറിച്ച് പ്രത്യേകമൊന്നും അല്ലാഹു പ്രസ്താവിച്ചിട്ടില്ല. 27-ാം വചനത്തിൽ അല്ലാഹു ഉദ്ദേശിക്കുന്നവരുടെ പശ്ചാത്താപം അതിനുശേഷം അവൻ സ്വീകരിക്കും (. يتوب الله من بعد ذلـ؟) എന്ന് പറഞ്ഞതിൻെറ പുലർച്ച, ഹുനൈൻ സംഭവത്തെത്തുടർന്ന് വളരെയേറെ ആളുകൾ ഇസ്ലാമിലേക്ക് പ്രവേശിക്കുകയുണ്ടായതിൽനിന്ന് വ്യക്തമായല്ലോ.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِنَّمَا ٱلْمُشْرِكُونَ نَجَسٌ فَلَا يَقْرَبُواْ ٱلْمَسْجِدَ ٱلْحَرَامَ بَعْدَ عَامِهِمْ هَٰذَا ۚ وَإِنْ خِفْتُمْ عَيْلَةً فَسَوْفَ يُغْنِيكُمُ ٱللَّهُ مِن فَضْلِهِۦٓ إِن شَآءَ ۚ إِنَّ ٱللَّهَ عَلِيمٌ حَكِيمٌ ﴿٢٨﴾

28 ഹേ, വിശ്വസിച്ചവരെ, നിശ്ചയമായും, മുശ്രിക്കുകൾ അശുദ്ധർ തന്നെയാകുന്നു. അതിനാൽ, അവരുടെ ഈ കൊല്ലത്തിനു ശേഷം അവർ 'മസ്ജിദുൽ ഹറാമി'നെ [പാവനമായ പള്ളിയെ] സമീപിക്കരുത്. നിങ്ങൾ വല്ല ഞെരുക്കവും [ദാരിദ്ര്യവും] ഭയപ്പെടുന്ന പക്ഷം, അല്ലാഹു അവൻെറ അനുഗ്രഹത്താൽ വഴിയെ നിങ്ങളെ ധന്യരാക്കുന്നതാണ്. അവൻ ഉദ്ദേശിച്ചെങ്കിൽ. നിശ്ചയമായും അല്ലാഹു, (എല്ലാം) അറിയുന്നവനും അഗാധജ്ഞനുമാകുന്നു.

---

28 يا أيها ഹേ, ഓ. الذين آمنوا വിശ്വസിച്ചവരേ. إنما നിശ്ചയമായും (തന്നെ-മാത്രം). المشركون മുശ്രിക്കുകൾ. نجس മലിനം, വൃത്തികേട്, അശുദ്ധം (അശുദ്ധർ-വൃത്തികെട്ടവർ-മ്ളേച്ഛം) തന്നെ (മാത്രമാണ്). فلا يقربوا അതിനാൽ അവർ സമീപിക്കരുത്. المسجد الحرام മസ്ജിദുൽ ഹറാമിനെ. بعد ശേഷം, പിറകെ. عامهم هذا അവരുടെ ഈ കൊല്ലത്തിൻെറ. وإن خفتم നിങ്ങൾ ഭയപ്പെടുന്നപക്ഷം, പേടിച്ചെങ്കിൽ. عيلة വല്ല ഞെരുക്കവും, ദാരിദ്ര്യവും. فسوف എന്നാൽ വഴിയെ, പിറകെ. يغنيكم നിങ്ങളെ ധന്യമാക്കും, നിങ്ങൾക്ക് ധന്യത നൽകും. الله അല്ലാഹു. من فضله അവൻെറ അനുഗ്രഹത്താൽ, ദയവിനാൽ. إن شاء അവൻ ഉദ്ദേശിച്ചെങ്കിൽ. إن الله നിശ്ചയമായും അല്ലാഹു. عليم അറിയുന്നവനാണ്. حكيم അഗാധജ്ഞനാണ്.

ഒമ്പതാം കൊല്ലത്തിൽ അബൂബക്കർ (رضي الله عنه) ൻെറ നേതൃത്വത്തിൽ മുസ്ലിംകൾ ഹജ്ജിന് വന്നപ്പോൾ, അടുത്ത കൊല്ലം മുശ്രിക്കുകൾ ഹജ്ജിന് വരരുതെന്ന് പ്രഖ്യാപനം ചെയ്യുകയുണ്ടായല്ലോ. ഹജ്ജ് കാലത്ത് പല ദിക്കുകളിൽനിന്നും ആളുകൾ മക്കായിൽ ഹജ്ജിന് സമ്മേളിക്കലും, അതിനെത്തുടർന്ന് കുറേ ദിവസങ്ങളോളം ഭക്ഷ്യ സാധനങ്ങളടക്കം വിവിധ ഉൽപന്നങ്ങളുടെ വലിയ കച്ചവടച്ചന്ത നടത്തലും പതിവുണ്ടായിരുന്നു. മക്കാ നിവാസികളുടെ ഒരു നല്ല വരുമാനമാർഗ്ഗമായിരുന്നു അത്. മേപ്പടി പ്രഖ്യാപനമുണ്ടായപ്പോൾ തങ്ങളുടെ ആ വരുമാന മാർഗ്ഗം നഷ്ടപ്പെടുമെന്നും, തങ്ങൾക്ക് അതുമൂലം ഞെരുക്കവും ദാരിദ്രവും ബാധിച്ചേക്കുമെന്നും പലരും ഭയപ്പെട്ടു. ഇതിനുള്ള മറുപടിയും, മേലിൽ മുശ്രിക്കുകൾ കഅ്ബയെ സമീപിക്കുവാൻ പാടില്ലെന്ന് കൽപിച്ചതിൻെറ കാരണവും ഈ വചത്തിൽ വിവരിക്കുന്നു.

മുശ്രിക്കുകൾ അശുദ്ധർ തന്നെയാണ് (انها المشركون نجس) എന്ന് പറഞ്ഞതിൻെറ താല്പര്യം അവിശ്വാസികളുടെ ദേഹം 'നജസാ'ണ് (അശുദ്ധമാണ്) എന്നോ, അവരെ തൊട്ടാൽ ശുദ്ധിയാക്കേണമെന്നോ അല്ല. അവരുടെ വിശ്വാസവും, വിചാരവികാരങ്ങളും മ്ളേച്ഛ തരങ്ങളായതുകൊണ്ട് പവിത്രവും പരിശുദ്ധവുമായ ആ പുണ്യസ്ഥലത്ത് അവർക്ക് പ്രവേശനം അനുവദിക്കുവാൻ നിവൃത്തിയില്ലെന്ന് സാരം. ബഹുഭൂരിപക്ഷം പണ്ഡിതൻമാരുടെയും, അഭിപ്രായം അതാണ്. ഓചകത്തിൻെറ ബാഹ്യാർത്ഥത്തെ അടിസ്ഥാനമാക്കി അൽപം ചിലർ

അവിശ്വാസികളുടെ ദേഹം തന്നെ അശുദ്ധമാണെന്നും, പറയാതില്ല. നബി (ﷺ) യുടെ ചര്യയിൽനിന്നും മറ്റും വ്യക്തമാകുന്നത് ഭൂരിപക്ഷാഭിപ്രായമാണെണ് ശരിയായിട്ടുള്ളത് എന്നാകുന്നു. ചില സന്ദർഭങ്ങളിൽ നബി (ﷺ) അവിശ്വാസികളെ പള്ളിയിൽ പ്രവേശിപ്പിക്കുകയുണ്ടായിട്ടുണ്ട്. വേദക്കാരായ അവിശ്വാസികളുടെ ഭക്ഷണം മുസ്‌ലിംകൾക്കു അനുവദനീയമാക്കപ്പെട്ടിട്ടുമുണ്ട്.

'അവർ മസ്ജിദുൽ ഹറാമിൽ പ്രവേശിക്കരുത് എന്നോ മറ്റോപറയാതെ, 'അവർ അതിനെ സമീപിക്കരുത് (فلا يقربوا المسجد الحرام) എന്നാണ് അല്ലാഹു പറഞ്ഞത്. അതിൻെറ അടുത്തുപോലും ചെല്ലരുതെന്നാണല്ലോ ഇതിൻെറ അർത്ഥം, അതുകൊണ്ട് കഅ്ബയുടെ പരിസരപ്രദേശങ്ങളായ ഹറമിലും അവർക്ക് പ്രവേശനമില്ല. അബൂബക്കർ(رضي الله عنه) ൻെറയും, അലി رضي الله عنهൻെറയും വിളംബരത്തിൽ, മേലിൽ അവർ ഹജ്ജ് ചെയ്യരുതെന്നും, നഗ്നരായിക്കൊണ്ട് ത്വവാഫു ചെയ്യരുതെന്നുമായിരുന്നു പ്രഖ്യാപിച്ചിരുന്നത്. ഈ വചനം മുഖേന അവരുടെ പ്രവേശനംപോലും തടയപ്പെട്ടിരിക്കുകയാണ്. ഈ നിയമം മൂലം മേൽസൂചിപ്പിച്ചതു പോലെയുള്ള ധനാഗമമാർഗ്ഗം നഷ്ടപ്പെട്ട് മക്കക്കാർക്ക് ദാരിദ്ര്യവും ബുദ്ധിമുട്ടും നേരിട്ടേക്കുമെന്ന് ഭയപ്പെടേണ്ടതില്ല, അവർക്ക് വേറെ മാർഗം അല്ലാഹു ഉണ്ടാക്കിത്തരും എന്നത്രെ وان خفتم عليه .... (നിങ്ങൾ വല്ല ഞെരുക്കത്തെയും ഭയപ്പെടുന്നപക്ഷം, അല്ലാഹു നിങ്ങൾക്ക് വഴിയെ ധന്യത നൽകുന്നതാണ്) എന്നവാക്യത്തിൽ അറിയിക്കുന്നത്. ഈ വാഗ്ദത്തം അല്ലാഹു നിറവേറ്റുകയും ചെയ്തിട്ടുണ്ട്. മക്കായിലേക്ക് കൃഷിയുൽപന്നങ്ങളും, കായ്കനികളും ഇറക്കുമതി ചെയ്യപ്പെട്ടിരുന്ന ത്വാഇഫ് തുടങ്ങിയ സ്ഥലങ്ങളെല്ലാം അടുത്ത കാലത്തുതന്നെ ഇസ്‌ലാമിൻെറ നാടുകളായി മാറി. ഒരു കാർഷിക പ്രദേശമായ യമനും ഇസ്‌ലാമിൻെറ നാടായിത്തീർന്നു. അങ്ങനെ, ചുറ്റുപുറങ്ങളിലുള്ളവരെല്ലാം തമ്മിൽ ആഭ്യന്തര സമാധാനത്തിലും സമ്പർക്കത്തിലുമായിത്തീരുകയും, ജീവിതമാർഗ്ഗങ്ങൾ പൂർവ്വാധികം വർദ്ധിക്കുകയും ചെയ്തു.

ഈ വചനത്തിൻെറയും കഴിഞ്ഞ 17, 18 വചനങ്ങൾ, അൽബഖറ 114-ാം വചനം മുതലായവയുടെയും മറ്റ് തെളിവുകളുടെയും അടിസ്ഥാനത്തിൽ, മസ്ജിദുൽ ഹറാമിലും, മറ്റു മുസ്‌ലിം പള്ളികളിലും അമുസ്‌ലിംകൾ പ്രവേശിക്കുന്നത് സംബന്ധിച്ച നിയമപരമായ വിശദീകരണങ്ങളിൽ പണ്ഡിതൻമാർക്കിടയിൽ വ്യത്യസ്തമായ വീക്ഷണങ്ങളും അഭിപ്രായങ്ങളും കാണാം. അവയും, അതതിൻെറ ന്യായങ്ങളും തെളിവുകളും ചുരുക്കിയെങ്കിലും വിവരിക്കുന്ന പക്ഷം അത് കുറേ ദീർഘിച്ച് പോകുന്നതുകൊണ്ടും, ഇവിടെ അതിൻെറ സ്ഥാനമല്ലാത്തതുകൊണ്ടും ആ ഭാഗത്തേക്ക് നാം തിരിയുന്നില്ല. അവയെപ്പറ്റി മൊത്തത്തിലൊരു ധാരണ ഉണ്ടാകത്തക്ക ചില സൂചനകൾ കൊണ്ട് മതിയാക്കാം: (1)കഅ്ബയുടെ പരിസര പ്രദേശങ്ങളായ ഹറമിൽ അമുസ്‌ലിംകൾക്ക് പ്രവേശനം അനുവദിച്ചുകൂടാ. എന്നാൽ, മുസ്‌ലിംകളുമായി സഖ്യമോ, സന്ധിയോ നിലവിലുള്ളവരോ, അമുസ്‌ലിംകളുടെ പ്രാതിനിധ്യം വഹിച്ചുകൊണ്ട് പ്രത്യേകാവശ്യാർത്ഥം വരുന്ന ദൂതൻമാരോ ആണെങ്കിൽ ഭരണാധികാരിക്ക് അവരെ പ്രവേശിക്കുവാൻ അനുവദിക്കാമെന്ന് ചില പണ്ഡിതൻമാർക്ക് അഭിപ്രായമുണ്ട്. ഏതായാലും, ആവശ്യമായ സമയത്തിൽ കവിഞ്ഞ് അവരെ അവിടെ താമസിക്കുവാൻ അനുവദിച്ചുകൂടാത്തതാകുന്നു. (2) ഹറമിനു പുറത്തുള്ള ഹിജാസിൽ അവർക്ക് പ്രവേശനം അനുവദിക്കാം. സ്ഥിരവാസത്തിന് അനുവദിച്ചുകൂടാ. (3) പള്ളികളിൽ മുസ്‌ലിംകളുടെ സമ്മതപ്രകാരം പ്രവേശിക്കാം. സമ്മതം കൂടാതെ പ്രവേശിച്ചുകൂടാ .സദുദ്ദേശ്യപൂർവ്വമല്ലാത്ത ആവശ്യങ്ങൾക്ക് സമ്മതം നൽകുവാനും പാടില്ല.

ഈമാനിൻെറയും തൗഹീദിൻെറയും (സത്യവിശ്വാസത്തിൻെറയും ഏകദൈവ വിശ്വാസത്തിൻെറയും) ചിഹ്നങ്ങളും കേന്ദ്രങ്ങളുമാണ് പള്ളികൾ..മസ്ജിദുൽ ഹറാമാകട്ടെ, ആ കേന്ദ്രങ്ങളുടെയെല്ലാം കേന്ദ്രസ്ഥാനവുമാണ്. എന്നിരിക്കെ, അതിന് കടകവിരുദ്ധമായ വിശ്വാസാചാരങ്ങൾ സ്വീകരിക്കുകയും, അതിനെതിരിൽ വർത്തിക്കുകയും ചെയ്യുന്നവർക്ക് അവിടങ്ങളിൽ പ്രവേശനത്തിനും സ്വൈരവിഹാരത്തിനും അനുവദിക്കുന്നത് നീതിയുക്തമല്ലല്ലോ. അതു ക്രമേണ

അവയുടെ പവിത്രതക്കും, അവയുടെ ദൌത്യലക്ഷ്യങ്ങൾക്കും ആപത്തായി പരിണമിക്കുകയും ചെയ്യും. അതാണ് നിരോധത്തിലടങ്ങിയ യുക്തിതത്വം.

സൂറത്തിൻെറ ആരംഭം തൊട്ട് ഇതേ വരെയുള്ള പരാമർശങ്ങൾ മുശ്‌രിക്കുകളെ സംബന്ധിച്ചായിരുന്നു. അടുത്ത വചനം മുതൽ അഞ്ചാറ് വചനങ്ങളിൽ വേദക്കാരെ സംബന്ധിക്കുന്ന പ്രസ്താവനകളാകുന്നു. അല്ലാഹു പറയുന്നു:-

.

قَٰتِلُوا۟ ٱلَّذِينَ لَا يُؤْمِنُونَ بِٱللَّهِ وَلَا بِٱلْيَوْمِ ٱلْءَاخِرِ وَلَا يُحَرِّمُونَ مَا حَرَّمَ ٱللَّهُ وَرَسُولُهُۥ وَلَا يَدِينُونَ دِينَ ٱلْحَقِّ مِنَ ٱلَّذِينَ أُوتُوا۟ ٱلْكِتَٰبَ حَتَّىٰ يُعْطُوا۟ ٱلْجِزْيَةَ عَن يَدٍ وَهُمْ صَٰغِرُونَ ﴿٢٩﴾

29 യാതൊരു കൂട്ടരോടു നിങ്ങൾ യുദ്ധം ചെയ്തുകൊള്ളുവിൻ: അല്ലാഹുവിലാകട്ടെ, അന്ത്യനാളിലാകട്ടെ, അവർ വിശ്വസിക്കുന്നില്ല; അല്ലാഹുവും, അവൻെറ റസൂലും നിഷിദ്ധമാക്കിയതിനെ അവർ നിഷിദ്ധമാ(യി സ്വീകരി)ക്കുന്നുമില്ല; യഥാർത്ഥ മതത്തെ അവർ (മതമായി) ആചരിക്കുന്നുമില്ല; (അതെ,) വേദഗ്രന്ഥം നൽകപ്പെട്ടവരിൽ നിന്ന് (ഇങ്ങിനെയുള്ളവരോട് യുദ്ധം ചെയ്തുകൊള്ളുവിൻ); അവർ നിസ്സാരൻമാരായി (കീഴടങ്ങി)ക്കൊണ്ട് കയ്യോടെ (അഥവാ കഴിവനുസരിച്ച്) കപ്പം കൊടുക്കുന്നതുവരെ.

---

29 **قَاتِلُوا** യുദ്ധം ചെയ്തുകൊള്ളുവിൻ. **الذين** യാതൊരുവരോട്. **لَا يؤمنونَ** അവർ വിശ്വസിക്കുന്നില്ല, വിശ്വസിക്കാത്ത. **بِالله** അല്ലാഹുവിൽ. **ولا باليوم** ദിവസത്തിലുമില്ല (ഇല്ലാത്ത). **الآخر** അവസാന, അന്ത്യ. **ولا يحرمونَ** അവർ നിഷിദ്ധമാക്കുന്നുമില്ല, നിഷിദ്ധവുമാക്കാത്ത. **ما حرم** നിഷിദ്ധമാക്കിയതിനെ. **الله ورسوله** അല്ലാഹുവും അവൻെറ റസൂലും. **ولا يدينونَ** അവർ ആചരിക്കുന്നുമില്ല, മതമായി സ്വീകരിക്കുന്നുമില്ലാത്ത. **دين الحق** യഥാർത്ഥ മതത്തെ, സത്യമതാചാരം. **من الذين** യാതൊരുവരിൽനിന്ന്. **أوتوا الكتاب** (വേദ) ഗ്രന്ഥം നൽകപ്പെട്ട. **حتى يعطوا** അവർ കൊടുക്കുന്നതുവരെ. **الْجِزية** കപ്പം, ഭരണ നികുതി. **عن يد** കയ്യോടെ, കയ്ക്ക്, കഴിവോടെ, കഴിവനുസരിച്ച്. **وهم** അവർ ആയിരിക്കെ. **صاغرونَ** ചെറുതായവർ, നിസ്സാരൻമാർ, നിന്ദ്യർ

വേദഗ്രന്ഥം നൽകപ്പെട്ടവരിൽനിന്ന് അല്ലാഹുവിലും, അന്ത്യദിനത്തിലും വിശ്വസിക്കാതെയും, അല്ലാഹുവും അവൻെറ റസൂലും നിഷിദ്ധമാക്കിയ കാര്യത്തെ നിഷിദ്ധമാക്കാതെയും, യഥാർത്ഥ (സത്യ)മതത്തെ മതമായി ആചരിക്കാതെയും ഇരിക്കുന്നവരോട്-അവർ നിസ്സാരൻമാരായി (കീഴടങ്ങി)ക്കൊണ്ട് കയ്യോടെ അഥവാ കഴിവനുസരിച്ച്-കപ്പം കൊടുക്കുന്നതുവരെ നിങ്ങൾ യുദ്ധം ചെയ്തുകൊള്ളുവിൻ എന്നത്രെ അല്ലാഹു ഈ വചനത്തിൽ അറിയിക്കുന്നത്.

യഹൂദികളുടെ വിശ്വാസ വഞ്ചനയും, സന്ധി ലംഘനവും നിമിത്തം അവരുമായി ഏറ്റുമുട്ടലും യുദ്ധവും മുമ്പുണ്ടായിട്ടുണ്ടെങ്കിലും വേദക്കാരോട് യുദ്ധം ചെയ്തുകൊള്ളുവാനുള്ള കൽപന അവതരിക്കുന്നത് ഈ വചനം മുഖേനയാകുന്നു. ഇങ്ങോട്ട് യുദ്ധം ചെയ്യുകയോ, ഇസ്‌ലാമിനെതിരെ അക്രമ മർദ്ദനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയോ ചെയ്യുന്നവരോടല്ലാതെ-സൗഹൃദത്തിലും സമാധാനത്തിലും വർത്തിക്കുന്നവരോട് യുദ്ധം ചെയ്‌വാൻ ഇസ്‌ലാമിൽ അനുവാദമില്ല. (2: 190 മുതലായ സ്ഥലങ്ങൾ നോക്കുക.) യഹൂദികളുമായുണ്ടായ ഏറ്റുമുട്ടലുകളെത്തുടർന്ന് അവരെക്കൊണ്ടുള്ള ശല്യം ഇപ്പോൾ ഇല്ലാതായിട്ടുണ്ട്. മക്കാവിജയം, ഹുനൈൻ, ത്വാഇഫ് എന്നീ യുദ്ധങ്ങളോടുകൂടി മുശ്‌രിക്കുകളെക്കൊണ്ടുള്ള ശല്യം മിക്കവാറും തീർന്നും പോയിരിക്കുന്നു. ക്രിസ്ത്യാനികളുമായി ഇതുവരെ കാര്യമായ സംഘട്ടനങ്ങളൊന്നും ഉണ്ടായിട്ടില്ല. പക്ഷെ, ശാമി

ൽ അന്ന് ക്രിസ്ത്യാനികളുടെ മേൽകോയ്മ നടത്തിയിരുന്ന റോമക്കാർ ഇസ്‌ലാമിന് നേരെ ഒരാക്രമണം നടത്തുവാൻ ഒരുക്കം കൂട്ടിക്കൊണ്ടിരിക്കുന്നുണ്ടായിരുന്നു. ഈ സന്ദർഭത്തിലാണ് ഈ കൽപന അവതരിക്കുന്നത്. പ്രസ്തുത വിവരം കിട്ടിയപ്പോഴാണ് താഴെ വചനങ്ങളിൽ കാണുന്ന പ്രകാരം നബി (ﷺ) തബൂക്കിലേക്ക് പടയെടുത്തതും. ആ പടയെടുപ്പിനുള്ള ഒരു പ്രേരണയായിട്ടാണ് ഈ വചനം നിലകൊള്ളുന്നത്.

വേദക്കാരോട് യുദ്ധം ചെയ്‌വാൻ കൽപിക്കുമാറ് അവരിൽ നിലവിലുള്ള കുറ്റങ്ങൾ കൂടി ഈ വചനത്തിൽ ചൂണ്ടിക്കാട്ടിയിരിക്കുന്നു. (1) അവർ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നില്ല. വേദക്കാർ നിരീശ്വരവാദികളോ ഭൗതികവാദികളോ ആയതുകൊണ്ടല്ല അത്. പക്ഷേ, ശിർക്കും കുഫ്റും കലർന്നുകൊണ്ടുള്ള വിശ്വാസമേ അവർക്കുള്ളൂ എന്നത്രെ ഉദ്ദേശ്യം. (2) അല്ലാഹുവും റസൂലും നിഷിദ്ധമാക്കിയ കാര്യങ്ങളെ അവർ നിഷിദ്ധമായി അംഗീകരിക്കുന്നില്ല. അതായത്, അവരുടെ വേദഗ്രന്ഥവും അവരുടെ പ്രവാചകനും മുഖേന അവർക്ക് വിരോധിക്കപ്പെട്ട കാര്യങ്ങളാകട്ടെ, ഖുർആനും നബി (ﷺ) തിരുമേനിയും മുഖേന വിരോധിക്കപ്പെട്ട കാര്യങ്ങളാകട്ടെ അവർ നിഷിദ്ധമായി ഗണിക്കുന്നില്ല. അവരുടെ മതപുരോഹിതൻമാരും പണ്ഡിതൻമാരും അവർക്ക് നിഷിദ്ധമായി വിധിക്കുന്ന കാര്യങ്ങൾ മാത്രമേ അവർ തങ്ങൾക്ക് നിഷിദ്ധമായി കരുതുന്നുള്ളു. (3) അവർ യഥാർത്ഥമതത്തെ മതമായി ആചരിക്കുന്നില്ല. അല്ലാഹുവിൻെറ പക്കൽ സ്വീകാര്യമായ മതം ഇസ്‌ലാമാകുന്ന ഏക മതമാണല്ലോ. ഇസ്‌ലാമിൻെറ അടിത്തറക്കു പോലും വിരുദ്ധമായ വിശ്വാസാചാരങ്ങളാൽ മലീമസമാണ് അവർ ആചരിച്ചു വരുന്ന മതം. യഥാർത്ഥ ഇസ്‌ലാംമതമായിരുന്നു അവർ അനുഷ്ഠിച്ച് വരുന്നതെങ്കിൽ-അഥവാ അതിനവർ തയ്യാറാവുകയാണെങ്കിൽ - നബി (ﷺ) തിരുമേനിയിൽ ഏറ്റവും ആദ്യം വിശ്വസിക്കേണ്ടത് അവരായിരുന്നുവല്ലോ. എല്ലാ പ്രവാചകൻമാരും പ്രബോധനം ചെയ്ത മതം ഇസ്‌ലാമാണെന്നിരിക്കെ, ചില പ്രവാചകൻമാരിൽ വിശ്വസിക്കുകയും, ചില പ്രവാചകൻമാരെ-അന്ത്യപ്രവാചകനെ വിശേഷിച്ചും-നിഷേധിക്കുകയും ചെയ്‌വാൻ നിവൃത്തിയില്ലതാനും. സത്യമാർഗ്ഗത്തിൽ നിന്ന് വേദക്കാർ വ്യതിചലിച്ച് പോകുവാനുള്ള മൂല കാരണങ്ങൾ അടുത്ത വചനങ്ങളിൽ കാണാവുന്നതാണ്.

വേദക്കാർ മുസ്‌ലിംകൾക്കു കപ്പം കൊടുപ്പാൻ തയ്യാറായാൽ അവരോട് യുദ്ധം ചെയ്തുകൂടാ എന്നാണ് حتى يعطوا الجزية (അവർ കപ്പം കൊടുക്കുന്നതുവരെ) എന്ന വാക്യം അറിയിക്കുന്നത്. ഹജർ (هجر) എന്ന സ്ഥലത്തെ'മജൂസീ'കളിൽ (അഗ്നിയാരാധകൻമാരിൽ) നിന്ന് നബി (സ)കപ്പം സ്വീകരിച്ചതായും, അവരോടും വേദക്കാരോട് സ്വീകരിക്കപ്പെടുന്ന നടപടി സ്വീകരിക്കേണ്ടതാണെന്ന് നബി (ﷺ) പറഞ്ഞതായും ഹദീസിൽ വന്നിരിക്കുന്നു. അതുകൊണ്ട് വേദക്കാരായ യഹൂദികളിൽ നിന്നും, ക്രിസ്ത്യാനികളിൽ നിന്നും,മജൂസികളിൽ നിന്നും കപ്പം സ്വീകരിക്കാമെന്നുള്ളതിൽ പണ്ഡിതൻമാർക്കിടയിൽ പറയത്തക്ക അഭിപ്രായവ്യത്യാസമൊന്നുമില്ല. മുശ്രിക്കുകളിൽനിന്നും, മറ്റുള്ള അവിശ്വാസികളിൽനിന്നും കപ്പം വാങ്ങാമോ എന്നുള്ളതിൽ പണ്ഡിതൻമാർക്കിടയിൽ രണ്ടുപക്ഷമാണുള്ളത്. ആയിശ (رضي الله عنها) യിൽനിന്ന് ബുറൈദഃ (رحمه الله) ഉദ്ധരിച്ചതും മുസ്‌ലിം (رحمه الله) രേഖപ്പെടുത്തിയതുമായ ഒരു ഹദീസിൽ, നബി (ﷺ) സൈന്യങ്ങളെ അയക്കുമ്പോൾ, അവരുടെ നായകൻമാർക്ക് നൽകുന്ന ഉപദേശങ്ങളിൽ ഒന്നുകിൽ ശത്രുക്കൾ ഇസ്‌ലാമിനെ സ്വീകരിക്കുക, അല്ലെങ്കിൽ കപ്പം നൽകുക, രണ്ടും ചെയ്യാത്തപക്ഷം യുദ്ധം ചെയ്യുക എന്ന് പറഞ്ഞതായി കാണാം ഇതിനെ ആസ്പദമാക്കി എല്ലാ അവിശ്വാസികളിൽനിന്നും കപ്പം സ്വീകരിക്കാമെന്നാണ് ഒരു വിഭാഗത്തിൻെറ അഭിപ്രായം. വിശദീകരണത്തിൻെറ സ്ഥാനം ഫിഖ്ഹു ഗ്രന്ഥങ്ങളത്രെ.

ഒരു തരം ഭരണ നികുതിയാണ് കപ്പം. (الجزية) കപ്പം നൽകുവാൻ നിശ്ചയിക്കുന്നതോടുകൂടി അവരുടെ ഭരണഭാരവും, സംരക്ഷണത്തിൻെറ ചുമതലയും മുസ്‌ലീംകളുടെ മേൽ ഭവിക്കുന്നു. ഇതിൻെറ പേരിൽ ഈടാക്കപ്പെടുന്ന ഒരു തുച്ഛ സംഖ്യമാത്രമാണത്. നബി (സ)യും, ആദ്യകാല ഖലീഫമാരും (ഖുലഫാഉ-ർ-റാശിദീനും) വേദക്കാരിൽനിന്ന് ഈടാക്കിയിരുന്ന കപ്പങ്ങളു

ടെ തോത് പരിശോധിച്ചാൽ ഏറെക്കുറെ ഒരു സാധാരണക്കാരൻെറ മേൽ കൊല്ലത്തിൽ പന്ത്രണ്ട് ദിർഹം (വെള്ളിപ്പണം) മാത്രമായിരുന്നു (*) കപ്പം ചുമത്തപ്പെട്ടിരുന്നത്. ധനികന്മാരുടെ പേരിൽ അൽപം കൂടുതൽ ചുമത്തപ്പെട്ടെന്നുംവരും. പലപ്പോഴും നാണയത്തിന് പകരം അതത് സ്ഥലങ്ങളിലെ ഉൽപ്പന്നങ്ങളായി അതുകൊടുത്ത് തീർക്കുവാനുള്ള വ്യവസ്ഥയും ഉണ്ടായിരിക്കും. കപ്പം കൊടുത്ത് കീഴടങ്ങുന്നവർ 'ദിമ്മികൾ' (اهل الذمة) അഥവാ മുസ്‌ലിംകളാൽ ഉത്തരവാദിത്വം ഏൽക്കപ്പെട്ടവർ എന്ന പേരിൽ അറിയപ്പെടുന്നു. ഇവരെപ്പറ്റി മുസ്‌ലീംകൾക്കുള്ള ഉത്തരവാദിത്വം എത്രത്തോളമുണ്ടെന്ന് അനുമാനിക്കാൻ നബി (ﷺ) യുടെ ഒരേ ഒരു ഹദീസ് മതിയാകുന്നതാണ്. ഇബ്നു ഉമർ (رضي الله عنه) ഉദ്ധരിച്ച ആ നബി വചനം ഇതാകുന്നു: ''സമാധാന ഉടമ്പടി ചെയ്ത ഒരാളെ ആരെങ്കിലും കൊലപ്പെടുത്തിയാൽ അവന് സ്വർഗ്ഗത്തിൻെറ വാസന ലഭിക്കുകയില്ല. അതിൻെറ വാസനയാകട്ടെ, നാല്പത് കൊല്ലത്തെ ദൂരത്ത് നിന്നുണ്ടാകുന്നതുമാകുന്നു.'' (ബു.) അതോടുകൂടി, അവരുടെ മതാചാരങ്ങളിലും, വിശ്വാസ സിദ്ധാന്തങ്ങളിലും അവർ തികച്ചും സ്വതന്ത്രരുമായിരിക്കും.

കപ്പം നൽകുന്നതിനെപ്പറ്റി രണ്ടു ഉപാധികൾ അല്ലാഹു എടുത്തുകാണിച്ചിരിക്കുന്നു. (1) عن يد (കയ്യോടെ) എന്നും (2)وهم صاغرون (അവർ നിസ്സാരൻമാരായിക്കൊണ്ട്) എന്നും.يد (യദുൻ) എന്ന വാക്കിന് സാക്ഷാൽ അർത്ഥം 'കൈ' എന്നാണെങ്കിലും 'കഴിവ്, അനുഗ്രഹം, പങ്ക്, അധികാരം' എന്നിങ്ങിനെയും സന്ദർഭമനുസരിച്ച് അതിന് അർത്ഥങ്ങൾ വരാറുണ്ട്. عن (അൻ) എന്ന അവ്യയവും അതുപോലെ പല അർത്ഥത്തിലും ഉപയോഗിക്കപ്പെടും അതിനാൽ ഒന്നാമത്തെ ഉപാധിയായ عن يد (അൻയദിൻ) എന്ന വാക്കിന് 'കഴിവനുസരിച്ച്, റൊക്കമായ്ക്കൊണ്ട്, കീഴൊതുങ്ങിക്കൊണ്ട്, ഒരു മുടക്കം കൂടാതെ, (മുസ്‌ലിംകളുടെ വക) അനുഗ്രഹമായിട്ട്' എന്നിങ്ങനെയൊക്കെ അർത്ഥം കൽപിക്കപ്പെട്ടിട്ടുണ്ട്. ഓരോ നിലക്ക് എല്ലാ അർത്ഥവും പരിഗണനാർഹമാണെങ്കിലും ആദ്യത്തെ രണ്ടർത്ഥങ്ങളാണ് കൂടുതൽ നന്നായിത്തോന്നുന്നത്. അല്ലാഹുവിനറിയാം. ഒന്നാമത്തെ അർത്ഥപ്രകാരം അവരുടെ കഴിവനുസരിച്ചായിരിക്കണം കപ്പം വാങ്ങുന്നതെന്നും, രണ്ടാമത്തെ അർത്ഥപ്രകാരം അത് കടമായിരുന്നാൽപോരാ-റൊക്കം തന്നെ നൽകണം-എന്നും സാരമായിരിക്കുംصاغرون (സ്വാഗിറൂൻ) എന്ന വാക്കിന് പദാർത്ഥം 'ചെറുതായവർ' എന്നാണെങ്കിലും 'നിസ്സാരൻമാർ, കീഴൊതുങ്ങിയവർ, നിന്ദ്യൻമാർ' എന്നൊക്കെയുള്ള ഉദ്ദേശ്യത്തിൽ അത് ഉപയോഗിക്കപ്പെടുന്നു. ഈ ഉദ്ദേശ്യാർത്ഥങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള ചില വിശദാംശങ്ങളിലും പണ്ഡിതൻമാർക്കിടയിൽ അഭിപ്രായവ്യത്യാസങ്ങൾ കാണാം. സാമാന്യമായിപ്പറഞ്ഞാൽ, കഴിവനുസരിച്ചും, റൊക്കമായും മുസ്‌ലിംകൾക്ക് കീഴൊതുങ്ങിക്കൊണ്ടും, ഇസ്‌ലാമിക ഭരണത്തിന് വഴങ്ങിക്കൊണ്ടുമായിരിക്കണം കപ്പം കൊടുക്കുന്നത് എന്ന് ചുരുക്കം.الله اعلم

വിഭാഗം-5

وَقَالَتِ ٱلْيَهُودُ عُزَيْرٌ ٱبْنُ ٱللَّهِ وَقَالَتِ ٱلنَّصَـٰرَى ٱلْمَسِيحُ ٱبْنُ ٱللَّهِ ۖ ذَٰلِكَ قَوْلُهُم بِأَفْوَٰهِهِمْ ۖ يُضَـٰهِـُٔونَ قَوْلَ ٱلَّذِينَ كَفَرُوا۟ مِن قَبْلُ ۚ قَـٰتَلَهُمُ ٱللَّهُ ۚ أَنَّىٰ

30 യഹൂദികൾ പറയുന്നു: ഉസൈർ അല്ലാഹുവിൻെറ പുത്രനാണ് എന്ന്; ക്രിസ്ത്യാനികൾ പറയുന്നു: മസീഹു (ഈസാ) അല്ലാഹുവിൻെറ പുത്രനാണ് എന്ന്. അത് അവരുടെ വായകൊണ്ട് (പറഞ്ഞു വരാറു) ള്ള വാക്കത്രെ. മുമ്പ് അവിശ്വസിച്ചവരുടെ വാക്കിനോട് ഇവർ സാമ്യം പുലർത്തിക്കൊണ്ടിരിക്കുന്നു. അല്ലാഹു അവരെ നശിപ്പിക്കട്ടെ [ശപിക്കട്ടെ]! എങ്ങിനെയാ

* ഒരു ദിർഹം-ഏകദേശം 3 ഗ്രാം വെള്ളി.

ണവർ (സത്യത്തിൽ നിന്ന്) തെറ്റിക്കപ്പെടുന്നത് (ആശ്ചര്യം)!

يُؤْفَكُونَ ﴿٣٠﴾

30 **وقالت** പറഞ്ഞു, പറയുന്നു. **اليهود** യഹൂദികൾ. **عزير** ഉസൈർ. **ابن الله** അല്ലാഹുവിൻെറ പുത്രനാണ്, മകനാണ് (എന്ന്). **وقالت** പറഞ്ഞു, പറയുന്നു. **النصارى** ക്രിസ്ത്യാനി (നസ്രാനി)കൾ. **المسيح** മസീഹു. **ابن الله** അല്ലാഹുവിൻെറ പുത്രനാണ് (എന്ന്). **ذلك** അത്. **قولهم** അവരുടെ വാക്കാണ്, അവർ പറയുന്നതാണ്. **بأفواههم** അവരുടെ വായകൾ കൊണ്ട്. **يضاهئون** അവർ അനുകരിക്കുന്നു, സാമ്യം പുലർത്തുന്നു. **قول** വാക്കിനെ, പറയുന്നതിനെ. **الذين كفروا** അവിശ്വസിച്ചവരുടെ. **من قبل** മുമ്പു, മുമ്പേ. **قاتلهم** അവരോട് യുദ്ധം ചെയ്യട്ടെ (നശിപ്പിക്കട്ടെ-ശപിക്കട്ടെ). **الله** അല്ലാഹു. **أنى** എങ്ങിനെയാണ്, എവിടെ നിന്നാണ്. **يؤفكون** അവർ തെറ്റിക്ക(തിരിച്ചുവിട)പ്പെടുന്നതു.

വേദക്കാരുടെ പൊതുനിലയെപ്പറ്റി ചിലതെല്ലാം കഴിഞ്ഞ വചനത്തിൽ ചൂണ്ടിക്കാട്ടി. മതത്തിൻെറ അടിത്തറതന്നെ പൊളിച്ച് കളയുമാറ് അവരിൽ ഓരോ വിഭാഗക്കാരും സ്വീകരിച്ച് വരുന്ന വിശ്വാസങ്ങളെയാണ് ഈ വചനത്തിൽ ചൂണ്ടിക്കാട്ടുന്നത്. ഉസൈർ (ﷺ) അല്ലാഹുവിൻെറ പുത്രനാണെന്നു യഹൂദികളും, ഈസാ മസീഹു (عليه السلام) അല്ലാഹുവിൻെറ പുത്രനാണെന്ന് ക്രിസ്ത്യാനികളും വാദിക്കുന്നു. ഈസാ (عليه السلام) നബിയെപ്പറ്റി ക്രിസ്ത്യാനികളുടെ ഈ വാദം സുപ്രസിദ്ധമാണ്. ഇതിനെപ്പറ്റി സൂറത്തുൽ മാഇദയിൽവെച്ചും മറ്റും നാം പല വിവരങ്ങളും കാണുകയും ചെയ്തു. എന്നാൽ, ഉസൈർ(عليه السلام) നെ ക്കുറിച്ച് യഹൂദികളുടെ ഈ വാദം അത്ര തന്നെ പ്രസിദ്ധമല്ല. താഴെകാണുന്ന വിവരണത്തിൽ നിന്ന് മനസ്സിലാക്കാവുന്നതുപോലെ, ഒരു വിഭാഗം യഹൂദികളുടെ വാദമായിരുന്നു അത്. ക്രമേണ അതവരിൽ പ്രചാരത്തിലായി. ഒരു സമുദായത്തെപ്പറ്റി പൊതുവെ പ്രസ്താവിക്കുമ്പോൾ, അവരിൽ ഒരു വിഭാഗത്തിൻെറ ഗുണദോഷങ്ങളെ സമുദായത്തിൻെറ പൊതുവെയുള്ള ഗുണദോഷങ്ങളെന്ന നിലക്ക് പ്രസ്താവിക്കുക പതിവാണല്ലോ. ഈ പതിവ് ഖുർആനിലും കാണാം.

വേദക്കാരെന്ന നിലക്ക് അങ്ങേ അറ്റം ദുഷിച്ച ഇത്തരം വിശ്വാസങ്ങളും വാദങ്ങളും ഉണ്ടാകുവാൻ പാടില്ലാത്തതതാണ്. പക്ഷേ, വേദഗ്രന്ഥങ്ങളുമായി ബന്ധമില്ലാത്ത അവിശ്വാസികൾ തങ്ങളുടെ മത സിദ്ധാന്തങ്ങളായി മുമ്പേ കെട്ടിയുണ്ടാക്കി സ്വീകരിച്ച് വരുന്ന പല വ്യാജ സിദ്ധാന്തങ്ങളെയും വേദക്കാർ അനുകരിച്ചുവരുന്നുണ്ട്. അവയിലൊന്നാണ് അവരുടെ ഈ പുത്രവാദങ്ങളുമെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു. അറേബ്യയിലെ മുശ്രിക്കുകൾ മലക്കുകൾ അല്ലാഹുവിൻെറ പുത്രിമാരാണെന്ന് വാദിച്ചിരുന്നു. ഹിന്ദുക്കൾ ശ്രീകൃഷ്ണനെയും, ബുദ്ധമതക്കാർ ബുദ്ധനെയും ദൈവപുത്രൻമാരായി ഗണിക്കുന്നു. ബഹുദൈവാരാധകരും വിഗ്രഹാരാധകരുമായ മിക്കവിഭാഗങ്ങളിലും ഇതുപോലെയുള്ള ദൈവ പുത്ര-പുത്രീ വാദങ്ങൾ കാണാം. (*) സത്യത്തിന് കടക വിരുദ്ധമായ ഒരു വാദം കെട്ടിയുണ്ടാക്കിയെന്ന് മാത്രമല്ല, ദൈവീകമതവുമായി നാമമാത്ര ബന്ധം പോലുമില്ലാത്ത അവിശ്വാസികളുടെ വാദങ്ങളെ അവർ അനുകരിക്കുകയും, അതിൽ നിന്ന് പ്രചോദനം കൊളളുകയും ചെയ്യുന്നു ഇതിൽ അല്ലാഹുവിന് അവരോടുളള അമർഷവും കഠിനമായ പ്രതിഷേധവുമാണ് അവസാനത്തെ രണ്ടുവാക്യങ്ങളിൽ കാണുന്നത്.قاتل എന്ന പദം

---

* ക്രിസ്തുമതവും ഹിന്ദുമതവും തമ്മിൽ ഒരു താരതമ്യം നടത്തികൊണ്ടു അൽഉസ്താദ് തൗഫീഖ് അലി വഹ്ബ: എന്ന പണ്ഡിതൻ, റബാത്ത്വിൽ (മൊറോക്കോ) നിന്നു പ്രസിദ്ധീധീകരിക്കപ്പെടുന്ന 'ദഅ്വത്തുൽ-ഹഖ്-ഖ്' (دعوة الحق) എന്ന മാസികയുടെ 6-ാം പുസ്തകം 16-ാം ലക്കത്തിൽ ഇരുകൂട്ടരുടെയും വിശ്വാസചാരങ്ങളെ സംബന്ധിച്ചു അവരുടെ ആധികാരിക ഗ്രന്ഥങ്ങളിൽനിന്നുമാത്രം തൊണ്ണൂറിൽപരം ഉദ്ധരണികൾ നിരത്തിക്കൊണ്ട് ഒരു പഠനം നടത്തിക്കാണാം. ഈസാ (عليه السلام)ദൈവ പുത്രനാണെന്ന ക്രിസ്തീയ വാദം ഹിന്ദുമതത്തിൻെറ പരിപൂർണ്ണമായ അനുകരണമാണെന്നു അദ്ദേഹം അതിൽ അസന്നിഗ്ധമായി സ്ഥാപിച്ചിട്ടുണ്ട്.

'യുദ്ധം ചെയ്തു' എന്ന അർത്ഥത്തിൽ ഭൂതകാല ക്രിയാ രൂപത്തിലുള്ളതാണെങ്കിലും 'ശപിക്കട്ടെ , നശിക്കട്ടെ' എന്നിങ്ങനെയുള്ള പ്രാർത്ഥനാ രൂപത്തിലാണ്-ആശ്ചര്യവും പ്രതിഷേധവും പ്രകടിപ്പിച്ചുകൊണ്ടുള്ള ഇത്തരം സന്ദർഭങ്ങളിൽ-അത് ഉപയോഗിക്കപ്പെടുന്നത്.

ബൈബിളിൽ എസ്രാ എന്ന പേരിലാണ് ഉസൈർ (عزير) അറിയപ്പെടുന്നത്. അദ്ദേഹത്തെപ്പറ്റി ചില ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിലും, വേദ പുസ്തക ചരിത്രങ്ങളിലും പ്രസ്താവിച്ച് കാണുന്നതിൻെറ രത്നചുരുക്കം ഇതാണ്: അദ്ദേഹം യഹൂദികളിലെ വേദ ശാസ്ത്ര വിദഗ്ദനും ഒരു എഴുത്തുകാരനുമായിരുന്നു. ബാബിലോണിയക്കാർ യഹൂദികളെ അക്രമിച്ച് രാജ്യം നശിപ്പിക്കുകയും, അവരെ ബാബിലോണിയയിലേക്ക് ബന്ധനസ്ഥരാക്കി കൊണ്ടുപോകുകയും ചെയ്തതോടെ, തൗറാത്തിൻെറ വിജ്ഞാനങ്ങൾ അവരിൽ നിന്ന് നഷ്ടപ്പെട്ടുപോയി അദ്ദേഹം തൻെറ ഓർമ്മയിൽനിന്നും മറ്റുമായി അത് വീണ്ടും എഴുതി പുനരുദ്ധരിച്ചു. തൗറാത്തിൻെറ മൂല ഭാഷയായിരുന്ന 'ഹിബ്രു' (عبرانية) ഭാഷ യഹൂദികളിൽനിന്ന് മിക്കവാറും വിസ്മരിക്കപ്പെട്ട് പോയിരുന്നത് നിമിത്തം അൽപം ഹിബ്രുവും കലർത്തിക്കൊണ്ട് ബാബിലോണിയൻ ഭാഷയായ 'കൽദേയ' (كلدانية) ഭാഷയിലായിരുന്നു അദ്ദേഹം അതെഴുതിയിരുന്നത്. പിന്നീട് തൗറാത്തിൻെറ യഥാർത്ഥ പകർപ്പ് കണ്ട് കിട്ടിയപ്പോൾ അദ്ദേഹം എഴുതിയുണ്ടാക്കിയിരുന്ന പകർപ്പ് ശരി തന്നെയാണെന്ന് മനസ്സിലായി. ബൈബിളിലെ എസ്രാ, നെഹേമ്യാവു, ദിനവൃത്താന്തം എന്നീ ഗ്രന്ഥങ്ങളുടെ രചയിതാവ് അദ്ദേഹമാകുന്നു. [*] ബാബിലോണിയയിൽ നിന്ന് യഹൂദികളെ മോചിപ്പിച്ച് സ്വദേശമായ യരുശലേമിൽ (ബൈത്തുൽ മുഖദ്ദസ്സിൽ) തിരിച്ച് കൊണ്ടുവരുവാനും, അവരിൽ നിന്ന് നശിച്ചുപോയിരുന്ന വേദവിജ്ഞാനവും മത സംസ്ക്കാരവും പുനർജീവിപ്പിക്കുവാനും അദ്ദേഹം വമ്പിച്ച പരിശ്രമങ്ങൾ നടത്തി. അതിൽ അദ്ദേഹം വിജയിക്കുകയും ചെയ്തു. ക്രിസ്താബ്ദത്തിനുമുമ്പ് അഞ്ചാം നൂറ്റാണ്ടിലായിരുന്നു അദ്ദേഹത്തിൻെറ കാലം. അദ്ദേഹം യഹൂദീ പ്രവാചകൻമാരിൽപെട്ട ഒരു പ്രവാചകനായിരുന്നു. മേൽ പ്രസ്താവിച്ച അദ്ദേഹത്തിൻെറ മഹൽ കൃത്യങ്ങളെയും യോഗ്യതകളെയുംമുൻനിറുത്തി യഹൂദികളിൽ ഒരു വിഭാഗം അദ്ദേഹത്തെ ദൈവപുത്രനായിക്കരുതുകയും വിശ്വസിക്കുകയും ചെയ്തു. [†]

ഇബ്നു ഇസ്ഹാഖ്, ഇബ്നു ജരീർ (رحمه الله) മുതലായവർ ഇബ്നു അബ്ബാസ് (رضي الله عنه) ൽ നിന്നുദ്ധരിച്ച ഒരു രിവായത്തിൽ, സലാമുബ്നു മുശ്കം (سلام بن مشكم) തുടങ്ങിയ ചില യഹൂദി പ്രമുഖൻമാർ നബി (ﷺ) യോട് ഇപ്രകാരം പറഞ്ഞതായി വന്നിരിക്കുന്നു; ''താങ്കളെ ഞങ്ങൾ എങ്ങിനെ പിൻപറ്റും?! ഞങ്ങളുടെ ഖിബ്ലയെ താങ്കൾ വിട്ടുകളഞ്ഞു. ഉസൈർ അല്ലാഹുവിൻെറ പുത്രനാണെന്ന് താങ്കൾ പറയുന്നുമില്ല.'' ഈ രിവായത്തിൽനിന്ന് ഖുർആൻ അവതരിക്കുന്ന കാലത്ത് മദീനായിലെ യഹൂദികൾ ആ വിശ്വാസക്കാരായിരുന്നുവെന്ന് മനസ്സിലാക്കാവുന്നതാണ്. വേദക്കാരുടെ വഴിപിഴവുകൾക്ക് അടിസ്ഥാനപരമായ മറ്റൊരു കാരണം അടുത്ത വചനത്തിൽ അല്ലാഹു വിവരിക്കുന്നു. പൂർവ്വികരായ അവിശ്വാസികളെ അവർ അനുകരിക്കുകയാണെന്നുള്ളതിന് ഒരു വിശദീകരണം കൂടിയാണത്. അല്ലാഹു പറയുന്നു:-

31 തങ്ങളുടെ പണ്ഡിതൻമാരെയും, തങ്ങളുടെ പുരോഹിതൻമാരെയും അല്ലാഹുവി

ٱتَّخَذُوٓا۟ أَحْبَارَهُمْ وَرُهْبَـٰنَهُمْ أَرْبَابًا مِّن دُونِ

[*] അദ്ദേഹം വേറെയും പല ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ടെന്നും, അവയെല്ലാം 'അപ്പൊക്രീഫാ' എന്നറിയപ്പെടുന്ന പുറംതള്ളപ്പെട്ട വേദഗ്രന്ഥങ്ങളിൽ ഉൾപെടുത്തപ്പെട്ടിരിക്കുകയാണെന്നും പറയപ്പെടുന്നു. വാസ്തവം അല്ലാഹുവിനറിയാം.

[†] ദൈവ പുത്രനാക്കിയെന്നതൊഴിച്ചു ബാക്കിയുള്ള പ്രസ്തുത വിവരണം ഏറെക്കുറെ വേദപുസ്തക നിഘണ്ടുവിലും കാണാം.

ٱللَّهِ وَٱلْمَسِيحَ ٱبْنَ مَرْيَمَ وَمَآ أُمِرُوٓا۟ إِلَّا لِيَعْبُدُوٓا۟ إِلَٰهًا وَٰحِدًا ۖ لَّآ إِلَٰهَ إِلَّا هُوَ ۚ سُبْحَٰنَهُۥ عَمَّا يُشْرِكُونَ ﴿٣١﴾

നു പുറമെ അവര്‍ റബ്ബുകളാക്കി വെച്ചു. മര്‍യമിന്‍െറ മകന്‍ മസീഹിനെയും (റബ്ബാക്കിവെച്ചു). ഒരേ ഇലാഹിനെ [ആരാധ്യനെ] ആരാധിക്കുവാനല്ലാതെ അവരോട് കല്‍പിക്കപ്പെട്ടിട്ടില്ല താനും. അവനല്ലാതെ ഒരു ആരാധ്യനേ ഇല്ല അവര്‍ പങ്കു ചേര്‍ക്കുന്നതില്‍ നിന്നും അവന്‍ എത്രയോ പരിശുദ്ധന്‍!

---

31 **اتخذُوا** അവര്‍ ആക്കിവെച്ചു, ആക്കിത്തീര്‍ത്തു, ഏര്‍പ്പെടുത്തി. **أحبارهم** അവരുടെ മതപണ്ഡിതന്‍മാരെ. **ورهبانهم** അവരുടെ പുരോഹിതന്‍മാരെയും. **أربابا** റബ്ബുകള്‍. **من دون** പുറമെ, കൂടാതെ **الله** അല്ലാഹുവിന്, അല്ലാഹുവിനെ. **والمسيح** മസീഹിനെയും. **ابن مريم** മര്‍യമിന്‍െറ മകന്‍, പുത്രനായ. **وما أمروا** അവര്‍ (അവരോട്) കല്‍പിക്കപ്പെട്ടിട്ടുമില്ല. **إلا ليعبدوا** അവര്‍ ആരാധിക്കുവാനല്ലാതെ. **إلها واحدا** ഒരേ (ഏക) ഇലാഹിനെ. **لا إله** ഒരു ആരാധ്യനുമില്ല, ഇലാഹേ ഇല്ല. **إلا هو** അവനല്ലാതെ. **سبحانه** അവന്‍ മഹാ (എത്രയോ) പരിശുദ്ധന്‍. **عما** യാതൊന്നില്‍നിന്ന്. **يشركُون** അവര്‍ പങ്കു ചേര്‍ക്കുന്ന.

യഹൂദികളിലുള്ള മതപണ്ഡിതന്‍മാരും വേദശാസ്ത്രികളുമായ ആളുകള്‍ക്ക് احبار (അഹ്ബാര്‍) എന്നും, ക്രിസ്ത്യാനികളില്‍ തപസ്സും സന്യാസവും സ്വീകരിച്ചുവരുന്ന പുരോഹിതന്‍മാര്‍ക്ക് رهبان (റുഹ്ബാന്‍) എന്നും പറയപ്പെടാറുണ്ട്. ഭാഷാര്‍ത്ഥം നോക്കുമ്പോള്‍ എല്ലാ പണ്ഡിതന്‍മാര്‍ക്കും പുരോഹിതന്‍മാര്‍ക്കും പൊതുവെ അവ ഉപയോഗിക്കാവുന്നതുമാകുന്നു. ഇവിടെ, യഹൂദികളും, ക്രിസ്ത്യാനികളുമാകുന്ന വേദക്കാരിലുളള പണ്ഡിതന്‍മാരെയും പുരോഹിതന്‍മാരെയും അവര്‍ റബ്ബുകളാക്കിയതിനെക്കുറിച്ചത്രെ അല്ലാഹു പ്രസ്താവിക്കുന്നത്. ''അവര്‍ അവരെ റബ്ബുകളാക്കി'' എന്ന് പറഞ്ഞതു.-ഇമാം റാസീ (رحمه الله) യും മറ്റും ചൂണ്ടിക്കാട്ടിയതു പോലെ -അവര്‍ അവരെ ദൈവങ്ങളാക്കി അവര്‍ക്ക് ആരാധന നടത്തിവന്നിരുന്നുവെന്നര്‍ത്ഥത്തിലല്ല. താഴെ ഉദ്ധരിക്കുന്ന ഹദീസില്‍ നബി (ﷺ) വ്യക്തമാക്കിയതുപോലെ, അവര്‍ അവര്‍ക്ക് മതനിയമ നിര്‍മ്മാണാധികാരം വകവെച്ച് കൊടുക്കുകയും, അവര്‍ നിര്‍മ്മിക്കുന്ന നിയമങ്ങളെ അവര്‍ തങ്ങളുടെ യഥാര്‍ത്ഥ മത നിയമങ്ങളായി അംഗീകരിച്ച് പോരുകയും ചെയ്തുവെന്ന അര്‍ത്ഥത്തിലാകുന്നു. വാസ്തവത്തില്‍ ഇതിന് പുറമെ, വേദക്കാര്‍ (താഴെ ചൂണ്ടിക്കാട്ടുന്നപോലെ) അവരുടെ പണ്ഡിത പുരോഹിതന്‍മാരില്‍ ഓരോ തരത്തിലുള്ള ദിവ്യത്വം കല്‍പിച്ച് വരുന്നതായും കാണാവുന്നതാകുന്നു.

ഇമാം അഹ്മദ്, തിര്‍മദീ, ഇബ്നു ജരീര്‍ (رحمهم الله) എന്നിവര്‍ പല മാര്‍ഗ്ഗങ്ങളിലൂടെയും അദിയ്യുബ്നു ഹാതിമുത്ത്വാഈ (عدى بن حاتم الطائى رض) യെക്കുറിച്ച് ഇപ്രകാരം നിവേദനം ചെയ്തിരിക്കുന്നു: ''അദ്ദേഹത്തെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് നബി (ﷺ) തിരുമേനിയുടെ ക്ഷണം വന്നപ്പോള്‍ അദ്ദേഹം ശാമിലേക്ക് ഓടിപ്പോയി. അദ്ദേഹം ജാഹിലിയ്യത്തില്‍ ക്രിസ്തുമതം സ്വീകരിച്ചിരുന്നു. അദ്ദേഹത്തിന്‍െറ സഹോദരിയും ഗോത്രത്തില്‍പെട്ട കുറെ ആളുകളും ചിറയിലകപ്പെട്ടു.(*) പിന്നീട് അവരെ (സഹോദരിയെ)നബി (ﷺ) ഉദാരപൂര്‍വ്വം

---

* ഹിജ്റ 9-ാം കൊല്ലം റബീഉല്‍ അവ്വലില്‍ ത്വയിഉ് ഗോത്രത്തിന്‍െറ വിഗ്രഹം നശിപ്പിക്കുവാന്‍ അലി (رضي الله عنه)യുടെ നേതൃത്വത്തില്‍ അയക്കപ്പെട്ട സൈന്യസംഘമായി അവിടെയുള്ളവര്‍ ഏറ്റുമുട്ടിയതിനെ തുടര്‍ന്നാണ് അവര്‍ ചിറ പിടിക്കപ്പെട്ടത്. അദിയ്യ് (رضي الله عنه)ന്‍െറ സഹോദരിയുടെ പേര്‍ സിഫാനഃ (رضي الله عنها)എന്നാകുന്നു. മദീനായില്‍ വന്നശേഷം സിഫാനഃ (റ)യുടെ അപേക്ഷയനുസരിച്ച് മോചനമൂല്യം കൂടാതെ നബി (ﷺ)അവരെ വിട്ടയച്ചു. തിരമേനിയുടെ ഔദാര്യത്തില്‍ ആകൃഷ്ടയായതുകൊണ്ടാണ് അവര്‍ ശാമിലേക്കു പോയാതും, അദിയ്യ് (റ)നെ നബി (ﷺ)യുടെ അടുക്കലേക്കു കൂട്ടിക്കൊണ്ടുവരുവാന്‍ ശ്രമിച്ചതും. രണ്ടുപേരുടെയും പിതാവായ

വിട്ടയച്ചു. അനന്തരം അവർ മടങ്ങി സഹോദരൻെറ അടുക്കൽ ചെന്നു. അദ്ദേഹത്തെ ഇസ്‌ലാമിനെ അംഗീകരിക്കുവാനും നബി (ﷺ) യുടെ അടുക്കൽ വരുവാനും പ്രോത്സാഹിപ്പിച്ചു. അങ്ങനെ, അദിയ്യ്(رضي الله عنه)മദീനായിൽ വന്നു. ത്വയ്യിഉ് (طيئ) ഗോത്രത്തിലെ ഒരു നേതാവായിരുന്നു അദ്ദേഹം. അദ്ദേഹത്തിൻെറ വരവിനെപ്പറ്റി ജനങ്ങൾ സംസാരിച്ചു. അദ്ദേഹം റസൂൽ (ﷺ) തിരുമേനിയുടെ അടുക്കൽ പ്രവേശിക്കുമ്പോൾ തിരുമേനി ഈ (31-ാം) വചനം ഓതുന്നുണ്ടായിരുന്നു. അദിയ്യ് (رضي الله عنه) പറയുകാണ് : ‘‘അവർ അവരെ ആരാധിച്ചിട്ടില്ലല്ലോ! (എന്നിരിക്കെ അവരെ അവർ റബ്ബുകളാക്കി എന്ന് പറയുന്നത് എന്തുകൊണ്ടാണ്?)’’ എന്ന് ഞാൻ ചോദിച്ചു. അപ്പോൾ, തിരുമേനി പറഞ്ഞു: ‘‘ഇല്ലാതെ! അവർ അവർക്ക് ഹലാലിനെ (അനുവദനീയമായതിനെ) ഹറാമാക്കി (നിഷിദ്ധമാക്കി). ഹറാമിനെ ഹലാലാക്കുകയും ചെയ്തു. എന്നിട്ട് അവർ അവരെ പിൻപറ്റി. അതാണ് അവർ അവർക്ക് ചെയ്ത ആരാധന.’’ പിന്നീട് റസൂൽ (ﷺ) അദ്ദേഹത്തോട് ഇങ്ങനെ പറഞ്ഞു: ‘‘അദിയ്യേ, താനെന്തു പറയുന്നു? ‘അല്ലാഹു അക്ബർ’ (അല്ലാഹു ഏറ്റവും വലിയവൻ) എന്ന് പറയുന്നതിനു താങ്കൾക്ക് വിരോധമുണ്ടോ? അല്ലാഹുവിനേക്കാൾ വലിയവനായി ആരെയെങ്കിലും തനിക്കറിയാമോ? ‘ലാഇലാഹ ഇല്ലല്ലാഹു’ (അല്ലാഹു അല്ലാതെ ആരാധ്യനേയില്ല) എന്ന് പറയുന്നതിന് തനിക്ക് വിരോധമുണ്ടോ? അല്ലാഹുവല്ലാതെ വല്ല ഇലാഹിനെയും താങ്കൾക്കറിയാമോ?’’ പിന്നീട് തിരുമേനി അദ്ദേഹത്തെ ഇസ്‌ലാമിലേക്കു ക്ഷണിച്ചു. അദ്ദേഹം ഇസ്‌ലാമിനെ അംഗീകരിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്തു. അദ്ദേഹം പറയുകയാണ്: ‘‘അപ്പോൾ തിരുമേനിയുടെ മുഖം സന്തോഷം പൂണ്ടതായി ഞാൻ കണ്ടു.‘‘ പിന്നീട് തിരുമേനി പറഞ്ഞു: ‘‘നിശ്ചയമായും യഹൂദികൾ കോപവിധേയരും (مغضوب عليهم) ക്രിസ്ത്യാനികൾ വഴിപിഴച്ചവരും (ضالون) ആകുന്നു.’’

വേദക്കാർ തങ്ങളുടെ പണ്ഡിതപുരോഹിതൻമാരെ റബ്ബുകളാക്കി എന്ന് പറഞ്ഞതിൻെറ ഉദ്ദേശ്യം, അല്ലാഹുവിൻെറ നിയമങ്ങൾക്കെതിരായി അവർ നിയമിച്ച നിയമങ്ങളെ മതനിയമങ്ങളായി ഗണിക്കുകയും അനുഷ്ഠിക്കുകയും ചെയ്തുവെന്നതാണെന്നും, ഇതവരെ റബ്ബുകളാക്കലാണെന്നും ഈ ഹദീസിൽനിന്ന് സ്പഷ്ടമാണ്. ഖുർആൻ വ്യാഖ്യാതാക്കളും, അല്ലാത്തവരുമായ പല മഹാൻമാരും പറയാറുള്ളതുപോലെ, മുസ്‌ലിം സമുദായം വളരെ ഗൗരവപൂർവ്വം മനസ്സിരുത്തേണ്ടുന്ന ഒരു വിഷയമാണിത്. അല്ലാഹുവിൻെറയും അവൻെറ റസൂലിൻെറയും - അഥവാ ഖുർആൻെറയും സുന്നത്തിൻെറയും-വിധികളെപ്പറ്റി ഗൗനിക്കാതെ, ഏതെങ്കിലും ഇമാമോ, പണ്ഡിതനോ, അല്ലെങ്കിൽ ഒരു പ്രത്യേക വിഭാഗം ആളുകളോ പറയുന്നതുമാത്രം മതവിധിയായി അംഗീകരിക്കലും, അതിനെതിരിൽ തക്കതായ തെളിവ് കണ്ടാൽപോലും അത് സ്വീകരിക്കാതിരിക്കലും വേദക്കാരുടെ സമ്പ്രദായമാണെന്നും ഇത് ആ ഇമാമുകളെയും പണ്ഡിതൻമാരെയും റബ്ബുകളാക്കലാണെന്നും ഈ ഹദീസിൽ നിന്ന് വ്യക്തമാണ്. ഇന്ന് മുസ്‌ലീം സമുദായത്തിലെ ബഹുഭൂരിഭാഗവും ആപൽക്കരമായ ഈ രോഗം ബാധിച്ചവരാണെന്നുള്ളത് അത്യധികം വേദനാജനകമായ ഒരു പരമാർത്ഥമത്രെ. അത്രയുമല്ല, അതിനെപ്പറ്റി ഗുണദോഷിക്കുന്നവരെ പിഴച്ചവരായി മുദ്രകുത്തുകയും ചെയ്യുന്നു! വേദക്കാരെ ചാണിന് ചാണായും മുഴത്തിന് മുഴമായും നിങ്ങൾ പിൻപറ്റുമെന്ന്മുസ്‌ലിം സമുദായത്തിന് അല്ലാഹുവിൻെറ റസൂൽ മുന്നറിയിപ്പ് നൽകിയിട്ടുള്ളത് പ്രസിദ്ധമാണല്ലോ. അല്ലാഹുവിൽ ശരണം!

വിവരമില്ലാത്ത ആളുകൾ പണ്ഡിതൻമാരോട് മതവിധികൾ അന്വേഷിക്കലും, അതനുസരിക്കലും പാടില്ലെന്നല്ല ഇതിന്നർത്ഥം. ഇന്നിന്നവർ പറഞ്ഞതേ മതനിയമമായി അംഗീകരിച്ചുകൂടൂ. ഖുർആനിലും സുന്നത്തിലും വ്യക്തമായി പ്രസ്താവിക്കപ്പെട്ടിരുന്നാലും അവർ പറഞ്ഞ

ഹതിം ത്വാഈ ജാഹിലിയ്യാ കാലത്തു ഔദാര്യത്തിലും, ദാനധർമ്മങ്ങളിലും വളരെയധികം പ്രസിദ്ധി നേടിയ ഒരു മഹാനായിരുന്നു. ‘ഹാതിം’ എന്ന വാക്കുപോലും ‘ധർമ്മിഷ്ടൻ’ എന്ന വാക്കിൻെറ പര്യായമായി അറബി സാഹിത്യങ്ങളിൽ ഉപയോഗിക്കാറുള്ളതു ഇന്നും സാധാരണമാകുന്നു.

തിനെതിരില്‍ മറ്റൊന്ന് സ്വീകാര്യമല്ല എന്നുള്ള നിലപാടാണ് ആപല്‍ക്കരം. ഇമാം റാസീ (ﷺ) യുടെ വന്ദ്യനായ ഗുരുവര്യന്‍ (*) അക്കാലത്ത് പറഞ്ഞ ചില വാക്കുകള്‍ അദ്ദേഹം അദ്ദേഹത്തിന്‍െറ തഫ്സീറില്‍ ഇവിടെ ഉദ്ധരിച്ചത് കാണുക: ''ഹുഖഹാക്കളെ തഖ്ലീദ് ചെയ്യുന്ന (കര്‍മ്മ ശാസ്ത്ര പണ്ഡിതന്‍മാരുടെ അഭിപ്രായങ്ങളെ അനുകരിക്കുന്ന)വരില്‍പെട്ട ഒരു കൂട്ടം ആളുകളെ ഞാന്‍ കാണുകയുണ്ടായി. ചില പ്രശ്നങ്ങളെ സംബന്ധിച്ച് അല്ലാഹുവിന്‍െറ കിതാബില്‍നിന്നുള്ള പല ആയത്തുകളും ഞാന്‍ അവരെ ഓതിക്കേള്‍പ്പിച്ചു. അവരുടെ മദ്ഹബുകള്‍ (അവര്‍ സ്വീകരിച്ച അഭിപ്രായ ഗതികള്‍) ആയത്തുകള്‍ക്ക് എതിരായിരുന്നു. അവരത് സ്വീകരിച്ചില്ല. അതിലേക്ക് തിരിഞ്ഞുനോക്കിയതുമില്ല. ഞങ്ങളുടെ മുന്‍ഗാമികളില്‍നിന്നുള്ള രിവായത്ത് ഇതിന് എതിരായിരിക്കെ, ഈ ആയത്തുകളുടെ ബാഹ്യാര്‍ത്ഥങ്ങളെ ഞങ്ങള്‍ എങ്ങിനെ അനുഷ്ഠാനത്തില്‍ സ്വീകരിക്കും! എന്നിങ്ങിനെ എന്നെനോക്കി ആശ്ചര്യപ്പെടുകയാണ് അവര്‍ ചെയ്തത്. ശരിക്കു ആലോചിച്ച് നോക്കുന്നപക്ഷം ലോകത്തുള്ള മിക്കവരുടെ ഞരമ്പുകളിലും ഈ രോഗം പടര്‍ന്നിരിക്കുന്നതായിക്കാണാം'' ഇമാം റാസീ (ﷺ) യുടെ കാലത്തെ-ഏതാണ്ട് എട്ട് നൂറ്റാണ്ടുകള്‍ക്ക് മുമ്പുള്ള-കഥയാണ് ആ മഹാന്‍ ഇതുവഴി ചൂണ്ടിക്കാട്ടുന്നത്. ഇന്നത്തെ കഥയോ?........ആലോചിച്ചു നോക്കുക! (†)

അന്ധമായ ഈ അനുകരണ മഹാവ്യാധി പൂര്‍വ്വാധികം പകരുക മാത്രമല്ല സമുദായത്തില്‍ ചെയ്തിരിക്കുന്നത്. ഖുര്‍ആന്‍െറയും ഹദീസിന്‍െറയും അദ്ധ്യാപനങ്ങള്‍ക്ക് എതിരാണെന്നതിരിക്കട്ടെ, കഴിഞ്ഞുപോയ ഏതെങ്കിലും ഇമാമിന്‍െറ വാക്കുകളില്‍പോലും കാണപ്പെടാത്ത പല പുതിയ മതവിധികളും സ്വാര്‍ത്ഥമതികളായ ചിലപണ്ഡിതന്‍മാര്‍-ഒറ്റക്കെട്ടായും -കൂട്ടായും നിര്‍മ്മിച്ചുണ്ടാക്കിക്കൊണ്ടിരിക്കുന്നു! ഒരു വിഭാഗം തങ്ങളുടെ ജീവിതമാര്‍ഗ്ഗം നിലനിറുത്തുന്നതിനും, ജനമദ്ധ്യേ തങ്ങള്‍ക്കുള്ള സ്ഥാനമാനങ്ങള്‍ .നഷ്ടപ്പെടാതിരിക്കുന്നതിനും വേണ്ടിയാണിത് ചെയ്യുന്നതെങ്കില്‍, വേറൊരു വിഭാഗം, കാലത്തിന്‍െറ ഒഴുക്കനുസരിച്ച് മതസിദ്ധാന്തങ്ങളില്‍ ഒരു പൊളിച്ചെഴുത്ത് നടത്തി ജനസമ്മതിയും കീര്‍ത്തിയും ലക്ഷ്യമാക്കിക്കൊണ്ടാണ് ചെയ്യുന്നത്. 34-ാം വചനത്തില്‍ പറയുന്ന താക്കീത് ഇങ്ങനെയുള്ളവര്‍ക്കെല്ലാം ബാധകം തന്നെ. അല്ലാഹു സമുദായത്തെ കാത്തുരക്ഷിക്കട്ടെ! (ആമീന്‍)

വേദക്കാരില്‍ , യഹൂദികളും ക്രിസ്ത്യാനികളും അടങ്ങുന്നു. ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം അവര്‍ യേശുക്രിസ്തുവിനെ ദൈവവും കര്‍ത്താവുമായി അംഗീകരിച്ച് വരുന്നത് പ്രസിദ്ധമാണ്. പുറമെ, അവരുടെ പണ്ഡിത പുരോഹിതന്‍മാര്‍ക്ക് പൊതുവിലും വിശുദ്ധ സ്ഥാനം നല്‍കപ്പെട്ടിട്ടുള്ള ചില വ്യക്തികള്‍ക്ക് വിശേഷിച്ചും ദിവ്യത്വവും ദൈവത്തിന്‍െറ അധികാരാവകാശങ്ങളും അവര്‍ വകവെച്ച് കൊടുക്കുന്നു. വിശുദ്ധരെന്ന് കരുതപ്പെടുന്ന വ്യക്തികളുടെ പ്രതിമയുണ്ടാക്കലും അവരെ ആരാധിക്കലും വരെ അത് എത്തിയിട്ടുണ്ട്. പാപമോചനത്തിനും മത നിയമ നിര്‍മ്മാണത്തിനുമുള്ള അധികാരം പണ്ഡിത പുരോഹിതന്‍മാര്‍ക്കുണ്ടെന്നുള്ളതിന് അവര്‍ക്കുള്ള പ്രധാന ആധാരം യേശുക്രിസ്തു ശിഷ്യന്‍മാരോട് പറഞ്ഞതായി അവരുടെ വേദഗ്രന്ഥത്തില്‍ ഉദ്ധരിച്ച ഒരു വാക്യമത്രെ. അതായത്: ''നിങ്ങള്‍ ഭൂമിയില്‍ കെട്ടുന്നതെല്ലാം സ്വര്‍ഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും; നിങ്ങള്‍ ഭൂമിയില്‍ അഴിക്കുന്നതെല്ലാം സ്വര്‍ഗ്ഗത്തിലും അഴിഞ്ഞിരിക്കും എന്ന് ഞാന്‍ സത്യമായിട്ട് നിങ്ങളോട് പറയുന്നു.'' (മത്തായി: 18ല്‍ 18.) (‡) യഹൂദി

---

* لعله يعنى والد, عمر صياء الدين رح او محى السنة البخوى رح– الله اعلم

† ونص عبارة الرازى:

‡ ബൈബിളിന്‍െറ ചില വിവര്‍ത്തനങ്ങളില്‍ 'കെട്ടുന്നതെല്ലാം' എന്നതിനുപകരം 'കെട്ടിയതെല്ലാം' എന്നും, 'അഴിക്കുന്നതെല്ലാം' എന്നതിനു പകരം 'അഴിച്ചതെല്ലാം' എന്നും (ഭൂത ക്രിയാ രൂപത്തില്‍) ആകുന്നുവെന്നു സൂക്ഷമാനേഷികളായ ചില പണ്ഡിതന്‍മാര്‍ ചൂണ്ടിക്കാട്ടുന്നു. രണ്ടു പ്രയോഗവും തമ്മില്‍ ഉദ്ദേശ്യത്തില്‍ എത്ര മാറ്റം?!

കൾ പ്രത്യക്ഷത്തിൽ ഈ വിഷയത്തിൽ. അൽപം പിന്നോക്കമാണെന്ന് തോന്നാമെങ്കിലും പണ്ഡിതപുരോഹിതൻമാരുടെ വാക്കുകളെ അടിസ്ഥാനപ്പെടുത്തിയാണല്ലോ അവർ നബി (ﷺ) യുടെ ദൗത്യത്തെയും പ്രവാചകത്വത്തെയുമെല്ലാം നിഷേധിക്കുന്നതും, യഥാർത്ഥത്തിൽ മതത്തിൽ ഇല്ലാത്ത ചില നിയമങ്ങൾ മതനിയമങ്ങളായിക്കരുതുന്നതും.

പണ്ഡിത പുരോഹിതൻമാർക്ക് ദൈവത്തിൻെറ പല അധികാരാവകാശങ്ങളും സ്ഥാനമാനങ്ങളും വകവെച്ചുകൊടുക്കുന്ന സമ്പ്രദായം അമുസ്‌ലിം സമുദായത്തിലും ധാരാളം കാണാം. മുസ്‌ലിംകളിലും ചില മഹാത്മാക്കൾക്ക് അതിര് കവിഞ്ഞ അധികാരങ്ങളും അവകാശങ്ങളും സ്ഥാനമാനങ്ങളും കൽപിക്കപ്പെടുന്നതും സാധാരണമാണല്ലോ. ചില 'ത്വരീഖത്തി'ൻെറ 'ശൈഖു'മാരെ അവരുടെ 'മുരീദു'കൾ ദൈവാവതാരങ്ങളും മറ്റുമാക്കിക്കൊണ്ട് അവരെ ദൈവതുല്യരാക്കുന്നത് അതുകൊണ്ടത്രെ. ഉദാഹരണസഹിതം വിവരിക്കുന്നപക്ഷം അത് കുറേ ദീർഘിച്ചു പോയേക്കും.وإلى الله الشتكى

അല്ലാഹു മാത്രമാണ് ഇലാഹും റബ്ബും; അവനെ മാത്രമേ ആരാധിക്കാവൂ എന്ന് എല്ലാ സമുദായങ്ങളോടുമെന്നപോലെ വേദക്കാരോടും കൽപിക്കപ്പെട്ടിരിക്കുന്നു. എന്നിട്ടും അവർ ഇങ്ങനെയൊക്കെ ചെയ്തുകളഞ്ഞുവെന്നുള്ള ആക്ഷേപമാണ് ആയത്തിൻെറ അസാന ഭാഗത്തിൽ കാണുന്നത്. വേദക്കാരുടെ കൈവശമുള്ള അവരുടെ വേദഗ്രന്ഥങ്ങളിൽ-അവയിൽ എത്ര തന്നെ കൈകടത്തലുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ പോലും-അല്ലാഹുവിൻെറ ഈ കൽപന അവിടവിടെയായി ഇന്നും സ്ഥിതിചെയ്യുന്നുണ്ട്. (പുറപ്പാട്: 20ൽ 3, 4; ആവർത്തനം: 4ൽ 35;സങ്കീർത്തനം: 96ൽ 5; യെശയ്യാവു: 43ൽ 10, 11; 45ൽ 22; മത്തായി: 4ൽ 10; മാർക്കോസ്: 12ൽ 29 മുതലായവ നോക്കുക.)അല്ലാഹു തുടരുന്നു:-

32	തങ്ങളുടെ വായകൊണ്ട് അല്ലാഹുവിൻെറ പ്രകാശത്തെ (ഊതി) കെടുത്തു കളയുവാൻ അവർ ഉദ്ദേശിക്കുന്നു. തൻെറ പ്രകാശത്തെ പൂർത്തിയാക്കുവാനല്ലാതെ (മറ്റൊന്നിന്) അല്ലാഹു വിസമ്മതിക്കുകയും ചെയ്യുന്നു; അവിശ്വാസികൾ വെറുത്താലും ശരി.	يُرِيدُونَ أَن يُطْفِئُوا۟ نُورَ ٱللَّهِ بِأَفْوَٰهِهِمْ وَيَأْبَى ٱللَّهُ إِلَّآ أَن يُتِمَّ نُورَهُۥ وَلَوْ كَرِهَ ٱلْكَٰفِرُونَ ﴿٣٢﴾
33	അവനത്രെ, മാർഗ്ഗദർശനവും, യഥാർത്ഥ മതവുമായി തൻെറ റസൂലിനെ അയച്ചിട്ടുള്ളവൻ; എല്ലാ മതത്തേക്കാളും അതിനെ വെളിപ്പെടുത്തു [വിജയിപ്പിക്കു]വാൻ വേണ്ടി മുശ്‌രിക്കുകൾ [ബഹുദൈവ വിശ്വാസികൾ] വെറുത്താലും ശരി.	هُوَ ٱلَّذِىٓ أَرْسَلَ رَسُولَهُۥ بِٱلْهُدَىٰ وَدِينِ ٱلْحَقِّ لِيُظْهِرَهُۥ عَلَى ٱلدِّينِ كُلِّهِۦ وَلَوْ كَرِهَ ٱلْمُشْرِكُونَ ﴿٣٣﴾

32 **يريدونَ** അവർ ഉദ്ദേശിക്കുന്നു. **أن يطفئوا** അവർ കെടുത്തുവാൻ. **نور الله** അല്ലാഹുവിൻെറ പ്രകാശ (വെളിച്ച)ത്തെ. **بأفواههم** അവരുടെ വായകൾകൊണ്ട്. **ويأبى الله** അല്ലാഹു വിസമ്മതിക്കുക (വെറുക്കുക)യും ചെയ്യുന്നു. **إلا أن يتم** അവൻ പൂർത്തിയാക്കുന്നതിനല്ലാതെ. **نوره** തൻെറ പ്രകാശത്തെ. **ولو كره** വെറുത്താലും ശരി, അതൃപ്തിപ്പെട്ടാലും. **الكافرونَ** അവിശ്വാസികൾ. 33 **هو** അവനത്രെ. **الذي أرسلَ** അയച്ചവൻ. **رسوله** തൻെറ റസൂലിനെ. **بالهدى** മാർഗ്ഗ ദർശനവും കൊണ്ട്, സൻമാർഗ്ഗവുമായി. **ودين الحق** യഥാർത്ഥ (സത്യ) മതവും. **ليظهره** അതിനെ വെളിപ്പെടുത്തു (പ്രത്യക്ഷപ്പെടുത്തു-വിജയിപ്പിക്കു)വാൻവേണ്ടി. **على الدين** മതത്തേക്കാൾ. **كله** എല്ലാ, അതെല്ലാം. **ولو كره** വെറുത്താലും ശരി. **المشركونَ** മുശ്‌രിക്കുകൾ..

മേല്‍ വിവരിച്ച പ്രകാരമുള്ള മാര്‍ഗ്ഗങ്ങളിലൂടെ അല്ലാഹുവിന്‍െറ മതത്തെ നിഷ്പ്രഭമാക്കുവാനാണ് വേദക്കാരടക്കമുള്ള അവിശ്വാസികളുടെ ഉദ്ദേശ്യം. സൂര്യപ്രകാശം വായകൊണ്ട് ഊതിക്കെടുക്കുവാന്‍ സാധ്യമല്ലല്ലോ. അതുപോലെ, ഇസ്‌ലാമാകുന്ന പ്രകാശത്തെ വായകൊണ്ട് ഊതിക്കെടുത്തി ഇവിടെ അന്ധകാരമായമാക്കുവാന്‍ അവര്‍ക്ക് സാധ്യമല്ല. അതിന് ഒരിക്കലും അല്ലാഹു അനുവദിക്കുകയില്ല. ആ പ്രകാശത്തെ പരിപൂര്‍ണ്ണമാക്കി പ്രകാശിപ്പിക്കുവാനാണ് അവന്‍ ഉദ്ദേശിക്കുന്നത്. ആ ആവശ്യാര്‍ത്ഥം, വേണ്ടത്ര ലക്ഷ്യ ദൃഷ്ടാന്തങ്ങള്‍ സഹിതം ആ മതം അതിന്‍െറ സാക്ഷാല്‍ രൂപത്തില്‍ പ്രബോധനം ചെയ്‌വാനും, മറ്റെല്ലാ കൃത്രിമ മതങ്ങളെയും വെല്ലുമാറ് അതിനെ ലോകത്ത് പ്രത്യക്ഷപ്പെടുത്തുവാനും വേണ്ടിയാണ് അന്ത്യപ്രവാചകനായ ഈ റസൂലിനെ അവന്‍ അയച്ചിരിക്കുന്നതും. വേദക്കാര്‍ക്കോ, മുശ്‌രിക്കുകള്‍ക്കോ, മറ്റേതെങ്കിലും സത്യ നിഷേധികള്‍ക്കോ അതില്‍ വെറുപ്പും പ്രതിഷേധവും ഉണ്ടായിരുന്നാലും ശരി, അല്ലാഹു അത് നടപ്പില്‍ വരുത്തുകതന്നെ ചെയ്യും. എന്നൊക്കെയാണ് ഈ വചനത്തില്‍ അല്ലാഹു ഉറപ്പിച്ച് പ്രസതാവിക്കുന്നത്. അല്ലാഹു അക്കാര്യം നടപ്പില്‍ വരുത്തിയിട്ടുണ്ടുതാനും.എല്ലാ മതത്തെക്കാളും അതിനെ-അഥവാ ഇസ്‌ലാമിനെ- വെളിപ്പെടുത്തുവാന്‍ (ليظهره على الدين كله) എന്ന് പറഞ്ഞതിന്‍െറ താല്‍പര്യം, മറ്റു മതങ്ങളൊന്നും ലോകത്ത് നിന്ന് അപ്രത്യക്ഷമാകുമെന്നോ, മുഴുവനും ഇസ്‌ലാമിനു അടിയറവെച്ച് കീഴടങ്ങുമെന്നോ അല്ല. ന്യായം, പ്രമാണം, ദൃഷ്ടാന്തം, വിജ്ഞാനം, സ്വാധീനം, അധികാരം, പ്രതാപം, നേര്‍മാര്‍ഗ്ഗം, പ്രചാരം ആദിയായവയിലെല്ലാം തന്നെ, ഒരു മതമെന്ന നിലക്ക് ഇസ്‌ലാമിന് സിദ്ധിച്ച വിജയം മറ്റൊരു മതത്തിനും കൈവരിക്കുവാന്‍ കഴിഞ്ഞിട്ടില്ല. മറ്റേതെങ്കിലും സംസ്കാരത്തിനോ നാഗരീകതക്കോ ശക്തിക്കോ ലോകത്ത് കൂടുതല്‍ സ്വാധീനം കൈവന്നിട്ടുണ്ടെങ്കില്‍, അത് ഇസ്‌ലാം മതത്തിന്‍െറ പോരായ്കയല്ല. ഇസ്‌ലാമിന്‍െറ അനുയായികളാകുന്ന മുസ്‌ലിം സമുദായത്തില്‍ കാലക്രമത്തില്‍ കടന്ന് കൂടിയ പലതരം പേരായ്മകളാണിതിന് കാരണം. പ്രമാണപരവും ബുദ്ധിപരവുമായ ലക്ഷ്യദൃഷ്ടാന്തങ്ങളിലും, സനാതനവും പ്രായോഗികവുമായ തത്വസംഹിതകളിലും, കാലദേശാനുസൃതളായ നിയമവ്യവസ്ഥകളിലും ഇസ്‌ലാമിനോട് കിടപിടിക്കുന്ന വേറൊരു മതം ലോകത്തില്ല. യാഥാര്‍ത്ഥ്യത്തിന് നേരെ കണ്ണടക്കുകയോ, ഭൗതികവും പൈശാചീകവുമായ ദുഷ്പ്രേരണകള്‍ നിമിത്തം മാനുഷിക മൂല്യങ്ങളെയും സനാതന തത്വങ്ങളെയും ദുര്‍വ്യാഖ്യാനം ചെയ്യുകയോ ചെയ്യാത്ത ആര്‍ക്കും ഈ വസ്തവം നിഷേധിക്കുക സാധ്യമല്ല. ഇസ്‌ലാമിനോടു ശത്രുത പുലര്‍ത്തി വരുന്ന ചില മഹാരഥന്‍മാര്‍പോലും സമ്മതിക്കാറുള്ളതാണിത്.

ഈ വചനങ്ങള്‍ അവതരിച്ചുകൊണ്ടിരുന്ന പ്രാവാചക കാലഘട്ടത്തെ അപേക്ഷിച്ച് നോക്കുമ്പോള്‍, എല്ലാ മതത്തെക്കാളും ഈ മതത്തെ വെളിപ്പെടുത്തുമെന്ന് പറഞ്ഞത് അതിന്‍െറ എല്ലാ അര്‍ത്ഥത്തിലും നിവൃത്തിയായിട്ടുണ്ടെന്ന് കാണാവുന്നതാണ്. പ്രവാചകത്വം നിലവിലുണ്ടായിരുന്ന കാലമായ ഇരുപത്തിമൂന്ന് കൊല്ലത്തില്‍, മക്കായില്‍വെച്ച് ക്ഷമയുടെയും സഹനത്തിന്‍റയും പതിമൂന്ന് കൊല്ലം കഴിച്ച് ബാക്കി കഷ്ടിച്ച് പത്തുകൊല്ലക്കാലമാണ് ഇസ്‌ലാമിന്‍െറ യഥാര്‍ത്ഥ പ്രചാരണ കാലം. ഇസ്‌ലാമിനെതിരെ കനത്ത ഉരുക്ക് കോട്ടയായി നിലകൊണ്ടിരുന്ന അറേബ്യാ ഉപദ്വീപ് മുഴുവനും ഇക്കാലത്തിനകം ഇസ്‌ലാമിമേതായി മാറി. അക്കാലത്ത് അറിയപ്പെട്ടിരുന്ന ഏറ്റവും വമ്പിച്ച ലോക ശക്തികളായ റോമായും, പേര്‍ഷ്യായും ഇസ്‌ലാമിന്‍െറ പ്രതാപത്തിന് മുമ്പില്‍ ചിറകുതാഴ്ത്തേണ്ടിയും വന്നു. രണ്ടുമൂന്ന് ദശവത്സരങ്ങള്‍ കൂടി കടന്നു പോയപ്പോഴേക്കും അവിടങ്ങളില്‍ ഇസ്‌ലാമിന്‍െറ പതാക പാറിക്കളിക്കുവാനും തുടങ്ങി. ഇസ്‌ലാമിനെതിരില്‍ വിരല്‍ ചൂണ്ടുവാന്‍ തക്ക ഒരു ശക്തി ലോകത്തില്ലാതായി. അതെ, അക്ഷരാര്‍ത്ഥത്തില്‍ തന്നെ അല്ലാഹു അവന്‍െറ റസൂല്‍ മുഖാന്തരം അവന്‍െറ മതമാകുന്ന ആ പ്രകാശം ലോകത്ത് വെളിപ്പെടുത്തി. തുടര്‍ന്നുള്ള നൂറ്റാണ്ടുകളില്‍ ഇസ്‌ലാമിന് ലോകത്ത് പ്രചാരവും ശക്തിയും വര്‍ദ്ധിച്ചു. ചരിത്രത്തിന്‍െറ പ്രഥമപാഠങ്ങള്‍ ഗ്രഹിച്ചവര്‍ക്കെല്ലാം അറിയുന്നതാണിത്. താഴെ കാണുന്നതുപോലെയുള്ള ഖുര്‍ആന്‍ വചനങ്ങളും നബി വചനങ്ങളും മുമ്പില്‍ വെച്ചുകൊണ്ട് ഈ വചനങ്ങളുടെ ഉള്ളടക്കത്തെപ്പറ്റി ഒന്നുകൂടി ചിന്തിച്ച് നോക്കുക:-

അല്ലാഹു പറയുന്നു: ''നിങ്ങൾ-സത്യവിശ്വാസികൾ-അല്ലാഹുവിനെയും അവൻെറ റസൂലിനെയും അനുസരിക്കുവിൻ. നിങ്ങൾ അന്യോന്യം (ഭിന്നിച്ച്) പിണങ്ങുകയും ചെയ്യരുത്. എന്നാൽ നിങ്ങൾക്ക് ഭീരുത്വം പിണയുകയും, നിങ്ങളുടെ കാറ്റ് (വീര്യം) പോയിപ്പോകുകയും ചെയ്യും. നിങ്ങൾ ക്ഷമിക്കുകയും ചെയ്യണം. നിശ്ചയമായും, അല്ലാഹു ക്ഷമിക്കുന്നവരുടെ കൂടെയാകുന്നു''. (8:46.) ''നിങ്ങൾ ദുർബ്ബലരാകുകയും, വ്യസനിക്കുകയും ചെയ്യരുത്. നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ നിങ്ങളത്രെ ഉന്നതൻമാർ.'' (3:139) ''നിശ്ചയമായും ഞാനും എൻെറ റസൂലുകളും വിജയിക്കുക തന്നെ ചെയ്യുമെന്ന് അല്ലാഹു രേഖപ്പെടുത്തിവെച്ചിരിക്കുന്നു''. (58:21.)

നബി (ﷺ) തിരുമേനിയും, അദിയ്യുബ്നു ഹാതിമും (رضي الله عنه) തമ്മിൽ നടന്ന ഒരു സംഭാഷണത്തിൽ അഹ്മദ് (رحمه الله) ഇങ്ങിനെ ഉദ്ധരിക്കുന്നു: ....തിരുമേനി പറഞ്ഞു: ''(അദിയ്യേ) താൻ പറയുമായിരിക്കും: ഇസ്‌ലാമിനെ പിൻപറ്റിയിരിക്കുന്നത് ജനങ്ങളിലുള്ള ദുർബ്ബലരും കഴിവില്ലാത്തവരുമാണ്, അറബികൾ അവരെ എയ്ത് (അക്രമിച്ച്) കൊണ്ടിരിക്കുന്നുമുണ്ട് എന്ന്. തനിക്ക് ഹീറാ (حيرة) രാജ്യം (*) അറിയുമോ?'' ഞാൻ (അദിയ്യു) പറഞ്ഞു: ''ഞാൻ കണ്ടിട്ടില്ല-കേട്ടിട്ടുണ്ട്.'' തിരുമേനി പറഞ്ഞു: ''എന്നാൽ, എൻെറ ദേഹം യാതൊരുവൻെറ കയ്യിലാണോ അവൻ തന്നെ സത്യം! ഈ മതത്തെ അല്ലാഹു പൂർത്തിയാക്കുക തന്നെ ചെയ്യും. അങ്ങനെ, യാത്രക്കാരിയായ ഒരു സ്ത്രീ ഹീറായിൽ നിന്ന് ഒരാളുടെയും രക്ഷ കൂടാതെ വന്ന് കഅ്ബായെ ത്വവാഫു ചെയ്യുന്നതാണ്. (പേർഷ്യാ ചക്രവർത്തിയായ) ഹുർമുസിൻെറ മകൻ ക്രിസാ (കൊസ്രു) യുടെ നിക്ഷേപങ്ങൾ ജയിച്ചടക്കപ്പെടുക തന്നെ ചെയ്യും. ഞാൻ ചോദിച്ചു: ''ഹുർമുസിൻെറ മകൻ കിസ്രായുടെയോ?''; തിരുമേനി പറഞ്ഞു: ''അതെ, ഹൂർമുസിൻെറ മകൻ കിസ്രായുടെ തന്നെ. വാങ്ങുവാൻ ഒരാളും ഇല്ലാതിരിക്കത്തക്കവിധം ധനം വിതരണം ചെയ്യപ്പെടുകയും ചെയ്യും.'' (പിന്നീട്) അദിയ്യ് (رضي الله عنه) പറയുകയാണ്: ''ഇതാ! ഒരു യാത്രക്കാരി ആരുടെയും രക്ഷ കൂടാതെ വന്ന് കഅ്ബ ത്വവാഫു ചെയ്യുന്നു. (ഇതു ഞാൻ അനുഭവത്തിൽ കണ്ടു.) കിസ്രായുടെ നിക്ഷേപങ്ങൾ ജയിച്ചടക്കിയവരുടെ കൂട്ടത്തിൽ ഞാനും ഉണ്ടായിരുന്നു. എൻെറ ദേഹം യാതൊരുവൻെറ കയ്യിലാണോ അവൻ തന്നെ സത്യം! മൂന്നമാത് പറഞ്ഞ കാര്യവും നിശ്ചയമായും ഉണ്ടാകുക തന്നെ ചെയ്യും. കാരണം, റസൂൽ (ﷺ) അത് പറഞ്ഞിരിക്കുന്നു'' (അധികം താമസിയാതെത്തന്നെ, പേർസ്യൻ വിജയങ്ങളും ഉത്തരാഫ്രിക്കൻ വിജയങ്ങളും നടന്ന കാലത്ത് ഈ മൂന്നാമത്തെ കാര്യവും-ധർമ്മം വാങ്ങുവാൻ ആവശ്യക്കാരില്ലാതെ വരുമാറ് ധനവിതരണത്തിൻെറ ആധിക്യവും-സംഭവിച്ചതായി ഇസ്‌ലാമിക ചരിത്രഗ്രന്ഥങ്ങൾ പരിശോധിച്ചാൽ കാണാവുന്നതാണ്.)

ഥൗബാൻ (رضي الله عنه) ഉദ്ധരിക്കുന്നു: നബി (ﷺ) പറഞ്ഞു: ''ഭക്ഷണം കഴിക്കുന്നവർ അവരുടെ ഭക്ഷണപ്പാത്രത്തിലേക്ക് ചെന്ന് വീഴുന്നത് (തിരക്കി കൈ നീട്ടുന്നത്) പോലെ, നിങ്ങളുടെ മേൽ സമുദായങ്ങൾ വന്ന് വീഴുവാൻ കാലം അടുത്തുവരുന്നു.'' അപ്പോൾ ഒരാൾ ചോദിച്ചു: ''ഞങ്ങൾ അന്ന് കുറവായിരിക്കുന്നതുകൊണ്ടാണോ?'' തിരുമേനി പറഞ്ഞു: ''(അല്ല) പക്ഷെ, അന്ന് നിങ്ങൾ അധികമുണ്ടായിരിക്കും. എങ്കിലും മലവെള്ളത്തിലെ ചവറുപോലെയുള്ളവരായിരിക്കും നിങ്ങൾ. നിങ്ങളുടെ ശത്രുവിൻെറ മനസ്സുകളിൽ നിന്ന് നിങ്ങളെ സംബന്ധിച്ചുള്ള ഗൗരവം അല്ലാഹു നീക്കിക്കളയും. നിങ്ങളുടെ ഹൃദയങ്ങളിൽ അവൻ ദർബ്ബല്യം ഇട്ടേക്കുകയും ചെയ്യും.'' ഒരാൾ ചോദിച്ചു: ''റസൂലേ! എന്തായിരിക്കും ദർബ്ബല്യം?'' തിരുമേനി പറഞ്ഞു: ''ഇഹലോകത്തോടുള്ള സ്നേഹവും, മരണത്തെക്കുറിച്ചുള്ള വെറുപ്പം.'' (അബൂദാവൂദും, ബൈ

* ഇറാഖിലെ ഒരു രാജ്യമാണു ഹീറഃ (حيرة) ഇറാക്കിൽ മുസ്‌ലിംകൾ ആദ്യം ജയിച്ചടക്കിയരാജ്യമാണിത്.

ഹഖീ-ദലാഇലിലും) സൂറത്തുല്‍ അഹ്സാബ് 40-ാം വചനത്തിന്‍റെ വ്യാഖ്യാനത്തില്‍ ഉദ്ധരിച്ച ഏതാനും ആയത്തുകളും ഹദീസുകളും ഇവിടെ സ്മരണീയമാകുന്നു.

34 ഹേ, വിശ്വസിച്ചവരേ, നിശ്ചയമായും മത പണ്ഡിതന്‍മാരില്‍ നിന്നും പുരോഹിത ന്‍മാരില്‍ നിന്നും വളരെ ആളുകള്‍, മനുഷ്യരുടെ സ്വത്തുക്കളെ അന്യായമായി തിന്നുക തന്നെ ചെയ്യുന്നു; അല്ലാഹുവിന്‍റെ മാര്‍ഗ്ഗത്തില്‍ നിന്ന് അവര്‍ (ആളുകളെ) തടയുകയും ചെയ്യുന്നു. സ്വര്‍ണ്ണവും, വെള്ളിയും നിക്ഷേപിച്ചു വെക്കുകയും, അല്ലാഹുവിന്‍റെ മാര്‍ഗ്ഗത്തില്‍ അതിനെ ചിലവഴിക്കാതിരിക്കുകയും ചെയ്യുന്നവരാകട്ടെ, അവര്‍ക്കു വേദനയേറിയ ശിക്ഷയെക്കുറിച്ച് സന്തോഷവാര്‍ത്ത അറിയിക്കുക!-

۞ يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِنَّ كَثِيرًا مِّنَ ٱلْأَحْبَارِ وَٱلرُّهْبَانِ لَيَأْكُلُونَ أَمْوَٰلَ ٱلنَّاسِ بِٱلْبَـٰطِلِ وَيَصُدُّونَ عَن سَبِيلِ ٱللَّهِ ۗ وَٱلَّذِينَ يَكْنِزُونَ ٱلذَّهَبَ وَٱلْفِضَّةَ وَلَا يُنفِقُونَهَا فِى سَبِيلِ ٱللَّهِ فَبَشِّرْهُم بِعَذَابٍ أَلِيمٍ ﴿٣٤﴾

35 'ജഹന്നമി'ന്‍റെ [നരകത്തിന്‍റെ] അഗ്നിയില്‍ വെച്ച് അതു കാച്ചിപ്പഴുപ്പിക്കപ്പെടുന്ന ദിവസം, എന്നിട്ട് അതുകൊണ്ട് അവരുടെ നെറ്റികള്‍ക്കും, പാര്‍ശ്വങ്ങള്‍ക്കും, മുതുകുകള്‍ക്കും ചൂടു വെ(ച്ച് കരി)ക്കപ്പെടുകയും ചെയ്യുന്ന (ദിവസം). "ഇതത്രെ, നിങ്ങള്‍ നിങ്ങളുടെ സ്വന്തങ്ങള്‍ക്കു വേണ്ടി നിക്ഷേപിച്ചു വെച്ചത്; അതിനാല്‍, നിങ്ങള്‍ നിക്ഷേപിച്ചു വെച്ചിരുന്നതിനെ നിങ്ങള്‍ രുചിച്ചുനോക്കിക്കൊള്ളുവിന്‍"! (എന്ന് അവരോടു പറയപ്പെടുകയും ചെയ്യും.)

يَوْمَ يُحْمَىٰ عَلَيْهَا فِى نَارِ جَهَنَّمَ فَتُكْوَىٰ بِهَا جِبَاهُهُمْ وَجُنُوبُهُمْ وَظُهُورُهُمْ ۖ هَـٰذَا مَا كَنَزْتُمْ لِأَنفُسِكُمْ فَذُوقُوا۟ مَا كُنتُمْ تَكْنِزُونَ ﴿٣٥﴾

---

34 يا أيها الذين آمنوا ഹേ വിശ്വസിച്ചവരേ. إن كثيرا നിശ്ചയമായും വളരെ (അധികം-പല) ആളുകള്‍. من الأحبار മതപണ്ഡിതന്‍മാരില്‍നിന്ന്. والرهبان പുരോഹിതന്‍മാരില്‍ നിന്നും. ليأكلونَ അവര്‍ തിന്നുകതന്നെ ചെയ്യും, തിന്നുന്നു. أموالَ സ്വത്തുക്കളെ. الناس മനുഷ്യരുടെ. بِالباطل അന്യായമായിട്ട്, വ്യര്‍ത്ഥമായ വഴിക്കു. ويصدونَ അവര്‍ തടയുകയും ചെയ്യുന്നു. عن سبِيل اللهِ അല്ലാഹുവിന്‍റെ മാര്‍ഗ്ഗത്തില്‍നിന്ന്. والذين يكْنِزونَ നിക്ഷേപിച്ചു വെക്കുന്നവരാകട്ടെ. الذهب സ്വര്‍ണ്ണം. والفضةَ വെളളിയും. ولاَ ينفقُونها അതിനെ അവര്‍ ചിലവഴിക്കയുമില്ല. في سبِيل اللهِ അല്ലാഹുവിന്‍റെ മാര്‍ഗ്ഗത്തില്‍. فَبشرهم അവര്‍ക്ക് നീ സന്തോഷമറിയിക്കുക. بِعذَابٍ ശിക്ഷയെപ്പറ്റി. أليمٍ വേദനയേറിയ.35 يوم ദിവസം. يحمى عليها അതു കാച്ചിപ്പഴുപ്പിക്കപ്പെടുന്ന. في نارِ തീയില്‍, അഗ്നിയില്‍. جهنم ജഹന്നമിന്‍റെ. فَتكْوى എന്നിട്ട് ചൂട് കുത്തപ്പെടും, കരിക്കപ്പെടും. بِها അതുകൊണ്ട്, അതിനാല്‍. جِباههم അവരുടെ നെറ്റികള്‍. وجنوبهم അവരുടെ പാര്‍ശ്വങ്ങളും, ഭാഗങ്ങളും. وظُهورهم അവരുടെ പുറങ്ങളും, മുതുകുകളും. هذَا ഇത്. ما كَنزتم നിങ്ങള്‍ നിക്ഷേപിച്ചു വെച്ചത്. لأنفُسِكُم നിങ്ങളുടെ സ്വന്തങ്ങള്‍ (ദേഹങ്ങള്‍)ക്കു വേണ്ടി. فَذُوقُوا അതിനാല്‍ (ഇനി) നിങ്ങള്‍ രുചി നോക്കുവിന്‍, ആസ്വദിക്കുവിന്‍. ما كُنتم നിങ്ങളായിരുന്നതിനെ. تكْنِزونَ നിങ്ങള്‍ സൂക്ഷിച്ചു വെക്കും.

ആഹൂദ പണ്ഡിത വര്‍ഗ്ഗത്തിലും, ക്രിസ്തീയ പുരോഹിത വര്‍ഗ്ഗത്തിലും പെട്ട വളരെ ആളുകള്‍ അന്യായമായ വഴിക്ക് ജനങ്ങളുടെ ധനം വാങ്ങിത്തിന്നുകയും, അല്ലാഹുവിന്‍റെ

മാർഗ്ഗത്തിൽ നിന്ന് അവർ ജനങ്ങളെ തട്ടിത്തിരിക്കുകയും ചെയ്തുവരുന്നുവെന്നും, അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ചിലവഴിക്കാതെ ധനം കെട്ടിപ്പൂട്ടിവെക്കുന്നവർക്ക് അതേ ധനംകൊണ്ടുതന്നെ നരകത്തിൽ വെച്ച് കടുത്ത ശിക്ഷ അനുഭവിക്കേണ്ടിവരുമെന്നും അല്ലാഹു അറിയിക്കുന്നു. വേദക്കാരിലുള്ള ആ സ്വഭാവം മുസ്ലിംകളിൽ ഉണ്ടായിക്കൂടാ എന്നും, ഉണ്ടാകുന്ന പക്ഷം, അവരും അതേ ശിക്ഷക്ക് വിധേയരായിരിക്കുമെന്നും മുസ്ലിംകൾക്കുള്ള ഒരു താക്കീതാണിത്. അതുകൊണ്ടാണ് ياايها الذين امنوا (ഹേ, വിശ്വസിച്ചവരെ) എന്ന് വിളിച്ചുകൊണ്ട് ഈ കാര്യം പ്രസ്താവിച്ചിരിക്കുന്നത്. ജനങ്ങളുടെ ഇഷ്ടത്തിനൊത്ത് 'ഫത്‌വാ' (മതവിധി) നൽകിയും, ഹിതത്തിനനുസരിച്ച് മത വിധികളിൽ നീക്കുപോക്ക് സ്വീകരിച്ചുംകൊണ്ട് ജനങ്ങളിൽ നിന്ന് കോഴയും കൈകൂലിയും വാങ്ങുക, സൂത്രമാർഗ്ഗങ്ങൾ ഉപയോഗിച്ച് പലിശ വാങ്ങുക, ഖബ്ർ സ്ഥാനങ്ങളുടെയും പുണ്യവാളൻമാരുടെയും പേരിൽ നേർച്ചയും വഴിപാടും സ്വീകരിക്കുക മുതലായ കാര്യങ്ങളെല്ലാം അന്യായമായി ധനം സമ്പാദിക്കലാകുന്നു. സാമാന്യമായിപ്പറഞ്ഞാൽ, മതപണ്ഡിതൻ തൻെറ പാണ്ഡിത്യത്തിൻെറയും, മത പുരോഹിതൻ തൻെറ പുരോഹിത്യത്തിൻെറയും ചുവട് പിടിച്ചുകൊണ്ട് ജനങ്ങളുടെ ധനം ചൂഷണം ചെയ്യുന്ന എല്ലാ ഏർപ്പാടുകളും ഇപ്പറഞ്ഞതിൽ ഉൾപ്പെടുന്നു. ജനങ്ങളെ നേർമാർഗ്ഗത്തിൽ നിന്ന് അകറ്റി നിറുത്തൽ ഇതിൻെറ സ്വാഭാവികമായ ഫലവുമത്രെ.

അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ചിലവഴിക്കാതെ സ്വർണ്ണവും വെള്ളിയും കെട്ടിപ്പൂട്ടിവെക്കുന്നവരുടെ ശരീരഭാഗങ്ങളെ അതേ സ്വർണ്ണവും വെള്ളിയും നരകത്തിൽവെച്ച് ചുട്ടുപഴുപ്പിച്ച് അതുകൊണ്ട് പൊള്ളിച്ച് കരിക്കുമെന്നും, ഇത് നിങ്ങൾ നിക്ഷേപിച്ചുവെച്ചിരുന്ന ആ സ്വർണ്ണവും വെള്ളിയുമാണ്-അതിൻെറ രുചി നല്ലവണ്ണം ആസ്വദിച്ചുകൊള്ളുക-എന്ന് അവരോട് പറയപ്പെടുമെന്നുള്ള അല്ലാഹുവിൻെറ ഈ താക്കീത് ഒരു പൊതുവായ താക്കീതാകുന്നു. പണ്ഡിത പുരോഹിതൻമാരെന്നോ, ന്യായമായ വഴിക്ക് സമ്പാദിച്ചതെന്നോ, അന്യായമായ വഴിക്ക് സമ്പാദിച്ചതെന്നോ ഇതിൽ വ്യത്യാസപ്പെടുത്തിയിട്ടില്ല. പക്ഷെ, കെട്ടിപ്പൂട്ടിവെക്കുന്നവർ പണ്ഡിതൻമാരും പുരോഹിതൻമാരും കൂടി ആയിരിക്കുകയോ, കെട്ടിപ്പൂട്ടിവെക്കുന്ന ധനം അന്യായമായ മാർഗ്ഗത്തിലൂടെ സമ്പാദിച്ചതായിരിക്കുകയോ ചെയ്യുമ്പോൾ അതിൻെറ ശിക്ഷ കൂടുതൽ കഠിനമായിരിക്കുമെന്ന് പറയേണ്ടതില്ല. സ്വത്തുക്കളിൽവെച്ച് കൂടുതൽ പ്രാധാന്യം കൽപിക്കപ്പെടുന്നതും, കൂടുതൽ നിക്ഷേപിച്ച് വെക്കപ്പെടാറുള്ളതും വെള്ളിയും സ്വർണ്ണവുമാണല്ലോ. അതുകൊണ്ടാണ് അത് രണ്ടും പ്രത്യേകം എടുത്ത് പറയപ്പെട്ടിരിക്കുന്നത്. അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ചിലവഴിക്കാതെ സംഭരിച്ചുവെക്കുന്ന എല്ലാ ധനവും ശിക്ഷക്ക് കാരണമാണെന്നുള്ളതിൽ സംശയമില്ല. അവരോട് സന്തോഷവാർത്തയായി ഒന്നും തന്നെ അറിയിക്കാനില്ല-വല്ലതും ഉണ്ടെങ്കിൽ, അത് ശിക്ഷയെക്കുറിച്ച് മാത്രമാണ്-എന്നാണ് ''അവർക്ക് വേദനയേറിയ ശിക്ഷയെക്കുറിച്ച് സന്തോഷമറിയിക്കുക'' എന്ന് പറഞ്ഞതിൻെറ താൽപര്യം. ഇത് കേവലം അവരുടെ നേരെയുള്ള ഒരു പരിഹാസം കൂടിയാകുന്നു.

നബി (ﷺ) പറഞ്ഞതായി അബൂഹുറൈറ (رضي الله عنه) ഉദ്ധരിക്കുന്നു: ''സ്വർണ്ണത്തിൻെറ ആളും വെള്ളിയുടെ ആളുമായ വല്ല മനുഷ്യനും അതിൻെറ കടമ കൊടുത്ത് വീട്ടിയിട്ടില്ലെങ്കിൽ ഖിയാമത്തു നാളിൽ അതവന്ന് അഗ്നികൊണ്ടുള്ള തകിടുകളാക്കി പരത്തപ്പെടുകയും, എന്നിട്ട് അവകൊണ്ട് അവൻെറ പാർശ്വവും, നെറ്റിയും ചൂടുകുത്തികരിക്കപ്പെടുകയും ചെയ്യാതിരിക്കുകയില്ല.'' (ബു; മു.) അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ചിലവഴിക്കുന്നതിൽ പിശുക്കു പിടിക്കാതെയും, ധനപരമായ കടമകൾ ബാക്കിവെക്കാതെയും സ്വത്ത് സമ്പാദിക്കുന്നതിൽ തെറ്റില്ലെന്ന് ഈ വചനളിൽ നിന്നും ഈ ഹദീസിൽനിന്നും വ്യക്തമാകുന്നു. അതുകൊണ്ടാണല്ലോ മരണപ്പെടുമ്പോൾ ധനം കുറച്ചായിരുന്നാലും അധികമായിരുന്നാലും അനന്തരാവകാശികൾക്ക് കൊടുക്കുവാൻ അല്ലാഹു കൽപിച്ചിരിക്കുന്നതും, (4:7) ചില ആളുകൾ ധരിച്ചുവശായതുപോലെ, സത്യവിശ്വാസികൾക്ക് ധനം സമ്പാദിച്ച് വെക്കുവാനുള്ള ഒരു പഴുതും ഇസ്ലാമിലില്ലെങ്കിൽ അനന്തരാവകാശ നിയമങ്ങൾക്കും, വസിയ്യത്തുകൾക്കും പിന്നെ സ്ഥാനമില്ലല്ലോ. അല്ലാഹുവിൻെറ മാർഗ്ഗ

ത്തിൽ ചിലവഴിക്കുക എന്ന് പറഞ്ഞതിൽ, ഒന്നാമതായി നിയമപ്രകാരമുള്ള സകാത്തും അതിനു ശേഷം സന്ദർഭവും പരിതസ്ഥിതികളും അനുസരിച്ച് ആവശ്യമായി വരുന്ന എല്ലാ ദാന ധർമ്മങ്ങളും ഉൾപ്പെടുന്നു. സക്കാത്ത് കൊടുത്തുതീർത്താൽ ധനം ശുദ്ധിയാകുമെന്ന് കാണിക്കുന്ന ചില നബിവചനങ്ങളെയും മറ്റും ആധാരമാക്കി സക്കാത്തല്ലാത്ത കടമകളൊന്നും ധനത്തിൽ വേറെയില്ലെന്ന് പറയുന്നത് പിശുക്കൻമാരുടെ ഒരു ഊന്നുവടി മാത്രമാണ്. സക്കാത്തിനും പുറമെ, ഓരോരുത്തൻെറയും കഴിവനനുസരിച്ചും, ചുറ്റുപാടനുസരിച്ചും വേറെയും പല കടമകൾ ധനത്തിൽ നിന്ന് നിർവ്വഹിക്കേണ്ടതുണ്ടെന്ന് ധാരാളക്കണക്കിൽ ഖുർആൻ വചനങ്ങളിൽ നിന്നും നബി വചനങ്ങളിൽ നിന്നും നിരുപാധികം അറിയപ്പെട്ടതാകുന്നു.

إِنَّ عِدَّةَ ٱلشُّهُورِ عِندَ ٱللَّهِ ٱثْنَا عَشَرَ شَهْرًا فِى
كِتَـٰبِ ٱللَّهِ يَوْمَ خَلَقَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ
مِنْهَآ أَرْبَعَةٌ حُرُمٌ ۚ ذَٰلِكَ ٱلدِّينُ ٱلْقَيِّمُ ۚ فَلَا تَظْلِمُوا۟
فِيهِنَّ أَنفُسَكُمْ ۚ وَقَـٰتِلُوا۟ ٱلْمُشْرِكِينَ كَآفَّةً
كَمَا يُقَـٰتِلُونَكُمْ كَآفَّةً ۚ وَٱعْلَمُوٓا۟ أَنَّ ٱللَّهَ مَعَ
ٱلْمُتَّقِينَ ﴿٣٦﴾

36 നിശ്ചയമായും, അല്ലാഹുവിൻെറ അടുക്കൽ മാസങ്ങളുടെ എണ്ണം, പന്ത്രണ്ട് മാസങ്ങൾ എന്നാകുന്നു; (അതെ) ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ച ദിവസം അല്ലാഹുവിൻെറ രേഖയിൽ [വിധി നിശ്ചയത്തിൽ]. അവയിൽപെട്ടതാണ് (യുദ്ധം നിഷിദ്ധമാക്കപ്പെട്ട) പവിത്രമായ നാലു (മാസം) അതത്രെ ചൊവ്വായി നിലകൊള്ളുന്ന മതം [നടപടി]. ആകയാൽ, അവയിൽ [ആ നാലുമാസങ്ങളിൽ] നിങ്ങൾ നിങ്ങളോടു തന്നെ അക്രമം ചെയ്യരുത്. മുശ്രിക്കുകൾ നിങ്ങളോട് ആകമാനം യുദ്ധം ചെയ്യുന്നതുപോലെ, നിങ്ങൾ അവരോടും ആകമാനം യുദ്ധം ചെയ്യുവിൻ. അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരോടു കൂടെയാണെന്ന് നിങ്ങൾ അറിയുകയും ചെയ്യുവിൻ.

إِنَّمَا ٱلنَّسِىٓءُ زِيَادَةٌ فِى ٱلْكُفْرِ ۖ يُضَلُّ بِهِ
ٱلَّذِينَ كَفَرُوا۟ يُحِلُّونَهُۥ عَامًا وَيُحَرِّمُونَهُۥ
عَامًا لِّيُوَاطِـُٔوا۟ عِدَّةَ مَا حَرَّمَ ٱللَّهُ فَيُحِلُّوا۟ مَا
حَرَّمَ ٱللَّهُ ۚ زُيِّنَ لَهُمْ سُوٓءُ أَعْمَـٰلِهِمْ ۗ وَٱللَّهُ
لَا يَهْدِى ٱلْقَوْمَ ٱلْكَـٰفِرِينَ ﴿٣٧﴾

37 നിശ്ചയമായും (മാസത്തിൻെറ നിഷിദ്ധതയെ) പിന്നോട്ടു മാറ്റൽ, അവിശ്വാസത്തിൽ ഒരു വർദ്ധനവ് തന്നെയാകുന്നു. അതുമൂലം അവിശ്വസിച്ചവർ വഴി പിഴപ്പിക്കപ്പെടുന്നു: (അതായത്) ഒരു കൊല്ലം അതിനെ [മാറ്റിവെച്ച മാസത്തെ] അവർ അനുവദനീയമാക്കുകയും, ഒരു കൊല്ലം അതിനെ നിഷിദ്ധമാക്കുകയും ചെയ്യുന്നു; അല്ലാഹു നിഷിദ്ധമാക്കിയതിൻെറ എണ്ണത്തോട് ഒപ്പിക്കുവാനും, അങ്ങനെ, അല്ലാഹു നിഷിദ്ധമാക്കിയതിനെ അനുവദനീയമാക്കുവാനും വേണ്ടി. അവരുടെ ദുഷ്പ്രവൃത്തികൾ അവർക്ക് ഭംഗിയാക്കിക്കാണിക്കപ്പെട്ടിരിക്കുകയാണ്. അല്ലാഹു, അവിശ്വാസികളായ ജനങ്ങളെ സൻമാർഗ്ഗത്തിലാക്കുകയില്ല.

---

36 **إن عدة** നിശ്ചയമായും എണ്ണം. **الشهور** മാസങ്ങളുടെ. **عند الله** അല്ലാഹുവിൻെറ അടുക്കൽ. **اثْنا عشر** പന്ത്രണ്ടാകുന്നു. **شهرا** മാസം, മാസമായിട്ട്. **في كتابِ الله** വിധി നിശ്ചയ ഗ്രന്ഥത്തിൽ, രേഖയിൽ. അല്ലാഹുവിൻെറ. **يوم خلق** അവൻ സൃഷ്ടിച്ച ദിവസം. **السماوات** ആകാശങ്ങളെ. **والأرض** ഭൂമിയെയും. **منها** അവയിൽ പെട്ടതാണ്, അതിലുണ്ട്. **أربعةٌ** നാലു (എണ്ണം-മാസം). **حرم** പവിത്രമായ,

(യുദ്ധം) നിഷിദ്ധമായ. **ذَلِكَ الدين** അത് മതമത്രെ, അത് നടപടിയാണ്. **الْقَيِّم** ചൊവ്വെ നിലകൊള്ളു ന്ന, ഉറച്ചുനിൽക്കുന്ന. **فَلَا تَظْلِمُوا** അതിനാൽ നിങ്ങൾ അക്രമം ചെയ്യരുത്. **فِيهِن** അവയിൽ. **أَنفُسَكُمْ** നിങ്ങളുടെ സ്വന്തങ്ങളോട്, നിങ്ങളോട്തന്നെ. **وَقَاتِلُوا** യുദ്ധം ചെയ്യുകയും ചെയ്യുവിൻ. **الْمُشْرِكِين** മുശ്‌രിക്കുകളോട്. **كَافَّةً** ആകമാനം, ഒന്നടങ്കം. **كَمَا يُقَاتِلُونَكُمْ** അവർ നിങ്ങളോട് യുദ്ധം ചെയ്യുന്ന പോലെ . **كَافَّةً** ആകമാനം, മുഴുവനും . **وَاعْلَمُوا** അറിയുകയും ചെയ്യുക. **أَنَّ اللَّهَ** അല്ലാഹു (ആകുന്നു) എന്നു. **مَعَ الْمُتَّقِين** സൂക്ഷ്മത പാലിക്കുന്നവരുടെ കൂടെ . 37 **إِنَّمَا** നിശ്ചയമായും മാത്രം (തന്നെ). **النَّسِيءُ** പിന്നോട്ട് മാറൽ, പിന്തിച്ചുവെക്കൽ. **زِيَادَةٌ** ഒരു വർദ്ധനവ് (തന്നെ-മാത്രം) ആകുന്നു. **فِي الْكُفْرِ** അവിശ്വാസത്തിൽ. **يُضَل** വഴി പിഴപ്പിക്കപ്പെടുന്നു. **بِهِ** അതുകൊണ്ട്, അതു മൂലം. **الَّذِينَ كَفَرُوا** അവിശ്വസിച്ചവർ. **يُحِلُّونَه** അതിനെ അവർ ഹലാൽ (അനുവദനീയം) ആക്കുന്നു. **عَامًا** ഒരു കൊല്ലം. **وَيُحَرِّمُونَه** അതിനെ അവർ ഹറാം (നിഷിദ്ധം) ആക്കുകയും ചെയ്യു ന്നു. **عَامًا** ഒരു കൊല്ലം. **لِيُوَاطِئُوا** അവർ ഒപ്പിക്കുവാൻ, ഒത്തുകൂടുവാൻവേണ്ടി. **عِدَّةَ** എണ്ണത്തെ, എണ്ണത്തോട്. **مَا حَرَّم** നിഷിദ്ധമാക്കിയതിന്റെ. **اللَّهُ** അല്ലാഹു. **فَيُحِلُّوا** അങ്ങനെ അവർ അനുവദനീ യമാക്കുവാൻ. **مَا حَرَّمَ اللَّهُ** അല്ലാഹു നിഷിദ്ധമാക്കിയതിനെ. **زُيِّن** ഭംഗിയാക്കപ്പെട്ടിരിക്കുന്നു. **لَهُمْ** അവർക്ക്. **سُوءُ أَعْمَالِهِمْ** അവരുടെ പ്രവൃത്തിയിൽ ദുഷിച്ചത്, ദുഷ്പ്രവത്തികൾ. **وَاللَّهُ** അല്ലാഹുവാ കട്ടെ. **لَا يَهْدِي** അവൻ സൻമാർഗ്ഗത്തിലാക്കുകയില്ല. **الْقَوْمَ** ജനങ്ങളെ. **الْكَافِرِين** അവിശ്വാസികളായ

സൂറത്തിന്റെ തുടക്കം മുതൽ മുശ്‌രിക്കുകളെക്കുറിച്ച് സംസാരിച്ചുവരുന്ന മദ്ധ്യെ ഇടക്കു വെച്ച് വേദക്കാരെ സംബന്ധിച്ച് ചിലതെല്ലാം പ്രസ്താവിച്ചു. വീണ്ടും സംസാരം മുശ്‌രിക്കുകളി ലേക്ക് തന്നെ തിരിഞ്ഞിരിക്കുകയാണ്. മുശ്‌രിക്കുകൾ മതത്തിൽ കടത്തിക്കൂട്ടിയ ഒരു തോന്നിയ വാസത്തെക്കുറിച്ചാണ് ഈ വചനങ്ങളിലെ പരാമർശം. ഇബ്‌റാഹീം (عليه السلام) നബിയുടെ കാലം മുതൽക്കേ കൊല്ലത്തിൽ ദുൽഖഅ്ദഃ, ദുർഹിജ്ജഃ, മുഹറം, റജബ് എന്നീ നാലുമാസങ്ങൾ യു ദ്ധം പാടില്ലാത്ത പവിത്ര മാസങ്ങളായി ആചരിക്കപ്പെട്ടുവന്നിരുന്നു. ഇബ്‌റാഹിം (عليه السلام) നബിയുടെ പാരമ്പര്യം അവകാശപ്പെടുന്നവരാണല്ലോ മുശ്‌രിക്കുകൾ, കാലക്രമത്തിൽ ആ സമ്പ്രദായത്തിൽ അവർ ഒര് മാറ്റം സ്വീകരിച്ചു. പൊതുവെ യുദ്ധ പ്രിയൻമാരായ അവർക്ക് ചിലപ്പോൾ ഈ നിയമം പാലിക്കുന്നത് അവരുടെ യുദ്ധ താൽപര്യങ്ങൾക്ക് യോജിക്കാതെ വരും. അപ്പോൾ ഇതിൽനിന്ന് രക്ഷപ്പെടുവാൻ വേണ്ടി ഒരു മാസത്തിന്റെ പവിത്രത മറ്റൊരു മാസത്തിലേക്ക് നീട്ടിവെച്ചുകൊണ്ട് ആ മാസത്തിൽ അവർ യുദ്ധം നടത്തുകയും, മറ്റേ മാസം പവിത്രമാസമായി ആചരിക്കുകയും ചെയ്യും. അങ്ങനെ നിശ്ചിത മാസങ്ങളിൽ മാറ്റം വരുത്തിക്കൊണ്ടാണെങ്കിലും കൊല്ലത്തിൽ നാലുമാസം പവിത്ര മാസങ്ങളായി ഒപ്പിക്കുകയും ചെയ്യും. ഇങ്ങിനെ, ഒരു മാസത്തിന്റെ പവിത്രത മറ്റൊരു മാസത്തിലേക്ക് മാറ്റിവെക്കുന്ന തിനാണ് النَّسِيءُ (നസീഉ്) എന്ന് പറയപ്പെടുന്നത്. ഇതിനെപ്പറ്റിയാണ് രണ്ടാമത്തെ വചനത്തിൽ പ്രസ്താവിക്കുന്നത്.

മറ്റൊരു തരം 'നസീഉം' അറബികളിൽ പതിവുണ്ടായിരുന്നതായി ഇമാം റാസി (رحمه الله) മു തലായ ചിലർ പ്രസ്താവിച്ചിരിക്കുന്നു. പണ്ട് മുതൽക്കേ ചാന്ദ്രിക മാസങ്ങളുടെ അടിസ്ഥാനത്തി ലാണ് അറബികൾ കാലനിർണ്ണയം ചെയ്തുവന്നിരുന്നത്. സൗരവർഷവും ചന്ദ്രവർഷവും തമ്മിൽ കൊല്ലത്തിൽ ഏതാണ്ട് പതിനൊന്ന് ദിവസത്തെ വ്യത്യാസം ഉണ്ടായിരിക്കുമല്ലോ. ഉഷ്ണം, ശൈത്യം, കാലവർഷം, വേനൽ മുതലായ പ്രകൃതി മാറ്റങ്ങൾ സംഭവിക്കുന്നത് സൗ രമാസങ്ങളുടെ കണക്കിലുമായിരിക്കും. ഇത് നിമിത്തം ഹജ്ജുകാലം ചിലപ്പോൾ അത്യുഷ്ണ വേളയിലും, ചിലപ്പോൾ മറിച്ചും വന്നേക്കും. ഉഷ്ണകാലത്ത് ഹജ്ജ് വരുന്നതുകൊണ്ട് പൊതുവെയുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് പുറമെ, അവരുടെ ഒരു പ്രധാന ധനാഗമമാർഗ്ഗമായ ഹജ്ജ് കാലത്തെ കച്ചവടോത്സവങ്ങൾക്കും അത് തടസ്സമായിത്തീരും. അതുകൊണ്ട് ചാന്ദ്രിക മാസങ്ങളെ കണക്കാക്കുന്നതിൽ ചില നീക്കുപോക്കുകൾ സ്വീകരിച്ചുകൊണ്ട് ഹജ്ജുകാലം അവർ മാറ്റി നിശ്ചയിക്കും. ഇതാണ് ഈ 'നാസീഇ'ന്റെ ചുരുക്കം.

യുദ്ധം നിഷിദ്ധമായ നാല് മാസങ്ങൾ ഏതൊക്കെയാണെന്ന് ജാഹിലിയ്യത്തിലും ഇസ്‌ലാമിലും പരക്കെ അറിയപ്പെട്ടതാണ്. നബി (ﷺ) യുടെ പ്രസിദ്ധമായ ഹജ്ജത്തുൽ വിദാഇലെ പ്രസംഗത്തിൽ തിരുമേനി അക്കാര്യം ഇങ്ങനെ വ്യക്തമാക്കുകയും ചെയ്തു: ‘നിശ്ചയമായും കാലം, അല്ലാഹു ആകാശഭൂമികളെ സൃഷ്ടിച്ച ദിവസത്തെ മാതിരി തിരിഞ്ഞ് വന്നിരിക്കുന്നു. ഒരു കൊല്ലം പന്ത്രണ്ട് മാസം. അതിൽ നാലെണ്ണം ‘ഹറാമാ’യവ (അലംഘനീയമായ പവിത്ര മാസങ്ങൾ) മൂന്നെണ്ണം തുടർച്ചായുള്ളവയാണ്. അതായത്, ദുർഖഅ്ദഃ, ദുർഹിജ്ജഃ മുഹറം എന്നിവ. (നാലാമത്തേത്) ജുമാദായുടെയും, ശ്അബാൻെറയും ഇടയിലുള്ള മുള്ർ ഗോത്രത്തിൻെറ റജബും’. (അ;ബ;:മു) റജബുമാസത്തെപ്പറ്റി നബീ (ﷺ) ‘മുള്വറിൻെറ റജബു’ رجب مضر എന്നു പറയുവാൻ കാരണം, വേറെ ചില ഗോത്രക്കാർ ആ മാസത്തിൻെറ ആചരണത്തിൽ വ്യത്യാസം വരുത്തിയിരുന്നതാണെന്ന് ഇബ്നുകഥീർ (رحمه الله) ചൂണ്ടിക്കാട്ടിയിരിക്കുന്നു. ഹജ്ജ് സമ്മേളനത്തിൽ ദൂരപ്രദേളിൽനിന്ന് നിർഭയം വന്ന് ചേരുവാനുള്ള സൗകര്യത്തിന് വേണ്ടി ഹജ്ജ് മാസത്തിന് മുമ്പ് ദുൽഖഅ്ദുമാസവും, അതേമാതിരി ഹജ്ജിൻെറ ശേഷം സമാധാനപൂർവ്വം തിരിച്ചുപോകുവാനുള്ള സൗകര്യത്തിനുവേണ്ടി അതിൻെറ ശേഷം മുഹറ മാസവും-അങ്ങിനെ മൂന്നുമാസം-അല്ലാഹു തുടർച്ചയായി യുദ്ധം ഹറാമാക്കിയിരിക്കുന്നു. ഇടക്കുവെച്ച് ഉംറഃ കർമ്മം ചെയ്ത് പോകുന്നരുടെ സൗകര്യം കണക്കിലെടുത്ത് റജബു മാസവും ഹറാമാക്കിയിരിക്കുകയാണ്.

ചില കാലങ്ങൾക്കും, ചില സ്ഥലങ്ങൾക്കും അല്ലാഹു ചില പ്രത്യേക സ്ഥാനങ്ങൾ കൽപിച്ചുവെച്ചിരിക്കുന്നു. മറ്റുള്ളവയിലില്ലാത്ത ചില അനുഷ്ഠാനങ്ങളും ആചരണങ്ങളും അവയിൽ അവൻ നിയമിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങിനെ നിശ്ചയിച്ചതിലുള്ള യുക്തി രഹസ്യങ്ങൾ അൽപം ചിലതൊക്കെ നമുക്ക് അറിയുവാൻ കഴിഞ്ഞേക്കുമെങ്കിലും മുഴുവനായോ, വിശദമായോ അതിലടങ്ങിയ തത്വരഹസ്യങ്ങൾ മനസ്സിലാക്കുവാൻ നമുക്ക് കഴിയുകയില്ല. എന്തുകൊണ്ട് ദിനംപ്രതി അഞ്ച് നമസ്കാരം നിയമിച്ചു? അഴ്ചയിലെ ദിവസങ്ങളിൽ വെള്ളിയാഴ്ച ദിവസത്തിന് എന്തുകൊണ്ട് പ്രാധാന്യം കൽപിച്ചു? മാസങ്ങളിൽ എന്തുകൊണ്ട് റംസാന് പ്രത്യേകത നൽകി? ഇതിനൊന്നും വസ്തു നിഷ്ഠവും പരിപൂർണ്ണവുമായ ഉത്തരം പറയുവാൻ നമുക്ക് സാദ്ധ്യമല്ല. ഇതുപോലെ, സ്ഥലങ്ങളുടെ കൂട്ടത്തിൽ പള്ളികൾക്കും, രാജ്യങ്ങളുടെ കൂട്ടത്തിൽ മക്കാ, മദീനാ, ബൈത്തുൽ മുഖദസ് എന്നിവക്കും അല്ലാഹു ചില ശ്രേഷ്ഠതകൾ നൽകിയിരിക്കുന്നു. ഓരോന്നിനും ചില കാരണങ്ങളൊക്കെ നമുക്ക് മനസ്സിലായിട്ടുണ്ടെങ്കിലും, നമുക്ക് അജ്ഞാതമായ വേറെയും യുക്തി രഹസ്യങ്ങൾ അതിലെല്ലാം അടങ്ങിയിട്ടുണ്ടെന്നുള്ളതിൽ സംശയമില്ല. ആ സ്ഥിതിക്ക് ഓരോന്നിനും കൽപിച്ച പവിത്രതയും, സ്ഥാനവും അതേരൂപത്തിൽ അംഗീകരിക്കുകയല്ലാതെ അതിൽ മാറ്റമോ വ്യത്യാസമോ വരുത്തുവാൻ മനുഷ്യർക്ക് അവകാശമോ, അനുവാദമോ ഇല്ല. ചോദ്യം ചെയ്യാതെ അതനുസരിക്കുകയാണ് നമ്മുടെ കടമ. അതാണ് നേർക്കുനേരെയുള്ള മത നടപടിയും. (ذلك الدين القيم) നേരെമറിച്ച് അവയിലൊക്കെ അല്ലാഹു കൽപിച്ചതിന്നെതിരായ മാറ്റത്തിരുത്തലുകൾ വരുത്തുന്നത് അവിശ്വാസവുമായിരിക്കും. إنما النسيء زيادة فى الكفر (നസീഉ് അവിശ്വാസത്തിൽ വർദ്ധനവ് തന്നെയാണ്) എന്ന് രണ്ടാമത്തെ വചനത്തിൽ പറഞ്ഞതിൽനിന്ന് ഈ വാസ്തവം മനസ്സിലാക്കാം. മുശ്‌രിക്കുകൾ മുമ്പേ അവിശ്വാസികളാണ്. ആ അവിശ്വാസത്തിലൂടെ മറ്റൊരു അവിശ്വാസവുംകൂടിയാണ് നസിഉ് മൂലം ഉണ്ടായിത്തീരുന്നത് എന്നത്രെ ഈ വാക്യം ചൂണ്ടിക്കാട്ടുന്നത്.

ആദ്യത്തെ വചനത്തിൽ പറഞ്ഞതിൻെറ താൽപര്യം ഇങ്ങിനെ മനസ്സിലാക്കാം: ആകാശഭൂമികളെ സൃഷ്ടിച്ച ദിവസം മുതൽക്കേ അല്ലാഹു നിശ്ചയിച്ച്‌വെച്ച നിയമവ്യവസ്ഥയാണ് മാസങ്ങൾ പന്ത്രണ്ടാണെന്നുള്ള തത്വം. (ان عدة الشهور عند الله) അതായത് ഈ അഖിലാണ്ഡത്തെ സൃഷ്ടിച്ചപ്പോൾ തന്നെ, അതിലടങ്ങിയ സൂര്യചന്ദ്ര നക്ഷത്രാതികൾക്കും അവയുടെ ഗതിവിഗതികൾക്കുമൊക്കെ അല്ലാഹു ഓരോ നിശ്ചിത വ്യവസ്ഥ ഏർപ്പെടുത്തിയിട്ടുണ്ട്. ആ വ്യവസ്ഥകളിലൊന്നാ

ണ് കൊല്ലത്തിൽ പന്ത്രണ്ട് മാസങ്ങളാണെന്നുള്ളതും. ആ പന്ത്രണ്ടിൽ നാലെണ്ണം അവൻ 'ഹറാമാ'യ പവിത്ര മാസങ്ങളാക്കി വെക്കുകയും ചെയ്തിരിക്കുന്നു. منها اربعة حرم അതിൽ മാറ്റമോ ഭേദഗതിയോ വരുത്താതെ അവൻ നിശ്ചയിച്ച അതേപടി ആ മാസങ്ങളെ സ്വീകരിക്കുന്നതാണ് ശരിയും സ്ഥിരവുമായ മതനടപടി (ذلك الدين القيم)അവയിൽ വല്ല ഭേദഗതിയും സ്വീകരിക്കുന്നതും, അവയുടെ അലംഘനീയതക്കും പവിത്രതക്കും ഹാനികരമായ വല്ലതും പ്രവർത്തിക്കുന്നതും നിങ്ങൾ നിങ്ങളോട്തന്നെ ആക്രമം പ്രവർത്തിക്കലാകുന്നു. അഥവാ അതിൻെറ ഫലം നിങ്ങൾ തന്നെ അനുഭവിക്കേണ്ടിവരും. അതുകൊണ്ട് നിങ്ങൾ നിങ്ങൾക്കെതിരെത്തന്നെ ആക്രമം പ്രവർത്തിക്കരുത് (فلا تظلموا فيهن أنفسكم) എന്നൊക്കെ ഉണർത്തിയശേഷം, ഒരു യാഥാർത്ഥ്യം സത്യവിശ്വാസികൾ വിസ്മരിച്ചുകളയരുതെന്ന് അല്ലാഹു പ്രത്യേകം ഓർമ്മിപ്പിക്കുന്നു. അതായത് മുശ്രിക്കുകൾ കൂട്ടത്തോടെ യുദ്ധത്തിന് ഒരുങ്ങി ഇറങ്ങിയിരിക്കുകയാണ്. അതുകൊണ്ട് അതുപോലെ നിങ്ങളും ഒത്തൊരുമിച്ച് ഒറ്റക്കെട്ടായി അവരോടങ്ങോട്ടും യുദ്ധത്തിന് തയ്യാറായിക്കൊണ്ടിരിക്കണം.... (وقاتلوا المشركين كافة) എന്നത്രെ അത്. അതോടുകൂടി, സൂക്ഷമത പാലിക്കണമെന്നും, സൂക്ഷമത പാലിക്കുന്നവരുടെ ഭാഗത്താണ് അല്ലാഹു എന്ന് നിങ്ങൾക്ക് ഓർമ്മയുണ്ടായിരിക്കണം എന്നും (واعلموا ان الله مع المتقين) ഓർമ്മിപ്പിക്കുന്നു.

വിഭാഗം - 6

ഈ സൂറത്തിൻെറ അവസാനത്തെ രണ്ടു വചനങ്ങളും, ഇടക്കുള്ള ചില വചനങ്ങളും ഒഴിവാക്കിയാൽ, ഇവിടം മുതൽക്കുള്ള വചനങ്ങളിലെ പരാമർശങ്ങൾ തബൂക്ക് സംഭവവമായി ബന്ധപ്പെട്ട കാര്യങ്ങളാകുന്നു. മദീനായുടെയും, ദിമിശ്ഖി (ഡമസ്കസി) ൻെറയും ഏതാണ്ട് മദ്ധ്യത്തിൽ, മദീനായിൽ നിന്നും ഏതാണ്ട് നാനൂറു നാഴിക ദൂരെ സ്ഥിതിചെയ്യുന്നതും, അക്കാലത്ത് ശാം രാജ്യങ്ങളിൽ ഉൾപെട്ടതുമായ ഒരു രാജ്യമാണ്തബൂക്ക്. (تبوك) റോമാചക്രവർത്തിയുടെ മേൽകോയ്മയിലാണ് അന്ന് ശാം രാജ്യങ്ങൾ. താഴെ വരുന്ന പല പരാമർശങ്ങളെക്കുറിച്ചും വേണ്ടതുപോലെ മനസ്സിലാക്കുന്നതിന് തബൂക്ക് സംഭവത്തെപ്പറ്റി സാമാന്യം അറിഞ്ഞിരിക്കുന്നത് ആവശ്യമായതുകൊണ്ട് അതിൻെറ ഒരു ചുരുക്കം ഇവിടെ വിവരിക്കാം:-

മദിനയെ ആക്രമിക്കാൻ ശാമിൽ റോമക്കാർ ഒരുക്കം കൂട്ടുന്നുണ്ടെന്നും, ക്രിസ്താനികളായ ചില അറബിഗോത്രങ്ങളും അതിൽ പങ്കുവഹിക്കുന്നുണ്ടെന്നും ആ ഭാഗത്ത് നിന്ന് ഒലിവെണ്ണ വിൽപനക്കായി വന്നിരുന്ന ചിലരിൽ നിന്ന് നബി (ﷺ) ക്ക് വിവരം കിട്ടുകയുണ്ടായി. ഭക്ഷണക്ഷാമം കൊണ്ടും, അത്യുഷ്ണംകൊണ്ടും വളരെ വിഷമം പിടിച്ച ഒരു കാലമായിരുന്നു അത്. കൂടാതെ, അൽപം മുമ്പ് കഴിഞ്ഞ ഹുനൈൻ യുദ്ധത്തിനും, ത്വാഇഫ് യുദ്ധത്തിനും ശേഷം ഒരു വിശ്രമമെടുക്കുവാൻ ജനങ്ങൾക്കു അവസരവും കിട്ടിയിട്ടുണ്ടായിരുന്നില്ല. ശത്രുപക്ഷത്തുണ്ടാകാവുന്ന സൈന്യത്തിൻെറ ആധിക്യത്തെക്കുറിച്ചുള്ള ഭയവും, മദീനായിലെ ഈന്തത്തോട്ടങ്ങളുടെ ഫലം എടുക്കുന്നകാലം അടുത്തു വന്നിരുന്നതിനാൽ ആ സമയത്തു സ്ഥലം വിടുന്നതിൽ ജനങ്ങൾക്കുള്ള വൈമനസ്യവും ഇതിന് പുറമെയും. ശാമിലേക്കുള്ള യാത്രയാണെങ്കിൽ വളരെ ക്ളേശകരവും. ഇങ്ങിനെ പലതരം പ്രതികൂലാവസ്ഥകൾ ഒത്ത് ചേർന്ന ഒരു പരിസ്ഥിതിയിലായിരുന്നു പ്രസ്തുത വിവരം ലഭിച്ചത്. ഏതെങ്കിലും ഒരു സ്ഥലത്തേക്ക് പടയൊരുക്കം ചെയ്യുമ്പോൾ-ശത്രുക്കൾക്ക് മുൻകൂട്ടി വിവരം ലഭിക്കാതിരിക്കുവാനുള്ള മുൻകരുതലെന്ന നിലക്ക്-നബി (ﷺ) ലക്ഷ്യസ്ഥാനം മുൻകൂട്ടി പുറത്തറിയിക്കാറില്ലായിരുന്നു. മേൽ സൂചിപ്പിച്ച പരിതസ്ഥിതികൾ നിമിത്തം, ഈ പടയെടുപ്പിൻെറ ലക്ഷ്യത്തെപപ്പറ്റി നബി (ﷺ) നേരത്തെത്തന്നെ വ്യക്തമാക്കുകയുണ്ടായി. സൈന്യത്തിൽ പങ്കെടുക്കുവാനും, സാമ്പത്തികമായും, മറ്റ് വിധേനയും കഴിയുന്ന സംഭാവനകളും സഹകരണങ്ങളും നൽകുവാനും നബി (ﷺ) ജനങ്ങളെ ഉപദേശിച്ച്കൊണ്ടിരുന്നു. മക്കായിലേക്കും, മറ്റു ചില സ്ഥലങ്ങളിലേക്കും ഈ ആവശ്യാർത്ഥം അവിടുന്ന് ആളെ അയക്കുകയും ചെയ്തു.

സഹാബികൾ പലരും വമ്പിച്ച സംഭാവനകൾ നൽകുകയുണ്ടായി. ഉസ്മാൻ (رضي الله عنه) പതിനായിരം ദീനാറും (പൊൻപണവും), മുന്നൂറ് ഒട്ടകവും, അവയുടെ സാമഗ്രികളും, അമ്പത് കുതിരയും സംഭാവന ചെയ്തു. ''അല്ലാഹുവേ! നീ ഉസ്മാനെക്കുറിച്ച് തൃപ്തിപ്പെടേണമേ'' ഞാൻ അദ്ദേഹത്തെക്കുറിച്ച് തൃപ്തിപ്പെട്ടിരിക്കുന്നു''. എന്നു അദ്ദേഹത്തിന് വേണ്ടി നബി (ﷺ) പ്രാർത്ഥിച്ചു. ഇതുപോലെ വേറെയും സഹാബികൾ വലിയ സംഭാവനകൾ നൽകി. അബൂബക്കർ (رضي الله عنه) അദ്ദേഹത്തിൻെറ പക്കൽ ആകെയുണ്ടായിരുന്ന നാലായിരം ദിർഹം (വെള്ളിപ്പണം) അത്രയും സംഭാവന ചെയ്തു. ഒരു വിഷയത്തിലും അബൂബക്കറിനെ കവച്ചുവെക്കുവാൻ തനിക്കു അവസരം കിട്ടിയില്ലെങ്കിലും ഈ പ്രാവശ്യം അതു സാധിക്കാമെന്ന പ്രതീക്ഷയോടുകൂടി, ഉമർ (رضي الله عنه) തൻെറ പക്കലുണ്ടായിരുന്ന ധനത്തിൻെറ പകുതിയും കൊണ്ടുവന്നു. സംഖ്യ നോക്കുമ്പോൾ, അബൂബക്കർ (رضي الله عنه) ൻെറ സംഖ്യയെക്കാൾ വളരെയധികം തന്നെയുണ്ടായിരുന്നു. എങ്കിലും, ഇക്കുറിയും അദ്ദേഹത്തിൻെറ പ്രതീക്ഷ അസ്ഥാനത്താകുകയാണുണ്ടായത്. അബൂബക്കർ (رضي الله عنه) നോടു നബി (ﷺ) ചോദിച്ചു: ''താങ്കളുടെ വീട്ടുകാർക്കു താങ്കൾ എന്ത് ബാക്കിവെച്ചിട്ടുണ്ട്?' അദ്ദേഹത്തിൻെറ മറുപടി: ''അല്ലാഹുവിനെയും റസൂലിനെയും ബാക്കിവെച്ചിട്ടുണ്ട്''. എന്നായിരുന്നു. ഇതു കേട്ടപ്പോൾ, തനിക്കു അബൂബക്കർ (رضي الله عنه) നെ കവച്ചുവെക്കുവാൻ സാദ്ധ്യമല്ലെന്ന് ഉമർ (رضي الله عنه) നു ബോധ്യമായി. സ്ത്രീകളും അവരുടെ ആഭരണങ്ങൾ തുടങ്ങിയ വലിയ സംഭാവനകൾ നൽകി വന്നു. യാത്രാച്ചിലവിനുപോലും കഴിവില്ലാത്ത ദരിദ്രരായ ചില സഹാബികൾ തങ്ങളെയും സൈന്യത്തിലെടുക്കണമെന്ന് നബി (ﷺ) യോട് അപേക്ഷിച്ചു. അതിനുള്ള വക ഇല്ലാത്തതുകൊണ്ടു അവരുടെ അപേക്ഷ സ്വീകരിക്കുവാൻ നബി (ﷺ) ക്ക് കഴിഞ്ഞില്ല. അങ്ങനെ, അവർ കരഞ്ഞും കൊണ്ടിരിക്കുകയായി. ഒടുക്കം ഉസ്മാൻ, അബ്ബാസ് (رضي الله عنه) മുതലായവർ അവരുടെ ചിലവ് വഹിക്കുവാൻ ഏറ്റു.

മദീനായിൽ നിന്നും, മറ്റ് സ്ഥലങ്ങളിൽ നിന്നുമായി മുപ്പതിനായിരം (30,000) പേരടങ്ങുന്ന ഒരു വമ്പിച്ച സൈന്യം സജ്ജീകൃതമായി. മദീനായിൽ മുഹമ്മദുബ്നു മസ്‌ലമഃ (رضي الله عنه) യെയും, കുടുംബ കാര്യങ്ങളിൽ അലി (رضي الله عنه) യെയും നബി (ﷺ) തൻെറ പ്രതിനിധികളായി നിശ്ചയിച്ചു. സൈന്യത്തിൻെറ മഹാപാതക വാഹകനായി അബൂബക്കർ (رضي الله عنه) നെയും ഏൽപിച്ചു. കപട വിശ്വാസികളായ ഒട്ടേറെ ആളുകളും, അവരുടെ തലവനായ അബ്ദുല്ലാഹിബ്നു ഉബയ്യും സൈന്യത്തിൽ പങ്കെടുത്തില്ല. ''ഇമ്മാതിരി സമയത്തു വെള്ളക്കാരോട് (റോമക്കാരോട്) യുദ്ധം ചെയ്‌വാനുള്ള മുഹമ്മദിൻെറ ഈ പുറപ്പാടിൻെറ ഫലം അവനറിയാറാകും, ഈ കളി നല്ലതിനല്ല.'' എന്നൊക്കെ അവർ പറഞ്ഞു. വേറെ ചിലർ നാട്ടിൽ ഭീതി പ്രചരിപ്പിച്ചു കൊണ്ടുമിരുന്നു. ചിലർ നബി (ﷺ) യുടെ അടുക്കൽ വന്ന് ഒഴികഴിവുകൾ നിരത്തി. ''വെള്ളക്കാരായ സ്ത്രീകളെ കണ്ടാൽ തങ്ങളുടെ മനസ്സ് ഇളകിപ്പോകും. തങ്ങളുടെ വീടുകൾ ഭദ്രമല്ലാത്തതുകൊണ്ട് തങ്ങൾക്ക് വീട് വിട്ടുപോകുവാൻ നിവൃത്തിയില്ല'' എന്നിങ്ങിനെ പലതും. ദാരിദ്ര്യവും, കഴിവുകേടും നിമിത്തം പോകാതെ പിന്തി നിന്നവരും ഉണ്ടായിരുന്നു. അങ്ങിനെ, പലർക്കും നബി (ﷺ) ഒഴിവു നൽകി. കൂട്ടത്തിൽ ബാഹ്യാവസ്ഥ കണക്കിലെടുത്തുകൊണ്ട് പല കപട വിശ്വാസികളുടെ ഒഴികഴിവുകളും നബി (ﷺ) സ്വീകരിച്ചിരുന്നു. ഇങ്ങിനെ ഒഴികഴിവ് നൽകിയതിനെപ്പറ്റി പിന്നീട് അല്ലാഹു നബി (ﷺ) യെ ആക്ഷേപിച്ചതായി താഴെകാണാവുന്നതാണ്. സത്യവിശ്വാസികളിൽ തന്നെ കഅ്ബുബ്നുമാലിക് (رضي الله عنه) പോലെയുള്ള നിഷ്കപടൻമാരായിരുന്ന ചില വ്യക്തികളും യുദ്ധത്തിന് പോകാത്തവരിൽ ഉൾപെടും. പിന്നീട് അവർ അതിനെപ്പറ്റി അങ്ങേഅറ്റം ഖേദിച്ചു മടങ്ങിയ വിവരവും താഴെ കാണാം.

സൈന്യം യാത്ര തുടങ്ങി. വഴിമദ്ധ്യെ ഹിജ്റിലെത്തി. സ്വാലിഹ് (عليه السلام) നബിയുടെ ജനതയും അല്ലാഹുവിങ്കൽനിന്നുള്ള കഠിനകഠോരമായ പൊതു ശിക്ഷമൂലം നശിപ്പിക്കപ്പെട്ടവരുമായ ഥമൂദുഗോത്രക്കാരുടെ രാജ്യമാണ് ഹിജ്ർ. അവിടം കടന്നുപോകുമ്പോൾ, ആ അക്രമികളുടെ വാസ സ്ഥലത്തിലൂടെ കരഞ്ഞുകൊണ്ടല്ലാതെ പ്രവേശിക്കരുതെന്ന് നബി (ﷺ) സൈന്യത്തെ

ഉപദേശിക്കുകയുണ്ടായി. തബൂക്ക് ജനവാസമില്ലാതെ ഒഴിഞ്ഞ് കിടക്കുന്ന ഒരു പ്രദേശമായിരുന്നു. അവിടെ എത്തിയപ്പോൾ മുആദുബ്നു ജബൽ (رضي الله عنه) നോട് നബി (ﷺ) പറഞ്ഞു. ''താങ്കൾക്ക് ആയുസ്സുണ്ടായാൽ, ഇവിടെയൊക്കെ തോട്ടങ്ങൾ നിറഞ്ഞ് കാണാറാകും.'' അതങ്ങിനെത്തന്നെ പിന്നീട് സംഭവിക്കുകയും ചെയ്തു.

ഇത്രയും പ്രയാസങ്ങൾ സഹിച്ചും, സുദീർഘമായ യാത്രാക്ളേശങ്ങൾ അനുഭവിച്ചും തബൂക്കിത്തിച്ചേർന്നുനോക്കുമ്പോൾ, മുമ്പ് കേട്ടതുപോലെയുള്ള സംഭവഗതികളൊന്നും അവിടെ കാണുകയുണ്ടായില്ല. കുറച്ച് ദിവസങ്ങളോളം അവിടെ പാളയമടിച്ചശേഷം, നബി (ﷺ) തിരുമേനിയും സൈന്യങ്ങളും തിരിച്ച് പോരുകയാണുണ്ടായത്. എങ്കിലും, ഇതിനിടയിൽ അയൽ പ്രദേശങ്ങളായ ഐലഃ (അൽഅഖബ)യിലെയും, ജർബാഉ്, അദ്റുഹ് മുതലായ സ്ഥലങ്ങളിലെയും നിവാസികളും, നാടുവാഴികളും നബി (ﷺ) യുമായി സാമാധാന സന്ധികൾ നടത്തുകയുണ്ടായി. ഒരു യുദ്ധം ഉണ്ടായില്ലെങ്കിലും മുസ്ലിംകൾക്കു വൻതോതിലുള്ള ശിക്ഷണങ്ങളും, ത്യാഗ പരിശീലനങ്ങളും ലഭിക്കുവാനും, കപട വിശ്വാസികളുടെ ഉള്ളിലിരിപ്പ് വെളിച്ചത്ത് വരുവാനം ഈ യാത്ര വളരെ ഉപകരിച്ചു. ഖുലഫാഉ-റശിദീൻെറ കാലത്ത് ശാമിൽ ഇസ്ലാമിനുണ്ടായ വമ്പിച്ച വിജയങ്ങൾക്കുള്ള മാർഗ്ഗം ഈ യാത്ര സുഗമമാക്കുകയും ഉണ്ടായി. ഇനി, നമുക്ക് ആയത്തുകളിലേക്കു പ്രവേശിക്കാം:

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ مَا لَكُمْ إِذَا قِيلَ لَكُمُ ٱنفِرُوا۟ فِى سَبِيلِ ٱللَّهِ ٱثَّاقَلْتُمْ إِلَى ٱلْأَرْضِ ۚ أَرَضِيتُم بِٱلْحَيَوٰةِ ٱلدُّنْيَا مِنَ ٱلْـَٔاخِرَةِ ۚ فَمَا مَتَـٰعُ ٱلْحَيَوٰةِ ٱلدُّنْيَا فِى ٱلْـَٔاخِرَةِ إِلَّا قَلِيلٌ ﴿٣٨﴾

38 ഹേ, വിശ്വസിച്ചവരേ, നിങ്ങൾക്കെന്താണ്, അല്ലാഹുവിൻെറ മാർഗ്ഗത്തിൽ (യുദ്ധത്തിന്) പുറപ്പെട്ടു പോകുവിൻ എന്ന് നിങ്ങളോടു പറയപ്പെട്ടാൽ, നിങ്ങൾ ഭൂമിയിലേക്ക് കനംതൂങ്ങിക്കളയുന്നു [മടിച്ചു പിന്നോക്കം നിൽക്കുന്നു]? നിങ്ങൾ പരലോകത്തിനു (പകരം) ഐഹിക ജീവിതം കൊണ്ട് തൃപ്തിപ്പെട്ടുവോ?! എന്നാൽ, പരലോകത്തെ സംബന്ധിച്ചു (നോക്കുമ്പോൾ) ഐഹിക ജീവിതത്തിൻെറ സുഖവിഭവം ഒരൽപ (മാത്ര) മല്ലാതെയില്ല.

إِلَّا تَنفِرُوا۟ يُعَذِّبْكُمْ عَذَابًا أَلِيمًا وَيَسْتَبْدِلْ قَوْمًا غَيْرَكُمْ وَلَا تَضُرُّوهُ شَيْـًٔا ۗ وَٱللَّهُ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٣٩﴾

39 നിങ്ങൾ (യുദ്ധത്തിനു) പുറപ്പെട്ടുപോകുന്നില്ലെങ്കിൽ, അവൻ [അല്ലാഹു] നിങ്ങളെ വേദനയേറിയ ശിക്ഷ ശിക്ഷിക്കും; നിങ്ങളല്ലാത്ത (വേറെ) വല്ല ജനതയെയും അവൻ പകരം കൊണ്ടുവരുകയും ചെയ്യും; അവന് നിങ്ങൾ യാതൊന്നും (തന്നെ) ഉപദ്രവം വരുത്തുന്നതുമല്ല. [നിങ്ങൾക്കു തന്നെയായിരിക്കും അത് ഉപദ്രവമായിരിക്കുക.] അല്ലാഹു, എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

---

38 يا أيهاالذين آمنوا ഹേ വിശ്വസിച്ചവരേ. ما لكُم നിങ്ങൾക്കെന്താണ്. إذا قيلَ പറയപ്പെട്ടാൽ. لكُم നിങ്ങളോട്. انفروا നിങ്ങൾ (യുദ്ധത്തിന്) പുറപ്പെട്ടു പോകുവിൻ, ധൃതിയിൽ പോകുവിൻ. في سبيل الله അല്ലാഹുവിൻെറ മാർഗ്ഗത്തിൽ. اثاقلتم നിങ്ങൾ കനം തൂങ്ങുന്നു, ഭാരപ്പെട്ടു (അമർന്നു) പോകുന്നു. إلى الأرض ഭൂമിയിലേക്ക്. أرضيتم നിങ്ങൾ തൃപ്തിപ്പെട്ടുവോ. بالحياة الدنيا ഐഹിക ജീവിതം കൊണ്ട്. من الآخرة പരലോകത്തിന് (പകരം). فما متاع എന്നാൽ സുഖവിഭവമില്ല, ഉപകരണമില്ല. الحياة ജീവിതത്തിൻെറ. الدنيا ഐഹിക. في الآخرة പരലോകത്തിൽ, പരലോകത്തെ സംബ

സധിച്ച്. **إلا قليلٌ** അൽപമല്ലാതെ.. 39 **إلا تنفروا** നിങ്ങൾ (യുദ്ധത്തിന്) പുറപ്പെടുന്നില്ലെങ്കിൽ. **يعذبكُم** അവൻ നിങ്ങളെ ശിക്ഷിക്കും. **عذَابًا أليما** വേദനയേറിയ ശിക്ഷ. **ويستبدلْ** അവൻ പകരം കൊണ്ട് വരുകയും ചെയ്യും. **قوما** ഒരു ജനതയെ. **غَيركُم** നിങ്ങളല്ലാത്ത. **ولا تضروه** അവന്ന് നിങ്ങൾ ഉപദ്രവം ചെയ്കയുമില്ല. **شيئًا** യാതൊന്നും. **واللّٰه** അല്ലാഹു. **على كُل شيءٍ** എല്ലാ വസ്തുവിനും. **قَدير** കഴിവുള്ളവനാകുന്നു

താബൂക്കിലേക്കുള്ള പടയെടുപ്പിൽ പങ്കെടുക്കുവാൻ നബി (ﷺ) ജനങ്ങളെ ക്ഷണിച്ചു കൊണ്ടിരുന്നപ്പോൾ, മുന്നോട്ടുവരുവാൻ മടിച്ച് നിന്നവരെക്കുറിച്ച് ആക്ഷേപമാണിത്. ഐഹികമായ സുഖസൗകര്യങ്ങൾ നഷ്ടപ്പെടുമെന്ന് വെച്ച് പിന്നോക്കം നിന്നാൽ അതിൻെറ ദൂഷ്യഫലം നിങ്ങൾ തന്നെ അനുഭവിക്കേണ്ടി വരുമെന്നു അല്ലാഹു അവരെ താക്കീത് ചെയ്യുന്നു. ഐഹികമായ ബുദ്ധിമുട്ടുകൾ എത്ര തന്നെ തരണം ചെയ്യേണ്ടിവന്നാലും പരലോക നൻമയെ അപേക്ഷിച്ച് അത് വളരെ തുച്ഛമായിരിക്കുമെന്ന് ഉണർത്തുകയും ചെയ്യുന്നു. ഒരാൾ തൻെറ വിരൽ സമുദ്രത്തിൽ മുക്കി പുറത്തെടുക്കുമ്പോൾ, ആ സമുദ്രജലത്തെ അപേക്ഷിച്ച് അവൻെറ വിരലിൽ എന്തുമാത്രം വെള്ളം ഉണ്ടായിരിക്കുമോ അതുപോലെ മാത്രമാണു പരലോകത്തെ അപേക്ഷിച്ചു ഇഹലോക വസ്തുക്കളുടെ നിലയെന്ന് അഹ്മദ്, തിർമദീ, മുസ്ലിം (رحمهم الله) എന്നിവർ ഉദ്ധരിച്ച ഒരു ഹദീസിൽ നബി (ﷺ) ഉപമിച്ചിരിക്കുന്നത് ഇവിടെ പ്രസ്താവ്യമാകുന്നു.

إِلَّا تَنصُرُوهُ فَقَدْ نَصَرَهُ ٱللَّهُ إِذْ أَخْرَجَهُ ٱلَّذِينَ كَفَرُوا۟ ثَانِىَ ٱثْنَيْنِ إِذْ هُمَا فِى ٱلْغَارِ إِذْ يَقُولُ لِصَٰحِبِهِۦ لَا تَحْزَنْ إِنَّ ٱللَّهَ مَعَنَا ۖ فَأَنزَلَ ٱللَّهُ سَكِينَتَهُۥ عَلَيْهِ وَأَيَّدَهُۥ بِجُنُودٍ لَّمْ تَرَوْهَا وَجَعَلَ كَلِمَةَ ٱلَّذِينَ كَفَرُوا۟ ٱلسُّفْلَىٰ ۗ وَكَلِمَةُ ٱللَّهِ هِىَ ٱلْعُلْيَا ۗ وَٱللَّهُ عَزِيزٌ حَكِيمٌ ﴿٤٠﴾

40 നിങ്ങൾ അദ്ദേഹത്തെ [നബിയെ] സഹായിക്കുന്നില്ലെങ്കിൽ, അല്ലാഹു അദ്ദേഹത്തെ സഹായിക്കുകയുണ്ടായിട്ടുണ്ട് [അതുപോലെ, ഇനിയും അവൻ സഹായിക്കും]; (അതെ) രണ്ടുപേരിൽ ഒരാളായിക്കൊണ്ട് അദ്ദേഹത്തെ (ആ) അവിശ്വസിച്ചവർ (നാട്ടിൽ നിന്നു) പുറത്താക്കിയ സന്ദർഭത്തിൽ; അതായത്, അവർ രണ്ടു പേരും (ആ) ഗുഹയിലായിരുന്നപ്പോൾ; (അതെ) അദ്ദേഹം തൻെറ ചങ്ങാതിയോട്: ''വ്യസനിക്കേണ്ടാ - നിശ്ചയമായും, അല്ലാഹു നമ്മുടെ കൂടെയുണ്ട്'' എന്നു പറയുമ്പോൾ. അപ്പോൾ, അല്ലാഹു അദ്ദേഹത്തിന് തൻെറ (വക മനഃ)സമാധാനം ഇറക്കിക്കൊടുത്തു. നിങ്ങൾ കണ്ടിട്ടില്ലാത്ത ഒരു (തരം) സൈന്യങ്ങളെക്കൊണ്ട് അദ്ദേഹത്തെ അവൻ ബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അവിശ്വസിച്ചവരുടെ വാക്യത്തെ അവൻ ഏറ്റം താണതാക്കുകയും ചെയ്തു. അല്ലാഹുവിൻെറ വാക്യം തന്നെയാണ് ഏറ്റം ഉന്നതമായത്. അല്ലാഹു പ്രതാപശാലിയും, അഗാധജ്ഞനുമാകുന്നു.

---

40 **إلا تنصروه** അദ്ദേഹത്തെ നിങ്ങൾ സഹായിക്കുന്നല്ലെങ്കിൽ. **فَقَد نصره** തീർച്ചയായും അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. **اللّٰه** അല്ലാഹു. **إذْ أَخرجه** അദ്ദേഹത്തെ പുറത്താക്കിയപ്പോൾ (സന്ദർഭം). **الذين كَفَروا** അവിശ്വസിച്ചവർ. **ثَانِيَ** രണ്ടാമത്തേവനായിട്ട് (ഒരാളായിക്കൊണ്ട്). **اثْنين** രണ്ടിൽ, രണ്ടാളുടെ. **إذْ هما** അവർ രണ്ടാളുമായിരിക്കെ (ആയിരിക്കുമ്പോൾ). **في الغار** ഗുഹയിൽ, പൊത്തിൽ. **إذْ يقُولُ** പറ

യുമ്പോൾ, പറയുന്ന സന്ദർഭം. لصاحبه തന്റെ ചങ്ങാതിയോട്, തോഴനോട്. لا تحزنْ വ്യസനിക്കേണ്ടാ. إن الله നിശ്ചയമായും അല്ലാഹു. معنا നമ്മുടെ കൂടെയുണ്ട്. فَأنزلَ الله അപ്പോൾ അല്ലാഹു ഇറക്കി. سكينته അവന്റെ സമാധാനം, ശാന്തത. عليه അദ്ദേഹത്തിന്, അദ്ദേഹത്തിന്റെ മേൽ. وأيده അദ്ദേഹത്തെ അവൻ ബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു (ചെയ്തു). بجنود ചില സൈന്യങ്ങളെക്കൊണ്ട്. لم تروها നിങ്ങൾ കണ്ടിട്ടില്ലാത്ത, നിങ്ങളത് കണ്ടിട്ടില്ല. وجعلَ അവൻ ആക്കുകയും ചെയ്തു. كَلمةَ വാക്യത്തെ. الذين كَفَروا അവിശ്വസിച്ചവരുടെ. السفْلى താണത്, ഏറ്റം താഴ്ന്നത്. وكلمةُ الله അല്ലാഹുവിന്റെ വാക്യം. هي അതുതന്നെ. العُليا അധികം ഉന്നതമായത്. والله അല്ലാഹു. عزيز പ്രതാപശാലിയാണ്. حكيم അഗാധജ്ഞനാണ്.

അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്തും, മറ്റു വിധേനയും നിങ്ങൾ നബിയെ സഹായിക്കുവാൻ തയ്യാറില്ലാതിരുന്നാലും നബിക്ക് അതുമൂലം പരാജയമോ അപകടമോ ഒന്നും സംഭവിക്കുവാൻ പോകുന്നില്ല; ഇതിനേക്കാൾ എത്രയോ അപകടം പിടിച്ചതും നിസ്സഹായാവസ്ഥയിലുള്ളതുമായ ഘട്ടത്തിൽപോലും അല്ലാഹു അദ്ദേഹത്തെ മുമ്പ് സഹായിച്ച് രക്ഷപ്പെടുത്തിയിട്ടുണ്ട്. അതുപോലെ ഇനിയും അവൻ അദ്ദേഹത്തെ സഹായിക്കാതിരിക്കയില്ല എന്ന് ഉദാഹരണസഹിതം സത്യവിശ്വാസികളെ അല്ലാഹു ഓർമ്മിപ്പിക്കുകയാണ്. സൂറത്തുൽ അൻഫാൽ 30-ാം) വചനത്തിലും വ്യാഖ്യാനത്തിലും വിവരിച്ചതുപോലെ, അവിശ്വാസികളുടെ അക്രമങ്ങൾ നിമിത്തം സ്വദേശത്ത് നിന്ന് ഹിജ്റ പോകുവാൻ നബി (ﷺ) നിർബ്ബന്ധിതനായപ്പോൾ, രാത്രയിൽ നബി (സ)യും അബൂബക്കർ സിദ്ദീഖും (رضي الله عنه) കൂടി പുറപ്പെട്ട് ഥൗർ മലാ ഗുഹയിൽ പോയി ഒളിച്ചിരിക്കുകയും ഗുഹാമുഖത്ത് ചെന്ന് എത്തിനോക്കിയ ശത്രുക്കളുടെ ദൃഷ്ടിയിൽ പെടാതെ അത്ഭുതകരമാം വണ്ണം അവർ രക്ഷപ്പെടുകയും ചെയ്ത സന്ദർഭത്തെയാണ് അല്ലാഹു ഉദാഹരണമായി എടുത്ത് കാട്ടിയത്. ആ സമയത്ത് നബി (ﷺ) യും അവിടുത്തെ ചങ്ങാതി അബൂബക്കറും (رضي الله عنه) അല്ലാതെ മൂന്നാമതൊരാൾ ഉണ്ടായിരുന്നില്ലല്ലോ.

അബൂബക്കർ (رضي الله عنه) തന്നോട് ഇപ്രകാരം പറഞ്ഞതായി അനസ് (رضي الله عنه) ഉദ്ധരിക്കുന്നു: 'ഞങ്ങൾ ഗുഹയിലായിരുന്നപ്പോൾ ഞാൻ നബി (ﷺ) യോട് പറഞ്ഞു: ''അവരിൽ (ശത്രുക്കളിൽ) ആരെങ്കിലും അവരുടെ കാലടിക്കു താഴോട്ട് നോക്കിയാൽ നമ്മെ കാണുമല്ലോ!' അപ്പോൾ നബി (ﷺ) പറഞ്ഞു: ''അബൂബക്കറേ, അല്ലാഹു മൂന്നാമനായിക്കൊണ്ടുള്ള രണ്ടുപേരെപ്പറ്റി താങ്കളുടെ വിചാരമെന്താണ്?!'' (അ; ബു; മു.) അവരെ തേടി നടക്കുന്ന ശത്രുക്കൾ ഗുഹാമുഖത്ത് നിൽക്കുന്നത് കണ്ടപ്പോഴാണ് സിദ്ദീഖ് (رضي الله عنه) ഇത് പറഞ്ഞതും, നബി (ﷺ) അദ്ദേഹത്തെ സമാധാനിപ്പിച്ചതും. അദ്ദേഹത്തിന്റെ വ്യസനം സ്വന്തം കാര്യത്തിലല്ല, നബി (ﷺ) യുടെ കാര്യത്തിലായിരുന്നു. ഈ സന്ദർഭത്തെപ്പറ്റിയാണ് ''അദ്ദേഹം തന്റെ ചങ്ങാതിയോട്: വ്യസനിക്കേണ്ട; നിശ്ചയമായും അല്ലാഹു നമ്മുടെ കൂടെയുണ്ട് എന്നീ പറയുന്ന സന്ദർഭം '' (اذ يقول لصاحبه ...) എന്ന് പറഞ്ഞത്. ''അപ്പോൾ അല്ലാഹു അദ്ദേഹത്തിന് തന്റെ വക മനസ്സമാധാനം ഇറക്കിക്കൊടുത്തു'' (فانزل الله سكينته عليه) എന്ന് പറഞ്ഞത്-ഇബ്നു കഥീർ (رحمه الله) മുതലായവർ ചൂണ്ടിക്കാട്ടിയതുപോലെ നബി (ﷺ) യെ ഉദ്ദേശിച്ചും, അബൂബക്കർ (رضي الله عنه) നെ ഉദ്ദേശിച്ചും ആകാവുന്നതാണ്. എങ്കിലും, അബൂബക്കർ (رضي الله عنه) നെ ഉദ്ദേശിച്ചായിരിക്കുവാനാണ് കൂടുതൽ ന്യായമെന്നും ചിലർ ചൂണ്ടിക്കാട്ടിയിരിക്കുന്നു. കാരണം, നബി (ﷺ) ക്ക് മനസ്സമാധാനക്കുറവ് ഉണ്ടായിട്ടില്ല. അബൂബക്കർ (رضي الله عنه) നായിരുന്നു നബി (ﷺ) യെ ഓർത്ത് മനസ്സമാധാനമില്ലാതിരുന്നത്. രണ്ട് പ്രകാരത്തിലായാലും ഒരേ സാരത്തിൽ തന്നെ അത് കലാശിക്കുന്നുതാനും.

തുടർന്നുകൊണ്ട് وايده بجنود لم تروها (നിങ്ങൾ കണ്ടിട്ടില്ലാത്ത ചില സൈന്യങ്ങളെക്കൊണ്ട് അവൻ നബിയെ ബലപ്പെടുത്തുകയും ചെയ്തു) എന്നു പറഞ്ഞതിലെ جنود (സൈന്യങ്ങൾ) കൊണ്ടുദ്ദേശ്യം മലക്കുകളാണെന്നുള്ളതിൽ ഭിന്നാഭിപ്രായമില്ല. പക്ഷേ, ഈ വാക്യം ഗുഹാസംഭവത്തോട് ബന്ധപ്പെട്ടതാണോ, അതല്ല, വേറൊരു സംഭവത്തെ ചൂണ്ടിക്കാട്ടിയതാണോ എന്നതിൽ

വ്യാഖ്യാതാക്കൾക്കിടയിൽ രണ്ടഭിപ്രായമുണ്ട്. (1) നബി (ﷺ) ഗുഹയിലായിരുന്നപ്പോൾ, ശത്രുക്കളുടെ ദൃഷ്ടിയിൽ പെടുവാൻ ധാരാളം സാധ്യത ഉണ്ടായിരുന്നിട്ടും അവർക്ക് നബി (ﷺ) യെ കാണുവാൻ സാധിക്കാത്തവിധം അവരുടെ കാഴ്ചയിൽ നിന്ന് മറക്കുവാൻ ആ സന്ദർഭത്തിൽ പ്രത്യേകം അല്ലാഹു മലക്കുകളെ ഇറക്കിയിരുന്നുവെന്നാണ് ചിലരുടെ അഭിപ്രായം. (2) ബദ്റിലും മറ്റും മലക്കുകളെ ഇറക്കി സഹായിച്ചതിനെ ഉദ്ദേശിച്ചാണിത് പറഞ്ഞിരിക്കുന്നതെന്നത്രെ പ്രമുഖ വ്യാഖ്യാതാക്കൾ അധികവും അഭിപ്രായപ്പെട്ടിരിക്കുന്നത്. ഇതനുസരിച്ച് ചില പ്രത്യേക വിഷമഘട്ടങ്ങളിൽ അല്ലാഹു നബി (ﷺ) യെ സഹായിച്ച രണ്ട് ഉദാഹരണങ്ങൾ ഈ വചനത്തിൽ അടങ്ങിയിരിക്കുന്നു. ഒന്നാമത്തെ അഭിപ്രായമനുസരിച്ച് ഗുഹാസംഭവത്തെ മാത്രമെ ഇവിടെ ഉദാഹരിച്ചിട്ടുള്ളു. രണ്ടാമത്തെ അഭിപ്രായത്തിനാണ് കൂടുതൽ സാധ്യത കാണുന്നത്. ഗുഹാസംഭവത്തിൽ മലക്കുകളെ ഇറക്കിയിട്ടുണ്ടെന്നുള്ളതിന് ഈ വാക്യമല്ലാതെ വേറെ തെളിവുകളൊന്നുമില്ല. ഈ വാക്യമാകട്ടെ, ഗുഹാസംഭവത്തെ ഉദ്ദേശിച്ചാണെന്ന് തീർത്ത് പറയുവാനും സാധ്യമല്ല. ബദ്ർ യുദ്ധത്തിലും മറ്റും മലക്കുകളെ ഇറക്കിയതിനെപ്പറ്റി വ്യക്തമായിത്തന്നെ വേറെ സ്ഥലങ്ങളിൽ അല്ലാഹു പ്രസ്താവിക്കുന്നുമുണ്ട്. (3: 124: 33: 9: 9: 26: മുതായവ നോക്കുക)

ബദ്റിലോ മറ്റ് യുദ്ധങ്ങളിലോ മലക്കുകൾ തീരെ പങ്കെടുത്തിട്ടില്ലെന്ന വാദക്കാരിൽ ചിലർ ഈ വാക്യത്തെ (وايده بجنود لم تروها) ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് തങ്ങളുടെ വാദത്തിന് അതും ഒരു തെളിവാക്കി വ്യാഖ്യാനിച്ച് കാണുന്നു. ഇത് ശരിയല്ലെന്ന് ഈ വിവരണത്തിൽ നിന്ന് മനസ്സിലാക്കാം. അവരുടെ മറ്റ് തെളിവുകളുടെ സ്ഥിതിയും ഇതുപോലെത്തന്നെ.

അവിശ്വാസികളുടെ വാക്യത്തെ അല്ലാഹു താണതാക്കിയിരിക്കുന്നുവെന്നും, അല്ലാഹുവിൻെറ വാക്യം തന്നെയാണ് ഉന്നതമായത് എന്നും (وجعل كلمة الذين كفروا السفلى ..) പറഞ്ഞതിൻെറ സാരം. ശിർക്കിൻെറ മുദ്രാവാക്യവും അതുമായി ബന്ധപ്പെട്ട വാക്കുകളും നിശ്ശേഷം പരാജയപ്പെടുക തന്നെ ചെയ്യുമെന്നും, തൗഹീദിൻെറ മുദ്രാവാക്യവും അതോട് ബന്ധപ്പെട്ട വാക്കുകളും തന്നെ അവസാനം വിജയിക്കുകയും നിലനിൽക്കുകയും ചെയ്യുമെന്നും ആകുന്നു. ''ധീരത നിമിത്തമോ, രോഷം നിമിത്തമോ, (കീർത്തിയെ ഉദ്ദേശിച്ച്) ആളെ കാണിക്കുവാൻ വേണ്ടിയോ യുദ്ധം ചെയ്യാറുണ്ട്. ഇവയിൽ ഏതാണ് അല്ലാഹുവിൻെറ മാർഗ്ഗത്തിലുള്ളത്? എന്ന് ചോദിക്കപ്പെട്ടപ്പോൾ, നബി (ﷺ) ഇങ്ങിനെ മറുപടി പറഞ്ഞതായി ഹദീസിൽ വന്നിരിക്കുന്നു: ''അല്ലാഹുവിൻെറ വാക്യം തന്നെ ഉന്നതമായതായിരിക്കുവാൻവേണ്ടി ആർ യുദ്ധം ചെയ്തുവോ അവൻ അല്ലാഹുവിൻെറ മാർഗ്ഗത്തിലായിരിക്കും.'' (ബു; മു.)

41 നിങ്ങൾ ലഘുവായവരായും, ഭാരമുള്ളവരായും, കൊണ്ട് (യുദ്ധത്തിനു) പുറപ്പെട്ടു പോകുവിൻ. നിങ്ങളുടെ ധനങ്ങൾകൊണ്ടും, ദേഹങ്ങൾ കൊണ്ടും അല്ലാഹുവിൻെറ മാർഗ്ഗത്തിൽ സമരം ചെയ്യുകയും ചെയ്വിൻ. അതു നിങ്ങൾക്ക് (വളരെ) ഉത്തമമത്രെ-നിങ്ങൾക്കറിയാമെങ്കിൽ.

ٱنفِرُوا۟ خِفَافًا وَثِقَالًا وَجَٰهِدُوا۟ بِأَمْوَٰلِكُمْ وَأَنفُسِكُمْ فِى سَبِيلِ ٱللَّهِ ۚ ذَٰلِكُمْ خَيْرٌ لَّكُمْ إِن كُنتُمْ تَعْلَمُونَ ﴿٤١﴾

---

41 انفروا നിങ്ങൾ (യുദ്ധത്തിന്) പുറപ്പെട്ടു പോകുവിൻ. خفَافًا ലഘുവായവരായി ഭാരം കുറഞ്ഞ (സൗകര്യമുള്ള) വരായി. وثقالاً ഭാരമുള്ളവരായും, ഘനം കൂടിയ (അസൗകര്യമുള്ള)വരായും. وجاهدوا സമരം ചെയ്യുകയും ചെയ്യുവിൻ. بِأموالكُم നിങ്ങളുടെ സ്വത്തു(ധനം)കൾ കൊണ്ട്. وأنفسكم നിങ്ങളുടെ സ്വന്തങ്ങൾ (ദേഹങ്ങൾ)കൊണ്ടും. في سبيل الله അല്ലാഹുവിൻെറ മാർഗ്ഗത്തിൽ. ذَلكُم അത്. خير لكُم നിങ്ങൾക്ക് ഉത്തമമാണ്, വളരെ നല്ലതാണ്. إن كُنتم നിങ്ങളാണെങ്കിൽ. تعلمونَ നിങ്ങൾ അറിയുന്നു, നിങ്ങൾക്കറിയാം (എങ്കിൽ).

ഉൻമേഷം, ആരോഗ്യം, സാമ്പത്തികകഴിവ് മുതലായ സൗകര്യങ്ങൾ ഉണ്ടായിരിക്കുമ്പോഴും ആരോഗ്യക്കുറവ്, ദാരിദ്ര്യം, ജോലിത്തിരക്ക് മുതലായ ചില വിഷമങ്ങളൊക്കെ ഉണ്ടായിരിക്കുമ്പോഴും നിങ്ങൾ പുറപ്പെടേണ്ടതുണ്ട്. ആയുധ സാമഗ്രികൾ കുറവായിരുന്നാലും, വേണ്ടത്ര ഉണ്ടായിരുന്നാലും പോകണം. അതായത്, യുദ്ധത്തിന് ക്ഷണിക്കപ്പെടുമ്പോൾ വേണ്ടത്ര സൗകര്യങ്ങൾ ഉണ്ടായാലും കുറച്ചൊക്കെ വിഷമങ്ങൾ ഉണ്ടായിരുന്നാലും ആ ക്ഷണം സ്വീകരിച്ചു അതിൽ പങ്കെടുക്കണം. അതാണ് നിങ്ങൾക്ക് ഗുണമെന്ന് നിങ്ങൾ മനസ്സിലാക്കണം എന്ന് സാരം. കാര്യമായ മുടക്കുകളുള്ളവർക്കും, വലിയ വിഷമങ്ങളുള്ളവർക്കും ഒഴികഴിവുണ്ടെന്ന് താഴെ 91-ാം വചനത്തിൽ പ്രസ്താവിക്കുന്നുണ്ട്. അത്രത്തോളം ബുദ്ധിമുട്ടില്ലാത്തവരെപ്പറ്റിയാണ് ഈ കൽപന.

لَوْ كَانَ عَرَضًا قَرِيبًا وَسَفَرًا قَاصِدًا لَّاتَّبَعُوكَ وَلَٰكِن بَعُدَتْ عَلَيْهِمُ الشُّقَّةُ ۚ وَسَيَحْلِفُونَ بِاللَّهِ لَوِ اسْتَطَعْنَا لَخَرَجْنَا مَعَكُمْ يُهْلِكُونَ أَنفُسَهُمْ وَاللَّهُ يَعْلَمُ إِنَّهُمْ لَكَاذِبُونَ ﴿٤٢﴾

42 അതൊരു സമീപസ്ഥമായ [വേഗം ലഭിക്കാവുന്ന] വിഭവവും, മിതമായ ഒരു യാത്രയുമായിരുന്നെങ്കിൽ, അവർ നിന്നെ പിൻതുടരുമായിരുന്നു. പക്ഷേ, വിഷമയാത്ര അവർക്ക് വിദൂരമായിരിക്കയാണ്. ഒഴിയെ അവർ അല്ലാഹുവിനെക്കൊണ്ട് സത്യം ചെയ്യും: ഞങ്ങൾക്ക് സാധ്യതയുണ്ടായിരുന്നെങ്കിൽ, ഞങ്ങൾ നിങ്ങളോടൊപ്പം പുറപ്പെടുക തന്നെ ചെയ്യുമായിരുന്നുവെന്ന്. അവർ തങ്ങളെത്തന്നെ നാശത്തിലാക്കുന്നു. അല്ലാഹുവിനറിയാം, നിശ്ചയമായും അവർ വ്യാജം പറയുന്നവർ തന്നെയാണെന്ന്.

---

42 **لو كَانَ** അതായിരുന്നെങ്കിൽ. **عرضا** ഒരു വിഭവം, സാമാനം. **قَريبا** അടുത്തതായ, സമീപത്തുള്ള. **وسفَرا** ഒരു യാത്രയും. **قَاصدا** മിതമായ. **لاتبعوك** അവർ നിന്നെ പിൻതുടരുകതന്നെ ചെയ്തിരുന്നു. **ولَكن** പക്ഷെ. **بعدت** ദൂരമായി, വിദൂരപ്പെട്ടു. **عليهم** അവരുടെ മേൽ. **الشقةُ** വിഷമയാത്ര, ഞെരുക്കമാർഗ്ഗം, യാത്രക്ലേശം. **وسيحلفُونَ** അവർ വഴിയെ സത്യം (ശപഥം) ചെയ്യും. **باللهِ** അല്ലാഹുവിൽ, അല്ലാഹുവിനെക്കൊണ്ട്. **لو استطَعنا** ഞങ്ങൾക്ക് സാധ്യതയുണ്ടായിരുന്നെങ്കിൽ. **لخرجنا** ഞങ്ങൾ പുറപ്പെടുകതന്നെ ചെയ്യും. **معكُم** നിങ്ങളോടൊപ്പം. **يهلكُونَ** അവർ നാശത്തിലാക്കുന്നു. **أنفُسهم** തങ്ങളുടെ സ്വന്തങ്ങളെ, തങ്ങളെത്തന്നെ. **واللهُ** അല്ലാഹു (വാകട്ടെ). **يعلم** അറിയുന്നു. **إنهم** നിശ്ചയമായും അവർ. **لكَاذبونَ** വ്യാജം പറയുന്നവർ തന്നെ (എന്നു).

തബൂക്കിലേക്ക് പുറപ്പെടാതെ മാറിനിൽക്കുന്ന കപട വിശ്വാസികളെക്കുറിച്ചാണ് പറയുന്നത്. വളരെ പ്രയാസമൊന്നും സഹിക്കാതെ അവിടെവെച്ച് വല്ല കാര്യലാഭവും വേഗമങ്ങ് ലഭിക്കുമെന്ന് കാണുകയും, യാത്ര കേവലം സാധാരണപോലുള്ള ഒരു മിതമായ യാത്രയായിരിക്കുകയും ചെയ്തിരുന്നെങ്കിൽ അവരും മടി കൂടാതെ ഒപ്പം പോരുമായിരുന്നു. പക്ഷെ, യാത്ര കുറെ ക്ളേശകരമായിരിക്കുന്നത് കൊണ്ടാണവർ തയ്യാറാകാത്തത്. യഥാർത്ഥം ഇതാണ്. ഇനി, വഴിയെ (നിങ്ങൾ മടങ്ങിയെത്തിയശേഷം)ഞങ്ങൾക്ക് സാധിക്കായ്കകൊണ്ട് പോരാതിരുന്നതാണെന്ന് അവർ കള്ളം പറഞ്ഞ് സത്യം ചെയ്യും. അതിൻെറ അനന്തരഫലം അവരുടെ തന്നെ നാശമായിരിക്കുന്നതുമാണ് എന്ന് സാരം. ഇവരുടെ ഒഴികഴിവുകളെപ്പറ്റി 94-ാം വചനം മുതൽ താഴെ കൂടുതൽ വിശദീകരിക്കുന്നുണ്ട്.

വിഭാഗം-7

43 (നബിയേ) നിനക്ക് അല്ലാഹു മാപ്പ് ചെയ്തിരിക്കുന്നു. എന്തിനാണ് നീ അവർക്ക് സമ്മതം നൽകിയത്- (അവരിൽ നിന്ന്) സത്യം പറഞ്ഞവർ (ആരെന്നു) നിനക്ക് വ്യക്തമായിത്തീരുകയും, വ്യാജം പറയുന്നവരെ നീ അറിയുകയും ചെയ്യുന്നതുവരെ?!

عَفَا ٱللَّهُ عَنكَ لِمَ أَذِنتَ لَهُمْ حَتَّىٰ يَتَبَيَّنَ لَكَ ٱلَّذِينَ صَدَقُوا۟ وَتَعْلَمَ ٱلْكَٰذِبِينَ ﴿٤٣﴾

43 عفا الله അല്ലാഹു മാപ്പു ചെയ്തിരിക്കുന്നു. عنك നിനക്ക്, നിന്നെപ്പറ്റി. لم എന്തിന്. أذنت നീ സമ്മതം കൊടുത്തു. لهم അവർക്ക്. حتى يتبين വ്യക്തമാകുന്നതുവരെ. لك നിനക്ക്. الذين صدقوا സത്യം പറഞ്ഞവർ. وتعلم നീ അറിയുകയും (ചെയ്യുന്നതു വരെ). الكاذبين വ്യജം പറയുന്നവരെ

ഓരോ ഒഴികഴിവുകൾ പറഞ്ഞ് ആ യാത്രയിൽ നിന്ന് തങ്ങളെ ഒഴിവാക്കണമെന്ന് കപട വിശ്വാസികൾ നബി (ﷺ) യോട് അപേക്ഷിച്ചുകൊണ്ടിരുന്നപ്പോൾ, അവരുടെ യഥാർത്ഥ സ്ഥിതി വ്യക്തമായി മനസ്സിലാക്കുവാൻ ശ്രമിക്കാതെ-അവരുടെ വാക്കുകളെമാത്രം ആസ്പദമാക്കി-അവർക്ക് ഒഴിവു കൊടുത്തത് നന്നായില്ല. അത്രത്തോളം വേണ്ടതില്ലായിരുന്നു. ഒഴികഴിവ് അനുവദിച്ചില്ലെങ്കിൽ തന്നെയും പോരുവാൻ തയ്യാറില്ലാത്തവരാണവർ. ഏതായാലും അങ്ങിനെ ചെയ്തത് അല്ലാഹു മാപ്പാക്കിത്തന്നിരിക്കുന്നു എന്ന് സാരം. നബി (ﷺ) ചെയ്തത് ഒരു കുറ്റകൃത്യമായിപ്പോയെന്നോ പാപമായിപ്പോയെന്നോ, അല്ല ഇതിന്റെ അർത്ഥം. നബി (ﷺ) വിട്ടുവീഴ്ച ചെയ്തത്കുറച്ചധികമായിപ്പോയി. അവരെപ്പറ്റിയുള്ള സദ് വിചാരത്തിൽ തിരുമേനിക്ക് പിഴവുപറ്റിപ്പോയി എന്ന് സൗമ്യമായ രൂപത്തിൽ ഉണർത്തുക മാത്രമാണുദ്ദേശ്യം. അതുകൊണ്ടാണ്, ആക്ഷേപവിഷയം എന്താണെന്ന് പറയുന്നതിന് മുമ്പ് തന്നെ നിനക്ക് അല്ലാഹു മാപ്പ് നൽകിയിരിക്കുന്നു. (عفا الله عنك) എന്നു ആദ്യമേ പറഞ്ഞത്.

44 അല്ലാഹുവിലും, അന്ത്യദിനത്തിലും വിശ്വസിക്കുന്നവർ നിന്നോട് സമ്മതം തേടുകയില്ല, തങ്ങളുടെ ധനം കൊണ്ടും, ദേഹങ്ങൾകൊണ്ടും സമരം നടത്തുന്നതിൽ നിന്ന് (ഒഴിവാകുവാൻ). അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരെപ്പറ്റി അറിയുന്നവനുമാകുന്നു.

لَا يَسْتَـْٔذِنُكَ ٱلَّذِينَ يُؤْمِنُونَ بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ أَن يُجَٰهِدُوا۟ بِأَمْوَٰلِهِمْ وَأَنفُسِهِمْ ۗ وَٱللَّهُ عَلِيمٌۢ بِٱلْمُتَّقِينَ ﴿٤٤﴾

45 യാതൊരു കൂട്ടർ മാത്രമാണു നിന്നോട് സമ്മതിതേടുന്നത്: അല്ലാഹുവിലും, അന്ത്യനാളിലും അവർ വിശ്വസിക്കുന്നില്ല; അവരുടെ ഹൃദയങ്ങൾ സന്ദേഹത്തിലകപ്പെടുകയും ചെയ്തിരിക്കുന്നു; അങ്ങനെ, അവർ തങ്ങളുടെ സന്ദേഹത്തിൽ (എങ്ങും ഉറക്കാതെ) ചഞ്ചലിച്ചുകൊണ്ടിരിക്കുകയാണ്. [ഇങ്ങിനെയുള്ളവരേ സമ്മതം തേടുകയുള്ളു.]

إِنَّمَا يَسْتَـْٔذِنُكَ ٱلَّذِينَ لَا يُؤْمِنُونَ بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ وَٱرْتَابَتْ قُلُوبُهُمْ فَهُمْ فِى رَيْبِهِمْ يَتَرَدَّدُونَ ﴿٤٥﴾

44 لا يستأذنك നിന്നോട് സമ്മതം തേടുക (ചോദിക്കുക)യില്ല. الذين يؤمنون വിശ്വസിക്കുന്നവർ. بالله അല്ലാഹുവിൽ. واليوم ദിന (ദിവസ)ത്തിലും. الآخر അന്ത്യ, അവസാന. أن يجاهدوا അവർ സമരം ചെയ്യുന്നതിന് (വെറുത്തിട്ട്), സമരം ചെയ്യുന്നതിൽ നിന്ന് (ഒഴിവാകുവാൻ). بأموالهم തങ്ങളുടെ

സ്വത്തുക്കൾ (ധനം) കൊണ്ട്. **وأنفسهم** തങ്ങളുടെ ദേഹങ്ങൾ കൊണ്ടും. **والله عليم** അല്ലാഹു അറിയുന്നവനാണ്. **بالمتقين** സൂക്ഷ്മത പാലിക്കുന്നവരെ (ഭയഭക്തരെ)പ്പറ്റി. 45 **إنما** നിഷചയമായും മാത്രം (തന്നെ). **يستأذنك** നിന്നോട് സമ്മതം തേടുന്നതാണ്. **الذين** യാതൊരുവർ (മാത്രം, തന്നെ). **لا يؤمنونَ** അവർ വിശ്വസിക്കുന്നില്ല. **بالله** അല്ലാഹുവിൽ. **واليوم الآخر** അന്ത്യദിനത്തിലും. **وارتابت** സന്ദേഹ (സംശയ)പ്പെടുകയും ചെയ്ത, ആശയക്കുഴപ്പത്തിലുമായിരിക്കുന്നു. **قُلوبهم** അവരുടെ ഹൃദയങ്ങൾ. **فَهم** അങ്ങിനെ (അതിനാൽ) അവർ. **في ريبهم** അവരുടെ സന്ദേഹ (സംശയ)ത്തിൽ. **يترددونَ** അവർ ചഞ്ചലിച്ചു (അസ്ഥിരപ്പെട്ടു അങ്ങുമിങ്ങുമായി) കൊണ്ടിരിക്കുന്നു.

സത്യവിശ്വാസികളായ ആളുകൾ എന്തെങ്കിലും കാരണം പറഞ്ഞ് ഒഴിവാകുവാൻ ശ്രമം നടത്തുകയില്ല. അല്ലാഹുവിൻെറ മാർഗ്ഗത്തിൽ കഴിയുന്നത്ര പങ്കു വഹിക്കുകയായിരിക്കും അവർ ചെയ്യുക. യഥാർത്ഥ വിശ്വാസമില്ലാതെ മുസ്ലിം വേഷമണിഞ്ഞ് അങ്ങോട്ടുമിങ്ങോട്ടും ആടിക്കളിച്ചുകൊണ്ടിരിക്കുന്ന കപടൻമാരേ വല്ല ഉപായങ്ങളും പറഞ്ഞ് ഒഴിവാകുവാൻ സമ്മതം തേടുകയുള്ളു എന്ന് സാരം.

۞ وَلَوْ أَرَادُوا۟ ٱلْخُرُوجَ لَأَعَدُّوا۟ لَهُۥ عُدَّةً وَلَـٰكِن كَرِهَ ٱللَّهُ ٱنۢبِعَاثَهُمْ فَثَبَّطَهُمْ وَقِيلَ ٱقْعُدُوا۟ مَعَ ٱلْقَـٰعِدِينَ ﴿٤٦﴾

46 അവർ പുറപ്പെടുവാൻ ഉദ്ദേശിച്ചിരുന്നെങ്കിൽ, അവർ അതിനു വല്ല ഒരുക്കവും ഒരുക്കുകതന്നെ ചെയ്തിരുന്നു. എങ്കിലും, അവരുടെ എഴുന്നേൽപിനെ [പുറപ്പാടിനെ] അല്ലാഹു വെറുത്ത് അവരെ അവൻ തടഞ്ഞുവെച്ചിരിക്കയാണ്. ''(മുടങ്ങി) ഇരിക്കുന്നവരോടൊപ്പം (മുടങ്ങി) ഇരുന്നു കൊള്ളുവിൻ'' എന്ന് (അവരോട്) പറയപ്പെടുകയും ചെയ്തു.

---

46 **ولو أرادوا** അവർ ഉദ്ദേശിച്ചിരുന്നെങ്കിൽ. **الخروج** പുറപ്പാട്, പുറപ്പെടുന്നതിന്. **لأعدوا** അവർ ഒരുങ്ങുക (ഒരുക്കുക) തന്നെ ചെയ്യുമായിരുന്നു. **له** അതിനുവേണ്ടി. **عدة** വല്ല ഒരുക്കവും. **ولكن كره** എങ്കിലും വെറുത്തു, അനിഷ്ടമായിരിക്കുന്നു. **الله** അല്ലാഹു, അല്ലാഹുവിന്. **انبعاثهم** അവരുടെ എഴുന്നേൽപ്പ്, പുറപ്പാട്,. **فثبطهم** എന്നിട്ട് (അതിനാൽ-അങ്ങനെ) അവരെ അവൻ തടഞ്ഞു (മുടക്കി-പിന്തിച്ചു)വെച്ച്. **وقيلَ** പറയപ്പെടുകയും ചെയ്തു. **اقعدوا** ഇരുന്നുകൊള്ളുവിൻ. **مع القاعدين** ഇരിക്കുന്നവരുടെകൂടെ, ഇരിപ്പായവരോടൊപ്പം

സാരം: നബി (ﷺ) യും സൈന്യവും പോകുമ്പോൾ ഒന്നിച്ച് പോകണമെന്നുള്ള വിചാരമോ ആഗ്രഹമോ തന്നെ അവർക്കില്ല. ഉണ്ടെങ്കിൽ അതിനുള്ള എന്തെങ്കിലും ഒരുക്കം അവരിൽ കാണേണ്ടതായിരുന്നു. അതില്ലാത്ത സ്ഥിതിക്ക് അവർ നിങ്ങളുടെ ഒന്നിച്ച് പോരുന്നത് തന്നെ അല്ലാഹുവിന് ഇഷ്ടമില്ലാത്തതാകുന്നു. അങ്ങനെ, സ്ത്രീകൾ, കുട്ടികൾ മുതലായവരെപ്പോലെ സമരത്തിന് പോകാതെ അടഞ്ഞിരിക്കുന്നവരുടെ കൂട്ടത്തിൽ അവരും ഇരിക്കട്ടെ എന്നു വെച്ചിരിക്കുകയാണ് അല്ലാഹു. ഇതിനുള്ള കാരണവും അല്ലാഹു ചൂണ്ടിക്കാട്ടുന്നു:-

لَوْ خَرَجُوا۟ فِيكُم مَّا زَادُوكُمْ إِلَّا خَبَالًا

47 നിങ്ങളുടെ കൂട്ടത്തിൽ അവർ പുറപ്പെട്ടിരുന്നാൽ, അവർ നിങ്ങൾക്ക് അസ്വാസ്ഥ്യ

وَلَأَوْضَعُوا۟ خِلَـٰلَكُمْ يَبْغُونَكُمُ ٱلْفِتْنَةَ وَفِيكُمْ سَمَّـٰعُونَ لَهُمْ ۗ وَٱللَّهُ عَلِيمٌۢ بِٱلظَّـٰلِمِينَ ﴿٤٧﴾

മല്ലാതെ വർദ്ധിപ്പിക്കുന്നതല്ല; നിങ്ങൾക്ക് കുഴപ്പം(ഉണ്ടാകുവാൻ) ആഗ്രഹിച്ചുകൊണ്ട് നിങ്ങളുടെ ഇടയിലൂടെ അവർ പരക്കം പായുകയും തന്നെ ചെയ്യും. അവർക്ക് ചെവി കൊടുക്കുന്ന (കുറേ) ആളുകൾ നിങ്ങളിൽ ഉണ്ടു താനും. അല്ലാഹു അക്രമികളെപ്പറ്റി അറിയുന്നവനുമാണ്.

---

47 **لو خرجوا** അവർ പുറപ്പെട്ടിരുന്നാൽ. **فيكم** നിങ്ങളുടെ കൂട്ടത്തിൽ. **ما زادوكم** നിങ്ങൾക്കവർ വർദ്ധിപ്പിക്കുക (അധികമാക്കുക)യില്ല. **إلا خبالاً** കുഴപ്പം (അസ്വാസ്ഥ്യം-കിറുക്ക്-ആപത്ത്) അല്ലാതെ. **ولأوضعوا** അവർ ഓടി നടക്കുക (പരക്കം പായുക)യും തന്നെ ചെയ്യും (കിണഞ്ഞു ശ്രമിക്കും). **خلالكم** നിങ്ങൾക്കിടയിലൂടെ. **يبغونكم** നിങ്ങൾക്ക് തേടി (അന്വേഷിച്ച്-ആഗ്രഹിച്ച്) കൊണ്ട്. **الفتنة** കുഴപ്പം. **وفيكم** നിങ്ങളിലുണ്ട്താനും. **سماعون** കേട്ടുകൊണ്ടിരുക്കുന്ന (ചെവികൊടുക്കുന്ന)വർ. **لهم** അവർക്ക് അവരിലേക്ക്. **والله** അല്ലാഹുവാകട്ടെ. **عليم** അറിയുന്നവനാണ്. **بالظالمين** അക്രമികളെപ്പറ്റി..

അവർ നിങ്ങളൊന്നിച്ച് പോന്നിരുന്നാൽ തന്നെയും യാതൊരു ഉപകാരവും അവരെക്കൊണ്ട് നിങ്ങൾക്കുണ്ടാകുവാൻ പോകുന്നില്ല. കുഴപ്പം, വഞ്ചന, ഏഷണി മുതലായവ വഴി നിങ്ങൾക്ക് ആപത്ത് വർദ്ധിപ്പിക്കുവാനുള്ള ശ്രമവും പരക്കം പാച്ചിലും മാത്രമേ അവരിൽനിന്നുണ്ടാകുവാനുള്ളു. അതോടുകൂടി, അവരുടെ വാക്കുകൾ കേൾക്കുകയും, അതിൽ വഞ്ചിതരാവുകയും ചെയ്യുന്ന കുറേ ആളുകൾ നിങ്ങളുടെ കൂട്ടത്തിൽ ഉണ്ടുതാനും. അവരും ഇവരും കൂടി ചേരുമ്പോൾ കുഴപ്പം കൂടുതലാകുകയും ചെയ്യും. ഇതെല്ലാം കാരണമായിട്ടാണ് അവർ നിങ്ങളൊന്നിച്ച് പോരുന്നത് അല്ലാഹു ഇഷ്ടപ്പെടാതിരിക്കുന്നതും, അവർക്കതിന് പ്രേരണ നൽകാതെ അവരെ തടഞ്ഞുവെച്ചതും എന്നു താൽപര്യം. ''അവർക്കു ചെവികൊടുക്കുന്ന ആളുകൾ നിങ്ങളിലുണ്ട്'' എന്ന് പറഞ്ഞത് വിശ്വാസം ദൃഢപ്പെട്ട് കഴിഞ്ഞിട്ടില്ലാത്ത ദുർബ്ബല വിശ്വാസികൾ, ദീർഘദൃഷ്ടിയും സൂക്ഷ്മ ബുദ്ധിയുമില്ലാത്ത സ്വാത്വികന്മാരായ ആളുകൾ എന്നിവരെയൊക്കെ ഉദ്ദേശിച്ചാകുന്നു.

لَقَدِ ٱبْتَغَوُا۟ ٱلْفِتْنَةَ مِن قَبْلُ وَقَلَّبُوا۟ لَكَ ٱلْأُمُورَ حَتَّىٰ جَآءَ ٱلْحَقُّ وَظَهَرَ أَمْرُ ٱللَّهِ وَهُمْ كَـٰرِهُونَ ﴿٤٨﴾

48 (നബിയെ) മുമ്പു (തന്നെ) അവർ കുഴപ്പത്തിന് ആഗ്രഹിക്കുകയും, നിനക്ക് കാര്യങ്ങളെ (അവതാളത്തിലാക്കുവാൻ) തിരിച്ചു മറിക്കുകയും ചെയ്കയുണ്ടായിട്ടുണ്ട്. അങ്ങനെ, (അവസാനം) യഥാർത്ഥം വരുകയും, അല്ലാഹുവിൻെറ കാര്യം (വിജയിച്ച്) പ്രത്യക്ഷപ്പെടുകയും ചെയ്തു, അവർ വെറുക്കുന്നവരായിരിക്കെ.

---

48 **لقد ابتغوا** അവർ തേടുക (ആഗ്രഹിക്കുക)യുണ്ടായിട്ടുണ്ട്. **الفتنة** കുഴപ്പത്തെ. **من قبلُ** മുമ്പേ, മുമ്പു (തന്നെ). **وقلبوا** അവർ മറിച്ചിടുക (തിരിച്ചു മറിക്കുക-അവതാളത്തിലാക്കുക-സൂത്രപ്രയോഗം നടത്തുക)യും. **لك** നിനക്ക്, നിന്നോട്. **الأمور** കാര്യങ്ങളെ. **حتى جاء** അങ്ങനെ വന്നു, വരുന്നതു വരെ. **الحق** യഥാർത്ഥം. **وظهر** പ്രത്യക്ഷപ്പെടുക (വിജയിപ്പിക്കുക)യും ചെയ്തു. **أمر الله** അല്ലാഹുവിൻെറ കാര്യം. **وهم** അവരാകട്ടെ, അവർ ആയിരിക്കെ. **كارهون** വെറുക്കുന്നവരുമാണ്

(അതൃപ്തര്‍).

കപടവിശ്വാസികളുടെ ഈ സ്വഭാവം പുതിയതൊന്നുമല്ല. മുമ്പുതന്നെ പലപ്പോഴും വിശിഷ്യാ-ഹിജ്റയുടെ ആദ്യകാലങ്ങളിലും, ഉഹ്ദു യുദ്ധം മുതലായ സന്ദര്‍ഭങ്ങളിലും-കുഴപ്പങ്ങളുണ്ടാക്കുവാന്‍ ശ്രമം നടത്തലും ഗൂഢപരിപാടികള്‍ വഴി കാര്യങ്ങള്‍ അവതാളത്തിലാക്കലും അവരുടെ പതിവാണല്ലോ. എന്നാലും അവസാനം, അവരുടെ ആഗ്രഹത്തിനും ഇഷ്ടത്തിനും എതിരായി അല്ലാഹുവിന്‍റെ സഹായം നിങ്ങള്‍ക്ക് യഥാര്‍ത്ഥമായിത്തീരുകയും, അവന്‍റെ മതത്തിന് വിജയം കൈവരുകയും തന്നെ ചെയ്തു.

وَمِنْهُم مَّن يَقُولُ ٱئْذَن لِّى وَلَا تَفْتِنِّىٓ ۚ أَلَا فِى ٱلْفِتْنَةِ سَقَطُوا۟ ۗ وَإِنَّ جَهَنَّمَ لَمُحِيطَةٌۢ بِٱلْكَـٰفِرِينَ ﴿٤٩﴾

49 അവരിലുണ്ട്: ''എനിക്കു സമ്മതം നല്‍കണം- എന്നെ കുഴപ്പത്തിലാക്കരുതേ!'' എന്നു പറയുന്ന ചിലര്‍. അല്ലാ (അറിഞ്ഞേക്കുക)! കുഴപ്പത്തില്‍ തന്നെയാണവര്‍ വീണിരിക്കുന്നത്. നിശ്ചയമായും, 'ജഹന്നം' [നരകം] അവിശ്വാസികളെ വലയം ചെയ്തുകൊണ്ടിരിക്കുന്നതു തന്നെയാകുന്നു.

---

49 **ومنهم** അവരിലുണ്ട്, അവരില്‍ പെട്ടവരാണ്. **من يقُولُ** പറയുന്ന ചിലര്‍. **ائْذَن لي** എനിക്ക് സമ്മതം നല്‍കണം. **ولا تفْتني** എന്നെ, കുഴപ്പത്തിലാക്കുകയും അരുത്. **ألا** അല്ലാ-അറിയുക. **في الْفتنة** കുഴപ്പത്തില്‍ (തന്നെ). **سقَطُوا** അവര്‍ വീണിരിക്കുന്നു, പതിച്ചു. **وإن جهنم** നിശ്ചയമായും ജഹന്നമാകട്ടെ. **لَمحيطةٌ** വലയം ചെയ്യുന്നത് (ചൂഴ്ന്നു നില്‍ക്കുന്നത്) തന്നെ. **بالْكافرين** അവിശ്വാസികളെ.

കപടവിശ്വാസികളില്‍പെട്ട ചിലരെപ്പറ്റിത്തന്നെയാണ് ഈ പ്രസ്താവനയെന്ന്പറയേണ്ടതില്ല. കപടവിശ്വാസികളുടെ തനിനിറം തുറന്ന് കാട്ടുന്ന വേറെയും പല പ്രസ്താവനകള്‍ ഇതുപോലെ താഴെ ഇനിയും കാണാവുന്നതാണ്. എനിക്ക് ഈ യുദ്ധ യാത്രയില്‍നിന്ന് ഒഴിവ് നല്‍കാതിരുന്നാല്‍ ഞാന്‍ കുഴപ്പത്തിലാകും. അതുകൊണ്ട് എനിക്ക് ഒഴിവനുവദിക്കണേ എന്ന് അവര്‍ നബി (ﷺ) യോട് അപേക്ഷിക്കുന്നു. യുദ്ധത്തില്‍ പങ്കെടുക്കുവാന്‍ ആഗ്രഹമില്ലായ്കയല്ല, കുഴപ്പം ഭയന്ന് പോരാതിരിക്കുവാന്‍ ഞാന്‍ നിര്‍ബ്ബന്ധിതനായിരിക്കുകയാണ്. അങ്ങുന്ന് എനിക്ക് സമ്മതം നല്‍കാതിരുന്നാല്‍ ഞാന്‍ കല്‍പന ലംഘിച്ചവനായിത്തീരുമല്ലോ-അതിനിടയാക്കരുതേ-എന്നുള്ള അര്‍ത്ഥത്തിലും, എനിക്ക് ഒഴിവ് നല്‍കാത്തപക്ഷം എന്‍റെ കുടുംബവും സ്വത്തും നോക്കുവാന്‍ ആളില്ലാതെ വിഷമത്തിലാകും- അതിന് ഇടയാക്കരുതേ-എന്നുള്ള അര്‍ത്ഥത്തിലും അവരുടെ ഈ വാക്കിന് വ്യാഖ്യാനം നല്‍കപ്പെട്ടിട്ടുണ്ട്.

എങ്കിലും, താഴെ കാണുന്ന രിവായത്തിലും മറ്റും കാണുന്നതുപോലെ, ഒരു പ്രത്യേക സംഭവമാണ് ഈ വചനത്തില്‍ സൂചിപ്പിക്കപ്പെട്ടിരിക്കുന്നത് എന്ന് മനസ്സിലാകുന്നു. ഇബ്നുല്‍ മുന്‍ദിര്‍, ത്വബ്റാനീ (رحمهم الله) മുതലായവര്‍ ഇബ്നു അബ്ബാസ് (رضي الله عنه) ല്‍ നിന്ന് ഇങ്ങിനെ ഉദ്ധരിച്ചിരിക്കുന്നു: തബൂക്കിലേക്ക് പടയെടുപ്പിനുദ്ദേശിച്ചപ്പോള്‍, (ബനൂസലമ ഗോത്രക്കാരനായ) ജദ്ദൂബ്നു ഖൈസിനോട് ചോദിക്കുകയുണ്ടായി: ''മഞ്ഞ വര്‍ഗ്ഗക്കാരോട് (*) സമരം ചെയ്യുന്നതിനെക്കുറിച്ച് താന്‍ എന്ത് പറയുന്നു?' അവര്‍ പറഞ്ഞു: ''ഞാന്‍ പല ഭാര്യമാരുള്ള ഒരു

---

* യൂറോപ്യന്‍മാരെപ്പറ്റി നാം 'വെള്ളക്കാര്‍' എന്നു പറയാറുള്ളതുപോലെ അറബികള്‍ അവരെപ്പറ്റി മഞ്ഞവര്‍ഗ്ഗക്കാര്‍ (بنو الأصفر) എന്നു പറഞ്ഞിരുന്നു. യൂറോപ്യന്‍ രാജ്യമായ റോമക്കാരുടെ കീഴിലായിരുന്നു അന്നു ശാം രാജ്യങ്ങള്‍. അതുകൊണ്ടാണു സമരം മഞ്ഞവര്‍ഗ്ഗക്കാരോടെന്നു പറഞ്ഞതു.

പുരുഷനാണ്. ഞാൻ മഞ്ഞ വർഗ്ഗക്കാരുടെ സ്ത്രീകളെ കാണുന്ന മാത്രയിൽ കുഴപ്പത്തില കപ്പെട്ടേക്കും. (*) അതുകൊണ്ട് എനിക്ക് (ഒഴിവാകുവാൻ) സമ്മതം നൽകണം.' എന്നെ കുഴപ്പത്തിലാക്കരുത്,'' ഇതു സംബന്ധിച്ച് ഈ (49-ാം) വചനം അവതരിച്ചു. ഇതുപോലെ, ആയിശാ, ജാബിർ (رضي الله عنهما) എന്നിവരിൽ നിന്നും രിവായത്തുകൾ വന്നിരിക്കുന്നു.

ഏതായാലും ഉദ്ദേശ്യശുദ്ധിയോടുകൂടിയല്ല അവർ നബി (ﷺ) യോട് സമ്മതം ചോദിച്ച തെന്നും, അവർ ആ യാത്രയിൽ പങ്കെടുക്കുവാൻ തീരെ ഉദ്ദേശിക്കാത്തവരാണെന്നും വ്യക്തം ത ന്നെ. 'കുഴപ്പം 'فتنة കൊണ്ട് അവർ ഉദ്ദേശിച്ചത് മേൽ കണ്ട ഏത് കാര്യമായിരുന്നാലും ശരി, അതിനെക്കാൾ വമ്പിച്ച കുഴപ്പത്തിലാണ് അവർ ചാടിയിരിക്കുന്നതെന്ന് അല്ലാഹു അിറയിക്കു ന്നു. അതായത്, അവിശ്വാസവും കാപട്യവുമാകുന്ന കുഴപ്പത്തിലാണവർ അകപ്പെട്ടിരിക്കുന്നത്. അതിൻെറ ഫലമാകട്ടെ അതികഠിനവും ശാശ്വതവുമായ നരകവും!

إِن تُصِبْكَ حَسَنَةٌ تَسُؤْهُمْ ۖ وَإِن تُصِبْكَ مُصِيبَةٌ يَقُولُوا۟ قَدْ أَخَذْنَآ أَمْرَنَا مِن قَبْلُ وَيَتَوَلَّوا۟ وَّهُمْ فَرِحُونَ ﴿٥٠﴾

50 (നബിയേ) നിനക്കു വല്ല നൻമയും ബാധിക്കുന്ന പക്ഷം അതവർക്ക് അസുഖമുണ്ടാക്കും; നിനക്കു വല്ല വിപത്തും ബാധിക്കുന്ന പക്ഷം, അവർ പറയുകയും ചെയ്യും; ''ഞങ്ങളുടെ കാര്യം [മുൻകരുതൽ] ഞങ്ങൾ മുമ്പേ എടുത്തിട്ടുണ്ട്'' എന്ന്; ആഹ്ളാദിക്കുന്നവരായും കൊണ്ട് അവർ തിരിഞ്ഞു പോകുകയും ചെയ്യും.

---

50 **إن تصبك** നിന്നെ (നിനക്ക്) ബാധിക്കുന്ന പക്ഷം. **حسنةٌ** വല്ല നൻമയും, നല്ല കാര്യവും. **تسؤهم** അതവരെ വെറുപ്പിക്കും, അസുഖമുണ്ടാക്കും, മോശപ്പെടുത്തും. **وإن تصبك** നിനക്ക് ബാധിക്കുന്ന (എത്തുന്ന) പക്ഷം. **مصيبة** വല്ല ബാധയും, വിപത്തും. **يقُولُوا** അവർ പറയും.**قد أخذْنا** ഞങ്ങൾ എടുത്തി (സ്വീകരിച്ചി)ട്ടുണ്ട്.. **أمرنا** ഞങ്ങളുടെ കാര്യം. **من قَبْلُ** മുമ്പേ. **ويتولوا** അവർ തിരിഞ്ഞു പോകയും ചെയ്യും. **وهم** അവരായിക്കൊണ്ട്. **فَرحونَ** ആഹ്ലാദിക്കുന്നവർ, സന്തോഷം (പുളകം) കൊള്ളുന്നവർ.

വിജയം, ഗനീമത്ത് മുതലായ വല്ല ഗുണങ്ങളും നബി (ﷺ) ക്കും സത്യവ ിശ്വാസികൾക്കും യുദ്ധത്തിൽ ലഭിക്കുന്നത് അവർക്ക് വെറുപ്പാണ്. നേരെ മറിച്ച് അവർക്ക് വല്ല അനിഷ്ടങ്ങളും സംഭവിച്ചാൽ, അതിൽ അവർ സന്തോഷം കൊള്ളുകയും, ഞങ്ങൾ നേരത്തെത്തന്നെ മുൻകരുതലെടുത്ത്-അതുകൊണ്ട് ഞങ്ങൾക്കത് ബാധിക്കാതെ കഴിഞ്ഞു-എന്ന് അഹങ്കരിക്കുകയും ചെയ്യും എന്ന് സാരം. അവർ വളരെ ദീർഘദൃഷ്ടിയും, അകലക്കാഴ്ചയുമുള്ളവരാണ്, നബി (ﷺ) ക്കും സഹാബികൾക്കും വിവേകവും മുൻകരുതലുമില്ലാത്തതുകൊണ്ടാണ് ആപത്തു പിണയുന്നത് എന്നൊക്കെയാണല്ലോ അവരുടെ വാക്കിലെ സൂചന. ഇതിന് ഇങ്ങിനെ മറുപടി നൽകുവാൻ നബി (ﷺ) യോട് അല്ലാഹു കൽപിക്കുന്നു:-

قُل لَّن يُصِيبَنَآ إِلَّا مَا كَتَبَ ٱللَّهُ لَنَا هُوَ

51 പറയുക: ''ഞങ്ങൾക്ക് അല്ലാഹു (നിശ്ച യിച്ച്) രേഖപ്പെടുത്തിയതല്ലാതെ (ഒന്നും) ഞങ്ങളെ ബാധിക്കുകയില്ലതന്നെ. അവൻ

* വെള്ളക്കാരുടെ സ്ത്രീകളെ കാണുമ്പോൾ എൻെറ മനസ്സു ഇടറിപ്പോകുമെന്നർത്ഥം.

مَوْلَىٰنَا ۚ وَعَلَى ٱللَّهِ فَلْيَتَوَكَّلِ ٱلْمُؤْمِنُونَ ﴿٥١﴾

ഞങ്ങളുടെ യജമാനനാകുന്നു. അല്ലാഹുവിന്റെ മേൽ ഭരമേൽപിച്ചുകൊള്ളട്ടെ- സത്യവിശ്വാസികൾ.''

---

51 **قُلْ** പറയുക. **لن يصيبنا** ഞങ്ങളെ ബാധിക്കുകയേ ഇല്ല. **إلا ما** യാതൊന്നല്ലാതെ. **كتب الله** അല്ലാഹു രേഖപ്പെടുത്തിയ. **لنا** ഞങ്ങൾക്ക്. **هو** അവൻ. **مولانا** ഞങ്ങളുടെ യജമാനമാണ്. **وعلى الله** അല്ലാഹുവിന്റെ മേൽ. **فليتوكل** ഭാരമേൽപിച്ചു കൊളളട്ടെ. **المؤمنونَ** സത്യവിശ്വാസികൾ.

അല്ലാഹു നിശ്ചയിച്ചുവെച്ചതിനപ്പുറം ഒന്നും സംഭവിക്കുവാൻ പോകുന്നില്ല. മുൻകരുതലുകൾകൊണ്ടൊന്നും അതില്ലാതാക്കുവാൻ സാധ്യമല്ല. ഞങ്ങളുടെ യജമാനൻ അവനായതുകൊണ്ട് അവന്റെ കൽപനയനുസരിക്കുകയേ ഞങ്ങൾക്ക് നിവൃത്തിയുളളു. എല്ലാ കാര്യവും അവനിൽ അർപ്പിക്കുകയാണ് സത്യവിശ്വാസികൾ ചെയ്യേണ്ടത്. അതാണ് ഞങ്ങൾ ചെയ്യുന്നതും. എന്ന് സാരം. ഈ പൊതു തത്വം ഓർമ്മിപ്പിച്ചശേഷം, അവരോട് വീണ്ടും പറയുവാൻ കൽപിക്കുന്നു:-

قُلْ هَلْ تَرَبَّصُونَ بِنَآ إِلَّآ إِحْدَى ٱلْحُسْنَيَيْنِ ۖ وَنَحْنُ نَتَرَبَّصُ بِكُمْ أَن يُصِيبَكُمُ ٱللَّهُ بِعَذَابٍ مِّنْ عِندِهِۦٓ أَوْ بِأَيْدِينَا ۖ فَتَرَبَّصُوٓا۟ إِنَّا مَعَكُم مُّتَرَبِّصُونَ ﴿٥٢﴾

52 പറയുക: ''ഏറ്റം നല്ലതായ രണ്ടു കാര്യങ്ങളിലൊന്നല്ലാതെ, ഞങ്ങളെ സംബന്ധിച്ചു നിങ്ങൾ പ്രതീക്ഷിക്കുന്നുവോ?! ഞങ്ങളാകട്ടെ, അല്ലാഹുവിന്റെ പക്കൽ നിന്ന്- അല്ലെങ്കിൽ ഞങ്ങളുടെ കൈകളാൽ-നിങ്ങൾക്കു വല്ല ശിക്ഷയെയും അവൻ ബാധിപ്പിക്കുമെന്ന് നിങ്ങളെ സംബന്ധിച്ചു ഞങ്ങളും പ്രതീക്ഷിക്കുന്നു. അതിനാൽ, നിങ്ങൾ പ്രതീക്ഷിച്ചുകൊള്ളുവിൻ; ഞങ്ങൾ നിങ്ങളോടൊപ്പം പ്രതീക്ഷിച്ചു കൊണ്ടിരിക്കുന്നവരാകുന്നു.

---

52 **قُلْ** പറയുക. **هل تربصونَ** നിങ്ങൾ പ്രതീക്ഷിക്കുന്നുവോ, കാത്തിരിക്കുന്നുവോ. **بنا** ഞങ്ങളിൽ, ഞങ്ങളെ സംബന്ധിച്ച്. **إلا إحدى** ഒരു കാര്യമല്ലാതെ. **الحسنيين** ഏറ്റം നല്ല രണ്ടു നന്മകളിൽ. **ونحن** ഞങ്ങളാകട്ടെ, ഞങ്ങളും (തന്നെ). **نتربص** പ്രതീക്ഷിച്ചു (കാത്തു) കൊണ്ടിരിക്കുന്നു. **بكُم** നിങ്ങളെപ്പറ്റി. **أن يصيبكُم** നിങ്ങൾക്ക് ബാധിപ്പിക്കുന്നതിനെ. **الله** അല്ലാഹു. **بعذابٍ** വല്ല ശിക്ഷയെയും. **من عنده** അവന്റെ പക്കൽനിന്നുളള. **أو بأيدينا** അല്ലെങ്കിൽ ഞങ്ങളുടെ കൈകളാൽ, കൈക്ക്. **فتربصوا** അതിനാൽ (എന്നാൽ) നിങ്ങൾ പ്രതീക്ഷിക്കുവിൻ. **إنا معكُم** നിശ്ചയമായും ഞങ്ങൾ നിങ്ങളോടൊപ്പം. **متربصونَ** പ്രതീക്ഷിച്ചു കൊണ്ടിരിക്കുന്നവരാണ് (കാത്തിരിക്കുന്നു).

സാരം: യുദ്ധം മുഖേന ഞങ്ങൾക്ക് സംഭവിക്കാനുള്ളത് രണ്ടിലൊരു കാര്യമാണ്. ഒന്നുകിൽ വിജയം. അല്ലെങ്കിൽ വീര മരണം അഥവാ രക്തസാക്ഷിത്വം. രണ്ടായാലും അത് ഞങ്ങൾക്ക് വമ്പിച്ച നന്മ തന്നെ. ഇതിലപ്പുറം ഞങ്ങളെക്കുറിച്ച് നിങ്ങൾക്ക് പ്രതീക്ഷിക്കുവാനില്ല. അതേ സമയം ഞങ്ങൾക്ക് നിങ്ങളെക്കുറിച്ച് പ്രതീക്ഷിക്കുവാനുള്ളത് ഏറ്റവും മോശപ്പെട്ട രണ്ടു കാര്യങ്ങളാണ്. ഒന്നുകിൽ, അല്ലാഹു നിങ്ങൾക്ക് എന്തെങ്കിലും വമ്പിച്ച ശിക്ഷ നൽകി നിങ്ങളെ നശിപ്പിക്കുക. അല്ലെങ്കിൽ, നിങ്ങളുടെ രഹസ്യം വെളിക്കു വരുത്തി ഞങ്ങളുടെ കൈകളാൽ നിങ്ങളെ നശിപ്പിക്കുക. നിങ്ങളുടെ ഈ ദുസ്ഥിതി നിങ്ങൾ മാറ്റാത്തപക്ഷം, രണ്ടിലൊന്ന് നിങ്ങൾക്ക് സംഭവിക്കുക തന്നെ ചെയ്യും. അതുകൊണ്ട് ഇരുകൂട്ടരും കാത്തിരിക്കുക: സംഭവിക്കുന്നതെന്താണെന്ന് നമുക്ക് കാണാമല്ലോ.

53 പറയുക: ‘‘നിങ്ങള്‍ അനുസരണപൂര്‍വ്വം, അല്ലെങ്കില്‍ വെറുപ്പായിക്കൊണ്ട് [തൃപ്തിപ്പെട്ടുകൊണ്ടോ തൃപ്തി കൂടാതെയോ] ചിലവഴിച്ചു കൊള്ളുക, (രണ്ടായാലും) നിങ്ങളില്‍ നിന്ന് അത് സ്വീകരിക്കപ്പെടുന്നതേയല്ല. (കാരണം) നിശ്ചയമായും നിങ്ങള്‍, തോന്നിയവാസികളായ ഒരു ജനതയായിരിക്കുന്നു.’’

قُلْ أَنفِقُوا۟ طَوْعًا أَوْ كَرْهًا لَّن يُتَقَبَّلَ مِنكُمْ ۖ إِنَّكُمْ كُنتُمْ قَوْمًا فَـٰسِقِينَ ﴿٥٣﴾

---

53 قُلْ പറയുക. أنفقوا ചിലവഴിച്ചുകൊള്ളുവിന്‍. طوعا അനുസരണപൂര്‍വ്വം, സ്വമേധയാ (തൃപ്തിയോടെ). أو كرها അല്ലെങ്കില്‍ വെറുത്തു കൊണ്ട് (അതൃപ്തിയോടെ). لن يتقبل സ്വീകരിക്കപ്പെടുകയേ ഇല്ല (ഇല്ല തന്നെ). منكم നിങ്ങളില്‍ നിന്ന്. إنكم നിശ്ചയമായും നിങ്ങള്‍. كنتم നിങ്ങളായിരിക്കുന്നു, ആകുന്നു. قوما ഒരു ജനത. فاسقين തോന്നിയവാസി (തെമ്മാടി) കളായ.

കപടവിശ്വാസികള്‍ അല്ലാഹുവിന്‍െറ മാര്‍ഗ്ഗത്തില്‍ ചെലവഴിക്കുന്നത് നിര്‍ബന്ധം കൂടാതെ സ്വേഷ്ടപ്രകാരമായാലും, ഇഷ്ടമില്ലാതെ നിര്‍ബ്ബന്ധത്തിനോ മറ്റോ വഴങ്ങിക്കൊണ്ടായാലും അല്ലാഹുവിങ്കല്‍ അത് സ്വീകാര്യമല്ലെന്ന് അല്ലാഹു വ്യക്തമാക്കുന്നു. അവര്‍ക്കതില്‍ ആത്മാര്‍ത്ഥതയുണ്ടാകയില്ലല്ലോ. ഇതിന് കാരണമായി അല്ലാഹു പറഞ്ഞത് അവര്‍ തോന്നിയവാസികളാണെന്നുള്ളതാണ്. അതിനൊരു വിശദീകരണമത്രെ അടുത്ത വചനം:-

54 അവരില്‍ നിന്ന് അവരുടെ (വക) ചിലവുകള്‍ സ്വീകരിക്കപ്പെടുന്നതിന് അവരെ തടസ്സം ചെയ്തിട്ടില്ല, അവര്‍, അല്ലാഹുവിലും അവന്‍െറ റസൂലിലും അവിശ്വസിച്ചിരിക്കുന്നുവെന്നല്ലാതെ; മടിയന്‍മാരായും കൊണ്ടല്ലാതെ, അവര്‍ നമസ്കാരത്തിനു ചെല്ലുകയുമില്ല; വെറുത്തവരായും കൊണ്ടല്ലാതെ, അവര്‍ ചിലവഴിക്കുകയുമില്ല. [ഇതൊക്കെയാണതിനു തടസ്സം.]

وَمَا مَنَعَهُمْ أَن تُقْبَلَ مِنْهُمْ نَفَقَـٰتُهُمْ إِلَّآ أَنَّهُمْ كَفَرُوا۟ بِٱللَّهِ وَبِرَسُولِهِۦ وَلَا يَأْتُونَ ٱلصَّلَوٰةَ إِلَّا وَهُمْ كُسَالَىٰ وَلَا يُنفِقُونَ إِلَّا وَهُمْ كَـٰرِهُونَ ﴿٥٤﴾

---

54 وما منعهم അവരെ മുടക്കി (അവര്‍ക്ക് തടസ്സം വരുത്തി)യിട്ടില്ല. أن تقبل സ്വീകരിക്കപ്പെടുന്നതിന്. منهم അവരില്‍ നിന്ന്. نفقاتهم അവരുടെ ചിലവുകള്‍. إلا أنهم അവര്‍ (ആകുന്നു) എന്നതല്ലാതെ. كفروا അവര്‍ അവിശ്വസിച്ചു (വെന്നത്). بالله അല്ലാഹുവില്‍. وبرسوله അവന്‍െറ റസൂലിലും. ولا يأتون അവര്‍ ചെല്ലുക (വരുക)യുമില്ല (എന്നതും). الصلاة നമസ്കാരത്തിന്, നമസ്കാരത്തിങ്കല്‍. إلا وهم അവരായും കൊണ്ടല്ലാതെ. كسالى മടിയന്‍മാര്‍. ولا ينفقون അവര്‍ ചിലവഴിക്കുകയുമില്ല. إلا وهم അവരായും കൊണ്ടല്ലാതെ. كارهون വെറുത്തവര്‍, ഇഷ്ടമില്ലാത്തവര്‍.

നിഷ്കളങ്കമായ സത്യവിശ്വാസം സ്വീകരിച്ചുകൊണ്ട് സന്‍മനസ്സോടുകൂടി ചെയ്യുന്ന സല്‍കര്‍മ്മങ്ങളും ദാനധര്‍മ്മങ്ങളും മാത്രമേ അല്ലാഹു സ്വീകരിക്കുകയുള്ളുവെന്ന് അല്ലാഹു പലപ്പോഴും വ്യക്തമാക്കിയിട്ടുള്ളതാണ്. انما يتقبل الله من المتقين (സൂക്ഷ്മത പാലിക്കുന്നവരില്‍ നിന്ന് മാത്രമേ അല്ലാഹു സ്വീകരിക്കുകയുള്ളു.)

55 എന്നിരിക്കെ, അവരുടെ സ്വത്തുക്കളാകട്ടെ, മക്കളാകട്ടെ, നിന്നെ ആശ്ചര്യപ്പെടുത്തരുത്. നിശ്ചയമായും, അല്ലാഹു ഉദ്ദേശിക്കുന്നത്, അവമൂലം ഇഹലോക ജീവിതത്തിൽ അവരെ ശിക്ഷിക്കുവാനും അവർ അവിശ്വാസികളായുംകൊണ്ട് അവരുടെ ജീവൻ പോകുവാനും തന്നെയാകുന്നു.

فَلَا تُعْجِبْكَ أَمْوَٰلُهُمْ وَلَآ أَوْلَـٰدُهُمْ ۚ إِنَّمَا يُرِيدُ ٱللَّهُ لِيُعَذِّبَهُم بِهَا فِى ٱلْحَيَوٰةِ ٱلدُّنْيَا وَتَزْهَقَ أَنفُسُهُمْ وَهُمْ كَـٰفِرُونَ ﴿٥٥﴾

---

55 **فَلَا تعجبك** അതിനാൽ (എന്നിരിക്കെ) നിന്നെ ആശ്ചര്യ (അൽഭുത)പ്പെടുത്തരുത്. **أموالُهم** അവരുടെ സ്വത്തുക്കൾ. **ولا أولادهم** അവരുടെ മക്കളും (സന്താനങ്ങളും) അരുത്. **إنما يريد** നിശ്ചയമായും (മാത്രം-തന്നെ) ഉദ്ദേശിക്കുന്നു. **اللّٰه** അല്ലാഹു. **ليعذبهم** അവരെ ശിക്ഷിക്കുവാൻ (തന്നെ-മാത്രം). **بها** അവകൊണ്ട് (മൂലം). **في الْحياة الدنيا** ഇഹലോക ജീവിതത്തിൽ. **وتزهق** (നശിച്ചു) പോകുവാനും. **أنفُسهم** അവരുടെ ആത്മാക്കൾ (ജീവൻ). **وهم كافرونَ** അവർ അവിശ്വാസികളായിക്കൊണ്ട്.

അവർക്ക് കുറേ സ്വത്തുക്കളും മക്കളും ഉണ്ടെന്ന് കണ്ട് അത്ഭുതപ്പെടുവാനൊന്നുമില്ല. അവരോടുള്ള സ്നേഹം കൊണ്ടോ, അവരുടെ ഗുണത്തിനും നൻമക്കും വേണ്ടിയോ അല്ലാഹു നൽകിയതാണ് അതൊക്കെയെന്ന് കരുതേണ്ട. അവരുടെ നിലപാട് മാറ്റാത്തിടത്തോളം അവർക്ക് അതൊക്കെ ഇഹത്തിൽ ഒരു ശിക്ഷയായിരിക്കുന്നതാണ്. അവസാനം നരകാവകാശികളായ അവിശ്വാസികളായിക്കൊണ്ട് അവരുടെ ആയുഷ്കാലം കഴിഞ്ഞുപോകുകയും ചെയ്യും. അതാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. പ്രവാചകൻമാരുടെ മാർഗ്ഗത്തിൽ നിന്ന് ഭിന്നിച്ചുപോയവരെപ്പറ്റി അല്ലാഹു പറയുന്നു.......... أيحسبون انما نمدهم من مال وبنين (സാരം: അവർക്ക് സ്വത്തും മക്കളും നൽകി നാം അയച്ചുകൊടുക്കുന്നത് അവർക്ക് നൻമകളിൽ നാം വേഗതകൂട്ടുകയാണെന്നു അവർ കണക്കാക്കുന്നുവോ? പക്ഷേ, അവർക്കു ബോധം വരുന്നില്ല.) (23: 55, 56.) ഒരു ജനത അവരുടെ സ്ഥിതിഗതികൾ മാറ്റാതെ അല്ലാഹു അവരുടെ സ്ഥിതി മാറ്റുകയില്ല.
(ان الله لا يغير ما بقوم حتى يغيروا ما بأنفسهم – الرعد ١١)

സ്വത്തുക്കളും മക്കളും ഇഹത്തിൽ അവർക്ക് ശിക്ഷയായിരിക്കുമെന്ന് പറഞ്ഞതിന്റെ താൽപര്യം: അവയുടെ സമ്പാദനം, നിലനിൽപ്, അഭിവൃദ്ധി ആദിയായവക്കുവേണ്ടി വിശ്രമവും മനസ്സമാധാനവുമില്ലാതെ കഷ്ടപ്പെടേണ്ടി വരുക, അവമൂലം നാശനഷ്ടങ്ങളും ആപത്തുകളും അനുഭവിക്കേണ്ടി വരുക മുതലായവയാകുന്നു. സ്വത്തുക്കളും മക്കളും ഉണ്ടായത് നിമിത്തം കഷ്ടനഷ്ടങ്ങളും മനഃക്ലേശങ്ങളും അനുഭവിക്കേണ്ടി വരുന്നതിനേക്കാൾ നല്ലത് അവ ഇല്ലാതിരിക്കലാണെന്ന് പറയേണ്ടതില്ലല്ലോ. അതോടുകൂടി, പരലോകത്ത് അവ നിമിത്തം ശിക്ഷ അനുഭവിക്കേണ്ടി വരുകയും ചെയ്തുവെങ്കിലോ? ആലോചിച്ചു നോക്കുക!

56 അവർ അല്ലാഹുവിനെക്കൊണ്ടു ശപഥം ചെയ്യും: നിശ്ചയമായും അവർ നിങ്ങളിൽ പെട്ടവർ തന്നെയാണ് എന്ന്. (വാസ്തവത്തിൽ) അവർ നിങ്ങളിൽ പെട്ടവരല്ലതാനും. പക്ഷേ അവർ, പേടിച്ചു കഴിയുന്ന ഒരു ജനതയാകുന്നു.

وَيَحْلِفُونَ بِٱللَّهِ إِنَّهُمْ لَمِنكُمْ وَمَا هُم مِّنكُمْ وَلَـٰكِنَّهُمْ قَوْمٌ يَفْرَقُونَ ﴿٥٦﴾

57 വല്ല രക്ഷാ സ്ഥാനമോ, അല്ലെങ്കിൽ വല്ല ഗുഹകളോ, അല്ലെങ്കിൽ (ഒളിഞ്ഞ്) കടന്നുകൂടാവുന്നവല്ല സ്ഥലമോ അവർ ക

لَوْ يَجِدُونَ مَلْجَـًٔا أَوْ مَغَـٰرَٰتٍ أَوْ مُدَّخَلًا

لَّوَلَّوْاْ إِلَيْهِ وَهُمْ يَجْمَحُونَ ٥٧

ണ്ടെത്തിയിരുന്നുവെങ്കില്‍, കുറുമ്പുകാട്ടി (തിക്കിത്തിരക്കി) ക്കൊണ്ട് അവര്‍ അതിലേക്കു തിരിയുക തന്നെ ചെയ്യുമായിരുന്നു.

---

56 **ويحلفون** അവര്‍ ആണയിടുന്നു സത്യം ചെയ്യും, ശപഥം ചെയ്യും. **بالله** അല്ലാഹുവിനെക്കൊണ്ട്. **إنهم** നിശ്ചയമായും അവര്‍. **لمنكم** നിങ്ങളില്‍പെട്ട (വര്‍) തന്നെ എന്ന്. **وما هم** അവരല്ല താനും. **منكم** നിങ്ങളില്‍ പെട്ട (വര്‍). **ولكنهم** പക്ഷേ അവര്‍. 55 **قوم** ഒരു ജനതയാണ്. 56 **يفرقون** പേടിച്ച് നടുങ്ങിക്കൊണ്ടിരിക്കുന്നു. 57 **لو يجدون** അവര്‍ക്ക് കിട്ടി (അവര്‍ കണ്ടെത്തി)യിരുന്നെങ്കില്‍. **ملجئا** വല്ല (ഒരു) രക്ഷാ (അഭയ) സ്ഥാനം. **أو مغارات** അല്ലെങ്കില്‍ വല്ല ഗുഹകള്‍. **أو مدخلا** അല്ലെങ്കില്‍ ഒരു കടന്നു കൂടാവുന്ന സ്ഥാനം. **لولوا** അവര്‍ തിരിയുക തന്നെ ചെയ്തിരുന്നു. **إليه** അതിലേക്ക്, അതിന്‍െറ നേരെ. **وهم** അവരായിക്കൊണ്ട്. **يجمحون** അവര്‍ കുറുമ്പുകാട്ടി (തിക്കിതിരക്കി) കൊണ്ട്.

ഞങ്ങള്‍ സത്യവിശ്വാസികളാണ്, മുസ്‌ലിംകളാണ് എന്നിങ്ങിനെ ഇടക്കിടെ കപടവിശ്വാസികള്‍ അല്ലാഹുവില്‍ ആണയിട്ടു പറഞ്ഞുകൊണ്ടിരിക്കുന്നത് അവരുടെ പേടികൊണ്ടുമാത്രമാണ്. ആത്മാര്‍ത്ഥത അവരെ തൊട്ട് തീണ്ടിയിട്ടേയില്ല. നിങ്ങളുമായി വേറിട്ട് നില്‍ക്കുന്നപക്ഷം, അവരെ നിങ്ങള്‍ ശത്രുക്കളായി ഗണിച്ച് അവരോട് സമരം നടത്തിയെങ്കിലോ എന്നും മറ്റുമുള്ള ഭയം നിമിത്തമാണ് അങ്ങിനെ ചെയ്യുന്നത്. നിങ്ങളില്‍ നിന്ന് അകന്നു നിന്ന് രക്ഷപ്പെടുവാനുള്ള എന്തെങ്കിലും ഒരു പഴുതോ പോംവഴിയോ അവര്‍ക്ക് വേറെ ഉണ്ടായിരുന്നെങ്കില്‍ വളരെ ബുദ്ധിമുട്ടിയെങ്കിലും അതവര്‍ ഉപയോഗപ്പെടുത്തുമായിരുന്നു. ഒന്നും കാണാത്തത് കൊണ്ടുമാത്രം ഈ കള്ളസത്യത്തിന്‍െറ മറവുപിടിച്ച് രക്ഷപ്പെടുവാന്‍ നോക്കുകയാണവര്‍ എന്ന് താല്‍പര്യം.

وَمِنْهُم مَّن يَلْمِزُكَ فِى ٱلصَّدَقَٰتِ فَإِنْ أُعْطُواْ مِنْهَا رَضُواْ وَإِن لَّمْ يُعْطَوْاْ مِنْهَآ إِذَا هُمْ يَسْخَطُونَ ٥٨

58 അവരിലുണ്ട്, ദാനധര്‍മ്മങ്ങളുടെ (വിനിയോഗ) കാര്യത്തില്‍ നിന്നെ (ആക്ഷേപിച്ചു) കുറവാക്കുന്ന ചിലര്‍. എന്നാല്‍, അതില്‍ നിന്ന് അവര്‍ക്ക് കൊടുക്കപ്പെടുന്ന പക്ഷം, അവര്‍ തൃപ്തിപ്പെടും; അവര്‍ക്കതില്‍ നിന്ന് കൊടുക്കപ്പെട്ടില്ലെങ്കിലോ, അപ്പോള്‍ (അതാ) അവര്‍ ക്രോധിക്കുന്നു!

وَلَوْ أَنَّهُمْ رَضُواْ مَآ ءَاتَىٰهُمُ ٱللَّهُ وَرَسُولُهُۥ وَقَالُواْ حَسْبُنَا ٱللَّهُ سَيُؤْتِينَا ٱللَّهُ مِن فَضْلِهِۦ وَرَسُولُهُۥٓ إِنَّآ إِلَى ٱللَّهِ رَٰغِبُونَ ٥٩

59 അല്ലാഹുവും, അവന്‍െറ റസൂലും അവര്‍ക്കു നല്‍കിയത് അവര്‍ തൃപ്തിപ്പെടുകയും, അവര്‍ (ഇങ്ങിനെ) പറയുകയും ചെയ്തിരുന്നെങ്കില്‍! ''ഞങ്ങള്‍ക്ക് അല്ലാഹു മതി; അല്ലാഹുവിന്‍െറ അനുഗ്രഹത്തില്‍ നിന്ന് അവനും അവന്‍െറ റസൂലും (വഴിയെ) ഞങ്ങള്‍ക്കു നല്‍കിക്കൊള്ളും; നിശ്ചയമായും ഞങ്ങള്‍, അല്ലാഹുവിങ്കലേക്ക് ആഗ്രഹം സമര്‍പ്പിക്കുന്നവരാകുന്നു.'' [എന്നാല്‍ അതവര്‍ക്ക് വളരെ നന്നായിരുന്നേനെ!]

---

58 **ومنهم** അവരിലുണ്ട്, അവരില്‍പെട്ടതാണ്. **من** ചിലര്‍, യാതൊരുവര്‍. **يلمزك** നിന്നെ ആക്ഷേപിക്കുന്ന, കുറവാക്കുന്ന, അപഹസിക്കുന്ന. **في الصدقات** ധര്‍മ്മങ്ങളില്‍ (ദാനധര്‍മ്മങ്ങളുടെ കാര്യ

ത്തിൽ). فَإِنْ أُعْطُوا എന്നാൽ അവർക്ക് കൊടുക്കപ്പെടുന്ന പക്ഷം. مِنْهَا അതിൽ (അവയിൽ) നിന്ന്. رَضُوا അവർ തൃപ്തിപ്പെട്ടു (തൃപ്തിപ്പെടും). وَإِنْ لَمْ يُعْطَوْا അവർക്ക് കൊടുക്കപ്പെട്ടില്ലെങ്കിലാകട്ടെ. مِنْهَا അതിൽനിന്ന്. إِذَا هُمْ അപ്പോൾ (അതാ) അവർ. يَسْخَطُونَ ക്രോധിക്കുന്നു, കോപിക്കുന്നു. 59 وَلَوْ أَنَّهُمْ അവരായിരുന്നെങ്കിൽ. رَضُوا തൃപ്തിപ്പെട്ട് (എന്നിരുന്നെങ്കിൽ). مَا آتَاهُمُ അവർക്ക് നൽകിയതിനെ. اللَّهُ وَرَسُولُهُ അല്ലാഹുവും അവൻെറ റസൂലും. وَقَالُوا അവർ പറയുകയും ചെയ്തു (വെങ്കിൽ). حَسْبُنَا ഞങ്ങൾക്ക് മതി. اللَّهُ അല്ലാഹു. سَيُؤْتِينَا വഴിയെ ഞങ്ങൾക്കുതരും, നൽകിക്കൊള്ളും. اللَّهُ അല്ലാഹു. مِنْ فَضْلِهِ അവൻെറ അനുഗ്രഹത്തിൽനിന്ന്, ദയവിനാൽ. وَرَسُولُهُ അവൻെറ റസൂലും. إِنَّا നിശ്ചയമായും ഞങ്ങൾ. إِلَى اللَّهِ അല്ലാഹുവിങ്കലേക്ക്. رَاغِبُونَ ആഗ്രഹം സമർപ്പിക്കുന്ന (ആഗ്രഹിച്ചു ചെല്ലുന്ന) വരാണ്.

സകാത്തുപോലെയുള്ള പൊതു സ്വത്തുക്കൾ അവകാശികൾക്ക് വിഹിതിച്ച് കൊടുക്കുമ്പോൾ തങ്ങൾക്ക് പ്രതീക്ഷിച്ചത്ര ലഭിക്കാതിരിക്കുന്നപക്ഷം, ഈ വിഹിതിക്കൽ നീതിപൂർവ്വകമല്ലെന്നും, പക്ഷഭേദം കാണിച്ചുകൊണ്ടാണെന്നുമൊക്കെ പറഞ്ഞ് നബി (ﷺ) യെ കുറ്റപ്പെടുത്തുകയും, കുറവാക്കുകയും ചെയ്യുന്ന ചില ആളുകളും കപടവിശ്വാസികളിലുണ്ട്. അവർ ഉദ്ദേശിക്കുന്നമാതിരി അവർക്ക് കിട്ടിയാൽ ഈ ആക്ഷേപം ഉണ്ടാകുകയുമില്ല. അത്രകിട്ടാത്തപ്പോഴാണ് ഈ കോപവും ആക്ഷേപവുമൊക്കെ. തൽക്കാലം, ലഭിച്ചതിൽ തൃപ്തിപ്പെട്ടുകൊണ്ട് മേലിൽ തങ്ങൾക്ക് കൂടുതൽ ലഭിച്ചുകൊള്ളുമെന്ന് സമാധാനിച്ചുകൊണ്ടിരിക്കുകയും, അതിനായി അല്ലാഹുവിനോട് അപേക്ഷിക്കുകയും ചെയ്തിരുന്നെങ്കിൽ അതായിരുന്നു അവർക്ക് വളരെ ഗുണകരം എന്ന് സാരം. പൊതുസ്വത്തുക്കൾ വിതരണം ചെയ്യുമ്പോൾ ഉദ്ദേശിച്ചത്ര ലഭിക്കാത്തതിൻെറ പേരിൽ, നബി (ﷺ) യോട് ചിലർ മുറുമുറുക്കുകയും, ആക്ഷേപിക്കുകയും ചെയ്ത ഒന്നിലധികം സംഭവങ്ങൾ ഹദീസു ഗ്രന്ഥങ്ങളിൽ കാണാവുന്നതാകുന്നു. ഉദാഹരണമായി:-

ഇബ്നു മസ്ഊദു (رضي الله عنه) പറഞ്ഞതായി ഇപ്രകാരം നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: ഹുനൈനിലെ ഗനീമത്ത് ഭാഗിച്ചുകൊടുത്തപ്പോൾ ഒരാൾ ഇങ്ങിനെ പറയുന്നത് ഞാൻ കേട്ടു: ''ഇതു അല്ലാഹുവിൻെറ പ്രീതി ഉദ്ദേശിച്ചു കൊണ്ടുള്ള ഭാഗിക്കലല്ല.'' ഞാനിത് നബി (ﷺ) തിരുമേനിയെ അറിയിച്ചു. തിരുമേനി പറഞ്ഞു: ''മൂസാ (عليه السلام) ക്ക് അല്ലാഹുവിൻെറ കാരുണ്യം ഉണ്ടാവട്ടെ! അദ്ദേഹം ഇതിനെക്കാൾ ദ്രോഹിക്കപ്പെടുകയുണ്ടായി. എന്നിട്ടദ്ദേഹം ക്ഷമിക്കുകയാണ് ചെയ്തത്.'' അബൂസഈദിൽഖുദ്‌രീ (رضي الله عنه) പറഞ്ഞതായി ബുഖാരിയും, മുസ്ലിമും (رحمهما الله) ഉദ്ധരിച്ച ഒരു സംഭവത്തിൻെറ ചുരുക്കം ഇപ്രകാരമായിരുന്നു: നബി (സ)സ്വത്തുക്കൾ ഭാഗിക്കുമ്പോൾ ഞങ്ങൾ അവിടെയുണ്ടായിരുന്നു. ബനൂതമീം ഗോത്രത്തിൽനിന്ന് ഒരാൾ വന്ന് പറയുകയുണ്ടായി: ''അല്ലാഹുവിൻെറ റസൂലേ, നീതി പാലിക്കണം.'' തിരുമേനി പറഞ്ഞു: ''ഞാൻ നീതി പാലിച്ചില്ലെങ്കിൽ ആർ നീതി പാലിക്കും?!'' ഒരു രിവായത്തിൽ ഇങ്ങിനെയും ഉണ്ട്:' അപ്പോൾ ഉമർ (رضي الله عنه) പറഞ്ഞു: ''ഇവൻെറ കഴുത്തുവെട്ടുവാൻ എനിക്ക് സമ്മതം തരുക-നബിയേ!'' അപ്പോൾ നബി (സ)പറഞ്ഞു: ''അവനെ വിട്ടേക്കൂ. അവന് ചില ആൾക്കാരുണ്ട്. അവരുടെ നമസ്കാരവും നോമ്പും അപേക്ഷിച്ചു നിങ്ങളുടെ നമസ്കാരവും നോമ്പും ഒരാൾക്ക് നിസ്സാരമായിത്തോന്നും അവർ ഖുർആൻ ഓതും, അതവരുടെ തൊണ്ടക്കുഴി വിട്ടുകടക്കുകയില്ല. അമ്പെയ്യപ്പെട്ട ഉരുവിലൂടെ അമ്പ് പുറത്ത് കടന്നുപോകുന്നതുപോലെ അവർ മതത്തിൽ നിന്ന് പുറത്ത് കടന്ന് പോകുന്നതാണ്.''

ആ കപട വിശ്വാസികൾക്ക് അവരുടെ ഇഷ്ടംപോലെ സ്വത്ത് വിഹിതം ലഭിക്കാത്തത് നബി(ﷺ) യുടെ കുറ്റമോ കുറവോകൊണ്ടല്ല; ധർമ്മസ്വത്തുക്കൾ വിഹിതിക്കുന്നതിന് ചില വ്യവസ്ഥകളൊക്കെയുണ്ട്; എന്ന് സൂചിപ്പിച്ചുകൊണ്ട് ആരെല്ലാമാണ് അതിൻെറ അവകാശികൾ എന്ന് അടുത്ത വചനത്തിൽ അല്ലാഹു വിവരിക്കുന്നു:-

വിഭാഗം-8

۞ إِنَّمَا ٱلصَّدَقَٰتُ لِلْفُقَرَآءِ وَٱلْمَسَٰكِينِ وَٱلْعَٰمِلِينَ عَلَيْهَا وَٱلْمُؤَلَّفَةِ قُلُوبُهُمْ وَفِى ٱلرِّقَابِ وَٱلْغَٰرِمِينَ وَفِى سَبِيلِ ٱللَّهِ وَٱبْنِ ٱلسَّبِيلِ ۖ فَرِيضَةً مِّنَ ٱللَّهِ ۗ وَٱللَّهُ عَلِيمٌ حَكِيمٌ ﴿٦٠﴾

60 നിശ്ചയമായും ധർമ്മങ്ങൾ, ദരിദ്രൻമാർക്കും, പാവപ്പെട്ടവർ, (അഥവാ സാധുക്കൾ)ക്കും, അവക്കുവേണ്ടി പ്രവൃത്തിക്കുന്നവർക്കും, ഹൃദയങ്ങൾ ഇണക്കപ്പെട്ടവർക്കും, അടിമകളുടെ വിഷയത്തിലും, കടപ്പെട്ടവർക്കും അല്ലാഹുവിൻെറ മാർഗ്ഗത്തിലും, വഴി (യാത്ര) ക്കാരനും തന്നെയാകുന്നു; (അതെ) അല്ലാഹുവിൽ നിന്നുള്ള ഒരു (നിശ്ചിത) നിർബ്ബന്ധ നിയമം! അല്ലാഹു (എല്ലാം) അറിയുന്നവനും, അഗാധജ്ഞനുമാകുന്നു.

---

60 **إنما** നിശ്ചയമായും തന്നെ (മാത്രം). **الصدقات** ധർമ്മങ്ങൾ, ദാനധർമ്മങ്ങൾ. **للفقراء** ദരിദ്രന്മാർക്ക് (തന്നെ മാത്രം) ആകുന്നു. **والمساكين** സാധുക്കൾക്കും, പാവപ്പെട്ടവർക്കും. **والعاملين** പ്രവർത്തിക്കുന്നവർക്കും, പ്രവൃത്തിക്കാർക്കും. **عليها** അവയുടെ പേരിൽ (അവക്കുവേണ്ടി). **والمؤلفة** ഇണക്കപ്പെട്ട (ഇണങ്ങിയ)വർക്കും. **قلوبهم** തങ്ങളുടെ ഹൃദയങ്ങൾ. **وفي الرقاب** അടിമകളിൽ (അടിമകളുടെ വിഷയത്തിലും). **والغارمين** കടക്കാരായവർ (കടപ്പെട്ടവർ)ക്കും. **وفي سبيل** മാർഗ്ഗത്തിലും. **الله** അല്ലാഹുവിൻെറ. **وابن السبيل** വഴിയുടെ ആൾക്കും, വഴിപോക്കനും (വഴിയാത്രക്കാരന്നും). **فريضة** നിശ്ചിത നിയമം (നിർബന്ധ നിശ്ചയം) ആയിക്കൊണ്ട്. **من الله** അല്ലാഹുവിൽ നിന്നുള്ള. **والله** അല്ലാഹുവാകട്ടെ. **عليم** അറിയുന്നവനാണ്. **حكيم** യുക്തിമാനാണ്, അഗാധജ്ഞനാണ്.

ധർമ്മങ്ങൾ (**الصدقات**) എന്ന വാക്കിൽ എല്ലാവിധ ദാനധർമ്മങ്ങളും ഉൾപ്പെടുമെങ്കിലും നിർബന്ധ ധർമ്മമായ സകാത്താണ് ഇവിടെ പ്രധാനമായും ഉദ്ദേശ്യം. പൊതുവെ ദാനധർമ്മങ്ങളെല്ലാം നൽകപ്പെടുവാൻ അർഹത ഈ വചനത്തിൽ പറയപ്പെട്ട കൂട്ടർക്കു തന്നെ. എങ്കിലും അവരിൽ ഉൾപ്പെടാത്തവർക്കും നൽകുന്നതിന് വിരോധമില്ല. അല്ലാഹു പറയുന്നു : **ان تبدوا الصدقات فنعما هى ..** (നിങ്ങൾ ദാനധർമ്മങ്ങളെ വെളിവാക്കിക്കൊടുത്താലും അത് വളരെ നല്ലതാണ്. നിങ്ങളവയെ മറച്ചുവെക്കുകയും ദരിദ്രൻമാർക്ക് കൊടുക്കുകയും ചെയ്യുന്ന പക്ഷം അത് നിങ്ങൾക്ക് കൂടുതൽ നല്ലതായിരിക്കും.) (2: 271.) അപ്പോൾ , അവ ധനികൻമാർക്ക് കൊടുക്കുന്നതിനും വിരോധമില്ലെന്ന് ഈ വചനത്തിൽ നിന്ന് വ്യക്തമാകുന്നു. നേരെമറിച്ച് സകാത്തിനെപ്പറ്റി **صدقة تؤخذ من أغنيائهم فترد على فقرائهم** (ധനികൻമാരിൽ നിന്ന് വാങ്ങി ദരിദ്രർക്ക് കൊടുക്കപ്പെടുന്ന ധർമ്മം) എന്ന് നബി (ﷺ) പ്രസ്താവിച്ചിട്ടുണ്ട്. (ബു;മു.) ചുരുക്കത്തിൽ, സകാത്തിനെ സംബന്ധിച്ചിടത്തോളം ഈ എട്ട് കൂട്ടരിൽ ഉൾപ്പെടാത്തവർക്ക് അത് കൊടുക്കുവാൻ പാടില്ലാത്തതാകുന്നു. എട്ടുകൂട്ടർ നിലവിലില്ലെങ്കിൽ ഉള്ളവർക്ക് നൽകേണ്ടതാണ്. എല്ലാകൂട്ടർക്കും സമമായി വിഹിതിക്കണമെന്നത്രെ ഇമാം ശാഫിഈ (رحمه الله) യുടെയും ഒരു വിഭാഗം പണ്ഡിതൻമാരുടെയും അഭിപ്രായം ഭരണാധികാരിയുടെ-അല്ലെങ്കിൽ സ്വത്തുടമസ്ഥൻെറ-അഭിപ്രായമനുസരിച്ച് ചിലർക്ക് പ്രത്യേകത നൽകുന്നതിൽ വിരോധമില്ലെന്നാണ് മാലിക്, അബൂഹനീഫ (رحمهما الله) എന്നിവരുടെയും, മുൻഗാമികളും പിൻഗാമികളുമായ പലരുടെയും അഭിപ്രായം. ഇത് പണ്ഡിതൻമാരുടെ പൊതുവിലുള്ള അഭിപ്രായമായി ഇബ്നു ജരീർ (رحمه الله) പ്രസ്താവിക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹു പ്രസ്താവിച്ച എട്ട് കൂട്ടർ-അഥവാ വകുപ്പുകൾ-ഇവരാകുന്നു :-

1. **الفقراء** (ഫഖീറുകൾ-ദരിദ്രൻമാർ.) 2. **المساكين** (മിസ്കീനുകൾ - പാവങ്ങൾ അഥവാ സാധുക്കൾ) ഈ രണ്ടുകൂട്ടരുടെയും നിർവചനത്തിൽ പണ്ഡിതൻമാർക്കിടയിൽ പല അഭിപ്രായങ്ങ

ളും കാണാം. രണ്ടു വാക്കുകളും വ്യത്യസ്തമായ ഉദ്ദേശ്യാർത്ഥങ്ങളിൽ പ്രയോഗിക്കപ്പെടാറുള്ളതാണ് ഇതിന് കാരണം. ജീവിതാവശ്യങ്ങൾക്ക് യാതൊരു മാർഗ്ഗവുമില്ലാതെ അന്യരെ ആശ്രയിക്കേണ്ടി വരുന്നവർ എന്ന് 'ഫക്കീറി'നും, അൽപമൊക്കെ വഴിയുണ്ടെങ്കിലും അതുകൊണ്ട് തികയാതെ വരുന്നവൻ എന്ന് 'മിസ്കീനി'നും ഒരു കൂട്ടർ അർത്ഥമാക്കുന്നു. വേറൊരു കൂട്ടർ നേരെ മറിച്ചും അഭിപ്രായപ്പെടുന്നു. ഒന്നാമത്തെ അഭിപ്രായപ്രകാരം കൂടുതൽ ബുദ്ധിമുട്ടുകാരൻ ഫഖീറും, രണ്ടാമത്തെ അഭിപ്രായപ്രകാരം കൂടുതൽ ഞെരുക്കക്കാരൻ മിസ്കീനുമായിരിക്കും. പ്രസ്തുത രണ്ട് വാക്കുകളും അത്യാവശ്യങ്ങൾക്ക് മുഴുവനായോ ഭാഗികമായോ വഴിയില്ലാത്തവർ എന്ന അർത്ഥത്തിൽ ഒരേ കൂട്ടരെ സംബന്ധിച്ച വിശേഷണങ്ങളാണെന്നും രണ്ടും വെവ്വേറെ കൂട്ടരെ ഉദ്ദശിച്ചല്ലെന്നും മൂന്നാമതൊരഭിപ്രായമുണ്ട്. എല്ലാറ്റിനും ചില ന്യായങ്ങളും തെളിവുകളും വിമർശനങ്ങളും ഉദ്ധരിക്കുവാനുണ്ടുതാനും. നാലാമത്തെ അഭിപ്രായം ഇതാണ്: ദാരിദ്ര്യത്തിലും കഴിവില്ലായ്മയിലും ഫഖീറും, മിസ്കീനും ഒരുപോലെത്തന്നെ. പക്ഷേ, ഫഖീറിന്റെ ദരിദ്രാവസ്ഥ പുറമെയുള്ളവർക്ക് കണ്ടറിയുവാൻ കഴിയും. അവനത് മൂടിവെക്കുകയില്ല. മിസ്കീനാവട്ടെ, തന്റെ സ്ഥിതി പുറമെയുള്ളവരെ അറിയിക്കാത്ത വിധം മൂടിവെച്ചുകൊണ്ട് മാനവും മാന്യതയും കാത്തുസൂക്ഷിച്ചുകൊണ്ടിരിക്കും. ഈ കാര്യത്തിലാണ് രണ്ടാളും വേർതിരിയുന്നത്. ഈ അഭിപ്രായമാണ് കൂടുതൽ ന്യായമായി കാണുന്നത്. താഴെ ഉദ്ധരിക്കുന്നതുപോലെയുള്ള ഹദീസുകളിൽ നിന്ന് മനസ്സിലാകുന്നതും അതാണ്. വാസ്തവം അല്ലാഹുവിനറിയാം.

റസൂൽ (ﷺ) പറഞ്ഞതായി ഇബ്നു ഉമർ (رضي الله عنه) ഉദ്ധരിക്കുന്നു: ''ധനികനാകട്ടെ, ശരിയായ ശരീരശേഷി (അദ്ധ്വാനിക്കുവാനുള്ള കഴിവ്) ഉള്ളവന്നാകട്ടെ, ഈ ധർമ്മം അനുവദനീയമാകുകയില്ല.'' (അ; ദാ; തി.) അബൂഹുറൈറ (رضي الله عنه) യും, ഈ നബിവചനം ഉദ്ധരിച്ചിരിക്കുന്നു. (അ; ന; ജ.) ഉബൈദില്ലാഹിബ്നു അദിയ്യ് (رضي الله عنه) പറയുകയാണ്: രണ്ടാളുകൾ എന്നോട് ഇങ്ങിനെ പറഞ്ഞു: അവർ രണ്ടുപേരും ധർമ്മത്തിൽ നിന്ന് വല്ലതും ചോദിച്ചു കൊണ്ടു നബി (ﷺ) യുടെ അടുക്കൽ ചെന്നു. അപ്പോൾ, തിരുമേനി അവരെ തിരിച്ചും മറിച്ചും നോക്കി. രണ്ടാളും ശരീരബലമുള്ളവരായി അവിടുന്ന് കണ്ടു. എന്നിട്ട് പറഞ്ഞു: ''നിങ്ങൾക്ക് വേണമെങ്കിൽ ഞാൻ നൽകാം. ധനികനാകട്ടെ, ജോലിയെടുക്കുവാൻ കഴിവുള്ളവനാകട്ടെ ഇതിൽ ഓഹരിയില്ല.'' (അ; ദാ.) അബൂഹുറൈറ (رضي الله عنه) ഉദ്ധരിക്കുന്നു: നബി(ﷺ) പറഞ്ഞു: 'മിസ്കീൻ' എന്നാൽ, ജനങ്ങളുടെ ഇടയിലൂടെ ചുറ്റി നടക്കുന്നവരും, ഒരു പിടിയും രണ്ട് പിടിയും, ഒരു കാരക്കയും, രണ്ടു കാരക്കയും (കൊടുത്ത്) മടക്കി അയക്കാറുള്ളവരുമായ ഈ സഞ്ചാരികളല്ല''. സഹാബികൾ ചോദിച്ചു: ''എന്നാൽ 'മിസ്കീൻ' ഏതാണ്-അല്ലാഹുവിന്റെ റസൂലേ?'' തിരുമേനി പറഞ്ഞു: ''ധന്യമാക്കുന്ന-അഥവാ ആവശ്യത്തിന് മതിയാകുന്ന - ധനം ലഭിക്കാതിരിക്കുകയും, സ്ഥിതിഗതികൾ മനസ്സിലാക്കി ധർമ്മം നൽകപ്പെടാതിരിക്കുകയും, ജനങ്ങളോട് യാതൊന്നും ചോദിക്കാതിരിക്കുകയും ചെയ്യുന്നവനാകുന്നു.'' (ബു; മു.)

3. العاملون عليها (അതിനുവേണ്ടി പ്രവർത്തിക്കുന്നവർ). .സകാത്തിന്റെ ശേഖരണ വിതരണാധി വിഷയങ്ങൾക്ക് വേണ്ടി അദ്ധ്വാനിക്കുകയും, ജോലി ചെയ്യുകയും ചെയ്യുന്നവരെല്ലാം ഇതിൽ ഉൾപ്പെടുന്നു. ഇവർ അത്യാവശ്യത്തിന് വകയുള്ളവരായാലും അവരുടെ അദ്ധ്വാന ഫലമെന്ന നിലക്ക് ഒരോഹരി ഇവർക്കും നൽകേണ്ടതാണ്. ഇബ്നുസ്സഅ്ദിൽ മാലികീ (رضي الله عنه) പ്രസ്താവിക്കുന്നു: ഉമർ (رضي الله عنه) എന്നെ സദഖയുടെ കാര്യത്തിൽ പ്രവർത്തിക്കുവാൻ നിയമിച്ചു. പ്രവൃത്തി കഴിഞ്ഞ് അതെല്ലാം ഞാൻ അദ്ദേഹത്തിന്റെ വശം ഏൽപ്പിച്ച് കൊടുത്തു. അപ്പോൾ, അദ്ദേഹം എനിക്ക് ഒരു പ്രതിഫലം നൽകുവാൻ കൽപിച്ചു. ഞാൻ പറഞ്ഞു; ''ഞാൻ അല്ലാഹുവിനുവേണ്ടി മാത്രം പ്രവർത്തിച്ചതാണ്.'' അപ്പോൾ അദ്ദേഹം പറഞ്ഞു: ''തനിക്ക് നൽകപ്പെട്ടത് താൻ സ്വീകരിച്ചുകൊള്ളുക. റസൂൽ (സ)തിരുമേനിയുടെ കാലത്തു അവിടുന്ന് എന്നെ ഒരു പ്രവർത്തകനാക്കുകയുണ്ടായി. എന്നിട്ടു എനിക്ക് പ്രവർത്തനത്തിന് പ്രതിഫലം തന്നു. താൻ പറഞ്ഞതുപോലെ ഞനും പറഞ്ഞു.'' അപ്പോൾ, തിരുമേനി പറഞ്ഞു: ''താൻ

ചോദിച്ചാവശ്യപ്പെടാതെ തനിക്ക് വല്ലതും നൽകപ്പെട്ടാൽ, അത് തിന്നുക (ഉപയോഗിക്കുക) യും, ധർമ്മം കൊടുക്കുകയും ചെയ്തുകൊള്ളുക'' (അ; ബു; മു.)

4. **المؤلفة قلوبهم** (ഹൃദയം ഇണക്കപ്പെട്ടവർ). ഈ വകുപ്പിൽ ഒന്നിലധികം തരക്കാർ ഉൾപ്പെടുന്നു. ഒരു തരക്കാർ; ഇസ്ലാമിനെ അംഗീകരിച്ചിട്ടില്ലെങ്കിലും അംഗീകരിച്ചേക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നവരാകുന്നു. ഹുനൈനിലെ ഗനീമത്ത് സ്വത്തുക്കളിൽ നിന്ന് സ്വഫ്വാനുബ്നു ഉമയ്യ (ﷺ) ക്ക് നബി (ﷺ) ഒരു വൻ തുക നൽകുകയുണ്ടായത് ഇതിനൊരു ഉദാഹരണമാണ്. അക്കാ വിജയത്തെത്തുടർന്ന് അനേകം ആളുകൾ വന്ന് ഇസ്ലാമിൽ പ്രവേശിച്ചപ്പോൾ, തന്റെ കാര്യത്തിൽ ആലോചിക്കുവാൻ അൽപകാലം ഒഴിവ് നൽകണമെന്ന് നബി (ﷺ) യോട് പറഞ്ഞ് ഒഴിവായ ഒരു ഖുറൈശീ പ്രമാണിയായിരുന്നു അദ്ദേഹം. മുശ്രിക്കായിക്കൊണ്ടായിരുന്നു അദ്ദേഹം മുസ്ലിംകളോടൊപ്പം ഹുനൈനിൽ സംബന്ധിച്ചിരുന്നതും. അദ്ദേഹം തന്നെ പറയുകയാണ്: ''ഹുനൈനിന്റെ ദിവസം എനിക്ക് റസൂൽ (ﷺ) തരുവാൻ തുടങ്ങുമ്പോൾ അവിടുന്ന് എനിക്ക് ജനങ്ങളിൽ വെച്ച് ഏറ്റവും വെറുപ്പുള്ള ആളായിരുന്നു. അങ്ങിനെ, തന്നുതന്ന് മനുഷ്യരിൽ വെച്ചു എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ആളായിത്തീർന്നു അവിടുന്ന്.'' (അ; മു; തി.) അദ്ദേഹം പിന്നീട് ഇസ്ലാമിനെ അംഗീകരിച്ച് നല്ല നിലയിലായിത്തീരുകയും ചെയ്തു. മറ്റൊരു തരക്കാർ: ഇസ്ലാമിനെ അംഗീകരിച്ച് കഴിഞ്ഞിട്ടുണ്ടെങ്കിലും വിശ്വാസം അടിയുറച്ച് കഴിഞ്ഞിട്ടില്ലാത്തവരാണ്. ഇവർക്ക് വിശ്വാസത്തിൽ ദൃഢതയും സ്ഥിരതയും ലഭിക്കുവാൻ ഇത് സഹായകമായിരിക്കും. മക്കാ വിജയത്തിൽ പുതുതായി വിശ്വസിച്ച പലർക്കും ഹുനൈനിൽവെച്ച് വലിയ തുകകൾ നബി (ﷺ) നൽകുകയുണ്ടായി. ഇങ്ങിനെയുള്ളവരെ ഇസ്ലാമുമായി ഇണക്കുവാൻ വേണ്ടിയാണതെന്ന് നബി (ﷺ) വ്യക്തമാക്കുകയും ചെയ്തിരുന്നു. മൂന്നാമതൊരു തരക്കാർ: മറ്റു ചിലരെ ഇസ്ലാമിലേക്കു ആകർഷിക്കുവാൻ കാരണമായിത്തീരുമെന്നോ, അല്ലെങ്കിൽ , മുസ്ലിംകൾക്കെതിരെ വല്ലവരിൽ നിന്നും ഉണ്ടാകാവുന്ന ആക്രമണങ്ങളെ തടയുവാൻ ഉപകരിക്കുമെന്നോ കാണപ്പെടുന്നവർ. ഇവരും ഈ കൂട്ടത്തിൽ ഉൾപ്പെടുന്നു. പക്ഷെ, ഇസ്ലാമിന് വിജയം കൈവന്നു കഴിഞ്ഞതിന് ശേഷം, മേൽ വിവരിച്ച എല്ലാ തരക്കാർക്കും സകാത്തിൽ നിന്ന് നൽകപ്പെടാമോ എന്നതിൽ വ്യത്യസ്ഥങ്ങളായ അഭിപ്രായങ്ങൾ പണ്ഡിതൻമാർക്കിടയിലുണ്ട്. കാലത്തിനും സന്ദർഭത്തിനും അനുസരിച്ച് പ്രവർത്തിക്കുവാൻ അധികാരസ്ഥൻമാർക്ക് സ്വാതന്ത്ര്യമുണ്ട് എന്ന അഭിപ്രായമാണ് കൂടുതൽ ശരിയായ അഭിപ്രായം.

5. **في الرقاب** (അടിമകളുടെ വിഷയത്തിൽ). അതായത്: യജമാനൻമാർക്ക് നിശ്ചിത സംഖ്യ കൊടുത്ത് അടിമത്ത്വത്തിൽനിന്ന് മോചിതരാകുവാൻ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ളവർക്ക് ('മുകാതബു' കൾക്ക്). അവരുടെ സംഖ്യകൊടുത്ത് തീർക്കുവാനും, അടിമകളെ വിലക്കുവാങ്ങി സ്വതന്ത്രരാക്കി വിടുവാനും ഈ വകുപ്പിന്റെ വിഹിതം ഉപയോഗിക്കാം. അടിമകളെ മോചിപ്പിച്ച് സ്വതന്ത്രരാക്കുന്നതിൽ ഇസ്ലാമിനുള്ള അതീവ താൽപര്യവും, അതിന് ഖുർആനും നബി വചനങ്ങളും നിയമ രൂപത്തിലും ഉപദേശ രൂപത്തിലും നൽകിയിട്ടുള്ള പ്രോത്സാഹനങ്ങളും പ്രസിദ്ധമാണ്.

6. **الغارمون** (കടപ്പെട്ടവർ). വ്യക്തിപരമോ, സാമൂഹ്യമോ ആയ കാര്യങ്ങൾക്കുവേണ്ടി കടം വാങ്ങിയോ, അന്യർക്കുവേണ്ടി ജാമ്യം ഏറ്റതുകൊണ്ടോ കടഭാരം താങ്ങേണ്ടി വരുന്ന എല്ലാവരും ഇതിൽ ഉൾപ്പെടുന്നു. പക്ഷേ, തോന്നിയവാസങ്ങൾക്കും, ദുർന്നടപ്പുകൾക്കും വേണ്ടിയാണ് കടപ്പെട്ടിരിക്കുന്നതെങ്കിൽ, അതിൽനിന്ന് പശ്ചാത്തപിച്ച് മടങ്ങിയവർക്കേ നൽകാവൂ. അല്ലാത്തപക്ഷം, ഇത് ഇസ്ലാമിനെതിരെ സക്കാത്തിന്റെ ധനം ഉപയോഗിക്കലായിരിക്കുമല്ലോ.

ഖബീസ്വത്തുബ്നു മുഖാരിഖ് (قبيصة بن مخارق – رض) പറയുകയാണ്: ഞാൻ ഒരു (കട) ഭാരം ഏറ്റെടുക്കുകയുണ്ടായി. ആ വിഷയത്തിൽ (സഹായം) ചോദിച്ചുകൊണ്ട് ഞാൻ റസൂൽ (ﷺ) തിരുമേനിയുടെ അടുക്കൽ ചെന്നു. അപ്പോൾ, തിരുമേനി പറഞ്ഞു: ''ക്ഷമിക്കൂ.'' നമുക്ക്

സദഖകൾ (ധർമ്മത്തിനുളള സ്വത്തുക്കൾ) വരട്ടെ, അപ്പോൾ നാം അതിൽനിന്ന് നിനക്ക് കൽപിക്കാം.'' പിന്നീട് തിരുമേനി പറഞ്ഞു: ''ഖബീസ്വാ, മൂന്നിലൊരു കൂട്ടർക്കല്ലാതെ ചോദിച്ചു വാങ്ങാൻ അനുവദനീയമല്ല. അതായത്: വല്ല ഭാരവും ഏറ്റെടുത്ത മനുഷ്യൻ. അവന് അത് ലഭിക്കുന്നത് വരെ ചോദിക്കൽ അനുവദനീയമാണ്. പിന്നീടവൻ നിറുത്തണം. വല്ല അത്യാപത്തും വന്ന് ധനം നഷ്ടപ്പെട്ടുപോയവനും. ജീവിതത്തിൽ ഒരു നിൽക്കപ്പൊറുതി ലഭിക്കുന്നത് വരെ അവന് ചോദ്യം അനുവദനീയമാകുന്നു. സ്വന്തക്കാരായ ആളുകളിൽനിന്ന് ബുദ്ധിമാൻമാരായ ഒരു മൂന്നാളുകൾ എഴുന്നേറ്റ് പറയത്തക്ക (ശരിവെക്കത്തക്ക) വിധം ഇല്ലായ്മ (ദാരിദ്ര്യം) ബാധിച്ച മനുഷ്യനും. ജീവിതത്തിൽ ഒരു നിൽക്കപ്പൊറുതി ലഭിക്കുന്നതുവരെ അവന്നും ചോദിക്കാം. ഇല്ലാതെയുള്ള ചോദ്യം-ഖബീസ്വാ-നിഷിദ്ധമാകുന്നു. അതു ചെയ്യുന്നവൻ അത് (ചോദിച്ച് വാങ്ങുന്നത്) നിഷിദ്ധമായിക്കൊണ്ട് തിന്നുകയായിരിക്കും.'' (മു; അ; ന; ദാ.)

7. في سبيل الله (അല്ലാഹുവിൻെറ മാർഗ്ഗത്തിൽ). ഇസ്‌ലാമിനു വേണ്ടിയുള്ള ധർമ്മ സമര സംബന്ധമായ കാര്യങ്ങളാണ് ഈ വകുപ്പിൽ മുന്നിട്ട് നിൽക്കുന്നത്. ഇമാം റാസീ (ﷺ) ചൂണ്ടിക്കാട്ടിയതുപോലെ, ഇസ്‌ലാമികമായ പൊതു ആവശ്യങ്ങളെല്ലാം മൊത്തത്തിൽ ഇതിൽ ഉൾപ്പെടും. ഇസ്‌ലാമിനും മുസ്‌ലിംകൾക്കും ഗുണകരമായിരിക്കുന്ന എല്ലാ പൊതു നൻമകളും അല്ലാഹുവിൻെറ മാർഗ്ഗം തന്നെ. ഇസ്‌ലാമിക ഭരണ സംവിധാനമില്ലാത്തതുകൊണ്ട് ശത്രുക്കളുമായുളള സമരവകുപ്പ് നിലവിലില്ലാതിരിക്കുമ്പോൾ ഈ വകുപ്പിൻെറ ഓഹരി പൊതുനൻമകളിൽ വിശേഷിച്ചും ഉപയോഗപ്പെടുത്തേണ്ടതാണ്. ഇമാം റാസീ (ﷺ) അദ്ദേഹത്തിൻെറ തഫ്സീറിൽ ഈ കാര്യം പ്രത്യേകം എടുത്ത് പറഞ്ഞ് കാണാം. (ج ٦ ص ٦٨١ നോക്കുക). വിശദാംശങ്ങളിൽ ഭിന്നാഭിപ്രായമുണ്ടാകാമെങ്കിലും തത്വത്തിൽ ആർക്കും ഇതിൽ ഭിന്നാഭിപ്രായമുണ്ടാകുവാൻ ന്യായമില്ല. 8. ابن السبيل (വഴിപോക്കർ). സ്വന്തം നാട്ടിൽനിന്ന് വല്ല ആവശ്യാർത്ഥവും വിദേശത്ത് വരുകയും, നിത്യവൃത്തിക്കും അത്യാവശ്യങ്ങൾക്കും വേണ്ടുന്ന വക കൈവശമില്ലാതിരിക്കുകയും ചെയ്യുന്ന എല്ലാവരും-അവരുടെ സ്വന്തം നാട്ടിൽ അവർക്ക് കഴിവുണ്ടെങ്കിൽ പോലും-ഇതിൽ ഉൾപ്പെടുന്നു. ന്യായമായ വല്ല ആവശ്യത്തിനും വേണ്ടി യാത്രപോകേണ്ടി വരുകയും, ചെലവിനുളള വക ഇല്ലാതിരിക്കുകയും ചെയ്യുന്നവരും അതുപോലെ തന്നെ.

ഈ എട്ട് വകുപ്പുകളിലായിരിക്കണം സകാത്തിൻെറ സ്വത്തുക്കൾ വിതരണം ചെയ്യുന്നതെന്നുളളത് കേവലം തത്വപരമായ ഒരു ഉപദേശം മാത്രമല്ല. നിർബ്ബന്ധമായ ഒരു നിയമം തന്നെയാണെന്ന് فريضة من الله (അല്ലാഹുവിൽ നിന്നുള്ള നിശ്ചിത നിയമം) എന്ന വാക്ക് മുഖേന അല്ലാഹു വ്യക്തമാക്കുന്നു. അവസാനം ജനങ്ങളുടെ സ്ഥിതിഗതികളും, ആവശ്യവും, പൊതുനൻമയുമെല്ലാം ശരിക്കും അറിഞ്ഞുകൊണ്ടും, അതിന് തികച്ചും പരിഹാരം നൽകുന്ന യുക്തമായ നടപടിയായിക്കൊണ്ടുമാണ് ഈ വിതരണ പദ്ധതി നിയമിച്ചിരിക്കുന്നതെന്നും, ഇതല്ലാതെ മറ്റ് പദ്ധതികളൊന്നും സമുദായത്തിൻെറ പൊതുനൻമക്കു പ്രായോഗികമായിരിക്കയില്ലെന്നും കൂടി അല്ലാഹു ചൂണ്ടിക്കാട്ടുന്നു. والله عليم حكيم അതെ, അല്ലാഹു എല്ലാം അറിയുന്ന സർവ്വജ്ഞനാണ്: എല്ലാം യുക്തിപൂർവ്വം പ്രവർത്തിക്കുന്ന അഗാധജ്ഞനാണ്.

61 നബിയെ ദ്രോഹിക്കുകയും, ''അദ്ദേഹം (എല്ലാവർക്കും) ഒരു ചെവിയാണ്'' എന്ന് പറയുകയും ചെയ്യുന്നവരും അവരിൽ [കപടവിശ്വാസികളിൽ] ഉണ്ട്. പറയുക: ''അദ്ദേഹം നിങ്ങൾക്ക് ഗുണത്തിൻെറ ചെവിയാകുന്നു; അദ്ദേഹം അല്ലാഹുവിൽ വിശ്വസിക്കുന്നു; സത്യവിശ്വാസികളെ വിശ്വസിക്കുകയും ചെയ്യുന്നു; നിങ്ങളിൽ നിന്ന് വിശ്വസിച്ചവർക്ക് ഒരു കാരുണ്യവുമാ

وَمِنْهُمُ ٱلَّذِينَ يُؤْذُونَ ٱلنَّبِىَّ وَيَقُولُونَ هُوَ أُذُنٌ ۚ قُلْ أُذُنُ خَيْرٍ لَّكُمْ يُؤْمِنُ بِٱللَّهِ وَيُؤْمِنُ لِلْمُؤْمِنِينَ وَرَحْمَةٌ لِّلَّذِينَ ءَامَنُوا۟ مِنكُمْ ۚ وَٱلَّذِينَ يُؤْذُونَ رَسُولَ ٱللَّهِ لَهُمْ عَذَابٌ أَلِيمٌ ﴿٦١﴾

ണ് (അദ്ദേഹം).’’ അല്ലാഹുവിൻെറ റസൂ
ലിനെ ദ്രോഹിക്കുന്നവരാകട്ടെ, അവർക്കു
വേദനയേറിയ ശിക്ഷയുണ്ടായിരിക്കും.

---

61 **ومنهم** അവരിലുണ്ട്, അവരിൽപെട്ടതാണ്. **الذين يؤذُونَ** ദ്രോഹിക്കുന്നവർ, സ്വൈരം കെടുത്തുന്നവർ. **النبي** പ്രവാചകനെ. **ويقُولُونَ** പറയുകയും, അവർ പറയുകയും ചെയ്യും. **هو أُذُنٌ** അവൻ (അദ്ദേഹം) ഒരു ചെവിയാണ് (കേൾക്കുന്ന ആളാണ്). **قُلْ** പറയുക. **أذُنُ خير ³**മയുടെ (ഗുണത്തിൻെറ) ചെവിയാണ്. **لكُم** നിങ്ങൾക്ക്. **يؤمن** അദ്ദേഹം വിശ്വസിക്കുന്നു. **بِاللهِ** അല്ലാഹുവിൽ. **ويؤمن** അദ്ദേഹം വിശ്വസക്കുകയും ചെയ്യുന്നു. **لِلْمؤمنِين** സത്യവിശ്വാസികളെ. **ورحمةٌ** കാരുണ്യ (അനുഗ്രഹ)വുമാണ്. **للذين آمنوا** വിശ്വസിച്ചവർക്ക്. **منكُم** നിങ്ങളിൽ നിന്ന്. **والذين يؤذُونَ** ദ്രോഹിക്കുന്നവരാകട്ടെ. **رسولَ اللهِ** അല്ലാഹുവിൻെറ റസൂലിനെ. **لهم** അവർക്കുണ്ട്, ഉണ്ടായിരിക്കും. **عذَاب أليم** വേദനയേറിയ ശിക്ഷ.

കപടവിശ്വാസികളുടെ സ്വഭാവങ്ങളും ഉള്ളിലിരിപ്പുകളും സംബന്ധിച്ച് സംസാരിച്ച് വരുന്ന മദ്ധ്യേ-കഴിഞ്ഞ വചനത്തിൽ സന്ദർഭവശാൽ-നിർബന്ധ ധർമ്മങ്ങളുടെ വിതരണ മാർഗ്ഗങ്ങൾ വിവരിച്ചശേഷം വീണ്ടും പ്രസ്തുത വിഷയത്തിലേക്ക് തന്നെ സംസാരം തിരിഞ്ഞിരിക്കുകയാണ്, കപടവിശ്വാസികളുടെ കാപട്യം പ്രകടമാക്കുന്ന ഒരു ദുസ്വഭാവമാണ് അല്ലാഹു ഇതിൽ വെളിപ്പെടുത്തുന്നത്. മര്യാദകെട്ട ചില വാക്കുകൾ ഉപയോഗിച്ച് അവർ നബി (ﷺ) യെ ഉപദ്രവിക്കാറുണ്ട്. അതിനൊരു ഉദാഹരണമാണ് ‘അദ്ദേഹം ഒരു ചെവിയാണു’ (هو اذن) എന്ന വാക്ക്. അതായത്, ആരെന്ത് പറഞ്ഞാലും അതൊക്കെ അദ്ദേഹം ചെവിക്കൊള്ളുകയും വിശ്വസിക്കുകയും ചെയ്യും, ഞങ്ങളെപ്പറ്റി വല്ലവരും കുറ്റം പറഞ്ഞാൽ അത് കേൾക്കും, ഞങ്ങൾ വല്ലതും ഉറപ്പിച്ച് പറഞ്ഞാൽ അതും കേൾക്കും എന്നൊക്കെയാണവർ ഇതുമൂലം ഉദ്ദേശിക്കുന്നത്. നബി (സ)ഒരു ഭോഷനാണ്, മനസ്സാക്ഷിയും സത്യനിഷ്ഠയുമില്ലാത്ത ആളാണ്, വസ്തുനിഷ്ഠമായി കാര്യങ്ങൾ ഗ്രഹിക്കാൻ കഴിയാത്ത ആളാണ് എന്നൊക്കെയാണല്ലോ ഇതിൻെറ അർത്ഥം.**معاذالله** മുസ്ലിംകളോടെന്നപോലെ അവരോടും നബി (ﷺ) പെരുമാറി വരുന്നതിൽനിന്ന് - ഒരു പക്ഷേ-തങ്ങളുടെ കാപട്യങ്ങളും, ഗൂഢതന്ത്രങ്ങളും വേണ്ടത്ര നബി (ﷺ) ക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടില്ലെന്നും ആ വിഡ്ഢികൾ ധരിച്ചിരിക്കാം. അല്ലാഹുവിനറിയാം.

ഇതിന് അല്ലാഹു നൽകുന്ന-നൽകുവാൻ നബി (ﷺ) യോട് കൽപിക്കുന്ന-മറുപടിയുടെ സാരം: ശരിയാണ്. അദ്ദേഹം ഒരു ‘ചെവി’ തന്നെ. പക്ഷേ, ഗുണത്തിൻെറ ചെവിയാണെന്ന് മാത്രം. അഥവാ അദ്ദേഹം സത്യാസത്യവിവേചനമുള്ള ആളാണ്. അദ്ദേഹം അല്ലാഹുവിൽ വിശ്വസിക്കുന്ന ആളുമാണ്. ആ വിശ്വാസത്തിന് നിരക്കാത്തതൊന്നും അദ്ദേഹം ചെവിക്കൊള്ളുകയില്ല. അദ്ദേഹം സത്യവിശ്വാസികളെ വിശ്വസിക്കുന്നവനുമാണ്, കപടന്മാരും, അവിശ്വാസികളും പറയുന്നതൊക്കെ അദ്ദേഹത്തിന് വിശ്വാസമില്ല. എന്നല്ലാതെ-നിങ്ങൾ ജൽപിക്കുന്നതുപോലെ-അദ്ദേഹം എല്ലാം കേൾക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന ആളല്ല. നിങ്ങൾ പുറമെ കാണിക്കുന്ന ഈ വിശ്വാസം യഥാർത്ഥമാണെങ്കിൽ അദ്ദേഹം നിങ്ങൾക്കും കാരുണ്യം തന്നെയായിരിക്കും. ഇങ്ങിനെ അദ്ദേഹത്തെ ദ്രോഹിക്കുകയാണ് നിങ്ങൾ ചെയ്യുന്നതെങ്കിൽ, നിങ്ങൾ കടുത്ത ശിക്ഷ അനുഭവിക്കുകയും വേണ്ടിവരും.

നബി (ﷺ) തിരുമേനിയോട് മാന്യതയും മര്യാദയുമില്ലാതെ പെരുമാറുന്നതിനെ ആക്ഷേപിച്ചും, ആദരവോടും, അച്ചടക്കത്തോടും പെരുമാറണമെന്ന് കൽപിച്ചും കൊണ്ടുമുള്ള പല സൂക്തങ്ങളും സൂറത്തുന്നൂറിലും ഹുജുറാത്തിലും കാണാവുന്നതാണ്.

62 നിങ്ങളെ തൃപ്തിപ്പെടുത്തുവാൻ വേണ്ടി നിങ്ങളോട് അവർ അല്ലാഹുവിനെക്കൊണ്ടു ശപഥം ചെയ്യുന്നു. അല്ലാഹുവും, അവന്റെ റസൂലുമത്രെ അവർ തൃപ്തിപ്പെടുത്തുവാൻ ഏറ്റവും അർഹരായവർ, അവർ സത്യവിശ്വാസികളാണെങ്കിൽ.

يَحْلِفُونَ بِٱللَّهِ لَكُمْ لِيُرْضُوكُمْ وَٱللَّهُ وَرَسُولُهُۥٓ أَحَقُّ أَن يُرْضُوهُ إِن كَانُوا۟ مُؤْمِنِينَ ﴿٦٢﴾

63 അവർക്കറിഞ്ഞുകൂടേ, അല്ലാഹുവിനോടും അവന്റെ റസൂലിനോടും ആരെങ്കിലും മത്സരിക്കുന്ന പക്ഷം, അവന് 'ജഹന്നമി' (നരകത്തി)ന്റെ അഗ്നിയുണ്ടായിരിക്കും അതിൽ (അവൻ) നിത്യവാസിയായിക്കൊണ്ട്-എന്ന്?! അതത്രെ വമ്പിച്ചതായ അപമാനം.

أَلَمْ يَعْلَمُوٓا۟ أَنَّهُۥ مَن يُحَادِدِ ٱللَّهَ وَرَسُولَهُۥ فَأَنَّ لَهُۥ نَارَ جَهَنَّمَ خَـٰلِدًا فِيهَا ۚ ذَٰلِكَ ٱلْخِزْىُ ٱلْعَظِيمُ ﴿٦٣﴾

---

62 **يحلفون** അവർ സത്യം (ശപഥം) ചെയ്യുന്നു. **بالله** അല്ലാഹുവിൽ, അല്ലാഹുവിനെക്കൊണ്ട്. **لكم** നിങ്ങളോട്. **ليرضوكم** നിങ്ങളെ അവർ തൃപ്തിപ്പെടുത്തുവാൻ വേണ്ടി. **والله** അല്ലാഹുവാകട്ടെ, അല്ലാഹുവത്രെ. **ورسوله** അവന്റെ റസൂലും. **أحق** അധികം അവകാശപ്പെട്ടവർ, അർഹരത്രെ. **أن يرضوه** അവർ തൃപ്തിപ്പെടുത്തുവാൻ. **إن كانوا** അവരാകുന്നുവെങ്കിൽ. **مؤمنين** സത്യവിശ്വാസികൾ. 63 **ألم يعلموا** അവർക്കറിഞ്ഞുകൂടെ, അറിഞ്ഞിട്ടില്ലേ. **أنه** അത് (കാര്യം ആകുന്നു) എന്ന്. **من يحادد** ആരെങ്കിലും മത്സരിക്കുന്ന പക്ഷം. **الله** അല്ലാഹുവിനോട്. **ورسوله** അവന്റെ റസൂലിനോടും. **فأن له** എന്നാലവനുണ്ടെന്ന്. **نار جهنم** ജഹന്നമിന്റെ അഗ്നി. **خالدا** നിത്യ (സ്ഥിര) വാസിയായിക്കൊണ്ട്. **فيها** അതിൽ. **ذلك** അത്, അതത്രെ. **الخزي** അപമനമത്രെ, നിന്ദ്യത. **العظيم** വമ്പിച്ചതായ(വലിയ).

അനാവശ്യങ്ങളും തോന്നിയവാസങ്ങളും പറയുകയും, പ്രവർത്തിക്കുകയും ചെയ്തശേഷം, നിരപരാധിത്വം സ്ഥാപിക്കുവാൻവേണ്ടി കള്ള സത്യം ചെയ്യലും കപടവിശ്വാസികളുടെ ഒരു പതിവായിരുന്നു. അതിനെക്കുറിച്ചാണ് ഈവചനങ്ങളിൽ പറയുന്നത്. ഈ സ്വഭാവം എല്ലാ കാലത്തും പലരിലും കാണാവുന്നതത്രെ. കപടവിശ്വാസികൾക്ക് നൽകിയ എല്ലാ താക്കീതുകളും അങ്ങനെയുള്ളവരെയും ബാധിക്കുന്നതുമത്രെ. ഖത്താദഃ (رضي الله عنه) പ്രസ്താവിച്ചതായി ഇബ്നുൽ മുൻദിർ (رحمه الله) ഉദ്ധരിക്കുന്നു: തബൂക്ക് യുദ്ധത്തിന് പോകാതിരുന്നതിനെപ്പറ്റി ഖുർആനിൽ ആക്ഷേപങ്ങൾ അവതരിച്ചത് സംബന്ധിച്ച് ഒരു കപടവിശ്വാസിപറഞ്ഞു: ''നിശ്ചയമായും അവർ (ആക്ഷേപവിധേയരായ ആളുകൾ) നമ്മുടെ കൂട്ടത്തിലുള്ള ഉത്തമൻമാരും, യോഗ്യൻമാരുമാകുന്നു. മുഹമ്മദ് പറയുന്നത് യഥാർത്ഥമാണെങ്കിൽ, അവർ കഴുതകളേക്കാൾ മോശപ്പെട്ടവരായിരിക്കുമല്ലോ!'' ഇത് ഒരു മുസ്‌ലിം കേട്ടു. അദ്ദേഹം പറഞ്ഞു: ''മുഹമ്മദ് പറയുന്നത് യഥാർത്ഥം തന്നെയാണ്. താൻ കഴുതയേക്കാൾ മോശക്കാരനുമാകുന്നു.'' ഈ വിവരം അദ്ദേഹം നബി(ﷺ) യെ അറിയിച്ചു. നബി (ﷺ) ആ മനുഷ്യനെ വിളിപ്പിച്ചു എന്താണങ്ങിനെ പറയുവാൻ കാരണമെന്ന് ചോദിച്ചു. അപ്പോൾ, അയാൾ തന്നെത്തന്നെ ശപിക്കുകയും, താനങ്ങിനെ പറഞ്ഞിട്ടില്ലെന്ന് സത്യം ചെയ്യുകയുമായി. ആ മുസ്‌ലിം ഇങ്ങനെ പറഞ്ഞു: ''അല്ലാഹുവേ! സത്യം പറഞ്ഞവനെ നീ ശരിവെക്കുകയും, വ്യാജം പറഞ്ഞവനെ നീ തള്ളിപ്പറയുകയും ചെയ്യേണമേ!'' അങ്ങനെ, ഈ വചനം അല്ലാഹു അവതരിപ്പിച്ചു.

64 കപടവിശ്വാസികൾ ഭയപ്പെട്ടു കൊണ്ടിരിക്കുന്നു. തങ്ങളുടെ ഹൃദയങ്ങളിലുള്ളതിനെക്കുറിച്ച് അവരെ വിവരമറിയിക്കുന്നവല്ല 'സൂറത്തും' (അദ്ധ്യായവും) അവരി

يَحْذَرُ ٱلْمُنَـٰفِقُونَ أَن تُنَزَّلَ عَلَيْهِمْ سُورَةٌ تُنَبِّئُهُم بِمَا فِى قُلُوبِهِمْ ۚ قُلِ ٱسْتَهْزِءُوٓا۟ إِنَّ ٱللَّهَ

مُخْرِجٌ مَّا تَحْذَرُونَ ﴿٦٤﴾

ൽ അവതരിക്കപ്പെടുന്നതിനെ. പറയുക: ''നിങ്ങൾ പരിഹസിച്ചുകൊള്ളുവിൻ; നിശ്ചയമായും അല്ലാഹു, നിങ്ങൾ ഭയപ്പെട്ടു കൊണ്ടിരിക്കുന്നതിനെ വെളിക്കുവരുത്തുന്നവനാണ്.''

---

64 **يحذَرَ** ജാഗ്രത കാണിക്കുന്നു, ഭയപ്പെടുന്നു. **المنافقُونَ** കപട വിശ്വാസികൾ. **أن تنزلَ** അവതരിക്കപ്പെടുന്നതിനെ. **عليهم** അവരിൽ, അവർക്കെതിരെ. **سورةٌ** വല്ല സൂറത്തും, അദ്ധ്യായവും. **تنبئُهم** അവർക്ക് വിവരം നൽകുന്ന, അതവരെ ബോധപ്പെടുത്തും. **بِما** യാതൊന്നിനെപ്പറ്റി. **في قُلوبِهم** അവരുടെ ഹൃദയങ്ങളിലുളള. **قُلْ** പറയുക. **استهزِءُوا** നിങ്ങൾ പരിഹസിച്ചുകൊള്ളുവിൻ. **إن الله** നിശ്ചയമായും അല്ലാഹു. **مخرج** പുറത്ത് (വെളിക്ക്) വരുത്തുന്നവനാണ്. **ما تحذَرونَ** നിങ്ങൾ ജാഗ്രത കാണിച്ചു (ഭയപ്പെട്ട്) കൊണ്ടിരിക്കുന്നത്.

തങ്ങളുടെ മനസ്സിലിരിപ്പിൻെറ ഉള്ളുകള്ളികൾ പരസ്യമാക്കി തുറന്നുകാട്ടുന്ന ഏതാനും ഖുർആൻ വചനങ്ങൾ അവതരിച്ച് തങ്ങൾ വഷളായിപ്പോകുമോ എന്ന് കപട വിശ്വാസികൾ വളരെ ഭയപ്പെട്ടുകൊണ്ടിരിക്കുകയാണ്. അവർ കണ്ടപോലെ അവർ പരിഹസിച്ചുകൊള്ളട്ടെ. അവരുടെ രഹസ്യങ്ങളെല്ലാം അല്ലാഹു വെളിക്കുവരുത്തുകയും, അവർ വഷളാവുകയും തന്നെ ചെയ്യും.

وَلَئِن سَأَلْتَهُمْ لَيَقُولُنَّ إِنَّمَا كُنَّا نَخُوضُ وَنَلْعَبُ ۚ قُلْ أَبِاللَّهِ وَآيَاتِهِ وَرَسُولِهِ كُنتُمْ تَسْتَهْزِئُونَ ﴿٦٥﴾

65 നീ അവരോട് ചോദി(ച്ചന്വേഷിച്ചു) വെങ്കിലോ, നിശ്ചയമായും, അവർ പറയും: ''ഞങ്ങൾ (വർത്തമാനത്തിൽ) മുഴുകിക്കൊണ്ടിരിക്കുകയും, കളി (യായി സംസാരി) ച്ചു കൊണ്ടിരിക്കുകയും മാത്രമായിരുന്നു.'' പറയുക: ''അല്ലാഹുവിനെയും, അവൻെറ 'ആയത്തു' [ലക്ഷ്യം]കളെയും,അവൻെറ റസൂലിനെയും കുറിച്ചാണോ നിങ്ങൾ പരിഹസിച്ചുകൊണ്ടിരിക്കുന്നത്?!''

لَا تَعْتَذِرُوا قَدْ كَفَرْتُم بَعْدَ إِيمَانِكُمْ ۚ إِن نَّعْفُ عَن طَائِفَةٍ مِّنكُمْ نُعَذِّبْ طَائِفَةً بِأَنَّهُمْ كَانُوا مُجْرِمِينَ ﴿٦٦﴾

66 (ഹേ, കപട വിശ്വാസികളേ) നിങ്ങൾ ഒഴികഴിവ് പറയേണ്ട-നിങ്ങളുടെ വിശ്വാസത്തിനുശേഷം, നിങ്ങൾ അവിശ്വസിച്ചു കഴിഞ്ഞിരിക്കുന്നു. നിങ്ങളിൽ നിന്നുള്ള ഒരു വിഭാഗത്തിന് നാം മാപ്പ് നൽകുന്നുവെങ്കിൽ(തന്നെ), ഒരു വിഭാഗത്തെ നാം ശിക്ഷിക്കുന്നതാണ്; അവർ കുറ്റവാളികളായിരുന്നതുകൊണ്ട്.

---

65 **ولئن سألتهم** അവരോട് നീ ചോദിച്ചെങ്കിൽ തന്നെയും, നീ ചോദിച്ചാലോ. **ليقُولُن** നിശ്ചയമായും അവർ പറയും. **إنما كُنا** ഞങ്ങളായിരിക്കുക മാത്രമായിരുന്നു. **نخوض** ഞങ്ങൾ മുഴുകിക്കൊണ്ടിരിക്കുക. **ونلعب** ഞങ്ങൾ (കാര്യമാക്കാതെ) കളിക്കുകയും. **قُلْ** പറയുക, ചോദിക്കുക. **أبِالله** അല്ലാഹുവിനെക്കൊണ്ടോ, അല്ലാഹുവിനെപ്പറ്റിയോ. **وآياته** അവൻെറ ആയത്തുകളെയും. **ورسوله** അവൻെറ റസൂലിനെയും. **كُنتم** നിങ്ങളായിരുന്നു, ആകുന്നു. **تستهزئونَ** നിങ്ങൾ പരിഹസിക്കും.. 66 **لا تعتذروا** നിങ്ങൾ ഒഴികഴിവ് പറയേണ്ട(പറയരുത്). **قد كفَرتم** നിങ്ങൾ അവിശ്വസിച്ചിട്ടുണ്ട്, അവിശ്വസിച്ചു കഴിഞ്ഞു. **بعد إيمانِكُم** നിങ്ങളുടെ വിശ്വാസത്തിനുശേഷം. **إن نعف** നാം മാപ്പ് ചെയ്യുന്ന പക്ഷം. **عن طائفة** ഒരു വിഭാഗത്തിന്, കൂട്ടർക്ക്. **منكُم** നിങ്ങളിൽ നിന്ന്. **نعذب** നാം ശിക്ഷിക്കുന്ന

താണ്. **طَائِفَةً** ഒരു വിഭാഗത്തെ. **بِأَنَّهُمْ** അവർ എന്നുള്ളതുകൊണ്ട്. **كَانُوا** അവരായിരിക്കുന്നു, ആയിരുന്നു (എന്നുള്ളത്). **مجرمين** കുറ്റവാളികൾ..

കപട വിശ്വാസികൾ പലപ്പോഴും പല പരിഹാസങ്ങളും പുറപ്പെടുവിച്ചുകൊണ്ടിരിക്കും. ഒല്ലപ്പോഴും അതിനെപ്പറ്റി നബി (ﷺ) അന്വേഷിച്ചാൽ, അതൊന്നും തങ്ങൾ മനപ്പൂർവ്വം പറഞ്ഞതല്ല -അന്യോന്യം സംസാരത്തിൽ മുഴുകി കളിയും തമാശയും പറഞ്ഞുകൊണ്ടിരിക്കുന്ന കൂട്ടത്തിൽ വെറുതെ പറഞ്ഞ് പോയതാണ്- എന്നിങ്ങിനെ ഒഴി കഴിവു പറഞ്ഞ് രക്ഷപ്പെടുകയും ചെയ്യും. ഇവർക്ക് കനത്ത മറുപടി നൽകുവാൻ അല്ലാഹു നബി(ﷺ) യോട് കൽപിക്കുന്നു. മറുപടിയുടെ സാരം: (1) അല്ലാഹുവിനെയും, അവൻെറ വചനങ്ങളെയും, അവൻെറ റസൂലിനെയുമാണ് നിങ്ങൾ പരിഹസിക്കുന്നത്. കളിയായിട്ടായാലും കാര്യമായിട്ടായാലും അതിന് നീതീകരണമില്ല. അത് ക്ഷന്തവ്യവുമല്ല. വളരെ ഗൗരവപ്പെട്ടഒന്നാണത്. (2) നിങ്ങൾ മുമ്പ് സത്യവിശ്വാസം പ്രകടിപ്പിച്ചത് ശരിതന്നെ. എന്നാൽ, പിന്നീട് അവിശ്വാസമാണ് നിങ്ങളിൽ നിന്ന് പ്രകടമായിക്കൊണ്ടിരിക്കുന്നത്. അതിനാൽ, കളിയും തമാശയും പറഞ്ഞതാണ് ഞങ്ങളെന്നും മറ്റുമുളള ഈ ഒഴികഴിവുകളിൽ പിടിച്ച് തൂങ്ങുവാൻ നോക്കേണ്ട. (3) നിങ്ങളിൽ ചിലർ, ഒരു പക്ഷേ തങ്ങളുടെ പക്കൽ വന്ന് പോയതിനെപ്പറ്റി ഖേദിച്ചു മടങ്ങുകയും, അല്ലാഹുവിൻെറ മാപ്പിന് പാത്രമാകുകയും ചെയ്തെന്ന് വരാം. എന്നാലും മടക്കം വരാത്ത മറ്റൊരു തരക്കാർ നിങ്ങളിലുണ്ട്. ആ കുറ്റവാളികളെ ശിക്ഷിക്കാതെ അല്ലാഹു വെറുതെ വിടുകയില്ല, പരിഹാസം ഏത് വിധത്തിലായാലും ക്ഷന്തവ്യമല്ലെന്നും, അല്ലാഹുവിനെയും ഖുർആനെയും റസൂലിനെയും സംബന്ധിക്കുന്ന പരിഹാസങ്ങളെല്ലാം 'കുഫ്ർ' (അവിശ്വാസം) ആണെന്നും ഈ മറുപടിയിൽ നിന്ന് മനസ്സിലാക്കാം.

തബൂക്കിലേക്കുള്ള പടനീക്കവേളയിൽ 'ശാമിലെ കോട്ടകളും, കൊത്തളങ്ങളുമൊക്കെ ജയച്ചടക്കുമെന്നാണോ ഈ മനുഷ്യൻ പറയുന്നത്? വിദൂരം! വിദൂരം!! എന്നും മറ്റും ചില കപട വിശ്വാസികൾ പറഞ്ഞതായും, വിവരമറിഞ്ഞ് നബി (ﷺ) അവരെ വിളിച്ച് ചോദിച്ചപ്പോൾ, അവർ **انما كنا نخوض ونلعب** (ഞങ്ങൾ വർത്തമാനത്തിൽ മുഴുകുകയും കളി പറയുകയുമായിരുന്നു) എന്ന് ഒഴികഴിവ് പറഞ്ഞതായും ഒന്നിലധികം രിവായത്തുകളിൽ വന്നിരിക്കുന്നു. അതുപോലെ, ഖുർആൻ പാരായണക്കാരെന്ന് അറിയപ്പെട്ടിരുന്ന സഹാബികളെപ്പറ്റി പരിഹാസപൂർവ്വം ചിലർ: ഇവർ അവരുടെ വയറ്റിൽ പിഴപ്പിനുവേണ്ടി മോഹിക്കുന്നവരും, കളവു പറയുന്നവരുമാണെന്നും, ശത്രുക്കളുടെ മുമ്പിൽ ഭീരുക്കളാണെന്നുമൊക്കെ പറഞ്ഞതായും, നബി (ﷺ) അവരെ ചോദ്യം ചെയ്തപ്പോൾ അവരും അപ്രകാരം മറുപടി പറഞ്ഞതായും ചില രിവായത്തുകളിൽ വന്നിട്ടുണ്ട്.

വിഭാഗം-9

67 കപടവിശ്വാസികളും, കപടവിശ്വാസിനികളും-അവരിൽ ചിലർ ചിലരിൽ നിന്നുള്ള വരത്രെ. [എല്ലാം ഒരുപോലെത്തന്നെ.] അവർ ദുരാചാരം കൊണ്ട് കൽപിക്കുകയും, സദാചാരത്തെക്കുറിച്ചു വിരോധിക്കുകയും ചെയ്യുന്നു. തങ്ങളുടെ കൈകളെ അവർ (ഇറുക്കി) പിടിക്കുകയും ചെയ്യുന്നു. അവർ അല്ലാഹുവിനെ വിസ്മരിച്ചു; അതിനാൽ, അവൻ അവരെ (യും) വിസ്മരിച്ചിരിക്കുന്നു. നിശ്ചയമായും, കപടവിശ്വാസികൾ തന്നെയാണ് തോന്നിയവാസികൾ.	ٱلْمُنَٰفِقُونَ وَٱلْمُنَٰفِقَٰتُ بَعْضُهُم مِّنۢ بَعْضٍ يَأْمُرُونَ بِٱلْمُنكَرِ وَيَنْهَوْنَ عَنِ ٱلْمَعْرُوفِ وَيَقْبِضُونَ أَيْدِيَهُمْ نَسُوا۟ ٱللَّهَ فَنَسِيَهُمْ إِنَّ ٱلْمُنَٰفِقِينَ هُمُ ٱلْفَٰسِقُونَ ﴿٦٧﴾

67 **الْمنافقُونَ** കപടവിശ്വാസികൾ. **والْمنافقات** കപടവിശ്വാസിനികളും. **بعضهم** അവരിൽ ചിലർ. **من بعض** ചിലരിൽനിന്നുള്ള (ചിലരിൽപെട്ട)വരാണ്. **يأمرونَ** അവർ കൽപിക്കുന്നു (ഉപദേശിക്കുന്നു), കൽപിക്കും. **بِالْمنكر** ദുരാചാരം (വെറുക്കപ്പെട്ടത്-നിരോധിക്കപ്പെട്ടത്-അപരിചിതം)കൊണ്ട്. **وينهونَ** അവർ വിരോധിക്കയും ചെയ്യുന്നു (ചെയ്യും). **عن الْمعروف** സദാചാര(സൽക്കാര്യ)ത്തെപക്കപറ്റി. **ويقْبِضونَ** അവർ (മുറുക്കി-കുറുക്കി) പിടിക്കുക (എടുക്കുക)യും ചെയ്യും. **أيديهم** അവരുടെ കൈകളെ. **نسوا** അവർ വിസ്മരിച്ചു. **الله** അല്ലാഹുവിനെ. **فَنسِيهم** അപ്പോൾ (അതിനാൽ) അവൻ അവരെ വിസ്മരിച്ചു. **إن الْمنافقِين** നിശ്ചയമായും കപടവിശ്വാസികൾ. **هم** അവർ (തന്നെ). **الْفَاسقُونَ** തോന്നിയവാസികൾ, തെമ്മാടി(ധിക്കാരി)കൾ..

കപടവിശ്വാസികൾ ആണായാലും പെണ്ണായാലും ഒരുപോലെതന്നെ. ദുർഗ്ഗുണങ്ങളിൽ എല്ലാവരും തുല്യരാണ്. വെറുക്കപ്പെട്ട ദുരാചാരങ്ങൾക്ക് പരസ്പരം ഉപദേശിക്കലും, വേണ്ടപ്പെട്ട സദാചാരങ്ങളെ തടയലും അവരുടെ സ്വഭാവമാകുന്നു. നല്ല കാര്യങ്ങളിൽ ധനം ചിലവഴിക്കുവാൻ അവരുടെ കൈകളെ അവർ നീട്ടുകയില്ല. പിശുക്ക് പിടിച്ച് പിന്നോക്കം ഇറുക്കിപ്പിടിക്കുകയാണ് ചെയ്യുക. അല്ലാഹുവിനെ അവർ മറന്നുകളഞ്ഞിരിക്കുകയാണ്. അഥവാ അവൻെറ കല്പനാനിർദ്ദേശങ്ങളെയും, അവൻെറ രക്ഷാശിക്ഷകളെയുമൊക്കെ അവർ അവഗണിച്ചുകളഞ്ഞിരിക്കുന്നു. അതുകൊണ്ട് അവരെ അല്ലാഹുവും അവഗണിച്ചിരിക്കുകയാണ്. അവരുടെ നേരെ അവൻ കാരുണ്യവും കനിവും കാണിക്കുവാൻ പോകുന്നില്ല. തോന്നിയവാസികൾ വേറെയും ഉണ്ടെങ്കിലും പരിപൂർണ്ണമായ അർത്ഥത്തിലുള്ള കടുത്തതോന്നിയവാസികൾ ഇവർതന്നെ എന്നൊക്കെയാണ് അല്ലാഹു പറഞ്ഞതിൻെറ സാരം. കപടവിശ്വാസികൾ, നരകത്തിലെ ഏറ്റവും താണപടിയിലായിരിക്കുമെന്ന് 4:145ൽ അല്ലാഹു വ്യക്തമായി പ്രസ്താവിച്ചിട്ടുള്ളതാണ്. അവിശ്വാസികളും തോന്നിയവാസികൾതന്നെ. എന്നാലും തെറ്റായതെങ്കിലും ചില വിശ്വാസങ്ങളും ആചാരമുറകളുമൊക്കെ അവർക്കുണ്ടായിരിക്കും. കപടന്മാരെ സംബന്ധിച്ചിടത്തോളം, അവർക്ക് ഒന്നിലും വിശ്വാസമോ സ്ഥിരതയോ ഇല്ലാത്തവരാണല്ലോ. അല്ലാഹു അവരെ ഇത്രയും അവഗണിക്കുന്നതിൻെറ ഫലമെന്തായിരിക്കുമെന്ന് അടുത്ത വചനത്തിൽ ചൂണ്ടിക്കാട്ടുന്നു.

وَعَدَ ٱللَّهُ ٱلْمُنَٰفِقِينَ وَٱلْمُنَٰفِقَٰتِ وَٱلْكُفَّارَ نَارَ جَهَنَّمَ خَٰلِدِينَ فِيهَا ۚ هِىَ حَسْبُهُمْ ۚ وَلَعَنَهُمُ ٱللَّهُ ۖ وَلَهُمْ عَذَابٌ مُّقِيمٌ ﴿٦٨﴾

68 കപടവിശ്വാസികളോടും, കപടവിശ്വാസിനികളോടും, അവിശ്വാസികളോടും അല്ലാഹു 'ജഹന്നമി' [നരകത്തി]ൻെറ അഗ്നി വാഗ്ദത്തം ചെയ്തിരിക്കുന്നു; അതിൽ (അവർ) നിത്യവാസികളായിക്കൊണ്ട്. അതവർക്കു മതി! അല്ലാഹു അവരെ ശപിക്കുകയും ചെയ്തിരിക്കുന്നു. അവർക്ക് (മുറിയാതെ) നില നിൽക്കുന്ന ശിക്ഷയുമുണ്ടായിരിക്കും;-

كَٱلَّذِينَ مِن قَبْلِكُمْ كَانُوٓا۟ أَشَدَّ مِنكُمْ قُوَّةً وَأَكْثَرَ أَمْوَٰلًا وَأَوْلَٰدًا فَٱسْتَمْتَعُوا۟ بِخَلَٰقِهِمْ فَٱسْتَمْتَعْتُم بِخَلَٰقِكُمْ كَمَا ٱسْتَمْتَعَ ٱلَّذِينَ مِن قَبْلِكُم بِخَلَٰقِهِمْ وَخُضْتُمْ كَٱلَّذِى خَاضُوٓا۟ ۚ أُو۟لَٰٓئِكَ حَبِطَتْ أَعْمَٰلُهُمْ فِى ٱلدُّنْيَا وَٱلْءَاخِرَةِ ۖ

69 (അതെ, കപടവിശ്വാസികളേ,) നിങ്ങളുടെ മുമ്പുള്ളവരെപ്പോലെ (ത്തന്നെ). അവർ നിങ്ങളെക്കാൾ കടുത്ത ശക്തിയുള്ളവരും, സ്വത്തുക്കളും, സന്താനങ്ങളും അധികമുള്ളവരുമായിരുന്നു; അങ്ങനെ, തങ്ങളുടെ ഓഹരികൊണ്ട് അവർ സുഖമനുഭവിച്ചു. എന്നിട്ട് (ഇപ്പോൾ) നിങ്ങളുടെ മുമ്പുള്ളവർ തങ്ങളുടെ ഓഹരികൊണ്ട് സുഖമനുഭവിച്ചതുപോലെ, നിങ്ങളുടെ ഓഹരികൊണ്ട് നിങ്ങളും സുഖമനുഭവിച്ചു.

وَأُوْلَٰٓئِكَ هُمُ ٱلْخَٰسِرُونَ ﴿٦٩﴾

അവർ (അനാവശ്യത്തിൽ) മുഴുകിയതു പോലെ നിങ്ങളും മുഴുകി. അക്കൂട്ടർ-അവരുടെ കർമ്മങ്ങൾ ഇഹത്തിലും പരത്തിലും (പൊളിഞ്ഞു) നിഷ്ഫലമായി. അക്കൂട്ടർ തന്നെയാണ് നഷ്ടക്കാരും.

---

68 **وعد الله** അല്ലാഹു വാഗ്ദത്തം ചെയ്തു (ചെയ്തിരിക്കുന്നു). **المنافقين** കപടവിശ്വാസികളോട്. **والمنافقات** കപട വിശ്വാസിനികളോടും. **والكفار** അവിശ്വാസികളോടും. **نار** അഗ്നി, തീ. **جهنم** ജഹന്നമിന്റെ. **خالدين** നിത്യവാസികളായിക്കൊണ്ട്. **فيها** അതിൽ. **هي** അത്. **حسبهم** അവർക്ക് മതി, മതിയായതാണ്. **ولعنهم الله** അല്ലാഹു അവരെ ശപിക്കുകയും ചെയ്തിരിക്കുന്നു. **ولهم** അവർക്കുണ്ടുതാനും, ഉണ്ടായിരിക്കും. **عذاب** ശിക്ഷ. **مقيم** നിലനിൽക്കുന്ന.. 69 **كالذين** യാതൊരുവരെപ്പോലെ. **من قَبلكُم** നിങ്ങളുടെ മുമ്പുള്ള. **كانوا** അവരായിരുന്നു. **أشد** അധികം കഠിനൻമർ, കടുത്ത (ശക്തമായ) വർ. **منكُم** നിങ്ങളെക്കാൾ. **قُوةً** ഊക്കിൽ, ശക്തിയാൽ. **وأكثَر** കൂടുതൽ അധികമുള്ളവരും. **أموالاً** സ്വത്തുക്കൾ, ധനത്തിൽ. **وأولادا** മക്കളും, സന്താനങ്ങളും. **فَاستمتعوا** അങ്ങനെ അവർ അനുഭവമെടുത്തു, സുഖമെടുത്ത്. **بِخلاقهم** അവരുടെ ഓഹരികൊണ്ട്. **فَاستمتعتم** എന്നിട്ട് നിങ്ങൾ സുഖമെടുത്ത്, ഉപയോഗമെടുത്ത്. **بِخلاقكُم** നിങ്ങളുടെ ഓഹരി (ഭാഗം) കൊണ്ട്. **كما استمتع** സുഖ (ഉപയാഗ)മെടുത്തത് പോലെ. **الذين** യാതൊരുകൂട്ടർ. **من قَبلكُم** നിങ്ങളുടെ മുമ്പുള്ള. **بِخلاقهم** അവരുടെ ഓഹരികൊണ്ട്. **وخضتم** നിങ്ങൾ മുഴുകുകയും ചെയ്തു (അനാവശ്യത്തിൽ ഇറങ്ങി). **كالذي** യാതൊന്നുപോലെ. **خاضوا** അവർ മുഴുകിയ. **أولئك** അക്കൂട്ടർ. **حبِطَت** പൊളിഞ്ഞു (നിഷ്ഫലമായി)പോയി. **أعمالُهم** അവരുടെ പ്രവൃത്തികൾ, കർമ്മങ്ങൾ. **في الدنيا** ഇഹത്തിൽ. **والآخرة** പരത്തിലും. **وأولئك** അക്കൂട്ടർ. **هم** അവർ (തന്നെ). **الْخاسرونَ** നഷ്ടപ്പെട്ടവർ

നിങ്ങൾ മാത്രമല്ല കപടൻമാർ. നിങ്ങളുടെ മുമ്പും നിങ്ങളെപ്പോലെ എത്രയോ കപടൻമാർ ഉണ്ടായിരുന്നു. ഊക്കിലും സ്വാധീനത്തിലുമൊക്കെ നിങ്ങളെക്കാൾ കവിഞ്ഞവരായിരുന്നു അവർ. അതെല്ലാം അനവഭവിച്ചാസ്വദിച്ച്കൊണ്ട് തോന്നിയവാസത്തിൽ മുഴുകുകയാണവർ ചെയ്തത്. അതിനാൽ അവരുടെ ഇഹവും പരവും നഷ്ടപ്പെട്ടു. അവരുടെ അതേ സ്ഥിതി തന്നെയായിരിക്കും നിങ്ങളുടെയും സ്ഥിതി. കപടവിശ്വാസികളെ അല്ലാഹു താക്കീത് ചെയ്യുകയാണ്.

أَلَمْ يَأْتِهِمْ نَبَأُ ٱلَّذِينَ مِن قَبْلِهِمْ قَوْمِ نُوحٍ وَعَادٍ وَثَمُودَ وَقَوْمِ إِبْرَٰهِيمَ وَأَصْحَٰبِ مَدْيَنَ وَٱلْمُؤْتَفِكَٰتِ ۚ أَتَتْهُمْ رُسُلُهُم بِٱلْبَيِّنَٰتِ ۖ فَمَا كَانَ ٱللَّهُ لِيَظْلِمَهُمْ وَلَٰكِن كَانُوٓا۟ أَنفُسَهُمْ يَظْلِمُونَ ﴿٧٠﴾

70 ഇവരുടെ മുമ്പുള്ളവരുടെ വൃത്താന്തം ഇവർക്കു വന്നിട്ടില്ലയോ? അതായത്: നൂഹിന്റെ ജനതയുടെയും, ആദമിന്റെയും, ഥമൂദിന്റെയും, ഇബ്രാഹീമിന്റെ ജനതയുടെയുടെയും, മദ്‌യൻകാരുടെയും, (അടിമേൽ) മിറഞ്ഞ രാജ്യങ്ങളുടെയും (വൃത്താന്തം)! (അതെ)അവർക്ക് അവരുടെ റസൂലുകൾ വ്യക്തമായ തെളിവുകളുമായി ചെന്നു; എന്നാൽ, അല്ലാഹു അവരെ അക്രമിക്കുകയുണ്ടായില്ല; എങ്കിലും, അവർ അവരോടുതന്നെ അക്രമം പ്രവർത്തിക്കുകയായിരുന്നു (ചെയ്തത്).

---

70 **ألم يأتهم** അവർക്ക് (ഇവർക്ക്) വന്നിട്ടില്ലേ. **نبأ** വൃത്താന്തം, വിവരം, വാർത്ത. **الذين** യാതൊരുത്തരുടെ. **من قَبلهم** അവരുടെ (ഇവരുടെ) മുമ്പുള്ള. **قَوم نوح** അതായത് നൂഹിന്റെ ജനതയുടെ. **وعاد** ആദിന്റെയും. **وثَمود** ഥമൂദിന്റെയും. **وقَوم إبراهيم** ഇബ്റാഹീമിന്റെയും ജനതയുടെയും. **وأصحاب** ആൾക്കാരുടെയും. **مدين** മദ്‌യന്റെ. **والمؤتفكَات** (അടിമേലായി) മറഞ്ഞവയുടെയും. **أَتتهم**

അവര്‍ക്ക് ചെന്നു, വന്നു. **رسلهم** അവരുടെ റസൂലുകള്‍. **بالبينات** തെളിവുകളുമായി. **فما كان** എന്നിട്ട് (എന്നാല്‍) ആയില്ല, ഉണ്ടായില്ല. **الله** അല്ലാഹു. **ليظلمهم** അവരോട് അക്രമം ചെയ്‌വാന്‍ അവരെ അക്രമിക്കുക. **ولكن كانوا** എങ്കിലും അവരായിരുന്നു. **أنفسهم** തങ്ങളുടെ സ്വന്തങ്ങളോട്, തങ്ങളോട്തന്നെ. **يظلمون** അക്രമം പ്രവര്‍ത്തിക്കും..

ഹൂദ്(عليه السلام) നബിയുടെ സമുദായമാണ് ആദ്ഗോത്രം. സ്വാലിഹ് (عليه السلام) നബിയുടെ സമുദായതമായിരുന്നു ഥമൂദുഗോത്രം. ശുഐബ് (عليه السلام) നബിയുടെ ജനതയാണ് മദ്‌യന്‍ നിവാസികള്‍. 'അടിമേലായി മറിഞ്ഞവ (**المؤتفكات**) എന്നുപറഞ്ഞതു ലൂത്ത്വ് (عليه السلام) നബിയുടെ ജനത താമസിച്ചിരുന്ന അടിമേല്‍ മറിക്കപ്പെട്ട രാജ്യങ്ങളുമാകുന്നു: അഥവാ, അവയിലെ ജനങ്ങളാണുദ്ദേശ്യം. ഓരോ ജനതയുടെയും ചരിത്രം ഖുര്‍ആനില്‍ ഒന്നിലധികം പ്രാവശ്യം വിവരിക്കപ്പെട്ടിരിക്കുന്നു.

ഈ സമുദായങ്ങളുടെയൊക്കെ ചരിത്രം ഈ കപടവിശ്വാസികള്‍ കേട്ടറിഞ്ഞിട്ടുണ്ടല്ലോ. ഓരോ കൂട്ടരും അവരുടെ റസൂലുകളെ നിഷേധിക്കുകയും, അവര്‍ കൊണ്ടുവന്ന തെളിവുകളെ നിരാകരിക്കുകയും ചെയ്തു. അങ്ങനെ, അവര്‍ അല്ലാഹുവിന്‍െറ കോപത്തിനും ശിക്ഷകള്‍ക്കും വിധേയരായി. എല്ലാവരും അവരവരോട് തന്നെ ചെയ്ത അക്രമങ്ങളുടെ ഫലമായിരുന്നു അത്. അല്ലാഹു ഒരക്രമവും പ്രവര്‍ത്തിച്ചിട്ടില്ല. അവന്‍ അക്രമം ചെയ്യുകയുമില്ല. അവരുടെ ആ ചരിത്ര സംഭവങ്ങള്‍ ഇവര്‍ക്കും പാഠമാകേണ്ടതല്ലേ?! എന്നാണു ഈ വചനത്തില്‍ പ്രസ്താവിച്ചതിന്‍െറ ചുരുക്കം.

കപടവിശ്വാസികളുടെ സ്ഥിതികളും, സമ്പ്രദായങ്ങളും, അവര്‍ക്ക് വരുവാനിരിക്കുന്ന അനുഭവങ്ങളും പലതും വിവരിച്ചശേഷം, എന്നാല്‍ സത്യവിശ്വാസികളുടെ സ്ഥിതിഗതികളെന്തായിരിക്കും - അഥവാ എങ്ങിനെയായിരിക്കണം- എന്ന് അടുത്ത വചനങ്ങളില്‍ ചൂണ്ടിക്കാട്ടുന്നു:-

وَٱلْمُؤْمِنُونَ وَٱلْمُؤْمِنَٰتُ بَعْضُهُمْ أَوْلِيَآءُ بَعْضٍ ۚ يَأْمُرُونَ بِٱلْمَعْرُوفِ وَيَنْهَوْنَ عَنِ ٱلْمُنكَرِ وَيُقِيمُونَ ٱلصَّلَوٰةَ وَيُؤْتُونَ ٱلزَّكَوٰةَ وَيُطِيعُونَ ٱللَّهَ وَرَسُولَهُۥٓ ۚ أُو۟لَٰٓئِكَ سَيَرْحَمُهُمُ ٱللَّهُ ۗ إِنَّ ٱللَّهَ عَزِيزٌ حَكِيمٌ ﴿٧١﴾

71 സത്യവിശ്വാസികളും, സത്യവിശ്വാസിനികളുമാകട്ടെ, അവരില്‍ ചിലര്‍ ചിലരുടെ [തമ്മതമ്മില്‍] ബന്ധുമിത്രങ്ങളാകുന്നു. അവര്‍ സദാചാരംകൊണ്ടു കല്‍പിക്കുകയും, ദുരാചാരത്തെക്കുറിച്ചു വിരോധിക്കുകയും ചെയ്യുന്നു; അവര്‍ നമസ്കാരം നിലനിറുത്തുകയും, സകാത്ത് കൊടുക്കുകയും ചെയ്യുന്നു; അവര്‍ അല്ലാഹുവിനെയും, അവന്‍െറ റസൂലിനെയും അനുസരിക്കുകയും ചെയ്യുന്നു. അക്കൂട്ടര്‍-അവര്‍ക്ക് അല്ലാഹു വഴിയെ കരുണ ചെയ്യുന്നതാണ്. നിശ്ചയമായും അല്ലാഹു, പ്രതാപശാലിയും, അഗാധജ്ഞനുമാകുന്നു.

وَعَدَ ٱللَّهُ ٱلْمُؤْمِنِينَ وَٱلْمُؤْمِنَٰتِ جَنَّٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ خَٰلِدِينَ فِيهَا وَمَسَٰكِنَ طَيِّبَةً فِى جَنَّٰتِ عَدْنٍ ۚ وَرِضْوَٰنٌ مِّنَ ٱللَّهِ أَكْبَرُ ۚ

72 സത്യവിശ്വാസികളോടും, സത്യവിശ്വാസിനികളോടും അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു: അടിഭാഗത്തിലൂടെ അരുവികള്‍ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വര്‍ഗ്ഗങ്ങളെ-അതില്‍ (അവര്‍) നിത്യവാസികളായിക്കൊണ്ട്; 'ജന്നാത്തു-അദ്നി'ല്‍ [സ്ഥിരവാസത്തിന്‍െറ സ്വര്‍ഗ്ഗങ്ങളില്‍

ذَٰلِكَ هُوَ ٱلْفَوْزُ ٱلْعَظِيمُ ﴿٧٢﴾

] നല്ലതായ (വിശിഷ്ട) പാർപ്പിടങ്ങളെയും (വാഗ്ദാനം ചെയ്തിരിക്കുന്നു). അല്ലാഹുവിങ്കൽ നിന്നുള്ള പ്രീതിയത്രെ ഏറ്റവും വലുത്. അതു തന്നെയാണ് മഹത്തായ ഭാഗ്യം!

---

71 **والْمؤمنونَ** സത്യവിശ്വാസികളാകട്ടെ. **والْمؤمنات** സത്യവിശ്വാസിനികളും. **بعضهم** അവരിൽ ചിലർ. **أولياءُ** ബന്ധുമിത്രങ്ങളാണ്. **بعض** ചിലരുടെ. **يأمرونَ** അവർ കൽപിക്കുന്നു, ഉപദേശിക്കും. **بِالْمعروف** സദാചാരം (സൽക്കാര്യം-വേണ്ടപ്പെട്ടത്)കൊണ്ട്. **وينهونَ** അവർ വിരോധിക്കുകയും ചെയ്യുന്നു (ചെയ്യും). **عن المنكر** ദുരാചാര (ദുഷ്കാര്യ-വെറുക്കപ്പെട്ട കാര്യ)ത്തെപ്പറ്റി. **ويقيمونَ** അവർ നിലനിറുത്തുകയും ചെയ്യും (ചെയ്യുന്നു). **الصلاةَ** നമസ്കാരം. **ويؤتونَ** കൊടുക്കുകയും. **الزكاةَ** സകാത്ത്. **ويطيعونَ** അവർ അനുസരിക്കുകയും (ചെയ്യും-ചെയ്യുന്നു). **الله ورسوله** അല്ലാഹുവിനെയും അവൻെറ റസൂലിനെയും. **أولٰئك** അക്കൂട്ടർ. **سيرحمهم** അവരോട് കരുണ ചെയ്തേക്കും, വഴിയെ അവർക്ക് കരുണ ചെയ്യും. **اللهُ** അല്ലാഹു. **إن الله** നിശ്ചയമായും അല്ലാഹു. **عزيز** പ്രതാപശാലിയാണ്. **حكيم** അഗാധജ്ഞനാണ്, യുക്തിമാനായ. 72 **وعد اللهُ** അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. **الْمؤمنين** സത്യവിശ്വാസികളോട്. **والْمؤمنات** സത്യവിശ്വാസിനികളോടും. **جنات** ചില സ്വർഗ്ഗങ്ങളെ. **تجري** നടക്കും, ഒഴുകും. **من تحتها** അവയുടെ അടിയിലൂടെ. **الْأنهار** അരുവി(നദി)കൾ. **خالدين** നിത്യവാസികളായിട്ട്, ശാശ്വതരായി. **فيها** അവയിൽ, അതിൽ. **ومساكن** പാർപ്പിട(വാസസ്ഥല)ങ്ങളും. **طيبةً** നല്ലതായ, വിശിഷ്ടങ്ങളായ, ശുദ്ധങ്ങളായ. **في جنات** സ്വർഗ്ഗങ്ങളിൽ, തോപ്പുകളിൽ. **عدن** സ്ഥിരവാസത്തിൻെറ. **ورضوانٌ** പ്രീതി. **من الله** അല്ലാഹുവിൽ നിന്നുള്ള. **أكْبر** ഏറ്റം വലുത്. **ذٰلك** അത്. **هو** അത് (തന്നെ). **الْفوز** ഭാഗ്യം, വിജയം. **العظيم** മഹത്തായ, വമ്പിച്ച.

കപടവിശ്വാസികളുടെയും, സത്യവിശ്വാസികളുടെയും സ്ഥിതഗതികളിലുള്ള പരസ്പര വൈരുദ്ധ്യങ്ങളാണ് ഈ വചനങ്ങളിൽ കാണുന്നത്. (1) കപടവിശ്വാസികൾ ആണും പെണ്ണും തന്നെ, ചിലർ ചിലരിൽനിന്നുള്ളവരാണ്. (بعضهم من بعض) അഥവാ എല്ലാവരും വേണ്ടാവൃത്തികളിൽ ഒരുപോലെയാണ് എന്ന് മുമ്പ്പറഞ്ഞു. എന്നാൽ സത്യവിശ്വാസികളാകട്ടെ, അവരിലുള്ള ആണും പെണ്ണും പരസ്പ്പരം ബന്ധുമിത്രങ്ങളായിരിക്കും (منهم اولياء بعض) അഥവാ സൽഗുണങ്ങളിലും സുഖദു:ഖങ്ങളിലുമൊക്കെ അവർ ഒറ്റക്കെട്ടായിരിക്കുമെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു. നബി(ﷺ) പറയുന്നു: 'ഒരു സത്യവിശ്വാസി മറ്റൊരു സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം, ഒരു കെട്ടിടം പോലെയായിരിക്കും. അതായത്, അതിൻെറ ചില ഭാഗംചില ഭാഗത്തെ ഉറപ്പിച്ച് നിർത്തുന്നു.' (ബു;മു.) മറ്റൊരു ഹദീസിൽ നബി(ﷺ) പറയുന്നു: 'സത്യവിശ്വാസികൾ തമ്മിലുള്ള സ്നേഹത്തിലും കരുണയിലും അവരുടെ ഉദാഹരണം, ഒരു ശരീരം പോലെയാകുന്നു. അതിൻെറ ഒരവയവത്തിന് വല്ല അസുഖവും ബാധിച്ചാൽ, അത് നിമിത്തം ശരീരം മുഴുവനും പനിയും നിദ്രിയില്ലായ്മയും മുഖേന പരാതിപ്പെട്ടുകൊണ്ടിരിക്കും.' (ബു; മു.)

(2) ദുരാചാരങ്ങൾക്ക് ഉപദേശിക്കലും സദാചാരങ്ങളെ വിരോധിക്കലുമാണു് കപടവിശ്വാസികളുടെ പതിവ് ... (يأمرون باالمنكر) അവർ നമസ്കരിക്കുന്നത് ആളുകളെ കാണിക്കുവാൻ വേണ്ടിയും, മടിയൻമാരുമായിക്കൊണ്ടും മാത്രമായിരിക്കും. (4: 142) അല്ലാഹുവിൻെറ മാർഗ്ഗത്തിൽ .ചിലവഴിക്കുവാൻ മടിച്ചുകൊണ്ട് അവർ കൈ ഇറുക്കിപ്പിടിക്കുകയും ചെയ്യും. (ويقبضون ايديهم) എന്നാൽ, സത്യവിശ്വാസികളാകട്ടെ, നേരെ മറിച്ച് സദാചാരങ്ങളും, നല്ല കർമ്മങ്ങളും കൊണ്ട് അവർ ഉപദേശിക്കുകയും ദുരാചാരങ്ങളെയും വെറുക്കപ്പെട്ട കാര്യങ്ങളെയും സംബന്ധിച്ച് വിരോധിക്കുകയുമാണ് ചെയ്യുക.... (يأمرون باالمنكر) അവർ നമസ്കാരം ശരിക്ക് നിലനിറുത്തുകയും, സകാത്ത് ശരിക്കും കൊടുക്കുകയും ചെയ്യും. (ويقيمون الصلوة) (3) കപട വിശ്വാസികൾ അല്ലാഹുവിനെ അവഗണിച്ച് വിസ്മരിച്ചിരിക്കുകയാണ്. (نسو الله) സത്യവ

്വിശ്വാസികൾ ഒരിക്കലും അല്ലാഹുവിനെ വിസ്മരിക്കുന്നതല്ല. അവർ അല്ലാഹുവിൻെറയും, അവൻെറ റസൂലിൻെറയും കൽപനകൾ മുഴുവൻ അനുസരിക്കുന്നവരായിരിക്കും. (ويطيعون الله)

ഈ വൈരുദ്ധ്യങ്ങളുടെ ഫലമോ? (1) കപടവിശ്വാസികളായ പുരുഷൻമാർക്കും, സ്ത്രീകൾക്കും-68-ാം വചനത്തിൽ കണ്ടതുപോലെ-അല്ലാഹു ശാശ്വതമായ നരകശിക്ഷയാണ് വാഗ്ദത്തം ചെയ്തിരിക്കുന്നത്. സത്യവിശ്വാസികളായ പുരുഷൻമാർക്കും സ്ത്രീകൾക്കുമാകട്ടെ, സുഖസമ്പൂർണ്ണവും ശാശ്വതവുമായ സ്വർഗ്ഗങ്ങളും ... وعد الله المؤمنين والمؤمنات جنات (2) കപടവിശ്വാസികൾ അല്ലാഹുവിൻെറ ശിക്ഷക്ക് പുറമെ അവൻെറ കോപത്തിനും വിധേയരായിരിക്കും. (48: 6) സത്യവിശ്വാസികൾക്കാകട്ടെ, സ്വർഗ്ഗീയ സൗകര്യങ്ങൾക്ക് പുറമെ അല്ലാഹുവിൻെറ പ്രീതിയും ലഭിക്കുന്നു. മറ്റേത് അനുഗ്രഹത്തേക്കാളും വമ്പിച്ചതത്രെ അത്. (ورضوان من الله كبر) (3) ചുരുക്കിപ്പറഞ്ഞാൽ-69-ാം വചനത്തിൽ പറഞ്ഞതുപോലെ-കപടവിശ്വാസികളുടെ കർമ്മങ്ങളെല്ലാം ഇഹത്തിലും പരത്തിലും പാഴായിപ്പോകുകയും അവർ തനി നഷ്ടക്കാരായിത്തീരുകയും ചെയ്തിരിക്കുന്നു. സത്യവിശ്വാസികളുടെ കർമ്മങ്ങൾ ഫലവത്തായിത്തീരുകയും, അങ്ങനെ, അവർ ഏറ്റവും മഹത്തായ ഭാഗ്യം പ്രാപിക്കുകയും ചെയ്തിരിക്കുന്നു. (ذلك هو الفوز العظيم جاهد)

അബൂസഈദിൽ ഖുദ്രി (رضي الله عنه) യിൽ നിന്നും ഇമാം മാലിക് (رحمه الله) നിവേദനം ചെയ്ത് ഒരു നബിവചനത്തിൻെറ സാരം ഇപ്രകാരമാകുന്നു: സ്വർഗ്ഗത്തിലെ ആളുകളെ അല്ലാഹു വിളിക്കും. അവർ സന്തോഷത്തോടും ബഹുമാനത്തോടും കൂടി അതിനെ സ്വാഗതം ചെയ്യും. അല്ലാഹു അവരോടു ചോദിക്കും: 'നിങ്ങൾ തൃപ്തിപ്പെട്ടുവോ?' അവർ ഉത്തരം പറയും: 'റബ്ബേ! മനുഷ്യ സൃഷ്ടികൾക്കൊന്നും നീ കൊടുത്തിട്ടില്ലാത്തത്ര (അനുഗ്രഹങ്ങൾ) നീ ഞങ്ങൾക്ക് നൽകിയിരിക്കെ, ഞങ്ങൾ തൃപ്തിപ്പെടാതിരിക്കുവാൻ എന്താണു കാരണമുള്ളത്?!' അപ്പോൾ അല്ലാഹു പറയും: 'അതിനെക്കാൾ ശ്രേഷ്ഠമായ ഒരു കാര്യം ഞാൻ നിങ്ങൾക്കു നൽകട്ടെയോ?' അവർ പറയും: 'റബ്ബേ! എന്താണ് അതിനെക്കാൾ ശ്രേഷ്ഠമായുള്ളത്?' അല്ലാഹു പറയും: 'ഞാൻ നിങ്ങളിൽ എൻെറ പ്രീതി അവതരിപ്പിക്കുന്നു. ഞാൻ ഇനി ഒരു കാലത്തും നിങ്ങളോട് കോപിക്കുകയില്ല'. (ബു ; മു.) അല്ലാഹുവേ! ഞങ്ങളെയെല്ലാം നിൻെറ മഹത്തായ പ്രീതി ലഭിക്കുന്ന മഹാഭാഗ്യവാൻമാരിൽ ഉൾപ്പെടുത്തി അനുഗ്രഹിക്കേണമേ! അമീൻ.

വിഭാഗം-10

73 ഹേ, നബിയേ, അവിശ്വാസികളോടും, കപടവിശ്വാസികളോടും സമരം നടത്തിക്കൊള്ളുക; അവരോടു പരുഷത കാണിക്കുകയും ചെയ്യുക. അവരുടെ സങ്കേതം 'ജഹന്നം' [നരകം] ആകുന്നു. (ആ) തിരിച്ചെത്തുന്ന (മടക്ക)സ്ഥാനം എത്രയോ ചീത്തയും!

يَـٰٓأَيُّهَا ٱلنَّبِىُّ جَـٰهِدِ ٱلْكُفَّارَ وَٱلْمُنَـٰفِقِينَ وَٱغْلُظْ عَلَيْهِمْ ۚ وَمَأْوَىٰهُمْ جَهَنَّمُ ۖ وَبِئْسَ ٱلْمَصِيرُ ﴿٧٣﴾

---

73 يا أيها النبي ഹേ, നബിയേ. جاهد ജിഹാദു (സമരം) ചെയ്യുക. الكُفّار അവിശ്വാസികളോട്. والْمنافقين കപടവിശ്വാസികളോടും. واغْلُظْ പരുഷത (കാഠിന്യ-ഊക്ക്-നിർദ്ദയത) കാണിക്കുകയും ചെയ്യുക. عليهم അവരോട്, അവർക്കെതിരിൽ. ومأواهم അവരുടെ സങ്കേത അഭയസ്ഥാനം. جهنم ജഹന്നമാകുന്നു. وبِئْس വളരെ (എത്രയോ) ചീത്ത (മോശം). الْمصير തിരിച്ചെത്തുന്ന (മടക്ക) സ്ഥാനം.

‘സമരം ചെയ്യുക’ എന്ന് അർത്ഥം കൽപിക്കപ്പെടാറുള്ള **جاهد** (ജാഹിദ്) എന്ന ക്രിയയുടെ ധാതുരൂപം **مجاهدة** (ജിഹാദ്) എന്നും (മുജാഹദത്ത്) എന്നും വരും. ഇതിന് ഇമാം റാഗിബ് (رحمه الله) അർത്ഥം പറഞ്ഞിരിക്കുന്നത് ‘ശത്രുവെ ചെറുക്കുന്നതിൽ കഴിവ് മുഴുവൻ വിനിയോഗിക്കൽ‘ എന്നാകുന്നു. ജിഹാദ് പ്രത്യക്ഷത്തിലുള്ള ശത്രുവിനോടും, പിശാചിനോടും, സ്വന്തം ദേഹത്തോടും എന്നിങ്ങിനെ മൂന്ന് തരത്തിലുണ്ടാകാമെന്നും തുടർന്ന് കൊണ്ട് അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു. കൂടാതെ, ഖുർആൻ വാക്യങ്ങളും നബിവാക്യങ്ങളും ഉദ്ധരിച്ചുകൊണ്ട് ദേഹംകൊണ്ടും, ധനംകൊണ്ടും, കൈക്കൊണ്ടും നാവുകൊണ്ടും ജിഹാദ് ഉണ്ടാകുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അപ്പോൾ, ഇസ്‌ലാമിന്റെ ശത്രുക്കളുമായി പടക്കളത്തിൽ ഇറങ്ങിക്കൊണ്ട് നടത്തപ്പെടുന്ന ധർമ്മയുദ്ധങ്ങൾ വരെയുള്ള എല്ലാതരം സമരങ്ങളും ഉൾപ്പെടുന്ന ഒരു വാക്കാണ് ’ജിഹാദ്’ എന്നും, സന്ദർഭത്തിനും പരിതസ്ഥിതിക്കുമനുസരിച്ചു സമരമുറകൾ വ്യത്യാസപ്പെടുമെന്നും ഇതിൽ നിന്നു വ്യക്തമാണ്.

അവിശ്വാസികളോടുള്ള സമരത്തിൽ ധർമ്മ യുദ്ധമാണ് പ്രധാനമായും ഉദ്ദേശ്യം. കപടവിശ്വാസികളോടുള്ള സമരത്തിൽ യുദ്ധം ഉദ്ദേശിക്കപ്പെട്ടിട്ടില്ല. ന്യായങ്ങളും തെളിവുകളും നിരത്തിക്കാട്ടുക, സത്യവിരുദ്ധമായ വാദങ്ങളെ ഖണ്ഡിക്കുക, നിയമനടപടികൾ എടുക്കുക മുതലായവയാണ് അവരോടുള്ള സമരമുറകൾ. നബി (ﷺ) സ്വീകരിച്ചതും അതുതന്നെയായിരുന്നു. ഈ വിഷയത്തിൽ ആർക്കും ഭിന്നാഭിപ്രായമില്ല. സത്യവിശ്വാസികളോട് പാർശ്വം താഴ്ത്തി സൗമ്യമായ രീതിയിൽ പെരുമാറണമെന്ന് (26:215ൽ) നബി (ﷺ) യോട് ഉപദേശിച്ചിരിക്കുന്നു. അതേ സമയത്ത് അവിശ്വാസികളോടും കപടവിശ്വാസികളോടും പരുഷമായി പെരുമാറണം (**اغلظعليهم**) എന്നും കൽപിച്ചിരിക്കുകയാണ്.

يَحۡلِفُونَ بِٱللَّهِ مَا قَالُواْ وَلَقَدۡ قَالُواْ كَلِمَةَ
ٱلۡكُفۡرِ وَكَفَرُواْ بَعۡدَ إِسۡلَٰمِهِمۡ وَهَمُّواْ بِمَا
لَمۡ يَنَالُواْۚ وَمَا نَقَمُوٓاْ إِلَّآ أَنۡ أَغۡنَىٰهُمُ ٱللَّهُ
وَرَسُولُهُۥ مِن فَضۡلِهِۦۚ فَإِن يَتُوبُواْ يَكُ خَيۡرٗا
لَّهُمۡۖ وَإِن يَتَوَلَّوۡاْ يُعَذِّبۡهُمُ ٱللَّهُ عَذَابًا أَلِيمٗا فِي
ٱلدُّنۡيَا وَٱلۡأٓخِرَةِۚ وَمَا لَهُمۡ فِي ٱلۡأَرۡضِ مِن
وَلِيّٖ وَلَا نَصِيرٖ ٧٤

74 ‘‘തങ്ങൾ (അങ്ങിനെ) പറഞ്ഞിട്ടില്ല’’ എന്ന് അവർ അല്ലാഹുവിനെക്കൊണ്ടു ശപഥം ചെയ്തു പറയുന്നു; തീർച്ചയായും, അവർ അവിശ്വാസത്തിന്റെ വാക്ക് പറഞ്ഞിട്ടുണ്ടുതാനും. അവരുടെ ‘ഇസ്‌ലാമി’നു ശേഷം അവർ അവിശ്വസിക്കുകയും ചെയ്തിരിക്കുന്നു അവർ പ്രാപിക്കാത്ത (അഥവാ നേടിക്കഴിയാത്ത)തിന് അവർ ഉദ്ദേശിക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹുവും, അവന്റെ റസൂലും അവന്റെ അനുഗ്രഹത്താൽ അവർക്ക് ഐശ്വര്യം നൽകിയെന്നുള്ളതിനാലല്ലാതെ (മറ്റൊരു കാരണത്താലും) അവർ ആക്ഷേപിക്കുകയും ചെയ്തിട്ടില്ല. ആകയാൽ, അവർ പശ്ചാത്തപിക്കുകയാണെങ്കിൽ, അതവർക്ക് ഉത്തമമായിരിക്കും. അവർ തിരിഞ്ഞു കളയുകയാണെങ്കിലോ, അവരെ അല്ലാഹു ഇഹത്തിലും, പരത്തിലും വേദനയേറിയ ശിക്ഷ ശിക്ഷിക്കുകയും ചെയ്യും. അവർക്കു ഭൂമിയിൽ ഒരു ബന്ധുമിത്രമാകട്ടെ, സഹായിയാകട്ടെ ഇല്ലതാനും.

---

74 **يحلفونَ** അവർ ശപഥം ചെയ്യുന്നു, സത്യം ചെയ്തു പറയും. **بِاللهِ** അല്ലാഹുവിനെക്കൊണ്ട്. **ما قالُوا** അവർ പറഞ്ഞിട്ടില്ല എന്ന്. **ولَقَد** തീർച്ചയായും ഉണ്ട്. **قالُوا** അവർ പറഞ്ഞു. **كَلمةَ** വാക്ക് വാക്യം. **الكُفْر** അവിശ്വാസത്തിന്റെ. **وكَفَرُوا** അവർ അവിശ്വസിക്കുകയും ചെയ്തിരിക്കുന്നു. **بعد** ശേഷം, പിറകെ. **إسلامهم** അവരുടെ ഇസ്‌ലാമിന്റെ. **وهموا** അവർ ഉദ്ദേശിക്കുക(കരുതുക)യും ചെയ്തു.

بِمَا لَمْ يَنَالُوا അവർ പ്രാപിക്കാത്തതിന്, അവർ നേടിയിട്ടില്ലാത്തതിനെപ്പറ്റി. **وَمَا نَقَمُوا** അവർ ആക്ഷേപിച്ചിട്ടില്ല, കുറ്റപ്പെടുത്തിയിട്ടുമില്ല. **إِلَّا** അല്ലാതെ, ഒഴികെ. **أَنْ أَغْنَاهُمُ** അവരെ ഐശ്വര്യ(ധന്യ)മാക്കിയതിനാൽ. **اللَّهُ وَرَسُولُهُ** അല്ലാഹുവും അവൻെറ റസൂലും. **مِنْ فَضْلِهِ** അവൻെറ അനുഗ്രഹത്തി(ദയവി)നാൽ. **فَإِنْ يَتُوبُوا** എന്നാൽ (ആകയാൽ) അവർ പശ്ചാത്തപിക്കുന്നപക്ഷം. **يَكُ** അതായിരിക്കും ആയിത്തീരും. **خَيْرًا** ഉത്തമം, ഗുണം. **لَهُمْ** അവർക്ക്. **وَإِنْ يَتَوَلَّوْا** അവർ തിരിഞ്ഞു കളയുന്നുവെങ്കിലാകട്ടെ. **يُعَذِّبْهُمُ اللَّهُ** അല്ലാഹു അവരെ ശിക്ഷിക്കും. **عَذَابًا** ഒരു ശിക്ഷ. **أَلِيمًا** വേദനയേറിയ. **فِي الدُّنْيَا** ഇഹത്തിൽ. **وَالْآخِرَةِ** പരത്തിലും. **وَمَا لَهُمْ** അവർക്കില്ലതാനും. **فِي الْأَرْضِ** ഭൂമിയിൽ. **مِنْ وَلِيٍّ** ഒരു ബന്ധുവും, മിത്രവും. **وَلَا نَصِيرٍ** ഒരു സഹായിയും ഇല്ല.

ആ കപടവിശ്വാസികൾ എത്രത്തോളം അധഃപതിച്ച് പോയിരുന്നുവെന്നും, അവരുടെ ഹൃദയങ്ങൾ എത്രമാത്രം ദുഷിച്ച് വഷളായിരുന്നുവെന്നും, അതേ സമയത്ത് അല്ലാഹുവും റസൂലും അവരുടെ നേരെ എത്രയധികം വട്ടുവീഴ്ച ചെയ്തിട്ടുണ്ടെന്നും മനസ്സിലാക്കുവാൻ ഈ വചനങ്ങൾ മാത്രം മതിയാകും. ഈ വചനങ്ങളിൽ അല്ലാഹു സൂചിപ്പിച്ച സംഭവങ്ങൾ നടന്ന അതേ കാലങ്ങങ്ങളിൽ തന്നെ അവതരിച്ചവയാണവ. അതുകൊണ്ട് ഓരോന്നും അധികം വിശദീകരണമൊന്നും കൂടാതെ സൂചനാ രൂപത്തിലും, ചുരുങ്ങിയ വാക്കുകളിലും ഓർമ്മിപ്പിക്കുകയാണ് അല്ലാഹു ചെയ്തിരിക്കുന്നത്. ലോകാവസാനം വരെ പാരായണം ചെയ്യപ്പെടുന്ന ദിവ്യ ഗ്രന്ഥമാണല്ലോ ഖുർആൻ. ആ സ്ഥിതിക്ക് മനുഷ്യോചിതമല്ലാത്ത ആ നികൃഷ്ട ചെയ്തികൾ അപ്പാടെ ഉദ്ധരിക്കുന്നത് അതിൻെറ മാന്യതക്കും, പവിത്രതക്കും, അന്തസ്സിനും നിരക്കുന്നതുമായിരിക്കയില്ലല്ലോ.

ഒന്നാമതായി അവരെപ്പറ്റി പ്രസ്താവിച്ചതും, അവർ അവിശ്വാസത്തിൻെറ വാക്ക് പറയുകയുണ്ടായിട്ടുണ്ടെന്നും, എന്നിട്ട് തങ്ങളത് പറഞ്ഞിട്ടില്ലെന്ന് അല്ലാഹുവിൻെറ പേരിൽ കള്ളസത്യം ചെയ്ത് പറഞ്ഞുവെന്നുമാണ് ...(يحلفون بالله ما قالوا .) ഈ സംഭവത്തിൻെറ യഥാർത്ഥ രൂപം എന്തായിരുന്നുവെന്ന് തിട്ടപ്പെടുത്തത്തക്ക തെളിവുകളൊന്നുമില്ല. എങ്കിലും ഒന്നിലധികം രൂപത്തിലുള്ള സംഭവങ്ങളെ സംബന്ധിച്ച് രിവായത്തുകൾ ഇവിടെ ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിൽ സ്ഥലം പിടിച്ചുകാണാം. അവയിൽ ചിലതോ, അവ മുഴുവനുമോ, അല്ലെങ്കിൽ അവപോലുള്ള മറ്റ് വല്ല സംഭവങ്ങളോ ആസ്പദമാക്കിയായിരിക്കാം അല്ലാഹു ഈ പറഞ്ഞത്.

പ്രസ്തുത രിവായത്തുകളിൽ കൂടുതൽ ബലവത്തായി കാണുന്ന ഒരു രിവായത്ത് ഇബ്നു അബ്ബാസ് (رضي الله عنه) ൽ നിന്ന് ഇബ്നു ജരീർ, ത്വബ്റാനി, അബുശ്-ശൈഖ് (رحمه الله) മുതലായവർ ഉദ്ധരിച്ചതത്രെ. അതിങ്ങിനെയാണ്: റസൂൽ (ﷺ) തിരുമേനി, ഒരു വൃക്ഷത്തിൻെറ ചുവട്ടിൽ ഇരിക്കുകയായിരുന്നപ്പോൾ ഇങ്ങിനെ പറഞ്ഞു: 'പിശാചിൻെറ കണ്ണുകൾകൊണ്ട് നിങ്ങളെ നോക്കുന്ന ഒരു മനുഷ്യൻ അടുത്ത് നിങ്ങളുടെ അടുക്കൽ വരും. അയാൾ വന്നാൽ നിങ്ങൾ അയാളോട് സംസാരിക്കരുത്.' അധികം താമസിയാതെ നീലക്കണ്ണുള്ള ഒരു പുരുഷൻ വന്നു. റസൂൽ (ﷺ) അയാളെ വിളിച്ചിട്ടു ചോദിച്ചു: 'താനും തൻെറ ആൾക്കാരും എന്തിൻെറ പേരിലാണ് എന്നെ പഴിച്ച് പറയുന്നത്?' ആ മനുഷ്യൻ പോയി തൻെറ കൂട്ടുകാരെയും കൂട്ടിവന്നു. എന്നിട്ട് തങ്ങൾ ഒന്നും പറഞ്ഞിട്ടില്ലെന്ന് അവർ അല്ലാഹുവിനെക്കൊണ്ട് സത്യം ചെയ്ത് പറഞ്ഞു. അപ്പോൾ, റസൂൽ (ﷺ) അവർക്ക് വിട്ട് കൊടുത്തു. ഈ സന്ദർഭത്തിൽ ഈ വചനം അവതരിച്ചു. ഇതാണാരിവായത്ത്.

മറ്റു ചില രിവായത്തുകളുടെ ചുരുക്കം: (1) ഒരു അൻസാരിയും ജുഹൈനാ ഗോത്രക്കാരനായ ഒരാളും തമ്മിൽ നടന്ന ഒരു ശണ്ഠയിൽ ഇടപെട്ടുകൊണ്ട് കപടവിശ്വാസികളുടെ നേതാവായ അബ്ദുല്ലാഹിബ്നു ഉബയ്യു പറഞ്ഞു: നമ്മുടെയും മുഹമ്മദിൻെറയും ഉപമ 'നിൻെറ നായയെ നീ കൊഴുപ്പിച്ച് (തടിപ്പിച്ച്) കൊള്ളുക-അത് നിന്നെ തിന്നുകളയും'എന്ന് ഒരാൾ പറഞ്ഞത്

പോലെയാകുന്നു. (2) വേറൊരിക്കൽ അവൻ പറഞ്ഞു: 'നാം മദീനായിൽ തിരച്ചെത്തിയാൽ, മാന്യന്മാർ നിന്ദ്യന്മാരെ പറുത്താക്കുന്നതാണ്.' (3) ജുല്ലാസ് എന്ന് പേരായ ഒരാൾ പറഞ്ഞു: 'മുഹമ്മദ് ഈ പറയുന്നതൊക്കെ സത്യമാണെങ്കിൽ നാം കഴുതകളെക്കാൾ മോശപ്പെട്ടവരായിരിക്കണമല്ലോ.' ഈ വാക്കുകളെക്കുറിച്ച് അതതിന്റെ വാക്താക്കളെ വിളിച്ച് നബി (ﷺ) ചോദിച്ചപ്പോൾ, തങ്ങൾ അങ്ങിനെ പറഞ്ഞിട്ടില്ലെന്നായിരുന്നു അവരുടെ മറുപടി. എന്നാൽ, ജുല്ലാസ് പിന്നീട് ഖേദിച്ച് മടങ്ങിയെന്നും അത് സംബന്ധിച്ച രിവായത്തിൽ കാണാം. ഏതായാലും-ഈ രിവയാത്തുകൾ എല്ലാം ശരിയാണെങ്കിലും അല്ലെങ്കിലും ശരി-ഒരു കാര്യം വ്യക്തമാണ്: നബി (ﷺ) തബൂക്കിൽ കുറെ ദിവസം താമസിച്ച ശേഷമാണ് അവിടെ നിന്ന് മടക്കയാത്രയുണ്ടായത്. ആ യാത്രയിൽ സംബന്ധിച്ചിരുന്ന കപടവിശ്വാസികളിൽനിന്ന് ആ കാലത്തിന്നിടയിൽ അവരുടെ തനിനിറം വ്യക്തമാക്കുന്ന പലതും സംഭവിച്ചിരുന്നു. അവയിൽ പലതിനെപ്പറ്റിയും ഖുർആൻ വചനങ്ങൾ അവതരിക്കുകയും ചെയ്തിട്ടുണ്ട്.

നബി (ﷺ) യെ പഴിക്കുകയോ, ഖുർആനെ പരിഹസിക്കുകയോ ചെയ്തുകൊണ്ടുള്ള എല്ലാ സംസാരങ്ങളും അവിശ്വാസത്തിന്റെ ബഹിർ ഗമനമാണെന്ന് പറയേണ്ടതില്ല. അത്കൊണ്ടാണ് ആ കപട വിശ്വാസികളെപ്പറ്റി وكفروابعد اسلامهم (അവരുടെ ഇസ്‌ലാമിനു ശേഷം അവർ അവിശ്വസിച്ചു) എന്ന് ഇവിടെയും قد كفرتم بعد ايمانكم (നിങ്ങളുടെ വിശ്വാസത്തിന് ശേഷം നിങ്ങൾ അവിശ്വസിച്ചു) എന്നും 66-ാം വചനത്തിലും പ്രസ്തവിച്ചതും. ഒരിക്കൽ ഇസ്‌ലാമിനെ അംഗീകരിച്ച് വിശ്വാസം രേഖപ്പെടുത്തിയവരാണവർ. അതിന്ശേഷം, അവരുടെ മനസ്സിൽ ഒളിച്ചുവെച്ചിരുന്ന അവിശ്വാസം വാക്കിലൂടെയും, പ്രവൃത്തിയിലൂടെയും പ്രകടമാക്കുകയാണ് അവർ ചെയ്തതെന്ന് താൽപര്യം.

കപടവിശ്വാസികളെപ്പറ്റി അല്ലാഹു പ്രസ്താവിച്ച മറ്റൊരുകാര്യം وهموا بمالم ينالوا (അവർ പ്രാപിക്കാത്തതിന്-അഥവാ അവർ നേടിയിട്ടില്ലാത്തതിന്-അവർ ഉദ്ദേശിച്ചു) എന്നാകുന്നു. അവർക്ക് ചില താൽപര്യങ്ങളൊക്കെ ഉണ്ടായിരുന്നു ; അതിനായി അവർ ശ്രമം നടത്തുകയും ചെയ്തു: പക്ഷേ, അതൊന്നും അവർക്ക് സാധിക്കുകയുണ്ടായില്ല എന്ന് സാരം. ഈ വിഷയവും ഏതാണെന്ന് അല്ലാഹു വിശദമാക്കിയിട്ടില്ല. അഹ്മദു, ബൈഹഖി (رحمهما الله) മുതലായവർ ഉദ്ധരിച്ച ഒരു സംഭവം ഇവിടെ പല ഖുർആൻ വ്യാഖ്യാതാക്കളും ഉദ്ധരിച്ചു കാണാം. കപട വിശ്വാസികളുടെ മനസ്സിരുപ്പ് കൂടുതൽ തുറന്നു കാട്ടുന്ന ആ സംഭവത്തിന്റെ ചുരുക്കം ഇതാകുന്നു:

തബൂക്കിൽ നിന്ന് മടങ്ങുമ്പോൾ, നബി (ﷺ) അഖബയിലൂടെ (ഇടുങ്ങിയകുന്നിൽചരിവിലൂടെ)യായിരുന്നു പോന്നത്. ആ വഴിക്ക് മറ്റുള്ളവർ പോരരുതെന്നും, അഥവാ താഴ്‌വര വഴി പോന്നുകൊള്ളണമെന്നും ഒരാളെ വിട്ട് നബി (ﷺ) പരസ്യപ്പെടുത്തുകയും ചെയ്തിരുന്നു. നബി (ﷺ) യുടെ ഒട്ടകത്തിന്റെ കടിഞ്ഞാൺ പിടിച്ചുകൊണ്ടും, പിന്നിൽ നിന്ന് അതിനെ തെളിച്ചുകൊണ്ടും ഹുദൈഫ (رضي الله عنه) യും, അമ്മാറും (رضي الله عنه) നബി (ﷺ) യൊന്നിച്ചുണ്ടായിരുന്നു. അവരുടെ പിന്നാലെ ഒരു വാഹനസംഘം വന്നെത്തി. ഇടുങ്ങിയ ആ വഴിയിൽ, ഒരു ഉയർന്ന സ്ഥലത്തുവെച്ച് അവരെ തിരക്കുകയും, അങ്ങനെ നബി (ﷺ) യെ താഴെ വിഴ്ത്തി അപായപ്പെടുത്തുകയും വേണമെന്നായിരുന്നു ആ സംഘത്തിന്റെ പരിപാടി. ഈ രഹസ്യം നബി (ﷺ) ക്ക് അല്ലാഹു അറിയിച്ചുകൊടുത്തു. പിന്നാലെ നിന്നിരുന്ന സഹാബി-അമ്മാർ رضي الله عنه, അല്ലെങ്കിൽ ഹുദൈഫ رضي الله عنه- അവരെ തടുക്കുകയും, നബി (ﷺ) വാഹനപ്പുറത്ത് നിന്നിറങ്ങി ശബ്ദമുണ്ടാക്കുകയും ചെയ്തു. അപ്പോൾ അവർ തിരിച്ചുപോകുകയും ചെയ്തു. ആ സംഘത്തിലെ ആളുകൾ ആരൊക്കെയായിരുന്നുവെന്നറിയാമോ എന്ന് നബി (ﷺ) ആ സഹാബിയോട് ചോദിച്ചു. അവർ മുഖംമൂടി ധരിച്ചിരുന്നു. അവരെ തിരിച്ചറിഞ്ഞില്ല. എന്നാലും വാഹനങ്ങളെ പൊതുവിൽ മനസ്സിലായിട്ടുണ്ട് എന്ന് അദ്ദേഹം ഉത്തരം പറഞ്ഞു. രാത്രിയിലായിരുന്നു സംഭവമെന്നും പറയപ്പെടുന്നു. അവർ വന്നതിന്റെ രഹസ്യം ഇന്നതായിരുന്നുവെന്നും, അവർ ഇന്നിന്നവരായിരുന്നുവെന്നും നബി (ﷺ) സ്വകാര്യമായി അറിയിച്ചു. എന്നാലവരെ

വധിക്കുവാൻ കൽപിച്ചു കൂടെ എന്ന് ചോദിക്കപ്പെട്ടപ്പോൾ നബി (ﷺ) പറഞ്ഞതിങ്ങിനെയായിരുന്നു: 'മുഹമ്മദ് കുറെ ആളുകളെയും കൂട്ടി യുദ്ധത്തിന് പോയിട്ട് വിജയത്തോടെ മടങ്ങുമ്പോൾ അവരെ കൊന്നുകളഞ്ഞുവെന്ന് അറബികൾ പറഞ്ഞേക്കുമല്ലോ'.

ആ സംഘത്തിലുണ്ടായിരുന്ന പതിനഞ്ചുപേരിൽ മൂന്നുപേർ നിരപരാധികളും ഗൂഢാലോചനയെപ്പറ്റി അറിയാത്തവരുമായിരുന്നുവെന്നും, ബാക്കി പന്ത്രണ്ട് പേരാണ് ആ ക്രൂരകൃത്യത്തിന് ഒരുമ്പെട്ടതെന്നും മുസ്‌ലിം (ﷺ) ന്റെ ഒരു രിവായത്തിൽ നിന്ന് മനസ്സിലാക്കാം. അദ്ദേഹത്തിന്റെ തന്നെ മറ്റൊരു രിവായത്തിൽ, ആ പന്ത്രണ്ടുപേരും സ്വർഗ്ഗത്തിൽ ഒരിക്കലും പ്രവേശിക്കുന്നതല്ലെന്നും, അവരിൽ എട്ട് പേർക്ക് 'ദുബൈലഃ' (ഉള്ളിലുണ്ടാകുന്ന ഒരു തരം അർബ്ബുദരോഗം) പിടിപെടുമെന്നും നബി(ﷺ) പറഞ്ഞതായും വന്നിട്ടുണ്ട്. 'അവർക്ക് പ്രാപിക്കുവാൻ കഴിയാത്ത കാര്യത്തിന് അവർ ഉദ്ദേശിച്ചു' എന്ന് പറഞ്ഞതിന്റെ താൽപര്യം ഇതിൽനിന്ന് വ്യക്തമാണല്ലോ.

ഇത്രയൊക്കെ ദുരുദ്ദേശ്യവും, കടുംകൈകളും ആ ദുഷ്ടൻമാരിൽ ഉണ്ടാവാൻ തക്ക യാതൊരു കാരണവും നിലവിലില്ല. അല്ലാഹുവാകട്ടെ, റസൂലാകട്ടെ, അവരോട് എന്തെങ്കിലും അനീതിയോ ഉപദ്രവമോ ചെയ്തിട്ടുമില്ല. വല്ലതുമുണ്ടെങ്കിൽ, അല്ലാഹുവും റസൂലും അവർക്ക് ഐശ്വര്യം-അഥവാ ധനം-സമ്പാദിച്ച് കൊടുത്തുവെന്നുള്ളത് മാത്രമാകുന്നു. (وما نقموا إلا أن أغنا هم الله..) എന്ന് പറഞ്ഞുകൊണ്ട് അവരുടെ നന്ദികേടിന്റെ കാഠിന്യം അല്ലാഹു ചൂണ്ടിക്കാട്ടുന്നു. ഗനീമത്തിലും മറ്റുമുള്ള വിഹിതങ്ങൾ മുസ്‌ലിംകളെപ്പോലെ അവർക്കും ലഭിച്ചിരുന്നതിനെയാണിത് സൂചിപ്പിക്കുന്നത്. അങ്ങേഅറ്റം അപലപനീയമായ ഈ നന്ദികേടും ധിക്കാരവുമെല്ലാമുണ്ടായിട്ടും അല്ലാഹു പറയുന്നത് നോക്കുക: (فان يتوبوا يك خيرا لهم) (എന്നാൽ, അവർ പശ്ചാത്തപിക്കുന്ന പക്ഷം, അതവർക്ക് ഉത്തമമായിരിക്കും.) അല്ലാഹുവിന്റെ കാരുണ്യം എത്ര വിശാലം! ഇല്ലെങ്കിലോ? ഇഹത്തിലും പരത്തിലും വേദനയേറിയ കടുത്ത ശിക്ഷ തന്നെ. പരലോകത്ത് അവർക്ക് ആരുടെയും സഹായമുണ്ടാകുകയില്ലെന്ന് തീർച്ച തന്നെ. ഇവരെ സംബന്ധിച്ചിടത്തോളം, ഭൂമിയിലും തന്നെ ആരും അവരെ സഹായിക്കുവാനോ, രക്ഷപ്പെടുത്തുവാനോ ഉണ്ടായിരിക്കയില്ലെന്ന് കൂടി അവരെ താക്കീത് ചെയ്യുന്നു. (وإن يتولوا يعذبهم – الاية) അക്ഷരാർത്ഥത്തിൽ തന്നെ ഈ താക്കീത് ഫലത്തിൽ വരുകയും ചെയ്തിട്ടുണ്ട്. അവരും മുസ്‌ലിംകളും തമ്മിൽ സമ്പർക്കമില്ലാതായിത്തീർന്നു. അവർക്ക് കൂട്ടുകെട്ടിനുണ്ടായിരുന്ന യഹൂദികൾ മദീനാ പരിസരങ്ങളിൽ നിന്ന് തുടച്ച് നീക്കപ്പെട്ടു. മുശരിക്കുകളാകട്ടെ, ഇസ്‌ലാമിൽ ലയിക്കുകയും ചെയ്തു. ഇവരുടെ ഗതികേടുകളെപ്പറ്റി ചിലതെല്ലാം താഴെ വചനങ്ങളിൽ എനിയും കാണാവുന്നതാണ്.إن شاء الله

75 അവരിലുണ്ട്, അല്ലാഹുവുമായി കരാർ [ഉടമ്പടി] നടത്തിയ ചിലരും: സത്യമായും, അവന്റെ അനുഗ്രഹത്തിൽ നിന്ന് അവൻ ഞങ്ങൾക്കു നൽകിയെങ്കിൽ, നിശ്ചയമായും, ഞങ്ങൾ ദാനധർമ്മം ചെയ്യുകയും, ഞങ്ങൾ സജ്ജനങ്ങളിൽ പെട്ടവരായിരിക്കുകയും തന്നെ ചെയ്യുമെന്ന്.

۞ وَمِنْهُم مَّنْ عَـٰهَدَ ٱللَّهَ لَئِنْ ءَاتَىٰنَا مِن فَضْلِهِۦ لَنَصَّدَّقَنَّ وَلَنَكُونَنَّ مِنَ ٱلصَّـٰلِحِينَ ﴿٧٥﴾

76 എന്നിട്ട്, അവൻ [അല്ലാഹു] തന്റെ അനുഗ്രഹത്തിൽ നിന്ന് അവർക്കു നൽകിയപ്പോൾ, അവർ അതിൽ ലുബ്ധ് കാണിക്കുകയും, അവഗണിച്ചവരായുംകൊണ്ട് അവർ തിരിഞ്ഞുകളയുകയും ചെയ്തു.

فَلَمَّآ ءَاتَىٰهُم مِّن فَضْلِهِۦ بَخِلُوا۟ بِهِۦ وَتَوَلَّوا۟ وَّهُم مُّعْرِضُونَ ﴿٧٦﴾

77 അതിനാൽ, അവനെ[അല്ലാഹുവിനെ] അവർ കണ്ടുമുട്ടുന്ന ദിവസം വരേക്കും അ

فَأَعْقَبَهُمْ نِفَاقًا فِى قُلُوبِهِمْ إِلَىٰ يَوْمِ يَلْقَوْنَهُۥ

വരുടെ ഹൃദയങ്ങളിൽ അത് [ലുബ്ധ്] കാപട്യം ഉണ്ടാക്കിത്തീർത്തു; (അതെ) അവർ അല്ലാഹുവിനോട് വാഗ്ദത്തം ചെയ്തതിനെ അവർ ലംഘിച്ചതു നിമിത്തവും, അവർ വ്യാജം പറഞ്ഞിരുന്നതു നിമിത്തവും.

بِمَآ أَخۡلَفُواْ ٱللَّهَ مَا وَعَدُوهُ وَبِمَا كَانُواْ يَكۡذِبُونَ ﴿٧٧﴾

78 അവർക്കറിഞ്ഞുകൂടേ, അല്ലാഹു അവരുടെ രഹസ്യവും, അവരുടെ ഗൂഢമന്ത്രവും അറിയുമെന്നും അല്ലാഹു അദൃശ്യകാര്യങ്ങളെ നല്ലവണ്ണം അറിയുന്നവനാണെന്നും?!

أَلَمۡ يَعۡلَمُوٓاْ أَنَّ ٱللَّهَ يَعۡلَمُ سِرَّهُمۡ وَنَجۡوَىٰهُمۡ وَأَنَّ ٱللَّهَ عَلَّٰمُ ٱلۡغُيُوبِ ﴿٧٨﴾

---

75 **ومنهم** അവരിലുണ്ട്, അവരിൽ പെട്ടതാണ്. **من عاهد** കരാർ ചെയ്ത ചിലർ, ഉടമ്പടി നടത്തിയവർ. **الله** അല്ലാഹുവുമായി, അല്ലാഹുവിനോട്. **لئن آتانا** തീർച്ചയായും(സത്യമായും) അവൻ നമുക്ക് തന്നെങ്കിൽ, നൽകുന്ന പക്ഷം. **من فضله** അവന്റെ അനുഗ്രഹത്തിൽ (ദയവിൽ) നിന്ന്. **لنصدقن** നിശ്ചയമായും നാം ദാനധർമ്മം ചെയ്ക തന്നെ ചെയ്യും. **ولنكونن** നിശ്ചയമായും നാമായിരിക്കുകയും ചെയ്യും. **من الصالحين** സജ്ജനങ്ങളിൽ, സദ്‌വൃത്തരിൽ പെട്ട (വർ).. 76 **فلما آتاهم** എന്നിട്ട് അവൻ അവർക്ക് നൽകിയപ്പോൾ. **من فضله** തന്റെ അനുഗ്രഹത്തിൽ നിന്ന് (ദയവിനാൽ). **بخلوا به** അതിനാൽ (അതിനെപ്പറ്റി) അവർ ലുബ്ധ് (പിശുക്ക്) കാണിച്ചു. **وتولوا** അവർ തിരിഞ്ഞു കളയുകയും ചെയ്തു. **وهم** അവരായിക്കൊണ്ട്. **معرضون** തിരിഞ്ഞുപോകുന്ന (അവഗണിക്കുന്ന)വർ.. 77 **فأعقبهم** അതിനാൽ അവൻ (അല്ലാഹു) കലാശിപ്പിച്ചു (പകരം നൽകി), അത് (ലുബ്ധ്) ഉണ്ടാക്കിത്തീർത്തു. **نفاقا** കാപട്യം. **في قلوبهم** അവരുടെ ഹൃദയങ്ങളിൽ. **إلى يوم** ദിവസം വരെ. **يلقونه** അവർ അവനെ കണ്ടുമുട്ടും. **بما أخلفوا** അവർ എതിരുകാണിച്ച(ലംഘിച്ച)തു നിമിത്തം. **الله** അല്ലാഹുവിനോട്. **ما وعدوه** അവർ അവനോട് വാഗ്ദാനം ചെയ്തതിനെ. **وبما كانوا** അവർ ആയിരുന്നതുകൊണ്ടും. **يكذبون** അവർ വ്യാജം (കളവ്) പറയുക78 **ألم يعلموا** അവർക്കറിഞ്ഞു കൂടേ, അവരറിഞ്ഞിട്ടില്ലേ. **أن الله** അല്ലാഹു (ആകുന്നു) എന്ന്. **يعلم** അവൻ അറിയും (എന്ന്). **سرهم** അവരുടെ രഹസ്യം, സ്വകാര്യം. **ونجواهم** അവരുടെ ഗൂഢസംസാരവും, മന്ത്രവും. **وأن الله** അല്ലാഹു (ആകുന്നു) എന്നും. **علام** വളരെ (നല്ലവണ്ണം) അറിയുന്നവൻ. **الغيوب** അദൃശ്യകാര്യങ്ങളെ.

ഈ വചനങ്ങളിലെ പ്രസ്താവനകൾക്ക് ആസ്പദമായ സംഭവവും ഏതാണെന്ന് അല്ലാഹു വ്യക്തമാക്കിയിട്ടില്ല. ഇതിലെ ആരോപണങ്ങൾക്കും, വിവരണങ്ങൾക്കും, ഉദാഹരണമായ ഒരു സംഭവം ഇബ്നു ജരീർ, ഇബ്നു അബിഹാതിം, ത്വബ്റാനീ (ﷺ) മുതലായവർ ഉദ്ധരിക്കുന്നു. അതിന്റെ ചുരുക്കം ഇപ്രകാരമാകുന്നു:

ഥഅ്ലബത്തുബ്നു ഹാത്വിബ് (ثعلبة بن حاطب) എന്ന് പേരായ ഒരു അൻസാരി നബി (ﷺ) യുടെ അടുക്കൽ വന്ന് തനിക്ക് കുറേ ധനം നൽകുവാൻ അല്ലാഹുവിനോട് പ്രാത്ഥിക്കണമെന്നപേക്ഷിച്ചു. ധനം കിട്ടിയാൽ വേണ്ടുന്ന വിഷയങ്ങളിലെല്ലാം താൻ അത് ചിലവഴിച്ച് കൊള്ളാമെന്ന് അറിയിക്കുകയും ചെയ്തു. അൽപമായി കിട്ടിയിതിന്റെ നന്ദി കാണിക്കുന്നതാണ് ഉത്തമമെന്നും, അധികമായി കിട്ടിയാൽ നന്ദികേടുണ്ടായിത്തീരുമെന്നും മറ്റും പറഞ്ഞ് അയാളെ നബി (ﷺ) പലവട്ടം മടക്കി അയക്കുവാൻ ശ്രമിച്ചു. അയാൾ വീണ്ടും വീണ്ടും അപേക്ഷിക്കുകയായി. ഒടുക്കം, അദ്ദേഹത്തിന് ധനം നൽകണേ എന്ന് നബി (ﷺ) പ്രാർത്ഥിച്ചു. അങ്ങനെ, അയാൾ കുറച്ച് ആടുകളെ വാങ്ങി, അത് വേഗം വേഗം പെരുകിക്കൊണ്ടിരുന്നു. അൽപം കഴിഞ്ഞപ്പോഴേക്കും ഥഅ്ലബത്ത് ഒരു കണക്കറ്റ ധനത്തിന്റെ ഉടമയായിത്തീർന്നു. ക്രമേണ, ജമാഅത്ത് നമ

സ്കാരത്തിനും, ജുമുഅ മുതലായതിനും സംബന്ധിക്കാതായി. (103-ാം വചനത്തിൽ കാണുന്ന പ്രകാരം) ജനങ്ങളിൽ നിന്ന് സകാത്ത് പിരിച്ചെടുക്കുവാനുള്ള കൽപന കിട്ടിയപ്പോൾ, നബി (ﷺ) അയാളുടെ അടുക്കലേക്ക് സകാത്തിൻെറ ഓഹരിക്കു വേണ്ടി ആളുകളെ അയച്ചു. അയാൾ നന്ദികെട്ട ചില വാക്കുകൾ പറയുകയും, ഇത് ഒരു തരം കപ്പം-അഥവാ നികുതി-വസൂലാക്കലാണ് എന്നും മറ്റും അക്ഷേപിക്കുകയും ചെയ്തു. സക്കാത്ത് നൽകാതെ അവരെ മടക്കി അയച്ചു. ഈ വചനങ്ങൾ അവതരിച്ചപ്പോൾ , അയാളുടെ അടുത്ത ബന്ധുക്കളിൽ ചിലർ അയാളെ വിവരമറിയിച്ചു. താൻ ഒറ്റപ്പെട്ടുപോയെന്ന് കണ്ടപ്പോൾ, സകാത്ത് കൊടുക്കുവാൻ അയാൾ തയ്യാറായെങ്കിലും, അത് സ്വീകരിക്കുന്നതിൽ നിന്ന് അല്ലാഹു എന്നെ തടഞ്ഞിരിക്കുന്നുവെന്ന് പറഞ്ഞ് കൊണ്ട് നബി (ﷺ) അത് സ്വീകരിച്ചില്ല. പിന്നീട് നബി (ﷺ) യുടെ കാലശേഷം അബൂബക്കർ, ഉമർ, ഉസ്മാൻ (رضي الله عنهم) എന്നിവരുടെ കാലങ്ങളിലും അയാൾ സക്കാത്ത് നൽകുവാൻ തയ്യാറായപ്പോൾ, നബി (ﷺ) സ്വികരിക്കാത്തത് തങ്ങളും സ്വീകരിക്കുകയില്ലെന്ന് പറഞ്ഞ് ഒഴിവാകുകയാണ് ചെയ്തത്. ഉസ്മാർ (رضي الله عنه) ൻെറ കാലത്ത് ഥഅ്ലബത്ത് മരണമടയുകയും ചെയ്തു. ഇതാണാ സംഭവം. ഈ സംഭവം ചില കാരണങ്ങളാൽ വിശ്വാസയോഗ്യമാണെന്ന് ഉറപ്പിച്ച് കൂടാത്തതാണ്.

ഈ വചനങ്ങളിലെ പരാമർശം പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ടതായിരുന്നാലും, അല്ലെങ്കിലും, ഇത്തരത്തിലുള്ള എല്ലാവർക്കും ബാധകമാണ് അവയിലെ താക്കീതുകൾ എന്നുള്ളതിൽ സംശയമില്ല. നബി (ﷺ) യുടെ കാലം തൊട്ട് ഇന്നുവരെയും ഇത്തരക്കാർ ധാരാളം ഉണ്ടതാനും. കാലം കഴിയുന്തോറും എണ്ണത്തിൽ വർദ്ധനവല്ലാതെ ഇല്ല. ഐശ്വര്യവും, സുഖസൗകര്യങ്ങളും ലഭിച്ചാൽ ''അങ്ങനെ ചെയ്യും, ഇങ്ങിനെ ചെയ്യും'' എന്നൊക്കെ കരുതുകയും പറയുകയും ചെയ്യുക. അതിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക. ഉദ്ദിഷ്ടകാര്യം സാധിച്ച് കിട്ടിയാൽ അതൊക്കെ മറന്ന് കളയും, സ്വേച്ഛകൾക്ക് അടിമപ്പെടുകയും ചെയ്യുക. വാസ്തവത്തിൽ, കപട വിശ്വാസികളുടെ ലക്ഷണങ്ങളായി നബി (ﷺ) എണ്ണിയിട്ടുള്ള മൂന്ന് കാര്യങ്ങളും-വർത്തമാനത്തിൽ കളവ് പറയലും, വാഗ്ദത്തം ലംഘിക്കലും, വിശ്വാസവഞ്ചന ചെയ്യലും എന്നീ മൂന്ന് ദുർഗ്ഗുണങ്ങളും-ഉൾക്കൊള്ളുന്ന ഒരു ദുസ്വഭാവമാണിത്. ഇപ്പറഞ്ഞതിൽ നിന്ന് ''അവർ അല്ലാഹുവിനോട് ചെയ്ത വാഗ്ദത്തം ലംഘിച്ചതുകൊണ്ടും, അവർ വ്യാജം പറഞ്ഞിരുന്നതുകൊണ്ടും അവർ അല്ലാഹുവുമായി കണ്ടുമുട്ടുന്ന ദിവസം വരേക്കും-അഥവാ അവരുടെ മരണം വരെ-അവരിൽ കാപട്യം വരുത്തിത്തീർത്തു'' വെന്ന് 77-ാം വചനത്തിൽ അല്ലാഹു പറഞ്ഞതിൻെറ താൽപര്യം മനസ്സിലാക്കാമല്ലോ. അല്ലാഹു നമ്മെയെല്ലാം കാപട്യത്തിൻെറ കറ ബാധിക്കത്ത നിഷ്കളങ്കരായ അടിയാൻമാരിൽ ഉൾപ്പെടുത്തട്ടെ, അമീൻ.

ٱلَّذِينَ يَلْمِزُونَ ٱلْمُطَّوِّعِينَ مِنَ ٱلْمُؤْمِنِينَ فِى ٱلصَّدَقَٰتِ وَٱلَّذِينَ لَا يَجِدُونَ إِلَّا جُهْدَهُمْ فَيَسْخَرُونَ مِنْهُمْ ۙ سَخِرَ ٱللَّهُ مِنْهُمْ وَلَهُمْ عَذَابٌ أَلِيمٌ ﴿٧٩﴾

79 യാതൊരു കൂട്ടരത്രെ (അവർ): ദാനധർമ്മങ്ങളുടെ കാര്യത്തിൽ, സത്യവിശ്വാസികളിൽനിന്നും സ്വമേധയാ (പുണ്യം) ചെയ്യുന്നവരെയും, തങ്ങളുടെ അദ്ധ്വാനം [അദ്ധ്വാനിച്ചു കിട്ടിയത്] അല്ലാതെ ലഭിക്കാത്തവരെയും അവർ കുറവാക്കുന്നു; അങ്ങനെ, അവർ അവരെക്കുറിച്ചു പരിഹസിക്കുന്നു. അവരെക്കുറിച്ച് അല്ലാഹു പരിഹസിച്ചിരിക്കുകയാണ്; അവർക്ക് വേദനയേറിയ ശിക്ഷയുമുണ്ട്.

---

79 **الذين** യാതൊരുകൂട്ടർ. **يلمزونَ** കുറവാക്കുന്ന, അവർ കുറ്റപ്പെടുത്തുന്നു. **المطوعين** സ്വമേധയാ ചെയ്യുന്നവരെ, പുണ്യം ചെയ്യുന്നവരെ. **من المؤمنين** സത്യവിശ്വാസികളിൽ നിന്ന്. **في الصدقَات** ദാനധർമ്മങ്ങളിൽ (ധർമ്മങ്ങളുടെ കാര്യത്തിൽ). **والذين** യാതൊരു കൂട്ടരെയും. **لا يجدونَ** അവർക്ക് ലഭിക്കയില്ല, അവർ കണ്ടെത്തുന്നില്ല. **إلا جهدهم** അവരുടെ അദ്ധ്വാനം (അദ്ധ്വാനിച്ച് കിട്ടിയത്)

അല്ലാതെ, ഞെരുക്കം (ഞെരുങ്ങി സാധിച്ചത്) ഒഴികെ. **فَيسخرونَ** അങ്ങനെ അവർ പരിഹസിക്കും, പരിഹസിക്കുന്നു. **منهم** അവരെക്കുറിച്ച്. **سخر اللهُ** അല്ലാഹു പരിഹസിച്ചിരിക്കുന്നു. **منهم** അവരെക്കുറിച്ച്. **ولهُم** അവർക്കുണ്ടുതാനും. **عذَابٌ** ശിക്ഷ. **أَلِيمٌ** വേദനയേറിയ

---

58 ാം വചനത്തിൽ കണ്ടതുപോലെ, നബി (ﷺ) ധർമ്മസ്വത്തുക്കൾ ഭാഗിച്ച് കൊടുത്തതിൽ നീതിപാലിക്കുന്നില്ലെന്ന് പറഞ്ഞ് തിരുമേനിയുടെ പേരിൽ കുറ്റവും കുറവും ആരോപിച്ച ആ കപടൻമാരുണ്ടോ മറ്റുള്ളവരെ ഒഴിവാക്കുന്നു.?! അല്ലാഹുവിൻെറ മാർഗ്ഗത്തിലേക്ക് സംഭാവന നൽകുവാൻ വേണ്ടി നബി (ﷺ) സത്യവിശ്വാസികളെ പ്രോത്സാഹിപ്പിച്ചപ്പോൾ, ഉമർ, ഉസ്മാൻ, അബ്ദുറഹ്മാനുബ്നു ഔഫ് (رضي الله عنه) മുതലായ പല സഹാബികളും വലിയ വലിയ തുകകൾ സംഭാവന നൽകുകയുണ്ടായി. നിർബ്ബന്ധത്തിനോ, പരപ്രേരണക്കോ വഴങ്ങിയായിരുന്നില്ല-അല്ലാഹുവിൻെറ പ്രീതിയും പ്രതിഫലവും മാത്രം മോഹിച്ചായിരുന്നു-അതെല്ലാം. പക്ഷേ, അതൊക്കെ, ജനങ്ങളെ കാണിക്കുവാനും, കീർത്തി നേടുവാനുമാണെന്ന് കപടവിശ്വാസികൾ പറഞ്ഞുകൊണ്ടിരുന്നു. നേരെമറിച്ച് ചിലർക്ക് വലിയ സംഖ്യകൾ നൽകുവാൻ ആഗ്രഹമുണ്ടായിരുന്നുവെങ്കിലും അതിന് കഴിവുണ്ടായിരുന്നില്ല. അദ്ധ്വാനിച്ചും കൂലിപ്പണിയെടുത്തും തങ്ങളുടെ കഴിവിൻെറ പരമാവധി അവരും സംഭാവനകൾ നൽകിക്കൊണ്ടിരുന്നു. ഇത് കേവലം ചെറിയതോതിലായിരിക്കുമല്ലോ. ഇവരെപ്പറ്റി, അവർക്ക് ഭ്രാന്താണെന്നും, അല്ലാഹുവിനും റസൂലിനും ഇതിൻെറ ആവശ്യമില്ലെന്നുമൊക്കെ പറഞ്ഞ് പരിഹസിക്കുകയും ചെയ്യും. ഇതിനെപ്പറ്റിയാണ് ഈ വചനത്തിൽ പറയുന്നത്.

അബുമസ്ഊദിൽ ബദ്രീ (رضي الله عنه) പറയുകയാണ്: സദഖയെ (ധർമ്മത്തെ) സംബന്ധിച്ച് ആയത്ത് അവതരിച്ചപ്പോൾ, ഞങ്ങൾ ഞങ്ങളുടെ പുറത്ത് (കൂലിക്ക്) ചുമടേറ്റിക്കൊണ്ടിരുന്നു. അങ്ങനെ, ഒരാൾ വന്ന് വലിയൊരു സംഖ്യ ധർമ്മം ചെയ്തു. അപ്പോൾ അവർ (കപടവിശ്വാസികൾ) പറഞ്ഞു: ഇയാൾ ആളെ കാണിക്കുവാൻ വേണ്ടി ചെയ്തതാണെന്ന്. വേറൊരാൾ ഒരു 'സ്വാഉം'(*) കൊണ്ടുവന്നു. അപ്പോൾ അവർ പറഞ്ഞു: നിശ്ചയമായും, അല്ലാഹു ഇയാളുടെ സ്വാഇന് ആവശ്യമില്ലാത്തവനാണ് എന്ന്. ഈ സന്ദർഭത്തിൽ .... الذين يلمزون എന്നുള്ള (ഈ) വചനം അവതരിച്ചു. (ബു: മു.)

اَسْتَغْفِرْ لَهُمْ أَوْ لَا تَسْتَغْفِرْ لَهُمْ إِن تَسْتَغْفِرْ لَهُمْ سَبْعِينَ مَرَّةً فَلَن يَغْفِرَ ٱللَّهُ لَهُمْ ۚ ذَٰلِكَ بِأَنَّهُمْ كَفَرُوا۟ بِٱللَّهِ وَرَسُولِهِۦ ۗ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلْفَٰسِقِينَ ﴿٨٠﴾

80 (നബിയെ) അവർക്കുവേണ്ടി നീ പാപമോചനം തേടിക്കൊള്ളുക, അല്ലെങ്കിൽ അവർക്ക് പാപമോചനം തേടാതിരിക്കുക: അവർക്കുവേണ്ടി നീ എഴുപതു പ്രാവശ്യം പാപമോചനം തേടിയാലും അല്ലാഹു അവർക്ക് പൊറുത്ത് കൊടുക്കുകയില്ലതന്നെ. അത്, അല്ലാഹുവിലും, അവൻെറ റസൂലിലും അവർ അവിശ്വസിച്ചിരിക്കുന്നതുകൊണ്ടാണ്. അല്ലാഹുവാകട്ടെ, തോന്നിയവാസികളായ ജനങ്ങളെ നേർമാർഗ്ഗത്തിലാക്കുകയില്ല.

---

80 **استغفر** നീ പാപമോചനം തേടുക. **لهُم** അവർക്കുവേണ്ടി. **أولا تستغفر** അല്ലെങ്കിൽ നീ പാപമോചനം തേടാതിരിക്കുക. **لهُم** അവർക്കുവേണ്ടി. **إن تستغفر** നീ പാപമോചനം തേടിയെങ്കിൽ (തേടി

---

* നാലു 'മുദ്ദു' ചേർന്ന അളവത്രെ 'സ്വാഉ' (صاع) രണ്ടു കൈയും കൂട്ടി വാരിയാൽ കിട്ടുന്ന ഒരു അളവാണ് മുദ്ദു എന്നു പറയാം.

യാലും). لهم അവർക്കുവേണ്ടി. سبعين എഴുപത്. مرة പ്രാവശ്യം. فلن يغفر എന്നാൽ പൊറുക്കുകയില്ല തന്നെ. الله അല്ലാഹു. لهم അവർക്ക്. ذلك അത് (കാരണം). بأنهم അവർ (ആകുന്നു) എന്നതുകൊണ്ടാണ്. كفروا അവർ അവിശ്വസിച്ചിരിക്കുന്നു (എന്നത്). بالله അല്ലാഹുവിൽ. ورسوله അവൻെറ റസൂലിലും. والله അല്ലാഹുവാകട്ടെ. لا يهدي അവൻ നേർമ്മാർഗ്ഗത്തിലാക്കുകയില്ല. القوم ജനങ്ങളെ. الفاسقين തോന്നിയവാസികളായ, ദുർന്നടപ്പുകാരായ.

കപടവിശ്വാസികളുടെ സ്വഭാവങ്ങളും ചെയ്തികളും വളരെയധികം അല്ലാഹു എടുത്തു കാണിച്ചുവല്ലോ. അങ്ങിനെയുളള അവർക്ക് അല്ലാഹു ഒരിക്കലും പൊറുത്ത് കൊടുക്കുകയില്ലെന്നും അതിനുളള കാരണം ഇന്നതാണെന്നും അല്ലാഹു അറിയിക്കുന്നു. അവരുടെ പാപമോചനത്തിനുവേണ്ടി നബി (ﷺ) പ്രാർത്ഥിച്ചിട്ട് കാര്യമില്ല. പ്രാർത്ഥിച്ചാലും ഇല്ലെങ്കിലും അല്ലാഹു അവർക്ക് പൊറുക്കുവാൻ പോകുന്നില്ല. കാരണം, അവർ യഥാർത്ഥത്തിൽ അവിശ്വാസികളാകുന്നു. അവിശ്വാസികളുടെ പാപം പൊറുത്ത് കൊടുത്ത് അവരെ സൻമാർഗ്ഗികളാക്കിത്തീർക്കുകയെന്നുളളത് അല്ലാഹുവിൻെറ നിയമ ചട്ടത്തിന് നിരക്കാത്തതാകുന്നു. ان الله لايغفر ان يشرك به ... (നിശ്ചയമായും, അല്ലാഹുവിനോട് പങ്ക് ചേർക്കപ്പെടുന്നതിനെ അവൻ പൊറുക്കുകയില്ല. അതിന്നിപ്പുറമുളളത് അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്ത് കൊടുക്കുന്നതുമാണ്.) എന്ന് സൂ: നിസാഉ്: 48 ലും 116 ലും അവൻ ആവർത്തിച്ച് പറഞ്ഞിട്ടുളളതാണ്.

سبعين مرة (എഴുപത് പ്രാവശ്യം) എന്ന് പറഞ്ഞത് ആ എണ്ണത്തെ കൃത്യമായി ഉദ്ദേശിച്ച് കൊണ്ടല്ല. അധികം പ്രാവശ്യം എന്ന ഉദ്ദേശ്യത്തിലാകുന്നു. മലയാളത്തിൽ നാം, ആധിക്യത്തെ ഉദ്ദേശിച്ച് 'നൂറും, ആയിരവും' എന്നൊക്കെ പറയുന്നതുപോലെ, അറബി ഭാഷയിൽ ''എഴുപതും, എഴുനൂറു''മൊക്കെ ഉപയോഗിക്കുക സാധാരണമാകുന്നു.

വിഭാഗം-11

فَرِحَ ٱلْمُخَلَّفُونَ بِمَقْعَدِهِمْ خِلَٰفَ رَسُولِ ٱللَّهِ وَكَرِهُوٓا۟ أَن يُجَٰهِدُوا۟ بِأَمْوَٰلِهِمْ وَأَنفُسِهِمْ فِى سَبِيلِ ٱللَّهِ وَقَالُوا۟ لَا تَنفِرُوا۟ فِى ٱلْحَرِّ ۗ قُلْ نَارُ جَهَنَّمَ أَشَدُّ حَرًّا ۚ لَّوْ كَانُوا۟ يَفْقَهُونَ ﴿٨١﴾

81 പിന്നോക്കം നിറുത്തപ്പെട്ടവർ [യുദ്ധയാത്രപോകാതെ പിന്തി നിന്നവർ] അല്ലാഹുവിൻെറ റസൂലിനെതിരായുളള അവരുടെ ഇരുപ്പിൽ സന്തോഷം പൂണ്ടിരിക്കുന്നു; തങ്ങളുടെ ധനംകൊണ്ടും, ദേഹങ്ങൾ കൊണ്ടും അല്ലാഹുവിൻെറ മാർഗ്ഗത്തിൽ സമരം നടത്തുന്നതിനെ അവർ വെറുക്കുകയും ചെയ്തിരിക്കുന്നു; ''നിങ്ങൾ (ഈ) ഉഷ്ണത്തിൽ (യുദ്ധത്തിനു) പുറപ്പെട്ടു പോകേണ്ട'' എന്ന് അവർ പറയുകയും ചെയ്തു. പറയുക: ''ജഹന്നമിൻെറ [നരകത്തിൻെറ] അഗ്നി, കൂടുതൽ ഉഷ്ണം കഠിനമായതാണ്.'' അവർ (കാര്യം) ഗ്രഹിക്കുമായിരുന്നെങ്കിൽ!

فَلْيَضْحَكُوا۟ قَلِيلًا وَلْيَبْكُوا۟ كَثِيرًا جَزَآءًۢ بِمَا كَانُوا۟ يَكْسِبُونَ ﴿٨٢﴾

82 അതിനാൽ, അവർ അല്പം ചിരിച്ചുകൊളളട്ടെ, അധികം കരയുകയും ചെയ്തു കൊളളട്ടെ; അവർ പ്രവർത്തിച്ചു കൊണ്ടിരുന്നതിന് പ്രതിഫലമായിട്ട്!

---

81 فرح സന്തോഷം കൊണ്ട്, ആഹ്ളാദിച്ചു. المخلفون പിന്നോക്കം നിറുത്തപ്പെട്ടവർ (പിന്തിനിന്നവർ). بمقعدهم അവരുടെ ഇരുപ്പുകൊണ്ട്, ഇരുപ്പിടത്തിൽ. خلاف എതിരിൽ. رسول الله അല്ലാഹു

വിൻെറ റസൂലിൻെറ. **وكرهوا** അവർ വെറുക്കുകയും ചെയ്തു. **أن يجاهدوا** അവർ സമരം ചെയ്യുന്നതിനെ. **بأموالهم** അവരുടെ സ്വത്തുക്കൾ(ധനം)കൊണ്ട്. **وأنفسهم** അവരുടെ സ്വന്തങ്ങൾ (ദേഹങ്ങൾ)കൊണ്ടും. **في سبيل الله** അല്ലാഹുവിൻെറ മാർഗ്ഗത്തിൽ. **وقالوا** അവർ പറയുകയും ചെയ്തു. **لا تنفروا** നിങ്ങൾ (യുദ്ധത്തിന്ന്) പുറപ്പെട്ടു പോകരുത്. **في الحر** ഉഷ്ണത്തിൽ, ചൂടിൽ. **قُلْ** പറയുക. **نار جهنم** ജഹന്നമിൻെറ അഗ്നി (തീ) . **أشد** ഏറ്റം കഠിനമായത്. **حرا** ചൂട്, ഉഷ്ണം. **لو كانوا** അവരായിരുന്നെങ്കിൽ. **يفْقهونَ** (കാര്യം)ഗ്രഹിക്കും.. 82 **فَليضحكُوا** അതിനാൽ അവർ ചിരിച്ചു കൊള്ളട്ടെ. **قَليلاً** കുറച്ച്, അൽപം. **وليبكُوا** അവർ കരയുകയും ചെയ്യട്ടെ. **كَثيرا** വളരെ, അധികം. **جزاءً** പ്രതിഫലമായിട്ട്. **بما كانوا** അവർ ആയിരുന്നതിന്. **يكْسِبونَ** അവർ തൊഴിലാക്കുക(സമ്പാദിക്കുക-പ്രവർത്തിക്കുക-ചെയ്തു വെക്കുക).

ഉഷ്ണം ശക്തമായിരുന്ന അക്കാലത്ത് തബൂക്കിലേക്കുള്ള യാത്രയുടെ വിഷമങ്ങളും മറ്റും പറഞ്ഞ് റസൂൽ (ﷺ) തിരുമേനിക്കെതിരിൽ പ്രചാര വേല നടത്തുകയും, ചില ഉപായങ്ങളുടെ പേരിൽ യാത്രയിൽ നിന്നൊഴിവായി പിന്തിനിൽക്കുകയും ചെയ്ത കപടവിശ്വാസികൾ, തങ്ങൾ ഒഴിവായതിൽ ആഹ്ളാദം കൊള്ളുകയാണ്. ഈ ആഹ്ലാദം നൈമിഷികമാണ്. തീരാത്ത വ്യസനവും കഠിനമായ ശിക്ഷയുമാണവർക്ക് ലഭിക്കുവാൻ പോകുന്നത്. ഉഷ്ണത്തിൻെറ കാര്യമാണല്ലോ അവർ പൊക്കിപ്പിടിച്ചിരുന്നത്. എന്നാൽ, അവർക്ക് അനുഭവിക്കാനിരിക്കുന്ന നരകാഗ്നിയുടെ ഉഷ്ണം അതിനേക്കാൾ എത്രയോ കഠിനതരമാണെന്ന് അവർ ഓർത്തിരിക്കട്ടെ. അവരുടെ സന്തോഷവും ചിരിയുമൊക്കെ ഒന്ന് കുറച്ച് പകരം അധികമായി കരയുകയും വ്യസനിക്കുകയുമാണവർ ചെയ്യേണ്ടത്. അവരുടെ സ്വന്തം ചെയ്തികൾ തന്നെയാണ് അതിന് കാരണവും എന്ന് സാരം. ഇഹലോകത്തുള്ള അഗ്നിയേക്കാൾ എഴുപതുമടങ്ങ് ഉഷ്ണമേറിയതാണ് നരകാഗ്നിയെന്ന് നബി (ﷺ) പറഞ്ഞതായി പ്രബലമായ പല ഹദീസുകളിൽ വന്നിട്ടുള്ളത് സ്മരണീയമാകുന്നു.

فَإِن رَّجَعَكَ ٱللَّهُ إِلَىٰ طَآئِفَةٍ مِّنۡهُمۡ فَٱسۡتَـٔۡذَنُوكَ لِلۡخُرُوجِ فَقُل لَّن تَخۡرُجُواْ مَعِيَ أَبَدًا وَلَن تُقَٰتِلُواْ مَعِيَ عَدُوًّاۖ إِنَّكُمۡ رَضِيتُم بِٱلۡقُعُودِ أَوَّلَ مَرَّةٖ فَٱقۡعُدُواْ مَعَ ٱلۡخَٰلِفِينَ ﴿٨٣﴾

83 (നബിയേ) ഇനി അവരിൽപെട്ട വല്ല വിഭാഗത്തിൻെറ അടുക്കലേക്കും നിന്നെ അല്ലാഹു മട (ക്കി അയ) ക്കുന്ന പക്ഷം. എന്നിട്ട് (വല്ല പടയെടുപ്പിലും) പുറപ്പെടുവാൻ അവർ നിന്നോടു സമ്മതം തേടുകയും ചെയ്തു (വെങ്കിൽ), എന്നാൽ നീ പറയുക: ‘‘നിങ്ങൾ ഒരിക്കലും എൻെറ കൂടെ പുറപ്പെട്ടു പോരുകയില്ലതന്നെ; എൻെറ കൂടെ നിങ്ങൾ ഒരു ശത്രുവോടും യുദ്ധം ചെയ്യുകയുമില്ല തന്നെ. നിങ്ങൾ ആദ്യത്തെ പ്രാവശ്യം (പോരാതെ) ഇരിക്കുന്നതിന് തൃപ്തിപ്പെടുകയാണ് ചെയ്തത്. ആകയാൽ, പിന്തി നിൽക്കുന്നവരോടൊപ്പം നിങ്ങൾ ഇരുന്നു കൊള്ളുവിൻ.’’

---

83 **فَإن رجعك** ഇനി നിന്നെ മടക്കിയെങ്കിൽ, മടക്കുന്ന പക്ഷം. **اللهُ** അല്ലാഹു. **إلى طائفة** ഒരു വിഭാഗത്തിലേക്കും, വല്ല കൂട്ടരിലേക്കും. **منهم** അവരിൽപെട്ട. **فَاستأذنوك** എന്നിട്ടവർ നിന്നോട് സമ്മതം തേടി(യെങ്കിൽ). **للْخروج** പുറപ്പെടുവാൻ. **فَقُلْ** എന്നാൽ (അപ്പോൾ) പറയുക. **لن تخرجوا** നിങ്ങൾ പറുപ്പെട്ട് പോരുകയില്ല തന്നെ. **معي** എന്നോടൊപ്പം. **أبدا** ഒരിക്കലും, എക്കാലവും. **ولن تقَاتلُوا** നിങ്ങള യുദ്ധം ചെയ്യുകയുമില്ല തന്നെ. **معي** എന്നോടൊപ്പം. **عدوا** ഒരു ശത്രുവോടും. **إنكُم رضيتم** നിശ്ചയമായും നിങ്ങൾ തൃപ്തിപ്പെട്ടു. **بِالْقُعود** ഇരുത്തത്തിന്. **أولَ مرة** ആദ്യത്തെ (ഒന്നാം) പ്രാവശ്യം. **فَاقْعدُوا** അതിനാൽ നിങ്ങൾ ഇരുന്നുകൊള്ളുക. **مع الْخالفين** പിന്തിയവരോടുകൂടി.

തബൂക്കിൽ നിന്ന് നബി (ﷺ) മദീനായിൽ മടങ്ങി എത്തിയ ശേഷം, പിന്നീടുണ്ടായേക്കുന്ന വല്ല പടയെടുപ്പ് യാത്രയിലും പങ്കെടുക്കുവാൻ അവർ-തബൂക്കിലേക്ക് പോകാതെ മാറിനിന്ന കപടവിശ്വാസികൾ-അനുവാദം ചോദിച്ചാൽ അവരെ അതിന്നനുവദിക്കരുതെന്ന് അല്ലാഹു നബി (ﷺ) യോട് കൽപിക്കുന്നു. സത്യവിശ്വാസികളിൽനിന്ന് അവരെ വേർതിരിച്ച് കാട്ടി അപമാനിക്കുക മാത്രമല്ല ഇതിലടങ്ങിയ തത്വം, അവർ കൂട്ടത്തിൽ പങ്കെടുക്കുന്ന പക്ഷം, കുത്തിത്തിരിപ്പുകളുണ്ടാക്കി നബി (ﷺ) ക്കും, മുസ്‌ലിംകൾക്കും സ്വൈരക്കേടുണ്ടാക്കുവാനും അവർ ശ്രമിക്കുമല്ലോ. തബൂക്കിലേക്കുള്ള പടയെടുപ്പിൽ പങ്കെടുക്കുവാൻ നിങ്ങളെ ക്ഷണിച്ചപ്പോൾ, അതിന് കൂട്ടാക്കാതെ ഒഴിഞ്ഞുമാറുകയാണ് നിങ്ങൾ ചെയ്തത്. അപ്പോഴായിരുന്നു നിങ്ങൾ പോരേണ്ടിയിരുന്ന ആവശ്യം കൂടുതലുണ്ടായിരുന്നത്. അതുകൊണ്ട് മേലിൽ ഒരിക്കലും നിങ്ങൾ എൻെറ ഒന്നിച്ചു യാത്രകളിൽ പങ്കെടുക്കുകയോ, ശത്രുക്കളുമായി യുദ്ധം നടത്തുകയോ ചെയ്കയില്ല. അഥവാ, അതിന് നിങ്ങളെ അനുവദിക്കുകയില്ല. സൈന്യ നടപടികളിൽ പങ്കെടുക്കാത്തവരായ സ്ത്രീകൾ, കുട്ടികൾ, വൃദ്ധൻമാർ മുതലായവരുടെ കൂട്ടത്തിൽ നിങ്ങളും നാട്ടിൽ തന്നെ മുടങ്ങിയിരുന്നു കൊള്ളുക. അങ്ങിനെയാണല്ലോ നിങ്ങൾ ആദ്യം ചെയ്തത്. മേലിലും അങ്ങിനെത്തന്നെ മതി. ഈവിധം അവരോട് പറയുവാൻ നബി (സ)യോട് അല്ലാഹു കൽപിക്കുകയും ചെയ്യുന്നു.

وَلَا تُصَلِّ عَلَىٰٓ أَحَدٍ مِّنْهُم مَّاتَ أَبَدًا وَلَا تَقُمْ عَلَىٰ قَبْرِهِۦٓ ۖ إِنَّهُمْ كَفَرُوا۟ بِٱللَّهِ وَرَسُولِهِۦ وَمَاتُوا۟ وَهُمْ فَٰسِقُونَ ﴿٨٤﴾

84 (നബിയേ) അവരിൽനിന്ന് മരണപ്പെട്ടതായ ഒരാളുടെ പേരിലും നീ നമസ്കരിക്കുകയും ചെയ്യരുത്; അവൻെറ ഖബ്റിങ്കൽ നിൽക്കുകയും ചെയ്യരുത്. (കാരണം) നിശ്ചയമായും അവർ അല്ലാഹുവിലും അവൻെറ റസൂലിലും അവിശ്വസിച്ചിരിക്കുന്നു; അവർ തോന്നിയവാസികളായുംകൊണ്ട് മരണപ്പെടുകയും ചെയ്തിരിക്കുന്നു.

84 **ولا تصل** നീ നമസ്കരിക്കുകയും ചെയ്യരുത്. **على أحد** ഒരാളുടെ മേലും. **منهم** അവരിൽ നിന്ന്. **مات** മരണപ്പെട്ട. **أبدا** ഒരിക്കലും. **ولا تقم** നീ നിൽക്കുകയും അരുത്. **على قبره** അവൻെറ ഖബറുങ്ങൽ. **إنهم** നിശ്ചയമായും അവർ. **كفروا** അവിശ്വസിച്ചിരിക്കുന്നു. **بالله** അല്ലാഹുവിൽ. **ورسوله** അവൻെറ റസൂലിലും. **وماتوا** അവർ മരണപ്പെടുകയും ചെയ്തിരിക്കുന്നു. **وهم** അവരാകട്ടെ, അവരായിരിക്കെ. **فاسقون** തോന്നിയവാസികൾ.

കപടവിശ്വാസികൾക്കുവേണ്ടി പാപമോചനം തേടിയിട്ട് കാര്യമില്ല, അല്ലാഹു അവർക്ക് പൊറുത്തുകൊടുക്കുകയില്ല. അവരെ മേലിൽ യുദ്ധ യാത്രകളിൽ പങ്കെടുക്കാൻ അനുവദിച്ചുകൂടാ, എന്നൊക്കെ മുമ്പ് കൽപിച്ചു. അവർ മരണപ്പെട്ടാൽപോലും അവരെ മുസ്‌ലിംകളിൽ നിന്ന് ഒറ്റപ്പെടുത്തണമെന്ന് ഈ വചനത്തിൽ കൽപിക്കുന്നു. മുസ്‌ലിംകൾ മരണപ്പെട്ടാൽ ജനാസ നമസ്കാരം നടത്തേണ്ടതുണ്ടല്ലോ. മരണപ്പെട്ട ആളുടെ പാപമോചനത്തിനും, അയാൾക്ക് അല്ലാഹുവിൻെറ കാരുണ്യത്തിനും വേണ്ടിയുള്ള പ്രാർത്ഥനയാണത്. ഇവർ പുറമെ മുസ്‌ലിംകളായി അഭിനയിക്കുന്നുവെങ്കിലും യഥാർത്ഥത്തിൽ അവിശ്വാസികളാണ്. അവിശ്വാസത്തിൽ നിന്ന് പശ്ചാത്തപിച്ച് മടങ്ങാതെയാണവർ മരണമടയുന്നതും. അതുകൊണ്ടാണ് അവരുടെ പേരിൽ നമസ്കാരം നടത്തുകയും, അവരുടെ ഖബ്റുകളുടെ അടുക്കൽ നിൽക്കുകയും ചെയ്യരുതെന്ന് കൽപിക്കുന്നതെന്നുകൂടി അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു.

'നമസ്കാരം' കൊണ്ട് ഇവിടെ ഉദ്ദേശ്യം ജനാസ നമസ്കാരമാണെന്ന് വ്യക്തമാണ്. 'ഖബ

റിങ്കൽ നിൽക്കുക' എന്നതിൻെറ വിവക്ഷ രണ്ട് പ്രകാരത്തിലായിരിക്കാവുന്നതാണ്. (1) ജനാസ യോടൊപ്പം പോകുകയും മറമാടുന്നുവരെയുള്ള കാര്യങ്ങളിൽ പങ്കെടുക്കുകയും ചെയ്യുക. (2) മറമാടിയശേഷം, മരണപ്പെട്ട ആൾക്കുവേണ്ടി താഴെ കാണുന്ന പ്രകാരം ഖബ്റിങ്കൽ വെച്ച് പ്രാർത്ഥന നടത്തുക. ഒരു പക്ഷേ, രണ്ടും ഉദ്ദേശിക്കപ്പെട്ടിരിക്കുവാനും ഇടയുണ്ട്. അല്ലാഹുവിനറിയാം. ഉസ്മാൻ (ﷺ) പ്രസ്താവിച്ചതായി ഇപ്രകാരം വന്നിരിക്കുന്നു: മയ്യിത്ത് (മരണപ്പെട്ട ആൾ) മറമാടപ്പെട്ട് കഴിഞ്ഞാൽ നബി (ﷺ) അതിൻെറ അടുക്കൽ നിൽക്കുകയും, എന്നിട്ട് ഇപ്രകാരം പറയുകയും ചെയ്യും: നിങ്ങളുടെ സഹോദരനു വേണ്ടി നിങ്ങൾ പാപമോചനം തേടുകയും, അവനുവേണ്ടി 'തഥ്ബീത്തി' നെ ചോദിക്കുകയും ചെയ്യുവിൻ. കാരണം, അവൻ ഇപ്പോൾ ചോദ്യം ചെയ്യപ്പെടുന്നതാണ്'. (ദ; ഹാ; ബസ്സാർ.) മരണപ്പെട്ട ആളോട് ഖബ്റിൽ വെച്ച് മലക്കുകൾ ചോദ്യം ചെയ്യുമെന്ന് പല ഹദീസികളിലും സ്ഥാപിതമായതാകുന്നു.(*) ആ ചോദ്യവേളയിൽ മറ്റും പതറിപ്പോകാതെ ശരിയായ മറുപടി നൽകുമാറുള്ള സ്ഥൈര്യവും ഉറപ്പും അദ്ദേഹത്തിന് നൽകുവാൻവേണ്ടിയുള്ള പ്രാർത്ഥനക്കാണ് 'തഥ്ബീത്ത് (تثبيت) നെ ചോദിക്കുക എന്ന് പറഞ്ഞതുകൊണ്ട് വിവക്ഷ. (കൂടുതൽ വിവരം സൂ: ഇബ്റാഹീം, 27-ാം വചനത്തിൻെറ വ്യാഖ്യാനത്തിൽ വരുന്നതാണ്. انشاء الله

ഈ ആയത്ത് അവതരിച്ചതിന്ശേഷം കപടവിശ്വാസികളുടെ പേരിൽ നബി (ﷺ) ജനാസ നമസ്രിക്കുകയുണ്ടായിട്ടില്ല. ഒരു വ്യക്തി കപടവിശ്വാസിയാണെന്ന് തീരുമാനിക്കുവാൻ വഹ്യു മുഖാന്തരമോ, അല്ലെങ്കിൽ-സൂ: മുഹമ്മദ് 30-ാം വചനത്തിൽ പറയുന്നതുപോലെ-അവരിൽ കാണാവുന്ന ചില പ്രത്യേക ലക്ഷണങ്ങൾ മുഖേനയോ നബി (ﷺ) ക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞേക്കും. എന്നാൽ, നബി (ﷺ) യുടെ ശേഷം, നബി (ﷺ) യിൽ നിന്ന് വ്യക്തമായ വല്ല അിറവും നേരത്തെ കിട്ടിയിട്ടുണ്ടെങ്കിൽ മാത്രമെ സഹാബികൾക്കുപോലും ഇന്ന ആൾ കപടവിശ്വാസിയാണെന്ന് തീരുമാനിച്ച് നമസ്കാരം നടത്താതിരിക്കുവാൻ സാദ്ധ്യമാകുകയുള്ളു. തബൂക്കിൽനിന്ന് മടങ്ങിപ്പോരുമ്പോൾ, നബി (ﷺ) യെ ഒരു അപകടത്തിൽ പെടുത്തി കൊലപ്പെടുത്തുവാൻ ഗൂഢാലോചന നടത്തി പരാജയപ്പെട്ട പന്ത്രണ്ട് കപടവിശ്വാസികളെപ്പറ്റി ഹുദൈഫത്തുബ്നുൽ യമാൻ (رضي الله عنه) എന്ന സഹാബിക്ക് നബി (ﷺ) സ്വകാര്യമായി അറിയിച്ചുകൊടുക്കുകയും, അത് പരസ്യമാക്കരുതെന്ന് അദ്ദേഹത്തോട് പറയുകയും ഉണ്ടായ വിവരം അൽപം മുമ്പ് നാം ഉദ്ധരിച്ചുവല്ലോ.(†) അതുകൊണ്ട് കപടവിശ്വാസിയാണെന്ന് സംശയിക്കപ്പെടുന്ന ആളെപ്പറ്റി ഹുദൈഫ (رضي الله عنه) സ്വീകരിക്കുന്ന നിലപാടെന്താണെന്ന് അറിഞ്ഞതിനുശേഷമേ ഉമർ (رضي الله عنه) അയാളുടെ പേരിൽ ജനാസ നമസ്കരിച്ചിരുന്നുള്ളുവെന്ന് വാഖിദീ (رحمه الله) യുടെ രിവായത്തിൽ പറഞ്ഞിട്ടുള്ളത് പ്രസ്താവ്യമത്രെ.

കപടവശ്വാസികൾ (മുനാഫിഖുകൾ)എല്ലാ കാലത്തും ഉണ്ടെന്നുള്ളതിൽ സംശയമില്ല. കപടവിശ്വാസികളുടെ സ്വഭാവങ്ങളും ചെയ്തികളുമായി ഖുർആനിലും ഹദീസിലും പ്രസ്താവിക്കപ്പെട്ട മിക്ക കാര്യങ്ങളും എല്ലാ കാലത്തെ കപടവിശ്വാസികളിലും ഉണ്ടായിരിക്കുകയും ചെയ്യും. എങ്കിലും യാതൊരുവ്യാഖ്യാനത്തിനും ഒഴികഴിവിനും ഇടമില്ലാതിരിക്കത്തക്കവണ്ണം സ്പഷ്ടമായ 'കുഫ്ർ' (അവിശ്വാസം) വെളിപ്പെട്ട് കണ്ടാലല്ലാതെ, വ്യക്തികളെ അവിശ്വാസികളായി വിധി കൽപിക്കുവാൻ പാടില്ലാത്തതാണു. അത് വെളിപ്പെടാത്ത കാലത്തോളം നിയമപരമായ വിഷയങ്ങളിൽ അവരെയും മുസ്ലിംകളായി ഗണിക്കുവാനേ നബി (ﷺ) യുടെ കാലശേഷം

---

* വിശദ വിവരത്തിന് ഖബ്റിലെ സ്ഥിതിഗതികളെസ്സംബന്ധിച്ചു സൂ:യാസീനിനുശേഷം കൊടുത്തിട്ടുള്ള വ്യാഖ്യാനക്കുറിപ്പു നോക്കുക.

† ഹുദൈഫ (رضي الله عنه)ക്കു മാത്രം അറിയാവുന്ന ഒരു രഹസ്യമായിരുന്നു അത്. അതുകൊണ്ടാണു അദ്ദേഹത്തെപ്പറ്റി റസൂൽ (ﷺ)തിരുമേനിയുടെ രഹസ്യക്കാരൻ (صاحب سر رسول الله) എന്നു പറയപ്പെടുന്നതും. ابن كثير

നിവൃത്തിയുള്ളു. ജാഹിലിയ്യത്തിലും ശിർക്കിലുമായിരുന്ന ആളുകൾ-അവർക്ക് നബി (ﷺ) യിലോ, ഖുർആനിലോ ഇസ്‌ലാമിലോ ഒന്നും തന്നെ വിശ്വാസമില്ലാതെ-താൽക്കാലികമായ ചില കാര്യലാഭങ്ങളെ മുൻനിറുത്തി ഇസ്‌ലാമിൻെറ സാക്ഷിമൊഴി നൽകി (ശഹാദത്ത് കലിമ ചൊല്ലി) ഇസ്‌ലാമിൽ കടന്നുകൂടിയവരാണ് നബി (ﷺ) യുടെ കാലത്തുണ്ടായിരുന്ന കപട വിശ്വാസികൾ. അവർക്ക് ഇസ്‌ലാമിൻെറ നേരെയുള്ള യഥാർത്ഥ മനഃസ്ഥിതി അവരുടെ വാക്കുകളിൽ നിന്നും പ്രവൃത്തികളിൽനിന്നും എത്രമാത്രം പ്രകടമായിരുന്നു വെന്ന വസ്തുത ഈ സൂറത്തിലെയും മറ്റും നിരവധി ഖുർആൻ വചനങ്ങളാൽ അറിയപ്പെട്ടതാകുന്നു. എന്നിട്ടുപോലും അവർക്കുവേണ്ടി പാപമോചനം തേടരുതെന്നും, അവരുടെ പേരിൽ നമസ്കരിക്കരുതെന്നും പോലെയുള്ള കൽപനകൾ വരുന്നതുവരേക്കും ബാഹ്യത്തിൽ മുസ്‌ലിംകളോടെന്നപോലെ അവരോടും പെരുമാറുകയാണ് നബി (ﷺ) ചെയ്തത്. ഇന്നത്തെ കപട വിശ്വാസികളെപ്പറ്റി പെതുവെ പറയുകയാണെങ്കിൽ, അവരിൽ ബഹുഭൂരിഭാഗവും ഇസ്‌ലാമിൽ പാടെ വിശ്വാസമില്ലാത്തവരായിരിക്കുകയില്ല. വിശ്വാസത്തിൻെറ ദൗർബ്ബല്യം, അജ്ഞത, സ്വേച്ഛാപരമോ ഐഹികമോ ആയ താൽപര്യങ്ങൾ എന്നിങ്ങിനെ ചില കാരണങ്ങളാൽ ഇസ്‌ലാമിക നിമയങ്ങളെ അവഗണിച്ച് പാപങ്ങളിൽ മുഴുകിയവരായിരിക്കും അവർ. മറ്റൊരുവിധത്തിൽ പറഞ്ഞാൽ നബി (ﷺ) യുടെ കാലത്ത് കാപട്യം വിശ്വാസത്തിലുള്ള കാപട്യം (**نفاق الايمان**) ആയിരുന്നു. പിൽക്കാലത്തെ കാപട്യം അനുഷ്ഠാനത്തിലുള്ള കാപട്യം (**نفاق العمل**) ആകുന്നു. കപടവിശ്വാസികളെ സംബന്ധിക്കുന്ന താക്കീതുകളിലും അക്ഷേപങ്ങളിലും ഏറെക്കുറെ രണ്ടുതരം കപടവിശ്വാസികളും ഉൾപ്പെടുന്നതാണുതാനും.

സന്ദർഭവശാൽ മറ്റൊരു സംഗതികൂടി ഇവിടെ ചൂണ്ടിക്കാട്ടുന്നത് നന്നായിരിക്കും. അതായത് ഖുർആനിലും ഹദീസിലും സാധാരണ ഉപയോഗിച്ച് കാണപ്പെടാറുള്ള ഒരു വാക്കാണ് **نفاق الايمان** (ഫാസിഖ്). ''തോന്നിയവാസി, ദുർന്നടപ്പുകാരൻ, ധിക്കാരി, അനുസരണം കെട്ടവൻ'' എന്നൊക്കെയാണിതിന് വാക്കർത്ഥം. ഖുർആനിൽ ഈ വാക്ക് പലപ്പോഴും ഉപയോഗിച്ച് കാണുന്നത് 'കാഫിറി'നെയും 'മുനാഫിഖി'നെയും ഉദ്ദേശിച്ചാകുന്നു. ഈ വചനത്തിലെ അവസാന വാക്യം തന്നെ ഇതിന് ഉദാഹരണമാകുന്നു. ''കപടവിശ്വാസികൾ തന്നെയാണു ഫാസിഖുകൾ'' എന്ന് 67-ാം വചനത്തിലും നാം കണ്ടു. മറ്റൊരു സ്ഥലത്ത് അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിനെയും, അവനോട് യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുന്നതിനെയും കുറിച്ച് പ്രസ്താവിച്ചുകൊണ്ട് അല്ലാഹു പറയുന്നു: ''അതിനുശേഷം ആർ അവിശ്വസിച്ചുവോ അവർ തന്നെയാണ് ഫാസിഖുകൾ'' (നൂർ:55) വേറെയും ധാരാളം ഉദാഹരണങ്ങൾ ഇതിന് കാണാം. അപ്പോൾ, ഖുർആൻെറ ഭാഷയിൽ **فاسق** (ഫാസിഖ്) എന്ന വാക്ക് 'കാഫിറി'ന് തുല്യമായ ഒരർത്ഥത്തിൽ-അഥവാ അതിനെക്കാൾ ശക്തിയായ ഒരർത്ഥത്തിൽ-ഉള്ളതാണെന്ന് കാണാവുന്നതാണ്. എന്നാൽ, മുസ്‌ലിംകൾക്കിടയിൽ പിൽക്കാലത്ത് പൊതുവെ അറിയപ്പെട്ട് വരുന്നതും പിൽക്കാല മത സാഹിത്യങ്ങളിൽ സാധാരണ ഉപയോഗിക്കപ്പെട്ടു വരുന്നതും നോക്കുമ്പോൾ 'ഫാസിഖ്' എന്ന വാക്ക് കുറേക്കൂടി ലഘുവായ ഒരർത്ഥത്തിലാണ് ഗണിക്കപ്പെട്ട് വരുന്നത്. അഥവാ ഏതെങ്കിലും ഒരു മഹാപാപം ചെയ്തവൻ, അല്ലെങ്കിൽ ചെറുപാപങ്ങൾ ചെയ്യുക പതിവാക്കിയവൻ എന്ന ഒരു സാങ്കേതികാർത്ഥത്തിലാണ് അത് ഉപയോഗിക്കപ്പെടുന്നത്. ഖുർആൻെറ പ്രയോഗം ഈ അർത്ഥത്തിലല്ലെന്നും, ഒരു കൂട്ടരെപ്പറ്റി അതു 'ഫാസിഖു'കൾ എന്നു പറമ്പോൾ അത് ഈ അർത്ഥത്തെക്കാൾ വളരെ ഗൗരവമേറിയ ഒരു അർത്ഥത്തിലാണെന്നും മനസ്സിലാക്കേണ്ടതാകുന്നു. 'ഫിസ്ഖി'ൻെറയും 'നിഫാഖി'ൻെറയും (തോന്നിയവാസത്തിൻെറയും കാപട്യത്തിൻെറയും) കെടുതികളിൽ അകപ്പെടാതെ അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ. ആമിൻ. യഥാർത്ഥ സത്യവിശ്വാസികളിൽ അവൻ നമ്മെയെല്ലാം ഉൾപ്പെടുത്തി അനുഗ്രഹിക്കുകയും ചെയ്യട്ടെ. ആമീൻ.

وَلَا تُعْجِبْكَ أَمْوَٰلُهُمْ وَأَوْلَٰدُهُمْ ۚ إِنَّمَا يُرِيدُ

85 അവരുടെ സ്വത്തുക്കളും, അവരുടെ മക്കളും നിന്നെ ആശ്ചര്യപ്പെടുത്തരുത്. നിശ്ചയമായും, അല്ലാഹു ഉദ്ദേശിക്കുന്നത് അവ

ٱللَّهُ أَن يُعَذِّبَهُم بِهَا فِى ٱلدُّنْيَا وَتَزْهَقَ أَنفُسُهُمْ وَهُمْ كَـٰفِرُونَ ﴿٨٥﴾

മൂലം ഇഹത്തിൽ അവരെ ശിക്ഷിക്കുവാനും, അവർ അവിശ്വാസികളായുംകൊണ്ട് അവരുടെ ജീവൻ പോകുവാനും തന്നെയാണ്.

---

85 **ولا تعجبك** നിന്നെ ആശ്ചര്യ (അത്ഭുത)പ്പെടുത്തരുത്. **أموالهم** അവരുടെ സ്വത്തുക്കൾ (ധനം). **وأولادهم** അവരുടെ മക്കളും (കുട്ടികളും-സന്താനങ്ങളും) . **إنما يريد** നിശ്ചയമായും ഉദ്ദേശിക്കുക തന്നെ ചെയ്യുന്നു. **الله** അല്ലാഹു. **أن يعذبهم** അവരെ ശിക്ഷിക്കുവാൻ (തന്നെ). **بها** അവകൊണ്ടും (മൂലം-നിമിത്തം). **في الدنيا** ഇഹത്തിൽ. **وتزهق** പോകു (നശിക്കു)വാനും. **أنفسهم** അവരുടെ ആത്മാക്കൾ (ദേഹങ്ങൾ-ജീവൻ). **وهم** അവരായിക്കൊണ്ട്. **كافرون** അവിശ്വാസകൾ..

കഴിഞ്ഞ 55ാം വചനത്തിലെ ആശയം ഈ വചനത്തിൽ വീണ്ടും ആവർത്തിച്ചുറപ്പിച്ചിരിക്കുകയാണ്. ആ വചനത്തിന്റെ വ്യാഖ്യാനം ഇവിടെയും ഓർമ്മിക്കുക.

وَإِذَآ أُنزِلَتْ سُورَةٌ أَنْ ءَامِنُوا۟ بِٱللَّهِ وَجَـٰهِدُوا۟ مَعَ رَسُولِهِ ٱسْتَـْٔذَنَكَ أُو۟لُوا۟ ٱلطَّوْلِ مِنْهُمْ وَقَالُوا۟ ذَرْنَا نَكُن مَّعَ ٱلْقَـٰعِدِينَ ﴿٨٦﴾

86 അല്ലാഹുവിൽ വിശ്വസിക്കുകയും, അവന്റെ റസൂലിന്റെ കൂടെ സമരം ചെയ്യുകയും ചെയ്യുവിൻ എന്ന് വല്ല 'സൂറത്തും' [അദ്ധ്യായവും] അവതരിച്ചാൽ, അവരിൽ നിന്ന് ശേഷിയുള്ളവർ നിന്നോടു സമ്മതം ചോദിക്കുന്നതാണ്; അവർ പറയുകയും ചെയ്യും: ''ഞങ്ങളെ വിട്ടേക്കണം-ഞങ്ങൾ (പോരാതെ) ഇരിക്കുന്നവരോടൊപ്പം ആയിക്കൊള്ളാം.

رَضُوا۟ بِأَن يَكُونُوا۟ مَعَ ٱلْخَوَالِفِ وَطُبِعَ عَلَىٰ قُلُوبِهِمْ فَهُمْ لَا يَفْقَهُونَ ﴿٨٧﴾

87 (യുദ്ധത്തിനു പോകാതെ) പിന്തിനിൽക്കുന്ന സ്ത്രീകളുടെ കൂടെയായിരിക്കുവാൻ അവർ തൃപ്തിപ്പെട്ടിരിക്കുകയാണ്; അവരുടെ ഹൃദയങ്ങളുടെ മേൽ മുദ്ര കുത്തപ്പെടുകയും ചെയ്തിരിക്കുന്നു. അതിനാൽ അവർ കാര്യം ഗ്രഹിക്കുന്നില്ല.

---

86 **وإذا أنزلت** അവതരിപ്പിക്കപ്പെട്ടാൽ. **سورة** വല്ല സൂറത്തും, ഒരു അദ്ധ്യായം. **أن آمنوا** വിശ്വസിക്കുവിൻ എന്നു. **بالله** അല്ലാഹുവിൽ. **وجاهدوا** സമരം ചെയ്യുകയും ചെയ്യുവിൻ. **مع رسوله** അവന്റെ റസൂലിന്റെ കൂടെ. **استأذنك** നിന്നോട് സമ്മതം (അനുമതി) തേടും, സമ്മതം തേടുകയായി. **أولوا الطول** കഴിവ് (ശേഷി-ധന്യത-യോഗ്യത) ഉള്ളവർ. **منهم** അവരിൽ നിന്ന്. **وقالوا** അവർ പറയുകയും ചെയ്യും. **ذرنا** ഞങ്ങളെ വിട്ടേക്കുക. **نكن** ഞങ്ങൾ ആയിക്കൊള്ളാം, ആയിരിക്കട്ടെ. **مع القاعدين** ഇരിക്കുന്നവരോടൊപ്പം,. 87 **رضوا** അവർ തൃപ്തിപ്പെട്ടു. **بأن يكونوا** അവരായിരിക്കുന്നതിന്. **مع الخوالف** പിന്തി നിൽക്കുന്ന സ്ത്രീകളുടെ കൂടെ, (നൻമയില്ലാത്ത) പിന്നോക്കക്കാരുടെ ഒപ്പം. **وطبع** മുദ്ര കുത്തപ്പെടുകയും ചെയ്തിരിക്കുന്നു. **على قلوبهم** അവരുടെ ഹൃദയങ്ങളുടെ മേൽ. **فهم** അതിനാൽ അവർ. **لا يفقهون** ഗ്രഹിക്കുകയില്ല, ഗ്രഹിക്കുന്നില്ല.

അല്ലാഹുവിൽ വിശ്വസിച്ചുകൊണ്ട് റസൂലിനോടൊപ്പം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്യണമെന്ന് കൽപിക്കുന്ന ഖുർആൻ വചനങ്ങൾ വല്ലതും അവതരിക്കുമ്പോഴേക്കും അവർക്ക് വിറളിയായി. അതിൽ നിന്ന് എങ്ങിനെയെങ്കിലും ഒഴിവായിക്കിട്ടുവാൻ അവർ റസൂൽ (ﷺ)

തിരുമേനിയെ സമീപിച്ച് ഒഴികഴിവുകൾ നിരത്തി അനുവാദം തേടും. യുദ്ധങ്ങളിൽ പങ്കെടുക്കാറില്ലാത്തവരാണല്ലോ സ്ത്രീകൾ. അവരോടൊപ്പം വീട്ടിൽതന്നെ അടങ്ങിയിരിക്കുവാനാണ് അവർക്കിഷ്ടം. ആണുങ്ങളെപ്പൊലെ പുറത്തിറങ്ങി ശത്രുക്കളെ നേരിടുന്നത് അവർക്കിഷ്ടമില്ല. ഗുണ്ടതൊന്നും ഉള്ളോട്ട് പ്രവേശിക്കാത്തവിധം അവരുടെ ഹൃദയങ്ങൾ നിഷ്ചേഷ്ടമായിരിക്കുകയാണ് എന്നു സാരം. (''ഹൃദയങ്ങളുടെ മേൽ മുദ്ര കുത്തി'' എന്നതുപേലെയുള്ള പ്രയോഗങ്ങളുടെ താൽപര്യം ഒന്നിലധികം പ്രാവശ്യം മുമ്പ് വിവരിച്ച് കഴിഞ്ഞിട്ടുണ്ട്.)

خوالف (ഖവാലിഫ്) എന്ന വാക്കിനാണ് ''പിന്തി നിൽക്കുന്ന സ്ത്രീകൾ'' എന്ന് നാം അർത്ഥം കൊടുത്തരിക്കുന്നത്. അതിന് നൻമയില്ലാത്തവരും പിന്നോക്കം നിൽക്കുന്നവരുമായ ആളുകൾ എന്നും അർത്ഥം വരാവുന്നതാണ്. രണ്ടായാലും ഉദ്ദേശ്യം വ്യക്തമാണല്ലോ.

88 പക്ഷേ, റസൂലും, അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരുമാകട്ടെ, തങ്ങളുടെ ധനം കൊണ്ടും, തങ്ങളുടെ ദേഹംകൊണ്ടും അവർ സമരം ചെയ്യുന്നതാണ്. അക്കൂട്ടരാകട്ടെ, അവർക്കാണ് നൻമകളും (ഉള്ളത്). അക്കൂട്ടർ തന്നെയാണ് വിജയം പ്രാപിക്കുന്നവരും.

لَـٰكِنِ ٱلرَّسُولُ وَٱلَّذِينَ ءَامَنُوا۟ مَعَهُۥ جَـٰهَدُوا۟ بِأَمْوَٰلِهِمْ وَأَنفُسِهِمْ ۚ وَأُو۟لَـٰٓئِكَ لَهُمُ ٱلْخَيْرَٰتُ ۖ وَأُو۟لَـٰٓئِكَ هُمُ ٱلْمُفْلِحُونَ ﴿٨٨﴾

89 അവർക്ക് അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗങ്ങളെ അല്ലാഹു ഒരുക്കിവെച്ചിരിക്കുന്നു; അതിൽ (അവർ) നിത്യവാസികളായിക്കൊണ്ട്. അതത്രെ, വമ്പിച്ച ഭാഗ്യം.

أَعَدَّ ٱللَّهُ لَهُمْ جَنَّـٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ خَـٰلِدِينَ فِيهَا ۚ ذَٰلِكَ ٱلْفَوْزُ ٱلْعَظِيمُ ﴿٨٩﴾

വിഭാഗം-12

90 'അഅ്റാബി' [മരുഭൂവാസി]കളിൽനിന്ന് ഒഴികഴിവു സമർപ്പിക്കുന്നവർ, തങ്ങൾക്ക് സമ്മതം നൽകപ്പെടുവാൻ വേണ്ടി വന്നു. അല്ലാഹുവിനോടും, അവൻെറ റസൂലിനോടും വ്യാജം പറഞ്ഞവർ (വീട്ടിൽ) ഇരിക്കുകയും ചെയ്തു. അവരിൽനിന്ന് അവിശ്വസിച്ചിട്ടുള്ളവർക്ക് വഴിയെ വേദനയേറിയ ശിക്ഷ ബാധിക്കുന്നതാണ്.

وَجَآءَ ٱلْمُعَذِّرُونَ مِنَ ٱلْأَعْرَابِ لِيُؤْذَنَ لَهُمْ وَقَعَدَ ٱلَّذِينَ كَذَبُوا۟ ٱللَّهَ وَرَسُولَهُۥ ۚ سَيُصِيبُ ٱلَّذِينَ كَفَرُوا۟ مِنْهُمْ عَذَابٌ أَلِيمٌ ﴿٩٠﴾

---

88 **لَكِن** പക്ഷെ, എങ്കിലും എന്നാൽ. **الرسولُ** റസൂൽ. **والذين آمنوا** വിശ്വസിച്ചവരും. **معه** അദ്ദേഹത്തോടൊപ്പം. **جاهدوا** സമരം ചെയ്തു, ചെയ്യുന്നതാണ്. **بِأموالهم** തങ്ങളുടെ സ്വത്തുക്കൾ (ധനം) കൊണ്ട്. **وأنفُسِهم** തങ്ങളുടെ തടികൾ (ദേഹം) കൊണ്ട്. **وأولئك** അക്കൂട്ടർ, അക്കൂട്ടരാകട്ടെ,. **لهم** അവർക്കത്രെ, അവർക്കുണ്ട്. **الخيرات** നന്മ (ഗുണം)കൾ. **وأولئك هم** അക്കൂട്ടർ തന്നെ. **المفلحونَ** വിജയികൾ, വിജയം പ്രാപിക്കുന്നവരും.. 89 **أعد الله** അല്ലാഹു ഒരുക്കിയിരിക്കുന്നു. **لهم** അവർക്ക്. **جنات** ചില സ്വർഗ്ഗങ്ങളെ. **تجري** സഞ്ചരിക്കും, നടക്കുന്ന, ഒഴുകുന്ന. **من تحتها** അതിൻെറ (അവയുടെ) അടിഭാഗത്തിലൂടെ. **الأنهار** അരുവി (ആറു-നദി)കൾ. **خالدين** നിത്യവാസികളായിട്ട്, ശാശ്വതൻമാരായിട്ട്. **فيها** അതിൽ. **ذَلك الفوز** അതത്രെ ഭാഗ്യം, അതു ഭാഗ്യമത്രെ. **العظيم** വമ്പിച്ച, മഹത്തായ.. 90 **وجاءَ** വന്നു, വരുകയും ചെയ്തു. **المعذرونَ** ഒഴി കഴിവു സമർപ്പിക്കുന്ന (പറയുന്ന) വർ. **من الأعراب** അഅ്റാബീ (മരുഭൂവാസി) കളിൽനിന്ന് . **ليؤذَنَ** സമ്മതം നൽകപ്പെടുവാൻ വേണ്ടി. **لهم** അവർക്ക്, തങ്ങൾക്ക്. **وقعد** ഇരിക്കു (ഇരിപ്പിലാകു)കയും ചെയ്തു. **الذين كَذَبوا**

വ്യാജം പറഞ്ഞവർ. **ورسوله الله** അല്ലാഹുവിനോടും അവന്റെ റസൂലിനോടും. **سيصيب** വഴിയെ ബാധിക്കും. **الذين كفروا** അവിശ്വസിച്ചവർക്ക്. **منهم** അവരിൽ നിന്ന്. **عذاب أليم** വേദനയേറിയ ശിക്ഷ.

മരുപ്രദേശങ്ങളിൽ താമസിച്ചുവരുന്ന ഉൾനാട്ടുകാരായ അറബികൾക്കാണ് الاعراب (‘അഅ്റാബി’കൾ) എന്ന് പറയപ്പെടുന്നത്. ഇവർക്ക് ‘ബദു’ക്കൾ (البدو) എന്നും പറയാറുണ്ട്. അഅ്റാബികളിൽപെട്ട പലരും നബി (ﷺ) യുടെ അടുക്കൽവന്ന് തങ്ങൾക്ക് തബൂക്ക് യാത്രയിൽ പങ്കെടുക്കുവാൻ സാധിക്കാതിരിക്കുമാറുള്ള ചില ഒഴികഴിവുകൾ സമർപ്പിച്ചുകൊണ്ട് അതിന് നബി (ﷺ) യുടെ സമ്മതം തേടുകയുണ്ടായി. അവരിലുണ്ടായിരുന്ന കപടവിശ്വാസികളാകട്ടെ, ഇല്ലാത്ത കാരണങ്ങൾ കളവായി പറഞ്ഞ് പിൻമാറിക്കളയുകയും ചെയ്തു. അങ്ങനെ, അവിശ്വാസം നിമിത്തം കളവ് പറഞ്ഞവരെപ്പറ്റിയാണ് ‘‘വഴിയെ വേദനയേറിയ ശിക്ഷ ബാധിക്കു’’മെന്ന് പറഞ്ഞത്.

യുദ്ധ യാത്രകളിൽ പങ്കെടുക്കുന്നതിൽ നിന്ന് ഒഴിവാകുവാൻ തക്കതായ മുടക്കുകളുള്ളർ ആരൊക്കെയാണെന്ന് അടുത്ത വചനങ്ങളിൽ വിവരിക്കുന്നു:-

91 ബലഹീനരുടെ മേലാകട്ടെ, രോഗികളുടെ മേലാകട്ടെ, ചിലവഴിക്കുവാനുള്ളതു കിട്ടാത്തവരുടെ മേലാകട്ടെ, ഒരു വിഷമവും [കുറ്റവും] ഇല്ല; അവർ അല്ലാഹുവിനും, അവന്റെ റസൂലിനും ഗുണം കാംക്ഷിച്ചാൽ (അഥവാ നിഷ്കളങ്കരായിരുന്നാൽ) സൽഗുണവാൻമാരുടെ മേൽ യാതൊരു മാർഗ്ഗവും (സ്വീകരിക്കുവാൻ) ഇല്ല. അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.

لَّيۡسَ عَلَى ٱلضُّعَفَآءِ وَلَا عَلَى ٱلۡمَرۡضَىٰ وَلَا عَلَى ٱلَّذِينَ لَا يَجِدُونَ مَا يُنفِقُونَ حَرَجٌ إِذَا نَصَحُواْ لِلَّهِ وَرَسُولِهِۦۚ مَا عَلَى ٱلۡمُحۡسِنِينَ مِن سَبِيلٖۚ وَٱللَّهُ غَفُورٞ رَّحِيمٞ ٩١

92 യാതൊരുകൂട്ടരുടെ മേലും (ഒരു മാർഗ്ഗവും) ഇല്ല: നീ അവരെ (വാഹനം) കയറ്റിക്കൊടുക്കുവാൻവേണ്ടി നിന്റെ അടുക്കൽ അവർ വന്നപ്പോൾ, നീ (അവരോടു) പറഞ്ഞു: ‘‘നിങ്ങളെ കയറ്റുവാനുള്ളത് [അതിനുള്ള വക] ഞാൻ കണ്ടെത്തുന്നില്ല;’’ (അങ്ങനെ) വ്യസനത്താൽ തങ്ങളുടെ കണ്ണുകൾ അശ്രു (ധാര) ഒഴുകിക്കൊണ്ട് അവർ തിരിഞ്ഞു പോയി; തങ്ങൾക്ക് ചിലവഴിക്കുവാനുള്ളത് [അതിനുള്ള വക] അവർ കണ്ടെത്താത്തതിനാൽ!

وَلَا عَلَى ٱلَّذِينَ إِذَا مَآ أَتَوۡكَ لِتَحۡمِلَهُمۡ قُلۡتَ لَآ أَجِدُ مَآ أَحۡمِلُكُمۡ عَلَيۡهِ تَوَلَّواْ وَّأَعۡيُنُهُمۡ تَفِيضُ مِنَ ٱلدَّمۡعِ حَزَنًا أَلَّا يَجِدُواْ مَا يُنفِقُونَ ٩٢

93 നിശ്ചയമായും മാർഗ്ഗം (ഉള്ളത്), തങ്ങൾ ധനികരായിരിക്കെ നിന്നോടു സമ്മതം തേടുന്നവരുടെ മേൽ മാത്രമാകുന്നു. അവർ പിന്തി നിൽക്കുന്ന സ്ത്രീകളോടു കടെയായിരിക്കുവാൻ തൃപ്തിപ്പെട്ടിരിക്കുകയാണ്: അവരുടെ ഹൃദയങ്ങളുടെമേൽ അല്ലാഹു മുദ്ര കുത്തുകയും ചെയ്തിരിക്കുന്നു. അതിനാൽ, അവർ അറിയുന്നില്ല.

۞ إِنَّمَا ٱلسَّبِيلُ عَلَى ٱلَّذِينَ يَسۡتَـٔۡذِنُونَكَ وَهُمۡ أَغۡنِيَآءُۚ رَضُواْ بِأَن يَكُونُواْ مَعَ ٱلۡخَوَالِفِ وَطَبَعَ ٱللَّهُ عَلَىٰ قُلُوبِهِمۡ فَهُمۡ لَا يَعۡلَمُونَ ٩٣

91 لَيْسَ ഇല്ല. عَلَى الضُّعَفَاءِ ബലഹീനരുടെ (ദുർബ്ബലൻമാരുടെ) മേൽ. وَلَا عَلَى الْمَرْضَى രോഗികളുടെ മേലും ഇല്ല. وَلَا عَلَى الَّذِينَ യാതൊരു കൂട്ടരുടെ മേലും ഇല്ല. لَا يَجِدُونَ അവർക്ക് കിട്ടുകയില്ല. مَا يُنفِقُونَ അവർ ചിലവഴിക്കുന്നത്, ചിലവഴിക്കേണ്ടത്. حَرَجٌ ഒരു വിഷമവും. إِذَا نَصَحُوا അവർ ഗുണംകാംക്ഷിച്ചാൽ. لِلَّهِ അല്ലാഹുവിനും. وَرَسُولِهِ അവൻെറ റസൂലിനും. مَا عَلَى الْمُحْسِنِينَ സൽഗുണവാൻമാരുടെ (പുണ്യവാൻമാരുടെ)മേൽ ഇല്ല. مِن سَبِيلٍ ഒരു മാർഗ്ഗവും. وَاللَّهُ അല്ലാഹു. غَفُورٌ വളരെ പൊറുക്കുന്നവനാണ്. رَحِيمٌ കരുണാനിധിയാണ്. 92 وَلَا عَلَى الَّذِينَ യാതൊരുകൂട്ടരുടെ മേലും ഇല്ല. إِذَا مَا أَتَوْكَ അവർ നിൻെറ അടുക്കൽ വന്നപ്പോൾ. لِتَحْمِلَهُمْ നീ അവരെ വഹിക്കുവാൻ (കയറ്റിക്കൊണ്ടു പോകുവാൻ) വേണ്ടി. قُلْتَ നീ പറഞ്ഞു (പറഞ്ഞസ്ഥിതിക്ക്. لَا أَجِدُ ഞാൻ കണ്ടെത്തുന്നില്ല, എനിക്ക് കിട്ടുന്നില്ല. مَا أَحْمِلُكُمْ നിങ്ങളെ ഞാൻ കയറ്റുന്നത്. عَلَيْهِ അതിൽ. تَوَلَّوا അവർ തിരിഞ്ഞുപോയി. وَأَعْيُنُهُمْ അവരുടെ കണ്ണുകളാകട്ടെ. تَفِيضُ ഒഴുകിക്കൊണ്ടിരിക്കുന്നു. مِنَ الدَّمْعِ കണ്ണുനീരിനാൽ, അശ്രുവാൽ. حَزَنًا വ്യസനത്താൽ, വ്യസനിച്ച്. أَلَّا يَجِدُوا അവർ കണ്ടെത്താതിരിക്കുന്ന (അവർക്ക് കിട്ടാതിരുന്ന)തിനാൽ. مَا يُنفِقُونَ അവർ ചിലവഴിക്കുന്നത്, ചിലവാക്കേണ്ടത്.. 93 إِنَّمَا السَّبِيلُ നിശ്ചയമായും മാർഗ്ഗം. عَلَى الَّذِينَ യാതൊരുവരുടെ മേൽ തന്നെ (മാത്രം). يَسْتَأْذِنُونَكَ അവർ നിന്നോട് സമ്മതം തേടുന്നു. وَهُمْ അവരാകട്ടെ, അവരായിരിക്കെ. أَغْنِيَاءُ ധനികരാണ്, ധനികൻമാർ. رَضُوا അവർ തൃപ്തിപ്പെട്ടു, തൃപ്തിപ്പെട്ടിരിക്കയാണ്. بِأَن يَكُونُوا അവർ ആയരിക്കുവാൻ. مَعَ الْخَوَالِفِ പിന്തി നിൽക്കുന്ന സ്ത്രീകളുടെ കൂടെ, (നൻമയില്ലാത്ത)പിന്നോക്കക്കാരോടൊപ്പം. وَطَبَعَ മുദ്ര കുത്തുകയും ചെയ്തിരിക്കുന്നു. اللَّهُ അല്ലാഹു. عَلَى قُلُوبِهِمْ അവരുടെ ഹൃദയങ്ങൾക്ക്. فَهُمْ അതിനാൽ അവർ. لَا يَعْلَمُونَ അറിയുന്നില്ല, അറിയുകയില്ല.

യുദ്ധകൽപനകളിൽ നിന്ന് ഒഴിവ് അനുവദിക്കപ്പെട്ടവരും, യുദ്ധ യാത്രകളിൽ പങ്കെടുക്കാത്തതിൻെറ പേരിൽ നടപടിയൊന്നും സ്വികരിക്കുവാൻ പാടില്ലാത്തവരും ആരൊക്കെയാണെന്ന് അല്ലാഹു വ്യക്തമാക്കുന്നു. (1) ബലഹീനന്മാർ, പ്രകൃത്യാ ദുർബ്ബലരായ കുട്ടികൾ, സ്ത്രീകൾ, വയോധികർ, അന്ധന്മാർ, മുടന്തന്മാർ മുതലായവരൊക്കെ ഇതിൽ ഉൾപെടുന്നു. (2) രോഗികൾ, യുദ്ധത്തിനും യാത്രക്കും വിഷമകരമായിത്തീരുന്ന രോഗങ്ങളുള്ള എല്ലാവരും ഇതിൽ ഉൾപ്പെടും. (3) ഭക്ഷണം, വാഹനം മുതലായ യാത്രാച്ചിലവുകൾക്ക് വകയില്ലാത്തവർ. എന്നാൽ, ഇവരും തന്നെ അല്ലാഹുവിനും റസൂലിനും എതിരെ വല്ല കുത്തിത്തിരുപ്പുകളും നടത്താതെ ഗുണകാംക്ഷികളും നിഷ്കളങ്കരുമായിരിക്കേണ്ടതുണ്ടെന്നും, വല്ല കുത്തിത്തിരുപ്പും അവരിൽ നിന്ന് ഉണ്ടായിത്തീരുന്നപക്ഷം അവരുടെ മേലും നടപടികൾ എടുക്കേണ്ടതായിവരുമെന്നും ചൂണ്ടിക്കാട്ടിയിരിക്കുന്നു.

മൂന്നാമത്തെ വിഭാഗത്തിൽപെട്ട ചില പ്രത്യേക വ്യക്തികളെപ്പറ്റിയാണ് 92-ാം വചനത്തിൽ പ്രത്യേകം എടുത്ത് പറഞ്ഞിരിക്കുന്നത്. തബൂക്കിലേക്കുള്ള പടയെടുപ്പിൽ പങ്കെടുക്കുവാൻ അവർക്ക് വളരെയധികം ആഗ്രഹവും ആവേശവുമുണ്ടായിരുന്നു. പക്ഷെ, വാഹനത്തിനോ വഴിച്ചിലവുകൾക്കോ ഒരു കഴിവും അവർക്കുണ്ടായിരുന്നില്ല. അവർ നബി (ﷺ) യുടെ അടുക്കൽ വന്ന് വല്ല വിധേനയും തങ്ങൾക്ക് വാഹനത്തിന് മാർഗ്ഗമുണ്ടാക്കിത്തന്ന് തങ്ങളെക്കൂടി കൊണ്ട് പോകണമെന്നപേക്ഷിച്ചു. നിങ്ങളെ സഹായിച്ച് കൂടെക്കൊണ്ട് പോകുവാനുള്ള വകയൊന്നും എൻെറ പക്കൽ ഇല്ലെന്ന് നബി (ﷺ) പറഞ്ഞപ്പോൾ, അവർ വ്യസനം താങ്ങുവാൻ കഴിയാതെ കരഞ്ഞ് കണ്ണുനീരൊഴുക്കിക്കൊണ്ട് തിരിച്ച് പോകേണ്ടിവന്നു. ഇവരെപ്പറ്റിയാണ് അതിലെ പരാമർശം. ഈ സഹാബികൾ بكاءون (അധികമായി കരഞ്ഞവർ) എന്ന പേരിൽ അറിയപ്പെട്ടിരുന്നു. ധനവും, കഴിവുമുണ്ടായിരുന്നിട്ടും ഉപായങ്ങൾ പറഞ്ഞൊപ്പിച്ച് ഒഴിവാകുവാൻ ശ്രമിക്കുകയും, അങ്ങനെ സ്ത്രീകളെപ്പോലെ വീട്ടിൽ അടഞ്ഞിരിക്കുവാൻ ഇഷ്ടപ്പെടുകയും ചെയ്തവരുടെ ഒഴികഴിവുകളാണ് സ്വീകാര്യമല്ലാത്തത്: അവരുടെ മേൽ നടപടി എടുക്കുക തന്നെ വേണം; അവരുടെ ഹൃദയങ്ങളിലേക്ക് നന്മകൾ പ്രവേശിക്കാത്തവിധം അവ അടഞ്ഞ് പോയിരിക്കുന്നു;

അതിനാൽ അവർക്ക് കാര്യത്തിൻെറ ഗൗരവത്തെക്കുറിച്ചോ, തങ്ങളുടെ ഗുണത്തെക്കുറിച്ചോ അറിയുവാൻ കഴിയുകയില്ല എന്നൊക്കെയാണ് 93-ാം വചനത്തിൽ പ്രസ്താവിക്കുന്നത്.

യുദ്ധത്തിൽ പങ്കെടുക്കുവാൻ ആഗ്രഹമുണ്ടായിരുന്നിട്ടും തക്കതായ കാരണം നിമിത്തം അതിന് സാധിക്കാതെ വന്നവർക്ക്-അവർ പങ്കെടുക്കാതെത്തന്നെ-അല്ലാഹു പ്രതിഫലം നൽകുന്നതാണെന്ന് പല ഹദീസുകളിലും വ്യക്തമായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. ഉദാഹരണമായി, അനസ് (رضي الله عنه) പറയുന്നു: ''മദീനായിൽ ചില ജനങ്ങളുണ്ട്: നിങ്ങൾ വല്ല താഴ്വരയും കടന്ന് പോകുകയോ, വഴി നടക്കുകയോ ചെയ്യുമ്പോഴൊക്കെ അവരും നിങ്ങളോടൊപ്പം ഉണ്ടാകാതിരിക്കുകയില്ല എന്ന് നബി (ﷺ) പറയുകയുണ്ടായി. സഹാബികൾ ചോദിച്ചു: ''അവർ മദീനായിലായിരിക്കുമ്പോഴുമോ?'' തിരുമേനി പറഞ്ഞു: ''അതെ, മുടുക്കുകൾ അവരെ തടഞ്ഞുവെച്ചിരിക്കുകയാണ്''. (ബു; മു.)

ജുസ്ഉ് 11

يَعۡتَذِرُونَ إِلَيۡكُمۡ إِذَا رَجَعۡتُمۡ إِلَيۡهِمۡۚ قُل لَّا تَعۡتَذِرُواْ لَن نُّؤۡمِنَ لَكُمۡ قَدۡ نَبَّأَنَا ٱللَّهُ مِنۡ أَخۡبَارِكُمۡۚ وَسَيَرَى ٱللَّهُ عَمَلَكُمۡ وَرَسُولُهُۥ ثُمَّ تُرَدُّونَ إِلَىٰ عَٰلِمِ ٱلۡغَيۡبِ وَٱلشَّهَٰدَةِ فَيُنَبِّئُكُم بِمَا كُنتُمۡ تَعۡمَلُونَ ﴿٩٤﴾

94 നിങ്ങൾ അവരുടെ അടുക്കലേക്ക് മടങ്ങി (എത്തി)യാൽ അവർ നിങ്ങളോട് ഒഴികഴിവു പറയുന്നതാണ്. (അവരോടു) പറയുക: ''നിങ്ങൾ ഒഴികഴിവു പറയേണ്ട; നിങ്ങളെ ഞങ്ങൾ വിശ്വസിക്കുകയേ ഇല്ല; (കാരണം) നിങ്ങളുടെ വർത്തമാനങ്ങളിൽ നിന്നു(ചിലതൊക്കെ) അല്ലാഹു ഞങ്ങൾക്കു വിവരമറിയിച്ചിട്ടുണ്ട്. വഴിയെ നിങ്ങളുടെ പ്രവർത്തനം (എന്താണെന്ന്) അല്ലാഹുവും, അവൻെറ റസൂലും കാണുന്നതുമാണ്. പിന്നീട്, അദൃശ്യവും ദൃശ്യവും അറിയുന്നവനിലേക്കു നിങ്ങൾ മടക്കപ്പെടുകയും ചെയ്യും. അപ്പോൾ, നിങ്ങൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതിനെക്കുറിച്ച് അവൻ നിങ്ങൾക്കു വിവരം നൽകും.

---

94 **يعتذرونَ** അവർ ഒഴികഴിവ് പറയും. **إليكُم** നിങ്ങളിലേക്ക് (വന്ന്), നിങ്ങളോട്. **إذَا رجعتم** നിങ്ങൾ മടങ്ങിയാൽ. **إليهم** അവരിലേക്ക്. **قُل** പറയുക. **لا تعتذروا** നിങ്ങൾ ഒഴികഴിവ് പറയേണ്ട. **لن نؤمن** ഞങ്ങൾ വിശ്വസിക്കുകയേ ഇല്ല, വിശ്വസിക്കയില്ല തന്നെ. **لكُم** നിങ്ങളെ. **قد نبأنا** ഞങ്ങൾക്ക് വിവരം അറിയിച്ചിട്ടുണ്ട്, വർത്തമാനം നൽകിയിട്ടുണ്ട്. **الله** അല്ലാഹു. **من أخباركُم** നിങ്ങളുടെ വർത്തമാനങ്ങളിൽ നിന്ന് (ചിലത്). **وسيرى** വഴിയെ കാണുകയും ചെയ്യും. **الله** അല്ലാഹു. **عملكُم** നിങ്ങളുടെ പ്രവൃത്തിയെ, പ്രവർത്തനം. **ورسوله** അവൻെറ റസൂലും. **ثُم** പിന്നീട്. **تردونَ** നിങ്ങൾ മടക്കപ്പെടും, ആക്കപ്പെടും. **إلى عالم** അറിയുന്നവനിലേക്ക്. **الغيب** അദൃശ്യത്തെ, മറഞ്ഞ കാര്യം. **والشهادة** ദൃശ്യത്തെയും, വെളിവായതും. **فينبئكُم** അപ്പോൾ അവൻ നിങ്ങളെ വിവരമറിയിക്കും, ബോധപ്പെടുത്തും. **بما كُنتم** നിങ്ങളായിരുന്നതിനെക്കുറിച്ച്. **تعملونَ** നിങ്ങൾ പ്രവർത്തിക്കും.

കഴിഞ്ഞ വചനത്തിൽ പ്രസ്താവിച്ചവരെ കഴിവുണ്ടായിരിന്നിട്ടും പടയെടുപ്പിൽ പങ്കെടുക്കാതെ പിന്തി നിന്നവരെപ്പറ്റിയാണ് പ്രസ്താവിക്കുന്നത്. നബി (ﷺ) യും സഹാബികളും തബൂക്കിൽനിന്ന് തിരിച്ചെത്തിയാൽ ഓരോ ഒഴികഴിവുകളുമായി അവർ മുമ്പോട്ട് വരുമെന്നും, അപ്പോൾ അവരോട് ഇന്നിന്നപ്രകാരം പറയണമെന്നും അല്ലൂഹു നബി (ﷺ) യെ അറിയിക്കുന്നു. നിങ്ങളുടെ ഈ ഒഴികഴിവുകളൊന്നും ഞങ്ങൾക്ക് കേൾക്കേണ്ട, ഞങ്ങൾ നിങ്ങളെ വിശ്വസിക്കുവാൻ

പോകുന്നില്ല. നിങ്ങളുടെ യഥാർത്ഥ നിലയെപ്പറ്റി അല്ലാഹു ഞങ്ങൾക്ക് അറിവ്തന്നിട്ടുണ്ട്. അതുകൊണ്ട് നിങ്ങളുടെ ഒഴികഴിവുകൾ ഒന്നും സ്വീകാര്യമല്ല. അതിരിക്കട്ടെ, മേലിൽ നിങ്ങൾ എന്ത് നിലപാടാണ് സ്വീകരിക്കുന്നത് –ഈ കപടനില തന്നെ തുടരുമോ, അതല്ല, അതിൽനിന്ന് ഖേദിച്ച് മടങ്ങി മേലിൽ നന്നായിത്തീരുമോ എന്നൊക്കെ- കണ്ടറിഞ്ഞശേഷം അതനുസരിച്ച് അല്ലാഹുവും റസൂലും നിങ്ങളോട് പെരുമാറുന്നതാണ്. എല്ലാ രഹസ്യപരസ്യങ്ങളും അറിയുന്ന അല്ലാഹുവിങ്കലേക്കാണല്ലോ നിങ്ങൾ മടങ്ങിച്ചെല്ലുന്നത്. അപ്പോൾ നിങ്ങളുടെ പ്രവൃത്തികൾക്കനുസരിച്ചുളള നടപടി അവൻ സ്വീകരിക്കുന്നതും, അത് നിങ്ങളെ അവൻ ബോധ്യപ്പെടുത്തുന്നതുമാകുന്നു എന്നൊക്കെയാണ് മറുപടിയുടെ ചുരുക്കം. അല്ലാഹു തുടരുന്നു:

95 നിങ്ങൾ അവരിലേക്കു തിരിച്ചെത്തിയാൽ - നിങ്ങൾ അവരെക്കുറിച്ചു (നിരാക്ഷേപം) തിരിഞ്ഞു കളയുവാൻവേണ്ടി-വഴിയെ അവർ നിങ്ങളോട് അല്ലാഹുവിനെക്കൊണ്ടു ശപഥം ചെയ്യും. എന്നാൽ, നിങ്ങൾ അവരെക്കുറിച്ച് (അവഗണിച്ചു) തിരിഞ്ഞു കളയുവിൻ. നിശ്ചയമായും അവർ, വൃത്തികെട്ടവരാകുന്നു; അവരുടെ സങ്കേതമാകട്ടെ, 'ജഹന്നമും' [നരകവും] ആകുന്നു; അവർ പ്രവർത്തിച്ചു (സമ്പാദിച്ചു) കൊണ്ടിരിക്കുന്നതിനു പ്രതിഫലമായിട്ട്.

سَيَحْلِفُونَ بِٱللَّهِ لَكُمْ إِذَا ٱنقَلَبْتُمْ إِلَيْهِمْ لِتُعْرِضُوا۟ عَنْهُمْ ۖ فَأَعْرِضُوا۟ عَنْهُمْ ۖ إِنَّهُمْ رِجْسٌ ۖ وَمَأْوَىٰهُمْ جَهَنَّمُ جَزَآءًۢ بِمَا كَانُوا۟ يَكْسِبُونَ ﴿٩٥﴾

96 നിങ്ങൾ അവരെക്കുറിച്ചു തൃപ്തിപ്പെടുവാൻ വേണ്ടി അവർ നിങ്ങളോട് ശപഥം ചെയ്യുന്നു. എന്നാൽ, നിങ്ങൾ അവരെക്കുറിച്ചു തൃപ്തിപ്പെടുന്ന പക്ഷം, നിശ്ചയമായും അല്ലാഹു (ആ) തോന്നിയവാസികളെക്കുറിച്ച് തൃപ്തിപ്പെടുകയില്ല.

يَحْلِفُونَ لَكُمْ لِتَرْضَوْا۟ عَنْهُمْ ۖ فَإِن تَرْضَوْا۟ عَنْهُمْ فَإِنَّ ٱللَّهَ لَا يَرْضَىٰ عَنِ ٱلْقَوْمِ ٱلْفَـٰسِقِينَ ﴿٩٦﴾

---

95 **سيحلفُونَ** വഴിയെ അവർ സത്യം (ശപഥം) ചെയ്യും. **بالله** അല്ലാഹുവിനെക്കൊണ്ട്. **لَكُم** നിങ്ങളോട്. **إذَا انقلَبتم** നിങ്ങൾ തിരിഞ്ഞു (തിരിച്ചു) വന്നാൽ. **إليهم** അവരിലേക്ക്. **لتعرضوا** നിങ്ങൾ തിരിഞ്ഞു കളയുവാൻ വേണ്ടി. **عنهم** അവരെക്കുറിച്ച്. **فَأعرضوا** എന്നാൽ (അതിനാൽ) നിങ്ങൾ തിരിഞ്ഞു (അവഗണിച്ചു) കളയുവിൻ. **عنهم** അവരെപ്പറ്റി.. **إنهم** നിശ്ചയമായും അവർ. **رجس** മ്ളേച്ഛമാണ്, വൃത്തികെട്ടവരാണ്. **ومأواهم** അവരുടെ സങ്കേതമാകട്ടെ,. **جهنم** ജഹന്നമാകുന്നു. **جزاءً** പ്രതിഫലമായിട്ട്. **بما كانوا** അവർ ആയിരുന്നതിന്. **يكْسِبونَ** അവർ സമ്പാദിക്കും, പ്രവർത്തിക്കുക. 96 **يحلفُونَ** അവർ സത്യം (ശപഥം) ചെയ്യും (ചെയ്യുന്നു). **لَكُم** നിങ്ങളോട്. **لترضوا** നിങ്ങൾ തൃപ്തിപ്പെടുവാൻ വേണ്ടി. **عنهم** അവരെക്കുറിച്ച്. **فَإِن ترضوا** ഇനി (എന്നാൽ, അങ്ങിനെ) നിങ്ങൾ തൃപ്തിപ്പെടുന്ന പക്ഷം. **عنهم** അവരെക്കുറിച്ച്. **فَإِن الله** എന്നാൽ നിശ്ചയമായും അല്ലാഹു. **لا يرضى** അവൻ തൃപ്തിപ്പെടുകയില്ല. **عن القوم** ജനങ്ങളെക്കുറിച്ച്. **الْفَاسقين** തോന്നിയവാസികളായ.

നിങ്ങൾ അവരുടെ കുറ്റം നിസ്സാരമാക്കണം, അവരെക്കുറിച്ച് നിങ്ങൾ തൃപ്തരാവണം, അഥവാ നിങ്ങളിൽ നിന്ന് അവരുടെ നേരെ ആക്ഷേപവും പ്രതിഷേധവും ഉണ്ടാവരുത് എന്നൊക്കെയാണ് ആ വൃത്തികെട്ടവരുടെ ഉദ്ദേശ്യം. അതിന് വേണ്ടിയാണവർ അല്ലാഹുവിൻെറ നാമത്തിൽ സത്യം ചെയ്തുകൊണ്ട് ഒഴികഴിവുകൾ സമർപ്പിക്കുന്നത്. നിങ്ങൾ അവരെപ്പറ്റി തൃപ്തിപ്പെട്ടാൽപോലും അല്ലാഹു അവരെപ്പറ്റി തൃപ്തിപ്പെടുവാൻ പോകുന്നില്ല. തോന്നിയവാസികളും ദുർന്നടപ്പുകാരുമാണവർ, അതുകൊണ്ട് അവരെ ഗുണദോഷിക്കുവാനും മറ്റും മിനക്കെടാതെ നിങ്ങൾ അവ

ഗണിച്ച് തള്ളിയേക്കുക. അവരോട് ചെയ്യേണ്ടത് അല്ലാഹു ചെയ്തുകൊള്ളും എന്ന് സാരം.

97 ‘അഅ്റാബി’[മരുഭൂ വാസി)കൾ, അവിശ്വാസവും കപട വിശ്വാസവും കൂടുതൽ കഠിനമായവരാകുന്നു; അല്ലാഹു അവന്റെ റസൂലിന്റെ മേൽ അവതരിപ്പിച്ചതിന്റെ പരിധികളെ അറിയാതിരിക്കുവാൻ കൂടുതൽ അവകാശപ്പെട്ടവരുമാകുന്നു. അല്ലാഹു (എല്ലാം) അറിയുന്നവനും, അഗാധജ്ഞനുമാണ്.

ٱلْأَعْرَابُ أَشَدُّ كُفْرًا وَنِفَاقًا وَأَجْدَرُ أَلَّا يَعْلَمُوا۟ حُدُودَ مَآ أَنزَلَ ٱللَّهُ عَلَىٰ رَسُولِهِۦ ۗ وَٱللَّهُ عَلِيمٌ حَكِيمٌ ﴿٩٧﴾

---

97 **الأعراب** അഅ്റാബികൾ. **أشد** അധികം കഠിനമായ (കടുത്ത)വരാണ്. **كُفْرا** അവിശ്വാസം, അവിശ്വാസത്താൽ. **ونِفاقًا** കാപട്യവും, കാപട്യത്താലും. **وأجدر** അധികം അവകാശ (തര)പ്പെട്ടവരുമാണ്. **ألا يعلموا** അറിയാതിരിക്കുവാൻ. **حدود** അതിർത്തി (പരിധി)കളെ. **ما أنزلَ الله** അല്ലാഹു ഇറക്കിയതിന്റെ. **على رسوله** അവന്റെ റസൂലിന്റെ മേൽ. **والله** അല്ലാഹു. **عليم** (എല്ലാം) അറിയുന്നവനാണ്. **حكيم** അഗാധജ്ഞനാണ്, യുക്തിമാനാണ്..

മരുഭൂവാസികളായ അറബികളെപ്പറ്റിയാണ് ‘അഅ്റാബി’കൾ (الأعراب) എന്ന് പറയപ്പെടുന്നതെന്ന് മുമ്പ് പറഞ്ഞുവല്ലോ. പട്ടണങ്ങളിലും, പരിസരങ്ങളിലും വസിക്കുന്നവർക്ക് ‘അറബി’കൾ (العرب) എന്ന് പറയപ്പെടും. അറബികളിലുള്ള സത്യവിശ്വാസികളെക്കുറിച്ചും കപടവിശ്വാസികളെക്കുറിച്ചും പലതും പ്രസ്താവിച്ചതിനെ തുടർന്ന് അഅ്റാബികളുടെ പൊതുസ്ഥിതി വിവരിക്കുകയാണ്. സ്വഭാവത്തിലും പെരുമാറ്റത്തിലും പരുഷത, ഇണക്കമില്ലായ്മ, പാരമ്പര്യങ്ങളും അന്ധവിശ്വാസങ്ങളും കൈവിടുന്നതിലുള്ള മടി, ജ്ഞാന സമ്പാദന മാർഗ്ഗങ്ങളുടെ വിരളത, ശിക്ഷണ പരിശീലനങ്ങളുടെ അഭാവം, ജനസമ്പർക്കത്തിന്റെ പോരായ്മ എന്നിത്യാദി കാരണങ്ങളാൽഅഅ്റാബികളുടെ ഹൃദയം സ്വാഭാവികമായും കടുപ്പം കൂടിയതും പരുക്കനുമായിരിക്കും. അതാണ് അവർ അവിശ്വാസത്തിലും കാപട്യത്തിലും കൂടുതൽ കഠിനമായിരിക്കുവാനും, അല്ലാഹു അവതരിപ്പിച്ച നിയമനിർദ്ദേശങ്ങളുടെ പരിധികളെപ്പറ്റി കൂടുതൽ അജ്ഞരായിരിക്കുവാനും കാരണം. മറ്റുള്ള അറബികളെപ്പോലെ നബി (ﷺ) യുമായും സത്യവിശ്വാസികളുമായും സമ്പർക്കം പുലർത്തിക്കൊണ്ടിരിക്കുവാനോ, അവരിൽ നിന്ന് ഖുർആനും സദുപദേശങ്ങളും കേട്ട് പരിചയിക്കുവാനോ ഉള്ള അവസരവും അവർക്ക് കുറവായിരിക്കുമല്ലോ.

സൂ: ഫത്ഹിലും, സൂ: ഹുജുറാത്തിലും അഅ്റാബികളെപ്പറ്റിയും, അവരുടെ പരുക്കൻ സ്വഭാവങ്ങളെപ്പറ്റിയും ചില പരാമർങ്ങൾ കാണാവുന്നതാണ്. ഇബ്നു അബ്ബാസ് (رضي الله عنه) ൽ നിന്ന് നിവേദനം ചെയ്യപ്പെട്ട ഒരു നബി വചനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു: ‘‘ആരെങ്കിലും മരുഭൂമിയിൽ വസിച്ചാൽ അവൻ ഇണക്കമില്ലാത്തവനാകും, ആരെങ്കിലും വേട്ടയാന്റെ പിന്തുടർന്നാൽ അവൻ അശ്രദ്ധനാകും, ആരെങ്കിലും സുൽത്താന്റെ (ഭരണാധികാരിയുടെ) അടുക്കൽ ചെന്ന് കൂടിയാൽ അവൻ കുഴപ്പത്തിന് വിധേയനാകും’’ (അ; ദാ; തി; ന.) ആയിശാ (رضي الله عنها) പറയുകയാണ്: റസൂൽ (ﷺ) തിരുമേനിയുടെ അടുക്കൽ അഅ്റാബികളിൽപെട്ട കുറെ ആളുകൾ വരികയുണ്ടായി. അവർ (സംഭാഷണ മദ്ധ്യെ) ചോദിച്ചു: ‘‘നിങ്ങൾ നിങ്ങളുടെ ശിശുക്കളെ ചുംബിക്കാറുണ്ടോ’’ ആളുകൾ ‘അതെ’ എന്ന് ഉത്തരം പറഞ്ഞു. അപ്പോൾ അവർ പറഞ്ഞു: ‘‘അല്ലാഹുവിനെത്തന്നെയാണ് ഞങ്ങൾ ചുംബിക്കാറില്ല.’’ അപ്പോൾ റസൂൽ (ﷺ) പറഞ്ഞു: ‘‘നിങ്ങളുടെ ഹൃദയങ്ങളിൽ നിന്ന്അല്ലാഹു കാരുണ്യത്തെ നീക്കി കളഞ്ഞിട്ടുണ്ടെങ്കിൽ എനിക്ക് വല്ലതും ചെയ്വാൻ കഴിയുമോ?!’’ (ബു; മു.) അഅ്റാബികളുടെ പൊത് നില വിവരിച്ചശേഷം, എന്നാലും അവരിൽ രണ്ടുതരം ആളുകളുണ്ടെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു:-

وَمِنَ ٱلْأَعْرَابِ مَن يَتَّخِذُ مَا يُنفِقُ مَغْرَمًا وَيَتَرَبَّصُ بِكُمُ ٱلدَّوَآئِرَ ۚ عَلَيْهِمْ دَآئِرَةُ ٱلسَّوْءِ ۗ وَٱللَّهُ سَمِيعٌ عَلِيمٌ ﴿٩٨﴾

98 'അഅ്റാബി'കളിലുണ്ടു ചിലർ: തങ്ങൾ ചിലവഴിക്കുന്നതിനെ അവർ ഒരു നഷ്ട ബാധയാക്കിത്തീർക്കുന്നു; നിങ്ങളിൽ അവർ കാലദോഷങ്ങൾ [ആപത്തുകൾ] പ്രതീക്ഷിക്കുകയും ചെയ്യുന്നു. ദുഷിച്ച കാലദോഷം അവരുടെമേൽ ഉണ്ടാവട്ടെ! അല്ലാഹു (എല്ലാം) കേൾക്കുന്നവനും, അിറയുന്നവനുമാകുന്നു.

وَمِنَ ٱلْأَعْرَابِ مَن يُؤْمِنُ بِٱللَّهِ وَٱلْيَوْمِ ٱلْءَاخِرِ وَيَتَّخِذُ مَا يُنفِقُ قُرُبَٰتٍ عِندَ ٱللَّهِ وَصَلَوَٰتِ ٱلرَّسُولِ ۚ أَلَآ إِنَّهَا قُرْبَةٌ لَّهُمْ ۚ سَيُدْخِلُهُمُ ٱللَّهُ فِى رَحْمَتِهِۦٓ ۗ إِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿٩٩﴾

99 'അഅ്റാബി'കളിലുണ്ട് ചിലരും; അവർ അല്ലാഹുവിലും, അന്ത്യനാളിലും വിശ്വസിക്കുന്നു; തങ്ങൾ ചിലവഴിക്കുന്നതിനെ അവർ, അല്ലാഹുവിൻെറ അടുക്കൽ (സാമീപ്യം സിദ്ധിക്കുന്ന) പുണ്യ കർമ്മങ്ങളും, റസൂലിൻെറ പ്രാർത്ഥന (ക്കുള്ള വഴി) കളുമാക്കിത്തീർക്കുകയും ചെയ്യുന്നു. അറിയുക! നിശ്ചയമായും, അത് അവർക്ക് (സാമീപ്യം സിദ്ധിക്കുന്ന) പുണ്യകർമ്മമാകുന്നു വഴിയെ, അവരെ അല്ലാഹു അവൻെറ കാരുണ്യത്തിൽ പ്രവേശിപ്പിക്കുന്നതാണ്. നിശ്ചയമായും അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

---

98 **ومن الأعراب** അഅ്റാബികളിലുണ്ട് മരുഭൂവാസികളിൽ പെട്ടതാണ്. **من** യാതൊരുവർ, ചിലർ. **يتخذ** അവൻ (അവർ) ആക്കിത്തീർക്കും. **ما ينفق** താൻ ചിലവഴിക്കുന്നത്. **مغرما** ഒരു നഷ്ടഭാരം, കടബാദ്ധ്യത. **ويتربص** പ്രതീക്ഷിക്കുകയും, കാത്തിരിക്കുകയും. **بكم** നിങ്ങളിൽ, നിങ്ങൾക്ക്. **الدوائر** കാലദോഷ (കാലചക്ര)ങ്ങളെ, ആപത്തുകളെ. **عليهم** അവരുടെ മേലുണ്ട്, അവരിലുണ്ടാവട്ടെ. **دائرة** കാലദോഷം (കാലചക്രം), ആപത്ത്. **السوء** തിന്മയുടെ (ദുഷിച്ച). **والله** അല്ലാഹു. **سميع** കേൾക്കുന്നവനാണ്. **عليم** അറിയുന്നവനാണ്.. 99 **ومن الأعراب** അഅ്റാബികളിലുണ്ട്. **من يؤمن** വിശ്വസിക്കുന്നവർ. **بالله** അല്ലാഹുവിലും. **واليوم الآخر** അന്ത്യനാളിലും. **ويتخذ** ആക്കുകയും. **ما ينفق** താൻ (തങ്ങൾ) ചിലവഴിക്കുന്നത്. **قربات** സാമീപ്യം സിദ്ധിക്കുന്ന കാര്യങ്ങൾ, പുണ്യകർമ്മങ്ങൾ. **عند الله** അല്ലാഹുവിൻെറ അടുക്കൽ. **وصلوات** പ്രാർത്ഥനകളും, ആശീർവാദങ്ങളും. **الرسول** റസൂലിൻെറ. **ألا** അല്ലാ, അറിയുക. **إنها** നിശ്ചയമായും അത്. **قربة** സാമീപ്യകർമ്മം (പുണ്യകർമ്മം) ആകുന്നു. **لهم** അവർക്ക്. **سيدخلهم** വഴിയെ അവരെ പ്രവേശിപ്പിക്കും. **الله** അല്ലാഹു. **في رحمته** തൻെറ കാരുണ്യത്തിൽ. **إن الله** നിശ്ചയമായും അല്ലാഹു. **غفور** വളരെ പൊറുക്കുന്നവനാണ്. **رحيم** കരുണാനിധിയുമാണ്.

സ്വന്തം കാരണത്താലല്ലാതെ-പുറമെ നിന്നുള്ള വല്ല കാരണത്താലും-ഏർപ്പെടുന്ന ധനനഷ്ടത്തിനാണ് **مغرم** (നഷ്ടബാധ-കടഭാരം) എന്ന് പറയുന്നത്. **دائرة** എന്ന വാക്കിൻെറ ബഹുവചനമാണ് **دوائر** ''ചുറ്റിതിരിയുന്നത്, വൃത്തം, ചക്രം'' എന്നൊക്കെയാണ് അതിൻെറ വാക്കർത്ഥം. കാലാന്തരങ്ങളിലൂടെയുണ്ടാകുന്ന സംഭവഗതികളെപ്പറ്റി 'കാലചക്രം' എന്ന്മലയാളത്തിൽ പറയാറുള്ളതുപോലെ, കാലഗതികൾക്കനുസരിച്ചുണ്ടാകുന്ന ആപത്തുകളെ ഉദ്ദേശിച്ച് അറബിയിൽ ആ വാക്ക് ഉപയോഗിക്കുന്നു.**عليهم دائرة السوء** (അവരുടെ മേൽ ദുഷിച്ച കാലദോഷം-അഥവാ ആപത്ത്-ഉണ്ടായിരിക്കട്ടെ) എന്ന വാക്യം അവർക്കെതിരെ പ്രാർത്ഥനാരൂപത്തിലുള്ള ഒരു ഇടവാക്യമാ

കുന്നു. ഒരു കൂട്ടരെപ്പറ്റി ആക്ഷേപിക്കുകയോ, പ്രതിഷേധിക്കുകയോ ചെയ്യുമ്പോൾ, സന്ദർഭത്തിനനുസരിച്ച് അവർക്കെതിരിൽ ഇങ്ങനെയുള്ള വല്ല പ്രാർത്ഥനാ വാക്യങ്ങൾ ഉപയോഗിക്കുന്നത് അറബി സാഹിത്യത്തിലെ ഒരു ശൈലിയാകുന്നു.

ആദ്യത്തെ വചനത്തിൽ അഅ്റാബികളിലുള്ള കപടവിശ്വാസികളെപ്പറ്റിയാണ് പ്രസ്താവിക്കുന്നത്. അല്ലാഹുവിൻെറ മാർഗ്ഗത്തിൽ വല്ലതും അവർ ചിലവഴിക്കേണ്ടിവരുമ്പോൾ അത് സദുദ്ദേശ്യത്തോടുകൂടി ചെയ്കയില്ല. വല്ല പിഴയോ, കൈക്കൂലിയോ പോലെയുള്ള ഒരു നഷ്ടഭാരം താങ്ങേണ്ടി വന്നാലത്തെ മാതിരി- മനമില്ലാമനസ്സോടെയായിരിക്കും ചിലവഴിക്കുക. മുസ്ലീംകളുടെ നില ഭദ്രമല്ല, അധികം താമസിയാതെ അറബികളുടെ കൈക്കോ മറ്റോ അവർക്ക് ആപത്തുകൾ നേരിടുവാനിരിക്കുന്നു, അതുവരെ മാത്രമേ തങ്ങൾ മുസ്ലീം വേഷമണിഞ്ഞും നടക്കേണ്ടതുള്ളു എന്നൊക്കെ അവർ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. എന്നാൽ, യഥാർത്ഥത്തിൽ സംഭവിക്കുവാൻ പോകുന്നത് അതല്ല. അവരുടെ പ്രതീക്ഷക്ക് നേരെ വിപരീതമായിരിക്കും സംഭവിക്കുക. അല്ലാഹുവിന് ഒന്നും അജ്ഞാതമല്ല. എല്ലാം അവൻ അറിഞ്ഞുകൊണ്ട് തന്നെയായിരുന്നു എന്നൊക്കെയാണ് അവരെപ്പറ്റി പ്രസ്താവിച്ചതിൻെറ താൽപര്യം.

രണ്ടാമത്തെ വചനത്തിൽ, കപടവിശ്വാസികളല്ലാത്ത യഥാർത്ഥ സത്യവിശ്വാസികളും അഅ്റാബികളിലുണ്ടെന്നും, അവരുടെ നില നേരെ മറിച്ചാണെന്നും ചൂണ്ടിക്കാട്ടുന്നു. അവർ യുദ്ധകാര്യങ്ങളിലും മറ്റു ധനം ചിലവഴിക്കുന്നത് അല്ലാഹുവിങ്കൽ സ്വീകാര്യമായ പുണ്യകർമ്മമായിത്തീരണമെന്നും, നബി (ﷺ) തങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ കാരണമായിത്തീരണമെന്നും ഉദ്ദേശിച്ചായിരിക്കും. അവരുടെ ഉദ്ദേശ്യം പോലെത്തന്നെ അല്ലാഹു അത് അംഗീകരിക്കുകയും, അവർക്ക് പാപമോചനവും കാരുണ്യവും നൽകുകയും ചെയ്യും. ഇതാണ് അവരെപ്പറ്റി പറഞ്ഞതിൻെറ ചുരുക്കം. (അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ദാനധർമ്മങ്ങൾ ചെയ്യുന്നവർക്കുവേണ്ടി നബി (ﷺ) പ്രാർത്ഥിക്കുന്നതിനെക്കുറിച്ച് 103-ാം വചനത്തിൽ പ്രസ്താവിക്കുന്നുണ്ട്.)

വിഭാഗം-13

وَٱلسَّٰبِقُونَ ٱلْأَوَّلُونَ مِنَ ٱلْمُهَٰجِرِينَ وَٱلْأَنصَارِ وَٱلَّذِينَ ٱتَّبَعُوهُم بِإِحْسَٰنٍ رَّضِىَ ٱللَّهُ عَنْهُمْ وَرَضُوا۟ عَنْهُ وَأَعَدَّ لَهُمْ جَنَّٰتٍ تَجْرِى تَحْتَهَا ٱلْأَنْهَٰرُ خَٰلِدِينَ فِيهَآ أَبَدًا ۚ ذَٰلِكَ ٱلْفَوْزُ ٱلْعَظِيمُ ﴿١٠٠﴾

100 'മുഹാജിറു'കളിൽ നിന്നും, 'അൻസാരി' കളിൽ നിന്നും ആദ്യത്തേവരായ മുൻകടന്നവരും, (നിഷ്കളങ്കം) സുകൃതം ചെയ്തുകൊണ്ട് അവരെ പിൻതുടർന്നവരും, അവരെക്കുറിച്ച് അല്ലാഹു തൃപ്തിപ്പെട്ടിരിക്കുന്നു; അവർ അവനെക്കുറിച്ചും തൃപ്തിപ്പെട്ടിരിക്കുന്നു; അടിഭാഗത്ത് അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗങ്ങളെ അവർക്കു വേണ്ടി അവൻ ഒരുക്കി വെക്കുകയും ചെയ്തിരിക്കുന്നു; അതിൽ (അവർ) എന്നെന്നും നിത്യവാസികളായിക്കൊണ്ട്. അതത്രെ വമ്പിച്ച ഭാഗ്യം!

---

100 **والسابِقُونَ** മുൻകടന്ന (മുന്നോട്ടുവന്ന)വർ. **الأولُونَ** ആദ്യത്തേ(ഒന്നാമത്തെ) വരായ. **من المهاجِرين** മുഹാജിറുകളിൽ (ഹിജ്റപോയവരിൽ) നിന്ന്. **والأنصار** അൻസാരി (സഹായി)കളിൽ നിന്നും. **والذين اتبعوهم** അവരെ പിന്തുടർന്നവരും. **بِإحسان** നന്മ ചെയ്തുകൊണ്ട്, സുകൃതം ചെയ്തുകൊണ്ട്. **رضي اللهُ** അല്ലാഹു തൃപ്തിപ്പെട്ടിരിക്കുന്നു. **عنهم** അവരെപ്പറ്റി. **ورضوا** അവരും തൃപ്തിപ്പെട്ടിരിക്കുന്നു. **عنه** അവനെപ്പറ്റി. **وأعد** അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. **لهم** അവർക്ക്. **جنات** സ്വർഗ്ഗങ്ങളെ. **تجري** ഒഴുകുന്നു, നടക്കും. **تحتها** അതിൻെറ (അവയുടെ) താഴ്ഭാഗത്ത്. **الأنهار**

അരുവി (നദി)കൾ. **خالدين** നിത്യവാസികളായികൊണ്ട്. **فيها** അതിൽ, അവയിൽ. **أبدا** എക്കാലവും, എന്നെന്നും. **ذَلك الْفَوز** അതത്രെ ഭാഗ്യം, അതു ഭാഗ്യമത്രെ. **العظيم** വമ്പിച്ച, മഹത്തായ.

കപടവിശ്വാസികളെക്കുറിച്ചും മറ്റും പലതും പ്രസ്താവിച്ചശേഷം,നബി (സ)തിരുമേനിയൊന്നിച്ച് അച്ചടക്കത്തോടും .സർവ്വസന്നദ്ധതയോടും കൂടി സദാ വർത്തിച്ച് പോരുന്ന സഹാബികളെക്കുറിച്ച് അല്ലാഹു പുകഴ്ത്തിപ്പറയുകാണ്. മദീനായിലേക്ക് ഹിജ്റ പോന്ന സത്യവിശ്വാസികളാണ് മുഹാജിറുകൾ. നബി (ﷺ) യെയും അവരെയും ഇസ്‌ലാമിനെയും അതീവ താൽപര്യത്തോടെ സഹായിച്ച മദീനായിലെ സത്യവിശ്വാസികളാണ് അൻസാരികൾ. ഇവരിൽ ഇസ്‌ലാമിലേക്കും, ഇസ്ലാമിക സേവനങ്ങളിലേക്കും ആദ്യമാദ്യം മുമ്പോട്ട് വന്നവരെക്കുറിച്ചാണ് മുൻകടന്നവർ (**السابقون**) എന്ന് പറഞ്ഞത്. ആദ്യമാദ്യം സത്യവിശ്വാസവും ത്യാഗസന്നദ്ധതയും സ്വീകരിച്ചവർക്ക് പ്രമുഖ സ്ഥാനവും കൂടുതൽ ശ്രേഷ്ഠതയുമുണ്ടെന്ന് വ്യക്തമാണല്ലോ. അതു കൊണ്ടാണ് ഒന്നാമതായി അവരെക്കുറിച്ച് പ്രസ്താവിച്ചത്. അതിനു ശേഷം, അവരുടെ മാതൃകകളെ പിൻപറ്റികൊണ്ട് ഇരു വിഭാഗത്തിലുമുള്ള എല്ലാവരെക്കുറിച്ചും രണ്ടാമതായും പ്രസ്താച്ചിരിക്കുന്നു. ഹിജ്റ ആറാം കൊല്ലത്തിൽ ഹുദൈബിയായിൽവെച്ച് നടന്ന പ്രസിദ്ധമായ സന്ധിക്കുമുമ്പ് ഹിജ്റ വന്ന സഹാബികളെ ഒന്നാം ഘട്ടക്കാരായ മുഹുജിറുകളായി പൊതുവെ എണ്ണപ്പെടുന്നു. അവരിൽതന്നെ ആദ്യമാദ്യം വന്നവരും പ്രധാന രംഗങ്ങളിൽ പങ്കുവഹിച്ചവരുമായ ആളുകൾക്ക് മുൻഗണന ഉണ്ട്താനും. നബീ (ﷺ) തിരുമേനിയുടെ പ്രവാചകത്വത്തിനുശേഷം പതിനൊന്നാം കൊല്ലത്തിൽ ഏഴുപേരും,പന്ത്രണ്ടാംകൊല്ലത്തിൽ എഴുപത് പുരുഷൻമാരും രണ്ട് സ്ത്രീകളുമടക്കം എഴുപത്തിരണ്ട് പേരും മദീനായിൽ നിന്ന് മക്കായിൽ വന്ന് നബി (ﷺ) യുമായി ബൈഅത്തുൽ അഖബ: എന്ന പേരിൽ അറിയപ്പെടുന്ന ഒര സ്വകാര്യ ഉടമ്പടി നടത്തിപ്പോയിരുന്നു. ഈ ഉടമ്പടിയിലെ അംഗങ്ങളാണ് അൻസാരികളിൽ പ്രഥമ സ്ഥാനം അർഹിക്കുന്നവർ. 'മുൻകടന്നവര്'(**السابقون**) എന്നതിനെപ്പറ്റി വേറെയും അഭിപ്രായമുണ്ടെങ്കിലും ഇപ്പറഞ്ഞതാണ് പൊതുവിൽ അംഗീകരിക്കപ്പെട്ട് വരുന്നത്.

മാഹുജിറുകളും അൻസാരികളുമായി നബി (ﷺ) യുടെ സഹാബികളായുള്ള എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ട് അവർക്ക് അല്ലാഹു നൽകുന്ന ബഹുമതി നോക്കുക! ഒന്നാമതായി; **رضى الله عنهم** (അല്ലാഹു അവരെക്കുറിച്ച് തൃപ്തിപ്പെട്ടിരിക്കുന്നു.) അതെ, അവരുടെ വിശ്വാസത്തിലും പ്രവൃത്തിയിലും, സ്ഥിതിഗതികളിലുമെല്ലാം തന്നെ അവരെക്കുറിച്ചു അല്ലാഹുവിന്നു തൃപ്തിയാണുള്ളത്. അങ്ങനെ, അവൻെറ മഹത്തായ കാരുണ്യത്തിന്നും, അനുഗ്രഹങ്ങൾക്കും അവർ പാത്രമായിരിക്കുന്നു. രണ്ടാമതായി; **ورضوا عنه** (അവർ അവനെക്കുറിച്ചും തൃപ്തിപ്പെട്ടിരിക്കുന്നു) അതെ, ഇഹത്തിലും പരത്തിലും അല്ലാഹു തങ്ങൾക്കുനൽകുന്ന അനുഗ്രഹങ്ങളിൽ പരിപൂർണ്ണമായ സംതൃപ്തിയുള്ളവരും തികച്ചും സന്തുഷ്ടരുമാണവർ. ശിർക്കു കുഫ്റുകളിൽ നിന്നും അനാചാര ദുരാചാരങ്ങളിൽനിന്നും അവൻ അവരെ രക്ഷിച്ചു. അവരുടെ കൈക്ക് ഇസ്‌ലാമിനു വിജയവും അഭിവൃദ്ധിയും നൽകി. നിന്ദ്യനികൃഷ്ടമായ ജീവിത രീതിയിൽനിന്ന് ഉൽകൃഷ്ടവും പരിപാവനവുമായ ജീവിത രീതിക്ക് അവൻ അവരെ ഉത്തമ മാതൃകകളാക്കി. പരലോകത്തുവെച്ച് ലഭിക്കുവാനിരിക്കുന്ന സ്വർഗ്ഗീയാനുഗ്രഹങ്ങളും സ്ഥാനമാനങ്ങളുമാകട്ടെ, അവർണ്ണനീയവും! ഇതിൽപരം ഭാഗ്യം മറ്റെന്തുണ്ട്?! ഇല്ല. മറ്റൊന്നുമില്ല. അത് തന്നെ മഹത്തായ ഭാഗ്യം!
(**ذلك هو الفوز العظيم**)

അല്ലാഹുതന്നെ പറഞ്ഞതുപോലെ, മനുഷ്യർക്ക് ലഭിക്കുവാനിരിക്കുന്ന അതിമഹത്തായ ഈ ഭാഗ്യം-അല്ലാഹുഅവരെക്കുറിച്ചും അവർ അവനെക്കുറിച്ചും തൃപ്തിപ്പെടുകയെന്ന ഭാഗ്യം-സിദ്ധിച്ചവരും,അല്ലാഹുവിൻെറ നിരുപാധികമായ പ്രശംസക്ക് പാത്രീഭൂതരുമായ ആ സഹാബിവര്യന്മാരെപ്പറ്റി പൊതുവിലോ, അവരിൽപെട്ട ചിലരെപ്പറ്റി പ്രത്യേകമായോ പഴിവാക്കുകൾ ഉപയോഗിക്കുകയോ, അവർക്ക് അല്ലാഹു നൽകിയ ആ ബഹുമതികൾക്ക് നിരക്കാത്തവിധം അവ

രുടെ സ്ഥന പദവികളെ ഇടിച്ച് താഴ്ത്തുകയോ ചെയ്യുന്നത് എന്തുമാത്രം ധിക്കാരമായിരിക്കുമെന്ന് ആലോചിച്ചു നോക്കുക ! അതിന് ആരെങ്കിലും മുതിരുന്ന പക്ഷം-അവർ വ്യക്തികളോ, (ശീഅ: റാഫിളഃ പോലെയുള്ള) കക്ഷികളോ, മുൻകാലക്കാരോ, പിൻകാലക്കാരോ, ആരാവട്ടെ-അതിൻെറ അർത്ഥം അല്ലാഹു സഹാബികൾക്ക് നൽകിയ പ്രശംസകളെ അംഗീകരിക്കുവാൻ അവർ തയ്യാറില്ലെന്നാണല്ലോ. അതിൻെറ അനിവാര്യഫലമാകട്ടെ, അല്ലാഹുവിൻെറ കോപശാപവും, ശിക്ഷയുമല്ലാതെ മറ്റൊന്നുമല്ലതാനും.معاذ الله

സത്യവിശ്വാസത്തിലും ഇസ്ലാമിനെ സഹായിക്കുന്നതിലും ആദ്യമായി രംഗത്ത് വന്ന തലമുറയാണല്ലോ മുഹാജിറുകളും അൻസാരികളുമാകുന്ന സഹാബികളുടെ തലമുറ, അതുകൊണ്ട് ആദ്യമായി മുൻകടന്നവർ (السابقون الأولون) എന്ന വിശേഷണം സഹാബികളെ മുഴുവൻ ഉൾപ്പെടുത്തുന്നുവെന്നും ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു. ഇതനുസരിച്ച് സുകൃതം ചെയ്തുകൊണ്ട് അവരെ പിൻപറ്റിയവർ (الذين اتبعوهم باحسان) എന്ന് പറഞ്ഞതിൻെറ താൽപര്യം. സഹാബികളുടെ അടുത്ത തലമുറയും അവരെ പിൻപറ്റിപ്പോന്നവരുമായ 'താബിഉ'കൾ (التابعون) ആണെന്ന് ചിലരും, സഹാബികളെ യഥാവിധി പിൻപറ്റിപ്പോരുന്ന ഖിയാമത്തുവരെയുണ്ടാകുന്ന എല്ലാ സുകൃതവാന്മാരും അതിൽ ഉൾപ്പെടുമെന്ന് ചിലരും അഭിപ്രായപ്പെടുന്നു. പക്ഷെ, സഹാബികളെ പിൻപറ്റിവന്ന അടുത്ത തലമുറക്ക് 'താബിഉ'കൾ എന്ന പേര് ഖുർആൻ അവതരിക്കുന്ന കാലത്തോ, നബി (ﷺ) യുടെ കാലത്തോ ഇല്ലെന്നും അത് പിന്നീടുണ്ടായ ഒരു സാങ്കേതിക വിശേഷണമാണെന്നും ഓർക്കുമ്പോൾ 'താബിഉ'കളാണ് അതുകൊണ്ട് വിവക്ഷയെന്ന് പറയുവാൻ ന്യായമില്ല. ഖിയാമത്തുനാൾവരേക്കും സഹാബികളെ പിൻപറ്റിവരുന്ന സുകൃതവാൻമാരെല്ലാം അതിൽ ഉൾപ്പെടുമെന്ന് പറയുന്നതിൽ ഭാഷാപരമായി നോക്കുമ്പോൾ കാര്യമായ തടസ്സമൊന്നും കാണുന്നില്ലെങ്കിലും-ചില മഹാന്മാർ ചൂണ്ടിക്കാട്ടിയതുപോലെ-അവരെ പിൻപറ്റിയവർ (الذين اتبعوهم) എന്ന് ഭൂതകാല ക്രിയാ രൂപത്തിലാണ് അല്ലാഹുവിൻെറ പ്രയോഗമെന്ന് ഓർക്കേണ്ടതുണ്ട്. അതേ സമയത്ത് ഇത്തരം സ്ഥാനങ്ങളിൽ ഭൂതകാലത്തെമാത്രം ഉദ്ദേശിച്ചുകൊണ്ടല്ലാതെ ഭൂതകാലക്രിയ ഉപയോഗിക്കൽ ഖുർആൻെറ പതിവാണുതാനും. യഥാർത്ഥം അല്ലാഹുവിനറിയാം. പൊതുവിൽ അംഗീകരിക്കപ്പെട്ടുവരുന്നതും ഖുർആൻെറ ശൈലിയോട് കൂടുതൽ യോജിച്ചതും നാം ആദ്യം വിവരിച്ച അഭിപ്രായം തന്നെ.

وَمِمَّنْ حَوْلَكُم مِّنَ ٱلْأَعْرَابِ مُنَـٰفِقُونَ ۖ وَمِنْ أَهْلِ ٱلْمَدِينَةِ ۖ مَرَدُوا۟ عَلَى ٱلنِّفَاقِ لَا تَعْلَمُهُمْ ۖ نَحْنُ نَعْلَمُهُمْ ۚ سَنُعَذِّبُهُم مَّرَّتَيْنِ ثُمَّ يُرَدُّونَ إِلَىٰ عَذَابٍ عَظِيمٍ ﴿١٠١﴾

101 'അഅ്റാബി'കളിൽ നിന്നു നിങ്ങളുടെ ചുറ്റുപാടിലുള്ളവരിലുമുണ്ട് കപട വിശ്വാസികൾ; മദീനക്കാരിൽ തന്നെയുമുണ്ട് (കപട വിശ്വാസികൾ). അവർ കാപട്യത്തിൽ (ശീലിച്ച്) മുരടിച്ചിരിക്കുകയാണ്. (നബിയേ) നീ അവരെ അറിയുകയില്ല; നാം അവരെ അറിയുന്നു. നാമവരെ രണ്ടു പ്രാവശ്യം ശിക്ഷിക്കുന്നതാണ്; പിന്നീട്, വമ്പിച്ച ഒരു ശിക്ഷയിലേക്ക് അവർ തള്ളപ്പെടുകയും ചെയ്യും.

وَءَاخَرُونَ ٱعْتَرَفُوا۟ بِذُنُوبِهِمْ خَلَطُوا۟ عَمَلًا صَـٰلِحًا وَءَاخَرَ سَيِّئًا عَسَى ٱللَّهُ أَن يَتُوبَ عَلَيْهِمْ ۚ إِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿١٠٢﴾

102 വേറെ ചിലരുമുണ്ട്; അവർ തങ്ങളുടെ പാപങ്ങളെ (സമ്മതിച്ച്) ഏറ്റു പറഞ്ഞിരിക്കുന്നു. അവർ സൽക്കർമ്മവും, വേറെ (ചില) ദുഷ്കർമ്മവും കൂട്ടിക്കലർത്തിയിരിക്കുന്നു. അല്ലാഹു അവരുടെ പശ്ചാത്താപം സ്വീകരിച്ചേക്കാവുന്നതാണ്. നിശ്ചയമായും അല്ലാഹു, വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.

101 وممن حولكم നിങ്ങളുടെ ചുറ്റുപാടിലുള്ളവരിലും ഉണ്ട്. من الأعراب അഅ്റാബികളിൽനിന്ന്. منافقونَ കപട വിശ്വാസികൾ. ومن أهل ആൾക്കാരിലും ഉണ്ട്. المدينة മദീനായിലെ. مردوا അവർ മുരടിച്ചിരിക്കുന്നു (പരിചയിച്ചു, ശീലിച്ചു, അതിരു വിട്ടു). على النفاق കാപട്യത്തിൽ, കപടതയിലായി. لا تعلمهم നീ അവരെ അറിയുകയില്ല. نحن നാം. نعلمهم അവരെ അറിയുന്നു, അറിയുന്നതാണ്. سنعذبهم അവരെ നാം ശിക്ഷിക്കും. مرتين രണ്ടു പ്രാവശ്യം. ثُمَّ يردونَ പിന്നെ അവർ മടക്കപ്പെടും, തള്ളപ്പെടും. إلى عذابٍ ഒരു ശിക്ഷയിലേക്ക്. عظيم വമ്പിച്ചതായ. 102 وآخرونَ വേറെ ചിലരുമുണ്ട്. اعترفُوا അവർ സമ്മതിച്ചിരിക്കുന്നു, ഏറ്റു പറഞ്ഞു. بِذُنوبهم തങ്ങളുടെ പാപങ്ങളെപ്പറ്റി. خلطُوا അവർ കൂട്ടിക്കലർത്തി. عملاً صالحا നല്ലതായ (സൽ)ക്കർമ്മത്തെ. وآخر വേറെയും (കർമ്മം). سيئًا ദുഷിച്ച, മോശപ്പെട്ട. عسى الله അല്ലാഹു ആയേക്കാം. أن يتوب പശ്ചാത്താപം സ്വീകരിക്കുക. عليهم അവരുടെ. إن الله നിശ്ചയമായും അല്ലാഹു. غفُور വളരെ പൊറുക്കുന്നവനാണ്. رحيم കരുണാനിധിയാണ്.

മദീനാ നിവാസികളിലും അഅ്റാബികളിലുമുള്ള സത്യവിശ്വാസികളെയും, കപട വിശ്വാസികളെയും കുറിച്ച് പലതും പ്രസ്താവിച്ചശേഷം രണ്ടുകൂട്ടരിലുമുള്ള ഓരോ പ്രത്യേക തരക്കാരെപ്പറ്റി വിവരിക്കുകയാണ്. (1) കാപട്യത്തിൽ പരിചയവും വൈഭവവും സിദ്ധിച്ച് അതിൽ നിരതരായി കഴിയുന്നവർ. അവരുടെ വാക്കുകളിൽനിന്നോ, പ്രവൃത്തികളിൽനിന്നോ അവരെ മനസ്സിലാക്കുവാൻ കഴിയുകയില്ല. അത്രയും സമർത്ഥരാണവർ. അല്ലാഹുവിനു മാത്രമേ അവരെ അറിയുകയുള്ളു. അവർ നന്നായിത്തീരുകയില്ല. അത്രയും മുരടിച്ചു കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് അവർ ഈ ലോകത്തുവെച്ച് രണ്ടുപ്രാവശ്യം ശിക്ഷ അനുഭവിക്കേണ്ടിവരും. പിന്നീട് പരലോക ശിക്ഷ അതിന് പുറമെയും, (2) മറ്റൊരു കൂട്ടർ കപടവിശ്വാസികളല്ലെങ്കിലും നല്ല കർമ്മങ്ങളിലൂടെ ദുഷിച്ച കർമ്മങ്ങളും കൂട്ടിക്കലർത്തിയിട്ടുള്ള വരാണു. എന്നാൽ, തങ്ങളുടെ പാപങ്ങളെപ്പറ്റി അവർ ബോധവാന്മാരും കുറ്റം ഏറ്റ് പറഞ്ഞു പശ്ചാത്തപിക്കുന്നവരുമാണവർ. ഇവർക്ക് അല്ലാഹു പൊറുത്തു കൊടുക്കുമെന്ന് തികച്ചും പ്രതീക്ഷിക്കാം. ഇതാണ് ആ രണ്ടു കൂട്ടരെപ്പറ്റിയും പ്രസ്താവിച്ചതിൻെറ സാരം. "അല്ലാഹു ഇന്ന പ്രകാരം ചെയ്തേക്കാം (عسى الله) എന്നിങ്ങിനെ പ്രതീക്ഷക്ക് വക നൽശിക്കൊണ്ടുള്ള അല്ലാഹുവിൻെറ പ്രസ്താവനകളിലടങ്ങിയ കാര്യങ്ങൾ യഥാർത്ഥത്തിൽ സംഭവിക്കുകതന്നെ ചെയ്യുമെന്ന് ഉറപ്പിക്കാവുന്നതാണ്.

وأخرون اعترفو بذنوبهم (വേറെ ചിലർ തങ്ങളുടെ പാപങ്ങളെപ്പറ്റി ഏറ്റു പറഞ്ഞിരിക്കുന്നു) എന്ന് പറഞ്ഞത് അബൂലുബാബത്തൽ അൻസാരീ (رضي الله عنه) യെയും അദ്ദേഹത്തിൻെറ കൂട്ടുകാരായ ചില വ്യക്തികളെയും സംബന്ധിച്ചാണെന്നത്രെ ഇബ്നു ജരീർ (رحمه الله) മുതലായ പല വ്യാഖ്യാതാക്കളും പ്രസ്താവിക്കുന്നത്. അദ്ദേഹത്തിൻെറ കൂട്ടുകാരുടെ എണ്ണം അഞ്ചോ, ഏഴോ, ഒമ്പതോ എന്നുള്ളതിൽ രിവായത്തുകൾക്കിടയിൽ ഭിന്നിപ്പ് കാണാമെങ്കിലും അവരുടെ സംഭവം ഇപ്രകാരമായിരുന്നു: തക്കതായ കാരണം കൂടാതെ തബൂക്ക് യുദ്ധയാത്രയിൽനിന്ന് അവർഒഴിഞ്ഞുമാറിയിരുന്നു. റസൂൽ (صلى الله عليه وسلم) മടങ്ങിയെത്തും മുമ്പുതന്നെ അവർ വളരെ ഖേദത്തിലായി. "റസൂൽ (صلى الله عليه وسلم) തിരുമേനി വളരെ കഷ്ടതയിലും വിഷമത്തിലും കഴിഞ്ഞുകൂടുമ്പോൾ നാം സുഖമായി കഴിഞ്ഞ് കൂടുന്നത് ശരിയല്ല; അതുകൊണ്ട് നാം നമ്മെത്തന്നെ പള്ളിയുടെ തൂണുകളിൽകെട്ടി ബന്ധിക്കുക; റസൂൽ (صلى الله عليه وسلم) വന്ന് നമുക്ക് ഒഴികഴിവ് നൽശി നമ്മെ അഴിച്ച് വിടുന്നത് വരെ നാം അങ്ങിനെത്തന്നെ കഴിയണം" എന്ന് അവർ തമ്മിൽ പറഞ്ഞു. അങ്ങനെ, അവരിൽ (താഴെ പറയുന്ന) മൂന്നുപേരൊഴിച്ച് ബാക്കിയുള്ളവർ തങ്ങളെ സ്വയം തന്നെ തൂണുകളിൽ ബന്ധിച്ചു. റസൂൽ (صلى الله عليه وسلم) മടങ്ങിവരുന്ന വഴി പള്ളിയിൽ പ്രവേശിച്ചപ്പോൾ അവരെ കണ്ടു. വിവരം അറിഞ്ഞപ്പോൾ തിരുമേനി പറഞ്ഞു: അല്ലാഹുവിൽനിന്ന് കൽപന കിട്ടാതെ ഞാൻ അവരെ അഴിച്ചു വിടുകയോ, അവർക്ക് ഒഴികഴിവ് നൽകുകയോ ചെയ്കയില്ല." അനന്തരം...... وآخرون اعترفوا എന്നുള്ള (ഈ) വചനം

അവതരിച്ചു. അപ്പോൾ, നബി (ﷺ) അവരെ അഴിച്ചു വിടുകയും, അവർക്ക് ഒഴികഴിവ് നൽകുകയും ചെയ്തു.

ഇബ്നുജരീർ (رحمه الله) മുതലായവർ പല മാർഗ്ഗങ്ങളിലൂടെ നിവേദനം ചെയ്തിട്ടുള്ളതിൻെറ ചുരുക്കമാണിത്. വേറെയും ചില സംഭവങ്ങൾ ഇവിടെ ഉദ്ധരിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഖുർആൻെറ വാക്കുകളോട് അവ യോജിക്കുന്നില്ലെന്ന് ഇബ്നുജരീർ (رحمه الله) പ്രത്യേകം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. തൂണുകളിൽ ബന്ധിക്കുന്നതിൽനിന്ന് ഒഴിവായ ആ മൂന്നുപേരെപ്പറ്റി 106ഉം 118ഉം വചനങ്ങളിൽ താഴെ പരാമർശങ്ങൾ കാണാവുന്നതാണ്.

രണ്ടുവട്ടം അവരെ ശിക്ഷിക്കുമെന്ന് പറഞ്ഞതിൻെറ താൽപര്യം പലരും വ്യത്യസ്ത വാക്കുകളിൽ ചൂണ്ടിക്കാണിക്കാറുണ്ട്. അവയുടെ ആകെ സാരം ഇങ്ങിനെ പറയാം: കാപട്യത്തിൻെറ രഹസ്യം പുറത്താക്കുക, അപമാനത്തിന് വിധേയരാക്കുക, മാനസികമോ സാമ്പത്തികമോ ശാരീരികമോ ആയ അവശതകൾ അനുഭവിപ്പിക്കുക മുതലായ കാര്യങ്ങൾ ഒന്നാമത്തെ ശിക്ഷയും, അവിശ്വാസികളായി മരണപ്പെടുക, മരണവേളയിൽ മലക്കുകളുടെ കൈക്കും മറ്റുമുണ്ടാകുന്ന കഷ്ടതകൾ അനുഭവപ്പെടുക, ഖബ്റിൽവെച്ചുണ്ടാകുന്ന ശിക്ഷാനുഭവങ്ങൾ മുതലായവ രണ്ടാമത്തെ ശിക്ഷയുമായിരിക്കും.الله اعلم

കപടവിശ്വാസികളായ ചില വ്യക്തികളെക്കുറിച്ച് നബി (ﷺ) ക്ക് അറിവുണ്ടായിരുന്നു -അഥവാ അല്ലാഹു അറിയിച്ചുകൊടുത്തിരുന്നു-വെന്ന് ചില സംഭവങ്ങളിൽനിന്ന് മുമ്പ് നാം കണ്ടുവല്ലോ. "അവരുടെ വാക്കിൻെറ ശൈലിയിൽ അവരെ നിനക്ക് മനസ്സിലാകുകതന്നെ ചെയ്യാം.' (ولتعرفنهم في لحن القول) എന്ന് സൂ:മുഹമ്മദ്: 30ലും പറയുന്നുണ്ട്. ഇവിടെ "നീ അവരെ അറിയുകയില്ല, അല്ലാഹു അറിയും'(لاتعلهم نحن تعلمهم) എന്ന് പറഞ്ഞതും അതുമായി പരസ്പര വൈരുദ്ധ്യമില്ലെന്ന് മനസ്സിലാക്കേണ്ടതാണ്. ചില അടയാളങ്ങൾ വഴി ചിലരെയൊക്കെ അവർ കപടൻമാരാണെന്ന് നബി (ﷺ) ക്കു മനസ്സിലാക്കുവാൻ കഴിയും; തബൂക്കിൽ നിന്നുള്ള മടക്കയാത്രയിൽ നബി (ﷺ) യെ കൊലപ്പെടുത്തുവാൻ ഗൂഢതന്ത്രം നടത്തിയ വ്യക്തികളെപ്പോലെ അല്ലാഹു അറിയിച്ചുകൊടുത്തവരെപ്പറ്റി വ്യക്തിപരമായിത്തന്നെ അറിയുവാൻ കഴിയും; പക്ഷേ, എല്ലാ കപടവിശ്വാസികളെക്കുറിച്ചും വിശദമായി മനസ്സിലാക്കുവാനോ, സൂക്ഷമമായി അറിയുവാനോ നബി (ﷺ) ക്ക് കഴിയുകയില്ല എന്നത്രെ അവയുടെ താൽപര്യമെന്നു സാമാന്യമായി പറയാം.

خُذْ مِنْ أَمْوَٰلِهِمْ صَدَقَةً تُطَهِّرُهُمْ وَتُزَكِّيهِم بِهَا وَصَلِّ عَلَيْهِمْ ۖ إِنَّ صَلَوٰتَكَ سَكَنٌ لَّهُمْ ۗ وَٱللَّهُ سَمِيعٌ عَلِيمٌ ﴿١٠٣﴾

103 (നബിയേ) അവരുടെ സ്വത്തുക്കളിൽ നിന്നും ധർമ്മം എടുക്കുക [വാങ്ങുക] അതുവഴി നീ അവരെ ശുദ്ധിയാക്കുകയും, സംസ്കരിക്കുകയും ചെയ്യുമാറ്. അവർക്ക് (അനുഗ്രഹത്തിനായി) പ്രാർത്ഥിക്കുകയും ചെയ്യുക. നിശ്ചയമായും, നിൻെറ പ്രാർത്ഥന അവർക്ക് ഒരു (മനഃ) സമാധാനമാകുന്നു. അല്ലാഹു (എല്ലാം) കേൾക്കുന്നവനും, അറിയുന്നവനുമാകുന്നു.

أَلَمْ يَعْلَمُوٓا۟ أَنَّ ٱللَّهَ هُوَ يَقْبَلُ ٱلتَّوْبَةَ عَنْ عِبَادِهِۦ وَيَأْخُذُ ٱلصَّدَقَـٰتِ وَأَنَّ ٱللَّهَ هُوَ ٱلتَّوَّابُ ٱلرَّحِيمُ ﴿١٠٤﴾

104 അവർക്കറിഞ്ഞുകൂടേ? അല്ലാഹു തന്നെയാണ് അവൻെറ അടിയാൻമാരിൽ നിന്നു 'തൗബഃ' [പശ്ചാത്താപം] സ്വീകരിക്കുകയും ദാനധർമ്മങ്ങൾ എടുക്കുകയും ചെയ്യുന്നതെന്നും, അല്ലാഹു തന്നെയാണ് പശ്ചാത്താപം സ്വീകരിക്കുന്നവനും, കരുണാനിധിയായുള്ളവനെന്നും!

103 خُذْ വാങ്ങുക, എടുക്കുക, സ്വീകരിക്കുക. من أموالهم അവരുടെ ധനം (സ്വത്തു)കളിൽ നിന്ന്. صدقةً ധർമ്മം. تطهّرهم നീ അവരെ ശുദ്ധിയാക്കുമാറ്, ശുദ്ധമാക്കുന്ന നിലക്ക്. وتزكيهم അവരെ സംസ്കരിക്കുകയും. بِها അതുകൊണ്ട്, അതുവഴി, അതു നിമിത്തം. وصل പ്രാർത്ഥിക്കുക (ആശീർവ്വദിക്കുക)യും ചെയ്യുക. عليهم അവർക്കായി, അവർക്ക്. إن صلاتك നിശ്ചയമായും നിന്റെ പ്രാർത്ഥന (ആശീർവാദം). سكَن ഒരു സമാധാനമാണ്, ശാന്തതയാണ്. لهم അവർക്ക്. واللّٰه അല്ലാഹു. سميع കേൾക്കുന്നവനാണ്. عليم അറിയുന്നവനാണ്. 104 ألم يعلموا അവർ അറിഞ്ഞിട്ടില്ലേ, അവർക്കറിഞ്ഞുകൂടേ. أن الله هو അല്ലാഹു തന്നെയാണെന്ന്. يقْبلُ സ്വീകരിക്കുന്നത്. التوبةَ പശ്ചാത്താപം. عن عباده തന്റെ അടിയാൻമാരിൽനിന്ന് (അടിയാൻമാർക്ക്). ويأخذُ എടുക്കുകയും ചെയ്യുന്നത്. الصدقات ദാനധർമ്മങ്ങളെ, ധർമ്മങ്ങൾ. وأن الله هو അല്ലാഹു തന്നെയാണെന്നും. التواب പശ്ചാത്താപം സ്വീകരിക്കുന്നവൻ. الرحيم കരുണാനിധി.

صدقة (ധർമ്മം) എന്ന വാക്കിൽ എല്ലാ തരം ദാനധർമ്മങ്ങളും ഉൾപെടുന്നു. പക്ഷേ, നിർബന്ധ ധർമ്മമായ സകാത്തിനെ സംബന്ധിച്ചിടത്തോളം അതിന്റെ നിശ്ചിതതോതും വ്യവസ്ഥയും അനുസരിച്ചും, സക്കാത്തല്ലാത്ത നിർബന്ധ ധർമ്മങ്ങളെ സംബന്ധിച്ചിടത്തോളം സന്ദർഭവും പരിതസ്ഥിതിയും അനുസരിച്ചും, നിർബന്ധമില്ലാത്ത ദാനധർമ്മങ്ങളെ സംബന്ധിച്ചടത്തോളം ദാതാവ് നൽകുന്നതും സ്വീകരിക്കേണ്ടതാകുന്നു. ആവശ്യമായ വിഷയങ്ങളിൽ ചിലവഴിക്കുവാനായി ജനങ്ങളിൽ നിന്ന് ധർമ്മങ്ങൾ സ്വീകരിക്കണമെന്നും ധർമ്മം നൽകുന്നവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്നും അല്ലാഹു നബി (ﷺ) യോട് കൽപിക്കുന്നു. അവർ നൽകുന്ന ദാനധർമ്മങ്ങൾ അവർക്ക് തന്നെ ഗുണകരമാണ്-അതുവരെ ശുദ്ധീകരിക്കുകയും സംസ്കരിക്കുകയും ചെയ്യും-എന്നും ചൂണ്ടിക്കാട്ടുന്നു. അതായത്, പിശുക്ക്, ആർത്തി മുതലായ ദുസ്വഭാവങ്ങളിൽ നിന്നും പാപങ്ങളിൽനിന്നും ധർമ്മം ശുദ്ധിയാക്കുന്നു. ഔദാര്യമനസ്ഥിതി, സാധുദയ,ത്യാഗസന്നദ്ധത, പുണ്യകർമ്മങ്ങളിലുള്ള താൽപര്യം, ആത്മീയശുദ്ധി ആദിയായ ഗുണങ്ങൾ വളർത്തി മനുഷ്യനെ അത് സംസ്ക്കരിക്കുകയും ചെയ്യുന്നു. കൂടാതെ, നബി (ﷺ) യുടെ പ്രാർത്ഥനമൂലം മനസ്സിന് സമാധാനവും ശാന്തിയും ലഭിക്കുകയും ചെയ്യും. നബി (ﷺ) യുടെ പ്രാർത്ഥനകൾ അല്ലാഹു വെറുതെയാക്കുകയില്ലല്ലോ. ഈ കൽപനകൾ നബി (സ)തിരുമേനിയെ അഭിമുഖീകരച്ചു കൊണ്ടുള്ളവയാണെങ്കിലും, നബി (ﷺ) യുടെ ശേഷം അതാതുകാലത്തെ ഭരണകർത്താക്കൾക്കും ബാധകമാണത്.

صلوة (സ്വലാത്ത്) എന്നാൽ 'പ്രാർത്ഥന' എന്നാണ് ഭാഷാർത്ഥം. 'നമസ്ക്കാരം, അനുഗ്രഹം നേരൽ, ആശീർവ്വദിക്കൽ' എന്നിങ്ങിനെയുള്ള അർത്ഥങ്ങളിലും അത് ഉപയോഗിക്കപ്പെടുന്നു. എല്ലാറ്റിലും പ്രാർത്ഥന അടങ്ങിയിട്ടുണ്ടല്ലോ. അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം അനുഗ്രഹം നൽകുക എന്നും, മലക്കുകളെ സംബന്ധിച്ചിടത്തോളം പാപമോചനം തേടുക എന്നും, സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം നന്മക്കും അനുഗ്രഹത്തിനും വേണ്ടി പ്രാർത്ഥിക്കുക എന്നുമായിരിക്കും അതുകൊണ്ട് വിവക്ഷ ധർമ്മവുമായി വരുന്ന ആളുകൾക്കുവേണ്ടി ഈ കൽപനയനുസരിച്ച് നബി(ﷺ) പ്രാർത്ഥന നടത്തിയിരുന്നതായി ഹദീസുകളിൽ കാണാവുന്നതാണ്. അബ്ദുല്ലാഹിബ്നു അബിഔഫാ (رضي الله عنه) പറയുന്നു: നബി (ﷺ) യുടെ അടുക്കൽ വല്ല ആളുകളും അവരുടെ ധർമ്മങ്ങളുമായി വന്നാൽ അവിടുന്ന് പറയും: 'അല്ലാഹുവേ, ഇന്ന ആളുടെ കൂട്ടർക്ക് അനുഗ്രഹം നൽകണേ!' അങ്ങനെ, എന്റെ പിതാവ് അദ്ദേഹത്തിന്റെ ധർമ്മവുമായി ചെന്നു. അപ്പോൾ തിരുമേനി പറഞ്ഞു: 'അല്ലാഹുവേ, അബീഔഫായുടെ കൂട്ടർക്ക് നീ അനുഗ്രഹം നൽകണേ!' (ബു; മു)

രണ്ടാമത്തെ വചനത്തില്‍ 'തൗബഃ (പശ്ചാത്താപം) സ്വീകരിക്കുന്നതും, ധര്‍മ്മങ്ങള്‍ വാങ്ങുന്നതും അല്ലാഹു തന്നെയാണെന്നും, അവന്‍ പശ്ചാത്താപം സ്വീകരിക്കുന്നന്നവനും കരുണാനിധിയുമാണെന്നും അവര്‍ക്കറിഞ്ഞുകൂടെ?!' എന്ന ചോദ്യം വളരെ ശ്രദ്ധര്‍ഹമാകുന്നു. പല സൂചനകളും അടങ്ങിയ ഒരു ചോദ്യമാണത്. ഉദാഹരണമായി: (1) പശ്ചാത്താപം സ്വീകരിക്കല്‍ അല്ലാഹുവിന്‍െറ മാത്രം അധികാരാവകാശത്തില്‍ പെട്ടതാണ്. അതില്‍ നബി (ﷺ) ക്കോ മറ്റാര്‍ക്കെങ്കിലുമോ യാതൊരു പങ്കുമില്ല. അല്ലാഹുവിന്‍െറ അനുവാദപ്രകാരമല്ലാതെ ഒരാളുടെ പശ്ചാത്താപവും ഖേദവും സ്വീകരിച്ച് ആയാളെ ശുദ്ധീകരിക്കുവാന്‍ ആര്‍ക്കും സാധ്യമല്ല. (2) ധര്‍മ്മങ്ങള്‍ വാങ്ങി അതാത് മാര്‍ഗ്ഗങ്ങളില്‍ വിനിയോഗിക്കുന്നത് നബി (ﷺ) യുടെ കൈക്കാണ് നടക്കുന്നതെങ്കിലും അത് അല്ലാഹുവിന്‍െറ കല്‍പനപ്രകാരമായതുകൊണ്ട് യഥാര്‍ത്ഥത്തില്‍ അത് ഏറ്റുവാങ്ങുന്നത് അല്ലാഹുവാകുന്നു. ആ സ്ഥിതിക്ക് അതൊരിക്കലും വെറുതെയാവുകയില്ല. തക്ക പ്രതിഫലം അവന്‍ നല്‍കുകതന്നെ ചെയ്യും. (3) പാപങ്ങളില്‍നിന്ന് പശ്ചാത്തപിക്കലും, ധര്‍മ്മം ചെയ്യലും അല്ലാഹുവിനു വളരെ ഇഷ്ടപ്പെട്ട കാര്യങ്ങളാകുന്നു. (4) പാപങ്ങളില്‍നിന്ന് പശ്ചാത്തപിക്കുന്നവര്‍ തങ്ങളുടെ സ്വത്തില്‍ നിന്ന് ധര്‍മ്മം കൊടുക്കുന്നത് അവരുടെ പാപം പൊറുക്കുവാന്‍ കാരണമായിത്തീരുന്നതാണ്. ഇങ്ങിനെ പലതും.

തബൂക്ക് പടയെടുപ്പില്‍ സംബന്ധിക്കാതെയോ, അതിലേക്ക് ധനം ചിലവഴിക്കാതെയോ ഇരുന്നവരും, പിന്നീട് തങ്ങളുടെ പക്കല്‍ വന്നുപോയ അപരാധത്തെപ്പറ്റി ഖേദക്കാരുമായ ആളുകള്‍ പ്രത്യേകിച്ചും ദാനധര്‍മ്മങ്ങള്‍ ചെയ്യേണ്ടതുണ്ടെന്നും, അത് അവരുടെ പശ്ചാത്താപം സ്വീകരിക്കുവാന്‍ സഹായകമാവുമെന്നും ഈ വചനത്തില്‍ നിന്ന് മനസ്സിലാക്കാം. ആദ്യം ഒഴിവായി പിന്തിനിന്നുവെങ്കിലും, പിന്നീട് വലിയ ഖേദത്തിലായ അബൂലുബാബത്തല്‍ അന്‍സാരി (رضي الله عنه) യുടെയും കൂട്ടരുടെയും കഥ മുമ്പ് പറഞ്ഞുവല്ലോ. അവര്‍ നബി (ﷺ) യുടെ അടുക്കല്‍വന്ന് 'നബിയേ, ഇതാ ഞങ്ങളുടെ ധനം, ഇത് (ധര്‍മ്മമായി) സ്വീകരിച്ചു ഞങ്ങള്‍ക്ക് വേണ്ടി അങ്ങുന്ന് പാപമോചനം തേടണം.' എന്ന് അപേക്ഷിച്ചുവെന്നും, 'നിങ്ങളുടെ ധനത്തില്‍ നിന്ന് ഒന്നും വാങ്ങുവാന്‍ എന്നോട് കല്‍പിക്കപ്പെട്ടിട്ടില്ല.' എന്ന് 'തിരുമേനി ഉത്തരം പറഞ്ഞുവെന്നും, പിന്നീട് ......خذ من أموالهم (അവരുടെ ധനത്തില്‍ നിന്ന് ധര്‍മ്മം വാങ്ങിക്കൊള്ളുക......) എന്ന വചനം അവതരിച്ചപ്പോള്‍, നബി (ﷺ) അവരില്‍ നിന്ന് (അവരുടെ സ്വത്തിന്‍െറ) മൂന്നിലൊന്ന് വാങ്ങി അവര്‍ക്ക് വേണ്ടി ധര്‍മ്മം ചെയ്യുകയുണ്ടായെന്നും ഇബ്നുജരീര്‍ (رحمه الله) ഒന്നിലധികം മാര്‍ഗ്ഗങ്ങളിലൂടെ ഉദ്ധരിച്ചിരിക്കുന്നു.

നബി(സ)യോടുള്ള ഈ കല്‍പന-അവരുടെ സ്വത്തുക്കളില്‍ നിന്ന് ധര്‍മ്മം അഥവാ സക്കാത്ത് വാങ്ങണമെന്ന കല്‍പന-നബി (ﷺ) ക്ക് മാത്രം ബാധകമായതല്ലെന്നും, നബി (ﷺ) യുടെ ശേഷം അതതുകാലത്തെ അധികാരസ്ഥന്മാര്‍ അത് വസൂലാക്കേണ്ടതുണ്ടെന്നും, എല്ലാവരുടെ സ്വത്തിനും ബാധകമാണ് ഈ നിയമമെന്നും ഇമാം ഇബ്നുകഥീര്‍ (رحمه الله) ഇവിടെ ചൂണ്ടിക്കാട്ടിയിരിക്കുന്നു.

وَقُلِ ٱعْمَلُوا۟ فَسَيَرَى ٱللَّهُ عَمَلَكُمْ وَرَسُولُهُۥ وَٱلْمُؤْمِنُونَ ۖ وَسَتُرَدُّونَ إِلَىٰ عَٰلِمِ ٱلْغَيْبِ وَٱلشَّهَٰدَةِ فَيُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ ﴿١٠٥﴾

105 (നബിയേ) പറയുകയും ചെയ്യുക; ''നിങ്ങള്‍ പ്രവര്‍ത്തിച്ചു കൊള്ളുവിന്‍, നിങ്ങളുടെ പ്രവര്‍ത്തനം വഴിയെ അല്ലാഹു കണ്ടുകൊള്ളും; അവന്‍െറ റസൂലും, സത്യവിശ്വാസികളും (കണ്ടുകൊള്ളും). അദൃശ്യവും, ദൃശ്യവും അറിയുന്നവനിലേക്കു നിങ്ങള്‍ വഴിയെ മടക്കപ്പെടുകയും ചെയ്യും. അപ്പോള്‍, നിങ്ങള്‍ പ്രവര്‍ത്തിച്ചു കൊണ്ടിരുന്നതിനെപ്പറ്റി അവന്‍ നിങ്ങളെ ബോധ്യ

പ്പെടുത്തുന്നതാണ്.

---

105 وقُل പറയുകയും ചെയ്യുക. اعملُوا നിങ്ങള്‍ പ്രവര്‍ത്തിക്കുവിന്‍. فَسيرى എന്നാല്‍ വഴിയെ കാണും. اللهُ അല്ലാഹു. عملكُم നിങ്ങളുടെ കര്‍മ്മം, പ്രവൃത്തി. ورسولهُ അവന്‍റെ റസൂലും. والمؤمنونَ സത്യവിശ്വാസികളും. وستردونَ നിങ്ങള്‍ മടക്ക (തള്ള)പ്പെടുകയും ചെയ്യും. إلى عالم അറിയുന്നവനിലേക്ക്. الغيبِ അദൃശ്യത്തെ, മറഞ്ഞതിനെ. والشهادة ദൃശ്യത്തെയും, വെളിവായതും. فَينبئُكُم അപ്പോള്‍ അവന്‍ നിങ്ങളെ വിവരമറിയിക്കും, ബോധപ്പെടുത്തും. بما كُنتم നിങ്ങളായിരുന്നതിനെപ്പറ്റി. تعملُونَ നിങ്ങള്‍ പ്രവര്‍ത്തിക്കും.

കഴിഞ്ഞുപോയ തെറ്റിനെപ്പറ്റി ഖേദിക്കുകയും, ഒഴികഴിവ് പറയുകയും ചെയ്താല്‍ മാത്രം പോരാ. ഭാവിപ്രവര്‍ത്തനങ്ങള്‍ നന്നായിത്തീരുക കൂടി വേണ്ടതുണ്ട്. അപ്പോഴേ പശ്ചാത്താപം യഥാര്‍ത്ഥമായിത്തീരുകയുള്ളു. നിങ്ങളുടെ ഭാവി എങ്ങിനെയിരിക്കുമെന്ന് ക്രമേണ എല്ലാവര്‍ക്കും കാണാമല്ലോ. അതില്‍നിന്ന് വ്യക്തമായും നിങ്ങളുടെ പശ്ചാത്താപം എത്രമാത്രം ശരിയായതാണെന്ന്. അല്ലാഹു എല്ലാ രഹസ്യപരസ്യങ്ങളും അറിയുന്നവനാകുന്നു. അവന്‍ നിങ്ങളുടെ പ്രവര്‍ത്തനങ്ങളെ വീക്ഷിച്ച് വരുന്നുണ്ട്. പരലോകത്തുവെച്ച് അവന്‍ തക്കതായ നടപടി എടുക്കുകയും, നിങ്ങളുടെ കര്‍മ്മവും അതിന്‍റെ ഫലവും നിങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്യും. സസൂക്ഷമമായിട്ടല്ലെങ്കിലും ഒരു ഏകദേശ കാഴ്ച നിങ്ങളെപ്പറ്റി റസൂലിനും, സത്യവിശ്വാസികള്‍ക്കും കാണുവാന്‍ കഴിയുന്നതുമാണ്. അതില്‍ നിന്ന് അവര്‍ക്കും നിങ്ങളെക്കുറിച്ച് ചില അനുമാനങ്ങളും നടപടികളും സ്വീകരിക്കുവാനും സാധിക്കും. എന്നിങ്ങനെ അവരെ ഓര്‍മ്മിപ്പിക്കുകകൂടി വേണമെന്ന് അല്ലാഹു നബി (ﷺ) യെ ഉണര്‍ത്തുകയാണ്.

ഏതെങ്കിലും ആളുകളെപ്പറ്റി അവരുടെ നടപടി ക്രമങ്ങളുടെ അടിസ്ഥാനത്തില്‍ സത്യവിശ്വാസികള്‍ക്കുണ്ടാകുന്ന പൊതുവായ ധാരണയും, അഭിപ്രായവും അല്ലാഹുവിങ്കലും സ്വീകാര്യമായിരിക്കുമെന്നൊരു സൂചന ഈ വചനത്തില്‍ കാണാവുന്നതാണ്. അനസ് (رضي الله عنه) ഉദ്ധരിച്ച ഒരു ഹദീസില്‍ നിന്ന് ഈ വസ്തുത കുറേ കൂടി വ്യക്തമാകുന്നു. അദ്ദേഹം പറയുകയാണ്: അവര്‍ (സഹാബികള്‍) ഒരു ജനാസയുടെ അടുത്തുകൂടെ പോയപ്പോള്‍, അതിനെപ്പറ്റി അവര്‍ നല്ലനിലക്ക് പുകഴ്ത്തിപ്പറയുകയുണ്ടായി. അപ്പോള്‍ നബി (ﷺ) പറഞ്ഞു: 'അതു സ്ഥിരപ്പെട്ടു' എന്ന്. പിന്നെ, വേറൊരു ജനാസയുടെ അടുക്കലൂടെ പോയപ്പോള്‍ അവര്‍ അതിനെപ്പറ്റി മോശമായ നിലക്ക് പ്രസ്താവിക്കുകയുണ്ടായി. അപ്പോഴും നബി (ﷺ) പറഞ്ഞു: 'അതു സ്ഥിരപ്പെട്ടു' എന്ന്. അപ്പോള്‍, ഉമര്‍ (رضي الله عنه) ചോദിച്ചു: 'എന്താണ് സ്ഥിരപ്പെട്ടത്?' തിരുമേനി പറഞ്ഞു: 'അയാളെപ്പറ്റി നിങ്ങള്‍ നല്ലത് പറഞ്ഞു. അതിനാല്‍, അയാള്‍ക്ക് സ്വര്‍ഗ്ഗം സ്ഥിരപ്പെട്ടു.' മറ്റേയാളെപ്പറ്റി നിങ്ങള്‍ മോശം പറഞ്ഞു. അതിനാല്‍ അയാള്‍ക്ക് നരകം സ്ഥിരപ്പെട്ടു. ഒരു രിവായത്തില്‍ 'നിങ്ങള്‍ ഭൂമിയില്‍ അല്ലാഹുവിന്‍റെ സാക്ഷികളാണ്' എന്നുകൂടി നബി (ﷺ) പറഞ്ഞതായുണ്ട്. (ബു; മു)

وَءَاخَرُونَ مُرْجَوْنَ لِأَمْرِ ٱللَّهِ إِمَّا يُعَذِّبُهُمْ وَإِمَّا يَتُوبُ عَلَيْهِمْ ۗ وَٱللَّهُ عَلِيمٌ حَكِيمٌ ﴿١٠٦﴾

106 അല്ലാഹുവിന്‍റെ കല്‍പനക്കു വേണ്ടി (കാര്യം) നിറുത്തിവെക്കപ്പെട്ട വേറെ ചിലരുമുണ്ട്; ഒന്നുകില്‍ അവന്‍ അവരെ ശിക്ഷിക്കും; ഒന്നുകില്‍ അവരുടെ പശ്ചാത്താപം അവന്‍ സ്വീകരിക്കുകയും ചെയ്യും. അല്ലാഹു (എല്ലാം) അറിയുന്നവനും , അഗാധജ്ഞനുമാകുന്നു.

---

106 وآخرونَ വേറെ ചിലരും ഉണ്ട്. مرجونَ പിന്തിച്ചു (നിറുത്തി) വെക്കപ്പെട്ടവര്‍. لأمرالله അല്ലാഹുവിന്‍റെ കല്‍പനക്ക് വേണ്ടി. إما يعذبهم ഒന്നുകില്‍ (ഒരുപക്ഷെ) അവന്‍ അവരെ ശിക്ഷിക്കും. وإما

يتوب ഒന്നുകിൽ അവൻ പശ്ചാത്താപം സ്വീകരിക്കും. **عليهم** അവരുടെ. **والله** അല്ലാഹു. **عليم** അറിയുന്നവനാണ്. **حكيم** അഗാധജ്ഞനാണ്.

തബൂക്കിലേക്ക് പോകാതെ പിന്തിനിന്നവർ മൂന്ന് തരക്കാരായിരുന്നു. (1) കപടവിശ്വാസികൾ, ഇവരായിരുന്നു അവരിൽ ഏറിയകൂറും. (2) അലസതയും മടിയുമായി പോകാതിരുന്നുവെങ്കിലും പിന്നീട് കുറ്റം സമ്മതിച്ച് ഖേദിക്കുകയും, റസൂൽ (ﷺ) തിരുമേനിയോട് പാപമോചനം തേടുവാൻ അപേക്ഷിക്കുകയും, ദാനധർമ്മങ്ങൾ നൽകുകയും ചെയ്തവർ. ഇവരുടെ പശ്ചാത്താപം അല്ലാഹു സ്വീകരിച്ചതായി 102-ാം വചനത്തിൽ നിന്ന് മനസ്സിലാക്കാം. അതിൻെറ വ്യാഖ്യാനത്തിലുദ്ധരിച്ച ഹദീസിൽ നിന്നു അതു കൂടുതൽ വ്യക്തമാകുകയും ചെയ്തിരിക്കുന്നു. (3) ചിലർ അലസതകൊണ്ടും മടികൊണ്ടും പോകാതിരിക്കുകയും, പിന്നീട് ഖേദത്തിലാകുകയും ചെയ്തു. പക്ഷെ, നബി (ﷺ) യുടെ അടുക്കൽ വന്ന് ഒഴികഴിവ് പറയുകയോ, പ്രാർത്ഥിക്കുവാനപേക്ഷിക്കുകയോ ചെയ്തില്ല. എന്ത് ചെയ്യണമെന്നറിയാതെ പരിഭ്രമത്തിലും ദുഃഖത്തിലുമായിത്തീർന്നു. ഇവരെപ്പറ്റിയാണ് ഈ വചനത്തിൽ പ്രസ്താവിക്കുന്നത്. അബൂലുബാബ (رضي الله عنه) യും കൂട്ടുകാരും തങ്ങളെ പള്ളിയുടെ തൂണുകളിൽ കെട്ടിബന്ധിച്ചപ്പോൾ അവരിൽ മൂന്നുപേർ അങ്ങിനെ ചെയ്തില്ലെന്ന് മുമ്പ് പറഞ്ഞുവല്ലോ. ആ മൂന്നുപേരുടെ കഅ്ബുബ്നു മാലിക്, ഹിലാലുബ്നു ഉമയ്യ: മുറാറ ത്ത്ബ്നൂർറബീഹ് (رضي الله عنهم) എന്നീ സഹാബികളാണ് ഇവരെന്ന് ഇബ്നു അബ്ബാസ്, ഇക്രീമ, മുജാഹിദു, ളാഹ്-ഹാക് (رحمهم الله) എന്നിവരിൽ നിന്ന് നിവേദനങ്ങൾ വന്നിരിക്കുന്നു. ഈ മൂന്നുപേരുടെ കാര്യത്തിൽ, അവരുടെ തൗബഃ (പശ്ചാത്താപം) സ്വികരിക്കുമെന്നോ, ഇല്ലെന്നോ ഈ വചനത്തിൽ സൂചിപ്പിക്കപ്പെട്ടിട്ടില്ലല്ല. താഴെ 117, 118 എന്നീ വചനങ്ങളിലാണ് അവരുടെ തൗബഃ സ്വീകരിക്കപ്പെട്ടിരിക്കുന്നതായി അറിയിച്ചിരിക്കുന്നത്. ആ വചനങ്ങൾ അവതരിക്കുന്നതു വരെ ഇവരുടെ കാര്യം അനിശ്ചിതാവസ്ഥയിലായിരുന്നു. അതുകൊണ്ട് ഇവരെപ്പറ്റി مرجون الامر الله(അല്ലാഹുവിൻെറ കൽപനക്കുവേണ്ടി നിറുത്തിവെക്കപ്പെട്ടവർ) എന്ന് പറഞ്ഞിരിക്കുകയാണ്.

അവരുടെ ഖേദവും, ഭയപ്പാടും വർദ്ധിപ്പിച്ചുകൊണ്ട് അവരുടെ ഹൃദയങ്ങൾക്ക് ശുദ്ധീകരണം നൽകുവാനും, അവരുടെ നിഷ്കളങ്കത കൂടുതൽ ദൃഢമാക്കുവാനും വേണ്ടിയായിരിക്കാം, അല്ലാഹു അവരുടെ കാര്യം ഒന്നും വ്യക്തമാക്കാതെ നീട്ടിവെച്ചത്. അല്ലാഹുവിനറിയാം. അമ്പത് ദിവസത്തോളം നീണ്ടുനിന്ന ആ അനിശ്ചിതാവസ്ഥയിൽ, ആ സഹാബിവര്യൻമാർ അനുഭവിച്ച മനോവേദനകളും, വ്യസനഭാരവും കേവലം അസാധാരണമായിരുന്നു. അതിനെപ്പറ്റി കൂടുതൽ വിവരം തൽസ്ഥാനത്തുവെച്ച് കാണാവുന്നതാണ്.ان شاء الله

وَٱلَّذِينَ ٱتَّخَذُوا۟ مَسْجِدًا ضِرَارًا وَكُفْرًا وَتَفْرِيقًۢا بَيْنَ ٱلْمُؤْمِنِينَ وَإِرْصَادًا لِّمَنْ حَارَبَ ٱللَّهَ وَرَسُولَهُۥ مِن قَبْلُ ۚ وَلَيَحْلِفُنَّ إِنْ أَرَدْنَآ إِلَّا ٱلْحُسْنَىٰ ۖ وَٱللَّهُ يَشْهَدُ إِنَّهُمْ لَكَٰذِبُونَ ﴿١٠٧﴾

107 ഒരു പള്ളി ഉണ്ടാക്കിയവരും (അവരിൽ) ഉണ്ട്; ഉപദ്രവമുണ്ടാക്കുന്നതിനും, അവിശ്വാസത്തിനും, സത്യവിശ്വാസികൾക്കിടയിൽ ഭിന്നിപ്പിക്കുന്നതിനും, മുമ്പ് അല്ലാഹുവിനോടും അവൻെറ റസൂലിനോടും യുദ്ധം നടത്തിയവർക്ക് ഒരു പതി (സ്ഥലം) ഏർപ്പെടുത്തുന്നതിനുമായിട്ട്. ഞങ്ങൾ (വളരെ) നല്ല കാര്യമല്ലാതെ (ഒന്നും) ഉദ്ദേശിച്ചിട്ടില്ല എന്ന് തീർച്ചയായും അവർ ശപഥം ചെയ്യുകയും ചെയ്യും. അല്ലാഹു വാകട്ടെ, നിശ്ചയമായും അവർ വ്യാജം പറയുന്നവരാണെന്നു സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു.

لَا تَقُمْ فِيهِ أَبَدًا ۚ لَّمَسْجِدٌ أُسِّسَ عَلَى ٱلتَّقْوَىٰ مِنْ أَوَّلِ يَوْمٍ أَحَقُّ أَن تَقُومَ فِيهِ ۚ فِيهِ رِجَالٌ يُحِبُّونَ أَن يَتَطَهَّرُوا۟ ۚ وَٱللَّهُ يُحِبُّ ٱلْمُطَّهِّرِينَ ﴿١٠٨﴾

108 (നബിയേ) നീ ഒരിക്കലും അതിൽ നിൽക്കരുത് [നമസ്കരിക്കരുത്]. ആദ്യ ദിവസം മുതൽക്കേ ഭയഭക്തിയിൻമേൽ അടിത്തറയിടപ്പെട്ടിട്ടുള്ള പള്ളി തന്നെയാണ് നീ നിൽക്കുവാൻ [നമസ്കരിക്കുവാൻ] കൂടുതൽ അർഹതയുള്ളത്. ശുദ്ധി പ്രാപിക്കുവാൻ ഇഷ്ടപ്പെടുന്ന ചില പുരുഷൻമാരുണ്ട് അതിൽ. അല്ലാഹുവാകട്ടെ ശുദ്ധി പ്രാപിക്കുന്നവരെ ഇഷ്ടപ്പെടുകയും ചെയ്യുന്നു.

---

107 **والذين اتخذُوا** ഉണ്ടാക്കിയവർ, ഏർപ്പെടുത്തിയവർ. **مسجدا** ഒരു പള്ളി. **ضرارا** ഉപദ്രവമുണ്ടാക്കുന്നതിനും, ദ്രോഹം ചെയ്വാൻ. **وكُفْرا** അവിശ്വാസത്തിനും. **وتفْريقًا** ഭിന്നിപ്പിക്കുന്നതിനും. **بين المؤمنِين** സത്യവിശ്വാസികൾക്കിടയിൽ. **وإرصادا** പതി ഏർപ്പെടുത്തുന്നതിനും, കാത്തിരിക്കുന്നതിനും. **لمن حارب** യുദ്ധം (പോർ-പട) നടത്തിയവർക്ക്. **الله ورسوله** അല്ലാഹുവിനോടും അവൻെറ റസൂലിനോടും. **من قَبلُ** മുമ്പ്, മുമ്പേ. **وليَحلفُن** അവർ ശപഥം ചെയ്കയും തന്നെ ചെയ്യും. **إنْ أردنا** ഞങ്ങൾ ഉദ്ദേശിച്ചിട്ടില്ല (എന്ന്). **إلا الْحسنى** വളരെ (ഏറ്റം) നല്ലതല്ലാതെ. **والله** അല്ലാഹുവാകട്ടെ. **يشهد** അവൻ സാക്ഷ്യപ്പെടുത്തുന്നു. **إنهم** നിശ്ചയമായും അവർ. **لَكاذبونَ** വ്യാജം പറയുന്നവർ തന്നെയാണ് (എന്ന്). 108 **لا تقُم** നീ (നമസ്കാരത്തിന്) നിൽക്കരുത്. **فيه** അതിൽ. **أبدا** എന്നെന്നും, ഒരിക്കലും. **لمسجد** ഒരു പള്ളി തന്നെ. **أسس** അടിത്തറ (അസ്ഥിവാരം) ഇടപ്പെട്ടു. **على التقْوى** ഭയഭക്തിയുടെമേൽ. **من أول يوم** ആദ്യദിവസം മുതൽ. **أحق** അധികം (കൂടുതൽ) അർഹമായത്, അവകാശപ്പെട്ടതാണ്. **أن تقُوم** നീ നില്ക്കൽ, നില്ക്കുവാൻ. **فيه** അതിൽ. **فيه** അതിലുണ്ട്. **رِجالٌ** ചില പുരുഷൻമാർ. **يحبونَ** ഇഷ്ടപ്പെടുന്ന, അവർ ഇഷ്ടപ്പെടുന്നു. **أن يتطهروا** അവർ ശുദ്ധി പ്രാപിക്കുവാൻ, ശുദ്ധി നേടുന്നതിന്. **والله** അല്ലാഹുവാകട്ടെ. **يحب** അവൻ ഇഷ്ടപ്പെടുന്നു. **المطهرين** ശുദ്ധി പ്രാപിക്കുന്നവരെ, ശുദ്ധി ലഭിച്ചവരെ.

കപടവിശ്വാസികൾ ഖുബായിൽ സ്ഥാപിച്ചതും مسجد الضرار (മസ്ജിദു-ളിറാർ) അഥവാ ഉപദ്രവത്തിൻെറ പള്ളി എന്നപേരിൽ അറിയപ്പെട്ടതുമായ ഒരു കുപ്രസിദ്ധ സ്ഥാപനത്തെപ്പറ്റിയാണ് ഈ വചനങ്ങളിൽ പരാമർശിച്ചിരിക്കുന്നത്. അതിൻെറ ചരിത്രം ഇങ്ങനെയാണ്:-

മദീനായിൽ ഖസ്റജ് ഗോത്രത്തിൽപെട്ട പുരോഹിതൻ അബൂആമിർ (ابو عامر الراهب) എന്ന് പേരായ ഒരാളുണ്ടായിരുന്നു. ജാഹിലിയ്യത്തിൽ അയാൾ ക്രിസ്തുമതം സ്വീകരിച്ച് ഒരു ക്രിസ്തീയ പാതിരിയായി മാറി. നബി (ﷺ) മദീനായിൽ ചെന്ന ശേഷം, ഇസ്ലാമിനുണ്ടായ നേട്ടവും പ്രചാരവും അവനെ ശുണ്ഠിപിടിപ്പിച്ചു. മക്കായിൽ ചെന്ന് നബി (ﷺ) ക്കെതിരെ അവൻ മുശ്രിക്കുകളെ ഇളക്കിവിട്ടുകൊണ്ടിരുന്നു. ഉഹ്ദു യുദ്ധത്തിൽ അവനും മുശ്രിക്കുകളുടെ ഭാഗത്ത് സംബന്ധിച്ചിരുന്നു. യുദ്ധത്തിൽ മദീനാക്കാരായ ചില അൻസാരികളെ നയത്തിൽ പാട്ടിലാക്കുവാൻ ഒരു ശ്രമം നടത്തി നോക്കി. അതിന് വിപരീതഫലമാണുണ്ടായത്. യുദ്ധ അണികൾക്കിടയിൽ അവൻ ചില ചതിക്കുഴികളുണ്ടാക്കി മുകൾഭാഗം മൂടിവെച്ചിരുന്നു. അതിലൊന്നിൽ വീണ് നബി (ﷺ) യുടെ തലക്കും മുഖത്തും മുറി പറ്റുകയും, അവിടുത്തെ പല്ല് പൊട്ടുകയും ഉണ്ടായി. നബി (ﷺ) അവനെ ഇസ്ലാമിലേക്ക് ക്ഷണിക്കുകയും, അവനു ഖുർആൻ കേൾപ്പിക്കുകയും ചെയ്തുവെങ്കിലും അവൻ നിഷേധത്തിൽ ശഠിച്ചു നിൽക്കുകയാണ് ചെയ്തത്. ഉഹ്ദു സംഭവത്തിനുശേഷവും ഇസ്ലാമിന് അഭിവൃദ്ധിയും ശക്തിയും വർദ്ധിക്കുന്നതായി കണ്ടപ്പോൾ അവൻ ശാമിലേക്കു നീങ്ങി. റോമാചക്രവർത്തി ഹിറഖ്ലി യൂസിനോട് നബി (ﷺ) ക്കെതിരിൽ സഹായത്തിനപേക്ഷിച്ചു. രാജാവ് സഹായ വാഗ്ദാനം നൽകുകയും ചെയ്തിരുന്നു. അതേ അവസരത്തിൽ

മദീനായിലുള്ള തൻെറ പരിചയക്കാരും, കപട വിശ്വാസികളുമായ പലരുമായി അവൻ എഴുത്തു കുത്തുകൾ നടത്തികൊണ്ടിരിക്കുകയും, നബി (ﷺ) ക്കെതിരിൽ താൻ വമ്പിച്ച സൈന്യവുമായി വരുന്നുണ്ടെന്നും മറ്റും അറിയിച്ചുകൊണ്ടിരിക്കുകയും ചെയ്തു. അക്കൂട്ടത്തിൽ, താൻ മദീനായിൽ വരുമ്പോൾ, തനിക്കും സൈന്യത്തിനും ഒരു താവളവും കേന്ദ്രവും സ്ഥാപിക്കണമെന്നാവശ്യപ്പെട്ടു.

അങ്ങനെ ഇസ്‌ലാമിൽ ഒന്നാമതായി സ്ഥാപിതമായ 'മസ്ജിദുഖുബാ' (ഖുബായിലെ പള്ളി) യുടെ അടുത്തായി കപടവിശ്വാസികൾ ഒരു പള്ളി നിർമ്മിച്ചു. പന്ത്രണ്ട് കപടവിശ്വാസികളായിരുന്നു അതിൽ മുൻകൈയടുത്തവർ. നബി (ﷺ) തബൂക്കിലേക്ക് പുറപ്പെട്ടു പോകുന്നതിന് മുമ്പ് അവർ തിരുമേനിയുടെ അടുക്കൽ ചെന്ന് തങ്ങൾ ഒരു പള്ളി നിർമ്മിച്ചിട്ടുണ്ടെന്നും, സാധുക്കളും അശരണരുമായ ആളുകൾക്ക് തണുപ്പിലും, മഴയിലുമൊക്കെ തങ്ങുവാനുള്ള ഒരു കേന്ദ്രമെന്ന നിലക്കും മറ്റുമാണ് അത് നിർമ്മിച്ചിരിക്കുന്നതെന്നും അറിയിച്ചു. തിരുമേനി അതിൽ വന്ന് നമസ്കരിച്ചുകൊണ്ട് അതിൻെറ ഉൽഘാടനം കഴിച്ചുതരണമെന്ന് അപേക്ഷിക്കുകയും ചെയ്തു. നബി (ﷺ) യുടെ അംഗീകാരം ലഭിച്ചാൽ, തങ്ങളുടെ ഉദ്ദേശ്യങ്ങൾ അവിടെ നിരുപാധികം നടത്തുവാൻ അതു സൗകര്യമായിരിക്കുമെന്നായിരുന്നു അവരുടെ കണക്കുകൂട്ടൽ. ഞങ്ങൾ ഒരു യാത്രക്കുള്ള ഒരുക്കത്തിലാണെന്നും, അത് കഴിഞ്ഞ് മടങ്ങിവന്നിട്ടാവാമെന്നുമായിരുന്നു നബി (ﷺ) യുടെ മറുപടി. നബി (ﷺ) തബൂക്കിൽനിന്ന് മടങ്ങി മദീനായുടെ അടുത്തുള്ള ദീഅവാൻ **ذی اوان** എന്ന സ്ഥലത്തെത്തിയപ്പോഴേക്കും പള്ളിയെ സംബന്ധിച്ച വിവരങ്ങൾ വഹ്‌യ് മുഖേന അല്ലാഹു നബി (ﷺ) ക്കു അറിയിച്ചുകൊടുത്തു. അതനുസരിച്ച് മദീനായിൽ എത്തും മുമ്പ് തന്നെ അതു പൊളിച്ചുനീക്കി തീവെക്കുവാൻ നബി (ﷺ) ആളയക്കുകയും ചെയ്തു.

ആ പള്ളി നിർമ്മാണത്തിൽ കപടവിശ്വാസികളുടെ ഉന്നങ്ങളെന്തായിരുന്നുവെന്ന് അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു. (1) ഉപദ്രവമുണ്ടാക്കൽ, സത്യവിശ്വാസികൾക്ക് പൊതുവെയും, ഖുബായിലെ സത്യവിശ്വാസികൾക്ക് പ്രത്യേകമായും ഉപദ്രവകരമായിരിക്കും അതിൻെറ നിലനിൽപെന്ന് വ്യക്തമാണ്. (2) അവിശ്വാസം, അവിശ്വാസത്തിൽ നിന്നുൽഭവിച്ചതും, സത്യവിശ്വാസത്തിനെതിരിൽ അവിശ്വാസത്തെ ശക്തിപ്പെടുത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുവാൻവേണ്ടി സ്ഥാപിതമായതുമാണത്. (3) സത്യവിശ്വാസികൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കൽ, അഥവാ ഖുബാ പള്ളിയിൽ സമ്മേളിക്കാറുള്ള മുസ്‌ലിംകളിൽ ചിലരെ അങ്ങോട്ടാകർഷിച്ചും മറ്റും അവരുടെ ഐക്യത്തെ ശിഥിലമാക്കുക. (4) മുമ്പ് അല്ലാഹുവിനോടും റസൂലിനോടും യുദ്ധം നടത്തിയവർക്ക് പതിയൊരുക്കിക്കൊടുക്കുക, അതായത്, അബൂആമിറിനും അവൻെറ ആൾക്കാർക്കും ഇസ്‌ലാമിനെതിരെ യുദ്ധം മുതലായ ആക്രമ പരിപാടികൾ നടപ്പിൽ വരുത്തുവനുദ്ദേശിക്കുന്ന മറ്റുള്ളവർക്കും ഒരു രഹസ്യകേന്ദ്രം തയ്യാറാക്കുകയും, പള്ളി എന്നു പേര് നൽകി സത്യാവസ്ഥ മറച്ചുപിടിക്കുകയും ചെയ്യുക. ഇതൊക്കെയാണ് ആ കപട വിശ്വാസികളുടെ സാക്ഷാൽ ലക്ഷ്യങ്ങൾ. എന്നാലും നമസ്കാരം പോലെയുള്ള നല്ല കാര്യങ്ങളെ ഉദ്ദേശിച്ച് മാത്രമാണ് തങ്ങളത് നിർമ്മിച്ചിരിക്കുന്നതെന്ന് അവർ കള്ളസത്യം ചെയ്തുപറയുമെന്നും, അതുകൊണ്ട് ഒരു കാലത്തും നബി (ﷺ) അതിൽ പോയി നമസ്കാരം നടത്തരുതെന്നും, ആദ്യം മുതൽക്കേ ഭയഭക്തിയുടെ അടിസ്ഥാനത്തിൽ സ്ഥാപിതമായ ഖുബായിലെ ഒന്നാമത്തെ പള്ളിയിൽ മാത്രം നബി (ﷺ) സംബന്ധിച്ചാൽ മതിയെന്നും അല്ലാഹു നബി (ﷺ) യോട് കൽപിക്കുന്നു.

നബി (ﷺ) മദീനായിലേക്ക് ഹിജ്റ വരുമ്പോൾ, മദീനായിൽനിന്ന് രണ്ട് നാഴിക തെക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന ഖുബായിൽ ഇറങ്ങി അൽപദിവസം അവിടെ താമസിക്കുകയുണ്ടായി. ആ അവസരത്തിൽ നിർമ്മിക്കപ്പെട്ടതും, ഇസ്‌ലാമിൽ ഒന്നാമതായി സ്ഥാപിക്കപ്പെട്ടതുമായ പള്ളിയത്രെ ഖുബായിലെ പള്ളി പിന്നീടാണ് തിരുമേനി മദീനായിലേക്ക് പോയതും, അവിടത്തെ പള്ളി ('അൽമസ്ജിദുന്നബവീ') സ്ഥാപിച്ചതും. നബി (ﷺ) കാൽനടയായും, വാഹനമേറിയും ഇടക്കിടെ ഖുബാ പള്ളിയിൽ വന്ന് സന്ദർശനം നടത്തിപ്പോയിരുന്നതായി ഹദീസുകളിൽ

വന്നിട്ടുണ്ട്. ഈ പള്ളിയുടെ പ്രാധാന്യത്തെപ്പറ്റി പ്രസ്താവിച്ചതോടൊപ്പം, ആ പള്ളിയിൽ സമ്മേളിക്കാറുള്ള സത്യവിശ്വാസികൾ ശുദ്ധി പ്രാപിക്കുവാൻ ഇഷ്ടപ്പെടുന്നവരാണെന്നും അങ്ങിനെയുള്ളവരെ അല്ലാഹുവിന് ഇഷ്ടമാണെന്നും പറഞ്ഞ് പ്രശംസിക്കുകയും ചെയ്തിരിക്കുന്നു. അവിശ്വാസം, കാപട്യം, പാപകൃത്യങ്ങൾ മുതലായ ആത്മിയ മാലിന്യങ്ങളിൽനിന്നും വൃത്തികേട്, മ്ളേച്ഛത മുതലായ ശാരീരിക മാലിന്യങ്ങളിൽനിന്നും പരിശുദ്ധരായിരുന്നു അവർ എന്ന് സാരം. വെള്ളത്തിന് വളരെ ക്ഷാമമായിരുന്നതിന് പുറമെ, മലമൂത്രവിസർജ്ജനങ്ങൾക്കുശേഷം കല്ല് മുതലായ പദാർത്ഥങ്ങൾകൊണ്ട് തടവി ശുചിയാക്കുന്ന സമ്പ്രദായമായിരുന്നു അക്കലാത്തു അറബികൾക്കിടയിൽ പൊതുവിലുണ്ടായിരുന്നത്. എന്നാൽ, ഖുബാ നിവാസികൾ, മലമൂത്ര വിസർജ്ജനാനന്തരം കല്ലുകൊണ്ട് തടവി മതിയാക്കാതെ വെള്ളംകൊണ്ടുകൂടി ശുചിയാക്കിയിരുന്നുവെന്നും, ശുചിത്വത്തിൻെറ കാര്യത്തിൽ അവർ അത്രയും ശ്രദ്ധ പതിപ്പിച്ചിരുന്നവെന്നും, അതുകൊണ്ടാണ് അല്ലാഹുവിൻെറ ഈ പ്രശംസക്ക് അവർ പാത്രമായതെന്നും നബി (ﷺ) പറയുകയുണ്ടായെന്ന് അഹ്മദു, ഇബ്നുഖുസൈമഃ അബൂദാവൂദ്, ത്വബ്റാനി (رحمهم الله) മുതലായവർ ഉദ്ധരിച്ച ഹദീസുകളിൽനിന്ന് മനസ്സിലാക്കാവുന്നതാണ്. അല്ലാഹു തുടരുന്നു:-

أَفَمَنْ أَسَّسَ بُنْيَـٰنَهُۥ عَلَىٰ تَقْوَىٰ مِنَ ٱللَّهِ وَرِضْوَٰنٍ خَيْرٌ أَم مَّنْ أَسَّسَ بُنْيَـٰنَهُۥ عَلَىٰ شَفَا جُرُفٍ هَارٍ فَٱنْهَارَ بِهِۦ فِى نَارِ جَهَنَّمَ ۗ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلظَّـٰلِمِينَ ﴿١٠٩﴾

109 അപ്പോൾ, അല്ലാഹുവിനെ സംബന്ധിച്ച ഭയഭക്തിയുടെയും, (അവനിൽ നിന്നുള്ള) പ്രീതിയുടെയും പേരിൽ, തൻെറ കെട്ടിടം അടിത്തറയിട്ടവനോ ഉത്തമം? അതല്ല, (പൊളിഞ്ഞ്) വീഴുവാൻ പോകുന്ന ഒരു തിണ്ണയുടെ വക്കിൻമേൽ തൻെറ കെട്ടിടം അടിത്തറയിടുകയും, എന്നിട്ടത് 'ജഹന്നമി'ൻെറ [നരകത്തി]ൻെറ അഗ്നിയിൽ പൊളിഞ്ഞു വീഴുകയും ചെയ്തവനോ (ഉത്തമം)?! അല്ലാഹുവാകട്ടെ, അക്രമികളായ ജനങ്ങളെ സൻമാർഗ്ഗത്തിലാക്കുകയില്ല.

لَا يَزَالُ بُنْيَـٰنُهُمُ ٱلَّذِى بَنَوْا۟ رِيبَةً فِى قُلُوبِهِمْ إِلَّآ أَن تَقَطَّعَ قُلُوبُهُمْ ۗ وَٱللَّهُ عَلِيمٌ حَكِيمٌ ﴿١١٠﴾

110 അവർ സ്ഥാപിച്ചതായ അവരുടെ (ആ) കെട്ടിടം അവരുടെ ഹൃദയങ്ങളിൽ ഒരു ആശങ്ക (അഥവാ അസ്വാസ്ഥ്യം) ആയിക്കൊണ്ടേയിരിക്കുന്നതാണ്, അവരുടെ ഹൃദയങ്ങൾ കഷ്ണം കഷ്ണമായിപ്പോയാലൊഴികെ. അല്ലാഹു (എല്ലാം) അറിയുന്നവനും, അഗാധജ്ഞനുമാകുന്നു.

---

109 **أفَمن** അപ്പോൾ യാതൊരുവനോ. **أسس** അസ്തിവാരം (അടിത്തറ) ഇട്ട, സ്ഥാപിച്ച. **بنيانه** തൻെറ കെട്ടിടത്തെ എടുപ്പിനെ. **على تقوى** ഭയഭക്തിയുടെമേൽ, സൂക്ഷമതയിൻമേൽ. **من الله** അല്ലാഹുവിനെക്കുറിച്ച്. **ورضوان** പ്രീതിയുടെയും. **خير** ഉത്തമം, ഗുണം. **أم من** അതോ (അതല്ല) യാതൊരുവനോ. **أسس** അവൻ തറയിട്ടു, അസ്തിവാരമുറപ്പിച്ചു. **بنيانه** അവൻെറ കെട്ടിടത്തിനു എടുപ്പിനെ. **على شفا** വക്കിൽ, ഓർത്തു. **جرف** (പുഴയുടെ) തിണ്ണയുടെ, (പൊട്ടക്കിണറ്റിൻെറ) വക്കിൻെറ. **هار** പൊളിഞ്ഞുവീഴുന്ന (വീഴാറായ). **فانهار** എന്നിട്ടത് പൊളിഞ്ഞുവീണു. **به** അവനെയുംകൊണ്ട്. **في نار** തീയിൽ, അഗ്നിയിൽ. **جهنم** ജഹന്നമിൻെറ. **والله** അല്ലാഹുവാകട്ടെ. **لا يهدي** സന്മാർഗ്ഗത്തിലാക്കുകയില്ല. **القوم** ജനങ്ങളെ. **الظالمين** അക്രമികളായ. 110 **لا يزالُ** നീക്കം വരുകയില്ല (ആയിക്കൊണ്ടേയിരിക്കും). **بنيانهم** അവരുടെ കെട്ടിടം. **الذي** യാതൊരു. **بنوا** അവർ സ്ഥാപിച്ച, നിർമ്മിച്ച. **ريبةً** ഒരു ആശങ്ക, സന്ദേഹം. **في قلوبهم** അവരുടെ ഹൃദയങ്ങളിൽ. **إلا أن تقطع** മുറിഞ്ഞു മുറിഞ്ഞു (കഷ്ണം കഷ്ണമായി) പോയാലൊഴികെ. **قلوبهم** അവരുടെ ഹൃദയങ്ങൾ. **والله** അല്ലാഹു. **عليم** അറിയുന്നവനാണ്. **حكيم** അഗാധജ്ഞനാണ്.

'മസ്ജിദു-ത്തഖ്‌വാ' (ഭയഭക്തിയുടെ പള്ളി) യോടും, അതിന്‍റെ ആള്‍ക്കാരോടും താരതമ്യപ്പെടുത്തുമ്പോള്‍ 'മസ്ജിദു-ള്ളിറാറി' (ഉപദ്രവത്തിന്‍റെ പള്ളി)ന്‍റെയും അതിന്‍റെ ആള്‍ക്കാരുടെയും പരസ്പരവിരുദ്ധമായ നിലപാട് ചൂണ്ടിക്കാട്ടുന്ന ഉപമാലാങ്കാര രൂപത്തിലുള്ള ഒരു വിവരണമാണ് ആദ്യത്തെ വചനത്തില്‍ കാണുന്നത്. ശക്തിമത്തായ അടിത്തറയിട്ടുകൊണ്ട് അതിന്‍മേല്‍ കെട്ടി ഉയര്‍ത്തപ്പെട്ട കെട്ടിടം പൊളിഞ്ഞുവീഴാതെയും, കേടുപാട് കൂടാതെയും ദീര്‍ഘകാലം സുരക്ഷിതമായി നിലനില്‍ക്കുമല്ലോ. അല്ലാഹുവിനെക്കുറിച്ചുള്ള ഭയഭക്തിയുടെയും, അവന്‍റെ പ്രീതി ലഭിക്കേണമെന്ന മോഹത്തിന്‍റെയും അടിസ്ഥാനത്തില്‍ മതസ്ഥാപനമാകുന്ന കെട്ടിടം സ്ഥാപിച്ചാലുള്ള സ്ഥിതിയും അതുപോലെതന്നെ. അതിന്‍റെ പരിശുദ്ധിക്കോ പവിത്രതക്കോ കോട്ടം തട്ടാതെ അത് നിലനില്‍ക്കും. വല്ല പുഴവക്കിലോ പൊട്ടക്കിണറിന്‍റെ വക്കിലോ ഏതവസരത്തിലും പൊളിഞ്ഞ് വീഴാനിടയുള്ള മണ്‍തിണ്ണയുടെ ഓരത്ത് ഒരു കെട്ടിടം സ്ഥാപിച്ചാല്‍ ആ കെട്ടിടം അതിലെ ആള്‍ക്കാരടക്കം ഏതു നിമിഷവും മറിഞ്ഞ് വീണുതകരുമെന്ന് പറയേണ്ടതില്ല. അതുപോലെയാണ് കപടവിശ്വാസികളുടെ മത സ്ഥാപനങ്ങള്‍. ആ കെട്ടിടം പൊളിഞ്ഞ് വീഴുന്നത് ആ തിണ്ണയുടെ താഴ്ഭാഗത്തിലുള്ള പുഴയിലേക്കോ കിണറ്റിലേക്കോ ആയിരിക്കുമെങ്കില്‍, കപടവിശ്വാസികള്‍ നിര്‍മ്മിക്കുന്ന സ്ഥാപനങ്ങളുടെ കലാശം നരകാഗ്നിയിലേക്കുമായിരിക്കും. അപ്പോള്‍, ഈ രണ്ട് സ്ഥാപനങ്ങളില്‍ ഏതാണ് നല്ലതെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇതാണ് ആ വചനത്തിലടങ്ങിയ ആശയം.

കപടവിശ്വാസികള്‍ ആ പള്ളി നിര്‍മ്മിച്ചത് തന്നെ അവരുടെ കാപട്യം നിമിത്തമുള്ള അസ്വസ്ഥതകൊണ്ടാണ്. അത് പൊളിച്ച് നശിപ്പിച്ചപ്പോഴാകട്ടെ, ഇനി എന്തെല്ലാമാണു സംഭവിക്കുകയെന്നുള്ള അവരുടെ ഭയപ്പാടും ആശങ്കയും അസ്വസ്ഥതയും അവരുടെ ഹൃദയങ്ങള്‍ നിലവിലുള്ള കാലത്തോളം അവരെ വിട്ടുമാറുവാന്‍ പോകുന്നില്ല എന്നത്രെ രണ്ടാമത്തെ വചനത്തില്‍ അല്ലാഹു ചൂണ്ടിക്കാട്ടുന്നത്.

വിഭാഗം: 14

إِنَّ ٱللَّهَ ٱشۡتَرَىٰ مِنَ ٱلۡمُؤۡمِنِينَ
أَنفُسَهُمۡ وَأَمۡوَٰلَهُم بِأَنَّ لَهُمُ ٱلۡجَنَّةَۚ
يُقَٰتِلُونَ فِي سَبِيلِ ٱللَّهِ فَيَقۡتُلُونَ
وَيُقۡتَلُونَۖ وَعۡدًا عَلَيۡهِ حَقّٗا فِي ٱلتَّوۡرَىٰةِ
وَٱلۡإِنجِيلِ وَٱلۡقُرۡءَانِۚ وَمَنۡ أَوۡفَىٰ بِعَهۡدِهِۦ
مِنَ ٱللَّهِۚ فَٱسۡتَبۡشِرُواْ بِبَيۡعِكُمُ ٱلَّذِي بَايَعۡتُم
بِهِۦۚ وَذَٰلِكَ هُوَ ٱلۡفَوۡزُ ٱلۡعَظِيمُ ﴿١١١﴾

111 നിശ്ചയമായും, സത്യവിശ്വാസികളില്‍ നിന്ന് അവരുടെ ദേഹങ്ങളെയും, സ്വത്തുക്കളെയും അല്ലാഹു (വിലക്കു) വാങ്ങിയിരിക്കുന്നു; അവര്‍ക്ക് സ്വര്‍ഗ്ഗമുണ്ട് എന്നുള്ളതിനു (പകരം). അതായത്: അവര്‍ അല്ലാഹുവിന്‍റെ മാര്‍ഗ്ഗത്തില്‍ യുദ്ധം ചെയ്യുന്നു; അങ്ങനെ, അവര്‍ കൊല്ലുകയും കൊല്ലപ്പെടുകയും ചെയ്യുന്നു. (അതെ) തൗറാത്തിലും, ഇഞ്ചീലിലും, ഖുര്‍ആനിലും അവന്‍റെമേല്‍ ബാധ്യസ്ഥമായി (പ്രഖ്യാപിക്കപ്പെട്ടി)ട്ടുള്ള ഒരു യഥാര്‍ത്ഥ വാഗ്ദത്തം! ആരാണ്, അല്ലാഹുവിനെക്കാള്‍ അധികം തന്‍റെ കരാറിനെ നിറവേറ്റുന്നവന്‍?! [ആരുമില്ല] ആകയാല്‍, നിങ്ങള്‍ നടത്തിയിട്ടുള്ളതായ നിങ്ങളുടെ (ആ) കച്ചവടം കൊണ്ടു നിങ്ങള്‍ സന്തോഷമടയുവിന്‍.അതു തന്നെയാണു വമ്പിച്ച ഭാഗ്യം!

111 إِنَّ اللهَ നിശ്ചയമായും അല്ലാഹു. اشْتَرَى വാങ്ങിയിരിക്കുന്നു. مِنَ الْمُؤْمِنِينَ സത്യവിശ്വാസിക
ളിൽനിന്ന്. أَنفُسَهُمْ അവരുടെ സ്വന്ത (ദേഹ)ങ്ങളെ. وَأَمْوَالَهُمْ അവരുടെ സ്വത്തുക്കളെയും. بِأَنَّ لَهُمُ
അവർക്കുണ്ട് എന്നതിന്. الْجَنَّةَ സ്വർഗ്ഗം. يُقَاتِلُونَ അവർ യുദ്ധം ചെയ്യുന്നു, (ചെയ്യണം). فِي سَبِيلِ
മാർഗ്ഗത്തിൽ. اللهِ അല്ലാഹുവിൻെറ. فَيَقْتُلُونَ എന്നിട്ട് (അങ്ങിനെ) അവർ കൊല്ലുന്നു, വധിക്കുന്നു
(വധിക്കണം). وَيُقْتَلُونَ അവർ കൊല്ലപ്പെടുകയും ചെയ്യുന്നു (ചെയ്യണം). وَعْدًا ഒരു വാഗ്ദത്തം,
വാഗ്ദത്തമായിട്ട്. عَلَيْهِ അവൻെറ മേൽ (ബാധ്യതപ്പെട്ട). حَقًّا യഥാർത്ഥ (ന്യായ)മായ, കടമപ്പെട്ട.
فِي التَّوْرَاةِ തൗറാത്തിൽ. وَالْإِنجِيلِ ഇഞ്ചീലിലും. وَالْقُرْآنِ ഖുർആനിലും. وَمَنْ ആരാണ്, ആരുണ്ട്. أَوْفَى
അധികം (കൂടുതൽ) നിറവേററുന്നവൻ. بِعَهْدِهِ തൻെറ കരാറിനെ. مِنَ اللهِ അല്ലാഹുവിനെക്കാൾ.
فَاسْتَبْشِرُوا അതിനാൽ സന്തോഷമടയുവിൻ. بِبَيْعِكُمُ നിങ്ങളുടെ വിൽപന (കച്ചവടം)കൊണ്ടു. الَّذِي
بَايَعْتُم നിങ്ങൾ വിൽപന (ഇടപാട്) നടത്തിയ. بِهِ അതിനെപ്പററി, അതിനെ. وَذَٰلِكَ هُوَ അതുതന്നെ
യാണ്. الْفَوْزُ ഭാഗ്യം, വിജയം. الْعَظِيمُ വമ്പിച്ച്, മഹാ.

അല്ലാഹുവിൻെറ ദീനിനുവേണ്ടി സത്യവിശ്വാസികൾ സമരം നടത്തേണ്ടുന്നതിൻെറ ആവശ്യകതയും, അതിൻെറ പ്രതിഫലമായി അവർക്ക് സ്വർഗ്ഗം നൽകാമെന്ന് അവൻ നൽകിയ വാഗ്ദാനത്തെയും അല്ലാഹുവും സത്യവിശ്വാസികളും തമ്മിൽ നടന്നിട്ടുള്ള ഒരു കച്ചവട ഇടപാടായി ചിത്രികരിച്ചുകൊണ്ട് അല്ലാഹു അവർക്ക് യുദ്ധം ചെയ്‌വാനുള്ള ആവേശവും പ്രോൽസാഹനവും നൽകുകയാണ്. ഇടപാടുകാരൻ അല്ലാഹു. അവൻ വിലകൊടുത്ത് മേടിക്കുന്നത് അവരുടെ ദേഹവും ധനവും. അഥവാ അവ രണ്ടും അവർ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ വിനിയോഗിക്കണം. ശത്രുക്കളുമായി സമരാങ്കണത്തിൽ ഇറങ്ങി പടവെട്ടുകയും വേണം. അപ്പോൾ ശത്രുക്കളെ കൊല്ലുകയും, ശത്രുക്കളാൽ കൊല്ലപ്പെടുകയും വേണ്ടിവരും. ഇതിന് അവർക്ക് അവൻ നൽകുന്ന വില സ്വർഗ്ഗമത്രെ. അതെ, ആരും കണ്ടിട്ടില്ലാത്തതും, ആരും കേട്ടിട്ടില്ലാത്തതും, ആരുടെ മനസ്സിനും വിഭാവനം ചെയ്‌വാൻ കഴിയാത്തതുമായ അതിമഹത്തായ അനുഗ്രഹങ്ങളുടെ ലോകമായ സ്വർഗ്ഗം! ഇത് ഇപ്പോൾ പുതുതായി നൽകപ്പെടുന്ന ഒരു വാഗ്ദാനമല്ല. വാഗ്മൂലമാത്രമായ ഒരു കരാറുമല്ല. മുമ്പുമുതൽക്കേ തൗറാത്തിലും, ഇഞ്ചിലീലും, ഖുർആനിലുമായി രേഖപ്പെടുത്തപ്പെട്ട് വന്നിട്ടുള്ള ഒരു ലിഖിതരേഖയാണത്. അപ്പോൾ, ഇതിനെക്കാൾ മെച്ചപ്പെട്ടതും ലാഭകരമായതുമായ ഒരു ഇടപാട് വേറെ എതാണുള്ളത്?! അല്ലാഹുവിനെപ്പോലെ പരിപൂർണ്ണമായി കരാറ് പാലിക്കുന്നവനും, പാലിക്കുവാൻ കഴിയുന്നവനും വേറെ ആരുണ്ട്?! ഇല്ല. ഒരിക്കലുമില്ല. ആരുമില്ല.

ഈ എടപാടിലെ വ്യവസ്ഥകൾ അനുസരിച്ചുകൊണ്ട് സ്വർഗ്ഗം ലഭിക്കുവാൻ ഭാഗ്യമുണ്ടാവുന്ന സത്യവിശ്വാസികളുടെ ഗുണവിശേഷങ്ങൾ എന്തൊക്കെയായിരിക്കുമെന്നുകൂടി അല്ലാഹു തുടർന്ന് ചൂണ്ടിക്കാട്ടുന്നു:-

ٱلتَّٰٓئِبُونَ ٱلۡعَٰبِدُونَ ٱلۡحَٰمِدُونَ ٱلسَّٰٓئِحُونَ ٱلرَّٰكِعُونَ ٱلسَّٰجِدُونَ ٱلۡأٓمِرُونَ بِٱلۡمَعۡرُوفِ وَٱلنَّاهُونَ عَنِ ٱلۡمُنكَرِ وَٱلۡحَٰفِظُونَ لِحُدُودِ ٱللَّهِۗ وَبَشِّرِ ٱلۡمُؤۡمِنِينَ ١١٢

112 പശ്ചാത്തപിച്ചു മടങ്ങുന്നവർ, (അല്ലാഹുവിനെ) ആരാധിക്കുന്നവർ, (അവന്) സ്തുതി കീർത്തനം ചെയ്യുന്നവർ, ദേശാടനക്കാർ (അഥവാ നോമ്പുകാർ), 'റുകൂഉ്' [കുമ്പിട്ട് നമസ്കാരം] ചെയ്യുന്നവർ, 'സുജൂദു' [സാഷ്ടാംഗ നമസ്കാരം] ചെയ്യുന്നവർ, സദാചാരം കൊണ്ടു കൽപിക്കുന്നവരും, ദുരാചാരത്തെക്കുറിച്ചു വിരോധിക്കുന്നവരുമായുള്ളവർ, അല്ലാഹുവിൻെറ അതിർത്തികളെ [നിയമപരിധികളെ] കാത്തു സൂക്ഷിക്കുന്നവരും! സത്യവിശ്വാസികൾക്കു സന്തോഷമറിയിക്കുകയും

ചെയ്യുക.

---

112 التَّائِبُونَ (പശ്ചാത്തപിച്ചു) മടങ്ങുന്നവർ. الْعَابِدُونَ ആരാധകൻമാർ. الْحَامِدُونَ സ്തുതിക്കുന്ന (സ്തുതികീർത്തനം ചെയ്യുന്ന)വർ. السَّائِحُونَ സഞ്ചരിക്കുന്നവർ നോമ്പു നോൽക്കുന്നവർ. الرَّاكِعُونَ കുമ്പിടുന്ന (കുമ്പിട്ടു നമസ്കരിക്കുന്ന)വർ. السَّاجِدُونَ സുജൂദു (സാഷ്ടാംഗ നമസ്കാരം) ചെയ്യുന്നവർ. الْآمِرُونَ കല്പി (ഉപദേശി)ക്കുന്നവർ. بِالْمَعْرُوفِ സദാചാരംകൊണ്ട്. وَالنَّاهُونَ വിരോധിക്കുന്നവരും. عَنِ الْمُنكَرِ ദുരാചാരത്തെപ്പറ്റി. وَالْحَافِظُونَ കാക്കുന്ന (സൂക്ഷിക്കുന്ന)വരും. لِحُدُودِ അതിർത്തി (പരിധി-അതിരു)കളെ. اللَّهِ അല്ലാഹുവിൻെറ. وَبَشِّرِ സന്തോഷം (സന്തോഷ വാർത്ത) അറിയിക്കുകയും ചെയ്യുക. الْمُؤْمِنِينَ സത്യവിശ്വാസികൾക്ക്.

കഴിഞ്ഞ വചനത്തിൽ സൂചിപ്പിച്ച മഹാഭാഗ്യവാന്മാരുടെ എട്ട് സവിശേഷതകളാണ് ഈ വചനത്തിൽ പ്രസ്താവിച്ചത്. (1) പശ്ചാത്തപം. അഥവാ പാപം, ദുർന്നടപ്പ്, കപടവിശ്വാസം, അവിശ്വാസം എന്നിവയിൽനിന്നെല്ലാം ഖേദിച്ചുമടങ്ങുക. പശ്ചാത്താപം യഥാർത്ഥമായിരിക്കുന്ന പക്ഷം, അതിനുശേഷം ആദ്യം ചെയ്ത ആ തെറ്റുകുറ്റങ്ങൾ പിന്നീട് ആവർത്തിക്കപ്പെടുകയില്ല താനും. (2) അല്ലാഹുവിന് ആരാധനാകർമ്മങ്ങൾ ചെയ്യുക, മനസാ വാചാ കർമ്മണാ ചെയ്യപ്പെടേണ്ടതും, നിർബന്ധമായി കൽപിക്കപ്പെട്ടതും, ഐച്ഛികമായി കൽപിക്കപ്പെട്ടതുമായ ആരാധനാകർമ്മങ്ങൾ സമയോചിതം നടത്തിപ്പോരുക. (3) സ്തുതികീർത്തനം ചെയ്യുക. നാവുകൊണ്ടും മനസ്സുകൊണ്ടും ചെയ്യപ്പെടാവുന്ന ഒരു പ്രധാന ആരാധനാകർമ്മമത്രെ അല്ലാഹുവിനെ സ്തുതിക്കൽ. നബി (ﷺ) പറഞ്ഞതായി ഇബ്നുഉമർ (رضي الله عنه) ഉദ്ധരിക്കുന്നു: സ്തുതി നന്ദിയുടെ തലയാകുന്നു (പ്രധാനഭാഗമാണ്). അല്ലാഹുവിനെ 'സ്തുതിക്കാത്തവൻ അവനോട് നന്ദി കാണിക്കയില്ല' നബി (ﷺ) പറഞ്ഞതായി ഇബ്നുഅബ്ബാസ് (رضي الله عنه) ഉദ്ധരിക്കുന്നു: 'ഖിയാമത്തുനാളിൽ ആദ്യം സ്വർഗ്ഗത്തിലേക്ക് വിളിക്കപ്പെടുന്നവർ സന്തോഷത്തിലും സന്താപത്തിലും അല്ലാഹുവിനെ സ്തുതിക്കുന്നവരായിരിക്കും. (رواهما البيهقي في شعب الايمان)

(4) നോമ്പ്-അല്ലെങ്കിൽ സഞ്ചാരം. അല്ലാഹു ഉപയോഗിച്ച വാക്ക് السائحون എന്നാകുന്നു. ഭൂമിയിലൂടെ സഞ്ചാരം നടത്തുക എന്നത്രെ ഇതിൻെറ ധാതുവായ سياحة (സിയാഹത്തി)ൻെറ അർത്ഥം. സഞ്ചാരികൾ ഭക്ഷണം മുതലായ സുഖസൗകര്യങ്ങളിൽ ത്യാഗം വരിക്കുന്നവരും, ബുദ്ധിമുട്ടുകൾ സഹിക്കുന്നവരുമായിരിക്കുമല്ലോ. ആ നിലക്ക് നോമ്പുകൾ എന്നും, ഹിജ്റപോകുന്നവർ എന്നും, സമരശീലന്മാർ എന്നും, ഇസ്ലാമിനെക്കുറിച്ച് പഠിക്കുക മുതലായ സദുദ്യമങ്ങൾക്കുവേണ്ടി യാത്ര ചെയ്യുന്നവർ എന്നുമൊക്കെ അതിന് വിവക്ഷ നൽകപ്പെട്ടു കാണാം. ഇതെല്ലാം ഉൾക്കൊളളുന്ന ഒരു സാമാന്യാർത്ഥമാണ് ഇവിടെ ഉദ്ദേശ്യമെന്ന് വരാം. എങ്കിലും ഭൂരിഭാഗം വ്യാഖ്യാതാക്കളും നോമ്പുകാർ എന്നാണ് വിവക്ഷ നൽകിക്കാണുന്നത്. ദേശസഞ്ചാരികളെപ്പോലെയുളള ത്യാഗങ്ങളെല്ലാം അനുഷ്ഠിക്കുന്നവരാണല്ലോ നോമ്പുകാരും. കൂടാതെ 'ഈ സമുദായത്തിൻെറ 'സിയാഹത്ത്' നോമ്പ് നോൽക്കുകയാണ്' എന്ന് ആയിശാ (رضي الله عنها) പറഞ്ഞതായി ഇബ്നുജരീർ (رحمه الله) രിവായത്ത് ചെയ്തിട്ടുമുണ്ട്. ഇതിനെ ബലപ്പെടുത്തുന്ന ചില രിവായത്തുകൾ വേറെയും കാണാം. അതുകൊണ്ട് ഇവിടെ 'നോമ്പുകാർ' എന്നുളള അർത്ഥമാണ് കൂടുതൽ ശരിയായിട്ടുളളതെന്ന് പലരും ചൂണ്ടിക്കാട്ടുന്നു.الله اعلم

(5, 6) റുകൂഉം, സുജൂദും (കുമ്പിട്ട് നമസ്കാരവും, സാഷ്ടാംഗ നമസ്കാരവും) ചെയ്യുക. നമസ്കാരത്തിൽ അനുഷ്ടിക്കപ്പെടേണ്ടുന്ന ശാരീരികമായ രണ്ട് പ്രധാന ഘടകങ്ങളാണ് റുകൂഉം സുജൂദും. അത്കൊണ്ടാണ് അവ രണ്ടും പ്രത്യേകം എടുത്ത് പറഞ്ഞിരിക്കുന്നത്. നമസ്കാരത്തെ ഉദ്ദേശിച്ച് ഈ രണ്ട് ഘടകങ്ങളെയും പോലെ മറ്റൊരു പ്രധാന ഘടകമായ നിറുത്തത്തെ (قيام) യും ഖുർആനിൽ ഉപയോഗിക്കാറുണ്ട്. ഇതിനൊരു ഉദാഹരണം 108-ാം വചനത്തിൽ കണ്ടുവല്ലോ. (7) സദാചാരപരമായ നല്ല കാര്യങ്ങളെ ഉപദേശിക്കലും, ദുരാചാരപരമായ ചീത്ത

കാര്യങ്ങളെ വിരോധിക്കലും. ഈ രണ്ട് ഗുണങ്ങളെയും സംബന്ധിച്ച് ഖുർആനിലും ഹദീസിലും വളരെയധികം പ്രസ്താവനകൾ കാണാവുന്നതാണ്. രണ്ടും പരസ്പരം ബന്ധപ്പെട്ടതും, ഒന്ന് മറ്റേതിന്റെ അനിവാര്യഫലവുമാകകൊണ്ടു രണ്ടും കൂടി ഒന്നായി എണ്ണിയിരിക്കുകയാണ്. (8) അല്ലാഹു നിയമിച്ച നിയമാതിർത്തികളെ കാത്തുസൂക്ഷിക്കുക. അഥവാ, അവയെ മറികടക്കുകയോ, ലംഘിക്കുകയോ, ദുർവ്യാഖ്യാനം ചെയ്യുകയോ ചെയ്യാതെ തികച്ചും പാലിക്കുക. മേൽ പ്രസ്താവിച്ച ഗുണങ്ങളടക്കമുളള എല്ലാ സദാചാരമൂല്യങ്ങൾക്കും ബാധകമാകുന്ന ഒരു അടിസ്ഥാനമത്രെ ഈ അവസാനം പറഞ്ഞ ഗുണം. ഈ എട്ട് ഗുണങ്ങളോടുകൂടിയ സത്യവിശ്വാസികൾക്ക് സന്തോഷവാർത്ത അറിയിക്കണം (وبشر المؤمنين) എന്നും അവസാനമായി നബി (ﷺ) യോട് കൽപിക്കുന്നു. ഇന്ന വിഷയത്തെക്കുറിച്ചുളള സന്തോഷവാർത്ത എന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ലാത്ത സ്ഥിതിക്ക് ഇഹത്തിലും പരത്തിലും നൻമയുടേതായ എല്ലാ സന്തോഷവാർത്തയും അറിയിക്കപ്പെടുവാൻ അർഹരാണവർ എന്നാണത് സൂചിപ്പിക്കുന്നത്. و الله اعلم

113 മുശ്‌രിക്കു [ബഹുദൈവ വിശ്വാസി] കൾക്കുവേണ്ടി പാപമോചനം തേടുവാൻ നബിക്കും വിശ്വസിച്ചവർക്കും പാടില്ല, അവർ അടുത്ത (കുടുംബ) ബന്ധമുളളവരായിരുന്നാലും ശരി, അവർ ജ്വലിക്കുന്ന അഗ്നിയുടെ [നരകത്തിന്റെ] ആൾക്കാരാണെന്നു വ്യക്തമായിത്തീർന്ന ശേഷം.

مَا كَانَ لِلنَّبِيِّ وَٱلَّذِينَ ءَامَنُوٓاْ أَن يَسۡتَغۡفِرُواْ لِلۡمُشۡرِكِينَ وَلَوۡ كَانُوٓاْ أُوْلِي قُرۡبَىٰ مِنۢ بَعۡدِ مَا تَبَيَّنَ لَهُمۡ أَنَّهُمۡ أَصۡحَٰبُ ٱلۡجَحِيمِ ﴿١١٣﴾

114 ഇബ്റാഹീം അദ്ദേഹത്തിന്റെ പിതാവിനു വേണ്ടി പാപമോചനം തേടിയത് അദ്ദേഹം അയാളോടു ചെയ്തിരുന്ന ഒരു വാഗ്ദത്തം നിമിത്തമല്ലാതെ ആയിരുന്നില്ല. എന്നിട്ട് അയാൾ അല്ലാഹുവിന്റെ ഒരു ശത്രുവാണെന്ന് അദ്ദേഹത്തിന് വ്യക്തമായിത്തീർന്നപ്പോൾ, അദ്ദേഹം അയാളിൽ നിന്ന് (ബന്ധം) വിട്ടുമാറി. നിശ്ചയമായും, ഇബ്റാഹീം വളരെ വിനയനും സഹനശീലനും തന്നെയാകുന്നു.

وَمَا كَانَ ٱسۡتِغۡفَارُ إِبۡرَٰهِيمَ لِأَبِيهِ إِلَّا عَن مَّوۡعِدَةٖ وَعَدَهَآ إِيَّاهُ فَلَمَّا تَبَيَّنَ لَهُۥٓ أَنَّهُۥ عَدُوّٞ لِّلَّهِ تَبَرَّأَ مِنۡهُۚ إِنَّ إِبۡرَٰهِيمَ لَأَوَّٰهٌ حَلِيمٞ ﴿١١٤﴾

---

113 ما كانَ ആയിക്കൂടാ, ആകാവതല്ല (പാടില്ല). للنبي നബിക്ക്, പ്രവാചകന്. والذين آمنوا വിശ്വസിച്ചവർക്കും. أن يستغفروا അവർ പാപമോചനം തേടുവാൻ (തേടൽ). للمشركين മുശ്‌രിക്കുകൾക്ക് വേണ്ടി. ولو كانوا അവർ ആയിരുന്നാലും ശരി. أولي قربى അടുത്ത (കുടുംബ) ബന്ധമുളളവർ. من بعد ശേഷം. ما تبين വ്യക്തമായിത്തീർന്നതിന്. لهم അവർക്ക്. أنهم അവരാണെന്ന്. أصحاب ആൾക്കാർ, ഉടയവർ. الجحيم ജ്വലിക്കുന്ന അഗ്നിയുടെ. 114 وما كانَ ആയിരുന്നില്ല, അല്ല. استغفار പാപമോചനം തേടൽ. إبراهيم ഇബ്റാഹീമിന്റെ. لأبيه തന്റെ പിതാവിന്, ബാപ്പക്ക്. إلا അല്ലാതെ, ഒഴികെ. عن موعدة ഒരു വാഗ്ദത്തത്താൽ. وعدها അദ്ദേഹമതു വാഗ്ദത്തം ചെയ്തു. إياه അയാളോട്. فلما تبين എന്നിട്ടു വ്യക്തമായിത്തീർന്നപ്പോൾ. له അദ്ദേഹത്തിന്. أنه عدو അയാൾ ഒരു ശത്രുവാണെന്ന്. لله അല്ലാഹുവിന് (അല്ലാഹുവിന്റെ). تبرأ അദ്ദേഹം വിട്ടുമാറി, ഒഴിഞ്ഞു നിന്നു. منه അയാളിൽ നിന്നു, അതിൽ നിന്ന്. إن إبراهيم നിശ്ചയമായും ഇബ്റാഹീം. لأواه വളരെ വിനയം (ഭക്തിയും താഴ്മയും) ഉളളവൻ തന്നെയാണ്. حليم സഹനശീലനാണ്.

സത്യവിശ്വാസം സ്വീകരിക്കാത്ത മുശ്‌രിക്കുകളിൽനിന്നും കപടവിശ്വാസികളിൽ നിന്നും ബന്ധം വിടർത്തിക്കൊണ്ടുളള പരാമർശങ്ങളാണല്ലോ ഈ സൂറത്തിലെ അധികഭാഗവും. അവർ

അതേ നിലയിൽ തന്നെ മരണപ്പെട്ട് കഴിഞ്ഞാൽ, അവരുടെ മരണശേഷവും അതേ നില തുടരേ ണ്ടതുണ്ടെന്നും ഈ വചനം ഉൽബോധിപ്പിക്കുന്നു. ഏറ്റവും അടുത്ത ബന്ധുക്കളായ മാതാപിതാ ക്കൾക്കുപോലും, അവർ അവിശ്വാസികളാണെന്ന് വ്യക്തമായിക്കഴിഞ്ഞാൽ, അവരുടെ പാപമോ ചനത്തിനുവേണ്ടി പ്രാർത്ഥിക്കുവാൻ നബി (ﷺ) ക്കാകട്ടെ, സത്യവിശ്വാസികൾക്കാകട്ടെ പാടി ല്ലെന്ന് അല്ലാഹു സ്പഷ്ടമായി പ്രസ്താവിക്കുന്നു. (*) അവിശ്വാസികളായി മരണപ്പെടുന്നവർക്ക് അല്ലാഹു പൊറുത്തുകൊടുക്കുകയില്ലെന്നും, അവർ നരകത്തിന്റെ ആൾക്കാരാണെന്നുമുള്ളത് അല്ലാഹുവിന്റെ മാറ്റമില്ലാത്ത തീരുമാനമാകുന്നു. (2: 217: 4: 48 മുതലായവ നോക്കുക.) ഒരു വ്യ ക്തി എത്ര കടുത്ത അവിശ്വാസിയാണെങ്കിലും അയാളുടെ മരണത്തിനുമുമ്പ് സത്യത്തിലേക്ക് മടങ്ങുവാനുള്ള സാദ്ധ്യത എപ്പോഴും നിലവിലുണ്ടായിരിക്കും. അതുകൊണ്ട് അയാൾ അവിശ്വാ സിയായിക്കൊണ്ട് തന്നെ മരണമടയുമ്പോൾ മാത്രമേ അയാൾ അല്ലാഹുവിന്റെ ശത്രുവാണ്- അഥവാ അവിശ്വാസിയാണ്-എന്നും, നരകത്തിന്റെ ആളാണെന്നും തീരുമാനിക്കുവാൻ നിവൃ ത്തിയുള്ളു. അല്ലാത്ത പക്ഷം, അല്ലാഹുവിങ്കൽ നിന്നും പ്രത്യേകം വഹ്‌യു ലഭിക്കണം. ഇത് നബി (ﷺ) യുടെ കാലശേഷം സംഭവ്യവുമല്ല.

നബി (ﷺ) യും സത്യവിശ്വാസികളും ഇബ്റാഹിം (عليه السلام) നബിയുടെ മാതൃക സ്വീക രിക്കുവാൻ കൽപിക്കപ്പെട്ടവരാകുന്നു. അദ്ദേഹം അദ്ദേഹത്തിന്റെ പിതാവിന്നുവേണ്ടി പാപമോചനം തേടുകയുണ്ടായിട്ടുണ്ട് താനും. (തൗഹീദിലേക്കുള്ള അദ്ദേഹത്തിന്റെ ക്ഷണം നിരസിച്ചുകൊണ്ട് പിതാവ് അദ്ദേഹത്തെ ആട്ടിവിട്ടപ്പോൾ, ഞാൻ നിങ്ങൾക്ക് വേണ്ടി റബ്ബിനോട് പാപമോചനം തേടുന്നതാണെന്ന് അദ്ദേഹം പറഞ്ഞിരുന്നതായി സൂ: മർയം47-ൽ കാണാം) എന്നാൽ, ഈ കാര്യത്തിൽ അദ്ദേഹത്തെ മാതൃകയാക്കേണ്ടതില്ലെന്നും, പിതാവിനുവേണ്ടി അദ്ദേഹം പാപമോചനം തേടിയത് പിതാവിനോട് അദ്ദേഹം ചെയ്തിരുന്ന ഒരു വാഗ്ദത്തം നിമിത്തമായിരുന്നുവെന്നും, പിന്നീട് പിതാവ് അല്ലാഹുവിന്റെ ശത്രു-അഥവാ അവിശ്വാസി- തന്നെയാണെന്ന് അദേഹത്തിന് വ്യക്തമായെന്നും, അതോടെ അദ്ദേഹം നിറുത്തൽ ചെയ്തു വെന്നും അല്ലാഹു വ്യക്തമാക്കുന്നു. ഈ വിഷയം സൂ: മുംതഹിനഃ4ലും പ്രസ്താവിച്ച് കാണാം.

സഈദുബ്നുൽമുസയ്യബ് (رحمه الله) തന്റെ പിതാവിൽ നിന്ന് ഇങ്ങിനെ ഉദ്ധരിച്ചിരിക്കുന്നു: അബൂത്വാലിബിന് മരണം ആസന്നമായപ്പോൾ നബി (ﷺ) അവിടെ കടന്നുചെന്നു. അദ്ദേഹത്തി ന്റെ അടുക്കൽ അബൂജഹലും, അബ്ദുല്ലാഹിബ്നുഅബീഉമയ്യത്തും ഉണ്ടായിരുന്നു. തിരുമേനി പറഞ്ഞു: ‘പിതൃവ്യരേ, നിങ്ങൾ ’ലാഇലാഹഇല്ലല്ലാഹു’ എന്ന് പറയുവിൻ. അതെ, നിങ്ങൾക്കുവേ ണ്ടി അല്ലാഹുവിന്റെ അടുക്കൽ എനിക്ക് ന്യായം പറയുവാനുള്ള ഒരു വാക്ക്!’ ആ രണ്ടു പേരും പറഞ്ഞു: ‘താങ്കൾ അബ്ദുൽ മുത്ത്വലിബിന്റെ മാർഗ്ഗം വിട്ടുകളയുകയോ?!‘ റസൂൽ (ﷺ) ആ വാക്ക് അദ്ദേഹത്തിന് വെച്ച് കാട്ടിക്കൊണ്ടും, ആ രണ്ടുപേരും അവരുടെ വാക്ക് ആവർത്തിച്ച് കൊണ്ടുമിരുന്നു. അവസാനം അദ്ദേഹം അവരോട് സംസാരിച്ചത് ’അബ്ദുൽമുത്ത്വലിബിന്റെ മാർഗ്ഗത്തിൽ’ എന്നായിരുന്നു. ’ലാഇലാഹ ഇല്ലല്ലാഹ’ എന്ന് പറഞ്ഞില്ല. അപ്പോൾ റസൂൽ (ﷺ) പറഞ്ഞു: ‘അല്ലാഹുവാണ! നിങ്ങളെക്കുറിച്ച് എന്നെ വിലക്കപ്പെടാത്ത കാലത്തോളം ഞാൻ നിങ്ങൾക്ക് വേണ്ടി പാപമോചനം തേടുന്നതാണ്’. അങ്ങനെ, അല്ലാഹു .....ماكان النبى എന്നുള്ള (ഈ) വചനം അവതരിപ്പിച്ചു. അബുത്വാലിബിന്റെ വിഷയത്തിൽ .....انك لا تهدى من أجـبـبت (നീ ഇഷ്ടപ്പെടുന്നവരെ നീ നേർമ്മാർഗ്ഗത്തിലാക്കുകയില്ല. എങ്കിലും, അല്ലാഹു അവൻ ഉദ്ദേശിക്കുന്ന വരെ നേർമ്മാർഗ്ഗത്തിലാക്കുന്നതാണ്. (28:56) എന്നും അവതരിച്ചു.

* മാതാപിതാക്കളോടും മറ്റും ഇഹത്തിൽവെച്ചു നല്ലനിലയിൽ പെരുമാറേണ്ടതുണ്ടെന്ന വസ്തുതയും ഈ നിരോധനവും തമ്മിൽ പൊരുത്തക്കേടൊന്നുമില്ല. രണ്ടും വെവ്വേറെ കാര്യങ്ങളാകുന്നു.

അഹ്മദു, ബുഖാരി, മുസ്‌ലിം (رحمهم الله) മുതലായവർ ഉദ്ധരിച്ചതാണ് പ്രസ്തുത ഹദീസ്. അബൂത്വാലിബിൻെറ മരണം ഹിജ്റയുടെ ഏതാണ്ട് മൂന്ന് കൊല്ലം മുമ്പായിരുന്നു. ഈ സൂറത്താകട്ടെ, ഹിജ്റക്കുശേഷം ഒമ്പതാം കൊല്ലത്തിൽ അവതരിച്ചതുമാകുന്നു എന്നിരിക്കെ, ഈ വചനം അബൂത്വാലിബിൻെറ വിഷയത്തിൽ അവതരിച്ച് വെന്ന് ഇതിൽ പറഞ്ഞത് ശരിയാവാൻ തരമില്ലെന്ന് തോന്നാവുന്നതാണ്. പക്ഷേ, വല്ല സംഭവവും വിവരിച്ച് കൊണ്ട് 'അപ്പോൾ ഈ വചനം അവതരിച്ചു'വെന്നും 'ആ വിഷയത്തിൽ ഇന്നിന്ന പ്രകാരം അവതരിച്ചു'വെന്നും മറ്റുമുള്ള പ്രയോഗങ്ങൾ പല രിവായത്തുകളിലും കാണപ്പെടാറുള്ളതാണ്. ഇവിടങ്ങളിലൊക്കെ അതത് വിഷയത്തിൽ പ്രത്യേകമായി ആ ആയത്തുകൾ അവതരിച്ചുവെന്ന് അതിനർത്ഥമില്ല. അത്തരം വിഷയങ്ങളെ സംബന്ധിക്കുന്ന ആയത്തുകളായിരിക്കും അവ എന്നേ ഉദ്ദേശ്യമുള്ളു. ഈ വിഷയം മുഖവുരയിൽ നാം മുമ്പ് വിവരിച്ച് കഴിഞ്ഞിട്ടുണ്ട്.

അബൂഹുറൈറ (رضي الله عنه) യിൽ നിന്ന് ഇപ്രകാരം നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: റസൂൽ (ﷺ) തിരുമേനി അവിടുത്തെ മാതാവിൻെറ ഖബ്റിനടുത്ത് ചെന്ന് കരയുകയുണ്ടായി. തിരുമേനിയുടെ ചുറ്റുമുണ്ടായിരുന്നവരും അത് കണ്ട് കരയുകയായി. പിന്നീട് തിരുമേനി പറഞ്ഞു: 'അവർക്കുവേണ്ടി പാപമോചനം തേടുവാൻ എൻെറ റബ്ബിനോട് ഞാൻ സമ്മതം തേടി. എനിക്ക് സമ്മതം കിട്ടിയില്ല. അവരുടെ ഖബർ സന്ദർശിക്കുവാൻ ഞാൻ അനുമതി തേടി. അതിന് അനുമതി ലഭിച്ചു. ആകയാൽ, നിങ്ങൾ ഖബ്റുകൾ സന്ദർശിച്ചുകൊള്ളുവിൻ, അത് മരണത്തെ ഓർമ്മിപ്പിക്കുന്നതാണ്.' (അ: മു: ദാ.) ഇതുപോലെയുള്ള രിവായത്തുകൾ വേറെയും വന്നിട്ടുണ്ട്.

وَمَا كَانَ ٱللَّهُ لِيُضِلَّ قَوْمًۢا بَعْدَ إِذْ هَدَىٰهُمْ حَتَّىٰ يُبَيِّنَ لَهُم مَّا يَتَّقُونَ ۚ إِنَّ ٱللَّهَ بِكُلِّ شَىْءٍ عَلِيمٌ ﴿١١٥﴾

115 ഒരു ജനതയെയും (തന്നെ) അവർക്ക് അല്ലാഹു മാർഗ്ഗദർശനം നൽകിയതിനുശേഷം വഴിപിഴവിലാക്കാവതല്ല. [വഴി പിഴവിലാക്കുക പതിവില്ല.] അവർ സൂക്ഷിക്കേണ്ടതിനെ അവർക്ക് അവൻ വ്യക്തമാ(യി വിവരിച്ചു കൊടു) ക്കുന്നതുവരേക്കും. നിശ്ചയമായും, അല്ലാഹു എല്ലാകാര്യത്തെക്കുറിച്ചും അറിയുന്നവനാണ്.

إِنَّ ٱللَّهَ لَهُۥ مُلْكُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۖ يُحْىِۦ وَيُمِيتُ ۚ وَمَا لَكُم مِّن دُونِ ٱللَّهِ مِن وَلِىٍّ وَلَا نَصِيرٍ ﴿١١٦﴾

116 നിശ്ചയമായും അല്ലാഹു, അവന്നുള്ളതാണ് ആകാശങ്ങളുടെയും, ഭൂമിയുടെയും രാജാധികാരം. അവൻ ജീവിപ്പിക്കുകയും, മരണപ്പെടുത്തുകയും ചെയ്യുന്നു. അല്ലാഹുവിനു പുറമെ നിങ്ങൾക്ക് ഒരു കൈകാര്യ കർത്താവാകട്ടെ, സഹായകനാകട്ടെ ഇല്ലതാനും.

---

115 وما كَانَ اللهُ അല്ലാഹു ആകാവതല്ല, ആകുകയില്ല (പതിവില്ല). ليضل വഴിപിഴവിലാക്കുവാൻ. قوما ഒരു ജനതയെയും. بعد ശേഷം, പിന്നീട്. إذْ هداهم അവർക്കവൻ മാർഗദർശനം നൽകിയതിന്, വഴി കാട്ടിയതിൻെറ. حتى يبين വ്യക്താക്കി (വിവരിച്ചു)കൊടുക്കുന്നതുവരെ. لهم അവർക്ക്. ما يتقونَ അവർ സൂക്ഷിക്കേണ്ടത്. إن الله നിശ്ചയമായും അല്ലാഹു. بكُلِّ شيء എല്ലാ കാര്യത്തെ (വസ്തുവെ) ക്കുറിച്ചും. عليم അറിയുന്നവനാണ്. 116 إن الله നിശ്ചയമായും അല്ലാഹു. له അവന്നാണ്, അവന്റേതാണ്. ملك രാജത്വം, രാജാധികാരം. السماوات ആകാശങ്ങളുടെ. والأرض ഭൂമിയുടെയും. يحيي അവൻ ജീവിപ്പിക്കുന്നു. ويميت മരിപ്പിക്കുകയും ചെയ്യുന്നു. وما لكُم നിങ്ങൾക്കില്ലതാനും. من دون കൂടാതെ, പുറമെ. الله അല്ലാഹുവിനെ(ന്നു). من ولي ഒരു ബന്ധുവും, കാര്യകർത്താവും, രക്ഷാധികാരിയും. ولا نصير സഹായകനുമില്ല.

മുശ്‌രിക്കുകൾക്കുവേണ്ടി പാപമോചനത്തിന് പ്രാർത്ഥിച്ചുകൂടാ എന്ന് കഴിഞ്ഞ വചനങ്ങളിൽ കൽപന വന്നപ്പോൾ, മുമ്പ് അങ്ങിനെ ചെയ്യാറുണ്ടായിരുന്നവർ തങ്ങൾ കുറ്റക്കാരായിത്തീർന്നേക്കുമെന്ന് ഭയപ്പെട്ടു. അവരെ സംബന്ധിക്കുന്നതാണ് ആദ്യത്തെ വചനം. ഒരു കൂട്ടർക്ക് അല്ലാഹു ഇസ്‌ലാമിലേക്കും സത്യവിശ്വാസത്തിലേക്കും മാർഗ്ഗദർശനം നൽകി അനുഗ്രഹിച്ചശേഷം, അവർ എന്തെല്ലാം കാര്യങ്ങൾ സൂക്ഷിച്ചുപോരേണ്ടതുണ്ടോ അതെല്ലാം അവർക്ക് ശരിക്കും വിവരിച്ചറിയിച്ചുകൊടുക്കാതെ അവരെ വഴിപിഴച്ചവരും, തെറ്റുകാരുമാക്കി നിശ്ചയിക്കുന്ന പതിവു അല്ലാഹുവിനില്ല. അവർ സൂക്ഷിക്കേണ്ടുന്ന കാര്യങ്ങൾ വ്യക്തമാക്കിക്കൊടുത്തിട്ടു പിന്നെയും അവ സൂക്ഷിക്കാതിരുന്നാൽ മാത്രമേ അവരെ പിഴച്ചവരായി വിധി കൽപിക്കുകയുള്ളു. അഥവാ ഒരു കാര്യം വിധിക്കപ്പെടാത്ത കാലത്തോളം അത് തെറ്റായി ഗണിക്കപ്പെടുകയില്ല. അതുകൊണ്ട് ഈ വിരോധക്കൽപന വരുന്നതിനുമുമ്പ് മുശ്‌രിക്കുകൾക്കുവേണ്ടി പാപമോചനം തേടിയവർ അത് നിമിത്തം വഴിപിഴച്ചുപോകുന്നവരല്ല. മേലിൽ അത് ചെയ്യുവാൻ പാടില്ലെന്ന് മാത്രം. എന്നൊക്കെയാണ് ആ വചനത്തിൻെറ താൽപര്യം. രണ്ടാമത്തെ വചനത്തിലെ ആശയം സ്പഷ്ടമാണ്. അവിശ്വാസികൾ എത്ര ശക്തിയും പ്രതാപവുമുള്ളവരായിരുന്നാലും അവരെ ഭയപ്പെടേണ്ടതില്ലെന്നും, അവരിൽ നിന്നും ഒരു നൻമയും സഹായവും പ്രതീക്ഷിക്കുവാനില്ലെന്നും അതിൽ സൂചന കാണാം.

لَّقَد تَّابَ ٱللَّهُ عَلَى ٱلنَّبِيِّ وَٱلۡمُهَٰجِرِينَ وَٱلۡأَنصَارِ ٱلَّذِينَ ٱتَّبَعُوهُ فِي سَاعَةِ ٱلۡعُسۡرَةِ مِنۢ بَعۡدِ مَا كَادَ يَزِيغُ قُلُوبُ فَرِيقٖ مِّنۡهُمۡ ثُمَّ تَابَ عَلَيۡهِمۡۚ إِنَّهُۥ بِهِمۡ رَءُوفٞ رَّحِيمٞ ١١٧

117 തീർച്ചയായും, നബിയുടെയും, (ആ) ഞെരുക്കത്തിൻെറ ഘട്ടത്തിൽ അദ്ദേഹത്തെ പിന്തുടർന്നു പോയവരായ 'മുഹാജിറു'കളുടെയും, 'അൻസാരി' കളുടെയും പേരിൽ അല്ലാഹു (കനിഞ്ഞു) മടങ്ങിയിട്ടുണ്ട്; [അവർക്ക് പൊറുത്തുകൊടുത്തിട്ടുണ്ട്]. അവരിൽ നിന്നുള്ള ഒരു കൂട്ടരുടെ ഹൃദയങ്ങൾ തെറ്റിപ്പോകുമാറായതിനുശേഷം;- (അതെ) പിന്നെ, അവരുടെ മേൽ അവൻ (കനിഞ്ഞു) മടങ്ങി. നിശ്ചയമായും അവൻ, അവരിൽ വളരെ കൃപയുള്ളവനും, കരുണാനിധിയുമാകുന്നു.

---

117 **لَقَد** തീർച്ചയായും ഉണ്ട്. **تاب** മടങ്ങി (യിട്ടുണ്ട്). **اللهُ** അല്ലാഹു. **على النبي** നബിയുടെമൽ. **والمهاجِرين** മുഹാജിറുകളുടെയും. **والأنصار** അൻസാരികളുടെയും. **الذين اتبعوه** അദ്ദേഹത്തെ പിൻതുടർന്ന. **في ساعة** ഘട്ടത്തിൽ, സമയത്തിൽ. **العسرة** ഞെരുക്കത്തിൻെറ. **من بعد** ശേഷമായി. **ما كاد** അടുത്തായ (ആകാറായ)തിൻെറ. **يزيغُ** തെറ്റുവാൻ. **قُلُوب** ഹൃദയങ്ങൾ. **فَرِيقٍ** ഒരു കൂട്ടരുടെ, സംഘത്തിൻെറ. **منهم** അവരിൽനിന്ന്. **ثُم تاب** പിന്നെ അവൻ മടങ്ങി. **عليهم** അവരുടെ മേൽ. **إنه** നിശ്ചയമായും അവൻ. **بِهم** അവരെപ്പറ്റി. **رؤُوف** വളരെ കൃപയുള്ളവൻ (കൃപാലു) ആകുന്നു. **رحيم** കരുണാനിധിയാണ്.

توبة (തൗബഃ) എന്ന മൂലത്തിൻെറ ഭൂതക്രിയയാണ് تاب (താബ). 'മടക്കം, ഖേദം' എന്നൊക്കയാണതിൻെറ സാക്ഷാൽ അർത്ഥം. സൃഷ്ടികളെ സംബന്ധിച്ച് പറയുമ്പോൾ, ചെയ്ത തെറ്റിനെപ്പറ്റി ഖേദിച്ചു മടങ്ങുക-അഥവാ പശ്ചാത്താപം-എന്ന ഉദ്ദേശത്തിലാണത് അധികം ഉപയോഗിക്കപ്പെടാറുള്ളത്. അല്ലാഹുവിൻെറ പക്കൽ തെറ്റുപറ്റിപ്പോകുകയോ, ചെയ്തുകഴിഞ്ഞതിനെപ്പറ്റി അവൻ ഖേദിക്കേണ്ടിവരുകയോ ഇല്ലല്ലോ. അതുകൊണ്ട് അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം, 'പശ്ചാത്താപം സ്വീകരിക്കുക, വിട്ടുകൊടുക്കുക, ശിക്ഷ നൽകാതിരിക്കുക, കനിയുക' എന്നൊ

ക്കെയായിരിക്കും ഉദ്ദേശ്യം. ഈ വ്യത്യാസം വ്യക്തമാക്കുവാൻ വേണ്ടിയാണ് ഈ ക്രിയയുടെ കർത്താവ് (الفاعل) അല്ലാഹുവായിരിക്കുമ്പോൾ അതിനോട് ബന്ധപ്പെട്ടുകൊണ്ടു على ('അലാ'=മേൽ) എന്ന അവ്യയവും, കർത്താവ് മനുഷ്യനായിരിക്കുമ്പോൾ إلى('ഇലാ'=ലേക്ക്) എന്ന അവ്യയവും കൊടുക്കപ്പെടുന്നതും. ഉദാഹരണം: تاب الله على فلان (അല്ലാഹു ഇന്നവൻെറ മേൽ മടങ്ങി) എന്നും تاب فلان إلى الله(ഇന്നവൻ അല്ലാഹുവിങ്കലേക്കു മടങ്ങി) എന്നും പറയപ്പെടുന്നത്. ഇന്ന ആളുടെ പശ്ചാതാപം അല്ലാഹു സ്വീകരിച്ച് എന്നായിരിക്കും ഒന്നാമത്തെ ഉദാഹരണത്തിൻെറ സാരം. ഇന്ന ആൾ താൻ ചെയ്ത തെററിനെപ്പററി അല്ലാഹുവിങ്കലേക്കു പശ്ചാത്തപിച്ചു മടങ്ങി എന്നായിരിക്കും രണ്ടാമത്തെ ഉദാഹരണത്തിന്റെ സാരം. تواب (തവ്വാബ് = അധികമായി മടങ്ങുന്നവൻ) എന്ന് അല്ലാഹുവിൻെറയും മനുഷ്യൻെറ യും വിശേഷണമായി ഉപയോഗിക്കുന്നതിൻെറ രഹസ്യവും, രണ്ടും തമ്മിലുള്ള അർത്ഥവ്യത്യാസവും ഇതിൽ നിന്ന് വ്യക്തമാണ്. ഈ സംഗതി ഓർമ്മിക്കുന്നത് പല സന്ദർഭ ങ്ങളിലും പ്രയോജനകരമായിരിക്കും.

നബി (ﷺ) തിരുമേനിയുടെ മേലും, വളരെ വിഷമംപിടിച്ച അവസരത്തിലുണ്ടായ തബൂക്ക് യുദ്ധയാത്രയിൽ തിരുമേനിയൊന്നിച്ച് പങ്കെടുത്ത മുഹാജിറുകളും അൻസാരികളും അടങ്ങുന്ന സത്യവിശ്വാസികളുടെയും മേലും-അവർ സഹിച്ച ത്യാഗങ്ങളുടെയും വിഷമങ്ങളു ടെയും ഫലമായി-അല്ലാഹു മടങ്ങിയിരിക്കുന്നു. അഥവാ ഈ യാത്രയിലും മറ്റും അവരിൽ നിന്ന് വന്നുപോയിട്ടുള്ള പാകപ്പിഴവുകളും തെറ്റുകുറ്റങ്ങളും വിട്ടുകൊടുത്തുകൊണ്ട് അല്ലാഹു അവരുടെമേൽ അവൻെറ കനിവും അനുഗ്രഹവും ചൊരിഞ്ഞിരിക്കുന്നു. അവരിൽപെട്ട ചിലരുടെ പക്കൽ നിന്ന് ചില പതറിച്ചകൾ ഉണ്ടായിട്ടുണ്ടെങ്കിലും അതൊക്കെ അല്ലാഹു മാപ്പാക്കിയിരിക്കുന്നു. എന്നത്രെ ചുരുക്കത്തിൽ ഈ വചനത്തിൻെറ സാരം.

യുദ്ധയാത്രയിൽ പങ്കെടുത്ത സഹാബികളെപ്പറ്റി പൊതുവിൽ പ്രസ്താവിച്ചപ്പോൾ, അതി ൽ നബി (സ)യെയും കൂട്ടി ഉൾപെടുത്തിയിരിക്കകൊണ്ട് നബി (ﷺ) തിരുമേനി പാപം ചെയ്തു പോയെന്നോ, ആ പാപം വിട്ടുകൊടുത്തുവെന്നോ ഈ പ്രസ്താവനയിൽ ഉദ്ദേശ്യമുണ്ടെന്ന് കരു തേണ്ടതില്ല. നബി (ﷺ) യെക്കൂടി ഇവിടെ എടുത്തുപറഞ്ഞതിൽ പല രഹസ്യങ്ങളും ഉണ്ടാകാവു ന്നതാണ്. ഉദാഹരണമായി: (1) സത്യവിശ്വാസികളെപ്പറ്റി പൊതുവെയുള്ള ഒരു പ്രസ്താവനയിൽ നബി (ﷺ) യെയും കൂടി ഉൾപ്പെടുത്തുന്നത് അവർക്കൊരു ബഹുമതിയും മനസ്സമാധാനവുമാ യിരിക്കും. അഥവാ 'ഗനിമത്ത്' കളിൽ നബി (ﷺ) ക്കുള്ള അഞ്ചിലൊരു ഭാഗത്തെപ്പറ്റി പറഞ്ഞ പ്പോൾ അത് അല്ലാഹുവിനും റസൂലിനുമാണെന്ന് മുമ്പ് (8:41)ൽ പറഞ്ഞതുപോലെയുള്ള ഒരു ശൈലിയായിരിക്കാം ഇവിടെ സത്യവിശ്വാസികളെപ്പറ്റി പ്രസ്താവിച്ചപ്പോൾ അതിൽ നബി (ﷺ) യെയും കൂട്ടിപ്പറഞ്ഞത്. (2) നബി (ﷺ) തിരുമേനി പാപവിമുക്തനാണെങ്കിലും മറ്റുള്ളവരെ അപേക്ഷിച്ചു, വളരെ നിസ്സാരമായ വീഴ്ചകൾക്കുപോലും നബി (ﷺ) യെ സംബന്ധിച്ചിട ത്തോളം പാകപ്പിഴവുകളായി ഗണിക്കപ്പെട്ടുകൊണ്ട് അവ അല്ലാഹു നബി (ﷺ) ക്ക് വിട്ടുകൊടു ത്തിരിക്കുന്നുവെന്ന ഉദ്ദേശ്യത്തിലുമാവാം അത്. വ്യക്തികളുടെ സ്ഥാനപദവികൾക്കനുസരിച്ചാ ണല്ലോ പലപ്പോഴും സംഗതികൾ വിലയിരുത്തപ്പെടുക. ഈ വിഷയകമായി 43-ാം വചനത്തി ൻെറ വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുള്ളത് ഓർക്കുക. (3) എത്ര ഉന്നതപദവിയിലുള്ള ആളായിരു ന്നാലും അല്ലാഹുവിങ്കലേക്ക് ഖേദിച്ച് മടങ്ങൽ എല്ലാവരുടെയും കടമയാണെന്നും, അല്ലാഹുവി ൻെറ കാരുണ്യവും മാപ്പും കൂടാതെ നബിമാർക്കുപോലും രക്ഷയില്ലെന്നും ഓർമ്മപ്പിക്കുവാൻ വേണ്ടി പറഞ്ഞതുമാവാം. ഇതുകൊണ്ടാണല്ലോ നബി (ﷺ) നിത്യവും പാപമോചനം തേടാറുണ്ടാ യിരുന്നതും. والله اعلم

അവരിൽ നിന്നുള്ള ഒരു കൂട്ടരുടെ ഹൃദയങ്ങൾ തെറ്റിപ്പോകാറായിكاد يزيغ قلوب فريق منهم എന്ന് പറഞ്ഞതിൻെറ വിവക്ഷ ഇന്നതാണെന്ന് തിട്ടപ്പെടുത്തുക സാധ്യമല്ല. നബി (ﷺ) യൊന്നി ച്ച് യാത്ര പോയെങ്കിലും പലനിലക്കും ക്ളേശകരമായ ചുറ്റുപാടായിരുന്നുതുകൊണ്ട് ചിലരുടെ

പുറപ്പാട് മനമില്ലാമനസ്സോടെയായിരിക്കാം. വഴിമദ്ധ്യേ അനുഭവപ്പെട്ട അസഹ്യതകൾ കാരണം ചിലർക്ക് തങ്ങൾ പോരേണ്ടായിരുന്നില്ലെന്ന് തോന്നിയിരിക്കാം. ചിലർ കൂട്ടം വിട്ട് തിരിച്ചുപോയെങ്കിലോ എന്ന് കരുതിയിരിക്കാം. എല്ലാം സ്വഭാവികമാണല്ലോ. ഹൃദയദൗർബ്ബല്യമോ, വിശ്വാസ ദൗർബ്ബല്യമോ ഉള്ളവരിൽ നിന്ന് വിശേഷിച്ചും. പക്ഷെ, ഇങ്ങിനെയുള്ള മാനസികമായ കോളിളക്കങ്ങളൊന്നും അവരുടെ ഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠിതമായിരുന്നില്ല. ചില സന്ദർഭങ്ങളിൽ നേരിട്ട ആ പതറിച്ചകളിൽനിന്ന് അല്ലാഹു അവരെ രക്ഷപ്പെടുത്തുകയും, തങ്ങളുടെ കടമ നിർവ്വഹിക്കുന്നതിൽ അവർ ഉറച്ച് നിൽക്കുകയും ചെയ്തു. അൽപം ചിലരിലല്ലാതെ പൊതുവിൽ എല്ലാവരിലും ഇത്തരം വിചാരവികാരങ്ങൾ പ്രകടമായിരുന്നതുമില്ല. എന്നൊക്കെ അല്ലാഹുവിൻെറ വാചകത്തിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.

അസഹനീയമായ ഉഷ്ണകാലം, ഭക്ഷണപാനീയങ്ങളുടെയും വാഹനങ്ങളുടെയും ദൗർലഭ്യം, ക്ഷാമവും ദാരിദ്ര്യവും മുഴുത്ത കാലത്തുള്ള പുറപ്പാട്, പതച്ച മണലാരണ്യത്തിലൂടെയുള്ള യാത്ര മാസക്കണക്കിലുള്ള വഴിദൂരം, ഇന്നത്തെമാതിരി ആവശ്യസാധനങ്ങൾ വിലകൊടുത്തു വാങ്ങുവാൻ പോലും വഴിമധ്യെ സൗകര്യങ്ങളില്ലാത്ത ചുറ്റുപാട്. ഒന്നാലോചിച്ച് നോക്കുക! യാത്രാമദ്ധ്യേ വിശന്നുവലയുമ്പോൾ ഒരു കാരക്ക രണ്ടാക്കിപ്പൊളിച്ച് രണ്ടുപേർ ഭാഗിച്ചെടുത്തു തിന്നേണ്ടിവരുക. ഒരു കാരക്ക വായിലിട്ട് ഈമ്പിക്കൊണ്ട് അതിനുമീതെ പച്ചവെള്ളം കുടിക്കേണ്ടി വരിക, ദാഹിച്ച് വലയുമ്പോൾ ഒട്ടകത്തെ അറുത്ത് അതിൻെറ ഉൾസഞ്ചികൾ പിഴിഞ്ഞെടുത്ത വെള്ളം കൊണ്ട് ദാഹശമനം വരുത്തേണ്ട ഗതികേടുണ്ടാവുക തുടങ്ങിയ പല അനുഭവങ്ങളും ആ യാത്രയിൽ സഹാബികൾക്കുണ്ടായിട്ടുണ്ടെന്ന് പല രിവായത്തുകളിൽനിന്നും വ്യക്തമാകുന്നു. അതെ, അവരുടെ ദൃഢവിശ്വാസവും, അല്ലാഹുവിൻെറ പ്രീതി ലഭിക്കുന്നതിലുള്ള അവരുടെ ആവേശവും കാരണം അതെല്ലാം അവർ സഹിച്ചു. എന്ന് വെച്ചാൽ, 111-ാം വചനത്തിൽ പ്രസ്താവിച്ച ഈ കച്ചവട ഇടപാടിലെ ബാധ്യത അവർ നിറവേറ്റുകതന്നെ ചെയ്തു. 112-ാം വചനത്തിൽ പ്രസ്താവിക്കപ്പെട്ട സൽഗുണങ്ങളുടെ സാക്ഷ്യപത്രം അവർ കരസ്ഥമാക്കുകയും ചെയ്തു. അതെ, അല്ലാഹു അവരെക്കുറിച്ച് തൃപ്തിപ്പെട്ടു. അവർ അവനെക്കുറിച്ചും തൃപ്തിപ്പെട്ടു. ... رضى الله عنهم

وَعَلَى ٱلثَّلَٰثَةِ ٱلَّذِينَ خُلِّفُوا۟ حَتَّىٰٓ إِذَا ضَاقَتْ عَلَيْهِمُ ٱلْأَرْضُ بِمَا رَحُبَتْ وَضَاقَتْ عَلَيْهِمْ أَنفُسُهُمْ وَظَنُّوٓا۟ أَن لَّا مَلْجَأَ مِنَ ٱللَّهِ إِلَّآ إِلَيْهِ ثُمَّ تَابَ عَلَيْهِمْ لِيَتُوبُوٓا۟ ۚ إِنَّ ٱللَّهَ هُوَ ٱلتَّوَّابُ ٱلرَّحِيمُ ﴿١١٨﴾

118 പിന്നേക്കു വെക്കപ്പെട്ടവരായ (ആ) മൂന്നാളുടെ പേരിലും (അല്ലാഹു കനിഞ്ഞു മടങ്ങിയിരിക്കുന്നു); ഭൂമി വിശാലമായതോടെ (ത്തന്നെ) അതവർക്ക് ഇടുങ്ങി (യതായിതോന്നി) പ്പോകുന്നതുവരേയും, തങ്ങളുടെ മനസ്സുകൾ തങ്ങൾക്കു ഞെരുങ്ങിപ്പോകുകയും, അല്ലാഹുവിൽ നിന്നു (രക്ഷക്ക്) അവങ്കലേക്കല്ലാതെ (വേറെ) ആശ്രയസ്ഥാനമില്ലെന്ന് അവർ കരുതുകയും ചെയ്യുന്നതു (വരെയും അവർ ക്ലേശമനുഭവിച്ചു) (അതെ, എന്നിട്ട്) പിന്നെ-അവർ (പശ്ചാത്തപിച്ചു) മടങ്ങുവാൻ വേണ്ടി-അവൻ അവരുടെമേൽ (കനിഞ്ഞു) മടങ്ങി. നിശ്ചയമായും അല്ലാഹു തന്നെയാണ് വളരെ (കനിഞ്ഞു) മടങ്ങുന്നവനും, കരുണാനിധിയുമായുള്ളവൻ.

വിഭാഗം 15

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ وَكُونُوا۟ مَعَ

119 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, സത്യം പറയു

ന്നവരുടെ കൂടെയായിരിക്കുകയും ചെയ്യുവിൻ.

ٱلصَّـٰدِقِينَ ﴿١١٩﴾

---

118 وعلى الثلاثة മൂന്നാളുടെ പേരിലും. الذين خلفُوا പിന്നിലാക്കപ്പെട്ട. حتى إذا ضاقت അങ്ങനെ ഇടുങ്ങിപ്പോകുന്നതുവരെ, കുടുസ്സാകുവോളം . عليهم അവരുടെ മേൽ, അവർക്ക്. الأرض ഭൂമി. بما رحبت അതു വിശാലമയതോടെ. وضاقت ഇടുങ്ങുകയും, കുടുസ്സാകുകയും. عليهم അവർക്ക്, അവരുടെ മേൽ. أنفُسهم അവരുടെ സ്വന്തങ്ങൾ (മനസ്സുകൾ). وظنوا അവർ കരുതുക (ഭാവിക്കുക-വിചാരിക്കുക)യും. أن لا ഇല്ലെന്ന്. ملجأ അഭയസ്ഥാനം, രക്ഷാസ്ഥാനം. من الله അല്ലാഹുവിൽനിന്ന്, അല്ലാഹുവിനെ സംബന്ധിച്ച്. إلا إليه അവനിലേക്കല്ലാതെ. ثُم تاب പിന്നെ അവൻ മടങ്ങി. عليهم അവർക്ക്, അവരുടെ മേൽ. ليتوبوا അവർ മടങ്ങു (പശ്ചാത്തപിക്കു)വാൻ വേണ്ടി. إن الله നിശ്ചയമായും അല്ലാഹു. هو التواب അവൻ തന്നെ വളരെ മടക്കമുള്ള (കനിവുള്ള)വൻ. الرحيم കരുണാനിധിയായ. 119 يا أيها الذين آمنوا വിശ്വസിച്ചവരേ. اتقوا الله അല്ലാഹുവിനെ സൂക്ഷിക്കുവിൻ. وكُونوا ആയിരിക്കുകയും ചെയ്യുവിൻ. مع الصادقين സത്യം പറയുന്നവരുടെ കൂടെ, സത്യവാൻമാരോടൊപ്പം

തക്കതായ കാരണമില്ലാതെഅലസതയും സുഖമോഹവും നിമിത്തം തബൂക്ക് യാത്രയിൽ പങ്കെടുക്കാതെ മാറി നിന്ന അബൂലുബാബഃ (رضي الله عنه) മുതലായവർ നബി (ﷺ) യുടെ മുമ്പാകെ പശ്ചാത്തപിച്ച വിവരവും, അവരിൽ പെട്ട മൂന്നുപേർ എന്തുചെയ്യണമെന്നറിയാതെ ഉൽകണ്ഠാകുലരായി കഴിഞ്ഞുകൂടുകയാണ് ചെയ്തതെന്നും മുമ്പ് പ്രസ്താവിച്ചുവല്ലോ. ആ മൂന്നാളുടെ കാര്യത്തിൽ തീരുമാനമൊന്നും പ്രഖ്യാപിക്കപ്പെടാതെ തൽക്കാലം നീട്ടിവെക്കുകയുണ്ടായെന്ന് 106 ാം വചനത്തിലും ചൂണ്ടിക്കാട്ടി. കഅ്ബുബ്നുമാലിക്, ഹിലാലുബ്നുഉമയ്യ, മുറാറത്തുബ്നു-റബിഉ് (رضي الله عنهم) എന്നീ അൻസാരീ സഹാബികളായിരുന്നു പ്രസ്തുത മൂന്നുപേർ. ഇവരുടെ പശ്ചാത്താപവും അല്ലാഹു സ്വീകരിച്ചിരിക്കുന്നുവെന്നും, ഇവർ അങ്ങേ അറ്റത്തെ മനോവ്യഥയിലും ദുഃഖത്തിലുമായിരുന്നുവെന്നുമാണ് ആദ്യത്തെ വചനത്തിൽ പ്രസ്താവിക്കുന്നത്. രണ്ടാമത്തെ വചനത്തിൽ അവർ സത്യവാൻമാരായിരുന്നുവെന്നും, സത്യം പറഞ്ഞതുകൊണ്ടാണവർക്ക് രക്ഷ ലഭിച്ചതെന്നും, അവരെപ്പോലെ എല്ലാവരും സത്യവാൻമാരായിരിക്കണമെന്നും സൂചിപ്പിച്ചിരിക്കുന്നു. ഇമാം അഹ്മദു, ബുഖാരീ, മുസ്‌ലിം (رحمهم الله) തുടങ്ങിയ പല മഹാൻമാരും രേഖപ്പെടുത്തിയിട്ടുള്ള സുദീർഘമായ ഒരു ഹദീസിൽ അവരുടെ സംഭവം വിശദമായി വിവരിക്കപ്പെട്ടിരിക്കുന്നു. പ്രസിദ്ധമായ ആ ഹദീസിൽ നിന്ന് ഈ വചനങ്ങളിലും കഴിഞ്ഞ ചില വചനങ്ങളലും അടങ്ങിയ ആശയങ്ങൾ കൂടുതൽ മനസ്സിലാക്കുവാനും സഹാബികളക്കുറിച്ചും മറ്റും അറിഞ്ഞിരിക്കേണ്ടുന്ന ചില വസ്തുതകൾ കൂടി ഗ്രഹിക്കുവാനും സാധിക്കുന്നതാണ്. അതുകൊണ്ട് അൽപം ദൈർഘ്യം വന്നുപോകുമെങ്കിലും-ആ ഹദീസിൻെറ സാരം ഇവിടെ ഉദ്ധരിക്കുന്നുത് പ്രയോജനകരമായിരിക്കും.

കഅ്ബുബ്നുമാലിക്ക് (رضي الله عنه) ൻെറ കാഴ്ച നഷ്ടപ്പെട്ടശേഷം അദ്ദേഹത്തെ നയിച്ചുകൊണ്ടിരുന്ന ആളും അദ്ദേഹത്തിൻെറ ഒരു പുത്രനുമായിരുന്ന അബ്ദുല്ല (رضي الله عنه) തൻെറ പിതാവ് കഅ്ബ് (رضي الله عنه) പ്രസ്താവിച്ചതായി ഇപ്രകാരം ഉദ്ധരിക്കുന്നു:-

'തബൂക്ക് യുദ്ധത്തിലല്ലാതെ മറ്റൊരു യുദ്ധത്തിലും നബി (ﷺ) യൊന്നിച്ച് ഞാൻ പങ്കെടുക്കാതിരുന്നിട്ടില്ല. പക്ഷേ, ബദ്റിൽ പങ്കെടുക്കുയുണ്ടായില്ല. അതിൽ പങ്കെടുക്കാത്തവരെപ്പറ്റി ആക്ഷേപവും ഉണ്ടായിട്ടില്ല. ഒരു മുൻനിശ്ചയം കൂടാതെ ഖുറൈശികളുടെ വർത്തകസംഘത്തെ

ഉദ്ദേശിച്ച്കൊണ്ട് മാത്രമായിരുന്നു നബി (ﷺ) അന്ന് പുറപ്പെട്ടത്. അൽഅഖബഃ ഉടമ്പടി (*) ഉണ്ടായ രാത്രിയിൽ ഞങ്ങൾ ഇസ്‌ലമിനെ അംഗീകരിച്ച് കരാർ നടത്തിയപ്പോൾ ഞാനും അതിൽ സന്നിഹിതനായിരുന്നു. ജനമദ്ധ്യെ ബദ്ർ യുദ്ധത്തിനാണ് അധികം പ്രശസ്തിയുള്ളതെങ്കിലും അഖബയുടെ സ്ഥാനം ബദ്റിന് നൽകുവാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. തബൂക്കിൽ നിന്ന് ഞാൻ പിന്തി നിന്നതു ഇങ്ങിനെയാണ്: അന്ന് എനിക്ക് മുമ്പത്തെക്കാളൊക്കെ കഴിവും, സൗകര്യവുമുണ്ടായിരുന്നു. റസൂൽ (ﷺ) യുദ്ധയാത്രകൾ ചെയ്യുമ്പോൾ സാധാരണ ലക്ഷ്യസ്ഥാനം വ്യക്തമാക്കാറില്ലായിരുന്നു. ആ യാത്ര ഉഷ്ണകാലത്തായിരുന്നതും, ദൂരയാത്രയായിരുന്നതും, വമ്പിച്ച ഒരു സൈന്യത്തെ നേരിടുവാനായിരുന്നതും കാരണമായി മുസ്‌ലിംകൾ വേണ്ടുന്ന ഒരുക്കങ്ങൾ ചെയ്യുവാൻവേണ്ടി-യാത്രയുടെ ലക്ഷ്യം നേരത്തെത്തന്നെ അവിടുന്ന് അറിയിച്ചിരുന്നു. നബി (ﷺ) യുടെ ഒന്നിച്ച് മുസ്‌ലിംകൾ അക്കാലത്തു ധാരാളമുണ്ട്. പക്ഷേ, പട്ടാളക്കാരുടെ പട്ടിക രേഖപ്പെടുത്തുന്ന സമ്പ്രദായം അന്നില്ലായിരുന്നു. അത്കൊണ്ട് യുദ്ധത്തിൽ പങ്കെടുക്കാതെ ഒഴിഞ്ഞുനിൽക്കണമെന്നുദ്ദേശിക്കുന്നവരിൽ-വഹ്‌യു മുഖേന അറിവുകിട്ടത്തപക്ഷം-തങ്ങളെപ്പറ്റി നബി (സ)ക്ക് അറിയുവാൻ കഴിയുകയില്ലെന്ന് ധരിക്കാത്തവർ കുറവായിരുന്നു. പഴവർഗ്ഗങ്ങളും തണലും നന്നായി വരുന്ന ഒരു കാലത്തായിരുന്നു നബി (സ)യുടെ പുറപ്പാട്.

'അങ്ങനെ, നബി (സ)യും മുസ്‌ലിംകളും ഒരുക്കങ്ങൾ ചെയ്തു. ഞാൻ ഒരുങ്ങുവാൻ ശ്രമിച്ചും പിന്നോക്കംവെച്ചും കൊണ്ട്-ഒരു തീരുമാനവുമെടുക്കാതെ-കഴിഞ്ഞുകൂടി. റസൂൽ (ﷺ) തിരുമേനിയും ജനങ്ങളും യാത്ര തുടങ്ങി. അപ്പോഴും ഞാൻ വാഹനം കയറി പുറപ്പെട്ടെങ്കിലോ എന്നുദ്ദേശിച്ചു. അയ്യോ! അങ്ങനെ ചെയ്തിരുന്നെങ്കിൽ എത്ര നന്നായേനെ! പക്ഷേ, അതിന് വിധിയുണ്ടായില്ല! റസൂൽ (ﷺ) പുറപ്പെട്ടുപോയതിൽ പിന്നെ, പുറത്തിറങ്ങിയാൽ ഒന്നുകിൽ കപടവിശ്വാസത്തിൻെറ ആക്ഷേപത്തിന് വിധേയരായ ആളുകളെ, അല്ലെങ്കിൽ അല്ലാഹു ഒഴി—കഴിവ് അനുവദിച്ചുകൊടുത്തിട്ടുള്ള ദുർബ്ബലരായ ആളുകളെ അല്ലാതെ എനിക്ക് കാണുവാൻ കഴിഞ്ഞിരുന്നില്ല. തബൂക്കിലെത്തുന്നതുവരെ നബി (ﷺ) ക്ക് എന്നെക്കുറിച്ച് ഓർമ്മവന്നില്ല. തബൂക്കിൽവെച്ച് കഅ്ബ് എന്ത് ചെയ്തുവെന്ന് തിരുമേനി അന്വേഷിച്ചു. ബനൂസലമ ഗോത്രത്തിൽപെട്ട ഒരാൾ' അദ്ദേഹത്തിൻെറ സുഖസൗകര്യങ്ങൾ അദ്ദേഹത്തെ തടഞ്ഞുവെച്ചിരിക്കയാണ്' എന്ന് പറഞ്ഞു. അപ്പോൾ മുആദുബ്നുജുബൽ (رضي الله عنه) പറഞ്ഞു: 'താൻ ആ പറഞ്ഞത് മോശമായിപ്പോയി. അദ്ദേഹത്തെ സംബന്ധിച്ച് നല്ലതല്ലാതെ നമുക്കറിവില്ല.' നബി (ﷺ) അപ്പോൾ മൗനമവലംബിച്ചു അങ്ങനെയിരിക്കെ, വെള്ള വസ്ത്രം ധരിച്ചുകൊണ്ട് ഒരാൾ മരീചിതാണ്ടി വരുന്നതായി ദൂരെ നിന്ന് കണ്ടു. 'അത് അബൂഖൈഥമയായിരിക്കണം' എന്ന് തിരുമേനി (ലക്ഷണം) പറഞ്ഞു. ഒരു സ്വാഉ് (സേർ) കാരക്ക സംഭാവന നല്കിയതിൽ, കപടവിശ്വാസികൾ പരിഹസിക്കുകയുണ്ടായ അബൂഖൈഥമ (رضي الله عنه) തന്നെയായിരുന്നു (†) അത്.'

---

* ഹിജ്റക്കുമുമ്പു മദീനായിൽനിന്നു ഹജ്ജിനുവന്നിരുന്ന എഴുപതിൽപരം ആളുകൾ ഒരു രാത്രിയിൽ-ഖുറൈശികൾ അറിയാതെ-നബി (ﷺ)യിൽ വിശ്വസിക്കുകയും, അൽഅഖബഃ എന്നിടത്തുവെച്ചു നബി (ﷺ)യെ മദീനായിൽ ചെന്നാൽ വേണ്ടപ്രകാരം സഹായിക്കാമെന്നും മറ്റും നബി (ﷺ)യുമായി ഉടമ്പടി ചെയ്തുപോകുകയും ഉണ്ടായി. ആ സംഭവമാണു ഉദ്ദേശ്യം. 100-ാം വചനത്തിൻെറ വ്യാഖ്യാനത്തിൽ ഈ ഉടമ്പടിയെപ്പറ്റി നാം സൂചിപ്പിച്ചിട്ടുണ്ട്.

† അബൂഖൈഥമ (رضي الله عنه)ആദ്യം അലസതനിമിത്തം നബി (ﷺ)യൊന്നിച്ചു പോയിരുന്നില്ല. നബി (സ)യും സഹാബികളും പോയിക്കഴിഞ്ഞശേഷം അദ്ദേഹം തൻെറ വീട്ടിൽ ചെന്നപ്പോൾ, വീട്ടുകാർ തനിക്കായി ഒരുക്കിവെച്ചിരുന്ന സുഖസൗകര്യങ്ങൾ കണ്ടപ്പോൾ അദ്ദേഹത്തിന് വളരെ വ്യസനം തോന്നി. റസൂൽ (ﷺ)തിരുമേനി വളരെ കഷ്ടതയിലും ബുദ്ധിമുട്ടിലും കഴിഞ്ഞുകൂടുന്ന അവസരത്തിൽ താൻ ഈ സുഖസൗകര്യങ്ങൾ ആസ്വദിക്കുന്നതു നന്നല്ലെന്നു അദ്ദേഹം കരുതി. വേഗം തബൂക്കിലേക്കു വാഹനം കയറി. അതായിരുന്നു അദ്ദേഹം താമസിച്ചത്തുവാനും, ഒറ്റയായിരിക്കുവാനും കാരണം. റസൂൽ (ﷺ)അദ്ദേഹത്തെ വളരെ ആദരിക്കുകയുംചെയ്തു.

കഅ്ബ്-റ-തുടരുന്നു: 'തബൂക്കില്‍ നിന്ന് റസൂല്‍ (ﷺ) മടങ്ങിവരുന്നുണ്ടെന്ന് കേട്ടപ്പോള്‍, എന്നെ സങ്കടം പിടികൂടി. തിരുമേനിയുടെ കോപത്തില്‍നിന്ന് ഞാന്‍ എങ്ങിനെ രക്ഷപ്പെടും? ആരെയൊക്കെ അതിന് ഉപയോഗപ്പെടുത്താം? എന്നൊക്കെ ഞാന്‍ (മനസ്സില്‍) കളളം സ്വരൂപിച്ചുകൊണ്ടിരുന്നു. നബി (ﷺ) എത്താറായി എന്ന് കേട്ടപ്പോള്‍, ആ ദുര്‍വിചാരമൊക്കെ എന്നില്‍ നിന്നു നീങ്ങി. ഒന്നുകൊണ്ടും എനിക്ക് രക്ഷയില്ലെന്ന് ബോധ്യം വന്നു. സത്യം പറയുവാന്‍ തന്നെ ഞാന്‍ നിശ്ചയിച്ചു. റസൂല്‍ (ﷺ) രാവിലെ എത്തി. വല്ല യാത്രയും കഴിഞ്ഞുവരുമ്പോള്‍ അവിടുന്ന് ആദ്യം പള്ളിയില്‍ കടന്ന് രണ്ട് റക്അത്ത് നമസ്കരിക്കുകയും, പിന്നീട് ജനങ്ങള്‍ക്കുവേണ്ടി ഇരുന്നുകൊടുക്കുകയും പതിവാണ്. ആ ഇരുത്തത്തില്‍, യുദ്ധത്തില്‍നിന്ന് ഒഴിഞ്ഞുനിന്നവര്‍ ചെന്ന് തിരുമേനിയോട് ഒഴികഴിവുകള്‍ പറയുകയും, സത്യം ചെയ്യുകയുമായി. അവര്‍ എണ്‍പതില്‍ ചില്വാനം പേരുണ്ടായിരുന്നു. അവരില്‍ നിന്ന് അവരുടെ ബാഹ്യമായ നിലപാട് സ്വീകരിച്ചുകൊണ്ട് തിരുമേനി അവര്‍ക്കുവേണ്ടി പാപമോചനം തേടുകയും, അവരുടെ രഹസ്യം അല്ലാഹുവിങ്കലേക്ക് വിടുകയും ചെയ്തു. അങ്ങനെ, ഞാന്‍ ചെന്ന് സലാം പറഞ്ഞു. അപ്പോള്‍, കോപം ഒതുക്കിവെച്ച ഒരാളുടെ മാതിരി ഒന്ന് പുഞ്ചിരിച്ചുകൊണ്ട് തിരുമേനി എന്നോട് 'വരൂ' എന്ന് പറഞ്ഞു. ഞാന്‍ പതുക്കെച്ചെന്ന് അടുത്തിരുന്നു. 'എന്താണ് പിന്തിനിന്നത്? വാഹനം വാങ്ങിയിരുന്നില്ലേ?' എന്ന് തിരുമേനി ചോദിച്ചു. ഞാന്‍ പറഞ്ഞു: 'അല്ലാഹുവിന്‍റെ റസൂലേ, ലോകത്ത് മറ്റേതെങ്കിലും ഒരാളുടെ അടുക്കലാണു ഞാന്‍ ഇരിക്കുന്നതെങ്കില്‍, വല്ല ഒഴികഴിവും പറഞ്ഞു അയാളുടെ കോപത്തില്‍ നിന്ന് എനിക്കു ഒഴിവാകുവാന്‍ കഴിയുമായിരുന്നു. എനിക്ക് കുറെയൊക്കെ തര്‍ക്കം നടത്തുവാനും കഴിവുണ്ട്. പക്ഷേ, അല്ലാഹുവിനെത്തന്നെ സത്യം! ഇന്നു ഞാന്‍ അങ്ങയോട് വല്ല കളവും പറഞ്ഞ് രക്ഷപ്പെട്ടാല്‍ അല്ലാഹു എന്നെ ശിക്ഷിച്ചേക്കും. ഞാന്‍ അങ്ങയോട് സത്യം പറഞ്ഞാല്‍, അങ്ങേക്ക് എന്നോട് ദേഷ്യവും തോന്നും. അതുകൊണ്ട് ഞാന്‍ അല്ലാഹുവിങ്കല്‍ നിന്ന് നല്ല പര്യവസാനം കാത്തിരിക്കുകയാണ്. അല്ലാഹു തന്നെ സത്യം! എനിക്ക് ഒരു മുടക്കവും ഉണ്ടായിരുന്നില്ല. ആ സമയത്തെക്കാള്‍ കഴിവും സൗകര്യവും അതിനുമുമ്പുണ്ടായിരുന്നിട്ടുമില്ല. 'അപ്പോള്‍ റസൂല്‍ പറഞ്ഞു: 'ഇയാള്‍ പറഞ്ഞത് സത്യമാണ്. താങ്കള്‍ പോയിക്കൊള്ളുക, താങ്കളുടെ കാര്യത്തില്‍ അല്ലാഹു തീരുമാനമെടുത്തുകൊള്ളും.'

'ബനുസലമക്കാരായ ചിലര്‍ എന്‍റെ പിന്നാലെവന്ന്: 'താങ്കള്‍ ഇതിന് മുമ്പ് കുറ്റമൊന്നും ചെയ്തിട്ടില്ലല്ലോ, മറ്റുള്ളവര്‍ ചെയ്തതുപോലെ നബി (ﷺ) യോട് ചില ഒഴികഴിവുകള്‍ പറഞ്ഞ് അവിടുന്ന് താങ്കള്‍ക്ക് വേണ്ടി പാപമോചനം തേടിയാല്‍ മതിയായിരുന്നുവല്ലോ?' എന്നൊക്കെപ്പറഞ്ഞ് എന്നെ ആക്ഷേപിച്ചുകൊണ്ടിരുന്നു. അങ്ങനെ, നബി (സ)യുടെ അടുക്കല്‍ മടങ്ങിച്ചെന്ന് കളവ് പറഞ്ഞുവെങ്കിലോ എന്ന് പോലും എനിക്കു തോന്നി. 'എന്‍റെ ഈ അനുഭവമുണ്ടായ മറ്റാരെയെങ്കിലും നിങ്ങള്‍ക്കറിയാമോ?' എന്ന് ഞാന്‍ അവരാട് അന്വേഷിച്ചു. അവര്‍ പറഞ്ഞു: 'അിറയാം. മുറാറത്തുബ്നു-റബീഉം, ഹിലാലുബ്നുഉമയ്യയും'. ബദ്റില്‍ പങ്കെടുത്തവരും, നല്ലവരുമായിരുന്നു ആ രണ്ടുപേരും. അവര്‍ എനിക്കൊര് മാതൃകയുമാണ്. അത് കേട്ടപ്പോള്‍, ഞാന്‍ (അതിന് മുതിരാതെ) എന്‍റെ വഴിക്കുപോയി.'

കഅ്ബു-റ-തുടരുന്നു: 'ഞങ്ങള്‍ മൂന്നുപേരുമായി സംസാരിക്കുന്നത് നബി (ﷺ) മുടക്കം ചെയ്തു. അങ്ങനെ, ജനങ്ങള്‍ക്ക് ഞങ്ങളോടുള്ള ഭാവം മാറി. ഈ ഭൂമി എനിക്ക് അപരിചിതമായി തോന്നി. എന്‍റെ തുണക്കാരായ ആ രണ്ടുപേരും കരഞ്ഞുകൊണ്ട് വീട്ടില്‍ ഇരുന്നു. അമ്പത് ദിവസം ഞങ്ങള്‍ അങ്ങിനെ കഴിഞ്ഞു. ഞാന്‍ അവരെക്കാള്‍ യുവാവും ശക്തനുമായിരുന്നതുകൊണ്ട് ഞാന്‍ നമസ്കാരത്തിന് (പള്ളിയില്‍) ഹാജരാകുകയും അങ്ങാടിയിലൂടെ നടക്കുകയും ചെയ്തിരുന്നു. എന്നോട് ഒരാളും സംസാരിക്കുകയില്ല. ഞാന്‍ റസൂല്‍ (ﷺ) തിരുമേനിക്ക് സലാം പറയും. അവിടുന്ന് സലാം മടക്കിയോ, ഇല്ലേ എന്നെനിക്ക് സംശയം തോന്നും. ഞാന്‍ തിരുമേനിയുടെ അടുത്തു നിന്ന് നമസ്കരിക്കും. ഗോപ്യമായി തിരുമേനിയുടെ നേരെ നോക്കുകയും ചെയ്യും. ഞാന്‍ അങ്ങോട്ട് നോക്കുമ്പോള്‍ തിരുമേനി എന്നില്‍ നിന്ന് തിരിഞ്ഞുകളയും. ഞാന്‍ നമസ്കാരത്തിലേക്ക് തിരിയുമ്പോള്‍ അവിടുന്ന് എന്നെ നോക്കുകയും ചെയ്യും. മുസ്ലിം

കൾക്ക് എന്നോടുള്ള പന്തിവിരോധം വർദ്ധിച്ചപ്പോൾ, ഞാൻ എന്റെ പിതൃവ്യപുത്രനും, അടുത്ത സ്നേഹിതനുമായ അബുഖത്താദ (ﷺ) യുടെ അടുക്കൽ മതിൽ കയറിച്ചെന്നു. അദ്ദേഹത്തിന് ഞാൻ സലാം ചൊല്ലി. അല്ലാഹു തന്നെ സത്യം! അദ്ദേഹം സലാം മടക്കിയില്ല. ‘ഞാൻ അല്ലാഹുവിനെ മുൻനിറുത്തിക്കൊണ്ട് അദ്ദേഹത്തോടു ചോദിച്ചു: ഞാൻ അല്ലാഹുവിനെയും, റസൂലിനെയും സ്നേഹിക്കുന്നതായി താങ്കൾക്കറിയാമോ? ’ അദ്ദേഹം മിണ്ടിയില്ല. ഞാൻ വീണ്ടും വീണ്ടും അപേക്ഷിച്ചു. അദ്ദേഹം പറഞ്ഞു: ‘അല്ലാഹുവിനും റസൂലിനും അറിയാം.‘ എന്റെ കണ്ണുകൾ ഒഴുകി. ഞാൻ മതിൽ കയറി തിരിച്ചുപോന്നു.

‘അങ്ങിനെയിരിക്കെ, ധാന്യം വിൽക്കുവാൻ മദീനായിൽ വന്ന ഒരു നബ്ത്വീ (കർഷകൻ) കഅ്ബുബ്നുമാലികിനെക്കുറിച്ച് അന്വേഷിക്കുന്നത് ഞാൻ കേട്ടു. ജനങ്ങൾ എന്നെ ചൂണ്ടിക്കാട്ടി. അയാൾ ഗസ്സാനിലെ രാജാവിന്റെ വക ഒരു എഴുത്ത് എനിക്ക് തന്നു: എനിക്ക് എഴുത്തറിയാമായിരുന്നു. ഞാൻ അത് വായിച്ചുനോക്കുമ്പോൾ ഉള്ളടക്കം ഇതായിരുന്നു: ‘തന്റെ ആൾ (നബി-സ-തിരുമേനിയെ ഉദ്ദേശിച്ച്) തന്നെ കൈവെടിഞ്ഞതായി അറിയുന്നു. ഈ ഭൂമി നിന്ദ്യതയുടെ ഭൂമിയൊന്നുമല്ല. താങ്കൾ ഇങ്ങോട്ടുവരുക. നാം താങ്കൾക്ക് വേണ്ടുന്ന സഹായം ചെയ്യാം.‘ ഇതും ഒരു പരീക്ഷണം തന്നെയെന്ന് പറഞ്ഞ് ഞാൻ ആ എഴുത്ത് അടുപ്പിലേക്കിട്ടു. അമ്പതിൽ നാൽപത് ദിവസം കഴിഞ്ഞിട്ടും വഹ്‌യു വരാൻ താമസിച്ചു. അപ്പോഴതാ റസൂൽ (ﷺ) തിരുമേനിയുടെ ഒരു ദൂതൻ വന്ന് ‘താൻ തന്റെ ഭാര്യയെ വിട്ടുനിൽക്കണം എന്ന് കൽപിക്കുന്നു! വിവാഹമോചനം ചെയ്യേണമോ എന്ന് ഞാൻ ചോദിച്ചു. ‘വേണ്ടാ, തന്റെ കാര്യത്തിൽ തീരുമാനം വരുന്നതുവരെ ഭാര്യയുമായി വിട്ടുനിൽക്കണം-സമീപിക്കരുത്‘ എന്ന് അയാൾ മറുപടി പറഞ്ഞു. മറ്റേ രണ്ടാളുകളുടെ അടുക്കലേക്കും അപ്രകാരം ആളയിച്ചിരുന്നു. എന്റെ ഭാര്യയോട് അവളുടെ വീട്ടിലേക്ക് പോയിക്കൊള്ളുവാൻ ഞാൻ പറഞ്ഞു:‘

കഅ്ബു-റ-പറയുകയാണ് ‘ഹിലാലുബ്നുഉമയ്യയുടെ ഭാര്യ റസൂൽ (ﷺ) തിരുമേനിയുടെ അടുക്കൽ ചെന്ന് ഇങ്ങിനെ പറഞ്ഞു. ’റസൂലേ, ഹിലാലുബ്നുഉമയ്യ വലിയ കിഴവനാണ്. അദ്ദേഹത്തിന് ഭൃത്യൻമാരുമില്ല. അതുകൊണ്ട് ഞാൻ അദ്ദേഹത്തിന് ഭൃത്യവേല ചെയ്തുകൊടുക്കുന്നതിന് വിരോധമുണ്ടോ‘ തിരുമേനി പറഞ്ഞു: ‘ഇല്ല. എങ്കിലും അദ്ദേഹം തന്നെ സമീപിക്കരുത്.‘ ആ സ്ത്രീ പറഞ്ഞു: ‘ഇല്ല. അദ്ദേഹത്തിന് യാതൊരു വിഷയത്തിലും ഒരു വികാരവുമില്ല. ഇന്നുവരെയും കരഞ്ഞുകൊണ്ടിരിക്കുകയാണ്. ഇതുകേട്ടപ്പോൾ എന്റെ ചില കുടുംബക്കാർ എന്നോട് എന്റെ ഭാര്യയെക്കുറിച്ചും നബി (സ)യോട് സമ്മതം ചോദിക്കുവാൻ നിർദ്ദേശിക്കുകയുണ്ടായി. ഞാൻ പറഞ്ഞു: ‘ഞാനതുചെയ്യുകയില്ല. ഞാനൊരു യുവാവായിരിക്കെ, അവിടുന്ന് എന്നോട് എന്ത് പറയുമെന്ന് എനിക്ക് നിശ്ചയമില്ല.‘ അങ്ങനെ, പത്തു ദിവസം കൂടി കഴിഞ്ഞു. ഞങ്ങളുമായുള്ള സംസാരം മുടക്കം ചെയ്തിട്ട് അപ്പോഴേക്ക് അമ്പത് ദിവസം പൂർത്തിയായി. അമ്പതിന്റെ പ്രഭാതത്തിൽ ഞാൻ ഞങ്ങളുടെ ഒരു വീട്ടിന്റെ മുകളിൽ വെച്ച് സുബ്ഹ് നമസ്കാരം സമസ്കരിച്ച് ഇരിക്കുകയായിരുന്നു. അല്ലാഹു പറഞ്ഞതുപോലെ ഭൂമി വിശാലമായിരുന്നിട്ടും എനിക്കത് ഇടുങ്ങിയതായിക്കൊണ്ടിരിക്കുകയാണ്.

‘അപ്പോഴാതാ! സൽഉ് (سلع) മലയുടെ മുകളിൽ നിന്ന് ഒരാൾ അത്യുച്ചത്തിൽ വിളിച്ചു പറയുന്നു: ’കഅമ്ബുനുമാലികേ! സന്തോഷിച്ചുകൊള്ളുക!‘ ഞാൻ അല്ലാഹുവിന് സുജൂദായി നിലത്ത് വീണു. ഒരു തുറവി വന്നു കഴിഞ്ഞിട്ടുണ്ടെന്ന് ഞാൻ മനസ്സിലാക്കി. സുബ്ഹു നമസ്കാരാനന്തരം അല്ലാഹുവിങ്കൽ നിന്ന് (ഞങ്ങളുടെ) തൗബ: (പശ്ചാത്താപം) സ്വീകരിച്ച വിവരം നബി (ﷺ) ജനങ്ങളിൽ പ്രഖ്യാപനം ചെയ്തിരുന്നു. ജനങ്ങൾ ഞങ്ങളെ അനുമോദിക്കുവാൻ വന്നുകൊണ്ടിരുന്നു. എന്റെ രണ്ട് കൂട്ടുകാരിലേക്കും ആളുകൾ പോയിരുന്നു. എന്റെ അടുക്കലേക്ക്

ഒരാൾ കുതിരപ്പുറത്ത് കയറിയും, വേറൊരാൾ ഓടിക്കൊണ്ട് കുതിച്ച് വന്നു. (*) പക്ഷേ (സൽഉ മലയിൽ നിന്ന് കേട്ട) ആ ശബ്ദമായിരുന്നു ആദ്യം എനിക്ക് എത്തിയത്. അതുകൊണ്ട് ആ ശബ്ദത്തിൻെറ ആൾക്ക് (†) ഞാൻ എൻെറ മേലുണ്ടായിരുന്ന രണ്ടു വസ്ത്രവും അഴിച്ചുകൊടുത്തു സമ്മാനിച്ചു. (‡) സത്യമായും അത് രണ്ടുമല്ലാത്ത വസ്ത്രം എനിക്ക് വേറെയുണ്ടായിരുന്നില്ല. അനന്തരം രണ്ട് വസ്ത്രങ്ങൾ വായ്പമേടിച്ച് ധരിച്ചു കൊണ്ട് ഞാൻ നബി (ﷺ) തിരുമേനിയുടെ അടുക്കലേക്കു പോയി. ജനങ്ങൾ കൂട്ടംകൂട്ടമായി വന്ന് എന്നെ അനുമോദിക്കുകയും, എനിക്ക് മംഗളം പറയുകയും ചെയ്യുന്നുണ്ടായിരുന്നു'

(കഅ്ബ്-റ-തുടരുന്നു:) 'ഞാൻ പള്ളിയിൽ ചെല്ലുമ്പോൾ, റസൂൽ (ﷺ) ഇരിക്കുന്നു. ചുറ്റുപാടും ആളുകളുമുണ്ട്. തൽഹത്തുബ്നു ഉബൈദില്ലാ (رضي الله عنه) ഓടിവന്ന് എനിക്കു കൈ തരുകയും, എന്നെ അനുമോദിക്കുകയും ചെയ്തു. (§) മുഹാജിറുകളിൽ വേറെ ആരും എഴുന്നേറ്റ് വന്ന് അങ്ങനെ ചെയ്യുകയുണ്ടായില്ല. (**) റസൂൽ (ﷺ) തിരുമേനിക്ക് ഞാൻ സലാം പറഞ്ഞപ്പോൾ, തിരുമേനിയുടെ മുഖം സന്തോഷം കൊണ്ട് പ്രകാശിതമായിരുന്നു. അവിടുന്നു പറഞ്ഞു: 'താങ്കളുടെ മാതാവ് താങ്കളെ പ്രസവിച്ചത് മുതൽ എറ്റവും നല്ല ഒരു ദിവസത്തെക്കുറിച്ച് സന്തോഷപ്പെട്ടുകൊള്ളുക!' ഞാൻ ചോദിച്ചു: 'അങ്ങയിൽനിന്നുള്ളതോ, അല്ലാഹുവിങ്കൽനിന്നുള്ളതോ?' തിരുമേനി പറഞ്ഞു: 'അല്ലാഹുവിങ്കൽ നിന്നുള്ളതുതന്നെ.' തിരുമേനിക്ക് സന്തോഷം വന്നാൽ അവിടുത്തെ മുഖം ചന്ദ്രനെപ്പോലെ പ്രകാശമയമായിത്തീരുമെന്ന് ഞങ്ങൾ പരിചയിച്ചതാണ്. അങ്ങനെ, ഞാൻ ഇരുന്നു, ഞാൻ പറഞ്ഞു: 'അല്ലാഹുവിൻെറ റസൂലേ, എൻെറ തൗബയുടെ പൂർത്തീകരണമായി ഞാൻ എൻെറ ധനം മുഴുവൻ ധർമ്മമായി അല്ലാഹുവിനും റസൂലിനും ഒഴിഞ്ഞുതരുവാൻ ഉദ്ദേശിക്കുന്നു.' അപ്പോൾ തിരുമേനി പറഞ്ഞു: 'കുറച്ചു ധനം താൻ സൂക്ഷിച്ചുവെച്ചുകൊള്ളുക. അത് തനിക്ക് നല്ലതാണ്.' ഞാൻ പറഞ്ഞു: 'ഖൈബറിലുള്ള എൻെറ ഓഹരി ഞാൻ സൂക്ഷിച്ചുകൊള്ളാം. (ബാക്കിയൊക്കെ ധർമ്മമാണ്) ഞാൻ ജീവിക്കുന്ന കാലത്തോളം ആരോടും ഞാൻ കളവുപറയുകയില്ലെന്നുള്ളതും എൻെറ തൗബയിൽപെട്ടതാകുന്നു.'

'ഞാൻ റസൂൽ (ﷺ) തിരുമേനിയോട് ആ സത്യം പറഞ്ഞശേഷം, എന്നെപ്പോലെ പരീക്ഷണത്തിന് വിധേയനായി വിജയം വരിച്ച ഒരാളെ എനിക്കറിവില്ല. അതിനുശേഷം ഇന്നേവരെ അറിഞ്ഞുകൊണ്ട് ഞാൻ ആരോടും കളവു പറഞ്ഞിട്ടില്ല. മേലിലും അല്ലാഹു എന്നെ കാക്കുമെന്ന് ഞാൻ ആശിക്കുന്നു. അങ്ങനെ, അല്ലാഹു .... لقد تاب الله عل النبى എന്ന വചനവും وعلى الثلاثة الذين , എന്നത് മുതൽ وكونو امع الصادقين എന്നുവരെയും (117, 118, 119 വചനങ്ങൾ) അവതരിച്ചു.'

---

* കുതിരപ്പുറത്തു ചെന്നതു സുബൈറുബ്നുൽഅവാമും (റ), ഓടി വന്നതു ഹംസത്തുബ്നുഅംറും (رضي الله عنه)ആയിരുന്നുവെന്നും ചില രിവായത്തുകളിലുണ്ട്.

† ശബ്ദമിട്ടു വിളിച്ചു പറഞ്ഞതു അബൂബക്കർ (رضي الله عنه)ആയിരുന്നുവെന്നും രിവായത്തുകളിലുണ്ട്.

‡ പ്രധാനപ്പെട്ട സന്തോഷവാർത്ത അറിയിക്കുന്ന ആദ്യത്തെ ആൾക്കു അപ്പോൾ ധരിച്ചിട്ടുള്ള വസ്ത്രങ്ങൾ അഴിച്ചുകൊടുത്തു സമ്മാനിക്കുന്നത് അറബികളുടെ ഒരു പതിവായിരുന്നു.

§ ത്വൽഹത്ത് (رضي الله عنه)ഖുറൈശിയും, സ്വർഗ്ഗംകൊണ്ടു സന്തോഷമറിയിക്കപ്പെട്ട പത്ത് സഹാബികളിൽപെട്ട ഒരാളുമാകുന്നു.

** ഇക്കാരണത്താൽ ത്വൽഹത്തിനെ (رضي الله عنه)കുറിച്ച് കഅ്ബു (رضي الله عنه)എപ്പോഴും നന്ദി പുലർത്തിപ്പോന്നിരുന്നുവെന്നു നിവേദകനായ പുത്രൻ പ്രസ്താവിച്ചിരിക്കുന്നു

(കഅ്ബ്-റ-തുടര്‍ന്നു പറയുകയാണ്:) 'അല്ലാഹുവിനെത്തന്നെയാണ! റസൂല്‍ (ﷺ) തിരുമേനിയോട് കളവ് പറയുകയും, കളവ് പറഞ്ഞവരെപ്പോലെ നാശത്തിലകപ്പെടുകയും ചെയ്യാതെ ഞാന്‍ സത്യം മാത്രം പറഞ്ഞത്, എന്നെ ഇസ്‌ലാമിലേക്കു മാര്‍ഗ്ഗദര്‍ശനം നല്‍കി അല്ലാഹു അനുഗ്രഹിച്ചതിനുശേഷം, അവന്‍ എനിക്ക് തന്നെ ഏറ്റവും വലിയ ഒരനുഗ്രഹമാകുന്നു. വഹ്‌യു വന്നപ്പോള്‍, കളവ് പറഞ്ഞവരെപ്പറ്റി അല്ലാഹു വളരെ കടുത്ത വാക്കുകളാണ് പറഞ്ഞത്. അതായത്, **سيحلفون بالله لكم** എന്ന് തുടങ്ങി **لايرضى عن القوم الفاسقين** വരെ (95ഉം 96ഉം വചനങ്ങള്‍). റസൂല്‍ (ﷺ) തിരുമേനിയോട് സത്യം ചെയ്ത് ഒഴികഴിവുകള്‍ പറഞ്ഞപ്പോള്‍ അത് സ്വീകരിച്ചുകൊണ്ട് തിരുമേനി പാപമോചനം തേടിയിരുന്ന ആളുകളുടെ കൂട്ടത്തില്‍ നിന്നു ഞങ്ങള്‍ മൂന്നുപേരുടെയും കാര്യം റസൂല്‍ (ﷺ) പിന്നേക്ക് നിറുത്തി വെക്കുകയാണ് ചെയ്തത്. എന്നിട്ട്, ഞങ്ങളുടെ വിഷയത്തില്‍ .... **وعلى الثلاثة الذين خلفوا** (പിന്നോക്കം വെക്കപ്പെട്ട മൂന്നാളുടെ പേരിലും.....) എന്ന് അവതരിച്ചു. യുദ്ധത്തിന് പോകാതെ പിന്തിനിന്നവര്‍ എന്നല്ല ഉദ്ദേശ്യം. സത്യം ചെയ്ത് ഒഴികഴിവ് പറഞ്ഞവരില്‍ നിന്നും വ്യത്യസ്തമായി കാര്യം പിന്നേക്ക് നീട്ടിവെക്കപ്പെട്ടവര്‍ എന്നാണുദ്ദേശ്യം.' (അ: ബു: മു. മുതലായവര്‍)

സുദീര്‍ഘവും പ്രസിദ്ധവുമായ ഈ ഹദീസില്‍ നിന്ന് കഴിഞ്ഞ ഏതാനും ആയത്തുകളുടെ ആശയം കൂടുതല്‍ മനസ്സിലാക്കുവാന്‍ കഴിയുന്നതിന് പറമെ, മറ്റു പല കാര്യങ്ങളും ഗ്രഹിക്കുവാന്‍ സാധിക്കുന്നതാണ്. നിഷ്കളങ്കവും, പരിപൂര്‍ണ്ണവുമായ തൗബയുടെ നല്ലൊര് മാതൃകയാണത്. സഹാബികള്‍ തങ്ങളുടെ പക്കല്‍ വന്നുപോയ തെറ്റുകുറ്റങ്ങളെപ്പറ്റി എത്രത്തോളം മനം നൊന്തിരുന്നുവെന്നും, അവരുടെ സത്യസന്ധത എത്രമാത്രം ദൃഢതരമായിരുന്നുവെന്നും, അല്ലാഹുവിങ്കല്‍നിന്നുള്ള പാപമോചനവും കാരുണ്യവും ലഭിക്കുന്നതിനുവേണ്ടി അവര്‍ എത്രത്തോളം ത്യാഗവും കഷ്ടനഷ്ടവും അനുഭവിക്കുവാന്‍ തയ്യാറായിരുന്നുവെന്നും റസൂല്‍ (ﷺ) തിരുമേനിയോട് അവര്‍ക്കുള്ള സ്നേഹബഹുമാനം എത്ര വലുതായിരുന്നുവെന്നും, തിരുമേനിയുടെ ഉപദേശനിര്‍ദ്ദേശങ്ങള്‍ സ്വീകരിക്കുന്നതില്‍ അവര്‍ എത്രത്തോളം തല്‍പരരായിരുന്നുവെന്നും-അങ്ങിനെ പലതും-മനസ്സിലാക്കുവാനുള്ള ഒരു പാഠാവലിയാണു ഈ ഹദീസ് എന്ന് പറയാം. നബി (ﷺ) തിരുമേനിയുടെയും, അവിടുത്തെ സഹാബികളുടെയും മാതൃക പിന്‍പറ്റി സൗഭാഗ്യം അടയുന്ന സജ്ജനങ്ങളില്‍ അല്ലാഹു നമ്മെയെല്ലാം ഉള്‍പ്പെടുത്തട്ടെ. ആമീന്‍.

റസൂല്‍ (ﷺ) തിരുമേനി അരുളിച്ചെയ്തതായി ഇബ്നുമസ്ഊദ് (رضي الله عنه) ഉദ്ധരിച്ചിരിക്കുന്നു: 'നിങ്ങള്‍ സത്യത്തെ മുറുകെ പിടിക്കുവിന്‍. കാരണം, സത്യം പുണ്യത്തിലേക്ക് നയിക്കുന്നു. പുണ്യമാകട്ടെ സ്വര്‍ഗ്ഗത്തിലേക്ക് നയിക്കുന്നു. ഒരു മനുഷ്യന്‍ സത്യം പറഞ്ഞും, സത്യത്തെ കാത്തുസൂക്ഷിച്ചും വരുന്നതായാല്‍, അവന്‍ അല്ലാഹുവിന്‍െറ അടുക്കല്‍ 'സ്വിദ്ദീഖാ'യി (സത്യസന്ധനായി) രേഖപ്പെടുത്തപ്പെടും. നിങ്ങള്‍ അസത്യത്തെ സൂക്ഷിക്കുവിന്‍. അസത്യം ദുര്‍വൃത്തിയിലേക്ക് നയിക്കുന്നു. ദുര്‍വൃത്തിയാകട്ടെ, നരകത്തിലേക്കും നയിക്കുന്നു. ഒരുവന്‍ അസത്യം പറഞ്ഞും, അസത്യത്തെ കാത്തുസൂക്ഷിച്ചും വരുന്നതായാല്‍, അവന്‍ അല്ലാഹുവിന്‍െറ അടുക്കല്‍ 'കദ്ദിബായി' (അസത്യവാദിയായി) രേഖപ്പെടുത്തപ്പെടുന്നതാണ്.' (അ: ബു: മു.)

مَا كَانَ لِأَهْلِ ٱلْمَدِينَةِ وَمَنْ حَوْلَهُم مِّنَ ٱلْأَعْرَابِ أَن يَتَخَلَّفُوا۟ عَن رَّسُولِ ٱللَّهِ وَلَا يَرْغَبُوا۟ بِأَنفُسِهِمْ عَن نَّفْسِهِۦ ۚ ذَٰلِكَ بِأَنَّهُمْ

120 മദീനക്കാര്‍ക്കും, 'അഅ്റാബി' [മരുഭൂവാസി]കളില്‍നിന്ന് അവരുടെ ചുറ്റുപാടിലുള്ളവര്‍ക്കും പാടില്ല, അവര്‍ അല്ലാഹുവിന്‍െറ റസൂലിനെ വിട്ടു പിന്തിനില്‍ക്കുവാന്‍; അദ്ദേഹത്തിന്‍െറ സ്വന്ത (കാര്യ) ത്തെ വിട്ടേച്ച് തങ്ങളുടെ സ്വന്ത (കാര്യ) ങ്ങളെപ്പറ്റി താല്‍പര്യം കാണിക്കുവാനും പാടി

لَا يُصِيبُهُمْ ظَمَأٌ وَلَا نَصَبٌ وَلَا مَخْمَصَةٌ فِى سَبِيلِ ٱللَّهِ وَلَا يَطَـُٔونَ مَوْطِئًا يَغِيظُ ٱلْكُفَّارَ وَلَا يَنَالُونَ مِنْ عَدُوٍّ نَّيْلًا إِلَّا كُتِبَ لَهُم بِهِۦ عَمَلٌ صَـٰلِحٌ ۚ إِنَّ ٱللَّهَ لَا يُضِيعُ أَجْرَ ٱلْمُحْسِنِينَ ﴿١٢٠﴾

ല്ല. അതെന്തെന്നാൽ അവർ, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അവർക്ക് വല്ല ദാഹമാകട്ടെ, ക്ഷീണമാകട്ടെ, പട്ടിണിയാകട്ടെ, ബാധിക്കുകയില്ല, അവിശ്വാസികളെ കോപിപ്പിക്കുന്ന വല്ല സ്ഥാനത്തും അവർ ചവിട്ടുകയുമില്ല, ഒരു ശത്രുവിനും വല്ല ബാധയും [ഉപദ്രവവും] അവർ ഏൽപ്പിക്കുകയുമില്ല,-അതുനിമിത്തം അവർക്ക് ഒരു നല്ലതായ കാര്യം രേഖപ്പെടുത്തപ്പെടാതെ [ഇതാണതിനു കാരണം.] നിശ്ചയമായും അല്ലാഹു സുകൃതം ചെയ്യുന്നവരുടെ പ്രതിഫലം പാഴാക്കുകയില്ല.

وَلَا يُنفِقُونَ نَفَقَةً صَغِيرَةً وَلَا كَبِيرَةً وَلَا يَقْطَعُونَ وَادِيًا إِلَّا كُتِبَ لَهُمْ لِيَجْزِيَهُمُ ٱللَّهُ أَحْسَنَ مَا كَانُوا۟ يَعْمَلُونَ ﴿١٢١﴾

121 ചെറുതാകട്ടെ, വലുതാകട്ടെ ഒരു ചിലവും അവർ ചിലവഴിക്കുകയുമില്ല, വല്ല താഴ്വരയും അവർ വിട്ടുകടക്കുകയുമില്ല,-അതവർക്കു രേഖപ്പെടുത്താതെ. (അതെ) അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിൽ ഏറ്റം നല്ലതിന് (അനുസരിച്ച്) അല്ലാഹു അവർക്ക് പ്രതിഫലം നൽകുവാൻ വേണ്ടി.

---

120 **ما كَانَ** ആകുകയില്ല (പാടില്ല), ആകാവതല്ല. **لأهل المدينة** മദീനക്കാർക്ക്. **ومن حولهم** അവരുടെ ചുറ്റുപാടിലുളളവർക്കും. **من الأعراب** അഅ്റാബികളിൽനിന്ന്. **أن يتخلفوا** അവർ പിന്തിനിൽക്കൽ, പിന്തുവാൻ. **عن رسول** റസൂലിനെവിട്ട്. **الله** അല്ലാഹുവിന്റെ. **ولا يرغبوا** അവർ ആഗ്രഹിക്കലും (താൽപര്യം കാണിക്കുവാനും) പാടില്ല. **بأنفسهم** തങ്ങളുടെ സ്വന്തങ്ങളെപ്പറ്റി. **عن نفسه** അദ്ദേഹത്തിന്റെ സ്വന്തത്തെവിട്ട്. **ذَلك** അതു (കാരണം). **بأنهم** അവർ (ആകുന്നു) എന്നതുകൊണ്ടാണ്. **لا يصيبهم** അവർക്ക് ബാധിക്കുക (എത്തുക)യില്ല. **ظمأ** ഒരു ദാഹം, വല്ല ദാഹവും. **ولا نصب** ഒരു ക്ഷീണവുമില്ല, ബുദ്ധിമുട്ടും ഇല്ല. **ولا مخمصةٌ** ഒരു പട്ടിണിയുമില്ല. **في سبيل الله** അല്ലാഹുവിന്റെ മാർഗ്ഗത്തിൽ. **ولا يطئونَ** അവർ ചവിട്ടുകയുമില്ല. **موطئًا** ഒരു ചവിട്ടുന്ന സ്ഥാനത്തും. **يغيظُ** കോപിപ്പിക്കുന്ന, ക്ളേശമുണ്ടാക്കുന്ന. **الكُفّار** അവിശ്വാസികളെ, കാഫിറുകൾക്ക്. **ولا ينالُونَ** അവർ എത്തിക്കുക (ബാധിപ്പിക്കുക)യുമില്ല.. **من عدو** വല്ലശത്രുവിനും. **نيلاً** വല്ല എത്തലും (കിട്ടലും) ഒരു ബാധയും. **إلا كُتب** രേഖപ്പെടുത്തപ്പെടാതെ, എഴുതപ്പെട്ടിട്ടില്ലാതെ. **لهم** അവർക്ക്. **به** അതുമൂലം, അതുകൊണ്ട്. **عملٌ** ഒരു കർമ്മം. **صالح** നല്ലതായ. **إن الله** നിശ്ചയമായും അല്ലാഹു. **لا يضيع** അവൻ പാഴാക്കുക (വിഫലമാക്കുക)യില്ല,. **أجر** പ്രതിഫലം , കൂലി. **المحسنين** സുകൃതം ചെയ്യുന്നവരുടെ.
121 **ولا ينفقُونَ** അവർ ചിലവഴിക്കുകയുമില്ല. **نفقَةً** ഒരു ചിലവും, വല്ല ചിലവും. **صغيرةً** ചെറുതായ. **ولا كَبيرةً** വലുതുമില്ല. **ولا يقْطَعونَ** അവർ മുറിച്ചു (വിട്ടു) പോകുകയുമില്ല. **واديا** ഒരു താഴ്വര, വല്ല താഴ്വരയും. **إلا كُتب** അത് രേഖപ്പെടുത്തപ്പെടാതെ. **لهم** അവർക്ക്. **ليجزيهم** അവർക്ക് പ്രതിഫലം കൊടുക്കുവാൻ വേണ്ടി. **الله** അല്ലാഹു. **أحسن** ഏറ്റം നല്ലതിന്. **ما كانوا** അവരായിരുന്നെങ്കിൽ. **يعملُونَ** അവർ പ്രവർത്തിക്കും

സാരം: റസൂൽ (ﷺ) വല്ല പടയെടുപ്പും നടത്തുമ്പോൾ, മദീനാ നിവാസികളോ, ചുറ്റുപാടുകളിൽ താമസിക്കുന്ന അഅ്റാബി (മരുഭൂവാസി) കളോ അദ്ദേഹമൊന്നിച്ച് ആ യാത്രയിൽ പങ്കെടുക്കാതെ മാറിനിൽക്കുവാൻ പാടില്ല. അതുപോലെത്തന്നെ, റസൂലിന് വല്ല ആപത്തോ വിഷമമോ നേരിടുന്നതിനെക്കുറിച്ചു ശ്രദ്ധിക്കാതെ, സ്വന്തം കാര്യത്തിൽമാത്രം അവർ ശ്രദ്ധപതിക്കുവാനും പാടില്ല. തങ്ങളുടെ കാര്യംപോലെ-അല്ല, അതിലും ഉപരിയായി-നബി (ﷺ) യുടെ കാര്യത്തിലും അവർക്കു താൽപര്യമുണ്ടായിരിക്കണം. ഇങ്ങിനെ കൽപിക്കുവാൻ കാരണം, അവ

ർക്ക് ഇതുകൊണ്ടൊന്നും ഒരു നഷ്ടവും സംഭവിക്കുവാനില്ല: മാത്രമല്ല, വമ്പിച്ച പ്രതിഫലം ലഭിക്കുവാനുമിരിക്കുന്നു. ഉദാഹരണമായി: അല്ലാഹുവിൻെറ മാർഗ്ഗത്തിൽ യുദ്ധവും സമരവും നടത്തുന്ന അവസരത്തിൽ, അവർക്കു വല്ല ദാഹമോ, വിശപ്പോ മറ്റ് വല്ല ബുദ്ധിമുട്ടോ ബാധിച്ചുവെന്നു വെക്കുക. അല്ലെങ്കിൽ ശത്രുക്കൾക്കു ദോഷകരമായിത്തീരുന്ന വല്ല സ്ഥലത്തിലൂടെയും അവർ കാലെടുത്തുവെക്കേണ്ടി വരുകയോ, അവർക്കു എന്തെങ്കിലും പീഡനം അനുഭവിപ്പിക്കുകയോ ചെയ്തുവെന്നുവെക്കുക. അല്ലെങ്കിൽ, അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ചെറുതോ വലുതോ ആയ വല്ല ചിലവുകളും ചെയ്തുവെന്നു വെക്കുക. ഇങ്ങിനെയുള്ള കാര്യങ്ങളിലെല്ലാം തന്നെ, അല്ലാഹു അവർക്കു ഓരോന്നിനും പ്രത്യേകം പ്രത്യേകമായി വമ്പിച്ച പ്രതിഫലം നൽകുന്നതും, അവയെല്ലാം അവരുടെ സൽക്കർമ്മങ്ങളായി രേഖപ്പെടുത്തിവെക്കുന്നതുമാകുന്നു. അങ്ങനെ, മറ്റുള്ള അവസരങ്ങളിൽ ലഭിക്കാത്തത്ര പുണ്യ ഫലങ്ങൾ അവർക്കു ആ യാത്രമൂലം കരസ്ഥമാകുന്നതാണ്.

۞ وَمَا كَانَ ٱلْمُؤْمِنُونَ لِيَنفِرُوا۟ كَآفَّةً ۚ فَلَوْلَا نَفَرَ مِن كُلِّ فِرْقَةٍ مِّنْهُمْ طَآئِفَةٌ لِّيَتَفَقَّهُوا۟ فِى ٱلدِّينِ وَلِيُنذِرُوا۟ قَوْمَهُمْ إِذَا رَجَعُوٓا۟ إِلَيْهِمْ لَعَلَّهُمْ يَحْذَرُونَ ﴿١٢٢﴾

122 സത്യവിശ്വാസികൾ ആകമാനം (യുദ്ധത്തിനു) പുറപ്പെട്ട് പോകാവതുമല്ല. എന്നാൽ, അവരിൽനിന്നുള്ള എല്ലാ സംഘത്തിൽനിന്നും ഒരു വിഭാഗം പുറപ്പെട്ടുപോയിക്കൂടേ, മതത്തിൽ അവർക്കു ജ്ഞാനം നേടുവാനും തങ്ങളുടെ ജനങ്ങളിലേക്കു തങ്ങൾ മടങ്ങി വന്നാൽ അവരെ താക്കീതു ചെയ്യുവാനും വേണ്ടി അവർ കാത്തു സൂക്ഷിച്ചേക്കാമല്ലോ.

---

122 **وما كَانَ** ആകാവതല്ല (പാടില്ല). **المؤمنونَ** സത്യവിശ്വാസകൾ. **لينفروا** അവർ (യുദ്ധത്തിന്) പുറപ്പെട്ടുപോകുവാൻ. **كَافّةً** ആകമാനം, അടങ്കലുമായി. **فَلَولا** എന്നാൽ ആയിക്കൂടേ, എന്തുകൊണ്ടായിക്കൂടാ. **نفَر** പുറപ്പെട്ടു പോയി. **من كُلِّ فرقَة** എല്ലാ സംഘ (കൂട്ട)ത്തിൽ നിന്നും. **منهم** അവരിൽനിന്നുള്ള, അവരിൽപെട്ട. **طَائفَةٌ** ഒരു വിഭാഗം. **ليتفقّهوا** അവർ ജ്ഞാനം നേടുവാൻവേണ്ടി, ഗ്രഹിച്ചറിയുവാൻ. **في الدين** മത(കാര്യ)ത്തിൽ. **ولينذروا** അവർ താക്കീത് (മുന്നറിയിപ്പ്) നൽകുവാനും. **قَومهم** അവരുടെ ജനങ്ങൾക്ക്. **إذَا رجعوا** അവർ മടങ്ങിയാൽ. **إليهِم** അവരിലേക്ക്. **لَعلهم** അവരായേക്കാം, ആകുവാൻ വേണ്ടി. **يحذَرونَ** അവർ കാത്തു സൂക്ഷിക്കും, ജാഗ്രതവെക്കും-കരുതലോടിരിക്കും.

ഈ വചനം യുദ്ധസംബന്ധമായി മുകളിൽ വന്ന വചനങ്ങളുടെ തുടർച്ചതന്നെയാണോ-അതല്ല-ഇതിലെ വിഷയം യുദ്ധകാര്യങ്ങളുമായി പ്രത്യേക ബന്ധമൊന്നുമില്ലാത്ത ഒരു സ്വതന്ത്ര വിഷയമാണോ എന്നുള്ളതിൽ ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ട്. ഈ വചനം യുദ്ധസംബന്ധമായ വചനങ്ങളോട് തൊട്ടുനിൽക്കുന്നതും ഇതിലെ (നഫറ) എന്ന ക്രിയ സന്ദർഭമനുസരിച്ച് യുദ്ധത്തിന് പുറപ്പെട്ട് പോകുക'എന്ന പ്രത്യേകാർത്ഥത്തിൽ ഉപയോഗിക്കപ്പെട്ട് വരുന്നതും ആയിരിക്കണം ഈ അഭിപ്രായവ്യത്യാസത്തിന് കാരണം.**الله اعلم**

ഒന്നിലധികം രൂപത്തിൽ ഈ വചനത്തിന് വ്യാഖ്യാനം നൽകപ്പെട്ട് കാണാം. അവയിൽ കൂടുതൽ പ്രസക്തമായ രണ്ട് വ്യാഖ്യാനങ്ങൾ ഇപ്രകാരമാകുന്നു: (1) അംഗീകൃതമായ ഒഴികഴിവുകളില്ലാത്തവർ യുദ്ധ യാത്രകളിൽ പങ്കെടുക്കേണ്ടതാണെന്നുള്ള മുൻവചനങ്ങളുടെ ബാഹ്യമായ താൽപര്യം അനുസരിച്ച് എല്ലാവരും കൂട്ടത്തോടെ യുദ്ധാവശ്യാർത്ഥം പുറത്തുപോയിക്കൂടാത്തതാണ്. യുദ്ധം കേവലം ഒരു സാമൂഹ്യകടമ (**فرض كفاية**) യാകുന്നു. അഥവാ, ഒരു കൂട്ടർ നിർവ്വഹിച്ചാൽ മറ്റുള്ളവരുടെ ബാധ്യതയും അതോടെ അവസാനിക്കുന്നു. എന്നല്ലാതെ, ഓരോ വ്യക്തിക്കും ബാധകമാകുന്ന വ്യക്തിപരമായ ഒരു കടമ (**فرض عين**) അല്ല അത്. അതോടുകൂടി, എല്ലാവരും യുദ്ധത്തിൽ ഏർപ്പെടുന്നപക്ഷം, മതവിജ്ഞാനങ്ങൾ പഠിക്കുവാനും, പ്രചരിപ്പിക്കുവാ

നും ആളില്ലാതെ വരുകയും ചെയ്യും. മതപരമായി അപ്പപ്പോൾ വരുന്ന നിയമനിർദ്ദേശങ്ങളും കൽപനകളും നബി (സ)ക്ക് അവതരിച്ചുകൊണ്ടിരിക്കുന്ന കാലമായതുകൊണ്ട് എല്ലാവരും ഒന്നടങ്കം യുദ്ധയാത്രകളിൽ സ്ഥലം വിട്ടുകൂടാ. ഓരോ സംഘത്തിൽനിന്നും ഓരോ വിഭാഗം ആളുകൾ-ഓരോ നാട്ടുകാരിൽനിന്നും ഗോത്രങ്ങളിൽ നിന്നുമൊക്കെ ഏതാനും ആളുകൾ വീതം-യുദ്ധാവശ്യാർത്ഥം വെളിയിൽ പോയാൽ മതി. മറ്റുള്ളവർ സ്ഥലം വിടാതെ, നബി (ﷺ) യുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുകയും, നബി (ﷺ) യിൽ നിന്ന് അപ്പപ്പോൾ ലഭിക്കുന്ന അറിവുകൾ കരസ്ഥമാക്കുകയും ചെയ്യണം. എന്നിട്ട്, സ്ഥലം വിട്ടുപോയവർ നാട്ടിൽ മടങ്ങി വരുമ്പോൾ അവർക്ക് അത് പഠിപ്പിച്ചുകൊടുകയും വേണം. അങ്ങനെ, അവർക്കും കരുതലോടിരിക്കേണ്ടുന്ന കാര്യങ്ങൾ അവർ ഗ്രഹിക്കുവാൻ കഴിയുന്നതാണ്. (2) യുദ്ധാവശ്യാർത്ഥമാകട്ടെ, വിജ്ഞാനസമ്പാദനത്തിനാകട്ടെ, എല്ലാവരും കൂടി സ്ഥലം വിട്ടുപോയിക്കൂടാ. (അത് പൊതുജീവിതത്തിൻെറ നൻമക്ക് ദോഷകരമായിരിക്കും.) ഓരോ വലിയ സംഘത്തിൽനിന്നും ഓരോ വിഭാഗം ആളുകൾ മാത്രം പോകുകയും, മറ്റുള്ളവർ നാട്ടിൽ തങ്ങുകയും വേണം. പോകുന്നവർ തങ്ങളുടെ യാത്രകളിൽ തങ്ങൾക്ക് സിദ്ധിക്കുന്ന അറിവുകൾ-അവർ മടങ്ങിവരുമ്പോൾ-നാട്ടിലുള്ളവർക്കും പഠിപ്പിച്ചുകൊടുക്കണം.

രണ്ടാമത്തെ വ്യാഖ്യാനമനുസരിച്ച് വെളിയിൽ പോകുന്നവർക്ക് ലഭിക്കുന്ന അറിവുകൾ വ്യത്യസ്ത രൂപത്തിലുള്ളതായിരിക്കാം. നബി (ﷺ) യൊന്നിച്ചാണ് അവർ പോകുന്നതെങ്കിൽ നബി (ﷺ) മുഖേന ലഭിക്കുന്ന അറിവുകൾ തന്നെ. നബി (ﷺ) യൊന്നിച്ചല്ലാത്തയാത്രയിലാണ് പോകുന്നതെങ്കിൽ, ആ യാത്രയുമായി ബന്ധപ്പെട്ട അനുഭവങ്ങളിൽനിന്നും, പരിചയങ്ങളിൽ നിന്നും ലഭിക്കുന്ന അറിവുകളുമായിരിക്കും. ഒന്നാമത്തെ വ്യാഖ്യാനപ്രകാരം, യാത്രയിൽ പങ്കെടുക്കാതെ നാട്ടിൽ തങ്ങിനിൽക്കുന്നവരായിരിക്കും വിജ്ഞാനം സമ്പാദിക്കുന്നവർ. രണ്ടാമത്തെ വ്യാഖ്യാനപ്രകാരം നാടുവിട്ട് പോയവരായിരിക്കും വിജ്ഞാനം സമ്പാദിക്കുന്നവർ. പഠിപ്പിക്കപ്പെടേണ്ടവർ നേരെ മറിച്ചും ആയിരിക്കും. നബി (ﷺ) തിരുമേനിയുടെ കാലശേഷം മതവിജ്ഞാനസമ്പാദനത്തിനുവേണ്ടി നാടുവിട്ടുപോകുന്നത് പ്രയോജനകരമോ, അല്ലെങ്കിൽ അത്യാവശ്യമോ ആയിത്തീർന്നിട്ടുണ്ടെങ്കിലും നബി (ﷺ) യുടെ ജീവിതകാലത്ത് പുറനാടുകളിൽ നിന്ന് മദീനായിൽ വന്ന് വിജ്ഞാനം കരസ്ഥമാക്കുകയല്ലാതെ, മദീനായിൽ നിന്ന് പുറത്തുപോയി വിജ്ഞാനം സമ്പാദിക്കുക എന്ന് പറയുന്നതിന് അർത്ഥം കാണുന്നില്ല. അതുകൊണ്ടായിരിക്കും ഈ രണ്ടാമത്തെ വ്യാഖ്യാനത്തെ ചില മഹാൻമാർ വിമർശിക്കുന്നതും, ഒന്നാമത്തെ വ്യാഖ്യാനത്തിന് മുൻഗണന നൽകുന്നതും.الله اعلم

ഈ വചനത്തിലെ വാചകങ്ങളും, അവയുടെ വ്യാഖ്യാനത്തിൽ ഖുർആൻ വ്യാഖ്യാതാക്കൾ പ്രസ്താവിച്ച് കാണുന്ന ചില വിവരങ്ങളും കണക്കിലെടുക്കുമ്പോൾ, താഴെ സൂചിപ്പിക്കുന്ന ചില സംഗതികൾ നമുക്കിവിടെ മനസ്സിലാക്കാവുന്നതാണ് : (1) ധർമ്മയുദ്ധത്തെപ്പോലെത്തന്നെ പ്രാധാന്യമർഹിക്കുന്ന വിഷയം തന്നെയാണ് മതവിജ്ഞാനസമ്പാദനവും. രണ്ടിനും വേണ്ടിയുള്ള യാത്രകൾ പുണ്യയാത്രകൾതന്നെ. (2) യുദ്ധ വിഷയത്തിലായാലും, വിജ്ഞാനസമ്പാദനത്തിലായാലും എല്ലാവരും കൂടി അതിൽ മാത്രം വ്യാപൃതരായിക്കൂടാ. ഒരു കൂട്ടർ അതും, മറ്റുള്ളവർ പൊതുവായ മറ്റ് ആവശ്യങ്ങളും നിറവേറ്റേണ്ടതാകുന്നു. ഓരോ വ്യക്തിക്കും ഒഴിച്ചുകൂടുവാൻ പാടില്ലാത്ത നിർബ്ബന്ധ കടമകളെക്കുറിച്ചുള്ള അറിവ് സമ്പാദിക്കൽ ഓരോ വ്യക്തിക്കും കടമതന്നെ. അതിനപ്പുറമുള്ള വിജ്ഞാനങ്ങളെക്കുറിച്ചുള്ള അറിവ് സമ്പാദിക്കൽ ഓരോ വ്യക്തിക്കും കടമതന്നെ. അതിനപ്പുറമുള്ള വിജ്ഞാനങ്ങളെക്കുറിച്ചാണ് ഇപ്പറഞ്ഞതെന്ന് പ്രത്യേകം ഓർമ്മിക്കേണ്ടതുണ്ട്. (3) പഠിച്ചറിഞ്ഞവർ അറിവില്ലാത്തവർക്ക് പഠിപ്പിക്കുകയും വിജ്ഞാനം പ്രചരിപ്പിക്കുകയും ചെയ്യൽ അവരുടെ കടമയാകുന്നു.

(4) പൊതുവിജ്ഞാനങ്ങൾ സമ്പാദിക്കുന്നത് മതദൃഷ്ട്യാ വേണ്ടപ്പെട്ട കാര്യം തന്നെയാണെങ്കിലും, ഈ വചനത്തിൽ പ്രസ്താവിച്ചിരിക്കുന്നത് മതവിജ്ഞാന സമ്പാദനം

التفقهفي الدين സംബന്ധിച്ചാകുന്നുവെന്ന് സ്പഷ്ടമാണ്. ഇസ്ലാമിൽ മതവിജ്ഞാനമെന്നും, ലൗകിക വിജ്ഞാനമെന്നും തരംതിരിക്കപ്പെട്ടിട്ടില്ലെന്നും, എല്ലാ അറിവുകളും ഇസ്ലാമികദൃഷ്ട്യാ ഒരുപോലെയാണെന്നും മറ്റും ഭൗതികതാൽപര്യക്കാരായ ചില ആളുകൾ സമർത്ഥിക്കാറുള്ളത് ശരിയല്ലെന്ന് ഈ വചനത്തിൽ നിന്നും, ഇതുപോലെ ഖുർആൻെറയും നബിവചനങ്ങളുടെയും മറ്റ് പല പ്രസ്താവനകളിൽനിന്നും വ്യക്തമാണ്. ഈ ഒരൊറ്റ വചനത്തിൽ നിന്നുതന്നെ, മതവിജ്ഞാനവും, മതപരമല്ലാത്ത വിജ്ഞാനവും വെവ്വേറെയാണെന്നും, മതവിജ്ഞാനത്തിനുള്ള പ്രാധാന്യം അല്ലാഹുവും അവൻെറ റസൂലും മറ്റൊന്നിനും നൽകിയിട്ടില്ലെന്നും മനസ്സിലാക്കാവുന്നതാണ്. (5) ഒരു ദേശത്ത് മതവിജ്ഞാനം പഠിക്കുവാൻ തക്കമാർഗ്ഗങ്ങളൊന്നുമില്ലാത്തപക്ഷം, ആ ദേശക്കാരായ ഏതാനും ആളുകൾ ദേശം വിട്ടുപോയി അത് കരസ്ഥമാക്കലും, അവർ മറ്റുള്ളവരെ ഉപദേശിക്കലും നിർബന്ധമാകുന്നു. ആരും അതിന് മുതിരാത്തപക്ഷം എല്ലാവരും കുറ്റക്കാരായിരിക്കും. ആരും അതിന് സ്വയം തയ്യാറാകുന്നില്ലെങ്കിൽ എല്ലാവരുംകൂടി അതിന് നിവാരണം ഉണ്ടാക്കേണ്ടത് അവരുടെ കടമയുമാകുന്നു.

വിഭാഗം-16

123 ഹേ, വിശ്വസിച്ചവരേ, അവിശ്വാസികളിൽ നിന്ന് നിങ്ങളോടടുത്തു നിൽക്കുന്നവരുമായി നിങ്ങൾ യുദ്ധം ചെയ്തുകൊള്ളുവിൻ; അവർ നിങ്ങളിൽ പരുഷത കണ്ടെത്തുകയും ചെയ്യട്ടെ. അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരുടെ കൂടെയാണെന്ന് അറിഞ്ഞും കൊള്ളുവിൻ.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ قَٰتِلُواْ ٱلَّذِينَ يَلُونَكُم مِّنَ ٱلْكُفَّارِ وَلْيَجِدُواْ فِيكُمْ غِلْظَةً وَٱعْلَمُوٓاْ أَنَّ ٱللَّهَ مَعَ ٱلْمُتَّقِينَ ﴿١٢٣﴾

---

123 **يا أيها الذين آمنوا** ഹേ വിശ്വസിച്ചവരേ. **قاتلوا** യുദ്ധം ചെയ്യുവിൻ. **الذين** യാതൊരുവരോട്. **يلونكم** നിങ്ങളോട് അടുത്തുള്ള. **من الكفار** അവിശ്വാസികളിൽപെട്ട. **وليجدوا** അവർ കണ്ടെത്തുക (എത്തിക്കുക) യും ചെയ്യട്ടെ. **فيكم** നിങ്ങളിൽ. **غلظة** പുരുഷത (കാഠിന്യം). **واعلموا** അറിഞ്ഞും കൊള്ളുവിൻ. **أن الله** അല്ലാഹു (ആകുന്നു) എന്ന്. **مع المتقين** സൂക്ഷ്മത പാലിക്കുന്നവരുടെ കൂടെ.

മുസ്ലീംകളോട് അടുത്തടുത്ത് നിവസിക്കുന്ന ശത്രുക്കളോട് ആദ്യമാദ്യം യുദ്ധം ചെയ്യണമെന്ന് അല്ലാഹു ഉപദേശിക്കുന്നു. പരിസരവും ചുറ്റുപാടും സുരക്ഷിതമാകുന്നതിനുമുമ്പ് ദൂരെയുള്ള ശത്രക്കളുമായി നേരിടുന്നത് പല നിലക്കും ആപൽക്കരമായിരിക്കുമല്ലോ. നബി (ﷺ) യുടെ കാലത്ത് സംഭവിച്ചതും അങ്ങിനെത്തന്നെ, മക്കാ, മദീനാ,ത്വാഇഫ്, ഖൈബർ തുടങ്ങിയ രാജ്യങ്ങൾ ജയിച്ചുകഴിഞ്ഞ ശേഷമാണ് വേദക്കാരായ ശത്രുക്കളോട് യുദ്ധം ചെയ്യുവാൻ വേണ്ടി നബി (ﷺ) തബൂക്കിലേക്ക് പോയത്. ഇത് ഹിജ്റ 9-ാം കൊല്ലത്തിലായിരുന്നു. പത്താം കൊല്ലത്തിലെ പ്രധാന യാത്ര ഹജ്ജത്തുൽവിദാഇമേതായിരുന്നു. അതുകഴിഞ്ഞ് 81 ദിവസം കഴിഞ്ഞപ്പോഴേക്കും തിരുമേനി പരലോകം പൂകുകയും ചെയ്തു. നബി (ﷺ) യുടെ വിയോഗത്തെ തുടർന്ന് ഇസ്ലാമിൽ നിന്ന് ഭ്രഷ്ടരായിത്തീരുകയും, സകാത്തിനെ നിഷേധിക്കുകയും ചെയ്ത 'മുർതദ്ദു'കളോട് അബൂബക്കർ (رضي الله عنه) നടത്തിയ ആഭ്യന്തര യുദ്ധം ഒഴിവാക്കിയാൽ, ഖുലഫാഉർറാശിദീൻെറ കാലത്ത് ശത്രുക്കളുമായുണ്ടായ യുദ്ധങ്ങളും അപ്രകാരം തന്നെയായിരുന്നു.

യുദ്ധത്തിൽവെച്ചും, യുദ്ധവുമായി ബന്ധപ്പെട്ട കാര്യങ്ങളിലും മാർദ്ദവവും, വിനയവും സ്വീകരിക്കാതെ, പരുഷതയും, കാഠിന്യവും തന്നെ സ്വീകരിക്കണമെന്നും അല്ലാഹു കൽപിക്കുന്നു. അല്ലാത്തപക്ഷം യുദ്ധം കൊണ്ട് പ്രയോജനമില്ലല്ലോ. 73-ാം വചനത്തിലും അതിൻെറ വ്യാഖ്യാനത്തിലും ഈ വിഷയം മുമ്പ് പ്രസ്താവിച്ച് കഴിഞ്ഞിട്ടുണ്ട്. ശത്രുതയോ എതിർപ്പോ ഇല്ലാ

തെ സമാധാനത്തിലും, സൗഹാർദ്ദത്തിലും കഴിയുന്ന അവിശ്വാസികളെപ്പറ്റിയല്ല-കഠിനമായ ശത്രുതവെച്ചും, കിട്ടുന്ന അവസരമെല്ലാം മുസ്‌ലീംകൾക്കെതിരെ ഉപയോഗപ്പെടുത്തുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന അവിശ്വാസികളെപ്പറ്റിയാണ്-ഈ കൽപനയെന്ന് പ്രത്യേകം പറയേണ്ടതില്ല. (കൂടുതൽ വിവരങ്ങൾക്ക് സൂ: മുംതഹിനഃ 8, 9 മുതലായ വചനങ്ങളും അവയുടെ വ്യാഖ്യാനങ്ങളും നോക്കുക.) നിങ്ങൾ അല്ലാഹുവിൻെറ വിധിവിലക്കുകൾ സൂക്ഷിച്ചുവരുന്നപക്ഷം, അല്ലാഹു നിങ്ങളുടെ പക്ഷത്തുണ്ടായിരിക്കും-അഥവാ അവൻെറ സഹായം നിങ്ങൾക്ക് സുനിശ്ചിതമാണ്- എന്ന് അവസാനം സത്യവിശ്വാസികളെ ഓർമ്മിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഈ യഥാർത്ഥം പലപ്പോഴും അല്ലാഹു ഉണർത്താറുള്ളതാകുന്നു.

124 വല്ല 'സൂറത്തും' [അദ്ധ്യായവും] അവതരിപ്പിക്കപ്പെട്ടാൽ (ഇങ്ങിനെ) പറയുന്ന ചിലർ അവരിലുണ്ട്: ''നിങ്ങളിൽ ആർക്കാണ് ഇതു വിശ്വാസം വർദ്ധിപ്പിച്ചത്!'' എന്ന്. എന്നാൽ, യാതൊരു കൂട്ടർ വിശ്വസിച്ചിരിക്കുന്നുവോ അവർക്കത് വിശ്വാസം വർദ്ധിപ്പിക്കുന്നതാണ്; അവരാകട്ടെ, സന്തോഷം കൊള്ളുകയും ചെയ്യും.

وَإِذَا مَآ أُنزِلَتۡ سُورَةٞ فَمِنۡهُم مَّن يَقُولُ أَيُّكُمۡ زَادَتۡهُ هَٰذِهِۦٓ إِيمَٰنٗاۚ فَأَمَّا ٱلَّذِينَ ءَامَنُواْ فَزَادَتۡهُمۡ إِيمَٰنٗا وَهُمۡ يَسۡتَبۡشِرُونَ ١٢٤

125 എന്നാൽ, ഹൃദയങ്ങളിൽ രോഗവുമുള്ളവരാകട്ടെ, അതവർക്ക് അവരുടെ മ്ലേച്ഛതയിലൂടെ (വീണ്ടും)മ്ലേച്ഛത വർദ്ധിപ്പിക്കുന്നതാണ്; അവർ അവിശ്വാസികളായും കൊണ്ട് മരണമടയുകയും ചെയ്യുന്നതാണ്.

وَأَمَّا ٱلَّذِينَ فِي قُلُوبِهِم مَّرَضٞ فَزَادَتۡهُمۡ رِجۡسًا إِلَىٰ رِجۡسِهِمۡ وَمَاتُواْ وَهُمۡ كَٰفِرُونَ ١٢٥

---

124 **وإذا ما أنزلت** (വല്ലപ്പോഴും) അവതരിപ്പിക്കപ്പെട്ടാൽ. **سورةٌ** ഒരു സൂറത്തു, വല്ല അദ്ധ്യായവും. **فَمنهم** എന്നാലവരിലുണ്ടായിരിക്കും. **من يقُولُ** പറയുന്നവർ, പറയുന്ന ചിലർ. **أيكُمْ** നിങ്ങളിൽ ഏതാളാണ് (ആരാണ്). **زادته** അവന് വർദ്ധിപ്പിച്ചത്. **هذه** ഇത്, ഇവ. **إيمانا** വിശ്വാസത്തെ. **فَأما** എന്നാൽ. **الذين آمنوا** വിശ്വസിച്ചവർ. **فَزادتهم** അതവർക്ക് വർദ്ധിപ്പിച്ചിരിക്കുന്നു, വർദ്ധിപ്പിക്കുന്നതാണ്. **إيمانا** വിശ്വാസം. **وهم** അവരാകട്ടെ. **يستبشرونَ** സന്തോഷം കൊള്ളുകയും ചെയ്യും.. 125 **وأما الذين** യാതൊരു കൂട്ടരാകട്ടെ. **في قُلوبِهِ** അവരുടെ ഹൃദയങ്ങളിലുണ്ട്. **مرض** ഒരു രോഗം, വല്ല രോഗവും. **فَزادتهم** എന്നാലവർക്കത് വർദ്ധിപ്പിച്ചു, വർദ്ധിപ്പിക്കുന്നതാണ്. **رجسا** മ്ലേച്ഛത, മാലിന്യം. **إلى رجسِهِم** അവരുടെ മ്ലേച്ഛതയിലൂടെ, മാലിനതയിലേക്ക്. **وماتوا** അവർ മരണപ്പെടുകയും ചെയ്യുന്നതാണ്. **وهم** അവർ (ആയിക്കൊണ്ട്). **كافرونَ** അവിശ്വാസികൾ.

കപടമാകുന്ന രോഗം നിമിത്തം മനസ്സ് ദുഷിച്ചുകഴിഞ്ഞ ആളുകൾ, വല്ല ഖുർആൻ വചനങ്ങളും പുതുതായി അവതരിക്കുമ്പോൾ സത്യവിശ്വാസികളെ നോക്കി പറയാറുള്ള ഒരു പരഹാസവാക്കും അതിന് അല്ലാഹു നൽകുന്ന മറുപടിയുമാണിത്. 'ഖുർആൻ കേൾക്കുമ്പോൾ വിശ്വാസം വർദ്ധിക്കുമെന്നാണല്ലോ വയ്പ്. ഈ വചനങ്ങൾ അവതരിച്ചിട്ട് നിങ്ങൾക്കാർക്കെങ്കിലും വിശ്വാസം വർദ്ധിച്ചുവോ?!' എന്ന് ചില കപടവിശ്വാസികൾ സത്യവിശ്വാസികളോട് ചോദിക്കും. അവർക്ക് നൽകുന്ന മറുപടി ഇതാണ്: 'സത്യവിശ്വാസികൾക്ക് അത് വിശ്വാസം വർദ്ധിപ്പിക്കുകതന്നെ ചെയ്യുന്നു. മാത്രമല്ല, അവരതിൽ സന്തോഷം കൊള്ളുകയും ചെയ്യുന്നുണ്ട്. എന്നാൽ, നിങ്ങളെപ്പോലെയുള്ള രോഗബാധിതമനസ്കർക്ക് അവമൂലം വിശ്വാസത്തിൽ വർദ്ധനവൊന്നും ഉണ്ടാവാൻ പോകുന്നില്ല നേരെമറിച്ച് നിങ്ങളുടെ മ്ലേച്ഛതയും വഷളത്തവും പൂർവ്വാധികം വർദ്ധിക്കുകയേ അതുമൂലം ഉണ്ടാകൂ' ഓരോ വചനം അവരിക്കുമ്പോഴും അതിൻെറ നേരെ പരിഹാവും

നിഷേധവുമാണല്ലോ അവരില്‍ നിന്ന് പ്രകടമാകുക. അങ്ങനെ, അവസാനം തനി നിഷേധികളായിക്കൊണ്ട് തന്നെ അവരുടെകാലം അവസാനിക്കുകയും ചെയ്യും. കപടവിശ്വാസികളോട് അല്ലാഹു ചോദിക്കുന്നു:

126 അവര്‍ കാണുന്നില്ലേ? എല്ലാ കൊല്ലത്തിലും ഒരു പ്രാവശ്യമോ, രണ്ടു പ്രാവശ്യമോ അവര്‍ പരീക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നുവെന്ന്! (എന്നിട്ടും) പിന്നെ അവര്‍ (പശ്ചാത്തപിച്ചു) മടങ്ങുന്നില്ല; അവര്‍ ഉറ്റാലോചിക്കുന്നുമില്ല!

أَوَلَا يَرَوْنَ أَنَّهُمْ يُفْتَنُونَ فِي كُلِّ عَامٍ مَّرَّةً أَوْ مَرَّتَيْنِ ثُمَّ لَا يَتُوبُونَ وَلَا هُمْ يَذَّكَّرُونَ ﴿١٢٦﴾

---

126 أَوَلا يَرونَ അവര്‍ കാണുന്നില്ലേ, അവര്‍ക്ക് കണ്ടുകൂടേ. أَنهم അവര്‍ (ആകുന്നു) എന്ന്. يفْتنونَ അവര്‍ പരീക്ഷിക്കപ്പെടുന്നു, കുഴപ്പത്തിലാക്കപ്പെടുന്ന (എന്ന്). في كُلِّ عام എല്ലാ കൊല്ലത്തിലും. مرةً ഒരു പ്രാവശ്യം. أو مرتين അല്ലെങ്കില്‍ രണ്ടു പ്രാവശ്യം. ثُم പിന്നെ, എന്നിട്ടും. لا يتوبونَ അവര്‍ മടങ്ങുന്നില്ല, പശ്ചാത്തപിക്കുന്നില്ല. ولا هم അവരില്ലതാനും. يذكرونَ ഉറ്റാലോചിക്കും.

ഖേദിച്ചു മടങ്ങുവാനും, ചിന്തിച്ചറിയുവാനും പോരുന്ന ഓരോ തരം പരീക്ഷണങ്ങള്‍-അവരുടെ ഗൂഢരഹസ്യങ്ങള്‍ വെളിപ്പെടുത്തുന്ന സംഭവങ്ങള്‍, യുദ്ധങ്ങളില്‍നിന്നും മറ്റും ലഭിക്കുന്ന പാഠങ്ങള്‍ മുതലായവ-കൊല്ലത്തില്‍ ഒന്നും രണ്ടുമായി ആ കപടവിശ്വാസികള്‍ക്ക് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. എന്നിട്ടും അവര്‍ക്ക് തമേടം വരാത്തത് അല്‍ഭുതം തന്നെ എന്ന് സാരം.

127 വല്ല 'സൂറത്തും' [അദ്ധ്യായവും] അവതരിപ്പിക്കപ്പെട്ടാല്‍,-അവരില്‍ ചിലര്‍ ചിലരിലേക്ക് [തമ്മതമ്മില്‍] നോക്കുകയായി; ''നിങ്ങളെ ആരെങ്കിലും കാണുന്നുവോ'' എന്നു (ഉള്ള ഭാവത്തില്‍); പിന്നെ അവര്‍ പിരിഞ്ഞു പോകുന്നതാണ്. അവര്‍ (കാര്യം) ഗ്രഹിക്കാത്ത ഒരു ജനതയാണെന്നുള്ളതുകൊണ്ട് അല്ലാഹു അവരുടെ ഹൃദയങ്ങളെ തിരിച്ചു വിട്ടിരിക്കുകയാണ്.

وَإِذَا مَآ أُنزِلَتْ سُورَةٌ نَّظَرَ بَعْضُهُمْ إِلَىٰ بَعْضٍ هَلْ يَرَىٰكُم مِّنْ أَحَدٍ ثُمَّ ٱنصَرَفُوا۟ ۚ صَرَفَ ٱللَّهُ قُلُوبَهُم بِأَنَّهُمْ قَوْمٌ لَّا يَفْقَهُونَ ﴿١٢٧﴾

---

127 وإِذَا ما أُنزلت അവതരിപ്പിക്കപ്പെട്ടാല്‍,. سورةٌ വല്ല സൂറത്തും, അദ്ധ്യായവും. نظَر നോക്കും, നോക്കുകയായി. بعضهم അവരില്‍ ചിലര്‍. إِلَى بعض ചിലരിലേക്ക്. هلْ يراكُم നിങ്ങളെ കാണുന്നുവോ. من أَحد വല്ല ഒരാളും (ആരെങ്കിലും). ثُم انصرفُوا പിന്നെ അവര്‍ തിരിഞ്ഞു (പിരിഞ്ഞു) പോകുന്നതാണ്. صرف اللَّهُ അല്ലാഹു തിരിച്ചിരിക്കയാണ്, തിരിച്ചുവിടട്ടെ. قُلُوبهم അവരുടെ ഹൃദയങ്ങളെ. بِأَنهم അവര്‍ (ആകുന്നു) എന്നുളളതുകൊണ്ട്. قَوم ഒരു ജനത. لا يفْقَهونَ ഗ്രഹിക്കുകയില്ല മനസ്സിലാക്കാത്ത.

സത്യവിശ്വാസികള്‍ക്ക് ഖുര്‍ആന്‍െറ വല്ല ഭാഗവും അവതരിച്ച് കേള്‍ക്കുന്നത് സന്തോഷവും ആവേശവും ഉളവാക്കുന്നു. കപടവിശ്വസികള്‍ക്കാകട്ടെ, അതില്‍ വെറുപ്പും പ്രതിഷേധവുമായിരിക്കും. അതിന്‍െറ ഒരു പ്രകടരൂപമാണ് അല്ലാഹു വിവരിക്കുന്നത്. ഖുര്‍ആന്‍െറ വല്ല ഭാഗ

വും നബി (സ)ക്ക് അവതരിക്കുമ്പോൾ, അത് കേട്ടാസ്വദിക്കുവാൻ ക്ഷമ വരാത്ത അവർ സദസ്സിൽനിന്ന് എഴുന്നേറ്റ് പോകുവാൻ ശ്രമിക്കും. പക്ഷേ, തൽസമയത്ത് സ്ഥലം വിട്ട് പോകുന്നത് നബി (സ)യും സഹാബികളും കണ്ട് മനസ്സിലാക്കുന്നതിൽ ആശങ്കയും തോന്നും. അതുകൊണ്ട് തങ്ങൾ എഴുന്നേറ്റ് പോകുന്നത് ആരെങ്കിലും കാണുന്നുണ്ടോ-ഗൗനിക്കുന്നുണ്ടോ-എന്നറിയുവാൻ തമ്മ തമ്മിൽ നോക്കികണ്ണിമവെട്ടിയും, ഗോഷ്ടികൾ കാണിച്ചും കൊണ്ടായിരിക്കും അവർ സ്ഥലം വിടുക. ഖുർആൻ കേൾക്കുന്നത് തന്നെ അവർക്ക് വെറുപ്പായിരിക്കും. അതിനും പുറമെ, ചിലപ്പോൾ തങ്ങളുടെ ഉള്ളുകളള്ളി തുറന്ന് കാട്ടുന്ന വചനങ്ങളായിരിക്കുമല്ലോ അവതരിക്കുന്നതും.

'അല്ലാഹു അവരുടെ ഹൃദയങ്ങളെ തിരിച്ചുവിട്ടിരിക്കയാണ് എന്ന് നാം അർത്ഥം കൽപിച്ച صرف الله قلوبهم എന്ന വാക്യം അവർക്കെതിരെയുള്ള ഒരു പ്രാർത്ഥനാവാക്യമായിരിക്കുവാനും സാധ്യതയുണ്ട്. ഇതുപോലുള്ള സന്ദർഭങ്ങളിൽ അറബി സാഹിത്യത്തിൽ സുപരിചിതമായ ഒരു ശൈലിയാണത്. അപ്പോൾ 'അല്ലാഹു അവരുടെ ഹൃദയങ്ങളെ തിരിച്ചു വിടട്ടെ' എന്നായിരിക്കും അതിന്നർത്ഥം. രണ്ടായാലും ഒരേ സാരത്തിലാണത് കലാശിക്കുന്നത്. അതായത്, എന്ത് തന്നെ കണ്ടാലും കേട്ടാലുംകാര്യം ഗ്രഹിക്കാത്ത ഹൃദയങ്ങളാണ് അവരുടെത്. ചിന്തിക്കുവാനോ, ആലോചിക്കുവാനോ അവർ തയ്യാറില്ല. അതാണ് ഈ തിരിഞ്ഞുപോക്കിന് കാരണമെന്ന് സാരം.

لَقَدْ جَآءَكُمْ رَسُولٌ مِّنْ أَنفُسِكُمْ عَزِيزٌ عَلَيْهِ مَا عَنِتُّمْ حَرِيصٌ عَلَيْكُم بِٱلْمُؤْمِنِينَ رَءُوفٌ رَّحِيمٌ ﴿١٢٨﴾

128 തീർച്ചയായും, നിങ്ങൾക്ക് നിങ്ങളിൽനിന്നു തന്നെയുള്ള ഒരു റസൂൽ വന്നിട്ടുണ്ട്. നിങ്ങൾ കഷ്ടപ്പെടുന്നത് അദ്ദേഹത്തിന് ദുസ്സഹമാകുന്നു; നിങ്ങളെപ്പറ്റി അത്യാഗ്രഹമുള്ളവനാകുന്നു: സത്യവിശ്വാസികളോട് വളരെ ദയാലുവും, കരുണയുള്ളവനുമാകുന്നു.

فَإِن تَوَلَّوْا۟ فَقُلْ حَسْبِىَ ٱللَّهُ لَآ إِلَٰهَ إِلَّا هُوَ عَلَيْهِ تَوَكَّلْتُ وَهُوَ رَبُّ ٱلْعَرْشِ ٱلْعَظِيمِ ﴿١٢٩﴾

129 എന്നാൽ, അവർ തിരിഞ്ഞു കളയുന്ന പക്ഷം, (നബിയേ) പറയുക: ''എനിക്ക് അല്ലാഹു മതി! അവനല്ലാതെ ആരാധ്യനേ ഇല്ല. അവന്റെ മേൽ തന്നെ ഞാൻ ഭരമേൽപ്പിച്ചിരിക്കുന്നു; അവൻ മഹത്തായ 'അർശി'ന്റെ [സിംഹാസനത്തിന്റെ] നാഥനുമാകുന്നു.''

---

128 لَقَدْ جَاءَكُمْ തീർച്ചയായും നിങ്ങൾക്ക് വന്നിട്ടുണ്ട്. رسولٌ ഒരു റസൂൽ, ദൂതൻ. من أنفُسِكُمْ നിങ്ങളുടെ സ്വന്തങ്ങളിൽപെട്ട, നിങ്ങളിൽ നിന്നുതന്നെയുള്ള. عزيز വീര്യപ്പെട്ടതാണ് (ദുസ്സഹമാണ്-പ്രയാസകരമാണ്). عليه അദ്ദേഹത്തിന്, അദ്ദേഹത്തിന്റെ മേൽ. ما عنِتم നിങ്ങൾ കഷ്ടപ്പെടുന്നത്, ബുദ്ധിമുട്ടൽ. حريص അത്യാഗ്രഹമുള്ളവനാണ്, മോഹമുള്ളവനാണ്. عليكُم നിങ്ങളെപ്പറ്റി, നിങ്ങളിൽ. بِالمؤمنين സത്യവിശ്വാസികളെ സംബന്ധിച്ച്, സത്യവിശ്വാസികളോട്. رؤُوف വളരെ ദയാലു (കൃപാലു) വാണ്. رحيم കരുണയുള്ളവനാണ്. 129 فَإن تولوا എന്നാൽ (എന്നിരിക്കെ) അവർ തിരിഞ്ഞുകളഞ്ഞെങ്കിൽ. فَقُلْ അപ്പോൾ നീ പറയുക. حسبِي എനിക്കുമതി. الله അല്ലാഹു. لآ إله ഒരാരാധ്യനുമില്ല, ഇലാഹേ ഇല്ല. إلا هو അവനല്ലാതെ. عليه അവന്റെ മേൽ (തന്നെ). توكلت ഞാൻ ഭരമേൽപിച്ചു. وهورب അവൻ റബ്ബാകുന്നു (നാഥനാണ്). العرش അർശിന്റെ. العظيم മഹത്തായ, വമ്പിച്ച.

ഏറെക്കുറെ പ്രയാസവും ത്യാഗവും സഹിച്ചുകൊണ്ടാണെങ്കിലും അനുഷ്ഠാനപരമായി അറിയേണ്ടുന്ന പല കൽപനകളും ഉൾക്കൊള്ളുന്ന ഒരദ്ധ്യായമാണല്ലോ ഇത്. എന്നാൽ, ഈ ക

ൽപനകളൊക്കെ നിങ്ങളുടെ നൻമക്കും ഗുണത്തിനും വേണ്ടിയുള്ളതാണെന്നും, ഇതെല്ലാം നിങ്ങളിൽ പ്രബോധനം ചെയ്യുന്ന പ്രവാചകൻ നിങ്ങളുടെ സ്വന്തം ആളും, നിങ്ങളുടെ നൻമയിൽ അതീവ താൽപര്യമുള്ള ആളുമണെന്നും അല്ലാഹു ചൂണ്ടിക്കട്ടുന്നു. റസൂൽ (ﷺ) തിരുമേനിയുടെ വിശേഷതകളായി ഈ വചനത്തിൽ അല്ലാഹു എടുത്തുപറഞ്ഞ ഗുണങ്ങൾ ഇവയാണ്:-

1. അദ്ദേഹം നിങ്ങളുടെ കൂട്ടത്തിൽ തന്നെ ഉൾപെട്ട ഒരാളാണ് (من أنفسكم) അതെ, അറബികളായ നിങ്ങളിൽപെട്ട ഒരു വ്യക്തി. അദ്ദേഹത്തിൻെറ ഭാഷയും അറബി തന്നെ. സൂ: ജൂമുഅ : യിൽ അല്ലാഹു പറയുന്നു: 'അക്ഷരജ്ഞാനമില്ലാത്തവരിൽ, അവരിൽനിന്നുള്ള ഒരു റസൂലിനെ അയച്ചവനത്രെ അവൻ (هو الذى بعث فى الامين رسولا منهم) അക്ഷരജ്ഞാനമില്ലാത്തവർ എന്ന് പറഞ്ഞത് അറബികളെ സംബന്ധിച്ചാകുന്നു. അറബികളാകട്ടെ, ഇബ്റാഹീം (عليه السلام) നബിയുടെ സന്താനപരമ്പരകളാണ്. നബി (ﷺ) യുടെ ഗോത്രമായ ഖുറൈശികളെ സംബന്ധിച്ചിടത്തോളം മറ്റെല്ലാ അറബിഗോത്രങ്ങളുമായും അവർക്ക് രക്തബന്ധവും കുടുംബബന്ധവും ഉണ്ടുതാനും. ആ നിലക്ക് നബി (ﷺ) യും എല്ലാ അറബികളുമായും ബന്ധമുള്ള ആൾ തന്നെ. നബി (ﷺ) പ്രസ്താവിച്ചതായി വാഥിലത്തുബ്നുൽഅസ്ഖ്' പറയുന്നു; 'ഇബ്രാഹീമിൻെറ സന്തതികളിൽ നിന്ന് അല്ലാഹു ഇസ്മാ ഈലിനെ തിരഞ്ഞെടുത്തു. (ശേഷ്ഠമാക്കി.) ഇസ്മാഈലിൻെറ സന്തതികളിൽ നിന്ന് ബനൂകിനാനയെ തിരഞ്ഞെടുത്തു. ബനൂകിനാനയിൽ നിന്ന് ഖുറൈശികളെ തിരഞ്ഞെടുത്തു. ഖുറൈശികളിൽനിന്ന് ബനൂഹാശിമിനെ തിരഞ്ഞെടുത്തു. ബനൂഹാശിമിൽ നിന്ന് എന്നെയും തിരഞ്ഞെടുത്തു.' (മു;തി.)

2. നിങ്ങൾ കഷ്ടപ്പെടുന്നത് അദ്ദേഹത്തിന് വളരെ അസഹ്യമാകുന്നു(عزيز عليه ماعنتم) 3. നിങ്ങളെപ്പറ്റി അദ്ദേഹം വളരെ ആഗ്രഹമുള്ള ആളുമാണ് (حريص عليكم) അതായത്, നിങ്ങൾ ദുർമ്മാർഗ്ഗത്തിൽ പതിച്ച് ഐഹികവും പാരത്രികവുമായ ശിക്ഷകൾക്ക് പാത്രമാകുന്നത് നബി (ﷺ) ക്ക് വളരെ മനപ്രയാസമുള്ള കാര്യമാണ്. എല്ലാവരും സൻമാർഗ്ഗം പ്രാപിച്ച് വിജയികളും അനുഗൃഹീതരും ആയിത്തീരണമെന്ന് വളരെയധികം മോഹിക്കുന്ന ആളുമാകുന്നു. അതുകൊണ്ടാണ് യാതൊര് വിട്ടുവീഴ്ചയും കൂടാതെ ഇത്ര കണിശമായി നിങ്ങളെ സത്യമാർഗ്ഗത്തിലേക്ക് അദ്ദേഹം ക്ഷണിച്ചുകൊണ്ടിരിക്കുന്നത്. എന്ന് സാരം. 4. സത്യവിശ്വാസികളോട് വളരെ ദയയും കരുണയുമുള്ള ആളാകുന്നു (بالمؤمنين رؤف رحيم) അതായത്, സമുദായത്തിൻെറ നേരെ നബി (ﷺ) യുടെ പൊതുവെയുള്ള സ്ഥിതി മുകളിൽപറഞ്ഞ പ്രകാരമാണ്. എന്നാൽ, അദ്ദേഹത്തിൻെറ പ്രബോധനത്തിൽ വിശ്വസിക്കുകകയും, ഉപദേശങ്ങൾ സ്വീകരിക്കുകയും, ചെയ്തവരോട് അദ്ദേഹത്തിന് പ്രത്യേകിച്ച് വാൽസല്യവും കനിവുമാണുള്ളത് എന്ന് ചുരുക്കം.

നബി (ﷺ) തിരുമേനിയുടെ സ്വഭാവമഹത്വങ്ങളെപ്പറ്റി ഖുർആനിൽ പലയിടങ്ങളിലും അല്ലാഹു പ്രശംസിച്ച് പറഞ്ഞിട്ടുള്ളതാണ്. സമുദായം സൻമാർഗഗം സ്വീകരിച്ച് കാണുവാനുള്ള മോഹത്തിലും, അവർ ദുർമാർഗ്ഗത്തിൽ പതിക്കുന്നതിലുള്ള വ്യസനത്തിലും തിരുമേനി കുറച്ച് അതിര് കവിഞ്ഞുപോയിട്ടുണ്ടെന്നും, അത്രത്തോളം വേണ്ടതില്ലെന്നും വരെ സൂചിപ്പിക്കുന്ന വചനങ്ങൾ കാണാം. ഒരിടത്ത് അല്ലാഹു പറയുന്നു:لعلك باخع نفسك (ഈ വർത്തമാനത്തിൽ-ഖുർആനിൽ-അവർ വിശ്വസിക്കാതിരിക്കുന്നപക്ഷം നീ അവരുടെ പിന്നാലെ ദു:ഖിച്ച് നിൻെറ ജീവൻ അപകടപ്പെടുത്തുന്നവനായേക്കാം (18: 6) . ഒരു പ്രത്യേക സംഭവത്തെപ്പറ്റി സംസാരിക്കുന്ന മധ്യെ വേറെ ഒരിടത്ത് പറയുന്നു: وما عليك ان لا يزكى (അവൻ പരിശുദ്ധി.പ്രാപിക്കാതിരിക്കുന്നതിനാൽ നിനക്കെന്താണ് ബാധ്യതയുള്ളത്?! 80: 7). വീണ്ടും പറയുന്നു: .... وماأكثر الناس (നിനക്ക് വളരെ മോഹമുണ്ടെങ്കിലും മനുഷ്യരിൽ അധികമാളും വിശ്വസിക്കുന്നവരല്ല. 12: 103) النبي اولى بالمعمنين من انفسهم (സത്യവിശ്വാസികളോട് അരുടെ സ്വന്തങ്ങളെക്കാൾ ബന്ധപ്പെട്ടവാനാണ് നബി. 33:5) وما ارسلناك الا رحمة للعالمين (ലോകർക്ക് ഒരു കാരുണ്യമായിട്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല. 21: 107.) ഇത്പോലെ പലതും.

നബി(ﷺ) തിരുമേനി അരുളിച്ചെയ്തതായി ഒരു ഹദീസിൽ അബൂഹുറൈറ (رضي الله عنه) ഉദ്ധരിച്ചതിൻെറ സാരം ഇതാണ്: 'എൻെറ ഉപമ ഒരു മനുഷ്യൻെറ മാതിരിയാണ്: അവൻ ഒരു തീ കത്തിച്ചു. ചുറ്റുപാടും പ്രകാശിച്ചപ്പോൾ, പാറ്റകളും, തീയിൽ ചെന്ന് വീഴാറുള്ള പ്രാണികളും അതിൽ വീഴാൻ തുടങ്ങി, അവൻ അവയെ തടുത്തുകൊണ്ടിരിക്കുകയായി. അയാളെ തോല്പിച്ച് അവ അതിൽ തിരക്കിച്ചാടുകയും ചെയ്യുന്നു. (അതുപോലെ) നരകത്തിൽ വീഴാതിരിക്കുവാൻ ഞാൻ നിങ്ങളുടെ അരക്കെട്ട് പിടിച്ചുകൊണ്ടിരിക്കുന്നു. നിങ്ങളോ, അതിൽ തിരക്കിക്കടക്കുയും ചെയ്യുന്നു.' (ബു; മു.)

റസൂൽ (ﷺ) ഇങ്ങിനെയുള്ള ആളായിരുന്നിട്ടും അദ്ദേഹത്തെ അനുസരിക്കുവാനും, വിശ്വസിക്കുവാനും മുമ്പോട്ടു വരാതെ ജനങ്ങൾ തിരിഞ്ഞുകളയുകയാണെങ്കിൽ, അതിൽ ഒട്ടും പരിഭവിക്കുകയോ വ്യസനിക്കുകയോ വേണ്ടതില്ല; എല്ലാ കാര്യത്തിനും അല്ലാഹു തന്നെ മതി എന്ന് സമാധാനിച്ചുകൊണ്ട് കാര്യങ്ങളെല്ലാം അവനിൽ അർപ്പിക്കുകയേ വേണ്ടൂ എന്ന് അല്ലാഹു തിരുമേനിയെ ഉപദേശിക്കുകയാണ് അവസാന വചനത്തിലെ ആദ്യത്തെ വാക്യം ചെയ്യുന്നത്. അവനല്ലാതെ യഥാർത്ഥ ആരാധ്യനായി മറ്റൊരു വസ്തുവുമില്ല എന്നിരിക്കെ വേറൊരാളുടെ ആശ്രയമോ സഹായമോ ആർക്കും ആവശ്യമില്ല. അതുപോലെത്തന്നെ, മഹത്തായ അർശിൻെറ നാഥനും- അഥവാ ലോകാലോകങ്ങളുടെ ഭരണാധിപനും ഉടമസ്ഥനും-അവൻ മാത്രമാണ്; എന്നിരിക്കെ ആരാധിക്കപ്പെടുവാനും, കാര്യങ്ങൾ അർപ്പിക്കപ്പെടുവാനുമുള്ള അർഹത അവനല്ലാതെ മറ്റാർക്കുമില്ല എന്നൊക്കെ ഓർമ്മിപ്പിച്ചുകൊണ്ട് ഈ സൂറത്ത് അല്ലാഹു അവസാനിപ്പിക്കുന്നു.

اللهم لك الحمد ولك المنة والفضل

Translation & Intereptation by:

Muhammed Amani Moulavi
Published by:

Kerala Nadvathul Mujahideen – Mujahid Centre – Calicut -4

Prepared by:
www.islamhouse.com as per the copyright received from the Publishers:
To be used for Reference and Daawa purpose only.

10. സൂറത്ത്‌– യൂനുസ്‌ سورة يونس

മക്കായിൽ അവതരിച്ചത്‌ – വചനങ്ങൾ 109 – വിഭാഗം (റുകൂഅ്‌) 11

മക്കീ സൂറത്തുകളിലെ പ്രധാന പ്രതിപാദ്യ വിഷയങ്ങളായ തൗഹീദിൻെറ സ്ഥാപനം, ശിർക്കിൻെറ ഖണ്ഡനം പ്രവാചകത്വം, മരണാനന്തരജീവിതം, പ്രതിഫലനടപടി മുതലായവയും അവയുമായി ബന്ധപ്പെട്ട കാര്യങ്ങളും തന്നെയാണ്‌ ഈ സൂറത്തിലെയും മുഖ്യ പ്രതിപാദ്യ വിഷയങ്ങൾ. 98-ാം വചനത്തിൽ യൂനുസ്‌ (അ)ൻെറ ജനതയെ പറ്റി പരാമർശിക്കുന്നു. സൂറത്തു യൂനുസ്‌ എന്ന നാമകരണത്തിന്‌ കാരണമതാണ്‌.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ﴿١﴾

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

الٓرۚ تِلۡكَ ءَايَٰتُ ٱلۡكِتَٰبِ ٱلۡحَكِيمِ ﴿١﴾

1 ‘അലിഫ്‌-ലാം-റാ’ അവ വിജ്ഞാനപ്രദമായ (അഥവാ തത്വപൂർണ്ണമായ) വേദ ഗ്രന്ഥത്തിൻെറ ‘ആയത്തു’ [സൂക്തം] കളാകുന്നു.

---

1 **الـر** അലിഫ്‌-ലാം-റാ’. **تلك** അവ (ഇവ).**آيات** ആയത്തു (സൂക്തം-വചനം) കളാകുന്നു. **الكتاب** (വേദ)ഗ്രന്ഥത്തിൻെറ. **الحكيم** വിജ്ഞാനപ്രദമായ, യുക്തിപൂർണ്ണമായ, തത്വപൂർണ്ണമായ

ഈ സൂറത്തിൻെറ ആരംഭത്തിൽ കാണുന്നതുപോലെയുള്ള കേവലാക്ഷരങ്ങളെ സംബന്ധിച്ച്‌ സൂറത്തുൽ ബഖറയുടെ ആരംഭത്തിലും മറ്റും മുമ്പ്‌ വിവരിച്ചുകഴിഞ്ഞിട്ടുണ്ട്‌. അതുപോലെ, ഈ സൂറത്തിലെ സൂക്തങ്ങളെ ഉദ്ധേശിച്ച്‌ **هذه** (ഇവ) എന്നു പറയാതെ **تلك** (അവ) എന്ന സൂചനാനാമം ഉപയോഗിച്ചതിലടങ്ങിയ സൂചനയും സൂറത്തുൽ ബഖറ 2-ാം വചനത്തിൻെറ വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുണ്ട്‌.

أَكَانَ لِلنَّاسِ عَجَبًا أَنۡ أَوۡحَيۡنَآ إِلَىٰ رَجُلٖ مِّنۡهُمۡ أَنۡ أَنذِرِ ٱلنَّاسَ وَبَشِّرِ ٱلَّذِينَ ءَامَنُوٓاْ أَنَّ لَهُمۡ قَدَمَ صِدۡقٍ عِندَ رَبِّهِمۡۗ قَالَ ٱلۡكَٰفِرُونَ إِنَّ هَٰذَا لَسَٰحِرٞ مُّبِينٌ ﴿٢﴾

2 മനുഷ്യർക്ക്‌ ഒരു അൽഭുതമായിപ്പോയോ, അവരിൽപെട്ട ഒരു പുരുഷനു നാം ‘ വഹ്‌യു’ [ദിവ്യസന്ദേശം] നൽകിയത്‌?: മനുഷ്യരെ നീ താക്കീതു ചെയ്യണമെന്നും, വിശ്വസിച്ചവർക്ക്‌ തങ്ങളുടെ റബ്ബിൻെറ അടുക്കൽ സത്യത്തിൻെറ (ഉന്നത) പദവിയുണ്ടെന്ന്‌ സന്തോഷ വാർത്ത അറിയിക്കണമെന്നും! അവിശ്വാസികൾ പറയുന്നു: “നിശ്ചയമായും ഇവൻ ഒരു സ്‌പഷ്ടമായ മാരണക്കാരൻ തന്നെ” എന്ന്‌.

---

2 **أَكَانَ** ആയിപ്പോയോ, ആയിത്തീർന്നോ. **للناس** മനുഷ്യർക്ക്‌. **عجبا** ഒരത്ഭുതം. **أنْ أوحينا** നാം വഹ്‌യു(ദിവ്യസന്ദേശം) നൽകിയത്‌. **إلى رجل** ഒരു പുരുഷനിലേക്ക്‌. **منهم** അവരിൽപെട്ട.**أنْ أنذر** നീ താക്കീത്‌ ചെയ്യണമെന്ന്‌. **الناس** മനുഷ്യരെ. **وبشر** സന്തോഷ വാർത്ത അറിയിക്കണമെന്നും. **الذين آمنوا** വിശ്വസിച്ചവർക്ക്‌. **أن لهم** അവർക്കുണ്ടെന്നു. **قدم** പാദം (പദവി). **صدق** സത്യത്തിൻെറ .

عند ربهم അവരുടെ റബ്ബിൻെറ അടുക്കൽ. **قَالَ الْكَافِرونَ** അവിശ്വാസികൾ പറഞ്ഞു, പറയുന്നു,. **إن هذَا** നിശ്ചയമായും ഇത് (ഇവൻ). **لَساحر** ഒരു മാരണക്കാരൻ തന്നെ. **مبِين** സ്പഷ്ടമയ (തനി).

‘ഒരു മനുഷ്യനേയോ അല്ലാഹു റസൂലായി നിയോഗിച്ചത്?’ (ابعث الله بشرا رسولا) (17:94) എന്നും, ’നമ്മുടെ റബ്ബ് വേണമെന്ന് വെച്ചിരുന്നെങ്കിൽ അവൻ മലക്കുകളെ ഇറക്കുക തന്നെ ചെയ്യുമായിരുന്നു’41:14 (لوشاء ربنا لا نزل ملائكة) എന്നുമൊക്കെ സത്യനിഷേധികൾ പറയാറുണ്ടായിരുന്നു. ചിലപ്പോൾ ’ഈ രണ്ടു രാജ്യങ്ങളിൽ-മക്കായിലോ ത്വാഇഫിലോ-ഉള്ള ഏതെങ്കിലും ഒരു മഹാപുരുഷൻെറ മേൽ എന്തുകൊണ്ടു ഈ ഖുർആൻ അവതരിക്കപ്പെട്ടില്ല?!’ 43:31 (لولا انزل هذا القرأن على رجل – من القربتين عظيم) എന്നും അവർ പറയും. ഇങ്ങിനെയുള്ള അവിശ്വാസികളെക്കുറിച്ചാണ് ഈ വചനത്തിൽ പ്രസ്താവിക്കുന്നത്. തങ്ങളുടെ കൂട്ടത്തിൽപെട്ട , തങ്ങളെപ്പോലെയുള്ള , തങ്ങൾക്കു സുപരിചിതനായ ഒരു മനുഷ്യന് അല്ലാഹു ദിവ്യസന്ദേശം നൽകിയതിൽ അൽഭുതപ്പെടുവാനെന്തുണ്ട്?! സന്ദേശത്തിൻെറ സാരമാകട്ടെ, ദുർമ്മാർഗ്ഗികൾക്ക് അല്ലാഹുവിൻെറ ശിക്ഷ ലഭിക്കുമെന്നു താക്കീത് നൽകുവാനും, സത്യവിശ്വാസം സ്വീകരിച്ച് സൻമാർഗികളായവർക്ക് അവൻെറ അടുക്കൽ ഉന്നതമായ പദവി ലഭിക്കുമെന്ന് സന്തോഷവാർത്ത അറിയിക്കുവാനുമാണുതാനും. ഇതിലെന്താണിത്ര അത്ഭുതത്തിന് വകയുള്ളത് എന്നു സാരം. ആശ്ചര്യം പ്രകടിപ്പിക്കുക മാത്രമല്ല, അവർ ചെയ്യുന്നത് . ഇവൻ ഒരു തനി മാരണക്കാരനാണെന്നും, ഇവൻ കൊണ്ടുവന്ന ഈ ഖുർആൻ കേവലം ഒരു മാരണം -അഥവാ ജാലം-ആണെന്നും തുറന്നു പറയുക കൂടി അവർ ചെയ്യുന്നുവെന്നും ചൂണ്ടിക്കാട്ടുന്നു.

قدم صدق എന്ന വാക്കിന് ‘സത്യത്തിൻെറ പാദം-’ എന്നത്രെ ഭാഷാർത്ഥം . സത്യം സ്വീകരിക്കുകയും , അതിനെ സാക്ഷാൽക്കരിക്കുകയും ചെയ്തതുമൂലം ലഭിക്കുന്ന ഉന്നത പദവിയാണ് ഉദ്ദേശ്യം. അനുഗ്രഹത്തെ ഉദ്ദേശിച്ച് يد(കൈ) എന്ന് പറയപ്പെടാറുള്ളതുപോലെ , സ്ഥാനപദവിയെ ഉദ്ദേശിച്ച് قدم (പാദം) എന്ന വാക്കും അറബിയിൽ ഉപയോഗിക്കാറുണ്ട്. لساحر (ഒരു മാരണക്കാരൻതന്നെ) എന്നതിൻെറ സ്ഥാനത്ത് لسحر (ഒരു മാരണംതന്നെ) എന്നും ഇവിടെ വായനയുണ്ട്. ഒന്നാമത്തേതു പ്രകാരം അതു നബി(ﷺ) യെ ഉദ്ദേശിച്ചും , രണ്ടാമത്തേതു പ്രകാരം അത് ഖുർആനെ ഉദ്ദേശിച്ചും ആയിരിക്കുമെങ്കിലും തത്വത്തിൽ രണ്ടും ഒരുപോലെത്തന്നെ. سحر (സിഹ്ർ) എന്ന വാക്കിൻെറ അർത്ഥങ്ങളും, അതിൻെറ വകുപ്പുകളും സംബന്ധിച്ച് അൽബഖറഃ 102 ൻെറ വ്യാഖ്യാനത്തിലും മറ്റും വിവരിച്ചത് ഓർക്കുക. ’മാരണം, ജാലവിദ്യ, ചെപ്പിടിവിദ്യ, ആഭിചാരം, ഇന്ദ്രജാലം , വശീകരണം, കൺകെട്ട് ’ എന്നിവയെല്ലാം ‘സിഹ്റി’ൽ ഉൾപ്പെടുമെന്നും പലപ്പോഴും നാം ചൂണ്ടിക്കാട്ടിയിട്ടുള്ളതാണ്.

إِنَّ رَبَّكُمُ ٱللَّهُ ٱلَّذِى خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ فِى سِتَّةِ أَيَّامٍ ثُمَّ ٱسْتَوَىٰ عَلَى ٱلْعَرْشِ ۖ يُدَبِّرُ ٱلْأَمْرَ ۖ مَا مِن شَفِيعٍ إِلَّا مِنۢ بَعْدِ إِذْنِهِۦ ۚ ذَٰلِكُمُ ٱللَّهُ رَبُّكُمْ فَٱعْبُدُوهُ ۚ أَفَلَا تَذَكَّرُونَ ﴿٣﴾

3 നിശ്ചയമായും, നിങ്ങളുടെ റബ്ബ് ആകാശങ്ങളെയും ഭൂമിയെയും ആറു ദിവസ [ഘട്ട] ങ്ങളിലായി സൃഷ്ടിച്ചവനായ അല്ലാഹുവത്രെ. പിന്നെ, അവൻ കാര്യത്തെ (വ്യവസ്ഥപ്പെടുത്തി) നിയന്ത്രിച്ചുകൊണ്ട് ‘അർശി’ൽ [സിംഹാസനത്തിൽ] ആരോഹണം ചെയ്തിരിക്കുന്നു. അവൻെറ അനുവാദത്തിനു ശേഷമല്ലാതെ, ഒരു ശുപാർശക്കാരനും (ശുപാർശ നടത്തുക) ഇല്ല. (അങ്ങനെയുള്ള) അവനത്രെ അല്ലാഹു, നിങ്ങളുടെ റബ്ബ്. ആകയാൽ, അവനെ നിങ്ങൾ ആരാധിക്കുവിൻ. അപ്പോൾ, നിങ്ങൾ ഉറ്റാലോചിക്കു

ന്നില്ലേ?!

---

3 إن ربكم നിശ്ചയമായും നങ്ങളുടെ റബ്ബ് (രക്ഷിതാവ്). الله അല്ലാഹുവത്രെ. الذي خلق സൃഷ്ടിച്ച വൻ. السماوات ആകാശങ്ങളെ. والأرض ഭൂമിയെയും. في ستة ആറിൽ. أيام ദിവസങ്ങൾ. ثم പിന്നെ. استوى അവൻ ശരിപ്പെട്ടു (ആരോഹണം ചെയ്തു). على العرش അർശിന്മേൽ, സിംഹാസനത്തിൽ. يدبر നിയന്ത്രിച്ചുകൊണ്ട്, അവൻ നിയന്ത്രിക്കുന്നു. الأمر കാര്യം. ما من شفيع ഒരു ശുപാർശക്കാര നുമില്ല. إلا من بعد ശേഷമല്ലാതെ. إذنه അവന്റെ അനുവാദത്തിന്, സമ്മതത്തിന്റെ. ذلكم അവ നത്രെ. الله അല്ലാഹു. ربكم നിങ്ങളുടെ റബ്ബായ. فاعبدوه അതിനാൽ അവനെ ആരാധിക്കുവിൻ. أفلا تذكرون അപ്പോൾ നിങ്ങൾ ഉറ്റാലോചിക്കു (ഓർമ്മവെക്കു)ന്നില്ലേ.

ആറുദിവസങ്ങളിലായി ആകാശഭൂമികളെ സൃഷ്ടിച്ചുവെന്നും, അല്ലാഹു അർശിൽ ആരോഹണം ചെയ്തുവെന്നും പറഞ്ഞതിനെപ്പറ്റി സൂ: അഅ്റാഫ് 54; ഫുർഖാൻ 59; സജദഃ 4,5 മുതലായ വചനങ്ങളുടെ വ്യാഖ്യാനങ്ങളിൽ വിവരിച്ചിട്ടുണ്ട്. ആറു പ്രത്യേക ഘട്ടങ്ങളായി രിക്കും ആറു ദിവസംകൊണ്ടുദ്ദേശ്യമെന്നും, ആരോഹണത്തിന്റെ സ്വഭാവത്തെപ്പറ്റി അതു ഇന്ന പ്രകാരത്തിലായിരിക്കുമെന്ന് നമുക്ക് ഊഹിക്കുവാൻ കഴിയുകയില്ലെന്നും , ഈ വചന ത്തിൽ കാണുന്നതുപോലെ അഖില കാര്യങ്ങളും ചിട്ടയോടും വ്യവസ്ഥയോടുംകൂടി അവൻ നിയന്ത്രിച്ചുപോരുന്നുവെന്ന യാഥാർത്ഥ്യമാണ് നാം അതിൽനിന്നും മനസ്സിലാക്കേണ്ടതെന്നും അവിടങ്ങളിൽ ചൂണ്ടിക്കാട്ടിയിരിക്കുന്നു. ‘അവന്റെ അനുമതിക്കുശേഷമല്ലാതെ ഒരു ശുപാർ ശക്കാരനും ശുപാർശ നടത്തുകയില്ല’ (ما من شفيع ....) എന്ന വാക്യം പ്രത്യേകം ശ്രദ്ധാർഹമാ കുന്നു. അല്ലാഹുവിന്റെ അസ്തിത്വത്തിലും ഉൽകൃഷ്ട ഗുണങ്ങളിലും വിശ്വസിക്കുന്നതോ ടൊപ്പം തന്നെ, അല്ലാഹുവിങ്കൽ തങ്ങൾക്കുവേണ്ടി ശുപാർശ ചെയ്യുമെന്ന് വാദിച്ചുകൊണ്ട് ദേവീദേവൻമാരെയും, പുണ്യാത്മാക്കളെയും ആരാധിച്ചിട്ട് യാതൊരു ഫലവുമില്ലെന്നാണ് ആ വാക്യം ചൂണ്ടിക്കാട്ടുന്നത് . ഈ വിഷയകമായി ‘ആയത്തുൽ കുർസീ’ യുടെ വ്യാഖ്യാന ത്തിൽ വിവരിച്ചതും ഓർക്കുക. (അൽബഖറഃ 255)

إِلَيْهِ مَرْجِعُكُمْ جَمِيعًا ۖ وَعْدَ ٱللَّهِ حَقًّا ۚ إِنَّهُۥ يَبْدَؤُا۟ ٱلْخَلْقَ ثُمَّ يُعِيدُهُۥ لِيَجْزِىَ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ بِٱلْقِسْطِ ۚ وَٱلَّذِينَ كَفَرُوا۟ لَهُمْ شَرَابٌ مِّنْ حَمِيمٍ وَعَذَابٌ أَلِيمٌۢ بِمَا كَانُوا۟ يَكْفُرُونَ ﴿٤﴾

4 അവങ്കലേക്കത്രെ നിങ്ങളുടെയെല്ലാം മട ക്കം. അല്ലാഹുവിന്റെ യഥാർത്ഥമായ വാഗ്ദത്തം! [അതിൽ നീക്കുപോക്കില്ല] നിശ്ചയമായും അവൻ, സൃഷ്ടിയെ ആദ്യമായുണ്ടാക്കുന്നു; പിന്നീട് അതി നെ (വീണ്ടും) ആവർത്തിച്ചുണ്ടാക്കുന്നു; വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് നീതി മുറപ്രകാരം അവൻ പ്രതിഫലം നൽകുവാൻ വേണ്ടി. അവിശ്വസിച്ചവരാ കട്ടെ, അവർക്ക് ചുട്ടുതിളക്കുന്ന ജല ത്തിൽ നിന്നുള്ള പാനീയവും, വേദന യേറിയ ശിക്ഷയുമുണ്ടായിരിക്കും; അവ ർ അവിശ്വസിച്ചിരുന്നതു നിമിത്തം.

---

4 إليه അവങ്കലേക്കാണ്. مرجعكم നിങ്ങളുടെ മടക്കം. جميعا മുഴുവനും, എല്ലാം. وعد الله അല്ലാഹു വിന്റെ വാഗ്ദത്തം. حقا യഥാർത്ഥമായ, സത്യമായും. إنه يبدأ നിശ്ചയമായും അവൻ ആരംഭി ക്കുന്നു (ആദ്യമായുണ്ടാക്കുന്നു). الخلق സൃഷ്ടി, സൃഷ്ടിയെ. ثم يعيده പിന്നെ അതിനെ മട

ക്കുന്നു (ആവർത്തിക്കുന്നു). **ليجزي** അവൻ പ്രതിഫലം നൽകുവാൻ വേണ്ടി. **الذين آمنوا** വിശ്വസിച്ചവർക്ക്. **وعملوا** പ്രവർത്തിക്കുകയും ചെയ്ത. **الصالحات** സൽകർമ്മങ്ങളെ. **بالقسط** നീതിമുറ പ്രകാരം. **والذين كفروا** അവിശ്വസിച്ചവരാകട്ടെ. **لهم** അവർക്കുണ്ട്. **شراب** പാനീയം, കുടിനീർ. **من حميم** അത്യുഷ്ണ (ചുട്ടുതിളക്കുന്ന) ജലത്തിൽനിന്നും. **وعذاب** ശിക്ഷയും. **أليم** വേദനയേറിയ. **بما** യാതൊന്നു നിമിത്തം. **كانوا** അവരായിരുന്ന. **يكفُرونَ** അവിശ്വസിക്കും.

സർവ്വ വസ്തുക്കളുടെയും സ്രഷ്ടാവും നിയന്താവും അല്ലാഹു മാത്രമായിരിക്കെ അവൻ മാത്രമേ ആരാധിക്കപ്പെടുവാൻ അർഹനായുള്ളുവെന്ന് കഴിഞ്ഞ വചനത്തിൽ ചൂണ്ടിക്കാട്ടിയശേഷം, ഭാവിയിൽ എല്ലാവരുടെയും മടക്കവും തിരിച്ചെത്തലും അവങ്കലേക്കു തന്നെയാണെന്നും അവിടെവെച്ച് എല്ലാവർക്കും അവരവരുടെ സ്ഥിതിഗതികൾക്കനുസരിച്ച പ്രതിഫലം നൽകുമെന്നും ഓർമ്മിപ്പിക്കുകയാണ്. حميم (ചുട്ടുതിളക്കുന്ന അത്യുഷ്ണമായ ജലം) എന്നു പറഞ്ഞത് നരകത്തിലെ ആൾക്കാർക്കു കുടിക്കുവാൻ നൽകപ്പെടുന്ന ഒരു പാനീയത്തെപറ്റിയാകുന്നു. അതുകുടിക്കുന്നതോടെ അതവരുടെ കുടലുകളെ നുറുക്കിക്കളയുന്നതാണെന്ന് 47:15 ൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

هُوَ ٱلَّذِى جَعَلَ ٱلشَّمْسَ ضِيَآءً وَٱلْقَمَرَ نُورًا وَقَدَّرَهُۥ مَنَازِلَ لِتَعْلَمُوا۟ عَدَدَ ٱلسِّنِينَ وَٱلْحِسَابَ ۚ مَا خَلَقَ ٱللَّهُ ذَٰلِكَ إِلَّا بِٱلْحَقِّ ۚ يُفَصِّلُ ٱلْـَٔايَٰتِ لِقَوْمٍ يَعْلَمُونَ ﴿٥﴾

5 അവനത്രെ, സൂര്യനെ (തിളങ്ങുന്ന) ശോഭയും, ചന്ദ്രനെ പ്രകാശവുമാക്കിയവൻ. അതിന് [ചന്ദ്രന്] അവൻ ചില ഭവനങ്ങൾ [രാശികൾ] നിർണ്ണയിക്കുകയും ചെയ്തിരിക്കുന്നു; നിങ്ങൾ കൊല്ലങ്ങളുടെ എണ്ണവും കണക്കും അറിയുവാൻ വേണ്ടി. ആഥാർത്ഥ (മുറ) പ്രകാരമല്ലാതെ അതിനെ (ഒന്നും) അവൻ സൃഷ്ടിച്ചിട്ടില്ല. അറിയാവുന്നജനങ്ങൾക്കുവേണ്ടി അവൻ ദൃഷ്ടാന്തങ്ങളെ വിശദീകരിക്കുകയാണ്.

إِنَّ فِى ٱخْتِلَٰفِ ٱلَّيْلِ وَٱلنَّهَارِ وَمَا خَلَقَ ٱللَّهُ فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ لَءَايَٰتٍ لِّقَوْمٍ يَتَّقُونَ ﴿٦﴾

6 നിശ്ചയമായും, രാത്രിയും, പകലും വ്യത്യാസപ്പെടുന്നതിലുണ്ട്. ആകാശങ്ങളിലും, ഭൂമിയിലും അല്ലാഹു സൃഷ്ടിച്ചവയിലും (ഉണ്ട്), സൂക്ഷിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളും.

---

5 **هو** അവനത്രെ. **الذي جعلَ** ആക്കിയവൻ. **الشمس** സൂര്യനെ. **ضياءً** ശോഭ, തിളക്കം. **والقمَرَ** ചന്ദ്രനെയും **نورا** പ്രകാശം,വെളിച്ചം. **وقدّره** അതിന് (അതിനെ) നിർണ്ണയിക്കുക (കണക്കാക്കുക)യും ചെയ്തു. **منازلَ** ചില ഭവനം (മണ്ഡലം-രാശി)കൾ. **لتعلموا** നിങ്ങൾ അറിയുവാൻ വേണ്ടി. **عدد السِنِين** കൊല്ലങ്ങളുടെ എണ്ണം. **والحساب** കണക്കും. **ما خلق** സൃഷ്ടിച്ചിട്ടില്ല. **الله** അല്ലാഹു. **ذَلك** അത്. **إلا بالحق** യഥാർത്ഥ (മുറ-ന്യായ-കാര്യ) പ്രകാരമല്ലാതെ. **يفَصِّلُ** അവൻ വിശദീകരിക്കുന്നു. **الآيات** ദൃഷ്ടാന്ത (അടയാള)ങ്ങളെ. **لقومٍ** ഒരു ജനതക്കുവേണ്ടി. **يعلمونَ** അറിയുന്ന. 6 **إن في اختلاف** നിശ്ചയമായും വ്യത്യാസപ്പെടുന്നതിലാണ്. **الليل** രാത്രിയും. **والنهار** പകലും. **وما خلق الله** അല്ലാഹു സൃഷ്ടിച്ചതിലും.**في السماوات** ആകാശങ്ങളിൽ. **والأرض** ഭൂമിയിലും. **لَآيات** പല ദൃഷ്ടാന്തങ്ങൾ തന്നെ. **لقومٍ** ഒരു ജനങ്ങൾക്ക്. **يتقُونَ** സൂക്ഷിക്കുന്ന.

മനുഷ്യരടക്കമുള്ള സൃഷ്ടികളുടെ ആദ്യവസാനങ്ങളെ-അഥവാ തുടക്കത്തെയും ഒടുക്കത്തെയും-കുറിച്ചു മാത്രമല്ല , മനുഷ്യൻെറ ജീവിതത്തിൽ അവൻ നിത്യവും കണ്ടറിഞ്ഞുകൊണ്ടിരിക്കുന്ന-സാധാരണ ബുദ്ധികൾക്കുപോലും ഗ്രഹിക്കുവാൻ പ്രയാസമില്ലാത്ത-നിത്യസത്യങ്ങളെക്കുറിച്ച് ആലോചിച്ചു നോക്കിയാലും തൗഹീദിൻെറ അനിവാര്യ യാഥാർത്ഥ്യം മനസ്സിലാക്കുവാൻ കഴിയുമെന്നു ഉദാഹരണസഹിതം അല്ലാഹു ചൂണ്ടിക്കാട്ടുന്നു. ഖുർആനിൽ പലേടത്തും-മക്കീസൂറത്തുകളിൽ വിശേഷിച്ചും - ഇതുപോലെയുള്ള പ്രസ്താവനകൾ പലതും കാണാം. ഇവിടെ എടുത്തുകാണിച്ച നിത്യദൃഷ്ടാന്തങ്ങൾ ഇവയാണ് :-

(1)സൂര്യനെ തിളങ്ങുന്ന ശോഭയുള്ളതാക്കിയതും, (2) ചന്ദ്രനെ പ്രകാശിക്കുന്നതാക്കിയതും വെളിച്ചം നൽകുന്നതിൽ രണ്ടും യോജിക്കുമെങ്കിലും രണ്ടിൻെറയും വെളിച്ചം തമ്മിൽ വ്യത്യാസമുണ്ടല്ലോ. സൂര്യൻ പകലിലും , ചന്ദ്രൻ രാത്രിയിലുമാണ് വെളിച്ചം നൽകുന്നതെന്നു മാത്രമല്ല , സൂര്യൻ സ്വയം പ്രകാശിക്കുന്നതും കൂടുതൽ ശോഭയുള്ളതുമാകുന്നു. ചന്ദ്രൻെറ വെളിച്ചമാകട്ടെ , സൂര്യനിൽ നിന്ന് ചന്ദ്രനിൽ പതിക്കുന്ന വെളിച്ചത്തിൻെറ തിരിച്ചടിയാണെന്ന് ശാസ്ത്രം മുമ്പേ തെളിയിച്ചു കഴിഞ്ഞതാണ് . സൂര്യവെളിച്ചത്തെ അപേക്ഷിച്ച് അത് വളരെ മങ്ങിയതുമാണ് . ഈ വ്യത്യാസമാണ് സൂര്യവെളിച്ചത്തെപ്പറ്റി ضياء (തിളക്കം-അഥവാ ശോഭ) എന്നും , ചന്ദ്രവെളിച്ചത്തെപ്പറ്റി نور (പ്രകാശം) എന്നും പ്രയോഗിച്ചതിൽ അടങ്ങിയിരിക്കുന്നത്. സൂര്യനെപ്പറ്റി سراج (വിളക്ക്) എന്നും, ചന്ദ്രനെപ്പറ്റി منير (പ്രകാശിക്കുന്നത്) എന്നും പറഞ്ഞുകൊണ്ട് 25:61 ലും ഈ വസ്തുത അല്ലാഹു സൂചിപ്പിച്ചിരിക്കുന്നു. (3) ചന്ദ്രനു പല ഭവനങ്ങളും നിർണ്ണയിച്ചിരിക്കുന്നത് , സൂര്യൻെറയും ചന്ദ്രൻെറയും സഞ്ചാരപഥം ദിനംപ്രതി മാറിക്കൊണ്ടിരിക്കുന്നു. എന്നാലും സൂര്യൻ കാഴ്ചയിൽ എപ്പോഴും പൂർണ്ണ വൃത്താകൃതിയിൽ ദൃശ്യമാകുന്നു. ചന്ദ്രനാകട്ടെ, ചാന്ദ്രികമാസാരംഭത്തിൽ ആദ്യം ഒരു അർദ്ധവളയമായി വെളിപ്പെടുന്നു . പിന്നീട് ദിനം തോറും വൃദ്ധി പ്രാപിച്ചുകൊണ്ട് പതിനാലാം ദിവസത്തേക്ക് പൂർണ്ണ വൃത്താകൃതി പ്രാപിക്കുന്നു. പിന്നീട് നേരെമറിച്ച് ദിനംതോറും ക്ഷയിച്ചുകൊണ്ടിരിക്കുകയും ചെയ്യും . അവസാനം ഒന്നോ രണ്ടോ രാത്രി അപ്രത്യക്ഷമാകുകയും ചെയ്യും. ഈ വൃദ്ധിക്ഷയങ്ങളെയും അന്നന്നത്തെ സ്ഥാനങ്ങളെയും ഉദ്ദേശിച്ചാണ് منازل (ഭവനങ്ങൾ-അഥവാ സ്ഥാന മണ്ഡലങ്ങൾ) എന്നു പറഞ്ഞിരിക്കുന്നത്. ശൂറത്തു യാസീൻ 39 ൽ والقمر قدر ناه منازل حتى عاد كالعرجون القديم (ചന്ദ്രന് നാം ചില ഭവനങ്ങൾ കണക്കാക്കുകയും ചെയ്തിരിക്കുന്നു. അങ്ങനെ , അത് ഈത്തപ്പനയുടെ പഴകിയ കുലത്തണ്ടുപോലെ മടങ്ങുന്നതാണ്) എന്നു പറഞ്ഞതിൽ നിന്നു ഇത് മനസ്സിലാക്കാം.

(4) മേൽ സൂചിപ്പിച്ച മാറ്റങ്ങൾ മൂലം കൊല്ലങ്ങളും കണക്കും അറിയാറാക്കിയത് . സൂര്യൻെറ ഉദയാസ്തമനങ്ങളിൽ നിന്നു ദിവസങ്ങളുടെയും, ഉയർച്ചതാഴ്ച്ചകളിൽ നിന്നു നാഴിക വിനാഴികകളും കണക്കു കൂട്ടുന്നു. വടക്കോട്ടും തെക്കോട്ടുമുള്ള അയനഗതിവിഗതികളിൽ നിന്നു സൗരമാസങ്ങളും കൊല്ലങ്ങളും കണക്കാക്കുന്നു. ചന്ദ്രൻെറ വൃദ്ധിക്ഷയങ്ങളുടെ അടിസ്ഥാനത്തിൽ ചാന്ദ്രിക മാസങ്ങളും, ചാന്ദ്രിക വർഷങ്ങളും കണക്കാക്കുന്നു. (5) രാപ്പകലുകളുടെ വ്യത്യാസം പകൽ വെളിച്ചം നിറഞ്ഞതാണെങ്കിൽ രാത്രി ഇരുട്ടു മൂടിയത്. ഒന്ന് പോയാൽ പിന്നാലെ മറ്റേതു വരുന്നു. ഒന്നിൻെറ സമയത്തിൽ വർദ്ധനവുണ്ടായാൽ മറ്റേതിൽ അത് കുറവായി അനുഭവപ്പെടുന്നു (6) ആകാശഭൂമികളിലെ വസ്തുക്കളെ സൃഷ്ടിച്ചത്. ജീവജന്തുക്കൾ, നിർജീവ വസ്തുക്കൾ, സ്തൂല ശിരീരമുള്ളതും ഇല്ലാത്തതുമായ വസ്തുക്കൾ, ഗോചരവും അഗോചരവുമായ വസ്തുക്കൾ, ഓരോന്നിലുമുള്ള തരവ്യത്യാസങ്ങൾ, വലുപ്പചെറുപ്പങ്ങൾ, പ്രയോജനങ്ങൾ, രൂപവ്യത്യാസങ്ങൾ ആദിയായി എണ്ണിയാലൊടുങ്ങാത്ത വൈവിദ്ധ്യങ്ങളും, അവയെല്ലാം വ്യവസ്ഥാപിതമായി നിലകൊള്ളുന്നതും!

ഇവയെല്ലാം സാർവ്വത്രികമായ ഒരു വ്യവസ്ഥയനുസരിച്ച് യുക്തിയുക്തം അടുക്കും ചിട്ടയുംവെച്ച് ഒന്നൊന്നിന്നു വിഘാതം വരുത്താതെ, നിമിഷം തെറ്റാതെ, അണുഅളവു പിഴക്കാതെ സൃഷ്ടിച്ച് നിയന്ത്രിച്ചുപോരുന്ന ഒരു മഹാശക്തനായ സ്രഷ്ടാവ് ഇവയുടെയെല്ലാം പിന്നിലുണ്ടെന്നും, ആ ശക്തിയാണ് ഇതിൻെറയെല്ലാം ഉടമസ്ഥനും അധികാരസ്ഥനുമെന്നും മനസ്സിലാക്കുവാനുണ്ടോ വല്ല പ്രയാസവും?! പക്ഷേ, ദൃഷ്ടാന്തങ്ങളിൽ നിന്നു തത്വങ്ങളും വാസ്തവങ്ങളും മനസ്സിലാക്കുവാനുള്ള തമേടവും, ഭവിഷ്യത്തുകളെക്കുറിച്ചു ബോധവും ഉള്ളവർക്കേ ഇതെല്ലാം പ്രയോജനപ്പെടുകയുള്ളു. അതാണ് ആദ്യത്തെ വചനത്തിൽ അറിയാവുന്ന ആളുകൾക്കാണ് ദൃഷ്ടാന്തങ്ങളെ വിശദീകരിക്കുന്നത് (يفصل الايات لقوم يعلمون) എന്നും, രണ്ടാമത്തെ വചനത്തിൽ, സൂക്ഷിക്കുന്നവർക്ക് ദൃഷ്ടാന്തങ്ങളുണ്ട് (لايات لقوم يتقون) എന്നും പറഞ്ഞിരിക്കുന്നത്.

7 നിശ്ചയമായും, നാമുമായി കണ്ടുമുട്ടുന്നതിനെ പ്രതീക്ഷിക്കാതിരിക്കുകയും, ഐഹിക ജീവിതം കൊണ്ടു തൃപ്തിപ്പെടുകയും, അതുകൊണ്ടു (മനസ്സ്) സമാധാനമടയുകയും ചെയ്യുന്നവർ, നമ്മുടെ ദൃഷ്ടാന്തങ്ങളെക്കുറിച്ചു (ചിന്തിക്കാതെ) അശ്രദ്ധരായുള്ളവരും,-

إِنَّ ٱلَّذِينَ لَا يَرْجُونَ لِقَآءَنَا وَرَضُوا۟ بِٱلْحَيَوٰةِ ٱلدُّنْيَا وَٱطْمَأَنُّوا۟ بِهَا وَٱلَّذِينَ هُمْ عَنْ ءَايَـٰتِنَا غَـٰفِلُونَ ﴿٧﴾

8 (അതെ) അക്കൂട്ടർ, അവരുടെ സങ്കേതം നരകമാകുന്നു. അവർ (പ്രവർത്തിച്ചു) സമ്പാദിച്ചിരുന്നതു നിമിത്തം.

أُو۟لَـٰٓئِكَ مَأْوَىٰهُمُ ٱلنَّارُ بِمَا كَانُوا۟ يَكْسِبُونَ ﴿٨﴾

9 നിശ്ചയമായും, വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർ, അവരുടെ വിശ്വാസം നിമിത്തം അവരുടെ റബ്ബ് അവരെ സൻമാർഗ്ഗത്തിലാക്കുന്നതാണ്. സുഖാനുഗ്രഹത്തിൻെറ സ്വർഗ്ഗങ്ങളിൽ, അവരുടെ അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കും.

إِنَّ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ يَهْدِيهِمْ رَبُّهُم بِإِيمَـٰنِهِمْ ۖ تَجْرِى مِن تَحْتِهِمُ ٱلْأَنْهَـٰرُ فِى جَنَّـٰتِ ٱلنَّعِيمِ ﴿٩﴾

10 അവിടത്തിൽ അവരുടെ പ്രാർത്ഥന ‘‘ അല്ലാഹുവേ, നീ മഹാപരിശുദ്ധൻ!’’ [നിനക്കുസ്തോത്രം] എന്നുമായിരിക്കും ; അവിടത്തിൽ അവരുടെ ഉപചാരം ‘സലാം’ [സമാധാനം ശാന്തി!] എന്നുമായിരിക്കും. അവരുടെ അവസാന പ്രാർത്ഥന ‘‘സ്തുതി (യെല്ലാം) ലോക രക്ഷിതാവായ അല്ലാഹുവിനാണ്’’ എന്നുമായിരിക്കും.

دَعْوَىٰهُمْ فِيهَا سُبْحَـٰنَكَ ٱللَّهُمَّ وَتَحِيَّتُهُمْ فِيهَا سَلَـٰمٌ ۚ وَءَاخِرُ دَعْوَىٰهُمْ أَنِ ٱلْحَمْدُ لِلَّهِ رَبِّ ٱلْعَـٰلَمِينَ ﴿١٠﴾

---

7 **إن الذين** നിശ്ചയമായും യാതൊരുവൻ. **لا يرجون** പ്രതീക്ഷിക്കാത്ത, അഭിലഷിക്കാത്ത. **لقاءنا** നമ്മെ കാണുന്നതിനെ, നാമുമായി കണ്ടുമുട്ടുന്നതിനെ. **ورضوا** തൃപ്തിപ്പെടുകയും ചെയ്തു.**بالحياة** ജീവിതം കൊണ്ട്. **الدنيا** ഇഹത്തിലെ (ഐഹിക). **واطمأنوا** സമാധാനമടയുകയും ചെയ്തു. **بها** അതുകൊണ്ട്, അതിനാൽ. **والذين** യാതൊരു കൂട്ടരും. **هم** അവർ. **عن آياتنا** നമ്മുടെ ദൃഷ്ടാന്തങ്ങ

ളെക്കുറിച്ച്. غَافِلُونَ അശ്രദ്ധരാണ്. 8 أُولَئِكَ അക്കൂട്ടർ. مَأْوَاهُمْ അവരുടെ സങ്കേതം (പ്രാപ്യ-മടക്ക സ്ഥാനം). النَّارُ നരകമാണ്, അഗ്നിയാകുന്നു. بِمَا كَانُوا അവർ ആയിരുന്നതു നിമിത്തം. يَكْسِبُونَ അവർ സമ്പാദിക്കും, ചെയ്തുവെക്കും. 9 إِنَّ നിശ്ചയമായും. الَّذِينَ آمَنُوا വിശ്വസിച്ചവർ. وَعَمِلُوا പ്രവർത്തിക്കുകയും ചെയ്ത. الصَّالِحَاتِ സൽക്കർമ്മങ്ങളെ, നല്ല പ്രവൃത്തികൾ. يَهْدِيهِمْ അവരെ സൻമാർഗ്ഗത്തിലാക്കും. رَبُّهُمْ അവരുടെ റബ്ബ്. بِإِيمَانِهِمْ അവരുടെ വിശ്വാസം കൊണ്ട് (നിമിത്തം). تَجْرِي നടക്കും (ഒഴുകും). مِنْ تَحْتِهِمُ അവരുടെ അടിയിലൂടെ. الْأَنْهَارُ അരുവി (നദി)കൾ. فِي جَنَّاتِ സ്വർഗ്ഗ (ആരാമ)ങ്ങളിൽ. النَّعِيمِ സുഖാനുഗ്രഹത്തിൻെറ. 10 دَعْوَاهُمْ അവരുടെ പ്രാർത്ഥന തേട്ടം, ആവശ്യം. فِيهَا അതിൽ. سُبْحَانَكَ നീ മഹാ പരിശുദ്ധൻ, നിനക്ക് സ്തോത്രം, നിന്നെ വാഴ്ത്തുന്നു (എന്നായിരിക്കും). اللَّهُمَّ അല്ലാഹുവേ. وَتَحِيَّتُهُمْ അവരുടെ ഉപചാരം, കാഴ്ച, കാണിക്ക, അഭിവാദ്യം. فِيهَا അതിൽ (അവിടത്തിൽ). سَلَامٌ സലാമായിരിക്കും, സമാധാനം-ശാന്തിയാണ്. وَآخِرُ അവസാനത്തേത്. دَعْوَاهُمْ അവരുടെ പ്രാർത്ഥനയുടെ. أَنِ الْحَمْدُ സ്തുതി (എന്നായിരിക്കും). لِلَّهِ അല്ലാഹുവിനാണ് (എന്നായിരിക്കും). رَبِّ الْعَالَمِينَ ലോക രക്ഷിതാവായ, ലോകരുടെ റബ്ബായ.

സ്വർഗത്തിലെ ഓരോ അനുഗ്രഹവും , ആനന്ദകരമായ സംവിധാനങ്ങളും കാണമ്പോൾ, അവർ അല്ലാഹുവിനു സ്തോത്രകീർത്തനം ചെയ്യുകയും അവനെ സ്തുതിച്ചു വാഴ്ത്തിക്കൊണ്ടിരിക്കുകയും ചെയ്യും. അവിടെ പ്രവേശിക്കുന്നതോടെ എല്ലാ ഭാഗത്തു നിന്നും അവരെ സലാം അഭിവാദ്യം ചെയ്യും . അല്ലാഹുവിനെ കാണുമ്പോഴും അവർക്ക് സലാമിൻെറ അഭിവാദ്യം ലഭിക്കുന്നു. (33:44) മലക്കുകളിൽ നിന്നും സലാം ലഭിക്കുന്നു. (39:73) തമ്മതമ്മിലും സലാമിൻെറ ഉപചാരം നടന്നുകൊണ്ടിരിക്കും. (56:25,26) അവർ എന്തു ഇച്ഛിക്കുന്നുവോ അതെല്ലാം അവർക്കു കിട്ടും. അവർ എന്തെല്ലാം ആവശ്യപ്പെടുന്നുവോ അതും അവർക്കു കിട്ടും. (41:31) അപ്പോഴെല്ലാം അവർ അല്ലാഹുവിന് സ്തുതികീർത്തനം നടത്തുമെന്നു പറയേണ്ടതില്ലല്ലോ.

വിഭാഗം-2

وَلَوْ يُعَجِّلُ ٱللَّهُ لِلنَّاسِ ٱلشَّرَّ ٱسْتِعْجَالَهُم بِٱلْخَيْرِ لَقُضِىَ إِلَيْهِمْ أَجَلُهُمْ ۖ فَنَذَرُ ٱلَّذِينَ لَا يَرْجُونَ لِقَآءَنَا فِى طُغْيَٰنِهِمْ يَعْمَهُونَ ﴿١١﴾

11 മനുഷ്യർ നന്മക്ക് ധൃതികൂട്ടുന്ന പ്രകാരം അല്ലാഹു അവർക്ക് തിൻമയെ ധൃതിപ്പെടുത്തി (കൊടുത്തി) രുന്നുവെങ്കിൽ അവർക്ക് അവരുടെ അവധി തീരുമാനിക്കപ്പെടുക തന്നെ ചെയ്യുമായിരുന്നു. എന്നാൽ, നാമമായി കണ്ടു മുട്ടുന്നതിനെ പ്രതീക്ഷിക്കാത്തവരെ, അവരുടെ ധിക്കാരത്തിൽ അന്ധാളിച്ച് (അലഞ്ഞു) കൊണ്ട് നാം വിട്ടുകളയുകയാണ്.

---

11 وَلَوْ يُعَجِّلُ ധൃതിപ്പെടുത്തി (ബദ്ധപ്പെടുത്തി)യിരുന്നെങ്കിൽ. اللَّهُ അല്ലാഹു. لِلنَّاسِ മനുഷ്യർക്ക്. الشَّرَّ തിൻമയെ, ദോഷത്തെ. اسْتِعْجَالَهُمْ അവരുടെ ബദ്ധപ്പെടൽ (പ്രകാരം). بِالْخَيْرِ നന്മക്ക്, ഗുണത്തെപ്പറ്റി. لَقُضِيَ തീരുമാനിക്കപ്പെടുക തന്നെ ചെയ്യും (വിധികഴിയുമായിരുന്നു). إِلَيْهِمْ അവർക്ക്. أَجَلُهُمْ അവരുടെ അവധി. فَنَذَرُ എന്നാൽ നാം വിട്ടുകളയുന്നു. الَّذِينَ لَا يَرْجُونَ പ്രതീക്ഷിക്കാത്തവരെ. لِقَاءَنَا നാമുമായി കണ്ടുമുട്ടുന്നതിനെ. فِي طُغْيَانِهِمْ അവരുടെ അതിര് കവിച്ചലിൽ, ധിക്കാരത്തിൽ. يَعْمَهُونَ അവർ അന്തം വിട്ടു (അലഞ്ഞു) കൊണ്ട്.

മനുഷ്യൻ സ്വഭാവേന അക്ഷമനും ധൃതശീലനുമാണ്. (وكان الانسان عجولا – الاسراء ١١) എന്തെങ്കിലും ആശാഭംഗമോ ആപത്തോ വരുമ്പോഴേക്കും അവൻ തന്റെ ധനത്തെയും, മക്കളെയും , സമൂഹത്തെയും ചിലപ്പോൾ തന്നെത്തന്നെയും ശപിച്ചു തുടങ്ങും. അവക്കെതിരെ പ്രാർത്ഥിക്കുകയും ചെയ്യും. 'നശിക്കട്ടെ! തുലയട്ടെ മരിച്ചുപോയെങ്കിൽ!' എന്നിത്യാദി വാക്കുകൾ പറയുകയും, അവയെ നശിപ്പിക്കാനും തുലക്കുവാനും ശ്രമം നടത്തുകയും ചെയ്തേക്കും. മുന്നാലോചനയും പിന്നാലോചനയുമില്ല. ദീർഘദൃഷ്ടിയോ ശുഭപ്രതീക്ഷയോ ഇല്ല. അനുഷ്യന്റെ പൊതുനിലയാണിത്. മുശ്രിക്കുകളെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ, നബി(ﷺ) പറയുന്നതിനെപ്പറ്റി ആലോചിക്കുവാനും ചിന്തിക്കുവാനും അവർ ഒരുക്കമില്ല . ഇതൊക്കെതന്നെയാണ് യഥാർത്ഥ സത്യമെങ്കിൽ ഞങ്ങളുടെമേൽ കൽമഴ പെയ്തുകൊള്ളട്ടെ! അല്ലെങ്കിൽ വല്ല കഠിന ശിക്ഷയും വന്നുകൊള്ളട്ടെ! എന്നൊക്കെയാണ് അവരുടെ നില. (8:32)ഇതുപോലെ അല്ലാഹുവും അവരുടെ മേൽ ധൃതഗതിയിൽ നടപടി എടുക്കുകയാണെങ്കിൽ അവരുടെ കഥതന്നെ കഴിഞ്ഞുപോകുമായിരുന്നു. പക്ഷേ, അല്ലാഹു സഹനമുള്ളവനും യുക്തിമാനുമാണ്. അവൻ, അവരെ തങ്ങളുടെ തോന്നിയവാസങ്ങളിൽ യഥേഷ്ടം വിഹരിച്ചുകൊണ്ട് അലഞ്ഞു നടക്കുവാൻ വിട്ടുകൊടുക്കുകയാണ് ചെയ്തിരിക്കുന്നത്. അവരുടെ ചെയ്തികളെക്കുറിച്ചുള്ള നടപടി വഴിയെ എടുക്കാമെന്നു വെച്ചിരിക്കുകയാണ് എന്നു സാരം.

وَإِذَا مَسَّ ٱلْإِنسَٰنَ ٱلضُّرُّ دَعَانَا لِجَنۢبِهِۦٓ أَوْ قَاعِدًا أَوْ قَآئِمًا فَلَمَّا كَشَفْنَا عَنْهُ ضُرَّهُۥ مَرَّ كَأَن لَّمْ يَدْعُنَآ إِلَىٰ ضُرٍّ مَّسَّهُۥ ۚ كَذَٰلِكَ زُيِّنَ لِلْمُسْرِفِينَ مَا كَانُوا۟ يَعْمَلُونَ ﴿١٢﴾

12 മനുഷ്യനെ ഉപദ്രവം (അഥവാ ബുദ്ധിമുട്ട്) ബാധിച്ചാൽ, അവന്റെ (ഒരു) വശത്തേക്കായി (കിടന്നു) കൊണ്ട്, അല്ലെങ്കിൽ ഇരുന്നുകൊണ്ട്, അല്ലെങ്കിൽ നിന്നുകൊണ്ട് അവൻ നമ്മെ വിളി (ച്ചു പ്രാർത്ഥി) ക്കുന്നതാണ്. എന്നിട്ട് അവനിൽ നിന്ന് അവന്റെ ഉപദ്രവത്തെ (അഥവാ ബുദ്ധിമുട്ടിനെ) നാം നീക്കുമ്പോഴോ, അവനു ബാധിച്ച വല്ല ഉപദ്രവത്തിന് (അഥവാ ബുദ്ധിമുട്ടിന്) വേണ്ടിയും അവൻ നമ്മെ വിളി(ച്ചു പ്രാർത്ഥി)ച്ചിട്ടില്ലാത്ത പോലെ അവൻ നടക്കുന്നതാണ്. അപ്രകാരം, അതിരുകവിയുന്നവർക്ക് തങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് അലങ്കാരമായി കാണിക്കപ്പെട്ടിരിക്കുന്നു.

---

12 **وإذا مس** ബാധിച്ചാൽ, സ്പർശിച്ചാൽ. **الإنسانَ** മനുഷ്യനെ. **الضر** ഉപദ്രവം, ബുദ്ധിമുട്ട്, കഷ്ടത. **دعانا** അവൻ നമ്മെ വിളിക്കും പ്രാർത്ഥിക്കുന്നതാണ്. **لجنبه** അവന്റെ ഭാഗത്തേക്കായി, വശത്തേക്ക് (കിടന്ന്). **أو قاعدا** അല്ലെങ്കിൽ ഇരുന്നുകൊണ്ട്. **أو قائما** അല്ലെങ്കിൽ നിന്നുകൊണ്ട്. **فلما كشفنا** എന്നിട്ട് നാം തുറവിയാക്കുമ്പോൾ, നീക്കം ചെയ്താൽ. **عنه** അവനിൽനിന്ന്. **ضره** അവന്റെ ഉപദ്രവം, ബുദ്ധിമുട്ട്. **مر** അവൻ നടക്കും. **كأن لم** ഇല്ലാത്തപോലെ. **يدعنا** അവൻ നമ്മെ വിളിച്ചിട്ട്, പ്രാർത്ഥിച്ചിട്ട് (ഇല്ലാത്തപോലെ). **إلى ضر** ഒരു ഉപദ്രവത്തിലേക്കും, ബുദ്ധിമുട്ടിനുവേണ്ടിയും. **مسه** അവനെ ബാധിച്ച. **كَذَٰلكَ** അപ്രകാരം. **زين** അലങ്കാരമാക്ക (ഭംഗിയാക്ക)പ്പെട്ടിരിക്കുന്നു. **للمسرفين** അതിര് കവിയുന്നവർക്ക്. **ما كانوا** അവരായിക്കൊണ്ടിരിക്കുന്നത്. **يعملونَ** അവർ പ്രവർത്തിക്കുക.

മനുഷ്യൻെറ പൊതുവെയുള്ള ഒരു ദുസ്വഭാവമാണിതും. വല്ല ബുദ്ധിമുട്ടോ, വിഷമമോ അനുഭവപ്പെടുമ്പോൾ വിനയഭാവത്തോടെ അല്ലാഹുവിനെ വിളിച്ചു പ്രാർത്ഥിക്കും , കിടന്നും ഇരുന്നും നിന്നുമൊക്കെ അല്ലാഹുവിലേക്ക് കൈനീട്ടിക്കൊണ്ടിരിക്കും. തന്നെ സഹായിക്കുവാനുള്ളത് അല്ലാഹു മാത്രമാണെന്ന് അവൻെറ വാക്കിലും ഭാവത്തിലും അവൻ പ്രകടിപ്പിക്കും. ആ ബുദ്ധിമുട്ടും വിഷമവും അല്ലാഹു നീക്കിക്കൊടുത്താലോ? മുമ്പു കഴിഞ്ഞതൊന്നും അവൻ ഓർമ്മിക്കുകയില്ല. അതിൽ നന്ദി പ്രകടിപ്പിക്കുകയുമില്ല. പിന്നീടുള്ള അവൻെറ നടപടിയും നിലപാടും കണ്ടാൽ, മുമ്പൊരിക്കലും അല്ലാഹുവിനെ അവനു വിളിച്ചു പ്രാർത്ഥിക്കേണ്ടി വന്നിട്ടില്ലെന്ന് തോന്നും. ഇത് നന്ദികേടും, നീതിലംഘനവുമാണല്ലോ. ഇത്തരക്കാർക്ക് അവർ ചെയ്യുന്നതൊക്കെ ഭൂഷണമായി തോന്നുന്നതാണ്. അഥവാ പിശാച് അങ്ങിനെ തോന്നിപ്പിക്കും. ഈ ദുസ്വഭാവം സത്യവിശ്വാസികളിൽ ഉണ്ടായിക്കൂടാ എന്നത്രെ ഇതിലടങ്ങിയ പാഠം.

നബി(ﷺ) പറയുന്നു: ''സത്യവിശ്വാസിയുടെ കാര്യം ആശ്ചര്യം തന്നെ! അവനു അല്ലാഹു ഏതു കാര്യം വിധിച്ചാലും അതവനു ഗുണകരമാകാതിരിക്കുകയില്ല. അതായതു, അവനു വല്ല കഷ്ടതയും ബാധിച്ചാൽ അവൻ ക്ഷമിക്കും, അങ്ങനെ, അതവനു ഗുണമായിത്തീരും. അവനു വല്ല സന്തോഷവും ബാധിച്ചാൽ അവൻ നന്ദിചെയ്യും. അങ്ങനെ, അതും അവനു ഗുണമായിത്തീരും. ഇത് സത്യവിശ്വാസികൾക്കല്ലാതെ മറ്റാർക്കും ഇല്ല.'' (മു)

13 നിങ്ങളുടെ മുമ്പ് (പല) തലമുറകളെ, അവർ അക്രമം പ്രവർത്തിച്ചപ്പോൾ നാം നശിപ്പിക്കുകയുണ്ടായിട്ടുണ്ട്; അവരുടെ റസൂലുകൾ വ്യക്തമായ തെളിവുകളുമായി അവരുടെ അരികെ ചെല്ലുകയും ചെയ്തിരുന്നു (എന്നിട്ടും). അവർ വിശ്വസിക്കുവാൻ (തയ്യാർ) ആയിരുന്നതുമില്ല. അപ്രകാരമത്രെ, കുറ്റവാളികളായ ജനങ്ങൾക്കു നാം പ്രതിഫലം നൽകുന്നത്.

وَلَقَدْ أَهْلَكْنَا ٱلْقُرُونَ مِن قَبْلِكُمْ لَمَّا ظَلَمُوا۟ ۙ وَجَآءَتْهُمْ رُسُلُهُم بِٱلْبَيِّنَـٰتِ وَمَا كَانُوا۟ لِيُؤْمِنُوا۟ ۚ كَذَٰلِكَ نَجْزِى ٱلْقَوْمَ ٱلْمُجْرِمِينَ ﴿١٣﴾

14 പിന്നീട്, അവരുടെ ശേഷം (ഇതാ) നിങ്ങളെ ഭൂമിയിൽ നാം (അവരുടെ) പിൻഗാമികളാക്കിയിരിക്കുന്നു; നിങ്ങൾ എങ്ങിനെ പ്രവർത്തിക്കുന്നുവെന്ന് നാം (പരിശോധിച്ചു) നോക്കുവാൻ വേണ്ടി.

ثُمَّ جَعَلْنَـٰكُمْ خَلَـٰٓئِفَ فِى ٱلْأَرْضِ مِنۢ بَعْدِهِمْ لِنَنظُرَ كَيْفَ تَعْمَلُونَ ﴿١٤﴾

---

13 **ولقد أهلكنا** തീർച്ചയായും നാം നശിപ്പിച്ചിട്ടുണ്ട്. **القرون** തലമുറകളെ, കാലക്കാരെ. **من قبلكم** നിങ്ങളുടെ മുമ്പ്. **لما ظلموا** അവർ അക്രമം ചെയ്തപ്പോൾ. **وجاءتهم** അവർക്ക് വരുക(ചെല്ലുക)യും ചെയ്തു, വന്നുതാനും. **رسلهم** അവരുടെ റസൂലുകൾ. **بالبينات** തെളിവുകളുമായി. **وما كانوا** അവരായിത്തീർന്നതുമില്ല. **ليؤمنوا** അവർ വിശ്വസിക്കുവാൻ (തയ്യാർ). **كذلك** അപ്രകാരം, അതുപോലെ. **نجزي** നാം പ്രതിഫലം നൽകുന്നു. **القوم** ജനങ്ങൾക്ക്. **المجرمين** കുറ്റവാളികളായ. 14 **ثم** പിന്നീട്. **جعلناكم** നിങ്ങളെ നാം ആക്കി. **خلائف** പിൻഗാമികൾ, പിന്നിൽ വന്നവർ. **في الأرض** ഭൂമിയിൽ. **من بعدهم** അവരുടെ ശേഷം. **لننظر** നാം നോക്കുവാൻവേണ്ടി. **كيف** എങ്ങിനെ. **تعملون** നിങ്ങൾ പ്രവർത്തിക്കുന്നു (എന്ന്).

ഈ വചനങ്ങളിലടങ്ങിയ ആശയം വ്യക്തമാണ്. അതതു കാലത്തെ ദൈവദൂതന്മാർ അവരവരുടെ ജനങ്ങൾക്കുവേണ്ടത്ര തെളിവുകൾ സഹിതം ഉപദേശം നൽകിക്കൊണ്ടിരുന്നു. എന്നിട്ടും അത് സ്വീകരിക്കാതെ നിഷേധത്തിലും ധിക്കാരത്തിലും മുഴകുകയാണ് പല തലമുറകളും ചെയ്തത്. അതിനാൽ അവർ അല്ലാഹുവിൻെറ ശിക്ഷകൾക്കു പാത്രമായി. ഇനി, നിങ്ങളുടെ നിലപാട് എന്തായിരിക്കുമെന്ന് പരീക്ഷിച്ചുനോക്കുവാൻവേണ്ടി ഇപ്പോൾ നിങ്ങളെയും ഇതാ രംഗത്തിറക്കിയിരിക്കുന്നു എന്നു ചുരുക്കം. അവരെപ്പോലെ നിങ്ങളും ചെയ്യുകയാണെങ്കിൽ നിങ്ങളുടെയും ഗതി നാശം തന്നെയായിരിക്കുമെന്നുള്ള ഒരു താക്കീതാണിതിൽ ധ്വനിക്കുന്നത്.

നബി(ﷺ) അരുളിച്ചെയ്തതായി അബൂസഈദ് (رضي الله عنه) ഉദ്ധരിക്കുന്നു: ''നിശ്ചയമായും, ഇഹലോകം മധുരമയവും, പച്ചപിടിച്ചതുമാകുന്നു. അല്ലാഹു അതിൽ നിങ്ങളെ (മാറിമാറി വരുന്ന) പിൻഗാമികളാക്കിക്കൊണ്ടിരിക്കുന്നതും, എന്നിട്ട് നിങ്ങൾ എന്തു പ്രവർത്തിക്കുന്നുവെന്ന് നോക്കുന്നതുമാകുന്നു. അതിനാൽ, നിങ്ങൾ ഇഹലോകത്തെ സൂക്ഷിക്കുവിൻ. സ്ത്രീകളെയും സൂക്ഷിക്കുവിൻ. കാരണം, ഇസ്റാഈല്യരിലുണ്ടായ ഒന്നാമത്തെ കുഴപ്പം സ്ത്രീകൾ നിമിത്തമായിരുന്നു'. (മുസ്‌ലിം)

15 വ്യക്തമായ തെളിവുകളായിക്കൊണ്ട് നമ്മുടെ 'ആയത്തു' [വചനം] കൾ അവർക്ക് ഓതിക്കൊടുക്കപ്പെടുന്നതായാൽ, നാമുമായി കണ്ടുമുട്ടുന്നതിനെ പ്രതീക്ഷിക്കാത്തവർ പറയുന്നതാണ്: 'ഇതല്ലാത്ത ഒരു ഖുർആൻ (പാരായണഗ്രന്ഥം) താൻ കൊണ്ടുവരുക, അല്ലെങ്കിൽ അതിനെ (ഭേദഗതി ചെയ്തു) മാറ്റം വരുത്തുക' എന്ന്! (നബിയേ,) പറയുക: 'എൻെറ സ്വന്തം വകയായി അതിനെ മാറ്റം വരുത്തുവാൻ എനിക്ക് പാടില്ല; എനിക്ക് 'വഹ്‌യു' [ദിവ്യസന്ദേശം] നൽകപ്പെടുന്നതിനെയല്ലാതെ ഞാൻ പിൻപറ്റുന്നില്ല. നിശ്ചയമായും, എൻെറ റബ്ബിനോട് ഞാൻ അനുസരണക്കേട് ചെയ്താൽ, വമ്പിച്ച ഒരു ദിവസത്തിലെ ശിക്ഷയെ ഞാൻ ഭയപ്പെടുന്നു.'

وَإِذَا تُتۡلَىٰ عَلَيۡهِمۡ ءَايَاتُنَا بَيِّنَٰتٖ قَالَ ٱلَّذِينَ لَا يَرۡجُونَ لِقَآءَنَا ٱئۡتِ بِقُرۡءَانٍ غَيۡرِ هَٰذَآ أَوۡ بَدِّلۡهُۚ قُلۡ مَا يَكُونُ لِيٓ أَنۡ أُبَدِّلَهُۥ مِن تِلۡقَآيِٕ نَفۡسِيٓۖ إِنۡ أَتَّبِعُ إِلَّا مَا يُوحَىٰٓ إِلَيَّۖ إِنِّيٓ أَخَافُ إِنۡ عَصَيۡتُ رَبِّي عَذَابَ يَوۡمٍ عَظِيمٖ ١٥

16 പറയുക: 'അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ, നിങ്ങൾക്കു ഞാനത് ഓതിക്കേൾപ്പിക്കുകയാകട്ടെ, അതിനെപ്പറ്റി നിങ്ങളെ അവൻ അറിയിക്കുകയാകട്ടെ ചെയ്യുമായിരുന്നില്ല. ഞാൻ നിങ്ങളിൽ ഇതിനു മുമ്പ് ഒരു (നീണ്ട) പ്രായം കഴിഞ്ഞുകൂടിയിട്ടുണ്ടല്ലോ. അപ്പോൾ, നിങ്ങൾ ബുദ്ധി കൊടു(ത്തു ചിന്തി)ക്കുന്നില്ലേ?!'

قُل لَّوۡ شَآءَ ٱللَّهُ مَا تَلَوۡتُهُۥ عَلَيۡكُمۡ وَلَآ أَدۡرَىٰكُم بِهِۦۖ فَقَدۡ لَبِثۡتُ فِيكُمۡ عُمُرٗا مِّن قَبۡلِهِۦٓۚ أَفَلَا تَعۡقِلُونَ ١٦

---

15 **وإذا تتلى** ഓതികേൾപ്പിക്ക (കൊടുക്ക)പ്പെട്ടാൽ. **عليهم** അവർക്ക്, അവരിൽ. **آياتنا** നമ്മുടെ ആയത്തുകൾ. **بينات** തെളിവുകളായി, വ്യക്തങ്ങളായ നിലയിൽ. **قَالَ** പറയുന്നതാണ്. **الذين** യാ

തൊരുകൂട്ടർ. **لا يرجونَ** പ്രതീക്ഷിക്കാത്ത. **لقَاءنا** നാമുമായി കണ്ടുമുട്ടുന്നതിനെ. **ائْتِ** നീ (താൻ) വാ, തരുക. **بِقُرآنٍ** ഒരു ഖുർആൻകൊണ്ട്, വല്ല പാരായണ ഗ്രന്ഥത്തെയും. **غَيرِهذَا** ഇതല്ലാത്ത. **أو بدله** അല്ലെങ്കിൽ അതിനെ മാറ്റം വരുത്തുക, ഭേദഗതി ചെയ്യുക. **قُلْ** പറയുക. **ما يكُونُ لي** എനി ക്കാവുകയില്ല (പാടില്ല). **أنْ أبدله** അതിനെ മാറ്റം വരുത്താൻ. **من تلْقاءِ** ഭാഗത്തു നിന്ന് (വകയാ യി). **نفْسِي** എന്റെ സ്വന്തം. **إنْ أتبع** ഞാൻ പിൻപറ്റുന്നില്ല. **إلا ما** യാതൊന്നല്ലാതെ. **يوحى إلي** എനിക്ക് വഹ്‌യു നൽകപ്പെടുന്ന. **إني أخاف** നിശ്ചയമായും ഞാൻ ഭയപ്പെടുന്നു. **إنْ عصيت** ഞാൻ എതിരു (അനുസരണക്കേട്) ചെയ്തെങ്കിൽ. **ربي** എന്റെ റബ്ബിന്, റബ്ബിനോട്. **عذَاب يوم** ഒരു ദിവസത്തിലെ ശിക്ഷയെ. **عظيم** വമ്പിച്ച, മഹാ. 16 **قُل** പറയുക. **لو شاءَ الله** അല്ലാഹു ഉദ്ദേശിച്ചിരു ന്നെങ്കിൽ. **ما تلوته** ഞാൻ അതു ഓതുമായിരുന്നില്ല, ഓതിക്കേൾപ്പിക്കില്ലായിരുന്നു. **عليكُم** നി ങ്ങൾക്ക്. **ولا أدراكُم** അവൻ നിങ്ങളെ അറിയിക്കുകയുമില്ലായിരുന്നു. **بِهِ** അതിനെപ്പറ്റി. **فقَد لبِثْت** തീർച്ചയായും ഞാൻ താമിച്ചിട്ടുണ്ട്, കഴിഞ്ഞുകൂടുകയുണ്ടായി. **فيكُم** നിങ്ങളിൽ, നിങ്ങൾക്കിട യിൽ. **عمرا** പ്രായം. **من قبله** ഇതിന്റെ (അതിന്റെ) മുമ്പ്. **أفَلا تعقلُونَ** അപ്പോൾ നിങ്ങൾ ബുദ്ധി കൊടുക്കുന്നില്ലേ..

قرأن (ഖുർആൻ) എന്ന വാക്കിന് അധികമായി വായിക്കപ്പെടുന്നതു-അഥവാ പാരായ ണഗ്രന്ഥം- എന്നർത്ഥമാകുന്നു. അതിന്റെ ആദ്യത്തിൽ ال എന്ന അവ്യയം ചേരുമ്പോൾ അ തുകൊണ്ടു വിശുദ്ധഖുർആൻ പ്രത്യേകം ഉദ്ദേശിക്കപ്പെടുന്നു.

മക്കാമുശ്‌രിക്കുകളെക്കുറിച്ചാണ് ഈ വചനങ്ങളിലെ പരാമർശം. ഖുർആന്റെ തത്വ സിദ്ധാന്തങ്ങൾ സ്വീകരിക്കുവാൻ തയ്യാറില്ലാത്ത അവർ, നബി(ﷺ) യോടു പറയുകയാണ്: ഏകദൈവസിദ്ധാന്തം, പരലോകം, പുനർജ്ജീവിതം പോലെയുള്ള വിഷയങ്ങളടങ്ങിയ ഈ ഖുർആൻ അല്ലാത്ത വേറെ വല്ല ഖുർആനും നീ കൊണ്ടുവന്നാൽ, അല്ലെങ്കിൽ ഇതിൽ ആവ ശ്യമായ ചില ഭേദഗതികൾ ചെയ്ത് ഇതിനൊരു മാറ്റം വിരുത്തിയാൽ, ഞങ്ങൾ ഇതു സ്വീക രിച്ചുകൊള്ളാമെന്ന്. ഇവരോട് പറയുവാൻ അല്ലാഹു കൽപിച്ച മറുപടിയുടെ സാരം ഇതാ ണ്: ഇത് എന്റെ വകയല്ല, അല്ലാഹുവിന്റെ വകയാണ്. അത് അതേപടി പിൻപറ്റുകയല്ലാതെ എനിക്കു നിവൃത്തിയില്ല. അതിൽ വല്ല മാറ്റത്തിരുത്തലും വരുത്തിയാൽ ഞാൻ ഖിയാമത്തു നാളിൽ അതിഭയങ്കരമായ ശിക്ഷ അനുഭവിക്കേണ്ടിവരും.നിങ്ങൾക്കു ഇതു ഓതിക്കേൾപ്പിക്കു വാനും, അതിലെ സിദ്ധാന്തങ്ങൾ നിങ്ങളുടെ മുമ്പിൽ വെക്കുവാനും ഞാൻ സ്വയം മുതിർന്ന തല്ല അല്ലാഹുവിന്റെ ഉദ്ദേശ്യവും കൽപനയും അനുസരിച്ചാണ്. കുറേ കാലത്തോളം-നാല് പതു കൊല്ലക്കാലം- ഇതിനു മുമ്പ് നിങ്ങളുടെ ഇടയിൽ നിങ്ങളെപ്പോലെ ഒരുവനായി ഞാൻ കഴിഞ്ഞുകൂടുകയുണ്ടായി. അന്നൊന്നും ഞാൻ ഇങ്ങനെ പറയുകയും ചെയ്യുകയുണ്ടായില്ല. എന്നെപ്പറ്റി അന്നൊന്നും നിങ്ങൾക്ക് ആക്ഷേപമുണ്ടായിരുന്നില്ല. ഇപ്പോൾ-ഈ വാർദ്ധ്യക്യ ത്തിലേക്കു തിരിയുകയും ബുദ്ധി ഉറക്കുകയും ചെയ്ത കാലത്ത്-നിങ്ങളെ സമീപിക്കുവാൻ തുടങ്ങിയത് എന്റെ ഇച്ഛകൊണ്ടല്ലെന്നും, അല്ലാഹുവിന്റെ കൽപനക്ക് വിധേയനായിട്ടായി രിക്കുമെന്നും നിങ്ങൾ ബുദ്ധി കൊടുത്ത് ആലോചിച്ചാൽ നിങ്ങൾക്കുതന്നെ ബോദ്ധ്യപ്പെടു ന്നതാണ്. നിങ്ങൾക്കു ഒന്ന് ചിന്തിച്ചു നോക്കിക്കൂടെ?!

റോമാചക്രവർത്തി ഹിറഖ്‌ലിയൂസിനെ ഇസ്‌ലാമിലേക്കു ക്ഷണിച്ചുകൊണ്ടുള്ള നബി (ﷺ) യുടെ കത്തുകിട്ടിയപ്പോൾ, അവിടെ (ശാമിൽ) കച്ചവടാർത്ഥം ചെന്നിരുന്ന അബൂ സുഫ്‌യാനെയും മറ്റും ദർബാറിൽ വിളിച്ചുവരുത്തി നബി(ﷺ) യെക്കുറിച്ച് രാജാവ് പലതും ചോദിച്ചറിയുകയുണ്ടായ സംഭവം പ്രസിദ്ധമാണ്. അന്നു അബൂസുഫ്‌യാൻ(رضي الله عنه) മുസ്‌ലി മായിരുന്നില്ല. നബി(ﷺ) യുടെ ശത്രുക്കളുടെ നേതാവു കൂടിയായിരുന്നു. എന്നിട്ടും മുമ്പ് നബി കളവു പറഞ്ഞിരുന്നതായി നിങ്ങൾ അദ്ദേഹത്തെപ്പറ്റി തെറ്റിദ്ധരിച്ചിരുന്നുവോ എന്നു

ഹിറഖ്‌ലിയൂസിന്‍റെ ചോദ്യത്തിനു അബൂസുഫ്‌യാന്‍(رضي الله عنه) ഉത്തരം നല്‍കിയത് 'ഇല്ല' എന്നായിരുന്നു. അപ്പോള്‍, ഹിറഖ്‌ലിയൂസ് പറഞ്ഞു: ''എന്നാലദ്ദേഹം, ജനങ്ങളെപ്പറ്റി കളവു പറയാതിരിക്കുകയും, അതോടെ അല്ലാഹുവിനെപ്പറ്റി കളവു പറയുവാന്‍ ശ്രമിക്കുകയും ചെയ്യുകയുണ്ടാവില്ലെന്ന് ഞാന്‍ മനസ്സിലാക്കുന്നു.'' ഇതുപോലെ അബ്സീനിയാരാജാവായ നജ്ജാശീ (നെഗാശീ) യുടെ മുമ്പില്‍വെച്ച് നബി(ﷺ) യെ പരിചയപ്പെടുത്തിയ കൂട്ടത്തില്‍ ജഅ്ഫറുബ്നു അബീത്വാലിബും(رضي الله عنه) ഇപ്രകാരം പറഞ്ഞിരുന്നു: ''ഞങ്ങളില്‍ അല്ലാഹു ഒരു റസൂലിനെ അയച്ചുതന്നിരിക്കുന്നു. അദ്ദേഹത്തിന്‍റെ സത്യതയും , തറവാടും, വിശ്വസ്തതയും ഞങ്ങള്‍ക്കറിയാവുന്നതാണ്. അദ്ദേഹം നാല്‍പതുകൊല്ലം ഞങ്ങള്‍ക്കിടയില്‍ കഴിഞ്ഞുകൂടിയിട്ടുണ്ട്......''

فَمَنْ أَظْلَمُ مِمَّنِ ٱفْتَرَىٰ عَلَى ٱللَّهِ كَذِبًا أَوْ كَذَّبَ بِـَٔايَٰتِهِۦٓ ۚ إِنَّهُۥ لَا يُفْلِحُ ٱلْمُجْرِمُونَ ﴿١٧﴾

17 അപ്പോള്‍, അല്ലാഹുവിന്‍റെ പേരില്‍ വ്യാജം കെട്ടിച്ചമക്കുകയോ, അല്ലെങ്കില്‍ അവന്‍റെ 'ആയത്തു [വചനം]കളെ വ്യാജമാക്കുകയോ ചെയ്തവനെക്കാള്‍ അക്രമി ആരുണ്ട്?! നിശ്ചയമായും കാര്യം, കുറ്റവാളികള്‍ വിജയിക്കുകയില്ല.

وَيَعْبُدُونَ مِن دُونِ ٱللَّهِ مَا لَا يَضُرُّهُمْ وَلَا يَنفَعُهُمْ وَيَقُولُونَ هَٰٓؤُلَآءِ شُفَعَٰٓؤُنَا عِندَ ٱللَّهِ ۚ قُلْ أَتُنَبِّـُٔونَ ٱللَّهَ بِمَا لَا يَعْلَمُ فِى ٱلسَّمَٰوَٰتِ وَلَا فِى ٱلْأَرْضِ ۚ سُبْحَٰنَهُۥ وَتَعَٰلَىٰ عَمَّا يُشْرِكُونَ ﴿١٨﴾

18 അല്ലാഹുവിനുപുറമെ, തങ്ങള്‍ക്ക് ഉപദ്രവം ചെയ്യാത്തതും, ഉപകാരം ചെയ്യാത്തതുമായതിനെ അവര്‍ ആരാധിച്ചുവരുന്നു; 'ഇവര്‍ [ആ ആരാധ്യവസ്തുക്കള്‍] അല്ലാഹുവിന്‍റെ അടുക്കല്‍ ഞങ്ങളുടെ ശുപാര്‍ശക്കാരാകുന്നു'വെന്ന് അവര്‍ പറയുകയും ചെയ്യുന്നു. പറയുക; 'ആകാശങ്ങളിലാകട്ടെ, ഭൂമിയിലാകട്ടെ (ഉള്ളതായി) അല്ലാഹു അറിയാത്ത കാര്യത്തെപ്പറ്റി നിങ്ങള്‍ അവന് വിവരമറിയിക്കുകയാണോ?!' അവന്‍ മഹാപരിശുദ്ധന്! അവര്‍ പങ്കുചേര്‍ക്കുന്നതില്‍ നിന്ന് അവന്‍ അത്യുന്നതി പ്രാപിക്കുകയും ചെയ്തിരിക്കുന്നു.''

---

17 فَمَن അപ്പോള്‍ ആര്‍. أَظْلَمُ അധികം അക്രമി. مِمَّنِ افْتَرَى കെട്ടിച്ചമച്ചവനെ (രെ)ക്കാള്‍. عَلَى اللهِ അല്ലാഹുവിന്‍റെ പേരില്‍ (മേല്‍). كَذِبًا വ്യാജം, കളവ്. أَوْ كَذَّبَ അല്ലെങ്കില്‍ വ്യാജമാക്കിയ. بِآيَاتِهِ അവന്‍റെ ആയത്തു (വചനം-ലക്ഷ്യം)കളെ. إِنَّهُ നിശ്ചയമായും അത് (കാര്യം).لَا يُفْلِحُ വിജയിക്കുകയില്ല.الْمُجْرِمُونَ കുറ്റവാളികള്‍..18 وَيَعْبُدُونَ അവര്‍ ആരാധിച്ചുവരുന്നു. مِن دُونِ اللهِ അല്ലാഹു—വിന് പുറമെ. مَا لَا يَضُرُّهُمْ അവര്‍ക്ക് ഉപദ്രവം ചെയ്യാത്തതിനെ. وَلَا يَنفَعُهُمْ അവര്‍ക്ക് ഉപകാരവും ചെയ്യാത്ത. وَيَقُولُونَ അവര്‍ പറയുകയും ചെയ്യുന്നു. هَؤُلَاءِ ഇവര്‍, ഇക്കൂട്ടര്‍. شُفَعَاؤُنَا ഞങ്ങളുടെ ശുപാര്‍ശക്കാരാകുന്നു, ശുപാര്‍ശകരാണ്. عِندَ اللهِ അല്ലാഹുവിന്‍റെ അടുക്കല്‍. قُلْ പറയുക. أَتُنَبِّئُونَ നിങ്ങള്‍ വിവരമറിയിക്കുകയോ. اللهَ അല്ലാഹുവിന്. بِمَا لَا يَعْلَمُ അവന്‍ അറിയാത്തതിനെ (അറിയാത്ത കാര്യത്തെ)പറ്റി). فِي السَّمَاوَاتِ ആകാശങ്ങളിലും. وَلَا فِي الْأَرْضِ ഭൂമിയിലും ഇല്ല (ഇല്ലാത്ത). سُبْحَانَهُ അവന്‍ മഹാ പരിശുദ്ധന്‍, അവന് സ്തോത്രം. وَتَعَالَى അവന്‍ അത്യുന്നതി പ്രാപിക്കുകയും ചെയ്തിരിക്കുന്നു. عَمَّا يُشْرِكُونَ അവര്‍ പങ്കുചേര്‍ക്കുന്നതില്‍ നിന്ന്.

ആരാധിക്കപ്പെടുന്ന വസ്തു–അത് കല്ലോ, മരമോ, മനുഷ്യനോ, ദേവീദേവൻമാരോ, ജീവനുള്ളതോ, മരണപ്പെട്ടതോ ഏതായാലും ശരി–അതിൻെറ ആരാധകൻമാർക്ക് വല്ല ഗുണമോ ദോഷമോ ചെയ്‌വാൻ കഴിയുന്നതായിരിക്കണം. ഇല്ലാത്തപക്ഷം, ആരാധന തികച്ചും നിരർത്ഥവും ഫലശൂന്യവുമാകുന്നു: എന്നിട്ടും ഈ മുശ്‌രിക്കുകൾ വിഗ്രഹങ്ങളെ ആരാധിച്ചുവരികയാണ്. അതിനു അവർ പറയുന്ന ന്യായം അവക്കു ഗുണമോ ദോഷമോ ചെയ്‌വാൻ കഴിയുമെന്നല്ല. അവ അല്ലാഹുവിൻെറ മുമ്പിൽ ശുപാർശക്കാരായി വരുമെന്നും , അങ്ങനെ തങ്ങളെ ശിക്ഷയിൽനിന്നു ഒഴിവാക്കുമെന്നുമാകുന്നു. എന്നാൽ, അങ്ങിനെ ഒരു ശുപാർശക്കാർ ആകാശഭൂമിയിൽ എവിടെയുമില്ല. ഉണ്ടെങ്കിൽ അല്ലാഹു അറിയണമല്ലോ . എന്നിരിക്കെ, ആ വാദത്തിൻെറ അർത്ഥം, അല്ലാഹുവിനറിയാത്ത ചില ശുപാർശക്കാർ അവൻെറ അടുക്കൽ സ്വാധീനം ചെലുത്തുന്നവരായി നിലവിലുണ്ട് എന്നാണല്ലോ. ഇത്തരം സങ്കൽപങ്ങളിൽ നിന്നെല്ലാം തന്നെ അല്ലാഹു മഹാപരിശുദ്ധനും, അത്യുന്നതനുമാകുന്നു.

ശുപാർശകൻമാരെ സംബന്ധിക്കുന്ന ഇതുപോലെയുള്ള പ്രസ്താവനകൾ വിഗ്രഹാരാധകൻമാരെ മാത്രം ബാധിക്കുന്നതാണെന്ന് കരുതുന്നത് തികച്ചും തെറ്റാകുന്നു. ഉപകാരവും ഉപദ്രവവും ചെയ്‌വാനുള്ള യഥാർത്ഥ കഴിവ് അല്ലാഹുവിനു തന്നെയാണുള്ളതെന്ന് സമ്മതിച്ചുകൊണ്ടുതന്നെയാണ് ആ മുശ്‌രിക്കുകളും ഈ ശുപാർശവാദംകൊണ്ടുവരുന്നതെന്ന് ഓർക്കണം. അവർ ആരാധിക്കുന്ന കല്ലുകളോ വൃക്ഷങ്ങളോ തങ്ങൾക്ക് ശുപാർശ നടത്തുമെന്നല്ല അവർ പറയുന്നതിൻെറ ഉദ്ദേശ്യം. അവ ഏത് മഹാൻമാരുടെ-അല്ലങ്കിൽ ദേവീദേവൻമാരുടെ-പേരിൽ പ്രതിഷ്ഠിതങ്ങളാണോ അവർ തങ്ങൾക്കുവേണ്ടി അല്ലാഹുവിങ്കൽ ശുപാർശ ചെയ്യുമെന്നാണ് അവരുദ്ദേശിക്കുന്നത്. അപ്പോൾ, വിഗ്രഹങ്ങളെ ആരാധിക്കുന്നത് ശിർക്കാണെന്ന് സമ്മതിക്കുകയും, അതേ സമയത്ത് അവർ പറയുന്ന അതേ ന്യായം പറഞ്ഞുകൊണ്ട് വല്ല മഹാൻമാരെയും വിളിച്ച് പ്രാർത്ഥിക്കുക, അവരുടെ ഖബ്റുസ്ഥാനങ്ങളിലേക്ക് നേർച്ച വഴിപാടുകൾ നടത്തുക പോലെയുള്ള ആരാധനാ കർമ്മങ്ങൾ ചെയ്യുന്നവർക്കും ബാധകം തന്നെയാണിത്. (*)

19 മനുഷ്യർ ഒരേ സമുദായമല്ലാതെ ആയിരുന്നില്ല; എന്നിട്ടവർ ഭിന്നിച്ചിരിക്കുകയാണ്. നിൻെറ റബ്ബിങ്കൽനിന്നും ഒരു വാക്യം മുൻ കഴിഞ്ഞിട്ടില്ലായിരുന്നെങ്കിൽ, അവർ യാതൊന്നിൽ ഭിന്നിച്ചുകൊണ്ടിരിക്കുന്നുവോ അതിൽ അവർക്കിടയിൽ തീരുമാനിക്കപ്പെടുക തന്നെ ചെയ്യുമാ

وَمَا كَانَ ٱلنَّاسُ إِلَّآ أُمَّةً وَٰحِدَةً فَٱخْتَلَفُوا۟ ۚ وَلَوْلَا كَلِمَةٌ سَبَقَتْ مِن رَّبِّكَ لَقُضِىَ بَيْنَهُمْ فِيمَا فِيهِ يَخْتَلِفُونَ ﴿١٩﴾

---

* ഈ ആയത്തിൻെറ വ്യാഖ്യാനത്തിൽ ഇമാം റാസീ എഴുതിയ ഒരു ഭാഗം ഇവിടെ നേരെ പകർത്തുന്നു.

انهم وضعوا هاذه الاصنام والاوثان على صور انبيآئهم و أكبرهم وزعمو أنهم متى اشتعلو بعبادة هاذه السستماثيل فان اولئك الاكابر تكون شفعاء لهم عند الله تعالى نظيره فى هاذ الزمان اشتغال كثيرمن الخلق بتعظيم قبور الاكابر على اعتقاد انهم اذا غظمو قبورهم فانهم يكونون شفعاء لهم عند الله

ഈ വിഗ്രഹങ്ങളെയും ബിംബങ്ങളെയും അവരുടെ പ്രവാചകൻമാരുടെയും മഹാത്മാക്കളുടെയും രൂപത്തിലാണ് അവർ ഉണ്ടാക്കിവെച്ചത്. ഈ പ്രതിമകളുടെ ആരാധനയിൽ തങ്ങൾ ഏർപ്പെടുമ്പോൾ ആ മഹാത്മാക്കൾ അല്ലാഹുവിൻെറ അരികെ തങ്ങൾക്കു ശുപാർശകരാകുമെന്ന് അവർ ജൽപിക്കുകയും ചെയ്തു. മഹാത്മാക്കളുടെ ഖബറുകളെ ആദരിക്കുന്നതിൽ അനേകം 'പടപ്പുകൾ' ഇക്കാലത്ത് ഏർപ്പെട്ടിട്ടുള്ളതും ഇതുന് തുല്യമാണ്. തങ്ങൾ അവരുടെ ഖബ്റുകളെ ആദരിച്ചാൽ അവർ അല്ലാഹുവിങ്കൽ തങ്ങൾക്കു ശുപാർശകരാകുമെന്നാണ് അവരുടെ വിശ്വാസം'.

യിരുന്നു.

---

19 وما كَانَ ആയിരുന്നില്ല. الناس മനുഷ്യർ. إلا أمةً ഒരു സമുദായമല്ലാതെ. واحدةً ഒരേ, ഏക. فَاختلفُوا എന്നിട്ടവർ ഭിന്നിച്ചു, അഭിപ്രായവ്യത്യാസത്തിലായി. ولولا ഇല്ലായിരുന്നെങ്കിൽ. كَلمةٌ ഒരു വാക്ക്, വാക്യം. سبقَت അത് മുൻകഴിഞ്ഞു, മുൻകഴിഞ്ഞ. من ربك നിന്റെ റബ്ബിങ്കൽനിന്ന്. لَقُضي തിരുമാനം ചെയ്യപ്പെടുകതന്നെ ചെയ്യുമായിരുന്നു. بينهم അവർക്കിടയിൽ. فيما യാതൊന്നിൽ. فيه അതിൽ. يختلفُونَ അവർ ഭിന്നിച്ചുവരുന്നു.

ആദ്യകാലത്ത് മനുഷ്യരെല്ലാം തൗഹീദിൽ നിലകൊള്ളുന്ന ഏക സമുദായമായിട്ടായിരുന്നു ജീവിച്ചുപോന്നിരുന്നത്. പിന്നീട് കുറെ കഴിഞ്ഞാണ് അവരിൽ ശിർക്കും ഭിന്നിപ്പും കടന്നുകൂടിയത്. ഭിന്നിച്ചവരെ ശിക്ഷിച്ചും ഭിന്നിക്കാത്തവരെ രക്ഷിച്ചുംകൊണ്ട് അവർക്കിടയിൽ നടപടി എടുക്കൽ പരലോക ജീവിതത്തിൽവെച്ചായിരിക്കുമെന്ന് അല്ലാഹു മുമ്പേ നിശ്ചയിച്ചുവെച്ചിരിക്കുകയാണ്. അതുകൊണ്ടാണ് ഇപ്പോൾ രണ്ടു കൂട്ടർക്കുമിടയിലുള്ള ഒരവസാന തീരുമാനമുണ്ടാക്കി നടപടി എടുക്കാത്തത് എന്നു സാരം . നൂഹ് (عليه السلام) നബിയുടെ സമുദായത്തിൽനിന്നാണ് വിഗ്രഹാരാധനയുടെ തുടക്കം കുറിച്ചതെന്നും, അതിന്റെ ഉത്ഭവം ഇന്നിന്ന പ്രകാരമാണുണ്ടായതെന്നും ഇബ്നു അബ്ബാസ് (رضي الله عنه)ൽ നിന്ന് ബുഖാരീ(رحمه الله) ഉദ്ധരിച്ച വിവരം നാം ഇതിനുമുമ്പ് ഉദ്ധരിച്ചു കഴിഞ്ഞിട്ടുണ്ട് . കൂടുതൽ വിവരം സൂറത്തു നൂഹിനുശേഷം കൊടുത്തിട്ടുള്ള വ്യാഖ്യാനക്കുറിപ്പിലും കാണാവുന്നതാണ്.

20 അവർ പറയുന്നു: 'അവന് [നബിക്ക്] അവന്റെ റബ്ബിങ്കൽ നിന്ന് ഒരു ദൃഷ്ടാന്തം ഇറക്കിക്കൊടുക്കപ്പെടാത്തതെന്ത്?!' എന്നാൽ, പറയുക: 'അദൃശ്യകാര്യം അല്ലാഹുവിന് മാത്രമാണ് (അറിവുള്ളത്);. ആകയാൽ, നിങ്ങൾ കാത്തിരിക്കുവിൻ, നിശ്ചയമായും ഞാൻ, നിങ്ങളോടൊപ്പം കാത്തിരിക്കുന്നവരിൽ പെട്ടവനാകുന്നു.

وَيَقُولُونَ لَوْلَآ أُنزِلَ عَلَيْهِ ءَايَةٌ مِّن رَّبِّهِۦ ۖ فَقُلْ إِنَّمَا ٱلْغَيْبُ لِلَّهِ فَٱنتَظِرُوٓا۟ إِنِّى مَعَكُم مِّنَ ٱلْمُنتَظِرِينَ ٢٠

---

20 ويقُولُونَ അവർ പയുന്നു. لو لاأنزلَ ഇറക്കപ്പെട്ടു കൂടേ, എന്തുകൊണ്ട് ഇറക്കപ്പെട്ടില്ല. عليه അവന്റെമേൽ, അവന്. آيةٌ ഒരു ദൃഷ്ടാന്തം, വല്ല ദൃഷ്ടാന്തവും. من ربه അവന്റെ റബ്ബിങ്കൽ നിന്ന്. فَقُلْ എന്നാൽ പറയുക. إنما الْغيب നിശ്ചയമായും മറഞ്ഞ കാര്യം (മാത്രം ആകുന്നു). لله അല്ലാഹുവിന് (മാത്രം ആകുന്നു). فَانتظروا അതിനാൽ നോക്കിയിരിക്കു (കാത്തിരിക്കു) വിൻ.إني معكُم നിശ്ചയമായും ഞാൻ നിങ്ങളോടൊപ്പം. من الْمنتظرين നോക്കി (കാത്ത്) ഇരിക്കുന്നവരിൽ പെട്ടവനാണ്.

നബി (صلى الله عليه وسلم) യുടെ സത്യതക്ക് തെളിവില്ലാത്തതുകൊണ്ടോ, തെളിവിന്റെ പോരായ്മ നിമിത്തം സംശയം തീരാത്തതുകൊണ്ടോ അല്ല മുശ്രിക്കുകൾ ഒരു ദൃഷാടാന്തത്തിന് ആവശ്യപ്പെടുന്നത്. നബി(صلى الله عليه وسلم)യെ ഉത്തരംമുട്ടിച്ച് ജയഭേരി അടിക്കുകയാണു അവരുടെ ഉദ്ദേശ്യം . മൂസാ (عليه السلام) നബിക്ക് വടിയും കൈയും ദൃഷ്ടാന്തമായി ഉണ്ടായിരുന്നതുപോലെയോ, സ്വാ

ലിഹു (ﷺ) നബിക്ക് ഒട്ടകം ദൃഷ്ടാന്തമായിരുന്നതുപോലയോ ഉള്ള ഒരു പ്രത്യക്ഷ പ്രകൃതി ദൃഷ്ടാന്തം എന്തുകൊണ്ട് മുഹമ്മദ് കാണിക്കുന്നില്ല എന്നാണവർ പറയുന്നത്. ഞങ്ങൾ നിന്നെ വിശ്വസിക്കേണമെങ്കിൽ, ഭൂമിയിൽനിന്ന് ഞങ്ങൾക്കൊരു ഉറവു നീ പൊട്ടിയൊഴുക്കിത്തരണം, അല്ലെങ്കിൽ നിനക്ക് ഈത്തപ്പനയുടെയും മുന്തിരിയുടെയും ഒരു തോട്ടമുണ്ടാവണം, അല്ലെങ്കിൽ നീ ആകാശത്തുനിന്ന് കഷ്ണങ്ങൾ വീഴ്ത്തണം, അല്ലെങ്കിൽ നീ അല്ലാഹുവിനെയും മലക്കുകളേയും കൊണ്ടുവരണം, അല്ലെങ്കിൽ സ്വർണ്ണം കൊണ്ടുള്ള ഒരു വീട് നിനക്കുണ്ടായിരിക്കണം, അല്ലെങ്കിൽ നീ ആകാശത്തിലൂടെ കയറിപ്പോകണം എന്നൊക്കെ ചില ദൃഷ്ടാന്തങ്ങളിൽ അവർ സ്വയം തന്നെ നിർണ്ണയിച്ചാവശ്യപ്പെട്ടിട്ടുള്ള കഥ സൂറത്ത് ഇസ്രാഉ് 90-93 ൽ കാണാവുന്നതാണ്. ഇത്തരത്തിൽപെട്ട വല്ല കാര്യങ്ങളുമായിരിക്കും അവർ ദൃഷ്ടാന്തം കൊണ്ടുദ്ദേശിക്കുന്നത് എന്ന് വ്യക്തമാകുന്നു.

ദൃഷ്ടാന്തം നൽകുന്ന കാര്യം-അത് ആർക്ക്, എപ്പോൾ , എങ്ങിനെ വേണമെന്നല്ലാമുള്ള വിഷയം-അദൃശ്യകാര്യങ്ങളിൽ പെട്ടതാണ്. അദൃശ്യജ്ഞാനം അല്ലാഹുവിന്നേ ഉള്ളു. അതുകൊണ്ട് എന്നോട് ദൃഷ്ടാന്തം ആവശ്യപ്പെട്ടിട്ട് കാര്യമില്ല . അല്ലാഹു ചെയ്വാൻ പോകുന്നതെന്താണെന്ന് നമുക്ക് കാത്തിരുന്ന് കാണാം. നാം ഇരുകൂട്ടരും കാത്തിരിക്കുക എന്നൊക്കെയാണ് അവർക്ക് നൽകുവാൻ കൽപിച്ച മറുപടിയുടെ താൽപര്യം. ദൃഷ്ടാന്തം കാണിക്കുവാൻ നബി (ﷺ) ക്കു കഴിവില്ലെന്നത് അറിയിച്ചതോടൊപ്പം തന്നെ, അവർക്ക് കനത്ത ഒരു താക്കീതുകൂടിയാണ് ഈ മറുപടി.

വിഭാഗം-3

وَإِذَآ أَذَقْنَا ٱلنَّاسَ رَحْمَةً مِّنۢ بَعْدِ ضَرَّآءَ مَسَّتْهُمْ إِذَا لَهُم مَّكْرٌ فِىٓ ءَايَاتِنَا ۚ قُلِ ٱللَّهُ أَسْرَعُ مَكْرًا ۚ إِنَّ رُسُلَنَا يَكْتُبُونَ مَا تَمْكُرُونَ ﴿٢١﴾

21 മനുഷ്യർക്ക് ബാധിച്ച വല്ല കഷ്ടതക്കും ശേഷം, അവർക്കു നാം ഒരു കാരുണ്യത്തെ ആസ്വദിപ്പിക്കുന്നതായാൽ,അപ്പോൾ (അതാ) നമ്മുടെ ദൃഷ്ടാന്തങ്ങളിൽ അവർക്കൊരു തന്ത്രം! പറയുക: 'അല്ലാഹു അതിവേഗം തന്ത്രം ചെയ്യുന്നവനാകുന്നു.' (ഹേ, തന്ത്രക്കാരേ,) നിശ്ചയമായും,നമ്മുടെ ദൂതൻമാർ, നിങ്ങൾ തന്ത്രം പ്രവർത്തിക്കുന്നത് രേഖപ്പെടുത്തുന്നതാണ്.

---

21 **وإذَا أذَقْنَا** നാം ആസ്വദിപ്പിച്ചാൽ, രുചി നോക്കിച്ചാൽ. **الناس** മനുഷ്യരെ, മനുഷ്യർക്ക്. **رحمةً** വല്ല കാരുണ്യവും. **من بعد** ശേഷമായി. **ضراء** ഒരു (വല്ല) കഷ്ടതയുടെ. **مستهم** അവരെ ബാധിച്ച, സ്പർശിച്ച. **إذَا لهم** അപ്പോൾ അവർക്ക് (ഉണ്ടായിരിക്കും). **مكْر** ഒരു തന്ത്രം (കുത്തിത്തിരിപ്പു-വഞ്ചന). **في آياتنا** നമ്മുടെ ദൃഷ്ടാന്തങ്ങളിൽ. **قُلْ** പറയുക. **اللهُ أسرع** അല്ലാഹു അതി (കൂടുതൽ) വേഗതയുള്ളവനാണ്. **مكْرًا** തന്ത്രം, തന്ത്രത്തിൽ. **إن رسلنا** നിശ്ചയമായും നമ്മുടെ ദൂതൻമാർ. **يكْتبونَ** എഴുതുന്നു, രേഖപ്പെടുത്തുന്നു. **ما تمكُرونَ** നിങ്ങൾ തന്ത്രം പ്രവർത്തിക്കുന്നത്.

മനുഷ്യരിൽ പൊതുവെ കാണപ്പെടുന്ന മറ്റൊരു ദുസ്വഭാവമാണ് ഈ വചനം ചൂണ്ടിക്കാട്ടുന്നത്. അതായത്, വല്ല കഷ്ടതയോ വിഷമമോ ബാധിച്ചുകഴിഞ്ഞശേഷം അല്ലാഹു വല്ല അനുഗ്രഹവും ചെയ്തുകൊടുത്താൽ, അതിന് നന്ദി കാണിക്കാതെ ഏതെങ്കിലും പ്രകാരത്തിലുള്ള നന്ദികേട് കാണിക്കുക. ഉദാഹരണമായി: കഠിനമായ ഒരു വരൾച്ചയോ ക്ഷാമമോ പിടിപെട്ടശേഷം , നല്ല മഴ വർഷിച്ചു ഭൂമിയിൽ വിളകൾ അഭിവൃദ്ധിപ്പെട്ടുവെന്ന് വിചാരിക്കു

ക. അത് തങ്ങളുടെ ദൈവങ്ങൾ കനിഞ്ഞതുകൊണ്ടാണെന്ന് പറയും ഒരു കൂട്ടർ. ചിലർ തങ്ങൾ വിളിച്ചു തേടാറുള്ള മഹാത്മാക്കളുടെ ബർക്കത്തായി അതിനെ വിശേഷിപ്പിക്കും. ഇന്നിന്ന നേർച്ചവഴിപാടുകളും ചടങ്ങുകളും നടത്തിയതുകൊണ്ടാണെന്ന് വേറെ ചിലരും. ഇന്ന നക്ഷത്രവും രാശിയും യോജിച്ചതുകൊണ്ടാണെന്നും, പ്രകൃതി കനിഞ്ഞതാണെന്നും മറ്റും വേറെയും ചിലർ. ചുരുക്കത്തിൽ, അത് അല്ലാഹു നൽകിയ ഒരനുഗ്രഹമാണെന്നോ അതിന് നന്ദി കാണിക്കുകയാണ് വേണ്ടതെന്നോ ഉള്ള ബോധം മിക്കവർക്കും ഉണ്ടായിരിക്കുകയില്ല.

ഇങ്ങിനെയുള്ളവരെ അല്ലാഹു താക്കീത് ചെയ്യുന്നു: അല്ലാഹുവിന് അതിവേഗം തന്ത്രം നടത്തുവാൻ കഴിയും, എൻെറ ദൂതന്മാർ-മലക്കുകൾ-നിങ്ങളുടെ അത്തരം കുതന്ത്രങ്ങളെല്ലാം രേഖപ്പെടുത്തിവെക്കുന്നുണ്ട് എന്ന്. അതായത്, നിങ്ങളുടെ ആ കുതന്ത്രങ്ങൾക്ക് അതിനേക്കാൾ വേഗതയിലും ശക്തിയിലും തന്ത്രപരമായ നടപടികൾ സ്വീകരിക്കുവാൻ അല്ലാഹുവിന് കഴിയും. പക്ഷെ, തൽക്കാലം അവൻ നടപടിയൊന്നും എടുക്കാതെ വിടുകയാണ് ചെയ്യുന്നത്. എന്നുവെച്ച് നിങ്ങൾ രക്ഷപ്പെടുമെന്നുകരുതേണ്ട. പരലോകത്തു വെച്ച് നിങ്ങളുടെ മേൽ നടപടി എടുക്കുകതന്നെ ചെയ്യും. ഇതു ഓർമ്മയിലിരിക്കട്ടെ! എന്ന് താൽപര്യം.

هُوَ ٱلَّذِى يُسَيِّرُكُمْ فِى ٱلْبَرِّ وَٱلْبَحْرِ ۖ حَتَّىٰٓ إِذَا كُنتُمْ فِى ٱلْفُلْكِ وَجَرَيْنَ بِهِم بِرِيحٍ طَيِّبَةٍ وَفَرِحُوا۟ بِهَا جَآءَتْهَا رِيحٌ عَاصِفٌ وَجَآءَهُمُ ٱلْمَوْجُ مِن كُلِّ مَكَانٍ وَظَنُّوٓا۟ أَنَّهُمْ أُحِيطَ بِهِمْ ۙ دَعَوُا۟ ٱللَّهَ مُخْلِصِينَ لَهُ ٱلدِّينَ لَئِنْ أَنجَيْتَنَا مِنْ هَٰذِهِۦ لَنَكُونَنَّ مِنَ ٱلشَّٰكِرِينَ ﴿٢٢﴾

22 അവനത്രെ, കരയിലും, കടലിലും, നിങ്ങളെ നടത്തുന്നവൻ. അങ്ങനെ, നിങ്ങൾ കപ്പലുകളിലായിരിക്കുമ്പോൾ, നല്ല (അനുകൂലമുള്ള)തായ ഒരു കാറ്റു നിമിത്തം അവ അവരെ (യാത്രക്കാരെ)യും കൊണ്ട് സഞ്ചരിക്കുകയും, അവരതിൽ സന്തോഷമടയുകയും (ചെയ്യുമ്പോൾ), (അതാ) അവർക്ക് ഒരു കൊടുങ്കാറ്റ് വന്നെത്തി! നാനാഭാഗത്തു നിന്നും അവർക്ക് തിരമാല വന്നെത്തുകയും ചെയ്തു; തങ്ങൾ വലയം ചെയ്യപ്പെട്ടു (നാശത്തിലകപ്പെട്ടു) വെന്ന് അവർ ധരിക്കുകയും ചെയ്തു (അപ്പോൾ) കീഴ്വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കിയവരായിക്കൊണ്ട് അവർ അവനെ വിളി (ച്ചു പ്രാർത്ഥി) ക്കുകയായി: 'ഇതിൽ നിന്ന് ഞങ്ങളെ നീ രക്ഷപ്പെടുത്തിത്തരുന്നപക്ഷം ,തീർച്ചയായും ഞങ്ങൾ നന്ദി കാണിക്കുന്നവരുടെ കൂട്ടത്തിലായിരിക്കുകതന്നെ ചെയ്യും.'

فَلَمَّآ أَنجَىٰهُمْ إِذَا هُمْ يَبْغُونَ فِى ٱلْأَرْضِ بِغَيْرِ ٱلْحَقِّ ۗ يَٰٓأَيُّهَا ٱلنَّاسُ إِنَّمَا بَغْيُكُمْ عَلَىٰٓ أَنفُسِكُم ۖ مَّتَٰعَ ٱلْحَيَوٰةِ ٱلدُّنْيَا ۖ ثُمَّ إِلَيْنَا مَرْجِعُكُمْ فَنُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ ﴿٢٣﴾

23 എന്നിട്ട്, അവരെ അവൻ രക്ഷപ്പെടുത്തിയപ്പോഴോ, അപ്പോഴതാ, അവർ ന്യായമില്ലാതെ ഭൂമിയിൽ ക്രമം തെറ്റിക്കൊണ്ടിരിക്കുന്നു! ഹേ, മനുഷ്യരേ, നിങ്ങളുടെ ക്രമം തെറ്റൽ നിങ്ങളുടെ സ്വന്തങ്ങൾക്കെതിരെത്തന്നെയായിരിക്കും (ഭവിക്കുന്നത്). (അതെ) ഐഹിക ജീവിതത്തിൻെറ (താൽകാലിക) സുഖാനുഭവം! പിന്നീട്, നമ്മിലേക്കാണ് നിങ്ങളുടെ മടങ്ങിവരവ്; അപ്പോൾ, നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെപ്പറ്റി നാം നി

ങ്ങളെ ബോധപ്പെടുത്തുന്നതാണ്.

---

22 **هو** അവനത്രെ. **الذي يسيركُم** നിങ്ങളെ നടത്തുന്നവൻ സഞ്ചരിപ്പിക്കുന്നവൻ. **في البر** കരയിൽ. **والبحر** കടലിലും. **حتى** അങ്ങിനെ, (ഇതു)വരെ. **إذا كُنتم** നിങ്ങൾ ആയിരുന്നാൽ,ആയിരിക്കുമ്പോൾ.**في الفُلك** കപ്പലുകളിൽ. **وجرين** അവ നടക്കുക (സഞ്ചരിക്കുക)യും. **بهم** അവരെയും കൊണ്ട്, അവരുമായി. **بريح** ഒരു കാറ്റു കൊണ്ട്, കാറ്റോടെ, കാറ്റു നിമിത്തം. **طيبة** നല്ലതായ, വിശിഷ്ടമായ. **وفرحوا** അവർ സന്തോഷം കൊള്ളുകയും. **بها** അതിൽ, അതിനെപ്പറ്റി. **جاءَتها** അവർക്ക് വരുന്നു, വന്നെത്തി. **ريح** ഒരു കാറ്റു. **عاصف** കഠിനമായ, ഉഗ്രമായ, കടുത്ത. **وجاءَهم** അവർക്ക് വരുകയും ചെയ്തു. **الموج** തിര, തിരമാല, അല. **من كُل مكان** എല്ലാ സ്ഥലത്തു നിന്നും (നാനാ ഭാഗത്തുനിന്നും). **وظنوا** അവർ ധരിക്കുക(കരുതുക)യും ചെയ്തു. **أنهم** തങ്ങൾ (ആകുന്നു) എന്ന്. **أحيط بهم** തങ്ങൾ വലയം ചെയ്യപ്പെട്ടിരിക്കുന്നു (എന്ന്). **دعوا** അവർ വിളിച്ചു, പ്രാർത്ഥിക്കുകയായി. **الله** അല്ലാഹുവിനെ, അല്ലാഹുവിനോട്. **مخلصين** തനിച്ചാക്കി (നിഷ്കളങ്ക-മാത്രമാക്കി)യവരായിട്ട്. **له** അവന്. **الدين** കീഴ്വണക്കം, നടപടി, അനുസരണം, മതം. **لئن أنجَيتنا** തീർച്ചയായും ഞങ്ങളെ നീ രക്ഷപ്പെടുത്തുന്ന പക്ഷം. **من هذه** ഇതിൽനിന്ന്. **لَنكونن** ഞങ്ങൾ ആയിരിക്കുക തന്നെ ചെയ്യും . **من الشاكرين** നന്ദി ചെയ്യുന്നവരിൽ (പെട്ടവർ). 23 **فلما أنجَاهم** എന്നിട്ട് (എന്നാൽ) അവരെ അവൻ രക്ഷപ്പെടുത്തിയപ്പോൾ. **إذا هم** അപ്പോൾ (അതാ) അവർ. **يبغونَ** ക്രമം തെറ്റുന്നു, അക്രമം ചെയ്യുന്നു, അതിരു വിടുന്നു. **في الأرض** ഭൂമിയിൽ. **بِغير الحق** ന്യായം (കാര്യം-അവകാശം) ഇല്ലാതെ. **يا أيها الناس** ഹേ മനുഷ്യരേ. **إنما بغيكُم** നിങ്ങളുടെ ക്രമം തെറ്റൽ, അക്രമം, ധിക്കാരം (തന്നെ-മാത്രം). **على أنفُسِكُم** നിങ്ങളുടെ സ്വന്തങ്ങൾക്കെതിരെ, നിങ്ങളുടെ സ്വന്തം പേരിൽ (മാത്രം-തന്നെ). **متاع** സുഖഭോഗം, ഉപകരണം, സുഖാനുഭവം. **الحياة** ജീവിതത്തിൻെറ. **الدنيا** ദുൻയാവിൻെറ ഐഹിക. **ثُم إلينا** പിന്നെ നമ്മിലേക്കാണ്. **مرجِعكُم** നിങ്ങളുടെ മടക്കം, മടങ്ങി വരവ്. **فَنُنبِئُكُم** അപ്പോൾ നാം നിങ്ങളെ ബോധപ്പെടുത്തും, വിവരമറിയിക്കും. **بِما كُنتم** നിങ്ങൾ ആയിരുന്നതിനെപ്പറ്റി. **تعملونَ** നിങ്ങൾ പ്രവർത്തിക്കും.

മനുഷ്യൻെറ നന്ദികേടിനെക്കുറിച്ചും, അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങളിൽ അവർ കുതന്ത്രം നടത്തുന്നതിനെക്കുറിച്ചും കഴിഞ്ഞ വചനത്തിൽ പ്രസ്താവിച്ചു. അതിന് നല്ലൊരു ഉദാഹരണം ഈ വചനങ്ങളിൽ അടങ്ങിയിരിക്കുന്നു. കേവലം സാങ്കൽപികമായ ഒരു ഉദാഹരണമല്ല മനുഷ്യരിൽ നടന്നുകൊണ്ടിരിക്കുന്നതും, ഒരു വ്യാഖ്യാനത്തിൻെറയോ വിശദീകരണത്തിൻെറയോ സഹായം കൂടാതെത്തന്നെ മനസ്സിലാകുന്നതുമായ ഒരു ഉദാഹരണമത്രെ-അത്. ബഹുദൈവ വിശ്വാസികളിൽ മാത്രമല്ല, ദൈവ നിഷേധികളിൽ പോലും ലോക നിയന്താവായ അല്ലാഹുവിന് മാത്രമെ മനുഷ്യന് യഥാർത്ഥത്തിൽ സഹായം നൽകുവാൻ കഴിവുള്ളുവെന്ന ബോധം ഒളിഞ്ഞിരിപ്പുണ്ടെന്ന് കൂടി മനസ്സിലാക്കാവുന്ന ഒരു ഉദാഹരണം കൂടിയാണിത്. തനി ഭൗതികവാദികളായ ആളുകൾപോലും അല്ലാഹു ഈ ഉദാഹരണത്തിൽ പ്രസ്താവിച്ചതുപോലെയുള്ള വല്ല അത്യാപത്തിലും അകപ്പെട്ട് ഗതിമുട്ടുമ്പോൾ 'ദൈവമേ, ഈശ്വരാ, പടച്ചവനേ' എന്നും മറ്റും വിളിച്ച് നിലവിളിക്കുന്നതും, മേൽപ്പോട്ട് കൈനീട്ടി രക്ഷക്കായി പ്രാർത്ഥിക്കുന്നതും ദുർലഭമല്ല.

സഅ്ദുബ്നുഅബീവഖ്-ഖാസ്(ﷺ) പ്രസ്താവിച്ചതായി, അബൂദാവൂദു, നാസാഈ (ﷺ) മുതലായവർ ഉദ്ധരിച്ച ഒരു സംഭവത്തിൻെറ ചുരുക്കം ഇങ്ങിനെയാണ്: മക്കാ വിജയം ഉണ്ടായപ്പോൾ , നബി(ﷺ) യിൽ നിന്നു രക്ഷപ്പെടുവാൻവേണ്ടി ഇക്രിമത്തുബ്നു അബീ ജഹൽ (ﷺ) സ്ഥലം വിട്ടോടിപ്പോയി. അദ്ദേഹം കപ്പൽകയറി യാത്രയായി. ഒരു കൊടും കാറ്റു ബാധിച്ചു. കപ്പലിലെ ഉദ്യോഗസ്ഥൻമാർ കപ്പലിലുള്ള യാത്രക്കാരോടു പറഞ്ഞു:

‘‘നിങ്ങൾ നിഷ്കളങ്കരായി പ്രാർത്ഥന ചെയ്യുവിൻ. ഇപ്പോൾ നിങ്ങളുടെ ദൈവങ്ങളൊന്നും ഉപകരിക്കുന്നതല്ല.’’ അപ്പോൾ, ഇക്രിമഃ(ﷺ) പറഞ്ഞു: ‘‘നിഷ്കളങ്കതയല്ലാതെ (അല്ലാഹുവിനെ മാത്രം വിളിച്ച് പ്രാർത്ഥിക്കലല്ലാതെ) സമുദ്രത്തിൽ വെച്ച് എന്നെ രക്ഷപ്പെടുത്തുകയില്ലെങ്കിൽ, കരയിൽവെച്ചും അതല്ലാതെ എന്നെ രക്ഷപ്പെടുത്തുന്നതല്ല . അല്ലാഹുവേ! നിന്നോട് ഞാൻ കരാർ ചെയ്യുന്നു: എന്നെ നീ ഇതിൽനിന്നു രക്ഷപ്പെടുത്തിയാൽ ഞാൻ മുഹമ്മദിൻെറ അടുക്കൽചെന്ന് എൻെറ കൈ അദ്ദേഹത്തിൻെറ കൈയിൽ വെക്കുന്നതാകുന്നു. (ഞാൻ മുസ്ലിമായി പ്രതിജ്ഞ നൽകാം) .അദ്ദേഹം മാപ്പു നൽകുന്നവനും, മാന്യനുമായിട്ടാണ് ഞാൻ കാണുന്നത്.’’ അനന്തരം അദ്ദേഹം മടങ്ങിവന്ന് മുസ്ലിമായി.

വിഗ്രഹാരാധകരായ ആ മുശ്രിക്കുകൾപോലും അത്യാപത്തു വരുമ്പോൾ, രക്ഷക്കു വേണ്ടി പ്രാർത്ഥിക്കുന്നത് അല്ലാഹുവിനോടായിരിക്കുമെന്നും, ആ സമയത്ത് മറ്റാരെയും വിളിച്ച് പ്രാർത്ഥിക്കുകയില്ലെന്നുമാണല്ലോ അല്ലാഹു ഈ വചനങ്ങളിൽ പ്രസ്താവിച്ചത്. എന്നാൽ, മരണപ്പെട്ടവരോ ജീവിച്ചിരിക്കുന്നവരോ ആയ ചില മഹാത്മാക്കളെ വിളിച്ചു പ്രാർത്ഥിക്കുന്നതിനു-പ്രാർത്ഥന دعاء എന്നല്ലാതെ വേറൊരു പേര് പറഞ്ഞുകൊണ്ട്-ഇസ്ലാമിൻെറ അംഗീകാരമുണ്ടെന്ന് കരുതിവശായ ചില മുസ്ലീംകളുടെ സ്ഥിതി ഓർക്കുമ്പോൾ, ആ മുശ്രിക്കുകളെക്കാൾ വളരെ ശോചനീയമാണെന്ന് അത്യധികം വ്യസനത്തോടു കൂടി പറയേണ്ടിയിരിക്കുന്നു. കാരണം, സാധാരണഗതിയിൽ ഇവർ പ്രാർത്ഥനകൾ ചെയ്യാറുള്ളത് അല്ലാഹുവിനോടായിരിക്കുമെങ്കിലും ആപത്തുകൾ നേരിടുമ്പോൾ, അല്ലാഹുവിനെ വിട്ടേച്ച് ആ മഹാത്മാളെയായിരിക്കും ഇവർ വിളിച്ചു പ്രാർത്ഥിക്കുക. ഇതുസംബന്ധിച്ച് അല്ലാമാ ആലൂസീ (رحمه الله) അദ്ദേഹത്തിൻെറ ‘റൂഹുൽ മആനീ’ എന്ന തഫ്സീറിൽ പ്രസ്താവിച്ച ഒരു പ്രസ്താവന ഇവിടെ സ്മർത്തവ്യമത്രെ. അതിൻെറ ചുരുക്കം ഇങ്ങിനെ ഉദ്ധരിക്കാം : ‘‘....ഏതായാലും, ആ സന്ദർഭത്തിൽ മുശ്രിക്കുകൾ അല്ലാഹുവിനെയല്ലാതെ വിളിച്ച് പ്രാർത്ഥിക്കുകയില്ലെന്നാണ് ഈ ആയത്ത് കാട്ടിത്തരുന്നത്. നിനക്കറിയാം: ഇന്നു മനുഷ്യർ, അവർക്ക് കരയിലോ കടലിലോ വച്ച് വല്ല അപായവും നേരിട്ടാൽ, ഉപകാരവും ഉപദ്രവവും ചെയ്യാത്തവരും, കാണുകയും കേൾക്കുകയും ചെയ്യാത്തവരുമായ ആളുകളെയാണ് വിളിക്കുകയെന്ന്. ചിലർ ഖിള്ർ, ഇൽയാസ്(عليه السلام) എന്നിവരെയും, ചിലർ വേറെ ചിലരെയും. മറ്റുചിലർ ഏതെങ്കിലും ഇമാമിനെയോ അല്ലങ്കിൽ ശൈഖിനെയോ ആയിരിക്കും വിളിക്കുക. അല്ലാഹുവിനോട് ഭക്തി അർപ്പിച്ചുകൊണ്ട് പ്രാർത്ഥിക്കുന്നവരും, ആ വിചാരം മനസ്സിൽ തോന്നുന്നവരും കുറവായിരിക്കും അപ്പോൾ, ഈ രണ്ടു കൂട്ടരിൽ ആരാണ് കൂടുതൽ നേർമ്മാർഗ്ഗികളെന്ന് ആലോചിച്ചുനോക്കുക! അല്ലാഹുവിൽ ശരണം!’’ ഇതേ സാരത്തിലുള്ള ഒരു പ്രസ്താവന അല്ലാമാ ശൗകാനീ (رحمه الله) അദ്ദേഹത്തിൻെറ ‘ഫത്ഹുൽ ഖദീറി’ ലും പ്രസ്താവിച്ചുകാണാം. എന്നിട്ടദ്ദേഹം പറയുകയാണ്: ‘‘ഈ പൈശാചിക വിശ്വാസം അവരെ എവിടെ എത്തിച്ചുവെന്നും, അവർ എവിടെ എത്തിയെന്നും, പിശാച് അവരെ എവിടെ എത്തിച്ചുവെന്നും ആലോചിച്ചുനോക്കുക!’’

يأيها الناس انما بغيكم على أنفسكم (ഹേ, മനുഷ്യരേ, നിങ്ങളുടെ ക്രമം തെറ്റൽ - അഥവാ ധിക്കാരം-നിങ്ങൾക്കെതിരിൽ തന്നെയായിരിക്കും ഭവിക്കുക) എന്ന വാക്യത്തിലെ താക്കീതു വളരെ ശ്രദ്ധാപൂർവ്വം മനസ്സിരുത്തേണ്ടുന്ന ഒരു താക്കീതത്രെ. പാപങ്ങളിലും, അക്രമങ്ങളിലും അതിരുകവിയുന്ന ധിക്കാരികൾ പരലോകശിക്ഷക്കു പുറമെ ഇഹത്തിൽവച്ചു തന്നെ അതിൻെറ തിരിച്ചടിയെ നേരിടേണ്ടിവരുമെന്നാണ് അതിലെ സൂചന. അധികാരവും, സ്വാധീനവും നിമിത്തം തോന്നിയവാസത്തിലും അക്രമത്തിലും അതിരുകവിഞ്ഞ ധിക്കാരികൾ ഈ ജീവിതത്തിൽ വച്ചുതന്നെ അതിൻെറ തിരിച്ചടി അനുഭവിച്ചതിൻെറ എത്രയോ ഉദാഹരണങ്ങൾ ചരിത്രഗ്രന്ഥങ്ങളിൽ കാണാവുന്നതാകുന്നു. ഇമാം അഹ്മദ്, ബുഖാരീ(رحمه الله) മുതലായവർ ഉദ്ധരിച്ച ഒരു ഹദീസിൻെറ സാരം സ്മരണീയമാണ്: ‘പാപം ചെയ്തവനു പരലോകത്തു

വെച്ച് നൽകുവാൻ കരുതിവെക്കപ്പെട്ട ശിക്ഷക്കുപുറമെ, ഇഹത്തിൽവെച്ചുതന്നെ ശിക്ഷ നൽകപ്പെടുവാൻ ധിക്കാരത്തെക്കാളും, കുടുംബബന്ധം മുറിക്കലിനെക്കാളും അവകാശപ്പെട്ടതായി മറ്റൊന്നില്ല.' അബൂ-ശൈഖ്, ഖത്വീബ്, അബൂനുഐമ്, ദൈലമി (ﷺ) എന്നിവർ ഉദ്ധരിച്ച ഒരു ഹദീസിൻെറ സാരം ഇതാണ്: ''മൂന്ന് കാര്യങ്ങൾ അവയുടെ ആൾക്കാരിൽതന്നെ തിരിച്ചടിക്കുന്നതാണ്: അതായത്: കുതന്ത്രവും, (പ്രതിജ്ഞ) ലംഘനവും, ധിക്കാരവും (المكر والنكث والبغي) പിന്നീട് (ഈ മൂന്നിനും തെളിവായിക്കൊണ്ട്) നബി(ﷺ) ഈ ഖുർആൻ വചനങ്ങൾ ഓതുകയും ചെയ്തു: .... يا أيها الناس (ഹേ, മനുഷ്യരേ, നിങ്ങളുടെ ധിക്കാരം നിങ്ങളുടെ സ്വന്തങ്ങൾക്കെതിരിൽ തന്നെയായിരിക്കും), ولا يحيق المكر السيئ الا باهله (ദുഷിച്ച കുതന്ത്രം അതിൻെറ ആൾക്കാരിലല്ലാതെ വന്നു ഭവിക്കുകയില്ല. (35:43), فمن نكث فانها ينكث على نفسه (ആരെങ്കിലും പ്രതിജ്ഞ ലംഘിച്ചാൽ, അവൻ തനിക്കെതിരായിത്തന്നെയാണ് ലംഘിക്കുന്നത്. (48:10)

إِنَّمَا مَثَلُ ٱلْحَيَوٰةِ ٱلدُّنْيَا كَمَآءٍ أَنزَلْنَـٰهُ مِنَ ٱلسَّمَآءِ فَٱخْتَلَطَ بِهِۦ نَبَاتُ ٱلْأَرْضِ مِمَّا يَأْكُلُ ٱلنَّاسُ وَٱلْأَنْعَـٰمُ حَتَّىٰٓ إِذَآ أَخَذَتِ ٱلْأَرْضُ زُخْرُفَهَا وَٱزَّيَّنَتْ وَظَنَّ أَهْلُهَآ أَنَّهُمْ قَـٰدِرُونَ عَلَيْهَآ أَتَىٰهَآ أَمْرُنَا لَيْلًا أَوْ نَهَارًا فَجَعَلْنَـٰهَا حَصِيدًا كَأَن لَّمْ تَغْنَ بِٱلْأَمْسِ ۚ كَذَٰلِكَ نُفَصِّلُ ٱلْـَٔايَـٰتِ لِقَوْمٍ يَتَفَكَّرُونَ ﴿٢٤﴾

24 ഐഹിക ജീവിതത്തിൻെറ ഉദാഹരണം, ആകാശത്തു നിന്ന് നാം ഇറക്കിയ ഒരു വെള്ളം പോലെ മാത്രമാകുന്നു. എന്നിട്ട്, മനുഷ്യരും കാലികളും ഭക്ഷിക്കുന്ന തരത്തിലുള്ള ഭൂമിയിലെ ചെടി (കൾ) അതുമൂലം ഇടകലർന്നു. അങ്ങനെ, ഭൂമി അതിൻെറ മോടി സ്വീകരിക്കുകയും, അത് അലംകൃതമാകുകയും ചെയ്തപ്പോൾ, തങ്ങൾ അതി(ൻെറ ഉപയോഗമെടുക്കുന്നതി)ന് കഴിവുള്ളവരാണെന്ന് അതിലെ ആൾക്കാർ ധരിക്കുകയും ചെയ്ത(പ്പോൾ), രാത്രിയിലോ പകലിലോ അതിന് നമ്മുടെ കൽപന വന്നെത്തി. അങ്ങനെ, നാം അതിനെ (അതിലെ വിളയെ) കൊയ്തെടുക്കപ്പെട്ടതു (പോലെ)-തലേദിവസം അത് ഉണ്ടായിരുന്നിട്ടില്ലാത്തതുപോലെ-ആക്കിത്തീർത്തു. അപ്രകാരം, ചിന്തിക്കുന്ന ജനങ്ങൾക്കുവേണ്ടി നാം 'ആയത്തു' [ദൃഷ്ടാന്തം] കൾ വിശദീകരിക്കുന്നു.

---

24 **إنما** നിശ്ചയമായും തന്നെ (മാത്രം). **مَثَلُ** ഉദാഹരണം, ഉപമ. **الحياة** ജീവിതത്തിൻെറ. **الدنيا** ദുൻയാവിൻെറ (ഐഹിക). **كَماءٍ** ഒരു വെള്ളം (ജലം) പോലെയാണ്. **أنزلناه** നാം അതിനെ ഇറക്കി, ഇറക്കിയ. **من السماء** ആകാശത്ത് നിന്ന്. **فَاختلط** എന്നിട്ട് കലർന്ന. **به** അതുമൂലം. **نبات** ചെടി(കൾ). **الأرض** ഭൂമിയിലെ. **مما يأكُلُ** തിന്നുന്നതിൽപെട്ട (ഭക്ഷിക്കുന്ന തരത്തിലുള്ള). **الناس** മനുഷ്യർ. **والأنعام** കാലികളും. **حتى** വരെ (ഓളം), അങ്ങിനെ. **إذَا أخذَت** എടുത്തപ്പോൾ, സ്വീകരിച്ചപ്പോൾ. **الأرض** ഭൂമി. **زخرفَها** അതിൻെറ മോടി. **وازينت** അത് അലങ്കൃതമാകുക(ഭംഗിയാകുക)യും. **وظن** കരുതുകയും ധരിക്കുകയും. **أهلُها** അതിൻെറ ആൾക്കാർ. **أنهم** അവർ എന്ന്. **قَادِرونَ** കഴിവുള്ളവരാണ് (എന്ന്). **عليها** അതിൻമേൽ, അതിന്. **أتاها** അതിന് വന്നു (എത്തി). **أمرنا** നമ്മുടെ കൽപന. **ليلاً** രാത്രി. **أو نهارا** അല്ലെങ്കിൽ പകൽ. **فَجعلناها** എന്നിട്ട് (അങ്ങിനെ) നാം അതിനെയാക്കി. **حصيدا** കൊയ്തെടുക്കപ്പെട്ടത്. **كأنْ لم تغن** അത് ധന്യമാകാത്ത (ഉണ്ടാവാത്ത)പോലെ. **بِالأمس** ഇന്നലെ, തലേന്ന്. **كَذَلك** അപ്രകാരം, അതുപോലെ. **نفصلُ** നാം വിശദീകരിക്കുന്ന. **الآيات**

ആയത്തുകൾ, ലക്ഷ്യങ്ങളെ, ദൃഷ്ടാന്തങ്ങളെ. **لِقَوْمٍ** ഒരു ജനതക്ക്, ജനങ്ങൾക്ക്. **يَتَفَكَّرُونَ** ചിന്തിക്കുന്ന, ഉറ്റാലോചിക്കുന്ന.

ആകാശത്തു നിന്ന് ഒരു മഴ പെയ്ത് ഭൂമിയിൽ നാനാതരം സസ്യലതാദികൾ തഴച്ചു വളരുകയും, ഭൂമിക്ക് ഭംഗിയും മോടിയും കൂടുകയും, ഫലമെടുക്കുമാറായെന്ന് ഉടമസ്ഥൻമാർ കരുതിക്കൊണ്ടിരിക്കുകയും ചെയ്ത ഘട്ടത്തിൽ, ഓർക്കാപ്പുറത്ത് പെട്ടെന്ന് വല്ല അത്യാഹിതവും ബാധിച്ച്-അവിടെ മുമ്പ് വിളയൊന്നും ഉണ്ടായിരുന്നില്ലെന്ന് തോന്നുമാറ്-അതിലെ വിള മുഴുവൻ നശിച്ചുപോയി. ഇതുപോലെയാണ് ഐഹികജീവിതത്തിൻെറ സ്ഥിതി. സുഖസൗകര്യങ്ങളും അലങ്കാരഭൂഷണങ്ങളും കൺമുമ്പിൽ കാണുമ്പോൾ അത് വളരെ ആകർഷകവും കാമ്യവുമായി തോന്നും. സമ്പൂർണ്ണമാണ്, ശാശ്വതമാണ് എന്നൊക്കെ ആൾക്കാർ കരുതിക്കൊണ്ടിരിക്കെ, പെട്ടെന്നൊരിക്കൽ അതെല്ലാം അപ്പാടെ നഷ്ടപ്പെട്ടുപോകുകയായി. ഒന്നുകിൽ വിഭവങ്ങളും സമ്പത്തും നശിക്കുന്നു, അല്ലെങ്കിൽ ഉടമസ്ഥൻ നശിക്കുന്നു. രണ്ടായാലും ഫലം ഒന്നാണല്ലോ. ഐഹികമായ സുഖസൗകര്യങ്ങൾ എത്ര മഹത്തരമായിരുന്നാലും അതിന് നിലനിൽപില്ല താൽക്കാലികവും നശ്വരവുമാണത്. ആകയാൽ അതിന് അമിതമായ വില കൽപിക്കുകയോ, അതിനുവേണ്ടി അനശ്വരവും അത്യുത്തമവുമായ പരലോകജീവിതം നഷ്ടപ്പെടുത്തുകയോ ചെയ്യരുത് എന്ന് സാരം. ഐഹികജീവിതത്തിൻെറ സ്ഥിതി ഇതാണെങ്കിൽ , പ്രാധാന്യം കൽപിക്കേണ്ടുന്ന ജീവിതം ഏതാണെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു:-

25 അല്ലാഹുവാകട്ടെ, ശാന്തിയുടെ ഭവനത്തിലേക്ക് ക്ഷണിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ ചൊവ്വായ പാതയിലേക്ക് വഴി ചേർക്കുകയും ചെയ്യുന്നു.	وَٱللَّهُ يَدْعُوٓاْ إِلَىٰ دَارِ ٱلسَّلَٰمِ وَيَهْدِى مَن يَشَآءُ إِلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿٢٥﴾

---

25 **والله** അല്ലാഹു, അല്ലാഹുവാകട്ടെ. **يدعوا** അവൻ ക്ഷണിക്കുന്നു, വിളിക്കുന്നു. **إلى دار** ഭവനത്തിലേക്ക്, വീട്ടിലേക്ക്. **السلام** ശാന്തിയുടെ, സമാധാനത്തിൻെറ. **ويهدي** അവൻ വഴിചേർക്കുന്നു (കാട്ടുന്നു), സൻമാർഗ്ഗം നൽകുന്നു. **من يشاء** അവൻ ഉദ്ദേശിക്കുന്നവരെ, ഉദ്ദേശിക്കുന്നവർക്ക്. **إلى صراط** പാതിയിലേക്ക്, വഴിയിലേക്ക്. **مستقيم** ചൊവ്വായ, നേരെയുള്ള.

നാശം ഭവിക്കാത്ത, ആപത്തും കാലദോഷവും ബാധിക്കാത്ത, അവർണ്ണനീയമായ സുഖസൗകര്യങ്ങളോടുകൂടി കാലാകാലം നിലനിൽക്കുന്ന ഭവനത്തിലേക്കാണ് -അതെ, സമാധാനവും ശാന്തിയുമേകുന്ന സ്വർഗ്ഗലോക ജീവിതത്തിലേക്കാണ്- അല്ലാഹു മനുഷ്യരെ ക്ഷണിക്കുന്നത്. അതാണ് ഏതു നിലക്കും ഈ ജീവിതത്തെക്കാൾ ഉത്തമവും ശേഷിക്കുന്നതും. അതു നേടാനായിരിക്കണം മത്സരം. (وفي ذلك فليتنافس المتنافسون)

അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ നേരായ പാതയിലേക്ക് വഴികാട്ടുന്നുവെന്നു പറഞ്ഞതിൻെറ അർത്ഥം, ഒരു വ്യവസ്ഥയും അടിസ്ഥാനവുമില്ലാതെ കുറേ ആളുകളെ ചീത്തപ്പെട്ടവരും, കുറേ ആളുകളെ നല്ലവരും ആക്കി വിടുമെന്നല്ലെന്നും, അവൻ നിശ്ചയിച്ചറിയിച്ചുകൊടുത്ത സൽപാതയിൽ ചരിക്കുവാൻ തയ്യാറുള്ളവരെ സൻമാർഗ്ഗികളും നല്ലവരും, തയ്യാറില്ലാത്തവരെ ചീത്തപ്പെട്ടവരും ദുർമ്മാർഗ്ഗികളും ആക്കുകയാണവൻ ചെയ്യുകയെന്നും ഒന്നിലധികം സ്ഥലങ്ങളിൽ നാം മുമ്പ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

۞ لِّلَّذِينَ أَحْسَنُوا۟ ٱلْحُسْنَىٰ وَزِيَادَةٌ ۖ وَلَا يَرْهَقُ وُجُوهَهُمْ قَتَرٌ وَلَا ذِلَّةٌ ۚ أُو۟لَـٰٓئِكَ أَصْحَـٰبُ ٱلْجَنَّةِ ۖ هُمْ فِيهَا خَـٰلِدُونَ ﴿٢٦﴾

26 നന്മ ചെയ്തവർക്ക് ഏറ്റവും നല്ലതും [നല്ല പ്രതിഫലവും] കൂടുതലും ഉണ്ടായിരിക്കും. ഇരുളാകട്ടെ, നിന്ദ്യതയാകട്ടെ, അവരുടെ മുഖങ്ങളെ മൂടുകയുമില്ല. [അവർക്ക് മ്ലാനതയും അപമാനവും ബാധിക്കുകയില്ല] അവർ സ്വർഗ്ഗത്തിൻെറ ആൾക്കാരാകുന്നു; അവർ അതിൽ നിത്യവാസികളായിരിക്കും.

وَٱلَّذِينَ كَسَبُوا۟ ٱلسَّيِّـَٔاتِ جَزَآءُ سَيِّئَةٍۭ بِمِثْلِهَا وَتَرْهَقُهُمْ ذِلَّةٌ ۖ مَّا لَهُم مِّنَ ٱللَّهِ مِنْ عَاصِمٍ ۖ كَأَنَّمَآ أُغْشِيَتْ وُجُوهُهُمْ قِطَعًا مِّنَ ٱلَّيْلِ مُظْلِمًا ۚ أُو۟لَـٰٓئِكَ أَصْحَـٰبُ ٱلنَّارِ ۖ هُمْ فِيهَا خَـٰلِدُونَ ﴿٢٧﴾

27 തിൻമകൾ സമ്പാദിച്ചുവെച്ചവരാകട്ടെ, തിൻമയുടെ പ്രതിഫലം അതിന് തുല്യമായതുകൊണ്ടായിരിക്കും; നിന്ദ്യത അവരെ മൂടുകയും ചെയ്യും. അല്ലാഹുവിൽ നിന്ന് അവരെ രക്ഷിക്കുന്ന ഒരാളുമില്ല. ഇരുളടഞ്ഞു കൊണ്ടുള്ള രാത്രിയിൽ നിന്നും (കുറേ) കഷ്ണങ്ങളാൽ അവരുടെ മുഖങ്ങൾ മൂടിയിടപ്പെട്ടതുപോലെയിരിക്കും. അക്കൂട്ടർ നരകത്തിൻെറ ആൾക്കാരാകുന്നു; അവരതിൽ നിത്യവാസികളായിരിക്കും.

---

26 **للذين أحسنوا** നന്മപ്രവർത്തിച്ചവർക്ക്. **الْحسنى** ഏറ്റവും നല്ലത്. **وزيادةٌ** വർദ്ധനവും, കൂടുതലും. **ولا يرهق** മൂടുകയുമില്ല, ചേരുകയുമില്ല. **وجوههم** അവരുടെ മുഖങ്ങളെ. **قتر** ഇരുൾ(കറുപ്പ്) പൊടിപടലം. **ولا ذلةٌ** നിന്ദ്യതയുമില്ല.. **أولئك** അക്കൂട്ടർ. **أصحاب** ആൾക്കാരാണ്, ഉടയവരാണ്. **الْجنة** സ്വർഗ്ഗത്തിൻെറ. **هم** അവർ. **فيها** അതിൽ. **خالدونَ** ശാശ്വതൻമാരാണ്, സ്ഥിരവാസികളാണ്. 27 **والذين كسبوا** യാതൊരുവരാകട്ടെ സമ്പാദിച്ചവർ, ചെയ്തുവെച്ചവർ. **السيئات** തിൻമകളെ. **جزاءُ** പ്രതിഫലം, കൂലി. **سيئة** തിൻമയുടെ. **بمثْلها** അതുപോലെത്തന്നെ, അതിന് തുല്ല്യമാണ്. **وترهقهم** അവരെ മൂടും, ചേരും. **ذلةٌ** നിന്ദ്യത, എളിമ. **ما لهم** അവർക്കില്ല. **من الله** അല്ലാഹുവിങ്കൽനിന്ന്. **من عاصم** ഒരു രക്ഷകനും, രക്ഷപ്പെടുത്തുന്ന ഒരാളും. **كأنما أغْشيت** മൂടിയിടപ്പെട്ടപ്പോലെ. **وجوههم** അവരുടെ മുഖങ്ങൾ. **قطعا** കഷ്ണങ്ങൾ, തുണ്ടങ്ങൾ. **من الليل** രാത്രിയിൽനിന്നുള്ള, രാത്രിയുടെ. **مظلما** ഇരുളടഞ്ഞ നിലയിൽ. **أولئك** അക്കൂട്ടർ. **أصحاب النار** നരകക്കാരാകുന്നു. **هم فيها** അവർ അതിൽ. **خالدونَ** സ്ഥിരവാസികളാകുന്നു, ശാശ്വതരാണ്.

دار السلام (സമാധാനത്തിൻെറ ഭവനം) ആകുന്നസ്വർഗ്ഗത്തിലേക്കാണ് അല്ലാഹു ജനങ്ങളെ ക്ഷണിക്കുന്നതെന്ന് കഴിഞ്ഞ വചനത്തിൽ പറഞ്ഞു. ആ ഭവനം ആർക്കാണ് ലഭിക്കുകയെന്നും, അവിടെ അവരുടെ സ്ഥിതിയെന്തായിരിക്കുമെന്നും ആദ്യത്തെ വചനത്തിൽ വിവരിക്കുന്നു. തുടർന്നുകൊണ്ട് അല്ലാഹു സദാ താക്കീത് ചെയ്തുകൊണ്ടിരിക്കുന്ന നിന്ദ്യതയുടെ ഭവനമാകുന്ന നരകം ആർക്കാണ് ലഭിക്കുകയെന്നും, അവരുടെ സ്ഥിതി എന്തായിരിക്കുമെന്നും രണ്ടാമത്തെ വചനത്തിലും വിവരിക്കുന്നു. ഓരോ നൻമക്കും ചുരുങ്ങിയത് അതിൻെറ പത്തിരട്ടിയും, എഴുന്നൂറിരട്ടിവരെയും പ്രതിഫലം നൽകപ്പെടുമെന്നും, അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അതിലും കൂടുതൽ ഇരട്ടിയും ലഭിക്കുമെന്നും അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. (2:261) അതാണ് الحسنى (ഏറ്റവും നല്ല പ്രതിഫലം) എന്ന വാക്ക് സൂചിപ്പിക്കുന്നത്. ഇരട്ടിക്കണക്കിലും കവിഞ്ഞതും, അതിനെക്കാൾ ഉപരിയായതുമായ വേറെയും മഹത്തായ

അനുഗ്രഹങ്ങൾ ലഭിക്കുവാനിരിക്കുന്നുവത്രെ.وزيادة (കൂടുതലും ഉണ്ട്) എന്ന വാക്കു കാണിക്കുന്നത്.

ഈ 'കൂടുതൽ' എന്താണെന്നു അല്ലാഹു ഇവിടെ വ്യക്തമാക്കിയിട്ടില്ല. അല്ലാഹുവിൻെറ തിരുമുൽകാഴ്ചയാണതുകൊണ്ട് ഉദ്ദേശ്യമെന്നും, അതിൽകവിഞ്ഞൊരു മഹാഭാഗ്യം വേറെയില്ലെന്നും പല ഹദീസുകളിൽ നിന്നും രിവായത്തുകളിൽനിന്നും വ്യക്തമാകുന്നു. അബൂബക്കർ, ഹുദൈഫത്തുബ്നുൽയമാൻ, ഇബ്നുഅബ്ബാസ്, സഈദുബ്നുൽ മുസയ്യബ്, അബ്ദുറഹ്മാനുബ്നു അബീലൈലാ, മുജാഹിദ് , ഇക്‌രിമഃ , ളഹ്-ഹാക്, ഹസൻ, ഖത്താദഃ, സുദ്ദി(رضي الله عنهم) തുടങ്ങിയ സഹാബികളും , താബിഉകളുമായ പല മഹാൻമാരിൽ നിന്നും ഇത് രിവായത്തു ചെയ്യപ്പെട്ടിരിക്കുന്നു. ഈ വിഷയത്തിൽ നബി(ﷺ) യിൽനിന്നു വന്ന ഹദീസുകളിൽ ഒന്നു ഇപ്രകാരമാകുന്നു: للذين أحسنوا (നൻമ ചെയ്തവർക്ക് ഏറ്റവും നല്ല പ്രതിഫലവും കൂടുതലും ഉണ്ടായിരിക്കും) എന്ന് ഓതിക്കൊണ്ട് തിരുമേനി പറഞ്ഞു : ''സ്വർഗ്ഗക്കാർ സ്വർഗ്ഗത്തിലും, നരകക്കാർ നരകത്തിലും പ്രവേശിച്ചാൽ ഒരാൾ വിളിച്ചു പറയും: സ്വർഗ്ഗക്കാരേ, അല്ലാഹു നിങ്ങൾക്ക് നൽകിയ ഒരു വാഗ്ദാനമുണ്ട്: അതവൻ നിറവേറ്റുവാൻ ഉദ്ദേശിക്കുന്നു. അപ്പോൾ അവർ പറയും: എന്താണത്? അവൻ ഞങ്ങളുടെ (സൽക്കർമ്മങ്ങളുടെ) തൂക്കങ്ങളെ ഘനപ്പെടുത്തിത്തന്നില്ലേ?! ഞങ്ങളുടെ മുഖങ്ങളെ അവൻ വെളുപ്പിച്ചു (സന്തോഷിപ്പിച്ചു) തരുകയും ചെയ്തില്ലേ?! ഞങ്ങളെ അവൻ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയും, നരകത്തിൽനിന്ന് കാത്തുരക്ഷിക്കുകയും ചെയ്തിട്ടില്ലേ! (ഇനി, വേറെ വാഗ്ദാനങ്ങളൊന്നും ഇല്ലല്ലോ) അപ്പോൾ അവർക്ക് മറ നീക്കപ്പെടും. അവർ അല്ലാഹുവിനെ നോക്കിക്കാണും. അപ്പോൾ, അവനെ നോക്കിക്കാണുന്നതിനെക്കാൾ ഇഷ്ടപ്പെട്ടതോ, കണ്ണുകൾക്ക് ആനന്ദം നൽകുന്നതോ ആയി മറ്റൊന്നും തന്നെ അവർക്ക് ഉണ്ടായിരിക്കയില്ല''. (അഹ്മദു , മുസ്‌ലിം മുതലായ പലരും) (*)

എന്നാൽ, തിൻമയുടെ പ്രതിഫലമാകട്ടെ, അതിൽ വർദ്ധനവിൻെറ പ്രശ്നമേ ഇല്ല. ഒരു തിൻമക്ക് അതിനു തക്ക പ്രതിഫലം മാത്രം. ഈ സംഗതി ഇവിടെ മാത്രമല്ല, ഖുർആനിൽ പലേടത്തും അല്ലാഹു വ്യക്തമാക്കിയിട്ടുള്ളതാകുന്നു. അതുപോലെത്തന്നെ, സത്യവിശ്വാസികളുടെയും സൽക്കർമ്മികളുടെയും മുഖങ്ങൾ അന്ന് വെളുത്തതും പ്രസന്നവും സന്തോഷമയവുമായിരിക്കുമെന്നും, അവിശ്വാസികളുടെയും കുറ്റവാളികളുടയും മുഖങ്ങൾ അന്ന് ഇരുണ്ടതും മ്ളാനവും ചുളിഞ്ഞതുമായിരിക്കുമെന്നും പല സ്ഥലത്തും കാണാവുന്നതാകുന്നു. അല്ലാഹു തുടരുന്നു:-

وَيَوْمَ نَحْشُرُهُمْ جَمِيعًا ثُمَّ نَقُولُ لِلَّذِينَ أَشْرَكُوا مَكَانَكُمْ أَنتُمْ وَشُرَكَاؤُكُمْ ۚ فَزَيَّلْنَا بَيْنَهُمْ ۖ وَقَالَ شُرَكَاؤُهُم مَّا كُنتُمْ إِيَّانَا تَعْبُدُونَ ﴿٢٨﴾

28 അവരെ മുഴുവനും നാം ഒരുമിച്ചു കൂട്ടുകയും, പിന്നീട്, (അല്ലാഹുവിനോട്) പങ്കു ചേർത്തിയിട്ടുള്ളവരോട് നാം (ഇങ്ങിനെ) പറയുകയും ചെയ്യുന്ന ദിവസം!. 'നിങ്ങളും, (നിങ്ങളുണ്ടാക്കിയ) നിങ്ങളുടെ പങ്കാളികളും നിങ്ങളുടെ സ്ഥാനത്ത് നിൽക്കുക. [സ്ഥലംവിടരുത്]' എന്നിട്ട് അവർക്കിടയിൽ നാം വേർപ്പെടുത്തും. അവരുടെ പങ്കാളികൾ (അവരോ

---

* ഈ തിരുദർശനത്തെപ്പറ്റി സൂ: ഖിയാമഃ 22-25ൻെറ വ്യാഖ്യാനത്തിൽ കൂടുതൽ വിവരം കാണാവുന്നതാണ്.

ട്) പറയുകയും ചെയ്യും: 'നിങ്ങൾ ഞങ്ങളെയായിരുന്നില്ല ആരാധിച്ചിരുന്നത്.'

29 'ഇനി, ഞങ്ങൾക്കും, നിങ്ങൾക്കുമിയിൽ സാക്ഷിയായി അല്ലാഹു തന്നെ മതി. നിശ്ചയമായും, നിങ്ങളുടെ ആരാധനയെക്കുറിച്ച് ഞങ്ങൾ (അറിയാത്ത) അശ്രദ്ധർ തന്നെയായിരുന്നു.'

فَكَفَىٰ بِٱللَّهِ شَهِيدًۢا بَيْنَنَا وَبَيْنَكُمْ إِن كُنَّا عَنْ عِبَادَتِكُمْ لَغَٰفِلِينَ ﴿٢٩﴾

30 അവിടെവെച്ച് എല്ലാ (ഓരോ) വ്യക്തിയും അത് മുൻ ചെയ്തുവെച്ചതുപോലെ [അതിൻെറ കർമ്മഫലം] പരീക്ഷിച്ചറിയും. അവരുടെ യഥാർത്ഥ യജമാനനായ അല്ലാഹുവിലേക്ക് അവർ തിരിക്കപ്പെടുകയും ചെയ്യും അവർ കെട്ടിച്ചമച്ചിരുന്നത് (എല്ലാം) അവരെ വിട്ട്മറഞ്ഞു പോകുകയും ചെയ്യും.

هُنَالِكَ تَبْلُوا۟ كُلُّ نَفْسٍ مَّآ أَسْلَفَتْ ۚ وَرُدُّوٓا۟ إِلَى ٱللَّهِ مَوْلَىٰهُمُ ٱلْحَقِّ ۖ وَضَلَّ عَنْهُم مَّا كَانُوا۟ يَفْتَرُونَ ﴿٣٠﴾

---

28 **ويوم** ദിവസം. **نحشرهم** നാമവരെ ഒരുമിച്ചു കൂട്ടുന്ന. **جميعا** മുഴുവൻ, എല്ലാവരെയും. **ثُمَّ نقول** പിന്നെ നാം പറയും. **للذين أشركوا** ശിർക്കു (പങ്കു ചേർക്കൽ) ചെയ്തവരോട്. **مكانكم** നിങ്ങളുടെ സ്ഥാനം), സ്ഥലം (വിടാതിരിക്കുക). **أنتم** നിങ്ങൾ. **وشركاؤكم** നിങ്ങളുടെ പങ്കാളികളും. **فَزيلنا** എന്നിട്ട് (അങ്ങനെ) നാം നീക്കം വരുത്തും, വേർപെടുത്തും. **بينهم** അവർക്കിടയിൽ. **وقالَ** പറയുകയും ചെയ്യും. **شركاؤهم** അവരുടെ പങ്കാളികൾ. **ما كنتم** നിങ്ങളാ(യിരുന്നില്ല). **إيانا** ഞങ്ങളെ. **تعبدونَ** നിങ്ങൾ ആരാധിച്ചുവരുക. 29 **فَكَفَى** ഇനി മതി. **بالله** അല്ലാഹുതന്നെ. **شهيدا** സാക്ഷിയായിട്ട്. **بيننا** ഞങ്ങളുടെ ഇടക്ക്. **وبينكم** നിങ്ങളുടെ ഇടക്കും. **إن كنا** നിശ്ചയമായും ഞങ്ങളായിരുന്നു. **عن عبادتكم** നിങ്ങളുടെ ആരാധനയെപ്പറ്റി. **لغافلين** അശ്രദ്ധർ (അറിയാത്തവർ) തന്നെ. 30 **هنالك** അവിടെ വെച്ച്. **تبلوا** പരീക്ഷണം ചെയ്യും, പരീക്ഷിച്ചറിയും, പരിചയിച്ചറിയും. **كُلّ نفسٍ** എല്ലാ ദേഹവും, വ്യക്തിയും, ആളും. **ما أسلفَت** അത് മുൻ ചെയ്തു വെച്ചത്. **وردوا** അവർ ആക്ക (മടക്ക-തിരിക്ക-തള്ള) പ്പെടുകയും ചെയ്യും. **إلى الله** അല്ലാഹുവിങ്കലേക്ക്. **مولاهم** അവരുടെ യജമാനനായ. **الحق** യഥാർത്ഥ. **وضل** പിഴച്ചു (മറഞ്ഞു) പോകയും ചെയ്യും. **عنهم** അവരിൽ നിന്ന്, അവരെ വിട്ടു. **ما كانوا** അവർ ആയിരുന്നത്. **يفترونَ** അവർ കെട്ടിച്ചമക്കും

ഈ വചനങ്ങളിൽ പ്രസ്താവിച്ചതിൻെറ താൽപര്യം ഇങ്ങിനെ മനസ്സിലാക്കാം: എല്ലാവരും മഹ്ശറിലേക്ക് ഒരുമിച്ച് കൂട്ടപ്പെടുമ്പോൾ മുശ്‌രിക്കുകളെയും, അവരുടെ ആരാധ്യവസ്തുക്കളെയും മറ്റുള്ളവരിൽനിന്നു അല്ലാഹു വേറിട്ടുനിറുത്തും. ആരാധ്യവസ്തുക്കളാകട്ടെ, തങ്ങളെ അവർ ആരാധിച്ചുവന്നിരുന്നതിനെപ്പോലും നിഷേധിക്കുകയാണ് ചെയ്യുക. നിങ്ങൾ ഞങ്ങളെ ആരാധിച്ചിരുന്നില്ല-അഥവാ, ഞങ്ങൾ അതിനു കൽപിക്കുകയോ, അനുവദിക്കുകയോ, അതറിയുകയോ ചെയ്തിട്ടില്ല-ഇതിനു അല്ലാഹു സാക്ഷിയാണ്. നിങ്ങളുടെ തന്നിഷ്ടം അനുസരിച്ചോ, പിശാചിൻെറ പ്രേരണ അനുസരിച്ചോ നിങ്ങൾ ചെയ്തതിന് ഞങ്ങൾ ഉത്തരവാദികളല്ല. ഇപ്രകാരം പറഞ്ഞ് ആ മുശ്‌രിക്കുകളിൽ നിന്നു അവർ ഒഴിഞ്ഞുമാറും. അപ്പോൾ ഒരോരുത്തരും മുമ്പ് ചെയ്തിരുന്ന ആ തോന്നിയവാസത്തിൻെറ ഫലം അവിടെ വെച്ച് അവർക്ക് അനുഭവത്തിൽ വരും . തങ്ങളുടെ ആരാധ്യൻമാരെക്കൊണ്ടു യാതൊരു ഉപകാരവും അവർക്ക് ലഭിക്കുകയില്ലെന്നു മാത്രമല്ല, സാക്ഷാൽ യജമാനനായ അല്ലാഹുവിൻെറ വിധിനടപടികൾക്ക് അവർ വിധേയരാകുകയും ചെയ്യും. അങ്ങനെ, ആ വസ്തുക്കളിൽ നി

ന്നും അവര്‍ പ്രതീക്ഷിച്ചിരുന്നതെല്ലാം അവര്‍ക്ക് പാഴായിത്തീരും, ഖിയാമത്തുനാളില്‍ അവിശ്വാസികളെ വേര്‍തിരിച്ചു നിറുത്തുമെന്നു വേറെ വചങ്ങളിലും അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്. (30.14; 36:59; 37:24 മുതലായവ നോക്കുക.)

അല്ലാഹുവിന്‍െറ അധികാരാവകാശങ്ങളിലോ, ഗുണവിശേഷണങ്ങളിലോ ഉള്‍പ്പെട്ട വല്ലതും വകവെച്ചുകൊടുത്തുകൊണ്ടാണല്ലോ അല്ലാഹു അല്ലാത്ത വസ്തുക്കളെ അവയുടെ ആരാധകന്‍മാര്‍ ആരാധിച്ചുവരുന്നത്. അതുകൊണ്ടാണ് ആരാധ്യവസ്തുക്കളെ ഉദ്ദേശിച്ച് അല്ലാഹുവിന്‍െറ പങ്കാളികള്‍ (شركاء) എന്നു പറയുന്നത്. ആരാധ്യവസ്തുക്കളായി ഗണിക്കപ്പെട്ടിട്ടുള്ള എല്ലാറ്റിനും ഈ അര്‍ത്ഥത്തില്‍ 'പങ്കാളികള്‍' എന്നു പറയപ്പെടും. ആരാധ്യവസ്തുക്കളായി കരുതപ്പെടുന്ന വിഗ്രഹങ്ങളടക്കമുള്ള നിര്‍ജ്ജീവ വസ്തുക്കളും, മലക്കുകള്‍, പ്രവാചകന്‍മാര്‍, മഹാത്മാക്കള്‍, ജിന്നുകള്‍, പിശാചുക്കള്‍ മുതലായവരുമെല്ലാം ഇതില്‍ ഉള്‍പ്പെടുന്നു. പക്ഷേ, ജീവിച്ചിരിപ്പുള്ളപ്പോള്‍ തങ്ങളെ ആരാധിക്കുവാന്‍ പ്രേരിപ്പിക്കുകയോ, അതിനെ അനുകൂലിക്കുകയോ ചെയ്ത പങ്കാളികള്‍ മാത്രമേ അല്ലാഹുവിങ്കല്‍ ശിക്ഷാര്‍ഹരായിരിക്കുകയുള്ളുവെന്ന് പറയേണ്ടതില്ല. എല്ലാതരം പങ്കുകാരും തന്നെ, ഖിയാമത്തുനാളില്‍ അവരുടെ ആരാധകരില്‍ നിന്നു ഒഴിഞ്ഞുമാറുന്നതാണെന്ന് അല്ലാഹു പല വചനങ്ങളിലായി വ്യക്തമാക്കിയിട്ടുള്ളതാണ്. അല്ലാഹുവിനെയല്ലാതെ ആരാധിക്കുവാന്‍ പ്രേരിപ്പിച്ചുകൊണ്ടിരുന്ന പിശാചുക്കള്‍പോലും ഇതില്‍ നിന്ന് ഒഴിവല്ല. ശിര്‍ക്കിനു പ്രേരിപ്പിച്ചവര്‍ മാത്രമേ അവരുടെ കുറ്റത്തിനു ബാധ്യസ്ഥരായിത്തീരുകയുള്ളു. എന്നാല്‍, ശിര്‍ക്ക് പ്രവര്‍ത്തിച്ചവരാകട്ടെ, ഒരു കാരണവശാലും അവരുടെ കുറ്റത്തില്‍നിന്നു ഒഴിവാകുന്ന പ്രശ്നമേ ഇല്ല.

വിഭാഗം-4

31 (നബിയേ,) പറയുക: 'ആകാശത്തുനിന്നും, ഭൂമിയില്‍നിന്നും നിങ്ങള്‍ക്ക് ഉപജീവനം നല്‍കുന്നത് ആരാണ്? അതല്ലെങ്കില്‍, കേള്‍വിയും, കാഴ്ചകളും അധീനമാക്കുന്നത് ആരാണ്? നിര്‍ജ്ജീവ വസ്തുവില്‍നിന്ന് ജീവ വസ്തുവെ പുറപ്പെടുവിക്കുകയും, ജീവ വസ്തുവില്‍ നിന്ന് നിര്‍ജ്ജീവ വസ്തുവെ പുറപ്പെടുവിക്കുകയും ചെയ്യുന്നത് ആരാണ്? കാര്യം(പരിപാടിയിട്ട്)നിയന്ത്രിക്കുന്നതും ആരാണ്?' എന്നാല്‍, അവര്‍ (മറുപടി) പറയും: 'അല്ലാഹു' എന്ന്. അപ്പോള്‍, പറയുക: 'എന്നിട്ട് നിങ്ങള്‍ സൂക്ഷിക്കുന്നില്ലേ?!'

قُلْ مَن يَرْزُقُكُم مِّنَ ٱلسَّمَآءِ وَٱلْأَرْضِ أَمَّن يَمْلِكُ ٱلسَّمْعَ وَٱلْأَبْصَـٰرَ وَمَن يُخْرِجُ ٱلْحَىَّ مِنَ ٱلْمَيِّتِ وَيُخْرِجُ ٱلْمَيِّتَ مِنَ ٱلْحَىِّ وَمَن يُدَبِّرُ ٱلْأَمْرَ ۚ فَسَيَقُولُونَ ٱللَّهُ ۚ فَقُلْ أَفَلَا تَتَّقُونَ ﴿٣١﴾

32 എന്നാല്‍, (ആ പറഞ്ഞ) അവനാണ് നിങ്ങളുടെ യഥാര്‍ത്ഥ റബ്ബായ അല്ലാഹ്. എന്നിരിക്കെ, യഥാര്‍ത്ഥത്തിന് പുറമെ, വഴിപിഴവല്ലാതെ എന്താണുള്ളത്?! അപ്പോള്‍ എങ്ങിനെയാണ് നിങ്ങള്‍ (യഥാര്‍ത്ഥം വിട്ട്) തിരിക്കപ്പെടുന്നത്?!

فَذَٰلِكُمُ ٱللَّهُ رَبُّكُمُ ٱلْحَقُّ ۖ فَمَاذَا بَعْدَ ٱلْحَقِّ إِلَّا ٱلضَّلَـٰلُ ۖ فَأَنَّىٰ تُصْرَفُونَ ﴿٣٢﴾

33 അപ്രകാരം, (ആ) തോന്നിയവാസം പ്രവര്‍ത്തിച്ചവരുടെ മേല്‍ നിന്‍െറ റബ്ബി

كَذَٰلِكَ حَقَّتْ كَلِمَتُ رَبِّكَ عَلَى ٱلَّذِينَ

فَسَقُوٓا۟ أَنَّهُمْ لَا يُؤْمِنُونَ ﴿٣٣﴾

ൻെറ വാക്യം യാഥാർത്ഥ്യമായിരിക്കുന്നു; അവർ വിശ്വസിക്കുന്നില്ലെന്ന്.

---

31 قُلْ പറയുക. من يرزقكم നിങ്ങൾക്ക് ആഹാരം (ഉപജീവനം) നൽകുന്നത് ആർ. من السماءِ ആകാശത്തുനിന്ന്. والأرض ഭൂമിയിൽനിന്നും. أم അല്ലാത്തപക്ഷം, അതല്ലെങ്കിൽ. من يملك അധീനമാക്കുന്നത് ആരാണ്. السمع കേൾവിയെ. والأبصار കാഴ്ചകളെയും. ومن يخرج പുറപ്പെടുവിക്കുന്നതും ആർ. الحي ജീവനുള്ളതിനെ. من الميت നിർജ്ജീവമായതിൽ നിന്ന്. ويخرج പുറപ്പെടുവിക്കുകയും. الميت നിർജ്ജീവമായതിനെ. من الحي ജീവനുള്ളതിൽ നിന്ന്. ومن يدبر നിയന്ത്രിക്കുന്നതും ആർ. الأمر കാര്യം. فَسيقُولونَ എന്നാൽ അവർ പറയും. الله അല്ലാഹു (എന്ന്). فَقُلْ അപ്പോൾ പറയുക. أفلا تتقون എന്നാൽ (എന്നിരിക്കെ) നിങ്ങൾ സൂക്ഷിക്കുന്നല്ലേ. 32 فذلكم എന്നാൽ (എന്നിരിക്കെ) അതാണ്, അവനത്രെ. الله ربكم നിങ്ങളുടെ റബ്ബായ അല്ലാഹു. الحق യഥാർത്ഥമായ. فماذا എന്നിരിക്കെ (ഇനി) എന്തൊന്നാണ്. بعد الحق യഥാർത്ഥത്തിന് ശേഷം (പുറമെ). إلا الضلالُ ദുർമാർഗ്ഗം (വഴിപിഴവ്) അല്ലാതെ. فأنى അപ്പോൾ എങ്ങിനെയാണ്. تصرفونَ നിങ്ങൾ തിരിച്ചു വിടപ്പെടുന്നത്. 33 كذلك അപ്രകാരം. حقت യഥാർത്ഥമായി, അവകാശപ്പെട്ടു, ന്യായമായി. كلمةُ വാക്കു, വാക്യം. ربك നിൻെറ റബ്ബിൻെറ. على الذين യാതൊരുവരുടെ മേൽ. فَسقُوا തോന്നിയവാസം ചെയ്ത, ധിക്കരിച്ച. أنهم അവർ (ആണ്) എന്നതിനാൽ, ആണെന്നുള്ളത്. لا يؤمنونَ അവർ വിശ്വസക്കുന്നില്ല (എന്നതിനാൽ-എന്ന്).

ആകാശത്തുനിന്ന് മഴ തുടങ്ങിയ അനുഗ്രഹങ്ങളും, ഭൂമിയിൽനിന്നു വിള മുതലായ അനുഗ്രഹങ്ങളും വഴി മനുഷ്യർക്ക് ആഹാരം നൽകുന്നവൻ, കേൾവി-കാഴ്ച മുതലായ ശക്തികളെ സൃഷ്ടിച്ച് കൈകാര്യം നടത്തുന്നവൻ, ജീവനോ ജീവസ്സോ ഇല്ലാത്ത വസ്തുക്കളിൽനിന്നു ജീവനും ജീവസ്സുള്ളതുമായ വസ്തുക്കളെയും മറിച്ച് ജീവനുള്ളവയിൽനിന്ന് നിർജ്ജീവ വസ്തുക്കളെയും ഉൽപാദിപ്പിക്കുന്നവൻ, ലോകകാര്യങ്ങൾ പരിപാടിയിട്ട് നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നവൻ ഇതെല്ലാം ആരാണെന്ന് ചോദിച്ചാൽ മുശ്‌രിക്കുകൾക്കും ഉത്തരം പറയുവാനുള്ളത് 'അല്ലാഹു' എന്ന് തന്നെയായിരിക്കും. അതെല്ലാം നടത്തുന്നതു അല്ലാഹുവാണെന്നും, അവരുടെ ആരാധ്യൻമാർ അതൊന്നും ചെയ്യുന്നില്ലെന്നും അവർക്കും ബോധ്യമാണ്. എന്നിട്ടും അല്ലാഹുവിനെ വിട്ടേച്ച് ഇതര വസ്തുക്കളെ ആരാധ്യരാക്കുകയെന്ന വിരോധാഭാസത്തിൽ മുഴകിയ അവരോടു അല്ലാഹു ചോദിക്കുകയാണ്: 'നിങ്ങൾ ഒട്ടും സൂക്ഷിക്കുന്നില്ലേ?' എന്ന്. അതായത്, നിങ്ങൾ നിങ്ങളുടെ ഭാവിയെപ്പറ്റി ഗൗനിക്കുന്നില്ലേ? നിങ്ങൾക്കു ഇതിനു എന്തു ന്യായമാണ് പറയുവാനുള്ളത്? നിങ്ങൾ ബുദ്ധി കൊടുത്ത് ആലോചിക്കുന്നില്ലേ? എന്നൊക്കെ. നിങ്ങൾ തന്നെ സമ്മതിക്കുന്ന ആ മഹൽ ഗുണങ്ങളുടെ ഉടമയായ നിങ്ങളുടെ യഥാർത്ഥ രക്ഷിതാവ് അല്ലാഹു മാത്രമാണ്, അവനെ മാത്രമേ നിങ്ങൾ ആരാധിക്കാവു എന്നാണല്ലോ നിങ്ങളോട് പറയുന്നത്. എന്നിട്ടും നിങ്ങളതു കൂട്ടാക്കുന്നില്ല. അപ്പോൾ നിങ്ങൾ ദുർമാർഗ്ഗത്തിലാണുള്ളതെന്ന് ഇനി പറയേണ്ടതില്ലല്ലോ. യഥാർത്ഥ സ്ഥിതി ഇത്രയും സ്പഷ്ടമായിരിക്കെ നിങ്ങൾ ദുർമാർഗ്ഗത്തിലേക്കു തെറ്റിപ്പോകുന്നതു ആശ്ചര്യം തന്നെ.

അവസാനത്തെ വചനത്തിൽ പറഞ്ഞതിൻെറ സാരം ഇതാണു: മേൽ പറഞ്ഞപ്രകാരം യഥാർത്ഥ സത്യം അറിയാമായിരുന്നിട്ടും അവർ തങ്ങളുടെ തോന്നിയവാസത്തിൽ നിന്നു പിൻമാറാത്തവരായിരിക്കുന്നതുകൊണ്ട് അവർ അവിശ്വാസികളും, ശിക്ഷാർഹരുമാണെന്നുള്ള അല്ലാഹുവിൻെറ നിശ്ചയം സാക്ഷാൽകൃതമായിരിക്കുന്നു. അഥവാ അവരുടെ മർക്കടമുഷ്ടിയാണ് അതിനു കാരണം. ഈ വചനങ്ങൾ അവതരിച്ചത് മക്കാ മുശ്‌രിക്കുകളിലാണെന്നു വെച്ച് അവരെ മാത്രം ബാധിക്കുന്നതാണവ എന്നും ആരും ധരിക്കേണ്ടതില്ല. എല്ലാ കാലത്തു

മുള്ള എല്ലാതരം മുശ്‌രിക്കുകളെയും ബാധിക്കുന്നതാണ് ഈ വചനങ്ങൾ എന്നുള്ളതിൽ ആർക്കും തർക്കത്തിനകാശമില്ലാത്തതാണ്.

34 പറയുക: '(ഹേ, പങ്കുചേർക്കുന്നവരേ) നിങ്ങളുടെ പങ്കാളികളിലുണ്ടോ ആദ്യമായി സൃഷ്ടിച്ചുണ്ടാക്കുകയും, പിന്നീട് അതിനെ (വീണ്ടും) ആവർത്തിച്ചുണ്ടാക്കുകയും ചെയ്യുന്നവർ?!' പറയുക: 'അല്ലാഹുവത്രെ, ആദ്യമായി സൃഷ്ടിക്കുകയും പിന്നീടതിനെ ആവർത്തിക്കുകയും ചെയ്യുന്നത്. എന്നിരിക്കെ, എങ്ങിനെയാണ് നിങ്ങൾ (സത്യം വിട്ട്) തെറ്റിക്കപ്പെടുന്നത്?!'

قُلْ هَلْ مِن شُرَكَآئِكُم مَّن يَبْدَؤُا۟ ٱلْخَلْقَ ثُمَّ يُعِيدُهُۥ ۚ قُلِ ٱللَّهُ يَبْدَؤُا۟ ٱلْخَلْقَ ثُمَّ يُعِيدُهُۥ ۖ فَأَنَّىٰ تُؤْفَكُونَ ﴿٣٤﴾

35 പറയുക: 'നിങ്ങളുടെ പങ്കാളികളിലുണ്ടോ യഥാർത്ഥത്തിലേക്ക് മാർഗ്ഗദർശനം നൽകുന്നവർ?!' പറയുക: 'അല്ലാഹുവത്രെ, യഥാർത്ഥത്തിലേക്ക് മാർഗ്ഗദർശനം നൽകുന്നത്. ആകയാൽ, യഥാർത്ഥത്തിലേക്ക് മാർഗ്ഗദർശനം നൽകുന്നവനോ പിൻപറ്റപ്പെടുവാൻ കൂടുതൽ അവകാശപ്പെട്ടവൻ; അതല്ല, മാർഗ്ഗദർശനം നൽകപ്പെടുന്നതായാലല്ലാതെ നേർമ്മാർഗ്ഗം പ്രാപിക്കാത്തവനോ?! അപ്പോൾ, നിങ്ങൾക്കെന്താണ്? എങ്ങിനെയാണ് നിങ്ങൾ വിധി കൽപിക്കുന്നത്?!'

قُلْ هَلْ مِن شُرَكَآئِكُم مَّن يَهْدِىٓ إِلَى ٱلْحَقِّ ۚ قُلِ ٱللَّهُ يَهْدِى لِلْحَقِّ ۗ أَفَمَن يَهْدِىٓ إِلَى ٱلْحَقِّ أَحَقُّ أَن يُتَّبَعَ أَمَّن لَّا يَهِدِّىٓ إِلَّآ أَن يُهْدَىٰ ۖ فَمَا لَكُمْ كَيْفَ تَحْكُمُونَ ﴿٣٥﴾

---

34 **قُلْ** പറയുക. **هلْ** ഉണ്ടോ, ഓ. **من شركائكُم** നിങ്ങളുടെ പങ്കാളികളിൽ (പങ്കുകാരിൽ) പെട്ട. **من** **يبدأ** ആദ്യമുണ്ടാക്കുന്നവൻ, ആരംഭിക്കുന്നവർ. **الْخلق** സൃഷ്ടിക്കൽ, സൃഷ്ടിയെ. **ثُم** പിന്നെ. **يعيده** അതിനെ മടക്കുന്ന, ആവർത്തിക്കുന്ന, വീണ്ടുമുണ്ടാക്കുന്ന. **قُلِ الله** പറയുക അല്ലാഹു. **يبدأ** ആരംഭിക്കുന്നു. ആദ്യമുണ്ടാക്കുന്നു. **الْخلق** സൃഷ്ടിയെ, സൃഷ്ടിക്കൽ. **ثُم يعيده** പിന്നെ അതിനെ മടക്കിയുണ്ടാക്കുന്നു, ആവർത്തിക്കും. **فأنى** അപ്പോൾ (എന്നിരിക്കെ) എങ്ങിനെ. **تؤفكُونَ** നിങ്ങൾ തെറ്റിക്കപ്പെടുന്നു.. 35 **قُلْ** പറയുക. **هلْ من شركائكُم** നിങ്ങളുടെ പങ്കാളികളിലുണ്ടോ. **من** **يهدي** മാർഗ്ഗദർശനം നൽകുന്ന (നേർമാർഗ്ഗത്തിലാക്കുന്ന)വർ(ൻ). **إلى الحق** യഥാർത്ഥ (സത്യ) ത്തിലേക്ക്. **قُلْ** പറയുക. **الله يهدي** അല്ലാഹു മാർഗ്ഗദർശനം നൽകുന്നു, അല്ലാഹുവത്രെ നേർമാർഗ്ഗത്തിലാക്കുന്നത്. **للْحق** യഥാർത്ഥ (സത്യ)ത്തിലേക്ക്. **أفَمن** അപ്പോൾ (ആകയാൽ) യാതൊരുവനോ. **يهدي** മാർഗ്ഗദർശനം നൽകുന്ന. **إلى الْحق** യഥാർത്ഥത്തിലേക്ക്. **أحق** ഏറ്റവും അവകാശപ്പെട്ടവൻ, തരപ്പെട്ട ആൾ. **أن يتبع** പിൻപറ്റപ്പെടുവാൻ. **أمن** അതല്ല ഒരുവനോ. **لا يهدي** അവൻ നേർമാർഗ്ഗം പ്രാപിക്കുയില്ല. **إلا أن يهدى** അവന് മാർഗ്ഗദർശനം ചെയ്യപ്പെടാതെ, അവനെ നേർവഴിക്കാക്കാതെ. **فما لَكُم** അപ്പോൾ നിങ്ങൾക്കെന്ത്. **كيف** എങ്ങിനെ. **تحكُمونَ** നിങ്ങൾ വിധി കൽപിക്കുന്നു.

ശിർക്കിനെ ഖണ്ഡിച്ചും, തൗഹീദിനെ സ്ഥാപിച്ചുംകൊണ്ട് ചോദ്യോത്തര രൂപത്തിൽ ചില തെളിവുകൾ കഴിഞ്ഞ വചനങ്ങളിൽ വിവരിച്ചു. അതുപോലെ വേറെ രണ്ടു തെളിവുക

ളാണ് ഈ വചനങ്ങളിലും വിവരിക്കുന്നത്. കഴിഞ്ഞ വചനങ്ങളിലെ ചോദ്യങ്ങൾക്കു നേർക്കുനേരെ മറുപടി പറയുവാൻ മുശ്‌രിക്കുകൾക്ക് മടി തോന്നാത്തതാകകൊണ്ട് അവർതന്നെ 'അല്ലാഹു' എന്നു മറുപടി പറയും فيقولون الله എന്നായിരുന്നു അവിടെ പറഞ്ഞത്. ഈ വചനങ്ങളിലെ ചോദ്യങ്ങൾക്ക് അവർ അതേ വേഗതയിൽ മറുപടിപറയുവാൻ ഇടയില്ല. എന്നാലും അൽപമൊന്നു ആലോചിച്ചാൽ അവക്കുള്ള മറുപടിയും മറ്റൊന്നായിരിക്കാൻ തരമില്ല. അതുകൊണ്ട് ഇവിടത്തെ ചോദ്യങ്ങൾക്കുള്ള മറുപടി ഇന്നതാണെന്ന് അവരെ കേൾപ്പിച്ചു സമ്മതിപ്പിക്കുവാനും, ആ അടിസ്ഥാനത്തിൽ അവരെ ഖണ്ഡിക്കുവാനും നബി (ﷺ) യോട് കൽപിച്ചിരിക്കുകയാണ്.

ഒന്നാമത്തെ ചോദ്യം, നിങ്ങളുടെ പങ്കാളികളിൽ- നിങ്ങൾ ആരാധിച്ചുവരുന്ന വിഗ്രഹങ്ങൾ, മലക്കുകൾ, മഹാത്മാക്കൾ തുടങ്ങിയ ആരാധ്യവസ്തുക്കളിൽ-സൃഷ്ടികളെ ആദ്യം സൃഷ്ടിച്ചുണ്ടാക്കുകയും, അവ നശിച്ചശേഷം പിന്നീട് വീണ്ടും സൃഷ്ടിക്കുകയും ചെയ്യുന്നവരുണ്ടോ? എന്നാണല്ലോ. ഇതിൽ രണ്ടാമത്തെ സൃഷ്ടിക്കലിനെ-മരണാനന്തര ജീവിതത്തെപ്പറ്റി മുശ്‌രിക്കുകൾക്ക് വിശ്വാസമില്ലാത്തതുകൊണ്ട് അവർ ചോദ്യത്തിന് നേർക്കുനേരെ മറുപടി പറയുവാൻ മടിച്ചേക്കുക സ്വാഭാവികമാണ്. എന്നാലും നിർജ്ജീവമായി കിടക്കുന്ന തരിശു ഭൂമിയെ മഴ ഇറക്കി നവജീവസ്സുള്ളതാക്കുന്നതും, ഉഷ്ണ കാലത്തു ഉണങ്ങി നശിച്ചുപോയ സസ്യലതാദികളെ വീണ്ടും ഉൽപാദിപ്പിച്ചു വളർത്തുന്നതും അല്ലാഹുവാണെന്ന് അവർക്കറിയാവുന്ന സ്ഥിതിക്ക് അക്കാര്യത്തിൽ അവർക്കു സംശയം ഉണ്ടായിക്കൂടാത്തതാണ്. രണ്ടാമത്തെ ചോദ്യം: യഥാർത്ഥ മാർഗ്ഗത്തിലേക്ക് മാർഗ്ഗദർശനം നൽകുന്ന വല്ലവരും നിങ്ങളുടെ പങ്കാളികളിൽ ഉണ്ടോ? എന്നാണ്. മാർഗ്ഗദർശനം هداية പല പ്രകാരത്തിലുണ്ട്. ബുദ്ധി, കാഴ്ച, കേൾവി മുതലായ ജൻമസിദ്ധമായ മാർഗ്ഗങ്ങളിലൂടെ ലഭിക്കുന്ന തെളിവുകൾ മുഖേനയുള്ള മാർഗ്ഗ ദർശനം. പ്രവാചകൻമാർ, മതഗ്രന്ഥങ്ങൾ മുതലായവ മുഖേന ലഭിക്കുന്ന മാർഗ്ഗദർശനം. സാഹചര്യങ്ങളും ചുറ്റുപാടുകളും ശരിപ്പെടുന്നതിൽ നിന്നുണ്ടാകുന്ന മാർഗ്ഗദർശനം. ഇവയെല്ലാം തന്നെ നൽകുന്നവൻ അല്ലാഹുവല്ലാതെ മറ്റാരുമല്ലെന്നു അവർക്കും ആലോചിച്ചറിയാവുന്നതാകുന്നു. അപ്പോൾ, മേൽകണ്ട തരത്തിലുള്ള എല്ലാ മാർഗ്ഗ ദർശനങ്ങളും നൽകുന്ന അല്ലാഹുവിനെ വിട്ടു യാതൊരു മാർഗ്ഗദർശനവും നൽകുവാൻ കഴിയാത്ത വസ്തുക്കളെ ദൈവങ്ങളാക്കിവെച്ച് ആരാധിക്കുന്നത് തികച്ചും വിഡ്ഢിത്തമല്ലേ?! എന്നു അല്ലാഹു അവരോട് ചോദിക്കുന്നു.

സത്യാവസ്ഥ ഇത്രയും വ്യക്തമായിരുന്നിട്ടും അവർ അതിൽനിന്നു തെറ്റി ദുർമ്മാർഗ്ഗത്തിൽ ശഠിച്ചുനിന്നുകൊണ്ടിരിക്കുന്നത് ഒരു വലിയ ആശ്ചര്യം തന്നെയാണല്ലോ. ആദ്യത്തെ വചനത്തിൽ فاني تؤفكون (അപ്പോൾ നിങ്ങൾ എങ്ങിനെ തെറ്റിക്കപ്പെടുന്നു?!) എന്നും, രണ്ടാമത്തെ വചനത്തിൽ فمالكم كيف (നിങ്ങൾക്കെന്താണ്?! നിങ്ങൾ എങ്ങിനെ വിധി കൽപിക്കുന്നു?!) എന്നും പറഞ്ഞത് ഈ ആശ്ചര്യത്തെയാണ് കുറിക്കുന്നത്. പ്രാഥമിക ബുദ്ധികൊണ്ട് ആലോചിച്ചാൽ പോലും മനസ്സിലാക്കാവുന്ന സ്പഷ്ടമായ തെളിവുകളുണ്ടായിരുന്നിട്ടും മുശ്‌രിക്കുകൾ തങ്ങളുടെ ശിർക്കുപരമായ പ്രവർത്തനങ്ങളിൽനിന്ന് പിൻമാറാതിരിക്കുവാൻ കാരണമെന്താണെന്ന് ചോദിക്കപ്പെടാമല്ലോ. ഇതിനുള്ള ഉത്തരം അടുത്ത വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നു:-

36 അവരിൽ അധികമാളും ഒരു (തരം) ഊഹത്തെയല്ലാതെ പിൻപറ്റുന്നില്ല. നിശ്ചയമായും, യഥാർത്ഥത്തെ സംബന്ധിച്ച് ഊഹം ഒട്ടും (തന്നെ) പര്യാപ്തമാക്കുകയില്ല. നിശ്ചയമായും അല്ലാഹു, അവർ	وَمَا يَتَّبِعُ أَكْثَرُهُمْ إِلَّا ظَنًّا ۚ إِنَّ الظَّنَّ لَا يُغْنِي مِنَ الْحَقِّ شَيْئًا ۚ إِنَّ اللَّهَ عَلِيمٌ بِمَا

ചെയ്തുകൊണ്ടിരിക്കുന്നതിനെപ്പറ്റി അറിയുന്നവനാണ്.	يَفْعَلُونَ ﴿٣٦﴾

---

36 وما يتبع പിൻപറ്റുന്നില്ല. أكثرهم അവരതിൽ അധികഭാഗവും (ആളും). إلا ظنا ഊഹത്തെയല്ലാതെ. إن الظن നിശ്ചയമായും ഊഹം. لا يغني അത് പര്യാപ്തമാക്കുകയില്ല, ധന്യമാക്കുകയില്ല. من الحق യഥാർത്ഥത്തെക്കുറിച്ച്. شيئا യാതൊന്നും, ഒട്ടും. إن الله നിശ്ചയമായും അല്ലാഹു. عليم അറിയുന്നവനാണ്. بما يفعلون അവർ ചെയ്യുന്നതിനെപ്പറ്റി.

അല്ലാഹു അല്ലാത്തവരെ ആരാധിക്കൽ, അവർ തങ്ങൾക്ക് അല്ലാഹുവിങ്കൽ ശുപാർശ നടത്തുമെന്ന വിശ്വാസം, അല്ലാഹുവിൻെറ അവകാശാധികാരങ്ങളിൽ മറ്റുള്ളവർക്ക് പങ്കു കൽപിക്കൽ, പ്രവാചകൻമാരെയും വേദഗ്രന്ഥങ്ങളെയും വ്യാജമാക്കൽ, മരണാനന്തര ജീവിതം മുതലായ കാര്യങ്ങളെ നിഷേധിക്കൽ എന്നിവയിലെല്ലാം തന്നെ ഇവർക്കുള്ള ഏക അടിസ്ഥാനം കേവലം ഊഹം മാത്രമാണ്. അല്ലാതെ, ന്യായയുക്തമായ ഒരു തെളിവും അതിനില്ല എന്ന് അല്ലാഹു അസന്നിഗ്ദ്ധമായി പ്രസ്താവിക്കുന്നു. ചിലർ സത്യാവസ്ഥ മനസ്സിലായിട്ടും വാശിയും ശാഠ്യവുമായി സത്യം സ്വീകരിക്കാത്തവരുണ്ടായിരിക്കുമെങ്കിലും ഭൂരിഭാഗത്തിൻെറയും സ്ഥിതി ഇതാണെന്നർത്ഥം. തുടർന്നുകൊണ്ട് ان الظن لا يغني (നിശ്ചയമായും ഊഹം യഥാർത്ഥത്തെ സംബന്ധിച്ച് ഒട്ടുംതന്നെ പര്യാപ്തമാക്കുകയില്ല) എന്നു പറഞ്ഞിരിക്കുന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാകുന്നു. മൗലിക പ്രധാനായ ഒരു തത്വമാണ് ഈ വാക്യം ഉൾക്കൊള്ളുന്നത്.

മൗലിക വിഷയങ്ങളിലും, വിശ്വാസ സിദ്ധാന്തങ്ങളിലുമൊക്കെ ഊഹത്തിനോ അനുമാനത്തിനോ സ്ഥാനമില്ല. അവ യഥാർത്ഥാധിഷ്ഠിതങ്ങളായിരിക്കണം. അഥവാ, യാഥാർത്ഥ്യം ഇന്നതെന്ന് വ്യക്തമായി മനസ്സിലാക്കുന്ന അംഗീകൃത തെളിവുകളാൽ സ്ഥാപിതമായവയായിരിക്കണം. ഈ വിഷയം പണ്ഡിതൻമാർക്കിടയിൽ ഭിന്നാഭിപ്രായമില്ലാത്തതും, ഓരോ വ്യക്തിയും പ്രത്യേകം മനസ്സിരുത്തേണ്ടതുമാകുന്നു. ഇസ്‌ലാമിലെ വിശ്വാസസിദ്ധാന്തങ്ങളെല്ലാം ഒന്നുകിൽ, ബുദ്ധിയുടെ അനിവാര്യമായ വിധിക്കൊത്തതായിരിക്കണം, അല്ലെങ്കിൽ ഖുർആൻ മുഖേനയോ, നബി (ﷺ) യുടെ സുന്നത്ത് മുഖേനയോ വ്യക്തമായി അറിയപ്പെട്ടതായിരിക്കണമെന്ന് ഇതിൽനിന്ന് സ്പഷ്ടമാകുന്നു. അതുകൊണ്ടാണ് ലക്ഷ്യം നോക്കാതെ മറ്റൊരാളുടെ വാക്കിനെ അടിസ്ഥാനപ്പെടുത്തി വിശ്വാസകാര്യം ഉറപ്പിക്കുന്നവൻെറ വിശ്വാസം ശരിയല്ലെന്ന് പല മഹാൻമാരും അവരുടെ ഗ്രന്ഥങ്ങളിൽ പ്രസ്താവിച്ചു കാണുന്നതും. (*)

'അവർ പ്രവർത്തിച്ചുവരുന്നതിനെപ്പറ്റി അല്ലാഹു അറിയുന്നവനാണ്' എന്നുള്ള അവസാനത്തെ വാക്യത്തിൽ വമ്പിച്ച ഒരു താക്കീതാണ് അടങ്ങിയിരിക്കുന്നത്. ഓരോ വ്യക്തിയുടെയും വിശ്വാസം ശരിയോ തെറ്റോ, അതിൽ അവന് ശരിയായ തെളിവുണ്ടോ ഇല്ലേ, ഊഹത്തെ പിൻപറ്റിയതോ അല്ലേ, ആ വിശ്വാസവും പ്രവൃത്തിയും തമ്മിൽ പൊരുത്തമുണ്ടോ ഇല്ലേ എന്നിങ്ങിനെയുള്ളതെല്ലാം അല്ലാഹു അറിഞ്ഞുകൊണ്ടിരിക്കുന്നുണ്ടെന്നും, ആ അറിവനുസരിച്ച് അവൻ നടപടിയെടുക്കുമെന്നുമാണല്ലോ അതിൻെറ സാരം.

---

* يعني ان ايمان المقلد غير صحيح (അതായതു: മറ്റൊരാളെ അനുകരിക്കുന്നവൻെറ വിശ്വാസം ശരിയല്ല)

37 ഈ ഖുർആൻ അല്ലാഹുവിനെക്കൂടാതെ (മറ്റാരാലും) കെട്ടിച്ചമക്കപ്പെടാവതല്ല. പക്ഷേ, അതിൻെറ മുമ്പിലുള്ളതിൻെറ സത്യസാക്ഷീകരണവും, വേദഗ്രന്ഥത്തിൻെറ വിശദീകരണവുമത്രെ. അതിൽ സന്ദേഹമേ ഇല്ല; ലോകരുടെ രക്ഷിതാവിങ്കൽ നിന്നുള്ളതാണ് (അത്).

وَمَا كَانَ هَٰذَا ٱلْقُرْءَانُ أَن يُفْتَرَىٰ مِن دُونِ ٱللَّهِ وَلَٰكِن تَصْدِيقَ ٱلَّذِى بَيْنَ يَدَيْهِ وَتَفْصِيلَ ٱلْكِتَٰبِ لَا رَيْبَ فِيهِ مِن رَّبِّ ٱلْعَٰلَمِينَ ﴿٣٧﴾

38 അതല്ല, 'അത് അവൻ (നബി) കെട്ടിച്ചമച്ചിരിക്കയാണ്' എന്ന് അവർ പറയുന്നുവോ?! പറയുക; 'എന്നാൽ, അതുപോലെയുള്ള ഒരു 'സൂറത്ത്'' [അദ്ധ്യായം] നിങ്ങൾ കൊണ്ടുവരുവിൻ; അല്ലാഹുവിനെ കൂടാതെ നിങ്ങൾക്ക് സാധിക്കുന്നവരെ (യെല്ലാം) നിങ്ങൾ വിളിച്ചും കൊള്ളുവിൻ; നിങ്ങൾ സത്യവാൻമാരാണെങ്കിൽ!'

أَمْ يَقُولُونَ ٱفْتَرَىٰهُ ۖ قُلْ فَأْتُوا۟ بِسُورَةٍ مِّثْلِهِۦ وَٱدْعُوا۟ مَنِ ٱسْتَطَعْتُم مِّن دُونِ ٱللَّهِ إِن كُنتُمْ صَٰدِقِينَ ﴿٣٨﴾

---

37 **وما كَانَ** ആകുകയില്ല, ആകാവതല്ല. **هذا القُرآنُ** ഈ ഖുർആൻ. **أن يفْترى** കെട്ടിച്ചമക്ക (കെട്ടിയുണ്ടാക്ക) പ്പെടുവാൻ. **من دون** കൂടാതെ. **اللهِ** അല്ലാഹുവിനെ. **ولكن** പക്ഷെ എങ്കിലും, എന്നാൽ. **تصديق** സത്യമാക്കൽ (സത്യസാക്ഷീകരണം) ആണ്. **الذي** യാതൊന്നിൻെറ, യാതൊന്നിനെ. **بين يديه** അതിൻെറ മുമ്പിലുള്ള. **وتفْصيلَ** വിശദീകരണവും. **الْكتابِ** (വേദ) ഗ്രന്ഥത്തിൻെറ. **لا ريب** സന്ദേഹ (സംശയ)മേ ഇല്ല. **فيه** അതിൽ. **من رب** റബ്ബിങ്കൽ (രക്ഷിതാവിൽ) നിന്നാണ്. **الْعالمين** ലോകരുടെ. 38 **أم يقُولُونَ** അതല്ല (അതോ-അല്ലെങ്കിൽ) അവർ പറയുന്നുവോ. **افْتراه** അതിനെ അവൻ കെട്ടിച്ചമച്ചുവെന്ന്. **قُلْ** പറയുക. **فَأتوا** എന്നാൽ വരുവിൻ. **بِسورة** ഒരു സൂറത്തും കൊണ്ട്. **مثْله** അതുപോലെയുള്ള. **وادعوا** വിളിക്കുക(ക്ഷണിക്കുക)യും ചെയ്യുവിൻ. **من استطعْتم** നിങ്ങൾക്ക് സാധിക്കുന്നവരെ. **من دون اللهِ** അല്ലാഹുവിന് പുറമെ (കൂടാതെ). **إن كُنتم** നിങ്ങളാണെങ്കിൽ. **صادقين** സത്യവാൻമാർ, സത്യം പറയുന്നവർ.

തൗഹീദിനെ സ്ഥാപിച്ചും, ശിർക്കിനെ ഖണ്ഡിച്ചുംകൊണ്ടുള്ള ഏതാനും പ്രസ്താനവകൾക്കുശേഷം അല്ലാഹു ഖുർആൻെറ അമാനുഷികതയും, സത്യതയും സ്ഥാപിക്കുകയാണ്. അല്ലാഹുവിനല്ലാതെ ഇങ്ങിനെ ഒരു ഗ്രന്ഥം കൊണ്ടുവരുവാൻ സാധ്യമല്ലെന്ന് ആദ്യം ഉറപ്പിച്ചു പറഞ്ഞു. തുടർന്നുകൊണ്ട് അതിൻെറ അമാനുഷികതക്കുള്ള ചില തെളിവുകളും ചൂണ്ടിക്കാട്ടിയിരിക്കുന്നു. അതായത്, അതിൻെറ മുമ്പിലുള്ള വേദഗ്രന്ഥങ്ങളുടെ സത്യസാക്ഷീകരണവും, വേദഗ്രന്ഥത്തിൻെറ വിശദീകരണവുമാണ് അതെന്ന്. മുൻവേദഗ്രന്ഥങ്ങളിലുള്ള പല വാർത്തകളും, അവയിലെ പ്രധാന തത്വങ്ങളും അതേപടി ഖുർആനിലും അടങ്ങിയിരിക്കുന്നു. നിയമനിർദ്ദേശങ്ങൾ, സൻമാർഗ്ഗോപദേശങ്ങൾ, തെളിവുകൾ ആദിയായി ഒരു വേദഗ്രന്ഥത്തിൽ എന്തെല്ലാം ആവശ്യമാകുന്നുവോ അതെല്ലാം സവിശദം അതിൽ വിവരിക്കപ്പെട്ടിട്ടുമുണ്ട്. അവയിൽ ഒന്നും തന്നെ സന്ദേഹത്തിനോ ആശയക്കുഴപ്പത്തിനോ ഇടവുമില്ല. എല്ലാം സത്യസമ്പൂർണ്ണവും ന്യായയുക്തവുമാണുതാനും. അതു ലോകസമക്ഷം സമർപ്പിക്കുന്നതാകട്ടെ; അക്ഷരജ്ഞാനമോ, വേദഗ്രന്ഥ പരിചയമോ ഇല്ലാത്ത ഒരാളുടെ കൈക്കും. ആ ഗ്ര

ന്ഥം അല്ലാഹുവിങ്കൽനിന്നുള്ളതാണെന്നും, സൃഷ്ടികളാൽ നിർമ്മിതമല്ലെന്നുമുള്ളതിന് ഇതൊക്കെത്തന്നെ തെളിവാണ്. അതെ, അല്ലാഹു അല്ലാത്തവരിൽ നിന്നായിരുന്നു ഖുർആനെങ്കിൽ നിശ്ചയമായും അതിൽ ധാരാളം വൈരുദ്ധ്യം കാണേണ്ടതായിരുന്നു. (ولو كان من عند غير الله لوجدوا فيه اختلافا كثيرا – النساء ٨٢)

വസ്തുതകൾ ഇങ്ങിനെയായിരുന്നിട്ടു പിന്നെയും മുഹമ്മദ് (ﷺ) കെട്ടിയുണ്ടാക്കിയതാണ് ഈ ഖുർആൻ എന്ന് അതിൻെറ നിഷേധികൾക്ക് വാദമുണ്ടെങ്കിൽ അതിലെ അദ്ധ്യായം പോലെയുള്ള ഒരദ്ധ്യായമെങ്കിലും അവരൊന്ന് കൊണ്ടുവരട്ടെ, വേണമെങ്കിൽ, അല്ലാഹു അല്ലാത്ത മറ്റാരെയും അവരുടെ കഴിവുപോലെ അവർ സഹായത്തിന് കൂട്ടുകയും ചെയ്തുകൊള്ളട്ടെ-എന്നാലതൊന്നു കാണാമല്ലോ-എന്നു അല്ലാഹു അവരെ വെല്ലുവിളിക്കുകയും ചെയ്തിരിക്കുന്നു. ഖുർആൻ അല്ലാഹുവിൻെറ വചനം തന്നെയാണെന്നും, നബി (ﷺ) യോ മറ്റോ രചിച്ചതല്ലെന്നുമുള്ളതിന് ഏറ്റവും വ്യക്തവും അനിഷേധ്യവുമായ ഒരു തെളിവത്രെ ഈ വെല്ലുവിളി. അറബികൾ ഭാഷാസാഹിത്യത്തിൽ ഏറ്റവും ഉച്ചിയിലെത്തിക്കഴിഞ്ഞിരുന്ന അക്കാലത്തോ, അതിനുശേഷം ഇന്നിതുവരെയോ ഈ വെല്ലുവിളിയെ നേരിടുവാൻ ആളുണ്ടായിട്ടില്ല. ഇതാകട്ടെ, ഈ തുറയിലുള്ള ഖുർആൻെറ വെല്ലുവിളികളിൽ മൂന്നാമത്തേതും ഏറ്റവും ലഘുവായതുമാണുതാനും. ജിന്നും മനുഷ്യരുമെല്ലാംകൂടി ചേർന്നാലും ഇതുമാതിരി ഒരു ഖുർആൻ കൊണ്ടുവരാൻ സാധ്യമല്ലെന്ന് സൂ: ഇസ്റാഉ്: 88ലും, ഖുർആൻ നബി (ﷺ) കെട്ടിയുണ്ടാക്കിയതാണെന്ന് വാദമുണ്ടെങ്കിൽ അതുപോലെ ഒരു പത്തു സൂറത്തുകളെങ്കിലും കൊണ്ടുവരട്ടെ, സാധിക്കുന്നവരെയൊക്കെ അതിനു ക്ഷണിച്ചുംകൊള്ളട്ടെ എന്നു സൂ: ഹൂദു: 13ലും അല്ലാഹു പ്രഖ്യാപിച്ചു. ആ രണ്ടു വെല്ലുവിളികളും നിലവിലിരിക്കെത്തന്നെയാണ് അതേ മാതിരി ഒരു സൂറത്തെങ്കിലും കൊണ്ടുവരട്ടെ എന്നുള്ള ഈ മൂന്നാമത്തേതും.

ഈ മൂന്നു സൂറത്തുകളും-ഇസ്റാഉം, ഹൂദും, ഈ സൂറത്തും-മക്കീ സൂറത്തുകളാകുന്നു. ഏറ്റവും ലഘുവായ ഈ മൂന്നാമത്തെ വെല്ലുവിളിയാകട്ടെ, മദനീ സൂറത്തായ അൽബഖറഃ 23, 24 വചനങ്ങളിൽ വീണ്ടും അല്ലാഹു ആവർത്തിക്കുകയും ചെയ്തിരിക്കുന്നു. ഒരു കാലത്തും നിങ്ങൾക്കത് സാധ്യമല്ലെന്ന് അവിടെ അറുത്തുമുറിച്ച് പറയുകകൂടി ചെയ്തിരിക്കുകയാണ്. മനസ്സാക്ഷിയും, സത്യബോധവുമുള്ള ഏതൊരു ഹൃദയത്തിനും ഖുർആൻെറ സത്യതയും ദൈവികതയും മനസ്സിലാക്കുവാൻ ഇതിൽപരം തെളിവ് എന്താണുള്ളത്?! അല്ലാഹുവിന് പുറമെയുള്ള ആരുടെ സഹായസഹകരണം വേണമെങ്കിലും സ്വീകരിക്കാമെന്നും, എന്നാലും നിങ്ങൾക്കതിന് കഴിയുകയില്ലെന്നും അർത്ഥശങ്കക്കിടമില്ലാത്തവിധം ഉറപ്പിച്ചു പറയുവാൻ അല്ലാഹുവിന്നല്ലാതെ കഴിയുമോ?! അല്ലാഹു തുടർന്നു പറയുന്നു:-

39	എങ്കിലും അവർ യാതൊന്നിൻെറ അറിവിനെ സൂക്ഷ്മമാക്കിയിട്ടില്ലയോ അതിനെ [സൂക്ഷ്മമായി അറിഞ്ഞിട്ടില്ലാത്തതിനെ] അവർ വ്യാജമാക്കിയിരിക്കുകയാണ്. അതിൻെറ പുലർച്ച അവർക്ക് വന്നെത്തിയിട്ടുമില്ലതാനും. അപ്രകാരം, അവരുടെ മുമ്പുള്ളവരും വ്യാജമാക്കിയിരിക്കുന്നു. എന്നിട്ട് (ആ) അക്രമികളുടെ പര്യവസാനം എങ്ങിനെ ആയെന്ന് നോക്കുക!	بَلْ كَذَّبُوا۟ بِمَا لَمْ يُحِيطُوا۟ بِعِلْمِهِۦ وَلَمَّا يَأْتِهِمْ تَأْوِيلُهُۥ ۚ كَذَٰلِكَ كَذَّبَ ٱلَّذِينَ مِن قَبْلِهِمْ ۖ فَٱنظُرْ كَيْفَ كَانَ عَـٰقِبَةُ ٱلظَّـٰلِمِينَ ﴿٣٩﴾
40	അവരിൽനിന്നും ചിലർ അതിൽ വിശ്വസിക്കുന്നവരുണ്ട്; അവരിൽനിന്നും ചില	وَمِنْهُم مَّن يُؤْمِنُ بِهِۦ وَمِنْهُم مَّن لَّا يُؤْمِنُ بِهِۦ ۚ وَرَبُّكَ

أَعۡلَمُ بِٱلۡمُفۡسِدِينَ ۝٤٠

ർ അതിൽ വിശ്വസിക്കാത്തവരുമുണ്ട്. നിൻെറ റബ്ബ്, നാശമുണ്ടാക്കുന്നവരെപ്പറ്റി നല്ലവണ്ണം അറിയുന്നവനാകുന്നു.

---

39 بَلْ പക്ഷേ, എങ്കിലും, എന്നാൽ. كَذَّبوا അവർ വ്യാജമാക്കി. بِما യാതൊന്നിനെ. لَمْ يُحيطوا അവർ വലയം ചെയ്തിട്ടില്ല (സൂക്ഷ്മമാക്കിയിട്ടില്ല). بِعِلْمِه അതിൻെറ അറിവിനെ. وَلَمّا يَأْتِهِمْ അവർക്കുവന്നിട്ടുമില്ല. تَأْوِيلُه അതിൻെറ പുലർച്ച, പൊരുൾ, വ്യഖ്യാനം. كَذٰلِكَ അതുപോലെ. كَذَّبَ വ്യാജമാക്കിയിരിക്കുന്നു. الذين من قبلهم അവരുടെ (ഇവരുടെ) മുമ്പുള്ളവർ. فَانْظُرْ എന്നിട്ട് നോക്കുക. كَيْفَ كَانَ എങ്ങിനെ ആയി (ഉണ്ടായി) എന്ന്. عَاقِبَةُ കലാശം, പര്യവസാനം, അന്ത്യം. الظَّالِمين അക്രമികളുടെ. 40 وَمِنْهُمْ അവരിലുണ്ട്, അവരിൽ നിന്ന് (ചിലർ). مَنْ يُؤْمِن വിശ്വസിക്കുന്നവർ, വിശ്വസിക്കുന്നവരുണ്ട്. بِه അതിൽ. وَمِنْهُمْ അവരിലുണ്ട്, അവരിൽ (ചിലർ). مَنْ لا يُؤْمِن വിശ്വസിക്കാത്തവർ, വിശ്വസിക്കാത്തവരാണ്. بِه അതിൽ. وَرَبُّكَ നിൻെറ റബ്ബാകട്ടെ. أَعْلَمُ ഏറ്റവും (നല്ലപോലെ) അറിയുന്നവനാണ്. بِالْمُفْسِدِين നാശം (കുഴപ്പം) ഉണ്ടാക്കുന്നവരെപ്പറ്റി.

മേൽകണ്ട പ്രകാരം ഖുർആൻെറ സത്യതയെ ഖണ്ഡിക്കുവാൻ അവർക്കു സാധ്യമല്ല. എന്നിരിക്കെ, അവരതിൽ വിശ്വസിക്കുവാൻ ബാധ്യസ്ഥരാണ്. പക്ഷേ, അതിനെപ്പറ്റി ശരിക്ക് മനസ്സിലാക്കുവാനോ, അതിലെ തെളിവുകൾ പരിശോധിക്കുവാനോ ശ്രമിക്കാതെ കണ്ണടച്ച് നിഷേധിക്കുകയാണ് അവർ ചെയ്യുന്നത്. അത് വിഭാവനം ചെയ്യുന്നതും, പ്രവചിച്ചുകൊണ്ടിരിക്കുന്നതുമായ കാര്യങ്ങൾ അനുഭവത്തിൽ പുലർന്നു കാണുവാൻ അവർ കാത്തിരിക്കുന്നുമില്ല. ചുരുക്കിപ്പറഞ്ഞാൽ, അതിൻെറ വാച്യവശമോ, ആശയവശമോ ഒന്നും ഗൗനിക്കാതെ-കേട്ടമാത്രയിൽ തന്നെ-വ്യാജമാക്കുകയാണവർ ചെയ്തത്. ഇവർ മാത്രമല്ല, ഇവരെപ്പോലെ ഇവരുടെ മുമ്പുള്ള സമുദായക്കാരും ഇങ്ങിനെ വ്യാജമാക്കുകയുണ്ടായിട്ടുണ്ട്. അതിൻെറ ഫലം അവർ അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. അത് ഇവർക്കും പാഠമായിരിക്കേണ്ടതാകുന്നു. സത്യനിഷേധികളുടെ മൊത്തത്തിലുള്ള സ്ഥിതിയാണ് പ്പറഞ്ഞത്. പക്ഷേ, എല്ലാവരും ഒരേമാതിരിക്കാരല്ല. ചിലരൊക്കെ ഖുർആൻെറ യഥാർത്ഥം മനസ്സിലാക്കി അതിൽ വിശ്വസിച്ചുവരുന്നുണ്ടുതാനും. വിശ്വസിക്കാതെ, കുഴപ്പത്തിനും നാശത്തിനും ഒരുമ്പെട്ട ഒരു വിഭാഗക്കാരും അവരിലുണ്ട്. ഇവരെപ്പറ്റി അല്ലാഹുവിന് നന്നായറിയാം. അവരുടെമേൽ അവൻ തക്ക നടപടി എടുക്കുകയും ചെയ്യും എന്നൊക്കെയാണ് ഈ വചനങ്ങളിൽ പ്രസ്താവിച്ചതിൻെറ താൽപര്യം.

വിഭാഗം-5

وَإِن كَذَّبُوكَ فَقُل لِّي عَمَلِي وَلَكُمۡ عَمَلُكُمۡۖ أَنتُم بَرِيٓـُٔونَ مِمَّآ أَعۡمَلُ وَأَنَا۠ بَرِيٓءٞ مِّمَّا تَعۡمَلُونَ ۝٤١

41 അവർ നിന്നെ വ്യാജമാക്കുന്ന പക്ഷം, നീ പറയുക: 'എനിക്ക് എൻെറ കർമ്മം; നിങ്ങൾക്ക് നിങ്ങളുടെ കർമ്മവും. ഞാൻ പ്രവർത്തിക്കുന്നതിൽനിന്ന് നിങ്ങൾ മുക്തരാണ്; നിങ്ങൾ പ്രവർത്തിക്കുന്നതിൽനിന്ന് ഞാനും മുക്തനാകുന്നു.'

وَمِنۡهُم مَّن يَسۡتَمِعُونَ إِلَيۡكَۚ أَفَأَنتَ تُسۡمِعُ ٱلصُّمَّ وَلَوۡ كَانُواْ لَا يَعۡقِلُونَ ۝٤٢

42 അവരിൽനിന്നും ചിലർ, നിന്നിലേക്ക് ചെവികൊടുക്കുന്നവരുമുണ്ട്. എന്നാൽ, ബധിരൻമാരെ-അവർബുദ്ധി കൊടു(ത്തു ഗ്രഹി)ക്കാതായിരുന്നാലും-നീ കേ

ൾപ്പിക്കുമോ?!

43 അവരിൽനിന്നും ചിലർ, നിന്നിലേക്ക് നോക്കുന്നവരുമുണ്ട്. എന്നാൽ, അന്ധൻമാരെ-അവർ കണ്ടറിയാതിരുന്നാലും- നീ വഴി കാട്ടുമോ?!

وَمِنْهُم مَّن يَنظُرُ إِلَيْكَ ۚ أَفَأَنتَ تَهْدِى ٱلْعُمْىَ وَلَوْ كَانُوا۟ لَا يُبْصِرُونَ ﴿٤٣﴾

44 നിശ്ചയമായും അല്ലാഹു, മനുഷ്യരോട് ഒട്ടും (തന്നെ) അക്രമം പ്രവർത്തിക്കുകയില്ല; എങ്കിലും, മനുഷ്യർ അവരുടെ സ്വന്തങ്ങളോടു തന്നെ അക്രമം പ്രവർത്തിക്കുന്നു.

إِنَّ ٱللَّهَ لَا يَظْلِمُ ٱلنَّاسَ شَيْـًٔا وَلَٰكِنَّ ٱلنَّاسَ أَنفُسَهُمْ يَظْلِمُونَ ﴿٤٤﴾

---

41 **وإن كذبوك** അവർ നിന്നെ വ്യാജമാക്കുന്നപക്ഷം. **فقل** നീ പറയുക. **لي عملي** എനിക്ക് എന്റെ പ്രവൃത്തി (കർമ്മം). **ولكم** നിങ്ങൾക്കും (ഉണ്ടായിരിക്കും). **عملكم** നിങ്ങളുടെ പ്രവൃത്തി (കർമ്മം). **أنتم** നിങ്ങൾ. **بريئون** മുക്തരാണ്, നിരപരാധി (നിരുത്തരവാദി)കളാണ്. **مما أعمل** ഞാൻ പ്രവർത്തിക്കുന്നതിൽനിന്ന്. **وأنا بريء** ഞാനും മുക്തനാണ്, നിരപരാധിയാണ്. **مما تعملون** നിങ്ങൾ പ്രവർത്തിക്കുന്നതിൽനിന്ന്,. 42 **ومنهم** അവരിലുണ്ട്, അവരിൽനിന്ന് (ചിലർ). **من يستمعون** ചെവി കൊടുക്കുന്ന (ശ്രദ്ധിച്ചു കേൾക്കുന്ന) വർ. **إليك** നിന്നിലേക്ക്. **أفأنت** എന്നാൽ നീയോ. **تسمع** കേൾപ്പിക്കു(മോ). **الصم** ബധിരന്മാരെ, കാത് കേൾക്കാത്തവരെ. **ولو كانوا** അവരായിരുന്നാലും. **لا يعقلون** അവർ ബുദ്ധി ഉപയോഗിക്കാതെ, ഗ്രഹിക്കാതെ. 43 **ومنهم** അവരിലുണ്ട്, അവരിൽ (ചിലർ). **من ينظر** നോക്കുന്നവർ, നോക്കുന്നവരുണ്ട്. **إليك** നിന്റെ നേരെ, നിന്നിലേക്ക്. **أفأنت** എന്നാൽ നീയോ. **تهدي** വഴികാട്ടു(മോ). **العمي** അന്ധൻമാരെ, കാഴ്ചയില്ലാത്തവരെ. **ولو كانوا** അവരായിരുന്നാലും. **لا يبصرون** അവർ കാണുന്നില്ല കാണാത്ത (വർ). 44 **إن الله** നിശ്ചയമായും അല്ലാഹു. **لا يظلم** അക്രമം ചെയ്കയില്ല. **الناس** മനുഷ്യരെ, മനുഷ്യരോട്. **شيئا** യാതൊന്നും, ഒട്ടും. **ولكن الناس** എങ്കിലും മനുഷ്യർ. **أنفسهم** അവരുടെ സ്വന്തങ്ങളോട് (ആത്മാക്കളോട്-ദേഹങ്ങളോട്). **يظلمون** അവർ അക്രമം ചെയ്യുന്നു..

മേൽകണ്ടതുപോലെ, ആ സത്യനിഷേധികളുടെ നിഷേധത്തിനും അവിശ്വാസത്തിനും നീതീകരണമൊന്നുമില്ല. അവരെ നന്നാക്കിത്തീർക്കുവാൻ പാടുപെട്ടിട്ടു കാര്യമില്ല. നിങ്ങൾ കണ്ടതുപോലെ നിങ്ങൾ പ്രവർത്തിച്ചുകൊള്ളുക, നിങ്ങളുടെ ഉത്തരവാദിത്വം എനിക്കോ, എന്റെ ഉത്തരവാദിത്വം നിങ്ങൾക്കോ ഇല്ല എന്നു പറഞ്ഞ് അവരിൽനിന്ന് ഒഴിഞ്ഞുനിൽക്കുകയേ വേണ്ടൂ. അവരിൽപെട്ട ചിലർ നീ പറയുന്നതും ഓതിക്കേൾപിക്കുന്നതും ശ്രദ്ധാപൂർവ്വം കേൾക്കുന്നത് കാണാം. ചിലർ കാര്യം മനസ്സിലാക്കാനെന്നപോലെ മുഖത്തു നോക്കിയിരിക്കുന്നതും കാണാം. എന്നാൽ, അവരൊന്നും ചിന്തിച്ചു ഗ്രഹിക്കുവാനോ, സത്യം മനസ്സിലാക്കുവാനോ വേണ്ടിയല്ല അങ്ങിനെ ചെയ്യുന്നത്. പ്രത്യക്ഷത്തിൽ, അവർ കേൾവിയും കാഴ്ചയുമുള്ളവരാണെങ്കിലും ബധിരൻമാരുടെയും, അന്ധൻമരുടെയും സ്ഥിതിയാണ് അവർക്കുള്ളത്. ബധിരൻമാരെ കേൾപിച്ചും, അന്ധർമാർക്ക് വഴികാട്ടിയും നേർവഴിക്കാക്കുവാൻ നിനക്ക് കഴിയുകയില്ലല്ലോ. അതുകൊണ്ട് അവരെപ്പറ്റി അവഗണിച്ചുകൊള്ളുക. ഇപ്രകാരം നബി (ﷺ) യെ അല്ലാഹു ഉണർത്തുകാണ്.

45 പകലിൽനിന്നും ഒരു നാഴിക(സമയം) അല്ലാതെ അവർ (മുമ്പ്) കഴിഞ്ഞു കൂടി

وَيَوْمَ يَحْشُرُهُمْ كَأَن لَّمْ يَلْبَثُوٓا۟ إِلَّا سَاعَةً مِّنَ ٱلنَّهَارِ

يَتَعَارَفُونَ بَيْنَهُمْ ۚ قَدْ خَسِرَ ٱلَّذِينَ كَذَّبُوا۟ بِلِقَآءِ ٱللَّهِ وَمَا كَانُوا۟ مُهْتَدِينَ ﴿٤٥﴾

യിട്ടില്ലെന്നോണം അവരെ അവന്‍ (അല്ലാഹു) ഒരുമിച്ചുകൂട്ടുന്ന ദിവസം: അവര്‍ തങ്ങള്‍ക്കിടയില്‍ അന്യോന്യം അറിയുന്നതാണ്. അല്ലാഹുവുമായി കണ്ടുമുട്ടുന്നതിനെ വ്യാജമാക്കിയവര്‍ക്ക് നഷ്ട പ്പെട്ടുപോയി; അവര്‍ നേര്‍മാര്‍ഗ്ഗം പ്രാപിച്ചവരായിരുന്നുമില്ല.

---

45 **ويوم** ദിവസം. **يحشرهم** അവന്‍ അവരെ ഒരുമിച്ചു കൂട്ടുന്ന. **كأن** എന്ന പോലെ, എന്നോണം. **لم يلبثوا** അവര്‍ താമസിച്ചി (കഴിഞ്ഞു കൂടിയിട്ടി)ല്ല. **إلا ساعة** ഒരു നാഴികയല്ലാതെ. **من النهار** പകലില്‍നിന്നുള്ള. **يتعارفون** അവര്‍ അന്യോന്യം അറിയും, പരിചയപ്പെടും. **بينهم** അവര്‍ക്കിടയില്‍. **قد خسر** നഷ്ടപ്പെട്ടിട്ടുണ്ട്, നഷ്ടമടഞ്ഞുപോയി. **الذين كذبوا** വ്യാജമാക്കിയവര്‍. **بلقاء الله** അല്ലാഹുവുമായി കാണുന്നതിനെ. **وما كانوا** അവര്‍ ആയിരുന്നുമില്ല. **مهتدين** നേര്‍മാര്‍ഗ്ഗം പ്രാപിച്ചവര്‍..

മഹ്ശര്‍ മഹാസമ്മേളനത്തില്‍ എല്ലാവരും ഒരുമിച്ചു കൂട്ടപ്പെടുന്ന അവസരത്തില്‍, അന്നത്തെ അതിഗൗരവങ്ങളായ സ്ഥിതിഗതികളും, പാരത്രിക ജീവിതത്തിന്‍റെ അന്ത്യമില്ലായ്മയും കണ്ടറിയുമ്പോള്‍, അവിശ്വാസികളായ ആളുകള്‍ക്ക് മുമ്പ് തങ്ങളില്‍ കഴിഞ്ഞുപോയതെല്ലാം അങ്ങേഅറ്റം നിസ്സാരമായി അനുഭവപ്പെടും. ഇതിനുമുമ്പ് ഭൂമിയില്‍ ആകെ ഒരു നാഴിക നേരമേ തങ്ങള്‍ താമസിച്ചിട്ടുള്ളുവെന്നു തോന്നും. മുമ്പ് അന്യോന്യം പരിചയമുണ്ടായിരുന്നവര്‍ തമ്മില്‍ കാണുമ്പോള്‍, തങ്ങള്‍ വേര്‍പെട്ടിട്ട് അധികകാലമൊന്നും കഴിഞ്ഞിട്ടില്ലാത്തവണ്ണം അന്യോന്യം തിരിച്ചറിയുകയും ചെയ്യും. ഇഹത്തിലായിരുന്നപ്പോള്‍ പരലോക ജീവിതത്തെയും, അല്ലാഹുവിന്‍റെ മുമ്പില്‍ ഹാജറാക്കപ്പെടുന്നതിനെയും നിഷേധിച്ചുകൊണ്ടിരുന്നവര്‍ മുഴുവനും ഈ അവസരത്തില്‍ രക്ഷാമാര്‍ഗ്ഗമില്ലാതെ നഷ്ടത്തിലും കഷ്ടത്തിലും അകപ്പെട്ടുകഴിഞ്ഞിരിക്കും.

ഖിയാമത്തുനാളിലെ അതിഭയങ്കരങ്ങളായ സംഭവവികാസങ്ങളും, അവമൂലം ഏര്‍പ്പെടുന്ന അങ്കലാപ്പും കാരണമായി, അതിന്മുമ്പ് ഈ ഭൂമിയില്‍-മരണം വരെയും, മരണം മുതല്‍ പുനരുത്ഥാനം വരെയുമുള്ള കാലത്തു-വളരെകുറഞ്ഞ സമയം മാത്രമേ കഴിഞ്ഞുകൂടിയിട്ടുള്ളുവെന്നുള്ള അവിശ്വാസികളുടെ ഈ തോന്നലിനെപ്പറ്റി ഒന്നിലധികം സ്ഥലങ്ങളില്‍ ഖുര്‍ആന്‍ വ്യക്താക്കിയിട്ടുണ്ട്. (ത്വാഹാ: 103; റൂം: 55; അഹ്ഖാഫ്: 35; നാസിആത്ത്: 46 മുതലായവ നോക്കുക.) ഈ വചനങ്ങളത്രയും ദുര്‍വ്യാഖ്യാനം ചെയ്തുകൊണ്ട് ഇപ്പോള്‍ ചില ആധുനികാശയക്കാര്‍ മരണപ്പെട്ടവര്‍ക്ക് ഖബ്റുകളില്‍വെച്ചുണ്ടാകുന്ന അനുഭവങ്ങളെക്കുറിച്ച് വന്നിട്ടുള്ള ഹദീസുകളെയെല്ലാം നിഷേധിക്കുകയും, പരിഹാസപൂര്‍വ്വം തള്ളിക്കളയുകയും ചെയ്യുന്നതു കാണാം. അവര്‍ അല്‍പസമയമല്ലാതെ കഴിഞ്ഞുകൂടിയിട്ടില്ലെന്ന് അവര്‍ക്ക് തോന്നുവാന്‍ കാരണം, അവര്‍ ഖബ്റുകളില്‍ ഒന്നും അറിയാതെ ഉറങ്ങിക്കിടക്കുകയായിരുന്നത് കൊണ്ടാണെന്നും മറ്റുമാണ് അവരുടെ സമര്‍ത്ഥനം. ഇത് തികച്ചും വാസ്തവവിരുദ്ധവും ഖുര്‍ആന്‍റെ വാക്കുകള്‍ക്കും ഹദീസുകള്‍ക്കും എതിരുമാണ്. കൂടുതല്‍ ഗ്രഹിക്കാന്‍ സൂറത്തുല്‍ മുഅ്മിനൂന്‍റെ അവസാനത്തില്‍ കൊടുത്തിട്ടുള്ള വ്യാഖ്യാനക്കുറിപ്പ് നോക്കുക.

وَإِمَّا نُرِيَنَّكَ بَعْضَ ٱلَّذِى نَعِدُهُمْ أَوْ نَتَوَفَّيَنَّكَ فَإِلَيْنَا مَرْجِعُهُمْ ثُمَّ ٱللَّهُ شَهِيدٌ

46 (ഒരുപക്ഷേ,) അവരെ നാം താക്കീത് നല്‍കിവരുന്നതില്‍ ചിലത് നാം നിനക്ക് കാണിച്ചുതരുകയോ, അല്ലെങ്കില്‍ നിന്നെ[നിന്‍റെ ആത്മാവിനെ]നാം പിടിച്ചെടുക്കുകയോ ചെയ്യുന്ന പക്ഷം, എന്നാ

عَلَىٰ مَا يَفْعَلُونَ ﴿٤٦﴾

ൽ നമ്മിലേക്കു തന്നെയായിരിക്കും അവരുടെ മടങ്ങിവരവ്. പിന്നെ, അവർ ചെയ്തുകൊണ്ടിരിക്കുന്നതിനെപ്പറ്റി അല്ലാഹു സാക്ഷിയായിരിക്കും [അപ്പോൾ അവൻ വേണ്ടത് ചെയ്തുകൊള്ളും.]

وَلِكُلِّ أُمَّةٍ رَّسُولٌ ۖ فَإِذَا جَآءَ رَسُولُهُمْ قُضِىَ بَيْنَهُم بِٱلْقِسْطِ وَهُمْ لَا يُظْلَمُونَ ﴿٤٧﴾

47 എല്ലാ (ഓരോ) സമുദായത്തിനുമുണ്ടായിരിക്കും ഒരു റസൂൽ. അങ്ങനെ, അവരുടെ റസൂൽ (അവർക്ക്) വന്നാൽ, അവർക്കിടയിൽ നീതി മുറയനുസരിച്ച് (കാര്യം) തീരുമാനിക്കപ്പെടുന്നതാണ്; അവരാകട്ടെ, അനീതി ചെയ്യപ്പെടുകയില്ലതാനും.

---

46 **وإما نرينك** (ഒരുപക്ഷെ-വല്ലപ്പോഴും) നിനക്ക് നാം കാണിച്ചു തരുന്ന പക്ഷം. **بعض** ചിലത്. **الذي نعدهم** അവരോട് നാം വാഗ്ദത്തം (താക്കീത്) ചെയ്യുന്ന. **أو نتوفينك** അല്ലെങ്കിൽ നിന്നെ നാം പിടിച്ചെടുക്കുന്ന (മുഴുവനുമായെടുക്കുന്ന) പക്ഷം. **فَإلينا** എന്നാൽ നമ്മിലേക്കാണ്. **مرجعهم** അവരുടെ മടക്കം, മടങ്ങിവരവ്. **ثُمَّ الله** പിന്നെ അല്ലാഹു. **شهيد** സാക്ഷിയാണ്. **على ما يفْعلون** അവർ ചെയ്യുന്നതിന്. 47 **ولكُلِّ أمة** എല്ലാ സമുദായത്തിനുമുണ്ട്. **رسولٌ** ഒരു (ഓരോ) റസൂൽ. **فَإذَا جاء** എന്നിട്ട് (അങ്ങിനെ) വന്നാൽ. **رسولُهم** അവരുടെ റസൂൽ. **قُضي** തീരുമാനിക്ക (വിധിക്ക)പ്പെടും. **بينهم** അവർക്കിടയിൽ. **بِالْقسط** നീതിമുറയനുസരിച്ച്. **وهم** അവർ. **لا يظْلمونَ** അക്രമിക്ക(അനീതി ചെയ്യ) പ്പെടുകയില്ല..

സാരം: ഈ സത്യനിഷേധികളെ താക്കീതുചെയ്തുവരുന്ന ശിക്ഷകളിൽ-കൊല, പരാജയം, അപമാനം തുടങ്ങിയവയിൽ-ചിലത് ഒരുപക്ഷെ, നബി (ﷺ) യുടെ കാലത്തു തന്നെ സംഭവിക്കുകയും, നബി (ﷺ) ക്ക് അതു കാണുവാൻ സാധിക്കുകയും ചെയ്തേക്കാം. അല്ലെങ്കിൽ അതിന് മുമ്പുതന്നെ അതൊന്നും കാണുവാൻ കഴിയാത്തവണ്ണം നേരത്തേതന്നെ നബി (ﷺ) സ്വർഗ്ഗം പൂകിയെന്നും വരാം. രണ്ടിൽ ഏതു സംഭവിച്ചാലും അവർ മടങ്ങിഎത്തുന്നത് അല്ലാഹുവിങ്കലേക്കായിരിക്കും. അവർ ചെയ്യുന്നതെല്ലാം അവൻ കണ്ടറിഞ്ഞുകൊണ്ടിരിക്കുന്നുമുണ്ട്. അപ്പോൾ, അവരുടെ മേൽ എടുക്കേണ്ടുന്ന നടപടി അവൻ എടുക്കുകതന്നെ ചെയ്യും. ഓരോ സുദായത്തെയും മാർഗ്ഗദർശനം ചെയ്വാൻ അല്ലാഹു പ്രത്യേകം റസൂലുകളെ അയക്കാറുണ്ട്. റസൂലുകളെ അയക്കാതെ ആരുടെ മേലും ശിക്ഷാനടപടി എടുക്കാറില്ല. (وما كنا معذبين حتى نبعث رسولا) റസൂലുകൾ വന്ന് പ്രബോധനംനടത്തുകയും തെളിവുകൾ നൽകുകയും ചെയ്തുകഴിഞ്ഞാൽ, പിന്നീട് നീതിയും ന്യായവും അനുസരിച്ച് നിഷേധികളുടെ മേൽ നടപടിസ്വീകരിക്കുക പതിവാണ്. റസൂലുകളും സത്യവിശ്വാസികളും വിജയിക്കുകയും ചെയ്യും. പക്ഷെ, നിഷേധികളോട്-അവർ നിഷേധികളാണെന്നുവെച്ച്-യാതൊരു അനീതിയും അല്ലാഹു ചെയ്കയില്ലതാനും.

وَيَقُولُونَ مَتَىٰ هَٰذَا ٱلْوَعْدُ إِن كُنتُمْ صَٰدِقِينَ ﴿٤٨﴾

48 അവർ[അവിശ്വാസികൾ] പറയുന്നു: ‘‘എപ്പോഴാണ് ഈ വാഗ്ദത്തം (നിറവേറൽ)-നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ?!’’

49 പറയുക: “എന്റെ സ്വന്തത്തിന് (തന്നെ) ഒരു ഉപദ്രവമാകട്ടെ, ഒരു ഉപകാരമാകട്ടെ, ഞാൻ അധീനമാക്കുന്നില്ല, അല്ലാഹു ഉദ്ദേശിച്ചതല്ലാതെ. എല്ലാ സമുദായത്തിനുമുണ്ട് ഒരു അവധി. അവരുടെ അവധി വന്നാൽ, അപ്പോൾ അവർ ഒരു നാഴിക (സമയം) പിന്നോട്ട് പോകുകയാകട്ടെ, മുന്നോട്ട് പോകുകയാകട്ടെ ചെയ്കയില്ല.”

قُل لَّآ أَمْلِكُ لِنَفْسِى ضَرًّا وَلَا نَفْعًا إِلَّا مَا شَآءَ ٱللَّهُ ۗ لِكُلِّ أُمَّةٍ أَجَلٌ ۚ إِذَا جَآءَ أَجَلُهُمْ فَلَا يَسْتَـْٔخِرُونَ سَاعَةً ۖ وَلَا يَسْتَقْدِمُونَ ﴿٤٩﴾

50 പറയുക: “കണ്ടുവോ(-നിങ്ങളൊന്ന് പറയുവിൻ): രാത്രി സമയത്തോ, പകലിലോ അവന്റെ ശിക്ഷ നിങ്ങൾക്ക് വന്നെത്തിയെങ്കിൽ, അതിൽ നിന്ന് ഏതൊന്നിനായിരിക്കും (ഈ) കുറ്റവാളികൾ ധൃതികാണിക്കുക?!

قُلْ أَرَءَيْتُمْ إِنْ أَتَىٰكُمْ عَذَابُهُۥ بَيَـٰتًا أَوْ نَهَارًا مَّاذَا يَسْتَعْجِلُ مِنْهُ ٱلْمُجْرِمُونَ ﴿٥٠﴾

51 “അത് സംഭവിച്ചാൽ പിന്നീടാണോ നിങ്ങളതിൽ വിശ്വസിക്കുന്നത്?! “ഇപ്പോഴോ (വിശ്വസിക്കുന്നത്)? നിങ്ങൾ ഇതിന് [ഈ ശിക്ഷക്ക്] ധൃതി കൂട്ടിക്കൊണ്ടിരിക്കുകയായിരുന്നുവല്ലോ”(എന്നായിരിക്കും അപ്പോൾ പറയപ്പെടുക.)

أَثُمَّ إِذَا مَا وَقَعَ ءَامَنتُم بِهِۦٓ ۚ ءَآلْـَٔـٰنَ وَقَدْ كُنتُم بِهِۦ تَسْتَعْجِلُونَ ﴿٥١﴾

52 പിന്നീട്, അക്രമം പ്രവർത്തിച്ചവരോട് പറയപ്പെടും: “നിങ്ങൾ ശാശ്വത ശിക്ഷ ആസ്വദിച്ചുകൊള്ളുവിൻ! നിങ്ങൾ (പ്രവർത്തിച്ചു) സമ്പാദിച്ചിരുന്നതിനല്ലാതെ നിങ്ങൾക്കു പ്രതിഫലം നൽകപ്പെടുമോ?!”

ثُمَّ قِيلَ لِلَّذِينَ ظَلَمُوا۟ ذُوقُوا۟ عَذَابَ ٱلْخُلْدِ هَلْ تُجْزَوْنَ إِلَّا بِمَا كُنتُمْ تَكْسِبُونَ ﴿٥٢﴾

---

48 **وَيَقُولُونَ** അവർ പറയും, പറയുന്നു.. **مَتَى** എപ്പോഴാണ്. **هَذَا الْوَعْدُ** ഈ വാഗ്ദത്തം. **إِن كُنتُم** നിങ്ങളാണെങ്കിൽ. **صَادِقِينَ** സത്യം പറയുന്നവർ.. 49 **قُل** പറയുക. **لَا أَمْلِكُ** ഞാൻ അധീനമാക്കുന്നില്ല (എനിക്ക് കഴിവില്ല). **لِنَفْسِي** എന്റെ സ്വന്തത്തിന്. **ضَرًّا** ഒരു ഉപദ്രവം. **وَلَا نَفْعًا** ഒരു ഉപകാരവുമില്ല. **إِلَّا مَا شَاءَ** ഉദ്ദേശിച്ചതല്ലാതെ. **اللَّهُ** അല്ലാഹു. **لِكُلِّ أُمَّةٍ** എല്ലാ സമുദായത്തിനുമുണ്ട്. **أَجَلٌ** ഒരു അവധി. **إِذَا جَاءَ** വന്നാൽ. **أَجَلُهُمْ** അവരുടെ അവധി. **فَلَا يَسْتَأْخِرُونَ** അപ്പോൾ അവർ പിന്തിപ്പോകയില്ല, പിന്നോട്ടാകുകയില്ല. **سَاعَةً** ഒരു നാഴികയും. **وَلَا يَسْتَقْدِمُونَ** അവർ മുന്തിപ്പോകുകയുമില്ല, മുന്നോട്ടുമാകയില്ല.. 50 **قُلْ** പറയുക. **أَرَأَيْتُمْ** നിങ്ങൾ കണ്ടുവോ (പറയുവിൻ). **إِنْ أَتَاكُمْ** നിങ്ങൾക്ക് വന്നെങ്കിൽ. **عَذَابُهُ** അവന്റെ ശിക്ഷ. **بَيَاتًا** രാത്രി സമയത്ത്. **أَوْ نَهَارًا** അല്ലെങ്കിൽ പകലിൽ. **مَاذَا** എന്തൊന്നാണ്, ഏതിനാണ്. **يَسْتَعْجِلُ** ധൃതികൂട്ടുന്നത്, ബദ്ധപ്പെടുന്നത്. **مِنْهُ** അതിൽ നിന്ന്. **الْمُجْرِمُونَ** കുറ്റവാളികൾ.. 51 **أَثُمَّ** പിന്നെയോ. **إِذَا مَا وَقَعَ** അത് സംഭവിച്ചാൽ, അതുണ്ടാകുമ്പോൾ. **آمَنتُم بِهِ** അതിൽ നിങ്ങൾ വിശ്വസിക്കുന്നത്. **آلْآنَ** ഇപ്പോഴോ, ഇന്നേരമോ. **وَقَدْ كُنتُم** നിങ്ങളായിരിക്കെ, നിങ്ങളായിരുന്നുവല്ലോ. **بِهِ** അതിന്, അതിനെപ്പറ്റി. **تَسْتَعْجِلُونَ** നിങ്ങൾ ധൃതികൂട്ടും.. 52 **ثُمَّ قِيلَ** പിന്നെ പറയപ്പെടും. **لِلَّذِينَ ظَلَمُوا** അക്രമം ചെയ്തവരോട്. **ذُوقُوا** നിങ്ങൾ ആസ്വദിക്കുവിൻ. **عَذَابَ** ശിക്ഷയെ. **الْخُلْدِ** ശാശ്വതത്തിന്റെ സ്ഥിരതയുടെ. **هَلْ تُجْزَوْنَ** നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുമോ. **إِلَّا بِمَا** യാതൊന്നിനല്ലാതെ. **كُنتُمْ** നിങ്ങളായിരുന്നു. **تَكْسِبُونَ** നിങ്ങൾ സമ്പാദിക്കും,

പ്രവര്‍ത്തിച്ചുവെക്കും.

സത്യവിശ്വാസികള്‍ക്ക് രക്ഷയും വിജയവും ലഭിക്കും. അവിശ്വാസികള്‍ക്ക് ശിക്ഷയും പരാജയവും അനുഭവപ്പെടും എന്നൊക്കെ നിങ്ങള്‍ പറയുന്നുണ്ടല്ലോ; അതൊക്കെ സത്യമാണെങ്കില്‍ എന്താണ് സംഭവിക്കാത്തത്? എപ്പോഴായിരിക്കും അതുണ്ടാവുക? എന്നിങ്ങിനെ അവിശ്വാസികള്‍ പരിഹസിച്ചു പറയാറുള്ളതിന് എങ്ങിനെ മറുപടി പറയേണമെന്ന് അല്ലാഹു നബി (ﷺ) ക്ക് പഠിപ്പിക്കുകയാണ്. മറുപടിയില്‍ അടങ്ങിയ തത്വങ്ങള്‍ ഇങ്ങിനെവിവരിക്കാം :-

(1) മറ്റുള്ളവരുടെ കാര്യം ഇരിക്കട്ടെ, എന്‍റെ സ്വന്തം കാര്യത്തില്‍പോലും അല്ലാഹു ഉദ്ദേശിച്ചപോലെ സംഭവിക്കുമെന്നേ എനിക്കു പറയുവാന്‍ സാധിക്കൂ. അവന്‍ ഉദ്ദേശിക്കുന്നതിനപ്പുറം വല്ല ഉപദ്രവം ഉണ്ടാക്കുവാനോ, അതു തടുക്കുവാനോ, വല്ല ഉപകാരവും ചെയ്വാനോ, അത് ഉണ്ടാക്കിത്തീര്‍ക്കുവാനോ എനിക്കു കഴിവില്ല. അവന്‍ നല്‍കിയതു അനുഭവിക്കുകയും, അവന്‍ അറിയിച്ചത് അറിയുകയും മാത്രമേ എനിക്ക് നിവൃത്തിയുള്ളു. പിന്നെ എങ്ങിനെയാണ് ആവാഗ്ദത്തങ്ങളൊക്കെ ഇന്നപ്പോള്‍ സംഭവിക്കുമെന്ന് ഞാന്‍ അറിയുക?! (2) എന്നാല്‍ ഒരു വാസ്തവം നിങ്ങള്‍ മനസ്സിലാക്കണം: ഓരോ സമുദായത്തിനും-അതു ഇന്നപ്പോള്‍ നശിക്കും അല്ലെങ്കില്‍ ശിക്ഷിക്കപ്പെടും എന്നൊക്കെ-അല്ലാഹു ഒരു നിശ്ചയവും അവധിയും വെച്ചിട്ടുണ്ട്. അതു അതേപോലെത്തന്നെ സംഭവിക്കും, അതില്‍ ഒരു നിമിഷംപോലും ഏറ്റക്കുറവ് സംഭവിക്കുകയില്ല. (3) ആ ശിക്ഷ ഒരുപക്ഷേ വല്ല രാത്രിയിലോ പകലിലോ പെട്ടെന്നാവാം സംഭവിക്കുന്നത്. ഒന്നും തീര്‍ത്തുപറയുവാന്‍ വയ്യ. എന്നാല്‍, അതു സംഭവിക്കുമ്പോള്‍ ഇപ്പോള്‍ ധൃതിക്കൂട്ടിക്കൊണ്ടിരിക്കുന്ന ഈ പാപികളാരെങ്കിലും അപ്പോള്‍ ധൃതികൂട്ടുവാന്‍ ധൈര്യപ്പെടുമോ?! ധൃതുക്കൂട്ടുമെങ്കില്‍ ഏതു ശിക്ഷക്കായിരിക്കും ധൃതിക്കൂട്ടുക?! അതെ, ഈ ധൃതിക്കൂട്ടലൊന്നും വേണ്ടിയിരുന്നില്ലെന്ന് അപ്പോള്‍ നിങ്ങള്‍ക്ക് ബോധ്യമാകും. (4) അതു സംഭവിക്കുന്നത് എപ്പോഴായാലും അപ്പോള്‍ വിശ്വസിക്കാമെന്നാണോ നിങ്ങളുടെ ഭാവം? എങ്കില്‍ അത് പ്രയോജനപ്പെടുവാന്‍ പോകുന്നില്ല. അപ്പോള്‍ വിശ്വസിക്കുന്നവരോട്: 'ഈ ശിക്ഷക്കു തിരക്ക് കൂട്ടിയിരുന്നവരാണല്ലോ നിങ്ങള്‍, എന്നിട്ട് ഇപ്പോഴാണോ നിങ്ങള്‍ വിശ്വസിക്കുവാന്‍ പോകുന്നത്?! ഈ വിശ്വാസം സ്വീകാര്യമല്ല'. എന്നായിരിക്കും പറയപ്പെടുക. അപ്പോഴത്തെ ആ വിശ്വാസം സ്വീകരിക്കപ്പെടുകയില്ലെന്ന് മാത്രമല്ല, ശാശ്വതമായ നരകശിക്ഷ അനുഭവിച്ചുകൊള്ളണമെന്ന വിധിയും കൂടിയായിരിക്കും ലഭിക്കുക. അത് നിങ്ങളുടെ കര്‍മ്മഫലമല്ലാതെ മറ്റൊന്നുമല്ലതാനും.

۞ وَيَسْتَنْبِـُٔونَكَ أَحَقٌّ هُوَ ۖ قُلْ إِى وَرَبِّىٓ إِنَّهُۥ لَحَقٌّ ۖ وَمَآ أَنتُم بِمُعْجِزِينَ ﴿٥٣﴾

53 (നബിയേ) നിന്നോടവര്‍ വര്‍ത്തമാനമന്വേഷിക്കുന്നു: യഥാര്‍ത്ഥമാണോ അത്? എന്ന്! പറയുക: ''ഓ! എന്‍റെ റബ്ബ് തന്നെയാണു (സത്യം)! നിശ്ചയമായും അത് യഥാര്‍ത്ഥം തന്നെ! നിങ്ങള്‍ (പിടിയില്‍പെടാതെ) അശക്തരാക്കുന്നവരല്ല താനും.''

---

53 **ويستنبئونك** അവര്‍ നിന്നോട് വര്‍ത്തമാനം (വിവരം) തേടുന്നു, അന്വേഷിക്കുന്നു. **أحق** യഥാര്‍ത്ഥം (സത്യം) ആണോ. **هو** അത്. **قُلْ** പറയുക. **إي** ഓ, അതെ, ഉവ്വ്. **وربي** എന്‍റെ റബ്ബ്

തന്നെ സത്യം. **إنه** നിശ്ചയമായും അത്. **لحق** യഥാർത്ഥം തന്നെ. **وما أنتم** നിങ്ങളല്ല താനും. **بمعجزين** അശക്തമാക്കുന്നവർ, പരാജയപ്പെടുത്തുന്നവർ..

മനുഷ്യൻ മരിച്ചു മണ്ണായിട്ടും ജീവിപ്പിക്കപ്പെടും, മുൻ ജീവിതത്തിൽ ചെയ്തതിനെപ്പറ്റി ചോദ്യം ചെയ്യപ്പെടും, അതനുസരിച്ച് രക്ഷാശിക്ഷകൾക്ക് വിധേയനാകും എന്നൊക്കെ നിങ്ങൾ പറയുന്നത് യഥാർത്ഥം തന്നെയാണോ? അതല്ല കേവലം തമാശയോ? സത്യനിഷേധികളുടെ ഇത്തരം ചോദ്യത്തിന് ഇപ്രകാരം മറുപടി പറയണമെന്ന് അല്ലാഹു നബി (ﷺ) യോട് കൽപിക്കുന്നു: ''ഓ! സംശയിക്കേണ്ട! എൻെറ റബ്ബിനെത്തന്നെ സത്യം! അക്ഷരംപ്രതി ശരിയാണത്. നിങ്ങൾ മണ്ണായി നശിച്ചാലും അല്ലാഹുവിൻെറ പിടിയിൽ അകപ്പെടാതെ അവനെ പരാജയപ്പെടുത്തിരക്ഷപ്പെടുവാൻ നിങ്ങൾക്ക് സാധിച്ചേക്കുമെന്ന് നിങ്ങൾ കരുതേണ്ട.''

وربى (എൻെറ റബ്ബിനെത്തന്നെ സത്യം!) എന്നിത്രയും ശക്തിയായ സ്വരത്തിൽ സത്യം ചെയ്തുകൊണ്ട് അവിശ്വാസികളോട് മറുപടി പറയുവാൻ നബി (ﷺ) യോട് കൽപിക്കുന്ന മൂന്നു സ്ഥലമാണ് ഖുർആനിൽ ആകെയുള്ളത്. ഒന്ന് ഇതുതന്നെ. മറ്റൊന്ന്: അന്ത്യ സമയം വന്നെത്തുകയില്ലെന്ന് പറയുന്നവരോട് ....بلى وربى لتأتينكم (ഇല്ലാതേ! എൻെറ റബ്ബ് തന്നെയാണ! അത് നിങ്ങൾക്ക് വന്നെത്തുക തന്നെ ചെയ്യും.) എന്ന് പറയുവാൻ സൂറത്തു സബഉ്: 3ൽ കൽപിച്ചതാകുന്നു. മൂന്നാമത്തേതു: മരണാനന്തരം ജനങ്ങൾ എഴുന്നേൽപിക്കപ്പെടുകയല്ലെന്ന് ജൽപിക്കുന്നവരോട് بل وربى لتبعثن (ഇല്ലാതേ! എൻെറ റബ്ബിനെത്തന്നെയാണ് ! തീർച്ചയായും നിങ്ങൾ എഴുന്നേൽപിക്കപ്പെടുകതന്നെ ചെയ്യും) എന്നു പറയുവാൻ സൂ: തഗാബുന് :7ൽ കൽപിച്ചതുമാകുന്നു. നിഷേധികൾ അവരുടെ നിഷേധവേളയിൽ ഉപയോഗിച്ച അതേ വാക്കുകളെത്തന്നെയാണ് ഇവിടങ്ങളിലെല്ലാം ഖണ്ഡിച്ചിരിക്കുന്നതെന്ന് പ്രസ്താവ്യമത്രെ. മരണാനന്തര ജീവിതത്തെയും, പരലോക ജീവിതത്തേയും നിഷേധിക്കുന്നതിൻെറ ഗൗരവത്തെയും, അതിൽ അവരോട് അല്ലാഹുവിനുള്ള അതികഠിനമായ അമർഷത്തെയുമാണിത് കാണിക്കുന്നത്.

വിഭാഗം-6

وَلَوْ أَنَّ لِكُلِّ نَفْسٍ ظَلَمَتْ مَا فِي ٱلْأَرْضِ لَٱفْتَدَتْ بِهِۦ ۗ وَأَسَرُّوا۟ ٱلنَّدَامَةَ لَمَّا رَأَوُا۟ ٱلْعَذَابَ ۖ وَقُضِىَ بَيْنَهُم بِٱلْقِسْطِ ۚ وَهُمْ لَا يُظْلَمُونَ ﴿٥٤﴾

54 അക്രമം പ്രവർത്തിച്ച എല്ലാ (ഓരോ) വ്യക്തിക്കും ഭൂമിയിലുള്ളത് (മുഴുവൻ) ഉണ്ടായിരുന്നാലും, അത് അതിനെ തെണ്ടം കൊടു(ത്ത് മോചനത്തിന് ശ്രമി)ക്കുക തന്നെ ചെയ്യും. ശിക്ഷയെ കാണുമ്പോൾ അവർ ഖേദം മറച്ചുവെക്കുകയും ചെയ്യും. അവർക്കിടയിൽ നീതിമുറയനുസരിച്ച് തീരുമാനിക്കപ്പെടുകയും ചെയ്യും; അവരാകട്ടെ, അക്രമം ചെയ്യപ്പെടുന്നതുമല്ല.

---

54 **ولوأن** ആയിരു (ഉണ്ടായിരു)ന്നെങ്കിൽ. **لكل نفس** എല്ലാ ആൾക്കും, വ്യക്തിക്കും. **ظلمت** അക്രമം ചെയ്ത. **ما في الأرض** ഭൂമിയിലുള്ളത്. **لافتدت** അതു തെണ്ടം കൊടുക്കുക (മോചനത്തിന് പ്രായശ്ചിത്തം നൽകുക) തന്നെ ചെയ്യുമായിരുന്നു. **به** അതിനെ, അതുകൊണ്ട്. **وأسروا** അവർ രഹസ്യമാക്കി (മറച്ചു)വെക്കുകയും ചെയ്യും. **الندامة** ഖേദത്തെ. **لما رأوا** അവർ കാണു

മ്പോൾ, കണ്ട അവസരത്തിൽ. **العَذَاب** ശിക്ഷയെ. **وقُضِيَ** തീരുമാനിക്കപ്പെടുകയും ചെയ്യും. **بينهم** അവർക്കിടയിൽ. **بِالْقسط** നീതിമുറപ്രകാരം. **وهم** അവരാകട്ടെ. **لا يُظْلَمُونَ** അക്രമം ചെയ്യപ്പെടുകയില്ല..

തങ്ങൾക്ക് ലഭിക്കുവാൻ പോകുന്ന ശിക്ഷാവകുപ്പുകൾ കൺമുമ്പിൽ കാണുമ്പോൾ, തങ്ങൾ ചെയ്തിരുന്ന അക്രമങ്ങളെക്കുറിച്ച് അവർക്ക് ലജ്ജയും അപമാനവും അനുഭവപ്പെടും. അതുകൊണ്ട് അപ്പോൾ തങ്ങളുടെ ഖേദം കഴിയുന്നത്ര മറച്ചുപിടിക്കുവാൻ അവർ ശ്രമിക്കും എന്നു താൽപര്യം. പക്ഷേ, അതിനുശേഷം ഖേദവും വ്യസനവും ഒതുക്കിവെക്കുവാൻ കഴിയാതെ അവർ പരസ്യമായിത്തന്നെ സങ്കടം വിളിച്ചു പറയുകയും ചെയ്യുമെന്ന് വേറെ വചനങ്ങളിൽനിന്ന് വ്യക്തമാണ്........... يا حسرتا على ما فرطت (ഹാ ! സങ്കടമേ! അല്ലാഹുവിൻെറ വിഷയത്തിൽ ഞാൻ വീഴ്ചവരുത്തിയല്ലോ! ഞാൻ കളിയാക്കുന്നവനായിപ്പോയല്ലോ!) എന്നൊക്കെ അവർ പറയുമെന്ന് സൂ: സുമർ: 56 ൽ കാണാം. .... ربنا غلبت علينا شقوتنا (റബ്ബേ! ഞങ്ങളുടെ ദൌർഭാഗ്യം ഞങ്ങളിൽ കവിഞ്ഞുപോയി. ഞങ്ങൾവഴി പിഴച്ച ആളുകളായിത്തീർന്നു!) എന്നും മറ്റും പറയുമെന്ന് സൂ: മുഅ്മിനൂർ: 106. 107 വചനങ്ങളിലും കാണാവുന്നതാണ്

55 അല്ലാ! (-അറിയുക:) നിശ്ചയമായും, ആകാശങ്ങളിലും ഭൂമിയിലുമുള്ളത് (ഒക്കെ) അല്ലാഹുവിൻേറതാകുന്നു. അല്ലാ! (-അറിയുക:) നിശ്ചയമായും, അല്ലാഹുവിൻെറ വാഗ്ദത്തം യഥാർത്ഥമാകുന്നു. എങ്കിലും, അവരിൽ അധികമാളും അറിയുന്നില്ല.

أَلَآ إِنَّ لِلَّهِ مَا فِي ٱلسَّمَٰوَٰتِ وَٱلۡأَرۡضِۗ أَلَآ إِنَّ وَعۡدَ ٱللَّهِ حَقّٞ وَلَٰكِنَّ أَكۡثَرَهُمۡ لَا يَعۡلَمُونَ ٥٥

56 അവൻ, ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു; അവങ്കലേക്കുതന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യും.

هُوَ يُحۡيِۦ وَيُمِيتُ وَإِلَيۡهِ تُرۡجَعُونَ ٥٦

57 ഹേ, മനുഷ്യരേ, നിങ്ങളുടെ റബ്ബിങ്കൽ നിന്നു നിങ്ങൾക്ക് സദുപദേശവും, നെഞ്ചുകളിലുള്ളതിന് [ഹൃദയരോഗങ്ങൾക്ക്] ശമനവും വന്നിട്ടുണ്ട്; സത്യവിശ്വാസികൾക്ക് മാർഗ്ഗദർശനവും, കാരുണ്യവും (വന്നിട്ടുണ്ട്).

يَٰٓأَيُّهَا ٱلنَّاسُ قَدۡ جَآءَتۡكُم مَّوۡعِظَةٞ مِّن رَّبِّكُمۡ وَشِفَآءٞ لِّمَا فِي ٱلصُّدُورِ وَهُدٗى وَرَحۡمَةٞ لِّلۡمُؤۡمِنِينَ ٥٧

58 പറയുക: ''അല്ലാഹുവിൻെറ ദയവ് (അഥവാ അനുഗ്രഹം) കൊണ്ടും, അവൻെറ കാരുണ്യം കൊണ്ടുമത്രെ (അത്) -അതുകൊണ്ടു തന്നെ-അവർ ആഹ്ളാദിക്കട്ടെ! അത്, അവർ ശേഖരിച്ചു (സമ്പാദിച്ചു) കൊണ്ടിരിക്കുന്നതിനെക്കാൾ (ഒക്കെ) ഉത്തമമാകുന്നു.

قُلۡ بِفَضۡلِ ٱللَّهِ وَبِرَحۡمَتِهِۦ فَبِذَٰلِكَ فَلۡيَفۡرَحُواْ هُوَ خَيۡرٞ مِّمَّا يَجۡمَعُونَ ٥٨

---

55 **ألا** അല്ലാ, അല്ലേ (അറിയുക). **إن لله** നിശ്ചയമായും അല്ലാഹുവിനാണ്. **ما في السماوات** ആകാശങ്ങളിലുള്ളത്. **والأرض** ഭൂമിയിലും. **ألا** അല്ലാ(അറിയുക). **إن وعد** നിശ്ചയമായും വാഗ്ദത്തം. **الله** അല്ലാഹുവിൻെറ. **حق** യഥാർത്ഥമാകുന്നു. **ولكن** എങ്കിലും, പക്ഷേ. **أكثرهم** അവരിൽ അധി

കവും. لا يعلمونَ അറിയുന്നില്ല. 56 هو يحيي അവൻ ജീവിപ്പിക്കുന്നു, അവനത്രെ ജീവിപ്പിക്കുന്നത്. ويميت മരണപ്പെടുത്തുകയും ചെയ്യുന്നു. وإليه അവനിലേക്ക് തന്നെ. ترجعونَ നിങ്ങൾ മടക്കപ്പെടുന്നു.. 57 يا أيها الناس ഹേ മനുഷ്യരേ. قد جاءَتكُم നിങ്ങൾക്ക് വന്നിട്ടുണ്ട്. موعظةٌ സദുപദേശം. من ربكُم നിങ്ങളുടെ റബ്ബിങ്കൽ നിന്ന്. وشفَاءٌ ശമനവും ആശ്വാസവും. لما في الصدور നെഞ്ചു (ഹൃദയം)കളിലുള്ളതിന്. وهدى മാർഗ്ഗദർശനവും, നേർമാർഗ്ഗവും. ورحمةٌ കാരുണ്യവും. للْمؤمنِين സത്യവിശ്വാസികൾക്ക്.. 58 قُلْ പറയുക. بِفَضلِ الله അല്ലാഹുവിൻെറ ദയവും(അനുഗ്രഹം) കൊണ്ട്. وبرحمته അവൻെറ കാരുണ്യം കൊണ്ടും. فَبِذَلِكَ അതുകൊണ്ട് തന്നെ. فَلْيفْرحوا എന്നാലവർ സന്തോഷിച്ച് (ആഹ്ളാദം കൊള്ളട്ടെ). هو خير അത് ഗുണകരമാണ്, ഉത്തമമാണ്. مما يجمعونَ അവർ ഒരുമിച്ച് (ശേഖരിച്ച്) കൂട്ടുന്നതിനേക്കാൾ..

മനുഷ്യവർഗ്ഗത്തിന് ആകമാനം സദുപദേശമത്രെ വിശുദ്ധ ഖുർആൻ. അജ്ഞത, അന്ധവിശ്വാസം, കാപട്യം, സംശയം ആദിയായ മനോരോഗങ്ങൾക്ക് അത് ശമനം നൽകുകയും ചെയ്യുന്നു. അതിൽ വിശ്വസിക്കുകയും, അതിൻെറ അദ്ധ്യാപനങ്ങളെ അനുസരിക്കുകയും ചെയ്യുന്നവർക്കാകട്ടെ, അത് മാർഗ്ഗദർശനവും കാരുണ്യവുമാകുന്നു. അതവരെ നേർവഴിക്കു നയിക്കും. അവരുടെ ഭാവിജീവിതത്തിനും, ശാശ്വതസൗഭാഗ്യത്തിന്നും അത് കാരണമാകുകയും ചെയ്യും. അതിൽ വിശ്വസിക്കാത്തവർക്ക് അത് പ്രയോജനം ചെയ്യുകയില്ലെന്ന് മാത്രമല്ല, അവർക്കെതിരെയുള്ള തെളിവുകൂടിയായിരിക്കും അത്. അങ്ങനെ, അതവർക്ക് കൂടുതൽ നഷ്ടമായിട്ടാണ് കലാശിക്കുക. وننزل من القرأن ما هو شفاء ... خسارا (സാരം: ഖുർആൻ മുഖേന സത്യവിശ്വാസികൾക്ക് രോഗശമനവും കാരുണ്യവുമായുള്ളതിനെ നാം അവതരിപ്പിക്കുന്നു. അക്രമികൾക്ക് അത് നഷ്ടത്തെയല്ലാതെ വർദ്ധിപ്പിക്കുകയില്ല.) (17: 82.)

ഐഹികജീവിതത്തിൽ വെച്ച് മനുഷ്യന് നേടിയെടുക്കുവാനുള്ള ഏതൊരു നേട്ടത്തെക്കാളും ശ്രേഷ്ഠവും ഉത്തമവുമാണ് ഈ ഖുർആനും, അതുവഴി അല്ലാഹുവിങ്കൽ നിന്ന് ലഭിക്കുന്ന അനുഗ്രഹങ്ങളും കാരുണ്യവും. അതുകൊണ്ട് അതിലാണ് മനുഷ്യൻ സന്തോഷം കൊള്ളേണ്ടതും, അതിനാണ് മുൻഗണന നൽകേണ്ടതും. ഐഹികനേട്ടങ്ങൾ-അവ എത്രതന്നെ ഉയർന്നതും വർദ്ധിച്ചുതുമാണെങ്കിലും-മരണത്തോടെ അതു അവസാനിക്കുമല്ലോ. ഖുർആൻ മുഖേന ലഭിക്കുന്ന നേട്ടങ്ങളാകട്ടെ, ഈ ലോകത്തും പരലോകത്തും ശേഷിക്കുകയും ചെയ്യുന്നു.

قُلْ أَرَءَيْتُم مَّآ أَنزَلَ ٱللَّهُ لَكُم مِّن رِّزْقٍ فَجَعَلْتُم مِّنْهُ حَرَامًا وَحَلَٰلًا قُلْ ءَآللَّهُ أَذِنَ لَكُمْ ۖ أَمْ عَلَى ٱللَّهِ تَفْتَرُونَ ﴿٥٩﴾

59 പറയുക: ''നിങ്ങൾ കണ്ടുവോ, ആഹാരമായി അല്ലാഹു നിങ്ങൾക്കുവേണ്ടി ഇറക്കിത്തന്നിട്ടുള്ളത്? എന്നിട്ട്, നിങ്ങൾ അതിൽനിന്നും (ചിലത്) നിഷിദ്ധവും, (ചിലത്) അനുവദനീയവുമാക്കിയിരിക്കുന്നു?'' പറയുക: ''അല്ലാഹുവാണോ നങ്ങൾക്ക് (അതിന്)അനുവാദം നൽകിയത്; അതല്ല, അല്ലാഹുവിൻെറ പേരിൽ നിങ്ങൾ കെട്ടിച്ചമക്കുകയാണോ? (പറയുവിൻ-കേൾക്കട്ടെ)!.

وَمَا ظَنُّ ٱلَّذِينَ يَفْتَرُونَ عَلَى ٱللَّهِ ٱلْكَذِبَ يَوْمَ ٱلْقِيَٰمَةِ ۗ إِنَّ ٱللَّهَ لَذُو فَضْلٍ عَلَى ٱلنَّاسِ

60 അല്ലാഹുവിൻെറ പേരിൽ വ്യാജം കെട്ടിച്ചമക്കുന്നവരുടെ വിചാരം ഖിയാമത്തു നാളിൽ എന്തായിരിക്കും?! നിശ്ചയമായും, അല്ലാഹു, മനുഷ്യരുടെ പേരിൽ ദയവ് (അഥവാഅനുഗ്രഹം)ഉള്ളവൻ ത

وَلَٰكِنَّ أَكْثَرَهُمْ لَا يَشْكُرُونَ ٦٠

ന്നെ എങ്കിലും, അവരില്‍ അധികമാളും നന്ദി ചെയ്യുന്നില്ല.

---

59 **قُلْ** പറയുക. **أرأيتم** നിങ്ങള്‍ കണ്ടുവോ (പറയൂ). **ما أنزلَ** ഇറക്കിയതിനെ. **اللهُ** അല്ലാഹു. **لَكُم** നിങ്ങള്‍ക്ക് വേണ്ടി. **مّن رزقٍ** ആഹാരമായിട്ട്, ഉപജീവിനത്തില്‍ നിന്നും. **فَجعلْتم** എന്നിട്ട് നിങ്ങള്‍ ആക്കി. **منه** അതില്‍ നിന്ന് (ചിലത്). **حراما** നിഷിദ്ധം. **وحلالاً** അനുവദനീയവും. **قُلْ** പറയുക. **ءآللهُ** അല്ലാഹുവാണോ. **أذنَ لَكُم** നിങ്ങള്‍ക്ക് അനുവാദം (സമ്മതം) തന്നത്. **أم على اللهِ** അതല്ല അല്ലാഹുവിന്‍റെ പേരില്‍. **تفْترونَ** നിങ്ങള്‍ കെട്ടിപ്പറയുന്നുവോ.. 60 **وما ظَن** എന്താണ് വിചാരം, ധാരണയെന്താണ്. **الذين يفْترونَ** കെട്ടിച്ചമക്കുന്നവരുടെ. **على اللهِ** അല്ലാഹുവിന്‍റെ മേല്‍. **الْكَذب** വ്യാജം, കളവ്. **يوم الْقيامة** ഖിയാമത്ത് നാളില്‍, നാളിനെപ്പറ്റി. **إن الله** നിശ്ചയമായും അല്ലാഹു. **لَذُو فَضلٍ** ദയവ് (അനുഗ്രഹം) ഉള്ളവന്‍ തന്നെ. **على الناسِ** മനുഷ്യരുടെ മേല്‍. **ولَكن** എങ്കിലും. **أَكْثَرهم** അവരില്‍ അധികവും. **لاَ يشكُرونَ** നന്ദി ചെയ്യുന്നില്ല.

മനുഷ്യര്‍ക്ക് ഉപജീവനത്തിനായി ധാരാളം ജീവികളും സസ്യവര്‍ഗ്ഗങ്ങളും, അല്ലാഹു ഭൂമിയില്‍ ഏര്‍പ്പെടുത്തിയിരിക്കുന്നു. ഈ അനുഗ്രഹം വേണ്ടതുപോലെ ആസ്വദിക്കുവാന്‍ കൂട്ടാക്കാതെ, അവയില്‍ ചിലത് മതദൃഷ്ട്യാ നിഷിദ്ധമാക്കിയും, ചിലത് അനുവദനീയമാക്കിയും തരം തിരിക്കുന്നവരെ അല്ലാഹു ആക്ഷേപിക്കുന്നു. ഈ തരംതിരിക്കലിനുള്ള സമ്മതം നിങ്ങള്‍ക്ക് എവിടെനിന്ന് കിട്ടി? അവയുടെ സ്രഷ്ടാവും ദാതാവുമായ അല്ലാഹു അതിന് അനുവാദം നല്‍കിയിട്ടുണ്ടോ? ഇല്ലെന്ന് തീര്‍ച്ചയാണ്. അപ്പോള്‍, നിങ്ങള്‍ അല്ലാഹുവിന്‍റെമേല്‍ കെട്ടിയുണ്ടാക്കിയ വ്യാജം മാത്രമാണത്. അല്ലാഹുവിന്‍റെ പേരില്‍ നിയമം കെട്ടിച്ചമക്കുന്നവര്‍ക്ക് ഖിയാമത്തുനാളില്‍ നേരിടുവാനിരിക്കുന്ന ഭവിഷ്യത്തുകള്‍ അതിഭയങ്കരവും, അവരുടെ വിഭാവനത്തിനും ധാരണക്കും അതീതവുമായിരിക്കുമെന്ന് അവര്‍ ഓര്‍ത്തുകൊള്ളട്ടെ എന്നു അവരെ അല്ലാഹു താക്കീത് ചെയ്യുന്നു. മനുഷ്യര്‍ക്ക് ആഹാരത്തിനായി ധാരാളക്കണക്കില്‍ വിഭവങ്ങള്‍ അല്ലാഹു സൃഷ്ടിച്ചുവെച്ചിട്ടുള്ളതു അവന് അവരോടുള്ള ദയാദാക്ഷിണ്യംകൊണ്ടാണ്. അതിനു നന്ദി കാണിക്കുകയാണ് അവര്‍ ചെയ്യേണ്ടിയിരുന്നത്. പക്ഷേ, മിക്ക ആളുകളും-ഒരു തരത്തിലല്ലെങ്കില്‍ മറ്റൊരുതരത്തില്‍-നന്ദിയില്ലാത്തവരായിട്ടാണിരിക്കുന്നത്. ആ നന്ദികേടില്‍ നിന്നാണ് ഇത്തരം പ്രവണതകള്‍ ഉണ്ടായിത്തീരുന്നത് എന്നൊക്കെയാണ് അവസാനത്തെ വാക്യത്തിലടങ്ങിയ സൂചന.

വിഗ്രഹങ്ങളുടെ പേരിലും മറ്റുമായി ചിലതരം ആടുമാടൊട്ടകങ്ങളെയും, കൃഷി വിഭവങ്ങളെയും മുശ്‌രിക്കുകള്‍ നിഷിദ്ധമാക്കി വെച്ചിരുന്നതിനെ സൂചിപ്പിച്ചുകൊണ്ടുള്ളതാണ് ഈ വചനങ്ങള്‍. ഈ വിഷയകമായി സൂ: മാഇദ: 106 അന്‍ആം: 136, 138, 139; മുതലായ സ്ഥലങ്ങളില്‍ മുമ്പ് വിശദീകരിക്കപ്പെട്ടിട്ടുണ്ട്. അല്ലാഹുവും, അവന്‍റെ റസൂലും നിഷിദ്ധമാക്കിയിട്ടില്ലാത്ത വസ്തുക്കളെ എന്തെങ്കിലും ന്യായം പറഞ്ഞു മതത്തില്‍ നിഷിദ്ധമാക്കുന്നവരെല്ലാം ഈ ആക്ഷേപത്തിന് വിധേയര്‍ തന്നെ. അല്ലാഹു നല്‍കിയ അനുഗ്രഹങ്ങളെ ആസ്വദിക്കുന്നത് അവനോട് നന്ദി കാണിക്കലും, അതിന് തടസ്സമുണ്ടാക്കുന്നത് നന്ദികേട് കാണിക്കലുമാകുന്നു. അബുല്‍ അഹ്‌വസ്വ് (﵁) അദ്ദേഹത്തിന്‍റെ പിതാവ് പ്രസ്താവിച്ചതായി ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു: ഞാന്‍ വളരെ താണതരത്തിലുള്ള വേഷത്തില്‍ നബി (ﷺ) തിരുമേനിയുടെ അടുക്കല്‍ ചെന്നു. അവിടുന്ന് ചോദിച്ചു: 'തനിക്ക് സ്വത്തുവല്ലതും ഉണ്ടോ?' ഞാന്‍ പറഞ്ഞു: ''ഉണ്ട്.'' തിരുമേനി ചോദിച്ചു: ''എന്തു സ്വത്തുക്കളാണുള്ളത്?'' ഞാന്‍ പറഞ്ഞു: ''ഒട്ടകം, അടിമ, കുതിര, ആട്, ഇതെല്ലാം തന്നെയുണ്ട്.'' അപ്പോള്‍ തിരുമേനി പറഞ്ഞു: ''തനിക്ക് അല്ലാഹു സ്വത്തു നല്‍കിയ സ്ഥിതിക്ക് തനിക്ക് അവന്‍ നല്‍കിയ അനുഗ്രഹത്തിന്‍റെയും,

ആദരവിന്‍െറയും അടയാളം തന്നില്‍ കാണപ്പെടട്ടെ.'' (ﷺ) ഈ തത്വം ഉള്‍ക്കൊളളുന്ന ഹദീസുകള്‍ വേറെയും കാണാം.

വിഭാഗം-7

وَمَا تَكُونُ فِى شَأْنٍ وَمَا تَتْلُوا۟ مِنْهُ مِن قُرْءَانٍ وَلَا تَعْمَلُونَ مِنْ عَمَلٍ إِلَّا كُنَّا عَلَيْكُمْ شُهُودًا إِذْ تُفِيضُونَ فِيهِ ۚ وَمَا يَعْزُبُ عَن رَّبِّكَ مِن مِّثْقَالِ ذَرَّةٍ فِى ٱلْأَرْضِ وَلَا فِى ٱلسَّمَآءِ وَلَآ أَصْغَرَ مِن ذَٰلِكَ وَلَآ أَكْبَرَ إِلَّا فِى كِتَٰبٍ مُّبِينٍ ﴿٦١﴾

61 (നബിയേ) നീ വല്ല കാര്യത്തിലും ആയിരിക്കുകയാകട്ടെ, അത് സംബന്ധിച്ചു ഖുര്‍ആനില്‍നിന്നും(വല്ലതും) പാരായണം ചെയ്യുകയാകട്ടെ ചെയ്കയില്ല; നിങ്ങള്‍ [മനുഷ്യര്‍] വല്ല പ്രവൃത്തിയും പ്രവര്‍ത്തിക്കുകയും ചെയ്കയില്ല; നിങ്ങള്‍ അതില്‍ മുഴുകിക്കൊണ്ടിരിക്കുമ്പോള്‍ നിങ്ങളുടെ മേല്‍ നാം (ദൃക്ക്)സാക്ഷികളായിരിക്കാതെ. ഭൂമിയിലാകട്ടെ, ആകാശത്തിലാകട്ടെ, ഒരു അണുത്തൂക്കവും (തന്നെ) നിന്‍െറ റബ്ബില്‍നിന്നും വിട്ടുപോകുകയില്ല; അതിനെക്കാള്‍ ചെറുതാകട്ടെ, വലുതാകട്ടെ ഇല്ല, (അത്) സ്പഷ്ടമായ ഒരു (രേഖാ) ഗ്രന്ഥത്തില്‍ ഇല്ലാതെ.

---

61 **وما تكُونُ** നീ ആയിരിക്കയില്ല. **في شأن** ഒരു കാര്യത്തിലും, വല്ല വിഷയത്തിലും. **وما تتلوا** നീ പാരായണം ചെയ്കയില്ല. **منه** അതു സംബന്ധിച്ച്. **من قُرآن** ഒരു ഖുര്‍ആനും, ഖുര്‍ആനില്‍ നിന്നും (വല്ലതും). **ولا تعملونَ** നിങ്ങള്‍ പ്രവര്‍ത്തിക്കുകയുമല്ല. **من عملٍ** ഒരു പ്രവൃത്തിയും, പ്രവൃത്തിയായിട്ട് (വല്ലതും). **إلا كُنا** നാം ആയിരിക്കാതെ. **عليكُم** നിങ്ങളുടെമേല്‍. **شهودا** സാക്ഷികള്‍, സന്നദ്ധര്‍. **إذْ تفيضونَ** നിങ്ങള്‍ മുഴുകിക്കൊണ്ടിരിക്കുമ്പോള്‍. **فيه** അതില്‍. **وما يعزب** വിട്ട് (തെറ്റി-മറഞ്ഞു) പോകയുമില്ല. **عن ربك** നിന്‍െറ റബ്ബില്‍ നിന്ന്, റബ്ബിനെ വിട്ട്. **من مثقال** തൂക്കത്തില്‍ നിന്നും (ഒന്നും-ഒരളവും). **ذَرة** ഒരണുവിന്‍െറ. **في الأرض** ഭൂമയില്‍. **ولا في السماء** ആകാശത്തിലുമില്ല. **ولا أصغر** കൂടുതല്‍ ചെറിയതുമില്ല. **من ذَلك** അതിനെക്കാള്‍. **ولا أكْبر** കൂടുതല്‍ വലുതുമില്ല. **إلا في كتابٍ** ഒരു ഗ്രന്ഥത്തില്‍ (രേഖയില്‍) ഇല്ലാതെ. **مبين** സ്പഷ്ടമായ, വ്യക്തമായ.

നബി (ﷺ) യാകട്ടെ, മറ്റുളളവരാകട്ടെ, ഏതെങ്കിലും വിഷയത്തില്‍ ഏര്‍പ്പെടുകയോ, വല്ല പ്രവൃത്തിയും ചെയ്യുകയോ ചെയ്യുന്നപക്ഷം അല്ലാഹു കണ്ടറിയാതിരിക്കുകയില്ല. ആകാശഭൂമികളിലുളള ഏതൊരു വസ്തുവും-അത് എത്ര തന്നെ വലുതോ ചെറുതോ ആയിരുന്നാലും-അവന്‍െറ അറിവില്‍പെടാത്തതുമില്ല. എല്ലാറ്റിന്‍െറയും കണക്കും തോതുമൊക്കെ അവന്‍ കൃത്യമായി രേഖപ്പെടുത്തി വെച്ചിട്ടുമുണ്ട് എന്നു സാരം. നബി (ﷺ) യുടെ ഖുര്‍ആന്‍ പാരായണത്തെപ്പറ്റി പ്രത്യേകം എടുത്തുപറഞ്ഞത്, നബി (ﷺ) യുടെ പ്രധാന ജോലി അതായതുകൊണ്ടായിരിക്കാം. الله اعلم

ഭാവികാര്യങ്ങളെക്കുറിച്ച് മൊത്തത്തിലുളള അറിവേ അല്ലാഹുവിനുളളുവെന്നും, അത് കാര്യങ്ങള്‍ സംഭവിക്കുമ്പോള്‍ മാത്രമേ ഓരോന്നിനെക്കുറിച്ചും അവന് വിശദമായി അറിയുകയുളളുവെന്നും ചില തല്‍പരകക്ഷികള്‍ ജല്‍പിക്കാറുളളത് തികച്ചും സത്യവിരുദ്ധമാണെന്ന് ഈ വചനത്തില്‍ നിന്നും ഇതുപോലെയുളള മറ്റു ചില വചനങ്ങളില്‍നിന്നും സ്പ

ഷ്ടമായി മനസ്സിലാക്കാം. എല്ലാം അവൻ സൃഷ്ടിച്ചത് (الله خالق كل شيئ) ഓരോന്നും സൃഷ്ടിച്ച താകട്ടെ, ശരിക്ക് കണക്കും വ്യവസ്ഥയും വെച്ചുകൊണ്ടും (انا كل شيئ خلقناه بقدر – القمر ٤٩) എന്നിരിക്കെ ഏതെങ്കിലും ഒരു കാര്യം-അല്ലെങ്കിൽ വസ്തു-അവൻ അറിയാതിരിക്കുന്നതെങ്ങിനെയാണ്?!

62 (അല്ലാ! അറിയുക;) നിശ്ചയമായും അല്ലാഹുവിൻെറ 'വലിയ്യു'കൾ [മിത്രങ്ങൾ], അവരുടെ മേൽ ഒരു ഭയവുമില്ല; അവർ വ്യസനിക്കുകയും ചെയ്കയില്ല.

أَلَآ إِنَّ أَوْلِيَآءَ ٱللَّهِ لَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿٦٢﴾

63 (അതെ,) വിശ്വസിക്കുകയും, സൂക്ഷ്മത പാലിച്ചുകൊണ്ടിരിക്കുകയും ചെയ്തവർ. [ഇവരാണ് അല്ലാഹുവിൻെറ 'വലിയ്യു'കൾ.]

ٱلَّذِينَ ءَامَنُوا۟ وَكَانُوا۟ يَتَّقُونَ ﴿٦٣﴾

64 അവർക്കത്രെ, ഇഹലോക ജീവിതത്തിലും, പരലോകത്തിലും സന്തോഷവാർത്ത (യുള്ളത്). അല്ലാഹുവിൻെറ വാക്കുകൾക്ക് മാറ്റം വരുത്തലില്ല. അതുതന്നെയാണ് വമ്പിച്ച ഭാഗ്യം!

لَهُمُ ٱلْبُشْرَىٰ فِى ٱلْحَيَوٰةِ ٱلدُّنْيَا وَفِى ٱلْءَاخِرَةِ ۚ لَا تَبْدِيلَ لِكَلِمَٰتِ ٱللَّهِ ۚ ذَٰلِكَ هُوَ ٱلْفَوْزُ ٱلْعَظِيمُ ﴿٦٤﴾

---

62 **ألا** അല്ലാ, അറിയുക. **إن أولياء** വലിയ്യു (മിത്രം)കൾ. **الله** അല്ലാഹുവിൻെറ. **لا خوف** ഒരു ഭയവുമില്ല. **عليهم** അവരുടെമേൽ. **ولا هم** അവരില്ലതാനും. **يحزنونَ** അവർ വ്യസനിക്കും.. 63 **الذين آمنوا** വിശ്വസിച്ചവർ. **وكانوا** ആയിരിക്കുകയും ചെയ്തു. **يتقونَ** അവർ സൂക്ഷമത പാലിക്കും. 64 **لهم** അവർക്കുണ്ട്, അവർക്കാണ്. **البشرى** സന്തോഷവാർത്ത. **في الحياة** ജീവിതത്തിൽ. **الدنيا** ഇഹത്തിലെ, ഐഹിക. **وفي الآخرة** പരലോകത്തിലും. **لا تبديل** മാറ്റം വരുത്തലില്ല, പകരമാക്കലില്ല. **لكلمات** വാക്കുകൾക്ക്, വചനങ്ങളെ. **الله** അല്ലാഹുവിൻെറ. **ذَلك هو** അതുതന്നെയാണ്. **الفوز** ഭാഗ്യം, വജയം **العظيم** വമ്പിച്ച, മഹാ.

'അടുപ്പം (القرب) എന്നർത്ഥമായ ولى (വൽയ്) എന്ന മൂലത്തിൽ നിന്നുള്ളതാണ് ولى വലിയ്യ് എന്ന വാക്ക്. അതിൻെറ ബഹുവചനമാണ് أولياء (ഔലിയാഉ്). 'ബന്ധപ്പെട്ടവൻ, അടുത്തവൻ, മിത്രം' എന്നൊക്കെയാണ് അതിനർത്ഥം. 'ശത്രു (عدو)' വിൻെറ എതിർപദമായി അത് ഉപയോഗിക്കപ്പെടുന്നത് ഈ അർത്ഥത്തിലാകുന്നു. കുട്ടികൾ, സ്ത്രീകൾ മുതലായ ദുർബ്ബലരുടെ കൈകാര്യ കർത്താക്കൾക്കും ഈ വാക്ക് ഉപയോഗിക്കാറുണ്ട്. أولياء الله (അല്ലാഹുവിൻെറ വലിയ്യുകൾ) എന്നു പറയുന്നതും ആദ്യം പറഞ്ഞ അർത്ഥത്തിൽ തന്നെയാണെന്ന് പ്രത്യേകം പറയേണ്ടതില്ല. 'അല്ലാഹുവിൻെറ വലിയ്യുകൾ' (അഥവാ ഔലിയാഉ്) ആരാണെന്ന് അല്ലാഹു ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. അതെ, വിശ്വസിക്കേണ്ടുന്ന കാര്യങ്ങളിൽ വിശ്വസിക്കുകയും, അല്ലാഹുവിൻെറ വിധിവിലക്കുകൾ അനുസരിക്കുകവഴി അവനെ സൂക്ഷിച്ചു പോരുകയും ചെയ്തവരാരോ അവരാണത് (الذين آمنوا وكانوا يتقون) അല്ലാഹുതന്നെ 'ഔലിയാഇ'നു നിർവ്വചനം നൽകിയിരിക്കെ, മറ്റൊരു നിർവ്വചനമോ വ്യഖ്യാനമോ നൽകുവാൻ ആർക്കും അവകാശമില്ല.

ലോകത്ത് അദൃശ്യമായ ചില കൈകാര്യങ്ങൾ നടത്തുന്ന-അല്ലെങ്കിൽ അതിന് കഴിവ് നൽകപ്പെട്ട-ചില മഹാത്മാക്കളെ ഉദ്ദേശിച്ചാണ് അല്ലാഹുവിൻെറ വലിയ്യുകൾ എന്നു പറയ

പ്പെടുന്നതെന്ന് ചിലർ പറയാറുള്ളത് ശരിയല്ലെന്ന് അല്ലാഹുവിന്റെ നിർവ്വചനത്തിൽ നിന്ന്
സ്പഷ്ടമായി. അതുപോലെത്തന്നെ, ചില അത്ഭുതസിദ്ധികളുണ്ടെന്ന് കരുതപ്പെടുന്നവർ, ജട
മുടി മുതലായ ചില പ്രത്യേക വേഷം സ്വീകരിച്ചവർ, വല്ല മഹാൻമാരുടെയും ശിഷ്യത്വമോ
കൈതുടർച്ചയോ ലഭിച്ചതിന്റെ പേരിൽ പെട്ടെന്ന് 'വലിപ്പട്ടം' നേടിയവർ എന്നിങ്ങിനെയുള്ള
വരാണ് വലിയ്യുകൾ എന്നൊക്കെ ചില തെറ്റായ ധാരണകൾ പൊതുജനങ്ങൾക്കിടിയിലുമു
ണ്ട്. തികച്ചും അജ്ഞതയിൽ നിന്നും വിഡ്ഢിത്തത്തിൽ നിന്നും ഉടലെടുത്ത ഈ ധാരണക
ൾ മൂലം മുസ്‌ലിം സമുദായത്തിൽ ഉണ്ടായതും, ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ അനാചാര
ങ്ങൾക്കും അഴിമതികൾക്കും കയ്യും കണക്കുമില്ല. معاذ الله

സത്യവിശ്വാസം സ്വീകരിക്കുകയും, അല്ലാഹുവിനെ സൂക്ഷിച്ചുപോരുകയും ചെയ്തവ
രാകുന്ന 'വലിയ്യു'കളുടെ നേട്ടങ്ങളായി അല്ലാഹു ഇവിടെ എടുത്തു കാണിച്ചതു നാലു കാര്യ
ങ്ങളാകുന്നു. (1) لاخوف عليهم (അവരുടെ മേൽ ഒരു ഭയവുമില്ല.) അവർ തങ്ങളുടെ കടമകളെ
ശരിക്കും പാലിക്കുന്നവരും, പാപകൃത്യങ്ങളിൽ നിന്നു ഒഴിഞ്ഞുനിൽക്കുന്നവരു മാകകൊണ്ട്
മറ്റുള്ളവർ ഭയപ്പെടുന്നപോലെ വരാനിരിക്കുന്ന ഭവിഷ്യത്തുകളെക്കുറിച്ച് അവർ ഒന്നും ഭയ
പ്പെടേണ്ടതായി വരുകയില്ല എന്നുദ്ദേശ്യം. (2) ولاهم يحزنو (അവരൊട്ട് വ്യസനിക്കുകയുമല്ല.)
ഐഹികമായതോ പാരത്രികമായതോ ആവട്ടെ, അവർ ചെയ്തുപോയതിനെപ്പറ്റിയോ, ചെയ്യാ
തിരുന്നതിനെപ്പറ്റിയോ അവർക്ക് വ്യസനിക്കേണ്ടുന്ന ആവശ്യം നേരിടുകയില്ല. കാരണം, ഓ
രോന്നിലും അവർ തങ്ങളുടെ ബാധ്യതകളെല്ലാം യഥാവിധി നിറവേറ്റുന്നവരായിരിക്കും. വല്ല
അഹിതങ്ങളോ കഷ്ടനഷ്ങ്ങളോ നേരിട്ടാലും വ്യസനവും ദുഃഖവും അവരെ തീണ്ടുകയില്ല.
കാരണം, അവർ സർവ്വവും അല്ലാഹുവിൽ അർപ്പിച്ചവരും, അവൻ നൽകിയതിൽ സമാധാന
മടയുന്നവരുമായിരിക്കും. (3) لهم البشرى فى الحيوة الدنيا (അവർക്ക് ഐഹികജീവിതത്തിൽ സ
ന്തോഷവാർത്തയുണ്ടായിരിക്കും.) പ്രവാചകൻമാരും, വേദഗ്രന്ഥങ്ങളും മുഖേന അവർക്ക് പ
ല സന്തോഷവാർത്തകളും ലഭിച്ചുകൊണ്ടിരിക്കുന്നു. നല്ലതായ സ്വപ്നങ്ങൾ വഴിയും അവർ
ക്ക് മനസ്സമാധാനവും സന്തോഷവും ലഭിച്ചുകൊണ്ടിരിക്കും. ജനങ്ങളിൽ നിന്ന് അനുമോദന
ങ്ങളും സ്വീകരണങ്ങളും ഉണ്ടായിക്കൊണ്ടിരിക്കും. അവരുടെ പ്രാർത്ഥനകൾ അല്ലാഹു പാഴാ
ക്കുകയുമില്ല. മരണവേളയിൽ മലക്കുകളും അവരെ സ്വാഗതം ചെയ്കയും അനുമോദിക്കുക
യും ചെയ്യും. അവരോ അവരെപ്പറ്റി മറ്റുള്ളവരോ കാണുന്ന നല്ല സ്വപ്നങ്ങളും അവരുടെ
ഐഹികമായ സന്തോഷവാർത്തയിൽ ഉൾപെടുന്നതായി താഴെ ഉദ്ധരിക്കുന്ന ഹദീസുകളിൽ
നിന്നും വ്യക്തമാണ്. അങ്ങിനെ പലതും ഇഹത്തിൽവെച്ച് അവർക്ക് ലഭിക്കുന്ന സന്തോഷ
ങ്ങളായിരിക്കും. (4) وفى الآخرة (പരലോകത്തിലും സന്തോഷവാർത്തയുണ്ടായിരിക്കും.) ഖിയാ
മത്തുനാളിൽ മലക്കുകൾ അവരെ എതിരേൽക്കുകയും, അവർക്ക് ലഭിക്കുവാനിരിക്കുന്ന സ്വ
ർഗ്ഗം മുതലായ അനുഗ്രഹങ്ങളെപ്പറ്റി സന്തോഷമറിയിക്കുകയും ചെയ്യും. എല്ലാ ഭാഗത്തു നി
ന്നും സന്തോഷവാർത്തയേ അവർ കേൾക്കേണ്ടി വരുകയുള്ളൂ. ഇതെല്ലാം ചൂണ്ടിക്കാട്ടിയശേ
ഷം, ഇതിലൊന്നും യാതൊരു മാറ്റവും വരുത്തുകയില്ല-അല്ലാഹുവിന്റെ വാക്കുകൾക്ക് വ്യ
ത്യാസം വരുകയില്ല-എന്നും, മനുഷ്യർക്ക് ലഭിക്കാവുന്ന മഹത്തായ ഭാഗ്യം ഇതൊക്കെത്ത
ന്നെയാണെന്നും, അല്ലാഹു ആ വാഗ്ദാനം വീണ്ടും ശക്തിപ്പെടുത്തിയിരിക്കുന്നു. ഈ മഹാ
ഭാഗ്യത്തിന് പാത്രമാകുന്ന സജ്ജനങ്ങളിൽ അല്ലാഹു നമ്മെയെല്ലാം ഉൾപെടുത്തിത്തരട്ടെ.
ആമീൻ.

മേൽ കണ്ട വിവരണത്തിലേക്ക് വെളിച്ചം നൽകുന്ന അൽപം ചില ഖുർആൻ വചന
ങ്ങളും, ഹദീസുകളും ഇവിടെ ഓർമ്മിപ്പിക്കുന്നത് സന്ദർഭോചിതമായിരിക്കും:
من آمن بالله واليوم الآخر وعمل صالحا – الآية (സാരം: ആർ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസി
ക്കുകയും സൽക്കർമ്മം പ്രവർത്തിക്കുകയും ചെയ്തുവോ അവർക്ക് അവരുടെ പ്രതിഫലം
അവരുടെ റബ്ബിന്റെ അടുക്കൽ ഉണ്ടായിരിക്കും. അവരുടെ മേൽ ഒരു ഭയവുമില്ല; അവർ വ്യ

സനിക്കുകയുമില്ല.) വീണ്ടും അല്ലാഹു പറയുന്നു: ان الذين قالوا ربنا الله –الآيات – حم السجدة (സാരം: ഞങ്ങളുടെ റബ്ബ് അല്ലാഹുവാണെന്നു പറയുകയും, പിന്നീട് ചൊവ്വിന് നിലകൊള്ളുകയും ചെയ്തവരിൽ മലക്കുകൾ ഇറങ്ങിവന്നു പറയും: നിങ്ങൾ ഭയപ്പെടുകയും, വ്യസനിക്കുകയും വേണ്ടാ. നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെട്ടുകൊണ്ടിരുന്ന സ്വർഗ്ഗം കൊണ്ട് നിങ്ങൾ സന്തോഷിച്ചുകൊള്ളുവിൻ. ഇഹത്തിലും, പരത്തിലും ഞങ്ങൾ നിങ്ങളുടെ ബന്ധുമിത്രങ്ങളാകുന്നു. അവിടത്തിൽ നിങ്ങൾക്ക് നിങ്ങളുടെ മനസ്സുകൾ ഇച്ഛിക്കുന്നതെന്തോ അതുണ്ടായിരിക്കും അവിടത്തിൽ നിങ്ങൾ എന്താവശ്യപ്പെടുന്നുവോ അതും നിങ്ങൾക്കുണ്ടായിരിക്കു-വളരെ പൊറുക്കുന്നവനും, കരുണാനിധിയുമായ റബ്ബിൻെറ പക്കൽ നിന്നുള്ള സൽക്കാരമായിക്കൊണ്ട്. (41 : 30-32.)

മരണവേളയിലും, ഖബറിൽവെച്ചും, പുനരുത്ഥാനസമയത്തും മലക്കുകൾ സജ്ജനങ്ങൾക്ക് ഇപ്രകാരം സന്തോഷവാർത്ത അറിയിക്കുന്നതാണെന്ന് നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. (കൂടുതൽ വിവരം ആ വചനങ്ങളുടെ വ്യാഖ്യാനത്തിൽ നോക്കുക.) സജ്ജനങ്ങളെക്കുറിച്ച് അവർ നരകത്തിൻെറ ഒച്ചപ്പാടുപോലും കേൾക്കുകയില്ലെന്നും, അവർ ഇച്ഛിക്കുന്നതെന്തോ അതിൽ നിത്യവാസികളായിരിക്കുമെന്നും പറഞ്ഞുകൊണ്ട് അല്ലാഹു പറയുന്നു: لايحزنهم الفزع الاكبر – الآية – الانبياء (സാരം: ആ മഹാവിഭ്രമം അവരെ വ്യസനിപ്പിക്കുയില്ല. നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന ആ ദിവസമാണിത് എന്ന് പറഞ്ഞു കൊണ്ട് മലക്കുകൾ അവരെ എതിരേൽക്കുകയും ചെയ്യും.) (21 : 103.) വീണ്ടും അല്ലാഹു പറയുന്നു: يوم ترى المؤمنون والمؤمنات ... الآية (സാരം: സത്യവിശ്വാസികളായ പുരുഷൻമാരുടെയും സ്ത്രീകളുടെയും മുമ്പിലൂടെയും, പല ഭാഗത്തൂടെയും പ്രകാശം വ്യാപിച്ചുകൊണ്ടിരിക്കുന്ന ദിവസം, അടിഭാഗത്തിലൂടെ അരുവികൾ ഒഴുകികൊണ്ടിരിക്കുന്ന സ്വർഗ്ഗങ്ങളാണ് ഇന്ന് നിങ്ങൾക്കുള്ള അനുമോദനവാർത്ത എന്ന് അവരോട് പറയപ്പെടും.) (57 : 12) ഔലിയാഉ (أولياء) എന്ന വാക്ക് ഒരു പ്രത്യേകതരം ആൾക്കാരെ ഉദ്ദേശിച്ചല്ലെന്നും, സദ്വൃത്തരായ സത്യവിശ്വാസികളെ ഉദ്ദേശിച്ചാണെന്നും ഇതിൽ നിന്നൊക്കെ കൂടുതൽ മനസ്സിലാക്കാമല്ലോ.

നബി (ﷺ) പറഞ്ഞതായി ഇബ്നുമസ്ഊദ് (رضي الله عنه) ഉദ്ധരിക്കുന്നു: ''നിശ്ചയമായും, മനുഷ്യരിൽ പിശാചിന് ഒരു പ്രവേശനമുണ്ട്; മലക്കിനും ഒരു പ്രവേശനമുണ്ട്. എന്നാൽ, പിശാചിൻെറ പ്രവേശനം നൻമ കൊണ്ട് വാഗ്ദത്തം നടത്തലും, യഥാർത്ഥത്തെ വ്യാജമാക്കലുമായിരിക്കും. മലക്കിൻെറ പ്രവേശനം തിൻമകൊണ്ടുള്ള വാഗ്ദത്തം നടത്തലും, യാഥാർത്ഥത്തെ സത്യപ്പെടുത്തലുമായിരിക്കും. ആർക്കെങ്കിലും ഇത് (ഒടുവിൽ പറഞ്ഞത്) അനുഭവപ്പെട്ടാൽ, അത് അല്ലാഹുവിങ്കൽനിന്നുള്ളതാണെന്ന് അവൻ അറിഞ്ഞുകൊള്ളട്ടെ. അവൻ അല്ലാഹുവിനെ സ്തുതിക്കുകയും ചെയ്തുകൊള്ളട്ടെ. മറ്റേതു (ആദ്യം പറഞ്ഞത്) ആർക്കെങ്കിലും അനുഭവപ്പെട്ടാൽ അവൻ പിശാചിൽ നിന്ന് രക്ഷ തേടിക്കൊള്ളട്ടെ.'' (തി:ന) അബൂദർറ് (رضي الله عنه) പറയുന്നു: ''മനുഷ്യൻ ഒരു കർമ്മം ചെയ്യുന്നു, അതിൻെറ പേരിൽ ജനങ്ങൾ അവനെ സ്തുതിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നു? (ഇതിൻെറ സ്ഥിതിയെന്താണ്?)'' എന്ന് അദ്ദേഹം നബി (ﷺ)യോട് ചോദിച്ചു. അപ്പോൾ നബി (ﷺ) പറഞ്ഞു: ''അത് സത്യവിശ്വാസിക്കു നേരത്തെകൂട്ടി ലഭിക്കുന്ന അനുമോദനവാർത്തയാണ്.'' (അ: മു.) അബുദ്ദർദാഉ് لهم البشرى .... (അവർക്ക് സന്തോഷവാർത്തയുണ്ട്...) എന്ന വചനത്തെപ്പറ്റി ചോദിച്ചപ്പോൾ നബി (ﷺ) പറഞ്ഞതായി അദ്ദേഹം ഉദ്ധരിക്കുന്നു: ''മുസ്ലിമായ മനുഷ്യൻ കാണുകയോ, അല്ലെങ്കിൽ അവനെപ്പറ്റി മറ്റുള്ളവരാൽ കാണപ്പെടുകയോ ചെയ്യുന്ന നല്ല സ്വപ്നങ്ങളാണത്.'' (അ; ഇബ്നുജരീർ.) ഒന്നിലധികം മാർഗ്ഗങ്ങളിൽ കൂടി-വാക്കുകളിൽ അൽപസ്വൽപം വ്യത്യാസം കാണുമെങ്കിലും-ഇബ്നുജരീർ (رحمه الله) ഇത് ഉദ്ധരിച്ചിരിക്കുന്നു: ഉബാദത്തുബ്നു സ്വാമിത്ത്, അബൂഹുറൈറ (رضي الله عنهما) എന്നിവരിൽ നിന്നും ഈ അർത്ഥത്തിലുള്ള ഹദീസുകൾ അഹ്മദും, ഇബ്നുജരീറും (رحمهما الله) ഉദ്ധരിച്ചു കാണാം. നല്ല സ്വപ്നങ്ങൾ പ്രവാചകത്വത്തിൻെറ പല

അംശങ്ങളിൽ ഒന്നാണെന്നും ഹദീസുകളിൽ വന്നിട്ടുണ്ട്. പരലോകത്ത് വെച്ചു ലഭിക്കുന്ന സന്തോഷവാർത്തകളിൽ പ്രധാനമായത് സ്വർഗ്ഗത്തെപ്പറ്റിയുള്ള സന്തോഷവാർത്തയാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

وَلَا يَحْزُنكَ قَوْلُهُمْ ۘ إِنَّ ٱلْعِزَّةَ لِلَّهِ جَمِيعًا ۚ هُوَ ٱلسَّمِيعُ ٱلْعَلِيمُ ﴿٦٥﴾

65 (നബിയേ) അവരുടെ [മുശ്‌രിക്കുകളുടെ] വാക്ക് നിന്നെ വ്യസനിപ്പിക്കരുത്. നിശ്ചയമായും, പ്രതാപം മുഴുവനും അല്ലാഹുവിനാകുന്നു. അവൻ (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമത്രെ.

---

65 ولا يحزنك നിന്നെ വ്യസനിപ്പിക്കരുത്. قَوْلُهُمْ അവരുടെ വാക്ക്, അവർ പറയുന്നത്. إن الْعِزةَ നിശ്ചയമായും പ്രതാപം. لله അല്ലാഹുവിനാണ്. جميعا മുഴുവനും. هو അവൻ. السميع കേൾക്കുന്നവനത്രെ. العَلِيْمُ അറിയുന്നവൻ.

മുശ്‌രിക്കുകളുടെ ഭാഗത്തുനിന്ന് പരിഹാസത്തിൻെറയും ആക്ഷേപത്തിൻെറയും ഭീഷണിയുടെയും രൂപത്തിൽ പല തോന്നിയവാസ വാക്കുകളും കേട്ടുകൊണ്ടിരിക്കും. ചിലതെല്ലാം കേൾക്കുമ്പോൾ നബി(ﷺ)ക്കു വ്യസനം തോന്നുക സ്വഭാവികമാണല്ലോ. ഇതിനെപ്പറ്റി ഒരിടത്ത്. അല്ലാഹു പറയുന്നു: .... قد نعلم انه ليحزنك الذى يقولون (അവർ പറഞ്ഞുകൊണ്ടിരിക്കുന്നത് നിന്നെ വ്യസനിപ്പിക്കുകതന്നെ ചെയ്യുന്നുവെന്ന് നാം അറിയുന്നുണ്ട്. എന്നാൽ, അവർ നിന്നെ വ്യാജമാക്കുകയല്ല ചെയ്യുന്നത്. പക്ഷേ, ആ അക്രമികൾ അല്ലാഹുവിൻെറ ആയത്തുകളെ നിഷേധിക്കുകയാണ് ചെയ്യുന്നത്.) (6:33.) അത്തരം വാക്കുകളിലൊന്നും വ്യസനിക്കേണ്ടതില്ല, അവർക്ക് വില കൽപിക്കേണ്ടതുമില്ല, അവമൂലം ഒന്നും സംഭവിക്കുവാനും പോകുന്നില്ല, അതിനെതിരിൽ വേണ്ടുന്ന നടപടികൾ അല്ലാഹു എടുത്തുകൊള്ളും. ശക്തിയും പ്രതാപവുമെല്ലാം അവന് മാത്രമാണുള്ളത്, അവൻെറ നടപടിക്ക് കിടയൊതുങ്ങാത്തവരാരും തന്നെ ഇല്ല. എന്നൊക്കെ അല്ലാഹു നബി (ﷺ) യെ സമാധാനിപ്പിക്കുകയാണ്. മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നു: كتب الله لأغلبن أنا ورسلي (നിശ്ചയമായും ഞാനും എൻെറ റസൂലുകളും ജയിക്കുക തന്നെ ചെയ്യുമെന്ന് അല്ലാഹു രേഖപ്പെടുത്തി വെച്ചിരിക്കുന്നു. നിശ്ചയമായും അല്ലാഹു ശക്തനും പ്രതാപശാലിയുമാകുന്നു. (58:21)

أَلَآ إِنَّ لِلَّهِ مَن فِى ٱلسَّمَٰوَٰتِ وَمَن فِى ٱلْأَرْضِ ۗ وَمَا يَتَّبِعُ ٱلَّذِينَ يَدْعُونَ مِن دُونِ ٱللَّهِ شُرَكَآءَ ۚ إِن يَتَّبِعُونَ إِلَّا ٱلظَّنَّ وَإِنْ هُمْ إِلَّا يَخْرُصُونَ ﴿٦٦﴾

66 അല്ലാ! (അറിയുക:) നിശ്ചയമായും, അല്ലാഹുവിൻേറതാണ് ആകാശങ്ങളിലുള്ളവരും, ഭൂമിയിലുള്ളവരും (ഒക്കെ). അല്ലാഹുവിനു പുറമെ അവർ വിളി (ച്ചു പ്രാർത്ഥി)ച്ചു കൊണ്ടിരിക്കുന്നവൻ (യഥാർത്ഥത്തിൽ) 'പങ്കാളി'കളെ പിൻപറ്റുന്നില്ല. (അതെ,) ഊഹത്തെയല്ലാതെ അവർ പിൻപറ്റുന്നില്ല; അവർ മതിപ്പിട്ടു (കളവ്) പറയുകയല്ലാതെ ചെയ്യുന്നുമില്ല.

---

66 ألا അല്ലാ, അറിയുക. إن لله നിശ്ചയമായും അല്ലാഹുവിനാണ്, അല്ലാഹുവിൻെറയാണ്. من في السماوات ആകാശത്തിലുള്ളവർ. ومن في الأرض ഭൂമിയിലുള്ളവരും. وما يتبع പിൻപറ്റുന്നില്ല. الذين

يدعونَ വിളിക്കുന്ന (പ്രാർത്ഥിക്കുന്ന)വർ. **من دون اللهِ** അല്ലാഹുവിന് പറുമെ. **شركَاءَ** പങ്കാളികളെ, കൂട്ടുകാരെ. **إن يتبعونَ** അവർ പിൻപറ്റുന്നില്ല. **إلا الظن** ഊഹത്തെ (ധാരണയെ) അല്ലാതെ. **وإنْ هم** അവരല്ലതാനും. **إلا يخرصونَ** മതിപ്പിടുക (അനുമാനം പറയുക)യല്ലാതെ.

ആകാശ ഭൂമികളിലുളളവരെല്ലാം അല്ലാഹുവിൻെറ സൃഷ്ടികളും, അടിമകളും, അവ ൻെറ നിയന്ത്രണത്തിൽ കഴിയുന്നവരുമാകുന്നു. എന്നിരിക്കെ, അവരിൽ ആരെങ്കിലും അല്ലാഹുവിൻെറ അധികാരാവകാശങ്ങളിലോ ഗുണമാഹാത്മ്യങ്ങളിലോ അവന് പങ്കാളികളായിരിക്കുവാൻ നിവൃത്തിയില്ല. ബുദ്ധിയുളള ജീവികളുടെ സ്ഥിതിതന്നെ ഇതാണെങ്കിൽ, ബുദ്ധിയോ ജീവനോ ഇല്ലാത്ത നിർജ്ജീവ വസ്തുക്കളുടെ കാര്യം പറയേണ്ടതുമില്ലല്ലോ. അപ്പോൾ ഈ മുശ്രിക്കുകൾ ചില സൃഷ്ടികളെ അല്ലാഹുവിൻെറ പങ്കാളികളെ സങ്കൽപിച്ചുകൊണ്ട് ആരാധിച്ചും പ്രാർത്ഥിച്ചും വരുന്നതോ? വാസ്തവത്തിൽ അതൊന്നുംതന്നെ അല്ലാഹുവിൻെറ പങ്കാളികളല്ല. പിന്നെയോ? വെറും ചില ഊഹത്തെയും അനുമാനത്തെയും അടിസ്ഥാനമാക്കി അവയെ അവൻെറ പങ്കുകാരാണെന്ന് സങ്കൽപിച്ചുകൊണ്ടിരിക്കുക മാത്രമാണ് ചെയ്യുന്നത്. അതിൽ സത്യത്തിൻെറയോ, ന്യായത്തിൻെറയോ കണികപോലുമില്ല. എന്നൊക്കെയാണ് ഇവിടെ അല്ലാഹു പറഞ്ഞതിൻെറ താൽപര്യം.

67 അവനത്രെ നിങ്ങൾക്ക് അടങ്ങി (ശാന്തമാ)യിരിക്കുവാൻ വേണ്ടി രാത്രിയെയും, കണ്ടറിയത്തക്ക നിലയിൽ പകലിനെയും ഏർപ്പെടുത്തിത്തന്നവൻ. നിശ്ചയമായും, കേട്ടറിയുന്ന ജനങ്ങൾക്ക് അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്,

هُوَ ٱلَّذِى جَعَلَ لَكُمُ ٱلَّيۡلَ لِتَسۡكُنُواْ فِيهِ وَٱلنَّهَارَ مُبۡصِرًاۚ إِنَّ فِى ذَٰلِكَ لَأَيَٰتٍ لِّقَوۡمٍ يَسۡمَعُونَ ﴿٦٧﴾

---

67 **هو الذي** അവൻ യാതൊരുവൻ, അവനത്രെ യാതൊരുവൻ. **جعلَ لكُم** നിങ്ങൾക്ക് ആക്കി (ഏർപ്പെടുത്തി)യ. **الليلَ** രാത്രിയെ. **لتسكُنوا** നിങ്ങൾ അടങ്ങിയിരിക്കുവാൻ, ശാന്തമായിരിക്കുവാൻ. **فيه** അതിൽ. **والنهارَ** പകലിനെയും. **مبصرا** കാണത്തക്കവിധത്തിൽ. **إن في ذَلكَ** നിശ്ചയമായും അതിലുണ്ട്. **لَآياتٍ** പല ദൃഷ്ടാന്തങ്ങൾ. **لقومٍ** ഒരു ജനതക്ക്. **يسمعونَ** കേൾക്കുന്ന, കേട്ടറിയുന്ന.

രാപ്പകലുകളുടെ യാഥാർത്ഥ്യങ്ങളെയും, അവയുടെ ക്രമീകരണ വ്യവസ്ഥയിലടങ്ങിയ യുക്തി രഹസ്യങ്ങളെയും സംബന്ധിച്ച് ചിന്തിച്ചാൽ തന്നെയും അല്ലാഹുവിന് പങ്കാളികൾ ഉണ്ടായിരിക്കുക സാധ്യമല്ലെന്ന് അന്വേഷണ ബുദ്ധിയുളളവർക്ക് വ്യക്തമായി മനസ്സിലാക്കുവാൻ കഴിയും.

68 അവർ പറയുകയാണ്: ''അല്ലാഹു സന്താനത്തെ സ്വീകരിച്ചിരിക്കുന്നു''വെന്ന്. അവൻ മഹാ പരിശുദ്ധൻ! അവനത്രെ (പരാശ്രയമില്ലാത്ത) ധന്യൻ; അവൻേറതാണ് ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും (മുഴുവൻ). ഇതിനെപ്പറ്റി നിങ്ങളുടെ പക്കൽ യാതൊരു (ആധികാരിക) രേഖയും ഇല്ല. അല്ലാഹുവിൻെറമേൽ നിങ്ങൾക്കറിഞ്ഞുകൂടാത്തത് നിങ്ങ

قَالُواْ ٱتَّخَذَ ٱللَّهُ وَلَدًاۗ سُبۡحَٰنَهُۥۖ هُوَ ٱلۡغَنِىُّۖ لَهُۥ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلۡأَرۡضِۚ إِنۡ عِندَكُم مِّن سُلۡطَٰنِۭ بِهَٰذَآۚ أَتَقُولُونَ عَلَى ٱللَّهِ مَا لَا تَعۡلَمُونَ ﴿٦٨﴾

ൾ (കെട്ടി) പറയുന്നുവോ?!''

69 പറയുക: ''നിശ്ചയമായും, അല്ലാഹുവിൻെറ മേൽ വ്യാജം കെട്ടിച്ചമക്കുന്നവർ വിജയിക്കുകയില്ല.''

قُلْ إِنَّ ٱلَّذِينَ يَفْتَرُونَ عَلَى ٱللَّهِ ٱلْكَذِبَ لَا يُفْلِحُونَ ﴿٦٩﴾

70 ഇഹത്തിലുള്ള ഒരു (തരം) സുഖമെടുക്കൽ! (അത്ര മാത്രം.) പിന്നെ, നമ്മുടെ അടുക്കലേക്കാണ് അവരുടെ മടങ്ങിവരവ്. പിന്നെ, അവർ അവിശ്വസിച്ചിരുന്നതു നിമിത്തം അവരെ നാം കഠിനമായ ശിക്ഷ ആസ്വദിപ്പിക്കുന്നതാണ്.

مَتَٰعٌ فِى ٱلدُّنْيَا ثُمَّ إِلَيْنَا مَرْجِعُهُمْ ثُمَّ نُذِيقُهُمُ ٱلْعَذَابَ ٱلشَّدِيدَ بِمَا كَانُوا۟ يَكْفُرُونَ ﴿٧٠﴾

---

68 **قَالُوا** അവർ പറഞ്ഞു, പറയുകയാണ്. **اتخذَ** ഏർപ്പെടുത്തി, സ്വീകരിച്ചു, ഉണ്ടാക്കി (എന്ന്). **اللهُ** അല്ലാഹു. **ولدًا** സന്താനം. **سبحانه** അവൻ മഹാ പരിശുദ്ധൻ, അവനെ വാഴ്ത്തുന്നു. **هو** അവൻ, അവനത്രെ. **الْغَنِيّ** ധന്യനത്രെ, ധന്യനായുള്ളവൻ, നിരാശ്രയൻ. **لَهُ** അവനാണ്, അവൻെറതാണ്. **ما في السماوات** ആകാശങ്ങളിലുള്ളത്. **وما في الأرض** ഭൂമിയിലുള്ളതും. **إنْ عندكُم** നിങ്ങളുടെ അടുക്കൽ (പക്കൽ) ഇല്ല. **من سلْطان** ഒരു (അധികൃത) രേഖയും. **بِهذَا** ഇതിന്, ഇതിനെപ്പറ്റി. **أتقُولُونَ** നിങ്ങൾ പറയുകയോ, പറഞ്ഞുണ്ടാക്കുന്നുവോ. **على الله** അല്ലാഹുവിൻെറ പേരിൽ (മേൽ). **ما لا تعلَمُونَ** നിങ്ങൾ(ക്ക്) അറിയാത്തത്. 69 **قُلْ** പറയുക. **إن** നിശ്ചയമായും. **الذين يفْترُونَ** കെട്ടിച്ചമക്കുന്നവർ. **على الله** അല്ലാഹുവിൻെറ മേൽ. **الْكَذب** വ്യാജം, അസത്യം. **لا يُفْلِحُونَ** അവർ വിജയിക്കുകയില്ല.. 70 **متاع** ഒരു സുഖമെടുക്കൽ. **في الدنيا** ഇഹത്തിൽ. **ثُمّ إلَيْنا** പിന്നെ നമ്മുടെ അടുക്കലേക്കാണ്. **مرجِعُهم** അവരുടെ മടങ്ങിവരവ്. **ثُمّ نُذيقُهُم** പിന്നെ നാമവരെ ആസ്വദിപ്പിക്കും, അനുഭവിപ്പിക്കും. **الْعَذَابَ** ശിക്ഷയെ. **الشديد** കഠിനമായ. **بِما كانُوا** അവരായിരുന്നത് (നിമിത്തം). **يَكْفُرُونَ** അവിശ്വസിക്കും.

മലക്കുകൾ അല്ലാഹുവിൻെറ പെൺമക്കളാണെന്ന് മുശ്‌രിക്കുകളും, ഉസൈർ (عليه السلام) അല്ലാഹുവിൻെറ പുത്രനാണെന്ന് ചില യഹൂദികളും, ഈസാ (عليه السلام) അല്ലാഹുവിൻെറ പുത്രനാണെന്ന് ക്രിസ്ത്യാനികളും പറഞ്ഞുവരുന്നതിനെക്കുറിച്ചാണ് ഈ വചനങ്ങളിൽ പ്രസ്താവിക്കുന്നത്. സന്താന വാദത്തെ അടിയോടെ ഖണ്ഡിക്കുന്ന ഏതാനും യാഥാർത്ഥ്യങ്ങളും, പ്രസ്തുത വാദക്കാർക്കുള്ള ചില താക്കീതുകളുമാണ് അവയുടെ ഉള്ളടക്കം. അങ്ങേയറ്റം അപലപനീയമായ ഈ വാദത്തെ ചൂണ്ടിക്കാട്ടിക്കൊണ്ട് ആദ്യമായി അല്ലാഹു പറഞ്ഞ വാക്ക് سبحانه (അവൻ മഹാ പരിശുദ്ധൻ!) എന്നത്രെ. അവൻെറ മഹിതമഹത്വത്തിനും, അത്യുൽകൃഷ്ട ഗുണമാഹാത്മ്യങ്ങൾക്കും ഒട്ടും തന്നെ യോജിക്കാത്തതും, അവൻെറ പരിശുദ്ധിയെ ഇടിച്ചുതാഴ്ത്തി അവനെ സൃഷ്ടികളോട് സാദൃശ്യപ്പെടുത്തുന്നതുമായ ഒരു വാദമാണതെന്നാണ് ആ വാക്ക് സൂചിപ്പിക്കുന്നത്. ഈ വിഷയത്തെക്കുറിച്ച് ആക്ഷേപിക്കുന്ന മിക്ക സ്ഥലങ്ങളിലും ഖുർആനിൽ അല്ലാഹു ഇതേ വാക്ക് പറഞ്ഞിരിക്കുന്നത് കാണാം.

ഈ സന്താന വാദക്കാരെപ്പറ്റി അല്ലാഹുവിനുള്ള വെറുപ്പും, ആ വാദത്തിൻെറ ഗൗരവവും എത്രമാത്രം കടുത്തതാണെന്ന് സൂറത്ത് മർയമിലെ വചനങ്ങളിൽനിന്ന് മനസ്സിലാക്കാം. അവരെ അഭിമുഖീകരിച്ചുകൊണ്ട് അല്ലാഹു പറയുന്നു: ''വളരെ ഘോരമായ ഒരു കാര്യമാണ് നിങ്ങൾ ഈ ചെയ്തത്. ഇതു നിമിത്തം ആകാശങ്ങൾ പൊട്ടിപ്പിളരുകയും ഭൂമി വിണ്ടുകീറുകയും, മലകൾ തകർന്നുവീഴുകയും ചെയ്യുമാറാകുന്നു! അതെ, പരമകാരുണികനായുള്ളവ

ന് മക്കളുണ്ടെന്ന് വാദിച്ചതിനാല്‍! സന്താനത്തെ സ്വീകരിക്കുകയെന്നത് പരമ കാരുണികനു- അല്ലാഹുവിന്-യോജിക്കുന്നതല്ല. ആകാശഭൂമകളിലുള്ളവരെല്ലാം തന്നെ പരമകാരുണികന്‍റെ അടുക്കല്‍ അടിമയായി വരുന്നവരല്ലാതെ ഇല്ല. അവന്‍ അവരെ സൂക്ഷ്മമായി അറിയുകയും, അവരെ എണ്ണിക്കണക്കാക്കുകയും ചെയ്തിട്ടുണ്ട്.'' (മര്‍യം: 89: 94.)

സന്താനമുണ്ടായിരിക്കുന്നതില്‍നിന്നും അവന്‍ എത്രയൊ പരിശുദ്ധനാണെന്ന് പറഞ്ഞ ശേഷം, ആ പരിശുദ്ധതയുടെ പശ്ചാത്തലങ്ങളും അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു. (1) അവന്‍ ധന്യനാണ്. ആരുടെയും ആശ്രയം അവന്നില്ല. ഇണയോ, തുണയോ, മക്കളോ, കുടുംബമോ ഒന്നും അവന്നാവശ്യമില്ല. ഒരു കാര്യത്തിലും ആരുടെയും സഹായമോ, സഹകരണമോ, കൂട്ടോ ഒന്നും അവന് വേണ്ടതില്ല. (2) സന്താനങ്ങളെന്ന് പറയപ്പെടുന്നവരടക്കം ആകാശഭൂമികളിലുള്ള സര്‍വ്വ വസ്തുക്കളും അവന്‍േറതാണ്. എല്ലാം അവന്‍റെ സൃഷ്ടി. അവന്‍ ഉടമ. എല്ലാം അവന്‍റെ നിയന്ത്രണത്തിനധീനം. എന്നിരിക്കെ, അതില്‍ ചിലര്‍ മാത്രം എങ്ങിനെ അവന്‍റെ മക്കളാകും?! (3) ശരി, എന്നാല്‍ പിന്നെ ഈ വാദത്തിന് വല്ല രേഖയുമുണ്ടോ? ഇല്ല. ഒരു വേദഗ്രന്ഥമോ, ബുദ്ധിപരമായ വല്ല തെളിവോ, അറിവോ ഒന്നും തന്നെ അതിനില്ല. (4) സ്വീകാര്യമായ തെളിവോ രേഖാമൂലമുള്ള അറിവോ കൂടാതെ അല്ലാഹുവിന്‍റെ പേരില്‍ കെട്ടിച്ചമച്ചുണ്ടാക്കിയ ഒരു വാദം മാത്രമാണത്.

ഇത്രയും കടുത്ത നുണ കെട്ടിപ്പറയുന്നവര്‍ ഒരിക്കലും വിജയിക്കുവാന്‍ പോകുന്നില്ല. തല്‍ക്കാലം ഈ ലോകത്ത് അല്‍പസമയത്തെ സുഖജീവിതം അവര്‍ക്കുണ്ടായിരിക്കുമെങ്കിലും താമസിയാതെ അവര്‍ നമ്മുടെ അടുത്തേക്കുതന്നെ തിരിച്ചു വരാതിരിക്കുകയില്ല. അപ്പോഴറിയാം ആ ധിക്കാരത്തിന്‍റെയും സത്യനിഷേധത്തിന്‍റെയും തിക്തഫലം! എന്ന് അവസാനം അവരെ അല്ലാഹു താക്കീതും ചെയ്യുന്നു.

വിഭാഗം-8

ബഹുദൈവ വിശ്വാസികളായ സത്യനിഷേധികളെ സംബന്ധിച്ച് പലതും കഴിഞ്ഞ വചനങ്ങളില്‍ പ്രസ്താവിച്ചു കഴിഞ്ഞു. അടുത്ത വചനം മുതല്‍ ഏതാനും വചനങ്ങളിലായി അവരെപ്പോലെ മുന്‍സമുദായങ്ങളില്‍ കഴിഞ്ഞുപോയ ചില സത്യനിഷേധികളുടെ അനുഭവപാഠങ്ങള്‍ വിവരിച്ചുകൊണ്ട് അതിലേക്ക് അവരുടെ ശ്രദ്ധയെ ക്ഷണിക്കുന്നു. അല്ലാഹു പറയുന്നു:-

۞ وَٱتۡلُ عَلَيۡهِمۡ نَبَأَ نُوحٍ إِذۡ قَالَ لِقَوۡمِهِۦ يَٰقَوۡمِ إِن كَانَ كَبُرَ عَلَيۡكُم مَّقَامِي وَتَذۡكِيرِي بِـَٔايَٰتِ ٱللَّهِ فَعَلَى ٱللَّهِ تَوَكَّلۡتُ فَأَجۡمِعُوٓاْ أَمۡرَكُمۡ وَشُرَكَآءَكُمۡ ثُمَّ لَا يَكُنۡ أَمۡرُكُمۡ عَلَيۡكُمۡ غُمَّةً ثُمَّ ٱقۡضُوٓاْ إِلَيَّ وَلَا تُنظِرُونِ ﴿٧١﴾

71 (നബിയേ,) അവര്‍ക്ക് നൂഹിന്‍റെ വൃത്താന്തം ഓതിക്കേള്‍പ്പിക്കുക. (അതായത്) അദ്ദേഹം തന്‍റെ ജനങ്ങളോടു പറഞ്ഞ സന്ദര്‍ഭം: ''എന്‍റെ ജനങ്ങളേ, എന്‍റെ നിലപാടും, അല്ലാഹുവിന്‍റെ 'ആയത്തു' [ലക്ഷ്യം] കളെക്കുറിച്ചുള്ള എന്‍റെ ഓര്‍മ്മിപ്പിക്കലും നിങ്ങള്‍ക്ക് വളരെ വലുതായി [അസഹ്യമായി]ട്ടുണ്ടെങ്കില്‍, അല്ലാഹുവിന്‍റെ മേല്‍ ഞാന്‍ (ഇതാ) ഭരമേല്‍പിച്ചിരിക്കുന്നു. ''എന്നാല്‍, നിങ്ങള്‍ നിങ്ങളുടെ പങ്കാളികളോടുകൂടി നിങ്ങളുടെ കാര്യം ഏകോപി(ച്ചുറ)പ്പിച്ചു കൊള്ളുവിന്‍; പിന്നെ, നിങ്ങളുടെ കാര്യം നിങ്ങള്‍ക്ക് ഒരവ്യക്തതയായിരിക്കരുത്. [ഒരു തുറന്ന തീരുമാനം എടു

ത്തു കൊള്ളുക] പിന്നീട്, എന്റെനേരെ നിങ്ങൾ(അത്) നിർവ്വഹിച്ചു കൊള്ളുക; എനിക്കു നിങ്ങൾ താമസം നൽകുകയും വേണ്ടാ.

72 ഇനി, നിങ്ങൾ തിരിഞ്ഞു പോകുകയാണെങ്കിൽ (അങ്ങിനെ പോയ്ക്കോളൂ) ഞാൻ നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിച്ചിട്ടില്ല. എന്റെ പ്രതിഫലം അല്ലാഹുവിന്റെ പേരിലല്ലാതെ (മറ്റാരുടെ പേരിലും ബാധ്യത) ഇല്ല. ഞാൻ 'മുസ്‌ലിം'കളിൽ പെട്ടവനായിരിക്കുവാൻ ഞാൻ കൽപിക്കപ്പെടുകയും ചെയ്തിരിക്കുന്നു.''

فَإِن تَوَلَّيْتُمْ فَمَا سَأَلْتُكُم مِّنْ أَجْرٍ ۖ إِنْ أَجْرِيَ إِلَّا عَلَى ٱللَّهِ ۖ وَأُمِرْتُ أَنْ أَكُونَ مِنَ ٱلْمُسْلِمِينَ ﴿٧٢﴾

73 എന്നിട്ട് അവർ അദ്ദേഹത്തെ വ്യാജമാക്കി; അപ്പോൾ, അദ്ദേഹത്തെയും, അദ്ദേഹത്തിന്റെ കൂടെയുള്ളവരെയും കപ്പലിൽ (കയറ്റി) നാം രക്ഷപ്പെടുത്തി. അവരെ നാം (ഭൂമിയിൽ) പിൻഗാമികളാക്കുകയും ചെയ്തു. നമ്മുടെ 'ആയത്തു' [ലക്ഷ്യം]കളെ വ്യാജമാക്കിയവരെ നാം മുക്കി നശിപ്പിക്കുകയും ചെയ്തു. അപ്പോൾ, നോക്കുക: (ആ) മുന്നറിയിപ്പ് നൽകപ്പെട്ടവരുടെ പര്യവസാനം എങ്ങിനെ ആയെന്ന്!

فَكَذَّبُوهُ فَنَجَّيْنَـٰهُ وَمَن مَّعَهُۥ فِى ٱلْفُلْكِ وَجَعَلْنَـٰهُمْ خَلَـٰٓئِفَ وَأَغْرَقْنَا ٱلَّذِينَ كَذَّبُوا۟ بِـَٔايَـٰتِنَا ۖ فَٱنظُرْ كَيْفَ كَانَ عَـٰقِبَةُ ٱلْمُنذَرِينَ ﴿٧٣﴾

---

71 **واتلُ** ഓതിക്കൊടുക്കുക, ഓതിക്കേൾപ്പിക്കൂ. **عليهِم** അവർക്ക്. **نبأ نوحٍ** നൂഹിന്റെ വൃത്താന്തം, വർത്തമാനം. **إذْ قَالَ** അദ്ദേഹം പറഞ്ഞ സന്ദർഭം. **لقومِه** തന്റെ ജനതയോട്. **يا قوم** എന്റെ ജനങ്ങളെ. **إن كَانَ** ആണെങ്കിൽ. **كَبر** വളരെ വലുതായി (അസഹ്യമായി) വമ്പിച്ചതായിപ്പോയി (എങ്കിൽ). **عليكُم** നിങ്ങൾക്ക്. **مقَامي** എന്റെ നിലപാട്, സ്ഥാനം. **وتذكيري** എന്റെ ഓർമ്മിപ്പിക്കലും, ഉപദേശവും. **بِآيات اللهِ** അല്ലാഹുവിന്റെ ആയത്തുകളെപ്പറ്റി. **فَعلى اللهِ** എന്നാൽ അല്ലാഹുവിന്റെ മേൽ. **توكلْتُ** ഞാൻ ഭരമേൽപിച്ചിരിക്കുന്നു. **فَأجمعوا** എന്നാൽ (ഇനി) നിങ്ങൾ ഏകോപിപ്പിച്ചു (ഒരുമിച്ചുറപ്പിച്ചു)കൊള്ളുക. **أمركُم** നിങ്ങളുടെ കാര്യം. **وشركَاءَكُم** നിങ്ങളുടെ പങ്കാളികളോട് കൂടി, പങ്കാളികളും (ചേർന്ന്). **ثُم لايكُن** പിന്നെ ആയിരിക്കരുത്. **أمركُم** നിങ്ങളുടെ കാര്യം. **عليكُم** നിങ്ങളിൽ, നിങ്ങൾക്ക്. **غُمة** ഒരു മൂടൽ (അവ്യക്തത). **ثُم اقْضوا** പിന്നെ നിങ്ങൾ നിർവ്വഹിച്ചു കൊള്ളുവിൻ. **إلي** എന്റെ നേരെ. **ولا تنظرون** നിങ്ങൾ എന്നെ നോക്കിക്കാക്കുക (എനിക്ക് താമസം നൽകുക)യും വേണ്ടാ. 72 **فَإِن توليتم** ഇനി (എന്നാൽ) നിങ്ങൾ തിരിഞ്ഞു കളയുന്ന പക്ഷം. **فَما سألتكُم** എന്നാൽ ഞാൻ നിങ്ങളോട് ചോദിച്ചിട്ടില്ല. **من أجر** ഒരു പ്രതിഫലവും. **إنْ أجري** എന്റെ പ്രതിഫലം ഇല്ല (അല്ല). **إلا على اللهِ** അല്ലാഹുവിന്റെ പേരിലല്ലാതെ. **وأُمرت** ഞാൻ കൽപിക്കപ്പെടുകയും ചെയ്തിരിക്കുന്നു. **أن أكُونَ** ഞാനായിരിക്കുവാൻ. **من المسلمين** മുസ്‌ലിംകളിൽ പെട്ട(വൻ). 73 **فَكَذبوه** എന്നിട്ട് അവർ അദ്ദേഹത്തെ വ്യാജമാക്കി. **فَنجيناه** അപ്പോൾ അദ്ദേഹത്തെ നാം രക്ഷപ്പെടുത്തി. **ومن معه** അദ്ദേഹത്തിന്റെ കൂടെയുള്ളവരെയും. **في الفُلْكِ** കപ്പലിൽ. **وجعلناهم** അവരെ നാം ആക്കുകയും ചെയ്തു. **خلَائف** പിൻഗാമികൾ, പിന്നീട് മാറി വരുന്നവർ. **وأغْرقْنا** നാം മുക്കി (നശിപ്പിച്ചു)കളയുകയും ചെയ്തു. **الذين كَذبوا** വ്യാജമാക്കിയവരെ.

بِآيَاتِنَا നമ്മുടെ ആയത്തുകളെ. **فَانْظُرْ** അപ്പോൾ നോക്കുക. **كَيْفَ كَانَ** എങ്ങിനെ ആയെന്ന്. **عَاقِبَةُ** പര്യവസാനം, കലാശം. **الْمُنْذَرِينَ** താക്കീത് (മുന്നറിയിപ്പ്) നൽകപ്പെട്ടവരുടെ..

ഈ 73-ാം വചനത്തിൽ നിന്നും തുടർന്ന് വരുന്ന 74-ാം വചനത്തിൽ നിന്നും മറ്റും മനസ്സിലാകുന്നതുപോലെ, ദിവ്യ ദൗത്യവുമായി ഒരു സമുദായത്തിലേക്ക് അയക്കപ്പെട്ട ആദ്യത്തെ റസൂൽ നൂഹ് (عليه السلام) നബിയായിട്ടാണ് അറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ സമുദായത്തിൽ നിന്നായിരുന്നു വിഗ്രഹാരാധനയുടെ ഉൽഭവവും. അവരെ തൗഹീദിലേക്കും സത്യവിശ്വാസത്തിലേക്കും ക്ഷണിച്ചുകൊണ്ട് 950 കൊല്ലം അദ്ദേഹം അവരിൽ ജീവിച്ചു. അൽപമാത്രം വ്യക്തികളൊഴിച്ച് മറ്റുള്ളവരെല്ലാം അദ്ദേഹത്തെ നിഷേധിക്കുകയും ധിക്കരിക്കുകയുമാണ് ചെയ്തത്. ഇവരുടെ പര്യവസാനം ഈ മുശ്രിക്കുകളെ കേൾപിക്കുവാൻ നബി (صلى الله عليه وسلم) യോട് കൽപിച്ചുകൊണ്ട് ആ നീണ്ട ചരിത്രത്തിന്റെ രത്നച്ചുരുക്കം ഈ വചനങ്ങളിൽ അല്ലാഹു വിവരിക്കുകയാണ്.

നൂഹ് (عليه السلام) ആ ജനതയോട് പറഞ്ഞതിന്റെ സാരം ഇതാണ്: ഞാൻ ഇത്രയും കാലം നിങ്ങളിൽ ഇങ്ങിനെ ജീവിച്ചതും, നിങ്ങളെ സത്യത്തിലേക്ക് ക്ഷണിച്ചുകൊണ്ട് അല്ലാഹുവിന്റെ ലക്ഷ്യദൃഷ്ടാന്തങ്ങൾ നിങ്ങളെ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നതും നിങ്ങൾക്ക് സഹിക്കുവാൻ കഴിയാതിരിക്കുകയാണ്: അങ്ങനെയാണെങ്കിൽ, എനിക്കതുകൊണ്ട് ഒന്നും വരാനില്ല. എന്റെ കാര്യം മുഴുവനും ഞാൻ അല്ലാഹുവിൽ അർപ്പിച്ചിരിക്കുന്നു. നിങ്ങൾക്ക് എന്റെ നേരെ വല്ല നടപടിയും എടുക്കേണമെങ്കിൽ അത് നിങ്ങൾ ചെയ്തുകൊള്ളുക. അതിനായി നിങ്ങളും, നിങ്ങൾ അല്ലാഹുവിന്റെ പങ്കാളികളായി ഗണിച്ചുവരുന്ന നിങ്ങളുടെ ആരാധ്യന്മാരും ചേർന്ന് കൂടിയാലോചിച്ച് ഒത്തൊരുമിച്ച് യാതൊരു സംശയത്തിനും പഴുതില്ലാത്തവണ്ണം വല്ല തുറന്ന തിരുമാനവും എടുത്തുകൊള്ളുക. എന്നിട്ടത് നടത്തിക്കൊള്ളുക. എന്നെ സംബന്ധിച്ച് യാതൊരു ഒഴിവും അയവും നിങ്ങൾ ചെയ്തുതരേണ്ടതില്ലതാനും. കണ്ടമാനം നിങ്ങളുടെ തീരുമാനം നിങ്ങൾ നടപ്പിലാക്കിക്കൊള്ളുക. എന്റെ ഉപദേശങ്ങൾക്ക് നിങ്ങൾ വിലകൽപിക്കാതെ അവഗണിക്കുന്നതുകൊണ്ട് എനിക്ക് ഒന്നും നഷ്ടപ്പെടുവാനില്ല. ഒരു പ്രതിഫലവും നിങ്ങളോട് അതിന്റെ പേരിൽ ഞാൻ ആവശ്യപ്പെടുന്നില്ലല്ലോ. എനിക്ക് പ്രതിഫലം നൽകേണ്ടുന്ന ബാധ്യത അല്ലാഹുവിന് മാത്രമാണ്. അതവൻ ചെയ്തുകൊള്ളും. നിങ്ങൾ എന്തു നിലപാട് സ്വീകരിച്ചാലും ശരി, ഞാൻ ഒരു മുസ്ലിമായി (അവന് കീഴ്പ്പെട്ടവനായി)രിക്കണമെന്നാണ് എന്നോടവൻ കൽപിച്ചിരിക്കുന്നത്. അത് ഞാൻ പാലിക്കുകതന്നെ ചെയ്യും. നിങ്ങളുടെ എതിർപ്പുകളൊന്നും എനിക്ക് തടസ്സമാകയില്ല.

നൂഹ് (عليه السلام) നബിയുടെ ഉപദേശങ്ങളും, താക്കീതുകളും ആ ജനത ചെവികൊണ്ടില്ല. അതുമൂലം അവരിൽ അല്ലാഹു ജലപ്രളയം അയച്ചു. അല്ലാഹു മുൻകൂട്ടി അറിയിച്ചിരുന്ന പ്രകാരം നൂഹ് (عليه السلام) തയ്യാറാക്കിയിരുന്ന കപ്പലിൽ കയറി അദ്ദേഹവും, അദ്ദേഹത്തിൽ വിശ്വസിച്ചിരുന്നവരും രക്ഷപ്പെട്ടു. ആ ജനത മുഴുവനും മുങ്ങിനശിക്കുകയും ചെയ്തു. കപ്പലിൽ രക്ഷപ്പെട്ടവരിൽ നിന്നാണ് പിന്നീടുള്ള തലമുറകൾ ഉണ്ടായിക്കൊണ്ടിരുന്നത്. ഇങ്ങനെയാണ് ആ സത്യനിഷേധികളായ ജനതയുടെ അന്ത്യം കലാശിച്ചത്. അത് ഈ ജനതയും ഓർത്തിരിക്കട്ടെ എന്ന് അല്ലാഹു ഓർമ്മപ്പെടുത്തുകയാണ്. അടുത്ത സൂറത്തിൽ ഈ സംഭവം കൂടുതൽ വിശദമായി വിവരിച്ചുകാണാം. انشاء الله

74	പിന്നീട് അദ്ദേഹത്തിനുശേഷം പല റസൂലുകളെയും അവ (രവ)രുടെ ജനതയിലേക്കു നാം നിയോഗിച്ചയച്ചു. എന്നി	ثُمَّ بَعَثْنَا مِنۢ بَعْدِهِۦ رُسُلًا إِلَىٰ قَوْمِهِمْ فَجَآءُوهُم

بِٱلْبَيِّنَٰتِ فَمَا كَانُوا۟ لِيُؤْمِنُوا۟ بِمَا كَذَّبُوا۟ بِهِۦ مِن قَبْلُ ۚ كَذَٰلِكَ نَطْبَعُ عَلَىٰ قُلُوبِ ٱلْمُعْتَدِينَ ﴿٧٤﴾

ട്ട് അവർ വ്യക്തമായ തെളിവുകളുമായി അവരിൽ ചെന്നു. എന്നാൽ, മുമ്പ് അവർ യാതൊന്നിനെ വ്യാജമാക്കിയോ അതിൽ അവർ [ആ ജനങ്ങൾ] വിശ്വസിക്കുവാൻ (തയ്യാർ) ആയില്ല. അപ്രകാരം, അതിക്രമിച്ചവരുടെ ഹൃദയങ്ങൾക്കു നാം മുദ്ര കുത്തുന്നു.

---

74 **ثُمَّ بعثْنا** പിന്നെ നാം എഴുന്നേൽപിച്ചു (നിയോഗിച്ചു), അയച്ചു. **من بعده** അദ്ദേഹത്തിൻെറ ശേഷം. **رسلاً** റസൂലുകളെ, പല റസൂലുകളെയും. **إلى قومهم** അവരുടെ ജനങ്ങളിലേക്ക്. **فَجاءُوهم** എന്നിട്ട് അവർ അവരിൽ (അവരുടെ അടുക്കൽ) ചെന്നു, വന്നു. **بِالْبينات** വ്യക്തമായ തെളിവുകളുമായി. **فَما كانُوا** എന്നിട്ട് അവരായില്ല. **لِيؤمنوا** അവർ വിശ്വസിക്കുവാൻ (തയ്യാർ), വിശ്വസിക്കുക. **بِما كَذّبوا به** അവർ യാതൊന്നിനെ വ്യാജമാക്കിയോ അതിൽ. **من قَبلُ** മുമ്പ്, മുമ്പേ. **كَذَٰلك** അപ്രകാരം. **نطبَع** മുദ്രവെക്കുന്നു. **على قُلوبِ** ഹൃദയങ്ങൾക്ക്. **الْمعتدين** അതിര് വിട്ടവരുടെ, അതിക്രമികളുടെ.

വ്യക്തമായ തെളിവുകളോടുകൂടി റസൂലകൾ അവരെ നേർവഴിയിലേക്ക് ക്ഷണിച്ചിട്ടും അവർ തങ്ങളുടെ പഴയ വിശ്വാസാചാരങ്ങൾ കൈവിടാതെ നിഷേധത്തിൽ ശഠിച്ചുനിൽക്കുകയാണ് ചെയ്തത്. അങ്ങനെ, അവരുടെ ഹൃദയങ്ങളിലേക്ക് നൻമ പ്രവേശിക്കാതിരിക്കത്തക്കവണ്ണം അല്ലാഹു അവക്ക് മുദ്രവെച്ചു. ദുർവ്വാശിയിലും മൽസരബുദ്ധിയിലും അതിരുകവിഞ്ഞുകൊണ്ടിരിക്കുന്ന ധിക്കാരികളിൽ അല്ലാഹുവിൻെറ ഒരു നടപടിച്ചട്ടമാണത്. നൂഹ് (عليه السلام) നബിക്കും, മൂസാ (عليه السلام) നബിക്കുമിടയിൽ കഴിഞ്ഞുപോയ ഹൂദു, സ്വാലിഹ് (عليه السلام) മുതലായവരുടെ സമുദായങ്ങളെക്കുറിച്ച് പൊതുവിലുള്ള ഒരു പ്രസ്താവനയാണ് ഈ വചനം.

ثُمَّ بَعَثْنَا مِنۢ بَعْدِهِم مُّوسَىٰ وَهَٰرُونَ إِلَىٰ فِرْعَوْنَ وَمَلَإِي۟هِۦ بِـَٔايَٰتِنَا فَٱسْتَكْبَرُوا۟ وَكَانُوا۟ قَوْمًا مُّجْرِمِينَ ﴿٧٥﴾

75 പിന്നീട്, അവരുടെ ശേഷം നമ്മുടെ ദൃഷ്ടാന്തങ്ങളുമായി ഫിർഔൻെറയും, അവൻെറ പ്രധാനികളുടെയും അടുക്കലേക്കു നാം മൂസായെയും, ഹാറൂനെയും നിയോഗിച്ചയച്ചു. എന്നിട്ട് അവർ അഹംഭാവം നടിച്ചു; അവർ കുറ്റവാളികളായ ഒരു ജനതയായിരുന്നു.

فَلَمَّا جَآءَهُمُ ٱلْحَقُّ مِنْ عِندِنَا قَالُوٓا۟ إِنَّ هَٰذَا لَسِحْرٌ مُّبِينٌ ﴿٧٦﴾

76 അങ്ങനെ, അവർക്ക് നമ്മുടെ പക്കൽനിന്നും യഥാർത്ഥം വന്നപ്പോൾ അവർ പറഞ്ഞു: ‘‘നിശ്ചയമായും, ഇത് സ്പഷ്ടമായ ഒരു ജാലവിദ്യതന്നെ.’’

---

75 **ثُمَّ بعثْنا** പിന്നെ നാം എഴുന്നേൽപിച്ചു, നിയോഗിച്ചയച്ചു. **من بعدهم** അവരുടെ ശേഷം. **موسى** മൂസായെ. **وهارونَ** ഹാറൂനെയും. **إلى فرعونَ** ഫിർഔൻെറ അടുക്കലേക്ക്. **وملإِه** അവൻെറ പ്രധാനി

കളുടെ (കൂട്ടക്കാരുടെ)യും. **بِآياتنا** നമ്മുടെ ആയത്തുകളുമായി, ദൃഷ്ടാന്തങ്ങൾ സഹിതം. **فَاستكبَروا** എന്നിട്ട് (അപ്പോൾ) അവർ ഗർവ്വ് (വലുപ്പം) നടിച്ചു. **وكانوا** അവരായിരുന്നു. **قوما** ഒരു ജനത. **مجرمين** കുറ്റവാളികളായ.. 76 **فلما جاءَهم** അങ്ങനെ അവർക്ക് വന്ന(ചെന്ന)പ്പോൾ. **الْحق** യഥാർത്ഥം. **من عندنا** നമ്മുടെ അടുക്കൽ നിന്ന്. **قالُوا** അവർ പറഞ്ഞു. **إن هذا** നിശ്ചയമായും ഇത്. **لَسِحر** ജാലവിദ്യ (മാരണം-ആഭിചാരം)തന്നെ. **مبين** സ്പഷ്ടമായ, തനി..

മൂസാ (عليه السلام) നബിയുടെ വടി സർപ്പമായിമാറുക, കൈ വെള്ളയായി പ്രകാശിക്കുക മുതലായി അദ്ദേഹത്തിൻെറ കൈക്കുണ്ടായ ദൃഷ്ടാന്തങ്ങളെക്കുറിച്ചാണ് അവർ ജാലവിദ്യ യെന്നു പറഞ്ഞു തള്ളിക്കളഞ്ഞത്.

قَالَ مُوسَىٰٓ أَتَقُولُونَ لِلْحَقِّ لَمَّا جَآءَكُمْ ۖ أَسِحْرٌ هَٰذَا وَلَا يُفْلِحُ ٱلسَّٰحِرُونَ ﴿٧٧﴾

77 മൂസാ പറഞ്ഞു: ‘‘നിങ്ങൾക്കു യഥാർത്ഥം വന്നപ്പോൾ അതിനെക്കുറിച്ചു നിങ്ങൾ (ജാലമെന്ന്) പറയുകയോ?! ജാലവിദ്യയാണോ ഇത്?’’.! ജാലവിദ്യക്കാർ വിജയം പ്രാപിക്കയില്ല താനും.

قَالُوٓا۟ أَجِئْتَنَا لِتَلْفِتَنَا عَمَّا وَجَدْنَا عَلَيْهِ ءَابَآءَنَا وَتَكُونَ لَكُمَا ٱلْكِبْرِيَآءُ فِى ٱلْأَرْضِ وَمَا نَحْنُ لَكُمَا بِمُؤْمِنِينَ ﴿٧٨﴾

78 അവർ പറഞ്ഞു: ‘‘ഞങ്ങളുടെ പിതാക്കളെ ഞങ്ങൾ കണ്ടെത്തിയതിൽ നിന്നും ഞങ്ങളെ തിരിച്ചു വിടുവാൻ വേണ്ടി നീ ഞങ്ങളിൽ വന്നിരിക്കുകയാണോ?! ഭൂമിയിൽ വലിപ്പത്തരം നിങ്ങൾക്ക് രണ്ടാൾക്കും ആയിത്തീരുവാനും? ഞങ്ങൾ നിങ്ങളെ രണ്ടാളെയും വിശ്വസിക്കുന്നവരേയല്ലതാനും.’’

---

77 **قَالَ موسى** മൂസാ പറഞ്ഞു. **أتقُولُونَ** നിങ്ങൾ പറയുന്നുവോ, പറഞ്ഞുണ്ടാക്കുകയോ. **للْحق** യാഥാർത്ഥ്യത്തെക്കുറിച്ച്. **لما جاءَكُم** അത് നിങ്ങൾക്ക് വന്നപ്പോൾ. **أسحر** സിഹ്റാണോ, ജാലവിദ്യയോ. **هذا** ഇത്. **ولا يفْلح** വിജയിക്കുകയില്ല താനും, വിജയിക്കുന്നതുമല്ല. **الساحرونَ** ജാലവിദ്യക്കാർ..... 78 **قالُوا** അവർ പറഞ്ഞു. **أجِئتنا** നീ ഞങ്ങളിൽ (ഞങ്ങൾക്ക്) വന്നിരിക്കയാണോ. **لتلفتنا** ഞങ്ങളെ നീ തരിച്ചു വിടുവാൻ വേണ്ടി. **عما** യാതൊന്നിൽ നിന്ന്. **وجدنا** ഞങ്ങൾ കണ്ടെത്തി. **عليه** അതിൽ, അതുപ്രകാരം. **آباءَنا** ഞങ്ങളുടെ പിതാക്കളെ. **وتكُونَ** ആയിരിക്കുവാനും. **لَكُما** നിങ്ങൾ രണ്ടാൾക്കും. **الْكبرياءُ** വലുപ്പത്തരം, മൂപ്പത്തരം. **في الْأرض** ഭൂമിയിൽ, നാട്ടിൽ. **وما نحن** ഞങ്ങളല്ല (അല്ലതാനും). **لَكُما** നിങ്ങളെ രണ്ടാളെയും. **بِمؤمنين** വിശ്വസിക്കുന്നവരേ.

പൂർവ്വികൻമാരിൽനിന്ന് പരമ്പരാഗതമായി ഞങ്ങൾ സ്വീകരിച്ചു വന്ന ഈ പരദൈവാരാധനയൊക്കെ നിറുത്തിവെച്ച് നിങ്ങളുടെ ഈ പുതിയ മതത്തിലേക്ക് ഞങ്ങളെ കിട്ടുകയില്ല. അങ്ങനെ, തനിക്കും തൻെറ സഹോദരൻ ഹാറൂന്നും നാട്ടിൽ മൂപ്പത്തരം നേടാമെന്ന് കരുതേണ്ട, നിങ്ങൾ രണ്ടാളും പറയുന്നത് ഒരിക്കലും ഞങ്ങൾ വിശ്വസിക്കുന്ന പ്രശ്നമേയില്ല എന്ന് സാരം.

وَقَالَ فِرْعَوْنُ ٱئْتُونِى بِكُلِّ سَٰحِرٍ عَلِيمٍ ﴿٧٩﴾

79 ഫിർഔൻ പറഞ്ഞു; ‘‘(വിദഗ്ദമായ) അറിവുള്ള എല്ലാ ജാലവിദ്യക്കാരെയും

നിങ്ങൾ എൻെറ അടുക്കൽ കൊണ്ടുവരുവിൻ''

80 അങ്ങനെ, ജാലവിദ്യക്കാർ വന്നപ്പോൾ, അവരോട് മൂസാ പറഞ്ഞു: ''നിങ്ങൾ ഇടുന്നതെന്തോ അത് ഇട്ടേക്കുവിൻ.''

فَلَمَّا جَآءَ ٱلسَّحَرَةُ قَالَ لَهُم مُّوسَىٰٓ أَلْقُوا۟ مَآ أَنتُم مُّلْقُونَ ﴿٨٠﴾

---

79 وقَالَ പറഞ്ഞു, പറയുകയും ചെയ്തു. فرعونُ ഫിർഔൻ. ائْتونِي എനിക്കുവരുവിൻ. بِكُلِّ ساحر എല്ലാ ജാലവിദ്യക്കാരെയും കൊണ്ട്. عليم അറിവുള്ളവരായ (വിദഗ്ധരായ). 80 فلما جاءَ അങ്ങനെ വന്നപ്പോൾ. السحرةُ ജാലവിദ്യക്കാർ. قَالَ لهم അവരോട് പറഞ്ഞു. موسى മൂസാ. أَلْقُوا ഇടുവിൻ, ഇട്ടേക്കുക. ما أنتم നിങ്ങൾ ആയിട്ടുള്ളത്. ملقُونَ ഇടുന്നവർ.

ജാലവിദ്യക്കാർ അവരുടെ വിദ്യകൾ പ്രദർശിപ്പിക്കുവാൻ ആവശ്യമായിരുന്ന വടി, കയർ മുതലായ സാമഗ്രികൾ കൊണ്ടുവന്നിരുന്നു. അവ നിലത്തിട്ടുകൊണ്ട് നിങ്ങൾ നിങ്ങളുടെ വിദ്യകൾ ആദ്യം പ്രദർശിപ്പിച്ചുകൊള്ളുക എന്നർത്ഥം.

81 അങ്ങനെ അവർ ഇട്ടപ്പോൾ മൂസാ പറഞ്ഞു: ''നിങ്ങൾകൊണ്ടുവന്നത് [ഈ പ്രദർശിപ്പിച്ചത്] ജാലവിദ്യയാണ്; നിശ്ചയമായും അല്ലാഹു അതിനെ വിഫലമാക്കിയേക്കുന്നതാണ്. നിശ്ചയമായും അല്ലാഹു, കുഴപ്പം പ്രവർത്തിക്കുന്നവരുടെ പ്രവർത്തനത്തെ നന്നാക്കുകയില്ല.

فَلَمَّآ أَلْقَوْا۟ قَالَ مُوسَىٰ مَا جِئْتُم بِهِ ٱلسِّحْرُ ۖ إِنَّ ٱللَّهَ سَيُبْطِلُهُۥٓ ۖ إِنَّ ٱللَّهَ لَا يُصْلِحُ عَمَلَ ٱلْمُفْسِدِينَ ﴿٨١﴾

82 ''അല്ലാഹു അവൻെറ വാക്യങ്ങൾ വഴി യഥാർത്ഥത്തെ യഥാർത്ഥമാ (യി സ്ഥാപി) ക്കുകയും ചെയ്യും; കുറ്റവാളികൾ വെറുത്താലും ശരി.''

وَيُحِقُّ ٱللَّهُ ٱلْحَقَّ بِكَلِمَٰتِهِۦ وَلَوْ كَرِهَ ٱلْمُجْرِمُونَ ﴿٨٢﴾

---

81 فَلما أَلْقوا അങ്ങനെ അവർ ഇട്ടപ്പോൾ. قَالَ موسى മൂസാ പറഞ്ഞു. ما جِئْتم به നിങ്ങൾ കൊണ്ട് വന്നത്. السحر ജാലവിദ്യയാണ്. إِنَّ الله നിശ്ചയമായും അല്ലാഹു. سيبطله അതിനെ വിഫലമാക്കിയേക്കും, വിഫലമാക്കിക്കൊള്ളും. إِنَّ الله നിശ്ചയമായും അല്ലാഹു. لا يصلح അവൻ നന്നാക്കുകയില്ല. عملَ പ്രവൃത്തിയെ. المفْسِدين കുഴപ്പം (നാശം) പ്രവർത്തിക്കുന്നവരുടെ. 82 ويحق الله അല്ലാഹു യഥാർത്ഥമാക്കുകയും ചെയ്യും. الحق യഥാർത്ഥത്തെ. بِكَلماته അവൻെറ വാക്കു (വചനം-വാക്യം)കൾ കൊണ്ട്. ولو كره വെറുത്താലും ശരി, അനിഷ്ടപ്പെട്ടാലും. المجرمونَ കുറ്റവാളികൾ..

ജാലവിദ്യക്കാർ തങ്ങളുടെ സാമഗ്രികൾ നിലത്തിട്ടപ്പോൾ അവ ജനദൃഷ്ടിയിൽ പാമ്പുകളായി തോന്നി. മൂസാ(عليه السلام) വടിയിട്ടപ്പോൾ അതൊരു യഥാർത്ഥ സർപ്പമായി മാറുകയും, അവയെ വിഴുങ്ങുകയും ചെയ്തു. ജാലവിദ്യക്കാരുടെ പ്രവർത്തനം വിഫലമാകുകയും, അവർ പരാജയം സമ്മതിച്ച് മൂസാ (عليه السلام) നബിയിൽ വിശ്വസിക്കുകയും ചെയ്തു. ഫിർഔനും കൂട്ടരും അവരുടെനേരെ അക്രമമർദ്ദനങ്ങൾ അഴിച്ചുവിട്ടതല്ലാതെ,

സത്യം സ്വീകരിക്കുകയുണ്ടായില്ല. വിശദവിവരം അഅ്റാഫ്, ത്വാഹാ മുതലായ സൂറത്തുകളിൽ കാണാവുന്നതാണ്.

വിഭാഗം-9

فَمَآ ءَامَنَ لِمُوسَىٰٓ إِلَّا ذُرِّيَّةٌ مِّن قَوْمِهِۦ عَلَىٰ خَوْفٍ مِّن فِرْعَوْنَ وَمَلَإِيْهِمْ أَن يَفْتِنَهُمْ ۚ وَإِنَّ فِرْعَوْنَ لَعَالٍ فِى ٱلْأَرْضِ وَإِنَّهُۥ لَمِنَ ٱلْمُسْرِفِينَ ﴿٨٣﴾

83 എന്നാൽ, മൂസായെ അദ്ദേഹത്തിൻെറ ജനതയിൽ നിന്നുള്ള ചില സന്തതികൾ [ചെറുപ്പക്കാർ] അല്ലാതെ വിശ്വസിച്ചില്ല. (അതും തന്നെ) ഫിർഔനെയും അവരിലുള്ള പ്രധാനികളെയും സംബന്ധിച്ച്-അവൻ തങ്ങളെ (മർദ്ദിച്ചു) കുഴപ്പത്തിലാക്കുമെന്ന-ഭയപ്പാടോടെ (യാണ്). നിശ്ചയമായും, ഫിർഔനാകട്ടെ, ഭൂമിയിൽ ഒരു ഉന്നതൻ [ഔന്നത്യം നടിക്കുന്നവൻ] തന്നെയാണുതാനും. നിശ്ചയമായും അവൻ, അതിർ കവിഞ്ഞവരിൽപെട്ടവനും തന്നെ.

---

83 **فَما آمن** എന്നാൽ വിശ്വസിച്ചില്ല. **لموسى** മൂസായെ. **إلا ذُرِيةٌ** ചില സന്തതികളല്ലാതെ. **من قومه** അദ്ദേഹത്തിൻെറ ജനതയിൽ നിന്ന്. **على خوف** ഭയത്തോടെ, പേടിയിലായി. **من فرعونَ** ഫിർഔനെ സംബന്ധിച്ച്. **وملإهم** അവരിലെ പ്രധാനികളെയും. **أن يفْتِنهم** അവർ തങ്ങളെ കുഴപ്പത്തിലാക്കുമെന്ന്. **وإن فرعونَ** നിശ്ചയമായും ഫിർഔനാകട്ടെ. **لَعال** ഒരു ഉന്നതൻ (പ്രമത്തൻ-പൊങ്ങച്ചക്കാരൻ-ഊക്കൽ-സർവ്വാധികാരി)തന്നെ. **في الأرض** ഭൂമിയിൽ. **وإنه** നിശ്ചയമായും അവൻ. **لمن المسرفين** അതിരു കവിഞ്ഞവരിൽപെട്ടവനും തന്നെ.

ജാലവിദ്യക്കാർക്ക് യഥാർത്ഥം മനസ്സിലായി മൂസാ (عليه السلام) നബിയിൽ വിശ്വസിച്ചതോടെ ഫിർഔൻ മർദ്ദനമുറകൾ അഴിച്ചുവിടുകയായി. അവനെയും അവൻെറ ആൾക്കാരെയും ഭയന്ന് ജനങ്ങൾ വിശ്വസിക്കുവാൻ മുന്നോട്ട് വന്നില്ല. അൽപം ചെറുപ്പക്കാർ മാത്രം വിശ്വസിച്ചു. അതും വളരെ ഭയപ്പാടോടെ. അധികാരപ്രമത്തനും, ക്രൂരഹൃദയനുമാണ് ഫിർഔൻ. അവൻെറ ഉദ്യോഗവൃന്ദവും ജനനേതാക്കളുമാകട്ടെ, അവൻെറ ഇഷ്ടത്തിന് താളം ചവിട്ടുന്നവരും. മൂസാ (عليه السلام) നബിയെ കൊലപ്പെടുത്തുവാൻപോലും ഫിർഔൻ ഉദ്യമിക്കുകയുണ്ടായി. (40:26) മൂസായെയും അവൻെറ കൂട്ടരെയും ഭൂമിയിൽ കുഴപ്പമുണ്ടാക്കുവാൻ വിട്ടുകൂടാ എന്ന് പറഞ്ഞ് അവരിലുള്ള ആൺകുട്ടികളെ കൊലപ്പെടുത്തുവാൻ അവൻ കൽപിക്കുകയും ചെയ്തു. (7:127) ഇതുപോലെ പല മർദ്ദനമുറകളും അവൻ നടപ്പിൽ വരുത്തി.

'അദ്ദേഹത്തിൻെറ ജനതയിൽ നിന്നുള്ള ചില സന്തതികൾ-അഥവാ ചെറുപ്പക്കാർ-അല്ലാതെ വിശ്വസിച്ചില്ല' എന്ന് പറഞ്ഞത് ഇസ്റാഈല്യരിൽ നിന്നുള്ള ചെറുപ്പക്കാരെ ഉദ്ദേശിച്ചാണെന്നാണ് പല വ്യാഖ്യാതാക്കളും പറഞ്ഞു കാണുന്നത്. ഇസ്റാഈല്യർ പൊതുവെ മൂസാ (عليه السلام) നബിയിൽ വിശ്വസിച്ചിരുന്നുവെന്നും, ഈജിപ്തുകാരായ ഖിബ്ത്വീ (കൊപ്തി) വർഗ്ഗത്തിൽപെട്ട ചുരുക്കം ചിലരും വിശ്വസിച്ചിരുന്നതിനെ ഉദ്ദേശിച്ചാണത് പറഞ്ഞിരിക്കുന്നതെന്നുമാണ് മറ്റൊരുപക്ഷം. ഈ അഭിപ്രായമാണ് ഇബ്നുകഥീർ (رحمه الله) ബലപ്പെടുത്തിയിരിക്കുന്നത്. അതിന് ചില കാരണങ്ങളും അദ്ദേഹം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. الله اعلم

وَقَالَ مُوسَىٰ يَـٰقَوْمِ إِن كُنتُمْ ءَامَنتُم بِٱللَّهِ فَعَلَيْهِ تَوَكَّلُوٓا۟ إِن كُنتُم مُّسْلِمِينَ ﴿٨٤﴾	84 മൂസാ പറയുകയും ചെയ്തു: ''എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നുവെങ്കിൽ, നിങ്ങൾ അവന്റെമേൽ ഭരമേൽപിക്കുവിൻ; നിങ്ങൾ 'മുസ്ലിംകൾ' [ശരിക്കും കീഴൊതുങ്ങിയവർ] ആണെങ്കിൽ.''
فَقَالُوا۟ عَلَى ٱللَّهِ تَوَكَّلْنَا رَبَّنَا لَا تَجْعَلْنَا فِتْنَةً لِّلْقَوْمِ ٱلظَّـٰلِمِينَ ﴿٨٥﴾	85 അപ്പോൾ അവർ പറഞ്ഞു: ''ഞങ്ങൾ അല്ലാഹുവിന്റെമേൽ ഭാരമേൽപിച്ചിരിക്കുന്നു. ഞങ്ങളുടെ റബ്ബേ, ഞങ്ങളെ നീ (ഈ) അക്രമികളായ ജനങ്ങൾക്ക് ഒരു കുഴപ്പം (കാണിക്കാനുള്ള ഇട)മാക്കരുതേ!
وَنَجِّنَا بِرَحْمَتِكَ مِنَ ٱلْقَوْمِ ٱلْكَـٰفِرِينَ ﴿٨٦﴾	86 ''നിന്റെ കാരുണ്യംകൊണ്ട് (ഈ) അവിശ്വാസികളിൽ നിന്ന് ഞങ്ങളെ രക്ഷപ്പെടുത്തുകയും ചെയ്യേണമേ!''
وَأَوْحَيْنَآ إِلَىٰ مُوسَىٰ وَأَخِيهِ أَن تَبَوَّءَا لِقَوْمِكُمَا بِمِصْرَ بُيُوتًا وَٱجْعَلُوا۟ بُيُوتَكُمْ قِبْلَةً وَأَقِيمُوا۟ ٱلصَّلَوٰةَ ۗ وَبَشِّرِ ٱلْمُؤْمِنِينَ ﴿٨٧﴾	87 മൂസാക്കും, അദ്ദേഹത്തിന്റെ സഹോദരന്നും [ഹാറൂന്നും] നാം 'വഹ്‌യു' നൽകുകയും ചെയ്തു:- നിങ്ങൾ രണ്ടാളും നിങ്ങളുടെ ജനങ്ങൾക്ക് മിസ്വ്‌രിൽ [ഈജിപ്തിൽ] വീടുകൾ സൗകര്യപ്പെടുത്തുവിൻ എന്ന്. നിങ്ങളുടെ വീടുകൾ നിങ്ങൾ 'ഖിബ്‌ല:' [അഭിമുഖകേന്ദ്രം] ആക്കുകയും, നിങ്ങൾ നമസ്കാരം നിലനിറുത്തുകയും ചെയ്യുവിൻ; (മൂസാ) സത്യവിശ്വാസികൾക്ക് നീ സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുക.

---

84 **وقَالَ موسى** മൂസാ പറഞ്ഞു, പറയുകയും ചെയ്തു. **يا قَومِ** എന്റെ ജനങ്ങളെ. **إن كُنتم** നിങ്ങളാകുന്നുവെങ്കിൽ. **آمنتم** നിങ്ങൾ വിശ്വസിച്ചിരിക്കുന്നു(വെങ്കിൽ). **بِاللهِ** അല്ലാഹുവിൽ. **فَعليه** എന്നാൽ അവന്റെ മേൽ. **توكلُوا** നിങ്ങൾ ഭരമേൽപിക്കുവിൻ. **إن كُنتم** നിങ്ങളാണെങ്കിൽ. **مسلمين** മുസ്ലിംകൾ. 85 **فَقَالُوا** അപ്പോൾ അവർ പറഞ്ഞു. **علَى اللهِ** അല്ലാഹുവിന്റെ മേൽ. **توكلْنا** ഞങ്ങൾ ഭരമേൽപിച്ചിരിക്കുന്നു. **ربنا** ഞങ്ങളുടെ റബ്ബേ. **لاَ تجعلْنا** ഞങ്ങളെ നീ ആക്കരുതേ. **فتنةً** ഒരു കുഴപ്പം (കുഴപ്പം കാണിക്കാനുള്ള ഇടം) ഒരു പരീക്ഷണം (പരീക്ഷണവിധേയം). **للقَومِ** ജനങ്ങൾക്ക്. **الظالمين** അക്രമികളായ. 86 **ونجنا** ഞങ്ങളെ രക്ഷപ്പെടുത്തുകയും വേണമേ. **بِرحمتك** നിന്റെ കാരുണ്യം കൊണ്ട്. **من القَومِ** ജനങ്ങളിൽ നിന്ന്. **الكَافرين** അവിശ്വാസികളായ.. 87 **وأوحينا** നാം വഹ്‌യു നൽകുകയും ചെയ്തു. **إلَى موسى** മൂസായിലേക്ക്. **وأخيه** അദ്ദേഹത്തിന്റെ സഹോദരനിലേക്കും. **أن تبوءَا** നിങ്ങൾ രണ്ടുപേരും സൗകര്യപ്പെടുത്തിക്കൊടുക്കണമെന്ന്. **لقَومكُما** നിങ്ങളുടെ ജനതക്ക്. **بِمصر** മിസ്വ്‌രിൽ. **بيوتا** വീടുകളെ. **واجعلُوا** നിങ്ങൾ ആക്കുകയും ചെയ്യുവിൻ. **بيوتكُم** നിങ്ങളുടെ വീടുകളെ. **قبلةً** അഭിമുഖകേന്ദ്രം, ഖിബ്‌ല:. **وأقيموا** നിലനിറുത്തുകയും ചെയ്യുവിൻ. **الصلاةَ** നമസ്കാരത്തെ. **وبشر** നീ സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുക. **المؤمنِين** സത്യവിശ്വാസികൾക്ക്.

ആദ്യത്തെ രണ്ട് കല്‍പനകളും രണ്ടുപേരും കൂട്ടായി സഹകരിച്ചു ചെയ്യേണ്ടതാകകൊണ്ട് ആ കല്‍പനകള്‍ മൂസാ (عليه السلام) നെയും, ഹാറൂന്‍ (عليه السلام) നെയും അഭിമുഖീകരിച്ചു കൊണ്ടുള്ളതാണ്. മൂസാ (عليه السلام) നബിയുടെ ദൗത്യനിര്‍വ്വഹണത്തില്‍ അദ്ദേഹത്തിന്റെ സഹായകനായിട്ടാണ് ഹാറൂന്‍ (عليه السلام) നിയോഗിക്കപ്പെട്ടിരിക്കുന്നതും. ദിവ്യദൗത്യത്തിന്റെ സാക്ഷാല്‍ വാഹകന്‍ മൂസാ(عليه السلام) നബിയായതുകൊണ്ടായിരിക്കും സത്യവിശ്വാസികള്‍ക്ക് സന്തോഷവാര്‍ത്ത അറിയിക്കുവാനുള്ള കല്‍പന അദ്ദേഹത്തെ മാത്രം അഭിമുഖീകരിച്ചു കൊണ്ടായത്. الله اعلم

ഫിര്‍ഔന്റെയും ആള്‍ക്കാരുടെയും ഇടയില്‍ കഴിഞ്ഞുകൂടുമ്പോള്‍ ഇസ്‌റാഈല്യര്‍ കൂടുതല്‍ മര്‍ദ്ദനങ്ങള്‍ക്ക് വിധേയരാകുകയും, അവര്‍ക്ക് നമസ്കാരം മുതലായ ആരാധാനാ കര്‍മ്മങ്ങള്‍ നടത്തുവാന്‍ സ്വാതന്ത്ര്യമില്ലാതിരിക്കുകയും ചെയ്യുമല്ലോ. അതുകൊണ്ട് അവര്‍ക്ക് പ്രത്യേകം വാസസ്ഥലം ഏര്‍പ്പെടുത്തുവാനും, അവരുടെ ആരാധനാ കര്‍മ്മങ്ങള്‍ അവരുടെ വീടുകളില്‍വെച്ച് നടത്തുവാനും, നമസ്കാരത്തിന്റെ കാര്യം പ്രത്യേകം ശ്രദ്ധിക്കുവാനും അല്ലാഹു അവര്‍ക്ക് കല്‍പന നല്‍കി. 'നിങ്ങളുടെ വീടുകള്‍ ഖിബ്‌ലയാക്കുക' എന്ന് പറഞ്ഞതിന്റെ താല്‍പര്യം: (1) വീടുകളെ ആരാധനാ സ്ഥലങ്ങള്‍-അഥവാ പള്ളികള്‍-ആക്കുക എന്നാണെന്നും, (2) വീടുകളെ അവരുടെ ഖിബ്‌ലയായ ബൈത്തുല്‍ മുഖദ്ദസിന്റെ ഭാഗത്തേക്ക് മുഖമാക്കി സ്ഥാപിക്കുക എന്നാണെന്നും (3) എല്ലാം ഒരു കേന്ദ്രത്തിലേക്ക് അഭിമുഖമായിക്കൊണ്ടുള്ളതാക്കുക എന്നാണെന്നും അഭിപ്രായങ്ങളുണ്ട്.

وَقَالَ مُوسَىٰ رَبَّنَآ إِنَّكَ ءَاتَيْتَ فِرْعَوْنَ وَمَلَأَهُۥ زِينَةً وَأَمْوَٰلًا فِى ٱلْحَيَوٰةِ ٱلدُّنْيَا رَبَّنَا لِيُضِلُّوا۟ عَن سَبِيلِكَ ۖ رَبَّنَا ٱطْمِسْ عَلَىٰٓ أَمْوَٰلِهِمْ وَٱشْدُدْ عَلَىٰ قُلُوبِهِمْ فَلَا يُؤْمِنُوا۟ حَتَّىٰ يَرَوُا۟ ٱلْعَذَابَ ٱلْأَلِيمَ ﴿٨٨﴾

88 മൂസാ പറഞ്ഞു: ''ഞങ്ങളുടെ റബ്ബേ! ഫിര്‍ഔന്നും, അവന്റെ പ്രധാനികള്‍ക്കും ഐഹിക ജീവിതത്തില്‍ നീ അലങ്കാരവും സ്വത്തുക്കളും നല്‍കിയിരിക്കുന്നു; ഞങ്ങളുടെ റബ്ബേ! നിന്റെ മാര്‍ഗ്ഗത്തില്‍ നിന്ന് അവര്‍ (ആളുകളെ) വഴി തെറ്റിക്കുവാന്‍ വേണ്ടിയാണ് (അതുപയോഗപ്പെടുത്തുന്നത്). ഞങ്ങളുടെ റബ്ബേ! അവരുടെ സ്വത്തുക്കളെ നീ തുടച്ചു നീക്കണേ! അവരുടെ ഹൃദയങ്ങള്‍ക്ക് നീ കാഠിന്യം നല്‍കുകയും ചെയ്യേണമേ! അങ്ങനെ, വേദനയേറിയ ശിക്ഷ കാണുന്നതുവരേക്കും അവര്‍ വിശ്വസിക്കാതിരിക്കട്ടെ.''

---

88 **وقَالَ موسى** മൂസാ പറഞ്ഞു. **ربنا** ഞങ്ങളുടെ റബ്ബേ. **إنك** നിശ്ചയമായും നീ. **آتيت** നീ കൊടുത്തു. **فرعونَ** ഫിര്‍ഔന്നു. **وملأه** അവന്റെ പ്രധാനികള്‍ക്കും, സംഘക്കാര്‍ക്കും. **زينةً** അലങ്കാരം, സൗന്ദര്യം. **وأموالاً** സ്വത്തുക്കളും. **في الْحياة الدنيا** ഐഹിക ജീവിതത്തില്‍. **ربنا** ഞങ്ങളുടെ റബ്ബേ. **ليضلوا** അവര്‍ വഴിപിഴപ്പിക്കുവാന്‍വേണ്ടി. **عن سبيلك** നിന്റെ മാര്‍ഗ്ഗത്തില്‍ നിന്നു. **ربنا** ഞങ്ങളുടെ റബ്ബേ. **اطمس** നീ തുടച്ചു നീക്കണേ. **على أموالهم** അവരുടെ സ്വത്തുക്കളെ. **واشدد** നീ കഠിനപ്പെടുത്തുക (കാഠിന്യം നല്‍കുകയും) ചെയ്യണേ. **على قُلوبهم** അവരുടെ ഹൃദയങ്ങള്‍(ക്ക്). **فَلا يؤمنوا** എന്നാല്‍ (അങ്ങനെ) അവര്‍ വിശ്വസിക്കുകയില്ല, വിശ്വസിക്കാതിരിക്കട്ടെ. **حتى يروا** അവര്‍ കാണുവോളം. **الْعذابَ** ശിക്ഷയെ. **الأليم** വേദനയേറിയ.

പ്രാർത്ഥന മൂസാ (عليه السلام) നബിയുടെ നാവിലൂടെയാണെങ്കിലും ഹാറൂൻ (عليه السلام) നബിയും അതിൽ ഭാഗഭാക്കായിരിക്കുമെന്ന് പറയേണ്ടതില്ല. അതുകൊണ്ട് രണ്ടുപേരെയും അഭിമുഖീകരിച്ചുകൊണ്ട് അല്ലാഹു മറുപടി നൽകി:-

قَالَ قَدْ أُجِيبَت دَّعْوَتُكُمَا فَٱسْتَقِيمَا وَلَا تَتَّبِعَآنِّ سَبِيلَ ٱلَّذِينَ لَا يَعْلَمُونَ ﴿٨٩﴾

89 അവൻ [അല്ലാഹു] പറഞ്ഞു: ''നിങ്ങൾ രണ്ടാളുടെയും പ്രാർത്ഥനക്ക് ഉത്തരം നൽകപ്പെട്ടിരിക്കുന്നു. അതിനാൽ, നിങ്ങൾ രണ്ടുപേരും ചൊവ്വിന് നിലകൊള്ളുവിൻ, അറിഞ്ഞുകൂടാത്തവരുടെ മാർഗ്ഗത്തെ നിങ്ങൾ നിശ്ചയമായും രണ്ടാളും പിൻപറ്റുകയും ചെയ്യരുത്.''

---

89 **قَالَ** അവൻ പറഞ്ഞു. **قَدْ أُجِيبت** ഉത്തരം നൽകപ്പെട്ടിട്ടുണ്ട്. **دعوتكُما** നിങ്ങൾ രണ്ടാളുടെയും പ്രാർത്ഥന. **فَاستقيما** അതിനാൽ നിങ്ങൾ രണ്ടാളും ചൊവ്വിന് നിലകൊള്ളുവിൻ. **ولا تتبِعان** രണ്ടുപേരും പിൻപറ്റുകയും ചെയ്യരുത്. **سبِيلَ الذين** യാതൊരുവരുടെ മാർഗ്ഗത്തെ. **لا يعلمونَ** അറിയാത്ത.

അധികാരപ്രമത്തതയും അഹങ്കാരവും ഉള്ളതോടൊപ്പം സമ്പൽസമൃദ്ധിയും, ആഡംബര സൗകര്യങ്ങളും കൂടിച്ചേർന്നാൽ പിന്നത്തെ കഥ പറയേണ്ടതില്ലല്ലോ. ഫറോവാ രാജാക്കളുടെ വാഴ്ചകാലത്തെ ആഡംബര വസ്തുക്കളുടെയും, ധനസമൃദ്ധിയുടെയും ഉദാഹരണങ്ങൾ കാണിക്കുന്ന അവശിഷ്ടങ്ങൾ പലതും പുരാവസ്തുനിരീക്ഷകൻമാരാൽ ഇതിനകം കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. പലതും ഈജിപ്തിൽ കാഴ്ചവസ്തുക്കളായി സൂക്ഷിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഈജിപ്തിലെ ഫറോവാ രാജാക്കളുടെ ശവക്കല്ലറകൾ (പിരമിഡുകൾ) ലോകത്തിലെ ഏഴു മഹാത്ഭുതങ്ങളിൽ ഒന്നായി ഇന്നും എണ്ണപ്പെട്ടുവരുന്നു. അങ്ങിനെയുള്ള ആ കഴിവുകളും സ്വാധീനങ്ങളുമെല്ലാം അല്ലാഹുവിൻെറ മാർഗ്ഗത്തെ എതിർത്തു നശിപ്പിക്കുവാനും, അതിൽ നിന്ന് ജനങ്ങളെ അകറ്റുവാനുമാണ് ഫിർഔനും അവൻെറ ആൾക്കാരും വിനിയോഗിച്ചുകൊണ്ടിരിക്കുന്നത്. മൂസാ (عليه السلام) ദൃഷ്ടാന്തങ്ങൾ മുഖേനയും, ഉപദേശങ്ങൾ മുഖേനയും അവരെ സത്യമാർഗ്ഗത്തിലേക്ക് ആവുന്നത്ര ക്ഷണിച്ചുനോക്കി. ധിക്കാരം വർദ്ധിക്കുകയല്ലാതെ, മാനസാന്തരത്തിൻെറ യാതൊരു ലക്ഷണവും അദ്ദേഹം അവരിൽ കണ്ടില്ല. അല്ലാഹുവിങ്കൽ നിന്നുള്ള അതിഭയങ്കരമയ വല്ല ശിക്ഷയും കൊണ്ടല്ലാതെ അവർക്ക് ഒതുക്കം വരുകയില്ലെന്ന് അദ്ദേഹത്തിനു ബോധ്യമായി.

ഈ അവസരത്തിലാണ് അദ്ദേഹം അവർക്കെതിരിൽ പ്രാർത്ഥിക്കുന്നത്. അവരുടെ ധനസമ്പത്തുക്കൾക്ക് നാശം ഭവിക്കുവാനും, അവരുടെ ഹൃദയങ്ങൾക്ക് കാഠിന്യം കൂട്ടുവാനും അദ്ദേഹം പ്രാർത്ഥിച്ചു. സ്വത്തിന് നാശം വരുന്നത് അക്രമമർദ്ദനങ്ങൾ കുറയുവാൻ സഹായമായിത്തീരും. ഹൃദയം കഠിനമാകുമ്പോൾ, ക്രൂരമനസ്ഥിതി മൂർച്ഛിക്കുകയും, അത് ശിക്ഷ ഭവിക്കുവാൻ സന്ദർഭം ഒരുക്കുകയും ചെയ്യും. ശിക്ഷ അനുഭവത്തിൽ വരുമ്പോൾ അവർ വിശ്വസിക്കുമെന്ന് ഉറപ്പാണ്. അടുത്ത വചനത്തിൽ വരുന്നതുപോലെ, ആ ഘട്ടത്തിൽ ഫിർഔൻ വിശ്വസിക്കുകയും ചെയ്തു. ആ വിശ്വാസംകൊണ്ട് ഫലമില്ലെങ്കിലും അതോടെ ആക്രമങ്ങൾക്ക് അറുതിവരുകയും, സത്യവിശ്വാസികൾക്ക് പൊറുതി ലഭിക്കുകയും ചെയ്യുമല്ലോ.

നൂഹ് (ﷺ) നബി ദീർഘകാലം തൻെറ ജനതയെ സത്യവിശ്വാസത്തിലേക്ക് ക്ഷണിച്ചുകൊണ്ടിരുന്നിട്ടും അവരിൽനിന്ന് ആശക്ക് വഴി കാണാതെ അവരുടെ ധിക്കാരം വർദ്ധിച്ചുകൊണ്ടിരുന്നത് കണ്ടപ്പോൾ അദ്ദേഹം ഇങ്ങിനെ പ്രാർത്ഥിച്ചതായി സൂറത്തുനൂഹിൽ കാണാം:
رب لا تذر على الارض من الكافرين ديارا – الآيات (സാരം: റബ്ബേ, ഭൂമിയിൽ അവിശ്വാസികളിൽ നിന്ന് ആരെയും ബാക്കിയാക്കരുതേ! അവരെ ബാക്കിയാക്കി വിട്ടാൽ അവർ നിൻെറ അടിയാൻമാരെ വഴിപിഴപ്പിക്കും. നന്ദികെട്ട ദുർവൃത്തരെയല്ലാതെ അവർ ജനിപ്പിക്കുകയുമില്ല) ഇതുപോലെയുള്ള ഒരു പ്രാർത്ഥന തന്നെയാണ് മൂസാ (ﷺ) നബിയുടേതും. അതായത്, അല്ലാഹുവിൻെറ സത്യമാർഗ്ഗത്തെ അവഹേളിക്കുന്നതിൽ ജനത അതിരുവിട്ടുകൊണ്ടിരിക്കുകയും, അത് കണ്ട് സഹിക്കവയ്യാതാവുകയും, സൽപ്രതീക്ഷക്കുള്ള ഒരു പഴുതും കാണാതാവുകയും ചെയ്തപ്പോൾ, അല്ലാഹുവിനുവേണ്ടിയുള്ള കോപവും രോഷവും നിമിത്തം മൂസാ (ﷺ) പ്രാർത്ഥിച്ച പ്രാർത്ഥനയാണത്. ക്രൂരതയല്ലാതെ മറ്റൊന്നും പ്രതീക്ഷിക്കുവാനില്ലെന്ന് ഉറപ്പായ ഒരു ജനതയുടെ നാശം മറ്റുള്ളവരുടെ സ്വൈരജീവിതത്തിന് സഹായകമാണല്ലോ.

മൂസാ (ﷺ) നബിയുടെ പ്രാർത്ഥന അല്ലാഹു സ്വീകരിച്ചു. അവരുടെ സ്വത്തുക്കൾക്കും ആഡംബരജീവിതത്തിനും ഹാനികരമായ പല ശിക്ഷകളും അവർക്കനുഭവപ്പെട്ടു. ക്ഷാമം, വരൾച്ച, ഉൽപാദനക്കുറവ്, വെള്ളപ്പൊക്കം, വെട്ടുകിളി, പേൻ, തവള, രക്തം ആദിയായവമൂലം അവർ പല പരീക്ഷണങ്ങൾക്കും വിധേയരായി. ആപത്തുകൾ നേരിടുമ്പോൾ, മൂസാ (ﷺ) നബിയോട് പ്രാർത്ഥിക്കുവാനപേക്ഷിക്കുകയും, തങ്ങൾ വിശ്വസിച്ചുകൊള്ളാമെന്ന് ഏറ്റുപറയുകയും ചെയ്യും. ആപത്തു നീങ്ങുമ്പോൾ പഴയ നിലയിലേക്കുതന്നെ മാറുകയും ചെയ്യും. ഇതിനെപ്പറ്റിയെല്ലാം സൂ: അഅ്റാഫിൽ (130-135ൽ) വിവരിച്ചുവല്ലോ. ബൈബിളിലും (പുറപ്പാട്: 7 മുതൽ 11 കൂടിയ അദ്ധ്യായങ്ങളിൽ) ഇതെല്ലാം വിസ്തരിച്ചുവിവരിച്ചുകാണാം. പ്രാർത്ഥന സ്വീകരിക്കപ്പെട്ടിട്ടുണ്ടെന്ന സന്തോഷവാർത്തയോടൊപ്പം അല്ലാഹു മൂസാ (ﷺ) നബിയോടും, ഹാറൂൻ (ﷺ) നബിയോടും ഒരു ഉപദേശം നൽകുകയും ചെയ്തിരിക്കുന്നു: فاستقيما ولا تتبعان .... (നിങ്ങൾ രണ്ടാളും ചൊവ്വിന് നിലകൊള്ളുകയും അറിവില്ലാത്തവരുടെ മാർഗ്ഗം പിൻപറ്റാതിരിക്കുകയും വേണം) എന്ന്. നിങ്ങളുടെ പ്രാർത്ഥന സ്വീകരിക്കപ്പെട്ട സ്ഥിതിക്ക് നിങ്ങൾ കൂടുതൽ ദൃഢതയോടെ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ഉറച്ചു നിൽക്കണം. അടിപതറാതെയും, അവിവേകം വരാതെയും സൂക്ഷിച്ചുകൊണ്ടിരിക്കണം എന്ന് സാരം.

90 ഇസ്രാഈൽ സന്തതികളെ നാം സമുദ്രം കടത്തിവിട്ടു. അപ്പോൾ, ഫിർഔനും, അവൻെറ സൈന്യങ്ങളും ധിക്കാരവും, അതിക്രമവുമായി അവരെ പിൻതുടർന്നുചെന്നു. അങ്ങനെ, മുങ്ങിമരണം അവന് പിടിപെട്ടപ്പോൾ അവൻ പറഞ്ഞു: ‘‘ഇസ്രാഈൽ സന്തതികൾ യാതൊരുവനിൽ വിശ്വസിച്ചിരിക്കുന്നുവോ അവനല്ലാതെ ഒരു ആരാധ്യനുമില്ലെന്ന് ഞാൻ വിശ്വസിച്ചു; ഞാൻ ‘മുസ്‌ലി’കളിൽ [കീഴൊതുങ്ങിയവരിൽ] പെട്ടവനുമാകുന്നു.’’

۞ وَجَٰوَزۡنَا بِبَنِيٓ إِسۡرَٰٓءِيلَ ٱلۡبَحۡرَ فَأَتۡبَعَهُمۡ فِرۡعَوۡنُ وَجُنُودُهُۥ بَغۡيٗا وَعَدۡوًاۖ حَتَّىٰٓ إِذَآ أَدۡرَكَهُ ٱلۡغَرَقُ قَالَ ءَامَنتُ أَنَّهُۥ لَآ إِلَٰهَ إِلَّا ٱلَّذِيٓ ءَامَنَتۡ بِهِۦ بَنُوٓاْ إِسۡرَٰٓءِيلَ وَأَنَا۠ مِنَ ٱلۡمُسۡلِمِينَ ٩٠

91 (അവനോട് പറയപ്പെട്ടു:) ‘‘ഇപ്പോഴാണോ (വിശ്വസിക്കുന്നത്)? മുമ്പ് നീ അനുസരണക്കേട് കാണിക്കയുണ്ടായി; നീ നാശകാരികളിൽ പെട്ടവനുമായിരുന്നു

ءَآلۡـَٰٔنَ وَقَدۡ عَصَيۡتَ قَبۡلُ وَكُنتَ مِنَ ٱلۡمُفۡسِدِينَ ٩١

എന്നിരിക്കെ!

92 ''ഇനി, ഇന്ന് നിന്നെ, നിൻെറ ശരീരം മുഖേന നാം രക്ഷപ്പെടുത്തുന്നു, നിൻെറ പിന്നിലുളളവർക്ക് നീ ഒരു ദൃഷ്ടാന്തമായിരിക്കുവാൻവേണ്ടി. മനുഷ്യരിൽ വളരെ ആളുകൾ നമ്മുടെ ദൃഷ്ടാന്തങ്ങളെപ്പറ്റി അശ്രദ്ധർ തന്നെ.''

فَٱلۡيَوۡمَ نُنَجِّيكَ بِبَدَنِكَ لِتَكُونَ لِمَنۡ خَلۡفَكَ ءَايَةٗۚ وَإِنَّ كَثِيرٗا مِّنَ ٱلنَّاسِ عَنۡ ءَايَٰتِنَا لَغَٰفِلُونَ ﴿٩٢﴾

---

90 **وجاوزنا** നാം കടത്തിവിട്ട്. **بِبَنِي إسرائيلَ** ഇസ്റായിൽ സന്തതി, ഇസ്റാഈൽ സന്തതികളെ. **الْبحر** സമുദ്രം, കടൽ. **فَأَتبعهم** അപ്പോൾ അവരെ പിന്തുടർന്നു ചെന്നു. **فرعونُ** ഫിർഔൻ. **وجنوده** അവൻെറ സൈന്യങ്ങളും. **بغيا** ധിക്കാരമായിട്ട്. **وعدوا** അതിക്രമവും. **حتى** അങ്ങനെ (വരേക്കും). **إذَا أدركَه** അവനെ കണ്ടുമുട്ടിയ (പിടിപെട്ട)പ്പോൾ. **الْغرق** മുങ്ങൽ (മുങ്ങി മരണം). **قَالَ** അവൻ പറഞ്ഞു. **آمنت** ഞാൻ വിശ്വസിച്ചു. **أنه** നിശ്ചയമായും അത് (കാര്യം) ആണെന്ന്. **لا إله** ഒരാരാധ്യനുമില്ല (എന്ന്). **إلا الذي** യാതൊരുവനല്ലാതെ. **آمنت به** അവനിൽ വിശ്വസിച്ചിരിക്കുന്നു. **بنوا إسرائيلَ** ഇസ്റാഈൽ സന്തതികൾ. **وأنا** ഞാൻ, ഞാനാകട്ടെ. **من المسلمين** മുസ്ലിംകളിൽ പെട്ടവനുമാണ്.. 91 **ءَآلْآنَ** ഇപ്പോഴാണോ. **وقَد عصيت** നീ അനുസരണക്കേട് (എതിര്) ചെയ്തിട്ടുണ്ട്, ചെയ്തിരിക്കുന്നുവല്ലോ (എന്നിരിക്കെ). **قَبلُ** മുമ്പ്. **وكُنت** നീ ആയിരിക്കയും ചെയ്തു, നീ ആയിരുന്നുതാനും. **من الْمفْسِدين** നാശകാരികളിൽ, കുഴപ്പമുണ്ടാക്കുന്നവരിൽപെട്ട (വൻ). 92 **فَالْيوم** ഇനി (എന്നാൽ) ഇന്ന്. **ننجيك** നിന്നെ നാം രക്ഷപ്പെടുത്തും, രക്ഷപ്പെടുത്തുന്നതാണ്. **بِبدنِك** നിൻെറ ശരീരം കൊണ്ട് (ദേഹം മുഖേന). **لتكُونَ** നീ ആയിരിക്കുവാൻ വേണ്ടി. **لمن خلْفَك** നിൻെറ പിന്നിലുളളവർക്ക്. **آيةً** ഒരു ദൃഷ്ടാന്തം. **وإن كَثيرا** നിശ്ചയമായും വളരെ ആളുകൾ, പലരും. **من الناس** മനുഷ്യരിൽനിന്ന്. **عن آياتنا** നമ്മുടെ ദൃഷ്ടാന്തങ്ങളെപ്പറ്റി. **لَغافلُونَ** അശ്രദ്ധർ തന്നെയാണ്.

ഫിർഔൻെറ ക്രൂരവാഴ്ചക്ക് അന്ത്യം കുറിച്ചതും, ഇസ്റാഈല്യർക്ക് മോചനം ലഭിച്ചതുമായ ആ മഹാസംഭവത്തെക്കുറിച്ചാണ് 90-ാം വചനത്തിൻെറ ആരംഭത്തിൽ ചൂണ്ടിക്കാണിച്ചത്. ഖുർആനിൽ ഒന്നിലധികം സ്ഥലത്ത് വിവരിക്കപ്പെട്ടിട്ടുളള ആ സംഭവത്തിൻെറ ചുരുക്കം ഇപ്രകാരാകുന്നു: ഇസ്റാഈല്യരെയും കൂട്ടി രാത്രിസമയത്ത് ഈജിപ്ത് വിട്ടുപോകുവാൻ മൂസാ (عليه السلام) നോട് അല്ലാഹു കൽപിച്ചു. യാത്രയുടെ ലക്ഷ്യം പലസ്തീനായിരുന്നതുകൊണ്ട് അവർ ഈജിപ്തിൽനിന്ന് കിഴക്കോട്ട്നീങ്ങി ചെങ്കടൽതീരത്തെത്തി. സമുദ്രത്തോടടുത്തപ്പോൾ, ഫിർഔനും സൈന്യവും പിന്നാലെ വന്നു തങ്ങളെ പിടികൂടുമെന്നും, തങ്ങൾക്ക് രക്ഷപ്പെടുവാൻ കഴിയുകയില്ലെന്നും ഭയന്ന് ഇസ്റാഈല്യർ മുറവിളി കൂട്ടി. മൂസാ (عليه السلام) നബിയുടെ വടികൊണ്ട് സുദ്രത്തിൽ അടിക്കുവാൻ അല്ലാഹു കൽപിച്ചു. അടിക്കേണ്ട താമസം, സമുദ്രജലം രണ്ടായി പിളർന്നു. ഇരുഭാഗത്തും വെളളം മലപോലെ ചിറച്ചുനിന്നു. മദ്ധ്യത്തിൽ തുറക്കപ്പെട്ട വിശാലമായ വഴിയിലൂടെ യാതൊരു ആപത്തും കൂടാതെ മൂസാ (عليه السلام) നബിയും ഇസ്റാഈല്യരും കടന്നുപോയി മറുകര പറ്റി. അവർ സ്ഥലംവിട്ട വിവരമറിഞ്ഞ ഫിർഔൻ സൈന്യസമേതം നേരം പുലർന്നപ്പോഴേക്കും അവരെ പിന്തുടർന്നുവന്നിരുന്നു. സമുദ്രം പിളർന്നു നിൽക്കുന്നതും, ഇസ്റാഈല്യർ ഇടവഴിയിലൂടെ കടന്നുപോയതും കണ്ടപ്പോൾ, അവരെ പിടികൂടുവാനുളള വ്യഗ്രതയോടെ അവരും ആ വഴിയിലൂടെ ഇസ്റാഈല്യരെ അനുഗമിച്ചു. ഫിർഔനും സൈന്യവും ഇടവഴിയിൽ പ്രവേശിച്ചുകഴിഞ്ഞതോടെ ഇരുഭാഗത്തും ചിറച്ചു നിന്നിരുന്ന ജലഭിത്തികൾ കൂട്ടിമുട്ടുകയും അവർ ഒന്നടങ്കം വെളളത്തിൽ

മുങ്ങിനശിക്കുകയും ചെയ്തു. സൂറത്തു ത്വാഹാ, ശുഅറാഉ് മുതലായ സൂറത്തുകളിൽ വിശദമായും, സംക്ഷിപ്തമായും ഈ സംഭവം അല്ലാഹു ഉദ്ധരിച്ചിരിക്കുന്നു. (*)

ഈ സംഭവം ചൂണ്ടക്കാട്ടിയശേഷം-മൂസാ (عليه السلام) നബിയുടെ പ്രാർത്ഥനയിൽ സൂചിപ്പിച്ചപോലെ വിശ്വാസം പ്രയോജനപ്പെടാത്ത ആ ഘട്ടത്തിൽ ഫിർഔന് ബോധവും തന്റേടവും വന്നു. മുങ്ങിച്ചാവാൻ പോകുകയാണെന്ന് കണ്ടപ്പോൾ, ഇസ്റാഈല്യർ വിശ്വസിച്ച ഏക ഇലാഹിൽ താൻ വിശ്വസിച്ചുവെന്നും, അല്ലാഹുവിന് കീഴൊതുങ്ങി മുസ്‌ലിമായിട്ടുണ്ടെന്നും പറയുകതന്നെ ചെയ്തു. പക്ഷേ, ഫലമെന്ത്? ഇതുവരെയും അനുസരണക്കേടും ധിക്കാരവും കാണിച്ച് മരണം മുമ്പിൽ കണ്ട ഈ അവസരത്തിലാണോ വിശ്വസിക്കുന്നത്?! ഈ വിശ്വാസം കൊണ്ട് പ്രയോജനമില്ല. എന്നായിരുന്നു അല്ലാഹുവിൻെറ ഭാഗത്തുനിന്ന് അതിന് ലഭിച്ച മറുപടി. അതോടുകൂടി, നിൻെറ ജീവൻ നഷ്ടപ്പെട്ടാലും നിൻെറ ജഢം രക്ഷപ്പെടുത്തി പുറത്തുകൊണ്ടുവന്ന് മറ്റുള്ളവർക്ക് നിന്നെ നാം ഒരു ദൃഷ്ടാന്തമാക്കിത്തീർക്കുമെന്നും അല്ലാഹു അറിയിച്ചു. ഈ വിഷയം ഇവിടെയല്ലാതെ മറ്റു സൂറത്തുകളിലൊന്നും അല്ലാഹു പ്രസ്താവിച്ചിട്ടില്ല.

ഫിർഔനും സൈന്യവും മുങ്ങിനശിച്ചശേഷം ഫിർഔൻെറ ശവം ഒരു തിണ്ണയിൽ പോയി അടിഞ്ഞുവെന്നും, അത് കണ്ടപ്പോൾ താൻ ദൈവമാണെന്നും മറ്റും അവൻ മുമ്പ് വാദിച്ചുവന്നിരുന്നത് ശരിയല്ലെന്ന് ജനങ്ങൾക്ക് ബോധ്യമായെന്നും ചില രിവായത്തുകളിൽ വന്നിട്ടുണ്ട്. ഫിർഔൻ (ഫറോവാ) മാരുടെ ശവക്കല്ലറകളിൽ നിന്ന് റഅ്മസീസ് രണ്ടാമൻ എന്ന ഒരു ഫിർഔൻെറ ജഢം ലഭിച്ചിട്ടുണ്ടെന്നും, ഈജിപ്തിലെ ഒരു മ്യൂസിയത്തിൽ അത് സൂക്ഷിച്ചുവെച്ചിട്ടുണ്ടെന്നും, അതോടൊപ്പമുണ്ടായിരുന്ന ലിഖിതരേഖകളിൽ നിന്ന് അവനായിരുന്നു മൂസാ (عليه السلام) നബിയുടെ ശത്രുവായ ഫിർഔൻ എന്ന് വ്യക്തമാകുന്നുണ്ടെന്നും അൽപ വർഷങ്ങൾക്ക് മുമ്പ് വർത്തമാനപത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിക്കണ്ടിരുന്നു. അല്ലാഹുവിനറിയാം വാസ്തവം.

വിഭാഗം-10

وَلَقَدْ بَوَّأْنَا بَنِىٓ إِسْرَٰٓءِيلَ مُبَوَّأَ صِدْقٍ وَرَزَقْنَٰهُم مِّنَ ٱلطَّيِّبَٰتِ فَمَا ٱخْتَلَفُوا۟ حَتَّىٰ جَآءَهُمُ ٱلْعِلْمُ ۚ إِنَّ رَبَّكَ يَقْضِى بَيْنَهُمْ يَوْمَ ٱلْقِيَٰمَةِ فِيمَا كَانُوا۟ فِيهِ يَخْتَلِفُونَ ﴿٩٣﴾

93 തീർച്ചയായും, ഇസ്രാഈൽ സന്തതികളെ സത്യത്തിൻെറ [നല്ലതായ] ഒരു സങ്കേതത്തിൽ നാം ഇറക്കി (സൗകര്യപ്പെടുത്തി) ക്കൊടുക്കുകയുണ്ടായി. വിശിഷ്ടവസ്തുക്കളിൽ നിന്നും നാം അവർക്ക് ആഹാരം നൽകുകയും ചെയ്തു. എന്നാൽ, അവർക്ക് അറിവ് വന്നെത്തിയതുവരെയും അവർ ഭിന്നിച്ചില്ല. [അത് വന്നപ്പോഴാണ് ഭിന്നിച്ചത്.] നിശ്ചയമായും, അവർ ഭിന്നിച്ചുകൊണ്ടിരുന്ന കാര്യത്തിൽ നിൻെറ റബ്ബ് ഖിയാമത്തുനാളിൽ അവർക്കിടയിൽ തീരുമാനമെടു

* ഒന്നിലധികം സ്ഥലത്തു ഖുർആൻ ആവർത്തിച്ചു വിവരിച്ച ഈ അസാധാരണ സംഭവത്തെ ചില സ്ഥാപിത താൽപര്യക്കാർ, ഇപ്പോൾ അതിനൊരു പുതിയ രൂപം നൽകി അവതരിപ്പിക്കുകയും, അതിനായി ഖുർആൻെറ പല വാക്കുകൾക്കും അവരുടെ വകയായി ചില അർത്ഥവ്യാഖ്യനങ്ങൾ നൽകുകയും ചെയ്‌വാൻ തുടങ്ങിയിട്ടുണ്ട്. അതിൻെറ ഖണ്ഡനവും, സംഭവത്തിൻെറ യഥാർത്ഥരൂപവും അടങ്ങുന്ന വിശദമായ ഒരു വ്യാഖ്യാനക്കുറിപ്പു സൂറ: ത്വാഹായുടെ അവസാനത്തിൽ കാണാവുന്നതാണ്.

ക്കുന്നതാണ്.

---

93 وَلَقَدْ തീർച്ചയായും ഉണ്ട്, ഉണ്ടായിട്ടുണ്ട്. بَوَّأْنَا നാം സൗകര്യപ്പെടുത്തി, ഇറക്കിക്കൊടുത്തി (ട്ടുണ്ട്). بَنِي إِسْرَائِيلَ ഇസ്റാഈല്യർക്ക്, ഇസ്റാഈൽ സന്തതികളെ. مُبَوَّأَ സൗകര്യസ്ഥാനത്ത് (താവളത്തിൽ). صِدْقٍ സത്യത്തിൻെറ (നൻമയുടെ, ഉമയുടെ). وَرَزَقْنَاهُم അവർക്ക് നാം (ആഹാരം-ഉപജീവനം) നൽകുകയും ചെയ്തു. مِّنَ الطَّيِّبَاتِ നല്ല വസ്തു (വിശിഷ്ട സാധനം) കളിൽ നിന്ന്. فَمَا اخْتَلَفُوا എന്നാലവർ ഭിന്നിച്ചില്ല, അഭിപ്രായ വ്യത്യാസത്തിലായില്ല. حَتَّىٰ جَاءَهُمُ അവർക്ക് വന്നതുവരെ, വരുവോളം. الْعِلْمُ അറിവ്, വിവരം. إِنَّ رَبَّكَ നിശ്ചയമായും നിൻെറ റബ്ബ്. يَقْضِي തീരുമാനം ചെയ്യും, വിധി കൽപിക്കും. بَيْنَهُمْ അവർക്കിടയിൽ. يَوْمَ الْقِيَامَةِ ഖിയാമത്തുനാളിൽ. فِيمَا യാതൊരു കാര്യത്തിൽ. كَانُوا فِيهِ അതിൽ അവരായിരുന്നു, അവരായിരുന്ന. يَخْتَلِفُونَ അവർ ഭിന്നിക്കുക.

صدق (സ്വിദ്ഖ്) എന്ന പദത്തിന് 'സത്യം, യഥാർത്ഥം, യോഗ്യത, ഉൺമ, നൻമ' എന്നൊക്കെ അർത്ഥങ്ങൾ വരും. ഏതെങ്കിലും ഒരു വസ്തുവെപ്പറ്റി അത് കൊള്ളാവുന്നതും തൃപ്തികരമായും صالح مرضى ആണെന്ന് സൂചിപ്പിച്ചുകൊണ്ട് ആ വസ്തുവെ അതോട് ചേർത്തു പറയൽ അറബി ഭാഷയിൽ പതിവുണ്ട്. ഉദാഹരണമായി: കൊള്ളാവുന്ന ഒരു നല്ല മനുഷ്യൻ എന്ന അർത്ഥത്തിൽ رجل صدق എന്നും, അനുയോജ്യവും തൃപ്തികരവുമായ സ്ഥലം എന്ന അർത്ഥത്തിൽ مكان صدق എന്നും പറയപ്പെടും. ഇതുപോലെയുള്ള ഒരു പ്രയോഗമാണ് مبوأ صدق എന്ന വാക്കും. 'കൊള്ളാവുന്ന താവളം തൃപ്തികരമായ സ്ഥലം, യോജിച്ച സങ്കേതം' എന്നൊക്കെയാണ് അതുകൊണ്ട് വിവക്ഷ.

ഫിർഔനിൽ നിന്ന് രക്ഷപ്പെട്ടശേഷം, ഇസ്റാഈല്യരെ അവരുടെ പൂർവ്വകാല വാസസ്ഥലമായിരുന്ന ഫലസ്തീനിൽ എത്തിക്കുകയും, ഫലഭൂയിഷ്ഠവും, അനുഗ്രഹീതവുമായ ആ നാട്ടിൽ നിവസിക്കുവാൻ സൗകര്യം ചെയ്തുകൊടുക്കുകയും ചെയ്തതിനെപ്പറ്റിയാണ് بوأنابنى اسرائيل مبوا صدق (ഇസ്റാഈല്യരെ സത്യത്തിൻ്റേതായ ഒരു താവളത്തിൽ നാം ഇറക്കി) എന്നു പറഞ്ഞത്. ഇതര നാടുകളിൽ കാണപ്പെടാത്ത വിധം പലതരം കായ്ഫലങ്ങളും, കൃഷിയുൽപന്നങ്ങളും, ജലസൗകര്യങ്ങളും, നിറഞ്ഞ ഒരു നാടാണ് ഫലസ്തീൻ. എല്ലാ നിലക്കും നിവാസയോഗ്യമായ ആ ദേശത്ത് നിവസിക്കുവാനും, നല്ല വിശിഷ്ടാഹാരങ്ങൾ കഴിച്ചുകൊണ്ട് അവിടെ കഴിഞ്ഞു കൂടുവാനും അല്ലാഹു അവർക്ക് അനുഗ്രഹം ചെയ്തുകൊടുത്തു. എന്നിട്ടും അവർ നേർമാർഗ്ഗത്തിൽ നിന്ന് വ്യതിചലിച്ചു ഭിന്നിക്കുകയാണ് ചെയ്തത്. യഹൂദികളെന്നും ക്രിസ്ത്യാനികളെന്നും രണ്ട് കക്ഷികളായി പിരിയുക മാത്രമല്ല, ഓരോ കക്ഷികളിലും പല അവാന്തര വിഭാഗങ്ങളും ഉണ്ടായിത്തീർന്നു. വിഭാഗ വ്യത്യാസമോ, കക്ഷി വ്യത്യാസമോ ഇല്ലാതെ, എല്ലാവരും സാവേശം കാത്തുകൊണ്ടിരുന്ന ആ പ്രവാചകൻ-നബി (ﷺ) തിരുമേനി വന്നപ്പോഴാകട്ടെ, അദ്ദേഹത്തോടുള്ള ഭിന്നിപ്പിൽ എല്ലാവരും യോജിക്കുകയും ചെയ്തു. എന്നാൽ, ഇതെല്ലാം അറിയായ്മകൊണ്ടുണ്ടായ ഭിന്നിപ്പുകളാണോ? അല്ല. പ്രവാചകൻമാർ മുഖേനയും, വേദഗ്രന്ഥം മുഖേനയും വേണ്ടത്ര അറിവും തെളിവും കിട്ടിക്കഴിഞ്ഞശേഷംതന്നെ ഉണ്ടായതാണ് ഈ ഭിന്നിപ്പുകൾ. അതുകൊണ്ട് അവയെപ്പറ്റി വേണ്ടുന്ന തീരുമാനവും നടപടിയും അല്ലാഹു എടുക്കാതിരിക്കുകയില്ല. എന്നാലത് ഇവിടെ വെച്ചല്ല, ഖിയാമത്തു നാളിൽവെച്ചായിരിക്കും എന്നൊക്കെയാണ് ഈ വചനത്തിൽ പ്രസ്താവിച്ചതിൻെറ താൽപര്യം.

94 فَإِن كُنتَ فِي شَكٍّ مِّمَّآ أَنزَلۡنَآ إِلَيۡكَ فَسۡـَٔلِ ٱلَّذِينَ يَقۡرَءُونَ ٱلۡكِتَٰبَ مِن قَبۡلِكَۚ لَقَدۡ جَآءَكَ ٱلۡحَقُّ مِن رَّبِّكَ فَلَا تَكُونَنَّ مِنَ ٱلۡمُمۡتَرِينَ ٩٤

ഇനി, നിനക്ക് നാം അവതരിപ്പിച്ചതിനെക്കുറിച്ച് നീ വല്ല സംശയത്തിലുമാണെങ്കിൽ, നിൻെറ മുമ്പേ (വേദ) ഗ്രന്ഥം വായിച്ചുവരുന്നവരോട് നീ ചോദി(ച്ചു നോ)ക്കുക. തീർച്ചയായും, നിൻെറ റബ്ബിങ്കൽനിന്ന് നിനക്ക് യഥാർത്ഥം വന്നിട്ടുണ്ട്. ആകയാൽ, നിശ്ചയമായും നീ സന്ദേഹപ്പെടുന്നവരുടെ കൂട്ടത്തിലായിരിക്കരുത്.

95 وَلَا تَكُونَنَّ مِنَ ٱلَّذِينَ كَذَّبُواْ بِـَٔايَٰتِ ٱللَّهِ فَتَكُونَ مِنَ ٱلۡخَٰسِرِينَ ٩٥

അല്ലാഹുവിൻെറ 'ആയത്തു' [ലക്ഷ്യം]കളെ വ്യാജമാക്കുന്നവരുടെ കൂട്ടത്തിലും നിശ്ചയമായും നീ ആയിരിക്കരുത്. എന്നാൽ, നീ നഷ്ടപ്പെട്ടവരിൽ പെട്ടവനായിത്തീരും.

96 إِنَّ ٱلَّذِينَ حَقَّتۡ عَلَيۡهِمۡ كَلِمَتُ رَبِّكَ لَا يُؤۡمِنُونَ ٩٦

നിശ്ചയമായും യാതൊരുവരുടെ മേൽ നിൻെറ റബ്ബിൻെറ വാക്യം യഥാർത്ഥമായി (സ്ഥിരപ്പെട്ടി) രിക്കുന്നുവോ അവർ വിശ്വസിക്കുകയില്ല;

97 وَلَوۡ جَآءَتۡهُمۡ كُلُّ ءَايَةٍ حَتَّىٰ يَرَوُاْ ٱلۡعَذَابَ ٱلۡأَلِيمَ ٩٧

എല്ലാ ദൃഷ്ടാന്തവും അവർക്ക് വന്നെത്തിയാലും ശരി;- വേദനയേറിയ ശിക്ഷയെ അവർ കാണുന്നതുവരേക്കും,

---

94 **فَإِن كُنت** ഇനി നീ ആണെങ്കിൽ. **في شك** വല്ല സംശയത്തിലും. **مما أنزلنا** നാം അവതരിപ്പിച്ചതി
നെപ്പറ്റി. **إليك** നിനക്ക്, നിങ്കലേക്ക്. **فَاسأل** എന്നാൽ ചോദിക്കുക. **الذين يقْرَءُونَ** ഓതിവരുന്നവ
രോട്. **الْكتاب** (വേദ) ഗ്രന്ഥം. **من قبلك** നിൻെറ മുമ്പ്, മുമ്പേ. **لَقَدْ جاءَك** തീർച്ചയായും നിനക്ക്
വന്നിട്ടുണ്ട്. **الحق** യഥാർത്ഥം, സത്യം. **من ربك** നിൻെറ റബ്ബിങ്കൽ നിന്ന്. **فَلَا تكُونن** അതിനാൽ
നിശ്ചയമായും നീ ആയിരിക്കരുത്. **من الْممترين** സന്ദേഹപ്പെടുന്നവരിൽ പെട്ട(വൻ).. 95 **ولا تكُونن**
നിശ്ചയമായും നീ ആയിരിക്കയും അരുത്. **من الذين كذبوا** യാതൊരുവരിൽ പെട്ട(വൻ), വ്യാജ
മാക്കിയവരിൽ പെട്ടവൻ. **بِآيَات الله** അല്ലാഹുവിൻെറ ആയത്തു (ലക്ഷ്യം-വചനം-ധൃഷ്ടാന്തം)
കളെ. **فَتكُونَ** അപ്പോൾ നീയായിരിക്കും, ആയിത്തീരും. **من الْخاسرين** നഷ്ടപ്പെട്ടവ
രിൽപെട്ട(വൻ).. 96 **إن الذين** നിശ്ചയമായും യാതൊരു കൂട്ടർ. **حقت** യഥാർത്ഥമായി, അവകാശ
പ്പെട്ടു, ന്യായമായി, സ്ഥിരപ്പെട്ടു. **عليهم** അവരുടെമേൽ. **كَلمةُ** വാക്ക്, വാക്യം. **ربك** നിൻെറ
റബ്ബിൻെറ. **لا يؤمنونَ** അവർ വിശ്വസിക്കുകയില്ല.. 97 **ولو جاءتهم** അവർക്ക് വന്നാലും ശരി. **كُل آية**
എല്ലാ ദൃഷ്ടാന്തവും. **حتى يروا** അവർ കാണുന്നതുവരെ, (കാണാതെ). **الْعذَاب** ശിക്ഷയെ. **الْأليم**
വേദനയേറിയ

ഈ നാലു വചനങ്ങളിൽ ആദ്യത്തെ രണ്ടും പ്രത്യക്ഷത്തിൽ നബി (ﷺ) യെ അഭിമുഖീകരിച്ചുകൊണ്ടുള്ളതാണെങ്കിലും യഥാർത്ഥത്തിൽ അവ മറ്റുള്ളവരെ ഉദ്ദേശിച്ചുകൊണ്ടുള്ളവയാകുന്നു. നിനക്ക് നാം അവതരിപ്പിച്ചു തന്ന വല്ല വിഷയത്തിലും നിനക്ക് സംശയമുണ്ടെങ്കിൽ നിൻെറ മുമ്പ് വേദഗ്രന്ഥം വായിച്ചു വരുന്നവരോട് ചോദിച്ചു നോക്കുക; നിനക്ക് വന്നു കിട്ടിയിട്ടുള്ളത് യഥാർത്ഥം തന്നെയാണ്; അതിൽ സംശയിക്കരുത് എന്നാണല്ലോ ഒന്നാമത്തെ വചനത്തിലുള്ളത്. അതായത്, നിനക്കവതരിച്ച ചരിത്ര സംഭവങ്ങൾ, തത്വോപദേശങ്ങ

ൾ മുതലായവയിൽ വല്ല സംശയവും ആർക്കെങ്കിലും തോന്നുന്നപക്ഷം, വേദക്കാരായ ആളുകളോട് അന്വേഷിച്ചാൽ അവയെല്ലാം സത്യവും പരമാർത്ഥവുമാണെന്ന് ബോധ്യപ്പെടുമെന്ന് സാരം. വേദക്കാരായ എല്ലാ വ്യക്തികൾക്കും അറിയാമെന്നോ, അവർ പറയുന്നതെല്ലാം വിശ്വസിക്കാമെന്നോ അല്ല ഉദ്ദേശ്യം. വേദഗ്രന്ഥങ്ങളെപ്പറ്റി ശരിക്കറിയുകയും, സത്യം തുറന്നു പറയുകയും ചെയ്യുന്ന വേദക്കാർക്ക് സത്യാവസ്ഥ അറിയാം, വേണമെങ്കിൽ ചോദിച്ചു നോക്കൂ എന്നാണുദ്ദേശ്യം. അറബികളെ സംബന്ധിച്ചിടത്തോളം, വേദഗ്രന്ഥങ്ങളുമായി അവർക്ക് പരിചയമില്ലാത്ത സ്ഥിതിക്ക് മുൻവേദഗ്രന്ഥങ്ങളിൽ പറയുന്നതും ഇതുപോലെത്തന്നെയാണെന്ന് അറിയുന്നത് അവർക്ക് ഖുർആന്റെ സത്യാവസ്ഥ മനസ്സിലാക്കുവാൻ സഹായകമായിരിക്കുമല്ലോ.

ഖുർആനാകട്ടെ, ഖുർആനല്ലാത്ത വഹ്‌യു (ദിവ്യസന്ദേശം) കളാവട്ടെ അവതരിച്ചാൽ അതിന്റെ സത്യതയിൽ നബി (ﷺ) ക്ക് സംശയമോ ആശയക്കുഴപ്പമോ തോന്നുക അസംഭവ്യമാകുന്നു. നബി (ﷺ) ക്ക് മാത്രമല്ല, വഹ്‌യുകളെ സംബന്ധിച്ചിടത്തോളം എല്ലാ പ്രവാചകൻമാരുടെ സ്ഥിതിയും ഇതു തന്നെ. ഏതെങ്കിലും ഒരു പ്രവാചകന്-അദ്ദേഹം എത്രയെത്ര പരീക്ഷണങ്ങൾക്കും മർദ്ദനങ്ങൾക്കും വിധേയനായിരുന്നാൽപോലും-തനിക്ക് ലഭിച്ച ദൈവിക സന്ദേശങ്ങളിൽ സംശയത്തിന്റെ നേർത്ത സൂചന ഒരു വാക്കിലെങ്കിലും ഉണ്ടായതായി ചരിത്രം ഇല്ല. ഉണ്ടാകാവതുമല്ല. അപ്പോൾ, ആർക്കെങ്കിലും വല്ല സംശയവുമുണ്ടെങ്കിൽ അവർ വേദഗ്രന്ഥങ്ങളെപ്പറ്റി അറിയുന്നവരോട് ഒന്ന് അന്വേഷിച്ചു നോക്കട്ടെ എന്നാണ് ആ വചനത്തിന്റെ താൽപര്യമെന്ന് വ്യക്തമാണ്. വേദഗ്രന്ഥങ്ങളെപ്പറ്റി ശരിക്കറിയാത്തവരോടും, സത്യം തുറന്നു പറയുവാൻ മടിക്കുന്നവരോടും അന്വേഷണം ചെയ്തിട്ട് കാര്യമില്ലെന്ന് പറയേണ്ടതുമില്ല.

ഒരു സംഘത്തെ ഉദ്ദേശിച്ച് അതിന്റെ നേതാവിനെ അഭിമുഖീകരിച്ചും, പുറകിലുള്ളവരെ ഉദ്ദേശിച്ച് മുമ്പിലുള്ളവരെ അഭിമുഖീകരിച്ചുംകൊണ്ടുള്ള സംസാരഗതി സ്വീകരിക്കൽ ഭാഷാസാഹിത്യങ്ങളിൽ പൊതുവെ കാണപ്പെടാറുള്ളതാണ്. ഖുർആനിലും ഇതിന് ഉദാഹരണങ്ങൾ കാണാം: സമുദായത്തിൽ ആരു തന്നെ ശിർക്ക് പ്രവർത്തിച്ചാലും നബി (ﷺ) തിരുമേനി ശിർക്ക് പ്രവർത്തിക്കുകയില്ലെന്നുള്ള കാര്യം ഖണ്ഡിതമാണ്. എന്നിട്ടും നബി (ﷺ) യോട് (39: 65) അല്ലാഹു) പറയുന്നു: ''നീയെങ്ങാനും ശിർക്ക് ചെയ്തുവെങ്കിൽ നിന്റെ കർമ്മം പൊളിഞ്ഞു നിഷ്ഫലമാകും'' (.... .....لئن أشركت ليحبطن عملك) എന്നു അതുപോലെത്തന്നെ, അല്ലാഹുവിന്റെ കൽപനാ നിർദ്ദേശങ്ങൾക്കെതിരായി അവിശ്വാസികളെയോ, കപടവിശ്വാസികളെയോ വല്ലപ്പോഴും നബി (ﷺ) അനുസരിക്കുകയില്ലെന്നതും തീർച്ചതന്നെ, എന്നിട്ടും നബി (ﷺ) യോട് (33: 1 ൽ) അല്ലാഹു പറയുന്നു: ''നബിയേ, താങ്കൾ അല്ലാഹുവിനെ സൂക്ഷിക്കണം. അവിശ്വാസികളെയും കപടവിശ്വാസികളെയും, അനുസരിക്കരുത്'' (يا أيها النبى..اتق الله و لا تطع الكافرين والمنافقين) എന്ന്. ഇതെല്ലാം സമുദായത്തെ ഉദ്ദേശിച്ചുള്ള കൽപനകളത്രെ.

നബി (ﷺ) യോട് തന്നെയും ഇങ്ങിനെയെല്ലാം കൽപിക്കുമ്പോൾ, സമുദായത്തിലെ ഓരോ അംഗവും ആ കൽപനകൾ വളരെ ഗൗരവപൂർവ്വം കണക്കിലെടുക്കേണ്ടതുണ്ടെന്നാണ് അതിൽ നിന്ന് മനസ്സിലാക്കേണ്ടത്. രണ്ടാമത്തെ വചനത്തിൽ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കിയവരുടെ കൂട്ടത്തിൽ നീ പെട്ടുപോകരുതെന്നും, എന്നാൽ നീ നഷ്ടക്കാരനായിത്തീരുമെന്നും പറഞ്ഞതിന്റെ ഉദ്ദേശ്യവും ഇപ്പറഞ്ഞതിൽനിന്ന് വ്യക്തമായല്ലോ. ചില ക്രിസ്തീയ പാതിരിമാർ ഇതുപോലെയുള്ള ചില വചനങ്ങളെ ചൂഷണം ചെയ്തു മുതലെടുക്കുവാൻ ശ്രമിക്കാറുള്ളതുകൊണ്ടാണ് ഈ സംഗതി പ്രത്യേകം ഉണർത്തേണ്ടി വന്നത്.

അല്ലാഹുവിൻെറ ശിക്ഷക്ക് പാത്രമാണെന്നുള്ള അവൻെറ നിശ്ചയം ആരിൽ യഥാർത്ഥമായിത്തീരുന്നുവോ അങ്ങിനെയുള്ളവർ വിശ്വസിക്കുമെന്ന് പ്രതീക്ഷിക്കേണ്ട: അവങ്കൽനിന്നുള്ള കഠിനമായ ശിക്ഷ അനുഭവത്തിൽ വരാതെ അവർ വിശ്വസിക്കുന്ന പ്രശ്നമില്ല; ലക്ഷ്യദൃഷ്ടാന്തങ്ങൾ കണ്ടിട്ടോ, സത്യം മനസ്സിലാക്കിയിട്ടോ അവർ വിശ്വസിക്കുവാൻ പോകുന്നില്ല എന്നൊക്കെയാണ് മൂന്നാമത്തെയും നാലാമത്തെയും വചനങ്ങളിൽ പറഞ്ഞതിൻെറ സാരം. സൻമാർഗ്ഗം സ്വീകരിക്കുവാനുള്ള സന്നദ്ധതയോ വിചാരമോ ഇല്ലാത്തവർ അല്ലാഹുവിൻെറ ശിക്ഷക്ക് വിധേയരാണെന്നുള്ളത് ഒരു പൊതു നിയമമത്രെ. ആരൊക്കെയാണ് അങ്ങിനെയുള്ളവരെന്നു അവനു നല്ലപോലെ അറിയുകയും ചെയ്യും. അക്കൂട്ടത്തിൽ പെട്ടവരാണ് ഈ സത്യനിഷേധികളും. അതുകൊണ്ട് ഇവർ വിശ്വസിക്കുമെന്ന് കരുതിയിരിക്കേണ്ടതില്ലെന്ന് താൽപര്യം. സൂ: സുമറിൽ അല്ലാഹു പറയുന്നു: فبشر عباد الذين يستمعون القول – الآية (സാരം: എൻെറ അടിയാൻമാർക്ക്-അതായത്, പറയുന്ന വാക്ക് ശ്രദ്ധിച്ചു കേൾക്കുകയും എന്നിട്ട് അതിൽ നല്ലതിനെ പിൻപറ്റുകയും ചെയ്യുന്നവർക്ക്-സന്തോഷവാർത്ത അറിയിക്കുക: അക്കൂട്ടരത്രെ അല്ലാഹു മാർഗ്ഗദർശനം നൽകിയിട്ടുള്ളവർ; അക്കൂട്ടർ തന്നെയാണ് ബുദ്ധിമാൻമാരും.) (സുമർ: 17, 18.) തൊട്ട വചനത്തിൽ അല്ലാഹു തുടർന്നു പറയുന്നു: ''അപ്പോൾ ആരുടെമേൽ ശിക്ഷയുടെ വാക്യം യഥാർത്ഥമായി സ്ഥിരപ്പെട്ടുവോ അവനെ നീ നേർമാർഗ്ഗത്തിലാക്കുമോ?!'' അതേ സൂറത്തിൽ, റസൂലുകളിലും പരലോകത്തിലും വിശ്വസിക്കാതിരുന്ന അവിശ്വാസികളെ നരകത്തിലേക്ക് നയിക്കപ്പെടുന്നതിനെപ്പറ്റി പ്രസ്താവിച്ചുകൊണ്ട് പറയുന്നു: ولكن حقت كلمة العذاب على الكافرين (എങ്കിലും ശിക്ഷയുടെ വാക്യം അവിശ്വാസികളുടെ മേൽ യഥാർത്ഥമായിരിക്കുകയാണ്.) (സുമർ: 71.) 96-ാം വചനത്തിൽ الذين حقت عليهم كلمة ربك (നിൻെറ റബ്ബിൻെറ വാക്യം യഥാർത്ഥമായിത്തീർന്നവർ) എന്നു പറഞ്ഞത് ആരെപ്പറ്റിയാണെന്ന് മേലുദ്ധരിച്ചതിൽനിന്നൊക്കെ വ്യക്തമായല്ലോ.

98 ഒരു രാജ്യം [രാജ്യക്കാർ] വിശ്വസിക്കുകയും, എന്നിട്ടതിൻെറ വിശ്വാസം അതിന് പ്രയോജനപ്പെടുകയും ആയിക്കൂടേ?; യൂനുസിൻെറ ജനത അല്ലാത്ത. അവർ വിശ്വസിച്ചപ്പോൾ, അവരിൽ നിന്ന് ഇഹലോക ജീവിതത്തിൽ അപമാനത്തിൻെറ ശിക്ഷയെ നാം നീക്കം ചെയ്തു; ഒരു സമയംവരെ അവർക്കു നാം സുഖം നൽകുകയും ചെയ്തു.

فَلَوْلَا كَانَتْ قَرْيَةٌ ءَامَنَتْ فَنَفَعَهَآ إِيمَـٰنُهَآ إِلَّا قَوْمَ يُونُسَ لَمَّآ ءَامَنُوا۟ كَشَفْنَا عَنْهُمْ عَذَابَ ٱلْخِزْىِ فِى ٱلْحَيَوٰةِ ٱلدُّنْيَا وَمَتَّعْنَـٰهُمْ إِلَىٰ حِينٍ ﴿٩٨﴾

---

98 **فَلَولاَ كَانت** ആയിക്കൂടേ, എന്തുകൊണ്ടായില്ല. **قَريةٌ** വല്ല രാജ്യവും, ഒരു രാജ്യവും. **آمنت** അതു വിശ്വസിക്കുക. **فَنفَعها** എന്നിട്ടതിന് പ്രയോജനപ്പെടുക, ഫലം ചെയ്യുക, എന്നാലതിന് പ്രയോജനം ചെയ്യുമായിരുന്നു. **إيمانها** അതിൻെറ വിശ്വാസം. **إلا قَوم** ജനത ഒഴികെ, അല്ലാത്ത. **يونس** യൂനുസിൻെറ. **لما آمنوا** അവർ വിശ്വസിച്ചപ്പോൾ. **كَشفْنا** നാം (തുറന്നു) നീക്കി. **عنهم** അവരിൽ നിന്ന്. **عذَاب الْخزيِ** അപമാനത്തിൻെറ ശിക്ഷയെ. **في الْحياة** ജീവിതത്തിൽ. **الدنيا** ഇഹലോകത്തെ, ഐഹിക. **ومتعناهم** അവർക്ക് നാം സുഖം നൽകുകയും ചെയ്തു. **إلى حينٍ** ഒരു സമയം വരെ.

لولا (ലൗലാ) എന്ന അവ്യയം രണ്ടർത്ഥത്തിൽ ഉപയോഗിക്കാറുണ്ട്: (1) ഒരു കാര്യം മുടങ്ങിയത് നിമിത്തം (അതുമായി ബന്ധപ്പെട്ട് നിൽക്കുന്ന) മറ്റൊരു കാര്യം മുടങ്ങുന്നതിനെ (امتناع الشيئ لإمتناع غيره) ഉദ്ദേശിച്ചും, (2) പ്രേരണ നൽകുന്നതിനെ (التحضيض) ഉദ്ദേശിച്ചും, ഈ രണ്ടാമത്തെ അർത്ഥത്തിലാണ് ഇവിടെ അതുള്ളത്. فلولا എന്നതിൻെറ സ്ഥാനത്ത് فهلا

(ഫഹല്ലാ) എന്നും ഇവിടെ വായിക്കപ്പെട്ടിട്ടുണ്ടുതാനും. ചില ഖുര്‍ആന്‍ വ്യഖ്യാതാക്കള്‍ രണ്ടാമത്തെ അര്‍ത്ഥമാണ് ഇവിടെ ഉദ്ദേശ്യം എന്നതിന് ഈ വായന പിന്‍ബലം നല്‍കുന്നതായി രേഖപ്പെടുത്തിയിട്ടുമുണ്ട്.

മുന്‍വചനങ്ങളില്‍ പറഞ്ഞ വിഷയങ്ങളുമായി ബന്ധപ്പെട്ടതുതന്നെയാണ് ഈ വചനവും. പ്രവാചകന്‍മാര്‍ വന്ന് സത്യമാര്‍ഗ്ഗം പ്രബോധനം ചെയ്യുകയും, വിശ്വസിക്കാത്തവര്‍ക്ക് പൊതുശിക്ഷയെക്കുറിച്ച് താക്കീത് നല്‍കുകയും ചെയ്ത നാട്ടുകാര്‍ തക്കസമയത്ത് വിശ്വസിക്കുകയുണ്ടായില്ല. ശിക്ഷ കണ്‍മുമ്പില്‍ എത്തുമ്പോഴേ അവര്‍ വിശ്വസിക്കുവാന്‍ തയ്യാറാകുകയുണ്ടായുള്ളു. അതുകൊണ്ട് ആ വിശ്വാസം അവര്‍ക്കു പ്രയോജനപ്പെട്ടതുമില്ല. അവര്‍ നേരത്തെത്തന്നെ വിശ്വസിക്കുകയും, അങ്ങിനെ ആ വിശ്വാസം അവര്‍ക്ക് പ്രയോജനപ്പെടുകയും ചെയ്തുകൂടേ?! എന്നാലവര്‍ക്ക് ശിക്ഷക്ക് വിധേയരാവാതെ കഴിക്കാമായിരുന്നു എന്നത്രെ അല്ലാഹു ആക്ഷേപിക്കുന്നത്. എന്നാല്‍, മേല്‍ പറഞ്ഞ മുന്‍ സമുദായങ്ങളുടെ പൊതുസ്ഥിതി ഇതാണെങ്കിലും യൂനുസ് (عليه السلام) നബിയുടെ ജനത ഇതില്‍നിന്ന് ഒഴിവാണെന്ന്, അവര്‍ക്ക് താക്കീത് ചെയ്യപ്പെട്ട ശിക്ഷ വരുന്നതിന് മുമ്പ് തന്നെ അവര്‍ വിശ്വസിക്കുകയുണ്ടായെന്നും, അങ്ങനെ അവര്‍ ശിക്ഷയില്‍ നിന്ന് ഒഴിവായെന്നും, കുറേ കാലം കൂടി അവര്‍ സുഖമായി ജീവിക്കുകയുണ്ടായെന്നും തുടര്‍ന്ന് പറഞ്ഞിരിക്കുകയാണ്.

മറ്റൊരു സ്ഥലത്തു അല്ലാഹു പറയുന്നു: كذلك ما اتى الذين من قبلهم من رسول – الآيتين (സാരം: അതുപോലെ, അവരുടെ മുമ്പുള്ളവരുടെ അടുക്കല്‍ ഏതൊരു റസൂല്‍ ചെല്ലുമ്പോഴും അദ്ദേഹം ഒരു ജാലവിദ്യക്കാരനോ, അല്ലെങ്കില്‍ ഭ്രാന്തനോ ആണെന്ന് അവര്‍ പറയാതിരുന്നിട്ടില്ല. അവര്‍ അന്യോന്യം അങ്ങിനെ വസിയ്യത്ത് ചെയ്തിരിക്കുകയാണോ?! അതല്ല, അവര്‍ ക്രമം തെറ്റിപ്പോയ ജനങ്ങളാണോ?) (51: 52, 53.) നൂഹ് (عليه السلام) നബിയുടെയും ജനതയുടെയും കഥ വിവരിച്ചശേഷം മറ്റൊരു സ്ഥലത്ത് പറയുന്നു: ثم أرسلنا رسله قترا – الآية (സാരം: പിന്നീട് നമ്മുടെ റസൂലുകളെ നാം തുടരെത്തുടരെ അയച്ചു. ഓരോ സമുദായത്തിനും അതിന്‍െറ റസൂല്‍ ചെല്ലുമ്പോഴൊക്കെയും അവര്‍ അദ്ദേഹത്തെ വ്യാജമാക്കി. അതിനാല്‍ അവരില്‍ ചിലരെ ചിലരോട് നാം അനുഗമിപ്പിച്ചു. (നശിപ്പിച്ചു) അവരെയെല്ലാം നാം കഥാവിഷയങ്ങളാക്കിത്തീര്‍ക്കുകയും ചെയ്തു. (23: 44) പ്രസ്തുത വചനങ്ങളിലടങ്ങിയ ആശയം തന്നെയാണ് ഈ വചനത്തിലും കാണുന്നത്. യൂനുസ് (عليه السلام) നബിയുടെ ജനതയെ അതില്‍ നിന്ന് ഒഴിവാക്കുകയും ചെയ്തിരിക്കുന്നു.

നീനുവാ (*) നിവാസികളായിരുന്നു യൂനുസ് (عليه السلام) ന്‍െറ ജനത. അവര്‍ അദ്ദേഹത്തിലും, അദ്ദേത്തിന്‍െറ പ്രബോധനത്തിലും വിശ്വസിക്കാതെ നിഷേധത്തില്‍ ശഠിച്ചു നിന്നു. ഇന്ന സമയംവരെ അവര്‍ വിശ്വസിക്കാത്തപക്ഷം അവര്‍ക്ക് പൊതുശിക്ഷ വരുവാന്‍ പോകുന്നുവെന്ന് അദ്ദേഹം അവര്‍ക്ക് താക്കീത് നല്‍കി. സമയത്തിന് മുമ്പ് അദ്ദേഹം സ്ഥലം വിടുകയും ചെയ്തു. പക്ഷെ, അവസാനം വെച്ച് ജനങ്ങള്‍ക്ക് ഭയമായി. പ്രവാചകനെ കണ്ടതുമില്ല. അങ്ങനെ, അവര്‍ ആബാലവൃദ്ധം ജനങ്ങളും മൃഗങ്ങളുമടക്കം ഒന്നിച്ചുകൂടി അല്ലാഹുവിനോട് പ്രാര്‍ത്ഥിക്കുകയും, പശ്ചാത്തപിച്ചു മടങ്ങുകയും ചെയ്തു. പശ്ചാത്താപം അല്ലാഹു സ്വീകരിക്കുകയും, ശിക്ഷ ഇറക്കാതെ അവരെ രക്ഷിക്കുകയും ചെയ്തു. ഇതാണ് യൂനുസ് (عليه السلام) ജനതയുടെ സംഭവത്തിന്‍െറ ചുരുക്കം.

---

* ഇറാഖിന്‍െറ വടക്കു മൂസ്വലി (موصل) ന്നടുത്തുണ്ടായിരുന്ന ഒരു പ്രാചീന രാജ്യമാണ് നീനുവാ (نينوى -Ninive). പണ്ട് അശ്ശൂര്‍ രാജാക്കളുടെ തല്സ്ഥാനമായിരുന്നു അത്.

99 നിന്‍റെ റബ്ബ് (വേണമെന്ന്) ഉദ്ദേശിച്ചിരുന്നെങ്കിൽ, ഭൂമിയിലുള്ളവരെല്ലാം ആസകലം വിശ്വസിക്കുക തന്നെ ചെയ്യുമായിരുന്നു. എന്നിരിക്കെ, മനുഷ്യർ സത്യവിശ്വാസികളാകുന്നതുവരെ അവരെ നീ നിർബന്ധിക്കുകയോ!

وَلَوْ شَآءَ رَبُّكَ لَءَامَنَ مَن فِى ٱلْأَرْضِ كُلُّهُمْ جَمِيعًا ۚ أَفَأَنتَ تُكْرِهُ ٱلنَّاسَ حَتَّىٰ يَكُونُوا۟ مُؤْمِنِينَ ﴿٩٩﴾

100 ഒരു ആത്മാവിനും [വ്യക്തിക്കും] അല്ലാഹുവിന്‍റെ അനുമതി പ്രകാരമല്ലാതെ വിശ്വസിക്കാവതല്ല. [വിശ്വസിക്കുക സാധ്യമല്ല] ബുദ്ധി കൊടു (ത്തു ഗ്രഹി)ക്കാത്തവരിൽ അവൻ മാലിന്യം ഏർപ്പെടുത്തുകയും ചെയ്യുന്നതാണ്.

وَمَا كَانَ لِنَفْسٍ أَن تُؤْمِنَ إِلَّا بِإِذْنِ ٱللَّهِ ۚ وَيَجْعَلُ ٱلرِّجْسَ عَلَى ٱلَّذِينَ لَا يَعْقِلُونَ ﴿١٠٠﴾

---

99 **ولو شاء** ഉദ്ദേശിച്ചിരുന്നെങ്കിൽ. **ربك** നിന്‍റെ റബ്ബ്. **لآمن** വിശ്വസിക്കുക തന്നെ ചെയ്യുമയിരുന്നു. **من في الأرض** ഭൂമിയിലുളളവർ. **كلهم** അവരെല്ലാം. **جميعا** മുഴുവനും. **أفأنت** എന്നിരിക്കെ നീയോ. **تكره** നിർബന്ധിക്കുന്നു (നീ നിർബ്ബന്ധിക്കുകയോ). **الناس** മനുഷ്യരെ. **حتى يكونوا** അവർ ആകു(വോളം), ആയിരിക്കുന്നതു വരെ. **مؤمنين** സത്യവിശ്വാസികൾ.. 100 **وما كان** ആകുകയില്ല, ആകാവതല്ല. **لنفس** ഒരു ആത്മാവിനും, വ്യക്തിക്കും, ആൾക്കും. **أن تؤمن** അതു വിശ്വസിക്കൽ, വിശ്വസിക്കുവാൻ. **الا بإذن** അനുമി (സമ്മതം-അനുവാദം) കൂടാതെ. **الله** അല്ലാഹുവിന്‍റെ. **ويجعل** അവൻ ആക്കുക (ഏർപ്പെടുത്തുക)യും ചെയ്യുക. **الرجس** മാലിന്യം, മ്ളേച്ഛത. **على الذين** യാതൊരുവരിൽ. **لا يعقلون** അവർ ബുദ്ധി കൊടുക്കു (ഗ്രഹിക്കു)കയില്ല.

ഒന്നൊഴിയാതെ സകല മനുഷ്യരും മലക്കുകളെപ്പോലെ പ്രകൃത്യാ സത്യവിശ്വാസികളായിരിക്കണമെന്ന് അല്ലാഹു ഉദ്ദേശിച്ചിട്ടില്ല. അങ്ങിനെ ഉദ്ദേശിച്ചിരുന്നെങ്കിൽ അങ്ങിനെത്തന്നെ സംഭവിക്കുമായിരുന്നു. നൻമയും തിൻമയും തിരിച്ചറിയുവാനുള്ള വിവേചന ബുദ്ധിയും, രണ്ടിൽ ഇഷ്ടപ്പെട്ടത് തിരഞ്ഞെടുക്കുവാനുള്ള അഭിപ്രായ സ്വാതന്ത്ര്യവും നൽകിക്കൊണ്ടുള്ള ഒരു പ്രകൃതി വിശേഷണമാണ് മനുഷ്യന് അവൻ നൽകിയിരിക്കുന്നത്. മഹത്തായ ചില ലക്ഷ്യങ്ങളും യുക്തിരഹസ്യങ്ങളും അതിൽ അടങ്ങിയിട്ടുണ്ടുതാനും, അതുകൊണ്ട് ആരെയും സത്യവിശ്വാസവും നേർമാർഗ്ഗവും സ്വീകരിക്കുമാറ് നിർബന്ധിക്കുവാൻ നബി (ﷺ) ക്ക് പാടില്ല. നല്ലതും ചീത്തയും വിവരിച്ചുകൊടുക്കുകയും, വേണ്ടുന്ന ഉപദേശം നൽകുകയും മാത്രമേ നബി (ﷺ) ചെയ്യേണ്ടതുള്ളു. എന്നിട്ട് വിശ്വസിക്കുന്നവർ വിശ്വസിച്ചുകൊള്ളട്ടെ , അല്ലാത്തവർ അവിശ്വസിച്ചുകൊള്ളട്ടെ (فمن شاء فليؤمن ومن شاء فليكفر) എന്നതാണ് ആദ്യത്തെ വചനത്തിൽ പറഞ്ഞതിന്‍റെ താൽപര്യം. സൂ: ഹൂദിൽ അല്ലാഹു പറയുന്നു: ‘‘നിന്‍റെ റബ്ബ് ഉദ്ദേശിച്ചിരുന്നെങ്കിൽ, അവൻ മനുഷ്യരെ ഒരേ സമുദായമാക്കുമായിരുന്നു. അവർ ഭിന്നിച്ചവരായിക്കൊണ്ടേ ഇരിക്കുന്നതാണ്. നിന്‍റെ റബ്ബ് കരുണ ചെയ്തവരൊഴികെ. അതിനായിട്ടാണ് അവരെ അവൻ സൃഷ്ടിച്ചതും. (ولوشاء ربك لجعل الناس أمة واحدة .... هود : ١١٨ ، ١١٩) കൂടുതൽ വിവരം അവിടെ വെച്ചു കാണാം.’’ ان شاء الله

നല്ലത് തിരഞ്ഞെടുക്കുവാനുള്ള ബുദ്ധിയും സ്വാതന്ത്ര്യവും നൽകപ്പെട്ടിട്ടുണ്ടെങ്കിൽ തന്നെയും മനുഷ്യന്‍റെ വിശ്വാസം സാക്ഷാൽകൃതമാകേണമെങ്കിൽ അല്ലാഹുവിന്‍റെ ഉദ്ദേശവും അനുമതിയും കൂടി അതിന് അനിവാര്യമത്രെ. അതില്ലാത്തപക്ഷം-മനുഷ്യന്‍റെ അറിവും കഴിവും കൊണ്ടുമാത്രം-അവന്‍റെ പ്രവർത്തികളൊന്നും സാക്ഷാൽക്കരിക്കപ്പെടുകയില്ല. പ

ക്ഷേ, ഒരു വ്യവസ്ഥയൊന്നും കൂടാതെ ചിലരെയങ്ങ് നല്ലവരും വിശ്വാസികളുമാക്കിത്തീർക്കുകയും ചിലരെയങ്ങ് മ്ളേഛരും അവിശ്വാസികളുമാക്കിത്തീർക്കുകയുമല്ല അല്ലാഹു ചെയ്യുന്നത്. വിവേചനബുദ്ധി ഉപയോഗപ്പെടുത്തി കാര്യം ഗ്രഹിക്കാത്തവരെയായിരിക്കും അവൻ മ്ളേച്ഛൻമാരും ദുഷിച്ചവരുമാക്കുന്നത്. എന്നൊക്കെയാണ് രണ്ടാമത്തെ വചനത്തിൽ പ്രസ്താവിച്ചതിൻെറ താൽപര്യം. ജനങ്ങൾ സത്യവിശ്വാസം സ്വീകരിക്കുവാൻ മുമ്പോട്ട് വരാത്തതിൽ അതീവമായ വ്യസനം സഹിച്ചുകൊണ്ടിരിക്കുന്ന നബി (ﷺ) തിരുമേനിക്ക് മനസ്സമാധാവും, ആശ്വാസവും നൽകുന്നതാണ് ഈ രണ്ടു വചനങ്ങളും.

മനുഷ്യൻ അവൻെറഎല്ലാ പ്രവർത്തനങ്ങളും പൂർണ്ണസ്വതന്ത്രനാണ്-അല്ലാഹുവിൻെറ ഉദ്ദേശമോ അനുമതിയോ അതിൽ ആവശ്യമില്ല-എന്നും മറ്റും വാദിക്കുന്ന യുക്തി വാദികൾക്ക് ഈ രണ്ടു വചനങ്ങളും, ഇതുപോലെയുള്ള മറ്റ് ചില വചനങ്ങളും അവയുടെ നേർക്കുനേരെയുള്ള അർത്ഥങ്ങളിൽ സ്വീകരിക്കുവാൻ പ്രയാസമായിരിക്കും. അതുകൊണ്ട് ഇത്തരം വചനങ്ങളിലെല്ലാം അവരുടെ വക ചില ഒളിച്ചുകളികളും ദുർവ്യാഖ്യാനങ്ങളും കാണാവുന്നതാണ്. സൂ: അൻആമിലും താഴെ ചില സൂറത്തുകളിലും അവയെപ്പറ്റി സന്ദർഭോചിതം ചിലതെല്ലാം നാം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. സൂ: ഹദീദിനുശേഷമുള്ള വ്യഖ്യാനക്കുറിപ്പിൽ കൂടുതൽ വിശദീകരിക്കുകയും ചെയ്തിരിക്കുന്നു.

101 പറയുക: ''ആകാശങ്ങളിലും ഭൂമിയിലും എന്താണുള്ളതെന്ന് നിങ്ങൾ (ചിന്തിച്ചു) നോക്കുവിൻ!'' വിശ്വസിക്കാത്ത ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളും താക്കീതുകളും എന്ത് ഉപകരിക്കുവാനാണ്!?

قُلِ ٱنظُرُوا۟ مَاذَا فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ وَمَا تُغْنِى ٱلْءَايَٰتُ وَٱلنُّذُرُ عَن قَوْمٍ لَّا يُؤْمِنُونَ ﴿١٠١﴾

---

101 قُلْ പറയുക. انظُروا നോക്കുവിൻ (ചിന്തിക്കുവിൻ). ماذا എന്താണ്, എന്തുണ്ട്, യാതൊന്നു (ഉളളവ). في السماوات ആകാശങ്ങളിൽ. والأرض ഭൂമിയിലും. وما تغني എന്തു ഉപകരിക്കും ധന്യമാക്കും, ഉപകരിക്കുകയില്ല. الآيات ദൃഷ്ടാന്തങ്ങൾ. والنذُر താക്കീതുകളും. عن قومٍ ഒരു ജനതക്ക്. لا يؤمنونَ വിശ്വസിക്കാത്ത.

ماذا في السماوات والأرض എന്ന വാക്കിന് 'ആകാശഭൂമികളിലുള്ളവ' എന്നും, ആകാശഭൂമികളിൽ എന്താണുള്ളതെന്നും അർത്ഥം വരാവുന്നതാണ്. അതുപോലെത്തന്നെ ماتغني എന്നതിന് 'ഉപകരിക്കുകയില്ല' എന്ന് നിഷേധരൂപത്തിലും, 'എന്തു ഉപകരിക്കും' എന്ന് ചോദ്യരൂപത്തിലും അർത്ഥം കൽപിക്കാം. ഉദ്ദേശ്യങ്ങളിൽ വ്യത്യാസമില്ലതാനും.

102 അപ്പോൾ, തങ്ങൾക്കു മുമ്പ് കഴിഞ്ഞുപോയവരുടെ നാളുകളെപ്പോലെയല്ലാതെ (മറ്റു വല്ല ചരിത്രവും) ഇവർ കാത്തുകൊണ്ടിരിക്കുന്നുവോ?! പറയുക: '' എന്നാൽ, നിങ്ങൾ കാത്തിരിക്കുവിൻ, നിശ്ചയമായും, ഞാൻ നിങ്ങളോടൊപ്പം കാത്തിരിക്കുന്നവരിൽ പെട്ടവനാണ്.''

فَهَلْ يَنتَظِرُونَ إِلَّا مِثْلَ أَيَّامِ ٱلَّذِينَ خَلَوْا۟ مِن قَبْلِهِمْ ۚ قُلْ فَٱنتَظِرُوٓا۟ إِنِّى مَعَكُم مِّنَ ٱلْمُنتَظِرِينَ ﴿١٠٢﴾

103 പിന്നീട്, നമ്മുടെ റസൂലുകളെയും, വിശ്വസിച്ചവരെയും നാം രക്ഷപ്പെടുത്തു

ثُمَّ نُنَجِّى رُسُلَنَا وَٱلَّذِينَ ءَامَنُوا۟ ۚ كَذَٰلِكَ حَقًّا

عَلَيۡنَا نُنجِ ٱلۡمُؤۡمِنِينَ ﴿١٠٣﴾

ന്നു. അപ്രകാരം-നമ്മുടെ മേല്‍ (ബാധ്യ തപ്പെട്ട) ഒരു കടമയായിക്കൊണ്ട് സത്യ വിശ്വാസികളെ നാം രക്ഷപ്പെടുത്തുന്ന താണ്.

---

102 فَهَلْ ينتظرون എന്നാലവര്‍ കാത്തുകൊണ്ടിരിക്കുന്നുവോ. إلا مثْل പോലെയല്ലാതെ, തുല്യ മായതല്ലാതെ. أيام നാളുകളെ, നാളുകളുടെ. الذين خلوا കഴിഞ്ഞുപോയവരുടെ. من قبْلهم ഇവര്‍ക്ക് (അവര്‍ക്ക്) മുമ്പ്. قُلْ പറയുക. فَانتظروا എന്നാല്‍ നിങ്ങള്‍ കാത്തിരിക്കുവിന്‍, നോക്കിയിരിക്കു വിന്‍. إني നിശ്ചയമായും ഞാന്‍. معكُم നിങ്ങളോടൊപ്പം. من المنتظرين കാത്തിരിക്കുന്നവരില്‍ പെട്ട (വന്‍) ആകുന്നു.. 103 ثُم ننجي പിന്നീട് നാം രക്ഷപ്പെടുത്തുന്നു. رسلنا നമ്മുടെ റസൂലു കളെ. والذين آمنوا വിശ്വസിച്ചവരെയും. كَذَٰلِكَ അപ്രകാരം. حقا ഒരു കടമയായിട്ട്, അവകാശപ്പെട്ട തായിട്ട്, യഥാര്‍ത്ഥമായിക്കൊണ്ട്. علينا നമ്മുടെമേല്‍ (ബാദ്ധ്യതപ്പെട്ട). ننج നാം രക്ഷപ്പെ ടുത്തും. المؤمنين സത്യവിശ്വാസികളെ.

കണക്കറ്റ നക്ഷത്ര മഹാഗോളങ്ങള്‍, സൂര്യചന്ദ്രന്‍മാര്‍, അവയുടെ ഗതിവിഗതികള്‍, സ ഞ്ചാരപഥങ്ങള്‍, പ്രകാശങ്ങള്‍, പ്രസരങ്ങള്‍, രാപ്പകലുകള്‍, അവയുടെ ഏറ്റക്കുറവുകള്‍, മേ ഘങ്ങള്‍, മഴ, വെയില്‍, വായു, അനന്തമായ അന്തരീക്ഷം ആദിയായി ഉപരിയാകാശത്തും, എണ്ണമറ്റ സസ്യവര്‍ഗ്ഗങ്ങള്‍, ഉല്‍പന്നങ്ങള്‍, ധാതുവര്‍ഗ്ഗങ്ങള്‍, ഫലങ്ങള്‍, പൂക്കള്‍, ധാന്യങ്ങള്‍, സമുദ്രങ്ങള്‍, മലകള്‍, മൈതാനങ്ങള്‍, കാടുകള്‍, മരുഭൂമികള്‍, നദികള്‍, തടാകങ്ങള്‍ ആദി യായി ഭൂമിയിലും സ്ഥിതിചെയ്യുന്ന കോടാനുകോടിക്കണക്കിലുള്ള ദൃഷ്ടാന്തങ്ങളെയും, അ നുഗ്രഹങ്ങളെയും സംബന്ധിച്ച് അല്‍പമെങ്കിലും ബുദ്ധികൊടുത്ത് ചിന്തിക്കുന്നവര്‍ക്കെല്ലാം അല്ലാഹുവിന്‍െറ മഹിതമഹത്വങ്ങളും, അവന്‍െറ ഏകത്വവും ശരിക്കും ഗ്രഹിക്കുവാന്‍ കഴി യും. അതുകൊണ്ട് അങ്ങിനെയുള്ള ദൃഷ്ടാന്തങ്ങളെപ്പറ്റി ചിന്തിച്ചുനോക്കുവാന്‍ അല്ലാഹു മ നുഷ്യരെ ആഹ്വാനം ചെയ്യുകയാണ്. എന്തുതന്നെ കണ്ടാലും വിശ്വസിക്കുവാന്‍ തയ്യാറില്ലാ ത്തവര്‍ക്ക് ദൃഷ്ടാന്തങ്ങളോ താക്കീതുകളോ ഫലപ്പെടുകയില്ലെന്നും അതോടൊപ്പം ചൂണ്ടി ക്കാട്ടുന്നു. നിഷ്പക്ഷവും, സത്യസന്ധവുമായി ചിന്തിക്കുകയും, അതില്‍നിന്ന് ലഭിക്കുന്ന സനാതനമൂല്യങ്ങളെ വിലയിരുത്തുകയും ചെയ്യുന്നവര്‍ തീര്‍ച്ചയായും അല്ലാഹുവില്‍ വിശ്വ സിക്കാതിരിക്കുകയില്ലതന്നെ.

തങ്ങള്‍ പ്രായേണ സ്വീകരിച്ചുപോന്ന നിലപാടുകളെപ്പറ്റി പുനഃപരിശോധന നടത്താ തെയും, ദൃഷ്ടാന്തങ്ങളുടെയും താക്കീതുകളുടെയും നേരെ കണ്ണടച്ചുകൊണ്ടിരിക്കുവാന്‍ ത ന്നെയാണ് ഇവരുടെ ഭാവമെങ്കില്‍, ഇവരെപ്പോലെ മുമ്പ് കാലം കഴിഞ്ഞുപോയ സമുദായങ്ങ ള്‍ക്കുണ്ടായ ശിക്ഷാനുഭവങ്ങള്‍ തന്നെയായിരിക്കും ഇവര്‍ക്കും അനുഭവപ്പെടുവാന്‍ പോകു ന്നത്. അതല്ലാതെ, മറ്റൊന്നും, ഇവര്‍ക്ക് പ്രതീക്ഷിക്കുവാനില്ല. അത് കാത്തിരിക്കുവാനാണ് ഇ വരുടെ ഭാവമെങ്കില്‍, അവരങ്ങിനെ ചെയ്തുകൊള്ളട്ടെ. അതിന്‍െറ ഫലം കാണാമല്ലോ. സംഭവിക്കുന്നതെന്താണെന്ന് ഇരു കൂട്ടരും കാത്തിരുന്ന് കാണുക. ഒരു കാര്യം തീര്‍ച്ചയാണ്.: ശിക്ഷ വരുമ്പോള്‍, റസൂലുകളെയും, സത്യവിശ്വാസികളെയും രക്ഷപ്പെടുത്തി സഹായിക്കല്‍ അല്ലാഹു അവന്‍െറ ബാധ്യതയായി ഏറ്റെടുത്തിരിക്കുകയാണ്. അതവന്‍ നിറവേറ്റാതിരിക്കു കയില്ല എന്നാണ് പിന്നീട് പറഞ്ഞതിന്‍െറ സാരം.

വിഭാഗം-11

قُلْ يَـٰٓأَيُّهَا ٱلنَّاسُ إِن كُنتُمْ فِى شَكٍّ مِّن دِينِى فَلَآ أَعْبُدُ ٱلَّذِينَ تَعْبُدُونَ مِن دُونِ ٱللَّهِ وَلَـٰكِنْ أَعْبُدُ ٱللَّهَ ٱلَّذِى يَتَوَفَّىٰكُمْ ۖ وَأُمِرْتُ أَنْ أَكُونَ مِنَ ٱلْمُؤْمِنِينَ ﴿١٠٤﴾

104 (നബിയേ) പറയുക: ''ഹേ, മനുഷ്യരേ, നിങ്ങൾ എന്റെ മതത്തെ സംബന്ധിച്ചു വല്ല സംശയത്തിലുമാണെങ്കിൽ (നിങ്ങൾ അറിഞ്ഞിരിക്കുക); എന്നാൽ, അല്ലാഹുവിനു പുറമെ നിങ്ങൾ ആരാധിക്കുന്നവരെ ഞാൻ ആരാധിക്കുകയില്ല; എങ്കിലും നിങ്ങളെ (മരണപ്പെടുത്തി) പിടിച്ചെടുക്കുന്നവനായ അല്ലാഹുവിനെ (മാത്രം) ഞാൻ ആരാധിക്കുന്നു. ഞാൻ സത്യവിശ്വാസികളിൽ പെട്ടവനായിരിക്കുവാൻ എന്നോട് കൽപിക്കപ്പെടുകയും ചെയ്തിരിക്കുന്നു;

وَأَنْ أَقِمْ وَجْهَكَ لِلدِّينِ حَنِيفًا وَلَا تَكُونَنَّ مِنَ ٱلْمُشْرِكِينَ ﴿١٠٥﴾

105 ഋജുമാനസനായിക്കൊണ്ട് (ഈ) മതത്തിലേക്ക് നിന്റെ മുഖത്തെ നീ ചൊവ്വാക്കി നിറുത്തണമെന്നും, നിശ്ചയമായും, നീ 'മുശ്‌രിക്ക്' [ബഹുദൈവ വിശ്വാസി]കളിൽ പെട്ടവനായിരിക്കരുതെന്നും (കൽപിക്കപ്പെട്ടിരിക്കുന്നു).

---

104 **قُلْ** പറയുക. **يا أيها الناس** ഹേ മനുഷ്യരേ. **إن كُنتم** നിങ്ങളാണെങ്കിൽ. **في شك** വല്ല സംശയത്തിലും. **من ديني** എന്റെ മതത്തെ സംബന്ധിച്ചു. **فَلا أعبد** എന്നാൽ ഞാൻ ആരാധിക്കുന്നില്ല, ആരാധിക്കയില്ല. **الذين تعبدونَ** നിങ്ങൾ ആരാധിക്കുന്നവരെ. **من دون الله** അല്ലാഹുവിന് പുറമെ. **ولكن** എങ്കിലും, പക്ഷേ. **أعبد** ഞാൻ ആരാധിക്കുന്നു. **الله** അല്ലാഹുവിനെ. **الذي يتوفاكم** നിങ്ങളെ പൂർണ്ണമായി പിടിച്ചെടുക്കുന്ന, മരിപ്പിക്കുന്ന. **وأمرت** എന്നോട് കൽപിക്കപ്പെടുകയും ചെയ്തിരിക്കുന്നു. **أنْ أكُونَ** ഞാനായിരിക്കുവാൻ. **من المؤمنين** സത്യവിശ്വാസികളിൽ (പെട്ടവൻ).. 105 **وأنْ أقم** നീ ചൊവ്വാക്കി നിറുത്തണം (നിലനിറുത്തണം) എന്നും. **وجهك** നിന്റെ മുഖത്തെ. **للدين** മതത്തിലേക്ക്. **حنيفًا** ഋജുമാനസനായി, ശുദ്ധമനസ്കനായിട്ട്. **ولا تكُونن** നിശ്ചയമായും നീ ആയിരിക്കയും ചെയ്യരുത്. **من المشركين** മുശ്‌രിക്കുകളിൽ (പെട്ടവൻ).

എന്റെ മതത്തെപ്പറ്റി ഇനിയും നിങ്ങൾക്ക് സംശയം തീരുന്നില്ലെങ്കിൽ, നിങ്ങൾ കണ്ട മാതിരി നിങ്ങൾ നടന്നുകൊള്ളുക. തൗഹീദ് വിട്ടേച്ച് ഞാൻ ശിർക്കിലേക്ക് അണുവോളമെങ്കിലും ചായുമെന്ന് നിങ്ങൾ കരുതേണ്ട. എന്നോട് അല്ലാഹു കൽപിച്ചതിന് ഞാൻ എതിര് പ്രവർത്തിക്കുകയെന്ന പ്രശ്നമേയില്ല എന്ന് ആ മുശ്‌രിക്കുകളോട് അറുത്തുമുറിച്ച് പറയുവാൻ അല്ലാഹു നബി (ﷺ) യോട് കൽപിക്കുന്നു. الذى يتوفاكم (നിങ്ങളെ പൂർണ്ണമായി പിടിച്ചെടുക്കുന്നവൻ) അഥവാ മരണപ്പെടുത്തിക്കൊണ്ടുപോകുന്നവൻ എന്ന് ഇവിടെ അല്ലാഹുവിനെ വിശേഷിപ്പിച്ചതിൽ, നിങ്ങൾ ഈ ശിർക്കിന്റെ മതം സ്വീകരിച്ച് വരുന്നതിന്റെ ഫലം അവന്റെ അടുക്കൽ ചെല്ലുമ്പോൾ നിങ്ങൾക്ക് കാണാറാകുമെന്ന ഒരു താക്കീത് അടങ്ങിയിരിക്കുന്നു.

ആരാധനകളിൽ പ്രധാനമായത് പ്രാർത്ഥനയാണെന്നും, അല്ലാഹുവിനെയല്ലാതെ ആരാധിച്ചു കൂടാ എന്നതിലടങ്ങിയ പ്രധാന രഹസ്യം ഇന്നതാണെന്നും അടുത്ത വചനങ്ങളിൽ നിന്ന് വ്യക്തമാകുന്നതാണ്:-

وَلَا تَدْعُ مِن دُونِ ٱللَّهِ مَا لَا يَنفَعُكَ وَلَا يَضُرُّكَ ۖ فَإِن فَعَلْتَ فَإِنَّكَ إِذًا مِّنَ ٱلظَّٰلِمِينَ ﴿١٠٦﴾

106 അല്ലാഹുവിനു പുറമെ, നിനക്ക് ഉപകാരം ചെയ്യാത്തതും നിനക്ക് ഉപദ്രവം ചെയ്യാത്തതുമായതിനെ നീ വിളി(ച്ചു പ്രാർത്ഥി)ക്കരുത്. ഇനി, നീ (അങ്ങിനെ) ചെയ്തുവെങ്കിൽ, അപ്പോൾ നിശ്ചയമായും നീ, അക്രമികളിൽപെട്ടവനായിരിക്കും.

وَإِن يَمْسَسْكَ ٱللَّهُ بِضُرٍّ فَلَا كَاشِفَ لَهُۥٓ إِلَّا هُوَ ۖ وَإِن يُرِدْكَ بِخَيْرٍ فَلَا رَآدَّ لِفَضْلِهِۦ ۚ يُصِيبُ بِهِۦ مَن يَشَآءُ مِنْ عِبَادِهِۦ ۚ وَهُوَ ٱلْغَفُورُ ٱلرَّحِيمُ ﴿١٠٧﴾

107 വല്ല ഉപദ്രവത്തെയും അല്ലാഹു നിനക്ക് ബാധിപ്പിക്കുന്നപക്ഷം, അവനല്ലാതെ അതിനെ നീക്കം ചെയ്യുന്ന ഒരുവനുമില്ല; അവൻ നിനക്ക് വല്ല നൻമയെയും ഉദ്ദേശിക്കുന്നുവെങ്കിലോ, അവൻെറ ദയവിനെ (അഥവാ അനുഗ്രഹത്തെ) തട്ടിക്കളയുന്നവനുമില്ല. തൻെറ അടിയാൻമാരിൽനിന്നും താൻ ഉദ്ദേശിക്കുന്നവർക്ക് അവൻ അത് ബാധിപ്പിക്കുന്നു [എത്തിക്കുന്നു]. അവനത്രെ, വളരെ പൊറുക്കുന്നവനും, കരുണാനിധിയുമായുള്ളവൻ.

---

106 **ولا تدع** നീ വിളിക്കുക (പ്രാർത്ഥിക്കുക) യും ചെയ്യരുത്. **من دون الله** അല്ലാഹുവിന് പുറമെ. **ما لا ينفعك** നിനക്ക് ഉപകാരം ചെയ്യാത്തതിനെ. **ولا يضرك** നിനക്ക് ഉപദ്രവവും (ദ്രോഹവും) ചെയ്യാത്ത. **فإن فعلت** ഇനി നീ ചെയ്തെങ്കിൽ. **فإنك** എന്നാൽ നിശ്ചയമായും നീ. **إذًا** എന്നാൽ (അപ്പോൾ അങ്ങനെ ചെയ്താൽ). **من الظالمين** അക്രമികളിൽപെട്ട (വൻ) ആയിരിക്കും. 107 **وإن يمسسك** നിന്നെ സ്പർശിച്ചാൽ (നിനക്ക് ബാധിപ്പിച്ചാൽ). **الله** അല്ലാഹു. **بضر** വല്ല ഉപദ്രവത്തെയും. **فلا كاشف** എന്നാൽ നീക്കം ചെയ്യുന്ന (തുറവിയാക്കുന്ന) ഒരാളുമില്ല. **له** അതിനെ. **إلا هو** അവനല്ലാതെ. **وإن يردك** അവൻ നിനക്ക് ഉദ്ദേശിക്കുന്നുവെങ്കിലോ. **بخير** വല്ല നൻമയെ (ഗുണത്തെ)യും. **فلا راد** എന്നാൽ തട്ടിനീക്കുന്ന (തടുക്കുന്ന-തടയുന്ന) ഒരാളുമില്ല. **لفضله** അവൻെറ ദയവിനെ, അനുഗ്രഹത്തെ. **يصيب** അവൻ എത്തിക്കും, ബാധിപ്പിക്കുന്നു. **به** അതിനെ. **من يشاء** അവൻ ഉദ്ദേശിക്കുന്നവർക്ക്. **من عباده** അവൻെറ അടിയാൻമാരിൽ നിന്ന്. **وهو** അവൻ, അവനത്രെ. **الغفور** വളരെ പൊറുക്കുന്നവൻ. **الرحيم** കരുണാനിധി.

ഇങ്ങിനെയുള്ള യാഥാർത്ഥ്യങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് അല്ലാഹു അല്ലാത്ത ആരെയും, എന്തിനെയും വിളിച്ച് പ്രാർത്ഥിക്കുവാനും, ആരാധിക്കുവാനും പാടില്ലെന്നും, അത് അനീതിയും അക്രമവും നിഷ്ഫലവുമാണെന്നും കൽപിച്ചിരിക്കുന്നത്.

قُلْ يَٰٓأَيُّهَا ٱلنَّاسُ قَدْ جَآءَكُمُ ٱلْحَقُّ مِن رَّبِّكُمْ ۖ فَمَنِ ٱهْتَدَىٰ فَإِنَّمَا يَهْتَدِى لِنَفْسِهِۦ ۖ وَمَن ضَلَّ

108 പറയുക: ''ഹേ, മനുഷ്യരേ, നിങ്ങളുടെ റബ്ബിങ്കൽനിന്ന് നിങ്ങൾക്ക് യഥാർത്ഥം വന്നുകഴിഞ്ഞു. ആകയാൽ, ആർ നേർമ്മാർഗ്ഗം പ്രാപിച്ചുവോ അവൻ തൻെറ സ്വന്തത്തി (ൻെറ ഗുണത്തി)നു വേണ്ടി

فَإِنَّمَا يَضِلُّ عَلَيْهَا ۖ وَمَآ أَنَا۠ عَلَيْكُم بِوَكِيلٍ ﴿١٠٨﴾

മാത്രമാണ് നേർമ്മാർഗ്ഗം പ്രാപിക്കുന്നത്. ആർ വഴി പിഴച്ചുപോയോ അവൻ, അതിനെതിരിൽ(ദോഷമായി)മാത്രമാണ് വഴിപിഴക്കുന്നതും. ഞാൻ നിങ്ങളുടെ മേൽ (ഉത്തരവാദം) ഏൽപിക്കപ്പെട്ടവനൊന്നുമല്ല.''

109 وَٱتَّبِعْ مَا يُوحَىٰٓ إِلَيْكَ وَٱصْبِرْ حَتَّىٰ يَحْكُمَ ٱللَّهُ ۚ وَهُوَ خَيْرُ ٱلْحَٰكِمِينَ ﴿١٠٩﴾

നിനക്ക് 'വഹ്‌യു' [ദിവ്യസന്ദേശം]നൽകപ്പെടുന്നതിനെ നീ പിൻപറ്റുകയും ചെയ്യുക: അല്ലാഹു വിധി (കൽപി)ക്കുന്നതുവരെ ക്ഷമിക്കുകയും ചെയ്യുക. അവനാകട്ടെ, വിധികർത്താക്കളിൽ വെച്ച് ഏറ്റം ഉത്തമനത്രെ.

---

108 **قُلْ** പറയുക. **يا أيها الناس** ഹേ മനുഷ്യരേ. **قد جاءَكُم** നിങ്ങൾക്ക് വന്നിട്ടുണ്ട്. **الحق** യഥാർത്ഥം. **من ربكُم** നിങ്ങളുടെ റബ്ബിൽ നിന്ന്. **فَمن اهتدى** അതിനാൽ (എന്നാൽ-അപ്പോൾ) ആർ നേർമാർഗ്ഗം പ്രാപിച്ചുവോ, വല്ലവനും സൻമാർഗ്ഗം സ്വീകരിച്ചാൽ. **فَإنما يهتدي** എന്നാൽ അവൻ നേർമാർഗ്ഗം പ്രാപിക്കുന്നത്. **لنفْسِه** അവന്റെ സ്വന്തത്തിന്, ആത്മാവിന് (മാത്രം-തന്നെ). **ومن ضل** ആർ വഴിപിഴച്ചുവോ, ആരെങ്കിലും വഴി പിഴച്ചാൽ. **فَإنما يضل** എന്നാലവൻ വഴി പിഴക്കുന്നത്. **عليها** അതിനെതിരിൽ (മാത്രം-തന്നെ). **وما أنا** ഞാനല്ലതാനും. **عليكُم** നിങ്ങളുടെമേൽ. **بوكيل** ഒരു ഏറ്റെടുത്തവനും, ഏല്പിക്കപ്പെട്ടവനൊന്നും. 109 **واتبع** നീ പിൻപറ്റുകയും ചെയ്യുക. **ما يوحى** വഹ്‌യു നൽകപ്പെടുന്നതിനെ. **إليك** നിനക്ക്, നിന്നിലേക്ക്. **واصبر** ക്ഷമിക്കുകയും ചെയ്യുക. **حتى يحكُم** വിധിക്കുന്നതുവരെ. **الله** അല്ലാഹു. **وهو** അവൻ, അവനാകട്ടെ. **خير** ഉത്തമാണ്, ഏറ്റവും നല്ലവനാണ്. **الحاكمين** വിധികർത്താക്കളിൽ.

ഈ സത്യനിഷേധികളിൽ നിന്നുണ്ടാകുന്ന സ്വൈരക്കേടും, അക്രമങ്ങളും തൽക്കാലം ക്ഷമാപൂർവ്വം സഹിച്ചുകൊള്ളുക. താമസിയാതെ അല്ലാഹു അവരെ സംബന്ധിച്ച് വേണ്ടുന്ന തീരുമാനവും നടപടിയും എടുക്കുവാൻ പോകുന്നുണ്ട്. അതോടെ അവരെക്കൊണ്ടുള്ള ശല്യം അവസാനിക്കും എന്ന് നബി (ﷺ) തിരുമേനിയെയും സത്യവിശ്വാസികളെയും സമാധാനിപ്പിച്ചുകൊണ്ട് അല്ലാഹു ഈ സൂറത്ത് അവസാനിപ്പിക്കുകയാണ്.

اللهم لك الحمد ولك المنة والفضل

Translation & Intereptation by:

Muhammed Amani Moulavi
Published by:

Kerala Nadvathul Mujahideen – Mujahid Centre – Calicut -4

Prepared by:
www.islamhouse.com as per the copyright received from the Publishers:

To be used for Reference and Daawa purpose only.

11. സൂറത്തു – ഹൂദ് سورة هود

മക്കായിൽ അവതരിച്ചത് – വചനങ്ങൾ 123 – വിഭാഗം (റുകൂഅ്) 10

തൗഹീദ്, പ്രവാചകത്വം, മരണാനന്തരജീവിതം മുതലായി കഴിഞ്ഞ സൂറത്തിലെ വിഷയങ്ങൾ തന്നെയാണ് ഈ സൂറത്തിലെയും പ്രധാന വിഷയം. അതിൽ സംക്ഷിപ്തമായി പ്രസ്താവിക്കപ്പെട്ട ചില വിഷയങ്ങളും സംഭവങ്ങളും ഇതിൽ വിശദീകരിച്ചും, അതിൽ വിശദീകരിക്കപ്പെട്ട ചിലത് ഇതിൽ സംക്ഷിപ്തമായും പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ''സൂറത്തുഹൂദും, അതിൻെറ സഹോദരികളായ സൂറത്തുകളും എന്നെ നരപ്പിച്ചു'' എന്നു നബി (ﷺ) പറഞ്ഞതായി തിർമദീ, ത്വബ്റാനീ, ഹാകിം (رحمهم الله) മുതലായവർ ഉദ്ധരിച്ച ഹദീസുകളിൽ വന്നിരിക്കുന്നു. ഖിയാമത്തു നാളിലെ സ്ഥിതിഗതികളെക്കുറിച്ചും മറ്റും ശക്തമായ ഭാഷയിലുള്ള താക്കീതുകളും പരാമർശങ്ങളും അടങ്ങിയിട്ടുള്ള സൂറത്തുൽവാഖിഅഃ മുതലായ ചില സൂറത്തുകളാണ് 'സഹോദരികളായ സൂറത്തുകൾ' കൊണ്ടുവിവക്ഷയെന്നു പ്രസ്തുത ഹദീസിൻെറ ചില രിവായത്തുകളിൽനിന്നു വ്യക്തമാകുന്നു. പ്രസ്തുത സൂറത്തുകളിലെ വിഷയങ്ങളുടെ ഗൗരവം നിമിത്തം എനിക്കു വേഗത്തിൽ നര പിടിപെട്ടുവെന്നത്രെ തിരുമേനി പറഞ്ഞതിൻെറ സാരം. 50 മുതൽ 60 കൂടിയുള്ള വചനങ്ങൾ ഹൂദു (അ)നെയും അദ്ദേഹത്തിൻെറ ജനതയെയും സംബന്ധിച്ചാണ്. ഈ അദ്ധ്യായത്തിന് സൂറത്ത് ഹൂദ് എന്ന നാമകരണത്തിൻെറ കാരണമതാണ്.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ﴿١﴾

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

الٓرۚ كِتَٰبٌ أُحۡكِمَتۡ ءَايَٰتُهُۥ ثُمَّ فُصِّلَتۡ مِن لَّدُنۡ حَكِيمٍ خَبِيرٍ ﴿١﴾

1 'അലിഫ്-ലാം-റാ.' ഒരു (മഹത്തായ) ഗ്രന്ഥം! അതിൻെറ 'ആയത്തു' [സൂക്തം]കൾ ബലവത്താക്കപ്പെട്ടിരിക്കുന്നു; പിന്നെ, അത് വിശദീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു; അഗാധജ്ഞനും, സൂക്ഷ്മജ്ഞനുമായ ഒരുവൻെറ അടുക്കൽ നിന്നുള്ളതാണ് (അത്);

أَلَّا تَعۡبُدُوٓاْ إِلَّا ٱللَّهَۚ إِنَّنِي لَكُم مِّنۡهُ نَذِيرٌ وَبَشِيرٌ ﴿٢﴾

2 നിങ്ങൾ അല്ലാഹുവിനെയല്ലാതെ ആരാധിക്കരുത് എന്ന്, നിശ്ചയമായും, ഞാൻ നിങ്ങൾക്ക് അവനിൽ നിന്ന് ഒരു താക്കീതുകാരനും, സന്തോഷവാർത്ത അറിയിക്കുന്നവനുമാണ്;

وَأَنِ ٱسۡتَغۡفِرُواْ رَبَّكُمۡ ثُمَّ تُوبُوٓاْ إِلَيۡهِ يُمَتِّعۡكُم مَّتَٰعًا حَسَنًا إِلَىٰٓ أَجَلٍ مُّسَمًّى وَيُؤۡتِ كُلَّ ذِي فَضۡلٍ فَضۡلَهُۥۖ وَإِن تَوَلَّوۡاْ فَإِنِّيٓ أَخَافُ عَلَيۡكُمۡ عَذَابَ يَوۡمٍ كَبِيرٍ ﴿٣﴾

3 നിങ്ങൾ നിങ്ങളുടെ റബ്ബിനോട് പാപമോചനം തേടുവിൻ, പിന്നെ അവനിലേക്ക് പശ്ചാത്തപിക്കുകയും ചെയ്യുവിൻ എന്നും. (എന്നാൽ) നിങ്ങളെ അവൻ ഒരു നിർണ്ണയിക്കപ്പെട്ട അവധിവരെ നല്ല (സുഖമായ) അനുഭവം അനുഭവിപ്പിക്കുന്നതാണ്; വല്ല ശ്രേഷ്ടതയുമുള്ള എല്ലാവർക്കും അവ(രവ)രുടെ ശ്രേഷ്ടത അവൻ (വകവെച്ചു) കൊടുക്കുകയും ചെയ്യും. നിങ്ങൾ തിരിഞ്ഞു കളയുന്നുവെങ്കിൽ, നിശ്ചയമായും ഞാൻ ഒരു വലിയ ദിവസത്തെ ശിക്ഷ നിങ്ങളുടെ മേൽ ഭയപ്പെടുകയും

ചെയ്യുന്നു.

4 അല്ലാഹുവിങ്കലേക്കാണ് നിങ്ങളുടെ മടക്കം. അവനാകട്ടെ, എല്ലാ കാര്യത്തിനും കഴിവുള്ളവനുമാകുന്നു.

إِلَى ٱللَّهِ مَرۡجِعُكُمۡۖ وَهُوَ عَلَىٰ كُلِّ شَيۡءٖ قَدِيرٌ ﴿٤﴾

---

1 الـر അലീഫ്-ലാം-റാ'. كتاب ഒരു ഗ്രന്ഥം. أحكمت ബലവത്താക്കപ്പെട്ടിരിക്കുന്നു. آياته അതിന്റെ ആയത്തുകൾ. ثُم പിന്നെ, പുറമെ. فُصلت അതു വിശദീകരിക്ക (വിസ്തരിക്ക)പ്പെട്ടിരിക്കുന്നു. من لدنْ അടുക്കൽനിന്ന്. حكيم ഒരു അഗാധജ്ഞന്റെ, യുക്തിമാന്റെ. خبير സൂക്ഷമജ്ഞനായ.. 2 ألا تعبدوا നിങ്ങൾ ആരാധിക്കുരുതെന്ന്. إلا الله അല്ലാഹുവിനെയല്ലാതെ. إنني നിശ്ചയമായും ഞാൻ. لكُم നിങ്ങൾക്ക്. منه അവനിൽനിന്ന്. نذير താക്കീത്(മുന്നറിയിപ്പു) കാരനാണ്. وبشير സന്തോഷമറിയിക്കുന്നവനുമാണ്.. 3 وأن استغفروا നിങ്ങൾ പാപമോചനം തേടണമെന്നും. ربكم നിങ്ങളുടെ റബ്ബിനോട്. ثُم توبوا പിന്നെ പശ്ചാത്തപിക്കുവിൻ, മടങ്ങുവിൻ. إليه അവനിലേക്ക്. يمتعكُم അവൻ നിങ്ങൾക്ക് അനുഭവം നൽകും, സൗഖ്യം നൽകും. متاعا അനുഭവം, സൗഖ്യം. حسنا നല്ലതായ. إلى أجل ഒരവധിവരെ. مسمى നിർണ്ണയിക്കപ്പെട്ട. ويؤت അവൻ നൽകുകയും ചെയ്യും. كُل ذي فضل ശ്രേഷ്ഠയുള്ള എല്ലാവർക്കും. فضله അവന്റെ ശ്രേഷ്ഠത. وإن تولوا നിങ്ങൾ തിരിഞ്ഞുകളയുന്നപക്ഷം. فإني എന്നാൽ ഞാൻ. أخاف ഞാൻ ഭയപ്പെടുന്നു. عليكُم നിങ്ങളുടെ മേൽ. عذاب ശിക്ഷയെ. يوم ഒരു ദിവസത്തെ. كبير വലുതായ.. 4 إلى الله അല്ലാഹുവിലേക്കാണ്. مرجعكُم നിങ്ങളുടെ മടക്കം, മടങ്ങിവരവ്. وهو അവനാകട്ടെ. على كُل شيء എല്ലാ കാര്യത്തിനും. قدير കഴിവുള്ളവനാകുന്നു.

الر പോലെയുള്ള കേവലാക്ഷരങ്ങളെപ്പറ്റി സൂറത്തുൽ ബഖറയുടെ ആരംഭത്തിലും മറ്റും വിവരിച്ചു കഴിഞ്ഞിട്ടുണ്ട്. ഇതൊരു മഹത്തായ ഗ്രന്ഥമാണെന്ന ആമുഖത്തോടുകൂടി ഈ വചനങ്ങളിൽ പറഞ്ഞതിന്റെ സാരം ഇങ്ങിനെ വിവരിക്കാം:-

വാചകങ്ങളും, ഘടനയും, പ്രതിപാദന രീതിയുമെല്ലാം ബലവത്തായതും, കെട്ടുറപ്പുള്ളതുമാണ് അതിലെ സൂക്തങ്ങൾ. കൂടാതെ, വിധിവിലക്കുകൾ, നിയമനിർദ്ദേശങ്ങൾ, ഉപമകൾ, ചരിത്രപാഠങ്ങൾ, ദൃഷ്ടാന്തങ്ങൾ, സന്തോഷവാർത്തകൾ, താക്കീതുകൾ എന്നിങ്ങിനെയുള്ള അതിലെ പരാമർശ വിഷയങ്ങളെല്ലാം സവിസ്തരം പ്രതിപാദിക്കപ്പെടുകയും ചെയ്തിരിക്കുന്നു. അഗാധജ്ഞനും, സൂക്ഷ്മജ്ഞനുമായ അല്ലാഹുവാണ് അത് അവതരിപ്പിച്ചിരിക്കുന്നത്. അതിന്റെ സന്ദേശങ്ങളിൽ കേന്ദ്രപ്രധാനമായി നിലകൊള്ളുന്നത് അല്ലാഹുവിനെയല്ലാതെ ആരാധിക്കരുതെന്ന തൗഹീദാകുന്നു. രണ്ടാമതായി നിലകൊള്ളുന്നത് സത്യവിശ്വാസം സ്വീകരിച്ച സൻമാർഗ്ഗികൾക്ക് പുണ്യഫലങ്ങളെക്കുറിച്ച് സന്തോഷവാർത്തയും, അവിശ്വാസികളായ ദുർമ്മാർഗ്ഗികൾക്ക് ശിക്ഷയെക്കുറിച്ചുള്ള താക്കീതും നൽകുവാനായി അയക്കപ്പെട്ട ദൈവദൂതനാണ് ഞാൻ(മുഹമ്മദ്-സ)എന്നുള്ളതാകുന്നു. ഈ രണ്ട് മൗലിക തത്വങ്ങളും അംഗീകരിക്കുന്നതോടൊപ്പം അതിന് മുമ്പ് ചെയ്തുപോയതും, പിന്നീട് ചെയ്തേക്കുന്നതുമായ പാപങ്ങളെക്കുറിച്ച് മാപ്പിന്നപേക്ഷിക്കുകയും അവയിൽനിന്നെല്ലാം അവനോട് പശ്ചാത്തപിച്ച് മടങ്ങുകയും ചെയ്യേണ്ടതാണ്. ഇങ്ങിനെ ചെയ്യുന്നപക്ഷം, നിങ്ങളുടെ ഈ ജീവിതം അവസാനിക്കുന്നതുവരെ അലട്ടുകളൊന്നും കൂടാതെ നിങ്ങൾക്ക് സുഖമായി കഴിഞ്ഞുകൂടാം. അതോടുകൂടി നേർവഴിക്ക് ജീവിച്ചും നൻമകൾ പ്രവർത്തിച്ചുകൊണ്ട് ശ്രേഷ്ടമായ നിലപാട് സമ്പാദിച്ചുവെച്ചിട്ടുള്ള ഓരോ വ്യക്തിക്കും അവരുടെ യഥാർത്ഥ പദവി ഇരു ജീവിതത്തിലും അംഗീകരിക്കപ്പെടുകയും ചെയ്യും. നേരെമറിച്ച് ഇതൊന്നും സ്വീകരിക്കുവാൻ തയ്യാറില്ലാതെ പിൻതിരിഞ്ഞു കളയുന്നപക്ഷം, ഖിയാമത്തുനാളാകുന്ന ആ ഭയങ്കര ദിവസത്തിൽ നിങ്ങൾ വമ്പിച്ച ശിക്ഷക്ക് വിധേയരായിത്തീരുന്നതാണ്. എല്ലാവരും അല്ലാഹുവിങ്കലേക്കാണ് മടങ്ങി

ചെല്ലുന്നതെന്ന് നിങ്ങൾ ഓർമ്മിക്കണം. അവന് നിങ്ങളെ രണ്ടാമത് ജീവിപ്പിച്ച് നിങ്ങളുടെ മേൽ നടപടി എടുക്കുവാൻ ഒരു പ്രയാസവുമില്ല. അവൻ സർവ്വശക്തനാണല്ലോ.

أَلَآ إِنَّهُمۡ يَثۡنُونَ صُدُورَهُمۡ لِيَسۡتَخۡفُواْ مِنۡهُۚ أَلَا حِينَ يَسۡتَغۡشُونَ ثِيَابَهُمۡ يَعۡلَمُ مَا يُسِرُّونَ وَمَا يُعۡلِنُونَۚ إِنَّهُۥ عَلِيمُۢ بِذَاتِ ٱلصُّدُورِ ۝٥

5 അല്ലാ! (അറിയുക:) അവനിൽ നിന്നും തങ്ങൾ മറഞ്ഞു പോകുവാൻ വേണ്ടി അവർ തങ്ങളുടെ നെഞ്ചുകളെ തിരിച്ചു കളയുന്നു! അല്ലാ! (അറിഞ്ഞേക്കുക:) അവർ തങ്ങളുടെ വസ്ത്രങ്ങൾ (കൊണ്ട് പുതച്ചു) മൂടിയിടുന്ന സമയത്ത് അവർ രഹസ്യമാക്കുന്നതും, പരസ്യമാക്കുന്നതും അവൻ അറിയുന്നു. നിശ്ചയമായും അവൻ, നെഞ്ചു [ഹൃദയം] കളിലുള്ളതിനെപ്പറ്റി അറിയുന്നവനാണ്.

---

5 **ألا** അല്ലാ, അറിയുക. **إنهم** നിശ്ചയമായും അവർ. **يثنون** അവർ മടക്കുന്നു, ചുരുട്ടുന്നു, തിരിക്കുന്നു. **صدورهم** അവരുടെ നെഞ്ചുകളെ. **ليستخفوا** അവർ മറയുവാൻ വേണ്ടി. **منه** അവനിൽനിന്ന്, അദ്ദേഹത്തിൽ നിന്ന്. **ألا** അല്ലാ, അറിയുക. **حين** സമയത്ത്, നേരത്ത്. **يستغشون** അവർ മൂടിയിടുന്ന (പുതപ്പിടുന്ന). **ثيابهم** അവരുടെ വസ്ത്രങ്ങളെ. **يعلم** അവൻ അറിയും. **ما يسرون** അവർ രഹസ്യമാക്കുന്നത്. **وما يعلنون** അവർ പരസ്യമാക്കുന്നതും. **إنه** നിശ്ചയമായും അവൻ. **عليم** അറിയുന്നവനാണ്. **بذات** ഉള്ളതിനെപ്പറ്റി. **الصدور** നെഞ്ചു (ഹൃദയം) കളിൽ.

ഏതെങ്കിലും ഒരു പ്രത്യേക സംഭവത്തെ സൂചിപ്പിച്ചുകൊണ്ട് അവതരിച്ചതായിരിക്കും ഈ വചനമെന്നാണ് മനസ്സിലാകുന്നത്. الله اعلم ഒന്നിലധികം സംഭവങ്ങൾ ഇവിടെ രിവായത്ത് ചെയ്യപ്പെട്ടും കാണാം. പക്ഷേ, ഓരോന്നും ഒരോ നിലക്ക് വിമർശനവിധേയമായിട്ടാണിരിക്കുന്നത്. അതുകൊണ്ട് അവ ഉദ്ധരിച്ചു ദീർഘിപ്പിക്കേണ്ടുന്ന ആവശ്യം കാണുന്നില്ല. ആയത്തിന്റെ സാരം ചുരുക്കത്തിൽ ഇങ്ങിനെ മനസ്സിലാക്കാം:

റസൂൽ (ﷺ)തിരുമേനി ഖുർആനോ മറ്റോ ജനങ്ങളെ കേൾപ്പിക്കുന്ന രംഗങ്ങളിൽ നിന്ന് അവിശ്വാസികളിൽ ചിലർ ഉപായത്തിൽ ഒളിഞ്ഞു തിരിഞ്ഞും പോകുകയും അതവഗണിക്കുകയും ചെയ്തിരുന്നു. يثنون صدورهم (അവർ തങ്ങളുടെ നെഞ്ചുകൾ തിരിക്കും) എന്ന പ്രയോഗത്തെ പല വ്യാഖ്യാതാക്കളും പല പ്രകാരത്തിൽ വിശദീകരിക്കാറുണ്ടെങ്കിലും അവരുടെ പ്രതിഷേധവും വെറുപ്പുമാണത് പ്രകാശിപ്പിക്കുന്നതെന്നുള്ളതിൽ സംശയമില്ല. സന്തോഷവും സ്നേഹവും തോന്നുമ്പോൾ മുഖവും നെഞ്ചും മുമ്പോട്ട് തിരിച്ചു അഭിമുഖമായിരിക്കുകയാണല്ലോ പതിവ്. അതുകൊണ്ടൊന്നും ആ അവിശ്വാസികൾ രക്ഷപ്പെടുവാൻ പോകുന്നില്ല; അവരുടെ എല്ലാ രഹസ്യപരസ്യങ്ങളും അല്ലാഹു അറിയുന്നുണ്ട്; അവർ-രാത്രിയിലോ മറ്റോ-വസ്ത്രമിട്ട് മൂടിപ്പുതച്ചു കിടക്കുമ്പോൾപോലും അവർ അല്ലാഹുവിന്റെ ദൃഷ്ടിയിൽനിന്ന് മറഞ്ഞുപോകുന്നില്ല; അവരുടെ ഹൃദയങ്ങളിൽ ഒളിച്ചുവെച്ച വിചാരവികാരങ്ങൾപോലും അല്ലാഹുവിന് അജ്ഞാതമല്ല എന്നൊക്കെയാണ് ഈ വചനത്തിൽ പറഞ്ഞതിന്റെ സാരം. والله اعلم

ജുസ്ഉ്–12

۞ وَمَا مِن دَآبَّةٖ فِي ٱلۡأَرۡضِ إِلَّا عَلَى ٱللَّهِ

6 ഭൂമിയിലുള്ള ഒരു ജീവജന്തുവും തന്നെ, അവയുടെ ഉപജീവനം (അഥവാ ആഹാരം) അല്ലാഹുവിന്റെ മേൽ(ബാദ്ധ്യത) ഇ

رِزْقُهَا وَيَعْلَمُ مُسْتَقَرَّهَا وَمُسْتَوْدَعَهَا ۚ كُلٌّ فِي كِتَابٍ مُّبِينٍ ﴿٦﴾

ല്ലാതെയില്ല. അവയുടെ വാസസ്ഥാനവും, അവയുടെ സൂക്ഷിപ്പു സ്ഥാനവും അവൻ അറിയുകയും ചെയ്യുന്നു. എല്ലാം (തന്നെ) സ്പഷ്ടമായ ഒരു (രേഖാ) ഗ്രന്ഥത്തിലുണ്ട്

---

6 وما من دابة ഒരു ജന്തുവുമില്ല, ജീവികളിൽ നിന്നു (ഒന്നും) ഇല്ല. في الأرض ഭൂമിയിൽ. إلا على الله അല്ലാഹുവിൻെറ മേൽ ഇല്ലാതെ. رزقها അതിൻെറ (അവയുടെ) ഉപജീവനം, ആഹാരം. ويعلم അവൻ അറിയുകയും ചെയ്യും. مستقرها അവയുടെ താവളം, വാസസ്ഥലം, തങ്ങുന്ന ഇടം. ومستودعها അവയുടെ സൂക്ഷിപ്പുസ്ഥാനവും. كُلٌ എല്ലാം. في كتابٍ ഒരു ഗ്രന്ഥത്തിൽ (രേഖയിൽ) ഉണ്ട്. مبين സ്പഷ്ടമായ.

ബുദ്ധി കൊടുത്തു ചിന്തിക്കുന്ന ഓരോ സത്യവിശ്വാസിയെയും ഇരുത്തിച്ചിന്തിപ്പിക്കുവാൻ പോരുന്ന ഒരു വചനമാണിത്. മനുഷ്യനടക്കം ഈ ഭൂമിയിലുള്ള എല്ലാ ജീവജന്തുക്കൾക്കും അതതിൻെറ പ്രകൃതിക്കും ആവശ്യത്തിനുമനുസരിച്ച ഉപജീവനമാർഗ്ഗം ഏർപ്പെടുത്തിക്കൊടുക്കുന്ന ബാധ്യത അല്ലാഹുവിനുണ്ട്. അതവൻ നിർവ്വഹിച്ചിട്ടുമുണ്ട്. അഥവാ ആഹാരമാർഗ്ഗം ശരിപ്പെടുത്തിക്കൊണ്ടല്ലാതെ ഒരു ജീവിയെയും ഭൂമിയിൽ അല്ലാഹു സൃഷ്ടിച്ചിട്ടില്ല. ഓരോ ജീവിയുടെയും സ്ഥിരമായ സ്ഥാനം, താൽക്കാലികമായ സ്ഥാനം ഏതൊക്കെയാണെന്ന് അവന്നറിയാം. അതെ, എവിടെനിന്ന് വന്നു, എങ്ങോട്ട് പോകുന്നു, നാട്ടിലോ, കാട്ടിലോ, കരയിലോ, വെള്ളത്തിലോ, മണ്ണിന് മീതെയോ, താഴെയോ എന്നൊക്കെ അവനറിയാവുന്നതാണ്. അതെല്ലാം കണക്കിലെടുത്തുകൊണ്ട് തന്നെ അതതിൻെറ ആഹാരമാർഗ്ഗങ്ങൾ ശരിപ്പെടുത്തിയിരിക്കുന്നു. ഏതെങ്കിലും ഒരു ജീവവർഗ്ഗത്തിന് ആഹാരത്തിനുള്ള വക ശരിപ്പെടുത്താതെ അവൻ ഒഴിവാക്കിയിട്ടില്ല. ഏതെല്ലാം ജീവികൾ ഏതെല്ലാം തരത്തിൽ ഉണ്ടെന്നും, ഓരോന്നിൻെറയും പെരുപ്പവും വർദ്ധനവും എത്രകണ്ടുവരുമെന്നും, ഓരോന്നിനും യോജിച്ച ആഹാരം ഏതാണ് എന്നുമൊക്കെ കൃത്യവും സൂക്ഷ്മവുമായ അറിവും രേഖയും അവൻെറ പക്കലുണ്ട്. എന്നൊക്കെ ഈ വചനത്തിൽ നിന്ന് വ്യക്തമാകുന്നു.

അപ്പോൾ, ജനപ്പെരുപ്പം നിമിത്തം ഭൂമിയിൽ ഉപജീവനമാർഗ്ഗമില്ലാതെ അടുത്ത ഭാവിയിൽ മനുഷ്യൻ കഷ്ടപ്പെടുമെന്ന് കണക്കുകൾ വലിച്ചുനീട്ടിക്കൊണ്ട് മനുഷ്യജനനം തന്നെ ചുരുക്കിക്കളയുവാൻ വേണ്ടി ഇക്കാലത്ത് പൊതുവെ കാണപ്പെടുന്ന വെപ്രാളം, അല്ലാഹുവിലും, അവൻെറ വാഗ്ദാനത്തിലും, കഴിവിലുമുള്ള വിശ്വാസരാഹിത്യത്തിൽ നിന്ന് ഉൽഭവിച്ചതാണെന്ന് തീർച്ച തന്നെ. അല്ലാഹു ഈ ഭൂമിയിൽ നിക്ഷേപിച്ചുവെച്ചിട്ടുള്ള ആഹാരമാർഗ്ഗങ്ങളെയും, പ്രകൃതിവിഭവങ്ങളെയും തേടിപ്പിടിച്ചു ഉപയോഗപ്പെടുത്തുന്നതിനുപകരം, അല്ലാഹുവിനെ കണക്കാക്കേണ്ടുന്ന പ്രകാരം കണക്കാക്കുവാൻ കൂട്ടാക്കാത്ത ശുഷ്ക്കബുദ്ധികളാൽ ആവിഷ്കരിക്കപ്പെട്ട ഒരു വിഡ്ഢിത്തമെന്നതിൽ കവിഞ്ഞ് ഒരു സത്യവിശ്വാസിക്ക് ആ സംരംഭത്തെ കാണുവാൻ ഒക്കുകയില്ല. മനുഷ്യസമുദായം എണ്ണത്തിൽ വളരെ കുറവായിരിക്കുമ്പോൾ ആഹാരം എവിടെയും സുഭിക്ഷമായിരിക്കുമെന്നും, എണ്ണം വർദ്ധിച്ചുവരും തോറും അതു കുറഞ്ഞുകൊണ്ടിരിക്കുമെന്നുമുള്ള അനുമാനം അടിയോടെ ശരിയല്ലെന്നു ചരിത്രവും അനുഭവവും വെച്ചുകൊണ്ട് ആലോചിച്ചാൽ നിഷ്പക്ഷ ബുദ്ധികൾക്കു മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്.

അദ്ധ്വാനവും പ്രയത്നവും കൂടാതെ ഓരോരുത്തൻെറയും ആഹാരം അവൻെറ മുമ്പിൽ തയ്യാറാക്കപ്പെട്ടു കൊടുക്കുമെന്നല്ല അല്ലാഹു പറഞ്ഞതിൻെറ അർത്ഥം. അവൻ സൃഷ്ടിച്ച ജീവവർഗ്ഗങ്ങൾക്കെല്ലാം അതാതിനു യോജിച്ചതും ആവശ്യമായതുമായ ആഹാരമാർഗ്ഗങ്ങൾ ഈ ഭൂമിയിൽ അവൻ ഒരുക്കിവെച്ചിട്ടുണ്ട് എന്നത്രെ അർത്ഥം. മനുഷ്യൻെറ ആഹാരത്തി

നുള്ള മാർഗ്ഗം അന്വേഷിച്ച് തേടിപ്പിടിക്കൽ അവൻെറ കടമയാകുന്നു. മനുഷ്യർ പെരുകും തോറും പുതിയ പുതിയ മാർഗ്ഗങ്ങളും ചൂഷണരീതികളും കണ്ടുപിടിച്ചു ഉപയോഗപ്പെടുത്തി ക്കൊണ്ടിരിക്കുന്നുണ്ടുതാനും.

7 അവൻ തന്നെയാണ് ആകാശങ്ങളെയും ഭൂമിയെയും ആറു ദിവസങ്ങളിലായി സൃഷ്ടിച്ചവനും; അവൻെറ 'അർശ്' [സിംഹാസനം] വെള്ളത്തിൻമേലായി രുന്നു-നിങ്ങളിൽ ആരാണ് കർമ്മത്തിൽ കൂടുതൽ നല്ലവനെന്ന് നിങ്ങളെ പരീ ക്ഷിക്കുവാൻ വേണ്ടി. (നബിയേ) ''മര ണത്തിനുശേഷം, നിങ്ങൾ (വീണ്ടും) എഴുന്നേൽപിക്കപ്പെടുന്നവരാണ്'' എന്ന് നീ പറഞ്ഞുപോയെങ്കിൽ, നിശ്ചയമാ യും (ആ) അവിശ്വസിച്ചവർ പറയും: ''ഇതൊരു സ്പഷ്ടമായ ജാലവിദ്യയ ല്ലാതെ (മറ്റൊന്നും) അല്ല'' എന്ന്!

وَهُوَ ٱلَّذِى خَلَقَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ فِى سِتَّةِ أَيَّامٍ وَكَانَ عَرْشُهُۥ عَلَى ٱلْمَآءِ لِيَبْلُوَكُمْ أَيُّكُمْ أَحْسَنُ عَمَلًا ۗ وَلَئِن قُلْتَ إِنَّكُم مَّبْعُوثُونَ مِنۢ بَعْدِ ٱلْمَوْتِ لَيَقُولَنَّ ٱلَّذِينَ كَفَرُوٓا۟ إِنْ هَـٰذَآ إِلَّا سِحْرٌ مُّبِينٌ ﴿٧﴾

8 ഒരു എണ്ണപ്പെട്ട [നിർണ്ണയിക്കപ്പെട്ട]കാല യളവുവരെ അവരിൽനിന്നു നാം ശിക്ഷ പിന്തിച്ചുവെച്ചുവെങ്കിലാകട്ടെ, അവർ പറയുക തന്നെ ചെയ്യും: ''എന്താണ തിനെ തടഞ്ഞുവെക്കുന്നത്?!'' അല്ലാ! (അറിയുക:) അതവർക്ക് വന്നെത്തുന്ന ദിവസം, അത് അവരിൽനിന്ന് തിരിച്ചു വിടപ്പെടുന്നതല്ല; അവർ യാതൊന്നി നെപ്പറ്റി പരിഹസിച്ചു (പറഞ്ഞു) കൊ ണ്ടിരിക്കുന്നുവോ അത് അവരിൽ വന്ന നുഭവപ്പെടുകയും ചെയ്യും.

وَلَئِنْ أَخَّرْنَا عَنْهُمُ ٱلْعَذَابَ إِلَىٰٓ أُمَّةٍ مَّعْدُودَةٍ لَّيَقُولُنَّ مَا يَحْبِسُهُۥٓ ۗ أَلَا يَوْمَ يَأْتِيهِمْ لَيْسَ مَصْرُوفًا عَنْهُمْ وَحَاقَ بِهِم مَّا كَانُوا۟ بِهِۦ يَسْتَهْزِءُونَ ﴿٨﴾

---

7 **وهو الذي** അവൻ തന്നെ യാതൊരുവനും, അവൻ യാതൊരുവനുമത്രെ. **خلق** അവൻ സൃഷ്ടി ച്ചു. **السماوات** ആകാശങ്ങളെ. **والأرض** ഭൂമിയെയും. **في ستة** ആറിൽ. **أيام** നാളുകൾ, ദിവസങ്ങൾ (ഘട്ടങ്ങൾ). **وكانَ** ആയിരുന്നു. **عرشه** അവൻെറ സിംഹാസനം. **على الماءِ** വെള്ളത്തിൻമേൽ. **ليبلُوكُم** നിങ്ങളെ അവൻ പരീക്ഷിക്കുവാൻവേണ്ടി. **أيكُم** നിങ്ങളിൽ ഏതാൾ (ആർ). **أحسن** അധികം നല്ലവൻ (എന്നു). **عملاً** പ്രവൃത്തി, കർമ്മത്തിൽ. **ولئن قُلت** നീ പറഞ്ഞുവെങ്കിൽ. **إنكُم** നിശ്ചയമായും നിങ്ങൾ. **مبعوثونَ** എഴുന്നേൽപ്പിക്കപ്പെടുന്നവരാണ്. **من بعد** ശേഷം. **الموت** മരണ ത്തിൻെറ. **ليقُولن** നിശ്ചയമായും പറയും. **الذين كفروا** അവിശ്വസിച്ചവർ. **إنْ هذا** ഇതല്ല. **إلا سحر** ജാ ലവിദ്യ (ആഭിചാരം) അല്ലാതെ. **مبين** സ്പഷ്ടമായ.. 8 **ولئن أخرنا** നാം പിന്തിച്ചുവെങ്കിൽ. **عنهم** അവരിൽനിന്ന്. **العذَاب** ശിക്ഷയെ. **إلى أمة** ഒരു കാലയളവുവരെ. **معدودة** എണ്ണപ്പെട്ട, നിർണ്ണയിക്ക പ്പെട്ട. **ليقُولن** അവർ പറയുക തന്നെ ചെയ്യും. **ما يحبسه** അതിനെ തടഞ്ഞുവെക്കുന്നതെന്ത്. **ألا** അല്ലാ, അറിയുക. **يوم** ഒരു ദിവസം. **يأتيهم** അതവർക്ക് വരുന്ന. **ليس** അതല്ല. **مصروفًا** തിരിച്ചുവിട പ്പെടുന്നത്. **عنهم** അവരിൽനിന്ന്. **وحاق** ഇറങ്ങിവരുക (അനുഭവപ്പെടുക)യും ചെയ്യും. **بهم** അവരിൽ. **ما كانوا** അവരായിരുന്ന യാതൊന്നു. **به** അതിനെപ്പറ്റി. **يستهزئونَ** അവർ പരിഹസി ക്കുക.

എല്ലാ ജീവവസ്തുക്കളുടെയും അന്നദാതാവ് അല്ലാഹുവാണെന്നു കഴിഞ്ഞ വചന ത്തിൽ പ്രസ്താവിച്ചശേഷം, എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവും, അധിപതിയും അവൻ

തന്നെയാണെന്നും, മനുഷ്യരെ സൃഷ്ടിച്ചതിന്‍െറ ലക്ഷ്യമെന്താണെന്നും പ്രസ്താവിക്കുന്നു. ആകാശഭൂമികളെ ആറു ദിവസങ്ങളിലായിട്ടാണു സൃഷ്ടിച്ചിരിക്കുന്നത് എന്ന് പറഞ്ഞതിന്‍െറ താല്പര്യത്തെപ്പറ്റിയും, അല്ലാഹുവിന്‍െറ 'അര്‍ശി'നെ(സിംഹാസനത്തെ)പ്പറ്റിയും അഅ്റാഫ്: 54ന്‍െറ വ്യാഖ്യാനത്തില്‍ വിവരിച്ചിട്ടുണ്ട്. കൂടാതെ, സജദഃ, ഫുര്‍ഖാന്‍ മുതലായ സൂറത്തുക ളിലും ഏറെക്കുറെ വിവരണം കാണാം. അവിടങ്ങളിലൊന്നും പ്രസ്താവിക്കപ്പെട്ടിട്ടില്ലാത്ത ഒരു വിഷയം ഈ വചനത്തില്‍ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. وكان عرشه على الماء (അവ ന്‍െറ അര്‍ശു വെള്ളത്തിലായിരുന്നു) എന്നത്രെ അത്. അതിനെപ്പറ്റിയാണ് ഇവിടെപ്രത്യേക മൊന്നു ആലോചിക്കുവാനുള്ളത്.

ഇമാം അഹ്മദ്, ബുഖാരീ, മുസ്ലിം (رحمهم الله) മുതലായവര്‍ രേഖപ്പെടുത്തിയ ചില ഹദീസുകളില്‍ നബി (ﷺ)ഇപ്രകാരം പറഞ്ഞിരിക്കുന്നു: ''എല്ലാ വസ്തുക്കളുടെയും മുമ്പ് അല്ലാഹു ഉണ്ടായിരുന്നു. അവന്‍െറ 'അര്‍ശു' വെള്ളത്തിന്മേലായിരുന്നു. 'ദിക്റി'ല്‍ (പ്രമാണ രേഖയില്‍) അവന്‍ എല്ലാം എഴുതുക (രേഖപ്പെടുത്തുക) യും ചെയ്തു. പിന്നീടവന്‍ ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചു; ഈ അര്‍ത്ഥത്തിലുള്ള ഹദീസുകളും രിവായത്തുകളും പലതും വേറെയും കാണാം. ആകാശഭൂമികളെ സൃഷ്ടിക്കുകയും, അവ രൂപം കൊള്ളുകയും ചെയ്യുന്നതിന്‍െറ മുമ്പത്തെ അവസ്ഥയെക്കുറിച്ചാണ് وكان عرشه على الماء (അവന്‍െറ അര്‍ശു വെള്ളത്തിന്‍മേലായിരുന്നു) എന്നു പറഞ്ഞതെന്ന് അല്ലാഹു പറഞ്ഞ വാചകത്തില്‍നിന്നും, നബി(സ) യുടെ ഈ പ്രസ്താവനയില്‍ നിന്നും സ്പഷ്ടമാകുന്നു. എന്നിരിക്കെ. 'വെള്ളം' (الماء) കൊണ്ടു ഇവിടെ വിവക്ഷ നമുക്ക് സുപരിചിതമായ അര്‍ത്ഥ ത്തിലുള്ള വെള്ളമായിരിക്കുവാന്‍ തരമില്ല. ഏതായാലും വെള്ളം (الماء) എന്നു പറയാവുന്ന ഒരു വസ്തു ആകാശഭൂമികളെ സൃഷ്ടിക്കുന്നതിനുമുമ്പുതന്നെ ഉണ്ടായിരുന്നുവെന്ന് തീര്‍ച്ചതന്നെ. ശാസ്ത്രീയ നിരീക്ഷണങ്ങള്‍ക്ക് അത് വേണ്ടതുപോലെ വ്യക്തമാക്കുവാന്‍ കഴിഞ്ഞിട്ടില്ല എന്നതുകൊണ്ട് ആ വാസ്തവത്തിനു ദോഷമൊന്നുമില്ല. നമുക്ക് അറിയാത്ത തിനെപ്പറ്റി 'അല്ലാഹുവിനറിയാം' എന്നു സമാധാനിക്കുവാനേ നമുക്ക് നിവൃത്തിയുള്ളു. അത് നമ്മുടെ കടമയുമാണ്.

ജീവികള്‍ക്ക് ആഹാരമാര്‍ഗ്ഗങ്ങള്‍ ഏര്‍പ്പെടുത്തിയതും, എല്ലാ വസ്തുക്കളെയും സൃഷ്ടിച്ചതും അല്ലാഹുവാണെന്നു ഓര്‍മ്മിപ്പിച്ചതിനെത്തുടര്‍ന്നു ليبلوكم أيكم احسن عملا (നിങ്ങളില്‍ ആരാണ് കൂടുതല്‍ നല്ല കര്‍മ്മം ചെയ്യുന്നവരെന്നു നിങ്ങളെ പരീക്ഷിക്കുവാന്‍ വേണ്ടി) എന്ന് അല്ലാഹു പ്രസ്താവിക്കുന്നു. ഇവിടെ ഒരു സംഗതി മനസ്സിരുത്തേണ്ടതുണ്ട്. അല്ലാഹുവാണ് ലോകസ്രഷ്ടാവും, നിയന്താവുമെന്ന് ഖുര്‍ആനില്‍ അല്ലാഹു ഇടക്കിടെ ഓര്‍മ്മപ്പെടു ത്തിക്കൊണ്ടിരിക്കാറുണ്ട്. ഇതിന്‍െറ ആവശ്യം കേവലം ചരിത്രം പഠിപ്പിക്കലോ, ശാസ്ത്രം വി വരിക്കലോ അല്ല. അവന്‍ മാത്രമാണ് ഇലാഹും, റബ്ബും (ആരാധ്യനും രക്ഷിതാവും) എന്നും, അവനെ ആരാധിച്ചും അനുസരിച്ചും ജീവിക്കുവാന്‍ ബാധ്യസ്ഥരാണ് അവന്‍െറ സൃഷ്ടികള്‍ എന്നും ബുദ്ധിജീവികളെ ഓര്‍മ്മിപ്പിക്കുകയാണതിന്‍െറ ഉദ്ദേശ്യം. അതിലേക്കാണ് മേല്‍ പ്രസ്താവനകളോട് ബന്ധപ്പെടുത്തിക്കൊണ്ട് നിങ്ങളെ പരീക്ഷിക്കുവാന്‍ വേണ്ടി എന്ന വാക്യവും വിരല്‍ചൂണ്ടുന്നത്. ഓരോരുത്തനും എന്തു പ്രവര്‍ത്തിക്കുമെന്ന് അല്ലാഹുവിന് കണ്ടു മനസ്സിലാക്കുവാന്‍വേണ്ടിയല്ല ഈ പരീക്ഷണം. കാരണം, അതവനു, മുമ്പേ അിറയു ന്നതാണ്. ഓരോരുത്തന്‍െറയും പ്രവര്‍ത്തനം അനുഭവത്തില്‍ വരുത്തുമാറാക്കി അതു രേഖ പ്പെടുത്തുകയും, തദടിസ്ഥാത്തില്‍ അവര്‍ക്ക് പ്രതിഫലം നല്‍കുകയുമാണ് പരീക്ഷണത്തി ന്‍െറ ലക്ഷ്യം. പ്രതിഫലനടപടിയാകട്ടെ, മരണാനന്തരം പരലോകത്തുവെച്ചാണുതാനും. അതുകൊണ്ട് അതിനെ നിഷേധിക്കുന്നവരെപ്പറ്റിയാണ് അടുത്ത വാക്യങ്ങളില്‍ പ്രസ്താവി ക്കുന്നത്.

പരലോക നിഷേധികളെപ്പറ്റി പറഞ്ഞതിൻെറ സാരം ഇങ്ങിനെ പറയാം: സ്രഷ്ടാവും രക്ഷിതാവും അന്നദാതാവുമൊക്കെ അല്ലാഹുവാണെന്നു സമ്മതിച്ചാൽ തന്നെയും മരണാന്തര ജീവിതത്തെയും, പ്രതിഫലനടപടിയെയും അവർ സമ്മതിക്കുവാൻ ഒരുക്കമില്ല. അതിനെപ്പറ്റി പറയുമ്പോൾ, ഇതൊക്കെ തനി ജാലവിദ്യയാണ്- അല്ലെങ്കിൽ ആഭിചാരമാണ്-ഞങ്ങളെ കബളിപ്പിക്കുവാനുള്ള ഉപായമാണ്- എന്നിങ്ങിനെ പറഞ്ഞു തള്ളിക്കളയുകയാണവർ ചെയ്യുന്നത്. തൽക്കാലം ആ നിഷേധത്തിൻെറ പേരിൽ അവർക്കു ശിക്ഷയൊന്നും നൽകാതെ കുറച്ചു കാലംവരെ അവർക്കു ഒഴിവുകൊടുത്താൽ, അപ്പോഴും തന്നെ അവർ പരിഹാസവും നിഷേധവും തുടരുകയാണ് ചെയ്യുക. നബി (ﷺ)താക്കീതു ചെയ്യുന്ന ആ ശിക്ഷ എന്താണു ഇനിയും ഉണ്ടാവാത്തത്? അങ്ങിനെ ഒന്നുണ്ടെങ്കിൽ അതു കാണേണ്ടതല്ലേ? എന്നൊക്കെയായിരിക്കും അവർ പറയുക. ഈ പരിഹാസവും നിഷേധവും അങ്ങു മാറ്റിവെക്കുകയാണവർക്ക് നല്ലത്. ആ ശിക്ഷ ഒരിക്കൽ അവർ അനുഭവിക്കേണ്ടി വരുകതന്നെ ചെയ്യും. അതു വന്നു കഴിഞ്ഞാൽ, പിന്നെ അതുതട്ടിനീക്കുവാനോ, അതിൽ നിന്നു ഒഴിവാകുവാനോ സാധ്യമാകുന്നതല്ല.

أمة (ഉമ്മത്ത്) എന്ന വാക്കിനാണു ഇവിടെ 'കാലയളവ്' ' എന്നു നാം അർത്ഥം കല്പിച്ചത്. 'സമുദായം' അഥവാ ഏതെങ്കിലും ഒരു പ്രത്യേക മാർഗ്ഗത്തിലും സമ്പ്രദായത്തിലും യോജിക്കുന്ന സമൂഹം എന്ന അർത്ഥത്തിലാണതു സാധാരണയായി ഉപയോഗിക്കപ്പെടാറുള്ളത്. വേറെ പല അർത്ഥങ്ങളിലും അതു ഉപയോഗിക്കപ്പെടാറുണ്ട്. ഖുർആനിൽ തന്നെയും അതിനു താഴെ പറയുന്നതുപോലുള്ള ഉദാഹരണങ്ങൾ കാണാം:- കാലയളവ് എന്ന അർത്ഥത്തിൽ ഇവിടെയെന്നപോലെ സൂ: യൂസുഫ് 45ലും, മാതൃകാനേതാവ് (الامام المقتدى) എന്ന അർത്ഥത്തിൽ നഹ്ൽ 120 ലും, മതവും നടപടിമാർഗ്ഗവും (الدين والملة) എന്നീ അർത്ഥങ്ങളിൽ സുഖ്റുഫ്`23ലും, ഒരു സംഘം ആളുകൾ (جماعة) എന്ന അർത്ഥത്തിൽ ഖസ്വസ്വ് 23ലും, ഒരു വിഭാഗം ആളുകൾ (طائفة) എന്ന അർത്ഥത്തിൽ അഅ്റാഫ് 159ലും ഉപയോഗിച്ചുകാണാം. നബിമാരുടെ സമുദായങ്ങളെപ്പറ്റി ആ വാക്കു ഉപയോഗിക്കുമ്പോൾ, അവർ ഏതൊരു ജനതയിലേക്കു റസൂലായി അയക്കപ്പെട്ടിരിക്കുന്നുവോ അവരെ (أمة الدعوة) ഉദ്ദേശിച്ചും, അവരുടെ ദൗത്യം സ്വീകരിച്ച ജനങ്ങളെ (أمة الاجابة) മാത്രം ഉദ്ദേശിച്ചും അത് ഉപയോഗിക്കാറുണ്ട്. ഒന്നാമത്തെ അർത്ഥത്തിൽ യൂനുസ് 47ലും, രണ്ടാമത്തെ അർത്ഥത്തിൽ ആലുഇംറാൻ 110ലും ഉപയോഗിച്ചിരിക്കുന്നു. അതതു സ്ഥലങ്ങളുടെ സന്ദർഭം കൊണ്ട് ഈ അർത്ഥവ്യത്യാസങ്ങൾ മനസ്സിലാക്കുവാൻ കഴിയുന്നതാണ്.

വിഭാഗം-2

9 നമ്മുടെ പക്കൽനിന്ന് വല്ല കാരുണ്യത്തെയും നാം മനുഷ്യന് ആസ്വദിപ്പിക്കുകയും, പിന്നീടതിനെ അവനിൽ നിന്ന് നാം നീക്കുകയും ചെയ്തുവെങ്കിൽ, നിശ്ചയമായും അവൻ, വളരെ നിരാശനും, നന്ദി കെട്ടവനുമായിരിക്കും.	وَلَئِنْ أَذَقْنَا ٱلْإِنسَـٰنَ مِنَّا رَحْمَةً ثُمَّ نَزَعْنَـٰهَا مِنْهُ إِنَّهُۥ لَيَـُٔوسٌ كَفُورٌ ﴿٩﴾
10 അവനെ ബാധിച്ച ഒരു ദുരിതത്തിനു ശേഷം, അവന് നാം ഒരനുഗ്രഹം ആസ്വദിപ്പിച്ചുവെങ്കിലാകട്ടെ, അവൻ നിശ്ചയമായും പറയും: ''എന്നിൽനിന്ന് തിൻമകൾ പോയി (ക്കഴിഞ്ഞു)!'' (അതെ,) നിശ്ചയമായും അവൻ, ആഹ്ളാദ ഭരിതനും, അഹങ്കാരിയുമായിരിക്കും;	وَلَئِنْ أَذَقْنَـٰهُ نَعْمَآءَ بَعْدَ ضَرَّآءَ مَسَّتْهُ لَيَقُولَنَّ ذَهَبَ ٱلسَّيِّـَٔاتُ عَنِّىٓ ۚ إِنَّهُۥ لَفَرِحٌ فَخُورٌ ﴿١٠﴾

11 ക്ഷമിക്കുകയും, സൽക്കർമ്മങ്ങൾ പ്രവ ർത്തിക്കുകയും ചെയ്തവരൊഴികെ. അ ക്കൂട്ടർ-അവർക്ക് പാപമോചനവും, വ ലുതായ പ്രതിഫലവും ഉണ്ടായിരിക്കും.

إِلَّا ٱلَّذِينَ صَبَرُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ أُو۟لَٰٓئِكَ لَهُم مَّغْفِرَةٌ وَأَجْرٌ كَبِيرٌ ﴿١١﴾

---

9 **ولئن أذَقْنا** നാം ആസ്വദി (അനുഭവി) പ്പിച്ചുവെങ്കിൽ. **الإنسانَ** മനുഷ്യന്ന്, മനുഷ്യനെ. **منا** നമ്മുടെ പക്കൽ നിന്ന്, നമ്മുടെവകയായി. **رحمةً** ഒരു കാരുണ്യം, വല്ല കരുണയും. **ثُم** പിന്നീട്. **نزعناها** അതിനെ നാം നീക്കം ചെയ്തു. **منه** അവനിൽനിന്ന്. **إنه** നിശ്ചയമായും അവൻ. **لَيئُوس** (വ ളരെ) നിരാശൻ (തന്നെ) ആയിരിക്കും. **كَفُور** നന്ദികെട്ട, നന്ദികെട്ടവൻ,. 10 **ولئن أذَقْناه** നാം അവന് ആസ്വദിപ്പിച്ചുവെങ്കിൽ. **نعماءَ** ഒരു അനുഗ്രഹം, സുഖസന്തോഷം. **بعد ضراءَ** ഒരു കഷ്ട പ്പാടിന് (ദുരന്തത്തിന്) ശേഷം. **مسته** അവനെ ബാധിച്ചതായ. **لَيقُولَن** നിശ്ചയമായും അവൻ പറയും. **ذَهب** പോയി (കഴിഞ്ഞുപോയി). **السيئَات** തിൻമകൾ. **عني** എന്നതിൽനിന്ന്. **إنه** നിശ്ചയ മായും അവൻ. **لَفَرح** ആഹ്ളാദ (സന്തോഷ) ഭരിതൻ തന്നെയായിരിക്കും. **فَخور** അഹങ്കാരി (ദു രഭിമാനി) യായിരിക്കും. 11 **إلا الذين** യാതൊരുവരൊഴികെ. **صبروا** അവർ ക്ഷമിച്ചു. **وعملُوا** പ്രവർത്തിക്കുകയും ചെയ്തു. **الصالحات** സൽക്കർമ്മങ്ങൾ. **أُولَئك** അക്കൂട്ടർ. **لَهم** അവർക്കുണ്ട്. **مغفرةٌ** പാപമോചനം. **وأَجر** പ്രതിഫലവും. **كَبِير** വലിയ, വമ്പിച്ച.

മനുഷ്യൻെറ പൊതുവെയുള്ള ചില ദുസ്വഭാവങ്ങളെയാണ് അല്ലാഹു ചൂണ്ടിക്കാട്ടുന്നത്. സുഖത്തിലും, സന്തോഷത്തിലും കഴിഞ്ഞുകൂടുന്നതിനിടക്ക് വല്ല കഷ്ടതയോ, ബുദ്ധിമുട്ടോ നേരിടുമ്പോഴേക്കും ഭാവിയെക്കുറിച്ച് നിരാശയും, മുമ്പ് ലഭിച്ചിരുന്ന സുഖസൗകര്യങ്ങളെക്കുറിച്ച് നന്ദികേടും പ്രകടമാക്കുക. നേരെമറിച്ച് ബുദ്ധിമുട്ടിലും വിഷമത്തിലും കഴിഞ്ഞുകൂടിക്കൊണ്ടിരിക്കെ വല്ല അനുഗ്രഹവും സിദ്ധിക്കുമ്പോൾ അതിൽ മതിമറന്ന് ആഹ്ളാദിക്കുകയും, അഹങ്കാരവും ദുരഭിമാനവും പ്രകടിപ്പിക്കുകയും ചെയ്യുക. ക്ഷമാശീലരും സൽക്കർമ്മികളുമായ ആളുകൾ മാത്രമേ ഈ ദുർഗ്ഗുണങ്ങൾ തീണ്ടാത്തവരുണ്ടായിരിക്കുകയുള്ളുവെന്നും അല്ലാഹു ചൂണ്ടിക്കാട്ടുന്നു.

ഒരു നബി വചനം ഇവിടെ സ്മരണീയമാകുന്നു. തിരുമേനി പറയുന്നു: ‘‘സത്യവിശ്വാസിയുടെ കാര്യം അൽഭുതം തന്നെ. അവൻെറ കാര്യങ്ങളെല്ലാം അവനു ഗുണകരമായിരിക്കും. അവന്നൊരു സന്തോഷം ബാധിച്ചാൽ അവൻ നന്ദി കാണിക്കും. അപ്പോൾ, അതവന് ഗുണമായിത്തീരുന്നു. അവന്നൊരു ദുരിതം ബാധിച്ചാൽ അവൻ ക്ഷമ കാണിക്കുകയും ചെയ്യും. അപ്പോൾ അതും അവനു ഗുണമായിത്തീരുന്നു. ഇത് സത്യവിശ്വാസികൾക്കല്ലാതെ മറ്റാർക്കും ഇല്ലാത്തതാണ്.’’ (ബു;മു)

12 (നബിയേ) നിനക്ക് ‘വഹ്‌യു’ [ദിവ്യസന്ദേശം] നൽകപ്പെടുന്നതിൽ ചിലത് നീ ഉപേക്ഷിക്കുന്നവനും, അതു മൂലം നിൻെറ നെഞ്ച്[ഹൃദയം] ഇടുങ്ങിയവനുമായേക്കും?! [അങ്ങിനെ ഉണ്ടാവരുത്] ‘‘ഇയാളുടെ [നബിയുടെ] മേൽ വല്ല നിക്ഷേപവും ഇറക്കപ്പെടുകയോ, ഇയാളുടെ കൂടെ വല്ല മലക്ക് വരുകയോ ചെയ്യാത്തതെന്താണ്’’ എന്ന് അവർ പറയുന്നതിനാൽ! നിശ്ചയമായും, നീ ഒരു താക്കീതുകാരൻ മാത്രമാകുന്നു. അല്ലാ

فَلَعَلَّكَ تَارِكٌۢ بَعْضَ مَا يُوحَىٰٓ إِلَيْكَ وَضَآئِقٌۢ بِهِۦ صَدْرُكَ أَن يَقُولُوا۟ لَوْلَآ أُنزِلَ عَلَيْهِ كَنزٌ أَوْ جَآءَ مَعَهُۥ مَلَكٌ ۚ إِنَّمَآ أَنتَ نَذِيرٌ ۚ وَٱللَّهُ عَلَىٰ كُلِّ شَىْءٍ وَكِيلٌ ﴿١٢﴾

ഹുവാകട്ടെ, എല്ലാ കാര്യത്തിലും (അധികാരം) ഏറ്റെടുത്തവനുമാകുന്നു.

---

12 فَلَعَلَّكَ എന്നാൽ (ഒരുപക്ഷെ) നീ ആയേക്കാം (ആയേക്കുമോ). تَارِكٌ ഉപേക്ഷിക്കുന്ന (വിട്ടുകളയുന്ന)വൻ. بَعْضَ ചിലതിനെ. مَا يُوحَى വഹ്‌യ് നൽകപ്പെടുന്നതിൽ. إِلَيْكَ നിനക്ക്, നിന്നിലേക്ക്. وَضَائِقٌ بِهِ അതുമൂലം ഇടുങ്ങി (ഞെരുങ്ങി) യവനും. صَدْرُكَ നിന്റെ നെഞ്ചു (ഹൃദയം). أَنْ يَقُولُوا അവർ പറയുന്നതിനാൽ. لَوْلَا أُنْزِلَ ഇറക്കപ്പെടാത്തതെന്ത്, ഇറക്കപ്പെട്ടുകൂടേ. عَلَيْهِ അയാളുടെമേൽ, ഇയാൾക്ക്. كَنْزٌ വല്ല നിക്ഷേപവും, ഒരു നിധി. أَوْ جَاءَ അല്ലെങ്കിൽ വരുക. مَعَهُ അയാളുടെ (ഇയാളുടെ) കൂടെ, ഒപ്പം. مَلَكٌ വല്ല മലക്കും ഒരു മലക്ക്. إِنَّمَا أَنْتَ നിശ്ചയമായും നീ (മാത്രം-തന്നെ). نَذِيرٌ ഒരു താക്കീതുകാരൻ (മാത്രം-തന്നെ). وَاللَّهُ അല്ലാഹുവാകട്ടെ. عَلَى كُلِّ شَيْءٍ എല്ലാകാര്യത്തിലും, എല്ലാ വസ്തുവിൻമേലും. وَكِيلٌ (അധികാരം-ഉത്തരവാദം-കാവൽ) ഏറ്റെടുത്തവനാണ്, ഏൽപിക്കപ്പെട്ടവനാണ്.

മുശ്‌രിക്കുകൾ നിഷേധത്തിൽ ശഠിച്ചു നിൽക്കുകയും, പരിഹാസവാക്കുകളും ദുഷ്തർക്കങ്ങളും പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നതിൽ നബി (ﷺ)ക്കു വളരെ മനോവേദനയുണ്ടായിരുന്നു. ولقد نعلم انك يضيق صدرك (അവർ പറഞ്ഞു വരുന്നതു നിമിത്തം നിന്റെ നെഞ്ച്-ഹൃദയം-ഇടുങ്ങിപ്പോകുന്നു വെന്നു നാം അറിയുകതന്നെ ചെയ്യുന്നുണ്ട്. 15:97) ഇയാൾ ഒരു ദൈവദൂതനാണെങ്കിൽ എന്തുകൊണ്ട് അയാൾക്ക് വല്ല നിക്ഷേപവും ഇറക്കപ്പെടുന്നില്ല? അല്ലെങ്കിൽ അവനെ സത്യപ്പെടുത്തുമാറ് വല്ല മലക്കുകളും എന്തുകൊണ്ട് അവനോടൊപ്പം അയക്കപ്പെടുന്നില്ല? എന്നും മറ്റുമുള്ള പല കുതർക്കങ്ങളും നടത്തുക അവരുടെ പതിവായിരുന്നു. ഇതുപോലെ വേറെയും പല തർക്കങ്ങളും അവർ ഉന്നയിച്ചിരുന്നതായി ഫുർഖാൻ 7,8 ; ഇസ്രാഉ് : 90-93 മുതലായ സ്ഥലങ്ങളിൽ കാണാവുന്നതാണ്. അവരുടെ ഇത്തരം വാക്കുകൾ കാരണം നബി (ﷺ)യുടെ മനസ്സ് വേദനിക്കുകയോ, അവിടുന്നു പ്രബോധനത്തിൽ വല്ല അയവോ വിട്ടുവീഴ്ചയോ വരുത്തുകയോ ചെയ്യരുത്. ഭവിഷ്യത്തുകളെപ്പറ്റി താക്കീതു നൽകുക മാത്രമേ നബി (ﷺ)ക്ക് കടമയുള്ളു. അതു ചെയ്താൽ മതി. അതിനപ്പുറമുള്ള കാര്യങ്ങളെല്ലാം അല്ലാഹു ആയിക്കൊള്ളും. സകലകാര്യത്തിന്റെയും മുഴുവൻ അധികാരം ഏറ്റെടുത്തിട്ടുള്ളവൻ അല്ലാഹുവാണ്. എന്നു നബി (ﷺ)യെ അല്ലാഹു സമാധാനിപ്പിക്കുകയാണ്.

13 أَمْ يَقُولُونَ ٱفْتَرَىٰهُ ۖ قُلْ فَأْتُوا۟ بِعَشْرِ سُوَرٍ مِّثْلِهِۦ مُفْتَرَيَـٰتٍ وَٱدْعُوا۟ مَنِ ٱسْتَطَعْتُم مِّن دُونِ ٱللَّهِ إِن كُنتُمْ صَـٰدِقِينَ ﴿١٣﴾

അതല്ല, അവർ പറയുന്നുവോ: ''അവൻ ഇത് കെട്ടിച്ചമച്ചിരിക്കയാണ്'' എന്ന്?! പറയുക: ''എന്നാൽ ഇതുപോലെയുള്ള കെട്ടിച്ചമച്ചുണ്ടാക്കപ്പെട്ട ഒരു പത്ത് 'സൂറത്തു' [അദ്ധ്യായം] കൾ നിങ്ങൾ കൊണ്ടുവരുവിൻ; അല്ലാഹുവിനു പുറമെ, നിങ്ങൾക്ക് സാധ്യമായവരെ(യെല്ലാം) നിങ്ങൾ (സഹായത്തിന്) വിളിച്ചു കൊള്ളുവിൻ, നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ! [അതൊന്നു കാണാമല്ലോ!]

14 فَإِلَّمْ يَسْتَجِيبُوا۟ لَكُمْ فَٱعْلَمُوٓا۟ أَنَّمَآ أُنزِلَ بِعِلْمِ ٱللَّهِ وَأَن لَّآ إِلَـٰهَ إِلَّا هُوَ ۖ فَهَلْ أَنتُم مُّسْلِمُونَ ﴿١٤﴾

എന്നിട്ട് അവർ [നിങ്ങൾ വിളിക്കുന്നവർ] നിങ്ങൾക്ക് ഉത്തരം നൽകിയില്ലെങ്കിൽ നിങ്ങൾ അറിഞ്ഞുകൊള്ളണം: ''അല്ലാഹവിന്റെ അറിവോടെ മാത്രമാണത് അവതരിപ്പിക്കപ്പെട്ടിരിക്കുന്നതെന്നും, അവനല്ലാതെ ആരാധ്യനേ

ഇല്ലെന്നും! അപ്പോള്‍, നിങ്ങള്‍ അല്ലാഹുവിന് കീഴൊതുങ്ങുന്നവര്‍ ആകുമോ?!''

---

13 أَمْ يَقُولُونَ അതല്ല (ഒരുപക്ഷെ) അവര്‍ പറയുന്നുവോ. افْتَرَاهُ അവന്‍ (ഇവന്‍) അത് (ഇത്) കെട്ടിയുണ്ടാക്കിയെന്ന്. قُلْ പറയുക. فَأْتُوا എന്നാല്‍ വരുവിന്‍. بِعَشْرِ പത്തുകൊണ്ട്. سُوَرٍ സൂറത്തു (അദ്ധ്യായം)കള്‍. مِثْلِهِ അത് (ഇത്) പോലെയുള്ള. مُفْتَرَيَاتٍ കെട്ടിച്ചമക്കപ്പെട്ട. وَادْعُوا വിളിക്കുകയും ചെയ്യുവിന്‍. مَنِ اسْتَطَعْتُمْ നിങ്ങള്‍ക്ക് സാധ്യമായവരെ. مِنْ دُونِ കൂടാതെ, പുറമെ. اللَّهِ അല്ലാഹുവിനെ, അല്ലാഹുവിന്‍റെ. إِنْ كُنْتُمْ നിങ്ങളാണെങ്കില്‍. صَادِقِينَ സത്യ പറയുന്നവര്‍. 14 فَإِنْ لَمْ يَسْتَجِيبُوا എന്നിട്ടവര്‍ ഉത്തരം ചെയ്തില്ലെങ്കില്‍. لَكُمْ നിങ്ങള്‍ക്ക്. فَاعْلَمُوا എന്നാല്‍ അറിയുവിന്‍. أَنَّمَا أُنْزِلَ അതു അവതരിപ്പിക്കപ്പെട്ടിരിക്കുന്നുവെന്ന്. بِعِلْمِ اللَّهِ അല്ലാഹുവിന്‍റെ അറിവോടെ (മാത്രം). وَأَنْ لَا إِلَٰهَ ആരാധ്യനില്ലെന്നും. إِلَّا هُوَ അവനല്ലാതെ. فَهَلْ أَنْتُمْ അപ്പോള്‍ (എന്നാല്‍) നിങ്ങള്‍ ആകുന്നുവോ. مُسْلِمُونَ മുസ്‌ലിംകള്‍, കീഴൊതുങ്ങിയവര്‍.

സൂറത്തുല്‍ ഫുര്‍ഖാന്‍ 4ലും മറ്റും കാണാവുന്നതുപോലെ, 'ഖുര്‍ആന്‍ അല്ലാഹുവിങ്കല്‍നിന്നുള്ളതൊന്നുമല്ല; മുഹമ്മദ് കെട്ടിയുണ്ടാക്കിയ ഒരു നുണയാണത്; വേറെ ചിലര്‍ അവനെ അതിനു സഹായിച്ചിട്ടുമുണ്ട്' എന്നിങ്ങനെയുള്ള മുശ്‌രിക്കുകളുടെ ആരോപണങ്ങള്‍ക്ക് മറുപടിയാണിത്. നിങ്ങളുടെ വാദം ശരിയാണെങ്കില്‍, അല്ലാഹുവിനെമാത്രം ഒഴിവാക്കി നിങ്ങളുടെ ദൈവങ്ങളടക്കം നിങ്ങള്‍ക്ക് സാധ്യമാകുന്ന ആരെയും സഹായത്തിനു വിളിച്ചു കൂട്ടിക്കൊണ്ടു ഖുര്‍ആന്‍റെ അദ്ധ്യായങ്ങള്‍ക്ക് തുല്യമായ ഒരു പത്തു അദ്ധ്യായം നിങ്ങളൊന്നു രചിച്ചുകൊണ്ടുവരുവിന്‍. എന്നിട്ട് ആര്‍ക്കും അതിനു കഴിയാതെ വരുകയാണെങ്കില്‍–കഴിയുകയില്ലെന്നു തീര്‍ച്ച തന്നെ–നിങ്ങളുടെ ആരോപണം തികച്ചും പൊള്ളയാണെന്നു സ്പഷ്ടമായി. അതെ, ഖുര്‍ആന്‍ അല്ലാഹുവിന്‍റെ അറിവോടെ അവന്‍ അവതരിപ്പിച്ചതാണെന്ന് അതോടെ തെളിഞ്ഞു കഴിഞ്ഞു. എന്നിരിക്കെ, ഖുര്‍ആനും, അതിന്‍റെ പരമപ്രധാന സിദ്ധാന്തമായ തൗഹീദും അംഗീകരിച്ച് മുസ്‌ലിംകളായിത്തീരുവാന്‍ ബാധ്യസ്ഥരാണ് നിങ്ങള്‍. അതിന് നിങ്ങള്‍ തയ്യാറുണ്ടോ? എന്ന് അവരോട് ചോദിക്കുവാന്‍ അല്ലാഹു നബി (ﷺ)യോടു കല്‍പിക്കുന്നു.

ഖുര്‍ആമേതുപോലെയുള്ള പത്തു സൂറത്തുകള്‍ നിര്‍മ്മിക്കുവാനാണ് ഇവിടെ അവരെ അല്ലാഹു വെല്ലുവിളിച്ചിരിക്കുന്നത്. ഇതുപോലെ വേറെ ഒരു ഖുര്‍ആന്‍ കൊണ്ടുവരുവാന്‍ സൂ: ഇസ്രാഉ് 88ലും ഒരു സൂറത്തെങ്കിലും കൊണ്ടുവരുവാന്‍ അല്‍ബഖറഃ 23, 24ലും യൂനുസ് : 38ലും വെല്ലുവിളിച്ചിട്ടുണ്ട്. ഈ വെല്ലുവിളികളെ സംബന്ധിച്ച് കൂടുതല്‍ വിവരം അവിടങ്ങളില്‍ കൊടുത്തിട്ടുണ്ട്.

15 ആരെങ്കിലും ഐഹിക ജീവിതത്തെയും, അതിന്‍റെ അലങ്കാരത്തെയും ഉദ്ദേശിച്ചിരുന്നാല്‍ അവര്‍ക്ക് അവരുടെ പ്രവര്‍ത്തന(ഫല)ങ്ങളെ അതില്‍ വെച്ചു നാം നിറവേറ്റിക്കൊടുക്കുന്നതാണ്: അവരാകട്ടെ, അതില്‍ വെച്ചു നഷ്ടപ്പെടുത്തപ്പെടുകയുമില്ല.

مَن كَانَ يُرِيدُ ٱلْحَيَوٰةَ ٱلدُّنْيَا وَزِينَتَهَا نُوَفِّ إِلَيْهِمْ أَعْمَـٰلَهُمْ فِيهَا وَهُمْ فِيهَا لَا يُبْخَسُونَ ﴿١٥﴾

16 പരലോകത്തുവെച്ച് നരകമല്ലാതെ (മറ്റൊന്നും) ഇല്ലാത്തവരത്രെ അക്കൂട്ടര്‍; അവര്‍ പണിതത് [പ്രവര്‍ത്തിച്ചു] വെച്ചത്

أُو۟لَـٰٓئِكَ ٱلَّذِينَ لَيْسَ لَهُمْ فِى ٱلْـَٔاخِرَةِ إِلَّا ٱلنَّارُ ۖ

وَحَبِطَ مَا صَنَعُوا۟ فِيهَا وَبَـٰطِلٌ مَّا كَانُوا۟ يَعْمَلُونَ ﴿١٦﴾

അവിടെ പൊളിഞ്ഞു പോകുകയും ചെയ്യും; അവര്‍ പ്രവര്‍ത്തിച്ചു കൊണ്ടിരുന്നത് (അവിടെ) നിഷ്ഫലമായിരിക്കും.

---

15 مَن كَانَ ആര്‍ ആയി, വല്ലവനും ആയിരുന്നാല്‍. يريد ഉദ്ദേശിക്കുന്നു. الْحياةَ ജീവിതത്തെ. الدنيا ഐഹിക, ഇഹത്തിലെ. وزينتها അതിന്‍െറ അലങ്കാരത്തെ (ഭംഗിയെ)യും. نوف നാം നിറവേറ്റി (പൂര്‍ത്തിയാക്കി)കൊടുക്കും. إليهم അവര്‍ക്ക്. أعمالَهُ അവരുടെ പ്രവര്‍ത്തന (കര്‍മ്മ)ങ്ങള്‍. فيها അതില്‍വെച്ച്. وهم അവര്‍, അവരാകട്ടെ. فيها അതില്‍, അവിടത്തില്‍. لا يبخسونَ അവര്‍ നഷ്ടപ്പെടുത്തപ്പെടുകയില്ല. 16 أولئك അക്കൂട്ടര്‍. الذين യാതൊരുവരാണ്. ليس لهم അവര്‍ക്ക് ഇല്ല. في الآخرة പരലോകത്തില്‍. إلا النار നരകമല്ലാതെ. وحبط പൊളിഞ്ഞു പോകുന്നതുമാണ്. ما صنعوا അവര്‍ പണിതത്, ചെയ്തത്. فيها അവിടെ. وباطلٌ നിഷ്ഫലമായതുമാണ്. ما كانوا അവരായിരുന്നത്. يعملونَ അവര്‍ പ്രവര്‍ത്തിക്കും.

ഭൗതികജീവിതത്തെയും, അതിലെ സുഖസൗകര്യങ്ങളെയും ജീവിതലക്ഷ്യമാക്കുന്നവരും, പാരത്രിക നന്മയെക്കാള്‍ ഐഹിക നന്‍മകള്‍ക്കു പ്രാധാന്യം നല്‍കുന്നവരുമായ ആളുകള്‍ ഈ ലോകത്തുവെച്ചു ചെയ്യുന്ന നല്ല കര്‍മ്മങ്ങളുടെ ഫലം ഇവിടെവെച്ചു തന്നെ അല്ലാഹു അവര്‍ക്ക് കൊടുത്തുതീര്‍ക്കും. പരലോകത്ത് ആ കര്‍മ്മങ്ങള്‍മൂലം അവര്‍ക്കു യാതൊരു പ്രയോജനവും സിദ്ധിക്കുകയില്ല. അവിടെ നരക ശിക്ഷ മാത്രമായിരിക്കും അവര്‍ക്കാധാരം. ഈ യാഥാര്‍ത്ഥ്യം ഖുര്‍ആന്‍ ഒന്നിലധികം സ്ഥലത്തു വ്യക്തമാക്കിയിട്ടുള്ളതാണ്. പരലോകത്തില്‍ വിശ്വസിക്കാത്തവര്‍ക്കും, വിശ്വസിക്കുന്നതോടൊപ്പം ഐഹിക നേട്ടങ്ങള്‍ക്കു പാരത്രികനേട്ടങ്ങളെക്കാള്‍ വില കല്‍പിക്കുന്നവര്‍ക്കും ബാധകമാണ് ഈ താക്കീത്. അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ. ആമീന്‍.

സൂറത്തുല്‍ ഇസ്രാഇല്‍ അല്ലാഹു പറയുന്നു; من كان يريد العاجلة –الى قوله محظورا (സാരം : ആരെങ്കിലും ക്ഷണികമായ ഈ ലോകത്തെ ഉദ്ദേശിക്കുന്നതായാല്‍ അവര്‍ക്കു-നാം വേണമെന്നു വെക്കുന്നവര്‍ക്കു-നാം ഉദ്ദേശിക്കുന്നത് നാം വേഗമങ്ങു നല്‍കുന്നതാണ്. പിന്നീട് അവനു നാം നരകത്തെ ഏര്‍പ്പെടുത്തുന്നു ആക്ഷേപവിധേയനും നിന്ദ്യനുമായിക്കൊണ്ട് അവന്‍ അതില്‍ കടന്നെരിയുന്നതാണ്. ആരെങ്കിലും പരലോകത്തെ ഉദ്ദേശിക്കുകയും, സത്യവിശ്വാസിയായിക്കൊണ്ട് അതിനു വേണ്ടി അതിന്‍െറതായ പരിശ്രമം നടത്തുകയും ചെയ്യുന്നതായാല്‍ അങ്ങിനെയുള്ളവരുടെ ആ പരിശ്രമം നന്ദിപൂര്‍വ്വം സ്വീകരിക്കപ്പെടുന്നതായിരിക്കും. എല്ലാവര്‍ക്കും-അക്കൂട്ടര്‍ക്കും ഇക്കൂട്ടര്‍ക്കും-തന്നെ, നിന്‍െറ റബ്ബിന്‍െറ ദാനത്തില്‍ നിന്നു നാം അയച്ചുകൊടുക്കും. നിന്‍െറ റബ്ബിന്‍െറ ദാനം മുടക്കം ചെയ്യപ്പെട്ടതായിരിക്കയില്ല.......) (ഇസ്രാഉ് 18-20). സൂ: ശൂറായില്‍ പറയുന്നു: من كان يريد حرث الآخرة–––الى قوله من نصيب (സാരം: ആരെങ്കിലും പരലോകത്തെ കൃഷിയെ-അഥവാ വരുമാനത്തെ-ഉദ്ദേശിക്കുന്ന പക്ഷം അവന് അവന്‍െറ കൃഷിയില്‍ നാം വര്‍ദ്ധിപ്പിച്ചുകൊടുക്കും. ആരെങ്കിലും ഇഹലോകത്തെ കൃഷിയെ-വരുമാനത്തെ-ഉദ്ദേശിക്കുന്നപക്ഷം, അവന് അതില്‍നിന്നും നാം നല്‍കും. പരലോകത്തില്‍ അവനു യാതൊരു ഓഹരിയും ഇല്ലതാനും.) (ശൂറാ 20) ഉദ്ദേശ്യങ്ങള്‍ക്കനുസരിച്ചായിരിക്കും കര്‍മ്മങ്ങള്‍ കണക്കാക്കപ്പെടുന്നതെന്നും, ഓരോരുത്തന്നും അവന്‍ ഉദ്ദേശിച്ചതാണ് ലഭിക്കുന്നതെന്നും ഹദീസില്‍ വന്നിട്ടുള്ളതും പ്രസ്താവ്യമത്രെ.

വായു, വെള്ളം, ഭക്ഷണം, ആരോഗ്യം, ധനം, കീര്‍ത്തി, സ്വാധീനം എന്നിങ്ങനെ കണക്കറ്റ അനുഗ്രഹങ്ങള്‍ നല്ലവരെന്നോ ചീത്തപ്പെട്ടവരെന്നോ വ്യത്യാസം കൂടാതെ എല്ലാവര്‍ക്കും ഈ ലോകത്ത് അല്ലാഹു-അവന്‍ ഉദ്ദേശിച്ച തോതില്‍-നല്‍കിക്കൊണ്ടിരിക്കുന്നു. പര

ലോകത്തെ ലക്ഷ്യമാക്കാത്തവരുടെ സൽക്കർമ്മഫലങ്ങൾ അതോടെ അവസാനിക്കുന്നതും പരലോകത്തുവെച്ച് ശിക്ഷമാത്രം അനുഭവിക്കേണ്ടി വരുന്നതുമാണ്. നേരെമറിച്ച് പരലോക ത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവർക്ക് അതിനുപുറമെ അവിടെവെച്ചും വമ്പിച്ച അനുഗ്ര ഹങ്ങൾ ലഭിക്കുകയും ചെയ്യും. ഇതാണ് ഈ വചനങ്ങളുടെയെല്ലാം ആകെ സാരം. സൂ: അഹ്ഖാഫിൽ അല്ലാഹു പറയുന്നു: ويوم يعرض الذين كفروعلى النار – الى قوله عذاب الهون (സാരം : അവിശ്വാസികൾ നരകത്തിങ്കൽ പ്രദർശിപ്പിക്കപ്പെടുന്ന ദിവസം അവരോട് പറയപ്പെടും: നി ങ്ങളുടെ വിശിഷ്ട വസ്തുക്കളെയെല്ലാം ഐഹിക ജീവിതത്തിൽവെച്ച് നിങ്ങൾ പാഴാക്കിക്ക ളയുകയും, അവയെക്കൊണ്ടു നിങ്ങൾ സുഖമെടുക്കുകയും ചെയ്തു. ഇനി, ഇന്നു നിങ്ങൾ ക്ക് നിന്ദ്യതയുടെ ശിക്ഷ പ്രതിഫലം നൽകപ്പെടുന്നു.) (അഹ്ഖാഫ് 20) അല്ലാഹു തുടർന്നു പറയുന്നു:-

أَفَمَن كَانَ عَلَىٰ بَيِّنَةٍ مِّن رَّبِّهِۦ وَيَتْلُوهُ شَاهِدٌ مِّنْهُ وَمِن قَبْلِهِۦ كِتَـٰبُ مُوسَىٰٓ إِمَامًا وَرَحْمَةً ۚ أُو۟لَـٰٓئِكَ يُؤْمِنُونَ بِهِۦ ۚ وَمَن يَكْفُرْ بِهِۦ مِنَ ٱلْأَحْزَابِ فَٱلنَّارُ مَوْعِدُهُۥ ۚ فَلَا تَكُ فِى مِرْيَةٍ مِّنْهُ ۚ إِنَّهُ ٱلْحَقُّ مِن رَّبِّكَ وَلَـٰكِنَّ أَكْثَرَ ٱلنَّاسِ لَا يُؤْمِنُونَ ﴿١٧﴾

17 അപ്പോൾ യാതൊരുവനോ? അവൻ തന്റെ റബ്ബിങ്കൽനിന്നും വ്യക്തമായ ഒരു തെളിവോടെയാകുന്നു; അവങ്കൽ [റബ്ബിങ്കൽ] നിന്നുള്ള ഒരു സാക്ഷി അതിനെ തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു; (കൂടാതെ) അതിനു മുമ്പായി മാതൃക [വഴികാട്ടി]യും, കാരുണ്യവുമായിക്കൊണ്ട് മൂസായുടെ (വേദ) ഗ്രന്ഥമുണ്ടുതാനും. [ഇവനുണ്ടോ ഐഹിക ജീവിതത്തെ ലക്ഷ്യമാക്കുന്നവനെപ്പോലെ ഖുർആനിൽ അവിശ്വസിക്കുന്നു?!] (ഇങ്ങിനെയുള്ള) അക്കൂട്ടർ ഇതിൽ [ഖുർആനിൽ] വിശ്വസിക്കുന്നതാണ്. കക്ഷികളിൽനിന്ന് ഇതിൽ ആർ അവിശ്വസിക്കുന്നുവോ, എന്നാൽ നരകമത്രെ അവന്റെ വാഗ്ദത്ത സ്ഥാനം. ആകയാൽ, നീ ഇതിനെ സംബന്ധിച്ച് യാതൊരു സന്ദേഹത്തിലും ആയിരിക്കരുത്; നിശ്ചയമായും, ഇത് നിന്റെ റബ്ബിങ്കൽ നിന്നുള്ള യഥാർത്ഥമത്രെ. എങ്കിലും, മനുഷ്യരിൽ അധികപേരും വിശ്വസിക്കുന്നില്ല.

---

17 **أَفَمن** അപ്പോൾ യാതൊരുവനോ. **كَانَ** അവനായിരിക്കുന്നു, ആകുന്നു. **على بينة** വ്യക്തമായ തെളിവോടെ. **من ربه** തന്റെ റബ്ബിങ്കൽനിന്ന്. **ويتلوه** അതിനോട് അടുത്തു, (തുടർന്നു) കൊണ്ടുമിരിക്കുന്നു. **شاهد** ഒരു സാക്ഷി. **منه** അവങ്കൽനിന്നുള്ള. **ومن قبله** അതിന്റെ മുമ്പായി ഉണ്ടുതാനും. **كتاب موسى** മൂസായുടെ ഗ്രന്ഥം. **إماما** മാതൃകയായി-വഴികാട്ടിയായി. **ورحمةً** കാരുണ്യമായും. **أُولئك** അക്കൂട്ടർ. **يؤمنونَ به** ഇതിൽ (അതിൽ) വിശ്വസിക്കുന്നതാണ്, വിശ്വസിക്കും. **ومن يكْفُر** ആർ (വല്ലവനും) അവിശ്വസിക്കുന്നുവോ. **به** ഇതിൽ, അതിൽ. **من الأحزابِ** (സഖ്യ) കക്ഷികളിൽ നിന്ന്, (ശത്രു) സംഘങ്ങളിൽപെട്ട. **فَالنار** എന്നാൽ നരകം, നരകമത്രെ. **موعده** അവന്റെ വാഗ്ദത്തസ്ഥാനമത്രെ, വാഗ്ദത്തം. **فلا تك** ആകയാൽ നീ ആയിരിക്കരുത്. **في مرية** വല്ല സന്ദേഹത്തിലും. **منه** ഇതിനെ (അതിനെ) പ്പറ്റി. **إنه الحق** നിശ്ചയമായും അത് യഥാർത്ഥമാണ്. **من ربك** നിന്റെ റബ്ബിങ്കൽ (നിന്ന്). **ولكن** പക്ഷെ, എങ്കിലും. **أَكْثَرَ الناس** മനുഷ്യരിൽ അധികവും. **لا يؤمنونَ** വിശ്വസിക്കുന്നില്ല.

ഈ വചനത്തിൽ പ്രസ്താവിച്ചതിൻെറ താൽപര്യം ഇങ്ങിനെ വിവരിക്കാം: മനുഷ്യൻ സ്വതവേ തന്നെ തൻെറ രക്ഷിതാവിങ്കൽനിന്നു ലഭിച്ച വ്യക്തമായ ചില തെളിവുകളോടെയാണ് നിലകൊള്ളുന്നത്. ചിന്താശക്തി, വിവേചനബുദ്ധി, സത്യം സ്വീകരിക്കുവാനുള്ള നൈസർഗ്ഗികബോധം മുതലായവ അല്ലാഹു അവന് നൽകിയിട്ടുണ്ട്. അതിനെത്തുടർന്ന് അല്ലാഹുവിങ്കൽനിന്നുള്ള ഖുർആനാകുന്ന ഒരു സാക്ഷിയും അതിനെ പിൻതാങ്ങി അവയെ ശക്തിപ്പെടുത്തുന്നു. മാത്രമല്ല അതിനുമുമ്പ് തന്നെ മൂസാ (عليه السلام)നബി കൈക്കു അവതരിച്ചിട്ടുള്ള തൗറാത്താകുന്ന വേദ ഗ്രന്ഥവും നിലവിലുണ്ട്. അതാകട്ടെ, പിൻപറ്റുവാനും മാതൃകയാക്കുവാനും പര്യാപ്തമായ ഒരു അനുഗൃഹീത ഗ്രന്ഥവുമാണ്. അതും തന്നെ ഖുർആൻെറ സിദ്ധാന്തങ്ങളെ സത്യപ്പെടുത്തുകയും അതിൽ വിശ്വസിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഈ യാഥാർത്ഥ്യങ്ങളുടെ നേരെ കണ്ണടക്കാതെ അവയെ വിലയിരുത്തുന്ന ആളുകൾ ഖുർആനിലും അതിൻെറ സിദ്ധാങ്ങളിലും വിശ്വസിക്കുക തന്നെ ചെയ്യും. നേരെമറിച്ച് അവയുടെ നേരെ കണ്ണടച്ച് ഭൗതിക ജീവിതവും അതിലെ സുഖസൗകര്യങ്ങളും കൊണ്ടു തൃപ്തിഅടയുന്ന സത്യനിഷേധികളെപ്പോലെ അവർ ഒരിക്കലും അവിശ്വസിക്കുകയില്ല. അവിശ്വസിക്കുന്നവർ ഏതു കക്ഷിയിൽപെട്ടവരായിരുന്നാലും അവർക്കാധാരം നരകമായിരിക്കും. അവർ വിശ്വസിക്കാതിരിക്കുന്നതുകൊണ്ട് ഖുർആനെക്കുറിച്ച് ആരും യാതൊരു സംശയവും കരുതേണ്ടതില്ല. അത് അല്ലാഹു അവതരിപ്പിച്ച യഥാർത്ഥ സത്യം തന്നെയാണ്. പക്ഷേ, വേണ്ടത്ര തെളിവുകളുണ്ടായിരുന്നിട്ടും അധികമാളുകളും അതിൽ വിശ്വസിക്കുവാൻ കൂട്ടാക്കാതിരിക്കുകയാണെന്നുമാത്രം അതെ, അഹന്ത, ദുർവാശി, അനുകരണം, അന്ധവിശ്വാസം, അസൂയ, ഗർവ്വ്, ചിന്താവിഹീനത ആദിയായ പല കാരണങ്ങളാൽ വിശ്വസിക്കാത്തതാണവർ. അതുകൊണ്ടു ഖുർആൻ സത്യസന്ധമല്ലെന്നോ, അല്ലാഹുവിങ്കൽനിന്നുള്ളതല്ലെന്നോ വരുന്നില്ല.

فلاتك فى مرية منه (ആകയാൽ അതിനെ സംബന്ധിച്ച് നീ യാതൊരു സന്ദേഹത്തിലും ആയിരിക്കരുത്) എന്ന വാക്യത്തിലെ നിർദ്ദേശം നബി (ﷺ)യെക്കാൾ മറ്റുള്ളവരെ ബാധിക്കുന്നതാണ്. ഖുർആനെപ്പറ്റി ഒരു കാരണവശാലും ഒരുസംശയവും ഉണ്ടായിരിക്കുവാൻ അവകാശമില്ലാത്ത ആളാണല്ലോ നബി (ﷺ)തിരുമേനി. **بينة** (തെളിവ്) **شاهد** (സാക്ഷി) എന്നീ വാക്കുകൾകൊണ്ടുള്ള വിവക്ഷമേൽ വിവരിച്ചതിൽ നിന്നു മനസ്സിലായല്ലോ. വേറെ നിലക്കും ആ വാക്കുകൾക്ക് ഇവിടെ വിവക്ഷ നൽകപ്പെട്ടിട്ടുണ്ട്. കൂടുതൽ യുക്തമായി തോന്നിയ അഭിപ്രായമനുസരിച്ചാണ് ഈ വിവരണം നാം സ്വീകരിച്ചത്.

18 ആരാണ്, അല്ലാഹുവിൻെറ പേരിൽ വ്യാജം കെട്ടിച്ചമച്ചവനെക്കാൾ അക്രമിയായുള്ളവൻ?! [ആരുമില്ല] അക്കൂട്ടർ, തങ്ങളുടെ റബ്ബിങ്കൽ പ്രദർശിപ്പിക്കപ്പെടുന്നതാണ്; [ഹാജറാക്കപ്പെടുന്നതാണ്]; സാക്ഷികൾ പറയുകയും ചെയ്യും: ‘‘ഇക്കൂട്ടർ അല്ലാഹുവിൻെറ പേരിൽ വ്യാജം പറഞ്ഞവരാകുന്നു. അല്ലാ! (അറിഞ്ഞേക്കുക:) അല്ലാഹുവിൻെറ ശാപം അക്രമികളുടെ മേലുണ്ടാവട്ടെ;

وَمَنْ أَظْلَمُ مِمَّنِ ٱفْتَرَىٰ عَلَى ٱللَّهِ كَذِبًا ۚ أُو۟لَـٰٓئِكَ يُعْرَضُونَ عَلَىٰ رَبِّهِمْ وَيَقُولُ ٱلْأَشْهَـٰدُ هَـٰٓؤُلَآءِ ٱلَّذِينَ كَذَبُوا۟ عَلَىٰ رَبِّهِمْ ۚ أَلَا لَعْنَةُ ٱللَّهِ عَلَى ٱلظَّـٰلِمِينَ ﴿١٨﴾

19 അതായത്, അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിന്ന് തടയുകയും, അതിന് വക്രത (യുണ്ടാവണമെന്ന്) ആഗ്രഹിക്കുകയും ചെയ്യുന്നവരുടെ (മേൽ); അവരാകട്ടെ-പരലോകത്തിൽ അവിശ്വസിച്ചവരുമാണവർ.’’

ٱلَّذِينَ يَصُدُّونَ عَن سَبِيلِ ٱللَّهِ وَيَبْغُونَهَا عِوَجًا وَهُم بِٱلْـَٔاخِرَةِ هُمْ كَـٰفِرُونَ ﴿١٩﴾

18 **ومن** ആരാണ്. **أظلم** അധികം അക്രമി. **ممن افترى** കെട്ടിച്ചമച്ചവനേക്കാൾ. **على الله** അല്ലാഹുവിൻെറ പേരിൽ. **كذبا** വ്യാജം. **أولئك** അക്കൂട്ടർ. **يعرضون** അവർ പ്രദർശിപ്പിക്ക (കാട്ട-ഹാജരാക്ക)പ്പെടും. **على ربهم** അവരുടെ റബ്ബിങ്കൽ. **ويقول** പറയുകയും ചെയ്യും. **الأشهاد** സാക്ഷികൾ, ഹാജറുള്ളവർ (രംഗത്തുള്ളവർ). **هؤلاء** ഇക്കൂട്ടരത്രെ, ഇവർ. **الذين كذبوا** വ്യാജം (കള്ളം) പറഞ്ഞവർ. **على ربهم** തങ്ങളുടെ റബ്ബിൻെറ മേൽ. **ألا** അല്ലാ, അറിയുക. **لعنة الله** അല്ലാഹുവിൻെറ ശാപം. **على الظالمين** അക്രമികളുടെ മേൽ ഉണ്ടാവട്ടെ, ഉണ്ടായിരിക്കും. 19 **الذين يصدون** തിരിഞ്ഞുകളയുന്ന (തിരിച്ചു വിടുന്ന) വർ. **عن سبيل** മർഗ്ഗത്തിൽ നിന്ന്. **الله** അല്ലാഹുവിൻെറ. **ويبغونها** അതിന് ആഗ്രഹിക്കുകയും, തേടുകയും. **عوجا** വളവ്, വക്രത. **وهم** അവരാകട്ടെ. **بالآخرة** പരലോകത്തിൽ. **هم كافرون** അവർ അവിശ്വാസികളാണ് (താനും).

ഇഹത്തിൽ വെച്ചു അല്ലാഹുവിൻെറ പേരിൽ കള്ളം കെട്ടിപ്പറഞ്ഞുകൊണ്ടിരുന്ന ആളുകൾക്കു മഹ്ശർ മഹാസമ്മേളന സമയത്ത് അനുഭവപ്പെടാനിരിക്കുന്ന അപമാനവും വഷളത്തവും അല്ലാഹു മുൻകൂട്ടി അറിയിക്കുകയാണ്. അല്ലാഹുവിൻെറ മുമ്പിൽ അവർ അവിടെ ഹാജരാക്കപ്പെടുമ്പോൾ, അവരെ ചൂണ്ടിക്കൊണ്ടു അവർ മുമ്പ് ചെയ്തിരുന്ന അക്രമങ്ങളും അനീതികളും അവിടെ പരസ്യപ്പെടുത്തുകയും, അവർ ശപിക്കപ്പെട്ടവരായി പ്രഖ്യാപിക്കപ്പെടുകയും ചെയ്യുന്നു. അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിന്നു സ്വയം തെറ്റിപ്പോകുക, മറ്റുള്ളവരെ തെറ്റിപ്പിക്കുക, സത്യസനാതന മാർഗ്ഗത്തെ വക്രവും കൊള്ളരുതാത്തതുമായി ചിത്രീകരിക്കുക മുതലായ കൃത്യങ്ങളായിരുന്നുവല്ലോ അവർ ചെയ്തിരുന്നത്. അതെല്ലാം അവിടെവെച്ച് അവരെപ്പറ്റി പരസ്യപ്പെടുത്തപ്പെടും.

അല്ലാഹുവിനു സമന്മാരോ മക്കളോ ഉണ്ടെന്ന വാദം, അവൻെറ അടുക്കൽ വല്ലവരും ശുപാർശ നടത്തി തങ്ങൾക്കു രക്ഷകിട്ടുമെന്ന വാദം, പരലോകജീവിതത്തെയും പ്രതിഫല നടപടികളെയും കുറിച്ചുള്ള നിഷേധം, വേദഗ്രന്ഥങ്ങളും പ്രവാചകൻമാരും മുഖേന വ്യക്തമായി അറിയിക്കപ്പെട്ടിട്ടുള്ള കാര്യങ്ങളുടെ നിഷേധം, അവയെ കൽപിച്ചുകൂട്ടി ദുർവ്യാഖ്യാനം ചെയ്യൽ ആദിയായവയെല്ലാം അല്ലാഹുവിൻെറ പേരിൽ കള്ളം പറഞ്ഞുണ്ടാക്കൽ തന്നെ. സാക്ഷികൾ (الأشهاد) എന്നു പറഞ്ഞതിൽ, മലക്കുകൾ , പ്രവാചകൻമാർ, സജ്ജനങ്ങൾ എന്നിവരെല്ലാം ഉൾപെടുമായിരിക്കും. സ്വന്തം അവയവങ്ങൾ പോലും പാപികൾക്കെതിരായി സാക്ഷി പറയുമെന്ന് (41: 20; 36: 65 മുതലായ സ്ഥലങ്ങളിൽ) അല്ലാഹു അറിയിച്ചിട്ടുണ്ടുതാനും. സൂറത്തുൽ മുഅ്മിനിൽ അല്ലാഹു പറയുന്നു: أنا لننصر رسلنا والذين آمنوا – الي قوله سوء الدار (സാരം: ഐഹിക ജീവിതത്തിലും, സാക്ഷികൾ നിലകൊള്ളുന്ന ദിവസത്തിലും നമ്മുടെ റസൂലുകളെയും, വിശ്വസിച്ചവരെയും നിശ്ചയമായും നാം സഹായിക്കും. അതായത്, അക്രമികൾക്ക് അവരുടെ ഒഴികഴിവ് ഉപകാരം ചെയ്യാത്ത ദിവസത്തിൽ. അവർക്കു ശാപമുണ്ടായിരിക്കും. അവർക്കു കടുത്ത വാസസ്ഥലമുണ്ടായിരിക്കും. (40: 51, 52)

ഇബ്നുഉമർ (റ)ൽ നിന്നു അഹ്മദ്, ബുഖാരീ, മുസ്ലിം (ﷺ) മുതലായ പലരും ഉദ്ധരിച്ച ഒരു ഹദീസിൻെറ സാരം ഇങ്ങിനെയാകുന്നു. റസൂൽ (ﷺ)ഇപ്രകാരം പറയുന്നതു ഞാൻ കേട്ടിരിക്കുന്നു: ‘‘സത്യവിശ്വാസിയെ അല്ലാഹു അടുത്തുവരുത്തി അവൻെറ കാവലിലാക്കുകയും, (മറ്റു) മനുഷ്യരിൽ നിന്നു അവരെ മറച്ചു നിറുത്തുകയും, അവൻെറ പാപങ്ങളെ അവനെക്കൊണ്ടു ഏറ്റു പറയിക്കുകയും ചെയ്യും. അവനോട് അവൻ പറയും: ഇന്ന പാപം നിനക്കറിയാമോ? ഇന്ന പാപം നിനക്കറിയാമോ? അവൻ പറയും: റബ്ബേ, എനിക്കറിയാം. അങ്ങനെ അവൻെറ പാപങ്ങളെ അവനെക്കൊണ്ടു സമ്മതിപ്പിക്കുകയും, താൻ നാശത്തിൽ പതിച്ചു (ശിക്ഷക്കർഹനായി) എന്ന് അവനു മനസ്സിൽ തോന്നുകയും ചെയ്യുമ്പോൾ, അല്ലാഹു: എന്നാൽ, ഇഹത്തിൽവെച്ച് നിനക്കു ഞാൻ അവയെ (മറ്റുള്ളവർ

കാണാതെ) മറച്ചു തന്നു. ഇന്നു നിനക്കു ഞാൻ അവയെ പൊറുത്തു തരുന്നു. പിന്നീട് അവൻെറ നൻമകൾ രേഖപ്പെടുത്തിയ ഗ്രന്ഥം അവനു നൽകപ്പെടും. അവിശ്വാസിയും, കപടവിശ്വാസിയുമാകട്ടെ, അവരെക്കുറിച്ചു സാക്ഷികൾ പറയും: ..... هؤلاء الذين كذبوا على ربهم (ഇക്കൂട്ടർ, അല്ലാഹുവിൻെറ പേരിൽ കളവു പറഞ്ഞവരാണ്. അല്ലാ അറിഞ്ഞേക്കുക: അല്ലാഹുവിൻെറ ശാപം അക്രമികളുടെ മേലുണ്ടാവട്ടെ)'' ഈ അക്രമികളെപ്പറ്റി അല്ലാഹു തുടർന്നു പറയുന്നു:-

أُوْلَٰٓئِكَ لَمۡ يَكُونُواْ مُعۡجِزِينَ فِي ٱلۡأَرۡضِ وَمَا كَانَ لَهُم مِّن دُونِ ٱللَّهِ مِنۡ أَوۡلِيَآءَۘ يُضَٰعَفُ لَهُمُ ٱلۡعَذَابُۚ مَا كَانُواْ يَسۡتَطِيعُونَ ٱلسَّمۡعَ وَمَا كَانُواْ يُبۡصِرُونَ ﴿٢٠﴾

20 അക്കൂട്ടർ, ഭൂമിയിൽവെച്ച് (അല്ലാഹുവിനെ) അശക്തരാ(ക്കി തോൽപി)ക്കുന്നവരായിരുന്നില്ല; അല്ലാഹുവിനെ കൂടാതെ അവർക്ക് യാതൊരു രക്ഷാകർത്താക്കളും ഉണ്ടായിരുന്നുമില്ല. അവർക്ക് ശിക്ഷ ഇരട്ടിയായി നൽകപ്പെടുന്നതാണ്. അവർക്ക് കേൾക്കുവാൻ സാധ്യമായിരുന്നില്ല; അവർ കണ്ടറിഞ്ഞിരുന്നതുമില്ല.

---

20 أُولَئِكَ അക്കൂട്ടർ. لَمْ يَكُونُوا അവരായിരുന്നില്ല, ആയിട്ടല്ല. مُعجِزِين അസാധ്യ (അശക്ത)മാക്കുന്ന (തോൽപിക്കുന്ന) വർ. فِي الأَرْض ഭൂമയിൽ വെച്ച്. وما كانَ ഉണ്ടായിരുന്നതുമില്ല. لَهُم അവർക്ക്. من دُونِ اللَّهِ അല്ലാഹുവിന് പുറമെ, അല്ലാഹുവിനെ കൂടാതെ. من أولياءَ രക്ഷാകർത്താക്കളിൽനിന്ന് (ആരും) ബന്ധുമിത്രങ്ങളായി (ഒരുവരും). يُضاعَف ഇരട്ടിയായി നൽകപ്പെടും. لَهُم അവർക്ക്. العَذَابُ ശിക്ഷ. ما كانُوا അവരായിരുന്നില്ല. يَستَطِيعُونَ അവർ (ക്കു) സാധ്യമാകു (മായിരുന്നില്ല). السمعَ കേൾക്കുവാൻ. وما كانُوا അവരായിരുന്നതുമില്ല. يُبصِرُونَ അവർ കണ്ടറിയും.

വേണ്ടുന്നതൊന്നും കേട്ടു മനസ്സിലാക്കുവാനോ, കണ്ടറിയുവാനോ കൂട്ടാക്കാത്ത നിലപാടാണവർ ഇഹത്തിൽ വെച്ചു കൈക്കൊണ്ടിരുന്നത്. അതാണവർക്ക് ഇത്രയും കടുത്ത അനുഭവം നേരിടുവാൻ കാരണം വല്ല അഭയമോ സഹായമോ സമ്പാദിച്ചുകൊണ്ട് അല്ലാഹുവിൻെറ പിടിയിൽ പെടാതെ അവനെ തോൽപിച്ചു രക്ഷപ്പെടുമാറുള്ള രക്ഷാകർത്താക്കളും ഭൂമിയിൽ അവർക്കുണ്ടായിരുന്നതുകൊണ്ടൊന്നുമല്ല ഇഹലോകത്തുവെച്ച് അല്ലാഹു അവരെ ശിക്ഷിക്കാതിരുന്നത്. ശിക്ഷാനടപടി പരലോകത്തുവെച്ചായിരിക്കുമെന്നുള്ള അവൻെറ നിശ്ചയം അനുസരിച്ചാകുന്നു അത് എന്നു സാരം. അവരുടെ കുറ്റത്തിൻെറഗൗരവത്തിനും കാഠിന്യത്തിനും പുറമെ, മറ്റുള്ളവരെക്കൂടി വഴിതെറ്റിക്കുന്നവരായിരുന്നുവല്ലോ അവർ. അതാണവർക്കു ഇരട്ടിക്കണക്കിൽ ശിക്ഷ ലഭിക്കുവാനുള്ള കാരണം, വീണ്ടും അല്ലാഹു തുടരുന്നു:-

أُوْلَٰٓئِكَ ٱلَّذِينَ خَسِرُوٓاْ أَنفُسَهُمۡ وَضَلَّ عَنۡهُم مَّا كَانُواْ يَفۡتَرُونَ ﴿٢١﴾

21 അക്കൂട്ടരത്രെ, തങ്ങളെത്തന്നെ (സ്വയം) നഷ്ടപ്പെടുത്തിയവർ. അവർ കെട്ടിച്ചമച്ചിരുന്നത് (എല്ലാം) അവരെ വിട്ടു തെറ്റി (മറഞ്ഞു) പോകുകയും ചെയ്യുന്നതാണ്.

لَا جَرَمَ أَنَّهُمۡ فِي ٱلۡأٓخِرَةِ هُمُ ٱلۡأَخۡسَرُونَ ﴿٢٢﴾

22 നിസ്സംശയമത്രെ, അവർ തന്നെയാണ് പരലോകത്തിൽ ഏറ്റവും നഷ്ടക്കാർ എന്നുള്ളത്!

---

21 أُولَئِكَ അക്കൂട്ടർ. الَّذِينَ خَسِرُوا നഷ്ടപ്പെടുത്തിയവരാണ്. أَنفُسَهُم തങ്ങളുടെ സ്വന്തങ്ങളെ, ദേഹങ്ങളെ (തങ്ങളെത്തന്നെ). وَضَلَّ പിഴച്ചു (തെറ്റി-മറഞ്ഞു-പാഴായി) പോകുകയും ചെയ്യും. عَنهُم

അവരെ വിട്ട്, അവരിൽനിന്ന്. **ما كانوا** അവരായിരുന്നത്. **يفترون** അവർ കെട്ടിച്ചമക്കും. 22 **لا جرم** കുറ്റമല്ല, തെറ്റല്ല, നിസ്സംശയം (യഥാർത്ഥം തന്നെ -സത്യമായും) വിരോധമില്ല, ഒഴിവില്ല. **أنهم** അവർ (ആകുന്നു) എന്നത്. **في الآخرة** പരലോകത്തിൽ. **هم** അവർ തന്നെ (യാണ്). **الأخسرون** അധികം നഷ്ടപ്പെട്ടവർ (എന്നത്).

لاجرم (ലാ-ജറമ) എന്ന വാക്കിന്റെ ഘടനയെയും സാക്ഷാൽ അർത്ഥത്തെയും കുറിച്ചു ഭാഷാപണ്ഡിതന്മാർക്കിടയിൽ പല അഭിപ്രായങ്ങളാണുള്ളത്. എങ്കിലും അതിന്റെ തൊട്ടുപറയുന്ന കാര്യം സംശയ രഹിതവും, ന്യായയുക്തവുമാണെന്ന അർത്ഥത്തിലാണതിന്റെ പ്രയോഗം എന്നുള്ളതിൽ എല്ലാവരും യോജിക്കുന്നു.

അവിശ്വാസികളായ അക്രമകാരികളുടെ പര്യവസാനത്തെപ്പറ്റി വിവരിച്ചശേഷം സത്യവിശ്വാസികളായ സൽക്കർമ്മികളുടെ ഭാവി എന്തായിരിക്കുമെന്നു തുടർന്നുവിവരിക്കുന്നു:

23 നിശ്ചയമായും, വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും, തങ്ങളുടെ റബ്ബിങ്കലേക്ക് (മടങ്ങി) വിനയപ്പെടുകയും ചെയ്തിട്ടുള്ളവർ, അക്കൂട്ടർ -സ്വർഗ്ഗത്തിന്റെ ആൾക്കാരാകുന്നു. അവരതിൽ നിത്യവാസികളായിരിക്കും.

إِنَّ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ وَأَخْبَتُوٓا۟ إِلَىٰ رَبِّهِمْ أُو۟لَـٰٓئِكَ أَصْحَـٰبُ ٱلْجَنَّةِ ۖ هُمْ فِيهَا خَـٰلِدُونَ ﴿٢٣﴾

---

23 **إن** നിശ്ചയമായും. **الذين آمنوا** വിശ്വസിച്ചവർ. **وعملوا** പ്രവർത്തിക്കുകയും ചെയ്തു. **الصالحات** സൽക്കർമ്മങ്ങൾ. **وأخبتوا** വിനയപ്പെടുക (ഭക്തിപ്പെടുക) യും ചെയ്തു. **إلى ربهم** തങ്ങളുടെ റബ്ബിങ്കലേക്ക്. **أولئك** അക്കൂട്ടർ. **أصحاب الجنة** സ്വർഗ്ഗക്കാരാകുന്നു. **هم فيها** അവർ അതിൽ. **خالدون** നിത്യവാസികളാണ്.

സത്യവിശ്വാസികളുടെ പര്യവസാനത്തെപ്പറ്റി ചുരുക്കി വിവരിച്ചശേഷം രണ്ടുകൂട്ടരുടെയും ഇടക്കു ഉപമാരൂപത്തിൽ ഒരു താരതമ്യം ചൂണ്ടിക്കാട്ടുന്നു:-

24 (ഈ) രണ്ടു കൂട്ടരുടെയും ഉപമ, അന്ധനും ബധിരനും, കാണുന്നവനും കേൾക്കുന്നവനും(എന്ന)പോലെയാകുന്നു. ഇവർ (രണ്ടു കൂട്ടരും) ഉപമയിൽ സമമാകുമോ?! അപ്പോൾ, നിങ്ങൾ ആലോചിച്ചു നോക്കുന്നില്ലേ?!

۞ مَثَلُ ٱلْفَرِيقَيْنِ كَٱلْأَعْمَىٰ وَٱلْأَصَمِّ وَٱلْبَصِيرِ وَٱلسَّمِيعِ ۚ هَلْ يَسْتَوِيَانِ مَثَلًا ۚ أَفَلَا تَذَكَّرُونَ ﴿٢٤﴾

---

24 **مثل** ഉപമ, ഉദാഹരണം, മാതൃക. **الفريقين** രണ്ടുകൂട്ടരുടെ (സംഘങ്ങളുടെ). **كالأعمى** അന്ധനെപ്പോലെയാണ്. **والأصم** ബധിരനെയും. **والبصير** കാണുന്നവനെയും. **والسميع** കേൾക്കുന്നവനെയും. **هل يستويان** ഈരണ്ട് കൂട്ടർ സമമാകുമോ, ഒപ്പമാകുമോ. **مثلاً** ഉപമയിൽ. **أفلا تذكرون** അപ്പോൾ നിങ്ങൾ ആലോചിക്കുന്നില്ലേ.

അവിശ്വാസികളെ അന്ധന്മാരോടും ബധിരൻമാരോടും, സത്യവിശ്വാസികളെ നേരെമറിച്ച് കാഴ്ചയും കേൾവിയും ഉള്ളവരോടും ഉപമിപ്പിച്ചിരിക്കുകയാണ്.

വിഭാഗം-3

നബി (ﷺ)യെയും, ഖുര്‍ആനെയും നിഷേധിക്കുന്ന ഈ മുശ്‌രിക്കുകളെപ്പോലെ, മുന്‍ പ്രവാചകന്‍മാരെയും അവരുടെ പ്രബോധനങ്ങളെയും നിഷേധിച്ചിരുന്ന ചില സമുദായങ്ങളുടെ കഥകളാണു തുടര്‍ന്നു വിവരിക്കുന്നത്. ഒന്നാമത്തെ സമുദായമായ നൂഹ് (عليه السلام)നബിയുടെ സമുദായത്തിന്‍റെ കഥകൊണ്ടുതന്നെ അതാരംഭിക്കുകയും ചെയ്യുന്നു:-

وَلَقَدْ أَرْسَلْنَا نُوحًا إِلَىٰ قَوْمِهِۦٓ إِنِّى لَكُمْ نَذِيرٌ مُّبِينٌ ﴿٢٥﴾

25 നൂഹിനെ അദ്ദേഹത്തിന്‍റെ ജനതയിലേക്ക് നാം അയക്കുകയുണ്ടായി; (അദ്ദേഹം പറഞ്ഞു:) ''നിശ്ചയമായും, ഞാന്‍ നിങ്ങള്‍ക്ക് സ്പഷ്ടമായ ഒരു താക്കീതുകാരനാകുന്നു;

أَن لَّا تَعْبُدُوٓا۟ إِلَّا ٱللَّهَ ۖ إِنِّىٓ أَخَافُ عَلَيْكُمْ عَذَابَ يَوْمٍ أَلِيمٍ ﴿٢٦﴾

26 (അതായത്) നിങ്ങള്‍ അല്ലാഹുവിനെയല്ലാതെ ആരാധിക്കരുതെന്ന്. വേദനയേറിയ ഒരു ദിവസത്തിലെ ശിക്ഷയെ നിങ്ങളുടെ മേല്‍ ഞാന്‍ ഭയപ്പെടുന്നു.''

فَقَالَ ٱلْمَلَأُ ٱلَّذِينَ كَفَرُوا۟ مِن قَوْمِهِۦ مَا نَرَىٰكَ إِلَّا بَشَرًا مِّثْلَنَا وَمَا نَرَىٰكَ ٱتَّبَعَكَ إِلَّا ٱلَّذِينَ هُمْ أَرَاذِلُنَا بَادِىَ ٱلرَّأْىِ وَمَا نَرَىٰ لَكُمْ عَلَيْنَا مِن فَضْلٍۭ بَلْ نَظُنُّكُمْ كَٰذِبِينَ ﴿٢٧﴾

27 അപ്പോള്‍, അദ്ദേഹത്തിന്‍റെ ജനതയില്‍ നിന്ന് അവിശ്വസിച്ചവരായ പ്രധാനികള്‍ പറഞ്ഞു: ''ഞങ്ങളെപ്പോലെയുള്ള ഒരു മനുഷ്യനായിട്ടല്ലാതെ നിന്നെ ഞങ്ങള്‍ കാണുന്നില്ല; ഞങ്ങളില്‍ ഏറ്റവും താണവരായുള്ളവരല്ലാതെ-(അതും)പ്രഥമ വീക്ഷണത്തില്‍ (ചിന്തിക്കാതെ)- നിന്നെ (ആരും) പിന്‍പറ്റിയതായി ഞങ്ങള്‍ കാണുന്നുമില്ല; ഞങ്ങളെക്കാള്‍ നിങ്ങള്‍ക്ക് വല്ല ശ്രേഷ്ഠതയും (ഉള്ളതായും) ഞങ്ങള്‍ കാണുന്നില്ല. എന്നല്ല, നിങ്ങളെ വ്യാജം പറയുന്നവരായാണ് ഞങ്ങള്‍ കരുതുന്നത്.''

---

25 **ولقد أرسلنا** നാം അയക്കുകയുണ്ടായി, അയച്ചിട്ടുണ്ട്. **نوحا** നൂഹിനെ. **إلى قومه** തന്‍റെ ജനതയിലേക്ക്. **إني** നിശ്ചയമായും ഞാന്‍. **لكم** നിങ്ങള്‍ക്ക്. **نذير** താക്കീത് (മുന്നറിയിപ്പ്) കാരനാണ്. **مبين** സ്പഷ്ടമായ. 26 **أن لا تعبدوا** നിങ്ങള്‍ ആരാധിക്കരുതെന്ന്. **إلا الله** അല്ലഹുവിനെയല്ലാതെ. **إني أخاف** നിശ്ചയമായും ഞാന്‍ ഭയപ്പെടുന്നു. **عليكم** നിങ്ങളുടെ മേല്‍. **عذاب يوم** ഒരു ദിവസത്തിലെ ശിക്ഷ. **أليم** വേദനയേറിയ. 27 **فقال** അപ്പോള്‍ പറഞ്ഞു. **الملأ** പ്രമാണികള്‍, പ്രധാനികള്‍, സംഘക്കാര്‍. **الذين كفروا** അവിശ്വസിച്ചവരായ. **من قومه** അദ്ദേഹത്തിന്‍റെ ജനതയില്‍ നിന്ന്. **ما نراك** നിന്നെ ഞങ്ങള്‍ കാണുന്നില്ല. **إلا بشرا** ഒരു മനുഷ്യനായല്ലാതെ. **مثلنا** ഞങ്ങളെപ്പോലെയുള്ള. **وما نراك** നിന്നെ ഞങ്ങള്‍ കാണുന്നുമില്ല. **اتبعك** നിന്നെ പിന്‍പറ്റിയതായി. **إلا الذين** യാതൊരു കൂട്ടരൊഴികെ. **هم** അവര്‍. **أراذلنا** ഞങ്ങളിലെ ഏറ്റം താണവരാണ്, അധമരാണ്. **بادي الرأي** പ്രഥമമായ അഭിപ്രായത്തില്‍, പ്രഥമവീക്ഷണത്തില്‍. **وما نرى** ഞങ്ങള്‍ കാണുന്നുമില്ല. **لكم** നിങ്ങള്‍ക്ക്. **علينا** ഞങ്ങളെക്കാള്‍. **من فضل** ഒരു ശ്രേഷ്ഠതയും. **بل** പക്ഷെ എന്നല്ല. **نظنكم** നിങ്ങളെ ഞങ്ങള്‍ കരുതുന്നു, ഭാവിക്കുന്നു. **كاذبين** വ്യാജം പറയുന്നവരായി.

സത്യനിഷേധികളായ ആ പ്രമാണിവര്‍ഗ്ഗത്തിന്‍റെ മറുപടിയില്‍നിന്ന് അവരുടെ അഹന്തയും മൂഢതയും ഒരുപോലെ വ്യക്തമാകുന്നതാണ്. 1-ാമതായി: നൂഹ് (عليه السلام)ഒരു മനുഷ്യനാണ്-മലക്കല്ല-എന്നാണവരുടെ ആരോപണം. മനുഷ്യരെ ഉപദേശിക്കുവാന്‍ മനുഷ്യനല്ലാ

തെ പറ്റുകയില്ലെന്നും, മലക്ക് ഉപദേശകനായി നിയോഗിക്കപ്പെടുന്നത് അപ്രായോഗികമാണെന്നും അവർ മനസ്സിലാക്കിയില്ല. താണതരക്കാരായആളുകളാണ് അദ്ദേഹത്തെ പിൻപറ്റിയിരിക്കുന്നത്; അതാകട്ടെ, ശരിക്കും ആലോചിക്കാതെ പ്രഥമദൃഷ്ടിയിൽ അദ്ദേഹത്തിൻെറ ഉപദേശം ശരിയാണെന്നു ധരിച്ചുവശായതുമാണ്. ഇതാണ് 2-ാമത്തെ ആരോപണം. ഔന്നത്യത്തിൻെറ കുത്തകവാദവും, അധമത്വത്തിൻെറ മുദ്രകുത്തലും പ്രമാണിവർഗ്ഗത്തിൻെറ എക്കാലത്തുമുള്ള പതിവാണ്. ഒരു കാര്യം സത്യമോ ന്യായമോ ആണെന്നുള്ളതിൻെറ ലക്ഷണം അക്കാര്യം സ്വീകരിക്കുന്നവർ പ്രമാണികളോ താണ നിലവാരത്തിലുള്ളവരോ ആയിരിക്കലല്ലല്ലോ. മാത്രമല്ല, മിക്കവാറും എല്ലായ്പ്പോഴും സത്യം സ്വീകരിക്കുവാൻ ആദ്യം മുന്നോട്ടുവരുക ദുർബ്ബല വിഭാഗക്കാരും സാധാരണക്കാരുമായിരിക്കും താനും. പ്രമാണി വർഗ്ഗത്തിൻെറ അഹന്തയും ദുരഭിമാനവും അതിനു വിലങ്ങുതടിയായിരിക്കലാണ് പതിവ്.

ഏതൊരു റസൂലിനെയും അയക്കുമ്പോൾ, അതതു നാട്ടിലെ സുഖലോലുപൻമാരായ ആളുകൾ തങ്ങളുടെ പൂർവ്വാചാരങ്ങളെ കൈവിടുവാൻ വിസമ്മതിക്കാതിരുന്നിട്ടില്ല എന്ന് അല്ലാഹുതന്നെ (43:23ൽ) പ്രസ്താവിച്ചിട്ടുള്ളതാണ്. റോമാചക്രവർത്തിയായ ഹിറഖ്‌ലിയൂസിനെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ടു നബി (ﷺ)തിരുമേനിയുടെ കത്ത് കിട്ടിയപ്പോൾ, അദ്ദേഹം ശാമിലുണ്ടായിരുന്ന അബൂസുഫ്‌യാനെ(റ)വിളിപ്പിച്ച് നബി(ﷺ)യെപ്പറ്റി പലതും അന്വേഷിച്ചറിഞ്ഞ കൂട്ടത്തിൽ നബി (ﷺ)യെ പിൻപറ്റിക്കൊണ്ടിരിക്കുന്നത് പ്രമാണി വിഭാഗമോ, ദുർബ്ബലവിഭാഗമോ എന്നു ചോദിക്കുകയുണ്ടായി. ദുർബ്ബല വിഭാഗത്തിൽപെട്ടവരാണെന്നായിരുന്നു അബൂസുഫ്‌യാൻെറ (رضي الله عنه) മറുപടി. റസൂലുകളുടെ അനുയായികൾ അങ്ങിനെത്തന്നെ ആയിരിക്കുമെന്ന് അപ്പോൾ ഹിറഖ്‌ലിയൂസ് പറയുകയുണ്ടായി. നൂഹ് (عليه السلام) നബിയിൽ വിശ്വസിച്ചിരുന്നവർ ചെരിപ്പുപണിക്കാരും മറ്റുമായിരുന്നുവെന്നാണ് പറയപ്പെടുന്നത്. അല്ലാഹുവിനറിയാം, നബി (ﷺ)തിരുമേനിയിൽആദ്യമാദ്യം വിശ്വസിച്ച പലരും ദുർബ്ബലരും സാധുക്കളുമായിരുന്നുവെന്നുള്ളതു പ്രസിദ്ധമാണല്ലോ.

നൂഹ് (عليه السلام)നെ പിൻപറ്റിയ ആ നിസ്സാരൻമാർപോലും നൂഹ് (عليه السلام)പറയുന്നതിൻെറ ന്യായാന്യായതകളെപ്പറ്റി ചിന്തിക്കാതെ വഞ്ചിതരായതാണെന്നാണല്ലോ പ്രമാണി വർഗ്ഗത്തിൻെറ ആരോപണം. പ്രവാചകൻമാരുടെ ദൗത്യസന്ദേശങ്ങൾ വക്രതയില്ലാത്തതും, പ്രഥമ വീക്ഷണംകൊണ്ടു തന്നെ സത്യത ബോധ്യപ്പെടുന്നതുമായിരിക്കും. അവിടെ വിമർശനത്തിനോ കൂടുതൽ ചിന്തക്കോ ആവശ്യമുണ്ടായിരിക്കയില്ല. അതേ സമയത്തു പ്രമാണിവർഗ്ഗത്തിൽ സ്വഭാവികമായും ഉണ്ടാകുന്ന ദുസ്വാർത്ഥങ്ങളൊന്നും സാധാരണക്കാരെ തീണ്ടിയിരിക്കുകയുമില്ലല്ലോ. അതുകൊണ്ടാണു സാധാരണക്കാർ പ്രവാചകൻമാരെ പിൻപറ്റുവാൻ മടികൂടാതെ മുമ്പോട്ടുവരുവാൻ കാരണമാകുന്നത്. നിഷേധികളുടെ 3-ാമത്തെ ആക്ഷേപം, നൂഹ് (عليه السلام)നബിക്കും അദ്ദേഹത്തിൽ വിശ്വസിച്ചവർക്കും തങ്ങളേക്കാൾ മെച്ചപ്പെട്ട യോഗ്യതകളൊന്നും കാണുന്നില്ലെന്നുള്ളതാണ്. അവരുടെ ദൃഷ്ടിയിൽ ധനം, പ്രതാപം മുതലായ ഭൗതിക നേട്ടങ്ങളാണല്ലോ യോഗ്യതയുടെ അളവുകോൽ. ആത്മീയാഭിവൃദ്ധി, മനസംസ്കാരം, സാൻമാർഗ്ഗികനിഷ്ഠപോലുള്ള ഗുണങ്ങളൊന്നും അവരുടെ ദൃഷ്ടിയിൽ യോഗ്യതയായി കാണുകയുമില്ല. ആ സ്ഥിതിക്കു ഈ ആക്ഷപവും പരിഗണനീയമാകുന്നില്ല.

28 അദ്ദേഹം പറഞ്ഞു: ''എൻെറ ജനങ്ങളേ, നിങ്ങൾ കണ്ടുവോ (പറയുവിൻ): ഞാൻ എൻെറ റബ്ബിങ്കൽ നിന്നുള്ള വ്യക്തമായ തെളിവോടെ ആയിരിക്കുകയും, അവൻെറ പക്കൽനിന്നുള്ള ഒരു കാരുണ്യം എനിക്ക് അവൻ നൽകിയിരിക്കുകയുമാണെങ്കിൽ,- എന്നിട്ട്, നിങ്ങൾക്കത് (കണ്ടറിയുവാൻ കഴിയാതെ) അന്ധമാക്കപ്പെ

قَالَ يَٰقَوْمِ أَرَءَيْتُمْ إِن كُنتُ عَلَىٰ بَيِّنَةٍ مِّن رَّبِّى وَءَاتَىٰنِى رَحْمَةً مِّنْ عِندِهِۦ فَعُمِّيَتْ عَلَيْكُمْ أَنُلْزِمُكُمُوهَا وَأَنتُمْ لَهَا كَٰرِهُونَ ﴿٢٨﴾

ടുകയും ചെയ്തിരിക്കുന്നു (വെങ്കിൽ എന്തു ചെയ്യും)?! നിങ്ങൾ അതിനെ വെറുക്കുന്നവരായിരിക്കെ, അതിന് നിങ്ങളെ ഞങ്ങൾ നിർബ്ബന്ധം ചെലുത്തുകയോ?!''

---

28 **قَالَ** അദ്ദേഹം പറഞ്ഞു. **يا قوم** എന്റെ ജനങ്ങളേ. **أرأيتم** നിങ്ങൾ കണ്ടുവോ (പറയുവിൻ). **إن كُنتُ** ഞാനാകുന്നുവെങ്കിൽ. **على بينة** തെളിവിൻമേൽ, തെളിവോടെ. **من ربي** എന്റെ റബ്ബിങ്കൽനിന്ന്. **وآتاني** അവൻ എനിക്ക് നൽകുകയും ചെയ്തു. **رحمةً** കാരുണ്യം. **من عنده** അവന്റെ പക്കൽനിന്ന്. **فعميت** എന്നിട്ട് അത് അന്ധമാക്കപ്പെട്ടു (കാണാൻ കഴിയാതായി). **عليكُم** നിങ്ങൾക്ക്. **أنلزمكُموها** അതിന് നിങ്ങളെ (നിങ്ങളോട്) ഞങ്ങൾ നിർബന്ധിക്കുമോ. **وأنتم** നിങ്ങളായിരിക്കെ. **لها** അതിനെ, അതിനോട്. **كَارِهونَ** വെറുക്കുന്നവർ, അതൃപ്തർ.

തെളിവ് വളരെ വ്യക്തമായിരുന്നിട്ടും നിങ്ങൾക്കതുകണ്ടു മനസ്സിലാക്കുവാൻ കഴിയാതെ വരുകയാണെങ്കിൽ വേണ്ടാ, നിങ്ങൾ വിശ്വസിച്ചേ തീരൂ എന്നു ഞങ്ങൾ നിങ്ങളെ നിർബന്ധിക്കുന്നില്ല. നിർബന്ധത്തിന്റെ പ്രശ്നമേ ഇതിലില്ല എന്നു സാരം. കാരുണ്യം (رحمة) കൊണ്ടുദ്ദേശ്യം അദ്ദേഹത്തിനു ലഭിച്ച പ്രവാചകത്വവും ദിവ്യസന്ദേശങ്ങളുമാകുന്നു. ഇതു രണ്ടും അല്ലാഹുവിന്റെ കാരുണ്യംകൊണ്ടുമാത്രം സിദ്ധിക്കുന്നതാണല്ലോ. അദ്ദേഹം തുടരുന്നു:-

وَيَٰقَوْمِ لَآ أَسْـَٔلُكُمْ عَلَيْهِ مَالًا ۖ إِنْ أَجْرِىَ إِلَّا عَلَى ٱللَّهِ ۚ وَمَآ أَنَا۠ بِطَارِدِ ٱلَّذِينَ ءَامَنُوٓا۟ ۚ إِنَّهُم مُّلَٰقُوا۟ رَبِّهِمْ وَلَٰكِنِّىٓ أَرَىٰكُمْ قَوْمًا تَجْهَلُونَ ﴿٢٩﴾

29 ''എന്റെ ജനങ്ങളേ, ഇതിന്റെ [ഈ പ്രബോധനത്തിന്റെ] പേരിൽ ഞാൻ നിങ്ങളോട് (പ്രതിഫലമായി) യാതൊരു ധനവും ചോദിക്കുന്നില്ല. എന്റെ പ്രതിഫലം അല്ലാഹുവിന്റെ മേലല്ലാതെ (ബാധ്യത) ഇല്ല. ഞാൻ വിശ്വസിച്ചവരെ ആട്ടിക്കളയുന്നവനല്ലതാനും. (കാരണം) അവർ തങ്ങളുടെ റബ്ബുമായി കണ്ടു മുട്ടുന്നവരാകുന്നു. എങ്കിലും ഞാൻ, നിങ്ങളെ അറിഞ്ഞു കൂടാത്ത ഒരു (മൂഢ) ജനതയായി കാണുന്നു.''

وَيَٰقَوْمِ مَن يَنصُرُنِى مِنَ ٱللَّهِ إِن طَرَدتُّهُمْ ۚ أَفَلَا تَذَكَّرُونَ ﴿٣٠﴾

30 ''എന്റെ ജനങ്ങളേ, ഞാനവരെ ആട്ടിവിട്ടാൽ, ആരാണ് അല്ലാഹുവിൽ നിന്ന് എന്നെ സഹായി(ച്ചു രക്ഷി)ക്കുന്നത്?! അപ്പോൾ, നിങ്ങൾ (ഒട്ടും) ആലോചിച്ചു നോക്കുന്നില്ലേ?!''

وَلَآ أَقُولُ لَكُمْ عِندِى خَزَآئِنُ ٱللَّهِ وَلَآ أَعْلَمُ ٱلْغَيْبَ وَلَآ أَقُولُ إِنِّى مَلَكٌ وَلَآ أَقُولُ لِلَّذِينَ تَزْدَرِىٓ أَعْيُنُكُمْ لَن يُؤْتِيَهُمُ ٱللَّهُ خَيْرًا ۖ ٱللَّهُ أَعْلَمُ بِمَا فِىٓ أَنفُسِهِمْ ۖ إِنِّىٓ إِذًا لَّمِنَ ٱلظَّٰلِمِينَ ﴿٣١﴾

31 ''(ജനങ്ങളേ) അല്ലാഹുവിന്റെ ഖജനാക്കൾ എന്റെ പക്കലുണ്ടെന്ന് ഞാൻ നിങ്ങളോട് പറയുന്നുമില്ല; ഞാൻ അദൃശ്യകാര്യം അറിയുകയുമില്ല; ഞാൻ ഒരു മലക്കാണെന്ന് ഞാൻ പറയുന്നുമില്ല; നിങ്ങളുടെ കണ്ണുകൾ അവഗണിച്ചു (നിസ്സാരമാക്കി) കൊണ്ടിരിക്കുന്നവരെക്കുറിച്ച് ''അവർക്ക് അല്ലാഹു ഒരു ഗുണവും നൽകുന്നതേയല്ല'' എന്നും ഞാൻ പറയുന്നില്ല. അവരുടെ സ്വന്തങ്ങളിൽ (അഥവാ മനസ്സുകളിൽ)ഉള്ളതിനെപ്പറ്റി അ

ല്ലാഹു നല്ലവണ്ണം അറിയുന്നവനാണ്. നിശ്ചയമായും ഞാൻ (അങ്ങിനെ പറ ഞ്ഞാൽ) അപ്പോൾ അക്രമികളിൽ പെട്ട വൻ തന്നെയായിരിക്കും.''

---

29 ويا قوم എന്റെ ജനങ്ങളെ. لا أسألكم ഞാൻ നിങ്ങളോട് ചോദിക്കു (ആവശ്യപ്പെടു)ന്നില്ല. عليه ഇതിന്റെ പേരിൽ, ഇതിന്. مالاً ഒരു ധനവും. إنْ أجري എന്റെ പ്രതിഫലമല്ല. إلا അല്ലാതെ, ഒഴികെ. على الله അല്ലാഹുവിന്റെ മേൽ. وما أنا ഞാനല്ലതാനും. بطارد ആട്ടിക്കളയുന്നവനേ. الذين آمنوا വിശ്വാസിച്ചവരെ. إنهم നിശ്ചയമായും അവർ. ملاقو കണ്ടുമുട്ടുന്നവരാകുന്നു. ربهم അവരുടെ റബ്ബുമായി. ولكني എങ്കിലും ഞാൻ. أراكُم നിങ്ങളെ ഞാൻ കാണുന്നു. قوما ഒരു ജനതയായി. تجهلونَ അറിയാത്ത (വിഡ്ഢികളായ). 30 ويا قوم എന്റെ ജനങ്ങളെ. من ينصرني എന്നെ ആർ സഹായിക്കും. من الله അല്ലാഹുവിൽനിന്നും. إن طَردتهم അവരെ ഞാൻ ആട്ടിവിട്ടെങ്കിൽ. أَفَلا تذكَّرونَ അപ്പോൾ നിങ്ങൾ ആലോചിച്ചു(ഓർത്തു) നോക്കുന്നില്ലേ. 31 ولا أقولُ ഞാൻ പറയുന്നുമില്ല. لَكُمْ നിങ്ങളോട്. عندي എന്റെ പക്കലുണ്ടെന്ന്. خزائن ഖജനാക്കൾ, ഭണ്ഡാരങ്ങൾ. الله അല്ലാഹുവിന്റെ. ولا أعلمُ ഞാൻ അറിയുന്നുമില്ല. الغيب അദൃശ്യം, മറഞ്ഞ കാര്യം. ولا أقولُ ഞാൻ പറയുന്നുമില്ല. إني ملك ഞാൻ മലക്കാണെന്ന്. ولا أقولُ ഞാൻ പറയുന്നുമില്ല. للذين تزدري അവഗണിക്കുന്ന (നിസ്സാരമാക്കുന്ന) വരെപ്പറ്റി. أعينكُم നിങ്ങളുടെ കണ്ണുകൾ. لن يؤتيهم അവർക്ക് നൽകുകയേ ഇല്ലെന്ന്. الله അല്ലാഹു. خيرا ഗുണം, ഒരു നൻമയും. الله أعلمُ അല്ലാഹു നല്ലവണ്ണം (ഏറ്റം) അറിയുന്നവനാണ്. بما യാതൊന്നിനെപ്പറ്റി. في أنفُسِهم അവരുടെ സ്വന്തങ്ങളിലുള്ള (മനസ്സിലുള്ള). إني നിശ്ചയമായും ഞാൻ. إذاً അപ്പോൾ, എന്നാൽ, എങ്കിൽ. لمن الظالمين ആക്രമികളിൽപെട്ടവൻ തന്നെ.

ആ ജനതയുടെ ആരോപണങ്ങൾക്കും കുതർക്കങ്ങൾക്കും നൂഹ് (عليه السلام)നബി നൽകിയ മറുപടിയാണിതെല്ലാം. യാതൊരു വ്യഖ്യാനത്തിന്റെയും സഹായം കൂടാതെ തന്നെ അതിലടങ്ങിയ ആശയങ്ങൾ വ്യക്തമാണ്. അതിൽ നിന്നു നാം പലതും പഠിച്ചു മനസ്സിലാക്കേണ്ടതുള്ളതുകൊണ്ടാണ് ആ മറുപടി ഇത്ര വിശദമായി ഇവിടെ അല്ലാഹു ഉദ്ധരിച്ചിരിക്കുന്നതെന്നു പറയേണ്ടതില്ല. അതുകൊണ്ട് ഈ വചനങ്ങളിലടങ്ങിയ പാഠങ്ങളിൽ ചിലത് ഇവിടെ ചൂണ്ടിക്കാട്ടുന്നതു ഉപകാരപ്രദമായിരിക്കും. ഉദാഹരണമായി:-

(1) മതോപദേശം നൽകുന്നവരും, സന്മാർഗ്ഗത്തിലേക്കു ജനങ്ങളെ ക്ഷണിക്കുന്നവരും അല്ലാഹുവിങ്കൽനിന്നുള്ള പ്രതിഫലമല്ലാതെ, ജനങ്ങളിൽനിന്നു യാതൊരു പ്രതിഫലവും ആവശ്യപ്പെടുകയോ പ്രതീക്ഷിക്കുകയോ ചെയ്യരുത്.

(2) ജനങ്ങൾ ഉന്നതവർഗ്ഗത്തിലോ പ്രമാണിവർഗ്ഗത്തിലോ പെട്ടവരാണോ അല്ലേ എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ സത്യവിശ്വാസത്തെയും സാൻമാർഗ്ഗിക കാര്യങ്ങളെയും വിലയിരുത്തിക്കൂടാത്തതാണ്. (3) ദുർബ്ബലരും സാധുക്കളുമായ ആളുകളായിരിക്കും നല്ല കാര്യങ്ങളിലേക്ക് അധികം മുന്നോട്ടുവരുക. (4) ഒരു നല്ല കാര്യത്തിൽ മുന്നിട്ടു നിൽക്കുന്നവർ കേവലം താഴെകിടയിലുള്ളവരായതിന്റെ പേരിൽ, മേലേകിടയിലുള്ളവർ അറച്ചു നിൽക്കുന്ന പക്ഷം അതവരുടെ വിഡ്ഢിത്തമാണെന്നു അവരെ ബോധപ്പെടുത്തുകയല്ലാതെ, താഴേകിടക്കാരെ അവഗണിച്ചു കളയുവാൻ പാടില്ല. (5) പ്രവാചകൻമാർക്കുപോലും അദൃശ്യമായ കഴിവുകളോ, അദൃശ്യ കാര്യങ്ങളെക്കുറിച്ചുള്ള അറിവോ ഇല്ല. എന്നിരിക്കെ, പ്രവാചകത്വംപോലുമില്ലാത്ത മഹാത്മാക്കളോ, സജ്ജനങ്ങളോ ആയതിന്റെ പേരിൽ ആർക്കും അതുരണ്ടും ഒരിക്കലും ഉണ്ടാകാവതല്ല.

നൂഹ് (عليه السلام)നബിയുടെ ഹൃദയസ്പൃക്കായ ഈ നീണ്ട പ്രസ്താവനകൾക്കു ആ ജനതയിൽ നിന്നുണ്ടായ പ്രതികരണം നോക്കുക:-

32 അവർ പറഞ്ഞു: ''നൂഹേ, നീ ഞങ്ങളോട് തർക്കിച്ചു. അങ്ങനെ ഞങ്ങളോടുള്ള തർക്കം നീ (വളരെ) വർദ്ധിപ്പിച്ചു. ഇനി നീ ഞങ്ങളോട് താക്കീത് ചെയ്യുന്ന കാര്യം [ആ ശിക്ഷ] ഞങ്ങൾക്ക് കൊണ്ടുവരുക; നീ സത്യം പറയുന്നവനാണെങ്കിൽ! [അതൊന്ന് കാണാമല്ലോ]''

قَالُوا۟ يَـٰنُوحُ قَدْ جَـٰدَلْتَنَا فَأَكْثَرْتَ جِدَٰلَنَا فَأْتِنَا بِمَا تَعِدُنَآ إِن كُنتَ مِنَ ٱلصَّـٰدِقِينَ ﴿٣٢﴾

32 قَالُوا അവർ പറഞ്ഞു. يا نوح നൂഹേ. قَدْ جادلْتنا ഞങ്ങളോട് നീ തർക്കം നടത്തിക്കഴിഞ്ഞു, തർക്കിച്ചിട്ടുണ്ട്. فَأَكْثَرْتَ അങ്ങിനെ നീ വർദ്ധിപ്പിച്ചു. جِدالنا ഞങ്ങളോടുള്ള തർക്കം. فَأْتنا ഇനി നീ ഞങ്ങൾക്ക് വാ, കൊണ്ടുവാ. بما تعدنا നീ ഞങ്ങളെ താക്കീത് ചെയ്യുന്നതായി, വാഗ്ദത്തം ചെയ്യുന്നത്. إن كُنْتَ നീ ആണെങ്കിൽ. من الصادقين സത്യം പറയുന്നവരിൽപെട്ട (വൻ).

ഇതായിരുന്നു ആ ധിക്കാരികളുടെ പ്രതികരണം! അവരുടെ അഹന്തയും, ഔദ്ധത്യവും, പരിഹാസവും അതികഠിനം തന്നെ! ആ മഹാനുഭാവൻ അവസാനമായി പറയുന്നത് നോക്കുക:-

33 അദ്ദേഹം പറഞ്ഞു:''അല്ലാഹു മാത്രമാണത് നിങ്ങൾക്ക് കൊണ്ടുവരുക. അവൻ ഉദ്ദേശിച്ചെങ്കിൽ. നിങ്ങൾ (അവനെ) അശക്തരാ(ക്കിതോൽപി)ക്കുന്നവരല്ല താനും.

قَالَ إِنَّمَا يَأْتِيكُم بِهِ ٱللَّهُ إِن شَآءَ وَمَآ أَنتُم بِمُعْجِزِينَ ﴿٣٣﴾

34 ''നിങ്ങൾക്ക് ഉപദേശം നൽകുവാൻ ഞാൻ ഉദ്ദേശിച്ചാൽ, എന്റെ ഉപദേശം നിങ്ങൾക്ക് ഉപകരിക്കുകയുമില്ല; നിങ്ങളെ വഴിപിഴവിലാക്കുവാൻ അല്ലാഹു ഉദ്ദേശിച്ചിരിക്കുകയാണെങ്കിൽ. അവൻ നിങ്ങളുടെ റബ്ബത്രെ. അവനിലേക്കുതന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു.''

وَلَا يَنفَعُكُمْ نُصْحِىٓ إِنْ أَرَدتُّ أَنْ أَنصَحَ لَكُمْ إِن كَانَ ٱللَّهُ يُرِيدُ أَن يُغْوِيَكُمْ ۚ هُوَ رَبُّكُمْ وَإِلَيْهِ تُرْجَعُونَ ﴿٣٤﴾

33 قَالَ അദ്ദേഹം പറഞ്ഞു. إنما يأتيكُم നിങ്ങൾക്ക് വരും, കൊണ്ടുവരും. به അതും കൊണ്ട്, അതിനെ. اللهُ അല്ലാഹു (മാത്രം). إن شاءَ അവൻ ഉദ്ദേശിച്ചാൽ. وما أنتم നിങ്ങളല്ല താനും. بمعجزين അശക്തരാകുന്നവർ (തോൽപിക്കുന്നവർ).. 34 ولا ينفعُكُم നിങ്ങൾക്ക് ഉപയോഗം ചെയ്കയുമില്ല. نصحى എന്റെ ഉപദേശം, ഗുണകാംക്ഷ. إنْ أردتُ ഞാൻ ഉദ്ദേശിച്ചാൽ. أنْ أنصحَ ഞാൻ ഉപദേശിക്കുവാൻ, ഗുണം കാംക്ഷിക്കുവാൻ. لَكُمْ നിങ്ങളെ, നിങ്ങൾക്ക്. إنْ كَانَ ആണെങ്കിൽ. اللهُ അല്ലാഹു. يريد ഉദ്ദേശിക്കുന്നു (വെങ്കിൽ). أنْ يغويكُم നിങ്ങളെ വഴിപിഴവിലാക്കുവാൻ. هو അവൻ. ربكُم നിങ്ങളുടെ റബ്ബാണ്. وإليه അവനിലേക്കുതന്നെ. ترجعونَ നിങ്ങൾ മടക്കപ്പെടുന്നു.

നിങ്ങളോടു താക്കീതു ചെയ്യപ്പെടുന്ന ശിക്ഷ ഇറക്കുന്ന കാര്യത്തിൽ എനിക്ക് യാതൊരു പങ്കോ, സ്വാധീനമോ ഇല്ല. അല്ലാഹു ഉദ്ദേശിച്ചെങ്കിൽ അവൻ അത് നടപ്പിൽ വരുത്തുമെന്നു മാത്രമേ എനിക്കു പറയുവാനുള്ളു. എന്നാൽ ഒരു കാര്യം നിങ്ങളുടെ ഓർമ്മയിലിരിക്കട്ടെ; ശിക്ഷ വരുന്നപക്ഷം, അവനെ തോൽപിച്ച് നിങ്ങൾക്ക് രക്ഷപ്പെടാമെന്ന് നിങ്ങൾ ധരിക്കേണ്ട, നിങ്ങളുടെ സ്ഥിതിഗതികളിൽ നിങ്ങൾ മാറ്റം വരുത്താതെ ശഠിച്ചു നിൽക്കുന്ന സ്ഥിതിക്ക് നിങ്ങളെ വഴിപിഴച്ച ദുർമ്മാർഗ്ഗികളാക്കി സ്ഥിരപ്പെടുത്തുവാനാണ് അല്ലാഹു ഉദ്ദേശിച്ചിരിക്കുന്നതെന്നു മനസ്സിലാകുന്നു. ആകയാൽ, നിങ്ങളെ ഉപദേശിക്കുവാൻ ഇനിയും ഞാൻ ഒരുങ്ങിയിട്ട് അതുകൊണ്ടു ഫലം ഉണ്ടാവാൻ വഴി കാണുന്നില്ല. നിങ്ങൾ എന്തു തന്നെ പറഞ്ഞാലും ശരി, നിങ്ങളുടെ റബ്ബ് അല്ലാഹുവാണ്. അവങ്കലേക്കു തന്നെ നിങ്ങൾ മടങ്ങുകയും ചെയ്യും. ഈ ധിക്കാരത്തിൻെറ ഫലം അപ്പോൾ നിങ്ങൾക്കു കാണാം. എന്നൊക്കെയാണ് അദ്ദേഹം പറഞ്ഞതിൻെറ സാരം. എത്ര മനോവേദനയോടുകൂടിയായിരിക്കും അദ്ദേഹം ഇതെല്ലാം പറയുന്നതെന്ന് ആലോചിച്ചു നോക്കുക! അല്ലാഹു പറയുന്നു:-

أَمْ يَقُولُونَ ٱفْتَرَىٰهُ ۖ قُلْ إِنِ ٱفْتَرَيْتُهُۥ فَعَلَىَّ إِجْرَامِى وَأَنَا۠ بَرِىٓءٌ مِّمَّا تُجْرِمُونَ ﴿٣٥﴾

35 അഥവാ അവർ പറയുന്നുവോ: ''അതദ്ദേഹം കെട്ടിച്ചമച്ചിരിക്കുകയാണെന്ന്?!'' പറയുക: ''ഞാനത് കെട്ടിച്ചമച്ചുവെങ്കിൽ ,ഞാൻ ചെയ്ത കുറ്റം എൻെറ മേലായിരിക്കും നിങ്ങൾ കുറ്റം ചെയ്തു കൊണ്ടിരിക്കുന്നതിൽനിന്ന് ഞാൻ (ബാധ്യത)ഒഴിവായവനുമാണ്.''

---

35 **أم** അതല്ല, അഥവാ, അതോ. **يقُولُونَ** അവർ പറയുന്നു (വോ). **افْتراه** അദ്ദേഹം അതു കെട്ടിച്ചമച്ചുവെന്ന്. **قُلْ** പറയുക. **إن افْترَيته** ഞാനത് കെട്ടിച്ചമച്ചുവെങ്കിൽ. **فَعليّ** എന്നാൽ എൻെറ മേലാണ്. **إجْرامي** എൻെറ കുറ്റം ചെയ്യൽ (ഞാൻ ചെയ്ത കുറ്റം). **وأنا** ഞാനാകട്ടെ, ഞാനും (തന്നെ). **بريءٌ** (ബാധ്യത) ഒഴിവായവനാണ്. **مما تجرمونَ** നിങ്ങൾ കുറ്റം ചെയ്തുകൊണ്ടിരിക്കുന്നതിൽ നിന്ന്.

ഈ വചനം, നൂഹ് (عليه السلام)നബിയെയും ജനതയെയും സംബന്ധിച്ചു തന്നെയാണെന്നാണ് ഖുർആൻ വ്യഖ്യാതാക്കൾ പലരും പറഞ്ഞുകാണുന്നത്. ഇതൊക്കെ നൂഹ് (عليه السلام)വ്യഥാ കെട്ടിപ്പറഞ്ഞുണ്ടാക്കുകയാണെന്നാണ് ആ ജനത പറയുന്നതെങ്കിൽ-വാസ്തവത്തിൽ അതാണവരുടെ വാദവും-അവരോടു ഇന്നിന്നപ്രകാരം മറുപടി പറയണമെന്ന് നൂഹ് (عليه السلام)നോടുള്ള കൽപനയായിരിക്കും അപ്പോൾ ഇത്. ഞാൻ ഇതൊക്കെ എൻെറ സ്വന്തം വകയായി പറഞ്ഞുണ്ടാക്കുന്നതായാൽ അതിൻെറ ശിക്ഷയും ബാധ്യതയും നിങ്ങൾക്കില്ല. എനിക്കു മാത്രമായിരിക്കുന്നതാണ്. എന്നാൽ, നിങ്ങൾ അനേകം കുറ്റങ്ങളും തോന്നിയവാസങ്ങളും ചെയ്തുകൊണ്ടേയിരിക്കുകയാണ്. അതിൻെറയെല്ലാം ബാധ്യതയും ശിക്ഷയും നിങ്ങളും പേറേണ്ടിവരും. അതിൽ നിന്നു ഞാൻ ശുദ്ധനുമായിരിക്കും. ഇക്കാര്യം നിങ്ങൾ ഓർമ്മിച്ചിരിക്കണമെന്നു സാരം.

ഖത്താദഃ (رضي الله عنه) മുതലായവരുടെ അഭിപ്രായത്തിൽ ഈ വചനം, നൂഹ് (അ)നെയും ജനതയെയും കുറിച്ചുള്ള സംസാരത്തിന്നിടയിൽ, ആ ജനത ചെയ്തതുപോലെ നബി (صلى الله عليه وسلم)തിരുമേനിയുടെ പേരിൽ കള്ളവാദം നടത്തിക്കൊണ്ടിരുന്ന മക്കാ മുശ്രിക്കുകളെപ്പറ്റി നബി (صلى الله عليه وسلم)യെ അഭിമുഖീകരിച്ചുകൊണ്ടുള്ള ഒരു ഇടവാക്യ (جملة معترضة) മാണിത്. ഈ അഭിപ്രായമാണ് ഇബ്നുകഥീറും, ഇമാം റാസീയും (رحمهم الله) മറ്റു ചിലരും സ്വീകരിച്ചു കാണുന്നതും. കൂടുതൽ നന്നായി തോന്നുന്നതും ഇതുതന്നെ. الله اعلم

വിഭാഗം-4

36 നൂഹിന് ‘വഹ്‌യു’ [ദിവ്യസന്ദേശം] നല്‍കപ്പെട്ടു: “നിന്‍റെ ജനങ്ങളില്‍നിന്ന് വിശ്വസിച്ചു കഴിഞ്ഞവരല്ലാതെ (ഇനി ആരും) വിശ്വസിക്കുന്നതേയല്ല. ആകയാല്‍ ,അവര്‍ ചെയ്തുകൊണ്ടിരിക്കുന്നതിനെപ്പറ്റി നീ സങ്കടപ്പെടരുത്.

وَأُوحِىَ إِلَىٰ نُوحٍ أَنَّهُۥ لَن يُؤْمِنَ مِن قَوْمِكَ إِلَّا مَن قَدْ ءَامَنَ فَلَا تَبْتَئِسْ بِمَا كَانُوا۟ يَفْعَلُونَ ﴿٣٦﴾

37 നമ്മുടെ ദൃഷ്ടിയിലായും, നമ്മുടെ ‘വഹ്‌യു’ അനുസരിച്ചും നീ കപ്പല്‍ നിര്‍മ്മിക്കുകയും ചെയ്യുക. (ആ) അക്രമം പ്രവര്‍ത്തിച്ചവരുടെ കാര്യത്തില്‍ നീ എന്നെ അഭിമുഖീകരിക്കുക [എന്നോടപേക്ഷിക്കുക]യും ചെയ്യരുത്. നിശ്ചയമായും അവര്‍ മുക്കിനശിപ്പിക്കപ്പെടുന്നവരാകുന്നു.”

وَٱصْنَعِ ٱلْفُلْكَ بِأَعْيُنِنَا وَوَحْيِنَا وَلَا تُخَٰطِبْنِى فِى ٱلَّذِينَ ظَلَمُوٓا۟ ۚ إِنَّهُم مُّغْرَقُونَ ﴿٣٧﴾

---

36 **وأوحي** വഹ്‌യു നല്‍കപ്പെട്ടു. **إلى نوح** നൂഹിലേക്ക്, നൂഹിന്. **أنه** അത് (കാര്യം ആണ്) എന്ന്. **لن يؤمن** വിശ്വസിക്കുകയേ ഇല്ല. **من قومك** നിന്‍റെ ജനതയില്‍ നിന്ന്. **إلا من** യാതൊരുവരല്ലാതെ. **قد آمن** വിശ്വസിച്ചുകഴിഞ്ഞ. **فلا تبتئس** അതിനാല്‍ നീ സങ്കടപ്പെടേണ്ടാ, വിഷമപ്പെടരുത്. **بما كانوا** അവരായിരിക്കുന്നതുകൊണ്ട്. **يفعلون** അവര്‍ ചെയ്യുക, പ്രവര്‍ത്തിക്കുക. 37 **واصنع** ഉണ്ടാക്കുക (നിര്‍മ്മിക്കുക) യും ചെയ്യുക. **الفلك** കപ്പല്‍. **بأعيننا** നമ്മുടെ ദൃഷ്ടിയിലായി. **ووحينا** നമ്മുടെ വഹ്‌യിലായും (വഹ്‌യു പ്രകാരവും). **ولا تخاطبني** എന്നെ അഭിമുഖീകരിക്കുകയും ചെയ്യരുത്. **في الذين** യാതൊരുവരില്‍, ഒരു കൂട്ടരുടെ കാര്യത്തില്‍. **ظلموا** അക്രമം പ്രവര്‍ത്തിച്ച. **إنهم** നിശ്ചയമായും അവര്‍. **مغرقون** മുക്ക (മുക്കി നശിപ്പിക്ക) പ്പെടുന്നവരാകുന്നു.

തൊള്ളായിരത്തി അമ്പതു കൊല്ലക്കാലം നൂഹ് (عليه السلام)ആ ജനങ്ങളില്‍ കഴിഞ്ഞുകൂടി. (29: 14) ഇക്കാലമത്രയും രാപ്പകല്‍ ഭേദമന്യെ ആ ജനതയെ അദ്ദേഹം സത്യവിശ്വാസത്തിലേക്കും, തൗഹീദിലേക്കും ക്ഷണിച്ചുകൊണ്ടിരുന്നു. അവരുടെ ധിക്കാരവും നിഷേധവും വര്‍ദ്ധിച്ചതേയുള്ളൂ. (കൂടുതല്‍ വിവരം സൂ: നൂഹില്‍ കാണാം) നേരത്തെ വിശ്വസിച്ചുകഴിഞ്ഞ ആളുകളല്ലാതെ-അവര്‍ അല്‍പം സാധുക്കളായിരുന്നുതാനും -ഇനി ആരും വിശ്വസിക്കുവാന്‍ പോകുന്നില്ല. അതുകൊണ്ട് അവരെ ഉന്മൂലനം ചെയ്യത്തക്ക ഒരു ശിക്ഷ-ജലപ്രളയം-വരുവാന്‍ പോകുന്നു. അതില്‍ നിന്നു നിങ്ങള്‍ക്കു രക്ഷപ്പെടുവാനായി ഒരു കപ്പല്‍ നിര്‍മ്മിച്ചുകൊള്ളണം. അതിന്‍റെ നിര്‍മ്മാണം എന്‍റെ മേല്‍നോട്ടത്തിലും, നിര്‍ദ്ദേശമനുസരിച്ചും ആയിരിക്കുകയും വേണം എന്നൊക്കെ നൂഹ് (عليه السلام)നബിക്ക് അല്ലാഹു വഹയു നല്‍കി. വിശ്വസിക്കാത്ത ആ അക്രമികളുടെ കാര്യത്തില്‍ യാതൊരു അപേക്ഷയും, അനുതാപവും നടത്തരുതെന്ന് അദ്ദേഹത്തെ പ്രത്യേകം ഉണര്‍ത്തുകയും ചെയ്തു.

കപ്പല്‍ നിര്‍മ്മാണത്തെപ്പറ്റി മുമ്പ് മനുഷ്യസമുദായത്തിനു പരിചയമില്ല. അതുകൊണ്ടു കപ്പലിന്‍റെ ആകൃതിയും, നിര്‍മ്മിക്കേണ്ട രീതിയുമെല്ലാം അല്ലാഹുവില്‍നിന്നു ലഭിക്കേണ്ടിയിരുന്നു. അതാണ് നമ്മുടെ ദൃഷ്ടിയിലും നമ്മുടെ വഹ്‌യനുസരിച്ചും (بأعينا ووحينا) എന്ന വാക്ക് സൂചിപ്പിക്കുന്നത്. പലകകളും, ആണികളുമുള്ളത് (ذات الواح ودسر) എന്നു സൂറത്തുല്‍ ഖമറില്‍ അതിനെ വിശേഷിപ്പിച്ചിട്ടുള്ളതും പ്രസ്താവ്യമത്രെ. കപ്പല്‍ കേവലം വളരെ

ചെറുതൊന്നുമല്ലായിരുന്നുവെന്ന് 40-ാം വചനത്തിൽ നിന്നു മനസ്സിലാക്കാം. അതിൻെറ വലുപ്പത്തെയും സ്വഭാവത്തെയും പറ്റി പലരും പല പ്രകാരത്തിൽ പറഞ്ഞുകാണാമെങ്കിലും മിക്കവാറും അവ ഇസ്റാഈലീ വാർത്തകളിൽപെട്ടവയാകുന്നു. ബൈബിളിൽ അതിൻെറ നീളം മുന്നൂറുമുഴവും, വീതി അമ്പതുമുഴവും, ഉയരം മുപ്പതുമുഴവുമായിരുന്നുവെന്നും, അതു മൂന്ന് തട്ടുള്ളതായിരുന്നുവെന്നും പ്രസ്താവിച്ചിരിക്കുന്നു. (ഉല്പത്തി 6ൽ 14-16) വാസ്തവം അല്ലാഹുവിന്നറിയാം. വലുപ്പവും ആകൃതിയും അറിയുന്നതിൽ പ്രത്യേക പ്രയോജനമൊന്നുമില്ലല്ലോ.

وَيَصْنَعُ ٱلْفُلْكَ وَكُلَّمَا مَرَّ عَلَيْهِ مَلَأٌ مِّن قَوْمِهِۦ سَخِرُوا۟ مِنْهُ ۚ قَالَ إِن تَسْخَرُوا۟ مِنَّا فَإِنَّا نَسْخَرُ مِنكُمْ كَمَا تَسْخَرُونَ ﴿٣٨﴾

38 അദ്ദേഹം കപ്പൽ നിർമ്മിച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹത്തിൻെറ ജനങ്ങളിൽ നിന്ന് ഓരോ(പ്രമാണി)സംഘവും അദ്ദേഹത്തിൻെറ അടുക്കലൂടെ നടക്കുമ്പോഴൊക്കെയും അവർ അദ്ദേഹത്തെപ്പറ്റി പരിഹസിക്കും. അദ്ദേഹം പറഞ്ഞു: ''ഞങ്ങളെപ്പറ്റി നിങ്ങൾ പരിഹസിക്കുന്നുവെങ്കിൽ, നിങ്ങൾ പരിഹസിക്കുന്നതുപോലെ നിശ്ചയമായും, ഞങ്ങൾ നിങ്ങളെക്കുറിച്ചും (വഴിയെ) പരിഹസിക്കുന്നതാണ്.

فَسَوْفَ تَعْلَمُونَ مَن يَأْتِيهِ عَذَابٌ يُخْزِيهِ وَيَحِلُّ عَلَيْهِ عَذَابٌ مُّقِيمٌ ﴿٣٩﴾

39 ''എന്നാൽ, വഴിയെ നിങ്ങൾക്കറിയാം: ആർക്കാണ് അപമാനപ്പെടുത്തുന്ന ശിക്ഷ വരുകയെന്ന്, ആരുടെ മേലാണ് നിലനിൽക്കുന്ന ശിക്ഷ ഇറങ്ങുകയെന്നും!''

---

38 **ويصنع** അദ്ദേഹം നിർമ്മിച്ചുകൊണ്ടിരിക്കുന്നു, നിർമ്മിക്കുകയാണ്. **الْفُلْكَ** കപ്പൽ. **وكلما مر** നടക്കു(നടന്നുപോകു)മ്പോഴെല്ലാം. **عليه** അദ്ദേഹത്തിലൂടെ (അടുക്കൽകൂടി). **ملأ** ഒരു സംഘം, കൂട്ടക്കാർ. **من قومه** അദ്ദേഹത്തിൻെറ ജനങ്ങളിൽ നിന്ന്. **سخروا** അവർ പരിഹസി(കളിയാ)ക്കുന്നതാണ്. **منه** അദ്ദേഹത്തെപ്പറ്റി. **قَالَ** അദ്ദേഹം പറഞ്ഞു. **إن تسخروا** നിങ്ങൾ പരിഹസിക്കുന്ന പക്ഷം. **منا** ഞങ്ങളെപ്പറ്റി. **فَإنا** എന്നാൽ നിശ്ചയമായും ഞങ്ങൾ, നാം. **نسخر** ഞങ്ങൾ പരിഹസിക്കും. **منكُم** നിങ്ങളെപ്പറ്റി. **كما تسخرونَ** നിങ്ങൾ പരിഹസിക്കുന്നതുപോലെ..
39 **فَسوف** എന്നാൽ വഴിയെ, പിറകെ. **تعلمونَ** നിങ്ങൾ അറിയും. **من** ആർ, ആരാണ്. **يأتيه** അവന്ന് വരും, തനിക്കു വരുന്നത്. **عذَاب** ശിക്ഷ, വല്ല ശിക്ഷയും. **يخزيه** അവനെ അപമാനിക്കുന്ന, വഷളാക്കുന്ന. **ويحل** ഇറങ്ങി വരുകയും. **عليه** തൻെറ മേൽ. **عذَاب** ശിക്ഷ. **مقيم** നിലനിൽക്കുന്ന (മുറിയാത്ത).

'പ്രവാചകപ്രവർത്തനം വിട്ടേച്ച് ഇപ്പോൾ ആശാരിപ്പണിയാണോ,' എന്നും മറ്റുമൊക്കെ അവർ നൂഹ് (അ)നെ പരിഹസിച്ചിരുന്നതായി രിവായത്തുകൾ കാണാം. രിവായത്തുകളില്ലെങ്കിൽ പോലും ഊഹിക്കാവുന്നതത്രെ അത്.

حَتَّىٰٓ إِذَا جَآءَ أَمْرُنَا وَفَارَ ٱلتَّنُّورُ قُلْنَا ٱحْمِلْ فِيهَا مِن كُلٍّ زَوْجَيْنِ ٱثْنَيْنِ وَأَهْلَكَ إِلَّا

40 അങ്ങനെ (അവസാനം) നമ്മുടെ കൽപന വരുകയും, അടുപ്പ് (ഉറവ് പൊട്ടി) തിളച്ചുമറിയുകയും ചെയ്തപ്പോൾ, നാം പറഞ്ഞു: 'എല്ലാ വസ്തുക്കളിൽനിന്നും

مَن سَبَقَ عَلَيۡهِ ٱلۡقَوۡلُ وَمَنۡ ءَامَنَۚ وَمَآ ءَامَنَ مَعَهُۥٓ إِلَّا قَلِيلٞ ﴿٤٠﴾

രണ്ടു (വീതം) ഇണകളെയും, നിന്റെ വീട്ടുകാരെ (അഥവാ സ്വന്തക്കാരെ)യും നീ അതിൽ കയറ്റിക്കൊള്ളുക; ആർക്കെതിരിൽ (ശിക്ഷയുടെ) വാക്ക് മുൻ കഴിഞ്ഞിട്ടുണ്ടോ അവരൊഴികെ. വിശ്വസിച്ചവരെയും (കയറ്റിക്കൊള്ളുക)' അദ്ദേഹത്തോടൊപ്പം അൽപം ആളുകളല്ലാതെ വിശ്വസിച്ചിട്ടില്ലതാനും.

۞ وَقَالَ ٱرۡكَبُواْ فِيهَا بِسۡمِ ٱللَّهِ مَجۡرٜىٰهَا وَمُرۡسَىٰهَآۚ إِنَّ رَبِّي لَغَفُورٞ رَّحِيمٞ ﴿٤١﴾

41 അദ്ദേഹം (അവരോട്) പറയുകയും ചെയ്തു: "നിങ്ങൾ അതിൽ കയറിക്കൊള്ളുവിൻ; അല്ലാഹുവിന്റെ നാമത്തിലാണ് അതിന്റെ സഞ്ചാരവും, അതിന്റെ നിറുത്തവും [നങ്കൂരമിടലും]. നിശ്ചയമായും എന്റെ റബ്ബ് വളരെ പൊറുക്കുന്നവനും, കരുണാനിധിയും തന്നെയാണ്."

---

40 **حتى** അങ്ങനെ. **إِذَا جاء** വന്നപ്പോൾ. **أمرنا** നമ്മുടെ കൽപന, കാര്യം. **وفار** പൊട്ടി ഒഴുകുകയും, തിളച്ചു മറിയുകയും. **التنور** അടുപ്പു, തീക്കൂട്. **قُلنا** നാം പറഞ്ഞു. **احمل** വഹിക്കുക (കയറ്റുക). **فيها** അതിൽ. **من كُلٍّ** എല്ലാറ്റിൽ നിന്നും. **زوجين** രണ്ടിണകളെ. **اثْنين** (ഈ) രണ്ടു. **وأهلك** നിന്റെ ആൾക്കാരെ (കുടുംബത്തെ-സ്വന്തക്കാരെ-വീട്ടുകാരെ)യും. **إلا من** യാതൊരുവരൊഴികെ. **سبق عليه** അവരുടെമേൽ മുൻകഴിഞ്ഞിരിക്കുന്നു. **القَولُ** വാക്ക്, വാർത്ത. **ومن آمن** വിശ്വസിച്ചവരെയും. **وما آمن** വിശ്വസിച്ചിട്ടുമില്ല, വിശ്വസിച്ചിട്ടില്ലതാനും. **معه** അദ്ദേഹമൊന്നിച്ച്. **إلا قليلٌ** അൽപം (ആളുകൾ) അല്ലാതെ.. 41 **وقَال** അദ്ദേഹം പറയുകയും ചെയ്തു. **اركبوا** കയറുവിൻ, സവാരി ചെയ്യുവിൻ, വാഹനമേറുവിൻ. **فيها** അതിൽ. **بسم الله** അല്ലാഹുവിന്റെ നാമത്തിലാണ്. **مجراها** അതിന്റെ നടത്തം, സഞ്ചാരം. **ومرساها** അതിന്റെ നങ്കൂരമിടലും. **إن ربي** നിശ്ചയമായും എന്റെ റബ്ബ്. **لغفُور** വളരെ പൊറുക്കുന്നവൻ തന്നെ. **رحيم** കരുണാനിധിയുമാണ്.

جاء أمرنا (നമ്മുടെ കൽപന വന്നു) എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം അവരെ ശിക്ഷിക്കുന്നതു സംബന്ധിച്ച കൽപന വന്നു എന്നത്രെ. എന്നാൽ, وفار التنور (അടുപ്പു തിളച്ചുമറിഞ്ഞു) എന്ന വാക്കിന്റെ അർത്ഥവും ഉദ്ദേശ്യവും പല പ്രകാരത്തിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. التنور (തന്നൂർ) എന്ന പദത്തിനു 'അടുപ്പ്, റൊട്ടി ചുടാനുള്ള അപ്പക്കൂട് ' എന്നീ അർത്ഥങ്ങളാണ് അധികമാളും നൽകിയിരിക്കുന്നത്. 'ഭൂകമ്പം' എന്നൊരർത്ഥം ഇബ്നു അബ്ബാസ് (റ)ൽ നിന്നു നിവേദനം ചെയ്യപ്പെട്ടിട്ടുമുണ്ട്. വേറെയും അർത്ഥങ്ങളും പറയപ്പെടാതില്ല. ആ അർത്ഥങ്ങളെ ആധാരമാക്കി ചില കഥകളും പറയപ്പെട്ടിട്ടുണ്ട്. അടുപ്പ്, തീക്കുണ്ട് ' എന്നീ അർത്ഥങ്ങളുള്ള ഒരു പദമാണ് وطيس (വത്വീസു). യുദ്ധം പോലെയുള്ള ആപത്തുകൾ മൂർദ്ധന്യത്തിലെത്തുമ്പോൾ حمي الوطيس (അടുപ്പു പതച്ചു) എന്ന് അലങ്കാരരൂപത്തിൽ അതിനെപ്പറ്റി പറയാറുണ്ട്. അതുപോലെ, കാര്യം 'ഗൗരവത്തിലെത്തി' എന്ന അർത്ഥത്തിലുള്ള ഒരു അലങ്കാര പ്രയോഗമാണ് وفار التنور എന്നത്രെ ചിലരുടെ അഭിപ്രായം. ഇബ്നുകഥീർ (رحمه الله) പറയുകയാണ്: "അതായത് തീയിന്റെ സ്ഥാനമായ അടുപ്പുകളിൽ നിന്നു വെള്ളം പൊട്ടിഒഴുകി മറിയുമാറ് ഭൂമിയിലാകെ ഉറവുപൊടിഞ്ഞുകൊണ്ടിരുന്നു. മുൻഗാമികളിലും പിൽക്കാല പണ്ഡിതൻമാരിലുള്ള ഭൂരിപക്ഷത്തിന്റെ അഭിപ്രായം ഇതാണ്." تنور എന്ന പദത്തിന്റെ മറ്റു ചില അർത്ഥങ്ങൾ ഉദ്ധരിച്ചുകൊണ്ട് അതെല്ലാം ഒറ്റപ്പെട്ട അഭിപ്രായങ്ങളാണെന്നും അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു.

احمل فيها من كل زوجين اثنين (അതിൽ എല്ലാറ്റിൽനിന്നും ഈരണ്ടു ഇണകൾ കയറ്റുക) എന്നു പറഞ്ഞതിൻെറ താൽപര്യം എല്ലാ ജീവികളിൽനിന്നും ആണും പെണ്ണുമായി രണ്ടെണ്ണമെന്നു അധിക വ്യാഖ്യാതാക്കളും പറയുന്നത്. ജീവികളും ജീവകളല്ലാത്തവയുമായ എല്ലാ വസ്തുക്കളിൽനിന്നും ഈരണ്ടെണ്ണമെന്നും ചിലർക്കഭിപ്രായമുണ്ട്. ഇതു കുറെ വിദൂരമായി തോന്നുന്നു. ഒരുപക്ഷേ, ജീവികളിൽനിന്നും മറ്റുള്ള ഉപകരണവസ്തുക്കളിൽനിന്നും ആവശ്യമായതും, സൗകര്യപ്പെട്ടതുമൊക്കെ ഈരണ്ടെണ്ണം എന്നും ഉദ്ദേശ്യമാകാവുന്നതാണ്. അല്ലാഹുവിനറിയാം. ഏതായാലും നൂഹ് (عليه السلام)നബിയും അദ്ദേഹത്തിൻെറ വീട്ടുകാരും, അദ്ദേത്തിൽ വിശ്വസിച്ച സത്യവിശ്വാസികളും അതിൽ കയറി രക്ഷപ്പെട്ടിരുന്നുവെന്നുള്ളതു തീർച്ചതന്നെ. പക്ഷേ, വീട്ടുകാരിൽനിന്നും അദ്ദേഹത്തിൻെറ ഒരു മകൻ ഒഴിവാണെന്നു അടുത്ത വചനത്തിൽ നിന്നു വ്യക്തമാണ്. അദ്ദേഹത്തിൻെറ ഒരു ഭാര്യയും ഒഴിവായിരുന്നുവെന്നും, അവൾ അവിശ്വാസികളുടെ കൂട്ടത്തിലായിരുന്നുവെന്നും സൂ: തഹ്‌രീം: 10-ാം വചനത്തിൽ നിന്നും മനസ്സിലാക്കാം. അവിശ്വാസികളിൽ പെട്ട ആരെയും കപ്പലിൽ കയറ്റിയിരിക്കുകയില്ലെന്നു الا من سبق عليه القول (ആർക്കെതിരിൽ വാക്കു മുൻ കഴിഞ്ഞിരിക്കുന്നുവോ അവരൊഴികെ) എന്നു പഞ്ഞതിൽ നിന്നു സ്പഷ്ടവുമാണ്. നൂഹ് (عليه السلام)നബിയിൽ വിശ്വസിച്ചവരുടെ എണ്ണം വളരെ കുറവായിരുന്നുവെന്ന് അല്ലാഹു തന്നെ അറിയിച്ചിരിക്കുന്നു. എണ്ണം നിർണ്ണയിച്ചുകൊണ്ടുള്ള ചില രിവായത്തുകളും കാണാം. ഒന്നിലും എൺപതിലധികമുള്ളതായി വന്നിട്ടില്ല. مجريها (മജ്‌രീഹാ) എന്നതിൻെറ സ്ഥാനത്ത് مجراها (മജ്‌റാഹാ) എന്നും വായനയുണ്ട്. അർത്ഥത്തിൽ പറയത്തക്ക വ്യത്യാസമൊന്നുമില്ലതാനും. اركبوا فيها (നിങ്ങൾ അതിൽ കയറിക്കൊള്ളുവിൻ) എന്ന വാചകവും بسم الله (അല്ലാഹുവിൻെറ നാമത്തിലാണ്) എന്നു തുടങ്ങിയ വാചകവും കൂടി ഒരേ വാചകമായിട്ടാണ് പല വ്യാഖ്യാതാക്കളും അർത്ഥവ്യാഖ്യാനം നൽകിക്കാണുന്നത്. അതനുസരിച്ച് ആ വാചകത്തിൻെറ സാരം, അതു സഞ്ചരിക്കുകയും, നിറുത്തുകയും ചെയ്യുമ്പോൾ, 'അല്ലാഹുവിൻെറ നാമത്തിൽ' എന്നു പറഞ്ഞുകൊണ്ടായിരിക്കണം നിങ്ങൾ അതിൽ കയറിയിരിക്കുന്നത് എന്നായിരിക്കും. വാഹനം കയറുമ്പോഴും ഇറങ്ങുമ്പോഴും 'ബിസ്മി' ചെല്ലുകയും, സന്ദർഭോചിതമായ സ്തുതികീർത്തനവും, പ്രാർത്ഥനയും നടത്തുകയും വേണ്ടതുണ്ടെന്നു ഖുർആൻ കൊണ്ടും ഹദീസുകൊണ്ടും സ്ഥാപിതമായതാണുതാനും.

وَهِىَ تَجْرِى بِهِمْ فِى مَوْجٍ كَٱلْجِبَالِ وَنَادَىٰ نُوحٌ ٱبْنَهُۥ وَكَانَ فِى مَعْزِلٍ يَٰبُنَىَّ ٱرْكَب مَّعَنَا وَلَا تَكُن مَّعَ ٱلْكَٰفِرِينَ ﴿٤٢﴾

42 അത് [കപ്പൽ] അവരെയും കൊണ്ട് മലകളെപ്പോലുള്ള (വമ്പിച്ച) തിരമാലയിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്; നൂഹ് തൻെറ മകനെ-അവൻ ഒരു അകന്ന സ്ഥലത്തായിരുന്നു-വിളിച്ചു (പറഞ്ഞു): "എൻെറ കുഞ്ഞുമകനേ! ഞങ്ങളോടൊപ്പം (കപ്പലിൽ) കയറിക്കൊള്ളുക; നീ അവിശ്വാസികളുടെ കൂടെ ആയിരിക്കരുത്."

قَالَ سَـَٔاوِىٓ إِلَىٰ جَبَلٍ يَعْصِمُنِى مِنَ ٱلْمَآءِ ۚ قَالَ لَا عَاصِمَ ٱلْيَوْمَ مِنْ أَمْرِ ٱللَّهِ إِلَّا مَن رَّحِمَ ۚ وَحَالَ بَيْنَهُمَا ٱلْمَوْجُ فَكَانَ مِنَ ٱلْمُغْرَقِينَ ﴿٤٣﴾

43 അവൻ പറഞ്ഞു: 'വെള്ളത്തിൽനിന്നും' എന്നെ രക്ഷപ്പെടുത്തുന്ന വല്ല മലയിലേക്കും (പോയി) ഞാൻ അഭയം പ്രാപിച്ചുകൊള്ളാം." അദ്ദേഹം പറഞ്ഞു; "അല്ലാഹുവിൻെറ കൽപനയിൽനിന്ന് അവൻ കരുണചെയ്തവർക്കല്ലാതെ ഇന്ന് രക്ഷ നൽകുന്ന ഒന്നുമില്ല". അവർ രണ്ടാൾക്കുമിടയിൽ തിരമാല മറയിടുകയും ചെയ്തു; അങ്ങനെ, അവൻ മുക്കിനശിപ്പിക്കപ്പെട്ടവരിലായിത്തീരുകയും ചെയ്

തു.

---

42 وهي അത്. تجري സഞ്ചരിക്കുന്നു, നടക്കുകയാണ്. بهم അവരെയും കൊണ്ട്. في موج തിരമാലയിൽ. كالجبال മലകളെപ്പോലെയുള്ള. ونادى വിളിക്കുകയും ചെയ്തു. نوح നൂഹ്. ابنه തന്റെ മകനെ, പുത്രനെ,. وكان അവനായിരുന്നു. في معزل ഒരു അകന്ന (വിട്ട) സ്ഥലത്തിൽ. يا بني എന്റെ കുഞ്ഞുമോനെ (പ്രിയമകനെ). اركب കയറിക്കൊള്ളുക. معنا ഞങ്ങളൊന്നിച്ച്, കൂടെ. ولا تكن നീ ആയിരിക്കരുത്. مع الكافرين അവിശ്വാസികളുടെ കൂടെ.. 43 قال അവൻ പറഞ്ഞു. سآوي ഞാൻ അഭയം പ്രാപിച്ചു (ചെന്നു ചേർന്നു) കൊള്ളാം. إلى جبل വല്ല മലയിലേക്കും. يعصمني എന്നെ കാക്കുന്ന, രക്ഷപ്പെടുത്തുന്ന. من الماء വെള്ളത്തിൽനിന്ന്. قال അദ്ദേഹം പറഞ്ഞു. لا عاصم രക്ഷപ്പെടുത്തുന്ന (കാക്കുന്ന)തൊന്നുമില്ല. اليوم ഇന്ന്. من أمر കൽപനയിൽ നിന്ന്. الله അല്ലാഹുവിന്റെ. إلا من رحم അവൻ കരുണ ചെയ്തവർക്കല്ലാതെ. وحال മറയിടുകയും ചെയ്തു. بينهما അവർക്ക് രണ്ടാൾക്കുമിടയിൽ. الموج തിര, തിരമാല. فكان എന്നിട്ട് (അങ്ങനെ) അവനായിത്തീർന്നു. من المغرقين മുക്കിക്കൊല്ലപ്പെട്ടവരുടെ കൂട്ടത്തിൽ.

മകൻ അവിശ്വാസികളുടെ കൂട്ടത്തിൽ പെട്ടവനായിരുന്നു. അതിനാൽ അവൻ കപ്പലിൽ കയറിയില്ല. പുത്രവാത്സല്യം സ്വഭാവികമാണല്ലോ. ആ നിലക്ക് അവൻ കപ്പലിൽ കയറി രക്ഷപ്പെടുകയും, അങ്ങിനെ അവിശ്വാസം ഉപേക്ഷിക്കുവാൻ കാരണമാകുകയും ചെയ്താൽ കൊള്ളാമെന്ന് അദ്ദേഹം ആഗ്രഹിച്ചു. എങ്കിലും, പ്രവാചകപുത്രനായതുകൊണ്ട് അല്ലാഹുവിന്റെ കൽപനാ നിയമത്തിൽ മാറ്റം വരുകയില്ലല്ലോ.

وَقِيلَ يَٰٓأَرۡضُ ٱبۡلَعِي مَآءَكِ وَيَٰسَمَآءُ أَقۡلِعِي وَغِيضَ ٱلۡمَآءُ وَقُضِيَ ٱلۡأَمۡرُ وَٱسۡتَوَتۡ عَلَى ٱلۡجُودِيِّۖ وَقِيلَ بُعۡدٗا لِّلۡقَوۡمِ ٱلظَّٰلِمِينَ ﴿٤٤﴾

44 പറയപ്പെട്ടു: ''ഭൂമിയേ, നിന്റെ വെള്ളം നീ വിഴുങ്ങുക; ആകാശമേ, നീ വിരമിക്കുക [നിറുത്തൽ ചെയ്യുക] യും ചെയ്യുക.'' വെള്ളം വറ്റുകയും, കാര്യം തീരുമാനിക്കപ്പെടുകയും ചെയ്തു. അത് [കപ്പൽ] 'ജൂദി' (മല)യുടെമേൽ (ചെന്ന്) ഉറച്ചു നിൽക്കുകയും ചെയ്തു. ''അക്രമികളായ ജനങ്ങൾക്ക് വിദൂരം! [കാരുണ്യത്തിൽനിന്നും അവർ എത്രയോ അകന്നു പോയി!]'' എന്ന് പറയപ്പെടുകയും ചെയ്തു.

---

44 وقيل പറയപ്പെടുകയും ചെയ്തു. يا أرض ഭൂമിയെ. ابلعي നീ വിഴുങ്ങുക. ماءك നിന്റെ വെള്ളം. ويا سماء ആകാശമേ. أقلعي നീ വിരമിക്കുക, പിൻമാറുക. وغيض വറ്റിപ്പോകയും ചെയ്തു. الماء വെള്ളം. وقضي തീരുമാനിക്കപ്പെടുക (കഴിയുക)യും ചെയ്തു. الأمر കാര്യം, കൽപന. واستوت ശരിപ്പെടുക (നിലകൊള്ളുക-ഉറച്ചു നിൽക്കുക)യും ചെയ്തു. على الجودي ജൂദിയിൻമേൽ. وقيل പറയപ്പെടുകയും ചെയ്തു. بعدا വിദൂരം, അകലം. للقوم ജനങ്ങൾക്ക്. الظالمين അക്രമികളായ.

ആകാശത്തു നിന്നു അതികഠിനമായി മഴ വർഷിച്ചുകൊണ്ടിരുന്നു. ഭൂമിയിൽ എല്ലാ ഇടത്തുനിന്നും ഉറവും വമിച്ചുകൊണ്ടിരുന്നു. അങ്ങനെയാണ് ജലപ്രളയം ഉണ്ടായിത്തീർന്നത്. സൂ: ഖമറിൽ അല്ലാഹു പറയുന്നു: .... ففتحنا أبواب السماء بماء منهمر (സാരം: കുത്തിച്ചൊരിയുന്ന ഒരു വെള്ളവും കൊണ്ട് ആകാശത്തിന്റെ കവാടങ്ങളെ നാം തുറന്നു വിട്ടു. ഭൂമിയെ നാം ഉറവുകൾ പൊട്ടി ഒഴുക്കുകയും ചെയ്തു. അങ്ങനെ നിർണ്ണയം ചെയ്യപ്പെട്ടുകഴിഞ്ഞ ഒരു

കാര്യത്തിൽ ആ വെള്ളം കൂട്ടിമുട്ടി) ധിക്കാരി വർഗ്ഗത്തെ നശിപ്പിക്കുകയെന്നുള്ള അല്ലാഹുവിന്റെ തീരുമാനം നടപ്പിൽ വന്നപ്പോൾ, ആകാശത്തോടു മഴ നിറുത്തുവാനും, ഭൂമിയോട് ഉറവ് നിർത്തുവാനും അവൻ കൽപന കൊടുത്തു. അങ്ങനെ, വെള്ളം വാർന്നു. കപ്പൽ-അല്ലാഹു പറഞ്ഞപോലെ-ജൂദീമലയിൽ അണഞ്ഞുനിലകൊള്ളുകയും ചെയ്തു.

ജൂദീമല അൽജസീറഃ (മെസപൊത്തേമ്യ) യിലാണെന്നും, മൂസലിലാണെന്നും ഖുർആൻ വ്യാഖ്യാതാക്കൾ പറഞ്ഞു കാണാം. മുൻകാലത്തു രാജ്യാതിർത്തികൾക്കു കൃത്യതയില്ലായിരുന്നതും, കാലാന്തരത്തിലുണ്ടായ അതിർത്തിമാറ്റങ്ങളും നോക്കുമ്പോൾ ഇതു രണ്ടും ശരിയായിരിക്കുവാൻ ന്യായമുണ്ട്. അൽജസീറഃ ക്കും, മൂസലിനും കിഴക്കായി, ഇപ്പോൾ അർമീനിയായിൽ സ്ഥിതി ചെയ്യുന്നതും, സമതലങ്ങളും, പല മലകളും ഉൾക്കൊള്ളുന്നതുമായ അറാറാത്തു പ്രദേശങ്ങളിലെ ഒരു മലയാണു ‘ജൂദി’ മല. ഈ പേർ ഇപ്പോൾ അത്ര പ്രസിദ്ധമല്ല. കപ്പൽ നിന്ന മലക്കു പ്രത്യേകമുള്ള പേരാണത്. ശൂദി എന്നും ചിലർ അതിനു പറയാറുണ്ട്; അറാറാത്ത് എന്ന പേരിലാണ് പൊതുവെ അതറിയപ്പെടുന്നത്. ബൈബിളിലും ഈ പേരത്രെ പറഞ്ഞിരിക്കുന്നത്. (ഉൽപത്തി: 8ൽ4.) ഖത്താദഃ (رضي الله عنه) പ്രസ്താവിച്ചതായി, ഒരു പ്രസിദ്ധ ചരിത്രകാരനും കൂടിയായ ഇബ്നു കഥീർ (رحمه الله) അദ്ദേഹത്തിന്റെ തഫ്സീറിൽ ഇപ്രകാരം ഉദ്ധരിക്കുന്നു: ‘‘അൽജസീറ: യിൽ പെട്ട ജൂദീമലയിൽ ഒരു ദൃഷ്ടാന്തമായിക്കൊണ്ടു നൂഹ് (عليه السلام)നബിയുടെ കപ്പലിനെ അല്ലാഹു അവശേഷിപ്പിച്ചിരിക്കുന്നു. ഈ സമുദായത്തിലെ ആദ്യകാലക്കാർ അത് കാണുകയും ചെയ്തിരിക്കുന്നു. അതിനുശേഷമുണ്ടായ എത്രയോകപ്പലുകൾ നശിച്ചു ചാമ്പലായിത്തീർന്നു പോയി’’ ഖത്താദഃ (رضي الله عنه) ഇതു പറഞ്ഞിട്ട് ആയിരത്തിൽപരം കൊല്ലങ്ങൾ കഴിഞ്ഞുപോയെങ്കിലും ഇക്കാലത്തും അതിന്റെ അവശിഷ്ടങ്ങളെക്കുറിച്ചുള്ള പരാമർശങ്ങളും, അന്വേഷണങ്ങളും ചരിത്ര ഗവേഷകൻമാരിൽ നിന്നു നിലച്ചുപോയിട്ടില്ല. അറാറാത്തു മലഞ്ചരുവിൽ വളരെ അടി ഉയരത്തിൽവെച്ച് ഒരു അമേരിക്കൻ പുരാവസ്തു ഗവേഷകസംഘം നൂഹ് (അ)ന്റെ കപ്പലിമേതെന്നു അനുമാനിക്കപ്പെടുന്ന ഏതാനും അവശിഷ്ടങ്ങൾ കണ്ടെത്തിയതായും അതിന്മേൽ അവർ ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്നതായും പതിനഞ്ചു കൊല്ലങ്ങൾക്കുമുമ്പ് വർത്തമാന പത്രങ്ങളിൽ (*) നാം കാണുകയുണ്ടായിട്ടുണ്ട്. സൂ: അങ്കബൂത്തിൽ അല്ലാഹു പ്രസ്താവിച്ചത് ഇവിടെ ശ്രദ്ധേയമാകുന്നു: ‘അദ്ദേഹത്തെയും കപ്പലിലുള്ളവരെയും നാം രക്ഷപ്പെടുത്തി. അതിനെ നാം ലോകർക്ക് ദൃഷ്ടാന്തമാക്കുകയും ചെയ്തിരിക്കുന്നു.’ فأفيناه وأصحاب السفينة فجعلناها أية للعالمين—العنكبوة ١٥

45 നൂഹ് തന്റെ റബ്ബിനെ വിളിച്ചു (പ്രാർത്ഥിച്ചു കൊണ്ട്) പറഞ്ഞു: ‘‘എന്റെ റബ്ബേ! നിശ്ചയമായും,എന്റെ മകൻ എന്റെ വീട്ടുകാരിൽ (അഥവാ സ്വന്തക്കാരിൽ) പെട്ടവനും,നിന്റെ വാഗ്ദാനം യഥാർത്ഥമായുള്ളതുമാണ്. നീയാകട്ടെ, വിധികർത്താക്കളിൽ വെച്ച് ഏറ്റം (വലിയ) വിധികർത്താവുമാകുന്നു (വല്ലോ)!’’

وَنَادَىٰ نُوحٌ رَّبَّهُۥ فَقَالَ رَبِّ إِنَّ ٱبْنِى مِنْ أَهْلِى وَإِنَّ وَعْدَكَ ٱلْحَقُّ وَأَنتَ أَحْكَمُ ٱلْحَٰكِمِينَ ﴿٤٥﴾

46 അവൻ [റബ്ബ്] പറഞ്ഞു: ‘‘നിശ്ചയമായും , അവൻ നിന്റെ വീട്ടുകാരിൽ [സ്വന്തക്കാരിൽ] പെട്ടവനല്ല. (കാരണം) അവൻ നന്നല്ലാത്ത ഒരു പ്രവൃത്തി (ക്കാരൻ) ആകുന്നു. ആകയാൽ, നിനക്ക് അറിവി

قَالَ يَٰنُوحُ إِنَّهُۥ لَيْسَ مِنْ أَهْلِكَ ۖ إِنَّهُۥ عَمَلٌ غَيْرُ صَٰلِحٍ ۖ فَلَا تَسْـَٔلْنِ مَا لَيْسَ لَكَ

* പത്രത്തിൽനിന്നുള്ള ഉദ്ധദ്ധരണി സൂ: അമ്പിയായിനുശേഷമുള്ള വ്യാഖ്യാനക്കുറിപ്പിൽ ചേർത്തു കാണാം.

بِهِۦ عِلۡمٌۖ إِنِّيٓ أَعِظُكَ أَن تَكُونَ مِنَ ٱلۡجَٰهِلِينَ ﴿٤٦﴾

ല്ലാത്ത കാര്യം (സംബന്ധിച്ച്) എന്നോട് നീ ചോദിക്കരുത്. നീ(അറിവില്ലാത്ത) വിഡ്ഢികളുടെ കൂട്ടത്തിലായിത്തീരുമെന്നതിനാൽ, ഞാൻ നിന്നെ ഉപദേശിക്കുകയാണ്.''

قَالَ رَبِّ إِنِّيٓ أَعُوذُ بِكَ أَنۡ أَسۡـَٔلَكَ مَا لَيۡسَ لِي بِهِۦ عِلۡمٌۖ وَإِلَّا تَغۡفِرۡ لِي وَتَرۡحَمۡنِيٓ أَكُن مِّنَ ٱلۡخَٰسِرِينَ ﴿٤٧﴾

47 അദ്ദേഹം പറഞ്ഞു: ''എന്റെ റബ്ബേ! എനിക്ക് അറിവില്ലാത്ത കാര്യം (സംബന്ധിച്ചു) നിന്നോട് ചോദിക്കുന്നതിനെക്കുറിച്ചു ഞാൻ നിന്നോട് ശരണം തേടുന്നു. എനിക്ക് നീ പൊറുത്തുതരുകയും, എന്നോടു നീ കരുണ ചെയ്യുകയും ചെയ്യാത്തപക്ഷം, ഞാൻ നഷ്ടക്കാരിൽ പെട്ടവനായിത്തീരും!''

---

45 ونادى വിളിച്ചു. نوح നൂഹ്. ربه തന്റെ റബ്ബിനെ. فَقَالَ എന്നിട്ട് പറഞ്ഞു. رب എന്റെ റബ്ബേ. إن ابني നിശ്ചയമായും എന്റെ മകൻ, പുത്രൻ. من أهلي എന്റെ വീട്ടുകാരിൽ (സ്വന്തക്കാരിൽ) പെട്ടവനാകുന്നു. وإن وعدك നിശ്ചയമായും നിന്റെ വാഗ്ദാനം. الحق യഥാർത്ഥമാണ് (താനും). وأنت നീയാകട്ടെ. أحكم ഏറ്റം (വലിയ) വിധികർത്താവാകുന്നു. الحاكمين വിധികർത്താക്കളിൽ,. 46 قَالَ അവൻ പറഞ്ഞു. يا نوح നൂഹേ. إنه നിശ്ചയമായും അവൻ. ليس അല്ല, അവനല്ല. من أهلك നിന്റെ വീട്ടുകാരിൽ (സ്വന്തക്കാരിൽ)പെട്ട (വൻ). إنه നിശ്ചയമായും അവൻ. عملٌ ഒരു പ്രവൃത്തി (പ്രവൃത്തിക്കാരൻ) ആകുന്നു. غير صالح നല്ലവനല്ലാത്ത. فَلَا تسألن ആകയാൽ എന്നോട് ചോദിക്കരുത്. ما ليس ഇല്ലാത്തത്. لك നിനക്ക്. به അതിനെ. علم അറിവ്, ഒരു വിവരവും. إني നിശ്ചയമായും ഞാൻ. أعظك നിന്നെ ഉപദേശിക്കുന്നു, നിനക്ക് സദുപദേശം നൽകുന്നു. أن تكونَ നീ ആയിത്തീരുമെന്നതിനാൽ. من الجاهلين വിഡ്ഢികളിൽ (വിവരമില്ലാത്തവരിൽ) പെട്ട (വൻ).. 47 قَالَ അദ്ദേഹം പറഞ്ഞു. رب എന്റെ റബ്ബേ. إني أعوذُ നിശ്ചയമായും ഞാൻ ശരണം (രക്ഷ)തേടുന്നു. بك നിന്നിൽ, നിന്നോട്. أنْ أسألك ഞാൻ നിന്നോട് ചോദിക്കുന്നതിനെക്കുറിച്ച്. ما ليس ഇല്ലാത്തത്. لي به എനിക്ക് അതിനെപ്പറ്റി. علم അറിവു, വിവരം. وإلا تغفر നീ പൊറുത്തു തരാത്തപക്ഷം. لي എനിക്കു. وترحمني എനിക്കു കരുണ ചെയ്യുകയും. أكُن ഞാനായിരിക്കും, ആയിത്തീരും. من الخاسرين നഷ്ടപ്പെട്ടവരിൽ പെട്ട(വൻ).

നിന്റെ സ്വന്തക്കാരെയും കപ്പലിൽ കയറ്റിക്കൊള്ളുക (وأهلك) എന്ന് അല്ലാഹു അദ്ദേഹത്തോടു കൽപിച്ചിരുന്നതാണ്. അപ്പോൾ, തന്റെ മകനും അതിൽ ഉൾപെടുമെന്നു അദ്ദേഹം കരുതി. കപ്പലിൽ കയറുന്നവരെയെല്ലാം രക്ഷപ്പൊടുത്താമെന്നാണല്ലോ ആ കൽപനയുടെ അർത്ഥം. ശിക്ഷയുടെ വാക്ക് മുൻകഴിഞ്ഞവരൊഴികെ (الا من سبق عليه القول) (എന്ന ഉപാധിയിൽ മകൻ ഉൾപെട്ടിരിക്കുന്നുവെന്നു അദ്ദേഹം അന്നേരം അറിഞ്ഞിരുന്നതുമില്ല. അങ്ങനെ, മകൻ രക്ഷപ്പെടാൻ മാർഗ്ഗം കാണാതെവന്നപ്പോൾ മകന്റെ കാര്യത്തിൽ അദ്ദേഹം അല്ലാഹുവിനോടു സങ്കടപ്പെട്ടു. വാസ്തവത്തിൽ, അദ്ദേഹം ആ കൽപന മനസ്സിലാക്കിയതിൽ അദ്ദേഹത്തിനു പിഴവു പറ്റിയിട്ടുണ്ടെന്ന് അല്ലാഹു അദ്ദേഹത്തെ മനസ്സിലാക്കി. സ്വന്തം മകനെന്ന നിലക്കു അവൻ ബന്ധപ്പെട്ടവനാണെങ്കിലും അവൻ ദുർവൃത്തനായ-അഥവാ അവിശ്വാസിയായ-ആളാണെന്ന നിലക്കു അദ്ദേഹവുമായി ബന്ധം മുറിഞ്ഞുപോയിട്ടുണ്ടെന്നും, അവൻ അവിശ്വാസികളുടെ കൂട്ടത്തിൽ നശിച്ചുപോകേണ്ടവൻ തന്നെയാണെന്നും, അവിശ്വാസികളാരും പ്രവാചകന്റെ ആൾക്കാരായിരിക്കുകയില്ലെന്നും അല്ലാഹു അദ്ദേഹത്തെ അറിയിച്ചു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ കുടുംബത്തിൽപ്പെട്ട സ്വന്തക്കാർക്കെല്ലാം രക്ഷ കിട്ടുമെന്ന് നൂഹ് (عليه السلام)ധരിച്ചു. ആ ധാരണ ശരിയല്ലെന്നും,

മതബന്ധത്തിൽ ഉൾപ്പെട്ട സ്വന്തക്കാർക്കു മാത്രമാണു രക്ഷാവാഗ്ദാനമുള്ളതെന്നും അല്ലാഹു അദ്ദേഹത്തെ പഠിപ്പിച്ചു.

അദ്ദേഹത്തിൻെറ പക്കൽ വന്ന ധാരണപ്പിഴവു തിരുത്തിയതോടൊപ്പം തന്നെ, കാര്യത്തിൻെറ യാഥാർത്ഥ്യം മനസ്സിലാക്കാതെ ഇതുപോലെ മര്യാദയില്ലാത്ത ചോദ്യവും അപേക്ഷയും മേലിൽ നടത്തരുതെന്നും, അതു വിഡ്ഢികളുടെ സ്വഭാവമാണെന്നും, അല്ലാഹു അദ്ദേഹത്തെ ഉപദേശിച്ചു. സംഗതി മനസ്സിലായ അദ്ദേഹം തൻെറ പക്കൽ വന്നു പോയ അവിവേകത്തെപ്പറ്റി പശ്ചാത്തപിക്കുകയും അല്ലാഹുവിനോടു മാപ്പിനും കരുണക്കും അപേക്ഷിക്കുകയും, മേലിൽ ഇത്തരം അവിവേകങ്ങൾ തൻെറ പക്കൽ വന്നുപോകാതെ കാത്തുരക്ഷിക്കേണമെന്ന് പ്രാർത്ഥിക്കുകയും ചെയ്തു.

ഈ വചനങ്ങളിൽനിന്നു മനസ്സിലാക്കാവുന്നതും, മനസ്സിരുത്തേണ്ടതുമായ ചില കാര്യങ്ങൾ: (1) നൂഹ് (عليه السلام)തൻെറ മകനെപ്പറ്റി അല്ലാഹുവിനോടു സങ്കടം ബോധിപ്പിച്ചത് അല്ലാഹുവിൻെറ ഏതെങ്കിലും വിധിവിലക്കുകളെ അദ്ദേഹം ലംഘിച്ചുകൊണ്ടുള്ള ഒരു പാപകൃത്യമായിരുന്നില്ല. അദ്ദേഹം മനസ്സിലാക്കിയതിൽ വന്നുപോയ ഒരു അബദ്ധം മാത്രമാണത്. എങ്കിലും പ്രവാചകവര്യനും, ദിവ്യസന്ദേശങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്ന ആളുമായ അദ്ദേഹത്തിൻെറ സ്ഥാനപദവിക്കു യോജിച്ചതായിരുന്നില്ല ആ ചോദ്യം. ആ നിലക്ക് അതൊരു പാപമെന്നോണം ഗണിക്കപ്പെട്ടിരിക്കുകയാണ്. പാപമെങ്കിലും പ്രവാചകൻമാർ ഇങ്ങിനെയുള്ള ന്യൂനതകളിൽ നിന്നുപോലും പരിശുദ്ധരായിരിക്കണമെന്നതാണ് ഇതിലടങ്ങിയ തത്വം. അതുകൊണ്ടാണ് പ്രവാചകൻമാരിൽനിന്നു നിസ്സാരമായ വല്ല പാകപ്പിഴവുകളുണ്ടാകുമ്പോഴേക്കും ശക്തിയായ ഭാഷയിൽ അല്ലാഹു ഉടനെ തിരുത്തുന്നത്: (2) ആഭിജാത്യം കൊണ്ടോ, പ്രവാചകൻമാരടക്കമുള്ള മഹാൻമാരുമായി അടുത്ത ബന്ധമുള്ളതുകൊണ്ടോ ആർക്കും അല്ലാഹുവിങ്കൽ രക്ഷകിട്ടുകയില്ല. ഓരോ വ്യക്തിയുടെയും രക്ഷാശിക്ഷകൾക്കു നിദാനം ആ വ്യക്തിയുടെ വിശ്വാസവും കർമ്മവും തന്നെയായിരിക്കും. (3) കുടുംബപരമായ ചർച്ചാ ബന്ധത്തെക്കാൾ ശക്തമായ ബന്ധം മത വിശ്വാസം വഴിയുള്ള ബന്ധമാകുന്നു. നൂഹ് (അ)ൻെറ മകനും അദ്ദേഹവും തമ്മിൽ പിതൃപുത്ര ബന്ധമുണ്ടായിരുന്നിട്ടും അവൻ തൻെറ സ്വന്തക്കാരിൽ പെട്ടവനല്ല (انه ليس من أهلك) എന്നാണല്ലോ അല്ലാഹു പറഞ്ഞത്. ഈ അടിസ്ഥാനത്തിൽ തന്നെയാണു മുസ്ലിംകളുടെ വിമതസ്ഥരായ കുടുംബാംഗങ്ങൾക്കു ഇസ്ലാമിൽ പരസ്പരം സ്വത്തവകാശം വരെ ഇല്ലാതാക്കപ്പെട്ടിരിക്കുന്നതും.

قِيلَ يَـٰنُوحُ ٱهْبِطْ بِسَلَـٰمٍ مِّنَّا وَبَرَكَـٰتٍ عَلَيْكَ وَعَلَىٰٓ أُمَمٍ مِّمَّن مَّعَكَ ۚ وَأُمَمٌ سَنُمَتِّعُهُمْ ثُمَّ يَمَسُّهُم مِّنَّا عَذَابٌ أَلِيمٌ ﴿٤٨﴾

48 പറയപ്പെട്ടു: ‘‘നൂഹേ, നമ്മുടെ പക്കൽ നിന്നുള്ള ശാന്തിയോടെ ഇറങ്ങിക്കൊള്ളുക; നിൻെറമേലും, നിൻെറ കൂടെയുള്ളവരിൽനിന്നു (ണ്ടാകുവാനു) ള്ള സമുദായങ്ങളുടെമേലും അനുഗ്രഹാശിസ്സുകളോടെയും (ഇറങ്ങിക്കൊള്ളുക). ചില സമുദായങ്ങളാകട്ടെ, അവർക്കു നാം സൗഖ്യം നൽകിയേക്കും; പിന്നീട് അവർക്ക് നമ്മുടെ പക്കൽനിന്ന് വേദനയേറിയ ശിക്ഷ ബാധിക്കുകയും ചെയ്യും.’’

---

48 قِيلَ പറയപ്പെട്ടു. يا نوح നൂഹേ. اهبِطْ ഇറങ്ങുക, ഇറങ്ങിപ്പോയിക്കൊള്ളുക. بِسلامٍ സമധാനത്തോടെ, ശാന്തിയുമായി. منا നമ്മിൽ നിന്നുള്ള. وبركات ബർക്കത്ത് (അഭിവൃദ്ധി-അനുഗ്രഹാശിസ്സു)കളോടെ. عليك നിൻെറ മേൽ (പേരിൽ). وعلى أممٍ ചില സമുദായങ്ങളുടെ മേലും. ممن യാതൊരുവരിൽ നിന്നുള്ള (ഉണ്ടാകുന്ന). معك നിൻെറ കൂടെയുള. وأمم ചില സമുദായങ്ങളാ

കട്ടെ. **سنمتعهم** അവർക്ക് നാം സുഖം നൽകിയേക്കും. **ثُمَّ يمسهم** പിന്നെ അവരെ സ്പർശിക്കും, ബാധിക്കും. **منا** നമ്മിൽ നിന്ന്. **عذَابٌ** ശിക്ഷ. **أَليم** വേദനയേറിയ.

പ്രളയം അടങ്ങിയപ്പോൾ, അല്ലാഹുവിങ്കൽ നിന്നുള്ള സമാധാനവും ശാന്തിയും ലഭിച്ചവരായും, അനുഗ്രഹാശിസ്സുകൾക്കു പാത്രമായവരായുംകൊണ്ട് ഭൂമിയിലേക്ക് ഇറങ്ങിക്കൊള്ളുവാനുള്ള ഉത്തരവാണിത്. കപ്പലിലുണ്ടായിരുന്ന സത്യവിശ്വാസികൾക്കു മാത്രമല്ല, അവരിൽനിന്നു ഭാവിയുണ്ടാകുവാൻ പോകുന്ന സമുദായങ്ങളിലെ സത്യവിശ്വാസികൾക്ക് കൂടി ഈ ആശീർവാദം ബാധകമാണെന്നും, അവരിലുണ്ടാകുന്ന അവിശ്വാസികൾക്കു ഈ അനുഗ്രഹം ബാധകമല്ലെന്നും, കുറച്ചുകാലം അവർക്കു ഭൂമിയിൽ സുഖാനുഗ്രഹങ്ങൾ നൽകപ്പെടുമെന്നും, പിന്നീട് ശിക്ഷ തന്നെയായിരിക്കും ആധാരമെന്നുംകൂടി ഓർമ്മിപ്പിച്ചിരിക്കുന്നു. ഈ ചരിത്രസംഭവത്തെ ചൂണ്ടിക്കൊണ്ട് നബി (ﷺ)യോടായി അല്ലാഹു പറയുന്നു:-

تِلْكَ مِنْ أَنۢبَآءِ ٱلْغَيْبِ نُوحِيهَآ إِلَيْكَ ۖ مَا كُنتَ تَعْلَمُهَآ أَنتَ وَلَا قَوْمُكَ مِن قَبْلِ هَٰذَا ۖ فَٱصْبِرْ ۖ إِنَّ ٱلْعَٰقِبَةَ لِلْمُتَّقِينَ ﴿٤٩﴾

49 (നബിയേ)അവ(യൊക്കെ)അദൃശ്യവാർത്തകളിൽപെട്ടതാകുന്നു; അവ നിനക്ക് നാം 'വഹ്‌യു നൽകുന്നു. നീയാകട്ടെ, നിന്റെ ജനതയാകട്ടെ, ഇതിനു മുമ്പ് അവ അറിയുമായിരുന്നില്ല. ആകയാൽ, നീ ക്ഷമിച്ചുകൊള്ളുക. നിശ്ചയമായും, (ശുഭ) പര്യവസാനം സൂക്ഷ്മത പാലിക്കുന്നവർക്കായിരിക്കും,

---

49 **تلك** അത്, അവ. **من أَنباء** വാർത്തകളിൽപെട്ടതാണ്. **الْغيب** അദൃശ്യത്തിന്റെ. **نوحيها** അവ (അത്) നാം വഹ്‌യു നൽകുന്നു. **إِلَيك** നിനക്ക്. **ما كُنتَ** നീ ആയിരുന്നില്ല. **تعلمها** അവ അറിയും. **أنتَ** നീ. **ولا قَومك** നിന്റെ ജനതയുമില്ല. **من قَبل** മുമ്പ്. **هَذا** ഇതിന്റെ. **فَاصبر** ആകയാൽ ക്ഷമിക്കുക. **إِنَّ الْعاقبةَ** നിശ്ചയമായും പര്യവസാനം. **لِلْمتقين** സൂക്ഷമത പാലിക്കുന്നവർക്കാണ്.

നബി (ﷺ)തിരുമേനിയും, അവിടുത്തെ ജനതയായ അറബികളും വേദഗ്രന്ഥങ്ങളെപ്പറ്റി മുൻ പരിചയമില്ലാത്തവരാകകൊണ്ട് ഈ സംഭവവും, ഇതുപോലെയുള്ള പ്രാചീനകാല സംഭവങ്ങളും അവരെ സംബന്ധിച്ചിടത്തോളം തികച്ചും അജ്ഞാതങ്ങളാകുന്നു. അപ്പോൾ, പ്രസ്തുത സംഭവങ്ങളെ യഥാർത്ഥ രൂപത്തിൽ നബി (ﷺ)ക്കു വിവരിക്കുവാൻ കഴിയുന്നത് അല്ലാഹുവിങ്കിൽ നിന്നുള്ള വഹ്‌യു കൊണ്ടാണെന്ന് സ്പഷ്ടമാണ്. നൂഹ് (അ)ന്റെ ജനത അദ്ദേഹത്തിനെതിരിൽ നടത്തിയ ധിക്കാരനിഷേധങ്ങളുടെ ഫലം അവർ അനുഭവിച്ചതുപോലെ, ഈ മുശ്‌രിക്കുകളുടെ ധിക്കാരത്തിനും താമസിയാതെ അറുതി വരുത്തുകയും, സത്യവിശ്വാസികൾക്ക് രക്ഷ നൽകുകയും ചെയ്യും. അതുവരെ ക്ഷമയും സഹനവും കൈക്കൊള്ളണം. സത്യപ്രബോധനത്തിനെതിരെ ജനങ്ങളിൽ നിഷേധവും മത്സരവും പ്രകടമാകുന്നത് മുമ്പ് മുതൽക്കേയുള്ള പതിവാണ് എന്നൊക്കെ സാരം.

വിഭാഗം-5

നൂഹ് (عليه السلام)നബിയുടെശേഷം, വന്ന ചില പ്രവാചകൻമാരുടെയും, അവരുടെ സമുദായങ്ങൾ അവരുടെനേരെ കൈക്കൊണ്ട നിലപാടുകളുടെയും ചരിത്രം തുടർന്നുള്ള വചനങ്ങളിൽ വിവരിക്കുന്നു. ഹൂദു (عليه السلام)നബിയുടെയും സമുദായത്തിന്റെയും ചരിത്രമാണ് അവയിൽ ആദ്യത്തേത്. ഈ വിഷയകമായി മുമ്പ് സൂറത്തുൽ അഅ്റാഫിലും, താഴെ മുഅ്മിനൂൻ, ശുഅറാഉ്, അഹ്ഖാഫ് മുതലായ സൂറത്തുകളിലും വിവരിക്കപ്പെട്ടിട്ടുണ്ട്. ഓരോ സ്ഥലത്തും വിവരിക്കുമ്പോൾ മറ്റേ സ്ഥലത്തു കാണപ്പെടാത്ത ചില വിവരങ്ങൾ അടങ്ങിയിരിക്കും. ഇതു ഖുർആന്റെ പ്രത്യേക വിവരണ ശൈലികളിൽ ഒന്നാണുതാനും.

وَإِلَىٰ عَادٍ أَخَاهُمْ هُودًا ۚ قَالَ يَٰقَوْمِ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُۥٓ ۖ إِنْ أَنتُمْ إِلَّا مُفْتَرُونَ ﴿٥٠﴾

50 ‘ആദു’ ഗോത്രത്തിലേക്ക് അവരുടെ സഹോദരൻ ഹൂദിനെയും (നാം അയച്ചു). അദ്ദേഹം പറഞ്ഞു: ‘‘എൻെറ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ; അവനല്ലാതെ നിങ്ങൾക്ക് ഒരു ആരാധ്യനുമില്ല. നിങ്ങൾ കെട്ടിച്ചമക്കുന്നവരല്ലാതെ (മറ്റൊന്നും) അല്ല.

يَٰقَوْمِ لَآ أَسْـَٔلُكُمْ عَلَيْهِ أَجْرًا ۖ إِنْ أَجْرِىَ إِلَّا عَلَى ٱلَّذِى فَطَرَنِىٓ ۚ أَفَلَا تَعْقِلُونَ ﴿٥١﴾

51 ‘‘എൻെറ ജനങ്ങളേ, ഇതിൻെറ [ഈ പ്രബോധനത്തിൻെറ] പേരിൽ നിങ്ങളോടു ഞാൻ ഒരു പ്രതിഫലവും ചോദിക്കുന്നില്ല. എൻെറ പ്രതിഫലം എന്നെ സൃഷ്ടിച്ചുണ്ടാക്കിയവൻെറ മേൽ അല്ലാതെ (ബാധ്യത) ഇല്ല. അപ്പോൾ, നിങ്ങൾ ബുദ്ധികൊടു(ത്ത് ഗ്രഹി)ക്കുന്നില്ലേ?!

وَيَٰقَوْمِ ٱسْتَغْفِرُوا۟ رَبَّكُمْ ثُمَّ تُوبُوٓا۟ إِلَيْهِ يُرْسِلِ ٱلسَّمَآءَ عَلَيْكُم مِّدْرَارًا وَيَزِدْكُمْ قُوَّةً إِلَىٰ قُوَّتِكُمْ وَلَا تَتَوَلَّوْا۟ مُجْرِمِينَ ﴿٥٢﴾

52 എൻെറ ജനങ്ങളേ,നിങ്ങൾ നിങ്ങളുടെ റബ്ബിനോട് പാപമോചനം തേടുകയും, പിന്നെ അവങ്കലേക്ക് പശ്ചാത്തപിക്കുകയും ചെയ്വിൻ; (എന്നാൽ) അവൻ നിങ്ങൾക്ക് ആകാശത്തെ [മഴയെ] സമൃദ്ധമായി അയച്ചു തരുന്നതാണ്; നിങ്ങളുടെ ശക്തിയിലേക്ക് (കൂടുതൽ) ശക്തി അവൻ നിങ്ങൾക്ക് വർദ്ധിപ്പിക്കുകയും ചെയ്യും. നിങ്ങൾ കുറ്റവാളികളായിക്കൊണ്ട് തിരിഞ്ഞുകളയുകയും ചെയ്യരുത്.’’

---

50 وإلى عاد ആദിലേക്കും (ആദുഗോത്രത്തിലേക്കും). أخاهم അവുടെ സഹോദരനെ. هودا ഹൂദിനെ. قَالَ അദ്ദേഹം പറഞ്ഞു. يا قَوم എൻെറ ജനങ്ങളെ. اعبدوا നിങ്ങൾ ആരാധിക്കുവിൻ. الله അല്ലാഹുവിനെ. ما لَكُم നിങ്ങൾക്കില്ല. من إله ഒരാരാധ്യനും, ദൈവവും. غَيره അവനല്ലാതെ. إِنْ أنتم നിങ്ങളല്ല. إلا مفْترونَ കെട്ടിച്ചമക്കുന്നവരല്ലാതെ.. 51 يا قَوم എൻെറ ജനങ്ങളെ. لاَ أسألُكُم നിങ്ങളോട് ഞാൻ ചോദിക്കുന്നില്ല. علَيه ഇതിൻെറ (അതിൻെറ) പേരിൽ. أجرا ഒരു പ്രതിഫലം. إِنْ أجري എൻെറ പ്രതിഫലം ഇല്ല (അല്ല). إلا على മേലല്ലാതെ. الذي فَطَرنِي എന്നെ സൃഷ്ടിച്ചുണ്ടാക്കിയവൻെറ. أَفَلاَ تعقلُونَ അപ്പോൾ നിങ്ങൾ ബുദ്ധി കൊടുക്കു(ന്നില്ലേ), ഗ്രഹിക്കു(ന്നില്ലേ).. 52 ويا قَوم (വീണ്ടും) എൻെറ ജനങ്ങളേ. استغفروا നിങ്ങൾ പാപാമോചനം തേടുവിൻ. ربكُم നിങ്ങളുടെ റബ്ബിനോട്. ثُم പിന്നെ, പുറമെ. توبوا إليه അവനിലേക്ക് പശ്ചാത്തപിക്കുവിൻ. يرسل അവൻ അയച്ചുതരും. السماءَ ആകാശം (മഴ). علَيكُم നിങ്ങളിൽ, നിങ്ങൾക്ക്. مدرارا സമൃദ്ധമായി, തുടർന്നൊഴുകിക്കൊണ്ട്. ويزدكُم നിങ്ങൾക്കവൻ വർദ്ധിപ്പിക്കുകയും ചെയ്യും. قُوةً ശക്തി, ഊക്ക്. إِلى قُوتكُم നിങ്ങളുടെ ശക്തിയിലേക്ക് (ശക്തിയിൽ കൂടി). ولاَ تتولوا നിങ്ങൾ തിരിഞ്ഞുകളയുകയും അരുത്. مجرمين കുറ്റവാളികളായിക്കൊണ്ട്.

യമൻ പ്രദേശങ്ങളിൽപെട്ട അഹ്ഖാഫ് ആയിരുന്നു പ്രാചീന ഗോത്രമായ ആദ് (عاد الاولى) വർഗ്ഗത്തിൻെറ വാസസ്ഥലം. അവർ വിഗ്രഹാരാധകരായിരുന്നു. അവരുടെ ഗോത്രത്തിലും കുടുംബത്തിലുമുള്ള ആളായിരുന്നു ഹൂദ് (അ). അതുകൊണ്ടാണ് അദ്ദേഹത്തെ ‘അവരുടെ സഹോദരൻ’ എന്നു വിശേഷിപ്പിച്ചിരിക്കുന്നത്. അവരുടെ വാഗ്രഹാരാധന തുടങ്ങിയ തോന്നിയവാസങ്ങളെ ചൂണ്ടിക്കൊണ്ടാണ് ‘നിങ്ങൾ കെട്ടിച്ചമക്കുന്നവരല്ലാതെ മറ്റൊന്നുമല്ല’ എന്ന് ആദ്ദേഹം പറയുന്നത്. തൻെറ പ്രബോധനംകൊണ്ട് അല്ലാഹുവിങ്കൽ നിന്നുള്ള പ്രതിഫ

ലമല്ലാതെ-നിങ്ങളില്‍നിന്നുള്ള യാതൊരു പ്രതിഫലവും ഞാന്‍ ഉദ്ദേശിക്കുന്നില്ലെന്ന് നൂഹ് (عليه السلام)നബിയെപ്പോലെത്തന്നെ അദ്ദേഹവും ജനങ്ങളെ ഉല്‍ബോധിപ്പിച്ചു. അങ്ങിനെ, തന്‍റെ പ്രബോധനം നിഷ്കളങ്കമാണെന്നും, അതില്‍ സ്വാര്‍ത്ഥതാല്‍പര്യങ്ങളൊന്നും ഇല്ലെന്നും അദ്ദേഹം വ്യക്തമാക്കി. എല്ലാ പ്രവാചകന്‍മാരെയുംപോലെ, അദ്ദേഹത്തിനും പ്രഥമപ്രധാന മായി ഉപദേശിക്കുവാനുണ്ടായിരുന്നത് അല്ലാഹുവിനെയല്ലാതെ ആരാധിക്കരുതെന്ന തൗഹീദു തന്നെ.

ആദുവര്‍ഗ്ഗത്തെ സംബന്ധിച്ചിടത്തോളം അവര്‍ വളരെ കയ്യൂക്കും മെയ്യൂക്കുമുള്ള ഒരു വര്‍ഗ്ഗമായിരുന്നു. നിങ്ങള്‍ അല്ലാഹുവിനെ ആരാധിച്ചും, അവനിലേക്ക് ഖേദിച്ചും മടങ്ങിയും വന്നാല്‍ അവന്‍ നിങ്ങള്‍ക്ക് മഴ സമൃദ്ധമാക്കിത്തരുകയും, നിങ്ങളുടെ നിലവിലുള്ള ശക്തിയിലൂടെ ഇനിയും നിങ്ങള്‍ക്ക് ശക്തി വര്‍ദ്ധിപ്പിക്കുകയും ചെയ്യുമെന്ന് അദ്ദേഹം പറഞ്ഞതില്‍ നിന്നുതന്നെ ഇതു മനസ്സിലാക്കാം. ഞങ്ങളെക്കാള്‍ ഊക്കുള്ളവര്‍ ആരാണുള്ളതെന്ന് അഹങ്കാരപൂര്‍വ്വം അവര്‍ പറയുകയും ചെയ്തിരുന്നു. (41:15) പശ്ചാത്താപവും, പാപബോധവും പരലോകത്തുവെച്ചുമാത്രമല്ല, ഇഹത്തില്‍വെച്ചും അല്ലാഹുവിന്‍റെ അനുഗ്രഹം കൂടുതല്‍ ലഭിച്ചുകൊണ്ടിരിക്കുവാന്‍ കാരണമാണെന്ന് അദ്ദേഹം പറഞ്ഞതില്‍നിന്നു മനസ്സിലാക്കാം. ഇതുപോലെ നൂഹ് (عليه السلام)നബിയും അദ്ദേഹത്തിന്‍റെ ജനതയോട് പറഞ്ഞതായി സൂ: നൂഹില്‍ അല്ലാഹു അറിയിച്ചിട്ടുണ്ട്. ഇബ്നുഅബ്ബാസ് (رضي الله عنه) ല്‍നിന്ന് നിവേദനം ചെയ്യപ്പെട്ടിട്ടുള്ള ഒരു ഹദീസില്‍ നബി (صلى الله عليه وسلم)ഇപ്രകാരം പറഞ്ഞതായി വന്നിരിക്കുന്നു: ആരെങ്കിലും പാപമോചനം തേടല്‍ കൈവിടാതിരുന്നാല്‍ അവന് അല്ലാഹു എല്ലാ ഞെരുക്കത്തില്‍നിന്നും രക്ഷാമാര്‍ഗ്ഗം നല്‍കുകയും, എല്ലാ ദുഃഖവിചാരങ്ങളില്‍നിന്നും മുക്തി നല്‍കുകയും, അവന്‍ കണക്കാക്കാത്ത വിധത്തിലൂടെ അവന് ഉപജീവനം നല്‍കുകയും ചെയ്യുന്നതാണ്.’ (അ; ദ; ജ.)

قَالُواْ يَـٰهُودُ مَا جِئۡتَنَا بِبَيِّنَةٖ وَمَا نَحۡنُ بِتَارِكِيٓ ءَالِهَتِنَا عَن قَوۡلِكَ وَمَا نَحۡنُ لَكَ بِمُؤۡمِنِينَ ٥٣

53 അവര്‍ പറഞ്ഞു: ‘‘ഹൂദേ, നീ ഞങ്ങള്‍ക്ക് (വ്യക്തമായ) ഒരു തെളിവും കൊണ്ടു വന്നിട്ടില്ല; നിന്‍റെ വാക്കിനാല്‍ ഞങ്ങള്‍ ഞങ്ങളുടെ ആരാധ്യ വസ്തുക്കളെ [ദൈവങ്ങളെ] ഉപേക്ഷിക്കുന്നവരല്ലതാനും; ഞങ്ങള്‍ നിന്നെ വിശ്വസിക്കുന്നവരുമല്ല.

إِن نَّقُولُ إِلَّا ٱعۡتَرَىٰكَ بَعۡضُ ءَالِهَتِنَا بِسُوٓءٖۗ قَالَ إِنِّيٓ أُشۡهِدُ ٱللَّهَ وَٱشۡهَدُوٓاْ أَنِّي بَرِيٓءٞ مِّمَّا تُشۡرِكُونَ ٥٤

54 ‘‘ഞങ്ങളുടെ ആരാധ്യവസ്തുക്കളില്‍ ചിലത് നിനക്ക് വല്ല തിന്മയും ബാധിപ്പിച്ചിരിക്കുന്നുവെന്നല്ലാതെ ഞങ്ങള്‍ (ഒന്നും) പറയുന്നില്ല.’’ അദ്ദേഹം പറഞ്ഞു: ‘‘ഞാന്‍ അല്ലാഹുവിനെ സാക്ഷ്യപ്പെടുത്തുന്നു-നിങ്ങളും സാക്ഷ്യം വഹിച്ചു കൊള്ളുവിന്‍-നിങ്ങള്‍ പങ്കുചേര്‍ക്കുന്നതില്‍നിന്ന് ഞാന്‍ ഒഴിവായവനാണെന്ന്;-

مِن دُونِهِۦۖ فَكِيدُونِي جَمِيعٗا ثُمَّ لَا تُنظِرُونِ ٥٥

55 ‘‘(അതെ) അവനു പുറമെ [അവനോട് പങ്കുചേര്‍ക്കുന്നതില്‍ നിന്ന്]. അതിനാല്‍, നിങ്ങള്‍ എല്ലാവരും (കൂടി) എന്നോട് തന്ത്രം പ്രയോഗിച്ചുകൊള്ളുക; പിന്നെ, നിങ്ങള്‍ എനിക്ക് താമസം നല്‍കേണ്ടാ!’’

إِنِّي تَوَكَّلْتُ عَلَى ٱللَّهِ رَبِّي وَرَبِّكُم ۚ مَّا مِن دَآبَّةٍ إِلَّا هُوَ ءَاخِذٌۢ بِنَاصِيَتِهَآ ۚ إِنَّ رَبِّي عَلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿٥٦﴾

56 ''നിശ്ചയമായും, എന്‍റെ റബ്ബും, നിങ്ങളുടെ റബ്ബുമായ അല്ലാഹുവിന്‍റെ മേല്‍ ഞാന്‍ ഭരമേല്‍പിച്ചിരിക്കുന്നു. ഒരു (ജീവ) ജന്തുവും തന്നെ, അവന്‍ അതിന്‍റെ നെറുകയെ പിടിക്കുന്ന [അതിനെ അടക്കി ഭരിക്കുന്ന]വന്‍ ആയല്ലാതെ ഇല്ല. നിശ്ചയമായും, എന്‍റെ റബ്ബ് നേരെയുള്ള (ചൊവ്വായ) പാതയിലാണ്.''

فَإِن تَوَلَّوْا۟ فَقَدْ أَبْلَغْتُكُم مَّآ أُرْسِلْتُ بِهِۦٓ إِلَيْكُمْ ۚ وَيَسْتَخْلِفُ رَبِّي قَوْمًا غَيْرَكُمْ وَلَا تَضُرُّونَهُۥ شَيْـًٔا ۚ إِنَّ رَبِّي عَلَىٰ كُلِّ شَىْءٍ حَفِيظٌ ﴿٥٧﴾

57 ''ഇനി, നിങ്ങള്‍ തിരിഞ്ഞുകളയുകയാണെങ്കില്‍, എന്നെ നിങ്ങളിലേക്ക് യാതൊന്നുമായി അയക്കപ്പെട്ടിരിക്കുന്നുവോ അത് (ഇതാ) നിങ്ങള്‍ക്ക് ഞാന്‍ എത്തിച്ചുതന്നിട്ടുണ്ട്. എന്‍റെ റബ്ബ് നിങ്ങളല്ലാത്ത ഒരു ജനതയെ (നിങ്ങള്‍ക്ക് പകരം) പിന്നാലെ കൊണ്ടുവരുകയും ചെയ്യും. അവന് നിങ്ങള്‍ യാതൊന്നും(തന്നെ) ഉപദ്രവം ചെയ്കയുമില്ല. നിശ്ചയമായും, എന്‍റെ റബ്ബ് എല്ലാ വസ്തുവിന്‍റെയും മേല്‍(നോട്ടം ചെയ്ത്) കാത്തുപോരുന്നവനാകുന്നു.''

---

53 **قَالُوا** അവര്‍ പറഞ്ഞു. **يا هود** ഹൂദേ. **ما جِئْتنا** നീ ഞങ്ങള്‍ക്ക് വന്നിട്ടില്ല. **ببينة** (ഒരു വ്യക്തമായ) തെളിവുമായി, തെളിവും കൊണ്ട്. **وما نحن** ഞങ്ങളല്ലതാനും. **بِتاركي** ഉപേക്ഷിക്കുന്നവര്‍. **آلهتنا** ഞങ്ങളുടെ ആരാധ്യന്‍മാരെ (ദൈവങ്ങളെ). **عن قَولك** നിന്‍റെ വാക്കിനാല്‍.. **وما نحن** ഞങ്ങളല്ല താനും. **لك** നിന്നെ. **بِمؤمنِين** വിശ്വസിക്കുന്നവര്‍.. 54 **إن نَقُولُ** ഞങ്ങള്‍ പറയുന്നില്ല. **إلا اعتراك** നിനക്ക് ബാധിപ്പിച്ചിരിക്കുന്നു എന്നതല്ലാതെ. **بعض** ചിലത്. **آلهتنا** ഞങ്ങളുടെ ആരാധ്യരില്‍ (ദൈവങ്ങളില്‍). **بِسوءٍ** വല്ല തിന്മയെയും. **قَالَ** അദ്ദേഹം പറഞ്ഞു. **إني أُشهد** നിശ്ചയമായു ഞാന്‍ സാക്ഷ്യപ്പെടുത്തുന്നു. **الله** അല്ലാഹുവിനെ. **واشهدوا** നിങ്ങളും സാക്ഷ്യം വഹിക്കുവിന്‍. **أَني** ഞാന്‍ (ആകുന്നു) എന്ന്. **بريءٌ** ഒഴിവായവന്‍, നിരപരാധി, ബാധ്യതയില്ലാത്തവന്‍. **مما تشركُونَ** നങ്ങള്‍ പങ്കുചേര്‍ക്കുന്നതില്‍നിന്ന്. 55 **من دونِه** അവന് പുറമെ. **فَكيدوني** അതിനാല്‍ നിങ്ങളെ ന്നോട് തന്ത്രം പ്രയോഗിക്കുക. **جميعا** എല്ലാവരും. **ثُم** പിന്നീട്. **لا تنظرون** എനിക്ക് നിങ്ങള്‍ താമസം നല്‍കേണ്ട. 56 **إني توكلْت** നിശ്ചയമായും ഞാന്‍ ഭാരമേല്‍പിച്ച്. **على الله** അല്ലാഹുവിന്‍റെ മേല്‍. **ربي** എന്‍റെ റബ്ബായ. **وربكُم** നിങ്ങളുടെ റബ്ബുമായ. **ما من دابة** ഒരു ജന്തുവും (ജീവിയും-ചലിക്കുന്നതും) ഇല്ല. **إلا هو** അവനായിട്ടല്ലാതെ. **آخذٌ** പിടിക്കുന്നവന്‍. **بِناصيتها** അതിന്‍റെ നെറുകയേ, മൂര്‍ദ്ധാവിനെ, കുടുമയെ. **إن ربي** നിശ്ചയമായും എന്‍റെ റബ്ബ്. **على صراط** പാതയിലാണ്. **مستقيم** നേരെയുള്ള ചൊവ്വായ. 57 **فَإِن تولوا** ഇനി നിങ്ങള്‍ തിരിഞ്ഞുകളയുന്നപക്ഷം. **فَقَد أَبلَغتكُم** എന്നാല്‍ നിങ്ങള്‍ക്ക് ഞാന്‍ എത്തിച്ചു കഴിഞ്ഞു (എത്തിച്ചിട്ടുണ്ട്). **ما** യാതൊന്ന്, എന്തോ. **أرسلت** ഞാന്‍ അയക്കപ്പെട്ടിരിക്കുന്നു. **به** അതുമായി, അതുകൊണ്ട്. **إِلَيكُم** നിങ്ങളിലേക്ക്. **ويستخلف** പിന്നാലെ കൊണ്ടു വരുക (പകരം കൊണ്ടുവരുക-പിന്നില്‍ വരുത്തുക)യും ചെയ്യും. **ربي** എന്‍റെ റബ്ബ്. **قوما** ഒരു ജനതയെ, വല്ല ജനതയെയും. **غَيركُم** നിങ്ങളല്ലാത്ത. **ولا تضرونه** അവന് നിങ്ങള്‍ ഉപദ്രവം ചെയ്കയുമില്ല. **شيئًا** യാതൊന്നും, ഒരു വസ്തുവും. **إن ربي** നിശ്ചയമായും എന്‍റെ റബ്ബ്. **على كُل شيءٍ** എല്ലാ വസ്തുവിന്‍റെമേലും. **حفيظٌ** കാത്തുപോരുന്ന (മേല്‍നോട്ടം നടത്തുന്ന) വനാണ്.

ഹൂദ് (عَلَيْهِ السَّلَامُ)നബി ആ ജനതയെ തൗഹീദിലേക്ക് ക്ഷണിച്ചപ്പോള്‍ അവരില്‍നിന്നുണ്ടായ പ്രതികരണമാണ് ആദ്യം അല്ലാഹു ഉദ്ധരിച്ചത്. പിന്നീട് അതിനെത്തുടര്‍ന്ന് അദ്ദേഹം

അവരോട് പറഞ്ഞ മറുപടികളും ഉദ്ധരിച്ചിരിക്കുന്നു. നീ ഞങ്ങൾക്ക് മതിയായ തെളിവൊന്നും നൽകിയിട്ടില്ല, നിൻെറ വാക്കിനെ ആസ്പദമാക്കി ഞങ്ങളുടെ ദൈവങ്ങളെ കൈവെടിയുവാൻ ഞങ്ങൾ തയ്യാറില്ല, നീ പറയുന്നതിൽ ഞങ്ങൾക്കു വിശ്വാസമില്ല എന്നൊക്കെ പറഞ്ഞത് അവരുടെ നിഷേധത്തിൽനിന്നുത്ഭവിച്ച ധിക്കാരം, നിമിത്തമാണെന്ന് വ്യക്തമാണ്. ഇതിനെല്ലാം മകുടം ചാർത്തുമാറ് അന്ധവിശ്വാസത്തിൻെറ അടിത്തട്ടിൽനിന്നുത്ഭവിച്ച ഒരു ആരോപണവും! 'ഞങ്ങളുടെ ചില ദൈവങ്ങളിൽ നിന്നു നിനക്ക് എന്തോ ആപത്ത് ബാധിച്ചിട്ടുണ്ട് എന്നേ ഞങ്ങൾക്ക് പറയുവാനുള്ളു. അതല്ലാതെ നീ ഇങ്ങിനെ പിച്ചും പേയും പറയുവാൻ കാരണമില്ല'. ഒരുവശത്തിലൂടെ ഇതൊരു ആരോപണമാണെങ്കിൽ മറ്റൊരു വശത്തിലൂടെ ഒരു ഭീഷണികൂടിയാണ്. വിഗ്രഹങ്ങളെ സംബന്ധിച്ച് അവരുടെ അന്ധവിശ്വാസവും, മതിപ്പും എത്രമേൽ ഭയങ്കരമാണെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. ആദു ഗോത്രത്തിൽ മാത്രമുള്ള ഒരു വിഡ്ഢിത്തമല്ല ഇത്. വിഗ്രഹങ്ങൾ, ദേവീദേവൻമാർ, ജീവിച്ചിരിക്കുന്നവരോ മരണപ്പെട്ടവരോ ആയ മഹാത്മാക്കൾ, സ്വയം ദിവ്യൻമാരായി അഭിനയിക്കുന്ന മനുഷ്യപ്പിശാചുക്കൾ എന്നുവേണ്ട അല്ലാഹുവല്ലാത്ത ഏതു വസ്തുവെയും ആരാധ്യവസ്തുക്കളായി അംഗീകരിച്ചുവരുന്ന എല്ലാവരിലും കാണപ്പെടാറുള്ള ഒരു വിഡ്ഢിത്തമെത്രെ ഇത്. അതായത് അവയെ വകവെക്കാതെ വല്ലതും ആരെങ്കിലും പറയുകയോ പ്രവർത്തിക്കുകയോ ചെയ്താൽ അവർക്ക് അവയുടെ ശാപകോപങ്ങൾ ബാധിച്ചേക്കുമെന്നും, അതുമൂലം വല്ല ആപത്തുകൾ സംഭവിച്ചേക്കുമെന്നുള്ള ധാരണ. ആദു ജനത പറഞ്ഞതുപോലെ, സന്ദർഭം കാണുമ്പോൾ അവർ അത് തുറന്നുതന്നെ പറയുകയും ചെയ്യും. നേരെമറിച്ച് അല്ലാഹുവിനെ വകവെക്കാതെ തോന്നിയവാസങ്ങളിൽ മുഴുകിക്കൊണ്ടിരിക്കുന്നവർക്ക് അതുമൂലം വല്ല ആപത്തും സംഭവിച്ചേക്കാമെന്ന ധാരണ അങ്ങിനെയുള്ളവരിൽ വളരെ ദുർലഭമായേ കാണപ്പെടുകയുള്ളുതാനും.

ഹൂദു (عليه السلام)നബി അവർക്ക് നൽകിയ മറുപടിയുടെ സാരം ഇതാണ്: നിങ്ങൾ എന്തു തന്നെ ആരോപിച്ചാലും ശരി, അല്ലാഹു അല്ലാതെയുള്ള നിങ്ങളുടെ ആരാധ്യവസ്തുക്കളും ഞാനുമായി ഒരു ബന്ധവുമില്ല. അവയിൽനിന്നെല്ലാം ഞാൻ ഒഴിവായവനാണെന്ന് ഞാനിതാ അല്ലാഹുവിനെ സാക്ഷ്യപ്പെടുത്തിക്കൊണ്ട് നിങ്ങളോട് ഉറപ്പിച്ചു പറയുന്നു. യാതൊരു നീക്കത്തൂക്കവും ഈ വിഷയത്തിൽ എനിക്ക് ചെയ്യാനില്ലെന്നും, നിങ്ങളുമായി ഒരു ഒത്തുതീർപ്പിനും ഞാൻ സന്നദ്ധനല്ലെന്നും നിങ്ങളും ഉറപ്പിച്ചുകൊള്ളുക. ഇക്കാരണത്താൽ നിങ്ങളും നിങ്ങളുടെ ദൈവങ്ങളുമെല്ലാം ചേർന്ന് എനിക്കെതിരിൽ എന്തു ഗൂഢതന്ത്രങ്ങൾ നടത്തിയാലും വിരോധമില്ല. ഒരു വിട്ടുവീഴ്ചയും നൽകാതെ നിങ്ങൾക്കു തോന്നിയത് നിങ്ങൾ ചെയ്തുകൊള്ളുക. എൻെറ കാര്യങ്ങളെല്ലാം ഞാൻ അല്ലാഹുവിങ്കൽ അർപ്പിച്ചിരിക്കുകയാണ്. അവൻ എൻെറ മാത്രമല്ല, നിങ്ങളുടെയും രക്ഷിതാവും നിയന്താവുമാണ്. നിങ്ങളും ഞാനും അടക്കം എല്ലാ ജീവികളുടെയും ഭരണകൈകാര്യങ്ങൾ നടത്തുന്നവനുമാണ്. നേർക്കുനേരെ നീതിയുക്തമായ രീതിയിലേ അവൻ എല്ലാ കാര്യവും നടത്തുകയും ചെയ്കയുള്ളു. അതുകൊണ്ട് നിങ്ങൾ എത്ര കടുത്ത പരിപാടി ആസൂത്രണം ചെയ്താലും എനിക്കതിൽ ഒട്ടും ഭയമില്ല. ഇനിയും നിങ്ങൾ ഞാൻ പറയുന്നതൊന്നും വിലവെക്കാതെ നിങ്ങളുടെ ശിർക്കു മതത്തിൽ തന്നെ ശഠിച്ചുനിൽക്കുവാനാണ് ഭാവമെങ്കിൽ എനിക്കു പറയുവാനുള്ളത് ഇതാണ്: നിങ്ങളിൽ പ്രബോധനം ചെയ്വാൻവേണ്ടി അല്ലാഹു എന്നെ ഏൽപിച്ച ദൗത്യം ഞാനിതാ നിർവ്വഹിച്ചുകഴിഞ്ഞു. നിങ്ങളെ ഇവിടെനിന്ന് ഉന്മൂലനം ചെയ്യുമാറുള്ള വല്ല ശിക്ഷയും അവൻ നിങ്ങൾക്ക് ബാധിപ്പിച്ചേക്കും. നിങ്ങളുടെ സ്ഥാനത്ത് പുതിയ തലമുറകളെ അവൻ ഏർപ്പെടുത്തുകയും ചെയ്തേക്കും. മറിച്ച് നിങ്ങൾ മൂലം അവന്ന് ഒരു ദോഷവും ഭവിക്കുവാൻ പോകുന്നില്ല.

ناصية (നാസ്വിയത്ത്) എന്ന വാക്കു തലയുടെ മുൻഭാഗം, അഥവാ നെറുക് എന്ന അർത്ഥത്തിലും, ആ ഭാഗത്തുള്ള മുടി, അഥവാ കുടുമ എന്ന അർത്ഥത്തിലും ഉപയോഗിക്കാ

റുണ്ട്. ഒരാൾ മറ്റൊരാളുടെ നിയന്ത്രണത്തിന്നും ചൊൽപടിക്കും വിധേയനാകുമ്പോൾ അവൻ അവൻെറ നെറുക് പിടിച്ചിരിക്കുകയാണെന്നും, അവൻെറ നെറുക് അവൻെറ കയ്യിലാണെന്നും അറബിഭാഷയിൽ പറയപ്പെടാറുണ്ട്. ഇതനുസരിച്ചാണു 56-ാം വചനത്തിൽ എല്ലാ ജീവികളുടെയും നെറുക് പിടിച്ചവനാണ് അല്ലാഹു എന്നു പറഞ്ഞിരിക്കുന്നത്. ഹൂദ് (عليه السلام)അവസാനമായി അവരെ ഒരു പൊതുശിക്ഷയെക്കുറിച്ച് താക്കീതു ചെയ്തുവല്ലോ. അതിനെക്കുറിച്ച് അല്ലാഹു പറയുന്നു:-

58 നമ്മുടെ കൽപന വന്നപ്പോഴാകട്ടെ, ഹൂദിനെയും, അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരെയും നമ്മുടെ പക്കൽ നിന്നുള്ള കാരുണ്യം കൊണ്ട് നാം രക്ഷിച്ചു; അതികഠിന്യമായ ഒരു ശിക്ഷയിൽ നിന്ന് അവരെ നാം രക്ഷപ്പെടുത്തുകയും ചെയ്തു.

وَلَمَّا جَآءَ أَمْرُنَا نَجَّيْنَا هُودًا وَٱلَّذِينَ ءَامَنُوا۟ مَعَهُۥ بِرَحْمَةٍ مِّنَّا وَنَجَّيْنَٰهُم مِّنْ عَذَابٍ غَلِيظٍ ﴿٥٨﴾

---

58 **ولما جاء** വന്നപ്പോൾ, വന്നപ്പോഴാകട്ടെ. **أمرنا** നമ്മുടെ കൽപന, കാര്യം. **نجينا** നാം രക്ഷപ്പെടുത്തി. **هودا** ഹൂദിനെ. **والذين آمنوا** വിശ്വസിച്ചവരെയും. **معه** അദ്ദേഹത്തോടുകൂടി. **برحمة** കാരുണ്യം കൊണ്ട്. **منا** നമ്മിൽനിന്നുളള, നമ്മുടെ വക. **ونجيناهم** അവരെ നാം രക്ഷപ്പെടുത്തുകയും ചെയ്തു. **من عذَابٍ** ഒരു ശിക്ഷയിൽനിന്ന്. **غَليظ** കടുത്തതായ, കഠിനമായ, കനത്ത.

ആദു ജനതക്കു ബാധിച്ച ശിക്ഷ ഏഴു രാവും എട്ടു പകലും തുടർച്ചയായി അടിച്ചു വീശിക്കൊണ്ടിരുന്ന അത്യുഗ്രമായ ഒരു കൊടുങ്കറ്റായിരുന്നു. അതിൽ അവർ, ഒന്നടങ്കം കടപുഴങ്ങി മറിഞ്ഞുവീണ ഈന്തത്തടി മരങ്ങളെപ്പോലെ ചത്തുവീണൊടുങ്ങി. (സൂ; ഖമർ: 19, 20: അൽഹാഖ്-ഖ: 6,7)

59 അതത്രെ ആദു ഗോത്രം! അവർ തങ്ങളുടെ റബ്ബിൻെറ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചു; അവൻെറ റസൂലുകളോട് അനുസരണക്കേട് കാണിക്കുകയും ചെയ്തു. ദുർവാശിക്കാരായ എല്ലാ സ്വേച്ഛാധികാരികളുടെയും കൽപന അവർ പിൻപറ്റുകയും ചെയ്തു.

وَتِلْكَ عَادٌ ۖ جَحَدُوا۟ بِـَٔايَٰتِ رَبِّهِمْ وَعَصَوْا۟ رُسُلَهُۥ وَٱتَّبَعُوٓا۟ أَمْرَ كُلِّ جَبَّارٍ عَنِيدٍ ﴿٥٩﴾

---

59 **وتلك** അതു, അതാ. **عاد** ആദു. **جحدوا** അവർ നിഷേധിച്ചു. **بآيات** ദൃഷ്ടാന്തങ്ങളെ. **ربهم** തങ്ങളുടെ റബ്ബിൻെറ. **وعصوا** അവർ അനുസരണക്കേടും കാണിച്ചു. **رسله** അവൻെറ റസൂലുകളോട്. **واتبعوا** അവർ പിൻപറ്റുകയും ചെയ്തു. **أمر** കൽപനയെ . **كُلّ جبار** എല്ലാ സ്വേച്ഛാധികാരിയുടെയും. **عَنِيد** ദുർവാശിക്കാരായ.

അതാണവർക്ക് പറ്റിയ നാശത്തിനൊക്കെ ഹേതു. അതിൻെറ ഫലമോ?-

60 ഈ ഇഹത്തിൽ(വമ്പിച്ച)ഒരു ശാപത്താൽ അവർ അനുഗമിക്കപ്പെട്ടു; ഖിയാമത്തുനാളിലും (അനുഗമിക്കപ്പെട്ടു). അല്ലാ! (അറിയുക:) നിശ്ചയമായും, ആദു

وَأُتْبِعُوا۟ فِى هَٰذِهِ ٱلدُّنْيَا لَعْنَةً وَيَوْمَ ٱلْقِيَٰمَةِ ۗ أَلَآ إِنَّ عَادًا كَفَرُوا۟ رَبَّهُمْ ۗ أَلَا بُعْدًا لِّعَادٍ

قَوۡمِ هُودٍ ﴿٦٠﴾

ഗോത്രം തങ്ങളുടെ റബ്ബിനോട് നന്ദികേട് ചെയ്തു. അല്ലാ! (അറിയുക:) ഹൂദിന്‍റെ ജനതയായ ആദു ഗോത്രത്തിനു വിദൂരത! [കാരുണ്യത്തിൽനിന്നും അവർ എത്രയോ ദൂരം!]

---

60 **وأتبعوا** അവർ അനുഗമിക്കപ്പെട്ടു (അവരുടെ പിന്നാലെ തുടർന്നു). **في هذه الدنيا** ഈ ഇഹലോകത്തിൽ. **لَعنةً** ശാപം, ഒരു (വമ്പിച്ച) ശാപം. **ويوم القيامة** ഖിയാമത്തു നാളിലും. **ألا** അല്ലാ, അറിയുക. **إن عادا** നിശ്ചയമായും ആദു. **كفَروا** അവർ നന്ദികേട് ചെയ്തു. **ربهم** അവരുടെ റബ്ബിനോട്. **ألا** അല്ലാ, അറിയുക. **بعدا** വിദൂരത. **لعاد** ആദിന്. **قوم هود** ഹൂദിന്‍റെ ജനതയായ.

വിഭാഗം-6

സ്വാലിഹു (عليه السلام)നബിയുടെയും, അദ്ദേഹത്തിന്‍റെ ജനതയായ ഥമൂദുഗോത്രത്തിന്‍റെയും ചരിത്രമാണു ഈ വിഭാഗത്തിലുള്ളത്. അഅ്റാഫ്, ശുഅറാഉ്, നംലു, ഖമർ എന്നീ സൂറത്തുകളിലും മറ്റും ഈ ചരിത്രം വിവരിക്കപ്പെട്ടിരിക്കുന്നു. ഥമൂദുഗോത്രത്തിന്‍റെ വാസസ്ഥലമായിരുന്ന അൽഹിജ്റിനെ സംബന്ധിച്ച ഒരു വിവരണം ശുഅറാഉൽ കാണാവുന്നതാണ്.

۞ وَإِلَىٰ ثَمُودَ أَخَاهُمۡ صَٰلِحٗاۚ قَالَ يَٰقَوۡمِ ٱعۡبُدُواْ ٱللَّهَ مَا لَكُم مِّنۡ إِلَٰهٍ غَيۡرُهُۥۖ هُوَ أَنشَأَكُم مِّنَ ٱلۡأَرۡضِ وَٱسۡتَعۡمَرَكُمۡ فِيهَا فَٱسۡتَغۡفِرُوهُ ثُمَّ تُوبُوٓاْ إِلَيۡهِۚ إِنَّ رَبِّي قَرِيبٞ مُّجِيبٞ ﴿٦١﴾

61 ഥമൂദു ഗോത്രത്തിലേക്ക് അവരുടെ സഹോദരൻ സ്വാലിഹിനെയും (നാം അയച്ചു). അദ്ദേഹം പറഞ്ഞു: "എന്‍റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ; അവനല്ലാതെ നിങ്ങൾക്ക് ഒരാരാധ്യനുമില്ല. അവൻ നിങ്ങളെ ഭൂമിയിൽനിന്ന്(സൃഷ്ടിച്ചു)ണ്ടാക്കുകയും, നിങ്ങളെ അതിൽ അധിവസിപ്പിക്കുകയും ചെയ്തിരിക്കുന്നു. ആകയാൽ, അവനോട് നിങ്ങൾ പാപമോചനം തേടുകയും, പിന്നെ അവനിലേക്ക് പശ്ചാത്തപിക്കുകയും ചെയ്യുവിൻ. നിശ്ചയമായും, എന്‍റെ റബ്ബ് സമീപസ്ഥനും, ഉത്തരം നൽകുന്നവനുമാകുന്നു."

---

61 **وإلى ثَمود** ഥമൂദിലേക്കും. **أخاهم** അവരുടെ സഹോദരനെ. **صالحا** സ്വാലിഹിനെ. **قَال** അദ്ദേഹം പറഞ്ഞു. **يا قوم** എന്‍റെ ജനങ്ങളെ. **اعبدوا** ആരാധിക്കുവിൻ. **الله** അല്ലാഹുവിനെ. **ما لكُم** നിങ്ങൾക്കില്ല. **من إله** ഒരു ആരാധ്യനും. **غيره** അവനല്ലാതെ. **هو** അവൻ. **أنشأكم** നിങ്ങളെ ഉണ്ടാക്കി. **من الأرض** ഭൂമിയിൽനിന്ന്. **واستعمركم** നിങ്ങളെ അവൻ അധിവസിപ്പിക്കുക (കുടിയിരുത്തുക) യും ചെയ്തു. **فيها** അതിൽ. **فاستغفروه** അതിനാൽ അവനോട് പാപമോചനം തേടുവിൻ. **ثُم توبوا** പിന്നെ പശ്ചാത്തപിക്കുവിൻ. **إليه** അവങ്കലേക്ക്. **إن ربي** നിശ്ചയമായും എന്‍റെ റബ്ബ്. **قَريب** സമീപസ്ഥനാണ്. **مجيب** ഉത്തരം ചെയ്യുന്നവനാണ്.

നൂഹ് (عليه السلام)നബിയും ഹൂദു (عليه السلام)നബിയും അവരുടെ ജനങ്ങളെ ക്ഷണിച്ചതു പോലെത്തന്നെ സ്വാലിഹു (عليه السلام)നബിയും അദ്ദേഹത്തിന്‍റെ ജനങ്ങളെ തൗഹീദിലേക്കു

ക്ഷണിച്ചു. എല്ലാ പ്രവാചകൻമാരുടെയും പ്രധാനമായ വിഷയം അതാണല്ലോ. മനുഷ്യപിതാവായ ആദം (عليه السلام)നബിയെ അല്ലാഹു മണ്ണിൽനിന്നു സൃഷ്ടിച്ചു. പിന്നീടുള്ള മനുഷ്യരുടെ ജനനം മാതാപിതാക്കൾ വഴിയാണെങ്കിലും ഓരോരുത്തരുടെയും ബീജത്തിൻെറ ഉത്ഭവം മണ്ണിൽനിന്നാകുന്നു. അപ്പോൾ-സൂ: ഹജ്ജ് 5ലും മറ്റും പറഞ്ഞതുപോലെ- മനുഷ്യരെ സൃഷ്ടിച്ചതു മണ്ണിൽ നിന്നു തന്നെ. ഭൂമിയിൽനിന്നു നിങ്ങളെ സൃഷ്ടിച്ചുണ്ടാക്കി എന്നു പറഞ്ഞതിൻെറ താൽപര്യം അതാണ്. നിങ്ങളെ സൃഷ്ടിച്ചുണ്ടാക്കുകയും, ഭൂമിയിൽ നിങ്ങൾക്കുവേണ്ടുന്ന സൗകര്യങ്ങൾ ഒരുക്കിത്തന്നു അതിൽ നിങ്ങൾക്കു നിവസിക്കുമാറാക്കുകയും ചെയ്തത് അല്ലാഹു മാത്രമായിരിക്കെ, അവനല്ലാത്ത വസ്തുക്കളെ ആരാധിക്കുന്നതിനു അർത്ഥമില്ലല്ലോ എന്നു ഈ വചനത്തിൽ സൂചന കാണാം.

قَالُواْ يَٰصَٰلِحُ قَدۡ كُنتَ فِينَا مَرۡجُوّٗا قَبۡلَ هَٰذَآۖ أَتَنۡهَىٰنَآ أَن نَّعۡبُدَ مَا يَعۡبُدُ ءَابَآؤُنَا وَإِنَّنَا لَفِي شَكّٖ مِّمَّا تَدۡعُونَآ إِلَيۡهِ مُرِيبٖ ٦٢

62 അവർ പറഞ്ഞു: ''സ്വാലിഹേ, ഇതിനു മുമ്പ് തീർച്ചയായും നീ ഞങ്ങളുടെ കൂട്ടത്തിൽ ഒരു അഭിലഷണീയനായിരുന്നു. ഞങ്ങളുടെ പിതാക്കൾ ആരാധിച്ചുവരുന്നവയെ ഞങ്ങൾ ആരാധിക്കുന്നതിനെ നീ ഞങ്ങളോട് വിരോധിക്കുകയോ?! നീ ഞങ്ങളെ ഏതൊന്നിലേക്ക് ക്ഷണിക്കുന്നുവോ അതിനെപ്പറ്റി നിശ്ചയമായും ഞങ്ങൾ, ആശങ്കാജനകമായ സംശയത്തിൽ തന്നെയാകുന്നു.''

---

62 **قَالُوا** അവർ പറഞ്ഞു. **يا صالح** സ്വാലിഹേ. **قد كُنت** തീർച്ചയായും നീ ആയിരുന്നു, ആയിരുന്നിട്ടുണ്ട്. **فينا** ഞങ്ങളിൽ. **مرجوا** ഒരു അഭിലഷണീയൻ. **قبلَ هذَا** ഇതിൻെറ മുമ്പ്. **أتنهانا** നീ ഞങ്ങളെ വിരോധിക്കുകയോ വിലക്കുന്നുവോ. **أن نعبد** ഞങ്ങൾ ആരാധിക്കുന്നത്. **ما يعبد** ആരാധിച്ചു വരുന്നതിനെ. **آباؤنا** ഞങ്ങളുടെ പിതാക്കൾ. **وإننا** നിശ്ചയമായും ഞങ്ങൾ. **لفي شك** സംശയത്തിൽതന്നെയാണ്. **مما تدعونا** ഞങ്ങളെ നീ ക്ഷണിക്കുന്നതിനെപ്പറ്റി. **إليه** അതിലേക്ക്. **مريبٍ** സന്ദേഹപ്പെടുത്തുന്ന, ആശങ്കാജനകമായ.

ഞങ്ങളുടെ ഇടയിൽ കൊള്ളാവുന്ന ഒരു നല്ല മനുഷ്യനായിരുന്നു ഇക്കാലംവരെ നീ. തറവാടിത്തം, ബുദ്ധിവൈഭവം, സ്വഭാവശുദ്ധി ആദിയായവയിലൊക്കെ സമാദരണീയനായിരുന്നു. നിന്നെക്കുറിച്ച് ഞങ്ങൾക്ക് സൽപ്രതീക്ഷകളും ഉണ്ടായിരുന്നു. ഇപ്പോഴിതാ, നീ പഴയമട്ടെല്ലാം മാറി ഞങ്ങളുടെ പിതാക്കൾ പൂർവ്വികമായി ആരാധിച്ചുവരുന്ന ദൈവങ്ങളെയൊന്നും ആരാധിച്ചുകൂടാ എന്നു വിലക്കുന്നു! ഈ പുതിയ മാർഗ്ഗത്തെക്കുറിച്ച് ഞങ്ങൾക്ക് ഒരെത്തുംപിടിയും കിട്ടുന്നില്ല. അതിൽ ഞങ്ങൾക്ക് വളരെ ആശങ്കയും സംശയവുമാണുള്ളത്. ഇതൊക്കെയായിരുന്നു ആ ജനതയിൽ നിന്ന് അദ്ദേഹത്തിൻെറ ക്ഷണത്തിന് ലഭിച്ച മറുപടി.

പ്രവാചകൻമാർക്ക് പ്രവാചകത്വം ലഭിക്കുന്നതിന് മുമ്പ് അവർ ഉൽക്കൃഷ്ട സ്വഭാവഗുണങ്ങളോടുകൂടിയവരും, സുസമ്മതൻമാരുമായിരിക്കുക പതിവാകുന്നു. പ്രവാചകത്വം സിദ്ധിച്ച് ജനങ്ങളെ സൻമാർഗ്ഗത്തിലേക്കും സത്യവിശ്വാസത്തിലേക്കും ക്ഷണിക്കുവാൻ തുടങ്ങുന്നതോടെയായിരിക്കും ജനങ്ങൾക്ക് അവരുടെ നേരെയുള്ള ഭാവം മാറുന്നത്. വിശ്വസ്തനായ മുഹമ്മദ് (محمد الامين) എന്നു എല്ലാവരാലും പ്രശംസിക്കപ്പെട്ടിരുന്ന നബി (ﷺ)തിരുമേനിയുടെ നേരെ പ്രവാചകത്വത്തിനു ശേഷം ഖുറൈശികൾ സ്വീകരിച്ച നയവും നിലപാടും പ്രസിദ്ധമാണല്ലോ.

63 അദ്ദേഹം പറഞ്ഞു: ''എന്‍റെ ജനങ്ങളേ, നിങ്ങള്‍ കണ്ടുവോ (-ഒന്നു പറയുവിന്‍): ഞാന്‍ എന്‍റെ റബ്ബിങ്കല്‍ നിന്നുള്ള (വ്യക്തമായ) തെളിവോടെയായിരിക്കുകയും അവന്‍റെ പക്കല്‍ നിന്നുള്ള ഒരു കാരുണ്യം എനിക്കവന്‍ നല്‍കിയിരിക്കുകയുമാണെങ്കില്‍, അപ്പോള്‍-ഞാന്‍ അല്ലാഹുവിനോട് അനുസരണക്കേട് ചെയ്യുന്നപക്ഷം, അവനില്‍ നിന്ന് ആരാണ് എന്നെ സഹായി (ച്ചു രക്ഷി)ക്കുക! അപ്പോള്‍, നഷ്ടം വരുത്തലല്ലാതെ (മറ്റൊന്നും) നിങ്ങള്‍ എനിക്ക് വര്‍ദ്ധിപ്പിക്കുകയില്ല.''

قَالَ يَٰقَوۡمِ أَرَءَيۡتُمۡ إِن كُنتُ عَلَىٰ بَيِّنَةٖ مِّن رَّبِّي وَءَاتَىٰنِي مِنۡهُ رَحۡمَةٗ فَمَن يَنصُرُنِي مِنَ ٱللَّهِ إِنۡ عَصَيۡتُهُۥۖ فَمَا تَزِيدُونَنِي غَيۡرَ تَخۡسِيرٖ ﴿٦٣﴾

---

63 قَالَ അദ്ദേഹം പറഞ്ഞു. يا قوم എന്‍റെ ജനങ്ങളേ. أرأيتم നിങ്ങള്‍ കണ്ടുവോ (എന്നോടൊന്നു പറയുവിന്‍). إن كنت ഞാനാണെങ്കില്‍. على بينة (വ്യക്തമായ) തെളവോടെ. من ربي എന്‍റെ റബ്ബിങ്കല്‍ നിന്നുളള. وآتاني അവന്‍ എനിക്ക് നല്‍കിയിരിക്കയും. منه അവങ്കല്‍നിന്ന്. رحمةً കാരുണ്യം, ഒരു (വമ്പിച്ച) കാരുണ്യം. فمن എന്നാല്‍ ആരാണ്. ينصرني എന്നെ സഹായിക്കുക. من الله അല്ലാഹുവില്‍നിന്ന്. إنْ عصيته അവനോട് ഞാന്‍ അനുസരണക്കേട് (എതിര്) ചെയ്യുന്ന പക്ഷം. فما تزيدونني അപ്പോള്‍ നിങ്ങള്‍ എനിക്ക് വര്‍ദ്ധിപ്പിക്കുന്നതല്ല. غير അല്ലാതെ, ഒഴികെ. تخسير നഷ്ടം വരുത്തല്‍.

മുമ്പു പറഞ്ഞതുപോലെ കാരുണ്യം (رحمة) കൊണ്ട് ഇവിടെയും പ്രവാചകത്വം തന്നെയാണ് പ്രധാനോദ്ദേശ്യം. ഇതുപോലെയുള്ള ഏതാനും വാചകങ്ങള്‍ നൂഹ് (عليه السلام)അദ്ദേഹത്തിന്‍റെ ജനതയോട് ചെയ്ത പ്രസ്താവനയിലും മുമ്പ് കഴിഞ്ഞുപോയിട്ടുണ്ട്. സ്വാലിഹു (عليه السلام)നബിയുടെ ഉപദേശവും, അദ്ദേഹം നല്‍കിയ തെളിവുകളും അവര്‍ സ്വീകരിക്കുവാന്‍ ഒരുക്കമില്ല. അവര്‍ക്കൊരു പ്രത്യേക ദൃഷ്ടാന്തം കാണണമെന്ന് അവര്‍ ആവശ്യപ്പെട്ടു. (26: 154) ആ ദൃഷ്ടാന്തത്തെക്കുറിച്ച് അദ്ദേഹം പറയുന്നു:-

64 'എന്‍റെ ജനങ്ങളേ, ഇതാ നിങ്ങള്‍ക്ക് ഒരു ദൃഷ്ടാന്തമായിക്കൊണ്ട് അല്ലാഹുവിന്‍റെ ഒട്ടകം! ആകയാല്‍, അതിനെ(അതിന്‍റെ പാട്ടില്‍) നിങ്ങള്‍ വിട്ടേക്കുവിന്‍, അത് അല്ലാഹുവിന്‍റെ ഭൂമിയില്‍(നടന്നു) തിന്ന് കൊള്ളട്ടെ. അതിന് ഒരു തിന്‍മയും നിങ്ങള്‍ ബാധിപ്പിക്കുകയും ചെയ്യരുത്. എന്നാല്‍, സമീപസ്ഥമായ ഒരു ശിക്ഷ നിങ്ങളെ പിടികൂടുന്നതാണ്.''

وَيَٰقَوۡمِ هَٰذِهِۦ نَاقَةُ ٱللَّهِ لَكُمۡ ءَايَةٗۖ فَذَرُوهَا تَأۡكُلۡ فِيٓ أَرۡضِ ٱللَّهِۖ وَلَا تَمَسُّوهَا بِسُوٓءٖ فَيَأۡخُذَكُمۡ عَذَابٞ قَرِيبٞ ﴿٦٤﴾

65 എന്നിട്ട്, അവര്‍ അതിനെ അറുകൊല ചെയ്തു. അപ്പോള്‍, അദ്ദേഹം പറഞ്ഞു: ''നിങ്ങള്‍ നിങ്ങളുടെ പാര്‍പ്പിടത്തില്‍ മൂന്നു ദിവസം സുഖമെടുത്തുകൊള്ളുവിന്‍. [അപ്പോഴേക്കും ശിക്ഷ അനുഭവപ്പെടും] അത് നിര്‍വ്യാജമായ ഒരു വാഗ്ദ

فَعَقَرُوهَا فَقَالَ تَمَتَّعُواْ فِي دَارِكُمۡ ثَلَٰثَةَ أَيَّامٖۖ ذَٰلِكَ وَعۡدٌ غَيۡرُ مَكۡذُوبٖ ﴿٦٥﴾

ത്തമാകുന്നു.’’

---

64 ويا قوم എന്റെ ജനങ്ങളെ. هذه ഇതാ, ഇത്. ناقة الله അല്ലാഹുവിന്റെ ഒട്ടകം. لكم നിങ്ങൾക്ക്. آيةً ഒരു ദൃഷ്ടാന്തമായിട്ട്. فذروها അതിനാൽ (എന്നാൽ) അതിനെ വിട്ടേക്കുവിൻ. تأكُلْ അത് തിന്നുകൊള്ളട്ടെ, തിന്നുകൊള്ളും. في أرض ഭൂമിയിൽ. الله അല്ലാഹുവിന്റെ. ولا تمسوها നിങ്ങള തിനെ സ്പർശിക്കുക (ബാധിപ്പിക്കുക)യും ചെയ്യരുത്. بسوءٍ ഒരു തിൻമകൊണ്ടും, തിൻമയെ. فيأخذكُم എന്നാൽ നിങ്ങളെ പിടികൂടും. عذَابٌ ശിക്ഷ. قَريبٌ സമീപസ്ഥമായ. 65 فعقروها എന്നിട്ട് അവരതിനെ കുത്തി അറുത്തു, അറുകൊല ചെയ്തു. فقَالَ അപ്പോഴദ്ദേഹം പറഞ്ഞു. تمتعوا നിങ്ങൾ സുഖമെടുത്തു കൊള്ളുക. في داركُم നിങ്ങളുടെ പാർപ്പിടത്തിൽ (വസതിയിൽ). ثَلاثَةَ أيامٍ മൂന്നു ദിവസങ്ങൾ. ذَلكَ അതു. وعدٌ ഒരു വാഗ്ദത്തമാണ്. غير مكذُوبٍ വ്യാജമായിരിക്കാത്ത (കളവാക്കപ്പെടാത്ത).

ഒട്ടകം അതിന്റെ തീറ്റയും കുടിയുമായി ഭൂമിയിലൂടെ നടന്നുകൊള്ളട്ടെ. നിങ്ങളതിനെ ഒരു വിധത്തിലും ഉപദ്രവിക്കരുത്. ഉപദ്രവിച്ചാൽ താമസിയാതെ തന്നെ നിങ്ങൾക്ക് അല്ലാഹുവിങ്കൽനിന്ന് ശിക്ഷ അനുഭവപ്പെടും. എന്നു സ്വാലിഹു (عليه السلام)അവരെ താക്കീതു ചെയ്തു. വെള്ളത്താവളത്തിൽ ഒരു ദിവസം അവർക്കും ഒരു ദിവസം ഒട്ടകത്തിന്നുമാണെന്ന് ഊഴം നിശ്ചയിക്കപ്പെട്ടിരുന്നു. (26:115) അവർക്കത് സഹിക്കുവാൻ കഴിഞ്ഞില്ല. അവർ അതിനെ കുത്തിക്കൊന്നു. ഇനി നിങ്ങൾക്കു മൂന്നുദിവസമേ സുഖമായി ജീവിക്കുവാൻ കഴിയുകയുള്ളു. അതോടെ ശിക്ഷയും ബാധിക്കും. അതിൽ മാറ്റം വരുകയില്ലതന്നെ. എന്നു അദ്ദേഹം മുന്നറിയിപ്പു നൽകി. സംഭവിച്ചതും അങ്ങിനെത്തന്നെ.

66 അങ്ങനെ, നമ്മുടെ കൽപന വന്നപ്പോൾ, സ്വാലിഹിനെയും, അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരെയും നമ്മുടെ പക്കൽ നിന്നുള്ള കാരുണ്യം കൊണ്ടു നാം രക്ഷപ്പെടുത്തി; അന്നേ ദിവസത്തെ അപമാനത്തിൽനിന്നും (നാമവരെ രക്ഷപ്പെടുത്തി) നിശ്ചയമായും, നിന്റെ റബ്ബ് തന്നെയാണ് ശക്തനും, പ്രതാപശാലിയും ആയുള്ളവൻ.

فَلَمَّا جَآءَ أَمْرُنَا نَجَّيْنَا صَٰلِحًا وَٱلَّذِينَ ءَامَنُوا۟ مَعَهُۥ بِرَحْمَةٍ مِّنَّا وَمِنْ خِزْىِ يَوْمِئِذٍ ۗ إِنَّ رَبَّكَ هُوَ ٱلْقَوِىُّ ٱلْعَزِيزُ ﴿٦٦﴾

67 അക്രമം പ്രവർത്തിച്ചവരെ ഘോര ശബ്ദം പിടികൂടുകയും ചെയ്തു. അങ്ങനെ, അവർ അവരുടെ പാർപ്പിടങ്ങളിൽ കമിഴ്ന്നു വീണവരായി [ചത്തൊടുങ്ങി]

وَأَخَذَ ٱلَّذِينَ ظَلَمُوا۟ ٱلصَّيْحَةُ فَأَصْبَحُوا۟ فِى دِيَٰرِهِمْ جَٰثِمِينَ ﴿٦٧﴾

68 (അതെ) അവിടത്തിൽ അവർ ഉണ്ടായിട്ടില്ലാത്തതുപോലെ! അല്ലാ! (അറിയുക:) നിശ്ചയമായും, ഥമൂദു ഗോത്രം അവരുടെ റബ്ബിനോട് നന്ദികേട് ചെയ്തു. അല്ലാ! (അറിയുക:) ഥമൂദു ഗോത്രത്തിന് വിദൂരത! [കാരുണ്യത്തിൽനിന്നും അവർ വളരെ അകലം!]

كَأَن لَّمْ يَغْنَوْا۟ فِيهَآ ۗ أَلَآ إِنَّ ثَمُودَا۟ كَفَرُوا۟ رَبَّهُمْ ۗ أَلَا بُعْدًا لِّثَمُودَ ﴿٦٨﴾

---

66 فلما جاءَ എന്നിട്ടു വന്നപ്പോൾ. أمرنا നമ്മുടെ കൽപന. نجينا നാം രക്ഷപ്പെടുത്തി. صالحا സ്വാലിഹിനെ. والذين آمنوا വിശ്വസിച്ചവരെയും. معه അദ്ദേഹത്തോടൊപ്പം. برحمة കാരുണ്യം കൊണ്ട്. منا

നമ്മിൽ നിന്നുളള, നമ്മുടെവക. **ومن خزي** അപമാനത്തിൽ നിന്നും. **يومئذ** അന്നത്തെ, ആ ദിവസത്തിലെ. **إن ربك** നിശ്ചയമായും നിന്റെ റബ്ബ്. **هو القوي** അവനത്രെ (അവൻ തന്നെ) ശക്തൻ. **العزيز** പ്രതാപശാലി. 67 **وأخذَ** പിടികൂടുകയും ചെയതു. **الذين ظلموا** അക്രമം ചെയ്തവരെ. **الصيحةُ** ഘോര ശബ്ദം, അട്ടഹാസം. **فأصبحوا** അങ്ങനെ അവരായി. **في ديارهم** അവരുടെ വസതി (പാർപ്പിടം-ഭവനം) കളിൽ. **جاثمين** കമിഴ്ന്നു (മുട്ടുകുത്തി) വീണവർ. 68 **كأن لم يغنوا** അവർ ധന്യമാകാത്ത (ഉണ്ടായിട്ടില്ലാത്തപോലെ). **فيها** അവയിൽ (അവിടത്തിൽ). **ألا** അല്ലാ, അറിയുക. **إن ثمودا** നിശ്ചയമായും ഥമൂദു. **كفروا** നന്ദികേട് ചെയ്തു. **ربهم** അവരുടെ റബ്ബിനോട്. **ألا** അല്ലാ, അറിയുക. **بعدا** വിദൂരത. **لثمود** ഥമൂദിന്.

ഈ സംഭവം അഅ്റാഫ്, ശുഅറാഉ്, ഖമർ എന്നീ സൂറത്തുകളിൽ വിശദമായി വിവരിച്ചിട്ടുള്ളതുകൊണ്ടു ഇവിടെ കൂടുതൽ വിവരിക്കുന്നില്ല. (സാലിഹ് (عليه السلام)നബിയുടെ ഒട്ടകത്തിന്റെ വിശേഷതകളെപ്പറ്റി ചിലർ നടത്തിയിട്ടുള്ള ദുർവ്യാഖ്യാനങ്ങളെ സംബന്ധിച്ചുള്ള നിരൂപണം സൂ: ഖമറിന്റെ വ്യാഖ്യാനത്തിൽ കാണാം)

വിഭാഗം-7

ഇബ്റാഹീം (عليه السلام)നബിയുടെയും, ലൂത്ത് (عليه السلام)നബിയുടെയും കഥകളാണ് ഈ വിഭാഗത്തിലുള്ളത്. പരസ്പരം ബന്ധപ്പെട്ടു നിൽക്കുന്ന ആ സംഭവങ്ങൾ താഴെ ഹിജ്ർ, അങ്കബൂത്ത്, ദാരിയാത്ത് എന്നീ സൂറത്തുകളിലും വിവരിക്കപ്പെട്ടു കാണാം.

وَلَقَدْ جَآءَتْ رُسُلُنَآ إِبْرَٰهِيمَ بِٱلْبُشْرَىٰ قَالُوا۟ سَلَٰمًا ۖ قَالَ سَلَٰمٌ ۖ فَمَا لَبِثَ أَن جَآءَ بِعِجْلٍ حَنِيذٍ ﴿٦٩﴾

69 നമ്മുടെ ദൂതൻമാർ സന്തോഷ വാർത്തയുമായി ഇബ്രാഹീമിന്റെ അടുക്കൽ വരുകയുണ്ടായി. അവർ പറഞ്ഞു: ‘‘സലാം!’’ [സമാധാനം ഭവിക്കട്ടെ] അദ്ദേഹം പറഞ്ഞു ‘‘സലാം’’ എന്നിട്ട് അദ്ദേഹം ഒരു ചുട്ടുവേവിച്ച പശുക്കുട്ടിയുമായി വരുവാൻ താമസമുണ്ടായില്ല.

---

69 **ولقد جاءَت** വരുകയുണ്ടായി, വന്നിട്ടുണ്ട്. **رسلنا** നമ്മുടെ ദൂതൻമാർ. **إبراهيم** ഇബ്റാഹീമിന്റെ അടുക്കൽ. **بالبشرى** സന്തോഷ വാർത്തയുമായി. **قالوا** അവർ പറഞ്ഞു. **سلاما** സലാം. **قالَ** അദ്ദേഹം പറഞ്ഞു. **سلام** സലാം. **فما لبثَ** എന്നിട്ട് അദ്ദേഹം താമസിച്ചില്ല. **أن جاء** വരുവാൻ. **بعجل** ഒരു പശു (മൂരി)ക്കുട്ടിയും കൊണ്ട്. **حنيذ** ചുട്ടുവേവിക്കപ്പെട്ട.

ഈ ദൂതൻമാർ മലക്കുകളായിരുന്നു. ഇബ്റാഹീമിന്റെ അതിഥികൾ (ضيف إبراهيم) എന്നാണ് സൂ: ദാരിയാത്തിൽ ഇവരെ വിശേഷിപ്പിച്ചിരിക്കുന്നത്. അതിഥികളെപ്പോലെ മനുഷ്യരൂപത്തിൽ വന്ന അവർ ആരായിരുന്നുവെന്ന് അദ്ദേഹം അറിഞ്ഞില്ല. സൽക്കാരപ്രിയനായിരുന്ന അദ്ദേഹം അന്നത്തെ പതിവിനനുസരിച്ച് വിശിഷ്ടാഹാരമായി കരുതപ്പെട്ടിരുന്ന ഒരു പശുക്കുട്ടിയെ-അല്ലെങ്കിൽ മൂരിക്കുട്ടനെ-അറുത്ത് കൽചൂളയിൽവെച്ച് വേവിച്ച് തയ്യാറാക്കി. ഭക്ഷണം വിളമ്പിവെച്ച് അവരെ ക്ഷണിച്ചു. സൂ: ദാരിയാത്തിൽ ഈ രംഗം വിവരിച്ചിരിക്കുന്നത് ഇങ്ങിനെയാകുന്നു: ‘‘ഉടനെ അദ്ദേഹം തന്റെ വീട്ടുകാരുടെ അടുക്കൽ പതുക്കെച്ചെന്ന് ഒരു തടിച്ചു കൊഴുത്ത പശുക്കുട്ടിയെ കൊണ്ട് വന്ന് അവരുടെ അടുക്കൽവെച്ചു. തിന്നുകയല്ലേ എന്ന് പറഞ്ഞു’’. (ദാരിയാത്ത്: 26, 27) അവരുടെ വരവിന്റെ ഉദ്ദേശ്യത്തെപ്പറ്റി താഴെ വിവരിക്കുന്നുണ്ട്.

70 എന്നിട്ട് അവരുടെ കൈകള്‍ അതിലേക്ക് നീളുന്നില്ലെന്ന് കണ്ടപ്പോള്‍, അദ്ദേഹം അവരെക്കുറിച്ചു ശങ്കിച്ചു; അവരെപ്പറ്റി അദ്ദേഹത്തിന് ഒരു ഭയം തോന്നുകയും ചെയ്തു. അവര്‍ പറഞ്ഞു: ''ഭയപ്പെടേണ്ട; ഞങ്ങള്‍ ലൂത്ത്വിന്‍റെ ജനങ്ങളിലേക്ക് അയക്കപ്പെട്ടിരിക്കുകയാണ്.''

فَلَمَّا رَءَآ أَيۡدِيَهُمۡ لَا تَصِلُ إِلَيۡهِ نَكِرَهُمۡ وَأَوۡجَسَ مِنۡهُمۡ خِيفَةٗۚ قَالُواْ لَا تَخَفۡ إِنَّآ أُرۡسِلۡنَآ إِلَىٰ قَوۡمِ لُوطٖ ﴿٧٠﴾

---

70 **فلما رأى** എന്നിട്ട് അദ്ദേഹം കണ്ടപ്പോള്‍. **أيديهم** അവരുടെ കൈകളെ. **لا تصلُ** ചേരാതെ (നീളാതെ). **إليه** അതിലേക്ക്. **نكرهم** അവരെക്കുറിച്ച് അദ്ദേഹം ശങ്കിച്ചു (അപരിചിതത്വം തോന്നി). **وأوجس** മറച്ചുവെക്കുകയും ചെയ്തു, അദ്ദേഹത്തിന് തോന്നുകയും ചെയ്തു. **منهم** അവരെപ്പറ്റി. **خيفةً** ഒരു ഭയം, പേടി. **قالوا** അവര്‍ പറഞ്ഞു. **لا تخف** ഭയപ്പെടേണ്ട. **إنا أرسلنا** ഞങ്ങള്‍ അയക്കപ്പെട്ടിരിക്കുന്നു. **إلى قوم** ജനങ്ങളിലേക്ക്. **لوط** ലൂത്ത്വിന്‍റെ.

അതിഥികള്‍ ഭക്ഷണത്തിലേക്ക് കൈനീട്ടുന്നില്ല. മലക്കുകള്‍ ഭക്ഷണം കഴിക്കാറില്ലല്ലോ. അതുകണ്ടപ്പോള്‍ അവരെപ്പറ്റി ഇബ്റാഹീം (عليه السلام)നബിക്ക് സംശയവും ഭയവുമായി. ഇത് മനസ്സിലാക്കിയ അതിഥികള്‍ തങ്ങളെ സ്വയം പരിചയപ്പെടുത്തി. തങ്ങള്‍ അല്ലാഹു അയച്ച ദൂതന്‍മാരാണ്; ലൂത്ത് (عليه السلام)നബിയുടെ ജനതയെ നശിപ്പിക്കുവാന്‍വേണ്ടി അയക്കപ്പെട്ടരവാണ് എന്നറിയിച്ചു. ഇതായിരുന്നു അവരുടെ വരവിന്‍റെ ഒരു ലക്ഷ്യം. മറ്റൊരു ലക്ഷ്യത്തെപ്പറ്റി തുടര്‍ന്നു പറയുന്നു:-

71 അദ്ദേഹത്തിന്‍റെ സ്ത്രീ (അടുത്ത്) നില്‍ക്കുന്നുണ്ടായിരുന്നു; അപ്പോള്‍ അവള്‍ ചിരിച്ചു. അപ്പോള്‍, നാം [അല്ലാഹു] ഇസ്ഹാഖിനെയും, ഇസ്ഹാഖിന്‍റെ പിന്നാലെ യഅ്ഖൂബിനെയും കുറിച്ച് അവര്‍ക്ക് സന്തോഷവാര്‍ത്ത അറിയിച്ചു.

وَٱمۡرَأَتُهُۥ قَآئِمَةٞ فَضَحِكَتۡ فَبَشَّرۡنَٰهَا بِإِسۡحَٰقَ وَمِن وَرَآءِ إِسۡحَٰقَ يَعۡقُوبَ ﴿٧١﴾

---

71 **وامرأته** അദ്ദേഹത്തിന്‍റെ സ്ത്രീ (ഭാര്യ). **قائمةٌ** നില്‍ക്കുന്നവളായിരുന്നു (നില്‍ക്കുകയായിരുന്നു). **فضحكت** അപ്പോള്‍ (എന്നിട്ട്) അവള്‍ ചിരിച്ചു. **فبشرناها** അപ്പോള്‍ അവള്‍ക്ക് നാം സന്തോഷമറിയിച്ചു. **بإسحاق** ഇസ്ഹാഖിനെപ്പറ്റി. **ومن وراء** പിന്നാലെ. **إسحاق** ഇസ്ഹാഖിന്‍റെ. **يعقوب** യഅ്ഖൂബിനെ (യും).

ഭര്‍ത്താവിനും, അതിഥികള്‍ക്കും ഭക്ഷണം തയ്യാറാക്കിക്കൊടുത്തുകൊണ്ട് വീട്ടുകാരി- ഇബ്റാഹീം (عليه السلام) ന്‍റെ ഭാര്യ സാറഃ (عليها السلام) അടുത്ത് നില്‍ക്കുന്നുണ്ടായിരുന്നു. അവരുടെ ആവശ്യങ്ങളന്വേഷിക്കുവാനും വേണ്ടുന്ന ഒത്താശകള്‍ ചെയ്യുവാനും വേണ്ടിയായിരിക്കും അത്. ഇബ്റാഹീം (عليه السلام) നബിയുടെ സഹോദരപുത്രനാണ് ലൂത്ത്നബി (അ). അദ്ദേഹത്തിന്‍റെ ജനത മുഴുവനും-താഴെ കാണാവുന്നതുപോലെ-പ്രകൃതിവിരുദ്ധമായ നീചവൃത്തിയിലും തോന്നിയവാസങ്ങളിലും അതിരുകവിഞ്ഞിരിക്കുകയാണ്. ലൂത്ത് (عليه السلام) അവരെക്കൊണ്ട് പൊറുതിമുട്ടിയിരിക്കുന്നുതാനും. ആ ജനതയെ നശിപ്പിക്കുന്ന വിവരം അറിഞ്ഞതായ സന്തോഷം കൊണ്ടോ, അതിഥികള്‍ ആരാണെന്നറിഞ്ഞതിലുള്ള മനസ്സമാ

ധാനം കൊണ്ടോ-അല്ലാഹുവിനറിയാം-സാറ ചിരിച്ചു. ഈ അവസരത്തിൽ മലക്കുകൾ തങ്ങളുടെ വരവിന്റെ മറ്റേ ഉദ്ദേശ്യം അറിയിച്ചു. അവർക്ക് ഒരു പുത്രൻ ഉണ്ടാകാൻ പോകുന്നുവെന്നും, പിന്നീട് ആ പുത്രൻ വഴി ഒരു പൗത്രനും ഉണ്ടാകുമെന്നുമുള്ള സന്തോഷവാർത്തയായിരുന്നു അത്. പുത്രൻ ഇസ്ഹാഖും, പൗത്രൻ യഅ്ഖൂബും (عليه السلام) തന്നെ. സന്തോഷവാർത്ത അറിയിച്ചത് മലക്കുകൾ മുഖേനയാണെങ്കിലും യഥാർത്ഥത്തിൽ അത് അല്ലാഹുവിങ്കൽ നിന്നുള്ളതാണല്ലോ. അതുകൊണ്ടാണ് بشرنا (നാം സന്തോഷമറിയിച്ചു) എന്ന് പറഞ്ഞത്. ഇതുവരെയും മക്കൾ ജനിച്ചിട്ടില്ലാത്ത താനും തന്റെ ഭർത്താവും വലിയ വൃദ്ധൻമാരായിരിക്കുന്ന അവസരത്തിലുള്ള ഈ വാർത്ത അവരെ അത്ഭുതപ്പെടുത്തി.

72 അവൾ പറഞ്ഞു: ''കഷ്ടം! [ആശ്ചര്യം തന്നെ!] ഞാൻ ഒരു കിഴവിയായിരിക്കെ ഞാൻ പ്രസവിക്കുകയോ-ഇതാ-എന്റെ ഭർത്താവ് ഒരു വൃദ്ധനുമായിരിക്കെ?! നിശ്ചയമായും, ഇതൊരു അൽഭുതകരമായ കാര്യം തന്നെ!''

قَالَتْ يَٰوَيْلَتَىٰٓ ءَأَلِدُ وَأَنَا۠ عَجُوزٌ وَهَٰذَا بَعْلِى شَيْخًا ۖ إِنَّ هَٰذَا لَشَىْءٌ عَجِيبٌ ﴿٧٢﴾

73 അവർ പറഞ്ഞു: ''അല്ലാഹുവിന്റെ കൽപനയെപ്പറ്റി നീ അൽഭുതപ്പെടുന്നുവോ?! അല്ലാഹുവിന്റെ കാരുണ്യവും, അവന്റെ അനുഗ്രഹങ്ങളും നിങ്ങളിലുണ്ടാവട്ടെ, വീട്ടുകാരേ! നിശ്ചയമായും അവൻ സ്തുത്യാർഹനും മഹത്വമേറിയവനുമാകുന്നു.''

قَالُوٓا۟ أَتَعْجَبِينَ مِنْ أَمْرِ ٱللَّهِ ۖ رَحْمَتُ ٱللَّهِ وَبَرَكَٰتُهُۥ عَلَيْكُمْ أَهْلَ ٱلْبَيْتِ ۚ إِنَّهُۥ حَمِيدٌ مَّجِيدٌ ﴿٧٣﴾

---

72 **قالت** അവൾ പറഞ്ഞു. **يا ويلتى** കഷ്ടമേ, നാശമേ (അത്ഭുതം). **أألد** ഞാൻ പ്രസവിക്കുകയോ. **وأنا** ഞാനാകട്ടെ, ഞാനായിരിക്കെ. **عجوز** ഒരു കിഴവി. **وهذا** ഇതാ, ഇത്. **بعلي** എന്റെ വരൻ, എന്റെ ഭർത്താവും. **شيخا** വൃദ്ധനായിക്കൊണ്ട്. **إن هذا** നിശ്ചയമായും ഇത്. **لشيء** ഒരു കാര്യം തന്നെ. **عجيب** അത്ഭുത(ആശ്ചര്യ)കരമായ. 73 **قالوا** അവർ പറഞ്ഞു. **أتعجبين** നീ അത്ഭുതപ്പെടുന്നുവോ. **من أمرالله** അല്ലാഹുവിന്റെ കൽപനയെ (കാര്യത്തെ) പ്പറ്റി. **رحمةُ الله** അല്ലാഹുവിന്റെ കാരുണ്യം. **وبركاته** അവന്റെ അനുഗ്രഹങ്ങളും, ആശീർവാദങ്ങളും. **عليكُم** നിങ്ങളുടെ മേൽ (ഉണ്ടാവട്ടെ-ഉണ്ടായിരിക്കും). **أهلَ البيت** വീട്ടുകാരെ. **إنه** നിശ്ചയമായും അവൻ. **حميد** സ്തുത്യാർഹനാണ്. **مجيد** മഹത്വമേറിയവനാണ്.

ياويلتا എന്ന വാക്കിന്നർത്ഥം 'കഷ്ടമേ, നാശമേ' എന്നൊക്കെയാണെങ്കിലും സന്തോഷ സൂചകമായ ഇത്തരം സന്ദർഭങ്ങളിൽ 'വലിയ അത്ഭുതം തന്നെ' എന്നേ അതുകൊണ്ടുദ്ദേശിക്കപ്പെടാറുള്ളു. സ്ത്രീകളുടെ സംസാരത്തിലാണ് ഈ പ്രയോഗം അധികം കാണപ്പെടാറുള്ളതും (كما فى ابن كثير وغيره) സൂറ: ദാരിയാത്തിൽഇപ്രകാരം പറഞ്ഞിരിക്കുന്നു: ''അപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ (ഉറക്കെ) ഒരു ശബ്ദത്തോടുകൂടി മുന്നോട്ട് വന്നു മുഖത്തടിച്ചുകൊണ്ട് (ഞാൻ) 'വന്ധ്യയായ ഒരു കിഴവി' എന്ന് പറഞ്ഞു. (ദാരി: 29) ആ സമയത്ത് ഇബ്റാഹീം (عليه السلام)നബിക്ക് നൂറും, സാറാക്കു തൊണ്ണൂറും വയസ്സായിരുന്നുവെന്ന് പറയപ്പെടുന്നു''. **الله اعلم**

فَلَمَّا ذَهَبَ عَنْ إِبْرَٰهِيمَ ٱلرَّوْعُ وَجَآءَتْهُ ٱلْبُشْرَىٰ يُجَٰدِلُنَا فِى قَوْمِ لُوطٍ ﴿٧٤﴾

74 എന്നിട്ട്, ഇബ്രാഹീമിൽനിന്ന് നടുക്കം (നീങ്ങി) പോകുകയും, അദ്ദേഹത്തിന്ന് സന്തോഷവാർത്ത വരുകയും ചെയ്തപ്പോൾ അദ്ദേഹം (അതാ) ലൂത്ത്വിൻെറ ജനങ്ങളുടെ കാര്യത്തിൽ നമ്മോട് തർക്കിക്കുന്നു!

إِنَّ إِبْرَٰهِيمَ لَحَلِيمٌ أَوَّٰهٌ مُّنِيبٌ ﴿٧٥﴾

75 നിശ്ചയമായും, ഇബ്റാഹീം സഹനശീലനും, വളരെ (മനസ്സു)മടക്കമുള്ളവനും , വിനയ മനസ്കനും തന്നെയാകുന്നു.

يَٰٓإِبْرَٰهِيمُ أَعْرِضْ عَنْ هَٰذَآ ۖ إِنَّهُۥ قَدْ جَآءَ أَمْرُ رَبِّكَ ۖ وَإِنَّهُمْ ءَاتِيهِمْ عَذَابٌ غَيْرُ مَرْدُودٍ ﴿٧٦﴾

76 (അവർ പറഞ്ഞു:) ''ഇബ്രാഹീമേ, ഇതിൽ [ഈ തർക്കത്തിൽ] നിന്ന് തിരിഞ്ഞുകളയുക. നിശ്ചയമായും കാര്യം: തൻെറ റബ്ബിൻെറ കൽപന (ഇതാ) വന്നു കഴിഞ്ഞു. നിശ്ചയമായും അവർ [ആ ജനങ്ങൾ] അപ്രതിരോധ്യമായ ഒരു (വമ്പിച്ച) ശിക്ഷ അവർക്ക് വരുന്നതുമാകുന്നു.

---

74 **فلما ذهب** എന്നിട്ടു പോയപ്പോൾ. **عن إبراهيم** ഇബ്റാഹീമിനെ വിട്ടു. **الروع** നടുക്കം, പേടി, പരിഭ്രമം. **وجاءته** അദ്ദേഹത്തിനുവരുകയും. **البشرى** സന്തോഷവാർത്ത. **يجادلنا** നമ്മോടദ്ദേഹം തർക്കിക്കുന്നു. **في قوم** ജനങ്ങളുടെ കാര്യത്തിൽ, ജനതയെപ്പറ്റി. **لوط** ലൂത്ത്വിൻെറ. 75 **إن إبراهيم** നിശ്ചയമായും ഇബ്റാഹീം. **لحليم** സഹനശീലൻ തന്നെ. **أواه** വളരെ മടക്കമുള്ളവനാണ്. **منيب** വിനയം കാണിക്കുന്നവനാണ്. 76 **يا إبراهيم** ഇബ്റാഹീമേ. **أعرض** തിരിഞ്ഞുകളയുക, അവഗണിക്കുക. **عن هذا** ഇതിനെപ്പറ്റി, ഇതിൽനിന്നു. **إنه** നിശ്ചയമായും അത് (കാര്യം). **قد جاء** വന്നു കഴിഞ്ഞു. **أمر ربك** നിൻെറ റബ്ബിൻെറ കൽപന, കാര്യം. **وإنهم** നിശ്ചയമായും അവർ. **آتيهم** അവർക്കു വരുന്നതാകുന്നു. **عذاب** ശിക്ഷ. **غير مردود** തടുക്കാവതല്ലാത്ത.

സാരം: മലക്കുകൾ തങ്ങളെ പരിചയപ്പെടുത്തുകയും, തങ്ങളുടെ വരവിൻെറ ഉദ്ദേശ്യം വിവരിക്കുകയും ചെയ്തതോടെ ഇബ്റാഹീം (عليه السلام)ൻെറ ശങ്കയും പേടിയും നീങ്ങി. മക്കളുണ്ടാവാൻ പോകുന്ന സന്തോഷവാർത്തയും ലഭിച്ചു. അങ്ങനെ മനസ്സന്തോഷം വന്നപ്പോൾ അദ്ദേഹം ലൂത്ത് (عليه السلام)നബിയുടെ ജനങ്ങളുടെ കാര്യത്തിൽ ചില തർക്കങ്ങൾ നടത്തുവാൻ തുടങ്ങി. അദ്ദേഹം ഒരു അവിവേകിയോ, അല്ലാഹുവിൻെറ കൽപനയെ ചോദ്യം ചെയ്യുന്ന ആളോ ആയതുകൊണ്ടല്ല അത്. അദ്ദേഹം വളരെ സഹനവും, ഭക്തിവിനയവുമൊക്കെയുള്ള ആൾ തന്നെയാകുന്നു. മലക്കുകൾ അദ്ദേഹത്തോട് പറഞ്ഞു: ആ ജനങ്ങളെപ്പറ്റി തർക്കിച്ചിട്ടു കാര്യമില്ല; അവരെ ശിക്ഷിക്കുന്ന കാര്യം തീർച്ചപ്പെട്ടു കഴിഞ്ഞതാണ്; അവരതിന് അർഹരുമാണ്; ആ ശിക്ഷ ഒരിക്കലും ഒഴിവാക്കപ്പെടുകയുമില്ല. അതുകൊണ്ട് അവരെപ്പറ്റിയുള്ള വാഗ്വാദമങ്ങ് വിട്ടേക്കുക.

മലക്കുകൾ അല്ലാഹുവിൻെറ ദൂതൻമാരും, അവൻെറ കൽപന നടപ്പിലാക്കുവാൻ വന്നവരുമായ സ്ഥിതിക്ക് അവരോട് നടത്തുന്ന വിവാദം അല്ലാഹുവിനോട് നടത്തുന്നതിന് തുല്യമായതുകൊണ്ടാണ് 'നമ്മോട് തർക്കിക്കുന്നു' (يجادلنا) എന്ന് പറഞ്ഞിരിക്കുന്നത്. ഈ വിവാദത്തെപ്പറ്റി തർക്കമെന്ന് പറഞ്ഞുവെങ്കിലും അത് സാധാരണ ഗതിയിലുള്ള ഒരു തർക്കമായിരുന്നില്ല. ലൂത്ത് (عليه السلام)ൻെറ ജനതയെ നശിപ്പിക്കുന്ന ശിക്ഷയെപ്പറ്റി കേട്ടപ്പോൾ, അദ്ദേഹം മൗനം അവലംബിക്കുകയുണ്ടായില്ല. ലൂത്ത് (عليه السلام)നബിയെയും, ആ ജനതയിലു

ണ്ടാകാവുന്ന സത്യവിശ്വാസികളെയും സംബന്ധിച്ച് അദ്ദേഹത്തിന് മനസ്സിൽ അലിവ് തോന്നി. അന്വേഷണാർത്ഥം അദ്ദേഹം അവരോട് ചില ചോദ്യങ്ങൾ നടത്തി. ഇതിനെപ്പറ്റിയാണ് തർക്കം എന്ന് പറഞ്ഞിരിക്കുന്നത്.

സൂറത്തുൽ അങ്കബൂത്തിൽ പറയുന്നു: ولما جاءت رسلنا ابراهيم – الايتين (സാരം: സന്തോഷവാർത്തയുമായി ഇബ്റാഹീമിൻെറ അടുക്കൽ നമ്മുടെ ദൂതന്മാർ വന്നപ്പോൾ അവർ പറഞ്ഞു: ''ഞങ്ങൾ ഈ രാജ്യക്കാരെ-ലൂത്ത് (عليه السلام)ൻെറ ജനതയെ നശിപ്പിക്കുവാൻ പോകുന്നവരാണ്. കാരണം, അവർ അക്രമികളായിരിക്കുന്നു.'' അപ്പോൾ ഇബ്റാഹീം പറഞ്ഞു: ''അതിൽ ലൂത്ത് ഉണ്ടല്ലോ. അവർ പറഞ്ഞു: അവിടെ ഉള്ളവരെപ്പറ്റി ഞങ്ങൾ നല്ലവണ്ണം അറിയുന്നതാണ്. അദ്ദേഹത്തെ-ലൂത്ത് (عليه السلام)നെ-യും, അദ്ദേഹത്തിൻെറ ഭാര്യ ഒഴിച്ചുള്ള ആൾക്കാരെയും ഞങ്ങൾ രക്ഷപ്പെടുത്തുന്നതാണ്. ആ സ്ത്രീ ശിക്ഷയിൽ അകപ്പെടുന്നവളാണ്. (അങ്കബൂത്ത്: 31, 32) ഈ തർക്കത്തിൻെറ വിശദീകരണമെന്നോണം വന്നിട്ടുള്ള ഒന്നിലധികം രിവായത്തുകൾ കാണാം. വിശദാംശങ്ങളിൽ വ്യത്യാസം കാണുമെങ്കിലും അവയുടെ ആകെ സാരം ഇതാണ്: ആ രാജ്യം നശിപ്പിക്കുവാൻ പോകുന്നുവെന്ന് മലക്കുകൾ പറഞ്ഞപ്പോൾ, ഇബ്റാഹീം (عليه السلام)അവരോട്: അതിൽ നൂറുക്കണക്കിൽ സത്യവിശ്വാസികൾ ഉണ്ടെങ്കിലോ? എന്ന് ചോദിച്ചു. എന്നാൽ അവരെ നശിപ്പിക്കുകയില്ലെന്ന് അവർ മറുപടി പറഞ്ഞു: പത്തുക്കണക്കിലോ? എന്നും ചോദിച്ചു. അപ്പോഴും ഇല്ലെന്ന് പറഞ്ഞു..... അവസാനം ഇബ്രാഹീം (عليه السلام)ചോദിച്ചു: എന്നാൽ, അതിൽ ലൂത്ത് ഉണ്ടല്ലോ? അപ്പോഴാണ് മലക്കുകൾ പറഞ്ഞത്: ''അവിടെ ഉള്ളവരെപ്പറ്റി ഞങ്ങൾക്കറിയാം. ലൂത്ത്വിനെയും, അദ്ദേഹത്തിൻെറ ഭാര്യ ഒഴിച്ചുള്ള ആൾക്കാരെയും ഞങ്ങൾ രക്ഷപ്പെടുത്തുന്നതാണ്''. ഈ സംഭവത്തെയും, ഇബ്റാഹീം (عليه السلام)നബിയുടെ അടുക്കൽ മലക്കുകൾ ചെന്നതിനെയും മറ്റും സംബന്ധിച്ചു ബൈബിളിൽ (ഉൽപത്തി: അ: 18ൽ)ഒരു നീണ്ട വിവരണം കാണാം. അതിൽ പറഞ്ഞത് ചിലതൊക്കെ സ്വീകാര്യമാണെങ്കിലും മലക്കുകൾ ഭക്ഷണം കഴിച്ചുവെന്ന് പറഞ്ഞത് സ്വീകരിക്കുവാൻ സാധ്യമല്ല. ചിലത് രണ്ടും തീർത്തു പറയുവാനും നിവൃത്തിയില്ല.

ഇബ്റാഹീം (عليه السلام)സ്വദേശമായ ഇറാഖിൽനിന്ന് ഹിജ്റ പോരുമ്പോൾ സഹോദര പുത്രനായ ലൂത്ത്വും (عليه السلام)ഒന്നിച്ചുണ്ടായിരുന്നു. നേരത്തെത്തന്നെ സത്യവിശ്വാസം സ്വീകരിച്ച ആളായിരുന്നു അദ്ദേഹം. അവർ ഫലസ്തീനിൽ വന്നശേഷം ലൂത്ത് (عليه السلام)സദൂം-ഗമൂരിയാ പ്രദേശങ്ങളിൽ താമസമുറപ്പിച്ചു. അവിടെയുള്ളവരിൽ അദ്ദേഹം റസൂലായി നിയോഗിക്കപ്പെടുകയും ചെയ്തു.

وَلَمَّا جَآءَتْ رُسُلُنَا لُوطًا سِىٓءَ بِهِمْ وَضَاقَ بِهِمْ ذَرْعًا وَقَالَ هَٰذَا يَوْمٌ عَصِيبٌ ﴿٧٧﴾

77 നമ്മുടെ ദൂതൻമാർ ലൂത്ത്വിൻെറ അടുക്കൽ ചെന്നപ്പോൾ അവർമൂലം അദ്ദേഹത്തിന് വ്യസനം (അഥവാ അനിഷ്ടം) പിടിപെടുകയും, അവർമൂലം മനസ്സിടുങ്ങുകയും ചെയ്തു; ''ഇതൊരു കഠിനമായ ദിവസമാണ്'' എന്നദ്ദേഹം പറയുകയും ചെയ്തു.

---

77 ولما جاءت വന്നപ്പോൾ. رسلنا നമ്മുടെ ദൂതൻമാർ. لوطا ലൂത്ത്വിൻെറ അടുക്കൽ. سيء അദ്ദേഹത്തിന് അനിഷ്ടമായി (വ്യസനം പിടിപ്പെട്ടു). بهم അവരെക്കൊണ്ട്, അവർമൂലം. وضاق بهم അവരെക്കൊണ്ട് (അവരാൽ) ഇടുങ്ങുകയും ചെയ്തു. ذرعا മുഴക്കൈ (മനസ്സു). وقال അദ്ദേഹം പറയുകയും ചെയ്തു. هذا ഇത്. يوم ഒരു ദിവസമാണ്. عصيب കഠിനമായ, ഞെരുക്കപ്പെട്ട.

ഇബ്‌റാഹീം (عليه السلام)നബിയുടെ അടുക്കൽനിന്ന് മലക്കുകൾ ലൂത്ത് (عليه السلام)നബിയുടെ അടുക്കൽ വന്നു. സുന്ദരന്മാരായ യുവാക്കളുടെ വേഷത്തിലായിരുന്നു അവർ ചെന്നത് ആ നാട്ടുകാരകട്ടെ, കാമവികാരങ്ങളടക്കുവാൻ സ്ത്രീകൾക്കു പകരം പുരുഷൻമാരെ ഉപയോഗപ്പെടുത്തുക മുതലായ നീചകൃത്യങ്ങളിൽ അതിര് കവിഞ്ഞിരിക്കുന്നവരായിരുന്നു. അവരെക്കൊണ്ട് പൊറുതി മുട്ടിയിരിക്കുകയാണ് ലൂത്ത് (അ). ഈ സന്ദർഭത്തിൽ തന്റെ വീട്ടിൽ ആ യുവാക്കളുടെ സാന്നിദ്ധ്യം പല അനർത്ഥങ്ങൾക്കും കാരണമായേക്കുമെന്ന് അദ്ദേഹം ഭയപ്പെട്ടു. അതാണ് അവർമൂലം അദ്ദേഹത്തിന് വ്യസനവും മനപ്രയാസവും ഉണ്ടാകുവാൻ കരാണം. തങ്ങൾ മലക്കുകളാണെന്ന വസ്തുത വെളിപ്പെടുത്തുന്നതുവരേക്കും-ഇബ്‌റാഹീം (അ)നെപ്പോലെത്തന്നെ-അവർ കേവലം മനുഷ്യാതിഥികളായി മാത്രമേ അദ്ദേഹം മനസ്സിലാക്കിയിരുന്നുള്ളു. മറഞ്ഞ കാര്യം അല്ലാഹുവിനല്ലാതെ ആർക്കും അറിയുകയില്ലല്ലോ.

ضاق ذرعا എന്ന വാക്കിന്റെ സാക്ഷാൽ അർത്ഥം 'അദ്ദേഹം മുഴുങ്കൈ ഇടുങ്ങി' എന്നാകുന്നു. 'മനസ്സുമുട്ടി, പ്രയാസം തോന്നി, മനസ്സു ഇടുങ്ങി' എന്നിങ്ങിനെയുള്ള അർത്ഥങ്ങളിലാണ് അതിന്റെ പ്രയോഗം. നേരെമറിച്ച് മനസ്സിന് വിശാലതയും വികാസവും തോന്നി എന്ന അർത്ഥത്തിൽ **وسع ذرعا طال ذرعا** (മുഴുങ്കൈ നീണ്ടു, വിശാലമായി) എന്നിങ്ങിനെയും പറയപ്പെടാറുണ്ട്.

78 അദ്ദേഹത്തിന്റെ ജനങ്ങൾ അദ്ദേഹത്തിന്റെ അടുക്കലേക്ക് (ധൃതിപ്പെട്ട്) ഓടിക്കൊണ്ടുവന്നു. മുമ്പേ അവർ ദുഷ്പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞു: ''എന്റെ ജനങ്ങളേ, ഇതാ എന്റെ പെൺമക്കൾ; അവർ നിങ്ങൾക്ക് വളരെ ശുദ്ധമായുള്ളവരാണ്. [അവരെ നിങ്ങൾക്ക് വിവാഹം കഴിച്ചുതരാം] ആകയാൽ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ; എന്റെ അതിഥികളുടെ വിഷയത്തിൽ എന്നെ നിങ്ങൾ അപമാനപ്പെടുത്താതെയുമിരിക്കുവിൻ. നിങ്ങളുടെ കൂട്ടത്തിൽ തന്റേടമുള്ള ഒരു പുരുഷനുമില്ലേ?!''

وَجَآءَهُۥ قَوۡمُهُۥ يُهۡرَعُونَ إِلَيۡهِ وَمِن قَبۡلُ كَانُواْ يَعۡمَلُونَ ٱلسَّيِّـَٔاتِۚ قَالَ يَٰقَوۡمِ هَٰٓؤُلَآءِ بَنَاتِي هُنَّ أَطۡهَرُ لَكُمۡۖ فَٱتَّقُواْ ٱللَّهَ وَلَا تُخۡزُونِ فِي ضَيۡفِيٓۖ أَلَيۡسَ مِنكُمۡ رَجُلٞ رَّشِيدٞ ٧٨

79 അവർ പറഞ്ഞു: ''നിന്റെ പെൺമക്കളിൽ ഞങ്ങൾക്ക് ഒരു കാര്യവും [ആവശ്യവും] ഇല്ലെന്ന് നിനക്ക് അറിവുണ്ടല്ലോ, നിശ്ചയമായും, നിനക്കറിയാം ഞങ്ങൾ ഉദ്ദേശിക്കുന്നതെന്താണെന്നും''

قَالُواْ لَقَدۡ عَلِمۡتَ مَا لَنَا فِي بَنَاتِكَ مِنۡ حَقّٖ وَإِنَّكَ لَتَعۡلَمُ مَا نُرِيدُ ٧٩

80 അദ്ദേഹം പറഞ്ഞു: ''എനിക്ക് നിങ്ങളോട് [നിങ്ങളെ തടയുവാൻ] വല്ല ശക്തിയും ഉണ്ടായിരുന്നെങ്കിൽ! അല്ലെങ്കിൽ, ശക്തിമത്തായ വല്ല ഘടകത്തിലേക്കും (ചെന്ന്) അഭയം പ്രാപിക്കാമായിരുന്നെങ്കിൽ! [ഹാ! എത്ര നന്നായേനെ!]

قَالَ لَوۡ أَنَّ لِي بِكُمۡ قُوَّةً أَوۡ ءَاوِيٓ إِلَىٰ رُكۡنٖ شَدِيدٖ ٨٠

---

78 **وجاءه** അദ്ദേഹത്തിന്റെ അടുക്കൽ വന്നു. **قومه** അദ്ദേഹത്തിന്റെ ജനത. **يهرعون** അവർ (ധൃതിപ്പെട്ടു) കുതിച്ചു (ഓടി)ക്കൊണ്ട്. **إليه** അദ്ദേഹത്തിലേക്ക്. **ومن قبل** മുമ്പേ, മുമ്പും. **كانوا** അവരായിരുന്നു. **يعملون** അവർ പ്രവർത്തിക്കും. **السيئات** ദുഷ്പ്രവൃത്തി (തിൻമ)കൾ. **قال** അദ്ദേഹം പറ

ഞ്ഞു. **يا قوم** എന്റെ ജനങ്ങളെ. **هؤلاء** ഇക്കൂട്ടർ, ഇതാ. **بناتي** എന്റെ പുത്രിമാരാണ്, എന്റെ പെൺമക്കൾ . **هن** അവർ. **أطهر** ഏറ്റവും ശുദ്ധമായവരാണ്. **لكُم** നിങ്ങൾക്ക്. **فاتقوا** അതിനാൽ സൂക്ഷിക്കുവിൻ. **الله** അല്ലാഹുവിനെ. **ولا تخزون** എന്നെ അപമാനപ്പെടുത്തുകയും അരുത്. **في ضيفي** എന്റെ അതിഥികളിൽ (വിരുന്നുകാരിൽ). **أليس** ഇല്ലയോ. **منكم** നിങ്ങളിൽ. **رجلٌ** ഒരു പുരുഷൻ. **رشيد** തന്റേടമുള്ള, നേർമ്മാർഗ്ഗമുള്ള. 79 **قالُوا** അവർ പറഞ്ഞു. **لقَدْ علمت** നീ അറിഞ്ഞിട്ടുണ്ട്, നിനക്കറിവുണ്ടല്ലോ. **ما لنا** ഞങ്ങൾക്കില്ല എന്നു. **في بناتك** നിന്റെ പെൺമക്കളിൽ. **من حق** ഒരു കാര്യവും (ആവശ്യവും). **وإنك** നിശ്ചയമായും നീ. **لتعلم** നീ അറിയുക തന്നെ ചെയ്യും. **ما نريد** ഞങ്ങൾ ഉദ്ദേശിക്കുന്നത്. 80 **قَالَ** അദ്ദേഹം പറഞ്ഞു. **لو أن لي** എനിക്കുണ്ടായിരുന്നെങ്കിൽ. **بِكُم** നിങ്ങളോട്, നിങ്ങളെപ്പറ്റി. **قُوةً** വല്ല ശക്തിയും. **أو آوي** അല്ലെങ്കിൽ ഞാൻ അഭയം പ്രാപിക്കാമയിരുന്നെങ്കിൽ. **إلى ركْن** വല്ല ഘടകത്തി(ഭാഗത്തി)ലേക്കും (അവലംബത്തിലേക്ക്). **شديد** ശക്തിമത്തായ, കെട്ടുറപ്പുള്ള.

ലൂത്ത് (عليه السلام)ന്റെ വീട്ടിൽ ചില യുവാക്കൾ എത്തിയ വിവരം ആ ദുഷ്ട ജനങ്ങൾ അറിഞ്ഞു. അവർ ധൃതിയിൽ അവിടെ ഓടിയെത്തി. അദ്ദേഹം വളരെ ഉപദേശിക്കുകയും, ഗുണദോഷിക്കുകയും ചെയ്തു നോക്കി. എന്റെ പെൺമക്കളിതാ ഇരിക്കുന്നു. അവർ വിവാഹിതരോ, ദുർന്നടപ്പുകാരോ അല്ല. അവരെ ഞാൻ വേണമെങ്കിൽ നിങ്ങൾക്ക് വിവാഹം കഴിച്ചു തരുവാൻ തയ്യാറാണ്. അതാണല്ലോ ശുദ്ധിയും വെടുപ്പുമുള്ള കാര്യം. ഏതായാലും എന്റെ വീട്ടിൽ അതിഥികളായി വന്ന ഇവരെ നിങ്ങൾ ഒഴിവാക്കണം. അവരോട് അപമര്യാദയായി പെരുമാറി എന്നെ അപമാനിക്കരുത്. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കണം. ഇതൊക്കെ അവൻ കാണുമല്ലോ. തൻേറടവും വിവേകവുമുള്ള ഒരാളും നിങ്ങളിൽ ഇല്ലേ! ഉണ്ടെങ്കിൽ ഇമ്മാതിരി ധിക്കാരബുദ്ധി നിങ്ങൾക്ക് തോന്നുമായിരുന്നില്ല. എന്നൊക്കെ അദ്ദേഹം പറഞ്ഞു. ഫലമുണ്ടായില്ല. തന്റെ പെൺമക്കളെയല്ല ഞങ്ങൾക്കാവശ്യമെന്നും, ഈ യുവാക്കളെ വിട്ടുകിട്ടുകയാണ് ഞങ്ങൾക്ക് വേണ്ടതെന്നും തനിക്കറിയാമല്ലോ. അതുകൊണ്ട് ഈ വേദാന്തമൊന്നും ഞങ്ങൾക്ക് കേൾക്കേണ്ട എന്നായിരുന്നു ആ തെമ്മാടികളുടെ മറുപടി.

بناتي (എന്റെ പെൺമക്കൾ) എന്ന് അദ്ദേഹം പറഞ്ഞത് തന്റെ ജനങ്ങളിലുള്ള പെൺമക്കളെ ഉദ്ദേശിച്ചാണെന്നും, പ്രവാചകൻമാർ ജനങ്ങളുടെ പിതാവിന് തുല്യമായ ആളായതുകൊണ്ട് അങ്ങിനെ പറഞ്ഞതാണെന്നും ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു. ഇബ്നു അബ്ബാസ് (رضي الله عنه) ൽ നിന്ന് അങ്ങിനെ നിവേദനം ചെയ്യപ്പെട്ടതായി പറയപ്പെടുന്നുമുണ്ട്. അല്ലാഹുവിനറിയാം. ഏതായാലും, ആ തെമ്മാടികൾ തന്റെ വാക്കുകൾ അനുസരിക്കാത്തതിലും, അവരെ തടയുവാൻ അദ്ദേഹത്തിന് കെൽപില്ലാത്തതിലും അദ്ദേഹം വമ്പിച്ച ധർമ്മ സങ്കടത്തിലായി. നിങ്ങളെ നേരിടുവാനും, നിങ്ങളെ തടയുവാനുമുള്ള ശക്തിയും സഹായവും എനിക്ക് ഉണ്ടായിരുന്നെങ്കിൽ എന്ന് അദ്ദേഹം സ്വയം വിലപിക്കുകയായി. ഈ ധിക്കാരം പ്രവർത്തിച്ച ആ തെമ്മടികളുടെ കണ്ണിന്റെ കാഴ്ച അല്ലാഹു നശിപ്പിച്ചു കളഞ്ഞതായി സൂറത്തുൽ ഖമറിൽ കാണാവുന്നതാണ് അതിലെ വാചകം ولقد راودوه عن ضيفه نطمسنا اعينهم (സാരം: അവർ അദ്ദേഹത്തിന്റെ അതിഥികളെ കിട്ടുവാൻവേണ്ടി അദ്ദേഹത്തോടാവശ്യപ്പെട്ടു. അപ്പോൾ, നാം അവരുടെ കണ്ണുകളെ തുടച്ചുനീക്കി. (ഖമർ:37) ഇതെല്ലാം കഴിഞ്ഞശേഷം, തങ്ങൾ ആരാണെന്നും, തങ്ങളുടെ വരവിന്റെ ഉദ്ദേശ്യമെന്താണെന്നും അറിയിച്ചുകൊണ്ട് മലക്കുകൾ അദ്ദേഹത്തെ ആശ്വസിപ്പിച്ചു.

81 അവർ [ദൂതൻമാർ] പറഞ്ഞു: ''ലൂത്തേ, ഞങ്ങൾ താങ്കളുടെ റബ്ബിന്റെ ദൂതൻമാരാണ്: അവർ [ആ ജനങ്ങൾ] താങ്കളുടെ

قَالُواْ يَـٰلُوطُ إِنَّا رُسُلُ رَبِّكَ لَن يَصِلُوٓاْ إِلَيْكَ

فَأَسْرِ بِأَهْلِكَ بِقِطْعٍ مِّنَ ٱلَّيْلِ وَلَا يَلْتَفِتْ مِنكُمْ أَحَدٌ إِلَّا ٱمْرَأَتَكَ ۖ إِنَّهُۥ مُصِيبُهَا مَآ أَصَابَهُمْ ۚ إِنَّ مَوْعِدَهُمُ ٱلصُّبْحُ ۚ أَلَيْسَ ٱلصُّبْحُ بِقَرِيبٍ ﴿٨١﴾

അടുക്കലേക്ക് (ഉപദ്രവാർത്ഥം) വന്ന് ചേരുകയില്ല തന്നെ. ഇനി, താങ്കൾ താങ്കളുടെ ആൾക്കാരെ [കുടുംബത്തെ]യും കൊണ്ട് രാത്രിയിൽനിന്നുള്ള ഒരംശത്തിൽ [രാത്രി കഴിയുംമുമ്പ്] യാത്ര ചെയ്തുകൊള്ളുക; നിങ്ങളിൽനിന്ന് ഒരാളും (പോകുമ്പോൾ) തിരിഞ്ഞുനോക്കുകയും ചെയ്യരുത്; താങ്കളുടെ സ്ത്രീ [ഭാര്യ] ഒഴികെ. നിശ്ചയമായും (കാര്യം:) അവർക്ക് [ആ ജനങ്ങൾക്ക്] ബാധിക്കുന്നത് അവൾക്കും ബാധിക്കുന്നതായിരിക്കും. നിശ്ചയമായും, അവരുടെ നിശ്ചിത സമയം, പ്രഭാതമാകുന്നു. പ്രഭാതം (ഇതാ,) സമീപത്തിലല്ലേ?!''

---

81 **قَالُوا** അവർ പറഞ്ഞു. **يَا لُوطُ** ലൂത്തേ!. **إنا** നിശ്ചയമായും ഞങ്ങൾ. **رسلُ** ദൂതൻമാരാണ്. **ربك** നിന്റെ റബ്ബിന്റെ. **لن يصلوا** അവർ ചേരുന്നതേയല്ല, എത്തുകയില്ല തന്നെ. **إليك** നിന്റെ അടുക്കലേക്ക്. **فَأسر** ഇനി രാത്രിയിൽ യാത്ര ചെയ്യുക. **بأهلك** നിന്റെ സ്വന്തക്കാരെ (ആൾക്കാരെ-കുടുംബത്തെ-വീട്ടുകാരെ)യും കൊണ്ട്. **بقطع** ഒരംശത്തിൽ (ഭാഗത്തിൽ). **من الليل** രാത്രിയിൽനിന്നുള്ള (രാത്രിയുടെ). **ولا يلتفت** തിരിഞ്ഞുനോക്കുകയും അരുത്. **منكم** നിങ്ങളിൽനിന്ന്. **أحد** ഒരാളും. **إلا امرأتك** നിന്റെ സ്ത്രീ (ഭാര്യ) ഒഴികെ. **إنه** നിശ്ചയമായും അത് (കാര്യം). **مصيبها** അവൾക്ക് ബാധിക്കുന്നതാണ്. **ما أصابهم** അവർക്ക് ബാധിക്കുന്നത്. **إن موعدهم** നിശ്ചയമായും അവരുടെ വാഗ്ദത്ത (നിശ്ചിത)സമയം. **الصبح** പ്രഭാതമാണ്, പുലർച്ചയാണ്. **أليس الصبح** പ്രഭാതമല്ലയോ. **بِقَرِيبٍ** അടുത്തത്, സമീപസ്ഥം.

തങ്ങൾ മനുഷ്യരല്ല; ഈ രാജ്യക്കാരെ നശിപ്പിക്കുവാൻ അല്ലാഹു അയച്ച ദൂതൻമാരാണ് (മലക്കുകളാണ്); താങ്കൾ ഭയപ്പെടേണ്ടതില്ല; ആ ദുഷ്ടൻമാർക്ക് താങ്കളോട് ഒന്നും ചെയ്‌വാൻ കഴിയുകയില്ല: പ്രഭാതത്തോടുകൂടി അവരുടെ കഥ കഴിയും; താങ്കളും വീട്ടുകാരും അതിനുമുമ്പായി രാത്രിതന്നെ സ്ഥലം വിടണം; പോകുമ്പോൾ ആരും പിന്നോക്കം തിരിഞ്ഞു നോക്കരുത്; പക്ഷേ, താങ്കളുടെ ഭാര്യ ശിക്ഷയിൽ അകപ്പെടുന്നവളാണ് എന്നൊക്കെ മലക്കുകൾ ലൂത്ത് (عليه السلام)നെ അറിയിച്ചു.

താങ്കളുടെ ഭാര്യ ഒഴികെ (الا امرأتك) എന്നു പറഞ്ഞതിന്റെ താൽപര്യം രണ്ട് പ്രകാരത്തിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. ഭാര്യ ഒഴിച്ചുള്ള കുടുംബത്തെയും കൊണ്ടുപോകണമെന്നും, ആരും തിരിഞ്ഞു നോക്കരുത്-പക്ഷേ, താങ്കളുടെ ഭാര്യ തിരിഞ്ഞു നോക്കിയേക്കും-എന്നുമാണത്. രണ്ടായാലും കലാശം ഒന്നിലേക്ക് തന്നെ. നൂഹ് (عليه السلام)നബിയുടെ ഭാര്യയെപ്പോലെത്തന്നെ ലൂത്ത് (عليه السلام)നബിയുടെ ഭാര്യയും അദ്ദേഹത്തിന്റെ എതിരാളികളായ അവിശ്വാസികളിൽ പെട്ടവളായിരുന്നുവെന്നും, അദ്ദേഹത്തെ വഞ്ചിച്ചിരുന്നുവെന്നും സൂ: തഹ്‌രീമിൽ കാണാവുന്നതാണ്. അവൾ ആ ശിക്ഷയിൽ അകപ്പെട്ടതായി 7:83; 29:32 മുതലായ സ്ഥലങ്ങളിൽ അല്ലാഹു വ്യക്തമാക്കിയിട്ടുമുണ്ട്. മലക്കുകൾ ഉപദേശിച്ച പ്രകാരം ലൂത്ത് (عليه السلام)നബിയും കുടുംബവും രാജ്യത്തിന്റെ പുറത്തുപോയി രക്ഷപ്പെട്ടുവെന്ന് പറയേണ്ടതില്ല. അദ്ദേഹത്തിന്റെ നാട്ടിൽ ഒരേ ഒരു വീടല്ലാതെ മുസ്‌ലികളുടെ വീട് ഉണ്ടായിരുന്നില്ല എന്ന് 51:36 ൽ അല്ലാഹു പ്രസ്താവിച്ചിരിക്കകൊണ്ട് ലൂത്ത് (عليه السلام)നബിയും അദ്ദേഹത്തിന്റെ വീട്ടിലുണ്ടായിരുന്ന സത്യ

വിശ്വാസികളും മാത്രമായിരിക്കും രക്ഷപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാണ്. ആ ജനതക്ക് ബാധിച്ച ശിക്ഷ എന്തായിരുന്നുവെന്ന് അല്ലാഹു വിവരിക്കുന്നു:-

فَلَمَّا جَآءَ أَمْرُنَا جَعَلْنَا عَٰلِيَهَا سَافِلَهَا وَأَمْطَرْنَا عَلَيْهَا حِجَارَةً مِّن سِجِّيلٍ مَّنضُودٍ ﴿٨٢﴾

82 അങ്ങനെ, നമ്മുടെകൽപന വന്നപ്പോൾ, അതിൻെറ [രാജ്യത്തിൻെറ] മുകൾഭാഗം അതിൻെറ താഴ്ഭാഗമാ(ക്കിമറി) ക്കുകയും, അതിൽ, (മേൽക്കുമേൽ വന്ന്) അട്ടിയാക്കപ്പെട്ട, ചൂളവെച്ച ഇഷ്ടികകല്ലുകളെ നാം വർഷിപ്പിക്കുകയും ചെയ്തു;

مُّسَوَّمَةً عِندَ رَبِّكَ ۖ وَمَا هِىَ مِنَ ٱلظَّٰلِمِينَ بِبَعِيدٍ ﴿٨٣﴾

83 നിൻെറ റബ്ബിൻെറ അടുക്കൽ അടയാളപ്പെടുത്തി വെക്കപ്പെട്ടതായും കൊണ്ട്. അത് (ഈ) അക്രമികളിൽ നിന്ന് വിദൂരമായതൊന്നുമല്ലതാനും.

---

82 **فلما جاء** അങ്ങനെ വന്നപ്പോൾ. **أمرنا** നമ്മുടെ കൽപന. **جعلنا** നാം ആക്കി. **عاليها** അതിൻെറ മേൽ ഭാഗത്തെ. **سافلها** അതിൻെറ കീഴ്ഭാഗം, താഴ്ഭാഗത്ത്. **وأمطرنا** നാം വർഷിപ്പിക്കുക (ചെയ്യിക്കുക) യും ചെയ്തു. **عليها** അതിൻെറമേൽ, അതിൽ. **حجارة** കല്ലുകളെ. **من سجيل** ചൂളവെച്ച ഇഷ്ടികയിൽ നിന്നുള്ള. **منضود** അട്ടിയാക്കപ്പെട്ട, മേൽക്കുമേൽ (തുടർന്നു) വീണ. 83 **مسومة** അടയാളപ്പെടുത്തപ്പെട്ടതായുംകൊണ്ട്. **عند ربك** നിൻെറ റബ്ബിൻെറ അടുക്കൽ. **وما هي** അതല്ല. **من الظالمين** അക്രമകളിൽനിന്ന്. **ببعيد** വിദൂരമായത്.

നിശ്ചിത സമയം എത്തിയപ്പോൾ, രാജ്യം അടിമേലായി മറിക്കപ്പെട്ടു. ചുട്ടുപഴുപ്പിക്കപ്പെട്ട ഇഷ്ടികക്കല്ലുകൾ തുടരെത്തുടരെ മേൽക്കുമേൽ വർഷിച്ചുകൊണ്ടിരുന്നു. നിൻെറ റബ്ബിങ്കൽ അടയാളപ്പെടുത്തപ്പെട്ടത് (مسومة عند ربك) എന്ന് കല്ലുകളെ വിശേഷിപ്പിച്ചതിൻെറ സാരം, ഭൂമിയിലെ സാധാരണ കല്ലുകളിൽ നിന്നും വ്യത്യസ്തായ ചില പ്രത്യേക അടയാളങ്ങൾ ആ കല്ലുകൾക്കുണ്ടായിരുന്നുവെന്നാണെന്നും, ആർക്കൊക്കെയാണ്-എവിടെയൊക്കെയാണ് - അവ ബാധിക്കേണ്ടതെന്ന് കുറിക്കുന്ന ചില അടയാളങ്ങൾ അവയിലുണ്ടായിരുന്നുവെന്നാണെന്നും പറയപ്പെടുന്നു. വാസ്തവം അല്ലാഹുവിനറിയാം. ഏതായാലും അവ സാധാരണ കല്ലുകളായിരുന്നില്ലെന്നും, അവരെ ശിക്ഷിക്കുവാൻ ഏർപ്പെടുത്തിയ ഏതോ പ്രത്യേകതരം കല്ലുകളായിരുന്നുവെന്നും മനസ്സിലാക്കേണ്ടിയിരിക്കുന്നു. അവസാനത്തെ വാക്യവും രണ്ട് തരത്തിൽ വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്: (1) ആ കല്ലുകൾ അക്രമികളിൽ നിന്ന് വിദൂരമായതൊന്നുമല്ല.; അഥവാ അവർക്ക് തികച്ചും യോജിച്ച ശിക്ഷയായിരുന്നു അവയെന്ന്. (2) ആ അടിമേലായി മറിക്കപ്പെട്ട രാജ്യം ഈ അക്രമികളിൽ-മക്കാ മുശ്രിക്കുകളിൽ-നിന്ന് വിദൂരമൊന്നുമല്ല- അഥവാ ഇവർ ശാമിലേക്കും മറ്റും യാത്രപോകുമ്പോൾ അതിൻെറ അവശിഷ്ടം ഇവർക്ക് കാണാവുന്ന വിധം അധികം അകലെയല്ലാതെ കിടപ്പുണ്ടല്ലോ-എന്ന്. രണ്ടാമത്തേതാണ് കൂടുതൽ നന്നായി തോന്നുന്നതും ഖുർആൻെറ വാക്കോട് യോജിച്ച് കാണുന്നതും. الله اعلم ഈ രാജ്യമാണ് പിന്നീട് ലൂത്ത് കടൽ എന്നും, ചാവുകടൽ എന്നുമുള്ള പേരുകളിൽ വമ്പിച്ച തടാകമായിത്തീർന്നത്. (കൂടുതൽ വിവരം സൂ: ശുഅറാഉനുശേഷമുള്ള 'ലൂത്തുകടൽ' എന്ന കുറിപ്പിൽ കാണാം.)

ഖുർആനിൽ വിവരിച്ച പല സംഭവങ്ങളെക്കുറിച്ചുമെന്നപോലെ, ലൂത്ത് (عليه السلام)ൻെറ രാജ്യം മറിക്കപ്പെട്ടതിനെക്കുറിച്ചും ഒരുപാട് കെട്ടുകഥകളും അതിശയോക്തി നിറഞ്ഞ വാക്കുകളും ചില ഗ്രന്ഥങ്ങളിൽ സ്ഥലം പിടിച്ചുകാണാം. നമ്മെ സംബന്ധിച്ചിടത്തോളം അല്ലാഹുവിൻെറ വചനങ്ങളിൽനിന്നും അതിൻെറ വ്യാഖ്യാനമായി വന്നിട്ടുള്ള അംഗീകൃത

രേഖകളിൽനിന്നും ലഭിക്കുന്ന വിവരം കൊണ്ടുതന്നെ മതിയാക്കാവുന്നതാണ്. നേരെമറിച്ച് ഇടക്കിടെ ഭൂമിയിൽ അവിടവിടെ ഉണ്ടാകാറുള്ള ഭൂകമ്പങ്ങളിൽപെട്ട സാധാരണമായ ഒരു ഭൂകമ്പം മാത്രമായിരുന്നു അതെന്നും, ആ ജനതയുടെ ധിക്കാരം മുഴുത്ത അവസരവും അതുംകൂടി ഒത്തുചേർന്നുവെന്നേയുള്ളവെന്നും ചില ആളുകൾ സമർത്ഥിച്ചു കാണുന്നു. ഇതും സ്വീകരിക്കുവാൻ നമുക്ക് സാദ്ധ്യമല്ല. അല്ലാമാ സയ്യിദ് ഖുത്ത്ബ് (رحمه الله) ചൂണ്ടിക്കാട്ടിയതുപോലെ, ഭൂകമ്പങ്ങളിൽ പെട്ട ഒരു ഭൂകമ്പം തന്നെയായിരുന്നു അതെന്ന് വന്നാലും ആ ജനതയെ ശിക്ഷിക്കുവാൻവേണ്ടി അല്ലാഹു അപ്പോൾ പ്രത്യേകം ഒരുക്കിയ ഒരു ശിക്ഷയായേ അതിനെ കണക്കാക്കുവാൻ നിവൃത്തിയുള്ളു. ഈ സൂറത്തിലും മറ്റു സൂറത്തുകളിലും വന്നിട്ടുള്ള ഖുർആൻ വചനങ്ങൾ മുമ്പിൽവെച്ച് നോക്കുമ്പോൾ പ്രവാചകൻമാരുടെ സത്യസന്ധതക്ക് ദൃഷ്ടാന്തമായി ഉണ്ടാവാറുള്ള അസാധാരണ സംഭവങ്ങളിൽ ഒന്നാണതെന്നല്ലാതെ പറയുവാൻ സാദ്ധ്യമല്ലതന്നെ.

ലൂത്ത് (عليه السلام)നബിയെ സംബന്ധിച്ച ഈ സംഭവവും ബൈബിളിൽ കുറേ വിശദീകരിച്ചു പ്രസ്താവിച്ചു കാണാം. ഇബ്റാഹീം (عليه السلام)നബിയുടെ അടുക്കൽ മലക്കുകൾ ചെന്ന സംഭവം ഉദ്ധരിച്ചതിൽ കാണാവുന്നതുപോലെ ഖുർആൻെറ പ്രസ്താവനകൾക്കും സിദ്ധാന്തങ്ങൾക്കും നിരക്കാത്ത പലതും അതിലും കാണാവുന്നതാണ്. അത്രയുമല്ല, വേദക്കാർ അവരുടെ വേദഗ്രന്ഥത്തിൽ കൈകടത്തിയിട്ടുണ്ടെന്നും, അതിൽ സത്യവും അസത്യവും കൂട്ടിക്കലർത്തിയിട്ടുണ്ടെന്നും സ്പഷ്ടമാക്കുന്ന ചില അസംബന്ധങ്ങളും തോന്നിയവാസങ്ങളും കൂടി അതിൽ അടങ്ങിയിരിക്കുന്നു. ബൈബിളിൻെറ അവിശ്വാസ്യത മനസ്സിലാക്കുവാൻ പോരുന്നതും, സത്യാസത്യങ്ങൾ ഇടകലർന്നതുമായ ആ വിവരണം ഉദ്ധരിച്ചു ദീർഘിപ്പിക്കുവാൻ ഇവിടെ മുതിരുന്നില്ല. വേണ്ടുന്നവർ ഉൽപത്തി 19-ാം അദ്ധ്യായം നോക്കിക്കൊള്ളട്ടെ. അതിൻെറ അവസാനത്തിൽ ലൂത്ത് നബി (عليه السلام) കള്ളുകുടിച്ച് അബോധാവസ്ഥയിൽ കിടന്നപ്പോൾ തൻെറ രണ്ട് പുത്രിമാർ മാറിമാറി അദ്ദേഹവുമായി ശയിച്ചുവെന്നും, രണ്ടാളും ഗർഭം ധരിച്ചുവെന്നുംവരെ ചേർത്തുകാണാം. معاذ الله

ഒരു പ്രവാചകവര്യനെപ്പറ്റി ഇത്രയും നീചവും നികൃഷ്ടവുമായ ഒരപവാദം-അതും ഒരു വിശുദ്ധമായ മതഗ്രന്ഥത്തിൽ-വേദവാക്യമായി എഴുതിച്ചേർത്ത കരങ്ങൾക്കുണ്ടോ, ആ പ്രവാചകൻെറ പുത്രിമാരെപ്പറ്റിയും, മലക്കുകളെപ്പറ്റിയും അസംബന്ധങ്ങൾ എഴുതിച്ചേർക്കുവാൻ മടി തോന്നുന്നു?!

വിഭാഗം-8

ഈ വിഭാഗത്തിൽ ശുഐബ് (عليه السلام)നബിയുടെയും ജനതയുടെയും ചരിത്രമാണ് വിവരിക്കുന്നത്. മദ്‌യൻ (*) നിവാസികളായിരുന്നു അദ്ദേഹത്തിൻെറ ജനത, ഹിജാസിൻെറ വടക്കും, ശാമിൻെറ തെക്കുമായി സ്ഥിതി ചെയ്യുന്ന ആ പ്രദേശം ഒരു ക്ഷേമ രാജ്യമായിരുന്നു. കച്ചവടം ആ ജനതയുടെ പ്രധാന തൊഴിലായിരുന്നു. അളത്തത്തിലും തൂക്കത്തിലും കൃത്രിമം ചെയ്യൽ, വഞ്ചന, ചുങ്കംവാങ്ങൽ, പിടിച്ചുപറി മുതലായ പല അഴിമതികളും അവരിൽ സർവ്വത്ര പതിവായിരുന്നു. എല്ലാവരും വിഗ്രഹാരാധകരുമായിരുന്നു. സൂ: അഅ്റാഫ്, ശുഅറാഉ്, അങ്കബൂത്ത് മുതലായ സൂറത്തുകളിൽ ഇവരെപ്പറ്റി വിവരിച്ചിട്ടുണ്ട്. ശുഅറാഇൽ ശുഐബ് (عليه السلام)ൻെറ ജനതയെപ്പറ്റി اصحاب الايكة (മരക്കാവിൽ താമസിക്കുന്നവർ) എന്ന് പറഞ്ഞിരിക്കുന്നു. ഇവർ മദ്‌യൻെറ അടുത്ത സ്ഥലത്ത് താമസിച്ചിരുന്നവരാണെന്നും, രണ്ട് കൂട്ടരിലേക്കും കൂടിയാണ് ശുഐബ് (عليه السلام)നിയോഗിക്കപ്പെട്ടിരുന്നതെന്നും, ആദ്യം മദ്‌യൻകാരിലേക്കും, അവരുടെ നാശത്തിനുശേഷം 'ഐക്ക'ത്തിലേക്കും

---

* മദ്‌യൻ പ്രദേശം

നിയോഗിക്കപ്പെട്ടതാണെന്നും രണ്ടഭിപ്രായങ്ങളുണ്ട്. ഇത് സംബന്ധിച്ച് ശുഅറാഇൻെറ വ്യാഖ്യാനത്തിൽ കൂടുതൽ വിവരിച്ചുകാണാം. ഈ രണ്ടുകൂട്ടരും വെവ്വേറെ ജനതയായിരുന്നാലും സ്ഥിതിഗതികളിൽ അവർ അന്യോന്യം യോജിപ്പുള്ളവരായിരുന്നുതാനും.

۞ وَإِلَىٰ مَدْيَنَ أَخَاهُمْ شُعَيْبًا ۚ قَالَ يَٰقَوْمِ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُۥ ۖ وَلَا تَنقُصُوا۟ ٱلْمِكْيَالَ وَٱلْمِيزَانَ ۚ إِنِّىٓ أَرَىٰكُم بِخَيْرٍ وَإِنِّىٓ أَخَافُ عَلَيْكُمْ عَذَابَ يَوْمٍ مُّحِيطٍ ﴿٨٤﴾

84 മദ്‌യനിലേക്ക് അവരുടെ [മദ്‌യൻകാരുടെ] സഹോദരൻ ശുഐബിനെയും (നാം അയച്ചു). അദ്ദേഹം പറഞ്ഞു: ''എൻെറ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ; നിങ്ങൾക്ക് അവനല്ലാതെ ഒരു ആരാധ്യനുമില്ല. നിങ്ങൾ അളത്തവും, തൂക്കവും കുറക്കുകയും ചെയ്യരുത്. നിശ്ചയമായും നിങ്ങളെ ഞാൻ ക്ഷേമത്തിലായി കാണുന്നു. നിശ്ചയമായും, നിങ്ങളുടെ മേൽ (നിങ്ങളെ) വലയം ചെയ്യുന്ന ഒരു ദിവസത്തിലെ ശിക്ഷയെക്കുറിച്ച് ഞാൻ ഭയപ്പെടുകയും ചെയ്യുന്നു.''

وَيَٰقَوْمِ أَوْفُوا۟ ٱلْمِكْيَالَ وَٱلْمِيزَانَ بِٱلْقِسْطِ ۖ وَلَا تَبْخَسُوا۟ ٱلنَّاسَ أَشْيَآءَهُمْ وَلَا تَعْثَوْا۟ فِى ٱلْأَرْضِ مُفْسِدِينَ ﴿٨٥﴾

85 ''എൻെറ ജനങ്ങളേ, നിങ്ങൾ നീതിമുറപ്രകാരം അളത്തവും, തൂക്കവും പൂർത്തിയാക്കിക്കൊടുക്കുവിൻ. മനുഷ്യർക്ക് അവരുടെ സാധനങ്ങളെ കുറവ് വരുത്തുകയും ചെയ്യരുത്. നാശകാരികളായ നിലയിൽ നിങ്ങൾ ഭൂമിയിൽ കുഴപ്പം പ്രവർത്തിക്കുകയും ചെയ്യരുത്.

بَقِيَّتُ ٱللَّهِ خَيْرٌ لَّكُمْ إِن كُنتُم مُّؤْمِنِينَ ۚ وَمَآ أَنَا۠ عَلَيْكُم بِحَفِيظٍ ﴿٨٦﴾

86 'അല്ലാഹു ബാക്കിയാക്കിത്തരുന്നത് നിങ്ങൾക്ക് ഗുണമായിരിക്കും; നിങ്ങൾ വിശ്വാസികളാണെങ്കിൽ! ഞാൻ നിങ്ങളുടെമേൽ (നോട്ടം ചെയ്ത്) കാത്തുപോരുന്നവനല്ലതാനും.''

---

84 **وإلى مدين** മദ്‌യനിലേക്കും. **أخاهم** അവരുടെ സഹോദരനെ. **شعيبا** ശുഐബിനെ. **قَالَ** അദ്ദേഹം പറഞ്ഞു. **يا قوم** എൻെറ ജനങ്ങളെ. **اعبدوا** നിങ്ങൾ ആരാധിക്കുവിൻ, ഇബാദത്തു ചെയ്യുവിൻ. **الله** അല്ലാഹുവിനെ. **ما لكُم** നിങ്ങൾക്കില്ല. **من إله** ഒരു ഇലാഹും, ആരധ്യനും, ദൈവവും. **غيره** അവനല്ലാതെ. **ولا تنقُصوا** നിങ്ങൾ ചുരുക്കുകയും ചെയ്യരുത്. **المكْيالَ** അളക്കുന്ന താപ്പ്, അളത്തം. **والميزانَ** തുലാസ്സും, തൂക്കവും. **إني** നിശ്ചയമായും ഞാൻ. **أراكُم** നിങ്ങളെ കാണുന്നു. **بخير** ഗുണത്തിൽ, ക്ഷേമത്തിൽ. **وإني أخاف** നിശ്ചയമായും ഞാൻ ഭയപ്പെടുകയും ചെയ്യുന്നു. **عليكُم** നിങ്ങളുടെ മേൽ. **عذاب** ശിക്ഷയെ. **يوم** ഒരു ദിവസത്തിലെ. **محيط** വലയം ചെയ്യുന്ന (പൊതുവെ ബാധിക്കുന്ന).. 85 **ويا قوم** എൻെറ ജനങ്ങളേ. **أوفُوا** നിറവേറ്റുവിൻ, പൂർത്തിയായി കൊടുക്കുവിൻ. **المكْيالَ** അളത്തം, താപ്പു. **والميزانَ** തൂക്കവും, തുലാസ്സും. **بالقسط** നീതി മുറപ്രകാരം. **ولا تبخسوا** കുറവു വരുത്തുക (ഛേദപ്പെടുത്തുക)യും ചെയ്യരുത്. **الناس** മനുഷ്യർക്ക്. **أشياءهم** അവരുടെ വസ്തുക്കളെ, സാധനങ്ങൾ. **ولا تعثوا** കുഴപ്പം (അനർത്ഥം) പ്രവർത്തിക്കുകയും അരുത്. **في الأرض** ഭൂമിയിൽ. **مفْسِدين** നാശ (കുഴപ്പ) മുണ്ടാക്കുന്നവരായ നിലയിൽ.. 86 **بقية** ബാക്കിയാക്കുന്നത്, മിച്ചപ്പെടുത്തുന്നത്. **الله** അല്ലാഹുവിൻെറ (വക). **خير** ഉത്തമ (ഗുണ)മാണ്. **لكُم** നിങ്ങൾക്ക്. **إن كُنتم** നിങ്ങളാണെങ്കിൽ. **مؤمنين** വിശ്വാസികൾ. **وما أنا** ഞാനല്ലതാനും. **عليكُم** നിങ്ങളുടെമേൽ. **بحفيظ** കാവൽക്കാരൻ, നോട്ടക്കാരൻ, സൂക്ഷിച്ചു പോരുന്നവൻ

ദിവ്യപ്രബോധനങ്ങളിൽ അതിപ്രധാനായ തൗഹീദിനെക്കുറിച്ച് ഉപദേശിച്ച ശേഷം, ആ ജനങ്ങളിൽ സർവ്വത്ര നടമാടിയിരുന്ന അഴിമതികളെയും അക്രമങ്ങളെയും കുറിച്ച് ശുഐബ് (عليه السلام)അവരെ ഉപദേശിക്കുന്നു. അളവിലും തൂക്കത്തിലും കബളിപ്പിക്കുക, കൊള്ളയും പിടിച്ചുപറിയും നടത്തുക മുതലായ പല തോന്നിയവാസങ്ങളിലും മുഴുകിയവരായിരുന്നു മദ്‌യൻ ജനതയെന്ന് മുമ്പ് പറഞ്ഞുവല്ലോ. നിങ്ങൾ വളരെ ഗുണത്തിലാണുള്ളത്. അക്രമവും വഞ്ചനയും നടത്താതെ തന്നെ സുഖമായി ജീവിക്കുവാനുള്ള മാർഗ്ഗങ്ങൾ അല്ലാഹു നിങ്ങൾക്ക് നൽകിയിട്ടുണ്ട്. പിന്നെയെന്തിന് അന്യരെ വഞ്ചിക്കുന്നു? അത് പാപത്തിൻെറ ഗൗരവം വർദ്ധിപ്പിക്കുന്നതും നന്ദികേടുമാണ്. ഈ നില തുടർന്നുപോയാൽ, നിങ്ങളിൽ ആർക്കും രക്ഷപ്പെടുവാൻ കഴിയാത്തവണ്ണം ഒരിക്കൽ വമ്പിച്ച ശിക്ഷ നിങ്ങളെ വലയം ചെയ്തേക്കുമെന്ന് ഞാൻ ഭയപ്പെടുന്നു. അതുകൊണ്ടാണ് ഇക്കാര്യം ഞാനിത്ര ഊന്നിപ്പറയുന്നത്. ഇത്തരം അഴിമതികളൊന്നും ചെയ്യാതെത്തന്നെ അല്ലാഹു നിങ്ങൾക്ക് തന്നിട്ടുള്ള ജീവിതമാർഗ്ഗങ്ങളും, സുഖസൗകര്യങ്ങളും കൊണ്ട് തൃപ്തി അടയുകയാണ് നിങ്ങൾക്ക് ഉത്തമം. നിങ്ങളെ ഉപദേശിക്കുവാനേ എനിക്ക് കഴിയുകയുള്ളൂ. നിങ്ങളെ തടയുകയും, നിങ്ങളുടെ ഉത്തരവാദിത്വം ഏൽക്കുകയും ചെയ്യത്തക്ക മേലധികാരമോ ബാധ്യതയോ നിങ്ങളെ സംബന്ധിച്ച് എനിക്കില്ല. എന്നൊക്കെ ഓർമ്മിപ്പിച്ചുകൊണ്ട് ഹൃദയസ്പൃക്കായ രീതിയിൽ അദ്ദേഹം അവരെ ഉപദേശിച്ചുനോക്കി.

ആ ജനങ്ങളുടെ അഴിമതികളെയും അക്രമങ്ങളെയും കുറിച്ച് ശുഐബ് (عليه السلام)നബി കാര്യകാരണങ്ങൾ സഹിതം വളരെയധികം ഉപദേശിക്കുകയും, അവരുമായി ഒട്ടേറെ വാഗ്വാദങ്ങൾ നടത്തുകയും ചെയ്തിട്ടുള്ളതായി ഈ സൂറത്തിലും, മറ്റു സൂറത്തുകളിലും അത് സംബന്ധിച്ച് വന്നിട്ടുള്ള പ്രസ്താവനകളിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. ഇക്കാരണത്താൽ خطيب الانبياء (പ്രവാചകൻമാരിലെ പ്രാസംഗികൻ) എന്നുപോലും ചില ഖുർആൻ വ്യാഖ്യാതാക്കൾ അദ്ദേഹത്തെ വിശേഷിപ്പിച്ചിരിക്കുന്നു. ഇത്രയൊക്കെ ചെയ്തിട്ടും ആ ജനത അദ്ദേഹത്തോട് പറഞ്ഞ മറുപടി എത്ര ശോചനീമായിരുന്നുവെന്ന് നോക്കുക!

قَالُوا۟ يَـٰشُعَيْبُ أَصَلَوٰتُكَ تَأْمُرُكَ أَن نَّتْرُكَ مَا يَعْبُدُ ءَابَآؤُنَآ أَوْ أَن نَّفْعَلَ فِىٓ أَمْوَٰلِنَا مَا نَشَـٰٓؤُا۟ ۖ إِنَّكَ لَأَنتَ ٱلْحَلِيمُ ٱلرَّشِيدُ ﴿٨٧﴾

87 അവർ പറഞ്ഞു: ''ശുഐബേ, നിൻെറ നമസ്കാരമാണോ ഞങ്ങളുടെ പിതാക്കൾ ആരാധിച്ചു വരുന്നതിനെ ഞങ്ങൾ ഉപേക്ഷിക്കുവാൻ നിന്നോട് കൽപിക്കുന്നത്?! അല്ലെങ്കിൽ, ഞങ്ങളുടെ സ്വത്തുക്കളിൽ ഞങ്ങൾ ഉദ്ദേശിക്കുന്നത് ഞങ്ങൾ ചെയ്തു വരുന്നതിനെ (ഞങ്ങൾ ഉപേക്ഷിക്കുവാൻ)?!! നിശ്ചയമായും, സഹനമുള്ളവനും തൻേറടമുള്ളവനും തന്നെയാണ് നീ!''

---

87 **قَالُوا** അവർ പറഞ്ഞു. **يا شعيب** ശുഐബേ. **أصلاتك** നിൻെറ നമസ്കാരമോ. **تأمرك** നിന്നോട് കൽപ്പിക്കുന്നത്. **أن نترك** ഞങ്ങൾ ഉപേക്ഷിക്കുവാൻ, ഉപേക്ഷിക്കണമെന്ന്. **ما يعبد** ആരാധിച്ചുവരുന്നതിനെ. **آباؤنا** ഞങ്ങളുടെ പിതാക്കൾ. **أو أن نفعل** അല്ലെങ്കിൽ ഞങ്ങൾ ചെയ്യുന്നത്. **في أموالنا** ഞങ്ങളുടെ സ്വത്തുക്കളിൽ. **ما نشاء** ഞങ്ങൾ ഉദ്ദേശിക്കുന്നത്. **إنك** നിശ്ചയമായും നീ. **لأنت** നീ തന്നെയാണ്. **الحليم** സഹനമുള്ളവൻ, സഹിഷ്ണുതയുള്ളവൻ. **الرشيد** തൻേറടമുള്ളവൻ, നേർവഴിക്കുള്ളവൻ.

പുച്ഛവും, പരിഹാസവും, ധിക്കാരവും ഒത്തിണങ്ങിയ വാക്കുകൾ! അല്ലാഹു അല്ലാത്ത വസ്തുക്കളെ ആരാധിക്കുന്നതിനെയും, ധനസംബന്ധമായ ഇടപാടുകളിൽ ചതിയും വഞ്ചനയും നടത്തുന്നതിനെയും വിരോധിക്കുകയാണല്ലോ ശുഐബ് (عليه السلام)ചെയ്തത് അല്ലാഹു അല്ലാത്തവരെ ആരാധിക്കുന്നതിന് അവരുടെ ന്യായീകരണം അവരുടെ പൂർവ്വികൻമാർ അങ്ങിനെ ചെയ്ത് വന്നിരുന്നുവെന്നുള്ളതുമാത്രമാണ്. മറ്റേതിനുള്ള ന്യായം: ഞങ്ങളുടെ സ്വത്ത് സംബന്ധമായ കാര്യങ്ങളിൽ ഞങ്ങളുടെ ഇഷ്ടംപോലെ കൈകാര്യം ചെയ്യാൻ ഞങ്ങൾക്കവകാശമുണ്ട് എന്നുമാകുന്നു. അതുകൊണ്ട് ആ രണ്ട് കാര്യങ്ങളും ഞങ്ങൾ ഉപേക്ഷിക്കണമെന്ന് പറയുന്നത് തനി വിഡ്ഢിത്തവും നീതീകരണമില്ലാത്തതുമാണെന്നത്രെ അവരുടെ തത്വശാസ്ത്രം. 'നിന്റെ നമസ്കാരമാണോ ഇതൊക്കെ നിന്നോട് കൽപിക്കുന്നത്? നീ സഹനമുള്ളവനും തമേടമുള്ളവനും തന്നെ!' എന്നീ വാക്യങ്ങൾ അങ്ങേഅറ്റം പരിഹാസം നിറഞ്ഞ വാക്കുകളാണെന്ന് പറയേണ്ടതില്ല. ഒന്നാമത്തെ വാക്യത്തിൽ അദ്ദേഹത്തിന്റെ നമസ്കാരം, പ്രാർത്ഥന മുതലായ ആരാധനാ കർമ്മങ്ങളിൽ അവർക്കുള്ള അമർഷവും വെറുപ്പുമാണ് അടങ്ങിയിരിക്കുന്നതെങ്കിൽ, രണ്ടാമത്തെ വാക്യത്തിൽ അദ്ദേഹം ഒട്ടും വിവേകവും തന്റേടവുമില്ലാത്ത മൂഢമനുഷ്യനാണെന്ന ആരോപണവും അടങ്ങിയിരിക്കുന്നു.

قَالَ يَٰقَوۡمِ أَرَءَيۡتُمۡ إِن كُنتُ عَلَىٰ بَيِّنَةٖ مِّن
رَّبِّي وَرَزَقَنِي مِنۡهُ رِزۡقًا حَسَنٗاۚ وَمَآ أُرِيدُ أَنۡ
أُخَالِفَكُمۡ إِلَىٰ مَآ أَنۡهَىٰكُمۡ عَنۡهُۚ إِنۡ أُرِيدُ
إِلَّا ٱلۡإِصۡلَٰحَ مَا ٱسۡتَطَعۡتُۚ وَمَا تَوۡفِيقِيٓ إِلَّا
بِٱللَّهِۚ عَلَيۡهِ تَوَكَّلۡتُ وَإِلَيۡهِ أُنِيبُ ٨٨

88 അദ്ദേഹം പറഞ്ഞു: ''എന്റെ ജനങ്ങളേ, നിങ്ങൾ കണ്ടുവോ? (ഒന്നു പറഞ്ഞുതരുവിൻ:) ഞാൻ എന്റെ റബ്ബിങ്കൽ നിന്നുള്ള (വ്യക്തമായ) തെളിവോടെയിരിക്കുകയും, അവന്റെ വകയായി അവൻ എനിക്ക് നല്ലതായ വിഭവം നൽകുകയും ചെയ്തിട്ടുണ്ടെങ്കിൽ...?! [അപ്പോൾ, എനിക്ക് ഇങ്ങനെയല്ലാതെ ഉപദേശിക്കുവാൻ കഴിയുമോ?] ഏതൊന്നിനെക്കുറിച്ചു ഞാൻ നിങ്ങളെ വിരോധിക്കുന്നുവോ അതിലേക്ക് (തിരിഞ്ഞ്) നിങ്ങളുമായി വ്യത്യാസം പ്രവർത്തിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ലതാനും, എനിക്ക് സാധ്യമായത്ര നൻമ വരുത്തുകയല്ലാതെ (മറ്റൊന്നും) ഞാൻ ഉദ്ദേശിക്കുന്നില്ല. എന്റെ 'തൗഫീഖ്', [പ്രവർത്തനവിജയം] അല്ലാഹു മൂലമല്ലാതെ ഇല്ലതാനും. അവന്റെ മേൽ ഞാൻ(കാര്യം) ഭരമേൽപിച്ചിരിക്കുന്നു; അവങ്കലേക്കുതന്നെ ഞാൻ (മനസ്സുമടങ്ങി) വിനയപ്പെടുകയും ചെയ്യുന്നു.

---

88 قَالَ അദ്ദേഹം പറഞ്ഞു. يا قوم എന്റെ ജനങ്ങളെ. أرأيتم നിങ്ങൾ കണ്ടുവോ (പറയുവിൻ). إن كُنْتُ ഞാനാണെങ്കിൽ. على بينة (വ്യക്തമായ) തെളിവോടെ, തെളിവോടുകൂടി. من ربي എന്റെ റബ്ബിങ്കൽ നിന്ന്. ورزقني അവൻ എനിക്ക് നൽകുകയും ചെയ്തു. منه അവനിൽ നിന്ന് (അവന്റെ വകയായി). رزقًا ഉപജീവനം, വിഭവം, ആഹാരം, അനുഗ്രഹം. حسنا നല്ലതായ. وما أريد ഞാൻ ഉദ്ദേശിക്കുന്നില്ലതാനും. أنْ أخالفكم നിങ്ങളോട് എതിര് (വ്യത്യാസം) ചെയ്‌വാൻ. إلى ما യാതൊന്നിലേക്ക് (തരിഞ്ഞുംകൊണ്ട്). أنهاكم നിങ്ങളെ ഞാൻ വിരോധിക്കുന്നു. عنه അതിനെപ്പറ്റി. إنْ أريد ഞാൻ ഉദ്ദേശിക്കുന്നില്ല. إلا الإصلاح നന്മ വരുത്തുക(നന്നാക്കിത്തീർക്കുക)യല്ലാതെ. ما استطعت എനിക്ക് സാധിക്കുന്നത് (സാധ്യമായത്ര). وما توفيقي എന്റെ തൗഫീഖ് (എനിക്ക് സഹായം നൽകൽ, പ്രവർത്തനവിജയം) അല്ല. إلا بالله അല്ലാഹുവിനെക്കൊണ്ട് (അ

ല്ലാഹു മൂലം) അല്ലാതെ. **عليه** അവന്റെ മേൽ. **توكلت** ഞാൻ ഭാരമേൽപിച്ചു. **وإليه** അവനിലേക്ക് തന്നെ. **أنيب** ഞാൻ (മനസ്സു) മടങ്ങുന്നു, വിനയപ്പെടുന്നു.

'ഞാൻ എന്റെ റബ്ബിങ്കൽ നിന്നുള്ള വ്യക്തമായ തെളിവോടു കൂടിയിരിക്കുകയും, അവങ്കൽനിന്നുള്ള കാരുണ്യം അവൻ എനിക്ക് നൽകിയിരിക്കുകയാണെങ്കിൽ.....' എന്നിങ്ങിനെ നൂഹ് (عليه السلام)അദ്ദേഹത്തിന്റെ ജനങ്ങളോട് പറഞ്ഞതായി 28-ാം വചനത്തിലും സ്വാലിഹ് (عليه السلام)അദ്ദേഹത്തിന്റെ ജനങ്ങളോട് പറഞ്ഞതായി 63-ാം വചനത്തിലും മുമ്പുകണ്ടുവല്ലോ. അതുപോലെയുള്ള ഒരു വാക്യംതന്നെയാണ് ശുഐബ് (عليه السلام)അദ്ദേഹത്തിന്റെ ജനതയോടും പറഞ്ഞതായി ഈ വചനത്തിൽ കാണുന്നത്. പക്ഷേ, അവിടങ്ങളിൽ 'വ്യക്തമായ തെളിവി' (بينة) നു പുറമെ 'കാരുണ്യ'വും (رحمة) എന്നുകൂടിയാണുള്ളത്. കാരുണ്യം കൊണ്ട് പ്രധാനമായും അവിടങ്ങളിൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് പ്രവാചകത്വവും അതോട് ബന്ധപ്പെട്ട കാര്യങ്ങളുമാണെന്ന് രണ്ടിടത്തും നാം ചൂണ്ടിക്കാട്ടുകയും ചെയ്തിരിക്കുന്നു. ഇവിടെ കാരുണ്യത്തിന്റെ സ്ഥാനത്ത് **رزقا حسنا** എന്നാണുള്ളത്. **رزق** (രിസ്ഖ്) എന്ന പദത്തിന് 'ആഹാരം' ഉപജീവനമാർഗ്ഗം, കൊടുതി, പ്രദാനം' എന്നും മറ്റും അർത്ഥങ്ങൾ വരും. ഭാഷാർത്ഥം നോക്കുമ്പോൾ, ഭൗതികമോ, അഭൗതികമോ ആയ എല്ലാ ലഭ്യങ്ങൾക്കും, വിഭവങ്ങൾക്കും ഉപയോഗിക്കപ്പെടാവുന്നതാണത്. അതുകൊണ്ട് **ورزقني منه رزقا حسنا** എന്ന വാക്യത്തിന് രണ്ട് പ്രകാരത്തിൽ വിവക്ഷ നൽകപ്പെട്ടു കാണുന്നു: (1) നിങ്ങൾ ചെയ്യുന്നതുപോലെയുള്ള അഴിമതികളിൽ നിന്ന് സുരക്ഷിതവും, അനുവദനീയവുമായ മാർഗ്ഗത്തിലൂടെ മാത്രം ലഭ്യവുമായിക്കൊണ്ട് ജീവിക്കുവാനുള്ള വസ്തുവിഭവങ്ങൾ എനിക്കവൻ തന്നിരിക്കുന്നുവെന്നും, (2) പ്രവാചകത്വം, വിജ്ഞാനം, ദിവ്യസന്ദേശം മുതലായ അനുഗ്രഹങ്ങൾ എനിക്കവൻ പ്രദാനം ചെയ്തിരിക്കുന്നുവെന്നും, ശുഐബ് (عليه السلام) അദ്ദേഹത്തിന്റെ ജനങ്ങൾക്ക് നൽകിയ ഉൽബോധനങ്ങളും, അവർ അദ്ദേഹത്തിന് നൽകിയ മറുപടികളും നോക്കുമ്പോൾ ആദ്യം പറഞ്ഞ അഭിപ്രായത്തിനാണ് മുൻതൂക്കം കാണുന്നത്. **الله اعلم**

നിങ്ങളോട് ഞാൻ വിരോധിക്കുന്ന കാര്യങ്ങൾ ഒന്നാമതായി വർജ്ജിച്ചു വരുന്ന ആളാണ് ഞാൻ. നിങ്ങളോട് അവയെക്കുറിച്ച് വിരോധിക്കുകയും, അതോടൊപ്പം അതിനെതിരായി ഞാൻ പ്രവർത്തിക്കുകയു ചെയ്യുന്നുണ്ടെങ്കിൽ നിങ്ങൾക്ക് എന്നെ ആക്ഷേപിക്കുവാൻ ന്യായമുണ്ടായിരുന്നു. പക്ഷേ, ഞാൻ വിരോധിക്കുന്നതിന് എതിരിൽ ഞാൻ ഒന്നും ചെയ്യുന്നില്ലല്ലോ. നിങ്ങളെ കഴിയുന്നത്ര നന്നാക്കി സംസ്കരിക്കുക മാത്രാണ് എന്റെ ലക്ഷ്യം. അതല്ലാതെ മറ്റൊരു കാര്യലാഭവും എനിക്കതിലില്ല. ഈ ലക്ഷ്യം സാധിക്കുവാൻ അല്ലാഹുവിങ്കൽനിന്നുതന്നെ സഹായം ലഭിക്കേണ്ടിയിരിക്കുന്നു. എനിക്ക് സ്വന്തമായി അതിന് യാതൊരു കഴിവുമില്ല. അതുകൊണ്ട് വിനയപൂർവ്വം കാര്യങ്ങളെല്ലാം അവനിൽ ഞാൻ അർപ്പിക്കുന്നു. ഇതൊക്കെയാണ് അദ്ദേഹം തുടർന്ന് പറഞ്ഞതിന്റെ താൽപര്യം. അദ്ദേഹം വീണ്ടും തുടരുന്നു:-

وَيَٰقَوْمِ لَا يَجْرِمَنَّكُمْ شِقَاقِىٓ أَن يُصِيبَكُم مِّثْلُ مَآ أَصَابَ قَوْمَ نُوحٍ أَوْ قَوْمَ هُودٍ أَوْ قَوْمَ صَٰلِحٍ ۚ وَمَا قَوْمُ لُوطٍ مِّنكُم بِبَعِيدٍ ﴿٨٩﴾

89 ''എന്റെ ജനങ്ങളെ, എന്നോടുള്ള കക്ഷിമാത്സര്യം നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ, നൂഹിന്റെ ജനതക്കോ, ഹൂദിന്റെ ജനതക്കോ, സ്വാലിഹിന്റെ ജനതക്കോ ബാധിച്ചതുപോലെയുള്ളത് [ശിക്ഷ] നിങ്ങൾക്ക് ബാധിക്കു(വാൻ ഇടയാകു) ന്നതിന്. ലൂത്ത്വിന്റെ ജനത(യാകട്ടെ)നിങ്ങളിൽ നിന്ന് അകലെയല്ലതാനും.

90 ‘നിങ്ങളുടെ റബ്ബിനോട് നിങ്ങൾ പാപമോചനം തേടുകയും, പിന്നെ അവനിലേക്ക് പശ്ചാത്തപിക്കുകയും ചെയ്യുവിൻ. നിശ്ചയമായും, എന്റെ റബ്ബ് കരുണാനിധിയും, വളരെ (സ്നേഹ) താൽപര്യമുള്ളവനുമാകുന്നു.’’

وَٱسْتَغْفِرُوا۟ رَبَّكُمْ ثُمَّ تُوبُوٓا۟ إِلَيْهِ ۚ إِنَّ رَبِّى رَحِيمٌ وَدُودٌ ﴿٩٠﴾

---

89 **ويا قوم** എന്റെ ജനങ്ങളെ. **لا يجرمنكم** നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ, നിങ്ങൾക്ക് വരുത്തിത്തീർക്കരുത്. **شقاقي** എന്റെ (എന്നോടുള്ള) ചേരിപിരിവവ്, കക്ഷി പിടിക്കൽ, മത്സരം. **أن يصيبكم** നിങ്ങൾക്ക് എത്തുവാൻ, ബാധിക്കൽ. **مثلُ ما أصاب** ബാധിച്ച (എത്തിയ)ത് പോലുള്ളത്. **قوم نوح** നൂഹിന്റെ ജനതക്ക്. **أو قوم** അല്ലെങ്കിൽ ജനതക്ക്. **هود** ഹൂദിന്റെ. **أو قوم** അല്ലെങ്കിൽ ജനതക്ക്. **صالح** സ്വാലിഹിന്റെ. **وما قوم** ജനതയല്ലതാനും. **لوط** ലൂത്തിന്റെ. **منكم** നിങ്ങളിൽനിന്ന്. **ببعيد** ദൂരപ്പെട്ടത്, അകലെയുള്ളത്. 90 **واستغفروا** പാപമോചനം തേടുകയും ചെയ്‌വിൻ. **ربكُم** നിങ്ങളുടെ റബ്ബിനോട്. **ثُم توبوا** പിന്നെ പശ്ചാത്തപിക്കു (മടങ്ങു)വിൻ. **إليه** അവങ്കലേക്ക്. **إن ربي** നിശ്ചയമായും എന്റെ റബ്ബ്. **رحيم** കരുണാനധിയാണ്. **ودود** വളരെ താൽപര്യ (സ്നേഹ) മുള്ളവനാണ്.

എന്നോടുള്ള നിങ്ങളുടെ മാത്സര്യവും, കക്ഷിത്വവും തുടരുകതന്നെയാണ് നിങ്ങൾ ചെയ്യുന്നതെങ്കിൽ, മുൻസമുദായങ്ങളായ നൂഹ്, ഹൂദ്, സ്വാലിഹ് (عليهم السلام)എന്നിവരുടെ ജനങ്ങൾക്ക് ബാധിച്ചതുപോലെയുള്ള മഹാ ശിക്ഷ നിങ്ങൾക്കും ബാധിച്ചേക്കും. അതിന് നിങ്ങൾ ഇടവരുത്തരുത്. ആ സമുദായങ്ങളൊക്കെ കാലം കൊണ്ടും, സ്ഥലം കൊണ്ടും നിങ്ങളിൽ നിന്ന് കുറേ അകലെയാണെങ്കിൽ, നിങ്ങളുടെ അടുത്ത സ്ഥലത്തും അടുത്ത കാലത്തും (*) ലൂത്ത് നബിയുടെ ജനതക്ക് ബാധിച്ച കടുത്ത ശിക്ഷ നിങ്ങൾക്ക് ഓർമ്മയുണ്ടല്ലോ. എന്ന് അദ്ദേഹം അവരെ താക്കീതുചെയ്യുന്നു. അതോടൊപ്പം തന്നെ, നിങ്ങൾ എന്ത് അക്രമവും പാപവും പ്രവർത്തിച്ചിരുന്നാലും നിങ്ങൾ ഖേദിച്ച് മടങ്ങി പാപമോചനം തേടിയാൽ അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരുകയും കരുണ ചെയ്യുകയും ചെയ്യുമെന്ന് ഉപദേശിക്കുകയും ചെയ്യുന്നു. ഇതുകൊണ്ടൊന്നും ആ ജനതക്ക് മാനസാന്തരം ഉണ്ടായില്ലെന്ന് മാത്രമല്ല, അവരുടെ അഹന്തയും മത്സരബുദ്ധിയും വർദ്ധിച്ചതേയുള്ളു.

91 അവർ പറഞ്ഞു: ‘‘ശുഐബേ, നീ പറയുന്നതിൽ നിന്ന് മിക്കതും ഞങ്ങൾക്ക് ഗ്രഹിക്കു(വാൻ കഴിയു)ന്നില്ല; നിശ്ചയമായും, ഞങ്ങളുടെ കൂട്ടത്തിൽ നിന്നെ ഒരു ബലഹീനനായിട്ടേ ഞങ്ങൾ കാണുന്നുള്ളു. നിന്റെ കുടുംബം ഇല്ലായിരുന്നുവെങ്കിൽ, നിന്നെ ഞങ്ങൾ എറിഞ്ഞുകൊല്ലുക തന്നെ ചെയ്തിരുന്നു. നീ ഞങ്ങളുടെ അടുക്കൽ ഒരു പ്രതാപശാലിയൊന്നുമല്ല.’’

قَالُوا۟ يَـٰشُعَيْبُ مَا نَفْقَهُ كَثِيرًا مِّمَّا تَقُولُ وَإِنَّا لَنَرَىٰكَ فِينَا ضَعِيفًا ۖ وَلَوْلَا رَهْطُكَ لَرَجَمْنَـٰكَ ۖ وَمَآ أَنتَ عَلَيْنَا بِعَزِيزٍ ﴿٩١﴾

---

91 **قَالُوا** അവർ പറഞ്ഞു. **يا شعيب** ശുഐബേ. **ما نفقه** ഞങ്ങൾ ഗ്രഹിക്കുന്നില്ല, ഞങ്ങൾക്ക് മന

---

* ലൂത്ത് (عليه السلام)നബിയുടെ ശേഷമായിരുന്നു ശുഐബ് (عليه السلام)നബിയുടെ ആഗമനം. രണ്ടാൾക്കുമിടയിൽ വളരെ കാലതാമസമൊന്നും ഉണ്ടായിരുന്നില്ല.

സ്സിലാകുന്നില്ല. **كَثيرا** വളരെ, പലതും, മിക്കതും. **مما تقُول** നീ പറയുന്നതിൽനിന്ന്. **وإِنا** നിശ്ചയമായും ഞങ്ങൾ. **لَنراك** നിന്നെ ഞങ്ങൾ കാണുക തന്നെ ചെയ്യുന്നു. **فِينا** ഞങ്ങളിൽ, ഞങ്ങളുടെ കൂട്ടത്തിൽ. **ضعِيفًا** ഒരു ബലഹീനനായി, ദുർബലനായി. **ولَولا** ഇല്ലായിരുന്നെങ്കിൽ. **رهطُك** നിൻെറ കൂട്ടം (കൂട്ടുകുടുംബങ്ങൾ). **لَرجمناك** ഞങ്ങൾ നിന്നെ എറിഞ്ഞു കൊല്ലുക (എറിഞ്ഞാട്ടുക) തന്നെ ചെയ്തിരുന്നു. **وما أَنت** നീ അല്ലതാനും. **علَينا** ഞങ്ങൾക്ക്, ഞങ്ങളുടെ അടുക്കൽ. **بِعزِيز** ഒരു പ്രതാപശാലി ഊക്കൽ.

സത്യത്തിനും, നീതിക്കും മുമ്പിൽ പരാജയപ്പെടുമ്പോൾ, ധിക്കാരബുദ്ധികളിൽ നിന്ന് എക്കാലത്തും കേൾക്കാറുള്ളതാണ് ഇത്തരം ഭീഷണികൾ. ന്യായത്തിൽ മുട്ടുമ്പോൾ അവർ അക്രമ മർദ്ദനങ്ങൾക്ക് മുതിരും. തങ്ങൾ ചെയ്യുന്നതിലെല്ലാം അവർ സ്വയം സംതൃപ്തരാകുകയും ചെയ്യും. ശുഐബ് (عليه السلام)നബിയുടെ കാലക്കാരെ സംബന്ധിച്ചിടത്തോളം അവർ പ്രാചീന സമുദായങ്ങളിൽ പെട്ടവരും, ഇന്നത്തെ ജനങ്ങളെ അപേക്ഷിച്ച് പരിഷ്കാരത്തിൻെറയും ഉൽബുദ്ധതയുടെയും താഴെ പടിയിലുള്ളവരുമാണെന്ന് പറഞ്ഞേക്കാം. എന്നാൽ, ബുദ്ധിപരമായി മനുഷ്യൻ വളരെ പുരോഗമിച്ചിട്ടുള്ള ഇക്കാലത്തും തൗഹീദിനെക്കുറിച്ചും ക്രയവിക്രയങ്ങളിൽ ചതിയും കൃത്രിമവും ഉപേക്ഷിക്കേണ്ടതിനെക്കുറിച്ചും ഉപദേശിക്കുവാൻ മിനക്കെട്ടാലുള്ള സ്ഥിതിയോ? അനുഭവ സാക്ഷ്യങ്ങളുടെ വെളിച്ചത്തിൽ ഒന്നാലോചിച്ചു നോക്കുക! ഉപദേശിക്കുന്നവരുടെ ഹൃദയശുദ്ധിയെയും, സൽഗുണങ്ങളെയും ചോദ്യം ചെയ്ത് പുച്ഛിക്കുക, അവരെ വിഡ്ഢികളും മൂഢൻമാരുമായി തരം താഴ്ത്തുക, ദുർന്യായങ്ങളും ദുസ്സമർത്ഥനങ്ങളും അവതരപ്പിക്കുക, ഭീഷണി മുഴക്കുക കയ്യേറ്റത്തിന് മുതിരുക, ഉപദേശിക്കുംതോറും തോന്നിയവാസങ്ങൾ വർദ്ധിപ്പിക്കുക ഇതെല്ലാം തന്നെ. ചുരുക്കിപ്പറഞ്ഞാൽ, ശുഐബ് (عليه السلام)നബിയുടെ ജനത പറഞ്ഞതായി 87ഉം 91ഉം വചനങ്ങളിൽ അല്ലാഹു പ്രസ്താവിച്ച അതേ ശൈലിയുള്ള മറുപടികളായിരിക്കും അവർക്കും പറയുവാനുണ്ടായിരിക്കുക.

ധനത്തോടുള്ള മോഹവും സമ്പാദന മാർഗ്ഗങ്ങളിൽ വഞ്ചന നടത്തലും, മനുഷ്യരിൽ പൊതുവെയുള്ള ഒരു സ്വഭാവമായതുകൊണ്ടുതന്നെയാണ്-അതിൽനിന്നും സത്യവിശ്വാസികൾ വിമുക്തരായിരിക്കുവാൻ വേണ്ടി-ശുഐബ് (عليه السلام)നബിയുടെയും, അദ്ദേഹത്തിൻെറ ജനതയുടെയും ഇടയിൽ നടന്ന വാഗ്വാദങ്ങൾ വളരെ വിശദമായി പല സൂറത്തുകളിലും അല്ലാഹു ഉദ്ധരിച്ചിരിക്കുന്നതും. കയ്യൂക്കും ഭീഷണിയും മുഴക്കിയ ആ ജനതക്ക് ആ പ്രാവചകവര്യൻ നൽകിയ മറുപടി ഇതായിരുന്നു:-

قَالَ يَـٰقَوْمِ أَرَهْطِىٓ أَعَزُّ عَلَيْكُم مِّنَ ٱللَّهِ وَٱتَّخَذْتُمُوهُ وَرَآءَكُمْ ظِهْرِيًّا ۖ إِنَّ رَبِّى بِمَا تَعْمَلُونَ مُحِيطٌ ﴿٩٢﴾

92 അദ്ദേഹം പറഞ്ഞു ''എൻെറ ജനങ്ങളേ, എൻെറ കൂട്ടു കുടുംബമാണോ നിങ്ങളുടെ അടുക്കൽ അല്ലാഹുവിനേക്കാൾ കൂടുതൽ പരിഗണനീയം! അവനെ നിങ്ങൾ നിങ്ങളുടെ പിമ്പിൽ പുറം തള്ളപ്പെട്ടവനാക്കുകയും ചെയ്തിരിക്കുന്നു(വോ)?! നിശ്ചയമായും, എൻെറ റബ്ബ് നിങ്ങൾ പ്രവർത്തിച്ചുവരുന്നതിനെ വലയംചെയ്തു [സൂക്ഷ്മമായി അറിഞ്ഞു] കൊണ്ടിരിക്കുന്നവനാകുന്നു.''

---

92 **قَالَ** അദ്ദേഹം പറഞ്ഞു. **يا قَوم** എൻെറ ജനങ്ങളെ. **أَرهطي** എൻെറ കുട്ടുകുടുംബമോ, കൂട്ടമോ. **أَعز** അധികം പ്രതാപം ഉള്ള (കൂടുതൽ പരിഗണനീയം). **علَيكُم** നിങ്ങൾക്ക് (നിങ്ങ

ളുടെ അടുക്കൽ). **مِنَ اللهِ** അല്ലാഹുവിനെക്കാൾ. **واتخذْتموه** അവനെ നിങ്ങൾ ആക്കുകയും ചെയ്തിരിക്കുന്നു (വോ). **وراءَكُمْ** നിങ്ങളുടെ പിന്നിൽ, അപ്പുറം. **ظهريا** പുറം തള്ളപ്പെട്ടവൻ, പിറകോട്ടിടപ്പെട്ടത്. **إن ربي** നിശ്ചയമായും എന്റെ റബ്ബ്. **بما تعملونَ** നിങ്ങൾ പ്രവർത്തിക്കുന്നതിനെ. **محيطٌ** വലയം ചെയ്യുന്ന (സൂക്ഷമമായി) അറിയുന്ന)വനാണ്.

അവസാനം അദ്ദേഹം അവർക്ക് ഇങ്ങിനെ അന്ത്യശാസനം നൽകി:-

93 ‘‘എന്റെ ജനങ്ങളേ, നിങ്ങളുടെ സ്ഥാനം [നിലപാട്] അനുസരിച്ചു നിങ്ങൾ പ്രവർത്തിച്ചുകൊള്ളുവിൻ; ഞാൻ (എന്റെ സ്ഥാനമനുസരിച്ചും) പ്രവർത്തിക്കുന്നവനാണ്. പിറകെ നിങ്ങൾക്കറിയാം, ആർക്കാണ് അപമാനപ്പെടുത്തുന്ന ശിക്ഷ വന്നെത്തുന്നതെന്നും, ആരാണ് വ്യാജം പറയുന്നവനെന്നും! (വരാനിരിക്കുന്നത്) നിങ്ങൾ പ്രതീക്ഷിച്ചു കൊണ്ടിരിക്കുകയും ചെയ്യുവിൻ, നിശ്ചയമായും, ഞാനും നിങ്ങളോടൊപ്പം പ്രതീക്ഷിക്കുന്നവനാകുന്നു.

وَيَٰقَوۡمِ ٱعۡمَلُواْ عَلَىٰ مَكَانَتِكُمۡ إِنِّي عَٰمِلٞۖ سَوۡفَ تَعۡلَمُونَ مَن يَأۡتِيهِ عَذَابٞ يُخۡزِيهِ وَمَنۡ هُوَ كَٰذِبٞۖ وَٱرۡتَقِبُوٓاْ إِنِّي مَعَكُمۡ رَقِيبٞ ﴿٩٣﴾

---

93 **ويا قَومِ** എന്റെ ജനങ്ങളെ. **اعملوا** നിങ്ങൾ പ്രവർത്തിക്കുവിൻ. **على مكانتكم** നിങ്ങളുടെ സ്ഥാനം (നിലപാട്-സ്ഥിതി) അനുസരിച്ച്. **إني** നിശ്ചയമായും ഞാൻ. **عاملٌ** പ്രവർത്തിക്കുന്നവനാണ്. **سوف** വഴിയെ, പിറകെ. **تعلمونَ** നിങ്ങൾ അറിയും. **من** ആർക്കാണ്, ആരാണ്. **يأتيه** അവന് വരും, വന്നെത്തുന്നത്. **عذاب** (ഒരു) ശിക്ഷ. **يخزيه** അവനെ അപമാനപ്പെടുത്തുന്ന. **ومن** ആരാണെന്നും. **هو** അവൻ. **كاذب** കളവ് (വ്യാജം) പറയുന്നവനാണ്. **وارتقبوا** നിങ്ങൾ പ്രതീക്ഷിക്കുക (നോക്കിയിരക്കുക)യും ചെയ്യുവിൻ. **إني** നിശ്ചയമായും ഞാൻ. **معكُم** നിങ്ങളോടൊപ്പം. **رقيب** പ്രതീക്ഷിക്കുന്ന(നോക്കിയിരിക്കുന്ന)വനാണ്.

അധികം താമസിയാതെ നിങ്ങൾക്ക് പൊതു ശിക്ഷവരുവാൻ പോകുന്നു. അപ്പോൾ, ഞാൻ പറയുന്നതിന്റെ സത്യാവസ്ഥ നിങ്ങൾക്ക് അനുഭവംകൊണ്ട് ബോദ്ധ്യപ്പെടും. തൽക്കാലം നാം ഇരു കൂട്ടരും കാത്തിരുന്ന് കാണുക എന്ന് സാരം. താമസിയാതെ ശിക്ഷ സംഭവിക്കുകതന്നെ ചെയ്തു.

94 നമ്മുടെ കൽപന വന്നപ്പോൾ, ശുഐബിനെയും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരെയും നമ്മുടെ പക്കൽ നിന്നുള്ള കാരുണ്യം കൊണ്ടു നാം രക്ഷപ്പെടുത്തി; (ആ) അക്രമം പ്രവർത്തിച്ചവർക്ക് ഘോര ശബ്ദം പിടിപെടുകയും ചെയ്തു. അങ്ങനെ, അവർ അവരുടെ വസതികളിൽ (ചത്ത്) കമിഴ്ന്നു വീണവരായി;-

وَلَمَّا جَآءَ أَمۡرُنَا نَجَّيۡنَا شُعَيۡبٗا وَٱلَّذِينَ ءَامَنُواْ مَعَهُۥ بِرَحۡمَةٖ مِّنَّا وَأَخَذَتِ ٱلَّذِينَ ظَلَمُواْ ٱلصَّيۡحَةُ فَأَصۡبَحُواْ فِي دِيَٰرِهِمۡ جَٰثِمِينَ ﴿٩٤﴾

95 (അതെ) അവർ അവിടത്തിൽ ഉണ്ടായിട്ടില്ലാത്തതുപോലെ! അല്ലാ! (അറിയുക:)

كَأَن لَّمۡ يَغۡنَوۡاْ فِيهَآۗ أَلَا بُعۡدٗا لِّمَدۡيَنَ كَمَا

ഥമൂദുഗോത്രം (കാരുണ്യത്തിൽനിന്ന്) ദൂരപ്പെട്ടതുപോലെ, മദ്‌യനും [മദ്‌യൻ കാർക്കും] വിദൂരത!	بَعِدَتْ ثَمُودُ ﴿٩٥﴾

94 ولما جاء വന്നപ്പോൾ. أمرنا നമ്മുടെ കൽപന. نجينا നാം രക്ഷപ്പെടുത്തി. شعيبا ശുഐബിനെ. والذين യാതൊരുവരെയും. آمنوا معه അദ്ദേഹത്തിൻെറ കൂടെ വിശ്വസിച്ച. برحمة കാരുണ്യം കൊണ്ട്. منا നമ്മിൽ നിന്നുള്ള, നമ്മുടെ വക. وأخذت പിടികൂടുകയും ചെയ്തു. الذين യാതൊരു വരെ. ظلموا അക്രമം ചെയ്ത. الصيحة ഘോര ശബ്ദം, അട്ടഹാസം. فأصبحوا അങ്ങനെ (എന്നിട്ട്) അവരായി (രാവിലെ). في ديارهم അവരുടെ വസതി (പാർപ്പിടം) കളിൽ. جاثمين കമിഴ്ന്നു വീണ വർ.. 95 كأن لم يغنوا അവർ ധന്യമാകാത്ത (ഉണ്ടാവാത്ത-നിവസിക്കാത്ത) പോലെ. فيها അവ യിൽ, അവടത്തിൽ. ألا അല്ലാ, അറിയുക. بعدا വിദൂരത. لمدين മദ്‌യന്നു. كما بعدت ദൂരപ്പെട്ടതു പോലെ. ثمود ഥമൂദ്

മദ്‌യൻ നിവാസികൾക്ക് ബാധിച്ച ആ ഘോരശബ്ദം (الصيحة) എങ്ങിനെയുള്ളതായി രുന്നുവെന്ന് ഖുർആനിൽ വിവരിക്കപ്പെട്ടിട്ടില്ല. ശുഐബ് (عليه السلام)നബിയോട് ആ ജനത 'നീ സത്യവാൻമാരിൽ പെട്ടവനാണെങ്കിൽ ആകാശത്ത് നിന്ന് ഞങ്ങൾക്കുമീതെ തുണ്ടങ്ങൾ വീഴ് ത്തുക' എന്ന് ആവശ്യപ്പെട്ടുവെന്നും, അങ്ങനെ അവർ അദ്ദേഹത്തെ വ്യാജമാക്കിയപ്പോൾ അവർക്ക് മേഘത്തണലിൻെറ ദിവസത്തെ ശിക്ഷ (عذاب يوم الظللة) ബാധിച്ചുവെന്നും സൂ: ശു അറാഉ് : 187-189 വചനങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നു. മുകൾ ഭാഗത്തുനിന്ന് മേഘത്തിലൂടെ യോ മറ്റോ സംഭവിച്ച ഒരു ഘോരശബ്ദമായിരിക്കാം അതെന്ന് ഇതിൽ നിന്ന് അനുമാനി ക്കാം. വസ്തുത അല്ലാഹുവിനറിയാം.

വിഭാഗം-9

96 നമ്മുടെ ദൃഷ്ടാന്തങ്ങളും, സ്പഷ്ടമായ (അധികൃത) രേഖയുമായി മൂസായെ യും നാം അയക്കുകയുണ്ടായി;-	وَلَقَدْ أَرْسَلْنَا مُوسَىٰ بِـَٔايَـٰتِنَا وَسُلْطَـٰنٍ مُّبِينٍ ﴿٩٦﴾
97 ഫിർഔൻെറയും, അവൻെറ പ്രധാനിക ളുടെയും അടുക്കലേക്ക്. എന്നിട്ട്, അവ ർ ഫിർഔൻെറ കൽപനയെ പിൻപറ്റി. ഫിർഔൻെറ കൽപന തന്റേടമുള്ളത് (അഥവാ നേർവഴിക്കുള്ളത്) അല്ലതാ നും.	إِلَىٰ فِرْعَوْنَ وَمَلَإِيْهِۦ فَٱتَّبَعُوٓا۟ أَمْرَ فِرْعَوْنَ ۖ وَمَآ أَمْرُ فِرْعَوْنَ بِرَشِيدٍ ﴿٩٧﴾
98 ഖിയാമത്തുനാളിൽ അവൻ തൻെറ ജന തക്ക് മുമ്പിലായിവരും; എന്നിട്ട് അവൻ അവരെ (ദാഹം തീർക്കുവാൻ) നരക ത്തിങ്കൽ വരുത്തുന്നതാണ്. (ദാഹശമന ത്തിന്) വരുന്ന (ആ) താവളം എത്ര യോ ചീത്തയും!	يَقْدُمُ قَوْمَهُۥ يَوْمَ ٱلْقِيَـٰمَةِ فَأَوْرَدَهُمُ ٱلنَّارَ ۖ وَبِئْسَ ٱلْوِرْدُ ٱلْمَوْرُودُ ﴿٩٨﴾

96 ولقد أرسلنا നാം അയച്ചിട്ടുണ്ട്. موسى മൂസായെ. بآياتنا നമ്മുടെ ദൃഷ്ടാന്തങ്ങളുമായി. وسلطان (അധികൃത) രേഖയുമായി. مبين സ്പഷ്ടമായ.. 97 إلى فرعون ഫിർഔൻെറ അടുക്കലേക്ക്. وملئه

അവൻെറ പ്രധാനികളുടെയും, സംഘത്തിൻെറയും. **فَاتَّبَعُوا** എന്നിട്ടവർ പിൻപറ്റി. **أَمْرَ فِرْعَوْنَ** ഫിർഔൻെറ കല്പനയെ. **وَمَا أَمْرُ** കൽപനയല്ലതാനും. **فِرْعَوْنَ** ഫിർഔൻെറ. **بِرَشِيدٍ** തന്റേടമുള്ളത്, നേർവഴിക്കുള്ളത്.. 98 **يَقْدُمُ** അവൻ മുമ്പിലായി വരും, മുന്നിട്ടു വരും. **قَوْمَهُ** അവൻെറ ജനങ്ങൾക്ക്. **يَوْمَ الْقِيَامَةِ** ഖിയാമത്തു നാളിൽ. **فَأَوْرَدَهُمُ** എന്നിട്ടവരെ അവൻ വരുത്തും (കൊണ്ടുവരും). **النَّارَ** നരകത്തിൽ. **وَبِئْسَ** വളരെ ചീത്തയും, എത്രയോ മോശവും. **الْوِرْدُ** (ആ ദാഹശമനത്തിനുള്ള) വരവ്, വരുന്ന താവളം. **الْمَوْرُودُ** വരപ്പെടുന്നതായ.

ഇഹലോകത്തുവെച്ച് ഫിർഔൻ അവൻെറ ആൾക്കാർക്ക് ദുർമ്മാർഗ്ഗത്തിന് നേതൃത്വം വഹിച്ചിരുന്നല്ലോ. അതുപോലെ, പരലോകത്തുവെച്ചുണ്ടാകുന്ന ശിക്ഷകളിലും അവൻ അവർക്ക് നേതൃത്വം വഹിക്കും. അഥവാ ശിക്ഷയിൽ അവൻ അവരുടെ മുമ്പിലുണ്ടായിരിക്കും. അങ്ങനെ അവൻ മുമ്പിലായിക്കൊണ്ട് അവരെ നരകത്തിൽ കൊണ്ട് ചെന്നു ചാടിക്കും എന്ന് സാരം.

ورود (വുറൂദു) എന്ന മൂലപദത്തിൻെറ സാക്ഷാൽ അർത്ഥം വെള്ളം കുടിക്കുവാൻ വേണ്ടിയുള്ള വരവ് എന്നാകുന്നു. സന്ദർഭമനുസരിച്ച് വെള്ളത്തിനും, ദാഹശമനത്തിനും അല്ലാതെയുള്ള വരവിലും അതുപയോഗിക്കപ്പെടും. ഫിർഔൻ മുമ്പിലും അവൻെറ ജനങ്ങൾ പിമ്പിലുമായിക്കൊണ്ടുള്ള വരവിനെ-പരിഹാസ രൂപത്തിൽ- ഒരു ഇടയൻ തൻെറ മൃഗങ്ങളെ വെള്ളത്താവളത്തിങ്കലേക്ക് വെള്ളം കുടിപ്പിക്കുവാൻ കൊണ്ടുപോകുന്നതിനോട് ഉപമിച്ചുകൊണ്ടാണ് فأوردهم النار (എന്നിട്ടവൻ അവരെ ദാഹം തീർക്കുവാൻ നരകത്തിങ്കൽ കൊണ്ടുവരും) എന്ന് പറഞ്ഞത്. പക്ഷേ, ഇടയൻ മൃഗങ്ങളെ കൊണ്ടുപോയി ദാഹശമനം വരുത്തുകയാണ് ചെയ്യുന്നതെങ്കിൽ, ഫിർഔൻ അവൻെറ ആൾക്കാർക്ക് വെള്ളത്തിനുപകരം നരകാഗ്നിയിൽ ചാടിക്കുകയാണ് ചെയ്യുന്നതെന്ന് താൽപര്യം.

99 ഇതിൽ [ഈ ലോകത്തിൽ] വെച്ചു ശാപം അവർക്ക് (പിന്നാലെ) തുടർത്തപ്പെട്ടിരിക്കുന്നു; ഖിയാമത്തുനാളിലും (തന്നെ) (ആ) നൽകപ്പെട്ട സമ്മാനം എത്രയോ ചീത്ത!	ج وَأُتْبِعُوا۟ فِى هَـٰذِهِۦ لَعْنَةً وَيَوْمَ ٱلْقِيَـٰمَةِ ۚ بِئْسَ ٱلرِّفْدُ ٱلْمَرْفُودُ ﴿٩٩﴾

---

99 **وَأُتْبِعُوا** അവൻ തുടർത്തപ്പെട്ടിരിക്കുന്നു, അവർക്ക് പിന്നാലെ ആക്കപ്പെട്ടിരിക്കുന്നു. **فِي هَذِهِ** ഇതിൽ. **لَعْنَةً** ശാപം. **وَيَوْمَ** ദിവസത്തിലും. **الْقِيَامَةِ** ഖിയാമത്തിൻെറ. **بِئْسَ** വളരെ മോശം, എത്രയോ ചീത്ത. **الرِّفْدُ** (ആ) കൊടുതി, സമ്മാനം, സഹായം. **الْمَرْفُودُ** കൊടുക്കപ്പെട്ട, സമ്മാനിക്കപ്പെട്ട.

അവർ ഈ ലോകം വിട്ടു പിരിഞ്ഞത് ശാപത്തോടെയാണ്. അതവരെ വിട്ടുപിരിയാതെ അനുഗമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അങ്ങനെ, ഖിയാമത്തു നാളിലും അവർക്ക് ശാപം തന്നെ. ഇത്രയേറെ ദുഷിച്ച ഒരു സമ്മാനം ലഭിക്കുവാനുള്ള ദുർഭാഗ്യം വേറെ ആർക്കുമില്ലെന്ന് സാരം. രാവിലെയും വൈകുന്നേരവും ഫിർഔനും അവൻെറ ആൾക്കാർക്കും നരകം പ്രദർശിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുമെന്നും, അന്ത്യ സമയത്തിൽ അവരെ നരകത്തിൽ കടത്തുവാൻ കൽപനയുണ്ടാകുമെന്നും 40: 46ൽ പ്രസ്താവിച്ചിരിക്കുന്നു.

മുകളിൽ പ്രസ്താവിക്കപ്പെട്ട നബിമാരുടെയും സമുദായങ്ങളുടെയും ചരിത്ര സംഭവങ്ങളെ ചൂണ്ടിക്കാട്ടിക്കൊണ്ട് അല്ലാഹു പറയുന്നു:-

ذَٰلِكَ مِنۡ أَنۢبَآءِ ٱلۡقُرَىٰ نَقُصُّهُۥ عَلَيۡكَ‌ۖ مِنۡهَا قَآئِمٌ وَحَصِيدٌ ۝١٠٠

100 അത് രാജ്യങ്ങളുടെ വൃത്താന്തങ്ങളിൽ പെട്ട (ചില)താകുന്നു; നാം നിനക്കത് കഥനം ചെയ്തു (വിവരിച്ചു) തരുകയാണ്. (നശിപ്പിക്കപ്പെടാതെ) നില കൊള്ളുന്ന (ചില)തും, കൊയ്തെടുക്കപ്പെട്ട (ചില)തും അവയിലുണ്ട്.

---

100 **ذَلكَ** അത്. **من أنباءِ** വൃത്താന്ത (വർത്തമാന) ങ്ങളിൽ പെട്ടതാണ്. **القُرى** രാജ്യങ്ങളുടെ. **نقُصه** നാം കഥനം ചെയ്തു (വിവരിച്ചു) തരുകയാണ്. **عليك** നിനക്ക്. **منها** അവയിലുണ്ട്, അവയിൽ ചിലത്. **قائم** നിലകൊള്ളുന്നത്, നിലനിൽക്കുന്നതാണ്. **وحصيد** കൊയ്തെടുക്കപ്പെട്ടതും.

സാരം: മേൽവിവരിച്ച പൊതു ശിക്ഷകൾക്ക് വിധേയമായ രാജ്യങ്ങളിൽ ചിലത് പാടെ നശിച്ചു പോകാതെ നിലനിന്നു വരുന്നു. മറ്റു ചിലത് കൊയ്തെടുക്കപ്പെട്ട വിളകൾ കണക്കെ നിശ്ശേഷം നശിപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

وَمَا ظَلَمۡنَٰهُمۡ وَلَٰكِن ظَلَمُوٓاْ أَنفُسَهُمۡ‌ۖ فَمَآ أَغۡنَتۡ عَنۡهُمۡ ءَالِهَتُهُمُ ٱلَّتِي يَدۡعُونَ مِن دُونِ ٱللَّهِ مِن شَيۡءٖ لَّمَّا جَآءَ أَمۡرُ رَبِّكَ‌ۖ وَمَا زَادُوهُمۡ غَيۡرَ تَتۡبِيبٖ ۝١٠١

101 നാം അവരോട് അക്രമം ചെയ്തിട്ടുമില്ല; എങ്കിലും അവർ തങ്ങളോടു തന്നെ അക്രമം ചെയ്തിരിക്കയാണ്. എന്നാൽ, അല്ലാഹുവിനു പുറമെ അവർ വിളിച്ചു (പ്രാർത്ഥിച്ചു) കൊണ്ടിരുന്നതായ അവരുടെ ആരാധ്യൻമാർ അവർക്ക് ഒട്ടും തന്നെ ഉപകരിച്ചില്ല; നിന്റെ റബ്ബിന്റെ കൽപന വന്നപ്പോൾ. അവർക്ക് നാശം വരുത്തലല്ലാതെ(മറ്റൊന്നും) അവർ വർദ്ധിപ്പിച്ചതുമില്ല.

وَكَذَٰلِكَ أَخۡذُ رَبِّكَ إِذَآ أَخَذَ ٱلۡقُرَىٰ وَهِيَ ظَٰلِمَةٌ‌ۚ إِنَّ أَخۡذَهُۥٓ أَلِيمٞ شَدِيدٌ ۝١٠٢

102 അപ്രകാരമാണ്, രാജ്യങ്ങൾ [രാജ്യക്കാർ] അക്രമകാരികളായിരിക്കെ, നിന്റെ റബ്ബ് അവയെ പിടി (ച്ചു ശിക്ഷി)ക്കുമ്പോൾ അവന്റെ പിടുത്തം. നിശ്ചയമായും, അവന്റെ പിടുത്തം വേദനയേറിയതും, കഠിനമായതുമാകുന്നു.

---

101 **وما ظلمناهم** നാം അവരോട് അക്രമം ചെയ്തിട്ടുമില്ല. **ولكن** എങ്കിലും, പക്ഷെ. **ظلموا** അവർ അക്രമം ചെയ്തു (ചെയ്തതാണ്). **أنفُسهم** തങ്ങളോട് തന്നെ, അവരുടെ സ്വന്തങ്ങളോടും ആത്മാക്കളെ. **فما أغنَتْ** എന്നാൽ (എന്നിട്ട്) ധന്യമാക്കിയില്ല, ഉപകരിച്ചില്ല. **عنهم** അവർക്ക്. **آلهتهم** അവരുടെ ആരധ്യൻമാർ, ദൈവങ്ങൾ. **التي** യാതൊരു. **يدعونَ** അവർ വിളിക്കുന്ന, പ്രാർത്ഥിച്ചിരുന്ന. **من دون** കൂടാതെ, പുറമെ. **الله** അല്ലാഹുവിനെ. **من شيءٍ** ഒരു വസ്തുവും (ഒട്ടും). **لما جاء** വന്നപ്പോൾ. **أمر** കൽപന. **ربك** നിന്റെ റബ്ബിന്റെ. **وما زادوهم** അവർ അവർക്ക് വർദ്ധപ്പിച്ചതുമില്ല. **غيرَ** അല്ലാതെ, ഒഴികെ. **تتبيبٍ** നാശം വരുത്തൽ, നാശമുണ്ടാക്കൽ.. 102 **وكذَلكَ** അപ്രകാരമാണ്. **أخذُ** പിടുത്തം, പിടിക്കൽ. **ربك** നിന്റെ റബ്ബിന്റെ. **إذا أخذَ** അവൻ പിടിക്കുമ്പോൾ, പിടിച്ചാൽ. **القُرى** രാജ്യങ്ങളെ. **وهي** അവ (ആയിരിക്കെ). **ظالمةٌ** അക്രമകാരി (കൾ). **إن أخذه** നിശ്ചയമായും അവന്റെ പിടുത്തം. **أليم** വേദനയേറിയതാണ്. **شديد** കഠിനമായതാണ്.

അബൂമൂസൽ അശ്അരീ (ﷺ) ഉദ്ധരിച്ച ഒരു നബി വചനം ഇപ്രകാരമാകുന്നു: ''നിശ്ചയമായും, അല്ലാഹു അക്രമിക്കു അയവ് കൊടുത്തുകൊണ്ടിരിക്കും. അങ്ങനെ, അവൻ അവനെ പിടിക്കുമ്പോൾ, അവൻ അതിൽനിന്ന് പതറിപ്പോകുകയില്ല.'' പിന്നീട് തിരുമേനി وكذلك أخذ ربك.. എന്നുള്ള ഈ വചനം ഓതുകയു ചെയ്തു. (ബു; മു)

إِنَّ فِى ذَٰلِكَ لَءَايَةً لِّمَنْ خَافَ عَذَابَ ٱلْءَاخِرَةِ ۚ ذَٰلِكَ يَوْمٌ مَّجْمُوعٌ لَّهُ ٱلنَّاسُ وَذَٰلِكَ يَوْمٌ مَّشْهُودٌ ﴿١٠٣﴾

103 നിശ്ചയമായും അതിൽ, പരലോക ശിക്ഷയെ ഭയപ്പെടുന്നവർക്ക് (തക്കതായ) ഒരു ദൃഷ്ടാന്തമുണ്ട്. അതൊരു ദിവസമത്രെ, അന്നേക്ക് മനുഷ്യർ (മുഴുവനും) ഒരുമിച്ചു കൂട്ടപ്പെടുന്നതാണ്. അത് (എല്ലാവരും) ഹാജറുണ്ടാകുന്ന ഒരു ദിവസവുമത്രെ.

وَمَا نُؤَخِّرُهُۥٓ إِلَّا لِأَجَلٍ مَّعْدُودٍ ﴿١٠٤﴾

104 എണ്ണിക്കണക്കാക്കപ്പെട്ട ഒരു അവധിക്കല്ലാതെ നാം അതിനെ പിന്തിച്ചു (നീട്ടി) വെക്കുന്നുമില്ല.

يَوْمَ يَأْتِ لَا تَكَلَّمُ نَفْسٌ إِلَّا بِإِذْنِهِۦ ۚ فَمِنْهُمْ شَقِىٌّ وَسَعِيدٌ ﴿١٠٥﴾

105 അത് വന്നെത്തുന്ന ദിവസം, ഒരു വ്യക്തിയും അവൻെറ [അല്ലാഹുവിൻെറ] അനുമതിയോടെയല്ലാതെ സംസാരിക്കുകയില്ല. അപ്പോൾ, അവരിൽ ദുർഭാഗ്യവാൻമാരും സൽഭാഗ്യവാൻമാരുമുണ്ടായിരിക്കും.

---

103 **إن في ذلك** നിശ്ചയമായുംഅതിലുണ്ട്. **لآيةً** ഒരു ദൃഷ്ടാന്തം. **لمن خاف** ഭയപ്പെട്ടവർക്ക്. **عذاب** ശിക്ഷയെ. **الآخرة** പരലോകത്തെ. **ذلك يوم** അത് ഒരു ദിവസമാണ്. **مجموع** ഒരുമിച്ച് കൂട്ടപ്പെടുന്ന. **له** അതിലേക്ക് (അന്നേക്ക്). **الناس** മനുഷ്യർ. **وذلك يوم** അത് ഒരു ദിവസവുമാണ്. **مشهود** ഹാജറുണ്ടാക്കുന്ന (ദൃക്സാക്ഷ്യമുണ്ടാകുന്ന). 104 **وما نؤخره** അതിനെ നാം പിന്തിക്കുന്നില്ല, താമസിപ്പിക്കുന്നില്ല. **إلا لأجل** ഒരവധിക്കല്ലാതെ, അവധിവരെയൊഴികെ. **معدود** എണ്ണപ്പെട്ട (കണക്കാക്കപ്പെട്ട). 105 **يوم يأت** അതു വരുന്ന ദിവസം. **لا تكلم** സംസാരിക്കയില്ല. **نفس** ഒരു ആത്മാവും, വ്യക്തിയും, ദേഹവും. **إلا بإذنه** അവൻെറ അനുമതി കൂടാതെ. **فمنهم** അപ്പോൾ അവരിലുണ്ടായിരിക്കും. **شقي** നിർഭാഗ്യവാൻ, പരാജിതൻ, വഴികെട്ടവൻ. **وسعيد** ഭാഗ്യവാനും, വിജയിയും, സൽഭാഗ്യവാനും.

സൽഭാഗ്യവാൻമാരായി വിജയിക്കുന്നവരിൽ അല്ലാഹു നമ്മെയെല്ലാം ഉൾപ്പെടുത്തട്ടെ. ആമീൻ. പ്രവാചകൻമാർ, മലക്കുകൾ, ജിന്നുകൾ, മനുഷ്യർ തുടങ്ങിയ എല്ലാ സൃഷ്ടികളും സമ്മേളിക്കുന്ന ദിവസം എന്നത്രെ يوم مشهود (ഹാജറുണ്ടാകുന്നദിവസം) കൊണ്ടുദ്ദേശ്യം. ആ ദിവസത്തിൻെറ ഗാംഭീര്യതയും, ഗൗരവവും നിമിത്തം അല്ലാഹുവിങ്കൽ നിന്നുള്ള പ്രത്യേക അനുമതി കൂടാതെ ആർക്കും ഒരക്ഷരം ഉരിയാടുവാൻ സാധിക്കുകയില്ലാത്ത ഒരു അതിഭയങ്കര ദിവസമായിരിക്കും അത്.

فَأَمَّا ٱلَّذِينَ شَقُوا۟ فَفِى ٱلنَّارِ لَهُمْ فِيهَا زَفِيرٌ وَشَهِيقٌ ﴿١٠٦﴾

106 എന്നാൽ, ദൗർഭാഗ്യമടഞ്ഞവരാകട്ടെ, (അവർ) നരകത്തിലായിരിക്കും; അവർക്ക് അതിൽ നെടുവീർപ്പും, തേങ്ങിക്കരച്ചിലും ഉണ്ടായിരിക്കും;-

خَٰلِدِينَ فِيهَا مَا دَامَتِ ٱلسَّمَٰوَٰتُ وَٱلْأَرْضُ إِلَّا مَا شَآءَ رَبُّكَ ۚ إِنَّ رَبَّكَ فَعَّالٌ لِّمَا يُرِيدُ ﴿١٠٧﴾

107 ആകാശങ്ങളും ഭൂമിയും നിലനിൽക്കുമ്പോഴൊക്കെയും അതിൽ (അവർ) സ്ഥിരവാസികളായിക്കൊണ്ട്; നിന്റെ റബ്ബ് ഉദ്ദേശിച്ചതൊഴികെ. നിശ്ചയമായും, നിന്റെ റബ്ബ് താൻ ഉദ്ദേശിക്കുന്നത് (ശരിക്കും) ചെയ്യുന്നവനാകുന്നു.

۞ وَأَمَّا ٱلَّذِينَ سُعِدُوا۟ فَفِى ٱلْجَنَّةِ خَٰلِدِينَ فِيهَا مَا دَامَتِ ٱلسَّمَٰوَٰتُ وَٱلْأَرْضُ إِلَّا مَا شَآءَ رَبُّكَ ۖ عَطَآءً غَيْرَ مَجْذُوذٍ ﴿١٠٨﴾

108 സൽഭാഗ്യം സിദ്ധിച്ചവരാകട്ടെ, (അവർ) സ്വർഗ്ഗത്തിലുമായിരിക്കും; ആകാശങ്ങളും, ഭൂമിയും നിലവിലിരിക്കുമ്പോഴൊക്കെയും അതിൽ (അവർ) സ്ഥിരവാസികളായിക്കൊണ്ട്; നിന്റെ റബ്ബ് ഉദ്ദേശിച്ചതൊഴികെ; മുറിഞ്ഞുപോകാത്ത ഒരു ദാനമായിക്കൊണ്ട്

---

106 **فَأَما** എന്നാൽ. **الذين شقُوا** യാതൊരുവർ ദൗർഭാഗ്യമടഞ്ഞവർ, പരാജയപ്പെട്ടവർ. **فَفِي النار** നരകത്തിലായിരിക്കും. **لَهُم** അവർക്കുണ്ടായിരിക്കും. **فيها** അതൽ. **زفير** ദീർഘശ്വാസം, നെടുവീർപ്പു **وشهيق** തേങ്ങിക്കരച്ചിലും, അട്ടഹാസവും. 107 **خالدين** നിത്യവാസികളായിക്കൊണ്ട്. **فيها** അതിൽ. **ما دامت** നീണ്ടുനിൽക്കുന്ന (നിലനിൽക്കു-ഉണ്ടായിരിക്കു)മ്പോൾ (ഒക്കെയും). **السماوات** ആകാശങ്ങൾ. **والأرض** ഭൂമിയും. **إلا ما شاءَ** ഉദ്ദേശിച്ചതൊഴികെ. **ربك** നിന്റെ നാഥൻ. **إن ربك** നിശ്ചയമായും നിന്റെ റബ്ബ്. **فَعالٌ** (ശരിക്ക്-നന്നായി) പ്രവർത്തിക്കുന്നവനാണ്. **لما يريد** അവൻ ഉദ്ദേശിക്കുന്നത്. 108 **وأَما** എന്നാൽ. **الذين سعدوا** ഭാഗ്യം സിദ്ധിച്ചവർ. **فَفِي الْجنة** സ്വർഗ്ഗത്തിലായിരിക്കും. **خالدين** സ്ഥിരവാസികളായിക്കൊണ്ട്. **فيها** അതിൽ. **ما دامت** നിലനിൽക്കു (നീണ്ടുനിൽക്കു)മ്പോൾ (എല്ലാം). **السماوات** ആകാശങ്ങൾ. **والأرض** ഭൂമയും. **إلا ما شاءَ** ഉദ്ദേശിച്ചതൊഴികെ. **ربك** നിന്റെ നാഥൻ. **عطاءً** ഒരു കൊടുതി, ദാനമായിട്ട്. **غَير مجذُوذ** മുറിക്കപ്പെടാത്ത (മുറിഞ്ഞുപോകാത്ത).

നിർഭാഗ്യരായ ദുർജ്ജനങ്ങൾ നരകത്തിലും, സൽഭാഗ്യരായ സജ്ജനങ്ങൾ സ്വർഗ്ഗത്തിലും സ്ഥിരവാസികളായിരിക്കുമെന്ന് പറഞ്ഞശേഷം, രണ്ട് സ്ഥലത്തും ആകാശങ്ങളും ഭൂമിയും നിലകൊള്ളുന്ന കാലത്തോളം (مادامت السموات والارض) എന്നുകൂടി പറഞ്ഞു അതിനെ ശക്തിപ്പെടുത്തിയിരിക്കുകയാണ്. ഒരു കാലത്തും മുറിഞ്ഞുപേകാതെ നിലനിൽക്കുമെന്ന അർത്ഥത്തിൽ 'രാപ്പകൽ വ്യത്യാസപ്പെട്ടുകൊണ്ടരിക്കുന്ന കാലം' എന്നും, 'നക്ഷത്രം വെളിപ്പെടുന്ന കാലം' എന്നുമൊക്കെ (ما اختلف الليل والنهار ما بداكوكب) അറബിഭാഷയിൽ ഉപയോഗിക്കാറുണ്ട്. അതുപോലെയുള്ള ഒരു പ്രയോഗമാണിതും.

ഖുർആന്റെയും നബിവചനങ്ങളുടെയും അടിസ്ഥാനത്തിൽ സ്വർഗ്ഗീയാനുഗ്രഹങ്ങളും നരകീയ ശിക്ഷാനുഭവങ്ങളും ശാശ്വതമാണെന്നുള്ളതിൽ മുസ്‌ലിംകൾക്ക് പൊതുവെ യോജിച്ച അഭിപ്രായമാണുള്ളത്. സ്വർഗ്ഗത്തെക്കുറിച്ച് പറയുമ്പോൾ സ്വർഗ്ഗവാസികൾ അതിൽ ശാശ്വതരാണെന്ന് خالدين فيها പറഞ്ഞതിനുശേഷം അതിന് അവസാനമില്ലെന്ന് കാണിക്കുമാറ് ابدا (എക്കാലവും) എന്നു കൂടി അതിനെ ശക്തിപ്പെടുത്തുന്നതായി 5: 122; 9:22; 64:9 മുതലായ സ്ഥലങ്ങളിൽ ഖുർആനിൽ കാണാവുന്നതാണ്. ഇതേ വാക്ക് ابدا തന്നെ, നരകത്തെക്കുറിച്ചു പറയുമ്പോൾ 4:169ലും 33:65ലും 72:23ലും കാണാം. ആ നിലക്ക് 107-ാം വചനത്തിലും 108-ാം വചനത്തിലും الاماشاء ربك (നിന്റെ റബ്ബ് ഉദ്ദേശിച്ചതൊഴികെ) എന്ന് പറഞ്ഞതിന്റെ താൽപര്യം വിവരിക്കുന്നതിൽ ഖുർആൻ വ്യാഖ്യാതാക്കളായ പണ്ഡിതൻമാർ പല നിലപാടുകളും സ്വീകരിച്ചിട്ടുള്ളതായി കാണുന്നു. ആ വാക്കിലെ പദങ്ങളെ വ്യാഖ്യാനിക്കുന്നതിലോ, അർത്ഥോദ്ദേശ്യ വിവരണങ്ങളിലോ കേന്ദ്രീകൃതമാണവയെന്ന് പറയാം. പ്രസ്തുത അഭിപ്രായ

വ്യത്യാസങ്ങളും, അതതിന്‍റെ തെളിവുകളും വിമർശനങ്ങളും ചുരുക്കി ഉദ്ധരിച്ചാലും അത് കുറേ ദീർഘിച്ചുപോകും. അതിൽ കാര്യമായ പ്രയോജനം കാണുന്നുമില്ല.

നരകത്തെ സംബന്ധിച്ചു മാത്രം പരിപൂർണ്ണമായ അർത്ഥത്തിലുള്ള ശാശ്വതത്വം خلودية ഇല്ലെന്ന് ചുരുക്കം ചില പണ്ഡിതൻമാർക്ക് അഭിപ്രായമുണ്ട്. പ്രധാനമായും ചില യുക്തി ന്യായങ്ങളാണ് അവർക്കുള്ള തെളിവ്. ഖുർആനിലെ ചില വാക്കുകൾ അതിന്നനുസരിച്ചു അവർ വ്യാഖ്യാനിക്കുകയും ചെയ്യും. ഈ വാദക്കാർ തന്നെയും അതിന്‍റെ താൽപര്യവും ഉദ്ദേശ്യവും വിവരിക്കുന്നതിൽ പല അഭിപ്രായക്കാരാകുന്നു. ഇത്തരം വിഷയങ്ങളിൽ അല്ലാഹുവിന്‍റെയും റസൂലിന്‍റെയും പ്രസ്താവനകളിൽനിന്ന് നേർക്കുനേരെ വ്യക്തമാകുന്നതെന്തോ അത് മാത്രമാണ് നമുക്ക് അവലംബം. അതേ സമയത്ത് നരകശിക്ഷാനുഭവങ്ങൾക്ക് പരിപൂർണ്ണ ശാശ്വതത്വം ഉണ്ടാകുന്നതിന് യുക്തിപരമായ കാരണങ്ങൾ തന്നെ ചില പണ്ഡിതൻമാർ വിവരിക്കുകയും ചെയ്യുന്നുണ്ട്.

നരകാവകാശികളായ ദുർഭാഗ്യവാൻമാർക്ക് ശാശ്വതമായ നരകശിക്ഷ നൽകുന്നത് അല്ലാഹുവിന്‍റെ ഉദ്ദേശമനുസരിച്ചു തന്നെയാണെന്നും, അതിൽ നീതിക്കും ന്യായത്തിനും വിരുദ്ധമായി ഒന്നുമില്ലെന്നും, അതിനെപ്പറ്റി ചോദ്യം ചെയ്‌വാൻ ആർക്കും അധികാരമോ അവകാശമോ ഇല്ലെന്നും ചൂണ്ടിക്കാട്ടിക്കൊണ്ട് 107-ാം വചനത്തിന്‍റെ അവസാനത്തിൽ ان ربك فعال لما يريد (നിശ്ചയമായും, നിന്‍റെ റബ്ബ് അവൻ ഉദ്ദേശിക്കുന്നത് ശരിക്കും ചെയ്യുന്നവനാണ്) എന്ന് പറഞ്ഞിരിക്കുന്നു. അതുപോലെത്തന്നെ, സ്വർഗ്ഗാവകാശികളായ സൽഭാഗ്യവാൻമാർക്ക് നൽകപ്പെടുന്ന സ്വർഗ്ഗീയ ജീവിതം ഒരു കാരണവശാലും നഷ്ടപ്പെടുകയില്ലെന്നും അതിന് യാതൊരു വിധ ഹാനിയും നേരിടുകയില്ലെന്നും ചൂണ്ടിക്കാട്ടിക്കൊണ്ട് 108-ാം വചനത്തിന്‍റെ അവസാനത്തിൽ عطاء غير مجذوذ (മുറിഞ്ഞുപോകാത്ത ദാനം) എന്നും പറഞ്ഞിരിക്കുന്നു. ഈ രണ്ട് വാക്യങ്ങളും പ്രത്യേകം ശ്രദ്ധേയമത്രെ.

فَلَا تَكُ فِى مِرْيَةٍ مِّمَّا يَعْبُدُ هَٰٓؤُلَآءِ ۚ مَا يَعْبُدُونَ إِلَّا كَمَا يَعْبُدُ ءَابَآؤُهُم مِّن قَبْلُ ۚ وَإِنَّا لَمُوَفُّوهُمْ نَصِيبَهُمْ غَيْرَ مَنقُوصٍ ﴿١٠٩﴾

109 അപ്പോൾ, ഇക്കൂട്ടർ ആരാധിച്ചു വരുന്നതിനെപ്പറ്റി നീ യാതൊരു സംശയത്തിലും ആയിരിക്കരുത്. ഇവരുടെ പിതാക്കൾ മുമ്പ് ആരാധിച്ചിരുന്നതുപോലെയല്ലാതെ ഇവർ ആരാധിക്കുന്നില്ല. [അവരെ ഇവരും അനുകരിക്കുന്നുവെന്നുമാത്രം] നിശ്ചയമായും നാം, അവരുടെ ഓഹരി (ഒട്ടും) കുറവു വരുത്തപ്പെടാത്ത വിധം അവർക്ക് നിറവേറ്റിക്കൊടുക്കുന്നവരുമാകുന്നു.

---

109 **فلا تك** അപ്പോൾ നീ ആയിരിക്കരുത്. **في مريـة** ഒരു സംശയത്തിലും, തർക്കത്തിൽ. **مما يعبد** ആരാധിച്ചുവരുന്നതിനെപ്പറ്റി. **هؤلاء** ഇക്കൂട്ടർ. **ما يعبدونَ** അവർ (ഇവർ) ആരാധിക്കുന്നില്ല. **إلا كما** യാതൊന്നുപോലെയല്ലാതെ. **يعبد** ആരാധിക്കുന്നു. **آباؤهم** അവരുടെ പിതാക്കൾ. **من قبلُ** മുമ്പ്. **وإنا** നിശ്ചയമായും നാം. **لموفوهم** അവർക്കു പൂർത്തിയാക്കി (നിറവേറ്റി) കൊടുക്കുന്നവർ തന്നെ. **نصيبهم** അവരുടെ ഓഹരി, പങ്കു. **غيرمنقوصٍ** ചുരുക്ക (കുറവ് വരുത്ത)പ്പെടാതെ.

നബി (ﷺ)തിരുമേനിക്ക് അവരുടെ കാര്യത്തിൽ വല്ല സംശയവും ഉണ്ടായതുകൊണ്ടല്ല നബി (ﷺ)യെ അഭിമുഖീകരിച്ചുകൊണ്ട് 'നീ സംശയത്തിലായിരിക്കരുത്' എന്ന് പറയുന്നത്. മറ്റുള്ളവർ മനസ്സിരുത്തുവാൻ വേണ്ടിയാണത്. അല്ലാഹുവിനെയല്ലാതെ വസ്തുക്കളെ അവർ ആരാധിക്കുന്നതിന് യാതൊരു തെളിവും, ന്യായവും, അവർക്കില്ലെന്നും, പൂർവ്വികന്മാരെ

അന്ധമായി അനുകരിക്കുക മാത്രാണവർ ചെയ്യുന്നതെന്നും, അതിൻെറ ഫലം അല്ലാഹു അവർക്ക് ശരിക്കും കാട്ടിക്കൊടുക്കുമെന്നുമാണ് പിന്നീട് പറഞ്ഞതിൻെറ സാരം.

വിഭാഗം-10

110 മൂസാക്ക് നാം (വേദ) ഗ്രന്ഥം നൽകുകയുണ്ടായി; എന്നിട്ട് അതിൽ ഭിന്നാഭിപ്രായമുണ്ടായി. നിൻെറ റബ്ബിൽനിന്ന് ഒരു വാക്ക് മുൻകഴിഞ്ഞിട്ടില്ലായിരുന്നുവെങ്കിൽ, അവർക്കിടയിൽ തീരുമാനമെടുക്കപ്പെടുമായിരുന്നു. അവരാകട്ടെ, ഇതിനെക്കുറിച്ച് ആശങ്കാ ജനകമായ സംശയത്തിൽ തന്നെയാണ്.

وَلَقَدْ ءَاتَيْنَا مُوسَى ٱلْكِتَٰبَ فَٱخْتُلِفَ فِيهِ ۚ وَلَوْلَا كَلِمَةٌ سَبَقَتْ مِن رَّبِّكَ لَقُضِىَ بَيْنَهُمْ ۚ وَإِنَّهُمْ لَفِى شَكٍّ مِّنْهُ مُرِيبٍ ﴿١١٠﴾

111 നിശ്ചയമായും എല്ലാവരും, തന്നെ, അവർക്ക് അവ(രവ)രുടെ കർമ്മങ്ങൾ [കർമ്മ ഫലങ്ങൾ]നിൻെറ റബ്ബ് നിറവേറ്റിക്കൊടുക്കുക തന്നെ ചെയ്യും. നിശ്ചയമായും അവൻ, അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു.

وَإِنَّ كُلًّا لَّمَّا لَيُوَفِّيَنَّهُمْ رَبُّكَ أَعْمَٰلَهُمْ ۚ إِنَّهُۥ بِمَا يَعْمَلُونَ خَبِيرٌ ﴿١١١﴾

---

110 **ولقد آتينا** നാം കൊടുത്തിട്ടുണ്ട്. **موسى** മൂസാക്ക്. **الكتاب** (വേദ)ഗ്രന്ഥം. **فاختلف** എന്നിട്ട് ഭിന്നിക്കപ്പെട്ടു, ഭിന്നാഭിപ്രായമുണ്ടായി. **فيه** അതിൽ. **ولولا** ഇല്ലായിരുന്നെങ്കിൽ. **كلمةٌ** ഒരു വാക്ക്, വാക്യം. **سبقت** മുൻകഴിഞ്ഞു. **من ربك** നിൻെറ റബ്ബിങ്കൽ നിന്ന്. **لقُضي** തീരുമാനം ചെയ്യപ്പെടുക തന്നെ ചെയ്യുമായിരുന്നു. **بينهم** അവർക്കിടയിൽ. **وإنهم** നിശ്ചയമായും അവർ. **لفي شك** സംശയത്തിൽതന്നെ. **منه** അതിനെപ്പറ്റി. **مريب** ആശയക്കുഴപ്പത്തിലാക്കുന്ന, ആശങ്കാജനകമായ, സന്ദേഹപ്പെടുത്തുന്ന. 111 **وإن كُلا** നിശ്ചയമായും എല്ലാവരും. **لما ليوفينهم** അവർക്കവൻ നിറവേറ്റിക്കൊടുക്കുക തന്നെ ചെയ്യും, നിറവേറ്റാതിരിക്കുകയില്ല. **ربك** നിൻെറ റബ്ബ്. **أعمالهم** അവരുടെ പ്രവർത്തനങ്ങളെ. **إنه** നിശ്ചയമായും അവൻ. **بما يعملونَ** അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി. **خبير** സൂക്ഷ്മമായറിയുന്നവനാണ്, സൂക്ഷ്മജ്ഞാനിയാണ്.

സാരം: ഖുർആനെ സംബന്ധിച്ചുള്ള ഈ ഭിന്നിപ്പും നിഷേധവും നടാടെ ഉണ്ടായതല്ല. മുമ്പ് മൂസാ (عليه السلام)നബിക്കു വേദഗ്രന്ഥം നൽകിയപ്പോൾ അതിനെ സംബന്ധിച്ചും ഇങ്ങിനെ ഉണ്ടായിട്ടുണ്ട്. അതിന്നെതിരെ അവസാന നടപടി എടുക്കുവാൻ അല്ലാഹുവിന്ന് പ്രയാസമൊന്നുമില്ല. പക്ഷേ, അത് പരലോകത്ത് വെച്ചായിരിക്കുമെന്ന് അവൻ മുമ്പേ നിശ്ചയിച്ചു വെച്ചിരിക്കയാണ്. അല്ലായിരുന്നുവെങ്കിൽ അതിപ്പോൾതന്നെ നടക്കുമായിരുന്നു. ഇനിയും ഇവർ ഖുർആനെപ്പറ്റി സംശയത്തിലും ആശയക്കുഴപ്പത്തിലുമായിത്തന്നെ ഇരിക്കുകയാണെങ്കിൽ അതിൻെറ ഫലം തികച്ചും അല്ലാഹു അവരെ അനുഭവപ്പെടുത്തുക തന്നെ ചെയ്യും. അവരുടെ എല്ലാചെയ്തികളും അവൻ കണ്ടറിഞ്ഞുകൊണ്ടിരിക്കുന്നുണ്ട്.

മേൽവിവരിച്ച ചരിത്ര സംഭവങ്ങളെല്ലാം ഓർമ്മപ്പെടുത്തിക്കൊണ്ട് നബി (ﷺ)ക്കും സത്യവിശ്വാസികൾക്കും അല്ലാഹു ചില ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുന്നു:-

112 ആകയാല്‍, നിന്നോട് കല്‍പിക്കപ്പെട്ടതു പോലെ നീയും, നിന്‍െറ കൂടെ പശ്ചാത്തപിച്ചു മടങ്ങിയിട്ടുള്ളവരും (നേരെ) ചൊവ്വായി നിലകൊള്ളുക. നിങ്ങള്‍ അതിരുവിടുകയും ചെയ്യരുത്. നിശ്ചയമായും, അവന്‍ [അല്ലാഹു] നിങ്ങള്‍ പ്രവര്‍ത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനാണ്.

فَٱسْتَقِمْ كَمَآ أُمِرْتَ وَمَن تَابَ مَعَكَ وَلَا تَطْغَوْا۟ ۚ إِنَّهُۥ بِمَا تَعْمَلُونَ بَصِيرٌ ﴿١١٢﴾

113 അക്രമം പ്രവര്‍ത്തിച്ചവരിലേക്ക് നിങ്ങള്‍ ചാഞ്ഞുപോകുകയും ചെയ്യരുത്; എന്നാല്‍ നരകം നിങ്ങളെ സ്പര്‍ശിക്കുന്നതാണ്; അല്ലാഹുവിനെ കൂടാതെ യാതൊരു രക്ഷാധികാരികളും നിങ്ങള്‍ക്കില്ലതാനും. (എന്നിരിക്കെ) പിന്നെ, നിങ്ങള്‍ സഹായിക്കപ്പെടുകയില്ല.

وَلَا تَرْكَنُوٓا۟ إِلَى ٱلَّذِينَ ظَلَمُوا۟ فَتَمَسَّكُمُ ٱلنَّارُ وَمَا لَكُم مِّن دُونِ ٱللَّهِ مِنْ أَوْلِيَآءَ ثُمَّ لَا تُنصَرُونَ ﴿١١٣﴾

---

112 **فَاستقم** എന്നാല്‍, (ആകയാല്‍) നീ ചൊവ്വിന് നിലകൊള്ളുക. **كما أمرت** നിന്നോട് കല്‍പിക്കപ്പെട്ടതുപോലെ. **ومن تاب** മടങ്ങിയ (പശ്ചാത്തപിച്ച) വരും. **معك** നിന്‍െറ കൂടെ. **ولا تطغوا** നിങ്ങള്‍ അതിരുവിടുക (ധിക്കരിക്കുക) യും അരുത്. **إنه** നിശ്ചയമായും അവന്‍. **بما تعملونَ** നിങ്ങള്‍ പ്രവര്‍ത്തിക്കുന്നതിനെപ്പറ്റി. **بصير** കാണുന്ന (കണ്ടറിയുന്ന)വനാണ്.. 113 **ولا تركنوا** നിങ്ങള്‍ ചായരുത്, തുനിയരുത്, ചരിയരുത്. **إلى الذين ظلَموا** അക്രമം ചെയ്തവരിലേക്ക്. **فتمسكُم** എന്നാല്‍ നിങ്ങളെ സ്പര്‍ശിക്കുന്നതാണ്. **النار** നരകം, അഗ്നി. **وما لكُم** നിങ്ങള്‍ക്ക് ഇല്ലതാനും. **من دون** കൂടാതെ, പുറമെ. **الله** അല്ലാഹുവിനെ, അല്ലാഹുവിന്ന്. **من أولياءَ** രക്ഷാകര്‍ത്താ (ബന്ധു-കാര്യകര്‍ത്താ)ക്കളില്‍ നിന്ന് (ആരും). **ثُم** പിന്നെ (അതിനു പുറമെ). **لا تنصرونَ** നിങ്ങള്‍ സഹായിക്കപ്പെടുകയല്ല.

'നിന്‍െറ കൂടെ പശ്ചാത്തപിച്ചു മടങ്ങിയവര്‍' എന്ന് പറഞ്ഞത് ശിര്‍ക്കില്‍ നിന്നും ദുര്‍മ്മാര്‍ഗ്ഗത്തില്‍ നിന്നും പശ്ചാത്തപിച്ച് തൗഹീദിലേക്കും സന്‍മാര്‍ഗ്ഗത്തിലേക്കും മടങ്ങിയ സത്യവിശ്വാസികളെ ഉദ്ദേശിച്ചാകുന്നു. അതിപ്രധാനായ മൂന്ന് നിര്‍ദ്ദേശങ്ങള്‍ അല്ലാഹു ഈ വചനം മുഖേന നല്‍കിയിരിക്കുന്നു. (1) കല്‍പിക്കപ്പെട്ടതുപോലെ നേര്‍ക്കുനേരെ നിലകൊള്ളണം. വിശ്വാസപരമായും, ആചാരാനുഷ്ഠാനപരമായുമുള്ള എല്ലാ കാര്യങ്ങളിലും ഖുര്‍ആന്‍ മൂലമോ, മറ്റുള്ള വഹ്‌യുകള്‍ മൂലമോ ലഭിക്കുന്ന നിയമനിര്‍ദ്ദേശങ്ങള്‍ ശരിക്കും പാലിക്കണമെന്നു സാരം. സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം ഖുര്‍ആനും നബി (ﷺ)യുടെ സുന്നത്തും മുറുകെ പിടിക്കണമെന്നും താല്‍പര്യമായിരിക്കും. (2) അതിരു വിടാതിരിക്കണം. അല്ലാഹുവും അവന്‍െറ റസൂലും ഓരോ കാര്യത്തിലും നിശ്ചയിച്ചു തന്നിട്ടുള്ള പരിധിക്കപ്പുറം കടന്ന് സ്വന്തം താല്‍പര്യങ്ങള്‍ക്കോ, പരപ്രേരണകള്‍ക്കോ വശംവദരായിപ്പോകരുതെന്ന് സാരം. മത തത്വങ്ങള്‍ക്കും നിയമനിര്‍ദ്ദേശങ്ങള്‍ക്കും നിരക്കാത്ത നിയമങ്ങളും, വ്യാഖ്യാനങ്ങളും, അനുകരണങ്ങളുമെല്ലാം അതിരുകവിയലില്‍ ഉള്‍പ്പെടുന്നു. (3) അക്രമികളിലേക്ക് ചാഞ്ഞുപോകരുത്. അവിശ്വാസികള്‍, അനിസ്‌ലാമികമായ താല്‍പര്യങ്ങള്‍ വെച്ചു പുലര്‍ത്തുന്നവര്‍, അനാചാര ദുരാചാരങ്ങളില്‍ മുഴുകിയവര്‍ എന്നിങ്ങിനെയുള്ളവരുമായി അനുഭാവവും, അനുനയവും സ്വീകരിക്കരുതെന്നു സാരം. ഇങ്ങിനെ ചെയ്യുന്നപക്ഷം അതിന്‍െറ ഫലം രക്ഷയില്ലാത്ത നരകശിക്ഷയാണെന്നും, ആ അക്രമികളാരും തന്നെ നിങ്ങളെ രക്ഷിക്കുവാനുണ്ടാകുകയില്ലെന്നും അല്ലാഹു പ്രത്യേകം താക്കീതും ചെയ്തിരിക്കുന്നു. ഈ മൂന്ന് മൗലിക നിര്‍ദ്ദേശങ്ങള്‍ക്കുശേഷം, അനുഷ്ഠാനപരമായി സത്യവിശ്വാസികള്‍ സദാ മനസ്സിരുത്തേണ്ടുന്ന ചില പ്രധാന വിഷയങ്ങള്‍ ഓര്‍മ്മിപ്പിക്കുന്നു:-

وَأَقِمِ ٱلصَّلَوٰةَ طَرَفَيِ ٱلنَّهَارِ وَزُلَفًا مِّنَ ٱلَّيْلِ ۚ إِنَّ ٱلْحَسَنَٰتِ يُذْهِبْنَ ٱلسَّيِّـَٔاتِ ۚ ذَٰلِكَ ذِكْرَىٰ لِلذَّٰكِرِينَ ﴿١١٤﴾

114 പകലിൻെറ രണ്ടു വക്കിലും, രാത്രിയിൽ നിന്ന് (പകലിനോട്) അടുത്ത വേളകളിലും നീ നമസ്കാരം നിലനിറുത്തുകയും ചെയ്യുക. നിശ്ചയമായും, നൻമകൾ തിൻമകളെ പോക്കി [അകറ്റി]ക്കളയുന്നതാണ്. ഇത്, ഓർമ്മിക്കുന്നവർക്ക് (ഓർമ്മിക്കുവാൻ) വേണ്ടിയുള്ള ഒരു ഉപദേശമാകുന്നു.

وَٱصْبِرْ فَإِنَّ ٱللَّهَ لَا يُضِيعُ أَجْرَ ٱلْمُحْسِنِينَ ﴿١١٥﴾

115 ക്ഷമിക്കുകയും ചെയ്തു കൊള്ളുക. (കാരണം) നിശ്ചയമായും, സൽഗുണം ചെയ്യുന്നവരുടെ പ്രതിഫലത്തെ അല്ലാഹു പാഴാക്കുകയില്ല.

---

114 **وأقم** നിലനിറുത്തുകയും ചെയ്യുക. **الصلاة** നമസ്കാരം. **طرفي** രണ്ടു തലപ്പത്തും, ഓരത്തു, വക്കത്ത്, അറ്റത്ത്. **النهار** പകലിൻെറ. **وزلفًا** അടുത്ത സമയങ്ങളിലും. **من الليل** രാത്രിയിൽ നിന്ന്,. **إن الحسنات** നിശ്ചയമായും നന്മകൾ. **يذهبن** അവ പോക്കി (നീക്കി)ക്കളയുന്നു. **السيئات** തിന്മകളെ. **ذلك** അത് (ഇത്). **ذكرى** ഉപദേശമാണ്, സ്മരണയാണ്. **للذاكرين** ഓർമ്മക്കുന്ന (സ്മരിക്കുന്ന) വർക്ക്.. 115 **واصبر** ക്ഷമിക്കുകയും ചെയ്യുക. **فإن الله** എന്നാൽ (കാരണം)നിശ്ചയമായും അല്ലാഹു. **لا يضيع** അവൻ പാഴാക്കുക (വെറുതെയാക്കുക)യില്ല. **أجر** പ്രതിഫലത്തെ. **المحسنين** നന്മ (പുണ്യം-സൽഗുണം-സുകൃതം) ചെയ്യുന്നവരുടെ.

മാനസീകവും, വാചികവും, ശാരീരീകവുമായ വിനയാർപ്പണങ്ങൾ അടങ്ങിയതും, അനുഷ്ഠാന കർമ്മങ്ങളിൽ അതിപ്രധാനമായതുമായ ഒരു ആരാധനാ കർമ്മമത്രെ നമസ്കാരം. ചില പ്രത്യേക കാരണങ്ങളെ മുൻനിറുത്തി ചുരുക്കം ചില സന്ദർഭങ്ങളിലും, സ്ഥലങ്ങളിലും അത് നിർവ്വഹിക്കപ്പെട്ടുകൂടാ എന്ന് ഹദീസുകളിൽ വിലക്കപ്പെട്ടിരിക്കുന്നതുകൊണ്ട് അവയല്ലാത്ത ഏതവസരങ്ങളിലും മനുഷ്യന് ചെയ്വാനുള്ള ഏറ്റവും മഹത്തായൊരു പുണ്യകർമ്മമത്രെ നമസ്കാരം. അഞ്ചു നേരത്തെ നമസ്കാരം മാത്രമേ നിർബ്ബന്ധമായി നിയമിക്കപ്പെട്ടിട്ടുള്ളുവെന്ന് മാത്രം. നമസ്കാര കർമ്മത്തിന് കൂടുതൽ ഉപയുക്തവും അനുയോജ്യവുമായ സമയം, രാവിലെയും വൈകുന്നേരവും, രാത്രിയിലെ ഏതാനും സമയവുമാണെന്ന് ഇവിടെയെന്നപോലെ, (17:78; 20:130; 50: 39, 40; 76: 25, 26 മുതലായ) വേറെ പല സ്ഥലങ്ങളിലും അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു. ഓരോ സ്ഥലത്തും ഉപയോഗിച്ച വാക്കുകളിൽ കുറെയൊക്കെ വ്യത്യാസം കാണുമെങ്കിലും പ്രകൃതിപരമായ മാറ്റങ്ങൾ മനുഷ്യൻെറ ചുറ്റുപാടുകളിലും ജീവിതക്രമങ്ങളിലും മാറ്റമുണ്ടാകുന്ന മാറ്റങ്ങൾ എന്നിങ്ങിനെ പലതും പരിഗണിക്കപ്പെട്ടുകൊണ്ടാണ് ആ സമയങ്ങൾക്ക് അല്ലാഹു പ്രത്യേകത കൽപിച്ചിരിക്കുന്നതെന്ന് അൽപം ചിന്തിച്ചാൽ ആർക്കും മനസ്സിലാക്കാം. (ഇത് സംബന്ധിച്ച് താഴെ വരുന്ന സൂറത്തുകളിൽ ചിലതെല്ലാം വിവരിക്കുന്നുണ്ട്)

നിലവിലുള്ള അഞ്ചു നിർബ്ബന്ധ നമസ്കാരങ്ങളുടെ നിയമപരമായ സമയനിർണ്ണയമല്ല ഈ വചനങ്ങളുടെ ഉദ്ദേശ്യം. എങ്കിലും അതിനാസ്പദമായ ഒരടിസ്ഥാനം ഈ വചനങ്ങളിൽ അടങ്ങിയിരിക്കുന്നുതാനും. പകലിൻെറ തുടക്കം ഇസ്ലാമിക ദൃഷ്ട്യാ പ്രഭാതം മുതൽക്കാണുള്ളത്. ഉച്ചവരെയുള്ള സമയം 'രാവിലെ'യിലും, ഉച്ചമുതൽ സന്ധ്യവരെയുള്ള സമയം 'വൈകുന്നേര'ത്തിലും ഉൾപ്പെടുന്നു. അപ്പോൾ, സുബ്ഹ് നമസ്കാരം പകലിൻെറ ആദ്യത്തിലും, അസർ നമസ്കാരം അതിൻെറ അന്ത്യത്തിലുമാണുള്ളത്. മഗ്രിബും, ഇശായുമാകട്ടെ, പകലിനോനടുത്ത് നിൽക്കുന്ന രാത്രിവേളയിലും, ളുഹ്റിൻെറ സമയം ഉച്ചക്കുശേഷമാ

യതുകൊണ്ട് അത് വൈകുന്നേരത്തിൽ ഉൾപ്പെടുത്താം. സൂറത്തു-റൂമിലെ ആയത്തിൽ, രാവിലെയും, വൈകുന്നേരവും, സായാഹ്നത്തിലും, മദ്ധ്യാഹ്നത്തിലും എന്നുകൂടി പറഞ്ഞിട്ടുള്ളതും സ്മരണീയമാകുന്നു. (റൂം: 17, 18)

ക്ഷമയെക്കുറിച്ചുള്ള കൽപന ഏതെങ്കിലും ഒരു പ്രത്യേക വിഷയത്തിലുള്ള ക്ഷമയെ മാത്രം ഉദ്ദേശിച്ചുകൊണ്ടുള്ളതല്ല. വിശാലാർത്ഥത്തിലുള്ള ഒരു പൊതു കൽപനയാണത്. അല്ലാഹുവിൻെറ നിയമ നിർദ്ദേശങ്ങളും, വിധിവിലക്കുകളും പാലിക്കുന്നതിൽ അനുഭവപ്പെടുന്ന എല്ലാ വിഷമങ്ങളിലും, ശത്രുക്കൾമൂലമോ, മറ്റുതരത്തിലുള്ള കാരണങ്ങളാലോ ഉണ്ടായിത്തീരുന്ന എല്ലാ കഷ്ടനഷ്ടങ്ങളിലും ക്ഷമകൈക്കൊള്ളേണ്ടതുണ്ട്.

...... ان الحسنات (നിശ്ചയമായും നൻമകൾ തിൻമകളെ പോക്കിക്കളയുന്നു) എന്ന വാക്യം വളരെ ശ്രദ്ധിക്കപ്പെടേണ്ടുന്ന ഒരു തത്വമാകുന്നു. നമസ്കാരം നിലനിറുത്തുവാൻ കൽപിച്ചതിനെത്തുടർന്നാണ് ഈ തത്വം അല്ലാഹു ഓർമ്മിപ്പിച്ചിരിക്കുന്നത്. അപ്പോൾ, പുണ്യകർമ്മങ്ങൾ പൊതുവിലും, നമസ്കാരം പ്രത്യേകിച്ചും തിൻമകളെ അകറ്റിക്കളയുമെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. മനുഷ്യൻെറ പക്കൽ പാപവും പാകപ്പിഴവും വന്നുകൊണ്ടിരിക്കുമെന്ന് അല്ലാഹുവിനറിയാമല്ലോ. എന്നാൽ തെറ്റുകുറ്റങ്ങൾ ചെയ്തുപോയതുകൊണ്ട് നിരാശപ്പേടേണ്ടതില്ല; കഴിയുന്നത്ര നൻമകൾ ചെയ്തുകൊണ്ടിരുന്നാൽ ആ തിൻമകളുടെ കുറ്റം നീങ്ങിപ്പോകും: അല്ലാഹു അത് പൊറുത്തുതരും എന്നാണ് അല്ലാഹു ഉപദേശിക്കുന്നത്. നബി (ﷺ)അരുളിച്ചെയ്തിട്ടുള്ള ചില ഹദീസുകൾ ഇവിടെ ഓർമ്മിക്കുന്നത് അവസരോചിതമായിരിക്കും:-

1. 'നീ എവിടെയായിരുന്നാലും അല്ലാഹുവിനെ സൂക്ഷിച്ചുകൊള്ളുക. തിൻമയെത്തുടർന്ന് നൻമ ചെയ്യുകയും ചെയ്യുക. എന്നാൽ, അത് അതിനെ മായിച്ചുകളയും. ജനങ്ങളോട് നല്ല സ്വഭാവത്തിൽ പൊരുമാറുകയും ചെയ്യുക'. (عليه السلام)2. അഞ്ചു നമസ്കാരങ്ങൾ, ഒരു ജുമുഅഃ അടുത്ത ജുമുഅഃ വരെ, ഒരു റമളാൻ അടുത്ത റമളാൻ വരെ, ഇവയെല്ലാം അതതിനിടയിലുള്ള പാപങ്ങളെ പൊറുപ്പിക്കുന്നവയാകുന്നു. മഹാപാപങ്ങൾ ഉപേക്ഷിക്കുന്നപക്ഷം.' (മു.) 3. ഇബ്നു മസ്ഊദ് (رضي الله عنه) പറയുന്നു: ഒരാൾ ഒരു (അന്യ) സ്ത്രീയെ ചുംബിച്ചു. അയാൾ നബി(ﷺ)യുടെ അടുക്കൽ വന്ന് ആ വിവരം അറിയിച്ചു. അപ്പോൾ

.... وأقم الصلوة എന്നുള്ള (ഈ) വചനം അവതരിച്ചു. ആ പുരുഷൻ ചോദിച്ചു: 'അല്ലാഹുവിൻെറ റസൂലെ, ഇത് എനിക്ക് (മാത്രമു)ള്ളതാണോ?' നബി (ﷺ)പറഞ്ഞു: ''എൻെറ സമുദായത്തിന് മുഴുവനുള്ളതാണ്. (ബു; മു; അ; തി; ന: ജ.) 4. അൽപം ദീർഘമായ ഒരു നബി വചനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു. 'നിശ്ചയമായും, തിൻമയായതിനെ തിൻമയായതുകൊണ്ട് അല്ലാഹു മായിച്ചു കളയുകയില്ല. എങ്കിലും തിൻമയെ നൻമകൊണ്ട് അവൻ മായിക്കും. ദുഷിച്ചത് ദുഷിച്ചതിനെ മായിക്കുകയില്ല,' (അ.) 5. റസൂൽ (ﷺ)ചെയ്തുവന്നിരുന്നതുപോലെ വുളുചെയ്തു കാണിച്ചശേഷം ഉസ്മാൻ (رضي الله عنه) ഇപ്രകാരം പറയുകയുണ്ടായി: റസൂൽ (ﷺ)ഇപ്രകാരം വുളു് ചെയ്തതുകൊണ്ട് ഇങ്ങിനെ പറഞ്ഞിരിക്കുന്നു: ഞാൻ ഈ ചെയ്ത പ്രകാരം വുളുചെയ്തു ആരെങ്കിലും തൻെറ സ്വന്തത്തോട് ഒന്നും സംസാരിക്കാതെ (ഏകാഗ്രതയോടെ) രണ്ട് റക്അത്ത് (സുന്നത്ത്) നമസ്കരിക്കുന്നപക്ഷം മുൻ ചെയ്ത പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്.'' (ബു; മു.)

നൻമകൾ മൂലം തിൻമകൾ പൊറക്കപ്പെടുമെന്ന് പറഞ്ഞത് മഹാപാപങ്ങളല്ലാത്ത തിൻമകളെ ഉദ്ദേശിച്ചാണെന്ന് മേൽ ഉദ്ധരിച്ച ഹദീസുകളിൽനിന്ന് വ്യക്തമാണ്. അതുകൊണ്ടാണ്, ചെറുപാപങ്ങൾ മാത്രമാണ് സൽക്കർമ്മങ്ങൾ മൂലം പൊറുക്കപ്പെടുകയെന്നും, വലി

യ പാപങ്ങളില്‍ പ്രത്യേകം പശ്ചാത്താപം (തൗബഃ)തന്നെ വേണമെന്നും പല മഹാന്‍മാരും പറഞ്ഞു കാണുന്നതും.

فَلَوْلَا كَانَ مِنَ ٱلْقُرُونِ مِن قَبْلِكُمْ أُو۟لُوا۟ بَقِيَّةٍ يَنْهَوْنَ عَنِ ٱلْفَسَادِ فِى ٱلْأَرْضِ إِلَّا قَلِيلًا مِّمَّنْ أَنجَيْنَا مِنْهُمْ ۗ وَٱتَّبَعَ ٱلَّذِينَ ظَلَمُوا۟ مَآ أُتْرِفُوا۟ فِيهِ وَكَانُوا۟ مُجْرِمِينَ ﴿١١٦﴾

116 എന്നാല്‍, നിങ്ങള്‍ക്ക് മുമ്പുള്ള(ആ) തലമുറകളില്‍നിന്നും എന്തുകൊണ്ടുണ്ടായില്ല? ഭൂമിയില്‍ കുഴപ്പം (ഉണ്ടാക്കുന്നതിനെ) സംബന്ധിച്ച് (ജനങ്ങളെ) വിരോധിക്കുന്ന (നല്ല) പാരമ്പര്യമുള്ളവര്‍! (അതെ) അവരില്‍നിന്ന് നാം രക്ഷപ്പെടുത്തിയവരില്‍പെട്ട അല്‍പം ആളുകളല്ലാതെ. അക്രമം പ്രവര്‍ത്തിച്ചവര്‍, യാതൊന്നില്‍ തങ്ങള്‍ക്ക് സുഖലോലുപത നല്‍കപ്പെട്ടുവോ അതിനെ പിന്‍പറ്റുകയും ചെയ്തു; അവര്‍ കുറ്റവാളികളുമായിരുന്നു.

وَمَا كَانَ رَبُّكَ لِيُهْلِكَ ٱلْقُرَىٰ بِظُلْمٍ وَأَهْلُهَا مُصْلِحُونَ ﴿١١٧﴾

117 വല്ല അക്രമവും നിമിത്തം നിന്‍െറ റബ്ബ് രാജ്യങ്ങളെ നശിപ്പിക്കുകയുണ്ടാവില്ല, അവയിലെ ആള്‍ക്കാര്‍ നല്ലത് പ്രവര്‍ത്തിക്കുന്നവരായിരിക്കെ.

---

116 **فَلَولا كَانَ** എന്നാല്‍ (അപ്പോള്‍) എന്തുകൊണ്ടുണ്ടായില്ല, ഉണ്ടായിരുന്നുകൂടേ. **من القُرون** തലമുറകളില്‍ നിന്നും. **من قَبلكُم** നിങ്ങളുടെ മുമ്പുള്ള. **أولُوا بقية** അവശിഷ്ടമുള്ള (പാരമ്പര്യമുള്ള) (നല്ലവര്‍). **ينهونَ** വിരോധിക്കുന്ന. **عن الفَساد** കുഴപ്പത്തെപ്പറ്റി, നാശത്തെ സംബന്ധിച്ച്. **في الأرض** ഭൂമയില്‍. **إلا قليلاً** അല്‍പം ആളുകളൊഴികെ. **ممن أنجَينا** നാം രക്ഷപ്പെടുത്തിയവരില്‍ പെട്ട. **منهم** അവരില്‍ നിന്ന്. **واتبع** പിന്‍പറ്റുകയും ചെയ്തു. **الذين ظَلَموا** അക്രമം പ്രവര്‍ത്തിച്ചവര്‍. **ما** യാതൊന്നിനെ. **أترِفُوا** അവര്‍ക്ക് സുഖലോലുപത (ആഡംബരത്വം) നല്‍കപ്പെട്ടു. **فيه** അതില്‍. **وكانوا** അവരായിരുന്നുതാനും. **مجرمين** കുറ്റവാളികള്‍, മഹാപാപികള്‍.. 117 **وما كَانَ** ആകുകയില്ല, ഉണ്ടാവില്ല. **ربك** നിന്‍െറ റബ്ബ്. **ليهلك** നശിപ്പിക്കുവാന്‍, നശിപ്പിക്കുക. **القُرى** രാജ്യങ്ങളെ. **بظُلم** വല്ല അക്രമവും നിമിത്തം, അക്രമമായിട്ട്. **وأهلُها** അവയിലെ ആള്‍ക്കാരാകട്ടെ, ആള്‍ക്കാരായിരിക്കെ. **مصلحونَ** നന്‍മ പ്രവര്‍ത്തിക്കുന്ന (നല്ലത് ചെയ്യുന്ന)വരാണ്.

മുമ്പ് വിവരിച്ച പ്രകാരം പല രാജ്യങ്ങളിലെയും ജനങ്ങളെ നശിപ്പിക്കുമാറുള്ള പൊതുശിക്ഷകള്‍ ബാധിക്കുവാനുള്ള കാരണം ചൂണ്ടിക്കാട്ടുകയാണ്. സാരം ഇങ്ങിനെ മനസ്സിലാക്കാം: ശിക്ഷക്ക് വിധേയരായ ആ തലമുറകളൊക്കെ നാട്ടില്‍ കുഴപ്പവും അക്രമവും ഉണ്ടാകുന്നത് തടയുമാറുള്ള നല്ല പാരമ്പര്യം-അഥവാ അതിനുള്ള വിവേകബുദ്ധിയും തന്‍െറടവും-ഉള്ളവരായിരുന്നില്ല. അതാണവരൊക്കെ നാശത്തിന് വിധേയരാകുവാന്‍ കാരണം. വളരെ കുറഞ്ഞ ആളുകള്‍ അങ്ങിനെയുള്ളവര്‍ ഉണ്ടായിരുന്നത് ശരിയാണ്. ഓരോ ജനതയും നശിപ്പിക്കപ്പെടുമ്പോള്‍, പ്രവാചകന്‍മാരൊന്നിച്ച് രക്ഷപ്പെടുത്തപ്പെട്ടിട്ടുള്ള ചുരുക്കം ചില സത്യവിശ്വാസികളായിരുന്നു അത്. അവര്‍ എണ്ണത്തിലെന്നപോലെ ശക്തിയിലും സ്വാധീനത്തിലും ക്ഷയിച്ചവരായിരിക്കുമല്ലോ. നേരെമറിച്ച് അക്രമത്തിന്‍െറയും കുഴപ്പത്തിന്‍െറയും ആള്‍ക്കാരകട്ടെ, ബഹുഭൂരിപക്ഷമുള്ളവരും, പ്രതാപവും ശക്തിയുമുള്ളവരായിരിക്കും. അവര്‍ തങ്ങളുടെ സുഖാഡംബരങ്ങളിലും, ക്ഷേമൈശ്വര്യങ്ങളിലും ലയിച്ചുപോയിരിക്കയും ചെയ്യും. അങ്ങനെ, നാട്ടില്‍ നന്‍മയും നെറിയും വരുത്തുന്നതിന് പകരം തിന്‍മയും അക്രമവുമായിരിക്കും

അവർ പരത്തുക. ഇങ്ങിനെയാണവർ ശിക്ഷക്ക് പാത്രമായിത്തീരുന്നത്. ഇതാണ് ആദ്യത്തെ വചനത്തിലടങ്ങിയ ആശയം.

രണ്ടാമത്തെ വചനത്തിൻെറ സാരം ഇപ്രാകരമാണ്: രാജ്യക്കാർ പൊതുവെ നന്മയും നെറിയും പാലിക്കുന്നവരായിരിക്കുമ്പോൾ അവരിൽ നിന്ന് വല്ല അക്രമവും-ശിർക്കോ മറ്റോ-ഉണ്ടായാൽ തന്നെയും അല്ലാഹു രാജ്യക്കാരെ ഒന്നാകെ നശിപ്പിക്കുകയില്ല. രാജ്യക്കാർ കുഴപ്പത്തിലും അക്രമങ്ങളിലും അതിരുകവിയുമ്പോഴല്ലാതെ അവരെ ശിക്ഷിക്കുന്നത് അല്ലാഹുവിൻെറ നടപടിച്ചട്ടങ്ങളിൽപെട്ടതുമല്ല.

وَلَوْ شَآءَ رَبُّكَ لَجَعَلَ ٱلنَّاسَ أُمَّةً وَٰحِدَةً ۖ وَلَا يَزَالُونَ مُخْتَلِفِينَ ﴿١١٨﴾

118 നിൻെറ റബ്ബ് ഉദ്ദേശിച്ചിരുന്നെങ്കിൽ, മനുഷ്യരെ അവൻ ഒരേ സമുദായമാക്കുക തന്നെ ചെയ്തിരുന്നു. അവർ ഭിന്നാഭിപ്രായക്കാരായിക്കൊണ്ടേയിരിക്കുന്നതാണ്;

إِلَّا مَن رَّحِمَ رَبُّكَ ۚ وَلِذَٰلِكَ خَلَقَهُمْ ۗ وَتَمَّتْ كَلِمَةُ رَبِّكَ لَأَمْلَأَنَّ جَهَنَّمَ مِنَ ٱلْجِنَّةِ وَٱلنَّاسِ أَجْمَعِينَ ﴿١١٩﴾

119 നിൻെറ റബ്ബ് കരുണ ചെയ്തവരൊഴികെ. [അവർ ഭിന്നിക്കുകയില്ല] അതിനു വേണ്ടിയാണ് അവരെ അവൻ സൃഷ്ടിച്ചതും. നിൻെറ റബ്ബിൻെറ വാക്ക് പൂർത്തിയാകുകയും ചെയ്തിരിക്കുന്നു: ''ജിന്നുകളിൽനിന്നും, മനുഷ്യരിൽനിന്നുമെല്ലാം(തന്നെ) 'ജഹന്നമി'നെ [നരകത്തെ] നിശ്ചയമായും നാം നിറക്കുന്നതാണ്'' എന്ന്!

---

118 **ولو شاءَ** ഉദ്ദേശിച്ചിരുന്നെങ്കിൽ. **ربك** നിൻെറ റബ്ബ്. **لَجعلَ** അവൻ ആക്കുകതന്നെ ചെയ്തിരുന്നു. **الناس** മനുഷ്യരെ. **أمةً** ഒരു സമുദായം. **واحدةً** ഒരേ, ഏക. **ولا يزالُونَ** അവർ ആയിക്കൊണ്ടേയിരിക്കയും ചെയ്യും, (വിട്ടുമാറാതെയുമിരിക്കുന്നു). **مختلفين** ഭിന്നാഭിപ്രായക്കാരായിക്കൊണ്ട്, വ്യത്യസ്തരായിട്ട്, ഭിന്നിച്ചവരായി.. 119 **إلا من رحم** കരുണ ചെയ്തവരൊഴികെ. **ربك** നിൻെറ റബ്ബ്. **ولذلك** അതിനുവേണ്ടി (തന്നെ), അതിനായിട്ടുമാണ്. **خلقهم** അവൻ അവരെ സൃഷ്ടിച്ചു, സൃഷ്ടിച്ചതു. **وتمت** പൂർത്തിയാകുകയും ചെയ്തിരിക്കുന്നു. **كَلمةُ ربك** നിൻെറ റബ്ബിൻെറ വാക്ക് (വാക്യം). **لَأملأن** നിശ്ചയമായും ഞാൻ നിറക്കും. **جهنم** ജഹന്നമിൻെറ (നരകത്തെ). **من الْجنة** ജിന്നുകളിൽ നിന്നും, ജിന്നുകളാലും. **والناس** മനുഷ്യരിൽ നിന്നും, മനുഷ്യരാലും. **أجمعين** എല്ലാം.

ഈ വചനങ്ങളിലടങ്ങിയ ആശയങ്ങൾ ഇങ്ങിനെ മനസ്സിലാക്കാം: ''(1) മനുഷ്യവർഗ്ഗം മുഴുവനും എല്ലാ കാലത്തും ഒരേ വിശ്വാസാദർശങ്ങളും നടപടിക്രമങ്ങളും സ്വീകരിച്ചുവരുന്ന ഒരേ സമുദായമായിരിക്കുവാനാണ് അല്ലാഹു ഉദ്ദേശിച്ചിരുന്നതെങ്കിൽ, അതങ്ങിനെത്തന്നെ ആകുമായിരുന്നു. പക്ഷേ, അങ്ങിനെ അവൻ ഉദ്ദേശിച്ചിട്ടില്ല. അതുകൊണ്ടാണവർ പല തരക്കാരും വിഭാഗക്കാരുമായിത്തീർന്നത്. أمة واحدة (ഒരേ സുമുദായം) എന്നതുകൊണ്ട് ഇവിടെ വിവക്ഷ സൻമാർഗ്ഗത്തിൽ നിലകൊള്ളുന്ന സമുദായം (أمة هداية) എന്നായിരിക്കുവാനാണ് കൂടുതൽ സാധ്യത. കാരണം, ''നിൻെറ റബ്ബ് ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂമിയിലുള്ളവർ മുഴുവനും വിശ്വസിക്കുമായിരുന്നു.'' (യൂനുസ് 99) എന്നും, 'നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ എല്ലാ ഓരോ ദേഹത്തിനും-അഥവാ ആൾക്കും-അതിൻെറ നേർമാർഗ്ഗം നാം നൽകുമായിരുന്നു' (സജദഃ 13) എന്നും 'അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവൻ അവരെ-മനുഷ്യരെ-നേർമ്മാ

ർഗ്ഗത്തിൽ ഒരുമിച്ചുകൂട്ടുമായിരുന്നു'. (അൻആം 35, 149) എന്നും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. ചില വ്യാഖ്യാതാക്കൾ ഇതിന് വിവക്ഷ നൽകുന്നത് ദുർമ്മാർഗ്ഗത്തിൽ സ്ഥിതിചെയ്യുന്ന സമുദായം (أمة ضلالة) എന്നത്രെ. ഇവർക്കും ചില ന്യായങ്ങൾ ഇല്ലാതില്ല. രണ്ടായാലും അല്ലാഹു അങ്ങിനെ ഉദ്ദേശിച്ചിട്ടില്ലെന്നും, മനുഷ്യർ ഈ രണ്ടിൽ ഏതെങ്കിലും ഒരർത്ഥത്തിലുള്ള ഏക സമുദായമല്ലെന്നും തീർച്ചതന്നെ. (സൂ: ശൂറാ 8ൻെറ വ്യാഖ്യാനത്തിൽ ഇത് സംബന്ധിച്ച് വിവരിച്ചത് നോക്കുക) ഏതായാലും-ചില ആളുകൾ പറയുന്നതുപോലെ-അല്ലാഹു ഉദ്ദേശിച്ചെങ്കിൽ നിങ്ങളെ പക്ഷിമൃഗാദികളെപ്പോലെ ഒരേ പ്രാകൃതജീവിതം നയിക്കുന്നവരാക്കുമായിരുന്നുവെന്നല്ല അല്ലാഹു പറഞ്ഞതിൻെറ താൽപര്യം. മനുഷ്യൻ ഒരേ സമുദായമില്ലെങ്കിൽ, പിന്നെ അവരുടെ സ്ഥിതിയെന്താണ്? അതാണ് അടുത്ത വാക്യത്തിലുള്ളത്.

(2) മനുഷ്യർ ഭിന്നാഭിപ്രായക്കാരായിക്കൊണ്ടിരിക്കുകയാണ്. അഥവാ, ഭിന്നമായ വിശ്വാസാദർശങ്ങളും, ആചാര നടപടികളും സ്വീകരിച്ചുകൊണ്ട് പല മതക്കാരും സമുദായക്കാരുമായിക്കൊണ്ടിരിക്കുന്നു. ഈ ഭിന്നിപ്പു മനുഷ്യാരംഭംതൊട്ട് തന്നെ ഉണ്ടായതല്ല. തുടക്കത്തിൽ എല്ലാവരും ഒരേ സമുദായക്കാരായിത്തന്നെ ഇരുന്നിരുന്നു. 2: 213ലും, 10:19 ലും കാണാവുന്നതുപോലെ, പിന്നീട് കാലക്രമത്തിൽ ഭിന്നസമുദായങ്ങളായി മാറുകയാണുണ്ടായത്. സത്യത്തിൻെറ മാർഗ്ഗം ഒന്നുമാത്രവും, അസത്യത്തിൻെറ മാർഗ്ഗങ്ങൾ പലതുമാകകൊണ്ട് ഈ ഭിന്നകക്ഷികളിൽ ഒന്നുമാത്രം ശരിയായ കക്ഷിയും മറ്റുള്ളതെല്ലാം തെറ്റായ കക്ഷിയും ആയിരിക്കുവാനേ നിവൃത്തിയുള്ളു. അതെ, അല്ലാഹുവിൻെറ പ്രവാചകൻമാരും ദിവ്യദൗത്യങ്ങളും മുഖേന അല്ലാഹു അതതു കാലങ്ങളിൽ മനുഷ്യർക്ക് നൽകുന്ന മാർഗ്ഗം ഏതോ അത് സ്വീകരിച്ചവർ മാത്രമായിരിക്കും നേർമാർഗ്ഗത്തിൻെറ ഏകകക്ഷി. അതിനെതിരെ ഭിന്നിച്ചവരെല്ലാം പിഴച്ച കക്ഷികളും 'വേദക്കാർ എഴുപത്തിരണ്ട് കക്ഷികളായി പിരിഞ്ഞു; എൻെറ സമുദായം എഴുപത്തിമൂന്നു കക്ഷികളായി പിരിയും; അവരിൽ ഒന്നുമാത്രായിരിക്കും രക്ഷപ്പെട്ട കക്ഷി; ഞാനും എൻെറ സഹാബികളും സ്വീകരിച്ച മാർഗ്ഗം സ്വീകരിക്കുന്നവരാണ് അവർ' എന്നു ഹദീസുകളിൽ വന്നിട്ടുള്ളതും ആ ഏക കക്ഷിയെയാണ് ചൂണ്ടിക്കാട്ടുന്നത്. ഇതേ കക്ഷിയെ ഉദ്ദേശിച്ചു തന്നെയാണ് الا من رحم ربك (നിൻെറ റബ്ബ് കരുണ ചെയ്തവരൊഴികെ) എന്ന് അല്ലാഹു പറയുന്നതും.

(3) അല്ലാഹു കരുണചെയ്തവരൊഴിച്ച് മറ്റുള്ളവരെല്ലാം ഭിന്നിച്ചുകൊണ്ടിരിക്കുന്നവരാണെന്നു പറഞ്ഞശേഷം, അതിനുവേണ്ടിയാണ് അവരെ സൃഷ്ടിച്ചിരിക്കുന്നതും (ولذلك خلقهم) എന്നു പറഞ്ഞിരിക്കുന്നു. ഇതിൽ അതിന്നുവേണ്ടി (لذلك) എന്ന സൂചനാനാമം ഏതിനെ ഉദ്ദേശിാണെന്നുള്ളതിൽ ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ വ്യത്യസ്തമായ അഭിപ്രായങ്ങളുള്ളതുകൊണ്ട് ആ വാക്യം രണ്ടുമൂന്നു പ്രകാരത്തിൽ വ്യാഖ്യാനിക്കപ്പെടുന്നു. അല്ലാഹുവിൻെറ കാരുണ്യത്തിനുവേണ്ടിയാണ് അവരെ സൃഷ്ടിച്ചിരിക്കുന്നത്. എങ്കിലും അധികമാളുകളും ഭിന്നിപ്പു നിമത്തം കാരുണ്യത്തിനർഹരല്ലാതാവുകയാണുണ്ടായത് എന്നാണ് ഒരു വ്യാഖ്യാനം. മുജാഹിദ്, ളഹ്-ഹാക്, ഖത്താദഃ (رحمهم الله) മുതലായവരുടെ വ്യാഖ്യാനമാണിത്. 'എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ജിന്നുകളെയും മനുഷ്യരെയും ഞാൻ സൃഷ്ടിച്ചിട്ടില്ല' (وما خلقت الجن والانس الا ليعبدون) എന്ന് അല്ലാഹു പറഞ്ഞിരിക്കുന്നുവല്ലോ. എന്നിട്ടും പലരും അവനെ ആരാധിക്കുന്നില്ല. പലരും അവനോടൊപ്പം മറ്റു ചിലതിനെയും, ആരാധിക്കുന്നു. അതുപോലെയുള്ള ഒരു വാക്യമാണിതും എന്നാണവർ പറയുന്നത്. ഭിന്നിപ്പിനും കാരുണ്യത്തിനും വേണ്ടി-അഥവാ ഭിന്നിക്കാതെ കാരുണ്യത്തിനർഹമായിത്തീരുകയും,ഭിന്നിച്ചു കാരുണ്യത്തിനർ ഹരല്ലാതായിത്തീരുകയും ചെയ്യുന്ന രണ്ടുതരക്കാർ ഉണ്ടായിത്തീരുവാൻ വേണ്ടി-യാണ് മനുഷ്യരെ സൃഷ്ടിച്ചിരിക്കുന്നത് എന്നത്രെ രണ്ടാമത്തെ വ്യാഖ്യാനം. ഇബ്നുജരീർ (رحمه الله) മുതലായ ചിലർ ഈ വ്യാഖ്യാനത്തിനാണ് മുൻഗണന നൽകിയിരിക്കുന്നത്. സ്വർഗ്ഗാവകാശികളായ സൻമാർഗ്ഗികളും, നരകാവകാശികളായ ദുർമ്മാർഗ്ഗികളും ഉണ്ടാകുമെന്ന് അല്ലാഹുവിന് മു

മ്പേ അറിയാവുന്നതും അതവൻെറ മുന്നേയുള്ള വിധി നിശ്ചയങ്ങളിൽ പെട്ടതുമാണല്ലോ എന്നുള്ളതാണ് ഇതിനാധാരം.

കൂടുതൽ വ്യക്തമയി തോന്നുന്നതും, അധിക വ്യാഖ്യാതാക്കളും സ്വീകരിച്ചു വരുന്നതുമായ മൂന്നാമത്തെ അഭിപ്രായം ഭിന്നാഭിപ്രായത്തിനുവേണ്ടി മനുഷ്യരെ സൃഷ്ടിച്ചിരിക്കുന്നുവെന്നാകുന്നു. മനുഷ്യരെ സൃഷ്ടിച്ചതിൻെറ ലക്ഷ്യവും യുക്തിയും ഭിന്നിപ്പാണെന്നല്ല ഇതിൻെറ അർത്ഥം. മനുഷ്യരുടെ കലാശം ഭിന്നിപ്പിലാണ് എത്തിച്ചേരുന്നത് എന്നെത്രെ അർത്ഥം. അഥവാ ഒരാൾ ഒരു വഴിക്കുപോകുമ്പോൾ വഴിമദ്ധ്യെയുള്ള ഒരു കിണറ്റിൽ വീണു മരണപ്പെട്ടാൽ, 'അവൻ മരിക്കുവാനാണ് ആ വഴിക്കുപോയത്' എന്നു പറയാറുള്ളതുപോലെ ഒരു പ്രയോഗമാണിത് എന്നു സാരം. (*) മലക്കുകളെപ്പോലെ നൻമ മാത്രം ചെയ്‌വാൻ സാധിക്കുമാറുള്ള ശുദ്ധ പ്രകൃതിയോടെയല്ല, മനുഷ്യരെ അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത്. നൻമയും തിൻമയും തിരിച്ചറിയുവാനുള്ള വിവേചന ബുദ്ധിയും, അതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും, അതോടൊപ്പം തന്നെ അവയിൽ ഇഷ്ടമുള്ളത് സ്വീകരിക്കുവാനുള്ള ഇച്ഛാസ്വാതന്ത്ര്യവും നൽകിക്കൊണ്ടാണ് മനുഷ്യരെ സൃഷ്ടിച്ചിരിക്കുന്നത്. വാസന, വീക്ഷണം, ചിന്താഗതി ആദിയായ കാര്യങ്ങളിലെല്ലാം മനുഷ്യർ ഒരേ തരക്കാരല്ല. വ്യത്യസ്ത സ്വഭാവക്കാരാകുന്നു. തങ്ങൾക്ക് ലഭിച്ച ഇച്ഛാ സ്വാതന്ത്ര്യം ഉപയോഗപ്പെടുത്തി നല്ല മാർഗ്ഗം സ്വീകരിക്കുന്ന വിശുദ്ധൻമാരും അതിൽ നിന്നു ഭിന്നിച്ച് ചീത്തമാർഗ്ഗങ്ങൾ സ്വീകരിക്കുന്ന അശുദ്ധൻമാരും തമ്മിൽ വേർതിരിക്കുവാൻ വേണ്ടിയാണ് മനുഷ്യന് ഈ പ്രകൃതിവിശേഷം അല്ലാഹു നൽകിയിരിക്കുന്നത്. (ليميز الله الخبيث من الطيب) ഈ യാഥാർത്ഥ്യമാണ് ഈ വ്യാഖ്യാനപ്രകാരം ഈ ചെറുവാക്യത്തിൽ അടങ്ങിയിരിക്കുന്നത്. മേലുദ്ധരിച്ച രണ്ട് അഭിപ്രായങ്ങളും പരിശോധിച്ചാൽ അവയും അവസാനം ചെന്നെത്തുന്നതും ഈ യാഥാർത്ഥ്യത്തിലേക്ക് തന്നെയാണെന്ന് കാണാം. അടുത്ത വാക്യവും, താഴെ കാണുന്ന ഉദ്ധരണികളും ഈ വ്യാഖ്യാനത്തിന് കൂടുതൽ വ്യക്തതയും ബലവും നൽകുകയും ചെയ്യുന്നു.

(4) ജിന്നുകളെയും മനുഷ്യരെയുംകൊണ്ട് നരകത്തെ നിറക്കുന്നതാണെന്നും അല്ലാഹു മുമ്പേ നിശ്ചയിച്ചുവെച്ചിരിക്കുന്നു. ആ നിശ്ചയം ഇതു മുഖേന-അതെ, ഭിന്നിപ്പു മുഖേന-മനുഷ്യരെ സംബന്ധിച്ചു പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നുവെന്നാണ് അവസാനം പറഞ്ഞതിൻെറ സാരം. മേൽ ചൂണ്ടിക്കാട്ടിയ പ്രകൃതി വിശേഷതയോടെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് മനുഷ്യരിൽ നല്ലവരും ദുഷിച്ചവരും ഉണ്ടായിത്തീരുകയും, അങ്ങനെ സ്വർഗ്ഗത്തിനും നരകത്തിനും അർഹരായ രണ്ടു തരം ആൾക്കാർ അവരിൽനിന്ന് ഉരുത്തിരിയുകയും ചെയ്യുക അനിവാര്യമാണല്ലോ. ആദം (عليه السلام)നബിക്കു സുജൂദു ചെയ്‌വാൻ വിസമ്മതിച്ചതിനെത്തുടർന്ന് അദ്ദേഹത്തിൻെറ സന്തതികളെ ഞാൻ വഴിപിഴപ്പിച്ചുകൊണ്ടിരിക്കുമെന്ന് ഇബ്‌ലീസ് പറഞ്ഞപ്പോൾ, നിങ്ങളെക്കൊണ്ട് ഞാൻ നരകത്തെ നിറക്കുമെന്ന് അല്ലാഹു അന്നേ പറഞ്ഞു കഴിഞ്ഞതാണ്. (7: 18; 38: 85) അപ്പോൾ, കാരുണ്യത്തിൻെറ മാർഗ്ഗത്തിൽനിന്നു പിഴച്ചുപോകുവാൻ കാരണം ഇബ്‌ലീസിൻെറ ദുഷ്പ്രേരണകൾക്കു വഴങ്ങലാണെന്ന് ഇതിൽ നിന്ന് വ്യക്തമായി. ദുർമ്മാർഗ്ഗികളെക്കൊണ്ട് നരകത്തെ നിറക്കുന്നതുപോലെ, സ്വർഗ്ഗത്തെ സൻമാർഗ്ഗികളെക്കൊണ്ടും നിറക്കുമെന്നും നബി വചനങ്ങളിൽ വന്നിരിക്കുന്നു.

120 റസൂലുകളുടെ വൃത്താന്തങ്ങളിൽനിന്നും നിൻെറ ഹൃദയത്തിന് നാം സ്ഥൈര്യം നൽകുമാറുള്ളതൊക്കെയും	وَكُلًّا نَّقُصُّ عَلَيْكَ مِنْ أَنۢبَآءِ ٱلرُّسُلِ مَا

---

* يغنى ان اللام فى ولذالك لا للتعليل

نُثَبِّتُ بِهِۦ فُؤَادَكَ ۚ وَجَآءَكَ فِى هَٰذِهِ ٱلْحَقُّ وَمَوْعِظَةٌ وَذِكْرَىٰ لِلْمُؤْمِنِينَ ﴿١٢٠﴾

നിനക്കു നാം കഥനം ചെയ്തു (വിവരിച്ചു)തരുന്നു. യഥാർത്ഥ(വിവര)വും, സത്യവിശ്വാസികൾക്ക് സദുപദേശവും, സ്മരണയും ഇതിലൂടെ നിനക്ക് വന്നെത്തുകയും ചെയ്തിരിക്കുന്നു.

وَقُل لِّلَّذِينَ لَا يُؤْمِنُونَ ٱعْمَلُوا۟ عَلَىٰ مَكَانَتِكُمْ إِنَّا عَٰمِلُونَ ﴿١٢١﴾

121 വിശ്വസിക്കാത്തവരോട് നീ പറയുകയും ചെയ്യുക: ''നിങ്ങൾ നിങ്ങളുടെ സ്ഥാനം [നിലപാട്] അനുസരിച്ചു പ്രവർത്തിച്ചു കൊള്ളുവിൻ; ഞങ്ങൾ (ഞങ്ങളുടെ സ്ഥാനമനുസരിച്ചു) പ്രവർത്തിക്കുന്നവരാകുന്നു;-

وَٱنتَظِرُوٓا۟ إِنَّا مُنتَظِرُونَ ﴿١٢٢﴾

122 ''നിങ്ങൾ കാത്തിരിക്കുകയും ചെയ്യുവിൻ, ഞങ്ങളും കാത്തിരിക്കുന്നവരാകുന്നു.''

---

120 **وكُلا** എല്ലാം തന്നെ, ഒക്കെയും. **نقُص** നാം കഥനം ചെയ്യുന്നു, വിവരിച്ചു തരുന്നു. **عليك** നിനക്ക്. **من أَنباءِ** വൃത്താന്ത (വർത്തമാന)ങ്ങളിൽനിന്ന്. **الرسل** റസൂലുകളുടെ. **ما نثَبت** നാം സൈ്ഥര്യം (സ്ഥിരത) നൽകുന്നത്, ഉറപ്പിച്ചു നിറുത്തുമാറുള്ളത്. **به** അതുമൂലം. **فُؤادك** നിന്റെ ഹൃദയത്തിന്, ഹൃദയത്തെ. **وجاءَك** നിനക്ക് വരുകയും ചെയ്തിരിക്കുന്നു. **في هذه** ഇതിൽ, ഇവയിൽ, ഇതിലൂടെ, ഇവയിലായി. **الْحق** യഥാർത്ഥം, വേണ്ടപ്പെട്ടത്. **وموعظَةٌ** സദുപദേശം. **وذكْرى** സ്മരണയും, ഉപദേശവും. **للْمؤمنِين** സത്യവിശ്വാസികൾക്ക്. 121 **وقُل** പറയുകയും ചെയ്യുക. **للّذين لا يؤمنونَ** വിശ്വസിക്കാത്തവരോട്. **اعملُوا** നിങ്ങൾ പ്രവർത്തിക്കുവിൻ. **على مكَانتكُم** നിങ്ങളുടെ സ്ഥാനം (നിലപാട്-സ്ഥിതി) അനുസരിച്ച്. **إنا** നിശ്ചയമായും ഞങ്ങൾ (ഞങ്ങളും തന്നെ). **عاملُونَ** പ്രവർത്തിക്കുന്നവരാണ്.. 122 **وانتظِروا** നോക്കിയിരിക്കുക (കാത്തിരിക്കുക) യും ചെയ്വിൻ. **إنا** നിശ്ചയമായും ഞങ്ങൾ (ഞങ്ങളും തന്നെ). **منتظرونَ** നോക്കി (കാത്ത്) ഇരിക്കുന്നവരാണ്.

في هذه (ഇതിലൂടെ) എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം ഈ സൂറത്തിലൂടെ എന്നും, ഈ വൃത്താന്തങ്ങളിലൂടെ എന്നും, ആകാവുന്നതാണ്. രണ്ടായാലും ആശയം വ്യക്തമാണല്ലോ. നബി (ﷺ)തിരുമേനിക്ക് മനോദൃഢതയും സ്ഥൈര്യവും നൽകുവാനാവശ്യമായ എല്ലാ യഥാർത്ഥ വിവരങ്ങളും ഇതുവഴി നൽകിയിട്ടുണ്ട്. സത്യവിശ്വാസികൾക്കുവേണ്ട ഉപദേശങ്ങളും സ്മരണകളും അതിലുണ്ട്. അതിനുവേണ്ടിയാണ് ഇതെല്ലാം വിവരിച്ചു തരുന്നത്. വിശ്വസിക്കുവാൻ തയ്യാറില്ലാത്തവർക്ക് ഇതൊന്നും പ്രയോജനപ്പെടുകയില്ല. അവർ അവരുടെ ഇഷ്ടമനുസരിച്ച് നടന്നുകൊള്ളട്ടെ. അതിന്റെ ഫലം അവർ കാത്തിരുന്നു കണ്ടുകൊള്ളട്ടെ എന്നിങ്ങിനെ നബി (ﷺ)യെ അല്ലാഹു ഉണർത്തുകയാണ്.

وَلِلَّهِ غَيْبُ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَإِلَيْهِ يُرْجَعُ ٱلْأَمْرُ كُلُّهُۥ فَٱعْبُدْهُ وَتَوَكَّلْ عَلَيْهِ ۚ وَمَا رَبُّكَ بِغَٰفِلٍ عَمَّا تَعْمَلُونَ ﴿١٢٣﴾

123 ആകാശങ്ങളിലെയും, ഭൂമിയിലെയും അദൃശ്യകാര്യം അല്ലാഹുവിനുള്ളതാണ്. അവങ്കലേക്കുതന്നെ, കാര്യമെല്ലാം മടക്കപ്പെടുകയും ചെയ്യുന്നു. ആകയാൽ നീ അവനെ ആരാധിക്കുകയും, അവന്റെമേൽ (കാര്യങ്ങൾ) ഭരമേൽപിക്കുകയും ചെയ്തു കൊള്ളുക. നിന്റെ റബ്ബ് നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി [ഒട്ടും] അശ്രദ്ധനല്ലതാനും.

---

123 ولله അല്ലാഹുവിനാണ്. غيب അദൃശ്യ (മറഞ്ഞ) കാര്യം. السماوات ആകാശങ്ങളിലെ. والأرض ഭൂമിയിലെയും. وإليه അവങ്കലേക്ക് തന്നെ. يرجع മടക്കപ്പെടുന്നു. الأمر കാര്യം. كلُّه അതെല്ലാം. فَاعبُده അതിനാല്‍ അവനെ ആരാധിച്ചുകൊള്ളുക. وتوكَّلْ ഭരമേല്‍പിക്കുകയും ചെയ്യുക, അര്‍പ്പിക്കുക. عليه അവന്‍റെ മേല്‍, അവനില്‍. وما അല്ലതാനും. ربك നിന്‍റെ റബ്ബ്. بِغافِلٍ അശ്രദ്ധനേ. عما تعملُونَ നിങ്ങള്‍ പ്രവര്‍ത്തിക്കുന്നതിനെപ്പറ്റി

എല്ലാ അദൃശ്യ കാര്യങ്ങളെക്കുറിച്ചുള്ള അറിവും, അവയുടെ കൈകാര്യങ്ങളും അല്ലാഹുവിന് മാത്രമാണുള്ളത്. സകല കാര്യങ്ങളുടെയും കലാശവും, തീരുമാനവും അവങ്കലേക്കുതന്നെ. എന്നിരിക്കെ, ആരാധിക്കപ്പെടുവാനും, കാര്യങ്ങള്‍ ഭരമേല്‍പിക്കപ്പെടുവാനും അര്‍ഹതയുള്ളവന്‍ അവനല്ലാതെ വേറെ ആരുമില്ല. അതുകൊണ്ട് അവനെത്തന്നെ ആരാധിക്കുകയും അവനില്‍തന്നെ ഭരമേല്‍പിക്കുകയും ചെയ്യണം. നിങ്ങള്‍ എന്തു ചെയ്യുന്നു. എങ്ങിനെ ചെയ്യുന്നു എന്നെല്ലാം അവന്‍ അറിഞ്ഞും ശ്രദ്ധിച്ചും വരുന്നുണ്ട് എന്ന് നിങ്ങള്‍ ഓര്‍മ്മിച്ചു കൊണ്ടിരിക്കേണ്ടതാണ് എന്നു സാരം.

توكل (അല്ലാഹുവില്‍ ഭരമേല്‍പിക്കുക) എന്നു പറഞ്ഞതിന്‍റെ താല്‍പര്യം, ഏതൊരു കാര്യവും അവന്‍ വിധിച്ച പോലെ വരട്ടെ എന്നുവെച്ച് കൈയുംകെട്ടി മൗനമായിരിക്കുക എന്നല്ല. കഴിവുള്ളതും ചെയ്യേണ്ടതുമെല്ലാം ചെയ്യുകയും, അതിനപ്പുറമുള്ളത് അവനില്‍ അര്‍പ്പിക്കുകയും ചെയ്യുക എന്നത്രെ. അല്ലാഹുവിനെമാത്രം ആരാധിച്ചും, അവനില്‍മാത്രം കാര്യങ്ങള്‍ അര്‍പ്പിച്ചും വരുന്ന സജ്ജനങ്ങളായി ജീവിക്കുവാനും, മരിക്കുവാനും അല്ലാഹു നമ്മെ തുണക്കട്ടെ. ആമീന്‍.

اللهم لك الحمد ولك المنة والفضل

Translation & Intereptation by:

Muhammed Amani Moulavi
Published by:

Kerala Nadvathul Mujahideen – Mujahid Centre – Calicut -4

Prepared by:
www.islamhouse.com as per the copyright received from the Publishers:
To be used for Reference and Daawa purpose only.

12. സൂറത്തു-യൂസുഫ് سورة يوسف

മക്കായിൽ അവതരിച്ചതു-വചനങ്ങൾ 111 – വിഭാഗം (റുകൂഅ്) 12

യൂസുഫ് (عليه السلام) നബിയുടെ ചെറുപ്പകാലം മുതൽ മരണംവരെയുള്ള ഒരു ചരിത്ര സംക്ഷേപമാണ് ഈ സൂറത്തിലെ ഇതിവൃത്തം. ഒരു ചെറിയ മുഖവുര ഒഴിവാക്കിയാൽ ആദ്യം തൊട്ടു നൂറുവരെയുള്ള വചനങ്ങളിലായി അതു നീണ്ടു കിടക്കുന്നു. പല നബിമാരുടെയും ജനതകളുടെയും കഥകളും ചരിത്രസംഭവങ്ങളും ഖുർആനിൽ അല്ലാഹു നമുക്കു വിവരിച്ചു തന്നിട്ടുണ്ട്. അവയിൽനിന്നൊക്കെ വ്യത്യസ്തമായ ഒരു വിവരണ രീതിയാണു ഈ സൂറത്തിൽ അല്ലാഹു സ്വീകരിച്ചിരിക്കുന്നത്. നബിമാരുടെ കഥകളിലധികവും അവരും അവരെ നിഷേധിക്കുന്ന ജനങ്ങളും തമ്മിൽ നടന്ന സംഭവങ്ങളായിരിക്കും. ഒരേ സംഭവം ഒന്നിലധികം സൂറത്തുകളിൽ ആവർത്തിക്കപ്പെടലും, ഓരോ സ്ഥലത്തും മറ്റുസ്ഥലങ്ങളിൽ സ്പർശിക്കപ്പെടാത്ത വിശദീകരണങ്ങൾ ഉണ്ടായിരിക്കലും പതിവാണ്. ഒരിക്കൽ സംക്ഷിപ്തമായി വിവരിക്കപ്പെട്ട ഒരു സംഭവം മറ്റൊരിക്കൽ വിസ്തരിച്ചു പറയപ്പെട്ടിരിക്കും. ചിലപ്പോൾ ഒരു സംഭവത്തിൻെറ വിവരണം ഒരു സ്ഥലത്ത് അതിൻെറ ആരംഭം മുതൽക്കും, മറ്റൊരവസരത്തിൽ അതിൻെറ ഇടക്കു നിന്നാരംഭിച്ചുമായിരിക്കും കാണുക. ചുരുക്കിപ്പറഞ്ഞാൽ, പ്രതിപാദ്യ വിഷയങ്ങളിലെന്നപോലെത്തന്നെ, സംഭവങ്ങളുടെ വിവരണത്തിലും ഖുർആനു ഖുർആമേതായ ഒരു പ്രത്യേക ശൈലിയാണുള്ളത്. (ഇതു സംബന്ധിച്ചു മുഖവുരയിൽ വിവരിച്ചു കഴിഞ്ഞിട്ടുണ്ട്) വ്യത്യസ്ത രീതിയിലുള്ള അവതരണങ്ങൾ നിമിത്തം, ഓരോ സ്ഥലത്തെയും പ്രതിപാദനത്തിൽ നിന്ന് മറ്റേ സ്ഥലത്തില്ലാത്ത പുതിയ പാഠങ്ങളും സൂചനകളും നമുക്കു ലഭിക്കുന്നു. യൂസുഫ് (عليه السلام) നബിയുടെ ചരിത്രമാകട്ടെ, ഈ സൂറത്തിലല്ലാതെ മറ്റെവിടെയും വിവരിക്കപ്പെട്ടിട്ടില്ല. അദ്ദേഹത്തിൻെറ ബാല്യംതൊട്ട് അവസാനംവരെയുള്ള സംഭവങ്ങൾ ക്രമപ്രകാരം വഴിക്കുവഴിയായിത്തന്നെ പരാമർശിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

എന്നാലും സാധാരണപോലെയുള്ള ഒരു ചരിത്ര ആഖ്യായികയുടെയോ നോവലിൻെറയോ മാതിരിയിലുള്ള പ്രതിപാദനരീതി ഈ സൂറത്തിലും കാണുകയില്ല. ഖുർആമേതായ ഒരു സവിശേഷത ഓരോ വചനത്തിലും കാണാവുന്നതുമാണ്. വാചകങ്ങൾക്കിടയിലൂടെയും, വിഷയങ്ങളുടെ ചിത്രീകരണങ്ങളിലൂടെയും, വചനങ്ങളുടെ സമാപന വാക്യങ്ങളിലൂടെയും ആ ചരിത്ര വശങ്ങളിലടങ്ങിയ പാഠങ്ങളും, സാരോപദേശങ്ങളും ശ്രദ്ധിക്കപ്പെടേണ്ട തത്വസൂചനകളും അൽപം ശ്രദ്ധയോടെ ഉറ്റു നോക്കുന്ന ഏവർക്കും-അവരവരുടെ കഴിവും ഭാഗ്യവും അനുസരിച്ചു-കണ്ടെത്തുവാൻ കഴിയുന്നതാകുന്നു. പല സഹോദരൻമാരും ഉൾക്കൊള്ളുന്ന ഒരു ഗൃഹത്തിൽ മാതാപിതാക്കളുടെ പ്രത്യേക വാത്സല്യത്തിനു പാത്രമായ ബാലൻ, ഒരു രാജകീയ ഭവനത്തിലെ അടിമ, അനിതരസാധാരണമായ സൗന്ദര്യംകൊണ്ടനുഗ്രഹിക്കപ്പെട്ട യുവാവ്, അക്കാരണംകൊണ്ടുതന്നെ തീവ്രമായ പരീക്ഷണങ്ങൾക്കു വിധേയനാവുകയും സത്യസന്ധതയും ഭയഭക്തിയും കൊണ്ടുമാത്രം അവയിലെല്ലാം വിജയം വരിക്കുകയും ചെയ്ത ചെറുപ്പക്കാരൻ, നിഷ്കളങ്കതയും ചാരിത്ര ശുദ്ധിയും പരിരക്ഷിക്കുവാൻ വേണ്ടി സുഖസൗകര്യങ്ങളെല്ലാം ത്യജിച്ചു കൊല്ലങ്ങളോളം കാരാഗൃഹജീവിതം അനുഭവിക്കേണ്ടിവന്ന ത്യാഗവര്യൻ, തടവറയിൽവെച്ചു പോലും സത്യോപദേശം നടത്തിക്കൊണ്ടിരിക്കുകയും, തൗഹീദിലേക്കു ക്ഷണിച്ചുകൊണ്ടിരിക്കുകയും ചെയ്ത പരിഷ്കർത്താവ്, പ്രവാചകപാരമ്പര്യവും, സത്യമതപ്രബോധന കൃത്യവും പുലർത്തിക്കൊണ്ട് അവിശ്വാസിയായ രാജാവിൻെറ മന്ത്രിപദം ഏറ്റെടുക്കുകയും, സമർത്ഥമാംവണ്ണം അതു കൈകാര്യം ചെയ്യുകയും ചെയ്ത വിദഗ്ദനായ ഭരണകർത്താവ്, തന്നെ കൊലപ്പെടുത്തിയെന്നു വിചാരിച്ചു സംതൃപ്തിയടഞ്ഞ സഹോദരങ്ങൾക്കു മാപ്പുനൽകി മാനിക്കുകയും, രാജസിംഹാസനത്തിൽവെച്ചു പോലും മാതാപിതാക്കളോടുള്ള ബഹുമാനത്തിനു മാതൃകകാണിക്കുകയും ചെയ്ത മഹാമനസ്കൻ എന്നിങ്ങിനെ യൂസുഫ് (عليه السلام) നബിയുടെ വിവിധ കാലഘട്ടങ്ങളെ സ്പർശിച്ചകൊണ്ടുള്ളതാണ് ഈ സൂറത്ത്. ഏറ്റവും താഴെക്കിടയിലുള്ള സാധാരണക്കാരൻ മുതൽ, മേലേക്കിടയിലുള്ള ഭരണാധിപൻമാർവരെയുള്ള എല്ലാവർക്കും അനേകം പാഠങ്ങളും

മാതൃകകളും ഈ ചരിത്ര വിവരണത്തിൽനിന്നു ലഭിക്കുവാനുണ്ട്. 7-ാം വചനത്തിലും, അവസാനത്തിലും അല്ലാഹു തന്നെ ഇക്കാര്യം ഉണർത്തുകയും ചെയ്തിരിക്കുന്നു.

ഈ ചരിത്രം മുൻവേദ ഗ്രന്ഥത്തിൽ-അഥവാ തൗറാത്തിൽ-ഉള്ളതായി അവസാനത്തെ വചനത്തിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. ഇന്നത്തെ ബൈബിളിലും (ഉൽപ്പത്തി: അദ്ധ്യായം 37-50) അതു സവിസ്തരം കാണാവുന്നതുമാണ്. ഖുർആൻെറ പ്രസ്താവനകൾക്കു യോജിക്കുന്നതും, യോജിക്കാത്തതുമായ ഭാഗങ്ങളും, ഖുർആനിൽ സ്പർശിക്കപ്പെട്ടിട്ടില്ലാത്ത ചില ഭാഗങ്ങളും അതിൽ അടങ്ങിയിരിക്കുന്നു. നമ്മുടെ ചില ഖുർആൻ വ്യാഖ്യാനഗ്രന്ഥങ്ങളിൽ കാണപ്പെടുന്ന ചില വിശദീകരണങ്ങൾ ഇസ്രാഈലി വാർത്തകളിൽനിന്നു ഉടലെടുത്തതാണെന്നു ബൈബിൾ പരിശോധിച്ചാൽ മനസ്സിലാകും. ഖുർആനോടു എതിരായ പരാമർശങ്ങൾ തിരസ്കരിക്കുന്നതു നിർബ്ബന്ധമാണെങ്കിലും, രണ്ടും കൽപിക്കുവാൻ നിവൃത്തിയില്ലാത്ത ഭാഗങ്ങളെപ്പറ്റി മൗനമവലംബിക്കുവാനേ നിവൃത്തിയുള്ളു. അറിയുവാൻവേണ്ടിമാത്രം ഉദ്ധരിക്കുക എന്നല്ലാതെ, അവയെ ആധാരമാക്കി ഖുർആൻെറ പ്രസ്താവനകൾക്കു വ്യാഖ്യാനം നിർണ്ണയിച്ചു കൂടാത്തതാണ്.

ഇമാം അഹ്മദു (رحمه الله) ഉദ്ധരിക്കുന്നു: തനിക്കു വേദക്കാരിൽ നിന്നു കിട്ടിയ ഒരു ഗ്രന്ഥവുമായി ഉമർ (رضي الله عنه) നബി (ﷺ) തിരുമേനിയുടെ അടുക്കൽചെന്നു വായിച്ചു കേൾപ്പിച്ചു. തിരുമേനി ദ്വേഷ്യപ്പെട്ടുകൊണ്ടു ഇങ്ങിനെ പറഞ്ഞു: 'ഖത്ത്വാബിൻെറ മകനേ, നിങ്ങൾ അതിൽ ഭ്രമം പിടിപെട്ടവരാകുന്നുവോ?! എൻെറ ആത്മാവു ഏതൊരുവൻെറ കയ്യിലാണോ അവൻ തന്നെ സത്യം! ഞാൻ ഇതു (ഖുർആൻ) നിങ്ങൾക്കു ശുദ്ധവെള്ളയായ (യാതൊരു കലർപ്പും കൂടാതെ) കൊണ്ടുവന്നിരിക്കുന്നു. നിങ്ങൾ അവരോടു (വേദക്കാരോടു) ഒന്നും ചോദിച്ചറിയേണ്ടതില്ല. കാരണം, അവർ വല്ല യഥാർത്ഥവും നിങ്ങൾക്കു പറഞ്ഞുതരുമ്പോൾ നിങ്ങൾ അതിനെ വ്യാജമാക്കുകയോ, അല്ലെങ്കിൽ അയഥാർത്ഥമായ വല്ലതും പറഞ്ഞുതരുമ്പോൾ നിങ്ങളതു സത്യമാക്കുകയോ ചെയ്തേക്കും. എൻെറ ആത്മാവു ഏതൊരുവൻെറ കയ്യിലാണോ അവൻ തന്നെ സത്യം! മൂസാ (عليه السلام) ജീവിച്ചിരിക്കുന്നുണ്ടായിരുന്നാൽ എന്നെ പിൻപറ്റുകയല്ലാതെ അദ്ദേഹത്തിനു നിവൃത്തിയുണ്ടായിരിക്കയില്ല.' ഈ സംഭവം വേറെ മാർഗ്ഗങ്ങളിലൂടെയും വന്നിട്ടുള്ളതാണ്. നബി (ﷺ) ഈ സൂറത്തു പാരായണം ചെയ്യുന്നതുകേട്ട ചില യഹൂദികൾ, അവരുടെ ഗ്രന്ഥത്തിലുള്ളതുമായി യോജിച്ചു കണ്ടതുകൊണ്ടു ഇസ്ലാമിനെ അംഗീകരിക്കുകയുണ്ടായതായി ഇമാം ബൈഹഖീ (رحمه الله) അദ്ദേഹത്തിൻെറ 'അ-ദ്ദലാഇൽ' എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചതായി ഇബ്നു കഥീർ (رحمه الله) പ്രസ്താവിച്ചിരിക്കുന്നു.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ﴿١﴾

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

الٓرۚ تِلۡكَ ءَايَٰتُ ٱلۡكِتَٰبِ ٱلۡمُبِينِ ﴿١﴾

1 'അലിഫ്-ലാം-റാ.' ഇവ സ്പഷ്ടമായ (വേദ) ഗ്രന്ഥത്തിലെ 'ആയത്തു' [വചനം] കളാകുന്നു.

إِنَّآ أَنزَلۡنَٰهُ قُرۡءَٰنًا عَرَبِيّٗا لَّعَلَّكُمۡ تَعۡقِلُونَ ﴿٢﴾

2 നിശ്ചയമായും, നാം ഇതിനെ ഒരു അറബി (ഭാഷയിലുള്ള) ഖുർആനായി [പാരായണ ഗ്രന്ഥമായി]ക്കൊണ്ട് അവതരിപ്പിച്ചിരിക്കുന്നു; നിങ്ങൾ ബുദ്ധികൊടു (ത്തുഗ്രഹി)ക്കുവാൻവേണ്ടി.

---

1 **الـر** അലിഫു-ലാംറാ'. **تلك** അവ, ഇവ. **آيات** ആയത്തു(വചനം-സൂക്തം-ലക്ഷ്യം)കളാണ്. **الكتاب** വേദഗ്രന്ഥത്തിൻെറ. **المبين** സ്പഷ്ടമായ, വ്യക്തമായ. 2 **إنا أنزلناه** നിശ്ചയമായും നാമത് അവതരിപ്പി

ച്ചിരിക്കുന്നു. **قُرآنا** ഒരു പാരായണ ഗ്രന്ഥമായി. **عربيا** അറബിയിലുള്ളതായ. **لعلكُم** നിങ്ങളാകുവാൻ വേണ്ടി, ആയേക്കാം. **تعقلُونَ** ബുദ്ധികൊടുക്കുക, ഗ്രഹിക്കുക, ചിന്തിക്കുക.

പ്രാരംഭത്തിലെ കേവലാക്ഷരങ്ങളെപ്പറ്റി സൂ: അൽബഖറയുടെ ആരംഭത്തിലും മറ്റും വിവരിച്ചതു ഓർക്കുക. നബി (ﷺ) അന്ത്യപ്രവാചകനും, ലോകാവസാനം വരെയുള്ള എല്ലാ ജനങ്ങളിലേക്കുമുള്ള റസൂലും തന്നെ. അതേ സമയം അവിടുന്നു ജനിച്ചുവളർന്നതും, പ്രബോധനം നിർവ്വഹിച്ചുകൊണ്ടിരുന്നതുമെല്ലാം അറബികളിലാണല്ലോ. അറബിഭാഷയാകട്ടെ, അക്കാലത്തെ ലോകഭാഷകളിൽവെച്ച് എല്ലാനിലക്കും മുൻപന്തിയിൽ നിൽക്കുന്നതുമായിരുന്നു. പ്രവാചകൻെറ ഭാഷയല്ലാത്ത വേറെ ഏതെങ്കിലും ഒരു ഭാഷയിൽ വേദഗ്രന്ഥം അവതരിക്കുന്നതു അപ്രായോഗികവുമാണല്ലോ. അങ്ങനെ, ഖുർആൻ അറബിഭാഷയിലായിത്തീർന്നു. അല്ലാഹു പറയുന്നു: **وما أرسلنا من رسول الا بلسان قومهليبين لهم** – ابراهيم (സാരം: ഒരു റസൂലിനെയും തന്നെ, അദ്ദേഹത്തിൻെറ ജനങ്ങളുടെ ഭാഷയിലായിട്ടല്ലാതെ നാം അയച്ചിട്ടില്ല. അദ്ദേഹം അവർക്കു വിവരിച്ചു കെടുക്കുവാൻ വേണ്ടിയാണത്.) (14:4) (*)

'പാരായണം' എന്നും, 'പാരായണഗ്രന്ഥം' എന്നുമുള്ള രണ്ടർത്ഥത്തിലും ഉപയോഗിക്കപ്പെടാറുള്ള വാക്കാണു 'ഖുർആൻ' (**قرآن**) ഏറ്റവും അധികം പാരായണം ചെയ്യപ്പെടുന്നതും, ചെയ്യപ്പെടേണ്ടതുമായതുകൊണ്ടു വിശുദ്ധ ഖുർആന്നു ആ പേർ തികച്ചും അനുയോജ്യമായിരിക്കുന്നു. വിശുദ്ധഖുർആൻെറ പേരെന്ന നിലക്കു പറയുമ്പോൾ അതിൽ **ال** (അൽ) എന്ന അവ്യയം ചേർത്തു പ്രത്യേകിപ്പിച്ചുകൊണ്ടു **القرآن** (അൽ-ഖുർആൻ) എന്നു പറയുന്നു: അവശ്യം ആവശ്യമായ കാര്യങ്ങളെല്ലാം സ്പഷ്ടമായി വിവരിക്കുന്ന വേദഗ്രന്ഥത്തിലെ വചനങ്ങളാണിവയെന്നും, നിങ്ങൾ ബുദ്ധികൊടുത്തു ഗ്രഹിക്കുവാൻ വേണ്ടിയാണ് അതു അറബിഭാഷയിൽ അവതരിപ്പിച്ചിരിക്കുന്നതെന്നുമുള്ള മുഖവുരക്കുശേഷം, അടുത്ത വചനംമുതൽ സൂറത്തിൻെറ ഇതിവൃത്തത്തിലേക്കു പ്രവേശിക്കുന്നു:-

3 نَحۡنُ نَقُصُّ عَلَيۡكَ أَحۡسَنَ ٱلۡقَصَصِ بِمَآ أَوۡحَيۡنَآ إِلَيۡكَ هَٰذَا ٱلۡقُرۡءَانَ وَإِن كُنتَ مِن قَبۡلِهِۦ لَمِنَ ٱلۡغَٰفِلِينَ ٣

ഏറ്റവും നല്ലൊരു കഥാവിവരണം നാം നിനക്ക് വിവരിച്ചുതരുകയാണ്; ഈ 'ഖുർആനെ' നാം നിനക്ക് 'വഹ്‌യ്'[സന്ദേശം] നൽകിയിരിക്കുന്നതുമൂലം. നിശ്ചയമായും , ഇതിനു മുമ്പ് നീ (ഇതിനെപ്പറ്റി അറിയാത്ത) അശ്രദ്ധൻമാരിൽപെട്ടവൻ തന്നെയായിരുന്നു.

---

3 **نحن** നാം. **نقُصّ** നാം കഥനം ചെയ്യുന്നു, വിവരിക്കുകയാണ്. **عليك** നിനക്ക്. **أحسن** ഏറ്റവും നല്ലതിനെ. **القَصص** കഥാവിവരണത്തിൽ. **بما أوحينا** നാം വഹ്‌യു നൽകിയത് മൂലം. **إليك** നിനക്ക്, നിന്നിലേക്ക്. **هذا القُرآنَ** ഈ ഖുർആനെ. **وإن كُنتَ** നിശ്ചയമായും നീയായിരുന്നു. **من قبله** ഇതിനു മുമ്പ്. **لمن** പെട്ട(വൻ) തന്നെ. **الغافلين** അശ്രദ്ധരിൽ (അറിയാത്തവരിൽ).

(*) ഖുർആൻ അറബിഭാഷയിലുള്ളതാണെന്നിരിക്കെ അതു മറ്റു ഭാഷകളിലേക്കു വിവർത്തനം ചെയ്യപ്പെടാമോ എന്നും മറ്റുമുള്ള വിവരങ്ങൾ മുഖവുരയിൽ വിശദമായി വിവരിക്കപ്പെട്ടിട്ടുള്ളതുകൊണ്ടു ഇവിടെ അതിനെപ്പറ്റി ഒന്നും സ്പർശിക്കുന്നില്ല.

ഏററവും നല്ലൊരു കഥനം أحسن القصص എന്നു ഈ കഥയെ വിശേഷിപ്പിച്ചതിലടങ്ങിയ രഹസ്യങ്ങൾ പ്രാരംഭത്തിൽ നാം ചൂണ്ടിക്കാട്ടിയ വിവരങ്ങളിൽ നിന്നു ഏറെക്കുറെ മനസ്സിലാക്കാമല്ലോ. കുറേ കാലം നബി (ﷺ) ജനങ്ങൾക്കു ഖുർആൻ ഓതിക്കേൾപ്പിച്ചുകൊണ്ടിരുന്നപ്പോൾ, അവർക്കു വല്ല കഥാവിവരണവും കേട്ടാൽ കൊള്ളാമെന്നു നബി (ﷺ) യോട് അവർ ആഗ്രഹം പ്രകടിപ്പിക്കുകയുണ്ടായെന്നും, ആ അവസരത്തിലാണ് ഈ അദ്ധ്യായം അവതരിച്ചതെന്നും സഅ്ദുബ്നു അബീ വഖ്-ഖാസ് (ؓ)ൽ നിന്നു രിവായത്തു ചെയ്യപ്പെട്ടിരിക്കുന്നു. الله اعلم

ഖുർആനാകുന്ന ദിവ്യസന്ദേശങ്ങൾ നൽകുന്ന കൂട്ടത്തിൽപെട്ട ഒരു സന്ദേശമാണ് ഈ സൂറത്തു എന്നും, ഇതിലെ ഉള്ളടക്കമായ ചരിത്രകഥയെപ്പറ്റി മുമ്പ് നബി (ﷺ) ക്കു അറിയാമായിരുന്നില്ലെന്നും പറഞ്ഞതിൽ നിന്ന് ഈ സൂറത്തു നബി (ﷺ) യുടെ സത്യതക്കുള്ള ഒരു ദൃഷ്ടാന്തം കൂടിയാണെന്നു മനസ്സിലാക്കാം. നബി (ﷺ) ക്കും, അവിടുത്തെ ജനതക്കും അിറഞ്ഞുകൂടാത്ത ഒരു മുൻകാലചരിത്രം അവിടുന്നു വിവരിക്കുകയും, മുൻ വേദഗ്രന്ഥത്തിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ളതിനോടു അതു യോജിച്ചുവരുകയും ചെയ്യുമ്പോൾ, അത് അല്ലാഹുവിങ്കൽ നിന്നല്ലാതെ ലഭിച്ചതായിരിക്കുകയില്ലെന്ന് വ്യക്തമാണല്ലോ. ഈ ആമുഖത്തോടുകൂടി അല്ലാഹു കഥാവിവരണം ആരംഭിക്കുന്നു:-

إِذْ قَالَ يُوسُفُ لِأَبِيهِ يَٰٓأَبَتِ إِنِّي رَأَيْتُ أَحَدَ عَشَرَ كَوْكَبًا وَٱلشَّمْسَ وَٱلْقَمَرَ رَأَيْتُهُمْ لِي سَٰجِدِينَ ﴿٤﴾

4 യൂസുഫ് അദ്ദേഹത്തിൻെറ പിതാവിനോട് പറഞ്ഞ സന്ദർഭം (ഓർക്കുക)! എൻെറ പിതാവേ, ഞാൻ പതിനൊന്ന് നക്ഷത്രങ്ങളെയും, സൂര്യനെയും, ചന്ദ്രനെയും സ്വപ്നം കണ്ടു, അതായത്, എനിക്ക് 'സുജൂദ്' ചെയ്യുന്നവരായി അവരെ ഞാൻ കണ്ടു.

---

4 إِذْ قَالَ പറഞ്ഞ സന്ദർഭം. يوسف യൂസുഫ്. لأبيه തൻെറ പിതാവിനോട്. يا أبت എൻെറ പിതാവേ. إني رأيت നിശ്ചയമായും ഞാൻ (സ്വപ്നം) കണ്ടു. أحد عشر പതിനൊന്ന്. كوكبا നക്ഷത്രത്തെ. والشمس സൂര്യനെയും. والقمر ചന്ദ്രനെയും. رأيتهم അവരെ ഞാൻ കണ്ടു. لي എനിക്ക്. ساجِدين സുജൂദു ചെയ്യുന്നവരായിട്ട്.

رأى (റആ) എന്ന ക്രിയാരൂപത്തിനു 'കണ്ടു'വെന്നാണു പൊതുവിൽ അർത്ഥം. എന്നാൽ, കണ്ണുകൊണ്ടുള്ള കാഴ്ച (رؤية) കണ്ടുവെന്നും, ബുദ്ധികൊണ്ടുള്ള കാഴ്ച അഥവാ അഭിപ്രായം (رأى) കണ്ടുവെന്നും, സ്വപ്നക്കാഴ്ച (رؤيا) കണ്ടുവെന്നും സന്ദർഭോചിതം അതിനു അർത്ഥമാററം വരുന്നതാണ്. ഇവിടെ സ്വപ്നക്കാഴ്ചയാണുദ്ദേശ്യം.

യൂസുഫ് (عليه السلام) നബിയെപ്പററി നബി (ﷺ) തിരുമേനി ഒരിക്കൽ ഇങ്ങിനെ പറയുകയുണ്ടായി: 'മാന്യൻെറ മകനായ, മാന്യൻെറ മകനായ, മാന്യൻെറ മകനായ മാന്യൻ- ഇബ്റാഹീമിൻെറ മകൻ ഇസ്ഹാഖിൻെറ മകൻ യഅ്ഖൂബിൻെറ മകൻ യൂസുഫ്.' (അ; ബു.) സ്വപ്നത്തിൽ കണ്ട പതിനൊന്നു നക്ഷത്രങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്ന പതിനൊന്നു സഹോദരൻമാരെയും, സൂര്യനും ചന്ദ്രനും അദ്ദേഹത്തിൻെറ പിതാവിനെയും മാതാവിനെയുമാണ് സൂചിപ്പിക്കുന്നതെന്നും അവരെല്ലാം ഒരുകാലത്തു അദ്ദേഹത്തിൻെറ മുമ്പിൽ തലകുനിക്കേണ്ടിവരുമെന്നുമായിരുന്നു ആ സ്വപ്നത്തിൻെറ പൊരുൾ. ഈ സ്വപ്നം കാണുന്ന കാലത്ത് യൂസുഫ് (عليه السلام) കേവലം ഒരു ബാലൻ മാത്രമായിരുന്നുവെന്നു വഴിയെ മനസ്സിലാക്കാവുന്നതാകുന്നു. ഉന്നതൻമാരെ സമീപിക്കുമ്പോൾ, ആദരവിൻെറയും ബഹുമാനത്തിൻെറയും അടയാളമായി തലകുനിക്കലും, കുമ്പിടലും, മുട്ടുകുത്തലുമൊക്കെ അക്കാലങ്ങളിൽ പതിവുണ്ടായിരുന്നു. ഇങ്ങിനെയുള്ള ഉപചാരങ്ങൾക്കും സുജൂദ് എന്നു പറയപ്പെടാറുണ്ട്. ഇങ്ങിനെയുള്ള ഏതെങ്കിലും വല്ല ഉപചാരകൃത്യങ്ങൾ പ്രസ്തു ഗ്രഹങ്ങൾ ചെയ്യുന്നതായി അദ്ദേഹം

സ്വപ്നം കണ്ടിരിക്കാം. അതായിരിക്കാം അവരെ സുജൂദ് ചെയ്യുന്നവരായി (ساجدين) കണ്ടുവെന്നു പറഞ്ഞതിന്റെ താൽപര്യം. പ്രിയ പുത്രന്റെ സ്വപ്നവാർത്ത കേട്ടപ്പോൾ, അതു സഹോദരൻമാരെ അറിയിക്കുന്നതു നന്നല്ലെന്നു യഅ്ഖൂബ് (عليه السلام) നബിക്കു മനസ്സിലായി.

5 അദ്ദേഹം പറഞ്ഞു: ‘‘കുഞ്ഞുമകനേ, നിന്റെ സ്വപ്നം നിന്റെ സഹോദരൻമാർക്ക് നീ വിവരിച്ചുകൊടുക്കരുത്; എന്നാൽ, വല്ല തന്ത്രവും അവർ നിന്നോട് പ്രയോഗിച്ചേക്കും. നിശ്ചയമായും, പിശാച് മനുഷ്യന് ഒരു പ്രത്യക്ഷ ശത്രുവാകുന്നു.’’

قَالَ يَٰبُنَيَّ لَا تَقۡصُصۡ رُءۡيَاكَ عَلَىٰٓ إِخۡوَتِكَ فَيَكِيدُواْ لَكَ كَيۡدًاۖ إِنَّ ٱلشَّيۡطَٰنَ لِلۡإِنسَٰنِ عَدُوّٞ مُّبِينٞ ٥

6 ‘‘അപ്രകാരം, നിന്റെ റബ്ബ് നിന്നെ തിരഞ്ഞെടുക്കുന്നതാണ്; നിനക്ക് അവൻ വർത്തമാനങ്ങളുടെ വ്യാഖ്യാനത്തിൽനിന്നും പഠിപ്പിച്ചുതരുകയും ചെയ്യും; നിന്റെ മേലും, യഅ്ഖൂബ് കുടുംബത്തിന്റെ മേലും അവന്റെ അനുഗ്രഹം അവൻ പൂർത്തിയാക്കുകയും ചെയ്യും; മുമ്പ് നിന്റെ രണ്ടു പിതാക്കൾ ഇബ്രാഹീമിന്റെയും, ഇസ്ഹാഖിന്റെയും മേൽ അതിനെ അവൻ പൂർത്തിയാക്കിയതുപോലെ. നിശ്ചയമായും, നിന്റെ റബ്ബ് സർവ്വജ്ഞനും, അഗാധജ്ഞനുമാകുന്നു.’’

وَكَذَٰلِكَ يَجۡتَبِيكَ رَبُّكَ وَيُعَلِّمُكَ مِن تَأۡوِيلِ ٱلۡأَحَادِيثِ وَيُتِمُّ نِعۡمَتَهُۥ عَلَيۡكَ وَعَلَىٰٓ ءَالِ يَعۡقُوبَ كَمَآ أَتَمَّهَا عَلَىٰٓ أَبَوَيۡكَ مِن قَبۡلُ إِبۡرَٰهِيمَ وَإِسۡحَٰقَۚ إِنَّ رَبَّكَ عَلِيمٌ حَكِيمٞ ٦

---

5 **قَالَ** അദ്ദേഹം പറഞ്ഞു. **يا بني** എന്റെ കുഞ്ഞുമോനെ. **لاتقصص** നീ കഥനം ചെയ്യരുത്, വിവരിക്കരുത്. **رؤياك** നിന്റെ സ്വപ്നത്തെ. **على إخوتك** നിന്റെ സഹോദരൻമാർക്ക്. **فيكيدوا** എന്നാൽ അവർ തന്ത്രം പ്രയോഗിക്കും. **لك** നിന്നോട്. **كيدا** വല്ല തന്ത്രവും. **إن الشيطانَ** നിശ്ചയമായും പിശാചു. **للإنسان** മനുഷ്യന്. **عدو** ശത്രുവാകുന്നു. **مبين** പ്രത്യക്ഷമായ, സ്പഷ്ടമായ, തനി. 6 **وكذلك** അപ്രകാരം. **يجتبيك** നിന്നെ തിരഞ്ഞെടുക്കും. **ربك** നിന്റെ റബ്ബ്. **ويعلمك** നിനക്ക് (നിന്നെ) അവൻ പഠിപ്പിക്കുകയും ചെയ്യും. **من تأويل** വ്യാഖ്യാനത്തിൽ (പൊരുളിൽ) നിന്നും. **الأحاديث** വർത്തമാനങ്ങളുടെ (സ്വപ്ന) വാർത്തകളുടെ. **ويتم** അവൻ പൂർത്തിയാക്കുകയും ചെയ്യും. **نعمة** അവന്റെ അനുഗ്രഹത്തെ. **عليك** നിന്റെമേൽ. **وعلى آل** കുടുംബത്തിന്റെ മേലും. **يعقوب** യഅ്ഖൂബിന്റെ. **كما أتمها** അതിനെ അവൻ പൂർത്തിയാക്കിയതുപോലെ. **على أبويك** നിന്റെ രണ്ടു പിതാക്കളുടെമേൽ. **من قبلُ** മുമ്പ്. **إبراهيم** ഇബ്റാഹീമിന്റെ. **وإسحاق** ഇസ്ഹാഖിന്റെയും. **إن ربك** നിശ്ചയമായും നിന്റെ റബ്ബ്. **عليم** (സർവ്വ) ജ്ഞനാണ്. **حكيم** അഗാധജ്ഞൻ, യുക്തിമാൻ.

ഈ സ്വപ്ന വിവരം സഹോദരൻമാർ അറിയുന്നപക്ഷം, അവർക്കു യൂസുഫ് (عليه السلام) നോടു അസൂയ തോന്നിയേക്കുമെന്നും, അങ്ങിനെ അദ്ദേഹത്തിനെതിരായി വല്ല കുതന്ത്രങ്ങളും പ്രവർത്തിച്ചു അദ്ദേഹത്തെ എന്തെങ്കിലും കെണിയിൽ അകപ്പെടുത്തിയേക്കുമെന്നും യഅ്ഖൂബ് (عليه السلام) ഭയപ്പെട്ടു. കിട്ടുന്ന അവസരമെല്ലാം അതിസമർത്ഥമായി ഉപയോഗപ്പെടുത്തിയും, സന്ദർഭത്തിനൊത്ത ദുഷ്പ്രേരണകൾ നൽകിയും മനുഷ്യനെ വഞ്ചിക്കുക പിശാചിന്റെ പണിയാണല്ലോ. അതുകൊണ്ടു ഈ വിവരം സഹോദരൻമാരെ അറിയിക്കരുതെന്നു അദ്ദേഹം യൂസുഫ് (عليه السلام) നെ വിലക്കി. സ്വപ്നത്തിന്റെ ഒരു സമാന്യവ്യാഖ്യാനം അദ്ദേഹത്തെ അറിയിക്കുകയും ചെയ്തു. സ്വപ്നത്തിൽ സൂചനയുള്ളതുപോലെ, നിന്റെ റബ്ബ് നിനക്കു ഉയർന്ന പദവികൾ നൽകി നിന്നെ ഉൽകൃഷ്ടനാക്കും; സ്വപ്നവാർത്തകളുടെയും മറ്റും വ്യാഖ്യാന വിജ്ഞാനങ്ങൾ നൽകി നിന്നെ അവൻ അനുഗ്രഹിക്കും; നിന്റെ പിതാമഹൻമാരായ ഇബ്റാഹീം (عليه السلام) നബി,

ഇസ്ഹാഖ് (عليه السلام) നബി എന്നിവര്‍ക്കു പ്രവാചകത്വം തുടങ്ങിയ അനുഗ്രഹങ്ങള്‍ നല്‍കിയിരുന്നതുപോലെ നിനക്കും അവന്‍ ഉന്നത പദവികള്‍ തന്നനുഗ്രഹിച്ചേക്കും; അങ്ങനെ, നിനക്കു പ്രത്യേകിച്ചും, നിന്‍റെ പിതൃകുടുംബത്തിനു പൊതുവായും അതു വമ്പിച്ച അനുഗ്രഹമായിത്തീര്‍ന്നേക്കും എന്നൊക്കെ യഅ്ഖൂബ് (عليه السلام) പുത്രനെ മനസ്സിലാക്കി. ആ വന്ദ്യപിതാവിന്‍റെ പ്രവചനങ്ങളെല്ലാം തന്നെ യഥാര്‍ത്ഥമായി പിന്നീടു പുലര്‍ന്നിട്ടുണ്ടെന്നു താഴെ വചനങ്ങളില്‍ നിന്നു സ്പഷ്ടമാകുന്നതാണ്. 100-ാം വചനത്തില്‍ യൂസുഫ് (عليه السلام) അതു വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നതും കാണാം.

യഅ്ഖൂബ് (عليه السلام) നബിയുടെ മറ്റൊരു പേരാണു ഇസ്രാഈല്‍ എന്നും, അദ്ദേഹത്തിന്‍റെ പന്ത്രണ്ടുമക്കളുടെ സന്താന പരമ്പരകള്‍ക്കാണു 'ബനൂഇസ്റാഈല്‍' (ഇസ്റാഈല്‍ സന്തതികള്‍) എന്നു പറയുന്നതെന്നും മുമ്പു നാം പ്രസ്താവിച്ചു കഴിഞ്ഞിട്ടുണ്ട്. പന്ത്രണ്ടു മക്കളില്‍ അവസാനത്തെ രണ്ടു മക്കളായിരുന്നു യൂസുഫും, ബിന്‍യാമീനും. ഇവര്‍ രണ്ടാളും ഒരു മാതാവില്‍ നിന്നുളളവരായിരുന്നുവെന്നും, ഇവര്‍ രണ്ടാളോടും-പ്രത്യേകിച്ചും യൂസുഫിനോടു-പിതാവിന് കൂടുതല്‍ വാത്സല്യമുണ്ടായിരുന്നുവെന്നും, അതുകൊണ്ടു മൂത്ത പുത്രന്‍മാര്‍ക്ക് അവരുടെ നേരെ അനിഷ്ടം തോന്നിയിരുന്നുവെന്നും ഖുര്‍ആന്‍ വ്യാഖ്യാതാക്കള്‍ പറഞ്ഞുകാണുന്നു. ബൈബിളിലും അപ്രകാരം കാണാം.

റസൂല്‍ (صلى الله عليه وسلم) തിരുമേനി അരുളിച്ചെയ്തതായി അബൂ ഖത്താദഃ (رضي الله عنه) പ്രസ്താവിച്ചിരിക്കുന്നു: 'നല്ല സ്വപ്നം അല്ലാഹുവിങ്കല്‍നിന്നുളളതാണു. ദുസ്വപ്നം പിശാചില്‍ നിന്നുമാകുന്നു. നിങ്ങളിലാരെങ്കിലും താന്‍ ഇഷ്ടപ്പെടുന്ന സ്വപ്നം കണ്ടാല്‍, അവന്‍ ഇഷ്ടപ്പെടുന്ന ആളോടല്ലാതെ അതിനെക്കുറിച്ചു സംസാരിക്കരുത്. ഒരാള്‍ തനിക്കു അനിഷ്ടമായ സ്വപ്നം കണ്ടാല്‍, അതിന്‍റെ ദോഷത്തില്‍നിന്നും, പിശാചിന്‍റെ ദോഷത്തില്‍നിന്നും അവന്‍ അല്ലാഹുവിനോടു രക്ഷ തേടിക്കൊളളട്ടെ. മൂന്നു പ്രാവശ്യം അവന്‍ തുപ്പുകയും ചെയ്തുകൊളളട്ടെ. അതിനെപ്പറ്റി ആരോടും പറയുകയുംചെയ്യരുത്. എന്നാല്‍ അതവനു ഉപദ്രവം വരുത്തുകയില്ല.' (ബു; മു) ജാബിര്‍ (رضي الله عنه) ഉദ്ധരിച്ച ഹദീസിലെ വാചകം ഇങ്ങിനെയാണ്; 'നിങ്ങളിലൊരാള്‍ അവനു അനിഷ്ടകരമായ സ്വപ്നം കണ്ടാല്‍, അവന്‍ തന്‍റെ ഇടഭാഗത്തേക്കു മൂന്നുപ്രാവശ്യം തുപ്പുകയും, മൂന്നു പ്രാവശ്യം പിശാചില്‍നിന്നു അല്ലാഹുവിനോടു രക്ഷ തേടുകയും, അവന്‍ കിടന്നിരുന്നഭാഗം മാറി തിരിഞ്ഞുകിടക്കുകയും ചെയ്തുകൊളളട്ടെ.' (മു.) പിശാചിനെക്കുറിച്ചുളള വെറുപ്പു പ്രകടിപ്പിക്കുകയാണു തുപ്പല്‍കൊണ്ടുദ്ദേശ്യം. അഥവാ ഉമിനീര്‍ തുപ്പിക്കളയുകയെന്നല്ല.

വിഭാഗം-2

7 തീര്‍ച്ചയായും, യൂസുഫിലും, അദ്ദേഹത്തിന്‍റെ സഹോദരന്‍മാരിലും ചോദി(ച്ചന്വേഷി)ക്കുന്നവര്‍ക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ടായിട്ടുണ്ട്.	۞ لَّقَدْ كَانَ فِي يُوسُفَ وَإِخْوَتِهِۦٓ ءَايَٰتٌ لِّلسَّآئِلِينَ ٧

7 لَقَدْ كَانَ തീര്‍ച്ചയായും ഉണ്ടായിട്ടുണ്ട്, ഉണ്ടായിരുന്നു. فِي يُوسُف യൂസുഫിലും. وَإِخْوَتِه അദ്ദേഹത്തിന്‍റെ സഹോദരന്‍മാരിലും. آيَات പല ദൃഷ്ടാന്തങ്ങള്‍. لِلسَّائِلِين ചോദിക്കുന്ന (അന്വേഷിക്കുന്ന) വര്‍ക്ക്.

അസൂയ മുതലായ ദുസ്വഭാവങ്ങള്‍മൂലം ഏര്‍പ്പെടാവുന്ന ഭവിഷ്യത്തുകള്‍, നിഷ്കളങ്കത, ക്ഷമ മുതലായ സല്‍സ്വഭാവങ്ങള്‍ മൂലം ലഭിക്കുന്ന നേട്ടങ്ങള്‍, മാതാപിതാക്കള്‍ക്കു മക്കള്‍മൂലം അനുഭവിക്കേണ്ടി വരുന്ന ബുദ്ധിമുട്ടുകള്‍, മാതാപിതാക്കളുടെ ഉപദേശം മക്കള്‍ക്കു ആദ്യം സ്വീ

കാര്യമായി തോന്നാതിരുന്ന ശേഷം പിന്നീടു അനുഭവം കൊണ്ടു ബോധ്യപ്പെടുന്നതിന്റെ ഉദാഹരണങ്ങൾ, പരീക്ഷണങ്ങളിൽ ക്ഷമാപൂർവ്വം കാര്യങ്ങൾ അല്ലാഹുവിൽ അർപ്പിക്കുന്നതിന്റെ സൽഫലങ്ങൾ, അല്ലാഹു ഈ ലോകത്തു നടപ്പിൽ വരുത്തുവാൻ പോകുന്ന കാര്യങ്ങൾക്കു അവൻ കാരണങ്ങൾ ശരിപ്പെടുത്തി കളമൊരുക്കുന്നതിന്റെ ഉദാഹരണങ്ങൾ എന്നിങ്ങിനെ എത്രയോ പാഠങ്ങൾ അന്വേഷണബുദ്ധിയുള്ളവർക്കു ഈ കഥയിൽ നിന്നു മനസ്സിലാക്കുവാൻ കഴിയുന്നതാണ്. والله الموفق

إِذْ قَالُوا۟ لَيُوسُفُ وَأَخُوهُ أَحَبُّ إِلَىٰٓ أَبِينَا مِنَّا وَنَحْنُ عُصْبَةٌ إِنَّ أَبَانَا لَفِى ضَلَـٰلٍ مُّبِينٍ ﴿٨﴾

8 (അതെ) അവർ (തമ്മിൽ) പറഞ്ഞ സന്ദർഭം (ഓർക്കുക): ''നാം ഒരു (ശക്തമായ) സംഘമുണ്ടായിരുന്നിട്ടും യൂസുഫും അവന്റെ സഹോദരനും തന്നെയാണ് നമ്മുടെ പിതാവിന് നമ്മെക്കാൾ ഇഷ്ടപ്പെട്ടവർ. നിശ്ചയമായും, നമ്മുടെ പിതാവ് സ്പഷ്ടമായ ഒരു വഴിപിഴവിൽ തന്നെയാണ്.''

---

8 إذ قالوا അവർ പറഞ്ഞ സന്ദർഭം. ليوسف യൂസുഫ് തന്നെ. وأخوه അവന്റെ സഹോദരനും. أحب അധികം ഇഷ്ടപ്പെട്ട (വർ) തു. إلى أبينا നമ്മുടെ ബാപ്പക്ക്. منا നമ്മെക്കാൾ. ونحن ഞങ്ങളാകട്ടെ, നാം. عصبةٌ ഒരു സംഘമാണ്, കൂട്ടമുണ്ട് (എന്നിട്ടും). إن أبانا നിശ്ചയമായും നമ്മുടെ പിതാവ്. لفي ضلال ഒരു വഴിപിഴവിൽ തന്നെ. مبين പ്രത്യക്ഷമായ.

'അവന്റെ സഹോദരൻ' എന്നു പറഞ്ഞതു ബിൻയാമീനെ ഉദ്ദേശിച്ചാകുന്നു. അവരുടെ അസൂയ വളരെ ശക്തമായിരുന്നുവെന്നു ഇതിൽ നിന്നു വ്യക്തമാണല്ലോ. അവർ തുടർന്നു പറയുന്നതു നോക്കുക:

ٱقْتُلُوا۟ يُوسُفَ أَوِ ٱطْرَحُوهُ أَرْضًا يَخْلُ لَكُمْ وَجْهُ أَبِيكُمْ وَتَكُونُوا۟ مِنۢ بَعْدِهِۦ قَوْمًا صَـٰلِحِينَ ﴿٩﴾

9 ''നിങ്ങൾ യൂസുഫിനെ കൊലപ്പെടുത്തണം, അല്ലെങ്കിൽ അവനെ വല്ല ഭൂമിയിലും (കൊണ്ടുപോയി) ഇട്ടേക്കണം; (എന്നാൽ) നിങ്ങളുടെ പിതാവിന്റെ മുഖം നിങ്ങൾക്ക് ഒഴിവായിക്കിട്ടും; അതിനുശേഷം, നിങ്ങൾ നല്ല ജനമായിത്തീരുകയും ചെയ്യാം.''

---

9 اقتلوا നിങ്ങൾ കൊല്ലുവിൻ, വധിക്കണം. يوسف യൂസുഫിനെ. أواطرحوه അല്ലെങ്കിൽ അവനെ ഇടുവിൻ. أرضا വല്ല ഭൂമിയിലും. يخلُ എന്നാൽ ഒഴിവായിത്തീരും (ഒഴിഞ്ഞുകിട്ടും). لكُم നിങ്ങൾക്കു. وجه മുഖം. أبيكُم നിങ്ങളുടെ പിതാവിന്റെ. وتكونوا നിങ്ങളായിരിക്കയും ചെയ്യും, ആയിരിക്കയും ചെയ്യാം. من بعده അതിനുശേഷം, അവന്റെ പിന്നീട്. قوما ഒരു ജനം (ആളുകൾ). صالحين നല്ലവരായ.

ഏതെങ്കിലും വിധേന യൂസുഫിന്റെ കഥ കഴിക്കുക, അല്ലെങ്കിൽ പിതാവിങ്കലേക്കു തിരിച്ചുവരാത്തവണ്ണം വല്ല വിദൂര സ്ഥലത്തും കൊണ്ടുപോയി അവനെ നാടുകടത്തി വിടുക. രണ്ടിലൊന്നു ചെയ്താൽ, ആദ്യം പിതാവിനു കുറേയൊക്കെ മനോവേദനയും ബുദ്ധിമുട്ടും അനുഭവപ്പെടുമെങ്കിലും കുറച്ചു കഴിയുമ്പോൾ അതൊക്കെ ശരിപ്പെട്ടുകൊള്ളും. അങ്ങിനെ,

പിതാവിൻെറ സ്നേഹവും മുഖവും നമ്മോടായിത്തീരുന്നതാണ്. തൽക്കാലം ഇങ്ങിനെ ഒരു അപരാധം നാം പ്രവർത്തിച്ചാലും പിന്നീടു ഖേദിച്ചുമടങ്ങി നമുക്കു നല്ലവരായിത്തീരുകയും ചെയ്യാമല്ലോ. എന്നൊക്കെയാണു അവർ തമ്മിൽ പറഞ്ഞതിൻെറ താൽപര്യം. പിതാവിനു യൂസുഫിനോടും ബിൻയാമീനോടുമാണ് അവരെക്കാൾ സ്നേഹമുള്ളതെങ്കിലും, യൂസുഫിനോടാണ് ഏറ്റവുമധികം സ്നേഹമുള്ളതെന്നും, അതുകൊണ്ടാണു യൂസുഫിനെക്കുറിച്ചു അവർ ഇങ്ങിനെ അഭിപ്രായപ്പെടുവാൻ കാരണമെന്നും അവരുടെ പ്രസ്താവനകൊണ്ടു മനസ്സിലാകുന്നു.

قَالَ قَآئِلٌ مِّنْهُمْ لَا تَقْتُلُواْ يُوسُفَ وَأَلْقُوهُ فِي غَيَٰبَتِ ٱلْجُبِّ يَلْتَقِطْهُ بَعْضُ ٱلسَّيَّارَةِ إِن كُنتُمْ فَٰعِلِينَ ﴿١٠﴾

10 അവരിൽ നിന്ന് ഒരു വക്താവ് പറഞ്ഞു: നിങ്ങൾ യൂസുഫിനെ കൊലപ്പെടുത്തരുത്; അവനെ (ഒരു) കിണറ്റിൻെറ അഗാധതയിൽ ഇട്ടേക്കുകയും ചെയ്യുക; (ഏതെങ്കിലും) ചില യാത്രാസംഘം അവനെ കണ്ടെടുത്തു (കൊണ്ടുപോയി) കൊള്ളും, നിങ്ങൾ ചെയ്യുന്നവരാണെങ്കിൽ. [ചെയ്തേ തീരുവെങ്കിൽ അത്ര ചെയ്താൽ മതി]

---

10 **قَالَ** പറഞ്ഞു. **قَائِلٌ** പറയുന്നവൻ, ഒരു വക്താവ്. **منهم** അവരിൽനിന്ന്. **لا تقتُلوا** നിങ്ങൾ കൊല്ലരുത്, വധിക്കരുത്,. **يوسف** യൂസുഫിനെ. **وألْقُوه** അവനെ ഇട്ടേക്കുവിൻ. **في غَيَابت** മറവിൽ, കുണ്ടിൽ, അഗാധതയിൽ, ആഴത്തിൽ, ഇരുട്ടിൽ. **الْجب** കിണറ്റിൻെറ, ആഴക്കുഴിയുടെ. **يلْتقطه** അവനെ കണ്ടെടുത്തുകൊള്ളും. **بعض السيارة** യാത്ര സംഘക്കാരിൽ ചിലർ. **إن كُنتم** നിങ്ങളാണെങ്കിൽ. **فاعلين** ചെയ്യുന്നവർ, പ്രവർത്തിക്കുന്നവർ.

സഹോദരൻമാർ എല്ലാവരും അസൂയാലുക്കളാണെങ്കിലും അവരിൽ ചിലർക്ക് അൽപം ദയ തോന്നി. യൂസുഫ് (عليه السلام) നോട് കൃപ തോന്നിയ ഈ വക്താവിൻെറ പേർ അല്ലാഹു പറഞ്ഞിട്ടില്ല. പേരറിഞ്ഞതുകൊണ്ടു പ്രത്യേക പ്രയോജനമില്ലതാനും. അദ്ദേഹത്തെ രക്ഷപ്പെടുത്തണമെന്നുദ്ദേശിച്ചുകൊണ്ട് രൂബേൻ (റൂബീൻ) എന്ന സഹോദരൻ അവനെ കൊലപ്പെടുത്തരുതെന്നും, അവൻെറ മേൽ കൈവെക്കാതെ മരുഭൂമിയിലെ കുഴിയിൽ ഇടുവിൻ എന്നും പറഞ്ഞതായും, കിണറ്റിലിട്ടശേഷം യഹൂദാ എന്ന സഹോദരൻ: നാം നമ്മുടെ സഹോദരനെ കൊന്നിട്ടെന്തു പ്രയോജനം? അവനെ നാം യാത്രാക്കൂട്ടത്തിനു വിൽക്കുക എന്നു പറഞ്ഞതായും ബൈബിളിൽ പറഞ്ഞിരിക്കുന്നു. ഇതായിരിക്കാം ഈ വക്താവു റൂബീനായിരുന്നുവെന്ന് ഖുർആൻ വ്യാഖ്യാതാക്കളിൽ ഒരു വിഭാഗവും, യഹൂദായായിരുന്നുവെന്നു വേറൊരു വിഭാഗവും പറയുവാൻ കാരണം.

جب (ജുബ്ബ്) എന്നാൽ, പടുത്തുയർത്തുകയോ, മതിൽ കെട്ടുകയോ ചെയ്യാത്ത കുഴിക്കിണർ എന്നാണർത്ഥം. 'വെള്ളമില്ലാത്ത പൊട്ടക്കുഴി' യായിരുന്നു അതെന്നാണു ബൈബിളിൽ പറയുന്നത്. (ഉൽപ: 37ൽ 24) പക്ഷേ, താഴെ 19-ം വചനത്തിൽനിന്നു അതുവെള്ളമുള്ള കിണറായിരുന്നുവെന്ന് വ്യക്തമാകുന്നുണ്ടുതാനും. സഹോദരന്മാർ തങ്ങളുടെ ഗൂഢാലോചന നടപ്പിൽ വരുത്തുവാൻ ഇങ്ങിനെ ഒരു സൂത്രം പ്രയോഗിച്ചു:-

قَالُواْ يَٰٓأَبَانَا مَا لَكَ لَا تَأْمَ۬نَّا عَلَىٰ يُوسُفَ وَإِنَّا لَهُۥ لَنَٰصِحُونَ ﴿١١﴾

11 അവർ പറഞ്ഞു: ''ഞങ്ങളുടെ ബാപ്പാ, നിങ്ങൾക്കെന്താണ് -യൂസുഫിനെപ്പറ്റി നിങ്ങൾ ഞങ്ങളെ വിശ്വസിക്കുന്നില്ല? ഞങ്ങൾ അവന് ഗുണകാംക്ഷികൾതന്നെയാണു താനും (-എന്നിട്ടും)!

12 ‘‘നാളെ അവനെ ഞങ്ങളുടെ കൂടെ അയച്ചുതരുക, അവന്‍ (തിന്നും കുടിച്ചും) സുഖിച്ചു നടക്കുകയും, കളിക്കുകയും ചെയ്യട്ടെ. നിശ്ചയമായും, ഞങ്ങള്‍ അവനെ കാ(ത്തു രക്ഷി)ക്കുന്നവരുമാകുന്നു.’’

أَرْسِلْهُ مَعَنَا غَدًا يَرْتَعْ وَيَلْعَبْ وَإِنَّا لَهُۥ لَحَٰفِظُونَ ﴿١٢﴾

---

11 قَالُوا അവര്‍ പറഞ്ഞു. يَا أَبَانَا ഞങ്ങളുടെ പിതാവേ, ബാപ്പാ. مَا لَكَ നിങ്ങള്‍ക്കെന്താണ്. لَا تَأْمَنَّا നിങ്ങള്‍ ഞങ്ങളെ വിശ്വസിക്കുന്നില്ല. عَلَى يُوسُفَ യൂസുഫിനെപ്പറ്റി. وَإِنَّا ഞങ്ങളാകട്ടെ. لَهُ അവന് (അവന്‍റെ). لَنَاصِحُونَ ഗുണകാംക്ഷികള്‍ തന്നെയാണ്. 12 أَرْسِلْهُ അവനെ അയക്കുക. مَعَنَا ഞങ്ങളുടെ കൂടെ. غَدًا നാളെ. يَرْتَعْ അവന്‍ മേഞ്ഞ് (തിന്നും കുടിച്ചും സ്വതന്ത്രമായി) നടന്നുകൊള്ളട്ടെ. وَيَلْعَبْ കളിക്കുകയും ചെയ്യട്ടെ. وَإِنَّا لَهُ നിശ്ചയമായും ഞങ്ങള്‍ അവനെ. لَحَافِظُونَ കാക്കുന്ന (സൂക്ഷിക്കുന്ന)വര്‍ തന്നെയാണ്.

മരുഭൂമിയില്‍ പോയി ആടുകളെ മേക്കല്‍ പതിവായിരുന്ന ആ സഹോദരന്മാരോടൊന്നിച്ചു യൂസുഫിനെ വിട്ടയക്കുവാന്‍ യഅ്ഖൂബ് (عليه السلام) നു ഭയമായിരുന്നുവെന്നും, അതുകൊണ്ടു അദ്ദേഹത്തെ അവരോടൊപ്പം പോകുവാന്‍ അനുവദിക്കാറുണ്ടായിരുന്നില്ലെന്നും, അവരുടെ വാക്കുകളില്‍നിന്നു മനസ്സിലാക്കാം. അതുകൊണ്ടുതന്നെയാണു തങ്ങള്‍ യൂസുഫിന്‍െറ വലിയ ഗുണകാംക്ഷികളായി അവര്‍ അഭിനയിച്ചതും, അവന്‍ ഞങ്ങളുടെ അനുജനല്ലേ, ഞങ്ങളുടെ ഒന്നിച്ചു മരുഭൂമിയില്‍ വന്നു പഴവര്‍ഗ്ഗങ്ങളും മറ്റും തിന്നും, വെള്ളം കുടിച്ചും, ഓടിച്ചാടി നടന്നും ആനന്ദംകൊള്ളുവാന്‍ അവനും ആഗ്രഹമുണ്ടാകുമല്ലോ. അതിനൊരവസരം നാളെത്തന്നെയുണ്ടാക്കിത്തരണം. ഞങ്ങള്‍ അവന്‍െറ ഗുണകാംക്ഷികളാകകൊണ്ടു അവനു വല്ല അപകടവും വരുന്നതു ഞങ്ങള്‍ തികച്ചും കാത്തു സൂക്ഷിക്കുകതന്നെ ചെയ്യും എന്നൊക്കെ അവര്‍ പിതാവിനെ ധരിപ്പിച്ചു. എന്നിട്ടും പിതാവിനു അവരെക്കുറിച്ചു വിശ്വാസം വരുന്നില്ല. അദ്ദേഹം ഒഴികഴിവു പറഞ്ഞുനോക്കി.

13 അദ്ദേഹം പറഞ്ഞു; ‘‘നിശ്ചയമായും ഞാന്‍, അവനെ നിങ്ങള്‍ കൊണ്ടുപോകുന്നത് എന്നെ വ്യസനിപ്പിക്കുക തന്നെ ചെയ്യുന്നു; നിങ്ങള്‍ അവനെപ്പറ്റി അശ്രദ്ധരായിരിക്കെ, അവനെ ചെന്നായ (പിടിച്ചു) തിന്നുന്നതിനെ ഞാന്‍ ഭയപ്പെടുകയും ചെയ്യുന്നു.’’

قَالَ إِنِّي لَيَحْزُنُنِيٓ أَن تَذْهَبُوا۟ بِهِۦ وَأَخَافُ أَن يَأْكُلَهُ ٱلذِّئْبُ وَأَنتُمْ عَنْهُ غَٰفِلُونَ ﴿١٣﴾

14 അവര്‍ പറഞ്ഞു: ‘‘ഞങ്ങള്‍ ഒരു (ശക്തമായ) സംഘം ഉണ്ടായിട്ടും അവനെ ചെന്നായ(പിടിച്ചു)തിന്നുവെങ്കില്‍, നിശ്ചയമായും, അപ്പോള്‍, ഞങ്ങള്‍ നഷ്ടക്കാര്‍ തന്നെയാണല്ലോ.’’

قَالُوا۟ لَئِنْ أَكَلَهُ ٱلذِّئْبُ وَنَحْنُ عُصْبَةٌ إِنَّآ إِذًا لَّخَٰسِرُونَ ﴿١٤﴾

---

13 قَالَ അദ്ദേഹം പറഞ്ഞു. إِنِّي നിശ്ചയമായും ഞാന്‍. لَيَحْزُنُنِي എന്നെ വ്യസനിപ്പിക്കുകതന്നെ ചെയ്യുന്നു. أَنْ تَذْهَبُوا നിങ്ങള്‍ പോകുന്നത്. بِهِ അവനെ കൊണ്ട്. وَأَخَافُ ഞാന്‍ ഭയപ്പെടുകയും ചെയ്യുന്നു. أَنْ يَأْكُلَهُ അവനെ തിന്നുന്നത്. الذِّئْبُ ചെന്നായ. وَأَنْتُمْ നിങ്ങളായിരിക്കെ. عَنْهُ അവനെപ്പറ്റി. غَافِلُونَ അശ്രദ്ധര്‍. 14 قَالُوا അവര്‍ പറഞ്ഞു. لَئِنْ أَكَلَهُ അവനെ തിന്നുവെങ്കില്‍. الذِّئْبُ ചെന്നായ. وَنَحْنُ ഞങ്ങള്‍ ആ

യി (ഉണ്ടായി)രിക്കെ. **عصبةٌ** ഒരു സംഘം, കൂട്ടം. **إنا إذًا** എന്നാൽ (അപ്പോൾ) നിശ്ചയമായും ഞങ്ങൾ. **لخاسرونَ** നഷ്ടക്കാർ തന്നെ.

യൂസുഫ് (عليه السلام) നെ അവരോടൊപ്പം പറഞ്ഞയക്കാതിരിക്കുവാനുള്ള കാരണം പിതാവു വിവരിച്ചു. എന്നാൽ, തങ്ങൾ ചെയ്‌വാൻപോകുന്ന കടുംകൈ ചെയ്തശേഷം അതിൽനിന്നു പിതാവിനോട് ഒഴികഴിവുപറഞ്ഞു കഴിച്ചുലാകുവാനുള്ള മാർഗ്ഗം പിതാവിന്റെ വാക്കുകളിൽ നിന്നുതന്നെ അവർക്കു കിട്ടി. അതേ ഒഴികഴിവു തന്നെയാണവർ പിന്നീടു പറഞ്ഞതെന്നു 17-ാം വചനത്തിൽ കാണാവുന്നതാണ്.

ഞങ്ങൾ ശക്തമായ ഒരു സംഘം ആളുകളുണ്ട്; ഞങ്ങൾ അവനെ ശരിക്കു കാത്തുസൂക്ഷിക്കുകയും ചെയ്യും; എന്നിരിക്കെ, അവനെ ചെന്നായ പിടിക്കുമെന്നു ഭയപ്പെടേണ്ടതില്ല; എന്നി, അങ്ങിനെ സംഭവിക്കുകയാണെങ്കിൽ അതിൽ ഞങ്ങളും വമ്പിച്ച നഷ്ടക്കാരായിരിക്കുമല്ലോ. അതുകൊണ്ടു അവനെ രക്ഷിക്കുവാൻ ഞങ്ങൾ പരമാവധി ശ്രമിക്കുമെന്നും, അവന്റെ കാര്യത്തിൽ ഞങ്ങളെ വിശ്വസിക്കാതിരിക്കുവാൻ ഒരു കാരണവുമില്ലെന്നും അവർ സമർത്ഥിച്ചു. അങ്ങനെ ആദ്യം വളരെ മടിച്ചുവെങ്കിലും അവസാനം യൂസുഫ് (عليه السلام) അവരൊന്നിച്ചു അയച്ചുകൊടുക്കുവാൻതന്നെ അദ്ദേഹം സമ്മതിച്ചു. ബൈബിളിൽ ഈ ഭാഗം വിവരിച്ചിരിക്കുന്നതു നേരെ മറിച്ചാണ്. സഹോദരന്മാർ അപ്പന്റെ ആടുകളെ മേയ്ക്കാൻ ശൈഖേമി (شكيم) ലേക്കു പോയിരുന്നു: അവരുടെ സുഖവിവരം പോയി അറിഞ്ഞുവരുവാൻവേണ്ടി യോസഫിനെ അവരുടെ അടുക്കലേക്കയച്ചു: അവൻ ചെല്ലുന്നതു കണ്ടപ്പോൾ സ്വപ്നക്കാരൻ വരുന്നുണ്ടെന്നും മറ്റും പറഞ്ഞു സഹോദരൻമാർ പരിഹസിച്ചു; അവിടെവെച്ചാണു അവനെ കൊല്ലണമെന്നും പൊട്ടക്കുഴിയിലിട്ടാൽ മതിയെന്നും മറ്റുമുള്ള സംഭാഷണങ്ങൾ നടന്നത് എന്നൊക്കെയാണ് അതിൽ പറയുന്നത്. (ഉൽപ: 37 ൽ 12-25) ബൈബിളിലെ പ്രസ്താവനകൾ യഥാർത്ഥമായി ഗണിക്കുവാൻ നിവൃത്തിയില്ലെന്നുള്ളതിനു ഒരു തെളിവാണിതും.

فَلَمَّا ذَهَبُوا۟ بِهِۦ وَأَجْمَعُوٓا۟ أَن يَجْعَلُوهُ فِى غَيَٰبَتِ ٱلْجُبِّ ۚ وَأَوْحَيْنَآ إِلَيْهِ لَتُنَبِّئَنَّهُم بِأَمْرِهِمْ هَٰذَا وَهُمْ لَا يَشْعُرُونَ ﴿١٥﴾

15 അങ്ങനെ, അവർ അദ്ദേഹത്തെ കൊണ്ടു പോകുകയും, അദ്ദേഹത്തെ കിണറ്റിന്റെ അഗാധതയിലാക്കുവാൻ അവർ ഏകോപി(ച്ചുറപ്പി)ക്കുകയും ചെയ്തപ്പോൾ...! [അതവർ നടപ്പിൽ വരുത്തുക തന്നെ ചെയ്തു] നാം അദ്ദേഹത്തിന് ബോധനം നൽകുകയും ചെയ്തു ''അവരുടെ ഈ കാര്യത്തെ [ചെയ്തിയെ]പ്പറ്റി നീ അവരെ (ഒരിക്കൽ) ബോധപ്പെടുത്തുക തന്നെ ചെയ്യുമെന്ന്, അവരാകട്ടെ, അറിയുകയുമില്ല.

---

15 **فَلما ذَهبوا** അങ്ങനെ (എന്നിട്ടു) അവർ പോയപ്പോൾ. **به** അവനെയും കൊണ്ട്. **وأجمعوا** അവർ ഏകോപിക്കുക(തീർച്ചപ്പെടുത്തുക)യും. **أن يجعلُوه** അദ്ദേഹത്തെ അവർ ആക്കുവാൻ. **في غَيابت** അടി (അഗാധത)യിൽ. **الْجب** കിണറ്റിന്റെ, ആഴക്കുഴിയുടെ. **وأوحينا** നാം വഹ്‌യു (ബോധനം) നൽകുകയും ചെയ്തു. **إليه** അദ്ദേഹത്തിന്. **لَتنبئنهم** നിശ്ചയമായും നീ അവരെ ബോധപ്പെടുത്തുമെന്ന്. **بأمرهم** അവരുടെ കാര്യ (വിഷയത്തെ)പ്പറ്റി. **هذا** ഈ. **وهم** അവരാകട്ടെ, അവരായിരിക്കെ. **لا يشعرونَ** അറിയുകയില്ല, അറിയാതെ.

സഹോദരൻമാർ ഏകോപിച്ച് അദ്ദേഹത്തെ കിണറ്റിലിട്ട് കൃതാർത്ഥരായി. പക്ഷേ, അല്ലാഹു യൂസുഫ് (عليه السلام) നെ ആശ്വസിപ്പിച്ചു. അവരുടെ ഈ അക്രമത്തെക്കുറിച്ചു അവരെ ബോധവാൻമാരാക്കുന്ന ഒരവസരം വഴിയെ വന്നെത്തുമെന്നു അദ്ദേഹത്തെ അറിയിച്ചു. മൂസാ

(عليه السلام) നബിയെ പ്രസവിച്ചപ്പോൾ, ഫിർഔന്റെ ആൾക്കാർ കുട്ടിയെ അറുത്തുകൊല്ലുമെന്നു ഭയപ്പെട്ടിരുന്ന അദ്ദേഹത്തിന്റെ മാതാവിനു കുട്ടിയെ പെട്ടിയിലാക്കി നദിയിലിടണമെന്നും, കുട്ടിയെ തനിക്കു തന്നെ തിരിച്ചു കിട്ടുമെന്നും അല്ലാഹുതോന്നിപ്പിച്ചതിനെ (28: 7 ൽ) പ്പറ്റി പ്രസ്താവിച്ചപ്പോൾ, 'നാം മൂസായുടെ മാതാവിനു ബോധനം നൽകി (واوحينا الى ام موسى) എന്നു പറഞ്ഞിരിക്കുന്നതുപോലെ, യൂസുഫി (عليه السلام) നും അപ്രകാരം തോന്നിപ്പിച്ചു എന്നായിരിക്കും واوحينا اليه (അദ്ദേഹത്തിനു നാം ബോധനം നൽകി) എന്ന വാക്കിന്റെ സാരം .الله اعلم

وهم لا يشعرون (അവരാകട്ടെ, അറിയുകയുമില്ല) എന്ന വാക്യം لتنبئنهم (നീ അവരെ ബോധ്യപ്പെടുത്തുകതന്നെ ചെയ്യും) എന്ന ക്രിയയോടു ബന്ധപ്പെട്ടതായിരിക്കുവാനാണു കൂടുതൽ സാധ്യത കാണുന്നത്. നീ ആരാണെന്നും, നിന്റെ സ്ഥിതിഗതികളെന്താണെന്നും മറ്റും അവർക്കറിഞ്ഞുകൂടാത്ത ഒരവസരത്തിൽ അവരുടെ ഈ ചെയ്തികളെപപറ്റി അവരെ ഓർമ്മിപ്പിക്കുമെന്നായിരിക്കും അപ്പോൾ അതിന്റെ താൽപര്യം. ഈജിപ്തിൽ വെച്ചു പിന്നീടു അതുസംഭവിച്ചതായി 58, 59 വചനങ്ങളിൽ താഴെ വരുന്നുമുണ്ട്. وأوحينا إليه (അദ്ദേഹത്തിനു നാം ബോധനം നൽകി) എന്ന ക്രിയയോടു ബന്ധപ്പെട്ടതായിരിക്കുവാനും സാധ്യതയുണ്ട്. അദ്ദേഹത്തെ അവർ കിണറ്റിലിട്ടശേഷം അദ്ദേഹത്തെ ആശ്വസിപ്പിച്ചും സന്തോഷിപ്പിച്ചും കൊണ്ടു അദ്ദേഹത്തിനു അല്ലാഹു ബോധനം നൽകിയ കഥയൊന്നും അവർക്കറിഞ്ഞുകൂടായിരുന്നുവെന്നായിരിക്കും അപ്പോൾ അതിന്റെ സാരം.

وَجَآءُوٓ أَبَاهُمۡ عِشَآءٗ يَبۡكُونَ ١٦

16 അവർ വൈകുന്നേരം (സന്ധ്യമയങ്ങുമ്പോൾ) അവരുടെ പിതാവിന്റെ അടുക്കൽ കരഞ്ഞും കൊണ്ടു വരുകയും ചെയ്തു.

قَالُواْ يَٰٓأَبَانَآ إِنَّا ذَهَبۡنَا نَسۡتَبِقُ وَتَرَكۡنَا يُوسُفَ عِندَ مَتَٰعِنَا فَأَكَلَهُ ٱلذِّئۡبُۖ وَمَآ أَنتَ بِمُؤۡمِنٖ لَّنَا وَلَوۡ كُنَّا صَٰدِقِينَ ١٧

17 അവർ പറഞ്ഞു: ''ഞങ്ങളുടെ ബാപ്പാ, ഞങ്ങൾ മത്സരിച്ചോടിക്കൊണ്ടുപോയി; യൂസുഫിനെ ഞങ്ങളുടെ സാമാനത്തിങ്കൽ ഞങ്ങൾ വിട്ടേക്കുകയും ചെയ്തു; അങ്ങനെ, അവനെ ചെന്നായ (പിടിച്ചു) തിന്നുകളഞ്ഞു! ഞങ്ങൾ സത്യം പറയുന്നവരായിരുന്നാലും നിങ്ങൾ ഞങ്ങളെ വിശ്വസിക്കുന്നവനല്ലതാനും. [എന്തു ചെയ്വാനാണ്?!]''

وَجَآءُو عَلَىٰ قَمِيصِهِۦ بِدَمٖ كَذِبٖۚ قَالَ بَلۡ سَوَّلَتۡ لَكُمۡ أَنفُسُكُمۡ أَمۡرٗاۖ فَصَبۡرٞ جَمِيلٞۖ وَٱللَّهُ ٱلۡمُسۡتَعَانُ عَلَىٰ مَا تَصِفُونَ ١٨

18 അവർ അദ്ദേഹത്തിന്റെ [യൂസുഫിന്റെ] കുപ്പായത്തിൻമേൽ ഒരു കള്ളച്ചോര കൊണ്ടുവരികയും ചെയ്തു. അദ്ദേഹം [പിതാവ്] പറഞ്ഞു: ''(അതൊന്നുമല്ല,) പക്ഷേ, നിങ്ങളുടെ മനസ്സുകൾ നിങ്ങൾക്ക്(എന്തോ) ഒരു കാര്യം ഭംഗിയാക്കിത്തന്നിരിക്കുന്നു. [അത് നിങ്ങൾ പ്രവർത്തിച്ചിരിക്കയാണ്] എനി, ഭംഗിയായ ക്ഷമ! [അതേ മാർഗ്ഗമുള്ളു] നിങ്ങൾ (ഈ)വിവരിക്കുന്നതിനെപ്പറ്റി സഹായമപേക്ഷിക്കപ്പെടുന്നവൻ അല്ലാഹുവത്രെ.''

16 وجاءُوا അവര്‍ വരുകയും ചെയ്തു. أباهم അവരുടെ പിതാവിങ്കല്‍. عشاءً വൈകുന്നേരം, സന്ധ്യ മയങ്ങുന്നേരം. يبكُونَ അവര്‍ കരഞ്ഞുംകൊണ്ട്. 17 قالُوا അവര്‍ പറഞ്ഞു. يا أبانا ഞങ്ങളുടെ ബാപ്പാ, പിതാവേ. إنا ذَهبنا ഞങ്ങള്‍ പോയി. نستبق മുന്നില്‍ കടക്കുവാന്‍ ശ്രമിച്ചു (മത്സരിച്ചു)കൊണ്ടു. وتركْنا ഞങ്ങള്‍ വിടുക (ഉപേക്ഷിക്കുകയും) ചെയ്തു. يوسف യൂസുഫിനെ. عند متاعنا ഞങ്ങളുടെ സാമാനത്തിന്‍റെ (വിഭവങ്ങളുടെ) അടുക്കല്‍. فَأكَلَه അപ്പോള്‍ (അങ്ങനെ) അവനെ തിന്നു. الذئْب ചെന്നായ. وما أنت നിങ്ങളല്ലതാനും. بمؤمِنٍ വിശ്വസിക്കുന്നവനേ. لنا ഞങ്ങളെ. ولو كُنا ഞങ്ങള്‍ ആയിരുന്നാലും. صادقِين സത്യം പറയുന്നവര്‍, സത്യവാന്‍മാര്‍. 18 وجاءُوا അവര്‍ വരുകയും ചെയ്തു. على قَميصه അദ്ദേഹത്തിന്‍റെ കുപ്പായത്തിന്‍മേല്‍. بِدمٍ ഒരു രക്തവും (ചോരയും) കൊണ്ട്. كَذبٍ വ്യാജമായ, കളവായ. قالَ അദ്ദേഹം പറഞ്ഞു. بلْ പക്ഷെ, എന്നാല്‍, എങ്കിലും. سولَت ഭംഗിയാക്കി (തോന്നിച്ചു) തന്നിരിക്കുന്നു. لَكُم നിങ്ങള്‍ക്ക്. أنفُسكُم നിങ്ങളുടെ സ്വന്തങ്ങള്‍ (മനസ്സുകള്‍). أمرا ഒരു കാര്യം. فَصبر എനി ക്ഷമ. جميلٌ ഭംഗിയായ (നല്ലതായ). والله അല്ലാഹുവത്രെ. المستعانُ സഹായമര്‍ത്ഥിക്കപ്പെടുന്നവന്‍. على ما تصفُونَ നിങ്ങള്‍ വിവരിക്കുന്ന (വര്‍ണ്ണിക്കുന്ന)തിനെപ്പറ്റി.

തങ്ങള്‍ക്ക് പിന്നീട് പറയുവാനുള്ള ഒഴികഴിവ് പിതാവിന്‍റെ വാക്കില്‍നിന്നു മുമ്പു ലഭിച്ചിരുന്നതിനെ അവര്‍ തികച്ചും ഉപയോഗപ്പെടുത്തി. എല്ലാവരുംകൂടി യൂസുഫ് (عليه السلام) നെ കിണറ്റിലിട്ടശേഷം, വൈകുന്നേരം ഇരുട്ടുമൂടാന്‍ പോകുന്ന സമയത്തു പിതാവിന്‍റെ അടുക്കല്‍ അവര്‍ തിരിച്ചെത്തി. കരിച്ചിലും പറച്ചിലുമായി. ഞങ്ങള്‍ അമ്പെയ്തും മറ്റും മരുഭൂമിയില്‍ ഓടിനടന്ന് അവനില്‍നിന്നും അകന്നുപോയി. അവന്‍ ചെറുപ്പമായതുകൊണ്ടു അവനു ഞങ്ങളെപ്പോലെ ഓടാനും, ചാടാനും കഴിവില്ലല്ലോ എന്നുവെച്ച് ഞങ്ങളുടെ ഭക്ഷണവസ്ത്രാദി സാധനങ്ങള്‍ വെച്ചിരുന്ന സ്ഥലത്തു അവനെ നിറുത്തിയിരിക്കയായിരുന്നു. ഞങ്ങള്‍ മടങ്ങി വന്നുനോക്കുമ്പോള്‍ അവനെ ചെന്നായ പിടിച്ചുകഴിഞ്ഞിരിക്കുന്നു! ഇങ്ങിനെയാണു സംഭവിച്ചത്. മുമ്പേ അവന്‍റെ കാര്യത്തില്‍ ഞങ്ങളെ വിശ്വസിക്കാത്ത നിങ്ങള്‍ക്കു ഈ സത്യവും വിശ്വാസ്യമാകുകയില്ല, എന്തുചെയ്യും?! ഇതാ നോക്കൂ: അവന്‍റെ രക്തം പുരണ്ട കുപ്പായം! എന്നൊക്കെ പറഞ്ഞുകൊണ്ട് അവര്‍ കുപ്പായം പിതാവിന്‍റെ മുമ്പില്‍ തെളിവിനു സമര്‍പ്പിച്ചു. ചെന്നായ പിടിച്ചപ്പോള്‍ യൂസഫില്‍നിന്നൊഴുകിയ രക്തമാണതെന്നു കാണിക്കുവാന്‍വേണ്ടി ഏതോ ഒരു കള്ള രക്തം അതിന്‍മേല്‍ അവര്‍ പുരട്ടികൊണ്ടും വന്നിരുന്നു. പക്ഷേ, പലരും പറഞ്ഞു കാണുന്നതുപോലെ-ചെന്നായ പിടിക്കുമ്പോള്‍ കുപ്പായം മാന്തിക്കീറാതിരിക്കയില്ലെന്ന വസ്തുത അവരുടെ ധാരണയില്‍ പെട്ടില്ല. ചോരപുരണ്ടതല്ലാതെ കുപ്പായത്തിനു കീറലൊന്നും പറ്റിയിരുന്നില്ല.

അവര്‍ പറഞ്ഞതെല്ലാം വ്യാജമാണെന്നും, എന്തോ ഒരപകടം അവര്‍ യൂസുഫിനെക്കൊണ്ടു ചെയ്തു കഴിഞ്ഞിട്ടുണ്ടെന്നും യഅ്ഖൂബ് (عليه السلام) നബിക്കു ബോധ്യമായി. എങ്കിലും യഥാര്‍ത്ഥത്തില്‍ സംഭവിച്ചതെന്തെന്നു അദ്ദേഹത്തിനു അറിഞ്ഞുകൂടാ. മറഞ്ഞകാര്യം ആര്‍ക്കും അറിയുകയില്ലല്ലോ. 83-ാം വചനത്തില്‍ കാണാവുന്നതുപോലെ, ഒരിക്കല്‍ യഥാര്‍ത്ഥം പുലരുമെന്നും, യൂസുഫിനു നല്ലൊരു ഭാവി അല്ലാഹു നല്‍കുമെന്നുമുള്ള സല്‍പ്രതീക്ഷ അദ്ദേഹത്തിനു എപ്പോഴും ഉണ്ടായിരുന്നു. സംഭവിച്ചതെന്താണെന്നു അറിയാതിരിക്കെ, എനി ഭംഗിയായി ക്ഷമിക്കുകയും- അസ്വാസ്ഥ്യവും പൊറുതികേടും കാണിക്കാതെ സംയമനം പാലിച്ചുകൊണ്ടിരിക്കുകയും- എല്ലാം അല്ലാഹുവില്‍ അര്‍പ്പിച്ചുകൊണ്ടു അവനോടു സഹായം തേടുകയുമല്ലാതെ മറ്റു പോംവഴികളൊന്നുമില്ലെന്നു അദ്ദേഹം സമാധാനിച്ചു. കിണറ്റിലിട്ട ശേഷമുണ്ടായ കഥ അല്ലാഹു വിവരിക്കുന്നു:-

19 ഒരു യാത്രാസംഘം വന്നു; എന്നിട്ട് അവരുടെ വെള്ളംകോരിയെ അവര്‍(വെള്ളത്തിന്) അയച്ചു; അവന്‍ അവന്‍റെ തൊ

وَجَآءَتۡ سَيَّارَةٞ فَأَرۡسَلُواْ وَارِدَهُمۡ فَأَدۡلَىٰ دَلۡوَهُۥۖ

قَالَ يَٰبُشْرَىٰ هَٰذَا غُلَٰمٌ ۚ وَأَسَرُّوهُ بِضَٰعَةً ۚ وَٱللَّهُ عَلِيمٌۢ بِمَا يَعْمَلُونَ ﴿١٩﴾

ട്ടി (കിണറ്റിൽ) ഇറക്കി. അവൻ പറഞ്ഞു: ''സന്തോഷമേ! ഇതാ, ഒരു ബാലൻ!!'' അവർ അദ്ദേഹത്തെ (എടുത്ത്) ഒരു(കച്ചവട)ചരക്കായി ഒളിച്ചുവെക്കുകയും ചെയ്തു. അല്ലാഹുവാകട്ടെ, അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി അറിയുന്നവനുമാണ്.

وَشَرَوْهُ بِثَمَنٍۭ بَخْسٍ دَرَٰهِمَ مَعْدُودَةٍ وَكَانُوا۟ فِيهِ مِنَ ٱلزَّٰهِدِينَ ﴿٢٠﴾

20 അവർ അദ്ദേഹത്തെ ഒരു നിസ്സാര വിലക്ക്-എണ്ണിക്കണക്കാക്കപ്പെട്ട [അൽപമായ] വെള്ളിപ്പണത്തിന്-വിൽക്കുകയും ചെയ്തു. അവർ അദ്ദേഹത്തിൻെറ കാര്യത്തിൽ താല്പര്യമില്ലാത്തവരിൽ പെട്ടവരായിരുന്നുതാനും.

---

19 **وجاءت** വന്നു. **سيارة** ഒരു യാത്രാ സംഘം. **فأرسلوا** എന്നിട്ടവർ അയച്ചു. **واردهم** അവരുടെ (വക) വെള്ളത്തിന്നു പോകുന്നവനെ. **فأدلى** എന്നിട്ടവൻ താഴ്ത്തി, ഇറക്കി. **دلوه** അവൻെറ തൊട്ടി. **قال** അവൻ പറഞ്ഞു. **يا بشرى** സന്തോഷമേ. **هذا غلام** ഇതാ ഒരു ബാലൻ, ആൺകുട്ടി. **وأسروه** അവർ അദ്ദേഹത്തെ രഹസ്യമാക്കി (ഒളിച്ചു--സ്വകാര്യമാക്കി) വെക്കുകയും ചെയ്തു. **بضاعة** ഒരു ചരക്കായി. **والله** അല്ലാഹുവാകട്ടെ. **عليم** അറിയുന്നവനാണ്. **بما يعملون** അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി. 20 **وشروه** അവർ അദ്ദേഹത്തെ വിറ്റു. **بثمن** ഒരു വിലക്ക്. **بخس** നിസ്സാരമായ, തുച്ഛമായ. **دراهم** അതായത് ദിർഹമു (വെള്ളിപ്പണം) കൾക്ക്. **معدودة** എണ്ണിക്കണക്കാക്കപ്പെട്ട. **وكانوا** അവരായിരുന്നുതാനും. **فيه** അദ്ദേഹത്തി(ൻെറകാര്യത്തി)ൽ. **من الزاهدين** ത്യാഗികളിൽ (താൽപര്യമില്ലാത്ത--ആവശ്യമില്ലാത്തവരിൽ) പെട്ടവർ.

ആ വഴിക്കുവന്ന ഒരു യാത്രാസംഘം അവർക്കു വെള്ളം കൊണ്ടുവരുവാൻ നിയോഗിക്കപ്പെട്ടിരുന്ന ആളെ വെള്ളത്തിനയച്ചു. അവൻ ആ കിണറ്റിൽനിന്നു വെള്ളമെടുക്കുവാൻ വെള്ളത്തൊട്ടി കിണറ്റിലിറക്കി, യൂസുഫ് (عليه السلام) അതിൻമേൽ പിടികൂ ടി. അതുകണ്ട് വെള്ളക്കാരന് അൽഭുതവും സന്തോഷവുമായി. ഹാ! സന്തോഷം! ഇതാ ഒരു പയ്യൻ! എന്നു വിളിച്ചു പറഞ്ഞു: അദ്ദേഹത്തെ കിണറ്റിൽ നിന്നു കയറ്റി വിട്ടയക്കാതെ, ഒരു കച്ചവടച്ചരക്കാക്കി-അടിമയാക്കി-ഒളിച്ചുവെക്കുകയാണവർ ചെയ്തതു. പിന്നീട് വളരെ തുച്ഛം വിലക്കു വിൽക്കുകയും ചെയ്തു. അദ്ദേഹത്തെ വിറ്റവർക്കു അദ്ദേഹത്തിൽ പ്രത്യേക താൽപര്യമൊന്നുമുണ്ടായിരുന്നില്ല. അതുകൊണ്ടാണവർ തുച്ഛം വിലക്കു വിറ്റതു ഇതെല്ലാം അല്ലാഹു അറിഞ്ഞും കണ്ടുംകൊണ്ടു തന്നെയാണു നടന്നത്. അതിലൊക്കെ അവൻ ചില യുക്തികളും പരിപാടികളും കണ്ടുവെച്ചിട്ടുണ്ടായിരുന്നു എന്നൊക്കെയാണു ഈ വചനങ്ങളിൽ പറഞ്ഞതിൻെറ സാരം.

'ദിർഹം' (വെള്ളിപ്പണം) നാൽപതുവരെ എണ്ണം കൊണ്ടും, നാൽപതുമുതൽ തൂക്കം കൊണ്ടുമായിരുന്നു കണക്കാക്കപ്പെട്ടിരുന്നത്. അതുകൊണ്ട് അൽപം ദിർഹമുകൾ എന്ന അർത്ഥത്തിൽ **معدودة** (എണ്ണി കണക്കാക്കപ്പെട്ടതു) എന്നു പറയപ്പെടുന്നു. ഇതിൽനിന്നു നാൽപതിൽ താഴെയുള്ള വെള്ളിപ്പണത്തിനാണു അദ്ദേഹത്തെ വിറ്റതെന്നു മനസ്സിലാക്കാവുന്നതാണ്. ഇരുപതെന്നും, പന്ത്രണ്ടെന്നുമൊക്കെ പറയപ്പെട്ടിട്ടുണ്ട്. സംഖ്യ കൃത്യമായി അറിഞ്ഞതുകൊണ്ടു പ്രത്യേക പ്രയോജനമൊന്നുമില്ലല്ലോ.

اسروه بضاعة (അദ്ദേഹത്തെ അവർ ഒരു ചരക്കായി ഒളിച്ചുവെച്ചു) എന്നും, **شروه** (അവർ അദ്ദേഹത്തെ വിറ്റു, എന്നുമുള്ള ക്രിയയുടെ കർത്താക്കൾ-അഥവാ ഒളിച്ചുവെച്ചതും, വിൽപന നടത്തിയതും-ആരാണെന്നുള്ളതിൽ രണ്ടഭിപ്രായമുണ്ട്: അതായതു രണ്ടും കച്ചവടസംഘമാണെന്നും അതല്ല, യൂസുഫ് (عليه السلام) ൻെറ സഹോദരൻമാരാണെന്നും, ഒന്നാമത്തെ അഭിപ്രായമാണു

അധിക വ്യാഖ്യാതാക്കളും സ്വീകരിച്ചു കാണുന്നതു. സന്ദർഭത്തോടും ആയത്തിലെ വാചകത്തോടും യോജിച്ചതും അതത്രെ. ഇതനുസരിച്ചു അതിൻെറ വിശദീകരണം ഇപ്രകാരമായിരിക്കും: കച്ചവടസംഘം കിണറ്റിൽനിന്നു യൂസുഫു (عليه السلام) നെ കണ്ടെടുത്ത ഉടനെ-അദ്ദേഹത്തെ വിട്ടയക്കുകയോ അദ്ദേഹത്തെപ്പറ്റി ഒരന്വേഷണം നടത്തുകയോ ചെയ്യാതെ-ഒരടിമച്ചരക്കായി ഒളിച്ചുവെച്ചു. മദ്‌യനിൽനിന്നു ഈജിപ്തിലേക്കു പോകുകയായിരുന്ന അവർ അദ്ദേഹത്തെ അവിടെകൊണ്ടുപോയി തുച്ഛം വിലക്കു വിറ്റു. വലിയ ഒരു സംഖ്യക്കു വിൽക്കണമെന്നുള്ള താൽപര്യമൊന്നും അവർക്കുണ്ടായിരുന്നില്ല. കച്ചവടസംഘം കിണറ്റിൽ നിന്നെടുത്ത ഉടനെ ആരും അറിയാതെ ഒളിച്ചുകൊണ്ടുപോയതായിരുന്നാലും, സഹോദരൻമാരിൽനിന്നു വിലക്കുവാങ്ങി കൊണ്ടുപോയതായിരുന്നാലും-രണ്ടായാലും ശരി- അവസാനം അവർ അദ്ദേഹത്തെ ഈജിപ്തിൽ കൊണ്ടുചെന്നു വിൽക്കുക തന്നെ ചെയ്തു.

വിഭാഗം-3

وَقَالَ ٱلَّذِى ٱشْتَرَىٰهُ مِن مِّصْرَ لِٱمْرَأَتِهِۦٓ أَكْرِمِى مَثْوَىٰهُ عَسَىٰٓ أَن يَنفَعَنَآ أَوْ نَتَّخِذَهُۥ وَلَدًا ۚ وَكَذَٰلِكَ مَكَّنَّا لِيُوسُفَ فِى ٱلْأَرْضِ وَلِنُعَلِّمَهُۥ مِن تَأْوِيلِ ٱلْأَحَادِيثِ ۚ وَٱللَّهُ غَالِبٌ عَلَىٰٓ أَمْرِهِۦ وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ﴿٢١﴾

21 മിസ്രിൽ [ഈജിപ്തിൽ]നിന്ന് അദ്ദേഹത്തെ (വിലക്കു) വാങ്ങിയവൻ തൻെറ സ്ത്രീ [ഭാര്യ]യോട് പറഞ്ഞു: "ഇവൻെറ (നമ്മുടെ കൂടെയുള്ള) താമസത്തെ നീ മാന്യമാക്കണം; അവൻ നമുക്ക് പ്രയോജനപ്പെട്ടേക്കാം. അല്ലെങ്കിൽ, നമുക്കവനെ ഒരു (പോറ്റു) കുട്ടിയാക്കി വെക്കാം." അപ്രകാരം, യൂസുഫിന് ഭൂമിയിൽ നാം സൗകര്യമുണ്ടാക്കിക്കൊടുത്തു. വർത്തമാനങ്ങളുടെ വ്യാഖ്യാനത്തിൽനിന്നും അദ്ദേഹത്തിന് നാം പഠിപ്പിക്കുവാൻ വേണ്ടിയും (കൂടി) ആകുന്നു (അത്). അല്ലാഹു അവൻെറ കാര്യത്തിൽ [കാര്യം നടപ്പിൽ വരുത്തുന്നതിൽ] വിജയിക്കുന്നവനാണ്; എങ്കിലും മനുഷ്യരിൽ അധികപേരും അറിയുന്നില്ല.

وَلَمَّا بَلَغَ أَشُدَّهُۥٓ ءَاتَيْنَٰهُ حُكْمًا وَعِلْمًا ۚ وَكَذَٰلِكَ نَجْزِى ٱلْمُحْسِنِينَ ﴿٢٢﴾

22 അദ്ദേഹം തൻെറ പൂർണ്ണശക്തി [പക്വമായ പ്രായം] പ്രാപിച്ചപ്പോൾ, അദ്ദേഹത്തിന് നാം വിജ്ഞാനവും, അറിവും നൽകി. അപ്രകാരം, സുകൃതം ചെയ്യുന്നവർക്ക് നാം പ്രതിഫലം നൽകുന്നതാണ്.

---

21 **وقَالَ الذي** യാതൊരുവൻ പറഞ്ഞു. **اشتراه** അദ്ദേഹത്തെ വാങ്ങിയ. **من مصر** മിസ്രി (ഈജിപ്തി)ൽ നിന്ന്. **لامرأته** തൻെറ സ്ത്രീയോട്, ഭാര്യയോട്. **أكْرمي** നീ ആദരിക്കുക, മാന്യമാക്കണം. **مثْواه** അവൻെറ താമസം, പാർപ്പിടത്തെ. **عسى** ആയേക്കാം. **أن ينفَعنا** അവൻ നമുക്ക് പ്രയോജനപ്പെടുക. **أو نتخذَه** അല്ലെങ്കിൽ നമുക്കവനെ ആക്കാം. **ولَدا** ഒരു സന്താനം, കുട്ടി. **وكَذَلك** അപ്രകാരം. **مكنا** നാം ഹിതം (സൗകര്യം-സ്ഥാനം--ഇടം) നൽകി. **ليوسف** യൂസുഫിന്. **في الأرض** ഭൂമിയിൽ. **ولنعلمه** അദ്ദേഹത്തിന് നാം പഠിപ്പിക്കുവാൻവേണ്ടിയും. **من تأويل** വ്യഖ്യാനത്തിൽ (പൊരുളിൽ) നിന്ന്. **الأحاديث** വർത്തമാനങ്ങളുടെ, വിഷയങ്ങളുടെ. **والله** അല്ലാഹു, അല്ലാഹുവാകട്ടെ. **غَالب** ജയിക്കുന്നവനാണ്. **علَى أمره** അവൻെറ കാര്യത്തിൽ, കാര്യത്തിന്. **ولَكن** എങ്കിലും, പക്ഷേ. **أكْثَر** അധികവും (അധികമാളും). **الناس** മനുഷ്യരിൽ. **لا يعلَمونَ** അറിയുകയില്ല, അവർക്കറിഞ്ഞുകൂടാ. 22 **ولما بلَغَ** അദ്ദേഹം എത്തിയ (പ്രാപിച്ച) പ്പോൾ. **أشده** അദ്ദേഹത്തിൻെറ പൂർണ്ണശക്തി കൂടുതൽ ബലവത്തായ

സ്ഥിതി. **آتيناه** അദ്ദേഹത്തിന് നാം നൽകി. **حكما** വിജ്ഞാനം, വിധി. **وعلما** അറിവും, ജ്ഞാനവും. **وكذلك** അപ്രകാരം, അതുപോലെയത്രെ. **نجزي** നാം പ്രതിഫലം കൊടുക്കുന്നു. **المحسنين** സുകൃതം (നൻമ-സൽഗുണം) ചെയ്യുന്നവർക്ക്.

യൂസുഫ് (عليه السلام) നെ വാങ്ങിയ ഈജിപ്തുകാരൻെറ പേർ ഖുർആനിൽ പറയപ്പെട്ടിട്ടില്ല. 30-ാം വചനത്തിൽ അയാളെപ്പറ്റി 'അസീസ്' (العزيز) എന്ന് വിശേഷിപ്പിച്ചിട്ടുണ്ടെന്ന് മാത്രം. ഇതിൻെറ അർത്ഥം യഥാസ്ഥാനത്തു വിവരിക്കുന്നുണ്ട്. തുടർന്നുള്ള പരാമർശങ്ങളിൽനിന്നും അദ്ദേഹം ഈജിപ്തിൽ വളരെ ഉന്നത പദവിയിലുള്ള ഒരാളായിരുന്നുവെന്നു മനസ്സിലാക്കാം. ഇൗജാവിൻെറ പ്രധാന മന്ത്രിയായിരുന്നുവെന്നും, ധനകാര്യമേലധികാരിയായിരുന്നു വെന്നുമൊക്കെ പറയപ്പെടുന്നുണ്ട്. ബൈബിളിൽ: 'മിദ്യാന്യർ അവനെ മിസ്രയീമിൽ ഫറവോൻെറ (രാജാവായ ഫിർഔൻെറ) ഒരു ഉദ്യോഗസ്ഥനായി അകമ്പടി നായകനായ പോത്തീഫറിന്നു വിറ്റു' എന്നു പറഞ്ഞിരിക്കുന്നു. (ഉൽപ: 37 ൽ 36) ഏതായാലും അദ്ദേഹത്തെ വാങ്ങിയ ആൾ അദ്ദേഹത്തിൽ പല ശുഭ ലക്ഷണങ്ങളുള്ളതായി മനസ്സലാക്കി. തൻെറ പത്നിയായ ഗൃഹനായികയോട് അതു സൂചിപ്പിക്കുകയും അവനെ ഒരടിമയെപ്പോലെ കണക്കാക്കാതെ മാന്യമായ നിലക്കു വീട്ടിൽ പാർപ്പിക്കണമെന്നു കൽപിക്കുകയും ചെയ്തു. ഈ സ്ത്രീയുടെ പേർ സുലൈഖ (زليخا)എന്നാണ് പരക്കെ അറിയപ്പെടുന്നത്. റാഈൽ (راعيل) എന്നായിരുന്നുവെന്നും, റാഈലിൻെറ ഒരു മറുപേരായിരുന്നു സുലൈഖാ എന്നും പറയപ്പെട്ടിട്ടുണ്ട്. **الله اعلم**

ജീവനാശം വരെയുള്ള കഷ്ടാവസ്ഥകളിൽ നിന്നെല്ലാം രക്ഷപ്പെടുത്തി യൂസുഫിനെ ഇങ്ങിനെ മാന്യമായ ഒരു നിലപാടിലെത്തിച്ചതിൽ അല്ലാഹു പല യുക്തികളും കണ്ടുവെച്ചിട്ടുണ്ട്; അതുമുഖേന അദ്ദേഹത്തിനു സ്വപ്ന വ്യഖ്യാനം തുടങ്ങിയ വൈജ്ഞാനിക യാഥാർത്ഥ്യങ്ങൾ പലതും പഠിക്കുവാനും, പരിചയിക്കുവാനും സൗകര്യമുണ്ടാക്കും; അല്ലാഹു നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന കാര്യപരിപാടികളെല്ലാം അവൻ ഒരു വിഘ്നവും കൂടാതെ നടപ്പിലാക്കുക തന്നെ ചെയ്യും: പക്ഷേ, മിക്ക ആളുകൾക്കും അതു മനസ്സിലാക്കുവാൻ കഴിയുകയില്ല എന്നൊക്കെയാണു ആദ്യത്തെ വചനത്തിൽ തുടർന്നു പറഞ്ഞതിൻെറ സാരം. ശാരീരികവും, ബുദ്ധിപരവുമായ പൂർണ്ണശക്തി പ്രാപിക്കുന്നതിനു മുമ്പു അങ്ങനെ പലതും കഴിഞ്ഞു. പൂർണ്ണശക്തിയും പക്വതയും പ്രാപിച്ചു കഴിഞ്ഞതോടുകൂടി അദ്ദേഹത്തിനു അറിവ്, യുക്തിജ്ഞാനം, കാര്യങ്ങളിൽ തീരുമാനം കാണുവാനുള്ള വൈഭവം ആദിയായവ നൽകി അനുഗ്രഹിക്കുകയും ചെയ്തു എന്നൊക്കെയാണു രണ്ടാമത്തെ വചനത്തിൽ പറഞ്ഞതിൻെറ സാരം.

ശാരീരികവും മാനസികവുമായ പൂർണ്ണത പ്രാപിക്കൽ (بلوغ الاشد) ഏറെക്കുറെ മുപ്പതിനും നാൽപ്പതിനും ഇടക്കുള്ള പ്രായത്തിലായിരിക്കും. ഒരു നിശ്ചിത വയസ്സിൽ പരിമിതമല്ല അത്. 'അദ്ദേഹത്തിനു വിജ്ഞാനവും അറിവും നൽകി' എന്നു പറഞ്ഞതിൻെറ താൽപര്യം പ്രവാചകത്വം നൽകി എന്നാണെന്നും, മുപ്പതോ മുപ്പത്തിമൂന്നോ വയസ്സുള്ളപ്പോൾ അദ്ദേഹത്തിനു പ്രവാചകത്വം ലഭിച്ചിരുന്നുവെന്നും ചിലർ അഭിപ്രായപ്പെടുന്നു. അല്ലാഹുവിനറിയാം. പൂർണ്ണത പ്രാപിച്ചശേഷം നൽകപ്പെട്ട 'വിജ്ഞാനവും അറിവും' കൊണ്ട് ഉദ്ദേശിക്കപ്പെട്ടതു പ്രവാചകത്വം ആയിരുന്നാലും അല്ലെങ്കിലും ശരി, അടുത്ത വചനത്തിലും തുടർന്നുള്ള ഏതാനും വചനങ്ങളിലും പ്രസ്താവിക്കപ്പെട്ട സംഭവങ്ങൾ അതിനു മുമ്പു സംഭവിച്ചവയാണെന്നുള്ളതിൽ സംശയമില്ല. അദ്ദേഹം അസീസിൻെറ വീട്ടിൽ മാന്യമായി ജീവിച്ചുകൊണ്ടിരിക്കുമ്പോൾ ഉണ്ടായ ഒരു പ്രധാന സംഭവമാണു അടുത്ത വചനങ്ങളിൽ കാണുന്നത്:-

23 അദ്ദേഹം യാതൊരുവളുടെ വീട്ടിലാണോ അവൾ അദ്ദേഹത്തെ വശീകരിക്കുവാൻ [അധീനപ്പെടുത്തുവാൻ] ശ്രമം നടത്തി. അവൾ വാതിലുകൾ (അടച്ചു) പൂട്ടുക

وَرَٰوَدَتْهُ ٱلَّتِى هُوَ فِى بَيْتِهَا عَن نَّفْسِهِۦ

وَغَلَّقَتِ ٱلۡأَبۡوَٰبَ وَقَالَتۡ هَيۡتَ لَكَۚ قَالَ مَعَاذَ ٱللَّهِۖ إِنَّهُۥ رَبِّيٓ أَحۡسَنَ مَثۡوَايَۖ إِنَّهُۥ لَا يُفۡلِحُ ٱلظَّٰلِمُونَ ﴿٢٣﴾

യും ചെയ്തു. ''ഇങ്ങോട്ടുവാ!'' എന്ന് അവൾ പറയുകയും ചെയ്തു. അദ്ദേഹം പറഞ്ഞു: ''അല്ലാഹുവിൽ ശരണം! നിശ്ചയമായും അവൻ, എന്റെ രക്ഷിതാവാണ്; എന്റെ താമസം (ഇവിടെ) അവൻ നന്നാക്കി തന്നിരിക്കുന്നു നിശ്ചമയമായും കാര്യം: അക്രമം പ്രവർത്തിക്കുന്നവർ വിജയിക്കുകയില്ല.''

---

23 **وراودته** അദ്ദേഹത്തോട് വശീകരണശ്രമം നടത്തി (നയത്തിൽ) തന്ത്രം പ്രയോഗച്ചു). **التي** യാതൊരുവൾ. **هو** അദ്ദേഹം. **في بيتها** അവളുടെ വീട്ടിലാണ്. **عن نفْسه** അദ്ദേഹത്തിനുവേണ്ടി (വശീകരണാർത്ഥം). **وغلّقت** അവൾ (അടച്ചു) പൂട്ടുകയും ചെയ്തു. **الأبواب** വാതിലുകൾ. **وقالت** അവൾ പറയുകയും ചെയ്തു. **هيت لك** ഇങ്ങോട്ടുവാ, നീ വാ. **قَالَ** അദ്ദേഹം പറഞ്ഞു. **معاذَ الله** അല്ലാഹുവിൽ ശരണം, അല്ലാഹുവിന്റെ രക്ഷ. **إنه** നിശ്ചയമായും അവൻ, അദ്ദേഹം. **ربي** എന്റെ രക്ഷിതാവാണ്, യജമാനനാണ്. **أحسن** അവൻ (അദ്ദേഹം) നന്നാക്കിയിരിക്കുന്നു. **مثْواي** എന്റെ താമസത്തെ, പാർപ്പിടം. **إنه** നിശ്ചയമായും അത് (കാര്യം). **لا يفْلح** വിജയിക്കുകയില്ല. **الظالمونَ** അക്രമം ചെയ്യുന്നവർ.

മറ്റൊരാളുടെ ഉദ്ദേശത്തിനെതിരായി അയാളെ സൗമ്യതയിലും നയത്തിലും പാട്ടിലാക്കുവാൻ ശ്രമം നടത്തുന്നതിനു مراودة (മുറാവദത്ത്) എന്നു പറയപ്പെടുന്നു. ഇതിന്റെ ക്രിയാരൂപമാണ് راود (റാവദ). അതോടൊപ്പം عن (അൻ) എന്നു അവ്യയം ചേർത്തുകൊണ്ട് ആരെ വശീകരിക്കുവാനാണോ ശ്രമിക്കുന്നതെങ്കിൽ അയാളുടെ പേരും പറയപ്പെടും ....انه ربى എന്ന വാക്യത്തിനു രണ്ടു പ്രകാരത്തിൽ വിവക്ഷ നൽകപ്പെടാവുന്നതാണ്. 1. അവൻ-അതായതു അല്ലാഹു-എന്റെ രക്ഷിതാവാണെന്ന്, എനിക്കിവിടെ മാന്യമായി കഴിഞ്ഞു കൂടുവാനുള്ള അവസരം അവനാണു ഉണ്ടാക്കിത്തന്നത്. അതുകൊണ്ട് അവൻ ഇഷ്ടപ്പെടാത്ത വിഷയത്തിൽ ഞാൻ പ്രവേശിക്കുകയില്ല. 2. അദ്ദേഹം-അതായതു വീട്ടു നായകനും നിങ്ങളുടെ ഭർത്താവുമായ മാന്യൻ-എന്റെ രക്ഷിതാവാണ്. അഥവാ എന്നെ വാങ്ങികൊണ്ടു വന്ന മാന്യമായ സ്ഥിതിയിലാക്കിയ യജമാനനാണ്. നിങ്ങളുടെ ആവശ്യത്തിനു വഴങ്ങി അദ്ദേഹത്തെ വഞ്ചിക്കുവാൻ ഞാൻ തയ്യാറില്ല.

وَلَقَدۡ هَمَّتۡ بِهِۦۖ وَهَمَّ بِهَا لَوۡلَآ أَن رَّءَا بُرۡهَٰنَ رَبِّهِۦۚ كَذَٰلِكَ لِنَصۡرِفَ عَنۡهُ ٱلسُّوٓءَ وَٱلۡفَحۡشَآءَۚ إِنَّهُۥ مِنۡ عِبَادِنَا ٱلۡمُخۡلَصِينَ ﴿٢٤﴾

24 തീർച്ചയായും, അവൾ അദ്ദേഹത്തെക്കുറിച്ച് (ചിലത്) ഉദ്ദേശിക്കുകയുണ്ടായി; അദ്ദേഹം അവളെക്കുറിച്ചും (ചിലത്)ഉദ്ദേശിച്ചു; തന്റെ റബ്ബിന്റെ (വക) ദൃഷ്ടാന്തം അദ്ദേഹം കണ്ടിട്ടില്ലായിരുന്നുവെങ്കിൽ....! [അത് സംഭവിക്കുമായിരുന്നു!] അപ്രകാരം (ചെയ്തത്), അദ്ദേഹത്തിൽ നിന്നു നാം തിൻമയും, നീചവൃത്തിയും തിരിച്ചുകളയുവാൻവേണ്ടിയാണ്. (കാരണം) നിശ്ചയമായും, അദ്ദേഹം നമ്മുടെ നിഷ്കളങ്കരാക്കപ്പെട്ട അടിയാൻമാരിൽ പെട്ടവനാകുന്നു.

---

24 **ولقَد همت** അവൾ തീർച്ചയായും കരുതി, ഉദ്ദേശിക്കുകയുണ്ടായി. **به** അദ്ദേഹത്തെപ്പറ്റി. **وهم** അദ്ദേഹവും കരുതി, ഉദ്ദേശിച്ചു. **بها** അവളെപ്പറ്റി. **لولا** ഇല്ലായിരുന്നുവെങ്കിൽ. **أن رأى** അദ്ദേഹം കണ്ടു (വെന്നത്), കാണൽ. **برهانَ** ദൃഷ്ടാന്തം, തെളിവ്. **ربه** തന്റെ റബ്ബിന്റെ. **كذلك** അപ്രകാരം. **لنصرف**

നാം തിരിച്ചുകളയുവാൻ വേണ്ടിയാണ്. **عنه** അദ്ദേഹത്തിൽ നിന്ന്. **السوءَ** തിൻമയെ. **والفَحشاءَ** നീച വൃത്തിയെയും. **إنه** നിശ്ചയമായും അദ്ദേഹം. **من عبادنا** നമ്മുടെ അടിയാൻമാരിൽ പെട്ടവനാണ്. **الْمخلصين** നിഷ്കളങ്കരാക്കപ്പെട്ട (കറകളഞ്ഞ-സത്തായ) വരായ.

همت به (അവൾ അദ്ദേഹത്തെപ്പറ്റി ഉദ്ദേശിച്ചു) എന്നു പറഞ്ഞതിന്റെ താൽപര്യം. അവൾ യൂസഫുമായി സ്വകാര്യബന്ധത്തിൽ ഏർപ്പെടുവാൻ ഉദ്യമിച്ചുവെന്നും, അതിനു വിസ്സമ്മതിക്കുന്നപക്ഷം അദ്ദേഹത്തിനെതിരെ പ്രതികാര നടപടി എടുക്കണമെന്നുദ്ദേശിച്ചുവെന്നും ആയിരിക്കാവുന്നതാണ്..... ... **وهم بـها** (അദ്ദേഹം അവളെപ്പറ്റിയും ഉദ്ദേശിച്ചു.....) എന്നു പറഞ്ഞതിന്റെ താൽപര്യം ഒന്നിലധികം പ്രകാരത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നു. അവയിൽ പ്രസ്താവ്യയോഗ്യമായതു രണ്ടഭിപ്രായങ്ങളാണ്. (1) അവളുടെ ദുഷ്പെരുമാറ്റത്തിനെതിരെ വല്ല പ്രതികാരവും നടത്തുവാൻ അദ്ദേഹവും ഉദ്ദേശിച്ചു. എങ്കിലും അല്ലാഹുവിങ്കൽ നിന്നുള്ള ദൃഷ്ടാന്തം കണ്ടതുകൊണ്ടു അതു ചെയ്‌വാൻ ഇടവന്നില്ല. അദ്ദേഹം അവളിൽ നിന്നു ഒഴിഞ്ഞുമാറുക മാത്രമാണു ചെയ്തത്. (2) ഇച്ഛാനുസരണമോ താൽപര്യപൂർവ്വമോ അല്ലാതെ,-മനുഷ്യസഹജമായ സ്വഭാവ പ്രകൃതിയനുസരിച്ച്-അദ്ദേഹത്തിന്റെ മനസ്സിലും വികാരവും ചായ്‌വുമുണ്ടായി. അപ്പോഴേക്കും അദ്ദേഹം അല്ലാഹുവിന്റെ ദൃഷ്ടാന്തം കാണുകയുണ്ടായി. അതുകൊണ്ട് വികാരത്തിനു വഴങ്ങുകയോ ചായ്‌വ് പ്രകടിപ്പിക്കുകയോ ചെയ്തില്ല. സ്വയം ശുദ്ധത പാലിക്കുകയാണ് ചെയ്തത്.

ഈ രണ്ടാമത്തെ വ്യാഖ്യാനം യൂസുഫ് (عليه السلام) ന്റെ പരിശുദ്ധതക്കും നിഷ്കളങ്കതക്കും യോജിച്ചതല്ലെന്ന് പ്രഥമ വീക്ഷണത്തിൽ ഒരു പക്ഷേ തോന്നിയേക്കാം. വാസ്തവത്തിൽ, അദ്ദേഹത്തിന്റെ നിഷ്കളങ്കതക്കും പരിശുദ്ധതക്കും മകുടം ചാർത്തുന്ന ഒരു തെളിവായിരിക്കും അതു. ശാരീരികമോ, മാനസികമോ ആയ വിചാരവികാരങ്ങളൊന്നും ഒരാളിൽ ഇല്ലാതിരിക്കുന്നതു നിമിത്തം അയാൾ പാപങ്ങളിൽനിന്നു ഒഴിഞ്ഞുനിൽക്കുന്നതു അയാളുടെ ഒരു ഉൽകൃഷ്ടതയായി കണക്കാക്കുവാനില്ല. നേരെമറിച്ച് പ്രകൃതിസഹജമായുണ്ടാകുന്ന വിചാരവികാരങ്ങൾ ഉണ്ടായിത്തീരുകയും, അവ പ്രകടമാക്കുകയും പ്രവർത്തനത്തിൽ കൊണ്ടുവരുകയും ചെയ്‌വാനുള്ള അവസരം ലഭിക്കുകയും ചെയ്തിട്ടും-ഭവിഷ്യൽ ഫലം ഓർത്ത് മനപൂർവ്വം-പിൻമാറി നിൽക്കുന്നതിലാണു യോഗ്യതയും ഉൽകൃഷ്ടതയുമുള്ളത്. 'ഒരാൾ ഒരു തിൻമ ചെയ്യുവാൻ ഉദ്ദേശിച്ചിട്ട് അതു പ്രവർത്തിക്കാത്തപക്ഷം അതവനു ഒരു നന്മയായി രേഖപ്പെടുത്തുന്നതാണ്.' എന്നു ബുഖാരി, മുസ്‌ലിം (رحمهم الله) മുതലായവർ രേഖപ്പെടുത്തിയ പ്രസിദ്ധമായ ഒരു ഹദീസിൽ വന്നിട്ടുള്ളതു പ്രസ്താവ്യമാകുന്നു. ഇമാം സമഖ്ശരീ (رحمه الله)യും മറ്റു ചിലരും ശരിവെക്കുന്നതും, ന്യായീകരിക്കുന്നതും ഈ അഭിപ്രായത്തെയാണ്. മൂന്നാമത്തെ ഒരഭിപ്രായം ഇബ്നുകഥീർ (رحمه الله) ഉദ്ധരിച്ചു കാണാം. അല്ലാഹുവിൽനിന്നുള്ള ദൃഷ്ടാന്തം അദ്ദേഹം കണ്ടതുകൊണ്ടു അദ്ദേഹം അവളെപ്പറ്റി അങ്ങിനെയൊന്നും ഉദ്ദേശിക്കയുണ്ടായിട്ടില്ല എന്നാണത്. ഇതനുസരിച്ച് **وهم بها لولا ان رأى بـرهان ربه** എന്നുള്ള വാക്യത്തിനു ഇങ്ങിനെ വിവർത്തനം നൽകാം: 'തന്റെ റബ്ബിന്റെ ദൃഷ്ടാന്തം അദ്ദേഹം കണ്ടില്ലായിരുന്നുവെങ്കിൽ അവളെപ്പറ്റി അദ്ദേഹവും ഉദ്ദേശിക്കുമായിരുന്നു.' ഈ അഭിപ്രായം അറബി വ്യാകരണ നിയമപ്രകാരം ആലോചിക്കപ്പെടേണ്ടതുണ്ടെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു.

യൂസുഫ് (عليه السلام) കണ്ടുവെന്നു പറഞ്ഞ ആ ദൃഷ്ടന്തം (**برهان**) എന്തായിരുന്നു? പലരും പല പ്രകാരത്തിൽ അതിനെ വിവരിച്ചിരിക്കുന്നതു കാണാം. ഒന്നിനും പ്രത്യേകം തെളിവുകളില്ല താനും. യൂസുഫ് (عليه السلام) ന്റെ മനസ്സിൽ ആ അവസരത്തിൽ എന്തോ ചില വിചാരങ്ങൾ ഉണ്ടായി. അപ്പോഴേക്കും അല്ലാഹുവിനെക്കുറിച്ചുള്ള ബോധവും, ഭവിഷ്യത്തിനെക്കുറിച്ചുള്ള ഭയവും അദ്ദേഹത്തിനുണ്ടായി. അങ്ങനെ, ആ വിചാരത്തിൽനിന്നു അദ്ദേഹം വിമുക്തനാകുകയും ചെയ്തു എന്നു മൊത്തത്തിൽ മനസ്സിലാക്കാം. ദൃഷ്ടാന്തം വിവരിച്ചുകൊണ്ടുള്ള പല അഭിപ്രായങ്ങളും ഉദ്ധരിച്ചശേഷം ഇബ്നുജരീർ (رحمه الله) പറയുകയാണ്: 'യൂസുഫ് (عليه السلام) ഉദ്ദേശിച്ച കാര്യത്തിൽ നിന്നു ഒഴിഞ്ഞു നിൽക്കുവാൻ പ്രചോദനം നൽകുമാറ് അല്ലാഹുവിന്റെ

ദൃഷ്ടാന്തങ്ങളിൽപെട്ട ഒരു ദൃഷ്ടാന്തം അദ്ദേഹം കാണുകയുണ്ടായി. അതു അവയിൽ ഏതെങ്കിലും ഒന്നായിരിക്കാം, അല്ലാതെയുമായിരിക്കാം. ഒന്നും നിജപ്പെടുത്തുവാൻ തക്ക തെളിവില്ല. ഇതാണു വസ്തവം.' അപ്രകാരം ചെയ്തതു അദ്ദേഹത്തിൽനിന്നു തിൻമയും, നീചവൃത്തിയും തിരിച്ചുകളയുവാനാണെന്നും, അദ്ദേഹം നമ്മുടെ നിഷ്കളങ്കരാക്കപ്പെട്ട അടിയാനാണെന്നും(كذلك لنصرف عنه – الآية) അല്ലാഹു പറഞ്ഞതിൽനിന്നു തന്നെ-അൽപം ആലോചിക്കുന്നവർക്കു-ആ ദൃഷ്ടാന്തം കൊണ്ടുള്ള വിവക്ഷ ഏറെക്കുറെ മനസ്സിലാക്കാവുന്നതാണ്. إن شاء الله സംഭവത്തിൻെറ തുടർന്നുള്ള ഭാഗം അടുത്ത വചനത്തിൽ അല്ലാഹു വിവരിക്കുന്നു:-

وَٱسْتَبَقَا ٱلْبَابَ وَقَدَّتْ قَمِيصَهُۥ مِن دُبُرٍ وَأَلْفَيَا سَيِّدَهَا لَدَا ٱلْبَابِ ۚ قَالَتْ مَا جَزَآءُ مَنْ أَرَادَ بِأَهْلِكَ سُوٓءًا إِلَّآ أَن يُسْجَنَ أَوْ عَذَابٌ أَلِيمٌ ﴿٢٥﴾

25 രണ്ടുപേരും വാതില്കലേക്ക് മത്സരിച്ചോടി; അവൾ അദ്ദേഹത്തിൻെറ കുപ്പായം പിന്നിൽനിന്ന് (പിടിച്ച്) കീറുകയും ചെയ്തു. അവളുടെ നാഥനെ [ഭർത്താവിനെ] അവർ വാതില്ക്കൽ വെച്ചു കണ്ടെത്തുകയും ചെയ്തു. (ഉടനെ) അവൾ പറഞ്ഞു: ''നിങ്ങളുടെ വീട്ടുകാരെക്കൊണ്ട് തിൻമ (ചെയ്യുവാൻ) ഉദ്ദേശിച്ചവൻെറ പ്രതിഫലം അല്ല, അവൻ തടവിലാക്കപ്പെടുകയോ, അല്ലെങ്കിൽ വേദനയേറിയ വല്ല ശിക്ഷയോ അല്ലാതെ (മറ്റൊന്നും).''

---

25 **واستبقا** രണ്ടാളും മുൻകടന്നു വന്നു, (മൽസരിച്ചോടി). **الباب** വാതിൽക്കൽ, വാതിൽക്കലേക്ക്. **وقدت** അവൾ കീറുകയും ചെയ്തു. **قميصه** അദ്ദേഹത്തിൻെറ കുപ്പായം. **من دبر** പിന്നിൽനിന്നും, പിന്നിലൂടെ. **وألفيا** രണ്ടുളും കണ്ടെത്തുക (കണ്ടുമുട്ടുക)യും ചെയ്തു. **سيدها** അവളുടെ നാഥനെ (യജമാനനെ). **لدى الباب** വാതിൽക്കൽവെച്ച്, വാതിലിന്നടുക്കൽ. **قالت** അവൾ പറഞ്ഞു. **ما جزاء** പ്രതിഫലമല്ല, എന്താണ് പ്രതിഫലം. **من أراد** ഉദ്ദേശിച്ചവൻെറ. **بأهلك** താങ്കളുടെ വീട്ടുകാരെക്കൊണ്ട്. **سوءا** തിൻമയെ. **إلا أن يسجن** അവൻ തടവിലാക്ക (കാരാഗൃഹത്തിലാക്ക) പ്പെടുകയല്ലാതെ. **أو عذاب** അല്ലെങ്കിൽ വല്ല ശിക്ഷയും. **أليم** വേദനയേറിയ.

പുറത്തേക്ക് കടന്ന് അവളിൽനിന്നു രക്ഷപ്പെടുവാൻ വേണ്ടി യൂസുഫ് (عليه السلام) വാതിൽക്കലേക്ക് ഓടി. തൻെറ ആവശ്യം സാധിപ്പിക്കാതെ അവനെ വിട്ടുകൂടാ എന്നുവെച്ച് സുലൈഖായും പിന്നാലെ ഒപ്പം ഓടി. അവൾ അദ്ദേഹത്തിൻെറ കുപ്പായം പിന്നിൽനിന്നു പടിച്ചു വലിച്ചു, അതു കീറി. അപ്പോഴതാ അസീസ്-അവളുടെ ഭർത്താവ്-വാതിൽക്കൽ! പെട്ടന്നു ഒഴികഴിവു പറയാനുള്ള സാമർത്ഥ്യം സ്ത്രീ സഹജമാണല്ലോ. അവൾ യഥാർത്ഥം മറിച്ചാക്കിക്കൊണ്ടുപറഞ്ഞു: 'ഇതാ, ഇവൻ എൻെറ നേരെ ദുർവൃത്തിക്കായി ശ്രമം നടത്തുന്നു. അതിനുവേണ്ടി എന്നെ പിടിച്ചു വലിക്കുന്നു. ഇവനെ ഒരിക്കലും വെറുതെ വിട്ടുകൂടാ. ഉന്നതനും മാന്യനുമായ നിങ്ങളുടെ പത്നിയെക്കൊണ്ട് നീചവൃത്തി ചെയ്വാൻ ശ്രമം നടത്തുന്ന ഇവനെ തടവിലിടുകയോ, കഠിനമായി ശിക്ഷിക്കുകയോ ചെയ്യുകതന്നെ വേണം.' യൂസുഫ് (عليه السلام) സത്യാവസ്ഥ വിവരിച്ചു:-

قَالَ هِىَ رَٰوَدَتْنِى عَن نَّفْسِى ۚ وَشَهِدَ شَاهِدٌ مِّنْ أَهْلِهَآ إِن كَانَ قَمِيصُهُۥ قُدَّ مِن قُبُلٍ

26 അദ്ദേഹം [യൂസുഫ്] പറഞ്ഞു: ''അവളത്രെ എന്നെ വശീകരിക്കുവാൻ [വശത്താക്കുവാൻ] ശ്രമം നടത്തിയത്.'' അവളുടെ ആൾക്കാരിൽനിന്ന് ഒരാൾ (ഇങ്ങിനെ)

فَصَدَقَتْ وَهُوَ مِنَ ٱلْكَـٰذِبِينَ ﴿٢٦﴾

സാക്ഷ്യം പറയുകയും ചെയ്തു: ‘‘അവ ൻെറ കുപ്പായം മുന്നിൽനിന്ന് കീറപ്പെട്ടിരി ക്കുകയാണെങ്കിൽ, അവൾ സത്യം പറ ഞ്ഞിരിക്കയാണ്; അവൻ കളവു പറയു ന്നവരിൽ പെട്ടവനുമാകുന്നു.

وَإِن كَانَ قَمِيصُهُۥ قُدَّ مِن دُبُرٍ فَكَذَبَتْ وَهُوَ مِنَ ٱلصَّـٰدِقِينَ ﴿٢٧﴾

27 ‘‘അവൻെറ കുപ്പായം പിന്നിൽനിന്ന് കീറ പ്പെട്ടിരിക്കുകയാണെങ്കിൽ, അവൾ കളവു പറഞ്ഞിരിക്കുകയുമാണ്; അവൻ, സത്യം പറയുന്നവരിൽപ്പെട്ടവനുമാകുന്നു.’’

فَلَمَّا رَءَا قَمِيصَهُۥ قُدَّ مِن دُبُرٍ قَالَ إِنَّهُۥ مِن كَيْدِكُنَّ ۖ إِنَّ كَيْدَكُنَّ عَظِيمٌ ﴿٢٨﴾

28 അങ്ങനെ, അദ്ദേഹത്തിൻെറ കുപ്പായം പി ന്നിൽ നിന്ന് കീറപ്പെട്ടതായി കണ്ടപ്പോൾ അദ്ദേഹം (അവളോട്) പറഞ്ഞു: ‘‘നിശ്ചയ മായും ഇത്, (സ്ത്രീകളായ) നിങ്ങളുടെ തന്ത്രത്തിൽ പെട്ടതാണ്. നിശ്ചയമായും നിങ്ങളുടെ തന്ത്രം വമ്പിച്ചതാകുന്നു.’’

---

26 **قَالَ** അദ്ദേഹം പറഞ്ഞു. **هِي** അവൾ, അവളത്രെ. **راودتني** എന്നോട് വശീകരണശ്രമം നടത്തി, വ ശത്താക്കുവാൻ ശ്രമം നടത്തിയ്. **عن نفسي** എനിക്കുവേണ്ടി (എന്നെ വശീകരിക്കുവാൻ). **وشهد** സാക്ഷ്യം പറയുകയും ചെയ്തു. **شاهد** ഒരു സാക്ഷി. **من أهلها** അവളുടെ ആൾക്കാരിൽനിന്ന്, വീട്ടു കാരിൽനിന്ന്. **إن كَانَ** ആകന്നുവെങ്കിൽ. **قَميصه** അവൻെറ കുപ്പായം. **قُدَّ** കീറപ്പെട്ടിരിക്കുന്നു (വെ ങ്കിൽ). **من قُبلٍ** മുന്നിൽ (മുൻഭാഗത്ത്) നിന്ന്. **فَصدقت** എന്നാൽ അവൾ സത്യം പറഞ്ഞു. **وهو** അവ നാകട്ടെ. **من الكَاذبين** കളവു (വ്യാജം) പറയുന്നവരിൽപെട്ടവൻ ആകുന്നു. 27 **وإن كَانَ** ആണെ ങ്കിലോ. **قَميصه** അവൻെറ കുപ്പായം. **قُدَّ** കീറപ്പെട്ടിരിക്കുന്നു. **من دبر** പിന്നിൽനിന്ന്. **فَكَذَبَت** എന്നാൽ അവൾ കളവ് പറഞ്ഞു. **وهو** അവനാകട്ടെ. **من الصادقين** സത്യം പറയുന്നവരിൽപെട്ടവനാണ്. 28 **فَلَما رأى** അങ്ങനെ (എന്നിട്ട്) അദ്ദേഹം കണ്ടപ്പോൾ. **قَميصه** അദ്ദേഹത്തിൻെറ കുപ്പായം. **قُدَّ** കീറപ്പെട്ടു വെന്ന്, കീറപ്പെട്ടതായി. **من دبر** പിന്നിൽനിന്ന്. **قَالَ** അദ്ദേഹം പറഞ്ഞു. **إنه** നിശ്ചയമായും അത് (ഇ തു). **من كَيدكُن** നിങ്ങളുടെ തന്ത്രത്തിൽ പെട്ടതാണ്. **إن كَيدكُن** നിശ്ചയമായും നിങ്ങളുടെ തന്ത്രം. **عظيم** വമ്പിച്ചതാകുന്നു

അനന്തരം രണ്ടാളോടുമായി അദ്ദേഹം പറഞ്ഞു:-

يُوسُفُ أَعْرِضْ عَنْ هَـٰذَا ۚ وَٱسْتَغْفِرِى لِذَنۢبِكِ ۖ إِنَّكِ كُنتِ مِنَ ٱلْخَاطِـِٔينَ ﴿٢٩﴾

29 ‘‘യൂസുഫ്! നീ ഇതിനെപ്പറ്റി അവഗണിച്ചേ ക്കുക!’’ ‘‘(സുലൈഖാ!) നീ നിൻെറ പാപ ത്തിന് പാപമോചനം തേടുകയും ചെയ്യു ക; നിശ്ചയമായും നീ, തെറ്റുകാരിൽ പെട്ട വളായിരിക്കുന്നു.’’

---

29 **يوسف** യൂസൂഫ്, യൂസുഫേ. **أَعرِض** തിരിഞ്ഞുകളയുക, അവഗണിക്കുക. **عن هذَا** ഇതിനെപ്പറ്റി. **واستغفري** നീ (സ്ത്രീ) പാപമമോചനം തേടുകയും ചെയ്യുക. **لذَنبك** നിൻെറ പാപത്തിനുവേണ്ടി. **إنك** നിശ്ചയമായും നീ. **كُنت** നീ ആയിരിക്കുന്നു. **من الْخاطئين** തെറ്റുകാരിൽ (അബദ്ധക്കാരിൽ) പെട്ട (വൾ).

രണ്ടുപേരുടെയും മൊഴിയിൽ അവനവൻെറ നിരപരാധിത്വവും മറ്റേയാളുടെ മേലുള്ള ആരോപണവും ഉള്ളതുകൊണ്ടു ഒരാളുടെ മേൽ കുറ്റം ചുമത്തുവാൻ എന്തെങ്കിലും തെളിവ് വേണമല്ലോ. സ്ത്രീയുടെ സ്വന്തക്കാരിൽനിന്നുതന്നെ ഒരാൾ മുമ്പോട്ടുവന്നു. അവൻ അവളെ പിടികൂടുവാൻ ചെന്നതാണെങ്കിൽ കുപ്പായത്തിൻെറ മുൻവശവും, അവൾ അവനെ പിടികൂടുവാൻ ചെന്നതാണെങ്കിൽ കുപ്പായത്തിൻെറ പിൻവശവുമായിരിക്കും കീറിയിരിക്കുക എന്നു പറഞ്ഞു. നിഷ്പക്ഷമായ ഒരു തെളിവ് സമർപ്പണമാണല്ലോ ഇത്. നോക്കുമ്പോൾ കുപ്പായം കീറിയിരുന്നതു പിൻഭാഗത്തായിരുന്നു. ഇതിൽനിന്നു കാര്യം വെളിക്കുവന്നു. അസീസ് അവൾക്കുനേരെ ക്ഷോഭിച്ച് ശണ്ഠംകൂടുവാനോ കയർക്കുവാനോ മുതിരാതെ വിഷയം കൈകാര്യം ചെയ്തു. ഉപായവും സൂത്രവും പ്രയോഗിച്ചു തടിതപ്പുകയും കുറ്റത്തിൽനിന്നു ഒഴിവാകുകയും ചെയ്യുന്നത് സ്ത്രീകൾക്കു പൊതുവെയുള്ള ഒരു സ്വഭാവമാണ്. അതിൽ നിങ്ങൾക്കു വലിയ സാമർത്ഥ്യം തന്നെയുണ്ട്. അതിൽപെട്ടതാണിതും എന്നു പറഞ്ഞു കുറ്റം ഭാര്യയുടെതുതന്നെയാണെന്നു സ്ഥാപിച്ചു. മേലിൽ ഇതിനെത്തുടർന്നു അനിഷ്ടകരമോ, അപമാനകരമോ ആയ സംഭവങ്ങളൊന്നും ഉണ്ടാകാതിരിക്കുവാൻവേണ്ടി അവളുടെ പക്കൽവന്നുപോയ ഈ കൃത്യത്തെ കേവലം നിസ്സാരമാക്കി അവഗണിച്ചു കളയണമെന്നു അദ്ദേഹം യൂസുഫ് (عليه السلام) നെ ഉപദേശിക്കുകയും ചെയ്തു. അങ്ങനെ, അന്തരീക്ഷം ശാന്തമാക്കിയശേഷം, നിൻെറ പക്കൽ തെറ്റു പറ്റിപ്പോയിട്ടുള്ളതു എനി നിഷേധിച്ചിട്ടു കാര്യമില്ല; പാപമോചനം തേടിക്കൊള്ളണം എന്നു ഭാര്യയെയും ഉപദേശിച്ചു.

കേസിനു തുമ്പുണ്ടാക്കുമാറു തെളിവു സമർപ്പിച്ച ആ സാക്ഷി ആരായിരുന്നുവെന്നു വ്യക്തമാക്കപ്പെട്ടിട്ടില്ല. അവളുടെ സ്വന്തക്കാരിൽപെട്ട ഒരു സാക്ഷി (شاهد من أهلها) എന്നു മാത്രമേ അല്ലാഹു പറയുന്നുള്ളു. സ്വന്തത്തിൽപെട്ടവർ കക്ഷിക്കു ഗുണകരമായിത്തീരുന്ന തെളിവു കൊണ്ടുവരുമ്പോൾ അതിൽ സംശയിക്കപ്പെട്ടാമെങ്കിലും, ദോഷകരമായിത്തീരുന്ന തെളിവു കൊണ്ടുവരുന്നതു കൂടുതൽ വിശ്വസനീയമായിരിക്കുമല്ലോ. ഈ വിശേഷണത്തിൽ ആ സൂചന അടങ്ങിയിരിക്കുന്നതായി കാണാം. ആ സാക്ഷി അവളുടെ വീട്ടിലോ കുടുംബത്തിലോ പെട്ട ആളായിരുന്നുവെന്നും, ഒരു ചെറിയ ശിശുവായിരുന്നുവെന്നും, അല്ലെന്നുമൊക്കെ പറയപ്പെട്ടിട്ടുണ്ട്. ഒന്നിനും തെളിവില്ലതാനും. ചെറിയ ശിശുവായിരുന്നുവെന്നു കാണിക്കുന്ന ഒരു ഹദീസു നിവേദനം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും അതു ദുർബ്ബലമത്രെ.

സാക്ഷ്യം പറഞ്ഞതു ആരായാലും ശരി സ്ത്രീകൾ പുരുഷൻമാരേക്കാൾ ദുർവൃത്തരും തന്ത്രശാലികളുമാണെന്നല്ല ആ വാക്കിൻെറ താൽപര്യം. സന്ദർഭത്തിൽനിന്നു അതു വ്യക്തമാണ്. യഥാർത്ഥത്തിൽ സുലൈഖയാണ് വാതിലടച്ചു യൂസുഫ് (عليه السلام) നു നേരെ വശീകരണശ്രമം നടത്തിയത്. എന്നിട്ടും പെട്ടെന്നു ഭർത്താവിനെ കണ്ടപ്പോഴേക്കും യൂസുഫ് എൻെറ നേരെ ഇങ്ങോട്ടു വന്നു ദുർവൃത്തിക്കു ശ്രമം നടത്തിയതാണെന്നു മറിച്ചാരോപിക്കുകയും, അവനെ ശിക്ഷിക്കാതെ വിടരുതെന്നു പറഞ്ഞു അതിനെ ശക്തിപ്പെടുത്തുകയുമാണല്ലോ സുലൈഖ ചെയ്തത്. അത്രയുമല്ല, അങ്ങയുടെ വീട്ടുകാരുടെ നേരെ ഇത്തരം ദുർവൃത്തിക്കുവരുന്നതു സാധാരണയിൽ കവിഞ്ഞ ഗൗരവം അർഹിക്കുന്നതാണെന്നുകൂടി ധ്വനിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഇങ്ങിനെ പെട്ടെന്നു-അൽപമായ ഒരാലോചനക്കുപോലും സമയമെടുക്കാതെ-ഉപായം കണ്ടെത്തുന്ന ഈ സ്ത്രീ സഹജസ്വഭാവത്തെപ്പറ്റിയാണ് നിങ്ങളുടെ തന്ത്രം വമ്പിച്ചതുതന്നെ' എന്നു പറഞ്ഞത്.

അസീസിൻെറ ഭാര്യ യൂസുഫ് (عليه السلام) ൻെറ കുപ്പായം കീറിയ സംഭവം ബൈബിൾ സ്പർശിച്ചിട്ടില്ല. അതിൽ ഈ രംഗം വിവരിച്ചതിൻെറ ചുരുക്കം ഇപ്രകാരമാകുന്നു: 'യോസേഫു കോമളനും മനോഹര രൂപിയുമായിരുന്നു. അതുകൊണ്ട് യജമാനൻെറ ഭാര്യ അവൻെറ മേൽ കണ്ണുവെച്ചു. അവൻ സമ്മതിക്കാതിരുന്നു. അവൾ പലതും പറഞ്ഞുനോക്കി. അവൻ അനുസരിച്ചില്ല. ഒരു ദിവസം വീട്ടിൽ ആരുമില്ലാത്തപ്പോൾ അവൾ അവൻെറ വസ്ത്രം പിടിച്ചു, എന്നോടുകൂടി ശയിക്ക എന്നു പറഞ്ഞു. അവൻ വസ്ത്രം അവളുടെ കയ്യിൽ വിട്ട് പുറത്തേക്കു

ഓടി. അവൾ വീട്ടിലുളളവരോട്: കണ്ടോ, നമ്മെ ഹാസ്യമാക്കാൻ അവൻ (ഭർത്താവു) ഒരു എബ്രയാനെ കൊണ്ടുവന്നിരിക്കുന്നു. അവൻ എൻെറ കൂടെ ശയിക്കാൻ വന്നു. ഞാൻ ഉറക്കെ നിലിളിച്ചു. അവൻ വസ്ത്രം എൻെറ അടുക്കൽ ഇട്ടുപോയി. യജമാനൻ വന്നപ്പോഴും ആ വണ്ണംതന്നെ പറഞ്ഞു. യജമാനനുകോപം ജ്വലിച്ചു. അവനെ പിടിച്ചു രാജാവിൻെറ കാരാഗൃഹ ത്തിലാക്കി.....' (ഉൽപത്തി 39ൽ 7-21) കാരാഗൃഹത്തിലാക്കിയതിനു മുമ്പു നടന്നതും, തുടർന്നുളള വചനങ്ങളിൽ കാണുന്നതുമായ വിവരങ്ങളൊന്നും ബൈബിളിൽ പ്രസ്താവി ക്കപ്പെട്ടിട്ടില്ല.

വിഭാഗം-4

۞ وَقَالَ نِسْوَةٌ فِي ٱلْمَدِينَةِ ٱمْرَأَتُ ٱلْعَزِيزِ تُرَٰوِدُ فَتَىٰهَا عَن نَّفْسِهِۦ ۖ قَدْ شَغَفَهَا حُبًّا ۖ إِنَّا لَنَرَىٰهَا فِي ضَلَٰلٍ مُّبِينٍ ﴿٣٠﴾

30 പട്ടണത്തിലുള്ള ചില സ്ത്രീകൾ പറയുകയും ചെയ്തു 'അസീസി'ൻെറ സ്ത്രീ [ഭാര്യ] അവളുടെ വാലിയക്കാരനെ വശീകരിക്കുവാൻ ശ്രമം നടത്തുന്നു. (അവനോടുള്ള) പ്രേമം അവളുടെ മനം കവർന്നിരിക്കുന്നു. നിശ്ചയമായും, നാം അവളെ വ്യക്തമായ വഴിപിഴവിലായി കാണുകതന്നെ ചെയ്യുന്നു.''

فَلَمَّا سَمِعَتْ بِمَكْرِهِنَّ أَرْسَلَتْ إِلَيْهِنَّ وَأَعْتَدَتْ لَهُنَّ مُتَّكَـًٔا وَءَاتَتْ كُلَّ وَٰحِدَةٍ مِّنْهُنَّ سِكِّينًا وَقَالَتِ ٱخْرُجْ عَلَيْهِنَّ ۖ فَلَمَّا رَأَيْنَهُۥٓ أَكْبَرْنَهُۥ وَقَطَّعْنَ أَيْدِيَهُنَّ وَقُلْنَ حَٰشَ لِلَّهِ مَا هَٰذَا بَشَرًا إِنْ هَٰذَآ إِلَّا مَلَكٌ كَرِيمٌ ﴿٣١﴾

31 എന്നിട്ട് അവരുടെ തന്ത്രത്തെ [കുസൃതിയെ]പ്പറ്റി അവൾ കേട്ട(റിഞ്ഞ)പ്പോൾ, അവൾ അവരുടെ അടുക്കലേക്ക് (ആളെ) അയക്കുകയും, അവർക്കായി ഒരു വിരുന്നുസദസ്സ് ഒരുക്കുകയും ചെയ്തു. അവരിൽ ഓരോരുവൾക്കും ഓരോ കത്തി അവൾ കൊടുക്കുകയും ചെയ്തു. ''നീ അവരിൽ പ്രത്യക്ഷപ്പെട്ടു ചെല്ലുക'' എന്ന് (യൂസുഫിനോട്) അവൾ പറയുകയും ചെയ്തു. അങ്ങനെ, അവർ അദ്ദേഹത്തെ കണ്ടപ്പോൾ, അവർ അദ്ദേഹത്തെ വലുതായി കണ്ടു [വിസ്മയിച്ചു പോയി]! അവർ തങ്ങളുടെ കൈകളെ മുറിപ്പെടുത്തുകയും ചെയ്തു. അവർ പറയുകയും ചെയ്തു: ''അല്ലാഹുവിൻെറ പരിശുദ്ധിയെ വാഴ്ത്തുന്നു! ഇതൊരു മനുഷ്യനല്ല; ഇത് മാന്യനായ ഒരു മലക്കല്ലാതെ (മറ്റാരും) അല്ല!''

---

30 **وقالَ** പറഞ്ഞു, പറയുകയും ചെയ്തു. **نِسوةٌ** ചില സ്ത്രീകൾ. **في المدينة** പട്ടണത്തിലുളള. **امرأةُ** സ്ത്രീ (ഭാര്യ). **العزيز** അസീസിൻെറ. **تراود** വശീകരണ ശ്രമം നടത്തുന്നു. **فتاها** അവളുടെ വാലിയക്കാരനോട്, യുവാവിനോട്, ഭൃത്യനോട്. **عن نفْسه** അവനുവേണ്ടി (അവനെ വശീകരിക്കുവാൻ). **قد شغفَها** അവൾക്കു ഉള്ളിൽ പൂകിയിട്ടുണ്ട് (ഹൃദയം സ്പർശിച്ചിരിക്കുന്നു-മനം കവർന്നിട്ടുണ്ട്). **حبا** സ്നേഹത്താൽ, പ്രേമം. **إنا** നിശ്ചയമായും നാം. **لنراها** കാണുകതന്നെ ചെയ്യുന്നു. **في ضلالٍ** വഴിപിഴവിലായി. **مبين** വ്യക്തമായ, തനി. 31 **فلما سمعت** എന്നിട്ട് (എന്നാൽ-അങ്ങനെ) അവൾ കേട്ടപ്പോൾ. **بِمكْرهن** അവരുടെ തന്ത്രത്തെ (കുസൃതിയെ)പ്പറ്റി. **أرسلت** അവൾ അയച്ചു, ആളയച്ചു. **إليهن** അവരിലേക്ക്. **وأعتدت** അവൾ ഒരുക്കുകയും ചെയ്തു, തയ്യാറാക്കി. **لهن** അവർക്കുവേണ്ടി. **متكأ** ചാരി (സുഖിച്ചു) ഇരിക്കത്തക്ക സദസ്സു (സദ്യവട്ടം-വിരുന്നു സദസ്സു). **وآتت** അവൾ കൊടുക്കുകയും

ചെയ്തു. **كُلَّ وَاحِدَةٍ** എല്ലാ ഒരോരുവൾക്കും. **مِنْهُنَّ** അവരിൽനിന്നുളള. **سِكِّينًا** ഒരു കത്തി. **وَقَالَتِ** അവൾ പറയുകയും ചെയ്തു. **اخْرُجْ** നീ പുറപ്പെടുക, പ്രത്യക്ഷപ്പെടുക. **عَلَيْهِنَّ** അവരിൽ. **فَلَمَّا رَأَيْنَهُ** ഞങ്ങനെ അവർ അദ്ദേഹത്തെ കണ്ടപ്പോൾ. **أَكْبَرْنَهُ** അദ്ദേഹത്തെ അവർ വലുതാക്കി(വലിയ വസ്തുവായി കണ്ടു-അദ്ദേഹത്തെപ്പറ്റി വിസ്മയിച്ചുപോയി). **وَقَطَّعْنَ** അവർ മുറിച്ചു കളയുക (മുറിയുകയുണ്ടാക്കുക) യും ചെയ്തു. **أَيْدِيَهُنَّ** അവരുടെ കൈകളെ, കൈകൾക്ക്. **وَقُلْنَ** അവർ പറയുകയും ചെയ്തു. **حَاشَ** പരിശുദ്ധി (വാഴ്ത്തുന്നു). **لِلَّهِ** അല്ലാഹുവിന് (അല്ലാഹുവിൻെറ). **مَا هَذَا** ഇതല്ല, ഇവനല്ല. **بَشَرًا** ഒരു മനുഷ്യൻ. **إِنْ هَذَا** ഇതല്ല, ഇവനല്ല. **إِلَّا مَلَكٌ** ഒരു മലക്ക(ല്ലാതെ). **كَرِيمٌ** മാന്യനായ.

യൂസുഫ് (عليه السلام) ൻെറ യജമാനനെക്കുറിച്ചാണ് **العزيز** (അൽ അസീസ്) എന്നു പറഞ്ഞത്. മുമ്പു ചൂണ്ടിക്കാട്ടിയതുപേലെ, ഇതദ്ദേഹത്തിൻെറ സാക്ഷാൽ പേരല്ല. 'പ്രതാപശാലി, മഹാൻ, ശക്തൻ, വീര്യപ്പെട്ടവൻ, യോഗ്യൻ, ഊക്കൻ, ബഹുമാന്യൻ' എന്നിങ്ങിനെയുളള അർത്ഥങ്ങളിൽ സന്ദർഭംപോലെ ഉപയോഗിക്കപ്പെടാവുന്ന ഒരു വാക്കാണത്. മന്ത്രിമാരെപ്പോലെ മേലേകിടയിലുളള വ്യക്തികളെ സംബോധന ചെയ്യുമ്പോൾ ആ വാക്കു ഉപയോഗിക്കപ്പെടും. അതുകൊണ്ടു അദ്ദേഹം അന്നത്തെ രാജഭരണത്തിലെ ഉന്നതനായ ഒരാളായിരുന്നുവെന്നു മനസ്സിലാക്കാം. **اكبر** (അക്ബറ)എന്ന ക്രിയയുടെ സാക്ഷാൽ അർത്ഥം 'വലുതാക്കി'-അഥവാ വലുതായി തോന്നി-എന്നാകുന്നു. ആശ്ചര്യകരമായ വല്ലതും കണ്ട് അമ്പരപ്പും വിസ്മയവും തോന്നുമ്പോഴാണു അത് ഉപയോഗിക്കപ്പെടാറുളളത്. അതുകൊണ്ടാണ് അതിൻെറ ഉദ്ദേശ്യാർത്ഥമെന്ന നിലക്കു-'വിസ്മയിച്ചു' എന്നു നാം അർത്ഥം കൽപിച്ചത്. **متكا** (മുത്തകഅ്) എന്ന പദത്തിനു 'ചാരിയിരിക്കപ്പെടുന്ന വസ്തു'എന്നത്രെ വാക്കർത്ഥം. മെത്ത, സോഫ, തലയണ മുതലായ വിരുപ്പുവിതാനങ്ങളെ ഉദ്ദേശിച്ചാണു അതു സാധാരണ പറയപ്പെടാറുളളത്. അവയിൽ ഇരുന്ന് കഴിക്കപ്പെടുന്ന പഴവർഗ്ഗം മുതലായ സുഖഭോജ്യ വസ്തുക്കളെ ഉദ്ദേശിച്ചും പറയപ്പെടാം. ആ സ്ത്രീകൾക്കുവേണ്ടി ഒരുക്കപ്പെട്ടിരുന്ന വിരുന്നൊരുക്കങ്ങളാണിവിടെ ഉദ്ദേശ്യം. അതിൽ കത്തികൊണ്ടുമുറിച്ചു തിന്നേണ്ടുന്ന പഴവർഗ്ഗങ്ങളും ഉണ്ടായിരുന്നുവെന്നു മനസ്സിലാകുന്നു. **مكر** (മക്ർ) എന്ന വാക്കിനു 'വഞ്ചന, കുതന്ത്രം, കൗശലം, തന്ത്രം, കുസൃതി ' എന്നിങ്ങനെ സന്ദർഭോചിതം അർത്ഥങ്ങൾ വരും. **مكرهن** (അവരുടെ കുസൃതി) എന്നു പറഞ്ഞതിൻെറ താൽപര്യം, ആ സ്ത്രീകൾ അവളെപ്പറ്റി കുറ്റവും ആക്ഷേപവും പറഞ്ഞതും, അതു പ്രചരിപ്പിച്ചതുമാകുന്നു. ആശ്ചര്യവും അതിശയവും തോന്നുമ്പോൾ **سبحان الله** (സുബ്ഹാനല്ലാഹി) എന്നു പറയാറുളളതുപോലെ, അതേ അർത്ഥത്തിൽതന്നെ ഉപയോഗിക്കപ്പെടുന്ന മറ്റൊരു വാക്കാണു **حاش لله** (ഹാശ-ലില്ലാഹി)യും.

യൂസുഫും, സുലൈഖയും തമ്മിൽനടന്ന സംഭവം പട്ടണത്തിൽ-ഈജിപ്തിൽ-പ്രചരിച്ചു സ്ത്രീകൾക്കിടയിൽ-കുലീന സ്ത്രീകളിൽ പ്രത്യേകിച്ചും-അതൊരു സംസാരവിഷയമായി. അസീസിൻെറ പത്നിസ്ഥാനം അലങ്കരിക്കുന്ന ഒരു മഹതി തൻെറ അടിമച്ചെറുക്കനെ പ്രേമിക്കുന്നു, അവൾ അതിൽ ലയിച്ചുപോയിരിക്കുന്നു, അവൾ പിഴച്ചുപോയി എന്നിങ്ങിനെ അവർ പറഞ്ഞുതുടങ്ങി. വിവരം സുലൈഖാ അറിഞ്ഞു. അപമാനത്തിൽ നിന്നു രക്ഷപ്പെടുവാനും, തൻെറ ഒഴികഴിവു മറ്റുളളവരെ ബോധ്യപ്പെടുത്തുവാനും അവൾ ഒരു സൂത്രം പ്രയോഗിച്ചു. തന്നെപ്പറ്റി ആരോപണവും കുറ്റവും പറയുന്ന സ്ത്രീകൾക്കു കേമമായ ഒരു വിരുന്നുസദസ്സൊരുക്കി അവരെയൊക്കെ ക്ഷണിച്ചുവരുത്തി. ഭക്ഷ്യവിഭവങ്ങളുടെ കൂട്ടത്തിൽ, കത്തികൊണ്ടു മുറിച്ചു തിന്നേണ്ടുന്ന പഴവർഗ്ഗങ്ങളും ഉണ്ടായിരുന്നു. എല്ലാവരും കത്തിയെടുത്തു മുറിച്ചുതിന്നുമ്പോൾ പെട്ടെന്ന് ആ സദസ്സിൽചെന്നു പ്രത്യക്ഷപ്പെടുവാൻ യൂസുഫ് (عليه السلام) നോടു കൽപിക്കുകയും ചെയ്തു അദ്ദേഹത്തെ കാണേണ്ട താമസം: അദ്ദേഹത്തിൻെറ അസാധാരണ സൗന്ദര്യവും, നിരുപമമായ കോമളാകൃതിയുംകണ്ട് സ്ത്രീകൾ മതിമറന്നുപോയി. അതൊരു മനുഷ്യരൂപമാണെന്നു അവർക്കു ഊഹിക്കുവാൻപോലും കഴിഞ്ഞില്ല. ആകാശത്തുനിന്നു മനുഷ്യരൂപത്തിൽ ഇറങ്ങിവന്ന ഒരു മലക്കായിരിക്കുവാനേ തരമുളളുവെന്നു അവർ അഭിപ്രായപ്പെട്ടു. ശ്രദ്ധ മുഴുവനും യൂസുഫിലേക്കുതിരിഞ്ഞതുകൊണ്ട് കയ്യിലുളളകത്തിയും, പഴവർഗ്ഗങ്ങളും അവർ

മറന്നുകളഞ്ഞു. യന്ത്രം കണക്കെ കൈകൾ പ്രവർത്തിച്ചുകൊണ്ടിരുന്നു. അങ്ങനെ സ്വന്തം കൈകൾ അവർ സ്വയം ചെത്തി മുറിയാക്കിയതു അവർ അറിഞ്ഞില്ല. ഇത്രയുമായപ്പോൾ, തൻെറ ഉദ്യമത്തിൽ താൻ വിജയിച്ചുവെന്നുകണ്ടു സുലൈഖാ അവരുടെ നേരെ തിരിഞ്ഞു.

قَالَتۡ فَذَٰلِكُنَّ ٱلَّذِى لُمۡتُنَّنِى فِيهِۖ وَلَقَدۡ رَٰوَدتُّهُۥ عَن نَّفۡسِهِۦ فَٱسۡتَعۡصَمَۖ وَلَئِن لَّمۡ يَفۡعَلۡ مَآ ءَامُرُهُۥ لَيُسۡجَنَنَّ وَلَيَكُونٗا مِّنَ ٱلصَّٰغِرِينَ ﴿٣٢﴾

32 അവർ പറഞ്ഞു: ''എന്നെ നിങ്ങൾ യാതൊരുവൻെറ കാര്യത്തിൽ കുറ്റപ്പെടുത്തിയോ അവനാണത്! (അതെ) തീർച്ചയായും, ഞാനവനോട് വശീകരണ ശ്രമം നടത്തിയിട്ടുണ്ട്. എന്നിട്ടവൻ (ഒഴിഞ്ഞുമാറി) രക്ഷപ്പെട്ടിരിക്കുകയാണ്. അവനോട് ഞാൻ കൽപിക്കുന്നത് അവൻ ചെയ്തില്ലെങ്കിൽ, നിശ്ചയമായും, അവൻ തടവിലാക്കപ്പെടുക തന്നെ ചെയ്യും: അവൻ നിസ്സാരൻമാരിൽപെട്ടവനായിത്തീരുകയും തന്നെ ചെയ്യും.''

32 **قَالَتْ** അവൾ പറഞ്ഞു. **فَذَلَكُنَّ** (നിങ്ങൾകണ്ട) അതാണ്. **الذي** യാതൊരുവൻ. **لُمتنني** നിങ്ങൾ എന്നെ കുറ്റപ്പെടുത്തി, ആക്ഷേപിച്ചു. **فيه** അവനിൽ (അവൻെറ കാര്യത്തിൽ). **ولَقَد راودته** തീർച്ചയായും ഞാനവനോട് വശീകരണശ്രമം നടത്തിയിട്ടുണ്ട്. **عن نفْسِه** അവനെ വശീകരിക്കുവാൻ. **فَاستعصم** എന്നിട്ടവൻ രക്ഷപ്പെട്ടു. **ولئن لم يفْعلْ** തീർച്ചയായും അവൻ ചെയ്തില്ലെങ്കിൽ. **ما آمره** ഞാൻ അവനോട് കല്പിക്കുന്നത്. **لَيسجنن** അവൻ തടവിൽ (കാരാഗൃഹത്തിൽ) ആക്കപ്പെടുകതന്നെ ചെയ്യും. **وليَكُونا** അവനായിരിക്കുകയും തന്നെ ചെയ്യും. **من الصاغرين** നിസ്സാരൻമാരിൽ (പെട്ടവൻ).

ഇതാ! ഒരുനോക്കു കണ്ടപ്പോഴേക്കും സുബോധം നശിച്ചു കൈകൾ സ്വയം ചെത്തിമുറിക്കുമാറ് നിങ്ങൾ വിസ്മയിച്ചുപോയ ഈ യുവാവിൻെറ കാര്യത്തിലാണു നിങ്ങൾ എന്നെപ്പറ്റി കുറ്റാരോപണം നടത്തിയിരുന്നത്, ഇപ്പോൾ നിങ്ങൾക്കു മനസ്സിലായില്ലേ, ഞാൻ അവനിൽ വശീകൃതയായതിൻെറ രഹസ്യം?! ഞാൻ ഇതാ തുറന്നുപറയുന്നു: ഞാനവനെ പ്രേമിച്ചതും പിടികൂടിയതുമൊക്കെ സത്യംതന്നെ. പക്ഷേ, അവൻ അനുസരിക്കാതെ ഒഴിഞ്ഞുമാറുകയാണുചെയ്തത്. അവനെ ഞാൻ വെറുതെവിടുവാൻ പോകുന്നില്ല. എൻെറ ഇഷ്ടത്തിനു വഴങ്ങാത്തപക്ഷം, നിശ്ചയമായും അവനെ കാരാഗൃഹത്തിലാക്കുവാനുള്ള ഏർപ്പാടു ഞാൻ നടത്തുകതന്നെ ചെയ്യും. അങ്ങനെ, ഈ അരമനയിലെ മാന്യനായി കഴിഞ്ഞുകൂടുന്ന അവൻ ഒരു നിന്ദ്യനായിത്തീരുകയും ചെയ്യും എന്നു സാരം.

ഇപ്പോൾ, സുലൈഖായുടെ സ്ഥിതി മാത്രമല്ല, നാട്ടിലെ പൊതുസ്ഥിതി തന്നെ തനിക്കു അനുകൂലമല്ലെന്നും, തൻെറ സംശുദ്ധിയും മാന്യതയും കാത്തുരക്ഷിക്കുവാൻ ഈപരിസ്ഥിതിയിൽ വളരെ പ്രയാസമാണെന്നും യൂസുഫ് (عليه السلام) കണ്ടു. അദ്ദേഹം അല്ലാഹുവിങ്കലേക്കു സങ്കടപ്പെട്ടു:

قَالَ رَبِّ ٱلسِّجۡنُ أَحَبُّ إِلَيَّ مِمَّا يَدۡعُونَنِىٓ إِلَيۡهِۖ وَإِلَّا تَصۡرِفۡ عَنِّى كَيۡدَهُنَّ أَصۡبُ إِلَيۡهِنَّ وَأَكُن مِّنَ ٱلۡجَٰهِلِينَ ﴿٣٣﴾

33 അദ്ദേഹം പറഞ്ഞു: ''എൻെറ റബ്ബേ! ഇവർ (ഈ സ്ത്രീകൾ) എന്നെ യാതൊന്നിലേക്ക് ക്ഷണിക്കുന്നുവോ അതിനേക്കാൾ എനിക്ക് ഏറ്റം ഇഷ്ടപ്പെട്ടത് കാരാഗൃഹമാണേ! അവരുടെ തന്ത്രം എന്നിൽ നിന്ന് നീ തിരിച്ചു വിട്ടു തരാത്തപക്ഷം, ഞാൻ അവരിലേക്ക് ചാഞ്ഞുപോയേക്കും; ഞാ

ൻ (വിവരമില്ലാത്ത) വിഡ്ഢികളുടെ കൂട്ടത്തിലായിത്തീരുകയും ചെയ്യും!''

34 അപ്പോൾ, അദ്ദേഹത്തിൻെറ റബ്ബ് അദ്ദേഹത്തിന് ഉത്തരം നൽകി; അവരുടെ [സ്ത്രീകളുടെ] തന്ത്രം അദ്ദേഹത്തിൽ നിന്ന് തിരിച്ചു വിട്ടുകൊടുക്കുകയും ചെയ്തു. നിശ്ചയമായും, അവൻ തന്നെയാണ് (എല്ലാം) കേൾക്കുന്നവനും, അറിയുന്നവനും.

فَٱسْتَجَابَ لَهُۥ رَبُّهُۥ فَصَرَفَ عَنْهُ كَيْدَهُنَّ ۚ إِنَّهُۥ هُوَ ٱلسَّمِيعُ ٱلْعَلِيمُ ﴿٣٤﴾

33 **قَالَ** അദ്ദേഹം പറഞ്ഞു. **رب** എൻെറ റബ്ബേ. **السجن** തടവു, കാരാഗൃഹം (ജയിൽ). **أحب** അധികം ഇഷ്ടപ്പെട്ടതാണ്. **إلي** എനിക്ക്, എൻെറ അടുക്കൽ. **مما** യാതൊന്നിനെക്കാൾ. **يدعونني** ഇ(عليه السلام) വർ എന്നെ ക്ഷണിക്കുന്നു. **إليه** അതിലേക്ക്. **وإلا تصرف** നീ തിരിച്ചു വിടാത്തപക്ഷം. **عني** എന്നിൽ നിന്ന്. **كيدهن** അവരുടെ തന്ത്രം, ഉപായം, ചതി. **أصب** ഞാൻ ചാഞ്ഞു (മറിഞ്ഞു) പോകും. **إليهن** അവരിലേക്ക്. **وأكُن** ഞാനായിരിക്കയും ചെയ്യും. **من الجاهلين** വിവരമില്ലാത്തവരിൽ (വിഡ്ഢികളിൽ)പെട്ട (വൻ) . 34 **فاستجاب** അപ്പോൾ ഉത്തരം നൽകി. **له** അദ്ദേഹത്തിന്. **ربه** അദ്ദേഹത്തിൻെറ റബ്ബ്. **فصرف** അവൻ തിരിച്ചുവിടുകയും ചെയ്തു. **عنه** അദ്ദേഹത്തിൽനിന്ന്. **كيدهن** അവരുടെ തന്ത്രത്തെ, കെണിയെ. **إنه هو** നിശ്ചയമായും അവൻതന്നെ. **السميع** കേൾക്കുന്നവൻ. **العليم** അറിയുന്നവൻ.

സുലൈഖായുടെ വിരുന്നുസദ്യ കഴിഞ്ഞതോടെ പട്ടണത്തിലെ സ്ത്രീകളുടെ അനുഭാവം കൂടി അവൾക്കു സിദ്ധിക്കുകയും, അവരും അദ്ദേഹത്തിലേക്കു കണ്ണുവെച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതായി യൂസുഫ് (عليه السلام) നു മനസ്സിലായി. അതുകൊണ്ടാണു 'അവൾ എന്നെ ക്ഷണിക്കുന്നതിൽനിന്നു' എന്നുപറയാതെ 'ഈ സ്ത്രീകൾ എന്നെ ക്ഷണിക്കുന്നതിൽനിന്നു' (مما يدعوننى اليه) എന്ന് അദ്ദേഹം പറഞ്ഞത്. യജമാനഗൃഹത്തിൽ നിന്നുള്ള കടുത്ത നിർബന്ധവും ഭീഷണിയും, അതോടുകൂടി ചുറ്റുപാടിൽനിന്നുള്ള സമ്മർദ്ദവും കൂടിയായപ്പോൾ അദ്ദേഹം വമ്പിച്ച സങ്കടത്തിലായി. അല്ലാഹുവിൻെറ കൃപാകടാക്ഷംകൊണ്ടല്ലാതെ ഇതിൽനിന്നു രക്ഷയില്ലെന്നു അദ്ദേഹം കണ്ടു. അതു ലഭിക്കാത്തപക്ഷം, എത്ര മനോദാർഢ്യവും സത്യനിഷ്ഠയും ഉള്ളവനായിരുന്നാൽ പോലും ഇത്തരം ഘട്ടങ്ങളിൽ തിൻമകൾക്കു വഴങ്ങുക മനുഷ്യസ്വഭാവമാണ്. ആകയാൽ, ജയിൽവാസം മുഖേനയെങ്കിലും ഈ ആപത്തിൽ നിന്നു എന്നെ രക്ഷപ്പെടുത്തേണമേ! എന്നു അദ്ദേഹം അല്ലാഹുവിനോടു അപേക്ഷിച്ചു. അല്ലാഹു പ്രാർത്ഥന സ്വീകരിക്കുകയും, അദ്ദേഹത്തെ രക്ഷിക്കുകയും ചെയ്തുതാനും.

ഏതെങ്കിലും ഒരു പാപകൃത്യം ചെയ്യുന്നതിൽ സ്വാഭാവികമായിത്തന്നെ മനുഷ്യനു താൽപര്യവും ഇച്ഛയുമുള്ളതായിരിക്കുക, സാഹചര്യങ്ങൾ അതിനു അനുകൂലമായിരിക്കുകയും ചെയ്യുക, ഇങ്ങിനെയുള്ള അവസരത്തിൽ അല്ലാഹുവിനെ ഓർത്തു അതിൽ നിന്നു ഒഴിഞ്ഞുനിന്നു ശുദ്ധത പാലിക്കുന്നവർ വളരെ ചുരുക്കം. എങ്കിലും അവരത്രെ ഭാഗ്യവാൻമാർ. അതോടൊപ്പം അധികാരസ്ഥാനങ്ങളിൽ നിന്നുള്ള നിർബന്ധവും ഭീഷണിയും കൂടി നേരിടേണ്ടിവന്നാലോ ? അപ്പോൾ അതിനെതിരെ ത്യാഗങ്ങളും ക്ലേശങ്ങളും അനുഭവിക്കുവാൻ തയ്യാറുള്ളവർ അതിനെക്കാൾ വിരളമായിരിക്കും. ഇവർ തന്നെയാണു മഹാഭാഗ്യവാൻമാർ. ഈ മഹാഭാഗ്യം ലഭിച്ച ഒരു മാതൃകാപുരുഷനാണ് യൂസുഫ് (عليه السلام) . അദ്ദേഹത്തിൻെറ ചരിത്രത്തിലെ ഈ രംഗം മാതൃകാപാഠമാക്കി ജീവിക്കുവാൻ അല്ലാഹു നമുക്കെല്ലാവർക്കും തൗഫീഖു നൽകട്ടെ. ആമീൻ.

പ്രസിദ്ധമായ ഒരു ഹദീസു ഇവിടെ ഉദ്ധരിക്കുന്നതു സന്ദർഭോചിതമാകുന്നു. നബി (ﷺ) ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു: 'അല്ലാഹുവിൻെറ തണലല്ലാതെ തണലില്ലാത്ത ദിവസത്തി

ൽ (ഖിയാമത്തുനാളിൽ) ഏഴുകൂട്ടർക്ക് അല്ലാഹു അവൻെറ തണലിൽ തണലേകുന്നതാണ്. (ഒന്ന്:) നീതിമാനായ നേതാവു; (രണ്ട്:) അല്ലാഹുവിൻെറ ആരാധനയിലായി വളർന്നുവന്ന യുവാവു; (മൂന്നു:) പുറത്തുപോയാലും മടങ്ങിവരുന്നതുവരെ ഹൃദയം പള്ളിയുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നവൻ; (നാല്:) അല്ലാഹുവിൻെറ കാര്യത്തിൽ പരസ്പരം സ്നേഹിക്കുന്ന രണ്ടാളുകൾ -അവർ ഒരുമിച്ചുകൂടുന്നതും പിരിഞ്ഞുപോകുന്നതും അതനുസരിച്ചായിരിക്കുമാറ്; (അഞ്ച്:) വലതുകൈ ചിലവഴിക്കുന്നതു ഇടതുകൈ (പോലും) അറിയാത്തവിധം സ്വകാര്യമായി ധർമ്മം കൊടുക്കുന്നവൻ; (ആറ്:) പദവിയും സൗന്ദര്യവുമുള്ള ഒരു സ്ത്രീ ക്ഷണിച്ചിട്ടു ഞാൻ അല്ലാഹുവിനെ ഭയപ്പെടുന്നു എന്നു പറഞ്ഞവൻ; (ഏഴ്:) ഒഴിഞ്ഞിരുന്നു-ഏകനായിരുന്നു-കൊണ്ടു അല്ലാഹുവിനെ ധ്യാനിച്ചുകരയുന്നവൻ.'(ബു; മു)

ثُمَّ بَدَا لَهُم مِّنۢ بَعۡدِ مَا رَأَوُاْ ٱلۡأٓيَٰتِ لَيَسۡجُنُنَّهُۥ حَتَّىٰ حِينٖ ﴿٣٥﴾

35 പിന്നീട്-തെളിവുകൾ കണ്ടതിനുശേഷം- അവർക്ക് തോന്നി: ഒരു (കുറച്ചു) കാലം വരെ അദ്ദേഹത്തെ അവർ തടവിലാക്കുക തന്നെ ചെയ്യണമെന്ന്.

---

35 **ثم بدا** പിന്നെ വെളിവായി (തോന്നി). **لهم** അവർക്ക്. **من بعد** ശേഷമായിട്ട്. **ما رأوا** അവർ കണ്ടതിൻെറ. **الآيات** തെളിവുകൾ, അടയാളങ്ങൾ. **ليسجننه** അവർ അദ്ദേഹത്തെ തടവിലാക്കുകതന്നെ ചെയ്യണമെന്ന്. **حتى حين** ഒരുകാലം (സമയം) വരെ.

യൂസുഫ് (عليه السلام) ൻെറ നിരപരാധിത്വത്തിനുള്ള തെളിവുകൾ പലതും കണ്ടിട്ടു പിന്നെയും അദ്ദേഹത്തെ കുറച്ചുകാലം തടവിലിടുക തന്നെ വേണമെന്നു അവർ തീരുമാനിച്ചുവെന്നു സാരം. തൻെറ ആവശ്യം സാധിപ്പിച്ചുതരാത്ത പക്ഷം തടവിലിടുകയോ, കഠിനശിക്ഷ നൽകുകയോ ചെയ്യുമെന്നു സുലൈഖാ നേരത്തെ പറഞ്ഞിരുന്നതാണല്ലോ. അവൾക്കു ഭരണകൂടത്തിൽ ഉണ്ടാകാവുന്ന സ്വാധീനം ഊഹിക്കാവുന്നതാണ്. ചില വ്യാഖ്യാതാക്കൾ പറയുന്നതു പോലെ, അവൾക്കെതിരെ സത്യത്തിൻെറ പേരിൽ ശക്തമായ ഒരു നടപടി കൈക്കൊള്ളുവാനുള്ള ധീരത അസീസിനുള്ളതായി കാണപ്പെടുന്നുമില്ല. അപ്പോൾ, കുറ്റക്കാരൻ യൂസുഫാണെന്നു വരുത്തിത്തീർക്കുവാനോ, അന്തരീക്ഷം ഒന്നു ശാന്തമായിത്തീരുവാൻ വേണ്ടിയോ ആയിരിക്കാം അവസാനം അവരങ്ങിനെ തീരുമാനിച്ചത്. അല്ലാഹുവിനറിയാം. കാരണമേതായാലും ശരി, അദ്ദേഹം കാരാഗൃഹത്തിലായി.

അദ്ദേഹത്തിൻെറ സ്വഭാവഗുണം, സത്യനിഷ്ഠ, ഭയഭക്തി മുതലായവകാരണം ജയിലുദ്യോഗസ്ഥൻമാർക്കും, ജയിൽവാസികൾക്കും അദ്ദേഹത്തോടു വളരെ സ്നേഹവും ആദരവുമായിരുന്നുവെന്നു പലരും പറഞ്ഞുകാണാം. സ്വാഭാവികമായും അതു ശരിയായിരിക്കുകയും ചെയ്യും. ജയിലധികാരിക്കു അദ്ദേഹത്തോടു ദയ തോന്നിയെന്നും, അങ്ങിനെ, മറ്റുള്ള ജയിൽപുള്ളികളുടെ കൈകാര്യനേതൃത്വം അദ്ദേഹത്തെ ഏൽപിച്ചുകൊടുത്തുവെന്നും ബൈബിളും (ഉൽപ: 39ൽ 21-23) പറയുന്നു. തടവിലുള്ളവർക്ക് അദ്ദേഹത്തിൻെറ നേരെ വളരെ മതിപ്പുണ്ടായിരുന്നുവെന്നു അടുത്ത വാക്യത്തിലെ അവസാന വാക്യത്തിൽനിന്നു തന്നെ വ്യക്തമാകുന്നുമുണ്ട്.

വിഭാഗം-5

وَدَخَلَ مَعَهُ ٱلسِّجۡنَ فَتَيَانِۖ قَالَ أَحَدُهُمَآ إِنِّيٓ أَرَىٰنِيٓ أَعۡصِرُ خَمۡرٗاۖ وَقَالَ ٱلۡأٓخَرُ إِنِّيٓ أَرَىٰنِيٓ

36 തടവിൽ അദ്ദേഹത്തോടുകൂടി രണ്ടു വാലിയക്കാരും പ്രവേശിച്ചു. അവരിൽ ഒരാൾ പറഞ്ഞു: "ഞാൻ കള്ള് പിഴിഞ്ഞെടുക്കുന്നതായി എന്നെ ഞാൻ(സ്വപ്നത്തി

أَحۡمِلُ فَوۡقَ رَأۡسِي خُبۡزًا تَأۡكُلُ ٱلطَّيۡرُ مِنۡهُۖ نَبِّئۡنَا بِتَأۡوِيلِهِۦٓۖ إِنَّا نَرَىٰكَ مِنَ ٱلۡمُحۡسِنِينَ ٣٦

ൽ) കാണുന്നു.'' മറ്റേവൻ പറഞ്ഞു: ''എന്നെ ഞാൻ (സ്വപ്നത്തിൽ) കാണുന്നു: ''എൻെറ തലയിൽ ഞാൻ അപ്പം വഹിക്കുന്നു, പറവകൾ അതിൽ നിന്ന് തിന്നുന്നു.'' (രണ്ടാളും പറഞ്ഞു:) ''ഞങ്ങൾക്ക് നീ ഇതിൻെറ വ്യാഖ്യാനം[പൊരുൾ] വിവരിച്ചുതരണം. നിശ്ചയമായും, ഞങ്ങൾ നിന്നെ സൽഗുണവാൻമാരിൽപെട്ടവനായി കാണുന്നു.''

---

36 **ودخلَ** പ്രവേശിച്ചു, പ്രവേശിക്കുകയും ചെയ്തു. **معه** അദ്ദേഹത്തിൻെറ കൂടെ. **السجن** തടവിൽ, കാരാഗൃഹത്തിൽ ബന്ധനത്തിൽ. **فَتَيان** രണ്ട് വാലിയക്കാർ, യുവാക്കൾ, ഭൃത്യൻമാർ. **قَالَ أحدهما** അവിൽ ഒരാൾ പറഞ്ഞു. **إني أراني** ഞാൻ എന്നെ (സ്വപ്നം) കാണുന്നു. **أعصر** ഞാൻ പിഴിഞ്ഞെടുക്കുന്നതായി. **خمرا** കള്ളു, മദ്യം (മുന്തിരക്കള്ള്). **وقَالَ الآخر** മറ്റേവൻ പറഞ്ഞു. **إني أراني** ഞാൻ എന്നെ (സ്വപ്നം) കാണുന്നു. **أحملُ** ഞാൻ വഹിക്കുന്നതായി. **فَوق** മീതെ. **رأسي** എൻെറ തലയുടെ. **خبزا** അപ്പം, റൊട്ടി. **تأكُلُ** തിന്നുന്നു. **الطير** പക്ഷി (പറവ)കൾ. **منه** അതിൽ നിന്ന്. **نبئْنا** ഞങ്ങൾക്ക് നീ വിവരിച്ചു (വിവരം പറഞ്ഞു) തരണം. **بتأويله** ഇതിൻെറ വ്യഖ്യാനത്തെപ്പറ്റി. **إنا لنراك** നിശ്ചയമായും ഞങ്ങൾ നിനന്നെകാണുന്നു. **من المحسنين** മ ചെയ്യുന്നവരിൽ (സൽഗുണവാൻമാരിൽ) പെട്ടവനായി.

അല്ലാഹു ഒരു കാര്യം നടപ്പിൽ വരുത്തുവാൻ വേണ്ടുക വെക്കുമ്പോൾ, അതിലേക്കുള്ള മാർഗ്ഗങ്ങളെ അവൻ നേരത്തെത്തന്നെ ശരിപ്പെടുത്തിക്കൊണ്ടിരിക്കുക പതിവാകുന്നു. യൂസുഫ് (عليه السلام) ൻെറ ആദ്യത്തെ സ്വപ്നത്തെത്തുടർന്നുണ്ടായ ഓരോ സംഭവം നോക്കിയാലും അതു ആ മാർഗ്ഗ ശൃംഖലയിലെ ഓരോ കണ്ണിയായിരുന്നുവെന്നു കാണാം. അക്കൂട്ടത്തിൽപെട്ട ഒരു കണ്ണിയാണിതും. കാരാഗൃഹവാസികളിൽ വേറെയും പലരുണ്ടായിരിക്കുമെങ്കിലും ഈ രണ്ടാളുടെ വിഷയത്തിന്നാണു ഇവിടെ പ്രസക്തിയുള്ളത്. രണ്ടിൽ ഒന്നാമത്തേവൻ രാജാവിനു പാനീയങ്ങൾ നൽകിയിരുന്നവനും, രണ്ടാമത്തേവൻ രാജാവിനു അപ്പം-അഥവാ ഭക്ഷണം-നൽകിയിരുന്നവനുമായിരുന്നു. രണ്ടാളുടെമേലും ഉണ്ടായ ചില കുറ്റാരോപണങ്ങളെത്തുടർന്നു അവരും കാരാഗൃഹത്തിലായിരിക്കുകയാണ്. രണ്ടുപേരും ഓരോ സ്വപ്നം കണ്ടു. ഒന്നാമത്തേവൻ മുന്തിരിയിൽ നിന്നു കള്ളു പിഴിഞ്ഞുണ്ടാക്കുന്നതും, മറ്റേവൻ തലയിൽ അപ്പം ചുമന്നുകൊണ്ടു നിൽക്കും മദ്ധ്യേ പക്ഷികൾ അതിൽനിന്നു തിന്നുകൊണ്ടിരിക്കുന്നതുമായിരുന്നു സ്വപ്നം.

യൂസുഫ് (عليه السلام) മായുള്ള പരിചയത്തിൽ നിന്നു അദ്ദേഹത്തിൻെറ ഉൽകൃഷ്ടഗുണങ്ങൾ കണ്ടുമനസ്സിലാക്കിയ അവർ അദ്ദേഹത്തിനു സ്വപ്നവ്യാഖ്യാനത്തെക്കുറിച്ചുള്ള വൈദഗ്ദ്യവും മനസ്സിലാക്കിയിരിക്കുമല്ലോ. രണ്ടുപേരും അവരവരുടെസ്വപ്നം അദ്ദേഹത്തെ കേൾപ്പിച്ചുകൊണ്ടു അതിനു വ്യാഖ്യാനം നൽകുവാനപേക്ഷിച്ചു. അദ്ദേഹം ചോദ്യം കേട്ട മാത്രയിൽ തന്നെ ഉത്തരം നൽകുവാൻ ഒരുങ്ങാതെ, അവർക്കു തന്നെക്കുറിച്ചുള്ള മതിപ്പും, തന്നിലേക്കുള്ള ആഭിമുഖ്യവും ഉപയോഗപ്പെടുത്തിക്കൊണ്ട് അവസരം കൂടുതൽ പ്രയോജനകരമാക്കിത്തീർക്കുവാൻ ശ്രമിക്കുകയാണ് ചെയ്തത്.

قَالَ لَا يَأۡتِيكُمَا طَعَامٞ تُرۡزَقَانِهِۦٓ إِلَّا نَبَّأۡتُكُمَا بِتَأۡوِيلِهِۦ قَبۡلَ أَن يَأۡتِيَكُمَاۚ ذَٰلِكُمَا مِمَّا

37 അദ്ദേഹം പറഞ്ഞു: ''നിങ്ങൾക്ക് രണ്ടുപേർക്കും നൽകപ്പെടാറുള്ള വല്ല ഭക്ഷണവും നിങ്ങൾക്ക് വന്നെത്തുകയില്ല, അത് നിങ്ങൾക്ക് വന്നെത്തുന്നതിനു മുമ്പ് അ

عَلَّمَنِى رَبِّىٓ ۚ إِنِّى تَرَكْتُ مِلَّةَ قَوْمٍ لَّا يُؤْمِنُونَ بِٱللَّهِ وَهُم بِٱلْءَاخِرَةِ هُمْ كَٰفِرُونَ ﴿٣٧﴾

തിൻെറ വ്യാഖ്യാനം ഞാൻ നിങ്ങൾക്ക് വിവരിച്ചുതരാതെ. അത് എൻെറ റബ്ബ് എനിക്ക് പഠിപ്പിച്ചുതന്നിട്ടുള്ളവയിൽപെട്ടവയാകുന്നു. [അത് ഞാൻ വിവരിച്ചുതരുക തന്നെ ചെയ്യും] നിശ്ചയമായും ഞാൻ, അല്ലാഹുവിൽ വിശ്വസിക്കാത്ത ജനങ്ങളുടെ മാർഗ്ഗം ഉപേക്ഷിച്ചിരിക്കുന്നു; അവരാകട്ടെ, പരലോകത്തെപ്പറ്റി അവിശ്വാസികളുമായിരിക്കും. [ഇങ്ങിനെയുള്ളവരുടെ മാർഗ്ഗം ഞാൻ ഉപേക്ഷിച്ചിരിക്കുകയാണ്.]''

وَٱتَّبَعْتُ مِلَّةَ ءَابَآءِىٓ إِبْرَٰهِيمَ وَإِسْحَٰقَ وَيَعْقُوبَ ۚ مَا كَانَ لَنَآ أَن نُّشْرِكَ بِٱللَّهِ مِن شَىْءٍ ۚ ذَٰلِكَ مِن فَضْلِ ٱللَّهِ عَلَيْنَا وَعَلَى ٱلنَّاسِ وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يَشْكُرُونَ ﴿٣٨﴾

38 ''എൻെറ പിതാക്കൾ ഇബ്റാഹീമിൻെറയും, ഇസ്ഹാഖിൻെറയും, യഅ്ഖൂബിൻെറയും മാർഗ്ഗത്തെ ഞാൻ പിൻപറ്റുകയും ചെയ്തിരിക്കുന്നു. അല്ലാഹുവിനോട് യാതൊന്നിനെയും (തന്നെ) പങ്കുചേർക്കുവാൻ ഞങ്ങൾക്ക് പാടില്ല. അത് ഞങ്ങൾക്കും, മനുഷ്യർക്കും അല്ലാഹുവിൻെറ (പക്കൽ നിന്നുള്ള) അനുഗ്രഹത്തിൽ പെട്ടതത്രെ. എങ്കിലും, മനുഷ്യരിൽ അധികമാളും നന്ദികാണിക്കുന്നില്ല.''

---

37 **قَالَ** അദ്ദേഹം പറഞ്ഞു. **لا يأتيكُما** നിങ്ങൾക്ക് (രണ്ടാൾക്കും) വരുകയില്ല. **طعام** ഒരു ഭക്ഷണം, വല്ല ഭക്ഷണവും. **ترزقانِه** അതു നിങ്ങൾക്ക് നൽകപ്പെടും, നൽകപ്പെടുന്ന. **إلا نبأتكُما** നിങ്ങൾക്ക് ഞാൻ വിവരിച്ചുതരാതെ, വിവരിച്ചിട്ടില്ലാതെ. **بتأويله** അതിൻെറ വ്യഖ്യാനത്തെപ്പറ്റി. **قَبلَ** മുമ്പ്. **أن يأتيكُما** അത് നിങ്ങൾക്ക് വരുന്നതിൻെറ. **ذَلكُما** അത്. **مما علمنِي** എനിക്ക് പഠിപ്പിച്ചതിൽ പെട്ടതാകുന്നു. **ربي** എൻെറ റബ്ബ്. **إني تركتُ** നിശ്ചയമായും ഞാൻ ഉപേക്ഷിച്ചിരിക്കുന്നു, വിട്ടിരിക്കയാണ്. **ملةَ** മാർഗ്ഗത്തെ, നടപടിയെ. **قومٍ** ഒരു ജനതയുടെ, ജനങ്ങളുടെ. **لا يؤمنونَ** വിശ്വസിക്കാത്ത. **بِالله** അല്ലാഹുവിൽ. **وهم** അവരാകട്ടെ. **بِالآخرة** പരലോകത്തിൽ. **هم كافرونَ** അവർ അവിശ്വാസികളുമാണ്. 38 **واتبعت** ഞാൻ പിൻപറ്റുകയും ചെയ്തിരിക്കുന്നു. **ملة** മാർഗ്ഗത്തെ, മതത്തെ, നടപടിയെ. **آبائي** എൻെറ പിതാക്കളുടെ. **إبراهيم** ഇബ്റാഹീമിൻെറ. **وإسحاق** ഇസ്ഹാഖിൻെറയും. **ويعقُوب** യഅ്ഖൂബിൻെറയും. **ما كَانَ لنا** ഞങ്ങൾക്ക് ആകുകയില്ല, പാടില്ല, നിവൃത്തിയില്ല. **أن نشرك** ഞങ്ങൾ പങ്കുചേർക്കൽ. **بِالله** അല്ലാഹുവിനോട്, അല്ലാഹുവിൽ. **من شيءٍ** യാതൊന്നിനെയും. **ذَلكَ** അത്. **من فَضل** ദയവിൽ (അനുഗ്രഹത്തിൽ) പെട്ടതാണ്. **اللهِ** അല്ലാഹുവിൻെറ. **علينا** ഞങ്ങളുടെമേൽ, ഞങ്ങൾക്ക്. **وعلى الناسِ** മനുഷ്യരുടെയും, മനുഷ്യർക്ക്. **ولكن** എങ്കിലും, പക്ഷേ. **أكْثَرَ الناس** മനുഷ്യരിൽ അധികവും. **لا يشكُرونَ** അവർ നന്ദികാണിക്കുന്നില്ല

'നിങ്ങൾക്കു നൽകപ്പെടാറുള്ള ഭക്ഷണം വരുന്നതിനു മുമ്പു അതിൻെറ വ്യാഖ്യാനം ഞാൻ നിങ്ങൾക്കു വിവരിച്ചുതരാതിരിക്കുകയില്ല' (.....لايأتيكما طعام) എന്ന വാക്യം ഒന്നിലധികം പ്രകാരത്തിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. അവയിൽ പ്രസക്തമായതു രണ്ടു വ്യാഖ്യാനങ്ങളാകുന്നു. 'അതിൻെറ വ്യാഖ്യാനം' (تاويله) എന്നതിലെ സർവ്വനാമം (ضـمير) കൊണ്ടുദ്ദേശിക്കപ്പെട്ടതു ഭക്ഷണമാണോ? അതല്ല, ആ രണ്ടുപേർ വിവരിച്ച സ്വപ്നമാണോ? ഇതിൽനിന്നാണു രണ്ടും ഉടലെടുത്തിരിക്കുന്നത്.

1-ാമത്തെ വ്യാഖ്യാനം: നിങ്ങൾക്കു ഇവിടെവെച്ചു നൽകപ്പെടാറുള്ള ഏതു ഭക്ഷണസാധ

നങ്ങളും നിങ്ങളുടെ മുമ്പിൽ വന്നെത്തും മുമ്പായി അതു ഇന്നിന്ന പ്രകാരമുള്ളതായിരിക്കുമെന്നുള്ള വിവരം ഞാൻ നിങ്ങൾക്കു മുൻകൂട്ടി അറിയിച്ചു തരുന്നതാണ് എന്നാകുന്നു. പ്രധാനപ്പെട്ട വ്യാഖ്യാതാക്കൾ അധികവും സ്വീകരിച്ചു കാണുന്നതും, വാചക ഘടനയോടു കൂടുതൽ അടുപ്പം തോന്നുന്നതും ഈ വ്യാഖ്യാനമത്രെ. നിങ്ങളുടെ സ്വപ്നത്തിനു വ്യാഖ്യാനം പറഞ്ഞുതരുവാൻ മാത്രമല്ല, അതിനേക്കാൾ ഗൂഢമായതും, സ്വപ്നവ്യാഖ്യാനം പോലെ ഊഹത്തെയും ഭാവനയെയും അടിസ്ഥാനമാക്കി അഭിപ്രായം പറയുവാൻ കഴിയാത്തതുമായ ചില അദൃശ്യകാര്യങ്ങളും എനിക്കു അറിയാം. അതാകട്ടെ, ഞാൻ എൻെറ സ്വന്തം നിലക്കു പറയുന്നതുമല്ല. അല്ലാഹു എനിക്കു പല കാര്യങ്ങളും പഠിപ്പിച്ചുതന്നിട്ടുണ്ട്. അതിൽപെട്ടതാണതും. ഇതാണ് ഈ വ്യാഖ്യാനത്തിൻെറ സാരം. തുടർന്നുകൊണ്ടു അദ്ദേഹം അവരെ കേൾപ്പിക്കുവാൻ പോകുന്ന ഉപദേശങ്ങളിൽ അവർക്കു ശ്രദ്ധയും വിശ്വാസവും ജനിപ്പിക്കുകയായിരിക്കും ഇതിൻെറ ലക്ഷ്യം.

ഈ വ്യാഖ്യാനപ്രകാരം, ഇതു പറയുമ്പോൾ യൂസുഫു (عليه السلام) നു 'നുബുവ്വത്തും രിസാലത്തും (പ്രവാചകത്വവും ദിവ്യ ദൗത്യവും) സിദ്ധിച്ചിരിക്കുമെന്നുവരുന്നു. 'അതു എനിക്കു എൻെറ റബ്ബു പഠിപ്പിച്ചുതന്നതിൽ പെട്ടതാണ്' (ذالكما مما علمنى ربى) എന്നു അദ്ദേഹം പറഞ്ഞ വാക്കും, 'അല്ലാഹുവിൽ വിശ്വസിക്കാത്തവരുടെ മാർഗ്ഗം ഞാൻ ഉപേക്ഷിച്ചിരിക്കുന്നു. (انى تركت ملة قوم ...) എന്നു തുടങ്ങി 38-ാം വചനത്തിൻെറ അവസാനംവരെയുള്ള അദ്ദേഹത്തിൻെറ വാക്കുകളും ഇതിനു പിൻബലം നൽകുകയും ചെയ്യുന്നു. ഈസാ (عليه السلام) നബിക്കു അദ്ദേഹത്തിൻെറ ദിവ്യദൗത്യത്തിനു ദൃഷ്ടാന്തങ്ങളായി നൽകപ്പെട്ട അമാനുഷിക ദൃഷ്ടാന്തങ്ങളെ (المعجزات) വിവരിച്ച കൂട്ടത്തിൽ അദ്ദേഹം എടുത്തു പറഞ്ഞ ഒരു ദൃഷ്ടാന്തം ഇതാണല്ലോ: وانبئكم بما تاكلون وما تدخرون فى بيوتكم (നിങ്ങൾ തിന്നുന്നതിനെയും, നിങ്ങൾ നിങ്ങളുടെ വീടുകളിൽ സൂക്ഷിച്ചുവെക്കുന്നതിനെയും കുറിച്ചു ഞാൻ നിങ്ങൾക്കു വിവരിച്ചു തരുകയും ചെയ്യും.) (3:49) ഇതുപോലെ, യൂസുഫു (عليه السلام) നബിയുടെയും ദിവ്യദൗത്യത്തിനുള്ള ഒരു അമാനുഷിക ദൃഷ്ടാന്തമായിരിക്കാം ഇത്. അദൃശ്യകാര്യം എനിക്കറിയാമെന്നു യൂസുഫു (عليه السلام) പറഞ്ഞിട്ടില്ലെന്നും, അല്ലാഹുവിൽ നിന്നു ലഭിക്കുന്ന വിവരമനുസരിച്ചാണു താനതു പറയുന്നതെന്നുകൂടി അദ്ദേഹം അവരെ അറിയിച്ചിട്ടുണ്ടെന്നുംകൂടി ഓർക്കേണ്ടതുണ്ട്.

കൂടാതെ, കാരാഗൃഹത്തിലുള്ള കുറ്റവാളികളിൽ ആരെയെങ്കിലും കൊലപ്പെടുത്തുവാൻ രാജാവു ഉദ്ദേശിച്ചാൽ അവർക്കു വിഷം കലർന്ന ഭക്ഷണസാധനം കൊടുത്തയക്കപ്പെടാറുണ്ടായിരുന്നുവെന്നും, അതുകൊണ്ടു നിങ്ങൾക്കു നൽകപ്പെടുന്ന ഭക്ഷണ പദാർത്ഥം വിഷം കലർന്നതോ, അല്ലേ എന്നു ഞാൻ മുൻകൂട്ടി അറിയിച്ചു തരുമെന്നാണു യൂസുഫു (عليه السلام) പറഞ്ഞതിൻെറ താൽപര്യമെന്നും ചില രിവായത്തുകളും നിലവിലുണ്ട്. വാസ്തവം അല്ലാഹുവിനറിയാം. ഈ വ്യാഖ്യാന പ്രകാരം بتأويله (അതിൻെറ വ്യാഖ്യാനത്തെപ്പറ്റി) എന്നു പറഞ്ഞതിൻെറ താൽപര്യം. ആ ഭക്ഷണത്തിൻെറ സ്ഥിതികളെപ്പറ്റി എന്നായിരിക്കുന്നതാണു. تأويل എന്ന പദത്തിനു സാധാരണയായി 'വ്യാഖാനം എന്നാണു അർത്ഥം കൽപിക്കപ്പെടാറുള്ളതെങ്കിലും, കാര്യത്തിൻെറ കലാശം (ما يؤل اليه) എന്നാണതിൻെറ സാക്ഷാൽ അർത്ഥം. ഇതിനെ ആസ്പദമാക്കിയാണു സന്ദർഭങ്ങളനുസരിച്ചു അതിനു 'വ്യാഖ്യാനം, ദുർവ്യാഖ്യാനം, പൊരുൾ, പര്യവസാനം, പുലർച്ച'എന്നൊക്കെ അർത്ഥവിവർത്തനം നൽകപ്പെട്ടു കാണുന്നത്.

2-ാമത്തെ വ്യാഖ്യാനം; നിങ്ങൾക്കു ഇവിടെ പതിവു പ്രകാരമുള്ള ഭക്ഷണം കൊണ്ടുവന്നു തരുന്നതിനുമുമ്പ് നിങ്ങൾ രണ്ടാളും എന്നെ കേൾപ്പിച്ച ആ സ്വപ്നത്തിൻെറ വ്യാഖ്യാനം ഞാൻ നിങ്ങൾക്കു പറഞ്ഞു തരാതിരിക്കയില്ല എന്നാകുന്നു. ചോദ്യത്തിനു ഉടനെത്തന്നെ ഉത്തരംനൽകാതെ ഭക്ഷണം എത്താറാകുന്ന സമയംവരെ അവരോടു കാത്തിരിക്കുവാൻ അദ്ദേഹം പറഞ്ഞതിനു ഈ അഭിപ്രായക്കാർ ചില കാരണങ്ങളും പറഞ്ഞു കാണാമെങ്കിലും അവയൊന്നും അത്ര സാരപ്പെട്ടതായി തോന്നുന്നില്ല.

ഏതായാലും ആ രണ്ടുപേരുടെയും സ്വപ്നങ്ങൾക്കു വ്യാഖ്യാനം പറഞ്ഞുകൊടുക്കുന്നതിനു മുമ്പായി, തൻെറ സ്വന്തം നിലപാടു അവരെ മനസ്സിലാക്കുകയാണു യൂസുഫു (عليه السلام) നബി ആദ്യം ചെയ്തത്. ഒന്നാമതായി, തനിക്കു അല്ലാഹുവിങ്കൽ നിന്നുള്ള ചില അറിവുകൾ ലഭിച്ചിട്ടുണ്ടെന്നു അറിയിച്ചു. അതിനുശേഷം, ഈ നാട്ടുകാരുടെ ഇടയിലാണു ഞാൻ കഴിഞ്ഞുകൂടുന്നതെങ്കിലും ഇവരെപ്പോലെ അല്ലാഹുവിലും പരലോകത്തിലും വിശ്വാസമില്ലാത്ത ആളല്ല ഞാൻ; എൻെറ പിതാക്കൾ ഇബ്റാഹീം (عليه السلام) നബി തുടങ്ങിയ പ്രവാചകൻമാരാണു; അവർ സ്വീകരിച്ചു വന്ന ആ മാർഗ്ഗവും നടപടിയും സ്വീകരിച്ചു വരുന്നവനാണു ഞാൻ; അല്ലാഹുവിന് പങ്കാളികളെ സങ്കല്പിച്ചുകൊണ്ടുള്ള യാതൊന്നും ഞങ്ങൾ ചെയ്കയില്ല; ഞങ്ങൾക്കു അല്ലാഹു നൽകിയ അനുഗ്രഹമാണു പ്രവാചകത്വവും സത്യവിശ്വാസവും; ഞങ്ങൾക്കു മാത്രമല്ല, ഞങ്ങളുടെ പ്രബോധനംവഴി ജനങ്ങൾക്കും അവൻ നൽകുന്ന അനുഗ്രഹമാണത്; പക്ഷേ, അധിക മനുഷ്യരും ആ അനുഗ്രഹം ഉപയോഗപ്പെടുത്താത്തവരാണു എന്നൊക്കെ അവരെധരിപ്പിച്ചു. ഇത്രയും മുഖവുരകൾക്കുശേഷം അവരെ അദ്ദേഹം തൗഹീദിലേക്കു ക്ഷണിച്ചുകൊണ്ടു ഇങ്ങിനെ തുടർന്നു:-

يَٰصَٰحِبَيِ ٱلسِّجْنِ ءَأَرْبَابٌ مُّتَفَرِّقُونَ خَيْرٌ أَمِ ٱللَّهُ ٱلْوَٰحِدُ ٱلْقَهَّارُ ﴿٣٩﴾

39 ''തടവിലെ രണ്ടു ചങ്ങാതിമാരേ, ഭിന്നരായ പല റബ്ബുകളാണോ ഉത്തമം, അതല്ല, സർവ്വാധികാരിയായ ഏകനായ അല്ലാഹുവോ?! [ഒന്നാലോചിച്ചു നോക്കുക]

مَا تَعْبُدُونَ مِن دُونِهِۦٓ إِلَّآ أَسْمَآءً سَمَّيْتُمُوهَآ أَنتُمْ وَءَابَآؤُكُم مَّآ أَنزَلَ ٱللَّهُ بِهَا مِن سُلْطَٰنٍ ۚ إِنِ ٱلْحُكْمُ إِلَّا لِلَّهِ ۚ أَمَرَ أَلَّا تَعْبُدُوٓا۟ إِلَّآ إِيَّاهُ ۚ ذَٰلِكَ ٱلدِّينُ ٱلْقَيِّمُ وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ﴿٤٠﴾

40 അവനു പുറമെ നിങ്ങൾ ആരാധിക്കുന്നില്ല, നിങ്ങളും, നിങ്ങളുടെ പിതാക്കളും (റബ്ബുകളെന്ന് സ്വയം) നാമകരണം ചെയ്തിട്ടുള്ള ചില നാമങ്ങളെയല്ലാതെ. അവയെപ്പറ്റി അല്ലാഹു യാതൊരു (അധികൃത) രേഖയും അവതരിപ്പിച്ചിട്ടില്ല. വിധികർത്തൃത്വം അല്ലാഹുവിനല്ലാതെ(ആർക്കും) ഇല്ല. അവനെയല്ലാതെ (ഒന്നിനെയും) നിങ്ങൾ ആരാധിക്കരുതെന്ന് അവൻ കൽപിച്ചിരിക്കുന്നു. അതത്രെ, ചൊവ്വിനു നിലകൊള്ളുന്ന മതം. എങ്കിലും, മനുഷ്യരിൽ അധികമാളും അറിയുന്നില്ല.

---

39 **يا صاحبي** രണ്ടു ചങ്ങാതിമാരേ, കൂട്ടുകാരേ. **السجن** തടവിലെ, കാരാഗൃഹത്തിലെ. **أأرباب** പല റബ്ബുകളോ. **متفرقُونَ** ഭിന്നരായ, ചിന്നിച്ചിതറിയവരായ. **خير** ഉത്തമം, നല്ലത്. **أم الله** അതോ (അതല്ല) അല്ലാഹുവോ. **الواحد** ഏകനായ. **القهار** സർവ്വാധികാരിയായ. 40 **ما تعبدونَ** നിങ്ങൾ ആരാധിക്കുന്നില്ല. **من دونه** അവന് പുറമെ, കൂടാതെ. **إلا أسماءً** ചില നാമങ്ങളെ (പേരുകളെ) യല്ലാതെ. **سميتموها** അവയെ (അവക്ക്) നിങ്ങൾ പേരു വെച്ചിരിക്കുന്നു, നാമനിർണ്ണയം ചെയ്തതായ. **أنتم وآباؤكُم** നിങ്ങളും നിങ്ങളുടെ പിതാക്കളും. **ما أنزلَ** ഇറക്കിയി (അവതരിപ്പിച്ചി)ട്ടില്ല. **الله** അല്ലാഹു. **بها** അവയെപ്പറ്റി. **من سلطان** ഒരു അധികൃത രേഖയും, അധികാരവും. **إن الحكم** വിധി (കർത്തൃത്വം) അല്ല (ഇല്ല). **إلا لله** അല്ലാഹുവിനല്ലാതെ. **أمر** അവൻ കൽപിച്ചിരിക്കുന്നു. **ألا تعبدوا** നിങ്ങൾ ആരാധിക്ക(രുതെന്ന്). **إلا إياه** അവനെയല്ലാതെ. **ذلك الدين** അതത്രെ മതം, അതു മതമത്രെ. **القيم** (ചൊവ്വിന്-ഉറച്ചു) നിലക്കൊള്ളുന്നതായ. **ولكن** എങ്കിലും, പക്ഷെ. **أكثر الناس** മനുഷ്യരിൽ അധികവും. **لا يعلمونَ** അറിയുന്നി(ല്ല).

സൂര്യൻ, പശു, രാജാക്കൾ എന്നിങ്ങനെ പലതിനെയും, ദൈവങ്ങളാക്കി പൂജിക്കുകയും ആരാധിക്കുകയും ചെയ്തിരുന്നവരാണു ഈജിപ്തുകാർ. ഓരോ ദൈവത്തിനും ചില പ്രത്യേകതകളും, കഴിവുകളും, കൈകാര്യങ്ങളും ഉള്ളതായി അവർ സങ്കൽപിച്ചുവെക്കുകയും ചെയ്തിരുന്നു. അതുകൊണ്ടാണു ഏകനും സർവ്വാധിപതിയുമായ അല്ലാഹുവാകുന്ന ഏകദൈവത്തെ സ്വീകരിക്കലാണോ, അതല്ല ഇത്തരം വിഭിന്നങ്ങളായ പല ദൈവങ്ങളെ സ്വീകരിക്കലാണോ നല്ലതെന്നു ചിന്തിച്ചു നോക്കുവാൻ അദ്ദേഹം അവരെ ആഹ്വാനം ചെയ്യുന്നത്. പിന്നീട് പറഞ്ഞതിൻെറ സാരം ഇപ്രകാരമാകുന്നു:-

ഏക സർവ്വാധികാരിയായുള്ളവൻ അല്ലാഹു മാത്രമായിരിക്കെ, 'ആ ദൈവം, ഈ ദൈവം, ആ ദൈവത്തിനു ഇന്നിന്ന കഴിവുകളുണ്ട്, ഈ ദൈവത്തിനുവേണ്ടി ഇന്നിന്ന കർമ്മങ്ങളൊക്കെ ചെയ്യണം' എന്നിങ്ങനെ നിങ്ങൾ കണക്കാക്കുന്നതിനു യാതൊരർത്ഥവും, അടിസ്ഥാനവുമില്ല. നിങ്ങളും നിങ്ങളുടെ പൂർവ്വികൻമാരും സങ്കൽപിച്ചുണ്ടാക്കിയ ചില നാമനിർണ്ണയങ്ങൾ മാത്രമാണതൊക്കെ. ആരെ ആരാധിക്കണമെന്നും, മനുഷ്യൻ ഏതു മാർഗ്ഗം സ്വീകരിക്കണമെന്നും വിധികൽപിക്കുവാനുള്ള അധികാരാവകാശം അല്ലാഹുവിനു മാത്രമേയുള്ളു. അവൻ കൽപിച്ചിരിക്കുന്നതാകട്ടെ, അവനെ മാത്രമേ ആരാധിക്കാവൂ എന്നുമാണ്. ആകയാൽ അതു മാത്രമാണ് നേർക്കു നേരെയുള്ള ഉറച്ച മതം. മറ്റുള്ളതെല്ലാം വക്രമായതും നിലനിൽപില്ലാത്തതുമാകുന്നു. യഥാർത്ഥാവസ്ഥ ഇതൊക്കെയാണെങ്കിലും മിക്ക മനുഷ്യരും ചിന്തിക്കാതെയും, ഗ്രഹിക്കാതെയും വഴിപിഴച്ചുപോകുകയാണു ചെയ്യുന്നത്. അതുകൊണ്ട് ഈ ഋജുവായ മതത്തിലേക്കു ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. കിട്ടിയ അവസരം ഉപയോഗപ്പെടുത്തിക്കൊണ്ടു തൻെറ ആ രണ്ടു കൂട്ടുകാരെയും തൗഹീദിലേക്കു ക്ഷണിക്കുകയും, ശിർക്കിൻെറ നിരർത്ഥത അവരെ ഗ്രഹിപ്പിക്കുകയും ചെയ്തശേഷം, അവർ ചോദിച്ച ചോദ്യത്തിനു അദ്ദേഹം ഇങ്ങിനെ മറുപടി നൽകി:-

يَٰصَٰحِبَيِ ٱلسِّجۡنِ أَمَّآ أَحَدُكُمَا فَيَسۡقِي رَبَّهُۥ خَمۡرٗاۖ وَأَمَّا ٱلۡأٓخَرُ فَيُصۡلَبُ فَتَأۡكُلُ ٱلطَّيۡرُ مِن رَّأۡسِهِۦۚ قُضِيَ ٱلۡأَمۡرُ ٱلَّذِي فِيهِ تَسۡتَفۡتِيَانِ ٤١

41 ''തടവിലെ രണ്ടു ചങ്ങാതിമാരേ, എന്നാൽ, നിങ്ങളിൽ ഒരുവൻ, തൻെറ യജമാനന് കള്ള് കുടിക്കുവാൻ കൊടുക്കും. എന്നാൽ, മറ്റേവനാകട്ടെ, അവൻ ക്രൂശിക്കപ്പെടും; എന്നിട്ട് അവൻെറ തലയിൽ നിന്നും പറവകൾ തിന്നുന്നതാണ്. യാതൊരു കാര്യത്തിൽ നിങ്ങൾ രണ്ടുപേരും വിധിയന്വേഷിച്ചുകൊണ്ടിരുന്നുവോ അത് തീരുമാനിക്കപ്പെട്ടിരിക്കുന്നു. [അതിൽ എനി, മാറ്റമുണ്ടാകുകയില്ല]''

41 **يا صاحبي** രണ്ടു ചങ്ങാതിമാരേ, കൂട്ടുകാരേ. **السجن** തടവിലെ, കാരാഗൃഹത്തിൻെറ. **أما أحدكما** എന്നാൽ നിങ്ങളിലൊരാൾ. **فيسقي** അവൻ കുടിപ്പിക്കും, കുടിപ്പാൻ കൊടുക്കും. **ربه** അവൻെറ യജമാനന്. **خمرا** കള്ളു (മുന്തിരക്കള്ള്). **وأما الآخر** എന്നാൽ മറ്റേവനാകട്ടെ. **فيصلب** അവൻ ക്രൂശിക്കപ്പെടും (കുരിശിലിടപ്പെടും). **فتأكُلُ** എന്നിട്ടു തിന്നും. **الطير** പക്ഷി(പറവ)കൾ. **من رأسه** അവൻെറ തലയിൽനിന്ന്. **قُضي** തീരുമാനിക്കപ്പെട്ടിരിക്കുന്നു. **الأمر الذي** യാതൊരു കാര്യം. **فيه** അതിൽ. **تستفْتيان** നിങ്ങൾ രണ്ടാളും വിധിതേടുന്നു (തേടുന്ന).

മുന്തിരിയിൽ നിന്നു കള്ളെടുക്കുന്നതായി സ്വപ്നം കണ്ടവൻ അവൻെറ ജോലിയിൽ തുടരത്തക്കവണ്ണം കാരാഗൃഹത്തിൽനിന്നു വിമുക്തനാകുമെന്നും, തലയിൽ അപ്പം വഹിച്ചുകൊണ്ടിരിക്കെ അതിൽനിന്നു പക്ഷികൾ തിന്നുന്നതായി കണ്ടവൻ കൊല്ലപ്പെടുകയും, കുരിശിൽ തറക്കപ്പെടുകയും ചെയ്യുമെന്നും യൂസുഫ് (عليه السلام) അവരുടെ സ്വപ്നങ്ങൾക്കു വ്യാഖ്യാനം നൽകി. രണ്ടുപേരെയും വേർതിരിച്ചു ഇന്നിന്നവൻെറ സ്വപ്ന വ്യാഖ്യാനമെന്നു പറയാതിരുന്നതു

അവരില്‍ രണ്ടാമത്തേവനെ പെട്ടെന്നു അലോസരപ്പെടുത്താതിരിക്കുവാന്‍ വേണ്ടിയായിരിക്കാം. വാസ്തവം അല്ലാഹുവിനറിയാം. ഈ വ്യാഖ്യാനം കേവലം ഊഹത്തെയോ അനുമാനത്തെയോ അടിസ്ഥാനമാക്കിയുള്ളതല്ലെന്നും, അല്ലാഹു തീരുമാനിച്ചു കഴിഞ്ഞ കാര്യമാണെന്നും, അതില്‍ മാറ്റം സംഭവിക്കുകയില്ലെന്നും അദ്ദേഹം അവരെ അറിയിച്ചു.

ഈ രണ്ടു കൂട്ടുകാരെയും തൗഹീദിലേക്കു യൂസുഫ് (عليه السلام) ക്ഷണിച്ചവിവരമൊന്നും ബൈബിളില്‍ സ്പര്‍ശിക്കപ്പെട്ടിട്ടില്ല. അവരുടെ സ്വപ്നങ്ങള്‍ കുറേക്കൂടി വിസ്തരിച്ചു വിവരിച്ചിട്ടുണ്ടുതാനും. ഒന്നാമത്തവന്റെ സ്വപ്നവ്യാഖ്യാനത്തില്‍, മൂന്നു ദിവസം കഴിഞ്ഞാല്‍ അവനു തടവില്‍നിന്നു രക്ഷകിട്ടുമെന്നും, രണ്ടാമത്തേവന്റെ വ്യാഖ്യാനത്തില്‍ മൂന്നു ദിവസം കഴിഞ്ഞാല്‍ അവന്‍ കൊല്ലപ്പെടുമെന്നും പ്രസ്താവിച്ചിരിക്കുന്നു.

وَقَالَ لِلَّذِى ظَنَّ أَنَّهُۥ نَاجٍ مِّنْهُمَا ٱذْكُرْنِى عِندَ رَبِّكَ فَأَنسَىٰهُ ٱلشَّيْطَٰنُ ذِكْرَ رَبِّهِۦ فَلَبِثَ فِى ٱلسِّجْنِ بِضْعَ سِنِينَ ﴿٤٢﴾

42 ആ രണ്ടുപേരില്‍ നിന്ന് രക്ഷപ്പെടുന്നവനെന്ന് താന്‍ വിചാരിച്ചവനോട് അദ്ദേഹം പറയുകയും ചെയ്തു: ''നിന്റെ യജമാനന്റെ അടുക്കല്‍ നീ എന്നെപ്പറ്റി പ്രസ്താവിക്കണം.'' എന്നാല്‍, അവന്റെ യജമാനനോട് പ്രസ്താവിക്കുവാന്‍ അവനെ പിശാച് മറപ്പിച്ചുകളഞ്ഞു; അങ്ങനെ, ഏതാനും കൊല്ലങ്ങള്‍ അദ്ദേഹം തടവില്‍ താമസിച്ചു.

---

42 **وَقَالَ** അദ്ദേഹം പറയുകയും ചെയ്തു. **لِلَّذِي ظَنَّ** അദ്ദേഹം വിചാരിച്ചവനോട്. **أَنَّهُ نَاجٍ** അവന്‍ രക്ഷപ്പെടുന്നവനാണെന്ന്. **مِنْهُمَا** അവര്‍ രണ്ടാളില്‍ നിന്ന്. **اذْكُرْنِي** നീ എന്നെ ഓര്‍ക്കണം (എന്നെക്കുറിച്ചു പറയണം, പ്രസ്താവിക്കണം). **عِنْدَ رَبِّكَ** നിന്റെ യജമാനന്റെ അടുക്കല്‍. **فَأَنْسَاهُ** എന്നാല്‍ (എന്നിട്ട്) അവനെ മറപ്പിച്ച്, വിസ്മരിപ്പിച്ച്. **الشَّيْطَانُ** പിശാച്. **ذِكْرَ رَبِّهِ** അവന്റെ യജമാനനോട് പറയുന്നത് (പ്രസ്താവിക്കുന്നത്). **فَلَبِثَ** അങ്ങനെഅദ്ദേഹം കഴിഞ്ഞുകൂടി, താമസിച്ചു. **فِي السِّجْنِ** കാരാഗൃഹത്തില്‍. **بِضْعَ** ചില്ലറ (ഏതാനും--കുറച്ചു). **سِنِينَ** കൊല്ലങ്ങള്‍.

തടവില്‍ നിന്നു രക്ഷപ്പെടുമെന്നു അദ്ദേഹം കരുതിയ ആള്‍ ഒന്നാമത്തേവന്‍ തന്നെ. അവന്‍ വിമുക്തനായി വീണ്ടും രാജാവിനു പാനീയം നല്‍കുന്ന ജോലിയില്‍ പ്രവേശിക്കുകയും, രാജാവുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുമ്പോള്‍, നിരപരാധിയായി തടവില്‍ കഴിയുന്ന തന്നെപ്പറ്റി രാജാവിനെ ഒന്നു ഓര്‍മ്മിപ്പിക്കണമെന്നു യൂസുഫു (عليه السلام) അവനോടു പറഞ്ഞു. പക്ഷേ, അവനതു മറന്നുപോയി. താഴെ പ്രസ്താവിക്കുന്നതുപോലെ കുറച്ചുകൊല്ലങ്ങള്‍ക്കുശേഷം ഒരു പ്രത്യേക സന്ദര്‍ഭം നേരിട്ടപ്പോള്‍ മാത്രമേ അക്കാര്യം അവനു ഓര്‍മ്മ വന്നുള്ളു. അതുവരേക്കും അദ്ദേഹം തടവില്‍ കഴിയേണ്ടിവന്നു.

بِضْعَ (ബിള്ഉ്) എന്ന വാക്കു ഒരു നിശ്ചിത എണ്ണത്തെ കുറിക്കുന്നില്ല. മിക്കവാറും മൂന്നു മുതല്‍ ഏഴുവരെയും, ചിലപ്പോള്‍, രണ്ടുമുതല്‍ ഒമ്പതുവരെയുമുള്ള എണ്ണത്തിലാണ് ഉപയോഗിക്കപ്പെടാറുള്ളത്. 'ചില്ലറ, ഏതാനും, സ്വല്‍പം, ശകലം' എന്നൊക്കെ സന്ദര്‍ഭംപോലെ അതിനു അര്‍ത്ഥം നല്‍കപ്പെടാം. യൂസുഫ് (عليه السلام) തടവില്‍ ഏഴുകൊല്ലം താമസിച്ചുവെന്നാണു അധികമാളുകളും പറഞ്ഞുകാണുന്നത്. അല്ലാഹുവിനറിയാം. തന്നെപ്പറ്റി രാജാവിനെ ഓര്‍മ്മിപ്പിക്കുവാന്‍ യൂസുഫ് (عليه السلام) അവനോടു പറഞ്ഞതിന്റെ പേരില്‍മാത്രമല്ല, തടവിലായിരുന്നകാലത്തു രണ്ടുപേരും തമ്മില്‍ തടവില്‍ വെച്ചുണ്ടായ പ്രത്യേകബന്ധം നോക്കുമ്പോഴും അവന്‍ അക്കാര്യം പ്രത്യേകം ഓര്‍മ്മവെച്ചിരിക്കേണ്ടതാണല്ലോ. എന്നിട്ടും ഒരു നീണ്ടകാലത്തോളം അതു മറന്നുപോകുകയും, ഒരു കാരണം നേരിട്ടപ്പോള്‍ മാത്രം ഓര്‍മ്മവരുകയുമാണുണ്ടായത്. അപ്പോള്‍, ആ

മറവിയിൽ പിശാചിൻെറ ഭാഗത്തുനിന്നുള്ള ഒരു പ്രേരണകൂടി ഉണ്ടായിരിക്കും. നല്ല കാര്യങ്ങൾക്കും, നല്ല ആളുകൾക്കും എതിരായി മനുഷ്യമനസ്സിൽ സ്വാധീനം ചെലുത്തുക പിശാചിൻെറ ജോലിയാണല്ലോ. 'അവൻ മറന്നുപോയി' എന്നോ മറ്റോ പറയാതെ, ''അവനെ പിശാചു മറപ്പിച്ചു (فأنساه الشيطان) എന്നുള്ള പ്രയോഗം ഇതൊക്കെയാണു സൂചിപ്പിക്കുന്നത്. പ്രത്യേകം ഓർമ്മിച്ചിരിക്കേണ്ടുന്ന ഒരു കാര്യം വേണ്ടുന്ന സമയത്തു ഓർമ്മ വരാതിരിക്കുമ്പോഴാണു ഇങ്ങിനെയുള്ള പ്രയോഗം കാണപ്പെടുക. ഇതുപോലെ ഒരവസരത്തിൽ, യൂശഉ് (عليه السلام) നബിയും പറഞ്ഞതായി 18:63 ൽ കാണാവുന്നതാണ്.

വിഭാഗം-6

43 രാജാവു പറഞ്ഞു: ''ഏഴു (തടിച്ചു)കൊഴുത്ത പശുക്കളെ മെലിഞ്ഞ ഏഴു (പശുക്കൾ) തിന്നുന്നതായി ഞാൻ (സ്വപ്നം) കാണുന്നു; ഏഴു പച്ച (ധാന്യ)ക്കതിരുകളും, വേറെ (ഏഴു) ഉണങ്ങിയവയും (കാണുന്നു). ഹേ, പ്രധാനികളേ, എൻെറ (ഈ) സ്വപ്നത്തിൽ നിങ്ങൾ എനിക്ക് (ഒരു) വിധി തരുവിൻ; നിങ്ങൾ സ്വപ്നത്തിന് വ്യാഖ്യാനം [പൊരുൾ] വിവരിക്കുന്നവരാണെങ്കിൽ.''

وَقَالَ ٱلْمَلِكُ إِنِّىٓ أَرَىٰ سَبْعَ بَقَرَٰتٍ سِمَانٍ يَأْكُلُهُنَّ سَبْعٌ عِجَافٌ وَسَبْعَ سُنۢبُلَٰتٍ خُضْرٍ وَأُخَرَ يَابِسَٰتٍ ۖ يَٰٓأَيُّهَا ٱلْمَلَأُ أَفْتُونِى فِى رُءْيَٰىَ إِن كُنتُمْ لِلرُّءْيَا تَعْبُرُونَ ﴿٤٣﴾

44 അവർ പറഞ്ഞു: ''പേക്കിനാവുകളുടെ മിശ്രങ്ങളാണ് (അത്). ഞങ്ങൾ പേക്കിനാവുകളുടെ വ്യാഖ്യാനത്തെപ്പറ്റി അറിയുന്നവരുമല്ല.''

قَالُوٓا۟ أَضْغَٰثُ أَحْلَٰمٍ ۖ وَمَا نَحْنُ بِتَأْوِيلِ ٱلْأَحْلَٰمِ بِعَٰلِمِينَ ﴿٤٤﴾

45 ആ രണ്ടു പേരിൽനിന്ന് രക്ഷപ്പെട്ടൻ പറഞ്ഞു: ഒരു (നീണ്ട) കാലയളവിനുശേഷം അവന് ഓർമ്മ വരുകയും ചെയ്തു ''അതിൻെറ വ്യാഖ്യാനത്തെപ്പറ്റി ഞാൻ നിങ്ങൾക്ക് വിവരിച്ചു തരാം; ആകയാൽ, (അതിന്) എന്നെ നിങ്ങൾ അയക്കുവിൻ, [ഞാൻ പോയിവരട്ടെ.]''

وَقَالَ ٱلَّذِى نَجَا مِنْهُمَا وَٱدَّكَرَ بَعْدَ أُمَّةٍ أَنَا۠ أُنَبِّئُكُم بِتَأْوِيلِهِۦ فَأَرْسِلُونِ ﴿٤٥﴾

---

43 **وقَالَ** പറഞ്ഞു, പറയുകയും ചെയ്തു. **الْملك** രാജാവ്. **إني أرى** ഞാൻ കാണുന്നു. **سبع** ഏഴു. **بقرات** പശുക്കളെ. **سمان** കൊഴുത്ത, തടിച്ച. **يأكُلهن** അവയെ തിന്നുന്നു, തിന്നുന്നതായി. **سبع** ഏഴെണ്ണം. **عجاف** മെലിഞ്ഞ, ശോഷിച്ച. **وسبع** ഏഴെണ്ണവും. **سنبلات** കതിരുകൾ. **خضر** പച്ചയായ. **وأخر** വേറെയും (ഏഴു). **يابسات** ഉണങ്ങിയ. **يا أيها الْملأ** ഹേ പ്രധാനികളേ, സംഘമേ. **أفْتوني** എനിക്ക് വിധി തരുവിൻ. **في رؤياي** എൻെറ സ്വപ്നക്കാഴ്ചയിൽ. **إن كُنتم** നിങ്ങളാണെങ്കിൽ. **للرؤيا** സ്വപ്നത്തിന്. **تعبرونَ** വ്യഖ്യാനം നൽകുന്നു (വെങ്കിൽ), വ്യാഖ്യാനം നൽകുന്ന (വർ). 44 **قَالُوا** അവർ പറഞ്ഞു. **أَضغاثُ** കലർപ്പുകളാണ്, കൂടിക്കലർന്നവയാണ്, മിശ്രങ്ങളാണ്. **أحلَام** പേക്കിനാവുകളുടെ, (ദു)സ്വപ്നങ്ങളുടെ. **وما نحن** ഞങ്ങളല്ലതാനും. **بتأويل** വ്യഖ്യാനത്തെപ്പറ്റി, (പൊരുളുകളെ). **الْأَحلَام** പേക്കിനാവുകളുടെ. **بعالمين** അറിയുന്നവർ. 45 **وقَالَ** പറഞ്ഞു. **الذي نجا** രക്ഷപ്പെട്ടവൻ. **منهما** അവർ രണ്ടാളിൽനിന്ന്. **وادكر** അവൻ ഓർക്കുക(അവന് ഓർമ്മ വരുക)യും ചെയ്തു. **بعد أمة** ഒരു കാലയളവിന്ന് ശേഷം (ദീർഘകാലശേഷം). **أنا أنبئُكُم** ഞാൻ നിങ്ങൾക്ക് വിവരിച്ചു തരാം. **بتأويله** അതിൻെറ വ്യഖ്യാനത്തെപ്പറ്റി. **فَأرسلُونِ** ആകയാൽ (എന്നാൽ) എന്നെ നിങ്ങൾ അയക്കുവിൻ.

രാജാവിൻെറ പാനീയ കാര്യസ്ഥൻ കാരാഗ്രഹത്തിൽനിന്നു രക്ഷപ്പെട്ടു പഴയ ജോലി തുടരുകയാണ്. യൂസുഫ് (عليه السلام) ഗൗനിക്കപ്പെടാതെ തടവിലും കഴിയുന്നു. കൊല്ലങ്ങൾ അങ്ങിനെ കഴിഞ്ഞു. ഒരിക്കൽ രാജാവ് ഒരു സ്വപ്നം കണ്ടു. തടിച്ചുകൊഴുത്ത ഏഴു പശുക്കളെ മെലിഞ്ഞു ശോഷിച്ച ഏഴു പശുക്കൾ തിന്നുന്നതും, ഏഴു വീതം പച്ചയായ ധാന്യക്കതിരുകളും, ഉണങ്ങിയ കതിരുകളും, ഇതായിരുന്നു സ്വപ്നം. സ്വപ്നവ്യാഖ്യാന വിദഗ്ധരായ പലരെയും വിളിച്ചുവരുത്തി തൻെറ സ്വപ്നത്തിൻെറ പൊരുൾ പറയുവാൻ രാജാവു ആവശ്യപ്പെട്ടു. ആർക്കും വ്യാഖ്യാനിക്കുവാൻ കഴിഞ്ഞില്ല. പല പേക്കിനാവുകൾ കൂടിച്ചേർന്നതാണു ഈ സ്വപ്നം. ഇത്തരം കിനാവുകൾക്കൊന്നും വ്യാഖ്യാനം പറയുവാൻ ഞങ്ങൾക്കറിഞ്ഞുകൂടാ എന്നായിരുന്നു അവരുടെ മറുപടി. രാജസ്വപ്നമായതുകൊണ്ടു അതിനു ഒരു പ്രാധാന്യവും കൽപിക്കപ്പെടുക സ്വാഭാവികമാണല്ലോ. ഈ സന്ദർഭത്തിലാണു മുമ്പു തടവിൽ നിന്നു പോരുമ്പോൾ തൻെറ കാര്യം ഓർമ്മിപ്പിക്കുവാൻ യൂസുഫ് (عليه السلام) ഏൽപിച്ചിരുന്നവനു മുമ്പു കഴിഞ്ഞ ആ പഴയ വർത്തമാനങ്ങൾ ഓർമ്മ വരുന്നത്. ആ കാര്യം ഞാൻ നിവൃത്തിച്ചു തരാം. ജയിലിലുണ്ട് സ്വപ്നവ്യാഖ്യാനം ശരിക്കും അറിയാവുന്ന ഒരു മാന്യൻ. എന്നെ പറഞ്ഞയക്കുന്നപക്ഷം ഞാൻ പോയി ചോദിച്ചറിഞ്ഞു വരാം എന്നു അവൻ അറിയിച്ചു.

'സമുദായം' എന്നു അർത്ഥം പറയപ്പെടാറുള്ള امة (ഉമ്മത്തു) എന്ന പദത്തിനു വേറെയും അർത്ഥങ്ങൾ വരുമെന്നും, അവയിലൊന്നാണു 'കാലയളവു' അഥവാ കുറേകാലം എന്നും സൂ: ഹൂദ് 8-ാം വചനത്തിൻെറ വ്യാഖ്യാനത്തിൽ മുമ്പു നാം ചൂണ്ടിക്കാട്ടിയിട്ടുണ്ടല്ലോ. ഈ അർത്ഥത്തിലാണ് അതിവിടെയുള്ളത്.

46 (അവൻ പറഞ്ഞു:) ''യൂസുഫ്! ഹേ, സത്യസന്ധാ! ''ഏഴു (തടിച്ചു) കൊഴുത്ത പശുക്കളെ മെലിഞ്ഞ ഏഴു (പശുക്കൾ) തിന്നുന്നതിൻെറ കാര്യത്തിൽ ഞങ്ങൾക്ക് വിധി (പറഞ്ഞു) തരണം; ഏഴു പച്ച (ധാന്യ)ക്കതിരുകളുടെയും, വേറെ (ഏഴു) ഉണങ്ങിയവയുടെയും (കാര്യത്തിലും); എനിക്ക് (ആ) മനുഷ്യരുടെ അടുക്കലേക്ക്-അവർക്കറിയുവാൻവേണ്ടി-(അതും കൊണ്ടു) മടങ്ങിച്ചെല്ലാമല്ലോ.''

يُوسُفُ أَيُّهَا ٱلصِّدِّيقُ أَفْتِنَا فِى سَبْعِ بَقَرَٰتٍ سِمَانٍ يَأْكُلُهُنَّ سَبْعٌ عِجَافٌ وَسَبْعِ سُنۢبُلَٰتٍ خُضْرٍ وَأُخَرَ يَابِسَٰتٍ لَّعَلِّىٓ أَرْجِعُ إِلَى ٱلنَّاسِ لَعَلَّهُمْ يَعْلَمُونَ ﴿٤٦﴾

47 അദ്ദേഹം [യൂസുഫ്] പറഞ്ഞു: ''നിങ്ങൾ ഏഴു കൊല്ലം പതിവായി കൃഷി ചെയ്യും. (അഥവാ ചെയ്യണം) എന്നിട്ട്, നിങ്ങൾ കൊയ്തെടുക്കുന്നതിനെ അതിൻെറ കതിരിൽ (തന്നെ) നിങ്ങൾ വിട്ടേക്കുവിൻ; നിങ്ങൾ തിന്നു (കഴിക്കു)ന്നതിൽപെട്ട അൽപമൊഴികെ.

قَالَ تَزْرَعُونَ سَبْعَ سِنِينَ دَأَبًا فَمَا حَصَدتُّمْ فَذَرُوهُ فِى سُنۢبُلِهِۦٓ إِلَّا قَلِيلًا مِّمَّا تَأْكُلُونَ ﴿٤٧﴾

48 ''പിന്നീട് അതിനുശേഷം കഠിനങ്ങളായ ഏഴു (കൊല്ലം) വരും;- '' അവ [ആ കൊല്ലങ്ങൾ] ക്കുവേണ്ടി നിങ്ങൾ മുൻകൂട്ടി (സൂക്ഷിച്ചു) വെച്ചിട്ടുള്ളത് (ഒക്കെ) അവ തിന്നു (തീർക്കു) ന്നതാണ്; നിങ്ങൾ കാത്തു (സൂക്ഷിച്ചു) വെക്കുന്നതിൽപെട്ട അൽപമൊഴികെ.''

ثُمَّ يَأْتِى مِنۢ بَعْدِ ذَٰلِكَ سَبْعٌ شِدَادٌ يَأْكُلْنَ مَا قَدَّمْتُمْ لَهُنَّ إِلَّا قَلِيلًا مِّمَّا تُحْصِنُونَ ﴿٤٨﴾

49 ‘‘പിന്നെ, അതിനുശേഷം ഒരു സംവൽസരം വരും; അതിൽ മനുഷ്യർക്ക് (മഴമൂലം) രക്ഷ നൽകപ്പെടും; അതിൽ അവർ പിഴിഞ്ഞെടുക്കുക [ആട്ടിയെടുക്കുക]യും ചെയ്യും.’’

ثُمَّ يَأْتِي مِنۢ بَعْدِ ذَٰلِكَ عَامٌ فِيهِ يُغَاثُ ٱلنَّاسُ وَفِيهِ يَعْصِرُونَ ﴿٤٩﴾

---

46 **يوسف** യൂസുഫേ. **أيها الصديق** ഹേ സത്യസന്ധാ. **أفْتنا** ഞങ്ങൾക്ക വിധി നൽകണം. **في سبع** ഏഴിൽ (ഏഴിൻെറ കാര്യത്തിൽ). **بقَرات** പശുക്കൾ. **سمان** തടിച്ച, കൊഴുത്ത. **يأكُلهن** അവയെ തിന്നുന്നു. **سبع** ഏഴു എണ്ണം. **عجاف** മെലിഞ്ഞവ. **وسبع** ഏഴിലും, ഏഴിൻെറയും. **سنبلات** കുതിരകൾ. **خضر** പച്ചയായ. **وأُخر** വേറെയും (ഏഴു). **يابِسات** ഉണങ്ങിയവ. **لعلي** ഞാനായേക്കാം, ആകുവാൻ വേണ്ടി (ആകാമല്ലോ). **أرجِع** ഞാൻ മടങ്ങും. **إلى الناس** മനുഷ്യരിലേക്ക്. **لعلّهم** അവരാകുവാൻവേണ്ടി, ആയേക്കാം. **يعلمُونَ** അവർ അറിയും. 47 **قالَ** അദ്ദേഹം പറഞ്ഞു. **تزرعونَ** നിങ്ങൾ കൃഷി ചെയ്യണം, വിളയിടും. **سبع سِنِين** ഏഴുകൊല്ലങ്ങൾ. **دأبًا** പതിവായി (തുടർച്ചയായി). **فَما حصدتم** എന്നിട്ടു നിങ്ങൾ കൊയ്തെടുത്തത്. **فَذَروه** അതിനെ നിങ്ങൾ വിട്ടേക്കുക. **في سنبله** അതിൻെറ കതിരിൽ. **إلا قليلاً** അല്പമൊഴികെ. **مما تأكُلونَ** നിങ്ങൾ തിന്നുന്നതിൽ നിന്നുളള. 48 **ثم يأتي** പിന്നെ വരും. **من بعد ذَلك** അതിൻെറശേഷം. **سبع شداد** കഠിനങ്ങളായ ഏഴു (കൊല്ലം). **يأكُلن** അവ തിന്നും, തിന്നുന്നു. **ما قدَمتم** നിങ്ങൾ മുമ്പ് ചെയ്തു (മുമ്പ് സൂക്ഷിച്ചു)വെച്ചത്. **لهن** അവക്കായി. **إلا قليلاً** അല്പമൊഴികെ. **مما تحصنونَ** നിങ്ങൾ കാത്തു സൂക്ഷിക്കുന്നതിൽപെട്ട. 49 **ثم يأتي** പിന്നെവരം. **من بعد** ശേഷം. **ذَلك** അതിൻെറ. **عام** ഒരു സംവൽസരം, വർഷം. **فيه** അതിൽ. **يغاثُ** രക്ഷ (സഹായം) നൽകപ്പെടും, മഴ കിട്ടും. **الناس** മനുഷ്യർക്ക്. **وفيه** അതിൽ. **يعصرونَ** അവർ പിഴിഞ്ഞെടുക്ക (ആട്ടിയെടുക്കു)കയും ചെയ്യും.

പാനീയ കാര്യസ്ഥൻ കാരാഗൃഹത്തിൽ യൂസുഫ് (عليه السلام) ൻെറ അടുക്കലേക്ക് അയക്കപ്പെട്ടു. അവൻ ചെന്നു അദ്ദേഹത്തോടു രാജാവിൻെറ സ്വപ്നത്തിനു വ്യാഖ്യാനം നൽകുവാൻ അപേക്ഷിച്ചു. ഇത്രയും കാലം തന്നെ വിസ്മരിച്ചശേഷം ഇപ്പോൾ ഈയൊരാവശ്യം നേരിട്ടപ്പോൾ മാത്രം തന്നെക്കുറച്ചു ഓർമ്മവന്നതിനെപ്പറ്റി പ്രതിഷേധിക്കാതെ വേഗം അവനു മറുപടി കൊടുത്തു. ഏഴു തടിച്ച പശുക്കൾ നിലം ഉഴുതു കൃഷി ചെയ്‌വാൻ പറ്റുന്ന ഏഴു വർഷങ്ങളെയും, പച്ചക്കതിരുകൾ ഏഴുകൊല്ലത്തെ ക്ഷേമത്തെയും, സമൃദ്ധമായ വിളവിനെയും, ഏഴു ഉണങ്ങിയ കതിരുകൾ ഏഴു കൊല്ലത്തെ ക്ഷാമത്തെയും, വരൾച്ചയെയും കുറിക്കുന്നു. അതു കൊണ്ടു ആദ്യത്തെ ഏഴുകൊല്ലം നന്നായി കൃഷി നടത്തണം. അതു കൊയ്തെടുക്കുന്ന ധാന്യം നശിച്ചുപോകാതിരിക്കുവാൻവേണ്ടി കതിരോടെ സൂക്ഷിച്ചു വെക്കണം. ഭക്ഷ്യാവശ്യങ്ങൾ കഴിവതും ചുരുക്കി ബാക്കിയെല്ലാം പിന്നേക്കു കരുതിവെക്കണം. പിന്നീട് വരുന്ന ഏഴു ക്ഷാമത്തിൻെറ വർഷങ്ങളിൽ ആ സൂക്ഷിക്കപ്പെട്ട ധാന്യം ഉപയോഗപ്പെടുത്താം. വിത്തിനും മറ്റുമായി അല്പം കരുതിവെച്ചു ബാക്കിയൊക്കെ അന്നു ഉപയോഗിക്കാം. പഞ്ഞത്തിൻെറ വർഷങ്ങൾ കഴിയുന്നതോടെ ഇഷ്ടംപോലെ മഴയും മറ്റും ലഭിച്ചു സുഖകരമായ വർഷമായിരിക്കും ലഭിക്കുക. അക്കൊല്ലം കൃഷികളെല്ലാം നന്നായി വിളയും. മുന്തിരിയിൽ നന്നുകളളും, ഒലീവിൽ നിന്നു എണ്ണയും, കരിമ്പിൽ നിന്നു ശർക്കരയുമൊക്കെ ആട്ടിയും പിഴിഞ്ഞും എടുക്കുകയും ചെയ്യാം. ഇതായിരുന്നു ആ സ്വപ്നത്തിൻെറ വ്യാഖ്യാനവും പൊരുളും.

തൻെറ രാഷ്ട്രത്തിൻെറ തന്നെ ഭാവിയെ ബാധിക്കുന്ന ഈ മഹത്തായ വ്യാഖ്യാന വിവരം കേട്ടറിഞ്ഞപ്പോൾ ഈ വ്യാഖ്യാനകർത്താവിനെ-യൂസുഫ് (عليه السلام) നെ-പ്പറ്റി രാജാവു കൂടുതൽ അന്വേഷിച്ചറിയുകയും, കാണുവാൻ ആഗ്രഹിക്കുകയും ചെയ്യുക സ്വഭാവികമാണല്ലോ.

.

വിഭാഗം-7

50 രാജാവ് പറയുകയും ചെയ്തു: ''അവനെ എന്‍റെ അടുക്കല്‍ കൊണ്ടുവരുവിന്‍.'' അങ്ങനെ, അദ്ദേഹത്തിന്‍റെ അടുക്കല്‍ (രാജാവിന്‍റെ) ദൂതന്‍ വന്നപ്പോള്‍, അദ്ദേഹം പറഞ്ഞു: ''നീ നിന്‍റെ യജമാനന്‍റെ അടുക്കലേക്ക് മടങ്ങിച്ചെല്ലുക; എന്നിട്ടദ്ദേഹത്തോട് ചോദി(ച്ചു നോ)ക്കുക: തങ്ങളുടെ കൈകള്‍ മുറിപ്പെടുത്തിയ (ആ) സ്ത്രീകളുടെ നിലപാടെന്താണെന്ന്?! നിശ്ചയമായും, എന്‍റെ റബ്ബ് അവരുടെ തന്ത്രത്തെപ്പറ്റി അറിയുന്നവനാണ്.''

وَقَالَ ٱلْمَلِكُ ٱئْتُونِى بِهِۦ ۖ فَلَمَّا جَآءَهُ ٱلرَّسُولُ قَالَ ٱرْجِعْ إِلَىٰ رَبِّكَ فَسْـَٔلْهُ مَا بَالُ ٱلنِّسْوَةِ ٱلَّـٰتِى قَطَّعْنَ أَيْدِيَهُنَّ ۚ إِنَّ رَبِّى بِكَيْدِهِنَّ عَلِيمٌ ﴿٥٠﴾

---

50 وقَالَ പറയുകയും ചെയ്തു. الملك രാജാവ്. ائْتوني എന്‍റെ അടുക്കല്‍ വരുവിന്‍. به അവനെക്കൊണ്ട്. فلما جاءه അങ്ങനെ അദ്ദേഹത്തിന്‍റെ അടുക്കല്‍ വന്നപ്പോള്‍. الرسولُ ദൂതന്‍. قَالَ അദ്ദേഹം പറഞ്ഞു. ارجع നീ മടങ്ങുക. إلى ربك നിന്‍റെ യജമാനനിലേക്ക്. فاسأله എന്നിട്ടദ്ദേഹത്തോട് ചോദിക്കുക. ما بالُ നിലപാട് (സ്ഥിതി) എന്താണ്. النسوة സ്ത്രീകളുടെ. اللاتي قطعن മുറിപ്പെടുത്തിയ. أيديهن അവരുടെ കൈകളെ. إن ربي നിശ്ചയമായും എന്‍റെ റബ്ബ്. بِكيدهن അവരുടെ തന്ത്രത്തെ (ഉപായത്തെ)പ്പറ്റി. عليم അറിയുന്നവനാണ്.

യൂസുഫ് (عليه السلام) നെ വിളിച്ചുകൊണ്ടുവരാന്‍ രാജാവു ദൂതനെ അയച്ചു. ദൂതന്‍ വന്ന മാത്രയില്‍തന്നെ തടവില്‍ നിന്നു പുറത്തുപോരാന്‍ അദ്ദേഹം തയ്യാറില്ലായിരുന്നു. ഒരു സംശയിക്കപ്പെട്ട കേടിയായിക്കൊണ്ടു രാജസന്നിധിയില്‍ ചെല്ലാതെ, തന്‍റെ യഥാര്‍ത്ഥസ്ഥിതി രാജാവു അറിഞ്ഞുകൊണ്ടായിരിക്കണം അതെന്നു അദ്ദേഹം ആഗ്രഹിച്ചു. മുമ്പു തന്‍റെ കാരണത്താല്‍ കൈകള്‍ മുറിപ്പെടുത്തുകയും, അതിനെത്തുടര്‍ന്നു അസീസിന്‍റെ ഭാര്യക്കു പിന്തുണ നല്‍കുകയും ചെയ്തിരുന്ന ആ സ്ത്രീകളുമായി ഒരു സത്യാന്വേഷണം നടത്തി തന്‍റെ നിരപരാധിത്വവും പരിശുദ്ധിയും പരസ്യമായി രാജാവിനും മറ്റും ബോധ്യപ്പെട്ട ശേഷമേ താന്‍ പുറത്തു പോകേണ്ടതുള്ളുവെന്നു അദ്ദേഹം നിശ്ചയിച്ചു. അദ്ദേഹത്തിന്‍റെ മാന്യതയും, ധീരതയും ദൃഢമനസ്കതയും ഇതില്‍നിന്നു വ്യക്തമാണ്. നബി (ﷺ) ഒരു ഹദീസില്‍ അതിങ്ങിനെ ചൂണ്ടിക്കാട്ടിയിരിക്കുന്നു: 'യൂസുഫ് താമസിച്ചത്ര കാലം ഞാന്‍ തടവില്‍ താമസിച്ചിരുന്നുവെങ്കില്‍, ആ വിളിക്കുവാന്‍ ചെന്നവന്‍റെ ക്ഷണം ഞാന്‍ സ്വീകരിക്കുമായിരുന്നു.' (ബു: മു; മുതലായവര്‍) രാജാവു അന്വേഷണം നടത്തി.

51 അദ്ദേഹം [രാജാവ്] പറഞ്ഞു: ''(സ്ത്രീകളേ) നിങ്ങള്‍ യൂസുഫിനോട് വശീകരണ ശ്രമം നടത്തിയപ്പോള്‍ (ഉണ്ടായ) നിങ്ങളുടെ വിശേഷമെന്ത്?'' അവര്‍ പറഞ്ഞു: ''അല്ലാഹുവിന്‍റെ പരിശുദ്ധിയെ വാഴ്ത്തുന്നു! അവനെപ്പറ്റി യാതൊരു തിന്‍മയും ഞങ്ങള്‍ അറിഞ്ഞിട്ടില്ല.'' അസീസിന്‍റെ സ്ത്രീ [ഭാര്യ] പറഞ്ഞു: ''ഇപ്പോള്‍, യഥാര്‍ത്ഥം വെളിവായിരിക്കുന്നു; ഞാനത്രെ അവനോട് വശീകരണ ശ്രമം നടത്തിയത്. അവന്‍ സത്യവാന്‍മാരില്‍പെട്ടവന്‍ തന്നെയാണു താനും.''

قَالَ مَا خَطْبُكُنَّ إِذْ رَٰوَدتُّنَّ يُوسُفَ عَن نَّفْسِهِۦ ۚ قُلْنَ حَـٰشَ لِلَّهِ مَا عَلِمْنَا عَلَيْهِ مِن سُوٓءٍ ۚ قَالَتِ ٱمْرَأَتُ ٱلْعَزِيزِ ٱلْـَٔـٰنَ حَصْحَصَ ٱلْحَقُّ أَنَا۠ رَٰوَدتُّهُۥ عَن نَّفْسِهِۦ وَإِنَّهُۥ لَمِنَ ٱلصَّـٰدِقِينَ ﴿٥١﴾

ذَٰلِكَ لِيَعۡلَمَ أَنِّي لَمۡ أَخُنۡهُ بِٱلۡغَيۡبِ وَأَنَّ ٱللَّهَ لَا يَهۡدِي كَيۡدَ ٱلۡخَآئِنِينَ ٥٢

52 ''അത് [അങ്ങിനെ പറഞ്ഞത്] അവനെ (അവൻെറ) അഭാവത്തിൽ ഞാൻ വഞ്ചിച്ചിട്ടില്ലെന്ന് അവൻ അറിയുവാൻ വേണ്ടിയാകുന്നു; വഞ്ചകൻമാരുടെ തന്ത്രത്തെ അല്ലാഹു നേർവഴിയിലാക്കുകയില്ലെന്നുള്ളതിനാലുമാകുന്നു.''

---

51 قَالَ അദ്ദേഹം പറഞ്ഞു. ما خطبُكن നിങ്ങളുടെ വിശേഷം(കാര്യം) എന്താണു. إذْ راودتن നിങ്ങൾ വശീകരണ ശ്രമം നടത്തിയപ്പോൾ. يوسف യൂസുഫിനോട്. عن نفْسِه അവന്‌വേണ്ടി (അവനെ വശപ്പെടുത്താൻ). قُلْن അവർ പറഞ്ഞു. حاش لله അല്ലാഹുവിൻെറ പരിശുദ്ധി (വാഴ്ത്തുന്നു). ما علمنا ഞങ്ങൾ അറിഞ്ഞിട്ടില്ല. عليْه അദ്ദേഹത്തെപ്പറ്റി. من سوءٍ ഒരു തിൻമയും. قالَت പറഞ്ഞു. امرأةُ സ്ത്രീ (ഭാര്യ). العزيز അസീസിൻെറ. الآنَ ഇപ്പോൾ. حصحص വെളിപ്പെട്ടു, വ്യക്തിമായി. الحق യഥാർത്ഥം. أنا ഞാൻ (തന്നെ). راودْته അവനോട് വശീകരണശ്രമം നടത്തി. عن نفْسِه അവനുവേണ്ടി. وإِنه നിശ്ചയമായും അവൻ. لمن الصادقين സത്യവാൻമാരിൽ പെട്ട(വൻ) തന്നെ. 52 ذَلكَ അത്. ليعلم അവൻ (അദ്ദേഹം) അറിയുവാൻ വേണ്ടിയാകുന്നു. أني ഞാൻ എന്ന്. لم أخنه അദ്ദേഹത്തെ (അവനെ) ഞാൻ വഞ്ചി (ചതിച്ചി)ട്ടില്ല (എന്ന്). بِالْغيب അഭാവത്തിൽ, മറവിൽ. وأن الله അല്ലാഹു എന്നതിനാലും. لا يهدِي അവൻ നേർവഴിക്കാക്കുകയില്ല (എന്നതിനാലും). كيْد തന്ത്രത്തെ, ഉപായം. الْخائنين ചതിയൻമാരുടെ, വഞ്ചകരുടെ. 53 وما أُبرئ ഞാൻ ഒഴിവാക്കുന്നില്ല (നിരപരാധിയാക്കുന്നില്ല). نفْسِي എൻെറ സ്വന്തത്തെ, ആത്മാവിനെ, മനസ്സിനെ. إن النفْس നിശ്ചയമായും മനസ്സ്. لَأمارةٌ (വളരെ) ഉപദേശിക്കുന്ന (പ്രേരിപ്പിക്കുന്ന) തു തന്നെ. بِالسوء തിൻമകൊണ്ട്, തിൻമയെപ്പറ്റി. إلا ما رحم കരുണ ചെയ്തത് (ചെയ്തവ) ഒഴികെ. ربي എൻെറ റബ്ബ്. إن ربي നിശ്ചയമായും എൻെറ റബ്ബ്. غَفُور വളരെ പൊറുക്കുന്നവനാണ്. رحيم കരുണാനിധിയാണ്.

ജുസ്ഉ്–13

وَمَآ أُبَرِّئُ نَفۡسِيٓۚ إِنَّ ٱلنَّفۡسَ لَأَمَّارَةُۢ بِٱلسُّوٓءِ إِلَّا مَا رَحِمَ رَبِّيٓۚ إِنَّ رَبِّي غَفُورٞ رَّحِيمٞ ٥٣

53 ''എൻെറ സ്വന്തത്തെ (അഥവാ മനസ്സിനെ) ഞാൻ (നിരപരാധിയാക്കി) ഒഴിവാക്കുന്നുമില്ല. നിശ്ചയമായും മനസ്സ് തിൻമകൊണ്ട് ഉപദേശിക്കുന്ന [തിൻമക്ക് പ്രേരിപ്പിക്കുന്ന] തുതന്നെയാണ്, എൻെറ റബ്ബ് കരുണചെയ്തവനൊഴികെ. നിശ്ചയമായും, എൻെറ റബ്ബ് വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.''

---

53 وما أُبرئ ഞാൻ ഒഴിവാക്കുന്നില്ല (നിരപരാധിയാക്കുന്നില്ല). نفْسِي എൻെറ സ്വന്തത്തെ, ആത്മാവിനെ, മനസ്സിനെ. إن النفْس നിശ്ചയമായും മനസ്സ്. لَأمارةٌ (വളരെ) ഉപദേശിക്കുന്ന (പ്രേരിപ്പിക്കുന്ന) തു തന്നെ. بِالسوء തിൻമകൊണ്ട്, തിൻമയെപ്പറ്റി. إلا ما رحم കരുണ ചെയ്തത് (ചെയ്തവ) ഒഴികെ. ربي എൻെറ റബ്ബ്. إن ربي നിശ്ചയമായും എൻെറ റബ്ബ്. غَفُور വളരെ പൊറുക്കുന്നവനാണ്. رحيم കരുണാനിധിയാണ്.

അസീസിൻെറ ഭാര്യ നിങ്ങളെ വിരുന്നു സൽകരിച്ചതു മുതൽ നിങ്ങൾ യൂസുഫിനു നേരെ പ്രേമം പുലർത്തിക്കൊണ്ടിരുന്നുവല്ലോ. എന്നാൽ, അവൻെറ ഭാഗത്തുനിന്നു നിങ്ങളിലേക്കു വല്ല ചായ്‌വും ഉള്ളതായി നിങ്ങൾ കാണുകയുണ്ടായോ? അവനെപ്പറ്റി നിങ്ങളുടെ അഭിപ്രായമെന്താണ്? എന്നൊക്കെ രാജാവു സ്ത്രീകളോടു അന്വേഷിച്ചു. ഞങ്ങൾ അറിഞ്ഞിടത്തോളം അവ

നെ സംബന്ധിച്ചു ഒരു ദൂഷ്യവും പറയുവാനില്ല എന്നായിരുന്നു അവരുടെ മറുപടി. ഇത്രയുമായപ്പോൾ അസീസിന്റെ ഭാര്യയും സത്യം തുറന്നുപറഞ്ഞു. ഇതേവരെ സംഗതി മൂടപ്പെട്ടുകിടക്കുകയായിരുന്നു. ഇപ്പോൾ യഥാർത്ഥം വെളിക്കുവന്നിരിക്കയാണ്, യഥാർത്ഥത്തിൽ അവനല്ല–ഞാൻതന്നെയാണു–പ്രേമാപേക്ഷ നടത്തിയത്. അവന്റെ ഭാഗത്താണു സത്യമുള്ളതു എന്നിങ്ങിനെ അവളും മൊഴികൊടുത്തു. യൂസുഫ് കേവലം ഒരു സാധാരണക്കാരനല്ലെന്നു എല്ലാവർക്കും ബോധ്യമായി.

52ഉം 53ഉം വചനങ്ങളിലെ വാചകങ്ങൾ അസീസിന്റെ ഭാര്യയുടെ പ്രസ്താവനയുടെ തുടർച്ചയാണെന്നത്രെ വാചകങ്ങളുടെ ഘടനക്രമത്തിൽ നിന്നു മനസ്സിലാകുന്നത്. വ്യാഖ്യാതക്കളിൽ ഒരു വിഭാഗത്തിന്റെ അഭിപ്രായവും അതാണ്. അതേസമയം, ആ വാചകങ്ങളിലടങ്ങിയ ആശയങ്ങൾ നോക്കുമ്പോൾ, അവ യൂസുഫ് (عليه السلام) ന്റെ വാചകങ്ങളായിരിക്കുവനാണു കൂടുതൽ സാധ്യത കാണുന്നതെന്ന നിഗമനത്തിൽ അധിക വ്യാഖ്യാതാക്കളും അവ അദ്ദേഹത്തിന്റെ പ്രസ്താവനയാണെന്നും അഭിപ്രായപ്പെടുന്നു. അസീസിന്റെ ഭാര്യയുടെ വാചകങ്ങളാണെന്നു വെക്കുമ്പോൾ...(..... ذلك ليعلم) (അദ്ദേഹത്തിന്റെ അഭാവത്തിൽ അദ്ദേഹത്തെ ഞാൻ വഞ്ചിച്ചിട്ടില്ലെന്നു അറിയുവാൻ വേണ്ടിയാണു അത്) എന്ന വാക്യത്തിന്റെ സാരം രണ്ടു പ്രകാരത്തിൽ വരാം. (1) അദ്ദേഹത്തെ- അഥവാ എന്റെ ഭർത്താവായ അസീസിനെ –അദ്ദേഹത്തിന്റെ അഭാവത്തിൽ ഞാൻ വഞ്ചിക്കുകയുണ്ടായിട്ടില്ല. ഞാൻ യൂസുഫിനെ മോഹിച്ചതും, പിടികൂടിയതും ശരിതന്നെ. അവൻ അതിനു വിസമ്മതിക്കുകയാണുണ്ടായത്. അതുകൊണ്ടു അതിനപ്പുറമുള്ള അപരാധം (വ്യഭിചാരം) ഞാൻ ചെയ്തിട്ടില്ല. ഈ വസ്തുത അദ്ദേഹം അറിഞ്ഞിരിക്കുവാൻ വേണ്ടിയാണു ഞാനിപ്പോൾ ഇതെല്ലാം തുറന്നുസമ്മതിച്ചത്. (2) ഞാനിപ്പോൾ സത്യം തുറന്നുപറയുവാൻ കാരണം, അവൻ -യൂസുഫ്- കാരാഗൃഹത്തിലായശേഷം അവന്റെ അഭാവത്തിൽ അവനെപ്പറ്റി ആരോപണങ്ങൾ നടത്തി വഞ്ചിച്ചിട്ടില്ലെന്നു അവൻ അറിഞ്ഞിരിക്കുവാൻവേണ്ടിയാകുന്നു. ഇനി, ആ വാചകങ്ങൾ യൂസുഫ് (عليه السلام) മേതാണെന്നുവെക്കുമ്പോൾ, ഈ വാക്യത്തിന്റെ താൽപര്യം ഇങ്ങിനെയായിരിക്കും: തടവിൽ നിന്നു എന്നെ ദൂതൻ വിളിച്ചപാടെ ഞാൻ പുറത്തുപോരാതെ ഈ വിഷയത്തിലെ സത്യാവസ്ഥ അന്വേഷിക്കണമെന്നു ആവശ്യപ്പെടുവാൻ കാരണം, എന്റെ യജമാനനായ അദ്ദേഹം -അസീസു- വീട്ടിലില്ലാത്തപ്പോൾ അദ്ദേഹത്തെ വഞ്ചിച്ചുകൊണ്ടു അദ്ദേഹത്തിന്റെ ഭാര്യയുടെ ആവശ്യത്തിനു ഞാൻ വഴങ്ങിയിട്ടില്ലെന്ന പരമാർത്ഥം അദ്ദേഹം അറിയുവാൻ വേണ്ടിയാകുന്നു.

'വഞ്ചകൻമാരുടെ തന്ത്രത്തെ അല്ലാഹു നേർമ്മാർഗ്ഗത്തിലാക്കുകയില്ല' ...(.... ان الله لا يهدى) എന്നു പറഞ്ഞതിന്റെ താൽപര്യം, അവരുടെ തന്ത്രങ്ങളും ഉപായങ്ങളും വിജയിക്കുകയില്ല; ഒരിക്കലല്ലെങ്കിൽ മറ്റൊരിക്കൽ, ഒരു കാരണം കൊണ്ടല്ലെങ്കിൽ മറ്റൊരു കാരണംകൊണ്ടു അതു പൊളിഞ്ഞു പോകുകയും, അവർ വഷളാകുകയും ചെയ്യും എന്നത്രെ. 'ഞാൻ എന്റെ സ്വന്തത്തെ-അഥവാ എന്റെമനസ്സിനെ-ഒഴിവാക്കി പറയുന്നില്ല, മനസ്സു തിൻമക്കു പ്രേരണ നല്കുന്നതു തന്നെയാണു...'...(.... وما ابرئ نفسى ان النفس) എന്ന വാക്യത്തിലെ ആശയം ഇപ്രകാരം മനസ്സിലാക്കാം: ഞാൻ ഇപ്രകാരം എന്റെ നിരപരാധിത്വം സ്ഥാപിക്കുന്നതുകൊണ്ടു എന്റെ പക്കൽ യാതൊരു തരത്തിലുള്ള തെറ്റുകുറ്റവും വന്നു പോകയില്ലെന്നു ഞാൻ അവകാശപ്പെടുന്നില്ല. മനുഷ്യ മനസ്സ് ദുഷ്പ്രേരണകൾക്കും, ദുർവികാരണങ്ങൾക്കും വിധേയമാകുന്നതാണല്ലോ. അല്ലാഹുവിന്റെ കാരുണ്യംകൊണ്ട് രക്ഷപ്പെടുന്നവർ മാത്രമേ ഇതിൽനിന്നു ഒഴിവായിരിക്കുകയുള്ളു. ഈ വാക്യം യൂസുഫ് (عليه السلام) പറഞ്ഞതായാലും, സുലൈഖാ പറഞ്ഞതായാലും സാരം ഏറെക്കുറെ ഒന്നുതന്നെ.

പ്രസ്തുത വാചകങ്ങൾ യൂസുഫ് (عليه السلام) ന്റെ വാചകങ്ങളാണെന്നുവെക്കുന്ന പക്ഷം, എപ്പോഴാണു അദ്ദേഹം അതു പറഞ്ഞതു എന്നു ചോദിക്കപ്പെടാം. ഇതിനുള്ള മറുപടി: രാജാവു സ്ത്രീകളെ വിളിച്ചു നടത്തിയ അന്വേഷണ ഫലം ദൂതൻ തടവിൽ ചെന്നു അദ്ദേഹത്തെ അറിയി

ച്ചപ്പോൾ ദൂതനോടു അദ്ദേഹം പറഞ്ഞതായിരിക്കാം. അല്ലെങ്കിൽ, അദ്ദേഹം തടവിൽ നിന്നു രാജാവിൻെറ മുമ്പിൽ വന്നശേഷം രാജാവിനോടു പറഞ്ഞതുമാവാം. രണ്ടു പ്രകാരത്തിലും പറയപ്പെട്ടിട്ടുണ്ടുതാനും.

52ഉം 53ഉം വചനങ്ങൾ സുലൈഖായുടെ വാചകങ്ങളെന്ന നിലക്കു അവക്കു വ്യാഖ്യാനം നൽകിയശേഷം ഇബ്നുകഥീർ (ﷺ) ചെയ്ത ഒരു പ്രസ്താവന ശ്രദ്ധേയമാകുന്നു. അതിൻെറ ചുരുക്കം ഇതാണ്: 'ഈ അഭിപ്രായമാണു കൂടുതൽ പ്രസിദ്ധമായതും അനുയോജ്യമായതും, മാവറദീ (ﷺ) അദ്ദേഹത്തിൻെറ തഫ്സീറിൽ ഇത് ഉദ്ധരിച്ചിട്ടുണ്ട്. അബുൽ അബ്ബാസ് ഇബ്നു തൈമിയ്യ (ﷺ) ഇതിനെ അനുകൂലിക്കുകയും ചെയ്തിരിക്കുന്നു. അതിനെപ്പറ്റി അദ്ദേഹം ഒരു പ്രത്യേക കൃതി തന്നെ രചിക്കുകയും ചെയ്തിരിക്കുന്നു. ആ വാക്യങ്ങൾ യൂസുഫ് (عليه السلام) ൻെറ പ്രസ്താവനയാണെന്നും പറയപ്പെട്ടിട്ടുണ്ട്. അതായതു, ഞാൻ ദൂതനെ മടക്കി അയച്ചത് എൻെറ നിരപരാധിത്വം രാജാവ് അറിയുവാനും, അസീസിൻെറ ഭാര്യയുടെ കാര്യത്തിൽ ഞാൻ അദ്ദേഹത്തെ (അസീസിനെ) വഞ്ചിച്ചിട്ടില്ലെന്നു അദ്ദേഹം അറിയുവാനും വേണ്ടിയാണു......ഈ അഭിപ്രായമല്ലാതെ ഇബ്നു ജരീറും ഇബ്നു അബീഹാത്തിമും (ﷺ) വേറെ അഭിപ്രായം ഉദ്ധരിച്ചിട്ടുമില്ല. ഇത് യൂസുഫ്(അ) പറഞ്ഞതാണെന്നു ഇബ്നു അബ്ബാസ് (رضي الله عنه)ൽ നിന്നുള്ള ഒരു രിവായത്തു ഇബ്നു ജരീർ (ﷺ) ഉദ്ധരിക്കുകയും ചെയ്തിരിക്കുന്നു. മുജാഹിദ്, സഈദുബ്നു ജുബൈർ, ഇക്‌രിമ (ﷺ) മുതലായവരും പറയുന്നതു അങ്ങിനെയാണ്. ഒന്നാമത്തെ (സുലൈഖായുടെ പ്രസ്താവനയാണെന്ന) അഭിപ്രായമാണു കൂടുതൽ ബലപ്പെട്ടതും കൂടുതൽ വ്യക്തതയുള്ളതും. കാരണം, മുൻവാചകങ്ങളെല്ലാം രാജാവിൻെറ സാന്നിദ്ധ്യത്തിൽ വെച്ച് അവൾ പറഞ്ഞതാണ്. യൂസുഫ് (عليه السلام) അപ്പോൾ അവിടെ ഇല്ല. അതിനുശേഷമാണു അദ്ദേഹത്തെ രാജാവു വരുത്തിയത്.' (ابن كثير -هـ)

രാജാവിന് യൂസുഫ് (عليه السلام) ൻെറ നിരപരാധിത്വം വ്യക്തമാകുകയും, സ്വപ്നത്തിനു അദ്ദേഹം നൽകിയ വ്യാഖ്യാനത്തിൻെറ ഗൗരവം മനസ്സിലാകുകയും ചെയ്തപ്പോൾ രാജാവിനു അദ്ദേഹത്തിൻെറ നേരെ കൂടുതൽ മതിപ്പായി.

وَقَالَ ٱلْمَلِكُ ٱئْتُونِى بِهِۦٓ أَسْتَخْلِصْهُ لِنَفْسِى ۖ فَلَمَّا كَلَّمَهُۥ قَالَ إِنَّكَ ٱلْيَوْمَ لَدَيْنَا مَكِينٌ أَمِينٌ ﴿٥٤﴾

54 രാജാവ് പറയുകയും ചെയ്തു: ''നിങ്ങൾ അവനെ എൻെറ അടുക്കൽ കൊണ്ടുവരുവിൻ, അവനെ ഞാൻ എനിക്കുവേണ്ടി സ്വന്തമാക്കിവെക്കാം.'' അങ്ങനെ, അദ്ദേഹത്തോട് സംസാരിച്ചപ്പോൾ അദ്ദേഹം [രാജാവ്] പറഞ്ഞു: ''നിശ്ചയമായും നീ, നമ്മുടെ അടുക്കൽ ഇന്ന് (വളരെ) സ്ഥാനിയും വിശ്വസ്ഥനുമാകുന്നു.''

قَالَ ٱجْعَلْنِى عَلَىٰ خَزَآئِنِ ٱلْأَرْضِ ۖ إِنِّى حَفِيظٌ عَلِيمٌ ﴿٥٥﴾

55 അദ്ദേഹം [യൂസുഫ്] പറഞ്ഞു: ''(എന്നാൽ) എന്നെ (ഈ) ഭൂമിയിലെ ഖജനാക്കളുടെമേൽ (അധികാരി) ആക്കിത്തരുക; നിശ്ചയമായും ഞാൻ, (കാത്തു) സൂക്ഷിക്കുന്നവനും, (ശരിക്ക്) അറിയുന്നവനുമാകുന്നു.''

---

54 **وقَالَ** പറയുകയും ചെയ്തു. **الْملك** രാജാവ്. **ائْتوني** എൻെറ അടുക്കൽ കൊണ്ടുവരുവിൻ, വരുവിൻ. **به** അവനെ, അവനെക്കൊണ്ട്. **أستخلصه** അവനെ ഞാൻ സ്വന്തമാക്കി (പ്രത്യേകമാക്കി-മാത്രമാക്കി) വെക്കാം (വെക്കുന്നു). **لنفسي** എൻെറ സ്വന്തത്തിന്, എനിക്ക് സ്വന്തമായി. **فلما كلمه** അങ്ങനെ അദ്ദേഹത്തോട് അദ്ദേഹം സംസാരിച്ചപ്പോൾ. **قَالَ** അദ്ദേഹം പറഞ്ഞു. **إنك** നിശ്ചയ

മായും നീ. **الْيَوْمَ** ഇന്ന്. **لَدَيْنَا** നമ്മുടെ അടുക്കൽ. **مَكِينٌ** സ്ഥാനിയാണ്, സ്ഥാനക്കാരനാണ്. **أَمِينٌ** വിശ്വസ്ഥനാണ്. 55 **قَالَ** അദ്ദേഹം പറഞ്ഞു. **اجْعَلْنِي** എന്നെ ആക്കുക. **عَلَى خَزَائِنِ** ഭണ്ഡാര (നിക്ഷേപ) ങ്ങളുടെ മേൽ. **الْأَرْضِ** ഭൂമിയിലെ, നാട്ടിൻെറ. **إِنِّي** നിശ്ചയമായും ഞാൻ. **حَفِيظٌ** കാക്കുന്ന (സൂക്ഷിക്കുന്ന) വനാണ്. **عَلِيمٌ** അറിയുന്നവനാണ്.

തൻെറ സ്വപ്നത്തിനു ലഭിച്ച വ്യാഖ്യാനത്തിൽ നിന്നും, പാനീയ കാര്യസ്ഥൻെറ അഭിപ്രായങ്ങളിൽ നിന്നും, സ്ത്രീകളുമായി നടത്തിയ അന്വേഷണത്തിൽ നിന്നുമെല്ലാം യൂസുഫ് (عليه السلام) ഒരു സാധാരണക്കാരനല്ല. ശുദ്ധനും മാന്യനും യോഗ്യനും തന്നെയാണു എന്നു രാജാവിനു ബോധ്യമായി. അദ്ദേഹത്തെ തനിക്കൊരു ഉപദേഷ്ടാവാക്കാമെന്നു കരുതി. വേഗം വിളിച്ചു കൊണ്ടുവരുവാൻ വീണ്ടും ആളയച്ചു. അദ്ദേഹം വന്നശേഷം അദ്ദേഹവുമായി നടത്തിയ സംഭാഷണത്തിൽ അദ്ദേഹത്തെപ്പറ്റി രാജാവിനു കൂടുതൽ മതിപ്പുണ്ടായി. താൻ നമ്മുടെ അടുക്കൽ വളരെ ഉന്നത സ്ഥാനമുള്ളവനും തികച്ചും വിശ്വസ്ഥനുമാണെന്നു വ്യക്തമാക്കുകയും ചെയ്തു. രാജാവിങ്കലുള്ള സ്ഥാനവിശ്വാസങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ടു രാജാവിനും ജനങ്ങൾക്കും നാട്ടിനും നൻമ വരുത്തുവാൻ അദ്ദേഹത്തിനും ആഗ്രഹം തോന്നി. ശരി, അങ്ങിനെയാണെങ്കിൽ, ഈ ഭൂമിയിലെ-ഇന്നാട്ടിലെ-ധനകാര്യം എന്നെ ഏൽപ്പിച്ചു തന്നാൽ ഞാനതു നന്നായി കൈകാര്യം ചെയ്തുകൊള്ളാം, ആയവ്യയങ്ങളും നടത്തിപ്പുകളും സൂക്ഷ്മതയോടും വിശ്വസ്തതയോടും കൂടി നിർവ്വഹിച്ചുകൊള്ളാം എന്നും അദ്ദേഹവും അറിയിച്ചു. അങ്ങനെ, യൂസുഫ് (عليه السلام) നബി ഈജിപ്തിലെ ധനകാര്യമന്ത്രിയും, രാജാവിൻെറ വിശ്വസ്തനായ ഉപദേശകനും, സർവ്വാദരണീയനായ ഒരു ഭരണാധികാരിയുമായിത്തീർന്നു.

ഈ സന്ദർഭത്തിൽ-ഉദ്യോഗങ്ങൾക്കും സ്ഥാനമാനങ്ങൾക്കും വേണ്ടി ബഹളവും മുറവിളിയും കൂട്ടിക്കൊണ്ടിരിക്കുന്ന ഇക്കാലത്തു വിശേഷിച്ചും-സത്യവിശ്വാസികൾ മനസ്സിരുത്തേണ്ടതുള്ള ചില സംഗതികൾ ഇവിടെ ചൂണ്ടിക്കാട്ടുന്നതു ആവശ്യമാകുന്നു. സ്ഥാനാമാനങ്ങൾക്കും അധികാര പദവികൾക്കും വേണ്ടി ആവശ്യപ്പെടുന്നതു ഒരു അനഭിലഷണീയ സമ്പ്രദായമായിട്ടാണു ഇസ്ലാം കണക്കാക്കുന്നത്. ഉദ്യോഗവും പദവിയും ആവശ്യപ്പെട്ടുവരുന്നവർക്കു അതു നൽകാതിരിക്കലായിരുന്നു നബീ (صلى الله عليه وسلم) യുടെ പതിവ്. അബൂമൂസാ (رضي الله عنه) പറയുകയാണ് ഞാനും എൻെറ പിതൃവ്യ പുത്രൻമാരിൽ രണ്ടുപേരും റസൂൽ (صلى الله عليه وسلم) തിരുമേനിയുടെ അടുക്കൽ പ്രവേശിപ്പിച്ചു. അവരിൽ ഒരാൾ പറഞ്ഞു: 'അല്ലാഹുവിൻെറ റസൂലേ, അല്ലാഹു അങ്ങയെ കൈകാര്യം ഏൽപിച്ചുതന്നിട്ടുള്ള വല്ലതിലും അവിടുന്നു ഞങ്ങളെ അധികാരപ്പെടുത്തിത്തന്നാലും.' മറ്റേവനും അതേ പ്രകാരം പറഞ്ഞു. അപ്പോൾ തിരുമേനി പറഞ്ഞു: 'നിശ്ചയമായും നാം-അല്ലാഹുവിനെത്തന്നെയാണ!-ഈ ജോലി ചോദിച്ചുവരുന്ന ഒരാളെയും അതിൽ അധികാരപ്പെടുത്തുകയില്ല.' അതിനു മോഹിക്കുന്ന ഒരാളെയും അധികാരപ്പെടുത്തുകയില്ല.' (ബു; മു) മറ്റൊരു രിവായത്തിലെ വാചകം ഇങ്ങിനെയാണു: 'നമ്മുടെ (വക) ഉദ്യോഗത്തെ ഉദ്ദേശിക്കുന്നവർക്കു നാം ഉദ്യോഗം നൽകുന്നതല്ല.' നബി (صلى الله عليه وسلم) പറഞ്ഞതായി അനസ് (رضي الله عنه) ഉദ്ധരിച്ച ഒരു ഹദീസിൻെറ സാരം ഇതാണു: 'ആരെങ്കിലും ന്യായാധിപസ്ഥാനം ആവശ്യപ്പെടുകയോ ചോദിക്കുകയോ ചെയ്താൽ അതു അവനിൽ തന്നെ ഏൽപിക്കപ്പെടും. ആരെങ്കിലും അതിനുവേണ്ടി നിർബ്ബന്ധിതനായാൽ അവനെ ചൊവ്വിനു നടത്തുന്ന ഒരു മലക്കിനെ അല്ലാഹു അവനിൽ ഏർപ്പെടുത്തും.' (തി; ജ; ദാ) ആവശ്യപ്പെട്ടു അധികാരസ്ഥാനം കൈക്കലാക്കിയവനു അതു ചൊവ്വിനു നടത്തുവാൻ അല്ലാഹുവിൻെറ ഭാഗത്തുനിന്നുള്ള സഹായം ഉണ്ടാവുകയില്ല എന്നു താൽപര്യം. ഈ ആശയങ്ങൾ അടങ്ങിയ വേറെയും പല ഹദീസുകൾ കാണാം.

ഉദ്യോഗം ആവശ്യപ്പെട്ടുവരുന്നവരുടെ ലക്ഷ്യം അല്ലാഹുവിങ്കൽ നിന്നുള്ള പുണ്യമോ പൊതു നൻമയോ, ജനസേവനമോ ആയിരിക്കുകയില്ല. അതിൽനിന്നോ അതിൻെറ പേരിലോ ലഭിക്കുന്ന വരുമാനങ്ങളും, സ്വാധീനം മുതലായ നേട്ടങ്ങളും മാത്രമായിരിക്കും അവരുടെ ലക്ഷ്യം. ഇതിൻെറ അനന്തരഫലമെന്താണെന്നു ഇക്കാലത്തു ആരെയും പറഞ്ഞു പഠിപ്പിക്കേണ്ടു

ന്ന ആവ്യശ്യമില്ലല്ലോ. കാലക്രമേണ മനുഷ്യരുടെ വിശ്വാസവും വിശ്വസ്തതയും നഷ്ടപ്പെട്ടു കൊണ്ടിരിക്കുമെന്നു വിവരിക്കുന്നതും, ഹുദൈഫ (ﷺ) യിൽ നിന്നു നിവേദനം ചെയ്യപ്പെട്ട തുമായ അൽപം ദീർഘിച്ച ഒരു നബിവചനത്തിന്റെ അവസാനഭാഗം ഇപ്രകാരമായിരുന്നു; '........വിശ്വസ്തത പാലിക്കുന്നവർ ഇല്ലാതായിത്തീരും. അങ്ങനെ, ഇന്നകുടുംബത്തിൽ വിശ്വസ്തനായ ഒരാളുണ്ടുപോൽ എന്നു പറയപ്പെടും, ഒരാളെപ്പറ്റി അയാൾ വളരെ ബുദ്ധിമാനും ചിന്തകനുമാണെന്നു പറയപ്പെടും. അയാളുടെ മനസ്സിലാകട്ടെ, കടുകുമണിയോളം വിശ്വാസം ഉണ്ടായിരിക്കുകയുമില്ല.' (ബു; മു) ഈ നബിവചനത്തിലെ പ്രവചനം ഇന്നു നാം അനുഭവ ത്തിൽ കണ്ടു തുടങ്ങിയിരിക്കുകയാണ്. അല്ലാഹു സമുദായത്തെ രക്ഷിക്കട്ടെ. ആമീൻ.

എന്നാൽ, യൂസുഫ് (عليه السلام) ഈജിപ്തിലെ ധനകാര്യ നേതൃത്വത്തിനുവേണ്ടി രാജാവിനോടു ആവശ്യപ്പെട്ടു ചോദിച്ചുവല്ലോ എന്നു പറയപ്പെടാം. ഒരു സ്വാർത്ഥമോ കാ ര്യലാഭമോ അതിൽനിന്ന് നേടണമെന്ന വിചാരമേ അദ്ദേഹത്തിന്നില്ല. അല്ലാഹുവിങ്കൽ നിന്നുള്ള പ്രതിഫലവും നാട്ടിന്റെ നൻമയും മാത്രമാണു അദ്ദേഹത്തിന്റെ ലക്ഷ്യം. അദ്ദേഹം അതിന്റെ നിർവ്വഹണത്തിൽ യാതൊരു ക്രമക്കേടും വരുത്തുകയില്ലെന്നു ഉറപ്പാണ്. വേണ്ടുന്ന നിർദ്ദേശ ങ്ങൾ അല്ലാഹുവിൽനിന്നു തനിക്കു ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യും. അതോടുകൂടി, ആ അധികാരമേറ്റു ഭാവികാര്യങ്ങൾ നടപ്പിലാക്കുവാൻ അദ്ദേഹം തികച്ചും പ്രാപ്തനും വിശ്വസ്തനുമാണെന്നു രാജാവിന്റെ വാക്കി(...(..... انك اليوم لدينا))ൽ നിന്നുതന്നെ സ്പഷ്ടമാണു താനും. ചുരുക്കിപ്പറഞ്ഞാൽ, ഉത്തരവാദപ്പെട്ട ഒരു സ്ഥാനം അലങ്കരിക്കുവാനുള്ള യോഗ്യതയും പ്രാപ്തിയും ഉണ്ടായിരിക്കുക, നിസ്വാർത്ഥവും സമർത്ഥവുമായ രീതിയിൽ അതു നിറവേറ്റു മെന്ന പൂർണ്ണവിശ്വാസവും അതിനുള്ള സാഹചര്യവും ഉണ്ടായിരിക്കുക, അതു കയ്യാളുവാനും വേണ്ടുന്ന രൂപത്തിൽ കൈകാര്യം ചെയ്വാനും പറ്റിയ നിഷ്കളങ്കരായ ആളുകളെ വേറെ കാണപ്പെടാതെയും ഇരിക്കുക. ഇത്രയും കാര്യങ്ങൾ ഒത്തുകൂടിയാൽ, അധികാരസ്ഥാനങ്ങൾ ക്കുവേണ്ടി മുന്നോട്ടുവരുകയും അതു കരസ്ഥമാക്കുവാൻ ശ്രമം നടത്തുകയും ചെയ്യാം. സ്ഥാനമോഹമോ, ധനസമ്പാദനമോ, സ്വാർത്ഥലാഭങ്ങളോ ഉദ്ദേശിച്ചുകൊണ്ടു അധികാരസ്ഥാന ത്ത് കയറിപ്പറ്റുന്നവരെക്കൊണ്ടു സമുദായത്തിനും നാട്ടിനും ഉപദ്രവം മാത്രമേ ഉണ്ടാവുകയുള്ളു. നിഷ്കളങ്കവും നിസ്വാർത്ഥവുമായ സേവനം അവരിൽനിന്നുണ്ടാവാൻ പ്രയാസമായിരിക്കും.

രാജാവിന്റെ സ്വപ്നം മുതൽ ഇതുവരെ പ്രസ്താവിക്കപ്പെട്ട വിഷയങ്ങൾ കുറേ വിശദീക രണ സഹിതം ബൈബിളിലും ഉദ്ധരിച്ചിട്ടുണ്ട്. ഖുർആന്റെ പ്രസ്താവനകൾക്ക് യോജിച്ചതും, യോജിക്കാത്തതും, അതിൽ സ്പർശിക്കപ്പെട്ടിട്ടില്ലാത്തതുമായ പല വിവരങ്ങളും അതിൽ അട ങ്ങിയിട്ടുമുണ്ട്. അവസാനം ഇങ്ങിനെ പറയുന്നു: 'ഫറവോൻ യോസേഫിനോടു: ദൈവം ഇതൊ ക്കെ നിനക്കു വെളിപ്പെടുത്തിതന്നതുകൊണ്ടു നിന്നെപ്പോലെ ഒരുത്തനും ഇല്ല. നീ എന്റെ ഗൃഹ ത്തിനു മേധാവിയായിരിക്കും. ജനമെല്ലാം നിന്നെ അനുസരിക്കും. സിംഹാസനം കൊണ്ടുമാത്രം ഞാൻ വലിയവനുമായിരിക്കും. ഫറവോൻ മുദ്രമോതിരം ഊരി യോസേഫിന്റെ കൈക്കു ഇട്ടു. ....' (ഉൽപത്തി: അ: 41)

56 അപ്രകാരം, യൂസുഫിന് ഭൂമിയിൽ നാം സൗകര്യമുണ്ടാക്കിക്കൊടുത്തു, അതിൽ നിന്നും അദ്ദേഹം ഉദ്ദേശിക്കുന്നേടത്ത് അ ദ്ദേഹത്തിന് താമസിക്കുമാറ്. നമ്മുടെ കാ രുണ്യത്തെ നാം ഉദ്ദേശിക്കുന്നവർക്ക് നാ ം എത്തിക്കുന്നു. സുകൃതവാൻമാരുടെ പ്രതിഫലത്തെ നാം പാഴാക്കുകയുമില്ല.

وَكَذَٰلِكَ مَكَّنَّا لِيُوسُفَ فِي ٱلْأَرْضِ يَتَبَوَّأُ مِنْهَا حَيْثُ يَشَآءُ ۚ نُصِيبُ بِرَحْمَتِنَا مَن نَّشَآءُ ۖ وَلَا نُضِيعُ أَجْرَ ٱلْمُحْسِنِينَ ﴿٥٦﴾

57 വിശ്വസിക്കുകയും, സൂക്ഷ്മത പാലിച്ചു

وَلَأَجْرُ ٱلْءَاخِرَةِ خَيْرٌ لِّلَّذِينَ ءَامَنُوا۟ وَكَانُوا۟

يَتَّقُونَ ﴿٥٧﴾

കൊണ്ടിരിക്കുകയും ചെയ്തവർക്ക് പര ലോകത്തെ പ്രതിഫലം തന്നെ [കൂടുതൽ] ഉത്തമം.

---

56 **وكَذَلِكَ** അപ്രകാരം. **مكنا** നാം സ്ഥാനം (സൗകര്യം) നൽകി. **ليوسف** യൂസുഫിന്. **فِي الْأَرْض** ഭൂമി യിൽ (നാട്ടിൽ). **يتبوأ** അദ്ദേഹം ചെന്ന് താമസിക്കുമാറ്. **منها** അതിൽനിന്ന്. **حيثُ يشاءُ** അദ്ദേഹം ഉദ്ദേ ശിക്കുന്നേടത്ത്. **نصيب** നാം ബാധിപ്പിക്കുന്നു, എത്തിക്കും. **برحمتنا** നമ്മുടെ കാരുണ്യത്തെ. **من نشاءُ** നാം ഉദ്ദേശിക്കുന്നവർക്ക്. **ولانضيع** നാം പാഴാക്കുകയുമില്ല. **أجر** പ്രതിഫലത്തെ, കൂലി. **المحسنين** സൽഗുണം ചെയ്യുന്നവരുടെ, സുകൃതവാൻമാരുടെ. 57 **ولأجر** പ്രതിഫലംതന്നെ. **الْآخرة** പരലോ കത്തെ. **خير** ഉത്തമം, അധികം നല്ലത്. **للذين آمنوا** വിശ്വസിച്ചവർക്ക്. **وكَانُوا** അവർ ആയിരുന്നു. **يتقُونَ** സൂക്ഷമത പാലിക്കും.

കിണറ്റിൽനിന്നു രക്ഷപ്പെട്ടശേഷം, അസീസിന്റെ വീട്ടിൽ സുഖമായി കഴിയത്തക്ക സൗ കര്യം ലഭിച്ചതിനെപ്പറ്റി പ്രസ്താവിച്ച സന്ദർഭത്തിൽ 'അപ്രകാരം യൂസുഫിനു നാം ഭൂമിയിൽ സൗകര്യം ചെയ്തുകൊടുത്തു' ... (.... وكذلك مكنا) എന്നു 21-ാം വചനത്തിൽ മുമ്പു പറഞ്ഞു. ഇ വിടെ ഈജിപ്തിലെ ഭരണനേതൃത്വവും അദ്ദേഹത്തിനു കൈവന്നതിനെത്തുടർന്നും അതേ വാ ക്കു അല്ലാഹു പറഞ്ഞിരിക്കുന്നു. 21-ാം വചനത്തിൽ അതോടുചേർത്തു കൊണ്ടു അദ്ദേഹത്തിനു വർത്തമാനങ്ങളുടെ വ്യാഖ്യാനം പഠിപ്പിക്കുവാൻവേണ്ടിയും കൂടിയാണതു (ولنعلمه من تأويل الأحاديث) എന്നാണു പറഞ്ഞിരിക്കുന്നത്. അദ്ദേഹത്തിന്റെ ഭാവിയിലേക്കുള്ള ചില പരിശീലനങ്ങളെയാണതു സൂചിപ്പിക്കുന്നത്. ഇവിടെയാകട്ടെ, ഭൂമിയിൽ അദ്ദേഹം ഉദ്ദേശിക്കുന്നേടത്തു ചെന്നു താമസിക്കുമാറുള്ള സൗകര്യം ചെയ്തുകൊടുത്തിരിക്കുന്നു. (يتبوأ منها حيث يشاء) എന്നുകൂടി പറഞ്ഞിരിക്കുന്നു. കാരണം, ഇപ്പോൾ അദ്ദേഹത്തിനു ഇഷ്ടം പോലെ എവിടെയും പോകാനും വരാനും സ്വാതന്ത്ര്യമുണ്ടല്ലോ. കിണറ്റിന്റെ അടിത്തട്ടിൽ നിന്നു കൊട്ടാരമാളികയിലേക്കു പ്രവേശനം ലഭിച്ചതും, തടവറയിൽ നിന്നു ഒരു സാമ്രാജ്യ ത്തിന്റെ ഭരണനേതൃത്വത്തിലേക്കു ഉയരുവാൻ കഴിഞ്ഞതും അദ്ദേഹത്തിനു അല്ലാഹു നൽകിയ അനുഗ്രഹമാണെന്നും, എല്ലാം അവന്റെ പരിപാടിയനുരിച്ചു അവൻ നടപ്പചന്റവരുത്തു ന്നതാണെന്നുമാണിതു ചൂണ്ടിക്കാട്ടുന്നത്. ഇതൊക്കെ വമ്പിച്ച അനുഗ്രഹം തന്നെയാണെങ്കിലും സത്യവിശ്വാസം സ്വീകരിച്ചുകൊണ്ടു അല്ലാഹുവിന്റെ വിധിവിലക്കുകളെ സൂക്ഷിച്ചു പോരുന്നവർക്കു പരലോകത്തുവെച്ചു ലഭിക്കുന്ന പ്രതിഫലം ഇതിനെക്കാളൊക്കെ ഉത്തമ മായതായിരിക്കുമെന്നുകൂടി ഓർമ്മിപ്പിക്കുന്നു.

വിഭാഗം-8

യൂസുഫ് (عليه السلام) ഈജിപ്തിലെ ധനകാര്യമേധാവിയും, ഭരണത്തിന്റെ അമരക്കാരനു മായിത്തീർന്നു. അദ്ദേഹം കൃഷിവ്യവസായങ്ങൾ പോഷിപ്പിക്കുകയും ഭരണകൂടത്തിന്റെ വരുമാനങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തു. ക്ഷേമകരമായ ഏഴു സംവൽസരങ്ങൾ പിന്നിട്ടു. അക്കാലങ്ങളിൽ ലഭിച്ച ധാന്യവിളവുകളിൽ അത്യാവശ്യമായ ചിലവുകൾ കഴിച്ചു ബാക്കിയുള്ള തെല്ലാം മുമ്പേ ആസൂത്രണം ചെയ്യപ്പെട്ട പരിപാടിയനുസരിച്ചു തുടർന്നുള്ള പഞ്ഞവർഷ ങ്ങളിലേക്കായി സൂക്ഷിച്ചുവെച്ചു. ക്ഷാമവും വരൾച്ചയും ഈജിപ്തിനെ മാത്രമല്ല ബാധിച്ചത്. അയൽനാടുകളെയും ബാധിച്ചിരുന്നു. കൂട്ടത്തിൽ അദ്ദേഹത്തിന്റെ ജൻമനാടായ കൻആൻ (ശാം) പ്രദേശവും ക്ഷാമത്തിന്നിരയായിത്തീർന്നു. ദൂര രാജ്യങ്ങളിൽ നിന്നു വിദേശികൾ ഈജിപ്തിൽ വന്നു ധാന്യം വാങ്ങിക്കൊണ്ടുപോകുക പതിവായി. അതനുസരിച്ചു യഅ്ഖൂബ് (عليه السلام) നബി തന്റെ മക്കളെയും ഈജിപ്തിലേക്കു ധാന്യം വാങ്ങുവാനയച്ചു. ദൂരെ നിന്നു

വരുന്നവർക്കു പൊതുനൻമയെ ഉദ്ദേശിച്ചു ഒരാൾക്കു ഒരു ഒട്ടകച്ചുമടിലധികം ധാന്യം നൽകാറില്ലായിരുന്നു. അതുകൊണ്ടു ബിൻയാമീൻ ഒഴികെയുള്ള പത്തു മക്കളെയും അദ്ദേഹം അയച്ചിരുന്നു.

58 യൂസുഫിന്റെ സഹോദരൻമാർ വന്ന് അദ്ദേഹത്തിന്റെ അടുക്കൽ പ്രവേശിച്ചു. അപ്പോൾ, അദ്ദേഹം അവരെ അറിഞ്ഞു; അവരാകട്ടെ, അദ്ദേഹത്തെ പരിചയമില്ലാത്തവരുമാകുന്നു. [അവർ അദ്ദേഹത്തെ അറിഞ്ഞില്ല]

وَجَآءَ إِخۡوَةُ يُوسُفَ فَدَخَلُواْ عَلَيۡهِ فَعَرَفَهُمۡ وَهُمۡ لَهُۥ مُنكِرُونَ ٥٨

59 അവരുടെ ഒരുക്കുസാമാനവുമായി അവരെ അദ്ദേഹം ഒരുക്കി അയച്ചപ്പോൾ (അവരോട്) അദ്ദേഹം പറഞ്ഞു: ‘‘നിങ്ങളുടെ പിതാവിൽ നിന്ന് നിങ്ങൾക്കുള്ള [നിങ്ങളുടെ ബാപ്പയൊത്ത] സഹോദരനെ നിങ്ങൾ എന്റെ അടുക്കൽ കൊണ്ടുവരണം . ഞാൻ (ധാന്യത്തിന്റെ) അളവ് പൂർത്തിയാക്കിത്തരുമെന്നും, ഞാൻ (അതിഥികളെ) സൽക്കരിക്കുന്നവരിൽ ഉത്തമനാണെന്നും നിങ്ങൾ കാണുന്നില്ലേ?!

وَلَمَّا جَهَّزَهُم بِجَهَازِهِمۡ قَالَ ٱئۡتُونِي بِأَخٖ لَّكُم مِّنۡ أَبِيكُمۡۚ أَلَا تَرَوۡنَ أَنِّيٓ أُوفِي ٱلۡكَيۡلَ وَأَنَا۠ خَيۡرُ ٱلۡمُنزِلِينَ ٥٩

60 ‘‘ഇനി, നിങ്ങൾ അവനെ എന്റെ അടുക്കൽ കൊണ്ടുവരാത്തപക്ഷം, നിങ്ങൾക്ക് എന്റെ അടുക്കൽ ഇനി (ധാന്യം) അളവില്ല; നിങ്ങൾ എന്നെ സമീപിക്കുകയും ചെയ്യരുത്’’

فَإِن لَّمۡ تَأۡتُونِي بِهِۦ فَلَا كَيۡلَ لَكُمۡ عِندِي وَلَا تَقۡرَبُونِ ٦٠

61 അവർ പറഞ്ഞു: ‘‘ഞങ്ങൾ അവ(നെ കിട്ടുന്നതി)ന്നു വേണ്ടി അവന്റെ പിതാവിനോട് ശ്രമം നടത്തിനോക്കാം. നിശ്ചയമായും, ഞങ്ങൾ (അതു)ചെയ്യുന്നവർ തന്നെയായിരിക്കും.’’

قَالُواْ سَنُرَٰوِدُ عَنۡهُ أَبَاهُ وَإِنَّا لَفَٰعِلُونَ ٦١

---

58 **وجاء** വന്നു, വരുകയും ചെയ്തു. **إخوة يوسف** യൂസുഫിന്റെ സഹോദരൻമാർ. **فدخلوا** എന്നിട്ടവർ പ്രവേശിച്ചു. **عليه** അദ്ദേഹത്തിന്നടുക്കൽ. **فعرفهم** അപ്പോൾ അദ്ദേഹം അവരെ അറിഞ്ഞു (മനസ്സിലാക്കി). **وهم** അവരാകട്ടെ. **له** അദ്ദേഹത്തെ. **منكرون** പരിചയമില്ലാത്തവർ (അറിയാത്തവർ). 59 **ولما جهزهم** അദ്ദേഹം അവരെ ഒരുക്കി (യാത്ര) അയച്ചപ്പോൾ. **بجهازهم** അവരുടെ ഒരുക്ക് (യാത്രാ) സാമാനവുമായി. **قال** അദ്ദേഹം പറഞ്ഞു. **ائتوني** നിങ്ങൾ എന്റെ അടുക്കൽ വരണം. **بأخ لكم** നിങ്ങൾക്കുള്ള സഹോദരനെയും കൊണ്ട്. **من أبيكم** നിങ്ങളുടെ ബാപ്പയിൽ (പിതാവിൽ) നിന്ന്. **ألا ترون** നിങ്ങൾ കാണുന്നില്ലേ. **أني أوف** (ഞാൻ) നിറവേറ്റി (പൂർത്തിയാക്കി) തരുന്നു(വെന്ന്). **الكيل** അളവ്. **وأنا** ഞാനാകട്ടെ, ഞാൻ (ആകുന്നു) എന്നും. **خير** നല്ലവനാണ്, ഉത്തമനാണ് (എന്നും). **المنزلين** (അതിഥികളെ) സൽകരിക്കുന്നവരിൽ. 60 **فإن لم تأتوني** ഇനി നിങ്ങൾ വന്നില്ലെങ്കിൽ. **به** അവനെയും കൊണ്ട്. **فلا كيل** എന്നാൽ അളവില്ല. **لكم** നിങ്ങൾക്ക്. **عندي** എന്റെ അടുക്കൽ. **ولا تقربون** നിങ്ങളെന്നെ സമീപിക്കുകയും ചെയ്യരുത്. 61 **قالوا** അവർ പറഞ്ഞു. **سنراود** ഞങ്ങൾ ശ്രമം നടത്തിനോക്കാം. **عنه** അവനുവേണ്ടി. **أباه** അവന്റെ പിതാവിനോട്. **وإنا** നിശ്ചയമായും ഞങ്ങൾ. **لفاعلون** ചെയ്യുന്നവർ തന്നെയാണ്.

കൻആനിൽ നിന്നെത്തിയ യാത്രസംഘത്തെ കണ്ടപ്പോൾ തന്നെ തൻെറ സഹോദരൻമാരെ യൂസുഫ് (عليه السلام) തിരിച്ചറിഞ്ഞു. അവർ അങ്ങോട്ടറിഞ്ഞിരുന്നില്ല. അദ്ദേഹം അറിയിച്ചതുമില്ല. തമ്മിലുളള വേർപാടിനുശേഷം കൊല്ലങ്ങൾ പലതും കഴിഞ്ഞു പോയിട്ടുളളതിനു പുറമെ, ഇപ്പോഴും യൂസുഫ് ജീവിച്ചിരിപ്പുണ്ടാകുമെന്നും, ഉണ്ടെങ്കിൽ തന്നെയും അവൻ ഇത്ര ഉന്നതമായ ഒരു സ്ഥാനത്തെത്തിയിരിക്കാമെന്നും അവർ ഊഹിച്ചിരിക്കുകയില്ലല്ലോ, ഈജിപ്തിലെ ഉന്നത സ്ഥാനം അലങ്കരിക്കുന്ന മഹാമനസ്കനായ ഒരു മന്ത്രിയെന്നതിനപ്പുറമൊന്നും അദ്ദേഹത്തെപ്പറ്റി അവർ കരുതുവാൻ അവകാശവുമില്ല. യൂസുഫ് (عليه السلام) നബിയാകട്ടെ, അറിവും പരിചയവും നടിച്ചതുമില്ല. എങ്കിലും, വളരെ മാന്യമായി സൽക്കരിക്കുകയും, വിവരങ്ങൾ ചോദിച്ചറിയുകയും ചെയ്തു. തങ്ങൾക്കു വൃദ്ധനായ ഒരു പിതാവുണ്ട്, അദ്ദേഹം ഇന്ന ആളാണ്, തങ്ങൾ പന്ത്രണ്ട് മക്കളാണുളളത്, ഇളയ രണ്ടുപേർ ഒരു മാതാവിൽ നിന്നുളളവരാണു, അവരിലൊരാൾ വനാന്തരത്തിൽവെച്ച് അപകടത്തിൽപെട്ടുപോയി, അവൻെറ ഇളയ സഹോദരനെ പിതാവു ദൂരെയൊന്നും വിട്ടയക്കാറില്ല. ഇത്യാദി വിവരങ്ങളെല്ലാം സംഭാഷണമദ്ധ്യെ അവർ മന്ത്രിയെ അറിയിച്ചു. അവർ തിരിച്ചുപോകേണ്ട സമയമായപ്പോൾ, അവർക്കുളള ധാന്യം വളരെ ഉദാരവും മാന്യവുമായ നിലയിൽ ആതിഥേയനായ അദ്ദേഹം ഒരുക്കിക്കൊടുത്തു.

അവർ പോകാറായപ്പോൾ, അവർ മുമ്പറിയിച്ചിരുന്ന പ്രകാരം അവർക്കുളള ആ സഹോദരനെക്കൂട്ടിയായിരിക്കണം അടുത്ത പ്രാവശ്യത്തെ വരവു എന്നു കൽപ്പിച്ചു. പിതാവു ബിൻയാമീനെ അവരൊന്നിച്ചു വേഗമൊന്നും അയച്ചു കൊടുക്കുകയില്ലെന്നു അദ്ദേഹത്തിനു അറിയാമല്ലോ. അതുകൊണ്ടു അക്കാര്യം വളരെ കണിശമായി തന്നെ അദ്ദേഹം ഊന്നിപ്പറഞ്ഞു. നിങ്ങൾക്കു ധാന്യം നൽകിതിലും, നിങ്ങളുടെ ആതിഥ്യം സ്വീകരിച്ചതിലും ഞാൻ ചെയ്ത ഉദാരത നിങ്ങൾ കണ്ടനുഭവിച്ചുവല്ലോ. അതുകൊണ്ടു എനി വരുമ്പോൾ അവനെ കൂട്ടാതെ വരരുത്. നിങ്ങൾ പറയുന്നതൊക്കെ നേരാണോ എന്നും അറിയണമല്ലോ. അവനില്ലാതെ വരുകയാണെങ്കിൽ ഇനി നിങ്ങൾക്കിവിടെ നിന്നു ധാന്യമേ തരുകയില്ല എന്നൊക്കെ അദ്ദേഹം തീർത്തുപറഞ്ഞു. പിതാവിനോടു ഞങ്ങൾ കഴിവതും അതിനു ശ്രമം നടത്തി നോക്കുകയും കൽപനപോലെ ചെയ്യുകയും ചെയ്യാം എന്നു അവർ മറുപടിയും നൽകി.

62 അദ്ദേഹം തൻെറ വാലിയക്കാരോട് (ഇങ്ങിനെ)പറയുകയും ചെയ്തു: ''അവരുടെ ചരക്ക് [അവർ ധാന്യം വാങ്ങുവാൻ കൊണ്ടുവന്ന വസ്തുക്കൾ] അവരുടെ യാത്രാസാമാനങ്ങളിൽ (തന്നെ) ആക്കുവിൻ. അവർ അവരുടെ കുടുംബത്തിലേക്ക് തിരിച്ചെത്തുമ്പോൾ അവരത് (കണ്ടു) മനസ്സിലാക്കിയേക്കാം; അവർ (വീണ്ടും) മടങ്ങിവന്നേക്കാം.''

وَقَالَ لِفِتۡيَٰنِهِ ٱجۡعَلُواْ بِضَٰعَتَهُمۡ فِي رِحَالِهِمۡ لَعَلَّهُمۡ يَعۡرِفُونَهَآ إِذَا ٱنقَلَبُوٓاْ إِلَىٰٓ أَهۡلِهِمۡ لَعَلَّهُمۡ يَرۡجِعُونَ ٦٢

62 **وَقَالَ** അദ്ദേഹം പറയുകയും ചെയ്തു. **لِفِتْيَانِهِ** അദ്ദേഹത്തിൻെറ വാലിയക്കാരോട്, ഭൃത്യൻമാരോട്. **اجْعَلُوا** നിങ്ങൾ ആക്കുവിൻ. **بِضَاعَتَهُمْ** അവരുടെ ചരക്ക്, സാമാനം. **فِي رِحَالِهِمْ** അവരുടെ വാഹനക്കെട്ടുകളിൽ (യാത്രാ സാമാനങ്ങളിൽ). **لَعَلَّهُمْ** അവരായേക്കാം, ആകുവാൻവേണ്ടി. **يَعْرِفُونَهَا** അതിനെ അറിയുക. **إِذَا انْقَلَبُوا** അവർ തിരിഞ്ഞു ചെന്നാൽ, തിരിച്ചെത്തു(മ്പോൾ). **إِلَى أَهْلِهِمْ** അവരുടെ കുടുംബത്തിലേക്ക്, ആൾക്കാരിലേക്ക്. **لَعَلَّهُمْ** അവരായേക്കാം, ആകുവാൻ. **يَرْجِعُونَ** അവർ മടങ്ങും.

സഹോദരൻമാരോടു മേൽകണ്ട പ്രകാരം പറഞ്ഞതിനു പുറമെ, അവർ വീണ്ടും വരുവാനുള്ള പ്രോൽസാഹനമെന്ന നിലക്കു അദ്ദേഹം ചെയ്ത ഒരു സൂത്രമായിരുന്നു ഇതു. ധാന്യത്തിൻെറ വിലയായി അവർ കൊണ്ടുവന്നിരുന്ന ദ്രവ്യങ്ങൾ—അതു പണമായിരുന്നുവെന്നും, ചെരുപ്പു മുതലായ വിൽപന വസ്തുക്കളായിരുന്നുവെന്നും പറയപ്പെടുന്നു—അവരുടെ ധാന്യക്കെട്ടുകളിൽ തന്നെ അവരറിയാതെ ഇട്ടുകെട്ടുവാൻ അദ്ദേഹം ദൃത്യൻമാരോടു പറഞ്ഞു ഏർപ്പാടു ചെയ്തു. നാട്ടിൽ തിരിച്ചെത്തി കെട്ടുകളഴിക്കുമ്പോൾ അതവർ കാണുകയും, വീണ്ടും വരുവാൻ അതവർക്കു ആവേശമുണ്ടാക്കുകയും ചെയ്യുമല്ലോ. ഈ രംഗവും ബൈബിളിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. അൽപം ഏറ്റക്കുറവേടെയാണെന്നു മാത്രം.

فَلَمَّا رَجَعُوٓاْ إِلَىٰٓ أَبِيهِمۡ قَالُواْ يَٰٓأَبَانَا مُنِعَ مِنَّا ٱلۡكَيۡلُ فَأَرۡسِلۡ مَعَنَآ أَخَانَا نَكۡتَلۡ وَإِنَّا لَهُۥ لَحَٰفِظُونَ ﴿٦٣﴾

63 അങ്ങനെ, അവർ തങ്ങളുടെ പിതാവിങ്കലേക്ക് മടങ്ങിച്ചെന്നപ്പോൾ അവർ പറഞ്ഞു: ‘‘ഞങ്ങളുടെ പിതാവേ, ഞങ്ങളെ സംബന്ധിച്ചു (മേലിൽ ധാന്യം) അളവ് മുടക്കം ചെയ്യപ്പെട്ടിരിക്കുന്നു; ആകയാൽ, ഞങ്ങളുടെകൂടെ ഞങ്ങളുടെ സഹോദരനെ അയച്ചു തരണം-എന്നാൽ ഞങ്ങൾക്ക് അളന്നു കിട്ടും. നിശ്ചയമായും, ഞങ്ങൾ അവനെ കാ(ത്തുസൂക്ഷി)ക്കുന്നവരുമായിരിക്കും.’’

قَالَ هَلۡ ءَامَنُكُمۡ عَلَيۡهِ إِلَّا كَمَآ أَمِنتُكُمۡ عَلَىٰٓ أَخِيهِ مِن قَبۡلُ فَٱللَّهُ خَيۡرٌ حَٰفِظًاۖ وَهُوَ أَرۡحَمُ ٱلرَّٰحِمِينَ ﴿٦٤﴾

64 അദ്ദേഹം [പിതാവ്] പറഞ്ഞു: ‘‘മുമ്പ് അവൻെറ സഹോദരനെപ്പറ്റി നിങ്ങളെ ഞാൻ വിശ്വസിച്ചതുപോലെയല്ലാതെ അവനെപ്പറ്റി ഞാൻ നിങ്ങളെ വിശ്വസിക്കുമോ?! എന്നാൽ, കാ(ത്തുരക്ഷി) ക്കുന്നവനായി അല്ലാഹു ഏറ്റം ഉത്തമനത്രെ; അവൻ കരുണ ചെയ്യുന്നവരിൽവെച്ച് ഏറ്റം കരുണ ചെയ്യുന്നവനുമത്രെ.’’

---

63 **فلما رجعوا** അങ്ങനെ (എന്നിട്ട്) അവർ മടങ്ങിയപ്പോൾ. **إلى أبيهم** അവരുടെ ബാപ്പയുടെ (പിതാവിൻെറ) അടുത്തേക്ക്. **قالوا** അവർ പറഞ്ഞു. **يا أبانا** ഞങ്ങളുടെ പിതാവേ, ബാപ്പാ. **منع منا** ഞങ്ങളെപ്പറ്റി (ഞങ്ങൾക്ക്) മുടക്കപ്പെട്ടിരിക്കുന്നു. **الكَيْلُ** അളവു. **فَأرسِلْ** അതിനാൽ അയച്ചു തരണം. **معنا** ഞങ്ങളോടൊപ്പം. **أخانا** ഞങ്ങളുടെ സഹോദരനെ. **نكْتَلْ** ഞങ്ങൾ അളന്നു വാങ്ങാം, ഞങ്ങൾക്ക് അളവു കിട്ടും. **وإنا له** നിശ്ചയമായും ഞങ്ങൾ അവനെ. **لَحافِظُونَ** കാക്കുന്ന(സൂക്ഷിക്കുന്ന)വർ തന്നെ. 64 **قَالَ** അദ്ദേഹം പറഞ്ഞു. **هلْ آمنكُم** ഞാൻ നിങ്ങളെ വിശ്വസിക്കുമോ, എനിക്ക് വിശ്വസിക്കാമോ. **عليه** അവനെപ്പറ്റി. **إلا** അല്ലാതെ. **كما أمنتكُم** നിങ്ങളെ ഞാൻ വിശ്വസിച്ചപോലെ. **على أخيه** അവൻെറ സഹോദരനെപ്പറ്റി. **من قبلُ** മുമ്പ്. **فَالله** എന്നാൽ അല്ലാഹു. **خير** (ഏറ്റം) ഉത്തമനാണ്. **حافظًا** കാക്കുന്നവനായി. **وهو أرحم** അവൻ അധികം കരുണ ചെയ്യുന്നവനാണ്. **الراحمين** കരുണ ചെയ്യുന്നവരിൽ.

അവർ പിതാവിൻെറ അടുക്കൽ മടങ്ങിച്ചെന്നു വിവരങ്ങൾ പറഞ്ഞു. പ്രത്യേകിച്ചും സഹോദരൻെറ-ബിൻയാമീൻെറ-കാര്യം ഉണർത്തി. അടുത്ത യാത്രയിൽ അവനെയുംകൂട്ടി ചെന്നാലല്ലാതെ ധാന്യം അളന്നു തരികയില്ലെന്നു ഈജിപ്തിലെ മന്ത്രി പറഞ്ഞ വിവരം ധരിപ്പിച്ചു. അവനെ തങ്ങളോടൊപ്പം അയച്ചുതരണമെന്നപേക്ഷിക്കുകയും, ഞങ്ങളവനെ ശരിക്കും കാത്തുസൂക്ഷിച്ചുകൊള്ളാമെന്നു ഉറപ്പിച്ചു പറയുകയും ചെയ്തു. പക്ഷേ, അദ്ദേഹം അവരെ എങ്ങിനെ

വിശ്വസിക്കും? 12-ാം വചനത്തിൽ കണ്ടതുപോലെ, മുമ്പ് യൂസുഫ് (عليه السلام) നെ മേച്ചിൽസ്ഥലത്തേക്കു കൊണ്ടുപോകാൻ സമ്മതം ചോദിച്ചപ്പോഴും ഞങ്ങളവനെ കാത്തുരക്ഷിച്ചുകൊള്ളാമെന്നു പറഞ്ഞാണല്ലോ അവർ കൊണ്ടുപോയത്. എന്നിട്ടുണ്ടായ അനുഭവത്തിൻെറ വേദന സഹിച്ചുകൊണ്ടിരിക്കുകയാണ് അദ്ദേഹം. നിങ്ങളുടെ വാക്കു എനിക്കു വിശ്വാസമില്ലെങ്കിലും അല്ലാഹുവിൻെറ കാവലിലും കാരുണ്യത്തിലും എനിക്കു തികച്ചും വിശ്വാസമുണ്ടെന്നു പറഞ്ഞു അടുത്ത പ്രാവശ്യം ബിൻയാമിനെയും അയക്കാമെന്നു യഅ്ഖൂബ് (عليه السلام) നബി അവർക്ക് സൂചന നൽകി. യൂസുഫ് (عليه السلام) നെപ്പറ്റി അദ്ദേഹം നിരാശപ്പെട്ടു കഴിഞ്ഞിട്ടില്ലെന്നു ഇതിൽ നിന്നു മനസ്സിലാക്കാം. 87-ാം വചനത്തിൽനിന്നു അത് കൂടുതൽ വ്യക്തവുമാണ്. യൂസുഫ് (عليه السلام) കണ്ടിരുന്ന ആ സ്വപ്നത്തിൻെറ പൊരുൾ നിവൃത്തിയാകേണ്ടതുണ്ടല്ലോ.

وَلَمَّا فَتَحُوا۟ مَتَـٰعَهُمْ وَجَدُوا۟ بِضَـٰعَتَهُمْ رُدَّتْ إِلَيْهِمْ ۖ قَالُوا۟ يَـٰٓأَبَانَا مَا نَبْغِى ۖ هَـٰذِهِۦ بِضَـٰعَتُنَا رُدَّتْ إِلَيْنَا ۖ وَنَمِيرُ أَهْلَنَا وَنَحْفَظُ أَخَانَا وَنَزْدَادُ كَيْلَ بَعِيرٍ ۖ ذَٰلِكَ كَيْلٌ يَسِيرٌ ٦٥

65 അവർ അവരുടെ സാമാനം തുറന്നപ്പോൾ, അവരുടെ [അവർ കൊണ്ടുപോയിരുന്ന] ചരക്ക് തങ്ങൾക്കു(തന്നെ) മടക്കപ്പെട്ടതായി അവർ കണ്ടെത്തി. അവർ പറഞ്ഞു: ''ഞങ്ങളുടെ പിതാവേ, നാം (ഇനി) എന്താവശ്യപ്പെടാനാണ്?-ഇതാ! നമ്മുടെ ചരക്ക് നമുക്കു (തന്നെ) മടക്കപ്പെട്ടിരിക്കുന്നു! ഞങ്ങൾ നമ്മുടെ കുടുംബത്തിന് (മേലിലും) ആഹാരം കൊണ്ടുവരുകയും, ഞങ്ങളുടെ സഹോദരനെ കാ(ത്തുസൂക്ഷി) ക്കുകയും ചെയ്യുന്നതാണ്. (കൂടാതെ) ഒരു ഒട്ടകത്തിൻെറ അളവ് (ധാന്യം) ഞങ്ങൾക്ക് കൂടുതൽ ലഭിക്കുകയും ചെയ്യും. അതൊരു നിസ്സാരമായ അളവാകുന്നു(വല്ലോ)''

قَالَ لَنْ أُرْسِلَهُۥ مَعَكُمْ حَتَّىٰ تُؤْتُونِ مَوْثِقًا مِّنَ ٱللَّهِ لَتَأْتُنَّنِى بِهِۦٓ إِلَّآ أَن يُحَاطَ بِكُمْ ۖ فَلَمَّآ ءَاتَوْهُ مَوْثِقَهُمْ قَالَ ٱللَّهُ عَلَىٰ مَا نَقُولُ وَكِيلٌ ٦٦

66 അദ്ദേഹം പറഞ്ഞു: ''അവനെ നിങ്ങളോടൊപ്പം ഞാൻ അയക്കുകയില്ല തന്നെ, തീർച്ചയായും അവനെ നിങ്ങൾ എനിക്ക് കൊണ്ടുവന്നു തരുമെന്ന് അല്ലാഹുവിങ്കൽ നിന്നും (സ്വീകാര്യമായ)ഒരു ഉറപ്പ് നിങ്ങളെനിക്ക് നല്കുന്നതുവരെയും; നിങ്ങൾ (ആപത്തുകളാൽ) വലയം ചെയ്യപ്പെടുന്നതായാലല്ലാതെ.'' അങ്ങനെ, അവർ അദ്ദേഹത്തിന് തങ്ങളുടെ ഉറപ്പ് നൽകിയപ്പോൾ, അദ്ദേഹം പറഞ്ഞു: ''നാം (ഈ) പറയുന്നതിന് അല്ലാഹു (സാക്ഷ്യം) ഭരമേൽപിക്കപ്പെട്ടവനാകുന്നു.''

---

65 **ولَما فَتحوا** അവർ തുറന്നപ്പോൾ. **متاعهم** അവരുടെ സാമാനം, ചരക്ക്. **وجدوا** അവർ കണ്ടെത്തി. **بِضاعتهم** അവരുടെ ചരക്ക് (ദ്രവ്യം). **ردت** മടക്ക (തിരിച്ചു കൊടുക്ക) പ്പെട്ടതായി. **إِليهم** അവരിലേക്ക്. **قَالُوا** അവർ പറഞ്ഞു. **يا أبانا** ഞങ്ങളുടെ പിതാവേ. **ما نبغي** നാം എന്തു ആവശ്യപ്പെടുന്നു, (നമുക്ക് എന്തു വേണം. **هذه** ഇതാ. **بِضاعتنا** നമ്മുടെ ചരക്കു (ദ്രവ്യം). **ردت** മടക്കപ്പെട്ടിരിക്കുന്നു. **إِلينا** നമ്മിലേക്ക്. **ونمير** ഞങ്ങൾ ആഹാരം കൊണ്ടുവരുന്നതുമാണ്. **أهلنا** നമ്മുടെ കുടുംബത്തിന്. **ونحفَظُ** ഞങ്ങൾ കാക്കുക (സൂക്ഷിക്കുക)യും ചെയ്യും. **أخانا** ഞങ്ങളുടെ സഹോദരനെ. **ونزداد** ഞങ്ങൾക്ക് കൂടുതൽ ലഭിക്കുകയും ചെയ്യും. **كَيلَ** അളവു. **بعيرٍ** ഒരൊട്ടകത്തിൻെറ. **ذلك** അത്. **كَيلٌ** ഒരളവാ

കുന്നു. يسير കുറഞ്ഞ, നിസ്സാര, സ്വൽപം. 66 قَالَ അദ്ദേഹം പറഞ്ഞു. لن أرسله അവനെ ഞാൻ അയക്കുകയില്ല തന്നെ. معكُم നിങ്ങളോടൊപ്പം. حتى تؤتون നിങ്ങൾ എനിക്ക് നൽകുന്നതുവരെ (നൽകാതെ). موثقًا ഒരു ഉറപ്പു, കരാറു. من الله അല്ലാഹുവിങ്കൽ നിന്നുള്ള. لتأتنني തീർച്ചയായും നിങ്ങൾ എന്റെ അടുക്കൽ വരു(തരു) മെന്ന്. به അവനെകൊണ്ടു അവനെ. إلا أن يحاط വലയം ചെയ്യപ്പെട്ടാലൊഴികെ. بكُم നിങ്ങൾ. فلما آتوه അങ്ങനെ അവർ അദ്ദേഹത്തിന് നൽകിയപ്പോൾ. موثقهم അവരുടെ ഉറപ്പ്. قَالَ അദ്ദേഹം പറഞ്ഞു. الله അല്ലാഹു. على ما نقُولُ നാം പറയുന്നതിന്റെമേൽ. وكيلٌ ഭാരമേൽപിക്കപ്പെട്ടവനാണ്.

മടക്കയാത്രയിൽ കൊണ്ടുപോന്ന ഭാണ്ഡങ്ങൾ അഴിച്ചു നോക്കുമ്പോഴാണ് തങ്ങൾ ധാന്യം വാങ്ങുവാൻ അങ്ങോട്ടു കൊണ്ടുപോയിരുന്ന ദ്രവ്യങ്ങൾ അവയിൽതന്നെ ഇട്ടുകെട്ടിയിരുന്നതായി അവർ കണ്ടത്. അവിടെ വെച്ച് അവർക്കു ലഭിച്ച മാന്യമായ സ്വീകരണങ്ങൾക്കു പുറമെ ഇതുംകൂടി കണ്ടപ്പോൾ അവർക്കു ആശ്ചര്യവും ആഹ്ളാദവുമായി. സഹോദരനെ അയച്ചുകൊടുക്കുന്നതിനു പിതാവിന്റെ മേൽ കൂടുതൽ സമ്മർദ്ദം ചെലുത്തിനോക്കുവാൻ അത് അവർക്ക് സഹായകമാകുകയും ചെയ്തു. ഇതാ! ഇതിലധികം എന്തുവേണം? ഞങ്ങളെ ആദരിക്കുകയും, വളരെ മെച്ചപ്പെട്ട നിലയിൽ ധാന്യം നൽകുകയും ചെയ്തതു കൂടാതെ, ഇപ്പോഴിതാ നമ്മുടെ ദ്രവ്യങ്ങളും നമുക്കു തിരിച്ചു കിട്ടിയിരിക്കുന്നു! ഇതുപോലെ, മേലിലും നമുക്കു ആഹാരം കൊണ്ടുവരാം. സഹോദരനെ സുരക്ഷിതമായിതിരിച്ചുകൊണ്ടുവരുകയും ചെയ്തുകൊള്ളാം. അവനും കൂടിയുണ്ടായൽ ഒരു ഒട്ടക ചുമടുകൂടി വർദ്ധിച്ചുകിട്ടുമല്ലോ. നമ്മുടെ ആവശ്യങ്ങൾ വെച്ചു നോക്കുമ്പോൾ ഈ കിട്ടിയതുകൊണ്ടു നമ്മുടെ ആവശ്യം നിറവേറുകയില്ലല്ലോ. എന്നൊക്കെ പറഞ്ഞു സഹോദരന്റെ കാര്യത്തിൽ അവർ വീണ്ടും പിതാവിനെ തിരക്കുകയായി.

പക്ഷേ, പിതാവു അതുകൊണ്ടൊന്നും തൃപ്തിയടഞ്ഞില്ല. നിങ്ങൾക്കു തടുക്കുവാൻ കഴിയാത്ത വല്ല ആപത്തും വന്നു വലയം ചെയ്യാത്തപക്ഷം, അവനെ സുരക്ഷിതനായി മടക്കിക്കൊണ്ടുവരുമെന്ന് അല്ലാഹുവിനെ മുൻനിറുത്തി നിങ്ങൾ സത്യം ചെയ്തു ഉറപ്പു തന്നല്ലാതെ അവനെ ഞാൻ വിട്ടുതരികയില്ലെന്നു അദ്ദേഹം തീർത്തു പറഞ്ഞു. അതവർ സ്വീകരിക്കുകയും ചെയതു. അങ്ങനെ, അല്ലാഹുവിനെ സാക്ഷ്യപ്പെടുത്തുകയും, അവനിൽ ഭരമേൽപിക്കുകയും ചെയ്തുകൊണ്ട് യഅ്ഖൂബ് (عليه السلام) അവരോടൊപ്പം ബിൻയാമീനും അടുത്ത പ്രാവശ്യം പോയിക്കൊള്ളുവാൻ സമ്മതിച്ചു. ഞങ്ങൾക്കു ഒരൊട്ടകത്തിന്റെ അളവു കൂടുതൽ ലഭിക്കും (نزداد كيل بعير) എന്ന വാക്യത്തിൽ നിന്നു ഒട്ടകമായിരുന്നു അവരുടെ വാഹനമെന്നും, ഒരാൾക്കു ഒരൊട്ടകം ചുമക്കുന്ന ധാന്യമായിരുന്നു ഈജിപ്തിൽ നിന്നു ലഭിച്ചിരുന്നതെന്നും മനസ്സിലാക്കാം.

67 അദ്ദേഹം പറയുകയും ചെയ്തു: ‘‘എന്റെ മക്കളേ, നിങ്ങൾ ഒരേ (പടി) വാതിലിൽകൂടി പ്രവേശിക്കരുത്; ഭിന്നമായ (പല) വാതിലുകളിലൂടെ പ്രവേശിക്കുവിൻ. ‘‘അല്ലാഹുവിങ്കൽനിന്ന് (ഉണ്ടാകുന്ന) യാതൊന്നിനെയും നിങ്ങളിൽ നിന്ന് ഞാൻ തടുക്കുകയില്ല താനും. വിധി അല്ലാഹുവിനല്ലാതെ (ആർക്കും) ഇല്ല. അവന്റെ മേൽ ഞാൻ (കാര്യങ്ങൾ) ഭരമേൽപിച്ചിരിക്കുന്നു; ഭരമേൽപിക്കുന്നവർ അവന്റെ മേൽതന്നെ ഭരമേൽപിച്ചുകൊള്ളട്ടെ.’’

وَقَالَ يَٰبَنِيَّ لَا تَدۡخُلُواْ مِنۢ بَابٖ وَٰحِدٖ وَٱدۡخُلُواْ مِنۡ أَبۡوَٰبٖ مُّتَفَرِّقَةٖۖ وَمَآ أُغۡنِي عَنكُم مِّنَ ٱللَّهِ مِن شَيۡءٍۖ إِنِ ٱلۡحُكۡمُ إِلَّا لِلَّهِۖ عَلَيۡهِ تَوَكَّلۡتُۖ وَعَلَيۡهِ فَلۡيَتَوَكَّلِ ٱلۡمُتَوَكِّلُونَ ٦٧

68 അവരുടെ പിതാവ് അവരോട് കൽപിച്ച വിധത്തിൽ അവർ പ്രവേശിച്ചപ്പോൾ,

وَلَمَّا دَخَلُواْ مِنۡ حَيۡثُ أَمَرَهُمۡ أَبُوهُم مَّا

كَانَ يُغْنِي عَنْهُم مِّنَ ٱللَّهِ مِن شَىْءٍ إِلَّا حَاجَةً فِى نَفْسِ يَعْقُوبَ قَضَىٰهَا ۚ وَإِنَّهُۥ لَذُو عِلْمٍ لِّمَا عَلَّمْنَٰهُ وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ﴿٦٨﴾

അല്ലാഹുവിങ്കൽനിന്ന് (ഉണ്ടാകുന്ന) യാതൊന്നിനെയും അദ്ദേഹം തടുത്തിരുന്നില്ല; യഅ്ഖൂബിന്റെ മനസ്സിലുള്ള ഒരാവശ്യം അതദ്ദേഹം നിർവ്വഹിച്ചു-എന്നൊഴികെ [അത്രമാത്രം]. അദ്ദേഹത്തിന് നാം പഠിപ്പിച്ചുകൊടുത്തിട്ടുള്ളതിനാൽ, അദ്ദേഹം ഒരറിവുള്ളവൻ തന്നെയാകുന്നുതാനും. എങ്കിലും, മനുഷ്യരിൽ അധികമാളും അറിയുന്നില്ല.

---

67 **وَقَالَ** അദ്ദേഹം പറയുകയും ചെയ്തു. **يَا بَنِيَّ** എന്റെ പുത്രൻമാരേ (മക്കളേ). **لَا تَدْخُلُوا** നിങ്ങൾ പ്രവേശിക്കരുത്. **مِن بَابٍ** വാതിലിൽ (കവാടത്തിൽ) കൂടി. **وَاحِدٍ** ഒരേ. **وَادْخُلُوا** പ്രവേശിക്കുകയും ചെയ്‌വിൻ. **مِنْ أَبْوَابٍ** വാതിലുകളിൽകൂടി. **مُتَفَرِّقَةٍ** ഭിന്നമായ, വ്യത്യസ്തമായ. **وَمَا أُغْنِي** ഞാൻ ധന്യമാക്കുക (തടുക്കുക)യുമില്ല. **عَنكُم** നിങ്ങളിൽനിന്ന്, നിങ്ങൾക്ക്. **مِنَ اللَّهِ** അല്ലാഹുവിൽ നിന്ന്. **مِن شَيْءٍ** യാതൊന്നിനെയും. **إِنِ الْحُكْمُ** വിധി ഇല്ല. **إِلَّا لِلَّهِ** അല്ലാഹുവിന്നല്ലാതെ. **عَلَيْهِ** അവന്റെമേൽ. **تَوَكَّلْتُ** ഞാൻ ഭരമേൽപിച്ചിരിക്കുന്നു. **وَعَلَيْهِ** അവന്റെ മേൽ തന്നെ. **فَلْيَتَوَكَّلِ** ഭരമേൽപിച്ചുകൊള്ളട്ടെ. **الْمُتَوَكِّلُونَ** ഭരമേൽപിക്കുന്നവർ. 68 **وَلَمَّا دَخَلُوا** അവർ പ്രവേശിച്ചപ്പോൾ. **مِنْ حَيْثُ** വിധത്തിൽ, ഭാഗത്തൂടെ. **أَمَرَهُمْ** അവരോട് കൽപിച്ചു. **أَبُوهُم** അവരുടെ പിതാവ്. **مَا كَانَ** അദ്ദേഹമായിരുന്നില്ല, അതായിരുന്നില്ല. **يُغْنِي** ധന്യമാക്കു(തടുക്കു)ക. **عَنْهُم** അവരിൽ നിന്ന്. **مِنَ اللَّهِ** അല്ലാഹുവിൽനിന്ന്. **مِن شَيْءٍ** യാതൊന്നിനെയും. **إِلَّا حَاجَةً** ഒരാവശ്യം ഒഴികെ. **فِي نَفْسِ** സ്വന്തത്തി (മനസ്സി)ലുള്ള. **يَعْقُوبَ** യഅ്ഖൂബിന്റെ. **قَضَاهَا** അതദ്ദേഹം തീർത്തു (നിർവ്വഹിച്ച). **وَإِنَّهُ** അദ്ദേഹമാകട്ടെ. **لَذُو عِلْمٍ** ഒരറിവുള്ളവൻ തന്നെ. **لِّمَا عَلَّمْنَاهُ** നാം അദ്ദേഹത്തിന് പഠിപ്പിച്ചു കൊടുത്തതിനാൽ. **وَلَٰكِنَّ** എങ്കിലും, പക്ഷേ. **أَكْثَرَ النَّاسِ** മനുഷ്യരിൽ അധികവും. **لَا يَعْلَمُونَ** അറിയുന്നില്ല, അറിയുകയില്ല.

മക്കൾ പുറപ്പെട്ടു പോകുമ്പോൾ, താഴെ വിവരിക്കുന്നതുപേലുള്ള എന്തോ ഒരു ഉദ്ദേശ്യം കരുതിക്കൊണ്ട് നിങ്ങൾ-ഈജിപ്തിൽ-അല്ലെങ്കിൽ രാജസന്നിധിയിൽ- പ്രവേശിക്കുന്നതു ഒരേ പ്രവേശനമാർഗ്ഗത്തിലൂടെയായിരിക്കരുതെന്നും, പല മാർഗ്ഗങ്ങളിലൂടെയായിരിക്കണമെന്നും യഅ്ഖൂബ് (عليه السلام) അവരെ ഉപദേശിച്ചു. അതോടൊപ്പം തന്നെ, അല്ലാഹുവിന്റെ ഭാഗത്തു നിന്നും വല്ല ദോഷവും നിങ്ങൾക്കു സംഭവിക്കുന്നതു തടുക്കുവാൻ ആ ഉപദേശം ഉപകരിക്കുകയില്ലെന്നും, എല്ലാം അല്ലാഹുവിന്റെ വിധിയും കൽപനയും അനുസരിച്ചു തന്നെ നടക്കുമെന്നും, അതുകൊണ്ട് അവനിൽ ഭരമേൽപിക്കുകയാണ് എല്ലാറ്റിലുംവെച്ച് വലിയ പരിഹാര മാർഗ്ഗമെന്നും ഉണർത്തുകയും ചെയ്തു. അങ്ങനെ, പിതാവിന്റെ ഉപദേശപ്രകാരം തന്നെ അവരവിടെ പ്രവേശിക്കുകയും ചെയ്തു. എങ്കിലും അല്ലാഹു അവരിൽ ഉദ്ദേശിച്ച കാര്യങ്ങൾ (താഴെ വചനങ്ങളിൽ കാണാവുന്ന വിധം) സംഭവിക്കുക തന്നെ ചെയ്തു. അതെ, യഅ്ഖൂബ് (عليه السلام) മനസ്സിൽ കരുതിയിരുന്ന ഒരാവശ്യം അദ്ദേഹം നിർവ്വഹിച്ചുവെന്നല്ലാതെ അതുകൊണ്ട് പ്രത്യേകം പ്രയോജനമൊന്നും ഉണ്ടായില്ല. ഇപ്പറഞ്ഞതുകൊണ്ടു അദ്ദേഹം ഒരു വിവരമില്ലാത്ത ആളാണെന്നു ധരിക്കേണ്ടതില്ല. അദ്ദേഹത്തിനു അല്ലാഹു പലതും പഠിപ്പിച്ചുകൊടുത്തിട്ടുണ്ട്. അദ്ദേഹം വിവരമുള്ള ഒരാൾ തന്നെയാണ്. ഇങ്ങിനെയുള്ള യാഥാർത്ഥ്യങ്ങളെപ്പറ്റി അറിയാത്തവരാണു മനുഷ്യരിൽ അധികഭാഗവും. ഇതൊക്കെയാണു ഈ വചനങ്ങളിൽ പ്രസ്താവിച്ചതിന്റെ ചുരുക്കം.

യഅ്ഖൂബ് (عليه السلام) മക്കൾക്കു നൽകിയ ആ ഉപദേശത്തെപ്പറ്റി അല്ലാഹു അദ്ദേഹത്തെ ആക്ഷേപിച്ചിട്ടില്ല. അതിൽ നിന്നു തോന്നിയേക്കുവാനിടയുള്ള ഒരു തെറ്റിദ്ധാരണയെ നീക്കം ചെയ്യുകയും , അതോടുകൂടി, അദ്ദേഹം ഒരു വിവരമുള്ള ആൾതന്നെയാണെന്നു പ്രശംസിക്കുകയും

ചെയ്തിരിക്കുകയാണ്. ഒരേ വാതിലിൽകൂടി പ്രവേശിക്കരുതെന്നു ആ പ്രവാചകവര്യൻ അവരെ ഉപദേശിക്കുമ്പോൾ, അവരിൽ സംഭവിക്കുവാൻ അല്ലാഹു നിശ്ചയിച്ചിട്ടുള്ള വല്ല അനിഷ്ടങ്ങൾക്കും ആ ഉപദേശം പരിഹാരമുണ്ടാക്കുമെന്നോ, അങ്ങിനെ അവ സംഭവിക്കാതിരിക്കുമെന്നോ അദ്ദേഹം കരുതിയതായി തെറ്റിദ്ധരിക്കപ്പെടാം. അല്ലെങ്കിൽ, അല്ലാഹുവിൻെറ നിശ്ചയങ്ങളിൽനിന്നു അത്തരം സംഗതികൾമൂലം ഒഴിവാകുവാൻ സാധിച്ചേക്കുമെന്നു വല്ലവരും കരുതിയേക്കാം. ഈ ധാരണകളെ നീക്കം ചെയ്യാനാണു യഅ്ഖൂബിൻെറ മനസ്സിലുള്ള ഒരാവശ്യം അദ്ദേഹം നിറവേറ്റിയെന്നേയുള്ളുവെന്നും മറ്റും (.... إلا حاجة فى نفس يعقوب)അല്ലാഹു തുടർന്നു പറഞ്ഞത്. എന്നല്ലാതെ, വല്ല അനിഷ്ട സംഭവങ്ങളിൽ നിന്നും ഒഴിവാകുവാനുള്ള മുൻകരുതലെന്ന നിലക്കു അത്തരം കാര്യങ്ങളൊന്നും ആരും ചെയ്തുകൂടാ എന്നല്ല ഇതിൻെറ അർത്ഥം. ബാഹ്യമായ മുൻകരുതലുകൾ കൊണ്ടൊന്നും അല്ലാഹു നിശ്ചയിച്ച കാര്യങ്ങൾ അവൻ ഉദ്ദേശിച്ചപോലെ നടക്കാതിരിക്കുകയില്ലെന്നും, എല്ലാറ്റിലും ഉപരിയായി അവൻെറമേൽ 'തവക്കുൽ' (ഭരമേൽപിക്കൽ) ചെയ്യുകയാണു ആവശ്യമെന്നും ചൂണ്ടിക്കാട്ടുകയാണു ആ വാക്യങ്ങൾ ചെയ്യുന്നത്. ഈ യാഥാർത്ഥ്യം യഅ്ഖൂബ് (عليه السلام) തൻെറ ഉപദേശത്തോടൊപ്പം തന്നെ മക്കളെ പ്രത്യേകം ഓർമ്മിപ്പിച്ചിട്ടുണ്ടു താനും.........وما أغنى عنكم (അല്ലാഹുവിൽ നിന്നുണ്ടാകുന്ന യാതൊന്നും ഞാൻ നിങ്ങളിൽ നിന്നു തടുക്കുന്നതുമല്ല) എന്നു തുടങ്ങി 67-ാം വചനത്തിൻെറ അവസാനം വരെയുള്ള അദ്ദേഹത്തിൻെറ വാക്കുകൾ നോക്കുക.

ഒരേ വാതിലിൽകൂടി പ്രവേശിക്കരുതെന്നു യഅ്ഖൂബ് (عليه السلام) മക്കളെ ഉപദേശിച്ചതിൻെറ ആവശ്യമെന്തായിരുന്നു? ഇതു സംബന്ധിച്ചു ഒന്നിലധികം അഭിപ്രായങ്ങൾ നിലവിലുണ്ടു. (1) യഅ്ഖൂബ് (عليه السلام) നബിയുടെ മനസ്സിലുള്ള എന്തോ ഒരാവശ്യം നിർവ്വഹിച്ചുവെന്നേയുള്ളു. إلا حاجة فى نفس يعقوب قضاها എന്നു പറഞ്ഞുകൊണ്ടു ആ ആവശ്യത്തെ അല്ലാഹു അവ്യക്തമാക്കി വെച്ചിരിക്കുന്ന സ്ഥിതിക്കു ആ ആവശ്യമെന്തായിരുന്നുവെന്നു നാം ചുഴിഞ്ഞുനോക്കേണ്ടതില്ല. ഖുർആനിൽനിന്നോ, നബിവാക്യങ്ങളിൽനിന്നോ അതിനെ നിർണ്ണയിക്കുന്നതിനു മതിയായ തെളിവുകളും നമുക്കില്ല. ഈ അഭിപ്രായമാണു കൂടുതൽ സുരക്ഷിതമായുള്ളതെന്നുള്ളതിൽ സംശയമില്ല. (2) സൗന്ദര്യവും, പ്രഭാവവും മുറ്റി നിൽക്കുന്ന ഒരു സംഘം ആളുകൾ-അതും ഒരേ പിതാവിൻെറ മക്കൾ-ഒരേ വഴിക്കു പ്രവേശിക്കുമ്പോൾ അതു കണ്ണേറു (കരിങ്കണ്ണു) ബാധിക്കുവാൻ കാരണമായേക്കും. അതിൽ നിന്നു ഒഴിവാകുവാൻ വേണ്ടിയായിരുന്നു അതു. ഇബ്നുഅബ്ബാസ്, മുഹമ്മദുബ്നു കഅ്ബ്, മുജാഹിദു, ളഹ്-ഹാക്ക്, ഖത്താദ, സുദ്ദീ (رضي الله عنهم) മുതലായവരിൽ നിന്നു ഇതു നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ സ്വീകരിച്ചു കാണുന്നത് ഇതാകുന്നു. (കണ്ണേറിനെ ഭയന്നാണ് യഅമ്ഖൂബ് നബി (عليه السلام) അങ്ങിനെ പറഞ്ഞതെന്നുള്ളതിനു തെളിവുകാണുന്നില്ലെങ്കിലും കണ്ണേറു സ്ഥാപിക്കുന്ന ബലപ്പെട്ട ഹദീസുകൾ കാണാവുന്നതാണ്) (3) അങ്ങിനെയുള്ള ഒരു കൂട്ടം ആളുകളെ പെട്ടെന്നു ഒന്നിച്ചു കാണുമ്പോൾ, അവരെപ്പറ്റി പല സംശയങ്ങളും ജനങ്ങൾക്കു തോന്നുവാൻ ഇടയുള്ളതുകൊണ്ടാണത്.

വിഭാഗം-9

وَلَمَّا دَخَلُوا۟ عَلَىٰ يُوسُفَ ءَاوَىٰٓ إِلَيْهِ أَخَاهُ ۖ قَالَ إِنِّىٓ أَنَا۠ أَخُوكَ فَلَا تَبْتَئِسْ بِمَا كَانُوا۟ يَعْمَلُونَ ﴿٦٩﴾

69 അവർ [സഹോദരൻമാർ] യൂസുഫിൻെറ അടുക്കൽ പ്രവേശിച്ചപ്പോൾ, അദ്ദേഹം[യൂസുഫ്]തൻെറ സഹോദരനെ തന്നിലേക്ക് അണച്ചുകൂട്ടി; അദ്ദേഹം പറഞ്ഞു: ''നിശ്ചയമായും, ഞാൻ നിൻെറ സഹോദരൻതന്നെ. ആകയാൽ, അവർ പ്രവർത്തിച്ചു വരുന്നതിനെപ്പറ്റി നീ സങ്കടപ്പെടേണ്ട.''

69 **ولما دخلوا** അവർ പ്രവേശിച്ചപ്പോൾ. **على يوسف** യൂസുഫിൻെറ അടുക്കൽ. **آوى إليه** അദ്ദേഹം തന്നിലേക്ക് കൂട്ടിച്ചേർത്തു, അണച്ചുകൂട്ടി. **أخاه** തൻെറ സഹോദരനെ. **قال** അദ്ദേഹം പറഞ്ഞു. **إني أنا** നിശ്ചയമായും ഞാൻ (തന്നെ). **أخوك** നിൻെറ സഹോദരൻ. **فلا تبتئس** അതിനാൽ നീ സങ്കടപ്പെടേണ്ട. **بما كانوا** അവർ ആയിരിക്കുന്നതിനെ(പ്പറ്റി). **يعملون** അവർ പ്രവർത്തിക്കും.

സഹോദരൻമാർക്കിടയിൽനിന്നു ബിൻയാമീനെ അദ്ദേഹം പ്രത്യേകം ആശ്ലേഷിച്ചു-ഞാനാണു നിൻെറ ജ്യേഷ്ഠൻ യൂസുഫ്, അവർ നമ്മോടു സ്വീകരിച്ചു വന്ന ചിറ്റമ്മനയത്തെക്കുറിച്ചും മറ്റും ഇനി വ്യസനിക്കേണ്ടതില്ല എന്നൊക്കെ സ്വകാര്യമായി അറിയിച്ചുകൊടുത്തു. ഒരു പക്ഷേ-ഇബ്നുകഥീർ (ﷺ) പ്രസ്താവിച്ചതുപോലെ-നിന്നെ ഇവിടെ എൻെറ അടുക്കൽ തന്നെ നിറുത്തുവാനും അവരുടെ ഒന്നിച്ചു തിരിച്ചയക്കാതിരിക്കുവാനും (അടുത്ത വചനത്തിൽ കാണുന്നതുപോലുള്ള) വല്ല സൂത്രമാർഗ്ഗങ്ങളും ഞാൻ വഴിയേ സ്വീകരിക്കുമെന്നുള്ള രഹസ്യവും അദ്ദേഹം ബിൻയാമീനെ അറിയിച്ചിരിക്കാം. അത് സ്വഭാവികമാണല്ലോ.

70 എന്നിട്ട് അവരുടെ ഒരുക്കുസാമാനവുമായി അവരെ അദ്ദേഹം ഒരുക്കി അയച്ചപ്പോൾ, അദ്ദേഹം പാനപാത്രം തൻെറ സഹോദരൻെറ യാത്രാസാമാനത്തിൽ ആക്കി, പിന്നെ, ഒരാൾ വിളിച്ചുപറഞ്ഞു: ‘‘ഹേ, വാഹനസംഘമേ, നിശ്ചയമായും നിങ്ങൾ മോഷ്ടാക്കൾ തന്നെയാണ്!’’

فَلَمَّا جَهَّزَهُم بِجَهَازِهِمْ جَعَلَ ٱلسِّقَايَةَ فِى رَحْلِ أَخِيهِ ثُمَّ أَذَّنَ مُؤَذِّنٌ أَيَّتُهَا ٱلْعِيرُ إِنَّكُمْ لَسَٰرِقُونَ ﴿٧٠﴾

71 അവർ അവരുടെ [വിളിച്ചുപറയുന്നവരുടെ] നേരെ തിരിഞ്ഞുനിന്ന് പറഞ്ഞു: ‘‘എന്താണ് നിങ്ങൾക്ക് കാണാതായിരിക്കുന്നത്?’’

قَالُوا۟ وَأَقْبَلُوا۟ عَلَيْهِم مَّاذَا تَفْقِدُونَ ﴿٧١﴾

72 അവർ പറഞ്ഞു: ‘‘ഞങ്ങൾക്ക് രാജാവിൻെറ അളവുപാത്രം നഷ്ടപ്പെട്ടിരിക്കുന്നു. അത് കൊണ്ടുവ(ന്നുത)രുന്നവന് ഒരു ഒട്ടകത്തിൻെറ ചുമട് (ധാന്യം സമ്മാനം) ഉണ്ട്. ഞാൻ അതിന് ഉത്തരവാദപ്പെട്ടവനുമാകുന്നു. [അക്കാര്യം ഞാൻ ഏൽക്കാം]’’

قَالُوا۟ نَفْقِدُ صُوَاعَ ٱلْمَلِكِ وَلِمَن جَآءَ بِهِۦ حِمْلُ بَعِيرٍ وَأَنَا۠ بِهِۦ زَعِيمٌ ﴿٧٢﴾

---

70 **فلما جهزهم** എന്നിട്ട് അവരെ അദ്ദേഹം ഒരുക്കി അയച്ചപ്പോൾ. **بجهازهم** ഒരുക്കുസാമാനം. **جعل** അദ്ദേഹം ആക്കി. **السقاية** വെള്ളപ്പാത്രം, പാനപാത്രം. **في رحل** യാത്രാസാമാനത്തിൽ. **أخيه** തൻെറ സഹോദരൻെറ. **ثم أذن** പിന്നെ അറിയിപ്പു നൽകി, പ്രഖ്യാപിച്ചു (വിളിച്ചു പറഞ്ഞു). **مؤذن** ഒരു വിളിച്ചു പറയുന്നവൻ (ഒരാൾ). **أيتها العير** ഹേ യാത്രാ സംഘമേ, ഒട്ടക സംഘമേ. **إنكم** നിശ്ചയമായും നിങ്ങൾ. **لسارقون** മോഷ്ടാക്കൾ തന്നെ. 71 **قالوا** അവർ പറഞ്ഞു. **وأقبلوا** അവർ മുന്നിടുകയും ചെയ്തു (തിരിഞ്ഞു). **عليهم** അവരുടെ നേരെ. **ماذا** എന്തൊന്നാണ്. **تفقدون** നിങ്ങൾ നഷ്ടപ്പെടുന്നത്, നിങ്ങൾക്ക് കാണാതാകുന്നത്. 72 **قالوا** അവർ പറഞ്ഞു. **نفقد** ഞങ്ങൾ നഷ്ടപ്പെടുന്നു, കാണാതാവുന്നു. **صواع** അളവുപാത്രം, അളവുകോപ്പ. **الملك** രാജാവിൻെറ. **ولمن جاء به** അത് കൊണ്ടുവന്നവർക്കുണ്ട്. **حمل** ചുമടു, ഏറ്റുന്നത്. **بعير** ഒരൊട്ടകത്തിൻെറ. **وأنا** ഞാൻ. **به** അതിനെപ്പറ്റി, അതിന്. **زعيم** ഏൽക്കുന്നവനാണ്, ഉത്തരവാദിയാണ്.

سقاية (സിഖായത്ത്) എന്ന വാക്കും വെള്ളം കുടിക്കാറുള്ള സ്ഥാനത്തിനും, അതു കൊണ്ടുപോകുകയോ കുടിക്കുകയോ ചെയ്യുന്ന പാത്രത്തിനും ഉപയോഗിക്കപ്പെടും. صواع (സ്വുവാഉ്) എന്നതിൻെറ സ്ഥാനത്ത് صاع (സ്വാഉ്) എന്നും വായിക്കപ്പെട്ടിട്ടുണ്ട്. രണ്ടായാലും ഇടങ്ങഴി, അല്ലെങ്കിൽ നാഴിപോലെ അളവിനു ഉപയോഗിക്കുന്ന ഒരു പാത്രമാണത്. ഈ രണ്ടു വാക്കും ഒരേ പാത്രത്തെത്തന്നെ ഉദ്ദേശിച്ചു പറയുവാൻ കാരണം, വെള്ളം കുടിക്കുവാനും വിലപിടിച്ച ധാന്യങ്ങൾ അളക്കുവാനും അതു ഉപയോഗിക്കപ്പെട്ടിരുന്നതാണെന്നും, അളവു പാത്രത്തിൻെറ രൂപത്തിൽ ഉണ്ടാക്കപ്പെട്ട പാനപാത്രമായിരുന്നതാണെന്നും പറയപ്പെടുന്നു. അതൊരു വെള്ളിക്കോപ്പയായിരുന്നുവെന്നും പറയപ്പെടുന്നു. الله اعلم ഏതായാലും രാജാവിൻെറ പാത്രമായതു കൊണ്ടു അതൊരു വിശേഷതരം പാത്രമായിരിക്കുമെന്നു ഊഹിക്കാവുന്നതേയുള്ളു.

താൻ യൂസുഫാണെന്ന രഹസ്യം ബിൻയാമീനെ സ്വകാര്യമായി അറിയിച്ചിതല്ലാതെ മറ്റുള്ള സഹോദരൻമാരെ അദ്ദേഹം അറിയിച്ചിട്ടില്ല. അവരിൽനിന്ന് മൂടിവെച്ചിരിക്കുകയാണത്. ആ സ്ഥിതിക്കു ബിൻയാമീനെ അവരൊന്നിച്ചു വിട്ടയക്കുകയില്ലെന്നു പറയുവാൻ ന്യായമില്ല. അതു കൊണ്ടു ബിൻയാമീനെ അവർ സ്വയം വിട്ടുകൊടുക്കുമാറുള്ള ഒരു സൂത്രം അദ്ദേഹം പ്രയോഗിച്ചു. അവരുടെ ധ്യാനക്കെട്ടുകൾ കെട്ടിത്തയ്യാറാക്കിക്കൊടുത്തപ്പോൾ അവരറിയാതെ ബിൻയാമീൻെറ കെട്ടിൽ രാജാവിൻെറ പാനപാത്രവും ഇട്ടു കെട്ടുവാൻ ഏർപ്പാടുചെയ്തു. സഹോദരൻമാർ സ്ഥലം വിട്ടപ്പോഴേക്കും പിന്നാലെ ആൾ ചെന്ന്-അല്ലാഹു പറഞ്ഞ പ്രകാരം-അവരോടു വിളിച്ചുപറഞ്ഞു. പാനപാത്രം ബിൻയാമീൻെറ കെട്ടിൽ ഇട്ടതു അറിയാതെ, അവർ സ്ഥലം വിട്ട ഉടനെ ആ പാത്രം യഥാസ്ഥാനത്ത് കാണാതെവന്നപ്പോൾ വല്ല ഉദ്യോഗസ്ഥൻമാരും സ്വന്തം നിലക്കു വേഗം പോയിവിളിച്ചു പറഞ്ഞതാണോ? അതല്ല, അവർ യഥാർത്ഥം അറിഞ്ഞുകൊണ്ടുതന്നെ യൂസുഫ് (عليه السلام) ൻെറ കൽപനയനുരിച്ചു വിളിച്ചുപറഞ്ഞതാണോ? രണ്ടിനും സാദ്ധ്യതയുണ്ടെന്നും, കൂടുതൽ സാധ്യത കാണുന്നതു ആദ്യം പറഞ്ഞപ്രകാരമായിരിക്കുവാനാണെന്നും റാസീ(رحمه الله) ചൂണ്ടിക്കാട്ടിയിരിക്കുന്നു. വിളിച്ചുപറഞ്ഞ ആൾ അവരോടു നിങ്ങൾ മോഷ്ടാക്കളാണ് (انكم لسارقون) എന്ന് പറഞ്ഞതാണ് അദ്ദേഹം അതിനു കാരണം പറയുന്നത്. പക്ഷേ, മറ്റൊരു സംഗതികൂടി ആലോചിക്കേണ്ടതുണ്ട്. കാണാതായ പാത്രം ആർ തരുന്നുവോ അവർക്കു ഒരൊട്ടകത്തിനു വഹിക്കാവുന്നത്ര ധാന്യം സമ്മാനം കൊടുക്കാമെന്നും, അതിനു ഞാൻ ഉത്തരവാദിയാണെന്നും കൂടി അയാൾ വിളിച്ചുപറയുന്നു. ഈ സമ്മാനം അന്നത്തെ പരിതസ്ഥിതിക്ക് വളരെ വിലപിടിച്ചതാണെന്നും, അധികൃതമായ സമ്മതം ലഭിക്കാതെ അയാൾ അത് ഏറ്റുപറയുവാൻ പ്രയാസമാണെന്നും ഓർക്കേണ്ടതുണ്ട്. ഈ നിലക്ക് നോക്കുമ്പോൾ, ആ വിളിച്ചുപറഞ്ഞത് യൂസുഫ് (عليه السلام) ൻെറ അറിവോടെയും, ആവശ്യപ്രകാരവും ആയിരിക്കുവാനാണ് ന്യായം കാണുന്നത്. അല്ലാത്തപക്ഷം അവർ മോഷ്ടാക്കളാണെന്നു തെളിഞ്ഞാൽ അവരുടെമേൽ നടപടി എടുക്കുമെന്നല്ലാതെ, അവർക്കു ഇനാം നൽകുമെന്നു പറയുവാൻ ന്യായം കാണുന്നില്ല. വാസ്തവം അല്ലാഹുവിനറിയാം.

വിളിച്ചു പറഞ്ഞത് യൂസുഫ് (عليه السلام) ൻെറ അറിവോടെത്തന്നെയായിരുന്നാലും 'നിങ്ങൾ മോഷ്ടാക്കളാണ്' എന്ന പ്രയോഗം അതിൻെറ സാക്ഷാൽ അർത്ഥത്തിലല്ലെന്നും, ബാഹ്യാവസ്ഥയെ അടിസ്ഥാനമാക്കി സൂത്രത്തിൽ ഉപയോഗിച്ച വാക്കാണെന്നും കരുതുവാനേയുള്ളു. അദ്ദേഹം അറിഞ്ഞുകൊണ്ടു തന്നെയാണല്ലോ പാനപാത്രം ബിൻയാമീൻെറ കെട്ടിലാക്കിയത്. എന്നിട്ട് 76-ാം വചനത്തിൽ പറയുന്നത് പോലെ-ആദ്യം മറ്റുള്ളവരുടെ കെട്ടുകളെല്ലാം പരിശോധിച്ചശേഷം മാത്രമാണ് അദ്ദേഹം ബിൻയാമീൻെറ കെട്ടുപരിശോധിക്കുന്നതും. ഇതൊരു തന്ത്രമായിരുന്നുവെന്നു അല്ലാഹു തന്നെ അവിടെ പറയുന്നുമുണ്ട്. ഇങ്ങിനെയൊരു സൂത്രം പ്രയോഗിച്ചത് കേവലം ഒരു വഞ്ചനയായോ, വഞ്ചിക്കുവാൻവേണ്ടിയോ അല്ലെന്നു പ്രത്യേകം പറയേണ്ടതില്ല. അസൂയ നിമിത്തം അദ്ദേഹത്തെ കൊലപ്പെടുത്തുവാൻ ശ്രമിക്കുകയും, കിണറ്റിലെറിയുകയും, അടിമയാക്കിത്തീർക്കുകയും, എന്നിട്ട് ചെന്നായ പിടിച്ചുവെന്നു ഉപായം

പറയുകയും, ഇക്കാലംവരെ അക്കാര്യം മൂടിവെച്ചുകൊണ്ടിരിക്കുകയും ചെയ്ത അവരോട് വളരെ ഉദാരവും മാന്യവുമായ നിലക്ക് പെരുമാറിക്കൊണ്ടിരുന്നശേഷം അവരെ ചിന്തിപ്പിക്കുവാനും അവർക്കൊരു പാഠം പഠിപ്പിക്കുവാനുംവേണ്ടി, ഇങ്ങിനെ ഒരു തന്ത്രം പ്രയോഗിച്ചത് ഒരിക്കലും ഒരു വഞ്ചനയാകുന്നില്ല. ഭാവിയിൽ അതവരുടെ തന്നെയും നന്മയിലാണ് കലാശിക്കുന്നതും. വിളിച്ചു പറഞ്ഞ ആളോടു അവരുടെ മറുപടി ഇതായിരുന്നു:-

قَالُوا۟ تَٱللَّهِ لَقَدْ عَلِمْتُم مَّا جِئْنَا لِنُفْسِدَ فِى ٱلْأَرْضِ وَمَا كُنَّا سَٰرِقِينَ ﴿٧٣﴾

73 അവർ പറഞ്ഞു: ''അല്ലാഹു തന്നെയാണ (സത്യം)! ഞങ്ങൾ ഭൂമിയിൽ കുഴപ്പമുണ്ടാക്കുവാൻ വന്നിട്ടില്ലെന്ന് തീർച്ചയായും നിങ്ങൾക്കറിയാമല്ലോ; ഞങ്ങൾ മോഷ്ടാക്കളായിരുന്നിട്ടുമില്ല.''

قَالُوا۟ فَمَا جَزَٰٓؤُهُۥٓ إِن كُنتُمْ كَٰذِبِينَ ﴿٧٤﴾

74 അവർ [വിളിച്ചു പറയുന്നവർ] പറഞ്ഞു: ''എന്നാൽ, നിങ്ങൾ കളവു പറയുന്നവരാണെങ്കിൽ അതിൻെറ പ്രതിഫലം [ശിക്ഷ] എന്താണ്?''

قَالُوا۟ جَزَٰٓؤُهُۥ مَن وُجِدَ فِى رَحْلِهِۦ فَهُوَ جَزَٰٓؤُهُۥ ۚ كَذَٰلِكَ نَجْزِى ٱلظَّٰلِمِينَ ﴿٧٥﴾

75 അവർ പറഞ്ഞു: ''അതിൻെറ പ്രതിഫലം, ഏതൊരുവൻെറ യാത്രാസാമാനത്തിൽ അത് കാണപ്പെട്ടുവോ അവൻ തന്നെ അതിൻെറ പ്രതിഫലം. [അവനെ നിങ്ങൾക്ക് പിടിച്ചുവെക്കാം,] അപ്രകാരമത്രെ, ഞങ്ങൾ അക്രമികൾക്ക് പ്രതിഫലം നൽകുന്നത്.''

---

73 **قالوا** അവർ പറഞ്ഞു. **تالله** അല്ലാഹുവിനെത്തന്നെയാണ (സത്യം). **لقد علمتم** തീർച്ചയായും നിങ്ങളറിഞ്ഞിട്ടുണ്ട്. **ما جئنا** ഞങ്ങൾ വന്നിട്ടില്ലെന്ന്. **لنفسد** ഞങ്ങൾ കുഴപ്പം (നാശം) ഉണ്ടാക്കുവാൻ. **في الأرض** ഭൂമിയിൽ, നാട്ടിൽ. **وما كنا** ഞങ്ങളായിരുന്നിട്ടുമില്ല. **سارقين** മോഷ്ടാക്കൾ. 74 **قالوا** അവർ പറഞ്ഞു. **فما** എന്നാലെന്താണ്. **جزاؤه** അതിൻെറ പ്രതിഫലം. **إن كنتم** നിങ്ങളാണെങ്കിൽ. **كاذبين** കളവ് (വ്യാജം) പറയുന്നവർ. 75 **قالوا** അവർ പറഞ്ഞു. **جزاؤه** അതിൻെറ പ്രതിഫലം. **من** ആർ ഏതൊരുവൻ. **وجد** കാണപ്പെട്ടു, അതു കണ്ടുകിട്ടി. **في رحله** അവൻെറ യാത്രാ സാമാനത്തിൽ. **فهو** എന്നാലവൻ. **جزاؤه** അതിൻെറ പ്രതിഫലമാണ്. **كذلك** അപ്രകാരമത്രെ, അതുപോലെ. **نجزي** ഞങ്ങൾ പ്രതിഫലം നൽകുന്നത് (നൽകുന്നു). **الظالمين** അക്രമികൾക്ക്.

തങ്ങളിൽപെട്ട ആരെങ്കിലും ആ പാനപാത്രം എടുത്തുകൊണ്ടു പോന്നിരിക്കാമെന്നു അവർക്ക് ഊഹിക്കാൻ കാരണമുണ്ടായിരുന്നില്ല. അതുകൊണ്ടു ആ ആരോപണം അവർ നിഷേധിച്ചു. ഞങ്ങളുമായി പരിചയപ്പെട്ടേടത്തോളം ഞങ്ങൾ കുഴപ്പക്കാരും അക്രമികളുമല്ലെന്നു നിങ്ങൾക്കറിയുവാൻ കഴിഞ്ഞിട്ടുണ്ടല്ലോ. മോഷണകൃത്യം നടത്തുന്ന സമ്പ്രദായക്കാരല്ല ഞങ്ങൾ. അഥവാ പ്രവാചകൻമാരുടെ പാരമ്പര്യം നിലനിറുത്തിപ്പോരുന്നവരാണ് ഞങ്ങൾ. എന്നൊക്കെ അവർ പറഞ്ഞുനോക്കി. ആരോപണം ഉന്നയിച്ചവർ അതുകൊണ്ടൊന്നും തൃപ്തിപ്പെട്ടില്ല. നിങ്ങൾ പറയുന്നത് സത്യമല്ലെന്നു തെളിഞ്ഞാൽ എന്തുവേണം എന്നായി. ആർ മോഷണം ചെയ്തതായിക്കണ്ടുവോ അയാളെ നിങ്ങൾക്കു വിട്ടുതരാം. ഇതായിരുന്നു മറുപടി.

ഇബ്റാഹീം (عليه السلام) നബിയുടെ ശരീഅത്തു (നിയമനടപടി) പ്രകാരം മോഷ്ടാവിൻെറ ശിക്ഷ, മോഷ്ടിക്കപ്പെട്ട സ്വത്തിൻെറ ഉടമസ്ഥനു അവനെ വിട്ടുകൊടുക്കലായിരുന്നുവെന്നും,

ഒരു നിശ്ചിതകാലം അവൻെറ ബന്ധനത്തിലോ, അടിമത്തത്തിലോ അവൻ കഴിഞ്ഞുകൂടേണ്ടി യിരുന്നുവെന്നും ഖുർആൻ വ്യാഖ്യാതാക്കൾ പറഞ്ഞു കാണുന്നു. അതുകൊണ്ടാണ് അവർ അങ്ങിനെ മറുപടി പറഞ്ഞതെന്നും, 'ഞങ്ങൾ അക്രമികൾക്കു അപ്രകാരമാണ് പ്രതിഫലം നൽകുക' എന്നു അവർ പറയുവാൻ കാരണം അതാണെന്നും അവർ ചൂണ്ടിക്കാട്ടുന്നു. അടുത്ത വചനത്തിൽ .... ما كان ليأخذ اخاه (രാജാവിൻെറ നിയമ നടപടി പ്രകാരം അദ്ദേഹത്തിനു തൻെറ സഹോദരനെ പിടിച്ചുവെക്കുവാൻ നിവൃത്തിയുണ്ടായിരുന്നില്ല) എന്ന വാക്യം അതിനു പിൻബലവും നൽകുന്നു. ഇതു ശരിയാണെങ്കിൽ, പിന്നെ അവിടെ മറ്റൊരഭിപ്രായത്തിനു സ്ഥാന മില്ല. ശരിയല്ലെന്നുവന്നാൽ, തങ്ങളുടെ കൂട്ടത്തിൽ ആരും ആ പാത്രം എടുത്തിരിക്കുകയില്ലെന്നു അവർക്ക് വിശ്വാസമുള്ളതുകൊണ്ട് വല്ലവനും അങ്ങിനെ ചെയ്തിട്ടുണ്ടെന്നു തെളിയുന്നപക്ഷം, അവൻെറ മേൽ വേണ്ടുന്ന ശിക്ഷാനടപടി എടുക്കുവാൻ അവനെ ഞങ്ങൾ നിങ്ങൾക്ക് വിട്ടുതരാം എന്ന അർത്ഥത്തിലും ആയിരിക്കാം ആ മറുപടി. الله اعلم മാത്രമല്ല, അറിഞ്ഞുകൊണ്ടു തന്നെ യൂസുഫ് (عليه السلام) പാനപാത്രം ബിൻയാമീൻെറ കെട്ടിൽ ഒളിച്ചുവെച്ചത് സഹോദരൻ മാരിൽനിന്നു അനുജനെ വിട്ടുകിട്ടുവാനുള്ള സൂത്രമായിരുന്നുവല്ലോ. ആ സ്ഥിതിക്കു അവരിൽ നിന്നു അങ്ങിനെയുള്ള ഒരു മറുപടി കിട്ടുമെന്നു അദ്ദേഹം പ്രതീക്ഷിച്ചിരിക്കുവാനാണ് കാരണം കാണുന്നത്. ഒടുവിൽ കലാശിച്ചതും അതുതന്നെ. ഇനി, എല്ലാവരുടെയും ഭാണ്ഡങ്ങൾ അഴിച്ചു പരിശോധിക്കുവാനാണുള്ളത്.

76 എന്നിട്ട്, അദ്ദേഹത്തിൻെറ സഹോദര ൻെറ സഞ്ചിക്കുമുമ്പ് അവരുടെ സഞ്ചിക ളെക്കൊണ്ട് അദ്ദേഹം (പരിശോധന) തുട ങ്ങി. പിന്നീട് (ഒടുക്കം) തൻെറ സഹോദ രൻെറ സഞ്ചിയിൽ നിന്ന് അത് [പാനപാ ത്രം] അദ്ദേഹം പുറത്തെടുത്തു. അപ്രകാ രം, യൂസുഫിനുവേണ്ടി നാം [അല്ലാഹു] തന്ത്രം പ്രയോഗിച്ചു (കൊടുത്തു). രാജാ വിൻെറ മത (നിയമ) നടപടിപ്രകാരം അദ്ദേഹത്തിന് തൻെറ സഹോദരനെ പിടി (ച്ചുവെ) ക്കുവാൻ നിവൃത്തിയുണ്ടായിരു ന്നില്ല;- അല്ലാഹു ഉദ്ദേശിക്കുന്നതായാല ല്ലാതെ നാം ഉദ്ദേശിക്കുന്നവരെ നാം പല പദവികൾ ഉയർത്തുന്നു. എല്ലാ അറിവു ള്ളവൻെറയും മീതെ ഒരു അറിയുന്നവ നുണ്ട്.

فَبَدَأَ بِأَوْعِيَتِهِمْ قَبْلَ وِعَآءِ أَخِيهِ ثُمَّ
ٱسْتَخْرَجَهَا مِن وِعَآءِ أَخِيهِ ۚ كَذَٰلِكَ كِدْنَا
لِيُوسُفَ ۖ مَا كَانَ لِيَأْخُذَ أَخَاهُ فِى دِينِ ٱلْمَلِكِ
إِلَّآ أَن يَشَآءَ ٱللَّهُ ۚ نَرْفَعُ دَرَجَٰتٍ مَّن نَّشَآءُ ۗ
وَفَوْقَ كُلِّ ذِى عِلْمٍ عَلِيمٌ ﴿٧٦﴾

76 **فَبَدأ** എന്നിട്ട് (അങ്ങനെ-എന്നാൽ) അദ്ദേഹം തുടങ്ങി, ആരംഭിച്ചു. **بِأوعيتهم** അവരുടെ സഞ്ചി (ച രക്കു-പാത്രം-പൊതി)കൾ കൊണ്ട്. **قَبلَ وعاءِ** സഞ്ചിയുടെ മുമ്പ്. **أخيه** തൻെറ സഹോദരൻെറ. **ثمّ** പിന്നീട്. **استخرجها** അതിനെ അദ്ദേഹം പുറത്തെടുത്തു, പുറത്തുകൊണ്ടുവന്നു. **من وعاءِ** സഞ്ചിയിൽ നിന്ന്. **أخيه** തൻെറ സഹോദരൻെറ. **كَذَٰلكَ** അപ്രകാരം,. **كدنا** നാം തന്ത്രം പ്രയോഗിച്ചു. **ليوسف** യൂസുഫിനുവേണ്ടി. **ما كانَ** ആകുകയില്ല (നിവൃത്തിയില്ല). **ليأخذَ** അദ്ദേഹം പിടിക്കുവാൻ, എടുക്കു വാൻ. **أخاه** തൻെറ സഹോദരനെ. **في دين** മത (നിയമ) നടപടിയിൽ (നടപടി പ്രകാരം). **المَلك** രാജാവിൻെറ. **إلا أن يشاءَ** ഉദ്ദേശിക്കുന്നതായാലല്ലാതെ. **الله** അല്ലാഹു. **نرفَعُ** നാം ഉയർത്തുന്നു. **درجات** പല പദവി (പടി)കൾ. **من نشاءُ** നാം ഉദ്ദേശിക്കുന്നവരെ. **وفَوق** മീതെയുണ്ട്. **كُلّ ذي علم** എല്ലാ അറിവു ള്ളവൻെറയും. **عليم** ഒരു അറിയുന്നവൻ.

എല്ലാ ജ്ഞാനികള്‍ക്കും ഉപരിയായി സര്‍വ്വജ്ഞനായ അല്ലാഹു ഉണ്ടെന്നും, അറിവുള്ള ഏതൊരുവനായാലും അവനെക്കാള്‍ അറിയുന്ന വേറൊരാള്‍ ഉണ്ടായിരിക്കുകയും ഒടുക്കം അതു അല്ലാഹുവില്‍ ചെന്നവസാനിക്കുകയും ചെയ്യുമെന്നും-ഇങ്ങിനെ രണ്ടുപ്രകാരത്തില്‍-ഈ ഒടുവിലത്തെ വാക്യത്തിനു സാരം കല്‍പിക്കപ്പെട്ടിട്ടുണ്ട്. രണ്ടിന്‍റെയും കലാശം ഒരേ തത്വത്തിലേക്കു തന്നെ.

۞ قَالُوٓاْ إِن يَسۡرِقۡ فَقَدۡ سَرَقَ أَخٞ لَّهُۥ مِن قَبۡلُۚ فَأَسَرَّهَا يُوسُفُ فِي نَفۡسِهِۦ وَلَمۡ يُبۡدِهَا لَهُمۡۚ قَالَ أَنتُمۡ شَرّٞ مَّكَانٗاۖ وَٱللَّهُ أَعۡلَمُ بِمَا تَصِفُونَ ٧٧

77 അവര്‍ [സഹോദരന്‍മാര്‍] പറഞ്ഞു: ''അവന്‍ മോഷ്ടിക്കുന്നെങ്കില്‍, മുമ്പ് അവന്‍റെ ഒരു സഹോദരനും മോഷ്ടിക്കുകയുണ്ടായിട്ടുണ്ട്''. എന്നാല്‍, യൂസുഫ് അതു തന്‍റെ മനസ്സില്‍ രഹസ്യമാക്കി വെച്ചു; അതിനെ (ക്കുറിച്ച്) അവരോട് (ഒന്നും) വെളിവാക്കിയതുമില്ല. അദ്ദേഹം (സ്വയം) പറഞ്ഞു: ''നിങ്ങള്‍ ഒരു മോശപ്പെട്ട സ്ഥാനക്കാരാകുന്നു. [നിങ്ങളുടെ നിലപാട് വളരെ മോശം!] അല്ലാഹു, നിങ്ങള്‍ (ഈ) വിശേഷിപ്പിക്കുന്നതിനെപ്പറ്റി നല്ലവണ്ണം അറിയുന്നവനാണ്.''

---

77 **قَالُوا** അവര്‍ പറഞ്ഞു. **إِن يسرق** അവന്‍ മോഷ്ടിക്കുന്നുവെങ്കില്‍. **فَقَد سرق** മോഷ്ടിച്ചിട്ടുണ്ട്. **أَخ له** അവന്‍റെ ഒരു സഹോദരന്‍. **من قَبلُ** മുമ്പ്. **فَأسرها** അപ്പോള്‍ അതിനെ സ്വകാര്യമാക്കി (മറച്ചു) വെച്ചു. **يوسف** യൂസുഫ്. **في نفْسِه** തന്‍റെ മനസ്സില്‍. **ولَم يبدها** അതിനെ വെളിപ്പെടുത്തിയതുമില്ല. **لَهم** അവരോട്. **قَالَ** അദ്ദേഹം പറഞ്ഞു. **أَنتم** നിങ്ങള്‍. **شر** മോശ(ചീത്ത)പ്പെട്ടവരാണ്. **مكَانا** സ്ഥാനം, നിലപാട്. **والله** അല്ലാഹു. **أَعلَم** ഏറ്റം (നല്ലവണ്ണം) അറിയുന്നവനാണ്. **بِما تصفُونَ** നിങ്ങള്‍ വിശേഷിപ്പി(വിവരി-വര്‍ണ്ണി)ക്കുന്നതിനെപ്പറ്റി.

സഹോദരന്‍മാരുടെ സാമാനങ്ങള്‍ പരിശോധിക്കുന്ന കാര്യം യൂസുഫ് (عليه السلام) തന്നെ നടത്തി. ആദ്യം തന്നെ ബിന്‍യാമീന്‍റെ സാമാനം പരിശോധിക്കുന്ന പക്ഷം അതു സംശയത്തിനിടയാകുമെന്നുവെച്ച് മറ്റുള്ളവരുടേതെല്ലാം ആദ്യം അഴിച്ചുപരിശോധിച്ചു; അവസാനം ബിന്‍യാമീമേതും. പാനപാത്രം അതില്‍നിന്നു കണ്ടെടുത്തതോടുകൂടി അവര്‍ക്കു അപമാനവും കോപവും പിടിപെടുമെന്നു പറയേണ്ടതില്ലല്ലോ. അവന്‍ മോഷ്ടിച്ചിട്ടുണ്ടെങ്കില്‍ അതില്‍ ആശ്ചര്യപ്പെടുവാനില്ല; അവന്‍റെ ഉമ്മയില്‍നിന്നുള്ള ഒരു സഹോദരന്‍ അവന്നുണ്ടായിരുന്നു. അവനും മുമ്പു മോഷണം നടത്തുകയുണ്ടായിട്ടുണ്ട് എന്നു പറഞ്ഞു അവര്‍ ബിന്‍യാമീനെ തരം താഴ്ത്തി. അവര്‍ രണ്ടാളും അത്തരക്കാരാണെങ്കിലും ഞങ്ങള്‍ അങ്ങിനെയുള്ളവരല്ലെന്നു അവര്‍ ധ്വനിപ്പിച്ചു. ഒരു സഹോദരന്‍ എന്നു പറഞ്ഞതു യൂസുഫു (عليه السلام) നെ ഉദ്ദേശിച്ചാണെന്നു വ്യക്തമാണല്ലോ. താന്‍ യൂസുഫാണെന്നു അവരെ അറിയിച്ചിട്ടില്ല; ആ സ്ഥിതിക്കു ആ വിഷയത്തെപ്പറ്റി അദ്ദേഹം വിശേഷിച്ചൊന്നും മറുപടി പറഞ്ഞില്ല. 'അതിരിക്കട്ടെ, നിങ്ങളുടെ സ്ഥിതി വളരെ മോശം തന്നെ; നിങ്ങള്‍ ആ പറഞ്ഞതിന്‍റെ യഥാര്‍ത്ഥാവസ്ഥ അല്ലാഹുവിനറിയാം' എന്നു സ്വയം പറഞ്ഞതേയുള്ളു.

ഇവന്‍ മോഷ്ടിച്ചെങ്കില്‍ ഇവന്‍റെ ഒരു സഹോദരനും മുമ്പു മോഷ്ടിച്ചിട്ടുണ്ട് എന്നു അവര്‍ പറഞ്ഞതിന്‍റെ അടിസ്ഥാനത്തില്‍, യൂസുഫ് (عليه السلام) ന്‍റെ പേരില്‍ ചുമത്തപ്പെട്ട ഒരു മോഷണക്കേസ്സു കണ്ടുപിടിക്കുവാന്‍ പലരും ശ്രമിച്ചിട്ടുണ്ട്. അങ്ങനെ, അദ്ദേഹത്തിന്‍റെ കുട്ടിക്കാലത്തു കുടുംബത്തില്‍പെട്ട ആരുടേയോ ഒരു വിഗ്രഹം അവരറിയാതെ അദ്ദേഹം എടുത്തുകൊണ്ടുപോരുകയുണ്ടായിട്ടുണ്ടെന്നും മറ്റും ചിലര്‍ പ്രസ്താവിച്ചു കാണുന്നു.

വിശ്വസനീയമായ തെളിവുകളൊന്നും ഇല്ലാത്ത സ്ഥിതിക്കു അതു സ്വീകരിക്കുവാന്‍ നിവൃത്തിയില്ല. ചില മഹാന്‍മാര്‍ പറയുന്നതുപോലെ, അപമാനത്തിനു തെല്ലൊരു ആശ്വാസം കണ്ടെത്തുവാന്‍വേണ്ടി അവര്‍ അതു വെറുതെയങ്ങു പറഞ്ഞതായിരിക്കുവാന്‍ തികച്ചും സാദ്ധ്യതയുണ്ടുതാനും. അതുവരെയുള്ള അവരുടെ ചരിത്രം പരിശോധിക്കുമ്പോള്‍ അതില്‍ ഒരു അസാംഗത്യവും കാണുന്നില്ലതാനും.

ബിന്‍യാമീന്‍റെ സാമാനത്തില്‍ പാനപാത്രം ഇടുവാന്‍ തോന്നിപ്പിച്ചതു, സഹോദരന്‍മാര്‍ സംഗതി അറിയാത്തവിധത്തില്‍ അതു ബിന്‍യാമീന്‍റെ സാമാനങ്ങളില്‍നിന്നു കണ്ടെടുക്കുവാന്‍ അവസരം ലഭിച്ചത്, മോഷ്ടിച്ചവനെ നിങ്ങള്‍ക്കു വിട്ടുതരാമെന്നു സഹോദരന്‍മാര്‍ പറഞ്ഞത്, അങ്ങിനെ അവരുടെ വാക്കനുസരിച്ചുതന്നെ ബിന്‍യാമീനെ തന്‍റെ കൂടെ നിറുത്തുവാന്‍ സാധിച്ചത്-ഇതെല്ലാം യൂസുഫ് (عليه السلام) നു വേണ്ടി അല്ലാഹു നടത്തിയ ചില തന്ത്രങ്ങളാണെന്നും, അങ്ങിനെ ചെയ്തിട്ടില്ലായിരുന്നുവെങ്കില്‍, ആ നാട്ടിലെ രാജകീയ നിയമ നടപടിയനുസരിച്ചു അനുജനെ അവിടെ തടഞ്ഞുനിറുത്തുവാന്‍ അദ്ദേഹത്തിനു സാധിക്കുമായിരുന്നില്ലെന്നും, അതു കൊണ്ടാണു അങ്ങിനെ ചെയ്തതെന്നും അല്ലാഹുവ്യക്തമാക്കിയിരിക്കുന്നു............. (كذالك كدنا ليوسف ما كان ليأخذ أخاه) വല്ല കാര്യവും സാധിപ്പിക്കുവാന്‍വേണ്ടി തുറന്നമാര്‍ഗ്ഗത്തിലൂടെയല്ലാതെ കൗശലവും ഉപായവും പ്രയോഗിക്കുന്നതിനാണ് كيد (കൈദ്) എന്നുപറയപ്പെടുന്നത്. ഇമാം റാഗിബു (رحمه الله) പറയുന്നു: 'കൈദ്' എന്നാല്‍ ഒരുതരം കൗശലപ്രയോഗമാണ്. അതു ആക്ഷേപാര്‍ഹവും, പ്രശംസാര്‍ഹവുമായിരിക്കാറുണ്ട് അധികവും ആക്ഷേപാര്‍ഹമായതിലാണ് അതു ഉപയോഗിക്കപ്പെടാറെങ്കിലും ശരി. (*) അപ്പോള്‍, തന്ത്രം പ്രയോഗിച്ചുവെന്നു പറയുന്നിടത്തെല്ലാം അതു ആക്ഷേപാര്‍ഹമായ തന്ത്രമായിരിക്കുമെന്നോ, അക്രമമായിരിക്കുമെന്നോ കരുതിക്കൂടാത്തതാണ്. പ്രയോഗിച്ച സന്ദര്‍ഭവും രൂപവും നോക്കിയിട്ടു വേണം നല്ലതോ ചീത്തയോ എന്നു വിലയിരുത്തുവാന്‍. യൂസുഫ് (عليه السلام) ന്‍റെ സഹോദരന്‍മാര്‍ ഇക്കാലമത്രയും അദ്ദേഹത്തോടും ബിന്‍യാമീനോടും അനുവര്‍ത്തിച്ചുവന്ന നയങ്ങള്‍ മുമ്പില്‍ വെച്ചുകൊണ്ടു നോക്കുമ്പോള്‍ അവരോടു അനുവര്‍ത്തിക്കപ്പെട്ട പ്രസ്തുത നയങ്ങള്‍ മുഴുവനും നീതീകരിക്കപ്പെടാവുന്നതേയുള്ളുവെന്നും, ഒന്നും തന്നെ വഞ്ചനയോ അക്രമമോ അല്ലെന്നും കാണാവുന്നതാണ്.

മുമ്പാരും പറഞ്ഞു കാണാത്ത പുത്തന്‍ അഭിപ്രായങ്ങള്‍ അവതരിപ്പിക്കുന്നതില്‍ പ്രത്യേക താല്‍പര്യം കാണിക്കാറുള്ള ചിലര്‍ ഇവിടെ പ്രസ്താവിച്ചു കാണുന്ന ചില വാക്യങ്ങള്‍ വായിക്കുമ്പോള്‍ അത്ഭുതവും അനുകമ്പയും തോന്നിപ്പോകുന്നു. അവര്‍ പറയുകയാണു: 'ഒരു സമ്മാനവും സ്മാരകവുമായി മറ്റുള്ളവര്‍ അറിയാതെ, ആ കോപ്പ യൂസുഫ് (عليه السلام) സഹോദരന്‍റെ ചാക്കിലിട്ടു. കൊട്ടാര ജോലിക്കാര്‍ കുറെകഴിഞ്ഞപ്പോള്‍ കോപ്പ കാണുന്നില്ല. ഒടുവില്‍ ഇവരെ പിടികൂടി. കണ്ടുകിട്ടയപ്പോള്‍ മറ്റു സഹോദരന്‍മാരെ ഓര്‍ത്ത് യൂസുഫ് (عليه السلام) നു കളളി പറയുവാന്‍ നിവൃത്തിയുമില്ല. അദ്ദേഹം വിഷമിച്ചു. പക്ഷേ, പ്രതീക്ഷിക്കാത്ത ഒരു നേട്ടമുണ്ടായി. സഹോദരനെ തനിക്കു വിട്ടുകിട്ടി. ഇതാണു 'യൂസുഫിനുവേണ്ടി നാം ഗൂഢതന്ത്രം പ്രയോഗിച്ചു.' എന്നു അല്ലാഹു പറഞ്ഞത്. അല്ലാതെ, യൂസുഫ് (عليه السلام) വഞ്ചനാരൂപത്തില്‍ കോപ്പ ചാക്കിലിടുക, എന്നിട്ടു നിങ്ങള്‍ കളളന്‍മാരാണെന്നു പറയുക, ഒടുക്കം അദ്ദേഹം ചെയ്ത കുറ്റത്തിനു അവരെ ശിക്ഷിക്കുക ഇതൊന്നും ഒരു നബിയുടെ പക്കല്‍നിന്നും സംഭവ്യമല്ല.' ഇതാണവരുടെ വാക്ക്.

അല്ലാഹു പറഞ്ഞ വാക്യങ്ങളുടെ നേര്‍ക്കുനേരെയുള്ള താല്‍പര്യങ്ങള്‍ക്കും, ഖുര്‍ആന്‍ വ്യാഖ്യാതാക്കളുടെ പ്രസ്താവനകള്‍ക്കും വിരുദ്ധമായി ഇങ്ങിനെയൊരു പുതിയ അഭിപ്രായപ്രകടനത്തിനു ഇവരെ പ്രേരിപ്പിച്ചതു രണ്ടു കാര്യങ്ങളാണെന്നു ആ പ്രസ്താവനയില്‍നിന്നു വ്യക്ത

* نص عبارته: القيد ضرب من الاحتيال وقد يكون مذموما وممدوحا
وان كان يستعمل فى المذموم اكثر ه ـ المفردات

മാണ്. (1) യൂസുഫ് (عليه السلام) നബി വഞ്ചനാപരമായ ചില ഗൂഢതന്ത്രങ്ങൾ പ്രവർത്തിച്ചിട്ടുണ്ടെന്നാണു പൊതുവെ ജനങ്ങൾ ധരിച്ചുവശായിട്ടുള്ളതെന്നു ഇവർ കരുതി. അതുകൊണ്ട് ആ ധാരണ നീക്കം ചെയ്യുക. (2) യൂസുഫ് (عليه السلام) നബിയുടെ പ്രവചാകത്വ പദവിക്കു യോജിക്കുന്നതെന്നു ഇവർക്കു തോന്നിയ രൂപത്തിലുള്ള ഒരു പുതിയ വ്യാഖ്യാനം അവതരിപ്പിക്കുവാനുള്ള മോഹം. ഈ രണ്ടു വിഷയത്തിലും പരാജയപ്പെടുകയാണു വാസ്തവത്തിൽ ഇവർ ചെയ്തിട്ടുള്ളതെന്നു താഴെകാണുന്ന വസ്തുതകളിൽനിന്നു മനസ്സിലാക്കാവുന്നതാണ്-:

(1) ബിൻയാമീനു ഒരു സമ്മാനവും സ്മാരകവുമായിട്ടാണ് ആ പാത്രം ആരും അറിയാതെ അദ്ദേഹത്തിൻെറ ചാക്കിൽ യൂസുഫ് (عليه السلام) ഇട്ടതെന്നാണല്ലോ ഇവർ പറയുന്നതു -അതൊരു സമ്മാനമോ സ്മാരകമോ ആയിരുന്നുവെന്നു ഇവർ സ്വയം സങ്കൽപിച്ചുണ്ടാക്കിയെന്നല്ലാതെ അതു ശരിവെക്കുന്ന നേരിയ ഒരു സൂചനപോലും ഖുർആനിലോ മറ്റോ ഇല്ല. ഉണ്ടെങ്കിൽ ഇവരതു പൊക്കിക്കാട്ടുകയും ചെയ്യുമായിരുന്നു. നേരെമറിച്ചു ബിൻയാമീനെ സഹോദരൻമാർ സ്വയം അവിടെ വിട്ടുപോകുവാൻ കാരണമാക്കുന്ന ഒരു സൂത്രമായിരുന്നു അതെന്നു നിഷ്പക്ഷമായി ഖുർആൻെറ പ്രസ്താവനകൾ പരിശോധിക്കുന്ന ഏതൊരാൾക്കും മനസ്സിലാക്കുകയും ചെയ്യാം. രാജാവിൻെറ പാത്രമായിരുന്നു അതെന്നു അല്ലാഹു പറയുന്നു. എന്നിരിക്കെ, രാജാവിൻെറ സമ്മതം വാങ്ങാതെ അതു അനുജനു യൂസുഫ് (عليه السلام) എങ്ങിനെ സമ്മാനമായി കൊടുക്കും? സമ്മതം വാങ്ങിയിരുന്നുവെന്നു വെക്കുക. എന്നാലും ഒരു സമ്മാനം -അല്ലെങ്കിൽ ഒരു സ്മാരകം- എന്ന നിലക്കാണു അദ്ദേഹം ആ പാത്രം ചാക്കിൽവെച്ചതെങ്കിൽ, ചുരുങ്ങിയപക്ഷം ആ വിവരം ബിൻയാമീനെയെങ്കിലും അറിയിക്കേണ്ടതായിരുന്നു. അതദ്ദേഹം ചെയ്തില്ല. ആരും അറിയാതെ ചാക്കിൽ നിക്ഷേപിച്ചുവെന്നിരിക്കെ, കൊട്ടാര ജോലിക്കാർ തൻെറ സഹോദരൻമാരെ മോഷ്ടാക്കളാണെന്നു ആക്ഷേപിച്ചപ്പോഴെങ്കിലും അതിനെപ്പറ്റി അവരെ ആക്ഷേപിക്കുവാനില്ലെന്നും അതു ഞാൻ അവരിൽ ഒരാൾക്കു സമ്മാനമായി കൊടുത്തതാണെന്നും അദ്ദേഹം പറയേണ്ടതല്ലേ? കാരണവശാൽ അതും പറഞ്ഞില്ലെന്നുവെക്കുക. എന്നാൽ, അതു കണ്ടുകിട്ടിയപ്പോഴെങ്കിലും യഥാർത്ഥം വെളിവാക്കേണ്ടതല്ലേ?

(2) അനുജനെ വിട്ടുകിട്ടുവാനുള്ള ഒരു സൂത്രമായിട്ടാണു പാത്രം അനുജൻെറ സാമാനത്തിൽ ആരും അറിയാതെ അദ്ദേഹം വെച്ചതെങ്കിൽ അതൊരു വഞ്ചനയാണെന്നും അതു യൂസുഫ് (عليه السلام) നബിയിൽ നിന്നും ഉണ്ടാകാവതല്ലെന്നുമാണല്ലോ ഇവരുടെ വാദം. ഇതൊരു വഞ്ചനയാണെങ്കിൽ, അതുവരെയും താൻ യൂസുഫാണെന്നു പറയുവാൻ മടിച്ചതും ബിൻയാമീനോടു മാത്രം സ്വകാര്യമായി അതു പറഞ്ഞതും, അനുജൻെറ സാമാനത്തിൽ നിന്നു പാത്രം കിട്ടിയപ്പോൾ അതു ഞാൻ അതിൽ വെച്ചതാണെന്നു വ്യക്തമാക്കാതിരുന്നതും, ബിൻയാമീൻ അതെടുത്തുകൊണ്ടുപോയതാണെന്നുള്ള പേരിൽ ബിൻയാമീനെ അവിടെ പിടിച്ചുവെച്ചതും, കൊട്ടാരജോലിക്കാരോടുപോലും 'കള്ളി' പറയാതിരുന്നതുമൊക്കെ വഞ്ചനകളായി എന്തുകൊണ്ടിവർ എണ്ണിയില്ല? ഇവർ പറയുംപോലെ, ആരും അറിയാതെ പാത്രം ഒരു സമ്മാനമായി യൂസുഫ് (عليه السلام) ചാക്കിൽ വെച്ചതായിരുന്നുവെന്നു വെക്കുക. എന്നിട്ടു അതേ പാത്രം താനാണു ബിൻയാമീൻെറ സാമാനത്തിൽ വെച്ചതെന്നറിയാവുന്ന അദ്ദേഹം ആദ്യമേ ബിൻയാമീൻെറ സാമാനം പരിശോധിക്കാതെ മറ്റു സഹോദരൻമാരുടെ സാമാനങ്ങൾ ആദ്യമായി പരിശോധിച്ചതു ഇവരുടെ ദൃഷ്ടിയിൽ എന്തുകൊണ്ടു വഞ്ചനയായില്ല? മാത്രമല്ല, അവൻ മോഷ്ടിക്കുന്നുവെങ്കിൽ അവൻെറ ഒരു സഹോദരനും മോഷ്ടിച്ചിട്ടുണ്ട്(.... **ان يسرق فقدسرق** എന്നു സഹോദരൻമാർ പറഞ്ഞ വാക്കു അദ്ദേഹം സമ്മതിച്ചു വസ്തവമാക്കിയെന്നും വരുന്നു. കാരണം, രാജാവിൻെറ പാനപാത്രമാണല്ലോ ആരും അറിയാതെ അദ്ദേഹം അനുജനു സമ്മാനം നൽകുന്നതും അവൻെറ ചാക്കിലിട്ടതും. ദുർവ്യാഖ്യാനത്തിനും വേണ്ടേ ഒരതിര്?

(3) പക്ഷേ, യൂസുഫ് (عليه السلام) പ്രതീക്ഷിക്കാത്ത ഒരു നേട്ടം അദ്ദേഹത്തിനുണ്ടായി, സഹോദരനെ തനിക്കു വിട്ടുകിട്ടി എന്നാണല്ലോ ഇവർ പറയുന്നത്. ഇത് അല്ലാഹു പറഞ്ഞതിനു നേരെ

വിരുദ്ധമാണെന്നുള്ളതിൽ സംശയമില്ല. ആദ്യം സഹോദരൻമാരുടെ സഞ്ചികൾ പരിശോധിക്കുവാൻ അദ്ദേഹം തുടങ്ങിയെന്നും, പിന്നീട് പാത്രം സഹോദരൻെറ (ബിൻയാമീൻെറ) സഞ്ചിയിൽ നിന്ന് പുറത്തെടുത്തുവെന്നും പറഞ്ഞതിനെ തുടന്ന് 'അപ്രകാരം യൂസുഫിനുവേണ്ടി നാം തന്ത്രം പ്രയോഗിച്ചു'വെന്നും 'രാജാവിൻെറ നിയമനടപടിപ്രകാരം അദ്ദേഹത്തിനു തൻെറ സഹോദരനെ പിടിച്ചുവെക്കുവാൻ നിവൃത്തിയുണ്ടായിരുന്നില്ല' എന്നും 76-ാം വചനത്തിൽ പറഞ്ഞു. താഴെ കാണുന്നതുപോലെ 'അവന്നൊരു വൃദ്ധനായ പിതാവുണ്ട്, അതുകൊണ്ട് അവനു പകരം ഞങ്ങളിൽ ഒരാളെ അവൻെറ സ്ഥാനത്തു പിടിച്ചുവെക്കണം' എന്ന് സഹോദരൻമാർ അപേക്ഷിച്ചപ്പോൾ, 'ഞങ്ങളുടെ ഉപകരണം ആരുടെ അടുക്കൽ ഞങ്ങൾ കണ്ടെത്തിയോ അവനെയല്ലാതെ പിടിച്ചുവെക്കുവാൻ പാടില്ലെന്നും, പിടിച്ചുവെക്കുന്നപക്ഷം ഞങ്ങൾ അക്രമികളായിരിക്കു'മെന്നുമാണ് യൂസുഫ് (عليه السلام) പറഞ്ഞതെന്നു അടുത്ത വചനത്തിലും പറയുന്നു. അടുത്ത വചനം മുതൽ 82 വരെയുള്ള വചനങ്ങൾ ഒന്നു വായിച്ചു നോക്കുക. സഹോദരൻമാർ എത്ര മനോവേദനയോടെയാണ് അനുജനെ അവിടെ വിട്ടുപോകുന്നതെന്നു അതിൽ നിന്നു ആർക്കും വ്യക്തമാകും. ഇതെല്ലാമായിട്ടും അനുജനെ വിട്ടു കിട്ടുവാൻ അദ്ദേഹം ഉദ്ദേശിച്ചിരുന്നില്ലെന്നും, പ്രതീക്ഷിക്കാതെ കിട്ടിയ നേട്ടമാണെന്നും ഇവർക്കല്ലാതെ പറയുവാൻ കഴിയുമോ?! മനസ്സാക്ഷിയുള്ളവർ ചിന്തിച്ചുനോക്കുക!

كيد (കൈദ്) എന്ന വാക്കിനു അർത്ഥം കൽപിച്ചതിൽ വന്ന അബദ്ധത്തിനു പുറമെ, വിഷയത്തിൻെറ മുഴുവൻ വശവും ആലോചിക്കാതെ ഒരു വശം മാത്രം ചിന്തിച്ചതിൽ നിന്നും, പ്രവാചകൻമാരുടെ സ്ഥാനം തങ്ങളെപ്പോലെ മറ്റുള്ളവരാരും മനസസിലാക്കീട്ടില്ലെന്ന ഭാവത്തിൽ നിന്നും, പുത്തൻ അഭിപ്രായങ്ങൾ ഇറക്കുമതി ചെയ്വാനുള്ള വാഞ്ഛയിൽ നിന്നും കൂടി ഉരുത്തിരിഞ്ഞതാണ് വാസ്തവത്തിൽ ഈ അഭിപ്രായം. പക്ഷേ വെളുക്കുവാൻ തേച്ചത് പാണ്ടായിട്ടാണ് ഭവിച്ചത്. നൻമയെന്നു തോന്നിയ ഒരു കാര്യത്തിനുവേണ്ടി ഒന്നിലധികം തിൻമകൾ വരുത്തിവെക്കുകയാണ് അവസാനം ഉണ്ടായത്. കാര്യങ്ങളെ വസ്തുനിഷ്ഠമായും, സത്യത്തെ സത്യമായും, അസത്യത്തെ അസത്യമായും മനസ്സിലാക്കുവാൻ അല്ലാഹു നമുക്കെല്ലാം തൗഫീഖു നൽകട്ടെ. آمين

78 അവർ [സഹോദരൻമാർ] പറഞ്ഞു: ''ഹേ, 'അസീസേ'! അവന് വലിയ വൃദ്ധനായ ഒരു പിതാവുണ്ട്; ആകയാൽ, ഞങ്ങളിൽ ഒരാളെ അവൻെറ സ്ഥാനത്ത് പിടി(ച്ചു വെ)ച്ചാലും! നിശ്ചയമായും, അങ്ങയെ സൽഗുണവാൻമാരിൽ പെട്ടവനായി ഞങ്ങൾ കാണുന്നു,''

قَالُوا۟ يَٰٓأَيُّهَا ٱلْعَزِيزُ إِنَّ لَهُۥٓ أَبًا شَيْخًا كَبِيرًا فَخُذْ أَحَدَنَا مَكَانَهُۥٓ ۖ إِنَّا نَرَىٰكَ مِنَ ٱلْمُحْسِنِينَ ﴿٧٨﴾

79 അദ്ദേഹം പറഞ്ഞു: ''ഞങ്ങളുടെ ഉപകരണം ആരുടെ അടുക്കൽ ഞങ്ങൾ കണ്ടെത്തിയോ അവനെയല്ലാതെ പിടി(ച്ചു വെ)ക്കുന്നതിനെക്കുറിച്ച് അല്ലാഹുവിൽ ശരണം (തേടുന്നു)! അപ്പോൾ, [അങ്ങനെ ചെയ്താൽ] നിശ്ചയമായും ഞങ്ങൾ അക്രമികൾതന്നെയായിരിക്കും.''

قَالَ مَعَاذَ ٱللَّهِ أَن نَّأْخُذَ إِلَّا مَن وَجَدْنَا مَتَٰعَنَا عِندَهُۥٓ إِنَّآ إِذًا لَّظَٰلِمُونَ ﴿٧٩﴾

78 **قَالُوا** അവർ പറഞ്ഞു. **يا أيها العزيز** ഹേ, അസീസേ. **إن له** നിശ്ചയമായും അവന്നുണ്ട്. **أبا** ഒരു പിതാവ്, ബാപ്പ. **شيخا** വൃദ്ധനായ, വയോധികനായ. **كبِيرا** വലിയ. **فَخذْ** അതിനാൽ സ്വീകരിക്കണം, പിടിക്കുക. **أحدنا** ഞങ്ങളിൽ ഒരാളെ. **مكانه** അവൻെറ സ്ഥാത്ത്. **إنا نراك** നിശ്ചയമായും ഞങ്ങൾ താങ്കളെ കാണുന്നു. **من المحسِنِين** ന[3]മ ചെയ്യുന്നവരിൽ (സൽഗുണവാൻമാരിൽ) പെട്ട(വനായി). 79 **قَالَ**

അദ്ദേഹം പറഞ്ഞു. مَعَاذَ اللَّهِ അല്ലാഹുവിൽ ശരണം (അല്ലാഹുവിൻെറ കാവൽ). أَن نَّأْخُذَ ഞങ്ങൾ പിടിക്കുന്ന (എടുക്കുന്ന)തിനെക്കുറിച്ച്. إِلَّا مَن യാതൊരുവനെയല്ലാതെ. وَجَدْنَا ഞങ്ങൾ കണ്ടെത്തി. مَتَاعَنَا ഞങ്ങളുടെ ഉപകരണം (സാധനം). عِندَهُ തൻെറ അടുക്കൽ. إِنَّا إِذًا അപ്പോൾ നിശ്ചയമായും ഞങ്ങൾ. لَّظَالِمُونَ അക്രമികൾ തന്നെ.

അവരുടെ സാമാനത്തിൽ നിന്നാണു പാത്രം കണ്ടുകിട്ടുന്നതെങ്കിൽ അയാളെ വിട്ടുതരാമെന്നു അവർ ആദ്യം പറഞ്ഞുവെങ്കിലും ബിൻയാമീനെയാണ് വിട്ടുകൊടുക്കേണ്ടതെന്നു വന്നപ്പോൾ അവർ ധർമ്മസങ്കടത്തിലായി. അവനെ കൂടാതെ പിതാവിൻെറ അടുക്കൽ ചെന്നാലുള്ള കഥ അവർ ഓർത്തു. അതുകൊണ്ടു അവനു വളരെ വൃദ്ധനായ ഒരു പിതാവുണ്ടെന്നും, അവനെക്കൂടാതെ മടങ്ങിച്ചെന്നാൽ അദ്ദേഹം വലിയ സങ്കടത്തിൽ അകപ്പെടുമെന്നും, അതുകൊണ്ടു ഞങ്ങളിൽ ആരെയെങ്കിലും പകരം സ്വീകരിച്ചിട്ടെങ്കിലും അവനെ വിട്ടുതരണമെന്നും അവർ യൂസുഫ് (عليه السلام) നോടു വിനയപൂർവ്വം അപേക്ഷിച്ചു. അങ്ങനെ ചെയ്യുന്നതു അനീതിയാണെന്നും, അതു ഞങ്ങൾ ചെയ്കയില്ലെന്നും യൂസുഫ് (عليه السلام) പറഞ്ഞു. പാനപാത്രം കിട്ടിയശേഷം ഈ രംഗം ബൈബിൾ ഇങ്ങിനെ ഉദ്ധരിക്കുന്നു: യെഹൂദയും, സഹോദരൻമാരും യോസേഫിൻെറ വീട്ടിൽ ചെന്നു. അവർ സാഷ്ടാംഗം വീണു. അവരോടു: നിങ്ങൾ ഈ ചെയ്തതെന്ത്?........അതിന്നു യെഹൂദാ: ഞങ്ങൾ പറയേണ്ടു? എന്തു ബോധിപ്പിക്കേണ്ടു?........ഇതാ, ഞങ്ങൾ യജമാനന്നു അടിമകൾ. ഞങ്ങളും ആരുടെ കയ്യിൽ പാത്രം കണ്ടുവോ അവനും തന്നെ. അതിന്നു അവൻ (യോസേഫ്): അങ്ങിനെ ഞാൻ ചെയ്കയില്ല. ആരുടെ പക്കൽ പാത്രം കണ്ടുവോ അവൻ തന്നെ എനിക്കു അടിമയായിരിക്കും.......എന്നു പറഞ്ഞു. (ഉൽപ: അ: 44ൽ 14-17)

الْعَزِيز (അസീസു) എന്ന വാക്കിൻെറ അർത്ഥവും, ഉന്നതസ്ഥാനത്തിരിക്കുന്നവരെ സംബോധനം ചെയ് വാൻ ഉപയോഗിക്കുന്ന ഒരു വാക്കാണതെന്നും 30-ാം വചനത്തിൻെറ വ്യാഖ്യാനത്തിൽ മുമ്പു വിവരിച്ചിട്ടുണ്ട്.

വിഭാഗം-10

فَلَمَّا اسْتَيْأَسُوا مِنْهُ خَلَصُوا نَجِيًّا ۖ قَالَ كَبِيرُهُمْ أَلَمْ تَعْلَمُوا أَنَّ أَبَاكُمْ قَدْ أَخَذَ عَلَيْكُم مَّوْثِقًا مِّنَ اللَّهِ وَمِن قَبْلُ مَا فَرَّطتُمْ فِي يُوسُفَ ۖ فَلَنْ أَبْرَحَ الْأَرْضَ حَتَّىٰ يَأْذَنَ لِي أَبِي أَوْ يَحْكُمَ اللَّهُ لِي ۖ وَهُوَ خَيْرُ الْحَاكِمِينَ ﴿٨٠﴾

80 അങ്ങനെ, അവനെക്കുറിച്ച് അവർ നിരാശയടഞ്ഞപ്പോൾ, അവർ സ്വകാര്യം പറയുന്നവരായി തനിച്ചുപോയി. അവരിൽ വലിയവൻ പറഞ്ഞു: ''നിങ്ങൾക്കറിഞ്ഞുകൂടേ, നിങ്ങളുടെ പിതാവ് നിങ്ങളോട് അല്ലാഹുവിങ്കൽനിന്നും ഒരുറപ്പ് വാങ്ങീട്ടുണ്ടെന്ന്?! മുമ്പ് യൂസുഫി(ൻെറ വിഷയത്തി)ൽ നിങ്ങൾ വീഴ്ചചെയ്തിട്ടുള്ളതും (അറിഞ്ഞുകൂടേ)?! എന്നാൽ, എൻെറ പിതാവ് എനിക്ക് അനുവാദം നൽകുകയോ, അല്ലാഹു എനിക്ക് (വല്ല പരിഹാരവും) വിധിച്ചുതരുകയോ ചെയ്യുന്നതുവരേക്കും ഞാൻ(ഈ)ഭൂമി വിട്ടുപോരുന്നതേയല്ല. അവൻ വിധികർത്താക്കളിൽ ഏറ്റം ഉത്തമനാണുതാനും.''

ارْجِعُوا إِلَىٰ أَبِيكُمْ فَقُولُوا يَا أَبَانَا إِنَّ ابْنَكَ سَرَقَ وَمَا شَهِدْنَا إِلَّا بِمَا عَلِمْنَا وَمَا

81 ''നിങ്ങൾ നിങ്ങളുടെ പിതാവിങ്കലേക്ക് മടങ്ങിച്ചെല്ലുവിൻ; എന്നിട്ട് (അദ്ദേഹത്തോട്) പറയുവിൻ: ''ഞങ്ങളുടെ പിതാവേ, നിങ്ങളുടെ മകൻ മോഷ്ടിച്ചു. ഞങ്ങൾ അറി

كُنَّا لِلۡغَيۡبِ حَٰفِظِينَ ﴿٨١﴾

ഞ്ഞതിനനുസരിച്ചല്ലാതെ ഞങ്ങൾ സാക്ഷ്യം പറഞ്ഞതുമില്ല. ഞങ്ങൾ അദൃശ്യ കാര്യത്തെ അറിഞ്ഞവരല്ലതാനും.

وَسۡـَٔلِ ٱلۡقَرۡيَةَ ٱلَّتِي كُنَّا فِيهَا وَٱلۡعِيرَ ٱلَّتِيٓ أَقۡبَلۡنَا فِيهَاۖ وَإِنَّا لَصَٰدِقُونَ ﴿٨٢﴾

82 ''ഞങ്ങൾ ആയിരുന്ന [പോയിരുന്ന] തായ രാജ്യത്തോടും [രാജ്യക്കാരോടും] ഞങ്ങൾ (അവിടെനിന്ന്) മുന്നിട്ടു വന്നതായ വാഹനസംഘത്തോടും നിങ്ങൾ ചോദി(ച്ചു നോ) ക്കുകയും ചെയ്യുക. ഞങ്ങൾ സത്യം പറയുന്നവർ തന്നെയാണ്.''

---

80 **فَلما استيأسوا** അങ്ങനെ അവർ നിരാശ അടഞ്ഞ (ആശ നഷ്ടപ്പെട്ട)പ്പോൾ. **منه** അവനെക്കുറിച്ച്. **خلصوا** അവർ തനിച്ചുപോയി, ഒഴിഞ്ഞുനിന്നു. **نجيا** സ്വകാര്യം പറയുന്നവരായി. **قَالَ** പറഞ്ഞു. **كَبِيرهم** അവരിൽ വലിയവൻ. **ألم تعلموا** നിങ്ങൾക്കറിഞ്ഞുകൂടേ. **أن أباكم** നിങ്ങളുടെ പിതാവ് എന്ന്. **قَد أخذَ** വാങ്ങിയിട്ടുണ്ട് (എന്ന്). **عَليكُم** നിങ്ങളോട്, നിങ്ങൾക്കെതിരിൽ. **موثقًا** ഒരു ഉറപ്പ്. **من الله** അല്ലാഹുവിങ്കൽ നിന്ന്. **ومن قَبلُ** മുമ്പും. **ما فَرطتم** നിങ്ങൾ വീഴ്ച വരുത്തിയത്. **في يوسف** യൂസുഫിനെപ്പറ്റി, യൂസുഫിന്റെ കാര്യത്തിൽ. **فَلَن أبرح** എന്നാൽ (അതിനാൽ) ഞാൻ വിടുകയേ ഇല്ല. **الْأَرض** (ഈ) ഭൂമി, നാടു. **حتى يأذَنَ** അനുവാദം തരുന്നതുവരെ. **لي أَبِي** എനിക്ക് എന്റെ ബാപ്പ. **أو يحكُم** അല്ലെങ്കിൽ വിധിച്ചു തരുന്നത്. **الله لي** അല്ലാഹു എനിക്ക്. **وهو** അവനാകട്ടെ. **خير** ഉത്തമനാണ്, ഏറ്റം നല്ലവനാണ്. **الْحاكمين** വിധികർത്താക്കളിൽ. 81 **ارجِعوا** നിങ്ങൾ മടങ്ങുവിൻ. **إلى أَبِيكُم** നിങ്ങളുടെ പിതാവിങ്കലേക്ക്. **فَقُولُوا** എന്നിട്ട് പറയുവിൻ. **يا أبانا** ഞങ്ങളുടെ പിതാവേ. **إن ابنك** നിശ്ചയമായും നിങ്ങളുടെ മകൻ. **سرق** മോഷ്ടിച്ചു, കട്ടു. **وما شهدنا** ഞങ്ങൾ സാക്ഷ്യം പറഞ്ഞതുമില്ല. **إلا بما** യാതൊന്നനുസരിച്ചല്ലാതെ. **علمنا** ഞങ്ങൾ അറിഞ്ഞു. **وما كُنا** ഞങ്ങളായിട്ടുമില്ല, അല്ലതാനും. **للْغيبِ** അദൃശ്യകാര്യത്തെ, മറഞ്ഞകാര്യത്തെ. **حافظين** പഠിച്ചവർ, അറിഞ്ഞവർ, സൂക്ഷിക്കുന്നവർ. 82 **واسأل** ചോദിക്കുകയും ചെയ്യുക. **الْقَريةَ التي** യാതൊരു രാജ്യത്തോട്. **كُنا** ഞങ്ങളായിരുന്നു. **فيها** അതിൽ. **والْعِير التي** യാതൊരു വാഹനസംഘത്തോടും. **أَقْبلْنا فيها** അതിലായി ഞങ്ങൾ മുന്നിട്ടു വന്നിരിക്കുന്നു. **وإنا** നിശ്ചയമായും ഞങ്ങൾ. **لَصادقُونَ** സത്യം പറയുന്നവർ തന്നെ.

ബിൻയാമീനെ ഒഴിവാക്കിക്കിട്ടുവാനുള്ള അപേക്ഷയും ശ്രമവും ഫലിക്കാതായപ്പോൾ സഹോദരൻമാർ നിരാശരായി. ഇനി എന്തുവേണമെന്നു അവർ സ്വകാര്യമായി കൂടി ആലോചന നടത്തി. അവരിൽ മൂത്ത ആൾ-ഇതു റൂബിനാണെന്നു പറയപ്പെടുന്നു-ബിൻയാമീൻ കൂടിയില്ലാതെ താൻ പിതാവിന്റെ അടുക്കലേക്കു വരികയില്ലെന്നും, പിതാവിന്റെ പ്രത്യേക സമ്മതം ലഭിക്കുകയോ ഈ വിഷയത്തിൽ അല്ലാഹു വല്ല പ്രത്യേക പരിഹാരം ഉണ്ടാക്കിത്തരുകയോ ചെയ്യാതെ ഞാൻ സ്ഥലം വിടുകയില്ലെന്നും തീർത്തു പറഞ്ഞു. ഇനി ചെയ്യുവാനുള്ളതു ഇതാണു: നിങ്ങൾ പിതാവിന്റെ അടുക്കലേക്കു തിരിച്ചു പോകുക. എന്നിട്ടു ഉണ്ടായ സംഭവങ്ങൾ വിവരിച്ചു കൊടുക്കുക. ബിൻയാമീൻ മോഷ്ടിച്ചു, ഞങ്ങൾ കണ്ടറിഞ്ഞതാണത്. അതിനപ്പുറം ഞങ്ങളൊന്നും തെളിവു നൽകുവാൻ തുനിഞ്ഞില്ല. യഥാർത്ഥം അല്ലാഹുവിനറിയാം, മറഞ്ഞ കാര്യം ഞങ്ങൾക്കറിയുകയില്ലല്ലോ. ഇതാണു വാസ്തവത്തിലുണ്ടായത്. അങ്ങനെ, അസീസും കൂട്ടരും ബിൻയാമീനെ അവിടെ പിടിച്ചുവെച്ചു കളഞ്ഞു. വേണമെങ്കിൽ ആ നാട്ടുകാരോടും, ഞങ്ങളുടെ യാതത്രസംഘത്തിലുണ്ടായിരുന്ന ആളുകളോടും നിങ്ങൾ അന്വേഷിച്ചു നോക്കുവിൻ. അവർക്കെല്ലാം അറിയാവുന്ന വസ്തുതയാണിത്. എന്നൊക്കെ പിതാവിനോടു പറയുക. അല്ലാതെന്തു ചെയ്യും?

അങ്ങനെ, അവസാനം ബാക്കിയുള്ള ഒമ്പത് പേരും കൂടി പിതാവിങ്കൽ മടങ്ങിച്ചെന്നു അപ്രകാരമെല്ലാം പറഞ്ഞുനോക്കി. പക്ഷേ, പിതാവിനുണ്ടോ അതു അപ്പടി വിശ്വസിക്കുവാൻ കഴിയുന്നു? അവർ യൂസുഫ് (عليه السلام) നോട് അനുവർത്തിച്ച ചെയ്തികളൊക്കെ അദ്ദേഹത്തിന്

എങ്ങിനെ മറക്കുവാൻ കഴിയും? യഥാർത്ഥം എന്താണെന്ന് അറിയുകയില്ലെങ്കിലും എന്തോ ചില തൊക്കെ സംഭവിച്ചിട്ടുണ്ടെന്നു അദ്ദേഹം മനസ്സിലാക്കി. അദ്ദേഹം നിരാശപ്പെട്ടില്ല.

قَالَ بَلْ سَوَّلَتْ لَكُمْ أَنفُسُكُمْ أَمْرًا ۖ فَصَبْرٌ جَمِيلٌ ۖ عَسَى ٱللَّهُ أَن يَأْتِيَنِى بِهِمْ جَمِيعًا ۚ إِنَّهُۥ هُوَ ٱلْعَلِيمُ ٱلْحَكِيمُ ﴿٨٣﴾

83 അദ്ദേഹം [പിതാവ്] പറഞ്ഞു: ''(അതൊന്നുമല്ല) പക്ഷെ, നിങ്ങൾക്ക് നിങ്ങളുടെ മനസ്സുകൾ (എന്തോ) ഒരു കാര്യം ഭംഗിയാക്കിക്കാട്ടിയിരിക്കുന്നു. [അത് നിങ്ങൾ ചെയ്തിരിക്കാം] ഇനി, ഭംഗിയായ ക്ഷമ! [അതേ മാർഗ്ഗമുള്ളു] അവരെ എല്ലാവരെയും (തന്നെ) അല്ലാഹു എനിക്ക് കൊണ്ടുവന്നു തന്നേക്കാവുന്നതാണ്. നിശ്ചയമായും, അവൻ തന്നെയാണ് സർവ്വജ്ഞനും, അഗാധജ്ഞനുമായുള്ളവൻ.''

وَتَوَلَّىٰ عَنْهُمْ وَقَالَ يَٰٓأَسَفَىٰ عَلَىٰ يُوسُفَ وَٱبْيَضَّتْ عَيْنَاهُ مِنَ ٱلْحُزْنِ فَهُوَ كَظِيمٌ ﴿٨٤﴾

84 അദ്ദേഹം അവരിൽനിന്നും വിട്ടുമാറുകയും, ''യൂസുഫിൻെറ പേരിലുള്ള എൻെറ സങ്കടമേ!'' എന്നു പറയുകയും ചെയ്തു. വ്യസനംനിമിത്തം അദ്ദേഹത്തിൻെറ രണ്ടു കണ്ണുകൾ വെളുക്കുകയും ചെയ്തു. അങ്ങനെ, അദ്ദേഹം (വ്യസനവും കോപവും മനസ്സിൽ) ഒതുക്കിവെക്കുന്നവനായിരുന്നു.

---

83 **قَالَ** അദ്ദേഹം പറഞ്ഞു. **بَلْ** പക്ഷേ, എങ്കിലും. **سولت لَكُمْ** നിങ്ങൾക്ക് ഭംഗിയാക്കി തന്നു. **أنفُسكُم** നിങ്ങളുടെ സ്വന്തങ്ങൾ (മനസ്സുകൾ). **أمرا** ഒരു കാര്യം. **فَصبر** ഇനി (അതുകൊണ്ട്) ക്ഷമ, ക്ഷമിക്കുക. **جميلٌ** ഭംഗിയായ. **عسى الله** അല്ലാഹു ആയേക്കാം. **أن يأتيني** എനിക്കു വരുക, നൽകുവാൻ. **بهم** അവരെക്കൊണ്ട്, അവരെ. **جميعا** എല്ലാം, മുഴുവനും. **إنه هو** നിശ്ചയമായും അവൻ തന്നെ. **الْعليم** (എല്ലാം) അറിയുന്നവൻ, സർവ്വജ്ഞൻ. **الْحكيم** അഗാധജ്ഞൻ, യുക്തിമാൻ. 84 **وتولى** അദ്ദേഹം വിട്ടുമാറുകയും ചെയ്തു. **عنهم** അവരിൽനിന്ന്. **وقَالَ** പറയുകയും ചെയ്തു. **يا أسفى** എൻെറ സങ്കടമേ, വിഷാദമേ, വ്യസനമേ. **على يوسف** യൂസുഫിൻെറ പേരിൽ, യൂസുഫിനെപ്പറ്റി. **وابيضت** വെളുക്കുകയും ചെയ്തു. **عيناه** അദ്ദേഹത്തിൻെറ ഇരുകണ്ണുകൾ. **من الْحزن** വ്യസനത്താൽ. **فهو** എന്നിട്ടദ്ദേഹം. **كَظيم** (കോപം) ഒതുക്കിവെച്ചവൻ, (വ്യസനം) നിറഞ്ഞവൻ, (കോപം കൊണ്ടോ, വ്യസനം കൊണ്ടോ) വിങ്ങിയവൻ (ആകുന്നു).

മുമ്പു യൂസുഫ് (عليه السلام) നെ കിണറ്റിലിട്ടശേഷം അവനെ ചെന്നായ പിടിച്ചുവെന്നു അവർ പറഞ്ഞപ്പോൾ യഅഖൂബ് (عليه السلام) അവരോട്: 'പക്ഷേ, നിങ്ങളുടെ മനസ്സുകൾ നിങ്ങൾക്കു എന്തോ ഒരു കാര്യം ഭംഗിയാക്കിത്തന്നിരിക്കുന്നു. ഇനി ഭംഗിയായി ക്ഷമിക്കുക!' എന്നു പറഞ്ഞതായി 18-ാം വചനത്തിൽ പ്രസ്താവിച്ചുവല്ലോ. അതേവാക്കു തന്നെ ആ മഹാൻ ഇപ്പോഴും പറയുന്നു. 'നിങ്ങൾ വിവരിച്ചു പറയുന്ന വിഷയത്തിൽ സഹായം തേടപ്പെടുവാനുള്ളതു അല്ലാഹുവാണ്.' എന്നായിരുന്നു അവിടെ അദ്ദേഹത്തിൻെറ അടുത്തവാക്ക്. ഇവിടെയാകട്ടെ, 'അവരെ മുഴുവനും അല്ലാഹു എനിക്കു കൊണ്ടുവന്നു തന്നേക്കും.' എന്നാണദ്ദേഹം തുടർന്നു പറഞ്ഞത്. അഥവാ ബിൻയാമീനെ മാത്രമല്ല, മുമ്പു ചെന്നായ പിടിച്ചു തിന്നുവെന്നു നിങ്ങൾ പറഞ്ഞ യൂസുഫിനെയും, ഈജിപ്തിൽ നിന്നുപോരുവാൻ മടിച്ചുനിന്ന മൂത്ത മകനെയുമെല്ലാം തന്നെ തനിക്കു തിരിച്ചു കിട്ടുമെന്നുള്ള അദ്ദേഹത്തിൻെറ സുപ്രതീക്ഷ അദ്ദേഹം വ്യക്തമാക്കി. മക്കളോടു കയർക്കുകയോ ക്ഷുഭിതനാകുകയോ ചെയ്തില്ല.

കൊല്ലങ്ങളായി യൂസുഫിനെ സംബന്ധിച്ചു നിലവിലുള്ള വ്യസനഭാരം ഇപ്പോള്‍-മറ്റേ രണ്ടു മക്കളുടെയും തിരോധാനം കൂടിയായപ്പോള്‍-വീണ്ടും വര്‍ദ്ധിച്ചു. അവരില്‍ നിന്നും വിട്ടുമാറി യൂസുഫിനെക്കുറിച്ചു വിലപിച്ചും അല്ലാഹുവോടു സങ്കടപ്പെട്ടുംകൊണ്ടിരിക്കുകയായി. വ്യസനാധിക്യം നിമിത്തം കരഞ്ഞു കരഞ്ഞു കണ്ണുകള്‍ രണ്ടും വെള്ളനിറമായിമാറി. കണ്ണിന്‍റെ കാഴ്ചപോലും നഷ്ടപ്പെട്ടിരുന്നുവെന്നാണു 93 ഉം 96 ഉം വചനങ്ങളില്‍ നിന്നു മനസ്സിലാകുന്നത്. അല്ലാഹുവിനറിയാം. ഏതായാലും ഇവരോടുള്ള കോപവും, മറ്റേവരെക്കുറിച്ചുള്ള വ്യസനവും കൊണ്ടു ഹൃദയം നിറഞ്ഞിരിക്കയാണെങ്കിലും അതൊക്കെ പുറത്തറിയിക്കാതെ മനസ്സില്‍ അടക്കി ഒതുക്കിക്കഴിഞ്ഞുകൂടി. അദ്ദേഹത്തിന്‍റെ വ്യസനവും, ക്ഷമയും, അല്ലാഹുവിന്‍റെ അനുഗ്രഹത്തില്‍ അദ്ദേഹത്തിനുള്ള വിശ്വാസവും, ശുഭപ്രതീക്ഷയും എത്രത്തോളം ശക്തിമത്തായിരുന്നുവെന്നു അടുത്ത വചനങ്ങളില്‍നിന്നു കൂടുതല്‍ വ്യക്തമാകുന്നതാണ്.

ആപത്തും കഷ്ടപ്പാടും നേരിടുമ്പോള്‍ വ്യസനപ്പെടുകയും, കരച്ചില്‍ വരുകയും ചെയ്യുന്നതു മനുഷ്യപ്രകൃതിയാകുന്നു. അതില്‍ ആക്ഷേപിക്കുവാനില്ല. മനുഷ്യപ്രകൃതിയില്‍ നിന്നു പ്രവാചകന്‍മാരും ഒഴിവാകുന്നില്ല. പക്ഷേ, ക്ഷമകേടു കാണിക്കുക, വേവലാതിപ്പെട്ടുകൊണ്ടിരിക്കുക, നിരാശപ്പെടുക, വ്യസനഗോഷ്ടികള്‍ പ്രകടമാക്കുക, വികാരപ്പെടുക, അല്ലാഹുവിനോടല്ലാതെ സൃഷ്ടികളോടു സങ്കടപ്പെട്ടുകൊണ്ടിരിക്കുക ഇതൊക്കെയാണു ആക്ഷേപാര്‍ഹമായിട്ടുള്ളത്. ഇതൊന്നും പ്രവാചകന്‍മാരില്‍ നിന്നുണ്ടാവുകയില്ലതാനും. നബി (ﷺ) തിരുമേനിയുടെ പുത്രന്‍ ഇബ്റാഹീം അന്തരിച്ചപ്പോള്‍ തിരുമേനി കരയുകയും ഇങ്ങിനെ പറയുകയുമുണ്ടായി: 'കണ്ണുകള്‍ കണ്ണുനീരൊഴുക്കും. ഹൃദയം വ്യസനപ്പെടുകയും ചെയ്യും. നമ്മുടെ റബ്ബു തൃപ്തിപ്പെടുന്നതല്ലാതെ ഞങ്ങള്‍ പറയുകയില്ല. ഇബ്റാഹീമേ! നിന്‍റെ വേര്‍പാടുനിമിത്തം ഞങ്ങള്‍ വ്യസനപ്പെട്ടവര്‍ തന്നെയാകുന്നു.' (ബു; മു) പിതാവിന്‍റെ അപാരമായ വ്യസനവും ദു:ഖവും കണ്ടപ്പോള്‍ മക്കള്‍ക്കു അനുതാപവും അനുകമ്പയും തോന്നി.

85 قَالُوا۟ تَٱللَّهِ تَفْتَؤُا۟ تَذْكُرُ يُوسُفَ حَتَّىٰ تَكُونَ حَرَضًا أَوْ تَكُونَ مِنَ ٱلْهَٰلِكِينَ ﴿٨٥﴾

അവര്‍ [മക്കള്‍] പറഞ്ഞു:''അല്ലാഹുവിനെത്തന്നെയാണ(സത്യം)! നിങ്ങള്‍ യൂസുഫിനെ ഓര്‍ത്തുകൊണ്ടേയിരിക്കും; നിങ്ങള്‍ മരിക്കാറായിത്തീരുകയോ, അല്ലെങ്കില്‍ (മരിച്ച്)നാശമടയുന്നവരില്‍ പെട്ടവനായിത്തീരുകയോ ചെയ്യുന്നതുവരെ.''

86 قَالَ إِنَّمَآ أَشْكُوا۟ بَثِّى وَحُزْنِىٓ إِلَى ٱللَّهِ وَأَعْلَمُ مِنَ ٱللَّهِ مَا لَا تَعْلَمُونَ ﴿٨٦﴾

അദ്ദേഹം [പിതാവ്] പറഞ്ഞു: ''എന്‍റെ വേവലാതിയും, എന്‍റെ വ്യസനവും (സംബന്ധിച്ചു) ഞാന്‍ അല്ലാഹുവിങ്കലേക്ക് മാത്രമാണ് പരാതിപ്പെടുന്നത്. നിങ്ങള്‍ക്കറിഞ്ഞുകൂടാത്തത് (ചിലതൊക്കെ) അല്ലാഹുവിങ്കല്‍ നിന്ന് എനിക്കറിയുകയും ചെയ്യും.''

---

85 **قَالُوا** അവര്‍ പറഞ്ഞു. **تَاللَّهِ** അല്ലാഹുവിനെത്തന്നെയാണ (സത്യം). **تَفْتَأُ** നിങ്ങള്‍ ആയിക്കൊണ്ടിരിക്കും. **تَذْكُرُ** നിങ്ങള്‍ ഓര്‍മ്മിച്ചുകൊണ്ട്. **يُوسُفَ** യൂസുഫിനെ. **حَتَّى تَكُونَ** നിങ്ങള്‍ ആയിത്തീരുന്നതുവരെ. **حَرَضًا** മരിക്കാറായവന്‍, ജീവശ്ശവം. **أَوْ تَكُونَ** അല്ലെങ്കില്‍ ആയിരിക്കുന്നത്. **مِنَ الْهَالِكِينَ** നാശമടഞ്ഞവരില്‍പെട്ട(വന്‍). 86 **قَالَ** അദ്ദേഹം പറഞ്ഞു. **إِنَّمَا أَشْكُو** ഞാന്‍ പരാതിപ്പെടുക (സങ്കടപ്പെടുക) മാത്രം ചെയ്യുന്നു. **بَثِّي** എന്‍റെ വേവലാതി. **وَحُزْنِي** എന്‍റെ വ്യസനവും. **إِلَى اللَّهِ** അല്ലാഹുവിലേക്ക് (മാത്രം). **وَأَعْلَمُ** ഞാന്‍ അറിയുകയും ചെയ്യുന്നു, എനിക്കറിയാം. **مِنَ اللَّهِ** അല്ലാഹുവില്‍നിന്ന്. **مَا لَا تَعْلَمُونَ** നിങ്ങള്‍ (ക്ക്) അറിയാത്തത്.

യഅ്ഖൂബു (عليه السلام) പരിചയസമ്പന്നനായ ഒരു വയോധികൻ മാത്രമല്ല, ഒരു പ്രവാചകവര്യനും കൂടിയാണല്ലോ. വഹ്‌യു മൂലം മറ്റുള്ളവർക്കു ലഭിക്കാത്ത പല വിവരങ്ങളും അദ്ദേഹത്തിനു വഹ്‌യു മൂലം ലഭിക്കുന്നു. യൂസുഫ് (عليه السلام) ൻെറ സ്വപ്നത്തിൻെറ പുലർച്ചയിൽ അദ്ദേഹത്തിനു സംശയമില്ല. അതു പുലരുന്നതു ഏതു വിധത്തിലായിരിക്കും, എപ്പോഴായിരിക്കും എന്നു മാത്രമേ നിശ്ചയമില്ലായ്കയുള്ളു. ബിൻയാമീൻ മോഷ്ടിച്ചിരിക്കുവാൻ ഇടയില്ലെന്നും അദ്ദേഹത്തിനറിയാം. അതുകൊണ്ട് അനുനിമിഷം അദ്ദേഹം അല്ലാഹുവിൻെറ കാരുണ്യവും സ്വപ്നത്തിൻെറ പുലർച്ചയും കാത്തുകൊണ്ടിരിക്കുകയാണ്. അങ്ങനെ, അദ്ദേഹം മക്കളോടു പറഞ്ഞു:

يَٰبَنِيَّ ٱذْهَبُواْ فَتَحَسَّسُواْ مِن يُوسُفَ وَأَخِيهِ وَلَا تَاْيۡـَٔسُواْ مِن رَّوۡحِ ٱللَّهِۖ إِنَّهُۥ لَا يَاْيۡـَٔسُ مِن رَّوۡحِ ٱللَّهِ إِلَّا ٱلۡقَوۡمُ ٱلۡكَٰفِرُونَ ﴿٨٧﴾

87 ‘‘എൻെറ മക്കളേ, നിങ്ങൾപോയി യൂസുഫിനെയും അവൻെറ സഹോദരനെയും സംബന്ധിച്ചു (വിവരം) അന്വേഷിച്ചു നോക്കുവിൻ. അല്ലാഹുവിൻെറ (പക്കൽ നിന്നുള്ള) ആശ്വാസത്തെക്കുറിച്ച് നിങ്ങൾ നിരാശപ്പെടുകയും ചെയ്യരുത്. നിശ്ചയമായും, കാര്യം: അല്ലാഹുവിൻെറ (പക്കൽനിന്നുള്ള) ആശ്വാസത്തെപ്പറ്റി അവിശ്വാസികളായ ജനങ്ങളല്ലാതെ നിരാശപ്പെടുകയില്ല.’’

---

87 **يا بني** എൻെറ മക്കളേ, പുത്രൻമാരേ. **اذْهبوا** നിങ്ങൾ പോകുവിൻ. **فتحسسوا** എന്നിട്ട് അന്വേഷിച്ചറിയുവിൻ. **من يوسف** യൂസുഫിനെപ്പറ്റി. **وأخيه** അവൻെറ സഹോദരനെയും. **ولا تيأسوا** നിങ്ങൾ നിരാശപ്പെടുകയും അരുത്. **من روح** ആശ്വാസത്തെ (തുറവിയെ)ക്കുറിച്ച്. **الله** അല്ലാഹുവിൻെറ. **إنه** നിശ്ചയമായും അത് (കാര്യം). **لا ييأس** നിരാശപ്പെടുകയില്ല, ആശ മുറിയുകയില്ല. **من روح** ആശ്വാസത്തെക്കുറിച്ച്. **الله** അല്ലാഹുവിൻെറ. **إلا القوم** ജനങ്ങളല്ലാതെ. **الكافرونَ** അവിശ്വാസികളായ.

യൂസുഫ് (عليه السلام) നെയും സഹോദരനെയും സംബന്ധിച്ചു അന്വേഷണം നടത്തി നോക്കണമെന്ന് മക്കളോടു പറഞ്ഞപ്പോൾ അദ്ദേഹം അവർക്കു നൽകിയ ഈ ഉപദേശം ഓരോ സത്യവിശ്വാസിയും സദാ ഓർമ്മിച്ചിരിക്കേണ്ടതാകുന്നു. എന്തു വിഷമത്തിൽ അകപ്പെട്ടാലും അല്ലാഹുവിങ്കൽ നിന്നുള്ള ആശ്വാസവും കാരുണ്യവും ലഭിക്കാതിരിക്കയില്ലെന്നു സൽപ്രതീക്ഷയോടുകൂടിയിരിക്കേണ്ടതുണ്ടെന്നും, നിരാശ ഒരിക്കലും സത്യവിശ്വാസിക്കു യോജിച്ചതല്ലെന്നും ആ വാക്യങ്ങൾ ചൂണ്ടിക്കാട്ടുന്നു. മലക്കുകൾ വന്ന് താങ്കൾക്കൊരു മകനുണ്ടാകുവാൻ പോകുന്നുവെന്നും, വാർദ്ധക്യം പ്രാപിച്ചതുകൊണ്ടു നിരാശപ്പെടേണ്ടതില്ലെന്നും സന്തോഷവാർത്ത അറിയിച്ചപ്പോൾ ഇബ്റാഹിം (عليه السلام) നബി പറഞ്ഞിതിങ്ങനെയായിരുന്നു: ‘വഴിപിഴച്ചവരല്ലാതെ ആരാണു അല്ലാഹുവിൻെറ കാരുണ്യത്തെക്കുറിച്ചു ആശ മുറിയുക?!’ (15:56) അല്ലാഹു അരുളിച്ചെയ്തതായി നബി (صلى الله عليه وسلم) ഉദ്ധരിച്ചതും, ബുഖാരിയും മുസ്‌ലിമും (رحمهما الله) രേഖപ്പെടുത്തിയതുമായ ഒരു ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു: انا عند ظن عبدى بى (സാരം: എൻെറ അടിയാൻ എന്നെപ്പറ്റി ധരിച്ചുകൊണ്ടിരിക്കുന്നതനുസരിച്ചായിരിക്കും ഞാൻ നിലകൊള്ളുന്നത്) അല്ലാഹുവിൻെറ കാരുണ്യിലുള്ള പ്രതീക്ഷയും വിശ്വാസവും എത്രത്തോളമുണ്ടോ അത്രത്തോളമായരിക്കും അവൻെറ കാരുണ്യം ലഭിക്കുക എന്നു താൽപര്യം. യഅ്ഖൂബ് നബിയുടെ ചരിത്രം തന്നെ ഇതിനു ഏറ്റവും വലിയൊരു ഉദാഹരണമാണല്ലോ.

ഈജിപ്തിൽ മുമ്പു രണ്ടുപ്രാവശ്യം പോയി വന്ന മക്കളെ വിളിച്ചു വീണ്ടും ഈജിപ്തിലേക്കു പോകണമെന്നും, അവിടെ നിന്നു ധാന്യം വാങ്ങി വരുന്നതോടൊപ്പം യൂസുഫിനെയും സഹോദരനെയും കുറിച്ച് അന്വേഷണം നടത്തണമെന്നും യഅ്ഖൂബ് (عليه السلام) കൽപിച്ചു.

അങ്ങനെ മൂന്നാമതും അവർ ഈജിപ്തിലേക്കു പുറപ്പെട്ടു. ധാന്യത്തിനു വിലയായി നൽകുവാനുള്ള ദ്രവ്യങ്ങളും അവർ കൊണ്ടുപോയിരുന്നു.

فَلَمَّا دَخَلُواْ عَلَيْهِ قَالُواْ يَـٰٓأَيُّهَا ٱلْعَزِيزُ مَسَّنَا وَأَهْلَنَا ٱلضُّرُّ وَجِئْنَا بِبِضَـٰعَةٍ مُّزْجَىٰةٍ فَأَوْفِ لَنَا ٱلْكَيْلَ وَتَصَدَّقْ عَلَيْنَآ ۖ إِنَّ ٱللَّهَ يَجْزِى ٱلْمُتَصَدِّقِينَ ﴿٨٨﴾

88 അങ്ങനെ, അവർ അദ്ദേഹത്തിൻെറ [യൂസുഫിൻെറ] അടുക്കൽ പ്രവേശിച്ചപ്പോൾ അവർ പറഞ്ഞു: ''ഹേ, 'അസീസേ'! ഞങ്ങളെയും, ഞങ്ങളുടെ കുടുംബത്തെയും ദുരിതം ബാധിച്ചിരിക്കുന്നു. ഞങ്ങൾ ഒരു താണതരത്തിലുള്ള (അൽപം) ചരക്കുമായി വരുകയും ചെയ്തിരിക്കുകയാണ്. അതിനാൽ, അങ്ങുന്ന് ഞങ്ങൾക്ക് (ധാന്യം) അളവ് പൂർത്തിയാക്കിത്തരുകയും, ഞങ്ങൾക്ക് ധർമ്മം നൽകുകയും ചെയ്യേണമേ! നിശ്ചയമായും, ധർമ്മം നൽകുന്നവർക്ക് അല്ലാഹു പ്രതിഫലം കൊടുക്കുന്നതാണ്.''

---

88 **فلما دخلوا** അങ്ങനെ അവർ പ്രവേശിച്ചപ്പോൾ. **عليه** അദ്ദേഹത്തിൻെറ അടുക്കൽ. **قالوا** അവർ പറഞ്ഞു. **يا أيها العزيز** ഹേ, അസീസേ. **مسنا** ഞങ്ങളെ ബാധിച്ചിരിക്കുന്നു, സ്പർശിച്ചു. **وأهلنا** ഞങ്ങളുടെ കുടുംബത്തെ (ആൾക്കാരെ)യും. **الضر** ദുരിതം, വിഷമം, ഉപദ്രവം, ബുദ്ധിമുട്ടു. **وجئنا** ഞങ്ങൾ വരുകയും ചെയ്തിരിക്കുന്നു, വന്നിരിക്കുകയാണ്. **ببضاعة** ഒരു ചരക്ക് (സാമാന ദ്രവ്യ വു)മായി. **مزجاة** താണ തരത്തിലുള്ള, ചിലവാകാത്ത, പോരായ്മയുള്ള. **فأوف** അതിനാൽ പൂർത്തിയാക്കിത്തരണം. **لنا** ഞങ്ങൾക്ക്. **الكيل** അളവ്. **وتصدق** ധർമ്മം ചെയ്യുകയും ചെയ്യണം. **علينا** ഞങ്ങൾക്ക്. **إن الله** നിശ്ചയമായും അല്ലാഹു. **يجزي** പ്രതിഫലം നൽകും. **المتصدقين** ധർമ്മം (ദാനം) ചെയ്യുന്നവർക്ക്.

ക്ഷാമകാലം തുടർന്നുകൊണ്ടിരിക്കുമ്പോൾ ഭക്ഷണസാധനങ്ങൾക്കു പഞ്ഞവും ജനങ്ങൾക്കു ദുരിതവും വർദ്ധിച്ചുകൊണ്ടിരിക്കുമല്ലോ. അതോടുകൂടി കഴിഞ്ഞ പ്രാവശ്യത്തെ അനുഭവങ്ങൾ ഓർത്തുകൊണ്ടും കൂടിയായിരിക്കാം ഈ പ്രാവശ്യം, അവർ അസീസിൻെറ -യൂസുഫ് (عليه السلام) ൻെറ-മുമ്പിൽ പൂർവ്വാധികം താഴ്മയോടെ അദ്ദേഹത്തിൻെറ ഔദാര്യത്തിന് അപേക്ഷിക്കുന്നത്. തങ്ങളും തങ്ങളുടെ കൂട്ടുകുടുംബങ്ങളും വളരെ ബുദ്ധിമുട്ടിലാണുള്ളതെന്നും വിലപിടിപ്പുള്ള സാധനങ്ങളൊന്നും ധാന്യത്തിൻെറ വിലയായി നൽകുവാൻ തങ്ങളുടെ പക്കൽ ഇല്ലെന്നും താണ നിലവാരത്തിലുള്ള ഏതാനും വസ്തുക്കൾ മാത്രമേ തങ്ങൾക്കു കൊണ്ടുവരുവാൻ കഴിഞ്ഞിട്ടുള്ളുവെന്നും അവർ ഉണർത്തി. പതിവുപോലെ ഈ പ്രാവശ്യവും ധാന്യം പൂർത്തിയായ അളവിൽ തന്നെ നൽകണമെന്നും, അതിനു പുറമെ ഇവിടുത്തെ വകയായി കുറേ സൗജന്യം കൂടി നൽകേണമെന്നും അപേക്ഷിക്കുകയും ചെയ്തു.

വിനയപൂർവ്വമുള്ള ഈ അപേക്ഷ കേട്ടപ്പോൾ, പിതാവിൻെറയും കുടുംബത്തിൻെറയും ദയനീയാവസ്ഥയും തൻെറയും സഹോദരൻെറയും തിരോധാനത്തിൽ പിതാവു അനുഭവിച്ചുകൊണ്ടിരിക്കുന്ന മനോവേദനയും യൂസുഫ് (عليه السلام) ഓർത്തിരിക്കും. അതുകൊണ്ടായിരിക്കാം, കഴിഞ്ഞ രണ്ടു പ്രാവശ്യങ്ങളിലും തന്നെ സംബന്ധിച്ചുള്ള രഹസ്യം അറിയിക്കാതെ മൂടിവെച്ച അദ്ദേഹം ഇക്കുറി ആ രഹസ്യം മറച്ചുവെക്കുവാൻ ശ്രമിച്ചു കാണാത്തതും, സ്വയം പരിചയപ്പെടുത്തുമാറ് താഴെ കാണുന്ന ചോദ്യം അവരുടെ മുമ്പിൽ വെച്ചതും. والله اعلم

89 അദ്ദേഹം പറഞ്ഞു: ''യൂസുഫിനെയും, അവന്റെ സഹോദരനെയും കൊണ്ട് നിങ്ങൾ ചെയ്തത് നിങ്ങൾക്കറിയാമോ? - നിങ്ങൾ വിവരമില്ലാത്തവരായിരിക്കെ!''

قَالَ هَلْ عَلِمْتُم مَّا فَعَلْتُم بِيُوسُفَ وَأَخِيهِ إِذْ أَنتُمْ جَٰهِلُونَ ﴿٨٩﴾

90 അവർ പറഞ്ഞു: ''നീ തന്നെയാണോ യൂസുഫ്?!'' അദ്ദേഹം പറഞ്ഞു: ''(അതെ) ഞാൻ യൂസുഫും, ഇത് എന്റെ സഹോദരനുമാണ്. തീർച്ചയായും, അല്ലാഹു ഞങ്ങൾക്ക് ഗുണം ചെയ്തുതന്നിരിക്കുന്നു. 'നിശ്ചയമായും, കാര്യം: ആരെങ്കിലും സൂക്ഷ്മത പാലിക്കുകയും, ക്ഷമിക്കുകയും ചെയ്യുന്നപക്ഷം, നിശ്ചയമായും (ആ) സൽഗുണവാൻമാരുടെ പ്രതിഫലം അല്ലാഹു പാഴാക്കിക്കളയുകയില്ല.''

قَالُوٓا۟ أَءِنَّكَ لَأَنتَ يُوسُفُ ۖ قَالَ أَنَا۠ يُوسُفُ وَهَٰذَآ أَخِى ۖ قَدْ مَنَّ ٱللَّهُ عَلَيْنَآ ۖ إِنَّهُۥ مَن يَتَّقِ وَيَصْبِرْ فَإِنَّ ٱللَّهَ لَا يُضِيعُ أَجْرَ ٱلْمُحْسِنِينَ ﴿٩٠﴾

---

89 قَالَ അദ്ദേഹം പറഞ്ഞു. هَلْ عَلِمْتم നിങ്ങൾക്കറിയാമോ. مَا فَعَلْتم നിങ്ങൾ ചെയ്തത്. بِيُوسُف യൂസുഫിനെക്കൊണ്ട്. وَأَخِيه അവന്റെ സഹോദരനെയും. إِذْ أَنتم നിങ്ങളായിരിക്കെ, ആയിരുന്നപ്പോൾ. جَاهِلُونَ വിവരമില്ലാത്തവർ, വിഡ്ഢികൾ. 90 قَالُوا അവർ പറഞ്ഞു. أَإِنَّكَ നീയാണോ, നിശ്ചയമായും നിങ്ങളോ. لَأَنتَ നീ (നിങ്ങൾ)തന്നെ(യോ). يُوسُف യൂസുഫ്. قَالَ അദ്ദേഹം പറഞ്ഞു. أَنَا يُوسُف ഞാൻ യൂസുഫാണ്. وَهَذَا أَخِي ഇതു എന്റെ സഹോദരനും. قَدْ مَنَّ തീർച്ചയായും ദാക്ഷിണ്യം ചെയ്തു, ഗുണം ചെയ്തു തന്നിട്ടുണ്ട്. اللَّهُ അല്ലാഹു. عَلَيْنَا ഞങ്ങൾക്കു, ഞങ്ങളിൽ. إِنَّهُ നിശ്ചയമായും അതു (കാര്യം). مَن يَتَّقِ ആരെങ്കിലും സൂക്ഷ്മത പാലിക്കുന്ന പക്ഷം. وَيَصْبِرْ ക്ഷമിക്കുകയും. فَإِنَّ اللَّهَ എന്നാൽ നിശ്ചയമായും അല്ലാഹു. لَا يُضِيعُ പാഴാക്കുകയില്ല. أَجْرَ പ്രതിഫലത്തെ. الْمُحْسِنِينَ സൽഗുണവാൻമാരുടെ, നൻമ ചെയ്യുന്നവരുടെ.

തന്നെ സംബന്ധിച്ചും സഹോദരനെ സംബന്ധിച്ചും, അവർ മുമ്പു ചെയ്തിരുന്ന അവിവേകങ്ങളെ ഓർമ്മപ്പിച്ചുകൊണ്ടുള്ള ചോദ്യത്തിൽനിന്നു അവർക്ക് കാര്യം ഏതാണ് മനസ്സിലായി. നിങ്ങൾ തന്നെയാണോ യൂസുഫ്? എന്നു ചോദിച്ചുകൊണ്ടു സംഗതി ഉറപ്പുവരുത്തുകയും ചെയ്തു. യൂസുഫ് (عليه السلام) നബി യഥാർത്ഥം തുറന്നു പറയുകതന്നെ ചെയ്തു.

യൂസുഫു (عليه السلام) തന്നെക്കുറിച്ചു അറിയിച്ചതു സഹോദരൻമാർ ഈജിപ്തിൽ മൂന്നാമതു ചെന്നപ്പോഴാണെന്നു ഖുർആന്റെ പ്രസ്താവനകളിൽനിന്നു വ്യക്തമാണല്ലോ. എന്നാൽ, ബൈബിളിലെ വിവരണപ്രകാരം ഇതു അവർ രണ്ടാമത്തെ പ്രാവശ്യം ചെന്നപ്പോഴാണുണ്ടായതു എന്നാകുന്നു. മൂന്നാമത്തെ യാത്രയെക്കുറിച്ചും, താഴെ 93-96 വചനങ്ങളിൽ കാണാവുന്ന പ്രകാരം യൂസുഫു (عليه السلام) തന്റെ കുപ്പായം പിതാവിനു കൊടുത്തയച്ചതിനെക്കുറിച്ചും ബൈബിളിൽ പ്രസ്താവിച്ചു കാണുന്നില്ല. രണ്ടാമത്തെ യാത്രയിൽ ബിൻയാമീന്റെ സാമാനത്തിൽനിന്നു പാനപാത്രം കണ്ടെടുത്ത ശേഷം ബിൻയാമീനെ വിട്ടയക്കുവാൻ വിസമ്മതിച്ചതിനെത്തുടർന്നുണ്ടായ സഹോദരൻമാരുടെ സംസാരത്തിൽനിന്നു യൂസുഫു (عليه السلام) നു വളരെ അലിവു തോന്നിയെന്നും, ആ അവസരത്തിൽ അദ്ദേഹം തന്നെപ്പറ്റി അറിയിക്കുകയാണു ചെയ്തതെന്നുമാണു അതിൽ കാണുന്നത്. പിതാവിനെ കൂട്ടിക്കൊണ്ടുവരുവാനുള്ള യാത്രച്ചിലവുകളും ചില സമ്മാനങ്ങളും അവരുടെ പക്കൽ അയച്ചതായും അതു പ്രസ്താവിച്ചിരിക്കുന്നു. (ഉൽപ്പത്തി: അ: 44, 45 നോക്കുക) ഇതിൽ ഖുർആന്റെ വിവരണമാണു കൂടുതൽ വസ്തുനിഷ്ഠമെന്നു പറയേണ്ടതി

ല്ലല്ലോ. യൂസുഫു (عليه السلام) നബിയുടെ ഈ തുറന്നമറുപടി അവരെ എത്രമാത്രം സ്തംഭിപ്പിക്കുകയും, പരിഭ്രമത്തിലാഴ്ത്തുകയും ചെയ്തിരിക്കുമെന്നു ഊഹിക്കാവുന്നതേയുള്ളു.

91 അവർ പറഞ്ഞു: ''അല്ലാഹുവിനെത്തന്നയാണ(സത്യം)! തീർച്ചയായും, അല്ലാഹു ഞങ്ങളെക്കാൾ നിന്നെ (ശ്രേഷ്ഠനാക്കി) തിരഞ്ഞെടുത്തിട്ടുണ്ട്. നിശ്ചയമായും, ഞങ്ങൾ തെറ്റു ചെയ്തവർ തന്നെ ആയിരിക്കുന്നു.''

قَالُوا۟ تَٱللَّهِ لَقَدْ ءَاثَرَكَ ٱللَّهُ عَلَيْنَا وَإِن كُنَّا لَخَـٰطِـِٔينَ ﴿٩١﴾

92 അദ്ദേഹം പറഞ്ഞു: ''ഇന്ന് നിങ്ങളുടെ മേൽ യാതൊരധിക്ഷേപവുമില്ല. അല്ലാഹു നിങ്ങൾക്ക് പൊറുത്തു തരുമാറാകട്ടെ(അഥവാ പൊറുത്തുതരും). അവൻ കരുണ ചെയ്യുന്നവരിൽ ഏറ്റം കരുണ ചെയ്യുന്നവനുമാണ്.''

قَالَ لَا تَثْرِيبَ عَلَيْكُمُ ٱلْيَوْمَ ۖ يَغْفِرُ ٱللَّهُ لَكُمْ ۖ وَهُوَ أَرْحَمُ ٱلرَّٰحِمِينَ ﴿٩٢﴾

---

91 **قَالُوا** അവർ പറഞ്ഞു. **تَاللهِ** അല്ലാഹുവിനെത്തന്നെയാണ. **لَقَدْ آثَرَكَ** തീർച്ചയായും നിന്നെ തിരഞ്ഞെടുത്തിട്ടുണ്ട്, പ്രത്യേകപ്പെടുത്തി. **اللهُ** അല്ലാഹു. **عَلَيْنَا** ഞങ്ങളെക്കാൾ. **وَإِنْ كُنَّا** നിശ്ചയമായും ഞങ്ങളായിരിക്കുന്നു. **لَخَاطِئِينَ** തെറ്റു (അബദ്ധം) ചെയ്തവർ തന്നെ. 92 **قَالَ** അദ്ദേഹം പറഞ്ഞു. **لَا تَثْرِيبَ** അധിക്ഷേപം (കുറ്റപ്പെടുത്തൽ-ചീത്തപ്പെടുത്തൽ) ഇല്ല. **عَلَيْكُمُ** നിങ്ങളുടെ മേൽ, നിങ്ങളെപ്പറ്റി. **الْيَوْمَ** ഇന്ന്. **يَغْفِرُ** പൊറുക്കും, പൊറുക്കപ്പെട്ടെ. **اللهُ** അല്ലാഹു. **لَكُمْ** നിങ്ങൾക്ക്. **وَهُوَ** അവനാകട്ടെ. **أَرْحَمُ** അധികം കരുണ ചെയ്യുന്നവനാണ്. **الرَّاحِمِينَ** കരുണചെയ്യുന്നവരിൽ.

സഹോദരൻമാർ കുറ്റം സമ്മതിക്കലും, വിനയം കാണിക്കലും ഈ സന്ദർഭത്തിൽ സ്വാഭാവികമാണ്. എന്നാൽ, യൂസുഫു (عليه السلام) നബിയുടെ മറുപടി നോക്കുക! അദ്ദേഹത്തിൻെറ ഹൃദയവിശാലതയും, പരിശുദ്ധ മനസ്കതയും എത്ര മഹത്തരം! അവരെപ്പറ്റി ആക്ഷേപത്തിൻെറ ഒരു വാക്കുപോലും പറഞ്ഞില്ലെന്ന് മാത്രമല്ല, അവർക്കു പാപമോചനത്തിനുവേണ്ടി പ്രാർത്ഥിക്കുകയും, അവർക്കു അനുഗ്രഹം നേരുകയും ചെയ്യുന്നു! അദ്ദേഹം അവരോടു ഇങ്ങിനെ തുടർന്നു പറഞ്ഞു:-

93 ''നിങ്ങൾ എൻെറ ഈ കുപ്പായവും കൊണ്ടുപോയി അത് എൻെറ പിതാവിൻെറ മുഖത്ത് ഇട്ടു കൊടുക്കുക, അദ്ദേഹം കാഴ്ചയുള്ളവനായി വരും. നിങ്ങളുടെ കുടുംബത്തെ മുഴുവനും എൻെറ അടുക്കൽ കൊണ്ടുവരുകയും ചെയ്യുവിൻ.''

ٱذْهَبُوا۟ بِقَمِيصِى هَـٰذَا فَأَلْقُوهُ عَلَىٰ وَجْهِ أَبِى يَأْتِ بَصِيرًا وَأْتُونِى بِأَهْلِكُمْ أَجْمَعِينَ ﴿٩٣﴾

---

93 **اذْهَبُوا** നിങ്ങൾ പോകുവിൻ. **بِقَمِيصِي** എൻെറ കുപ്പായവുമായി. **هَذَا** ഈ. **فَأَلْقُوهُ** എന്നിട്ടതു ഇടുവിൻ. **عَلَى وَجْهِ** മുഖത്ത്. **أَبِي** എൻെറ പിതാവിൻെറ. **يَأْتِ** അദ്ദേഹം വരും. **بَصِيرًا** കാഴ്ചയുള്ളവനായി. **وَأْتُونِي** എൻെറ അടുക്കൽ വരുകയും ചെയ്യുവിൻ. **بِأَهْلِكُمْ** നിങ്ങളുടെ കുടുംബത്തെക്കൊണ്ട്. **أَجْمَعِينَ** മുഴവൻ, എല്ലാം.

യൂസുഫു (عليه السلام) നെപ്പറ്റി വ്യസനിച്ചും കരഞ്ഞും കൊണ്ടിരുന്നതിൻെറ ഫലമായി യഅ്ഖൂബ് (عليه السلام) നബിയുടെ കണ്ണുകൾ തനിവെള്ളയായിത്തീർന്നുവെന്നു 84-ാം വചനത്തിൽ കണ്ടുവല്ലോ. അങ്ങനെ അദ്ദേഹത്തിൻെറ കാഴ്ചയും നഷ്ടപ്പെട്ടിരുന്നു. ഈ വിവരം സഹോദരൻമാരുമായുള്ള സംസാരത്തിൽനിന്നു യൂസുഫു (عليه السلام) അറിഞ്ഞു. അതുകൊണ്ടു എൻെറ ഈ കുപ്പായം നിങ്ങൾ കൊണ്ടുപോയി പിതാവിൻെറ മുഖത്തിട്ടുകൊടുക്കണമെന്നും, അപ്പോൾ അദ്ദേഹത്തിൻെറ വ്യസനമെല്ലാം നീങ്ങി മനസ്സിനു ആനന്ദവും കണ്ണിനു കുളിർമ്മയും ലഭിക്കുമെന്നും, കണ്ണിൻെറ കാഴ്ച മടങ്ങിക്കിട്ടുമെന്നും അദ്ദേഹം സഹോദരൻമാരെ അറിയിക്കുകയാണ്. പിതാവടക്കമുള്ള അവരുടെ കുടുംബങ്ങളെ മുഴുവനും ഈജിപ്തിലേക്കു കൊണ്ടുചെല്ലുവാൻ കൽപിക്കുകയും ചെയ്തു.

വിഭാഗം-11

وَلَمَّا فَصَلَتِ ٱلْعِيرُ قَالَ أَبُوهُمْ إِنِّى لَأَجِدُ رِيحَ يُوسُفَ ۖ لَوْلَآ أَن تُفَنِّدُونِ ﴿٩٤﴾

94 വാഹനസംഘം പിരിഞ്ഞുപോന്നപ്പോൾ, അവരുടെ പിതാവ് (അടുത്തുള്ളവരോട്) പറഞ്ഞു: ''നിശ്ചയമായും ഞാൻ, യൂസുഫിൻെറ വാസന എനിക്ക് ലഭിക്കുന്നു; നിങ്ങളെന്നെ (വാർദ്ധക്യത്താൽ) ബുദ്ധിമന്ദിച്ചവനാക്കുകയില്ലാതിരുന്നെങ്കിൽ! [എന്നാൽ, നിങ്ങൾക്കത് വിശ്വസിക്കാമായിരുന്നു]''

قَالُوا۟ تَٱللَّهِ إِنَّكَ لَفِى ضَلَٰلِكَ ٱلْقَدِيمِ ﴿٩٥﴾

95 അവർ പറഞ്ഞു: ''അല്ലാഹുവിനെത്തന്നെയാണ (സത്യം)! നിശ്ചയമായും, നിങ്ങൾ നിങ്ങളുടെ പഴയ വഴികേടിൽതന്നെയാണ് (ഇപ്പോഴും).''

---

94 **ولما فصلت** പിരിഞ്ഞപ്പോൾ. **العير** യാത്രാസംഘം. **قال أبوهم** അവരുടെ പിതാവ് പറഞ്ഞു. **إني** നിശ്ചയമായും ഞാൻ. **لأجد** ഞാൻ കണ്ടെത്തുന്നു (എനിക്ക് കിട്ടുന്നു). **ريح** വാസന, മണം. **يوسف** യൂസുഫിൻെറ. **لولا** ഇല്ലാതിരുന്നെങ്കിൽ. **أن تفندون** എന്നെ നിങ്ങൾ ബുദ്ധി മന്ദിച്ചവനാക്കുക, വിഡ്ഢിയാക്കൽ. 95 **قالوا** അവർ പറഞ്ഞു. **تالله** അല്ലാഹുവിനെ തന്നെയാണ്. **إنك** നിശ്ചയമായും നിങ്ങൾ. **لفي ضلالك** നിങ്ങളുടെ വഴിപിഴവിൽ തന്നെ. **القديم** പഴയ, മുമ്പേയുള്ള.

ولما فصلت العير (വാഹനസംഘം പിരിഞ്ഞപ്പോൾ) എന്നു പറഞ്ഞതിൻെറ ഉദ്ദേശ്യം അവർ ഈജിപ്തിൽ നിന്നു വിട്ടുപിരിഞ്ഞപ്പോൾ എന്നാണെന്നത്രെ മിക്ക വ്യാഖ്യാതാക്കളും പറയുന്നത്. അതുതന്നെയാണു പ്രത്യക്ഷത്തിൽ മനസ്സിലാകുന്നതും, കൂടുതൽ വ്യക്തമായതും. യാത്രാസംഘത്തിൽ യൂസുഫു (عليه السلام) ൻെറ സഹോദരൻമാർക്കു പുറമെ വേറെ നാട്ടുകാരും ഉണ്ടായിരുന്നതുകൊണ്ടു എല്ലാവരുംകൂടി ഈജിപ്തിൽ നിന്നു പോന്നശേഷം സഹോദരൻമാർ അവരുടെ നാട്ടിലേക്കും, മറ്റുള്ളവർ അവരുടെ നാട്ടിലേക്കുമായി വഴിമദ്ധ്യെ വെച്ചു അന്യോന്യം പിരിഞ്ഞപ്പോൾ എന്നും ചിലർ അതിനു അർത്ഥം കൽപിച്ചിട്ടുണ്ട്. രണ്ടായാലും ആ കുപ്പായം തൻെറ അടുത്തെത്തും മുമ്പുതന്നെ അതിൻെറ വാസന യഅ്ഖൂബ് (عليه السلام) നു ലഭിച്ചു. അതു ലഭിച്ചതു കാറ്റു വഴിക്കാകട്ടെ, മറ്റേതെങ്കിലും വഴിക്കാകാട്ടെ, അതിൽ ഒരു അസാധാരണത്വമുണ്ടെന്നു കാണാം. എനിക്കു വാർദ്ധക്യം പിടിപെട്ടു എൻെറ ബുദ്ധി മന്ദീഭവിച്ചിരിക്കുകയാണെന്നു നിങ്ങൾ പറയുമായിരിക്കുമെന്നും, അതില്ലാത്തപക്ഷം നിങ്ങൾക്കിതു വിശ്വസിക്കാമെന്നും യഅ്ഖൂബ് (عليه السلام) തൻെറ അടുത്തുള്ളവരോടു പറയുന്നു. ഇതു കേട്ടപ്പോൾ, നിങ്ങൾ

നിങ്ങളുടെ ആ പഴായ വഴിപിഴവിൽതന്നെയാണ്. അഥവാ യൂസുഫിനെക്കുറിച്ചുള്ള വ്യസനത്തിലും കാത്തിരിപ്പിലും തന്നെയാണ് ഇപ്പോഴുമുള്ളതു എന്നു അടുത്തുള്ളവർ അദ്ദേഹത്തോടും പറയുന്നു. ഇതെല്ലാം കാണിക്കുന്നത് ആ വാസന ലഭിച്ചതിൽ എന്തോ ഒരു അസാധാരണത്വം ഉണ്ടെന്നാണല്ലോ. അടുത്ത വചനം കൂടി ശ്രദ്ധിക്കുക.

96 അങ്ങനെ, സന്തോഷവാർത്ത അറിയിക്കുന്ന ആൾ വരികയുണ്ടായപ്പോൾ, അയാളത് അദ്ദേഹത്തിൻെറ മുഖത്ത് ഇട്ടു; അപ്പോൾ അദ്ദേഹം കാഴ്ചയുള്ളവനായി മാറി. അദ്ദേഹം പറഞ്ഞു: ‘‘ഞാൻ നിങ്ങളോടു പറഞ്ഞില്ലേ: ‘‘നിശ്ചയമായും, നിങ്ങൾക്കറിഞ്ഞുകൂടാത്തത് (ചിലത്) അല്ലാഹുവിങ്കൽ നിന്നും എനിക്കറിയാമെന്ന്?!’’

فَلَمَّآ أَن جَآءَ ٱلْبَشِيرُ أَلْقَىٰهُ عَلَىٰ وَجْهِهِۦ فَٱرْتَدَّ بَصِيرًا ۖ قَالَ أَلَمْ أَقُل لَّكُمْ إِنِّىٓ أَعْلَمُ مِنَ ٱللَّهِ مَا لَا تَعْلَمُونَ ﴿٩٦﴾

فلما أن جاء വരികയുണ്ടായപ്പോൾ. **البشير** സന്തോഷവാർത്ത അറിയിക്കുന്ന ആൾ. **ألقاه** അയാൾ അതിനെ ഇട്ടു. **على وجهه** അദ്ദേഹത്തിൻെറ മുഖത്ത്. **فارتد** അപ്പോൾ അദ്ദേഹം മടങ്ങി, മാറി. **بصيرا** കാഴ്ചയുള്ളവനായി. **قال** അദ്ദേഹം പറഞ്ഞു. **ألم أقل** ഞാൻ പറഞ്ഞില്ലേ. **لكم** നിങ്ങളോട്. **إني أعلم** നിശ്ചയമായും ഞാൻ (എനിക്ക്) അറിയുമെന്ന്. **من الله** അല്ലാഹുവിൽനിന്ന്. **ما لا تعلمون** നിങ്ങൾ (നിങ്ങൾക്ക്) അറിയാത്തത്.

അനുമോദനാർത്ഥം സന്തോഷകരമായ വിവരം മുൻകൂട്ടി അറിയിച്ചുകൊണ്ടുവരുന്ന ആൾക്കാണു بشير (സന്തോഷവാർത്ത അറിയിക്കുന്നവൻ) എന്നു പറയുന്നത്. യാത്രാസംഘം വന്നെത്തുന്നതിൻെറ മുന്നോടിയായി ഇങ്ങിനെ ഒരാൾ മുമ്പിൽ വേഗം അയക്കപ്പെടും. ഇയാൾ വശമായിരുന്നു യൂസുഫ് (عليه السلام) കൊടുത്തയച്ച കുപ്പായം. അദ്ദേഹം കൽപ്പിച്ചിരുന്നതുപോലെ അയാൾ അത് യഅ്ഖൂബ് (عليه السلام) ൻെറ മുഖത്തുകൊണ്ടുവന്നു ഇട്ടുകൊടുത്തു. യൂസുഫ് (عليه السلام) പറഞ്ഞതുപോലെ, പിതാവിൻെറ നഷ്ടപ്പെട്ട കാഴ്ച തിരിച്ചു കിട്ടുകയും ചെയ്തു. അദ്ദേഹം പ്രതീക്ഷിച്ചിരുന്നതും പറഞ്ഞിരുന്നതും ശരിയായിരുന്നുവെന്നും, അദ്ദേഹത്തിനു ബുദ്ധിമോശം സംഭവിക്കുകയോ തെറ്റു പറ്റുകയോ ചെയ്തിട്ടില്ലെന്നും വ്യക്തമായി. 86-ാം വചനത്തിൽ കണ്ടതുപോലെ, നിങ്ങൾക്കറിയാത്ത ചില കാര്യങ്ങളൊക്കെ എനിക്കറിയാമെന്ന് അവരോട് അദ്ദേഹം മുമ്പേ പറഞ്ഞിരുന്നു. ആ വാക്ക് ഈ സന്ദർഭത്തിൽ അവരെ അദ്ദേഹം ഓർമ്മിപ്പിച്ചു.

97 അവർ [മക്കൾ] പറഞ്ഞു: ‘‘ഞങ്ങളുടെ പിതാവേ, ഞങ്ങൾക്കുവേണ്ടി ഞങ്ങളുടെ പാപങ്ങൾക്ക് നിങ്ങൾ പാപമോചനം തേടേണമേ!- നിശ്ചയമായും, ഞങ്ങൾ തെറ്റു ചെയ്തവരായിരിക്കുന്നു!’’

قَالُوا۟ يَٰٓأَبَانَا ٱسْتَغْفِرْ لَنَا ذُنُوبَنَآ إِنَّا كُنَّا خَٰطِـِٔينَ ﴿٩٧﴾

98 അദ്ദേഹം പറഞ്ഞു: ‘‘നിങ്ങൾക്കുവേണ്ടി ഞാൻ എൻെറ റബ്ബിനോട് വഴിയെ പാപമോചനം തേടുന്നതാണ്. നിശ്ചയമായും അവൻ തന്നെയാണ് വളരെ പൊറുക്കുന്നവനും കരുണാനിധിയുമായുള്ളവൻ.’’

قَالَ سَوْفَ أَسْتَغْفِرُ لَكُمْ رَبِّىٓ ۖ إِنَّهُۥ هُوَ ٱلْغَفُورُ ٱلرَّحِيمُ ﴿٩٨﴾

97 **قَالُوا** അവർ പറഞ്ഞു. **يَا أَبَانَا** ഞങ്ങളുടെ ബാപ്പാ. **اسْتَغْفِرْ** പാപമോചനം (പൊറുക്കുവാൻ) തേടണം. **لَنَا** ഞങ്ങൾക്കുവേണ്ടി. **ذُنُوبَنَا** ഞങ്ങളുടെ പാപങ്ങൾക്ക്. **إِنَّا كُنَّا** നിശ്ചയമായും ഞങ്ങൾ ആയിരിക്കുന്നു. **خَاطِئِينَ** പിഴച്ചവർ, തെറ്റുചെയ്തവർ. 98 **قَالَ** അദ്ദേഹം പറഞ്ഞു. **سَوْفَ** വഴിയെ, പിറകെ. **أَسْتَغْفِرُ** ഞാൻപാപമോചനം തേടും. **لَكُمْ** നിങ്ങൾക്കുവേണ്ടി. **رَبِّي** എന്റെ റബ്ബിനോട്. **إِنَّهُ هُوَ** നിശ്ചയമായും അവൻ തന്നെ. **الْغَفُورُ** വളരെ പൊറുക്കുന്നവൻ. **الرَّحِيمُ** കരുണാനിധി

തങ്ങളുടെ പക്കൽ വന്നുപോയ തെറ്റുകൾ അവർ പിതാവിനോടു ഏറ്റു പറയുകയും, തങ്ങളുടെ പാപങ്ങൾ പൊറുക്കുവാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കണമെന്നു അപേക്ഷിക്കുകയും ചെയ്തു. അപ്പോൾ തന്നെ പ്രാർത്ഥിക്കാതെ, വഴിയെ ചെയ്തുകൊള്ളാമെന്നു പറഞ്ഞത്, കൂടുതൽ ഉപയുക്തമായ വല്ല സന്ദർഭത്തിലും അതിനായി പ്രത്യേകം പ്രാർത്ഥന നടത്താമെന്നു കരുതിയായിരിക്കാം. അല്ലാഹുവിനറിയാം. അനന്തരം യൂസുഫ് (عليه السلام) പറഞ്ഞേൽപിച്ചിരുന്ന പ്രകാരം ആ കുടുംബം മുഴുവനും- യഅ്ഖൂബ് (عليه السلام) നബിയും, യൂസുഫ് (عليه السلام) ന്റെ മാതാവും, എല്ലാ മക്കളും അവരോടു ബന്ധപ്പെട്ടവരും അടങ്ങിയ ആ കുടുംബം മുഴുവനും-ഈജിപ്തിലേക്കു യാത്രയായി. അവരുടെ യാത്രക്കാവശ്യമായ എല്ലാ ചിലവുകളും സഹോദരൻമാരുടെ പക്കൽ യൂസുഫ് (عليه السلام) കൊടുത്തയച്ചിരുന്നുവെന്നും, യഅ്ഖൂബ് (عليه السلام) നബിക്ക് പ്രത്യേകമായി ഫാറോവാ രാജാവിന്റെ ഒരു രഥവും അയച്ചിരുന്നുവെന്നും ബൈബിൾ പറയുന്നു. വാസ്തവം അല്ലാഹുവിനറിയാം.

فَلَمَّا دَخَلُوا۟ عَلَىٰ يُوسُفَ ءَاوَىٰٓ إِلَيْهِ أَبَوَيْهِ وَقَالَ ٱدْخُلُوا۟ مِصْرَ إِن شَآءَ ٱللَّهُ ءَامِنِينَ ﴿٩٩﴾

99 അങ്ങനെ, അവർ [ആ കുടുംബം] യൂസുഫിന്റെ അടുക്കൽ പ്രവേശിച്ചപ്പോൾ,- അദ്ദേഹം തന്റെ മാതാപിതാക്കളെ തന്നിലേക്ക് അണച്ചുകൂട്ടി (സ്വീകരിച്ചു). അദ്ദേഹം പറയുകയും ചെയ്തു: ''നിങ്ങൾ, അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം, നിർഭയരായിക്കൊണ്ട് (സമാധാനപൂർവ്വം) മിസ്റിൽ [ഈജിപ്തിൽ] പ്രവേശിച്ചു കൊള്ളുക.''

وَرَفَعَ أَبَوَيْهِ عَلَى ٱلْعَرْشِ وَخَرُّوا۟ لَهُۥ سُجَّدًا ۖ وَقَالَ يَـٰٓأَبَتِ هَـٰذَا تَأْوِيلُ رُءْيَـٰىَ مِن قَبْلُ قَدْ جَعَلَهَا رَبِّى حَقًّا ۖ وَقَدْ أَحْسَنَ بِىٓ إِذْ أَخْرَجَنِى مِنَ ٱلسِّجْنِ وَجَآءَ بِكُم مِّنَ ٱلْبَدْوِ مِنۢ بَعْدِ أَن نَّزَغَ ٱلشَّيْطَـٰنُ بَيْنِى وَبَيْنَ إِخْوَتِىٓ ۚ إِنَّ رَبِّى لَطِيفٌ لِّمَا يَشَآءُ ۚ إِنَّهُۥ هُوَ ٱلْعَلِيمُ ٱلْحَكِيمُ ﴿١٠٠﴾

100 തന്റെ മാതാപിതാക്കളെ അദ്ദേഹം സിംഹാസന [സ്ഥാനപീഠ] ത്തിൻമേൽ കയറ്റിയിരുത്തുകയും ചെയ്തു. അവർ (എല്ലാം) അദ്ദേഹത്തിന്ന് 'സുജൂദ്' [പ്രണാമം] ചെയ്തുകൊണ്ട് വീഴുകയും ചെയ്തു. അദ്ദേഹം പറയുകയും ചെയ്തു: ''എന്റെ പിതാവേ, ഇത് എന്റെ മുമ്പത്തെ സ്വപ്നത്തിന്റെ പുലർച്ചയാകുന്നു; എന്റെ റബ്ബ് അതൊരു യഥാർത്ഥമാക്കിക്കഴിഞ്ഞു. അവൻ എനിക്ക് നൻമചെയ്യുകയും ചെയ്തിട്ടുണ്ട്: (അതെ) എന്നെ അവൻ തടവിൽ നിന്നു (മോചിപ്പിച്ച്) പുറത്തു കൊണ്ടുവരുകയും, നിങ്ങളെ മരുഭൂമിയിൽനിന്ന് കൊണ്ടുവ (ന്നുത)രുകയും ചെയ്തിരിക്കെ; എന്റെയും, എന്റെ സഹോദരൻമാരുടെയും ഇടയിൽ പിശാച് (കുഴപ്പം) ഇളക്കിവിട്ടതിനു ശേഷം. നിശ്ചയമായും, എന്റെ റബ്ബ് അവൻ ഉദ്ദേശി

ക്കുന്നതിനെ സൗമ്യമായി ചെയ്യുന്നവനാകുന്നു. നിശ്ചയമായും, അവൻതന്നെയാകുന്നു സർവ്വജ്ഞനും അഗാധജ്ഞനുമായുള്ളവൻ.''

فَلَمَّا دَخَلُوا അങ്ങനെ (എന്നിട്ട്) അവർ പ്രവേശിച്ചപ്പോൾ. **عَلَى يُوسُفَ** യൂസുഫിൽ, യൂസുഫിൻെറ അടുക്കൽ. **آوَى** അദ്ദേഹം അടുപ്പിച്ചു, കൂട്ടിച്ചേർത്തു, അണച്ചുകൂട്ടി. **إِلَيْهِ** തൻെറ അടുക്കലേക്ക്. **أَبَوَيْهِ** തൻെറ മാതാപിതാക്കളെ. **وَقَالَ** അദ്ദേഹം പറയുകയും ചെയ്തു. **ادْخُلُوا** പ്രവേശിച്ചുകൊള്ളുവിൻ. **مِصْرَ** മിസ്രിൽ, ഈജിപ്തിൽ. **إِنْ شَاءَ** ഉദ്ദേശിക്കുന്നപക്ഷം. **اللَّهُ** അല്ലാഹു. **آمِنِينَ** നിർഭയരായി, സമാധാനപ്പെട്ടുകൊണ്ട്. 100 **وَرَفَعَ** അദ്ദേഹം ഉയർത്തുക (കയറ്റിയിരുത്തുക) യും. **أَبَوَيْهِ** തൻെറ മാതാപിതാക്കളെ. **عَلَى الْعَرْشِ** സിംഹാസന(രാജപീഠ-സ്ഥാനപീഠ)ത്തിൻമേൽ. **وَخَرُّوا** അവർ വീഴുകയും ചെയ്തു. **لَهُ** അദ്ദേഹത്തിന്. **سُجَّدًا** സുജൂദു (പ്രമാണം-തലകുനിക്കൽ--കനിയൽ) ചെയ്യുന്നവരായി. **وَقَالَ** പറയുകയും ചെയ്തു. **يَا أَبَتِ** എൻെറ ഉപ്പാ, പിതാവേ. **هَذَا تَأْوِيلُ** ഇത് പുലർച്ചയാണ്, പൊരുളാണ്, വ്യഖ്യാനമാണ്. **رُؤْيَايَ** എൻെറ സ്വപ്നത്തിൻെറ. **مِنْ قَبْلُ** മുമ്പുള്ള, മുമ്പത്തെ. **قَدْ جَعَلَهَا** അതിനെ ആക്കിയിട്ടുണ്ട്, ആക്കിക്കഴിഞ്ഞു. **رَبِّي** എൻെറ റബ്ബ്. **حَقًّا** യഥാർത്ഥം, നേര്. **وَقَدْ أَحْسَنَ** അവൻ നൻമ ചെയ്തിട്ടുമുണ്ട്. **بِي** എന്നിൽ, എനിക്ക്. **إِذْ أَخْرَجَنِي** അവൻ എന്നെ പുറത്തു കൊണ്ടുവന്നപ്പോൾ (വന്നിരിക്കെ). **مِنَ السِّجْنِ** തടവിൽ നിന്ന്. **وَجَاءَ بِكُمْ** നിങ്ങളെ കൊണ്ടുവരുകയും ചെയ്തു. **مِنَ الْبَدْوِ** മരുഭൂമിയിൽ നിന്ന്. **مِنْ بَعْدِ** ശേഷം, പിന്നീടായി,. **أَنْ نَزَغَ** ഇളക്കിവിട്ടതിന്. **الشَّيْطَانُ** പിശാച്. **بَيْنِي** എൻെറ ഇടയിൽ. **وَبَيْنَ إِخْوَتِي** എൻെറ സഹോദരൻമാർക്കിടയിലും. **إِنَّ رَبِّي** നിശ്ചയമായും എൻെറ റബ്ബ്. **لَطِيفٌ** സൗമ്യമായി (സൂക്ഷ്മമായി) ചെയ്യുന്നവനാണ്. **لِمَا يَشَاءُ** അവൻ ഉദ്ദേശിക്കുന്നതിനെ, ഉദ്ദേശിക്കുന്നകാര്യത്തിന്. **إِنَّهُ هُوَ** നിശ്ചയമായും അവൻ തന്നെ. **الْعَلِيمُ** സർവ്വജ്ഞൻ, (എല്ലാം) അറിയുന്നവൻ. **الْحَكِيمُ** അഗാധജ്ഞൻ, യുക്തിമാൻ.

യഅ്ഖൂബ് (عليه السلام) നബിയും കുടുംബവും ഈജിപ്തിൽ വന്നെത്തുന്ന ദിവസം ഈജിപ്തുകാർക്ക് പൊതുവെ ഒരു ഉൽസവ പ്രതീതിയുണ്ടായിരിക്കുമെന്നും, പ്രത്യേകിച്ചു യൂസുഫ് (عليه السلام) നബിയെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിൻെറ സന്തോഷത്തിനു അതിരുണ്ടാവുകയില്ലെന്നും പറയേണ്ടതില്ലല്ലോ. അദ്ദേഹം മാതാപിതാക്കളെ അണച്ചുകൂട്ടി ആലിംഗനം ചെയ്തുകൊണ്ട് സസന്തോഷം സ്വാഗതം നൽകുകയും, സമാധാനത്തിൻെറ മംഗളാശംസകൾ നൽകുകയും ചെയ്തു. സ്ഥാനപീഠത്തിൻമേൽ കയറ്റിഇരുത്തി മാതാപിതാക്കളെ ബഹുമാനിച്ചു. വന്നവരാകട്ടെ, എല്ലാവരും അദ്ദേഹത്തിനു അന്നത്തെ ആചാരപ്രകാരം തലകുനിച്ചു ഉപചാരമർപ്പിക്കുകയും ചെയ്തു. മുമ്പുതാൻ കണ്ടിരുന്ന ആ സ്വപ്നത്തിൻെറ-സൂര്യ ചന്ദ്രൻമാരും പതിനൊന്ന് നക്ഷത്രങ്ങളും തനിക്കു സുജൂദു ചെയ്തതായി സ്വപ്നം കണ്ടതിൻെറ-വ്യാഖ്യാനം യഥാർത്ഥമായി പുലർന്നു കഴിഞ്ഞതും, തനിക്കു ഇതിനുമുമ്പ് അല്ലാഹു ചെയ്തു തന്നിട്ടുള്ളതുമായ അനുഗ്രഹങ്ങളെ എടുത്തു പറഞ്ഞു അനുസ്മരിച്ചുകൊണ്ട് അദ്ദേഹം അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കുകയും ചെയ്തു.

'സുജൂദ്' കൊണ്ടു ഇവിടെ വിവക്ഷ ആരാധനയുടെ സുജൂദാകുന്ന സാഷ്ടാംഗ നമസ്കാരമല്ല. 4-ാം വചനത്തിൻെറ വ്യാഖ്യാനത്തിൽ പ്രസ്താവിച്ചതുപോലെ, ഉപചാരത്തിൻെറ സുജൂദുകളാകുന്ന തലകുനിക്കൽ, കുനിഞ്ഞുനിൽക്കൽ, കൈകൂപ്പൽ, മുട്ടുകുത്തൽ പോലെയുള്ള പ്രണാമങ്ങളിൽ ഏതെങ്കിലും ഒന്നാകുന്നു. ആരാധന അല്ലാഹുവിന്നല്ലാതെ പാടില്ലെന്നുള്ളതു എല്ലാ കാലത്തും ഇസ്‌ലാമിൻെറ നീക്കുപോക്കില്ലാത്തതും, സുസ്ഥിരമായതുമായ ഒരു തത്വമത്രെ. സ്വപ്നത്തിൽ സൂര്യചന്ദ്രൻമാർ സുജൂദുചെയ്യുന്നതായി കണ്ടതിൽനിന്നും, ആ സ്വപ്നത്തിൻെറ പുലർച്ചയായി ഈ സുജൂദിനെ എണ്ണിയതിൽനിന്നും തന്നെ മനസ്സിലാക്കാവുന്നതാണിത്. സുജൂദിൻെറ അർത്ഥങ്ങളെപ്പറ്റി കൂടുതൽ വിവരം അടുത്ത സൂ: 15-ാം വചനത്തിൽ വെച്ചു കാണാം.

ഇവിടത്തെ സൂജൂദിനെപ്പറ്റി ചില ഖുർആൻ വ്യാഖ്യാതാക്കളിൽ അതു ആരാധനയുടെ സുജൂദുതന്നെയായിരുന്നുവെന്നു അഭിപ്രായമുള്ളവരും ഇല്ലാതില്ല. പക്ഷേ, സുജൂദ് യൂസുഫ് (عليه السلام) നായിരുന്നില്ലെന്നും, തങ്ങൾക്കു ലഭിച്ച മഹത്തായ അനുഗ്രഹത്തിനും സന്തോഷത്തിനും നന്ദിയായിക്കൊണ്ടു അല്ലാഹുവിനു ചെയ്ത നന്ദിയുടെ സുജൂദായി (سجود الشكر) അവർ നിലത്തുവീണുവെന്നുമാണ് അവർ പറയുന്നത്. മാതാപിതാക്കളെ സ്ഥാനപീഠത്തിൽ കയറ്റി ഇരുത്തി ആദരിച്ചുവെന്നു പറഞ്ഞതിനു ശേഷമാണല്ലോ അവരെല്ലാം അദ്ദേഹത്തിനു സുജൂദു ചെയ്തുവെന്ന് പറഞ്ഞത്. സ്ഥാനപീഠത്തിൽ കയറ്റി ആദരിക്കുന്നതിനു മുമ്പല്ലാതെ-അതിനുശേഷം-താഴ്മയുടെ സൂചനയായ സുജൂദും ഉണ്ടാവാൻ ന്യായമില്ലെന്നും, മാതാപിതാക്കൾക്കു മക്കൾ താഴ്മചെയ്യുകയല്ലാതെ-മാതാപിതാക്കൾ മക്കൾക്കു താഴ്മചെയ്യൽ-അനുയോജ്യമല്ലെന്നും അവർ പറയുന്നു. എന്നാൽ, അവർ സുജൂദു ചെയ്തതിനെത്തുടർന്ന് ഇത് എന്റെ സ്വപ്നത്തിന്റെ പുലർച്ചയാണെന്നും, അത് അല്ലാഹു യഥാർത്ഥമാക്കിയിരിക്കുന്നുവെന്നും യൂസുഫ് (عليه السلام) പറഞ്ഞിട്ടുള്ള സ്ഥിതിക്ക് ഒന്നാമത്തെ അഭിപ്രായമാണ് കൂടുതൽ ശക്തവും വ്യക്തവുമായി തോന്നുന്നത്. والله اعلم

അവസാനം യൂസുഫ് (عليه السلام) ഇങ്ങിനെ പ്രാർത്ഥിക്കുകയായി:-

۞ رَبِّ قَدْ ءَاتَيْتَنِى مِنَ ٱلْمُلْكِ وَعَلَّمْتَنِى مِن تَأْوِيلِ ٱلْأَحَادِيثِ ۚ فَاطِرَ ٱلسَّمَٰوَٰتِ وَٱلْأَرْضِ أَنتَ وَلِىِّۦ فِى ٱلدُّنْيَا وَٱلْءَاخِرَةِ ۖ تَوَفَّنِى مُسْلِمًا وَأَلْحِقْنِى بِٱلصَّٰلِحِينَ ﴿١٠١﴾

101 ''എന്റെ റബ്ബേ! നീ എനിക്ക് രാജാധികാരത്തിൽ നിന്നും (കുറെയൊക്കെ) നൽകിയിട്ടുണ്ട്; വർത്തമാനങ്ങളുടെ വ്യാഖ്യാനത്തിൽനിന്നും (കുറെയെല്ലാം) നീ എനിക്ക് പഠിപ്പിച്ചു തരുകയും ചെയ്തിരിക്കുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടികർത്താവേ! നീ, ഇഹത്തിലും, പരത്തിലും എന്റെ രക്ഷാധികാരിയാകുന്നു. എന്നെ നീ മുസ്‌ലിമായി [കീഴൊതുക്കമുള്ളവനായി] മരിപ്പിക്കേണമേ! എന്നെ സജ്ജനങ്ങളിൽ ചേർക്കുകയും ചെയ്യേണമേ!''

---

101 **رب** എന്റെ റബ്ബേ. **قد آتيتني** നീ എനിക്ക് നൽകിയിട്ടുണ്ട്. **من الملك** രാജാധികാരത്തിൽ നിന്ന്. **وعلمتني** എനിക്ക് നീ പഠിപ്പിക്കുകയും ചെയ്തു. **من تأويل** വ്യാഖ്യാനത്തിൽ നിന്ന്. **الأحاديث** വർത്തമാനങ്ങളുടെ. **فاطر** സൃഷ്ടിച്ചുണ്ടാക്കിയവനേ. **السماوات** ആകാശങ്ങളെ. **والأرض** ഭൂമിയേയും. **أنت** നീ. **وليي** എന്റെ രക്ഷാധികാരി (കൈകാര്യക്കാരൻ) ആകുന്നു. **في الدنيا** ഇഹത്തിൽ. **والآخرة** പരലോകത്തിലും. **توفني** എന്നെ നീ പൂർണ്ണമായെടുക്കേണമേ (മരിപ്പിക്കണേ). **مسلما** മുസ്‌ലിമായിക്കൊണ്ട്. **وألحقني** എന്നെ ചേർക്കുകയും ചെയ്യേണമേ. **بالصالحين** സജ്ജനങ്ങളോട്, സദ്വൃത്തരിൽ.

രാജാധികാരം കൊണ്ടുദ്ദേശ്യം ഈജിപ്ത്തിൽ അദ്ദേഹത്തിന് ഭരണകാര്യങ്ങളിൽ ലഭിച്ച നേതൃത്വംതന്നെ. കിരീടധാരിയായ ഒരു ഫറോവാ (ഫിർഔൻ) രാജാവുണ്ടെങ്കിലും ഈജിപ്തിലെ ഭരണം മിക്കവാറും നടന്നിരുന്നത് യൂസുഫ് (عليه السلام) നബിയുടെ കൈക്കായിരിന്നു. വർത്തമാനങ്ങളുടെ വ്യാഖ്യാനം എന്നു പറഞ്ഞതിൽ സ്വപ്നവാർത്തകൾ തുടങ്ങിയ എല്ലാ വാർത്തകളുടെയും വ്യാഖ്യാനവും പൊരുളും ഉൾപ്പെടുന്നു. ഇഹത്തിൽ വെച്ചുഅല്ലാഹു തനിക്ക് നൽകിയ നിസ്തുലമായ ഈ അനുഗ്രഹങ്ങളെ എടുത്തു പറഞ്ഞു നന്ദി പ്രകാശിപ്പിച്ചുകൊണ്ട് അതുപോലെ തന്റെ പരലോക ജീവിതവും അനുഗൃഹീതമാക്കിത്തരേണമെന്നു അദ്ദേഹം അല്ലാഹുവിനോട് പ്രാർത്ഥിക്കുകയാണ്. പരലോകജീവിതം അനുഗൃഹീതമായിരി

ക്കണമെങ്കിൽ, കാലഗതി പ്രാപിക്കുമ്പോൾ മുസ്‌ലിമായിരിക്കുകയും, സജ്ജനങ്ങളിൽ ഉൾപ്പെടുകയും വേണ്ടതുണ്ട്. ഈ രണ്ട് കാര്യവും സിദ്ധിക്കുകയാണ് ഒരു മനുഷ്യനു ലഭിക്കുന്ന ഏറ്റവും വലിയ നേട്ടം. ഇബ്രാഹീം (عليه السلام) നബിയെപ്പറ്റി അദ്ദേഹം ഋജുമാനസനായ ഒരു മുസ്‌ലിമായിരുന്നു (3: 67) എന്നും, അദ്ദേഹം പരലോകത്തു സജ്ജനങ്ങളിൽ പെട്ടവനാണ് (29: 27) എന്നും പ്രശംസിച്ചു പറഞ്ഞിരിക്കുന്നതും അതുകൊണ്ടാകുന്നു. അതുകൊണ്ടുതന്നെയാണ് യൂസുഫ് (عليه السلام) നബിയും ആ രണ്ടുകാര്യങ്ങൾക്കും പ്രാർത്ഥനയിൽ പ്രത്യേകം അപേക്ഷിച്ചത്.

نحن نقص عليك احسن القصص (നിനക്കു വളരെ നല്ല ഒരു കഥ വിവരിച്ചു തരുന്നു) എന്നു പറഞ്ഞു കൊണ്ടായിരുന്നു ഈ സംഭവബഹുലമായ ചരിത്രം അല്ലാഹു വിവരിക്കുവാൻ തുടങ്ങിയത്. സൂറത്തിന്റെ ആരംഭം മുതൽ ക്രമമായി വിവരിക്കപ്പെട്ട ആ സംഭവങ്ങളെ ചൂണ്ടിക്കൊണ്ടു അല്ലാഹു പറയുന്നു:-

102 അത്, അദൃശ്യ വാർത്തകളിൽ പെട്ടതാകുന്നു; അത്, നാം നിനക്ക് വഹ്‌യു [ദിവ്യസന്ദേശം] നൽകുകയാണ്. അവർ [യൂസുഫിന്റെ സഹോദരൻമാർ] കുതന്ത്രം പ്രയോഗിച്ചുകൊണ്ട് തങ്ങളുടെ (ഉദ്ദിഷ്ട) കാര്യം യോജിച്ചുറപ്പിച്ചപ്പോൾ, അവരുടെ അടുക്കൽ നീ ഉണ്ടായിരുന്നില്ലല്ലോ.

ذَٰلِكَ مِنْ أَنۢبَآءِ ٱلْغَيْبِ نُوحِيهِ إِلَيْكَ ۖ وَمَا كُنتَ لَدَيْهِمْ إِذْ أَجْمَعُوٓا۟ أَمْرَهُمْ وَهُمْ يَمْكُرُونَ ﴿١٠٢﴾

103 മനുഷ്യരിൽ അധികമാളും-നീ അതിയായി മോഹിച്ചിരുന്നാലും-സത്യവിശ്വാസികളല്ല.

وَمَآ أَكْثَرُ ٱلنَّاسِ وَلَوْ حَرَصْتَ بِمُؤْمِنِينَ ﴿١٠٣﴾

104 ഇതിന്റെപേരിൽ അവരോട് നീ യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല. ഇത് ലോകർക്ക് (പൊതുവെ) വേണ്ടിയുള്ള ഒരു ഉൽബോധനമല്ലാതെ (മറ്റൊന്നും) അല്ല.

وَمَا تَسْـَٔلُهُمْ عَلَيْهِ مِنْ أَجْرٍ ۚ إِنْ هُوَ إِلَّا ذِكْرٌ لِّلْعَٰلَمِينَ ﴿١٠٤﴾

---

102 **ذَلك** അത്. **من أنباءِ** വാർത്തകളിൽ പെട്ടതാണ്. **الْغيبِ** അദൃശ്യത്തിന്റെ, മറഞ്ഞ. **نوحيه** അതിനെ നാം വഹ്‌യു നൽകുന്നു. **إِليك** നിനക്ക്. **وما كُنت** നീ ഉണ്ടായിരുന്നില്ല, ആയിരുന്നില്ല. **لَديهم** അവരുടെ അടുക്കൽ. **إِذْ أجمعوا** അവർ ഏകോപിച്ച (തീർച്ചപ്പെടുത്തിയ-ഉറപ്പിച്ച)പ്പോൾ. **أمرهم** അവരുടെ കാര്യം. **وهم** അവർ, അവരായുംകൊണ്ട്. **يمكُرونَ** അവർ കുതന്ത്രം പ്രയോഗിച്ചു (കൊണ്ട്). 103 **وما أكْثَر** അധികമാളുമല്ല. **الناسِ** മനുഷ്യരിൽ. **ولو حرصت** നീ മോഹിച്ചാലും, നിനക്ക് അത്യാഗ്രഹമുണ്ടായാലും. **بِمؤمنِين** സത്യവിശ്വാസികൾ. 104 **وما تسألهم** അവരോട് നീ ചോദിക്കുന്നുമില്ല. **عليه** ഇതിന്റെ (അതിന്റെ)പേരിൽ. **من أجر** യാതൊരു പ്രതിഫലവും. **إِنْ هو** അതല്ല, ഇതല്ല. **إِلا ذكْر** ഒരു ഉൽബോധനം, സ്മരണ (പ്രസ്താവന) അല്ലാതെ. **للْعالَمين** ലോകർക്കു, ലോകർക്കു വേണ്ടിയുള്ള.

ഒരു ദൃക്ക്സാക്ഷിയെപ്പോലെ, മേൽ വിവരിച്ച ദീർഘമായ ചരിത്ര സംഭവങ്ങൾ സവിശദം വസ്തു നിഷ്ഠമായി നബി (ﷺ) തിരുമേനിക്കു വിവരിക്കുവാൻ കഴിഞ്ഞതു അതെല്ലാം അല്ലാഹു വഹ്‌യുമൂലം അറിയിച്ചുകൊടുത്തതു കൊണ്ടാകുന്നു. യൂസുഫ് (عليه السلام) നബിയെ കിണറ്റിൽ ഇട്ടേക്കുക മുതലായ ചതിപ്രയോഗങ്ങൾക്കു അദ്ദേഹത്തിന്റെ സഹോദരൻമാർ ഗൂഢാലോചന ചെയ്തു തീരുമാനിച്ചപ്പോഴൊന്നും നബി (ﷺ) അവിടെ ഉണ്ടായിരുന്നില്ല.

എന്നാലും അവിടെ ഹാജരുണ്ടായിരുന്നപോലെ ശരിക്കും അതൊക്കെ നബി (ﷺ) വിവരിക്കുകയും ചെയ്യുന്നു. മുൻ വേദഗ്രന്ഥങ്ങളിൽനിന്നോ മറ്റോ പഠിച്ചറിയുവാനും അവിടുത്തേക്കു കഴിഞ്ഞിട്ടില്ല. അറബികൾക്കും അതിനെപ്പറ്റി ഒരു വിവരവുമില്ല. അപ്പോൾ, നബി (സ)യെയും അറബിജനതയെയും സംബന്ധിച്ചിടത്തോളം ഇതെല്ലാം അദൃശ്യ വിവരങ്ങൾ തന്നെ. ഖുർആൻ അല്ലാഹുവിങ്കൽ നിന്നുള്ളതാണെന്നുള്ളതിനു വ്യക്തമായ തെളിവാണല്ലോ ഇതും.

വസ്തുത ഇതാണെങ്കിലും ജനങ്ങളിൽ അധിക ഭാഗവും ഖുർആനിൽ വിശ്വസിക്കുവാൻ കൂട്ടാക്കുന്നില്ല. എല്ലാവരും വിശ്വസിച്ചു കാണണമെന്നു നബി (ﷺ) ക്കു അതിയായ ആഗ്രഹമുണ്ടെന്നതു ശരിതന്നെ. പക്ഷേ, അതു പ്രാവർത്തികമാകുന്നതല്ല. കാരണം, ലക്ഷ്യവും ദൃഷ്ടാന്തവും ഇല്ലാത്തുകൊണ്ടല്ല-മത്സര ബുദ്ധിയും ദുർവാശിയും മൂലമാണു-അവർ വിശ്വസിക്കാതിരിക്കുന്നത്. അധികമാളുകളും ഇത്തരക്കാരാണുതാനും. ഖുർആൻ പ്രബോധനം ചെയ്യുന്നതിന്റെ പേരിൽ നബി (ﷺ) അവരോടു വല്ല പ്രതിഫലവും ആവശ്യപ്പെടുന്നുണ്ടെങ്കിൽ അവരുടെ നിഷേധത്തിനു അതൊരു ന്യായമായി എടുത്തു പറയാമായിരുന്നു. അതും ഇല്ല. അതുകൊണ്ടു അല്ലാഹുവിൽനിന്നു ലഭിക്കുന്ന സന്ദേശങ്ങൾ പ്രബോധനം ചെയ്യുകയേ നബി (ﷺ) ചെയ്യേണ്ടതുള്ളു. എല്ലാ മനുഷ്യരുടെയും ഗുണത്തിനുവേണ്ടിയുള്ള ഒരു പ്രമാണമാണ് ഈ ഖുർആൻ. ഒിശ്വസിക്കുന്നവർ വിശ്വസിച്ചുകൊള്ളട്ടെ, അല്ലാത്തവർ നിഷേധിച്ചുകൊള്ളട്ടെ. (فمن شاء فليؤمن ومن شاء فليكفر) പ്രബോധനം ചെയ്യൽ മാത്രമേ നബി (സ)ക്കു കടമയുള്ളു. (وان عليك الا البلاغ) എന്നൊക്കെയാണ് തുടർന്നു പറഞ്ഞതിലടങ്ങിയ ആശയം.

'മനുഷ്യരിൽ അധികമാളുകളും വിശ്വസിക്കുന്നവരല്ല' എന്നുള്ള 103-ാം വചനത്തിലെ പ്രസ്താവന വളരെ പ്രധാനപ്പെട്ട ഒരു യഥാർത്ഥമാണു കാണിച്ചു തരുന്നത്. ഭൂരിപക്ഷത്തിന്റെയോ, ബഹുഭൂരിഭാഗത്തിന്റെയോ അഭിപ്രായമോ, അനുകൂലമോ ആസ്പദമാക്കി സത്യമാർഗ്ഗവും, സനാതനതത്വങ്ങളും നിർണ്ണയിക്കുവാൻ പാടില്ലെന്നും സത്യത്തിന്റെ കക്ഷി എപ്പോഴും ന്യൂനപക്ഷമായിരിക്കുമെന്നുമുള്ളതാണത്. ശിർക്ക് അന്ധവിശ്വാസം, അനാചാരം, ദുർവൃത്തികൾ ആദിയായവയിലാകട്ടെ, ധാർമ്മികവും മാനുഷികവുമായ മൂല്യങ്ങളുടെ നേരെയുള്ള അവഹേളനങ്ങളിലാകട്ടെ, എക്കാലവും ബഹുഭൂരിപക്ഷത്തിന്റെ പിൻതുണയും അനുഭാവവും ഉണ്ടായിരിക്കുമെന്നുള്ളതു അനുഭവം കൊണ്ടറിയാവുന്ന ഒരു നഗ്നസത്യമാണല്ലോ.

വിഭാഗം-12

105 എത്ര (യേറെ) ദൃഷ്ടാന്തങ്ങളാണ് ആകാശങ്ങളിലും ഭൂമിയിലുമുള്ളത്?! അവർ [മനുഷ്യർ] അവയിലൂടെ നടന്നു കൊണ്ടിരിക്കുന്നു; അവരാകട്ടെ, അവയെക്കുറിച്ച് (അവഗണിച്ചു) തിരിഞ്ഞുകളയുന്നവരുമാകുന്നു!

وَكَأَيِّن مِّنْ ءَايَةٍ فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ يَمُرُّونَ عَلَيْهَا وَهُمْ عَنْهَا مُعْرِضُونَ ﴿١٠٥﴾

106 അവരിൽ അധികമാളുകളും അല്ലാഹുവിൽ വിശ്വസിക്കുന്നുമില്ല; അവർ (അവനോട്) പങ്കുചേർക്കുന്നവരായും കൊണ്ടല്ലാതെ.

وَمَا يُؤْمِنُ أَكْثَرُهُم بِٱللَّهِ إِلَّا وَهُم مُّشْرِكُونَ ﴿١٠٦﴾

107 എന്നാൽ, അല്ലാഹുവിന്റെ ശിക്ഷയിൽനിന്നും മൂടിക്കളയുന്ന വല്ല സംഭവവും അവർക്ക് വന്നെത്തുന്നതിനെക്കുറിച്ച് അവർ (സമാധാനിച്ച്) നിർഭയരായിരിക്കുകയാ

أَفَأَمِنُوٓا۟ أَن تَأْتِيَهُمْ غَٰشِيَةٌ مِّنْ عَذَابِ ٱللَّهِ أَوْ تَأْتِيَهُمُ ٱلسَّاعَةُ بَغْتَةً وَهُمْ لَا يَشْعُرُونَ ﴿١٠٧﴾

ണോ?! അല്ലെങ്കിൽ, അവർ അറിയാത്തവി
ധം പെട്ടെന്ന് അന്ത്യസമയം അവർക്ക്
വന്നെത്തുന്നതിനെക്കുറിച്ച്?!

---

105 **وكأين** എത്രയേറെ (എത്രയോ) ഉണ്ട്. **من آية** ദൃഷ്ടാന്തമായിട്ട്, ദൃഷ്ടാന്തത്തിൽ നിന്ന്. **في السماوات** ആകാശങ്ങളിൽ. **والأرض** ഭൂമിയിലും. **يمرونَ** അവർ നടന്നുകൊണ്ടിരിക്കുന്നു, സഞ്ചരിക്കുന്നു. **عليها** അതിലൂടെ, അവയുടെ അടുക്കലൂടെ. **وهم** അവരാകട്ടെ, അവർ ആയിക്കൊണ്ട്. **عنها** അവയെക്കുറിച്ച്, അവയിൽനിന്നും. **معرضونَ** തിരിഞ്ഞുകളയുന്നവരാണ്, അവഗണിക്കുന്നവർ. 106 **وما يؤمن** വിശ്വസിക്കുന്നുമില്ല. **أكثرهم** അവരിലധികവും, അധികമാളും. **بالله** അല്ലാഹുവിൽ. **إلا وهم** അവരായിക്കൊണ്ടല്ലാതെ. **مشركونَ** മുശ്‌രിക്കുകൾ, പങ്കുചേർക്കുന്നവർ. 107 **أفأمنوا** എന്നാൽ (അപ്പോൾ) അവർ നിർഭയമായിരിക്കയോ, സമാധാനിച്ചിരിക്കയോ. **أن تأتيهم** അവർക്ക് വരുന്നതിനെ. **غاشيةٌ** വല്ല മൂടുന്ന സംഭവവും (പൊതുആപത്തും). **من عذاب** ശിക്ഷയിൽനിന്ന്. **الله** അല്ലാഹുവിൻെറ. **أو تأتيهم** അല്ലെങ്കിൽ അവർക്ക്വരുന്നതിനെ. **الساعةُ** അന്ത്യസമയം. **بغتةً** പെട്ടെന്ന്, യാദൃശ്ചികമായി. **وهم** അവർ ആയിക്കൊണ്ട് (ആയിരിക്കുന്ന വിധത്തിൽ). **لا يشعرونَ** അവർ അറിയാതെ, ബോധപ്പെടാതെ.

ഗൗരവമേറിയ ചില സംഗതികളാണു ഈ വചനങ്ങളിൽ അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നത്. (1) അല്ലാഹുവിൻെറ മഹിത മഹത്വങ്ങൾ, അധികാരവകാശങ്ങൾ, കൈകാര്യ നിയന്ത്രണങ്ങൾ, ആദിയായവയും, അവയിലെല്ലാമുള്ള അവൻെറ ഏകത്വവും വിളിച്ചോതുന്ന എത്രയോ ദൃഷ്ടാന്തങ്ങൾ ഈ ആകാശ ഭൂമികളിൽ നിലവിലുണ്ട്. മനുഷ്യർ നിത്യവും അവകണ്ടും അനുഭവിച്ചും പരിചയപ്പെട്ടും കൊണ്ടിരിക്കുന്നു. എന്നിട്ടും അവയെപ്പറ്റി ചിന്തിക്കുവാനോ, അവയിലടങ്ങിയ യുക്തിരഹസ്യങ്ങൾ മനസ്സിരുത്തുവാനോ, അവയിൽ നിന്നു ലഭിക്കുന്ന തെളിവുകൾ അംഗീകരിക്കുവാനോ കൂട്ടാക്കാതെ അവയെ അവഗണിച്ചു തള്ളുകയാണവർ ചെയ്യുന്നത്. അല്ലായിരുന്നുവെങ്കിൽ ആ കണക്കറ്റ ദൃഷ്ടാന്തങ്ങൾ നിലവിലുള്ളപ്പോൾ അവർ നിഷേധികളും അവിശ്വാസികളുമാകുമായിരുന്നില്ല. (2) അല്ലാഹുവിൽ വിശ്വസിക്കുന്നവരിൽ തന്നെ അധികഭാഗം ആളുകളും-ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ-ശിർക്ക് പുലർത്തിപ്പോരുന്നവരാകുന്നു. അഥവാ ശിർക്ക് കലരാത്ത ശുദ്ധമായ തൗഹീദിൽ വിശ്വസിക്കുന്നവർ കുറവായിരിക്കും.

മുസ്‌ലിം സമുദായത്തിലെ സ്ഥിതന്നെ ആലോചിച്ചുനോക്കുക! സമുദായമദ്ധ്യെ സ്ഥിരപ്രതിഷ്ഠിതങ്ങളായിത്തീർന്നിട്ടുള്ളവയും, കാലദേശാന്തരങ്ങളിൽ പുതുതായി രൂപം കൊണ്ടുവരുന്നവയുമായ എത്രയോ തരം ശിർക്കുകൾ നടമാടിക്കൊണ്ടിരിക്കുന്നു. അവയിലധികവും മതവിശ്വാസാചാരങ്ങളായി ഗണിക്കപ്പെട്ടുവരുകയും ചെയ്യുന്നു. അറിവില്ലത്ത പാമര ജനങ്ങൾ അറിവില്ലായ്മകൊണ്ടോ, പരമ്പരാഗതമായ അനുകരണം നിമിത്തമോ അവയിൽ മുഴുകിപ്പോകുന്നതു സ്വാഭാവികമാകുന്നു. അവയെ നിഷ്കാസനം ചെയ്‌വാൻ ബാധ്യസ്ഥരായ പണ്ഡിതൻമാരിൽ പോലും ഏതെങ്കിലും ന്യായവാദങ്ങളുടെ മറവിൽ-താൽപര്യപൂർവ്വം - അവയെ നിലനിറുത്തുവാൻ പരിശ്രമം നടത്തിക്കൊണ്ടിരിക്കുന്ന ഒരു വിഭാഗം എല്ലാ കാലത്തും ഉണ്ടെന്നുള്ളതാണു കൂടുതൽ ആപത്ത്. വിഗ്രഹങ്ങളെയോ ദേവീ ദേവൻമാരെയോ ആരാധിച്ചുവരുന്ന മുശ്‌രിക്കുകൾപോലും-മുൻകാലത്തുള്ളവരും ഇക്കാലത്തുള്ളവരുമെന്ന വ്യത്യാസം കൂടാതെ-അല്ലാഹുവിൽ വിശ്വാസമുള്ളവരാകുന്നു. അതായതു, ലോകസ്രഷ്ടാവും, ലോകത്തു നടക്കുന്ന കാര്യങ്ങൾ നിയന്ത്രിക്കുന്നവനുമായ ഒരു പരമാധികാരശക്തിയിൽ എല്ലാവരും വിശ്വസിക്കുന്നു. ആ ശക്തിയുടെ നാമത്തിലോ ഗുണഗണ സങ്കൽപങ്ങളിലോ വ്യത്യാസം കണ്ടേക്കുമെന്നു മാത്രം. അതോടൊപ്പം തന്നെ, മറ്റുചില വസ്തുക്കളെ ദൈവങ്ങളായി സങ്കൽപ്പിക്കുകയും, തദടിസ്ഥാനത്തിൽ അല്ലാഹുവിനു മാത്രമായ അധികാരാവകാശങ്ങളിൽ അവയെ അവനോടു പങ്കു ചേർക്കുകയുമാണവർ ചെയ്യുന്നത്.

മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ, അല്ലാഹുവല്ലാതെ ഒരു

വസ്തുവെയും ഒരു മുസ്‌ലിം പ്രത്യക്ഷത്തിൽ ദൈവമായി അംഗീകരിക്കുകയില്ലെന്നുള്ളതു ശരിയാണെങ്കിലും അല്ലാഹുവിന്റെ അധികാരാവകാശങ്ങളിലും ഗുണഗണങ്ങളിലും മറ്റുചിലരെ അവനോടു പങ്കുചേർക്കുന്നതിൽനിന്നു ഭൂരിഭാഗവും ഒഴിവല്ല എന്നുള്ളതാണ് വാസ്തവം. അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലവും ലക്ഷ്യമാക്കാതെ സൃഷ്ടികളുടെ പ്രീതിക്കും സൽപേരിനും വേണ്ടി സൽക്കർമ്മങ്ങൾ ചെയ്യുക, അല്ലാഹുവല്ലാത്തവരുടെ നാമത്തിൽ സത്യം ചെയ്യുക, അല്ലാഹു അല്ലാത്തവർക്കുവേണ്ടി നേർച്ച നേരുക, പണ്ഡിത പുരോഹിതൻമാരുടെ നിയമങ്ങളെ അംഗീകൃത മതനിയമങ്ങളായി സ്വീകരിക്കുക, പുണ്യാത്മാക്കളെ വിളിച്ചു പ്രാർത്ഥിക്കുക, മന്ത്രവാദങ്ങളും ഉറുക്കു കവചാദികളും ഉപയോഗപ്പെടുത്തുക, പ്രശ്നക്കാരെയും ഗണിതക്കാരെയും സമീപിക്കുക, കാര്യസാധ്യങ്ങൾക്കായി മഹാന്മാരുടെ ഖബ്ർ സ്ഥാനങ്ങളെ ആശ്രയിക്കുക മുതലായ പല കാര്യങ്ങളും ശിർക്കുകളിൽപെട്ടതാണെന്നു ഖുർആന്റെ അദ്ധ്യാപനങ്ങളിൽനിന്നും നബി വചനങ്ങളിൽനിന്നും അറിയപ്പെട്ടതാണല്ലോ. എന്നിട്ടും മുസ്‌ലിം സമുദായമദ്ധ്യേ ഇത്തരം കാര്യങ്ങൾക്കുള്ള പ്രചാരവും സ്വീകരണവും എത്രമാത്രമാണെന്നു ആരെയും പ്രത്യേകം പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. അല്ലാഹുവിൽ ശരണം!

ഇമാം അഹ്മദ് (رحمه الله) അബൂമൂസൽ അശ്അരീ (رضي الله عنه) യിൽ നിന്ന് ഉദ്ധരിച്ച ഒരു ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു: നബി (ﷺ) ഒരു പ്രസംഗത്തിൽ പറഞ്ഞു: 'മനുഷ്യരേ, നിങ്ങൾ ഈ ശിർക്കിനെ സൂക്ഷിക്കുവിൻ. കാരണം, അതു ഉറുമ്പു അരിച്ചുവരുന്നതിനെക്കാൾ ഗൂഢമായി വന്നുചേരുന്നതാണ്.' ഇതുകേട്ടപ്പോൾ, ഒരാൾ ചോദിച്ചു: 'അങ്ങിനെയാണെങ്കിൽ ഞങ്ങൾ അതെങ്ങിനെ സൂക്ഷിക്കും?' തിരുമേനി പറഞ്ഞു: ''നിങ്ങൾ ഇങ്ങിനെ പറയുവിൻ (പ്രാർത്ഥിക്കുവിൻ): അല്ലാഹുവേ, ഞങ്ങൾക്കു അറിയാവുന്ന വല്ലതിനെയും നിന്നോടു ഞങ്ങൾ പങ്കുചേർക്കുന്നതിനെക്കുറിച്ചു ഞങ്ങൾ നിന്നോടു ശരണം തേടുന്നു. ഞങ്ങൾക്കു അറിയാവതല്ലാത്തതിനെക്കുറിച്ചു ഞങ്ങൾ നിന്നോടു പൊറുക്കുവാനപേക്ഷിക്കുകയും ചെയ്യുന്നു.'' (اللهم انا نعوذبك من ان نشرك بك شيأ نعلمه ونستغفر لما لانعلمه) ഈ ഹദീസിലെ ഉള്ളടക്കം അഹ്മദ് (رحمه الله) മാത്രമല്ല, മറ്റു ചില ഹദീസുപണ്ഡിതൻമാരും വേറെ മാർഗ്ഗങ്ങളിൽകൂടി ഉദ്ധരിച്ചിട്ടുള്ളതാണ്. പ്രസ്തുത ചോദ്യകർത്താവു അബൂബക്കർ (رضي الله عنه) ആയിരുന്നുവെന്നും അവയിൽ ചിലതിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. വളരെ നിഗൂഢമായ മാർഗ്ഗങ്ങളിൽകൂടി മനുഷ്യൻ അറിയാതെത്തന്നെ ശിർക്ക് അവനിൽ കടന്നുകൂടുമെന്നും അതിനെക്കുറിച്ചു അവൻ സദാ ജാഗരൂകനായിക്കൊണ്ടിരിക്കേണ്ടതുണ്ടെന്നുമാണ് നബി (ﷺ) ഈ വചനം മൂലം മുസ്‌ലിംകളെ ഉൽബോധിപ്പിക്കുന്നത്.

107-ാം വചനത്തിൽ ശിർക്കു പ്രവർത്തിക്കുന്നവർക്കു കനത്ത ഒരു താക്കീതാണുള്ളത്. അവർക്കു തടുക്കുവാൻ കഴിയാത്ത വമ്പിച്ച വല്ല ശിക്ഷയും ബാധിക്കുകയോ, ഓർക്കാപ്പുറത്തു ലോകവസാനഘട്ടം വന്നു അവർ അല്ലാഹുവിന്റെ മുമ്പിൽ ഹാജരാക്കപ്പെടുകയോ ചെയ്യുകയില്ലെന്നു അവർ കരുതിയിരിക്കേണ്ട, അങ്ങിനെ വല്ലതും സംഭവിച്ചാൽ അവർക്കു രക്ഷപ്പെടാമെന്നും അവർ കരുതിയിരിക്കേണ്ട എന്നു സാരം. എല്ലാതരം ശിർക്കുകളിൽനിന്നും അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ. آمين

قُلْ هَـٰذِهِۦ سَبِيلِىٓ أَدْعُوٓا۟ إِلَى ٱللَّهِ ۚ عَلَىٰ بَصِيرَةٍ أَنَا۠ وَمَنِ ٱتَّبَعَنِى ۖ وَسُبْحَـٰنَ ٱللَّهِ وَمَآ أَنَا۠ مِنَ ٱلْمُشْرِكِينَ ﴿١٠٨﴾

108 (നബിയേ) പറയുക: ''ഇതാ എന്റെ മാർഗ്ഗം; ഞാൻ അല്ലാഹുവിലേക്ക് ക്ഷണിച്ചു കൊണ്ടിരിക്കുന്നു- (ഉൾകാഴ്ച നൽകുന്ന) തെളിവോടെ (ത്തന്നെ); (അതെ) ഞാനും, എന്നെ പിൻപറ്റിയവരും [ക്ഷണിക്കുന്നു] അല്ലാഹു മഹാ പരിശുദ്ധനും! [അവനെ ഞാൻ വാഴ്ത്തുകയും ചെയ്യുന്നു] ഞാൻ മുശ്‌രിക്കുകളിൽ [പങ്കു

ചേര്‍ക്കുന്നവരില്‍] പെട്ടവനല്ലതാനും.

---

108 قُلْ പറയുക,. هذه ഇത്, ഇതാ, ഇതത്രെ. سبيلي എന്റെ മാര്‍ഗ്ഗം, വഴി. أدعو ഞാന്‍ ക്ഷണിക്കുന്നു, വിളിക്കുന്നു. إلى الله അല്ലാഹുവിലേക്ക്. على بصيرة (ഉള്‍കാഴ്ച നല്കുന്ന) തെളിവോടെ, തെളിവോടെയാണ്. أنا ഞാന്‍ (ഞാനും). ومن اتبعني എന്നെ പിന്‍പറ്റിയവരും. وسبحانَ الله അല്ലാഹു പരിശുദ്ധനും, (അല്ലാഹുവിനെ) ഞാന്‍ വാഴ്ത്തുകയും ചെയ്യുന്നു. وما أنا ഞാനല്ല താനും. من المشركين ശിര്‍ക്ക് (പങ്കുചേര്‍ക്കല്‍) ചെയ്യുന്നവരില്‍ (പെട്ടവന്‍).

വ്യാകരണത്തിലൂടെ നോക്കുമ്പോള്‍ على بصيرة എന്ന വാക്കു അതിന്റെ തൊട്ടുമുമ്പുള്ള വാക്യത്തോടു ചേര്‍ന്നതും, തൊട്ടുപിമ്പുള്ള വാക്യത്തോടു ചേര്‍ന്നതും ആയിരിക്കുവാന്‍ സാധ്യതയുണ്ട്. പരിഭാഷയില്‍ ആദ്യത്തെ സാധ്യതയാണു പരിഗണിക്കപ്പെട്ടിരിക്കുന്നത്. രണ്ടാമത്തേതു പ്രകാരം ''(ഉള്‍ക്കാഴ്ച നല്‍കുന്ന) തെളിവോടെയാണ് ഞാനും എന്നെ പിന്‍പറ്റിയവരും നിലകൊള്ളുന്നതു'' എന്നും അര്‍ത്ഥം പറയാം. അന്ധമായ നിലക്കോ, വസ്തുനിഷ്ഠമല്ലാത്ത വിധത്തിലോ ഒന്നുമല്ല-ശരിക്കും മനസ്സിലാക്കാവുന്ന തെളിവും രേഖയും മുമ്പില്‍വെച്ചുകൊണ്ടു തന്നെയാണു-ഞാനും എന്നില്‍ വിശ്വസിച്ചു പിന്‍പറ്റിക്കൊണ്ടിരിക്കുന്ന സത്യവിശ്വാസികളും ഈ മാര്‍ഗ്ഗത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നത് എന്നു സാരം.

وَمَآ أَرْسَلْنَا مِن قَبْلِكَ إِلَّا رِجَالًا نُّوحِىٓ إِلَيْهِم مِّنْ أَهْلِ ٱلْقُرَىٰٓ ۗ أَفَلَمْ يَسِيرُوا۟ فِى ٱلْأَرْضِ فَيَنظُرُوا۟ كَيْفَ كَانَ عَـٰقِبَةُ ٱلَّذِينَ مِن قَبْلِهِمْ ۗ وَلَدَارُ ٱلْـَٔاخِرَةِ خَيْرٌ لِّلَّذِينَ ٱتَّقَوْا۟ ۗ أَفَلَا تَعْقِلُونَ ﴿١٠٩﴾

109 രാജ്യക്കാരില്‍നിന്നും നാം 'വഹ്‌യു' [ദിവ്യ സന്ദേശം] നല്‍കിയിരുന്ന ചില പുരുഷന്‍മാരെയല്ലാതെ, നിനക്കു മുമ്പു നാം (ആരെയും റസൂലായി) അയച്ചിട്ടില്ല. ഇവര്‍ ഭൂമിയിലൂടെ സഞ്ചരിക്കുന്നില്ലേ?! അപ്പോള്‍ ഇവരുടെ മുമ്പുള്ളവരുടെ പര്യവസാനം എങ്ങിനെയാണുണ്ടായതെന്ന് ഇവര്‍ക്ക് നോക്കിക്കാണാമല്ലോ. സൂക്ഷ്മത പാലിച്ചവര്‍ക്ക് പരലോക ഭവനം തന്നെയാണ് ഉത്തമം. എന്നാല്‍, നിങ്ങള്‍ ബുദ്ധി കൊടു (ത്തു ഗ്രഹി)ക്കുന്നില്ലേ?!

---

109 وما أرسلنا നാം അയച്ചിട്ടില്ല. من قبلك നിന്റെ മമ്പ്. إلا رجالاً ചില പുരുഷന്‍മാരെയല്ലാതെ. نوحي നാം വഹ്‌യ് നല്‍കികൊണ്ട്. إليهم അവര്‍ക്ക്. من أهل ആള്‍ക്കാരില്‍ നിന്ന്. القُرى രാജ്യങ്ങളിലെ. أفلَم يسيروا അ(ഇ)വര്‍ നടക്കുന്നില്ലേ, സഞ്ചരിച്ചിട്ടില്ലേ. في الأرض ഭൂമിയില്‍, ഭൂമിയിലൂടെ. فينظروا അപ്പോള്‍ (എന്നാല്‍) അവര്‍ക്ക് നോക്കാം (കാണാമല്ലോ). كيف എങ്ങിനെ. كانَ ആയി, ഉണ്ടായി (എന്ന്). عاقبةُ പര്യവസാനം, കലാശം. الذين യാതൊരുവരുടെ. من قبلهم അവരുടെ (ഇവരുടെ) മുമ്പുള്ള. ولدار ഭവനം (വീട്) തന്നെ. الآخرة പരലോകത്തെ, പരലോകമാകുന്ന. خير ഉത്തമം, അധികം നല്ലത്. للذين യാതൊരു കൂട്ടര്‍ക്ക്. اتقوا സൂക്ഷിച്ച, സൂക്ഷ്മത പാലിച്ച. أفَلا تعقلونَ അപ്പോള്‍ നിങ്ങള്‍ ബുദ്ധി കൊടുക്കു(ഗ്രഹിക്കു)ന്നില്ലേ.

അതതു രാജ്യക്കാരില്‍പെട്ടവരും, പുരുഷന്‍മാരുമായ ആളുകളെ മാത്രമേ വഹ്‌യ് നല്‍കപ്പെട്ടുകൊണ്ടുള്ള റസൂലുകളായി നിയോഗിക്കുക പതിവുള്ളുവെന്നു അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. മരുഭൂപ്രദേശങ്ങളല്ലാത്ത-നഗരങ്ങളും പട്ടണങ്ങളും അടക്കമുള്ള-നാടുകള്‍ക്കാണു القرى (രാജ്യങ്ങള്‍) എന്നു പറയുന്നത്. സ്വാഭാവികമായും സംസ്കാരത്തിലും പെരുമാറ്റത്തിലുമൊക്കെ അല്‍പം പാരുഷ്യവും ഇണക്കമില്ലായ്മയും ഉള്ളവരായിരിക്കും മരുഭൂവാസികള്‍, അതുകൊണ്ടു മരുഭൂവാസികളായ ആളുകള്‍ക്കു ജനങ്ങളുമായിഅടുത്തിടപെട്ടും കൂടിക്കലര്‍ന്നും പ്രബോധനകൃത്യം നിര്‍വ്വഹിക്കുവാന്‍ വിഷമമുണ്ടായിരിക്കും. മലക്കുകളെ റസൂലുകളാ

ക്കി നിയോഗിക്കുന്ന പക്ഷം, അവരുടെ പ്രകൃതി സ്വഭാവങ്ങളിൽ മാറ്റം വരുത്തി മനുഷ്യരുടെ പ്രകൃതി സ്വഭാവം നൽകപ്പെടാത്ത കാലത്തോളം മലക്കും മനുഷ്യനും തമ്മിൽ നിത്യസമ്പർക്കം പുലർത്തുവാൻ നിവൃത്തിയില്ലതാനും. ഇനി, മലക്കിനു മനുഷ്യപ്രകൃതി നൽകപ്പെട്ടുവെന്നു സങ്കൽപിക്കുക. അപ്പോൾ മലക്കു മലക്കല്ലാതായിത്തീരുകയും ചെയ്യുന്നു. സ്ത്രീകളാണെങ്കിൽ, പുരുഷൻമാരെ അപേക്ഷിച്ചു ദിവ്യദൌത്യം (രിസാലത്ത്) യഥാവിധി നിർവ്വഹിക്കുവാൻ കഴിയാതിരിക്കുമാറ് പ്രകൃത്യാ തന്നെ പല പോരായ്മകളും ഉള്ളവരാകുന്നു. രാജ്യക്കാരിൽനിന്നുള്ള പുരുഷൻമാരെ മാത്രമേ റസൂലുകളായി നിയോഗിക്കപ്പെടാറുള്ളുവെന്നു വെക്കുവാൻ കാരണം ഇതൊക്കെയാകുന്നു.

'നുബുവ്വത്തു' (പ്രവചാകത്വ)മായി ബന്ധപ്പെട്ടുകൊണ്ടുള്ള 'രിസാലത്തി'നെ (ദിവ്യദൗത്യത്തെ) ക്കുറിച്ചാണു മേൽ പ്രസ്താവിച്ചത്. الا رجالا نوحي اليهم (നാം വഹ്‌യ് നൽകുന്ന ചില പുരുഷൻമാരെയല്ലാതെ) എന്നു പറഞ്ഞത് ഈ വസ്തുതകളെയാണു സൂചിപ്പിക്കുന്നത്. പ്രവാചകത്വം നൽകപ്പെടാതെ ചിലപ്പോൾ മലക്കുകളും അല്ലാഹുവിൻെറ ദൂതൻമാരായി അയക്കപ്പെടാറുണ്ട്. അവർക്കും അറബിഭാഷയിൽ റസൂലുകൾ (رسل)എന്നു തന്നെയാണു പറയപ്പെടുക. അതുപോലെത്തന്നെ, മൂസാ (عليه السلام) നബിയുടെ, മാതാവിനും, ഈസാ (عليه السلام) നബിയുടെ മാതാവിനും ലഭിച്ചതുപോലെയുള്ള ചില വെളിപ്പാടുകളും ദൈവിക സന്ദേശങ്ങളും സ്ത്രീകൾക്കും പ്രവാചകൻമാരല്ലാത്ത ആളുകൾക്കും ലഭിച്ചെന്നും വരാം. ഇവരൊന്നും അക്കാരണത്താൽ പ്രവാചകൻമാരാണെന്നോ, മേൽപറഞ്ഞ അർത്ഥത്തിലുള്ള റസൂലുകളാണെന്നോ വരുന്നില്ല. 'സ്വകാര്യസന്ദേശം നൽകുക, സ്വകാര്യമായി സംസാരിക്കുക, തോന്നിപ്പിക്കുക' എന്നിങ്ങിനെയുള്ള അർത്ഥങ്ങളിലെല്ലാം ഉപയോഗിക്കപ്പെടുന്ന വാക്കാണു 'വഹ്‌യ്' (وحي) തേനീച്ചക്കു അതിൻെറ വിദഗ്ധമായ കൂടുണ്ടാക്കുവാൻ തോന്നിപ്പിച്ചു കൊടുത്തതിനെക്കുറിച്ചു പറഞ്ഞപ്പോൾ واحي ربك الى النحل (തേനീച്ചക്കു അവൻ വഹ്‌യ് നൽകി) എന്നു സൂ: നഹ്ൽ 68 ൽ പ്രസ്താവിച്ചതു ഈ അർത്ഥത്തിലാകുന്നു. പ്രവാചകൻമാർക്ക് നൽകപ്പെടുന്ന സാങ്കേതികാർത്ഥത്തിലുള്ള വഹ് യിനെപ്പറ്റി സൂ: ശുറായിലെ 51-ാം വചനത്തിൽ അല്ലാഹു തന്നെ വിവരിച്ചിട്ടുള്ളതാണ്. (കൂടുതൽ വിവരത്തിന് ആ വചനവും അതിൻെറ വ്യാഖ്യാനവും കാണുക) ഈ വഹ്‌യാണു ഇവിടെ ഉദ്ദേശ്യം.

അങ്ങനെ-മേൽ പ്രസ്താവിച്ച പ്രകാരം-മുമ്പു പല റസൂലുകളെയും അയച്ചിട്ടു അവരുടെ സമുദായങ്ങൾ വിശ്വസിക്കാതിരുന്നതു നിമിത്തം അവർക്ക് നേരിട്ട ശിക്ഷാനുഭവങ്ങളെപ്പറ്റി ഇവർക്കു മനസ്സിലാക്കുവാൻ ഭൂമിയിലൂടെ അവർ സഞ്ചരിച്ചു നോക്കിയാൽമതി. ധാരാളം ദൃഷ്ടാന്തങ്ങൾ അവർക്കു കണ്ടെത്തുവാൻ കഴിയും. പക്ഷേ, ബുദ്ധി ഉപയോഗിച്ചു ചിന്തിക്കുവാനും, കാര്യം ഗ്രഹിക്കുവാനും തയ്യാറുണ്ടായിരിക്കണം എന്നൊക്കെയാണ് തുടർന്ന് പറഞ്ഞതിൻെറ സാരം. എന്നാൽ, നബി (صلى الله عليه وسلم) തിരുമേനിയെ നിഷേധിച്ചതിൻെറ പേരിൽ ഇതുവരെയും തങ്ങൾക്കു ഒരു ശിക്ഷയും അനുഭവപ്പെട്ടിട്ടില്ലല്ലോ എന്നു മക്കാ മുശ്‌രിക്കുകൾക്കു തോന്നിയേക്കാം. ഇതിനുള്ള മറുപടി അടുത്ത വചനത്തിൽനിന്നു മനസ്സിലാക്കാം:-

حَتَّىٰٓ إِذَا ٱسْتَيْـَٔسَ ٱلرُّسُلُ وَظَنُّوٓا۟ أَنَّهُمْ قَدْ كُذِبُوا۟ جَآءَهُمْ نَصْرُنَا فَنُجِّىَ مَن نَّشَآءُ ۖ وَلَا يُرَدُّ بَأْسُنَا عَنِ ٱلْقَوْمِ ٱلْمُجْرِمِينَ ﴿١١٠﴾

110 അങ്ങനെ, (അവസാനം) റസൂലുകൾ നിരാശയടയുകയും, തങ്ങളോട് കളവ് പറയപ്പെട്ടുവെന്ന് അവർ [ജനങ്ങൾ] കരുതുകയും ചെയ്തപ്പോൾ, അവർക്ക് [റസൂലുകൾക്ക്] നമ്മുടെ സഹായം വന്നു; അപ്പോൾ, നാം ഉദ്ദേശിച്ചിരുന്നവർ രക്ഷിക്കപ്പെട്ടു. നമ്മുടെ ശിക്ഷ കുറ്റവാളികളായ ജനങ്ങളിൽനിന്ന് തടുക്കപ്പെടുന്നതുമല്ല.

110 حتى (ഇതു)വരെ, അങ്ങനെ (അവസാനം). إِذَا استيأس നിരാശയടഞ്ഞപ്പോള്‍. الرسلُ റസൂലുകള്‍. وظنوا അവര്‍ കരുതുക (വിചാരിക്കുക-ധരിക്കുക)യു. أنهم അവര്‍ (ആകുന്നു) എന്ന്. قَد തീര്‍ച്ചയായും. كُذبوا അവരോട് കളവ് (വ്യാജം) പറയപ്പെട്ടു, അവര്‍ കളവാ (വ്യാജമാ)ക്കപ്പെട്ടു (വെന്നു). جاءَهم അവര്‍ക്ക് വന്നു. نصرنا നമ്മുടെ സഹായം. فَنجي അപ്പോള്‍ രക്ഷിക്കപ്പെട്ടു. من نشاءُ നാം ഉദ്ദേശിച്ചിരുന്നവര്‍. ولا يرد തട്ട(തടുക്ക--തിരിക്ക)പ്പെടുകയുമില്ല. بأسنا നമ്മുടെ ശിക്ഷ, ദണ്ഡനം-ശൗര്യം. عن القوم ജനങ്ങളില്‍ നിന്ന്. المجرمين കുറ്റവാളികളായ.

റസൂലുകള്‍ നിരാശയടഞ്ഞു (استيأس الرسل) എന്നു പറഞ്ഞതിന്‍റെ താല്‍പര്യം, ജനങ്ങള്‍ നിഷേധത്തില്‍ ശഠിച്ചുനിന്നുതുകൊണ്ട് അവര്‍ വിശ്വസിക്കുമെന്ന പ്രതീക്ഷ അവര്‍ക്കു ഇല്ലാതായിത്തീര്‍ന്നു എന്നാകുന്നു. كذبوا എന്ന രണ്ടാമത്തെ വാക്യത്തില്‍ كذبوا (കുദിബു-അവരോടു കളവു പറയപ്പെട്ടു) എന്നതിന്‍റെ സ്ഥാനത്തു كذبوا (കുദ്ദിബൂ-അവര്‍ കളവാക്കപ്പെട്ടു) എന്നും വായനയുണ്ട്. ഈ വായനാ വ്യത്യാസത്തെയും, ഈ വാക്യത്തിലെ സര്‍വ്വനാമങ്ങള്‍ (الضمائر) കൊണ്ടുള്ള വിവക്ഷകളെ നിര്‍ണ്ണയിക്കുന്നതിലുള്ള ഭിന്നാഭിപ്രായങ്ങളെയും അടിസ്ഥാനപ്പെടുത്തി ആ വാക്യത്തിനു ഒന്നിലധികം പ്രകാരത്തില്‍ അര്‍ത്ഥവ്യാഖ്യാനം നല്‍കപ്പെടാറുണ്ട്. വിശദീകരണ വേളയില്‍ അവ തമ്മില്‍ പരസ്പരം വ്യത്യാസം തോന്നുമെങ്കിലും എല്ലാം ഒരേ ആശയത്തിലേക്കു തന്നെയാണ് അവസാനം കലാശിക്കുന്നതെന്നു അവ പരിശോധിക്കുമ്പോള്‍ കാണാവുന്നതാണ്. അവയില്‍ കൂടുതല്‍ പ്രസക്തമായവ താഴെ പറയുന്നവയാകുന്നു:-

(1) പ്രവാചകന്‍മാര്‍ തങ്ങളോടു പറഞ്ഞതെല്ലാം കളവാണെന്നു അവരുടെ ജനങ്ങള്‍ കരുതുകയും ചെയ്തു. ഇതാണ് അധിക വ്യാഖ്യാതാക്കളും സ്വീകരിച്ചതും, ഇബ്നുജരീര്‍ (رحمه الله) ശരിവെച്ചിരിക്കുന്നതും. ഇബ്നു അബ്ബാസ്, ഇബ്നു മസ്ഊദു, സഈദുബ്നു ജുബൈര്‍, ളഹ്-ഹാക്ക് (رضي الله عنهم) മുതലായവരില്‍നിന്നുള്ള പല രിവയാത്തുകളും ഇതിനു തെളിയായി അദ്ദേഹം ഉദ്ധരിക്കുകയും മറ്റുള്ള അഭിപ്രായങ്ങളെ അദ്ദേഹം വിമര്‍ശിക്കുകയും ചെയ്തിരിക്കുന്നു. ഇബ്നു കഥീര്‍ (رحمه الله)ന്‍റെ ചായ്‌വും ഇതിലേക്കാണെന്നത്രെ മനസ്സിലാകുന്നത്. ഈ അഭിപ്രായപ്രകാരം ظنوا (അവര്‍ കരുതി) എന്നു പറഞ്ഞതു ആ റസൂലുകളുടെ ജനങ്ങള്‍ കരുതി എന്ന ഉദ്ദേശ്യത്തിലായിരിക്കും. പരിഭാഷയില്‍ ഈ അഭിപ്രായമാണു നാമും സ്വീകരിച്ചിരിക്കുന്നത്. (2) തങ്ങള്‍ക്കു വിജയവും അവിശ്വാസികള്‍ക്കു ശിക്ഷയും വേഗമങ്ങു ലഭിക്കുമെന്നു തങ്ങളുടെ മനസ്സുകള്‍ തങ്ങളോടു മന്ത്രിക്കുന്നതു കളവാണെന്നു-അഥവാ അതു ശരിയല്ലെന്നു-റസൂലുകള്‍ക്കു മനസ്സിലായി. ഇതാണ് ചിലര്‍ സ്വീകരിച്ചു കാണുന്ന അര്‍ത്ഥവ്യാഖ്യാനം. ഇതനുസരിച്ചു ظنوا (അവര്‍) എന്നു പറഞ്ഞതു റസൂലുകള്‍ കരുതി എന്ന ഉദ്ദേശ്യത്തിലായിരിക്കും. ഈ രണ്ടഭിപ്രായവും كذبوا (അവരോടു കളവു പറയപ്പെട്ടു) എന്ന വായനയെ അടിസ്ഥാനമാക്കിയുള്ളതാണ്. (3) തങ്ങള്‍ കളവാക്കപ്പെട്ടു-അഥവാ ജനങ്ങള്‍ നിഷേധത്തില്‍ ഉറച്ചുകഴിഞ്ഞു-വെന്നു റസൂലുകള്‍ ഉറപ്പായി കരുതി. ഇത് كذبو (അവര്‍ കളവാക്കപ്പെട്ടു) എന്ന വായനയെ അടിസ്ഥാനമാക്കിയുള്ളതാകുന്നു.

ഈ വചനത്തിന്‍റെ മൊത്തത്തിലുള്ള ആശയം ഇങ്ങിനെ മനസ്സിലാക്കാവുന്നതാണ്: കഴിഞ്ഞ വചനത്തില്‍ കണ്ടതുപോലെ, പല രാജ്യക്കാരിലും അവരില്‍നിന്നുള്ള ചില പുരുഷന്‍മാരെ അല്ലാഹു റസൂലുകളാക്കി നിശ്ചയിച്ചു. വിശ്വസിച്ചവര്‍ക്കു രക്ഷയും നിഷേധിച്ചവര്‍ക്കു ശിക്ഷയും അനുഭവപ്പെട്ടു. എന്നാല്‍ തങ്ങള്‍ക്കു ശിക്ഷ വരുകയോ, സത്യവിശ്വാസികള്‍ക്കു രക്ഷ ലഭിക്കുകയോ ചെയ്യുന്നതായി കാണുന്നില്ലല്ലോ എന്ന് ഈ മുശ്രിക്കുകള്‍ കരുതി സമാധാനിച്ചിരിക്കേണ്ടതില്ല. കഴിഞ്ഞുപോയ ആ പ്രവാചകന്‍മാരുടെ കാലത്തും സംഭവിച്ചതു ഇങ്ങിനെത്തന്നെയായിരുന്നു. അതായതു സത്യനിഷേധികള്‍ നിഷേധത്തില്‍ ശഠിച്ചു നില്‍ക്കുക കാരണം അവര്‍ വിശ്വസിച്ചേക്കുമെന്ന പ്രതീക്ഷ റസൂലുകള്‍ക്കു ഇല്ലാതാകുകയും, അവരുടെ ശിക്ഷയും സത്യവിശ്വാസികളുടെ രക്ഷയും അനുഭവത്തില്‍ വന്നുകാണാതെ മനസ്സു മുട്ടിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഘട്ടം എത്തുമ്പോഴാണു അത് സംഭവിക്കാറുള്ളത്. അല്ലാതെ, നിഷേധികള്‍ രംഗ

ത്തു വരുമ്പോഴേക്കും അവർക്ക് ശിക്ഷ അനുഭവപ്പെടുകയോ, റസൂലുകൾക്കും വിശ്വാസികൾക്കും ആദ്യം മുതൽക്കേ വിജയം കൈവരുകയോ ചെയ്യുന്ന പതിവു മുമ്പും ഉണ്ടായിട്ടില്ല. ഏതായാലും ശിക്ഷ വരുമ്പോൾ കുറ്റവാളികളായ നിഷേധികൾക്കു അതിൽനിന്നും ഒഴിവുകിട്ടുകയില്ലെന്നു തീർച്ചയാണ്.

നിങ്ങളുടെ കഴിഞ്ഞുപോയവരുടെ മാതിരി നിങ്ങൾക്കും സംഭവിക്കാതെ നിങ്ങൾക്കു സ്വർഗ്ഗത്തിൽ പ്രവേശിക്കാനാവുകയില്ലെന്നും, മുമ്പുള്ളവർക്കു കഷ്ടതകളും ബുദ്ധിമുട്ടുകളും ബാധിക്കുക ഉണ്ടായിട്ടുണ്ടെന്നും ഉണർത്തിയശേഷം, സൂ;ബഖറ: 214ൽ അല്ലാഹു പറയുന്നു: وزلزلوا حتى يقول الرسول .. (റസൂലും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരും എപ്പോഴായിരിക്കും അല്ലാഹുവിൻെറ സഹായം? എന്നു പറയുന്നതുവരെ അവർ കിടിലംകൊള്ളിക്കപ്പെടുകയും ചെയ്തു) അതുപോലെയുള്ള ആശയം ഉൾക്കൊള്ളുന്ന ഒരു വചനം തന്നെയാണിതും. ഈ സൂറത്തു അല്ലാഹു ഇങ്ങിനെ അവസാനിപ്പിക്കുന്നു;-

لَقَدْ كَانَ فِي قَصَصِهِمْ عِبْرَةٌ لِّأُولِي الْأَلْبَابِ ۗ مَا كَانَ حَدِيثًا يُفْتَرَىٰ وَلَٰكِن تَصْدِيقَ الَّذِي بَيْنَ يَدَيْهِ وَتَفْصِيلَ كُلِّ شَيْءٍ وَهُدًى وَرَحْمَةً لِّقَوْمٍ يُؤْمِنُونَ ﴿١١١﴾

111 തീർച്ചയായും, അവരുടെ [മേൽപ്രസ്താവിക്കപ്പെട്ടവരുടെ] കഥാ വിവരണത്തിൽ (സൽ) ബുദ്ധിമാൻമാർക്ക് ഉറ്റാലോചിക്കുവാനുള്ളത് [ചിന്താപാഠം] ഉണ്ട്. ഇത് [ഖുർആൻ] കെട്ടിയുണ്ടാക്കപ്പെടുന്ന ഒരു വർത്തമാനമല്ല. എങ്കിലും, ഇതിൻെറ മുമ്പുള്ളതിൻെറ സത്യസാക്ഷീകരണവും (ആവശ്യമായ) എല്ലാ കാര്യത്തിൻെറയും വിശദീകരണവുമത്രെ, വിശ്വസിക്കുന്ന ജനങ്ങൾക്ക് മാർഗ്ഗദർശനവും കാരുണ്യവുമാകുന്നു (അത്).

---

111 **لَقَدْ كَانَ** തീർച്ചയായും ഉണ്ടായിരിക്കുന്നു(ഉണ്ട്). **فِي قَصَصِهِمْ** അവരുടെ കഥാ വിവരണത്തിൽ, കഥനത്തിൽ. **عِبْرَةٌ** ചിന്താപാഠം, ഉറ്റാലോചിക്കാനുള്ളത്. **لِأُولِي الْأَلْبَابِ** ബുദ്ധിമാൻമാർക്ക്, സൽബുദ്ധികളുള്ളവർക്ക്. **مَا كَانَ** ഇതല്ല, അതായിട്ടില്ല. **حَدِيثًا** ഒരു വർത്തമാനം, വിഷയം. **يُفْتَرَى** കെട്ടിയുണ്ടാക്ക(കെട്ടിച്ചമക്ക)പ്പെടുന്ന. **وَلَكِن** എങ്കിലും, പക്ഷെ. **تَصْدِيقَ** സത്യസാക്ഷീകരണമത്രെ, സത്യപ്പെടുത്തലാണ്. **الَّذِي** യാതൊന്നിൻെറ, യാതൊന്നിനെ. **بَيْنَ يَدَيْهِ** ഇതി (അതി)ൻെറ മുമ്പിലുള്ള. **وَتَفْصِيلَ** വിശദീകരണവും, വിസ്തരിക്കലും. **كُلِّ شَيْءٍ** എല്ലാകാര്യത്തിൻെറയും. **وَهُدًى** മാർഗ്ഗദർശനവും, വഴികാട്ടലും. **وَرَحْمَةً** കാരുണ്യവും. **لِقَوْمٍ** ഒരു ജനതക്ക്, ജനങ്ങൾക്ക്. **يُؤْمِنُونَ** വിശ്വസിക്കുന്ന.

അല്ലാഹു ഖുർആനിൽ വിവരിച്ചുതന്ന ചരിത്ര സംഭവങ്ങളിൽനിന്നു പാഠം പഠിച്ച് ഉറ്റാലോചിക്കുകയും ഖുർആൻെറ മാർഗ്ഗദർശനം യഥാവിധി സ്വീകരിക്കുക വഴി അവൻെറ കാരുണ്യത്തിന് അർഹരായത്തീരുകയും ചെയ്യുന്ന ബുദ്ധിമാൻമാരായ സത്യവിശ്വാസകളിൽ അവൻ നമ്മെയെല്ലാം ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ. ആമീൻ.

والحمد لله اولا واخرا وله المنة والفضل

വിശുദ്ധ ഖുർആൻ വിവരണം

12. സൂറത്തു യൂസുഫ്

Translation & Intereptation by:

Muhammed Amani Moulavi

Published by:

Kerala Nadvathul Mujahideen – Mujahid Centre – Calicut -4

Prepared by:
www.islamhouse.com as per the copyright received from the Publishers:
To be used for Reference and Daawa purpose only.

13. സൂറത്തുര്‍ റഅ്ദ് سورة الرّعد

മദീനായില്‍ അവതരിച്ചത്– വചനങ്ങള്‍ 43 – വിഭാഗം (റുകൂഅ്) 6
[മക്കായില്‍ അവതരിച്ചതെന്നും പറയപ്പെട്ടിട്ടുണ്ട്.]

കേവലാക്ഷരങ്ങള്‍ക്കൊണ്ട് ആരംഭിക്കുന്ന സൂറത്തുകളില്‍ ഒന്നാണിതും. ഈ അക്ഷരങ്ങളെപ്പറ്റി സൂറത്തുല്‍ ബഖറഃയുടെ ആരംഭത്തിലും മറ്റും മുമ്പും വിവരിച്ചിരിക്കുന്നു. പതിമൂന്നാം വചനത്തില്‍ ഇടിയെ സംബന്ധിച്ചുള്ള പരാമര്‍ശം കാണാം. അതില്‍നിന്നാണ് 'ഇടി' എന്നര്‍ത്ഥമായ الرعد ('റഅ്ദ്') എന്ന് ഈ സൂറത്തിന് പേര്‍ വന്നത്.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ﴿١﴾

പരമകാരുണികനും കരുണാനിധിയമായ അല്ലാഹുവിന്റെ നാമത്തില്‍.

الٓمٓرۚ تِلۡكَ ءَايَٰتُ ٱلۡكِتَٰبِۗ وَٱلَّذِيٓ أُنزِلَ إِلَيۡكَ مِن رَّبِّكَ ٱلۡحَقُّ وَلَٰكِنَّ أَكۡثَرَ ٱلنَّاسِ لَا يُؤۡمِنُونَ ﴿١﴾

1 'അലിഫ്-ലാം-മീം-റാ.' ഇവ(വേദ) ഗ്രന്ഥത്തിന്‍െറ 'ആയത്തു' [സൂക്തം]കളത്രെ. നിന്‍െറ റബ്ബിങ്കല്‍നിന്ന് നിനക്ക് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത് യഥാര്‍ത്ഥവുമാകുന്നു. എങ്കിലും, മനുഷ്യരില്‍ അധികപേരും (അതില്‍) വിശ്വസിക്കുന്നില്ല.

ٱللَّهُ ٱلَّذِي رَفَعَ ٱلسَّمَٰوَٰتِ بِغَيۡرِ عَمَدٖ تَرَوۡنَهَاۖ ثُمَّ ٱسۡتَوَىٰ عَلَى ٱلۡعَرۡشِۖ وَسَخَّرَ ٱلشَّمۡسَ وَٱلۡقَمَرَۖ كُلّٞ يَجۡرِي لِأَجَلٖ مُّسَمّٗىۚ يُدَبِّرُ ٱلۡأَمۡرَ يُفَصِّلُ ٱلۡأٓيَٰتِ لَعَلَّكُم بِلِقَآءِ رَبِّكُمۡ تُوقِنُونَ ﴿٢﴾

2 അല്ലാഹുവത്രെ, നിങ്ങള്‍ക്ക് കാണാവുന്ന തൂണുകളൊന്നും കൂടാതെ ആകാശങ്ങളെ ഉയര്‍ത്തി (നിറുത്തി)യവന്‍. പിന്നെ, അവന്‍ 'അര്‍ശി'ല്‍ [സിംഹാസനത്തില്‍] ആരോഹണം ചെയ്തിരിക്കുന്നു. സൂര്യനെയും, ചന്ദ്രനെയും അവന്‍ (നിയന്ത്രണ) വിധേയമാക്കുകയും ചെയ്തിരിക്കുന്നു; എല്ലാം (തന്നെ) ഒരു നിര്‍ണ്ണയിക്കപ്പെട്ട അവധിവരേക്ക് സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. അവന്‍ കാര്യം നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു; ആയത്തു [ലക്ഷ്യ ദൃഷ്ടാന്തം] കള്‍ വിശദീകരിച്ചു തരുന്നു. (അതെ) നിങ്ങളുടെ റബ്ബിനെ കണ്ടുമുട്ടുന്നതിനെപ്പറ്റി നിങ്ങള്‍ ഉറച്ചു വിശ്വ സിക്കുവാന്‍വേണ്ടി.

---

1 الــمــر അലിഫ്, ലാം, മീം, റാ'. تلك അവ (ഇവ). آيات ആയത്തുകളാണ്. الكتابِ (വേദ)ഗ്രന്ഥത്തിന്‍െറ. والذي أُنزلَ إليك നിനക്ക് ഇറക്കപ്പെട്ടത്. من ربك നിന്‍െറ റബ്ബിങ്കല്‍ നിന്ന്. الحق യഥാര്‍ത്ഥമാണ്. ولكن എങ്കിലും. أكْثَر അധികവും. الناسِ മനുഷ്യരില്‍. لاَ يؤمنونَ വിശ്വസിക്കുന്നില്ല. 2 اللهُ الذي അല്ലാഹു യാതൊരുവനാകുന്നു. رفَعَ അവന്‍ ഉയര്‍ത്തി. السماوات ആകാശങ്ങളെ. بِغير عمد ഒരു തൂണും (തൂണുകളൊന്നും) കൂടാതെ. ترونها നിങ്ങള്‍ കാണുന്നു, നിങ്ങളവയെ കാണുമാറുള്ള. ثُم استوى പിന്നെ അവന്‍ ആരോഹണം ചെയ്തു. علَى العرشِ അര്‍ശിന്‍മേല്‍, സിംഹാസനത്തില്‍. وسخر അവന്‍ വിധേയമാക്കുക (കീഴ്പ്പെടുത്തുക)യും ചെയ്തു. الشمس സൂര്യനെ. والقَمر ചന്ദ്രനെയും. كُل എല്ലാം. يجري നടക്കും, സഞ്ചരിക്കുന്നു. لأجلٍ ഒരവധിയിലേക്ക് (വരെ). مسمى നിര്‍ണ്ണയം ചെയ്യപ്പെട്ട. يدبر അവന്‍ നിയന്ത്രിക്കുന്നു. الأمر കാര്യത്തെ. يفَصلُ അവന്‍ വിശദീകരിക്കുന്നു, വിസ്തരിച്ചുകൊണ്ട്. الآيات ദൃഷ്ടാന്ത(ലക്ഷ്യ)ങ്ങളെ. لَعلكُم നിങ്ങളാകുവാന്‍ വേണ്ടി, ആയേക്കാം. بِلقَاءِ കാണുന്ന (കണ്ടുമുട്ടുന്നു)തിനെപ്പറ്റി. ربكُم നിങ്ങളുടെ റബ്ബിനെ. توقنونَ നിങ്ങള്‍ ഉറപ്പിക്കുക, ഉറപ്പായി വിശ്വസിക്കുക.

''നിങ്ങൾക്ക് കാണാവുന്ന തൂണുകൾ കൂടാതെ ആകാശങ്ങളെ ഉയർത്തിയിരിക്കുന്നു. (رفع السموات بغير عمد ترونها) എന്ന് പറഞ്ഞതിൽനിന്ന് മനുഷ്യർക്ക് കാണാവുന്നതല്ലാത്ത ഏതെങ്കിലും തൂൺ ആകാശങ്ങൾക്ക് ഉണ്ടായിരിക്കാമെന്ന് വരുന്നു. അതെ, അല്ലാഹുവിൻെറ മഹത്തായ കഴിവ (القدرة) ത്രെ അത്. ശാസ്ത്രത്തിൻെറ ഭാഷയിൽ അതിന് ആകർഷണശക്തി എന്ന് പറയപ്പെടുന്നുവെങ്കിലും ആകർഷണശക്തിയുടെ യാഥാർത്ഥ്യമെന്തെന്നോ, അതെവിടെ നിന്ന് വന്നുവെന്നോ പറയുവാൻ ശാസ്ത്രത്തിന് കഴിവില്ല. അഖിലാണ്ഡലോകങ്ങൾ ഓരോന്നും അതതിൻെറ സ്ഥാനം തെറ്റാതെയും, ചിന്നിച്ചിതറാതെയും നിലകൊള്ളുന്നതിന് ആകർഷണശക്തി എന്നൊരു പേർ നൽകി തൃപ്തിപ്പെടുക മാത്രമാണ് ശാസ്ത്രം വാസ്തവത്തിൽ ചെയ്യുന്നത്. عمد (തൂണുകൾ) എന്നതിൻെറ വിശേഷണമായിക്കൊണ്ടാണ് ترونها (നിങ്ങൾ കാണുന്ന) എന്ന ക്രിയ നിലകൊള്ളുന്നതെന്ന നിലക്കാണ് മുകളിൽ നാം സ്വീകരിച്ച അർത്ഥവ്യാഖ്യാനം. വ്യാകരണപരമായി നോക്കുമ്പോൾ അത് അതിൻെറ വിശേഷണം (صفة) അല്ലാതെ വേറൊരു വാക്യമായുംവരാം. അപ്പോൾ അതിൻെറ മുമ്പത്തെ വാക്യത്തിന് 'യാതൊരു തൂണുകളുംകൂടാതെ ആകാശങ്ങളെ ഉയർത്തിയവനത്രെ അല്ലാഹു' എന്നും ترونها എന്ന വാക്യത്തിന് 'നിങ്ങൾ അവയെ-അഥവാ ആകാശങ്ങളെ (തൂണുകൂടാതെ) കണ്ടുകൊണ്ടിരിക്കുന്നു' എന്നും അർത്ഥമായിരിക്കും. രണ്ടായാലും ആശയത്തിൽ വ്യത്യാസമില്ലതാനും. ഉപരിഭാഗത്ത് സ്ഥിതി ചെയ്യുന്ന എല്ലാ ഗ്രഹങ്ങളും നക്ഷത്രലോകങ്ങളും ഒന്നൊഴിയാതെ അതാതിന് നിശ്ചയിക്കപ്പെട്ട സ്ഥാനവലയങ്ങളിൽനിന്നും, സഞ്ചാരമാർഗ്ഗങ്ങളിൽനിന്നും തെറ്റാതെ നിലകൊള്ളുന്നു. ഈ വ്യവസ്ഥക്ക് അല്ലാഹു ഒരു കാലാവധി നിശ്ചയിച്ചുവെച്ചിട്ടുണ്ട്. ലോകാവസാനഘട്ടം വരുമ്പോൾ ഈ വ്യവസ്ഥമാറി മറ്റൊരു വ്യവസ്ഥ നടപ്പിൽ വരുന്നു. 'എല്ലാം ഒരു നിർണ്ണയിക്കപ്പെട്ട അവധിവരെ സഞ്ചരിക്കുന്നു' വെന്ന് പറഞ്ഞത് ഇതിനെപ്പറ്റിയാകുന്നു.

അല്ലാഹു അർശിൽ ആരോഹണം ചെയ്ത് (استوى على العرش) എന്ന് പറഞ്ഞതിനെപ്പറ്റി സൂ: അഅ്റാഫ് 54: യൂനുസ് 3; സജദഃ4; ഹദീദ് 4 മുതലായ സ്ഥലങ്ങളിൽ വിവരിച്ചിട്ടുണ്ട്. അത് ഇവിടെയും ഓർക്കുക. അല്ലാഹുവിൻെറ സിംഹാസനാരോഹണത്തെ സംബന്ധിച്ച് അതെങ്ങിനെയെന്ന് തിട്ടപ്പെടുത്തുവാൻ നമുക്ക് സാദ്ധ്യമല്ലെങ്കിലും, ചെറുതും വലതുമായ അഖിലാണ്ഡകാര്യങ്ങളെല്ലാം അവൻെറ അധികാരത്തിലും നിയന്ത്രണത്തിലും മാത്രമാണ് നടക്കുന്നതെന്ന തത്വമാണ് അതിൽ അടങ്ങിയിരിക്കുന്നത്. തുടർന്നുള്ള വാക്യങ്ങളിൽനിന്ന് തന്നെ ഇത് വ്യക്തമാകുകയും ചെയ്യുന്നു. ഈ വചനത്തിലും, തുടർന്നുള്ള വചനങ്ങളിലുമായി വിവരിക്കപ്പെടുന്ന നിത്യസത്യങ്ങളായ ദൃഷ്ടാന്തങ്ങൾ മനുഷ്യരാകുന്ന നിങ്ങൾക്ക് വിവരിച്ചു തരുന്നത് മരണാനന്തരം നിങ്ങൾ അല്ലാഹുവിനെ കണ്ടുമുട്ടേണ്ടിവരുമെന്നും, നിങ്ങൾക്ക് രണ്ടാമതൊരു ജീവിതം കൂടിയുണ്ടെന്നും നിങ്ങൾ മനസ്സിലാക്കി ഉറപ്പിക്കുവാൻ വേണ്ടിയാകുന്നവെന്നത്രെ അവസാനത്തെ വാക്യം ഓർമ്മിപ്പിക്കുന്നത്.

وَهُوَ ٱلَّذِى مَدَّ ٱلْأَرْضَ وَجَعَلَ فِيهَا رَوَٰسِىَ وَأَنْهَـٰرًا ۖ وَمِن كُلِّ ٱلثَّمَرَٰتِ جَعَلَ فِيهَا زَوْجَيْنِ ٱثْنَيْنِ ۖ يُغْشِى ٱلَّيْلَ ٱلنَّهَارَ ۚ إِنَّ فِى ذَٰلِكَ لَـَٔايَـٰتٍ لِّقَوْمٍ يَتَفَكَّرُونَ ﴿٣﴾

3 അവനത്രെ, ഭൂമിയെ വിശാലപ്പെടുത്തുകയും, അതിൽ ഉറച്ചുനിൽക്കുന്ന മലകളെയും നദികളെയും ഉണ്ടാക്കുകയും ചെയ്തവനും. എല്ലാ ഫലവർഗ്ഗങ്ങളിൽനിന്നും തന്നെ, അതിൽ അവൻ ഈരണ്ട് ഇണകളെ ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. രാത്രിയെ അവൻ പകലിന് മൂടിയിടുന്നു. നിശ്ചയമായും, അതിൽ (ഒക്കെയും) ചിന്തിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുണ്ട്.

4 ഭൂമിയിൽ (തന്നെ)പരസ്പരം സമീപത്ത് നിലകൊള്ളുന്ന പല(തരം) ഖണ്ഡങ്ങളും, മുന്തിരികളുടേതായ പല (തരം)തോട്ടങ്ങളും, കൃഷികളുമുണ്ട്; ഇണച്ചമുള്ളവയും, ഇണച്ചമു ള്ളതല്ലാത്തതുമായ ഈത്തപ്പനകളും (ഉണ്ട്): ഒരേ വെള്ളം കൊണ്ട് അതിനു നനക്കപ്പെടുന്നു(എന്നിട്ടും). അവയിൽ ചിലതിനെ ചിലതിനേക്കാൾ തീറ്റയിൽ നാം ശ്രേഷ്ഠമാക്കുന്നു. നിശ്ചയമായും, അതിൽ (ഒക്കെയും) ബുദ്ധി കൊടു(ത്തുഗ്രഹി)ക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്.

وَفِي ٱلْأَرْضِ قِطَعٌ مُّتَجَـٰوِرَٰتٌ وَجَنَّـٰتٌ مِّنْ أَعْنَـٰبٍ وَزَرْعٌ وَنَخِيلٌ صِنْوَانٌ وَغَيْرُ صِنْوَانٍ يُسْقَىٰ بِمَآءٍ وَٰحِدٍ وَنُفَضِّلُ بَعْضَهَا عَلَىٰ بَعْضٍ فِي ٱلْأُكُلِ ۚ إِنَّ فِي ذَٰلِكَ لَـَٔايَـٰتٍ لِّقَوْمٍ يَعْقِلُونَ ﴿٤﴾

---

3 **وهو الذي** അവൻ യാതൊരുവനുമത്രേ, അവൻ തന്നെ യാതൊരുവൻ. **مد الأرض** അവൻ ഭൂമിയെ നീട്ടി (വിശാലപ്പെടുത്തി), അയച്ചുവിട്ടു. **وجعلَ فيها** അതിൽ ആക്കുക (ഉണ്ടാക്കുക)യും. **رواسي** ഉറച്ചു നിൽക്കുന്ന (നങ്കൂരമിട്ടു നിൽക്കുന്നവയെ (മലകളെ). **وأنهارا** നദി (പുഴ)കളെയും. **ومن كلِّ** എല്ലാറ്റിൽ നിന്നും. **الثمرات** ഫലവർഗ്ഗങ്ങളിലെ. **جعلَ فيها** അതിലവൻ ആക്കി (ഉണ്ടാക്കി)യിരിക്കുന്നു. **زوجين** രണ്ടു ഇണകളെ. **اثْنين** രണ്ടു (വീതം), (ഈ) രണ്ട്. **يغشي** അവൻ മൂടിയിടുന്നു. **الليلَ** രാത്രിയെ. **النهار** പകലിന്ന്. **إن في ذَلك** നിശ്ചയമായും അതിലുണ്ട്. **لآيات** പല ദൃഷ്ടാന്തങ്ങൾ (തന്നെ). **لقوم** ഒരു ജനങ്ങൾക്ക്. **يتفكرونَ** ചിന്തിക്കുന്ന, ഉറ്റാലോചിക്കുന്ന. 4 **وفي الأرض** ഭൂമിയിലുമുണ്ട്. **قطع** പല ഖണ്ഡങ്ങൾ, തുണ്ടങ്ങൾ, ഭാഗങ്ങൾ, മുറികൾ. **متجاورات** അന്യോന്യം അടുത്തു (ചേർന്ന്) നിൽക്കുന്ന, അന്യോന്യം അയൽപക്കത്തായുള്ള. **وجنات** തോട്ടങ്ങളും, തോപ്പുകളും. **من أعناب** മുന്തിരികളാലുള്ള. **وزرع** കൃഷിയും, കൃഷികളും. **ونخيلٌ** ഈന്തപ്പനയും, ഈന്തപ്പനകളും. **صنوانٌ** ഇണച്ചമുള്ള. **وغير صنوان** ഇണച്ചമില്ലാത്തവയും. **يسقى** അത് നനക്കപ്പെടുന്നു. **بماءٍ واحد** ഒരേ വെള്ളംകൊണ്ട്. **ونفضّلُ** നാം ശ്രേഷ്ടമാക്കുക (മെച്ചപ്പെടുത്തുക)യും ചെയ്യുന്നു. **بعضها** അവയിൽ ചിലതിനെ. **على بعض** ചിലതിനെക്കാൾ. **في الأكُل** തീറ്റയിൽ, തീനിയിൽ, കനിയിൽ. **إن في ذَلك** നിശ്ചയമായും അതിലുണ്ട്. **لآيات** പല ദൃഷ്ടാന്തങ്ങൾ, ദൃഷ്ടാന്തങ്ങൾ തന്നെ. **لقوم** ജനങ്ങൾക്ക്. **يعقلونَ** ബുദ്ധി കൊടുക്കുന്ന, ഗ്രഹിക്കുന്ന.

ഉപരിയാകാശങ്ങളെ തൂണുകൂടാതെ ഉയർത്തി വ്യവസ്ഥപ്പെടുത്തി വെച്ചതിനെ ഓർമ്മിപ്പിച്ചശേഷം, ഭൂമിയിൽ മനുഷ്യൻ നിത്യേന കണ്ടനുഭവിച്ചു കൊണ്ടിരിക്കുന്ന ഏതാനും ദൃഷ്ടാന്തങ്ങളെ അല്ലാഹു ഓർമ്മിപ്പിക്കുന്നു: (1) ഭൂമിയെ പരത്തി വിശാലമാക്കിയത്. ഭൂമി യഥാർത്ഥത്തിൽ ഒരു ഗോളാകൃതിയിലാണെങ്കിലും കാഴ്ചയിലും ഉപയോഗത്തിലും അത് പരപ്പും നിരപ്പുമാകുന്നു. അതിലെ നിവാസികൾക്കും അത് വിശാലമാകുന്നു. ആളെണ്ണി ഭൂപരിധി നിശ്ചയിക്കുകയോ, തലയെണ്ണി മനുഷ്യപരിധി നിർണ്ണയിക്കുകയോ വേണമെന്ന് വല്ലവർക്കും തോന്നിയിട്ടുണ്ടെങ്കിൽ, അത് ഭൂമിയുടെ വലുപ്പക്കുറവുകൊണ്ടോ, അതിൻെറ സ്രഷ്ടാവിൻെറ പോരയ്മകൊണ്ടോ അല്ല. മനുഷ്യൻ നിർമ്മിച്ചുണ്ടാക്കിയ അക്രമപരമായ അതിര് വരമ്പുകളുടെയും കുടുസ്സായ നിയമപരിധികളുടെയും ഫലമാണത്. അതെ, ظهر الفساد فى البر والبحر بما كسبت ايدى الناس (കരയിലും കടലിലും മനുഷ്യരുടെ കരങ്ങൾ ചെയ്തുവെച്ചത് നിമിത്തം കുഴപ്പം വെളിപ്പെട്ടിരിക്കുന്നു. (30: 41) (2) ഭൂമിക്ക് ഇളക്കവും ചരിവും ബാധിക്കാതെ ഉറച്ച് നിൽക്കുമാറ് അതിൻെറ ഘനം ശരിപ്പെടുത്തി നിറുത്തുന്നതിന് വമ്പിച്ച മലകളെ സ്ഥാപിച്ചത്. (3) ദൂരദേശങ്ങളിലേക്ക് വെള്ളം എത്തിച്ചുകൊടുക്കുകയും, കരയിൽ ഒതുങ്ങാതെവരുന്ന വെള്ളം സമുദ്രത്തിലേക്ക് ഒഴുക്കിവിടുകയും ചെയ്യുന്ന നദികളെ ഏർപ്പെടുത്തിയത്.

(4) വിവിധതരം ഫലവർഗ്ഗങ്ങളെ ഉൽപാദിപ്പിക്കുകയും, എല്ലാറ്റിലും ഈ രണ്ടുവീതം ഇണകളെ ഏർപ്പെടുത്തുകയും ചെയ്തത്. നാടൻ-കാടൻ, വലുത്-ചെറുത്, വെള്ള-ചുവപ്പ്, മധുരം-പുളി, മുന്തിയത്-താണത്, ആൺവർഗ്ഗം-പെൺവർഗ്ഗം എന്നിത്യാദി ഏതെങ്കിലും ഈ രണ്ട് വകുപ്പുകളില്ലാത്ത ഫലവർഗ്ഗങ്ങൾ കാണപ്പെടുകയില്ല. സസ്യങ്ങളടക്കം എല്ലാ വസ്തുക്കളിലും രണ്ട് ഇണകൾ ഉണ്ടെന്ന ഈ തത്വത്തെ ആധുനിക ശാസ്ത്രവും സമ്മതിക്കുന്നു. ഖുർആൻ ഒരു ദൈവീക ഗ്രന്ഥമണെന്നുള്ളതാണ് ഇതും കാണിക്കുന്നത്. (5) പകൽ മുഴുവനും വിവിധ ജോലിത്തിരക്കുകളിൽ മുഴുകിയിരിക്കുന്ന ജനകോടികൾക്ക് വിശ്രമാർത്ഥം രാത്രിയെക്കൊണ്ട് പകലിനെ മൂടി ഇരുട്ടും സ്വസ്ഥതയും നൽകുന്നത്. (6) അടുത്തടുത്തും തൊട്ടുതൊട്ടും സ്ഥിതി ചെയ്യുന്നതും, അതോടുകൂടി വ്യത്യസ്ഥ സ്വഭാവ ങ്ങളോടുകൂടിയതുമായ ഭൂപ്രദേശങ്ങൾ ഏർപ്പെടുത്തിയത്. മരുഭൂമി, വനഭൂമി, കൃഷിനിലം, തരിശുനിലം ഉൽപാദനയോഗ്യം, ഉൽപാദനയോഗ്യമല്ലാത്തത്, മണൽപ്രദേശം, ചളിപ്രദേശം എന്നിങ്ങിനെ ഒന്നിനൊന്ന് വ്യത്യാസപ്പെട്ടുകൊണ്ടാണല്ലോ ഭൂപ്രദേശങ്ങൾ സ്ഥിതി ചെയ്യുന്നത്. (7) പല ജാതികളും ഇനങ്ങളും ഉള്ള മുന്തിരിത്തോട്ടങ്ങളും, ഈന്തത്തോട്ടങ്ങളും പോലെയുള്ളവ ഉണ്ടാക്കിയത്. (8) ഈത്തപ്പനകളിൽ തന്നെ ഒരേ മുരടിൽ നിന്ന് ഇണച്ചവും ചിനപ്പും പൊട്ടി ഒന്നിലധികം ശാഖകൾ ഉള്ളതും, ഒറ്റത്തടി മാത്രമുള്ളതും എന്നിങ്ങിനെ വ്യത്യാസപ്പെടുത്തിയത്. അറബികൾക്ക് സുപരിചിതമായതെന്ന നിലക്ക് ഈന്തപ്പനയിലുള്ള ഈ തരവ്യത്യാസം മാത്രമേ അല്ലാഹു എടുത്ത് പറഞ്ഞിട്ടുള്ളുവെങ്കിലും നമ്മുടെ നാടുകളി ലുള്ള പപ്പായ, ഈന്ത് മുതലായ ചില പനവർഗ്ഗങ്ങളിലും-ചുരുക്കമെങ്കിലും ചിലപ്പോൾ തെങ്ങ്, കമുങ്ങ് എന്നിവയിലും കാണാവുന്നതാണിത്. (9) എല്ലാറ്റിനും ഒരേ വെള്ളം കൊണ്ടുതന്നെയാണ് നനവ് ലഭിക്കുന്നതെങ്കിലും എല്ലാം ഒരേ വിധത്തിലായിരിക്കാതെ മേൽപറഞ്ഞ പ്രകാരം പലതരത്തിലായി വളരുന്നത്. (10) ഓരോന്നിൽനിന്നും ലഭിക്കുന്ന ഭോജ്യവസ്തുക്കളെ ഒരേതരം ഗുണങ്ങളോട് കൂടിയാക്കാതെ ചിലതിന് ചിലതിനെക്കാൾ മെച്ചവും ഗുണവും നൽകിയത്. സ്വാദിലും, ഗുണത്തിലും, പോഷകത്തിലും, രുചിയിലുമെല്ലാം തന്നെ ഓരോന്നും മറ്റേതിൽനിന്ന് വ്യത്യസ്തമാണല്ലോ.

ഇങ്ങിനെ, നിത്യേന മനുഷ്യൻ കണ്ടറിഞ്ഞും, അനുഭവിച്ചുംകൊണ്ടിരിക്കുന്ന വമ്പിച്ച അനുഗ്രഹങ്ങൾ ഓരോന്നും തന്നെ അതിൻെറ പിന്നിൽ പ്രവർത്തിക്കുന്ന ആ മഹാശക്തിയാകുന്ന സ്രഷ്ടാവിനെപ്പറ്റി ഓർമ്മിപ്പിക്കുവാനും, അവൻെറ കഴിവും മഹത്വവും മനസ്സിലാക്കുവാനും ധാരാളം മതിയായ ദൃഷ്ടാന്തങ്ങളാകുന്നു. ഇതെല്ലാം അതിവിദ്ഗ്ധനായ ഒരു സൃഷ്ടി കർത്താവിൻെറ വ്യവസ്ഥകൊണ്ടല്ലാതെ സ്വയം അങ്ങ് സംഭവിക്കുന്നതാണെന്ന് വല്ലവരും കരുതുമോ?! കുരുതുന്നുവെങ്കിൽ അവർ വിഡ്ഢികളല്ലെ ങ്കിൽ- വക്രബു ദ്ധികളായിരിക്കുമെന്ന് തീർത്തുപറയാം. ഇതെല്ലാം വ്യവസ്ഥാപിതമായി സൃഷ്ടിച്ചു നടപ്പിൽ വരുത്തികൊണ്ടിരിക്കുന്ന ആ മഹാശക്തിക്ക്-അല്ലാഹുവിന് മരണശേഷം മനുഷ്യന് മറ്റൊരു ജീവിതം നൽകുവാൻ കഴിയുകയില്ലെന്നേ, അത് സംഭവ്യമല്ലെന്നോ പറയുന്നതും കടുത്ത വിഡ്ഢിത്തമത്രെ. അതാണ് അല്ലാഹു ചൂണ്ടിക്കാട്ടുന്നത്:-

وَإِن تَعْجَبْ فَعَجَبٌ قَوْلُهُمْ أَءِذَا كُنَّا تُرَٰبًا أَءِنَّا لَفِى خَلْقٍ جَدِيدٍ ۗ أُو۟لَٰٓئِكَ ٱلَّذِينَ كَفَرُوا۟ بِرَبِّهِمْ ۖ وَأُو۟لَٰٓئِكَ ٱلْأَغْلَٰلُ فِىٓ أَعْنَاقِهِمْ ۖ وَأُو۟لَٰٓئِكَ أَصْحَٰبُ ٱلنَّارِ ۖ هُمْ فِيهَا خَٰلِدُونَ ۝٥

5 നീ അത്ഭുതപ്പെടുന്നുവെങ്കിൽ അത്ഭുതമത്രെ അവരുടെ വാക്ക്. ''ഞങ്ങൾ മണ്ണായിട്ടാണോ ഞങ്ങൾ (വീണ്ടും) ഒരു പുതിയ സൃഷ്ടിപ്പി ലായിത്തീരുന്നത്?!'' [ഈ വാക്കിനെപ്പറ്റിയാണ് നീ അത്ഭുതപ്പെടേണ്ടത്] അക്കൂട്ടർ, തങ്ങളുടെ റബ്ബിൽ അവിശ്വസിച്ചവരത്രെ; അക്കൂട്ടരാകട്ടെ, വിലങ്ങുകൾ അവരുടെ കഴുത്തുകളിലുണ്ടായിരിക്കും; അക്കൂട്ടർ, നരകത്തിൻെറ ആൾക്കാരുമാ

കുന്നു. അവരതിൽ നിത്യവാസികളു മായി
രിക്കും.

---

5 **وإن تعجب** നീ ആശ്ചര്യപ്പെടുന്ന പക്ഷം, അത്ഭുതപ്പെടുന്നുവെങ്കിൽ. **فعجب** എന്നാൽ അത്ഭുതമാണ്. **قولهم** അവരുടെ വാക്ക്, പറയൽ. **أإذا كنا** ഞങ്ങൾ ആയിട്ടാണോ, ആയിരിക്കുമ്പോഴോ. **ترابا** മണ്ണ്. **أإنا** ഞങ്ങളോ. **لفي خلق** ഒരു സൃഷ്ടിപ്പിൽ (ആകുന്നത്). **جديد** പുതുതായ. **أولئك** അക്കൂട്ടർ. **الذين كفروا** അവിശ്വസിച്ചവരാകുന്നു. **بربهم** തങ്ങളുടെ റബ്ബിൽ. **وأولئك** അക്കൂട്ടർ, അവരാകട്ടെ. **الأغلالُ** വിലങ്ങ്(കുരുക്കു-ആമം)കൾ. **في أعناقهم** അവരുടെ കഴുത്തുകളിലുണ്ട് (ഉണ്ടായിരിക്കും). **وأولئك** അക്കൂട്ടർ. **أصحاب النار** നരകത്തിൻെറ ആൾക്കാരാകുന്നു. **هم فيها** അവർ അതിൽ. **خالدونَ** നിത്യവാസികളാണ്.

മേൽചൂണ്ടിക്കാട്ടിയതുപോലുള്ള ധാരാളം ദൃഷ്ടാന്തങ്ങളുടെ നേരെ കണ്ണടച്ചുകൊണ്ട് ഞങ്ങൾ മരിച്ചു മണ്ണായിട്ട് പിന്നെയും പുതുതായി സൃഷ്ടിക്കപ്പെടുകയോ എന്ന് പരിഹാസ രൂപത്തിൽ അവർ ചോദിക്കുന്നു! വല്ല വിഷയത്തിലും അൽഭുതപ്പെടാമെങ്കിൽ ഈ ചോദ്യത്തിലല്ലേ അൽഭുതപ്പെടേണ്ടത്? സത്യനിഷേധികളായ അവിശ്വാസികളാണു ഈചോദ്യം ചോദിക്കുന്നവർ. ഇപ്പോൾ അവർ സ്വതന്ത്രരായി കഴിയുന്നുവെങ്കിലും നരകത്തിൽവെച്ചു അവരുടെ കഴുത്തുകളിൽ വിലങ്ങുകളിട്ടു ബന്ധിക്കപ്പെടുക തന്നെ ചെയ്യും. അവർ നരകത്തിൽ നിത്യവാസികളുമായിരിക്കും.

'കഴുത്തിൽ വിലങ്ങുകളുണ്ടായിരിക്കും' എന്ന് പറഞ്ഞത് നരകത്തിൽ അവർക്കുണ്ടാകുന്ന അനുഭവമെന്ന നിലക്കാണ് മിക്ക വ്യാഖ്യാതക്കളും വ്യാഖ്യാനിക്കുന്നത്. പരമ്പരാഗതമായ അന്ധവിശ്വാസങ്ങൾക്ക് അവർ അടിമപ്പെട്ടിരിക്കുകയാണ്-അഥവാ അത് നിമിത്തമാണവർ വിശ്വസിക്കാത്തത്-എന്നാണതിൻെറ ഉദ്ദേശ്യമെന്നും ചില വ്യാഖ്യാതാക്കൾ പ്രസ്താവിച്ചിരിക്കുന്നു. الله اعلم

وَيَسْتَعْجِلُونَكَ بِٱلسَّيِّئَةِ قَبْلَ ٱلْحَسَنَةِ وَقَدْ خَلَتْ مِن قَبْلِهِمُ ٱلْمَثُلَٰتُ ۗ وَإِنَّ رَبَّكَ لَذُو مَغْفِرَةٍ لِّلنَّاسِ عَلَىٰ ظُلْمِهِمْ ۖ وَإِنَّ رَبَّكَ لَشَدِيدُ ٱلْعِقَابِ ۝٦

6 (നബിയേ) അവർ നിന്നോട് നൻമക്ക് മുമ്പായി തിൻമക്ക് ധൃതി കൂട്ടിക്കൊണ്ടിരിക്കുന്നു; അവരുടെമുമ്പ് മാതൃകാശിക്ഷകൾ (പലതും) കഴിഞ്ഞുപോയിട്ടുണ്ടുതാനും. [അതവർ ഓർക്കുന്നില്ല] നിശ്ചയമായും നിൻെറ റബ്ബ് മനുഷ്യരുടെ അക്രമത്തോടുകൂടി (യും) അവർക്ക് പാപമോചനം നൽകുന്നവൻ തന്നെ.നിശ്ചയമായും, നിൻെറ റബ്ബ്, കഠിനമായ ശിക്ഷാനടപടിയെടുക്കുന്നവനും തന്നെയാകുന്നു.

وَيَقُولُ ٱلَّذِينَ كَفَرُوا۟ لَوْلَآ أُنزِلَ عَلَيْهِ ءَايَةٌ مِّن رَّبِّهِۦٓ ۗ إِنَّمَآ أَنتَ مُنذِرٌ ۖ وَلِكُلِّ قَوْمٍ هَادٍ ۝٧

7 (ആ) അവിശ്വസിച്ചവർ പറയുന്നു: ''ഇവൻെറ റബ്ബിങ്കൽനിന്ന് ഒരു (പ്രത്യേക) ദൃഷ്ടാന്തം ഇവന് അവതരിപ്പിക്കപ്പെടാത്തതെന്ത്?'' (ന ബിയേ) നീ ഒരു മുന്നറിയിപ്പ് നൽകുന്നവൻ മാത്രമാകുന്നു. എല്ലാ ജനങ്ങൾക്കുമുണ്ട് ഒരു വഴികാട്ടി. [ഇവരുടെ വഴികാട്ടിയത്രെ നീ].

---

6 **ويستعجِلُونك** അവർ നിന്നോട് ധൃതി കൂട്ടുന്നു. **بِالسيِئَة** തിൻമയെപ്പറ്റി, തിന്മക്ക്. 3\ **قَبلَ الْحسنة**മയുടെ
മുമ്പ്. **وقَد خلَت** കഴിഞ്ഞുപോയിട്ടുണ്ടുതാനും, കഴിഞ്ഞിട്ടും. **من قَبلهم** അ(ഇ)വർക്ക് മുമ്പ്. **الْمثُلَات**
മാതൃകാ ശിക്ഷകൾ. **وإِن ربك** നിശ്ചയമായും, നിൻെറ റബ്ബ്. **لَذُو مغفرة** പാപമോചനം നൽകുന്ന
(പൊറുക്കുന്ന)വൻ തന്നെ. **للناسِ** മനുഷ്യർക്ക്. **علَى ظُلْمهم** അവരുടെ അക്രമത്തോടെ. **وإِن ربك** നിശ്ച
യമായും നിൻെറ റബ്ബ്. **لَشديد** കഠിനമായവൻതന്നെ. **الْعقَابِ** ശിക്ഷാനടപടി. 7 **ويقُولُ** പറയുന്നു. **الذين**
كَفَروا അവിശ്വസിച്ചവർ. **لَولَا أُنزِلَ** ഇറക്കപ്പെട്ടുകൂടെ, അവതരിപ്പിക്കപ്പെടാത്തതെന്തു. **علَيه**
അവൻെറമേൽ, ഇവന്. **آيةٌ** ഒരു ദൃഷ്ടാന്തം ഒരു ദൃഷ്ടാന്തവും. **من ربه** തൻെറ റബ്ബിൽനിന്ന്. **إِنما**
أَنت നിശ്ചയമായും നീ (മാത്രം). **منذر** ഒരു മുന്നറിയിപ്പ് നൽകുന്നവൻ (മാത്രം). **ولكُلِّ قَومٍ** എല്ലാ ജന
ങ്ങൾക്കും (ജനതക്കും) ഉണ്ട്. **هاد** ഒരു വഴികാട്ടി, മാർഗ്ഗദർശകൻ.

രക്ഷക്കും സമാധാനത്തിനും ആഗ്രഹിക്കുകയോ, സത്യവിശ്വാസംവഴി അതിനുള്ള മാർഗ്ഗം അവലംബിക്കുകയോ ചെയ്യാതെ-അതിന് മുമ്പായി-തങ്ങളോട് താക്കീത് ചെയ്യപ്പെടുന്ന ആ ശിക്ഷ ഇങ്ങോട്ടുവരട്ടെ എന്ന് മുശ്‌രിക്കുകൾ ധൃതികൂട്ടിയിരുന്നുതി നെപ്പറ്റിയാണ് ആദ്യത്തെ വചനത്തിൽ പ്രസ്താവിക്കുന്നത്. ഇവരെപ്പോലെയുള്ള നിഷേധികൾക്ക് അല്ലാഹുവിങ്കൽ നിന്നുള്ള കടുത്ത ശിക്ഷകൾ അനുഭവിക്കേണ്ടി വരുമെ ന്നുള്ളതിന് എത്രയോ ഉദാഹരണങ്ങൾ മുമ്പ് കഴിഞ്ഞുപോയിട്ടുണ്ട്. അതുപോലെ വല്ല ശിക്ഷയും ഇവർക്കും വരാമെന്ന് ഇവർ ധരിച്ചിരിക്കട്ടെ. പെട്ടെന്ന് നടപടിയെടുക്കാ തിരിക്കുന്നത് അല്ലാഹുവിൻെറ ഔദാര്യംകൊണ്ട് മാത്രമാണ്. മനുഷ്യരുടെ അക്രമങ്ങൾ പരിഗണിക്കുമ്പോൾ അപ്പപ്പോൾ നടപടി എടുക്കാവുന്നതാണെങ്കിലും അല്ലാഹു അവരോട് വിട്ടുവീഴ്ച കാണിക്കുകയാണ് ചെയ്യുന്നത്. ശിക്ഷാനടപടി എടക്കുമ്പോഴാകട്ടെ, അത് കഠിനതരവുമായിരിക്കും. ഇതൊക്കയൊണ് അവർക്ക് നൽകുന്ന മറുപടിയുടെ സാരം.

അതേ മുശ്‌രിക്കുകളുടെ മറ്റൊരു പരിഹാസമാണ് രണ്ടാമത്തെ വചനത്തിൽ കാണുന്നത്. നബി (ﷺ) യുടെ സത്യത തെളിയിക്കുന്ന ധാരാളം ദൃഷ്ടാന്തങ്ങൾ മുമ്പിലുണ്ടായിരുന്നിട്ടും അതൊന്നും വകവെക്കാതെ അവർ പിന്നെയും വേറെ ദൃഷ്ടാന്തങ്ങൾ ചോദിച്ചു കൊണ്ടിരിക്കും. (6; 8: 10; 20: 25; 21: 17; 90. 93 മുതലായവ നോക്കുക) ഇതിന് നൽകിയ മറുപടിയുടെ സാരം ഇതാണ്: ദൃഷ്ടാന്തങ്ങൾ കാട്ടിക്കൊടുക്കുവാനുള്ള കഴിവോ, ചുമതലയോ നബി (സ)ക്കില്ല. അവരെ ഉപദേശിക്കലും താക്കീതും ചെയ്യലും മാത്രമാണ് അവിടുന്ന് ചെയ്യേണ്ടത്. ഓരോ സമുദായത്തിനും സൻമാർഗ്ഗദർശനം നൽകുവാൻ അല്ലാഹു പ്രത്യേകം ദൂതൻമാരെ അയക്കുകയുണ്ടായിട്ടുണ്ട്. അത് പോലെ, ഈ സമുദായത്തിൻെറ വഴികാട്ടിയായി അയക്കപ്പെട്ട ഒരാളാണ് നബി (സ) യും.

വിഭാഗം-2

8 എല്ലാ (ഓരോ) പെണ്ണും ഗർഭം ധരിക്കുന്നത് അല്ലാഹു അറിയുന്നു; ഗർഭാശയങ്ങൾ കുറവ് വരുത്തുന്നതും. അവ(ക്ക്) വർദ്ധനവ് വരുന്നതും (അറിയുന്നു). എല്ലാ കാര്യവും (തന്നെ) അവൻെറ അടുക്കൽ ഒരു (നിശ്ചിത) തോ തനുസരിച്ചാകുന്നു.

ٱللَّهُ يَعۡلَمُ مَا تَحۡمِلُ كُلُّ أُنثَىٰ وَمَا تَغِيضُ ٱلۡأَرۡحَامُ وَمَا تَزۡدَادُۖ وَكُلُّ شَيۡءٍ عِندَهُۥ بِمِقۡدَارٍ ﴿٨﴾

9 (അവൻ) അദൃശ്യത്തെയും, ദൃശ്യത്തെയും അറിയുന്നവനാണ്; മഹാനാണ്; അത്യുന്ന തനായുള്ളവനാണ്.

عَٰلِمُ ٱلۡغَيۡبِ وَٱلشَّهَٰدَةِ ٱلۡكَبِيرُ ٱلۡمُتَعَالِ ﴿٩﴾

10 നിങ്ങളിൽ നിന്ന് വാക്കിനെ രഹസ്യമാക്കിയവനും, അതിനെ പരസ്യമാക്കിയവനും (അവൻെറ അടുക്കൽ) സമമാകുന്നു; യാതൊരുവൻ രാത്രിയിൽ ഒളിഞ്ഞിരിക്കുന്നുവോ അവനും, പകലിൽ വെളിക്ക് വരുന്നവനും (സമമാണ്).

سَوَآءٌ مِّنكُم مَّنْ أَسَرَّ ٱلْقَوْلَ وَمَن جَهَرَ بِهِۦ وَمَنْ هُوَ مُسْتَخْفٍۭ بِٱلَّيْلِ وَسَارِبٌۢ بِٱلنَّهَارِ ﴿١٠﴾

---

8 **الله يعلم** അല്ലാഹു അറിയും, അറിയുന്നു. **ما تحملُ** ഗർഭം ധരിക്കുന്നതിനെ. **كُلّ أنثى** എല്ലാ പെണ്ണും. **وما تغيض** കുറവ് വരുത്തുന്നതും, ചുരുങ്ങിപ്പോകുന്നതും. **الأرحام** ഗർഭാശയങ്ങൾ. **وما تزداد** അവ അധികരിപ്പിക്കുന്നതും, വർദ്ധിക്കുന്നതും. **وكُلّ شيءٍ** എല്ലാ കാര്യവും, വസ്തുവും. **عنده** അവൻെറ അടുക്കൽ. **بمقْدار** ഒരു തോത് (കണക്ക്-അളവ്) അനുസരിച്ചാണ്.. 9 **عالم الغيب** അദൃശ്യത്തെ അറിയുന്നവനാണ്. **والشهادة** ദൃശ്യത്തെയും. **الكَبِير** വലിയവനാണ്, മഹാനാണ്. **المتعال** അത്യുന്നതനാണ്. 10 **سواءٌ** സമമാണ്, ഒരുപോലെയാണ്. **منكُم** നിങ്ങളിൽനിന്ന്. **من أسر** സ്വകാര്യ (രഹസ്യ)മാക്കിയവൻ. **الْقَولَ** വാക്ക്, പറയുന്നതിനെ. **ومن جهر** ഉറക്കെയാക്കി (പരസ്യമാക്കി)യവനും. **به** അതിനെ, അതുകൊണ്ട്. **ومن** ഒരുവനും, യാതൊരുവനും. **هو** അവൻ. **مستخف** മറഞ്ഞി(ഒളിഞ്ഞി)രിക്കുന്നവനാണ്. **بالليل** രാത്രിയിൽ. **وسارب** പ്രത്യക്ഷത്തിൽ(വെളിയിൽ)വരുന്നവനും. **بالنهار** പകലിൽ..

അല്ലാഹുവിൻെറ സർവ്വജ്ഞതയും, സൂക്ഷ്മജ്ഞതയും വെളിപ്പെടുത്തുന്ന ചില യാഥാർത്ഥ്യങ്ങളാണ് ഈ വചനങ്ങളിൽ കാണുന്നത്. ഓരോ പെണ്ണും ഗർഭം ധരിക്കുന്നതിനെയും അതിൽ വരുന്ന ഏറ്റക്കുറവുകളെയും അവൻ അറിയുന്നു. അതെ, ഗർഭം എപ്പോൾ ഉണ്ടാകുന്നു, എപ്പോൾ പ്രസവിക്കുന്നു. ആണാണോ, പെണ്ണാണോ, പൂർണ്ണ ഗാത്രമോ, വികലഗോത്രമോ, ഭാഗ്യമുള്ളതോ, നിർഭാഗ്യമുള്ളതോ, തടിച്ചതോ, മെലിഞ്ഞതോ, സ്വരൂപിയോ, വിരൂപിയോ, എന്നിത്യാദികാര്യങ്ങളും; ഓരോ ഗർഭത്തിലും എത്രകുട്ടി ജനിക്കുമെന്ന് തുടങ്ങിയ കാര്യങ്ങളും അവനറിയാം. ഓരോ വസ്തുവിനും, ഓരോ കാര്യത്തിനും അത് ഇന്നിന്ന പ്രകാരം ആയിരക്കണമെന്നും, ആയിരിക്കുമെന്നും അവൻ ഓരോ തോതും കണക്കും നിശ്ചയിച്ചിട്ടുണ്ട്. അതനുസരിച്ചു മാത്രമോ എല്ലാം സംഭവിക്കുകയുള്ളു. രഹസ്യപരസ്യമെന്ന വ്യത്യാസം അവനെ സംബന്ധിച്ചിടത്താളം ഇല്ലതന്നെ. രണ്ടും അവന് ഒരുപോലെയാകുന്നു. ഉദാഹരണമായി, രാത്രിയുടെ കൂരിരുട്ടിൽ ഒളിഞ്ഞ് മറഞ്ഞിരിക്കുന്നവനും, പകൽ വെളിച്ചത്തിൽ വെളിക്കിറങ്ങി നടക്കുന്നവനും അവൻെറ അടുക്കൽ സമമാണ്. മഹത്വത്തിൻെറയും, ഉന്നതിയുടെയും പാരമ്യം പ്രാപിച്ചവനാണ് അവൻ.

നബി (ﷺ) അരുളിച്ചെയ്തതായി ഇബ്നു ഉമർ (رضي الله عنه) ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു: ''അദൃശ്യജ്ഞാനത്തിൻെറ താക്കോലുകൾ (പ്രധാന വിഷയങ്ങൾ) അഞ്ചെണ്ണമാകുന്നു. അല്ലാഹു അല്ലാതെ അവ അറിയുകയില്ല. നാളെ (ഭാവിയിൽ)എന്തുണ്ടാകുമെന്ന് അല്ലാഹു അല്ലാതെ അിറയുകയില്ല. ഗർഭാശയങ്ങൾ കുറവ് വരുത്തുന്നതെന്താണെന്ന് അല്ലാഹു അല്ലാതെ അറിയുകയില്ല. മഴ വരുക എപ്പോഴാണെന്ന് അല്ലാഹു അല്ലാതെ അറിയുകയില്ല. ഏത് ഭൂമിയിലാണ് താൻ മരണപ്പെടുകയെന്ന് ഒരാളും അറിയുകയില്ല. അന്ത്യസമയം എപ്പോൾ നിലവിൽ വരുമെന്നു അല്ലാഹു അല്ലാതെ അറിയുകയില്ല.'' (ബുഖാരി) ഭൂത-വർത്തമാന-ഭാവികാല വ്യത്യാസം കൂടാതെ, ചെറുപ്പ വലുപ്പ വ്യത്യാസം കൂടാതെ, സകല കാര്യങ്ങളും അല്ലാഹുവിൻെറ അറിവും, നിശ്ചയവും, പരിപാടിയും അനുസരിച്ചു മാത്രമേ സംഭവിക്കുകയുള്ളുവെന്നുള്ളതിന് മതിയായ തെളിവത്രെ ഈ വചനങ്ങൾ. (കൂടുതൽ വിശദീകരണത്തിന് സൂ: ഹദീദിന് ശേഷമുള്ള 'ഖളാഖദ്ർ' എന്ന വ്യാഖ്യാനക്കുറിപ്പ് നോക്കുക) മനുഷ്യരെ ആപത്തുകളിൽനിന്ന് കാത്ത് രക്ഷിക്കുവാൻ വേണ്ടി അജ്ഞാതമായ ചില ഏർപ്പാടുകൾ അല്ലാഹു ചെയ്തുവെച്ചിട്ടുണ്ടെന്ന് അടുത്ത വചനത്തിൽ അല്ലാഹു അറിയിക്കുന്നു:-

لَهُۥ مُعَقِّبَٰتٌ مِّنۢ بَيۡنِ يَدَيۡهِ وَمِنۡ خَلۡفِهِۦ يَحۡفَظُونَهُۥ مِنۡ أَمۡرِ ٱللَّهِۗ إِنَّ ٱللَّهَ لَا يُغَيِّرُ مَا بِقَوۡمٍ حَتَّىٰ يُغَيِّرُواْ مَا بِأَنفُسِهِمۡۗ وَإِذَآ أَرَادَ ٱللَّهُ بِقَوۡمٖ سُوٓءٗا فَلَا مَرَدَّ لَهُۥۚ وَمَا لَهُم مِّن دُونِهِۦ مِن وَالٍ ﴿١١﴾

11 അവന് [മനുഷ്യന്] അവൻെറ മുമ്പിലൂടെയും, പിമ്പിലൂടെയും (ഒന്നിനുശേഷം ഒന്നായി) തുടർന്നുവരുന്ന ചില കൂട്ടങ്ങളുണ്ട്: അല്ലാഹുവിൻെറ കല്പനയാൽ അവർ അവനെ കാത്തുകൊണ്ടിരിക്കുന്നു. നിശ്ചയമായും, ഒരു ജനതയും അവരുടെ സ്വന്തങ്ങളിലുള്ളതിനെ [സ്വന്തം സ്ഥിതിഗതികളെ] മാറ്റം വരുത്തു ന്നതുവരേക്കും അവരി(ൽ നിലവി)ലുള്ളതിനെ അല്ലാഹു മാറ്റം വരുത്തുകയില്ല. ഒരു ജനതയെപ്പറ്റി വല്ല തിൻമയും അല്ലാഹു ഉദ്ദേശിച്ചാൽ, അതിന് യാതൊരു തടവുമില്ല; അവനു പുറമെ ഒരു രക്ഷാധികാരിയും അവർക്കില്ലതാനും.

---

11 **له** അവന്നുണ്ട്. **معقبات** തുടർച്ചയായി (ഒന്നിനുപിന്നാലെ ഒന്നായി) വരുന്നവ. **من بين يديه** അവൻെറ മുമ്പിലൂടെ. **ومن خلفه** അവൻെറ പിമ്പിലൂടെയും. **يحفظونه** അവർ അവനെ കാക്കുന്നു, സൂക്ഷിക്കുന്നു. **من أمر** കൽപനയാൽ, കൽപന നിമിത്തം. **الله** അല്ലാഹുവിൻെറ. **إن الله** നിശ്ചയമായും അല്ലാഹു. **لا يغير** മാറ്റം (വ്യത്യാസം) വരുത്തുകയില്ല. **ما بقوم** ഒരു ജനതയി(ജനങ്ങളി)ലുള്ളതിനെ. **حتى يغيروا** അവർ മാററം (വ്യത്യാസം) വരുത്തുന്നതുവരേക്കും. **ما بأنفسهم** അവരുടെ സ്വന്തങ്ങളിലുള്ളതിനെ. **وإذا أراد** ഉദ്ദേശിച്ചാൽ. **الله** അല്ലാഹു. **بقوم** ഒരു ജനതയെപ്പറ്റി, വല്ല ജനങ്ങളിലും, ജനതയെക്കൊണ്ടും വല്ല തിൻമയും, ഒരു തിൻമ. **سوءًا** വല്ല തിൻമയും, ഒരു തിൻമ. **فلا مرد** എന്നാൽ തടവില്ല, തടുക്കൽ ഇല്ല. **له** അതിന്. **وما لهم** അവർക്കില്ലതാനും. **من دونه** അവന് പുറമെ, അവനെകൂടാതെ. **من والٍ** ഒരു രക്ഷാധികാരിയും.

معقبات (മുഅഖ്-ഖിബാത്ത്)എന്ന വാക്കിന് 'ആദ്യത്തെ സംഘത്തിന് പിന്നാലെ മറ്റേ സംഘം തുടർന്നു വരുന്ന കാവൽക്കാരായ മലക്കുകൾ (ملائكة حفظة تعقب الاولى منها الاخرى) എന്നാണ് ഇമാം ബുഖാരീ (رحمه الله) അർത്ഥം ഉദ്ധരിച്ചിരിക്കുന്നത്. ഖുർആൻ വ്യാഖ്യാതാക്കളിൽ ഭൂരിഭാഗവും സ്വീകരിക്കുന്നതും, കൂടുതൽ സ്വീകാര്യമായതുമായ അർത്ഥവും അതു തന്നെ. നബി (ﷺ) ഒരു ഹദീസിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: ''ഒരു കൂട്ടം മലക്കുകൾ രാത്രിയും, ഒരുകൂട്ടം മലക്കുകൾ പകലുമായി നിങ്ങളിൽ തുടർന്നുവന്നുകൊണ്ടിരിക്കും. സുബ്ഹ് നമസ്കാരത്തിലും, അസർ നമസ്കാരത്തിലും അവർ ഒരുമിച്ചു ചേരും. രാത്രി കഴിച്ചു കൂട്ടിയവർ കയറിച്ചെല്ലുമ്പോൾ അല്ലാഹു-അവന് നിങ്ങളെപ്പറ്റി കൂടുതൽ അറിയാവുന്നതോടുകൂടിത്തന്നെ-അവരോട് ചേദിക്കും: എൻെറ അടിയാൻമാരെ നിങ്ങൾ വിട്ടു പോന്നത് എങ്ങിനെയാണ്? അവർ പറയും: ഞങ്ങൾ അവരുടെ അടുക്കൽ ചെന്നത് അവർ നമസ്കരിച്ചുകൊണ്ടിരിക്കുന്നമ്പോഴാണ്; ഞങ്ങൾ അവരെ വിട്ടു പോന്നതും അവർ നമസ്കരിച്ചുകൊണ്ടിരിക്കുമ്പോഴാണ്'' (ബു; മു.)

ഓരോ തരത്തിലായി എല്ലായ്പ്പോഴും മലക്കുകൾ മനുഷ്യനോട് ബന്ധപ്പെട്ടു വരുന്നുണ്ടെന്നു പല ഹദീസുകളിൽനിന്നും അറിയപ്പെട്ടതും, ചില ഖുർആൻ വചനങ്ങളിൽനിന്ന് മനസ്സിലാക്കാവുന്നതുമാകുന്നു, അത്രയുമല്ല, ഈ ഭൗമികമായ കാര്യങ്ങളിൽതന്നെയും മലക്കുകൾ പല തരത്തിൽ ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നുണ്ടെന്ന യാഥാർത്ഥ്യം-അത് ഭൗതിക ദൃഷ്ടികൾക്കോ മനുഷ്യശാസ്ത്രങ്ങൾക്കോ അജ്ഞാതമാണെങ്കിലും ഖുർആനും ഹദീസും മുഖേന സ്ഥാപിതമായിട്ടുള്ളതാണ്. അല്ലാഹുവിലും, അദൃശ്യ കാര്യങ്ങളിലും വിശ്വാസമുള്ളവർക്കൊന്നും അത് നിഷേധിക്കേണ്ടുന്ന ഗതികേടും വരുകയില്ല. **معقبات** കൊണ്ട് വിവക്ഷ കേവലം ചില 'പ്രകൃ

തി ശക്തികളാ'ണെന്നും മറ്റും വരുത്തിത്തീർക്കുവാൻ ചിലർ സാഹസപ്പെട്ടു കാണുന്നു. മേൽകണ്ട യഥാർത്ഥങ്ങളുടെ നേരെയുള്ള അവഗണനയിൽനിന്ന് ഉൽഭവിച്ചതാണ് ആ വ്യാഖ്യാനം يحفظو نه من أمر الله (അല്ലാഹുവിൻെറ കൽപന നിമിത്തം അവർ അവനെ കാക്കുന്നു) എന്നു അതിനെ വിശേഷിപ്പിച്ചതിൽ നിന്നുതന്നെ ആ 'ശക്തികൾ' കേവലം ബുദ്ധിജീവികളായിരിക്കുമെന്ന് വ്യക്തമാകുന്നു താനും. മനുഷ്യൻെറ കർമ്മങ്ങളെല്ലാം രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്ന രണ്ട് മലക്കുകൾ അവൻെറ വലത്തും ഇടത്തുമായി സദാ നിലവിലുണ്ടെന്നു 50: 18; 82: 10; 11 എന്നീ വചനങ്ങളിൽ അല്ലാഹു അറിയിച്ചു തന്നിട്ടുള്ളതാണ്. അതുപോലെ അവൻെറ മുമ്പിലും പിമ്പിലുമായി അവനെ തിൻമകളിൽനിന്നും ഉപദ്രവങ്ങളിൽ നിന്നും കാക്കുന്ന വേറൊരു വിഭാഗം മലക്കുകൾ ഊഴം വെച്ചു മാറിമാറി വന്നുകൊണ്ടിരിക്കുന്നുണ്ടെന്നത്രെ ഈ വചനം അറിയിക്കുന്നത്.

يحفظو نه من أمر الله (അല്ലാഹുവിൻെറ കൽപ്പന നിമിത്തം അവർ അവനെ കാക്കുന്നു) എന്ന വാക്യത്തെ സംബന്ധിച്ച് ഇബ്നു അബ്ബാസ് (ﷺ)ൽ നിന്ന് ഇങ്ങിനെ നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: 'അവർ അവനെ മുമ്പിലൂടെയും പിമ്പിലൂടെയും കാക്കുന്നു. എന്നാൽ, അല്ലാഹുവിൻെറ വിധി നിശ്ചയം വരുമ്പോൾ അവർ അവനിൽനിന്ന് ഒഴിഞ്ഞുപോകും.' മുജാഹിദ് (ﷺ) പറഞ്ഞതായി ഇങ്ങിനെ നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: ''ഒരു അടിയാനും തന്നെ അവൻെറ ഉറക്കിലും, അവൻെറ ഉണർച്ചയിലും ജിന്ന്, മനുഷ്യൻ, പ്രാണികൾ എന്നിവയിൽ നിന്ന് അവനെ കാക്കുവാൻ ഏൽപിക്കപ്പെട്ട ഒരു മലക്ക് ഇല്ലാത്തവനില്ല. അവയിൽപെട്ട വല്ലതും അവനെ ഉദ്ദേശിച്ചു വരുമ്പോൾ, അല്ലാഹു അനുവാദം നൽകിയതൊഴിച്ച് ബാക്കി എല്ലാറ്റിനോടും ആ മലക്ക്, 'പിന്നോക്കം പോകുക' എന്നു പറയാതിരിക്കുകയില്ല.' അലി (ﷺ) പറഞ്ഞതായി ഇങ്ങിനെയും രിവായത്ത് വന്നിരിക്കുന്നു. 'ഒരു അടിയാൻെറ കൂടെയും തന്നെ, അവൻെറ മേൽ വല്ല മതിലും വീഴുകയോ, അവൻ കിണറ്റിൽ വീഴുകയോ, അവനെ ദുഷ്ടമൃഗം പിടിക്കുകയോ, അവൻ മുങ്ങിപ്പോകുകയോ, കരിഞ്ഞുപോകുകയോ ചെയ്യുന്നതിൽ നിന്ന് കാത്തുകൊണ്ടിരിക്കുന്ന മലക്കുകൾ ഇല്ലാതെയില്ല. (അല്ലാഹുവിൻെറ) വിധി വരുമ്പോൾ അവൻെറയും വിധിയുടെയുമിടയിൽ അവർ ഒഴിവാക്കിക്കൊടുക്കും. അഥവാ അത് അല്ലാഹു വിധിച്ചപോലെ വരട്ടെ എന്നുവെച്ച് അവർ ഒഴിഞ്ഞു നിൽക്കുമെന്ന് സാരം. ആപത്തുകളിൽ നിന്നും തിൻമകളിൽ നിന്നും മനുഷ്യനെ കാത്തു രക്ഷിക്കുവാൻ മലക്കുകൾ ഉണ്ടെങ്കിൽ പിന്നെ, മനുഷ്യൻ എന്തുകൊണ്ട് ചിലപ്പോൾ ആപത്തുകൾക്ക് വിധേയനാകുന്നു? എന്നു ചോദിക്കുന്ന പക്ഷം അതിനുള്ള മറുപടി ഈ മഹാൻമാരുടെ പ്രസ്താവനകളിൽനിന്ന് മനസ്സിലാക്കാമല്ലോ. വേണ്ടാ, തുടർന്നു കൊണ്ടുള്ള വാക്യങ്ങളിൽതന്നെയും ഇതിന് മറുപടി കാണാവുന്നതാണ്.

തുടർന്നുള്ള വാക്യങ്ങളിൽ മൂന്നുകാര്യങ്ങൾ അല്ലാഹു ഉണർത്തിയിരിക്കുന്നു: (1) ഒരു ജനത അവരുടെ സ്ഥിതി ഗതികളിൽ മാറ്റം വരുത്തുന്നതുവരെ അല്ലാഹു അവരുടെ സ്ഥിതിയിൽ മാറ്റം വരുത്തുകയില്ല (ان الله لا يغير ما بقوم ...) ഒരു ജനസമൂഹത്തിൻെറ അഭിവൃദ്ധിക്കോ, ഭദ്രതക്കോ, സമാധാനത്തിനോ തകരാറ് ബാധിക്കുന്നുവെങ്കിൽ അത് അവരുടെ തന്നെ ചെയ്തികളുടെ ഫലമായിരിക്കുമെന്ന് ഇതിൽനിന്ന് വ്യക്തമാകുന്നു. സമൂഹത്തിലെ ഓരോ വ്യക്തിക്കും ആ ചെയ്തികളിൽ പങ്കുണ്ടായിക്കൊള്ളണമെന്നില്ല. ചിലപ്പോൾ, അവരിൽപെട്ട ഒരു വിഭാഗത്തിൻെറയോ ചില വ്യക്തികളുടെയോ ചെയ്തികളായിരിക്കും സമൂഹത്തിന് പൊതുവെ നാശകരമായി കലാശിക്കുന്നത്. അതാണ് മറ്റൊരു സ്ഥലത്ത് അല്ലാഹു ചൂണ്ടിക്കുട്ടുന്നത്: واتقوا فتنة لاتصين الذين ظلموا منكم خاصة (നിങ്ങളിൽനിന്ന് അക്രമം പ്രവർത്തിച്ചവർക്ക് മാത്രമായി ബാധിക്കാത്ത കുഴപ്പത്തെ സൂക്ഷിക്കുവിൻ (8:25.) അബൂബക്കർ സിദ്ദീഖ് (ﷺ) ഉദ്ധരിച്ച ഒരു നബി വചനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു: 'അക്രമിയെ കണ്ടിട്ട് ജനങ്ങൾ അവൻെറ കൈക്ക് പിടിക്കുന്നില്ലെങ്കിൽ, അല്ലാഹു തൻെറ പക്കൽനിന്നുള്ള വല്ല ശിക്ഷയും അവർക്ക് പൊതുവായി ബാധിഭപ്പിക്കുമാറാകുന്നതാണ്.' (ദാ; തി; ന.) ഒരേ ഒരു നേതാവിൻെറയോ ഭരണത്തലവമേയോ

ഒരു കൊള്ളരുതായമമൂലം ഒരു സംഘടനക്കോ, ഒരു രാഷ്ട്രത്തിനോ വമ്പിച്ച നാശനഷ്ടങ്ങൾ സംഭവിക്കുന്നത് അപൂർവ്വമല്ലല്ലോ.

2. ഏതെങ്കിലും ഒരു കൂട്ടർക്ക് വല്ല തിൻമയും ബാധിക്കണമെന്ന് അല്ലാഹു ഉദ്ദേശിച്ചാൽ പിന്നെ അതിന് യാതൊരു തടവും ഉണ്ടായിരിക്കയില്ല. (وإذا أراد الله بقوم سوء فلامرد له) രോഗം, ക്ഷാമം, പരാജയം, ഭയം, ദേഹനഷ്ടം, ധനനഷ്ടം തുടങ്ങിയ എല്ലാതരം തിൻമകളും ഇതിൽ ഉൾപ്പെടുന്നു. പക്ഷേ, പ്രത്യേകമായ(അവരിൽനിന്നുള്ള) കാരണമോ, യുക്തമായ ലക്ഷ്യമോ കൂടാതെ അങ്ങിനെ അല്ലാഹു ഉദ്ദേശിക്കുകയില്ലെന്ന് തീർച്ചതന്നെ. അല്ലാഹു അങ്ങിനെ ഉദ്ദേശിച്ചു കഴിഞ്ഞാൽ പിന്നെ, ആരാലും ഒരു കാരണത്താലും അത് തടയുവാൻ ആർക്കും സാധ്യമല്ലെന്ന് താൽപര്യം. 3. മനുഷ്യരുടെ കൈകാര്യങ്ങൾ നടത്തുന്ന യഥാർത്ഥ രക്ഷാധികാരി അല്ലാഹുവല്ലാതെ മറ്റാരുമല്ല. (وما لهم من دونه من وا ل) ദൈവങ്ങൾക്കോ, ദിവ്യൻമാർക്കോ, പുണ്യാത്മാക്കൾക്കോ, പിശാചുകൾക്കോ, ജിന്നുകൾക്കോ, മലക്കുകൾക്കോ ഒന്നും തന്നെ അതിൽ പങ്കില്ല. മനുഷ്യർക്ക് വല്ല ഗുണമോ ദോഷമോ ചെയ്വാനും, നൻമയോ തിൻമയോ നൽകുവാനുള്ള യഥാർത്ഥ കഴിവ് അല്ലാഹുവിന് മാത്രമേയുള്ളു.

12 അവനത്രെ, (നിങ്ങൾ) ഭയപ്പെടുവാനും, മോഹിക്കുവാനുമായി നിങ്ങൾക്ക് മിന്നൽ കാണിച്ചുതരുന്നവൻ. ഘനവത്തായ മേഘങ്ങളെ അവൻ ഉണ്ടാക്കുകയും ചെയ്യുന്നു.

هُوَ ٱلَّذِى يُرِيكُمُ ٱلْبَرْقَ خَوْفًا وَطَمَعًا وَيُنشِئُ ٱلسَّحَابَ ٱلثِّقَالَ ﴿١٢﴾

13 അവനെ സ്തുതിച്ചുകൊണ്ട് ഇടി 'തസ്ബീഹ്'[പ്രകീർത്തനം] നടത്തുകയും ചെയ്യുന്നു; അവനെക്കുറിച്ചു ഭയം നിമിത്തം മലക്കുകളും ('തസ്ബീഹു' നടത്തുന്നു). ഇടിത്തീകളെയും അവൻ അയക്കുന്നു; എന്നിട്ട് അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ അവയെ ബാധിപ്പിക്കുന്നു. അവർ [അവിശ്വാസികൾ] അല്ലാഹുവിൻെറ കാര്യത്തിൽ തർക്കം നടത്തി ക്കൊണ്ടിരിക്കുകയാണ്; അവനാകട്ടെ, ശക്തി മത്തായ തന്ത്രശാലിയുമാകുന്നു. [അവനിൽ നിന്ന് രക്ഷപ്പെടുക അവർക്ക് സാധ്യമല്ല.]

وَيُسَبِّحُ ٱلرَّعْدُ بِحَمْدِهِۦ وَٱلْمَلَـٰٓئِكَةُ مِنْ خِيفَتِهِۦ وَيُرْسِلُ ٱلصَّوَٰعِقَ فَيُصِيبُ بِهَا مَن يَشَآءُ وَهُمْ يُجَـٰدِلُونَ فِى ٱللَّهِ وَهُوَ شَدِيدُ ٱلْمِحَالِ ﴿١٣﴾

---

12 **هو الذي** അവൻ യാതൊരുവനാണ്. **يريكُم** നിങ്ങൾക്ക് കാണിച്ചുതരുന്നു. **البرق** മിന്നൽ, മിന്ന്. **خوفًا** ഭയമായിട്ട്, ഭയത്തിനായി. **وطمعا** മോഹമായിട്ട്, മോഹത്തിനും. **وينشئُ** അവൻ ഉണ്ടാക്കുകയും ചെയ്യുന്നു. **السحاب** മേഘം, മേഘങ്ങൾ. **الثقالَ** ഘനപ്പെട്ടവയായ.. 13 **ويسبح** തസ്ബീഹ് (പ്രകീർത്തനം-വാഴ്ത്തൽ) നടത്തുകയും ചെയ്യുന്നു. **الرعد** ഇടി, ഇടിമുഴക്കം. **بحمده** അവൻെറ സ്തുതിയോടെ, അവനെ സ്തുതിച്ചുകൊണ്ട്. **والملائكةُ** മലക്കുകളും. **من خيفته** അവൻെറ ഭയത്താൽ, പേടിനിമിത്തം. **ويرسلُ** അവൻ അയക്കുകയും ചെയ്യുന്നു. **الصواعق** ഇടിത്തീ (ഇടിവാൾ) കളെ. **فَيصيب بها** എന്നിട്ട് അവയെ അവൻ ബാധിപ്പിക്കുന്നു. **من يشاءُ** അവൻ ഉദ്ദേശിക്കുന്നവർക്ക്. **وهم** അവർ, അവരോ. **يجادلُونَ** തർക്കം നടത്തുന്നു. **في الله** അല്ലാഹു(വിൻെറ കാര്യത്തി)ൽ. **وهو** അവനാകട്ടെ. **شديد** കഠിനമായ(ശക്തിമത്തായ)വനാണ്. **المحال** തന്ത്രം, ഊക്ക്, ശക്തി, ഉഗ്രത, ക്രോധം..

അല്ലാഹുവിൻെറ ശക്തിമാഹാത്മ്യങ്ങളെപ്പറ്റി ചിന്തിക്കുവാൻ പോരുന്നതും, നിത്യാനുഭങ്ങളിൽപെട്ടതുമായ ചില കാര്യങ്ങളെ ഓർമ്മിപ്പിക്കുകയാണ്. മിന്നൽ ഉണ്ടാകുമ്പോൾ, പെട്ടെന്നുണ്ടാകുന്ന അതിൻെറ ശക്തമായ തിളക്കം മൂലം മനുഷ്യർ ഭയന്നു ഞെട്ടിപ്പോകുന്നു. അതി

നെ തുടർന്നുണ്ടാകാവുന്ന മഴയെയും അതിൻെറ ഉപയോഗത്തെയും ഓർത്തു മോഹവും ആശയം തോന്നുകയും ചെയ്യും. അതാണ് خوفاوطمعا (ഭയത്തിനും മോഹത്തിനുമായി) എന്നു പറഞ്ഞിരിക്കുന്നത്. 'ഥഖനവത്ത്' (الثقال)എന്നു മേഘങ്ങളെ വിശേഷിപ്പിച്ചത്, അവയിൽനിന്നു വർഷിക്കുന്ന മഴവെള്ളത്തിൻെറ ഭാരത്തെ സൂചിപ്പിക്കുന്നു. കാറ്റുമൂലം മേഘങ്ങൾ തമ്മിൽ സന്ധിക്കുമ്പോൾ അതിൽനിന്നുണ്ടാകുന്ന ഒരുതരം വൈദ്യുത പ്രവാഹം നിമിത്തം മിന്നൽ പ്രകാശവും, ഇടിനാദവും ഉണ്ടായിത്തീരുന്നുവെന്നു പറയപ്പെടുന്നു. രണ്ടും ഒരേ സമയത്തുണ്ടാകുന്നുവെങ്കിലും പ്രകാശത്തിൻെറ സഞ്ചാരം വേഗത്തിലും, (*) ശബ്ദത്തിൻെറ സഞ്ചാരം അതിനെ അപേക്ഷിച്ച് സാവധാനത്തിലുമാകകൊണ്ടു ആദ്യം നമുക്കനുഭവപ്പെടുന്നത് മിന്നലായിരിക്കും. അതുകൊണ്ടായിരിക്കാം ആദ്യം അല്ലാഹു മിന്നലിനെപ്പറ്റി പ്രസ്താവിച്ചതും. الله اعلم

മലക്കുകൾ അല്ലാഹുവിനെ ഭയന്ന് 'തസ്ബീഹു' നടത്തുമെന്നുപറഞ്ഞതിൻെറ താൽപര്യം വ്യക്തം തന്നെ. എന്നാൽ, ഒരു ശബ്ദം മാത്രമാകുന്ന ഇടി അല്ലാഹുവിനെ സ്തുതിക്കുകയും അവന് തസ്ബീഹ് നടത്തുകയും ചെയ്യുന്നുവെന്ന് പറഞ്ഞതിൻെറ വിവക്ഷ എന്തായിരിക്കും? അല്ലാഹു പറയുന്നു: تسبح له السموات السبع – إلى قوله : لاتفقهون تسبيحهم – الاسراء (സാരം: ഏഴ് ആകാശങ്ങളും ഭൂമിയും അവയിലുള്ളവരും അവന് തസ്ബീഹ് നടത്തുന്നു. ഒരു വസ്തുവും തന്നെ അവനെ സ്തുതിച്ചുകൊണ്ട് തസ്ബിഹ് നടത്താത്തതായിട്ടില്ല. എങ്കിലും അവരുടെ തസ്ബീഹ് നിങ്ങൾ ഗ്രഹിക്കുകയില്ല. (17:44.) ഈ ആശയം അടുത്ത 15-ാം വചനത്തിലും കാണാവുന്നതാണ്. അതുകൊണ്ട് ഇടിയുടെ സ്തുതി കീർത്തനങ്ങളെക്കൊണ്ടുള്ള സാക്ഷാൽ വിവക്ഷ എന്താണെന്ന് നമുക്ക് ഗ്രഹിക്കുവാൻ കഴിയാത്തതാണെന്നും, അതിനോട് യോജിക്കുന്ന ഒരർത്ഥത്തിലുള്ള സ്തുതിയും, കീർത്തനവുമായിരിക്കും അതൊന്നുവെച്ച് സമാധാനിക്കുവാനേ നിവൃത്തിയുള്ളു. ഓരോ വസ്തുവും ഓരോന്നിലുണ്ടാകുന്ന മാറ്റങ്ങളും അല്ലാഹുവിൻെറ മഹിതമഹത്വങ്ങളിലേക്ക് വിരൽ ചൂണ്ടുന്നവയാണെന്നുള്ള കാര്യം സ്പഷ്ടമാണുതാനും. ഇടിയും ഇതിൽനിന്ന് ഒഴിവല്ല. ഇടിത്തീയിൻെറ (ഇടിവാളിൻെറ) ഭയങ്കരതയും അതുമൂലം ഉണ്ടാകാറുള്ള അത്യാഹിതങ്ങളും എല്ലാവർക്കും അറിയാവുന്നതാണ്. പെട്ടന്നുള്ള ജീവനാശം മാത്രമല്ല, വമ്പിച്ച കെട്ടിടങ്ങൾ, അണക്കെട്ടുകൾ, പാറക്കൂട്ടങ്ങൾ മുതലായവപോലും മിടിയിടകൊണ്ട് പൊട്ടിപ്പൊളിഞ്ഞ് തരിപ്പണമായിത്തീരുന്നു. എന്നാൽ, ഇടിത്തീകൾ ഉണ്ടാകുമ്പോഴൊക്കെ ആപത്ത് സംഭവിക്കുന്നില്ല. അല്ലാഹു ഉദ്ദേശിക്കുമ്പോഴും, അവൻ ഉദ്ദേശിക്കുന്നവർക്കും മാത്രമേ ആപത്ത് നേരിടുന്നുള്ളു. അതാണ് فيصب بها من يشاء(എന്നിട്ട് അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ അവയെ ബാധിപ്പിക്കുന്ന) എന്ന് പറഞ്ഞത്.

ഇടി, മിന്നൽ, മേഘം, മഴ, ഇടിവാൾ എന്നിവക്കെല്ലാം ശാസ്ത്രത്തിൻെറ ഭാഷയിൽ അതിന് കാരണങ്ങൾ പലതും പറയുവാനുണ്ടെങ്കിലും ആ കാരണങ്ങൾ വ്യവസ്ഥപ്പെടുത്തിയതും, ആ കാരണങ്ങൾ ഒത്തുകൂടുമ്പോൾ അവയെ സൃഷ്ടിരംഗത്ത് വരു ത്തുന്നതും അല്ലാഹുവല്ലാതെ മറ്റാരുമല്ല. അല്ലാഹു നിശ്ചയിച്ചുവെച്ചതും, നിലവിൽ കണ്ടു വരുന്നതുമായ ചില നടപടിക്രമങ്ങളെ അടിസ്ഥാനമാക്കി ഇന്നിന്ന കാരണങ്ങൾ ഉണ്ടാകുമ്പോൾ ഇന്നിന്ന കാര്യങ്ങൾ സംഭവിക്കുന്നുവെന്നോ, ഇന്നിന്നകാര്യങ്ങൾക്ക് ഇന്നിന്നവയാണ് കാരണങ്ങളെന്നോ പറയുകയല്ലാതെ, പുതിയ കാര്യകാരണ ബന്ധങ്ങൾ ഏർപ്പെടുത്തുവാൻ മനുഷ്യർക്കോ മനുഷ്യശാസ്ത്രങ്ങൾക്കോ സാധ്യമല്ല തന്നെ. എല്ലാം അവൻെറ വ്യവസ്ഥയും പരിപാടിയും അനുസരിച്ചു നടക്കുന്നു. എല്ലാം അവൻെറ സൃഷ്ടിയും. ഇത്തരം കാര്യങ്ങളെപ്പറ്റി ചിന്തിച്ചു സത്യം മനസ്സിലാക്കുവാൻ ശ്രമിക്കാതെ, അല്ലാഹുവിൻെറ ഏകത്വത്തിലും, അധികാരാവകാശങ്ങളിലും തർക്കം നടത്തിക്കൊണ്ടിരിക്കുകയാണ് അവിശ്വാസികൾ. തൽക്കാലം അവരെ അവരുടെ പാട്ടിന് വിട്ടി ട്ടുണ്ടെങ്കി

* പ്രകാശം സെക്കൻറിൽ 1,86,000 നാഴിക വേഗതയിലും ശബ്ദം ഒരു മിനുട്ടിൽ 11, 000 നാഴിക വേഗതയിലുമാണ് സഞ്ചരിക്കുന്നത്.

ലും അവരുടെ മേൽ അതിശക്തമായ നടപടി അല്ലാഹു എടുത്തേക്കുകതന്നെ ചെയ്യുമെന്നാണ് അവസാനത്തെ വാക്യത്തിന്റെ താൽപര്യം.

ഇടിയും, ഇടിവാളും കേൾക്കുമ്പോൾ നബി (ﷺ) ഇപ്രകാരം പറയാറുണ്ടായിരുന്നതായി ഇബ്നു ഉമർ (رضي الله عنه) പ്രസ്താവിച്ചിരിക്കുന്നു: (*) ''അല്ലാഹുവേ, നിന്റെ കോപംകൊണ്ട് ഞങ്ങളെ നീ കൊല പ്പെടുത്തരുതേ! നിന്റെ ശിക്ഷകൊണ്ട് ഞങ്ങളെ നീ നശിപ്പിക്കുകയും ചെയ്യരുതേ! അതിനുമുമ്പ് നീ ഞങ്ങളെ സൗഖ്യ ത്തിലാക്കുകയും ചെയ്യേണമേ!'' (അ; തി; ന. മു തലായവരും, ബുഖാരി-കിതാബുൽ അദബിലും) (2) ഇടികേൾക്കുമ്പോൾ നബി (ﷺ) ഇപ്രകാരം പറഞ്ഞിരുന്നുവെന്ന് അബൂഹുറൈറ (رضي الله عنه)യും പ്രസ്താവിച്ചിരിക്കുന്നു: (†) ''യാതൊരുവനെ സ്തുതിച്ച് കൊണ്ട് ഇടി തസ്ബീഹ് നടത്തുന്നുവോ അവൻ മഹാപരിശുദ്ധൻ-അവനെ ഞാൻവാഴ്ത്തുന്നു.'' (ഇബ്നുജരീർ)

لَهُۥ دَعۡوَةُ ٱلۡحَقِّۚ وَٱلَّذِينَ يَدۡعُونَ مِن دُونِهِۦ لَا يَسۡتَجِيبُونَ لَهُم بِشَيۡءٍ إِلَّا كَبَٰسِطِ كَفَّيۡهِ إِلَى ٱلۡمَآءِ لِيَبۡلُغَ فَاهُ وَمَا هُوَ بِبَٰلِغِهِۦۚ وَمَا دُعَآءُ ٱلۡكَٰفِرِينَ إِلَّا فِي ضَلَٰلٖ ﴿١٤﴾

14 യഥാർത്ഥ (വിളിച്ചു) പ്രാർത്ഥന അവ നോടാണ്. [അവനോട് മാത്രമേ പാടുള്ളു] അവനു പുറമെ അവർ (വിളിച്ചു) പ്രാർ ത്ഥിക്കുന്നവരാകട്ടെ, അവർ അവർക്ക് യാതൊന്നും (തന്നെ) ഉത്തരം നൽകുന്ന തല്ല;തന്റെവായിൽ എത്തുവാൻ വേണ്ടി വെള്ളത്തിലേക്ക് തന്റെ രണ്ടു കൈകൾ നീ(ട്ടിക്കാ)ട്ടുകയും, അത് അതിൽ [വെ ള്ളം വായിൽ]എത്താതിരിക്കുകയും ചെ യ്യുന്നവനെപ്പോലെയല്ലാതെ. അവിശ്വാസി കളുടെ (വിളിച്ചു) പ്രാർത്ഥന, വഴികേടി ൽ (അഥവാ വ്യർഥാ) അല്ലാതെ (മറ്റൊ ന്നും) അല്ല.

---

14 **له** അവന്നാണ്, അവനോടാണ്. **دعوةُ** വിളി, പ്രാർത്ഥന. **الحق** യഥാർത്ഥ, ന്യായമായ. **والذين يدعونَ** വിളിക്കുന്നവർ, പ്രാർത്ഥിക്കുന്നവർ. **من دونه** അവന് പുറമെ, അവനെ കൂടാതെ. **لا يستجيبونَ** അവർ ഉത്തരം നൽകുകയില്ല. **لهم** അവർക്ക്. **بشيءٍ** യാതൊന്നും, ഒരു കാര്യത്തിനും. **إلا كباسط** നീട്ടുന്ന (വിരുത്തുന്ന)വനെപ്പോലെയല്ലാതെ. **كفّيه** തന്റെ കൈപത്തികളെ. **إلى الماءِ** വെള്ളത്തിലേക്ക്. **ليبلغَ** അത് എത്തുവാൻവേണ്ടി. **فاهُ** തന്റെ വായിൽ. **وما هو** അതല്ലതാനും. **ببالغه** അതിലെത്തുന്നത്. **وما دعاءُ** പ്രാർത്ഥന (വിളി) അല്ല. **الكافرين** അവിശ്വാസികളുടെ. **إلا في ضلالٍ** പിഴവിൽ (വ്യർഥാ) അല്ലാതെ.

വിളിച്ചു പ്രാർത്ഥിക്കപ്പെടുവാൻ അവകാശപ്പെട്ടവൻ അല്ലാഹു മാത്രമാകുന്നു. അവനെയല്ലാതെ വിളിച്ചു പ്രാർത്ഥിച്ചിട്ട് ഒരു കാര്യവുമില്ല. അല്ലാഹു അല്ലാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നത്, ഒരാൾ കിണറ്റിന്നരികെ ചെന്ന് ദാഹനിവൃത്തിക്കായി അതിലേക്ക് രണ്ടുകൈയും നീട്ടുന്നതിന് തുല്യമാകുന്നു. വെള്ളം അവിടെയുണ്ട്. അതവന്ന് ആവശ്യവുമുണ്ട്. പക്ഷേ, കൈനീട്ടിയതുകൊണ്ട് വെള്ളം വായിലെത്തുകയില്ലല്ലോ. തൊട്ടികെട്ടി മുക്കിയെടുക്കുകയാണ് വെള്ളം കിട്ടുവാനുള്ള മാർഗ്ഗം. അതുപോലെ, ഉദിഷ്ടകാര്യം സാധിക്കുവാൻ അതിന്റെ നേർക്കുനേരെയുള്ള മാർഗ്ഗം തന്നെ സ്വീകരിക്കണം. അല്ലാഹു അല്ലാത്തവരെ വിളിച്ചപേക്ഷിച്ചതുകൊണ്ട് ഉദ്ദിഷ്ട കാ

* اللهم لا تقتلنا بغضبك ولا تهلكنا بعذابك وعافنا قبل ذلك

† سبحانك من يسبح الرعد بحمده

ര്യം സാധിക്കുവാൻ പോകുന്നില്ല. അത് അവിശ്വാസികളുടെ പണിയാകുന്നു. വെറും ഒരു പാഴ് വേല മാത്രമാണത്.

وَلِلَّهِ يَسْجُدُ مَن فِي ٱلسَّمَٰوَٰتِ وَٱلْأَرْضِ طَوْعًا وَكَرْهًا وَظِلَٰلُهُم بِٱلْغُدُوِّ وَٱلْأَصَالِ ۩ ﴿١٥﴾

15 ആകാശങ്ങളിലും, ഭൂമിയിലുമുള്ളവർ സ്വമനസ്സാലെയും, വെറുപ്പോടെയും അല്ലാഹുവിനു തന്നെ 'സുജൂദ്'ചെയ്യുന്നു; രാവിലെയും, വൈകുന്നേരങ്ങളിലും അവരുടെ നിഴലുകളും (സുജൂദു ചെയ്യുന്നു).

---

15 **ولله** അല്ലാഹുവിന് (തന്നെ). **يسجد** സുജൂദ് ചെയ്യുന്നു. **من في السماوات** ആകാശങ്ങളിലുള്ളവർ. **والأرض** ഭൂമിയിലും. **طوعا** അനുസരണപൂർവ്വം (സ്വമനസ്സാലെ). **وكرها** അതൃപ്തിയോടും, വെറുപ്പായികൊണ്ട്, നിർബ്ബന്ധിതമായും. **وظلالهم** അവരുടെ നിഴലുകളും. **بالغدو** രാവിലെ. **والآصال** വൈകുന്നേരവും, വൈകുന്നേരങ്ങളിലും.

ഓത്തിൻെറ സുജൂദ് ചെയ്യേണ്ടുന്ന ആയത്തുകളിൽ ഒന്നാണിതും, ആരാധനയായി ചെയ്യപ്പെടുന്ന സാഷ്ടാംഗ നമസ്കാരത്തെ ഉദ്ദേശിച്ചാണ് സാധാരണ നാം 'സുജൂദ് (سجود)എന്ന് പറയാറുള്ളതെങ്കിലും വിധേയത്വവും താഴ്മയും പ്രകടിപ്പിക്കുക എന്നാണിതിൻെറ മൂലാർത്ഥം. സുജൂദ് രണ്ട് തരത്തിലുണ്ട്. സ്വന്തം ഇച്ഛയനുസരിച്ചുള്ളതും (سجود بالاختيار) ഏതെങ്കിലും നിലക്കുള്ള വിധേയത്വം അനുസരിച്ചുള്ളതും (سجود بالتسخير) ഇച്ഛയനുസരിച്ചും സ്വമനസ്സാലെയും ഉണ്ടാകുന്ന സുജൂദാണ് പുണ്യകർമ്മവും പ്രതിഫലം നൽകപ്പെടുന്നതുമായിരിക്കുക. فاسجد ولله واعبدو (നിങ്ങൾ അല്ലാഹുവിന് സുജൂദ് ചെയ്യുകയും ആരാധന ചെയ്യുകയും ചെയ്യുവിൻ (53: 62) എന്നതുപോലെയുള്ള കൽപനകൾ ഈ അർത്ഥത്തിലുള്ള സുജൂദിനെപ്പറ്റിയാകുന്നു. നിഴലുകൾ സുജൂദ് ചെയ്യുന്നുവെന്ന് ഈ വചനത്തിലും, സൂ: നഹ്ൽ 48ലും കാണുന്നത് രണ്ടാമത്തെ അർത്ഥത്തിൽ ഉൾപ്പെടുന്ന സുജൂദിനെപ്പറ്റിയു മാകുന്നു. ആകാശ ഭൂമികളിലുള്ള ജീവികളും മലക്കുകളും അല്ലാഹുവിന് സുജൂദ് ചെയ്യുന്നുവെന്ന് സൂ: നഹ്ൽ 39ൽ പറഞ്ഞിരിക്കുന്നതിൽ ഈ രണ്ടർത്ഥത്തിലുള്ള സുജൂദുകളും ഉൾപെടുന്നു. മറ്റൊരു വിധത്തിൽ പറയുന്നപക്ഷം, താഴ്മയും ഭക്തിയും അർപ്പിച്ചുകൊണ്ട് ആരാധനാ രൂപത്തിൽ ചെയ്യപ്പെടുന്ന സാഷ്ടാംഗ നമസ്കാരത്തിനും, ഏതെങ്കിലും നിർബ്ബന്ധത്തിനോ, അല്ലാഹു നിശ്ചയിച്ച പ്രകൃതി നിയമങ്ങൾക്കോ വഴങ്ങിക്കൊണ്ടുള്ള വിധേയത്വത്തിനും, 'സുജൂദ്' എന്ന് പറയപ്പെടും. (ഇമാം റാഗിബിൻെറ 'അൽമുഫ്റദാത്തും' മറ്റും നോക്കുക)

ആകാശഭൂമികളിലുള്ളവർ (من فى السموات والارض) എന്ന് പറഞ്ഞതിൽ മലക്കുകൾ, മനുഷ്യർ, ജിന്നുകൾ എന്നീ ബുദ്ധിവർഗ്ഗങ്ങളെല്ലാം ഉൾപ്പെടുന്നു. മലക്കുകൾ മുഴുവനും, മനുഷ്യരിലും ജിന്നുകളിലുമുള്ള സത്യവിശ്വാസികളും സ്വമനസ്സാലെയും ഇച്ഛയനുസരിച്ചും തന്നെ അല്ലാഹുവിന് ആരാധനയായി സുജൂദ് ചെയ്യുന്നു. കപടവിശ്വാസികളെ സംബന്ധിച്ചിടത്തോളം അവർ മുസ്ലിംകളായി അഭിനയിക്കുന്നവരാകകൊണ്ട് മനമില്ലാമനസ്സോടെയാണെങ്കിലും അവരും അല്ലാഹുവിനു സുജൂദ് ചെയ്യേണ്ടി വരുന്നു. അതുപോലെ, ചില അത്യാപൽഘട്ടങ്ങൾ നേരിടുമ്പോൾ, തങ്ങളുടെ ഇതരദൈവങ്ങളെയെല്ലാം മറന്ന് യഥാർത്ഥ ദൈവമായ അല്ലാഹുവിനെമാത്രം വിളിച്ചുകൊണ്ട് അവന് സുജൂദായി വീഴുവാൻ ബഹുദൈവ വിശ്വാസികളും ചിലപ്പോൾ നിർബ്ബന്ധിതരാകാറുണ്ട്. അല്ലാഹു നിശ്ചയിച്ച പ്രകൃതിവ്യവസ്ഥകൾക്ക് മുമ്പിൽ തല കുനിക്കുകയും അവക്കു വഴങ്ങുകയും ചെയ്യുന്നതിൽ നിന്ന് ആരും ഒഴിവില്ല താനും. ജീവികളും, നിർജ്ജീവികളുമടക്കം സകല വസ്തുക്കളും ഈ അർത്ഥത്തിൽ അല്ലാഹുവിന് സുജൂദ് ചെയ്യുന്നവർ തന്നെ. നിഴലുകൾ പദാർത്ഥങ്ങള ല്ലെങ്കിലും, അവപോലും അവർക്ക് അല്ലാഹു നിശ്ചയിച്ചുവെച്ചിട്ടുള്ള പ്രകൃതിനിയമങ്ങൾക്ക് വിധേയമായിട്ടാണിരിക്കുന്നത്.

ഉദാഹരണമായി രാവിലെയും വൈകുന്നേരവും അവർക്ക് ദൈർഘ്യം കൂടുന്നു. പിന്നീടവ ചുരുങ്ങുന്നു. ചില പ്രത്യേക അവസരങ്ങളിൽ അവ വലത്തോട്ട് തിരിയുന്നു. മറ്റ് ചിലപ്പോൾ ഇടത്തോട്ടും തിരിയുന്നു. അതിലൊന്നും ഒരു മാറ്റവും വരുത്തുവാൻ ആർക്കും സാധ്യവുമല്ല. ഇതെല്ലാം അല്ലാഹുവിൻെറ മഹത്വത്തെയും പരിശുദ്ധതയെയും വെളിപ്പെടുത്തുന്ന ദൃഷ്ടാന്ത ങ്ങളാണല്ലോ. (സൂറ: നഹ്ൽ 48, 49: ഹജ്ജ്:18 എന്നീ വചനങ്ങളും അവയുടെ വ്യാഖ്യാനവും കൂടി നോക്കുക)

قُلۡ مَن رَّبُّ ٱلسَّمَٰوَٰتِ وَٱلۡأَرۡضِ قُلِ ٱللَّهُۚ قُلۡ أَفَٱتَّخَذۡتُم مِّن دُونِهِۦٓ أَوۡلِيَآءَ لَا يَمۡلِكُونَ لِأَنفُسِهِمۡ نَفۡعٗا وَلَا ضَرّٗاۚ قُلۡ هَلۡ يَسۡتَوِي ٱلۡأَعۡمَىٰ وَٱلۡبَصِيرُ أَمۡ هَلۡ تَسۡتَوِي ٱلظُّلُمَٰتُ وَٱلنُّورُۗ أَمۡ جَعَلُواْ لِلَّهِ شُرَكَآءَ خَلَقُواْ كَخَلۡقِهِۦ فَتَشَٰبَهَ ٱلۡخَلۡقُ عَلَيۡهِمۡۚ قُلِ ٱللَّهُ خَٰلِقُ كُلِّ شَيۡءٖ وَهُوَ ٱلۡوَٰحِدُ ٱلۡقَهَّٰرُ ١٦

16 പറയുക: ''ആരാണ് ആകാശങ്ങളുടെയും ഭൂമിയുടെയും റബ്ബ്?'' പറയുക: ''അല്ലാഹുവാണ്.'' [എന്നല്ലാതെ മറുപടി പറയുവാനില്ലല്ലോ] പറയുക: ''എന്നിരിക്കെ, തങ്ങളുടെ സ്വന്തങ്ങൾക്കു(തന്നെയും) ഒരു ഉപകാരമാകട്ടെ, ഉപദ്രവമാകട്ടെ ചെയ്‌വാൻ സ്വാധീന മില്ലാത്ത ചില രക്ഷാധികാരികളെ അവനു പുറമെ നിങ്ങൾ ഉണ്ടാക്കിയിരിക്കുകയോ?!'' പറയുക: ''അന്ധനും, കാഴ്ചയുള്ളവനും സമമാകുമോ?! അല്ലാത്തപക്ഷം, അന്ധകാരങ്ങളും പ്രകാശവും സമമാകുമോ!! അതല്ല, അല്ലാഹുവിന് ഇവർ പങ്കാളികളെ ഏർപ്പെടുത്തിയിരിക്കുന്നുവോ?! (അതെ) അവൻ സൃഷ്ടിച്ചതുപോലെ അവർ സൃഷ്ടിച്ചിട്ട് ഇവർക്ക് സൃഷ്ടി(കൾ തമ്മിൽ) തിരിച്ചറിയാതായിരിക്കുന്നുവെന്നോ?!'' പറയുക: ''അല്ലാഹുവത്രെ എല്ലാ വസ്തുവിൻെറയും സ്രഷ്ടാവ് .[വേറെ സ്രഷ്ടാവേ ഇല്ല.] അവനത്രെ, സർവ്വാധികാരിയായുള്ള ഏകനും.''

---

16 **قُلْ** പറയുക. **من** ആരാണ്. **رب** റബ്ബ്, രക്ഷിതാവ്, നാഥൻ. **السماوات** ആകാശങ്ങളുടെ. **والأرض** ഭൂമിയുടെയും. **قُلْ** പറയുക. **الله** അല്ലാഹുവാണ്. **قُلْ** പറയുക. **أفَاتخذْتم** എന്നിരിക്കെ (അപ്പോൾ) നിങ്ങൾ ആക്കിയിരിക്കയാണോ. **من دونه** അവനുപുറമെ. **أولياءَ** ചില രക്ഷാധികാരികളെ, കാര്യകർത്താക്കളെ. **لا يملكُونَ** സ്വാധീനമാക്കാത്ത, അവർ അധീനമാക്കുന്നില്ല. **لأنفُسِهم** തങ്ങളുടെ സ്വന്തങ്ങൾക്ക്, തങ്ങൾക്ക് തന്നെ. **نفْعا** ഒരു ഉപകാരത്തെ. **ولا ضرا** ഒരു ഉപദ്രവത്തെയും ഇല്ല. **قُلْ** പറയുക. **هلْ يستوي** സമമാകുമോ. **الأعمى** അന്ധൻ. **والبصير** കാഴ്ചയുള്ളവനും. **أم** അതല്ല, അല്ലാത്തപക്ഷം, അതോ. **هلْ تستوي** സമമാകുമോ. **الظُلُمات** അന്ധകാരങ്ങൾ, ഇരുട്ടുകൾ. **والنور** പ്രകാശവും. **أم جعلُوا** അതല്ല അവർ ആക്കിയോ. **لله** അല്ലാഹുവിന്. **شركَاءَ** ചില പങ്കുകാരെ. **خلَقُوا** അവർ സൃഷ്ടിച്ചിരിക്കുന്നു. **كَخلْقه** അവൻെറ സൃഷ്ടിപോലെ. **فتشابه** എന്നിട്ട് തിരിച്ചറിയാതായി, പരസ്പരം സാദൃശ്യമായി. **الْخلق** സൃഷ്ടി. **عليهم** അവർക്ക്. **قُلْ** പറയുക. **الله** അല്ലാഹു. **خالق** സൃഷ്ടാവാകുന്നു. **كُلّ شيءٍ** എല്ലാ വസ്തുവിൻെറയും. **وهو الواحد** അവനത്രെ ഏകനും. **القَهار** സർവ്വാധികാരിയായ.

ബഹുദൈവ വിശ്വാസിയെ അന്ധനോടും, ബഹുദൈവവിശ്വാസത്തെ അന്ധകാര ത്തോടും, സത്യവിശ്വാസിയെ കാഴ്ചയുള്ളവനോടും, സത്യവിശ്വാസത്തെ പ്രകാശത്തോടും ഉപമിച്ചിരിക്കുകയാണ്. ഈ വചനത്തിലെ ആശയം ഒരു വിശദികരണവും കൂടാതെ സ്വയം വ്യക്തമാകുന്നു. അടുത്ത വചനത്തിൽ, യഥാർത്ഥവും അയഥാർത്ഥവും തമ്മിലുള്ള അന്തരം കാണിക്കുന്ന രണ്ട് ഉപമകൾ അല്ലാഹു വിവരിക്കുന്നു:-

17 അവൻ [അല്ലാഹു] ആകാശത്തുനിന്ന് (മഴ) വെള്ളം ഇറക്കി; എന്നിട്ട് പല താഴ്വരകളും അവയുടെ തോതനുസരിച്ചു (വെള്ളം) ഒഴുകി; അപ്പോൾ (ആ) ഒഴുക്ക് പൊന്തിവരുന്ന ഒരു (തരം) നുരയെ വഹിച്ചുകൊണ്ടു വന്നു. വല്ല ആഭരണത്തെയോ, ഉപകരണത്തെയോ (ഉണ്ടാക്കുവാൻ) ആഗ്രഹിച്ച് തീയിൽ (ഇട്ട്) അവർ ചുട്ടുപഴുപ്പിക്കാറുള്ള (ലോഹ) വസ്തുവിൽനിന്നും അതുപോലെയുള്ള നുരയുണ്ടായിരിക്കും. അപ്രകാരം, യഥാർത്ഥത്തെയും, അയഥാർത്ഥത്തെയും അല്ലാഹു (ഉപമിച്ചു) വിവരിക്കുന്നു. എന്നാലപ്പോൾ, ആ നുര-അത് പുറംതള്ളായി (നശിച്ചു) പോകുന്നു. എന്നാൽ, മനുഷ്യർക്ക് ഉപയോഗപ്പെടുന്ന വസ്തുവാകട്ടെ, അത് ഭൂമിയിൽ തങ്ങിനിൽക്കുകയും ചെയ്യുന്നു. അപ്രകാരം, അല്ലാഹു ഉപമകളെ വിവരിക്കുന്നു.

أَنزَلَ مِنَ ٱلسَّمَآءِ مَآءً فَسَالَتْ أَوْدِيَةُۢ بِقَدَرِهَا فَٱحْتَمَلَ ٱلسَّيْلُ زَبَدًا رَّابِيًا ۚ وَمِمَّا يُوقِدُونَ عَلَيْهِ فِى ٱلنَّارِ ٱبْتِغَآءَ حِلْيَةٍ أَوْ مَتَٰعٍ زَبَدٌ مِّثْلُهُۥ ۚ كَذَٰلِكَ يَضْرِبُ ٱللَّهُ ٱلْحَقَّ وَٱلْبَٰطِلَ ۚ فَأَمَّا ٱلزَّبَدُ فَيَذْهَبُ جُفَآءً ۖ وَأَمَّا مَا يَنفَعُ ٱلنَّاسَ فَيَمْكُثُ فِى ٱلْأَرْضِ ۚ كَذَٰلِكَ يَضْرِبُ ٱللَّهُ ٱلْأَمْثَالَ ﴿١٧﴾

---

17 **أنزلَ** അവൻ ഇറക്കി. **من السماءِ** ആകാശത്തുനിന്ന്. **ماءً** വെള്ളം. **فَسالَتْ** എന്നിട്ട് ഒലിച്ചും, ഒഴുകി. **أوديةٌ** താഴ്വരകൾ. **بِقدرِها** അവയുടെ തോത(കണക്ക)നുസരിച്ചു. **فَاحتملَ** എന്നിട്ട് വഹിച്ചുവന്നു. **السيلُ** ഒഴുക്ക് (വെള്ളം). **زبدا** ഒരു (തരം) നുരയെ, പത. **رابيا** പൊന്തിനിൽക്കുന്ന. **ومما يوقدونَ** അവർ തീ കത്തിക്കുന്ന (കത്തിച്ചു പഴുപ്പിക്കുന്ന) വസ്തുവിൽ നിന്നും. **عليه** അതിൻമേൽ. **في النار** തീയിൽ. **ابتغاءَ** ആഗ്രഹിച്ചുകൊണ്ട്. **حلية** വല്ല ആഭരണത്തെയും. **أو متاعٍ** അല്ലെങ്കിൽ ഉപകരണത്തെയും. **زبد** നുരയുണ്ടായിരിക്കും. **مثله** അതുപോലുള്ള. **كَذَلِكَ** അപ്രകാരം. **يضرب** ആക്കുന്നു, അടിക്കുന്നു (വിവരിക്കുന്നു). **الله** അല്ലാഹു. **الحق** യഥാർത്ഥത്തെ, ന്യായമായതിനെ. **والباطلَ** അയഥാർത്ഥത്തെ (അന്യായമായതിനെ)യും. **فأما** എന്നാലപ്പോൾ. **الزبد** നുര, പത. **فَيذْهب** അതു പോകും, നശിക്കുന്നു. **جفاءً** പുറംതള്ളായി. **وأما ما ينفعُ** എന്നാൽ ഉപയോഗപ്പെടുന്നതാകട്ടെ. **الناس** മനുഷ്യർക്ക്. **فَيمكُثُ** അത് താമസിക്കുന്നു (തങ്ങുന്നു). **في الأرض** ഭൂമിയിൽ. **كَذَلِكَ** അപ്രകാരം. **يضرب** **الله** അല്ലാഹു ആക്കുന്നു (വിവരിക്കുന്നു). **الأمثالَ** ഉപമകളെ, ഉദാഹരണങ്ങൾ

അല്ലാഹുതന്നെ പ്രസ്താവിച്ചതുപോലെ, യഥാർത്ഥവും അയഥാർത്ഥവും-അഥവാ സത്യവും മിഥ്യയും-തമ്മിലുള്ള വ്യത്യാസത്തിന് നല്ല ഉദാഹരണങ്ങളാണിത്. ഒന്ന് വെള്ളവുമായി ബന്ധപ്പെട്ടതും, മറ്റേതു തീയുമായി ബന്ധപ്പെട്ടതും. രണ്ടിലെയും സാദൃശ്യബിന്ദു ഒന്നുതന്നെ. ഇതുപോലെ, കപട വിശ്വാസികളെക്കുറിച്ചും തീയും വെള്ളവുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള ചില ഉപമകൾ അൽബഖറഃ 17-20ൽ മുമ്പുകഴിഞ്ഞുപോയിട്ടുണ്ട്. താഴെ കാണുന്നതുപോലെയുള്ള ചില ഹദീസുകളിലും അപ്രകാരം കാണാം. ഈ ഉപമകളുടെ സാരം ഇങ്ങിനെ മനസ്സിലാക്കാം:

മഴ വർഷിക്കുന്നതോടെ മലഞ്ചരിവുകളിൽ സ്ഥിതിചെയ്യുന്ന താഴ്വരകളിലൂടെ അതതിന്റെ വലുപ്പവും കിടപ്പും അനുസരിച്ച് മലവെള്ളം കുത്തി ഒഴുകിവരുമല്ലോ. ധാരാളം നുരയും പതയും വഹിച്ചുകൊണ്ടായിരിക്കും അത് ഒഴുകിവരുന്നത്. അതുപോലെത്തന്നെ, ആഭരണം മുത

ലായ ചില ഉപകരണങ്ങളെ ഉണ്ടാക്കുവാൻവേണ്ടി സ്വർണ്ണം, വെള്ളി, ഇരുമ്പ് തുടങ്ങിയ ലോഹങ്ങൾ തീയിലിട്ട് പഴുപ്പിച്ച് ഉരുക്കിയെടുക്കുമ്പോൾ അതിനുമീതെയും ഒരു തരം പതയും നുരയും കാണാവുന്നതാണ്. ഈ രണ്ടുതരം നുരകളും ഉപകാരമില്ലാത്ത കീടങ്ങളാണെന്നുമാത്രമല്ല, അവക്ക് നിലനില്പുമുണ്ടായിരിക്കയില്ല. വെള്ളത്തിലെ നുര താഴ് വരയുടെ ഓരങ്ങളിലൂടെയും മറ്റുമായി ചിന്നിച്ചിതറി പുറംതള്ളപ്പെട്ടുപോകുന്നു. തീച്ചൂളകളിലെ നുരയും അതുപോലെ പുറംതള്ളപ്പെട്ടുപോകുന്നു. അവയിൽ മനുഷ്യർക്ക് പ്രയോജനപ്പെടുന്ന ഭാഗമാകട്ടെ-അഥവാ ഒന്നാമത്തേതിൽ വെള്ളവും, രണ്ടാമത്തേതിൽ ലോഹ ദ്രാവകവും- ശേഷിക്കുകയും അവയെ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. ഇതുപോലെ മിഥ്യയായുള്ളത് ആദ്യം ആകർഷകമായി വെളിപ്പെടുമെങ്കിലും താമസംവിനാ ഉപകാരമില്ലാതെ നശിച്ചുപോകും. സത്യമാകട്ടെ, സ്ഥിരവും ഭദ്രവുമായി അവശേഷിക്കുകയും അതിൻെറ പ്രയോജനം നിലനില്ക്കുകയും ചെയ്യുന്നു.

ഈ ഉപമയിൽ നിന്നുമറ്റൊരു വസ്തുതകൂടി ഗ്രഹിക്കേണ്ടതായുണ്ട്. കീടവും, നുരയും, പുറംതള്ളപ്പെട്ടുപോയ ശേഷം ലഭിക്കുന്ന വെള്ളവും ലോഹവും കൊണ്ടുള്ള പ്രയോജനം, അവയെ പ്രയോജനപ്പെടുത്തുന്ന ആളുടെ സ്ഥിതിക്കനുസരിച്ച് കൂടിയും കുറഞ്ഞും വരുമല്ലോ. അതുപോലെ, അല്ലാഹുവിങ്കൽ നിന്നും ലഭിക്കുന്ന സത്യ യാഥാർത്ഥ്യങ്ങളിൽ എത്ര കണ്ട് ശ്രദ്ധ പതിക്കുകയും, അവ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നുവോ അതനുസരിച്ചായിരിക്കും അവമൂലം ലഭിക്കുന്ന പ്രയോജനവും. അബൂമൂസൽ അശ്അരീ (رضي الله عنه) ഉദ്ധരിച്ച ഒരു ഹദീസിൽ നബി (ﷺ) ഉപമാരൂപത്തിൽ ഈ വാസ്തവം ഇപ്രകാരം ചൂണ്ടിക്കാട്ടിയിരിക്കുന്നു:-

നബി (ﷺ) പറഞ്ഞു: ''അല്ലാഹു എന്നെ നിയോഗിച്ചയച്ച സൻമാർഗ്ഗത്തിൻെറയും ജ്ഞാനത്തിൻെറയും ഉദാഹരണം, ഒരു മഴയുടെ മാതിരിയാകുന്നു: അതു വല്ല ഭൂമിയിലും ബാധിക്കുമ്പോൾ അതിൽ ഒരു വിഭാഗം ആ വെള്ളം സ്വീകരിച്ച് പുല്ലുകളും ധാരാളം സസ്യങ്ങളും മുളപ്പിക്കുന്നു. അതിൽ വരണ്ട പ്രദേശങ്ങളുമുണ്ടായിരിക്കും. അവ ആ വെള്ളം തടഞ്ഞുവെക്കും. എന്നിട്ട് അതുമൂലം അല്ലാഹു ജനങ്ങൾക്ക് പ്രയോജനം നൽകുന്നു. അങ്ങനെ, അവർ കുടിക്കുകയും, (കാലികളെ) മേയിക്കുകയും, കുടിപ്പിക്കുകയും കൃഷിയുണ്ടാക്കുകയും ചെയ്യുന്നു. വേറെ ഒരു വിഭാഗത്തിന്നും ആ മഴ ബാധിക്കും: അവ വെറും മരുപ്രദേശങ്ങളായിരിക്കും. അവ വെള്ളം തടഞ്ഞുവെക്കുകയോ, സസ്യങ്ങളെ മുളപ്പിക്കുകയോ ചെയ്കയില്ല. അല്ലാഹുവിൻെറ മതത്തിൽ വിജ്ഞാനം നേടുകയും, അല്ലാഹു എന്നെ നിയോഗിച്ചയച്ച കാര്യം അവൻ ഉപയോഗപ്പെടുത്തിക്കൊടുക്കുകയും, അങ്ങനെ അതു അറിയുകയും (മറ്റുള്ളവർക്ക്) പഠിപ്പിക്കുകയും ചെയ്തവരുടെയും, അതിലേക്ക് തലപൊക്കിനോക്കാതെയും, എന്നെ അയക്കപ്പെട്ട സൻമാർഗ്ഗം സ്വീകരിക്കാതെയും ഇരിക്കുന്നവരുടെ ഉപമയാകുന്നു അത്.'' (ബു; മു.) അബൂഹുറൈറ (رضي الله عنه) ഉദ്ധരിച്ച മറ്റൊരു നബിവചനത്തിൻെറ സാരം ഇങ്ങിനെയാകുന്നു: 'എൻെറയും നിങ്ങളുടെയും ഉദാഹരണം, ഒരു തീകത്തിച്ചവൻെറമാതിരിയാകുന്നു: അതിൻെറ ചുറ്റുപാടും വെളിച്ചം പ്രകാശിച്ചപ്പോൾ വണ്ടുകളും, തീയിൽ ചാടിവീഴാറുള്ള ഈ പ്രാണികളും അതിൽ വന്ന് വീഴാൻ തുടങ്ങി. അവൻ അവയെ തടുത്തുകൊണ്ടിരുന്നു, എന്നിട്ടും അവ അവനെ തോല്പിച്ച് അതിൽ തിരക്കി വീണുകൊണ്ടിരിക്കുകയായി. ഇതാണ് എൻെറയും നിങ്ങളുടെയും ഉപമ. ഞാൻ നിങ്ങളുടെ ഊരക്ക് പിടിച്ച് തീയിനെവിട്ടേച്ച് നിങ്ങൾ ഇങ്ങോട്ടു വരുവിൻ എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നു. നിങ്ങൾ എന്നെ അതിജയിച്ച് അതിൽ വീഴുകയും ചെയ്യുന്നു.' (അ; ബു; മു.)

لِلَّذِينَ ٱسْتَجَابُوا۟ لِرَبِّهِمُ ٱلْحُسْنَىٰ ۚ وَٱلَّذِينَ لَمْ يَسْتَجِيبُوا۟ لَهُۥ لَوْ أَنَّ لَهُم مَّا فِى ٱلْأَرْضِ جَمِيعًا

18 തങ്ങളുടെ റബ്ബിന് ഉത്തരം നൽകിയവർക്ക് ഏറ്റം നന്നായുള്ളത് [ഏറ്റം നല്ല പ്രതിഫലം] ഉണ്ടായിരിക്കും. അവന് ഉത്തരം നൽകാത്തവരാകട്ടെ, അവർക്ക് ഭൂമിയി

وَمِثْلَهُۥ مَعَهُۥ لَٱفْتَدَوْا۟ بِهِۦٓ ۚ أُو۟لَٰٓئِكَ لَهُمْ سُوٓءُ ٱلْحِسَابِ وَمَأْوَىٰهُمْ جَهَنَّمُ ۖ وَبِئْسَ ٱلْمِهَادُ ﴿١٨﴾

ലുള്ളതു മുഴുവനും, അതോടൊപ്പം അത്രയും (കൂടി) ഉണ്ടായിരുന്നാലും അത് (ഒക്കെയും) അവര്‍ തെണ്ടം കൊടുക്കുകതന്നെ ചെയ്യുന്നതാണ്. അക്കൂട്ടര്‍ക്ക് തന്നെയാണ്, കടുത്ത വിചാരണയും (ഉണ്ടായിരിക്കുക). അവരുടെ സങ്കേതസ്ഥാനമാകട്ടെ, 'ജഹന്നമും' [നരകവും] ആകുന്നു. (ആ) തൊട്ടില്‍ എത്രയോ ചീത്തയും!

---

18 **للذين استجابوا** ഉത്തരം നല്‍കിയവര്‍ക്ക്. **لربهم** തങ്ങളുടെ റബ്ബിനെ. **الحسنى** ഏറ്റവും നല്ലത്. **والذين لم يستجيبوا** ഉത്തരം ചെയ്യാത്തവര്‍. **له** അവന്ന്. **لو أن لهم** അവര്‍ക്കുണ്ടായിരുന്നുവെങ്കില്‍. **ما في الأرض** ഭൂമിയിലുള്ളത്. **جميعا** മുഴുവനും, സര്‍വ്വവും. **ومثله** അതിന്‍െറ അത്രയും, അതുപോലെയുള്ളതും. **معه** അതോടുകൂടി. **لافتدوا** അവര്‍ തെണ്ടം (മോചനമൂല്യം) കൊടുക്കുകതന്നെ ചെയ്യും. **به** അതിനെ, അതുകൊണ്ട്. **أولئك** അക്കൂട്ടര്‍. **لهم** അവര്‍ക്കുണ്ടായിരിക്കും, അവര്‍ക്കത്രെ. **سوء الحساب** മോശപ്പെട്ട, (കടുത്ത) വിചാരണ. **ومأواهم** അവരുടെ പ്രാപ്യ (സങ്കേത) സ്ഥാനം. **جهنم** ജഹന്നമാകുന്നു. **وبئس** എത്രയോ (വളരെ) ചീത്തയും. **المهاد** തൊട്ടില്‍.

അല്ലാഹുവിന് ഉത്തരം നല്‍കുക എന്ന് വെച്ചാല്‍, തൗഹീദിലും, ഖുര്‍ആനിലും, നബി (സ)യിലും വിശ്വസിക്കുകവഴി നേര്‍മ്മാര്‍ഗ്ഗം പ്രാപിക്കുവാനുള്ള അവന്‍െറ ക്ഷണം സ്വീകരിക്കുക എന്നാകുന്നു. അത് സ്വീകരിക്കുന്നവര്‍ക്ക് പ്രതിഫലങ്ങളുടെ കൂട്ടത്തില്‍ ഏറ്റവും നല്ലതായ ശാശ്വതസ്വര്‍ഗ്ഗമായിരിക്കും ലഭിക്കുക. നാമമാത്ര വിചാരണ മാത്രമേ അവര്‍ക്ക് നേരിടേണ്ടി വരികയുമുള്ളു. ആ ക്ഷണം സ്വീകരിക്കാത്തവര്‍ക്ക് ഏറ്റവും മോശപ്പെട്ട പ്രതിഫലമായ നരകവുമായിരിക്കും ലഭിക്കുക. അവര്‍ വളരെ കടുത്ത വിചാരണയെ നേരിടേണ്ടതായും വരും. തങ്ങളുടെ ചെറുതും വലുതുമായ സകല ചെയ്തികള്‍ക്കും അവര്‍ കൈകെട്ടി ഉത്തരം പറയേണ്ടിവരും. ഭൗതികമായ താല്‍പര്യങ്ങളിലും, സുഖസൗകര്യങ്ങളിലും യാതൊരു വിട്ടുവീഴ്ചക്കും തയ്യാറില്ലാതിരുന്ന അവര്‍ അവിടെ വെച്ച് തങ്ങള്‍ക്ക് ഭൂലോകം മുഴുവനും, അതിലപ്പുറവും ഉണ്ടായിരുന്നാലും അതെല്ലാം മോചനമൂല്യമായി നല്‍കി രക്ഷപ്പെടുവാന്‍ തയ്യാറായിരിക്കും. എന്ന് സാരം.

ആയിശാ (رضي الله عنها) ല്‍ നിന്ന് നിവേദനം ചെയ്യപ്പെട്ട ഒരു ഹദീസിന്‍െറ സാരം ഇപ്രകാ രമാകുന്നു: അവര്‍ പറയുകയാണ്: 'ഖിയാമത്ത് നാളില്‍ വിചാരണക്ക് വിധേയരാകുന്ന ആരും നാശത്തിലകപ്പെടാതിരിക്കയില്ല' എന്ന് റസൂല്‍ (ﷺ) പറയുകയുണ്ടായി, ഞാന്‍ ചോദിച്ചു: '(വലങ്കയ്യില്‍ കര്‍മ്മരേഖ നല്‍കപ്പെടുന്ന സജ്ജനങ്ങളെപ്പറ്റി) അവര്‍ ലഘുവായ ഒരു വിചാരണക്ക് വിധേയരാകുമെന്ന് അല്ലാഹു (84:7,8ല്‍) പ്രസ്താവിച്ചിട്ടില്ലേ' അപ്പോള്‍ തിരുമേനി പറഞ്ഞു: 'അത് കര്‍മ്മങ്ങളെ കാട്ടിക്കൊടുക്കല്‍ മാത്രമാകുന്നു. ആര്‍ കര്‍ശനമായ വിചാരണക്ക് വിധേയരാകുന്നുവോ അവന്‍ നാശമടയുന്നതാണ്.' (ബു; മു) ഒരു രിവായത്തില്‍ 'അവന്‍ നാശമടയും' എന്നതിനുപകരം 'അവന്‍ ശിക്ഷിക്കപ്പെടും' എന്നാണുള്ളത്.

വിഭാഗം-3

۞ أَفَمَن يَعْلَمُ أَنَّمَآ أُنزِلَ إِلَيْكَ مِن رَّبِّكَ ٱلْحَقُّ

19 (നബിയേ) അപ്പോള്‍, നിനക്കു നിന്‍െറ റബ്ബിങ്കല്‍ നിന്ന് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത് യഥാര്‍ത്ഥമാണെന്ന് അറിയാവുന്നവന്‍,

അന്ധനായുള്ള ഒരുവനെപ്പോലെയാണോ?! ബുദ്ധിമാൻമാർമാത്രമേ ഉറ്റാലോചിക്കൂ.	كَمَنْ هُوَ أَعْمَىٰٓ ۚ إِنَّمَا يَتَذَكَّرُ أُوْلُوا۟ ٱلْأَلْبَٰبِ ﴿١٩﴾

19 أفمن അപ്പോൾ യാതൊരുവനോ. يعلم അവനറിയാം. أنما أنزلَ അവതരിപ്പിക്കപ്പെട്ടത് എന്ന്. إليك നിനക്ക്. من ربك നിന്റെ റബ്ബിങ്കൽ നിന്ന്. الحق യഥാർത്ഥമാണ് (എന്ന്). كمن ഒരുവനെപ്പോലെ. هو അവൻ. أعمى അന്ധനാണ്. إنما يتذكر ഉററാലോചിക്കുകയുള്ളു. أولوا الألباب ബുദ്ധിമാൻമാർ (മാത്രം).

അല്ലാഹു അവതരിപ്പിച്ചതാണ് യഥാർത്ഥവും സത്യവുമെന്ന് മനസ്സിലാക്കുന്നവനാണ് യഥാർത്ഥത്തിൽ കാഴ്ചയുള്ളവൻ. അല്ലാത്തവൻ ബാഹ്യത്തിൽ കാഴ്ചയുള്ളവനാണെങ്കിലും അവൻ അന്ധനുതുല്യനാണ്. അവൻ ഉൾക്കാഴ്ചയില്ലാത്തവനും ഉറ്റാലോചിക്കത്തക്ക ബുദ്ധി ഇല്ലാത്തവനുമാണ് എന്നത്രെ ഈ വചനത്തിലടങ്ങിയ തത്വം.

اولوا الالباب (ബുദ്ധിമാൻമാർ) എന്ന് അല്ലാഹു പറയുന്നത്-പലരും ധരിക്കാറുള്ളതുപോലെ-ഗവേഷണ പരിക്ഷണങ്ങൾ നടത്തുവാനോ, ശാസ്ത്രീയ സിദ്ധാന്തങ്ങൾ കണ്ടുപിടിക്കാനോ, രാഷ്ട്ര മീമാംസകൾ തയ്യാറക്കുവാനോ പ്രാപ്തരാകുമാറുള്ള 'ബുദ്ധിജീവികൾ' എന്ന അർത്ഥത്തിലല്ലെന്ന് മനസ്സിരുത്തേണ്ടതുണ്ട്. അല്ലാഹു തന്നെ ആ വാക്കിന് നല്കിയിട്ടുള്ള വിശദീകരണങ്ങളിൽ നിന്നുവേണം അതിന്റെ ഉദ്ദേശ്യം മനസ്സിലാക്കുവാൻ. സൂ: ആലുഇംറാനിലെ 7, 8; 190–194 മുതലായ വചനങ്ങളിൽ ഇതിന് മുമ്പ് ചിലതെല്ലാം നാം കാണുകയുണ്ടായി, തുടർന്നുള്ള വചനങ്ങളിൽ അവരുടെ വിശേഷതകൾ വിവരിക്കുന്നത് കൂടികാണുക:-

20 അതായത്, അല്ലാഹുവിനോടുള്ള കരാറ് (അഥവാ അല്ലാഹുവിന്റെ ആജ്ഞ) നിറവേറ്റുകയും, ഉറപ്പ് (നൽകിയത്) ലംഘിക്കാതിരിക്കയും ചെയ്യുന്നവർ:-	ٱلَّذِينَ يُوفُونَ بِعَهْدِ ٱللَّهِ وَلَا يَنقُضُونَ ٱلْمِيثَٰقَ ﴿٢٠﴾
21 യാതൊരു കൂട്ടരും: ഏതൊന്നിനെപ്പറ്റി (അതിനോടുള്ള ബന്ധം) ചേർക്കപ്പെടുവാൻ അല്ലാഹു കല്പിച്ചിരിക്കുന്നുവോ അതിനോട് അവർ (ബന്ധം) ചേർക്കും; തങ്ങളുടെ റബ്ബിനെ അവർ പേടിക്കുകയും, കടുത്ത വിചാരണയെ അവർ ഭയപ്പെടുകയും ചെയ്യും;	وَٱلَّذِينَ يَصِلُونَ مَآ أَمَرَ ٱللَّهُ بِهِۦٓ أَن يُوصَلَ وَيَخْشَوْنَ رَبَّهُمْ وَيَخَافُونَ سُوٓءَ ٱلْحِسَابِ ﴿٢١﴾
22 യാതൊരു കൂട്ടരും: തങ്ങളുടെ റബ്ബിന്റെ പ്രീതിയെ ആഗ്രഹിച്ച് അവർ ക്ഷമ കൈകൊണ്ടു; അവർ നമസ്കാരം നിലനിറുത്തുകയും, തങ്ങൾക്ക് നാം [അല്ലാഹു] നൽകിയതിൽനിന്ന് രഹസ്യമായും, പരസ്യമായും ചിലവഴിക്കുകയും ചെയ്തു; തിൻമയെ അവർ നൻമകൊണ്ട് തടുക്കുകയും ചെയ്യുന്നതാണ്. അക്കൂട്ടർക്കത്രെ, ഭവനത്തിന്റെ (ശുഭ) പര്യവസാനം.	وَٱلَّذِينَ صَبَرُوا۟ ٱبْتِغَآءَ وَجْهِ رَبِّهِمْ وَأَقَامُوا۟ ٱلصَّلَوٰةَ وَأَنفَقُوا۟ مِمَّا رَزَقْنَٰهُمْ سِرًّا وَعَلَانِيَةً وَيَدْرَءُونَ بِٱلْحَسَنَةِ ٱلسَّيِّئَةَ أُوْلَٰٓئِكَ لَهُمْ عُقْبَى ٱلدَّارِ ﴿٢٢﴾

20 الذين യാതൊരുകൂട്ടർ. يوفُونَ അവർ നിറവേറ്റും, പാലിക്കും. بِعهد കരാറിനെ, ഉത്തരവിനെ. الله അല്ലാഹുവിൻെറ (അല്ലാഹുവിനോടുള്ള). ولا ينقُضونَ അവർ ലംഘിക്കുകയില്ല, ഉടക്കുന്നതല്ല. الْميثَاق ഉറപ്പിനെ, കരാറിനെ. 21 والذين യാതൊരു കൂട്ടരും. يصلُونَ അവൻ ചേർക്കും. ما أمر കൽപിച്ചതിനെ. اللهُ അല്ലാഹു. بِه അതിനെപ്പറ്റി. أن يوصلَ അതു ചേർക്കപ്പെടുവാൻ. ويخشونَ അവർ പേടിക്കുകയും ചെയ്യും. ربهم അവരുടെ റബ്ബിനെ. ويخافُونَ അവർ ഭയപ്പെടുകയും ചെയ്യും. سوءَ الْحسابِ മോശപ്പെട്ട (കടുത്ത) വിചാരണ. 22 والذين യാതൊരു കൂട്ടരും. صبروا അവർ ക്ഷമിച്ചു. ابتغاءَ തേടി (ആഗ്രഹിച്ചു) കൊണ്ട്. وجه മുഖത്തെ (പ്രീതിയെ). ربهم തങ്ങളുടെ റബ്ബിൻെറ. وأَقَاموا നിലനിറുത്തുകയും ചെയ്തു. الصلاةَ നമസ്കാരം. وأَنفَقُوا ചിലവഴിക്കുകയും ചെയ്തു. مما رزقْناهم അവർക്ക് നാം നൽകിയതിൽ നിന്ന്. سرا സ്വകാര്യ (രഹസ്യ)മായി. وعلانِيةً പരസ്യമായിട്ടും. ويدرءُونَ അവർ തടയുക (തട്ടിക്കളയുക)യും ചെയ്യും. بِالْحسنة നന്മകൊണ്ടു. السيئَةَ തിൻമയെ. أُولئك അക്കൂട്ടർ. لَهم അവർക്കുണ്ട്, അവർക്കാണ്, അവർക്കത്രെ. عقْبى പര്യവസാനം. الدار ഭവനത്തിൻെറ.

ബുദ്ധിമാൻമാരുടെ ലക്ഷണങ്ങളാണ് ഈ വചനങ്ങളിൽ അല്ലാഹു വിവരിക്കുന്നത്: (1) അല്ലാഹുവുമായുള്ള കരാറുകളും പ്രതിജ്ഞയും പാലിക്കുക. അതായത് പ്രവാചകൻമാർ മുഖേനയോ, ദൃഷ്ടാന്തങ്ങൾ മുഖേനയോ അറിയപ്പെട്ടിട്ടുള്ള കടമകളും ബാധ്യതകളും നിറവേറ്റുക. 2. കരാറുകളും ഉറപ്പുകളും ലംഘിക്കാതിരിക്കുക, അഥവാ സത്യവിശ്വാസത്തിൻെറയും, അല്ലാഹുവുമായുള്ള പ്രതിജ്ഞകളുടെയും അടിസ്ഥാനത്തിൽ, അവനോടോ, ജനങ്ങളോടോ നൽകിയ എല്ലാ ഉറപ്പുകളും നിറവേറ്റുക. നേർച്ചകൾ ധനപരമായ ഇടപാടുകൾ, ഉടമ്പടികൾ, വാഗ്ദാനങ്ങൾ ആദിയായവ ഇതിൽ ഉൾപെടുന്നു. ഖത്താദ: (رحمه الله) പറഞ്ഞതായി ഇപ്രകാരം നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: 'ഉടമ്പടിയെയും കരാറ് പാലിക്കുന്നതിനെയും പറ്റി ഇരുപതിൽപരം സ്ഥലത്ത് അല്ലാഹു ഖുർആനിൽ പ്രസ്താവിച്ചിരിക്കുന്നു. അതിൻെറ ഗൗരവവും പ്രാധാന്യവുമാണതു കുറിക്കുന്നത്.' 3. അല്ലാഹു എന്തെല്ലാം ബന്ധങ്ങൾ ചേർക്കുവാൻ കല്പിച്ചിട്ടുണ്ടോ അതെല്ലാം ചേർക്കുക. കുടുംബബന്ധം പാലിക്കൽ ഇതിൽ പ്രഥമസ്ഥാനം അർഹിക്കുന്നു. അയൽക്കാർ, പാവപ്പെട്ടവർ, സാധുക്കൾ, ദുർബ്ബലർ, വയസ്സുചെന്നവർ, ഗുരുനാഥൻമാർ മുതലായവരോടും, മതചിഹ്നങ്ങൾ, മതസ്ഥാപനങ്ങൾ ആദിയായവയോടും പാലിക്കേണ്ടുന്ന എല്ലാ ബന്ധങ്ങളും പാലിക്കൽ ഇതിൽ ഉൾപെടുന്നു.

(4) റബ്ബിനെ പേടിക്കുക. എല്ലാ നൻമകളുടെയും ഉൽഭവം ഇതിൽ നിന്നാണെന്നും, എല്ലാ തിൻമകളുടെയും ഉൽഭവം അതിൻെറ പോരായ്മയിൽ നിന്നാണെന്നുമിരിക്കെ, അതിൻെറ പ്രാധാന്യത്തെപ്പറ്റി വിശേഷിച്ചൊന്നും പറയേണ്ടതില്ലല്ലോ. (5) അല്ലാഹുവിൻെറ മുമ്പിൽ കടുത്ത വിചാരണയെ നേരിടേണ്ടി വരുന്നതിനെക്കുറിച്ചുള്ള ഭയപ്പാട്. ഇത് സംബന്ധിച്ചു അൽപം മുമ്പ് പ്രസ്താവിച്ച വിവരങ്ങൾ ഇവിടെയും സ്മരണീയമാകുന്നു. (6) റബ്ബിൻെറ പ്രീതിയെ ആഗ്രഹിച്ചുകൊണ്ട് ക്ഷമ കൈകൊള്ളുക. കടമകളും പുണ്യകർമ്മങ്ങളും നിർവ്വഹിക്കുന്നതിലും, നിരോധിക്കപ്പെട്ടതും ദോഷകരങ്ങളുമായ കാര്യങ്ങൾ ഉപേക്ഷിക്കുന്നതിലും നേരിടുന്ന ബുദ്ധിമുട്ടുകളെ സഹിക്കലും, രോഗം, കഷ്ടപ്പാട് ദാരിദ്ര്യം പോലെയുള്ള കാര്യങ്ങളിൽ സഹനം സ്വീകരിക്കലും ഇതിൽ ഉൾപെടുന്നു. നിർബ്ബന്ധിതാവസ്ഥകൊണ്ടോ, സൽപേരിനുവേണ്ടിയോ, സ്വാർത്ഥതാൽപര്യങ്ങളെ ഉന്നം വെച്ചോ അല്ലാതെ, അല്ലാഹുവിൻെറ പ്രീതിയും പ്രതിഫലവും ഉദ്ദേശിച്ചു കൊണ്ടുകൂടിയായിരിക്കണം അത്. (7) നമസ്കാരം നിലനിർത്തുക. (8) അല്ലാഹു നൽകിയ ധനത്തിൽ നിന്ന്-കഴിവും ആവശ്യവും സന്ദർഭവും അനുസരിച്ചു-രഹസ്യ പരസ്യവ്യത്യാസം കൂടാതെ ചിലവഴിക്കുക. ഈ രണ്ട് കാര്യങ്ങളെ സംബന്ധിച്ചും ഖുർആനിൽ അടിക്കടി ഉണർത്താറുള്ളതും, രണ്ടിനും ഇസ്ലാം കൽപിച്ചിട്ടുള്ള സ്ഥാനവും പരക്കെ അറിയപ്പെട്ടതാകുന്നു, പരസ്യമായി ചിലവഴിക്കുന്നത് ജനപ്രീതിനേടുവാനോ, സൽകീർത്തിക്കുവേണ്ടിയോ ആയിരിക്കരുതെന്നും പ്രത്യേകം പറയേണ്ടതില്ല അതുപോലെതന്നെ, ചിലവഴിക്കുന്നത് സ്വകാര്യമായിത്തന്നെ വേണമെ

ന്നുള്ള നിഷ്കർഷ വെക്കുന്നതും, പരസ്യമായി ചിലവഴിക്കുന്നതിൽ മാത്രം താൽപര്യം കാണിക്കുന്നതും ശരിയല്ല. രണ്ടും സന്ദർഭത്തിനും ആവശ്യത്തിനും അനുസരിച്ചായിരിക്കേണ്ടതാകുന്നു. (9) നൻമകൊണ്ട് തിൻമയെ തടുക്കുക. അഥവാ, തിൻമക്ക് പകരം തിൻമചെയ്യാതിരിക്കുക, ഇങ്ങോട്ട് തിൻമ ചെയ്തവരോട് അങ്ങോട്ട് നൻമചെയ്യുക, പാപം ചെയ്താൽ പശ്ചാത്തപിച്ചു മടങ്ങുക, വല്ല ദുഷ്ക്കർമ്മവും ചെയ്തുപോയാൽ ഉടനെ വല്ല സൽക്കർമ്മവും ചെയ്യുക, അക്രമികൾക്കു മാപ്പ് നൽകുക, ഒരു തിൻമയെ തടയുവാൻ പല മാർഗ്ഗങ്ങളുമുള്ളപ്പോൾ അവയിൽ കൂടുതൽ നയപരവും ലഘുവായതുമായ മാർഗ്ഗം സ്വീകരിക്കുക ആദിയായവയെല്ലാം ഈ ഇനത്തിൽപെടുന്നു. والله الموفق والمعين

19-ാം വചനത്തിൽ 'ബുദ്ധിമാൻമാർ മാത്രമേ ഉറ്റാലോചിക്കുകയുള്ളു' (إنما يتذكر اولوا الالباب) എന്ന് പറഞ്ഞുവല്ലോ. മേൽകണ്ട ഗുണങ്ങളോട് കൂടിയവരാണ് ബുദ്ധിമാൻമാർ എന്ന് ചൂണ്ടിക്കാട്ടിയശേഷം, ഇങ്ങനെയുള്ളവർക്ക് ലഭിക്കുന്ന നേട്ടം അല്ലാഹു വിവരിച്ചത് اولئك لهم عقبى الدار (അക്കൂട്ടർക്കാണ് ഭവനത്തിൻെറ ശുഭപര്യവസാനം) എന്നാകുന്നു. ഈ പര്യവസാനം കൊണ്ടുദ്ദേശ്യമെന്താണെന്ന് അല്ലാഹു തന്നെ തുടർന്നുള്ള വചനങ്ങളിൽ വ്യക്തമാക്കുന്നു:-

جَنَّٰتُ عَدۡنٖ يَدۡخُلُونَهَا وَمَن صَلَحَ مِنۡ ءَابَآئِهِمۡ وَأَزۡوَٰجِهِمۡ وَذُرِّيَّٰتِهِمۡۖ وَٱلۡمَلَٰٓئِكَةُ يَدۡخُلُونَ عَلَيۡهِم مِّن كُلِّ بَابٖ ﴿٢٣﴾

23 അതായത്, സ്ഥിരവാസത്തിൻെറ സ്വർഗ്ഗങ്ങൾ! [അതാണവരുടെ പര്യവസാനം] അവരും, അവരുടെ പിതാക്കളിൽനിന്നും, ഇണകളിൽനിന്നും, സന്തതികളിൽനിന്നും (സദ്വൃത്തരായി) നന്നായിട്ടുള്ളവരും അതിൽ പ്രവേശിക്കുന്നതാണ്. എല്ലാ വാതിലിലൂടെയും മലക്കുകൾ അവരിൽ പ്രവേശിച്ചുകൊണ്ടിരിക്കും;-

سَلَٰمٌ عَلَيۡكُم بِمَا صَبَرۡتُمۡۚ فَنِعۡمَ عُقۡبَى ٱلدَّارِ ﴿٢٤﴾

24 (അവർ പറയും:) ''നിങ്ങൾ ക്ഷമ കൈകൊണ്ടതു നിമിത്തം നിങ്ങൾക്കു 'സലാം' [ശാന്തിയുണ്ടാവട്ടെ]!'' അപ്പോൾ, ഭവനത്തിൻെറ(ശുഭ)പര്യവസാനം വളരെ നന്നായിരിക്കുന്നു!

---

23 **جنات** സ്വർഗ്ഗങ്ങൾ. **عدن** സ്ഥിരവാസത്തിൻെറ. **يدخلُونها** അതിൽ അവർ പ്രവേശിക്കും. **ومن صلح** നന്നായവരും. **من آبائهم** അവരുടെ പിതാക്കളിൽ നിന്ന്. **وأزواجهم** അവരുടെ ഇണകളിൽനിന്നും. **وذُرياتهم** അവരുടെ സന്തതികളിൽനിന്നും. **والملائكةُ** മലക്കുകൾ. **يدخلُونَ** പ്രവേശിക്കും. **عليهم** അവരിൽ. **من كُل** എല്ലാറ്റിലൂടെയും. **بابٍ** വാതിൽ. 24 **سلام** സലാം (സമാധാനശാന്തി). **عليكُم** നിങ്ങൾക്കു(ണ്ടാവട്ടെ). **بما صبرتم** നിങ്ങൾ ക്ഷമിച്ചതുകൊണ്ട്. **فَنِعمَ** അപ്പോൾ വളരെ (എത്രയോ) നന്നായി. **عقْبى** പര്യവസാനം. **الدار** ഭവനത്തിൻെറ.

കഴിഞ്ഞ വചനങ്ങളിൽ വിവരിച്ച ഗുണങ്ങളോട് കൂടിയ ബുദ്ധിമാൻമാർക്ക് ശുഭപര്യവസായിയായ ഭവനം ലഭിക്കുമെന്ന് പറഞ്ഞതിൻെറ ഉദ്ദേശ്യം അവരുടെ വാസസ്ഥലം സ്വർഗ്ഗമായിരിക്കുമെന്നാണെന്നും, സ്വർഗ്ഗത്തിൽ അവരോടൊന്നിച്ച് സദ്വൃത്തരായ അവരുടെ കുടുംബ ജനങ്ങൾകൂടി ഉണ്ടായിരിക്കുമെന്നും, മലക്കുകളിൽ നിന്ന് അവർക്ക് തുരുതുരെ അനുമോദനങ്ങൾ ലഭിച്ചുകൊണ്ടിരിക്കുമെന്നും ഈ വചനങ്ങളിൽ അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. അവർക്ക് ഇത്രയും വമ്പിച്ച അനുഗൃഹീത ജീവിതം ലഭിക്കുവാനുള്ള അടിസ്ഥാന കാരണം അവരുടെ ക്ഷമാശീലമാണല്ലോ. അവരുടെ മറ്റുള്ള ഗുണഗുണങ്ങളെല്ലാം ഓരോ തരത്തിൽ അവരുടെ ക്ഷമ

യെ ആശ്രയിച്ചുള്ളവയാണ്. അതുകൊണ്ടാണ് മലക്കുകളുടെ അനുമോദനത്തിൽ **بما صبر تم** (നിങ്ങൾ ക്ഷമിച്ചതുകൊണ്ട്) എന്ന് പ്രത്യേകം എടുത്ത് പറയുന്നത്. **الله اعلم**

സത്യവിശ്വാസവും സൽക്കർമ്മങ്ങളും സ്വീകരിച്ചവർക്ക് അവരുടെ പ്രതിഫലമായി സ്വർഗ്ഗം ലഭിക്കുമെന്നതിന് പറമെ, അവരുടെ ഇഷ്ടബന്ധുക്കളിൽ നല്ലവരായ ആളുകളെയും-ഇഹത്തിൽ-അവർ കൂട്ടുജീവിതം നയിച്ചിരുന്നതുപോലെ-സ്വർഗ്ഗത്തിൽ അവരോടൊപ്പം താമസിക്കുമാറാക്കിക്കൊടുക്കുന്നത് അല്ലാഹു അവർക്ക് നൽകുന്ന ഒരു മഹത്തായ അനുഗ്രഹമത്രെ, ഇക്കാര്യം സൂ: ത്വൂർ 21-ാം വചനത്തിലും അല്ലാഹു വ്യക്തമാക്കിയിട്ടുള്ളതാകുന്നു. ഒരു യഥാർത്ഥം ഇവിടെ ഓർമ്മിക്കേണ്ടതായുണ്ട്: ഒരു വ്യക്തി എത്ര തന്നെ ഉൽകൃഷ്ട പദവിയിലുള്ള ആളായിരുന്നാലും അക്കാരണത്താൽ അയാളുടെ മക്കൾക്കോ ബന്ധുക്കൾക്കോ പരലോകത്ത് ഒരു പുണ്യവും ലഭിക്കുവാൻ പോകുന്നില്ലെന്നും, അവരവർ പ്രവർത്തിച്ചതിൻെറ ഫലം അവരവർക്ക് മാത്രമാണുള്ളത് (**وان ليس للانسان الاماسعى**) എന്നുമുള്ളതിൽ സംശയമില്ല. നൂഹ്(عليه السلام) നബിയുടെ മകന്നും ഇബ്റാഹീം (عليه السلام) നബിയുടെ പിതാവിന്നും ലൂത്ത് (عليه السلام) നബിയുടെ ഭാര്യക്കും നബി (ﷺ) തിരുമേനിയുടെ പിതൃവ്യന്നുമൊക്കെ രക്ഷകിട്ടാതിരുന്നതും അതുകൊണ്ടാണല്ലോ. മേൽ വിവരിച്ച ബുദ്ധിമാൻമാരുടെ സ്വർഗ്ഗപ്രവേശത്തെപ്പറ്റി പറഞ്ഞപ്പോൾ 'അവരുടെ പിതാക്കളും ഇണകളും സന്തതികളും പ്രവേശിക്കും' എന്ന് പറയാതെ, 'അവരിൽനിന്ന് നന്നായിട്ടുള്ളവരും പ്രവേശിക്കും' (**ومن صلح من ابائهم** ...) എന്ന് വിശേഷിപ്പിച്ചത് അത്കൊണ്ടാകുന്നു. സൂറ: ത്വൂറിലെ വാചകം ഇങ്ങിനെയാകുന്നു: **والذين امنوا واتبعتهم ذريتهم** (വിശ്വസിക്കുകയും, വിശ്വാസത്തോടുകൂടി തങ്ങളുടെ സന്തതികൾ തങ്ങളെ പിൻതുടരകയും ചെയ്തിട്ടുള്ളവർക്ക് അവരുടെ സന്തതികളെ നാം അവരോട് ചേർത്തുകൊടക്കുന്നതാണ്)

ഇപ്പോൾ, രണ്ടുകൂട്ടരും സത്യവിശ്വാസികളും സദ്വൃത്തരും ആയിരിക്കുമ്പോഴാണ് ഈ ഭാഗ്യം ലഭിക്കുകയെന്നു സ്പഷ്ടമായി. അപ്പോൾ, അവരെയും അവരുടെ സദ്വൃത്തരായ ബന്ധുകുടുംബങ്ങളെയും സ്വർഗ്ഗത്തിൽ ഒന്നിച്ചു കൂട്ടുമെന്ന് പറഞ്ഞതിൽ എന്താണ് വിശേഷതയുള്ളതെന്ന് ചോദിക്കപ്പെട്ടാം. രണ്ടുകൂട്ടരും സ്വർഗ്ഗസ്ഥരാകുന്നതു കൊണ്ട് സ്വർഗ്ഗത്തിൽ ഇരുകൂട്ടർക്കും ഒന്നിച്ചു കൂട്ടുജീവിതം നയിക്കുവാൻ സാധിക്കണമെന്നല്ലില്ലോ. അവരെ അപേക്ഷിച്ച് അവരുടെ ബന്ധുകുടുംബത്തിൽപെട്ടവർ പദവികളിൽ താഴെ കിടക്കാരായിരിക്കുകയും ചെയ്യാം. ആ സ്ഥിതിക്ക് ഇരുകുട്ടർക്കും സ്വർഗ്ഗീയാനുഗ്രഹങ്ങളെ ഒന്നിച്ചും കൂട്ടായും ആസ്വദിക്കുവാൻ അവസരം ലഭിക്കുന്നത് വമ്പിച്ച ഒരു അനുഗ്രഹം തന്നെയാണല്ലോ. അല്ലാഹു പറഞ്ഞ വാക്കുകളിൽനിന്ന് തന്നെ മനസ്സിലാക്കാവുന്നതാണിത്.

وَٱلَّذِينَ يَنقُضُونَ عَهۡدَ ٱللَّهِ مِنۢ بَعۡدِ مِيثَٰقِهِۦ وَيَقۡطَعُونَ مَآ أَمَرَ ٱللَّهُ بِهِۦٓ أَن يُوصَلَ وَيُفۡسِدُونَ فِي ٱلۡأَرۡضِ أُوْلَٰٓئِكَ لَهُمُ ٱللَّعۡنَةُ وَلَهُمۡ سُوٓءُ ٱلدَّارِ ٢٥

25 യാതൊരു കൂട്ടരാകട്ടെ, അല്ലാഹുവിനോടുള്ള കരാറ്(അഥവാ അല്ലാഹുവിൻെറ ഉത്തരവ്) ഉറപ്പിച്ചതിനുശേഷം അതിനെ അവർ ലംഘിക്കുന്നു; ഏതൊന്നിനെപ്പറ്റി (അതിനോടുള്ള ബന്ധം) ചേർക്കപ്പെടുവാൻ അല്ലാഹു കൽപിച്ചിരിക്കുന്നുവോ അതിനെ അവർ ലംഘിക്കുകയും, ഭൂമിയിൽ അവർ നാശം ഉണ്ടാക്കുകയും ചെയ്യുന്നു; (അങ്ങിനെയുള്ള) അക്കൂട്ടർ-അവർക്കത്രെ ശാപം! ഭവനത്തിൻെറ (പര്യവസാന) മോശവും അവർക്കു തന്നെ!!

---

25 **والذين** യാതൊരു കൂട്ടരാകട്ടെ. **ينقُضونَ** അവർ ലംഘിക്കുന്നു. **عهد الله** അല്ലാഹുവിൻെറ (അല്ലാഹുവിനോടുള്ള) കരാറ്, ഉത്തരവ്, ആജ്ഞ. **من بعد** ശേഷം. **ميثاقه** അതിനെ ഉറപ്പിച്ചതിൻെറ. **ويقْطَعونَ**

മുറിക്കുകയും ചെയ്യുന്നു. **ما** യാതൊന്നിനെ. **أمر الله** അല്ലാഹു കൽപിച്ചിരിക്കുന്നു. **به** അതിനെപ്പറ്റി. **أن يوصل** അതു ചേർക്കപ്പെടുവാൻ. **ويفسدون** നാശമുണ്ടാക്കുകയും ചെയ്യുന്നു. **في الأرض** ഭൂമിയിൽ. **أولئك** അക്കൂട്ടർ. **لهم** അവർക്കത്രെ. **اللعنة** ശാപം. **ولهم** അവർക്കുണ്ട്, അവർക്കുതന്നെ. **سوء** ദൂഷ്യം, തിൻമ ദോഷം, മോശം. **الدار** ഭവനത്തിന്റെ.

കഴിഞ്ഞ വചനങ്ങളിൽ ബുദ്ധിമാൻമാരുടെ സൽഗുണങ്ങളെയും, അവർക്ക് ലഭിക്കുവാനിരിക്കുന്ന സൽഫലങ്ങളെയും കുറിച്ച് വിവരിച്ചശേഷം, നേരെമറിച്ച് വിഡ്ഢികളായ ആളുകളുടെ സ്വഭാവങ്ങളും അവർക്ക് ലഭിക്കുവാനിരിക്കുന്ന ദുഷ്ഫലങ്ങളും എന്തായിരിക്കുമെന്ന് വിവരിക്കുകയാണ്. അവരുടെ വിപരീത സ്വഭാവങ്ങളാണ് ഇവർക്കുള്ളത്. അതിനാൽ ആദ്യം പറഞ്ഞവർ അല്ലാഹുവിൻെറ പ്രീതിക്കും അനുഗ്രഹങ്ങൾക്കും പാത്രമാകുമ്പോൾ, ഇവർ അല്ലാഹുവിമ ശാപത്തിനും ശിക്ഷക്കുമാണ് പാത്രമാകുന്നതെന്നും, അവരുടെ പര്യവസാനം സ്വർഗ്ഗമാകുന്ന ഭവനത്തിലേക്കായിരിക്കുമ്പോൾ, ഇവരുടെ പര്യവസാനം നരകമാകുന്ന ഭവനത്തിലേക്കായിരിക്കുമെന്നാണ് അല്ലാഹു ഈ വചനത്തിൽ പ്രസ്താവിച്ചതിൻെറ ചുരുക്കം. പരലോകത്ത് രണ്ട് കൂട്ടരുടെയും സ്ഥിതി ഇതാണെങ്കിലും ഐഹിക ജീവിതത്തിൽ രണ്ടുകൂട്ടർക്കുമിടയിൽ അല്ലാഹു ആ വ്യത്യാസം കാണിക്കുകയില്ലെന്നുകൂടി അടുത്ത വചനത്തിൽ സൂചിപ്പിക്കുന്നു.

ٱللَّهُ يَبْسُطُ ٱلرِّزْقَ لِمَن يَشَآءُ وَيَقْدِرُ ۚ وَفَرِحُوا۟ بِٱلْحَيَوٰةِ ٱلدُّنْيَا وَمَا ٱلْحَيَوٰةُ ٱلدُّنْيَا فِى ٱلْءَاخِرَةِ إِلَّا مَتَٰعٌ ﴿٢٦﴾

26 അല്ലാഹു, അവൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം വിശാലപ്പെടുത്തുകയും, (അവൻ ഉദ്ദേശിക്കുന്നവർക്ക്) പരിമിതപ്പെടുത്തുകയും ചെയ്യുന്നു. അവർ ഐഹികജീവിതംകൊണ്ട് ആഹ്ളാദം കൊള്ളുകയാണ്. പരലോകത്തെ അപേക്ഷിച്ച് ഐഹിക ജീവിതം ഒരു (നിസ്സാര) അനുഭവമല്ലാതെയല്ലതാനും.

---

26 **الله** അല്ലാഹു. **يبسط** വിശാലമാക്കുന്നു. **الرزق** ഉപജീവനം, ആഹാരം. **لمن يشاء** അവൻ ഉദ്ദേശിക്കുന്നവർക്ക്. **ويقدر** പരിമിതമാക്കുകയും ചെയ്യുന്നു. **وفرحوا** അവർ ആഹ്ലാദം (പുളകം-സന്തോഷം) കൊള്ളുകയും ചെയ്തിരിക്കുന്നു. **بالحياة** ജീവിതം കൊണ്ട്, ജീവിതത്തിൽ. **الدنيا** ഇഹത്തിലെ, ഐഹിക. **وما الحياة** ജീവിതമല്ലതാനും. **الدنيا** ഐഹിക. **في الآخرة** പരലോകത്തിൽ (അപേക്ഷിച്ചു). **إلا متاع** ഒരു അനുഭവം (ഉപകരണം) അല്ലാതെ.

ആഹാരം മുതലായ ഐഹിക ജീവിതത്തിലെ സുഖ സൗകര്യങ്ങൾ നല്കുന്നതിൽ സൻമാർഗ്ഗികളെന്നോ ദുർമ്മാർഗ്ഗികളെന്നോ ഉള്ള വ്യത്യാസം അല്ലാഹു കൽപിക്കാറില്ല. രണ്ട് വിഭാഗക്കാരിലും ചിലർക്ക് വിശാലമായും ചിലർക്ക് പരിമിതമായും നല്കുകയാണ് ചെയ്യുന്നത്. ആർക്കാണ് വിശാലമാക്കേണ്ടത് ആർക്കാണ് പരിമിതമാക്കേണ്ടത് എന്നത് അവൻെറ ഉദ്ദേശ്യവും നിശ്ചയവും അനുസരിച്ചായിരിക്കും കണക്കാക്കപ്പെടുന്നത്. ഈ വചനത്തിലെ ഒന്നാമത്തെ വാക്യം മുഖേന അല്ലാഹു അറിയിക്കുന്നത് അതാണ്. ഈ വിഷയം ഖുർആനിൽ ഒന്നിലധികം സ്ഥലത്ത് ആവർത്തിച്ചു പറയപ്പെട്ടിട്ടുള്ളതത്രെ. വിശാലമാക്കുന്നതും, കുടുസ്സാക്കുന്നതും-രണ്ടുംതന്നെ-ഓരോ തരത്തിലുള്ള പരീക്ഷണമാണെന്നും, ഒന്നാമത്തേത് നന്ദിയും നന്ദികേടും പരീക്ഷിക്കുവാനും, രണ്ടാമത്തേത് ക്ഷമയും ക്ഷമകേടും പരീക്ഷിക്കുവാനും വേണ്ടിയാണെന്നും ഖുർആൻെറ പ്രസ്താവനകളിൽ നിന്ന് അറിയപ്പെട്ടതാകുന്നു. തുടർന്ന് പറഞ്ഞതിൻെറ സാരം ഇപ്രകാരമാകുന്നു: ഈ യാഥാർത്ഥ്യം മനസ്സിലാക്കാതെ, ഐഹിക ജീവിതത്തിലെ സുഖസൗകര്യങ്ങളിൽ പുളകം കൊള്ളുകയും, അതുകൊണ്ട് തൃപ്തിപ്പെടുകയുമാണ് ദുർമ്മാർഗ്ഗികൾ ചെയ്യുന്നത്. വാസ്ത

വത്തിൽ, പരലോക ജീവിതത്തെ അപേക്ഷിച്ചു നോക്കുമ്പോൾ ‘ഐഹിക ജീവിതം കേവലം നിസ്സാരമായ ഒരു നാമമാത്ര വസ്തു എന്നല്ലാതെ അതിലപ്പുറം ഒരു സ്ഥാനവും അതിനുകല്പിക്കുവാനില്ലതാനും.’

ഒരാൾ തൻെറ കൈവിരൽ സമുദ്രത്തിൽ മുക്കിഎടുക്കുമ്പോൾ ആ വിരലിൽ ഉണ്ടാകുന്ന വെള്ളവും, സമുദ്രത്തിലെ വെള്ളവും തമ്മിലുള്ള താരതമ്യം പോലെയാണ് പരലോകത്തെ അപേക്ഷിച്ചു ഇഹലോകത്തിൻെറ സ്ഥിതി എന്ന് ഒരു ഹദീസിൽ നബി (ﷺ) ഉപമിച്ചിരിക്കുന്നു. (അ; മു; തി.) ഇബ്നു മസ്ഊദ് (رضي الله عنه) പറയുകയാണ്: റസൂൽ (ﷺ) ഒരു പായയിൽ ഉറങ്ങി. എഴുന്നേറ്റപ്പോൾ പായയുടെ പാട് തിരുമേനിയുടെ പാർശ്വത്തിൽ പതിഞ്ഞിരുന്നു ഞങ്ങൾ അവിടത്തോട്: ‘ഞങ്ങൾ അങ്ങേക്ക് (മെത്തയോ വിരിപ്പോ) വല്ലതും ഉണ്ടാക്കിത്തരട്ടെയോ?’ അപ്പോൾ, തിരുമേനി പറയുകയാണ്: ‘ഞാനും ഇഹലോകവുമായി എന്തുണ്ട് ബന്ധം?! ഒരു വാഹന യാത്രക്കാരൻ ഒരു വൃക്ഷത്തിൻെറ ചുവട്ടിൽ തണൽ തേടി ചെന്നു, പിന്നെ അത് വിട്ടേച്ചു പോകുകയും ചെയ്തു വെന്നതുപോലെ മാത്രമേ ഞാൻ ഇഹത്തിലുള്ളു.’ (തി)

വിഭാഗം-4

27 അവിശ്വസിച്ചവർ പറയുന്നു: ‘‘ഇവൻെറ [നബിയുടെ] മേൽ അവൻെറ റബ്ബിങ്കൽനിന്ന് വല്ല ദൃഷ്ടാന്തവും അവതരിപ്പിക്കപ്പെടാത്തതെന്ത്?!’’ പറയുക: ‘‘നിശ്ചയമായും അല്ലാഹു, അവൻ ഉദ്ദേശിക്കുന്നവരെ വഴിപിഴവിലാക്കുകയും, (മനസ്സു) മടങ്ങിയവരെ അവങ്കലേക്ക് അവൻ വഴിചേർക്കുകയും ചെയ്യുന്നു;-

وَيَقُولُ ٱلَّذِينَ كَفَرُوا۟ لَوْلَآ أُنزِلَ عَلَيْهِ ءَايَةٌ مِّن رَّبِّهِۦ ۗ قُلْ إِنَّ ٱللَّهَ يُضِلُّ مَن يَشَآءُ وَيَهْدِىٓ إِلَيْهِ مَنْ أَنَابَ ﴿٢٧﴾

28 ‘‘അതായത്, വിശ്വസിക്കുകയും, അല്ലാഹുവിൻെറ സ്മരണകൊണ്ട് തങ്ങളുടെ ഹൃദയങ്ങൾ ശാന്തമായിത്തീരുകയും ചെയ്യുന്നവർ. അല്ലാ(-അറിയുക)! അല്ലാഹുവിൻെറ സ്മരണകൊണ്ടത്രെ ഹൃദയങ്ങൾ ശാന്തമായിത്തീരുന്നത്.

ٱلَّذِينَ ءَامَنُوا۟ وَتَطْمَئِنُّ قُلُوبُهُم بِذِكْرِ ٱللَّهِ ۗ أَلَا بِذِكْرِ ٱللَّهِ تَطْمَئِنُّ ٱلْقُلُوبُ ﴿٢٨﴾

29 ‘‘യാതൊരു കൂട്ടർ വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തുവോ അവർക്കാണ് മംഗളവും, നല്ല മടക്കസ്ഥാനവും!’’

ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ طُوبَىٰ لَهُمْ وَحُسْنُ مَـَٔابٍ ﴿٢٩﴾

---

27 **ويقُول** പറയുന്നു. **الذين كَفَرُوا** അവിശ്വസിച്ചവർ. **لَولا أُنزلَ** അവതരിപ്പിക്കപ്പെടാത്തതെന്ത്, ഇറക്കപ്പെട്ടുകൂടേ. **عليه** അവൻെറ (ഇവൻെറ) മേൽ. **آيةٌ** ഒരു ദൃഷ്ടാന്തം, വല്ല ദൃഷ്ടാന്തവും. **من ربه** അവൻെറ റബ്ബിൽ നിന്ന്. **قُلْ** പറയുക. **إن الله** നിശ്ചയമായും അല്ലാഹു. **يضل** വഴിപിഴവിലാക്കുന്നു. **من يشاءُ** അവൻ ഉദ്ദേശിക്കുന്നവരെ. **ويهدي** അവൻ വഴിചേർക്കുകയും ചെയ്യുന്നു. **إليه** അവങ്കലേക്ക്. **من أناب** (ഹൃദയം) മടങ്ങിയവരെ, വിനയപ്പെട്ടവരെ. 28 **الذين** അതായത് യാതൊരു കൂട്ടർ. **آمنوا** അവർ വിശ്വസിച്ചു. **وتطمئن** ശാന്തമായിത്തീരുക (അടങ്ങുക) യും ചെയ്യുന്നു. **قُلوبهم** തങ്ങളുടെ ഹൃദയങ്ങൾ. **بذِكْر** സ്മരണ (ഓർമ്മ)കൊണ്ട്. **الله** അല്ലാഹുവിൻെറ. **ألاَ** അല്ല, അറിയുക. **بذِكْر الله** അല്ലാഹുവിൻെറ സ്മരണകൊണ്ട്, ഓർമ്മകൊണ്ടാണ്. **تطمئن** ശാന്തമാകുന്നത്, അടങ്ങുന്നു. **القُلُوب** ഹൃദയ

ങ്ങൾ. 29 **الذين آمنوا** വിശ്വസിച്ചവർ. **وعملوا** പ്രവർത്തിക്കുകയും ചെയ്തു. **الصالحات** സൽക്കർമ്മങ്ങൾ. **طوبى** മംഗളം. **لهم** അവർക്കാണ്. **وحسن مآب** നല്ല മടക്ക (പ്രാപ്യ) സ്ഥാനവും.

ദൃഷ്ടാന്തങ്ങൾ ധാരാളം ഉണ്ടായിരുന്നിട്ട് പിന്നെയും അവിശ്വാസികൾ പുതിയ ദൃഷ്ടാന്തങ്ങൾ ആവശ്യപ്പെട്ടുകൊണ്ടിരുന്നതിനെപ്പറ്റി ഇതിന് മുമ്പും പിമ്പും പല സ്ഥലങ്ങളിലും പ്രസ്താവിച്ചിട്ടുള്ളതാണ്. അതുപോലെത്തന്നെ, അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ വഴിപിഴവിലാക്കുമെന്നും, അവൻ ഉദ്ദേശിക്കുന്നവരെ അവൻ നേർമ്മാർഗ്ഗത്തിൽ ചേർക്കുമെന്നും പറഞ്ഞതിൻെറ താൽപര്യത്തെക്കുറിച്ചും ഒന്നിലധികം പ്രാവശ്യം മുമ്പ് വിവരിച്ചു കഴിഞ്ഞിട്ടുള്ളതാണ്. അതുകൊണ്ട് ഈ രണ്ട് കാര്യത്തെക്കുറിച്ച് പ്രത്യേകമൊന്നും വിവരിക്കുന്നില്ല. അല്ലാഹുവിലേക്ക് മനസ്സ് മടങ്ങി വിനയരായിത്തീരുന്നവരെയാണ് അവൻ നേർവഴിയിൽ ചേർക്കുക (يهدى اليه من أناب) എന്ന് പറഞ്ഞതിൽനിന്ന് തന്നെ അവൻ വഴിപിഴവിലാക്കുന്നത് ആരെയായിരിക്കുമെന്ന് മനസ്സിലാക്കാവുന്നതാണല്ലോ, പുതിയ ദൃഷ്ടാന്തങ്ങൾ കാണിച്ചുകൊടുക്കുവാൻ ആവശ്യപ്പെടുന്നവർക്ക് നൽകുവാൻ കൽപിച്ച മറുപടിയുടെ ആകെ സാരം ഇങ്ങനെ പറയാം: നിങ്ങളെ നേർമാർഗ്ഗത്തിലാക്കുവാൻ അല്ലാഹു ഉദ്ദേശിച്ചിട്ടില്ലെങ്കിൽ, നിങ്ങൾക്ക് ഇനി പുതിയൊരു ദൃഷ്ടാന്തം ഇറക്കിത്തന്നിട്ട് ഫലമുണ്ടാകുവാൻ പോകുന്നില്ല. നിങ്ങളെ നേർമ്മാർഗ്ഗത്തിലാക്കിത്തരുവാൻ ഭക്തിയോടും താഴ്മയോടുംകൂടി അവനോട് അപേക്ഷിക്കുകയാണ് നിങ്ങൾ ചെയ്യേണ്ടത്. നേർമ്മാർഗ്ഗം പ്രാപിക്കുവാൻ വേണ്ടിത്തന്നെയാണ് നിങ്ങൾ ദൃഷ്ടാന്തങ്ങൾ ആവശ്യപ്പെടുന്നതെങ്കിൽ, അതിനു വേണ്ടത്ര ദൃഷ്ടാന്തങ്ങൾ നിങ്ങളുടെ മുമ്പിൽ തന്നെയുണ്ട്.

അല്ലാഹുവിൻെറ സ്മരണകൊണ്ട് ഹൃദയങ്ങൾ ശാന്തമായിത്തീരുന്നു (بذكر الله تطمئن القلوب) എന്ന് പറഞ്ഞത് വളരെ അർത്ഥഗർഭമായ ഒരു വാക്യമാകുന്നു. അല്ലാഹുവിനെക്കുറിച്ചു യഥാർത്ഥമായ സമ്രണയും ബോധവും ഉള്ളവരെ സംബന്ധിച്ചിടത്തോളം അവർക്കു ഭയാശങ്കകളോ ആശയക്കുഴപ്പങ്ങളോ, അസ്വാസ്ഥ്യങ്ങളോ ഒന്നും തന്നെ ബാധിക്കുവാനില്ല. അവരെപ്പോഴും ശാന്തരും വേവലാതിയില്ലാത്തവരും, സംതൃപ്തരും അതോടൊപ്പം ധീരചിത്തരുമായിരിക്കും. അവരുടെ വാക്കും, പ്രവൃത്തിയും, വിചാരവികാരങ്ങളുമെല്ലാം നിയന്ത്രിതങ്ങളുമായിരിക്കും. അല്ലാഹുവല്ലാത്ത മറ്റേതിനെക്കുറിച്ചുള്ള സ്മരണമൂലവും ഉണ്ടാവാത്ത ഗുണങ്ങളത്രെ അവ. മാത്രമല്ല മിക്കപ്പോഴും അവയുടെ എതിർ ഗുണങ്ങളാണ് അതിൻെറ ഫലം. അല്ലാഹുവിൻെറ സ്മരണ (ذكر الله) സാക്ഷാകൃതമാകുമ്പോൾ അത് മനസാ-വാചാ-കർമ്മണാ എന്നീ മൂന്ന് രൂപത്തിലും പ്രകടമായിത്തീരുന്നതാകുന്നു. ധ്യാനം, ഭക്തി, വിനയം ആദിയായവ ഹൃദയംകൊണ്ടും, തസ്ബീഹ് (അല്ലാഹുവിൻെറ പരിശുദ്ധിയെ പ്രകീർത്തനം ചെയ്യൽ), ഹംദ് (സ്തുതികീർത്തനം ചെയ്യൽ) തക്ബീർ (മഹത്വകീർത്തനം), ദുആ (പ്രാർത്ഥന), ഖുർആൻ പാരായാണം മുതലായവ നാവുകൊണ്ടും, നമസ്ക്കാരം നോമ്പ് ദാനകർമ്മങ്ങൾ മുതലായ കർമ്മങ്ങൾ പ്രവൃത്തികൊണ്ടും ഉണ്ടാകുന്ന സ്മരണ **ذكر** കളത്രെ.

كَذَٰلِكَ أَرْسَلْنَـٰكَ فِىٓ أُمَّةٍ قَدْ خَلَتْ مِن قَبْلِهَآ أُمَمٌ لِّتَتْلُوَا۟ عَلَيْهِمُ ٱلَّذِىٓ أَوْحَيْنَآ إِلَيْكَ وَهُمْ يَكْفُرُونَ بِٱلرَّحْمَـٰنِ ۚ قُلْ هُوَ رَبِّى لَآ إِلَـٰهَ إِلَّا هُوَ عَلَيْهِ تَوَكَّلْتُ وَإِلَيْهِ مَتَابِ ﴿٣٠﴾

30 മുമ്പ് പല സമുദായങ്ങൾ കഴിഞ്ഞുപോകുകയുണ്ടായിട്ടുള്ള ഒരു സമുദായത്തിൽ, അതുപോലെ [അവരിൽ അയക്കുകയുണ്ടായതുപോലെ] നിന്നെ നാം (റസൂലായി) അയച്ചിരിക്കുന്നു, നിനക്കു നാം 'വഹ്‌യു' [സന്ദേശം] നൽകിയതിനെ നീ അവർക്ക് ഓതിക്കേൾപ്പിക്കുവാൻവേണ്ടി. അവരാകട്ടെ, പരമകാരുണികനിൽ അവിശ്വസിക്കുകയും ചെയ്യുന്നു. പറയുക: ''അവൻ എൻെറ റ

ബ്ബാകുന്നു; അവനല്ലാതെ ഒരു ആരാധ്യനേ ഇല്ല; അവൻെറ മേലത്രെ ഞാൻ ഭരമേൽ പിച്ചിരിക്കുന്നത്; അവനിലേക്കുതന്നെയാ ണ് എൻെറ (പശ്ചാത്തപിച്ച്) മടക്കവും.''

---

30 **كَذَٰلِكَ** അപ്രകാരം, അതുപോലെ. **أَرْسَلْنَاكَ** നിന്നെ നാം അയച്ചിരിക്കുന്നു. **فِي أُمَّةٍ** ഒരു സമുദായ ത്തിൽ. **قَدْ خَلَتْ** കഴിഞ്ഞുപോയിട്ടുണ്ട്. **مِن قَبْلِهَا** അതിൻെറ (ആ സമുദായത്തിൻെറ) മുമ്പ്. **أُمَمٌ** പല (ചില) സമുദായങ്ങൾ. **لِّتَتْلُوَ** നീ ഓതിക്കൊടുക്കു (ഓതിക്കേൾപ്പിക്കു)വാൻ വേണ്ടി. **عَلَيْهِمُ** അവ രുടെ മേൽ, അവർക്ക്. **الَّذِي أَوْحَيْنَا** നാം വഹ്‌യു നൽകിയതിനെ. **إِلَيْكَ** നിനക്ക്. **وَهُمْ** അവരാകട്ടെ. **يَكْفُرُونَ** അവിശ്വസിക്കുന്നു. **بِالرَّحْمَٰنِ** റഹ്മാനിൽ (പരമകാരുണികനിൽ). **قُلْ** പറയുക. **هُوَ رَبِّي** അവൻ എൻെറ റബ്ബാണ് (രക്ഷിതാവാണ്). **لَا إِلَٰهَ** ഒരാരാധ്യനുമില്ല. **إِلَّا هُوَ** അവനല്ലാതെ. **عَلَيْهِ** അവൻെറ മേലത്രെ. **تَوَكَّلْتُ** ഞാൻ ഭരമേൽപിച്ചിരിക്കുന്നു. **وَإِلَيْهِ** അവങ്കലേക്കുതന്നെയാണ്. **مَتَابِ** എൻെറ പശ്ചാത്താപം, മടക്കം.

സാരം: മുമ്പ് പല സമുദായങ്ങളിലേക്കും നാം റസൂലുകളെ അയക്കുകയുണ്ടായിരുന്നു. അതുപോലെ, ഈ സമുദായത്തിലേക്ക് നിന്നെ അയച്ചിരിക്കുകയാണ്, ഇതൊരു പുതിയ ഏർപ്പാടെന്നുമല്ല. അവരുടെ നൻമക്കുവേണ്ടി നാം നിനക്ക് എത്തിച്ചു തന്നെ സന്ദേശങ്ങൾ അവരെ കേൾപിച്ചു മനസ്സിലാക്കുവാൻ വേണ്ടിയാണ് നിന്നെ അയച്ചിരിക്കുന്നതും. അല്ലാഹു അവർക്ക് നൽകിയ ഈ വമ്പിച്ച കാരുണ്യത്തിന് അവർ നന്ദികാണിക്കുകയാണ് വേണ്ടിയിരുന്നത്. പക്ഷേ, നന്ദിക്കുപകരം മഹാകാരുണികനായ അല്ലാഹുവിൽ അവിശ്വസിച്ചു നന്ദകേട് കാണിക്കുകയാണവർ ചെയ്യുന്നത്. അവർ സ്വീകരിച്ചാലും ഇല്ലെങ്കിലും ശരി, എല്ലാം അവനിൽ അർപ്പിച്ചുകൊണ്ട് നീ തൗഹീദിൽ ഉറച്ചുതന്നെ നിന്നുകൊള്ളുക.

وَلَوْ أَنَّ قُرْءَانًا سُيِّرَتْ بِهِ ٱلْجِبَالُ أَوْ قُطِّعَتْ بِهِ ٱلْأَرْضُ أَوْ كُلِّمَ بِهِ ٱلْمَوْتَىٰ ۗ بَل لِّلَّهِ ٱلْأَمْرُ جَمِيعًا ۗ أَفَلَمْ يَا۟يْـَٔسِ ٱلَّذِينَ ءَامَنُوٓا۟ أَن لَّوْ يَشَآءُ ٱللَّهُ لَهَدَى ٱلنَّاسَ جَمِيعًا ۗ وَلَا يَزَالُ ٱلَّذِينَ كَفَرُوا۟ تُصِيبُهُم بِمَا صَنَعُوا۟ قَارِعَةٌ أَوْ تَحُلُّ قَرِيبًا مِّن دَارِهِمْ حَتَّىٰ يَأْتِىَ وَعْدُ ٱللَّهِ ۚ إِنَّ ٱللَّهَ لَا يُخْلِفُ ٱلْمِيعَادَ ﴿٣١﴾

31 വല്ല 'ഖുർആനും' [പാരായണ ഗ്രന്ഥവും], അതുമൂലം മലകൾ (തൽസ്ഥാനങ്ങളിൽ നിന്ന്) നടത്തപ്പെടുകയോ, അല്ലെങ്കിൽ അതുമൂലം ഭൂമി (തുണ്ടമാക്കി) മുറിക്കപ്പെടുകയോ, അതുമൂലം മരണപ്പെട്ടവരുമായി സംസാരിക്കപ്പെടുകയോ ചെയ്തിരുന്നുവെങ്കിൽ (അത് ഈ ഗ്രന്ഥം തന്നെയാകുമായിരുന്നു). പക്ഷേ, കൽപന [അധികാരം] മുഴുവനും അല്ലാഹുവിന്നാകുന്നു. അപ്പോൾ, വിശ്വസിച്ചവർക്ക് വ്യക്തമായി അറിഞ്ഞു കൂടേ? അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ മനുഷ്യരെ മുഴുവനും അവൻ സൻമാർഗ്ഗത്തിലാക്കുമായിരുന്നുവെന്ന്! അവിശ്വസിച്ചവർ അവർ പ്രവർത്തിച്ചതു നിമിത്തം-അവർക്ക് മുട്ടി അലക്കുന്ന വല്ല [ശിക്ഷാ] സംഭവവും ബാധിച്ചു കൊണ്ടേയിരിക്കുന്നതാണ്. അല്ലെങ്കിൽ അവരുടെ വസതിക്കു സമീപം അത് [വന്നു] ഇറങ്ങിക്കൊണ്ടിരിക്കും; അല്ലാഹുവിൻെറ വാഗ്ദത്തം വന്നെത്തുന്നതുവരെ. നിശ്ചയമായും, അല്ലാഹു കരാറ് നിശ്ചയത്തിന് എതിര് പ്രവർത്തിക്കുകയില്ല.

31 **ولو أن** ആയിരുന്നെങ്കിൽ. **قرآنا** വല്ല ഖുർആനും (പാരായണഗ്രന്ഥവും). **سيرت به** അതു മൂലം നടത്തപ്പെട്ടു. **الجبال** മല(പർവ്വതം)കൾ. **أو قطعت** അല്ലെങ്കിൽ മുറിക്ക (തുണ്ടമാക്ക)പ്പെട്ടു. **به** അതു മൂലം. **الأرض** ഭൂമി. **أو كلم** അല്ലെങ്കിൽ സംസാരിക്കപ്പെട്ടു. **به** അതുമൂലം, അതിനാൽ. **الموتى** മരണപ്പെട്ടവരുമായി. **بل** പക്ഷേ, എന്നാൽ, എങ്കിലും. **لله** അല്ലാഹുവിനാണ്. **الأمر** കൽപന (അധികാരം), കാര്യം. **جميعا** മുഴുവനും. **أفلم ييأس** അപ്പോൾ നിരാശപ്പെട്ടി (വ്യക്തമായിഅറിഞ്ഞിട്ടി)ല്ലേ. **الذين آمنوا** വിശ്വസിച്ചവർ. **أن لو يشاء** ഉദ്ദേശിച്ചിരുന്നുവെങ്കിൽ എന്ന്. **الله** അല്ലാഹു. **لهدى** അവൻ സൻമാർഗ്ഗത്തിലാക്കുകതന്നെ ചെയ്തിരുന്നു (വെന്നു). **الناس** മനുഷ്യരെ. **جميعا** മുഴുവനും. **ولا يزال** ആയിക്കൊണ്ടേയിരിക്കും. **الذين كفروا** അവിശ്വസിച്ചവർ. **تصيبهم** അവർക്ക് ബാധിച്ചുകൊണ്ട്. **بما صنعوا** അവർ പ്രവർത്തിച്ചതിനാൽ. **قارعة** വല്ല മുട്ടി അലക്കുന്ന സംഭവം. **أو تحل** അല്ലെങ്കിൽ അത് ഇറങ്ങിക്കൊണ്ട്, നീ ഇറങ്ങിക്കൊണ്ടു. **قريبا** അടുത്തു, സമീപത്തു. **من دارهم** അവരുടെ വസതിക്കു, ഭവനത്തോട്. **حتى يأتي** വരുന്നതുവരെ. **وعد الله** അല്ലാഹുവിൻെറ വാഗ്ദത്തം, വാഗ്ദാനം. **إن الله** നിശ്ചയമായും അല്ലാഹു. **لا يخلف** എതിരു ചെയ്യുക (ലംഘിക്കുക)യില്ല. **الميعاد** നിശ്ചയത്തെ, കരാർ (വാഗ്ദത്ത)നിശ്ചയം.

മുൻവേദഗ്രന്ഥങ്ങളിൽപെട്ട എതെങ്കിലും ഒരു പാരായണ ഗ്രന്ഥം അവതരിപ്പിക്കുകയോ, പാരായണം ചെയ്യപ്പെടുകയോ ചെയ്തത് നിമിത്തം-അതിൻെറ ഗൗരവത്താൽ-വല്ല മലകളും അവയുടെ സ്ഥാനം തെറ്റി നീങ്ങിപ്പോകുകയോ, ഭൂമി പൊട്ടിക്കീറി തുണ്ടമായിപ്പോകുകയോ, മരണപ്പെട്ടുപോയ ആളുകളുമായി സംസാരം നടത്തുവാൻ സാധിക്കുകയോ ഉണ്ടായിട്ടില്ല. അങ്ങിനെ വല്ലതും ഉണ്ടായിട്ടുണ്ടെങ്കിൽ, നിശ്ചയമായും ഈ ഖുർആൻ മൂലവും അതൊക്കെ സംഭവിക്കുമായിരുന്നു. ഏതു നിലക്കും ഈ ഗ്രന്ഥം അവയെക്കാളെല്ലാം ശ്രേഷ്ഠമായതു തന്നെ. പക്ഷേ, വേദഗ്രന്ഥങ്ങൾ മുഖേന അങ്ങിനെയൊന്നും സംഭവിക്കാറില്ലാത്ത സ്ഥിതിക്ക് ഈ ഖുർആൻ സത്യമാണെങ്കിൽ ഞങ്ങൾക്ക് എന്തുകൊണ്ട് ഇന്നിന്ന ദൃഷ്ടാന്തങ്ങൾ കാണിച്ചുതരുന്നില്ല എന്നും മറ്റും അവിശ്വാസികൾ പറഞ്ഞുകൊണ്ടിരിക്കുന്നതിന് ന്യായമില്ല. ഖുർആൻെറ ഏതെങ്കിലും പോരായ്മയോ, ന്യൂനതയോ അല്ല അവരുടെ ഈ നിഷേധത്തിന് കാരണം. അല്ലാഹുവിൻെറ കയ്യിലാണ് സർവ്വ കാര്യങ്ങളുടെയും അധികാരവും നിയന്ത്രണവുമിരിക്കുന്നത്. അവൻ വേണമെന്നുദ്ദേശിക്കുന്ന പക്ഷം ഇവരടക്കം എല്ലാ മനുഷ്യരും വിശ്വസിക്കുക തന്നെ ചെയ്യും, പക്ഷേ, അവൻ അങ്ങിനെ ഉദ്ദേശിച്ചിട്ടില്ല. സൻമാർഗ്ഗം പ്രാപിക്കുവാൻ അർഹതയുള്ളവരും അതിന് സന്നദ്ധതയുള്ളവരും ആരൊക്കെയാണെന്നു അവന്നറിയാം. അങ്ങിനെയുള്ളവർ അതിൽ വിശ്വസിക്കുകയും, അവരെ അവൻ സ്വർഗ്ഗത്തിലാക്കുകയും ചെയ്യും. ഈ വസ്തുത സത്യവിശ്വാസികൾക്ക് ശരിക്കും അറിയാവുന്നതാണല്ലോ. അതുകൊണ്ട് ആ സത്യനിഷേധികളെപ്പറ്റി അവർ ആശിച്ചിരിക്കേണ്ടതില്ല. ഏതായാലും ഒരു കാര്യം തീർച്ചയാകുന്നു: അല്ലാഹു ചെയ്ത വാഗ്ദത്തം-ഇസ്ലാമിൻെറ വിജയം-നടപ്പിൽ വരുക തന്നെ ചെയ്യും. അതുവരെ സ്വൈരമായിരിക്കുവാൻ അവിശ്വാസികൾക്കു സാധ്യമായിരിക്കയില്ല. അവർക്കിടയിൽ തന്നെയോ, അല്ലെങ്കിൽ അവർക്ക് സ്വൈരജീവിതം സാദ്ധ്യമല്ലാത്ത വിധം അവരുടെ സമീപ സ്ഥലങ്ങളിലോ എന്തെങ്കിലും മഹാവിപത്തുകൾ അവർ അനുഭവിച്ചുകൊണ്ടിരിക്കുന്നതാണ്. അല്ലാഹുവിൻെറ നിശ്ചയത്തിന് ഒരിക്കലും മാറ്റം വരുകയില്ല ഇതൊക്കെയാണ് ഈ വചനത്തിലടങ്ങിയ സാരം.

ഇസ്ലാമിൻെറ വിജയവും, ശിർക്കിൻെറ പരാജയവും അടുത്ത ഭാവിയിൽ പരിപൂർണ്ണമായിത്തീരുന്നതാണെന്നുള്ള അല്ലാഹുവിൻെറ വാഗ്ദാനം യഥാർത്ഥമായി പുലർന്നതും, അതുവരെയും യുദ്ധം, ക്ഷാമം തുടങ്ങിയ ആപത്തുകൾ മുശ്രിക്കുകൾക്ക് അനുഭവപ്പെട്ടുകൊണ്ടിരുന്നതും പ്രസിദ്ധമാണല്ലോ. ارتحل قريبا من دارهم എന്ന വാക്യത്തിന്-പരിഭാഷയിൽ കണ്ടതുപോലെ- ''അല്ലെങ്കിൽ അവരുടെ വസതിക്ക് സമീപം അത് (ആ മുട്ടി അലക്കുന്ന സംഭവം) വന്നിറങ്ങിക്കൊണ്ടിരിക്കും'' എന്ന് അർത്ഥം കൽപിച്ചുകൊണ്ടുള്ളതാണ് മേൽകണ്ട വിവരണം. ആ വാക്യ

ത്തിന് 'അല്ലെങ്കിൽ നീ (നബി) അവരുടെ വസതിക്ക് സമീപം ഇറങ്ങിച്ചെല്ലും' എന്നും അർത്ഥം വരാവുന്നതാണ്. മക്കാവിജയം വഴി ഇസ്‌ലാമിന്റെ വിജയം പൂർത്തിയാകുന്നതുവരെ അതിന്റെ പരിസരങ്ങളിലുള്ള ഓരോ രാജ്യങ്ങൾ നബി (ﷺ) ജയിച്ചടക്കിക്കൊണ്ടിരിക്കും എന്നായിരിക്കും അപ്പോൾ ഇതിന്റെ താൽപര്യം. ഖുർആൻ വ്യാഖ്യാതാക്കളിൽ ഒരു വിഭാഗം ഈ വാക്യത്തിന് കൽപിച്ചിരിക്കുന്ന വ്യാഖ്യാനം ഇതാകുന്നു.

قرأن (ഖുർആൻ) എന്ന വാക്കിന് 'പാരായണം' എന്നും 'പാരായണ ഗ്രന്ഥം' എന്നും അർത്ഥമുണ്ടെന്നും, ഇതിൽനിന്നാണ് വിശുദ്ധ ഖുർആനിന് القرأن എന്ന് പേർ വന്നതെന്നും കഴിഞ്ഞ സൂറത്തിലെ 2-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ വിവരിച്ചിരിക്കുന്നു. ഇവിടെ 'ഖുർആൻ' എന്ന് പറഞ്ഞത് മുൻവേദഗ്രന്ഥങ്ങളാകുന്ന പാരായണ ഗ്രന്ഥങ്ങളെ ഉദ്ദേശിച്ചാകുന്നു. ഒരു ഹദീസിൽ നബി (ﷺ) ഇപ്രകാരം പറയുന്നു: ''ദാവൂദ് (അ)നു ഖുർആൻ ലഘുവാക്കപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ മൃഗത്തിനു(വാഹനത്തിന്) ജീനിയിട്ട് കെട്ടുവാൻ അദ്ദേഹം കൽപിച്ചിട്ട് അത് കെട്ടിത്തീരും മുമ്പായി അദ്ദേഹം ഖുർആൻ ഓതുമായിരുന്നു. അദ്ദേഹം തന്റെ സ്വന്തം കരങ്ങളുടെ പ്രവർത്തനത്തിൽ നിന്നല്ലാതെ ഭക്ഷണം കഴിച്ചിരുന്നതുമില്ല.'' (അ; ബു) ഈ നബി വചനത്തിൽ 'ഖുർആൻ' എന്ന് പറഞ്ഞത് ദാവൂദ് (عليه السلام) നബിയുടെ വേദഗ്രന്ഥത്തെ (സബൂറിനെ) ഉദ്ദേശിച്ചാണെന്ന് വ്യക്തമാണ്.

افلم ييئس എന്ന വാക്കിനാണ്-മിക്ക ഖുർആൻ വ്യാഖ്യാതക്കളും കൽപിച്ചപോലെ- അറിഞ്ഞുകൂടേ' എന്ന് നാമും അർത്ഥം കൽപിച്ചിരിക്കുന്നത്. സാധരണഗതിയിൽ നിരാശപ്പെട്ടിട്ടില്ലേ' എന്നായിരിക്കും ആ വാക്കിനർത്ഥം വരുക. ഒരു കാര്യത്തെപ്പറ്റി ശരിക്കും വ്യക്തമായി അറിയുമ്പോഴാണല്ലോ അതിന്റെ മറുവശത്തെപ്പറ്റി നിരാശപ്പെടുന്നത്. അവിശ്വാസികൾ ഖുർആനിൽ വിശ്വാസിക്കാത്തതിന്റെ കാരണം നല്ലപോലേ അറിയുന്ന സ്ഥിതിക്ക് അവർ വിശ്വസിക്കുന്ന കാര്യത്തിൽ സത്യവിശ്വാസികൾക്ക് ആശയും പ്രതീക്ഷയും ഉണ്ടാവാൻ അവകാശമില്ലല്ലോ. അതാണ് ഈ പ്രയോഗത്തിലടങ്ങിയ സൂചന.

വിഭാഗം-5

وَلَقَدِ ٱسْتُهْزِئَ بِرُسُلٍ مِّن قَبْلِكَ فَأَمْلَيْتُ لِلَّذِينَ كَفَرُوا۟ ثُمَّ أَخَذْتُهُمْ ۖ فَكَيْفَ كَانَ عِقَابِ ﴿٣٢﴾

32 തീർച്ചയായും, നിന്റെ മുമ്പ് പല റസൂലുകളെക്കുറിച്ചും പരിഹസിക്കപ്പെടുകയുണ്ടായിട്ടുണ്ട്; എന്നിട്ട് ഞാൻ (ആ) അവിശ്വസിച്ചവർക്ക് താമസം നൽകി (അയച്ചു വിട്ടു); പിന്നെ, ഞാൻ അവരെ പിടിച്ചു (ശിക്ഷിച്ചു). അപ്പോൾ, എന്റെ ശിക്ഷാനടപടി എങ്ങിനെയായിരുന്നു? [അത് കുറിക്കുകൊണ്ടില്ലേ?!]

أَفَمَنْ هُوَ قَآئِمٌ عَلَىٰ كُلِّ نَفْسٍۭ بِمَا كَسَبَتْ ۗ وَجَعَلُوا۟ لِلَّهِ شُرَكَآءَ قُلْ سَمُّوهُمْ ۚ أَمْ تُنَبِّـُٔونَهُۥ بِمَا لَا يَعْلَمُ فِى ٱلْأَرْضِ أَم بِظَٰهِرٍ مِّنَ ٱلْقَوْلِ ۗ بَلْ زُيِّنَ لِلَّذِينَ كَفَرُوا۟ مَكْرُهُمْ وَصُدُّوا۟ عَنِ ٱلسَّبِيلِ

33 അപ്പോൾ, എല്ലാ (ഓരോ) വ്യക്തിയുടെ മേലും അത് (പ്രവർത്തിച്ചു) സമ്പാദിച്ചതിനെപ്പറ്റി (മേൽനോട്ടം ചെയ്തുകൊണ്ട്) നിലകൊള്ളുന്ന യാതൊരുവനോ....?: [അവനെങ്ങിനെ ഒരു കഴിവും ഇല്ലാത്തവർക്ക് സമമാകുന്നു?!] (എന്നിട്ടും) അവർ അല്ലാഹുവിന് പങ്കാളികളെ ആക്കിയിരിക്കുന്നു! പറയുക: ''നിങ്ങൾ അവരെ (ഒന്ന്) പേര് പറഞ്ഞു (വിവരിച്ചു)തരുവിൻ! അതല്ല, ഭൂമിയിൽ (ഉള്ളതായി) അവൻ അറിയാത്ത

وَمَن يُضْلِلِ ٱللَّهُ فَمَا لَهُۥ مِنْ هَادٍ ﴿٣٣﴾

കാര്യത്തെപ്പറ്റി നിങ്ങള്‍ അവന് വിവരം അറിയിക്കുന്നുവോ?! അതല്ല, (അര്‍ത്ഥമില്ലാത്ത) വല്ല പുറംവാക്കും മൂലം (അങ്ങിനെ പറയുന്നത്) ആണോ?!'' പക്ഷേ, (അതൊന്നുമല്ല- ആ) അവിശ്വസിച്ചവര്‍ക്ക് അവരുടെ തന്ത്രം അലങ്കാരമായി കാണിക്കപ്പെട്ടിരിക്കുകയാണ്; അവര്‍ (ശരിയായ) മാര്‍ഗ്ഗത്തില്‍ നിന്നും തട്ടിത്തിരിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഏതൊരുവനെ അല്ലാഹു വഴിപിഴവിലാക്കുന്നുവോ അവന്ന് (പിന്നെ) നേര്‍വഴിയിലാക്കുന്ന ഒരുവനുമില്ല.

---

32 **ولَقَد** തീര്‍ച്ചയായും ഉണ്ട്. **استهزئ** പരിഹസിക്കപ്പെട്ടിട്ടു (ണ്ട്). **بِرسلٍ** പല റസൂലുകളെപ്പറ്റിയും. **من قبلك** നിന്‍റെ മുമ്പ്. **فَأمليت** എന്നിട്ടും നാം താമസം നല്‍കി, പിന്തിച്ചുകൊടുത്തു (അയവു നല്‍കി. **للذين كَفَروا** അവിശ്വസിച്ചവര്‍ക്ക്. **ثمَّ** പിന്നെ, പിന്നീട്. **أخذْتهم** അവരെ ഞാന്‍ പിടിച്ചു. **فَكَيف** അപ്പോള്‍ എങ്ങിനെ. **كَانَ** ആയിരുന്നു, ഉണ്ടായി. **عقابِ** എന്‍റെ ശിക്ഷാനടപടി, പ്രതികാര നടപടി. 33 **أفَمن** അപ്പോള്‍ യാതൊരുവനോ. **هو** അവന്‍. **قَائم** നിലകൊള്ളുന്നവനാണ്. **على كُلِّ نفْسٍ** എല്ലാ വ്യക്തിയുടെ (ദേഹത്തിന്‍റെ-ആളുടെ ആത്മാവിന്‍റെ)മേലും. **بِما كَسبت** അതു സമ്പാദിച്ചതിനെപ്പറ്റി. **وجعلوُا** അവര്‍ ആക്കിയിരിക്കുന്നു. **لله** അല്ലാഹുവിന്. **شركَاءَ** പങ്കാളികളെ. **قُلْ** പറയുക. **سموهم** നിങ്ങള്‍ അവരെ പേരു പറയുവിന്‍ (നിര്‍ണ്ണയിച്ചു-വിവരിച്ചു തരുക). **أم تنبئُونه** അതല്ല (അല്ലാത്തപക്ഷം) നിങ്ങള്‍ അവന് വിവരം അറിയിക്കുന്നോ, പറഞ്ഞുകൊടുക്കുന്നോ. **بِما لا يعلم** അവന്‍ അറിയാത്തതിനെപ്പറ്റി. **في الْأَرض** ഭൂമിയില്‍. **أم بِظَاهرٍ** അല്ലെങ്കില്‍ വല്ല ബാഹ്യമായ (പുറമെയുള്ള) തുമൂലമാണോ. **من الْقَول** വാക്കില്‍ നിന്നുള. **بلْ** പക്ഷേ, എന്നാല്‍. **زين** അലങ്കരിക്ക (അലങ്കാരമായി കാണിക്ക) പ്പെട്ടിരിക്കുന്നു. **للذين كَفَروا** അവിശ്വസിച്ചവര്‍ക്ക്. **مكْرهم** അവരുടെ തന്ത്രം, കുതന്ത്രം, ഉപായം. **وصدوا** അവര്‍ തിരിക്ക (തട്ടിവില)പ്പെടുകയും ചെയ്തിരിക്കുന്നു. **عن السبِيل** മാര്‍ഗ്ഗത്തില്‍ നിന്ന്. **ومن** ആരെ, ഏതൊരുവനെ. **يضلل** വഴിപിഴവിലാക്കുന്നുവോ. **اللهُ** അല്ലാഹു. **فَما له** എന്നാല്‍ അവന്നില്ല. **من هاد** ഒരു വഴി ചേര്‍ക്കുന്നവനും, വഴികാട്ടിയും.

ഓരോ വ്യക്തിയുടെയും സകല ചെയ്തികളും സൂക്ഷ്മവീക്ഷണം നടത്തിക്കൊണ്ടിരിക്കുന്ന അല്ലാഹുവിന് ചില പങ്കാളികള്‍ ഉണ്ടെന്നാണല്ലോ അവര്‍ പറയുന്നത്. എന്നാല്‍, അവന് പങ്കുകാരായിരിക്കുവാന്‍ അര്‍ഹതയുള്ള ആ പങ്കാളികള്‍ ആരൊക്കെയാണെന്ന് അവരൊന്ന് വിവരിച്ചു തരട്ടെ, അതൊന്ന് കാണാമല്ലോ, ഒരു പക്ഷേ അല്ലാഹുവിന്‍റെ അറിവില്‍ പെടാത്ത ചില പങ്കാളികള്‍ ഈ ഭൂമിയില്‍ അവന്നുണ്ടെന്നുള്ള ഒരു വിവരം അവന് പറഞ്ഞ് കൊടുക്കുകയാണോ അവര്‍ ചെയ്യുന്നത്? അങ്ങിനെയാണെങ്കില്‍ അത് തനികള്ളമാകുന്നു. കാരണം, ഭൂമിയില്‍ അല്ലാഹു അറിയാത്ത ഒന്നും തന്നെയില്ല. എനി, യഥാര്‍ത്ഥമൊന്നും നോക്കാതെ, നിരര്‍ത്ഥകമായ ഒരു വെറും വാക്കായിക്കൊണ്ട് മാത്രം അവര്‍ അങ്ങിനെ പറയുകയാണ് ചെയ്യുന്നതെങ്കില്‍ അതിനൊട്ട് വിലയും കല്പിക്കുവാനില്ല എന്ന് സാരം.

അവരോട് ന്യായവാദം നടത്തിയിട്ടും ഗുണദോഷിച്ചിട്ടും ഫലമില്ല. അവര്‍ ചെയ്യുന്ന ഏത് അക്രമവും തോന്നിയവാസവും തങ്ങള്‍ക്കൊരു അന്തസ്സും അലങ്കാരവുമായിട്ടാണവര്‍ കണക്കുകൂട്ടുന്നത്. നേര്‍വഴി കാണുവാന്‍ കഴിയാത്ത വണ്ണം അവര്‍ അതില്‍ നിന്നും അകന്ന് പോയിരിക്കുന്നു. അങ്ങിനെയുള്ളവരെ നേര്‍മാര്‍ഗത്തിലേക്ക് എത്തിക്കുക അല്ലാഹുവിന് പതിവില്ല. ان الله لا يهدى من هو كاذب كفار—الزمر (നിശ്ചയമായും, ഏതൊരുവന്‍ വളരെ നന്ദികെട്ട വ്യാജവാദിയാണോ അവനെ അല്ലാഹു നേര്‍മ്മാര്‍ഗ്ഗത്തിലാക്കുകയില്ല. (39:3).

ان الله لا يهدى من هو مسرف كذاب – المؤمن (നിശ്ചയമായും ഏതൊരുവൻ വലിയ വ്യാജവാദിയും അതിരുകവിഞ്ഞവനുമാണോ അവനെ അല്ലാഹു നേർമാർഗ്ഗത്തിലാക്കുകയില്ല. (40:28) അല്ലാഹു നേർമാർഗ്ഗത്തിലാക്കാത്തവരെ പിന്നെ ആർ നേർമാർഗ്ഗത്തിലാക്കുവാനാണ്?!

34 അവർക്ക് ഇഹലോക ജീവിതത്തിൽ ഒരു (തരം) ശിക്ഷയുണ്ടായിരിക്കും; പരലോകത്തെ ശിക്ഷയാകട്ടെ, കൂടുതൽ ഞെരുക്കമുള്ളതു തന്നെയായിരിക്കും. അല്ലാഹുവി(ന്റെ ശിക്ഷയിൽ) നിന്ന് കാ(ത്തുരക്ഷി)ക്കുന്ന ഒരാളും അവർക്കില്ലതാനും.

لَّهُمْ عَذَابٌ فِي ٱلْحَيَوٰةِ ٱلدُّنْيَا ۖ وَلَعَذَابُ ٱلْأَخِرَةِ أَشَقُّ ۖ وَمَا لَهُم مِّنَ ٱللَّهِ مِن وَاقٍ ﴿٣٤﴾

34 لهم അവർക്കുണ്ട്. عذاب ശിക്ഷ. في الحياة ജീവിതത്തിൽ. الدنيا ഐഹിക, ഇഹത്തിലെ. ولعذاب ശിക്ഷതന്നെ, ശിക്ഷയാകട്ടെ. الآخرة പരത്തിലെ. أشق അധികം ഞെരുക്കമുള്ളത്. وما لهم അവർക്കില്ലതാനും. من الله അല്ലാഹുവിൽനിന്ന്. من واق ഒരു കാക്കുന്ന (സൂക്ഷിക്കുന്ന)വനും.

ഇഹത്തിൽ കൊല, ബന്ധനം, അപമാനം, ക്ഷാമം ആദിയായ ശിക്ഷാനുഭവങ്ങൾ, പരത്തിലാകട്ടെ, കഠിനകഠോരവും ശാശ്വതവുമായ നരകശിക്ഷയും!

35 സൂക്ഷ്മത പാലിക്കുന്നവരോട് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗ്ഗത്തിന്റെ മാതിരി (ഇതത്രെ): അതിന്റെ അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കും. അതിലെ ഭോജ്യം നിരന്തരമായതാകുന്നു; അതിലെ തണലും (തന്നെ). അത്, സൂക്ഷ്മത പാലിച്ചവരുടെ പര്യവസാനമത്രെ. അവിശ്വാസികളുടെ പര്യവസാനമാകട്ടെ, നരകവുമാകുന്നു.

۞ مَّثَلُ ٱلْجَنَّةِ ٱلَّتِي وُعِدَ ٱلْمُتَّقُونَ ۖ تَجْرِي مِن تَحْتِهَا ٱلْأَنْهَٰرُ ۖ أُكُلُهَا دَآئِمٌ وَظِلُّهَا ۚ تِلْكَ عُقْبَى ٱلَّذِينَ ٱتَّقَوا۟ ۖ وَّعُقْبَى ٱلْكَٰفِرِينَ ٱلنَّارُ ﴿٣٥﴾

35 مثَلُ ഉപമ, മാതിരി, ഉദാഹരണം. الجنة സ്വർഗ്ഗത്തിന്റെ. التي وعد വാഗ്ദാനം ചെയ്യപ്പെട്ടതായ. المتقونَ സൂക്ഷമത പാലിക്കുന്നവരോട്, ഭയഭക്തർക്ക്. تجري നടക്കും, ഒഴുകും. من تحتها അതിന്റെ അടിഭാഗത്തിലൂടെ. الأنهار നദികൾ. أكُلُها അതിലെ തീററ (ഭോജ്യം). دائم നിരന്തരമായതാണ്, പതിവായി നിലനിൽക്കുന്നതാണ്. وظلها അതിലെ തണലും. تلك അത്, അവ. عقبى പര്യവസാനമാകുന്നു. الذين اتقوا സൂക്ഷ്മത പാലിച്ചവരുടെ. وعقبى പര്യവസാനമാകട്ടെ. الكافرين അവിശ്വാസികളുടെ. النار നരകമാകുന്നു.

ആദം (عليه السلام) നബിയെ സൃഷ്ടിച്ചശേഷം അദ്ദേഹത്തെ സ്വർഗ്ഗത്തിൽ താമസിപ്പിച്ച അവസരത്തിൽ അല്ലാഹു അദ്ദേഹത്തോട് പറയുകയുണ്ടായി: ''നിശ്ചയമായും നിനക്കവിടെ വിശക്കാതെയും നഗ്നമാകാതെയുമിരിക്കാം. നിനക്കവിടെ ദാഹിക്കാതെയും, വെയിൽകൊള്ളാതെയുമിരിക്കാം.'' (ത്വാഹാ: 118, 119).

36 നാം (വേദ) ഗ്രന്ഥം നൽകിയിട്ടുള്ളവർ, നിനക്ക് ഇറക്കപ്പെട്ടതിൽ സന്തോഷം കൊള്ളുന്നതാണ്. (ആ) കക്ഷികളിൽ ത

وَٱلَّذِينَ ءَاتَيْنَٰهُمُ ٱلْكِتَٰبَ يَفْرَحُونَ بِمَآ

أُنزِلَ إِلَيْكَ ۖ وَمِنَ ٱلْأَحْزَابِ مَن يُنكِرُ بَعْضَهُۥ ۚ قُلْ إِنَّمَآ أُمِرْتُ أَنْ أَعْبُدَ ٱللَّهَ وَلَآ أُشْرِكَ بِهِۦٓ ۚ إِلَيْهِ أَدْعُوا۟ وَإِلَيْهِ مَـَٔابِ ﴿٣٦﴾

ന്നെയുണ്ട് അതിൻെറ ചിലഭാഗം നിഷേധിക്കുന്നവർ. പറയുക: ''ഞാൻ അല്ലാഹുവിനെ ആരാധിക്കുകയും, അവനോട് പങ്കുചേർക്കാതിരിക്കുകയും ചെയ്യണമെന്ന് മാത്രമേ എന്നോട് കൽപിക്കപ്പെട്ടിട്ടുള്ളു. അവനിലേക്കത്രെ ഞാൻ ക്ഷണിക്കുന്നത്; അവനിലേക്കു തന്നെയാണ് എൻെറ മടങ്ങിച്ചെല്ലലും.''

---

36 **والذين** യാതൊരുകൂട്ടർ. **آتيناهم** അവർക്ക് നാം നൽകിയിരിക്കുന്നു. **الكتاب** (വേദ)ഗ്രന്ഥം. **يفْرحونَ** അവർ സന്തോഷിക്കും. **بما أنزلَ** അവതരിപ്പിക്കപ്പെട്ടതിൽ. **إليك** നിനക്ക്. **ومن الأحزابِ** (ആ) കക്ഷികളിൽ തന്നെയുണ്ട്. **من ينكر** നിഷേധിക്കുന്നവർ. **بعضه** അതിൽ ചിലത്. **قُلْ** പറയുക. **إنما أمرت** ഞാൻ കൽപിക്കപ്പെടുകമാത്രം ചെയ്തിരിക്കുന്നു. **أنْ أعبد** ഞാൻ ആരാധിക്കുവാൻ. **الله** അല്ലാഹുവിനെ. **ولا أشرك** ഞാൻ പങ്കുചേർക്കാതിരിക്കുവാനും. **به** അവനോട്, അവനിൽ. **إليه** അവനിലേക്കു തന്നെ. **أدعوا** ഞാൻ ക്ഷണിക്കുന്നു. **وإليه** അവനിലേക്കു തന്നെ. **مآبِ** എൻെറ മടങ്ങിച്ചെല്ലലും.

വേദക്കാർ സത്യത്തിൽനിന്ന് വളരെയധികം പിഴച്ചുപോയിട്ടുണ്ടെങ്കിലും മതാവശിഷ്ടങ്ങളായി കുറെയെല്ലാം വിശ്വാസാചാരങ്ങൾ അവരിൽ നിലവിലുണ്ടായിരുന്നു. അതുകൊണ്ട് നബി (സ)ക്ക് അവതരിച്ച ഈ വേദഗ്രന്ഥം സത്യമാണെന്നും, വിഗ്രഹാരാധന തുടങ്ങിയ മുശ്രിക്കുകളുടെ പല വിശ്വാസാചാരങ്ങളും തെറ്റാണെന്നും അവർക്കറിയാമായിരുന്നു. തങ്ങളുടെ വേദഗ്രന്ഥവും ഖുർആനും തമ്മിലുള്ള യോജിപ്പിൻെറ അടിസ്ഥാനത്തിൽ വേദക്കാർ മുഴുവനും ഖുർആനെക്കുറിച്ച് സന്തോഷം കൊള്ളേണ്ടവരാണ്. പക്ഷേ, എല്ലാവരും അങ്ങിനെ ചെയ്തില്ല. ഒരു വിഭാഗം അതിൽ സന്തോഷവും താൽപര്യവും പ്രകടിപ്പിച്ചു. ഈ വിഭാഗത്തെപ്പറ്റിയാണ് ''വേദഗ്രന്ഥം പാരായാണം ചെയ്യേണ്ട മുറപ്രകാരം പാരായണം ചെയ്യുന്ന വേദക്കാർ ഇതിൽ-ഈ ഖുർആനിൽ-വിശ്വസിക്കുന്നതാണ്'' എന്ന് സൂ: അൽബഖറഃ 121ൽ അല്ലാഹു പറഞ്ഞിരിക്കുന്നത്. യഹൂദികളിൽ അബ്ദുല്ലാഹിബ്നുസലാം (رضي الله عنه) മുതലായ അൽപം ചിലരും, ക്രിസ്ത്യാനകളിൽ അബ്സീനിയാ, നജ്റാൻ എന്നിവിടങ്ങളിൽനിന്ന് മുസ്ലിംകളായിത്തീർന്ന ഏതാനും ആളുകളും ഖുർആനിൽ സന്തോഷം കൊള്ളുകയും വിശ്വസിക്കുകയും ചെയ്തു. മറ്റൊരുവിഭാഗം-ഇവരാണു അവരിൽ ബഹുഭൂരിഭാഗം-തങ്ങളുടെ പക്കൽ നിലവിലുള്ള വിശ്വാസാചാരങ്ങൾക്ക് നിരക്കാത്തതായി ഖുർആനിൽ കണ്ടതെല്ലാം നിഷേധിക്കുന്നവരായിരുന്നു. ഇവരാണ് വേദക്കാരിൽനിന്ന് ഇസ്ലാമിൻെറ ശത്രുക്കളായി മാറിയ കക്ഷി. കഅ്ബുബ്നുൽ അശ്റഫ് മുതലായ യഹൂദീ തലവൻമാരും. സയ്യിദ്, ആഖിബ് മുതലായ നജ്റാനീ ക്രിസ്തീയ നേതാക്കളും ഈ വിഭാഗക്കാരിൽ ഉൾപ്പെട്ടവരാകുന്നു.

നിങ്ങൾ സ്വീകരിച്ചാലും ഇല്ലെങ്കിലും ശരി, നിങ്ങളുടെ വേദഗ്രന്ഥം മുഖേന അല്ലാഹു കൽപിച്ച അതേ മൗലിക സിദ്ധാന്തമാകുന്ന തൗഹീദ് തന്നെയാണ് എന്നോടും കൽപിക്കപ്പെടുന്നത്. അതിൽ വിട്ടുവീഴ്ചക്ക് യാതൊരു പഴുതുമില്ല. അതിലേക്ക് മാത്രമാണ് എല്ലാവരെയും ഞാൻ ക്ഷണിക്കുന്നതും. വല്ല വീഴ്ചയും ഞാൻ കാണിക്കുന്നപക്ഷം ഞാൻ അല്ലാഹുവിൻെറ മുമ്പിൽ ഉത്തരം പറയേണ്ടിവരും. അവനിലേക്കാണല്ലോ ഞാൻ തിരിച്ച് ചെല്ലുക. എന്നൊക്കെ അവരോട് പറയുവാൻ നബി(സ)യോട് അല്ലാഹു കൽപിക്കുന്നു. സൂ: ആലുഇംറാനിൽ വേദക്കാരെ തൗഹീദിലേക്ക് ക്ഷണിക്കുവാൻ കൽപിച്ച കൽപന ഇങ്ങിനെ കാണാവുന്നതാണ്: قل يا اهل الكتاب تعالوا الى كلمة..... (പറയുക: വേദക്കാരേ, നമുക്കും നിങ്ങൾക്കുമിടയിൽ സമമായ ഒരു വാക്യത്തിലേക്ക് വരുവിൻ. അതായത് നാം അല്ലാഹുവിനെയല്ലാതെ ആരാധിക്കരുതെന്നും, അവനോട് ഒന്നിനെയും പങ്കുചേർക്കരുതെന്നും.........'(3: 64)

37 അതുപോലെ, ഇതിനെ [ഖുർആനെ] നാം അറബി (ഭാഷ)യിലുള്ള ഒരു വിധി നിയമമായി അവതരിപ്പിച്ചിരിക്കുന്നു. നിനക്ക് അറിവിൽനിന്നും വന്നു കിട്ടിയതിനശേഷം, അവരുടെ ഇച്ഛകളെ നീ പിൻപറ്റിയെങ്കിൽ, അല്ലാഹുവി (ൻെറ ശിക്ഷയി) ൽനിന്ന് ഒരു രക്ഷാധികാരിയാകട്ടെ, കാ(ത്തു രക്ഷി)ക്കുന്നവനാകട്ടെ, നിനക്കു(ണ്ടാവുക) ഇല്ല.

وَكَذَٰلِكَ أَنزَلْنَٰهُ حُكْمًا عَرَبِيًّا ۚ وَلَئِنِ ٱتَّبَعْتَ أَهْوَآءَهُم بَعْدَمَا جَآءَكَ مِنَ ٱلْعِلْمِ مَا لَكَ مِنَ ٱللَّهِ مِن وَلِىٍّ وَلَا وَاقٍ ﴿٣٧﴾

---

37 **وكَذَلِكَ** അതുപോലെ. **أنزلناه** ഇതു നാം അവതരിപ്പിച്ചിരിക്കുന്നു. **حكْما** ഒരു വിധിയായി, നിയമമായി. **عربيا** അറബിയിലുള്ളതായ. **ولئن اتبعت** നീ പിൻപറ്റിപ്പോയെങ്കിൽ. **أهواءهم** അവരുടെ ഇച്ഛകളെ, തന്നിഷ്ടങ്ങളെ. **بعد** ശേഷം, പിറകെ. **ما جاءَكَ** നിനക്ക് വന്നതിന്. **من العلم** അറിവിൽ നിന്നു. **ما لَكَ** നിനക്കില്ല. **من اللهِ** അല്ലാഹുവിൽനിന്നു. **من ولي** ഒരു ബന്ധവും, രക്ഷാധികാരിയും. **ولا واقٍ** ഒരു കാക്കുന്ന (സൂക്ഷിക്കുന്ന)വനുമില്ല.

മുമ്പ് വേദക്കാരിൽ അവതരിക്കപ്പെട്ടിരുന്നതുപോലെയുള്ള ഒരു വേദഗ്രന്ഥം തന്നെയാണ് ഈ ഖുർആനും. മനുഷ്യൻ അറിഞ്ഞും ആചരിച്ചും വരേണ്ടുന്ന നിയമ നടപടികളാണ് അതിലുള്ളത്. അതവതരിക്കുന്നത് അറബികൾക്കിടയിലാകകൊണ്ട് അത് അറബിഭാഷയിലാക്കിയിരിക്കയാണ് എന്നൊക്കെയാണ് ഒന്നാമത്തെ വാക്യത്തിലെ ആശയം. തുടർന്നുകൊണ്ട് വേദക്കാരുടെ തന്നിഷ്ടങ്ങളെ പിൻപറ്റരുതെന്ന് നബി (ﷺ) യോട് വിരോധിച്ചത് നബി (ﷺ) അങ്ങിനെ ചെയ്തേക്കാനിടയുള്ളതുകൊണ്ടല്ല. അവിടുത്തെ പ്രബോധനങ്ങളിൽ അവർക്ക് വേണ്ടി വല്ല വിട്ടുവീഴ്ചയും സ്വീകരിച്ചാൽ കൊള്ളാമെന്നുള്ള അവരുടെ മോഹവും പ്രതീക്ഷയും അവർ വിട്ടേക്കുവാൻ വേണ്ടിയാണത്. സത്യവിശ്വാസികൾക്കാകട്ടെ, ഇതുമൂലം മനക്കരുത്ത് വർദ്ധിക്കുകയും ചെയ്യുന്നതാണ്.

വിഭാഗം-6

38 നിനക്കു മുമ്പ് പല റസൂലുകളെയും നാം അയക്കുകയുണ്ടായിട്ടുണ്ട്; അവർക്കു നാം ഭാര്യമാരെയും, സന്താനങ്ങളെയും ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഒരു റസൂലിനും തന്നെ അല്ലാഹുവിൻെറ അനുതിപ്രകാരമല്ലാതെ ഒരു ദൃഷ്ടാന്തവും കൊണ്ടുവരാവതല്ല. എല്ലാ (ഓരോ) കാലാവധിക്കുമുണ്ട് ഒരു (രേഖാ) ഗ്രന്ഥം.

وَلَقَدْ أَرْسَلْنَا رُسُلًا مِّن قَبْلِكَ وَجَعَلْنَا لَهُمْ أَزْوَٰجًا وَذُرِّيَّةً ۚ وَمَا كَانَ لِرَسُولٍ أَن يَأْتِىَ بِـَٔايَةٍ إِلَّا بِإِذْنِ ٱللَّهِ ۗ لِكُلِّ أَجَلٍ كِتَابٌ ﴿٣٨﴾

39 അല്ലാഹു ഉദ്ദേശിക്കുന്നത് അവൻ മായിക്കുകയും, സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു. മൂലഗ്രന്ഥം (അഥവാ മൂലരേഖ) അവൻെറ പക്കൽ ഉണ്ടുതാനും.

يَمْحُوا۟ ٱللَّهُ مَا يَشَآءُ وَيُثْبِتُ ۖ وَعِندَهُۥٓ أُمُّ ٱلْكِتَٰبِ ﴿٣٩﴾

---

38 **ولَقَد أرسلنا** തീർച്ചയായും നാം അയച്ചിട്ടുണ്ട്, അയക്കയുണ്ടായി. **رسلاً** പല റസൂലുകളെയും. **من قَبلك** നിൻെറ മുമ്പ്. **وجعلنا** നാം ഏർപ്പെടുത്തുക (ആക്കുക-ഉണ്ടാക്കുക)യും ചെയ്തിരിക്കുന്നു. **لهم** അവർക്ക്. **أزواجا** ഇണകളെ (ഭാര്യമാരെ). **وذُرية** സന്തതികളെയും. **وما كَانَ** ആകാവതല്ല, പാടില്ല.

لرسولٍ ഒരു റസൂലിനും. **أن يأتي** അദ്ദേഹം വരൽ. **بِآية** വല്ല ദൃഷ്ടാന്തവുംകൊണ്ട്. **إلا بإذْن** അനുവാദപ്രകാരം (സമ്മതത്തോടെ) അല്ലാതെ. **الله** അല്ലാഹുവിന്റെ. **لكُلّ أجل** എല്ലാ കാലാവധിക്കുമുണ്ട്. **كتاب** ഒരു ഗ്രന്ഥം (രേഖ-നിശ്ചയം-നിയമം). 39 **يمحوا الله** അല്ലാഹു മായിക്കുന്നു, നീക്കിക്കളയും. **ما يشاءُ** അവൻ ഉദ്ദേശിക്കുന്നത്. **ويثْبِت** സ്ഥിരപ്പെടുത്തുക (ഉറപ്പിച്ചുവെക്കുക) യും ചെയ്യും. **وعنده** അവന്റെ പക്കലുണ്ടുതാനും. **أم الكتابِ** മൂലഗ്രന്ഥം, മൂലരേഖ.

ആദ്യത്തെ വചനത്തിൽ പ്രധാനമായി രണ്ടു വിഷയങ്ങൾ അടങ്ങിയിരിക്കുന്നു. (1) മുഹമ്മദ് അല്ലാഹുവിന്റെ റസൂലാണെങ്കിൽ എന്തുകൊണ്ട് മറ്റ് മനുഷ്യരെപ്പോലെ അവൻ ഭാര്യാമക്കളുള്ളവനായിരിക്കുകയും, ഭക്ഷണം കഴിക്കുകയും, അങ്ങാടിയിൽകൂടി നടക്കുകയും ചെയ്യുന്നു? എന്നിങ്ങനെ അവിശ്വാസികൾ പറയാറുണ്ടായിരുന്നു. ഇതിന് അല്ലാഹു മറുപടി പറയുന്നു: മുഹമ്മദ് ഒരു പുതിയ റസൂലല്ല. അദ്ദേഹത്തിന് മുമ്പും പല റസൂലുകൾ വന്നിട്ടുണ്ട്. ഭാര്യമാരും മക്കളുമൊക്കെ അവർക്കും ഉണ്ടായിരുന്നു. അല്ലാഹുവിന്റെ റസൂലുകളായതുകൊണ്ട് അവരാരും മാനുഷ പ്രകൃതിക്കതീതരായിരുന്നില്ല അപ്പോൾ മുഹമ്മദിനു ഭാര്യമാരും മക്കളും ഉള്ളതുകൊണ്ട് അദ്ദേഹം റസൂലല്ലാതാകുന്നില്ല. (2) മുഹമ്മദ് അല്ലാഹുവിന്റെ റസൂലാണെങ്കിൽ ഞങ്ങൾ ആവശ്യപ്പെടുന്ന അമാനുഷിക ദൃഷ്ടാന്തം അവൻ ഞങ്ങൾക്ക് കാണിച്ചുതരേണ്ടതല്ലേ എന്നും മറ്റുമുള്ള അവിശ്വാസികളുടെ വാദത്തിന് അല്ലാഹു മറുപടി നൽകുന്നു: ദൃഷ്ടാന്തം കാണിക്കൽ അല്ലാഹുവിന്റെ മാത്രം കഴിവിൽപെട്ടതാണ്. സ്വന്തം നിലക്ക് ഒരു റസൂലിനും അതിന് കഴിവില്ല. അല്ലാഹുവിന്റെ അനുമതിയും ഉദ്ദേശ്യവും ഉണ്ടാകുമ്പോൾ മാത്രമേ അത് സംഭവിക്കുകയുള്ളു. ഏത് സന്ദർഭത്തിലാണത് സംഭവിക്കേണ്ടത്, സന്ദർഭത്തിനൊത്ത ദൃഷ്ടാന്തം ഏതാണ് എന്നിങ്ങനെയുള്ള കാര്യങ്ങൾക്കൊക്കെ അല്ലാഹുവിന്റെ അടുക്കൽ ചില നിശ്ചയങ്ങളും നിയമവ്യവസ്ഥകളുമുണ്ട്. അതനുസരിച്ചു വേണ്ടി വരുമ്പോൾ വേണ്ടുന്ന ദൃഷ്ടാന്തങ്ങൾ അവൻ അവതരിപ്പിക്കുകയും ചെയ്യും. അല്ലാതെ, ജനങ്ങളോ റസൂലുകളോ ആവശ്യപ്പെടുമ്പോൾ അത് സംഭവിക്കുവാൻ പോകുന്നില്ല.

നബി (ﷺ) തിരുമേനിയെപ്പോലെ മുമ്പുള്ള റസൂലുകൾക്ക് ഭാര്യമാരും, മക്കളും ഉണ്ടായിരുന്നുവെന്ന് പറയുമ്പോൾ, ഈസാ (عليه السلام) നബിക്കും ഭാര്യാമക്കളുണ്ടായിരുന്നുവെന്ന് വരുമല്ലോ-അദ്ദേഹം വിവാഹം കഴിച്ചിരുന്നില്ലല്ലോ-എന്ന് ചോദിക്കപ്പെട്ടേക്കാം. റസൂലുകളുടെ മൊത്തത്തിലുള്ള സ്ഥിതിയാണ് അല്ലാഹു പ്രസ്താവിച്ചത്. അതിൽ നിന്ന് ഒന്നോ രണ്ടോ വ്യക്തികൾ ഒഴിവായിരിക്കുന്നതിൽ അസാംഗത്യമൊന്നുമില്ല. പൊതുവായ ഒരു കാര്യത്തെക്കുറിച്ചു പറയുമ്പോൾ, വിശദമായ പരിശോധനയിൽ ദുർലഭം ചിലത് അതിൽനിന്ന് ഒഴിവായിരിക്കുക സാധാരണമത്രെ.

രണ്ടാമത്തെ വചനത്തിൽ **يمحو الله ما يشاء ويثبت**(അല്ലാഹു ഉദ്ദേശിക്കുന്നത് അവൻ മായിച്ചുകളയുകയും, സ്ഥിരപ്പെടുത്തുകയും ചെയ്യും) എന്ന വാക്യത്തിന്റെ വ്യാഖ്യാനത്തിൽ പണ്ഡിതൻമാർക്കിടയിൽ പല അഭിപ്രായങ്ങളും കാണാം. മായിക്കലി (المحو) ന്റെ അർത്ഥമെന്താണെന്നും, ഏത് തരത്തിലുള്ള വിധി നിശ്ചയങ്ങളിലാണത് സംഭവിക്കുകയെന്നുമുള്ളതിൽ അവർ സ്വീകരിച്ച നിലപാടാണ് ഭിന്നതക്ക് കാരണം. പ്രസ്തുത വാക്യത്തിന്റെ ബാഹ്യമായ അർത്ഥവ്യാപ്തിയിൽ ഉൾപ്പെടുന്ന എല്ലാ വിഷയങ്ങളിലും അല്ലാഹുവിന്റെ ഉദ്ദേശ്യം അനുസരിച്ചു മാറ്റം സംഭവിക്കാമെന്നാണ് ഒരു വിഭാഗം പണ്ഡിതൻമാർ അതിൽനിന്ന് മനസ്സിലാക്കുന്നത്. ആയുഷ്ക്കാലം, ആഹാരം, ഭാഗ്യനിർഭാഗ്യം, രോഗാരോഗ്യം, വിശ്വാസാവിശ്വാസം തുടങ്ങിയ കാര്യങ്ങളെല്ലാം ഇതനുസരിച്ചു മായിക്കലിന്-അഥവാ മാറ്റത്തിന്-വിധേയമാകുന്നു. ഉമർ, ഇബ്നു മസ്ഊദ്, ഇബ്നു അബ്ബാസ്, അബൂവാഇൽ, ഖത്താദഃ ളഹ്ഹാക്ക്, ഇബ്നു ജുറൈജ് (رضي الله عنهم) മുതലായ മഹാൻമാർ ഈ അഭിപ്രായത്തോട് യോജിക്കുന്നവരായിട്ടാണ് അറിയപ്പെടുന്നത്. ‘‘അല്ലാഹുവേ, എന്നെ നീ ദുർഭാഗ്യവാൻമാരുടെ കൂട്ടത്തിൽ രേഖപ്പെടുത്തി

യിട്ടുണ്ടെങ്കില്‍, അതു മായിച്ച് എന്നെ നീ സല്‍ഭാഗ്യവാന്‍മാരുടെ കൂട്ടത്തില്‍ ആക്കിത്തരേണമേ! നീ ഉദ്ദേശിക്കുന്നത് നീ മായിക്കുകയും, സ്ഥിരപ്പെടുത്തുകയും ചെയ്യുമല്ലോ.'' എന്ന അര്‍ത്ഥത്തിലുള്ള ചില പ്രാര്‍ത്ഥനകള്‍ ഉമറും, ഇബ്നുമസ്ഊദും, അബൂവാഇലും (ﷺ) പ്രാര്‍ത്ഥിക്കാറുണ്ടായിരുന്നതായി നിവേദനങ്ങളും വന്നിട്ടുണ്ട്. ''കുടുംബ ബന്ധം പാലിക്കുന്നത് ഉപജീവനത്തില്‍ വിശാലതയും, ആയുസ്സില്‍ വര്‍ദ്ധനവും ഉണ്ടാക്കുന്നതാണ്'' (ബു; മു.) എന്നതുപോലെയുള്ള ചില നബി വചനങ്ങള്‍ ഈ അഭിപ്രായത്തിന് പിന്‍ബലം നല്‍കുകയും ചെയ്യുന്നു.

ചില പ്രത്യേക വിഷയങ്ങളില്‍ മാത്രമേ മായിക്കല്‍-മാറ്റം വരുത്തല്‍-ഉണ്ടാകുകയുള്ളുവെന്നും, അല്ലാഹു ഉദ്ദേശിക്കുന്നതിനെ അവന്‍ മായിക്കുമെന്ന് പറഞ്ഞത് ആ പ്രത്യേക വിഷയങ്ങളെ ഉദ്ദേശിച്ചാണെന്നുമാണ് മറ്റൊരു അഭിപ്രായം. എന്നാലും, പ്രത്യേക വിഷയങ്ങളെ നിര്‍ണ്ണയിക്കുന്നതിലും മായിക്കലിന്‍റെ ഉദ്ദേശ്യം വിവരിക്കുന്നതിലും വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ടു താനും.

ചില വസ്തുതകള്‍ ഇവിടെ മനസ്സിരുത്തേണ്ടതുണ്ട്: (1) അല്ലാഹു ഉദ്ദേശിക്കുന്ന കാര്യം അവര്‍ മായിക്കുകയും, അവന്‍ ഉദ്ദേശിക്കുന്ന കാര്യം അവന്‍ സ്ഥിരപ്പെടുത്തുകയും ചെയ്യുമെന്ന് അല്ലാഹു പറയുന്നു. അവന്‍റെ ഈ പ്രസ്താവനക്ക് വല്ല ഉപാധിയോ പരിമിതിയോ കൂട്ടിച്ചേര്‍ക്കാതെ, അതിന്‍റെ മുഖവിലക്ക് തന്നെ സ്വീകരിക്കുന്നതിലാണ് കൂടുതല്‍ സുരക്ഷിതത്വമുള്ളത്. അവന്‍ എന്തുദ്ദേശിക്കുന്നുവോ അതിനെ, എങ്ങിനെ ഉദ്ദേശിക്കുന്നുവോ അങ്ങിനെ അവന്‍ മായിക്കുകയും സ്ഥിരപ്പെടുത്തുകയും ചെയ്യുന്നുവെന്നല്ലാതെ, ഇന്നിന്ന കാര്യം അതില്‍ നിന്നു ഒഴിയാണെന്നോ, ഇന്നിന്ന കാര്യം അതില്‍നിന്ന് ഒഴിവല്ലെന്നോ നിശ്ചയിക്കേണമെങ്കില്‍ അതിന് തക്കതായ തെളിവ് തന്നെ വേണം. (2) അല്ലാഹുവിന്‍റെ എതെങ്കിലും വിധി നിശ്ചയത്തില്‍ എന്തെങ്കിലും ഭേദഗതി വരുത്തുന്ന പക്ഷം, അത് അവന്‍റെ മുന്‍നിശ്ചയത്തിലുള്ള വൈകല്യമോ, പോരായ്മയോ കൊണ്ടല്ലെന്നും, അവന് മാത്രം അറിയാവുന്ന ചില പ്രത്യേക യുക്തി രഹസ്യങ്ങള്‍ അതില്‍ അടങ്ങിയിരിക്കുന്നതുകൊണ്ടായിരിക്കുമെന്നും പറയേണ്ടതില്ലല്ലോ. ഈ വിഷയകമായി അറിഞ്ഞിരിക്കേണ്ടുന്ന പലതും 'ഖളാ-ഖദ്റി'നെ സംബന്ധിച്ചു സൂ: ഹദീദിന് ശേഷം കൊടുത്തിട്ടുള്ള വ്യാഖ്യാനക്കുറിപ്പില്‍ കാണാവുന്നതാകുന്നു)

ളാഹ്-ഹാകുബ്ന് മുസാഹിം പ്രസ്താവിച്ചതായി ഇബ്നുകഥീര്‍ (ﷺ) ഉദ്ധരിച്ച ഒരു വാചകത്തിന്‍റെ സാരം ഇപ്രകാരമാണ്: അല്ലാഹു ആകാശത്ത് നിന്ന് ഇറക്കിയ ഓരോ ഗ്രന്ഥത്തിനും ഒരു നിശ്ചിതകാലവും അവധിയും ഉള്ളതുകൊണ്ട് അവയില്‍ ചിലത് മുമ്പ് തന്നെ മായിക്കുകയും അവസാനം ഖുര്‍ആന്‍ മുഖേന എല്ലാ മായിക്കുക-അഥവാ നസ്ഖ് ചെയ്യുക-യും ചെയ്തിരിക്കുന്നു.

وعنده ام الكتاب (മൂലഗ്രന്ഥം-അഥവാ മൂലരേഖ-അവന്‍റെ പക്കലുണ്ട്) എന്നാണല്ലോ തുടര്‍ന്നുള്ള വാക്യം. **ام الكتاب** (ഉമ്മുല്‍ കിതാബ്) എന്ന വാക്കിന്‍റെ അര്‍ത്ഥങ്ങളെപ്പറ്റി സൂറ:ഫാതിഹയുടെ ആരംഭത്തിലും, ആലു ഇംറാന്‍ 3-ാം വചനത്തിന്‍റെ വ്യാഖ്യാനത്തിലും മുമ്പ് വിവരിച്ചിട്ടുണ്ട്. ഇവിടെ ആ വാക്കുകൊണ്ടുള്ള വിവക്ഷയെന്ന നിലക്ക് **علم الله** (അല്ലാഹുവിന്‍റെ അറിവ്) എന്നും, **اللواح المحفوظ** (ലൗഹുല്‍ മഹ്ഫൂള്-അഥവാ സൂക്ഷിക്കപ്പെട്ട ഫലകം-എന്ന് പറയപ്പെടുന്ന അല്ലാഹുവിന്‍റെ ജ്ഞാനരേഖ) (*) എന്നും, **الذكر** (പ്രമാണം) എന്നുമാണ് ഖുര്‍ആന്‍ വ്യാഖ്യാതാക്കള്‍ പ്രസ്താവിച്ചു കാണുന്നത്. അനാദിമുതല്‍ കാലാകാലംവരെയുണ്ടാകുന്ന

---

* **الوح المحفوظ** നെപ്പറ്റി സൂറത്തുല്‍ ബുറൂജിന്‍റെ അവസാനത്തില്‍ വിവരിച്ചിട്ടുള്ളതു നോക്കുക.

സർവ്വകാര്യങ്ങളെക്കുറിച്ചുമുള്ള അല്ലാഹുവിൻെറ ജ്ഞാനരേഖ എന്നത്രെ ആ മൂന്നുവാക്കുകളുടെയും താൽപര്യം.

وَإِن مَّا نُرِيَنَّكَ بَعْضَ ٱلَّذِى نَعِدُهُمْ أَوْ نَتَوَفَّيَنَّكَ فَإِنَّمَا عَلَيْكَ ٱلْبَلَٰغُ وَعَلَيْنَا ٱلْحِسَابُ ﴿٤٠﴾

40 അവരോട് നാം വാഗ്ദത്തം ചെയ്യുന്നതിൽ ചിലത് [ചില ശിക്ഷാ നടപടികൾ] നാം നിനക്ക് കാണിച്ചു തരുകയോ, അല്ലെങ്കിൽ (അതിനുമുമ്പ്) നിന്നെ നാം പിടിച്ചെടുക്കുകയോ തന്നെ ചെയ്തുവെങ്കിലും, നിൻെറ മേൽ പ്രബോധനം മാത്രമാണ് (ബാധ്യത) ഉള്ളത്; നമ്മുടെ മേലത്രെ വിചാരണ(യുടെ ബാധ്യത).

---

40 **وإن ما نرينك** നാം നിനക്ക് കാണിച്ചു തരുക തന്നെ ചെയ്തെങ്കിലും. **بعض** ചിലത്. **الذي نعدهم** നാമവരോട് വാഗ്ദത്തം (താക്കീത്) ചെയ്യുന്നതിൽ. **أو نتوفينك** അല്ലെങ്കിൽ നിന്നെ നാം പിടിച്ചെടുക്കുന്നതായാലും. **فإنما عليك** എന്നാൽ നിൻെറ മേൽ (മാത്രമാണ്). **البلاغُ** എത്തിക്കൽ, പ്രബോധനം. **وعلينا** നമ്മുടെ മേലാണ്. **الحساب** വിചാരണ, കണക്കുനോക്കൽ.

ആ സത്യനിഷേധികളുടെമേൽ അല്ലാഹു ശിക്ഷാനടപടികളെടുക്കുമെന്ന് നിശ്ചയിച്ചിട്ടുള്ളത് നബി (ﷺ) യുടെ ജീവിതകാലത്ത് തന്നെ സംഭവിച്ചുവെന്നും, അവിടുത്തെ കാലശേഷം സംഭവിച്ചുവെന്നും വരാം. രണ്ടായാലും നബി (സ)യുടെ ബാധ്യതയിലും കൃത്യത്തിലും മാറ്റമൊന്നും വരാനില്ലെന്നു സാരം.

أَوَلَمْ يَرَوْا۟ أَنَّا نَأْتِى ٱلْأَرْضَ نَنقُصُهَا مِنْ أَطْرَافِهَا ۚ وَٱللَّهُ يَحْكُمُ لَا مُعَقِّبَ لِحُكْمِهِۦ ۚ وَهُوَ سَرِيعُ ٱلْحِسَابِ ﴿٤١﴾

41 അവർക്ക് കണ്ടുകൂടേ, നാം (അവരുടെ) ഭൂമിയിൽ ചെന്ന് അതിൻെറ (നാനാ) വശങ്ങളിൽനിന്ന് അതിനെ ചുരുക്കിക്കൊണ്ടിരിക്കുന്നത്?! അല്ലാഹു വിധി കൽപിക്കുന്നു; അവൻെറ വിധിയെ പിന്നോക്കം വെപ്പിക്കുന്ന ഒരാളുമില്ല. അവൻ വിചാരണ വേഗം നടത്തുന്നവനുമാകുന്നു.

---

41 **أو لم يروا** അവർ കണ്ടില്ലേ, അവർക്ക് കണ്ടുകൂടേ. **أنا نأتي** നാം ചെല്ലുന്നുവെന്ന്. **الأرض** (ആ) ഭൂമിയിൽ. **ننقصها** അതിനെ ചുരുക്കിക്കൊണ്ട്. **من أطرافها** അതിൻെറ ഭാഗ (ഓര) ങ്ങളിലൂടെ, വശങ്ങളിൽനിന്ന്. **والله** അല്ലാഹു. **يحكُم** വിധിക്കുന്നു. **لا معقب** പിന്നോക്കം വെപ്പിക്കുന്നവനേ ഇല്ല. **لحكْمه** അവൻെറ വിധിയെ. **وهو** അവനാകട്ടെ. **سريع** വേഗതയുള്ളവനാണ്. **الحسابِ** വിചാരണ.

അറേബ്യാ മുഴുവനും ശിർക്കിൻെറ വാഴ്ചയിലായിരുന്നുവല്ലോ. മുസ്‌ലിംകൾ വർദ്ധിച്ചും ഇസ്‌ലാമിന് പ്രചാരം സിദ്ധിച്ചുംകൊണ്ടിരിക്കുന്നതും, അങ്ങിനെ ഓരോ രാജ്യങ്ങളായി ക്രമേണ ഇസ്‌ലാമിന് അധീനമായിത്തീരുന്നതും അവർക്ക് കാണാവുന്നതാണ്. ഇങ്ങിനെ തങ്ങളുടെ നാട് ചുരുങ്ങിച്ചുരുങ്ങി തങ്ങൾക്ക് ഭൂമിയിൽ സ്ഥലമില്ലാതായിത്തീരുകയും, ഒടുക്കം അവിടെ നിന്ന് അവർ തുടച്ചുനീക്കപ്പെടുകയും ചെയ്യുമെന്ന് അവർക്ക് മനസ്സിലാക്കിക്കൂടേ? എല്ലാം അല്ലാഹുവിൻെറ കൽപനയനുസരിച്ചാണ് നടക്കുന്നത്. അതിൽ ഒന്നും തന്നെ മാറ്റിവെക്കുവാൻ ആർക്കും സാധ്യമല്ല. വിചാരണയും, അനന്തര നടപടിയും എടുക്കുവാൻ അവന് ഒട്ടും പ്രയാസമില്ല.

42 ഇവരുടെ മുമ്പുള്ളവരും തന്ത്രം പ്രയോഗിക്കുകയുണ്ടായി; എന്നാൽ, അല്ലാഹുവിനത്രെ തന്ത്രം മുഴുവനുമുള്ളത്. എല്ലാ (ഓരോ) വ്യക്തിയും (പ്രവർത്തിച്ചു) സമ്പാദിക്കുന്നത് അവൻ അറിയുന്നു. അവിശ്വാസികൾ വഴിയെ അറിഞ്ഞുകൊള്ളും, ആർക്കാണ് ഭവനത്തിന്റെ (ശുഭ) പര്യവസാനം എന്ന്!

وَقَدْ مَكَرَ ٱلَّذِينَ مِن قَبْلِهِمْ فَلِلَّهِ ٱلْمَكْرُ جَمِيعًا ۖ يَعْلَمُ مَا تَكْسِبُ كُلُّ نَفْسٍ ۗ وَسَيَعْلَمُ ٱلْكُفَّـٰرُ لِمَنْ عُقْبَى ٱلدَّارِ ﴿٤٢﴾

---

42 وقد مكر തന്ത്രം പ്രയോഗിച്ചിട്ടുണ്ട്. الذين من قبلهم ഇവരുടെ മുമ്പുള്ളവർ. فلله എന്നാൽ അല്ലാഹുവിനാണ്. المكر തന്ത്രം (ഉള്ളതു). جميعا മുഴുവനും. يعلم അവൻ അറിയും. ما تكسب സമ്പാദിക്കു (പ്രവർത്തിക്കു) ന്നത്. كل نفس എല്ലാ വ്യക്തിയും, ആളും, ദേഹവും. وسيعلم അറിഞ്ഞുകൊള്ളും, വഴിയെ അറിയും. الكفار അവിശ്വാസികൾ. لمن ആർക്കാണ് എന്നു. عقبى പര്യവസാനം. الدار ഭവനത്തിന്റെ, വസതിയുടെ.

'ഭവനത്തിന്റെ പര്യവസാനം' (عقبى الدار) കൊണ്ടുദ്ദേശ്യമെന്താണെന്ന് 22-ാം വചനത്തിൽ നിന്നും മറ്റും മുമ്പ് മനസ്സിലാക്കിയിട്ടുണ്ടല്ലോ. 'ഇവരുടെ മുമ്പുള്ളവർ തന്ത്രം പ്രയോഗിച്ചു' വെന്ന് പറഞ്ഞത് മുൻസമുദായങ്ങൾ അവരുടെ പ്രവാചകൻമാർക്കും, അവരുടെ പ്രബോധനങ്ങൾക്കും എതിരെ നടത്തിയ അക്രമങ്ങളെയും, കുതന്ത്രങ്ങളെയും ഉദ്ദേശിച്ചാകുന്നു. നംറൂദ് ഇബ്റാഹീം (عليه السلام) നബിയോടും, ഫിർഔൻ മൂസാ (عليه السلام) നബിയോടും, യഹൂദികൾ ഈസാ (عليه السلام) നബിയോടും നടത്തിയതുപോലുള്ള എല്ലാ കുതന്ത്രങ്ങളെയും അല്ലാഹു പരാജയപ്പെടുത്തുകയുണ്ടായി. ഏത് തന്ത്രക്കാരെയും പരാജയപ്പെടുത്തവാനുള്ള തന്ത്രം അല്ലാഹുവിന്റെ പക്കലുണ്ട്. അവന്റെ തന്ത്രത്തെ വെല്ലുന്ന ഒരു തന്ത്രജ്ഞനും വേറെയില്ല. നബി (ﷺ) തിരുമേനിയെ ബന്ധനത്തിലാക്കുകയോ, വധിക്കുകയോ, നാട്ടിൽനിന്ന് ബഹിഷ്കരിക്കുകയോ ചെയ്യാനുള്ള മുശ്രിക്കുകളുടെ ഗൂഢതന്ത്രത്തെ പരാജയപ്പെടുത്തിയ വിവരം അറിയിച്ചുകൊണ്ട് അല്ലാഹു പറയുന്നു: والله خير الما كرين – الانفال (അല്ലാഹു തന്ത്രശാലികളിൽവെച്ച് ഉത്തമനാകുന്നു. (അൻഫാൽ: 30) മുൻസമുദായങ്ങളുടെ ചില അക്രമമർദ്ദനങ്ങളെപ്പറ്റി പ്രസ്താവിച്ചശേഷം പറയുന്നു: ومكروا مكرا ومكرنا مكرا وهم لا يشعرون – الايتين – النمل (അവർ ഒരു തന്ത്രം പ്രയോഗിച്ചു അവർ അറിയാതെ നാമും ഒരു തന്ത്രം പ്രയോഗിച്ചു. എന്നാൽ, അവരുടെ തന്ത്രത്തിന്റെ പര്യവസാനം എങ്ങിനെയായെന്ന് നോക്കുക! അതായത്, അവരെയും അവരുടെ ജനതയെ മുഴുവനും നാം തകർത്തുകളഞ്ഞു. (നംല്: 50, 51.)

43 അവിശ്വസിച്ചവർ പറയുന്നു: ''നീ ഒരു (റസൂലായി) അയക്കപ്പെട്ടവനല്ല'' എന്ന്! നീ പറയുക: ''അല്ലാഹു മതി, എനിക്കും നിങ്ങൾക്കുമിടയിൽ സാക്ഷിയായിട്ട്; വേദഗ്രന്ഥത്തിന്റെ അറിവ് ആരുടെപക്കലുണ്ടോ അവരും (മതി).''

وَيَقُولُ ٱلَّذِينَ كَفَرُوا۟ لَسْتَ مُرْسَلًا ۚ قُلْ كَفَىٰ بِٱللَّهِ شَهِيدًۢا بَيْنِى وَبَيْنَكُمْ وَمَنْ عِندَهُۥ عِلْمُ ٱلْكِتَـٰبِ ﴿٤٣﴾

---

43 ويقول പറയുകയും ചെയ്യുന്നു. الذين كفروا അവിശ്വസിച്ചവർ. لست നീ അല്ല എന്നു. مرسلا ഒരു റസൂൽ, അയക്കപ്പെട്ടവൻ, ദൂതൻ. قل പറയുക. كفى മതി. بالله അല്ലാഹു (തന്നെ). شهيدا സാക്ഷിയായിട്ട്. بيني എനിക്കിടയിൽ. وبينكم നിങ്ങൾക്കിടയിലും. ومن യാതൊരുവരും (ആരോ അവരും). عنده അവരുടെ അടുക്കലുണ്ട്. علم അറിവ്. الكتاب (വേദ) ഗ്രന്ഥത്തിന്റെ.

നബി (ﷺ) തിരുമേനിയെ സംബന്ധിച്ച പല പ്രവചനങ്ങളും മുൻവേദഗ്രന്ഥങ്ങളിൽ ഉണ്ടായിരുന്നതും, ഖുർആൻെറ അദ്ധ്യാപനങ്ങളും അവയുടെ അദ്ധ്യാപനങ്ങളും തമ്മിൽ പൊരുത്തമുള്ളതും കാരണമായി വേദക്കാരിലുള്ള പണ്ഡിതൻമാർക്ക് നബി (ﷺ) യുടെ ദൗത്യം സത്യമാണെന്നു വ്യക്തമായി അറിയാമായിരുന്നു. അകുകൊണ്ടാണു-വേദഗ്രന്ഥത്തിൻെറ അറിവുള്ളവരും സാക്ഷിയാണെന്നു പറഞ്ഞത്. എന്നാൽ, വേദക്കാർ പൊതുവെ ഇസ്‌ലാമിൻെറ ശത്രുക്കളായി മാറുവാൻ യഥാർത്ഥ കാരണം അവരുടെ അറിയായ്മയല്ല. അവരിൽ സ്ഥിരപ്രതിഷ്ഠിതങ്ങളായിരുന്ന അന്ധവിശ്വാസാചാരങ്ങളെ ഇസ്‌ലാം അനുകൂലിക്കാതിരുന്നതും, അവരുടെ അസൂയയും മാത്രമാണിതിനു കാരണം. എന്നിട്ടും സത്യാന്വേഷികളായ പലരും വേദക്കാരിൽനിന്ന് ഖുർആൻെറയും നബി (ﷺ) യുടെയും സത്യത മനസ്സിലാക്കി മുസ്‌ലിംകളായിത്തീരുകയും ചെയ്തു.

اللهم لك الحمد ولك المنة والفضل والله اعلم

Translation & Intereptation by:

Muhammed Amani Moulavi
Published by:

Kerala Nadvathul Mujahideen – Mujahid Centre – Calicut -4

Prepared by:
www.islamhouse.com as per the copyright received from the Publishers:
To be used for Reference and Daawa purpose only.

14. സൂറത്തു ഇബ്റാഹീം سورة إبراهيم

മക്കായിൽ അവതരിച്ചത് – വചനങ്ങൾ 52 – വിഭാഗം (റുകൂഅ്) 7

ഇബ്റാഹിം (عليه السلام) നബിയുമായി ബന്ധപ്പെട്ട പല വിവരങ്ങളും അടങ്ങിയിരിക്കുന്നതു കൊണ്ട് ഈ സൂറത്ത് അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്നു.

25 സൂറത്തുകളിലായി, 69 സ്ഥലങ്ങളിൽ ഇബ്റാഹിം (عليه السلام) ന്റെ പേർ ഖുർആനിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട നൂഹ് (عليه السلام) നബിയുടെ പുത്രനായ സാമി(سام بن نوح) ന്റെ ഒമ്പതാം പൗത്ര തലമുറയിൽ ഇബ്റാഹീം (عليه السلام) ജനിച്ചുവെന്നാണ് പറയപ്പെടുന്നത്. നൂഹ് (عليه السلام) നും അദ്ദേഹത്തിനുമിടയിൽ എത്ര കൊല്ലമാണുള്ളതെന്നു തീർച്ചപ്പെടുത്താൻ സാധ്യമല്ല. ബൈബിളിന്റെ (തൗറാത്തിലെ) കണക്കുപ്രകാരം നൂഹ് (عليه السلام) ന്റെ ജനനവും ഇബ്റാഹിം (عليه السلام) ന്റെ ജനനവും തമ്മിൽ 890 കൊല്ലത്തിന്റെ വ്യത്യാസമാണുള്ളത്. ഇത് സ്വീകരിക്കുന്ന പക്ഷം കുറച്ചു കാലം രണ്ടുപേരും ഒരേ സമയത്തു ജീവിച്ചിരുന്നുവെന്ന് വന്നേക്കും. നൂഹ് (عليه السلام) 950 കൊല്ലം ജീവിച്ചതായി ഖുർആൻ പ്രസ്താവിച്ചിട്ടുള്ളതാണ്. മുൻകാലത്തുള്ള സംഭവങ്ങളെക്കുറിച്ച് ഉറപ്പായ കാലനിർണ്ണയം ലഭിക്കുക പ്രയാസമാണല്ലോ.

ഇബ്റാഹിം (عليه السلام) നബിയുടെ പിതാവിന്റെ പേർ താറഹ് അഥവാ, തേരഹ് (تارح - Terah) എന്നാണ് പല മുഫസ്സിറുകളും, ചരിത്രകാരൻമാരും പറയുന്നത്. ഖുർആനിൽ ഒരിടത്ത് وإذ قال ابراهيم لا بيه آزر الانعام ٧٤ ഇബ്റാഹിം തന്റെ പിതാവ് 'ആസറി'നോടു പറഞ്ഞപ്പോൾ) എന്നു പറയുന്നു. ഇതിൽ നിന്ന് പിതാവിന്റെ പേർ 'ആസർ' എന്നാണെന്നു വരുന്നു. മേൽ സൂചിപ്പിച്ച പണ്ഡിതൻമാർ-ഇവരിൽ മുൻഗാമികളും പിൻഗാമികളുമുണ്ട്-പറയുന്നത് ആസർ(آزر) എന്ന പേർ അദ്ദേഹത്തിന്റെ രണ്ടാംപേരോ, അല്ലെങ്കിൽ സ്ഥാനപ്പേരോ ആണെന്നാകുന്നു. വേറെ ചില അഭിപ്രായങ്ങളും ഇവിടെയുണ്ട്. അവയും, അവയുടെ വിശദീകരണങ്ങളും ഉദ്ധരിച്ച് നമുക്ക് ദീർഘിപ്പിക്കേണ്ടതില്ല. ചുരുക്കിപ്പറഞ്ഞാൽ, ആസർ എന്നത് അദ്ദേഹത്തിന്റെ സാക്ഷാൽപേരല്ല എന്നാണ് ഭൂരിപക്ഷാഭിപ്രായം. അതേ സമയത്ത് ഖുർആൻ അദ്ദേഹത്തെ പരിചയപ്പെടുത്തുന്നത് 'ആസർ' എന്ന പേരിലാണുതാനും.

നാടും, കുടുംബവും വിട്ടുപോരും മുമ്പായി ഇബ്റാഹിം (عليه السلام) നബി ഇറാഖ് പ്രദേശങ്ങളിൽ ഒന്നിലധികം സ്ഥലത്ത് താമസിച്ചിട്ടുള്ളതായി കാണുന്നു. ഏതായാലും അദ്ദേഹം പദ്ദൻഅരമിലെ (فدان ارام) (*) വിപ്ളവകാരിയായ ഒരു യുവാവായിരുന്നു. ഇതു ഉത്തര ഇറാഖിൽ യൂപ്രട്ടീസ്, ടൈഗ്രീസ് (الفرات والدجلة) എന്നി നദികൾക്കിടയിലുള്ള ഒരു സമതലമാകുന്നു. മെസപൊത്തേമ്യ(†) എന്ന് പറയുന്നതും പദ്ദൻഅരമും ഒന്നുതന്നെ ദക്ഷിണ ഇറാഖിലെ ഊർ എന്ന കൽദേയാ (اور الكلدانين) പട്ടണത്തിലും അദ്ദേഹം കുറെക്കാലം താമസിച്ചിട്ടുണ്ട്. കൂടാതെ, കൂഫാ (كوفى) ഹാറാൻ حاران ബാബിലോൺ (بابل) എന്നീ സ്ഥലങ്ങളിലും വസിച്ചിട്ടുണ്ട്. പിതാവൊന്നിച്ചും, അല്ലാതെയും അദ്ദേഹം സ്ഥലം മാറിമാറി താമസിച്ചിരുന്നു. അതുകൊണ്ട് ജനനസ്ഥലം ഏതാണെന്നതിൽ ഭിന്നാഭിപ്രായങ്ങൾ കാണും. മിക്കവാറും ഊറിൽ നിന്നാണ് അദ്ദേഹം അവസാനമായി സ്വദേശം വിട്ട് ശാമിലേക്കു യാത്രപോയതെന്ന് വിചാരിക്കണം. മേൽകണ്ട പേരുകളും, ഓരോന്നിന്റെ അതിർത്തിയും സൂക്ഷമായി നിർണ്ണയിക്കാൻ ഇന്ന് സാധ്യമല്ല. ചരിത്രഭൂപടങ്ങളിൽ നിന്നു ഏതാണ്ടൊക്കെ മനസ്സിലാക്കാം എന്ന് മാത്രം.

---

* പദ്ദൻഅരം എന്നു പറയുന്നത് പ്രാചീന ഇറാഖിന്നാകുന്നു.

† മെസപൊത്തേമ്യ = الجزيرة وما بين النهرين (Mesopotamia).

ദക്ഷിണ ബാബിലോണ്യയിൽ യൂപ്രട്ടീസ് നദിയിൽ നിന്നു പിരിയുന്ന ഒരു തോട്ടിന്റെ കരയിലായിരുന്നു ഊർ പട്ടണം. ക്രിസ്താബ്ദം 1922 നും 1931 നുമിടയിൽ നടത്തപ്പെട്ട ഗവേഷണങ്ങളിൽ നിന്ന് ഇബ്റാഹിം (عليه السلام) നബിയുടെ ചരിത്രവുമായി ബന്ധപ്പെട്ട പല രേഖകളും കണ്ടുകിട്ടിയിരിക്കുന്നു. അദ്ദേഹത്തിന് വളരെ മുമ്പുതന്നെ വിവിധ പരിഷ്ക്കാരങ്ങളിൽ മുന്നിട്ടു നിന്നിരുന്ന ഒരു പ്രദേശമാണ് ബാബിലോണ്യ. അതിലെ ഒരു പട്ടണമായിരുന്നു ബാബിലോൺ. (*) യൂപ്രട്ടീസ് നദിക്കു തെക്കേ കരയിൽ ഇന്നത്തെ ബഗ്ദാദുപട്ടണത്തിൽ നിന്നു ഏകദേശം 50 നാഴിക തെക്കായിരുന്നു ബാബിലോൺ പട്ടണം സ്ഥിതിചെയ്തിരുന്നത്. ഇപ്പോൾ ഇതു ശൂന്യമായിക്കിടക്കുകയാണ്. ചന്ദ്രാരാധന നടത്തിയിരുന്ന വമ്പിച്ച ക്ഷേത്രങ്ങളും, വളരെ മുമ്പ് കഴിഞ്ഞുപോയ ജലപ്രളയത്തിന്റെ അടയാളങ്ങളും ഊറിൽനിന്നു- കണ്ടുകിട്ടിയിട്ടുണ്ട്. നൂഹ് (عليه السلام) നബിയുടെ കാലത്തുണ്ടായ ശ്രുതിപ്പെട്ട ജലപ്രളയവും(طوفان نوح-ع) അദ്ദേഹത്തിന്റെ വാസസ്ഥലവും ബാബിലോണ്യയിലായിരുന്നുവെന്നാണ് കൂടുതൽ ബലമായ അഭിപ്രായമെന്ന വസ്തുത ഇവിടെ സ്മരണീയമാണ്. (†) മനുഷ്യവാസം ആദ്യമായി ഭൂമിയിൽ ആരംഭിച്ചതും ബാബിലോണ്യയിലായിരുന്നുവെന്ന് പല ചരിത്രകാരൻമാർക്കും അഭിപ്രായമുണ്ട്.

ഇബ്റാഹിം (عليه السلام) നബിയുടെ പിതാവും, നാട്ടുകാരും വിഗ്രഹാരാധനക്കാരായിരുന്നു. സൂര്യചന്ദ്രനക്ഷത്രാധികളെയും അവർ ആരാധിച്ചു വന്നിരുന്നു. രാജാക്കൻമാരെ ആരാധ്യന്മാരായി ക്കരുതലും അക്കാലങ്ങളിൽ സാധാരണമാണ്. പിതാവാകട്ടെ, ക്ഷേത്രത്തിലെ പൂജാരിയും, ബിംബങ്ങളുണ്ടാക്കി വില്ക്കുന്നവനും കൂടിയായിരുന്നു. പുത്രൻ ചെറുപ്പം മുതല്ക്കേ സ്വതസിദ്ധമായ ബുദ്ധിയോടും, വിവേകത്തോടും കൂടി വളർന്നു വന്നു. പ്രായം തികഞ്ഞപ്പോഴേക്കും അല്ലാഹു അദ്ദേഹത്തിന് 'അദ്ദേഹത്തിന്റെതായ തന്റെട'വും നൽകി. പിതാവും മറ്റും മരം, കല്ല് മുതലായവകൊണ്ട് നിർമ്മിക്കുന്ന വസ്തുക്കളെ ദൈവമാക്കി ആരാധിക്കുന്നത് വിഡ്ഢിത്തമാണെന്ന് അദ്ദേഹം പരസ്യമായി പ്രഖ്യാപിക്കുവാൻ തുടങ്ങി. പിതാവുമായും, നാട്ടുകാരുമായും, ഭരണാധിപതിയുമായും അദ്ദേഹം പല വാഗ്വാദങ്ങളും നടത്തി. അവരെ ചിന്തിപ്പിക്കുവാനായി ഒരിക്കൽ നക്ഷത്രമാണ് തന്റെ ദൈവമെന്നും, പിന്നീട് നക്ഷത്രം മറഞ്ഞുപോയപ്പോൾ അത് ആരാധിക്കപ്പെടുവാൻ കൊള്ളുകയില്ല-ചന്ദ്രനാണ് തന്റെ രക്ഷിതാവെന്നും, അതും അസ്തമിക്കുന്നതിനാൽ, അതുമല്ല-ഏറ്റവും വലിയതായ സൂര്യനാണ് തന്റെ റബ്ബ് എന്നും വാദിച്ചു. പിന്നീട്, സൂര്യനും അസ്തമിച്ചുപോകുന്നതുനിമിത്തം ഇതൊന്നും തന്നെ ആരാധ്യനാകുവാൻ കൊള്ളുകയില്ലെന്നും, ആകാശഭൂമികളുടെ രക്ഷിതാവുമാത്രമാണ് റബ്ബായിരിക്കുവാൻ അർഹനെന്നും പ്രഖ്യാപിച്ചു.

പക്ഷേ, നാട്ടുകാർ ചിന്തിക്കുവാൻ ശ്രമിക്കാതെ ഭീഷണിക്കും, തർക്കത്തിനും ഒരുമ്പെടു ക

---

* ബാബിലോൺ എന്ന പേരിൽ ഈജിപ്തിലും ഇറാഖിലും ഓരോ രാജ്യമുണ്ട്.

† ഇതെഴുതി അല്പമാസങ്ങൾ കഴിഞ്ഞശേഷം പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിക്കണ്ട രണ്ടു വാർത്തകൾ ഉദ്ധരിക്കുന്നത് ഇവിടെ സന്ദർഭോചിതമായിത്തോന്നുന്നു. ഒന്നാമത്തേതു അമ്മാനിൽനിന്നും. രണ്ടാമത്തേതു ലണ്ടനിൽ നിന്നുമുള്ള റിപ്പോർട്ടുകളാകുന്നു:-

1. 'മതഗ്രന്ഥങ്ങളിൽ പറയുന്ന ശിശംഗ നഗരത്തിൽ ഇബ്റാഹീം (عليه السلام) നബി പ്രാർത്ഥന നടത്തിയിരുന്ന തൽബലാത്തിന്റേതെന്നു കരുതപ്പെടുന്ന അവശിഷ്ടങ്ങൾ ഒരു പൗരസ്ത്യഗവേഷകസംഘം കുഴിച്ചെടുത്തിരിക്കുന്നു. 16 സർവ്വകലാശാലകളെയും, 5 രാഷ്ട്രങ്ങളെയും പ്രതിനിധീകരിക്കുന്ന ഒരു പൗരസ്ത്യ ഗവേഷകസംഘമാണ് ഈ സ്ഥലത്തെ സംബന്ധിച്ച് ഗവേഷണം നടത്തുന്നത്.'

(2) 'നൂഹ് (അ) നബിയുടെ കപ്പലിന്റെ അവശിഷ്ടങ്ങൾ കണ്ടുപിടിക്കാൻ ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്ന ഒരു സംഘം അമേരിക്കൻ പുരാതനവസ്തു ഗവേഷകൻമാർക്കു കിഴക്കൻ തുർക്കിയിലെ അറാറാത്ത് (£) മലഞ്ചെരുവിൽ 14,000 അടി ഉയരത്തിൽ ഒരു വലിയ കപ്പലിന്റെ അവശിഷ്ടങ്ങളാണെന്നു തോന്നുന്ന ഏതാനും മരത്തടികൾ കണ്ടുകിട്ടിയിരിക്കുന്നു. ഒരു തുർക്കിക്കാരനാണ് ഇതു കണ്ടുപിടിച്ചത്. ഇതിൻമേൽ ഇപ്പോൾ ഗവേഷണം തുടർന്നുകൊണ്ടിരിക്കുകയാണ്. (ചന്ദ്രിക: പു: 30; ല: 239/4-9-62.)

യാണുണ്ടായത്. (ഈ സംഭവം സൂ: അൻആം 74-–79 ൽ കാണാം.)

അദ്ദേഹത്തെ ഈ സംരംഭത്തിൽ നിന്ന് പിൻമടക്കുവാൻ അന്നത്തെ രാജാവ് ഒരു പരിശ്രമം നടത്തി. ''ജീവിപ്പിക്കുന്നവനും മരണപ്പെടുത്തുന്നവനുമാണ് തന്റെ ദൈവമെ ന്ന ല്ലേ താൻ പറയുന്നത്? എന്നാൽ അതു രണ്ടും ഞാൻ ചെയ്യുന്നുവല്ലോ!'' എന്നു രാജാവ് പറ ഞ്ഞു. അതായത്: ഞാൻ പലരേയും കൊലപ്പെടുത്തുകയും, കൊല്ലേണ്ടുന്ന പലരെയും കൊലപ്പെടുത്താതെ വിട്ടയക്കുകയും ചെയ്യുന്നുവല്ലോ എന്നർത്ഥം. രണ്ടുപേരെ വിളിച്ച് ഒരു വനെ കൊല്ലുകയും, മറ്റേവനെ വിട്ടയക്കുകയും ചെയ്തു കാണിച്ചുവെന്നും പറയ പ്പെടുന്നു. ബാലിശമായ ഈ വാദം കണ്ടപ്പോൾ ഇബ്‌റാഹിം (عليه السلام) ഒരു മറുകൈ പ്രയോഗിച്ചു: 'എ ന്നാൽ, എന്റെ റബ്ബ് സൂര്യനെ കിഴക്കുനിന്ന് ഉദിപ്പിക്കുന്നു; താനതു പടിഞ്ഞാറുനിന്നു കൊ ണ്ടുവരുക!' ഇതായിരുന്നു അത്. ഇതിൽ രാജാവിന്റെ വായടഞ്ഞുപോയി! (അൽ ബ ഖറ: 258.)

ഇബ്‌റാഹിം(عليه السلام) നബിയുമായി വാഗ്വാദം നടത്തിയതും, അദ്ദേഹത്തിന്റെ ശത്രുവാ യിരുന്നതുമായ രാജാവിന്റെ പേർ ഖുർആനിൽ പറഞ്ഞിട്ടില്ല. നംറൂദ് (نمرود) എന്ന പേരിലാണ് അയാൾ അറിയപ്പെടുന്നത്. നൂഹ് (عليه السلام) നബിയുടെ സന്തതികളിൽപെട്ട ഹാമിന്റെ മകനായ കൂശി (كوش بن حام) ന്റെ മകനാണ് നംറൂദ് എന്നു പറയപ്പെടുന്നു. പക്ഷെ, നംറൂദ് എന്ന പേരി ൽ ഒന്നിലധികം പ്രാചീന രാജാക്കൾ ഉണ്ടായിട്ടുള്ളതായി ബാബിലോണിയുടെയും, അശ ്ശൂറിന്റെയും ചരിത്രത്തിൽ കാണാൻ കഴിയുന്നതുകൊണ്ട് അവരിൽ ഏത് നംറൂദാണ് അദ്ദേ ഹത്തിന്റെ കാലത്തുണ്ടായിരുന്ന നംറൂദെന്നു തീർത്തു പറയുക പ്രയാസമാണ്. ബൈബിളിന്റെ ഒരു വ്യാഖ്യാന നിഘണ്ടുവായ 'വേദപുസ്തക നിഘണ്ടു' വിൽ നിന്നും താഴെ കൊടുക്കുന്ന ഉദ്ധരിണികൾ ഇവിടെ നമുക്കു പലതും മനസ്സിലാക്കുവാൻ ഉതകുന്നു:-

1. 'അബ്രഹാമിന്റെ സമകാലീനനായ ഹമ്മുറബി എന്ന രാജാവാണ് ആദ്യമായി ഇതിനെ (ബാബേൽപട്ടണം) ബാബിലോൺ രാജ്യത്തിന്റെ തലസ്ഥാനമാക്കിയത്. ബാബിലോൺ രാജ്യവും അശ്ശൂർ രാജ്യവും പ്രത്യേക രാജങ്ങളായിരിക്കുമ്പോൾ ഈ രണ്ടു രാജ്യങ്ങൾക്കും തമ്മിലുണ്ടായ യുദ്ധത്തിൽ ബാബിലോൻ പട്ടണം ബാബിലോന്യരുടെ അതിവിശിഷ്ടമായ ഒരു കോട്ടയായിരുന്നു.' (വേ. പു. നി. പുറം: 293) ഇബ്‌റാഹിം (عليه السلام) നബിയുടെ കാലത്ത് ഒന്നിലധികം രാജാക്കളുടെ വാഴ്ച നടന്നിട്ടുണ്ടാകുന്നതിന് വിരോധമില്ലല്ലോ. ഹമ്മുറബിക്ക് അമ്രാഫെൽ എന്നും പേരുണ്ടാകുവാനവകാശമുണ്ടെന്ന് അടുത്ത ഉദ്ധരിണിയിൽ നിന്നു ഗ്രഹിക്കാം.

2. 'അബ്രഹാം തേരഹിന്റെ പുത്രനായിരുന്നു. അവൻ ദക്ഷിണമെസപൊത്തേമ്യയിൽ കൽദേയരുടെ ഊർ പട്ടണത്തിൽ ജാതനായി. അനേകവർഷങ്ങളിൽ അവിടെ വസിച്ചു. ബാബിലോന്യർ ഹമ്മുറബി എന്നു വിളിച്ചിരുന്ന അമ്രാഫെൽ ബാബിലോന്യയിലെ രാജാവായിരുന്ന ഒരു കാലത്ത് (ഏകദേശം ക്രി. മു. 2300) അബ്രഹാം ഊർപട്ടണത്തിൽ നിന്നു പുറപ്പെട്ട് കനാൽ ദേശത്തു വന്നു പാർത്തു. തന്റെ ജീവിതകാല പര്യന്തം കനാനിലും, മിസ്രയീമിലും അവിടവിടെ കൂടാരമടിച്ചു താമസിച്ചു. ഇവനും ബാബിലോന്യക്കാരും ഇങ്ങി നെ ദേശഭേദം ഭവിച്ചതു മാത്രമല്ല, ഭക്തിയിലും വളരെ വ്യത്യാസമുണ്ടായിരുന്നു. അവരെപ്പോലെ ഇവൻ വളരെ ദൈവങ്ങളെ ആരാധിക്കാതെ യഹോവയെ (ദൈവത്തെ) യാണു തനിക്കും തന്റെ കാലത്തിനും ദൈവമെന്നു തിരുമാനിച്ചു അവനെമാത്രം ആരാധിച്ചു വന്നു......' (വേ. പു. നി. പുറം: 18) പക്ഷേ ഹമ്മുറബി (حمورابى) യും, അമ്രാഫെലും ഒന്നാണെന്ന കാര്യത്തിൽ ഭിന്നാഭിപ്രായമുണ്ടുതാനും.

3. 'ഇവൻ (നിംറോദ്) അശ്ശൂറിൽ നീനവെ (نينوى) എന്ന പട്ടണം പണിതത് അവിടെ തന്റെ രാജ്യം സ്ഥാപിച്ചു എന്നും, ബാബിലോൺ അഥവാ ബാബേൽ എന്ന നഗരം നിർമ്മിച്ചു എന്നും പറഞ്ഞിരിക്കുന്നു.... ബാബിലോന്യഭാഷയിൽ ഇവന്റെ പേരും അവർ ആരാധിച്ചു വന്ന മെരോദോക്ക് എന്ന ദേവന്റെ പേരും ഒന്നായിരുന്നതുകൊണ്ട് അവർ അവനെ ദേവനായി

വിചാരിച്ചു വന്നു എന്ന് അറിയാവുന്നതാണ്.' (പിന്നീട് അംറാഫെൽ രാജാവിനെപ്പറ്റി ഇങ്ങിനെ പറയുന്നു:) 'അബ്രഹാമിനോട് യുദ്ധം ചെയ്ത ശീനാർ (ബാബിലോൺ) രാജാവായ അമ്രാഫെലും പുരാതന ബാബിലോന്യ രാജാവായ ഹമ്മുറബിയും ഒരേ ആൾ തന്നെ എന്ന് ചിലർക്ക് തോന്നിയാലും, പണ്ഡിതനായ വുള്ളി (WOOLLY) ഈ കാര്യത്തെക്കുറിച്ചു സംശയിക്കുന്നു. (വേ. പു. നി. പുറം: 26.)

4. നിംറോദും (നംറൂദും) ബാബിലോന്യർ പറയുന്ന ആദ്യരാജാവായ ഗിൽഗാമേശും ഒരു രാജാവു തന്നെയാണെന്നും വിചാരിക്കേണ്ടിയിരിക്കുന്നു. (ഭാഗം 201) ചുരുക്കിപ്പറഞ്ഞാൽ നംറൂദിനെ സംബന്ധിച്ചു ശരിയായ ഒരു വിവരണം നമുക്കിവിടെ ലഭിക്കുക സാധ്യമല്ല.

ഇസ്ലാം ചരിത്രവുമായി വളരെയേറെ ബന്ധപ്പെട്ട ഒരു രാജ്യമാണല്ലോ ഇറാഖ്. ആ സ്ഥിതിക്കു ഇബ്റാഹിം (عليه السلام) നബിയുടെ സ്വരാജ്യമായിരുന്ന പ്രാചീന ഇറാഖിന്റെ ഒരു സാമാന്യ വിവരംകൂടി ഇവിടെ അറിയുന്നതു അസ്ഥാനത്താവുകയില്ല. ഇറാഖിന്റെ പല ഭാഗങ്ങളും പല കാലത്തും പല പേരുകളിലായി അറിയപ്പെട്ടിട്ടുണ്ട്. പല ഭരണകൂടങ്ങളും അവിടെ കഴിഞ്ഞു പോയിട്ടുമുണ്ട്. കൂടുതൽ വിശ്രുതമായ രണ്ടു രാഷ്ട്രങ്ങളായിരുന്നു അശ്ശൂറും, ബാബിലോണ്യയും. ഇരു രാജ്യങ്ങളുടെയും ചരിത്രം തമ്മിൽ ബന്ധപ്പെട്ടുകൊണ്ടാണുള്ളത്. രണ്ടുംഓരോ കാലത്ത് ചുരുങ്ങിയും വികസിച്ചുകൊണ്ടും അന്യോന്യം ലയിച്ചുകൊണ്ടും ഇരുന്നിട്ടുണ്ട്. അതിനാൽ, ഓരോന്നിന്റെയും അതിർത്തി തിട്ടപ്പെടുത്തുവാൻ നിവൃത്തിയില്ല. ഉത്തരഭാഗം അശ്ശൂറും, ദക്ഷിണഭാഗം ബാബിലോണ്യയും ആണെന്നു പറയാം.

അവിടത്തെ ജനങ്ങൾ, യുദ്ധം, കെട്ടിടനിർമ്മാണം, ശിൽപവേല, നായാട്ട് മുതലായവയിലും, വിദ്യാഭ്യാസ വിഷയങ്ങളിലും സമർത്ഥൻമാരായിരുന്നു. ശത്രുക്കളോട് അവർ ക്രൂരമായി പെരുമാറിയിരുന്നു. ഇരു രാജ്യക്കാരും പൊതുവിൽ ബഹുദൈവാരാധകൻമാരായിരുന്നു. ബാബിലോണ്യക്കാർക്കില്ലാത്ത ഒരു ദൈവമായിരുന്നു 'അശ്ശൂർ ദേവത' ഇതു അശ്ശൂർകൾക്ക് മാത്രമുള്ളതായിരുന്നു ബാബിലോണ്യയിൽ, രാജാക്കളെക്കാൾ പുരോഹിതൻമാർക്കും, അശ്ശൂറിൽ മറിച്ചുമായിരുന്നു സ്ഥാനം കൽപിക്കപ്പെട്ടിരുന്നത്. അശ്ശൂർ ക്രി. മു. 2100 മുതൽ ഏതാണ്ട് ക്രി. മു. 6-ാം നൂറ്റാണ്ടുവരെ നീണ്ടുനിന്നു. ഇബ്റാഹിം (عليه السلام) നബിയുടെ കാലം മുതൽ സുലൈമാൻ (عليه السلام) നബിയുടെ കാലംവരെ ശാമുകാർക്കും (ഇസ്രാ ഈൽ-യഹൂദിയാ എന്നീ രാജ്യങ്ങൾക്കും) അശ്ശൂർകാർക്കും ഇടയിൽ കാര്യമായ ബന്ധം ഉണ്ടായിരുന്നില്ല. പിന്നീട് ബാബിലോന്യ രാജാവായ നബൂഖദാനേസർ (بختنصر) ജറുശലം (البيت المقدس) നശിപ്പിച്ചതു വരെ അവർക്ക് അശ്ശൂറിനെയും, ബാബിലോന്യയെയും ഭയപ്പെ ട്ടുകൊണ്ടിരിക്കേണ്ടിവന്നു. സൂരിയ (*) യുടെ കിഴക്കെ അതിർത്തിയും, അശ്ശൂറിന്റെ പടിഞ്ഞാറെ അതിർത്തിയും ഒന്നായിരുന്നു. ആകയാൽ, അശ്ശൂർ വികസിക്കുന്നപക്ഷം അതു സൂരിയായെ നഷ്ടപ്പെടുത്തുമല്ലോ.

നിരിക്ഷകൻമാർക്ക് ലഭിച്ച രേഖകളിൽ നിന്ന് അശ്ശൂർഭരണം വളരെ അഭിവൃദ്ധി പ്രാപിച്ചതായിരുന്നുവെന്നും, പരിഷ്കൃതമായ പല ഭരണചട്ടങ്ങളും അവിടെ നടപ്പിലുണ്ടായിരുന്നുവെന്നും മനസ്സിലാക്കാം. ബഹുദൈവവാരാധന സർവ്വത്ര നടമാടിയിരുന്നു. ആകാശദേവൻ, ഭൂമിദേവൻ, സൂര്യദേവൻ, ചന്ദ്രദേവി, കാമദേവി, എന്നിങ്ങിനെ പല ദേവിദേവൻമാരും കൂടാതെ, പല വിഗ്രഹങ്ങളും, അവരുടെ ആരാധ്യൻമാരായിരുന്നു. സ്വർണ്ണംകൊണ്ടുള്ള വിഗ്രഹങ്ങളും അവർ നിർമ്മിച്ചിരുന്നു. ഭൂതങ്ങളിലും, മന്ത്രങ്ങളിലും അവർ വിശ്വസിച്ചിരുന്നു. ക്ഷുദ്രം, ആഭിചാരം മുതലായ 'സിഹ്റി'ന്റെ ഇനങ്ങളും പ്രചാരത്തിലുണ്ടായിരുന്നു. പല ശാസ്ത്രങ്ങളിലും നൈപുണ്യം നേടിയവരുണ്ടായിരുന്നു. മരണപ്പെട്ടവരുടെ ആത്മാവിന്റെ ഭാവിയെക്കുറിച്ച് അവർക്കിടയിൽ ഭിന്നാഭിപ്രായങ്ങളായിരുന്നു ഉള്ളത്. ഇഹലോകജീവിതത്തിൽവെച്ചുതന്നെ ദേവൻമാരുടെ പ്രസാദത്തിനു

* സൂരിയാ സിരിയാ (ശാം)

വേണ്ടിയാണവർ ആരാധന നടത്തിയിരുന്നത്.

മേൽപറഞ്ഞ പ്രകാരം ഇബ്റാഹിം (عليه السلام) നബി തൻെറ ജനതയെ നന്നാക്കിത്തീർക്കുവാൻ പല പരിശ്രമങ്ങളും ചെയ്തുനോക്കി. അതെല്ലാം വിഫലമാകുകയാണുണ്ടായത്. അദ്ദേഹമാകട്ടെ, പരിശ്രമം ഊർജ്ജിതമാക്കിക്കൊണ്ടുമിരുന്നു. അവരുടെ വിഗ്രഹങ്ങളെ കൊത്തിമുറിച്ചതും, അതിൻഫലമായി തീക്കുണ്ഡത്തിൽ എറിയപ്പെട്ടതും നാം വായിച്ചുവല്ലോ. (*) തൻെറ പിതാവ് ഒരു സത്യവിശ്വാസിയായിക്കണ്ടാൽകൊള്ളാമെന്നുള്ള അത്യാഗ്രഹത്താൽ അദ്ദേഹത്തെ വളരെ ഭക്തിയാദരവോടെ ഉപദേശിച്ചുനോക്കിയ വിവരവും, അയാൾ മകനെ എറിഞ്ഞാട്ടുവാൻ ശ്രമിച്ചതും സൂ: മർയമിലും നാം കണ്ടു. അഗ്നികുണ്ഡത്തിൽ നിന്ന് രക്ഷപ്പെട്ടതുകണ്ട് സ്വജനങ്ങളിൽ കുറച്ചാളുകൾ വിശ്വസിക്കുകയുണ്ടായെന്നു പറയപ്പെടുന്നു. പക്ഷേ, ഭരണകൂടത്തെയും, നാട്ടുകാരെയും ഭയന്നുകൊണ്ടിരിക്കുകയാണവർ. നാട്ടിലുള്ളവരെല്ലാം ശത്രുക്കൾ. സത്യം കേൾക്കുവാനുള്ള കാതും, ചിന്തിക്കുവാനുള്ള ഹൃദയവും അദ്ദേഹം അവിടെ കണ്ടില്ല. അങ്ങിനെ, സ്വദേശത്തോട് യാത്രപറയേണ്ടിവന്നു. അല്ലാഹു അദ്ദേഹത്തെ 'അനുഗ്രഹീതമായ ഭൂമി'യിലേക്കു (ശാമിലേക്ക്) രക്ഷപ്പെടുത്തിക്കൊണ്ടുവന്നു. സഹോദരപുത്രൻ ലൂത്ത് (അ) , ഭാര്യ സാറാ (سارة) എന്നിവരും കൂടെയുണ്ടയിരുന്നു. അവർ അദ്ദേഹത്തിൽ വിശ്വസിച്ചവരാണ്. ലൂത്ത് (عليه السلام) നബിയുടെ ഭാര്യയും കൂടെ ഉണ്ടായിരുന്നവെന്നും കാണുന്നു. പിതാവിൻെറ പാപമോചനത്തിനുവേണ്ടി അദ്ദേഹം അല്ലാഹുവോട് പ്രാർത്ഥിച്ചു നോക്കുമെന്നു പറഞ്ഞിട്ടുണ്ടായിരുന്നുവെങ്കിലും, പിതാവു അല്ലാഹുവിൻെറ ശത്രുവാണെന്ന് വെളിപ്പെട്ടപ്പോൾ, അദ്ദേഹം അതിൽ നിന്ന് ഒഴിഞ്ഞുകളഞ്ഞു. (സൂറ: തൗബഃ114.)

'മേൽപറഞ്ഞവരെയും ഇബ്റാഹിം (عليه السلام) നബിയെയും കൂട്ടികൊണ്ട് കൻആനിലേക്ക് പോകുവാനായി പിതാവ് ഊറിൽനിന്നു ഹാറാനിൽ വന്നു; അവിടെ പാർത്ത് അവിടെവെച്ച് പിതാവ് മരണപ്പെട്ടു; പിന്നീടു യഹോവയുടെ (ദൈവത്തിൻെറ) കൽപനപ്രകാരം കൻആനിലേക്ക് പോയി; ഹാറാനിൽനിന്നു പോരുമ്പോൾ ഇബ്റാഹിം (عليه السلام) നബിക്കു 75 വയസ്സായിരുന്നു' എന്നൊക്കെ ബൈബ്ളിൽ (ഉൽപത്തി: 11 ൽ 31 മുതൽ 12ൽ 6 വരെ) പറയുന്നു. ഖുർആൻെറ വെളിച്ചത്തിൽ നോക്കുമ്പോൾ ഇതു അതേപടി സ്വീകരിക്കുവാൻ നിവൃത്തിയില്ല. കാരണം, വിഗ്രഹങ്ങൾ ഉടച്ചകാലത്ത് അദ്ദേഹം കേവലം 16 വയസ്സുകാരനായ ഒരു യുവാവായിരുന്നുവെന്നും ഖുർആൻ വ്യാഖ്യാതാക്കൾ പറയുന്നു. സൂ: അമ്പിയാഇലെ 60 -ാം വചനം അതിനെ ബലപ്പെടുത്തുകയും ചെയ്യുന്നു. അന്നുമുതൽക്കേ പിതാവു അദ്ദേഹത്തിനു ശത്രുവായിത്തീർന്നിരിക്കുമല്ലോ.

അദ്ദേഹം മേൽപറഞ്ഞവരൊന്നിച്ച് ഫലസ്തിനിൽ വന്നു. കനാൻ (കൻആൻ-كنعان) ദേശം എന്ന പേരിലാണ് അന്ന് ഫലസ്തിൻ അറിയപ്പെട്ടിരുന്നത്. ആദ്യം നാബൽസ് (نابلس) എന്ന ശെഖേമി (شكيم) ലും, പിന്നീടു തെക്കോട്ടുനീങ്ങി ഒന്നിലധികം സ്ഥലങ്ങളിലും അദ്ദേഹം താമസിച്ചിട്ടുണ്ട്. അനന്തരം നാട്ടിൽ ബാധിച്ച ഒരു ക്ഷാമം കാരണം മിസ്രയീമിൽ (ഈജിപ്തിൽ) പോകുകയും, അധികം താമസിയാതെ മടങ്ങിപ്പോരുകയും ചെയ്തു യാത്രകളിൽ മേൽപറഞ്ഞവർക്കു പുറമേ, അവരുടെ ആടുമാടുകളും, അവയുടെ ഇടയൻമാരും ഉണ്ടായിരുന്നുപോൽ. ബൈബ്ൾ പറഞ്ഞപ്രകാരമാണെങ്കിൽ, ആട്ടിടയൻമാർ തമ്മിലുണ്ടായ വഴക്കും, ആടുമാടുകളുടെ ആധിക്യവും നിമിത്തം പിതൃവ്യനും, സഹോദരപുത്രനും (ഇബ്റാഹിം നബിയും, ലുത്ത് നബിയും) താമസം രണ്ടു സ്ഥലത്താക്കി. ജോർഡാൻ (الاردن) വൃത്തങ്ങളിൽപെട്ട ഫലഭൂയിഷ്ഠമായ സോദോം, ഗോമോറാ (سدوم وعاموراة) എന്നീ രാജ്യങ്ങളിലായി ലൂത്ത്നബി വാസമുറപ്പിച്ചു. ഈ സ്ഥലത്തെപ്പറ്റിയാണ് ഖുർആനിൽ (സൂ:വന്നജ്മിൽ) 'മുഅ്തഫികത്ത്' (المؤتفكة മറിഞ്ഞു കിടക്കുന്ന രാജ്യം) എന്നു പറഞ്ഞിരിക്കുന്നത്. ലൂത്ത് (عليه السلام) രാജ്യത്തേക്കുള്ള റസൂലായി

* അടുത്ത വ്യാഖ്യാനക്കുറിപ്പിൽ വിശദവിവരവും കാണാം.

നിയോഗിക്കപ്പെടുകയും ചെയ്തു. ആ രാജ്യക്കാരെക്കുറിച്ചും അവർ രാജ്യത്തോടെ നശിപ്പിക്കപ്പെട്ടതിനെക്കുറിച്ചും കഴിഞ്ഞ സൂറത്തുകളിൽ വിവരിച്ചുണ്ടല്ലോ.

ഇബ്റാഹിം നബിയുടെ ഭാര്യ സാറ(سارة) പ്രസവിക്കാത്ത വന്ധ്യയായിരുന്നു. അവർക്കു ഈജിപ്തിൽവെച്ചു ലഭിച്ച ഒരു അടിമസ്ത്രീയായിരുന്നു ഹാഗാർ എന്നഹാജർ.(هاجر) തങ്ങൾക്കൊരു ഓമനപുത്രനെ കാണുവാൻ കഴിഞ്ഞെങ്കിലോ എന്ന ആഗ്രഹത്തോടെ ഹാജറിനെ അവർ ഭർത്താവിനു ദാനം ചെയ്തു. അങ്ങിനെ, ഖിബ്ത്തിക്കാരിയായ ഹാജർ ഇബ്റാഹീം (عليه السلام) നബിയുടെ ഒരു രണ്ടാം ഭാര്യയായി. ഇവരിൽനിന്നാണ് മൂത്ത പുത്രനായ ഇസ്മാഈൽ (عليه السلام) ജനിച്ചതു. അറബികളുടെ പിതാവായ ഇസ്മാഈൽ (عليه السلام) നബിയുടെ മാതൃകകുടുംബത്തെ ഉദ്ദേശിച്ചാണ് നബി (ﷺ) ഇപ്രകാരം പറഞ്ഞതു. اذاالفتستحتم مصر فاستوصوا باهلها خيرا فان لهم ذمة ورحما – مسلم (നിങ്ങൾ ഈജിപ്തു ജയിച്ചടക്കുമ്പോൾ, അവിടത്തുകാരുമായി നല്ലനിലയിൽ ഇടപെടണം, നിശ്ചയമായും അവരോടു നിങ്ങൾക്കു ഒരു ഉത്തരവാദിത്വവും കുടുംബന്ധവുമുണ്ട്.) കുടുംബബന്ധം പാലിക്കുന്നതിനെപ്പറ്റി നബി (ﷺ) എത്രമാത്രം നിഷ്ക്കർഷിച്ചിരുന്നുവെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. ഇസ്മാഈൽ (عليه السلام) ജനിക്കുമ്പോൾ ഇബ്റാഹീം (عليه السلام) നബിക്കു 86 വയസ്സാണെന്നു കാണുന്നു. الله اعلم

ഗർഭവതിയായ ഹാജറിനോട് ദൈവദൂതൻ അറിയിച്ചതായി ബൈബ്ളിൽ ഇങ്ങിനെ കാണാം: 'ഞാൻ നിൻെറ സന്തതിയെ ഏററവും വർദ്ധിപ്പിക്കും. അത് എണ്ണിക്കൂടാത്തവണ്ണം പെരുപ്പമുളളതായിരിക്കും. നീ ഗർഭവതിയല്ലോ. നീ ഒരു മകനെ പ്രസവിക്കും. യഹോവനിൻെറ സങ്കടം കേൾക്കകൊണ്ട് അവന്ന് യിശ്മയേൽ (ഇസ്മാഈൽ) എന്നു പേർ വിളിക്കണം. അവൻ 'കാട്ടുകഴുത'യെപ്പോലെയുളള മനുഷ്യനായിരിക്കും.....' (ഉല്പ: 16ൽ 10-12) 'കാട്ടുകഴുത' യുടെ കാര്യമൊഴിച്ചു ബാക്കി കാര്യങ്ങൾ ശരിയാകുന്നു. അറബികൾ മിക്കവാറും ഇസ്മാഈൽ (عليه السلام) നബിയുടെ സന്താനങ്ങളാണല്ലോ. എന്നാൽ അദ്ദേഹത്തെ 'കാട്ടുകഴത' യായി ചിത്രികരിച്ചത്, വേദക്കാർ ബൈബ്ളിൽ കൈകടത്താറുളളതിൻെറ ഒരു ചെറിയ ഉദാഹരണമാകുന്നു. നബി മുഹമ്മദ് (ﷺ) തിരുമേനിയെ തരംതാഴ്ത്തി കാണിക്കുകയാണ് ഇതുമൂലം അവരുടെ ഉദ്ദേശ്യം. ഈ വസ്തുത മനസ്സിലാക്കുവാൻ ബൈബ്ളിൻെറ പല ഭാഷകളിലുളള വിവർത്തനങ്ങൾ പരിശോധിച്ചാൽ മാത്രം മതിയാവുന്നതാണ്. ബൈബ്ളിൻെറ പരിഭാഷകൾ വ്യക്തികളുടേതല്ല-അവരുടെ അധികൃതമായ അംഗീകാരത്തോടുകൂടി തയ്യാറാക്കപ്പെട്ടവയാണ്- എന്നുകൂടി ഓർക്കേണ്ടതുണ്ട്. ഉദാഹരണം നോക്കുക: മലയാള പതിപ്പിൽ 'കാട്ടുകഴുതയെപ്പോലെയുളള മനുഷ്യൻ' എന്നും, അറബിപതിപ്പിൽ انسا ناوحشيا എന്നും, ഹിബ്രു (അബ്രാനി) ഭാഷയിൽ قره آدم എന്നും, ഇംഗ്ളിഷ് പതിപ്പിൽ WILD MAN എന്നും, തമിഴിൽ 'ദുഷ്ടമനുഷ്യൻ' എന്നും ആണുളളത്. അറബിയിലും ഇംഗ്ളിഷിലുമുളള പദങ്ങൾക്കു 'അപരിഷ്കൃതൻ, കാടൻ, ദുഷ്ടൻ' എന്നൊക്കെ അർത്ഥം വരാം. 'കാട്ടുകഴുത' എന്നർത്ഥമില്ല. അബ്രീപദത്തിന്നാവട്ടെ, 'ശക്തനായ മനുഷ്യൻ' എന്ന ത്രെ, അബ്രിയിൽ നിന്നാണ് മറ്റുളളവ വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നത്. എന്നിരിക്കെ, ദുരുദ്ദേശപൂർവ്വം ചെയ്യപ്പെട്ട ഒരു മാററമാണിതെന്നു പറയേണ്ടതില്ലല്ലോ.

ഒരിക്കൽ ഇബ്റാഹീം (عليه السلام) നബിയുടെ അടുക്കൽ മനുഷ്യരൂപത്തിൽ മലക്കുകൾ വരികയുണ്ടായി. അതിഥി സൽക്കാരത്തിൽ വളരെ താൽപര്യം കാണിച്ചിരുന്ന അദ്ദേഹം വേഗം ഒരു മൂരിക്കുട്ടനെ പൊരിച്ചു തയ്യാറാക്കി അതിഥികൾക്കു സമർപ്പിച്ചു. അവർ ഭക്ഷണം കഴിക്കുന്നില്ല! ഇതു കണ്ടപ്പോൾ അദ്ദേഹത്തിനു മനസ്സിൽ ഭയം തോന്നി. അതിഥികൾ പറഞ്ഞു: ''പേടിക്കേണ്ട! താങ്കൾക്ക് ജ്ഞാനിയായ ഒരു ആൺകുട്ടിയെക്കുറിച്ച് ഞങ്ങൾ സന്തോഷമറിയിക്കുന്നു.'' അദ്ദേഹത്തിനും, വാതിൽക്കൽ നിൽക്കുന്നുണ്ടായിരുന്ന ഭാര്യക്കും ആശ്ചര്യവും, സന്തോഷവുമായി. ഇത് ഇസ്ഹാഖ് (عليه السلام) നെക്കുറിച്ചുളള സന്തോഷവാർത്ത യായിരുന്നു. 'പിന്നെ എന്താണ് കാര്യമുളളത്?' ഇബ്റാഹീം (عليه السلام) നബി ചോദിച്ചു. 'ഞങ്ങൾ ലൂത്ത്വ് (عليه السلام) നബിയുടെ ജനതയുടെ അടുക്കലേക്ക്-അവരെ നശിപ്പിക്കുന്നതിന്നു-കൂടി നിയോഗിക്കപ്പെട്ടിരിക്കുന്നു' എന്ന് അവർ

അറിയിച്ചു. ഈ മലക്കുകളാണ് ലൂത്ത് (عليه السلام) നബിയുടെ രാജ്യം നശിപ്പിച്ചത്. (സൂ: 15 ൽ 52-58ഉം സൂ: 51ൽ 24-34ഉം) ഇക്കാലത്ത് ഇബ്റാഹിം (عليه السلام) നബിക്ക് 100 വയസ്സും സാറക്ക് 90 വയസ്സും ആണെന്നു പറയപ്പെടുന്നു. അദ്ദേഹം വസിച്ചിരുന്നതു കാദേശിന്നും, ശൂറിന്നും മദ്ധ്യേ ഏമലേക്യരുടെ (العمالقة) രാജ്യങ്ങളിലായിരുന്നു.

ഇസ്മാഈൽ (عليه السلام) മുലകുടിക്കുന്ന കാലത്ത്, ഹാജറിനെയും, ശിശുവിനെയുംകൂട്ടി ഇബ്റാഹിം (عليه السلام) മക്കായിൽ വന്നു. അന്ന് മക്കായിൽ ജനവാസമില്ല. വെള്ളമോ, കായകനിയോ ഇല്ല. പാറക്കുന്നുകളും, മണൽക്കാടുകളും മാത്രം! ആ മഹാനുഭാവൻ, ഇന്ന് കഅ്ബഃ സ്ഥിതിചെയ്യുന്ന സ്ഥലത്ത്-നാലുഭാഗവും പാറക്കുന്നുകളാൽ ആവൃതമായ ആ താഴ്‌വരയിൽ-അവരെ കുടിയിരുത്തിക്കൊണ്ട് തിരിച്ചുപോവുകയാണ്. അവർക്കായി അദ്ദേഹം അവിടെ നിക്ഷേപിച്ചതെന്താണെന്നോ? ഒരുതോൽസഞ്ചിയിൽ ഈത്തപ്പഴം, ഒരു തോൽപാത്രത്തിൽ വെള്ളവും. അത്രമാത്രം! ഭാര്യ ഹാജർ ചോദിക്കുന്നു: 'ഞങ്ങളെ ഈ താഴ്‌വരയിൽ തനിച്ചുവിട്ടേച്ചു പോകുകയാണോ?!' അദ്ദേഹം തിരിഞ്ഞു നോക്കുന്നില്ല! ഹാജർ വീണ്ടും വിളിച്ചു ചോദിക്കുന്നു: 'അല്ലാഹു കൽപിച്ചിട്ടാണോ, ഇപ്രകാരം ചെയ്യുന്നത്?' അദ്ദേഹം മറുപടി പറഞ്ഞു: 'അതെ.' ഒറ്റവാക്ക്! ഹാജർ സാമാധാനിച്ചു. അവർക്കു ആ ഒരു വാക്ക് കേട്ടതുതന്നെ ഒരു തീരാസ്വത്തായിരുന്നു. അവർ പറഞ്ഞു: 'എന്നാൽ പിന്നെ, അവൻ ഞങ്ങളെ പാഴാക്കുകയില്ല.' സത്യവിശ്വാസികളുടെ നോതാവായ അ ഭർത്താവിൻെറയും, അവരുടെ സത്യവിശ്വാസിനിയായ ആ ഭാര്യയുടെയും വിശ്വാസശക്തി നോക്കുക! ഭർത്താവിനൊത്ത ഭാര്യ!

അദ്ദേഹം ആ ചെറു കുടുംബത്തെ പുറംതള്ളിയതല്ല: ഉപേക്ഷിച്ചോ, വെറുത്തോ പോയതുമല്ല: അവരിൽ നിന്നും കണ്ണു മറഞ്ഞപ്പോൾ അദ്ദേഹം അല്ലാഹുവിനോട് പ്രാർത്ഥിച്ചു:-
ربنا انى اسكنت من ذبـنى ..... لعلهم يشكرون – ابراهيم : ٢٧

സാരം: ഞങ്ങളുടെ റബ്ബേ! എൻെറ സന്താനത്തെ, യാതൊരു വിളയും (കൃഷിയും) ഇല്ലാത്ത ഒരു താഴ് വരയിൽ- നിൻെറ പരിപാവനമായ ഭവനത്തിന്നടുത്ത്--ഞാൻ പാർപ്പിച്ചിരിക്കുന്നു. ഞങ്ങളുടെ റബ്ബേ! അവർ നമസ്കാരം നിലനിർത്തിപ്പോരുവാനായിട്ടാണത്. അതിനാൽ, ജനങ്ങളുടെ ഹൃദയങ്ങളെ അവരിലേക്കു തിരിയുമാറാക്കുകയും, അവർക്കു ഫലവർഗ്ഗങ്ങളിൽ നിന്ന് ഉപജീവനം നൽകുകയും ചെയ്യേണമേ! അവർ നന്ദി കാണിച്ചേക്കാം (സൂ: ഇബ്രാഹീം)

കൈവശമുള്ള വെള്ളം തീർന്നുപോയി. മാതാവിനും പൈതലിനും ദാഹം വർദ്ധിച്ചു. വല്ല യാത്രക്കാരുമായും കണ്ടുമുട്ടി അൽപം വെള്ളം കിട്ടുമോ എന്നു അന്വേഷിക്കുവാൻ നിസ്സഹായയായ-അല്ല, അല്ലാഹു സഹായിക്കുവാൻ ഏറ്റെടുത്തിട്ടുള്ള-മാതാവ് കുട്ടിയെ അവിടെ കിടത്തി പുറപ്പെടുന്നു. ദൂരത്തേക്ക് എത്തിനോക്കുന്നതിന്നുവേണ്ടി ഒരു ഭാഗത്ത് സഫാ (صفا) കുന്നിന്മേൽ കയറുന്നു. ആരെയും കാണുന്നില്ല. ഉടനെ മറുഭാഗത്തു മർവാ (مروة) കുന്നിന്മേൽ കയറിനോക്കുന്നു. ആരുമില്ല. ഏഴുവട്ടം രണ്ടു കുന്നുകളിലുമായി അങ്ങുമിങ്ങും അവർ നടന്നു. ആരെയും കണ്ടുകിട്ടിയില്ല. കുട്ടി കിടക്കുന്നതിൻെറ അടുത്തു നിന്ന് അവർ ഒരു ശബ്ദം കേട്ടു. ഉടനെ മടങ്ങിവന്നു. അതാ! ഒരു നീരുറവ്! കുട്ടിയുടെ അരികിലായി നിൽക്കുന്ന ജിബ്‌രീൽ (അ) ൻെറ കാലിന്നടിയിൽ കൂടി അതു ഒഴുകിക്കൊണ്ടിരിക്കുന്നു. അവർക്ക് ആശ്ചര്യമോ, സന്തോഷമോ?! ഓടിവന്ന് 'സം! സം!' (നിൽക്കട്ടെ, നിൽക്കട്ടെ!) എന്നു പറഞ്ഞുകൊണ്ട് അതു കെട്ടിനിറുത്തുകയായി. (ആ വെള്ളം കെട്ടിനിറുത്താതെ അവർ അതിൻെറ പാട്ടിനുവിട്ടിരുന്നുവെങ്കിൽ അതു ഒഴുകിക്കൊണ്ടേയിരിക്കുമായിരുന്നു! എന്നു നബി (صلى الله عليه وسلم) തിരുമേനി അരുളിചെയ്തിട്ടുണ്ട്.) ഈ ജലമാണ് ഇന്നും ഒരു മഹാത്ഭുതമായി ശേഷിക്കുന്ന ആ 'സംസം വെള്ളം' (ماءزمزم)

ഈ നീരുറവുനിമിത്തം, ക്രമേണ ആളുകൾ വന്നുകൂടി മക്കായിൽ ജനവാസമുണ്ടായി. പക്ഷെ, വെള്ളത്തിൻെറ കൈവശാവകാശം തങ്ങൾക്കുതന്നെ വേണമെന്നു പുതുതായി വരുന്നവ

രോട് നിശ്ചയിക്കപ്പെട്ടിരുന്നു. അബ്രാനി (ഹിബ്രു) ഭാഷക്കാരനായിരുന്ന ഇസ്മാഈൽ (عليه السلام) തങ്ങളുടെ അയൽവാസികൾവഴി അറബി സംസാരിക്കുവാൻ ശീലിച്ചു പ്രായം തികഞ്ഞപ്പോൾ, അവരിൽ നിന്നു ജൂർഹും (جرهم) ഗോത്രക്കാരിയായ ഒരു സ്ത്രീയെ കല്ല്യാണം കഴിക്കുകയും ചെയ്തു. കുറെകഴിഞ്ഞ് മാതാവ് മൃതിയടഞ്ഞു.

ഇബ്റാഹിം (عليه السلام) നബി ചിലപ്പോൾ ഇസ്മാഈലിനെ വന്നു സന്ദർശിച്ചിരുന്നു. ഇപ്പോൾ അദ്ദേഹം ഒരു വീട്ടുകാരനായിരിക്കുകയാണല്ലോ. അദ്ദേഹം വേട്ടയാടി ഉപജീവിനമാർഗ്ഗമുണ്ടാക്കുവാൻ പുറത്തു പോകാറുണ്ടായിരുന്നു. അദ്ദേഹം വീട്ടിലില്ലാത്തപ്പോൾ, ഒരിക്കൽ ഇബ്റാഹീം (عليه السلام) മകനെ സന്ദർശിക്കുവാൻ വന്നു. മരുമകളോട് വിവരമന്വേഷിച്ചു. അവളുടെ പെരുമാറ്റവും സംസാരവും കണ്ട് അവൾ സ്വഭാവം നല്ലവളല്ലെന്ന് ആ മഹാനുഭാവൻ മനസ്സിലാക്കി. 'തൻെറ ഭർത്താവു വന്നാൽ, ഉമ്മരപ്പടി മാറ്റിവെക്കണം' എന്നു പറയുവാൻ ഏല്പിച്ചുകൊണ്ട് അവിടുന്ന് സ്ഥലംവിട്ടു. ഇസ്മാഈൽ (عليه السلام) മടങ്ങിവന്നപ്പോൾ, വീട്ടിൽ ഒരു കിഴവൻ വന്നതായും, ഉമ്മരപ്പടി മാറ്റിവെക്കുവാൻ പറഞ്ഞതായും മറ്റും അവൾ അറിയിച്ചു. അതു തൻെറ പിതാവായിരുന്നുവെന്നും, ഉമ്മരപ്പടികൊണ്ട് ഉദ്ദേശം നീ തന്നെയാണെന്നും പറഞ്ഞ് അവളെ അവളുടെ വീട്ടിലേക്കു അയച്ചുകളഞ്ഞു.

പിതാവു മറ്റൊരു പ്രാവശ്യവും പുത്രനെ സന്ദർശിക്കുവാൻ വന്നു. അദ്ദേഹം അപ്പോഴും വെളിയിൽ പോയിരുന്നു. ഇസ്മാഈൽ (عليه السلام) രണ്ടാമതും വിവാഹം കഴിച്ചിരുന്ന ഭാര്യയാണിപ്പോൾ വീട്ടുകാരി. പുതിയ മരുമകളുടെ പെരുമാറ്റവും, സ്വീകരണവും, സംസാരവുമെല്ലാം അദ്ദേഹത്തെ തൃപ്തിപ്പെടുത്തി. അവൾ അദ്ദേഹത്തിന്നു തലമുടി വാർന്നുകൊടുക്കുക മുതലായ ശുശ്രൂഷകളും ചെയ്തുകൊടുത്തു. ആദ്യത്തെവൾ തങ്ങളുടെ തിടുക്കവും ബുദ്ധിമുട്ടുമായിരുന്നു അദ്ദേഹത്തോട് പറഞ്ഞിരുന്നത്. പുതിയ മരുമകൾ, തങ്ങൾക്കു സുഖമാണെന്നറിയിച്ചു. അവരുടെ ഭക്ഷണവും പാനീയവും എന്താണെന്നു അദ്ദേഹം അന്വേഷിച്ചു. മാംസവും വെള്ളവുമാണെന്ന് സ്ത്രീ ഉത്തരം പറഞ്ഞു. അപ്പോൾ അദ്ദേഹം അവർക്കുവേണ്ടി ഇങ്ങിനെ ദുആ ചെയ്തു: 'അല്ലാഹുവേ! അവർക്കു മാംസത്തിലും ജലത്തിലും അഭിവൃദ്ധി നൽകണമേ!' (നബി (ﷺ) തിരുമേനി പറയുകയാണ്: ''അവിടെ അവർക്കു ധാന്യങ്ങളുണ്ടായിരുന്നില്ല. ഉണ്ടെങ്കിൽ അതിലും അഭിവൃദ്ധിക്കായി അദ്ദേഹം പ്രാർത്ഥിക്കുമായിരുന്നു.'') ഇത്തവണ, പിതാവു തിരിച്ചുപോകുമ്പോൾ 'ഉമ്മരപ്പടി ഉറപ്പിച്ചു' വെക്കുവാൻ എല്പിച്ചുകൊണ്ടാണ് പോയത്. ഭർത്താവ് മടങ്ങിവന്നപ്പോൾ, സുമുഖനും, മാന്യനുമായ ഒരു വയസ്സൻ വന്നിരുന്ന വിവരവും, ഉമ്മരപ്പടി ഉറപ്പിക്കുവാൻ പറഞ്ഞേൽപ്പിച്ചതും അറിയിച്ചു. പിതാവിൻെറ നിർദ്ദേശപ്രകാരം ആ ഭാര്യയെ അദ്ദേഹം സ്ഥിരപ്പെടുത്തുകയും ചെയ്തു.

കുറേ കഴിഞ്ഞശേഷം, പിതാവ് മൂന്നാമതൊരു പ്രാവശ്യം സന്ദർശനത്തിന്നുവന്നു. ഇക്കുറി പുത്രൻ 'സംസമി' ന്നടത്ത് അമ്പ് ഉഴിഞ്ഞു നന്നാക്കിക്കൊണ്ടിരിക്കുകയാണ്. കണ്ട ഉടനെ എഴുന്നേറ്റുചെന്ന് പിതാവിനെ ആദരിച്ചു സ്വീകരിച്ചു. ഇപ്പോൾ കഅ്ബഃ നിൽക്കുന്ന സ്ഥലത്തു പൊന്തിനിൽക്കുന്ന ഒരു തിണ്ണ ചൂണ്ടിക്കാട്ടിക്കൊണ്ട് ''ഇതാ, ഇവിടെ ഒരു പുണ്യാലയം പണിയുവാൻ അല്ലാഹു കല്പിച്ചിട്ടുണ്ട്, അതിന്നു നീ സഹായിക്കണം''. എന്ന് അറിയിച്ചു. അങ്ങിനെ, പിതാവും പുത്രനും കൂടി കഅ്ബഃ നിർമ്മാണത്തിൽ ഏർപ്പെട്ടു. ഇബ്റാഹിം (عليه السلام) ഭിത്തി പടുക്കുകയും, ഇസ്മാഈൽ (عليه السلام) കല്ല് കൊണ്ടുവരികയും ചെയ്തിരുന്നു. ചുമരു കുറെ ഉയർന്നപ്പോൾ, ആ ആലയം പ്രദക്ഷിണം (طواف) ചെയ്യുന്നവർക്ക് (പ്രദക്ഷിണം എവിടെ നിന്നു തുടങ്ങണമെന്നതിന്ന്) അടയാളമായി വെക്കുവാൻ ഒരു കല്ല് കൊണ്ടുവരേണമെന്ന് അദ്ദേഹം മകനോട് പറഞ്ഞു. ആ കല്ലാണ് 'ഹജറുൽ അസ്‌വദ്.' (الحجر الاسود) ജോലി നടന്നുകൊണ്ടിരിക്കുമ്പോൾ അവർ ഇങ്ങിനെ ദുആ ചെയ്തിരുന്നു. ''ഞങ്ങളുടെ രക്ഷിതാവേ! ഞങ്ങളിൽ നിന്നു (ഈ കർമ്മം) നീ സ്വീകരിക്കേണമേ! നിശ്ചയമായും, നീ കേൾക്കുന്നവൻതന്നെ, അറിയുന്നവൻ തന്നെ. (ربنا تقبل منا انك انت السميع العليم) കഅ്ബഃ നിർമ്മാണം പൂർത്തിയായപ്പോൾ, ജനങ്ങൾക്കു അല്ലാഹുവിനെ ആരാധിക്കുവാനായി ഒരു ഭവനം നിർമ്മിച്ചിട്ടുണ്ടെന്നും, അവർ അവിടെവന്നു

ഹജ്ജുകർമ്മം നിർവ്വഹിക്കേണ്ടതുണ്ടെന്നും പ്രഖ്യാപിക്കുവാൻ അല്ലാഹു ഇബ്റാഹീം (عليه السلام) നബിയോട് കല്പിച്ചു.

കൻആൻകാരും, അശ്ശൂർകാരും, മിസ്രയീംകാരുമെല്ലാംതന്നെ വിഗ്രഹങ്ങളെയും ദേവീദേവൻമാരെയും ആരാധിച്ചുവരികയാണ്, അവർ അവയ്ക്കായി ക്ഷേത്രങ്ങളും ബലിപീഠങ്ങളും നിർമ്മിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹുവിനെമാത്രം ആരാധിക്കുവാനും, അവനോട് മാത്രം പ്രാർത്ഥിക്കുവാനും വേണ്ടി -ജനങ്ങൾക്കാകമാനമായി-ഒരു ഭവനം വേണ്ടതുണ്ട്. ആ പുണ്യഭവനമത്രെ, ആ രണ്ടു പ്രവാചകവര്യൻമാരുടെ കൈക്കു പടുത്തുയർത്തപ്പെട്ട വിശുദ്ധ കഅ്ബഃ (الكعبة) രണ്ടു പ്രവാചകൻമാരും ചെയ്ത നീണ്ട പ്രാർത്ഥനകളുടെ കൂട്ടത്തിൽ ഇപ്രകാരം ഉണ്ടായിരുന്നു:
ربنا واجعلنا مسلمين لك .....انك أنت العزيز الحكيم – البقرة : ١٢٨، ١٢٧

സാരം: (1) ഞങ്ങളുടെ റബ്ബേ! ഞങ്ങളെ രണ്ടാളെയും നിനക്കു കീഴ്പ്പെടുന്നവരാക്കി (മുസ്ലിംകളാക്കി) ത്തരേണമേ! ഞങ്ങളുടെ സന്തതികളിലും നിനക്കു കീഴ്പ്പെടുന്ന (മുസ്ലിം) സുമദായമുണ്ടാക്കണമേ! ഞങ്ങൾക്കു ഞങ്ങളുടെ അനുഷ്ഠാനകർമ്മങ്ങളെ കാണിച്ചുതരികയും വേണമേ! ഞങ്ങളിൽ പശ്ചാത്താപം സ്വീകരിക്കുകയും വേണമേ! നിശ്ചയമായും, നീ തന്നെയാണ് പശ്ചാത്താപം സ്വീകരിക്കുന്നവനും, കരുണാനിധിയും. (2) ഞങ്ങളുടെ റബ്ബേ! അവർക്ക് നിൻെറ ലക്ഷ്യങ്ങൾ ഓതിക്കൊടുക്കുകയും, വേദഗ്രന്ഥവും വിജ്ഞാനവും പഠിപ്പിക്കുകയും, ആത്മസംസ്ക്കാരമുണ്ടാക്കുകയും ചെയ്യുന്ന ഒരു റസൂലിനെ, അവരിൽനിന്നുതന്നെ, അവരിൽ നിയോഗിച്ചു കൊടുക്കേണമേ! (സൂ: അൽബഖറഃ127, 128)

ഇബ്റാഹീം (عليه السلام) നബിയുടെ പ്രാർത്ഥന അല്ലാഹു സ്വീകരിച്ചു. പ്രാർത്ഥനയുടെ സാക്ഷാൽക്കാരമായി മണലാരണ്യത്തിലെ പ്രവാചകൻ നബി മുഹമ്മദ് മുസ്തഫാ (ﷺ) നിയോഗിക്കപ്പെട്ടു. പ്രാർത്ഥന കഴിഞ്ഞിട്ട് കൊല്ലങ്ങൾ മുന്നോ നാലോ ആയിരം തന്നെ കഴിഞ്ഞു. അതിനിടിയ്ക്ക് ഇസ്മാഈൽ (عليه السلام) നബിയുടെ സഹോദരനായ ഇസ്ഹാഖ് പരമ്പരയിൽ, അനേകം പ്രവാചകൻമാർ വന്നു. ഇസ്മാഈൽ പരമ്പരയിലാകട്ടെ, ലോകാവസാനത്തിലെ അന്ത്യപ്രാവാചകൻ മാത്രം! പക്ഷേ അദ്ദേഹം നിയോഗിക്കപ്പെട്ടത് ലോകത്തിനെ ല്ലാം വേണ്ടിയാണ്. ലോകാവസാനംവരേക്കും മാണ്. അദ്ദേഹത്തിൻെറ പ്രവാചകത്വവും, അദ്ദേഹത്തിൻെറ കൈക്കു വെളിപ്പെടുത്തപ്പെട്ട വേദഗ്രന്ഥവും, വിജ്ഞാനങ്ങളും ലോകാവ സാനം വരെ നിലനിൽക്കുകയും ചെയ്യുന്നു. ഇബ്റാഹിം (عليه السلام) നബിയുടെ മേപ്പടി (രണ്ടാ മത്തെ) പ്രാർത്ഥനാവചനങ്ങൾ ഉദ്ധരിച്ചുകൊണ്ട്, ഇങ്ങിനെയുള്ള ഒരു റസൂലിനെ അക്ഷരജ്ഞാനമില്ലാത്ത-വേദഗ്രന്ഥത്തെപ്പറ്റി അറിയാത്ത-ആ സമുദായത്തിൽ നിന്നു തന്നെ എഴുന്നേൽപിച്ചിട്ടുണ്ടെന്നു അല്ലാഹു സൂറത്തുൽ ജുമുഅഃ 2 ൽ പറയുന്നു. (هو الذى بعث فى الامين رسولا ....) 'ഞാൻ എൻെറ പിതാവ് ഇബ്റാഹീമിൻെറ പ്രാർത്ഥനയാണ്. എന്ന് നബി (ﷺ) തിരുമേനിയും അരുളിച്ചെയ്തിട്ടുണ്ട്.

ഇസ്ഹാഖ് (عليه السلام) നബിയുടെ മകനായി യഅ്ഖൂബ് (عليه السلام) ജനിച്ചു. അദ്ദേഹത്തിനാണ് ഇസ്റാഈൽ (اسرائيل) എന്നു പറയുന്നത്. അദ്ദേഹത്തിന് പന്ത്രണ്ട് മക്കളുണ്ടായിരുന്നു. അവർ വഴി പെരുകി വർദ്ധിച്ച പന്ത്രണ്ട് സന്താനപരമ്പരകൾക്കാണ് ഇസ്രാഈൽ വർഗ്ഗത്തിലെ പന്ത്രണ്ട് ഗോത്രങ്ങൾ എന്നു പറയപ്പെടുന്നത്. പന്ത്രണ്ട് മക്കളിൽ ഒരാളായ യൂസുഫ് (عليه السلام) നബിയുടെ കഥ പരക്കെ അറിയപ്പെട്ടതും സൂ: യൂസുഫിൽ വിസ്തരിച്ചു പറയപ്പെട്ടിട്ടുള്ളതുമാണ്. അദ്ദേഹം ഈജിപ്തിലെ ഭരണാധികാരിയായപ്പോൾ യഅ്ഖൂബ് (عليه السلام) നബിയും, ബാക്കി മക്കളും ഈജിപ്തിൽ ചെന്നു താമസമാക്കി. പിന്നീട് മൂസാ (عليه السلام) നബിയുടെ കാലത്ത് അദ്ദേഹം വഴി ആ സമുദായത്തെ ഫിർഔനിൽ നിന്ന് അല്ലാഹു രക്ഷപ്പെടുത്തി വീണ്ടും ഫലസ്തീനിൽ വന്ന ചരിത്രം പ്രസിദ്ധമാണ്. ചെങ്കടൻെറ യാത്ര കഴിഞ്ഞു നാൽപതു വർഷം അവർ തീഹു മരുഭൂമിയിൽ താമസിച്ചുവല്ലോ. അതിനിടക്ക് മൂസാ (عليه السلام) മരണമടഞ്ഞു. പിന്നീട് പല സംഭവങ്ങൾക്കും, സംഘട്ടനങ്ങൾക്കും ശേഷം യൂശഉ (يوشع – ع) നബിയുടെ നേതൃത്വത്തിലാണ് അവർ ഫലസ്തീനി

ൽ പലേടങ്ങളിലായി കുടിയേറിപ്പാർത്തത്.

ഇബ്റാഹിം നബി (عليه السلام) മുതൽ നടപ്പിൽ വന്ന നടപടിയാണ് ചേലാകർമ്മം. (الختان) അല്ലാഹുവിൻെറ കൽപനപ്രകാരം, അദ്ദേഹവും സന്തതികളും അനുഷ്ഠിച്ചുവന്നു. ഇബ്റാഹിം (عليه السلام) നബിയാൽ നടപ്പിലാക്കപ്പെട്ട നടപടിക്രമങ്ങൾ പലതുമുണ്ട്. അതിൽ അദ്ദേഹത്തെ നാമും അനുകരിക്കുവാൻ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. സൂ: ഹജ്ജിൽ 78-ാം വചനത്തിൽ ملة ابيكم ابراهيم (നിങ്ങളുടെ പിതാവു ഇബ്റാഹിമിൻെറ മാർഗ്ഗം) എന്നു അല്ലാഹു പറഞ്ഞത് അതാണ്. അദ്ദേഹത്തോട് അനുഷ്ഠിക്കുവാൻ കൽപിച്ചതെല്ലാം അദ്ദേഹം പൂർത്തിയായി നിർവ്വഹിച്ചിട്ടുണ്ടെന്ന ഒരു സാക്ഷ്യപത്രമാണ്, സൂറത്തുൽ-ബഖറ: 124ൽ കാണുന്നത്. واذا ابتلى ابراهيم ربه ..... (അല്ലാഹു ഇബ്റാഹീമിനെ ചില കൽപനാ വാക്കുകൾ മുഖേന പരീക്ഷിച്ച സന്ദർഭം ഓർക്കുക, അദ്ദേഹം അവയെ പൂർണ്ണമായി നിർവ്വഹിച്ചു....) ആ പ്രവാചകവര്യൻെറ സൽക്കീർത്തിക്കു നിദാനമായി, ഒരേ ഒരു സംഭവം--ഓമനപുത്രനെ ബലിയർപ്പിക്കാൻ സന്നദ്ധനായ സംഭവം-മാത്രം ആലോചിച്ചാൽ മതിയല്ലോ. ലോകമുള്ള കാലം മറക്കപ്പെ ടാത്തതാണത്.

ഒരു മകനുണ്ടായിക്കാണുവാൻ വളരെക്കാലം ആശിച്ചശേഷം-അതുണ്ടാകുവാൻ പോകുന്നുവെന്ന സന്തോഷവാർത്തയും ലഭിച്ചശേഷം-ആ വയോധികനു ഒരു മകനുണ്ടായി. തൻെറ ഒന്നിച്ചു പ്രയത്നിക്കാറായപ്പോൾ അതാ-അവനെ അറുത്ത് ബലികഴിക്കണമെന്നു ദൈവീക കല്പന വരുന്നു! കല്പന മലക്കു മുഖാന്തരമൊന്നുമല്ല-സ്വപ്നം മാത്രമാണ്. അദ്ദേഹത്തിനു യാതൊരു മടിയോ, വൈമനസ്യമോ തോന്നിയില്ല. ഓമന പുത്രനെ വിവരം അറിയിച്ചു. പുത്രനാകട്ടെ, പിതാവിനൊത്ത പുത്രനും! ഒട്ടും അധൈര്യമോ, മനസ്താപമോ ഇല്ല. അങ്ങിനെ, മകനെ അറുക്കുവാനുള്ള എല്ലാ ഒരുക്കങ്ങളും കഴിഞ്ഞു. ഒന്നും ബാക്കിയില്ല. അല്ലാഹുവിൻെറ ഭാഗത്തുനിന്നു വിളികേൾക്കുന്നു. 'ഇബ്റാഹീം! സ്വപ്നത്തെ നീ യഥാർത്ഥമാക്കിയിരിക്കുന്നു! മതി, ഇസ്മാഈലിനു പകരം ഒരു ആടിനെ ബലികഴിക്കുക. അത്ര മതി!?' (സൂ: വസ്-സ്വാഫ്-ഫാത്തിൽ ഈ സംഭവം വിവരിക്കുന്നുണ്ട്.)

ബലിക്കുവേണ്ടി കൊണ്ടുപോയ പുത്രൻ ഇസ്മാഈലല്ല -ഇസ്ഹാഖാണ്-എന്നത്രെ, വേദക്കാരുടെ പക്ഷം. ഖുർആനിൽ ഈ കഥ പറയുന്നിടത്ത് ആരുടെയും പേരെടുത്ത് പറഞ്ഞിട്ടില്ല. എങ്കിലും വസ്-സാഫ്-ഫാത്തിലെ ആയത്തുകൾ പരിശോധിച്ചാൽ, അത് ഇസ്മാഈൽ (عليه السلام) ആയിരുന്നുവെന്നു വ്യക്തമായിക്കാണാം. കാരണം: ഈ കഥ വിവരിച്ചുകഴിഞ്ഞ ഉടനെത്തന്നെ ' അദ്ദേഹത്തിന് ഇസ്ഹാഖിനെക്കുറിച്ചും നാം സന്തോഷവാർത്ത നൽകി'(وبشرناه باسحق) എന്നു അല്ലാഹു പറയുന്നു. മറ്റു പലതും ഇതിനു തെളിവായി എടുക്കുവാനുണ്ട്. അല്ലാഹു സഹായിച്ചാൽ അവിടെവെച്ചു കൂടുതൽ സംസാരിക്കാം. ബൈബ്ളിൽ ഈ സംഭവം വിവരിക്കുന്നിടത്ത് (ഉല്പത്തി 22ൻെറ ആരംഭത്തിൽ) .... നിൻെറ മകനെ, നീ സ്നേഹിക്കുന്ന നിൻെറ ഏകജാതനായ യിസ്ഹാക്കിനെത്തന്നെ....) എന്നു പറയുന്നു. ഇവിടെ 'നിൻെറ ഏകജാതനായ' എന്ന വിശേഷണം ഇസ്മാഈലിനെക്കുറിച്ചല്ലാതെ വരുവാൻ പാടില്ലാത്തതാണ്. ഇസ്ഹാഖുള്ളപ്പോൾ ഇസ്മാഈൽ ജനിക്കാതിരിക്കുകയോ, ജനിച്ചു മരണപ്പെടുകയോ ചെയ്തിരുന്നാൽ അങ്ങിനെ പറയാമായിരുന്നു. ഇസ്മാഈലിനെ 'കാട്ടുകഴുത' യെപ്പോലെ 'ദുഷ്ടനാ'ക്കിയ ആ 'കറുത്ത' കൈകൾ തന്നെയായിരിക്കണം, 'ഇസ്മാഈലി'ൻെറ സ്ഥാനത്ത് 'യിസ്ഹാക്കി' ൻെറ പേർ പ്രതിഷ്ഠിച്ചതും.

ഇബ്റാഹിം (عليه السلام) നബിയുടെ ഖബ്റും, സാറയുടെ ഖബ്റും ശാമിൽ ഹിബ്രോൺ (حبرون) എന്ന സ്ഥലത്താകുന്നു. അദ്ദേഹത്തിൻെറ ചരിത്രത്തിൽ നിന്നു നമുക്ക് എത്രയോ പാഠങ്ങൾ പഠിക്കുവാനുണ്ട്. അതിനെപ്പറ്റി കൂടുതൽ വിവരിച്ചു ദീർഘിപ്പിക്കുന്നില്ല. ഖുർആനിലും ഹദീസിലും പല സന്ദർഭങ്ങളിലായി ഇക്കാര്യം പരാമർശിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിൻെറ വിശ്വാസദാർഢ്യം, ത്യാഗമനസ്ഥിതി, അല്ലാഹുവിൻെറ കൽപ്പനകൾ അനുസരിക്കുവാനുള്ള സന്നദ്ധത, സത്യാമ്പേഷണസ്വഭാവം ആദിയായ മഹൽഗുണങ്ങൾ, മുസ്ലിംകൾക്കു മാതൃക നൽകട്ടെ! രാജാവിനെയാകട്ടെ,

തീയ്യിനെ ആകട്ടെ, അക്രമികളെയാവട്ടെ, ഭയപ്പെടാതെ, മരണഭീതിയില്ലാതെ, ആദർശപ്രഖ്യാപന ത്തിലും, തൗഹീദിൻെറ പ്രചരണത്തിലും, മുന്നോട്ടു മുന്നോട്ടു പുരോഗമിച്ചുകൊണ്ടേയിരുന്ന ആ നബി വര്യൻെറ ജീവിതഗ്രന്ഥത്തിലെ പാഠങ്ങൾ ഓരോന്നും അല്ലാഹുവിൻെറ മാർഗ്ഗത്തിൽ സമര സേവനം ചെയ്യുന്ന മുസ്ലിംകൾക്കു നേതൃത്വവും, പ്രചോദനവും നൽകട്ടെ. امين

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ﴿١﴾

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

الٓرۚ كِتَٰبٌ أَنزَلۡنَٰهُ إِلَيۡكَ لِتُخۡرِجَ ٱلنَّاسَ مِنَ ٱلظُّلُمَٰتِ إِلَى ٱلنُّورِ بِإِذۡنِ رَبِّهِمۡ إِلَىٰ صِرَٰطِ ٱلۡعَزِيزِ ٱلۡحَمِيدِ ﴿١﴾

1 'അലിഫ്-ലാം-റാ'(നബിയേ) നിനക്ക് നാം അവതരിപ്പിച്ചു തന്ന ഒരു ഗ്രന്ഥമാകുന്നു (ഇത്) ; മനുഷ്യരെ അന്ധകാരങ്ങളിൽനിന്ന് നീ(പുറത്തുവരുത്തി) പ്രകാശത്തിലേക്ക് കൊണ്ടുവരുവാൻ വേണ്ടി: അവരുടെ റബ്ബിൻെറ അനുമതി പ്രകാരം. അതായത്, പ്രതാപശാലിയും സ്തുത്യർഹനുമായുള്ളവൻെറ പാതയിലേക്ക് (കൊണ്ടുവരുവാൻ) ;

ٱللَّهِ ٱلَّذِي لَهُۥ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلۡأَرۡضِۗ وَوَيۡلٌ لِّلۡكَٰفِرِينَ مِنۡ عَذَابٖ شَدِيدٍ ﴿٢﴾

2 (അതെ) ആകാശങ്ങളിലുള്ളതും, ഭൂമിയിലു ള്ളതും (എല്ലാം) യാതൊരുവൻേറതാണോ ആ അല്ലാഹുവിൻെറ (പാതയിലേക്ക്) . അവിശ്വാ സികൾക്ക് കഠിനമായ ശിക്ഷ നിമിത്തം കഷ്ടവും!

ٱلَّذِينَ يَسۡتَحِبُّونَ ٱلۡحَيَوٰةَ ٱلدُّنۡيَا عَلَى ٱلۡأٓخِرَةِ وَيَصُدُّونَ عَن سَبِيلِ ٱللَّهِ وَيَبۡغُونَهَا عِوَجًاۚ أُوْلَٰٓئِكَ فِي ضَلَٰلِۭ بَعِيدٖ ﴿٣﴾

3 അതായത്, യാതൊരു കൂട്ടർക്ക് (കഷ്ടം) അവർ ഐഹികജീവിതത്തോട് പരലോകത്തെക്കാൾ സ്നേഹം കാണിച്ചുകൊണ്ടിരിക്കുന്നു; അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിന്ന് അവർ (ജനങ്ങളെ) തിരിച്ചുവിടുകയും ചെയ്യുന്നു; അതിന് അവർ വക്രത (ഉണ്ടാവണമെന്ന്) ആഗ്രഹിക്കുകയും ചെയ്യുന്നു. [ഇങ്ങിനെയുള്ളവർക്ക് കഷ്ടം!] അക്കൂട്ടർ വിദൂരമായ വഴിപിഴവിലാകുന്നു.

---

1 **الـر** അലിഫ്-ലാം-റാ'. **كتاب** ഒരു ഗ്രന്ഥമാകുന്നു. **أنزلناه** നാമത് അവതരിപ്പിച്ചിരിക്കുന്നു. **إليك** നിനക്ക്. **لتخرج** നീ പുറത്തുകൊണ്ടുവരുവാൻവേണ്ടി. **الناس** മനുഷ്യരെ. **من الظلمات** അന്ധകാരങ്ങളിൽനിന്നു. **إلى النور** പ്രകാശത്തിലേക്ക്. **بإذن** അനുമതി (സമ്മത) പ്രകാരം. **ربهم** അവരുടെ റബ്ബിൻെറ. **إلى صراط** അതായത് പാതയിലേക്ക്. **العزيز** പ്രതാപശാലിയുടെ. **الحميد** സ്തുത്യർഹനായ. 2 **الله الذي** അതായത് യാതൊരു അല്ലാഹുവിൻെറ. **له** അവൻ്റേതാണ്, അവന്നാകുന്നു. **ما في السماوات** ആകാശങ്ങളിലുള്ളത്. **وما في الأرض** ഭൂമിയിലുള്ളതും. **وويلٌ** കഷ്ടവും, നാശവും. **للكافرين** അവിശ്വാസികൾക്ക്. **من عذابٍ** ശിക്ഷ(നിമിത്തം) , ശിക്ഷ(യാൽ) . **شديد** കഠിനമായ. 3 **الذين** അതായത് യാതൊരു കൂട്ടർ. **يستحبونَ** അവർ സ്നേഹം കാണിക്കും. **الحياةَ** ജീവിതത്തോട്. **الدنيا** ഇഹത്തിലെ (ഐഹിക) . **على الآخرة** പരലോകത്തെക്കാൾ. **ويصدونَ** അവർ തിരിച്ചു (തട്ടി) വിടുകയും ചെയ്യും. **عن سبيل** മാർഗ്ഗത്തിൽ നിന്ന്. **الله** അല്ലാഹുവിൻെറ. **ويبغونها** അതിനെ അവർ തേടുക (അതിന് അവർ ആഗ്രഹിക്കുക) യും

ചെയ്യും. **عوجا** വക്രത, വളവു (ഉണ്ടാവാൻ) . **أولئك** അക്കൂട്ടർ. **في ضلال** വഴിപിഴവിലാകുന്നു. **بعيد** വിദൂരമായ.

വ്യാകരണവശത്തിലൂടെ നോക്കുമ്പോൾ പരസ്പരം ഘടനാബന്ധമുള്ളവയാണു ഈ മൂന്നു വചനങ്ങളും. അവയുടെ ഒന്നാകെയുള്ള അർത്ഥം എതാണ്ടിങ്ങിനെ മനസ്സിലാക്കാം: 'മനുഷ്യരെ അവരുടെ റബ്ബിൻെറ അനുമതി പ്രകാരം അന്ധകാരങ്ങളിൽ നിന്നു (പുറത്തു വരുത്തി) പ്രകാശത്തിലേക്കു-അതായതു ആകാശങ്ങളിലും ഭൂമിയിലുമുള്ളതൊക്കെ ഏതൊരുവമേതാണോ ആ അല്ലാഹുവിൻെറ പാതയിലേക്കു--കൊണ്ടുവരുവാൻ വേണ്ടി (നബിയേ) നിനക്കു നാം അവതരിപ്പിച്ചുതന്ന വേദഗ്രന്ഥമാണിത്. ഇഹലോക ജീവിതത്തോടു പരലോകത്തേക്കാൾ സ്നേഹം കാണിക്കുകയും, അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിന്നു (ജനങ്ങളെ) തിരിച്ചുവിടുകയും, അതിന്നു വക്രത (ഉണ്ടാവണമെന്നു) ആഗ്രഹിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന അവിശ്വാസികൾക്കു കഠിനമായ ശിക്ഷ നിമിത്തം കഷ്ടവും! അവർ വിദൂരമായ വഴിപിഴവിലാണുള്ളത്.'

അവിശ്വാസം, അജ്ഞത, അന്ധവിശ്വാസം, ദുരാചാരം ആദിയായ അന്ധകാരങ്ങളിൽ പെട്ടു നട്ടം തിരിയുന്ന ജനങ്ങളെ നേർമാർഗ്ഗമാകുന്ന പ്രകാശത്തിലേക്കു രക്ഷപ്പെടുത്തിക്കൊണ്ടു വരുവാൻ വേണ്ടിയാണു നബി (ﷺ) യുടെ മേൽ ഖുർആൻ അവതരിപ്പിച്ചിരിക്കുന്നത്. ഇതു അല്ലാഹു മനുഷ്യർക്ക് നൽകിയ മഹത്തായ ഒരു അനുഗ്രഹമാണെന്നു വ്യക്തമത്രെ. എന്നിരിക്കെ, അതിനെ നിഷേധിക്കുകയും, നബി (ﷺ) യെ കളവാക്കുകയും ചെയ്യുന്ന അവിശ്വാസികൾക്കു വമ്പിച്ച ശിക്ഷയും കഷ്ടവുമായിരിക്കും ഉണ്ടായിരിക്കു കയെന്നു അല്ലാഹു താക്കീതു ചെയ്യുന്നു. അതു എന്തുകൊണ്ടാണെന്നുകൂടി വ്യക്ത മായിരിക്കുന്നു. 1-ാമതായി: അവർ ഐഹിക ജീവിതത്തിനാണു പ്രാധാന്യം കൽപി ക്കുന്നത്. അതിനോടാണവർക്കിഷ്ടം. പരലോകത്തെപ്പറ്റി അവർ ചിന്തിക്കുന്നില്ല. 2-ാമതായി: അല്ലാഹു കൽപിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്ന ആ നേർമ്മാർഗ്ഗത്തിൽ നിന്നു അവർ സ്വയം തിരിഞ്ഞുപോകുകയും മറ്റുള്ളവരെ തിരിച്ച് വിടുകയും ചെയ്തുകൊണ്ടിരിക്കുന്നു. 3-ാമതായി; നേർക്കുനേരെയുള്ള സത്യമാർഗ്ഗം നിലനിൽക്കുന്നതു തന്നെയും അവർക്കു ഇഷ്ടമില്ല. അതിനു കഴിയുന്നത്ര വക്രതയും വളവും ഉണ്ടായിക്കാണുവാനാണ് അവരുടെ ആഗ്രഹവും ശ്രമവും. അങ്ങിനെ, സൻമാർഗ്ഗത്തിലേക്കു മടങ്ങി എത്തുവാൻപോലും സാധിക്കാത്ത വിധം അവർ അതിൽനിന്നു വളരെ ദൂരം പിഴച്ചുപോയിരിക്കുന്നു. ഇതൊക്കെയാണിതിന് കാരണം. എക്കാലത്തും മതവിരോധികളിൽ കാണപ്പെടാറുള്ള ദുസ്വഭാവങ്ങളത്രെ അല്ലാഹു എടുത്തുപറഞ്ഞ ഈ മൂന്നു കാര്യങ്ങളും.

സത്യവും യാഥാർത്ഥ്യവും എപ്പോഴും ഒന്നു മാത്രമായിരിക്കും. അതിൻെറ എതിർവ ശത്തിനാകട്ടെ, വിവിധ മുഖങ്ങളും വേഷങ്ങളും ഉണ്ടായിരിക്കുകയും ചെയ്യും. അതു കൊണ്ടായിരിക്കാം ഇങ്ങിനെയുള്ള പ്രസ്താവനകളിലെല്ലാം പ്രകാശത്തെ النور (പ്രകാശം) എന്നു ഏകവചനരൂപത്തിലും, അന്ധകാരത്തെ الظلمات (അന്ധകാരങ്ങൾ) എന്നു ബഹുവചനരൂപത്തിലും അല്ലാഹു ഉപയോഗിച്ചു കാണുന്നത്. الله اعلم

4 ഒരു റസൂലിനെയും, (തന്നെ) , അദ്ദേഹത്തിൻെറ ജനതക്ക് അദ്ദേഹം വിവരിച്ചു കൊടുക്കുവാൻ വേണ്ടി അവരുടെ ഭാഷയിൽ (ദൗത്യം നൽകിക്കൊണ്ട്) അല്ലാതെ നാം അയച്ചിട്ടില്ല. അങ്ങനെ, അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ വഴിപിഴവിലാക്കുകയും, അവൻ ഉദ്ദേശിക്കുന്നവരെ അവൻ നേർവഴി യിലാക്കുകയും ചെയ്യുന്നു. അവനത്രെ പ്രതാ പശാലിയും അ

وَمَآ أَرۡسَلۡنَا مِن رَّسُولٍ إِلَّا بِلِسَانِ قَوۡمِهِۦ لِيُبَيِّنَ لَهُمۡۖ فَيُضِلُّ ٱللَّهُ مَن يَشَآءُ وَيَهۡدِي مَن يَشَآءُۚ وَهُوَ ٱلۡعَزِيزُ ٱلۡحَكِيمُ ٤

ഗാധജ്ഞനുമായുള്ളവൻ.

---

4 وما أرسلنا നാം അയച്ചിട്ടില്ല. من رسول ഒരു റസൂലിനെയും. إلا بلسان ഭാഷയിലല്ലാതെ, ഭാഷയോടെയല്ലാതെ. قومه അദ്ദേഹത്തിൻെറ ജനതയുടെ. ليبين അദ്ദേഹം വിവരിച്ചുകൊടുക്കുവാൻവേണ്ടി. لهم അവർക്കു. فيضل എന്നിട്ട് (അങ്ങനെ) വഴിപിവവിലാക്കുന്നു. الله അല്ലാഹു. من يشاء അവൻ ഉദ്ദേശിക്കുന്നവരെ. ويهدي അവൻ നേർവഴിയിലാക്കുകയും ചെയ്യുന്നു. من يشاء അവൻ ഉദ്ദേശിക്കുന്നവരെ. وهو അവനത്രെ, അവൻ തന്നെ. العزيز പ്രതാപശാലി. الحكيم അഗാധജ്ഞൻ, യുക്തിമാൻ.

ഓരോ റസൂലും ഏതൊരു ജനതയിലേക്കു അയക്കപ്പെട്ടിരുന്നുവോ ആ ജനതയുടെ ഭാഷയിൽ ദൗത്യം നൽകപ്പെട്ടുകൊണ്ടല്ലാതെ ഒരു റസൂലിനെയും അല്ലാഹു അയച്ചിട്ടില്ല. ജനതയുടെ ഭാഷയും, ദൗത്യത്തിൻെറ ഭാഷയും ഒന്നല്ലാതിരിക്കുന്ന പക്ഷം, ദൗത്യവിഷയങ്ങൾ അവർക്കു വിവരിച്ചുകൊടുക്കുവാൻ റസൂലിനും, അതു മനസ്സിലാക്കുവാൻ ജനങ്ങൾക്കും പ്രയാസമായിരിക്കുമല്ലോ. ഇതനുസരിച്ചു തന്നെയാണ് നബി (ﷺ) ക്കു നൽകപ്പെട്ട ദൗത്യങ്ങളും വേദഗ്രന്ഥവും അറബി ഭാഷയിലായതും. ഇക്കാരണത്താൽ നബി (ﷺ) അറബികൾക്കുമാത്രം റസൂലായിട്ടാണോ അയക്കപ്പെട്ടിരിക്കുന്നതെന്ന തോന്നലിനവകാശമില്ല. സർവ്വ മനുഷ്യർക്കും റസൂലായിട്ടാണു നബി (ﷺ) അയക്കപ്പെട്ടിരിക്കുന്നതെന്നു അർത്ഥശങ്കക്കു ഇടമില്ലാത്തവണ്ണം (21: 107; 25: 1; 34; 28 മുതലായ സ്ഥലങ്ങളിൽ) അല്ലാഹു തന്നെ സ്പഷ്ടമായി പ്രസ്താവിച്ചിട്ടുള്ളതാണ്. എന്നാൽ പിന്നെ, എന്തുകൊണ്ട് ലോകഭാഷകളിൽപെട്ട മറ്റേതെങ്കിലും ഒരു ഭാഷയിലായില്ല അതെന്ന ചോദ്യത്തിനും പ്രസക്തിയില്ല. നബി (ﷺ) ജനിച്ചുവളർന്നത് അറബികൾക്കിടയിൽ, അവിടുത്തെ മാതൃഭാഷ അറബി. അവിടുന്നു മുഖാമുഖമായി പ്രബോധനകൃത്യം നടത്തുന്നതും അറബികളോട്. അറബികൾ മുഖാ ന്തരമാണ് ആ പ്രബോധനം ലോകത്തു പ്രചരിക്കുന്നതും. എന്നിരിക്കെ, തിരുമേനിയുടെ ദൗത്യം അറബി അല്ലാത്ത ഭാഷയിലാകുന്നതിൻെറ അപ്രായോഗികത ആർക്കും ഊഹി ക്കാവുന്നതാണ്. അറബിയല്ലാത്ത ഏതു ഭാഷയിലായാലും കൂടുതൽ സങ്കീർണ്ണമായിരിക്കും പ്രശ്നങ്ങൾ.

ജനങ്ങൾക്കു വിവരിച്ചു കൊടുക്കുവാനും, അവർക്കു മനസ്സിലാക്കുവാനും വേണ്ടി യാണു അതതു ജനങ്ങളുടെ ഭാഷയിൽ റസൂലുകൾക്കു ദൗത്യം നൽകപ്പെടുന്നത്. എന്നാൽ പറയുന്നതു മനസ്സിലായിട്ടു പിന്നെയും സത്യത്തെ നിഷേധിക്കുന്നവർ ഉണ്ടായിരിക്കുമല്ലോ. അപ്പോൾ അവരെ അല്ലാഹു വഴിപിഴവിലാക്കുകയും ചെയ്യുന്നു. സത്യം മനസ്സിലായിട്ടു അതിൽ വിശ്വസിക്കുന്നവരെ അവൻ നേർവഴിയിലാക്കുകയും ചെയ്യുന്നു. അതെ, മറ്റൊരു സ്ഥലത്തും പറഞ്ഞതുപോലെ يضل به كثيرا ويهدى به كثير وما يضل به الا الفاسقين (ഇതുമൂലം അവൻ പലരെയും വഴിപിഴവിലാക്കുകയും പലരെയും നേർവഴിയിലാക്കുകയും ചെയ്യുന്നു. തോന്നിയവാസികളെയല്ലാതെ അവൻ വഴിപിഴവിലാക്കുകയില്ലതാനും. (2:26)

5 നമ്മുടെ ദൃഷ്ടാന്തങ്ങളുമായി നാം മൂസായെ അയക്കുകയുണ്ടായി; ''നിൻെറ ജനങ്ങളെ അന്ധകാരങ്ങളിൽനിന്ന് പ്രകാശത്തിലേക്ക് പുറത്ത് കൊണ്ടുവരുകയും, അല്ലാഹുവിൻെറ (അനുഗ്രഹത്തിൻെറ) ദിവസങ്ങളെപ്പറ്റി അവ രെ ഓർമ്മിപ്പിക്കുകയും ചെയ്യുക'' എന്ന് (കൽപിച്ചുകൊണ്ട്) . നിശ്ചയമായും, അതിൽ ക്ഷമാശീലരും, നന്ദിയുള്ളവരുമായ എല്ലാവ ർക്കും പല ദൃഷ്ടാന്തങ്ങളുണ്ട്.

وَلَقَدْ أَرْسَلْنَا مُوسَىٰ بِـَٔايَـٰتِنَآ أَنْ أَخْرِجْ قَوْمَكَ مِنَ ٱلظُّلُمَـٰتِ إِلَى ٱلنُّورِ وَذَكِّرْهُم بِأَيَّىٰمِ ٱللَّهِ ۚ إِنَّ فِى ذَٰلِكَ لَـَٔايَـٰتٍ لِّكُلِّ صَبَّارٍ شَكُورٍ ﴿٥﴾

وَإِذْ قَالَ مُوسَىٰ لِقَوْمِهِ ٱذْكُرُوا۟ نِعْمَةَ ٱللَّهِ عَلَيْكُمْ إِذْ أَنجَىٰكُم مِّنْ ءَالِ فِرْعَوْنَ يَسُومُونَكُمْ سُوٓءَ ٱلْعَذَابِ وَيُذَبِّحُونَ أَبْنَآءَكُمْ وَيَسْتَحْيُونَ نِسَآءَكُمْ ۚ وَفِى ذَٰلِكُم بَلَآءٌ مِّن رَّبِّكُمْ عَظِيمٌ ﴿٦﴾

6 മൂസാ തൻെറ ജനങ്ങളോട് പറഞ്ഞ സന്ദർഭം (ഓർക്കുക) : ``നിങ്ങൾക്ക് അല്ലാഹു ചെയ്ത അനുഗ്രഹത്തെ നിങ്ങൾ ഓർക്കുവിൻ. അതായത്, ഫിർഔൻെറ കൂട്ടരിൽ നിന്ന് നി ങ്ങളെ അവൻ രക്ഷപ്പെടുത്തിയ സന്ദർഭം. നിങ്ങളെ അവർ കടുത്ത ശിക്ഷ അനുഭവി പ്പിക്കുകയും, നിങ്ങളുടെ ആൺമക്കളെ അറുകൊല ചെയ്യുകയും,നിങ്ങളുടെ പെണ്ണു ങ്ങളെ (കൊല്ലാതെ) ജീവിക്കുവാൻ വിടു കയും ചെയ്തു കൊണ്ട്. അതിൽ (ഒക്കെ) നിങ്ങളുടെ റബ്ബിങ്കൽനിന്നുള്ള വമ്പിച്ച ഒരു പരീക്ഷണമുണ്ട്.''

---

5 **ولقد أرسلنا** നാം അയക്കുകയുണ്ടായിട്ടുണ്ട്. **موسى** മൂസായെ. **بآياتنا** നമ്മുടെ ദൃഷ്ടാന്തങ്ങളുമായി. **أنْ أخرج** നീ പുറത്തുകൊണ്ടുവരണമെന്ന്. **قومك** നിൻെറ ജനങ്ങളെ. **من الظلمات** അന്ധകാരങ്ങളിൽനിന്ന്. **إلى النور** പ്രകാശത്തിലേക്ക്. **وذكرهم** അവർക്ക് ഓർമ്മപ്പെടുത്തുകയും ചെയ്യുക. **بأيام** ദിവസങ്ങളെപ്പറ്റി. **الله** അല്ലാഹുവിൻെറ. **إن في ذلك** നിശ്ചയമായും അതിലുണ്ട്. **لآيات** പല ദൃഷ്ടാന്തങ്ങൾ (തന്നെ) . **لكل صبار** എല്ലാ ക്ഷമാശീലർക്കും. **شكور** നന്ദിയുള്ളവരായ.. 6 **وإذْ قالَ** പറഞ്ഞ സന്ദർഭം. **موسى** മൂസ. **لقومه** അദ്ദേഹത്തിൻെറ ജനതയോട്. **اذكُروا** ഓർക്കുവിൻ. **نِعمةَ الله** അല്ലാഹുവിൻെറ അനുഗ്രഹത്തെ. **عليكُم** നിങ്ങളുടെമേൽ. **إذْ أنجاكُم** അവൻ നിങ്ങളെ രക്ഷപ്പെടുത്തിയ സന്ദർഭം. **من آل فرعونَ** ഫിർഔൻെറ കൂട്ടരിൽ (ആൾക്കാരിൽ) നിന്ന്. **يسومونكم** അവർ നിങ്ങൾക്ക് അനുഭവിപ്പിച്ചുകൊണ്ടിരിക്കെ. **سوءَ العذابِ** കടുത്ത ശിക്ഷ. **ويذَبحونَ** അവർ അറുകൊല ചെയ്തും. **أبناءَكُم** നിങ്ങളുടെ ആൺമക്കളെ. **ويستحيونَ** അവർ ജീവിക്കുവാൻ വിടുക (ബാക്കിയാക്കുക) യും. **نِساءَكُم** നിങ്ങളുടെ പെണ്ണുങ്ങളെ. **وفي ذَلكُم** അതിലുണ്ട് (ഉണ്ടായിരുന്നു) . **بلاءٌ** ഒരു പരീക്ഷണം. **من ربكُم** നിങ്ങളുടെ റബ്ബിൽനിന്ന്. **عظيم** വമ്പിച്ചതായ

പ്രധാനമായ ചരിത്ര സംഭവങ്ങൾ ഉണ്ടായ കാലത്തെ ഉദ്ദേശിച്ചാണു أيام الله (അല്ലാ ഹുവിൻെറ ദിവസങ്ങൾ) എന്നു പറയപ്പെടുന്നത്. അറബികൾക്കിടയിൽ കഴിഞ്ഞുപോയ യുദ്ധങ്ങൾ മുതലായ പ്രധാന സംഭവങ്ങളെപ്പറ്റി ايام العرب (അറബികളുടെ ദിവസങ്ങൾ) എന്നും പറയപ്പെടാറുണ്ട്. പ്രസ്തുത സംഭവങ്ങൾ ഒരു കൂട്ടരെ സംബന്ധിച്ചു അനുഗ്രഹമായും, മറ്റൊരു കൂട്ടരെ സംബന്ധിച്ചു ശിക്ഷയായും ഇരിക്കുക സ്വഭാവികമാണല്ലോ. തുടർന്നുള്ള വാക്യങ്ങളിൽ നിന്നു മനസ്സിലാകുന്നതുപോലെ ഇസ്റാഈല്യരെ സംബന്ധിച്ചിടത്തോളം അവർക്കു വമ്പിച്ച അനുഗ്രഹമായി കലാശിച്ച ആ സംഭവങ്ങളെ-ഫിർഔനിൽ നിന്നു രക്ഷ നൽകിയതുപോലുള്ള സംഭവങ്ങളെ-അവരെ ഓർമ്മിപ്പിക്കണമെന്നാണു 'അവർക്കു അല്ലാഹുവിൻെറ ദിവസങ്ങളെപ്പറ്റി ഓർമ്മിപ്പിക്കുക' (ذكرهم با يام الله) എന്നു പറഞ്ഞതിൻെറ താൽപര്യം.

ദുർമാർഗ്ഗത്തിൻെറ അന്ധകാരങ്ങളിൽ നിന്നു ജനങ്ങളെ നേർമ്മാർഗ്ഗത്തിൻെറ പ്രകാ ശത്തിലേക്കു നയിക്കുവാനാണു നബി (ﷺ) യെ വേദഗ്രന്ഥവും കൊണ്ടു അയച്ചിരിക്കു ന്നതെന്നു സൂറത്തിൻെറ ആരംഭത്തിൽ പ്രസ്താവിച്ചുവല്ലോ. അതേ ആവശ്യാർത്ഥം തന്നെ ചില പ്രത്യേക ദൃഷ്ടാന്തങ്ങൾ സഹിതം മൂസാ(عليه السلام) നബിയെയും മുമ്പു അയക്കുകയുണ്ടായെന്നും, സത്യവിശ്വാസികൾക്കു അല്ലാഹു ചെയ്ത അനുഗ്രഹങ്ങളെയും, സത്യനിഷേധികൾക്ക് അവൻ നൽകിയ ശിക്ഷകളെയും ഓർമ്മിപ്പിച്ചുകൊണ്ട് അവരോടു ക്ഷമയും നന്ദിയും ഉള്ളവരായിരിക്കുവാൻ അദ്ദേഹം ഉപദേശിച്ചുവെന്നുമാണു ഈ വചനങ്ങളിൽ പറഞ്ഞതിൻെറ രത്നച്ചുരുക്കം. അൽപം സൂക്ഷ്മമായി പരിശോധിച്ചാൽ, ക്ഷമ, നന്ദി എന്നീ രണ്ടു ഗുണങ്ങളാണു മിക്കവാറും എല്ലാ സൽക്കർമ്മങ്ങളുടെയും ഉൽഭവമെന്നും, അവയുടെ അഭാവമാണു മിക്കവാറും എല്ലാ ദുഷ്കർമ്മങ്ങളുടെയും ഉറവിടമെന്നും കാണാവുന്നതാണ്. ഒരു നബിവചനം ഇവിടെ സ്മരണീയമാകുന്നു:

‘സത്യവിശ്വാസികളുടെ കാര്യമെല്ലാം ആശ്ചര്യം തന്നെ! അല്ലാഹു ഏതൊരു കാര്യം വിധിച്ചാലും അതവനു ഗുണകരമാ കാതിരിക്കയില്ല. അവനു വല്ല ദുരിതവും ബാധിച്ചാൽ അവൻ ക്ഷമിക്കും. അപ്പോൾ, അതവനു ഗുണകരമായിത്തീരും.’ അവനു വല്ല സന്തോഷവും ബാധിച്ചാൽ അവൻ നന്ദിയും കാണിക്കും. അപ്പോൾ അതും അവനു ഗുണകരമായിത്തീരും.’ (മുസ്ലിം) അടുത്ത വചനത്തിൽ മൂസാ (عليه السلام) നബി നന്ദിയെക്കുറിച്ചു തുടർന്നു പറയുന്നതു നോക്കുക:-

വിഭാഗം-2

7 നിങ്ങളുടെ റബ്ബ് അറിയിപ്പ് നൽകിയ സന്ദർഭം (ഓർക്കുക) : ‘‘നിങ്ങൾ നന്ദിചെയ്യുന്ന പക്ഷം, തീർച്ചയായും ഞാൻ നിങ്ങൾക്ക് (അനുഗ്രഹം) വർദ്ധിപ്പിച്ച് തരുക തന്നെ ചെയ്യും; നിങ്ങൾ നന്ദികേട് കാണിച്ചുവെങ്കിലോ, നിശ്ചയമായും എൻെറ ശിക്ഷ കഠിനമായത് തന്നെ യായിരിക്കും.’’

وَإِذْ تَأَذَّنَ رَبُّكُمْ لَئِن شَكَرْتُمْ لَأَزِيدَنَّكُمْ ۖ وَلَئِن كَفَرْتُمْ إِنَّ عَذَابِي لَشَدِيدٌ ﴿٧﴾

8 മൂസാ (വീണ്ടും) പറഞ്ഞു: ‘‘നിങ്ങളും, ഭൂമി യിലുള്ളവർ മുഴുവനും (കൂടി) നന്ദികേട് കാണിക്കുന്ന പക്ഷം, എന്നാൽ, നിശ്ചയമായും, അല്ലാഹു ധന്യനും (അഥവാ അനാശ്രയനും) സ്തുത്യർഹനും തന്നെയാണ്(എന്ന് അറിഞ്ഞേക്കുക) .’’

وَقَالَ مُوسَىٰ إِن تَكْفُرُوا أَنتُمْ وَمَن فِي الْأَرْضِ جَمِيعًا فَإِنَّ اللَّهَ لَغَنِيٌّ حَمِيدٌ ﴿٨﴾

---

7 وَإِذْ تَأَذَّنَ ഉത്തരവ് (കൽപന-അറിയിപ്പ്) നൽകിയ സന്ദർഭം. ربكم നിങ്ങളുടെ റബ്ബ്. لئن شكرتم നിങ്ങൾ നന്ദി കാണിച്ചുവെങ്കിൽ. لأزيدنكم തീർച്ചയായും ഞാൻ നിങ്ങൾക്ക് വർദ്ധിപ്പിച്ചുതരും. ولئن كفرتم നിങ്ങൾ നന്ദികേടു കാണിച്ചുവെങ്കിലോ. إن عذابي നിശ്ചയമായും എൻെറ ശിക്ഷ. لشديد കഠിനമായതു തന്നെ.. 8 وقالَ പറയുകയും ചെയ്തു. موسى മൂസാ. إن تكفُرُوا നിങ്ങൾ നന്ദികേടു കാണിക്കുന്ന പക്ഷം. أنتم നിങ്ങൾ. ومن في الأرض ഭൂമിയിലുളളവരും. جميعا മുഴുവൻ. فإن الله എന്നാൽ (അറിയുക) നിശ്ചയമായും അല്ലാഹു. لغني ധന്യൻ (അനാശ്രയൻ) തന്നെ. حميد സ്തുത്യർഹനായ.

‘ഖുദ്സീ’യായ (അല്ലാഹു അരുളിച്ചെയ്തതായി നബി-സ-ഉദ്ധരിക്കുന്ന) ഒരു ഹദീസു നബി (ﷺ) യിൽ നിന്നു അബൂദർ-റ് (رضي الله عنه) ഇപ്രകാരം നിവേദനം ചെയ്യുന്നു: ‘അല്ലാഹു പറയുന്നു: എൻെറ അടിയാൻമാരേ, നിങ്ങളിൽ ആദ്യത്തേവരും അവസാനത്തേവരും, ജിന്നുകളും, മനുഷ്യരും (എല്ലാം തന്നെ) നിങ്ങളിലുളള ഏറ്റം ഭയഭക്തനായ ഒരു മനുഷ്യൻെറ ഹൃദയത്തോടു കൂടിയായിരുന്നാലും അതു എൻെറ രാജത്വത്തിൽ യാതൊന്നും തന്നെ വർദ്ധിപ്പിക്കുകയില്ല. എൻെറ അടിയാൻമാരേ, നിങ്ങളിൽ ആദ്യത്തേവരും അവസാനത്തേവരും ജിന്നുകളും, മനുഷ്യരും (എല്ലാം തന്നെ) നിങ്ങളിലുളള ഏറ്റം ദുഷിച്ച ഒരു മനുഷ്യൻെറ ഹൃദയത്തോടുകൂടിയായിരുന്നാലും അതു എൻെറ രാജത്വത്തിൽ യാതൊരു കുറവും വരുത്തുകയുമില്ല. എൻെറ അടിയാൻമാരേ, നിങ്ങളിൽ ആദ്യത്തേവരും, അവസാനത്തേവരും, ജിന്നുകളും, മനുഷ്യരും (എല്ലാംതന്നെ) ഒരേ സ്ഥാനത്തുനിന്ന് എന്നോടു ചോദിക്കുകയും, എന്നിട്ടു ഓരോരുത്തന്നും അവൻ ചോദിച്ചതു ഞാൻ കൊടുക്കുകയും ചെയ്താലും ഒരു സൂചി സമുദ്രത്തിലിട്ടാൽ (മുക്കി എടുത്താൽ) അതു അതിൽ വരുത്തുന്ന കുറവു പോലെയല്ലാതെ എൻെറ രാജത്വത്തിൽ അതു ഒരു കുറവും വരുത്തുന്നതല്ല.’ (മുസ്ലിം.) ’’

അടുത്ത വചനം മൂസാ (عليه السلام) നബി ഇസ്റാഈല്യരോടു ചെയ്ത പ്രസ്താവനയുടെ തുടർച്ചയായിരിക്കുവാനും, കഴിഞ്ഞ വചനത്തോടുകൂടി അദ്ദേഹത്തിൻെറ പ്രസ്താവന അവസാനിച്ച ശേഷം, അല്ലാഹു മനുഷ്യരെ അഭിമുഖീകരിച്ചു ചോദിക്കുന്ന ചോദ്യമായിരിക്കുവാനും സാധ്യതയുണ്ട്. രണ്ടായാലും ഉദ്ദേശ്യം വ്യക്തം തന്നെ.

أَلَمْ يَأْتِكُمْ نَبَؤُا۟ ٱلَّذِينَ مِن قَبْلِكُمْ قَوْمِ نُوحٍ وَعَادٍ وَثَمُودَ ۛ وَٱلَّذِينَ مِنۢ بَعْدِهِمْ ۛ لَا يَعْلَمُهُمْ إِلَّا ٱللَّهُ ۚ جَآءَتْهُمْ رُسُلُهُم بِٱلْبَيِّنَٰتِ فَرَدُّوٓا۟ أَيْدِيَهُمْ فِىٓ أَفْوَٰهِهِمْ وَقَالُوٓا۟ إِنَّا كَفَرْنَا بِمَآ أُرْسِلْتُم بِهِۦ وَإِنَّا لَفِى شَكٍّ مِّمَّا تَدْعُونَنَآ إِلَيْهِ مُرِيبٍ ﴿٩﴾

9 (മനുഷ്യരേ) നിങ്ങളുടെ മുമ്പുള്ളവരുടെ വൃത്താന്തം നിങ്ങൾക്ക് വന്നെത്തിയിട്ടില്ലേ ? അതായത്, നൂഹിൻെറ ജനതയുടെയും, ആദിൻെറയും, ഥമൂദിൻെറയും അവരുടെ ശേഷമുള്ളവരുടെയും (വൃത്താന്തം)!- അവരെക്കുറിച്ച് അല്ലാഹുവല്ലാതെ (ആരും) അറിയുകയില്ല-അവരുടെ റസൂലുകൾ വ്യക്തമായ തെളിവുകളുമായി അവരുടെ അടുക്കൽ ചെന്നു; അപ്പോൾ, തങ്ങളുടെ കൈകളെ അവർ തങ്ങളുടെ വായിൽ ആക്കി [പ്രതിഷേധിച്ചു കൈ കടിച്ചു]; അവർ പറയുകയും ചെയ്തു: ''നിങ്ങൾ ഏതൊന്നുമായി അയക്കപ്പെട്ടിരിക്കുന്നുവോ അതിൽ ഞങ്ങൾ അവിശ്വസിച്ചിരിക്കുന്നു; ഏതൊന്നിലേക്ക് ഞങ്ങളെ നിങ്ങൾ ക്ഷണിക്കുന്നുവോ അതിനെക്കുറിച്ച് നിശ്ചയമായും, ഞങ്ങൾ, ആശങ്കാജനകമായ സംശയത്തിൽ തന്നെയാകുന്നു.''

---

9 **ألم يأتكم** നിങ്ങൾക്ക് വന്നിട്ടില്ലേ. **نبأ** വൃത്താന്തം. **الذين** യാതൊരുവരുടെ. **من قبلكم** നിങ്ങളുടെ മുമ്പുള്ള. **قوم نوح** നൂഹിൻെറ ജനതയുടെ. **وعاد** ആദിൻെറയും. **وثمود** ഥമൂദിൻെറയും. **والذين** യാതൊരുവരുടെയും. **من بعدهم** അവരുടെ ശേഷമുള്ള. **لا يعلمهم** അവരെ അറിയുകയില്ല. **إلا الله** അല്ലാഹു അല്ലാതെ. **جاءتهم** അവർക്കു വന്നു, അവരിൽ ചെന്നു. **رسلهم** അവരുടെ റസൂലുകൾ. **بالبينات** (വ്യക്തമായ) തെളിവുകളുമായി. **فردوا** അപ്പോൾ അവർ ആക്കി, തള്ളി, മടക്കി. **أيديهم** അവരുടെ കൈകളെ. **في أفواههم** അവരുടെ വായകളിൽ. **وقالوا** അവർ പറയുകയും ചെയ്തു. **إنا** നിശ്ചയമായും ഞങ്ങൾ. **كفرنا** ഞങ്ങൾ അവിശ്വസിച്ചിരിക്കുന്നു. **بما أرسلتم به** നിങ്ങൾ യാതൊന്നുമായി അയക്കപ്പെട്ടുവോ അതിൽ (നിങ്ങൾ അയക്കപ്പെട്ടതിൽ) . **وإنا** നിശ്ചയമായും ഞങ്ങൾ. **لفي شك** സംശയത്തിൽ തന്നെയുമാണ്. **مما** യാതൊന്നിനെപ്പറ്റി. **تدعوننا** നിങ്ങൾ ഞങ്ങളെ ക്ഷണിക്കുന്നു, വിളിക്കുന്നു. **إليه** അതിലേക്ക്. **مريب** സന്ദേഹമുളവാക്കുന്ന, ആശങ്കാജനകമായ, ആശയക്കുഴപ്പമുണ്ടാക്കുന്ന.

لايعلمهم الا الله (അവരെ അല്ലാഹുവല്ലാതെ അറിയുകയില്ല) എന്നു പറഞ്ഞതിൻെറ താൽപര്യം. പ്രസ്തുത മൂന്നു ജനതയുടെയും കാലശേഷം വളരെയധികം ജനങ്ങളും റസൂലുകളും കഴിഞ്ഞുപോയിട്ടുണ്ടെന്നും, അവരെ സംബന്ധിച്ച ചരിത്രങ്ങൾ അല്ലാഹുവിനു മാത്രമേ അറിയുകയുള്ളുവെന്നുമാകുന്നു. ردوا ايديهم فى افواههم (അവരുടെ കൈകൾ അവരുടെ വായിൽ ആക്കി) എന്നു പറഞ്ഞതിൻെറ ഉദ്ദേശ്യം, കോപം നിമിത്തം കൈകടിച്ചു എന്നാണെന്നും, പ്രതിഷേധപൂർവ്വം വായ പൊത്തി എന്നാണെന്നും, മറ്റും അഭിപ്രായങ്ങളുണ്ട്. ഏതഭിപ്രായം സ്വീകരിച്ചാലും റസൂലുകളുടെ നേരെ പ്രതിഷേധവും നിഷേധവും പ്രകടിപ്പിക്കുകയാണു അവർ ചെയ്തതു എന്നാണതിൻെറ താൽപര്യം. അവരുടെ തുടർന്നുള്ള വാക്കുകളിൽ തന്നെ അതു വ്യക്തമാണ്. അല്ലാഹു പറയുന്നു:-

۞ قَالَتْ رُسُلُهُمْ أَفِي ٱللَّهِ شَكٌّ فَاطِرِ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۖ يَدْعُوكُمْ لِيَغْفِرَ لَكُم مِّن ذُنُوبِكُمْ وَيُؤَخِّرَكُمْ إِلَىٰٓ أَجَلٍ مُّسَمًّى ۚ قَالُوٓا۟ إِنْ أَنتُمْ إِلَّا بَشَرٌ مِّثْلُنَا تُرِيدُونَ أَن تَصُدُّونَا عَمَّا كَانَ يَعْبُدُ ءَابَآؤُنَا فَأْتُونَا بِسُلْطَٰنٍ مُّبِينٍ ﴿١٠﴾

10 അവരുടെ റസൂലുകൾ (അവരോട്) പറഞ്ഞു: ''ആകാശങ്ങളെയും, ഭൂമിയെയും, സൃഷ്ടിച്ചുണ്ടാക്കിയവനായ അല്ലാഹുവിൻെറ കാര്യത്തിൽ ഉണ്ടോ വല്ല സംശയവും? നിങ്ങളുടെ പാപങ്ങളിൽനിന്നും (ചിലതൊക്കെ) നിങ്ങൾക്ക് പൊറുത്തു തരുവാൻവേണ്ടി അവൻ നിങ്ങളെ ക്ഷണിക്കുകയാണ്; നിർണ്ണയം ചെയ്യപ്പെട്ട ഒരവധിവരെ നിങ്ങളെ (ഒഴിവാക്കി) പിന്തിരിപ്പിക്കുവാൻ വേണ്ടിയും അവർ (മറുപടി) പറഞ്ഞു: ''നിങ്ങൾ ഞങ്ങളെപ്പോലെയുള്ള മനുഷ്യരല്ലാതെ (മറ്റാരും) അല്ല; ഞങ്ങളുടെ പിതാക്കൾ ആരാധിച്ചു വന്നിരുന്നവയിൽ നിന്ന് ഞങ്ങളെ തിരിച്ചുകള യുവാൻ നിങ്ങൾ ഉദ്ദേശിക്കുകയാണ്. ആക യാൽ, സ്പഷ്ടമായ ഒരു (അധികൃത) രേഖ ഞങ്ങൾക്ക് നിങ്ങൾ കൊണ്ടു വരുവിൻ!''

---

10 **قالَتْ** പറഞ്ഞു. **رسلهم** അവരുടെ റസൂലുകൾ. **أفي الله** അല്ലാഹുവിലോ, അല്ലാഹുവിലുണ്ടോ. **شك** വല്ല സംശയവും. **فَاطر** സൃഷ്ടിച്ചുണ്ടാക്കിയവനായ. **السماوات** ആകാശങ്ങളെ. **والأرض** ഭൂമിയെയും. **يدعوكم** നിങ്ങളെ അവൻ ക്ഷണിക്കുന്നു. **ليغفر** അവൻ പൊറുക്കുവാൻവേണ്ടി. **لكُم** നിങ്ങൾക്ക്. **من ذُنوبِكُم** നിങ്ങളുടെ പാപങ്ങളിൽ നിന്ന്. **ويؤخركم** നിങ്ങളെ പിന്തിക്കുവാനും (ഒഴിവാക്കുവാനും) . **إلى أجلٍ** ഒരവധിവരെ. **مسمى** നിർണ്ണയം ചെയ്യപ്പെട്ട. **قالُوا** അവർ പറഞ്ഞു. **إنْ أنتم** നിങ്ങൾ അല്ല. **إلا بشر** മനുഷ്യരല്ലാതെ. **مثْلنا** ഞങ്ങളെപ്പോലെ. **تريدونَ** നിങ്ങൾ ഉദ്ദേശിക്കുന്നു. **أن تصدونا** ഞങ്ങളെ തിരിച്ചു കളയുവാൻ. **عما كانَ** ആയിരുന്നതിൽനിന്ന. **يعبد** ആരാധിച്ചുവരുക. **آباؤنا** ഞങ്ങളുടെ പിതാക്കൾ. **فَاتونا** അതിനാൽ ഞങ്ങൾക്ക് നിങ്ങൾ വരണം. **بِسلْطان** ഒരു (അധികൃത) രേഖകൊണ്ട്, രേഖയുമായി. **مبين** സ്പഷ്ടമായ.

'നിർണ്ണയിക്കപ്പെട്ട അവധിവരെ നിങ്ങളെ പിന്തിക്കും' എന്നു പറഞ്ഞതിൻെറ താൽപര്യം. നിങ്ങൾ അല്ലാഹുവിൻെറ ഏകത്വം സ്വീകരിച്ചു സത്യവിശ്വാസികളായിത്തീരുന്നപക്ഷം, നിങ്ങൾക്കു നിശ്ചയിക്കപ്പെട്ട ആയുഷ്കാലം തീരുന്നതുവരെ നിങ്ങൾക്കു രക്ഷ കിട്ടുമെന്നും, ഇല്ലാത്തപക്ഷം, വല്ല പൊതുശിക്ഷയും ബാധിച്ച് നിങ്ങൾ നശിച്ചേക്കുമെന്നുമാകുന്നു. സ്പഷ്ടമായ വല്ല അധികൃതരേഖയും കൊണ്ടുവരണമെന്നു അവർ ആവശ്യപ്പെടുന്നതു പ്രവാചകൻമാർ വേണ്ടത്ര തെളിവു നൽകാത്തതുകൊണ്ടോ, സദുദ്ദേശത്തോടുകൂടിയോ അല്ല. തങ്ങൾ ആവശ്യപ്പെടുന്ന തരത്തിലുള്ള വല്ല അമാനുഷിക ദൃഷ്ടാന്തങ്ങളും കാണിച്ചുകൊടുക്കുവാനുള്ള ഒരു വെല്ലുവിളി മാത്രമാണതെന്നു അടുത്ത വചനത്തിൽ നിന്നു വ്യക്തമാകുന്നതാണ്.

قَالَتْ لَهُمْ رُسُلُهُمْ إِن نَّحْنُ إِلَّا بَشَرٌ مِّثْلُكُمْ وَلَٰكِنَّ ٱللَّهَ يَمُنُّ عَلَىٰ مَن يَشَآءُ مِنْ عِبَادِهِۦ ۖ وَمَا كَانَ لَنَآ أَن نَّأْتِيَكُم بِسُلْطَٰنٍ إِلَّا بِإِذْنِ

11 അവരോട് അവരുടെ റസൂലുകൾ പറഞ്ഞു: ''ഞങ്ങൾ നിങ്ങളെപ്പോലെയുള്ള മനുഷ്യരല്ലാതെ (മറ്റാരും) അല്ല. എങ്കിലും , അല്ലാഹു അവൻെറ അടിയാൻമാരിൽ നിന്നും അവൻ ഉദ്ദേശിക്കുന്നവരുടെ മേൽ അവൻ ദാക്ഷി ണ്യം [അനുഗ്രഹം]

ٱللَّهِ ۚ وَعَلَى ٱللَّهِ فَلْيَتَوَكَّلِ ٱلْمُؤْمِنُونَ ﴿١١﴾

ചെയ്യുന്നു. അല്ലാഹു വിൻെറ അനുമതി പ്രകാരമല്ലാതെ നിങ്ങൾക്ക് ഒരു (അധികൃത) രേഖയും കൊണ്ടുവരുവാൻ ഞങ്ങൾക്ക് ആകുകയില്ല. അല്ലാഹുവിൻെറ മേൽ ഭരമേപിച്ചുകൊള്ളട്ടെ, സത്യവിശ്വാ സികൾ!''

وَمَا لَنَآ أَلَّا نَتَوَكَّلَ عَلَى ٱللَّهِ وَقَدْ هَدَىٰنَا سُبُلَنَا ۚ وَلَنَصْبِرَنَّ عَلَىٰ مَآ ءَاذَيْتُمُونَا ۚ وَعَلَى ٱللَّهِ فَلْيَتَوَكَّلِ ٱلْمُتَوَكِّلُونَ ﴿١٢﴾

12 ''അല്ലാഹുവിൻെറ മേൽ ഞങ്ങൾ ഭാരമേൽപിക്കാതിരിക്കുവാൻ ഞങ്ങൾക്ക് എന്താണ് (കാരണമു) ള്ളത്-(ഞങ്ങൾ ചരിക്കേണ്ടുന്ന) ഞങ്ങളുടെ മാർഗ്ഗങ്ങളിൽ അവൻ ഞങ്ങളെ വഴിചേർത്ത് തന്നിരിക്കെ?! നിങ്ങൾ ഞങ്ങളെ ഉപദ്രവിച്ചതിനെപ്പറ്റി നിശ്ചയമായും ഞങ്ങൾ ക്ഷമിക്കുക തന്നെ ചെയ്യുന്നതുമാണ്. അല്ലാഹുവിൻെറ മേൽ ഭരമേൽപിച്ചുകൊള്ളട്ടെ, ഭരമേൽപിക്കുന്നവർ!''

---

11 **قَالَتْ** പറഞ്ഞു. **لَهُمْ** അവരോട്. **رُسُلُهُمْ** അവരുടെ റസൂലുകൾ. **إِنْ نَحْنُ** ഞങ്ങളല്ല. **إِلَّا بَشَرٌ** മനുഷ്യരല്ലാതെ. **مِثْلُكُمْ** നിങ്ങളെപ്പോലുള്ള. **وَلَكِنَّ اللهَ** എങ്കിലും അല്ലാഹു. **يَمُنُّ** ദാക്ഷിണ്യം (അനുഗ്രഹം) ചെയ്യുന്നു. **عَلَى مَنْ يَشَاءُ** അവൻ ഉദ്ദേശിക്കുന്നവരുടെമേൽ. **مِنْ عِبَادِهِ** അവൻെറ അടിയാൻമാരിൽനിന്ന്. **وَمَا كَانَ** ആകുകയില്ല. പാടില്ല (നിവൃത്തിയില്ല) . **لَنَا** ഞങ്ങൾക്ക്. **أَنْ نَأْتِيَكُمْ** ഞങ്ങൾ നിങ്ങൾക്ക് കൊണ്ടുവരൽ, വരാൻ. **بِسُلْطَانٍ** ഒരു (അധികൃത) രേഖയും കൊണ്ട്. **إِلَّا بِإِذْنِ** അനുവാദപ്രകാരമല്ലാതെ. **اللهِ** അല്ലാഹുവിൻെറ. **وَعَلَى اللهِ** അല്ലാഹുവിൻെറമേൽ. **فَلْيَتَوَكَّلِ** ഭരമേൽപിച്ചുകൊള്ളട്ടെ. **الْمُؤْمِنُونَ** വിശ്വാസികൾ..
12 **وَمَا لَنَا** ഞങ്ങൾക്കു എന്തുണ്ട്. **أَلَّا نَتَوَكَّلَ** ഞങ്ങൾ ഭരമേൽപ്പിക്കാതിരിക്കുവാൻ. **عَلَى اللهِ** അല്ലാഹുവിൻെറമേൽ. **وَقَدْ هَدَانَا** അവൻ ഞങ്ങളെ വഴിചേർത്തു തന്നിരിക്കെ, കാട്ടിത്തന്നിട്ടുമുണ്ട്. **سُبُلَنَا** ഞങ്ങളുടെ മാർഗ്ഗങ്ങളിൽ, വഴികളെ. **وَلَنَصْبِرَنَّ** നിശ്ചയമായും ഞങ്ങൾ ക്ഷമിക്ക തന്നെ ചെയ്യും. **عَلَى مَا** യാതൊന്നിനെപ്പറ്റി. **آذَيْتُمُونَا** ഞങ്ങളെ നിങ്ങൾ ഉപദ്രവിച്ച, ദ്രോഹിച്ച. **وَعَلَى اللهِ** അല്ലാഹുവിൻെറമേൽ. **فَلْيَتَوَكَّلِ** ഭരമേൽപിച്ചുകൊള്ളട്ടെ. **الْمُتَوَكِّلُونَ** ഭരമേൽപിക്കുന്നവർ.

ശരി, ഞങ്ങൾ നിങ്ങളെപ്പോലെയുള്ള മനുഷ്യർ തന്നെയാണ്. മനുഷ്യ പ്രകൃതിയിൽ നാമിരുകൂട്ടരും യോജിക്കും. പക്ഷേ, അല്ലാഹു ഞങ്ങൾക്കു പ്രവാചകത്വവും ദിവ്യ ദൗത്യവും നൽകിയിട്ടുണ്ട്. അതു അവൻ ഉദ്ദേശിച്ചവർക്കുമാത്രം നൽകുന്ന ഒരു ദയാദാക്ഷിണ്യവുമാണ്. അതുകൊണ്ടാണ് നിങ്ങളെ ഉപദേശിക്കുവാൻ ഞങ്ങൾ ബാധ്യസ്ഥരായതും. എന്നാൽ, നിങ്ങൾ ആവശ്യപ്പെടുന്ന തരത്തിലുള്ള ദൃഷ്ടാന്തങ്ങൾ കാട്ടിത്തരുവാൻ ഞങ്ങൾ അശക്തരാണ്. അല്ലാഹുവിൻെറ അനുമതിയും ഉത്തരവും ഉണ്ടാകുമ്പോൾ മാത്രമേ അതുണ്ടാവുകയുള്ളൂ. എന്നൊക്കെയായിരുന്നു റസൂലുകളുടെ മറുപടി. അവർ കാര്യങ്ങളെല്ലാം അല്ലാഹുവിൽ അർപ്പിക്കുകയും, ക്ഷമ കൈക്കൊള്ളുകയും ചെയ്തു. എന്നാൽ നിഷേ ധികളുടെ അടുത്തപടി ഭീഷണിയും ധിക്കാരവുമായിരുന്നു. റസൂലുകളുടെയും സത്യവിശ്വാസികളുടെയും ക്ഷമ അവരുടെ ദൗർബല്യവും പരാജവുമായിട്ടേ അവർ കണക്കാക്കിയിട്ടുള്ളു. അങ്ങനെ, ഭീഷണിയിൽ നിന്നും അവർ അന്ത്യശാസനത്തിലേക്കും കയ്യൂക്കിലേക്കും മുതിർന്നു തുടങ്ങി. അതോടെ അവരുടെ അന്ത്യവും അടുത്തെത്തി. കഴിഞ്ഞ സൂറത്തിലെ 32-ാം വചനത്തിൽ കണ്ടതുപോലെ, ആദ്യം അല്ലാഹു അവർക്കു അയവു നൽകി. ഒടുക്കം അവരെ പിടികൂടുകയും ചെയ്തു. അതാണു അടുത്ത വചനം ചൂണ്ടിക്കാട്ടുന്നത്.

വിഭാഗം-3

13 അവിശ്വസിച്ചവർ തങ്ങളുടെ റസൂലുകളോട് (വീണ്ടും) പറഞ്ഞു: ''നിശ്ചയമായും, ഞങ്ങളുടെ ഭൂമിയിൽ [നാട്ടിൽ]നിന്ന് നിങ്ങളെ ഞങ്ങൾ പുറത്താക്കുക തന്നെ ചെയ്യും, അല്ലെങ്കിൽ നിങ്ങൾ ഞങ്ങളുടെ മതത്തിൽ മടങ്ങിവരണം'' അപ്പോൾ, അവരുടെ [റസൂ ലുകളുടെ] റബ്ബ് അവർക്ക് 'വഹ്‌യു' [സ ന്ദേശം] നല്കി: ''നിശ്ചയമായും, (ആ) അക്രമികളെ നാം നശിപ്പിക്കുകതന്നെ ചെയ്യും:''

وَقَالَ ٱلَّذِينَ كَفَرُواْ لِرُسُلِهِمۡ لَنُخۡرِجَنَّكُم مِّنۡ أَرۡضِنَآ أَوۡ لَتَعُودُنَّ فِي مِلَّتِنَاۖ فَأَوۡحَىٰٓ إِلَيۡهِمۡ رَبُّهُمۡ لَنُهۡلِكَنَّ ٱلظَّٰلِمِينَ ١٣

14 ''അവരുടെശേഷം, ഭൂമിയിൽ [നാട്ടിൽ] നിങ്ങളെ നാം താമസിപ്പിക്കുകയും തന്നെ ചെയ്യും. അത് [ആ സന്ദേശം] എന്റെ സ്ഥാനത്തെ ഭയപ്പെടുകയും, എന്റെ താക്കീതിനെ ഭയപ്പെടുകയും ചെയ്തവർക്കുള്ളതാണ്.''

وَلَنُسۡكِنَنَّكُمُ ٱلۡأَرۡضَ مِنۢ بَعۡدِهِمۡۚ ذَٰلِكَ لِمَنۡ خَافَ مَقَامِي وَخَافَ وَعِيدِ ١٤

---

13 **وقَالَ** പറയുകയും ചെയ്തു. **الذين كفروا** അവിശ്വസിച്ചവർ. **لرسلهم** അവരുടെ റസൂലുകളോട്. **لنخرجنكم** നിശ്ചയമായും ഞങ്ങൾ നിങ്ങളെ പുറത്താക്കും, ബഹിഷ്കരിക്കും. **من أرضنا** ഞങ്ങളുടെ ഭൂമിയിൽ നിന്ന്. **أو لتعودن** അല്ലെങ്കിൽ നിങ്ങൾ മടങ്ങുക, മടങ്ങിവരുക തന്നെ വേണം. **في ملتنا** ഞങ്ങളുടെ മതത്തിൽ, നടപടിയിൽ, മാർഗ്ഗത്തിൽ. **فأوحى** അപ്പോൾ വഹ്‌യു നൽകി. **إليهم** അവരിലേക്ക്. **ربهم** അവരുടെ റബ്ബ്. **لنهلكن** നിശ്ചയമായും നാം നശിപ്പിക്കുക തന്നെ ചെയ്യും. **الظالمين** അക്രമികളെ. 14 **ولنسكننكم** നിങ്ങളെ നാം താമസിപ്പിക്കയും തന്നെ ചെയ്യും. **الأرض** ഭൂമിയിൽ. **من بعدهم** അവരുടെ ശേഷം. **ذلك** അത്. **لمن خاف** ഭയപ്പെട്ടവർക്കാണ്. **مقامي** എന്റെ സ്ഥാനം, നിലപാടിനെ. **وخاف** ഭയപ്പെടുകയും. **وعيد** എന്റെ താക്കീതിനെ.

അക്രമികളെ നശിപ്പിച്ചശേഷം സുരക്ഷിതരായി ഭൂമിയിൽ താമസിപ്പിച്ചുതരുമെന്നുള്ള ആ സന്ദേശം, അല്ലാഹുവിന്റെ മുമ്പിൽ വിചാരണക്കു നിൽക്കേണ്ടി വരുമെന്നതിനെപ്പറ്റിയും അവന്റെ താക്കീതുകളെപ്പറ്റിയും ഭയപ്പാടുള്ളവരെ ഉദ്ദേശിച്ചുകൊണ്ടുള്ളതാണെന്നും സാരം. മറ്റൊരു സ്ഥലത്തു അല്ലാഹു പറയുന്നു: ''മുർസലുകളായ നമ്മുടെ അടിയാൻമാർക്കു നമ്മുടെ വാക്കു മുമ്പേ ഉണ്ടായിട്ടുണ്ട്. നിശ്ചയമായും, അവർ തന്നെയാണ് സഹായിക്കപ്പെടുന്നവർ എന്നും, നമ്മുടെ സൈന്യംതന്നെയാണ് വിജയം നേടുന്നവർ എന്നും.'' (37:171–173) നിങ്ങളെ ഞങ്ങൾ നാട്ടിൽ നിന്നു ബഹിഷ്കരിക്കുക തന്നെ ചെയ്യുമെന്നു റസൂലുകളോട് പറഞ്ഞ ആ ധിക്കാരികളെ ഭൂമിയിൽ നിന്നു നശിപ്പിക്കുകയും, തൽസ്ഥാനത്തു ആ റസൂലുകളെയും സത്യവിശ്വാസികളെയും സ്വൈരപൂർവ്വം താമസിക്കുമാറാക്കുകയും ചെയ്യുമെന്നായിരുന്നു അല്ലാഹു റസൂലുകൾക്ക് നൽകിയ സന്ദേശം. അനന്തരം സംഭവിച്ചതെന്തെന്നു അല്ലാഹു ചൂണ്ടിക്കാട്ടുന്നു:-

15 അവർ തുറവിക്ക് (അഥവാ വിജയത്തിന്ന്) അപേക്ഷിക്കുകയും ചെയ്തു; എല്ലാ (ഓരോ) സ്വേച്ഛാധികാരിയും, ദുർവാശിക്കാരനും ഇച്ഛാഭംഗപ്പെടുകയും ചെയ്തു.

وَٱسۡتَفۡتَحُواْ وَخَابَ كُلُّ جَبَّارٍ عَنِيدٖ ١٥

---

15 **واستفتحوا** അവർ തുറവിതേടി, വിജയത്തിന്നപേക്ഷിക്കയും ചെയ്തു. **وخاب** ഇച്ഛാഭംഗപ്പെടുക (അപമാനപ്പെടുക-പരാജയപ്പെടുക) യും ചെയ്തു. **كُل جبار** എല്ലാ സ്വേച്ഛാധികാരിയും. **عَنِيد** ദുർവാശിക്കാരനായ, മൽസരിയായ.

സത്യനിഷേധികളുടെ ധിക്കാരം അതിരുവിട്ടപ്പോൾ, അവർക്കെതിരിൽ സഹായം നൽകിക്കൊണ്ടു കാര്യത്തിനു ഒരു തീരുമാനം വരുത്തിത്തരണമേ എന്നു റസൂലുകളും അവരെ പിൻപറ്റിയവരും അല്ലാഹുവിനോടു തേടി. ഇവരെ ക്കൊണ്ടുള്ള ശല്യം അവസാനിച്ചു കിട്ടുവാൻ ആ ധിക്കാരികളും തേടുക സ്വാഭാവികമാണ്. അപേക്ഷ അല്ലാഹു സ്വികരിക്കുക തന്നെ ചെയ്തു. അതെ, സ്വേച്ഛയും, ദുർവാശിയും കൈമുതലാക്കിക്കൊണ്ടിരുന്ന ആ ധിക്കാരികളെ അല്ലാഹു പലതരം ശിക്ഷകളാൽ നശിപ്പിച്ചു, റസൂലുകളും സത്യ വിശ്വാ സികളും രക്ഷപ്പെടുകയും ചെയ്തു. എന്നാൽ, ആക്രമികളുടെ ശിക്ഷാനടപടി ഇതു കൊണ്ടു അവസാനിച്ചുവോ? ഇല്ല:-

16 അവൻെറ [ആ ഓരോരുവൻെറയും] പിന്നാലെ 'ജഹന്നം' [നരകം] ഉണ്ട്; (രക്തവും ചലവും കലർന്ന്) ചീഞ്ഞൊഴുകുന്ന വെള്ളത്തിൽനിന്നും അവന്ന് കുടിക്കുവാൻ കൊടുക്കപ്പെടുകയും ചെയ്യും;

مِّن وَرَآئِهِۦ جَهَنَّمُ وَيُسۡقَىٰ مِن مَّآءٖ صَدِيدٖ ١٦

17 അതവൻ (പ്രയാസപ്പെട്ട്) കുടിച്ചിറക്കും, അതവന്ന് (തൊണ്ടയിലൂടെ) ഇറങ്ങുമാറാകുന്നതുമല്ല [തൊണ്ടയിൽ കെട്ടിക്കൊണ്ടിരിക്കും]! നാനാവശത്തിലൂടെയും, അവന് മരണം വന്നെത്തുകയും ചെയ്യും; അവൻ മരണപ്പെട്ട് പോകുന്നവനല്ലതാനും. അതിൻെറ പിന്നാലെയുമുണ്ട് (വേറെയും) കഠോരമായ ശിക്ഷ!

يَتَجَرَّعُهُۥ وَلَا يَكَادُ يُسِيغُهُۥ وَيَأۡتِيهِ ٱلۡمَوۡتُ مِن كُلِّ مَكَانٖ وَمَا هُوَ بِمَيِّتٖۖ وَمِن وَرَآئِهِۦ عَذَابٌ غَلِيظٞ ١٧

---

16 **من ورائه** അവൻെറ പിന്നാലെയുണ്ട്, അപ്പുറത്ത് . **جهنم** ജഹന്നം, നരകം. **ويسقى** അവന്നു കുടിപ്പിക്കപ്പെടുകയും ചെയ്യും. **من ماءٍ** വെള്ളത്തിൽ നിന്ന്. **صديد** ചീഞ്ഞൊഴുകുന്ന, ചീഞ്ചലമായ. 17 **يتجرعه** അവനതിനെ കുടിച്ചിറക്കും, ഇറക്കിനോക്കും. **ولا يكاد** ആകാറാകുകയുമില്ല. **يسيغه** അതവന് ഇറങ്ങിപ്പോകുക. **ويأتيه** അവന്നു വരുകയും ചെയ്യും. **الموت** മരണം. **من كل مكان** എല്ലാ (നാനാ) സ്ഥലത്തു നിന്നും (നാനാവശത്തിലൂടേയും) . **وما هو** അവനല്ലതാനും . **بميت** മരിച്ചുപോകുന്നവൻ. **ومن ورائه** അതിൻെറ പിന്നാലെയുമുണ്ട്. **عذاب** ശിക്ഷ. **غَلِيظٌ** കനത്ത, കടുത്ത, കട്ടിയായ.

صديد ('സ്വദീദ്') എന്നാൽ, രക്തവും ചലവും കൂടിക്കലർന്ന ചീഞ്ചലം എന്നർത്ഥം. നരകക്കാരിൽ നിന്നും ഒഴുകിവരുന്ന ദുർഗന്ധം പിടിച്ച ആ ജലം അവർക്കു കുടിക്കുവാൻ കൊടുക്കപ്പെടും. അസഹനീയമായ ദാഹം നിമിത്തം അവരതു വളരെ കഷ്ടപ്പെട്ടു കുടിച്ചിറക്കുവാൻ ശ്രമിക്കും. പക്ഷെ, കിഴ്പ്പോട്ടിറങ്ങാതെ തൊണ്ടയിൽ അടഞ്ഞിരിക്കുകയായിരിക്കും അത്. മരണപ്പെട്ടു പോകത്തക്ക അതികഠിന യാതനകൾ എല്ലാനിലക്കും അവർക്കനുഭവപ്പെടും. എന്നാൽ മരണംവഴി അതിൽ നിന്നു അവർക്കു മോചനം ലഭി ക്കുവാനും പോകുന്നില്ല, മറ്റൊരു സ്ഥലത്തു അല്ലാഹു പറയുന്നു: ''അവരിൽ മരണം വിധിക്കപ്പെടുകയില്ല. എന്നാലവർക്കു മരിക്കാമായിരുന്നു. അതിലെ ശിക്ഷയിൽ നിന്നും അവർക്കു ലഘുത്വം നൽകപ്പെടുകയുമില്ല.' (35;36) നരകത്തിലെ ശിക്ഷാവകുപ്പുകളിൽ ഒന്നുമാത്രമാണു ഈ പറഞ്ഞത്. അതിനുപുറമേ വളരെ കനത്ത ശിക്ഷകൾ പലതും

വെറെയും അവർക്കുണ്ടായിരിക്കും എന്നാണു ومن ورائه عذاب غليظ എന്ന അവസാനത്തെ വാക്യം ചൂണ്ടിക്കാട്ടുന്നത്.

നരകക്കാർക്കു നൽകപ്പെടുന്ന പാനീയങ്ങളെപ്പറ്റി വേറെയും പല സ്ഥലങ്ങളിൽ അല്ലാഹു പ്രസ്താവിച്ചു കാണാം. സൂ: മുഹമ്മദിൽ പറയുന്നു: ''അവർക്കു ചൂടേറിയ വെള്ളം കുടിക്കാൻ കൊടുക്കപ്പെടും. അപ്പോൾ അതവരുടെ കുടലുകളെ നുറക്കിക്കളയുന്നതാണ്.'' (മുഹമ്മദു: 15) സൂ: അൽകഹ്ഫിൽ പറയുന്നു: ''അവർ വെള്ളത്തിന്നപേക്ഷിക്കുന്നപക്ഷം, ലോഹദ്രാവകം പോലെയുള്ള ഒരു വെള്ളംകൊണ്ടു അവർക്കു സഹായം നൽകപ്പെടും. അതു മുഖങ്ങളെ ചുട്ടെരിക്കുന്നതാണ്.'' (അൽകഹ്ഫ്:29) സൂ: ദുഖാനിൽ പറയുന്നു: ''(അതു) ലോഹദ്രാവകം പോലെയിരിക്കും, അതു വയറുകളിൽ ചൂടുവെള്ളം പോലെ തിളച്ചു മറിയും.'' (ദുഖാൻ:45, 46) അല്ലാഹു നമ്മെയെല്ലാം കാത്തുരക്ഷിക്കട്ടെ. ആമീൻ.

مَّثَلُ ٱلَّذِينَ كَفَرُواْ بِرَبِّهِمْ ۖ أَعْمَٰلُهُمْ كَرَمَادٍ ٱشْتَدَّتْ بِهِ ٱلرِّيحُ فِى يَوْمٍ عَاصِفٍ ۖ لَّا يَقْدِرُونَ مِمَّا كَسَبُواْ عَلَىٰ شَىْءٍ ۚ ذَٰلِكَ هُوَ ٱلضَّلَٰلُ ٱلْبَعِيدُ ﴿١٨﴾

18 തങ്ങളുടെ റബ്ബിൽ അവിശ്വസിച്ചവരുടെ ഉപമ: അവരുടെ പ്രവൃത്തി [കർമ്മം]കൾ കൊടുങ്കാറ്റടിച്ചു വീശുന്ന ഒരു ദിവസത്തിൽ കാറ്റ് കഠിനമായി (അടിച്ചു വീശി)ക്കൊണ്ടിരുന്ന ഒരു വെണ്ണീറ് പോലെയാകുന്നു. (അതെ) അവർ (പ്രവർത്തിച്ചു) സമ്പാദിച്ചതിൽനിന്ന് യാ തൊന്നിനും (ഫലം സിദ്ധിക്കുവാൻ) അവർക്ക് കഴിയുകയില്ല. അതു തന്നെയാണ് വിദൂരമായ വഴിപിഴവ് !

---

18 مثَلُ الذين യാതൊരവരുടെ ഉപമ. كفَرُوا അവിശ്വസിച്ച. بربهم തങ്ങളുടെ റബ്ബിൽ. أعمالُهم അവരുടെ കർമ്മങ്ങൾ, പ്രവൃത്തികൾ. كرماد ഒരു വെണ്ണീറു (ചാരം) പോലെയാണ്. اشتدت به അതിൽ കഠിനമായി (അടിച്ചുവീശി) . الريح കാറ്റു. في يوم ഒരു ദിവസത്തിൽ. عاصف കൊടുങ്കാറ്റടിക്കുന്ന. لا يقْدرون അവർക്ക് കഴിയുകയില്ല. مما كسبوا അവർ സമ്പാദിച്ച (പ്രവർത്തിച്ച) തിൽ നിന്നു. على شيء യാതൊന്നിന്നും. ذلك هو അതുതന്നെയാണ്. الضلالُ വഴിപിഴവ്. البعيد വിദൂരമായ.

ദുഷ്കർമ്മങ്ങൾ ആരു ചെയ്താലും അതിനു ശിക്ഷയാണ് പ്രതിഫലം ലഭിക്കുകയെന്നു തീർച്ചയാണ്. എന്നാൽ, അവിശ്വാസികളായ ആളുകൾ ചെയ്യുന്ന ദാനധർമ്മങ്ങൾ, പൊതുസേവനങ്ങൾ പോലെയുള്ള സൽക്കർമ്മങ്ങൾ മൂലവും അവർക്കു പരലോകത്തു യാതൊരു ഫലവും ലഭക്കുവാനില്ലെന്നു അല്ലാഹു വ്യക്തമാക്കുന്നു. 25;23, 46:20 മുതലായ സ്ഥലങ്ങളിലും അല്ലാഹു ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളതാണ്. അല്ലാഹുവിലും പരലോകത്തിലും അവർക്കു വിശ്വാസമില്ലാത്തവരും, പരലോക ഗുണമൊന്നും ആഗ്രഹിക്കാത്തവരുമാണവർ എന്നുള്ളതാണു അതിന്നു കാരണം. ഐഹികമായ എന്തെങ്കിലും ഗുണലാഭങ്ങളല്ലാതെ അവർക്കു വേറെ ലക്ഷ്യമൊന്നും ഉണ്ടായിരിക്കുകയില്ലല്ലോ. ആകയാൽ, അവരുടെ കർമ്മഫലങ്ങൾ ഇഹത്തിൽ വെച്ചു തന്നെ അല്ലാഹു കണക്കുതീർത്തു കൊടുക്കുകയാണ് ചെയ്യുക. കൊടുങ്കാറ്റിൽ പെട്ട വെണ്ണീറുകൊണ്ടു യാതൊരു പ്രയോജനവും കിട്ടാത്തതുപോലെ, അവരുടെ കർമ്മങ്ങൾകൊണ്ടും അവർക്കു ഒരു പ്രയോജനവും ലഭിക്കുവാനില്ലെന്നത്രെ അല്ലാഹു പറഞ്ഞ ഉപമയുടെ സാരം. സത്യവിശ്വാസികൾ പോലും അല്ലാഹുവിങ്കൽ നിന്നുള്ള സൽഫലങ്ങളെ ലക്ഷ്യമാക്കാതെ-ജനശ്രുതിക്കൊ സൽപേരിനോ വേണ്ടി-ചെയ്യുന്ന കർമ്മങ്ങൾ അല്ലാഹുവിങ്കൽ സ്വികാര്യമല്ലെന്നും, അതിനു പ്രതിഫലം കിട്ടുകയില്ലെന്നും ഖുർആനിൽ നിന്നും നബി വചനങ്ങളിൽ നിന്നും അറിയപ്പെട്ടതാണല്ലോ.

പ്രബലമായ ഒരു ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു: ആയിശാ (رضي الله عنها) പറയുകയാണ്: ഞാൻ ചോദിച്ചു: ''അല്ലാഹുവിൻെറ റസൂലേ, ജാഹിലിയ്യ കാലത്തു ഇബ്‌നു ജദ്ആൻ ابن جدعان കുടുംബ ബന്ധം പാലിക്കുകയും, സാധുക്കൾക്കു ഭക്ഷണം നൽകുകയും ചെയ്തിരുന്നു. അതു അയാൾക്കു ഉപയോഗപ്പെടുമോ?'' തിരുമേനി പറഞ്ഞു: ''അതു അയാൾക്കു ഉപകരിക്കുകയില്ല. കാരണം, അദ്ദേഹം: എൻെറ റബ്ബേ, പ്രതിഫലത്തിൻെറ ദിവസത്തിൽ എനിക്കു എൻെറ തെറ്റു പൊറുത്തു തരണേ (رب اغفرلي خطيئتي يوم الدين) എന്നു പറഞ്ഞിട്ടില്ല.'' അയാൾ പരലോകത്തിൽ വിശ്വസിച്ചിരിന്നില്ലല്ലോ എന്നാണ് നബി (صلى الله عليه وسلم) ചൂണ്ടിക്കാട്ടുന്നത്.

19 നീ കണ്ടില്ലേ, അല്ലാഹു ആകാശങ്ങളെയും, ഭൂമിയെയും യഥാർത്ഥ(മുറ) പ്രകാരം സൃഷ്ടിച്ചിരിക്കുന്നുവെന്ന്?! അവൻ ഉദ്ദേശിക്കുന്നപക്ഷം, നിങ്ങളെ അവൻ (ഇവിടെനിന്ന്) പോക്കുകയും, ഒരു പുതിയ സൃഷ്ടിയെ (ഇവിടെ) കൊണ്ടു വരുകയും ചെയ്യും;-

أَلَمْ تَرَ أَنَّ ٱللَّهَ خَلَقَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ بِٱلْحَقِّ ۚ إِن يَشَأْ يُذْهِبْكُمْ وَيَأْتِ بِخَلْقٍ جَدِيدٍ ﴿١٩﴾

20 അത് അല്ലാഹുവിൻെറമേൽ ഒരു വീര്യപ്പെട്ട [പ്രയാസപ്പെട്ട] തൊന്നുമല്ല.

وَمَا ذَٰلِكَ عَلَى ٱللَّهِ بِعَزِيزٍ ﴿٢٠﴾

---

19 **ألم تر** നീ കണ്ടില്ലേ. **أن الله** അല്ലാഹു എന്നു. **خلق** സൃഷ്ടിച്ചിരിക്കുന്നു (എന്നു) . **السماوات** ആകാശങ്ങളെ. **والأرض** ഭൂമിയെയും. **بالحق** യഥാർത്ഥ (മുറ) പ്രകാരം. **إن يشأ** അവൻ ഉദ്ദേശിക്കുന്ന (വേണമെന്നു വെക്കുന്ന) പക്ഷം. **يذهبكم** നിങ്ങളെ അവൻ പോക്കും, കൊണ്ടുപോകും. **ويأت** അവൻ വരുകയും ചെയ്യും. **بخلق** ഒരു സൃഷ്ടിയെകൊണ്ട്. **جديد** പുതുതായ. 20 **وما ذلك** അതല്ല താനും. **على الله** അല്ലാഹുവിൻെറമേൽ. **بعزيز** ഒരു വീര്യപ്പെട്ടതു (പ്രയാസപ്പെട്ടതു) .

നിങ്ങൾ അല്ലാഹുവിനെ ആരാധിച്ചും അവൻെറ നിയമ നിർദ്ദേശങ്ങൾ അനുസരിച്ചും വരുവാൻ തയ്യാറില്ലെങ്കിൽ അല്ലാഹുവിന്നു അതുകൊണ്ടു ഒരു ദോഷവും ബാധിക്കുവാനില്ല. വേണമെങ്കിൽ നിങ്ങളെ നശിപ്പിച്ചു മറ്റൊരു പുതിയ സൃഷ്ടിയെ ഈ ലോകത്തു കൊണ്ടുവരുവാൻ അവന്നു ഒട്ടും പ്രയാസമില്ല എന്നു സാരം. خلق جديد (പുതിയ സൃഷ്ടി) കൊണ്ടുദ്ദേശ്യം മനുഷ്യരല്ലാത്ത വേറൊരു സൃഷ്ടി എന്നും, ഈ ജനതയല്ലാത്ത മറ്റൊരു ജനത എന്നും ആകാവുന്നതാണ്. സൂ: മുഹമ്മദിൻെറ അവസാനത്തിൽ അല്ലാഹു പറയുന്നു: ''നിങ്ങൾ തിരിഞ്ഞുകളയുകയാണെങ്കിൽ, നിങ്ങളല്ലാത്ത ഒരു ജനതയെ അവൻ പകരം കൊണ്ടുവരും. എന്നിട്ട് അവർ നിങ്ങളെപ്പോലെ ആയിരിക്കുകയില്ല.''

അവിശ്വാസികളെക്കുറിച്ചു സംസാരിച്ചു കൊണ്ടിരിക്കെ, ഇടക്കു വെച്ച് അല്ലാഹുവിൻെറ സാർവ്വത്രികമായ കഴിവിനെയും സൃഷ്ടി വൈഭവത്തെയും കുറിച്ചു ഓർമ്മപ്പെടുത്തിയശേഷം, വീണ്ടും അവരുടെ വിഷയത്തിലേക്കു തന്നെ സംസാരം തിരിച്ചുകൊണ്ടു അല്ലാഹു പറയുന്നു:-

21 അവർ എല്ലാവരും (ഖബ്റുകളിൽ നിന്ന്) അല്ലാഹുവിങ്കലേക്ക് പ്രത്യക്ഷപ്പെട്ടു വരുന്നതാണ്. അപ്പോൾ, ദുർബ്ബലർ അഹംഭാവം നടിച്ചിട്ടുള്ളവരോട് [നേതാക്കളോട്] പറയും: ''ഞങ്ങൾ നിങ്ങളുടെ അനുയായികളായിരുന്നു(വല്ലോ) : ആകയാൽ, അല്ലാഹുവിൻെറ ശിക്ഷയിൽനിന്ന് വല്ലതിനെ

وَبَرَزُوا۟ لِلَّهِ جَمِيعًا فَقَالَ ٱلضُّعَفَـٰٓؤُا۟ لِلَّذِينَ ٱسْتَكْبَرُوٓا۟ إِنَّا كُنَّا لَكُمْ تَبَعًا فَهَلْ أَنتُم مُّغْنُونَ عَنَّا مِنْ عَذَابِ ٱللَّهِ مِن شَىْءٍ ۚ قَالُوا۟ لَوْ هَدَىٰنَا ٱللَّهُ لَهَدَيْنَـٰكُمْ ۖ سَوَآءٌ عَلَيْنَآ

أَجَزِعْنَآ أَمْ صَبَرْنَا مَا لَنَا مِن مَّحِيصٍ ﴿٢١﴾

യും നിങ്ങൾ ഞങ്ങളിൽനിന്ന് ധന്യമാ(ഒഴി വാ)ക്കിത്തരുന്നവരാണോ?'' അവർ പറയും: ''അല്ലാഹു ഞങ്ങളെ നേർമ്മാർഗ്ഗത്തിലാക്കിയിരുന്നെങ്കിൽ, ഞങ്ങൾ നിങ്ങളെ നേർമ്മാർഗ്ഗത്തിലാക്കുമായിരുന്നു. നാം ക്ഷമകേട് കാണിച്ചുവോ, അല്ലെങ്കിൽ നാം ക്ഷമിച്ചുവോ (രണ്ടും) നമു ക്ക് സമമാകുന്നു; നമുക്ക് (ഇനി) ഓടി പ്പോകുന്ന മാർഗ്ഗമൊന്നും ഇല്ല.''

---

21 **وبرزوا** അവർ പ്രത്യക്ഷപ്പെടും, വെളിക്കുവരും. **لله** അല്ലാഹുവിങ്കലേക്ക്. **جميعا** മുഴുവനും, എല്ലാവരും. **فَقَالَ** അപ്പോൾ പറയും. **الضعفاءُ** ദുർബ്ബലർ, ബലഹീനർ, അശക്തർ. **للذين** യാതൊരുവരോട്. **استكْبَروا** വലുപ്പം (അഹംഭാവം) നടിച്ച. **إنا كُنا** ഞങ്ങൾ ആയിരുന്നു (വല്ലോ) . **لَكُم** നിങ്ങൾക്ക്, നിങ്ങളോട്. **تبعا** അനുയായികൾ പിൻപറ്റിയവർ. **فَهلْ أنتم** എന്നാൽ (ആകയാൽ-അതിനാൽ-എന്നിരിക്കെ) നിങ്ങളാകുന്നുവോ. **مغنونَ** ധന്യമാക്കുന്ന (ഒഴിവാക്കുന്ന) വർ. **عنا** ഞങ്ങൾക്ക്, ഞങ്ങളിൽ നിന്ന്. **من عذَابِ** ശിക്ഷയിൽനിന്ന്. **الله** അല്ലാഹുവിൻെറ. **من شيءٍ** വല്ലതിനെയും, വല്ല വസ്തുവും. **قَالُوا** അവർ പറയും. **لو هدانا** ഞങ്ങളെ നേർമ്മാർഗ്ഗത്തിലാക്കിയിരുന്നെങ്കിൽ. **اللهُ** അല്ലാഹു. **لَهديناكُم** ഞങ്ങൾ നിങ്ങളെ നേർമ്മാർഗ്ഗത്തിലാക്കുക തന്നെ ചെയ്യുമായിരുന്നു. **سواءٌ** സമമാണ്. **علينا** നമ്മുടെമേൽ. **أجزعنا** നാം ക്ഷമകേട് (പൊറുതികേട്) കാണിച്ചുവോ. **أم صبرنا** അല്ലെങ്കിൽ നാം ക്ഷമിച്ചുവോ. **ما لنا** നമുക്കില്ല. **من محيص** ഓടിപ്പോകുന്ന (രക്ഷ കിട്ടുന്ന) സ്ഥാനവും (മാർഗ്ഗവും) .

ഖിയാമത്തുനാളിൽ, എല്ലാവരും അവരുടെ ഖബ്റുകളിൽ നിന്നു എഴുന്നേറ്റ് പുറ ത്തുവരുകയും, അല്ലാഹുവിൻെറ മുമ്പിൽ വിചാരണക്കു ഹാജരാകുകയും ചെയ്യുമ്പോൾ, ഭൂമിയിൽവെച്ച് നേതാക്കളും അനുയായികളുമായി പരസ്പരം സഹകരിച്ചു വർത്തിച്ചിരുന്ന അവിശ്വാസികൾ തമ്മിൽ നടക്കുന്ന ഒരു സംഭാഷണമാണ് അല്ലാഹു ഉദ്ധരിക്കുന്നത്. ഞങ്ങളുടെ നേതാക്കളായിരുന്നുവല്ലോ നിങ്ങൾ. നിങ്ങളുടെ ചൊൽപടിക്കു വഴങ്ങുന്നവരായിരുന്നു ഞങ്ങൾ. അതുകൊണ്ടാണ് ഈ ദുർഗ്ഗതിയിൽ ഞങ്ങൾ എത്തേണ്ടി വന്നത്. ഇനി ഇപ്പോൾ വല്ല രക്ഷയും ഞങ്ങൾക്കു നൽകുവാൻ നിങ്ങൾക്കു കഴിയുമോ? എന്ന് അനുയായികൾ നേതാക്കളോടു ചോദിക്കുന്നു. അയ്യോ! ഞങ്ങൾക്കു തന്നെയും നേർമ്മാർഗ്ഗത്തിലായിരിക്കുവാൻ ഭാഗ്യമുണ്ടായില്ല. പിന്നെ എങ്ങിനെയാണ് ഞങ്ങൾ നിങ്ങളെ രക്ഷിക്കുക? ഇനി, നാം ക്ഷമിച്ചാലും ക്ഷമിച്ചില്ലെങ്കിലും ഒരുപോലെത്തന്നെ. രണ്ടായാലും നാം ശിക്ഷക്കു അർഹരായിരിക്കുന്നു. ശിക്ഷ അനുഭവിക്കുകയല്ലാതെ ഇനി മറ്റൊരു പോംവഴിയും നമുക്കില്ല. ഇതായിരിക്കും നേതാക്കളുടെ മറുപടി. അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ, ആമിൻ.

അവിശ്വാസികളിലുള്ള മേലേകിടക്കാരും, താഴെ കിടക്കാരും തമ്മിൽ പരലോകത്തുവെച്ചു നടക്കുന്ന പല സംഭവങ്ങൾ, ആരോപണ പ്രത്യാരോപണങ്ങൾ, ഒഴിഞ്ഞു മാറ്റങ്ങൾ, കുറ്റസമ്മതങ്ങൾ ആദിയായവയെപ്പറ്റി സൂ:സബഉ്: 31-33: സൂ: മുഅ്മിൻ (ഗാഫിർ) 47, 48; അഅ്റാഫ് :38, 36; അഹ്സാബ്: 67, 68 മുതലായ പല സ്ഥലങ്ങളിലും അല്ലാഹു വിവരിച്ചു കാണാവുന്നതാണ്. അവയിൽ ചിലത്, മഹ്ശറിൽ വെച്ചും, ചിലതു നരകത്തിൽ വെച്ചുമായിരിക്കും നടക്കുന്നതെന്നും അവയിൽ നിന്നു മനസ്സിലാക്കാം.

വിഭാഗം-4

وَقَالَ ٱلشَّيْطَٰنُ لَمَّا قُضِىَ ٱلْأَمْرُ إِنَّ ٱللَّهَ

22 കാര്യം തീരുമാനം ചെയ്യപ്പെടുമ്പോൾ പിശാച് പറയുന്നതാണ്: ''നിശ്ചയമായും, അ

وَعَدَكُمْ وَعْدَ ٱلْحَقِّ وَوَعَدتُّكُمْ فَأَخْلَفْتُكُمْ ۖ وَمَا كَانَ لِىَ عَلَيْكُم مِّن سُلْطَٰنٍ إِلَّآ أَن دَعَوْتُكُمْ فَٱسْتَجَبْتُمْ لِى ۖ فَلَا تَلُومُونِى وَلُومُوٓا۟ أَنفُسَكُم ۖ مَّآ أَنَا۠ بِمُصْرِخِكُمْ وَمَآ أَنتُم بِمُصْرِخِىَّ ۖ إِنِّى كَفَرْتُ بِمَآ أَشْرَكْتُمُونِ مِن قَبْلُ ۗ إِنَّ ٱلظَّٰلِمِينَ لَهُمْ عَذَابٌ أَلِيمٌ ﴿٢٢﴾

ല്ലാഹു നിങ്ങളോട് യഥാർത്ഥ വാഗ്ദാനം, വാഗ്ദത്തം ചെയ്തു; ഞാനും നിങ്ങളോട് (ചിലത്) വാഗ്ദാനം ചെയ്തു; എന്നാൽ, ഞാൻ നിങ്ങളോട് (അതു) ലംഘിച്ചു. എനിക്ക് നിങ്ങളുടെമേൽ യാതൊരു അധികാരവും (അഥവാ അധികൃതരേഖയും) ഉണ്ടായിരുന്നതുമില്ല; -ഞാൻ നിങ്ങളെ ക്ഷണിച്ചു, അപ്പോൾ നിങ്ങളെനിക്ക് ഉത്തരം നൽകിയെന്നല്ലാതെ. ആകയാൽ, നിങ്ങൾ എന്നെ കുറ്റപ്പെടുത്തേണ്ട, നിങ്ങൾ നിങ്ങളെത്തന്നെ കുറ്റപ്പെടുത്തി ക്കൊള്ളുവിൻ. ഞാൻ നിങ്ങളെ (രക്ഷിച്ചു) സഹായിക്കുന്നവനല്ല; നിങ്ങൾ എന്നെ (രക്ഷിച്ചു) സഹായിക്കുന്നവരുമല്ല. നിങ്ങൾ മുമ്പ് എന്നെ (അല്ലാഹുവിനോട്) പങ്ക് ചേർത്തതിനെ ഞാൻ (ഇതാ) നിഷേധിച്ചിരിക്കുന്നു. നിശ്ചയമായും അക്രമികൾ- അ വർക്ക് വേദനയേറിയ ശിക്ഷയുണ്ടായിരിക്കും''

---

22 **وقَالَ** പറയുന്നതാണ്. **الشيطانُ** പിശാച്. **لما قُضي** തീരുമാനിക്കപ്പെടുമ്പോൾ. **الأمر** കാര്യം. **إن الله** നിശ്ചയമായും അല്ലാഹു. **وعدكُم** നിങ്ങളോട് വാഗ്ദാനം ചെയ്തു. **وعد الحق** യഥർത്ഥ വാഗ്ദാനം. **ووعدتكُم** ഞാനും നിങ്ങളോട് വാഗ്ദാനം ചെയ്തു. **فَأخلفْتكُم** എന്നിട്ടു ഞാൻ നിങ്ങളോട് എതിർ (ലംഘനം) ചെയതു. **وما كَانَ لي** എനിക്കുണ്ടായിരുന്നതുമില്ല, എനിക്കില്ലായിരുന്നു. **علَيكُم** നിങ്ങളുടെമേൽ. **من سلْطَان** ഒരധികാരവും, അധികൃത രേഖയും. **إلا أن دعوتكُم** ഞാൻ നിങ്ങളെ ക്ഷണിച്ചുവെന്നതല്ലാതെ. **فَاستجبتم** അപ്പോൾ നിങ്ങൾ ഉത്തരം നൽകി. **لي** എനിക്ക്. **فَلاَ تلُوموني** ആകയാൽ നിങ്ങൾ എന്നെ കുറ്റപ്പെടുത്തരുത്, ആക്ഷേപിക്കരുത്. **ولُوموا** നിങ്ങൾ കുറ്റപ്പെടുത്തുകയും ചെയ്യുവിൻ. **أنفُسكُم** നിങ്ങളെത്തന്നെ, നിങ്ങളുടെ സ്വന്തങ്ങളെ. **ما أَنا** ഞാനല്ല. **بمصرخكُم** നിങ്ങൾക്ക് സഹായം (രക്ഷ) നൽകുന്നവൻ. **وما أَنتم** നിങ്ങളുമല്ല. **بمصرخي** എനിക്ക് സഹായം (രക്ഷ) നൽകുന്നവർ. **إني كَفَرت** നിശ്ചയമായും ഞാൻ അവിശ്വസി (നിഷേധി) ച്ചിരിക്കുന്നു. **بما أَشركْتمون** നിങ്ങളെന്നെ പങ്കുചേർത്തതിനെ. **من قَبلُ** മുമ്പു. **إن الظالمين** നിശ്ചയമായും അക്രമികൾ. **لَهم** അവർക്കുണ്ട്. **عذَاب** ശിക്ഷ. **أَليم** വേദനയേറിയ.

നേതാക്കളോ അനുയായികളോ എന്ന വ്യത്യാസം കൂടാതെ മനുഷ്യരെ വഴിപിഴപ്പി ക്കുവാൻ ദൃഢനിശ്ചയം ചെയ്ത നികൃഷ്ടജീവിയാണല്ലോ പിശാച്. അവന്റെ ദുഷ് പ്രേരണകൾക്കു വഴങ്ങിയും, അവന്റെ മധുരമോഹനങ്ങളായ വാഗ്ദാനങ്ങളിൽ കുടുങ്ങിയും കൊണ്ടാണു മനുഷ്യൻ ദുർമ്മാർഗ്ഗങ്ങൾക്കു അടിമപ്പെടുന്നത്. മനുഷ്യരാകുന്ന നേതാക്കളും അനുയായികളും തമ്മിൽ നടക്കുന്ന വാഗ്വാദങ്ങളെപ്പറ്റി പ്രസ്താവിച്ച ശേഷം, ഇരുകൂട്ടരുടെയും ഉപദേശകനായിക്കൊണ്ടിരുന്ന പിശാചു അന്നു അവരോടു സ്വീകരിക്കുന്ന നിലപാടു എന്തായിരിക്കുമെന്നു ഈ വചനത്തിൽ അല്ലാഹു അറിയിക്കുകയാണ്.

വിചാരണ കഴിഞ്ഞ സജ്ജനങ്ങൾക്കു സ്വർഗ്ഗത്തിലേക്കും, ദുർജ്ജനങ്ങൾക്കു നരക ത്തിലേക്കും വിധിയുണ്ടാകുമ്പോൾ, തന്റെ ദുരുപദേശങ്ങൾക്കു വഴങ്ങി ദുർമ്മാർഗ്ഗിക ളായിത്തീർന്നവരോടു അവൻ നടത്തുന്ന ഒരു പ്രസംഗമാണിത്. അതിൽ സംഗതികളുടെ യഥാർത്ഥരൂപം അവൻ തുറന്നു കാട്ടുന്നു. അവൻ പറയും:- ''നിങ്ങൾ നേർമാർഗ്ഗം സ്വീകരിക്കുന്നതായാൽ, നിങ്ങൾക്ക് രക്ഷയും വമ്പിച്ച അനുഗ്രഹങ്ങളും ലഭിക്കുമെന്നു റസൂലുകളും വേദഗ്രന്ഥങ്ങളും മുഖേന അല്ലാ

ഹു നിങ്ങളോടു വാഗ്ദാനം ചെയ്തിരുന്നു. അതെല്ലാം സത്യവും യഥാർത്ഥവുമായിരുന്നു. അതിപ്പോൾ അനുഭവത്തിൽ വരുകയും ചെയ്തു. നേരെമറിച്ച് ദുർമ്മാർഗ്ഗം അവലംബിക്കുന്നപക്ഷം, എൻെറ സൈന്യങ്ങളും ആൾക്കാരും മുഖേന-ഞാനും ചിലതൊക്കെ നിങ്ങളെ വ്യാമോഹിപ്പിച്ചു. സ്വർഗ്ഗമില്ല, നരകമില്ല, വിചാരണയില്ല, പുനർജീവിതമില്ല, അതൊക്കെ കേവലം ചില ഐതിഹ്യങ്ങൾ മാത്രമാണ്. അഥവാ അതെല്ലാം യഥാർത്ഥമാണെങ്കിൽ തന്നെയും നിങ്ങളുടെ ദൈവങ്ങളും മഹാത്മാക്കളും നിങ്ങളെ രക്ഷപ്പെടുത്തികൊള്ളും എന്നും മറ്റും. അതെല്ലാം കള്ളമായിരുന്നു ആ കള്ളങ്ങൾ നിരത്തിവെച്ച് നിങ്ങളെ ഞാൻ തോന്നിയവാസങ്ങളിലേക്കു ക്ഷണിച്ചുവെന്നല്ലാതെ, അതിനപ്പുറം ഞാനൊന്നും ചെയ്തിട്ടില്ല. നിങ്ങളെ നിർബന്ധിച്ചു വഴിപിഴപ്പിക്കുവാനുള്ള അധികാര ശക്തിയോ, അധികൃതമായ തെളിവുകളോ ഒന്നും എനിക്കില്ലായിരുന്നു. എന്നിട്ടും നിങ്ങളൻെറ ക്ഷണം സ്വീകരിച്ചു മുമ്പോട്ടു വരുകയാണ് ചെയ്തത്. അതുകൊണ്ടു നിങ്ങളെന്നെ പഴിച്ചിട്ടു കാര്യമില്ല-നിങ്ങളുടെ പക്കൽ വന്ന അമളിക്കു നിങ്ങൾ നിങ്ങളെത്തന്നെയാണു പഴിക്കേണ്ടതു. ഏതായാലും, ഇനി, അന്യോന്യം സങ്കടം കേട്ടു രക്ഷ നൽകുവാൻ എനിക്കോ, നിങ്ങൾക്കോ സാധ്യമല്ല. രണ്ടുകൂട്ടർക്കും വിധിക്കപ്പെട്ട ശിക്ഷ അവരവർ അനുഭവിച്ചേ തീരൂ. മുമ്പ് ഇഹത്തിൽവെച്ച് എന്നെ ആരാധിച്ചും അനുസരിച്ചും വരുകവഴി എന്നെ നിങ്ങൾ അല്ലാഹുവിന്നു സമമാക്കിവെക്കുകയുണ്ടായി. അന്നു ഞാനതു അനുകൂലിച്ചുവെങ്കിലും ഇപ്പോഴിതാ ആ തെറ്റിൽ നിന്നു ഞാൻ ഒഴിഞ്ഞു മാറുന്നു. ഇതാ ഞാനതു തുറന്നു നിഷേ ധിക്കുന്നു.''

'ആക്രമികൾക്കു വേദനയേറിയ ശിക്ഷയുണ്ടായിരിക്കും'(ان الظالمين لهم عذاب اليم) എന്ന അവസാനത്തെ വാക്യം പിശാചിൻെറ വാക്കുകളിൽ പെട്ടതായിരിക്കുവാനാണ് കൂടുതൽ സാധ്യത കാണുന്നത്. ഒരു പക്ഷെ, അതിൻെറ മുമ്പത്തെ വാക്യത്തോടെ പിശാചിൻെറ വാക്കുകൾ അവസാനിച്ച ശേഷം-ഒരു പൊതുതത്വമെന്ന നിലക്കു-അല്ലാഹു പറഞ്ഞ വാക്കാണതെന്നും വരാവുന്നതാണ് الله اعلم രണ്ടായാലും ഉദ്ദേശ്യം വ്യക്തമാണല്ലോ.

ഇവിടെ 'പിശാചു' (الشيطان) എന്നു പറഞ്ഞതു മനുഷ്യവർഗ്ഗത്തിൻെറ ആജീവനാന്തശത്രുവായ ഇബ്ലീസിനെ ഉദ്ദേശിച്ചാണെന്നുള്ളതിൽ ഭിന്നാഭിപ്രായമില്ല. പക്ഷെ, അദൃശ്യ ജീവിവായ പിശാചിനെ നിഷേധിക്കുകയും, പിശാചെന്നും ഇബ്‌ലീസെന്നുമൊക്ക പറയുന്നത് മനുഷ്യരിൽ തന്നെയുള്ള ദുശ്ശക്തികളെ ഉദ്ദേശിച്ചാണെന്നു വാദിക്കുകയും, പ്രചരിപ്പിക്കുകയും ചെയ്യാറുള്ള ചിലർക്കു മാത്രമേ ഇതിൽ എതിരഭിപ്രായമുള്ളൂ. പാമര ജനങ്ങളെ വിരട്ടുന്ന മത-സമുദായ രാഷ്ട്രീയ നേതാക്കളാണു ഇവിടെ പിശാചുകൊണ്ടു വിവക്ഷ എന്നാണവർ ജൽപിക്കുന്നത്. അത്തരം നേതാക്കളുടെ സ്ഥിതി ഏറെക്കുറെ യഥാർത്ഥ പിശാചിമേത് പോലെത്തന്നെയായിരിക്കുമെന്നു ഖുർആൻ മുഖേനയും, ഹദീസു മുഖേനയും നാമും മനസ്സിലാക്കുന്നു. പക്ഷെ, ഇവിടെ 'പിശാചു' കൊണ്ടുദ്ദേശ്യം അതല്ലെന്നു നമുക്കു തീർത്തും പറയാവുന്നതാണ്. (പിശാചിനെ സംബന്ധിച്ച ഇവരുടെ പുതിയ വാദങ്ങളും അവയുടെ ഖണ്ഡനങ്ങളും സൂറത്ത് ഹിജ്റിന്ന് ശേഷമുള്ള വ്യാഖ്യാനക്കുറിപ്പിൽ കാണാം.)

وَأُدْخِلَ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ جَنَّٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ خَٰلِدِينَ فِيهَا بِإِذْنِ رَبِّهِمْ ۖ تَحِيَّتُهُمْ فِيهَا سَلَٰمٌ ﴿٢٣﴾

23 വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർ അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗങ്ങളിൽ പ്രവേശിക്കപ്പെടുകയും ചെയ്യും; തങ്ങളുടെ റബ്ബിൻെറ അനുമതി പ്രകാരം അതിൽ നിത്യവാസികളായിക്കൊണ്ട്. അതിൽ വെച്ച് അവരുടെ അഭിവാദ്യം 'സലാം' (സമാധാനശാന്തി) ആയിരിക്കും.

23 **وأُدخلَ** പ്രവേശിക്കപ്പെടുകയും ചെയ്യും. **الذين آمنوا** വിശ്വസിച്ചവർ. **وعملُوا** പ്രവർത്തിക്കുകയും ചെയ്ത. **الصالحات** സൽക്കർമ്മങ്ങൾ. **جنات** സ്വർഗ്ഗങ്ങളിൽ. **تجري** ഒഴുകുന്ന. **من تحتها** അവയുടെ അടിയിലൂടെ. **الأنهار** അരുവികൾ, നദികൾ. **خالدين** നിത്യവാസികളായിട്ട്. **فيها** അവയിൽ. **بِإِذْن** സമ്മത (അനുമതി) പ്രകാരം. **ربهم** അവരുടെ റബ്ബിന്റെ. **تحيتهم** അവരുടെ അഭിവാദ്യം. **فيها** അവയിൽവെച്ച്. **سلاَم** സലാമാകുന്നു, സമാധാനശാന്തിയായിരിക്കും.

നരകവാസികളായ ദുർജ്ജനങ്ങൾക്കു അവരുടെ സ്വന്തം ആൾക്കാരിൽ നിന്നുപോലും അറപ്പും വെറുപ്പും അനുഭവപ്പെടുമ്പോൾ, സ്വർഗ്ഗവാസികളായ സജ്ജനങ്ങൾക്കു എവിടെ വെച്ചും ലഭിക്കുന്നത് സ്വാഗതവും സമാധാനത്തിന്റെ അഭിവാദ്യങ്ങളുമായിരിക്കും. അല്ലാഹുവിൽ നിന്നും, മലക്കുകളിൽ നിന്നും സ്വർഗ്ഗവാസികളിൽ നിന്നുമെല്ലാം തന്നെ അതവർക്കു ലഭിച്ചുകൊണ്ടിരിക്കും. (13; 23, 24; 25:75; 36:58 മുതലായവ നോക്കുക.)

أَلَمْ تَرَ كَيْفَ ضَرَبَ ٱللَّهُ مَثَلًا كَلِمَةً طَيِّبَةً كَشَجَرَةٍ طَيِّبَةٍ أَصْلُهَا ثَابِتٌ وَفَرْعُهَا فِى ٱلسَّمَآءِ ﴿٢٤﴾

24 നീ കണ്ടില്ലേ, അല്ലാഹു എങ്ങിനെയാണ് ഒരു ഉപമ വിവരിച്ചിരിക്കുന്നതെന്ന്? അതായത്, നല്ല (വിശിഷ്ടമായ) ഒരു വാക്കിനെ നല്ല (വിശിഷ്ടമായ) ഒരു വൃക്ഷം പോലെ (ഉപമിച്ചത്) ! അതിന്റെ മുരട് ഉറച്ചു നിൽക്കുന്നതും, അതിന്റെ ശാഖ ആകാശത്തിലും [വളരെ ഉയർന്ന് നിൽക്കുന്നതും] ആകുന്നു:-

تُؤْتِىٓ أُكُلَهَا كُلَّ حِينٍۭ بِإِذْنِ رَبِّهَا ۗ وَيَضْرِبُ ٱللَّهُ ٱلْأَمْثَالَ لِلنَّاسِ لَعَلَّهُمْ يَتَذَكَّرُونَ ﴿٢٥﴾

25 അതിന്റെ റബ്ബിന്റെ ഉത്തരവ് പ്രകാരം അതിന്റെ കനി [ഫലങ്ങൾ] എല്ലാ സമയത്തും അത് നൽകിക്കൊണ്ടിരിക്കും. മനുഷ്യർ ഉറ്റാലോചിക്കുവാൻ വേണ്ടി അല്ലാഹു അവർക്ക് ഉപമകൾ വിവരിച്ചു കൊടുക്കുന്നു.

وَمَثَلُ كَلِمَةٍ خَبِيثَةٍ كَشَجَرَةٍ خَبِيثَةٍ ٱجْتُثَّتْ مِن فَوْقِ ٱلْأَرْضِ مَا لَهَا مِن قَرَارٍ ﴿٢٦﴾

26 ഒരു ദുഷിച്ചതായ (ചീത്ത) വാക്കിന്റെ ഉപമയാകട്ടെ,-ഭൂമിയുടെ മുകളിൽനിന്ന് (നിഷ് പ്രയാസം) പറിച്ചെടുക്കപ്പെടുന്ന ഒരു ദുഷിച്ചതായ (ചീത്ത) വൃക്ഷം പോലെയാകുന്നു;-അതിന് (സ്ഥിരമായി) ഒരു നിലനിൽപുമില്ല.

---

24 **ألم تر** നീ കണ്ടില്ലേ. **كيف** എങ്ങിനെ എന്ന്. **ضرب الله** അല്ലാഹു ആക്കി (വിവരിച്ചിരി) ക്കുന്നു. **مثلاً** ഒരു ഉപമ, ഉദാഹരണം. **كلمةً** അതായത് ഒരു വാക്കിനെ. **طيبةً** നല്ലതായ, വിശിഷ്ടമായ. **كشجرة** ഒരു വൃക്ഷം (മരം) പോലെ,. **طيبة** നല്ലതായ, വിശിഷ്ട. **أصلُها** അതിന്റെ മൂലം, മുരട്. **ثَابت** ഉറച്ചു (സ്ഥിരപ്പെട്ടു) നിൽക്കുന്നതാണ്. **وفرعها** അതിന്റെ ശാഖ (കൊമ്പ്) . **في السماء** ആകാശത്തിലുമാണ്.. 25 **تؤتي** അതു നൽകു. **أكُلَها** അതിന്റെ കനി, ഭോജ്യം. **كُل حِينٍ** എല്ലാ സമയത്തും. **بِإِذْنِ** അനുവാദപ്രകാരം. **ربها** അതിന്റെ റബ്ബിന്റെ. **ويضرب** ആക്കുന്നു (വിവരിക്കുന്നു) . **الله** അല്ലാഹു. **الأمثَالَ** ഉപമകളെ. **للناس** മനുഷ്യർക്ക്. **لعلهم** അവരാകുവാൻവേണ്ടി, ആയേക്കാം. **يتذكَّرونَ** അവർ ഉറ്റാലോചിക്കുക, ഓർമ്മിക്കുക. 26 **ومَثَلُ** ഉപമയാകട്ടെ. **كلمة خبيثَة** ചീത്ത(ദുഷിച്ച) വാക്കിന്റെ. **كشجرة** ഒരു വൃക്ഷം (മരം) പോലെയാകുന്നു. **خبيثَة** ദുഷിച്ച, ചീത്തയായ. **اجتثت** അതു പറിച്ചെടുക്കപ്പെടുന്നതാണ്. **من فَوق** മുകളിൽനിന്ന്. **الأرض** ഭൂമിയുടെ. **ما لها** അതിന്നില്ല. **من قرار** ഒരു സ്ഥിരതയും, നിലനിൽപും, ഉറപ്പും.

'നല്ല വാക്കു' (كلمة طيبة) എന്നും, 'ചീത്തവാക്കു'(كلمة خبيثة) എന്നും പൊതുവായി പറഞ്ഞിരിക്കകൊണ്ട് വിശിഷ്ടമായ തത്വങ്ങളും, ഉൽകൃഷ്ടമായ സാരങ്ങളും ഉൾക്കൊള്ളുന്ന എല്ലാ വാക്കുകളും 'നല്ല വാക്കി' ലും 'ദുഷിച്ച തത്വങ്ങളും, നികൃഷ്ടമായ സാരങ്ങളും ഉൾക്കൊള്ളുന്ന എല്ലാ വാക്കുകളും 'ചീത്തവാക്കി'ലും ഉൾപ്പെടുത്താവുന്നു. ഇസ് ലാമിൻെറ മുദ്രാവാക്യവും, തൗഹീദിൻെറ സാക്ഷ്യമൊഴിയുമായ لا إله إلا الله (അല്ലാഹു അല്ലാതെ ആരാധ്യനേ ഇല്ല) എന്ന വാക്യം നല്ല വാക്കുകളുടെ കൂട്ടത്തിൽ ഒന്നാം സ്ഥാനം വഹിക്കുന്നുവെന്നു നിസ്സംശയം പറയാം. നേരെമറിച്ചു ശിർക്കിൻെറയും, കുഫ്റിൻെറയും വാക്കുകൾ ചീത്തവാക്കുകളുടെ മുൻപന്തിയിലും നിൽക്കുന്നു. അതുപോലെത്തന്നെ 'നല്ല വൃക്ഷ'(شجرة طيبة) ത്തിൻെറയും 'ചീത്ത വൃക്ഷ' (شجرة خبيثة) ത്തിൻെറയും ചില വിശേഷതകൾ പറയപ്പെട്ടിട്ടുണ്ടെങ്കിലും അവകൊണ്ടുദ്ദേശിക്കപ്പെട്ട വൃക്ഷങ്ങൾ ഏതാണെന്നും വ്യക്തമാക്കപ്പെട്ടിട്ടില്ല. ആ സ്ഥിതിക്ക് കാറ്റ് മൂലമോ മറ്റോ പുഴങ്ങി വീഴാത്തവണ്ണം ഭൂമിയിൽ വേരുറച്ചു നിൽക്കുന്ന തടിമരവും, ഒടിഞ്ഞും മുറിഞ്ഞും പോകാതെ അന്തരീക്ഷത്തിൽ തല ഉയർത്തി നിൽക്കുന്ന ശാഖകളും മേൽതലപ്പുകളും ഉള്ളതും, തിന്നാൻ കൊള്ളുന്ന കായഫലങ്ങൾ എല്ലാകാലത്തും ലഭിക്കുന്നതുമായ എല്ലാ വൃക്ഷങ്ങളും 'നല്ല വൃക്ഷം' കൊണ്ടും, വേരു റപ്പില്ലാതെ മുകൾ മണ്ണിൽമാത്രം വേരുപടർന്നതും, നിഷ്പ്രയാസം പറിച്ചെടുക്കാവുന്നതും, വേഗത്തിൽ മിറഞ്ഞുവീഴുന്നതും, അതോടൊപ്പം തിന്നാൻ കൊള്ളാത്ത ഫലങ്ങൾ മാത്രം ഉണ്ടാകുന്നതുമായ എല്ലാ വൃക്ഷങ്ങളും 'ചീത്ത വൃക്ഷം' കൊണ്ടും ഉദ്ദേശി ക്കപ്പെടാവുന്നതാകുന്നു. والله اعلم

എങ്കിലും താഴെ ഉദ്ധരിക്കുന്ന ഹദീസുകളിൽ നിന്നു മനസ്സിലാക്കാവുന്നതുപോലെ, ഈത്തപ്പനവൃക്ഷം നല്ല വൃക്ഷങ്ങളിൽ പ്രഥമസ്ഥാനത്തു നിൽക്കുന്നു. ആട്ടങ്ങ (കാട്ടുവെള്ളരി) ച്ചെടി ചീത്തവൃക്ഷങ്ങളിൽ പ്രഥമസ്ഥാനത്തും നിൽക്കുന്നു. ഈത്തപ്പനയെ സംബന്ധിച്ചേടത്തോളം നല്ല വൃക്ഷത്തിനു അല്ലാഹു പറഞ്ഞ എല്ലാ ഗുണങ്ങളും പൂർത്തിയായിട്ടുണ്ടെന്നു പറയേണ്ടതില്ല. അതിൻെറ ഫലമാകട്ടെ, കുരുന്നുകാലം മുതൽ ഉണങ്ങി കാരക്കയാകുന്നതുവരെയുള്ള വിവിധ ദശകളിലായി എല്ലാ കാലത്തും ലഭ്യമാകുന്നതും ഹൃദ്യമായ ഭക്ഷ്യപദാർത്ഥവുമാകുന്നു. ആട്ടങ്ങയെ സംബന്ധിച്ചിടത്തോളം, ചീത്ത വൃക്ഷത്തെപ്പറ്റി പ്രസ്താവിച്ച ദോഷങ്ങളെല്ലാം അതിന്നുണ്ട്. പക്ഷേ, പ്രത്യക്ഷത്തിൽ അതൊരു 'വൃക്ഷ' മല്ലല്ലോ എന്നു പറയപ്പെടാം. എന്നാൽ, شجرة എന്ന വാക്കു സാധാരണ ഗതിയിൽ വൃക്ഷത്തിന്നാണു ഉപയോഗിക്കപ്പെടാറുള്ളതെങ്കിലും ചെറിയ ചെടികളെയും, വള്ളികളെയും ഉദ്ദേശിച്ചും അതു ചിലപ്പോൾ ഉപയോഗിക്കപ്പെടാറുണ്ടുതാനും.

സത്യവിശ്വാസവും അവിശ്വാസവും തമ്മിലും, സത്യവിശ്വാസിയും അവിശ്വാസിയും തമ്മിലുമുള്ള ഒരു താരതമ്യമാണ് ഈ ഉപമകളിൽ പ്രധാനമായും അടങ്ങിയിരിക്കുന്നത്. അതായതു, സത്യവിശ്വാസിയുടെ വിശ്വാസം അചഞ്ചലവും സ്ഥിരപ്രതിഷ്ഠിതവുമായിരിക്കും. അവൻെറ പ്രവൃത്തികൾ അതിനു സാക്ഷ്യം വഹിക്കുകയും ചെയ്യും. അവൻെറ കർമ്മങ്ങൾ അല്ലാഹുവിങ്കൽ സ്വീകാര്യമായതും ഇടമുറിയാതെ തുടർന്നുകൊണ്ടിരിക്കുന്നതുമായിരിക്കും. അവിശ്വാസിയുടെ അവിശ്വാസമാകട്ടെ, അടിയുറപ്പില്ലാത്തതും, കർമ്മങ്ങൾ ദുഷിച്ചതും, ഉപയോഗ്യശൂന്യവുമായിരിക്കും എന്നു ചുരുക്കം. ഇബ്നു ഉമർ (رضي الله عنه) പ്രസ്താവിക്കുന്നു: ഞങ്ങൾ റസൂൽ (ﷺ) തിരുമേനിയുടെ അടുക്കൽ ഇരിക്കുമ്പോൾ അവിടുന്നു ചോദിച്ചു: 'മുസ്ലീമായ മനുഷ്യനോടു സാമ്യമുള്ളതും, ഉഷ്ണകാലത്തും, ശൈത്യകാലത്തും ഇലകൊഴിഞ്ഞുപോകാത്തതും എല്ലാകാലത്തും റബ്ബിൻെറ ഉത്തരവനുസരിച്ചു കനി നൽകുന്നതുമായ ഒരു വൃക്ഷത്തെക്കുറിച്ച് നിങ്ങൾ വർത്തമാനം പറയുവിൻ.' അതു ഈത്തപ്പനയാണെന്നു എൻെറ മനസ്സിൽ തോന്നി. അബൂബക്കറും, ഉമറും (رضي الله عنهما) ഒന്നു പറയാതിരിക്കുന്നതായി ഞാൻ കണ്ടു. എന്നിരിക്കെ, ഞാനതു പറയുവാൻ മടിച്ചു. അവരാരും ഒന്നും പറയാതിരുന്നപ്പോൾ റസൂൽ (ﷺ) പറഞ്ഞു: 'അതു ഈത്തപ്പനയാണ്. ഞങ്ങൾ എഴുന്നേറ്റുപ്പോന്നപ്പോൾ ഞാൻ ഉമറിനോട് പറഞ്ഞു: ''പിതാവേ, അല്ലാഹുവാണ്! അതു ഈത്ത

പ്പനയാണെന്ന് എന്റെ മനസ്സിലുണ്ടായിരുന്നു'' അപ്പോൾ അദ്ദേഹം പറഞ്ഞു: ''നീ എന്തുകൊണ്ടതു പറഞ്ഞില്ല.?'' ഞാൻ പറഞ്ഞു: 'നിങ്ങളൊക്കെ ഒന്നും പറയുന്നതായി ഞാൻ കണ്ടില്ല. അതുകൊണ്ടു ഞാൻ വല്ലതും പറയുവാൻ മടിച്ചതാണ്.'' ഉമർ പറഞ്ഞു: ''അതു പറഞ്ഞതു നീ ആയിരുന്നുവെങ്കിൽ, എനിക്കു ഇന്നിന്നതൊക്കെ ലഭിക്കുന്നതിനെക്കാൾ ഇഷ്ടമായിരുന്നു.'' (ബു:മു) ചീത്ത വൃക്ഷം(شجرة خبيثة) എന്നു പറഞ്ഞതു ആട്ടങ്ങ (കാട്ടുവെള്ളരിയാണെന്നു നബി (ﷺ) പ്രസ്താവിച്ചതായി അനസുബ്നു മാലിക് (رحمه الله) ൽ നിന്നു ഇബ്നു അബീഹാതിമും, ഇബ്നു ജരീറും (رحمهم الله) മറ്റും ഉദ്ധരിച്ച ഒരു ഹദീസിലും വന്നിരിക്കുന്നു.

27 വിശ്വസിച്ചവരെ അല്ലാഹു ഐഹികജീവിതത്തിലും പരലോകത്തിലും (സ്ഥിരമായി) ഉറച്ചു നിൽക്കുന്ന വാക്കുകൊണ്ട് ഉറപ്പിച്ചു നിറുത്തുന്നതാണ്. അക്രമികളെ അല്ലാഹു വഴിപിഴവിലാക്കുകയും ചെയ്യും; താൻ എന്ത് ഉദ്ദേശിക്കുന്നുവോ അത് അല്ലാഹു ചെയ്യുന്നതുമാണ്.

يُثَبِّتُ ٱللَّهُ ٱلَّذِينَ ءَامَنُوا۟ بِٱلْقَوْلِ ٱلثَّابِتِ فِى ٱلْحَيَوٰةِ ٱلدُّنْيَا وَفِى ٱلْـَٔاخِرَةِ ۖ وَيُضِلُّ ٱللَّهُ ٱلظَّـٰلِمِينَ ۚ وَيَفْعَلُ ٱللَّهُ مَا يَشَآءُ ﴿٢٧﴾

---

27 **يثبت الله** അല്ലാഹു ഉപ്പിക്കും, സ്ഥിരപ്പെടുത്തും. **الذين آمنوا** വിശ്വസിച്ചവരെ. **بالقول** വാക്യം (വാക്ക്) കൊണ്ട്. **الثابت** ഉറച്ചതായ, സ്ഥിരമായ. **في الحياة الدنيا** ഐഹിക ജീവിതത്തിൽ. **وفي الآخرة** പരലോകത്തിലും. **ويضل الله** അല്ലാഹു വഴിപിഴവിലാക്കുകയും ചെയ്യും. **الظالمين** അക്രമികളെ. **ويفعل الله** അല്ലാഹു ചെയ്യുന്നതുമാണ്. **ما يشاء** അവൻ ഉദ്ദേശിക്കുന്നത്.

അഖില വസ്തുക്കളും അല്ലാഹുവിന്റെ സൃഷ്ടിയും, അവന്റെ അധികാരത്തിലും നിയന്ത്രണത്തിലും ഉൾപ്പെട്ടതുമായിരിക്കെ, അവൻ ഉദ്ദേശിച്ചതൊന്നും ചെയവാൻ അവനു തികച്ചും അധികാരവും ന്യായവുമുണ്ട്. لايسأل عما يفعل وهم يسألون (അവൻ ചെയ്യുന്നതിനെപ്പറ്റി അവനോടു ചോദ്യം ചെയ്യപ്പെടുകയില്ല. അവരാകട്ടെ, ചോദ്യം ചെയ്യപ്പെടുകയും ചെയ്യും) പക്ഷേ നീതിയുക്തമല്ലാത്തതൊന്നും തന്നെ അല്ലാഹു ചെയ്കിയില്ലെന്നുള്ളതിൽ സംശയമില്ല. ولا يظلم ربك أحدا (നിന്റെ റബ്ബ് ഒരാളോടും ആക്രമം ചെയ്കയില്ല) وما لله يريد ظلما للعالمين (അല്ലാഹു ലോകരെ ആക്രമിക്കുവാൻ ഉദ്ദേശിക്കുന്നില്ല.) എന്നിരിക്കെ, അവൻ ഉദ്ദേശിക്കുന്നത് അവൻ ചെയ്യുമെന്നു പറഞ്ഞതിന്റെ താൽപര്യം മനസ്സിലാക്കുവാൻ പ്രയാസമില്ല. ഇത്തരം വിഷയങ്ങളെപ്പറ്റി ഒന്നിലധികം പ്രാവശ്യം നാം മുമ്പു ഉണർത്തിയിട്ടുള്ളതുമാകുന്നു. കൂടുതൽ അറിയാനാഗ്രഹിക്കുന്നവർ സൂ: ഹദീദിന് ശേഷമുള്ള 'ഖളാഖദ്ർ' എന്ന വ്യാഖ്യാനക്കുറിപ്പും നോക്കിക്കൊള്ളട്ടെ.

കഴിഞ്ഞ വചനത്തിൽ നല്ല വാക്കിന്റെ ഉപമ വിവരിച്ചശേഷം, അതിന്റെ വക്താക്കളും ആൾക്കാരുമായ ആളുകൾക്കു ഇഹത്തിലാകട്ടെ, പരത്തിലാകട്ടെ, ഒരു ചാഞ്ചല്യവും വ്യതിയാനവും വരാതെ അല്ലാഹു കാത്തുസൂക്ഷിക്കുമെന്നും, അവരെ അതിൽ ഉറപ്പിച്ചുനിറുത്തുമെന്നും ഈ വചനം മുഖേന അല്ലാഹു വാഗ്ദാനം ചെയ്യുന്നു. ഏതു പരീക്ഷണഘട്ടം നേരിട്ടാലും ഒരു സത്യവിശ്വാസി അവന്റെ വിശ്വാസം കൈവിടുകയില്ലെന്ന് ഉറപ്പിച്ചു പറയാം. ഇസ് ലാമിന്റെ ആരംഭഘട്ടത്തിൽ നടന്നിട്ടുള്ള എത്രയോ സംഭവങ്ങൾ-വിശേഷിച്ചും ബിലാൽ, സ്വുഹൈബ് (رضي الله عنهما) പോലെ ആദ്യകാല വിശ്വാസികളായവരുടെ സംഭവങ്ങൾ ഇതിനു മതിയായ തെളിവാകുന്നു. പരലോകത്ത് വെച്ച് ചോദ്യം ചെയ്യപ്പെടുമ്പോഴും, അവർ ഉത്തരം മുട്ടുകയോ പരിഭവിക്കേണ്ടി വരികയോ ചെയ്കയില്ല. ഐഹികജീവിതം അവസാനിച്ചശേഷം, പുനരുത്ഥാനം വരെയുള്ള ഇടക്കാലത്തു ഖബ്റുകളിൽ വെച്ചുണ്ടാകുന്ന ചോദ്യവേളയിലും അങ്ങിനെത്തന്നെ, നബി (ﷺ) പല ഹദീസുകളിലും വ്യക്തമായി പ്രസ്താവിച്ചതുപോലെ, ഖബ്റുകളിൽ വെച്ചു മലക്കുകളുടെ

ചോദ്യം ഉണ്ടാകുമ്പോഴും യാതൊരു ചാഞ്ചല്യവും പരിഭ്രമവും കൂടാതെ മറുപടി നൽകുവാൻ അവർക്കു കഴിയും.

നബി (ﷺ) പറഞ്ഞതായി ബറാഉബ്നു ആസിബ് (براء بن عازب – رض) ഉദ്ധരിക്കുന്നു: 'ഖബ്റിൽവെച്ച് മുസ്ലിമിനോടു ചോദ്യം നടക്കുമ്പോൾ, അല്ലാഹു അല്ലാതെ ഇലാഹില്ലെന്നും, മുഹമ്മദ് അല്ലാഹുവിന്റെ റസൂലാണെന്നും അവൻ സാക്ഷ്യപ്പെടുത്തും. അതാണ് അല്ലാഹു يثبت الله الذين آمنوا – الى قوله وفى الآخرة എന്നു പറഞ്ഞത്. '' (ബുഖാരിയും മുസ് ലിമും അടക്കം പലരും നിവേദനം ചെയ്ത ഹദീസാണിത്) ഖബ്റിലെ ചോദ്യത്തെ സ്ഥാപിക്കുന്ന അനേകം ഹദീസുകൾ നിലവിലുണ്ട്. അവയിൽ പലതിലും ഈ വചനം അതിനൊരു തെളിവായി നബി (ﷺ) ഉദ്ധരിച്ചു കാണാം. പക്ഷേ, ചിലർ ധരിക്കാറുള്ളതുപോലെ, ഈ വചനം സത്യവിശ്വാസികൾ ഖബ്റിൽവെച്ച് ചോദ്യം ചെയ്യുമ്പോഴത്തെ അവസ്ഥയെ മാത്രം ഉദ്ദേശിച്ചുകൊണ്ടുള്ള താണെന്നല്ല ആ ഹദീസുകളുടെ താൽപര്യം. ഇഹത്തിലും പരത്തിലും അല്ലാഹു സത്യവിശ്വാസിയെ പതറാതെ ഉറപ്പിച്ചു നിറുത്തുമെന്നു പറഞ്ഞതിൽ ഖബ്റിലെ ജീവിതത്തിലെ ഉറപ്പിച്ചു നിറുത്തലും ഉൾപ്പെടുന്നതാണെന്നു വ്യക്തമാക്കുകയാണ് നബി (ﷺ) ചെയ്തിരിക്കുന്നത്. الله اعلم (ഖബ്റിലെ സ്ഥിതിഗതികൾ സൂ: യാസീനുശേഷമുള്ള വ്യാഖ്യാനക്കുറിപ്പിൽ വിവരിച്ചിരിക്കുന്നു.)

വിഭാഗം-5

۞ أَلَمْ تَرَ إِلَى ٱلَّذِينَ بَدَّلُوا۟ نِعْمَتَ ٱللَّهِ كُفْرًا وَأَحَلُّوا۟ قَوْمَهُمْ دَارَ ٱلْبَوَارِ ﴿٢٨﴾

28 യാതൊരു കൂട്ടരുടെ നേരെ നീ(നോക്കി) കണ്ടില്ലേ?- അല്ലാഹുവിന്റെ അനുഗ്രഹത്തെ അവർ അവിശ്വാസമാക്കി മാറ്റിമറിക്കുകയും, തങ്ങളുടെ ജനങ്ങളെ അവർ നാശ(നഷ്ട) ത്തിന്റെ ഭവനത്തിൽ ഇറ(ക്കിത്താമസിപ്പി) ക്കുകയും ചെയ്തിരിക്കുന്നു!-

جَهَنَّمَ يَصْلَوْنَهَا ۖ وَبِئْسَ ٱلْقَرَارُ ﴿٢٩﴾

29 അതായത് 'ജഹന്നമി'ൽ[നരകത്തിൽ]. അവരതിൽ കടന്നെരിയുന്നതാണ്; (ആ) താവളം എത്രയോ ചീത്തയും!

وَجَعَلُوا۟ لِلَّهِ أَندَادًا لِّيُضِلُّوا۟ عَن سَبِيلِهِۦ ۗ قُلْ تَمَتَّعُوا۟ فَإِنَّ مَصِيرَكُمْ إِلَى ٱلنَّارِ ﴿٣٠﴾

30 അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്ന്(ജനങ്ങളെ) വഴിപിഴപ്പിക്കുവാനായി അവർ അവന് ചില സമൻമാരെ ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. പറയുക: ''നിങ്ങൾ സുഖം അനുഭവിച്ചുകൊള്ളുവിൻ! എന്നാൽ, നിങ്ങ ളുടെ വന്നുചേരൽ (അഥവാ തിരിച്ചുവരവ്) നരകത്തിലേക്കായിരിക്കും.''

---

28 **ألَمْ تر** നീ (നോക്കി) കണ്ടില്ലേ. **إلى الذين** യാതൊരുവരിലേക്ക്. **بدلوا** അവർ മാറ്റി മറിച്ചു. **نِعمةَ الله** അല്ലാഹുവിന്റെ അനുഗ്രഹത്തെ. **كُفْرًا** അവിശ്വാസമായി. **وأحلوا** അവർ ഇറക്കിവെക്കുകയും ചെയ്തു. **قَومهم** അവരുടെ ജനങ്ങളെ. **دار البَوار** നാശത്തിന്റെ ഭവനത്തിൽ (വീട്ടിൽ) . 29 **جهنم** അതായത് ജഹന്നമിൽ. **يصلونها** അവരതിൽ കടന്നെരിയും, എരിഞ്ഞുകൊണ്ട്. **وبِئْسَ** എത്രയോ ചീത്ത, വളരെ മോശവും. **القَرار** (ആ) താവളം, തങ്ങൽ. 30 **وجعلوا** അവർ ആക്കുക (ഏർപ്പെടുത്തുക-ഉണ്ടാക്കുക) യും ചെയ്തു. **لله** അല്ലാഹുവിന്. **أندادا** ചില സമൻമാരെ. **ليضلوا** അവർ വഴിപിഴപ്പിക്കുവാൻവേണ്ടി. **عن سبيله** അവന്റെ മാർഗ്ഗത്തിൽനിന്ന്. **قُلْ** പറയുക. **تمتعوا** നിങ്ങൾ അനുഭവമെടുത്തു

(സുഖം അനുഭവിച്ചു) കൊള്ളുവിൻ. **فَإِن مصيركُم** എന്നാൽ നിങ്ങളുടെ ചെന്നുചേരൽ, തിരിച്ചെത്തൽ, ആയിത്തീരൽ, മടക്കം. **إِلَى النار** നരകത്തിലേക്കാണ്.

മക്കാമുശ്‌രിക്കുകളെക്കുറിച്ചാണ് പ്രസ്താവിക്കുന്നത്. അല്ലാഹു അവർക്കു നാടിന്റെ നേതൃത്വം നൽകി. യുദ്ധഭീതിയോ മറ്റോ കൂടാതെ സമാധാനപൂർവ്വം മറ്റു പ്രദേശങ്ങളിൽ ജീവിക്കുവാനുള്ള സൗകര്യവും നൽകി. അവരിൽനിന്നൊരു റസൂലിനെയും എഴുന്നേൽപിച്ചുകൊടുത്തു. ഒരു വേദഗ്രന്ഥവും അവരിൽ ഇറക്കി. ഇങ്ങിനെയുള്ള അനുഗ്രഹങ്ങൾക്കൊക്കെ നന്ദി കാണിക്കുന്നതിനുപകരം, അവർ കുഫ്‌റിന്റെയും, ശിർക്കിന്റെയും മാർഗ്ഗത്തിൽ വിനിയോഗിക്കുകയും, മറ്റുള്ളവരെക്കൂടി വഴിതെറ്റിക്കുകയുമാണവർ ചെയ്തത്. അങ്ങനെ അവർ പിഴക്കുകയും മറ്റുള്ളവരെ വഴിപിഴപ്പിച്ചു നരകാവകാശികളാക്കുകയും ചെയ്തു. അതുകൊണ്ടു കുറച്ചുനാൾകൂടി അവർക്കു സ്വൈരവിഹാരം കൊള്ളാമെങ്കിലും ഒടുക്കം നരകത്തിലേക്കായിരിക്കും അവർ ചെന്നെത്തുക. ഈ ധിക്കാര ജീവിതം ഇനി അധികനാൾ നീണ്ടുനിൽക്കുകയില്ല എന്നു സാരം. ഈ താക്കീതു പ്രഥമമായി അഭിമു ഖികരിക്കുന്നതു ഈ സൂറത്തു അവതരിക്കുമ്പോഴത്തെ മുശ് രിക്കുകളെയാണെങ്കിലും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ദുരപയോഗപ്പെടുത്തി അവിശ്വാസം നിലനിർത്തുവാൻ മിനക്കെടുന്ന എല്ലാ ധിക്കാരികൾക്കും ബാധകം തന്നെ.

قُل لِّعِبَادِيَ ٱلَّذِينَ ءَامَنُواْ يُقِيمُواْ ٱلصَّلَوٰةَ وَيُنفِقُواْ مِمَّا رَزَقۡنَٰهُمۡ سِرًّا وَعَلَانِيَةً مِّن قَبۡلِ أَن يَأۡتِيَ يَوۡمٌ لَّا بَيۡعٌ فِيهِ وَلَا خِلَٰلٌ ﴿٣١﴾

31 (നബിയേ) വിശ്വസിച്ചവരായ എന്റെ അടിയാൻമാരോട് പറയുക: അവർ നമസ്കാരം നിലനിറുത്തുകയും, നാം അവർക്ക് നൽകിയിട്ടുള്ളതിൽനിന്ന് രഹസ്യമായും പരസ്യമായും ചിലവഴിക്കുകയും ചെയ്യട്ടെ ;- ക്രയ വിക്രയമാകട്ടെ ചങ്ങാത്തമാകട്ടെ ഇല്ലാത്തതായ ഒരു ദിവസം വരുന്നതിനു മുമ്പായി.

---

31 **قُل** പറയുക. **لعبادي** എന്റെ അടിയാൻമാരോട്. **الذين آمنوا** വിശ്വസിച്ചവരായ. **يقيموا** അവർ നിലനിറുത്തട്ടെ. **الصلاةَ** നമസ്കാരത്തെ. **وينفقُوا** അവർ ചിലവഴിക്കയും. **مما رزقْناهم** നാമവർക്ക് നൽകിയതിൽനിന്ന്. **سرا** രഹസ്യമായി. **وعلانِيةً** പരസ്യമായും. **من قبل** മുമ്പ്. **أن يأتي** വരുന്നതിന്റെ. **يوم** ഒരു ദിവസം. **لا بيع** വൽപന (ക്രയവിക്രയം-കൊള്ളക്കൊടുതി) ഇല്ല. **فيه** അതിൽ. **ولا خلالٌ** ചങ്ങാത്തവുമില്ല.

അഥവാ ഖിയാമത്തുനാൾ വരുന്നതിനു മുമ്പു എന്നർത്ഥം. സത്യവിശ്വാസം സ്വീകരിച്ചാൽ പിന്നെ അനുഷ്ഠിക്കുവാനുള്ള സദാചാര കർമ്മങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട രണ്ടു കർമ്മ ങ്ങളാണല്ലോ നമസ്കാരവും, ദാനധർമ്മവും. നമസ്കാരത്തെപ്പറ്റി പ്രസ്താവിക്കുന്ന മിക്ക സ്ഥലങ്ങളിലും ദാനധർമ്മങ്ങളെക്കുറിച്ചും അതോടൊപ്പം പ്രസ്താവിക്കുക ഖുർആന്റെ പതിവാകുന്നു. നല്ല കർമ്മങ്ങൾ വഴിയല്ലാതെ, എന്തെങ്കിലും പ്രതിഫലമോ മോചനമൂല്യമോ നൽകിയോ, അല്ലെങ്കിൽ സ്നേഹ താൽപര്യങ്ങളുടെ സ്വാധീനം കൊണ്ടോ രക്ഷകിട്ടാത്ത ദിവസമാണ് ഖിയാമത്ത് നാൾ. അതുകൊണ്ടു അന്നേക്കുവേണ്ടി ഈ ജീവിതത്തിൽ വെച്ചു തന്നെ സമ്പാദിക്കണമെന്നു സാരം. രഹസ്യമായും പരസ്യമായും ധനം ചിലവഴിക്കുവാൻ കൽപിച്ചതിന്റെ ഉദ്ദേശ്യവും മറ്റും 2:274; 13:22; 35:29 എന്നിവിടങ്ങളിൽ വിവരിച്ചതു നോക്കുക.

ٱللَّهُ ٱلَّذِي خَلَقَ ٱلسَّمَٰوَٰتِ وَٱلۡأَرۡضَ وَأَنزَلَ

32 അല്ലാഹുവത്രെ, ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചവൻ; ആകാശത്തു നിന്ന് അവൻ വെള്ളം [മഴ] ഇറക്കുകയും,

مِنَ ٱلسَّمَآءِ مَآءً فَأَخۡرَجَ بِهِۦ مِنَ ٱلثَّمَرَٰتِ رِزۡقًا لَّكُمۡۖ وَسَخَّرَ لَكُمُ ٱلۡفُلۡكَ لِتَجۡرِيَ فِي ٱلۡبَحۡرِ بِأَمۡرِهِۦۖ وَسَخَّرَ لَكُمُ ٱلۡأَنۡهَٰرَ ﴿٣٢﴾

എന്നിട്ട് നിങ്ങൾക്ക് ഉപജീവനത്തിനു വേണ്ടി അതു മൂലം ഫലവർഗ്ഗങ്ങളിൽ നിന്നും (പലതും) ഉൽപാദിപ്പിക്കുകയും ചെയ്തിരിക്കുന്നു: സമുദ്രത്തിൽ അവൻെറ കൽപന പ്രകാരം കപ്പലുകൾ സഞ്ചരിക്കുവാൻ വേണ്ടി അവയെ നിങ്ങൾക്ക് വിധേയമാക്കിത്തരുകയും ചെയ്തിരിക്കുന്നു; നിങ്ങൾക്ക് നദികളെയും അവൻ വിധേയമാക്കിത്തന്നിരിക്കുന്നു.

وَسَخَّرَ لَكُمُ ٱلشَّمۡسَ وَٱلۡقَمَرَ دَآئِبَيۡنِۖ وَسَخَّرَ لَكُمُ ٱلَّيۡلَ وَٱلنَّهَارَ ﴿٣٣﴾

33 പതിവായി (സഞ്ചരിച്ചു) കൊണ്ടിരിക്കുന്ന നിലയിൽ, സൂര്യനെയും, ചന്ദ്രനെയും അവൻ നിങ്ങൾക്ക് വിധേയമാക്കിത്തന്നിരിക്കുന്നു; രാത്രിയെയും, പകലിനെയും നിങ്ങൾക്കവൻ വിധേയമാക്കിത്തന്നിരിക്കുന്നു;

وَءَاتَىٰكُم مِّن كُلِّ مَا سَأَلۡتُمُوهُۚ وَإِن تَعُدُّواْ نِعۡمَتَ ٱللَّهِ لَا تُحۡصُوهَآۗ إِنَّ ٱلۡإِنسَٰنَ لَظَلُومٞ كَفَّارٞ ﴿٣٤﴾

34 (എന്നുവേണ്ടാ) നിങ്ങൾ അവനോട് (ആവശ്യപ്പെട്ടു) ചോദിച്ച എല്ലാറ്റിൽ നിന്നും അവൻ നിങ്ങൾക്ക് നൽകുകയും ചെയ്തിരിക്കുന്നു. അല്ലാഹുവിൻെറ അനുഗ്രഹത്തെ നിങ്ങൾ എണ്ണുന്നപക്ഷം, നിങ്ങൾ അത് കണക്കാ ക്കുകയില്ല. [അതിന് സാധ്യമല്ല] നിശ്ചയമായും മനുഷ്യൻ, അക്രമകാരിയും, (വളരെ) നന്ദി കെട്ടവനും തന്നെ!

---

32 **اللهُ** അല്ലാഹുവത്രെ. **الذي خلق** സൃഷ്ടിച്ചവൻ. **السماوات** ആകാശങ്ങളെ. **والأرض** ഭൂമിയെയും. **وأنزلَ** അവൻ ഇറക്കുകയും ചെയ്തു. **من السماءِ** ആകാശത്തുനിന്ന്. **ماءً** വെള്ളം. **فأخرجَ به** എന്നിട്ടതുമൂലം (അതുകൊണ്ട്) പുറപ്പെടുവിച്ചു (ഉൽപാദിപ്പിച്ചു) . **من الثمرات** ഫലവർഗ്ഗങ്ങളിൽ നിന്ന്. **رزقًا** ഉപജീവനമായിട്ട്, ആഹാരത്തെ. **لكُم** നിങ്ങൾക്ക്. **وسخر** അവൻ കീഴ്പ്പെടുത്തുക (വിധേയമാക്കുക) യും ചെയ്തു. **لكُم** നിങ്ങൾക്ക്. **الفُلك** കപ്പലുകളെ. **لتجري** അവ നടക്കു (സഞ്ചരിക്കു) വാൻവേണ്ടി. **في البحر** സമുദ്രത്തിൽ. **بأمره** അവൻെറ കൽപ്പനപ്രകാരം. **وسخر لكُم** നിങ്ങൾക്ക് വിധേയമാക്കുകയും ചെയ്തു. **الأنهار** നദി (പുഴ-അരുവി) കളെ. 33 **وسخر لكُم** നിങ്ങൾക്ക് വിധേയമാക്കുകയും ചെയ്തു. **الشمس** സൂര്യനെ. **والقمر** ചന്ദ്രനെയും. **دائبين** (രണ്ടും) പതിവായ നിലയിൽ. **وسخر لكُم** നിങ്ങൾക്കു വിധേയമാക്കുകയും ചെയ്തു. **الليلَ** രാവിനെ (രാത്രിയെ) . **والنهار** പകലിനെയും. 34 **وآتاكُم** നിങ്ങൾക്കവൻ നൽകുകയും ചെയ്തു. **من كُلِّ** എല്ലാറ്റിൽനിന്നും. **ما سألتموه** അവനോട് നിങ്ങൾ ചോദിച്ചതായ. **وإن تعدوا** നിങ്ങൾ എണ്ണുന്നപക്ഷം. **نِعمةَ اللهِ** അല്ലാഹുവിൻെറ അനുഗ്രഹത്തെ. **لا تحصوها** നിങ്ങളതിനെ ക്ലിപ്തപ്പെടുത്തുക (കണക്കാക്കുക) യില്ല. **إن الإنسانَ** നിശ്ചയമായും മനുഷ്യൻ. **لظلوم** അക്രമകാരിതന്നെയാണ്. **كفار** (വളരെ) നന്ദികെട്ടവനാണ്.

ബുദ്ധിപരമായി അങ്ങേഅറ്റം താഴെകിടയിലുള്ളവരും, ഇങ്ങേഅറ്റം മേലേകിടയി ലു ള്ളവരും വ്യത്യാസമില്ലാതെ എല്ലാവരും നിത്യേന കണ്ടും അനുഭവിച്ചും കൊണ്ടിരിക്കുന്നവയും, അല്ലാഹുവിൻെറ പരമമായ കഴിവിനെയും, സൃഷ്ടിവൈഭവത്തെയും, കൈകാര്യ നിയ ന്ത്രണത്തെയും സാക്ഷീകരിച്ചുകൊണ്ടിരിക്കുന്നവയും, അവൻെറ ഏകത്വത്തെയും, കൃപാകടാക്ഷത്തെയും വിളിച്ചോതികൊണ്ടിരിക്കുന്നവയുമായ കുറെ ദൃഷ്ടാന്തങ്ങളും, നിത്യാ നുഗ്രഹങ്ങളുമാണ് ഈ വചന

ങ്ങളിൽ അല്ലാഹു മനുഷ്യരെ ഓർമ്മിപ്പിക്കുന്നത്. പ്രഥമ വീക്ഷണത്തിൽ തന്നെ ഗ്രഹിക്കാവുന്ന ഇതെല്ലാം അനുഭവത്തിലുണ്ടായിരുന്നിട്ടും മനുഷ്യൻ അല്ലാഹു അല്ലാത്തവരെ ദൈവങ്ങളാക്കി ആരാധിച്ചും, അവൻെറ കൽപനാ നിർദ്ദേശങ്ങൾ അതിലംഘിച്ചും, അവൻെറ അനുഗ്രഹങ്ങൾക്കു നന്ദികേടു കാണിച്ചും കൊണ്ടിരിക്കുന്നത് അങ്ങേഅറ്റം അനീതിയും കൂറില്ലായ്മയുമാണെന്നു താൽപര്യം.

മേൽപറഞ്ഞ വസ്തുക്കളെയെല്ലാം നിങ്ങൾക്കു വിധേയമാക്കിത്തന്നിട്ടുണ്ടെന്നു പറഞ്ഞതിൻെറ താൽപര്യം, മനുഷ്യൻെറ ആവശ്യങ്ങൾക്കും ജീവിതസമ്പ്രദായത്തിനും ഉപ യുക്തമായ നിലയിൽ അവയുടെ നിയന്ത്രണവും കൈകാര്യവും അവൻ നടത്തിക്കൊണ്ടിരിക്കുന്നുവെന്നും, ഓരോന്നിനും അവൻ നിശ്ചയിച്ചുവെച്ചിട്ടുള്ള വ്യവസ്ഥകളും, അവയുടെ ഫലങ്ങളും മനുഷ്യനു അനുകൂലമായിട്ടാണിരിക്കുന്നതെന്നുമാകുന്നു. സൂര്യ ചന്ദ്രൻമാരെയോ, രാപ്പകലുകളെയോ മനുഷ്യനു അവൻെറ ഇഷ്ടം പോലെ മാറ്റിമറിക്കുവാനോ, അവർക്കു ഇഷ്ടാനുസരണം പുതിയ ഒരു വ്യവസ്ഥ ഏർപ്പെടുത്തുവാനോ മനുഷ്യനു കഴിയുമെന്നല്ല അർത്ഥം. എന്നാൽ, ചന്ദ്രനിലോ സൂര്യനിൽതന്നെയോ മനുഷ്യൻ പോയിവരുകയോ, നിരീക്ഷണ പരീക്ഷണങ്ങൾ നടത്തുകയോ അങ്ങനെ അവമൂലം മുമ്പില്ലാത്ത വല്ല അറി വുകളും പ്രയോജനങ്ങളും സിദ്ധിക്കുമാറുള്ള വല്ല കണ്ടുപിടിത്തങ്ങളും കണ്ടുപി ടിക്കുകയോ ചെയ്യുന്നതിനുള്ള സാധ്യതയെ ഈ വചനങ്ങളോ, ഇതുപോലെയുള്ള മറ്റുവചനങ്ങളോ നിഷേധിക്കുന്നില്ലതാനും. അതിനുള്ള വിരോധവും ഇതിലില്ലല്ലോ.

സൂ: ലുഖ്മാനിൽ അല്ലാഹു പറയുന്നു: ألم تر ان الله سخر لكم مافى السموات ......نعمه ظاهرة وباطنة (സാരം: ആകാശങ്ങളിലും ഭൂമിയലുമുള്ളതിനെ അല്ലാഹു നിങ്ങൾക്കു വിധേയമാക്കിത്തരുകയും, അവൻെറ അനുഗ്രഹങ്ങൾ നിങ്ങൾക്കവൻ പ്രത്യക്ഷമായും പരോക്ഷമായും വിശാലമാക്കിത്തരുകയും ചെയ്തിരിക്കുന്നതു നീ കണ്ടില്ലേ?! (31;20) അപ്പോൾ, ഉപരിയാകാശത്തിലോ, ഭൂമിയിലോ, മുമ്പില്ലാത്ത നിരീക്ഷണപരീക്ഷണങ്ങൾ നടത്തുകയും, ആ വഴിക്കു അവയിൽ നിന്നു മുമ്പില്ലാത്ത വല്ല പ്രയോജനങ്ങളും നേടിയെടുക്കുകയും മനുഷ്യൻ ചെയ്യുന്നുവെങ്കിൽ അതു അല്ലാഹുവിൻെറ ഈ വിധേയമാക്കലിൽ ഉൾപ്പെട്ടതുതന്നെയാകുന്നു. പ്രത്യക്ഷമായും, പരോക്ഷമായും അവൻെറ അനുഗ്രഹങ്ങളെ അവൻ വിശാലപ്പെടുത്തി ത്തന്നിരിക്കുന്നുവെന്നു ഈ വചനത്തിൽ പ്രസ്താവിച്ചിരിക്കുന്നതു പ്രത്യേകം സ്മരണീയമത്രെ.

وأتاكم من كل ما سألتموه (നിങ്ങൾ അവനോടു ചോദിച്ച എല്ലാറ്റിൽ നിന്നും അവൻ നിങ്ങൾക്കു നൽകുകയും ചെയ്തിരിക്കുന്നു) എന്ന വാക്യത്തിൻെറ സാരം, നിങ്ങൾക്കാവശ്യവും പ്രയോജനകരവുമായ വസതുക്കളിൽ നിന്നെല്ലാം തന്നെ ഒരു വ്യവസ്ഥയനുസരിച്ചു അവൻ നൽകിയിട്ടുണ്ട് എന്നാകുന്നു. എന്നല്ലാതെ, മനുഷ്യർ, വായകൊണ്ടു ചോദിച്ചതെല്ലാം നൽകിയെന്നല്ല ഉദ്ദേശ്യം. മനുഷ്യൻ വാക്കുമൂലം ചോദിക്കാത്ത എത്രയോ അനുഗ്രഹങ്ങൾ അല്ലാഹു അവന്നു നൽകിക്കൊണ്ടിരിക്കുന്നതും, മനുഷ്യൻ ചോദിക്കുന്ന പല കാര്യങ്ങളും അവനു സിദ്ധിക്കാതിരിക്കുന്നതും, വ്യക്തമാണല്ലോ. وإن تعدوا نعمة الله لا تحصوها (അല്ലാഹുവിൻെറ അനുഗ്രഹത്തെ നിങ്ങൾ എണ്ണുന്നപക്ഷം അതു നിങ്ങൾ കണക്കാക്കുകയില്ല) എന്ന വാക്യത്തിനു യാതൊരു വിശദീകരണവും ആവശ്യമില്ല. ഒരു മനുഷ്യൻ അവൻെറ ജീവിതകാലം മുഴുവനും വിനിയോഗിച്ചാലും അവനു അല്ലാഹു ചെയ്തുകൊടുത്ത അനുഗ്രഹങ്ങളെ ശരിക്കും എണ്ണിത്തീർക്കുവാൻ അവനു സാധ്യമാകുകയില്ല. പിന്നെയല്ലേ, മനുഷ്യർക്കു പൊതുവെയുള്ള അനുഗ്രഹങ്ങൾ കണക്കാക്കുന്നു?! ഇമാംശാഫിഈ (رحمه الله) പ്രസ്താവിച്ചതായി നിവേദനം ചെയ്യപ്പെടുന്ന ഒരു സ്തുതിവാക്യം ഈ യാഥാർത്ഥ്യത്തിലേക്കു വിരൽ ചൂണ്ടുന്നു. അതിങ്ങനെയാണ്; الحمد لله الذى لايؤدى شكر نعمةمن نعمةالا بنعمة حادثة توجب على مؤديها شكره بها (സാരം: അല്ലാഹുവിനു സർവ്വ സ്തുതിയും! അവൻെറ അനുഗ്രഹങ്ങളിൽ ഒന്നിന്നും തന്നെ നന്ദി നിർവ്വഹിക്കുന്നതായാൽ അതു നിർവ്വഹിക്കുന്നവൻ അവനു നന്ദി ചെയ്വാൻ

കടമപ്പെ ടുന്നവിധം ഒരു പുതിയ അനുഗ്രഹം കൂടി ലഭിച്ചുകൊണ്ടല്ലാതെ നന്ദി കാണിക്കുവാൻ കഴിയുകയില്ല. അങ്ങിനെയുള്ളവനാണവൻ-അതെ, അല്ലാഹു)

യഥാർത്ഥം ഇങ്ങിനെയിരിക്കെ, അല്ലാഹുവിൽ വിശ്വസിക്കാതെയും, അവനു പങ്കുകാരെയും സമൻമാരെയും സങ്കൽപിച്ചും, അവൻെറ വിധിവിലക്കുകൾ അവഗണിച്ചുകൊണ്ടു കഴിഞ്ഞുകൂടുന്ന മനുഷ്യൻ കടുത്ത ആക്രമിയല്ലേ? നന്ദികെട്ടവനല്ലേ?! അതെ, അവൻ കടുത്ത ആക്രമിയും വളരെ നന്ദികെട്ടവനും തന്നെ. (ان الانسان لظلوم كفار) മനുഷ്യൻെറ പൊതുവിലുള്ള അവസ്ഥയാണ് അല്ലാഹു ഇപ്പറഞ്ഞത്. മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നു: ''എൻെറ അടിയാൻമാരിൽനിന്നും നന്ദിയുള്ളവർ കുറവാകുന്നു''. (وقليل من عبادى الشكور) അല്ലാഹുവിൻെറ കണക്കറ്റ അനുഗ്രഹങ്ങൾക്കു നന്ദി കാണിക്കുന്ന നല്ല അടിയാൻമാരിൽ അവൻ നമ്മെയെല്ലാം ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ. ആമിൻ.

വിഭാഗം-6

അറബി മുശ്‌രിക്കുകൾ വിഗ്രഹാരാധകൻമാരാണ്. അവരുടെ കേന്ദ്രമാകട്ടെ, കഅ്ബയും മക്കാഹറമുമാകുന്നു. തങ്ങൾ ഇബ്റാഹിം (عليه السلام) നബിയുടെ സന്താന പരമ്പരയിൽപെട്ടവരും അദ്ദേഹത്തിൻെറ മതമാർഗ്ഗങ്ങളെ പിൻപറ്റുന്നവരാണെന്നു വാദിക്കുന്നവരുമാണവർ. എന്നാൽ അവരുടെ പൂർവ്വ പിതാവെന്നു അവർ അഭിമാനം കൊള്ളുന്ന ദേഹവും, കഅ്ബയുടെയും ഹറമിൻെറയും സ്ഥാപകനുമായ ഇബ്റാഹിം (عليه السلام) നബിയാകട്ടെ, ഉറച്ച ഏകദൈവ വിശ്വാസിയായിരുന്നു. അതിൻെറ സ്ഥാപനത്തിനും പ്രചരണത്തിനുമുള്ള കേന്ദ്രമായിക്കൊണ്ടാണ് അദ്ദേഹം അല്ലാഹുവിൻെറ കൽപന പ്രകാരം കഅ്ബയും ഹറമും സ്ഥാപിച്ചതും, അവിടെ ജനവാസത്തിനു തുടക്കമിട്ടതും. അദ്ദേഹത്തിൻെറ സന്തതികൾ വിഗ്രഹാരാധനയിൽ നിന്നു വിമുക്തരായിരിക്കുവാൻ അദ്ദേഹം പ്രാർത്ഥിക്കുകയും ചെയ്തിരുന്നു എന്നൊക്കെ തുടർന്നുള്ള വചനങ്ങളിൽ അല്ലാഹു അവരെ ഓർമിപ്പിക്കുന്നു:-

35 ഇബ്റാഹീം പറഞ്ഞ സന്ദർഭം(ഓർക്കുക) : ''എൻെറ റബ്ബേ, ഈ രാജ്യത്തെ നീ നിർഭയമായതാക്കേണമേ!എന്നെയും, എൻെറ മക്കളെയും ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽ നിന്ന് അകറ്റുകയും ചെയ്യേണമേ!

وَإِذْ قَالَ إِبْرَٰهِيمُ رَبِّ ٱجْعَلْ هَٰذَا ٱلْبَلَدَ ءَامِنًا وَٱجْنُبْنِى وَبَنِىَّ أَن نَّعْبُدَ ٱلْأَصْنَامَ ﴿٣٥﴾

36 ''എൻെറ റബ്ബേ, നിശ്ചയമായും അവ മനുഷ്യരിൽ നിന്ന് വളരെ ആളുകളെ വഴിപിഴപ്പിച്ചിരിക്കുന്നു. അതിനാൽ, എന്നെ ആർ പിൻ തുടർന്നുവോ അവൻ എൻെറ കൂട്ടത്തിൽപെട്ടവനാകുന്നു; ആരെങ്കിലും എന്നോട് അനുസരണക്കേട് കാണിക്കുന്ന പക്ഷം, നീ വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാണ്.''

رَبِّ إِنَّهُنَّ أَضْلَلْنَ كَثِيرًا مِّنَ ٱلنَّاسِ ۖ فَمَن تَبِعَنِى فَإِنَّهُۥ مِنِّى ۖ وَمَنْ عَصَانِى فَإِنَّكَ غَفُورٌ رَّحِيمٌ ﴿٣٦﴾

---

35 **وإذْ قالَ** പറഞ്ഞ സന്ദർഭം. **إبراهيم** ഇബ്റാഹീം. **رب** എൻെറ റബ്ബേ. **اجعلْ** നീ ആക്കേണമേ. **هذا البَلَد** ഈ രാജ്യത്തെ. **آمنا** നിർഭയമായത്, സമാധാനപരമായത്. **واجنبني** എന്നെ നീ അകറ്റുക (വിട്ടു നിറുത്തുക) യും വേണമേ. **وبنِيَّ** എൻെറ മക്കളേയും. **أنْ نعبد** ഞങ്ങൾ ആരാധിക്കുന്നതിനെ (ആരാധിക്കുന്നതിൽ) നിന്ന്. **الْأَصنام** വിഗ്രഹങ്ങളെ, ബിംബങ്ങളെ. 36 **رب** എൻെറ റബ്ബേ. **إنهنّ** നിശ്ചയമായും

അവ. **أَضْلَلْنَ** അവ വഴിപിഴപ്പിച്ചിരിക്കുന്നു. **كَثِيرًا** വളരെ (ആളുകളെ) . **مِنَ النَّاسِ** മനുഷ്യരിൽ നിന്ന്. **فَمَن** എന്നാൽ (ആകയാൽ-അതിനാൽ) ആർ. **تَبِعَنِي** എന്നെ പിൻതുടർന്നു (വോ) , അനുഗമിച്ചു. **فَإِنَّهُ** എന്നാലവൻ. **مِنِّي** എന്നിൽ (എൻെറ കൂട്ടത്തിൽ) പെട്ട(വനാണ്) . **وَمَن** ആർ, ആരെങ്കിലും. **عَصَانِي** എനിക്കെതിര് (എന്നോട് അനുസരണക്കേട്) ചെയ്താൽ. **فَإِنَّكَ** എന്നാൽ നീ. **غَفُورٌ** വളരെ പൊറുക്കുന്നവനാണ്. **رَحِيمٌ** കരുണാനിധിയാണ്.

അതായത് എന്നെ അനുസരിക്കാതെ വിഗ്രഹാരാധന നടത്തി വഴിപിഴപ്പിക്കുന്നവരെപ്പറ്റി ഞാൻ ഒന്നും പറയുന്നില്ല. നിൻെറ ഉദ്ദേശമനുസരിച്ചു ഏതു നടപടിയും അവരുടെ നേരെ സ്വികരിക്കുവാൻ നിനക്കധികാരമുണ്ട്. നീ വളരെ പൊറുക്കുന്നവനും കരുണയുള്ള വനുമായിരിക്കെ, വേണമെങ്കിൽ നീ പൊറുത്തുകൊടുക്കുകയും ചെയ്തേക്കാം എന്നു താൽപര്യം. എന്നല്ലാതെ, അവർ വിഗ്രഹാരാധന നടത്തിവന്നാലും നീ അതു പൊറുത്ത് കൊടുക്കും എന്നല്ല ഉദ്ദേശ്യം. ശിർക്കു പൊറുത്ത് കൊടുക്കകയില്ലെന്നു അല്ലാഹു വ്യക്തമാക്കിയിട്ടുള്ളതാണല്ലോ. ‘ഈ രാജ്യം’ (هذا البلد) എന്നു പറഞ്ഞതു മക്കാരാജ്യത്തെ പ്പറ്റിയാകുന്നു. ഇസ്മാഈൽ (عليه السلام) നെയും, മാതാവ് ഹാജർ (عليها السلام) യെയും അദ്ദേഹം മക്കായിൽക്കൊണ്ടുവന്നു താമസിപ്പിച്ചത്. അതിനെ നിർഭയമായ രാജ്യമാക്കുവാൻവേണ്ടി അദ്ദേഹം പ്രാർത്ഥന ചെയ്തത്. അതു പ്രകാരം മക്കാ ഹറം മുഴുവനും ആദരണീയ സ്ഥാനമായി അല്ലാഹു നിയമിച്ചത് ആദിയായ വിഷയങ്ങളെ സംബന്ധിച്ച വിവരങ്ങൾ സൂറത്തുൽ ബഖറഃ 125 – 129 വചനങ്ങളിലും, അവയുടെ വ്യാഖ്യാനത്തിലും മുമ്പു വിശദീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ഇവിടെ കൂടുതലൊന്നും വിവരിക്കുന്നില്ല.

ഇബ്രാഹിം (عليه السلام) നബി അദ്ദേഹത്തിൻെറ സ്വന്തം നാടായ ഇറാഖിൽ നിന്നു ഹിജ്റ പോന്നതുതന്നെ, വിഗ്രഹാരാധകരുമായി ചരിത്രത്തിൽ ഇണ കാണാത്ത വിധം പട പൊരു തേണ്ടി വന്നതിനെ തുടർന്നായിരുന്നു. ഇറാഖിൽ മാത്രമല്ല, നാട്ടിലാകമാനം വിഗ്രഹാരാധന കൊടികുത്തി വാണിരുന്ന കാലവുമായിരുന്നു അത്. ഈ അനുഭവങ്ങൾ വെച്ചുകൊണ്ടാണു അദ്ദേഹം ‘ഈ വിഗ്രഹങ്ങൾ വളരെയധികം ആളുകളെ വഴിപിഴപ്പിച്ചിരിക്കുന്നുവെന്നും’ എന്നെയും എൻെറ സന്തതികളെയും അതിൽ നിന്നു അകറ്റി നിറുത്തേണമേ’ എന്നുമൊക്കെ മനംനൊന്തു പ്രാർത്ഥിക്കുന്നത്.

സൂറത്തുൽ ബഖറഃ 126 ൽ ഇബ്റാഹീം (عليه السلام) നബിയുടെ പ്രാർത്ഥന ഉദ്ധരിച്ചതിൽ اجعل هذا بلدا آمنا (ഇതൊരു നിർഭയമായ രാജ്യമാക്കേണമേ) എന്നും, ഇവിടെ اجعل هذا بلدا آمنا (ഈ രാജ്യത്തെ നിർഭയ മായതാക്കേണമേ) എന്നുമാണ് പറഞ്ഞിരിക്കുന്നത്. ഇബ്നു കഥീർ (رحمه الله) ചൂണ്ടിക്കാട്ടിയതുപോലെ അൽബഖറയിലെ പ്രാർതഥന അദ്ദേഹം ഇസ്മാഈൽ (عليه السلام) നെയും മാതാവിനെയും അവിടെ കൊണ്ടുവന്നാക്കിയ അവസരത്തിൽ പ്രാർത്ഥിച്ചതും, ഈ വചനത്തിലെ പ്രാർത്ഥന, ഇസ്മാഈൽ (عليه السلام) നബി വളർന്നു വലുതായശേഷം രണ്ടുപേരും കൂടി കഅ്ബയെ കെട്ടി ഉയർത്തിയ ശേഷം പ്രാർത്ഥിച്ചതും ആയിരിക്കുമെന്നാണു മനസ്സിലാകുന്നത്. പ്രാർത്ഥനയുടെ തുടർന്നുള്ള വാക്യങ്ങളിൽ നിന്നും അതാണു മനസ്സിലകുന്നതും. والله أعلم ഇബ്റാഹിം (عليه السلام) പ്രാർത്ഥന തുടരുന്നു:-

رَّبَّنَآ إِنِّيٓ أَسۡكَنتُ مِن ذُرِّيَّتِي بِوَادٍ غَيۡرِ ذِي زَرۡعٍ عِندَ بَيۡتِكَ ٱلۡمُحَرَّمِ رَبَّنَا لِيُقِيمُواْ ٱلصَّلَوٰةَ فَٱجۡعَلۡ أَفۡـِٔدَةٗ مِّنَ ٱلنَّاسِ تَهۡوِيٓ

37 ‘‘ഞങ്ങളുടെ റബ്ബേ! എൻെറ സന്തതികളിൽ നിന്നും (ചിലരെ) കൃഷിയുള്ളതല്ലാത്ത ഒരു താഴ്വരയിൽ ഞാൻ (ഇതാ) താമസിപ്പിച്ചിരിക്കുന്നു; (അതെ) നിൻെറ പവിത്രമായ വീട്ടിൻെറ അടുക്കൽ. ഞങ്ങളുടെ റബ്ബേ! അവർ നമസ്കാരം നിലനിറുത്തുവാൻ വേണ്ടി (യാണത്) . ആകയാൽ, മനുഷ്യരിൽനിന്നുള്ള ചില ഹൃദയങ്ങളെ

إِلَيۡهِمۡ وَٱرۡزُقۡهُم مِّنَ ٱلثَّمَرَٰتِ لَعَلَّهُمۡ يَشۡكُرُونَ ٣٧

അവരുടെ നേരെ ചായു ന്നതാക്കേണമേ! അവർക്ക് ഫലവർഗ്ഗങ്ങളിൽ നിന്നും നീ ആഹാരം നൽകുകയും ചെയ്യേണമേ! അവർ നന്ദി കാണിച്ചേക്കാമല്ലോ.''

---

37 **ربنا** ഞങ്ങളുടെ റബ്ബേ. **إني أسكنت** ഞാൻ താമസി (പാർ) പ്പിച്ചിരിക്കുന്നു. **من ذُريتي** എൻെറ സന്തതികളിൽ നിന്നും. **بواد** ഒരു താഴ്‌വരയിൽ. **غَير** അല്ലാത്തതായ. **ذي زرع** വിള (കൃഷി) യുള്ളത്. **عند بيتك** നിൻെറ വീട്ടിങ്കൽ. **المحرم** പവിത്രമായ. **ربنا** ഞങ്ങളുടെ റബ്ബേ. **ليقيموا** അവർ നിലനിറുത്തുവാൻ വേണ്ടി. **الصلاةَ** നമസ്കാരം. **فَاجعلْ** അതിനാൽ ആക്കേണമേ. **أفئدةً** ചില ഹൃദയങ്ങളെ. **من الناس** മനുഷ്യരിൽ നിന്ന്. **تهوي** കനിയുന്ന (ചായുന്ന) തായി (ഇഷ്ടപ്പെടുന്ന) . **إليهم** അവരിലേക്ക്, അവരുടെ നേരെ. **وارزقْهم** അവർക്ക് നീ ആഹാരം (ഉപജീവനം) നൽകുകയും വേണമേ. **من الثمرات** ഫല (വർഗ്ഗ) ങ്ങളിൽ നിന്ന്. **لعلهم** അവരായേക്കാം. ആകുവാൻവേണ്ടി. **يشكُرونَ** അവർ നന്ദിചെയ്യും.

'കൃഷിയില്ലാത്ത രാജ്യം' കൊണ്ടു വിവക്ഷ മക്കാ രാജ്യം തന്നെ, ചുറ്റുപാടും മലകളാൽ പൊതിയപ്പെട്ട ഒരു താഴ് വരയാണ് മക്കാ രാജ്യം. അന്നും ഇന്നും അതു കൃഷിരഹിതം തന്നെയാകുന്നു. 'നിൻെറ വീട്' എന്നു പറഞ്ഞത് കഅ്ബഃയെ ഉദ്ദേശിച്ചുമാകുന്നു. 'പവിത്രം' എന്നു അതിനെ വിശേഷിപ്പിച്ചതിൻെറ അർത്ഥം ഒന്നിലധികം പ്രാവശ്യം മുമ്പു വിവരിച്ചു കഴിഞ്ഞതാണ്. 'നിൻെറ വീട്ടിനടുത്തു താമസിപ്പിച്ചു'വെന്നവാക്കിൽ നിന്നു ഈ പ്രാർത്ഥന അദ്ദേഹം ചെയ്തത് കഅ്ബഃ സ്ഥാപിച്ചു കഴിഞ്ഞശേഷമാണെന്നു മനസ്സിലാക്കേണ്ടിയി രിക്കുന്നു. والله أعلم

'അവർ നമസ്കാരം നിലനിറുത്താൻവേണ്ടി അവരെ ഇവിടെ താമസിപ്പിച്ചിരിക്കുന്നു' എന്നു പറഞ്ഞതു കൊണ്ടു ഹജ്ജ് മുതലായ കഅ്ബയുടെ അടുക്കൽ വെച്ച് ചെയ്യപ്പേടേണ്ടുന്ന മറ്റു കർമ്മങ്ങൾ അപ്രധാനങ്ങളാണെന്നു കരുതേണ്ടതില്ല. അവയെപ്പറ്റി ഒന്നിലധികം സ്ഥലത്തു-ഇബ്രാഹിം (عليه السلام) നബിയുടെ വാക്കുകളിലായും അല്ലാതെയും-വ്യക്തമായി ഖുർആനിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ളതാകുന്നു. അല്ലാഹുവിനെ മാത്രം ആരാധിക്കുവാൻവേണ്ടി ഒന്നാമതായി സ്ഥാപിക്കപ്പെട്ട പള്ളികൂടിയാണ് കഅ്ബഃ മന്ദിരം. ആരാധനാകർമ്മങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാകട്ടെ, നമസ്കാരകർമ്മവുമാകുന്നു. ആ നിലക്കു നമസ്കാരത്തെപ്പറ്റി അദ്ദേഹം ഈ പ്രാർത്ഥനയിൽ പ്രത്യേകം എടുത്തു പറഞ്ഞതായിരിക്കണം. الله أعلم ''മനുഷ്യരുടെ ഹൃദയങ്ങൾക്ക് അവരുടെ നേർക്ക് ചായ്‌വു നൽകേണ'' മെന്നും, ''ഫലവർഗ്ഗങ്ങളിൽ നിന്നും അവർക്കു ഉപജീവനം നൽകേണ'' മെന്നുമുള്ള അദ്ദേഹത്തിൻെറ പ്രാർത്ഥന അല്ലാഹു സ്വീകരിച്ചിട്ടുണ്ടെന്നുള്ളതിനു അനുഭവം തെളിവാകുന്നു. ജാഹിലിയ്യത്തിലും ഇസ്ലാമിലും തന്നെ മനുഷ്യഹൃദയങ്ങൾ മക്കയിലേക്കു ആകർഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നതും, നാനാ രാജ്യങ്ങളിൽ നിന്നുമായി എക്കാലത്തും വിവിധ ഫലവർഗ്ഗങ്ങൾ അവിടെ സുലഭമായി കിട്ടിക്കൊണ്ടിരിക്കുന്നതും പരക്കെ അറിയാവുന്നതാണല്ലോ. ഇബ്‌റാഹിം (عليه السلام) പ്രാർത്ഥന തുടരുന്നു:-

رَبَّنَآ إِنَّكَ تَعۡلَمُ مَا نُخۡفِي وَمَا نُعۡلِنُۗ وَمَا يَخۡفَىٰ عَلَى ٱللَّهِ مِن شَيۡءٖ فِي ٱلۡأَرۡضِ وَلَا فِي ٱلسَّمَآءِ ٣٨

38 ''ഞങ്ങളുടെ റബ്ബേ, നിശ്ചയമായും നീ, ഞങ്ങൾ മറച്ചുവെക്കുന്നതിനെയും, ഞങ്ങൾ പരസ്യമാക്കുന്നതിനെയും, നീ അറിയുന്നു. ഭൂമിയിലാകട്ടെ, ആകാശത്തിലാകട്ടെ യാതൊന്നും അല്ലാഹുവിങ്കൽ മറഞ്ഞു പോകുകയില്ലതാനും.

39 ‘‘വാർദ്ധക്യ (കാല) ത്തിൽ എനിക്ക് ഇസ്മാഈലിനെയും, ഇസ്ഹാഖിനെയും പ്രദാനം ചെയ്തവനായ അല്ലാഹുവിന്ന് സർവ്വ സ്തുതിയും! നിശ്ചയമായും, എന്റെ റബ്ബ് പ്രാർത്ഥന കേൾക്കുന്ന [സ്വീകരിക്കുന്ന]വൻ തന്നെയാകുന്നു.’’

ٱلۡحَمۡدُ لِلَّهِ ٱلَّذِى وَهَبَ لِى عَلَى ٱلۡكِبَرِ إِسۡمَـٰعِيلَ وَإِسۡحَـٰقَ ۚ إِنَّ رَبِّى لَسَمِيعُ ٱلدُّعَآءِ ﴿٣٩﴾

---

38 **ربنا** ഞങ്ങളുടെ റബ്ബേ. **إنك** നിശ്ചയമായും നീ. **تعلم** അറിയും. **ما نخفي** ഞങ്ങൾ മറച്ചു വെക്കുന്നത്. **وما نعلن** ഞങ്ങൾ പരസ്യമാക്കുന്നതും. **وما يخفى** മറഞ്ഞു പോകുകയുമില്ല. **على الله** അല്ലാഹുവിങ്കൽ, അല്ലാഹുവിന്ന്. **من شيءٍ** ഒരു വസ്തുവും (യാതൊന്നും) തന്നെ. **في الأرض** ഭൂമിയിൽ. **ولا في السماءِ** ആകാശത്തിലും ഇല്ല. 39 **الحمد** സ്തുതി (സർവ്വ സ്തുതി) . **لله** അല്ലാഹുവിനാണ്. **الذي وهب** പ്രദാനം ചെയ്തവനായ. **لي** എനിക്ക്. **على الكبر** വാർദ്ധകക്യത്തിൽ. **إسماعيلَ** ഇസ്മാഈലിനെ. **وإسحاق** ഇസ്ഹാഖിനെയും. **إن ربي** നിശ്ചയമായും എന്റെ റബ്ബ്. **لسميع** കേൾക്കുന്നവൻതന്നെ. **الدعاءِ** പ്രാർത്ഥന.

ഇസ്മാഈൽ (عليه السلام) നബിയാണു അദ്ദേഹത്തിന്റെ ആദ്യപുത്രൻ. ഇസ്മാഈലിനു പതിമൂന്നു വയസ്സായപ്പോഴാണു ഇസ്ഹാഖ് (عليه السلام) ജനിച്ചതെന്ന് പറയപ്പെടുന്നു. ഇതു ശരിയാണെങ്കിൽ, ഈ പ്രാർത്ഥന-മുമ്പു ചൂണ്ടിക്കാട്ടിയപോലെ-കഅ്ബഃയുടെ നിർമ്മാണത്തിനുശേഷം ഉണ്ടായതാണെന്നുള്ളതിനു ഇതും ഒരു തെളിവായിരിക്കും. ഇബ്രാഹിം(عليه السلام) നബിയുടെ പ്രാർത്ഥനയുടെ അവസാനഭാഗം ശ്രദ്ധിക്കുക:-

40 ‘‘എന്റെ റബ്ബേ, എന്നെ നീ നമസ്കാരം നിലനിറുത്തുന്നവനാക്കേണമേ! എന്റെ സന്ത തികളിൽ നിന്നും (നമസ്കാരം നില നിറുത്തുന്നവരെ ഏർപ്പെടുത്തേണമേ! ഞങ്ങളുടെ റബ്ബേ! എന്റെ പ്രാർത്ഥന സ്വീകരിക്കുകയും വേണമേ!’’

رَبِّ ٱجۡعَلۡنِى مُقِيمَ ٱلصَّلَوٰةِ وَمِن ذُرِّيَّتِى ۚ رَبَّنَا وَتَقَبَّلۡ دُعَآءِ ﴿٤٠﴾

41 ‘‘ഞങ്ങളുടെ റബ്ബേ, എനിക്കും, എന്റെ മാതാപിതാക്കൾക്കും, സത്യവിശ്വാസികൾക്കും വിചാരണ നിലവിൽ വരുന്ന ദിവസം നീ പൊറുത്തു തരേണമേ!’’

رَبَّنَا ٱغۡفِرۡ لِى وَلِوَٰلِدَىَّ وَلِلۡمُؤۡمِنِينَ يَوۡمَ يَقُومُ ٱلۡحِسَابُ ﴿٤١﴾

---

40 **رب** എന്റേ റബ്ബേ. **اجعلني** എന്നെ ആക്കേണമേ. **مقيم** നിലനിറുത്തുന്നവൻ. **الصلاة** നമസ്കാരത്തെ. **ومن ذُريتي** എന്റെ സന്തതികളിൽ നിന്നും. **ربنا** ഞങ്ങളുടെ റബ്ബേ. **وتقبلْ** സ്വീകരിക്കുകയും വേണമേ. **دعاءِ** എന്റെ പ്രാർത്ഥന. 41 **ربنا** ഞങ്ങളുടെ റബ്ബേ. **اغفر لي** എനിക്കു പൊറുത്തുതരണേ. **ولوالدي** എന്റെ മാതാപിതാക്കൾക്കും. **وللمؤمنين** സത്യവിശ്വാസികൾക്കും. **يوم يقوم** നിലകൊള്ളുന്ന ദിവസം. **الحساب** വിചാരണ.

ഇബ്‌റാഹിം (عليه السلام) നബിയുടെ മാതാവിനെപ്പറ്റി നമുക്കൊന്നും അറിഞ്ഞു കൂടാ. എന്നാൽ, അദ്ദേഹത്തിന്റെ പിതാവ് ഒരു വിഗ്രഹാരാധകനും, തൗഹീദിൽ വിശ്വസിക്കാത്തവനുമായിരുന്നുവെന്നുള്ളതു പ്രസിദ്ധമാകുന്നു. ആ സ്ഥിതിക്കു അദ്ദേഹം മുശ്‌രിക്കായ പിതാവിനുവേണ്ടി പാപമോചനം തേടിയതിനുള്ള കാരണം സൂറഃതൗബഃ 114ൽ അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്. അദ്ദേഹം

പിതാവിനോട് ചെയ്തിരുന്ന ഒരു വാഗ്ദത്തമനുസരിച്ചായിരുന്നു അതെന്നും, പിതാവ് അല്ലാഹുവിൻെറ ശത്രുവാണെന്നു ബോധ്യപ്പെട്ടപ്പോൾ അദ്ദേഹം അയാളിൽനിന്നു ഒഴിഞ്ഞുമാറിയെന്നുമാണിതിൻെറ ചുരുക്കം. അതുകൊണ്ടു മുശ്രിക്കുകൾക്കുവേണ്ടി പാപമോചനം തേടുന്ന വിഷയത്തിൽ അദ്ദേഹത്തിൻെറ മാതൃക സ്വീകരിക്കേണ്ടതില്ലെന്നു സൂറ: മുംതഹനഃ4 ലും അല്ലാഹു അറിയിച്ചിരിക്കുന്നു. അല്ലാഹു തൻെറ ചങ്ങാതിയായി സ്വീകരിക്കപ്പെട്ടിട്ടുണ്ടെന്നു അല്ലാഹു തന്നെ പുകഴ്ത്തി പറഞ്ഞിട്ടുള്ള മഹാനാണു ഇബ്റാഹീം (عليه السلام) നബി. (4:125) അദ്ദേഹത്തിലും അദ്ദേഹത്തിൻെറ കൂടെയുള്ളവരിലും നിങ്ങൾക്കു നല്ല മാതൃകയുണ്ട് എന്നും അല്ലാഹു നമ്മെ അറിയിച്ചിരിക്കുന്നു. (60; 4,6) അദ്ദേഹത്തിൻെറ മാർഗ്ഗം പിൻപറ്റണമെന്നും നമ്മോടു കൽപിക്കപ്പെട്ടിരിക്കുന്നു. (3:95) ഇതെല്ലാം മുമ്പിൽ വെച്ചുകൊണ്ട് ഇബ്റാഹിം (عليه السلام) നബിയുടെ ഈ ദീർഘമായ പ്രാർത്ഥനയിലടങ്ങിയ മാതൃകകൾ ഓരോ സത്യവിശ്വാസിയും സ്വീകരിക്കേണ്ടതാകുന്നു. ഈ പ്രാർത്ഥനയിൽ നിന്നും നാം മനസ്സിരു ത്തേണ്ടുന്ന ചില സംഗതികൾ ചൂണ്ടിക്കാട്ടാം:-

(1) പ്രാർത്ഥനകളിൽ ആദ്യം സ്വന്തം ദേഹത്തിൻെറയും, പിന്നീടു അവനുമായി കൂടുതൽ ബന്ധപ്പെട്ടവരുടെയും, അതിനുശേഷം പൊതുവിൽ മറ്റുള്ളവരുടെയും കാര്യം എടുത്തു പറയുന്നതാണ് മര്യാദ. 35-ാം വചനത്തിൽ 'എന്നെയും എൻെറ മക്കളെയും' എന്നും, 40ൽ 'എന്നെയും എൻെറ സന്തതികളിൽ നിന്നും' എന്നും, 41 ൽ 'എനിക്കും എൻെറ മാതാപിതാക്കൾക്കും സത്യവിശ്വാസികൾക്കും' എന്നും അദ്ദേഹം പറഞ്ഞതിൽ നിന്നു ഇതു മനസ്സിലാക്കാം. പ്രാർത്ഥനയിൽ മറ്റൊരാളുടെ കാര്യം കൂടി ഉൾപ്പെടുത്തുമ്പോൾ നബി (ﷺ) ആദ്യം സ്വന്തം ദേഹംകൊണ്ടാണ് തുടങ്ങുകയെന്നു തീർമദീ (رحمه الله) ഉദ്ധരിച്ച ഒരു ഹദീസിലും വന്നിട്ടുണ്ട്. (2) സ്വന്തം നൻമക്കു വേണ്ടി മാത്രം പ്രാർത്ഥിക്കുക പതിവാക്കരുത്. കുടും ബത്തിൻെറ നൻമക്കും, പൊതുവെ സത്യവിശ്വാസികളുടെ നൻമക്കും പ്രാർത്ഥിക്കേ ണ്ടതാകുന്നു. 'നിങ്ങളുടെ സ്വന്തങ്ങളെയും നിങ്ങളുടെ കുടുംബങ്ങളെയും നിങ്ങൾ അഗ്നിയിൽ (നരകത്തിൽ) നിന്നു സൂക്ഷിക്കണെ' മെന്നു (66;6ൽ) അല്ലാഹു കൽപിച്ചിരിക്കുന്നു. സൂക്ഷിക്കുന്ന പല മാർഗ്ഗങ്ങളിൽ ഒന്നത്രെ അവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും. ഒരാളുടെ അഭാവത്തിൽ അയാൾക്കുവേണ്ടിയുള്ള പ്രാർത്ഥനക്കു പ്രത്യേകം ഉത്തരം ലഭിക്കുന്നതാണെന്നു നബി വചനങ്ങളിൽ വന്നിട്ടുള്ളതും പ്രസ്താവ്യമാകുന്നു.

(3) പ്രാർത്ഥനയിൽ മുൻഗണന നൽകേണ്ടത് ശിർക്ക്, കുഫ്ർ മുതലായ മഹാപാപങ്ങളിൽ നിന്നുള്ള രക്ഷക്കുവേണ്ടിയും, നമസ്കാരം പോലെയുള്ള പ്രധാന കടമകൾ പാലിക്കുവാനുള്ള തൗഫീഖിനു വേണ്ടിയുമായിരിക്കണം. അതോടൊപ്പം തന്നെ, അതിനുള്ള സാഹചര്യങ്ങളും സൗകര്യങ്ങളുമെന്ന നിലക്കു ഐഹികമായ നൻമകൾക്കും പ്രാർത്ഥിക്കേണ്ടതുണ്ട്. തൻെറ സന്തതികളുടെ നേരെ ജനഹൃദയങ്ങൾക്കു ചായ്‌വു നൽകുവാനും, അവർക്കു ഫലവർഗ്ഗങ്ങളാൽ ആഹാരം നൽകുവാനും വേണ്ടി അദ്ദേഹം പ്രാർത്ഥിച്ചതായി 37-ാം വചനത്തിൽ കണ്ടുവല്ലോ. അനസ് (رضي الله عنه) ഉദ്ധരിക്കുന്ന ഒരു ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു: ''നിങ്ങളൊരാൾ തൻെറ ആവശ്യങ്ങൾ മുഴുവനും അല്ലാഹുവിനോടു ചോദിച്ചു കൊള്ളട്ടെ. അവൻെറ ചെരുപ്പിൻെറ വാറ് (പട്ട) മുറിഞ്ഞാൽ അതിനും കൂടി ചോദിക്കാം''. (തി) വേണ്ടുന്ന സാധനങ്ങളെല്ലാം പ്രാർത്ഥിച്ചാൽ ആകാശത്തു നിന്നു വീണുകിട്ടുമെന്നല്ല ഇതിൻെറ അർത്ഥം. ഏതു നിസ്സാര കാര്യം പോലും സാധിച്ചു കിട്ടുവാൻ അല്ലാഹുവിൻെറ സഹായം കൂടാതെ കഴിയാത്തതുകൊണ്ട് അതിനുള്ള സാഹചര്യലഭ്യത്തിനു വേണ്ടി അവനോടു പ്രാർത്ഥിക്കേണ്ടതുണ്ട് എന്നാണു താൽപര്യം. തിർമദീ (رحمه الله) തന്നെ ഇബ്നു ഉമർ (رضي الله عنه) ൽ നിന്നു ഉദ്ധരിച്ച ഒരു ഹദീസിൽ ഇങ്ങിനെയും വന്നിരിക്കുന്നു: ''നിങ്ങളിൽ ഏതൊരാൾക്കു പ്രാർത്ഥനയുടെ വാതിൽ തുറക്കപ്പെട്ടിരിക്കുന്നുവോ (പ്രാർത്ഥന അവൻെറ പതിവായിത്തീർന്നുവോ) അവനു അല്ലാഹുവിൻെറ കാരുണ്യത്തിൻെറ വാതിലുകൾ തുറക്കപ്പെട്ടു. ആപത്തുകളിൽ നിന്നുള്ള രക്ഷ ചോദിക്കുന്നതിനെക്കാൾ അല്ലാഹുവിനു ഇഷ്ടപ്പെട്ടതായി മറ്റൊന്നുമില്ല.''

(4) അല്ലാഹുവിന്റെ വിധിവ്യവസ്ഥകൾക്കും, നിയമ നടപടികൾക്കും എതിരായ ആവശ്യങ്ങളൊന്നും പ്രാർത്ഥനയിൽ ഉൾപ്പെടുത്തരുത്. മനുഷ്യവർഗ്ഗം മുഴുവനും സൻമാർഗ്ഗത്തിൽ ഉറച്ചു നിൽക്കുകയില്ലെന്നും, അവരിൽ സൻമാർഗ്ഗികളും, ദുർമ്മാർഗ്ഗികളും ഉണ്ടായിരിക്കുമെന്നുള്ളതു അല്ലാഹുവിന്റെ അറിവിലും മുൻനിശ്ചയങ്ങളിലും പെട്ടതാകുന്നു. നേരെമറിച്ചു ആഹാരം പോലുള്ള ജീവിതാവശ്യങ്ങളാകട്ടെ- സൻമാർഗ്ഗദുർമ്മാർഗ്ഗ വ്യത്യാസമില്ലാതെ--പൊതുവിൽ എല്ലാവർക്കും നൽകുമെന്നും അവൻ നിശ്ചയിച്ചിരിക്കുന്നു. ഈ അടിസ്ഥാനത്തിലാണ് ആഹാരകാര്യത്തെക്കുറിച്ചു പ്രാർത്ഥിച്ചപ്പോൾ, 'അവർക്കു ആഹാരം നൽകണേ' എന്നു പൊതുവായി പറഞ്ഞതുപോലെ, നമസ്കാരത്തെക്കുറിച്ചു പ്രസ്താവിച്ചപ്പോൾ 'എന്റെ സന്തതികളെയും' എന്നു പറയാതെ 'എന്റെ സന്തതികളിൽ നിന്നും നമസ്കാരം നിലനിർത്തുന്നവരെ ഏർപ്പെടുത്തേണമേ' എന്നു മാത്രം പറഞ്ഞത്. അതുപോലെത്തന്നെ, കൃഷിക്കനുകൂലമായ പ്രകൃതമല്ലാത്ത ആ നാട്ടുകാർക്ക് കൃഷിമൂലം ആഹാരം നൽകേണമേ എന്നു പ്രാർത്ഥിക്കാതെ, ഫലവർഗ്ഗങ്ങളാൽ ആഹാരം നൽകേണമേ എന്നുമാണ് അദ്ദേഹം പ്രാർത്ഥിച്ചതും. ഈ തത്വം ഒരു ഹദീസിൽ നബി (ﷺ) ഇപ്രകാരം ചൂണ്ടിക്കാട്ടിയിരിക്കുന്നു: ''കുറ്റകരമോ, ചർച്ചാബന്ധം മുറിക്കുന്നതോ ആയ കാര്യത്തിനു വേണ്ടി പ്രാർത്ഥിക്കാത്തപ്പോൾ, അടിയാന്റെ പ്രാർത്ഥനക്കു ഉത്തരം ലഭിക്കുന്നതാണ്--അവൻ ധൃതി കാണിക്കാത്ത പക്ഷം''. ഇതുകേട്ടപ്പോൾ 'എന്താണു ധൃതികാണിക്കൽ?' എന്നു സഹാബികൾ ചോദിച്ചു. അപ്പോൾ തിരുമേനി പറഞ്ഞു: ''ഞാൻ പ്രാർത്ഥിച്ചു, എനിക്കുത്തരം കിട്ടുന്നില്ല' എന്നിങ്ങിനെ പറഞ്ഞ മനസ്സ് മടുക്കുകയും പ്രാർത്ഥന ഉപേക്ഷിക്കുകയും ചെയ്യലാകുന്നു.' (മു)

(5) പ്രാർത്ഥിക്കുന്നവന് അല്ലാഹു ചെയ്തുകൊടുത്തിട്ടുള്ള അനുഗ്രഹങ്ങൾക്കു പ്രാർത്ഥനാവേളയിൽ നന്ദി പ്രകടമാക്കുന്നതും, അവന്റെ ഔദാര്യഗുണങ്ങളിൽ അവനെ പുകഴ്ത്തുകയും സ്തുതിക്കുകയും ചെയ്യുന്ന വാക്യങ്ങൾ സന്ദർഭോചിതം ഉണ്ടായിരിക്കേണ്ടതുണ്ട്, ഇബ്‌റാഹീം (عليه السلام) നബിയുടെ ഈ പ്രാർത്ഥനാ വാക്യങ്ങളിൽ മാത്രമല്ല, ഖുർആനിൽ കാണുന്ന പല പ്രാർത്ഥനാവാക്യങ്ങളിൽ നിന്നും, നബി (ﷺ) തിരുമേനിയുടെ പ്രാർത്ഥനകളിൽ നിന്നുമെല്ലാം തന്നെ മനസ്സിലാക്കാവുന്നതാണിത്.

വിഭാഗം-7

42 അക്രമികൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെപ്പറ്റി അല്ലാഹു അശ്രദ്ധനാണെന്ന് തീർച്ചയായും നീ വിചാരിക്കരുത്. ഒരു ദിവസത്തേക്ക് അവരെ (നീട്ടിവെച്ച്) പിന്തിക്കുക മാത്രമാണവൻ ചെയ്യുന്നത്: അന്ന് ദൃഷ്ടികൾ (മേല്പോട്ട്) തുറിച്ചു നോക്കുന്നതാണ്;

وَلَا تَحْسَبَنَّ ٱللَّهَ غَٰفِلًا عَمَّا يَعْمَلُ ٱلظَّٰلِمُونَ ۚ إِنَّمَا يُؤَخِّرُهُمْ لِيَوْمٍ تَشْخَصُ فِيهِ ٱلْأَبْصَٰرُ ﴿٤٢﴾

43 തങ്ങളുടെ തലകളെ, ഉയർത്തിപ്പിടിച്ചുകൊണ്ട് ധൃതിപ്പെട്ടു വരുന്നവരായിട്ട്-അവരുടെ (കൺ) മിഴി അവരിലേക്ക് തിരിച്ചുവരുകയില്ല. [അവർ പൂർണ്ണമായും പരിഭ്രാന്തരായിരിക്കും] അവരുടെ ഹൃദയങ്ങളാകട്ടെ (ബോധമില്ലാതെ) ഒഴിഞ്ഞതുമായിരിക്കും.

مُهْطِعِينَ مُقْنِعِى رُءُوسِهِمْ لَا يَرْتَدُّ إِلَيْهِمْ طَرْفُهُمْ ۖ وَأَفْـِٔدَتُهُمْ هَوَآءٌ ﴿٤٣﴾

---

42 **ولا تحسن** തീർച്ചയായും നീ വിചാരിക്ക (ഗൗനിക്ക) രുത്. **الله** അല്ലാഹുവിനെ. **غَافِلاً** അശ്രദ്ധനാണെന്ന്. **عما يعملُ** പ്രവർത്തിക്കുന്നതിനെപ്പറ്റി. **الظالمونَ** അക്രമികൾ. **إنما يؤخرهم** അവൻ അവരെ പിന്തിക്കുക മാത്രം ചെയ്യുന്നു. **ليوم** ഒരു ദിവസത്തേക്ക്. **تشخص** ഉയരും (തുറിച്ചു നോക്കും) . **فيه** അതിൽ

(അന്ന്) . **الْأَبْصار** ദൃഷ്ടി (കണ്ണു) കൾ. 43 **مهطعين** ധൃതിപ്പെട്ടു വരുന്നവരായി. **مقْنِعِي** ഉയർത്തിപ്പിടിച്ചു കൊണ്ട്. **رءُوسهم** അവരുടെ തലകളെ. **لا يرتد** തിരിച്ചു (മടങ്ങി) വരുകയില്ല. **إليهم** അവരിലേക്ക്. **طَرفُهم** അവരുടെ മിഴി, കൺമിഴി. **وأفْئدتهم** അവരുടെ ഹൃദയങ്ങളാകട്ടെ. **هواءٌ** അന്തരീക്ഷമാണ്, വായുവായിരിക്കും (ഒഴിഞ്ഞതായിരിക്കും) .

മുശ്‌രിക്കുകളടക്കമുള്ള എല്ലാആക്രമികളുടെയും-അവർ ഏതു കാലത്തും, ദേശത്തുമുള്ളവരായാലും ശരി-നേരെ ശിക്ഷാ നടപടികളൊന്നും എടുക്കാതെ വിട്ടിരിക്കുന്നതു അവരെപ്പറ്റി അല്ലാഹു അശ്രദ്ധനായതു കൊണ്ടൊന്നുമല്ല. ഖിയാമത്തു നാളിലേക്കു നീട്ടിവെച്ചിരിക്കുക മാത്രമാണ്. അന്ന് അവരുടെ മേൽ കർശനമായ നടപടി എടുക്കുക തന്നെ ചെയ്യുമെന്നു അല്ലാഹു അവരെ താക്കീതു ചെയ്യുകയാണ്. പുനരുത്ഥാനത്തിലുള്ള കാഹള വിളിയുണ്ടാകുമ്പോൾ എല്ലാവരും താന്താങ്ങളുടെ ഖബ്റുകളിൽ (മരണശേഷം മറക്കപ്പെട്ട സ്ഥാനങ്ങളിൽ) നിന്നു വിചാരണാനിലയിലേക്കു പരിഭ്രാന്തരായിക്കൊണ്ടു എഴുന്നേറ്റു വരുമ്പോഴുണ്ടാകുന്ന അവരുടെ ദാരുണമായ സ്ഥിതിഗതികളാണ് തുടർന്നുള്ള വാക്യങ്ങളിൽ ചിത്രീകരിച്ചിരിക്കുന്നത്.

وَأَنذِرِ ٱلنَّاسَ يَوۡمَ يَأۡتِيهِمُ ٱلۡعَذَابُ فَيَقُولُ ٱلَّذِينَ ظَلَمُواْ رَبَّنَآ أَخِّرۡنَآ إِلَىٰٓ أَجَلٖ قَرِيبٖ نُّجِبۡ دَعۡوَتَكَ وَنَتَّبِعِ ٱلرُّسُلَۗ أَوَلَمۡ تَكُونُوٓاْ أَقۡسَمۡتُم مِّن قَبۡلُ مَا لَكُم مِّن زَوَالٖ ﴿٤٤﴾

44 മനുഷ്യർക്ക് ശിക്ഷ വരുന്ന (ആ) ദിവസത്തെപ്പറ്റി അവർക്ക് മുന്നറിയിപ്പ് നൽകുക. അപ്പോൾ അക്രമം ചെയ്തവർ പറയും: ''ഞങ്ങളുടെ റബ്ബേ! അടുത്തതായ ഒരവധി വരേക്ക് ഞങ്ങളെ (ഒഴിവാക്കി) പിന്തിച്ചു തരേണമേ! ഞങ്ങൾ നിൻെറ വിളിക്ക് ഉത്തരം ചെയ്യുകയും, റസൂലുകളെ പിൻപറ്റുകയും ചെയ്തുകൊള്ളാം!'' (അവരോട് പറയപ്പെടും:) ''നിങ്ങൾ മുമ്പ് സത്യം ചെയ്തിരുന്നില്ലേ, നിങ്ങൾക്ക് (ഐഹിക ജീവിതം വിട്ട്) യാതൊരു നീക്കവും ഇല്ലെന്ന്?!

وَسَكَنتُمۡ فِي مَسَٰكِنِ ٱلَّذِينَ ظَلَمُوٓاْ أَنفُسَهُمۡ وَتَبَيَّنَ لَكُمۡ كَيۡفَ فَعَلۡنَا بِهِمۡ وَضَرَبۡنَا لَكُمُ ٱلۡأَمۡثَالَ ﴿٤٥﴾

45 തങ്ങളുടെ സ്വന്തങ്ങളോട് അക്രമം പ്രവർത്തിച്ചവരുടെ വാസസ്ഥലങ്ങളിൽ നിങ്ങൾ താമസിക്കുകയും ചെയ്തു; അവരെക്കൊണ്ട് നാം എങ്ങിനെ ചെയ്തുവെന്നു നിങ്ങൾക്ക് വ്യക്തമാ(യി മനസ്സിലാ) കുകയും ചെയ്തു; നിങ്ങൾക്ക് നാം ഉപമകൾ വിവരിച്ചു തരുകയും ചെയ്തു. [എന്നിട്ടൊന്നും നിങ്ങൾ അന്ന് വിശ്വസിച്ചില്ല]''

---

44 **وأنذر** നീ മുന്നറിയിപ്പ് (താക്കീത്) നൽകുക. **الناس** മനുഷ്യർക്ക്. **يوم** ദിവസത്തെപ്പറ്റി. **يأتيهم** അവർക്ക് വരുന്ന. **العذاب** ശിക്ഷ. **فيقُولُ** അപ്പോൾ പറയും. **الذين ظَلموا** അക്രമം ചെയ്തവർ. **ربنا** ഞങ്ങളുടെ റബ്ബേ. **أخرنا** ഞങ്ങളെ പിന്തിച്ച് (ഒഴിവാക്കി) തരുക. **إلى أجلٍ** ഒരവധിവരെ. **قريبٍ** അടുത്തതായ. **نجب** ഞങ്ങൾ ഉത്തരം ചെയ്യാം. **دعوتك** നിൻെറ വിളിക്ക്, ക്ഷണനത്തിന്. **ونتبع** ഞങ്ങൾ പിൻപറ്റുകയും ചെയ്യാം. **الرسلَ** റസൂലുകളെ. **أو لم تكُونوا** നിങ്ങളായിരുന്നില്ലേ. **أقْسمتم** നിങ്ങൾ സത്യം ചെയ്തു. **من قبلُ** മുമ്പ്. **ما لكُم** നിങ്ങൾക്കില്ല എന്ന്. **من زوالٍ** ഒരു നീക്കവും (മാറ്റവും) . 45 **وسكَنتم** നിങ്ങൾ വസിക്കുക (താമസിക്കുക) യും ചെയ്തു. **في مساكن** വാസസ്ഥല (പാർപ്പിട) ങ്ങളിൽ. **الذين ظَلموا** അക്രമം പ്രവർത്തിച്ചവരുടെ. **أنفُسهم** തങ്ങളോട് തന്നെ, തങ്ങളുടെ സ്വന്തത്തോട്. **وتبين** വ്യക്തമായിത്തീരു

കയും ചെയ്തു. **لَكُمْ** നിങ്ങൾക്ക്. **كَيْفَ** എങ്ങിനെയെന്ന്. **فَعَلْنَا** നാം ചെയ്തത്. **بِهِمْ** അവരെക്കൊണ്ട്, അവരിൽ. **وَضَرَبْنَا** നാം ആക്കുക (വിവരിക്കുക) യും ചെയ്തു. **لَكُمْ** നിങ്ങൾക്ക്. **الْأَمْثَالَ** ഉപമകളെ.

മരണാനന്തര ജീവിതത്തെ നിഷേധിക്കുന്നവർ ഖിയാമത്തു നാളിലെ ശിക്ഷാനുഭവങ്ങൾ കാണുമ്പോൾ, തങ്ങളെ കുറച്ചുകാലത്തേക്കെങ്കിലും ഒന്നു കൂടി ഇഹലോകത്തേക്കു മടക്കിത്തന്നെങ്കിൽ, തങ്ങൾ സത്യമാർഗ്ഗവും സത്യവിശ്വാസവും സ്വീകരിച്ചു നന്നായിക്കൊള്ളാമെന്നു കേണപേക്ഷിക്കും. അതുകൊണ്ടു ഒരു ഫലവും അവർക്കു കിട്ടുവാൻ പോകുന്നില്ല. അതിനു ഇടവരുത്താതെ നേരെത്തെത്തന്നെ സൂക്ഷിക്കണമെന്നു അവരെ താക്കീതു ചെയ്യാൻ അല്ലാഹു നബി(സ) യോടു കൽപിക്കുകയാണ്.

മരണാനന്തര ജീവിതത്തെ നിഷേധിക്കുന്നവർ, ഈ ലോക ജീവിതമില്ലാതെ മറ്റൊരു ജീവിതമല്ലെന്നു തീർത്തു പറയും. അതെ, وأقسموا بالله جهد أيمانهم لا يبعث الله من يموت (മരണപ്പെടുന്നവരെ അല്ലാഹു എഴുന്നേൽപിക്കുകയില്ലെന്നു അവർ തങ്ങളാൽ കഴിയുന്നത്ര ശക്തിയായി സത്യം ചെയ്യും.) (16:38) ഇതേ വാക്കല്ലെങ്കിൽ, ഈ അർത്ഥത്തിലുള്ള വാക്കുകളിൽ എല്ലാ കാലത്തെ നിഷേധികളും അതും ഉറപ്പിച്ചും തറപ്പിച്ചും പറയാറുള്ളതാകുന്നു. ഇത്രയും ശക്തമായ ഭാഷയിൽ നിങ്ങൾ നിഷേധിച്ചുവന്നിരുന്ന ആ ജീവിതം ഇപ്പോൾ നിങ്ങൾക്കെങ്ങിനെ അനുഭവപ്പെട്ടു?! നിങ്ങളുടെ ആ സത്യങ്ങളൊക്കെ എവിടെപ്പോയി?! എന്നൊക്കെയുള്ള പരിഹാസവും, ആക്ഷേപവുമാണ് أولم تكونو.......... (നിങ്ങൾ സത്യം ചെയ്തിരുന്നില്ലേ...) എന്നു തുടങ്ങിയ വാക്യത്തിൽ കാണുന്നത്. നിങ്ങളെപ്പോലെ നിഷേധികളായിരുന്ന പല ആക്രമികളും മുമ്പും കഴിഞ്ഞുപോകുകയും, അവരുടെ മേൽ അല്ലാഹു ചില ശിക്ഷാ നടപടികൾ എടു ക്കുകയും ഉണ്ടായിട്ടുണ്ട്. അവരുടെശേഷം അവർ വസിച്ചിരുന്ന നാടുകളിൽ കഴിഞ്ഞുകൂടുന്ന നിങ്ങൾക്കു അതെല്ലാം ശരിക്കും മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുമുണ്ട്. പോരാത്തതു, പ്രവാചകനും, വേദഗ്രന്ഥവും മുഖേന അവരുടെ ഉദാഹരണങ്ങളും, അവരും നിങ്ങളുമായുള്ള സാമ്യങ്ങളും നിങ്ങൾക്കു വിവരിച്ചു തരപ്പെടുകയും ചെയ്തിരിക്കുന്നു. എന്നിട്ടൊന്നും നിങ്ങൾ പാഠം പഠിച്ചില്ല. നിങ്ങളുടെ നിഷേധത്തിൽനിന്നു നിങ്ങൾ പിൻമാറിയതുമില്ല. അതുകൊണ്ടാണു ഈ ഗതികേടു നിങ്ങൾക്കു അനുഭവിക്കേണ്ടി വന്നത്. എന്നൊക്കെയാണ് പിന്നീട് പറഞ്ഞതിന്റെ സാരം. തുടർന്നുകൊണ്ടു അല്ലാഹു പറയുന്നു;

46 അവർ അവരുടെ തന്ത്രം പ്രയോഗിക്കുകയുണ്ടായി. അവരുടെ തന്ത്രം അല്ലാഹുവിന്റെ അടുക്കലുണ്ടുതാനും. [അതവൻ രേഖപ്പെടുത്തിവെച്ചിട്ടുണ്ട്] അവരുടെ തന്ത്രം -അതു നിമിത്തം പർവ്വതങ്ങൾ (തൽസ്ഥാനത്തുനിന്ന്) നീങ്ങിപ്പോകുവാൻ (തക്കതൊന്നും) ആയി ട്ടില്ല.	وَقَدْ مَكَرُوا۟ مَكْرَهُمْ وَعِندَ ٱللَّهِ مَكْرُهُمْ وَإِن كَانَ مَكْرُهُمْ لِتَزُولَ مِنْهُ ٱلْجِبَالُ ﴿٤٦﴾

---

46 **وَقَدْ مَكَرُوا** അവർ തന്ത്രം പ്രയോഗിച്ചിട്ടുണ്ട്. **مَكْرَهُمْ** അവരുടെ തന്ത്രം. **وَعِندَ اللهِ** അല്ലാഹുവിന്റെ അടുക്കലുണ്ടുതാനും. **مَكْرُهُمْ** അവരുടെ തന്ത്രം. **وَإِن كَانَ** ആയിട്ടില്ല (ഇല്ല) , നിശ്ചയമായും ആകുന്നു. **مَكْرُهُمْ** അവരുടെ തന്ത്രം. **لِتَزُولَ** നീങ്ങിപ്പോകുവാൻ (തക്കവണ്ണം) . **مِنْهُ** അതുനിമിതത്തം. **الْجِبَالُ** മലകൾ, പർവ്വതങ്ങൾ.

അവർ തങ്ങൾക്കു കഴിയുമാറുള്ള എല്ലാ തന്ത്രങ്ങളും ആക്രമങ്ങളും പ്രയോഗിച്ചു കൊണ്ടിരുന്നു. ഒന്നും അല്ലാഹു അറിയാതെ പോയിട്ടില്ല. എല്ലാം അവൻ രേഖപ്പെടുത്തിവെ ച്ചിട്ടുണ്ട്. അതിന്റെ ഫലം അവർക്കു വഴിയെ അറിയുകയും ചെയ്യും. അവർ പ്രയോഗിച്ച തന്ത്രങ്ങൾ എത്ര വമ്പിച്ചതായിരുന്നാലും പർവ്വതങ്ങളെ സ്ഥാനം വിട്ടു നീക്കിക്കളയുമാറ് അത്ര വമ്പിച്ചതൊന്നുമായിരുന്നില്ല അവ എന്നു സാരം.

അവസാന വാക്യത്തിലെ وان كان (വഇൻ-കാന) എന്ന വാക്കിനു 'ആയിട്ടില്ല' എന്നു നിഷേധ രൂപത്തിലും 'നിശ്ചയമായും ആയിരിക്കുന്നു' എന്നു സ്ഥാപനരൂപത്തിലും അർത്ഥം കൽപിക്കുവാൻ സാധ്യതയുണ്ട്. (*) രണ്ടു പ്രകാരത്തിലും ഖുർആൻ വ്യാഖ്യാതക്കൾ അർത്ഥം കൽപിച്ചിട്ടുമുണ്ട്. ഒന്നാമത്തെ അർത്ഥപ്രകാരം, അവരുടെ തന്ത്രം നിമിത്തം പർവ്വതങ്ങൾ നീങ്ങിപോകുവാനായിട്ടില്ല-അഥവാ അതു അത്ര വമ്പിച്ചതായിരുന്നില്ല-എന്നു പരിഹാസ രൂപ ത്തിൽ പറഞ്ഞതായിരിക്കും ആ വാക്യം. ഈ അർത്ഥമാണ് പരിഭാഷയിൽ സ്വീകരിക്ക പ്പെട്ടിരിക്കുന്നത്. ഭൂമിയിലൂടെ അഹങ്കരിച്ചു നടക്കുന്നവരോടു.... انك لن تخرق الارض (നീ ഭൂമിയെ കീറിപ്പൊളിക്കുകയില്ല, നീളത്തിൽ പർവ്വതങ്ങളോളം നീ എത്തുകയുമില്ല.) (17;37) എന്നു പറഞ്ഞതുപോലെയുള്ള ഒരു പ്രയോഗമായിരിക്കും അപ്പോൾ അത്. രണ്ടാമത്തെ അർത്ഥ പ്രകാരം, അവരുടെ കുതന്ത്രം നിമിത്തം പർവ്വതങ്ങൾ നീങ്ങിപ്പോകുമാറായിരിക്കുന്നു-അഥവാ അവ വളരെ വമ്പിച്ചതായിരുന്നുവെന്നു പരിഹാസരൂപത്തിൽ പറഞ്ഞു നിന്ദിക്കലായിരിക്കും ഉദ്ദേശ്യം. അപ്പോൾ, അല്ലാഹുവിനു മക്കളുണ്ടെന്നു പറയുന്നവരുടെ വാദത്തെപ്പറ്റി ... تكاد السموات يتفطرون منه (ആകാശങ്ങൾ അതുമൂലം പൊട്ടിപ്പിളരുകയും, ഭൂമി വിണ്ടു കീറുകയും, മലകൾ തകർന്നു വീഴുകയും ചെയ്യുമാറാകുന്നു! (19;20) എന്നു പറഞ്ഞതു പോലെയുള്ള ഒരു പ്രയോഗവുമായിരിക്കും. രണ്ടിൽ ഏതർത്ഥം സ്വികരിച്ചാലും ശരി, അവരുടെ തന്ത്രം എത്ര തന്നെ കടുത്തതായിരുന്നാലും അല്ലാഹുവിൻെറ അടുക്കൽ അതു കേവലം നിസ്സാരമാണെന്നായിരിക്കും ആ വാക്യത്തിൻെറ താൽപര്യം.

47 ആകയാൽ, അല്ലാഹുവിനെക്കുറിച്ച് അവൻെറ റസൂലുകളോടുള്ള വാഗ്ദത്തം(അവൻ) ലംഘിക്കുന്നവനാണെന്ന് തീർച്ചയായും നീ വിചാരിച്ചുപോകരുത്. നിശ്ചയമായും അല്ലാഹു, പ്രതാപശാലിയും, ശിക്ഷാ നടപടി എടു ക്കുന്നവനുമാണ്.

فَلَا تَحْسَبَنَّ ٱللَّهَ مُخْلِفَ وَعْدِهِۦ رُسُلَهُۥٓ ۗ إِنَّ ٱللَّهَ عَزِيزٌ ذُو ٱنتِقَامٍ ﴿٤٧﴾

48 (അതെ) ഭൂമി (ഈ) ഭൂമിയല്ലാത്തതായും, ആകാശങ്ങളും (ഈ ആകാശങ്ങളല്ലാത്ത തായും) മാറ്റപ്പെടുന്ന ദിവസം! അവർ (എല്ലാം) ഏകനായ, സർവ്വാധികാരിയായ അല്ലാഹുവിങ്കലേക്ക് (ഖബറുകളിൽനിന്ന്) പ്രത്യക്ഷപ്പെട്ട് വരുകയും ചെയ്യും.

يَوْمَ تُبَدَّلُ ٱلْأَرْضُ غَيْرَ ٱلْأَرْضِ وَٱلسَّمَٰوَٰتُ ۖ وَبَرَزُوا۟ لِلَّهِ ٱلْوَٰحِدِ ٱلْقَهَّارِ ﴿٤٨﴾

---

47 **فَلَاتحسبن** ആകയാൽ, തീർച്ചയായും നീ കരുതേണ്ട ഗണിക്കരുത്. **الله** അല്ലാഹുവവിനെ. **مخلف** വ്യത്യാസം ചെയ്യുന്ന (ലംഘിക്കുന്ന) വനെന്ന്. **وعده** അവൻെറ വാഗ്ദത്തത്തെ. **رسله** അവൻെറ റസൂലുകളോട്. **إن الله** നിശ്ചയമായും അല്ലാഹു. **عزيز** പ്രതാപശാലിയാണ്, വീര്യപ്പെട്ടവനാണ്. **ذُو انتقام** ശിക്ഷാ നടപടിയുള്ളവനാണ്. 48 **يوم تبدل** മാറ്റ (പകരമാക്ക) പ്പെടുന്ന ദിവസം. **الْأَرض** ഭൂമി. **غَير الْأَرض** ഭൂമിയല്ലാത്തതായി (മറ്റൊരുഭൂമിയായി) . **والسماوات** ആകാശങ്ങളെയും. **وبرزوا** അവർ പ്രത്യക്ഷപ്പെടുക ((വെളിക്കു വരുക-വെളിവാകുക)) യും ചെയ്യും. **لله الواحد** ഏകനായ അല്ലാഹുവിങ്കലേക്ക്. **القَهار** സർവ്വാധികാരിയായ.

ഈ ഭൂമി മറ്റൊരു ഭൂമിയായും, ആകാശങ്ങൾ വേറെ ആകാശങ്ങളായും മാറ്റപ്പെടുന്ന ദിവസം എന്നു പറഞ്ഞതു ഖിയാമത്തുനാളാണെന്നു സ്പഷ്ടമാകുന്നു. എന്നാൽ, ഈ മാറ്റം എപ്രകാരമായിരിക്കുമെന്നു തീർത്തുപറയുവാൻ നമുക്കു കഴിയുകയില്ല. അല്ലാഹുവിനെ അതറിയുകയു

* يغنى يحتمل ان تكون 'ان' نافية او مؤكدة لها بعدها

ളളു. ഖിയാമത്തുനാളിൽ ഉണ്ടാകുന്ന പല സംഭവവികാസങ്ങളെയും മാറ്റങ്ങളെയും കുറിച്ചു ഖുർആൻ പലേടങ്ങളിലായി വളരെയധികം കാര്യങ്ങൾ പ്രസ് താവിക്കപ്പെട്ടിരിക്കുന്നു. അവയിൽ നിന്ന് ആകാശഭൂമികളുടെ നിലവിലുളള പ്രകൃതിയിലും സ്വഭാവത്തിലും വമ്പിച്ച മാറ്റം സംഭവിക്കുവാനിരിക്കുന്നുവെന്നു മൊത്തത്തിൽ മനസ്സിലാക്കാം. താഴെ സൂറത്തുകളിലാണു ഇതു സംബന്ധിച്ചുകൂടുതൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്. ഉദാഹരണാർത്ഥം ചിലതു ചൂണ്ടിക്കാട്ടാം:-

1. ആകാശം ശക്തമായി പ്രകമ്പനം കൊള്ളും, മലകൾ ശക്തിയായ സഞ്ചാരം സഞ്ചരിക്കും, (52:9, 10) 2, 'നക്ഷത്രങ്ങൾ തുടച്ചു മായിക്കപ്പെടും, ആകാശം തുറന്നു വിടർത്തപ്പെടും. (77; 8, 9) 3. ആകാശം തുറക്കപ്പെടും, എന്നിട്ടു അതു പല കവാടങ്ങളുളളതായിത്തീരും, മലകൾ (സ്ഥാനം വിട്ടു) നടത്തപ്പെടും. അതു കാനൽ സമാനമായിത്തീരും. (78:19,20) 4. സൂര്യൻ ചുറ്റിപ്പൊതിയപ്പെടും, നക്ഷത്രങ്ങൾ ഉതിർന്നുവീഴും... കാട്ടുജീവികൾ ഒരുമിച്ചു കൂട്ടപ്പെടും, സമുദ്രങ്ങൾ തിളച്ചു മറിക്കപ്പെടും. (81; 1-6) 5. ആകാശം പൊട്ടിപ്പിളരും നക്ഷത്രങ്ങൾ കൊഴിഞ്ഞുവീഴും, സുമദ്രങ്ങൾ പൊട്ടി ഒഴുക്കപ്പെടും, ഖബ്റുകൾ (അടിമേൽ) മറിച്ചിടപ്പെടും. (82; 1-4) 6 മലകളെ പൊടിച്ചു പാറ്റുകയും, എന്നിട്ടു സമനിരപ്പാക്കുകയും ചെയ്യും. അതിൽ ഉയർച്ചയോ താഴ്ചയോ കാണുകയില്ല. (20:105-107) ഇതുപോലെ വേറെയും പലതും കാണാം. നബി (ﷺ) അരുളിച്ചെയ്തതായി സഹ്‌ലുബ്നുസഅ്ദു (رضي الله عنه) ഉദ്ധരിക്കുന്നു: ‘‘(തരിച്ചെടുത്ത) ശുദ്ധമായ മാവുകൊണ്ടുണ്ടാക്കിയ അപ്പം കണക്കെ, തനി വെളളയായ ഒരു ഭൂമിയിൽ ഖിയാമത്തുനാളിൽ മനുഷ്യർ ഒരുമിച്ചുകൂട്ടപ്പെടും. അവിടെ ഒരാൾക്കും (സ്ഥാനനിർണ്ണയം ചെയ്യത്തക്ക) ഒരടയാളവും ഉണ്ടായിരിക്കയില്ല’’. (ബു; മു.)

ചുരുക്കിപ്പറഞ്ഞാൽ, നമ്മുടെ ഊഹങ്ങൾക്കെല്ലാം അതീതമായ അനേക മാറ്റങ്ങൾ അന്നു ലോകത്തു സംഭവിക്കും. സൂക്ഷ്മമായ അറിവു അല്ലാഹുവിനു മാത്രം. ശുദ്ധ ശൂന്യതയിൽ നിന്നു അറ്റമില്ലാത്ത ഈ അഖിലാണ്ഡത്തെ സൃഷ്ടിച്ചു പരിപാലിച്ചു വരുന്ന സൃഷ്ടാവിനു അതിൽ ഏതു തരത്തിലുളള മാറ്റവും വരുത്തുവാനും, മറ്റൊരു ലോകവ്യവസ്ഥ നിലവിൽ കൊണ്ടുവരാനും യാതൊരു പ്രയാസവും ഇല്ലതന്നെ. ലോകാവസാനം വരെ മരണമടഞ്ഞുപോയ ജനകോടികളെല്ലാം അവരവരുടെ ഖബ്ർസ്ഥാനങ്ങളിൽ നിന്നു-ഓരോരുത്തനും എങ്ങിനെ, എവിടെ മറമാടപ്പെട്ടിരുന്നുവോ അവിടങ്ങളിൽ നിന്നു-അല്ലാഹുവിൻെറ മുമ്പാകെ വിചാരണാനിലയത്തിലേക്കു വെളിക്കു വരുന്നതാണ്. അന്നത്തെ സർവ്വാധികാരം ഏകനായ അല്ലാഹുവിനു മാത്രമായിരിക്കും. നാമമാത്രമായ അധികാരമെങ്കിലും ആർക്കുമാർക്കും ഉണ്ടായിരിക്കയില്ല. لمن الملك اليوم لله الواحد القهار (അന്നു ആർക്കാണു രാജാധികാരം? സർവ്വാധികാരിയായ ഏകനായ അല്ലാഹുവിനുതന്നെ) ആ അവസരത്തിൽ ദുർമ്മാർഗ്ഗികളായ കുറ്റവാളികളുടെ സ്ഥിതികളെന്തായിരിക്കുമെന്നു അല്ലാഹു വിവരിക്കുന്നു:-

49	അന്നത്തെ ദിവസം, കുറ്റവാളികളെ ചങ്ങലകളിൽ കൂട്ടി ബന്ധിക്കപ്പെട്ടവരായി നിനക്ക് കാണാവുന്നതുമാണ്.	وَتَرَى ٱلۡمُجۡرِمِينَ يَوۡمَئِذٖ مُّقَرَّنِينَ فِي ٱلۡأَصۡفَادِ ﴿٤٩﴾
50	അവരുടെ കുപ്പായങ്ങൾ പന്തം കൊണ്ടായിരിക്കും; അവരുടെ മുഖങ്ങളെ അഗ്നി മൂടുകയും ചെയ്യും;	سَرَابِيلُهُم مِّن قَطِرَانٖ وَتَغۡشَىٰ وُجُوهَهُمُ ٱلنَّارُ ﴿٥٠﴾
51	എല്ലാ (ഓരോ) വ്യക്തിക്കും അത് (പ്രവ ർത്തിച്ചു) സമ്പാദിച്ചതിന് അല്ലാഹു പ്രതിഫലം നൽകുവാൻ വേണ്ടിയത്രെ (അത്) നിശ്ചയമായും അല്ലാഹു, വിചാരണ വേഗം ചെയ്യുന്നവനുമാകുന്നു.	لِيَجۡزِيَ ٱللَّهُ كُلَّ نَفۡسٖ مَّا كَسَبَتۡۚ إِنَّ ٱللَّهَ سَرِيعُ ٱلۡحِسَابِ ﴿٥١﴾

49 وترى നീ കാണുകയും ചെയ്യും, നിനക്ക് കാണാം. المجرمين കുറ്റവാളികളെ. يومئذ അന്നു, ആ ദിവസം. مقرنين കൂട്ടിച്ചേർക്ക (ബന്ധിക്ക) പ്പെട്ടവരായി. في الأصفاد കുടുക്കു (ചങ്ങല-കെട്ടുകയറ്-ആമം) കളിൽ. 50 سرابيلهم അവരുടെ കുപ്പായങ്ങൾ, ആടകൾ. من قطران പന്തത്തിനാലായിരിക്കും, താർ കൊണ്ടായിരിക്കും. وتغشى മൂടുക (പൊതിയുക) യും ചെയ്യും. وجوههم അവരുടെ മുഖങ്ങളെ. النار അഗ്നി, നരകം തീ.. 51 ليجزي പ്രതിഫലം നൽകുവാൻ വേണ്ടി. الله അല്ലാഹു. كل نفس എല്ലാ വ്യക്തിക്കും (ദേഹത്തിന്നും, ആത്മാവിന്നും) . ما كسبت അതു സമ്പാദിച്ച (പ്രവർത്തിച്ച) തിന്. إن الله നിശ്ചയമായും അല്ലാഹു. سريع വേഗതയുള്ളവനാണ്. الحساب വിചാരണ.

'ചങ്ങലകളിൽ കൂട്ടിബന്ധിക്കപ്പെട്ടവരായിരിക്കു'മെന്നു പറഞ്ഞതിൻെറ ഉദ്ദേശ്യം അവർ പരസ്പരം ചങ്ങലകൊണ്ടു കൂട്ടിബന്ധിക്കപ്പെടുമെന്നും, അവരുടെ അവയവങ്ങൾ തമ്മിൽ കൂട്ടിബന്ധിക്കപ്പെടുമെന്നും ആകാവുന്നതാണ്. قطران (ഖത്വിറാൻ) എന്ന വാക്കിനാണു 'പന്തം' എന്നു അർത്ഥം കൽപിച്ചത്. 'കീൽ' അഥവാ 'താർ' എന്നും മറ്റും അതിന്നു അർത്ഥം പറയപ്പെട്ടുകാണാം. വേഗം തീ പിടിച്ചു ആളിക്കത്തുന്നതും, ഉഷ്ണം കൂടുതൽ വർദ്ധിപ്പിക്കുന്നതുമായ പദാർത്ഥമായിരിക്കും അവരുടെ കുപ്പായമെന്നു താൽപര്യം. അല്ലാഹു നമ്മെ കാത്തു രക്ഷിക്കട്ടെ. ആമീൻ. ഈ സൂറത്തു അല്ലാഹു ഇങ്ങിനെ അവസാനിപ്പിക്കുന്നു.:-

52 ഇത്[ഖുർആൻ] മനുഷ്യർക്ക് (എത്തിക്കാനുള്ള) ഒരു സന്ദേശമാകുന്നു. ഇതുമൂലം അവർക്ക് മുന്നറിയിപ്പ് (അഥവാ താക്കീത്) നൽക പ്പെടുവാൻ വേണ്ടിയും, അവൻ [അല്ലാഹു] ഒരേ ഒരു ആരാധ്യൻ മാത്രമാണെന്ന് അവർ അറിയുവാൻവേണ്ടിയും, ബുദ്ധിമാൻമാർ ഉറ്റാലോചിക്കുവാൻ വേണ്ടിയും ആകുന്നു.

هَٰذَا بَلَٰغٌ لِّلنَّاسِ وَلِيُنذَرُوا۟ بِهِۦ وَلِيَعْلَمُوٓا۟ أَنَّمَا هُوَ إِلَٰهٌ وَٰحِدٌ وَلِيَذَّكَّرَ أُو۟لُوا۟ ٱلْأَلْبَٰبِ ﴿٥٢﴾

52 هذا ഇതു. بلاغ ഒരു സന്ദേശമാണ് (എത്തിക്കാനുള്ളതാണ്) . للناس മനുഷ്യർക്ക്. ولينذروا അവർ താക്കീത് (മുന്നറിയിപ്പ്) നൽകപ്പെടുവാനും. به അതുകൊണ്ട്, ഇതുമൂലം. وليعلموا അവർ അറിയുവാനും. أنما هو അവൻ മാത്രം എന്ന്. إله واحد ഏകനായ ആരാധ്യൻ (എന്ന്) . وليذكر ഉറ്റാലോചിക്കുവാനും. أولو الألباب ബുദ്ധിമാൻമാർ.

ഉറ്റാലോചിച്ചു കാര്യം ഗ്രഹിക്കുന്ന ബുദ്ധിമാൻമാരിൽ നമ്മെയെല്ലാം അല്ലാഹു ഉൾപ്പെടുത്തട്ടെ, ഖിയാമത്തു നാളിലെ ഭയങ്കരതകളിൽ നിന്നു അവൻ നമുക്കെല്ലാം രക്ഷ നൽകുകയും ചെയ്യട്ടെ. ആമീൻ.

اللهم لك الحمد ولك المنة والفضل

Translation & Intereptation by:

Muhammed Amani Moulavi
Published by:

Kerala Nadvathul Mujahideen – Mujahid Centre – Calicut -4

Prepared by:
www.islamhouse.com as per the copyright received from the Publishers:
To be used for Reference and Daawa purpose only.

15. സൂറത്തുൽ ‘ഹിജ്ർ.’ سورة الحجر

മക്കായിൽ അവതരിച്ചത് – വചനങ്ങൾ 99 – വിഭാഗം (റുകൂഅ്) 6

ഈ സൂറത്തിലെ 80–ാം വചനത്തിൽ സ്വാലിഹ് (عليه السلام) നബിയുടെ രാജ്യമായ ഹിജ്റിനെക്കുറിച്ചു പരാമർശമുള്ളതിൽ നിന്നാണ് ഇതിന് സൂറത്തുൽ ഹിജ്ർ എന്ന് പേരുവന്നത്.

ജുസ്ഉ്–14

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

الٓرۚ تِلۡكَ ءَايَٰتُ ٱلۡكِتَٰبِ وَقُرۡءَانٖ مُّبِينٖ ﴿١﴾

1 ‘അലിഫ്-ലാം-റാ.’ (*) ഇവ (വേദ) ഗ്രന്ഥത്തിന്റെയും, (കാര്യങ്ങൾ) സ്പഷ്ടമാക്കുന്ന ഒരു (മഹത്തായ) ഖുർആന്റെയും ‘ആയത്തു’ [സൂക്തം]കളാകുന്നു.

رُّبَمَا يَوَدُّ ٱلَّذِينَ كَفَرُواْ لَوۡ كَانُواْ مُسۡلِمِينَ ﴿٢﴾

2 ചിലപ്പോഴൊക്കെ അവിശ്വാസികൾ കൊതിച്ചു പോകും: തങ്ങൾ ‘മുസ്ലിം’കൾ [അല്ലാഹുവിന് കീഴൊതുങ്ങിയവർ] ആയിരുന്നെങ്കിൽ (കൊള്ളാമായിരുന്നു!) എന്ന്.

ذَرۡهُمۡ يَأۡكُلُواْ وَيَتَمَتَّعُواْ وَيُلۡهِهِمُ ٱلۡأَمَلُۖ فَسَوۡفَ يَعۡلَمُونَ ﴿٣﴾

3 (നബിയേ) അവരെ വിട്ടേക്കുക: അവർ തിന്നുകയും, സുഖമനുഭവിക്കുകയും, അതിമോഹം അവരെ അശ്രദ്ധയിലാക്കുകയും ചെയ്തുകൊണ്ടിരിക്കട്ടെ; വഴിയെ അവർ അറിഞ്ഞുകൊള്ളും.

---

1 **الـر** അലിഫ്-ലാം-റാ’. **تلك** അവ (ഇവ) . **آيات** ആയത്തുകളാകുന്നു. **الْكتاب** (വേദ) ഗ്രന്ഥത്തിന്റെ. **وقرآن** ഒരു ഖുർആന്റെയും (പാരായണ ഗ്രന്ഥത്തിന്റെയും) . **مبين** സ്പഷ്ടമായ, സ്പഷ്ടമാക്കുന്ന. 2 **ربما** ചിലപ്പോൾ, ഒരുവേള. **يود** കൊതിക്കും, മോഹിക്കും. **الذين كفَروا** അവിശ്വസിച്ചവർ. **لو كانوا** അവരായിരുന്നെങ്കിൽ എന്ന്. **مسلمين** മുസ്ലിംകൾ. 3 **ذَرهم** അവരെ വിട്ടേക്കുക. **يأكُلوا** അവർ തിന്നുകൊണ്ടിരിക്കട്ടെ. **ويتمتعوا** അവർ സുഖമനുഭവിക്കുകയും ചെയ്യട്ടെ. **ويلههم** അവരെ അശ്രദ്ധയിലാക്കുകയും. **الأمَلُ** അതിമോഹം, അത്യാഗ്രഹം. **فَسوف** എന്നാൽ വഴിയെ. **يعلَمون** അവർ അറിയുന്നതാണ്.

ربما (റുബമാ) എന്നും, ربـما (റുബ്ബമാ) എന്നും ഇവിടെ വായിക്കപ്പെട്ടിട്ടുണ്ട് അർത്ഥം രണ്ടായാലും ഒന്നു തന്നെ. ‘ചിലപ്പോൾ, ഒരു പക്ഷേ, ഒരുവേള’ എന്നിങ്ങിനെ അൽപത്വത്തെ കുറിക്കുന്നതാണ് ആ പദം. ചിലപ്പോൾ സന്ദർഭമനുസരിച്ച് ആധിക്യത്തെ സൂചിപ്പിച്ചും അത് ഉപയോഗിക്കപ്പെടാറുണ്ട്. (†) പതിവായി ഒരാളുടെ സഹായത്തെ

---

* അൽബഖഃറയിലും മറ്റും വിവരിച്ചതു ഓർക്കുക.

† يعني ان اصله التقليل وقد يراد به التكثير

ആശ്രയിച്ചു വരുന്ന ഒരു മനുഷ്യൻെറ നന്ദികേടിനെക്കുറിച്ചു പറയുമ്പോൾ ''നീ ചിലപ്പോൾ എൻെറ സഹായത്തിനുവേണ്ടി വന്നേക്കും'' എന്നു അയാൾ പറയുമ്പോൾ, നിനക്ക് എൻെറ സഹായം എപ്പോഴും ആവശ്യമായിരിക്കുമെന്നാണല്ലോ അതിൻെറ താൽപര്യം. അതുപോലെ, അവിശ്വാസികൾ ഇപ്പോൾ നിഷേധത്തിൻെറ മർക്കട മുഷ്ടിയിൽ തന്നെയാണുള്ളതെങ്കിലും വഴിയെ അവർ, തങ്ങൾ മുസ്‌ലിംകളായി സത്യവ ിശ്വാസം സ്വീകരിച്ചിരുന്നെങ്കിൽ നന്നായേനെ എന്ന് പലപ്പോഴും കൊതിച്ചുപോവുക തന്നെ ചെയ്യും; ഉപദേശങ്ങളും ദൃഷ്ടാന്തങ്ങളും വിലവെക്കാത്ത അവർ തൽക്കാലം അവരുടെ സുഖസൗകര്യങ്ങളിലും വ്യാമോഹങ്ങളിലും സൈര്വവിഹാരംകൊള്ളട്ടെ; വഴിയെ അതി ൻെറഫലം അവർ അറിഞ്ഞുകൊള്ളും എന്നു സാരം.

മരണവേളയിലെയും ഖിയാമത്ത് നാളിലെയും വിചാരണാ വേളയിലെയും ഭയങ്കര തകൾ അനുഭവപ്പെടുമ്പോഴും, സത്യവിശ്വാസികളെ സ്വർഗ്ഗത്തിലേക്കും അവിശ്വാസികളെ നരകത്തിലേക്കും തിരിക്കുമ്പോഴും, നരകത്തിലെ ശിക്ഷാനടപടികൾക്കു വിധേയരാകു മ്പോഴും സത്യവിശ്വാസികളായ പാപികളുടെ നരകശിക്ഷയുടെ കാലാവധി കഴിഞ്ഞശേഷം അവർ നരകത്തിൽനിന്നു മോചിക്കപ്പെടുന്നതു കാണുമ്പോഴും-അങ്ങിനെ പല അവസര ങ്ങളിലും- അവിശ്വാസികൾ അപ്രകാരം കൊതിക്കുകയും പറയുകയും ചെയ്തുകൊണ്ടിരി ക്കുമെന്നു പല ഖുർആൻ വചനങ്ങളിൽനിന്നും, നബിവചനങ്ങളിൽനിന്നും അറിയപ്പെട്ടിട്ടു ള്ളതാകുന്നു. ഇതാണിവിടെ ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവെ അംഗീകരിച്ചിട്ടുള്ള പ്രബലമായ വ്യാഖ്യാനം. മറ്റൊരു അഭിപ്രായപ്രകാരം, തങ്ങൾ മുസ്‌ലിംകളായിരുന്നെങ്കിൽ നന്നായേനെ എന്ന് അവിശ്വാസികൾ കൊതിച്ചു പോകുമെന്ന് പറഞ്ഞത്, സത്യവിശ്വാസി കൾക്ക് ഭൂമിയിൽ പിന്നീട് ലഭിക്കുന്ന വിജയങ്ങളും സ്വാധീനവും കാണുമ്പോഴായിരിക്കും എന്നാകുന്നു. ഈ അഭിപ്രായപ്രകാരം ഇസ്‌ലാമിന് വിജയവും സ്വാധീനവും വർദ്ധിച്ചു കൊണ്ടിരിക്കുന്ന ആദ്യകാലത്തെ അവിശ്വാസികളെ സംബന്ധിച്ചാണ് ഈ പ്രസ്താവന എന്നുവെക്കേണ്ടി വരുന്നതാണ്. ഒന്നാമത്തെ അഭിപ്രായപ്രകാരം എല്ലാ അവിശ്വാസികളെ യും സംബന്ധിച്ച ഒരു പ്രസ്താവനയായിരിക്കും ഇത്. والله أعلم

4 ഒരു രാജ്യത്തെയും [രാജ്യക്കാരെയും] തന്നെ, അതിന് അറിയപ്പെട്ടതായ ഒരു (നിശ്ചിത) നിയമം ഉണ്ടായിക്കൊണ്ടല്ലാതെ നാം നശിപ്പിച്ചിട്ടില്ല.

وَمَآ أَهۡلَكۡنَا مِن قَرۡيَةٍ إِلَّا وَلَهَا كِتَابٞ مَّعۡلُومٞ ﴿٤﴾

5 ഒരു സമുദായവുംതന്നെ, അതിൻെറ (നിശ്ചിത) അവധിയെ മുൻകടക്കുകയില്ല; അവർ (അതിനപ്പുറം) പിന്തിപ്പോകുകയുമില്ല.

مَّا تَسۡبِقُ مِنۡ أُمَّةٍ أَجَلَهَا وَمَا يَسۡتَـٔۡخِرُونَ ﴿٥﴾

---

4 وما أهلكنا നാം നശിപ്പിച്ചിട്ടില്ല. من قرية ഒരു രാജ്യത്തെയും തന്നെ. إلا ولها അതിന് (ഉണ്ടായിട്ടു) ഇല്ലാതെ. كتاب ഒരു രേഖ (നിയമം-നിശ്ചയം) . معلوم അറിയപ്പെട്ട. 5 ما تسبق മുൻ കടക്കുകയില്ല. من أمة ഒരു സമുദായവുംതന്നെ. أجلها അതിൻെറ അവധി. وما يستأخرونَ അവർ പിന്തിപ്പോകുകയുമില്ല.

ഓരോ ജനതയുടെയും നാശം എപ്പോഴാണ്, എങ്ങിനെയാണ് എന്നൊക്കെ ചില നിയമങ്ങളും വ്യവസ്ഥകളും അടങ്ങുന്ന ഓരോ അവധി അല്ലാഹു നിശ്ചയിച്ചിട്ടുണ്ട്. ആ അവധി പൂർത്തിയാകുമ്പോഴേ അത് സംഭവിക്കൂ. അതിനു മുമ്പോ പിമ്പോ ഒരിക്കലും

അതു സംഭവിക്കുകയില്ല. അതുപോലെ, ഈ മുശ്‌രിക്കുകൾക്കുമുണ്ട് ഒരവധി. അത് വരുമ്പോൾ ഇവരുടെ ഊഴവും വരുമെന്നു താൽപര്യം.

6	അവർ [അവിശ്വാസികൾ] പറയുന്നു: ''ഹേ, പ്രമാണം [ഖുർആൻ] ഇറക്കപ്പെട്ടിട്ടുള്ള വനേ, നിശ്ചയമായും നീ ഒരു ഭ്രാന്തൻ തന്നെ!	وَقَالُوا۟ يَـٰٓأَيُّهَا ٱلَّذِى نُزِّلَ عَلَيْهِ ٱلذِّكْرُ إِنَّكَ لَمَجْنُونٌ ﴿٦﴾
7	നീ സത്യവാൻമാരിൽപെട്ടവനാണെങ്കിൽ ഞങ്ങളുടെ അടുക്കൽ നീ മലക്കുകളെ കൊണ്ടുവരാത്തതെന്താണ്?!''	لَّوْ مَا تَأْتِينَا بِٱلْمَلَـٰٓئِكَةِ إِن كُنتَ مِنَ ٱلصَّـٰدِقِينَ ﴿٧﴾

---

6 **وقَالُوا** അവർ പറയുന്നു, പറയുകയാണ്. **يا أيها الذي** ഹേ യാതൊരുവനേ. **نزلَ عليه** അവൻെറമേൽ ഇറക്കപ്പെട്ടിരിക്കുന്നു. **الذكْر** പ്രമാണം, സ്മരണ. **إنك** നിശ്ചയമായും നീ. **لَمجنونٌ** ഒരു ഭ്രാന്തൻ തന്നെ. 7 **لو ما تأتينا** നീ ഞങ്ങൾക്ക് വന്നുകൂടേ, വരാത്തതെന്ത്. **بالملائكة** മലക്കുകളെകൊണ്ട്, മലക്കുകളുമായി. **إن كُنت** നീ ആകുന്നുവെങ്കിൽ. **من الصادقين** സത്യവാൻമാരിൽപെട്ട (വൻ) .

ذكر (ദിക്ർ) എന്ന വാക്കിന് സന്ദർഭംപോലെ 'സ്മരണ, പ്രമാണം, കീർത്തി, പ്രസ്താവന' എന്നൊക്കെ അർത്ഥം കൽപിക്കാം. 'പ്രമാണം' എന്ന അർത്ഥത്തിലാണ് ഇവിടെ അതുള്ളത്. അതിനോട് ال (അൽ) എന്ന അവ്യയം ചേർത്ത് الذكر എന്ന് പറയുമ്പോൾ അതൊരു പ്രത്യേക പ്രമാണത്തെ ഉദ്ദേശിച്ചായിരിക്കും പറയപ്പെട്ടിരിക്കുക. നബി (ﷺ) തിരുമേനിയുമായി ബന്ധപ്പെടുത്തി പറഞ്ഞിരിക്കകൊണ്ട് ഇവിടെ അതുകൊണ്ടുള്ള വിവക്ഷ ഖുർആനാണെന്ന് വ്യക്തമാകുന്നു താഴെ 9-ാം വചനത്തിൻെറയും സൂറത്തുന്നഹ്ൽ: 43,44 എന്നീ വചനങ്ങളുടെയും വ്യാഖ്യാനങ്ങളിൽനിന്ന് ഈ വാക്കിൻെറ ഉദ്ദേശ്യം കൂടുതൽ വ്യക്തമാകുന്നതാണ്.

നബി (ﷺ) യെക്കുറിച്ച് 'ഭ്രാന്തൻ' എന്ന അവരുടെ ആരോപണത്തിന് കാരണം ഖുർആൻ മുഖേന നബി (ﷺ) പ്രബോധനം ചെയ്യുന്ന തത്വങ്ങളിൽ അവർക്കുള്ള പ്രതിഷേധവും, നിഷേധവുമല്ലാതെ മറ്റൊന്നുമല്ലെന്നു സ്പഷ്ടം തന്നെ. മൂസാ (عليه السلام) നബിയുടെ ഒരു പ്രസ്താവനക്കു പ്രത്യുത്തരം പറയുവാൻ കഴിയാതെ വന്നപ്പോൾ, ജനങ്ങളെ അഭിമുഖീകരിച്ചുകൊണ്ടു ഫിർഔൻ പറയുകയുണ്ടായി: ''നിങ്ങളിലേക്ക് അയക്കപ്പെട്ടിട്ടുള്ള നിങ്ങളുടെ (ഈ) റസൂൽ ഒരു ഭ്രാന്തൻ തന്നെയാണ്'' എന്ന്. (26:27) അതുപോലെ, നബി (ﷺ) യെ ന്യായംകൊണ്ടു തോൽപിക്കുവാൻ കഴിയാത്തതുകൊണ്ടു മുശ്‌രിക്കുകളും നബി (ﷺ)യെക്കുറിച്ചു പറഞ്ഞ ഒരു 'ഭ്രാന്തൻ വാക്കു' മാത്രമാണത്. അതിന് നേർക്കുനേരെ ഒരു മറുപടിയും പറയേണ്ടതായിട്ടില്ല. എങ്കിലും അവരുടെ ആരോപണത്തിന്നു കാരണമാകുന്ന ആ പ്രമാണം നബി (ﷺ) യുടെ സ്വന്തം വകയല്ലെന്നും, അത് അല്ലാഹു ഇറക്കിയതാണെന്നും, അവരുടെ ആഗ്രഹത്തിന് വിരുദ്ധമായി അതിനെ അവൻ സുരക്ഷിതമായി നിലനിർത്തുകതന്നെ ചെയ്യുമെന്നും 9- ാം വചനത്തിൽ അതിന് മറുപടിയെന്നോണം അല്ലാഹു പ്രസ്താവിക്കുന്നുണ്ട്. എന്തുകൊണ്ടാണ് ഇവൻ മലക്കുകളെയും കൊണ്ടുവരാത്തതെന്ന അവരുടെ ആക്ഷേപമാണ് മറ്റൊന്ന്. അതിൻെറ മറുപടിയാണ് അടുത്ത വചനത്തിൽ കാണുന്നത്.

8 മലക്കുകളെ(തക്കതായ) ന്യായപ്രകാരമല്ലാതെ നാം ഇറക്കാറില്ല; (ഇറക്കുന്ന പക്ഷം) അപ്പോൾ, അവർ(ഒഴിവ് നൽകി) കാത്തു വെക്കപ്പെടുന്നവരായിരിക്കയുമില്ല.	مَا نُنَزِّلُ ٱلْمَلَٰٓئِكَةَ إِلَّا بِٱلْحَقِّ وَمَا كَانُوٓا۟ إِذًا مُّنظَرِينَ ﴿٨﴾

8 **ما ننزلُ** നാം ഇറക്കുകയില്ല, ഇറക്കാറില്ല. **الْملائكةَ** മലക്കുകളെ. **إلا بِالحق** യഥാർത്ഥമുറപ്രകാരമല്ലാതെ, ന്യായപ്രകാരമല്ലാതെ. **وما كَانوا** അവരായരിക്കയുമില്ല. **إذًا** അപ്പോൾ, അന്നേരം. **منظَرين** കാത്തുവെക്കപ്പെട്ട (ഒഴിവു നൽകപ്പെട്ട) വർ.

ഇവർ ആവശ്യപ്പെടുമ്പോഴേക്കും മലക്കുകളെ ഇറക്കുവാൻ പോകുന്നില്ല. ന്യായമായ ചില കാരണങ്ങളും, സന്ദർഭങ്ങളുമൊക്കെ അതിനുണ്ട്. ഒരു കാര്യം അവർ ഓർത്തിരിക്കട്ടെ: അങ്ങനെ സംഭവിക്കുന്ന പക്ഷം, അപ്പോൾ അവർക്ക് ഒഴിവുകിട്ടി രക്ഷപ്പെടാമെന്നു അവർ വ്യാമോഹിക്കേണ്ട എന്ന് സാരം. ഖുർആൻെറ നേരെയുള്ള വെറുപ്പിൽ നിന്നും അമർഷത്തിൽ നിന്നുമാണല്ലോ ഇവരുടെ ഈ ധിക്കാരങ്ങളൊക്കെ ഉൽഭവിക്കുന്നത്. അതുകൊണ്ടൊന്നും ഖുർആൻ പിൻവലിക്കപ്പെടുകയോ, അതിന് വല്ല ഹാനിയും സംഭവിക്കുകയോ ചെയ്കയില്ലെന്നു അല്ലാഹു ഉറപ്പിച്ചു പറയുന്നു:-

9 നിശ്ചയമായും, നാം തന്നെയാണ് (ഈ) പ്രമാണത്തെ [ഖുർആനെ] അവതരിപ്പിച്ചത്. നാം തന്നെ, അതിനെ (കാത്തു) സൂ ക്ഷി ക്കുകയും ചെയ്തുകൊള്ളും.	إِنَّا نَحْنُ نَزَّلْنَا ٱلذِّكْرَ وَإِنَّا لَهُۥ لَحَٰفِظُونَ ﴿٩﴾

9 **إنا نحن** നിശ്ചയമായും നാം തന്നെ. **نزلنا** നാം ഇറക്കിയിരിക്കുന്നു. **الذكْر** പ്രമാണത്തെ, സ്മരണയെ. **وإنا** നിശ്ചയമായും നാം. **له** അതിനെ. **لَحافظونَ** കാക്കുന്ന (സൂക്ഷിക്കുന്ന) വർതന്നെയുമാണ്.

الذكر (പ്രമാണം) കൊണ്ടുദ്ദേശിക്കപ്പെട്ടിരിക്കുന്നത് പ്രധാനമായും ഖുർആനാണെന്ന് അൽപം മുമ്പു പറഞ്ഞുവല്ലോ. ഖുർആനെ സംബന്ധിച്ചിടത്തോളം, അതിനെ കാത്ത് സൂക്ഷിക്കുമെന്നുള്ള അല്ലാഹുവിൻെറ വാഗ്ദാനം അവൻ തികച്ചും പാലിച്ചിട്ടുണ്ടെന്നുള്ളതിൽ സംശയമില്ല. ആർ അവിശ്വസിച്ചാലും ശരി, ആർ ദുർവ്യാഖ്യാനം നടത്തിയാലും ശരി, ആർ ശത്രുത പുലർത്തി വന്നാലും ശരി, മുസ്‌ലിം സമുദായമദ്ധ്യെ എന്തെല്ലാം ഭിന്നിപ്പുകളുണ്ടായിരുന്നാലും ശരി, വള്ളി പുള്ളിക്കു വ്യത്യാസം കൂടാതെ അന്ന് തൊട്ട് ഇന്നോളം അതിൻെറ സാക്ഷാൽ രൂപത്തിൽ അത് നിലവിലുണ്ട്. മേലിലും അതങ്ങിനെത്തന്നെ അവിശേഷിക്കുകയും ചെയ്യും. എന്നിരിക്കെ മറ്റ് മത ഗ്രന്ഥങ്ങളിൽ നേരിട്ടതുപോലെ, മാറ്റത്തിരുത്തങ്ങളോ, കൂട്ടിക്കുറക്കലുകളോ അതിൽ സംഭവിക്കുവാൻ നിവൃത്തിയില്ലല്ലോ. വേദഗ്രന്ഥങ്ങളടക്കം മറ്റൊരു ഗ്രന്ഥത്തിനും ലഭിക്കാത്ത ഒരു പ്രത്യേക വാഗ്ദാനമാത്രെ ഇത്. വിശുദ്ധ ഖുർആൻ ദൈവിക ഗ്രന്ഥമാണെന്നുള്ളതിനു ഒരു പ്രത്യേക തെളിവു തന്നെയാണ് ഈ 9-ാം വചനമെന്നു വ്യക്തമാണ്. ഖുർആനല്ലാത്ത ദിവ്യ ഗ്രന്ഥങ്ങൾക്കൊന്നും ഇല്ലാത്ത ഒരു വിശേഷതയാണിത്. ഖുർആനെ അല്ലാഹു കാത്തു സൂക്ഷിക്കുമെന്നു പറഞ്ഞിരിക്കക്കൊണ്ടു അതിൻെറ വ്യാഖ്യാനവും വിശദീകരണവുമാകുന്ന നബി (ﷺ) യുടെ സുന്നത്തും (വാക്കും സമ്മതവും പ്രവൃത്തിയും അടങ്ങുന്ന

ചര്യയും) കാത്തു സൂക്ഷിക്കൽ അനിവാര്യമായിത്തീരുന്നു. ഖുർആൻ ശരിക്കും മനസ്സിലാകേണമെങ്കിൽ നബിചര്യയും അറിയേണ്ടതുണ്ടല്ലോ.

10 നിനക്കുമുമ്പ് പൂർവ്വികൻമാരിലുള്ള (പല) കക്ഷികളിലായി നാം (റസൂലുകളെ) അയക്കുകയുണ്ടായിട്ടുണ്ട്.	وَلَقَدْ أَرْسَلْنَا مِن قَبْلِكَ فِي شِيَعِ ٱلْأَوَّلِينَ ﴿١٠﴾
11 അവർക്ക് ഒരു റസൂലും തന്നെ ചെന്നിരുന്നില്ല, അവർ അദ്ദേഹത്തെപ്പറ്റി പരിഹസിച്ചുകൊണ്ടിരിക്കാതെ.	وَمَا يَأْتِيهِم مِّن رَّسُولٍ إِلَّا كَانُوا۟ بِهِۦ يَسْتَهْزِءُونَ ﴿١١﴾
12 അപ്രകാരം, (ഈ) കുറ്റവാളികളുടെ ഹൃദയങ്ങളിൽ അതിനെ [പരിഹാസത്തെ] നാം കടത്തിവിടുന്നു;	كَذَٰلِكَ نَسْلُكُهُۥ فِي قُلُوبِ ٱلْمُجْرِمِينَ ﴿١٢﴾
13 (അതെ) അവർ ഇതിൽ വിശ്വസിക്കാതെ. പൂർവ്വീകൻമാരുടെ നടപടിക്രമം കഴിഞ്ഞു പോയിട്ടുണ്ടുതാനും.	لَا يُؤْمِنُونَ بِهِۦ ۖ وَقَدْ خَلَتْ سُنَّةُ ٱلْأَوَّلِينَ ﴿١٣﴾

---

10 **ولقد أرسلنا** തീർച്ചയായും നാം അയച്ചിട്ടുണ്ട്. **من قبلك** നിൻെറ മുമ്പ്. **في شيع** കക്ഷി (കൂട്ടം, സംഘം) കളിൽ. **الأولين** പൂർവ്വീകൻമാരിലെ.. 11 **وما يأتيهم** അവർക്ക് ചെന്നിരുന്നില്ല. **من رسول** ഒരു റസൂലും. **إلا كانوا** അവരായിരിക്കാതെ. **به** അദ്ദേഹത്തെപ്പറ്റി. **يستهزئونَ** പരിഹസിക്കും.. 12 **كَذَلك** അപ്രകാരം. **نسلكُه** നാമതിനെ കടത്തിവിടുന്നു. **في قلوب** ഹൃദയങ്ങളിൽ. **المجرمين** (ഈ) കുറ്റവാളികളുടെ.. 13 **لا يؤمنونَ به** അവർ ഇതിൽ വിശ്വസിക്കയില്ല, വിശ്വസിക്കാതെ. **وقد خلت** കഴിഞ്ഞുപോയിട്ടുണ്ട്. **سنة** നടപടിക്രമം. **الأولين** പൂർവ്വീകൻമാരുടെ, ആദ്യത്തേവരുടെ.

റസൂലിനെയും അദ്ദേഹത്തിൻെറ പ്രബോധനത്തെയും ഈ ജനങ്ങൾ നിഷേധിക്കുന്നതു ഒരു പുതിയ വഴക്കൊന്നുമല്ല. മുൻകാലത്തും ഇതുപോലെ റസൂലുകളെ അയക്കുമ്പോൾ അവരുടെ ജനങ്ങൾ അവരെ പരിഹസിക്കലും നിഷേധിക്കലും ഉണ്ടാകാതിരുന്നില്ല. അങ്ങിനെയുള്ളവരുടെ ഹൃദയങ്ങളിൽ അല്ലാഹു സത്യവിശ്വാസം കുത്തിത്തിരുകുക പതിവില്ല. അവർ നിഷേധത്തിലും പരിഹാസത്തിലും മുഴുകിക്കൊണ്ടിരിക്കുവാൻ തന്നെ അല്ലാഹു വിട്ടേക്കുകയാണ് ചെയ്യുക. അതേമാതിരി ഇവരും ചെയ്യുന്നുവെന്നേയുള്ളു. മുൻകാലത്തെ നിഷേധികളുടെമേൽ അല്ലാഹു പല നടപടികളും എടുക്കുകയുണ്ടായിട്ടുണ്ടല്ലോ. അതുപോലെ ഇവരുടെമേലും ചില നടപടികളൊക്കെ അവൻ എടുത്തുകൊള്ളും എന്നു സാരം. മുശ്‌രിക്കുകളുടെ നിഷേധം എത്ര കടുത്തതാണെന്നു അല്ലാഹു ചൂണ്ടിക്കാട്ടുന്നു:-

14 ഇവരുടെമേൽ, ആകാശത്തുനിന്നും ഒരു വാതിൽ നാം തുറന്നുകൊടുക്കുകയും, എന്നിട്ട് അതിലൂടെ അവർ കയറിപ്പോയിക്കൊണ്ടിരിക്കുകയും ചെയ്താലും,-	وَلَوْ فَتَحْنَا عَلَيْهِم بَابًا مِّنَ ٱلسَّمَآءِ فَظَلُّوا۟ فِيهِ يَعْرُجُونَ ﴿١٤﴾
15 അവർ പറയുകതന്നെ ചെയ്യും: ''ഞങ്ങളുടെ കാഴ്ചകൾക്ക് ലഹരി ബാധിപ്പിക്കപ്പെട്ടിരിക്കുക മാത്രമാണ്; (അല്ല)	لَقَالُوٓا۟ إِنَّمَا سُكِّرَتْ أَبْصَـٰرُنَا بَلْ نَحْنُ قَوْمٌ

مَّسۡحُورُونَ ١٥

എങ്കിലും, ഞങ്ങൾ മാരണം ചെയ്യപ്പെട്ട ഒരു ജനത യാകുന്നു.''

---

14 ولو فتحنا നാം തുറന്നിരുന്നെങ്കിൽ. عليهم അവർക്ക്, അവരുടെമേൽ. بابا ഒരു വാതിൽ, കവാടം. من السماء ആകാശത്തുനിന്ന്. فظلوا فيه എന്നിട്ട് അതിലൂടെ അവരായിത്തീർന്നു. يعرجون കയറിപ്പോകും. 15 لقالوا അവർ പറയുകതന്നെ ചെയ്യും. إنما سكرت ലഹരി (മത്തു) ബാധിപ്പിക്കപ്പെട്ടിരിക്കുക മാത്രമാണ്. أبصارنا നമ്മുടെ ദൃഷ്ടികൾക്ക്. بل نحن എങ്കിലും ഞങ്ങൾ (നാം) . قوم ഒരു ജനതയാണ്. مسحورون മാരണം ചെയ്യപ്പെട്ട, ആഭിചാരം പിടിപെട്ടവരായ.

അവരുടെ നിഷേധം എത്രമാത്രം കടുത്തതാണെന്നോ? ഒരു പ്രത്യക്ഷ ദൃഷ്ടാന്തമെന്ന നിലക്കു ആകാശത്തിലേക്കു ഒരു മാർഗ്ഗം അവർക്കു തുറന്നുകൊടുത്തു അവർ അതിലൂടെ മേൽപോട്ടു കയറിപ്പോകുകയാണെന്നുവെക്കുക എന്നാൽ പോലും അവർ: ഇതൊന്നും യഥാർത്ഥമല്ല-എന്തോ മാരണത്തിലും ചെപ്പടി വിദ്യയിലും പെട്ടു ഞങ്ങൾക്ക് അങ്ങിനെ തോന്നിപ്പോകുകയാണു-എന്നേ പറയൂ. അനുഭവത്തിലൂടെ കണ്ട സത്യം പോലും സമ്മതിക്കുവാൻ അവർ തയ്യാറില്ല എന്നു സാരം.

വിഭാഗം-2

അല്ലാഹുവിൻെറ മഹിതമഹത്വങ്ങളും, സൃഷ്ടികൈകാര്യം വൈഭവങ്ങളും ചൂണ്ടിക്കാട്ടുന്ന ചില ദൃഷ്ടാന്തങ്ങളും, അവൻെറ മഹത്തായ അനുഗ്രഹത്തിൻെറ ചില ഉദാഹരണങ്ങളുമാണ് തുടർന്നുള്ള ഏതാനും വചനങ്ങളിൽ പ്രതിപാദിക്കപ്പെടുന്നത്.

16 ആകാശത്തിൽ നാം ചില ഗ്രഹമണ്ഡല ങ്ങളെ (അഥവാ രാശികളെ) ഏർപ്പെടുത്തിയിട്ടുണ്ട്. നോക്കുന്നവർക്ക് അവയെ നാം അലങ്കാരമാക്കുകയും ചെയ്തിരിക്കുന്നു;

وَلَقَدۡ جَعَلۡنَا فِي ٱلسَّمَآءِ بُرُوجٗا وَزَيَّنَّٰهَا لِلنَّٰظِرِينَ ١٦

17 ആട്ടപ്പെട്ട എല്ലാ പിശാചിൽ നിന്നും നാം അവയെ കാ(ത്തുസൂക്ഷി) ക്കുകയും ടിയ്തിരിക്കുന്നു;

وَحَفِظۡنَٰهَا مِن كُلِّ شَيۡطَٰنٖ رَّجِيمٍ ١٧

18 (പക്ഷെ) കട്ടുകേൾക്കുവാൻ ശ്രമിച്ചവനൊഴികെ, അപ്പോൾ, പ്രത്യക്ഷമായ ഒരു തീജ്വാല അവനെ പിന്തുടരുന്നതാണ്.

إِلَّا مَنِ ٱسۡتَرَقَ ٱلسَّمۡعَ فَأَتۡبَعَهُۥ شِهَابٞ مُّبِينٞ ١٨

---

16 ولقد جعلنا തീർച്ചയായും നാം ആക്കി (ഏർപ്പെടുത്തി) യിരിക്കുന്നു. في السماء ആകാശത്തിൽ. بروجا രാശികളെ, സഞ്ചാരമണ്ഡലങ്ങളെ. وزيناها അവയെ നാം അലങ്കരിക്കുകയും ചെയ്തു. للناظرين നോക്കുന്നവർക്ക്. 17 وحفظناها അവയെ നാം കാക്കുകയും ചെയ്തു. من كل شيطان എല്ലാ പിശാചിൽ നിന്നും. رجيم ആട്ട(ശപിക്ക) പ്പെട്ട. 18 إلا من استرق കളവ് ശ്രമം നടത്തിയ(മോഷ്ടിക്കാൻ വന്ന) വനൊഴികെ. السمع കേൾവിയെ (കേൾക്കുവാൻ) . فأتبعه അപ്പോൾ അവനെ പിൻതുടരും. شهاب തീജ്വാല (ഉൽക്ക-ചെങ്കോൽ) . مبين പ്രത്യക്ഷമായ

برج (ബുർജ്) ൻെറ ബഹുവചനമാണ് بروج (ബുറൂജ്) . 'കൊത്തളം, ഉന്നത മാള

ിക' എന്നും മറ്റുമാണതിന്റെ ഭാഷാർത്ഥം. നക്ഷത്ര-ഗ്രഹങ്ങളുടെ സഞ്ചാരമണ്ഡലങ്ങൾക്കും ആ വാക്കും ഉപയോഗിക്കപ്പെടുന്നു. അതനുസരിച്ചാണു ഇതുപോലെയുള്ള സ്ഥലങ്ങളിൽ അതിനു 'രാശികൾ' എന്ന് അർത്ഥം കൽപിക്കാറുള്ളത്. ആകാശത്തിൽ കോടിക്കണക്കിലുള്ള മഹാനക്ഷത്രങ്ങളും, അവക്കെല്ലാം പ്രത്യേകം പ്രത്യേകം സഞ്ചാര മാർഗ്ഗങ്ങളും അല്ലാഹു സൃഷ്ടിച്ചുവെച്ചിട്ടുണ്ട്. അവയെല്ലാം വ്യവസ്ഥാപിതമായി നടമാടിക്കൊണ്ടിരിക്കവേ തന്നെ, അവയെ നോക്കിക്കാണുന്നവർക്ക് അവ വമ്പിച്ചൊരു ദീപാലങ്കാരമാക്കി വെക്കുകയും ചെയ്തിരിക്കുന്നു. അതോടുകൂടി മറ്റൊരു കാര്യം കൂടി അവ മുഖേന നടക്കുന്നുണ്ട്. ആകാശജീവികളായ മലക്കുകളിൽ നിന്നു (താഴെ കാണുന്ന ഹദീസിൽ പറയുന്നപ്രകാരം) ചില വാർത്തകൾ ചോർത്തിയെടുക്കുവാൻ വേണ്ടി മേൽപോട്ടു കയറിച്ചെന്ന് അവരുടെ വാക്കുകൾ കേൾക്കുവാൻ ശ്രമിക്കുന്ന പിശാചുക്കളെ എറിഞ്ഞാട്ടുവാനും, അങ്ങനെ ആകാശങ്ങളെ അവരിൽ നിന്നു സുരക്ഷിതമാക്കുവാനും അല്ലാഹു അവമൂലം ഏർപ്പാട് ചെയ്തിരിക്കുന്നു. കട്ടുകേൾക്കുവാൻ ചെല്ലുന്ന പിശാചുക്കളെ അവയിൽ നിന്നു ഒരുതരം തീജ്വാലകൾ (ഉൽക്കകൾ) പിടികൂടുന്നു ഇതാണ് ഈ വചനങ്ങളിൽ പറഞ്ഞതിന്റെ സാരം. സൂറത്തുൽ മുൽകിൽ പറയുന്നു: **انا زينا السماء الدنيا بمصابيح الخ** (സാരം: ഏറ്റം അടുത്ത ആകാശത്തെ നാം പല വിളക്കുകളെക്കൊണ്ട് അലങ്കരിച്ചിരിക്കുന്നു. അവയെ നാം പിശാചുക്കളെ എറിഞ്ഞാട്ടുന്നവയും ആക്കിയിരിക്കുന്നു. വിളക്കുകൾ കൊണ്ടു വിവക്ഷ നക്ഷത്രങ്ങളാണെന്നു 37: 6ൽ നിന്നും മറ്റു മനസ്സിലാക്കാം.

ഉൽക്കകളെയും, അവയുടെ കാരണത്തെയും സംബന്ധിച്ചു ശാസ്ത്രജ്ഞൻമാർക്ക് ചില അഭിപ്രായങ്ങളെല്ലാം പറയുവാനുണ്ടെങ്കിലും ഭൗതിക ദൃഷ്ടികൾക്കോ ശാസ്ത്രങ്ങൾക്കോ കണ്ടുപിടിക്കുവാൻ കഴിയാത്ത ഈയൊരു കാര്യം-പിശാചുക്കളെ എറിഞ്ഞാട്ടുക- കൂടി ഉൽക്കകൾ മുഖേന നടക്കുന്നുവെന്നത്രെ അവയുടെ സ്രഷ്ടാവായ അല്ലാഹു പറയുന്നത്. ഇക്കാര്യം ഇവിടെ മാത്രമല്ല, സൂറ:സ്വാഫ്-ഫാത്തിലും, സൂറ:ജിന്നിലും ഇതിനെക്കാൾ വ്യക്തമായും, വിശദമായും പ്രസ്താവിക്കപ്പെട്ടിട്ടുണ്ടുതാനും, കൂടാതെ ബുഖാരി, മുസ്ലിം (رحمهما الله) തുടങ്ങിയ ഹദീസു നേതാക്കൾ വിവിധ മാർഗ്ഗങ്ങളിലൂടെ രേഖപ്പെടുത്തിയിട്ടുള്ള പല നബി വചനങ്ങളിലും ഇതിനെപ്പറ്റി വിവരിച്ചു കാണാം.

ഈ 18-ാം വചനത്തിന്റെ ശീർഷകത്തിലും മറ്റും ഇമാം ബുഖാരീ (رحمه الله) ഉദ്ധരിച്ചിട്ടുള്ള ഒരു നബി വചനത്തിന്റെ സാരം മാത്രം ഇവിടെ ഉദ്ധരിക്കുന്നു. നബി (صلى الله عليه وسلم) പറയുകയാണു: ' അല്ലാഹു ആകാശത്തിൽവെച്ചു ഒരു കാര്യം തീരുമാനിച്ചാൽ, അല്ലാഹുവിന്റെ വചനങ്ങളോടുള്ള ഭക്തിനിമിത്തം മലക്കുകൾ ചിറകടിക്കും. ഒരു മിനുസമായ വെള്ളക്കല്ലിൻമേൽ ചങ്ങല വലിക്കും പോലെയിരിക്കും അത്. അവരുടെ ഹൃദയങ്ങളിൽനിന്നു നടുക്കം നീങ്ങുമ്പോൾ റബ്ബു പറഞ്ഞതു എന്താണെന്നു അവർ ചോദിച്ചറിയും. ഇതു കട്ടു കേൾക്കുന്നവർ (പിശാചുക്കൾ) കേൾക്കും, അവർ ഒരാൾക്കു മീതെ മറ്റൊരാളായി നിലകൊള്ളുന്നുണ്ടാ യിരിക്കും. ചിലപ്പോൾ കേട്ട ആൾ താഴെയുള്ളവർക്കു അത് ഇട്ടുകൊടുക്കും മുമ്പു തന്നെ അവനു തീജ്വാല ബാധിക്കും. അതവനെ കരിച്ചുകളയുകയും ചെയ്യും. ചിലപ്പോൾ, അടുത്തു നിൽക്കുന്നവർക്കു അത് ഇട്ട് കൊടുക്കുന്നതുവരെ ജ്വാല പിടിപെടാതെയുമിരിക്കും. അങ്ങനെ, അവരതു ഭൂമിവരെ എത്തിക്കും. എന്നിട്ട് അത് മാരണക്കാരുടെ (ഗണിതക്കാരുടെ) വായിൽ ഇട്ടുകൊടുക്കപ്പെടും. അവർ അതിൽ കൂടി നൂറ് കളവും ചേർക്കും അതിനെ, ''ഇന്നിന്ന ദിവസം ഇന്നിന്നത് ഉണ്ടാകുമെന്ന് അയാൾ (മാരണക്കാരൻ) നമ്മോട് പറഞ്ഞില്ലേ? അത് യഥാർത്ഥമായി കണ്ടില്ലേ?'' എന്നൊക്കെ ജനങ്ങൾ പറഞ്ഞേക്കും. ആകാശത്തുനിന്ന് (യഥാർത്ഥത്തിൽ) കേട്ട ആ വാക്കായിരിക്കും അത്.' (ബു.)

പിശാചുക്കളുടെ മേൽ പ്രസ്താവിച്ച കട്ടുകേൾവിയെക്കുറിച്ചും, അവർക്ക് ഉൽക്കകൾ ബാധിക്കുന്നതിനെക്കുറിച്ചും അടുത്ത കാലത്തു സ്ഥാപിത താൽപര്യക്കാരായ ചില പണ്ഡിതൻമാർ, പല ദുർവ്യാഖ്യാനങ്ങളും നൽകി തൃപ്തിപ്പെടുകയും, ഖുർആൻ വചനങ്ങൾക്കു അവരുടേതായ ചില പുതിയ അർത്ഥങ്ങൾ കൽപിക്കുകയും, ഹദീസുകളുടെ നേരെ പരിഹാസവീക്ഷണം നടത്തുകയും ചെയ്തിട്ടുണ്ട്. അവയെല്ലാം തക്കതായ മറുപടി നൽകിക്കൊണ്ടുള്ള ഒരു ഖണ്ഡനവും, വിഷയത്തിൻെറ യഥാർത്ഥരൂപം മനസ്സിലാക്കുവാനുതകുന്ന ഒരു വിശദീകരണവും ഈ അദ്ധ്യായത്തിൻെറ അവസാനം ചേർത്ത വ്യാഖ്യാനക്കുറിപ്പിൽ കാണാവുന്നതാണ്. കൂടാതെ, ഈ വിഷയകമായി സൂറ:സ്വാഫ് ഫാത്തിലും, സൂറ: ജിന്നിലും വന്നിട്ടുള്ള ആയത്തുകളും അവയുടെ വ്യാഖ്യാനവുംകൂടി നോക്കുക.

19 ഭൂമിയെ നാം (നീട്ടി) വിശാലപ്പെടുത്തുകയും, അതിൽ നാം ഉറച്ചു നില്ക്കുന്ന മലകളെ സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു; അതിൽ നാം തൂക്കം (അഥവാ നിശ്ചിതമായ തോത് വ്യവസ്ഥ) ചെയ്യപ്പെട്ട എല്ലാ വസ്തുക്കളിൽ നിന്നും മുളപ്പിക്കുക യും ചെയ്തിരിക്കുന്നു.

وَٱلْأَرْضَ مَدَدْنَـٰهَا وَأَلْقَيْنَا فِيهَا رَوَٰسِىَ وَأَنۢبَتْنَا فِيهَا مِن كُلِّ شَىْءٍ مَّوْزُونٍ ﴿١٩﴾

---

9 **والأرض** ഭൂമിയെ. **مددناها** അതിനെ നാം നീട്ടി (വിശാലപ്പെടുത്തി) . **وألقينا** നാം ഇടുക (സ്ഥാപിക്കുക) യും ചെയ്തു. **فيها** അതിൽ. **رواسي** ഉറച്ചു നിൽക്കുന്നവയെ (മലകളെ) . **وأنبتنا** നാം മുളപ്പിക്കുക (ഉല്പാദിപ്പിക്കുക) യും ചെയ്തു. **فيها** അതിൽ. **من كُلّ شيءٍ** എല്ലാ വസ്തുവിൽ നിന്നും. **موزون** തൂക്കം (തോതു നിർണ്ണയം) ചെയ്യപ്പെട്ട.

എല്ലാ ഓരോ വസ്തുവിൻെറയും പ്രത്യേകതയും ആവശ്യകതയും അനുസരിച്ചു യുക്തമായ തോതിൽ അതാതിനു ഉൽപാദനം നൽകിയിരിക്കുന്നുവെന്നു മൊത്തത്തിൽ ഇതിൻെറ സാരം മനസ്സിലാക്കാം. എല്ലാതരം ചെടികളുടെയും വസ്തുക്കളുടെയും ധാതുക്കളുടെ തോത് ഓരോന്നിലും വ്യത്യസ്തമാണെങ്കിലും ഓരോന്നും ക്ളിപ്തമായ തൂക്കത്തിലും തോതിലുമാണുള്ളതെന്നും, ആ തോതിൽനിന്നും ഏതെങ്കിലും ഒരു ധാതു അൽപമെങ്കിലും വ്യത്യസ്തമായാൽ ആ വസ്തു അതല്ലാതായിത്തീരുമെന്നും ഇന്നു ശാസ്ത്രം തെളിയിച്ചിരിക്കുകയാണ്. അപ്പോൾ, വളരെ നൂറ്റാണ്ടുകൾക്കു മുമ്പു തന്നെ ഈ യഥാർത്ഥ്യം വി. ഖുർആൻ പ്രഖ്യാപിച്ചു കഴിഞ്ഞിട്ടുള്ളതാണ്.

20 അതിൽ നിങ്ങൾക്കു നാം പല ജീവിതോപാധികളെയും ഏർപ്പെടുത്തി നയിരിക്കുന്നു;- (നിങ്ങൾക്കുമാത്രമല്ല) നിങ്ങൾ ആഹാരം നല്കുന്നവരല്ലാത്തവർക്കും.

وَجَعَلْنَا لَكُمْ فِيهَا مَعَـٰيِشَ وَمَن لَّسْتُمْ لَهُۥ بِرَٰزِقِينَ ﴿٢٠﴾

---

20 **وجعلنا لكُم** നിങ്ങൾക്ക് നാം ഏർപ്പെടുത്തുകയും ചെയ്തു. **فيها** അതിൽ. **معايش** പല ജീവിതോപാധികളെ. **ومن** യാതൊരുവർക്കും. **لستم** നിങ്ങളല്ല. **له** അവർക്ക്. **برازقين** ആഹാരം നൽകുന്നവർ.

ജീവിക്കുവാനാവശ്യമായ ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങിയ ഉപാധികളും വിവിധതരം ഉപജീവന മാർഗ്ഗങ്ങളും ഭൂമിയിൽ നിങ്ങൾക്കായി അല്ലാഹു ഏർപ്പെടുത്തി ത്തന്നിട്ടുണ്ട്. നിങ്ങൾക്കെന്നു മാത്രമല്ല, നിങ്ങൾ ആഹാരം നൽകി വരുന്നവരോ, നിങ്ങൾക്കു ആഹാരം കൊടുക്കുവാൻ കഴിയാത്തവരോ ആയ മനുഷ്യർ, പക്ഷ‍ിമൃഗാദികൾ തുടങ്ങിയ എണ്ണമറ്റ വസ്തുക്കൾക്കും വേണ്ടതായ ജീവിതോപാധികൾ ഭൂമിയിൽ അവൻ ഏർപ്പെടുത്തിവെച്ചിട്ടുണ്ട്. ചുരുക്കിപ്പറഞ്ഞാൽ,-

وَإِن مِّن شَىْءٍ إِلَّا عِندَنَا خَزَآئِنُهُۥ وَمَا نُنَزِّلُهُۥٓ إِلَّا بِقَدَرٍ مَّعْلُومٍ ﴿٢١﴾

21 ഒരു വസ്തുവും തന്നെ, അതിന്റെ (നിക്ഷേപ) ഖജനാക്കൾ നമ്മുടെ അടുക്കൽ ഇല്ലാതെയില്ല. അതിനെ (ഒന്നിനെയും) ഒരു അറിയപ്പെട്ട (നിശ്ചിത) തോതനുസരിച്ചല്ലാതെ നാം ഇറക്കുന്നതുമല്ല.

---

21 **وإن من شيءٍ** ഒരു വസ്തുവും തന്നെയില്ല. **إلا عندنا** നമ്മുടെ അടുക്കലില്ലാതെ. **خزائنه** അതിന്റെ ഖജനാക്കൾ. **وما ننزله** അതിനെ നാം ഇറക്കുന്നതുമല്ല. **إلا بقدر** ഒരു തോതനുസരിച്ചല്ലാതെ. **معلوم** അറിയപ്പെട്ട (നിശ്ചിത) .

ഈ ലോകവ്യവസ്ഥയുടെ പിന്നിലുള്ള മൗലികതത്വം ഉൾക്കൊള്ളുന്ന ഒരു വചനമാണിത്. شيئ (വസ്തു അല്ലെങ്കിൽ വസ്തുത) എന്നു പറയപ്പെടാവുന്ന ഏതെല്ലാം ഉണ്ടോ അതിന്റെയെല്ലാം നിക്ഷേപവും ഭണ്ഡാരവും അല്ലാഹുവിങ്കലാണുള്ളത്. അവ മുഴുവനും അവന്റെ അധീനത്തിലും നിയന്ത്രണത്തിലുമാണ്. എങ്ങിനെ അല്ലാതിരിക്കും? ഒരു വസ്തു ഉണ്ടാവണമെന്നു അവൻ ഉദ്ദേശിച്ചാൽ അതു ഉണ്ടാവണമെന്നു പറയുകയേ വേണ്ടൂ-അതുണ്ടായിക്കൊള്ളും (36:82) ഒരു കാര്യം അവൻ തീരുമാനിച്ചാൽ അതുണ്ടാവണമെന്നു പറയുകയേ വേണ്ടൂ-അതുണ്ടായിക്കൊള്ളും. (2:117) പക്ഷെ, ഒരു നിശ്ചിത തോതും വ്യവസ്ഥയും അനുസരിച്ചു മാത്രമേ അവയെ അവൻ പുറത്തിറക്കുകയും വിതരണം ചെയ്യുകയും പതിവുള്ളു. ഓരോന്നിന്റെയും സന്ദർഭം, ആവശ്യം, അളവു ആദിയായവയെല്ലാം അവന്നറിയാവുന്നതുമാകുന്നു. അഥവാ അവന്നേ അറിയാവൂ. അനുഭവം, അന്വേഷണം, പരീക്ഷണം, നിരീക്ഷണം എന്നിങ്ങിനെയുള്ള മാർഗ്ഗങ്ങളിലൂടെ അവയിലടങ്ങിയ വളരെ ചുരുക്കം രഹസ്യങ്ങൾ ചിലപ്പോൾ മനുഷ്യർക്കു അറിയുവാൻ കഴിഞ്ഞെന്നു വരുമെന്നു മാത്രം. وما اوتيتم من العلم الا قليلا (നിങ്ങൾക്കു അറിവിൽനിന്നും അൽപമല്ലാതെ നൽകപ്പെട്ടിട്ടില്ല 17:85)

ചില വസ്തുക്കൾ ധാരാളക്കണക്കിലും, ചിലത് അൽപാൽപമായും, ചിലത് ചില കാലങ്ങളിലും ദേശങ്ങളിലും, മറ്റു ചിലത് എല്ലാ ഇടത്തും എല്ലാ കാലത്തും ഉണ്ടായിക്കൊണ്ടിരിക്കുന്നത് ഈ വ്യവസ്ഥയനുസരിച്ചാകുന്നു. ഒരു ചെറിയ ഉദാഹരണം നോക്കുക: ഇന്നു മനുഷ്യലോകത്തിനു-വിശേഷിച്ചും നാഗരികരായ ജനങ്ങൾക്കു-ഭക്ഷണവും, വെള്ളവും കണക്കെ ഒരത്യാവശ്യവസ്തുവാണു വിദ്യുച്ഛക്തി. വൻനഗരങ്ങളിൽ അതില്ലാതെ നിമിഷങ്ങൾ പോലും കഴിച്ചു കൂട്ടുവാൻ കഴിയാതായിരിക്കുന്നു. ഈ വിദ്യുചഛക്തി മുമ്പും ഈ ലോകത്ത് സ്ഥിതി ചെയ്യുന്നുണ്ട്. പക്ഷെ, അതിന്റെ അറിവും ആവശ്യവും ഉപയോഗവുമെല്ലാം അടുത്ത കാലങ്ങളിലാണ് മനുഷ്യർക്കുണ്ടായത്. വിദ്യുചഛക്തിയുമായി ബന്ധപ്പെടേണ്ടുന്ന ഒരു ജീവിതരീതി അതുവരെ മനുഷ്യർക്കുണ്ടായിരുന്നില്ല. അക്കാലത്ത് അതിനെപ്പറ്റി അറിവുണ്ടായാൽ തന്നെയും അതിനെ ചൂഷണം ചെയ്തു ഇന്നത്തെപ്പോലെ ഉപയോഗപ്പെടുത്തുവാനുള്ള മാർഗ്ഗങ്ങളും അജ്ഞാ

തമായിരുന്നു. അങ്ങനെ, ആവശ്യവും സന്ദർഭവും വന്നപ്പോൾ അല്ലാഹു അതിനെ പുറത്തിറക്കുകയും, അതിൻെറ പ്രയോജനവും ലഭ്യതയും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്തു ഇതുപോലെ എത്രയെത്ര ഉദാഹരണങ്ങൾ!

പ്രകൃതിരഹസ്യങ്ങളെപ്പറ്റി പുതിയ അറിവുകൾ ലഭിക്കും തോറും, പ്രകൃതി വിഭവങ്ങൾ ഉപയോഗപ്പെടുത്തുവാനുള്ള കഴിവു വർദ്ധിക്കുംതോറും അല്ലാഹു നിശ്ചയിച്ച പ്രകൃതി വ്യവസ്ഥയിലടങ്ങിയ യുക്തി രഹസ്യങ്ങൾ കൂടുതൽ കൂടുതൽ ബോധ്യപ്പെട്ടുകൊണ്ടിരിക്കും. രണ്ടു കണ്ണും അടച്ചുകൊണ്ടു ഈ ലോകത്തിനൊരു സ്രഷ്ടാവിനെ കാണുന്നില്ലെന്നും, ഇതു എങ്ങിനെയോ സ്വയമേവ രൂപം കൊണ്ടതായിരിക്കുമെന്നും വിഭാവനം ചെയ്യുകയും, ഈ വിഭാവനത്തെ യഥാർത്ഥമായി തെറ്റിദ്ധരിക്കുകയും ചെയ്യുന്ന വിഡ്ഢികൾക്കുമാത്രമേ അതിൽനിന്നു പാഠമൊന്നും ലഭിക്കാതിരിക്കുകയുള്ളു.

എല്ലാ വസ്തുക്കളെയും കുറിച്ചു **نزله** (നാം അതിനെ ഇറക്കുന്നു) എന്നു പറഞ്ഞതിൻെറ താൽപര്യം അവയൊക്കെ മുകൾഭാഗത്തു നിന്നു മഴ വർഷിപ്പിക്കും പോലെ കീഴ്പോട്ടു ഇറക്കുന്നുവെന്നല്ല. അവയെ ഉൽപാദിപ്പിക്കുകയും രംഗത്തു കൊണ്ടുവരുകയും ചെയ്യുന്നുവെന്നാകുന്നു. അതോടുകൂടി ആ പ്രയോഗത്തിൽ മറ്റു ചില യാഥാർത്ഥ്യങ്ങൾ കൂടി സൂചിപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു. എല്ലാം അല്ലാഹുവിൻെറ കൽപനയും പ്രവൃത്തിയും അനുസരിച്ചാണു ഉണ്ടായിത്തീരുന്നത്. ഭൗതികമായ കാര്യങ്ങളിൽ മലക്കുകളുടെയും കൈക്കും ചില പ്രവർത്തനങ്ങൾ നടമാടുന്നുണ്ട്. എന്നിങ്ങിനെയുള്ള സൂചനകൾ അതിൽ അടങ്ങിയിരിക്കുന്നു. മറ്റൊരു സ്ഥലത്തു അല്ലാഹു പറഞ്ഞ വാക്കിൽ നിന്നു ഇതു കൂടുതൽ വ്യക്തമാകുന്നതാണ്. അതെ, **يدبر الامر من السماء الى الارض** (അവൻ ആകാശത്തു നിന്നു ഭൂമിയിലേക്കു കാര്യം നിയന്ത്രിച്ചു കൊണ്ടിരിക്കുന്നു.) (32:5) അപ്പോൾ 'അല്ലാഹു ഇറക്കുന്നു' വെന്ന പ്രയോഗം കേവലം ഒരു അലങ്കാര പ്രയോഗം മാത്രമല്ലെന്നു ഇതിൽ നിന്നു മനസ്സിലാക്കാവുന്നതാണ്. എല്ലാ വസതുക്കളുടെയും നിക്ഷേപം അല്ലാഹുവിങ്കലാണെന്നും, ഒരു നിശ്ചിത തോതനുസരിച്ചു അവൻ അവയെ ഇറക്കികൊണ്ടിരിക്കുകയാണെന്നും പറഞ്ഞശേഷം അതിനു ചില ഉദാഹരണങ്ങൾ തുടർന്നു പറയുന്നു:-

22 വഹിക്കുന്നവയായ (അഥവാ ഫലോൽപാദകങ്ങളായ) നിലയിൽ നാം കാറ്റുകളെ അയക്കുകയും ചെയ്തിരിക്കുന്നു; അങ്ങനെ, ആകാശത്തുനിന്ന് നാം (മഴ) വെള്ളം ഇറക്കി; എന്നിട്ട് നിങ്ങൾക്ക് അതിനെ നാം കുടിക്കുമാറാക്കിത്തന്നു. നിങ്ങൾ അതിനെ (നിക്ഷേപിച്ചു) സൂക്ഷിച്ചുവെക്കുന്നവരല്ലതാനും.

وَأَرْسَلْنَا ٱلرِّيَـٰحَ لَوَٰقِحَ فَأَنزَلْنَا مِنَ ٱلسَّمَآءِ مَآءً فَأَسْقَيْنَـٰكُمُوهُ وَمَآ أَنتُمْ لَهُۥ بِخَـٰزِنِينَ ﴿٢٢﴾

---

22 **وأرسلنا** നാം അയക്കുകയും ചെയ്തു. **الرياح** കാറ്റുകളെ. **لَواقح** വാഹിനികളായികൊണ്ട്, ഉൽപാദകങ്ങളായിട്ട്. **فَأنزلْنا** അങ്ങനെ (എന്നിട്ട്) നാം ഇറക്കി. **من السماءِ** ആകാശത്തുനിന്ന്. **ماءً** വെള്ളം. **فَأسقَيناكُموه** എന്നിട്ട് നാം നിങ്ങൾക്കതിനെ കുടിക്കു (നനക്കു) മാറാക്കിത്തന്നു. **وما أنتم** നിങ്ങളല്ലതാനും. **له** അതിനെ. **بِخازِنِين** സൂക്ഷിക്കുന്ന (നിക്ഷേപിക്കുന്ന-സംഭരിക്കുന്ന) വർ.

കാറ്റുകളുടെ സ്ഥിതിവിശേഷണമായിക്കൊണ്ടുള്ള **لواقح** (ലവാഖിഹ്) എന്ന വാക്കിനു കാർമേഘങ്ങളെ വഹിച്ചുകൊണ്ടുപോകുന്നവ എന്നും, ഫലങ്ങളെ ഉൽപാദിപ്പി

ക്കുന്നവ എന്നും അർത്ഥം കൽപിക്കപ്പെട്ടുകാണാം. അല്ലാഹു കാറ്റുകളെ അയക്കുകയും അവ മേഘത്തെ ഇളക്കിവിടുകയും ചെയ്യുന്നുവെന്നും, അനന്തരം മേഘങ്ങളിൽ നിന്നു മഴ വർഷിക്കുകയും, അതുമൂലം ഉൽപാദനമില്ലാതെ നിർജ്ജീവമായി കിടക്കുന്ന ഭൂമിക്കു ജീവസ്സു നൽകി ഉൽപാദനയോഗ്യമാക്കുകയും ചെയ്യുമെന്നും അല്ലാഹു പറഞ്ഞിട്ടുണ്ടല്ലോ. (റൂം: 48-50) അപ്പോൾ, കാറ്റുകൾ മേഘത്തെ വഹിച്ചുകൊണ്ടുപോകുന്നതും, അതോടുകൂടി ഭൂമിയെ ഫലോൽപാദകമാക്കുവാൻ കാരണമായിത്തീരുന്നതുമാകുന്നു.

ريح (രീഹ്-കാറ്റ്) എന്ന വാക്കിൻെറ ബഹുവചനമാണ് رياح (രിയാഹ്- കാററുകൾ) എങ്കിലും ഈ രണ്ടു വാക്കുകളും ഖുർആനിൽ ഉപയോഗിച്ച സന്ദർഭങ്ങൾ പരിശോധിക്കുമ്പോൾ ബഹുവചനരൂപത്തിലുള്ള പ്രയോഗം(رياح) അനുഗ്രഹത്തിൻെറ കാറ്റുകളെ കുറി ക്കുന്നതും, ഏകവചനരൂപത്തിലുള്ള പ്രയോഗം (ريح) ആപൽക്കരമായ കാറ്റിനെ കുറി ക്കുന്നതുമായിട്ടാണു കാണപ്പെടുന്നത്. കാറ്റടിക്കുമ്പോൾ നബി (ﷺ) ''അല്ലാഹുവേ, നീ ഇതു കാറ്റുകളാ (رياح)ക്കേണമേ, ഇതു ഒരു കാറ്റാ(ريح) ക്കരുതേ!'' (*) എന്നു പ്രാർത്ഥിച്ചിരുന്നതായി ഹദീസിലും വന്നിട്ടുണ്ട്. (ബ; ശാഫിഈ)

وما أنتم له بخازنين (നിങ്ങൾ അതിനെ സൂക്ഷിച്ചുവെക്കുന്നവരല്ലതാനും.) എന്നു പറഞ്ഞതിൻെറ താൽപര്യം രണ്ടു പ്രകാരത്തിലാവാം. (1) അല്ലാഹു അവൻെറ അനുഗ്രഹം കൊണ്ടു മഴ വർഷിച്ചു തന്നപ്പോൾ നിങ്ങൾക്കു അതു ഉപയോഗപ്പെടുത്തുമാറായി എന്നല്ലാതെ നിങ്ങൾ അതു നിങ്ങളുടെ അധീനത്തിൽ സൂക്ഷിച്ചു സംഭരിച്ചു വെച്ചരുന്നതിൽ നിന്നു എടുത്തു പുറത്തിറക്കിയതല്ലല്ലോ. (2) മഴമൂലം ലഭിക്കുന്ന വെള്ളം മുഴുവനും സംഭരിച്ചു വെച്ച് കേടുപാടു കൂടാതെയും, വറ്റിയോ ഒലിച്ചോ പോകാതെയും സൂക്ഷിച്ചു നിക്ഷേപിക്കുവാൻ നിങ്ങൾക്കു സാധ്യമല്ല. അഥവാ നിങ്ങളുടെ ആവശ്യങ്ങൾക്കു അപ്പപ്പോൾ നാം തന്നെ നിങ്ങൾക്ക് മഴ വർഷിപ്പിച്ചു തരേണ്ടിയിരിക്കുന്നു. രണ്ടു വ്യാഖ്യാനത്തിൽ ഏതു സ്വീകരിച്ചാലും മനുഷ്യർക്കു അല്ലാഹുവിൽ നിന്നു ലഭിക്കുന്ന ഒരു മഹത്തായ അനുഗ്രഹമാണു മഴ എന്നത്രെ അതിലടങ്ങിയ സൂചന. **والله اعلم**

23 നിശ്ചയമായും, നാം തന്നെയാണ് ജീവിപ്പിക്കുകയും, മരണപ്പെടുത്തുകയും ചെയ്യുന്നത്. നാം തന്നെയാണ്, അനന്തരമെടുക്കുന്നവരും.

وَإِنَّا لَنَحْنُ نُحْيِۦ وَنُمِيتُ وَنَحْنُ ٱلْوَٰرِثُونَ ﴿٢٣﴾

---

23 **وإنا** നിശ്ചയമായും നാം. **لنحن** നാം തന്നെ. **نحيي** നാം ജീവിപ്പിക്കുന്നു. **ونميت** നാം മരിപ്പിക്കുകയും ചെയ്യുന്നു. **ونحن** നാം (തന്നെ) . **الْوارِثُونَ** അനന്തരമെടുക്കുന്നവർ, അനന്തരാവകാശികൾ.

''നിശ്ചയമായും, നാം തന്നെ ഭൂമിയെയും, അതിലുള്ളവരെയും അനന്തരമെടുക്കുന്നു. നമ്മുടെ അടുക്കലേക്കുതന്നെ മടക്കപ്പെടുകയും ചെയ്യും.'' (മർയം:40.)

24 തീർച്ചയായും നിങ്ങളിൽ നിന്ന് മുൻ കട ന്നുപോകുന്നവരെ നാം അറിഞ്ഞിട്ടുണ്ട്; തീർച്ചയായും പിന്തിനിൽക്കുന്നവരെയും നാം അറിഞ്ഞിട്ടുണ്ട്.

وَلَقَدْ عَلِمْنَا ٱلْمُسْتَقْدِمِينَ مِنكُمْ وَلَقَدْ عَلِمْنَا ٱلْمُسْتَـْٔخِرِينَ ﴿٢٤﴾

---

* اللهم اجعله رياحا لا ريحا

24 **ولقد علمنا** തീർച്ചയായും നാം അറിഞ്ഞിട്ടുണ്ട്, നമുക്കറിയാം. **المستقدمين** മുൻകടന്നു പോകുന്നവരെ. **منكم** നിങ്ങളിൽ നിന്ന്. **ولقد علمنا** തീർച്ചയായും നാം അറിഞ്ഞിട്ടുമുണ്ട്. **المستأخرين** പിന്തിനിൽക്കുന്നവരെ, പിന്നിൽ വരുന്നവരെ.

ജീവിതം, മരണം തുടങ്ങി ഏതു കാര്യത്തിലും ആരൊക്കെ മുന്നിലായിരിക്കുകയെന്നും, ആരൊക്കെ പിന്നിലായിരിക്കുകയെന്നും, ആരൊക്കെ കഴിഞ്ഞുപോയെന്നും, ആരൊക്കെ ബാക്കിയുണ്ടെന്നുമൊക്കെ ശരിക്കും തിട്ടമായും നമുക്കു മുമ്പേ അറിയാം എന്നു സാരം.

وَإِنَّ رَبَّكَ هُوَ يَحْشُرُهُمْ إِنَّهُۥ حَكِيمٌ عَلِيمٌ ﴿٢٥﴾

25 നിശ്ചയമായും,നിന്റെ റബ്ബുതന്നെ അവരെ (എല്ലാം) ഒരുമിച്ചു കൂട്ടുകയും ചെയ്യുന്നു. നിശ്ചയമായും, അവൻ അഗാധജ്ഞനാണ്, സർവ്വജ്ഞനാണ്.

വിഭാഗം-4

وَلَقَدْ خَلَقْنَا ٱلْإِنسَـٰنَ مِن صَلْصَـٰلٍ مِّنْ حَمَإٍ مَّسْنُونٍ ﴿٢٦﴾

26 തീർച്ചയായും, (മൂശപിടിച്ച്) പാകപ്പെടുത്തപ്പെട്ട കളിമണ്ണിൽനിന്ന് ചിലപ്പുണ്ടാകുന്ന മണ്ണിനാൽ മനുഷ്യനെ നാം സൃഷ്ടിച്ചിരിക്കുന്നു.

---

25 **وإن ربك** നിശ്ചയമായും നിന്റെ റബ്ബ്. **هو** അവൻതന്നെ. **يحشرهم** അവരെ ഒരുമിച്ചുകൂട്ടുന്നു. **إنه حكيم** നിശ്ചയമായും അവൻ അഗാധജ്ഞനാണ്, യുക്തിമാനാണ്. **عليم** (സർവ്വ) ജ്ഞനാണ്. 26 **ولقد خلقنا** തീർച്ചയായും നാം സൃഷ്ടിച്ചിട്ടുണ്ട്. **الإنسان** മനുഷ്യനെ. **من صلصال** ചിലപ്പുണ്ടാക്കുന്ന (ചിലചിലപ്പുള്ള) മണ്ണിനാൽ. **من حمإ** കളി (ചെളി) മണ്ണിൽ നിന്നുള്ള. **مسنون** (മൂശ പിടിച്ചു) പാകപ്പെടുത്ത (രൂപപ്പെടുത്ത) പ്പെട്ട, പശിമ പിടിച്ച് നാറ്റം വന്ന.

وَٱلْجَآنَّ خَلَقْنَـٰهُ مِن قَبْلُ مِن نَّارِ ٱلسَّمُومِ ﴿٢٧﴾

27 ജിന്നിനെയും അത്യുഷ്ണമുള്ള അഗ്നിയാൽ നാം മുമ്പേ അതിനെ സൃഷ്ടിച്ചു.

---

27 **والجان** ജിന്നിനെയും. **خلقناه** നാമതിനെ സൃഷ്ടിച്ചു. **من قبلُ** മുമ്പ്, മുമ്പേ. **من نار** അഗ്നിയാൽ. **السموم** അത്യുഷ്ണമുള്ള.

മനുഷ്യ വർഗ്ഗത്തിന്റെയും ജിന്നു വർഗ്ഗത്തിന്റെയും ഉൽപത്തിയെക്കുറിച്ചാണു പ്രസ്താവിക്കുന്നത്. മനുഷ്യപിതാവായ ആദം (عليه السلام) നബിയെ മണ്ണുകൊണ്ടും, ജിന്നു വർഗ്ഗത്തിന്റെ പിതാവായ ഇബ്ലീസിനെ അഗ്നി കൊണ്ടുമാണു സൃഷ്ടിച്ചിരിക്കുന്നതെന്നു ഖുർആനിൽ ഒന്നിലധികം സ്ഥലത്തുനിന്നു വ്യക്തമാണ്. മനുഷ്യ സൃഷ്ടിയെക്കുറിച്ചു പറയുമ്പോൾ മണ്ണിൽ നിന്നു(من تراب) കളിമണ്ണിൽനിന്നു(من حمأ) ഒട്ടുന്ന-പശിമയുള്ള-കളിമണ്ണിൽനിന്നു (من طين لازب) ചൂള മണ്ണുപോലെ ചിലപ്പുള്ളതിൽ നിന്നു (من صلصال كالفخار) എന്നിങ്ങിനെയും, ജിന്നിന്റെ സൃഷ്ടിയെക്കുറിച്ചു പറയുമ്പോൾ അഗ്നിയിൽനിന്നു (من نار) അഗ്നിയിൽ നിന്നുള്ള ജ്വാലയിൽ നിന്നു (من مارج من نار) എന്നിങ്ങിനെയും വ്യത്യസ്ത വാക്കുകൾ അല്ലാഹു ഉപയോഗിച്ചു കാണാം. ആ മണ്ണിന്റെയും, അഗ്നിയുടെയും

സ്വാഭാവവിശേഷങ്ങളെയാണ് ഈ വ്യത്യസ്ത വാക്കുകൾ സൂചിപ്പിക്കുന്നത്. രണ്ടിനെ പ്പറ്റിയും ഇവിടെ ഉപയോഗിച്ച വാക്കുകളുടെ ഉദ്ദേശ്യം മനസ്സിലാക്കുവാൻ ഇതെല്ലാം സഹായകമാകുന്നു.

കൊട്ടിയാൽ 'ചല ചല' ശബ്ദം വരുന്ന ചിലപ്പുള്ള മണ്ണിനാണു **صلصال** എന്നു പറയുന്നത്. ചെളിമണ്ണു അഥവാ കളിമണ്ണു-എന്നത്രെ **حمأ** ൻെറ അർത്ഥം **مسنون** എന്ന വാക്കിനു പഴക്കംചെന്നു മണത്തിൽ വ്യത്യാസംവന്ന മണ്ണു എന്നും, പശിമയുള്ള കുഴഞ്ഞ മണ്ണു എന്നും, പശിമ പിടിച്ച് കറുപ്പുനിറം പൂണ്ട മണ്ണു എന്നും, മൂശപിടിച്ചു രൂപപ്പെടുത്തി പാകപ്പെടുത്തപ്പെട്ട മണ്ണു എന്നുമൊക്കെ അർത്ഥം നൽകപ്പെട്ടു കാണുന്നു. വാസ്ത വത്തിൽ ഇതൊന്നും വിഭിന്നമായ അർത്ഥങ്ങളല്ല. മൺപാത്രങ്ങളും മറ്റും ഉണ്ടാക്കുവാൻ ഉപയോഗിക്കുന്ന മണ്ണിനു ഈ ഗുണങ്ങളെല്ലാം ഉണ്ടായിരിക്കുന്നതുപോലെ, പ്രസ്തുത ഗുണങ്ങളാൽ മിശ്രമായ കളിമണ്ണുകൊണ്ടു രൂപപ്പെടുത്തുകയും, പിന്നീട് ചൂളവെക്കപ്പെട്ട മണ്ണുപോലെ മുട്ടിയാൽ ചിലപ്പുവരത്തക്കവണ്ണം ഉണങ്ങുകയും ചെയ്ത മണ്ണുകൊണ്ടുള്ള മൂശിയിൽ നിന്നാണു അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചതെന്നു മൊത്തത്തിൽ മനസ്സിലാക്കാം. **سموم** എന്നാൽ, രോമകൂപങ്ങളിലൂടെ ഉള്ളിലേക്കു തുളച്ചുകടക്കുമാറു അത്യുഷ്ണമായത് എന്നർത്ഥം. അത്യുഷ്ണമുള്ള കാറ്റിനും **سموم** എന്നു പറയപ്പെടാറുണ്ട്. **سم** (സമ്മു) എന്നാൽ സൂചിയുടെ ദ്വാരംപോലെയുള്ള സുഷിരം-അഥവാ സൂക്ഷ്മദ്വാരം-എന്നാണർത്ഥം. അതിൽനിന്നാണു ആ വാക്കിൻെറ ഉത്ഭവം. (*) ചുരുക്കത്തിൽ, മനുഷ്യപിതാവിനെ മേൽവിവരിച്ച പ്രകാരമുള്ള മണ്ണിനാൽ സൃഷ്ടിച്ചതുവഴി മനുഷ്യവർഗ്ഗത്തിൻെറ ഉത്ഭവം മണ്ണിൽ നിന്നും, ജിന്നു പിതാവിനെ അത്യുഷ്ണമായ അഗ്നിയാൽ സൃഷ്ടിച്ചതുവഴി ജിന്നുവർഗ്ഗത്തിൻെറ ഉത്ഭവം തീയിൽനിന്നുമാകുന്നു. ഇങ്ങിനെ ഉത്ഭവം തൊട്ട് പ്രകൃതത്തിലും, സ്വഭാവത്തിലും വിരുദ്ധമായ രണ്ടു വർഗ്ഗ ങ്ങളാണു മനുഷ്യനും ജിന്നും. എന്നാൽ, പ്രസ്തുത മണ്ണു എവിടെനിന്നു എടുക്കപ്പെട്ടു അതുകൊണ്ട് എന്തെല്ലാം ചെയ്യപ്പെട്ടു എന്നിത്യാദി വിശദീകരണങ്ങളൊന്നും നമുക്കറി ഞ്ഞുകൂടാ. ഈ വചനത്തിലും ഈ വിഷയത്തെ സംബന്ധിച്ചു വന്നമറ്റ് ആയത്തുകളിലും അതൊന്നും അല്ലാഹു വിവരിച്ചിട്ടില്ലതാനും.

മനുഷ്യരും ജിന്നുകളുമെന്നു രണ്ടു പത്യേക വർഗ്ഗങ്ങളില്ലെന്നും, മനുഷ്യരിലുള്ള അപരിഷ്കൃത വിഭാഗത്തിനാണു ജിന്നുകളെന്നു പറയുന്നതെന്നും ഇപ്പോൾ ചില വക്രബു ദ്ധികളായ ഖുർആൻ വ്യാഖ്യാനക്കാർ വാദിക്കുന്നുണ്ട്. ഈ ഖുർആൻ വചനങ്ങൾക്കും ഇതുപോലെയുള്ള മറ്റുപല വചനങ്ങൾക്കും അവർ അവരുടെ വകയായി ചില പുതിയ അർത്ഥങ്ങളും വ്യാഖ്യാനങ്ങളും നൽകി തൃപ്തി അടയുകയും ചെയ്യുന്നു. വിശുദ്ധ ഖുർ ആനിൽ വിശ്വസിക്കുന്നവരെന്നു സ്വയം അഭിമാനിക്കുന്നതോടൊപ്പം അത്തരത്തിലുള്ള അർത്ഥവ്യാഖ്യാനങ്ങൾ ഖുർആൻ വചനങ്ങൾക്കു നൽകുവാനുള്ള അവരുടെ ധൈര്യം കാ ണുമ്പോൾ നാം അമ്പരന്നു പോകും! ഇവരുടെ ഈ വ്യാജവാദത്തിനെതിരെ ഖുർആനിൽ മറ്റു തെളിവുകളൊന്നും ഇല്ലെങ്കിൽപോലും-വാസ്തവത്തിൽ പല തെളിവുകളുണ്ടുതാ നും-മനുഷ്യനെ സൃഷ്ടിക്കുന്നതിനു മുമ്പുതന്നെ ജിന്നിനെ സൃഷ്ടിച്ചിരിക്കുന്നു. (**والجان خلقناه من قبل**) എന്ന ഒരൊറ്റ വാക്യംകൊണ്ടു ഇവരുടെ വാദം അടിയോടെ പൊളിഞ്ഞു പോകുന്നു, പക്ഷെ, താൽപര്യപൂർവ്വം ഒരു മുൻവിധി വെച്ചുകൊണ്ട് വ്യാഖ്യാനത്തിനൊ രുങ്ങുന്നവർക്കുണ്ടോ ഇതൊക്കെ കാണുവാനും ഗ്രഹിക്കുവാനും കഴിയുന്നു?!

28 നിൻെറ റബ്ബ് മലക്കുകളോട് പറഞ്ഞ സ ന്ദർഭം (ഓർക്കുക): "(മൂശപിടിച്ചു) പാ

وَإِذْ قَالَ رَبُّكَ لِلْمَلَـٰٓئِكَةِ إِنِّى خَـٰلِقٌۢ بَشَرًا مِّن

---

* كما في مفردات الراغب وغيره

صَلۡصَٰلٖ مِّنۡ حَمَإٖ مَّسۡنُونٖ ﴿٢٨﴾

കപ്പെടുത്തപ്പെട്ട കളിമണ്ണിൽനിന്നും ചിലപ്പുണ്ടാകുന്ന മണ്ണിനാൽ ഞാൻ ഒരു മനുഷ്യനെ സൃഷ്ടിക്കുകയാണ്.''

29 ''അങ്ങനെ, ഞാൻ അവനെ (പൂർത്തിയാക്കി) ശരിപ്പെടുത്തുകയും, അവനിൽ എൻെറ (വക) ആത്മാവിൽ നിന്നും ഞാൻ ഊതുകയും ചെയ്താൽ, അപ്പോൾ, നിങ്ങൾ അവന് 'സുജൂദ്' ചെയ്യുന്നവരായി വീഴു വിൻ.''

فَإِذَا سَوَّيۡتُهُۥ وَنَفَخۡتُ فِيهِ مِن رُّوحِي فَقَعُواْ لَهُۥ سَٰجِدِينَ ﴿٢٩﴾

30 എന്നിട്ട്, മലക്കുകൾ എല്ലാവരും മുഴുവൻ (തന്നെ) 'സുജൂദ്' ചെയ്തു;

فَسَجَدَ ٱلۡمَلَٰٓئِكَةُ كُلُّهُمۡ أَجۡمَعُونَ ﴿٣٠﴾

31 -ഇബ്ലീസ് ഒഴികെ:- അവൻ 'സുജൂദ്' ചെയ്തവരോടൊപ്പം ആയിരിക്കുവാൻ വിസമ്മതിച്ചു.

إِلَّآ إِبۡلِيسَ أَبَىٰٓ أَن يَكُونَ مَعَ ٱلسَّٰجِدِينَ ﴿٣١﴾

32 അവൻ [അല്ലാഹു] പറഞ്ഞു: ''ഇബ്ലീസേ, നീ 'സുജൂദ്' ചെയ്തവരോടൊപ്പം ആകാതിരിക്കുവാൻ നിനക്കെന്താണ് (കാരണം) ?''

قَالَ يَٰٓإِبۡلِيسُ مَا لَكَ أَلَّا تَكُونَ مَعَ ٱلسَّٰجِدِينَ ﴿٣٢﴾

33 അവൻ [ഇബ്ലീസ്] പറഞ്ഞു: ''(മൂശ പിടിച്ചു) പാകപ്പെടുത്തപ്പെട്ട കളിമണ്ണിൽ നിന്നു ചിലപ്പുണ്ടാകുന്ന മണ്ണിനാൽ നീ സൃഷ്ടിച്ചതായ മനുഷ്യന് സുജൂദ് ചെയ്യാൻ ഞാ നായിട്ടില്ല.''

قَالَ لَمۡ أَكُن لِّأَسۡجُدَ لِبَشَرٍ خَلَقۡتَهُۥ مِن صَلۡصَٰلٖ مِّنۡ حَمَإٖ مَّسۡنُونٖ ﴿٣٣﴾

34 അവൻ [അല്ലാഹു] പറഞ്ഞു: ''എന്നാൽ, നീ ഇവിടെ നിന്ന് പുറത്തു പോകുക; നിശ്ചയമായും, നീ ആട്ടപ്പെട്ടവനാകുന്നു.

قَالَ فَٱخۡرُجۡ مِنۡهَا فَإِنَّكَ رَجِيمٞ ﴿٣٤﴾

35 ''നിശ്ചയമായും, നിൻെറ മേൽ പ്രതിഫല നടപടിയുടെ ദിവസംവരെ ശാപവു മു ണ്ടായിരിക്കും.''

وَإِنَّ عَلَيۡكَ ٱللَّعۡنَةَ إِلَىٰ يَوۡمِ ٱلدِّينِ ﴿٣٥﴾

---

28 وإذْ قَالَ പറഞ്ഞ സന്ദർഭം. ربك നിൻെറ റബ്ബ്. للملائكة മലക്കുകളോട്. إني നിശ്ചയമായും ഞാൻ. خالق സൃഷ്ടിക്കുന്നവനാണ്. بشرا ഒരു മനുഷ്യനെ. من صلصال ചിലപ്പുണ്ടാക്കുന്നതിനാൽ. من حمإ കളി (ചെളി) മണ്ണിൽനിന്നും. مسنون പാകപ്പെടുത്തപ്പെട്ട (പശിമപിടിച്ചു) നാറ്റംവന്ന..... 29 فَإذَا سويته അങ്ങനെ അവനെ ഞാൻ ശരിപ്പെടുത്തിയാൽ. ونفخت ഞാൻ ഊതുകയും. فيه അവനിൽ. من روحي എൻെറ ആത്മാവിൽ നിന്ന്. فقعوا അപ്പോൾ നിങ്ങൾ വീഴുവിൻ. له അവന്ന്. ساجِدين സുജൂദു ചെയ്യുന്നവരായി. 30 فَسجد എന്നിട്ട് (അപ്പോൾ) സുജൂദു ചെയ്തു. الملائكةُ മലക്കുകൾ. كُلهم അവരെല്ലാം. أجمعونَ മുഴുവൻ. 31 إلا إبليس ഇബ്ലീസു ഒഴികെ. أبى അവൻ വിസമ്മതിച്ചു വിലക്കി, സമ്മതിക്കാതിരുന്നു. أن يكُونَ അവനായിരിക്കുവാൻ. مع الساجِدين സുജൂദു ചെയ്യുന്നവരുടെ ഒപ്പം (കൂടെ) . 32 قَالَ അവൻ പറഞ്ഞു. يا إبليس ഇബ്ലീസേ. ما لَك നിനക്കെന്താണ്. ألا تكُونَ നീ ആകാതിരിക്കുവാൻ. مع الساجِدين സുജൂദു ചെയ്യുന്നവരോടൊപ്പം. 33 قَالَ അവൻ പറഞ്ഞു. لم أكُن ഞാൻ ആയിട്ടില്ല, ഞാൻ ഇല്ല, ആകാവതല്ല. لأسجد ഞാൻ സുജൂദു ചെയ്വാൻ. لبشر ഒരു മനുഷ്യന്. خلقْته നീ അവനെ സൃഷ്ടിച്ചു. من صلصالٍ ചിലപ്പുണ്ടാക്കുന്നതിനാൽ. من حمإ കളിമണ്ണിൽ നിന്ന്. مسنون

പാകപ്പെടുത്തപ്പെട്ട, രൂപപ്പെടുത്തപ്പെട്ട.. 34 **قَالَ** അവൻ പറഞ്ഞു. **فَاخرج** എന്നാൽ നീ പുറത്തുപോകുക. **منها** ഇതിൽ (ഇവിടെ) നിന്നു. **فَإنك** കാരണം നിശ്ചയമായും നീ. **رجيم** ആട്ടപ്പെട്ടവനാണ്. 35 **وإن عليك** നിശ്ചയമായും നിന്റെ മേൽ ഉണ്ടുതാനും. **اللعنة** ശാപം. **إلى يوم** ദിവസംവരെ. **الدين** പ്രതിഫല നടപടിയുടെ.

ഇവിടെ നിന്ന് പുറത്തുപോവുക اخرج منها എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം മലക്കുകളുടെ കൂട്ടത്തിൽനിന്നു എന്നും ഉപരിലോകത്തുനിന്നു എന്നു ആകാവുന്നതാണ്. الله اعلم

36 അവൻ [ഇബ്‌ലീസ്] പറഞ്ഞു: ''എന്റെ റബ്ബേ, എന്നാൽ [അങ്ങിനെയാണെങ്കിൽ] അവർ [മനുഷ്യർ] എഴുന്നേല്പിക്കപ്പെടുന്ന (പുനരുത്ഥാന) ദിവസംവരെ നീ എനിക്ക് (അവധി നൽകി) താമസം നൽകേണമേ!'' — قَالَ رَبِّ فَأَنظِرْنِىٓ إِلَىٰ يَوْمِ يُبْعَثُونَ ﴿٣٦﴾

37 അവൻ [അല്ലാഹു] പറഞ്ഞു: ''എന്നാൽ (ശരി) നീ താമസം നൽകപ്പെട്ടവരിൽപെട്ടവൻ തന്നെ;- — قَالَ فَإِنَّكَ مِنَ ٱلْمُنظَرِينَ ﴿٣٧﴾

38 അറിയപ്പെട്ട (ആ നിശ്ചിത) സമയത്തിന്റെ ദിവസംവരെ — إِلَىٰ يَوْمِ ٱلْوَقْتِ ٱلْمَعْلُومِ ﴿٣٨﴾

---

36 قَالَ അവൻ പറഞ്ഞു. رب എന്റെ റബ്ബേ. فَأَنظرني എന്നാൽ നീ എന്നെ ഒഴിവാക്കി (താമസം ചെയ്തു-നീട്ടിവെച്ചു) തരണേ. إلى يوم ദിവസംവരെ. يبعثون അവർ എഴുന്നേൽപിക്കപ്പെടുന്ന. 37 قَالَ അവൻ പറഞ്ഞു. فَإنك എന്നാൽ നിശ്ചയമായും നീ. من المنظرين ഒഴിവാക്ക (നീട്ടിവെക്ക-താമസം നൽക) പ്പെട്ടവരിൽപെട്ട (വൻ) . 38 إلى يوم ദിവസംവരെ. الوقت (ആ) സമയത്തിന്റെ. المعلوم അറിയപ്പെട്ടതായ (നിശ്ചിത) .

പുനരുത്ഥാന ദിവസംവരെ ഒഴിവുകിട്ടിയാൽ മരണത്തിൽനിന്നും, അനന്തര നടപടികളിൽനിന്നും തനിക്കു ഒഴിവായിക്കിട്ടുമെന്നു ഒരു പക്ഷേ, പിശാചു വ്യാമോഹിച്ചിരിക്കാം. പക്ഷേ, ആ അപേക്ഷ അല്ലാഹു നിരസിക്കുകയും, അന്ത്യനാൾവരെ മാത്രം ഒഴിവു നൽകുകയുമാണു ചെയ്തതു. അതോടെ തന്റെ അന്ത്യം വരുമെങ്കിലും അതുവരെ ലഭിക്കുന്ന ഒഴിവു മുഴുവനും മനുഷ്യരെ വഴിപിഴപ്പിക്കുന്നതിൽ വിനിയോഗിക്കുവാൻ അവന്റെ ദുഷ്ടത അവനെ പ്രേരിപ്പിച്ചു.

39 അവൻ പറഞ്ഞു: ''എന്റെ റബ്ബേ, നീ എന്നെ വഴികേടിലാക്കി (നിശ്ചയിച്ചി) രിക്കകൊണ്ട്, തീർച്ചയായും, ഭൂമിയിൽ അവർക്ക് ഞാൻ (പാപങ്ങളെ) ഭംഗിയാക്കി കാണിക്കുകയും, അവരെ മുഴുവൻ ഞാൻ വഴി കേടിലാക്കുകയും തന്നെ ചെയ്യും;- — قَالَ رَبِّ بِمَآ أَغْوَيْتَنِى لَأُزَيِّنَنَّ لَهُمْ فِى ٱلْأَرْضِ وَلَأُغْوِيَنَّهُمْ أَجْمَعِينَ ﴿٣٩﴾

40 ''(അതെ) അവരിൽ നിന്നുള്ള നിന്റെ നിഷ്കളങ്കരാക്കപ്പെട്ട അടിയാൻമാരെ — إِلَّا عِبَادَكَ مِنْهُمُ ٱلْمُخْلَصِينَ ﴿٤٠﴾

ഒഴികെ.''

---

39 قَالَ അവന്‍ പറഞ്ഞു. رب എന്‍റെ റബ്ബേ. بِمَا أَغْوَيْتَنِي നീ എന്നെ വഴിപിഴവിലാക്കിയതുകൊണ്ട്. لَأُزَيِّنَنَّ ഞാന്‍ ഭംഗിയാക്കിക്കൊടുക്കുകതന്നെ ചെയ്യും. لَهُمْ അവര്‍ക്ക്. فِي الْأَرْضِ ഭൂമിയില്‍. وَلَأُغْوِيَنَّهُمْ ഞാനവരെ വഴിപിഴപ്പിക്കുകയും തന്നെ ചെയ്യും. أَجْمَعِينَ മുഴുവനും. 40 إِلَّا عِبَادَكَ നിന്‍റെ അടിയാന്മാരെ ഒഴികെ. مِنْهُمْ അവരില്‍ നിന്നുളള. الْمُخْلَصِينَ നിഷ്കളങ്കരാക്കപ്പെട്ട (തനി ശുദ്ധരാക്കപ്പെട്ട) .

അല്ലാഹുവിന്‍റെ നിഷ്കളങ്കരായ നല്ല അടിയാന്‍മാരെ ഞാന്‍ വഴിപിഴപ്പിക്കുകയില്ല-അഥവാ അതിനു എനിക്കു സാധിക്കുകയുമില്ല-എന്നു സാരം. ഇബ്‌ലീസു തന്നെയും സമ്മതിച്ച ഒരു യാഥാര്‍ത്ഥ്യമാണിത്. അടുത്ത വചനങ്ങളില്‍ അല്ലാഹുവും അതു ആവര്‍ത്തിച്ചുറപ്പിക്കുന്നു:-

قَالَ هَٰذَا صِرَاطٌ عَلَيَّ مُسْتَقِيمٌ ﴿٤١﴾

41 ''അവന്‍ [അല്ലാഹു] പറഞ്ഞു: ''ഇത് എന്‍റെ മേല്‍ (ബാധ്യസ്ഥമായ) നേര്‍ക്കു നേരെ (ചൊവ്വെ) യുള്ള ഒരു മാര്‍ഗ്ഗമാകുന്നു.''

---

41 قَالَ അവന്‍ പറഞ്ഞു. هَذَا ഇത്. صِرَاطٌ ഒരു പാത (മാര്‍ഗ്ഗം) ആകുന്നു. عَلَيَّ എന്‍റെ മേല്‍ (ബാധ്യസ്ഥമായ) . مُسْتَقِيمٌ നേരെയുള്ള, ചൊവ്വായ.

അതെ, നിഷ്കളങ്കരായ എന്‍റെ അടിയാന്‍മാരെ നീ വഴിപിഴപ്പിക്കാതിരിക്കല്‍ എന്‍റെ ബാധ്യതയായി ഞാന്‍ സ്വീകരിക്കുന്നു. നിന്‍റെ ഉപദ്രവത്തില്‍ നിന്ന് ഞാന്‍ അവരെ രക്ഷിക്കുക തന്നെ ചെയ്യും. ഇതില്‍ മാറ്റം വരുകയില്ല എന്നു സാരം. വിഷയം അല്ലാഹു ഒന്നുകൂടി വ്യക്തമാക്കുന്നു:-

إِنَّ عِبَادِي لَيْسَ لَكَ عَلَيْهِمْ سُلْطَانٌ إِلَّا مَنِ اتَّبَعَكَ مِنَ الْغَاوِينَ ﴿٤٢﴾

42 നിശ്ചയമായും, എന്‍റെ അടിയാന്‍മാര്‍ -അവരുടെമേല്‍ നിനക്ക് യാതൊരു അധികാര ശക്തിയും ഇല്ല; വഴികെട്ടവരാകുന്ന നിന്നെ പിന്‍പറ്റിയവരൊഴികെ. [അവരെ മാത്രമേ നിനക്ക് വഴി പിഴപ്പിക്കുവാന്‍ കഴിയൂ]

وَإِنَّ جَهَنَّمَ لَمَوْعِدُهُمْ أَجْمَعِينَ ﴿٤٣﴾

43 ''നിശ്ചയമായും, 'ജഹന്നം' [നരകം] അവരുടെ മുഴുവനും വാഗ്ദത്തസ്ഥാനവും തന്നെ.

لَهَا سَبْعَةُ أَبْوَابٍ لِّكُلِّ بَابٍ مِّنْهُمْ جُزْءٌ مَّقْسُومٌ ﴿٤٤﴾

44 ''അതിന് ഏഴു (പടി) വാതിലുകളുണ്ട്. എല്ലാ (ഓരോ പടി) വാതിലിനും അവരില്‍ നിന്ന് (പ്രത്യേകം) വിഹിതം ചെയ്യപ്പെട്ട ഓരോ ഭാഗം (ആളുകള്‍) ഉണ്ടായിരിക്കും.''

---

42 إِنَّ عِبَادِي നിശ്ചയമായും എന്‍റെ അടിയാന്‍മാര്‍. لَيْسَ لَكَ നിനക്ക് ഇല്ല. عَلَيْهِمْ അവരുടെ മേല്‍. سُلْطَانٌ ഒരു അധികാരശക്തിയും. إِلَّا مَنِ اتَّبَعَكَ നിന്നെ പിന്‍പറ്റിയവരൊഴികെ. مِنَ الْغَاوِينَ വഴികെട്ടവരാകുന്ന, വഴി പിഴച്ചവരില്‍നിന്ന്. 43 وَإِنَّ جَهَنَّمَ നിശ്ചയമായും ജഹന്നം. لَمَوْعِدُهُمْ

അവരുടെ വാഗ്ദത്തസ്ഥാനം തന്നെ. **أجمعين** മുഴുവനും. 44 **لها** അതിനുണ്ട്. **سبعة** ഏഴു. **أبواب** വാതിലുകൾ, കവാടങ്ങൾ. **لكل باب** എല്ലാ വാതിലിനുമുണ്ടായിരിക്കും. **منهم** അവരിൽ നിന്ന്. **جزء** ഒരു(ഓരോ) ഭാഗം. **مقسوم** വിഹിതം (ഓഹരി) ചെയ്യപ്പെട്ട.

ഇബ്‌ലീസിനെ പിൻപറ്റിയവരെ ഏഴായി തരംതിരിച്ച് ഓരോ തരക്കാർക്കും പ്രത്യേകം തയ്യാറാക്കപ്പെട്ട ഏഴുസ്ഥാനങ്ങളിൽ വെച്ചായിരിക്കും നരകശിക്ഷ നൽകപ്പെടുക എന്നു സാരം. കുറ്റത്തിൻെറ തോതനുസരിച്ചായിരിക്കും ഈ തരംതിരിക്കൽ എന്നും, ഓരോ തരക്കാരുടെയും തെറ്റുകൾക്കനുസരിച്ചായിരിക്കും അവർക്കു ലഭിക്കുന്ന ശിക്ഷയെന്നും പറയേണ്ടതില്ല.

ആദം (عليه السلام) നബിക്കു സുജൂദു ചെയ്യാൻ മലക്കുകളോടു കൽപിച്ചതും, ഇബ്‌ലീസു സുജൂദു ചെയ്യാതെ അഹങ്കരിച്ചതും സംബന്ധിച്ചു അൽബഖറഃ അഅ്റാഫ് എന്നീ സൂറത്തുകളിൽ വിശദമായി വിവരിച്ചു കഴിഞ്ഞിട്ടുള്ളതിനു പുറമെ, ഇസ്രാഉ്, അൽകഹ്ഫു ത്വാഹാ, സ്വാദ് എന്നീ സൂറത്തുകളിലും ഈ സംഭവം വിവരിക്കപ്പെട്ടിരിക്കുന്നു. അതു കൊണ്ടു ഇവിടെ അധികമൊന്നും വിവരിക്കേണ്ടുന്ന ആവശ്യമില്ല.

വിഭാഗം-4

45 നിശ്ചയമായും, സൂക്ഷ്മത പാലിച്ചവർ, തോപ്പുകളിലും, നീരുറവുകളിലുമായിരിക്കും.	إِنَّ ٱلْمُتَّقِينَ فِى جَنَّـٰتٍ وَعُيُونٍ ﴿٤٥﴾
46 ''അതിൽ, ശാന്തിയോടെ നിർഭയരായിക്കൊണ്ട് പ്രവേശിച്ചുകൊള്ളുവിൻ.'' (എന്ന് അവർക്ക് സ്വാഗതം നൽകപ്പെടും) .	ٱدْخُلُوهَا بِسَلَـٰمٍ ءَامِنِينَ ﴿٤٦﴾
47 അവരുടെ നെഞ്ചു [ഹൃദയം]കളിൽ വല്ല വിദ്വേഷവും (ഒളിഞ്ഞിരിപ്പ്) ഉള്ളതിനെ നാം നീക്കം ചെയ്യുകയും ചെയ്യും; കട്ടിലുകളിൻമേൽ പരസ്പരം അഭിമുഖരായി ക്കൊണ്ട് സഹോദരൻമാരായ നിലയിൽ (അവർ കഴിഞ്ഞുകൂടും) .	وَنَزَعْنَا مَا فِى صُدُورِهِم مِّنْ غِلٍّ إِخْوَٰنًا عَلَىٰ سُرُرٍ مُّتَقَـٰبِلِينَ ﴿٤٧﴾

---

45 **إن المتقين** നിശ്ചയമായും സൂക്ഷ്മത പാലിച്ചവർ, ഭയഭക്തൻമാർ. **في جنات** തോപ്പുകളിലായിരിക്കും, സ്വർഗ്ഗങ്ങളിലാണ്. **وعيون** നീരുറവു (അരുവി) കളിലും. 46 **ادخلوها** അതിൽ പ്രവേശിക്കുവിൻ. **بسلام** ശാന്തിയോടെ. **آمنين** നിർഭയരായി. 47 **ونزعنا** നാം നീക്കുകയും ചെയ്യും. **ما في صدورهم** അവരുടെ നെഞ്ചു (ഹൃദയം) കളിലുള്ളത്. **من غل** വിദ്വേഷത്തിൽ (പകയിൽ) നിന്നും, വല്ലപോരും, കെട്ടിക്കുടുക്കും. **إخوانا** സഹോദരങ്ങളായിട്ട്. **على سرر** കട്ടിലുകളിൻമേൽ. **متقابلين** പരസ്പരം അഭിമുഖരായ നിലയിൽ.

ഇഹത്തിൽ വെച്ച് അവർ തമ്മിൽ തമ്മിൽ വല്ല പകയോ, വെറുപ്പോ മനസ്സിൽ വെച്ചു കൊണ്ടിരുന്നാലും സ്വർഗ്ഗത്തിൽ വെച്ചു അല്ലാഹു അതെല്ലാം അവരിൽ നിന്നു നീക്കം ചെയ്യും. അങ്ങനെ, അവർ ഏകോദര സഹോദരങ്ങളെപ്പോലെ ആനന്ദഭരിതരായി കഴിഞ്ഞു കൂടിക്കൊണ്ടിരിക്കും. മാത്രമല്ല,-

48 അതിൽ വെച്ച് അവരെ ക്ഷീണം (അഥവാ പ്രയാസം) സ്പർശിക്കുകയില്ല; അവർ അതിൽനിന്നും പുറത്താക്കപ്പെടുന്നവരുമല്ല.	لَا يَمَسُّهُمْ فِيهَا نَصَبٌ وَمَا هُم مِّنْهَا بِمُخْرَجِينَ ﴿٤٨﴾
49 (നബിയേ) എൻെറ അടിയാൻമാർക്ക് വിവരം അറിയിക്കുക: നിശ്ചയമായും, ഞാൻ തന്നെയാണ് വളരെ പൊറുക്കുന്നവനും കരുണാനിധിയുമായുള്ളവനെന്നും;	۞ نَبِّئْ عِبَادِىٓ أَنِّىٓ أَنَا ٱلْغَفُورُ ٱلرَّحِيمُ ﴿٤٩﴾
50 എൻെറ ശിക്ഷതന്നെയാണ് വേദനയേറിയ ശിക്ഷയെന്നും.	وَأَنَّ عَذَابِى هُوَ ٱلْعَذَابُ ٱلْأَلِيمُ ﴿٥٠﴾

48 **لا يمسهم** അവരെ സ്പർശിക്ക (ബാധിക്ക) യില്ല. **فيها** അതിൽ. **نصب** ക്ഷീണം, പ്രയാസം, ബുദ്ധിമുട്ട്. **وما هم** അവരല്ലതാനും. **منها** അതിൽനിന്ന്. **بمخرجين** പുറത്താക്കപ്പെടുന്നവർ. 49 **نبِّئْ** വിവരമറിയിക്കുക. **عبادي** എൻെറ അടിയാൻമാർക്ക്. **أني أنا** ഞാൻ തന്നെയാണെന്ന്. **الْغفُور** വളരെ പൊറുക്കുന്നവൻ. **الرحيم** കരുണാനിധിയായ. 50 **وأن عذَابِي** എൻെറ ശിക്ഷയെന്നും. **هو الْعذَاب** അതാണ് ശിക്ഷ. **الْألِيم** വേദനയേറിയ.

മനുഷ്യൻ സദാ സുപ്രതീക്ഷയും, ഭയപ്പാടും ഉള്ളവനായിരിക്കണം. അഥവാ അല്ലാഹുവിൻെറ പാപപൊറുതിയിലും കാരുണ്യത്തിലും നിരാശ തീണ്ടാതെ സൽപ്രതീക്ഷയോടു കൂടിയും, അതോടൊപ്പം തന്നെ, അവൻെറ ശിക്ഷ അനുഭവിക്കേണ്ടിവരുന്നതിനെക്കുറിച്ചു എപ്പോഴും ഭയത്തോടുകൂടിയും ഇരിക്കണം എന്നിങ്ങിനെ നബി വചനങ്ങളിലും മറ്റും ഉപദേശിക്കപ്പെട്ടിട്ടുള്ളതു ഇതുകൊണ്ടാകുന്നു. നബി (ﷺ) അരുളിച്ചെയ്തതായി അബൂഹുറൈറ (رضي الله عنه) ഉദ്ധരിച്ച ഒരു ഹദീസു ഇങ്ങിനെയാണ്: ''അല്ലാഹുവിൻെറ അടുക്കലുള്ള ശിക്ഷയെക്കുറിച്ചു സത്യവിശ്വാസി അറിയുമായിരുന്നെങ്കിൽ, ഒരാളും അവൻെറ സ്വർഗ്ഗത്തിൽ മോഹം വെക്കുകയില്ല; അല്ലാഹുവിൻെറ അടുക്കലുള്ള കാരുണ്യത്തെക്കുറിച്ചു അവിശ്വാസി അറിയുമായിരുന്നെങ്കിൽ, അവൻ അവൻെറ സ്വർഗ്ഗത്തെക്കുറിച്ചു നിരാശപ്പെടുകയില്ല.'' (മു.) അദ്ദേഹം തന്നെ ഉദ്ധരിച്ച മറ്റൊരു നബിവചനമാണിത്: അല്ലാഹു സൃഷ്ടികളെ സൃഷ്ടി ച്ചപ്പോൾ ഒരു രേഖാഗ്രന്ഥത്തിൽ ഇങ്ങിനെ രേഖപ്പെടുത്തി അവൻെറ അടുക്കൽ 'അർശി' ൻമേൽ വെച്ചിരിക്കുന്നു: ''എൻെറ കാരുണ്യം എൻെറ കോപത്തെ ജയിച്ചിരിക്കുന്നു.'' (ബു:മു) അല്ലാഹുവേ, നീ ഞങ്ങൾക്കു പൊറുത്തുതരുകയും, കരുണചെയ്യുകയും ചെയ്യേണമേ! അല്ലാഹുവേ, നിൻെറ ശിക്ഷയിൽനിന്നു നീ ഞങ്ങളെ കാത്തു രക്ഷിച്ചുതരുകയും ചെയ്യേണമേ! ആമീൻ.

51 (നബിയേ) ഇബ്രാഹീമിൻെറ അതിഥികളെക്കുറിച്ച് അവർക്ക് വിവരമറിയിക്കുക.	وَنَبِّئْهُمْ عَن ضَيْفِ إِبْرَٰهِيمَ ﴿٥١﴾
52 അതായത്, അവർ അദ്ദേഹത്തിൻെറ അടുക്കൽ കടന്നുവന്ന് 'സലാം'എന്നു പറഞ്ഞ സന്ദർഭം. അദ്ദേഹം പറഞ്ഞു: ''ഞങ്ങൾ നിങ്ങളെക്കുറിച്ചു ഭയമുള്ളവരാകുന്നു.''	إِذْ دَخَلُوا۟ عَلَيْهِ فَقَالُوا۟ سَلَٰمًا قَالَ إِنَّا مِنكُمْ وَجِلُونَ ﴿٥٢﴾

53 അവർ പറഞ്ഞു: ''ഭയപ്പെടേണ്ട, ഞങ്ങൾ താങ്കൾക്ക് ജ്ഞാനിയായ ഒരു ബാലനെ [മകനെ]പ്പറ്റി സന്തോഷവാർത്ത അറിയിക്കുന്നു.''

قَالُواْ لَا تَوۡجَلۡ إِنَّا نُبَشِّرُكَ بِغُلَٰمٍ عَلِيمٍ ٥٣

---

51 ونبئهم അവർക്ക് വിവരമറിയിക്കുക. عن ضيف അതിഥികളെപ്പറ്റി. إبراهيم ഇബ്റാഹീമിന്റെ. 52 إذ دخلوا അവർ കടന്നുവന്ന (പ്രവേശിച്ച) പ്പോൾ. عليه അദ്ദേഹത്തിന്റെ അടുക്കൽ. فقالوا എന്നിട്ടവർ പറഞ്ഞു. سلاما 'സലാം' എന്ന്. قال അദ്ദേഹം പറഞ്ഞു. إنا منكم ഞങ്ങൾ നിങ്ങളെക്കുറിച്ച്. وجلون ഭയമുള്ളവരാണ്. 53 قالوا അവർ പറഞ്ഞു. لا توجل ഭയപ്പെടേണ്ടാ. إنا نبشرك ഞങ്ങൾ താങ്കൾക്ക് സന്തോഷമറിയിക്കുന്നു. بغلام ഒരു ബാലനെ (ആൺകുട്ടിയെ) പ്പറ്റി. عليم ജ്ഞാനിയായ.

ഇബ്റാഹീം (عليه السلام) നബിക്കു പ്രായാധിക്യം വന്നിട്ടും മക്കളില്ലാതിരുന്ന അവസരത്തിലായിരുന്നു മലക്കുകൾ അതിഥികളുടെ രൂപത്തിൽ വന്നതെന്നും, അദ്ദേഹം അവർക്കു വേഗം ഭക്ഷണം ഒരുക്കിയെന്നും അവർ ഭക്ഷണം കഴിക്കാതിരുന്നതു കണ്ടപ്പോൾ അദ്ദേഹത്തിനു അവരെക്കുറിച്ചു ഭയം തോന്നിയെന്നും സൂ:ഹൂദ് 70ലും, ദാരിയത്ത് 28ലും പ്രസ്താവിച്ചിരിക്കുന്നു. അതായിരിക്കും ഇവിടെ' ഞങ്ങൾ നിങ്ങളെക്കുറിച്ചു ഭയമുള്ളവരാണ് എന്നു പറഞ്ഞത്. സംഭവങ്ങൾ വിവരിക്കുമ്പോൾ ചില സ്ഥലങ്ങളിൽ സംക്ഷിപ്തമായും, ചില സ്ഥലങ്ങളിൽ വിശദമായും വിവരിക്കുക ഖുർആന്റെ പതിവാണല്ലോ. അതുകൊണ്ടാണു ഖുർആന്റെ ചില ഭാഗം ചില ഭാഗത്തെ വ്യാഖ്യാനിക്കുന്നു. (القران يفسر بعضه بعضا) എന്നു പറയുന്നതും.

''ജ്ഞാനിയായ ഒരു ബാലനെപ്പറ്റി സന്തോഷവാർത്ത അറിയിക്കുന്നു'' വെന്നു മലക്കുകൾ പറഞ്ഞതു ഇസ്ഹാഖ് (عليه السلام) നബിയെക്കുറിച്ചുള്ള സന്തോഷവാർത്തയാണെന്നു സൂറത്തു ഹൂദിൽ നിന്നു മനസ്സിലാകുന്നു. സൂ:ദാരിയാത്തിലും അദ്ദേഹത്തെപ്പറ്റി 'ജ്ഞാനിയായ ബാലൻ' (غلام عليم) എന്നു വിശേഷിപ്പിച്ചിട്ടുണ്ട്. ഇസ്മാഈൽ (عليه السلام) നബിയെക്കുറിച്ചും ഇബ്റാഹീം (عليه السلام) നബിക്കു മലക്കുകൾ സന്തോഷവാർത്ത അറിയിച്ചതായി സൂറത്തു സ്-സ്വാഫ്-ഫാത്ത്: 101ൽ കാണാം. അവിടെ അദ്ദേഹത്തെ വിശേഷിപ്പിച്ചതു 'സഹനശീലനായ ബാലൻ'(غلام حليم) എന്നാകുന്നു. (കൂടുതൽ വിവരങ്ങൾക്ക് പ്രസ്തുത സൂറത്തുകളിൽ നോക്കുക.)

54 അദ്ദേഹം പറഞ്ഞു: ''എന്നെ വാർദ്ധക്യം ബാധിച്ചതോടെ നിങ്ങൾ എനിക്ക് സന്തോഷവാർത്ത അറിയിക്കുകയോ?! ഇനി, എന്തിനെക്കുറിച്ചാണ് നിങ്ങൾ സന്തോഷമറി യിക്കുന്നത്?!''

قَالَ أَبَشَّرۡتُمُونِي عَلَىٰٓ أَن مَّسَّنِيَ ٱلۡكِبَرُ فَبِمَ تُبَشِّرُونَ ٥٤

55 അവർ പറഞ്ഞു: ''(സംഭവിക്കാൻ പോകുന്ന) യഥാർത്ഥത്തെക്കുറിച്ച് ഞങ്ങൾ താങ്കൾക്ക് സന്തോഷമറിയിച്ചിരിക്കുകയാണ്. അതിനാൽ, താങ്കൾ ആശമുറിഞ്ഞവരിൽപെട്ടു പോകരുത്.''

قَالُواْ بَشَّرۡنَٰكَ بِٱلۡحَقِّ فَلَا تَكُن مِّنَ ٱلۡقَٰنِطِينَ ٥٥

56 അദ്ദേഹം പറഞ്ഞു: ''ആരാണ് തന്റെ റബ്ബിന്റെ കാരുണ്യത്തെക്കുറിച്ച് ആശമുറിയുക-വഴി പിഴച്ചവരല്ലാതെ?!''

قَالَ وَمَن يَقۡنَطُ مِن رَّحۡمَةِ رَبِّهِۦٓ إِلَّا

ٱلضَّآلُّونَ ﴿٥٦﴾

قَالَ فَمَا خَطْبُكُمْ أَيُّهَا ٱلْمُرْسَلُونَ ﴿٥٧﴾

57 അദ്ദേഹം പറഞ്ഞു: ''(ശരി) എന്നാൽ, നിങ്ങളുടെ (പ്രധാന) വിഷയം എന്താണ്- ഹേ, ദൂതൻമാരേ?''

---

54 قَالَ അദ്ദേഹം പറഞ്ഞു. أبشرتموني നിങ്ങളെനിക്ക് സന്തോഷമറിയിക്കയോ. على أن مسنِي എന്നെ സ്പർശിച്ച (ബാധിച്ച) തോടെ. الكبر വാർദ്ധക്യം. فبِم ഇനി എന്തിനെപ്പറ്റി. تبشرونَ നിങ്ങൾ സന്തോഷമറിയിക്കുന്നു. 55 قَالُوا അവർ പറഞ്ഞു. بشرناك ഞങ്ങൾ താങ്കൾക്ക് സന്തോഷമറിയിച്ചിരിക്കുന്നു. بِالْحق യഥാർത്ഥംകൊണ്ട്. فَلَا تكُن ആകയാൽ താങ്കളായിരിക്കരുത്. من الْقَانِطِين ആശ മുറിഞ്ഞവരിൽ, നിരാശരിൽപെട്ട(വൻ) . 56 قَالَ അദ്ദേഹം പറഞ്ഞു. ومن يقْنط ആർ ആശ മുറിയും. من رحمة കാരുണ്യത്തെപ്പറ്റി. ربه തന്റെ റബ്ബിന്റെ. إلا الضالونَ വഴിപിഴച്ചവരല്ലാതെ. 57 قَالَ അദ്ദേഹം പറഞ്ഞു. فَما എന്നാൽ (ഇനി) എന്താണ്. خطبُكُم നിങ്ങളുടെ (പ്രധാന) വിഷയം, കാര്യം. أيها المرسلُونَ ഹേ അയക്കപ്പെട്ടവരേ (ദൂതൻമാരേ) .

ഇബ്റാഹീം (عليه السلام) ന്റെ ഭയപ്പാടു നീങ്ങുകയും, മകനുണ്ടാവാൻ പോകുന്നുവെന്ന സന്തോഷവാർത്ത ലഭിക്കുകയും ചെയ്തശേഷം, നിങ്ങളുടെ ഈ വരവിന്റെ പ്രാധാനോദ്ദേശ്യം വേറെ എന്താണുള്ളതെന്നു അദ്ദേഹം മലക്കുകളോട് അന്വേഷിക്കുകയാണ്.

قَالُوٓا۟ إِنَّآ أُرْسِلْنَآ إِلَىٰ قَوْمٍ مُّجْرِمِينَ ﴿٥٨﴾

إِلَّآ ءَالَ لُوطٍ إِنَّا لَمُنَجُّوهُمْ أَجْمَعِينَ ﴿٥٩﴾

إِلَّا ٱمْرَأَتَهُۥ قَدَّرْنَآ ۙ إِنَّهَا لَمِنَ ٱلْغَٰبِرِينَ ﴿٦٠﴾

58 അവർ പറഞ്ഞു: ''ഞങ്ങൾ കുറ്റവാളികളായ ഒരു ജനതയിലേക്ക് അയക്കപ്പെട്ടിരിക്കുന്നു;

59 ലൂത്ത്വിന്റെ കുടുംബം ഒഴികെ; നിശ്ചയമായും, അവരെ മുഴുവനും ഞങ്ങൾ രക്ഷപ്പെടുത്തുന്നവരാകുന്നു;

60 അദ്ദേഹത്തിന്റെ സ്ത്രീ [ഭാര്യ] ഒഴികെ -അവൾ നിശ്ചയമായും, അവശേഷിക്കുന്ന [ശിക്ഷയിൽ അകപ്പെടുന്ന]വരിൽപെട്ടവളെന്ന് ഞങ്ങൾ കണക്കാക്കിയിരിക്കുന്നു.''

---

58 قَالُوا അവർ പറഞ്ഞു. إنا أرسلنا ഞങ്ങൾ അയക്കപ്പെട്ടിരിക്കുന്നു. إلى قوم ഒരു ജനതയിലേക്ക്. مجرمين കുറ്റവാളികളായ. 59 إلا آلَ കുടുംബം (ആൾക്കാർ) ഒഴികെ. لوط ലൂത്ത്വിന്റെ. إنا لمنجوهم നിശ്ചയമായും ഞങ്ങളവരെ രക്ഷിക്കുന്നവരാണ്. أجمعين മുഴുവൻ, എല്ലാം. 60 إلا امرأته അദ്ദേഹത്തിന്റെ സ്ത്രീ (ഭാര്യ) ഒഴികെ. قَدرنا ഞങ്ങൾ കണക്കാക്കിയിരിക്കുന്നു. إنها നിശ്ചയമായും അവൾ. لمن الغابرين (ശിക്ഷയിൽ) ശേഷിക്കുന്നവരിൽ പെട്ട(വൾ) എന്ന്.

അവൾ ശിക്ഷയിൽ അകപ്പെടേണ്ടവളാണെന്നുള്ള അല്ലാഹിവിന്റെ നിശ്ചയം ഞങ്ങൾ നടപ്പിൽ വരുത്തും, ലൂത്ത് (عليه السلام) ന്റെ കുടുംബത്തെ രക്ഷിക്കണമെന്നുള്ളതിൽ നിന്നു അവൾ ഒഴിവാണ് എന്നു സാരം. 'കുറ്റവാളികളായ ജനത' ലൂത്ത് (عليه السلام) നബിയുടെ ജനത തന്നെ, അവരുടെ തോന്നിയവാസത്തെയും ദുഷ്ടതയെയും കുറിച്ചു സൂ: ഹൂദിലും മററും വിവരിച്ചിട്ടുണ്ടല്ലോ.

വിഭാഗം-5

61 അങ്ങനെ, ലൂത്ത്വിൻെറ കുടുംബത്തിൽ (ആ) ദൂതൻമാർ വന്നപ്പോൾ,-

فَلَمَّا جَآءَ ءَالَ لُوطٍ ٱلْمُرْسَلُونَ ﴿٦١﴾

62 അദ്ദേഹം പറഞ്ഞു: ''നിങ്ങൾ അപരിചിതരായ ഒരു ജനം. [നിങ്ങളെ മനസ്സിലായില്ല.]''

قَالَ إِنَّكُمْ قَوْمٌ مُّنكَرُونَ ﴿٦٢﴾

63 അവർ പറഞ്ഞു: ''(ശരി) പക്ഷേ, ഇവർ [ഈ ജനങ്ങൾ] യാതൊന്നിൽ സന്ദേഹപ്പെട്ടുകൊണ്ടിരിക്കുന്നുവോ അതും കൊണ്ട് ഞങ്ങൾ താങ്കളുടെ അടുക്കൽ വന്നിരിക്കുകയാണ്.

قَالُوا۟ بَلْ جِئْنَـٰكَ بِمَا كَانُوا۟ فِيهِ يَمْتَرُونَ ﴿٦٣﴾

64 ''ഞങ്ങൾ താങ്കൾക്ക് യഥാർത്ഥവുമായി വന്നിരിക്കുന്നു; നിശ്ചയമായും, ഞങ്ങൾ സത്യം പറയുന്നവരാകുന്നു.''

وَأَتَيْنَـٰكَ بِٱلْحَقِّ وَإِنَّا لَصَـٰدِقُونَ ﴿٦٤﴾

---

61 **فلما جاء** അങ്ങനെ (എന്നിട്ട്) വന്നപ്പോൾ. **آلَ لُوط** ലൂത്ത്വിൻെറ കുടുംബത്തിൽ, ആൾക്കാരിൽ. **الْمرسلُونَ** ദൂതൻമാർ. 62 **قَالَ** അദ്ദേഹം പറഞ്ഞു. **إنكُم قوم** നിങ്ങൾ ഒരു ജനമാണ്. **منكرونَ** അറിയപ്പെടാത്ത (അപരിചിതരായ) . 63 **قَالُوا** അവർ പറഞ്ഞു. **بلْ جِئْنَاكَ** പക്ഷേ (എങ്കിലും) ഞങ്ങൾ താങ്കളുടെ അടുക്കൽ വന്നിരിക്കുന്നു. **بِما** യാതൊന്നുംകൊണ്ട്. **كَانُوا** അവരായിരിക്കുന്നു. **فيه** അതിൽ, അതിനെപ്പറ്റി. **يمترونَ** സന്ദേഹപ്പെട്ട് (സംശയപ്പെട്ട്) കൊണ്ടിരിക്കുക. 64 **وأتيناكَ** ഞങ്ങൾ താങ്കളുടെ അടുക്കൽ വരുകയും ചെയ്തിരിക്കുന്നു. **بِالْحق** യഥാർത്ഥവും കൊണ്ട്. **وإنا** ഞങ്ങൾ. **لَصادِقُونَ** സത്യം പറയുന്നവർതന്നെ.

ഞങ്ങളെക്കുറിച്ചു തെറ്റിദ്ധരിക്കുകയോ, ഭയപ്പെടുകയോ വേണ്ടതില്ല. നിങ്ങളുടെ ഈ ജനത അല്ലാഹിവിൻെറ ശിക്ഷയിൽ വിശ്വാസവും ഭയവുമില്ലാത്തവരും, നിങ്ങളുടെ ഉപദേശങ്ങളെ ധിക്കരിക്കുന്നവരുമാണല്ലോ. അതൊക്കെ യാഥാർത്ഥ്യം തന്നെയാണെന്നു കാണിച്ചുകൊടുക്കുമാറുള്ള ഒരു ശിക്ഷ അവർക്കു നൽകുവാൻവേണ്ടി അല്ലാഹു അയച്ച ദൂതൻമാരാണു ഞങ്ങൾ ആ ശിക്ഷ ഇതാ സംഭവിക്കാൻ പോകുന്നു. അതിൽ സംശയിക്കുവാനൊന്നുമില്ല എന്നു താൽപര്യം. മലക്കുകൾ തുടർന്നു:-

65 ''അതിനാൽ, താങ്കൾ താങ്കളുടെ ആൾക്കാരെ [കുടുംബത്തെ]യും കൊണ്ട് രാത്രിയിൽ നിന്നുള്ള ഒരംശത്തിൽ [പ്രഭാതത്തിന് മുമ്പായി] യാത്ര ചെയ്തുകൊള്ളുക. അവരുടെ പിന്നാലെ താങ്കൾ അനുഗമിക്കുകയും ചെയ്യുക; നിങ്ങളിൽ നിന്ന് ഒരാളും തിരി ഞ്ഞുനോക്കുകയും ചെയ്യരുത്. നിങ്ങളോട് കല്പിക്കപ്പെടുന്നേടത്തേക്ക് നിങ്ങൾ നടന്ന് പോയിക്കൊള്ളുകയും ചെയ്യുക.''

فَأَسْرِ بِأَهْلِكَ بِقِطْعٍ مِّنَ ٱلَّيْلِ وَٱتَّبِعْ أَدْبَـٰرَهُمْ وَلَا يَلْتَفِتْ مِنكُمْ أَحَدٌ وَٱمْضُوا۟ حَيْثُ تُؤْمَرُونَ ﴿٦٥﴾

65 **فَأَسْرِ** അതിനാൽ (രാവ്) യാത്രചെയ്യുക. **بِأَهْلِكَ** താങ്കളുടെ ആൾക്കാരെ (കുടുംബത്തെ) യും കൊണ്ട്. **بِقِطْعٍ** ഒരു അംശത്തിൽ. **مِنَ اللَّيْلِ** രാത്രിയിൽനിന്ന്. **وَاتَّبِعْ** താങ്കൾ പിന്തുടരുകയും ചെയ്യുക. **أَدْبَارَهُمْ** അവരുടെ പിൻഭാഗങ്ങളിൽ (പിന്നാലെ) . **وَلَا يَلْتَفِتْ** തിരിഞ്ഞുനോക്കുകയും ചെയ്യരുത്. **مِنْكُمْ** നിങ്ങളിൽ നിന്ന്. **أَحَدٌ** ഒരാളും. **وَامْضُوا** നടന്നുപോകയും ചെയ്‌വിൻ. **حَيْثُ تُؤْمَرُونَ** നിങ്ങൾ കൽപിക്കപ്പെടുന്നേടത്തേക്ക്.

വിശദീകരണത്തിന് സൂ:ഹൂദ് 81-ാം വചനവും വ്യാഖ്യാനവും നോക്കുക. അല്ലാഹു പറയുന്നു:-

66 ആ കാര്യം അദ്ദേഹത്തിന്ന് [ലൂത്ത്വിന്ന്] നാം തീരുമാനം ചെയ്തുകൊടുത്തു; (ഇവർ) പ്രഭാതവേളയിലായിരിക്കെ, ഇക്കൂട്ടരുടെ മൂട് മുറിക്കപ്പെടുന്ന [ഇവർ നിശ്ശേഷം നശിപ്പിക്കപ്പെടുന്ന]താണെന്ന്.	وَقَضَيْنَآ إِلَيْهِ ذَٰلِكَ ٱلْأَمْرَ أَنَّ دَابِرَ هَٰٓؤُلَآءِ مَقْطُوعٌ مُّصْبِحِينَ ﴿٦٦﴾
67 (ആ) പട്ടണത്തിലെ ആൾക്കാർ സന്തോഷം പ്രകടിപ്പിച്ചും കൊണ്ടുവന്നു.	وَجَآءَ أَهْلُ ٱلْمَدِينَةِ يَسْتَبْشِرُونَ ﴿٦٧﴾

---

66 **وَقَضَيْنَا** നാം വിധിച്ചു (തിരുമാനം ചെയ്തു) കൊടുത്തു. **إِلَيْهِ** അദ്ദേഹത്തിന്. **ذَلِكَ الْأَمْرَ** ആ കാര്യം. **أَنَّ دَابِرَ** പിൻഭാഗം (മൂടു) എന്ന്. **هَؤُلَاءِ** ഇക്കൂട്ടരുടെ. **مَقْطُوعٌ** മുറിക്ക(ഛേദിക്ക) പ്പെടുന്നതാണ് (എന്നു) . **مُصْبِحِينَ** അവർ പ്രഭാതവേളയിലായിരിക്കെ. 67 **وَجَاءَ** വന്നു. **أَهْلُ الْمَدِينَةِ** പട്ടണത്തിലെ ആൾക്കാർ (പട്ടണവാസികൾ) . **يَسْتَبْشِرُونَ** അവർ സന്തോഷം പ്രകടിപ്പിച്ചുകൊണ്ട്.

ലൂത്ത് (عليه السلام) നബിയുടെ വീട്ടിൽ സുന്ദരൻമാരും ചെറുപ്പക്കാരുമായ ചില അതിഥികൾ വന്നിട്ടുണ്ടെന്നു തെമ്മാടികളായ ആ ജനത അറിഞ്ഞു. അവർക്കതു വളരെ സന്തോഷമായി. തങ്ങളുടെ മൃഗീയമായ വികാരനിവൃത്തിക്ക് അവരെ വിട്ടുകിട്ടാനാവശ്യപ്പെട്ടുകൊണ്ട് അവർ അദ്ദേഹത്തെ സമീപിച്ചു. അതിനെപ്പറ്റിയാണ് ഈ പറഞ്ഞത്. ഈ രംഗവും, അവരും ലൂത്ത് (عليه السلام) നബിയും തമ്മിൽ നടന്ന സംസാരവും സൂറത്തു ഹൂദിൽ വിവരിച്ചിട്ടുണ്ടല്ലോ.

68 അദ്ദേഹം [ലൂത്ത്വ്] പറഞ്ഞു: ''നിശ്ചയമായും, ഇവർ എന്റെ അതിഥികളാണ്; അതിനാൽ, എന്നെ നിങ്ങൾ വഷളാക്കരുത്;	قَالَ إِنَّ هَٰٓؤُلَآءِ ضَيْفِى فَلَا تَفْضَحُونِ ﴿٦٨﴾
69 ''നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്‌വിൻ; എന്നെ അപമാനിക്കുകയും അരുത്.''	وَٱتَّقُوا۟ ٱللَّهَ وَلَا تُخْزُونِ ﴿٦٩﴾

---

68 **قَالَ** അദ്ദേഹം പറഞ്ഞു. **إِنَّ هَؤُلَاءِ** നിശ്ചയമായും ഇവർ. **ضَيْفِي** എന്റെ അതിഥികളാണ്. **فَلَا تَفْضَحُونِ** അതിനാൽ എന്നെ നിങ്ങൾ വഷളാക്കരുത്. 69 **وَاتَّقُوا** സൂക്ഷിക്കുകയും ചെയ്‌വിൻ. **اللَّهَ** അല്ലാഹുവിനെ. **وَلَا تُخْزُونِ** എന്നെ അപമാനിക്കുകയും അരുത്.

അതിഥികൾ മലക്കുകളാണെന്ന് ലൂത്ത് (عليه السلام) അറിയുന്നതിനുമുമ്പാണു ഈ വാക്കുകൾ അദ്ദേഹം ആ ജനങ്ങളോടു പറഞ്ഞതെന്ന് സൂറത്തു ഹൂദിൽ നിന്നു വ്യക്തമാകുന്നു. പക്ഷെ, തങ്ങൾ അല്ലാഹുവിനാൽ അയക്കപ്പെട്ടവരാണെന്നു ലൂത്ത് (عليه السلام) പ്രസ്താവിച്ച വിവരം പറഞ്ഞതിനു ശേഷമാണു ഈ രംഗം ഇവിടെ വിവരിച്ചതെന്നു മാത്രം. സംഭവങ്ങൾ വിവരിക്കുമ്പോൾ അതിൻെറ ഓരോ വശവും ക്രമപ്രകാരം വഴിക്കുവഴിയായിത്തന്നെ ഉദ്ധരിക്കുകയെന്ന സമ്പ്രദായം ഖുർആനിൽ പലപ്പോഴും സ്വീകരിക്കപ്പെടാറില്ല. (ഇതിനെപ്പറ്റി മുഖവുരയിൽ വിവരിച്ചുട്ടുള്ളതു ഓർക്കുക.)

70 അവർ [പട്ടണത്തിലെ ആൾക്കാർ] പറഞ്ഞു: ‘‘ലോകരെക്കുറിച്ച് ഞങ്ങൾ നിന്നോട് വിരോധിച്ചിട്ടുമില്ലേ!’’

قَالُوٓاْ أَوَلَمۡ نَنۡهَكَ عَنِ ٱلۡعَٰلَمِينَ ٧٠

71 അദ്ദേഹം പറഞ്ഞു: ‘‘ഇതാ എൻെറ പെൺമക്കൾ. [അവരെ ഞാൻ വിവാഹം കഴിച്ചുതരാം]; നിങ്ങൾ (വല്ലതും) ചെയ്യുന്നവരാണെങ്കിൽ!’’

قَالَ هَٰٓؤُلَآءِ بَنَاتِيٓ إِن كُنتُمۡ فَٰعِلِينَ ٧١

---

70 قَالَ അവർ പറഞ്ഞു. أو لم ننهك ഞങ്ങൾ നിന്നോട് വിരോധിച്ചിട്ടുമില്ലേ. عن العالمين ലോകരെപ്പറ്റി. 71 قَالَ അദ്ദേഹം പറഞ്ഞു. هؤلاء ഇവർ (ഇതാ) . بناتي എൻെറ പുത്രിമാരാണ്, എൻെറ പെൺമക്കൾ. إن كُنتم നിങ്ങളാണെങ്കിൽ. فَاعلين ചെയ്യുന്നവർ.

പുറമെ നിന്ന് വരുന്ന ആളുകളെ പിടികൂടി നീചവൃത്തിക്കു ഉപയോഗപ്പെടുത്തുക ആ ദുഷ്ടജനങ്ങളുടെ പതിവായിരുന്നു. അതുകൊണ്ടു അങ്ങിനെയുള്ളവരെ അവരുടെ കയ്യേറ്റത്തിൽനിന്നു രക്ഷിക്കുവാനായി ലൂത്ത് (عليه السلام) നബി അവർക്ക് അഭയം നൽകലും പതിവുണ്ടായിരുന്നു. അതിനെപ്പറ്റി ലൂത്ത് (عليه السلام) നബിയുടെ നേരെ ആ ജനങ്ങൾക്കു അമർഷവും പ്രതിഷേധവും ഉണ്ടാകുക സ്വാഭാവികമാണല്ലോ. അതുകൊണ്ടു അങ്ങിനെ ആർക്കും അഭയം നൽകരുതെന്നു അവർ അദ്ദേഹത്തോടു ആവശ്യപ്പെട്ടിരുന്നു. അതാണ് ‘ലോകരെക്കുറിച്ചു ഞങ്ങൾ നിന്നോടു വിരോധിച്ചിട്ടുമില്ലേ’ എന്നു അവർ പറയുവാൻ കാരണം.

കൂടിയേ കഴിയൂ എങ്കിൽ-എൻെറ ഉപദേശം വല്ലതും നിങ്ങൾ സ്വീകരിക്കുവാൻ തയ്യാറുണ്ടെങ്കിൽ-ഞാൻ നിങ്ങളോടു ഒരു കാര്യം പറയട്ടെ: എൻെറ പെൺമക്കളിതാ. അവരെ ഞാൻ നിങ്ങൾക്കു വിവാഹം ചെയ്തു തരാം. എന്നാലും എൻെറ വീട്ടിൽ വന്ന അതിഥികളെ മാനഭംഗവും അക്രമവും ചെയ്തു എന്നെ നിങ്ങൾ വഷളാക്കരുത് എന്നൊക്കെ അദ്ദേഹം അവരോടു പറഞ്ഞുനോക്കി. അവരുണ്ടോ അതിനു ചെവികൊടുക്കുന്നു?!

72 നിൻെറ ആയുഷ്ക്കാലം തന്നെ (സത്യം) ! നിശ്ചയമായും അവർ, അവരുടെ ലഹരിയിൽ (മതിമറന്ന്) അലഞ്ഞ് നടക്കുകയാണ് !

لَعَمۡرُكَ إِنَّهُمۡ لَفِي سَكۡرَتِهِمۡ يَعۡمَهُونَ ٧٢

---

72 لَعمرك നിൻെറ ആയുഷ്ക്കാലം തന്നെ. إنهم നിശ്ചയമായും അവർ. لَفي سكْرتهم അവരുടെ ലഹരിയിൽ (മത്തിൽ) തന്നെ. يعمهونَ അവർ അലഞ്ഞു നടക്കുന്നു.

എന്നിരിക്കെ, അവർ ലൂത്ത് (عليه السلام) നബിയുടെ ഉപദേശം എങ്ങിനെ സ്വീകരിക്കും?! എന്നു സാരം. കാര്യങ്ങൾ ഉറപ്പിച്ചു പറയുമ്പോൾ അറബികൾക്കിടയിൽ സത്യത്തിൻെറ വാചകങ്ങളായി പലതും ഉപയോഗിക്കപ്പെടാറുള്ള കൂട്ടത്തിൽ ഒന്നാണു **لعمرك** (നിൻെറ ആയുഷ്ക്കാലം തന്നെ സത്യം!) എന്നതും. സത്യവിശ്വാസികൾ അല്ലാഹു അല്ലാത്ത വസ്തുക്കളുടെ പേരിൽ സത്യം ചെയ്യുന്നതു ഹദീസുകളിൽ കർശനമായി വിരോധിക്കപ്പെട്ടിരിക്കുന്നു. എന്നാൽ, അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം അവനു അവൻെറ സൃഷ്ടികളിൽ ഏതിൻെറ പേരിലും സത്യം ചെയ്യാവുന്നതുമാണ്.

فَأَخَذَتۡهُمُ ٱلصَّيۡحَةُ مُشۡرِقِينَ ﴿٧٣﴾

73 എന്നിട്ട് (അവർ) ഉദയവേളയിലായിരിക്കെ (ആ) ഘോരശബ്ദം അവരെ പിടികൂടി.

فَجَعَلۡنَا عَٰلِيَهَا سَافِلَهَا وَأَمۡطَرۡنَا عَلَيۡهِمۡ حِجَارَةٗ مِّن سِجِّيلٍ ﴿٧٤﴾

74 അങ്ങനെ, അതിൻെറ [ആ രാജ്യത്തിൻെറ] ഉപരിഭാഗത്തെ നാം അതിൻെറ താഴ്ഭാഗമാക്കി [തലകീഴാക്കിമറിച്ചു]; അവരുടെ മേൽ (ചൂളവെക്കപ്പെട്ട) ഇഷ്ടകക്കല്ല് നാം വർഷിപ്പിക്കുകയും ചെയ്തു.

---

73 **فَأَخَذَتْهُم** അപ്പോൾ (എന്നിട്ട്) അവരെ പിടിച്ചു (പിടികൂടി) . **الصيحة** ഘോരശബ്ദം. **مشرقين** (അവർ) ഉദയവേളയിലായിക്കൊണ്ട്. 74 **فَجَعلنا** എന്നിട്ട് (അങ്ങനെ) നാം ആക്കി. **عاليها** അതിൻെറ മേൽഭാഗം ഉപരിഭാഗം. **سافلها** അതിൻെറ താഴ്ഭാഗം. **وأمطرنا** നാം വർഷിപ്പിക്കയും ചെയ്തു. **عليهم** അവരുടെമേൽ. **حجارةً** കല്ല്. **من سجيل** ചൂളക്കല്ലിൽ നിന്ന്, ഇഷ്ടികയാലുളള.

ലൂത്ത് (عليه السلام) നബിയും, അദ്ദേഹത്തിൽ വിശ്വസിച്ച അദ്ദേഹത്തിൻെറ കുടുംബവും ഒഴിച്ചുള്ള ജനത മുഴുവനും നശിപ്പിക്കപ്പെട്ടു. പ്രസ്തുത സംഭവത്തിൻെറ ചുരുക്കമാണു അല്ലാഹു ഇവിടെ വിവരിച്ചത്. വിശദവിവരത്തിനു അഅ്റാഫ് (80-84) , ഹൂദ് (77-83) എന്നീ സൂറത്തുകളും, സൂ; ശുഅറാഉ (160-174) മറ്റും നോക്കുക. ആ സംഭവത്തെ ചൂണ്ടിക്കൊണ്ടു അല്ലാഹു പറയുന്നു:-

إِنَّ فِي ذَٰلِكَ لَأٓيَٰتٖ لِّلۡمُتَوَسِّمِينَ ﴿٧٥﴾

75 നിശ്ചയമായും, ലക്ഷണം ഗ്രഹിക്കുന്നവർക്ക് അതിൽ പല ദൃഷ്ടാന്തങ്ങളുണ്ട്.

وَإِنَّهَا لَبِسَبِيلٖ مُّقِيمٍ ﴿٧٦﴾

76 നിശ്ചയമായും അത് [ആ രാജ്യം] (സ്ഥിരമായി) നിലകൊള്ളുന്ന ഒരു വഴിയിൽ തന്നെയാണുതാനും.

إِنَّ فِي ذَٰلِكَ لَأٓيَةٗ لِّلۡمُؤۡمِنِينَ ﴿٧٧﴾

77 നിശ്ചയമായും, അതിൽ സത്യവിശ്വാസികൾക്ക് ഒരു (മഹത്തായ) ദൃഷ്ടാന്തമുണ്ട്.

---

75 **إن في ذَلك** നിശ്ചയമായും അതിലുണ്ട്. **لَآيات** പല ദൃഷ്ടാന്തങ്ങൾ തന്നെ. **للمتوسمين** ലക്ഷണം ഗ്രഹിക്കുന്നവർക്ക്.. 76 **وإنها** നിശ്ചയമായും അത് (ആകുന്നുതാനും) . **لَبِسبيل** ഒരു വഴിയിൽ തന്നെയാണ് (താനും) . **مقيم** നിലനിൽക്കുന്ന (സ്ഥിരമായി നിലകൊള്ളുന്ന) .. 77 **إن في ذَلك** നിശ്ചയമായും അതിലുണ്ട്. **لَآيةً** ഒരു ദൃഷ്ടാന്തം. **للمؤمنين** സത്യവിശ്വാസികൾക്ക്.

ലക്ഷണങ്ങളിൽ നിന്നും അടയാളങ്ങളിൽ നിന്നും കാര്യങ്ങൾ മനസ്സിലാക്കി യഥാർത്ഥം ഗ്രഹിക്കുന്ന ആളുകൾക്കു പൊതുവെയും, സത്യവിശ്വാസികൾക്കു പ്രത്യേകവും ആ ജനതക്കു നേരിട്ട ശിക്ഷാ സംഭവത്തിൽ നിന്നു പാഠം പഠിക്കുവാനുണ്ട്. ആ രാജ്യം അവരുടെ സ്ഥിരമായ ഒരു യാത്രാമാർഗ്ഗത്തിലായതുകൊണ്ടു അവർക്കു ആ സംഭവത്തിന്റെ ലക്ഷണങ്ങൾ കണ്ടറിയാവുന്നതുമാണ് എന്നു സാരം. മക്കാ പരിസര പ്രദേശങ്ങളിൽ നിന്നു ശാമിലേക്കു കച്ചവടയാത്രകൾ നടത്തുക അറബികളുടെ പതിവാണല്ലോ. ലൂത്ത് (عليه السلام) ന്റെ രാജ്യമായിരുന്ന സദൂം (സോദോം) രാജ്യങ്ങൾ ആ യാത്രാ മാർഗ്ഗത്തിലാണുള്ളതു. ഖുർആന്റെ അവതരണകാലത്തു അറബികൾക്കു അതു സുപരിചിതവുമായിരുന്നു. 'ബഹ്റുൽ മയ്യിത്ത്' (ചാവുകടൽ) , 'ബഹ്ർ ലൂത്ത് ' (ലൂത്ത്കടൽ) എന്നൊക്കെ പറയപ്പെടുന്ന തടാകത്തിൽ ലയിച്ചു നശിച്ച ആ രാജ്യങ്ങളുടെ അവശിഷ്ടങ്ങൾ ആ യാത്രകളിൽ അവർ കാണാറുമുണ്ടായിരുന്നു, ('ബഹ്ർലൂത്തി'നെയും ആ രാജ്യങ്ങളെയും സംബന്ധിച്ച സൂ:ശുഅറാഉനുശേഷമുള്ള വ്യാഖ്യാനക്കുറിപ്പു നോക്കുക.)

ഇബ്നുജരീർ, ഇബ്നുഅബീഹാതിം, തിർമദീ (رحمهم الله) മുതലായവർ നിവേദനം ചെയ്ത ഒരു നബിവചനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു; ''സത്യവിശ്വാസിയുടെ ലക്ഷണം നിങ്ങൾ സൂക്ഷിച്ചുകൊള്ളുവിൻ. കാരണം, അവൻ അല്ലാഹുവിന്റെ പ്രകാശം കൊണ്ടാണ് നോക്കുന്നത്.'' പിന്നീട് നബി (ﷺ) ഈ 75-ാം വചനം ഓതുകയും ചെയ്തു. ഈ അർത്ഥത്തിലുള്ള രിവായത്തുകൾ വേറെയും കാണാം.

وَإِن كَانَ أَصْحَٰبُ ٱلْأَيْكَةِ لَظَٰلِمِينَ ﴿٧٨﴾

78 നിശ്ചയമായും, 'ഐകത്തി'ന്റെ [മരക്കാവിന്റെ] ആൾക്കാരും അക്രമികൾ തന്നെയായിരുന്നു.

فَٱنتَقَمْنَا مِنْهُمْ وَإِنَّهُمَا لَبِإِمَامٍ مُّبِينٍ ﴿٧٩﴾

79 എന്നിട്ട് നാം അവരോട് ശിക്ഷാ നടപടിയെടുത്തു. അത് രണ്ടും [ലൂത്വിന്റെ രാജ്യവും 'ഐകത്തും'] സ്പഷ്ടമായ ഒരു തുറസ്സായ മാർഗ്ഗത്തിൽ തന്നെയാകുന്നുതാനും.

---

78 **وإن كان** നിശ്ചയമായും ആയിരുന്നു. **أصحاب الأيكة** മരക്കാവുകാർ, ഐകത്തിന്റെ ആൾക്കാർ. **لظالمين** ആക്രമികൾ തന്നെ.. 79 **فانتقمنا** എന്നിട്ട് നാം ശിക്ഷാനടപടിയെടുത്തു. **منهم** അവരോട്. **وإنهما** നിശ്ചയമായും അതു രണ്ടും. **لبإمام** ഒരു പിൻതുടരപ്പെടുന്ന (തുറസ്സായ) മാർഗ്ഗത്തിലാണ്. **مبين** സ്പഷ്ടമായ.

ايكة (ഐകത്ത്) എന്നാൽ വൃക്ഷങ്ങൾ തിങ്ങിനിൽക്കുന്ന മരക്കാവ് എന്നർത്ഥം. മദ്‌യനിന്റെ അയൽപക്കത്തുള്ള ഒരു സ്ഥലമായിരുന്നു അത്. അവിടത്തെ നിവാസികളാണ്
اصحاب الايكة (ഐകത്തുകാർ) കൊണ്ടു വിവക്ഷ. അവരിലേക്കു റസൂലായി ശുഐബ് (عليه السلام) നബി അയക്കപ്പെട്ടിരുന്ന വിവരവും, ആ ജനത സ്വീകരിച്ചനയവും, അഅ്റാഫിലും, ഹൂദിലും, ശുഅറാഉലും മറ്റും കൂടുതൽ വിശദമായി വിവരിക്കപ്പെട്ടിട്ടുണ്ട്. ആ സ്ഥലവും തന്നെ മക്കാമുശ്രിക്കുകൾ ശാമിലേക്കു പോകാറുള്ള വഴിയിലാണുള്ളത്. അതുകൊണ്ടാണ് ആ രണ്ടു സ്ഥലവും സ്പഷ്ടമായ ഒരു തുറസ്സായ മാർഗ്ഗത്തിലുള്ളതാണെന്നു പറഞ്ഞത്. امام (ഇമാമ്) എന്നാൽ മുമ്പിലുള്ളതു എന്നത്രെ സാക്ഷാൽ വാക്കർത്ഥം.

‘നേതാവു, മുമ്പൻ, മാതൃക, തുറന്നവഴി ’ എന്നിങ്ങിനെയുള്ള അർത്ഥങ്ങളിൽ സന്ദർഭം പോലെ അതു ഉപയോഗിക്കപ്പെടും.

വിഭാഗം-6

80 തീർച്ചയായും, ഹിജ്റിലെ ആൾക്കാർ ‘മുർസലു’കളെ വ്യാജമാക്കുകയുണ്ടായി.	وَلَقَدْ كَذَّبَ أَصْحَـٰبُ ٱلْحِجْرِ ٱلْمُرْسَلِينَ ﴿٨٠﴾
81 അവർക്ക് നമ്മുടെ ദൃഷ്ടാന്തങ്ങൾ നാം നൽകുകയും ചെയ്തു; എന്നിട്ട് അവർ അവയെക്കുറിച്ചു തിരിഞ്ഞുകളയുന്നവരായിരുന്നു.	وَءَاتَيْنَـٰهُمْ ءَايَـٰتِنَا فَكَانُوا۟ عَنْهَا مُعْرِضِينَ ﴿٨١﴾
82 നിർഭയരായ നിലയിൽ, മലകളിൽ നിന്നും അവർ (പാറ) വെട്ടിത്തുരന്ന് വീടുകളുണ്ടാക്കുകയും ചെയ്തിരുന്നു.	وَكَانُوا۟ يَنْحِتُونَ مِنَ ٱلْجِبَالِ بُيُوتًا ءَامِنِينَ ﴿٨٢﴾
83 അങ്ങനെ, (അവർ) പ്രഭാതവേളയിലായിരിക്കെ അവരെ ഘോരശബ്ദം പിടികൂടി.	فَأَخَذَتْهُمُ ٱلصَّيْحَةُ مُصْبِحِينَ ﴿٨٣﴾
84 എന്നാൽ, അവർ (പ്രവർത്തിച്ചു) സമ്പാദിച്ചുവെച്ചിരുന്നത് അവർക്ക് ഉപകരിച്ചില്ല.	فَمَآ أَغْنَىٰ عَنْهُم مَّا كَانُوا۟ يَكْسِبُونَ ﴿٨٤﴾

80 **ولَقَد كَذب** തീച്ചയായും വ്യാജമാക്കിയിട്ടുണ്ട്, കളവാക്കുകയുണ്ടായി. **أصحاب الحجر** ഹിജ്റിലെ ആൾക്കാർ. **المرسلين** മുർസലു(റസൂലു) കളെ, ദൂതൻമരെ. 81 **وآتيناهم** അവർക്ക് നാം നൽകുകയും ചെയ്തു. **آياتنا** നമ്മുടെ ദൃഷ്ടാന്തങ്ങളെ. **فكانوا** എന്നിട്ട് അവരായിരുന്നു. **عنها** അവയെക്കുറിച്ച്. **معرضين** തിരിഞ്ഞുകളയുന്ന (അവഗണിക്കുന്ന) വർ. 82 **وكانوا** അവർ ആയിരുന്നു താനും. **ينحتونَ** അവർ (വെട്ടി) തുരന്നുണ്ടാക്കും. **من الجِبال** മലകളിൽ നിന്ന്. **بيوتا** വീടുകളെ. **آمنين** നിർഭയരായ നിലയിൽ. 83 **فأخذَتهم** അങ്ങനെ (എന്നിട്ട്) അവരെ പിടികൂടി. **الصيحةُ** ഘോരശബ്ദം. **مصبحين** പ്രഭാതവേളയിലായിരിക്കെ. 84 **فما أغنى** എന്നിട്ട് ധന്യമാക്കിയില്ല (തടുത്തില്ല-ഉപകരിച്ചില്ല) പര്യാപ്തമാക്കിയില്ല. **عنهم** അവർക്ക്, അവരിൽ നിന്ന്. **ما كانوا** അവരായിരുന്നത്. **يكْسِبونَ** അവർ സമ്പാദിക്കും.

സ്വാലിഹു (عليه السلام) നബിയുടെ രാജ്യമാണ് ഹിജ്ർ. മദീനാക്കും തബൂക്കിനും ഏറെക്കുറെ മദ്ധ്യത്തിലാണത് സ്ഥിതിചെയ്യുന്നത്. അവിടുത്തെ നിവാസികളായിരുന്ന ഥമൂദ്ഗോത്രം വിഗ്രഹാരാധകരായിരുന്നു. ഇവരെയും ഇവർക്കു ബാധിച്ച ശിക്ഷയെയും സംബന്ധിച്ചു അഅ്റാഫ്, ഹൂദ്, മുതലായ സൂറത്തുകളിൽ കൂടുതൽ വിവരം മുമ്പു കഴിഞ്ഞുപോയിട്ടുണ്ട്. ഹിജ്റിനെപ്പറ്റി സൂ:ശുഅറാഇലും കൂടുതൽ വിവരം കാണാം. വിശദ വിവരങ്ങൾക്കു അവിടങ്ങളിൽ നോക്കുക.

85 ആകാശങ്ങളെയും, ഭൂമിയെയും, അവരണ്ടിനുമിടയിലുള്ളതിനെയും(ന്യായമായ) കാര്യത്തോടുകൂടിയല്ലാതെ നാം	وَمَا خَلَقْنَا ٱلسَّمَـٰوَٰتِ وَٱلْأَرْضَ وَمَا بَيْنَهُمَآ

إِلَّا بِٱلْحَقِّ وَإِنَّ ٱلسَّاعَةَ لَءَاتِيَةٌ فَٱصْفَحِ ٱلصَّفْحَ ٱلْجَمِيلَ ﴿٨٥﴾

സൃഷ്ടിച്ചിട്ടില്ല. നിശ്ചയമായും, അന്ത്യ സമയം വരുന്നതും തന്നെയാകുന്നു. ആകയാൽ (നബിയേ) നീ സുന്ദരമായ വിട്ടുവീഴ്ച ചെയ്തുകൊള്ളുക.

إِنَّ رَبَّكَ هُوَ ٱلْخَلَّٰقُ ٱلْعَلِيمُ ﴿٨٦﴾

86 നിശ്ചയമായും, നിൻെറ റബ്ബുതന്നെയാണ് സർവ്വസ്രഷ്ടാവും സർവ്വജ്ഞനുമായുള്ളവൻ.

---

85 **وما خلقنا** നാം സൃഷ്ടിച്ചിട്ടില്ല. **السماوات** ആകാശങ്ങളെ. **والأرض** ഭൂമിയെയും. **وما بينهما** ആ രണ്ടിനിടയിലുള്ളതിനെയും. **إلا بالحق** ന്യായപ്രകാരം (കാര്യമനുസരിച്ച് - മുറപ്രകാരം) അല്ലാതെ. **وإن الساعة** നിശ്ചയമായും അന്ത്യസമയം. **لآتية** വരുന്നതുതന്നെ. **فاصفح** അതിനാൽ വിട്ടുവീഴ്ച ചെയ്യുക. **الصفح** വിട്ടുവീഴ്ച. **الجميل** ഭംഗിയായ, സുന്ദരമായ. 86 **إن ربك** നിശ്ചയമായും നിൻെറ റബ്ബ്. **هو** അവൻ (തന്നെ) . **الخلاق** (സർവ്വ) സ്രഷ്ടാവ്. **العليم** (സർവ്വ) ജ്ഞാനി.

ഈ ആകാശഭൂമികളും, അവയിലുള്ള ചരാചര വസ്തുക്കളുമൊക്കെ നീതിയുക്തവും, വ്യവസ്ഥാപിതാവുമായ ചില ലക്ഷ്യങ്ങളോടുകൂടിയാണ് അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത്. മിഥ്യയായിട്ടോ, വിനോദമായിട്ടോ സൃഷ്ടിച്ചുണ്ടാക്കിയതല്ല, അതു കൊണ്ടാണു മേൽവിവരിച്ചതുപോലെയുള്ള സമുദായങ്ങൾ തങ്ങളുടെ ദുർന്നടപ്പുകളിൽ നിന്നു വിരമിക്കുവാൻ തയ്യാറാകാതിരുന്നപ്പോൾ അവരുടെമേൽ ചില ശിക്ഷാനടപടികൾ എടുക്കപ്പെട്ടത്. അതുപോലെ, അല്ലാഹു ചില നീതിനിയമങ്ങളെ ധിക്കരിക്കുന്ന ഈ ജനതയുടേമേലും അല്ലാഹു അവൻെറ നടപടികൾ എടുക്കുകതന്നെ ചെയ്യും. അവസാനം എല്ലാവരുടെയും ചെയ്തികളെ സവിസ്തരം പരിശോധിച്ചു തക്ക നടപടികളെടുക്കുന്ന ഒരു ദിവസം വരാനുമിരിക്കുന്നു. ആക യാൽ, ഇപ്പോൾ ഈ സത്യനിഷേധികളുടെനേരെ നയപൂർവ്വം വിട്ടുവീഴ്ച സ്വീകരിച്ചുകൊള്ളുക. ആ സമയം വരുമ്പോൾ അല്ലാഹു വേണ്ടതു ചെയ്തുകൊള്ളും എല്ലാം സൃഷ്ടിച്ചുണ്ടാക്കിയവനും, എല്ലാകാര്യവും വേണ്ടതുപോലെ അറിയുന്നവനും അവനാണല്ലോ. എന്നു സാരം.

സൂ: സ്വാദിൽ അല്ലാഹു പറയുന്നു; ''ആകാശവും ഭൂമിയും അവയുടെ ഇടയിലുള്ളതും നാം നിരർത്ഥമായി സൃഷ്ടിച്ചിട്ടില്ല. അത് അവിശ്വസിച്ചവരുടെ ധാരണയത്രെ. ആകയാൽ, അവിശ്വസിച്ചവർക്ക് നരകമാകുന്ന നാശം!'' (38:27) . സൂ:മുഅ്മിനൂനിൽ പറയുന്നു: ''അപ്പോ ൾ, നിങ്ങളെ നാം വൃഥാ സൃഷ്ടിച്ചതാണെന്നും, നിങ്ങൾ നമ്മുടെ അടുക്കലേക്കു മടക്കപ്പെടുകയില്ലെന്നും നിങ്ങൾ കണക്കാക്കിയോ?!'' (23: 115) . സൂ: ദുഖാനിൽ പറയുന്നു: 'ആകാ ശങ്ങളെയും ഭൂമിയെയും അവക്കിടയിലുള്ളതിനെയും നാം കളിച്ചുകൊണ്ടു സൃഷ്ടിച്ചിരിക്കുകയല്ല. (ന്യായമായ) കാര്യത്തോടുകൂടിയല്ലാതെ അവ രണ്ടിനെയും നാം സൃഷ്ടിച്ചിട്ടില്ല. എങ്കിലും, അവരിൽ അധികമാളുകളും അറിയുന്നില്ല. (44:38, 39) .

وَلَقَدْ ءَاتَيْنَٰكَ سَبْعًا مِّنَ ٱلْمَثَانِى وَٱلْقُرْءَانَ ٱلْعَظِيمَ ﴿٨٧﴾

87 (നബിയേ) തീർച്ചയായും നിനക്ക് നാം, ആവർത്തിത (വചന) ങ്ങളിൽനിന്നുള്ള ഏഴെണ്ണം നൽകിയിട്ടുണ്ട്. മഹത്തായ ഖുർആനും (നൽകിയിട്ടുണ്ട്) .

87 وَلَقَدْ آتَيْنَاكَ തീർച്ചയായും നാം നിനക്ക് നൽകിയിട്ടുണ്ട്. سَبْعًا ഏഴ് (എണ്ണം) . مِنَ الْمَثَانِي ആവർത്തിതങ്ങളിൽ നിന്ന്, ആവർത്തിക്കപ്പെടുന്നവയിൽപെട്ട. وَالْقُرْآنَ ഖുർആനും. الْعَظِيمَ മഹത്തായ.

'ആവർത്തിത വചനങ്ങളിൽ നിന്നുള്ള ഏഴെണ്ണം'(سبع من المثانى) കൊണ്ടു വിവക്ഷ സൂറത്തുൽ ഫാതിഹഃയാണെന്നത്രെ ഭൂരിഭാഗം വ്യാഖ്യാതാക്കളുടെ അഭിപ്രായം. ബലവത്തായ ചില നബിവചനങ്ങളും അതിനു തെളിവ് നൽകുന്നു. അബൂ സഈദിബ്നുൽ മുഅല്ലാ (ﷺ) പറഞ്ഞതായി ബുഖാരീ (ﷺ) ഉദ്ധരിച്ച ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു: ''താൻ പള്ളിയിൽ നിന്നു പുറത്തുപോകും മുമ്പ് ഖുർആനിലെ ഏറ്റവും മഹത്തായ സൂറത്ത് ഞാൻ തനിക്കു പഠിപ്പിച്ചുതരാ''മെന്നു റസൂൽ (ﷺ) എന്നോടു പറഞ്ഞു. തിരുമേനി പള്ളിയിൽ നിന്നു പുറത്തു പോകുവാൻ ശ്രമിച്ചപ്പോൾ, ഞാൻ ചെന്ന് അത് ഓർമ്മപ്പെടുത്തി. അപ്പോൾ അവിടുന്നു പറഞ്ഞു: الحمد لله رب العالمينهى السبع المثانى والقرأن العظيم(സാരം: 'അൽ ഹംദുലില്ലാഹിറബ്ബിൽആലമീൻ' എന്നുള്ളതാണ്-അഥവാ ആ സൂറത്താകുന്നു. അതത്രെ, ഏഴു ആവർത്തിത വചനങ്ങളും, മഹത്തായ ഖുർആനും എന്നു പറഞ്ഞത്.) ' അബൂഹുറൈറ (റ) യിൽ നിന്നു അഹ്മദു, ബുഖാരീ (ﷺ) മുതലായവർ ഉദ്ധരിച്ച ഒരു ഹദീസിൽ നബി (ﷺ) ഇപ്രകാരം പറഞ്ഞതായും വന്നിരിക്കുന്നു; ام القرأن هى السبع المثانى والقرأن العظيم('ഉമ്മുൽ ഖുർആനാ'ണു ഏഴു ആവർത്തിത വചനങ്ങളും ഖുർആനും എന്നു പറഞ്ഞത്.) 'ഉമ്മുൽ ഖുർആൻ' എന്നതു സൂറത്തുൽ ഫാതിഹഃയുടെ പേരുകളിൽ പെട്ടതാണെന്നുള്ളതു പ്രസി ദ്ധമാണ്. ഒന്നാമത്തെ ഹദീസിൽ സൂറത്തുൽ ഫാതിഹയിലെ ഒന്നാമത്തെ വചനം എടുത്തു പറഞ്ഞും, രണ്ടാമത്തെ ഹദീസിൽ അതിൻെറ ഒരു പേരെടുത്തു പറഞ്ഞും കൊണ്ട് അതാണ് ഏഴു ആവർത്തിത വചനങ്ങൾ السبع المثانى എന്നു നബി (ﷺ) വ്യക്തമാക്കിയിരിക്കുന്നു. സൂറത്തുൽ ഫാതിഹഃ ഏഴു വചനങ്ങളാണെന്നും, അതു നമസ്കാരത്തിലും മറ്റുമായി വളരെയധികം ആവർത്തിക്കപ്പെടാറുള്ള സൂറത്താണെന്നും പറയേണ്ടതില്ല. (ഇതു സംബന്ധമായ പല വിവരങ്ങളും സൂറഃ ഫാതിഹഃയുടെ വ്യാഖ്യാനത്തിൽ മുമ്പു വിവരിച്ചു കഴിഞ്ഞിട്ടുണ്ട്.)

'ആവർത്തിതങ്ങളായ ഏഴെണ്ണം' കൊണ്ടുദ്ദേശ്യം, ഖുർആനിലെ ആദ്യത്തെ ഏഴു വലിയ സൂറത്തുകൾ السبع الطوال ആണെന്നും, ഖുർആനിലെ നിയമങ്ങൾ, ഉപദേശങ്ങൾ, ചരിത്രങ്ങൾ ഏഴുതരം വിഷയങ്ങളാണെന്നും മറ്റും വേറെയും ചില അഭിപ്രായങ്ങൾ കാണാം. എങ്കിലും മേലുദ്ധരിച്ചതുപോലെയുള്ള ചില ഹദീസുകൾ നിലവിലുള്ള സ്ഥിതിക്കു അവക്കു പിൻബലം കാണുന്നില്ല. നബി (ﷺ)ക്കു നൽകിയ ഈ അനുഗ്രഹത്തെ ഓർമ്മപ്പെടുത്തിയശേഷം തുടർന്നുകൊണ്ടു ചില ഉപദേശങ്ങളും നബി (ﷺ)ക്കു അല്ലാഹു നൽകുന്നു:-

لَا تَمُدَّنَّ عَيْنَيْكَ إِلَىٰ مَا مَتَّعْنَا بِهِۦٓ أَزْوَٰجًا مِّنْهُمْ وَلَا تَحْزَنْ عَلَيْهِمْ وَٱخْفِضْ جَنَاحَكَ لِلْمُؤْمِنِينَ ﴿٨٨﴾

88 അവരിൽ [അവിശ്വാസികളിൽ] നിന്നുള്ള പല തരക്കാർക്കും നാം സുഖഭോഗം നൽകിയിട്ടുള്ളതിലേക്ക് നീ നിൻെറ കണ്ണു കളെ നീട്ടിപ്പോകരുത്. [ദൃഷ്ടി വെക്കരുത്.] അവരെപ്പറ്റി നീ വ്യസനിക്കുകയും അരുത്. സത്യവിശ്വാസികൾക്ക് നിൻെറ പക്ഷം നീ താഴ്ത്തിക്കൊടുക്കുകയും [അവരോട് മയത്തിൽ പെരുമാറുകയും] ചെയ്തു കൊള്ളുക.

88 **لَا تَمُدَّنَّ** നീ നീട്ടുകയും ചെയ്യരുത്. **عَيْنَيْكَ** നിന്റെ കണ്ണുകളെ (ദൃഷ്ടിയെ) . **إِلَى مَا** യാതൊന്നിലേക്ക്. **مَتَّعْنَا بِهِ** അതുകൊണ്ട് നാം സുഖം നൽകി. **أَزْوَاجًا** പല തരക്കാർക്ക്. **مِنْهُمْ** അവരിൽനിന്ന്. **وَلَا تَحْزَنْ** വ്യസനിക്കുകയും ചെയ്യരുത്. **عَلَيْهِمْ** അവരെപ്പറ്റി, അവരുടെ പേരിൽ. **وَاخْفِضْ** താഴ്ത്തുകയും ചെയ്യുക. **جَنَاحَكَ** നിന്റെ ചിറക്, പക്ഷം. **لِلْمُؤْمِنِينَ** സത്യവിശ്വാസികൾക്ക്.

മൂന്ന് ഉപദേശങ്ങളാണ് അല്ലാഹു ഈ വചനം മുഖേന നബി (ﷺ)ക്കു നൽകിയിരിക്കുന്നത്. (1) അവിശ്വാസികളിൽപെട്ട പലതരക്കാരായ ആളുകൾക്കും നൽകപ്പെട്ടിട്ടുള്ള സുഖസൗകര്യങ്ങളിലേക്കു കണ്ണുവെക്കുകയും ശ്രദ്ധ കൊടുക്കുകയും ചെയ്യരുത്. അഥവാ, അതിനേക്കാൾ ഏത്രയോ ഉത്തമവും ഉന്നതവുമായ അനുഗ്രഹമാണ് ഖുർആനും ഏഴു ആവർത്തിത വചനങ്ങളും മുഖേന തനിക്കു ലഭിച്ചിരിക്കുന്നത് എന്നു താൽപര്യം. ഈ ഉപദേശം പ്രത്യക്ഷത്തിൽ നബി (ﷺ) യോടാണെന്നുവെച്ചു നബി (ﷺ) ഐഹിക സുഖസൗകര്യങ്ങളിൽ ശ്രദ്ധ പതിക്കാറുണ്ടായിരുന്നുവെന്നു ധരിക്കേണ്ടതില്ല. യഥാർത്ഥത്തിൽ, സത്യവിശ്വാസികളെ ഉദ്ദേശിച്ചിട്ടുള്ളതാണു ഈ ഉപദേശം. അബൂബക്കർ (رضي الله عنه) ഇപ്രകാരം പറഞ്ഞതായി രിവായത്തു ചെയ്യപ്പെട്ടിരിക്കുന്നു: ''ആർക്കെങ്കിലും ഖുർആൻ നൽകപ്പെട്ടിരി ക്കുകയും. എന്നിട്ടു തനിക്കു നൽകപ്പെട്ടിട്ടുള്ളതിനെക്കാൾ ശ്രേഷ്ടമായ വല്ലതും ദുൻയാവിൽനിന്നു മറ്റാർക്കെങ്കിലും നൽകപ്പെട്ടിരിക്കുന്നതായി അവൻ കാണുകയും ചെയ്യുന്നപക്ഷം, അവൻ നിസ്സാരമായതിനെ വമ്പിച്ചതും, വമ്പിച്ചതിനെ നിസ്സാരമായതുമാക്കിത്തീർത്തു.'' ഏതാണ്ടു ഇതേ അർത്ഥത്തിലുള്ള ഒരു രിവായത്തു സുഫ്‌യാനുബ്നു ഉയൈന (رضي الله عنه) യിൽ നിന്നും നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്.

(2) അവിശ്വാസികളെകുറിച്ചു-അവർ വിശ്വസിക്കാത്തതിനെപ്പറ്റി-വ്യസനിക്കരുത്. അഥവാ അവർക്ക് സത്യോപദേശങ്ങളും ദൃഷ്ടാന്തങ്ങളും വെച്ചുകാട്ടിയിട്ടും അവർ അവിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നതിൽ വ്യാകുലപ്പെടേണ്ടതില്ല. അവർ വിശ്വസിക്കുകയാണെങ്കിൽ വിശ്വസിക്കട്ടെ എന്നുവെച്ചാൽ മതി എന്നു സാരം. (3) സത്യവിശ്വാസികളായ ആളുകളോടു ചിറകു താഴ്ത്തണം. അഥവാ അവരോടു വളരെ മയത്തിലും നയത്തിലും വാത്സല്യപൂർവ്വം പെരുമാറണം എന്നുദ്ദേശ്യം. ഈ വിഷയത്തിൽ നബി (ﷺ) ലോകത്തിനു ഉത്തമ മാതൃക നൽകിയിട്ടുണ്ടെന്നുള്ളതും, അവിടുത്തെ സ്വഭാവ ഗുണങ്ങളെപ്പറ്റി പല ഖുർആൻ വചനങ്ങളിലും അല്ലാഹു തന്നെ വളരെ പുകഴ്ത്തിപ്പറഞ്ഞിട്ടുള്ളതും പ്രസിദ്ധമാണല്ലോ.

'കണ്ണുവെക്കുക, ദൃഷ്ടിവെക്കുക' എന്നൊക്കെ മലയാളത്തിൽ പറയാപ്പെടാറുള്ളതു പോലെ ഒരു പ്രയോഗമാണ് അറബിയിലെ مد العين (കണ്ണുനീട്ടൽ) എന്ന പ്രയോഗം. ശ്രദ്ധ കൊടുക്കുക, ആഗ്രഹം വെച്ചുകൊണ്ടുനോക്കുക എന്നൊക്കെയാണതുകൊണ്ടുദ്ദേശിക്കപ്പെടുന്നത്. خفض الجناح (ചിറകു-അഥവാ പക്ഷം-താഴ്ത്തുക) എന്ന പ്രയോഗത്തിന്റെ ഉത്ഭവം, പക്ഷികൾ അവയുടെ കുഞ്ഞുങ്ങളോടുള്ള വാത്സല്യം നിമിത്തം അവക്കു ചിറകുകൾ വിടർത്തി താഴ്ത്തിക്കൊടുത്തുകൊണ്ടു അവയെ ചിറകിനുള്ളിൽ ഒതുക്കി അണച്ചുകൂട്ടാറുള്ളതിൽ നിന്നാകുന്നു. വാൽസല്യപൂർവ്വം അലിവോടും മയത്തോടു കൂടി പെരുമാറുക എന്ന അലങ്കാരത്തിൽ അതു ഉപയോഗിക്കപ്പെട്ടുവരുന്നു.

89 (നബിയേ) പറയുകയും ചെയ്യുക: ''ഞാൻ തന്നെയാണ് സ്പഷ്ടമായ താക്കീതുകാരൻ.''

وَقُلْ إِنِّىٓ أَنَا ٱلنَّذِيرُ ٱلْمُبِينُ ﴿٨٩﴾

90 (അതെ) ഭാഗിച്ചെടുത്തവരുടെമേൽ നാം അവതരിപ്പിച്ചതുപോലെ (ത്തന്നെ) ;-	كَمَآ أَنزَلْنَا عَلَى ٱلْمُقْتَسِمِينَ ﴿٩٠﴾
91 (അതായത്) ഖുർആനെ പല (ഭിന്നമായ) അംശങ്ങളാക്കിയവരുടെ (മേൽ) .	ٱلَّذِينَ جَعَلُوا۟ ٱلْقُرْءَانَ عِضِينَ ﴿٩١﴾

89 **وَقُلْ** പറയുകയും ചെയ്യുക. **إِنِّي أَنَا** നിശ്ചയമായും ഞാൻതന്നെ. **النَّذِيرُ** താക്കീത്(മുന്നറിയിപ്പു) കാരൻ. **الْمُبِينُ** സ്പഷ്ടമായ. 90 **كَمَا أَنزَلْنَا** നാം അവതരിപ്പിച്ചതുപോലെ. **عَلَى الْمُقْتَسِمِينَ** ഭാഗിച്ചെടുത്തവരുടെ മേൽ. 91 **الَّذِينَ** യാതൊരു കൂട്ടരുടെ (മേൽ) . **جَعَلُوا** അവർ ആക്കി. **الْقُرْآنَ** ഖുർആനെ. **عِضِينَ** പല അംശങ്ങൾ, ഭാഗങ്ങൾ.

المقتسمين (മുക്തസിമീൻ) എന്ന വാക്കിനു നാം പരിഭാഷയിൽ കാണിച്ചതുപോലെ, ‘ഭാഗിച്ചെടുത്തവർ’ എന്നും, (പ്രവാചകൻമാരെ കളവാക്കുന്ന വിഷയത്തിലും മറ്റും) ‘അന്യോന്യം സത്യം ചെയ്തവർ’ എന്നും അർത്ഥം കൽപിക്കപ്പെട്ടിട്ടുണ്ട്. രണ്ടായാലും അങ്ങിനെ വിശേഷിക്കപ്പെട്ടവർ ആരാണെന്നതിലും جعلوا القرآن عظين (ഖുർആനെ അവർ പല അംശങ്ങളാക്കി) എന്ന വാക്യത്തിന്റെ താൽപര്യത്തിലും വ്യാഖ്യാതാക്കൾക്കിടയിൽ വ്യത്യസ്തമായ അഭിപ്രായങ്ങൾ കാണാം. കൂടാതെ ഈ 90-ാം വചനം വിഷയപരമായി നോക്കു മ്പോൾ, അതിന്റെ നേരെ മുമ്പുള്ള വചനത്തോട് ബന്ധപ്പെട്ട് നിൽക്കുന്നതാണോ, അതല്ല, 87-ാം വചനത്തോടു ബന്ധപ്പെട്ടുകൊണ്ടുള്ളതാണോ എന്നതിലും അഭിപ്രായ വ്യത്യാസം കാണാം. ഇക്കാരണങ്ങളാൽ ഈ വചനങ്ങൾ ഒന്നിലധികം പ്രകാരത്തിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. അവയിൽ ഏതെങ്കിലും ഒന്നിനെ ബലവത്തായി സ്വീകരിക്കത്തക്ക തെളിവുകൾ കാണുന്നുമില്ല.

മേൽ സൂചിപ്പിച്ച വ്യാഖ്യാനങ്ങളിൽവെച്ച് കൂടുതൽ വ്യക്തമായി തോന്നുന്ന വ്യാഖ്യാനത്തിന്റെ ചുരുക്കം ഇപ്രകാരമാകുന്നു: തങ്ങളുടെ താൽപര്യങ്ങൾക്കു യോജിക്കുന്ന ഭാഗങ്ങളെ സ്വീകരിക്കുകയും, യോജിക്കാത്ത ഭാഗങ്ങളെ നിഷേധിക്കുകയും ചെയ്തുകൊണ്ടു ഖുർആനെ ഭിന്നഭാഗങ്ങളാക്കി അംശിച്ച വേദക്കാർക്കു തൗറാത്തും ഇഞ്ചീലും മുമ്പു അവതരിപ്പിച്ചുകൊടുത്തിരുന്നതുപോലെത്തന്നെ നിനക്കു -നബി(ﷺ) തിരുമേനിക്കു- ഖുർആനും ഏഴു ആവർത്തിത വചനങ്ങളും അവതരിപ്പിച്ചു തന്നിരിക്കുന്നു. ഈ വ്യാഖ്യാനപ്രകാരം 90-ാം വചനവും 87-ാം വചനവും തമ്മിലായിരിക്കും വിഷയപരമായി ബന്ധപ്പെട്ടു നിൽക്കുന്നത്. ഇടക്കുള്ള രണ്ടു വചനങ്ങളും ഇടവാക്യങ്ങളും (المعترضات) മായിരിക്കുന്നതാണ്. الله اعلم

അബൂ മൂസൽ അശ്അരീ(رضي الله عنه) യിൽ നിന്ന് നിവേദനം ചെയ്യപ്പെട്ട ഒരു നബിവചനത്തിന്റെ സാരം ഇങ്ങിനെയാകുന്നു: ‘‘എന്റെയും, എന്നെ നിയോഗിച്ച കാര്യത്തിന്റെയും ഉപമ ഇങ്ങിനെയുള്ള ഒരാളുടെ മാതിരിയാകുന്നു: ‘‘അയാൾ അയാളുടെ ജനങ്ങളുടെ അടുക്കൽചെന്ന് ഞാൻ (നമ്മെ ആക്രമിക്കുവാൻ വരുന്ന) സൈന്യത്തെ എന്റെ കണ്ണുകൊണ്ടു കണ്ടിരിക്കുന്നു; ഞാൻ നഗ്നനായ (*) താക്കീതുകാരനാണ്: അതുകൊണ്ടു രക്ഷാമാർഗ്ഗം നോക്കുക!’’ എന്നിങ്ങനെ അവരോടു പറഞ്ഞു. എന്നിട്ട് ഒരു വിഭാഗം ആളുകൾ അവനെ അനുസരിച്ച് രാത്രിതന്നെ സാവധാനം സ്ഥലം വിട്ടുപോയി രക്ഷപ്പെട്ടു. ഒരു വിഭാ

---

* ഗൗരവമേറിയ വല്ല ആപത്തിനെക്കുറിച്ചും ശക്തിപൂർവ്വം ജനങ്ങൾക്കു പരസ്യമായ താക്കീതു നൽകുവാൻ ചെല്ലുന്ന ആളുകൾ വസ്ത്രങ്ങളഴിച്ച് നഗ്നമായ നിലയിൽ വിളിച്ചു പറയുക മുൻകാലത്തു പതിവുണ്ടായിരുന്നു. ക്രമേണ കർശനമായ താക്കീതു നൽകുന്നവൻ എന്ന അർത്ഥത്തിൽ ‘നഗ്നനായ താക്കീതുകാരൻ’ (نذير العريان) എന്നു പറയപ്പെടുന്നു.

ഗം ആളുകൾ അവനെ വ്യാജമാക്കി. അവർ സ്ഥലം വിടാതിരുന്നു. അങ്ങിനെ, പ്രഭാതത്തിൽ സൈന്യം വന്ന് അവരെ നശിപ്പിച്ചു. ഇതാണ്, എന്നെ അനുസരിക്കുകയും ഞാൻ കൊണ്ടു വന്നതിനെ പിൻപറ്റുകയും ചെയ്തവരുടേയും, എന്നോട് അനുസരണക്കേട് കാണിക്കുകയും ഞാൻ കൊണ്ടുവന്ന യഥാർത്ഥത്തെ വ്യാജമാക്കുകയും ചെയ്തവരുടെയും ഉപമ.'' (ബു: മു.)

92 എന്നാൽ, നിൻെറ റബ്ബിനെത്തന്നെയാണ (സത്യം) ! തീർച്ചയായും, അവരോട് മുഴു വനും നാം ചോദിക്കുക തന്നെ ചെയ്യും,-

فَوَرَبِّكَ لَنَسْـَٔلَنَّهُمْ أَجْمَعِينَ ﴿٩٢﴾

93 അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെപ്പറ്റി.

عَمَّا كَانُوا۟ يَعْمَلُونَ ﴿٩٣﴾

94 ആകയാൽ, (നബിയേ) നിന്നോട് കൽപിക്കപ്പെടുന്നതിനെ നീ (പരസ്യമായി) ഉറക്കെ പ്രഖ്യാപിച്ചുകൊള്ളുക! മുശ്രിക്കു [ബഹു ദൈവവിശ്വാസി]കളിൽ നിന്നു നീ തിരിഞ്ഞുകളയുകയും ചെയ്യുക.

فَٱصْدَعْ بِمَا تُؤْمَرُ وَأَعْرِضْ عَنِ ٱلْمُشْرِكِينَ ﴿٩٤﴾

95 നിശ്ചയമായും, നിനക്ക് (ഈ) പരിഹാസകരെ നാം തടുത്തുതന്നിരിക്കുന്നു. [അവരുടെ ഉപദ്രവം നിനക്ക് ഫലിക്കുകയില്ല.]

إِنَّا كَفَيْنَـٰكَ ٱلْمُسْتَهْزِءِينَ ﴿٩٥﴾

96 അതെ, അല്ലാഹുവിനോടുകൂടി വേറെ ആരാധ്യനെ ഏർപ്പെടുത്തുന്നവരെ. എന്നാൽ, വഴിയെ അവർ അറിഞ്ഞു കൊള്ളുന്നതാണ്!

ٱلَّذِينَ يَجْعَلُونَ مَعَ ٱللَّهِ إِلَـٰهًا ءَاخَرَ ۚ فَسَوْفَ يَعْلَمُونَ ﴿٩٦﴾

---

92 **فوربك** എന്നാൽ നിൻെറ റബ്ബിനെ തന്നെ. **لنسألنهم** നിശ്ചയമായും നാം അവരോട് ചോദിക്കുകതന്നെ ചെയ്യും. **أجمعين** മുഴുവനും, എല്ലാവരോടും. 93 **عما كانوا** അവർ ആയിരുന്നതിനെപ്പറ്റി. **يعملونَ** അവർ പ്രവർത്തിക്കും. 94 **فاصدعْ** ആകയാൽ ഉറക്കെ (പരസ്യമായി) പ്രഖ്യാപനം ചെയ്യുക. **بما تؤمر** നിന്നോട് കൽപിക്കപ്പെടുന്നതിനെ. **وأعرض** തിരിഞ്ഞു (അവഗണിച്ചു) കളയുകയും ചെയ്യുക. **عن المشركين** മുശ്രിക്കുകളെപ്പറ്റി. 95 **إنا** നിശ്ചയമായും നാം. **كفَيناك** നിനക്ക് തടുത്ത് തന്നിരിക്കുന്നു. **المستهزئين** പരിഹസിക്കുന്നവരെ. 96 **الذين يجعلونَ** ആക്കുന്നവരായ. **مع الله** അല്ലാഹുവോടുകൂടി. **إلٰها آخر** വേറെ ഇലാഹിനെ (ആരാധ്യനെ-ദൈവത്തെ) . **فسوف** എന്നാൽ വഴിയെ. **يعلمونَ** അവർ അറിയും, അവർക്കറിയാം.

ആ നിഷേധികൾ ചെയ്തുകൂട്ടുന്ന പ്രവൃത്തികളെപ്പറ്റിയെല്ലാം നാം ചോദ്യംചെയ്യാതെ വിടുകയില്ല. അവർ എന്തുനിലപാടു കൈക്കൊണ്ടിരുന്നാലും ശരി, അല്ലാഹു നൽകുന്ന സന്ദേശങ്ങളെ പരസ്യമായി പ്രഖ്യാപനം ചെയ്തുകൊള്ളണം. അവരുടെ എതിർപ്പുകളെ അവഗണിച്ചു തള്ളുകയേ വേണ്ടു. ആ പരിഹാസങ്ങളിൽ നിന്നുണ്ടാകുന്ന ഉപദ്രവങ്ങളൊന്നും ഭയപ്പെടേണ്ടതായില്ല. അതെല്ലാം അല്ലാഹു തടുത്തുകൊള്ളുകയും, അതിൽനിന്നു രക്ഷനൽകുകയും ചെയ്തു കൊള്ളും, എന്നൊക്കെ

അല്ലാഹു നബി (ﷺ)യെ അറിയിക്കുന്നു. അവസാനം, ആ പരിഹാസകർ അവരുടെ പരിഹാസത്തിൻെറ ഫലം അറിയാറാകുമെന്നു കടുത്ത ഒരു താക്കീതും നൽകുന്നു. പ്രവാചകത്വത്തിൻെറ ആദ്യഘട്ടത്തിൽ സ്വകാര്യമായിട്ടായിരുന്നു നബി (ﷺ) ജനങ്ങളിൽ പ്രബോധനം നടത്തിയിരുന്നത്. സത്യവിശ്വാസികളായിത്തീർന്നവർ അവരുടെ നമസ്കാരം പോലും രഹസ്യമായിട്ടായിരുന്നു നടത്തിവന്നിരുന്നത്. ഈ വചനങ്ങൾ അവതിരിച്ചതോടെ തിരുമേനി പരസ്യമായി പ്രബോധനം ആരംഭിച്ചു.

നബി (ﷺ) യെയും, ഖുർആനെയും കുറിച്ചു പരിഹാസം പതിവാക്കിയ പലരും മുശ്രിക്കുകളിൽ ഉണ്ടായിരുന്നു. അവരിൽ പലരുടെയും പേരുകളും അവരുടെ ചെയ്തികളും ചരിത്ര ഗ്രന്ഥങ്ങളിൽനിന്നും മറ്റുമായി പൊതുവെ അറിയപ്പെട്ടതുമാകുന്നു. വലീദുബ്നു മുഗീറഃ, ആസ്വിബ്നുവാഇൽ, അസ്‌വദുബ്നു അബ്ദിയഗൂഥ്, അസ്‌വദുബ്നു അബ്ദിൽ മുത്ത്വലിബ്, ഹർഥുബ്നു ത്വലാത്വിലഃ മുതലായവർ അവരിൽ മുൻപന്തിയിൽ നിൽക്കുന്നവരായിരുന്നു. ഇവരുടെയെല്ലാം അവസാനമുണ്ടായതു കേവലം സാധാരണങ്ങളല്ലാത്ത ചില കാരണങ്ങളെ തുടർന്നുണ്ടായ ദുർമരണങ്ങളായിരുന്നുവെന്നതു പ്രസ്താവ്യമാണ്. നടന്നുപോകുമ്പോൾ ഒരു അമ്പിൻമുന കാലിൽതട്ടുക, കാലിൽ മുള്ളുകുത്തുക, മൂക്കിലൂടെ ചലം വരുക, കണ്ണിൽ കരടുവീണു കാഴ്ചനശിക്കുക, മലം ഛർദ്ദിക്കുക മുതലായ ഓരോ കാരണങ്ങളായിരുന്നു അവരുടെ മരണങ്ങൾക്കു ഇടയാക്കിയതെന്നു പല രിവായത്തുകളിലും കാണാവുന്നതാകുന്നു. നേതാക്കളുടെ ഉപദ്രവത്തിനു ഭംഗം നേരിടുന്നതോടെ സാധാരണക്കാരെക്കൊണ്ടുള്ള ശല്യവും കുറയുമല്ലോ.

97 തീർച്ചയായും, നാം അറിയുന്നുണ്ട്. അവർ പറഞ്ഞുവരുന്നതുകൊണ്ട് നിൻെറ നെഞ്ച് [ഹൃദയം] ഞെരുങ്ങിപ്പോകുന്നുവെന്ന്.	وَلَقَدْ نَعْلَمُ أَنَّكَ يَضِيقُ صَدْرُكَ بِمَا يَقُولُونَ ﴿٩٧﴾
98 ആകയാൽ, നിൻെറ റബ്ബിനെ സ്തുതിച്ചു കൊണ്ട് നീ 'തസ്ബീഹ്' [സ്തോത്രകീർ ത്തനം] നടത്തിക്കൊള്ളുക. നീ 'സുജൂദ്'[സാഷ്ടാംഗ നമസ്കാരം] ചെയ്യുന്നവരുടെ കൂട്ടത്തിലായിരിക്കയും ചെയ്യുക;	فَسَبِّحْ بِحَمْدِ رَبِّكَ وَكُن مِّنَ ٱلسَّٰجِدِينَ ﴿٩٨﴾
99 നിനക്ക് (ആ) ഉറപ്പ് [മരണം] വന്നെത്തുന്നതുവരേക്കും നിൻെറ റബ്ബിനെ നീ ആരാധിക്കുകയും ചെയ്യുക.	وَٱعْبُدْ رَبَّكَ حَتَّىٰ يَأْتِيَكَ ٱلْيَقِينُ ﴿٩٩﴾

97 **ولقد نعلم** തീർച്ചയായും നാം അറിയുന്നുണ്ട്. **أنك** നീ എന്ന്. **يضيق** ഞെരുങ്ങുന്നു, ഇടുങ്ങിപ്പോകുന്നു (വെന്ന്) . **صدرك** നിൻെറ നെഞ്ച് (ഹൃദയം-മനസ്സ്) . **بما يقولون** അവർ പറയുന്നതുകൊണ്ട്, പറയുന്നതിനാൽ. 98 **فسبح** അതിനാൽ (എന്നാൽ) നീ തസ്ബീഹ് ചെയ്യുക, സ്തോത്രകീർത്തനം നടത്തുക. **بحمد** സ്തുതിയോടെ. **ربك** നിൻെറ റബ്ബിൻെറ, റബ്ബിനെ. **وكن** ആയിരിക്കുകയും ചെയ്യുക. **من الساجدين** സുജൂദ് ചെയ്യുന്നവരിൽപെട്ട(വൻ) . 99 **واعبد** ആരാധിക്കുകയും ചെയ്യുക. **ربك** നിൻെറ റബ്ബിനെ. **حتى يأتيك** നിനക്ക് വരുന്നതുവരെ. **اليقين** ഉറപ്പ് (മരണം) .

പരിഹാസകരുടെ ശല്യം തീർത്തുകൊടുക്കുമെന്നു കഴിഞ്ഞ വചനങ്ങളിൽ വാഗ്ദാനം ചെയ്തശേഷം, മറ്റൊരു സമാധാനസന്ദേശം കൂടി നബി (ﷺ)ക്കു അല്ലാഹു നൽകുന്നു. അവരുടെ ശല്യവും നിഷേധവും കാരണം കുറേ മനഃപ്രയാസവും ബുദ്ധി

മുട്ടും തനിക്കു ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടെന്നു നമുക്കറിയാം. അതിനെപ്പറ്റി പരിഭവിക്കുകയോ, വിഷാദിക്കുകയോ വേണ്ടതില്ല. അല്ലാഹുവിനു തസ്ബീഹു (സ്തോത്ര കീർത്തനം) , ഹംദു (സ്തുതികീർത്തനം), സുജൂദ് (സാഷ്ടാംഗ നമസ്കാരം) മുതലായവ അനുഷ്ഠിച്ചുകൊണ്ട് കാര്യങ്ങൾ അല്ലാഹുവിൽ അർപ്പിച്ചുകൊള്ളുക. എല്ലാം അല്ലാഹു ശുഭകരമായി കലാശിപ്പിച്ച് തരും എന്ന് സാരം. അവസാനമായി മരണംവരെയും അല്ലാഹുവിൻെറ ആരാധന നിലനി റുത്തണമെന്നും നബി (ﷺ) യെ ഉപദേശിക്കുകയും ചെയ്തിരിക്കുന്നു.

الـيقين (യഖീൻ) എന്ന വാക്കിനു 'ഉറപ്പു, ദൃഢത, ഉറച്ച വിശ്വാസം' എന്നൊക്കെയാണു ഭാഷാർത്ഥം. മരണമാണിവിടെ ഉദ്ദേശ്യം. ആർക്കു ഒരു സംശയവുമില്ലാത്ത കാര്യമാണല്ലോ മരണം. പൊതുവിൽ എല്ലാ ഖുർആൻ വ്യാഖ്യാതാക്കളുടെയും അഭിപ്രായവും അതുതന്നെ. ഖുർആനിൽ നിന്നും ഹദീസിൽ നിന്നും ഇതിനു തെളിവും ഉദ്ധരിക്കപ്പെടുന്നു. നരകവാസികൾ നരകത്തിൽ വെച്ചു ഇങ്ങിനെ വിലപിക്കുന്നതായി അല്ലാഹു ഉദ്ധരിച്ചിരിക്കുന്നു: وكفا نكذب يوم الدين حتى اتانا الـيقين (ഞങ്ങൾക്കു ഉറപ്പു വരുന്നതുവരെ ഞങ്ങൾ പ്രതിഫല ദിവസത്തെ വ്യാജമാക്കിക്കൊണ്ടിരിക്കുകയായിരുന്നു. (74: 46, 47) ഉസ്മാനുബ്നുമള്ഊൻ (عثمان بن مظعون رض) മരണമടഞ്ഞപ്പോൾ ഉമ്മുൽ അലാഉം (رضي الله عنها) , നബി (ﷺ) യും തമ്മിൽ നടന്ന ഒരു സംഭാഷണത്തിൽ നബി (ﷺ) പറഞ്ഞു: اما هو فقد جاءه اليقين وانى لا رجوله الخير (എന്നാൽ, അദ്ദേഹത്തിനു 'ഉറപ്പു' വന്നുകഴിഞ്ഞു. ഞാൻ അദ്ദേഹത്തിനു നൻമ പ്രതീക്ഷിക്കുകയും ചെയ്യുന്നു') . (ബു.) ഇവിടങ്ങളിൽ ' ഉറപ്പു' കൊണ്ടു വിവക്ഷ മരണംതന്നെയാണെന്നു വ്യക്തമാണല്ലോ.

ഭാഷാർത്ഥത്തെ അടിസ്ഥാനമാക്കി ഉറപ്പായ അറിവും വിശ്വാസവും ലഭിക്കുന്നതുവരെ മാത്രമേ നമസ്കാരം മുതലായ ആരാധനാകർമ്മങ്ങൾ നിർവ്വഹിക്കേണ്ടതുള്ളുവെന്നും ഉറപ്പായ അറിവും വിശ്വാസവും ലഭിച്ചുകഴിഞ്ഞാൽ പിന്നെ അതൊന്നും ആവശ്യമില്ലെന്നും സൂഫീവേഷധാരികളായ ചില സ്വാർത്ഥികൾ ഈ അവസാന വചനത്തെ ആസ്പദമാക്കി സമർത്ഥിക്കാറുണ്ട്. ഇതു യഥാർത്ഥത്തിൽ ഇസ്ലാമിൽനിന്നുതന്നെയുള്ള ഒരു വ്യതിയാനമത്രെ. അല്ലാഹുവിൻെറ പ്രവാചകൻമാരാണല്ലോ ഏറ്റവും ഉറപ്പായ അറിവും വിശ്വാസവുമുള്ളവർ. എന്നിട്ടുപോലും അവരാരും ആരാധനാകർമ്മങ്ങൾ ഉപേക്ഷിച്ചിരുന്നില്ലെന്നു മാത്രമല്ല, മറ്റാരെക്കാളും കൂടുതൽ കർശനം അതിൽ സ്വീകരിക്കുകയായിരുന്നു അവർ ചെയ്തിരിക്കുന്നത്. അത്രയുമല്ല, അറിവും വിശ്വാസവും വർദ്ധിക്കും തോറും അല്ലാഹുവിൻെറ വിധിവിലക്കുകൾ പാലിക്കുന്നതിലും, ആരാധനാകർമ്മങ്ങൾ നിർവ്വഹിക്കുന്നതിലും കൂടുതൽ നിഷ്കർഷ പാലിക്കുകയാണുണ്ടാവുക. അതാണു വേണ്ടതും. 'ഉറപ്പു വരുക' എന്നു പറഞ്ഞതിൻെറ അർത്ഥം 'മനസ്സാക്ഷിക്കു ബോധ്യം വരുക' എന്നാണെന്നും ഇപ്പോൾ ചിലർ പ്രസ്താവിച്ചുകാണുന്നു. വിശദീകരണവേളയിൽ ചിലപ്പോൾ ഇതിനു എന്തെങ്കിലും ന്യായീകരണവും കണ്ടേക്കുമെങ്കിലും പലപ്പോഴും ഈ അർത്ഥം സ്വീകരിക്കുന്നതു അപകടകരവും സത്യവിരുദ്ധവുമായിട്ടാണ് അനുഭവപ്പെടുക. മേലുദ്ധരിച്ച ഖുർആൻ വചനത്തിലും, നബിവചനത്തിലും 'മരണം' എന്നല്ലാതെ -ഈ രണ്ടർത്ഥങ്ങളും- ശരിയാകാത്ത സ്ഥിതിക്കു ഇവിടെയും 'ഉറപ്പു' കൊണ്ടുദ്ദേശ്യം 'മരണമാണെന്നു വെക്കുവാൻ അിറവും വിശ്വാസവും മനസ്സാക്ഷിയും ഉള്ളവരാരും മടിക്കുവാൻ കാരണമില്ലതാനും.

റസൂൽ(ﷺ) അരുളിച്ചെയ്തതായി അബൂഹുറൈറ(رضي الله عنه) ഉദ്ധരിക്കുന്നു: 'അടിയാൻ അവൻെറ റബ്ബിനോടു ഏറ്റവും അടുപ്പമുള്ളവനായിരിക്കുന്നതു അവൻ സുജൂദു ചെയ്തുകൊണ്ടിരിക്കുമ്പോഴായിരിക്കും. അപ്പോൾ നിങ്ങൾ പ്രാർത്ഥന അധികരിപ്പിക്കുവിൻ.' (മു.) ഹുദൈഫഃ (رضي الله عنه) പറയുന്നു:'നബി(ﷺ) ക്കു വല്ല വിചാരവും, (ദുഃഖവും) ബാധിച്ചാൽ,

അവിടുന്നു നമസ്കരിക്കുമായിരുന്നു.' (ദാ.) മരണംവരെ അല്ലാഹുവിനെ ആരാധിക്കുകയും, തസ്ബീഹു, ഹംദു, സുജൂദു മുതലായ പുണ്യകർമ്മങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുന്ന സജ്ജനങ്ങളിൽ അല്ലാഹു നമ്മെയെല്ലാം ഉൾപെടുത്തി അനുഗ്രഹിക്കട്ടെ. آمين

اللهم لك الحمد ولك المنة والفضل

വ്യാഖ്യാനക്കുറിപ്പ്

ജിന്നും ശൈത്താനും
(الجن والشيطان)

ജിന്നുകളെയോ പിശാചുക്കളെയോസംബന്ധിച്ചു പ്രസ്താവിക്കുന്ന പല ഖുർആൻ വചനങ്ങളും ദുർവ്യാഖ്യാനം ചെയ്വാനും, അതുവഴി മുസ്‌ലിംകളിൽ പല ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കുവാനും ചില തൽപരകക്ഷികൾ മുതിരുന്നതുകാണാം. ഇതിന്റെ പിന്നിലുള്ള പ്രധാന കാരണം, അവർ 'ജിന്നി'നെയും, 'ശൈത്താനെ'യും നിഷേധിക്കുന്നതാണ്. അതുകൊണ്ടു ജിന്നിനെയും ശൈത്താനെയും കുറിച്ചു ഇസലാമിന്റെ പ്രമാണങ്ങൾ എന്തു പറയുന്നുവെന്നു മനസ്സിലാക്കുന്നതു വളരെ ഉപകാരപ്രദമായിരിക്കും.

എല്ലാവർക്കും സുപരിചിതമായ രണ്ടു വാക്കുകളാണ് ജിന്നും, ശൈത്താനും. നമ്മുടെ ബാഹ്യദൃഷ്ടിക്ക് അതീതമായ ഒരുതരം അദൃശ്യസൃഷ്ടികളാണ് അവരെന്നു പരക്കെ അറിയപ്പെട്ടതാണ്. ഖുർആനിലും, ഹദീസിലും, മതഗ്രന്ഥങ്ങളിലും അവരെപ്പറ്റി പലതും പ്രസ്താവിച്ചിട്ടുമുണ്ട്. പക്ഷെ, യുക്തിവാദികൾക്കും, ഭൗതികവാദികൾക്കും അതൊന്നും ബാധകമല്ലാത്തതു കൊണ്ട് കേവലം അദൃശ്യങ്ങളായ ജിന്ന്, ശൈത്താൻ മുതലായ പലതിനെയും അവർ നിഷേധിക്കുന്നതിൽ അൽഭുതമില്ല. അവരുടെ നിഷേധത്തെ ന്യായീകരിക്കുവാൻ മതപ്രമാണങ്ങളെ വ്യാഖ്യാനിച്ചു ബുദ്ധിമുട്ടേണ്ടുന്ന ആവശ്യവും അവർക്കില്ല. എന്നാൽ, ഖുർആനിലും മതമൂല്യങ്ങളിലും വിശ്വസിക്കുന്ന ചിലർപോലും അവയെ നിഷേധിക്കുകയും, അതിനുവേണ്ടി മതപ്രമാണങ്ങളെ വളച്ചുതിരിച്ചു വ്യാഖ്യാനിക്കുകയും, അവഗണിക്കുകയും ചെയ്യുന്നതിലാണ് അൽഭുതം. മതമൂല്യങ്ങളിലുള്ള വിശ്വാസക്കുറവും, ഭൗതികചിന്താഗതിയുമാണ് വാസ്തവത്തിൽ ഇതിനു കാരണം. പൊതുജനങ്ങളെ ആശയക്കുഴപ്പത്തിലാക്കുവാനും, വഴിപിഴപ്പിക്കുവാനും ഇവരുടെ പ്രക്രിയകളാണ് കൂടുതൽ കാരണമായിത്തീരുന്നത്. ഇവരുടെ സംസാരം ഇസ്‌ലാമിന്റെ പേരിലായിരിക്കുമല്ലോ.

ബാഹ്യേന്ദ്രിയങ്ങൾകൊണ്ടു ഗ്രഹിക്കുവാൻ കഴിയാത്ത കാര്യങ്ങളെ യുക്തികൊണ്ടോ, ശാസ്ത്രംകൊണ്ടോ മനസ്സിലാക്കുവാനും, സ്ഥാപിക്കുവാനും സാധ്യമല്ല. ദൈവീകവും, വൈദീകവുമായ മാർഗ്ഗദർശനങ്ങൾക്കുമുഖേന മാത്രമേ അതിനു സാധിക്കുകയുള്ളു. അതുകൊണ്ട് സ്വർഗ്ഗം, നരകം, പരലോകം, ആത്മാവ്, ജിന്ന്, മലക്ക് ആദിയായവയെക്കുറിച്ചും, അവയുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ചും മനസ്സിലാക്കുവാൻ മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം-അല്ലാഹുവിന്റെ വചനങ്ങളും, അവന്റെ റസൂൽമുഖേന ലഭിക്കുന്ന അറിവുകളുംമാത്രമാണ് അവലംബം. ഈ രണ്ടിൽനിന്നും എന്തെല്ലാം മനസ്സിലാക്കുവാൻ കഴിയുമോ അതിനപ്പുറം മറ്റൊരു അഭിപ്രായം ഉണ്ടായിരിക്കുവാൻ മുസ്‌ലിംകൾക്കു പാടില്ല. അവയിൽനിന്നു നേർക്കുനേരെ വ്യക്തമായതിനെ മറ്റു പ്രകാരത്തിൽ വ്യാഖ്യാനിക്കുവാനുംപാടില്ല.

വാക്കർത്ഥം

ن ن ج (ജീം-നൂൻ-നൂൻ) എന്നീ മൂന്നക്ഷരങ്ങൾ ചേർന്നതാണ് 'ജിന്നു' (الجن) എന്ന പദം. ഏതെങ്കിലും പ്രകാരത്തിലുള്ള ഒരു അപ്രത്യക്ഷത-അഥവാ മറവു-ഉൾക്കൊള്ളുന്ന അർത്ഥങ്ങളായിരിക്കും ഈ അക്ഷരങ്ങളിൽ നിന്നുത്ഭവിക്കുന്ന മിക്കവാറും എല്ലാ പദങ്ങൾക്കും ഉണ്ടായിരിക്കുക. അറബിനിഘണ്ടുകൾ പരിശോധിച്ചാൽ ഇതു മനസ്സിലാക്കാം. ചില ഉദാഹരണങ്ങൾ നോക്കുക:- جنه : ستره (അതിനെ: മറച്ചു) ; جن الليل: اظلم (രാത്രി: ഇരുട്ടു മൂടി) ; أجن عنه : استتر (അതിൽ നിന്നു: മറഞ്ഞു) ; أجنة: الستر (മറ;) أجنين: المستور من كل شيئ، القبر، المقبور، الولذفى الرحم (എല്ലാറ്റിൽ നിന്നും മറക്കപ്പെട്ടത്, ഖബ്ർ, ഖബ്റിൽ അടക്കം ചെയ്യപ്പെട്ടവൻ, ഗർഭാശയത്തിലെ ശിശു) أجنة : كل بستان ذى شجر يستر باشجاره الارض; (ഭൂമിയെ മറച്ചുകളയുമാറ് മരങ്ങളുള്ള തോട്ടം) ഖുർആൻെറ നിഘണ്ടുവായ 'മുഫ്റദാത്തു-റാഗിബി'ൽ ഇങ്ങിനെ പറയുന്നു: اصل الجن ستر الشيئ عن الحاسة ('ജ-ൻ-ന്' എന്നതിൻെറ സാക്ഷാൽ അർത്ഥം ബാഹ്യേന്ദ്രിയങ്ങളിൽ നിന്ന് വസ്തുക്കളെ മറക്കുക എന്നാകുന്നു.) പ്രസിദ്ധ അറബിനിഘണ്ടുവായ 'ഖാമൂസി ലും ഈ കാര്യം എടുത്തുപറഞ്ഞിട്ടുണ്ട്. ജിന്നുവർഗ്ഗത്തിനു 'ജിന്നു' എന്നു പേർ വരുവാൻ കാരണം ഇതിൽ നിന്നെല്ലാം വ്യക്താമാകുന്നതാണ്.

ഇനി, 'ജിന്നു' (الجن) എന്ന വാക്കിനു നിഘണ്ടുകളിലുള്ള അർത്ഥങ്ങൾ കാണുക. 1. മനുഷ്യൻ എന്നതിൻെറ എതിരിൽ ബാഹ്യേന്ദ്രിയങ്ങളിൽനിന്നു മറഞ്ഞുനിൽക്കുന്ന ആത്മീയജീവികൾ. 2. ചില ആത്മീയ ജീവികൾ 3. മനുഷ്യർക്കും ആത്മാക്കൾക്കും ഇടയ്ക്കുള്ളതായി കരുതപ്പെടുന്ന ഒരു സൃഷ്ടി 4. പിശാച് 5. രാക്ഷസൻ 6. ഭൂതം 7. കുലദേവൻ 8. ദേവത 9. മനുഷ്യൻെറ വിപരീതമായ 'ജിന്നി'. (*) ഇങ്ങിനെയുള്ള അർത്ഥങ്ങളല്ലാതെ, മനുഷ്യരിൽപെട്ട ഏതെങ്കിലും ഒരു വിഭാഗത്തിനു 'ജിന്നു' എന്ന വാക്ക് ഉപയോഗിക്കാമെന്നു കാണിക്കുന്ന ഒരു അർത്ഥവും നിഘണ്ടുകളിൽ കാണുന്നില്ല. 'ജാന്ന് ജിന്നത്ത്' (أجان، الجنة) എന്നീ വാക്കുകളും ഈ അർത്ഥങ്ങളിൽ വരുന്ന പര്യായപദങ്ങളാകുന്നു. 'ശൈത്താൻ' (الشيطان) എന്ന വാക്കിനു നിഘണ്ടുകളിലെ അർത്ഥങ്ങൾ: 1. ദുരാത്മാവ്. 2. മനുഷ്യരിലോ, ജിന്നിലോ, ജീവികളിലോ ഉള്ള ദുഷിച്ച ധിക്കാരശീലൻ 3. സർപ്പം 4. അഗ്നിയാൽ സൃഷ്ടിക്കപ്പെട്ട ഒരു സൃഷ്ടി 5. ഭൂതം, പിശാചു, ചെകുത്താൻ, രാക്ഷസൻ, സാത്താൻ മുതലായവയാണ്. (†)

മേൽകണ്ട അർത്ഥങ്ങൾ പരിശോധിക്കുമ്പോൾ താഴെ പറയുന്ന സംഗതികൾ മനസ്സിലാക്കുവാൻ കഴിയും: 1. ജിന്നും മനുഷ്യനും രണ്ടു പ്രത്യേക വർഗ്ഗങ്ങളാണ്. 2. ജിന്നു വർഗ്ഗത്തലെ ദുഷിച്ച ഒരു വിഭാഗമാണു ശൈത്താൻ. എല്ലാ ജിന്നും ശൈത്താനല്ല. 3. മനുഷ്യരിൽ ദുഷിച്ചവർക്കും-ഇതരജീവികളിൽ ദുഷിച്ചവർക്കുതന്നെയും-ശൈത്താൻ എന്നു പറയപ്പെടും. ഇതു ഒരു ഉപമാലങ്കാര പ്രയോഗമാണുതാനും. (‡) 4. മനുഷ്യൻെറ

---

* ആദ്യത്തെ രണ്ടും 'മുഫ്റദാത്തി'ലും, മൂന്നാമത്തേതു 'മുൻജിദിലും', ബാക്കി 'ഫറാഇദു-ദുര്രിയഃയിലും, 'ഖാമൂസുൽ അസ്രീ'യിലും കാണാം. ഇവക്കു പുറമെ 'മലക്കുകൾ' എന്ന ഒരു അർത്ഥംകൂടി 'ഖാമൂസിൽ' കാണുന്നു. 'മുഫ്റദാത്തി'ൻെറവാചകം ഇതാണ്:

والجن يقال على وجهين احداهما للروحانيين المستترة عن الحواس كلها بازاء الانس وقيل بل الحن بعض الروحاتيين – المفردات

'മുൻജിദി'ലെ വാചകം ഇതാണ് الجن والجنة مخلوق مرعوم بين الانس والارواح – المنجد 'ഫറാഇദു-ദുര്രിയ്യയിലെ വാക്കുകൾ: The Gennii(opp. to Men) جن وجان وجنة എന്നും, 'ഖാമൂസുൽ-അസ്രിയി'ൽ: Demon, Gnome, Jinnee جن، جان എന്നുമാണ്.

† 'മുഫ്റദാത്തു', 'ഖാമൂസ്', 'മുൻജിദു' 'ഖാമൂസ് അസ്രി' 'ഫറാഇദു ദുര്രിയ്യ' മുതലായവ നോക്കുക.

‡ 'മുഫ്റദാത്തി'ൽ ഇങ്ങിനെ കാണാം:-العفريت من الجن هوالعارم الخيث ويستعار ذلك للانسان استعارة الشيطان له ('ഇഫ്രീത്ത്' എന്നാൽ കടുത്ത ദുഷ്ടനായ ജിന്നാണ്. മനുഷ്യന് 'ശൈത്താൻ' എന്ന വാക്കു കടമെടുക്കുന്നതു പോലെ-സാദൃശ്യാലങ്കാര രൂപത്തിൽ പറയുന്നതുപോലെ-ആ വാക്കു അവനും കട

ബാഹ്യേന്ദ്രിയങ്ങളാൽ കണ്ടെത്തുവാൻ കഴിയാത്ത വർഗ്ഗമാണ് ജിന്നും ശൈത്താനും. കൂടുതൽ വിവരം താഴെ നിന്നും മനസ്സിലാക്കാം.

ജിന്നും മനുഷ്യനും വെവ്വേറെ വർഗങ്ങൾ

സൂറത്തു-റഹ്മാനിൽ അല്ലാഹു പറയുന്നു:
خلق الانسان من صلصال كالفخار وخلق الجان من مارج من نار–الرحمان–(സാരം: ചൂളമണ്ണുപോലെ മുട്ടിയാൽ 'ചലചല' ശബ്ദമുണ്ടാക്കുന്ന ഉണങ്ങിയ കളിമണ്ണിൽനിന്നു അവൻ-അല്ലാഹു-മനുഷ്യനെ സൃഷ്ടിച്ചു. പുക കലരാത്ത തനി അഗ്നിയിൽനിന്നു ജിന്നിനെയും സൃഷ്ടിച്ചു.) സൂ: ഹിജ്റിൽപറയുന്നു:
ولقد خلقنا الانسان من صلصال من حمأ مسنون والجان خلقناه من قبل من نار السموم –الحجر: ٢٨،٢٦
(സാരം: മണത്തിൽ മാറ്റം വന്ന് കറുത്തതും 'ചലചല' ശബ്ദമുണ്ടാകുന്നതുമായ മണ്ണിൽനിന്നു നാം മനുഷ്യനെ സൃഷ്ടിച്ചിട്ടുണ്ട്. രോമക്കുത്തുകളിൽകൂടി കടന്നുചെല്ലുന്ന അത്യുഷ്ണമായ അഗ്നിയാൽ മുമ്പ് ജിന്നിനെയും നാം സൃഷ്ടിച്ചിരിക്കുന്നു.) ഇബ്ലീസ് ആദം (عليه السلام) നബിക്കു സുജൂദു ചെയ്യാത്തതിനെക്കുറിച്ചു അല്ലാഹു ആക്ഷേപിച്ചപ്പോൾ അവൻ പറഞ്ഞതായി സൂ:സ്വാദിൽ ഇങ്ങിനെ പ്രസ്താവിക്കുന്നു:
انا خير منه خلقتني من نار وخلقته من طين ص ٧٦ (ഞാൻ അവനെക്കാൾ ഉത്തമനാകുന്നു. നീ എന്നെ അഗ്നിയാൽ സൃഷ്ടിച്ചിരിക്കുന്നു. അവനെ കളിമണ്ണിനാലും നീ സൃഷ്ടിച്ചിരിക്കുന്നു.) മനുഷ്യനും ജിന്നും ഉത്ഭവത്തിൽ തന്നെ രണ്ടു പ്രത്യേക വർഗ്ഗങ്ങളാണെന്നും, ആകൃതിയിലും പ്രകൃതിയിലുമെല്ലാം അവർ വ്യത്യസ്തമായിരിക്കുമെന്നും ഉള്ളതിനു ഇതിലധികം തെളിവ് ഒരു മുസ്ലിമിന് ഇനി ആവശ്യമുണ്ടോ?!

എങ്കിലും, ഏതു തെളിവു കണ്ടാലും ജിന്ന് എന്നൊരു പ്രത്യേക വർഗ്ഗത്തെ സമ്മതിക്കുവാൻ തയ്യാറില്ലാത്തവർ, ഇതിനൊരു പ്രതിവിധി കണ്ടുപിടിച്ചു ഇതാണ്:-സൂ: അമ്പിയാഉ് 37ൽ മനുഷ്യൻ ധൃതിയാൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. خلق لانسان من عجل എന്നു പറഞ്ഞിട്ടുണ്ടല്ലോ. ഇവിടെ, ധൃതി عجل യാകുന്ന പദാർത്ഥത്തിൽനിന്നു സൃഷ്ടിച്ചു എന്നല്ല-ധൃതിയാകുന്ന സ്വഭാവത്തോടുകൂടി സൃഷ്ടിച്ചു എന്നാണല്ലോ-ഉദ്ദേശ്യം. അതുപോലെ, അഗ്നിയുടെ കാഠിന്യവും, മണ്ണിന്റെ പാകതയുമാണത്രെ ഈ ആയത്തുകളിലും ഉദ്ദേശ്യം! അഥവാ അഗ്നി എന്നാൽ കാഠിന്യവും, മണ്ണു എന്നാൽ പാകതയും!! അഗ്നിയും, കളിമണ്ണും പദാർത്ഥങ്ങളാണെന്നും, ധൃതി ഒരു സ്വഭാവഗുണമാണെന്നുള്ള വ്യത്യാസം ദുർവ്യാഖ്യാനത്തിന്റെ വെമ്പലിൽ ഇവർ മറന്നുപോയിരിക്കയാണ്. ഒന്നിലധികം സ്ഥലത്തു അല്ലാഹു മനുഷ്യനെ മണ്ണിനാൽ സൃഷ്ടിച്ചിരിക്കുന്നുവെന്നു ആവർത്തിച്ചു പറയുകയും, ഒരു സ്ഥലത്തുമാത്രം ധൃതിയാൽ സൃഷ്ടിക്കപ്പെട്ടുവെന്നു പറയുകയും ചെയ്ത സ്ഥിതിക്ക്- 'മണ്ണി' നെ' 'പാകത' യും 'തീയി' നെ 'കാഠിന്യ' വുമാക്കി മാറ്റുന്നതിനു പകരം-'ധൃതിയെ' 'മണ്ണാ' ക്കി വ്യാഖ്യാനിക്കുകയായിരുന്നില്ലേ ന്യായം?!

ഇൻസും, ജിന്നും (الانس والجن) തമ്മിൽ

'നാടൻ-കാടൻ' എന്നും, 'പരിഷ്കൃതൻ-അപരിഷ്കൃതൻ' എന്നുമൊക്കെ പറയാറുള്ളതുപോലെ, ഒരേ വർഗ്ഗത്തിൽ (മനുഷ്യരിൽ) പെട്ട രണ്ടു വിഭാഗക്കാരാണ് 'ഇൻസും ജിന്നും' എന്നാണിവരുടെ വാദം. അഥവാ, പരസ്പരം ഇണങ്ങിയും സമ്പർക്കം പുലർത്തിയും വരുന്ന വിഭാഗക്കാർ ഇൻസും, മലമ്പ്രദേശങ്ങളിലോ മറ്റോ ഒറ്റപ്പെട്ടു ജീവിക്കുന്ന വിഭാഗക്കാർ ജിന്നും! അറബിഭാഷയിലോ നിഘണ്ടുകളിലോ ഇവരുടേതല്ലാത്ത സാഹിത്യ

മെടുക്കാറുണ്ട്.) ധീരനായ മനുഷ്യന് ധൈര്യത്തിൽ സിംഹത്തോടുള്ള സാദൃശ്യം മനസ്സിൽ വെച്ചുകൊണ്ട് 'അവൻ സിംഹമാണ്' (هو اسد) എന്നു പറയും പോലെയുള്ള ഉപമാലങ്കാര പ്രയോഗത്തിനാണ് استعارة (കടമെടുക്കൽ) എന്നു പറയുന്നത്.

ങ്ങളിലോ ഇപ്പറഞ്ഞതിനു യാതൊരു തെളിവുമില്ല. നേരെമറിച്ചാണ് തെളിവുള്ളത്. നോക്കുക: 1. മനുഷ്യൻ, ജിന്നിൻെറ എതിര്, ജിന്നും മലക്കും അല്ലാത്തവൻ, മനുഷ്യവർഗ്ഗം എന്നിങ്ങിനെയല്ലാതെ-'നാടനെ' ന്നോ, 'പരിഷ്കൃതനെ' ന്നോ വരത്തക്ക-യാതൊരർത്ഥവും 'ഇൻസ്' എന്ന വാക്കിനു നിഘണ്ടുകളിൽ കാണുന്നില്ല. (*) 2. 'ഇൻസി' നു മനുഷ്യൻ എന്നർത്ഥമായതുകൊണ്ടു മാത്രമാണ് അതിൻെറ ഏതിരിൽ 'ജിന്ന്' എന്ന വാക്കു ഉപയോഗിക്കപ്പെടുന്നത്. അല്ലാതെ അതിന് 'നാടനെ'ന്നോ, 'പരിഷ്കൃതനെ' ന്നോ മറ്റോ അർത്ഥമുള്ളതുകൊണ്ടല്ല. 'ഇൻസി'ലെ മൂന്നരക്ഷരങ്ങളായ ا ن س യിൽ നിന്നുത്ഭവിക്കുന്ന മറ്റേതെങ്കിലും പദങ്ങൾക്ക് 'ജിന്നു' എന്നതിലുള്ള ج ن ن എന്നീ അക്ഷരങ്ങൾ ഉൾക്കൊള്ളുന്ന പദങ്ങൾ എതിർപദ (ضد) ങ്ങളായി വരുന്നില്ല و ح ش എന്നീ അക്ഷരങ്ങളിൽ നിന്നുള്ള പദങ്ങളായിരിക്കും എതിർപദങ്ങളായി വരുക. ദുർല്ലഭമായി ن ف ر യിൽ നിന്നുള്ള പദങ്ങളും ചിലപ്പോൾ വന്നേക്കും. നിഘണ്ടുകളിലെ ഉദാഹരണങ്ങളിൽ നിന്നു ഇതു മനസ്സിലാക്കാവുന്നതാണ്. ചില നിഘണ്ടുകളിൽ ഈ സംഗതി പ്രത്യേകം എടുത്തുപറയുകയും ചെയ്തിട്ടുണ്ട്. (†) അറബിവാക്കുകൾക്കു ഇതരഭാഷകളിൽ അർത്ഥം കൊടുക്കുന്ന ചില നിഘണ്ടുകളിൽ, 'ജിന്ന് -ഇൻസ് -വഹ്ശു' എന്നീ വാക്കുകൾക്കു കൊടുത്തിട്ടുള്ള അർത്ഥങ്ങൾ പരിശോധിച്ചാലും ഈ വസ്തുത വ്യക്തമാകും.

ചുരുക്കിപ്പറഞ്ഞാൽ, ബാഹ്യേന്ദ്രിയങ്ങളാൽ കണ്ടെത്തപ്പെടാത്ത ഒരു പ്രത്യേകവർഗ്ഗം ജീവികൾക്കാണ് ' ജിന്ന്, ജാന്ന്, ജിന്നത്, ജിന്നിയ്യ്', എന്നീ പദങ്ങൾ ഉപയോഗിക്കപ്പെടുന്നത്. ഇവയുടെ എതിരിൽ മനുഷ്യൻ എന്ന അർത്ഥത്തിനു 'ഇൻസ്, ബശർ, ഇൻസാൻ, ഇൻസിയ്യ്' എന്നും, ഉപയോഗിക്കും. മനുഷ്യരുമായി ഇണക്കവും സമ്പർക്കവുമില്ലാത്തവർക്കു 'വഹ്ശു, മുതവഹ്ഹിശ്, വഹ്ശിയ്യ്' എന്നും, ഇവയുടെ വിപരീതാർത്ഥങ്ങളിൽ 'ഉൻസ്, അനീസ്, ഉൻസിയ്യ്' എന്നുമാണ് ഉപയോഗിക്കപ്പെടുക. ഈ കുറിപ്പ് ദീർഘിച്ചു പോകുമെന്നു കരുതി കൂടുതൽ വിശദീകരിക്കുന്നില്ല. (മനുഷ്യരെ സംബന്ധിച്ചിടത്തോളം, ജിന്നുവർഗ്ഗവും, മലക്കുകളും ഒരുപോലെ അദൃശ്യങ്ങളാകകൊണ്ടു ചില നിഘണ്ടുകളിൽ 'ജിന്ന്' എന്നതിന് മലക്കുകളും കൂടി ഉൾപ്പെടുന്ന അർത്ഥം നൽകിയിട്ടുള്ളതു സൂ: സ്വാഫ്-ഫാത്ത് 158ൻെറ വിവരണത്തിൽ നാം ചൂണ്ടിക്കാട്ടിയിട്ടുണ്ട്.)

ജിന്നിനെയും ശൈത്താനെയും സംബന്ധിച്ച് ഖുർആൻെറ ചില പ്രസ്താവനകൾ

താഴെ കാണുന്ന ഖുർആൻ വാക്യങ്ങൾ ഓർമ്മിക്കുക:-

يابنى آدم لا يفتننم الشيطان ... انا جعلنا الشياطين او لياء الذين لا يؤمنون –الاعراف:٢٧

ആദമിൻെറ മക്കളേ, നിങ്ങളുടെ മാതാപിതാക്കൾക്കു അവരുടെ നഗ്നത കാണിക്കു

---

* 'ഇൻസ്' എന്ന വാക്കിനു അർത്ഥം നിഘണ്ടുകളിൽ കൊടുക്കുന്നതിങ്ങനെയാണ് : .

الانس : البشر او غير الجن والملاك (المنجد)

الانس : البشر كاالانسان (القاموس)

الانس : خلاف الجن (المفردات)

انس : Man, Mankind (الفرائد)انس غير الجن : Mankind, The Human race . القاموس العصرى

† ഖാമൂസിൽ انسه ضدا وحشه ,الانسة ضد الوحشة എന്നും; മുൻജിദിൽ انس ضد توحش എന്നുംالنفرو الانس– بالضم– خلاف എന്നും കാണാം. ഈ മൂന്നു ധാതുക്കളിൽനിന്നുംവരുന്ന ക്രിയാരൂപങ്ങളുടെ അർത്ഥം ഇപ്രകാരമായിരിക്കും: جن ستر (മറച്ചു); انس الف (ഇണങ്ങി) توحش صار كلوحش . . (കാട്ടുജീവിയെപ്പോലെയായി).

വാനായി അവരുടെ വസ്ത്രം അവരിൽനിന്നു നീക്കിക്കൊണ്ടു ശൈത്താൻ (പിശാച്) സ്വർഗ്ഗത്തിൽനിന്നു അവരെ പുറത്താക്കിയതുപോലെ നിങ്ങളെ അവൻ കുഴപ്പത്തിലാക്കാതിരുന്നു കൊള്ളട്ടെ നിശ്ചയമായും അവനും, അവൻെറ കൂട്ടരും, നിങ്ങൾ അവരെ കാണാത്തവിധം നിങ്ങളെ (ഇങ്ങോട്ടു) കാണുന്നതാണ്. ഒിശ്വസിക്കാത്തവർക്കു ശൈത്താൻമാരെ നാം മിത്രങ്ങളാക്കി-അഥവാ കാര്യകർത്താക്കളാക്കിയിരിക്കുന്നു. (സൂ: അഅ്റാഫ് 27)

واذ قلنا للملائكة اسجدوا .... وهم لكم عدو – الكهف : ٥٠

ആദമിന്നു സുജൂദു ചെയ്യുവിൻ എന്നു നാം മലക്കുകളോടു പറഞ്ഞപ്പോൾ അവർ സുജൂദു ചെയ്തു; ഇബ്ലീസ് ഒഴികെ. അവൻ ജിന്നിൽപെട്ടവനായിരുന്നു. അങ്ങനെ, അവൻ തൻെറ റബ്ബിൻെറ കല്പനയെ ധിക്കരിച്ചു. എന്നിരിക്കെ, എന്നെവിട്ട് അവനെയും, അവൻെറ സന്തതികളെയും നിങ്ങൾ കാര്യകർത്താക്കൾ-അഥവാ മിത്രങ്ങൾ-ആക്കുകയോ?! അവരാകട്ടെ, നിങ്ങൾക്ക് ശത്രുക്കളുമാണ്. (അൽകഹ്ഫ് 50)

وأنه كان يقول سفيهنا ... ومنا القاسطون – سورة الجن

'ഞങ്ങളിൽ-ജിന്നുകളിൽ-ഉള്ള വിഡ്ഢികൾ അല്ലാഹുവിൻെറ പേരിൽ കടുത്ത അനീതി പറയാറുണ്ടായിരുന്നു.' .... ഞങ്ങളിൽ നല്ലവരുമുണ്ട്. അതല്ലാത്തവരുമുണ്ട്. . . ഞങ്ങളിൽ മുസ്ലിംകളുമുണ്ട്. നീതികെട്ടവരുമുണ്ട്. (ഈ മൂന്നു വാക്യങ്ങൾ ജിന്നുകൾ നബി (ﷺ) യിൽ നിന്നു ഖുർആൻ കേട്ടശേഷം അവർ ചെയ്ത പ്രസ്താവനകളുടെ കൂട്ടത്തിൽ അല്ലാഹു സൂറത്തുൽ ജിന്നിൽ ഉദ്ധരിച്ചതാണ്.)

ഈ അഞ്ചു ഖുർആൻ വാക്യങ്ങളിൽ നിന്നുമായി താഴെ പറയുന്ന കാര്യങ്ങൾ തുറന്ന കാര്യങ്ങൾ തുറന്ന ഹൃദയമുള്ള ഏതൊരാൾക്കും മനസ്സിലാക്കാം: (1) മനുഷ്യരെല്ലാം ആദമിൻെറയും ഹവ്വാഇൻെറയും (عليهما السلام) മക്കളായിരിക്കെ, 'ആദമിൻെറ മക്കളേ' എന്നു വിളിച്ചുകൊണ്ടും, 'നിങ്ങളുടെ മാതാപിതാക്കളെ പുറത്താക്കിയതുപോലെ' എന്നു അനുസ്മരിപ്പിച്ചുകൊണ്ടും, ശൈത്താനെക്കുറിച്ചും, ശൈത്താൻമാരെക്കുറിച്ചും ഒന്നാമത്തെ ആയത്തിൽ അല്ലാഹു താക്കീതു ചെയ്യുന്നു. അപ്പോൾ, മനുഷ്യരും ശൈത്താൻമാരും ഒരു വർഗ്ഗത്തിൽ പെട്ടവരാകുവാൻ നിവൃത്തിയില്ല. (2) ആദം 'ശൈത്താൻ ' (الشيطان) എന്നു ഏകവചനമായി പറഞ്ഞതു ഇബ്ലീസിനെയും, പിന്നീടു 'ശൈത്താൻമാർ' الشياطين എന്നു പറഞ്ഞതു അവനെയും അവൻെറ കൂട്ടുകാരെയും ഉദ്ദേശിച്ചാണ്. അവരെല്ലാം ഒരേ വർഗ്ഗവുമാണ്. (3) മനുഷ്യവർഗ്ഗത്തിൻെറ ജനയിതാക്കളായ ആദമും ഹവ്വാഉം മാത്രമായിരുന്ന-അവർക്കും സന്തതികൾ ജനിക്കുന്നതിനു മുമ്പുള്ള-കാലത്തു തന്നെ ശൈത്താൻമാർ ഉണ്ടായിരുന്നു. എന്നിരിക്കെ, അവരും മനുഷ്യരും ഒരു വർഗ്ഗമായിരിക്കുന്ന പ്രശ്നമില്ല. (4) ഇബ്ലീസാകുന്ന ശൈത്താനെപ്പറ്റി അവൻ ജിന്നിൽ പെട്ടവനാണ് (كان من الجن) എന്നു പറഞ്ഞിരിക്കകൊണ്ട് മറ്റു ശൈത്താൻമാരും ജിന്നിൽ പെട്ടവരാണെന്നു വരുന്നു. (5) ജിന്നുവർഗ്ഗം ഒന്നു വേറെത്തന്നെയാണെന്നു മാത്രമല്ല, ആ വർഗ്ഗം മനുഷ്യവർഗ്ഗത്തിനു മുമ്പേ നിലവിലുണ്ടുതാനും. (നാം സൂ : ഹിജ്റിൽ നിന്നു മേലെ ഉദ്ധരിച്ച ആയത്തിൽ മനുഷ്യനെ സൃഷ്ടിക്കുന്നതിനു മുമ്പുതന്നെ ജിന്നിനെ സൃഷ്ടിച്ചു (والجان خلقناه من قبل) എന്നു അല്ലാഹു വ്യക്തമായിത്തന്നെ പറഞ്ഞിട്ടുണ്ടല്ലോ.)

(6) ആദമിൻെറ സന്തതികളാകുന്ന മനുഷ്യവർഗ്ഗത്തെ ജിന്നിൽ പെട്ട ഇബ്ലീസാകുന്ന ശൈത്താനും അവൻെറ കൂട്ടരായ മറ്റു ശൈത്താന്മാരും ഇങ്ങോട്ടു കാണുന്നു. അതേ സമയത്ത് മനുഷ്യർ അവരെ അങ്ങോട്ടു കാണുകയുമില്ല. ഇനി, വല്ലപ്പോഴും നബി (ﷺ) യോ മറ്റോ ജിന്നിനെ കണ്ടുവെന്നു തെളിയുന്നപക്ഷം-മലക്കിനെ കാണുന്നതുപോലെത്തന്നെ-അതു അസാധാരണ സംഭവങ്ങളുടെ ഇനത്തിൽ പെട്ടതായിരി

ക്കും. (7) ജിന്നുവർഗ്ഗത്തിൽ വിഡ്ഢികളും അല്ലാത്തവരും, നല്ലവരും അല്ലാത്തവരും, മുസ്ലിംകളും അല്ലാത്തവരും ഉണ്ടായിരിക്കും. (8) ശൈത്താൻമാരെല്ലാം മനുഷ്യരുടെ ശത്രുക്കളാണ്. എന്നാൽ, ജിന്നുകളെല്ലാവരും മനുഷ്യശത്രുക്കളാകുന്നില്ല. കാരണം, ജിന്നുകളിൽ നല്ലവരും ചീത്തപ്പെട്ടവരുമുണ്ട്. ശൈത്താൻമാരെല്ലാം ദുഷിച്ചവരുമാണ്. ജിന്നുകൾ മനുഷ്യശത്രുവാണെന്നു ഖുർആൻ എവിടെയും പറഞ്ഞിട്ടുമില്ല. ശൈത്താൻമാർ ശത്രുക്കളാണെന്നേ പറഞ്ഞിട്ടുള്ളു. (9) ഇബ്ലീസിനെയും, അവൻെറ സന്തതികളെയും (وذرية) എന്നു പറഞ്ഞിരിക്കകൊണ്ട് അവനു സന്തതികൾ ഉണ്ടെന്നു വരുന്നു. പക്ഷേ, ഈ സന്തതികൾ എങ്ങിനെയുള്ളവരാണെന്നു നമുക്കു അറിഞ്ഞുകൂടാ.

മേലുദ്ധരിച്ച ഖുർആൻവചനങ്ങൾക്കു പുറമെ, ജിന്നിനെയും ശൈത്താനെയും കുറിച്ചു പ്രസ്താവിക്കുന്ന പല ഖുർആൻ വാക്യങ്ങളും, നബിവാക്യങ്ങളും കാണാം. അവ പരിശോധിച്ചാൽ-വക്രമനസ്ഥിതിയില്ലാത്ത ആർക്കും-മനസ്സിലാക്കുവാൻ സാധിക്കും, മനുഷ്യനു സാധ്യമല്ലാത്ത പലതും അവർക്കു കാൺമാനും ചെയ്വാനും കഴിയുമെന്ന് സുലൈമാൻ (عليه السلام) നബിയുടെ ചരിത്രത്തിൽനിന്നും മറ്റും ഇതു നല്ലപോലെ തെളിഞ്ഞിട്ടുള്ളതുമാണ്. പക്ഷേ, മറ്റെല്ലാ സൃഷ്ടികളെയും, വർഗ്ഗങ്ങളെയുംപോലെ, ജിന്നുവർഗ്ഗത്തിനും ചില പ്രകൃതിവ്യവസ്ഥകളും, നിയമപരിധികളും അല്ലാഹു നിശ്ചയിച്ചിരിക്കുമെന്നു തീർച്ചയാകുന്നു. ആ വലയത്തിനുള്ളിൽ മാത്രമേ അവർക്കു എന്തിനും കഴിവും സ്വാതന്ത്ര്യവും ഉണ്ടായിരിക്കുകയുള്ളു.

മനുഷ്യരിൽ പിശാചുക്കളുണ്ട് - ജിന്നുകളില്ല

ജിന്നുവർഗ്ഗത്തിൽ ദുഷിച്ച വിഭാഗക്കാർക്കാണ് ശൈത്താൻ എന്ന പേർ സാക്ഷാൽ പറയപ്പെടുന്നതെങ്കിലും മനുഷ്യരിൽ ദുഷിച്ച ആളുകൾക്കും ഈ പേർ ഉപമാരൂപത്തിൽ പറയാറുണ്ടെന്നു മുമ്പു നാം ചൂണ്ടിക്കാട്ടുകയുണ്ടായി. ജിന്നുകളിലെ പിശാചുക്കളെമാത്രം ഉദ്ദേശിച്ചും, മനുഷ്യപ്പിശാചുക്കളെ മാത്രം ഉദ്ദേശിച്ചും ഇരുവർഗ്ഗത്തിലുമുള്ള പിശാചുക്കളെ ഉദ്ദേശിച്ചും ആ വാക്കു ഖുർആനിൽ ഉപയോഗിച്ചുകാണാം. മേലെ ഉദ്ധരിച്ച 1-ാമത്തെ ആയത്തിൽ ജിന്നിലെ പിശാചാണുദ്ദേശ്യം. മനുഷ്യരിലും ജിന്നുകളിലുമുള്ള പിശാചുക്കൾ' (شياطين الانس والجن الاعراف) എന്നു തന്നെ ഖുർആൻ ഒരു സ്ഥലത്ത് പറഞ്ഞിരിക്കുന്നു. ധനം ധൂർത്തടിക്കുന്നവരെപ്പറ്റി ' പിശാചുക്കളുടെ സഹോദരന്മാർ (اخوان الشياطين الاسراء) എന്നു പറഞ്ഞിരിക്കുന്നു. പിശാചുക്കളെപ്പോലെയുള്ളവർ എന്നു സാരം. കപടവിശ്വാസികൾ അവരുടെ നേതാക്കളുടെ അടുക്കൽ ചെല്ലുന്നതിനെപ്പറ്റി 'അവർ പിശാചുക്കളിലേക്കു ഒഴിഞ്ഞുചെന്നാൽ' (وإذخلوا الى شياطيهم البقرة) എന്നും പറഞ്ഞിട്ടുണ്ട്.

ചില പണ്ഡിതാഭിപ്രായങ്ങൾ

സഹീഹുൽ ബുഖാരിയിൽ 'ജിന്നുകളെയും, അവരുടെ പ്രതിഫലത്തെയും, കുറിച്ചു പ്രസ്താവിക്കുന്ന അദ്ധ്യായം' (باب ذكر الجن وثوابهم وعقابهم) എന്നൊരദ്ധ്യായമുണ്ട്. 'മഹ്ശറി'ൽ (*) വെച്ചു ജിന്നുകളോടു മനുഷ്യരോടും അല്ലാഹു ചോദിക്കുന്ന ഒരു ചോദ്യം അടങ്ങിയ സൂ: അൻആമിലെ 128-ാം വചനവും ഒരു ഹദീസുമാണ് ആ അദ്ധ്യായത്തിൽ ബുഖാരി (رحمه الله) പ്രധാനമായും ഉദ്ധരിച്ചിരിക്കുന്നത്. ആയത്ത് ഇതാണ്; يا معشر الجن والانس ألم يأتكم رسل منكم يقصون عليكم آياتي ..... الانعام (ജിന്നിൻെറയും ഇൻസിൻെറയും സമൂഹമേ, എൻെറ ആയത്തുകൾ നിങ്ങൾക്കു വിവരിച്ചു തന്നും കൊണ്ടു നിങ്ങളിൽ നിന്നും നിങ്ങൾക്കും ദൂതൻമാർ വന്നിരുന്നില്ലേ?! അപ്പോൾ, അല്ലാഹുവിൻെറ

* സൃഷ്ടികളെല്ലാം അല്ലാഹുവിൻെറ കോടതിയിൽ ഹാജറാക്കപ്പെടുന്ന മഹാസദസ്സ്.

വിധിവിലക്കുകൾ ജിന്നുകൾക്കും ബാധകമാണെന്നു വന്നുവല്ലോ. (ഈ ആയത്തിനെ സംബന്ധിച്ച മറ്റുചില വിവരങ്ങൾ താഴെ വരുന്നുണ്ട്.) അതിലെ ഹദീസിൻെറ ചുരുക്കം ഇപ്രകാരമാകുന്നു: 'നമസ്കാരത്തിനു ബാങ്കു വിളിക്കുന്നത് ഉച്ചത്തിലായിരിക്കണം. കാരണം, അതു കേൾക്കുന്ന ജിന്നും, മനുഷ്യനും, മറ്റു വസ്തുക്കളും ഖിയാമത്തുനാളിൽ ബാങ്കു വിളിച്ചവന്നു സാക്ഷിയായി വരുന്നതാണ് എന്നു നബി (ﷺ) അരുളിച്ചെയ്തിരിക്കുന്നു.'

ഈ അദ്ധ്യായത്തിൻെറ വിവരണത്തിൽ ഇമാം അസ്ഖലാനീ (ﷺ) ഫത്ത്ഹുൽബാരിയിൽ സുദീർഘമായ ഒരു പ്രസ്താവന ചെയ്തുകാണാം. അതിലെ ചില പ്രസക്തഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കുന്നതു സന്ദർഭോചിതമാണ്. അദ്ദേഹം പറയുന്നു:

ഈ ശീർഷകംകൊണ്ടു ബുഖാരിയുടെ ഉദ്ദേശ്യം, ജിന്ന് എന്നൊരു കൂട്ടരുണ്ടെന്നും, അവർ മതശാസനങ്ങൾക്കു വിധേയരാണെന്നും , സ്ഥാപിക്കലാണ്. എന്നാൽ, തത്വശാസ്ത്രജ്ഞൻമാരിലും (*) നിർമ്മതവാദികളിലും, (†) 'ഖദ്രിയ്യഃ' (‡) വിഭാഗത്തിലും പെട്ട പലരും ജിന്നകളുടെ അസ്തിത്വം നിഷേധിക്കുന്നവരാണെന്നു ഇമാമുൽ ഹറമൈനി (ﷺ) പ്രസ്താവിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു: 'മതത്തിൽ വിശ്വസിക്കാത്തവർ അതു നിഷേധിക്കുന്നതിൽ ആശ്ചര്യമില്ല. ഖുർആൻെറ വ്യക്തമായ തെളിവുകളും, നിരവധി ഹദീസുകളും ഉണ്ടായിട്ടുപോലും മതത്തിൽ വിശ്വസിക്കുന്ന ചില ആളുകൾ നിഷേധിക്കുന്നതിലാണ് ആശ്ചര്യം. വാസ്തവത്തിൽ, ബുദ്ധിപരമായി നോക്കുമ്പോൾ അതിൽ അസാംഗത്യമായി ഒന്നുമില്ലതാനും. മനുഷ്യൻ ജിന്നിനെ കാണുന്നില്ലെന്നുള്ളതു മാത്രമാണ് ഈ നിഷേധത്തിൻെറ പ്രധാന അടിസ്ഥാനം. അല്ലാഹുവിൻെറ അത്യൽഭുതകരങ്ങളായ കഴിവുകളെപ്പറ്റി ശരിക്കു മനസ്സിലാക്കാത്തവർക്കു മാത്രമേ അതൊരു പ്രയാസകരമായി തോന്നുകയുള്ളു. ' ഖാളി അബൂബക്കർ (§) പറയുന്നു: ' ഈ നിഷേധികളിൽ ചിലർ ജിന്ന് എന്നരു വർഗ്ഗത്തെ സമ്മതിക്കുമെങ്കിലും, ഇപ്പോൾ അവർ നിലവിലില്ലെന്നു പറയുന്നു. വേറെ ചിലർ, ജിന്നുകൾ മനുഷ്യരിൽ എന്തെങ്കിലും സ്വാധീനം ചെലുത്തുന്നതിനെ നിഷേധിക്കുന്നവരാണ്. ' 'മുഅ്ത്തസിലീ' നേതാവായ അബ്ദുൽ ജബ്ബാർ പറയുന്നു: 'ജിന്നുകൾ ഉണ്ടെന്നുള്ളതിന്നു തെളിവ് മതപ്രമാണങ്ങളാണ്–ബുദ്ധിയല്ല. കാരണം, ജിന്ന് ദൃശ്യവസ്തുവല്ല. അതുകൊണ്ടാണതിൽ അഭിപ്രായഭിന്നിപ്പുണ്ടായത്. പക്ഷേ, നമുക്ക് അനിവാര്യമായി അറിയുവാൻ സാധിച്ചിട്ടുണ്ട്. മതത്തിൽ അവരുടെ അസ്തിത്വത്തെ നബി (ﷺ) അംഗീകരിച്ചിട്ടുണ്ടെന്ന്. ഇതു തെളിയിക്കുവാൻ സമയം ചിലവഴിക്കേണ്ടതില്ല. കാരണം, അത്രയും പ്രസിദ്ധമായതാണത്.'

പിന്നീട്, ജിന്നുകളെ മനുഷ്യർക്കു കാൺമാൻ കഴിയാത്തതിനു കാരണം എന്താണെന്നതിനെക്കുറിച്ചു ചിലതെല്ലാം സംസാരിച്ചശേഷം അസ്ഖലാനി (ﷺ) മറ്റു ചില സംഗതികൾ ചൂണ്ടിക്കാട്ടുന്നു. അവ ഇങ്ങനെ സംഗ്രഹിക്കാം: 1. ജിന്നുകൾക്കു പല വേഷവും

---

* الفلاسفة (Philosophers)

† الزنادقة . (Atheists)

‡ القدرية (Fatalists - ദൈവവിധി നിഷേധിക്കുന്നവർ)

§ القاضى أبو بكر الباقلانى– رح

സ്വീകരിക്കുവാൻ സാധിക്കുമെന്നു ഹദീസുകളിൽനിന്നു വ്യക്തമാകുന്നു. ഇതു യഥാർത്ഥത്തിലുള്ള വേഷംതന്നെയാണോ, അതല്ല പ്രത്യക്ഷത്തിൽ തോന്നുന്നതു മാത്രമായിരിക്കുമോ എന്നതിൽ ഭിന്നാഭിപ്രായമുണ്ട്. 2. ജിന്നുകളെല്ലാം ഓരേ വർഗ്ഗത്തിൽപെട്ടവരാണെന്നാണു പ്രബലമായ അഭിപ്രായം. 3. ജിന്നുകൾ മതശാസനകൾക്കു വിധേയരല്ലെന്ന അഭിപ്രായം തെറ്റാണ്. 4. ജിന്നുകളിലേക്കു അവരിൽ നിന്നു (പ്രവാചകത്വമുള്ള) ദൈവദൂതൻമാർ നിയോഗിക്കപ്പെട്ടിട്ടുണ്ടോ, ഇല്ലേ എന്നതിലും, മനുഷ്യരിലുള്ള ദൈവദൂതൻമാർ അവരിലേക്കുകൂടി നിയോഗിക്കപ്പെട്ടിരുന്നുവോ എന്നതിലും അഭിപ്രായവ്യത്യാസമുണ്ട്. പക്ഷെ, നബി (ﷺ) തിരുമേനി മനുഷ്യരിലേക്കെന്നപോലെ ജിന്നുകളിലേക്കും റസൂലായിരുന്നുവെന്നതിൽ പണ്ഡിതൻമാർക്കിടയിൽ അഭിപ്രായവ്യത്യാസമില്ല. 5. തൗഹീദ് മുതലായ പ്രധാന മതകാര്യങ്ങളല്ലാത്ത-ശാഖാപരമായ-വിഷയങ്ങളിൽ അവരും മനുഷ്യരും തമ്മിൽ വ്യത്യാസമുണ്ടായിരിക്കും.'

'അവരിൽ ഭക്ഷണപാനീയങ്ങളുടെയും, വിവാഹാദി കാര്യങ്ങളുടെയും പതിവുണ്ടോ എന്നതിലും അഭിപ്രായമുണ്ട്. ഭക്ഷണം കഴിക്കാറുണ്ടെന്നാണ് ഹദീസുകളിൽനിന്നു മനസ്സിലാകുന്നത്. സ്വർഗ്ഗീയ സ്ത്രീകളെപ്പറ്റി لم يطمثهن إنس قبلهم ولا جان –الرحمن (അവരുടെ-സ്വർഗ്ഗസ്ഥരായ ആളുകളുടെ-മുമ്പ് ആ സ്ത്രീകളെ മനുഷ്യനാകട്ടെ, ജിന്നാകട്ടെ സ്പർശിച്ചിട്ടില്ല.) എന്നു പ്രസ്താവിച്ചതും, أفتتخذونه من ذريته أولياء – الكهف (അവനെ-ഇബ്‌ലീസിനേ-യും അവന്റെ സന്തതികളെയും നിങ്ങൾ കാര്യകർത്താക്കൾ-അഥവാ ബന്ധുക്കൾ- ആക്കുകയോ?) എന്നു പറഞ്ഞിട്ടുള്ളതും നോക്കുമ്പോൾ, അവരിൽവിവാഹവും ജനനവും നടക്കുന്നുണ്ടെന്നാണ് വരുന്നത്.' (فتح الباری ج ٦ ص: ٢٢٤-٢٢٦) സൂ:ഹാമീം സജദഃ.യിൽ فِى أمَمٍ قد خلت من قبلهم من الجن والانس –حم السجدة (തങ്ങളുടെ മുമ്പ് ജിന്നിൽനിന്നും മനുഷ്യരിൽനിന്നും കഴിഞ്ഞുപോയിട്ടുള്ള സമുദായങ്ങളിൽ-41:25) എന്നു പ്രസ്താവിച്ചതിനെ ആസ്പദമാക്കി അവരിൽ മരണം ഉണ്ടാകാമെന്നും ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. الله أعلم

ഇമാം റാസീ(رحمه الله) അദ്ദേഹത്തിന്റെ തഫ്സീറിൽ ഇങ്ങനെ പറയുന്നു: ജിന്നുവർഗ്ഗത്തെപ്പറ്റി മുമ്പും ഇപ്പോഴും അഭിപ്രായവ്യത്യാസമുണ്ട്. മിക്ക തത്വശാസ്ത്രപണ്ഡിതൻമാരിൽനിന്നും നിഷേധമാണ് കാണുന്നത്. അബൂ അലീസീനാ (*) യുടെ വാക്കു തെറ്റിദ്ധരിച്ചതാണ് ഇതിനു കാരണം. എന്നാൽ, മതത്തിലും, പ്രവാചകന്മാരിലും വിശ്വസിക്കുന്നവരിൽ ഭൂരിഭാഗവും ജിന്നിനെ സ്ഥാപിക്കുന്നവരത്രെ. പൗരാണിക തത്വശാസ്ത്രജ്ഞന്മാരിലും, ആത്മീയവാദികളിലും (†) ഒരു വലിയ വിഭാഗം ആളുകളും ജിന്നിനെ സമ്മതിക്കുന്നവരാണ്. അധോലോകാത്മാക്കൾ (الارواح السفلية) എന്നാണ് അവർ ജിന്നുകളെപ്പറ്റി പറയുന്നത്. ' തുടർന്നുകൊണ്ട് ഇമാം റാസീ (رحمه الله) ജിന്നിനെ നബി (ﷺ) കണ്ടിട്ടുണ്ടോ എന്ന വിഷയത്തെക്കുറിച്ചു ചില അഭിപ്രായങ്ങൾ ഉദ്ധരിക്കുകയും, കണ്ടിട്ടുണ്ടെന്ന അഭിപ്രായം സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. من تفسير الرازي ج ٨ ص ٢٢٤

---

* അബൂഅലീസീനാ(Avisenne) ക്രി. 10-ാം നൂറ്റാണ്ടിൽ ബുഖാറയിൽ ജനിച്ച ആളും മുസ്‌ലിം ഫിലോസഫികളിൽ അഗ്രഗണ്യനുമായിരുന്നു. പൌരാണിക ഗ്രീക്ക് തത്വശാസ്ത്ര പണ്ഡിതനായിരുന്ന أرسطو എന്ന അരിസ്റ്റോട്ടലി(Aristotel)ന്റെ തത്വസിദ്ധാന്തങ്ങളിൽ അഗാധപാണ്ഡിത്യം നേടിയിരുന്ന അദ്ദേഹം വിലപ്പെട്ട പല ഗ്രന്ഥങ്ങളും ശാസ്ത്രത്തിന് സമ്മാനിച്ചിട്ടുണ്ട്.

† الروحانيون (Spiritualists)

ഒരു ആധുനികമഹാ പണ്ഡിതനായ അല്ലാമാ ഫരീദ് വജ്ദീ (*) സൂ: സ്വാഫ്-ഫാത്തിലെ ആയത്തുകളിൽവെച്ച് ഇങ്ങിനെ പറയുന്നു: 'ശൈത്താൻ' എന്നാൽ എന്ത്? 'മാരിദ്' (മുരട്ടുശീലക്കാരൻ) مارد എന്നാൽ എന്ത്? എന്നൊക്കെ ചോദിച്ചാൽ നാം പറയും അവരെ കാണുകയില്ല. ഈ പദാർത്ഥലോകത്തിനപ്പുറം വേറെ ചില ബുദ്ധികലോകങ്ങളുണ്ടെന്നു പ്രകൃതിശാസ്ത്രപടുക്കൾക്കു ബോധ്യപ്പെടുകയും, അവരതു സ്ഥാപിക്കുകയും ചെയ്തിരിക്കെ പദാർത്ഥലോകത്തിനപ്പുറം നടമാടുന്നകാര്യങ്ങളെ വ്യാജമാക്കിത്തള്ളാവുന്ന കാലമല്ല ഇത്. ദുർഭാഗ്യവാന്മാർക്കല്ലാതെ ഇമ്മാതിരി വിഷയത്തിൽ തിമിരം പിടിപെടുകയില്ല.' صفوة العرفان ص ٤٢٤ തുടർന്നു കൊണ്ട് ' ആധുനികയുഗത്തിൽ ഇസ്ലാം ' എന്ന വിഷയത്തെക്കുറിച്ച് പ്രത്യേകം അദ്ദേഹം എഴുതിയിട്ടുള്ള ഒരു ഗ്രന്ഥം .... الاسلام فى عصر العلم നോക്കുവാൻ ഓർമ്മിപ്പിക്കുകയും ചെയ്തിരിക്കുന്നു.

ആധുനിക ഖുർആൻ വ്യാഖ്യാനഗ്രന്ഥങ്ങളിൽ വളരെ പ്രസിദ്ധി നേടിയതും, പണ്ഡിതലോകത്ത് കുറേകാലം കോളിളക്കം ഉണ്ടാക്കിയതുമാണു തഫ്സീറുൽ മനാർ (تفسير المنار) അതിൽ അല്ലാമാ റശീദ് റിളാ (السيد رشيد رضا) സൂ:സ്വാഫ്-ഫാത്തിൽവെച്ച് ജിന്നുകളെപ്പറ്റി പ്രസ്താവിക്കുന്നമദ്ധ്യേ പറയുന്നു: ഈ വിഷയം നാം ആവർത്തിച്ചു പറയുന്നതു, ഇവിടെ അതിൻെറ സന്ദർഭമായതുകൊണ്ടും, ജിന്നിനെയും, ശൈത്താനെയും നിഷേധിക്കുന്നവർക്കുള്ള മറുപടി സത്യവിശ്വാസികളെ ഓർമ്മിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതുകൊണ്ടുമാകുന്നു. അവർ ജിന്നുകളെ കാണുന്നില്ല, അല്ലെങ്കിൽ അവരുടെ പരിചയത്തിനും ചിന്തക്കും അതും ഇണങ്ങുന്നില്ല എന്നതാണ് അവരുടെ നിഷേധത്തിനു കാരണം. വാസ്തവത്തിൽ പിശാചുക്കളുടെ ഏറ്റവും വിശാലമായ പാർപ്പിടം അവരിൽതന്നെയാണ്.' പിന്നീട് പിശാചുക്കളെ സംബന്ധിച്ചു പൊതുജനങ്ങളിൽ കടന്നുകൂടിയിട്ടുള്ള ചില അന്ധവിശ്വാസങ്ങളെ ചൂണ്ടി ക്കാട്ടിക്കൊണ്ട് അദ്ദേഹം തുടരുന്നു: 'ഈ അന്ധവിശ്വാസങ്ങൾമൂലം, സത്യവിശ്വാസികളുടെമേൽ ഭൗതികവാദികൾക്കു പല ആക്ഷേപങ്ങളും പുറപ്പെടുവിക്കുവാൻ ഇടയായിട്ടുണ്ട്. അവർ വിശ്വസിക്കുന്നതെല്ലാം പിശാചിനുണ്ടെന്നു മതം സ്ഥാപിച്ചിട്ടില്ല. മനുഷ്യഹൃദയങ്ങളിൽ ദുർവിചാരങ്ങളും, ദുഷ്പ്രേരണകളും ഉണ്ടാക്കുകയാണ് പിശാചിനു മനുഷ്യരിൽ ഉള്ളതായി ഖുർആൻ രേഖപ്പെടുത്തിയിട്ടുള്ള പ്രവൃത്തി. അതിനുള്ള പ്രതിവിധിയും അതു നിർദ്ദേശിച്ചിരിക്കുന്നു.........'

'നബി (ﷺ) ജിന്നിനെ കണ്ടിട്ടില്ലെന്നു ഇബ്നുഅബ്ബാസ് (رضي الله عنه) ൽ നിന്നു വന്നിട്ടുണ്ട്. പക്ഷേ, ഇബ്നു മസ്ഊദ് (رضي الله عنه) ൽ നിന്നു വന്നിട്ടുള്ളതു ഉണ്ടെന്നാണ്. മറ്റു പല രിവായത്തുകളിലും ഇതു വന്നിട്ടുണ്ട്. ഇതു നബിമാരുടെ പ്രത്യേകതയാണെന്നാണ് ഇമാം ശാഫീ (رحمه الله) യുടെ അഭിപ്രായം. ജിന്നുകളുടെ സാക്ഷാൽ രൂപത്തിൽ കാണുന്നതുമാത്രമേ നബിമാരുടെ പ്രത്യേകതയായിട്ടുള്ളുവെന്നത്രെ മറ്റു ചിലരുടെ അഭിപ്രായം. ജിന്നുകൾക്ക് പല രൂപങ്ങൾ സ്വീകരിക്കാൻ കഴിയുമോ എന്നതിൽ ഭിന്നാഭിപ്രായമാണുള്ളത്. ഭൂരിപക്ഷം, സ്വീകരിക്കാമെന്നാകുന്നു ചിലരുടെ അഭിപ്രായം ബാഹ്യദൃഷ്ടിയിൽ മാത്രമേ അതു സംഭവിക്കുയുള്ളു എന്നാണ്. (من تفسير المنارج ٨ ص ٦٦–٣٦٩)

ശൈഖ് അബ്ദുൽവഹ്-ഹാബ് നജ്ജാർ (†) ജിന്നുകളെക്കുറിച്ചു പ്രസ്താവിച്ചിട്ടുള്ള

---

* 'ഇരുപതാം നൂറ്റാണ്ടിൻെറ വിജ്ഞാനകോശം' (دائرة معارف القرن العشرين) എന്ന എൻസൈക്ലോപീഡിയായുടെ കർത്താവാണ് ഫരീദുവജ്ദി (محمد فريد الوجدى) 20 വാല്യം വരുന്ന ആ മഹൽ ഗ്രന്ഥം ക്രി. 1936ൽ പ്രസിദ്ധീകരിക്കപ്പെട്ടു. ഇദ്ദേഹത്തിൻെറ-ചെറുതെങ്കിലും-വിലയേറിയ ഒരു തഫ്സീറാണ് 'സ്വഫ്വത്തുൽ ഇർഫാൻ' (صفوة العرفان)

† ഈജിപ്തിലെ ഒരു ചരിത്ര പ്രൊഫസറായ ഇദ്ദേഹം (عبد الوهاب النجار) ഖുർആനിൽ വന്ന നബിമാരുടെ സംഭവങ്ങളെല്ലാം ക്രോഡീകരിച്ച് യുക്തിയുക്തം അപഗ്രന്ഥം നടത്തിക്കൊണ്ടു രചിച്ചിട്ടുള്ള ഒരു ഗ്രന്ഥമാണ് قصص الانبياء (നബിമാരുടെ കഥകൾ). ഒന്നാം പതിപ്പ് പുറത്തായതോടെ ജാമിഉൽ അസ്ഹറിലെ

തു ശ്രദ്ധേയമാണ്. അതിൻെറ സംക്ഷിപ്തരൂപം ഇതാകുന്നു: അല്ലാഹുവിൻെറ സൃഷ്ടികളിൽപെട്ട ഒരു കൂട്ടരാണവർ. നമുക്കവരെ കാൺമാൻ കഴിയുകയില്ല. അല്ലാഹു പറയുന്നു: ' അവനു അവൻെറ കൂട്ടുകാരും നിങ്ങൾ അവരെ (അങ്ങോട്ടു) കാണാത്ത വിധം നിങ്ങളെ (ഇങ്ങോട്ടു) കാണാത്തവിധം നിങ്ങളെ (ഇങ്ങോട്ടു) കാണുന്നു.' എന്ന്. (*) നാമതു വിശ്വസിക്കൽ നിർബ്ബന്ധമാണ്. ബുദ്ധിയല്ല. വേദപ്രമാണങ്ങളാണതിനു തെളിവ്. അവരിൽ ജനനവും സന്താനോൽപാദനവുമുണ്ട്.' അവനെ-ഇബ്ലീസിനെ-യും അവൻെറ സന്തതികളെയും നിങ്ങൾ കാര്യകർത്താക്കളാക്കുകയാ?' എന്നു അല്ലാഹു പറഞ്ഞിരിക്കുന്നു. അവരിൽ നല്ലവരും ദുഷിച്ചവരും ഉണ്ട്. അല്ലാഹു (ജിന്നുകളുടെ പ്രസ്താവനയിൽ) പറയുന്നു: 'ഞങ്ങളിൽ മുസ്ലിംകളും നീതികെട്ടവരും ഉണ്ട്. ' ജിന്നുകൾ മനുഷ്യരെക്കാൾ ഉൽകൃഷ്ടൻമാരല്ല. 'ജിന്ന്, ജാന്ന്, ജിന്നത്ത് ' എന്നീ വാക്കുകളിലായി 34 സ്ഥലത്ത് അവരെപ്പറ്റി ഖുർആൻ പ്രസ്താവിച്ചിരിക്കുന്നു. ' ജിന്ന്, ജാന്ന്, ശൈത്താൻ, ഇബ്ലീസ്, ശൈത്താൻമാർ' എന്നീ വാക്കുകളിൽ തൗറാത്തിലും (ബൈബ്ളിൻെറ പഴയ നിയമത്തിലും) പലേടത്തും പറഞ്ഞിരിക്കുന്നു.' قصص الأنبياء للنجار തുടർന്നുകൊണ്ടു ബൈബ്ളിലെ കുറേ സൂക്തങ്ങൾ അദ്ദേഹം ഉദാഹരണത്തിന് ചൂണ്ടിക്കാട്ടുകയും ചെയ്തിട്ടുണ്ട്.

ജിന്നുകളെക്കുറിച്ചു പലതും പറഞ്ഞശേഷം മർഹൂം സയ്യിദ് ഖുത്ത്ബ് പറയുന്നു: 'നാം ഇന്ന് അണുരഹസ്യങ്ങളെക്കുറിച്ചു പ്രസ്താവച്ചുവരുന്ന പല കാര്യങ്ങളും ഒരു അഞ്ചു നൂറ്റാണ്ടുകൾക്കുമുമ്പ് ആരെങ്കിലും പറഞ്ഞിരുന്നുവെങ്കിൽ അന്നുള്ളവർ അവനെ തനി ഭ്രാന്തനാക്കുമായിരുന്നു. അഥവാ, ജിന്നുവർഗ്ഗത്തെപ്പറ്റി പറയപ്പെടാവുന്നതിനെക്കാൾ ആശ്ചര്യകരമായി അവരതിനെ കണക്കാക്കുമായിരുന്നു.' (فى ظلال القرآن ج ٢٦ ص ٣٣)

നിഷേധികൾക്കുള്ള ചില ന്യായങ്ങൾ

ജിന്നിനെയും പിശാചിനെയും സംബന്ധിച്ച് ഇസ്ലാമിൻെറ നിലപാടും മുസ്ലിംകളുടെ വിശ്വാസങ്ങലും എന്തൊക്കെയാണെന്നു മേൽവിവരിച്ചതിൽ നിന്നു നമുക്കു മനസ്സിലായി. ഈ തുറയിൽ നമുക്കുള്ള അവലംബം ബുദ്ധിയോ, യുക്തിയോ, ശാസ്ത്രമോ അല്ലെന്നും, ഖുർആനും ഹദീസുമാണെന്നും പറയേണ്ടതില്ല. യുക്തിക്കൊതിരായോ, ബുദ്ധിക്കു വിപരീതമായോ അതിൽ ഒന്നുംതന്നെ ഇല്ലതാനും. നിഷേധികൾക്കു അവരുടെ നിഷേധ ത്തിനു ഖുർആനിൽ നിന്നോ, ഹദീസിൽനിന്നോ വ്യക്തമായ എന്തെങ്കിലും തെളിവു സമ ർപ്പിക്കുവാനില്ലെങ്കിലും അവർക്കെതിരായിക്കാണുന്ന തെളിവുകളെ ദുർവ്യാഖ്യാനം ചെയ്യാനും, അനുകൂലമാക്കിക്കാണിക്കുവാൻ വല്ല പഴുതും കാണുന്ന പ്രസ്താവനകളെ പൊക്കിക്കാട്ടുവാനും ശ്രമിക്കുക അവരുടെ പതിവാണ്. മത വിശ്വാസികളായ സാധാരണക്കാരെ ആശയക്കുഴപ്പത്തിലാക്കുവാൻ താരതമ്യേന ഇതു കൂടുതൽ എളുപ്പമാർഗ്ഗവുമായിരിക്കും. അതുകൊണ്ട് അവരുടെ ഇത്തരം ചില ന്യായീകരണങ്ങളെക്കുറിച്ചാണ് എനി നമുക്കൽപം ആലോചിക്കുവാനുള്ളത്. അവ ഇങ്ങിനെ സംഗ്രഹിക്കാം:-

(1) ജിന്ന് ഒരു പ്രത്യേക വർഗ്ഗമാണെങ്കിൽ മുഹമ്മദു (ﷺ) നബിയും, മറ്റു

ഒരു പണ്ഡിതസംഘം അതിൻെറ ചില ഭാഗങ്ങൾ ഖണ്ഡിക്കുകയുണ്ടായി. ഹി: 1355 (ക്രി. 1936)ൽ രണ്ടാംപതിപ്പു പുറത്തായപ്പോൾ അതിനു അദ്ദേഹം തക്ക മറുപടികളും കൊടുത്തു. നമ്മുടെ നാടുകളിൽ ഖുറാഫാത്തുകളാൽ നിറക്കപ്പെട്ട ഒരു قصص الانبياء കാണാം. അതല്ല ഇത്.

* ഈ ഉദ്ധരിണിയിലുള്ള ഖുർആന് വാക്യങ്ങളും അവയുടെ മൂലങ്ങളും മുകളിൽ നാം വായിച്ചതാണ്.

നബിമാരും അവരിൽ എങ്ങിനെയാണ് തങ്ങളുടെ റസൂൽ എന്ന നിലക്കുള്ള കൃത്യങ്ങൾ നടത്തുക? 'ജിന്നു' നും ' ഇൻസി' നും റസൂൽ വന്നിട്ടുണ്ടെന്നു ഖുർആൻ (സൂ: അൻആം 130ൽ) പറയുന്നു. അതേ സമയത്തു മനുഷ്യരിൽ നിന്നല്ലാതെ റസൂൽ വന്നിട്ടുണ്ടെന്നുള്ളതിനു തെളിവില്ലാതാനും. പക്ഷേ, ഇല്ലെന്നുള്ളതിനാണ് തെളിവു കാണുന്നത്. അപ്പോൾ ജിന്നും ഇൻസും ഒന്നായിരിക്കണമല്ലോ. (2) അല്ലാഹു ഒരു മനുഷ്യനെ റസൂലായി അയച്ചിരിക്കുകയാണോ എന്നു ചോദിച്ച മുശ്രിക്കുകൾക്കുള്ള മറുപടിയൽ 'സമാധാനചിത്തരായിക്കൊണ്ട് നടക്കുന്ന മലക്കുകളാണ് ഭൂമിയിൽ ജീവിക്കുന്നതെങ്കിൽ ആകാശത്തുനിന്നു ദൈവദൂതനായി ഒരു മലക്കിനെത്തന്നെ അവരുടെ അടുക്കലേക്കു നാം അയക്കുമായിരുന്നു' എന്നാണ് അല്ലാഹു (സൂ: ഇസ്രാഉ്95ൽ) പറഞ്ഞത്. റസൂലും അദ്ദേഹത്തിൻെറ ജനതയും തമ്മിൽ സമ്പർക്കം പുലർത്താൻ കഴിയണമെന്നാണിതിൻെറ സാരം. ജിന്നു ഒരു പ്രത്യേക വർഗ്ഗമാണെങ്കിൽ അതു സാധ്യമാകുമോ? (3) വിശേഷ ബുദ്ധിയും മറ്റും ഉള്ളതുകൊണ്ടാണ് മറ്റു സൃഷ്ടികൾക്കില്ലാത്ത ഉത്തരവാദിത്തം മനുഷ്യനു മാത്രം നൽകിയിരിക്കുന്നതെന്ന് (സൂ : അഹ്സാബ്: 72ൽ) ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ജിന്നുകൾക്കും ഇൻസുകൾക്കും ഹൃദയവും, കണ്ണും, കാതും ഉണ്ടെന്നും (സൂ :അഅ്റാഫ്: 179ലും മറ്റും) പ്രസ്താവിച്ചിരിക്കുന്നു. അപ്പോൾ രണ്ടുകൂട്ടരും ഒരേ വർഗ്ഗക്കാരാണെന്നു വരുന്നില്ലേ? (4) ജിന്നുകൾ വേറെ ഒരു വർഗ്ഗമാണെന്നു വെക്കുമ്പോൾ, 'പ്രപഞ്ചത്തിലെ ഏറ്റവും ഉൽകൃഷ്ട സൃഷ്ടി എന്ന സ്ഥാനം മനുഷ്യനു നഷ്ടപ്പെടുന്നതാണ്. (5) സൂറത്തുൽ ജിന്നിൽ رجال من الجن എന്നു പറഞ്ഞിരിക്കുന്നു. ഇതിലെ رجال (രിജാല് = പുരുഷൻമാർ) എന്ന വാക്കു മനുഷ്യരിലുള്ള പുരുഷൻമാർക്കേ ഉപയോഗിക്കാറുള്ളൂ. ഇതും ജിന്നുകൾ മനുഷ്യവർഗ്ഗത്തിൽപെട്ട ഒരു വിഭാഗക്കാരാണെന്നു കാണിക്കുന്നു. അതുകൊണ്ട് പരസ്പരം ഇണക്കവും സമ്പർക്കവുമില്ലാത്ത കാടൻമാർ-അഥവാ അപരിഷ്കൃതർ-എന്ന അർത്ഥത്തിലാണ് ജിന്നുകളെന്നു പറയുന്നതെന്നു മനസ്സിലാക്കാം', ഇവക്കുള്ള മറുപടികൾ താഴെ വിവരിക്കുന്നതിൽ നിന്നു മനസ്സിലാക്കാം:-

'റസൂൽ' എന്ന് ആർക്കെല്ലാം പറയാം?

'റസൂൽ' (رسول) എന്ന വാക്കിനു ദൂതൻ എന്നാണ് വാക്കർത്ഥം. ഏതെങ്കിലും ഒരു ദൗത്യവുമായി അയക്കപ്പെടുന്ന എല്ലാവർക്കും ഭാഷയിൽ ' റസൂൽ' എന്നു പറയാം. 'മലക്കുകളിൽ നിന്നും മനുഷ്യരിൽ നിന്നും അല്ലാഹു റസൂലുകളെ-ദൂതൻമാരെ-തിരഞ്ഞെടുക്കുന്നു' (الله يصطفى من الملئكة رسلا ومن الناس – الحج ٧٥) എന്നും, 'മലക്കുകളെ റസൂലു കളാക്കി യവൻ' (جاعل الملئكة رسلا ... فاطر) എന്നും അല്ലാഹു പറയുന്നു: മർയം (അ) ൻെറ അടുക്കൽ ഒരു മകനെപ്പറ്റി സന്തോഷവാർത്ത അറിയിക്കുവാൻ വന്ന മലക്ക് അവരോട്: 'ഞാൻ നിൻെറ റബ്ബിൻെറ റസൂൽ മാത്രമാണ്' (انما أنا رسول ربك – مريم) എന്നു പറയുകയുണ്ടായി. ഇബ്രാഹീ (عليه السلام) നബിക്കു ഒരു മകനെക്കുറിച്ചു സന്തോഷവാർത്ത അറിയിക്കുവാനും, ലൂത്ത് (عليه السلام) നബിയുടെ രാജ്യത്തെ നശിപ്പിക്കുവാനും അയക്കപ്പെട്ട മലക്കുകളെക്കുറിച്ചും റസൂലുകൾ എന്നു (സൂ: ഹൂദ്: 69, 77) പറഞ്ഞിരിക്കുന്നു. മനുഷ്യരിൽ നിന്നുള്ള റസൂലും, മലക്കുകളിൽ നിന്നുള്ള റസൂലും ഒരേ അർത്ഥത്തിലുള്ള റസൂലുകളല്ലെന്നു തീർച്ചയാണല്ലോ. പ്രവാചകൻമാരായതോടുകൂടി ദിവ്യദൗത്യവും നൽകപ്പെട്ടവർക്കാണ് മനുഷ്യരിൽ നിന്നു റസൂലുകൾ എന്നു പറയുന്നത്. മലക്കുകളിലെ റസൂലുകളിലാകട്ടെ, പ്രവാചകൻമാരില്ല. ഇരുകൂട്ടരുടെയും ദൗത്യത്തിലും ദൗത്യത്തിൻെറ നിർവ്വഹണരൂപത്തിലും വ്യത്യാസമുണ്ടായിരിക്കും. അഥവാ, അയക്കപ്പെടുന്ന ആളുടെയും, ഏൽപിക്കപ്പെടുന്ന ദൗത്യത്തിൻെറയും, ആരിലേക്കു അയക്കപ്പെടുന്നുവോ അവരുടെയും സ്വഭാവമനുസരിച്ച് റസൂലിൻെറ കൃത്യത്തിലും സ്വഭാവത്തിലും മാറ്റമുണ്ടായിരിക്കും.

അപ്പോൾ, മുഹമ്മദ് (ﷺ) തിരുമേനിയോ, മറ്റു പ്രവാചകൻമാരോ ജിന്നുവർഗ്ഗത്തിലേക്കുകൂടി റസൂലായി അയക്കപ്പെടുന്നതിൽ അസാംഗത്യമൊന്നുമില്ല. കാരണം, മനുഷ്യരിൽ

നിർവ്വഹിക്കപ്പെടേണ്ടുന്ന അതേ രൂപത്തിൽ തന്നെയായിരിക്കും-എല്ലാ നിലക്കും- ജിന്നുകളിൽ നിർവ്വഹിക്കപ്പെടേണ്ടുന്ന ദൗത്യത്തിൻെറ സ്വഭാവവും എന്നു അനുമാനിച്ചുകൂടാ. നബി (ﷺ) ജിന്നുകളെ നേരിൽ കണ്ടുട്ടുണ്ടോ എന്നതിൽ അഭിപ്രായ വ്യത്യാസമുണ്ടെങ്കിലും, നബി (ﷺ) യിൽ നിന്നു ജിന്നുകൾ ഖുർആൻ ശ്രദ്ധിച്ചുകേട്ടതായും, കേട്ടവർ തങ്ങളുടെ ജനതയിൽ ചെന്നു അവരെ ഉപദേശിച്ചതായും (സൂ: അഹ്ഖാഫിലും, സൂ:ജിന്നിലും) അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്, ജിന്നും മനുഷ്യനും രണ്ടു പ്രത്യേക സ്വഭാവത്തോടുകൂടിയ വ്യത്യസ്ത വർഗ്ഗങ്ങളാണെന്നു നാം സ്ഥാപിച്ചുവല്ലോ. എന്നിരിക്കെ മനുഷ്യരുമായുള്ള അതേ സമ്പർക്കം തന്നെ ജിന്നുകളുമായും ആവശ്യമാണെന്നു വരികയില്ല. എന്നാൽ, നബി (ﷺ) തിരുമേനിയല്ലാത്ത മറ്റു പ്രവാചകൻമാരാരും ജിന്നുകളിലേക്കു റസൂലായി നിയോഗിക്കപ്പെട്ടിട്ടില്ലെന്നും, നബി (ﷺ) തിരുമേനി മനുഷ്യരിലേക്കും, ജിന്നുകളിലേക്കും റസൂലായിരുന്നുവെന്നുമാണു ഭൂരിപക്ഷം പണ്ഡിതൻമാരുടെയും അഭിപ്രായം. ഇമാം അസ്ഖലാനീ (رحمه الله) യുടെ ചില വാക്യങ്ങളിൽനിന്നു കൂടുതൽ വിവരം മനസ്സിലാക്കാം:

'ജിന്നുകളിൽ നബിമാരുണ്ടോ എന്നതിൽഭിന്നാപ്രായമുണ്ട്. ഉണ്ടെന്നാണ് ളഹ്-ഹാക്കി (رح) **الضحاك** ൽ നിന്നു നിവേദനം ചെയ്യപ്പെട്ടിരിക്കുന്നത്. ജിന്നിലും മനുഷ്യരിലും റസൂലുകളുണ്ടെന്നു അല്ലാഹു (സൂ: അൻആം: 130ൽ) പ്രസ്താവിച്ചിരിക്കുന്നു. ഇതാണതിനു തെളിവ്. ഇതിനു ഭൂരിപക്ഷം പണ്ഡിതൻമാരുടെ മറുപടി ഇപ്രകാരമാകുന്നു; ഇവിടെ മനുഷ്യരിലുള്ള റസൂലുകളെന്നു പറഞ്ഞതു അല്ലാഹുവിനാൽ അവരിലേക്കയക്കപ്പെട്ട (പ്രവാചകൻമാരായ) റസൂലുകളാണ്. ജിന്നുകളിൽനിന്നുള്ള റസൂലുകളെയാകട്ടെ, അല്ലാഹു ഭൂമിയിൽ വ്യാപിച്ചിരിക്കുകയാണ്. അവർ മനുഷ്യരായ റസൂലുകളുടെ വാക്കുകൾ കേൾക്കുകയും, അതവരുടെ സമുദായത്തിനു എത്തിച്ചു കൊടുക്കുകയും ചെയ്യുന്നു. നബി (ﷺ)യിൽ നിന്ന് ഖുർആൻ കേട്ടശേഷം ഇവരിൽപെട്ട ചിലർ തങ്ങളുടെ ജനതയുടെ അടുക്കൽ ചെന്നു. അവരെ ഉപദേശിച്ചത് അതുകൊണ്ടാണ്. ഇബ്നു ഹസ്മു (رحمه الله) ഇതിന്നു തെളിവു പറയുന്നതു ഇപ്രകാരമാകുന്നു: 'മുൻകാലത്തു പ്രവാചകൻമാർ അവരവരുടെ ജനങ്ങളിലേക്കു മാത്രമായിരുന്നു നിയോഗിക്കപ്പെട്ടിരുന്നത്' എന്നു നബി (ﷺ) അരുളിച്ചെയ്തിട്ടുണ്ട്.(*) ആ ജനങ്ങളിൽ ജിന്നുകൾ ഉൾപ്പെടുന്നില്ല. അതിനാൽ, (ആ കാലങ്ങളിൽ) ജിന്നുകളിൽ തന്നെ അവരിലേക്കുള്ള പ്രവാചകൻമാർ ഉണ്ടായിരിക്കുമെന്നു വരുന്നു. നമ്മുടെ നബിയല്ലാതെ മനുഷ്യരിൽ നിന്നു ജിന്നുകളിലേക്ക് റസൂലായി നിയോഗിക്കപ്പെട്ടിട്ടില്ല. തിരുമേനിയുടെ നിയോഗം മനുഷ്യരിലേക്കും ജിന്നുകളിലേക്കും പൊതുവായുള്ളതാണെന്ന കാര്യം പണ്ഡിതൻമാരുടെ യോജിച്ച അഭിപ്രായമാണല്ലോ.' (**فتح البارى ج ٦ ص ٢٦٥**)

തുടർന്നുകൊണ്ട് നബി (ﷺ) ജിന്നുകളിലേക്കുംകൂടി റസൂലായിരുന്നുവെന്നു പലരും പ്രസ്താവിച്ചിട്ടുള്ളതിനെ അസ്ഖലാനീ (رحمه الله) ഉദ്ധരിച്ചിരിക്കുന്നു. സഹാബികളിലും താബിഉകളിലും, മതനേതാക്കളിലുംപെട്ട പണ്ഡിതൻമാരെല്ലാം ഇതിൽ യോജിച്ചിരിക്കുന്നുവെന്ന് ഇബ്നു തൈമിയ്യഃ (رحمه الله) പറഞ്ഞതായി അദ്ദേഹം ചൂണ്ടിക്കാട്ടുകയും ചെയ്തിരിക്കുന്നു. നബി (ﷺ)ക്കു പ്രവാചകത്വം സിദ്ധിച്ചതു മുതൽ വിയോഗം വരെയുള്ള 23 കൊല്ലക്കാലത്തു എത്രയോ പ്രവാശ്യം ജിബ്രീൽ (عليه السلام) തിരുമേനിയുടെ അടുക്കൽ വന്നുപോയിട്ടുണ്ട്. നബി (ﷺ) അറിയുക്കുമ്പോഴല്ലാതെ, സഹാബികൾക്കു അതറിയുവാൻ കഴിഞ്ഞിരുന്നില്ല. അതുപോലെ, നബി (ﷺ) യും ജിന്നുകളും തമ്മിൽ ബന്ധപ്പെടുന്നതു മറ്റാരും അറിയാതിരുന്നാൽ അതിൽ ഒട്ടും അത്ഭുതത്തിനവകാശമില്ലല്ലോ.

---

* ബുഖാരിയും മുസ്ലിമും ഉദ്ധരിച്ചിട്ടുള്ള ഒരു ഹദീസിൻെറ ആദ്യമാണിതു. ബാക്കി ഭാഗം ഇങ്ങിനെയാകുന്നു: 'ഞാൻ മനുഷ്യരിലേക്കു മുഴുവനും നിയോഗിക്കപ്പെട്ടിരിക്കുന്നു.

മലക്കുകളെ റസൂലുകളാക്കാതിരുന്നതു എന്തുകൊണ്ട് ?

മനുഷ്യനെ റസൂലായി അയച്ചിയിരിക്കയാണോ എന്നു ചോദിച്ച മുശ്‌രിക്കുകളോട് 'സമാധാനചിത്തരായി നടക്കുന്ന മലക്കുകളാണ് ഭൂമിയിൽ ജീവിക്കുന്നതെങ്കിൽ ആകാശത്തു നിന്നു ഒരു മലക്കിനെത്തന്നെ റസൂലായി അയക്കുമായിരുന്നു' എന്നു അല്ലാഹു മറുപടി കൊടുത്തതിൻെറ താൽപര്യം, റസൂലും തൻെറ ജനതയും തമ്മിൽ സമ്പർക്കം പുലർത്തുവാൻ കഴിയണമെന്നാണെന്നും, ജിന്നുകൾ ഒരു പ്രത്യേക വർഗ്ഗമാണെങ്കിൽ അതു സാധ്യമാകുന്നതല്ലെന്നുമാണല്ലോ ഇവർ പറയുന്നത്. ഇവിടെ, അല്ലാഹു കൊടുത്ത മറുപടിയുടെ മർമ്മം എന്താണെന്നും, ആയത്തിലെ വാചകത്തിൻെറ ശരിയായ അർത്ഥം എന്താണെന്നും ആദ്യം പരിശോധിക്കാം:

അല്ലാഹു നൽകിയ മറുപടിയുടെ വാചകം ഇതാണ്: قل لو كان فى الارض ملئكة يمشون مطمئنين لنزلنا عليهم من السماء ملكا رسولا –بنواسرائيل:٩٥ (പറയുക: ഭൂമിയിൽ സമാധാനചിത്തരായി നടക്കുന്ന മലക്കുകൾ ഉണ്ടായിരുന്നുവെങ്കിൽ ആകാശത്തുനിന്നു ഒരു മലക്കിനെ അവരിൽ നാം റസൂലായി ഇറക്കുമായിരുന്നു. ' ഇതിൽ لو كان فى الارض ملئكة എന്ന വാക്കിനു 'ഭൂമിയിൽ മലക്കുകളുണ്ടായിരുന്നുവെങ്കിൽ ' എന്നാണർത്ഥം. ഇക്കൂട്ടർ പറയുംപോലെ 'ഭൂമിയിൽ മലക്കുകളാണ് ജീവിക്കുന്നതെങ്കിൽ' എന്നല്ല. (*) അതുപോലെത്തന്നെ, 'ആകാശത്തുനിന്നു നാം മലക്കിനെ ഇറക്കുമായിരുന്നു-അഥവാ അയക്കുമായിരുന്നു (لنزلنا عليهم من السماء ملكا) എന്നുമാത്രമെ അല്ലാഹു പറഞ്ഞിട്ടുള്ളു. ഇവർ പറയുംപോലെ 'ഒരു മലക്കിനെത്തന്നെ അയക്കുമായിരുന്നു' എന്നും അതിലില്ല. ഈ രണ്ടു വ്യാത്യാസങ്ങളും പ്രത്യക്ഷത്തിൽ നിസ്സാരമായിത്തോന്നാമെങ്കിലും, ആയത്തിലെ വാചകഘടനക്കു എതിരാണെന്നു മാത്രമല്ല, തങ്ങളുടെ വാദത്തിന് തെളിവുണ്ടാക്കുവാൻവേണ്ടി താൽപര്യപൂർവ്വം സൂത്രത്തിൽ നടത്തുന്ന ഒരു ഉപായം കൂടിയാണത്. അറബിഭാഷയിലും വ്യാകരണത്തിലും അൽപം പരിചയമുള്ള ആർക്കും ഇതു വേഗം മനസ്സിലാക്കാം.

ഭൂമിയിൽ മനുഷ്യരല്ലാതെ വേറെ വല്ല ബുദ്ധിവർഗ്ഗവും ഉണ്ടോ ഇല്ലേ എന്നതിനെ ആസ്പദമാക്കിയല്ല ഈ മറുപടി. ഭൂമിയിൽ സമാധാനചിത്തരായി നടക്കുന്ന മലക്കുകൾ ഉണ്ടോ ഇല്ലേ എന്നതിനെ ആസ്പദമാക്കിയാണ്. വേറെ വല്ല വർഗ്ഗവും ഉണ്ടായിരുന്നാലും ഇല്ലെങ്കിലും ശരി, മലക്കുകൾ ഭൂമിയിൽ നിവസിക്കുന്നുണ്ടെങ്കിൽ ഒരു മലക്കിനെ അയക്കാമായിരുന്നുവെന്നു സാരം. മനുഷ്യനുപുറമെ ജിന്നു എന്നൊരു വർഗ്ഗം ഭൂമിയിലുണ്ടോ ഇല്ലേ എന്ന വിഷയത്തിലേക്കുകള്ള യാതൊരു സൂചനയും ചോദ്യത്തിലില്ല. ചോദ്യകർത്താക്കളായ മുശ്‌രിക്കുകളാകട്ടെ, ജിന്നുവർഗ്ഗത്തിൽ വിശ്വസിക്കുന്നവരുമാണ്. മറുപടിയിലും അതില്ല. ചോദ്യത്തിനാണല്ലോ മറുപടി. ഏതായാലും, മനുഷ്യരിലേക്കു നിയോഗിക്കപ്പെടുന്ന റസൂൽ മനുഷ്യരുമായി സമ്പർക്കം പുലർത്തുവാൻ പററിയവരായിരിക്കണമെന്ന തത്വം ഈ മറുപടിയിൽ അടങ്ങിയിരിക്കുന്നുവെന്നു നാമും സമ്മതിക്കുന്നു. സ്ഥൂലജീവികളായ മനുഷ്യരിലേക്കുള്ള ദൗത്യം നിർവ്വഹിക്കുവാനും അവരുമായി സമ്പർക്കം പുലർത്തുവാനും മനുഷ്യൻ തന്നെയാണ് റസൂലായിരിക്കേണ്ടതെന്നുള്ളതിലും സംശയമില്ല. പക്ഷേ, മറ്റുചില സംഗതികൾ ആലോചിക്കേണ്ടതുണ്ട്:-

ജിന്നുവർഗ്ഗത്തിനു അവരുടെ പ്രകൃതിക്കനുസരിച്ചുള്ള ദൈവിക സന്ദേശങ്ങൾ എത്തിച്ചേരേണ്ടതിനു അവരിൽ നിന്നുള്ള പ്രവാചകൻമാരായ റസൂലുകൾ തന്നെ അനിവാര്യമാണോ? പ്രകാശത്താൽ സൃഷ്ടിക്കപ്പെട്ട ആത്മീയ ജീവികളായ മലക്കുകളാകുന്ന

* يغنى ان كان تامة وملئكة فاعلها ولو كان المضى كما يزعمون فلا بد أن تكون كان ناقصة وملئكة منصوبا والاسم مقدرا محذوفافليتأمل لنصف

റസൂലുകലും, മണ്ണിൻെറ മക്കളായ മനുഷ്യരിൽ നിന്നുള്ള പ്രവാചകൻമാരായ റസൂലുകളും തമ്മിൽ ബന്ധപ്പെട്ടിട്ടാണല്ലോ മനുഷ്യർക്കു ദൈവിക സന്ദേശങ്ങൾ മിക്കപ്പോഴും ലഭിക്കുന്നത്. അതു പോലെയുള്ള ഏതെങ്കിലും ക്രമത്തിൽ, പ്രവാചകൻ ജിന്നുകളുമായോ, അതല്ലെങ്കിൽ ജിന്നുകളിലെ ചില പ്രത്യേക ദൂതൻമാരുമായോ ബന്ധപ്പെട്ടുകൊണ്ടു അവർക്കു ദൈവിക സന്ദേശങ്ങൾ എത്തിക്കുന്നതിനു വല്ല വിരോധമുണ്ടോ? പ്രവാചകൻമാർക്കു മനുഷ്യരിലും, ജിന്നുകളിലും നടത്തുവാനുള്ള കൃത്യങ്ങളെല്ലാം ഒരേ തരത്തിൽ പെട്ടതാണോ ? ഇതിലൊന്നും ഖണ്ഡിതമായ ഒരു തീരുമാനം പറയുവാൻ നമുക്കു സാധ്യമല്ല. ഇങ്ങിനെ പല സാധ്യതയും കാണുന്നുവെന്നുമാത്രം. ഏതായാലും, ജിന്നുകളിലേക്കു മനുഷ്യനു റസൂലായി നിയോഗിക്കപ്പെട്ടുകൂടാ എന്നു വാദിക്കുവാൻ ന്യായമില്ല. നാം മുകളിൽ വായിച്ചുകഴിഞ്ഞതും, ജിന്നുകളിലുള്ള റസൂലകളെപ്പറ്റി താഴെ പ്രസ്താവിക്കുന്ന ചില സംഗതികളും ആലോചിക്കുമ്പോൾ ജിന്നുകളും പ്രവാചകൻമാരും തമ്മിൽ ആവശ്യമായ സമ്പർക്കത്തിൻെറ കാര്യം ഇവിടെ ഒരു പ്രശ്നമാകുന്നില്ലതാനും. ഏതായാലും ജിന്നുവർഗ്ഗത്തിൻെറ അസ്തിത്വം മതിയായ ലക്ഷ്യങ്ങളാൽ സംശയാതീതമായി സ്ഥാപിതമായിരിക്കെ, ഈ സമ്പർക്ക പ്രശ്നം അതിനു അൽപമെങ്കിലും ഇളക്കം വരുത്തുവാൻ പര്യാപ്തമല്ലെന്നാണ് ചുരുക്കത്തിൽ നമുക്ക് ഇവിടെ പറയുവാനുള്ളത്.

ജിന്നിലും മനുഷ്യരിലും വെവ്വേറെ റസൂലുണ്ടോ?

'ജിന്നിലും ഇൻസിലും റസൂലുകൾ വന്നിട്ടുണ്ടെന്നു ഖുർആനിൽ പറയുന്നു: പക്ഷേ, മനുഷ്യരിൽ നിന്നല്ലാതെ റസൂലുകൾ വന്നിട്ടുള്ളതിന്നു തെളിവില്ല; അതുകൊണ്ട് ജിന്നും ഇൻസും ഒരേ വർഗ്ഗമാണെന്നു വരുന്നു' എന്നാണ് ഇവരുടെ മറ്റൊരു വാദം. മഹ്ശറിൽ വെച്ചു ജിന്നുകളെയും മനുഷ്യരെയും അഭിമുഖീകരിച്ചുകൊണ്ടു അല്ലാഹു ചോദിക്കുന്ന ഒരു ചോദ്യമാണ്ഖുർആൻവചനംകൊണ്ടുദ്ദേശ്യം:

يا معشر الجن والانس ألم يأتكم رسل منكم يقصون عليكم آيائى وينذ رونكم لقاء يومكم هذا – الانعام: ١٣٠

ജിന്നിൻെറയും ഇൻസിൻെറയും സമൂഹമേ, എൻെറ ആയത്തുകൾ നിങ്ങൾക്കു വിവരിച്ചു തരുകയും, നിങ്ങളുടെ ഈ ദിവസത്തെ നിങ്ങൾ കാണുന്നതിനെക്കുറിച്ചു നിങ്ങൾക്കു മുന്നറിയിപ്പു നൽകുകയും ചെയ്തുകൊണ്ട് നിങ്ങളിൽ നിന്നു നിങ്ങൾക്കു റസൂലുകൾ വന്നില്ലേ?!)

കാട്ടിലോ മറ്റോ ഒറ്റപ്പെട്ടു ജീവിക്കുന്ന അപരിഷ്കൃത മനുഷ്യരാണ് ജിന്നുകളെന്നും, പരസ്പരം സമ്പർക്കത്തിലും ഇണക്കത്തിലും ജീവിക്കുന്ന നാടൻമാരാണ് ഇൻസുകളെന്നുമാണല്ലോ ഇവരുടെ വാദം. അതനുസരിച്ച് ഈ ഖുർആൻ വചനത്തിൻെറ സാരം, 'നാടൻമാരും പരിഷ്കൃതരുമായ ഇൻസുവിഭാഗത്തിന് അവരിൽനിന്നുള്ള നാടന്മാരും, അപരിഷ്കൃതകും കാടൻമാരുമായ ജിന്നുവിഭാഗത്തിന് അവരിൽ നിന്നുള്ള കാടൻമാരും റസൂലുകളായി വന്നിട്ടുണ്ടെന്നായിരിക്കണമല്ലോ. അപ്പോൾ, റസൂലുകളിൽ കാടൻവിഭാഗവും നാടൻവിഭാഗവും വേണ്ടിവരും. ഇങ്ങിനെ ഇവർക്കു വാദമുണ്ടാകുമെന്നു തോന്നുന്നില്ല. അല്ലെങ്കിൽ ഇൻസുവിഭാഗമായ നാടൻമാരിൽമാത്രമാണ് റസൂലുള്ളതെന്നും അവർ തന്നെയാണ് കാടൻമാരായ ജിന്നുവിഭാഗത്തിനും റസൂലുകളെന്നും പറയേണ്ടിവരും. അപ്പോഴും സമ്പർക്കത്തിൻെറയും മറ്റും പ്രശ്നം നേരിടും. ഇന്നത്തെപ്പോലെ ഗതാഗത സൗകര്യങ്ങളും സമ്പർക്കസാധ്യതയും ഇല്ലാതിരുന്ന മുൻകാലത്തു വിശേഷിച്ചും.

എന്നിരിക്കെ, ആയത്തിൻെറ താല്പര്യം എന്തായിരിക്കുമെന്നാണ് നാം നോക്കേണ്ടത്. രണ്ടിൽ ഒരുവിധത്തിലാവാം : ഒന്ന്, രണ്ടുകൂട്ടരെയും-ജിന്നിനെയും ഇൻസിനെയും-ഒന്നിച്ചുവിളിച്ചു കൊണ്ടുള്ള ഒരു പൊതു ചോദ്യമാണല്ലോ ഇത്. അതുകൊണ്ടു ഇരുകൂട്ടരും അടങ്ങുന്ന ആ സമൂഹത്തിൽ നിന്ന് അവർക്കു റസൂലുകൾ വന്നിരുന്നില്ലേ എന്നായിരിക്കാം ചോദ്യത്തിൻെറ താല്പര്യം. ഇങ്ങിനെയാണെങ്കിൽ, റസൂലുകൾ വന്നിട്ടുള്ളഥു

യഥാർത്ഥത്തിൽ മനുഷ്യരിൽ നിന്നു മാത്രമോ, ജിന്നുകളിൽനിന്നു മാത്രമോ ആയിരുന്നാലും പ്രസ്തുത ചോദ്യം ചോദിക്കാവുന്നതാണ്. അഥാവ, രണ്ടുകൂട്ടരിൽ നിന്നും വെവ്വേറെ റസൂലുകൾ വന്നിരിക്കണമെന്നില്ല. അറ്റെന്ന്, രണ്ടുകൂട്ടരിൽനിന്നും വെവ്വേറെ റസൂലുകൾ വന്നിട്ടില്ലേ എന്നും ആവാം ഉദ്ദേശ്യം. ഇങ്ങിനെയാണെങ്കിൽ, ജിന്നുകളുടെ റസൂലും, മനുഷ്യരുടെ റസൂലും ശരിക്കും ഒരേ അർത്ഥത്തിലുള്ള റസൂലായിരിക്കയില്ല. നാം മുമ്പ് ചൂണ്ടിക്കാട്ടിയതുപോലെ, വ്യത്യാസ്തസ്വഭാവത്തിലുള്ള റസൂലുകളായിരിക്കും. മറ്റൊരു പ്രകാരത്തിൽ പറഞ്ഞാൽ, മനുഷ്യരിൽ നിന്നുള്ള റസൂൽ കൊണ്ടുദ്ദേശ്യം പ്രവാചകൻമാരായ ദൂതൻമാരും, ജിന്നുകളിൽ നിന്നുള്ള റസൂലുകൊണ്ടുദ്ദേശ്യം ജിന്നുകളെ ഉപദേശിക്കുകയും താക്കീതു ചെയ്കയും ചെയ്യുന്ന ചില വ്യക്തികളും ആയിരിക്കാം (الله أعلم) സൂ:അഹ്-ഖാഫ് 29ൽ അല്ലാഹു പറയുന്നു:

واذصرفنا اليك نفرا من الجن يستمعون القرأن فلما حضروه قالواانصتوافلما قضى ولوا الى قومهم منذرين

(ജിന്നുകളിൽ നിന്നു ഒരു കൂട്ടരെ ഖുർആൻ ശ്രദ്ധിച്ചുകേൾക്കുവാനായി നാം നിൻെറ അടുക്കലേക്കു തിരിച്ചുവിട്ട സന്ദർഭം ഓർക്കുക. അങ്ങനെ, അവർ അതിനടുക്കൽ ഹാജറായപ്പോൾ അവർ-തമ്മിൽ-മൗനമായിരിക്കുവിൻ എന്നുപറഞ്ഞു. എന്നിട്ട് അതു തീർന്നപ്പോൾ അവർ താക്കീതു നൽകുന്നവരായുംകൊണ്ട് തങ്ങളുടെ ജനതയിലേക്കു തിരിച്ചുപോയി.) താക്കീതുകാരൻ, മുന്നറിയിപ്പു നൽകുന്നവൻ (نذير ،منذر) എന്നീ പേരുകൾ റസൂലുകളെ ഉദ്ദേശിച്ചുപറയൽ ഖുർആനിൽ സാധാരണമാണുതാനും. ഖുർആൻ കേട്ടശേഷം സ്വജനതയെ താക്കീതുചെയ്യാൻപോയ ജിന്നുകൾ സാധാരണ നിലയിലുള്ള ഉപദേഷ്ടാക്കൾ മാത്രമായിരുന്നില്ലെന്നാണ് ഈ പ്രയോഗത്തിൽ നിന്നു വരുന്നത്.

ദൈവശാസനകൾ മനുഷ്യനു മാത്രം ബാധകമാണോ?

വിശേഷബുദ്ധിയും മറ്റും ഉള്ളതുകൊണ്ടാണ് ഇതരസൃഷ്ടികൾക്കിലാത്ത ഉത്തരവാദിത്വം മനുഷ്യനു നല്കിയിരിക്കുന്നതെന്നു സൂ: അഹ്സാബ് ; 72ൽ അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കക്കൊണ്ടും, ജിന്നിനും ഇൻസിനും ഹൃദയവും, കണ്ണും, കാതും ഉണ്ടെന്നു സൂ; അഅ്റാഫ്: 179ൽ പ്രസ്താവിച്ചിരിക്കകൊണ്ടും ഇൻസും ജിന്നും ഒരേ വർഗ്ഗമാണ് എന്നു വരുന്നുവെന്നാണ് പിന്നെ വേറൊരു വാദമുള്ളത്. വിശേഷബുദ്ധിയും മററും ഉള്ളതു കൊണ്ടാണ് ദൈവശാസനകൾക്കും, മതനിയമങ്ങൾക്കും മനുഷ്യൻ വിധേയനായതെന്നു ആ ആയത്തിൽ അല്ലാഹു വ്യക്തമായിപ്പറഞ്ഞിട്ടില്ല. എങ്കിലും, അതിൽനിന്നു അതു മനസ്സിലാക്കാമെന്നുള്ളതിൽ സംശയമില്ല. പക്ഷേ, മനുഷ്യനല്ലാത്ത മറ്റാർക്കും യാതൊരു തരത്തിലുള്ള നിയമങ്ങളും ശാസനകളും ബാധകമല്ലെന്ന ഒരു സൂചനയും അതിൽ ഇല്ല. മനുഷ്യൻെറ അതേ രീതിയിലും, അതേ സ്വഭാവത്തിലുമുള്ള ഉത്തരവാദിത്വം മറ്റാർക്കുമില്ലെന്നേ അതിൽനിന്നു വരുന്നുള്ളു. ഇതുസംബന്ധിച്ചു കൂടുതൽ വിവരം യഥാസ്ഥാനത്തുവെച്ച നാം ഉദാഹരണസഹിതം ചൂണ്ടിക്കാട്ടിയിരിക്കുന്നു. അവിടെ നോക്കുക. ചുരുക്കത്തിൽ, മനുഷ്യൻ ഏറ്റെടുക്കേണ്ടിവന്ന ഉത്തരവാദിത്വം, തികച്ചും അതേ രൂപത്തിൽ ജിന്നുകൾക്കോ മലക്കുകൾക്കോ മറ്റോ ഇല്ലെന്നുമാത്രം. അല്ലാഹുവിനു ആരാധന ചെയ്വാൻ ജിന്നും, ഇൻസും കടപ്പെട്ടവരാണ് (51:56) . മലക്കുകളും അല്ലാഹുവിനു ആരാധന നടത്തുന്ന (7:206) . എല്ലാവരുടെയും ആരാധനാക്രമം ഒന്നായിരിക്കയില്ലെന്നു വ്യക്തമാണല്ലോ.

കണ്ണ്, കാതു മുതലായ ചില അവയവങ്ങളുണ്ടെന്നു പറഞ്ഞതുകൊണ്ടും ജിന്നുകൾ മനുഷ്യവർഗ്ഗമാണെന്നു വിധി കല്പിച്ചുകൂടാ. മനുഷ്യവർഗ്ഗത്തിൽപെടാത്ത പക്ഷിമൃഗാദികൾക്കും അങ്ങിനെയുള്ള അവയവങ്ങളുള്ളതുകൊണ്ട് അവയൊന്നും മനുഷ്യനാകുന്നില്ലല്ലോ. മലക്കുകൾക്കു ചിറകുകളുണ്ടെന്നു (സൂ:ഫാത്ത്വിറിൽ) അല്ലാഹു പറയുന്നു. അതുകൊണ്ട് അവർ പക്ഷികളുമാകുന്നില്ല. കസേലക്കു കയ്യുംകാലും ഉള്ളതുകൊണ്ട് അത് ജീവിയാണെന്നും വരുന്നില്ല. ഓരോന്നിൻെറയും അവയവങ്ങൾ അതിൻെറ പ്രകൃതി

സ്വഭാവമനുസരിച്ചായിരിക്കും. അവയെപ്പറ്റി പ്രസ്താവിക്കുവമ്പോൾ, മനുഷ്യർക്കു പരിചയമുള്ള വാക്കുകളിലും പേരുകളിലുമായിരിക്കും അവയെപ്പറ്റി സംസാരിക്കുക എന്നുമാത്രം. ജിന്നുകളുടെ ഹൃദയവും, കണ്ണും, കാതും, എപ്രകാരമായിരിക്കുമെന്നു നിർണ്ണയിക്കുവാൻ നമുക്കു കഴിവില്ല എന്നല്ലാതെ ഇതുകൊണ്ട് ജിന്നും ഇൻസും ഒരു വർഗ്ഗമാണെന്നു വിധി കല്പിച്ചുകൂടാത്തതാണ്.

പ്രപഞ്ചത്തിലെ ഏറ്റവും ഉൽകൃഷ്ട സൃഷ്ടി

ജിന്നുകൾ ഒരു പ്രത്യേക വർഗ്ഗമാണെങ്കിൽ 'പ്രപഞ്ചത്തിലെ ഏറ്റവും ഉൽകൃഷ്ട സൃഷ്ടി' എന്ന മനുഷ്യൻെറ സ്ഥാനം നഷ്ടപ്പെടുമെന്നുള്ള ഇവരുടെ ഭയമാണ് ഇനി ആലോചിക്കുവാനുള്ളത്. മനുഷ്യൻ വളരെ ഉൽകൃഷ്ട സൃഷ്ടി തന്നെ. പക്ഷേ, പ്രപഞ്ചത്തിലെ ഏറ്റവും ഉൽകൃഷ്ട സൃഷ്ടിയെന്നു തീർത്തുപറയാമോ? ഇതിനു വ്യക്തമായ യാതൊരു തെളിവുമില്ല. മനുഷ്യവർഗ്ഗത്തിൻെറ ഉന്നതസ്ഥാനം ചൂണ്ടിക്കാട്ടുന്ന ഏറ്റവും വ്യക്തമായ ഖുർ ആൻ വചനം ഇതാണ്:

ولقد كرمنا بنى آدم وحملناهم فى البر والبحر ورزقناهم من الطيبات وفضلناهم على كثير ممن خلقنا تفضيلا – الاسراء : ٧٠ (ആദമിൻെറ സന്താനങ്ങളെ നാം ആദരിച്ചിട്ടുണ്ട്. കരയിലും, കടലിലും നാം അവരെ വഹിച്ചുകൊണ്ടുപോകുകയും, അവർക്കു നല്ല വസ്തുക്കളിൽ നിന്നും ആഹാരം കൊടുക്കുകയും ചെയ്തു. നാം സൃഷ്ടിച്ചിട്ടുള്ളവരിൽ വളരെ എണ്ണത്തെക്കാളും അവരെ നാം ശ്രേഷ്ഠരാക്കുകയും ചെയ്തിരിക്കുന്നു.) എല്ലാവരെക്കാളും ശ്രേഷ്ഠരാക്കി എന്നു അല്ലാഹു പറയുന്നില്ല. വളരെ എണ്ണത്തെക്കാളും ശ്രേഷ്ഠത നൽകി (**فضلناهم على كثير**) എന്നു മാത്രമേ പറഞ്ഞിട്ടുള്ളു. മറ്റേതെങ്കിലും വാക്യങ്ങളിൽനിന്നു മനുഷ്യൻ പ്രപഞ്ചത്തിലെ ഏറ്റവും ഉൽകൃഷ്ട സൃഷ്ടിയാണെന്നു വല്ലവർക്കും തോന്നിയാൽതന്നെയും ഈ സ്പഷ്ടമായ വചനത്തിന്നെതരിൽ അതു സ്വീകാര്യമായിരിക്കുകയില്ല. അപ്പോൾ, ചില സൃഷ്ടികളെങ്കിലും ചുരുങ്ങിയതു മനുഷ്യരെപ്പോലെ ശ്രേഷ്ഠതയുള്ളവർ വേറെ ഉണ്ടായിരിക്കണമല്ലോ. ഈ സൃഷ്ടികൾ ആരായിരിക്കുമെന്നു നമുക്കറിഞ്ഞുകൂടാ. അല്ലാഹുവിനു മാത്രമേ അറിയൂ. മനുഷ്യർക്കറിയാത്ത എത്രയോ സൃഷ്ടികൾ ഈ പ്രപഞ്ചത്തിൽ വേറെയുണ്ടായിരിക്കാവുന്നതാണ്. **ويخلق مالا تعلمون** (നിങ്ങളറിയാത്തതു അവൻ സൃഷ്ടിക്കുന്നു.)

എന്നാൽ, മനുഷ്യൻ ജിന്നുകളെക്കാൾ ഉൽകൃഷ്ടനാണെന്നതിൽ മുസ്ലിംകൾക്കിടയിൽ തർക്കമില്ല. അവർ ബുദ്ധിജീവികളും, മതാവലംബികളും ആണെന്നുള്ളതുകൊണ്ട് മനുഷ്യൻെറ ഉൽകൃഷ്ടതക്കോ, ഔന്നത്യത്തിനോ യാതൊരു വിഘ്നവും നേരിടുവാനുമില്ല. അങ്ങിനെ ഇവർക്കു ഒരു ഭയം തോന്നാനുള്ള കാരണം എന്താണാവോ?! ബുദ്ധിജീവികളായ മനുഷ്യൻെറ അറിവിൽ പെട്ടിടത്തോളം, മനുഷ്യനും ജിന്നിനും പുറമെയുള്ളതു മലക്കുകളാണ്. അലക്കുകളും, മനുഷ്യരും തമ്മിൽ നോക്കുമ്പോൾ കൂടുതൽ ശ്രേഷ്ഠത ആർക്കാണെന്നതിൽ മുസ്ലിംകളിൽ ഭിന്നാഭിപ്രായമാണുള്ളത്. ഖണ്ഡിതമായ തെളിവ് ഇല്ലാത്തതാണിതിനു കാരണം. മലക്കുകൾക്കാണ് കൂടുതൽ ശ്രേഷ്ഠത എന്നാണ് മുഅ്തസിലഃ (**المعتزلة**) വിഭാഗവും, ചില തത്വശാസ്ത്രജ്ഞൻമാരും, അഹ്ലുസ്സുന്ന: വിഭാഗക്കാരായ ചുരുക്കം പണ്ഡിതൻമാരും പറയുന്നത്. ഇമാം സമഖ്ശരീ (*) ഈ വിഷയത്തിൽ വലിയ ഒരു പ്രസ്താവന തന്നെ ചെയ്തിട്ടുണ്ട്. മലക്കുകൾക്കു ശ്രേഷ്ഠത നൽകുവാൻ അദ്ദേഹം പറഞ്ഞ ന്യായങ്ങളിൽ, നബിമാരെപ്പറ്റി മര്യാദക്കേടു പറഞ്ഞുപോയിട്ടുണ്ടെന്നുപോലും ചിലർ ആക്ഷേപിച്ചിരിക്കുന്നു. പക്ഷേ, അഹ്ലുസ്സുന്നത്തിൽപെട്ട ബഹുഭൂരിഭാഗവും അഭിപ്രായപ്പെടുന്നതും, പൊതുവിൽ മുസ്ലിംകൾ അംഗീകരിച്ചു വരുന്നതും

---

* കശ്-ശാഫ് (**الكشاف**) എന്ന പ്രസിദ്ധ തഫ്സീറിൻെറ കർത്താവും മുഅ്തസിലഃ വിഭാഗത്തിലെ ഒരു നേതാവുമാണ് ഇമാം സമഖ്ശരീ (**جار الله الزمخشرى – رح**)

മനുഷ്യവർഗ്ഗത്തിലെ സജ്ജനങ്ങൾ മറ്റേതു വർഗ്ഗത്തേക്കാളും ശ്രേഷ്ഠൻമാരാ കുന്നു- വെന്നത്രെ. വിശദീകരണവേളയിൽ അഭിപ്രായവ്യത്യാസങ്ങൾ പലതും കാണാം. (كما فى فتح البارى وغيره)

വാസ്തവത്തിൽ-ശൈഖ് അബ്ദുൽവഹാബ് നജ്ജാർ മുതലായവർ പറഞ്ഞതു പോലെ-മലക്കുകളോ മനുഷ്യരോ ആരാണ് കൂടുതൽ ശ്രേഷ്ഠതയുള്ളവർ എന്നതിനെപ്പറ്റി ഒരു തീരുമാനമോ വിശദീകരണമോ പറയാതിരിക്കുന്നതാണ് കൂടുതൽ നല്ലത്. ഒന്നിനും വേണ്ടത്ര തെളിവുകളില്ല. മനുഷ്യൻ നന്നായിത്തീർന്നാൽ അങ്ങേഅറ്റം ശ്രേഷ്ഠനാകുവാനും, ദുഷിച്ചാൽ ഇങ്ങേ അറ്റം നികൃഷ്ടനാകുവാനും സാധ്യമാണ് എന്നുവെച്ച് നമുക്കു സമാ ധാനിക്കുക. ഈ ഭൗമിക ജീവികളിൽ ഉൽകൃഷ്ടൻ താൻതന്നെ എന്നു മനുഷ്യന്നു തീർച്ചയായും അഭിമാനിക്കാവുന്നതുമാകുന്നു.

രിജാൽ (رجال) എന്ന വാക്ക്

رجال من الجن(ജിന്നിൽ നിന്നുള്ള പുരുഷൻമാർ) എന്നു ഖുർആനിൽ (സൂ: ജിന്നിൽ) പറഞ്ഞിരിക്കുന്നു. ഇതിലെ 'രിജാൽ' എന്ന വാക്കു മനുഷ്യരിലുള്ള പുരുഷൻമാർക്കേ പറ യാവൂ എന്നും,. അതുകൊണ്ടു ജിന്നുകൾ മനുഷ്യരാണ് എന്നുമുള്ള വാദമാണ് ഇനി ബാക്കിയുള്ളത്. മനുഷ്യരിലുള്ള പുരുഷൻമാർക്കാണ് സാധാരണമായി 'രിജാൽ' എന്നു പറയാറുള്ളതു എന്നല്ലാതെ, ജിന്നുവർഗ്ഗത്തിൽപെട്ടവർക്കു ഈ വാക്കു ഉപയോഗിച്ചു കൂടാ എന്നതിനു യാതൊരു രേഖയുമില്ല. ഇമാംറാസി (رحمه الله) ഇതു പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ട്. (الرازى ج ٨ ص ٦٢٢) ഇനി, 'രിജാലി' ന്റെ അർത്ഥം ഭാഷയിൽ അങ്ങിനെത്തന്നെയാണെന്നു സമ്മതിക്കുക: എന്നാലും, ജിന്നുകളെക്കുറിച്ചും അതു ഉപയോഗിക്കുന്നതിനു യാതൊരു വിരോധവുമില്ല. മനുഷ്യരിലെന്ന പോലെ, ജിന്നുകളിലെ ഓരോ തരക്കാരെപ്പറ്റിയും ഉപയോഗിക്കുവാനുള്ള പ്രത്യേക വാക്കുകൾ മനുഷ്യർക്കു അപരിചിതമാണ്. അതുകൊണ്ട് സാദൃശ്യ (تشبيه) രൂപത്തിലോ ഉപമാ (تمثيل) രൂപത്തിലോ അങ്ങിനെ ഉപയോഗിച്ചതായിരിക്കുവാൻ സാധ്യതയുണ്ട്. സൂറത്തുൽ ജിന്നിലെ ആയത്തിൽ ആദ്യം മനുഷ്യരിലുള്ള പുരുഷൻമാരെക്കുറിച്ചു (رجال من الانس എന്നു) പറഞ്ഞതിനെത്തുടർ ന്നാണ് ജിന്നുകളിലുള്ള പുരുഷൻമാർ (رجال من الجن) എന്നു പറഞ്ഞിരിക്കുന്നത്. ആദ്യത്തേ തിനോട് കിടയൊപ്പിച്ച് രണ്ടാമത്തേതിലും അതേ വാക്കു ഉപയോഗിച്ചതും ആവാം. ഇതിനു അറബി സാഹിത്യശാസ്ത്രത്തിൽ المشاكلة എന്നാണ് പേർ. അറബിഭാഷയിൽ മാത്രമല്ല, മറ്റു ഭാഷകളിലും പതിവുള്ളതാണീ പ്രയോഗം.

ബൈബിളിലെ പ്രസ്താവനകൾ

ജിന്നുകൾ മനുഷ്യവർഗ്ഗം തന്നെയാണെന്ന വാദത്തിന് വേറൊരു തെളിവു ഇവർ ചൂണ്ടിക്കാട്ടാറുണ്ട്. സുലൈമാൻ (عليه السلام) നബിക്കു ജിന്നുകളെ അല്ലാഹു കീഴ്പ്പെടുത്തിയിരു ന്നുവെന്നും, വമ്പിച്ച കെട്ടിടങ്ങൾ നിർമ്മിക്കുക മുതലായ ഭാരിച്ച പല ജോലികളും അവർ അദ്ദേഹത്തിനു വേണ്ടി ചെയ്തിരിന്നുവെന്നും ഖുർആനിൽ പറഞ്ഞിരിക്കുന്നുവല്ലോ. ബൈബിളിൽ ഈ ജോലികളെക്കുറിച്ചു പറയുമ്പോൾ ജിന്നുകളെപ്പറ്റി ഒന്നും പ്രസ്താവിച്ചു കാണുന്നില്ല. മാത്രമല്ല, ഇസ്രഈല്യരല്ലാത്ത അന്യൻമാരെ ദാവൂദ് (عليه السلام) നബി എണ്ണം നോക്കിയതുപോലെ അദ്ദേഹം എണ്ണം നോക്കിയെന്നും, ആയിരക്കണക്കിൽ ആളുകളെ കല്ലുവെട്ടുകാരും, ചുമട്ടുകാരും മറ്റുമായി നിശ്ചയിച്ചുവെന്നും ബൈബിൾ (2. ദിനവൃത്താന്തം 2: 17, 18ൽ) പ്രസ്താവിച്ചിരിക്കുന്നു. ഇസ്രാഈല്യരിൽ ഉൾപ്പെടാത്തവരെ ഊഴിയവേലക്കാരാക്കുകയും, ഇസ്രാഈല്യരെ ആരെയും ദാസൻമാരാക്കാതിരിക്കുകയും ചെയ്തുവെന്നും അതിൽ (2: ദിനവൃത്താന്തം 8: 7-10ൽ പ്രസ്താവിച്ചിരിക്കുന്നു. ഇസ്രാഈ ല്യരെ കണക്കെടുത്ത് അവരെ പ്രമാണിമാരായും, ന്യായധിപൻമാരായും, സ്തോത്ര കീർത്തനങ്ങൾ നടത്തുന്നവരായും മറ്റും നിയമിക്കുകയും ചെയ്തു. (1. ദിനവൃത്താന്തം 23

:2-5ൽ.) അപ്പോൾ, ഇസ്രാഈല്യാരല്ലാത്തവരും, അപരിഷ്കൃതരുമായ ആ അന്യജനവിഭാഗമാണ് സുലൈമാൻ (عليه السلام) നബിക്കു കീഴ്പ്പെടുത്തിക്കൊടുക്കപ്പെട്ട ജിന്നുകൾ എന്നും, ആ അപരിഷ്കൃത വിഭാഗത്തിലുള്ള കടുത്ത പോക്കിരികളാണ് അദ്ദേഹത്തിനു കീഴ്പ്പെടുത്തപ്പെട്ടിരുന്നുതായി ഖുർആനിൽ പറഞ്ഞ ശൈത്താൻ എന്നുമാണ് ഇവർ സമർത്ഥിക്കുന്നത്.

മേപ്പടി സംഭവങ്ങൾ വിവരിച്ചതിൽ മനുഷ്യരല്ലാത്ത മറ്റൊരു വർഗ്ഗത്തെക്കുറിച്ചു ബൈബിളിൽ പ്രസ്താവിച്ചിട്ടില്ല എന്നുള്ളതു ശരിയാണ്. ഒരു കാര്യം പ്രസ്താവിക്കാത്തതു കൊണ്ടു അങ്ങിനെ ഒരു കാര്യം തന്നെ ഇല്ലെന്നു വരുകയില്ല. ഖുർആനിൽ പറഞ്ഞിട്ടുള്ളവരും, അല്ലാത്തവരുമായ പല നബിമാരെക്കുറിച്ചും പല സംഭവങ്ങൾ വിശദീകരിച്ചു പറയാറുള്ള ബൈബ്ളിൻെറ (തൗറാത്തു വിഭാഗത്തിലെ) പുസ്തങ്ങളിൽ എവിടെയും സ്പർശിക്കുകപോലും ചെയ്യാത്ത ചില സംഭവങ്ങൾ ഖുർആനിൽ കാണാവന്നതാണ്. അവയിൽ പ്രസ്താവിച്ച സംഭവങ്ങളുടെ വിവരണത്തിൽ, ഖുർആനും അവയും തമ്മിൽ പലപ്പോഴും വ്യത്യാസമോ വൈരുദ്ധ്യമോ കാണാറും ഉണ്ട്. അക്കാരണത്താൽ, ഖുർആൻെറ പ്രസ്താവനകളെ ബൈബ്ളിൻെറ പ്രസ്താവനക്കനുസരിച്ചു വ്യാഖ്യാനിക്കുന്നതു ഒരിക്കലും ശരിയല്ല. ആദം (عليه السلام) നബിക്കു മലക്കുകൾ സുജൂദു ചെയ്തതും, ഇബ്ലീസു ചെയ്യാതിരുന്നതും ബൈബിളിൽ പറയുന്നില്ല. അങ്ങിനെ പല ഉദാഹരണങ്ങളും.

സുലൈമാൻ നബി (عليه السلام) ജനങ്ങളുടെ കണക്കെടുക്കുന്നതിനുമുമ്പ് പിതാവ് ദാവൂദ് നബി (عليه السلام) അവരുടെ കണക്കെടുക്കുകയുണ്ടായെന്നു പറഞ്ഞുവല്ലോ. എന്നാൽ, ദാവൂദ് നബി (عليه السلام) അവരുടെ കണക്കെടുക്കാവാൻ കാരണം തന്നെ, 'സാത്താനാ'യിരുന്നു (ശൈത്താനായിരുന്നു) വെന്നാണ് ബൈബിളിൻെറ അതേ പുസ്തകം പറയുന്നത്. 'അനന്തരം സാത്താൻ യിസ്രായിലിനു വിരോധമായി എഴുന്നേറ്റു യിസ്രായേലിനെ എണ്ണുവാൻ ദാവീദിന്നു തോന്നിച്ചു.' (1. ദി. വൃ. 21 :1) ഇതാണതിലെ വാചകം. പിശാചിൻെറ പ്രേരണക്കു ദാവൂദ് (عليه السلام) വഴിപ്പെട്ടുന്നുവെന്നു നാം കരുതുന്നില്ല. എങ്കിലും, മനുഷ്യനല്ലാത്ത ഒരു' സാത്താൻ' ഉണ്ടെന്നു ബൈബ്ളും പറയുന്നുണ്ടെന്നു ഇതിൽ നിന്നറിയാമല്ലോ. ഈ സ്ഥലത്തു മാത്രമല്ല, പല സ്ഥലങ്ങളിലും ബൈബ്ൾ ജിന്നിനെയും ശൈത്താനേയും കുറിച്ചു പറഞ്ഞിട്ടുള്ളതുകാണാം. 'ഭൂതം, സാത്താൻ, പിശാച്, ദുഷ്ടൻ, ദേവൻ, ഭൂർഭൂതം' എന്നിങ്ങിനെയുള്ള പേരുകളിലാണ് അതു ബൈബ്ളിൻെറ മലയാളപതിപ്പിൽ ചേർത്തിട്ടുള്ളത്. (*)

ബെബിളിൻെറ നിഘണ്ടുവായ 'വേദപുസ്തക നിഘണ്ടു' വിൽ 'ഭൂത'ങ്ങളെക്കുറിച്ചു പറയുന്ന കൂട്ടത്തിൽ ഇങ്ങിനെ പറയുന്നു: ' വിദ്യാഭ്യാസവും, പരിഷ്ക്കാരവുമുള്ളവർ, അപരിഷ്കൃതൻമാരെപ്പോലെ ഇപ്രകാരം വിശ്വസിക്കുന്നില്ലെങ്കിലും അദൃശ്യമായി ജീവിക്കുന്ന അനേകം ആത്മാക്കൾ ഉണ്ടെന്നുള്ളതിന്നു ലക്ഷ്യങ്ങൾ കാണാവുന്നതാണെന്നു സമ്മതിക്കും. ഈ ആത്മാക്കളിൽ ചിലതു നല്ലതും, ചിലതു ചീത്തയുമാണ്. (വേ. പു. നി. ഭാഗം 307) 'സാത്താനെ'ക്കുറിച്ചു വിവരിക്കുന്ന മദ്ധ്യെ അതിൽ പറയുന്നു: 'ചില വാക്യങ്ങളിൽ (ബൈബിളിൽ) 'സാത്താൻ' എന്നു പേരുള്ള പിശാചുക്കൾ പലതുണ്ടെന്നും, മറ്റു ചില വാക്യങ്ങളിൽ പിശാചുക്കളുടെ തലവനായി 'സാത്താൻ' എന്നു ഒരു വൻ ഉണ്ടെന്നും പറഞ്ഞിരിക്കുന്നു. ഈ സാത്താൻമാർ മനുഷ്യരെ ദോഷം പ്രവർത്തിക്കുന്നതിന്നു പ്രേരിപ്പിക്കുമെന്നും, മനുഷ്യരുടെ മേൽ കുറ്റം ആരോപിക്കുമെന്നും......ഹാ നോക്കിൻെറ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു.....ഇവന്ന് ദുഷ്ടൻ എന്നും

* ഇയ്യോബ്, 2: 1; സെഖര്യാവു, 3: 1, 2; മത്തായി, 12:24, 26; മത്തായി. 13: 19: സങ്കീർത്തനങ്ങൾ, 106: 37; ആവർത്തനം, 32: 17 മുതലായവ നോക്കുക.

പേരുണ്ട്... ഇവൻ പിശാചുക്കളുടെ തലവനാകുന്നു... ഇവൻ മനുഷ്യരെ വഞ്ചിക്കുന്നു.' (വേ.പു.നി. ഭാഗം 535)

'മല്ലൻമാർ, വീരൻമാർ' എന്നിങ്ങിനെ ചിലരെപ്പറ്റിയും ബൈബിൾ പറയുന്നുണ്ട്. (ഉൽപത്തി, 6: 4; സങ്കീർത്തനങ്ങൾ, 45; 3 മുതലായവ) വേദപുസ്തക നിഘണ്ടുവിൽ ഇവരെപ്പറ്റി ഇപ്രകാരം കാണാം. 'നെഫിലീം' എന്ന എബ്രായ (അബ്രാനീ) പദം മലയാളത്തിൽ മല്ലൻമാർ എന്നു ഭാഷാന്തരം ചെയ്യപ്പെട്ടിരിക്കുന്നു. നമ്മുടെ ദേശക്കാർ അസുരൻമാരെക്കുറിച്ചു ഭയപ്പെടുന്നതു പോലെ, എബ്രാർ ഇവരെക്കുറിച്ചു ഭയപ്പെടുന്നു. 'നെഫിലീം' എന്നതു ആ ദേശത്തിലെ ആദിവാസികളെക്കുറിക്കുന്നുവെന്നു തോന്നുന്നു. പഴയ നിയമത്തിൽ ഓഗ്, ഗോല്യത്ത് (جالوت ،عوج) മുതലായ ചില അസാധാരണ ദൈർഘ്യമുള്ള മനുഷ്യരെക്കുറിച്ച് നാം വായിക്കുന്നു. ഇവരെയും മല്ലൻമാരെന്നു പറഞ്ഞിരിക്കുന്നു. (വേ. പു. നി. ഭാ:325)

'ജിന്നു'കൾ എന്നു പറയപ്പെടുന്നതു കാടൻമാരും അപരിഷ്കൃതരുമായ ആളുകളാണെന്നും, 'ശൈത്താൻമാർ' എന്നു പറയപ്പെടുന്നതു പോക്കിരികളും അതികായൻമാരുമാണെന്നു വാദിക്കുന്നവർ പ്രസ്തുത 'മല്ല'ൻമാരെ തെറ്റിദ്ധരിച്ചതോ, അല്ലെങ്കിൽ കൽപിച്ചുകൂട്ടി 'ഭൂത'ങ്ങളെയും, 'പിശാചു' ക്കളെയും 'മല്ല' ൻമാരാക്കി ചിത്രീകരിച്ചതോ ആയിരിക്കുമെന്നാണ് തോന്നുന്നത്.

മേൽ പ്രസ്താവച്ചിതിൽനിന്നു ഖുർആനിലും ഇസ്ലാംമത പ്രമാണങ്ങലിലും പറയപ്പെടുന്ന ജിന്നു ശൈത്താനും മനുഷ്യരിൽനിന്ന് വ്യത്യസ്തമായ ഒരു പ്രത്യേക വർഗ്ഗമാണെന്നും, മനുഷ്യ വർഗ്ഗത്തിലെ ഏതെങ്കിലും തരത്തിലുള്ള ഒരു വിഭാഗമല്ലെന്നും നിഷ്പക്ഷ ഹൃദയൻമാർക്കും, സത്യാന്വേഷികൾക്കും ബോധ്യപ്പെട്ടിരിക്കുമെന്നു വിശ്വസിക്കുന്നു. ജിന്നു വർഗ്ഗത്തെയും, പിശാചുക്കളെയും നിഷേധിക്കുന്നതു ഖുർആൻെറയും, ഹദീസിൻെറയും നിഷേധമായതു കൊണ്ടും, ഈ നിഷേധം അനേകം ദുർവ്യാഖ്യാനങ്ങൽക്കും, പല മതതത്വങ്ങളുടെയും നിരാകരണത്തിന്നും, പരിഹാസത്തിനു ഇടവരുത്തുന്നതാകകൊണ്ടും ഇത്രയും വിവരിക്കേണ്ടി വന്നതാണ്. അല്ലാഹു നമുക്കു സത്യം ഗ്രഹിക്കുവാനും, അതനുസരിക്കുവാനും തൗഫീഖ് നൽകട്ടെ. ആമീൻ.

اللهم الهمنا السداد والصواب وأرنا الاشياء كما هى

ആകാശത്തുനിന്ന് പിശാചുക്കളുടെ കട്ടുകേൾക്കൽ
استراق الشياطين من السمآء

നബി (ﷺ) തിരുമേനിയുടെ 'രിസാലത്തിനു' (ദിവ്യദൗത്തിനു) മുമ്പ് ആകാശത്തു വെച്ച് മലക്കുകളിൽ നിന്നു ജിന്നുകൾ ചില വാർത്തകൾ കട്ടുകേൾക്കാറുണ്ടായിരുന്നുവെന്നു, പിന്നീട് അതു തടയപ്പെട്ടിരിക്കുകയാണെന്നുമുള്ള വിഷയത്തിൽ, ഖുർആനും ഹദീസും സ്വീകരിക്കുന്ന മുസ്ലിംകളിൽ തർക്കത്തിനവകാശമില്ല. മുസ്ലിംകൾ പൊതുവിൽ ഇതിൽ ഏകാഭിപ്രായക്കാരാണുതാനും, 'മുഅ്ജിസത്തു' (നബിമാരുടെ കൈക്കു വെളിപ്പെടാറുള്ള അമാനുഷിക സംഭവം) കളെ നിഷേധിക്കുന്നവർക്കും, ബാഹ്യേന്ദ്രിയങ്ങൾക്കു കണ്ടെത്തുവാൻ കഴിയാത്ത ജിന്ന്. ശൈത്താൻ മുതലായവയെ നിഷേധിക്കുന്നവർക്കും ഇതു വിശ്വസിക്കുവാൻ നിവൃത്തിയില്ലെന്നു പറയേണ്ടതില്ല. ഭൗതിക ശാസ്ത്രങ്ങൾക്കും, സ്വന്തം യുക്തിന്യായങ്ങൾക്കും യോജിക്കുന്നതു മാത്രമേ അവർക്കു വിശ്വസിക്കുവാൻ സാധിക്കുകയുള്ളു. ഇങ്ങിനെയുള്ള ചില ആളുകൾ എല്ലാ കാലത്തും മുസ്ലിം സമുദായത്തിൽ ഉണ്ടായിട്ടുണ്ട്. അടുത്തകാലം മുതൽ നമ്മുടെ നാട്ടിൽ ഇങ്ങിനെയുള്ളവരുടെ പ്രചാരവേല വർദ്ധിച്ചുവരികയാണ്. ആത്മീയ മൂല്യങ്ങളെ 'പഴഞ്ച' ൻ

വിശ്വാസങ്ങളാക്കി തള്ളുകയും, ഭൗതിക വീക്ഷണങ്ങളെ മാത്രം 'പുരോഗമന' മായി ഗണിച്ചു വരുകയും ചെയ്യുന്ന കാലമാണല്ലോ ഇത്. അതുകൊണ്ട് ഈ വിഷയത്തിലുള്ള യാഥാർത്ഥ്യം എന്താണെന്നു ഖുർആൻെറയും ഹദീസിൻെറയും അടിസ്ഥാനത്തിൽ ചുരുക്കി വിവരിക്കുകയും, സാധാരണക്കാരും, മതപ്രമാണങ്ങളെപ്പറ്റി വേണ്ടത്ര അറിവില്ലാത്തവരുമായ ആളുകളെ ആശയക്കുഴപ്പത്തിലാക്കുവാൻ നിഷേധികൾ കൊണ്ടു വരാറുള്ള ന്യായവാദങ്ങളെക്കുറിച്ചു മൊത്തത്തിൽ ഒരി പരിശോധന നടത്തുകയുമാണ് ഈ കുറിപ്പിൻെറ ലക്ഷ്യം. والله الموافق

പിശാചുക്കളുടെ കട്ടുകേൾവിയെക്കുറിച്ച ഖുർആൻ പല സ്ഥലത്തും പ്രസ്താവിച്ചിട്ടുണ്ടെങ്കിലും മൂന്നു സൂറത്തുകളിലാണ് കൂടുതൽ സ്പഷ്ടവും വിശദവുമായി പ്രസ്താവിച്ചിരിക്കുന്നത്. യാതൊരു വ്യാഖ്യാനവും കൂടാതെത്തന്നെ ആ പ്രസ്താവനകളുടെ സാരം ആർക്കും ഗ്രഹിക്കാവുന്നതാണ്. അല്ലാഹുവിൻെറ ആദ്യത്തെ പ്രസ്താവന ഇതാണ്:-

ولقد جعلنا فى السماء بر وجا ...فاتبعه شهاب مبين - الحجر : ١٦-١٨.

(തീർച്ചയായും ആകാശത്തചന്റ നാം ഗ്രഹമണ്ഡലങ്ങളെ ഏർപ്പെടുത്തുകയും, നോക്കുന്നവർക്കു അതിനെ അലങ്കരിക്കുകയും ചെയ്തിരിക്കുന്നു. എല്ലാ ആട്ടപ്പെട്ട പിശാചിൽനിന്നും അതിനെ നാം കാക്കുകയും ചെയ്തിരിക്കുന്നു. പക്ഷെ, ആരെങ്കിലും കട്ടുകേൾക്കുവാൻ ശ്രമിച്ചാൽ പ്രത്യക്ഷമായ ഒരു തീജ്വാല അവന് പിന്നാലെ ചെല്ലുന്നതാണ്. (ഹിജർ : 16-18)

انا زينا السماء الدنيا .... فاتبعه شهاب ثاقـ – الصافات : ٦ - ١٠

(നിശ്ചയമായു-ഭൂമിയോടു-ഏറ്റം അടുത്ത ആകാശത്തെ നക്ഷത്രങ്ങളാകുന്ന അലങ്കാരം കൊണ്ടു നാം അലങ്കരിച്ചിരിക്കുന്നു. മുരട്ടുശീലക്കാരനായ എല്ലാ പിശാചിൽ നിന്നും കാവലായും (ആക്കിയിരിക്കുന്നു. ആകയാൽ) 'മലഉൽ അഅ്ലാ'യിലേക്കു അവർ ചെവികൊടുത്തു കേൾക്കുകയില്ല. എല്ലാ ഭാഗത്തുനിന്നും അവർ ഏറിയപ്പെടുകയും ചെയ്യും - തുരത്തി വിടുവാനായിട്ട്. നിരന്തരമായ ഒരു ശിക്ഷയും അവർക്കുണ്ടായിരിക്കും. പക്ഷേ, ആരെങ്കിലും (ഒരു) തട്ടിയെടുക്കൽ തട്ടിയെടുത്താൽ, തുളച്ചുചെല്ലുന്ന ഒരു തീജ്വാല അവന്നു പിന്നാലെ ചെല്ലുന്നതാണ്. (സ്വാഫ്-ഫാത്ത്, 6-10) നബി (ﷺ) ഖുർആൻ പാരായണം ചെയ്യുന്നതുകേട്ട ജിന്നുകളുടെ ഒരു സംഘം അതിനെത്തുടർന്നു ചെയ്ത ഒരു ദീർഘമായ പ്രസ്താവന സൂ;ജിന്നിൽ അല്ലാഹു ഉദ്ധരിച്ചിരിക്കുന്നു, അതിലെ ചില വാക്യങ്ങളാണ് മൂന്നാമത്തേത്. അല്ലാഹു പറയുന്നു:-

وانا لمسنا السماء .... يجد له شهابا رصدا – الجن

(നാം ആകാശത്തെ സ്പർശിച്ചുനോക്കി അപ്പോൾ അത് ശക്തിമത്തായ പാറാവുകാരാവും, തീജ്വാലകളാലും നിറക്കപ്പെട്ടിരിക്കുന്നതായി നാം കണ്ടെത്തി. നാം അതിൽനിന്ന് ചില ഇരിപ്പിടങ്ങളിൽ കേൾക്കുവാൻവേണ്ടി ഇരിക്കാറുണ്ടായിരുന്നു. എന്നാൽ, ഇപ്പോൾ ആരെങ്കിലും ചെവികൊടുക്കുന്നതായാൽ-കേൾക്കാൻ ശ്രമിച്ചാൽ-അവനെ വീക്ഷിച്ചു കൊണ്ടിരിക്കുന്ന ഒരു തീജ്വാല അവൻ കണ്ടെത്തുന്നതാണ്. (സൂ:ജിന്ന്.)

അല്ലാഹുവിൻെറ ഈ മൂന്ന് പ്രസ്താവനകളും തുറന്ന ഹൃദയത്തോടെ ഒരാവർത്തി വായിക്കുന്ന ആർക്കും അതിൽ നിന്ന് താഴെ പറയുന്ന സംഗതികൾ മനസ്സിലാകുമെന്നു നിസ്സംശയം പറയാം:-

നക്ഷത്രങ്ങളെ അല്ലാഹു ആകാശത്തിന് അലങ്കാരമാക്കി വെച്ചിട്ടുള്ളതുപോലെ, മുരട്ടു ശീലക്കാരായ പിശാചുക്കളിൽ നിന്ന് അതിനെ സുരക്ഷിതമാക്കുവാനും അവയെ ഉപയോഗപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ട് അവർക്ക് 'മലഉൽ അഅ്ലാ' (*) യിലേക്കു

* 'മലഉൽ അഅ്ലാ'യെപ്പറ്റി താഴെ വിവരിക്കുന്നുണ്ട്.

കയറിച്ചെന്നു അവരിൽ നിന്ന് വല്ലതും കട്ടുകേൾക്കുവാൻ സാധ്യമല്ല. അവിടെ അല്ലാഹു ഒരുതരം പാറാവ് ഏർപ്പെടുത്തിയിരിക്കുന്നു. അതിനാൽ, നാനാഭാഗത്തുനിന്നും അവർ ആട്ടിഓടിക്കപ്പെടും. വല്ല മുരട്ടുശീരലക്കാരനും എന്തെങ്കിലും ഒരു വാർത്ത തട്ടിയെടുത്താൽതന്നെ, ശക്തിയേറിയ ഒരു തീജ്വാല അവൻെറ പിന്നാലെ ചെന്ന് അവനു നാശം വരുത്തും. ആകാശത്തുനിന്നു പിശാചുക്കൾ വാർത്തകൾ കട്ടുകേൾക്കുന്ന സമ്പ്രദായം മുമ്പ് ഉണ്ടായിരുന്നു. അതിനായി അവർ ആകാശത്തിൽ ചില പതിസ്ഥലങ്ങളെ ഉപയോഗപ്പെടുത്തുകയും ചെയ്തിരുന്നു. പക്ഷേ, ഇപ്പോൾ-ഖുർആൻെറ അവതരണം-മുതൽ-അതു നിശ്ശേഷം തടയപ്പെട്ടിരിക്കുകയാണ്. ഇങ്ങിനെ കട്ടുകേട്ടിരുന്നവർ മനുഷ്യരായിരുന്നില്ല, ജിന്നുവർഗ്ഗത്തിൽപെട്ട പിശാചുക്കളായിരുന്നു. (ആദ്യത്തെ രണ്ടു സൂറത്തുക്കളിലും 'പിശാചുക്കൾ' എന്നാണ് പറഞ്ഞിട്ടുള്ളത്. മൂന്നാമത്തേതിൽ നിന്ന് ആ പിശാചുക്കൾ ജിന്നുകളാണെന്നും മനസ്സിലാക്കാം.) ഹദീസുകളിലാകട്ടെ, കൂടുതൽ വിവരവും കാണാവുന്നതാണ്.

ഈ ഖുർആൻവചനങ്ങളിൽ പ്രസ്താവിക്കപ്പെട്ട കട്ടുകേൾവിയെ നിഷേധിക്കുന്നവർ ഈ ആയത്തുകൾക്കു നൽകുന്ന അർത്ഥവ്യാഖ്യാനത്തിൻെറ സ്വഭാവം ഇതാണ്;-'പാമര ജനങ്ങളെ ചൂഷണം ചെയ്യാറുള്ള ജോൽസ്യന്മാർ . പ്രശ്നക്കാർ മുതലായവരാണ് ഈ വചനങ്ങളിൽ പിശാചു (ശൈത്താൻ) കൊണ്ടുദ്ദേശ്യം. ദിവ്യലോകത്തു നടക്കുന്ന വർത്തമാനങ്ങളും, പരിപാടികളും, ഭാവികാര്യങ്ങലും തങ്ങൾ അറിയുമെന്നും, അതിനു പല മാർഗ്ഗങ്ങളുണ്ടെന്നുംമറ്റും അവർ ജനങ്ങലെ തെറ്റിദ്ധരിപ്പിക്കും. ചിലർ നക്ഷത്രങ്ങളുടെ ഗതി നോക്കി ഭാവികാര്യങ്ങൾ ഗണിച്ചുപറയും. 67:5ൽ 'നക്ഷത്രങ്ങളെ പിശാചുക്കളുടെ ഊഹാപോഹങ്ങൾക്കു നാം പാത്രമാക്കിയിരിക്കുന്നു' എന്നു പറയുന്നു. 52:38ൽ 'അവർക്കു (ദിവ്യലോകത്തിലെ വാർത്തകൾ) കേൾക്കുവാൻ. (അങ്ങോട്ടു കയറിച്ചെല്ലേണ്ടതിന്നു) വല്ല കോണിയും ഉണ്ടോ.....' എന്നും പറയുന്നു. ഇതെല്ലാം ഇങ്ങിനെയുള്ളവരെക്കുറിച്ചു പറയുന്നതാണ്. ഇത്തരക്കാർക്ക് ഭാവിയിൽ ലോകത്തു ജീവിക്കുവാൻ കഴിയുകയില്ല, എല്ലാ ദേശത്തുനിന്നും അവർ ആട്ടിഓടിക്കപ്പെടും എന്നു അല്ലാഹു ഈ വാക്യങ്ങളിൽ മുന്നറിയിപ്പു നൽകുയാണ് ചെയ്യുന്നത്. 'മലഉൽഅഅ്‌ലാ'യിലേക്കു ചെവികൊടുക്കുകയില്ല എന്നു പറഞ്ഞതിൻെറ അർത്ഥം, ആ പിശാചുക്കൾ ഉൽകൃഷ്ടൻമാരായ ആളുകളുടെ വാക്കുകൾ കേൾക്കുകയില്ല, അഥവാ അധമമാർഗ്ഗത്തിലാണവർ ജീവിക്കുക എന്നാണ്. 'അഗ്നിജ്വാല' (شهاب) കൊണ്ടു എറിയപ്പെടുമെന്നു പറഞ്ഞതു നീചമായ കുറ്റം ചെയ്തവരെ 'തീക്കൊള്ളികൊണ്ടെറിഞ്ഞു' എന്നു പറയുന്നതു പോലെയുള്ള ഒരു പ്രയോഗം മാത്രമാകുന്നു. നക്ഷ്ത്രങ്ങളിൽ നിന്നു പുറത്തുവരാറുള്ള ജ്വാലകൾ പ്രകൃതിപരമായ കാരണങ്ങൾ കൊണ്ടുണ്ടാകുന്നതാണ്. അല്ലാതെ, പിശാചുക്കളെ എറിയുന്നതുകൊണ്ടൊന്നുമല്ല. സൂ:ശുഅറാഉ് 210-212ലും പിശാചുക്കൾക്കു ദിവ്യലോകത്തെ വർത്തമാനം കേട്ടറിയുവാൻ കഴിയുന്നതെല്ലന്നു പ്രസ്താവിച്ചിട്ടുണ്ട്. സൂറത്തുൽ ജിന്നിൽ അവർ കട്ടുകേട്ടരിന്നുവെന്നു പറഞ്ഞിരിക്കുന്നതു ഖുർആൻെറ പ്രസ്താവനയല്ല. ജിന്നുകൾ പറഞ്ഞിതിനെ ഖുർആൻ ഉദ്ധരിച്ചതാണ്. (അതുകൊണ്ട് അതു ഗൗനിക്കേണ്ടതില്ല.) ഇതാണ് നിഷേധികളുടെ വ്യാക്യാനത്തിൻെറ രൂപം.

ഖുർആൻ വചനങ്ങൾ പരസ്പരം വ്യാഖ്യാനം നൽകുന്നുവെന്നതിൽ ആർക്കും തർക്കമില്ല. എന്നാൽ, വ്യാഖ്യാനമായ ആയത്തു വ്യാഖ്യാനിക്കപ്പെടുന്ന ആയത്തിനെക്കാൾ-ചുരുങ്ങിയപക്ഷം സമനിലയിലെങ്കിലും-വ്യക്തതയുള്ളതായിരിക്കണമെന്നു സ്പഷ്ടമാണ്. ഇവിടെയാണെങ്കിൽ, സൂ:ഹിജ്റിലെ ആയത്തുക്കളെക്കാൾ, സൂ സ്വാഫ്-ഫാത്തിലെ ആയത്തുകളും, അവയെക്കാൾ സൂ:ജിന്നിലെ ആയത്തുകളും ഈ വിഷയം വ്യക്തമായി വിവരിച്ചിരിക്കുന്നു. ഖുർആനെ വ്യാഖ്യാനിക്കുന്നതിൽ രണ്ടാമത്തെ സ്ഥാനം ഹദീസു

കൾക്കാണുള്ളത്. ഹദീസുകളാണെങ്കിൽ, ആയത്തുകളിലെ ആശയം ഒന്നുകൂടി വിശദീകരിച്ചും തരുന്നുണ്ട്. ഈ അടിസ്ഥാനത്തിലാണ് മുസ്‌ലിംകൾ കട്ടുകേൾവിയെപ്പറ്റി വിശ്വസിക്കുന്നതും. ഇതുസംബന്ധിച്ച് ഹദീസുകൾ പലതും ഉദ്ധരിക്കുവാനുണ്ടെങ്കിലും ചുരുക്കും ചിലതുമാത്രം ഇവിടെ ഉദ്ധരിക്കാം:-

ബുഖാരിയും, മുസ്‌ലിമും (ﷺ) ഇബ്നു അബ്ബാസ് (رضي الله عنه) ൽ നിന്നു ഉദ്ധരിച്ച ഒരു ഹദീസിൽ ഇപ്രകാരം കാണാം: ‘നബി (ﷺ) ചില സഹാബികളൊന്നിച്ച് സൂഖു ഉക്കാളി (سوق عكاظ) ലേക്കു പുറപ്പെട്ടു. പിശാചുക്കൾക്കും ആകാശത്തെ വർത്തമാനങ്ങൾക്കുമിടയിൽ തടസ്സം ചെയ്യപ്പെടുകയും, അവരിൽ തീജ്വാല അയക്കപ്പെടുകയും ചെയ്തിട്ടുണ്ടായിരുന്നു. അതിനാൽ പിശാചുക്കൾ മടങ്ങിപ്പോരേണ്ടതായി വന്നിരുന്നു. എന്തെങ്കിലും ഒരു പുതിയ സംഭവമല്ലാതെ ഇതിനു കാരണമില്ലെന്നു കരുതി അവർ നാനാഭാഗങ്ങളിലും പോയി അന്വേഷിക്കുകയുണ്ടായി. അങ്ങിനെ, തിഹാമയുടെ നേരെ പോയവർ, നബി (ﷺ) നഖ്‌ലഃ (نخلة) യിലെത്തിയപ്പോൾ തിരുമേനിയുടെ അടുക്കൽ എത്തി. തിരുമേനി പ്രഭാതനമസ്കാരം (*) നിർവ്വഹിക്കുകയിരുന്നു. അവർ ഖുർആൻ പാരായണം കേട്ടപ്പോൾ അതിലേക്കു ശ്രദ്ധകൊടുത്തു. ഇതുതന്നെയാണ് ആകാശവാർത്ത തടയപ്പെടുവാൻ കാരണം എന്നു അവർ പറഞ്ഞു. അനന്തരം അവർ തങ്ങളുടെ ജനതയിലേക്കു മടങ്ങിച്ചെന്ന് ’ഞങ്ങൾ ആശ്ചര്യകരമായ ഒരു ഖുർആൻ കേട്ടു’ (انا سمعنا قرأنا عجبا) എന്നും മറ്റും പറഞ്ഞു. നബി (ﷺ) ക്കു........ قل أوحى الى എന്ന് (സൂറ ത്തു ൽജിന്ന്) അവതരിക്കുകയും ചെയതു.’ (متفق)

ഇമാം ബുഖാരിയും മുസ്‌ലിമും (റ) ആയിശാ (رضي الله عنها) പ്രസ്തവിച്ചതായി ഉദ്ധരിക്കുന്നു: ‘ജോൽസ്യന്മാരെപ്പറ്റി നബി (സ) യോടു ചോദിക്കപ്പെട്ടു. തിരുമേനി പറഞ്ഞു; ‘അതു ഒന്നും തന്നെയല്ല’ (നിരർത്ഥമാണ്.) സഹാബികൾ പറഞ്ഞു: ‘ചിലപ്പോൾ അവർ പറയുന്നകാര്യം യഥാർത്ഥമാവുണ്ടന്നുണ്ടല്ലോ? തിരുമേനി പറഞ്ഞു; ‘യഥാർത്ഥമായിരിക്കുന്ന ആവാക്ക് ജിന്ന് (ആകാത്തു നിന്നു) തട്ടിയെടുക്കുന്നതാണ്. എന്നിട്ട് അവൻ അവൻെറ ബന്ധുവിൻെറ (ഗണിതക്കാർ മുതലായവരുടെ) ചെവിയിൽ പിടക്കോഴി ’കറ കറ’ ശബ്ദിക്കുന്നതുപോലെ ശബ്ദിക്കും. അവർ അതിൽകൂടി ഒരു നൂറുകളവും കലർത്തും’. (متفق) ആയിശാ (رضي الله عنها) യിൽനിന്നു ബുഖാരീ ഉദ്ധരിക്കുന്ന മറ്റൊരു ഹദീസു ഇപ്രകാരമാണ് ’മലക്കുകൾ അന്തരീക്ഷത്തിൽ ഇറങ്ങിവരും. അവർ ആകാശത്തുവെച്ച് തീരുമാനിക്കപ്പെട്ട ചില കാര്യത്തെക്കുറിച്ചു (തമ്മിൽ) പറയും. അപ്പോൾ പിശാചുക്കൾ അതു കട്ടുകേട്ട് അതിൽകൂടി അവരുടെ വകയായി നൂറുകളവും ചേർത്തു ജോൽസ്യൻമാർക്കും എത്തിക്കും.’ (البخارى)

ഇബ്നു അബ്ബാസ് (رضي الله عنه) പറഞ്ഞതായി ഇമാം മുസ്‌ലിം (رحمه الله) ഉദ്ധരിച്ച ഒരു ഹദീസിൽ ഇപ്രകാരം കാണാം. ’ഒരു രാത്രി സഹാബികൾ നബി (ﷺ) യൊന്നിച്ച് ഇരിക്കുമ്പോൾ ഒരു നക്ഷത്രത്തിൻെറ ഏറുംവെളിച്ചവും (കൊള്ളിമീൻ) ഉണ്ടായി. നിങ്ങൾ ’ജാഹിലിയ്യത്തിൽ ഇതിനെപ്പറ്റി എന്തു പറഞ്ഞിരുന്നു? എന്നു നബി (ﷺ) ചോദിച്ചു: മഹാനായ ഒരാൾ മരിച്ചിട്ടുണ്ട്. അല്ലെങ്കിൽ ജിവിച്ചിട്ടുണ്ടു എന്നു ഞങ്ങൾ പറഞ്ഞിരുന്നുവെന്നു അവർ മറുപടി പറഞ്ഞു, തിരുമേനി പറഞ്ഞു: അതൊന്നുമല്ല. പക്ഷെ, നമ്മുടെ റബ്ബ് ഒരു കാര്യം തീരുമാനിച്ചാൽ ആകാശത്തുള്ളഴർ അന്യോന്യം വിവരം പറയും,

---

* നബി (സ) രാവിലെയും വൈകുന്നേരവും നടത്താറുണ്ടായിരുന്ന നമസ്കാരമാണിവിടെ ഉദ്ദേശ്യം. അന്നു അഞ്ചുനേരത്തെ നമസ്കാരം നടപ്പിലായിട്ടുണ്ടായിരുന്നില്ല. (كما فى فتح البارى)

അങ്ങനെ ആ വർത്തമാനം ഏറ്റംഅടുത്ത ആകാശത്തുള്ളവരിലെത്തും. ജിന്നുകൾ (അവരിൽനിന്നു) അതു കേട്ടുതട്ടിയെടുക്കും. എന്നിട്ട് അവർ തങ്ങളുടെ ബന്ധുക്കളിലേക്കു എറിഞ്ഞുകൊടുക്കും. (അപ്പോൾ ഇതു സംഭവിക്കുന്നു.) (مسلم)

ഭൂമിയിൽ നടപ്പിലാക്കാൻ പോകുന്ന ചില കാര്യങ്ങളെക്കുറിച്ച് മലക്കുകൾ തമ്മിൽ സംസാരിക്കാറുള്ളതിൽ നിന്നു ഏതോ ചിലതായിരുന്നു പിശാചുക്കൾ ഉപായത്തിൽ കേട്ടിരുന്നതെന്നും, അല്ലാതെ അല്ലാഹുവിൻെറ ഭരണരഹസ്യങ്ങളൊന്നുമല്ലെന്നും, അവർ കേട്ട വാർത്തയിൽ കൂടി ധാരാളം കള്ളവാർത്തയും കൂട്ടിച്ചേർത്തുകൊണ്ടാണ് ജോത്സ്യൻമാർ മുതലായ തങ്ങളുടെ ബന്ധുക്കൾക്കു അവർ ദുർബോധനം ചെയ്യാറെന്നും ഈ ഹദീസുകളിൽ നിന്നു മനസ്സിലാക്കാം. കൂടുതൽ ഹദീസുകൾ ഉദ്ധരിച്ചു ദീർഘിപ്പിക്കേണ്ടുന്ന ആവശ്യമില്ല. അല്ലാഹുവിൻെറ ഭരണ രഹസ്യങ്ങൾ പിശാചുക്കൾ അറിയുന്നതുപോകട്ടെ, മലക്കുകളും, നബിമാരു പോലും-അല്ലാഹു അറിയിച്ചുകൊടുത്താലല്ലാതെ-അറിയുന്നതല്ല.

قل لا يعلم من فى السموات والارض الغيب الا الله—النمل ٦٥

(പറയുക: അല്ലാഹു അല്ലാതെ, അദൃശ്യവാർത്തയെ ആകാശങ്ങളിലും ഭൂമിയിലും ഉള്ളവർ അറിയുകയില്ല. (സൂ: നംലു 65)

عالم الغيفلا يظهر على غيبه احد الا من ارتضى من رسول فانهيسلك من بين يديه ومن خلفه رصدا ـ الجن

(അദൃശ്യത്തെ അറിയുന്നവനാണവൻ-അല്ലാഹു. താൻ തൃപ്തിപ്പെട്ടിട്ടുള്ള വല്ല ദൂതന്നും അല്ലാതെ, തൻെറ അദൃശ്യകാര്യത്തെക്കുറിച്ച് അവൻ ഒരാൾക്കും വെളിപ്പെടുത്തിക്കൊടുക്കുന്നതല്ല. എന്നാൽ അതിൻെറ-ദൂതൻമാർക്കും വെളിപ്പെടുത്തിക്കൊടുക്കുന്നതിൻെറ-മുമ്പിലൂടെയും, പിമ്പിലൂടെയും അവൻ പാറാവും ഏർപ്പെടുത്തുന്നതുമാണ്. (സൂ:ജിന്ന് 26, 27) അപ്പോൾ, മലക്കുകൾ ആകാശത്തു വെച്ച് തമ്മതമ്മിൽ സംസാരിക്കുകയും പിശാചിനു തട്ടിയെടുക്കുവാൻ സാധ്യമാകുകയും ചെയ്യുന്ന വാർത്തകൾ അല്ലാഹുവിൻെറ ഇങ്ങിനെയുള്ള രഹസ്യകാര്യങ്ങളല്ലെന്നു സ്പഷ്ടമാണ്.

പിശാചുക്കളുടെ കട്ടുകേൾവിയെക്കുറിച്ചു ഖുർആൻെറയും നബിവചനങ്ങളുടെയും വ്യക്തമായ പ്രസ്താവനകളിൽ നിന്നു മനസ്സിലാക്കേണ്ടതു എന്താണെന്നു നാം കണ്ടു. മുൻഗാമികളും, പിൻഗാമികളുമായ എല്ലാ ഖുർ ആൻ വ്യാഖ്യാതക്കളും-ഏതെങ്കിലും ചില്ലറ വിശദീകരണങ്ങളിൽ പരസ്പരം അല്പസ്വല്പവ്യത്യാസം കണ്ടേക്കാമെങ്കിലും ഈ വിഷയത്തിൽ ഏകാഭിപ്രായക്കാരുമാണ്. വേണ്ടാ, പുരോഗമനത്തിൻെറയും, ശാസ്ത്രത്തിൻെറയും നൂറ്റാണ്ടായ ഈ ഇരുപതാം നൂറ്റാണ്ടിൽ വിരചിതമായ എല്ലാ പ്രധാന ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളുടെ കർത്താക്കളും, പ്രഗത്ഭരായ മതപണ്ഡിതൻമാരും ഇതിൽനിന്നു ഒഴിവല്ല ഉദാഹരണമായി, അല്ലാമാ അഹ്മദു മുസ്തഫൽ മറാഗീയുടെ തഫ്സീർ, മുഹമ്മദ് ഫരീദ് വജ്ദിയുടെ സ്വഫ്വത്തുൽ ഇർഫാൻ, സയ്യിദ് റശീദ് റിളായുടെ തഫ് സീറുൽ മനാർ, മൗലാനാ, അബുൽകലാം ആസാദിൻെറ തുർജമാനുൽ ഖുർആൻ (ഉർദു), സയ്യിദ് ഖുത്ത്ബിൻെറ 'ഫീളിലാലിൽ ഖുർആൻ,' ശൈഖ് അലീ ത്വൻത്വാവിയുടെ തഫ്സീറുൽ ജവാഹീർ, അല്ലാമായൂസഫ് അലിയുടെ പരിഭാഷ (ഇംഗ്ളീഷ്) മുതലായ പലതും പരിശോധിച്ചാൽ ഈ വാസ്തവം മനസ്സിലാകും. ഇവരാരും പഴഞ്ചന്മാരായതുകൊണ്ടോ, ചിന്താശൂന്യരായതുകൊണ്ടോ, അനുകരണശീലരായതു കൊണ്ടോ ആണതെന്ന് ഇവരെപ്പറ്റി അല്പമെങ്കിലും അറിയുന്നവരാരും സംശയിക്കുകയില്ല. ഓരോരുത്തരുടെയും പ്രസ്താവനകളും വാചകങ്ങളും ഉദ്ധരിച്ചു ഈ കുറിപ്പു ദീർഘിപ്പിക്കുന്നില്ല. വിഷയം കൂടുതൽ സ്പഷ്ടമാകുന്നതിനും, തൽപരകക്ഷികൾ കുത്തിപ്പൊക്കാറുള്ള ചില സംശയങ്ങൾക്കു മറുപടി മനസ്സിലാക്കുന്നതിനും ഉതകുന്ന ചില വരികൾമാത്രം അവയിൽനിന്നു ഇവിടെ ഉദ്ധരിക്കുന്നു:

അല്ലാമാ മറാഗീ പറയുന്നു: 'മലക്കുകളിൽ നിന്നു ചില അദൃശ്യവാർത്തകളെ കേൾ

ക്കുവാൻ പിശാചുക്കൾ ഉദ്ദേശിക്കുമെന്നും, അവരുടെമേൽ തീജ്വാലകളും, കത്തുന്ന നക്ഷത്രങ്ങളും നിയോഗക്കപ്പെടുമെന്നും വിശുദ്ധ ഖുർആൻ നമുക്കു പറഞ്ഞുതരുന്നു. അതിൻെറ യാഥാർത്ഥ്യം എന്താണെന്നു കണ്ടുപിടിക്കുവാൻ നാം കിണയേണ്ടതില്ല. കാരണം, മതിയായ ലക്ഷ്യങ്ങളോടു കൂടി അതിൻെറ ശരിയായ വിവരം ലഭിക്കുമാറുള്ള ഉപാധികളും, മാർഗ്ഗങ്ങളും നമ്മുടെ പക്കലില്ല. ഖുർആനിൽ വന്നതും, നബി (ﷺ) ക്കു വഹ്‌യു ലഭിച്ചതുമെല്ലാം വിശ്വസിക്കാതിരിക്കുവാൻ നമുക്കു നിവൃത്തിയില്ല അതിനപ്പുറം ഗവേഷണം നടത്തുന്നതു കേവലം ഊഹവും അനുമാനവും മാത്രമേ നേടിത്തരികയുള്ളു. ഒരു മുസ്ലിമിനു അവൻെറ മതത്തിൽ മനസ്സമാധാനം കൈവരേണ്ടതിനു അതൊന്നും ആവശ്യമില്ല.' (تفسير المراغى ص ١٤ ج ١٤) അല്ലാമാ മറാഗിയുടെ ഈ പ്രസ്താവനയിലടങ്ങിയ അതേ ആശയം മൗലാനാ ആസാദിൻെറ തുർജമാനിലും കാണാം. (ترجمان للقرأن ص ٢٩٩ ج ٢)

ശൈഖ് ത്വൻത്വാവീ (*) യുടെ ചില വാക്യങ്ങൾകൂടി ചുരുക്കി ഉദ്ധരിക്കാം. അദ്ദേഹം സൂ: സ്വാഫ്-ഫാത്തിലെ മേലുദ്ധരിച്ച ആയത്തുകളെ ആധാരമാക്കിക്കൊണ്ട് അതിലദ്ദേഹം കാണുന്ന പല സൂചനകളും വിവരിച്ച ശേഷം പറയുന്നു:' ഇങ്ങിനെയെല്ലാം പറഞ്ഞുവെങ്കിലും, (ഖുർആൻ) വാചകങ്ങളുടെ വ്യക്തമായ സാരം, പിശാചുക്കൾ കട്ടുകേൾക്കുമെന്നും, തീജ്വാലകൊണ്ടു അവർ കരിയുമെന്നും, ചിലപ്പോൾ അതു ഏൽക്കാതെ അവർ രക്ഷപ്പെടുകയും, വീണ്ടും കള്ളൻമാരെപ്പോലെ മടങ്ങിവരുമെന്നുമൊക്കെ ത്തന്നെയാണ്... ജിന്നുകളിലുള്ള പിശാചുക്കൾ മനുഷ്യപിശാചുക്കളെപ്പോലെ ത്തന്നെയാണ്. (ദുഷിച്ചവരാണ്) . കാര്യമായ വ്യത്യാസമുള്ളതു, അവർ മാനുഷശരീരിക ളല്ല. ഇവർ മാനുഷരീരികളാണ് എന്നുള്ളതത്രെ. മനുഷ്യരുടെ ഉൽകൃഷ്ടവികാരങ്ങൾ 'മലഉൽ അഅ്ലാ' (الملاء الاعلى) യിൽ നിന്നുള്ള ശകലങ്ങളാകുന്നു....ആ ലോകവും നമ്മുടെ ബുദ്ധിയും തമ്മിലുള്ള ബന്ധം, സൂര്യനും നമ്മുടെ കണ്ണും തമ്മിലുള്ള ബന്ധംപോലെയാണ്....'

'അറിയുക: തീജ്വലാ (شهاب) യുടെ കാര്യം മുൻകാലത്തു ശാസ്ത്രജ്ഞൻമാരുടെ അടുക്കൽ ഒരു തീരാപ്രശ്നമായിരുന്നു. കാരണം, പിളരാനും കൂടാനും പാടില്ലാത്ത ഒരു ഘനപദാർത്ഥമായിരുന്നു അവരുടെ അഭിപ്രായത്തിൽ ആകാശം. അപ്പോൾ എങ്ങിനെയാണ് തീജ്വാലകൾകൊണ്ടു എറിയാലും മറ്റും ഉണ്ടാവുക? ഇന്നാകട്ടെ, നമുക്ക് എന്തൊരു ആശ്വാസമാണ്?! ആധുനിക ശാസ്ത്രീയ തത്വങ്ങളനുസരിച്ച് ആകാശനക്ഷത്ര ങ്ങളിൽനിന്നു തന്നെയുള്ള ചെറുക്ഷ്ണങ്ങളാണ് ഈ ജ്വാലകൾ (ഉൽക്കകൾ) എന്നാ യിരിക്കുന്നു. അപ്പോൾ നമുക്കിന്നു യാതൊരു സംശയത്തിനും അവകാശമില്ല. ഇതു ഖുർആൻെറ ഒരു അമാനുഷിക ദൃഷ്ടാന്തം തന്നെ! ആ കാലപ്പഴക്കം ചെന്ന ശാസ്ത്രത്തിനു ഖുർആൻ എതിരും, നിലവിലുള്ള ആധുനിക ശാസ്ത്രത്തിനു അതു അനുകൂലവുമാകുന്നു.....' (ملخصا من تفسير الجواهر من ص ١٠، ١١ ج ١٧)

ഇനി, കട്ടുകേൾവിയെ നിഷേധിക്കുന്നവർ, തങ്ങളുടെ വാദത്തോടു യോജിപ്പിക്കുവാ

---

* حكيم الاسلام (ഇസ്ലാമിലെ തത്വശാസ്ത്രനിപുണൻ) എന്നു കീർത്തിയാർജ്ജിച്ച ഒരു പണ്ഡിതനാണ് ഈജിപ്തുകാരനായ ത്വൻതാവി (الطنطاوى) അദ്ദേഹത്തിൻെറ 'തഫ്സീറുൽ ജവാഹിറി'നെപ്പറ്റി അധിക മാരെയും പറഞ്ഞറിയിക്കേണ്ടതില്ല. ഖുർആൻ വ്യാഖ്യാന ഗ്രന്ഥമെന്നതിനെക്കാൾ, സർവ്വശാസ്ത്ര വിജ്ഞാനഗ്രന്ഥം എന്നാണതിനെപ്പറ്റി പറയേണ്ടത്. വിവധ ആധുനിക തത്വശാസ്ത്ര സിദ്ധാന്തങ്ങൾ ഇത്ര യധികം വരച്ചുകാട്ടിയ ഗ്രന്ഥങ്ങൾ തുലോം കുറവാണ്. അതേസമയത്ത് അദ്ദേഹത്തിൻെറ 'പുരോഗമനാശയങ്ങൾ'ക്കുവേണ്ടി ഖുർആനെ അദ്ദേഹം വളച്ചുതിരിച്ചു വ്യാഖ്യാനക്കാറുമില്ല. മിക്ക ആയത്തുകൾക്കുശേഷവും അവയോട് നാമമാത്രമെങ്കിലും ബന്ധപ്പെടുത്താവുന്ന പല ശാസ്ത്രീയ വിജ്ഞാനങ്ങളും, തത്വങ്ങളും അദ്ദേഹം വിവിരിക്കുമെന്നുമാത്രം.

നായി ഖുർആൻ വചനങ്ങളിലെ ചില വാക്കുകൾക്കു കൽപിക്കുന്ന അർത്ഥങ്ങളെയും, തങ്ങൾക്കു തെളിവായി ചൂണ്ടിക്കാട്ടുന്ന ചില ഖുർആൻ വാക്യങ്ങളെയും മറ്റു സംബന്ധിച്ചാണ് ആലോചിക്കുവാനുള്ളത്. വാസ്തവത്തിൽ ജിന്നുവർഗ്ഗത്തിൻെറയും, അവരിലുള്ള പിശാചു വിഭാഗത്തിൻെറയും നിഷേധത്തിൽ അധിഷ്ഠിതമാണ് ഈ നിഷേധവും. അതിനെപ്പറ്റി കഴിഞ്ഞ വ്യാഖ്യാനക്കുറിപ്പിൽ നാം വിവരിച്ചതാണ്.

സൂറത്തു-സാഫ്-ഫാത്തിലെ ആയത്തിൽ ഇവരുടെ വക ഒരു പുതിയ അർത്ഥം നൽകപ്പെട്ടിട്ടുള്ള വാക്യമാണ് لا يسمعون الى الملاء الاعلى(‘മലഉൽ അഅ്ലാ’യിലേക്കു അവർ-പിശാചുക്കൾ-ചെവികൊടുത്തു കേൾക്കുകയില്ല) എന്ന വാക്യം. ഇവരുടെ അടുക്കൽ പിശാചുക്കൾ മനുഷ്യൻമാരായ സ്ഥിതിക്ക് മലക്കുകളാകുന്നു ‘മലഉൽ അഅ്ലാ’യും മനുഷ്യർ തന്നെയാണെന്നു പറയുവാൻ ഇവർ നിർബ്ബന്ധിതരായിരിക്കുകയാണ്. ആകയാൽ, ആ വാക്കിനു ’ഉന്നത നേതാക്കൻമാർ, ഉൽകൃഷ്ടരായ ആളുകൾ’ എന്നൊക്കെയാണ് ഇവർ അർത്ഥമാതക്കുന്നത്. الملاء എന്നാൽ ‘സംഘം, പ്രധാനികൾ, പ്രമുഖർ, കാര്യലോചനയിലോ അഭിപ്രായത്തിലോ യോജിക്കുന്ന ആളുകൾ’ എന്നിങ്ങിനെയും الاعلى എന്നാൽ’ മേലേകിടയിലുള്ള, ഉന്നതമായ’ എന്നുമാണ് ഭാഷാർത്ഥം, ഭാഷാർത്ഥം നോക്കുമ്പോൾ ഇവർ കൽപിച്ച അർത്ഥത്തിൽ വലിയൊരു അബദ്ധമുണ്ടെന്നു പറഞ്ഞുകൂടാ. പക്ഷേ, രണ്ടു പദങ്ങളും ചേർന്ന് الملاء الاعلى എന്നു പറയുമ്പോൾ അതിൻെറ ഉദ്ദേശ്യം എന്താണെന്നാണ് നോക്കേണ്ടത്. നിഘണ്ടുക്കളിൽ അതിന്നു കാണുന്ന അർത്ഥങ്ങൾ, ’ ആകാശലോകം, സ്വർഗ്ഗീയനഗരം, ആത്മീയ ജീവികളുടെ ലോകം’ എന്നിങ്ങനെയാണ്. (*) ‘ഉൽകൃഷ്ടൻമാർ എന്നോ, ‘ഉന്നതനേതാക്കൾ, എന്നോ പോലെയുള്ള അർത്ഥങ്ങൾ കാണുപ്പെടുന്നില്ല. ഖുർആൻ വ്യാഖ്യാതാക്കളാകട്ടെ, മലക്കുകൾ, മലക്കുകളിൽ പ്രധാനികൾ, ആകാശലോകവും അതിലെ മലക്കുകളും, മലക്കുകളുടെ ഉന്നതസമൂഹം’ എന്നിത്യാദി അർത്ഥങ്ങൾ മാത്രമാണതിന്നു നൽകുന്നത്. (†) അല്ലാമാ ഫരീദ്വജ്ദീ ഇങ്ങിനെയുംകൂടി പറഞ്ഞു കാണുന്നു: ‘മലക്കുകളായിരിക്കും അവർ. ഒര പക്ഷേ, ആ ഉന്നതലോക (നക്ഷത്ര) ങ്ങളിലെ നിവാസികളാണെന്നും, അല്ലെങ്കിൽ അവിടെയുള്ള മലക്കുകളാണെന്നുവരാം. (‡)

الملاء الاعلى യുടെ അർത്ഥം നിർണ്ണയിക്കുവാൻ ഖുർആനിൽനിന്നും, ഹദീസിൽനിന്നും നമുക്കു വല്ലതും ലഭിക്കുവാനുണ്ടോ എന്നുകൂടി നോക്കാം. സൂ:സ്വാദ് 60-63 ആയത്തുകളിൽ നരകവാസികൾ തമ്മിൽ ഉണ്ടാകുന്ന ചില വിവാദങ്ങളെപ്പറ്റി പ്രസ്താവിക്കുന്നുണ്ട്. അതിനുശേഷം അതിനെ ചൂണ്ടിക്കാട്ടിക്കൊണ്ട് 64-ാം ആയത്തിൽ ‘അതു യഥാർത്ഥം തന്നെയാണ്, നരകക്കാർ പരസ്പരം നടത്തുന്ന വിവാദമാണ് (ان ذلك لحق تخاصم اهل النار) എന്നു പറഞ്ഞ് ആ വിഷയം അവസാനിപ്പിക്കുന്നു. പിന്നീട് നബി (ﷺ) ജനങ്ങളോട് പറയണം (قل) എന്നു കൽപിച്ചുകൊണ്ട് 65 മുതൽ 70 കൂടിയ വചനങ്ങളിൽ പല കാര്യങ്ങലും അല്ലാഹു പ്രസ്താവിക്കുന്നു. അതിന്നിടയിലുള്ള 69-ാം വചനം ഇപ്രകാരമാണ്: ماكان لى من علم بالملأ الاعلى اذ يخصمون (മലാഉൽ അഅ്ലയെക്കുറിച്ച് അവർ തർക്കം നടത്തിക്കൊണ്ടിരുന്ന അവസരത്തിൽ എനിക്കു ഒരു അറിവും ഉണ്ടായിരുന്നില്ല.) 70ൽ ان يوحى الى الا انام انا نذير مبين (ഒരു സ്പഷ്ടമായ താക്കീതുകാരനാണെ

* عالم الارواح المجردة, الملائكة Heaven, Celestial City മുതലായവ

† السموات ومن فيها من الملئكة, اشراف الملئكة, الملائكة The Exalted Assembly of Angels.

‡ هم الملئكة وربما كانوا هم سكان تلك العوالم العالية او الملئكة الذين لديهم

ന്നതിനാലല്ലാതെ എനിക്കു 'വഹ്‌യു' നൽകപ്പെടുന്നില്ല) എന്നും പറയുന്നു. അടുത്ത 71-ാം വചനം ഇപ്രകാരമാണ്. اذ قال ربك للملئكة أني خالق بشرا من طين (അതായതു, ഞാൻ കളിമണ്ണിൽനിന്ന് ഒരു മനുഷ്യനെ സൃഷ്ടിക്കുവാൻ പോകുന്നുവെന്നു നിന്റെ റബ്ബ് മലക്കുകളോടു പറഞ്ഞ സന്ദർഭം.) തുടർന്നുകൊണ്ട് ആദം (عليه السلام) ന്റെ സൃഷ്ടിയെക്കുറിച്ചും അനന്തര സംഭവങ്ങളെക്കുറിച്ചും പ്രസ്താവിച്ചിരിക്കുന്നു. അപ്പോൾ, 69-ാം വചനത്തിൽ പറഞ്ഞ 'മലഉൽ അഅ്‌ലാ'കൊണ്ട് ഉദ്ദേശ്യം മലക്കുകളാണെന്നും, അവരുടെ തർക്കംകൊണ്ടുദ്ദേശ്യം, ആദം (അ) നെ സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്ന വിവരം അല്ലാഹു മലക്കുകളെ അറിയിച്ചപ്പോൾ അവർ പറഞ്ഞിരുന്ന (സൂ: അൽബഖറഃ 30ൽ പ്രസ്താവിക്കപ്പെട്ട) മറുപടിയാണെന്നും വ്യക്തമാണ്.

എന്നാൽ, ഈ വാസ്തവം സമ്മതിച്ചാൽ, കട്ടുകേൾവിയുടെ നിഷേധവും, ജിന്നുവർഗ്ഗത്തിന്റെ നിഷേധവും പിൻവലിക്കേണ്ടിവരുമല്ലോ. അതിനു ഇവർ ഉപയോഗിച്ച സൂത്രം കാണുമ്പോൾ നാം അമ്പരന്നുപോകും! കുറേ മുമ്പ് (64-ാം വചനത്തിൽ) പറഞ്ഞവസാനിപ്പിക്കുകയും, പിന്നീട് വേറെ കുറെ കാര്യങ്ങൾ പുതുതായി പറയുകയും ചെയ്തിട്ടുള്ള നരകക്കാരുടെ ആ വിവാദമാണുപോൽ 69-ാം ആയത്തിൽ ചൂണ്ടിക്കാട്ടുന്ന തർക്കവും! ആ നരകവാസികളിൽ മേലേക്കിടയിലുള്ള നേതാക്കൻമാരാണുപോൽ 'മലഉൽ അഅ്‌ലാ. (سبحان الله) സ്വന്തം ആശയങ്ങളുടെ സംരക്ഷണത്തിനുവേണ്ടി ഖുർആൻ വാക്യങ്ങൾക്കു ഇമ്മാതിരി വ്യാഖ്യാനം നൽകുവാൻ അതിന്റെ അനുയായികൾക്കു ധൈര്യം തോന്നുന്നതു അത്യാശ്ചര്യം തന്നെ! അല്ലാഹു നമുക്കും അവർക്കും പൊറുത്തുതരട്ടെ. ആമീൻ (കൂടുതൽ വിവരം തൽസ്ഥാനത്തു വെച്ചു കാണാം. (ن شاء الله) സൂറത്തുൽ ജിന്നിൽ, ഞങ്ങൾ ആകാശം സ്പർശിച്ചുനോക്കുമ്പോൾ അതു പാറാവുകാരാൽ നിറക്കപ്പെട്ടിരിക്കുന്നു. (وانا لمسنا السماء الخ) എന്നു പറഞ്ഞുവല്ലോ. മലഉൽ അഅ്‌ലാ സ്ഥിതിചെയ്യുന്നത് ആകാശത്താണെന്നും, അതു മലക്കുകളാവാനേ സാധ്യതയുള്ളുവെന്നും അതിൽനിന്നും വ്യക്തമായി മനസ്സിലാക്കാം.

'മലഉൽ അഅ്‌ലാ' കൊണ്ടുദ്ദേശ്യം മനുഷ്യനേതാക്കളല്ല, മലക്കുകൾ തന്നെയാണെന്നു ഹദീസിൽ നിന്നും മനസ്സിലാക്കുവാൻ കഴിയും, ഇബ്നു അബ്ബാസ് (رضي الله عنه), മുആദ് (رضي الله عنه), അബ്ദുറഹ്‌മാനുബ്നു ആയിശ് (رضي الله عنه) (*) എന്നീ സഹാബികളിൽ നിന്നായി ഇമാം അഹ്‌മദും, തിർമദീയും (رحمه الله) മറ്റും ഉദ്ധരിച്ചിട്ടുള്ള ഒരു ഹദീസിന്റെ ചുരുക്കം ഇതാണ്: നബി (صلى الله عليه وسلم) പറഞ്ഞു: 'ഞാൻ എന്റെ റബ്ബിനെ സ്വപ്നത്തിൽ കണ്ടു. മലഉൽ അഅ്‌ലാ എന്തു കാര്യത്തിലാണ് തർക്കിക്കുന്നതു (فيم يختصم الملا الاعلى) എന്നറിയാമോ എന്നു റബ്ബ് എന്നോടു ചോദിച്ചു. നിനക്കാണല്ലോ നല്ലപോലെ അറിയുക (انت اعلم) എന്നു ഞാൻ മറുപടി പറഞ്ഞു. എനിക്കു കാര്യം മനസ്സിലായി. ഞാൻ പറഞ്ഞു: അതെ, പാപങ്ങൾ പൊറുപ്പിക്കുന്ന (പുണ്യമായ) കാര്യങ്ങളെക്കുറിച്ചാണ്.' (തുടർന്നു കൊണ്ട് പല പുണ്യകർമ്മങ്ങളെയും അതിൽ പ്രസ്താവിച്ചിട്ടുണ്ട്.) ചുരുക്കത്തിൽ-ഇവർ പറഞ്ഞതുപോലെ-'മലഉൽ അഅ്‌ലാ' എന്നതു മലക്കുകളാണെന്ന് ഒരിക്കൽ ആരോ അങ്ങ് പറയുകയും, ബാക്കിയുള്ളവർ അതപ്പടി എറ്റുപാടുകയും ചെയ്തതല്ലെന്നും, ഖുർആനിൽ നിന്നും ഹദീസിൽ നിന്നും മനസ്സിലാക്കിയതാണെന്നും വ്യക്തമായല്ലോ.

ഇനി, ഇവർ തെളിവിനു കൊണ്ടുവന്ന ചില ഖുർആൻ വചനങ്ങൾ പരിശോധിക്കാം. 1-ാമത്തേതു 67: 5ലാണല്ലോ. ആ ആയത്തു ഇതാണ് :

ولقد زينا السماء الدنيابمصابيح وجعلناها رجوما للشياطين واعتدنا لهمعذاب السعير – الملك

ഏറ്റവും അടുത്ത ആകാശത്തെ നാം ചില വിളക്കുകൾ കൊണ്ടു അലങ്കരിച്ചിരിക്കുന്നു.

---

* عبد الرحمن ابن عائش

അവയെ പിശാചുക്കളെ എറിയുന്നതും ആക്കിയിരിക്കുന്നു. അവർക്കു നാം കത്തി ജ്വലിക്കുന്ന അഗ്നിയുടെ ശിക്ഷ ഒരുക്കി വെക്കുകയും ചെയ്തിരിക്കുന്നു.' ഇതാണ് ഈ ആയത്തിൻെറ ശരിയായ അർത്ഥം. ഖുർആൻ വ്യാഖ്യാതാക്കളെല്ലാം സ്വീകരിച്ചിട്ടുള്ള അർത്ഥവും ഇതുതന്നെ. മാത്രമല്ല, നക്ഷത്രങ്ങളാകുന്ന അലങ്കാരംകൊണ്ടു ആകാശത്തെ അലങ്കരിച്ചിട്ടുണ്ടെന്നു പ്രസ്താവിക്കുന്ന മിക്ക ആയത്തുകളും പരിശോധിച്ചാൽ ഈ അർത്ഥമാണ് ഇവിടെയും യോജിച്ചതെന്നു കാണാം:-

മുകളിൽ ഉദ്ധരിച്ച മൂന്നു സൂറത്തുകളിലെ ആയത്തുകളും നോക്കുക. ഒന്നാമത്തേതിൽ 'എല്ലാ ആട്ടപ്പെട്ട പിശാചിൽ നിന്നും അവയെ നാം കാക്കുകയും ചെയ്തിട്ടുണ്ട് (وحفظناها من كل شيطان رجيم) എന്നും, രണ്ടാമത്തേതിൽ, 'എല്ലാ മുരട്ടുശീലക്കാരനായ പിശാചിൽ നിന്നും കാവലും ആക്കിയിരിക്കുന്നു' (وحفظناها من كل شيطان مارد) എന്നും, 'തുരത്തിവിടുവാനായി എല്ലാ ഭാഗത്തുനിന്നും അവർ എറിയപ്പെടും' (يقذفون من كل جانب دحورا) എന്നും പറയുന്നു. 'ശക്തിമത്തായ പാറാവുകാരാൽ ആകാശം നിറക്കപ്പെട്ടിരിക്കുന്നു' (ملئت حرسا شديدا) എന്നു മൂന്നാമത്തേതിലും കാണാം, സൂ: ഹാമീം സജദഃ 12ൽ, ഏറ്റം അടുത്ത ആകാശത്തെ നാം ചില വിളക്കുകൾ കൊണ്ടു അലങ്കരിച്ചിരിക്കുന്നു; കാവലും ആക്കിയിരിക്കുന്നു'. (وزينا السماء الدنيا بمصابيح وحفظا) എന്നും പറയുന്നു. ചുരുക്കിപ്പറഞ്ഞാൽ, നക്ഷത്രങ്ങളെ അല്ലാഹു ആകാശത്തിനു ഒരു അലങ്കാരവും, അതിനു ഒരു കാവലുമാക്കിവെച്ചിരിക്കുകയാണെന്ന തത്വം ഖുർആൻ ആവർത്തിച്ചു പറയാറുള്ളതാണ്. പിശാചുക്കളെ അവമൂലം എറിഞ്ഞാട്ടുന്നുവെന്ന നിലക്കാണ് അവ ആകാശത്തിന്ന് കാവലായിത്തീരുന്നതെന്നും അവയിൽ നിന്നു വ്യക്തമായി മനസ്സിലാക്കാം.

ഇതെല്ലാം കണക്കിലെടുത്തുകൊണ്ടു സൂ: മുൽകിലെ ആ ആയത്തിൽ وجعلناها رجوما للشيطان എന്ന വാക്കിനു 'അവയെ നാം പിശാചുക്കളെ എറിയുന്നതാക്കി' എന്നാണോ അർത്ഥം കൊടുക്കേണ്ടതു, അതല്ല, 'പിശാചുക്കളുടെ ഊഹങ്ങൾക്കു പാത്രമാക്കി' എന്നാണോ അർത്ഥം കൊടുക്കേണ്ടത്? നിഷ്പക്ഷബുദ്ധിയോടെ ഒന്നു ആലോചിച്ചു നോക്കുക! (رجم) (റജ്മു) എന്നതിൻെറ ബഹുവചനമാണ് (رجوم) (റുജൂമു) എന്നറിയപ്പെടുന്ന വസ്തു (ما يرجم به) എന്നും, (ظن) ഊഹം'എന്നും ഭാഷയിൽ അതിന്നർത്ഥമുണ്ട്. പക്ഷേ, മേൽ ചൂണ്ടിക്കാട്ടിയതു പോലുള്ള വസ്തുതകൾ മുമ്പിലുള്ളതുകൊണ്ടു മാത്രമാണ് 'എറിയപ്പെടുന്നതു' എല്ലാവരും അതിന്നർത്തം സ്വീകരിച്ചത് ഒന്നിലധികം അർത്ഥം വരാവുന്നതോ, വേണ്ടത്ര വ്യക്തമല്ലെന്നു തോന്നുന്നതോ ആയ ആയത്തുകൾക്കു അവയെക്കാൾ വ്യക്തവും വിശദവുമായ മറ്റു ആയത്തുകളോടു യോജിക്കുന്ന അർത്ഥവ്യാഖ്യാനമാണ് നൽകേണ്ടതെന്നുള്ള തർക്കമറ്റ ഒരു നിയമമത്രെ. എന്നിരിക്കെ, ഏതെങ്കിലും അറിയപ്പെടാത്ത ചിലർ ആ വാക്കിനു 'ഊഹങ്ങൾ' എന്നു അർത്ഥം കൊടുത്തിട്ടുണ്ടെങ്കിൽ തന്നെ, അതു സ്വീകാര്യമല്ല. അതുകൊണ്ടാണ് ഇങ്ങിനെയും ഒരു അഭിപ്രായമുണ്ടെന്നു തൻെറ തഫ്സീറിൽ രേഖപ്പെടുത്തിയ ഇമാം ബൈളാവീ (റ) -ദുർബ്ബലമോ തള്ളപ്പെട്ടതോ ആയ അഭിപ്രായങ്ങൾ ഉദ്ധരിക്കുമ്പോൾ അദ്ദേഹവും മറ്റുള്ളവരും ചെയ്യാറുള്ളതുപോലെ-അതു ഉദ്ധരിച്ചപ്പോൾ, 'ആരോ പറഞ്ഞിട്ടുണ്ട്' (قيل) എന്നു പറഞ്ഞ് അതിൻെറ കൊള്ളാരുതായ്മ ചൂണ്ടിക്കാട്ടിയതും. ഇമാം ബൈളാവീ (ﷺ) ആ അഭിപ്രായം സ്വീകരിച്ച ആളല്ല. ആണെന്നു സങ്കൽപിച്ചാൽ തന്നെ, അദ്ദേഹം ജിന്നുവർഗ്ഗത്തെയോ, പിശാചുക്കളുടെ കട്ടുകേൾവിയെയോ നിഷേധിക്കുന്ന ആളുമല്ലസ്ഥാപിക്കുന്ന ആളാണ്-എന്നുകൂടി ഓർക്കേണ്ടതുണ്ട്.

'കട്ടുകേൾക്കൽ വാദത്തെ അടിയോടെ തുടച്ചുനീക്കുന്നതാണെന്നുള്ള നിഗമനത്തോടെ ഇവർ എടുത്തുകാട്ടുന്ന 2-മത്തെ തെളിവാണ് 52:38ലെ ഖുർആൻവചനം. 'ആകാശത്തെ വാർത്തകൾ ഞങ്ങൾക്കു അറിയുവാൻ കഴിയുമെന്നു പറഞ്ഞു ജനങ്ങളെ

കബളിപ്പിക്കുന്ന അറേബ്യായിലെ കപടവിശ്വാസികളുടെ ജാലവിദ്യ തുറന്നുകാട്ടിയതാണ് ആ വചനം, അവർക്കു ദിവ്യലോകത്തെ വാർത്തകൾ കേൾക്കുവാൻ അങ്ങോട്ടു കയറിച്ചെല്ലേണ്ടതിനു വല്ല കോണിയും ഉണ്ടോ എന്നാണ് അതിൽ പറയുന്നത്' എന്നൊക്കെയാണ് ഇവരുടെ വാദം. വാസ്തവത്തിൽ, പിശാചുക്കളുടെ കട്ടുകേൾവിയും ഈ വചനവുമായി ബന്ധമില്ല. ഇതിൽ, കപടവിശ്വാസി—കളെക്കുറിച്ചല്ല പറയുന്നതും. സൂ: ത്വൂറിലെ 28 മുതൽ 45 വരെയുള്ള ഓരോ ആയത്തും പരിശോധിച്ചാൽ, പരസ്യമായി ത്തന്നെ അവിശ്വാസികളായിരുന്നവരെ സംബന്ധിച്ചാണ് ആ വചനങ്ങൾ എന്നു മനസ്സിലാകും. 'ഖുർആൻ കെട്ടിച്ചമച്ചതാണെന്നു അവർ പറയുന്നുവോ?' 'ഒരു കർത്താവും ഇല്ലാതെ അവർ താനേ സൃഷ്ടിക്കപ്പെട്ടിരിക്കുകയണോ? 'ആകാശഭൂമികളെ സൃഷ്ടിച്ചതു അവരാണോ?' 'റബ്ബിൻെറ ഖജനാകൾ അവരുടെ അടുക്കലാണോ?' എന്നിങ്ങിനെ വിവിധ തരത്തിലുള്ള പത്തുപതിനാലു ചോദ്യങ്ങൾ അവരെക്കുറിച്ചു അതിൽ അല്ലാഹു ചോദിച്ചിരിക്കുന്നു. അക്കൂട്ടത്തിൽ ഒന്നാണ് ഈ 38-ാം ആയത്തും, 'അതല്ല, ചെവി കൊടുത്തു കേൾക്കുമാറുള്ള വല്ല കോണിയും അവർക്കുണ്ടോ? എങ്കിൽ, അവരിൽനിന്നു ചെവി കൊടുത്തു കേട്ടവൻ വ്യക്തമായ വല്ല അധികൃതരേഖയും കൊണ്ടുവരട്ടെ!' (ام لهم سلم يستمعون فيه فليأت مستمعهم بسلطان مبين) എന്നാണതിൽ പറഞ്ഞിരിക്കുന്നത്.

ഈ ആയത്തിലെ ആശയം എന്താണെന്നു മനസ്സിലാക്കത്തക്ക വേറെയും ആയത്തുകൾ ഖുർആനിൽ കാണാം: قل فأتوا بكتاب من عند الله – القصص ٤٩ (പറയുക: എന്നാൽ നിങ്ങൾ അല്ലാഹുവിങ്കിൽ നിന്നും ഒരു ഗ്രന്ഥം കൊണ്ടുവരുവിൻ,)
ام انزلنا عليهم سلطانا فهو يشركون – الروم ٣٥ (അതെല്ലെങ്കിൽ അവർക്കു നാം വല്ല അധികൃത രേഖയും അവതരിപ്പിച്ചിട്ട് അവർ പങ്കുചേർത്തു വരുന്നതിനെക്കുറിച്ച് അതു സംസാരിക്കുന്നുണ്ടോ? **ام لكم سلطان مبين تأتوا بكتابكم ان كنتم صادقين الصافات ١٥٦، ١٥٧** – (അതല്ല, നിങ്ങൾക്ക് സ്പഷ്ടമായ വല്ല അധികൃത രേഖയുമുണ്ടോ? എങ്കിൽ, നിങ്ങൾ സത്യവാൻമാരാണെങ്കിൽ നിങ്ങളുടെ ഗ്രന്ഥം കൊണ്ടുവരുവിൻ) എന്നിങ്ങനെയുള്ള പല ആയത്തുകളിലും അടങ്ങിയ ആശയം തന്നെയാണ് ഈ ആയത്തിലും ഉള്ളത്. അതായതു: അവിശ്വാസികൾക്കു തങ്ങളുടെ നിലപാടു ന്യായീകരിക്കുവാൻ ഉപരിലോകത്തുനിന്ന് എന്തെങ്കിലും അറിവു ലഭിച്ചിട്ടുണ്ടോ? അങ്ങനെ അവർ വാദിക്കുന്നുണ്ടെങ്കിൽ, അവർക്കു അതിനുള്ള മാർഗ്ഗം ഒന്നുമില്ലല്ലോ. മനുഷ്യർക്കു ഉപരിലോകത്തുനിന്ന് അറിവു ലഭിക്കേണ്ടതിനു വഹ്‌യുവേണം: അതു ഇവർക്കില്ല; അല്ലെങ്കിൽ അങ്ങോട്ടു കയറിച്ചെല്ലുവാൻ കോണിവേണം; അതുമില്ല; എന്നു സാരം. മുൻകാലത്തു മനുഷ്യനു ഉപരിഭാഗത്തേക്കു കയറുവാൻ കോണിയല്ലാതെ-റോക്കറ്റോ ഗോളാന്തര വാഹനങ്ങളോ ഒന്നും-വിഭാവനം ചെയ്‌വാനില്ല. ജിന്നുവർഗ്ഗത്തിന്നാകട്ടെ, കോണിയുടെ ആവശ്യമില്ലതാനും. അപ്പോൾ, ഈ ചോദ്യം പിശാചുക്കളുടെ കട്ടുകേൾവിയെ സംബന്ധിച്ചല്ലെന്നു വ്യക്തമാണ്. പക്ഷേ, ജിന്നും മനുഷ്യനും ഒന്നാണെന്നും ഉറപ്പിച്ചു വെച്ചവർക്കു ഈ വ്യത്യാസം ഗ്രഹിക്കുവാൻ സാധിക്കുകയില്ല.

3-ാമതായി ഇവർ തങ്ങൾക്കു തെളിവായി കൊണ്ടുവന്ന സൂ: ശൂഅറാഉ് 210-212നെപ്പറ്റി ആലോചിക്കാം. ആയത്തുകൾ ഇവയാണ്:
وماتنزلت به الشياطين وما ينبغى لهم وما يستطيعون انهم عن السمع لمعزولون
(ഇതും കൊണ്ട്-ഖുർആൻകൊണ്ട്-പിശാചുക്കൾ ഇറങ്ങിയിട്ടില്ല, അതവർക്കു യോജിക്കുന്നതുമല്ല. അവർക്കു സാധ്യമാകുന്നതുമല്ല. നിശ്ചയമായും അവർ കേൾക്കുന്നതിൽ നിന്നും നീക്കം ചെയ്യപ്പെട്ടവരാകുന്നു.) ഈ വചനം പിശാചുക്കളുടെ കേട്ടുകേൾവിയെ നിഷേധിക്കുകയല്ല-സ്ഥാപിക്കുകയാണ്-ചെയ്യുന്നത്. لمعزولون ا എന്ന വാക്കിന് 'അകറ്റപ്പെട്ടവർ, നീക്കപ്പെട്ടവർ, ഒഴിച്ചുനിറുത്തപ്പെട്ടവർ' എന്നൊക്കെ വിവർത്തനെ നൽകാം. എന്നാൽ, ഏതെങ്കിലും ഒരു കാര്യവുമായി ബന്ധപ്പെട്ടതിനുശേഷം അതിൽനിന്നു അകറ്റിനിറുത്തു

മ്പോള്‍ മാത്രമേ ഈ വാക്കു ഉപയോഗിക്കുകയുള്ളു. ഉദാഹരണമായി, عزله عن عمله (അവന്‍റെ ജോലിയില്‍നിന്നു അവനെ നീക്കം ചെയ്തു) എന്നു പറഞ്ഞാല്‍ അവന്‍ ആദ്യം ആ ജോലി ചെയ്തിരുന്നുവെന്നും, പിന്നീടതു ഒഴിവാക്കി എന്നുമാണ് താല്‍പര്യം. അല്ലാതെ, അവന്‍ ആ ജോലിയുമായി തീരെ ബന്ധപ്പെട്ടിട്ടില്ല എന്നല്ല. പിശാചുക്കള്‍ മുന്‍കാലത്തു കട്ടുകേട്ടിരുന്നുവെന്നും, പിന്നീടു-നബി (ﷺ) യുടെ കാലം മുതല്‍-അതു തടയപ്പെട്ടുവെന്നും തന്നെയാണ് ഖുര്‍ആനും ഹദീസും നമുക്കു പഠിപ്പിക്കുന്നതും. അതുകൊണ്ടു തന്നെയാണ് ഇമാം റാഗിബ് (رحمه الله) തന്‍റെ നിഘണ്ടുവില്‍ ഇങ്ങിനെ പറഞ്ഞതും: وقوله انهم عن السمع لمعزولون اى ممنوعون بعد ان كانوا بمكنون ('അവര്‍ കേള്‍ക്കുന്നതില്‍ നിന്നും നീക്കം ചെയ്യപ്പെട്ടവരാണ്' എന്നു അല്ലാഹു പറഞ്ഞതിന്‍റെ അര്‍ത്ഥം. അവര്‍ക്കു അതിനു സാധ്യതയുണ്ടായിരുന്നതിനുശേഷം-പിന്നീടു-മുടക്കം ചെയ്യപ്പെട്ടിരിക്കുകയാണ് എന്നത്രെ.)

മാത്രമല്ല, ഇതേ സൂറത്തിലെ 221-223 വചനങ്ങളില്‍ പിശാചക്കളുടെ കട്ടുകേള്‍വിയെപ്പറ്റി പറഞ്ഞിട്ടുള്ളതുനോക്കുക: هل انبئكم على من تنزل الشياطين تنزل على كل افاك اثيم يلقون السمع واكثرهم كاذبون (ആരുടെമേലാണ് പിശാചുക്കള്‍ ഇറങ്ങുന്നതെന്നു ഞാന്‍ നിങ്ങള്‍ക്കു വര്‍ത്തമാനം അറീക്കട്ടെയോ? കററുകെട്ടുന്നവനും ദുഷ്ടനുമായ എല്ലാവരുടെ മേലുമത്രെ അവ ഇറങ്ങുന്നത്. അവര്‍ ചെവി കൊടുക്കുന്നു. അവരില്‍ അധികമാളും വ്യാജം പറയുന്നവരാണ്) പിശാചുക്കള്‍ കട്ടുകേള്‍ക്കാറുണ്ടായിരുന്നുവെന്നും, അവരുടെ മിത്രങ്ങളായ പ്രശ്നക്കാര്‍, ഗണിതക്കാര്‍ മുതലായ വ്യാജവാദികള്‍ക്കു അവര്‍ ദുര്‍മ്മന്ത്രം നടത്തിയിരുന്നുവെന്നും, അവര്‍ അതില്‍ കളവു കൂട്ടിച്ചേര്‍ക്കാറുണ്ടെന്നും ഈ വചനങ്ങളിലും അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുകയാണ്. അഥവാ കട്ടുകേള്‍വിയെ സ്ഥാപിക്കുന്ന വചനങ്ങളാണ് ഇവയും.

സൂ: ഹിജ്റിലെ ആയത്തുകള്‍ക്കും, സ്വാഫ് ഫാത്തിലെ ആയത്തുകള്‍ക്കും സ്വന്തം വക പുതിയ വ്യാഖ്യാനങ്ങള്‍ കൊടുക്കുകയും, മറ്റു ചില ആയത്തുകളെ അതിനു തെളിവാക്കി ചിത്രീകരിക്കുകയും ചെയ്തുവെങ്കിലും സൂ: ജിന്നിലെ ആയത്തുകള്‍ പിന്നെയും തങ്ങള്‍ക്കെതിരില്‍ തെളിഞ്ഞുകിടക്കുന്നതായി ഇവര്‍ കണ്ടു. ഈ വിഷയം പ്രതിപാദിക്കുന്ന മറ്റെല്ലാം ആയത്തുകളെയും അപേക്ഷിച്ച് കൂടുതല്‍ സ്പഷ്ടമായും, വിശദമായയുമാണ് അതില്‍ അതു വിവരിക്കപ്പെട്ടിരിക്കുന്നതും ആകയാല്‍, അതു മറ്റു പ്രകാരത്തില്‍ വ്യാഖ്യാനിക്കുവാന്‍ കൂടുതല്‍ പ്രയാസമായി തോന്നി. അതിനു ഇവര്‍ കണ്ടുപിടിച്ച ഒരു പരിഹാരം, 'അതു ജിന്നുകള്‍ പ്രസ്താവിച്ചതാണ്, ഖുര്‍ആന്‍റെ പ്രസ്തവനയല്ല' എന്നത്രെ?

സൂറത്തുല്‍ ജിന്നിന്‍റെ തുടക്കം ഇങ്ങിനെയാണ്: قل اوحى الى انه استمع نفر من الجن فقالوا انا سمعنا قرأنا عجبا يهدى الى الرشد فأمنا به ولن نشرك بربنا احدا (പറയുക: ജിന്നുകളില്‍ നിന്നുള്ള ഒരു കൂട്ടര്‍ എന്‍റെ അടുക്കല്‍ വന്ന് ശ്രദ്ധിച്ചുകേട്ടുവെന്ന് എനിക്കു വഹ്‌യു നല്‍കപ്പെട്ടിരിക്കുന്നു. എന്നിട്ടു അവര്‍ പറഞ്ഞു: ഞങ്ങള്‍ നേര്‍മാര്‍ഗ്ഗത്തിലേക്കു നയിക്കുന്ന ആശ്ചര്യകരമായ ഒരു ഖുര്‍ആന്‍ കേട്ടു. അങ്ങനെ, ഞങ്ങള്‍ അതില്‍ വിശ്വസിച്ചിരിക്കുന്നു. ഞങ്ങള്‍ ഞങ്ങളുടെ രക്ഷിതാവിനോടു ഒരാളെയും പങ്കുചേര്‍ക്കുകയില്ലതന്നെ.) തുടര്‍ന്നുള്ള 15വരെ ആയത്തുകളിലായി അവരുടെ പ്രസ്താവനയുടെ ബാക്കിഭാഗം അല്ലാഹു ഉദ്ധരിക്കുന്നു. അല്ലാഹുവിന്‍റെ മഹത്വം, ജിന്നുകളുടെ സ്ഥിതിഗതികള്‍ എന്നിങ്ങിനെ പലതിനെപ്പറ്റിയും അതിലവര്‍ പ്തിപാദിച്ചിരിക്കുന്നു. അതെല്ലാം ജിന്നുകളുടെ പ്രസ്താവനയാണെന്ന് പറഞ്ഞ് അങ്ങു തള്ളിയാലത്തെ സ്ഥിതിയെന്താണ്? ആലോചിച്ചു നോക്കുക. അതല്ല, അവയില്‍ കൊള്ളേണ്ടതു, തള്ളേണ്ടതും ഉണ്ട് എന്നാണിവര്‍ പറയുന്നതെങ്കില്‍, അവ ഏതേതാണ്? അതിനുള്ള മാനദണ്ഡവും, തെളിവും എന്താണ്? എന്നൊക്കെ ഇവര്‍ തന്നെ പറഞ്ഞു തരേണ്ടിയിരിക്കുന്നു.

ഖുർആനിൽ പലരുടെ പ്രസ്താവനകളും ഉദ്ധരിക്കപ്പെട്ടുകാണാം. അവയിൽ ആക്ഷേപത്തിൻെറ നിലക്കു പറയപ്പെട്ടതും, അല്ലാത്തതുമുണ്ടായിരിക്കും. ഏതാണ് സ്വീകാര്യമായിട്ടുള്ളതും, ഏതാണ് അസ്വീകാര്യമായിട്ടുള്ളതു എന്നു മനസ്സിലാക്കുവാൻതക്ക അടയാളങ്ങളും, ചുറ്റുപാടുകളും ഖുർആനിൽതന്നെ കണ്ടെത്തുകയുംചെയ്യും. ഇവിടെ, കട്ടുകേൾവിയെസംബന്ധിക്കുന്ന വാചകങ്ങൾക്കുമാത്രം സ്വീകാര്യങ്ങളല്ലെന്നു പറയുന്നതിനു-ഇവരുടെ ഈ നിഷേധം അല്ലാതെ-യാതൊരു കാരണവും ഇല്ല. ഈ ഒരേ സ്ഥലത്തുമാത്രമേ ഈ വിഷയം ഖുർ ആനിൽ പറഞ്ഞിട്ടുള്ളുവെന്നിരുന്നാൽപോലും, അതു ജിന്നുകളുടെ പ്രസ്താവനയാണെ ന്നുവെച്ചു തള്ളിക്കളയുവാൻ പാടില്ലാത്തതാണ്. എന്നിരിക്കെ, ഒന്നിലധികം സ്ഥലങ്ങളിൽ ഖുർആൻെറ സ്വന്തം പ്രസ്താവനകളായിത്തന്നെ വിവരിച്ചിട്ടുള്ള ഈ സംഗതി ജിന്നു കളുടെ പ്രസ്താവാനയാണെന്നു പറഞ്ഞു പുറംതള്ളുവാൻ ധൈര്യപ്പെടുന്നവരെപ്പറ്റി എന്തു പറയുവാനാണ്?!

മറ്റെല്ലാം ഇരിക്കട്ടെ, റസൂൽ (ﷺ) തിരുമേനിയിൽനിന്നു ഖുർആൻ കേട്ടശേഷം കേട്ടവർ തങ്ങളുടെ സമുദായത്തിൻെറ അടുക്കൽ ചെന്ന് അവരെ താക്കീതു ചെയ്കയും, ഉപദേശിക്കുകയും ചെയ്യുന്ന കൂട്ടത്തിലാണ് ഇതെല്ലാം ജിന്നുകൾ പ്രസ്താവിച്ചിട്ടുള്ളതു എന്നു സൂ: അഹ്ഖാഫിൽ നിന്നു നല്ലപോലെ വ്യക്തമായി മനസ്സിലാക്കുവാൻ കഴിയും. നബി (ﷺ) യിൽനിന്നു ഖുർആൻ ശ്രദ്ധിച്ചുകേട്ട ആ ജിന്നുസംഘം, അതവസാനിച്ചപ്പോൾ തങ്ങളുടെ ജനതയുടെ അടുക്കലേക്ക് മുന്നറിയിപ്പു നൽകിക്കൊണ്ടു തിരിച്ചുപൊയെന്നും, അവർക്കു പല ഉപദേശങ്ങളും നൽകിയെന്നും അതിൽ അല്ലാഹു പറയുന്നു. (فلما قضى ولوا الى قومهم منذرين فقالوا يا قومنا الخ) അവർ ഖുർആൻ കേട്ടപ്പോൾ അതിൽ വിശ്വസി ക്കുകയുണ്ടായെന്നു സൂറത്തുൽ ജിന്നിലും നാം കണ്ടു. അപ്പോൾ, തങ്ങളുടെ ജനങ്ങളോടു ആ സത്യവിശ്വാസികളായ ജിന്നുകൾ ചെയ്തിട്ടുള്ള ഈ പ്രസ്താവനയിൽ കുറെവാക്കു കൾ തള്ളപ്പെടേണ്ടുന്ന കള്ളങ്ങളും, ബാക്കിമാത്രം സ്വീകരിക്കപ്പെടേണ്ടുന്ന സത്യോപദേശ ങ്ങളുമാണെന്നും, അതിൽ നല്ലതും ചീത്തയും വേർതിരിച്ചു കാണിക്കാതെ അല്ലാഹു നമുക്കു ഉദ്ധരിച്ചുതന്നുവെന്നും കരുതവാൻ വക്രബുദ്ധിയല്ലാത്ത ഒരാൾക്കും ധൈര്യം തോന്നുകയില്ല. 'നാം മുമ്പൊക്കെ ആകാശത്തുപോയി പതിയിരുന്നു വാർത്തകൾ കേട്ടിര ുന്നു. ഇപ്പോഴതു മുടക്കപ്പെട്ടിരിക്കുന്നു' എന്നാണല്ലോ ആ പ്രസ്താവനയിലുള്ളത്. ഈ പ്രസ്താവന വാസ്തവമല്ലെങ്കിൽ, ഇവരുടെ ഉപദേശം കേൾക്കുന്ന ശ്രോതാക്കാളായ ജിന്നുകൾ അവരോട് ഇങ്ങിനെ ചോദിക്കുകയില്ല:-'നിങ്ങളെന്തിനാണ് മറ്റുള്ളവരെ കബളിപ്പിക്കുന്നതു പോലെ ഞങ്ങളോട് ഇല്ലാത്തതു പറഞ്ഞു ഞങ്ങളെ വിഡ്ഢികളാ ക്കുന്നത്? ഇതു വാസ്തവവിരുദ്ധമല്ല...?! ' ആലോചിച്ചുനോക്കുക!

സത്യാനേഷികളും, നിഷ്പക്ഷബുദ്ധികളുമായ എല്ലാവർക്കും പിശാചുക്കളുടെ കേട്ടുകേൾവിയെക്കുറിച്ച് ഖുർആനും ഹദീസും പറയുന്നതെന്താണെന്നും, മുസ്ലിംകൾ അതിൽ സ്വീകരിക്കേണ്ടുന്ന നിലപാടെന്താണെന്നും മേൽ വിവരിച്ചതിൽ നിന്ന് നല്ലപോലെ മനസ്സിലാക്കാം

ومن الله التوفيق

Translation & Intereptation by:

Muhammed Amani Moulavi

Published by:

Kerala Nadvathul Mujahideen – Mujahid Centre – Calicut -4

Prepared by:
www.islamhouse.com as per the copyright received from the Publishers:
To be used for Reference and Daawa purpose only.

16. സൂറത്തു-ന്നഹ്ൽ سورة النحل

മക്കായിൽ അവതരിച്ചത്- വചനങ്ങൾ 128- വിഭാഗം (റുകൂഅ്) 16 [110,126,127 എന്നീ മൂന്ന് വചനങ്ങൾ മദീനയിൽ ഉഹ്ദ് യുദ്ധം കഴിഞ്ഞ ഉടനെ അവതരിച്ചതാണെന്നു പറയപ്പെട്ടിട്ടുണ്ട്.]

68-ാം വചനത്തിൽ തേനീച്ചയെക്കുറിച്ചു പ്രസ്താവിക്കപ്പെട്ടിട്ടുള്ളതുകൊണ്ടു ഇതിനു സൂറത്തുന്നഹ്ൽ എന്നു പേരു പറയപ്പെടുന്നു. മനുഷ്യർക്കു അല്ലാഹു ചെയ്തുകൊണ്ടിരിക്കുന്ന വളരെയധികം അനുഗ്രഹങ്ങളെക്കുറിച്ചു പ്രതിപാദിക്കപ്പെട്ടിട്ടുള്ളതു കൊണ്ടു سورة النعم (അനുഗ്രഹങ്ങളുടെ അദ്ധ്യായം) എന്നും ഇതിനു പേരുണ്ട്.

بِسۡمِ ٱللَّهِ ٱلرَّحۡمَـٰنِ ٱلرَّحِيمِ ۝١

പരമകാരുണികനും കരുണാനിധിയമായ അല്ലാഹുവിന്റെ നാമത്തിൽ.

أَتَىٰٓ أَمۡرُ ٱللَّهِ فَلَا تَسۡتَعۡجِلُوهُۚ سُبۡحَـٰنَهُۥ وَتَعَـٰلَىٰ عَمَّا يُشۡرِكُونَ ۝١

1 (ഇതാ) അല്ലാഹുവിൻെറ കല്പന വന്നു (പോയി)! അതിനാൽ, അതിനു നിങ്ങൾ ധൃതിപ്പെടേണ്ട. അവർ (അവനോട്) പങ്കു ചേർക്കുന്നതിൽ നിന്നും അവൻ മഹാ പരിശുദ്ധൻ! അവൻ അത്യുന്നതനുമായിരിക്കുന്നു !!

---

1 **أتى** വന്നു, വന്നിരിക്കുന്നു. **أمر الله** അല്ലാഹുവിൻെറ കല്പന, കാര്യം. **فَلا تستعجِلوه** അതിനാൽ (എന്നാൽ) നിങ്ങളതിന് ധൃതികൂട്ടേണ്ട. **سبحانه** അവൻ മഹാ പരിശുദ്ധൻ (അവന് സ്തോത്രം). **وتعالى** അവൻ അത്യുന്നതി പ്രാപിക്കുകയും ചെയ്തിരിക്കുന്നു, അത്യുന്നതനുമാകുന്നു. **عما يشرِكُونَ** അവർ പങ്കുചേർക്കുന്നതിൽ നിന്ന്.

امر الله (അല്ലാഹുവിൻെറ കൽപന) കൊണ്ടു വിവക്ഷ അന്ത്യസമയം (الساعة) ആണെന്നത്രെ അധിക വ്യാഖ്യാതാക്കളും പറയുന്നത്. അവിശ്വാസികൾക്കു വാഗ്ദത്തം ചെയ്യപ്പെട്ട ശിക്ഷയാണെന്നും, കർമ്മങ്ങൾക്കുള്ള പ്രതിഫലനടപടിയാണെന്നും അഭിപ്രായങ്ങളുണ്ട്. വാസ്തവത്തിൽ ഈ മൂന്നും ഒരേ സാരത്തിൽ കലാശിക്കുന്നവയാകുന്നു. സൂറത്തുൽ ഖമറിൻെറ ആരംഭത്തിൽ اقتربت الساعة (അന്ത്യസമയം അടുത്തുവന്നു) എന്നും, സൂ: അമ്പിയാഇൻെറ ആരംഭത്തിൽ اقترب للناس حسابهم (മനുഷ്യർക്കു അവരുടെ വിചാരണ അടുത്തുവന്നിരിക്കുന്നു) എന്നുമൊക്കെ അവതരിക്കുകയും, സത്യനിഷേധത്തിൽനിന്നു മടങ്ങാത്ത പക്ഷം അല്ലാഹുവിങ്കൽനിന്നു ശിക്ഷ അനുഭവപ്പെടുമെന്നു നബി (ﷺ) താക്കീതു നൽകുകയും ചെയ്തപ്പോൾ, ഇതൊക്കെ സത്യമാണെങ്കിൽ എന്തുകൊണ്ടു അതൊന്നും സംഭവിക്കുന്നില്ലെന്നു! അവിശ്വാസികൾ പറയാറുണ്ടായിരുന്നു. അതിനൊരു മറുപടിയാണിത്.

അല്ലാഹു പറയുന്നു: ''അവർ നിന്നോടു ശിക്ഷക്കു ധൃതികൂട്ടുന്നു. നിർണ്ണയിക്കപ്പെട്ട ഒരവധി ഇല്ലായിരുന്നെങ്കിൽ അവർക്കു ശിക്ഷ (ഇപ്പോൾ തന്നെ) വരുമായിരുന്നു. അവർ അറിയാത്ത നിലയിൽ അതവർക്കു പെട്ടന്നു വന്നെത്തുകതന്നെ ചെയ്യും. അവർ നിന്നോടു ശിക്ഷക്കു ധൃതികൂട്ടുന്നു. നിശ്ചയാമായും, നരകം അവിശ്വാസികളെ വലയം ചെയ്യുന്നതുമാകുന്നു''. (അങ്കബൂത്ത്; 53, 54.) വീണ്ടും പറയുന്നു; ''അതിൽ (അന്ത്യസമയത്തിൽ) വിശ്വസിക്കാത്തവർ അതിനു ധൃതികൂട്ടുന്നു. വിശ്വസിച്ചവരാകട്ടെ, അതിനെക്കുറിച്ചു ഭയപ്പെടുന്നവരുമാകുന്നു. അതു

യഥാർത്ഥമാണെന്നു അവർ അറിയുകയും ചെയ്യും.'' (ശൂറ:18) ഈ ധൃതികൂട്ടലിനു അല്ലാഹു നൽകിയ മറുപടിയുടെ സാരം ഇതാണ്: അല്ലാഹുവിൻെറ കൽപന ഇതാ വന്നുകഴിഞ്ഞു. അതിനു വളരെയൊന്നും താമസമില്ല. അതു വരാതിരിക്കുകയുമില്ല. എന്നാൽ, അതിനൊരു അവധിയുണ്ട്. അതു വരുമ്പോഴാണതു സംഭവിക്കുക. അതിനു ധൃതികൂട്ടേണ്ട ആവശ്യമില്ല. ധൃതികൂട്ടുന്നതുകൊണ്ടു ദോഷമല്ലാതെ സംഭവിക്കുവാൻ പോകുന്നുമില്ല.

അല്ലാഹുവിനു പങ്കുകാരെ സങ്കൽപിച്ചുണ്ടാക്കുന്നതിൽ നിന്നാണ് അവരുടെ മേൽ സൂചിപ്പിച്ച ധൃതികൂട്ടലും നിഷേധവും ഉടലെടുക്കുന്നത്. അവരുടെ ദൈവങ്ങൾ അല്ലാഹുവിൻെറ ശിക്ഷയിൽ നിന്നു അവരെ രക്ഷിക്കുമെന്നും അവർ ധരിച്ചുവരുന്നു. അതുകൊണ്ടു അല്ലാഹുവിനു പങ്കുകാർ ഉണ്ടായിരിക്കുകയെന്ന കാര്യം തന്നെ അസംഭവ്യമാണെന്നും, അതിൽ നിന്നും എത്രയോ പരിശുദ്ധനും ഉന്നതനുമാണു അല്ലാഹുവെന്നും അവരെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. (سبحانه وتعالى عما يشركون)

2 അവൻെറ അടിയാൻമാരിൽ നിന്നു അവൻ ഉദ്ദേശിക്കുന്നവരുടെമേൽ അവൻെറ കൽപനയാകുന്ന ആത്മാവു (അഥവാ ജീവനു)മായി അവൻ മലക്കുകളെ ഇറക്കുന്നു; അതായത് ഞാനല്ലാതെ ഒരു ആരാധ്യനുമില്ല; അതിനാൽ നിങ്ങൾ എന്നെ സൂക്ഷിച്ചു കൊള്ളുവിൻ എന്നു (ജനങ്ങളെ) താക്കീതു ചെയ്യണമെന്ന്.

يُنَزِّلُ ٱلْمَلَـٰٓئِكَةَ بِٱلرُّوحِ مِنْ أَمْرِهِۦ عَلَىٰ مَن يَشَآءُ مِنْ عِبَادِهِۦٓ أَنْ أَنذِرُوٓا۟ أَنَّهُۥ لَآ إِلَـٰهَ إِلَّآ أَنَا۠ فَٱتَّقُونِ ﴿٢﴾

---

2 ينزل അവൻ ഇറക്കുന്നു. الملائكة മലക്കുകളെ. بالروح ആത്മാവ് (ജീവനു)മായി. من أمره അവൻെറ കൽപനയാകുന്ന, കൽപനയിൽ നിന്ന്. على من യാതൊരുവരുടമേൽ, ചിലർക്ക്. يشاء അവൻ ഉദ്ദേശിക്കുന്നു. من عباده അവൻെറ അടിയാൻമാരിൽനിന്ന്. أنْ أنذروا നിങ്ങൾ താക്കീത് ചെയ്യണമെന്നു . أنه لآ إله ഒരു ആരാധ്യനുമില്ലെന്ന്. إلا أنا ഞാനല്ലാതെ. فاتقون അതിനാൽ എന്നെ നിങ്ങൾ സൂക്ഷിക്കുവിൻ.

'ആത്മാവ്, ജീവൻ, ജീവസ്സ്' എന്നൊക്കെയാണ് روح (റൂഹ്) എന്ന പദത്തിനർത്ഥം. അല്ലാഹുവിൻെറ കൽപനകളും സന്ദേശങ്ങളുമാകുന്ന 'വഹ്‌യാ' ണു ഇവിടെ അതുകൊണ്ടുദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ഹൃദയങ്ങൾക്കു ജീവസ്സും, ആത്മാക്കൾക്കു ചൈതന്യവും നൽകുന്നതാണല്ലോ അവ. 40:15;42:52 എന്നിവിടങ്ങളിലും ഈ പദം ഇതുപോലെയുള്ള അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നതു കാണാം. പ്രവാചകത്വവും, വഹ്‌യും ലഭിക്കുന്നതു ആരുടെയും യോഗ്യത കൊണ്ടോ ശ്രമംകൊണ്ടോ അല്ല. അല്ലാഹുവിൻെറ അനുഗ്രഹംകൊണ്ടു മാത്രമാണ്. അതാണു ''അവൻ ഉദ്ദേശിക്കുന്നവരിൽ അവൻ മലക്കുകളെ ഇറക്കുന്നു'' വെന്നു ഈ വാക്യത്തിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നത്. മലക്കുകൾ മുഖേന മാത്രമേ നബിമാർക്കു 'വഹ്‌യു' നൽകപ്പെടാറുള്ളുവെന്നു ഈ വാക്യത്തിൽനിന്നു മനസ്സിലാക്കിക്കൂടാ. വഹ്‌യിൻെറ ഇനങ്ങൾ വേറെയും ഉണ്ട് എന്നു സൂ: ശൂറാ 51–-ാം വചനത്തിൽ കാണാവുന്നതാണ്. കൂടുതൽ വിവരത്തിനു അവിടെ നോക്കുക.

3 ആകാശങ്ങളെയും , ഭൂമിയെയും അവൻ യഥാർത്ഥ(മുറ) പ്രകാരം സൃഷ്ടിച്ചിരിക്കുന്നു . അവർ (അവനോട്) പങ്കുചേർക്കുന്നതിൽനിന്നും അവൻ അത്യുന്നതനായി

خَلَقَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ بِٱلْحَقِّ ۚ تَعَـٰلَىٰ عَمَّا يُشْرِكُونَ ﴿٣﴾

രിക്കുന്നു.

4	മനുഷ്യനെ അവൻ ഒരു ഇന്ദ്രിയത്തുള്ളിയിൽനിന്നു സൃഷ്ടിച്ചു. എന്നിട്ട് അവൻ (അതാ) പ്രത്യക്ഷമായ ഒരു എതിർവാദി (യായിരിക്കുന്നു)!	خَلَقَ ٱلۡإِنسَٰنَ مِن نُّطۡفَةٖ فَإِذَا هُوَ خَصِيمٞ مُّبِينٞ ﴿٤﴾

---

3 **خلق** അവൻ സൃഷ്ടിച്ചു. **السماوات** ആകാശങ്ങളെ. **والأرض** ഭൂമിയെയും. **بالحق** യാഥാർത്ഥപ്രകാരം. **تعالى** അവൻ അത്യുന്നതനായി (വളരെ മേലെയായി)രിക്കുന്നു. **عما يشركونَ** അവർ പങ്കുചേർക്കുന്നതിൽ നിന്ന്. 4 **خلق الإنسانَ** മനുഷ്യനെ അവൻ സൃഷ്ടിച്ചു. **من نطفة** ഒരു ഇന്ദ്രിയത്തുള്ളിയിൽനിന്ന്, ഇന്ദ്രിയത്താൽ. **فإذا هو** എന്നിട്ട് അവൻ (അതാ). **خصيم** ഒരു എതിർവാദി. **مبين** പ്രത്യക്ഷ(സ്പഷ്ട)മായ.

അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്നു തുടങ്ങി കഴിഞ്ഞ വചനങ്ങളിൽ പ്രസ്താവിച്ച യാഥാർത്ഥ്യങ്ങൾക്കു ചില ദൃഷ്ടാന്തങ്ങൾ വിവരിക്കുകയാണ്. ആകാശഭൂമികളെയും മനുഷ്യനെയും സൃഷ്ടിച്ചുണ്ടാക്കിയതും, വ്യവസ്ഥാപിതമായ മുറയിൽ അവയെല്ലാം നിയന്ത്രിച്ചു പോരുന്നതും അവനായിരിക്കെ, അവൻെറ അധികാരാവകാശങ്ങളിൽ അവനു പങ്കാളികളോ, സമൻമാരോ ആയി വേറെ ആരും ഉണ്ടായിരിക്കുവാൻ നിവൃത്തിയില്ലല്ലോ. കേവലം നിസ്സാരമായ. ഒരു ഇന്ദ്രിയത്തുള്ളിയിൽനിന്നും അവൻ സൃഷ്ടിച്ചുണ്ടാക്കിയ മനുഷ്യൻ അവനോടു നന്ദിയും കൂറുമില്ലാതെ, അല്ലാഹുവിനെ ധിക്കരിക്കുന്നതു വിരോധാഭാസവും ആശ്ചര്യകരവുമാണെന്നും, മനുഷ്യൻ അവൻെറ ഉത്ഭവത്തെപ്പറ്റി വേണ്ടപോലെ ചിന്തിക്കുന്നപക്ഷം അതവനു ബോധ്യമാകുന്നതാണെന്നുമാണ് 4-ാം വചനത്തിലെ സൂചന അല്ലാഹുവിൻെറ മഹിതമഹത്വവും, ഏകത്വവും, മനുഷ്യർക്കു അവൻ ചെയ്തുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളും ഓർമ്മിപ്പിക്കുന്ന ചില വസ്തുക്കളാണു അടുത്ത വചനങ്ങളിൽ:-

5	കാലികളെയും (തന്നെ) അവൻ സൃഷ്ടിച്ചിരിക്കുന്നു . നിങ്ങൾക്ക് അവയിൽ (തണുപ്പിൽ നിന്നു) ചൂടു നൽകലും , (മറ്റു) പ്രയോജനങ്ങളുമുണ്ട്. അവയിൽ നിന്നു തന്നെ നിങ്ങൾ തിന്നുകയും ചെയ്യുന്നു.	وَٱلۡأَنۡعَٰمَ خَلَقَهَاۖ لَكُمۡ فِيهَا دِفۡءٞ وَمَنَٰفِعُ وَمِنۡهَا تَأۡكُلُونَ ﴿٥﴾
6	നിങ്ങൾ (വൈകുന്നേരം) വിശ്രമത്തിനു കൊണ്ടു വരുന്ന സമയത്തും , (രാവിലെ) മേയാൻ വിടുന്ന സമയത്തും നിങ്ങൾക്ക് അവയിൽ ഒരു ഭംഗിയുമുണ്ട്.	وَلَكُمۡ فِيهَا جَمَالٌ حِينَ تُرِيحُونَ وَحِينَ تَسۡرَحُونَ ﴿٦﴾
7	ദേഹങ്ങൾ (ക്ഷീണിച്ച്) ഞെരുങ്ങിക്കൊണ്ടല്ലാതെ , നിങ്ങൾ അവിടെ എത്തിച്ചേരുന്നവരല്ല . (അങ്ങനെയുള്ള) ഒരു നാട്ടിലേക്കു അവ നിങ്ങളുടെ (ചുമടു) ഭാരങ്ങൾ വഹിച്ചു പോകുകയും ചെയ്യുന്നു . നിശ്ചയമായും, നിങ്ങളുടെ റബ്ബ് (വളരെ) കൃപാലുവും , കരുണാനിധിയും തന്നെ.	وَتَحۡمِلُ أَثۡقَالَكُمۡ إِلَىٰ بَلَدٖ لَّمۡ تَكُونُواْ بَٰلِغِيهِ إِلَّا بِشِقِّ ٱلۡأَنفُسِۚ إِنَّ رَبَّكُمۡ لَرَءُوفٞ رَّحِيمٞ ﴿٧﴾

8 കുതിരകളെയും, കോവർ കഴുതകളെയും, കഴുതകളെയും (അവൻ സൃഷ്ടിച്ചിരിക്കുന്നു):- നിങ്ങൾക്ക് അവയെ (വാഹനമാക്കി) സവാരി ചെയ്‌വാൻ വേണ്ടിയും, അലങ്കാരത്തിന്നും. നിങ്ങൾക്ക് അറിഞ്ഞുകൂടാത്തതും അവൻ സൃഷ്ടിക്കുന്നു.

وَٱلۡخَيۡلَ وَٱلۡبِغَالَ وَٱلۡحَمِيرَ لِتَرۡكَبُوهَا وَزِينَةٗۚ وَيَخۡلُقُ مَا لَا تَعۡلَمُونَ ﴿٨﴾

---

5 والأنعامَ കാലികളെയും (തന്നെ). خلقَها അവയെ അവൻ സൃഷ്ടിച്ചിരിക്കുന്നു.. لَكُمْ നിങ്ങൾക്കുണ്ട്. فيها അവയിൽ. دفْءٌ ചൂടു നൽകൽ, ശൈത്യശമനം. ومنافع പല പ്രയോജന (ഉപകാര) ങ്ങളും. ومنها അവയിൽ നിന്ന് (തന്നെ). تأكُلونَ നിങ്ങൾ തിന്നുകയും ചെയ്യുന്നു. 6 ولَكُمْ നിങ്ങൾക്കുണ്ട്. فيها അവയിൽ. جمالٌ സൗന്ദര്യം, ഭംഗി. حين സമയത്ത്. تريحونَ നിങ്ങൾ വിശ്രമത്തിന് (ആലയിലേക്ക്) കൊണ്ടുവരുന്ന. وحين സമയത്തും. تسرحونَ നിങ്ങൾ മേയാൻ വിടുന്ന. 7 وتحملُ അവ വഹിക്കുകയും ചെയ്യും. أثقالَكُمْ നിങ്ങളുടെ ഭാരങ്ങളെ. إلى بلد ഒരു രാജ്യത്തേക്ക്, നാട്ടിലേക്ക്. لم تكُونوا നിങ്ങളായിരുന്നില്ല. بالغيه അവിടെ എത്തിച്ചേരുന്നവർ. إلا بِشِقِّ ഞെരുക്കം (ബുദ്ധിമുട്ടു-പ്രയാസം) കൊണ്ടല്ലാതെ. الأنفُسِ ദേഹങ്ങളുടെ. إن ربكُمْ നിശ്ചയമായും നിങ്ങളുടെ റബ്ബ്. لَرَؤُوفٌ ദയാലുതന്നെ, കൃപയുള്ളവൻ തന്നെ. رحيم കരുണാനിധിയാണ്. 8 والْخيلَ കുതിര(കളെ)യും. والْبِغالَ കോവർ കഴുതകളെയും. والْحمير കഴുതകളെയും. لتركبوها നിങ്ങളവയെ സവാരി ചെയ്‌വാൻ വേണ്ടി, പുറത്തേറുവാൻ. وزينةً ഭംഗിക്കും, സൗന്ദര്യ (അലങ്കാര)ത്തിനായും. ويخْلُقُ അവൻ സൃഷ്ടിക്കുകയും ചെയ്യുന്നു. ما لا تعلمونَ നിങ്ങൾ(ക്കു) അറിയാത്തതിനെ.

കാലികളെ മനുഷ്യൻെറ ഉപയോഗത്തിനായി സൃഷ്ടിക്കുകയും, നിത്യാവശ്യങ്ങളായ പല കാര്യങ്ങൾക്കും അവയെ ഉപയോഗപ്പെടുത്തിക്കൊടുക്കുകയും ചെയ്യുക വഴി മനുഷ്യനു അല്ലാഹു ചെയ്തുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളെ ഓർമ്മിപ്പിക്കുകയാണ്. കാലികൾ മൂലം ലഭിക്കുന്നതായി ഇവിടെ എടുത്തുപറയപ്പെട്ട ഉപകാരങ്ങൾ ഇവയത്രെ. (1) തണുപ്പിൽനിന്നും രക്ഷ കിട്ടുമാറ് ചൂടു നൽകുന്ന വസ്തുക്കൾ അവയിൽ നിന്ന് ലഭിക്കുന്നു. രോമം കൊണ്ടും, തോൽ കൊണ്ടും ഉണ്ടാക്കപ്പെടുന്ന വസ്ത്രം, പുതപ്പ്, തമ്പ്, പാദരക്ഷ മുതലായവയാണ് ഇതുകൊണ്ടുദ്ദേശ്യം. ശൈത്യകാലത്തും, ശൈത്യപ്രദേശങ്ങളിലും ഇവയുടെ ആവശ്യം പറയേണ്ടതുമില്ല. (2) വിശപ്പിനു ഭക്ഷണവും ദാഹത്തിനു പാനീയവുമായ പാൽ, ഒരു പ്രധാന ധനാഗമമാർഗ്ഗമായ അവയുടെ സന്തതികൾ തുടങ്ങിയ മറ്റു പല ഉപകാരങ്ങൾ. (3) ഭക്ഷ്യവസ്തുക്കളിൽ ഒരു പ്രധാന സ്ഥാനം കൽപിക്കപ്പെടുന്ന മാംസം. (4) മേച്ചിൽസ്ഥലങ്ങളിൽനിന്നു വൈകുന്നേരം ആലകളിലേക്കു വിശ്രമത്തിനു കൊണ്ടുവരുമ്പോഴും, രാവിലെ ആലയിൽനിന്നു വിട്ടു മേച്ചിൽസ്ഥാനങ്ങളിലേക്കു കൊണ്ടുപോകുമ്പോഴും, വിശിഷ്യാ ഉടമസ്ഥർക്ക്, ഉണ്ടാകുന്ന കൗതുകവും ആനന്ദവും. ഈ വിഷയം പ്രത്യേകം എടുത്തുപറയത്തക്കവണ്ണം കാര്യമായ ഒരു പ്രയോജനമാണോ എന്നു സംശയിക്കപ്പെടാം? ഐഹികവിഭവങ്ങളുടെ ആധിക്യത്തിലും അഭിവൃദ്ധിയിലും മനുഷ്യനുള്ള ആവേശവും താൽപര്യവും, അഭിമാനവും ആരെയും പറഞ്ഞറിയിക്കേണ്ടതായിട്ടില്ല. മനുഷ്യൻ കാലിവളർത്തുന്നതെല്ലാം അവയെ തനിക്കു ഭക്ഷിക്കുവാൻ വേണ്ടിയോ, മറ്റേതെങ്കിലും വിധത്തിൽ സ്വയം ഉപയോഗപ്പെടുത്തുവാൻവേണ്ടിയോ ആണോ? അല്ല. അതായിരുന്നു കാലിവളർത്തലിൻെറ ലക്ഷ്യമെങ്കിൽ സ്വന്താവശ്യങ്ങൾക്കു വേണ്ടുന്ന പരിമിതമായ ഒരളവിൽ കവിഞ്ഞു ആരും കാലികളെ വളർത്തുമായിരുന്നില്ല. ആയിരം ഒട്ടകമുള്ളവൻ അതു രണ്ടായിരമായിരിക്കുവാനും, പതിനായിരം ആടുകളുള്ളവൻ അതു ഇരുപതിനായിരമാക്കുവാനും, ലക്ഷക്കണക്കിൽ ഉറുപ്പികയുടെ വ്യവസായം നടത്തുന്നവൻ അതു കോടിക്കണക്കിൽ വളർത്തുവാനും രാപ്പകൽ മിനക്കെടുന്നതു അവമൂലം ലഭിക്കുന്ന അഴകും മോടിയും കണ്ടാനന്ദിക്കുവാനല്ലാതെ മറ്റെന്തിനാണ്?! ഈ പ്രയോജനം എടുത്തു പറഞ്ഞതിൽ നിന്ന് മറ്റൊരു

സംഗതി കൂടി മനസ്സിലാക്കുവാൻ സാധിക്കും. സമ്പത്തിൻെറ വർദ്ധനവ് അല്ലാഹുവിൻെറ പക്കൽ നിന്നുള്ള ഒരു അനുഗ്രഹമാണെന്നും, അല്ലാഹു നിയമിച്ച അവകാശങ്ങളും കടപ്പാടുകളും പാലിച്ചു കൊണ്ടു അതിൽ നന്ദി പ്രകടിപ്പിക്കുന്നപക്ഷം അതുമൂലം വമ്പിച്ച പുണ്യം സമ്പാദിക്കുവാൻ അതു പ്രയോജനപ്പെടുമെന്നുമാണത്.

(5) ദേഹാദ്ധ്വാനമോ, ബുദ്ധിമുട്ടോ കൂടാതെ ഭാരപ്പെട്ട ചുമടുകൾ ദൂരദേശങ്ങളിലേക്കു എത്തിക്കുക. യന്ത്രീകൃത വാഹനങ്ങൾക്കു സർവ്വത്ര പ്രചാരം സിദ്ധിച്ചിട്ടുള്ള ഇക്കാലത്തു പോലും ചില രാജ്യങ്ങളിൽ ഭാരങ്ങൾ കൊണ്ടുപോകുവാൻ കാലികളെ-വിശേഷിച്ചും ഒട്ടകങ്ങളെ-ആശ്രയിക്കേണ്ടിയിരിക്കുന്നു. ഒട്ടകപ്പുറത്തു മാത്രമല്ല, മാടുകളുടെ പുറത്തും, മാടുവണ്ടികൾ വഴിയും, ആടുവണ്ടികൾ വഴിയും സാമാനങ്ങൾ കൊണ്ടുപോകുക പല രാജ്യങ്ങളിലും പതിവുണ്ട്. യന്ത്രവാഹനങ്ങൾ കണ്ടുപിടിക്കപ്പെടുന്നതിനുമുമ്പു ഏതു രാജ്യത്തും കാലികളെ മാത്രം അതിനു ആശ്രയിക്കേണ്ടിയിരുന്നുതാനും. ഇത്രയും കാര്യങ്ങൾ അനുസ്മരിപ്പിച്ചശേഷം, ഇതെല്ലാം ചെയ്തുതന്നിരിക്കുന്നതു അല്ലാഹുവിനു മനുഷ്യനോടുള്ള കൃപയും കാരുണ്യവും നിമിത്തമാണെന്നും, ആ സ്ഥിതിക്കു മനുഷ്യൻ അവനോടു നന്ദിയുള്ളവനായിരിക്കുവാൻ ബാധ്യസ്ഥനാണെന്നുംകൂടി ഉണർത്തിയിരിക്കുന്നു.

ആടുമാടൊട്ടകങ്ങളെപ്പറ്റി പ്രസ്താവിച്ചശേഷം, കുതിര, കഴുത, കുതിരയും കഴുതയും ഇണചേർന്നു ജനിക്കുന്ന കോവർകഴുത എന്നിവയെ സവാരിക്കുള്ള വാഹനങ്ങളാക്കി സൃഷ്ടിച്ചു തന്നിട്ടുള്ളതിനെയും, അവമൂലം സ്വാഭാവികമായും ലഭിക്കുന്ന അലങ്കാര ഭംഗിയെയും കുറിച്ചും ഓർമ്മിപ്പിച്ചിരിക്കുന്നു. ആടുമാടൊട്ടകങ്ങളുടെ പ്രയോജനങ്ങളെക്കുറിച്ച് പ്രസ്താവിച്ചപ്പോൾ അവ ഭക്ഷ്യവസ്തുക്കളാണെന്നു ചൂണ്ടിക്കാട്ടിയതുപോലെ ഈ മൂന്നു മൃഗങ്ങളും ഭക്ഷ്യവസ്തുക്കളായി അല്ലാഹു പ്രസ്താവിച്ചില്ല. അവയെ വാഹനമായി ഉപയോഗിക്കുവാനുള്ളതും, അലങ്കാരത്തിനുള്ളതുമാണെന്നു മാത്രമെ പറഞ്ഞുള്ളു. അതുകൊണ്ടു ഈ മൂന്നും ഭക്ഷിക്കുവാൻ പാടുള്ളതല്ല എന്നു ചില പണ്ഡിതൻമാർ അഭിപ്രായപ്പെട്ടിരിക്കുന്നു. പക്ഷേ, നാട്ടുകഴുതയുടെയും, കോവർകഴുതയുടെയും മാംസത്തെ നബി (ﷺ) വിരോധിച്ചിട്ടുണ്ടെന്നും, കുതിര മാംസം അനുവദിച്ചിട്ടുണ്ടെന്നും ബലവത്തായ ഹദീസുകളിൽ വന്നിട്ടുള്ളതുകൊണ്ടു കുതിരമാംസം ഭക്ഷിക്കുന്നതിനു വിരോധമില്ലെന്നാണു ഭൂരിപക്ഷം പണ്ഡിതൻമാരുടെയും അഭിപ്രായം.

ഖുർആൻ അവതരിക്കുന്ന കാലത്തു അറിയപ്പെട്ടിട്ടില്ലാത്തതും, അക്കാലത്തുള്ളവർക്കു ഊഹിക്കുവാൻ പോലും പ്രയാസമായതുമായ വാഹനങ്ങളാണു തീവണ്ടി, വിമാനം, യന്ത്രക്കപ്പൽ, മോട്ടോർവാഹനങ്ങൾ മുതലായവ. ഇപ്പോൾ, വായുമണ്ഡലത്തിനപ്പുറം ശൂന്യാകാശത്തിലൂടെ സഞ്ചരിക്കാവുന്ന വാഹനങ്ങളും രംഗത്തുവന്നിരിക്കയാണ്. ഇനിയും ഏതെല്ലാം തരത്തിലുള്ള വാഹനങ്ങൾ കണ്ടുപിടിക്കപ്പെടുമെന്നു പറയുവാൻ സാധ്യമല്ല. ഇവയൊക്കെ പ്രത്യക്ഷത്തിൽ മനുഷ്യനിർമ്മിതങ്ങളാണെങ്കിലും അവ നിർമ്മിക്കുവാനുള്ള സാധന സാമഗ്രികളും, അവക്കു രൂപം നൽകുവാനുള്ള ബുദ്ധിയും, തോന്നലും, സാഹചര്യങ്ങളുമെല്ലാം മനുഷ്യനു നൽകുന്നതു അല്ലാഹുവാണല്ലോ. ഇതുപോലെയുള്ള പലതിനെയും സൂചിപ്പിച്ചുകൊണ്ടായിരിക്കും അവസാനം ''നിങ്ങൾക്കറിഞ്ഞുകൂടാത്തതും അവൻ സൃഷ്ടിക്കുന്നു'' ويخلق مالا تعلمون എന്നു പറഞ്ഞത്.

9 അല്ലാഹുവിൻെറ മേലാണ് (നേരായ) മിത മാർഗ്ഗം (വിവരിച്ചുകൊടുക്കുന്ന ബാധ്യത) ഉള്ളത്. അതിൽ [മാർഗ്ഗങ്ങളിൽ] തന്നെ (ചിലതു) തെറ്റിയതുമുണ്ട്. അവൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ, നിങ്ങളെ മുഴുവൻ അവൻ നേർമ്മാർഗ്ഗത്തിലാക്കുക ത

وَعَلَى ٱللَّهِ قَصْدُ ٱلسَّبِيلِ وَمِنْهَا جَآئِرٌ ۚ وَلَوْ شَآءَ لَهَدَىٰكُمْ أَجْمَعِينَ ﴿٩﴾

ന്നെ ചെയ്യുമായിരുന്നു.

---

9 **وعلى الله** അല്ലാഹുവിന്‍റെ മേലാണ്, (ബാധ്യത). **قصد السبيل** മിതമാര്‍ഗ്ഗം (കാണിക്കല്‍), മാര്‍ഗ്ഗം വിവരിക്കല്‍. **ومنها** അതിലുണ്ട്, അതില്‍തന്നെയുമുണ്ട്. **جائر** തെറ്റിയത്. **ولو شاء** അവന്‍ ഉദ്ദേശിച്ചിരുന്നുവെങ്കില്‍. **لهداكم** നിങ്ങളെ അവന്‍ നേര്‍മ്മാര്‍ഗ്ഗത്തിലാക്കുകതന്നെ ചെയ്തിരുന്നു. **أجمعين** മുഴുവന്‍, എല്ലാവരെയും.

ബാഹ്യമായ മാര്‍ഗ്ഗങ്ങളിലൂടെ സഞ്ചരിക്കുവാനുള്ള വാഹനങ്ങളെപ്പറ്റി പ്രസ്താവിച്ചതിനെത്തുടര്‍ന്ന് ആന്തരികമായ ചില മാര്‍ഗ്ഗങ്ങള്‍കൂടിയുണ്ടെന്നും, അവയില്‍ ചിലതു നേര്‍ക്കുനേരെ മിതമായുള്ളതും ചിലതു തെറ്റിവളഞ്ഞുകൊണ്ടുള്ളതുമുണ്ടെന്നും, നേരായ മാര്‍ഗ്ഗത്തിലൂടെ സഞ്ചരിക്കുന്നതെങ്ങിനെയാണെന്നു വിവരിച്ചുകൊടുക്കല്‍ അല്ലാഹുവിന്‍റെ ബാധ്യതയാണെന്നും, അഥവാ അതാണു ഖുര്‍ആനിലൂടെയും പ്രവാചകനിലൂടെയും അവന്‍ നല്‍കി വരുന്ന മാര്‍ഗ്ഗദര്‍ശനങ്ങള്‍ എന്നുമൊക്കെ ചൂണ്ടിക്കാട്ടുകയാണ്.

ബാഹ്യമായ ഐഹികവിഷയങ്ങളെക്കുറിച്ചു പറയുമ്പോള്‍, അതോടുചേര്‍ന്ന് ആന്തരീകമായ ധാര്‍മ്മിക വിഷയങ്ങളെക്കുറിച്ചും ഓര്‍മ്മപ്പെടുത്തുക ചിലപ്പോഴെല്ലാം ഖുര്‍ആന്‍റെ ഒരു പതിവാകുന്നു. ഹജ്ജുയാത്രകളില്‍ ഭക്ഷണം മുതലായ യാത്രാസാമാനങ്ങള്‍ ഒരുക്കിക്കൊള്ളുവാന്‍ ഉപദേശിച്ചപ്പോള്‍ فان خير الزاد التقوى (യാത്രാ സാമാനങ്ങളില്‍ വെച്ചു ഉത്തമമായതു ഭയഭക്തിയാണ് (2:197) എന്നും, നഗ്നത മറക്കുവാനുള്ള വസ്ത്രം നല്‍കിയതിനെപ്പറ്റി പ്രസ്താവിച്ചപ്പോള്‍ والباس التقوى ذلك خير (ഭയഭക്തിയാകുന്ന വസ്ത്രമത്രെ ഏറ്റവും ഉത്തമമായത്. (7: 26) എന്നും മറ്റും പറഞ്ഞിരിക്കുന്നതു ഇതിനു ഉദാഹരണമാകുന്നു: അല്ലാഹു കാണിച്ചുതരുന്ന നേരായ മാര്‍ഗ്ഗത്തിലൂടെ ചരിക്കുന്നവരെമാത്രമേ അവന്‍ നന്‍മാര്‍ഗ്ഗത്തില്‍ ചേര്‍ക്കുകയുള്ളു-എന്നല്ലാതെ എല്ലാവരെയും സന്‍മാര്‍ഗ്ഗത്തിലാക്കുവാന്‍ അവന്‍ ഉദ്ദേശിച്ചിട്ടില്ല-എന്നത്രെ ولو شاء لهداكم اجمعين (അവന്‍ ഉദ്ദേശിച്ചിരുന്നുവെങ്കില്‍ നിങ്ങളെ മുഴുവന്‍ അവന്‍ നേര്‍മ്മാര്‍ഗ്ഗത്തിലാക്കുമായിരുന്നു.) എന്ന വാക്യം മുഖേന അറിയിക്കുന്നത്. (ഈ വാക്യത്തിലടങ്ങിയ സാരാര്‍ത്ഥങ്ങളെപ്പറ്റി സൂറ: അന്‍ആം 149; ഹൂദ് 118; മാഇദ: 51; സജദ: 13 മുതലായ വചനങ്ങളുടെ വ്യാഖ്യാനത്തിലും മറ്റുമായി പലതവണ വിവരിച്ചിട്ടുണ്ട്.

വിഭാഗം-2

هُوَ ٱلَّذِىٓ أَنزَلَ مِنَ ٱلسَّمَآءِ مَآءً ۖ لَّكُم مِّنْهُ شَرَابٌ وَمِنْهُ شَجَرٌ فِيهِ تُسِيمُونَ ﴿١٠﴾

10 അവനത്രെ , ആകാശത്തുനിന്നു നിങ്ങള്‍ക്ക് (മഴ)വെള്ളം ഇറക്കിത്തന്നവന്‍. അതില്‍ നിന്നു (കുടിക്കുവാന്‍) പാനീയമുണ്ടാകുന്നു; അതില്‍ നിന്നും നിങ്ങള്‍ (കാലികളെ) മേയ്ക്കുന്ന (ചെടി) മരങ്ങളും ഉണ്ടാകുന്നു.

يُنۢبِتُ لَكُم بِهِ ٱلزَّرْعَ وَٱلزَّيْتُونَ وَٱلنَّخِيلَ وَٱلْأَعْنَـٰبَ وَمِن كُلِّ ٱلثَّمَرَٰتِ ۗ إِنَّ فِى ذَٰلِكَ لَـَٔايَةً لِّقَوْمٍ يَتَفَكَّرُونَ ﴿١١﴾

11 അതു[വെള്ളം] മൂലം നിങ്ങള്‍ക്കു കൃഷിയും , ഒലീവും , ഈത്തപ്പനയും , മുന്തിരികളും അവന്‍ ഉല്‍പാദിപ്പിച്ചുതരുന്നു; (എന്നുവേണ്ട) എല്ലാ ഫലവര്‍ഗ്ഗങ്ങളില്‍ നിന്നും (ഉല്‍പാദിപ്പിച്ചു തരുന്നു). നിശ്ചയമായും , അതില്‍ (ഒക്കെയും) ചിന്തിക്കുന്നവര്‍ക്ക് ഒരു (വമ്പിച്ച) ദൃഷ്ടാന്തമുണ്ട്.

---

10 **هوالذي** അവൻ യാതൊരുവനാണ്, അവനത്രെയാതൊരുത്തൻ. **أنزلَ** അവൻ ഇറക്കിയിരിക്കുന്നു. **من السماءِ** ആകാശത്തുനിന്ന്. **ماءً** വെള്ളം. **لكُم** നിങ്ങൾക്ക്. **منه** അതിലുണ്ട്, അതിൽനിന്ന് (ചിലതു) ഉണ്ടായിരിക്കും. **شراب** പാനീയം, കുടിനീർ. **ومنه** അതിലുണ്ട്, അതിൽനിന്ന് (ചിലതു). **شجر** മരങ്ങളും (ഉണ്ട്-ഉണ്ടായിരിക്കും). **فيه** അതിൽ. **تسِيمون** നിങ്ങൾ മേയ്ക്കുന്നു. 11 **ينبِت** അവ മുളപ്പിക്കുന്നു, ഉൽപാദിപ്പിക്കും. **لكُم** നിങ്ങൾക്ക്. **به** അതുമൂലം, അതിനാൽ. **الزرعَ** കൃഷിയെ, വിളയെ. **والزيتونَ** ഒലീവും. **والنخيلَ** ഈത്തപ്പനയും. **والأعنابَ** മുന്തിരികളും. **ومن كلِّ الثمرات** എല്ലാ ഫല(വർഗ്ഗ)ങ്ങളിൽ നിന്നും. **إن في ذَلكَ** നിശ്ചയമായും അതിലുണ്ട്. **لآيـةً** ഒരു ദൃഷ്ടാന്തം. **لقومٍ** ഒരു ജനതക്ക്. **يتفكرونَ** അവർ ചിന്തിക്കുന്നു.

കാലിമൃഗങ്ങൾ മുഖേനയുള്ള അനുഗ്രഹങ്ങളെ ഓർമ്മിപ്പിച്ചശേഷം മഴവെള്ളം മുഖേനയുള്ള അനുഗ്രഹങ്ങളെ ഓർമ്മിപ്പിക്കുന്നു. ഇതെല്ലാം എടുത്തെണ്ണിക്കാട്ടുന്നതിന്റെ ആവശ്യമെന്താണെന്നുകൂടി ഇടക്കിടെ അല്ലാഹു ചൂണ്ടിക്കാട്ടുന്നു.

12 രാത്രിയെയും , പകലിനെയും , സൂര്യനെയും , ചന്ദ്രനെയും അവൻ നിങ്ങൾക്ക് വിധേയമാക്കിത്തന്നിരിക്കുന്നു. നക്ഷത്രങ്ങളും അവന്റെ കല്പനയനുസരിച്ച് വിധേയമാക്കപ്പെട്ടവയാണ്.നിശ്ചയമായും, അതിൽ (ഒക്കെയും) ബുദ്ധി കൊടു(ത്തു ചിന്തി)ക്കുന്ന ജനങ്ങൾക്കു പല ദൃഷ്ടാന്തങ്ങളുണ്ട് .

وَسَخَّرَ لَكُمُ ٱلَّيۡلَ وَٱلنَّهَارَ وَٱلشَّمۡسَ وَٱلۡقَمَرَۖ وَٱلنُّجُومُ مُسَخَّرَٰتُۢ بِأَمۡرِهِۦٓۚ إِنَّ فِي ذَٰلِكَ لَأٓيَٰتٖ لِّقَوۡمٖ يَعۡقِلُونَ ١٢

13 വർണ്ണങ്ങൾ [ഇനങ്ങൾ] വ്യത്യസ്തമായ നിലയിൽ ഭൂമിയിൽ നിങ്ങൾക്കുവേണ്ടി അവൻ സൃഷ്ടിച്ചുണ്ടാക്കിയിട്ടുള്ളവയും (വിധേയമാക്കിത്തന്നിരിക്കുന്നു). നിശ്ചയമായും, അതിൽ (ഒക്കെയും) ഉറ്റാലോചിക്കുന്ന ജനങ്ങൾക്കു ഒരു (വമ്പിച്ച) ദൃഷ്ടാന്തമുണ്ട്.

وَمَا ذَرَأَ لَكُمۡ فِي ٱلۡأَرۡضِ مُخۡتَلِفًا أَلۡوَٰنُهُۥٓۚ إِنَّ فِي ذَٰلِكَ لَأٓيَةٗ لِّقَوۡمٖ يَذَّكَّرُونَ ١٣

---

12 **وسخرلكُم** നിങ്ങൾക്കവൻ വിധേയമാക്കുകയും ചെയ്തിരിക്കുന്നു. **الليلَ** രാത്രിയെ. **والنهار** പകലിനെയും. **والشمس** സൂര്യനെയും. **والقمر** ചന്ദ്രനെയും. **والنجوم** നക്ഷത്രങ്ങളാകട്ടെ. **مسخرات** വിധേയമാക്കപ്പെട്ടവയാണ്. **بأمره** അവന്റെ കൽപന പ്രകാരം. **إن في ذَلكَ** നിശ്ചയമായും അതിലുണ്ട്. **لآيات** പല ദൃഷ്ടാന്തങ്ങൾ. **لقومٍ** ജനങ്ങൾക്ക്. **يعقلونَ** അവർ ബുദ്ധികൊടുക്കുന്നു, ഗ്രഹിക്കുന്നു. 13 **وما ذرأ** അവൻ സൃഷ്ടിച്ചുണ്ടാക്കിയതും. **لكُم** നിങ്ങൾക്കുവേണ്ടി. **في الأرض** ഭൂമിയിൽ. **مختلفًا** വ്യത്യസ്തമായിക്കൊണ്ട്. **ألوانُه** അതിന്റെ വർണ്ണ (നിറ)ങ്ങൾ (ഇനങ്ങൾ). **إن في ذَلكَ** നിശ്ചയമായും അതിലുണ്ട്. **لآيةً** ഒരു ദൃഷ്ടാന്തം. **لقومٍ** ജനങ്ങൾക്ക്. **يذكرونَ** അവർ ഉറ്റാലോചിക്കുന്നു.

രാപ്പകലുകൾ, സൂര്യചന്ദ്രനക്ഷത്രങ്ങൾ എന്നിവയൊക്കെ മനുഷ്യനു വിധേയമാക്കിത്തന്നുണ്ടെന്നു പറഞ്ഞതിന്റെ താൽപര്യം സൂ: ഇബ്റാഹീം:32,33ന്റെ വ്യാഖ്യാനത്തിലും മറ്റുമായി മുമ്പു വിവരിച്ചിരിക്കുന്നു. ഇവിടെ അതാവർത്തിച്ചു വിവരിക്കേണ്ടതില്ല. ‘‘വ്യത്യസ്ത വർണ്ണങ്ങ

ളായി നിങ്ങൾക്കുവേണ്ടി ഭൂമിയിൽ സൃഷ്ടിച്ചിട്ടുള്ളവ'' എന്നു പറഞ്ഞതിൽ, മനുഷ്യനു ഉപകാര പ്രദമായി ഈ ഭൂമിയിൽ നിലവിലുള്ള സസ്യവർഗ്ഗങ്ങളും, ജീവവർഗ്ഗങ്ങളുമടക്കം എല്ലാ ഇനത്തി ലും പെട്ട ഭൂവിഭവങ്ങൾ ഉൾപ്പെടുന്നു. ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ മനുഷ്യനു പ്രയോജനപ്പെടാത്ത വസ്തുക്കൾ ഈ ഭൂമിയിൽ ഇല്ലെന്നുള്ള പരമാർത്ഥം ഇന്നു ചിന്തകൻമാ രായ പല ശാസ്ത്രജ്ഞൻമാരും വ്യക്തമാക്കാറുള്ളതാണ്. هو الذى خلق لكم ما فى الارض جميعا(ഭൂമിയിലു ള്ളതു മുഴുവനും നിങ്ങൾക്കുവേണ്ടി സൃഷ്ടിച്ചവനത്രെ അവൻ) (2: 29) എന്നു പറഞ്ഞു കൊ ണ്ടു ഖുർആൻ ഈ യാഥാർത്ഥ്യം മുമ്പേ പ്രഖ്യാപിച്ചു കഴിഞ്ഞിട്ടുള്ളതുമാകുന്നു.

നിത്യസത്യങ്ങളായ ഈ അനുഗ്രഹങ്ങളാക്കെ എടുത്തുപറഞ്ഞു ഓർമ്മിപ്പിക്കുന്നതിൻെറ ഉദ്ദേശ്യമെന്താണെന്നു ഓരോ വചനത്തിൻെറയും അവസാനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടിയിട്ടു ള്ളത് ശ്രദ്ധിക്കുക. അതെ, ചിന്തിക്കുന്നവർക്കും ബുദ്ധി ഉപയോഗിക്കുന്നവർക്കും, ഉറ്റാലോ ചിക്കുന്നവർക്കും ഇതിൽനിന്നൊക്കെ ദൃഷ്ടാന്തങ്ങൾ ലഭിക്കുവാനുണ്ട്. അഥവാ അതിനുവേണ്ടി യാണു ഇതെല്ലാം ഓർമ്മിപ്പിക്കുന്നതു എന്നു സാരം. ബുദ്ധികൊടുത്തു ചിന്തിക്കുകയും, ഉറ്റാലോചന ചെയ്തു സത്യാസത്യങ്ങൾ തിരിച്ചറിയുകയും ചെയ്യുവാൻ അല്ലാഹു നമുക്കെല്ലാം തൗഫീഖു നൽകട്ടെ, ആമീൻ. അല്ലാഹു തുടരുന്നു:-

وَهُوَ ٱلَّذِى سَخَّرَ ٱلْبَحْرَ لِتَأْكُلُوا۟ مِنْهُ لَحْمًا طَرِيًّا وَتَسْتَخْرِجُوا۟ مِنْهُ حِلْيَةً تَلْبَسُونَهَا وَتَرَى ٱلْفُلْكَ مَوَاخِرَ فِيهِ وَلِتَبْتَغُوا۟ مِن فَضْلِهِۦ وَلَعَلَّكُمْ تَشْكُرُونَ ﴿١٤﴾

14 അവൻ തന്നെയാണ് സമുദ്രത്തെ വിധേയമാക്കിയവനും: അതിൽ നിന്നും നിങ്ങൾക്കു പുതിയ മാംസം തിന്നുവാനും , നിങ്ങൾ ധരിക്കാറുള്ള ആഭരണ (പദാർത്ഥ)ങ്ങൾ അതിൽനിന്നു പുറത്തെടുക്കുവാനും വേണ്ടി; കപ്പലുകൾ അതിലൂടെ (വെള്ളം) പിളർത്തുന്നതായിക്കൊണ്ടു (സഞ്ചരിക്കുന്നതു) നിനക്കു കാണുകയും ചെയ്യാം . അവൻെറ അനുഗ്രഹത്തിൽ നിന്നു നിങ്ങൾ തേടിയെടുക്കുവാൻ വേണ്ടിയും ; നിങ്ങൾ നന്ദി കാണിക്കുവാൻ വേണ്ടിയും (കൂടിയാണത്).

---

14 **وهو الذي** അവൻതന്നെ (അവനത്രെ) യാതൊരുവനും. **سخر** വിധേയമാക്കിയ. **البحر** സമുദ്രത്തെ. **لتأكُلوا** നിങ്ങൾ(ക്കു) തിന്നുവാൻവേണ്ടി. **منه** അതിൽനിന്ന്. **لحما** മാംസം. **طريا** പുതിയ. **وتستخرجوا** നിങ്ങൾ പുറത്തെടുക്കുവാനും. **منه** അതിൽനിന്ന്. **حليةً** ആഭരണങ്ങളെ. **تلبسونها** നിങ്ങളവയെ ധരിക്കുന്നു. **وترى** നിനക്ക് കാണാം. **الفُلْك** കപ്പലുകളെ. **مواخر** പിളർത്തുന്നതായി. **فيه** അതിൽ, അതിലൂടെ. **ولتبتغوا** നിങ്ങൾ തേടിയെടുക്കു(അന്വേഷിക്കു)വാൻ വേണ്ടിയും. **من فضله** അവൻെറ ഔദാര്യ(അനുഗ്രഹ)ത്തിൽ നിന്നു. **ولعلكُم** നിങ്ങളാകുവാനും, നിങ്ങളായേക്കുകയും ചെയ്യാം. **تشكُرونَ** നിങ്ങൾ നന്ദി ചെയ്യും.

മനുഷ്യർക്കു ഭക്ഷണത്തിനായി സമുദ്രത്തിൽ അല്ലാഹു വിളയിച്ചു വളർത്തിവരുന്ന കണക്കറ്റ മൽസ്യവിളകളെപ്പറ്റിയാണ് لحما طريا (പുതിയ മാംസം) എന്നു പറഞ്ഞത്. വേഗം ഉപയോഗിക്കാവുന്നതും, സുഖകരമായതും, ലഘുത്വം കൂടിയതുമായ ആഹാരമത്രെ മൽസ്യമാംസം. ആഭരണ പദാർത്ഥങ്ങൾ(حلية) കൊണ്ടുദ്ദേശ്യം മുത്ത്, പവിഴം, ചിപ്പി തുടങ്ങിയ രത്നവിഭവങ്ങളുമാകുന്നു. ഇന്നത്തെപ്പോലെ പരിഷ്കൃതങ്ങളായ യന്ത്രസാമഗ്രികളും, ജലവാഹനങ്ങളുമൊന്നുമില്ലാത്ത മുൻകാലം മുതൽക്കുതന്നെ, സമുദ്രത്തിൽ അല്ലാഹു നിക്ഷേപിച്ചുവെച്ചിട്ടുള്ള

ഭക്ഷ്യവസ്തുക്കളും, രത്നസമ്പത്തുക്കളും മനുഷ്യൻ ഉപയോഗപ്പെടുത്തിപ്പോന്നിട്ടുണ്ട്. കണ്ണെത്താത്ത, ആഴം കാണാത്ത സമുദ്രജലത്തെയും, മലകൾ കണക്കെയുള്ള തിരമാലകളെയും, ശക്തിയായി ആഞ്ഞടിക്കുന്ന കാറ്റുകളെയും ഇടവും വലവുമാക്കി പിളർന്നുകൊണ്ടു മുന്നോട്ടു കുതിച്ചു പായുന്ന കപ്പലുകൾവഴി, ഒരു നാട്ടിൽ നിന്നു മറ്റൊരു നാട്ടിലേക്കും ഒരു വൻകരയിൽ നിന്നു മറ്റൊരു വൻകരയിലേക്കും വിവിധ ആവശ്യാർത്ഥം മനുഷ്യൻ സദാ വന്നും പോയും കൊണ്ടിരിക്കുന്നു. നൂഹ് (عليه السلام)നബിയുടെ കാലം മുതൽ ആരംഭിച്ച ഈ ഏർപ്പാടു അനുദിനം വർദ്ധിച്ചു കൊണ്ടേ ഇരിക്കുന്നു. ഇതെല്ലാം സജ്ജമാക്കിത്തരുകയും, അതിനു വേണ്ടുന്ന സാഹചര്യങ്ങൾ ശരിപ്പെടുത്തിത്തരുകയും ചെയ്തതിന്റെ പേരിൽ മനുഷ്യർ സദാ അല്ലാഹുവിനോടു നന്ദി കാണിക്കുവാൻ കടപ്പെട്ടവരാണു എന്നു അവസാനത്തെ വാക്യത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നു.

15 ഭൂമി നിങ്ങളേയും കൊണ്ടു ചരിഞ്ഞു പോകുമെന്നതിനാൽ, അതിൽ അവൻ ഉറച്ചുനിൽക്കുന്ന മലകളെ സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു; നദികളെയും വഴികളെയും (ഏർപ്പെടുത്തിയിരിക്കുന്നു);നിങ്ങൾ (ഉദ്ദിഷ്ട സ്ഥാനങ്ങളിലേക്കു) മാർഗ്ഗം പ്രാപിക്കുവാൻവേണ്ടി;-	وَأَلْقَىٰ فِى ٱلْأَرْضِ رَوَٰسِىَ أَن تَمِيدَ بِكُمْ وَأَنْهَـٰرًا وَسُبُلًا لَّعَلَّكُمْ تَهْتَدُونَ ﴿١٥﴾
16 (പല) അടയാളങ്ങളെയും (ഏർപ്പെടുത്തിയിരിക്കുന്നു). നക്ഷത്രങ്ങൾ മൂലവും (തന്നെ) അവർ [മനുഷ്യർ] (ഉദ്ദിഷ്ടസ്ഥാനങ്ങളിലേക്കു) മാർഗ്ഗം പ്രാപിക്കുന്നു.	وَعَلَـٰمَـٰتٍ ۚ وَبِٱلنَّجْمِ هُمْ يَهْتَدُونَ ﴿١٦﴾

---

15 **وألقى** അവൻ ഇട്ടിരിക്കുന്നു, സ്ഥാപിക്കുകയും ചെയ്തു. **في الأرض** ഭൂമിയിൽ. **رواسي** ഉറച്ചു(പൂണ്ടു) നിൽക്കുന്നവയെ (മലകളെ). **أن تميد** അതു ചരിഞ്ഞു പോകുമെന്നതിനാൽ. **بكم** നിങ്ങളുമായി, നിങ്ങളെയുംകൊണ്ട്. **وأنهارا** നദി (പുഴ)കളെയും. **وسبلا** വഴി (മർഗ്ഗം)കളെയും. **لعلكم** നിങ്ങൾ ആകുവാൻവേണ്ടി, ആയേക്കാം. **تهتدونَ** നിങ്ങൾ വഴിചേരും, (നേർ)മാർഗ്ഗം പ്രാപിക്കും..
16 **وعلامات** അടയാളങ്ങളെയും. **وبالنجم** നക്ഷത്രങ്ങൾ മൂലവും, നക്ഷത്രംകൊണ്ടും. **هم** അവർ. **يهتدونَ** മാർഗ്ഗം പ്രാപിക്കുന്നു, വഴിചേരുന്നു.

സമുദ്രത്തിൽ അല്ലാഹു നൽകിയ ചില അനുഗ്രഹങ്ങളിലെ ഓർമ്മിപ്പിച്ചശേഷം കരയിലും അന്തരീക്ഷത്തിലുമായി നൽകിയിട്ടുള്ള ചില അനുഗ്രഹങ്ങളെ ചൂണ്ടിക്കാട്ടുകയാണ്. ഒരു എത്തും പിടിയും കൂടാതെ അന്തരീക്ഷത്തിൽ നിലകൊള്ളുന്ന ഭൂഗോളം അതിലെ നിവാസികൾ സഹിതം ചരിഞ്ഞോ മറിഞ്ഞോ തെറിച്ചോ പോകാതിരിക്കുവാൻവേണ്ടി-സമുദ്രത്തിൽ കപ്പലുകൾ നങ്കൂരമിട്ടുറപ്പിച്ചു നിറുത്തുന്നതുപോലെ-ഭാരമേറിയ പർവ്വതങ്ങളാകുന്ന നങ്കൂരങ്ങൾ വഴി അതിനെ അല്ലാഹു ഉറപ്പിച്ചുനിർത്തിയിരുക്കുന്നു. നൂറുക്കണക്കിലും ആയിരക്കണക്കിലും നാഴിക ദൂരെത്തവിടെന്നോ ഉത്ഭവിച്ച് കാടും, മലയും, പാറക്കെട്ടും. മരുഭൂമിയും, മലയിടുക്കും താണ്ടിക്കൊണ്ട് വളഞ്ഞുപുളഞ്ഞും, ഓടിച്ചാടിയും ഒഴുകിവരുന്ന നദികളെ ഒരു കൂട്ടർ കുടിനീരിനും, കുളിനീരിനും ഉപയോഗപ്പെടുത്തുന്നുവെങ്കിൽ,മറ്റൊരുകൂട്ടർ കൃഷിക്കും ഗതാഗതത്തിനും, വ്യവസായത്തിനും ഉപയോഗിക്കുന്നു. വേറൊരു കൂട്ടർ മൽസ്യബന്ധനത്തിനും, വിദ്യുച്ഛക്തിയുൽപാദനത്തിനും ഉപയോഗപ്പെടുത്തുന്നു. വഴികളെ സംബന്ധിച്ചു പറയുകയാണെങ്കിൽ, നാട്ടിലൂടെ, കാട്ടിലൂടെ, സമതലത്തിലൂടെ, കുന്നുകുഴികളിലൂടെ, വെള്ളത്തിലൂടെ, വായുവിലൂടെ എന്നിങ്ങനെ ആവശ്യമായ സ്ഥലങ്ങളിലൂടെയെല്ലാം സഞ്ചരിക്കുവാൻ ഉതകുന്ന പലതരം വഴിക

ളെയും അല്ലാഹു ഏർപ്പെടുത്തിയിരിക്കുന്നു. വഴിതെറ്റാതെ ഉദ്ദിഷ്ട സ്ഥാനങ്ങളിൽ എത്തിച്ചേരുവാനും, ദൂരവും സ്ഥാനവും നിർണ്ണയിക്കുവാനും വേണ്ടി ഓരോതരം വഴികൾക്കും ചില അടയാളങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. കുന്നും, കുണ്ടും, വയലും, പറമ്പും, പാറയും, മണലും, മണ്ണും, മരവും, ചരിവും, മറിവും എന്നിങ്ങനെ എത്രയെത്ര അടയാളങ്ങൾ?! വമ്പിച്ച മരുഭൂമികളിലോ സമുദ്രത്തിലോ യാത്രചെയ്യുന്നവർക്കു അടയാളങ്ങളുടെ അഭാവം നിമിത്തമോ, രാത്രിയുടെ ഇരുട്ടുമൂലമോ ദിക്കുകളറിയാതെ വരുമ്പോൾ, നക്ഷത്രങ്ങളുടെ സ്ഥാനവും ഗതിയും നോക്കി സ്ഥാനവും സമയവും കണക്കാക്കുവാൻ സാധിക്കുന്നു. ഇതൊക്കെ സ്വയമങ്ങു രൂപം പൂണ്ടതല്ല. മനുഷ്യരോ മറ്റുവല്ലവരോ രൂപം നൽകിയതുമല്ല. എല്ലാം അല്ലാഹുവിൻെറ മാത്രം പ്രവൃത്തി. അവൻെറ മാത്രം സൃഷ്ടി. അവൻെറ മാത്രം വ്യവസ്ഥ. എല്ലാവർക്കും സുപരിചിതമായ ഈ നിത്യസത്യങ്ങളെ ഓർമ്മിപ്പിച്ചുകൊണ്ടു അല്ലാഹു ചോദിക്കുകയാണ്:-

17 അപ്പോൾ, സൃഷ്ടിക്കുന്ന (ഒരു) വൻ സൃഷ്ടിക്കാത്തവരെപ്പോലെയാകുന്നുവോ?! അപ്പോൾ, (ബഹുദൈവാരാധകരേ,) നിങ്ങൾ ഉറ്റാലോചിക്കുന്നില്ലേ?!	أَفَمَن يَخْلُقُ كَمَن لَّا يَخْلُقُ ۗ أَفَلَا تَذَكَّرُونَ ﴿١٧﴾

---

17 **أفمن** അപ്പോൾ യാതൊരുവനോ. **يخلق** അവൻ സൃഷ്ടിക്കുന്നു. **كمن** യാതൊരുവനെ (യാതൊരുത്തരെ)പോലെ. **لا يخلق** അവൻ സൃഷ്ടിക്കില്ല. **أفلا تذكرون** അപ്പോൾ (എന്നിരിക്കെ) നിങ്ങൾ ഉറ്റാലോചിക്കുന്നില്ലേ.

മുകളിൽ വിവരിച്ചതുപോലെയുള്ള വസ്തുക്കളെയൊക്കെ സൃഷ്ടിച്ചു രൂപപ്പെടുത്തിയ അല്ലാഹുവും, ഒരു അണുപോലും സൃഷ്ടിച്ചുണ്ടാക്കുവാൻ കഴിയാത്തവരും എങ്ങിനെ സമമാകും?! ഒരിക്കലും സമമാവുകയില്ലല്ലോ? എന്നിരിക്കെ, വിഗ്രഹങ്ങൾ, ദേവീദേവൻമാർ, മഹാത്മാക്കൾ എന്നുവേണ്ട അല്ലാഹു അല്ലാത്ത ഏതൊരുവസ്തുവെയും അവൻെറ പങ്കുകാരനോ, സമാനനോ ആക്കിവെച്ച് ആരാധിക്കുന്നതു തികച്ചും വിഡ്ഢിത്തമല്ലേ?! നിങ്ങൾ ഒട്ടും ആലോചിച്ചു നോക്കുന്നില്ലേ?! എന്നു താൽപര്യം. എന്നാൽ, മേലുദ്ധരിച്ച അനുഗ്രഹങ്ങൾ മാത്രമാണോ അല്ലാഹു മനുഷ്യരായ നിങ്ങൾക്കു ചെയ്തുതന്നിരിക്കുന്നത്?! അല്ല:-

18 അല്ലാഹുവിൻെറ അനുഗ്രഹത്തെ നിങ്ങൾ എണ്ണുന്നപക്ഷം നിങ്ങൾ അതു കണക്കാക്കുന്നതല്ല. [നിങ്ങൾക്കതിന്നു സാധ്യമല്ല].നിശ്ചയമായും അല്ലാഹു, വളരെ പൊറുക്കുന്നവനും, കരുണാനിധിയും തന്നെ.	وَإِن تَعُدُّوا۟ نِعْمَةَ ٱللَّهِ لَا تُحْصُوهَآ ۗ إِنَّ ٱللَّهَ لَغَفُورٌ رَّحِيمٌ ﴿١٨﴾

---

18 **وإن تعدوا** നിങ്ങൾ എണ്ണുന്നപക്ഷം. **نعمة الله** അല്ലാഹുവിൻെറ അനുഗ്രഹത്തെ. **لا تحصوها** നിങ്ങളതിനെ കണക്കാക്കുക (തിട്ടപ്പെടുത്തുക)യില്ല. **إن الله** നിശ്ചയമായും അല്ലാഹു. **لغفور** വളരെ പൊറുക്കുന്നവൻ തന്നെയാണ്. **رحيم** കരുണാനിധിയാണ്.

എണ്ണിയാലൊടുങ്ങാത്ത ആ അനുഗ്രഹങ്ങൾക്കു നന്ദികാണിക്കാതെ, നിങ്ങൾ ശിർക്കിലും തോന്നിയവാസത്തിലും മുഴുകിയിരുന്നിട്ടും തൽക്ഷണം നിങ്ങളുടെമേൽ ശിക്ഷാ നടപടിയെടുക്കാതിരിക്കുന്നതും, നിങ്ങളുടെ പശ്ചാത്താപം സ്വീകരിക്കുന്നതുമൊക്കെ അവൻ പൊറുക്കുന്നവ

നും കരുണാനിധിയും ആയതുകൊണ്ടാണെന്നു സാരം, സൂ: ഇബ്റാഹീം 34-ാം വചനത്തിന്‍റെ വ്യാഖ്യാനത്തിൽ വിവരിച്ച കാര്യങ്ങൾ ഇവിടെയും സ്മരിക്കുക.

وَٱللَّهُ يَعۡلَمُ مَا تُسِرُّونَ وَمَا تُعۡلِنُونَ ﴿١٩﴾

19 അല്ലാഹു, നിങ്ങൾ രഹസ്യമാക്കുന്നതിനെയും, നിങ്ങൾ പരസ്യമാക്കുന്നതിനെയും അറിയുന്നു.

وَٱلَّذِينَ يَدۡعُونَ مِن دُونِ ٱللَّهِ لَا يَخۡلُقُونَ شَيۡـٔٗا وَهُمۡ يُخۡلَقُونَ ﴿٢٠﴾

20 അല്ലാഹുവിന്നു പുറമെ, അവർ വിളിച്ചു (പ്രാർത്ഥിച്ചു) കൊണ്ടിരിക്കുന്നവർ യാതൊന്നും (തന്നെ) സൃഷ്ടിക്കുന്നില്ല; അവരാകട്ടെ, സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു.

أَمۡوَٰتٌ غَيۡرُ أَحۡيَآءٖۖ وَمَا يَشۡعُرُونَ أَيَّانَ يُبۡعَثُونَ ﴿٢١﴾

21 (അവർ) നിർജ്ജീവങ്ങളാകുന്നു; ജീവനില്ലാത്തവരാകുന്നു. ഇവർ ഏതു സമയത്ത് എഴുന്നേൽപിക്കപ്പെടുമെന്ന് അവർ അറിയുകയുമില്ല.

---

19 **والله** അല്ലാഹു, അല്ലാഹുവാകട്ടെ. **يعلم** അറിയുന്നു, അവർ അറിയും. **ما تسِرون** നിങ്ങൾ രഹസ്യമാക്കുന്നത്. **وما تعلنونَ** നിങ്ങൾ പരസ്യമാക്കുന്നതും. 20 **والذين** യാതൊരുകൂട്ടർ. **يدعونَ** അവർ വിളിക്കുന്നു പ്രാർത്ഥിക്കുന്നു.. **من دون اللهِ** അല്ലാഹുവിനു പുറമെ. **لا يخلُقونَ** അവർ സൃഷ്ടിക്കുന്നില്ല, സൃഷ്ടിക്കുകയില്ല. **شيئًا** യാതൊന്നിനെയും. **وهم** അവരാകട്ടെ, അവരോ. **يخلَقونَ** അവർ സൃഷ്ടിക്കപ്പെടുന്നു. 21 **أموات** നിർജ്ജീവങ്ങളാണ്, മരണപ്പെട്ടവരാണ്. **غير أحياء** ജീവിക്കാത്തവരാകുന്നു, ജീവനില്ലാത്തവരാണ്, ജീവക്കുന്നവരല്ലാത്ത. **وما يشعرونَ** അവർ (ക്ക്) അറിയുകയില്ല, ബോധമില്ല. **أيانَ** ഏത് സമയത്ത് എന്ന്. **يبعثونَ** അവർ (ഇവർ) എഴുന്നേൽപ്പിക്കപ്പെടും.

ബഹുദൈവാരാധനയുടെ നിരർത്ഥതയും, പരദൈവങ്ങൾക്കു അതിനുള്ള അനർഹതയുമാണു ഈ വചനങ്ങളിൽ ചൂണ്ടിക്കാട്ടുന്നത്. ഖുർആൻ ഒന്നാമതായി അഭിസംബോധനചെയ്യുന്നതു അറബികളെയാണല്ലോ. അവർ ആരാധിച്ചു വരുന്നതാകട്ടെ, വിഗ്രഹങ്ങൾ മുതലായ പരദൈവങ്ങളെയുമാണ്. അവ യാതൊന്നിനെയും സൃഷ്ടിച്ചുണ്ടാക്കുന്നില്ല. അവതന്നെയും സൃഷ്ടിക്കപ്പെട്ടവയാണ്, അവ നിർജ്ജീവങ്ങളാണ്, മേലിൽ ജീവിക്കുവാനും പോകുന്നില്ല, അവരുടെ ആരാധകൻമാരെ ഏതവസരത്തിലാണ് ഖബറുകളിൽനിന്നു എഴുന്നേൽപിക്കപ്പെടുകയെന്ന വിവരവും അവർക്കില്ല എന്നിരിക്കെ, ഇത്രയും നിന്ദ്യവും നിസ്സാരവുമായ ഈ വസ്തുക്കളെ വിളിച്ചു പ്രാത്ഥിക്കുന്നതു അങ്ങേഅറ്റം അർത്ഥശൂന്യവും പടു വങ്കത്വവുമാണല്ലോ എന്നു താൽപര്യം.

اموات (അംവാത്തുൻ) എന്നതു ميت (മയ്യിത്ത്)ന്‍റെ ബഹുവചനവും احياء (അഹ്‌യാഉ്) എന്നതു حي (ഹയ്യ്)ന്‍റെ ബഹുവചനവുമാകുന്നു. ''മരണപ്പെട്ടവൻ, മരണപ്പെടുന്നവൻ,. ജീവനില്ലാത്തത്, നിർജ്ജീവം'' എന്നീ അർത്ഥങ്ങളിലെല്ലാം ഉപയോഗിക്കപ്പെടുന്ന വാക്കത്രെ ميت ഈ അർത്ഥങ്ങളിലെല്ലാം തന്നെ അതിന്‍റെ വിപരീതപദമായി വരുന്നതാണ് حي എന്നവാക്കും. ഈ അർത്ഥങ്ങളിലെല്ലാം ഖുർആനിൽ അവ രണ്ടും ഉപയോഗിക്കപ്പെട്ടുകാണം. അപ്പോൾ, അല്ലാഹു അല്ലാത്ത എല്ലാ ആരാധ്യവസ്തുക്കളും തന്നെ-ഒരർത്ഥത്തിലല്ലെങ്കിൽ മറ്റൊരർത്ഥത്തിൽ- اموات غير احياء എന്നു വിശേഷിപ്പിക്കപ്പെടാവതായിത്തീരുന്നു. സൃഷ്ടിക്കുന്നവരല്ല സൃഷ്ടിക്കപ്പെടുന്നവരാണ്-എന്നും മറ്റുമുള്ള വിഷയങ്ങളിലാകട്ടെ, വിഗ്രഹങ്ങളും വിഗ്രഹങ്ങളല്ലാത്തവയും

സമമാണുതാനും.

വിഭാഗം-3

22 നിങ്ങളുടെ ആരാധ്യൻ ഒരേ ഒരു ആരാധ്യനാകുന്നു. എന്നാൽ, പരലോകത്തിൽ വിശ്വസിക്കാത്തവർ-അവരുടെ ഹൃദയങ്ങൾ (അതു) നിഷേധിക്കുന്നവയാകുന്നു. അവർ അഹംഭാവം നടിക്കുന്നവരുമാകുന്നു.

إِلَٰهُكُمْ إِلَٰهٌ وَٰحِدٌ ۚ فَٱلَّذِينَ لَا يُؤْمِنُونَ بِٱلْءَاخِرَةِ قُلُوبُهُم مُّنكِرَةٌ وَهُم مُّسْتَكْبِرُونَ ﴿٢٢﴾

23 നിസ്സംശയമത്രെ, അവർ രഹസ്യമാക്കുന്നതും, അവർ പരസ്യമാക്കുന്നതും അല്ലാഹു അറിയുന്നുവെന്നുള്ളത്. നിശ്ചയമായും അവൻ, അഹംഭാവം നടിക്കുന്നവരെ ഇഷ്ടപ്പെടുകയില്ല.

لَا جَرَمَ أَنَّ ٱللَّهَ يَعْلَمُ مَا يُسِرُّونَ وَمَا يُعْلِنُونَ ۚ إِنَّهُۥ لَا يُحِبُّ ٱلْمُسْتَكْبِرِينَ ﴿٢٣﴾

---

22 **إِلَٰهُكُمْ** നിങ്ങളുടെ ആരാധ്യൻ, ദൈവം. **إِلَٰهٌ وَاحِدٌ** ഒരേ ആരാധ്യനാണ്, ഏകദൈവമാകുന്നു. **فَالَّذِينَ لَا يُؤْمِنُونَ** എന്നാൽ വിശ്വസിക്കാത്തവർ. **بِالْآخِرَةِ** പരലോകത്തിൽ. **قُلُوبُهُم** അവരുടെ ഹൃദയങ്ങൾ. **مُنكِرَةٌ** നിഷേധിക്കുന്ന (വെറുക്കുന്ന-പ്രതിഷേധിക്കുന്ന)വയാകുന്നു. **وَهُم** അവർ, അവരാകട്ടെ. **مُسْتَكْبِرُونَ** അഹംഭാവം (വലുപ്പം-ഗർവ്വ്) നടിക്കുന്നവരാണ്.. 23 **لَا جَرَمَ** നിസ്സംശയം, കുറ്റമല്ല, (സത്യമായും). **أَنَّ اللَّهَ** അല്ലാഹു (ആകുന്നു)വെന്നുള്ളത്. **يَعْلَمُ** അവൻ അറിയുന്നു (വെന്നുള്ളത്). **مَا يُسِرُّونَ** അവർ രഹസ്യമാക്കുന്നത്. **وَمَا يُعْلِنُونَ** അവർ പരസ്യമാക്കുന്നതും. **إِنَّهُ** നിശ്ചയമായും അവൻ. **لَا يُحِبُّ** ഇഷ്ടപ്പെടുക (സ്നേഹിക്കുക)യില്ല. **الْمُسْتَكْبِرِينَ** അഹഭാവം നടിക്കുന്നവരെ.

മുശ്‌രിക്കുകൾ പരലോകത്തിൽ വിശ്വസസിക്കുന്നില്ല. പരലോകത്തിൽ വിശ്വസിക്കാത്തവർ അല്ലാഹുവിന്റെ ഏകത്വത്തെ നിഷേധിക്കുന്നവരും, അഹംഭാവികളുമാകുന്നു. അഥവാ അഹംഭാവം കൊണ്ടാണവർ വിശ്വസിക്കാതിരിക്കുന്നത്. അല്ലാഹു അവരെ വെറുതെ വിടുവാൻ പോകുന്നില്ല. അവരുടെ രഹസ്യവും പരസ്യവും അവൻ അറിഞ്ഞുകൊണ്ടിരിക്കുന്നുണ്ട്. അതനുസരിച്ചുള്ള നടപടി അവൻ എടുക്കുകതന്നെ ചെയ്യും എന്നു സാരം.

മറ്റൊരു സ്ഥലത്തു അല്ലാഹു പറയുന്നു: ''അല്ലാഹുവിനെക്കുറിച്ചുമാത്രം പ്രസ്താവിക്കപ്പെട്ടാൽ, പരലോകത്തിൽ വിശ്വസിക്കാത്തവരുടെ ഹൃദയങ്ങൾ അറച്ചു ചുളുങ്ങിപ്പോകും. അവനു പുറമെയുള്ളവരെപ്പറ്റി പ്രസ്താവിക്കപ്പെട്ടാൽ, അപ്പോഴതാ അവർ, സന്തോഷം പ്രകടിപ്പിക്കുകയും ചെയ്യുന്നു!'' (സുമർ 45) വീണ്ടും ഒരു സ്ഥലത്തു പറയുന്നു: ''നിശ്ചയമായും, എന്നെ ആരാധിക്കുന്നതിനെപ്പറ്റി അഹംഭാവം നടിക്കുന്നവർ, നിന്ദ്യരായിക്കൊണ്ടു വഴിയെ ജഹന്നമിൽ പ്രവേശിക്കുന്നതാണ്.'' (40: 60) നബി (ﷺ) പറഞ്ഞതായി ഇബ്നുമസ്ഊദ് (رضي الله عنه)ഉദ്ധരിക്കുന്നു: 'അണുത്തൂക്കം ഹൃദയത്തിൽ അഹംഭാവമുള്ളവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. അണുത്തൂക്കം സത്യവിശ്വാസം ഹൃദയത്തിലുള്ളവൻ നരകത്തിൽ പ്രവേശിക്കുകയുമില്ല'. അപ്പോൾ, ഒരാൾ ചോദിച്ചു: ''റസൂലേ, ഒരാൾ അവന്റെ വസ്ത്രം നല്ലതായിരിക്കുവാനും, ചെരിപ്പു നല്ലതായിരിക്കുവാനും ഇഷ്ടപ്പെടുന്നു'. ('ഇതു അഹംഭാവമാകുമോ?)'' അപ്പോൾ തിരുമേനി പറഞ്ഞു: ''നിശ്ചയമായും അല്ലാഹു സുന്ദരനാണ്. അവൻ സൗന്ദര്യത്തെ ഇഷ്ടപ്പെടുന്നു. അഹംഭാവം എന്നാൽ, യഥാർത്ഥത്തെ ധിക്കരിക്കലും, മനുഷ്യരോടു അവഗണന കാണിക്കലുമാകുന്നു''. (മു; തി;ദാ.)

24 ''നിങ്ങളുടെ റബ്ബ് അവതരിപ്പിച്ചത് എന്താണ്?'' എന്ന് അവരോടു പറയപ്പെട്ടാൽ, അവർ പറയും: ''പൂർവ്വികൻമാരുടെ പുരാണകഥകൾ'' എന്ന്.	وَإِذَا قِيلَ لَهُم مَّاذَآ أَنزَلَ رَبُّكُمْ ۙ قَالُوٓا۟ أَسَٰطِيرُ ٱلْأَوَّلِينَ ﴿٢٤﴾
25 (അതെ) ഖിയാമത്തുനാളിൽ അവർ തങ്ങളുടെ കുററ (ഭാര)ങ്ങൾ പൂർണ്ണമായും വഹിക്കുവാൻവേണ്ടി; (കൂടാതെ) യാതൊരുകൂട്ടരെ അറിവില്ലാതെ തങ്ങൾ വഴിപിഴപ്പിക്കുന്നുവോ അവരുടെ കുറ്റ (ഭാര)ങ്ങളിൽ നിന്നും (കുറെ വഹിക്കുവാൻവേണ്ടി). അല്ലാ(-അറിയുക)! അവർ പേറുന്നത് [അവരുടെ കുറ്റഭാരം] വളരെ മോശം!	لِيَحْمِلُوٓا۟ أَوْزَارَهُمْ كَامِلَةً يَوْمَ ٱلْقِيَٰمَةِ ۙ وَمِنْ أَوْزَارِ ٱلَّذِينَ يُضِلُّونَهُم بِغَيْرِ عِلْمٍ ۗ أَلَا سَآءَ مَا يَزِرُونَ ﴿٢٥﴾

---

24 **وإذا قيل** പറയ (ചോദിക്ക)പ്പെട്ടാൽ. **لهم** അവരോട്. **ماذا** എന്തൊന്നാണ്. **أنزلَ** ഇറക്കിയത്. **ربكُم** നിങ്ങളുടെ റബ്ബ്. **قالوا** അവർ പറയും. **أساطير** പുരാണ കഥകൾ (ഐതിഹ്യങ്ങൾ) ആകുന്നു. **الأولين** പൂർവ്വീകൻമാരുടെ. 25 **ليحملوا** അവർ വഹിക്കു (പേറു)വാൻ വേണ്ടി. **أوزارهم** അവരുടെ കുറ്റങ്ങളെ, ഭാരങ്ങളെ. **كاملةً** പൂർത്തിയായ നിലയിൽ. **يوم القيامة** ഖിയാമത്തു നാളിൽ. **ومن أوزار** കുറ്റ(ഭാര)ങ്ങളിൽ നിന്നും (ചിലത്). **الذين يضلونهم** അവരെ വഴിപ്പിഴപ്പിക്കുന്നവരുടെ. **بِغيرعلْم** അറിവുകൂടാതെ, അറിവില്ലാതെ. **ألا** അല്ലാ, അറിയുക. **ساء** വളരെ മോശം, എത്രയോ ചീത്ത. **ما يزرونَ** അവർ വഹിക്കുന്ന (കുറ്റം പേറുന്ന)ത്.

ആ അഹംഭാവികളോടു-ആരെങ്കിലും വല്ലപ്പോഴും-എന്താണു അല്ലാഹു നബി (ﷺ)ക്കു അവതരിപ്പിച്ചിരിക്കുന്നതെന്നു ചോദിച്ചാൽ അതിനു ശരിക്കു ഒരു മറുപടി പറയുവാൻപോലും അവർ തയ്യാറല്ല. എന്തോ ചില പഴംപുരാണങ്ങളും ഐതിഹ്യങ്ങളും എന്നേ മറുപടി പറയൂ. അതിൻെറ ഫലമോ? അവരുടെ തെറ്റുകുറ്റങ്ങളുടെ പാപഭാരം പരിപൂർണ്ണമായിത്തന്നെ ഖിയാമത്തു നാളിൽ അവർ പേറേണ്ടിവരും. അത്രയുമല്ല, അല്ലാഹു അവതരിപ്പിച്ചതിനെ (ഖുർആനെ) പ്പറ്റി പുരാണങ്ങളെന്നും, ജാലവിദ്യയെന്നും, ഭ്രാന്തെന്നുമൊക്കെപ്പറഞ്ഞ് വിവരമില്ലാത്ത ആളുകളെ അവർ വഴിപിഴപ്പിച്ചുകൊണ്ടിരിക്കുകയാണല്ലോ. അവരുടെ പാപഭാരങ്ങളിൽനിന്നു ഒരു പങ്കും കൂടി ആ അഹംഭാവികൾ പേറേണ്ടതായിവരും. അപ്പോൾ അവരുടെ സ്ഥിതി വളരെ ശോചനീയം തന്നെ!

മനുഷ്യരെ വഴിപിഴപ്പിക്കുന്ന നേതാക്കളെപ്പറ്റി അല്ലാഹു പറയുന്നു: ''അവർ അവരുടെ ഭാരങ്ങളും, അവരുടെ ഭാരങ്ങളോടൊപ്പം വേറെഭാരങ്ങളും വഹിക്കേണ്ടി വരുകതന്നെ ചെയ്യും.'' (അങ്കബൂത്ത് 13) സ്വയം പിഴച്ചുപോയതിൻെറയും, വ്യാജം കെട്ടിപ്പറഞ്ഞതിൻെറയും, വിവരമില്ലാത്തവരെ വഴിപിഴപ്പിക്കുവാൻ ശ്രമിച്ചതിൻെറയും കുറ്റങ്ങൾക്കു പുറമെ, ആ വഴിപിഴച്ചവർ ചെയ്യുന്ന കുറ്റങ്ങൾക്കൊക്കെ കാരണക്കാരായതിൻെറ പേരിലും ഇവർ ശിക്ഷാർഹരായിത്തീരുന്നു. നേർമ്മാർഗ്ഗത്തിലേക്കു ക്ഷണിക്കുന്നവനു അവനെ പിൻപറ്റിയവരുടെ പ്രതിഫലത്തിൽ ഒരു കുറവും വരാതെത്തന്നെ, അവരുടെ അതേ മാതിരി പ്രതിഫലം ലഭിക്കുന്നതാണെന്നും, ദുർമ്മാർഗ്ഗത്തിലേക്കു ക്ഷണിക്കുന്നവനു അവനെ പിൻപറ്റിയവരുടെ കുറ്റത്തിൽ ഒരു കുറവും വരാതെത്തന്നെ അവരുടെ കുറ്റങ്ങളുടെ അത്ര കുറ്റം ഉണ്ടായിരിക്കുമെന്നും മുസ്‌ലിം (رحمه الله)ഉദ്ധരിച്ച നബി വചനം ഇവിടെ പ്രസ്താവ്യമാകുന്നു.

ഹജ്ജുകാലങ്ങളിൽ അന്യരാജ്യത്തുനിന്നു ഹജ്ജിനുവരുന്നവർക്കിടയിൽ നബി (ﷺ)യെയും, ഖുർആനെയും സംബന്ധിച്ചു ജാലവിദ്യ. ഭ്രാന്ത്, ജോൽസ്യം, പുരാണകഥ എന്നൊക്കെ പ്പറഞ്ഞു പ്രചരിപ്പിക്കുവാൻ 'വലീദുബ്നു ഉഖ്ബ'ത്തിൻെറ നേതൃത്വത്തിൽ പല ആളുകളും മക്കായിലെ വഴികൾ ഓരോരുത്തരായി ഭാഗിച്ചെടുത്തിരുന്നതായി പലരിവായത്തുകളിലും കാണാം'. ഇതുപോലെയുള്ള പല സംരംഭങ്ങളും പ്രചാരവേലകളും ഖുറൈശികൾ നടത്തി വന്നിരുന്നു. ദുർമ്മാർഗ്ഗത്തിലേക്കും അന്ധവിശ്വാസങ്ങളിലേക്കും ജനങ്ങളെ പ്രേരിപ്പിക്കുന്ന എല്ലാവർക്കും ബാധകമാണു അല്ലാഹുവിൻെറ ഈ താക്കീത്.

വിഭാഗം-4

قَدْ مَكَرَ ٱلَّذِينَ مِن قَبْلِهِمْ فَأَتَى ٱللَّهُ بُنْيَـٰنَهُم مِّنَ ٱلْقَوَاعِدِ فَخَرَّ عَلَيْهِمُ ٱلسَّقْفُ مِن فَوْقِهِمْ وَأَتَىٰهُمُ ٱلْعَذَابُ مِنْ حَيْثُ لَا يَشْعُرُونَ ﴿٢٦﴾

26 ഇവരുടെ മുമ്പുള്ളവർ (കു)തന്ത്രം പ്രയോഗിക്കുകയുണ്ടായി; അപ്പോൾ, (കുതന്ത്രങ്ങളാകുന്ന) അവരുടെ കെട്ടിടത്തിങ്കൽ (അതിൻെറ) അടിത്തറകളിലൂടെ അല്ലാഹു ചെന്നു; എന്നിട്ട് അവരുടെ മുകളിൽ നിന്നു മേല്പുര അവരുടെ മേൽ പൊളിഞ്ഞു വീണു. അവർ അറിയാത്തവിധത്തിലൂടെ ശിക്ഷ അവർക്കു വരുകയും ചെയ്തു.

ثُمَّ يَوْمَ ٱلْقِيَـٰمَةِ يُخْزِيهِمْ وَيَقُولُ أَيْنَ شُرَكَآءِىَ ٱلَّذِينَ كُنتُمْ تُشَـٰٓقُّونَ فِيهِمْ ۚ قَالَ ٱلَّذِينَ أُوتُوا۟ ٱلْعِلْمَ إِنَّ ٱلْخِزْىَ ٱلْيَوْمَ وَٱلسُّوٓءَ عَلَى ٱلْكَـٰفِرِينَ ﴿٢٧﴾

27 പിന്നെ, ഖിയാമത്തുനാളിൽ അവൻ അവരെ അപമാനത്തിലാക്കുകയും ചെയ്യും.അവൻ പറയുന്നതുമാണ്: ''യാതൊരു കൂട്ടരുടെ കാര്യത്തിൽ നിങ്ങൾ ചേരി പിരിഞ്ഞു (മത്സരിച്ചു) കൊണ്ടിരുന്നുവോ അങ്ങിനെയുള്ള എൻെറ (ആ) പങ്കുകാർ എവിടെ!'' അറിവു നൽകപ്പെട്ടവർ പറയും: ''നിശ്ചയമായും, ഇന്നു അപമാനവും തിന്മ [ശിക്ഷ]യും അവിശ്വാസികളുടെ മേലാകുന്നു.''

---

26 **قد مكر** (കു)തന്ത്രം പ്രയോഗിച്ചിട്ടുണ്ട്.**الذين من قبلهم** ഇ(അ)വരുടെ മുമ്പുള്ളവർ. **فأتى** അപ്പോൾ (എന്നിട്ടു) ചെന്ന്. **الله** അല്ലാഹു. **بنيانهم** അവരുടെ കെട്ടിടത്തിങ്കൽ. **من القواعد** അടിത്തറകളിലൂടെ, തറകളിൽനിന്ന്. **فخر** എന്നിട്ട് പൊളിഞ്ഞുവീണ്. **عليهم** അവരുടെമേൽ. **السقف** മേൽപുര. **من فوقهم** അവരുടെമീതെ നിന്ന്. **وأتاهم** അവർക്ക് വരുകയും ചെയതു. **العذاب** ശിക്ഷ. **من حيث** വിധത്തിലൂടെ. **لا يشعرون** അവർ അറിയാത്ത. 27 **ثم** പിന്നെ, പുറമെ. **يوم القيامة** ഖിയാമത്തുനാളിൽ. **يخزيهم** അവൻ അവരെ അപമാനപ്പെടുത്തും. **ويقول** അവൻ പറയുകയും. **أين** എവിടെ. **شركائي** എൻെറ പങ്കുകാർ. **الذين** യാതൊരുവർ. **كنتم تشاقون** നിങ്ങൾ ചേരിപിരിഞ്ഞിരുന്നു (മൽസരിച്ചിരുന്നു). **فيهم** അവരിൽ (അവരുടെ കാര്യത്തിൽ). **قال** പറയും. **الذين أوتوا** നൽകപ്പെട്ടവർ. **العلم** അറിവ്. **إن الخزي** നിശ്ചയമായും അപമാനം. **اليوم** ഇന്ന്. **والسوء** തിൻമയും, മോശവും. **على الكافرين** അവിശ്വാസികളുടെ മേലാകുന്നു.

ചിലരെപ്പറ്റി അവർ എന്റെ പങ്കുകാരാണെന്നു പറഞ്ഞുകൊണ്ട് അവരുടെ വിഷയത്തിൽ നിങ്ങൾ സത്യവിശ്വാസികളിൽനിന്നു വേർതിരിഞ്ഞു മൽസരം പുലർത്തിവന്നിരുന്നുവല്ലോ, ആ പങ്കുകാരൊക്കെ ഇപ്പോൾ എവിടെപ്പോയി?! എന്നു അവൻ ചോദിക്കും. അവിശ്വാസികൾ ഉത്തരം മുട്ടി അപമാനത്തിലും കഷ്ടപ്പാടിലുമായിത്തീരും. ഈ സന്ദർഭത്തിൽ, മുമ്പ് ഇഹത്തിൽ വെച്ചു യഥാർത്ഥം ഗ്രഹിക്കുകയും അവരെ അതിലേക്കു ക്ഷണിച്ചുകൊണ്ടിരിക്കുകയും ചെയ്തിരുന്ന പ്രവാചകൻമാരും, സത്യവിശ്വാസികളും പറയുന്നതാണിത്. ഇവരുടെ ഈ പ്രസ്താവന അവിശ്വാസികളിൽ കൂടുതൽ ഖേദവും അപമാനവും ഉളവാക്കുന്നതായിരിക്കും. നബി (ﷺ) പറഞ്ഞതായി ഇബ്നു ഉമർ(ﷺ)ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു: ''ഓരോ വഞ്ചകന്റെയും ചന്തിയുടെ അടുത്തു അവന്റെ വഞ്ചനയുടെ തോതനുസരിച്ച് ഓരോ കൊടി നാട്ടപ്പെടും. എന്നിട്ട് ഇതു ഇന്ന ആളുടെ മകൻ ഇന്ന ആളുടെ വഞ്ചനകളാണ് എന്നു (വിളിച്ചു) പറയപ്പെടും''. (ബു:മു)

28 ''അതായത്, തങ്ങളുടെ സ്വന്തങ്ങളോട് അക്രമം ചെയ്യുന്നവരായിരിക്കെ, മലക്കുകൾ പൂർണ്ണമായി പിടിച്ചെടുക്കുന്നവർ [മരണപ്പെടുത്തുന്നവർ]'' അപ്പോൾ, അവർ കീഴൊതുക്കം പ്രകടിപ്പിക്കും; (അവർ പറയും:)''ഞങ്ങൾ യാതൊരുതിൻമയും [കുറ്റവും] പ്രവർത്തിച്ചിരുന്നില്ല'' എന്ന്.(അവരോടു പറയപ്പെടും:) ''ഇല്ലാതെ! നിശ്ചയമായും, നിങ്ങൾ പ്രവർത്തിച്ചു വന്നിരുന്നതിനെപ്പറ്റി അല്ലാഹു അറിയുന്നവനാകുന്നു.

ٱلَّذِينَ تَتَوَفَّىٰهُمُ ٱلْمَلَٰٓئِكَةُ ظَالِمِىٓ أَنفُسِهِمْ ۖ فَأَلْقَوُا۟ ٱلسَّلَمَ مَا كُنَّا نَعْمَلُ مِن سُوٓءٍۭ ۚ بَلَىٰٓ إِنَّ ٱللَّهَ عَلِيمٌۢ بِمَا كُنتُمْ تَعْمَلُونَ ﴿٢٨﴾

29 ''അതിനാൽ നിങ്ങൾ 'ജഹന്നമി' [നരകത്തി]ന്റെ വാതിലുകളിൽ പ്രവേശിക്കുവിൻ-അതിൽ സ്ഥിരവാസികളായിക്കൊണ്ട്; അപ്പോൾ (ആ) അഹംഭാവികളുടെ പാർപ്പിടം വളരെ ചീത്തതന്നെ!''

فَٱدْخُلُوٓا۟ أَبْوَٰبَ جَهَنَّمَ خَٰلِدِينَ فِيهَا ۖ فَلَبِئْسَ مَثْوَى ٱلْمُتَكَبِّرِينَ ﴿٢٩﴾

---

28 **الذين** അതായത് യാതൊരുവർ. **تتوفاهم** അവരെ പൂർണ്ണമായി പിടിച്ചെടുക്കും. **الملائكةُ** മലക്കുകൾ. **ظالمي** അക്രമം ചെയ്യുന്നവരായിരിക്കെ, അക്രമികളായ നിലയിൽ. **أنفُسِهم** തങ്ങളുടെ സ്വന്തങ്ങളോട്, തങ്ങളെത്തന്നെ. **فألقَوا** അപ്പോൾ അവർ ഇട്ടുകൊടുക്കും (പ്രകടിപ്പിക്കും). **السلم** കീഴൊതുക്കം, സമാധാനം. **ما كُنا** ഞങ്ങളായിരുന്നില്ല. **نعملُ** ഞങ്ങൾ പ്രവർത്തിക്കും. **من سوءٍ** ഒരു തിൻമയും, തിൻമയിൽനിന്നു (ഒന്നും). **بلى** ഇല്ലാതെ. **إن الله** നിശ്ചയമായും അല്ലാഹു. **عليم** അറിയുന്നവനാണ്. **بما كُنتم** നിങ്ങളായിരുന്നതുകൊണ്ട്. **تعملُونَ** നിങ്ങൾ പ്രവർത്തിക്കും. 29 **فَادخلُوا** അതിനാൽ പ്രവേശിക്കുവിൻ. **أبوابَ** വാതിലുകളിൽ. **جهنم** ജഹന്നമിന്റെ (നരകത്തിന്റെ). **خالدين** സ്ഥിരവാസികളായിക്കൊണ്ട്. **فيها** അതിൽ. **فَلَبِئسَ** അപ്പോൾ വളരെ (എത്രയോ) ചീത്ത തന്നെ. **مثوى** പാർപ്പിടം. **المتكبرين** അഹംഭാവം നടിക്കുന്നവരുടെ.

കഴിഞ്ഞ വചനങ്ങളുടെ തുടർച്ചതന്നെയാണു ഈ വചനങ്ങളും. (الذين تتوفهم الخ) (തങ്ങളുടെ സ്വന്തങ്ങളോടു അക്രമം ചെയ്യുന്നവരായിരിക്കെ മലക്കുകൾ പൂർണ്ണമായി പിടിച്ചെടുക്കുന്നവർ) എന്നു അവിശ്വാസികളെ വിശേഷിപ്പിച്ചുകൊണ്ടുള്ള വാക്യം അല്ലാഹുവിന്റെ വാക്കായും അറിവ് നൽകപ്പെട്ടവരുടെ (الذين اوتوا العلم) വാക്കായും വരാവുന്നതാണ്. ഉണ്ടായിരുന്നാലും കാര്യ

ഒന്നുതന്നെ. അക്രമികളായിരിക്കുമ്പോൾ മലക്കുകകൾ പിടിച്ചെടുക്കുന്നവർ എന്നു വിശേഷിപ്പിച്ചതിൽ, മരണത്തോടു കൂടിത്തന്നെ അവർ കഷ്ടതകളും യാതനകളും അനുഭവിക്കാൻ തുടങ്ങിയിട്ടുണ്ടെന്ന സൂചനയാണുള്ളത്. സൂ: അൻആം 93; അൻഫാൽ 50 മുഹമ്മദ് 27 എന്നീ വചനങ്ങളിൽ ഇത് വ്യക്തമായിത്തന്നെ പ്രസ്താവിച്ചിട്ടുമുണ്ട്. അപമാനവും കഷ്ടപ്പാടും സഹിക്കാതാവുമ്പോൾ ആ അഹംഭാവികൾ, തങ്ങൾ കുറ്റമൊന്നും ചെയ്തിട്ടില്ലെന്നു പറഞ്ഞു താഴ്മയും വിനയവും പ്രകടിപ്പിക്കുമെന്നും, അതുകൊണ്ടു ഒരു പ്രയോജനവും അവർക്കു ലഭിക്കുവാനില്ലെന്നും, അല്ലാഹുവിന് അവരുടെ രഹസ്യ പരസ്യങ്ങളെല്ലാം അറിയാവുന്നതാണെന്നും സ്ഥിരമായ നരകശിക്ഷ മാത്രമായിരിക്കും അവർക്കാധാരമെന്നുമാണ് പിന്നീട് പറഞ്ഞതിൻെറ ചുരുക്കം. അവിശ്വാസികളുടെ സ്ഥിതിഗതികൾ പലതും വിവരിച്ചശേഷം സത്യവിശ്വാസികളുടെ സ്ഥിതിഗതികളെന്തായിരിക്കുമെന്നു വിവരിക്കുന്നു:-

۞ وَقِيلَ لِلَّذِينَ ٱتَّقَوْا۟ مَاذَآ أَنزَلَ رَبُّكُمْ ۚ قَالُوا۟ خَيْرًا ۗ لِّلَّذِينَ أَحْسَنُوا۟ فِى هَـٰذِهِ ٱلدُّنْيَا حَسَنَةٌ ۚ وَلَدَارُ ٱلْـَٔاخِرَةِ خَيْرٌ ۚ وَلَنِعْمَ دَارُ ٱلْمُتَّقِينَ ﴿٣٠﴾

30 ''നിങ്ങളുടെ റബ്ബ് എന്താണ് അവതരിപ്പിച്ചത്?'' എന്നു സൂക്ഷ്മത പാലിച്ചവരോടു പറയപ്പെടും. അവർ പറയും: ''ഉത്തമമായതു (തന്നെ).''നൻമ പ്രവർത്തിച്ചവർക്ക് ഈ ഇഹലോകത്തു നൻമയുണ്ടായിരിക്കും; പരലോകഭവനമാകട്ടെ, ഏറ്റം ഉത്തമവുമാകുന്നു.സൂക്ഷ്മത പാലിക്കുന്നവരുടെ ഭവനം എത്രയോ നല്ലതുതന്നെ!

جَنَّـٰتُ عَدْنٍ يَدْخُلُونَهَا تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ ۖ لَهُمْ فِيهَا مَا يَشَآءُونَ ۚ كَذَٰلِكَ يَجْزِى ٱللَّهُ ٱلْمُتَّقِينَ ﴿٣١﴾

31 (അതെ) അവർ പ്രവേശിക്കുന്നതായ (ആ) സ്ഥിരവാസത്തിൻെറ സ്വർഗ്ഗങ്ങൾ! അവയുടെ അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കും. അവർ ഉദ്ദേശിക്കുന്നത് (എന്തും) അവർക്കതിൽ ഉണ്ട്. അപ്രകാരമത്രെ, സൂക്ഷ്മത പാലിക്കുന്നവർക്ക് അല്ലാഹു പ്രതിഫലം നൽകുന്നത്.

ٱلَّذِينَ تَتَوَفَّىٰهُمُ ٱلْمَلَـٰٓئِكَةُ طَيِّبِينَ ۙ يَقُولُونَ سَلَـٰمٌ عَلَيْكُمُ ٱدْخُلُوا۟ ٱلْجَنَّةَ بِمَا كُنتُمْ تَعْمَلُونَ ﴿٣٢﴾

32 അതായത്, തങ്ങൾ (നല്ല) വിശിഷ്ടൻമാരായിരിക്കെ മലക്കുകൾ പൂർണ്ണമായി പിടിച്ചെടുക്കുന്ന [മരണപ്പെടുത്തുന്ന] വർക്ക്. അവർ [മലക്കുകൾ] പറയും: ''നിങ്ങൾക്കു 'സലാം' [സമാധാനാശംസ]! നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതു നിമിത്തം നിങ്ങൾ സ്വർഗ്ഗത്തിൽ പ്രവേശിച്ചു കൊള്ളുവിൻ!''

---

30 **وقيلَ** പറയപ്പെടും, പറയപ്പെട്ടു. **للذين اتقوا** സൂക്ഷമതപാലിച്ചവരോട്. **ماذا أنزلَ** എന്താണ് അവതരിപ്പിച്ചത്. **ربكُم** നിങ്ങളുടെ റബ്ബ്. **قالُوا** അവർ പറയും, പറഞ്ഞു. **خيرا** നല്ലത്, ഉത്തമമായത്. **للذين** യാതൊരുവർക്കുണ്ട് (ഉണ്ടായിരിക്കും). **أحسنوا** നന്മ പ്രവർത്തിച്ച, പുണ്യം ചെയ്ത. **في هذه الدنيا** ഈ ഇഹത്തിൽ. **حسنةٌ** നന്മ, പുണ്യം. **ولَدارُ الآخرة** പരലോകഭവനം ആകട്ടെ, പരലോകഭവനംതന്നെ. **خير** ഉത്തമം, ഏറ്റം നല്ലത്. **ولَنِعمَ** എത്രയോ (വളരെ) നല്ലതുതന്നെ. **دار** വീടും, ഭവനം, വസതി. **المُتقين** സൂക്ഷ്മത പാലിക്കുന്നവരുടെ. 31 **جنات** അതായത് സ്വർഗ്ഗങ്ങൾ. **عدن** (സ്ഥിര)വാസത്തിൻെറ. **يدخلُونها** അവരതിൽ കടക്കും. **تجري** നടക്കും (ഒഴുകും). **من تحتها**

അതിൻെറ അടിയിലൂടെ. **الأنهار** നദികൾ. **لهم** അവർക്കുണ്ട്, ഉണ്ടായിരിക്കും. **فيها** അതിൽ. **ما يشاءُونَ** അവർ ഉദ്ദേശിക്കുന്നത്. **كَذَٰلِكَ** അപ്രകാരമാണ്, അതുപോലെ. **يجزي الله** അല്ലാഹു പ്രതിഫലം നൽകുക, പ്രതിഫലം കൊടുക്കുന്നു. **المتقين** സൂക്ഷ്മത പാലിക്കുന്നവർക്ക്. 32 **الذين** അതായത് യാതൊരുവർ. **تتوفاهم** അവരെ പൂർണ്ണമായി പിടിച്ചെടുക്കും. **الملائكةُ** മലക്കുകൾ. **طيبين** നല്ലവ(വിശിഷ്ട-പരിശുദ്ധ)രായിരിക്കെ. **يقُولُونَ** അവർ പറയും. **سلام** സലാം. **عليكُم** നിങ്ങൾക്ക്, നിങ്ങളിലുണ്ടാവട്ടെ. **ادخلُوا** പ്രവേശിക്കുവിൻ. **الجنة** സ്വർഗ്ഗത്തിൽ. **بما كُنتم** നിങ്ങളായിരുന്നത് നിമിത്തം. **تعملُونَ** നിങ്ങൾ പ്രവർത്തിക്കും.

അവിശ്വാസികളായ അഹംഭാവികളും, അല്ലാഹുവിൻെറ വിധിവിലക്കുകളെ സൂക്ഷിക്കുന്ന ഭയഭക്തൻമാരും എല്ലാരംഗത്തും പരസ്പര വിരുദ്ധമായ നിലപാടിലായിരിക്കും ഉണ്ടായിരിക്കുക. 'അല്ലാഹു എന്തു അവതരിപ്പിച്ചു' വെന്നു ചോദിക്കപ്പെടുമ്പോൾ അവിശ്വാസികളായ ആ അഹംഭാവികളുടെ മറുപടി ''പുരാണകഥകൾ'' എന്നായിരിക്കും. ഭയഭക്തരായ സത്യവിശ്വാസികളാകട്ടെ, 'ഉത്തമമായത്'- അഥവാ മനുഷ്യനുവേണ്ടപ്പെട്ടതു-എന്നായിരിക്കും പറയുക. അവർക്കു ഇഹത്തിൽവെച്ചു നേടിയെടുക്കുവാൻ കഴിഞ്ഞതു അവരുടെ സ്വന്തം കുറ്റഭാരങ്ങളും, അവരാൽ വഴിപിഴച്ചവരുടെ കുറ്റഭാരത്തിൻെറ പങ്കുമായിരിന്നു. ഇവരാകട്ടെ, ഇഹത്തിൽവെച്ചു നൻമ നേടിയെടുത്തു. അഥവാ സൽക്കർമ്മങ്ങൾ ചെയ്തു. സന്തുഷ്ടരും സമാധാന ചിത്തരുമായി ജീവിക്കുകയും ചെയ്തു. മരണപ്പെടുമ്പോൾ അവരോടു മലക്കുകൾ പരുഷവും കടുത്തതുമായ പെരുമാറ്റമായിരുന്നു പെരുമാറിയത്. ഇവരോടാകട്ടെ, അനുമോദനവും സ്വാഗതവും പറഞ്ഞു കൊണ്ടു സന്തോഷത്തോടെയാണ് പെരുമാറിയത്. പരത്തിൽ അവർക്കു ലഭിച്ചത് സ്ഥിരമായ നരക ശിക്ഷയായിരുന്നു. ഇവർക്കോ? ശാശ്വതമായ സ്വർഗ്ഗീയ ജീവിതവും! ചുരുക്കത്തിൽ ഇഹത്തിലും പരത്തിലുമെല്ലാം അവർ പരസ്പരവിരുദ്ധർ തന്നെ.

هَلْ يَنظُرُونَ إِلَّآ أَن تَأْتِيَهُمُ ٱلْمَلَٰٓئِكَةُ أَوْ يَأْتِىَ أَمْرُ رَبِّكَ ۚ كَذَٰلِكَ فَعَلَ ٱلَّذِينَ مِن قَبْلِهِمْ ۚ وَمَا ظَلَمَهُمُ ٱللَّهُ وَلَٰكِن كَانُوٓا۟ أَنفُسَهُمْ يَظْلِمُونَ ﴿٣٣﴾

33 അവർ [അവിശ്വാസികൾ] തങ്ങൾക്കു മലക്കുകൾ വരുന്നതിനെയോ, നിൻെറ റബ്ബിൻെറ കൽപന വരുന്നതിനെയോ, അല്ലാതെ നോക്കിക്കൊണ്ടിരിക്കുന്നുവോ?! [മറ്റൊന്നും അവർക്കു കാത്തിരിക്കുവാനില്ല.] [അവർ ചെയ്ത) അതുപോലെ, അവരുടെ മുമ്പുള്ളവരും ചെയ്തിരിക്കുന്നു. അവരെ അല്ലാഹു അക്രമിച്ചിട്ടില്ല; എങ്കിലും അവർ അവരെത്തന്നെയായിരുന്നു അക്രമിച്ചിരുന്നത്.

فَأَصَابَهُمْ سَيِّـَٔاتُ مَا عَمِلُوا۟ وَحَاقَ بِهِم مَّا كَانُوا۟ بِهِۦ يَسْتَهْزِءُونَ ﴿٣٤﴾

34 അങ്ങനെ, അവർ പ്രവർത്തിച്ചതിൻെറ തിൻമകൾ അവർക്കു ബാധിച്ചു. അവർ എതൊന്നിനെക്കുറിച്ച് പരിഹാസം കൊണ്ടിരുന്നുവോ അത് [ആ ശിക്ഷ] അവരിൽ വലയം ചെയ്കയും ചെയ്തു.

---

33 **هلْ ينظُرونَ** അവർ നോക്കുന്നു (കാത്തിരിക്കുന്നു)വോ. **إلا أن تأتيهم** അവർക്ക് വരുന്നതിനെയല്ലാതെ. **الملائكةُ** മലക്കുകൾ. **أو يأتي** അല്ലെങ്കിൽ വരുന്നതിനെ. **أمر ربك** നിൻെറ റബ്ബിൻെറ കൽപന. **كَذَٰلِكَ** അപ്രകാരം, അതുപോലെ . **فَعَلَ** ചെയതു. **الذين من قبلهم** അവരുടെ മുമ്പുള്ളവർ. **وما ظلمهم** അവരെ അക്രമിച്ചിട്ടുമില്ല. **الله** അല്ലാഹു. **ولكن** എങ്കിലും. **كانوا** അവരായിരുന്നു. **أنفُسهم** തങ്ങളുടെ സ്വന്തങ്ങളോട്, തങ്ങളോടുതന്നെ. **يظلمونَ** അക്രമം പ്രവർത്തിക്കും. 34 **فَأصابهم**

അങ്ങനെ (അതിനാൽ) അവർക്ക് ബാധിച്ചു, എത്തി. سيئات തിൻമകൾ. ما عملوا അവർ പ്രവർത്തിച്ചതിൻെറ. وحاق വലയം ചെയ്കയും ചെയ്തു, ഇറങ്ങുകയും ചെയ്തു. بهم അവരിൽ, അവർക്കു. ما كانوا അവരായിരുന്നത്. به അതിനെപ്പറ്റി. يستهزئونَ അവർ പരിഹാസം കൊള്ളും.

അല്ലാഹു അവതരിപ്പിച്ചതു പുരാണകഥകളാണെന്നും മറ്റും പറഞ്ഞുപരിഹസിക്കുന്ന ഈ അവിശ്വാസികൾക്കു ഒന്നുകിൽ മലക്കുകൾ വന്ന് അവരെ മരണപ്പെടുത്തുന്നതിനെ,അല്ലെങ്കിൽ അവർക്കു വല്ല പൊതുശിക്ഷയും ബാധിക്കുവാനുള്ള അല്ലാഹുവിൻെറ കൽപനയെ അല്ലാതെ മറ്റൊന്നും കാത്തിരിക്കുവാനില്ല. ഇവയിൽ ഏതു സംഭവിച്ചാലും അവരുടെ കാര്യം കഷ്ടം തന്നെ. ഇവരെപ്പോലെ, ഇവരുടെ മുമ്പുള്ളവരും പരിഹസിക്കുകയുണ്ടായിട്ടുണ്ട്. അവർ അല്ലാഹുവിൻെറ ശിക്ഷക്കു വിധേയരാകുകയാണുണ്ടായത്. അല്ലാഹു അവരോടു ചെയ്ത ഒരു അനീതിയായിരുന്നില്ല-അവർ അവരോടുതന്നെ ചെയ്ത അനീതികളുടെ ഫലമായിരുന്നു-അത്. അവരുടെ ഗതി ഇവർക്കും വന്നേക്കുമെന്നും ഇവർ ഓർത്തിരിക്കട്ടെ.

വിഭാഗം-5

وَقَالَ ٱلَّذِينَ أَشْرَكُواْ لَوْ شَآءَ ٱللَّهُ مَا عَبَدْنَا مِن دُونِهِۦ مِن شَىْءٍ نَّحْنُ وَلَآ ءَابَآؤُنَا وَلَا حَرَّمْنَا مِن دُونِهِۦ مِن شَىْءٍ ۚ كَذَٰلِكَ فَعَلَ ٱلَّذِينَ مِن قَبْلِهِمْ ۚ فَهَلْ عَلَى ٱلرُّسُلِ إِلَّا ٱلْبَلَٰغُ ٱلْمُبِينُ ﴿٣٥﴾

35 (അല്ലാഹുവിനോടു) പങ്കു ചേർത്തവർ പറയുകയാണ്: ''അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ, ഞങ്ങളാകട്ടെ, ഞങ്ങളുടെ പിതാക്കളാകട്ടെ, അവനു പുറമെ യാതൊരു വസ്തുവെയും ആരാധിക്കുമായിരുന്നില്ല; അവനെ കൂടാതെ ഞങ്ങൾ (സ്വന്തം നിലക്കു) യാതൊന്നിനെയും നിഷിദ്ധമാക്കുകയും ചെയ്യുമായിരുന്നില്ല.അതുപോലെ, അവരുടെ മുമ്പുള്ളവരും ചെയ്തിരിക്കുന്നു. എന്നാൽ, റസൂലുകളുടെമേൽ സ്പഷ്ടമായ പ്രബോധനമല്ലാതെ (ബാധ്യത)യുണ്ടോ?:

---

35 وقَالَ പറയുകയും ചെയ്തു, പറയുകയാണ്, പറയുന്നു. الذين أشركوا ശിർക്ക് ചെയ്തവർ, പങ്കു ചേർത്തവർ. لو شاء الله അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ. ما عبدنا ഞങ്ങൾ ആരാധിക്കയില്ലായിരുന്നു, ആരാധിക്കുമായിരുന്നില്ല. من دونِه അവന് പുറമെ, അവനെകൂടാതെ. من شيءٍ യാതൊന്നിനെയും. نحن ഞങ്ങൾ (തന്നെയും). ولا آباؤنا ഞങ്ങളുടെ പിതാക്കളുമില്ല. ولا حرمنا ഞങ്ങൾ നിഷിദ്ധമാക്കുകയുമില്ലായിരുന്നു. من دونِه അവനെ കൂടാതെ. من شيءٍ യാതൊന്നിനെയും. كَذَٰلك അപ്രകാരം. فَعلَ ചെയ്തിരിക്കുന്നു. الذين من قَبلهم അവരുടെ മുമ്പുള്ളവർ. فَهلْ അപ്പോൾ (എന്നാൽ) ഉണ്ടോ. على الرسل റസൂലുകളുടെ മേൽ. إلا البلاغُ പ്രബോധനം (എത്തിക്കൽ) അല്ലാതെ. المبين പ്രത്യക്ഷമായ, സ്പഷ്ടമായ.

അല്ലാഹു അല്ലാത്ത വസ്തുക്കളെ ആരാധിച്ചുവരുന്നതിന്നും, സൂ: മാഇദഃ 106ൽ പ്രസ്താവിച്ചതു പോലെയുള്ള ചില ഭക്ഷ്യവസ്തുക്കളെ നിഷിദ്ധമാക്കിയിരുന്നതിനും മുശ്രിക്കുകൾ പറയാറുള്ള ഒരു ന്യായമാണ് അല്ലാഹു ഈ വചനത്തിൽ ഉദ്ധരിച്ചത്. അല്ലാഹുവിൻെറ ഉദ്ദേശ്യമനുസരിച്ചാണ് എല്ലാ കാര്യവും സംഭവിക്കുന്നത്. അപ്പോൾ ഞങ്ങളും ഞങ്ങളുടെ പൂർവ്വീകൻമാരും അനുഷ്ഠിച്ചുവരുന്ന ഈ സമ്പ്രദായങ്ങളൊക്കെ അവൻെറ ഉദ്ദേശപ്രകാരം ഉണ്ടായതാകു

ന്നു. അവൻ ഉദ്ദേശിച്ചതാകുമ്പോൾ അതെല്ലാം അവൻ തൃപ്തിപ്പെട്ടതുമായിരിക്കും അവൻ തൃപ്തിപ്പെടാത്ത കാര്യം അവൻ ഉദ്ദേശിക്കുകയും സംഭവിപ്പിക്കുകയുമില്ല. എന്നിരിക്കെ, ഞങ്ങളെപ്പറ്റി ആക്ഷേപിക്കുന്നതിനു അർത്ഥമില്ല എന്നൊക്കെയാണ് അവരുടെ ന്യായവാദത്തിൻെറ താൽപര്യം. റസൂലുകളുടെ നിയോഗത്തെയും, വേദഗ്രന്ഥങ്ങളുടെ അവതരണത്തെയും ചോദ്യം ചെയ്യൽ, അല്ലാഹുവിൻെറ ഉദ്ദേശ്യമനുസരിച്ചാണ് എല്ലാകാര്യങ്ങളും സംഭവിക്കുന്നതെന്ന യാഥാർത്ഥ്യത്തിൻെറ നേരെയുള്ള പരിഹാസം ഇതൊക്കെയാണ് ഈ വാദത്തിൻെറ പിന്നിലുള്ളത്.

മുശ്രിക്കുകളുടെ ഈ ന്യായവാദവും, അതിനുള്ള മറുപടിയും, സൂ: അൻആം: 148 ൽ മുമ്പു കഴിഞ്ഞുപോയിട്ടുണ്ട്. താഴെ സൂ; സുഖ്റുഫ് : 20 ലും വരുന്നുണ്ട്. ആ രണ്ടു സ്ഥലത്തും ആവശ്യമായ വിശദീകരണങ്ങൾ നൽകീട്ടുള്ളതുകൊണ്ടു ഇവിടെ കൂടുതൽ വിശദീകരിക്കുന്നില്ല. ‘ഖളാ ഖദ്റി’നെ (കാര്യങ്ങളെക്കുറിച്ചുള്ള അല്ലാഹുവിൻെറ വിധിനിർണ്ണയത്തെ) നിഷേധിക്കുന്നവർ ഈ മൂന്നു വചനങ്ങളെയും ദുർവ്യാഖ്യാനം ചെയ്യാറുള്ളതിനെപ്പറ്റി ദീർഘമായ ഒരു നിരൂപണം സൂ: ഹദീദിന്’ശേഷമുള്ള വ്യാഖ്യാനക്കുറിപ്പിലും കാണാവുന്നതാണ്.

ഈ വാദത്തിനു ഇവിടെ അല്ലാഹു നൽകിയ മറുപടിയുടെ സാരം ഇതാകുന്നു: ഇവർ മാത്രമല്ല, ഇവരുടെ മുമ്പും പലരും ഇവരെപ്പോലെ അല്ലാഹു അല്ലാത്തവരെ ആരാധിക്കലും, അല്ലാഹു അനുവദനീയമാക്കിയതിനെ നിഷിദ്ധമാക്കലും ഉണ്ടായിട്ടുണ്ട്. ആരുംതന്നെ, റസൂലുകളുടെ മാർഗ്ഗദർശനം ലഭിക്കാതെ പിഴച്ചു പോകേണ്ടി വന്നിട്ടില്ല. പക്ഷെ, റസൂലുകളെ സംബന്ധിച്ചിടത്തോളം, സത്യമാർഗ്ഗം പ്രബോധനം ചെയ്തുകൊടുക്കുയെന്നല്ലാതെ, എല്ലാവരെയും നേർമാർഗ്ഗത്തിലാക്കുകയെന്ന ബാധ്യത അവർക്കില്ല. അല്ലാഹു തുടരുന്നു:-

وَلَقَدْ بَعَثْنَا فِى كُلِّ أُمَّةٍ رَّسُولاً أَنِ ٱعْبُدُوا۟ ٱللَّهَ وَٱجْتَنِبُوا۟ ٱلطَّٰغُوتَ ۖ فَمِنْهُم مَّنْ هَدَى ٱللَّهُ وَمِنْهُم مَّنْ حَقَّتْ عَلَيْهِ ٱلضَّلَٰلَةُ ۚ فَسِيرُوا۟ فِى ٱلْأَرْضِ فَٱنظُرُوا۟ كَيْفَ كَانَ عَٰقِبَةُ ٱلْمُكَذِّبِينَ ﴿٣٦﴾

36 തീർച്ചയായും, എല്ലാ (ഓരോ) സമുദായത്തിലും നാം റസൂലിനെ നിയോഗിച്ചയച്ചിട്ടുണ്ട്; ‘നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുകയും, ‘ത്വാഗൂത്തി’ നെ [ദുർമ്മൂർത്തികളെ] വെടിയുകയും ചെയ്യണ’ മെന്നു (പ്രബോധനം ചെയ്തുകൊണ്ട്).എന്നിട്ട്, അല്ലാഹു നേർമ്മാർഗ്ഗത്തിലാക്കിയവർ അവരുടെ കൂട്ടത്തിലുണ്ട്; ദുർമ്മാർഗ്ഗം അവകാശപ്പെട്ട[സ്ഥിരപ്പെട്ട]വരും അവരുടെ കൂട്ടത്തിലുണ്ട്. ആകയാൽ, നിങ്ങൾ ഭൂമിയിൽ നടന്ന് (ആ) വ്യാജമാക്കിയവരുടെ പര്യവസാനം എങ്ങിനെയാണുണ്ടായതെന്നു നോ (ക്കി മനസ്സിലാ)ക്കുവിൻ !

---

36 **ولَقَد بعثْنا** തീർച്ചയായും നാം അയച്ചി(നിയോഗിച്ചി)ട്ടുണ്ട്. **في كُل أُمة** എല്ലാ സമുദായത്തിലും. **رسولاً** റസൂലിനെ, (ഓരോ റസൂലിനെ). **أن اعبدوا** നിങ്ങൾ ആരാധിക്കണമെന്ന്. **الله** അല്ലാഹുവിനെ. **واجتنِبوا** നിങ്ങൾ വെടിയുക (ഉപേക്ഷിക്ക-വിട്ടു നിൽക്കുക)യും വേണം. **الطاغُوت** ത്വാഗൂത്തിനെ (ദുർമൂർത്തികളെ). **فَمنهم** എന്നിട്ട് (അങ്ങനെ) അവരിലുണ്ട്. **من هدى الله** അല്ലാഹു നേർമ്മാർഗ്ഗത്തിലാക്കിയവർ. **ومنهم** അവരിലുണ്ട്. **من حقت** അവകാശപ്പെട്ട (സ്ഥിരപ്പെട്ട-യഥാർത്ഥമായ)വർ. **عليه** തൻെറ മേൽ. **الضلالَةُ** ദുർമ്മാർഗ്ഗം, വഴിപിഴവ്. **فَسِيروا** ആകയാൽ (എന്നാൽ) നടക്കുവിൻ. **في الأَرض** ഭൂമിയിൽ. **فَانظُروا** എന്നിട്ട് നോക്കുവിൻ. **كَيف كَانَ** എങ്ങിനെ ഉണ്ടായെന്ന് (ആയെന്ന്). **عاقبةُ** പര്യവസാനം, കലാശം. **الْمكَذِبِين** വ്യാജമാക്കിയവരുടെ.

ആ വ്യാജവാദികളൊക്കെ ശിക്ഷക്കും നാശത്തിനും ഇരയാകുകയാണുണ്ടായതെന്നു അപ്പോൾ നിങ്ങൾക്കു ബോധ്യമാകും എന്നു സാരം. **طاغوت** (ത്വാഗൂത്ത്) എന്നവാക്കിൻെറ അർത്ഥവും വിവക്ഷയും സംബന്ധിച്ചു അൽബഖറഃ 256-ാം വചനത്തിൻെറ വ്യാഖ്യാനത്തിൽ വിവരിച്ചു കഴിഞ്ഞിട്ടുണ്ട്. 'ദുർമൂർത്തി' എന്നും മറ്റും അതിനു ഭാഷാന്തരം നൽകാമെന്നും, അല്ലാഹു അല്ലാത്ത എല്ലാ ആരാധ്യ വസ്തുക്കളെയും, പിശാചിനെയും ഉദ്ദേശിച്ചും, ജോത്സ്യക്കാർ, പ്രശ്നക്കാർ, മാരണക്കാർ മുതലായവരെ ഉദ്ദേശിച്ചും അതു ഉപയോഗിക്കപ്പെടാറുണ്ടെന്നുമാണു അവിടെ പ്രസ്താവിച്ചതിൻെറ ചുരുക്കം. എല്ലാ സമുദായത്തിലും റസൂലുകളെ അയച്ചിട്ടുണ്ടെന്ന് പറഞ്ഞിരിക്കകൊണ്ട് നമ്മുടെ ഇന്ത്യയടക്കമുള്ള എല്ലാ രാജ്യങ്ങളിലും മുമ്പു റസൂലുകൾ വന്നിരിക്കുമെന്നാണ് മനസ്സിലാകുന്നത്. ''ഒരു സമുദായത്തിലും തന്നെ ഒരു താക്കീതു നൽകുന്നവൻ കഴിഞ്ഞു പോകാതിരുന്നിട്ടില്ല.'' (35:24) എന്നും അല്ലാഹു പറഞ്ഞിരിക്കുന്നു. എന്നാൽ, ഖുർആനിലോ, നബിവചനങ്ങളിലോ വ്യക്തമായി പ്രസ്താവിച്ചല്ലാതെ, ഇന്ന കാലത്തു- ഇന്ന രാജ്യത്ത്- ഇന്ന ആൾ അല്ലാഹുവിൻെറ റസൂലായി വന്നിട്ടുണ്ടെന്നു പറയുവാൻ നമുക്കു സാധ്യമല്ല.

إِن تَحْرِصْ عَلَىٰ هُدَىٰهُمْ فَإِنَّ ٱللَّهَ لَا يَهْدِى مَن يُضِلُّ ۖ وَمَا لَهُم مِّن نَّٰصِرِينَ ﴿٣٧﴾

37 (നബിയേ) അവരെ നേർമാർഗ്ഗത്തിലാക്കുവാൻ നീ അത്യാഗ്രഹിക്കുന്നുവെങ്കിൽ, നിശ്ചയമായും, അല്ലാഹു വഴി പിഴവിലാക്കുന്നവരെ അവൻ നേർമ്മാർഗ്ഗത്തിലാക്കുകയില്ല. അവർക്കു സഹായികളായിട്ട് (ആരും) ഇല്ല താനും.

---

37 **إن تحرص** നീ അത്യാഗ്രഹിക്കുന്നു (അതിമോഹിക്കുന്നു)വെങ്കിൽ. **على هداهم** അവരുടെ സൻമാർഗ്ഗത്തെപ്പറ്റി, അവർ നേർമ്മാർഗ്ഗത്തിലാകുന്നതിന്. **فإن الله** എന്നാൽ നിശ്ചയമായും അല്ലാഹു. **لا يهدي** അവൻ നേർമ്മാർഗ്ഗത്തിലാക്കുകയില്ല. **من يضل** അവൻ വഴിപിഴവിലാക്കുന്നവനെ (രെ). **وما لهم** അവർക്കില്ലതാനും. **من ناصرين** സഹായികളായിട്ട്, സഹായികളിൽനിന്ന്(ആരും).

എല്ലാവരും സൻമാർഗ്ഗികളും സത്യവിശ്വാസികളും ആയിത്തീരണമെന്നു നബി (ﷺ) അത്യാഗ്രഹം വെച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിലും അതു സാധ്യമാകുന്ന കാര്യമല്ല. അല്ലാഹു നേർമ്മാർഗ്ഗത്തിലാക്കുന്നവരേ നേർമ്മാർഗ്ഗം പ്രാപിക്കുകയുള്ളു. ദുർമ്മാർഗ്ഗികളെന്നു അവൻ കണക്കാക്കിയവരെ നേർമ്മാർഗ്ഗത്തിലാക്കുവാൻ ആർക്കും സാധ്യമാകുകയില്ല. .....انك لا تهدى من احببت ولكن (നിശ്ചയമായും, നീ ഇഷ്ടപ്പെട്ടവരെ നീ നേർമ്മാർഗ്ഗത്തിലാക്കുകയില്ല; എങ്കിലും അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ നേർമ്മാർഗ്ഗത്തിലാക്കുന്നു. (ഖസ്വസ്വ് 56) ആരെയൊക്കെ നേർമാർഗത്തിലാക്കണം, ആരെയൊക്കെ ദുർമാർഗത്തിൽ സ്ഥിരപ്പെടുത്തണം. എന്ന കാര്യം അല്ലാഹുവിനു നല്ലപോലെ അറിയുകയും ചെയ്യാം. അഥവാ അവന്നേ അതറിയുകയുള്ളു. (താഴെ 125-ാം വചനം കാണുക.)

وَأَقْسَمُوا۟ بِٱللَّهِ جَهْدَ أَيْمَٰنِهِمْ ۙ لَا يَبْعَثُ ٱللَّهُ مَن يَمُوتُ ۚ بَلَىٰ وَعْدًا عَلَيْهِ حَقًّا وَلَٰكِنَّ

38 അവർ [അവിശ്വാസികൾ] അല്ലാഹുവിനെക്കൊണ്ട്-തങ്ങൾക്കു കഴിയുംവിധം ശക്തിയായി-സത്യം ചെയ്തു പറയുകയാണ്: ''മരണപ്പെടുന്നവരെ അല്ലാഹു എഴുന്നേൽപിക്കുകയില്ല'' എന്ന്! ഇല്ലാതേ, അ

വൻെറ മേൽ (ബാധ്യത) ഉള്ള ഒരു യഥാർത്ഥവാഗ്ദത്തം![അതവൻ നിറവേററുക തന്നെ ചെയ്യും] എങ്കിലും, മനുഷ്യരിൽ അധികമാളും അറിയുന്നില്ല.	أَكۡثَرَ ٱلنَّاسِ لَا يَعۡلَمُونَ ﴿٣٨﴾
39 അവർ യാതൊന്നിൽ ഭിന്നാഭിപ്രായത്തിലാകുന്നുവോ അത് അവർക്ക് അവൻ (വ്യക്തമാക്കി) വിവരിച്ചുകൊടുക്കുവാൻ വേണ്ടിയാകുന്നു (അവരെ എഴുന്നേൽപിക്കുന്നത്) ; തങ്ങൾ വ്യാജം പറയുന്നവരായിരുന്നുവെന്നു അവിശ്വാസികൾ അറിയുവാൻ വേണ്ടിയാകുന്നു.	لِيُبَيِّنَ لَهُمُ ٱلَّذِي يَخۡتَلِفُونَ فِيهِ وَلِيَعۡلَمَ ٱلَّذِينَ كَفَرُوٓاْ أَنَّهُمۡ كَانُواْ كَٰذِبِينَ ﴿٣٩﴾

---

38 **وأقسموا** അവർ സത്യം (ശപഥം) ചെയ്തു (ചെയ്യുകയാണ്). **بالله** അല്ലാഹുവിനെക്കൊണ്ട്, അല്ലാഹുവിൽ. **جهد** ഞെരുങ്ങിയത് (കഴിയുന്നത്ര). **أيمانهم** അവരുടെ സത്യങ്ങളിൽ. **لا يبعث** എഴുന്നേൽപിക്കുകയില്ല. **الله** അല്ലാഹു . **من يموت** മരണപ്പെടുന്നവരെ. **بلى** ഇല്ലാതെ, അതെ. **وعدا** ഒരു വാഗ്ദത്തം. **عليه** അവൻെറമേൽ (ബാധ്യതയുള്ള). **حقا** യഥാർത്ഥമായ, യഥാർത്ഥമായിട്ട്. **ولكن** എങ്കിലും. **أكثر الناس** മനുഷ്യരിൽ അധികവും. **لا يعلمونَ** അവർ അറിയുന്നില്ല. 39 **ليبين** അവൻ വ്യക്തമാക്കി (വിവരിച്ചു) കൊടുക്കുവാൻവേണ്ടി. **لهم** അവർക്ക്. **الذي** യാതൊന്നിനെ. **يختلفونَ** അവർ ഭിന്നിച്ചു (അഭിപ്രായ വ്യത്യാസത്തിലായി) കൊണ്ടിരിക്കുന്നു. **فيه** അതിൽ, അതിനെപ്പറ്റി. **وليعلم** അറിയുവാനും. **الذين كفروا** അവിശ്വസിച്ചവർ. **أنهم كانوا** അവരായിരുന്നുവെന്ന്. **كاذبين** വ്യാജം പറയുന്നവർ.

തെളിവുകളിൽ നിന്നും ദൃഷ്ടാന്തങ്ങളിൽ നിന്നും കാര്യം ഗ്രഹിക്കാതെ, ഭിന്നിച്ചും വ്യാജമാക്കിയും കൊണ്ടിരിക്കുന്ന അവർക്കു അപ്പോൾ-മരണാനന്തരം എഴുന്നേൽപിക്കപ്പെടുമ്പോൾ-ശരിക്കും കാര്യം വ്യക്തമാകും; തങ്ങൾ പിഴച്ചവരും കള്ളവാദികളുമായിരുന്നുവെന്നു ബോധ്യപ്പെടുകയും ചെയ്യും എന്നു സാരം. മരണശേഷം വീണ്ടും ജീവിപ്പിക്കൽ അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം ഒരു പ്രയാസപ്പെട്ട കാര്യമാണെന്നാണു ഇവരുടെ ധാരണയെങ്കിൽ, ആ ധാരണ തികച്ചും തെറ്റാകുന്നു. കാരണം:-

40 വല്ല കാര്യവും നാം ഉദ്ദേശിച്ചാൽ, അതിനെക്കുറിച്ച് അതിനോടു നമ്മുടെ വാക്ക് 'ഉണ്ടാകുക' എന്നു പറയൽ മാത്രമാകുന്നു; അപ്പോൾ അതുണ്ടാകുന്നു!	إِنَّمَا قَوۡلُنَا لِشَيۡءٍ إِذَآ أَرَدۡنَٰهُ أَن نَّقُولَ لَهُۥ كُن فَيَكُونُ ﴿٤٠﴾

---

40 **إنما قولنا** നിശ്ചയമായും നമ്മുടെ വാക്ക്(മാത്രം). **لشيء** ഒരു വസ്തുവെ (കാര്യത്തെ)ക്കുറിച്ച്. **إذا أردناه** അതിനെ നാം ഉദ്ദേശിച്ചാൽ. **أن نقولَ** നാം പറയുക (മാത്രം) ആകുന്നു. **له** അതിനോട്, അതിനെപ്പറ്റി. **كُن** ഉണ്ടാകുക എന്ന്. **فيكونُ** അപ്പോൾ അത് ഉണ്ടാകും, ഉണ്ടായിത്തീരും.

കാര്യത്തിൻെറ ഗൗരവമോ വലുപ്പചെറുപ്പമോ നമ്മെ സംബന്ധിച്ചടത്തോളം ഒരു പ്രശ്നമേ അല്ല. ഏതൊരു കാര്യമായാലും അതുണ്ടാവണമെന്നു നാം ഉദ്ദേശിക്കുകയേ വേണ്ടു. അതു

ണ്ടാവുകതന്നെ ചെയ്യും. വല്ല ഒരുക്കമോ അദ്ധ്വാനമോ ഒന്നും നമുക്കാവശ്യമില്ല. എന്നിരിക്കെ, മനുഷ്യരെ ഒന്നാമതായി ജീവിപ്പിക്കുന്ന കാര്യവും, മരണശേഷം രണ്ടാമതു ജീവിപ്പിക്കുന്ന കാര്യവും നമ്മെ സംബന്ധിച്ചിടത്തോളം ഒരുപോലെത്തന്നെ എന്നു സാരം.

വിഭാഗം-6

وَٱلَّذِينَ هَاجَرُواْ فِى ٱللَّهِ مِنۢ بَعْدِ مَا ظُلِمُواْ لَنُبَوِّئَنَّهُمْ فِى ٱلدُّنْيَا حَسَنَةً ۖ وَلَأَجْرُ ٱلْـَٔاخِرَةِ أَكْبَرُ ۚ لَوْ كَانُواْ يَعْلَمُونَ ﴿٤١﴾

41 തങ്ങൾ അക്രമിക്കപ്പെട്ടതിനു ശേഷം,അല്ലാഹുവിന്‍റെ വിഷയത്തിൽ 'ഹിജ്റ' [സ്വരാജ്യം ത്യജിച്ച്] പോയവർ, അവർക്ക് ഇഹലോകത്തിൽ നാം നല്ലത് [നല്ല താവളം] സൗകര്യപ്പെടുത്തിക്കൊടുക്കുക തന്നെ ചെയ്യും. പരലോകത്തെ പ്രതിഫലമാകട്ടെ, ഏറ്റവും വലിയതുമാകുന്നു. (ഹാ!) അവർ അറിയുമായിരുന്നെങ്കിൽ!

ٱلَّذِينَ صَبَرُواْ وَعَلَىٰ رَبِّهِمْ يَتَوَكَّلُونَ ﴿٤٢﴾

42 അതായത്, ക്ഷമിക്കുകയും, തങ്ങളുടെ റബ്ബിന്‍റെ മേൽ (കാര്യങ്ങൾ) ഭരമേൽപിക്കുകയും ചെയ്യുന്നവർ.

---

41 **والذين هاجروا** ഹിജ്റപോയവർ. **في الله** അല്ലാഹുവി(ന്‍റെ കാര്യത്തി)ൽ. **من بعد** ശേഷം. **ما ظُلموا** അവർ അക്രമിക്കപ്പെട്ടതിന്‍റെ. **لَنبوئنّهم** അവർക്ക് നാം സൗകര്യം നൽകുക (താവളം ഏർപ്പെടുത്തുക) തന്നെ ചെയ്യും. **في الدنيا** ഇഹത്തിൽ. **حسنةً** നല്ലത്. **ولأجر** പ്രതിഫലംതന്നെ, പ്രതിഫലമാകട്ടെ. **الآخرة** പരലോകത്തിലെ. **أكبر** ഏറ്റവും വലുത്. **لو كانوا** അവരായിരുന്നെങ്കിൽ. **يعلمونَ** അവർ അറിയും. 42 **الذين** അതായത് യാതൊരുവർ. **صبروا** അവർ ക്ഷമിച്ചു. **وعلى ربهم** അവരുടെ റബ്ബിന്‍റെമേൽ. **يتوكلونَ** അവർ ഭരമേൽപിക്കുകയും ചെയ്യുന്നു.

ഖത്താദഃ (رضي الله عنه)പറഞ്ഞതായി 'ഇബ്നുജരീർ' (رحمه الله)ഉദ്ധരിക്കുന്നു: ''(ഈ വചനത്തിൽ പറഞ്ഞ) ഇവർ മുഹമ്മദ് (ﷺ) തിരുമേനിയുടെ സഹാബികളാകുന്നു, മക്കാനിവാസികൾ അവരെ അക്രമിച്ചു, അപ്പോൾ, അല്ലാഹുഅവരെ അവിടെ നിന്നു പുറത്തുകൊണ്ടുവന്നു. അവരിൽ ചിലർ 'അബിസീനി'യായിൽ ചെന്നുചേർന്നു. പിന്നീടു അവൻ അവർക്കു മദീനായിൽ താവളം ഒരുക്കിക്കൊടുത്തു. അങ്ങനെ, അതവരുടെ ഹിജ്റഭവനമായി. സത്യവിശ്വാസികളായ സഹായികളെ (അൻസാരികളെ)യും അവർക്കു അല്ലാഹു നൽകി''. ഈ വാഗ്ദാനം സഹാബികളിൽ അല്ലാഹു പാലിച്ചതെങ്ങിനെയെന്നു ഖത്താദഃ (رضي الله عنه)യുടെ പ്രസ്താവനയിൽ നിന്നു വ്യക്തമാണല്ലോ. ഈ വാഗ്ദാനം അന്നത്തെ ആ സത്യവിശ്വാസികളിൽ മാത്രമല്ല അല്ലാഹു പാലിച്ചിരിക്കുന്നത്. സത്യവിരോധികളാൽ മതത്തിന്‍റെ പേരിൽ അക്രമമർദ്ദനങ്ങൾക്കു വിധേയരായിക്കൊണ്ടും, അല്ലാഹുവിന്‍റെ പ്രീതിയും പ്രതിഫലവും ലക്ഷ്യമാക്കിക്കൊണ്ടും നാടുവിട്ടുപോകേണ്ടി വരുന്ന സത്യവിശ്വാസികളിലെല്ലാം തന്നെ ഈ വാഗ്ദാനം അല്ലാഹു പൂർത്തിയാക്കിയിട്ടുണ്ട്. അതവൻ ഭാവിയിലും പാലിക്കുകയും ചെയ്യും.

وَمَآ أَرْسَلْنَا مِن قَبْلِكَ إِلَّا رِجَالًا نُّوحِىٓ إِلَيْهِمْ ۚ فَسْـَٔلُوٓاْ أَهْلَ ٱلذِّكْرِ إِن كُنتُمْ لَا تَعْلَمُونَ ﴿٤٣﴾

43 നിനക്കുമുമ്പ് നാം 'വഹ്‌യു' [ദിവ്യസന്ദേശം] നൽകിക്കൊണ്ട് പുരുഷൻമാരെയല്ലാതെ, (റസൂലുകളായി) നാം അയച്ചിട്ടില്ല, എന്നാൽ, നിങ്ങൾ പ്രമാണത്തിന്‍റെ [വേ

ദഗ്രന്ഥത്തിന്‍റെ] ആള്‍ക്കാരോട് ചോദി (ച്ചുനോ)ക്കുവിന്‍, നിങ്ങള്‍ക്ക് അിറഞ്ഞു കൂടാതിരിക്കുകയാണെങ്കില്‍;-

44 (അതെ) വ്യക്തമായ തെളിവുകളും, ഏടു [വേദം]കളുമായിട്ടാണ് (അവരെ അയച്ച ത്).നിനക്കും (ഈ) പ്രമാണം [ഖുര്‍ആന്‍] നാം അവതരിപ്പിച്ചു തന്നിരിക്കുന്നു; മനു ഷ്യര്‍ക്ക് ഇറക്കപ്പെട്ടതിനെ അവര്‍ക്കു നീ വിവരിച്ചുകൊടുക്കുവാന്‍വേണ്ടി; അവര്‍ ചിന്തിച്ചുനോക്കുകയും ചെയ്തേക്കാമ ല്ലോ.

بِٱلْبَيِّنَٰتِ وَٱلزُّبُرِ ۗ وَأَنزَلْنَآ إِلَيْكَ ٱلذِّكْرَ لِتُبَيِّنَ لِلنَّاسِ مَا نُزِّلَ إِلَيْهِمْ وَلَعَلَّهُمْ يَتَفَكَّرُونَ ﴿٤٤﴾

---

43 **وما أرسلنا** നാം അയച്ചിട്ടില്ല. **من قبلك** നിനക്കുമുമ്പ്. **إلا رجالاً** പുരുഷന്‍മാരെയല്ലാതെ. **نوحي** നാം വഹ്‌യു നല്‍കിക്കൊണ്ട്. **إليهم** അവര്‍ക്ക്. **فاسألوا** എന്നാല്‍ ചോദിക്കുവിന്‍. **أهلَ الذكر** പ്രമാണ ത്തിന്‍റെ ആള്‍ക്കാരോട്. **إن كُنتم** നിങ്ങളാണെങ്കില്‍. **لا تعلمونَ** നിങ്ങള്‍ അറിയുന്നില്ല. 44 **بالبينات** (വ്യക്തമായ) തെളിവുകളോടെ. **والزبر** ഏടുകളോടെയും. **وأنزلنا** നാം അവതരിപ്പിക്കുക (ഇറക്കു ക)യും ചെയ്തു. **إليك** നിനക്ക്. **الذكْر** പ്രമാണം. **لتبين** നീ വിവരിച്ചു കൊടുക്കുവാന്‍വേണ്ടി. **للناس** മനുഷ്യര്‍ക്ക്. **ما نزلَ** ഇറക്കപ്പെട്ടതിനെ. **إليهم** അവരിലേക്ക് അവര്‍ക്ക്. **ولعلهم** അവരായിരിക്കു കയും ചെയ്യാം, ആയിരിക്കുവാന്‍ വേണ്ടിയും. **يتفكرونَ** അവര്‍ ചിന്തിച്ചുനോക്കും.

ذكر ('ദിക്ര്‍') എന്ന വാക്കിനു പല അര്‍ത്ഥങ്ങളുണ്ടെന്നും, അവയില്‍ ഒന്നു 'പ്രമാണം' എന്നാണെന്നും ,സൂറ: ഹിജര്‍: 6-ാം വചനത്തിന്‍റെ വ്യാഖ്യാനത്തില്‍ പറഞ്ഞുവല്ലോ. ഇവിടെ യും ആ അര്‍ത്ഥത്തിലാണതുള്ളത് ഇവിടെ ആദ്യത്തെ 'ദിക്ര്‍' കൊണ്ടു വിവക്ഷ മുന്‍ വേദഗ്ര ന്ഥങ്ങളാകുന്ന പ്രമാണങ്ങളും, രണ്ടാമത്തേതുകൊണ്ടു വിവക്ഷ ഖുര്‍ആനാകുന്ന പ്രമാണവുമാ ണെന്നു സന്ദര്‍ഭം കൊണ്ടു വ്യക്തമാണ്. زبر (സുബുര്‍) എന്നതു زبور (സബൂര്‍)ന്‍റെ ബഹുവച നമാകുന്നു. 'ഏട്, പുസ്തകം' എന്നൊക്കെ അതിന് അര്‍ത്ഥം നല്‍കാം. പ്രവാചകന്‍മാര്‍ പ്രബോധനം ചെയ്യുന്ന നടപടിക്രമങ്ങളും നിയമനിര്‍ദ്ദേശങ്ങളും രേഖപ്പെടുത്തിപ്പെട്ടിട്ടുള്ള ഏടുകളാണുദ്ദേശ്യം.

ഈ വചനങ്ങളില്‍ പ്രസ്താവിക്കപ്പെട്ട വിഷയങ്ങള്‍ ഇങ്ങിനെ സംഗ്രഹിക്കാം: (1) മനുഷ്യ രിലുള്ള പുരുഷന്‍മാരെയല്ലാതെ, വഹ്‌യു നല്‍കപ്പെടുന്ന റസൂലുകളായി അല്ലാഹു അയക്കുക യുണ്ടായിട്ടില്ല. ''എന്തുകൊണ്ടു മലക്കുകളെ റസൂലുകളായി അയക്കുന്നില്ല? നമ്മെപോലെയുള്ള ഒരു മനുഷ്യനെ നാം പിന്‍പറ്റുകയോ? റസൂലുകളെ അയക്കുന്നപക്ഷം അതു മലക്കുകളായിരി ക്കേണ്ടതല്ലേ?'' എന്നിങ്ങിനെയുള്ള അവിശ്വാസികളുടെ ആക്ഷേപങ്ങള്‍ക്കും, കുതര്‍ക്കങ്ങള്‍ക്കു മുള്ള ഒരു മറുപടിയാണിത്. ഈ വിഷയകമായി ഖുര്‍ആനില്‍ ഒന്നിലധികം സ്ഥലത്തു പരാമര്‍ശ ങ്ങള്‍ കാണാം. അറബികളെ സംബന്ധിച്ചിടത്തോളം അവര്‍ക്ക് വേദഗ്രന്ഥങ്ങളുമായും, പ്രവാച കന്‍മാരുമായും അടുത്ത ബന്ധമൊന്നും ഇല്ലാത്തവരാകകൊണ്ട് ഈ വാസ്തവം അവര്‍ക്ക് വേണ്ടത്ര അറിഞ്ഞില്ലെന്നു വരും. അതു കൊണ്ട് അവര്‍ക്ക് വേണമെങ്കില്‍ വേദക്കാരോടന്വേഷി ച്ചു നോക്കാമെന്ന് അവരെ അല്ലാഹു ഉപദേശിക്കുന്നു. വേദക്കാര്‍ക്കു ഈ വാസ്തവം അറിയാ വുന്നതാണല്ലോ. ഇപ്പറഞ്ഞതുകൊണ്ടു-ചില ക്രിസ്തീയ പണ്ഡിതന്‍മാര്‍ ദുര്‍വ്യാഖ്യാനം ചെയ്യാ റുള്ളതുപോലെ-വേദക്കാര്‍ സന്‍മാര്‍ഗ്ഗം വിട്ടുപോയിട്ടില്ല എന്നു ഇതില്‍നിന്നു വരുന്നില്ല. (2) റസൂലുകളെ അയക്കുന്നതു അവര്‍ പ്രബോധനം ചെയ്യുന്ന തത്വങ്ങള്‍ക്കു വ്യക്തമായ തെളിവു കളോടുകൂടിയും അവര്‍ ഉപദേശിക്കുന്ന നടപടിക്രമങ്ങളും നിയമങ്ങളും അടങ്ങുന്ന രേഖകളോ

ടു കൂടിയുമായിരിക്കും. സൂ: 'ഹദീദി'ൽ അല്ലാഹു പറയുന്നു: ''നമ്മുടെ റസൂലുകളെ നാം വ്യക്തമായ തെളിവുകളുമായി അയച്ചിട്ടുണ്ട്. മനുഷ്യർ നീതിമുറയനുസരിച്ചു നിലകൊള്ളുവാൻ വേണ്ടി വേദഗ്രന്ഥവും തുലാസ്സും അവരോടു കൂടി നാം ഇറക്കുകയും ചെയ്തിരിക്കുന്നു.'' (ഹദീദു 25)

(3) മനുഷ്യർക്കു വേണ്ടിയാണു ഖുർആൻ അവതരിപ്പിച്ചിരിക്കുന്നത്. നബി(ﷺ) യുടെ കർത്തവ്യം അതവർക്ക് എത്തിച്ചുകൊടുക്കുക മാത്രമല്ല, അതവർക്ക് വിവരിച്ചു കൊടുക്കുക കൂടിയാകുന്നു, താഴെ 64-ാം വചനത്തിലും ഈ വിഷയം ഉണർത്തിക്കാണം. വാക്കുമൂലവും, പ്രവൃത്തിമൂലവും, ജനങ്ങൾക്കു നബി (ﷺ) ഖുർആൻ വിവരിച്ചുകൊടുത്തിട്ടുണ്ടുതാനും. അതാണു നബി (ﷺ) യുടെ സുന്നത്ത് (ചര്യ) എന്ന പേരിൽ അറിയപ്പെടുന്നത്. ഖുർആൻെറ വ്യാഖ്യാനവും വിശദീകരണവുമെന്ന നിലക്കു ഇസ്‌ലാമിൻെറ രണ്ടാമത്തെ പ്രമാണവുമാണത്. ഖുർആൻ മാത്രമേ ഇസ്‌ലാമിൻെറ പ്രമാണമായുള്ളു-നബി(ﷺ)യുടെ സുന്നത്തിനു പ്രാമാണ്യതയില്ല-എന്നു ചില വഴിപിഴച്ചവർ വാദിക്കാറുള്ളതു ഇതുപോലെയുള്ള ഖുർആൻ വചനങ്ങളുടെ നിഷേധമാകുന്നു. മാത്രമല്ല, അല്ലാഹുവിമേതായ ഇസ്‌ലാമിക ശരീഅത്തു നിയമങ്ങൾക്കു പകരം അവരുടേതായ ഒരു പുതിയ ശരീഅത്തു നിയമം നിർമ്മിക്കലും കൂടിയായിരിക്കും അതിൻെറ ഫലം. (4) ഖുർആൻെറ ഉള്ളടക്കങ്ങളെ-അതിലെ തത്വസിദ്ധാന്തങ്ങൾ, സൂചനകൾ, പാഠങ്ങൾ, ഉപദേശനിർദ്ദേശങ്ങൾ, ദൃഷ്ടാന്തങ്ങൾ ആദിയായവയെ സംബന്ധിച്ചു ജനങ്ങൾ ചിന്തിച്ചു മനസ്സിലാക്കേണ്ടതുണ്ട്. അല്ലാഹു പറയുന്നു: ولقد يسرنا القرء ان للذكر فهل من مدكر (സാരം: ഓർമ്മിച്ചു മനസ്സിലാക്കുവാൻവേണ്ടി ഖുർആനെ നാം എളുപ്പമാക്കിയിട്ടുണ്ട്, എന്നാൽ, ഓർമ്മിച്ചു മനസ്സിലാക്കുന്ന വല്ലവരും ഉണ്ടോ?!-അൽഖമർ) ഈ വചനം 'സൂറത്തുൽഖമറി'ൽ ഒന്നിലധികം പ്രാവശ്യം അല്ലാഹു ആവർത്തിച്ചു പറഞ്ഞിരിക്കുന്നതു കാണാം. മറ്റൊരു സ്ഥലത്തു അല്ലാഹു ചോദിക്കുന്നു: افلا يتدبرون القرء ان ام على قلوبهم اقفالها (സാരം അപ്പോൾ, അവർക്കു ഖുർആൻ ഉറ്റാലോചിച്ചു നോക്കിക്കൂടേ?! അതല്ല, വല്ല ഹൃദയങ്ങളിലും അവയുടേതായ പൂട്ടുകൾ ഉണ്ടോ?!-(മുഹമ്മദു :24)

45 എന്നാൽ, ദുഷിച്ച (കു)തന്ത്രങ്ങൾ പ്രയോഗിച്ചിട്ടുള്ളവർ, തങ്ങളെ അല്ലാഹു ഭൂമിയിൽ ആഴ്ത്തിക്കളയുന്നതിനെക്കുറിച്ച് നിർഭയമായിരിക്കുകയാണോ?! അല്ലെങ്കിൽ, അവർ അറിയാത്തവിധത്തിലൂടെ ശിക്ഷ അവർക്ക് വന്നെത്തുന്നതിനെക്കുറിച്ച്?!-

أَفَأَمِنَ ٱلَّذِينَ مَكَرُوا۟ ٱلسَّيِّـَٔاتِ أَن يَخْسِفَ ٱللَّهُ بِهِمُ ٱلْأَرْضَ أَوْ يَأْتِيَهُمُ ٱلْعَذَابُ مِنْ حَيْثُ لَا يَشْعُرُونَ ﴿٤٥﴾

46 അല്ലെങ്കിൽ, അവർ (അങ്ങുമിങ്ങും) തിരിഞ്ഞു മറിയുന്നതി(ന്നിടയി)ൽ അവരെ പിടികൂടുന്നതിനെക്കുറിച്ച്?! എന്നാൽ, (അപ്പോൾ) അവർ(അവനെ പരാജയപ്പെടുത്തി) അശക്തനാക്കുന്നവരല്ല;-

أَوْ يَأْخُذَهُمْ فِى تَقَلُّبِهِمْ فَمَا هُم بِمُعْجِزِينَ ﴿٤٦﴾

47 അല്ലെങ്കിൽ, പേടിപ്പെട്ടുകൊണ്ടിരിക്കുന്നതോടെ (ത്തന്നെ) അവരെ പിടികൂടുന്നതിനെക്കുറിച്ച് (നിർഭയമായിരിക്കുകയാണോ)?! എന്നാൽ, നിങ്ങളുടെ റബ്ബ് കൃപാലുവും, കരുണാനിധിയും തന്നെയാണ്. [അതുകൊണ്ടാണ് അങ്ങിനെയൊന്നും ചെയ്യാതിരിക്കുന്നത്]

أَوْ يَأْخُذَهُمْ عَلَىٰ تَخَوُّفٍ فَإِنَّ رَبَّكُمْ لَرَءُوفٌ رَّحِيمٌ ﴿٤٧﴾

45 أَفَأَمِنَ അപ്പോൾ നിർഭയമായിരിക്കയോ, സമാധാനിച്ചിരിക്കയായാണോ. الذين مكروا (കു)തന്ത്രം പ്രയോഗിച്ചവർ. السيئات ദുഷിച്ചവ(ദുഷിച്ച കുതന്ത്രങ്ങൾ). أن يخسف ആഴ്ത്തിക്കളയുന്നതിനെ(ക്കുറിച്ചു). اللَّهُ അല്ലാഹു. بهم അവരെ. الْأَرض ഭൂമിയിൽ. أو يأتيهم അല്ലെങ്കിൽ അവർക്ക് വരുന്നതിനെ. الْعذَاب ശിക്ഷ. من حيث വിധത്തിലൂടെ. لا يشعرونَ അവരറിയുകയില്ല. 46 أو يأخذَهم അല്ലെങ്കിൽ (അവൻ-അത്) അവരെ പിടികൂടുന്നതിനെ. في تقلبهم അവരുടെ തിരിഞ്ഞുമറിയലിൽ. فَما هم എന്നാൽ അവരല്ല. بِمعجزين അശക്തനാക്കുന്നവർ (പരാജയപ്പെടുത്തുന്നവർ). 47 أو يأخذَهم അല്ലെങ്കിൽ അവർക്ക് പിടിപെടുന്നതിനെ. على تخوف പേടിപ്പെട്ടുകൊണ്ടിരിക്കെ, പേടിച്ചു (കാത്തു) വരുന്നതോടെ. فَإِن ربكُم എന്നാൽ നിശ്ചയമായും നിങ്ങളുടെ റബ്ബ്. لَرءُوف കൃപാലു (വളരെ കൃപയുള്ളവൻ)തന്നെ. رحيم കരുണാനിധിയാണ്.

നബി(ﷺ) ക്കും, ഖുർആന്നും, സത്യവിശ്വാസികൾക്കും എതിരിൽ കുടിലതന്ത്രങ്ങൾ പലതും നടത്തിക്കൊണ്ടിരിക്കുന്ന ഈ മുശ്രിക്കുകളെ അല്ലാഹു ഭൂമിയിൽ ആഴ്ത്തിക്കളയുകയോ, ഓർക്കാ പുറത്തു അവർക്കു വല്ലശിക്ഷയും നൽകുകയോ, അങ്ങുമിങ്ങും വന്നുപോയും കൊണ്ടു സൈ്വരവിഹാരം കൊള്ളുന്നതിന്നിടക്കു അവരെ വല്ലശിക്ഷയും പിടികൂടുകയോ, അതുമല്ലെങ്കിൽ ശിക്ഷവരുന്നതിനെക്കുറിച്ചു ഭയപ്പെട്ടുകൊണ്ടിരിക്കവെ തന്നെ വല്ലശിക്ഷയും അവർക്കു പിടിപെടുകയോ-ഇങ്ങിനെയൊന്നും-സംഭവിക്കുകയില്ലെന്നാണോ അവരുടെ വിചാരം?! ഇവയിൽ ഏതുതന്നെ സംഭവിച്ചാലും അതനുഭവിക്കുകയല്ലാതെ, അതുമുടക്കുവാനോ, തടുക്കുവാനോ അവർക്കു സാധ്യമല്ല, അങ്ങിനെയൊന്നും സംഭവിക്കുകയില്ലെന്നു സമാധാനിച്ചിരിക്കുവാൻ ഒരു കാരണവും അവർക്കില്ല. ശിക്ഷിക്കപ്പെടുവാൻ തികച്ചും അർഹരാണവർ. അല്ലാഹുവാകട്ടെ, ഏതിനും കഴിവുള്ളവനുമാണ്. പക്ഷെ, അങ്ങിനെയൊന്നും ചെയ്യാതെ അവൻ അവർക്കു ഒഴിവു നൽകിയിരിക്കുന്നത് അവൻെറ കൃപയും കാരുണ്യവും കൊണ്ടുമാത്രമാണ്.

പേടിപ്പെട്ടുകൊണ്ടിരിക്കുന്നതോടെ പിടികൂടുക(يأخذهم على تخوف) എന്ന വാക്കിന് രണ്ടു പ്രകാരത്തിൽ വ്യാഖ്യാനം നൽകപ്പെട്ടിട്ടുണ്ട്: (1) മേൽ വിവരിച്ചപ്രകാരം തങ്ങൾക്കു വല്ല ശിക്ഷയും വന്നുഭവിച്ചേക്കുമോ എന്നു അവർ ഭയപ്പെട്ടുകൊണ്ടിരിക്കെത്തന്നെ ശിക്ഷ വരുക എന്നും, (2) ശിക്ഷ പെട്ടന്നു സംഭവിക്കാതെ പടിപടിയായി-അല്പാല്പമായി പിടികൂടുക എന്നും. ഈ വ്യാഖ്യാന പ്രകാരം تخوف എന്ന വാക്കിൻെറ അർത്ഥം പേടിച്ചുകൊണ്ടു വരുക-അഥവാ കാത്തുകാത്തുകൊണ്ടു കുറേശ്ശെയായി വരുക എന്നായിരിക്കും. രണ്ടു പ്രകാരത്തിലായാലും ഉദ്ദേശ്യം വ്യക്തം തന്നെ. മേൽചൂണ്ടിക്കാട്ടിയതരത്തിലെല്ലാംതന്നെ മുൻസമുദായങ്ങളിൽ ശിക്ഷ അനുഭവപ്പെടുകയുണ്ടായിട്ടുണ്ടെന്നു ചരിത്രം പരിശോധിച്ചാൽ കാണാവുന്നതാണ്.

أَوَلَمْ يَرَوْا۟ إِلَىٰ مَا خَلَقَ ٱللَّهُ مِن شَىْءٍ يَتَفَيَّؤُا۟ ظِلَٰلُهُۥ عَنِ ٱلْيَمِينِ وَٱلشَّمَآئِلِ سُجَّدًا لِّلَّهِ وَهُمْ دَٰخِرُونَ ﴿٤٨﴾

48 അല്ലാഹു വസ്തുവായി സൃഷ്ടിച്ചിട്ടുള്ള യാതൊന്നിലേക്കു അവർ (നോക്കി) കാണുന്നുമില്ലേ? അതിൻെറ നിഴലുകൾ വലത്തോട്ടും ഇടത്തോട്ടുമായി ചാഞ്ഞു കൊണ്ടിരിക്കുന്നു; അവർ [ആ നിഴലുകൾ] എളിയവരായ നിലയിൽ അല്ലാഹുവിന്ന് 'സുജൂദ്' [സാഷ്ടാംഗ നമസ്കാരം]ചെയ്തു കൊണ്ട്.

48 أو لم يروا അവർ കാണുന്നു (നോക്കുന്നു)മില്ലേ. إلى ما യാതൊന്നിലേക്ക്, യാതൊന്നിനെ . خلق الله അല്ലാഹു സൃഷ്ടിച്ചു. من شيء വല്ല വസ്തുവായി, വല്ല വസ്തുവും. يتفيأ ചാഞ്ഞുകൊണ്ടിരിക്കുന്നു, തിരിഞ്ഞുവരുന്നത്. ظلاله അതിൻെറ നിഴലുകൾ. عن اليمين വലത്തോട്ട്. والشمائل ഇടത്തോട്ടും. سجدا സുജൂദു ചെയ്യുന്നവരായിക്കൊണ്ട്. لله അല്ലാഹുവിന്. وهم അവരാകട്ടെ, അവരായിക്കൊണ്ട്. داخرونَ എളിയവർ (ആയിരിക്കും), നിസ്സാരൻമാർ (ആയിക്കൊണ്ടു).

ബുദ്ധിജീവികളുടേതുപോലെയുള്ള വല്ല ഗുണവിശേഷതകളും ബുദ്ധിജീവികളല്ലാത്ത വസ്തുക്കളിൽ പ്രകടമാകുമ്പോൾ, അവയെപ്പറ്റി ബുദ്ധി ജീവികളെന്നു തോന്നുമാറുള്ള പദപ്രയോഗം സ്വീകരിക്കുന്നതു ഭാഷാസാഹിത്യങ്ങളിൽ പതിവാകുന്നു. ഇതനുസരിച്ചാണു സുജൂദ് ചെയ്യുന്ന നിഴലുകളെപ്പറ്റി وهم داخرون (അവർ എളിയവരായിക്കൊണ്ടു) എന്നു പറഞ്ഞിരിക്കുന്നത്. ഇതുപോലെയുള്ള പ്രയോഗം (36: 40 മുതലായ) വേറെ ചില സ്ഥലങ്ങളിലും ഖുർആനിൽ വന്നിട്ടുണ്ട്. ഈ വചനത്തിലടങ്ങിയ ആശയം താഴെ വിവരിക്കുന്നുണ്ട്. انشاء الله

49 ആകാശത്തിലുള്ളതും, ഭൂമിയിലുള്ളതും ആയ ഏതൊരു ജീവിയും (എല്ലാം) അല്ലാഹുവിന് 'സുജൂദ്' [സാഷ്ടാംഗ നമസ്കാരം] ചെയ്യുന്നു; മലക്കുകളും (തന്നെ സുജൂദു ചെയ്യുന്നു);-അവരാകട്ടെ, അഹംഭാവം കാണിക്കുന്നുമില്ല.

وَلِلَّهِ يَسْجُدُ مَا فِي ٱلسَّمَـٰوَٰتِ وَمَا فِي ٱلْأَرْضِ مِن دَآبَّةٍ وَٱلْمَلَـٰٓئِكَةُ وَهُمْ لَا يَسْتَكْبِرُونَ ﴿٤٩﴾

50 അവർ തങ്ങളുടെ മീതെ (അധികാര ശക്തിയുള്ള) തങ്ങളുടെ റബ്ബിനെ ഭയപ്പെടുന്നു; തങ്ങളോട് കൽപിക്കപ്പെടുന്നത് (ഒക്കെയും) അവർ ചെയ്യുകയും ചെയ്യുന്നു.

يَخَافُونَ رَبَّهُم مِّن فَوْقِهِمْ وَيَفْعَلُونَ مَا يُؤْمَرُونَ ۩ ﴿٥٠﴾

---

49 ولله അല്ലാഹുവിന്. يسجد സുജൂദു (സാഷ്ടാംഗം) ചെയ്യുന്നു. ما في السماوات ആകാശത്തിലുള്ളത്. وما في الأرض ഭൂമിയിലുള്ളതും. من دابة ജീവിയായിട്ട്, ജന്തുവായി. والملائكةُ മലക്കുകളും. وهم അവരാകട്ടെ. لا يستكبرونَ അഹംഭാവം നടിക്കുകയില്ല. 50 يخافونَ അവർ ഭയപ്പെടുന്നു. ربهم അവരുടെ റബ്ബിനെ. من فوقهم അവരുടെ മീതെ. ويفعلونَ അവർ ചെയ്യുക (പ്രവർത്തിക്കുക)യും ചെയ്യുന്നു. ما يؤمرونَ അവരോട് കൽപിക്കപ്പെടുന്നത്.

ഓത്തിൻെറ സുജൂദുചെയ്യേണ്ടുന്ന സ്ഥാനങ്ങളിൽ ഒന്നാണു ഈ വചനവും. 48-ാം വചനത്തിലും ഈ രണ്ടു വചനങ്ങളിലുമായി പ്രസ്താവിച്ചതിൻെറ സാരം ഇങ്ങിനെ മനസ്സിലാക്കാം:-അല്ലാഹുവിൻെറ സൃഷ്ടികളിൽ നിഴലുണ്ടാകുന്ന എല്ലാ വസ്തുക്കളുടെയും നിഴലുകൾ വലത്തോട്ടും ഇടത്തോട്ടുമായി ചാഞ്ഞും ചരിഞ്ഞും നീണ്ടും ചുരുങ്ങിയുംകൊണ്ടിരിക്കുന്നതു മനുഷ്യൻ സാധാരണ കാണാറുണ്ടല്ലോ. ഇതിനെപ്പറ്റി ആലോചിച്ചാൽ തന്നെയും പല ദൃഷ്ടാന്തങ്ങളും അതിൽനിന്നു മനുഷ്യനു ലഭിക്കുവാനുണ്ട്. അഥവാ, എന്തുകൊണ്ടു അങ്ങിനെയുള്ള മാറ്റങ്ങൾക്കു അവ വിധേയമാകുന്നു? അതിനു കാരണമെന്ത്? ആ കാരണങ്ങളെ വ്യവസ്ഥപ്പെടുത്തിയ ശക്തി ഏതാണ്? എന്നിത്യാദി കാര്യങ്ങളെപ്പറ്റി അൽപബുദ്ധികൾക്കുപോലും അതുവഴി ഏറെക്കുറെ വാസ്തവം ഗ്രഹിക്കുവാൻ അതു ഉപകരിക്കുന്നതാണ്. ആ നിഴലുകൾ അല്ലാഹുവിൻെറ നിയമ വ്യവസ്ഥകൾക്കു വിധേയമായും, അവൻ നിശ്ചയിച്ച പ്രകൃതി ചട്ടങ്ങൾക്കനുസരിച്ചുമാണു നിലകൊള്ളുന്നത്. ആ നിയമവ്യവസ്ഥകളിൽ അണുവോളം മാറ്റംവരുത്തുവാൻ

ആർക്കും സാധ്യമല്ല. എന്നുവേണ്ട, ആകാശഭൂമികളിൽ ജീവവസ്തുക്കളായി അല്ലാഹു സൃഷ്ടിച്ച എല്ലാ വസ്തുക്കളും-ആത്മീയ ജീവികളായ മലക്കുകൾപോലും-അല്ലാഹുൻെറ നിയമ ചട്ടങ്ങൾക്കു തികച്ചും കീഴൊതുങ്ങിയും, അവൻെറ കൽപനാ നിർദ്ദേശങ്ങൾക്കു വഴങ്ങിയും കൊണ്ടാണ് കഴിയുന്നത്. ആരും ഇതിൽനിന്നു ഒഴിവില്ല. അപ്പോൾ, വിശേഷബുദ്ധിയും, അഭിപ്രായ സ്വാതന്ത്യവും നർകപ്പെട്ടിട്ടുള്ള മനുഷ്യർ പ്രത്യേകിച്ചും അവൻെറ മുമ്പിൽ തലകുനിക്കുവാനും, അവൻെറ കൽപനാ നിർദ്ദേശങ്ങളനുസരിച്ചു ജീവിക്കുവാനും അർഹരല്ലേ!?

سجود (സുജൂദി)ന്റെ അർത്ഥങ്ങളെയും പ്രയോഗങ്ങളെയും സംബന്ധിച്ചു ഒന്നിലധികം പ്രാവശ്യം മുമ്പ് വിവരിച്ചു കഴിഞ്ഞിട്ടുണ്ട്. അല്ലാഹു നിശ്ചയിച്ച പ്രകൃതി നിയമങ്ങൾക്കു കീഴൊതുങ്ങുക (سجود بالتسخير) എന്ന അർത്ഥത്തിലും, ഇഷ്ടാനുസാരം അല്ലാഹുവിനു ഭക്തിയാരാധന അർപ്പിക്കുക(سحود بالاختيار) എന്ന അർത്ഥത്തിലും അതു ഖുർആനിൽ ഉപയോഗിച്ചിട്ടുണ്ടെന്നും, ഒന്നാമത്തെ അർത്ഥത്തിലുള്ള സുജൂദിൽ മനുഷ്യരടക്കമുള്ള എല്ലാ വസ്തുക്കളും ഭാഗഭാക്കണെന്നും, രണ്ടാമത്തെ അർത്ഥത്തിലുള്ള സുജൂദു കൂടി ചെയ്‌വാൻ കൽപിക്കപ്പെട്ടവരാണു മനുഷ്യരെന്നുമൊക്കെ സന്ദർഭം പോലെ നാം മുമ്പു ചൂണ്ടിക്കാട്ടിയിട്ടുമുണ്ട്. ഒന്നാമത്തെ അർത്ഥത്തിലുള്ള സുജൂദിനെക്കുറിച്ചാണു ഈ വചനങ്ങളിൽ പ്രസ്താവിക്കുന്നത്. വിശദീകരണത്തിനു സൂ:റഅ്ദു 15; ഹജ്ജ് 18 മുതലായ വചനങ്ങളും അവയുടെ വ്യാഖ്യാനവും നോക്കുന്നതു നന്ന്.

‘‘അവർ അഹംഭാവം കാണിക്കുകയില്ല, അവർ റബ്ബിനെ ഭയപ്പെടും, അവരോട് കൽപിക്കപ്പെടുന്നതു അവർ ചെയ്യും’’ എന്നൊക്കെ പറഞ്ഞതു മലക്കുകളെപ്പറ്റിയാണു-അഥവാ هم (അവർ) എന്ന സർവ്വനാമം മലക്കുകളെ ഉദ്ദേശിച്ചാണു-എന്നത്രെ മനസ്സിലാകുന്നത്. അധിക വ്യാഖ്യാതാക്കളും അങ്ങിനെയാണു പറഞ്ഞുകാണുന്നതും. മലക്കുകളടക്കം മുമ്പു പറയപ്പെട്ട എല്ലാവരെയും-ആകാശഭൂമികളിലുള്ള എല്ലാ ജീവികളെയും-ഉദ്ദേശിച്ചായിരിക്കുവാനും സാധ്യതയുണ്ട്. ചില വ്യാഖ്യാതാക്കളുടെ അഭിപ്രായം അതാകുന്നു. എന്നാൽ, അഹംഭാവം കാണിക്കാതിരിക്കുക, റബ്ബിനെ ഭയപ്പെടുക, കൽപിക്കപ്പെടുന്നതു ചെയ്യുക എന്നീ ഗുണങ്ങളെ-സുജൂദിനെപ്പറ്റി പ്രസ്താവിച്ച പോലെ-എല്ലാതരം ജീവികൾക്കും അനുയോജ്യമായ വിധത്തിൽ വ്യാഖ്യാനിക്കപ്പെടുവാൻ കഴിഞ്ഞേക്കുമെങ്കിലും അവയൊക്കെ മലക്കുകളുടെ ഗുണങ്ങളായിരിക്കുന്നതിനാണ് കൂടുതൽ സാധ്യത കാണുന്നത്. മറ്റു ചില ഖുർആൻ വാക്യങ്ങൾ ഇതിനു പിൻബലം നൽകുകയും ചെയ്യുന്നു.

വിഭാഗം-7

51 അല്ലാഹു (കൽപിച്ച്) അരുളിയിരിക്കുന്നു: ‘‘നിങ്ങൾ രണ്ട് ആരാധ്യൻമാരെ ഏർപ്പെടുത്തരുത് [സ്വീകരിക്കരുത്]; അവൻ ഒരേ ഒരു ആരാധ്യൻ മാത്രമാണുള്ളത്; അതിനാൽ എന്നെത്തന്നെ നിങ്ങൾ ഭയപ്പെടുവിൻ.’’

۞ وَقَالَ ٱللَّهُ لَا تَتَّخِذُوٓاْ إِلَٰهَيۡنِ ٱثۡنَيۡنِۖ إِنَّمَا هُوَ إِلَٰهٞ وَٰحِدٞ فَإِيَّٰيَ فَٱرۡهَبُونِ ﴿٥١﴾

52 അവൻേറതാണ് ആകാശങ്ങളിലും, ഭൂമിയിലുമുള്ളത്; അവന് (അവകാശപ്പെട്ടത്) തന്നെയാണ് സ്ഥിരമായുള്ള കീഴൊതുക്കവും. എന്നിരിക്കെ, അല്ലാഹു അല്ലാത്തവരെയോ നിങ്ങൾ (ഭയന്ന്) സൂക്ഷിക്കുന്നു ?!

وَلَهُۥ مَا فِي ٱلسَّمَٰوَٰتِ وَٱلۡأَرۡضِ وَلَهُ ٱلدِّينُ وَاصِبًاۚ أَفَغَيۡرَ ٱللَّهِ تَتَّقُونَ ﴿٥٢﴾

53 നിങ്ങളിൽ അനുഗ്രഹമായിട്ട് എന്തുണ്ടോ അത് അല്ലാഹുവിൽ നിന്നുള്ളതാണ്; പിന്നെ, (അതിന് പുറമെ,) നിങ്ങളെ ഉപദ്രവം (അഥവാ പീഡനം) സ്പർശിച്ചാൽ അവങ്കലേക്ക് തന്നെ നിങ്ങൾ നിലവിളിച്ചപേക്ഷിക്കുകയും ചെയ്യുന്നു !

وَمَا بِكُم مِّن نِّعْمَةٍ فَمِنَ ٱللَّهِ ۖ ثُمَّ إِذَا مَسَّكُمُ ٱلضُّرُّ فَإِلَيْهِ تَجْـَٔرُونَ ﴿٥٣﴾

54 പിന്നെ, നിങ്ങളിൽനിന്ന് ഉപദ്രവം (അഥവാ പീഡനം) അവൻ (നീക്കി) തുറവിയാക്കിയാൽ, അപ്പോൾ (അതാ) നിങ്ങളിൽ നിന്ന് ഒരുകൂട്ടർ തങ്ങളുടെ റബ്ബിനോട് (മറ്റുചിലരെ) പങ്കു ചേർക്കുന്നു !-

ثُمَّ إِذَا كَشَفَ ٱلضُّرَّ عَنكُمْ إِذَا فَرِيقٌ مِّنكُم بِرَبِّهِمْ يُشْرِكُونَ ﴿٥٤﴾

55 (അതെ) നാം അവർക്ക് നൽകിയതിൽ അവർ നന്ദികേട് കാണിക്കുവാൻ വേണ്ടി. [അതാണതിൻെറ ഫലം.] (ശരി) എന്നാൽ, നിങ്ങൾ സുഖമെടുത്തുകൊള്ളുവിൻ! എന്നാൽ, വഴിയെ നിങ്ങൾക്കറിയാം !

لِيَكْفُرُوا۟ بِمَآ ءَاتَيْنَٰهُمْ ۚ فَتَمَتَّعُوا۟ ۖ فَسَوْفَ تَعْلَمُونَ ﴿٥٥﴾

---

51 **وقَالَ اللهُ** അല്ലാഹു അരുളി. **لا تتخذُوا** നിങ്ങൾ ഉണ്ടാക്ക(സ്വീകരിക്ക)രുത്. **إلْهين** (രണ്ട്) ആരാധ്യൻമാരെ, ദൈവങ്ങളെ. **اثْنين** രണ്ട്. **إنما هو** നിശ്ചയമായും അവൻ (മാത്രം). **إله واحد** ഒരേ ആരാധ്യൻ (മാത്രം)ആകുന്നു. **فَإِيايَ** അതിനാൽ എന്നെ(ത്തന്നെ). **فارهبون** നിങ്ങൾ എന്നെ ഭയപ്പെടു(പേടിക്കു)വിൻ. 52 **وله** അവന്നാണ്, അവന്റേതാണ്. **ما في السماوات** ആകാശങ്ങളിലുള്ളത്. **والأرض** ഭൂമിയിലും. **وله** അവന്ന് തന്നെയാണ്. **الدين** കീഴൊതുക്കം, വഴിപ്പെടൽ, അനുസരണം. **واصبا** നിരന്തരമായി, സ്ഥിരമായിട്ട്. **أَفَغيرَالله** അപ്പോൾ (എന്നിരിക്കെ) അല്ലാഹു അല്ലാത്തവരെയോ. **تتقُونَ** നിങ്ങൾ സൂക്ഷിക്കുന്നു. 53 **وما بِكُم** നിങ്ങളിലുള്ളത്, നിങ്ങളിൽ എന്തുണ്ടോ (അതു). **من نعمة** അനുഗ്രഹമായിട്ട്. **فَمِن الله** (അതു) അല്ലാഹുവിൽ നിന്നാകുന്നു. **ثُم** പിന്നെ, എന്നിട്ടും. **إذَا مسكُم** നിങ്ങളെ സ്പർശി(ബാധി)ച്ചാൽ. **الضر** ഉപദ്രവം, പീഡനം ബുദ്ധിമുട്ട്. **فَإِلَيه** എന്നാൽ അവനിലേക്കു(തന്നെ). **تجأرونَ** നിങ്ങൾ നിലവിളിച്ചപേക്ഷിക്കുന്നു, മുറവിളികൂട്ടുന്നു.. 54 **ثُم إِذَاكَشف** പിന്നെ അവൻ തുറവിയാക്കി(നീക്കി)യാൽ. **الضر** ഉപദ്രവം, പീഡനം. **عنكُم** നിങ്ങളിൽനിന്ന്. **إذَا** അപ്പോൾ (അതാ). **فَرِيق** ഒരുകൂട്ടർ. **منكُم** നിങ്ങളിൽനിന്ന്. **بربهم** തങ്ങളുടെ റബ്ബിനോട്, റബ്ബിൽ. **يشركُونَ** അവർ പങ്കുചേർക്കുന്നു. 55 **ليكْفُروا** അവർ നന്ദികേട് കാണിക്കുവാൻ വേണ്ടി, മൂടിവെക്കുവാൻ. **بما آتيناهم** അവർക്ക് നാം നൽകിയതിൽ, നൽകിയതിനെ. **فَتمتعوا** എന്നാൽ സുഖമെടുക്കുവിൻ. **فَسوف** എന്നാൽ (അപ്പോൾ) പിറകെ. **تعلَمونَ** നിങ്ങൾ അറിയും, നിങ്ങൾക്കറിയാം.

دين (ദീൻ) എന്ന വാക്കിനു ''നടപടി, അനുസരണം, കീഴൊതുക്കം, പ്രതിഫലം, മതം'' എന്നൊക്കെ പല അർത്ഥങ്ങളുമുണ്ടെന്നു ചിലപ്പോഴൊക്കെ നാം ചൂണ്ടിക്കാട്ടുകയുണ്ടായിട്ടുണ്ട്. وله الدين واصبا (അവനാണു സ്ഥിരമായ കീഴൊതുക്കമുള്ളത്) എന്ന വാക്യത്തിൻെറ താൽപര്യം. ആകാശഭൂമികളിലുള്ളവയുടെയെല്ലാം ഉടമസ്ഥനും അധികാരസ്ഥനും അവനാണെന്ന പോലെത്തന്നെ, കീഴ്‌വണക്കത്തിൻെറയും ആരാധനയുടെയും സ്ഥിരാവകാശവും അവനു തന്നെയാണു എന്നാകുന്നു. അല്ലാഹു പറയുന്നു: ''ആകാശഭൂമികളിലുള്ളവർ അനുസരണപൂർവ്വമോ, നിർബ്ബന്ധപൂർവ്വമോ അവനു കീഴൊതുങ്ങിയിരിക്കുന്നു. അവനിലേക്കു തന്നെ അവർ മടക്കപ്പെടുകയും ചെയ്യുന്നു. എന്നിരിക്കെ, അല്ലാഹുവിൻെറ മതത്തെയല്ലാതെ അവർ ആവശ്യപ്പെടുകയാണോ?! (3:83)

ഈ വചനങ്ങളിലടങ്ങിയ ആശയങ്ങൾ ഗ്രഹിക്കുവാൻ ഒരു വ്യാഖ്യാനത്തിന്റെ ആവശ്യമില്ല. ഇവിടെ, അല്ലാമാശൗക്കാനീ (ﷺ)അദ്ദേഹത്തിന്റെ തഫ്സീറിൽ പ്രസ്താവിച്ച ഒരു പ്രസ്താവനയുടെ സാരം കുറിക്കുന്നതു സന്ദർഭോചിതമായിരിക്കുമെന്ന് കരുതുന്നു.

ശൗകാനീ (ﷺ)പറഞ്ഞതിന്റെ ചുരുക്കം: 'കഷ്ടതകൾ ബാധിക്കുമ്പോൾ ഉപകാരവും ഉപദ്രവവും ചെയ്‌വാൻ കഴിയാത്തവരോടു-അല്ലാഹുവല്ലാത്തവരോടു-സഹായത്തിനപേക്ഷിക്കുകയും, അല്ലാഹുവിനോടുള്ള പ്രാർത്ഥനവിട്ടുകളയുകയും ചെയ്യുന്ന ഇന്നത്തെ പാമര ജനങ്ങളുടെ പതിവു വമ്പിച്ച വിഡ്ഢിത്തവും, ഒരു പുതിയ ദുർമാർഗ്ഗവുമാണെന്നു ഈ വചനത്തിൽ നിന്ന് മനസ്സിലാക്കാം. അത്രയുമല്ല, പഴയ കാലത്തെ ദുർമ്മാർഗ്ഗത്തെക്കാൾ കഠിനമത്രെ അത്. പ്രതിഫല ദിവസത്തിൽ വിശ്വസിക്കുന്ന സത്യവിശ്വാസികൾ ഇരിക്കട്ടെ, തനി അവിശ്വാസികൾ പോലും മുഖം തിരിച്ചു കളയുകയും വെറുക്കുകയും ചെയ്യുന്ന ഒന്നാണു എന്റെ ചെറുപ്പകാലത്തു ചില ശൈഖു പൂജകൻമാർ പറഞ്ഞുകേട്ട വാക്ക്. 'നിനക്കു വല്ല ആപത്തും ബാധിച്ചാൽ, നീ അല്ലാഹുവിനോടു സഹായം തേടരുതേ! തേടരുതേ'! 'കാരണം, അല്ലാഹു വേഗം ഉത്തരം നൽകുകയില്ല. നിന്റെ സ്ഥിതി അവനു ഒരു , സാരമുള്ളതായി തോന്നുകയുമില്ല. മരിച്ചുപോയ 'ഔലിയാ'ക്കളോടു സഹായം തേടിക്കൊള്ളൂ. അവർ വേഗം ഉത്തരം നൽകുന്നതും, നിന്റെ സ്ഥിതി ഗൗരവത്തിലെടക്കുന്നതുമാകുന്നു'. ഇതാണാവാക്ക്. എന്റെ ചെവി ആ വാക്കു പുറം തള്ളിക്കളഞ്ഞു, എന്റെ കണ്ണുനീർ നിൽക്കാതായി. എന്നെയും, മുസ്ലിംകളെയും ഈ മാതിരി വഴികേടിൽ പെടാതെ രക്ഷിക്കേണമേ! എന്നു ഞാൻ അല്ലാഹുവിനോടു പ്രാർത്ഥിച്ചു. ഇതുപോലെയുള്ള പല വാക്കുകളും ഇന്നു പല ശൈഖു പൂജകൻമാരിലും കാണാവുന്നതാണ്.'

ആപത്തുകൾ വരുമ്പോൾ, തങ്ങളുടെ ദൈവങ്ങളെ മറന്ന് അല്ലാഹുവിനെത്തന്നെ വിളിക്കുകയും, ആപത്തു നീങ്ങിയാൽ അല്ലാഹുവിനെ മറന്നു കളയുകയും ചെയ്യുന്നവരോടാണു അല്ലാഹു 'എന്നാൽ, നിങ്ങൾ സുഖമെടുത്തുകൊള്ളുവിൻ; നിങ്ങൾ വഴിയെ അറിഞ്ഞു കൊള്ളും' (فتمتعوا فسوف تعلمون) എന്നു താക്കീതു ചെയ്തത്. അപ്പോൾ ആപത്തു വരുമ്പോൾ പോലും അല്ലാഹുവിനെ ഓർമ്മിക്കുകയും, വിളിച്ചു പ്രാർത്ഥിക്കുകയും ചെയ്യേണ്ടതില്ലെന്നും, മറ്റു വല്ലവരെയും വിളിച്ചു പ്രാർത്ഥിക്കേണ്ടതാണെന്നും ഉപദേശിക്കുവാൻ ധൈര്യം കാണിക്കുന്ന ധിക്കാരികളെപ്പറ്റി അല്ലാഹു എന്തായിരിക്കും പറയുകയെന്നു ആലോചിച്ചു നോക്കുക معاذ الله അല്ലാഹു നമ്മെ കാക്കട്ടെ. ആമീൻ

56 നാം തങ്ങൾക്ക് നൽകിയിട്ടുള്ളതിൽ നിന്ന് ഒരു പങ്ക് (യഥാർത്ഥസ്ഥിതി) തങ്ങൾക്കറിഞ്ഞുകൂടാത്തവക്ക് അവർ ആക്കിവെക്കുകയും ചെയ്യുന്നു. (ഹേ, കൂട്ടരേ,) അല്ലാഹുവിനെത്തന്നെയാണ (സത്യം)! നിങ്ങൾ കെട്ടിച്ചമക്കുന്നതിനെപ്പറ്റി തീർച്ചയായും നിങ്ങൾ ചോദ്യം ചെയ്യപ്പെടുന്നതാണ്.

وَيَجۡعَلُونَ لِمَا لَا يَعۡلَمُونَ نَصِيبًا مِّمَّا رَزَقۡنَٰهُمۡۗ تَٱللَّهِ لَتُسۡـَٔلُنَّ عَمَّا كُنتُمۡ تَفۡتَرُونَ ٥٦

---

56 ويجعلونَ അവർ ആക്കുകയും ചെയ്യുന്നു. لما لاَ يعلمونَ അവർ അറിയാത്തവക്ക്, അറിഞ്ഞുകൂടാത്തവക്ക്. نصيبا ഒരു പങ്ക്, ഓഹരി. مما رزقْناهم അവർക്ക് നാം നൽകിയിട്ടുള്ളതിൽനിന്ന്. تاللِ അല്ലാഹുവിനെത്തന്നെയാണ് (സത്യം). لَتسألُن തീർച്ചയായും നിങ്ങൾ ചോദ്യം ചെയ്യപ്പെടും. عما كُنتم നിങ്ങൾ ആയിരുന്നതിനെപ്പറ്റി. تفْترونَ നിങ്ങൾ കെട്ടിച്ചമക്കും, കള്ളം പറഞ്ഞുണ്ടാക്കും.

മുശ്‌രിക്കുകൾക്കിടയിൽ പതിവായിരുന്ന ഒരു തോന്നിയവാസമാണിത്. അല്ലാഹു നൽകിയ കൃഷി വിഭവങ്ങൾ, കന്നുകാലികൾ മുതലായ അനുഗ്രഹങ്ങളിൽ നിന്നു ഒരു ഭാഗം തങ്ങളുടെ വിഗ്രഹ ദൈവങ്ങൾക്കു അവർ വഴിപാടും നേർച്ചയുമായി നീക്കിവെക്കും. (സൂ: അൻആം 136ൽ ഇതു സംബന്ധിച്ചു കൂടുതൽ വിശദീകരണം മുമ്പു കഴിഞ്ഞുപോയിട്ടുണ്ട്.) യാതൊരു ന്യായവും തെളിവുമില്ലാതെ അവർ സ്വയം കെട്ടിയുണ്ടാക്കിയ ഇത്തരം നികൃഷ്ടകൃത്യങ്ങളെ അല്ലാഹു നിസ്സാരമാക്കി അവഗണിച്ചു കളയുമെന്നു കരുതേണ്ട, അവയെപ്പറ്റി ശരിക്കും അവരെ ചോദ്യം ചെയ്യുകതന്നെ ചെയ്യുമെന്നു അല്ലാഹു അവരെ താക്കീതു ചെയ്യുന്നു. ചില 'ശൈഖന്' ൻമാർക്കും 'ജാറ'ങ്ങൾക്കുമാക്കി കൃഷിയുടെ ചില ഭാഗങ്ങളെയും, ആടുമാടുകളെയും വഴിപാടാക്കി നീക്കിവെക്കുന്ന പതിവു പാമരൻമാരും അന്ധവിശ്വാസികളുമായ ചില മുസ്‌ലിംകളിൽ ഇന്നു കാണാം. ഈ ആക്ഷേപവും താക്കീതും അവർക്കും ബാധകമാകുന്നു.

لما لا يعلمون (തങ്ങൾ അറിയാത്തവക്കു) എന്ന വാക്കു രണ്ടു പ്രകാരത്തിൽ വ്യാഖ്യാനിക്കപ്പെടാറുണ്ട്: (1) ഒന്നും അറിഞ്ഞുകൂടാത്ത-അഥവാ ബുദ്ധിയും അറിവുമില്ലാത്ത-നിർജ്ജീവങ്ങളായ ആ വിഗ്രഹങ്ങൾക്കു എന്നും, (2) തങ്ങൾക്കു വല്ല ഉപകാരമോ ഉപദ്രവമോ ചെയ്‌വാൻ കഴിയുകയില്ലെന്ന യഥാർത്ഥം അവർ മനസ്സിലാക്കിയിട്ടില്ലാത്ത ആ വിഗ്രഹങ്ങൾക്കു വേണ്ടി ധനം നീക്കിവെക്കുന്നതിലടങ്ങിയ വിഡ്ഢിത്തത്തെയും, രണ്ടാമത്തെ വ്യാഖ്യാനപ്രകാരം, ജീവനും ബുദ്ധി ശക്തിയുമില്ലാത്ത ആ വിഗ്രഹങ്ങളുടെ യഥാർത്ഥ സ്ഥിതിഗതികൾ മനസ്സിലാക്കാതെ അന്ധമായി നടത്തപ്പെടുന്ന വിഡ്ഢിത്തത്തെയുമായിരിക്കും ആ വാക്യം ചൂണ്ടിക്കാട്ടുന്നത്. രണ്ടായാലും കലാശത്തിൽ ഒന്നുതന്നെ.

وَيَجْعَلُونَ لِلَّهِ ٱلْبَنَٰتِ سُبْحَٰنَهُۥ ۙ وَلَهُم مَّا يَشْتَهُونَ ﴿٥٧﴾

57 അവർ അല്ലാഹുവിന്ന് പെൺമക്കളെ ആക്കിവെക്കുകയും ചെയ്യുന്നു; അവൻ മഹാ പരിശുദ്ധൻ! അവർക്കാകട്ടെ, അവർ ഇച്ഛിക്കുന്നതിനെയും [ആൺമക്കളെയും ആക്കുന്നു]!

وَإِذَا بُشِّرَ أَحَدُهُم بِٱلْأُنثَىٰ ظَلَّ وَجْهُهُۥ مُسْوَدًّا وَهُوَ كَظِيمٌ ﴿٥٨﴾

58 അവരിൽ ഒരാൾക്ക് പെണ്ണിനെ [പെൺകുട്ടിയെ]പ്പറ്റി സന്തോഷവാർത്ത അറിയിക്കപ്പെട്ടാലോ, അവൻ കോപം നിറഞ്ഞവനായിക്കൊണ്ട് അവന്റെ മുഖം (ഇരുണ്ട്) കറുത്തതായിത്തീരും!

يَتَوَٰرَىٰ مِنَ ٱلْقَوْمِ مِن سُوٓءِ مَا بُشِّرَ بِهِۦٓ ۚ أَيُمْسِكُهُۥ عَلَىٰ هُونٍ أَمْ يَدُسُّهُۥ فِى ٱلتُّرَابِ ۗ أَلَا سَآءَ مَا يَحْكُمُونَ ﴿٥٩﴾

59 അവന് സന്തോഷവാർത്ത അറിയിക്കപ്പെട്ടതിന്റെ ചീത്തത്തം നിമിത്തം അവൻ ജനങ്ങളിൽ നിന്ന് ഒളിഞ്ഞു (മാറി) പോകുന്നതാണ് ! അതിനെ നിന്ദ്യതയോടെ വെച്ചുകൊണ്ടിരിക്കുകയോ, അതല്ല, അതിനെ മണ്ണിൽ മൂടുകയോ?! [ഏതു വേണമെന്നായിരിക്കും ആലോചന!] അല്ലാ (-അറിയുക) ! അവർ വിധികല്പിക്കുന്നത് വളരെ ചീത്ത !

57 **وَيَجْعَلُونَ** അവർ ആക്കുകയും ചെയ്യുന്നു. **لله** അല്ലാഹുവിന്. **البنات** പെൺമക്കളെ. **سبحانه**

അവൻ മഹാ പരിശുദ്ധൻ (അവനെ വാഴ്ത്തുന്നു). **ولَهُم** അവർക്കാകട്ടെ, അവർക്കോ. **ما يشتهونَ** അവർ ഇച്ഛിക്കുന്നതിനെയും. 58 **وإذَا بشر** സന്തോഷമറിയിക്കപ്പെട്ടാൽ. **أحدهم** അവരിൽ ഒരാൾക്ക്. **بِالأنثَى** പെണ്ണിനെപ്പറ്റി. **ظَلَّ** ആയിത്തീരും. **وجهه** അവന്റെ മുഖം. **مسودا** കറുത്തത്. **وهو** അവനാകട്ടെ, അവൻ ആയിരിക്കെ. **كَظِيمٌ** (കോപം) നിറഞ്ഞവൻ, കുപിതനായിരിക്കും. 59 **يتوارى** അവൻ ഒളിഞ്ഞുപോകും, മറഞ്ഞുപോകും. **من القَوم** ജനങ്ങളിൽനിന്ന്. **من سوءِ** ദോഷ(തിന്മ-ചീത്തത്ത)ത്താൽ. **ما** യാതൊന്നിന്റെ. **بشر** അവന് സന്തോഷമറിയിക്കപ്പെട്ട. **به** അതിനെപ്പറ്റി. **أيمسِكُه** അതിനെ അവൻ വെച്ചുകൊണ്ടിരിക്കുകയോ. **على هون** നിന്ദ്യതയോടെ. **أم** അതല്ല, അതോ. **يدسه** അതിനെ തട്ടി (മൂടി)ക്കളയുകയോ, മൂടുകയോ. **في التراب** മണ്ണിൽ. **ألا** അല്ലാ (അറിയുക). **ساءَ** വളരെ മോശം, എത്രയോ ചീത്ത. **ما يحكُمونَ** അവർ വിധി (കൽപി)ക്കുന്നത്.

മുശ്‌രിക്കുകളുടെ അതി നീചമായ വേറൊരു മൂഢവിശ്വാസമാണു ഈ വചനങ്ങളിൽ വിവരിക്കുന്നത്. മലക്കുകൾ അല്ലാഹുവിന്റെ പെൺമക്കളാണെന്നാണ് അവരുടെ ജൽപനം. അങ്ങിനെ, അവരുടെ പേരിൽ വിഗ്രഹങ്ങൾ നിർമ്മിച്ചു ആരാധിക്കുകയും ചെയ്തിരുന്നു. ചില ദേവീദേവൻമാരുടെ പ്രതിഷ്ഠയെന്നു സങ്കൽപിച്ചുകൊണ്ടു അതുപോലെ സ്ഥാപിക്കപ്പെട്ടിട്ടുള്ള വിഗ്രഹങ്ങൾ ഇന്നും ധാരാളം കാണാവുന്നതാണ്. അതേ സമയത്ത് തങ്ങൾക്കു പെൺമക്കൾ ജനിക്കുന്നത് ആ മുശ്‌രിക്കുകൾക്കു വമ്പിച്ച അപമാനവും, കടുത്ത കോപവുമായിരുന്നുതാനും. യുദ്ധപ്രിയരായ അവർക്കു പെൺമക്കൾ പലനിലക്കും ഒരു ഭാരമായിത്തോന്നിയതിൽ നിന്നുണ്ടായിത്തീർന്ന ഈ വെറുപ്പ് അവരിൽ എത്രമാത്രം രൂക്ഷമായിരുന്നുവെന്നു അല്ലാഹുവിന്റെ വിവരണത്തിൽനിന്നുതന്നെ വ്യക്തമാകുന്നു.

അതായത്, ഒരാൾക്കു ഒരു മകൾ പിറന്നിട്ടുണ്ടെന്ന വാർത്ത കേൾക്കേണ്ട താമസം, അയാളുടെ മുഖം കറുത്തിരുണ്ടുപോകും അപമാനവും, വ്യസനവും നിമിത്തം കോപം കടിച്ചിറക്കിക്കൊണ്ടിരിക്കും. ജനമദ്ധ്യെ പ്രത്യക്ഷപ്പെടുവാൻപോലും ലജ്ജ-അപമാനം ഭയന്നു ഒളിച്ചു നടക്കും. അപമാനവും, എളിമത്വവും സഹിച്ചുകൊണ്ടു ആ കുട്ടിയെ താൻ വെച്ചുകൊണ്ടിരിക്കേണമോ? അതല്ല, പലരും ചെയ്യാറുള്ളതുപോലെ, അതിനെ മണ്ണിലിട്ടു മൂടി അതിന്റെ കഥ കഴിക്കണമോ? ഇതായിരിക്കും പിന്നത്തെ ചിന്ത. ബാക്കിയാക്കുന്നപക്ഷം, ജനങ്ങളിൽ നിന്നുള്ള പരിഹാസവും അപമാനവും സഹിക്കേണ്ടിവരും. കുട്ടിയോടുള്ള പെരുമാറ്റമാകട്ടെ കേവലം മൃഗതുല്യവുമായിരിക്കും. ആൺമക്കൾക്കുള്ള സ്ഥാനമോ, ലാളനയോ ഒന്നും അതിനു ലഭിക്കുകയില്ല. കുഴിച്ചുമൂടുന്നപക്ഷം, കൊന്നുകുഴിച്ചിടുകയല്ല-ജീവനോടെ മണ്ണിട്ടു മൂടുകയായിരിക്കും-ചെയ്യുക. ഇത്രത്തോളം അറപ്പും വെറുപ്പുമായി അവർ ഗണിച്ചുവരുന്ന പെൺമക്കളാണ് അല്ലാഹുവിന്നുണ്ടെന്നു അവർ പറഞ്ഞുവരുന്നത്. കള്ളം കെട്ടിപ്പറയുന്നതിനും വേണ്ടേ ഒരതിര്?! പെൺകുഞ്ഞുങ്ങളെ പ്രസവിക്കുന്നതു നിമിത്തം ഭർത്താക്കൾ ഭാര്യമാരോടു നിസ്സഹകരണം നടത്തിയിരുന്നതായി കാണാം. ഇങ്ങിനെ നിസ്സഹകരണത്തിനു വിധേയയായ ഒരു സ്ത്രീ പാടിയ ഒരു പദ്യം ഇപ്രകാരം നിവേദനം ചെയ്യുന്നു:- (*) ''എന്താണ് ഹംസയുടെ പിതാവ് നമ്മുടെ അടുക്കൽ വരുന്നില്ല? നമ്മുടെ അടുത്തവീട്ടിൽ കഴിഞ്ഞുകൂടുകയാണല്ലോ. നാം ആൺകുട്ടികളെ പ്രസവിക്കായ്ക നിമിത്തം കുപിതനാണദ്ദേഹം. നമ്മുടെ കാര്യം നാം ഉദ്ദേശിച്ച പോലെയാക്കാൻ നമുക്ക് കഴിയില്ലല്ലോ''.

മുശ്‌രിക്കുകളുടെ ഈ കള്ളവാദത്തിൽ മൂന്നു കടുത്ത അപരാധങ്ങൾ അടങ്ങിയിരിക്കുന്നു. (1) മലക്കുകൾ സ്ത്രീകളാണെന്ന വാദം. وجعلوا الملئكة الذين هم عباد الرحمن اناثا (റഹ്മാനായുള്ളവ

---

* مالابى حمزة لايأتينا : يظل فى البيت الذى يلينا غضبان الا نلد البنينا: ليس لنا من امرنا شينا

ന്‍െറ അടിയാന്‍മാരായ മലക്കുകളെ അവര്‍ പെണ്ണുങ്ങളാക്കി. (43;19) എന്നു അല്ലാഹു പറഞ്ഞതു ഇതിനെപ്പറ്റിയാകുന്നു. (2) മലക്കുകള്‍ അല്ലാഹുവിന്‍െറ മക്കളാണെന്ന വാദം قالوا اتخذالله ولدا (അല്ലാഹു മക്കളെ സ്വീകരിച്ചിരിക്കുന്നുവെന്നു അവര്‍ പറഞ്ഞു. (18:14) എന്നും മറ്റും പറഞ്ഞത് ഇതിനെക്കുറിച്ചാണ്. (3) അല്ലാഹുവിന്നുണ്ടെന്നു വാദിക്കുന്ന മക്കള്‍ ആണ്‍മക്കളാണെന്നു പോലും പറയുവാന്‍ തയ്യാറില്ലാതെ, തങ്ങള്‍ അങ്ങേഅറ്റം വെറുക്കുന്ന പെണ്‍മക്കളാണെന്ന വാദം. താഴെ 62-ാം വചനത്തില്‍ ويجعلون لله ما يكرهون (തങ്ങള്‍ വെറുക്കുന്നതിനെ അവര്‍ അല്ലാഹുവിന്നാക്കുന്നു) എന്നു പറഞ്ഞതു ഇതിനെ സംബന്ധിച്ചുമാകുന്നു. ഇതെല്ലാം കണക്കിലെടുത്തു കൊണ്ടാണു ഈ വാദത്തെപ്പറ്റി الا ساء ما يحكمون (അല്ലാ! അവര്‍ വിധികല്‍പിക്കുന്നതു എത്രയോ ചീത്ത!) എന്നു അല്ലാഹു പറഞ്ഞിരിക്കുന്നത്.

60 (അതെ) പരലോകത്തില്‍ വിശ്വസിക്കാത്തവര്‍ക്കത്രെ ദുഷിച്ച ഉപമ (ഉള്ളത്). അല്ലാഹുവിന്നാകുന്നു, അത്യുന്നതമായ ഉപമ (ഉള്ളത്). അവനത്രെ, പ്രതാപശാലിയും അഗാധജ്ഞനുമായുള്ളവനും.

لِلَّذِينَ لَا يُؤْمِنُونَ بِٱلْـَٔاخِرَةِ مَثَلُ ٱلسَّوْءِ ۖ وَلِلَّهِ ٱلْمَثَلُ ٱلْأَعْلَىٰ ۚ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿٦٠﴾

---

60 **للذين لا يؤمنونَ** വിശ്വസിക്കാത്തവര്‍ക്കാണ്. **بالآخرة** പരലോകത്തില്‍. **مثَلُ** ഉപമ, ഉദാഹരണം, മാതൃക. **السوءِ** മോശത്തിന്‍െറ, തിന്മയുടെ. **ولله** അല്ലാഹുവിനുണ്ട്. **المثَلُ** ഉപമ, ഉദാഹരണം. **الأعلى** അത്യുന്നതമായ. **وهو** അവന്‍, അവനത്രെ. **العزيز** പ്രതാപശാലി. **الحكيم** അഗാധജ്ഞന്‍, യുക്തിമാന്‍.

പരലോകത്തില്‍ വിശ്വസിക്കാത്തവരുടെ സ്ഥിതിഗതികള്‍ വിവരിക്കുമ്പോള്‍, ദുഷിച്ചതും മോശകരവുമായ ഉപമകളും സാദൃശ്യങ്ങളുമായിരിക്കു വിവരിക്കുവാന്‍ ഉണ്ടായിരിക്കുക. അല്ലാഹുവിനെക്കുറിച്ചു പറയുമ്പോഴാകട്ടെ അത്യുന്നതവും അത്യുല്‍കൃഷ്ടവുമായ ഉപമകളും സാദൃശ്യങ്ങളുമായിരിക്കും ഉണ്ടായിരിക്കുക എന്നു സാരം ഉദാഹരണമായി: അവരെക്കുറിച്ചു പറയുമ്പോള്‍, യാതൊരു ഗുണമോ ദോഷമോ ചെയ്‌വാന്‍ കഴിയാത്ത വസ്തുക്കളെ ദൈവങ്ങളാക്കിവെച്ചവര്‍, മക്കളില്ലാത്ത പക്ഷം വിഷമം അനുഭവപ്പെടുന്നവര്‍, പെമക്കളെ വെറുക്കുന്നവര്‍, സ്വന്തം മക്കളെ കുഴിച്ചുമൂടുന്നവര്‍ എന്നിങ്ങനെയുള്ള വര്‍ണ്ണനകളായിരിക്കും പറയുവാനുണ്ടായിരിക്കുക. അല്ലാഹുവിനെക്കുറിച്ചു പറയുമ്പോഴോ? സര്‍വ്വലോക സൃഷ്ടാവ്, ലോകനിയന്താവ്, മക്കളുടെയോ മറ്റോ ആവശ്യവും ആശ്രയവുമില്ലാത്തവര്‍,ഇണയും തുണയുമില്ലാത്തവന്‍, തുല്യനും സമനുമില്ലാത്തവന്‍ എന്നൊക്കെയായിരിക്കും വിശേഷിപ്പിക്കുവാനുണ്ടാവുക. അഥവാ അവന്‍െറ ഏതൊരു ഗുണത്തെക്കുറിച്ച് പ്രസ്താവിച്ചാലും അതു അത്യുന്നതനിലവാരത്തിലുള്ളതും, മറ്റാര്‍ക്കും അതില്‍ പങ്കില്ലാത്തതുമായിരിക്കും.

വിഭാഗം-8

61 മനുഷ്യരെ അവരുടെ അക്രമം നിമിത്തം അല്ലാഹു പിടികൂടുക [പിടിച്ചു ശിക്ഷിക്കുക]യായിരുന്നുവെങ്കില്‍, അതിന്‍െറ [ഭൂമിയുടെ] മേല്‍ ഒരു ജീവിയെയും അവന്‍ (ബാക്കിയാക്കി) വിട്ടേക്കുമായിരുന്നില്ല. എങ്കിലും, നിര്‍ണ്ണയിക്കപ്പെട്ട ഒരവധിവരെ അവരെ അവന്‍ (ഒഴിവാക്കി) പിന്തിച്ചുവെ

وَلَوْ يُؤَاخِذُ ٱللَّهُ ٱلنَّاسَ بِظُلْمِهِم مَّا تَرَكَ عَلَيْهَا مِن دَآبَّةٍ وَلَٰكِن يُؤَخِّرُهُمْ إِلَىٰٓ أَجَلٍ مُّسَمًّى ۖ فَإِذَا جَآءَ أَجَلُهُمْ لَا يَسْتَـْٔخِرُونَ سَاعَةً ۖ وَلَا

يَسْتَقْدِمُونَ ﴿٦١﴾

ക്കുകയാണ്; എന്നാൽ, അവരുടെ (ആ) അവധി വന്നാൽ, (പിന്നെ) ഒരു നാഴിക (സമയം) അവർ പിന്തിപ്പോകുകയാകട്ടെ, മുന്തിപ്പോകുകയാകട്ടെ ചെയ്കയില്ല.

---

61 وَلَوْ يُؤَاخِذُ പിടികൂടുമായിരുന്നെങ്കിൽ (പിടിച്ചു ശിക്ഷിച്ചിരുന്നുവെങ്കിൽ). اللَّهُ അല്ലാഹു. النَّاس മനുഷ്യരെ. بِظُلْمِهِم അവരുടെ അക്രമം നിമിത്തം, അനീതികൊണ്ട്. مَا تَرَكَ അവൻ വിടുകയില്ലാ (ഒഴിവാക്കി വിടുകയില്ലാ)യിരുന്നു. عَلَيْهَا അതിന്മേൽ, അതിൽ. مِن دَابَّة ഒരു ജീവിയെയും, ജന്തു വെയും. وَلَكِن എങ്കിലും. يُؤَخِّرُهُم അവനവരെ പിന്തിക്കുന്നു, പിന്നോട്ടുവെക്കുന്നു. إِلَى أَجَلٍ ഒരു അവധിവരെ. مُسَمًّى നിർണ്ണയിക്കപ്പെട്ട. فَإِذَا جَاءَ എന്നാൽ വന്നാൽ. أَجَلُهُم അവരുടെ അവധി. لَا يَسْتَأْخِرُونَ അവർ പിന്തുക(പിന്നോക്കം പോക)യില്ല. سَاعَةً ഒരു നാഴിക, അൽപസമയം. وَلَا يَسْتَقْدِمُونَ അവർ മുന്തുക(മുന്നോക്കം പോക)യില്ല.

മനുഷ്യർ പ്രവർത്തിക്കുന്ന അക്രമങ്ങൾക്കു അല്ലാഹു അപ്പപ്പോൾ തന്നെ ശിക്ഷാ നടപടി യെടുക്കുകയാണെങ്കിൽ, ഈ ഭൂമുഖത്ത് ഒരു ജീവിയും ബാക്കിയാകുമായിരുന്നില്ല. അത്രയും ദുഷിച്ചതും ദൂരവ്യാപകവുമാണ് അവരുടെ ചെയ്തികൾ. പക്ഷെ, അവന്റെ ദയവും കാരുണ്യ വും നിമിത്തം പെട്ടന്നു നടപടിയെടുക്കാതെ അവൻ അതിനൊരു നിശ്ചിത അവധി വെച്ചിരിക്കു കയാണ്. അതിനുമുമ്പ് അവർക്ക് മടങ്ങുവാനും പശ്ചാത്തപിക്കുവാനും അവസരമുണ്ട്. ആ അവ ധിയിൽ അണുവോളം മാറ്റം വരുകയില്ല. തികച്ചും കൃത്യസമയത്തുതന്നെ അതു സംഭവിക്കും. മനുഷ്യൻ അല്ലാഹുവിനോടും, തന്റെ സ്വന്തത്തോടും, സമൂഹത്തോടും, സഹജീവികളോടും നടത്തിക്കൊണ്ടിരിക്കുന്ന അക്രമങ്ങളെയും, അനീതികളെയും കുറിച്ചു ശരിക്കൊന്നു ചിന്തിച്ചു നോക്കുന്ന ഏവർക്കും അല്ലാഹുവിന്റെ ഈ പ്രസ്താവനയുടെ ഗൗരവം മനസ്സിലാകുന്നതാണ്. വ്യക്തിയാകട്ടെ, സമൂഹമാകട്ടെ, സമുദായമാകട്ടെ അവരുടെ അക്രമത്തിനു ശിക്ഷ നൽകേണ്ടതു എപ്പോഴാണെന്നും, ഏങ്ങിനെയാണെന്നും അല്ലാഹു നിർണ്ണയിച്ചുവെച്ചിട്ടുണ്ട് അതാണു നിർണ്ണയിക്കപ്പെട്ട അവധിവരെ അവർക്കു ഒഴിവുകൊടുക്കുമെന്നു പറഞ്ഞത്. ഈ വചനത്തിലെ ആശയം ഉൾക്കൊള്ളുന്ന മറ്റു പല വചനങ്ങൾ വേറെയും ഖുർആനിലുണ്ട്. 7: 34; 15: 4, 5; 35: 45 മുതലായവയും വ്യാഖ്യാനവും നോക്കുക.

ബൈഹഖിയും, ഇബ്നുജരീറും (ﷺ)നിവേദനം ചെയ്യുന്നു: ‘അക്രമം പ്രവർത്തിക്കുന്ന വൻ തനിക്കുതന്നെയല്ലാതെ മറ്റാർക്കും ഉപദ്രവം ചെയ്യുന്നില്ല’ എന്നു ഒരാൾ പറയുന്നതായി ‘അബൂഹുറൈറ’ (رضي الله عنه)കേട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: ‘‘നിശ്ചയമായും, അക്രമിയുടെ അക്ര മം നിമിത്തം കാടപ്പക്ഷി അതിന്റെ കൂട്ടിൽ വെച്ചു ചത്തുപോകുന്നു.’’ ചിന്തിക്കുന്നവർക്ക് ചിന്തിക്കുവാൻ പോന്ന ഒരു ഉദാഹരണമത്രെ അബൂഹുറൈറ (رضي الله عنه)ഇതുമൂലം ചൂണ്ടിക്കാട്ടുന്നത് ഒരാൾ ചെയ്ത ചെറിയ ഒരു തെറ്റുനിമിത്തം ചിലപ്പോൾ ദൂരവ്യാപകമായ അനിഷ്ടസംഭവങ്ങൾ ഉണ്ടാകാറുണ്ടല്ലോ.

وَيَجْعَلُونَ لِلَّهِ مَا يَكْرَهُونَ وَتَصِفُ أَلْسِنَتُهُمُ ٱلْكَذِبَ أَنَّ لَهُمُ ٱلْحُسْنَىٰ ۖ لَا جَرَمَ أَنَّ لَهُمُ ٱلنَّارَ وَأَنَّهُم مُّفْرَطُونَ ﴿٦٢﴾

62 തങ്ങൾ വെറുക്കുന്നതിനെ അവർ അല്ലാ ഹുവിന്നാക്കുന്നു! ഏറ്റം നന്നായുള്ളത് തങ്ങൾക്കാണെന്ന് അവരുടെ നാവുകൾ വ്യാജവർണ്ണന നടത്തുകയും ചെയ്യുന്നു! നിസ്സംശയമത്രെ, അവർക്ക് നരകമുണ്ടെ ന്നുള്ളതും, അവർ (അതിലേക്ക്) മുന്നിൽ കൊണ്ടുവരപ്പെടുന്നവരാണെന്നുള്ളതും!

62 **ويجعلون** അവർ ആക്കുന്നു. **لله** അല്ലാഹുവിന്ന്. **ما يكرهون** അവർ വെറുക്കുന്നതിനെ. **وتصف** വിവരിക്കുക (വർണ്ണിക്കുക-വിശേഷിപ്പിക്കുക)യും ചെയ്യുന്നു. **ألسنتهم** അവരുടെ നാവുകൾ. **الكذب** വ്യാജം (വ്യാജവർണ്ണന). **أن لهم** അവർക്കുണ്ടെന്ന്. **الحسنى** ഏറ്റം നന്നായുള്ളത്. **لا جرم** നിസ്സംശയം (തെറ്റല്ല-സത്യമാണ്). **أن لهم** അവർക്കുണ്ട് (അവർക്കാണ്) എന്നുള്ളത്. **النار** നരകം. **وأنهم** അവർ (ആകുന്നു) എന്നുള്ളതും. **مفرطون** മുമ്പിൽ കൊണ്ടുവരപ്പെടുന്നവർ.

മുമ്പു പ്രസ്താവിച്ചപോലെ, ആ അവിശ്വാസികളുടെ അടുക്കൽ ഏറ്റവും വെറുക്കപ്പെട്ടവരാണ് പെൺമക്കൾ. എന്നിട്ടും, അല്ലാഹുവിനു മക്കളുണ്ടെന്നു മാത്രമല്ല, അതു പെൺമക്കളാണെന്നു കൂടി അവർ വർണ്ണിക്കുന്നു. അതുകൊണ്ടും അവർ മതിയാക്കുന്നില്ല. ഏറ്റവും നന്നായുള്ളതൊക്കെ തങ്ങൾക്കായിരിക്കും ലഭിക്കുകയെന്നും, അതിന്നവകാശികൾ തങ്ങളാണെന്നും അവർ വായാടിത്തം പറയുന്നു. വാസ്തവമാകട്ടെ, നേരെമറിച്ചുള്ളതും. 'അതെ', അവർക്കു ലഭിക്കുവാനിരിക്കുന്നത് ഏറ്റവും വഷളവും ഏറ്റവും കടുത്തതുമായ നരകമായിരിക്കും, ആദ്യമായി അതിൽ പ്രവേശിക്കപ്പെടുന്ന ഏറ്റവും വലിയ കേടികളും അവർ തന്നെയായിരിക്കും.

ഇഹത്തിൽ ലഭിക്കുവാനിരിക്കുന്ന എല്ലാ നല്ല ഭാവിയും, ഉന്നതപദവിയും, തങ്ങൾക്കാണെന്നും, പരലോകം എന്നൊന്നുണ്ടെങ്കിൽ അവിടെയും തങ്ങളായിരിക്കും മുമ്പൻമാർ എന്നുമാണവരുടെ വാദം. മതത്തെധിക്കരിക്കുകയും, പരലോകത്തെ നിഷേധിക്കുകയും ചെയ്യുന്നവരുടെ എല്ലാകാലത്തുമുള്ള വീരവാദം-യഥാർത്ഥത്തിൽ വ്യാജ ജൽപനം-തന്നെയാണിത്. അല്ലാഹു പറയുന്നു: ''അവനു വല്ല കഷ്ടതയും ബാധിച്ചശേഷം, നമ്മുടെ പക്കൽനിന്നുള്ള വല്ല കാരുണ്യത്തെയും അവന്നു നാം ആസ്വദിപ്പിച്ചുവെങ്കിൽ തീർച്ചയായും അവൻ പറയും: ഇതെനിക്കുള്ളതാണ്; അന്ത്യസമയം നിലവിൽ വരുന്നതാണെന്നു ഞാൻ വിചാരിക്കുന്നുമില്ല; എന്റെ റബ്ബിങ്കലേക്കു ഞാൻ മടക്കപ്പെട്ടുവെങ്കിൽതന്നെ, നിശ്ചയമായും എനിക്കു അവന്റെ അടുക്കൽ ഏറ്റവും നല്ലതുതന്നെ ഉണ്ടായിരിക്കുന്നതുമാണ്.'' (41: 50) വിശ്വാസിയും, അവിശ്വാസിയുമായ രണ്ടു തോട്ടക്കാർ തമ്മിൽ നടന്ന ഒരു സംഭാഷണം വിവരിക്കുന്നമദ്ധ്യേ, അവിശ്വാസി പറഞ്ഞതായി അല്ലാഹു ഉദ്ധരിക്കുന്നു: ''ഒരു കാലത്തും ഇതു (ഈ തോട്ടം) നശിച്ചുപോകുമെന്നു ഞാൻ വിചാരിക്കുന്നില്ല. അന്ത്യസമയം സംഭവിക്കുന്നതാണെന്നും ഞാൻ വിചാരിക്കുന്നില്ല. ഞാൻ എന്റെ റബ്ബിങ്കലേക്കു മടക്കപ്പെടുന്നതാണെങ്കിൽതന്നെ, നിശ്ചയമായും ഇതിനേക്കാൾ ഉത്തമമായ ഒരു മടങ്ങിച്ചെല്ലുന്ന സ്ഥാനം തീർച്ചയായും എനിക്ക് കിട്ടുന്നതാണ്'.'' (അൽകഹ്ഫ് 36)

63 (നബിയേ) അല്ലാഹുവിനെത്തന്നെയാണ (സത്യം)! നിനക്കുമുമ്പ് പല സമുദായങ്ങളിലേക്കും നാം (റസൂലുകളെ) അയച്ചിട്ടുണ്ട്; എന്നാൽ പിശാച് അവർക്ക് തങ്ങളുടെ പ്രവൃത്തികളെ അലങ്കാരമാക്കിക്കാണിച്ചു; അങ്ങനെ, ഇന്ന് (ഇഹത്തിൽ) അവൻ അവരുടെ മിത്രം (അഥവാ കൈകാര്യക്കാരൻ) ആകുന്നു. അവർക്കു വേദനയേറിയ ശിക്ഷയുമുണ്ട്.

تَٱللَّهِ لَقَدْ أَرْسَلْنَآ إِلَىٰٓ أُمَمٍ مِّن قَبْلِكَ فَزَيَّنَ لَهُمُ ٱلشَّيْطَٰنُ أَعْمَٰلَهُمْ فَهُوَ وَلِيُّهُمُ ٱلْيَوْمَ وَلَهُمْ عَذَابٌ أَلِيمٌ ﴿٦٣﴾

64 നിനക്കു നാം (ഈ) വേദഗ്രന്ഥം ഇറക്കിത്തന്നിട്ടില്ല അവർ യാതൊന്നിൽ ഭിന്നാഭിപ്രായത്തിലായിരിക്കുന്നുവോ അതിനെ

وَمَآ أَنزَلْنَا عَلَيْكَ ٱلْكِتَٰبَ إِلَّا لِتُبَيِّنَ لَهُمُ

അവർക്കു നീ വിവരിച്ചുകൊടുക്കുവാൻ വേണ്ടിയല്ലാതെ; വിശ്വസിക്കുന്ന ജനങ്ങൾക്ക് മാർഗ്ഗദർശനവും, കാരുണ്യവുമായിക്കൊണ്ടും (അല്ലാതെ).	ٱلَّذِى ٱخْتَلَفُوا۟ فِيهِ ۙ وَهُدًى وَرَحْمَةً لِّقَوْمٍ يُؤْمِنُونَ ﴿٦٤﴾
65 അല്ലാഹു (തന്നെ) ആകാശത്ത്നിന്ന്(മഴ) വെള്ളം ഇറക്കുകയും ചെയ്തിരിക്കുന്നു; എന്നിട്ട്, ഭൂമിയെ അതിൻെറ നിർജ്ജീവിതക്കു ശേഷം അതുകൊണ്ട് അവൻ ജീവിപ്പിച്ചു. നിശ്ചയമായും, കേട്ടറിയുന്ന ജനങ്ങൾക്ക് അതിൽ ഒരു (വമ്പിച്ച) ദൃഷ്ടാന്തമുണ്ട്.	وَٱللَّهُ أَنزَلَ مِنَ ٱلسَّمَآءِ مَآءً فَأَحْيَا بِهِ ٱلْأَرْضَ بَعْدَ مَوْتِهَآ ۚ إِنَّ فِى ذَٰلِكَ لَءَايَةً لِّقَوْمٍ يَسْمَعُونَ ﴿٦٥﴾

---

63 **تاللهِ** അല്ലാഹു തന്നെയാണ്. **لقد أرسلنا** തീർച്ചയായും നാം അയച്ചിട്ടുണ്ട്. **إلى أمم** പല സമുദായങ്ങളിലേക്കും. **من قبلك** നിൻെറ മുമ്പ്. **فزين** എന്നാൽ (എന്നിട്ടു) അലങ്കാരമാക്കി (ഭംഗിയാക്കി) കാണിച്ചു. **لهم** അവർക്ക്. **الشيطانُ** പിശാച്. **أعمالَهم** അവരുടെ പ്രവൃത്തികളെ. **فهو** അങ്ങനെ (എന്നിട്ട്) അവൻ. **وليهم** അവരുടെ മിത്രം (കൈകാര്യക്കാരൻ) ആകുന്നു. **اليوم** ഇന്ന് . **ولهم** അവർക്കുണ്ടുതാനും. **عذاب** ശിക്ഷ. **أليم** വേദനയേറിയ. 64 **وما أنزلنا** നാം ഇറക്കിയിട്ടില്ല. **عليك** നിൻെറ മേൽ, നിനക്ക്. **الكتاب** (വേദ) ഗ്രന്ഥം. **إلا لتبين** നീ വിവരിച്ചുകെടുക്കുവാൻ വേണ്ടിയല്ലാതെ. **لهم** അവർക്ക്. **الذي** യാതൊന്നിനെ. **اختلفُوا** അവർ ഭിന്നിച്ചു, അഭിപ്രായവ്യത്യാസമായി. **فيه** അതിൽ. **وهدى** മാർഗ്ഗദർശന (സൻമാർഗ്ഗ)മായും. **ورحمةً** കാരുണ്യമായും. **لقوم** ജനങ്ങൾക്ക്. **يؤمنونَ** അവർ വിശ്വസിക്കുന്നു. 65 **والله** അല്ലാഹു (തന്നെ). **أنزلَ** ഇറക്കി. **من السماءِ** ആകാശത്തുനിന്ന്. **ماءً** വെള്ളം. **فأحيا** എന്നിട്ടവൻ ജീവിപ്പിച്ചു. **به** അതുകൊണ്ട്. **الأرض** ഭൂമിയെ. **بعد** ശേഷം. **موتها** അതിൻെറ മരണത്തിന് (നിർജ്ജീവതക്ക്). **إن في ذلك** നിശ്ചയമായും അതിലുണ്ട്. **لآيةً** ഒരു ദൃഷ്ടാന്തം. **لقوم يسمعونَ** കേൾക്കുന്ന (കേട്ടു മനസ്സിലാക്കുന്ന) ജനങ്ങൾക്ക്.

മനുഷ്യർക്കായി അവതരിപ്പിക്കപ്പെട്ട കാര്യങ്ങൾ അവർക്കു വിവരിച്ചുകൊടുക്കുവാൻ വേണ്ടിയാണു നബി(ﷺ)ക്കു ഖുർആനാകുന്ന പ്രമാണം അവതരിപ്പിച്ചതെന്നു 44-ാം വചനത്തിൽ പ്രസ്താവിച്ചുവല്ലോ. പ്രസ്തുത ലക്ഷ്യത്തിൻെറ ഒരു പ്രധാന വശമാണു 64-ാം വചനത്തിൽ ചൂണ്ടിക്കാണിക്കുന്നത്. മതപരമായ വിശ്വാസാചാരങ്ങളിൽ മനുഷ്യർക്കിടയൽ കടന്നു കൂടിയിരുന്ന ഭിന്നാഭിപ്രായങ്ങളിലുള്ള യഥാർത്ഥവും സത്യവും വിവരിച്ചുകൊടുക്കുക എന്നുള്ളതാണത്. എന്നാൽ-63-ാം വചനത്തിൽ കണ്ടതുപോലെ-സത്യമാർഗ്ഗത്തിൽ നിന്നു ഭിന്നിച്ചകന്നു പോയവരെല്ലാം റസൂലുകളുടെ ഉപദേശങ്ങൾ സ്വീകരിച്ച് സത്യത്തിലേക്കു മടങ്ങുന്നതല്ല. മിക്കവരും പിശാചിൻെറ ദുരുപദേശങ്ങൾക്കടിമപ്പെടുകയാണുണ്ടാകുക. കഴിഞ്ഞുപോയ എല്ലാ സമുദായങ്ങളുടെയും സ്ഥിതി ഇതു തന്നെയായിരുന്നു. അതുപോലെത്തന്നെയായിരിക്കും ഈ സമുദായത്തിൻെറയും സ്ഥിതി. അതുകൊണ്ടു അങ്ങിനെയുള്ളവർക്കു ഖർആൻെറ മാർഗ്ഗദർശനം ഉപകരിക്കുകയില്ലെന്നും, സത്യം മനസ്സിലാക്കി സത്യവിശാസം സ്വീകരിക്കുവാൻ തയ്യാറുള്ളവർക്കേ ഖുർആൻെറ മാർഗ്ഗദർശനവും അല്ലാഹുവിൻെറ അനുഗ്രഹവും ലഭിക്കുകയുള്ളുവെന്നും ചൂണ്ടിക്കാട്ടിയിരിക്കുന്നു.

ആകാശത്തു നിന്നു മഴവെള്ളം ഇറക്കി അതുവഴി ഉൽപാദന യോഗ്യമല്ലാതെ നിർജ്ജീവമായിക്കിടക്കുന്ന ഭൂമിയെ അല്ലാഹു ജീവിപ്പിക്കുന്നു. അങ്ങിനെ മനുഷ്യൻെറ ശാരീരകവും ഭൗതികവുമായ നിലനിൽപിനും അഭിവൃദ്ധിക്കും അനിവാര്യമായ അന്നപാനാദി കാര്യങ്ങൾ അവൻ മനുഷ്യനു ഒരുക്കികൊടുക്കുന്നു. അതുപോലെ അവൻെറ ആത്മീയവും പാരത്രികവുമാ

യ ജീവിതത്തിൻെറ നൻമക്കു അനിവാര്യമായിരിക്കുന്ന കാര്യങ്ങളാണു ഖുർആൻവഴി അവതരിപ്പിച്ചിരിക്കുന്നതെന്നും, നിർജ്ജീവമായ ഭൂമിയെ വീണ്ടും ജീവസ്സുള്ളതാക്കിത്തീർക്കുന്നതു പോലെ നിർജ്ജീവമായശേഷം മനുഷ്യനെയും അവൻ വീണ്ടും ജീവിപ്പിക്കുമെന്നും 65-ാം വചനത്തിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. കാര്യങ്ങൾ വേണ്ടതുപോലെ കേട്ടു മനസ്സിലാക്കുന്നവർക്കു ഇതിലെല്ലാം അടങ്ങിയ ദൃഷ്ടാന്തങ്ങൾ കണ്ടെത്തുവാൻ കഴിയുമെന്നു അവസാനം ഉണർത്തുകയും ചെയ്തിരിക്കുന്നു.

വിഭാഗം-9

وَإِنَّ لَكُمْ فِى ٱلْأَنْعَـٰمِ لَعِبْرَةً ۖ نُّسْقِيكُم مِّمَّا فِى بُطُونِهِۦ مِنۢ بَيْنِ فَرْثٍ وَدَمٍ لَّبَنًا خَالِصًا سَآئِغًا لِّلشَّـٰرِبِينَ ﴿٦٦﴾

66 നിശ്ചയമായും, നിങ്ങൾക്ക് (ആടുമാടൊട്ടകങ്ങളാകുന്ന) കാലികളിലുമുണ്ട് ഒരു (വലിയ) ചിന്താവിഷയം. അതിൻെറ [ആ വർഗ്ഗത്തിൻെറ] വയറുകളിലുള്ളതിൽ നിന്ന്- (കുടലുകളിലെ) ചാണകച്ചണ്ടിയുടെയും, രക്തത്തിൻെറയും ഇടയിൽനിന്ന്- നിങ്ങൾക്ക് നാം കുടിക്കുവാൻ നല്കുന്നു , കുടിക്കുന്നവർക്ക് (വേഗം) ഇറങ്ങിപ്പോകുന്ന സ്വച്ഛമായ പാൽ.

---

66 **وإن لكُم** നിശ്ചയമായും നിങ്ങൾക്കുണ്ട്. **في الأنعام** കാലികളിൽ (ആടുമാടൊട്ടകങ്ങളിൽ) . **لَعبرةً** ഒരു ചിന്താവിഷയം (ചിന്താപാഠം). **نسقيكُم** നിങ്ങൾക്ക് നാം കുടിക്കുവാൻ നൽകുന്നു. **مما في بطُونه** അതിൻെറ വയറു (ഉള്ളം-ഉൾഭാഗം)കളിലുള്ളതിൽനിന്ന്. **من بين** ഇടയിൽനിന്ന്. **فَرث** (കുടലിലെ) ചാണകത്തിൻെറ, ചവറിൻെറ, പിണ്ടിയുടെ. **ودمٍ** രക്തത്തിൻെറയും. **لبنا** പാലിനെ. **خالصا** തനിച്ച, സ്വച്ഛമായ (കലർപ്പില്ലാത്ത). **سائغا** വേഗം (തൊണ്ടയിലൂടെ) ഇറങ്ങിപ്പോകുന്ന. **للشاربين** കുടിക്കുന്നവർക്ക്.

മനുഷ്യന് അല്ലാഹു നൽകിക്കൊണ്ടിരിക്കുന്ന ചില അനുഗ്രഹങ്ങളെയും, അവയിലടങ്ങിയ ദൃഷ്ടാന്തങ്ങളെയുമാണ് ഈ വചനത്തിലും തുടർന്നുള്ള ചില വചനങ്ങളിലും ഓർമ്മിപ്പിക്കുന്നത്. നിങ്ങൾ സദാ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്ന കാലികളിൽതന്നെ നിങ്ങൾക്കു വമ്പിച്ച ചിന്താപാഠങ്ങൾ ഉൾകൊള്ളുന്നുണ്ടെന്ന മുഖവുരയോടു കൂടി, അവയിൽനിന്നു ലഭിക്കുന്ന പാലിൻെറ ഉത്ഭവത്തെപ്പറ്റിയാണ് ഈ വചനത്തിൽ ഓർമ്മിപ്പിക്കുന്നത്. ഹൃദ്യവും രുചികരവുമായ ഒരു പാനീയവും, പോഷക പ്രധാനമായ ഒരു ആഹാരവുമാണു പാൽ. എന്നാൽ അതിൻെറ ഉൽഭവസ്ഥാനമോ? കാലികൾ മേഞ്ഞുതിന്നുന്ന സസ്യഭക്ഷണങ്ങൾ അവയുടെ ദഹനേന്ദ്രിയങ്ങളിൽ ചെന്നു ദഹിക്കുന്നതോടെ, അവ സത്തും ചണ്ടിയുമായി വേർതിരിയുന്നു. സത്തിൽനിന്നു രക്തവും പാലും ഉണ്ടാകുന്നു. ചണ്ടിയിൽനിന്നു ചാണകവും മൂത്രവും ഉരുത്തിരിയുന്നു. രക്തത്തിൻെറയോ, ചാണക മൂത്രാദികളുടെയോ കലർപ്പൊന്നും കലരാതെ, തനി ശുദ്ധമായ പാൽ അവക്കിടയിൽനിന്നു അവയുടെ അകിടുകളിലൂടെ പുറത്തു വരുന്നു. അത്ഭുതകരമായ ഈ പ്രക്രിയയുടെ പിന്നിൽ അതിവിദഗ്ധമായ ഒരു ശക്തി പ്രവർത്തിക്കുന്നുണ്ടെന്നു സൽബുദ്ധിയുള്ള ഏവർക്കു മനസ്സിലാക്കാമല്ലോ. അല്ലാഹു തുടരുന്നു:-

وَمِن ثَمَرَٰتِ ٱلنَّخِيلِ وَٱلْأَعْنَـٰبِ تَتَّخِذُونَ

67 ഈത്തപ്പനയുടെയും, മുന്തിരികളുടെയും ഫലങ്ങളിൽ നിന്നും (നിങ്ങൾക്ക് കുടിക്കുവാൻ നൽകുന്നു.) (അതെ) അതിൽ

مِنْهُ سَكَرًا وَرِزْقًا حَسَنًا ۗ إِنَّ فِي ذَٰلِكَ لَآيَةً لِّقَوْمٍ يَعْقِلُونَ ﴿٦٧﴾

നിന്നും ലഹരിയുള്ളതും [കള്ളും], നല്ല തായ ആഹാരവും നിങ്ങൾ ഉണ്ടാക്കുന്നു. നിശ്ചയമായും, ബുദ്ധി ഉപയോഗി(ച്ചു ചിന്തി)ക്കുന്ന ജനങ്ങൾക്ക് അതിൽ ഒരു (വലിയ) ദൃഷ്ടാന്തമുണ്ട്.

---

67 **ومن ثَمرات** ഫലങ്ങളിനിന്നും. **النخيل** ഈത്തപ്പനയുടെ. **والأعناب** മുന്തിരികളുടെയും. **تتخذُونَ** നിങ്ങൾഉണ്ടാക്കുന്നു. **منه** അതിൽനിന്ന്. **سكرا** മത്തുള്ള (ലഹരിയുള്ള)ത്. **ورزقًا** ആഹാരവും. **حسنا** നല്ലതായ. **إن في ذٰلك** നിശ്ചയമായും(അതിലുണ്ട്). **لآيةً** ഒരു ദൃഷ്ടാന്തം. **لقومٍ يعقلُونَ** ബുദ്ധി കൊടുക്കുന്ന ജനങ്ങൾക്ക്.

ചാണകപ്പിണ്ടിയുടെയും രക്തത്തിൻെറയും ഇടയിൽനിന്നു കലർപ്പില്ലാത്ത പാലിന് ജൻമം നൽകിയ പോലെ, ഒരേതരം ഫലങ്ങളിൽ നിന്നു തന്നെ ലഹരിയുള്ള കള്ളും, പലതരം നല്ലതായ ആഹാരപാനീയങ്ങളും അല്ലാഹു നൽകി കൊണ്ടിരിക്കുന്നു. ബുദ്ധി കൊടുത്തു ചിന്തിക്കുന്നവർക്ക് ഇതിലും അത്ഭുതകരമായ ദൃഷ്ടാന്തം കണ്ടെത്തുവാനുണ്ടെന്നു ഉണർത്തുകയാണ്.

കള്ളിൻെറ നിരോധം ഇസ്‌ലാമിൽ നടപ്പാക്കുന്നതിനുമുമ്പു അവതരിച്ചതാണു ഈ സൂറത്ത്. ആ നിലക്ക് അനുഗ്രഹങ്ങളുടെ കൂട്ടത്തിൽ ലഹരി പദാർത്ഥമായ കള്ളിനെയും ഉൾപ്പെടുത്തിയതിൽ അസാംഗത്യമില്ല. അതേസമയം, അതോടു ചേർത്തുകൊണ്ടു 'നല്ലതായ ആഹാരവും' (رزقا حسنا) എന്നുകൂടി പറഞ്ഞിട്ടുള്ളതിൽനിന്ന് കള്ളു 'നല്ല ആഹാര വസ്തു'വല്ലെന്നു അതിൽ ഒരു സൂചനയും കാണാവുന്നതാണ്. നല്ല ആഹാരമല്ലാത്തതുകൊണ്ടു തന്നെയാണ് പിന്നീടതു നിരോധിക്കപ്പെട്ടതും. കള്ളു നിരോധിച്ചുകൊണ്ടുള്ള ഒരു വചനത്തിൽ (5: 93)അതിനെ رجس (മ്ളേച്ഛം) എന്നു വിശേഷിപ്പിച്ചിട്ടുള്ളതും പ്രസ്താവ്യമാകുന്നു. കള്ള് നല്ല ആഹാര വസ്തുക്കളിൽ പെട്ടതല്ല. -മ്ളേഛവസ്തുക്കളിൽ പെട്ടതാണ്-എന്നിരുന്നാലും, ഒരേതരം ഫലങ്ങളിൽ നിന്ന് വ്യത്യസ്ഥമായ രുചിയും വ്യത്യസ്തമായ ഗുണവുമുള്ള പല വസ്തുക്കൾ ഉൽപാദിപ്പിക്കുന്നത് ഒരു വലിയ ദൃഷ്ടാന്തം തന്നെയാണല്ലോ.

وَأَوْحَىٰ رَبُّكَ إِلَى ٱلنَّحْلِ أَنِ ٱتَّخِذِى مِنَ ٱلْجِبَالِ بُيُوتًا وَمِنَ ٱلشَّجَرِ وَمِمَّا يَعْرِشُونَ ﴿٦٨﴾

68 നിൻെറ റബ്ബ് തേനീച്ചക്ക് 'വഹ്‌യു' [ബോധനം] നൽകുകയും ചെയ്തിരിക്കുന്നു; ''മലകളിൽ നിന്ന് (ചിലേടത്ത്) നീ വീടുകൾ (കൂടുകൾ) ഉണ്ടാക്കിക്കൊള്ളുക; വൃക്ഷങ്ങളിൽ നിന്നും, അവർ [മനുഷ്യർ] കെട്ടി ഉയർത്തുന്നവയിൽ നിന്നും (ചിലതിലും ഉണ്ടാക്കിക്കൊള്ളുക) എന്ന്;-

ثُمَّ كُلِى مِن كُلِّ ٱلثَّمَرَٰتِ فَٱسْلُكِى سُبُلَ رَبِّكِ ذُلُلًا ۚ يَخْرُجُ مِنۢ بُطُونِهَا شَرَابٌ مُّخْتَلِفٌ أَلْوَٰنُهُۥ فِيهِ شِفَآءٌ لِّلنَّاسِ ۗ إِنَّ فِى ذَٰلِكَ لَءَايَةً لِّقَوْمٍ يَتَفَكَّرُونَ ﴿٦٩﴾

69 ''പിന്നെ എല്ലാ (വിധ) ഫലങ്ങളിൽ നിന്നും നീ തിന്നുകൊള്ളുക; എന്നിട്ട് സുഗമമായ നിലയിൽ നിൻെറ റബ്ബിൻെറ (വക) മാർഗ്ഗങ്ങളിൽ നീ പ്രവേശിക്കുക'' എന്നും). അവയുടെ വയറുകളിൽ നിന്ന് നിറങ്ങൾ വ്യത്യസ്തമായ ഒരു (തരം) പാനീയം പുറത്തുവരുന്നു; അതിൽ മനുഷ്യർക്ക് (രോഗ)ശമനമുണ്ട്. നിശ്ചയമാ

യും, അതിൽ ചിന്തിച്ചു നോക്കുന്ന ജന
ങ്ങൾക്ക് ഒരു (വമ്പിച്ച) ദൃഷ്ടാന്തമുണ്ട്.

---

68 **وأوحى** വഹ്‌യു (ബോധനം) നൽകുകയും ചെയ്തിരിക്കുന്നു. **ربك** നിന്റെ റബ്ബ്. **إلى النحل** തേനീച്ചക്ക്. **أن اتخذي** നീ ഉണ്ടാക്കുക എന്ന്. **من الجبال** മലകളിൽ നിന്ന്. **بيوتا** വീടുകളെ. **ومن الشجر** വൃക്ഷത്തിൽ നിന്നും. **ومما يعرشونَ** അവർ ഉയർത്തിയുണ്ടാക്കുന്ന (കെട്ടി ഉയർത്തുന്ന) തിൽനിന്നും. 69 **ثُم كُلي** പിന്നെ നീ തിന്നുക. **من كُل** എല്ലാറ്റിൽനിന്ന്. **الثمرات** ഫലങ്ങൾ. **فَاسلُكي** എന്നിട്ടു നീ പ്രവേശിക്കുക, കടന്നു കൂടുക. **سبلَ** വഴി (മാർഗ്ഗ)ങ്ങളിൽ. **ربك** നിന്റെ റബ്ബിന്റെ. **ذُللاً** പാകപ്പെട്ട (സുഗമമായ) നിലയിൽ. **يخرج** പുറത്തുവരുന്നു. **من بطُونها** അതിന്റെ (അവയുടെ) വയറുകളിൽനിന്ന്. **شراب** ഒരു പാനീയം . **مختلف** വ്യത്യസ്തമായ. **ألوانه** അതിന്റെ നിറങ്ങൾ. **فيه** അതിലുണ്ട്. **شفَاءٌ** ശമനം. **للناس** മനുഷ്യർക്ക്. **إن في ذَلك** നിശ്ചയമായും അതിലുണ്ട്. **لَآيَةً** ഒരു ദൃഷ്ടാന്തം. **لقوْمٍ يتفكرونَ** ചിന്തിക്കുന്ന ജനതക്ക്.

ആടുമാടൊട്ടകങ്ങളുടെ വയറുകളിൽനിന്നു ചാണകത്തിന്റെയും രക്തത്തിന്റെയും ഇടയിലൂടെ ശുദ്ധമായ പാൽ ലഭിക്കുന്നതിലും, ഈത്തപ്പഴത്തിൽ നിന്നും, മുന്തിരിപ്പഴത്തിൽ നിന്നും ലഹരി പദാർത്ഥവും, നല്ല ഭക്ഷ്യപദാർത്ഥങ്ങളും ഉണ്ടാകുന്നതിലും അടങ്ങിയ ദൃഷ്ടാന്തങ്ങളെ ഓർമ്മിപ്പിച്ചശേഷം, തേനീച്ചയിലും തേനിലും അടങ്ങിയ ദൃഷ്ടാന്തങ്ങളെപ്പറ്റി ചിന്തിച്ചു നോക്കുവാൻ അല്ലാഹു ഉൽബോധിപ്പിക്കുന്നു. തേനീച്ചയെയും തേനിനെയും കുറിച്ച് പല ശാസ്ത്രജ്ഞൻമാരും പണ്ഡിതൻമാരും പല ഭാഷകളിലും പ്രത്യേകം ഗ്രന്ഥങ്ങളും ലേഖനങ്ങളും രചിക്കുകയുണ്ടായിട്ടുണ്ട്. തേനീച്ചയെക്കുറിച്ചു പഠിക്കുവാനും, അതിന്റെ ജീവിതരീതി നിരീക്ഷിച്ചറിയുവാനും നടത്തപ്പെട്ട പല പഠനശ്രമങ്ങളിൽ നിന്നുമായി തൽക്കർത്താക്കൾക്ക് ലഭിച്ച വിശദമായ അറിവുകൾ പരിശോധിക്കുമ്പോൾ, അവയുടെയെല്ലാം രത്നച്ചുരുക്കം ഈ രണ്ടു ഖുർആൻ വചനങ്ങളിൽ അടങ്ങിയിട്ടുണ്ടെന്ന് കാണാവുന്നതാണ്. അത്രയുമല്ല, അവർക്ക് ഇതേവരെയും വേണ്ടത്ര എത്തും പിടിയും കിട്ടാത്ത ചില വശങ്ങളിലേക്കുള്ള ചില സൂചനകൾ കൂടി ഈ വചനങ്ങളിൽ കണ്ടെത്തുവാൻ കഴിഞ്ഞേക്കും. ഈ വചനങ്ങളിലെ വാക്യങ്ങളുടെ വ്യക്തമായ അർത്ഥവൃത്തത്തിൽ ഒതുങ്ങിയ സംഗതികൾ മാത്രം നമുക്കിവിടെ ഓർമ്മിക്കാം. ان شاءالله അല്ലാഹു പറയുന്നു:-

واوحى ربك الى النحل (നിന്റെ റബ്ബ് തേനീച്ചക്കു 'വഹ്‌യു' നൽകിയിരിക്കുന്നു.) നബിമാർക്ക് ദിവ്യസന്ദേശങ്ങൾ നൽകുന്നതിനെക്കുറിച്ചാണു സാധാരണ وحى (വഹ്‌യു) എന്നു പറയപ്പെടാറുള്ളത്. ഭാഷയിൽ അതിനു 'സ്വകാര്യമായി അറിയിക്കുക, വേഗം അറിയിക്കുക, പതുക്കെ സംസാരിക്കുക, സൂചന നൽകുക, ബോധനം നൽകുക' എന്നു മറ്റും സന്ദർഭോചിതം അർത്ഥം വരും. തേനീച്ചക്കു വഹ്‌യുനൽകി എന്നു പറഞ്ഞതിന്റെ താല്പര്യം അതിനു തോന്നിപ്പിച്ചു-അഥവാ ബോധമുണ്ടാക്കി-എന്നാകുന്നു. തോന്നിപ്പിച്ച കാര്യങ്ങളാണ് തുടർന്നുപറയുന്നത്. അതായത്, ان اتخذى من الجبال بيوتا (മലകളിൽ നിന്നു വീടുകൾ-അഥവാ കൂടുകൾ-നിർമ്മിക്കുക എന്ന്.) മലകളിലുള്ള പൊത്തുകൾ, അളകൾ മുതലായ ചില പ്രത്യേക സ്ഥലങ്ങളിലായിരിക്കും തേനീച്ച കൂടു നിർമ്മിക്കുന്നത്. 'മലകളിൽ' എന്നോ മറ്റോ പറയാതെ, 'മലകളിൽനിന്നു' എന്ന പ്രയോഗം മലകളിൽ നിന്നും അതിനു പറ്റിയപ്രത്യേക സ്ഥലങ്ങളാണു സൂചിപ്പിക്കുന്നതും. തേൻകൂടുകൾ അധികവും മലമ്പ്രദേശങ്ങളിലായിരിക്കുമെങ്കിലും, മരപ്പൊത്തുകൾ, മരക്കൊമ്പുകൾ, മനുഷ്യനിർമ്മിതങ്ങളായ വീടുകൾ, മതിലുകൾ, പന്തലുകൾ ആദിയായവയിലും സുലഭം തന്നെ. അതാണു ومن الشجر ومما يعرشون (മരങ്ങളിൽ നിന്നും, അവർ-മനുഷ്യർ-കെട്ടി ഉയർത്തുന്നവയിൽ നിന്നും) എന്നു പറഞ്ഞത്. ഇങ്ങിനെ തക്കതായ സ്ഥലങ്ങളിൽ കൂടുകെട്ടുവാനുള്ള ബോധോദയം തേനീച്ചക്കു നൽകിയതു അല്ലാഹുവല്ലാതെ മറ്റാരുമല്ല. അതു അതിന്റെ ജൻമ

വാസനയാണെന്നു മാത്രം പറഞ്ഞു തൃപ്തിപ്പെടുന്നവർ ആ വാസന അതിന്ന് എങ്ങിനെ സിദ്ധിച്ചുവെന്നു ചിന്തിക്കാത്തവരായിരിക്കും.

കൂടുകെട്ടിയശേഷം തേൻ ശേഖരിക്കേണ്ടുന്നവിധവും അല്ലാഹു അതിനു പഠിപ്പിച്ചിരിക്കുന്നു: ثم كلى من الثمرات ('പിന്നെ, എല്ലാതരം ഫലവർഗ്ഗങ്ങളിൽ നിന്നും നീ തിന്നുകൊള്ളുക'.) الثمرات(ഫലങ്ങൾ) എന്നു ഇവിടെ പറഞ്ഞിരിക്കുന്നതു കായ്ഫലങ്ങൾ എന്ന ഉദ്ദേശ്യത്തിലല്ല. പഴങ്ങളും പൂക്കളും ഉൾകൊള്ളുന്ന ഫലങ്ങൾ എന്ന അർത്ഥത്തിലാകുന്നു. സസ്യങ്ങളിൽനിന്നും വൃക്ഷങ്ങളിൽ നിന്നും ലഭിക്കുന്ന എല്ലാ ഭോജ്യവസ്തുക്കൾക്കും പറയപ്പെടാവുന്ന വാക്കാണ് അത്. (*) തേനീച്ചകളുടെ പ്രധാന മേച്ചൽ സ്ഥാനം പൂക്കളാകുന്നു. കായകളും പഴങ്ങളും ഉത്ഭവിക്കുന്നതും പൂക്കളിൽ നിന്നുതന്നെ. തേനീച്ച തിന്നുന്നതു ഏതുതരം ഫലങ്ങളിൽ നിന്നായിരുന്നാലും അതു തേനിൻെറ ഉൽപാദനത്തിന്നു തടസ്സമാകുകയില്ല എന്ന ഒരു സൂചന من كل ثمرات (എല്ലാ ഫലങ്ങളിൽ നിന്നും) എന്ന പ്രയോഗത്തിൽ കണ്ടെത്താവുന്നതാകുന്നു. كلى (തിന്നുകൊള്ളുക) എന്ന വാക്കിൽ നിന്നു–പലരും ധരിക്കാറുള്ളതുപോലെ–പൂക്കളിൽനിന്നും, പഴങ്ങളിൽ നിന്നും തേൻ വലിച്ചെടുത്തു കൂട്ടിൽ കൊണ്ടുപോയി ശേഖരിക്കുകയില്ല തേനീച്ച ചെയ്യുന്നതെന്നും, തേനീച്ച അവയെ സമീപിക്കുന്നതു അതിൻെറ ഭക്ഷണാവശ്യാർത്ഥമാണെന്നും, താഴെ പറയും പ്രകാരം പിന്നീട് അതിൻെറ ശരീരത്തിൽനിന്ന് തേൻ പുറത്തു വരുകയാണു ചെയ്യുന്നതെന്നും മനസ്സിലാക്കാവുന്നതാകുന്നു. എല്ലാതരം ഫലങ്ങളിൽ നിന്നും ഇഷ്ടംപോലെ ഭക്ഷിക്കാമെന്നു നിർദ്ദേശിച്ചശേഷം فاسلكى سبل ربك ذللا (സുഗമായ നിലയിൽ നിൻെറ റബ്ബിൻെറ മാർഗ്ഗങ്ങളിൽ–അഥവാ റബ്ബു നിശ്ചയിച്ചുതന്നെ മാർഗ്ഗങ്ങളിലൂടെ–പ്രവേശിച്ചു കൊള്ളുക.) എന്നും നിർദ്ദേശിക്കുന്നു. ഈ വാക്യത്തിൻെറ അർത്ഥ വ്യാപ്തിയിൽ തേനീച്ചയുടെ എല്ലാ ജീവിത ക്രമങ്ങളും, പ്രവർത്തന സ്വഭാവങ്ങളും മൊത്തത്തിൽ അടങ്ങിയിട്ടുണ്ട്. കൂട്ടിൽനിന്നും ഭക്ഷണം തേടിപ്പോകേണ്ടുന്ന മാർഗ്ഗങ്ങൾ, ദൂരസ്ഥലങ്ങളിൽ പോയി ചുറ്റിത്തിരിഞ്ഞ ശേഷം ഉന്നം തെറ്റാതെ തിരിച്ചു വരേണ്ടുന്ന വിധങ്ങൾ, കൂട്ടിൽവെച്ചു സ്വീകരിക്കേണ്ടുന്ന കൃത്യങ്ങൾ, ഓരോ കൃത്യവും പാലിക്കേണ്ട മുറകൾ തുടങ്ങിയ കാര്യങ്ങളെല്ലാം ആ ചെറുവാക്യത്തിൽ അല്ലാഹു ഉൾപ്പെടുത്തിയിരിക്കുന്നു. അവയൊന്നും തെറ്റാതെ നിർവ്വഹിക്കുവാനുള്ള ബോധവും പ്രചോദനവും അല്ലാഹു ആ ചെറു ജീവിക്കു നൽകിയിരിക്കുന്നുവെന്നർത്ഥം. തേനീച്ചക്കുമാത്രമല്ല, എല്ലാ വസ്തുക്കൾക്കും അതതിമേതായ പ്രകൃതരൂപം നൽകുകയും, അനന്തരം ഓരോന്നിനും വേണ്ടുന്ന മാർഗ്ഗ നിർദ്ദേശം കൊടുക്കുകയും ചെയ്തവനാണല്ലോ നമ്മുടെ റബ്ബായ അല്ലാഹു. (ربنا الذى اعطى كل شيئ خلقه ثم هدى – طه)

ആയിരക്കണക്കിലും, പതിനായിരക്കണക്കിലുമുള്ള ജോലിക്കാരാൽ നടത്തപ്പെടുന്ന ഒരു തൊഴിൽ ശാലയത്രെ തേൻകൂട്. ആ തൊഴിൽശാലയിൽ നിന്ന് ഉൽപാദിപ്പിക്കപ്പെടുന്ന വിഭവമാണ് തേൻ അതെ, يخرج من بطونها شراب (അവയുടെ ഉള്ളങ്ങളിൽനിന്നും ഒരു പാനീയം പുറത്തുവരുന്നു.) പാനീയം കൊണ്ടു വിവക്ഷ തേൻതന്നെ. കുടിക്കുവാൻ പറ്റിയ ദ്രവവസ്തുവാകകൊണ്ട് പാനീയം (شراب) എന്നു പറഞ്ഞുവെങ്കിലും അതോടുകൂടി പാലുപോലെത്തന്നെ ഉത്തമമായ ഒരു ഭക്ഷ്യ പദാർത്ഥം കൂടിയാണ് തേൻ. തേനീച്ചകളുടെ ജാതിവ്യത്യാസവും, അവയുടെ മേച്ചൽ സ്ഥാനങ്ങളുടെയും കാലദേശങ്ങളുടെയും വ്യതാസവും അനുസരിച്ചു തേനിൻെറ വർണ്ണത്തിലും വ്യത്യാസം ഉണ്ടാകുന്നു. അതാണു مختلف الوانه (അതിൻെറ നിറങ്ങൾ വ്യത്യസ്തമായിരിക്കും) എന്നു പറഞ്ഞത്. ചുവപ്പ്, മഞ്ഞ, കറുപ്പ്, വെള്ള എന്നീ നിറങ്ങൾക്കാണ് അതിൽ മുൻതൂക്കം കാണപ്പെടാറുള്ളത്. ചിലയിനം തേനിന്നു മറ്റു ചിലതിനേക്കാൾ ഗുണം കൂടുമെങ്കിലും എല്ലാറ്റിൻെറയും ഉപകാരം മൊത്തത്തിൽ ഒരു പോലെത്തന്നെ. പാനീയവും ഭക്ഷ്യപദാർത്ഥവുമെന്ന പോലെ, തേൻ ഒരു വലിയ ഔഷധവീര്യമുള്ള വസ്തു കൂടിയാണല്ലോ ഒരു പക്ഷെ, ഔഷധവസ്തുവെന്ന നിലക്കാണ്

* كما فى المفردات

സാധാരണക്കാർക്കിടയിൽ അതിനു കൂടുതൽ പ്രാധാന്യമുള്ളതും. എത്രയോ രോഗങ്ങൾക്കു തനിച്ചായും, മിശ്രമായും തേൻ കൈകണ്ട ഔഷധമാണെന്നു പറയേണ്ടതില്ല. فيه شفاء للناس(അതിൽ മനുഷ്യർക്കു രോഗശമനമുണ്ട്) എന്ന വാക്യം അതാണു ചൂണ്ടിക്കാട്ടുന്നത്.

'അബൂസഈദിൽ ഖുദ്‌രി'(ﷺ)ഇങ്ങിനെ പ്രസ്താവിച്ചതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: ഒരു പുരുഷൻ 'റസൂൽ' (ﷺ) തിരുമേനിയുടെ അടുക്കൽചെന്നു എൻെറ സഹോദരനു വയറിളക്കം (അതിസാരം) ബാധിച്ചിരിക്കുന്നുവെന്നു പറഞ്ഞു. നബി(ﷺ) പറഞ്ഞു: ''നീ പോയി അവന്നു തേൻ കുടിക്കുവാൻ കൊടുക്കുക'' അയാൾപോയി തേൻ കൊടുത്തു. പിന്നീട് വന്നു ഇങ്ങിനെ പറഞ്ഞു: ''റസൂലേ, ഞാൻ അവന്നു തേൻ കുടിപ്പിച്ചു. എന്നിട്ടു വയറിളക്കം അധികമാവുകയല്ലാതെ ഉണ്ടായില്ല.'' തിരുമേനി പറഞ്ഞു: ''നീ പോയി അവന്നു തേൻ കുടിക്കുവാൻ കൊടുക്കക.'' അയാൾ പിന്നേയും തേൻ കുടിപ്പിച്ചു. പിന്നീടും അയാൾ വന്നു ''അതവന്നു വയറിളക്കം അധികരിപ്പിക്കുകയല്ലാതെ ചെയ്തില്ല'' എന്നു പറഞ്ഞു. അപ്പോൾ, 'റസൂൽ' (ﷺ) പാഞ്ഞു: ''അല്ലാഹു സത്യം പറഞ്ഞു. നിൻെറ സഹോദരൻെറ വയർ കളവും പറഞ്ഞു. നീ പോയി അവന്നു തേൻ കുടിപ്പിക്കുക.'' അങ്ങനെ, അദ്ദേഹം (വീണ്ടും) പോയി അവന്നു തേൻകൊടുത്തു. അപ്പോൾ അയാൾക്കു സുഖപ്പെടുകയും ചെയ്തു. (ബു;മു) ആദ്യത്തെ പ്രാവശ്യങ്ങളിൽ അയാളുടെ വയറ്റിലെ ദുഷ്ടതകൾ നീങ്ങിക്കഴിഞ്ഞിരുന്നില്ലെന്നും, തേൻ ഉഷ്ണവീര്യമുള്ളതാകകൊണ്ടു ആ ദുഷ്ടതകൾ അതു ഇളക്കിപ്പുറത്താക്കുകയാണ് ആദ്യം ഉണ്ടായതെന്നും, അവ നീങ്ങിക്കഴിഞ്ഞതോടെ അവസാനം വയറിന് പൂർണ്ണസുഖം കിട്ടിയെന്നുമാണ് ഈ 'ഹദീസിനു' ഭിഷഗ്വരൻമാരായ ചില പണ്ഡിതൻമാരുടെ വ്യാഖ്യാനമെന്ന് 'ഇബ്നുകഥീർ' (ﷺ)മുതലായവർ ചൂണ്ടിക്കാട്ടുന്നു. തേനിൻെറ ഗുണത്തെപ്പറ്റി വേറെയും ഹദീസുകൾ കാണാവുന്നതാണ്.

തേനീച്ചകളെക്കുറിച്ചു ഗവേഷണ പരീക്ഷണങ്ങൾ നടത്തിയ പല ശാസ്ത്രജ്ഞൻമാരുടെയും പ്രസ്താവനകളെ അടിസ്ഥാനമാക്കി അൽപം ചില സംഗതികൾകൂടി ഇവിടെ ഓർമ്മിക്കുന്നതു സന്ദർഭോചിതമായീരിക്കും, മേൽ വിവരിച്ച ചില വശങ്ങളിലേക്ക് അതിൽനിന്നു അൽപം കൂടി വെളിച്ചം ലഭിക്കുകയും ചെയ്തേക്കും. അവർ പറയുന്നു: ഒരു തേനീച്ചക്കൂട്ടിൽ ആയിരക്കണക്കിന്നു ഈച്ചകൾ ഉണ്ടായിരിക്കും. ചിലപ്പോൾ, പതിനായിരംവരെയും ഉണ്ടാവാം. ഒരോ കൂട്ടിലും അതിലെ മുഴുവൻ മേൽനോട്ടം വഹിക്കുന്ന ഒരു വലിയ ഈച്ചയുണ്ടായിരിക്കും. ഇതു 'റാണി', എന്ന പേരിൽ അറിയപ്പെടുന്നു. ഇതിൻെറ നിർദ്ദേശങ്ങൾക്കനുസരിച്ചായിരിക്കും മറ്റുള്ളവയുടെ പ്രവർത്തനങ്ങൾ നടക്കുന്നത്. കൂട്ടത്തിൽ ഏതാണ്ടു നൂറോ അഞ്ഞൂറോ എണ്ണം ആണീച്ചകളായിരിക്കും. ഇവക്കു റാണിയുമായി ഇണചേരുകയല്ലാതെ വേറെ പ്രത്യേകം ജോലിയൊന്നുമില്ല. അതുകൊണ്ടുഅവർക്ക് 'മടിയൻമാർ' എന്നു പറയപ്പെടുന്നു, ബാക്കിയെല്ലാം 'അദ്ധ്വാനിക്കുന്നവരാ'യിരിക്കും. റാണിഈച്ച ദിവസേന ധാരാളക്കണക്കിൽ മുട്ടയിടും റാണിയേയും, ആണീച്ചകളെയും ശുശ്രൂഷിക്കുക, പുറത്തുപോയി പൂമ്പൊടി തുടങ്ങിയ ആഹാരങ്ങൾ തേടിപ്പിടിച്ചു കൊണ്ടുവരുക, തേൻ സൂക്ഷിക്കുവാനുള്ള അറകൾ നിർമ്മിക്കുക, അതിൽ തേൻ സൂക്ഷിച്ചുവെക്കുക, പുതുതായി ജനിക്കുന്ന കുഞ്ഞുങ്ങളെ വളർത്തുക, ഉറുമ്പ് മുതലായ ശത്രുക്കളെ ചെറുക്കുക, കൂടും പരിസരവും വൃത്തിയാക്കുക തുടങ്ങിയ എല്ലാജോലികളും ഈ മൂന്നാം വിഭാഗത്തിൻെറ ജോലിയാകുന്നു. പൂക്കളിൽനിന്നും മറ്റും ഈമ്പിയെടുത്തു ഭക്ഷിച്ച തേൻ, പിന്നീടു ഈച്ചയുടെ ശരീരത്തിൽനിന്നു ഊറിവരുന്ന ഒരുതരം ഉമിനീരു കലർന്നുകൊണ്ടു വായിലൂടെ പുറത്തേക്കുവരുന്നു. ഇതു അറകളിൽ നിക്ഷേപിച്ചു കലർപ്പുകളിൽനിന്നു ശുദ്ധിയാക്കപ്പെടുന്നു. കൂടിൻെറ ഓരോ അറയും പ്രഗൽഭരായ എഞ്ചിനീയർമാർക്കു പോലും സാധ്യമല്ലാത്തവിധം സമകൃത്യത്തിലുള്ള ആറു കോണാകൃതിയിൽ തൊട്ടുതൊട്ടും, കലാപരമായും, ഭംഗിയായും നിർമ്മിക്കപ്പെട്ടിരിക്കും. വേറെ ആകൃതികളിൽ നിർമ്മിക്കപ്പെടുന്നപക്ഷം അറകൾക്കിടയിൽ മിക്കവാറും അൽപാൽപം വിടവുകൾ ഉണ്ടായേക്കുമെന്നു കരുതിയായിരിക്കാം ഈ ആകൃതി സ്വീകരിക്കപ്പെട്ടിരിക്കുന്നതെന്നു കരുതപ്പെടുന്നു. الله علم

ഇങ്ങനെയുള്ള വസ്തുതകൾ ഓർമ്മിച്ചുകൊണ്ടു തേനീച്ചയെയും തേനിനെയും കുറിച്ചു ചിന്തിക്കുമ്പോൾ, അല്ലാഹുവിന്റെ സൃഷ്ടിവൈഭവം, പരിപാലനമുറകൾ, മനുഷ്യന്റെ ഗുണത്തിനു വേണ്ടി അവൻ ഭൂമിയിൽ സജ്ജമാക്കിവെച്ചിട്ടുള്ള സംവിധാനങ്ങൾ ആദിയായവക്കു അതിൽനിന്ന് ധാരാളം ദൃഷ്ടാന്തം കണ്ടെത്താവുന്നതാണ്. അതെ,ان فى ذلك لا ية لقوم يتفكرون(നിശ്ചയമായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തമുണ്ട്.)

وَٱللَّهُ خَلَقَكُمْ ثُمَّ يَتَوَفَّىٰكُمْ ۚ وَمِنكُم مَّن يُرَدُّ إِلَىٰٓ أَرْذَلِ ٱلْعُمُرِ لِكَىْ لَا يَعْلَمَ بَعْدَ عِلْمٍ شَيْـًٔا ۚ إِنَّ ٱللَّهَ عَلِيمٌ قَدِيرٌ ﴿٧٠﴾

70 അല്ലാഹുവത്രെ നിങ്ങളെ സൃഷ്ടിച്ചത്; പിന്നീട് നിങ്ങളെ അവൻ മരണപ്പെടുത്തുന്നു. ആയുസ്സിന്റെ ഏറ്റം താഴേകിട [ദുർബ്ബലാവസ്ഥ]യിലേക്ക് ഒഴിവാക്കി വിടപ്പെടുന്നവരും നിങ്ങളിലുണ്ടായിരിക്കും; അറിവിന്നു ശേഷം (പിന്നെയും) യാതൊന്നും അറിയാതിരിക്കുവാൻവേണ്ടി. നിശ്ചയമായും അല്ലാഹു (എല്ലാം) അറിയുന്നവനും, കഴിവുള്ളവനുമാകുന്നു.

---

70 **والله** അല്ലാഹു, അല്ലാഹുവത്രെ. **خلقكم** നിങ്ങളെ സൃഷ്ടിച്ചു, സൃഷ്ടിച്ചത്. **ثم** പിന്നീട്. **يتوفاكم** നിങ്ങളെ അവൻ പൂർണ്ണമായി പിടിച്ചെടുക്കുന്നു (മരിപ്പിക്കുന്നു). **ومنكم** നിങ്ങളിലുണ്ടായിരിക്കും, നിങ്ങളിൽനിന്ന് (ചിലർ). **من يرد** മടക്ക (ആക്ക-ഒഴിവാക്കി വിട)പ്പെടുന്നവർ. **إلى أرذل** ഏറ്റം താണപടി(ദുർബ്ബലസ്ഥിതി)യിലേക്ക്. **العمر** ആയുഷ്ക്കാലത്തിന്റെ, ആയുസ്സിന്റെ. **لكي لا يعلم** അവർ അറിയാതിരിക്കുവാൻവേണ്ടി. **بعدعلم** അറിവിനുശേഷം. **شيئا** യാതൊന്നും. **إن الله** നിശ്ചയമായും അല്ലാഹു. **عليم** അറിയുന്നവനാണ്. **قدير** കഴിവുള്ളവനാണ്.

ചില ജീവികളിലും, പദാർത്ഥങ്ങളിലും അടങ്ങിയ ദൃഷ്ടാന്തങ്ങളെ ചൂണ്ടിക്കാട്ടിയ ശേഷം, മനുഷ്യരിൽതന്നെയും സ്ഥിതിചെയ്യുന്ന ചില ദൃഷ്ടാന്തങ്ങളെ ഓർമ്മിപ്പിക്കുകയാണ്. മനുഷ്യരെ സൃഷ്ടിച്ചു ഈ നിലക്കെത്തിച്ച അല്ലാഹുതന്നെ അവന്റെ ആയുഷ്കാലവും നിയന്ത്രിക്കുന്നു. ചിലർ ചെറുപ്പത്തിലേ മരണമടയുന്നു. ചിലർ ഏതാനും വയസ്സുവരെ ജീവിക്കുന്നു. ചിലരാകട്ടെ, സാധാരണയിൽ കവിഞ്ഞ ദീർഘായുസ്സു നൽകപ്പെട്ടവരായിരിക്കും. അങ്ങനെ, മുമ്പ് അവർക്കുണ്ടായിരുന്ന അറിവും തന്റേടവും നഷ്ടപ്പെടുകയും, ഗ്രഹണേന്ദ്രിയങ്ങൾ ക്ഷയിച്ചു ശിശുക്കൾ കണക്കെ ആയിത്തീരുകയുംചെയ്യുന്നു. ഒരാൾ, ദൃഢഗാത്രനും ആരോഗ്യവാനുമായതു കൊണ്ടോ മറ്റോ ദീർഘകാലം ജീവിക്കുമെന്നോ, വേറൊരാൾ അവശഗാത്രനും ആരോഗ്യം കുറഞ്ഞവനുമാകകൊണ്ടു നേരത്തെ മരണമടയുമെന്നോ നിശ്ചയിക്കുക സാധ്യമല്ല. എല്ലാം അല്ലാഹുവിന്റെ നിശ്ചയം അനുസരിച്ചു നടക്കുന്നുവെന്നുമാത്രം.

സൂ: റൂം 54ൽ അല്ലാഹു പറയുന്നു: ''നിങ്ങളെ ബലഹീനതയിൽ നിന്നു സൃഷ്ടിച്ചവൻ അല്ലാഹുവത്രെ. പിന്നീട്, ബലഹീനതക്കുശേഷം അവൻ ശക്തിയുണ്ടാക്കി. പിന്നെ, ശക്തിക്കുശേഷം ബലഹീനതയും, നരയും ഉണ്ടാക്കി. അവൻ ഉദ്ദേശിക്കുന്നതു അവൻ സൃഷ്ടിക്കുന്നു.'' യാസീൻ: 68ൽ പറയുന്നു: ''ആർക്കു നാം ദീർഘായുസ്സു നൽകുന്നുവോ അവർക്കു സൃഷ്ടിയിൽ (പ്രകൃതിയിൽ) നാം വിപരീതാവസ്ഥ നൽകുന്നു'' നബി (ﷺ) ഇങ്ങനെ പ്രാർത്ഥിച്ചിരുന്നതായി 'അനസ്' (رضي الله عنه)പ്രസ്താവിച്ചിരിക്കുന്നു: (*) ''പിശുക്ക്, ഉദാസീനത, വാർദ്ധക്യക്ഷീണം,

* اعوذ بك من البخل والكسل والهرم وارذل العمر وعذاب القبر وفتنة الدجال وفتنة المحيا والممات– البخارى

അവശപ്രായം, ഖബ്റിലെ ശിക്ഷ, ദജ്ജാലിൻെറ കുഴപ്പം, ജീവിതത്തിലെയും മരണത്തിലെയും കുഴപ്പം എന്നിവയിൽനിന്നു (അല്ലാഹുവേ,) ഞാൻ നിന്നോടുരക്ഷ തേടുന്നു''. (ബു)

വിഭാഗം-10

وَٱللَّهُ فَضَّلَ بَعۡضَكُمۡ عَلَىٰ بَعۡضٖ فِي ٱلرِّزۡقِۚ فَمَا ٱلَّذِينَ فُضِّلُواْ بِرَآدِّي رِزۡقِهِمۡ عَلَىٰ مَا مَلَكَتۡ أَيۡمَٰنُهُمۡ فَهُمۡ فِيهِ سَوَآءٌۚ أَفَبِنِعۡمَةِ ٱللَّهِ يَجۡحَدُونَ ٧١

71 അല്ലാഹു (തന്നെ), നിങ്ങളിൽ ചിലരെ ചിലരെക്കാൾ ആഹാര (വിഷയ)ത്തിൽ ശ്രേഷ്ഠമാക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ, ശ്രേഷ്ഠമാക്കപ്പെട്ടവർ തങ്ങളുടെ ആഹാരത്തെ തങ്ങളുടെ വലംകൈ ഉടമയാക്കിയവർക്ക് [അടിമകൾക്ക്] വിട്ടുകൊടുക്കുന്നവരല്ല; എന്നിട്ട് അവർ (രണ്ടുകൂട്ടരും) അതിൽ സമമായിരിക്കുക (-അതുണ്ടാകുകയില്ല.) അപ്പോൾ, അല്ലാഹുവിൻെറ അനുഗ്രഹത്തെയോ അവർ നിഷേധിക്കുന്നത്?!

---

71 **والله** അല്ലാഹു (തന്നെ). **فَضلَ** ശ്രേഷ്ടമാക്കി, മെച്ചമാക്കി. **بعضكُم** നിങ്ങളിൽ ചിലരെ. **على بعض** ചിലരെക്കാൾ. **في الرزق** ആഹാരത്തിൽ, ഉപജീവനത്തിൽ.. **فما الذين فُضلُوا** എന്നാൽ ശ്രേഷ്ഠ(മെച്ച)മാക്കപ്പെട്ടവർ അല്ല. **برادي** മടക്കു (വിട്ടുകൊടുക്കു)ന്നവർ. **رزقهم** അവരുടെ ആഹാരത്തെ. **على ما ملكت** ഉടമപ്പെടുത്തിയവർക്ക്. **أيمانهم** അവരുടെ വലംകൈകൾ. **فهم** എന്നിട്ട് (അങ്ങനെ) അവർ. **فيه** അതിൽ. **سواءٌ** സമമാണ് (എന്നുള്ളത്). **أفَبِنِعمة** അപ്പോൾ അനുഗ്രഹത്തെയാണോ. **الله** അല്ലാഹുവിൻെറ. **يجحدونَ** അവർ നിഷേധിക്കുന്നു, നിരാകരിക്കുന്നു.

ആഹാരവിഷയത്തിൽ–അഥവാ ഉപജീവനമാർഗ്ഗങ്ങളിൽ–എല്ലാവരും ഒരേ നിലക്കാരായിട്ടല്ല ഉള്ളത്. ചിലർക്ക് കൂടുതലും, ചിലർക്ക് കഷ്ടിച്ചുമായിക്കൊണ്ടാണു അല്ലാഹു അതു നൽകിയിരിക്കുന്നത്. മനുഷ്യൻെറ സാമർത്ഥ്യമോ, ബുദ്ധിയോ, പ്രാപ്തിയോ അല്ല അതിൻെറ മാനദണ്ഡം. ബാഹ്യമായി നോക്കുമ്പോൾ അവക്കും അതിൽ സ്ഥാനങ്ങളുണ്ടെന്നതു ശരിതന്നെ. പക്ഷേ, യഥാർത്ഥത്തിലുള്ള മാനദണ്ഡം അല്ലാഹുവിൻെറ നിശ്ചയമാകുന്നു. അല്ലായിരുന്നുവെങ്കിൽ, പ്രാപ്തരും ബുദ്ധിമാൻമാരുമായ എല്ലാ വ്യക്തികളും ധനാഢ്യൻമാരാകേണ്ടതും, അല്ലാത്തവരെല്ലാം ദരിദ്രൻമാരാകേണ്ടതുമായിരുന്നു. ബുദ്ധിമതികളും അതിസമർത്ഥരുമായ എത്രയോ ആളുകൾ ജീവിതക്ലേശം അനുഭവിച്ച് വരുന്നതും, വിവേകമോ പ്രാപ്തിയോ ഇല്ലാത്ത എത്രയോ ആളുകൾ ധനസമൃദ്ധിയും സുഖസൗകര്യങ്ങളുമുള്ളവരായി കഴിയുന്നതും നാം കണ്ടു വരുന്നതാണല്ലോ. ഈ യഥാർത്ഥം മറ്റൊരു സ്ഥലത്തു അല്ലാഹു ഇങ്ങിനെ വ്യക്തമാക്കിയിരിക്കുന്നു: اهم يقسمون رحمة ربك نحن قسمنا بينهم معيشتهم....... (അവരാണോ നിൻെറ റബ്ബിൻെറ കാരുണ്യം ഭാഗിച്ചുകൊടുക്കുന്നത് ?! ഐഹികജീവിതത്തിൽ അവരുടെ ജീവിതമാർഗ്ഗം നാമത്രെ അവർക്കിടയിൽ ഭാഗിച്ചിരിക്കുന്നത്. അവരിൽ ചിലരെ ചിലർക്കുമീതെ പലപടികൾ നാം ഉയർത്തുകയും ചെയ്തിരിക്കുന്നു.......)(സുഖ്റുഫ്:32) ഇങ്ങനെ ജീവിതമാർഗ്ഗം വ്യത്യസ്ത രീതിയിലാക്കി നിശ്ചയിക്കുവാനുള്ള ചില കാരണങ്ങളും അവിടെ അല്ലാഹു എടുത്തുകാണിച്ചിട്ടുണ്ട്. കൂടുതൽ വിവരത്തിനു അവിടെ നോക്കുക.

പ്രസ്തുത തത്വം വിവരിക്കലല്ല ഇവിടെ ഉദ്ദേശ്യം അല്ലാഹുവിന്റെ അടിമയായ മനുഷ്യൻ അല്ലാഹു അല്ലാത്തവരെ ആരാധിക്കുകയും, അല്ലാഹുവിന്റെ അധികാരാവകാശങ്ങളെ അവർക്കു വകവെച്ചുകൊടുക്കയും ചെയ്യുകയെന്ന 'ശിർക്കി'ന്റെ അർത്ഥശൂന്യത ഒരു ഉദാഹരണത്തിലൂടെ ചൂണ്ടിക്കാട്ടുകയാണു ഈ വചനത്തിന്റെ താൽപര്യം. എല്ലാവർക്കും ഒരേ തോതിലല്ല അല്ലാഹു ഉപജീവനമാർഗ്ഗം നൽകിയിരിക്കുന്നത്. യജമാനൻമാരെ ആശ്രയിച്ചു കഴിയുന്ന അടിമകൾ നിർധനരായിരിക്കും. എന്നാൽ, യജമാന വർഗ്ഗം തങ്ങളുടെ പക്കലുള്ള തങ്ങളുടെ അടിമകൾക്കു വിട്ടുകൊടുത്തുകൊണ്ടു അവരെയും പങ്കുകാരാക്കി ഇരുകൂട്ടരും അതിൽ സമാവകാശികളാകാറില്ല. അഥവാ അതിന്നവർ കൂട്ടാക്കുകയില്ല അതേ സമയത്ത്, അല്ലാഹുവിന്റെ അടിമയും ഉടമയുമായ ചില സൃഷ്ടികൾക്കു അവർ അല്ലാഹുവിന്റെ അധികാരാവകാശങ്ങൾ വകവെച്ചു കൊടുക്കുകയും ചെയ്യുന്നു. അഥവാ അവരെ ആരാധിക്കുകയും, അല്ലാഹു നൽകിയ സ്വത്തിൽ ഒരു പങ്കു നേർച്ച വഴിപാടുകളും മറ്റും വഴി അവർക്കു നീക്കിവെക്കുകയും ചെയ്യുന്നു. അങ്ങനെ, തങ്ങൾക്കവകാശപ്പെട്ടതു തങ്ങളുടെ അടിമകൾക്കു വിട്ടുകൊടുക്കുവാൻ തയ്യാറില്ലാത്ത അവർ അല്ലാഹുവിന്റെ അവകാശങ്ങൾ അവന്റെ അടിമകൾക്കു വിട്ടുകൊടുത്തു അവരെ അവനോടു സമമാക്കുന്നു. അല്ലാഹു അവർക്കു നൽകിയിട്ടുള്ള അനുഗ്രഹത്തെ നിഷേധിക്കലും അവനോടു കാണിക്കുന്ന ഒരു ധിക്കാരവുമാണിത്. ഇതത്രെ ഈ വചനത്തിലടങ്ങിയ ആശയത്തിന്റെ ചുരുക്കം. വഴിയെ ഉദ്ധരിക്കുന്ന സൂ: റൂമിലെ 28-–ാം വചനത്തിൽ നിന്നു ഈ ആശയം കുറേകൂടി വ്യക്തമായി മനസ്സിലാക്കാം.

ما ملكت ايمانهم (അവരുടെ വലങ്കൈകൾ ഉടമയാക്കിയവർ) എന്നു പറഞ്ഞത് അടിമകളെ ഉദ്ദേശിച്ചാകുന്നു. ഈ വാക്കിന്റെ അർത്ഥത്തെയും പ്രയോഗത്തെയും സംബന്ധിച്ചും, അതിനു വികൃതമായ ചില അർത്ഥങ്ങൾ നൽകിക്കൊണ്ടു ഇസ്ലാമിൽ അടിമത്തം എന്നൊന്നു അംഗീകരിക്കപ്പെട്ടിട്ടില്ലെന്ന ചിലരുടെ വാദത്തെ സംബന്ധിച്ചും 'സൂ:മുഅ്മിനൂ'ന്റെ ശേഷം കൊടുത്തിട്ടുള്ള വ്യാഖ്യാനകുറിപ്പിലും, ഇസ്ലാമിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള അടിമത്തത്തെപ്പറ്റി 'സൂ: അഹ്സാബിനു' ശേഷമുള്ള വ്യാഖ്യാനക്കുറിപ്പിലും വിവരിച്ചിട്ടുണ്ട്. പ്രസ്തുത വാദക്കാരായ ചിലർ മറ്റൊരു പുത്തൻ ചിന്താഗതിക്കു ഖുർആന്റെ സാധൂകരണമുണ്ടെന്നു വരുത്തുവാൻ വേണ്ടി ഈ വചനത്തിനു ഒരു പുതിയ അർത്ഥവ്യാഖ്യാനം നൽകിക്കാണുന്നു. കാലത്തിന്റെ ഒഴുക്കിനൊത്തു ഖുർആനെ വ്യാഖ്യാനിക്കുന്നതിലുള്ള താൽപര്യവും അത്തരം വ്യാഖ്യാനങ്ങൾ പുറപ്പെടുവിക്കുന്നതിലുള്ള അഭിമാനവുമാണു അതിന്റെ പിന്നിലുള്ളതെന്നു അൽപം ചിന്തിക്കുന്നവർക്കു മനസ്സിലാകുന്നതാണ്.

ആഹാരവിഷയത്തിൽ മെച്ചം ലഭിച്ചവർ തങ്ങളുടെ ആവശ്യം കഴിച്ചു ബാക്കിയുള്ളത് തങ്ങളുടെ വേലക്കാർ, ജോലിക്കാർ മുതലായ സാധുക്കൾക്കു നൽകേണ്ടതാണെന്നുള്ള തത്വത്തിൽ ആർക്കും തർക്കമില്ല. ചിലപ്പോഴൊക്കെ നിയമദൃഷ്ട്യാ തന്നെ അതു വളരെ കർശനമായ ഒരു നിർബ്ബന്ധം കൂടിയായിരിക്കുകയും ചെയ്യും. എന്നാൽ, ആവശ്യം കഴിച്ചു മിച്ചമുള്ളതിലെല്ലാം അവർ സമാവകാശികളാണെന്നും, അതു നിർബ്ബന്ധമാണെന്നുമുള്ള സിദ്ധാന്തം ഇസ്ലാമികമോ ഖുർആനികമോ അല്ല. ഖുർആൻ ഒരു പഴഞ്ചനല്ലെന്നുള്ളതിനോടും നാം തികച്ചും യോജിക്കുന്നു. എന്നാലതു ഒരു നവീന ഗ്രന്ഥമാണോ? അതുമല്ല, പഴഞ്ചനും നവീനവുമല്ലാത്ത -അഥവാ പഴയകാലത്തേക്കും നവീനകാലത്തേക്കും ഒരുപോലെ യുക്തവും പ്രായോഗികവുമായ ഒരു ഗ്രന്ഥമാണത് എന്നുള്ളതാണു വാസ്തവം. സന്ദർഭം മറ്റൊന്നായതുകൊണ്ടു ഈ വിഷയകമായി ഇവിടെ കൂടുതലൊന്നും വിവരിക്കുന്നില്ല. എന്നാലും ചില സംഗതികൾ ഇവിടെ ഓർക്കേണ്ടിയിരിക്കുന്നു:-

(1) ما ملكت ايمانهم എന്ന വാക്കിനു ''അവരുടെ നിയന്ത്രണത്തിൽ കീഴിലുള്ളവർ'' എന്ന് അർത്ഥം കൽപിക്കുകയും, തങ്ങളുടെ കീഴിലുള്ള ജോലിക്കാരും വേലക്കാരുമൊക്കെയാണു അതു കൊണ്ടുദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്നു വ്യാഖ്യാനിക്കുകയും ചെയ്തത് ശരിയല്ല. ഭാഷാ

സാഹിത്യത്തിലോ ഖുർആനിലോ അതിനു തെളിവുമില്ല. (2) فهم فيه سواء എന്ന വാക്കിനു 'വാസ്തവത്തിൽ അവർ അതിൽ സമാവാകശികളാകുന്നു' വെന്നു അർത്ഥം കൽപിച്ചതും, ആവശ്യം കഴിച്ചു മിച്ചമുള്ള ആഹാരം അത്തരക്കാർക്ക് നൽകണമെന്നാണ് ഇതുമൂലം ഖുർആൻ ഉൽബോധിപ്പിക്കുന്നതെന്നു വ്യാഖ്യാനിച്ചതും ഇവർ കരുതിക്കൂട്ടി നടത്തിയ ഒരു കയ്യേറ്റമായേ മനസ്സിലാക്കുവാൻ കഴിയുന്നുള്ളു. فهم (ഫഹും) എന്നതിൻെറ സ്ഥാനത്തു وهم (വഹും) എന്നായിരുന്നു ഉള്ളതെങ്കിൽ ഈ അർത്ഥവ്യാഖ്യാനം ഒരു വിധത്തിലെങ്കിലും വകവെച്ചുകൊടുക്കാമായിരുന്നു. അറബി ഭാഷയെയും, അറബി സാഹിത്യശാസ്ത്രങ്ങളെയും കുറിച്ചു സ്വൽപം പരിചയമുള്ളവർക്ക് ഈ സംഗതി വേഗത്തിൽ മനസ്സിലാകും. അല്ലാത്തവരെ സംബന്ധിച്ചിടത്തോളം കുറച്ചൊരു വിശദീകരണം ആവശ്യമായി വന്നേക്കും. അതിനിവിടെ സൗകര്യം പോരതാനും. ഖുർആൻ അവതരിച്ചു പതിനാല് നൂറ്റാണ്ടുകൾ പിന്നിടുന്നതുവരെ ഒരു പണ്ഡിതന്നും ഒരു വ്യാഖ്യാതാവിന്നും കണ്ടുപിടിക്കുവാൻ കഴിയാത്ത ഒരു പുതിയ അർത്ഥ കൽപനയാണ് ഇവർ സമർപ്പിച്ചിരിക്കുന്നത് എന്നുള്ളതുതന്നെ നിഷ്പക്ഷ ബുദ്ധിയുള്ളവർക്ക് വാസ്തവം ഗ്രഹിക്കുവാൻ മതിയായ ഒരു തെളിവാണല്ലോ.

(3) പുതുതായി രംഗപ്രവേശം ചെയ്യുന്നതും ജനമദ്ധ്യെ പ്രചാരമുള്ളതുമായ നവീനാശയങ്ങൾക്കു ഖുർആൻെറ അംഗീകാരമുണ്ടെന്നും, ഖുർആൻ മുമ്പുതന്നെ അത് പ്രഖ്യാപിച്ചിട്ടുണ്ടെന്നും വരുത്തുന്നതിൽ ചില ആധുനിക പണ്ഡിതൻമാർ സത്യദീക്ഷയില്ലാത്തവിധം അമിതമായ താൽപര്യം കാണിക്കാറുണ്ട്. അക്കൂട്ടത്തിൽ ഒന്നാണ് കാറൽ മാർക്സിൻെറ സ്ഥിതി 'സമത്വവാദ' (സോഷ്യലിസ)ത്തിനു ഒപ്പിക്കുവാൻ വേണ്ടിയുള്ള ഈ ശ്രമവും. പ്രത്യക്ഷത്തിൽ ഇതു ഖുർആൻെറ ഒരു മഹത്വമാണെന്നു വരുത്താനുള്ള ഒരു ശ്രമമാണെന്ന് തോന്നാമെങ്കിലും യഥാർത്ഥത്തിൽ ഖുർആനെ ദുർവ്യാഖ്യാനം ചെയ്ത് തരം താഴ്ത്തലും, അതിൻെറ യഥാർത്ഥ അദ്ധ്യാപനത്തെ വികൃതമാക്കലുമാകുന്നു. കാറൽ മാർക്സിൻെറ സാമ്പത്തിക സിദ്ധാന്തവും, ഖുർആൻെറ സാമ്പത്തിക സിദ്ധാന്തവും തമ്മിൽ ഏതെങ്കിലും ചില വിശദാംശങ്ങളിൽ യോജിപ്പുണ്ടായേക്കുമെന്നതൊഴിച്ചാൽ, അടിസ്ഥാനപരമായി രണ്ടും പരസ്പരം യോജിക്കുകയില്ലെന്നുള്ളതാണു യഥാർത്ഥം. (4) ഇവരുടെ വ്യാഖ്യാനപ്രകാരം, ആവശ്യം കഴിച്ചു മിച്ചമുള്ള ആഹാരം വേലക്കാർ, ജോലിക്കാർ മുതലായവർക്കു അവകാശപ്പെട്ടതാണെന്നാണല്ലോ ഖുർആൻ ഉൽബോധിപ്പിക്കുന്നത്. 'അവരുടെ ആഹാരം' എന്നർത്ഥമായ رزقهم എന്ന വാക്കിനു 'അവരുടെ കയ്യിലുള്ള ആഹാരം' എന്നാണു ഇവർ അർത്ഥം കൽപിച്ചിരിക്കുന്നത്. വ്യാഖ്യാന വേളയിലാകട്ടെ, 'അവരുടെ ആവശ്യം കഴിച്ചു മിച്ചമുള്ള ആഹാരം' എന്നാക്കി മാറ്റുകയും ചെയ്തിരിക്കുന്നു. ഇതു ഖുർആനെ മാർക്സിസത്തോടു യോജിപ്പിക്കുവാനുള്ള സൗകര്യാർത്ഥമായിരിക്കാം. അല്ലെങ്കിൽ ''അവരുടെ ആഹാരം'' എന്നു അല്ലാഹു പറഞ്ഞതിനെ ''ആവശ്യം കഴിച്ചു മിച്ചമുള്ളതാ''ക്കുവാൻ എന്താണ് ന്യായം?

(5)ഈ വചനത്തിൻെറ ആശയം നാം മുകളിൽ വിവരിച്ചപോലെയാണെന്നും, ഇവരുടെ ഈ അർത്ഥ വ്യാഖ്യാനം ശരിയല്ലെന്നും കുറേക്കൂടി വ്യക്തമായി മനസ്സിലാക്കുവാൻ ഉതകുന്ന മറ്റൊരു വചനം നോക്കുക:

ضرب لكم مثلا من انفسكم هل لكم مما ملكت ايمانكم من شر كاء فيما رزقناكم فأنتم فيه سواء تخافونهم كخيفتكم انفسكم.......روم

ഈ വചനത്തിന് അതേ ആളുകൾ തന്നെ കൽപ്പിച്ച അർത്ഥം ഇപ്രകാരമാണ്: ''നിങ്ങളിൽ നിന്നുതന്നെ അല്ലാഹു നിങ്ങൾക്കിതാ ഒരു ഉപമ എടുത്തുകാണിക്കുന്നു. നിങ്ങളുടെ നിയന്ത്രണത്തിൻ കീഴിൽ ജീവിക്കുന്നവരിൽ നിന്നും നിങ്ങൾക്കു നാം നൽകിയ ധനത്തിൽ വല്ല പങ്കാളികളും ഉണ്ടോ? എന്നിട്ടു നിങ്ങൾ അതിൽ സമാവകാശികളായിരിക്കുകയും, നിങ്ങളുടെ സ്വന്തം ആളുകളെ ഭയപ്പെടുംപോലെ അവരെ നിങ്ങൾ ഭയപ്പെടുകയും ചെയ്യുന്നുണ്ടോ? ബുദ്ധി ഉപയോഗിക്കുന്ന ജനതക്കുവേണ്ടി ഇങ്ങനെയാണു നാം ദൃഷ്ടാന്തങ്ങൾ വിവരിക്കുന്നത്.'' (റൂം:28) ഇതിൽ ما ملكت ايمانهم എന്ന വാക്കിനു ''നിയന്ത്രണത്തിൻ കീഴിൽ ജീവിക്കുന്നവർ'' എന്നു അർത്ഥം കൽപിച്ചതു ഒഴിവാക്കിയാൽ, ഈ വചനത്തിൻെറ ആശയം

ശരിയായ രൂപത്തിൽ തന്നെ ഇവരും സ്വീകരിച്ചിരിക്കുകയാണ്. فأنتم فيه سواء എന്ന വാക്കിനു ''വാസ്തവത്തിൽ അവരതിൽ സമാവകാശികളാണ്'' എന്നു ഇവരും ഇവിടെ അർത്ഥമാക്കുന്നില്ലാതാനും. അപ്പോൾ, സൂ:റൂമിൽ അതിനു ശരിക്കു അർത്ഥം കൽപിക്കുന്ന ഇവർ ഈ വചനത്തിൽ ആ വാക്കിനു ഇങ്ങനെ ഒരു പുതിയ അർത്ഥം കൽപ്പിച്ചുണ്ടാക്കിയതിന്റെ പിന്നിലുള്ള മനസ്സിലിരിപ്പു എന്തായിരിക്കുമെന്നു ആലോചിച്ച് നോക്കൂ! അല്ലാഹു നമ്മെയെല്ലാവരെയും സൽബുദ്ധിയും സത്യം സ്വീകരിക്കുവാനുള്ള സൻമനസ്സും നൽകപ്പെട്ട സജ്ജനങ്ങളിൽ ഉൾപ്പെടുത്തട്ടെ. ആമീൻ.

72 അല്ലാഹു നിങ്ങൾക്ക് നിങ്ങളിൽ നിന്നു തന്നെ ഇണകളെ ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു; നിങ്ങളുടെ ഇണകളിൽ നിന്ന് നിങ്ങൾക്ക് മക്കളെയും, പേരമക്കളെയും അവൻ ഉണ്ടാക്കിത്തരികയും ചെയ്തിരിക്കുന്നു; നല്ല (വിശിഷ്ട)വസ്തുക്കളിൽ നിന്ന് നിങ്ങൾക്ക് അവൻ ഉപജീവനം നൽകുകയും ചെയ്തിരിക്കുന്നു. എന്നിരിക്കെ, അയഥാർത്ഥമായതിലാണോ അവർ വിശ്വസിക്കുന്നത്?! അല്ലാഹുവിന്റെ അനുഗ്രഹത്തിലാകട്ടെ, അവർ അവിശ്വസി(ച്ചു നിഷേധി)ക്കുകയും ചെയ്യുന്നു (വോ)?

وَٱللَّهُ جَعَلَ لَكُم مِّنۡ أَنفُسِكُمۡ أَزۡوَٰجٗا وَجَعَلَ لَكُم مِّنۡ أَزۡوَٰجِكُم بَنِينَ وَحَفَدَةٗ وَرَزَقَكُم مِّنَ ٱلطَّيِّبَٰتِۚ أَفَبِٱلۡبَٰطِلِ يُؤۡمِنُونَ وَبِنِعۡمَتِ ٱللَّهِ هُمۡ يَكۡفُرُونَ ٧٢

73 അല്ലാഹുവിനു പുറമെ അവർ ആരാധിക്കുകയും ചെയ്യുന്നു, ആകാശങ്ങളിൽ നിന്നും, ഭൂമിയിൽ നിന്നും അവർക്ക് വല്ലതും ആഹാരം നൽകുവാൻ പ്രാപ്തമാകുകയാകട്ടെ, (വല്ല കാര്യത്തിന്നും) സാധ്യമാകുകയാകട്ടെ ചെയ്യാത്തവയെ.

وَيَعۡبُدُونَ مِن دُونِ ٱللَّهِ مَا لَا يَمۡلِكُ لَهُمۡ رِزۡقٗا مِّنَ ٱلسَّمَٰوَٰتِ وَٱلۡأَرۡضِ شَيۡـٔٗا وَلَا يَسۡتَطِيعُونَ ٧٣

74 അപ്പോൾ, നിങ്ങൾ അല്ലാഹുവിന് ഉപമകൾ ഉണ്ടാക്കരുത്. നിശ്ചയമായും അല്ലാഹു, (യഥാർത്ഥം) അറിയുന്നു; നിങ്ങളാകട്ടെ, അറിയുന്നില്ലതാനും.

فَلَا تَضۡرِبُواْ لِلَّهِ ٱلۡأَمۡثَالَۚ إِنَّ ٱللَّهَ يَعۡلَمُ وَأَنتُمۡ لَا تَعۡلَمُونَ ٧٤

---

72 **واللهُ** അല്ലാഹു, അല്ലാഹുവത്രെ. **جعلَ** ആക്കിയിരിക്കുന്നു, ഏർപ്പെടുത്തിയതും. **لَكُمْ** നിങ്ങൾക്ക്. **من أَنفُسِكُمْ** നിങ്ങളുടെ സ്വന്തങ്ങളിൽനിന്ന്, നിങ്ങളിൽ (നിങ്ങളുടെ കൂട്ടത്തിൽ)നിന്നു തന്നെ. **أزواجا** ഇണകളെ, ഭാര്യമാരെ. **وجعلَ** അവൻ ഉണ്ടാക്കുക (ഏർപ്പെടുത്തുക)യും ചെയ്തു. **لَكُمْ** നിങ്ങൾക്ക്. **من أزواجِكُمْ** നിങ്ങളുടെ ഇണ(ഭാര്യ)കളിൽനിന്ന്. **بنِينَ** മക്കളെ. **وحفَدَةً** പേരമക്കളെയും, പൗത്രരെയും. **ورزقَكُمْ** നിങ്ങൾക്കവൻ നൽകുകയും ചെയ്തു. **من الطيبات** നല്ല (വിശിഷ്ട -പരിശുദ്ധ) വസ്തുക്കളിൽനിന്ന്. **أَفَبِالْباطِلِ** എന്നിരിക്കെ (അപ്പോൾ) അയഥാർത്ഥ (നിരർത്ഥ)മായതിലോ. **يؤمنونَ** അവർ വിശ്വസിക്കുന്നു. **وبِنِعمَةِ** അനുഗ്രഹത്തിലാകട്ടെ, അനുഗ്രഹത്തെ. **اللهِ** അല്ലാഹുവിന്റെ. **هم** അവർ. **يَكْفُرُونَ** അവിശ്വസിക്കുന്നു, നിഷേധിക്കുന്നു. 73 **ويعبدونَ** അവർ ആരാധിക്കുകയും ചെയ്യുന്നു. **من دونِ اللهِ** അല്ലാഹുവിനു പുറമെ, കൂടാതെ. **ما لا يملكُ** അധീനമാക്കാത്ത (സാധിക്കാത്ത-പ്രാപ്തമാകാത്ത)തിനെ. **لهُمْ** അവർക്ക്. **رِزْقًا** ഉപജീവനത്തിന്, ആഹാരം നൽകുവാൻ. **من السماوات** ആകാശങ്ങളിൽനിന്ന്. **والأرضِ** ഭൂമിയിൽനിന്നും. **شيئًا** യാതൊന്നും, ഒട്ടും,

വല്ലതും, ഒരു വസ്തുവും. وَلَا يَسْتَطِيعُونَ അവർക്കു സാധ്യമാകുകയുമില്ല. 74 فَلَا تَضْرِبُوا എന്നിരിക്കെ നിങ്ങൾ വിവരിക്കരുത് (ഉണ്ടാക്കരുത്). لِلَّهِ അല്ലാഹുവിന്. الْأَمْثَالَ ഉപമ (ഉദാഹരണം)കളെ. إِنَّ اللَّهَ നിശ്ചയമായും അല്ലാഹു. يَعْلَمُ അറിയുന്നു. وَأَنتُمْ നിങ്ങളാകട്ടെ. لَا تَعْلَمُونَ നിങ്ങൾ അറിയുന്നുമില്ല, നിങ്ങൾക്കറിഞ്ഞുകൂടാ.

മേൽ പ്രസ്താവിച്ച അനുഗ്രഹങ്ങളെല്ലാം നൽകുന്നത് അല്ലാഹുവാകുന്നു. അവരുടെ ആരാധ്യ ദൈവങ്ങൾ അവയൊന്നും തന്നെ നൽകുന്നില്ല. അവർക്കതിനു സാധ്യവുമല്ല. എന്നിരിക്കെ, അനുഗ്രഹദാതാവായ അല്ലാഹുവിനെ വിട്ടേച്ച് ഒരു നൻമയും ചെയ്വാൻ കഴിയാത്തവയെ അല്ലാഹുവിനു തുല്യമാക്കി ആരാധിച്ചുവരുന്നതിൻെറ നിരർത്ഥതയും, അപലപനീയതയും ചൂണ്ടിക്കാട്ടുകയാണ്. ആകാശത്തുനിന്നു മഴ വർഷിപ്പിച്ചും, ഭൂമിയിൽനിന്നു ഉൽപന്നങ്ങൾ ഉൽപാദിപ്പിച്ചുകൊണ്ടും അല്ലാഹു ഉപജീവന മാർഗ്ഗം മനുഷ്യനു ഒരുക്കിക്കൊടുക്കുന്നു. അവരുടെ ആരാധ്യ വസ്തുക്കൾക്കു അതിനും കഴിവില്ല. എന്നിട്ടും അവയെയാണു അവർ ആരാധിക്കുന്നതു എന്നത്രെ 73-ാം വചനത്തിൽ പറഞ്ഞതിൻെറ സാരം. അല്ലാഹുവിൻെറ അധികാരവകാശങ്ങളിലോ, പ്രവർത്തനങ്ങളിലോ ഏതെങ്കിലും വസ്തുവിന്നു അവനോടു സമത്വവും, സാദൃശ്യവും സങ്കൽപിക്കുന്നതിൽ നിന്നാണല്ലോ 'ശിർക്ക്' ഉൽഭവിക്കുന്നത്. യഥാർത്ഥം മുകളിൽ പറഞ്ഞ പ്രകാരമായിരിക്കെ, അത്തരത്തിലുള്ള യാതൊരു ഉപമയും സാദൃശ്യവും അവനു ഉണ്ടാക്കിത്തീർക്കരുതെന്നും, അതിൻെറ ഗൗരവവും അതുമൂലം നേരിടുന്ന ഭവിഷ്യത്തുകളും അല്ലാഹുവിനാണ് അറിയുക-നിങ്ങൾക്കറിയുകയില്ല-അതുകൊണ്ടാണു ഇങ്ങിനെയൊക്കെ വിസ്തരിച്ചും ആവർത്തിച്ചും വിവരിക്കുന്നതെന്നുമാണ് 74-ാം വചനത്തിൻെറ താൽപര്യം.

۞ ضَرَبَ ٱللَّهُ مَثَلًا عَبْدًا مَّمْلُوكًا لَّا يَقْدِرُ عَلَىٰ شَىْءٍ وَمَن رَّزَقْنَٰهُ مِنَّا رِزْقًا حَسَنًا فَهُوَ يُنفِقُ مِنْهُ سِرًّا وَجَهْرًا ۖ هَلْ يَسْتَوُۥنَ ۚ ٱلْحَمْدُ لِلَّهِ ۚ بَلْ أَكْثَرُهُمْ لَا يَعْلَمُونَ ﴿٧٥﴾

75 അല്ലാഹു ഒരു ഉപമവിവരിക്കുകയാണ്: ഒരു കാര്യത്തിനും കഴിയാത്ത ഉടമയാക്കപ്പെട്ട ഒരു അടിമയെ (യും),-യാതൊരുവനെയും: അവന് നമ്മുടെ വകയായി നാം നല്ലതായ ഉപജീവനം നൽകിയിരിക്കുന്നു: എന്നിട്ട് അവൻ അതിൽ നിന്ന് രഹസ്യമായും, പരസ്യമായും ചിലവഴിച്ചു വരുകയും ചെയ്യുന്നു. (ഇങ്ങിനെയുള്ളവനെയും). ഇവർ [ഇങ്ങിനെയുള്ളവർ] സമമാകുമോ?! [ഇല്ലെന്നു തീർച്ചയാണല്ലോ.] അല്ലാഹുവിന്നത്രെ സ്തുതി (മുഴുവനും)! പക്ഷെ, അവരിൽ അധികമാളും അറിയുന്നില്ല.

وَضَرَبَ ٱللَّهُ مَثَلًا رَّجُلَيْنِ أَحَدُهُمَآ أَبْكَمُ لَا يَقْدِرُ عَلَىٰ شَىْءٍ وَهُوَ كَلٌّ عَلَىٰ مَوْلَىٰهُ أَيْنَمَا يُوَجِّههُّ لَا يَأْتِ بِخَيْرٍ ۖ هَلْ يَسْتَوِى هُوَ وَمَن يَأْمُرُ بِٱلْعَدْلِ ۙ وَهُوَ عَلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿٧٦﴾

76 അല്ലാഹു (വേറെ) ഒരു ഉപമയും വിവരിക്കുന്നു- രണ്ടു പുരുഷൻമാരെ: ആ രണ്ടിലൊരുവൻ ഊമയാകുന്നു; അവന്ന് ഒരു കാര്യത്തിനും കഴിയുകയില്ല; അവനാകട്ടെ, തൻെറ രക്ഷാധികാരിക്ക് ഒരു ഭാരവുമാണ്;-അയാൾ അവനെ എങ്ങോട്ടു തിരിച്ചു വിട്ടാലും അവൻ ഒരു നൻമയും കൊണ്ടു വരുന്നതല്ല. (ഇങ്ങിനെയുള്ള) അവനും, (ജനങ്ങളോട്) നീതിയെക്കുറിച്ച് കൽപിക്കുന്നവനും-അവനാകട്ടെ നേരെ (ചൊവ്വാ)യുള്ളപാതയിലുമാണ്- സമമ

ാകുമോ?!

---

75 ضرب ആക്കിയിരിക്കുന്നു (വിവരിച്ചിരിക്കുന്നു). الله അല്ലാഹു . مثلاً ഒരു ഉപമ, ഉദാഹരണം. عبدا ഒരടിമയെ. مملوكًا ഉടമയാക്കപ്പെട്ട. لا يقدر അവന് കഴിയുകയില്ല. على شيء ഒരു കാര്യത്തിനും, വസ്തുവിനും. ومن യാതൊരുവനും. رزقناه അവന് നാം നല്‍കി. منا നമ്മില്‍നിന്ന്, (നമ്മുടെ വക). رزقا ഉപജീവനം, ആഹാരം, ഒരു നല്‍കല്‍. حسنا നല്ലതായ. فهو എന്നിട്ടവന്‍. ينفق ചിലവഴിക്കുന്നു. منه അതില്‍നിന്ന്. سرا രഹസ്യമായി. وجهرا പരസ്യമായും. هل يستوون അവര്‍ സമമാകുമോ. الحمد സ്തുതി (സര്‍വ്വവും-മുഴുവന്‍). لله അല്ലാഹുവിനാകുന്നു. بل പക്ഷെ, എന്നാല്‍. أكثرهم അവരില്‍ അധികമാളും. لا يعلمون അറിയുകയില്ല, അറിയുന്നില്ല.. 76 وضرب ആക്കുക(വിവരിക്കുക)യും ചെയ്തു, വിവരിക്കുകയുമാണ്. الله അല്ലാഹു. مثلا ഒരു ഉപമ. رجلين രണ്ട് പുരുഷന്‍മാരെ. أحدهما രണ്ടിലൊരുവന്‍. أبكم ഊമയാകുന്നു. لا يقدر അവന് കഴിയുകയില്ല. على شيء ഒരു കാര്യത്തിനും. وهو അവനാകട്ടെ. كل ഒരു ഭാര(വു)മാണ്. على مولاه അവന്റെ രക്ഷാധികാരിക്ക്, യജമാനന്. أينما എവിടെത്തന്നെ, എങ്ങോട്ട്. يوجهه അയാള്‍ അവനെ തിരിച്ചു വിട്ടാല്‍. لا يأت അവന്‍ വരികയില്ല. بخير ഒരു നന്‍മയുംകൊണ്ടു. هل يستوي സമമാകുമോ. هو അവനും. ومن يأمر കല്‍പിക്കുന്നവനും. بالعدل നീതിക്ക്, നീതിയെപ്പറ്റി. وهو അവനാകട്ടെ. على صراط പാതയിലുമാണ്. مستقيم നേരെയുള്ള, ചൊവ്വായ.

വിഗ്രഹാരാധനയുടെ നിരര്‍ത്ഥതയും , വിഗ്രഹാരാധകന്‍മാരുടെ ബുദ്ധിശൂന്യതയും വ്യക്തമാക്കുന്ന രണ്ടു ഉപമകളാണു അല്ലാഹു ഈ വചനങ്ങളില്‍ വിവരിക്കുന്നത്: (1) മറ്റൊരാളുടെ ഉടമസ്ഥതയിലുള്ളവനും ഇഷ്ടംപോലെ ഒന്നും പ്രവര്‍ത്തിക്കുവാനുള്ള കഴിവോ സ്വാതന്ത്ര്യമോ ഇല്ലാത്തവനുമായ ഒരടിമ. മാന്യനും, ധനികനും, രഹസ്യ പരസ്യ വ്യത്യാസമില്ലാതെ ഉദാരമായി ചിലവഴിക്കാറുള്ളവനുമായ ഒരു സ്വതന്ത്രന്‍, ഈ രണ്ടുപേരും മനുഷ്യന്‍മാര്‍തന്നെ. പക്ഷേ, സ്ഥാനമാനങ്ങളിലും, പദവിയിലും, ഉപകാരത്തിലുമൊക്കെ രണ്ടുപേരും തമ്മില്‍ യാതൊരു സാമ്യവുമില്ലല്ലോ. എന്നിരിക്കെ, അന്നദാതാവും, അനുഗ്രഹദാതാവും, സര്‍വ്വജ്ഞനും, സര്‍വ്വശക്തനുമായ അല്ലാഹുവിനോടു യാതൊരു ഗുണദോഷവും ചെയ്‌വാനോ, സ്വന്തം കാര്യങ്ങളെങ്കിലും നിയന്ത്രിക്കുവാനോ കഴിയാത്ത ബിംബങ്ങളെ സമമാക്കുന്നതില്‍പരം വിഡ്ഢിത്തം മറ്റെന്തുണ്ട്?! (2) യാതൊന്നും സംസാരിക്കുവാന്‍ കഴിയാത്തവനും, ഒരു കാര്യത്തിനും ഏല്‍പിച്ചു വിടുവാന്‍ കൊള്ളാത്തവനും, അങ്ങനെ, രക്ഷാകര്‍ത്താക്കള്‍ക്കു ഒരു ഭാരമായി മാത്രം കഴിഞ്ഞുകൂടുന്നവനുമായ ഒരാള്‍ ബുദ്ധിയും, തന്റേടവും ഉള്ളതോടുകൂടി സന്‍മാര്‍ഗ്ഗനിരതനും, മറ്റുള്ളവര്‍ക്കു സദുപദേശിയുമായി വര്‍ത്തിക്കുന്ന മറ്റൊരാള്‍. മാനുഷിക ഗുണങ്ങളില്‍ ഈ രണ്ടുപേരും സമന്‍മാരായി ബുദ്ധിയുള്ള ആരെങ്കിലും ധരിക്കുമോ?! എന്നിരിക്കെ, നിര്‍ജ്ജീവികളും, നിഷ്ചേഷ്ടങ്ങളുമായ ബിംബങ്ങളെ ലോകരക്ഷിതാവും നിയന്താവുമായ അല്ലാഹുവിനോടു സമപ്പെടുത്തി ആരാധിക്കുകയും പ്രാര്‍ത്ഥിക്കുകയും ചെയ്യുന്നതില്‍പരം വിഡ്ഢിത്തം വേറെ എന്താണുള്ളതു?!

വിഭാഗം-11

وَلِلَّهِ غَيْبُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ وَمَآ أَمْرُ ٱلسَّاعَةِ إِلَّا كَلَمْحِ ٱلْبَصَرِ أَوْ هُوَ أَقْرَبُ ۚ إِنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٧٧﴾

77 അല്ലാഹുവിന്നത്രെ, ആകാശങ്ങളിലെയും, ഭൂമിയിലെയും അദൃശ്യ (ജ്ഞാന)മുള്ളത് അന്ത്യസമയത്തിന്റെ കാര്യം, കണ്ണിമവെട്ടുന്നതുപോലെ (വേഗത്തില്‍)അല്ലാതെ ഇല്ല;അഥവാ അത് അതിനേക്കാള്‍ അടുപ്പം [വേഗത] ഉള്ളതായിരിക്കും. നിശ്ചയ

മായും, അല്ലാഹു എല്ലാ കാര്യത്തിനും
കഴിവുള്ളവനാണ്.

---

77 **ولله** അല്ലാഹുവിന്നാണ്. **غيب** അദൃശ്യം (അദൃശ്യജ്ഞാനം) . **السماوات** ആകാശങ്ങളിലെ. **والأرض** ഭൂമിയിലെയും. **وما أمر** കാര്യമല്ല. **الساعة** അന്ത്യസമയത്തിൻെറ. **إلا كلمح** ഇമവെട്ടുന്നതു പോലെയല്ലതെ. **البصر** കണ്ണിൻെറ. **أو هو** അല്ലെങ്കിൽ (അഥവാ) അത്. **أقرب** കൂടുതൽ (ഏറ്റം) അടുത്തതാകുന്നു. **إن الله** നിശ്ചയമായും അല്ലാഹു. **على كل شيء** എല്ലാ കാര്യത്തിനും. **قدير** കഴിവു ള്ളവനാണ്.

അദൃശ്യവിവരങ്ങൾ അല്ലാഹുവിനു മാത്രമേ അറിയുകയുള്ളു. അവൻ അറിയിച്ചു കൊടുക്കാതെ ആർക്കും അതറിയാവതല്ല. അദൃശ്യങ്ങളിൽ വളരെയേറെ പ്രാധാന്യം അർഹിക്കുന്ന വിഷയമാണു അന്ത്യസമയം. അതെപ്പോൾ സംഭവിക്കുമെന്നു അവന്നല്ലാതെ ആർക്കു അറിയുകയില്ല അതു സംഭവിക്കുന്നതാകട്ടെ, ഒരു കണ്ണിമവെട്ടുന്നത്ര വേഗത്തിലായിരിക്കും. അല്ലെങ്കിൽ, അതിനേക്കാൾ വേഗത്തിലാണെന്നും പറയാവുന്നതായണു എന്നു സാരം. ഇതും അല്ലാഹു മാത്രമേ ആരാധ്യനാകുവാൻ പാടുള്ളവെന്നതിനു മതിയായ കാരണമാണല്ലോ. അടുത്ത വചനങ്ങളിൽ വീണ്ടും ചില ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാട്ടുന്നു:–

وَٱللَّهُ أَخۡرَجَكُم مِّنۢ بُطُونِ أُمَّهَٰتِكُمۡ لَا تَعۡلَمُونَ شَيۡـٔٗا وَجَعَلَ لَكُمُ ٱلسَّمۡعَ وَٱلۡأَبۡصَٰرَ وَٱلۡأَفۡـِٔدَةَ لَعَلَّكُمۡ تَشۡكُرُونَ ٧٨

78 അല്ലാഹു, നിങ്ങളുടെ മാതാക്കളുടെ വയറുകളിൽ നിന്ന് നിങ്ങൾക്കു യാതൊന്നും അറിഞ്ഞു കൂടാത്ത നിലയിൽ നിങ്ങളെ പുറത്തു കൊണ്ടുവരുകയും ചെയ്തിരിക്കുന്നു; നിങ്ങൾക്കവൻ കേൾവിയും, കാഴ്ചകളും, ഹൃദയങ്ങളും ഉണ്ടാക്കിത്തരികയും ചെയ്തിരിക്കുന്നു; നിങ്ങൾ നന്ദി കാണിച്ചേക്കുവാൻ വേണ്ടി.

---

78 **والله** അല്ലാഹു. **أخرجكم** നിങ്ങളെ പുറപ്പെടുവിക്കുകയും ചെയ്തു. **من بطون** വയറുകളിൽനിന്ന്. **أمهاتكم** നിങ്ങളുടെ മാതാക്കളുടെ. **لا تعلمون** നിങ്ങൾക്കറിഞ്ഞുകൂടാത്ത നിലയിൽ. **شيئًا** യാതൊന്നും. **وجعل** അവൻ ആക്കുക (ഉണ്ടാക്കുക)യും ചെയ്തു. **لكم** നിങ്ങൾക്ക്. **السمع** കേൾവിയെ. **والأبصار** കാഴ്ചകളും, ദൃഷ്ടികളും. **والأفئدة** ഹൃദയങ്ങളും. **لعلكم** നിങ്ങളാകുവാൻവേണ്ടി, നിങ്ങളായേക്കും. **تشكرون** നിങ്ങൾ നന്ദി കാണിക്കും.

ഹൃദയംകൊണ്ടു ചിന്തിച്ചറിയുവാനോ, കണ്ടും കേട്ടും കാര്യങ്ങൾ ഗ്രഹിക്കുവാനോ കഴിയാത്ത അവസ്ഥയിലാണു മനുഷ്യർ ഈ ലോകത്തു ജനിക്കുന്നത്. പിന്നീടു കാര്യങ്ങൾ കണ്ടറിയുവാനും കേട്ടുമനസ്സിലാക്കുവാനും ചിന്തിച്ചറിയുവാനുമുള്ള കഴിവു അല്ലാഹു നൽകുന്നു. ഇതിനു സദാ നന്ദി കാണിക്കുവാനും കടപ്പെട്ടവനാണു മനുഷ്യൻ. എന്നിട്ടും ആ കടമ അവൻ നിർവ്വഹിക്കുന്നില്ലെന്നു മാത്രമല്ല, അവനല്ലാത്ത വസ്തുക്കളോടു കൂറും ഭക്തിയും കാണിച്ചു കൊണ്ടിരിക്കുകവഴി അവനോടു നന്ദികേടു കാണിക്കുകയാണവൻ ചെയ്യുന്നതു എന്നു സാരം. 'സൂറത്തുൽ ഇസ്രാഇൽ' പറയുന്നു: ان السمع والبصر والفؤاد كل اولئك كان عنه مسؤلا (നിശ്ചയമായും, കേൾവിയും, കാഴ്ചയും, ഹൃദയങ്ങളുമെല്ലാം തന്നെ അതാതിനെപ്പറ്റി ചോദ്യം ചെയ്യപ്പെടുന്നതാകുന്നു. (ഇസ്രാഉ് 36)

79 ആകാശാന്തരീക്ഷത്തിൽ കീഴ്പെടുത്തപ്പെട്ടവയായിക്കൊണ്ട് (പറക്കുന്ന) പക്ഷികളിലേക്ക് അവർ നോക്കിക്കാണുന്നില്ലേ? അവയെ അല്ലാഹു അല്ലാതെ (ആരും) പിടിച്ചു നിറുത്തുന്നില്ല! നിശ്ചയമായും, വിശ്വസിക്കുന്ന ജനങ്ങൾക്ക് അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്.

أَلَمْ يَرَوْا۟ إِلَى ٱلطَّيْرِ مُسَخَّرَٰتٍ فِى جَوِّ ٱلسَّمَآءِ مَا يُمْسِكُهُنَّ إِلَّا ٱللَّهُ ۗ إِنَّ فِى ذَٰلِكَ لَـَٔايَـٰتٍ لِّقَوْمٍ يُؤْمِنُونَ ﴿٧٩﴾

---

79 **ألم يروا** അവർ (നോക്കി) കാണുന്നില്ലേ, കണ്ടില്ലേ. **إلى الطير** പക്ഷികളിലേക്ക്. **مسخرات** കീഴപ്പെടുത്ത(നിയന്ത്രിക്ക-വിധേയമാക്ക)പ്പെട്ടവയായിക്കൊണ്ട്. **في جو** അന്തരീക്ഷത്തിൽ, വായുമണ്ഡലത്തിൽ. **السماء** ആകാശത്തിൻെറ. **ما يمسكهن** അവയെ പിടിച്ചു നിറുത്തുന്നില്ല. **إلا الله** അല്ലാഹു അല്ലാതെ. **إن في ذلك** നിശ്ചയമായും അതിലുണ്ട്. **لآيات** പല ദൃഷ്ടാന്തങ്ങൾ. **لقوم يؤمنون** വിശ്വസിക്കുന്നജനങ്ങൾക്ക്.

കരണം മറിയുകയോ, വീണുപോകുകയോ ചെയ്യാതെ, മുകളിൽനിന്നു പിടിച്ചു നിറുത്തുവാനോ താഴെനിന്നു താങ്ങിനിറുത്തുവാനോ ആരുമില്ലാതെ, പക്ഷികൾ യഥേഷ്ടം അന്തരീക്ഷത്തിൽ പാറിക്കളിക്കുന്ന കാഴ്ച എല്ലാവരും കാണാറുള്ളതാണ്. സത്യവിശ്വാസം സ്വീകരിക്കുവാൻ തയ്യാറുള്ളവർക്കു ഇതിൽനിന്നും പല ദൃഷ്ടാന്തങ്ങളും ലഭിക്കുവാനുണ്ടെന്നു അല്ലാഹു ഓർമ്മിപ്പിക്കുന്നു. കീഴ്പോട്ടുവീഴാതെ അന്തരീക്ഷത്തിൽ പറക്കുവാൻ പക്ഷികൾക്കു കഴിയുമാറാകുന്നതിനു ശാസ്ത്രജ്ഞൻമാർക്കു ചില കാരണങ്ങളൊക്കെ പറയുവാനുള്ളതു ശരിതന്നെ. പക്ഷെ, ആ കാരണങ്ങൾ ഒരുക്കിയതും, സൃഷ്ടിച്ചുവെച്ചതും അല്ലാഹുവല്ലാതെ മറ്റാരുമല്ലല്ലോ. അതെല്ലാം പ്രകൃതിയുടെ സൃഷ്ടിയാണെന്നു പറഞ്ഞു തൃപ്തിഅടയുന്നവരെ സംബന്ധിച്ചിടത്തോളം അതിൽ 'പ്രകൃതിയുടെ വികൃതി' എന്നതിൽ കവിഞ്ഞ രഹസ്യമൊന്നും കണ്ടെത്തുവാൻ കഴിഞ്ഞില്ലെന്നവരും. എന്നാൽ, സത്യാന്വേഷികൾക്കു അതിൽ നിന്നു വളരെ ദൃഷ്ടാന്തങ്ങൾ ലഭിക്കുവാനുണ്ടു നിശ്ചയം. അല്ലാഹു തുടർന്നുപറയുന്നു:-

80 അല്ലാഹു (തന്നെ), നിങ്ങൾക്ക് നിങ്ങളുടെ വീടുകളിൽനിന്നും താമസം [താമസസൗകര്യം] ഏർപ്പെടുത്തിത്തരുകയും ചെയ്തിരിക്കുന്നു;കാലികളുടെ തോലുകളിൽ നിന്ന് നിങ്ങൾക്ക് അവൻ വീടുകൾ ഏർപ്പെടുത്തിത്തരുകയും ചെയ്തിരിക്കുന്നു; നിങ്ങളുടെ യാത്രാദിവസവും, നിങ്ങളുടെ താമസ ദിവസവും നിങ്ങൾ അവയെ ലഘുവായി ഉപയോഗിക്കുമാറ്.അവയുടെ രോമങ്ങളിൽനിന്നും, സൂചിമുടികിൽ നിന്നും, മുടികളിൽനിന്നും (പല) ഉപകരണങ്ങളും,ഒരുകാലം വരേക്കുള്ള ഉപയോഗവും (അവൻ ഏർപ്പെടുത്തിയിരിക്കുന്നു).

وَٱللَّهُ جَعَلَ لَكُم مِّنۢ بُيُوتِكُمْ سَكَنًا وَجَعَلَ لَكُم مِّن جُلُودِ ٱلْأَنْعَـٰمِ بُيُوتًا تَسْتَخِفُّونَهَا يَوْمَ ظَعْنِكُمْ وَيَوْمَ إِقَامَتِكُمْ ۙ وَمِنْ أَصْوَافِهَا وَأَوْبَارِهَا وَأَشْعَارِهَآ أَثَـٰثًا وَمَتَـٰعًا إِلَىٰ حِينٍ ﴿٨٠﴾

---

80 وَاللَّهُ അല്ലാഹു (തന്നെ). جَعَلَ لَكُمْ നിങ്ങൾക്ക് ഉണ്ടാക്കി (ഏർപ്പെടുത്തി)ത്തന്നു. من بيوتكم നിങ്ങളുടെ വീടുകളിൽനിന്ന്. سكنا പാർപ്പിടം, താമസം, താമസസൗകര്യം. وجعل لكم നിങ്ങൾക്കവൻ ഉണ്ടാക്കുകയും ചെയ്തു. من جلود തോലുകളിൽ നിന്ന്. الأنعام കാലികളുടെ. بيوتا വീടുകളെ. تستخفونها നിങ്ങളവയെ ലഘുവായി ഉപയോഗിക്കുമാറ്. يوم ദിവസം. ظعنكم നിങ്ങളുടെ യാത്രയുടെ. ويوم ദിവസവും. إقامتكم നിങ്ങളുടെ താമസത്തി(പാർപ്പി)ൻെറ. ومن أصوافها അവയുടെ രോമങ്ങളിൽ നിന്നും. وأوبارها അവയുടെ സൂചിമുടി(കട്ടിയുള്ള മുടി)കളിൽ നിന്നും. وأشعارها അവയുടെ മുടികളിൽ നിന്നും . أثاثا ഉപകരണങ്ങൾ. ومتاعا ഉപയോഗവും. إلى حين ഒരുകാലം (കുറച്ചുകാലം)വരെ.

മനുഷ്യർക്കു പൊതുവെയും, ഉഷ്ണപ്രദേശങ്ങൾ, ശൈത്യപ്രദേശങ്ങൾ, മരുഭൂമികൾ മുതലായവയിൽ വസിക്കുന്നവർക്കു വിശേഷിച്ചും അല്ലാഹു ഏർപ്പെടുത്തിക്കൊടുത്തിട്ടുള്ള ചില സൗകര്യങ്ങളെ എടുത്തു കാണിക്കുകയാണ്. (1) ചൂട്, തണുപ്പ്, വെയിൽ, മഴപോലെയുള്ള ശല്യങ്ങളിൽ നിന്നു സ്വസ്ഥമായി ഇഷ്ടാനുസരണം താമസിക്കുവാനുള്ള വീടുകളുണ്ടാക്കുവാൻ മനുഷ്യനു ഏർപ്പാടു ചെയ്തുകൊടുത്തത്. (2) യാത്രകളിൽ കൂടെകൊണ്ടുപോകുവാനും, താമസത്തിനുദ്ദേശിക്കുമ്പോൾ നിഷ്പ്രയാസം കെട്ടിയുണ്ടാക്കുവാനും, ആവശ്യംവരുമ്പോൾ വേഗം നീക്കം ചെയ്യാനും സാധിക്കുമാറ് കാലികലുടെ തോലുകൊണ്ടു തമ്പും കൂടാരവുമുണ്ടാക്കുവാൻ സൗകര്യപ്പെടുത്തിയത്. (3) ആടുമാടൊട്ടകങ്ങളുടെ രോമങ്ങളും മുടികളും കൊണ്ടു വസ്ത്രം. പുതപ്പ്, തമ്പ് തുടങ്ങി സന്ദർഭങ്ങൾക്കൊത്ത പലതരം ഉപകരങ്ങളുണ്ടാക്കി ഉപയോഗിക്കുവാൻ സാധിപ്പിച്ചത്. അതാതിനു വേണ്ടുന്ന വസ്തുക്കളെ സൃഷ്ടിച്ചുതന്നതിന്നുപുറമെ, ഓരോന്നും ഉപയോഗപ്പെടുത്തുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ലഭിക്കുന്നതും, ഓരോന്നിനും ഉപയുക്തമായ സാഹചര്യങ്ങൾ സിദ്ധിക്കുന്നതും അല്ലാഹുവിൽനിന്നല്ലാതെ മററാരിൽ നിന്നുമല്ലല്ലോ.

ആടുമാടൊട്ടകങ്ങളാകുന്ന കാലികളാണ് انعام (അൻ ആമ്). ഓരോന്നിൻെറയും രോമം നേർമ്മയിലും ബലത്തിലും തടിയിലും വ്യത്യസ്ഥമായിരിക്കും. കൂട്ടത്തിൽ നേരിയതും മിനുത്തതും നെയ്യാടിൻെറ രോമമാകുന്നു. ഇതിനു صوف (രോമം) എന്നു പറയപ്പെടും. കൂടുതൽ തടിയും ബലവുമുള്ളത് ഒട്ടകത്തിന്റേതുമാകുന്നു. ഇതിനു وبر (സൂചിമുടി) എന്നും പറയപ്പെടുന്നു. കോലാടിൻെറയും മറ്റും രോമങ്ങൾക്കു പൊതുവെ شعر (മുടി) എന്നും പറയപ്പെടും. (*) ഇവയുടെ ബഹുവചനങ്ങളാണു ക്രമപ്രകാരം اشعار ،اوبار ، اصواف എന്നിവ.

81 അല്ലാഹു, അവൻ സൃഷ്ടിച്ചതിൽ നിന്ന് നിങ്ങൾക്ക് തണലുകൾ ഉണ്ടാക്കിത്തരുകയും ചെയ്തിരിക്കുന്നു; മലകളിൽനിന്നും അവൻ നിങ്ങൾക്ക് ഒളിയിടങ്ങളും ഉണ്ടാക്കിയിരിക്കുന്നു; നിങ്ങൾക്ക് ചൂടു തടുത്തു തരുന്ന ഉടുപ്പുകളെയും നിങ്ങൾക്കവൻ ഉണ്ടാക്കിയിരിക്കുന്നു; നിങ്ങളുടെ (യുദ്ധത്തിൻെറ)കാഠിന്യത്തെ നിങ്ങൾക്ക് തടുത്തുതരുന്ന ഉടുപ്പുകളെയും (ഉണ്ടാക്കിത്തന്നിരിക്കുന്നു). അപ്രകാരം, അവൻെറ അനുഗ്രഹം അവൻ നിങ്ങൾ

وَٱللَّهُ جَعَلَ لَكُم مِّمَّا خَلَقَ ظِلَٰلًا وَجَعَلَ لَكُم مِّنَ ٱلْجِبَالِ أَكْنَٰنًا وَجَعَلَ لَكُمْ سَرَٰبِيلَ تَقِيكُمُ ٱلْحَرَّ وَسَرَٰبِيلَ تَقِيكُم بَأْسَكُمْ ۚ كَذَٰلِكَ يُتِمُّ نِعْمَتَهُۥ عَلَيْكُمْ لَعَلَّكُمْ تُسْلِمُونَ ﴿٨١﴾

---

* الشعر: مابنيت من مسام البدن ليس بصوف ولا وبر ه المنجد

ക്ക് പൂർത്തിയാക്കിത്തരുന്നു, നിങ്ങൾ (അനുസരിച്ചു) കീഴൊതുങ്ങുവാൻ വേണ്ടി.

---

81 **والله** അല്ലാഹു. **جعلَ لَكُم** നിങ്ങൾക്കുണ്ടാക്കിത്തന്നു. **مما خلق** അവൻ സൃഷ്ടിച്ചതിൽനിന്ന്. **ظلالاً** തണലുകളെ. **وجعلَ لَكُم** നിങ്ങൾക്കുണ്ടാക്കുകയും ചെയ്തു. **من الجِبال** മലകളിൽനിന്ന്. **أكْنانا** ഒളിയിടം (മറഞ്ഞിരിക്കുന്ന പതി)കളെ. **وجعلَ لَكُم** നിങ്ങൾക്കുണ്ടാക്കുകയും ചെയ്തു. **سرابِيلَ** ഉടുപ്പുകൾ. **تقِيكُم** നിങ്ങളെ കാത്തു സൂക്ഷിക്കുന്ന, നിങ്ങൾക്ക് തടുക്കുന്ന. **الْحر** ചൂടിനെ (ചൂടിൽനിന്നു). **وسرابِيل** ഉടുപ്പുകളും. **تقِيكُم** അവ നിങ്ങളെ കാക്കുന്നു. **بأسكُم** നിങ്ങളുടെ (പടയുടെ) ഊക്കിനെ, (യുദ്ധ) കാഠിന്യത്തെ. **كَذَلِكَ** അപ്രകാരം. **يتم** അവൻ പൂർത്തിയാക്കുന്നു. **نِعمَته** അവന്റെ അനുഗ്രഹം. **عليكُم** നിങ്ങളുടെ മേൽ, നിങ്ങൾക്ക്. **لَعلكُم** നിങ്ങളാകുവാൻ വേണ്ടി, ആയേക്കാം. **تسلمونَ** നിങ്ങൾ കീഴെതുങ്ങും.

ഈ വചനത്തിൽ എടുത്തുകാണിച്ച അനുഗ്രഹങ്ങൾ: (1) ഉഷ്ണത്തിൽ നിന്നു രക്ഷ കിട്ടുമാറു തണലേകുന്ന വൃക്ഷങ്ങൾ, കുന്നുകൾ, ഭിത്തികൾ തുടങ്ങിയ വസ്തുക്കളെ സജ്ജമാക്കിയത്. വെയിലിന്റെ ഉഷ്ണത്തിൽ തണൽ കിട്ടാതിരുന്നാലത്തെ സ്ഥിതി ആരെയും പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. (2) വേണ്ടിവരുമ്പോൾ അഭയം പ്രാപിക്കുവാനും, ഒളിഞ്ഞിരിക്കുവാനും ഉതകുമാറു തുരങ്കങ്ങൾ, ഗുഹകൾ, മാളങ്ങൾ, പൊത്തുകൾ മുതലായവ മലകളിൽ ഏർപ്പെടുത്തിയിരിക്കുന്നത്. വല്ല ആവശ്യങ്ങൾക്കും വേണ്ടി മലകളിലൂടെ സഞ്ചരിക്കേണ്ടി വരുന്നവർക്കും ഇതു പലപ്പോഴും അത്യാന്താപേക്ഷിതമായിരിക്കും. ചില അടിയന്തരഘട്ടങ്ങളിൽ ജീവരക്ഷക്കു തന്നെയും അത്യന്താപേക്ഷിതമായിരിക്കും. (3) ഉഷ്ണത്തിൽ നിന്നു രക്ഷ നൽകുന്ന പലതരം ഉടുപ്പും വസ്ത്രവും നൽകിയത്. (4) യുദ്ധവേളയിൽ നേരിടുന്ന കഠിന പരിക്കുകളിൽ നിന്ന് രക്ഷകിട്ടുവാനുതകുന്ന പടയങ്കി, പടച്ചട്ട, പടത്തൊപ്പി മുതലായ ഉടുപ്പുകൾ ഉണ്ടാക്കുമാറാക്കിയത്. ഇതെല്ലാം ഓർമ്മിപ്പിച്ചശേഷം, ഇങ്ങിനെയുള്ള അനേകമനേകം അനുഗ്രഹങ്ങൾ നിങ്ങൾക്കു അല്ലാഹു ചെയ്തുതന്നിരിക്കുന്നതു നിങ്ങൾ അവനെ അനുസരിച്ചും, അവന്നു കീഴൊതുങ്ങിയും ജീവിക്കുവാൻ വേണ്ടിയാണെന്നും ഉണർത്തിയിരിക്കുന്നു. അതിനു തയ്യാറില്ലാത്തവരെപ്പറ്റി അല്ലാഹു പറയുന്നു:-

فَإِن تَوَلَّوْاْ فَإِنَّمَا عَلَيْكَ ٱلْبَلَٰغُ ٱلْمُبِينُ ﴿٨٢﴾

82 ഇനി, അവർ തിരിഞ്ഞു കളഞ്ഞെങ്കിൽ,. എന്നാൽ, (നബിയേ) നിന്റെമേൽ സ്പഷ്ടമായ പ്രബോധനം മാത്രമാണുള്ളത്.

---

82 فَإِن تولوا ഇനി (എന്നാൽ) അവർ തിരിഞ്ഞു കളയുകയാണെങ്കിൽ. فَإنما عليك എന്നാൽ നിന്റെമേൽ. الْبلاَغُ എത്തിക്കൽ, പ്രബോധനം (മാത്രം). الْمبِين സ്പഷ്ടമായ.

സൻമാർഗ്ഗം വിവരിച്ചുകൊടുക്കുകയല്ലാതെ അവരെ സൻമാർഗ്ഗത്തിലാക്കേണ്ട ചുമതല നബി (ﷺ) ക്കില്ല എന്നുദ്ദേശ്യം.

83 അല്ലാഹുവിൻെറ അനുഗ്രഹത്തെ അവർ (ശരിക്കും) അറിയുന്നു; (എന്നിട്ടും)പിന്നെ, അവരതിനെ നിഷേധിക്കുകയാണ്. അവരിൽ അധികമാളുകൾ (നന്ദികെട്ട) അവിശ്വാസികളുമത്രെ.	يَعْرِفُونَ نِعْمَتَ ٱللَّهِ ثُمَّ يُنكِرُونَهَا وَأَكْثَرُهُمُ ٱلْكَٰفِرُونَ ﴿٨٣﴾

83 يعرِفُونَ അവർ അറിയുന്നു. نِعمةَ اللهِ അല്ലാഹുവിൻെറ അനുഗ്രഹത്തെ. ثُمَّ പിന്നെ (എന്നിട്ടും). ينكرونها അവരതിനെ നിഷേധിക്കുന്നു. وأكثرُهم അവരിൽ അധികം (ആളുകൾ). الكافرونَ അവിശ്വാസികളത്രെ, നന്ദികെട്ടവരാണ്.

ഇതാണു സത്യനിഷേധികളുടെ സ്ഥിതി. സത്യാവസ്ഥ അറിയാതെ വഴിപിഴച്ചു പോകുകയല്ല അവർ ചെയ്യുന്നത്. അതുകൊണ്ടു അതിൻെറ ഫലം അവർ അനുഭവിക്കുക തന്നെ വേണ്ടിവരും.

വിഭാഗം–12

84 എല്ലാ സമുദായത്തിൽനിന്നും ഓരോ സാക്ഷിയെ നാം (നിയോഗിച്ച്) എഴുന്നേൽപിക്കുന്ന ദിവസം (ഓർമ്മിക്കുക)! പിന്നെ, അവിശ്വസിച്ചവർക്ക് (ഒഴികഴിവു പറയുവാൻ) അനുവാദം നൽകപ്പെടുകയില്ല; അവരോട് (ഖേദിച്ചുമടങ്ങി) തൃപ്തിപ്പെടുത്തുവാനാവശ്യപ്പെടുകയുമില്ല.	وَيَوْمَ نَبْعَثُ مِن كُلِّ أُمَّةٍ شَهِيدًا ثُمَّ لَا يُؤْذَنُ لِلَّذِينَ كَفَرُوا۟ وَلَا هُمْ يُسْتَعْتَبُونَ ﴿٨٤﴾
85 അക്രമം പ്രവർത്തിച്ചവർ ശിക്ഷ (കണ്ണിൽ) കണ്ടാലാകട്ടെ, അപ്പോൾ (പിന്നെ), അതവർക്ക് ലഘൂകരിക്കപ്പെടുകയില്ല; അവർ (ക്ക് ഇടനൽകി) കാത്തു നിറുത്തപ്പെടുകയുമില്ല.	وَإِذَا رَءَا ٱلَّذِينَ ظَلَمُوا۟ ٱلْعَذَابَ فَلَا يُخَفَّفُ عَنْهُمْ وَلَا هُمْ يُنظَرُونَ ﴿٨٥﴾

84 ويوم ദിവസം. نبعثُ നാം എഴുന്നേൽപി(നിയോഗി)ക്കുന്ന. من كُلِّ أمةٍ എല്ലാ സമുദായത്തിൽനിന്നും. شهيدا ഒരു സാക്ഷിയെ. ثُمَّ لا يؤذَنُ പിന്നെ അനുവാദം നൽകപ്പെടുകയില്ല. للذين كَفَرُوا അവിശ്വസിച്ചവർക്ക്. ولا هم അവരല്ല താനും. يستعتبونَ ഖേദിച്ചു മടങ്ങുവാൻ (തൃപ്തിപ്പെടുത്തുവാൻ) ആവശ്യപ്പെടും. 85 وإذَا رأى കണ്ടാൽ. الذين ظَلَمُوا അക്രമം പ്രവർത്തിച്ചവർ. العذَابَ ശിക്ഷയെ. فَلَا يخفف അപ്പോൾ ലഘുവാക്കപ്പെടുന്നതല്ല.. عنهم അവർക്ക്, അവരിൽ നിന്ന്. ولا هم അവരല്ല താനും. ينظَرونَ അവർ നോക്ക (കാത്തു നിറുത്ത-ഒഴിവു നൽക)പ്പെടുക.

89–ാം വചനത്തിൽ കാണാവുന്നതുപോലെ, അതതു സമുദായങ്ങളിലേക്കു നിയോഗിക്കപ്പെട്ടിരുന്ന നബിമാർ ആ സമുദായങ്ങൾ തങ്ങളുടെ പ്രബോധനം സ്വീകരിച്ചതിനെയും, നിരസിച്ചതിനെയും കുറിച്ചു ‘ഖിയാമത്ത്’നാളിൽ സാക്ഷ്യം വഹിക്കും. അപ്പോൾ, വല്ല ഒഴികഴിവും പറഞ്ഞു ഒഴിവാകുവാനാകട്ടെ, ഖേദിച്ചു മടങ്ങി അല്ലാഹുവിൻെറ തൃപ്തി സമ്പാദിക്കുവാനാക

ട്ടെ അവിശ്വാസികള്‍ക്കു അവസരം നല്‍കപ്പെടുകയില്ല. അവരുടെ നിഷേധത്തിന്‍റെ ഫലം അവര്‍ അനുഭവിക്കുകയല്ലാതെ അവര്‍ക്കു ഗത്യന്തരമുണ്ടായിരിക്കയില്ല. ശിക്ഷ കണ്‍മുമ്പില്‍ വന്നു കഴിഞ്ഞാലാകട്ടെ, പിന്നെ അതില്‍ അവര്‍ക്കു വല്ല ഇളവും നല്‍കുകയോ, പിന്നേക്കു നീട്ടി വെക്കുകയോ ചെയ്യുന്ന പ്രശ്നവുമില്ല. എന്നൊക്കെയാണു ഈ വചനങ്ങളില്‍ പ്രസ്താവിച്ചതിന്‍റെ ചുരുക്കം. 'ഖിയാമത്തു'നാളിനെ ചൂണ്ടിക്കാട്ടിക്കൊണ്ടു മറ്റൊരിടത്തു അല്ലാഹു പറയുന്നു: هذا يوم لا ينطقون ولا يؤذن لهم فيعتذرون – المرسلا (അവര്‍- വ്യാജമാക്കുന്നവര്‍- മിണ്ടാത്ത ദിവസമാണ് ഇത്. അവര്‍ക്കു അനുവാദം നല്‍കപ്പെടുകയുമില്ല, എന്നാലവര്‍ക്കു ഒഴികഴിവു പറയാമായിരുന്നു. (77 :35,36.)

وَإِذَا رَءَا ٱلَّذِينَ أَشْرَكُوا۟ شُرَكَآءَهُمْ قَالُوا۟ رَبَّنَا هَٰٓؤُلَآءِ شُرَكَآؤُنَا ٱلَّذِينَ كُنَّا نَدْعُوا۟ مِن دُونِكَ ۖ فَأَلْقَوْا۟ إِلَيْهِمُ ٱلْقَوْلَ إِنَّكُمْ لَكَٰذِبُونَ ﴿٨٦﴾

86 (അല്ലാഹുവിനോട്)പങ്കുചേര്‍ത്തവര്‍ തങ്ങളുടെ [തങ്ങള്‍ പങ്കുചേര്‍ത്ത] പങ്കാളികളെ കണ്ടാല്‍ അവര്‍ പറയും: "ഞങ്ങളുടെ റബ്ബേ, (ഇതാ) ഇക്കൂട്ടരത്രെ നിനക്ക് പുറമെ ഞങ്ങള്‍ വിളിച്ചു (പ്രാര്‍ത്ഥിച്ചു) കൊണ്ടിരുന്ന ഞങ്ങളുടെ [ഞങ്ങള്‍ പങ്കുചേര്‍ത്ത] പങ്കാളികള്‍." അപ്പോള്‍, അവര്‍ [ആ പങ്കാളികള്‍] "നിശ്ചയമായും, നിങ്ങള്‍ വ്യാജം പറയുന്നവര്‍ തന്നെയാണ് " എന്നുള്ള വാക്ക് അവരുടെ നേരെ (മറുപടി) ഇട്ടുകൊടുക്കും.

وَأَلْقَوْا۟ إِلَى ٱللَّهِ يَوْمَئِذٍ ٱلسَّلَمَ ۖ وَضَلَّ عَنْهُم مَّا كَانُوا۟ يَفْتَرُونَ ﴿٨٧﴾

87 അന്ന് അവര്‍ അല്ലാഹുവിന്‍റെ നേരെ കീഴടക്കം പ്രദര്‍ശിപ്പിക്കുകയും ചെയ്യും; അവര്‍ കെട്ടിച്ചമച്ചുകൊണ്ടിരുന്നത് (ഒക്കെയും) അവരെ വിട്ട് (തെറ്റി) മറയുകയും ചെയ്യും.

ٱلَّذِينَ كَفَرُوا۟ وَصَدُّوا۟ عَن سَبِيلِ ٱللَّهِ زِدْنَٰهُمْ عَذَابًا فَوْقَ ٱلْعَذَابِ بِمَا كَانُوا۟ يُفْسِدُونَ ﴿٨٨﴾

88 അവിശ്വസിക്കുകയും, അല്ലാഹുവിന്‍റെ മാര്‍ഗ്ഗത്തില്‍ നിന്ന് (ജനങ്ങളെ) തടയുകയും ചെയ്തിട്ടുള്ളവര്‍, അവര്‍ക്ക് ശിക്ഷക്കു മീതെ നാം ശിക്ഷയെ വര്‍ദ്ധിപ്പിക്കുന്നതാണ്; അവര്‍ കുഴപ്പമുണ്ടാക്കിക്കൊണ്ടിരുന്നതു നിമിത്തം.

---

86 **وإذا رأى** കണ്ടാല്‍, കാണുമ്പോള്‍. **الذين أشركوا** ശിര്‍ക്ക് (പങ്കു ചേര്‍ക്കല്‍) ചെയ്തവര്‍. **شركآءهم** അവരുടെ പങ്കാളികളെ. **قالوا** അവര്‍ പറയും. **ربنا** ഞങ്ങളുടെ റബ്ബേ. **هؤلآء** (ഇതാ) ഇക്കൂട്ടര്‍. **شركآؤنا** ഞങ്ങളുടെ പങ്കാളികളാണ്. **الذين كنا** ഞങ്ങള്‍ ആയിരുന്നവര്‍. **ندعو** ഞങ്ങള്‍ വിളിക്കു-പ്രാര്‍ത്തിക്കു(മായിരുന്ന). **من دونك** നിനക്ക് പുറമെ, നിന്നെ കൂടാതെ. **فألقوا** അപ്പോള്‍ അവര്‍ ഇട്ടുകൊടുക്കും. **إليهم** അവരിലേക്ക്, അവരുടെ നേരെ. **القولَ** വാക്ക്. **إنكم** നിശ്ചയമായും നിങ്ങള്‍. **لكاذبونَ** വ്യാജം (കളവു) പറയുന്നവര്‍ തന്നെ(എന്നുള്ള). 87 **وألقوا** അവര്‍ ഇടുക (കാട്ടുക-പ്രദര്‍ശിപ്പിക്കുക)യും ചെയ്യും. **إلى الله** അല്ലാഹുവിന്‍റെ നേരെ. **يومئذ** അന്ന്, ആ ദിവസം. **السلم** കീഴൊതുക്കം, സമാധാനം. **وضل** തെറ്റി (മറഞ്ഞു)പോകയും ചെയ്യും. **عنهم** അവര്‍ക്ക്, അവരെ വിട്ടും. **ما كانوا** അവരായിരുന്നത്. **يفترونَ** അവര്‍ കെട്ടിച്ചമക്കും. 88 **الذين كفروا** അവിശ്വസിച്ചവര്‍. **وصدوا** തടുക്കുകയും ചെയ്തു. **عن سبيل** മാര്‍ഗ്ഗത്തില്‍ നിന്ന്. **الله** അല്ലാഹുവിന്‍റെ. **زدنا** നാം

വർദ്ധിപ്പിക്കും. هم അവർക്ക്. عذَابًا ശിക്ഷയെ. فَوق മീതെ. العَذَابِ ശിക്ഷയുടെ. بِمَا كَانُوا അവരായിരുന്നത് നിമിത്തം. يفْسِدون അവർ കുഴപ്പം പ്രവർത്തിക്കും.

അല്ലാഹുവിൻെറ അധികാരാവകാശങ്ങളിൽപെട്ട വല്ലതിലും അവനോടു പങ്കുചേർത്തുകൊണ്ടു ആരാധിക്കപ്പെട്ടുവരുന്ന എല്ലാ വസ്തുക്കളെയും-അതു വിഗ്രഹങ്ങളോ, മനുഷ്യരോ, മലക്കുകളോ മറ്റോ ആവട്ടെ-ഉദ്ദേശിച്ചാണ് شركاء (പങ്കാളികൾ) എന്നു പറഞ്ഞിരിക്കുന്നത്. ആരും തന്നെ അവരുടെ ആരാധകൻമാരെ സഹായിക്കുകയോ രക്ഷിക്കുകയോ ഇല്ലെന്നു മാത്രമല്ല, അവർ അവരിൽനിന്ന് ഒഴിഞ്ഞുമാറുകയും, അവർക്കെതിരായിത്തീരുകയും ചെയ്യും. ഞങ്ങളെ ആരാധിക്കുവാൻ ഞങ്ങൾ നിങ്ങളോടു ആവശ്യപ്പെട്ടിട്ടില്ല, ഞങ്ങളതിന്നു തൃപ്തിപ്പെട്ടുമില്ല, നിങ്ങൾ കളവു പറയുകയാണ് എന്നൊക്കെയായിരിക്കും അവർ പറയുക. സൂ: മർയമിൽ അല്ലാഹു പറയുന്നു: ''തങ്ങൾക്കു ഒരു (സഹായ) ശക്തിയായിത്തീരുവാൻവേണ്ടി അവർ അല്ലാഹുവിന്നു പുറമെ ചില ആരാധ്യൻമാരെ സ്വീകരിച്ചിരിക്കയാണ്. അങ്ങനെയല്ല, അവർ ഇവരുടെ ആരാധനയെ (ത്തന്നെ) നിഷേധിക്കുകയും, ഇവർക്കു അവർ എതിരായിത്തീരുകയും ചെയ്യുന്നതാണ്.'' (മർയം 81,82). അങ്ങനെ, തങ്ങളെ രക്ഷിക്കുമെന്നു അവർ കരുതിയിരുന്ന ആ ദൈവങ്ങൾ അവർക്കു ഉപകരിക്കാതാകുമ്പോൾ അവർ അല്ലാഹുവിന്നു വിനയപൂർവ്വം കീഴൊതുക്കം കാണിക്കും. പക്ഷെ, ഇഹത്തിൽ ഗർവ്വിഷ്ടരായിക്കഴിഞ്ഞതിൻെറ ഫലം അതുകൊണ്ടു ഇല്ലാതായിത്തീരുകയില്ല.

വിഗ്രഹങ്ങൾ നിർജ്ജീവ വസ്തുക്കളായിരിക്കെ, അവ എങ്ങിനെ അവയുടെ ആരാധകർക്കെതിരെ വാദിക്കുമെന്നു സംശയിക്കേണ്ടതില്ല. പരലോകത്തുവെച്ചു അതും അതിലധികവും സംഭവിക്കുമെന്നും, ബുദ്ധിയും ജീവനുമില്ലാതിരുന്ന വസ്തുക്കൾപോലും അവിടെ അനുകൂലമായും പ്രതികൂലമായും സാക്ഷികളായി വരുന്നതുമൊക്കെ ഖുർആൻകൊണ്ടും 'ഹദീസു'കൊണ്ടും അറിയപ്പെട്ടതാണ്. അവിശ്വസിക്കുകയും, അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിന്നു മറ്റുള്ളവരെ തടയുകയും ചെയ്തവർക്കു അവർ സ്വയം വഴി പിഴച്ചതിൻെറയും, മറ്റുള്ളവരെ വഴിപിഴപ്പിക്കുകയും, അതുവഴി ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും ചെയ്തതിൻെറയും ശിക്ഷകൾ അനുഭവിക്കേണ്ടതുണ്ടല്ലോ. അതാണു അവർക്കു ശിക്ഷക്കുമേൽ ശിക്ഷ വർദ്ധിപ്പിക്കുമെന്നു പറഞ്ഞത്.

وَيَوْمَ نَبْعَثُ فِي كُلِّ أُمَّةٍ شَهِيدًا عَلَيْهِم مِّنْ أَنفُسِهِمْ ۖ وَجِئْنَا بِكَ شَهِيدًا عَلَىٰ هَٰؤُلَاءِ ۚ وَنَزَّلْنَا عَلَيْكَ الْكِتَابَ تِبْيَانًا لِّكُلِّ شَيْءٍ وَهُدًى وَرَحْمَةً وَبُشْرَىٰ لِلْمُسْلِمِينَ ﴿٨٩﴾

89 എല്ലാ സമുദായത്തിലും അവരിൽ നിന്നു തന്നെ അവരുടെ മേൽ (സാക്ഷ്യം വഹിക്കുന്ന) ഒരു സാക്ഷിയെ നാം എഴുന്നേൽപിക്കുന്ന ദിവസം (ഓർമ്മിക്കുക)! (നബിയേ) ഇക്കൂട്ടരുടെമേൽ സാക്ഷിയായി നിന്നെ നാം കൊണ്ടുവരുന്നതുമാണ്. എല്ലാ കാര്യത്തിനും വിവരണമായിക്കൊണ്ട് നിൻെറമേൽ നാം (വേദ)ഗ്രന്ഥം അവതരിപ്പിക്കുകയും ചെയ്തിരിക്കുന്നു; മാർഗ്ഗദർശനവും, കാരുണ്യവും, 'മുസ്‌ലിം'കൾക്ക് സന്തോഷവാർത്തയുമായിക്കൊണ്ടും (അവതരിപ്പിച്ചിരിക്കുന്നു).

---

89 ويوم ദിവസം. نبعَثُ നാം എഴുന്നേൽപ്പിക്കുന്നു (അയക്കുന്നു, നിയോഗിക്കുന്നു). في كُلِّ أمة എല്ലാ സമുദായത്തിലും. شهيدا ഒരു സാക്ഷിയെ. عليهم അവരുടെമേൽ. من أنفُسِهم അവരുടെ സ്വന്തങ്ങളിൽ നിന്ന്, അവരിൽനിന്ന് തന്നെ. وجِئْنا നാം വരുകയും ചെയ്യും. بِكَ നിന്നെക്കൊണ്ട്.

شهيدا സാക്ഷിയായി. **على هؤلاء** ഇക്കൂട്ടരുടെ മേൽ. **ونزلنا** നാം ഇറക്കുക (അവതരിപ്പിക്കുക)യും ചെയ്തു. **عليك** നിനക്ക്, നിന്റെ മേൽ. **الكتاب** (വേദ) ഗ്രന്ഥം. **تبيانا** വിവരണമായിട്ട്. **لكل شيء** എല്ലാ കാര്യത്തിന്നും. **وهدى** മാർഗ്ഗദർശനമായും . **ورحمة** കാരുണ്യമായും . **وبشرى** സന്തോഷ വാർത്തയായും. **للمسلمين** മുസ്‌ലിംകൾക്ക്.

ഓരോ സമുദായത്തിലെയും നബിമാർ, തങ്ങളുടെ പ്രബോധനത്തെ സംബന്ധിച്ചു തങ്ങളുടെ സമുദായം എന്തു നിലപാടു സ്വീകരിച്ചുവെന്നു 'ഖിയാമത്തു'നാളിൽ സാക്ഷ്യം വഹിക്കുന്നതാണ്. കൂട്ടത്തിൽ, നബി (ﷺ) തിരുമേനി ഈ സമുദായത്തിനും സാക്ഷിയായിവരും. ആ സാക്ഷ്യം തങ്ങൾക്കു എതിരാകാതിരിക്കുവാൻ എല്ലാവരും സൂക്ഷിക്കേണ്ടതുണ്ടെന്നു അല്ലാഹു ഉണർത്തുന്നു. ഈ വിഷയം സൂ: നിസാഉ് : 41ലും അല്ലാഹു ഉണർത്തിയിട്ടുണ്ട്. അതിലെ വാചകം ഇതാണ്:...... .....فكيف اذا جئنا من كل أمة (എല്ലാ സമുദായത്തിൽനിന്നും നാം ഓരോ സാക്ഷിയെ കൊണ്ടു വരുകയും, ഇക്കൂട്ടരുടെമേൽ സാക്ഷിയായി നിന്നെ നാം കൊണ്ടുവരുകയും ചെയ്യുമ്പോൾ എങ്ങിനെയായിരിക്കും (ഇവരുടെ സ്ഥിതി)?! ആ വചനത്തിന്റെ വ്യാഖ്യാനത്തിൽ വിവരിച്ച സംഗതികൾ ഇവിടെയും ഓർക്കുന്നതു നന്നായിരിക്കും. അന്നത്തെ ദിവസം രക്ഷ കിട്ടുവാനും, നബി (ﷺ) തിരുമേനിയുടെ സാക്ഷ്യം അനുകൂലമായിരിക്കുവാനുമുള്ള ഏക മാർഗ്ഗം അല്ലാഹുവിന്റെ കൽപനാ നിർദ്ദേശങ്ങൾ അനുസരിക്കലാണല്ലോ. അതുകൊണ്ടാണ് അടുത്ത വാക്യത്തിൽ ഖുർആൻ അവതരിപ്പിച്ച കാര്യവും ഉണർത്തിയിരിക്കുന്നത്.

ഖുർ ആന്റെ സവിശേഷതകളായി ഇവിടെ എടുത്തുകാട്ടിയതു നാലു കാര്യങ്ങളാകുന്നു. 1. تبيانا لكل شيء (എല്ലാ കാര്യത്തിനും വിവരണമാണത്.) അതായത്, നൻമകൾ സമ്പാദിക്കുവാനും , തിൻമകളിൽ നിന്നു ഒഴിവായിരിക്കുവാനും വേണ്ടുന്ന എല്ലാകാര്യങ്ങളും അതിൽ സവിസ്തരം വിവരിക്കപ്പെട്ടിട്ടുണ്ടെന്ന് സാരം. വേറൊരു സ്ഥലത്തു അല്ലാഹു പറയുന്നു: ما فرطنا فى الكتاب من شيء – الأنعام(ഈ ഗ്രന്ഥത്തിൽ നാം യാതൊരു വീഴ്ചയും വരുത്തിയിട്ടില്ല.) (6:38) 2. وهدى (മാർഗ്ഗദർശനവുമാണത്) അതായതു, ദുർമാർഗ്ഗത്തിൽ പതിക്കാതെ സന്മാർഗ്ഗത്തിൽ ചരിക്കുവാൻ വേണ്ടുന്ന ഉപദേശ നിർദ്ദേശങ്ങളുടെ സമാഹാരമാണത്. 3. ورحمة (കാരുണ്യവുമാണതു) അതെ, മനുഷ്യർ ദുർമാർഗ്ഗത്തിലകപ്പെട്ടു ശിക്ഷാർഹരായിത്തീരാതിരിക്കുവാനും, അവർക്കു മോക്ഷവും വിജയവും കൈവരുവാനും വേണ്ടി അവരുടെ നേരെയുള്ള കാരുണ്യം നിമിത്തം അല്ലാഹു അവതരിപ്പിച്ചിട്ടുള്ള ഒരു മഹാനുഗ്രഹമാണത്. وما ارسلناك الا رحمة للعالمين ലോകർക്ക് കാരുണ്യമായിട്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല (21:107). പക്ഷെ, അതിൽ വിശ്വസിക്കുകയും, അതിന്റെ മാർഗ്ഗദർശനം സ്വീകരിക്കുകയും ചെയ്യുന്നവർക്കു മാത്രമേ അനുഗ്രഹം ആസ്വദിക്കുവാൻ ഭാഗ്യമുണ്ടായിരിക്കുകയുള്ളു. അവരെത്രെ മുസ്‌ലിംകൾ. 4. وبشرى للمسلمين (മുസ്‌ലിംകൾക്ക് സന്തോഷവാർത്തയുമാണ്.) അപ്പോൾ, യഥാർത്ഥ മുസ്‌ലിംകളല്ലാത്തവരെ സംബന്ധിച്ചിടത്തോളം അതു സന്തോഷവാർത്തയായിരിക്കുകയില്ല-താക്കീതു മാത്രമായിരിക്കും-എന്നുള്ളതു സ്വഭാവികമാകുന്നു.

ഖുർആൻ എല്ലാ കാര്യത്തിന്റെയും വിവരണമാണു (تبيانا لكل شيء) എന്നു പറഞ്ഞതു കൊണ്ടു മനുഷ്യസമുദായത്തിൽ കാലാകാലം ഏർപ്പെട്ടുകൊണ്ടിരിക്കുന്ന ചെറുതും വലുതുമായ സകല കാര്യങ്ങളുടെയും വിധി സവിസ്തരം ഖുർആനിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ടെന്നോ, ഖുർആനിൽ വ്യക്തമായി പ്രസ്താവിക്കപ്പെടാത്ത എല്ലാ കാര്യവും മനുഷ്യനു അവന്റെ ഇഷ്ടാനുസരണം കൈകാര്യം ചെയ്യാമെന്നോ ധരിച്ചുകൂടാ. ഖുർആൻ ''എല്ലാ കാര്യത്തിന്റെയും വിവരണമാണെ''ന്നു ഇവിടെയും ''എല്ലാ കാര്യവും നാം ശരിക്കു വിശദീകരിച്ചിരിക്കുന്നു'' വെന്നു സൂ: ഇസ്രാഉ് 12 ലും അല്ലാഹു പറഞ്ഞതിന്റെ അർത്ഥം ആവശ്യമായ എല്ലാ കാര്യവും സവിശദം അതിൽ വിവരിച്ചിട്ടുണ്ട് എന്നത്രെ. ഇതു മൂലം അതിൽ വ്യക്തമാക്കപ്പെട്ടിട്ടില്ലാത്ത കാര്യങ്ങളു

ടെ വിവരണം ലഭിക്കുന്നത് എങ്ങിനെയാണെന്നുകൂടി മനസ്സിലാക്കേണ്ടിയിരിക്കുന്നു. അതിപ്രകാരമാകുന്നു:-

(1)വളരെയധികം വിഷയങ്ങൾ വ്യക്തമായ ഭാഷയിൽ തന്നെ സവിശദം ഖുർആൻ വിവരിച്ചിരിക്കുന്നു. 'തൗഹീദ്, ശിർക്ക്, പരലോകജീവിതം' എന്നിങ്ങിനെ മൗലിക പ്രധാനങ്ങളായ വിഷയങ്ങൾ തുടങ്ങി വുളു, തയമ്മും, അനന്തരാവകാശ നിയമങ്ങൾ എന്നിങ്ങിനെ കർമ്മാനുഷ്ടാനപരമായ ഏതാനും കാര്യങ്ങൾവരെ പലതും അതിൽ ഉൾപെടുന്നു. (2) ഖുർആൻ വിഭാവനം ചെയ്യുന്ന തത്വങ്ങളെയും, അതിലെ ഉപദേശ നിർദ്ദേശങ്ങളെയും അടിസ്ഥാനമാക്കി വളരെയധികം കാര്യങ്ങൾ വാക്കുമുഖേനയും, പ്രവൃത്തി മുഖേനയും നബി (ﷺ) തിരുമേനിയും വിവരിച്ചുതന്നിരിക്കുന്നു. ഇതിനാണു നബി(ﷺ)യുടെ സുന്നത്തു (ചര്യ) എന്നു പറയപ്പെടുന്നത്. "നിങ്ങൾക്കു അല്ലാഹുവിൻെറ റസൂലിൽ നല്ലതായ മാതൃകയുണ്ട്." (33:21) എന്നും മറ്റുമുള്ള ഖുർആൻ വചനങ്ങൾ ഇതാണു ചൂണ്ടിക്കാട്ടുന്നത്. "എനിക്കു ഖുർആനും, അതോടൊപ്പം അത്രയും നൽകപ്പെട്ടിരിക്കുന്നു." (ദാ.) എന്നു തിരുമേനി അരുളിചെയ്തതും അതാണു കുറിക്കുന്നത്. നബി (ﷺ) യുടെ സുന്നത്തിനെ പിൻപറ്റുന്നതു യഥാർത്ഥത്തിൽ അല്ലാഹുവിൻെറ ഗ്രന്ഥത്തെ പിൻപറ്റൽ തന്നെയാണുതാനും. അല്ലാഹു പറയുന്നു: من يطع الرسول فقد اطاع الله – النساء (ആർ റസൂലിനെ അനുസരിച്ചുവോ അവൻ അല്ലാഹുവിനെ അനുസരിച്ചു കഴിഞ്ഞു. (4:80). ചെറുതും വലുതുമായി ലോകാവസാനം വരെയുണ്ടാകുന്ന സകല കാര്യങ്ങളും ഖുർആനിൽ വിവരിക്കപ്പെട്ടിട്ടില്ലെന്നും, അതു പ്രായോഗികമല്ലെന്നും വ്യക്തമാണ്. അതുകൊണ്ടാണു റസൂലിൻെറ മാതൃക പിൻപറ്റുവാനും, റസൂലിൻെറ കൽപനകൾ അനുസരിക്കുവാനും അല്ലാഹു കൽപിച്ചിരിക്കുന്നതും. (3) ഇനി, ഖുർആനിലും, സുന്നത്തിലും വ്യക്തമായി വിധി പ്രസ്താവിക്കപ്പെട്ടിട്ടില്ലാത്ത വല്ല വിഷയവും നേരിടുമ്പോൾ, ആ രണ്ടിലും വ്യക്തമാക്കപ്പെട്ട തത്വങ്ങൾ, നിർദ്ദേശങ്ങൾ, സൂചനകൾ ആദിയായവയെ അടിസ്ഥാനമാക്കി അർഹതയും പ്രാപ്തിയുമുള്ള ആളുകൾ അവയിൽ നിന്നു കണ്ടുപിടിച്ചു അവക്കു പരിഹാരം കാണാവുന്നതാകുന്നു. ഇതാണു 'ഇജ്തിഹാദു' എന്ന (الإجتهاد) സാങ്കേതിക നാമത്തിൽ അറിയപ്പെടുന്നത്.

ഇതു സംബന്ധിച്ചു കൂടുതൽ വിസ്തരിക്കുവാൻ ഇവിടെ സൗകര്യമില്ല. അതിനു അതിമേതായ പ്രത്യേക ഗ്രന്ഥങ്ങളെ ആശ്രയിക്കേണ്ടതാണ്. ഖുർആൻ എല്ലാകാര്യത്തിൻെറയും വിവരണവും വിശദീകരണവുമാണ് എന്നു പറഞ്ഞതിൻെറ ബാഹ്യാർത്ഥം മാത്രം പൊക്കിപ്പിടിച്ചുകൊണ്ടു ഖുർആൻ മാത്രമേ മുസ്ലിംകൾ പ്രമാണമായി അംഗീകരിക്കേണ്ടതുള്ളുവെന്നും, നബി (ﷺ) യുടെ സുന്നത്തും മറ്റും ഇസ്ലാമിൻെറ പ്രമാണമല്ലെന്നുമൊക്കെ ചില പിഴച്ച കക്ഷികൾ വാദിച്ചു വരാറുണ്ട്. അവരുടെ വാദപ്രകാരം ഇസ്ലാമിക നിയമങ്ങൾക്കു രൂപം നൽകുന്നപക്ഷം, നമസ്ക്കാരം സക്കാത്തു തുടങ്ങിയ അനുഷ്ഠാനങ്ങൾക്കുപോലും ഒരു നിശ്ചിത രൂപമോ, നിയമവ്യവസ്ഥയോ ഉണ്ടായിരിക്കുവാൻ നിവൃത്തിയില്ലാതെവരും. (*) നമസ്കാരം എന്നു പേർ പറയപ്പെടാവുന്ന വല്ല കർമ്മരൂപവും എപ്പോഴെങ്കിലും ആചരിച്ചാൽ നമസ്ക്കാരത്തിൻെറ കടമതീർന്നുവെന്നും, സകാത്തു എന്നു പറയപ്പെടാവുന്നവിധം വല്ലതും ചിലവഴിച്ചാൽ ആ കടമയും തീർന്നുവെന്നുമായിരിക്കും ഫലത്തിൽ ആ വാദത്തിൻെറ അർത്ഥം. ചുരുക്കത്തിൽ, മതപരമായ തനി അരാജകത്വത്തിലേക്കുള്ള ക്ഷണമാണു അതെന്നു അൽപം ബുദ്ധിയും, ശകലം സത്യവിശ്വാസവുമുള്ള ആർക്കും മനസ്സിലാക്കുവാൻ പ്രയാസമില്ല. മാത്രമല്ല, ആ വാദികൾപോലും പ്രമാണമായി അംഗീകരിക്കുന്ന വളരെയേറെ ഖുർആൻ വചനങ്ങൾക്കു യാതൊരു നിലയും വിലയുമില്ലാതാക്കുന്ന ഒരു വാദമാണത്. (معاذ الله)

വിഭാഗം–13

* الشعر: مابنيت من مسام البدن ليس بصوف ولا وبر ه المنجد

۞ إِنَّ ٱللَّهَ يَأۡمُرُ بِٱلۡعَدۡلِ وَٱلۡإِحۡسَٰنِ وَإِيتَآيِٕ ذِي ٱلۡقُرۡبَىٰ وَيَنۡهَىٰ عَنِ ٱلۡفَحۡشَآءِ وَٱلۡمُنكَرِ وَٱلۡبَغۡيِۚ يَعِظُكُمۡ لَعَلَّكُمۡ تَذَكَّرُونَ ﴿٩٠﴾

90 നിശ്ചയമായും അല്ലാഹു, നീതി ചെയ്വാനും, നൻമ ചെയ്വാനും, കുടുംബബന്ധമുള്ളവർക്ക് കൊടുക്കുവാനും കൽപിക്കുന്നു; നീചവൃത്തിയെയും, ദുരാചാരത്തെയും,അതിക്രമത്തെയുംകുറിച്ച് അവൻ വിരോധിക്കുകയും ചെയ്യുന്നു. നിങ്ങൾ ഓർമ്മ വെക്കുവാൻവേണ്ടി അവൻ നിങ്ങൾക്ക് സദുപദേശം നൽകുകയാണ്.

---

90 **إن الله** നിശ്ചയമായും അല്ലാഹു. **يأمر** കൽപിക്കുന്നു. **بالعدل** നീതിയെപ്പറ്റി (നീതി ചെയ്വാൻ). **والإحسان** നന്മ (പുണ്യം) ചെയ്വാനും. **وإيتاء** കൊടുക്കുവാനും. **ذي القربى** അടുത്ത (കുടുംബ) ബന്ധമുള്ളവർക്ക്. **وينهى** അവൻ വിരോധിക്കുകയും ചെയ്യുന്നു. **عن الفحشاء** നീചവൃത്തിയെക്കുറിച്ച്. **والمنكر** വെറുക്കപ്പെട്ടതിനെയും, ദുരാചാരത്തെയും. **والبغي** അതിക്രമത്തെ (ക്രമം തെറ്റുന്നതിനെ-ധിക്കാരത്തെ)യും. **يعظكم** അവൻ നിങ്ങൾക്ക് സദുപദേശം നൽകുന്നു. ഉപദേശം നൽകുകയാണ്. **لعلكم** നിങ്ങളാകുവാൻ ആയേക്കും. **تذكرون** നിങ്ങൾ ഉറ്റാലോചിക്കും, ഓർമ്മവെക്കും.

എല്ലാ നൻമകളുടെയും, തിൻമകളുടെയും നിദാനം അടങ്ങിയതും, സൻമാർഗ്ഗവ്യവസ്ഥയുടെ അടിത്തറയിലേക്കു വിരൽ ചൂണ്ടുന്നതുമായ ഒരു വചനമത്രെ ഇത്.

'ഇബ്നുജരീർ, ത്വബ്റാനീ, ഹാകിം' (رحمهم الله)മുതലായവരും, 'ബുഖാരീ' (رحمه الله)അദ്ദേഹത്തിൻെറ 'അദബി'ലും, 'ബൈഹഖീ' (رحمه الله)അദ്ദേഹത്തിൻെറ 'ശുഅബി'ലും ഇബ്നു മസ്ഊദു (رضي الله عنه)പ്രസ്താവിച്ചതായി ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: ''അല്ലാഹുവിൻെറ കിത്താബിലെ ഏററവും മഹത്തായ ആയത്തു الله لا اله الا هو الحي القيوم (അല്ലാഹു-അവനല്ലാതെ ഒരു ആരാധ്യനുമില്ല–ജീവത്തായുള്ളവനാണ്, സർവ്വനിയന്താവായുള്ളവനാണ്) എന്ന ആയത്താകുന്നു. നൻമയും, തിൻമയും ഏറ്റവുമധികം ഉൾക്കൊള്ളുന്ന ആയത്തു സൂറത്തു ന്നഹ്ലിലെ إن الله يأمر بالعدل والإحسان (നിശ്ചയമായും അല്ലാഹു, നീതിചെയ്വാനും നൻമ ചെയ്യുവാനും കൽപിക്കുന്നു) എന്ന (ഈ) ആയത്താകുന്നു. കാര്യങ്ങൾ അല്ലാഹുവിൽ ഭരമേൽപിക്കുവാൻ ഏറ്റവും പ്രേരിപ്പിക്കുന്ന ആയത്തു ومن يتق الله يجعل له مخرجا..... (ആർ അല്ലാഹുവിനെ സൂക്ഷിക്കുന്നുവോ അവനു അവൻ പോംവഴി–രക്ഷാമാർഗ്ഗം–ഏർപ്പെടുത്തിക്കൊടുക്കുകയും, അവൻ വിചാരിക്കാത്ത വിധത്തിലൂടെ അവനു ഉപജീവനം നൽകുകയും ചെയ്യും. (ത്വലാഖു :2) എന്നുള്ള ആയത്താകുന്നു. സുപ്രതീക്ഷ നൽകുന്നതിൽ ഏറ്റവും ശക്തിമത്തായതു قل يا عبادي الذين اسرفوا على انفسهم...... (പറയുക: തങ്ങളുടെ സ്വന്തങ്ങളോടു അതിരുകവിഞ്ഞ അടിമകളേ, നിങ്ങൾ അല്ലാഹുവിൻെറ കാരുണ്യത്തെക്കുറിച്ചു ആശ മുറിയരുത്. നിശ്ചയമായും അല്ലാഹു, പാപങ്ങൾ മുഴുവനും പൊറുക്കുന്നതാണു. (സുമർ:53) എന്ന ആയത്താകുന്നു.

'ഹാഫിള് അബൂയഅ്ലാ' (حافظ ابو يعلى رح) യും മറ്റും ഉദ്ധരിച്ച ഒരു സംഭവത്തിൽ ഇപ്രകാരം വന്നിരിക്കുന്നു: അറേബ്യയിലെ ഒരു തത്വജ്ഞാനിയായിരുന്ന 'അക്ഥമുബ്നു സൈ്വഫിയ്യു' (اكثم بن صيفى) നബി(ﷺ)യുടെ വെളിപ്പാടിനെപ്പറ്റി കേട്ടപ്പോൾ, നേരിൽ ചെന്ന് വിവരിമറിയുവാൻ വേണ്ടി അദ്ദേഹം ആളയച്ചിരുന്നു. അവരിൽ നിന്നു അദ്ദേഹം ഈ (إن الله يأمر بالعدل)ആയത്തിനെപറ്റി അറിയുവാനിടയായി. അപ്പോൾ അദ്ദേഹം പറഞ്ഞു: ''അദ്ദേഹം–നബി (ﷺ)-ഉൽകൃഷ്ട സ്വഭാവങ്ങളെപ്പറ്റി കൽപിക്കുന്നതായും, നികൃഷ്ട സ്വഭാവങ്ങളെക്കുറിച്ചു വിരോധിക്കുന്നതാ

യും കാണുന്നു. അതുകൊണ്ടു ഈ കാര്യത്തിൽ നിങ്ങൾ തലകളായിരിക്കണം–വലുകളായിതീരരുത്. (മുമ്പൻമാരാവണം. പിമ്പൻമാരാകരുത്.)''

മൂന്നു കാര്യങ്ങളാണു ഈ വചനത്തിൽ അല്ലാഹു കൽപിക്കുന്നത് 1-–ാമത്തേതു: العدل (നീതി). അമിതമാക്കുകയോ, വീഴ്ചവരുത്തുകയോ ചെയ്യാതെ, ഓരോ കാര്യത്തിലും അതതിൻെറ മദ്ധ്യമവും മിതവുമായ നില കൈക്കൊള്ളുക എന്നത്രെ നീതികൊണ്ടു വിവക്ഷ. അല്ലാഹുവിനെ സംബന്ധിക്കുന്നതോ, സൃഷ്ടികളെ സംബന്ധിക്കുന്നതോ ആയ ഏതു കാര്യത്തിലും-സ്വന്തം കാര്യത്തിൽപോലും-ഇതു നിർബ്ബന്ധമാകുന്നു. നീതി പാരിക്കപ്പെടാത്ത കാര്യങ്ങളെല്ലാം അനീതിയും അക്രമവും തന്നെ. 'അബ്ദുല്ലാഹിബ്നു അംറിബ്നിൽ ആസ്' (ﷺ) ൻെറ പ്രസിദ്ധമായ ഒരു സംഭവത്തിൽ നബി (ﷺ) അദ്ദേഹത്തോടു ഇങ്ങിനെ പറയുകയുണ്ടായി: ''നിശ്ചയമായും, തൻെറ ശരീരത്തോടു തനിക്ക് കടമയുണ്ട്;തൻെറ കണ്ണുകളോടും തനിക്ക് കടമയുണ്ട്. തൻെറ ഭാര്യയോടും തനിക്ക് കടമയുണ്ട്; തന്നെ സന്ദർശിക്കുന്നവരോടും തനിക്ക് കടമയുണ്ട്; അതുകൊണ്ടു എല്ലാ മാസത്തിലും താൻ മൂന്നു (സുന്നത്തു) നോമ്പു നോറ്റാൽ മതി. കാരണം, തനിക്കു ഓരോ നൻമക്കും പത്തിരട്ടി (പ്രതിഫലം) ഉണ്ടായിരിക്കും. അപ്പോൾ അതു, കാലം മുഴുവനും നോമ്പു പിടിക്കലായി'' (ബു; മു)

നീതിപാലനത്തിൽ ഒന്നാം സ്ഥാനം അർഹിക്കുന്നതു അല്ലാഹുവിൻെറ അധികാരാവകാശങ്ങളും, മഹത്വങ്ങളും അവനുമാത്രം വകവെച്ചു കൊടുക്കുകയെന്ന 'തൗഹീദും', അനീതികളിൽ വെച്ച് ഏറ്റവും ഗൗരവമേറിയതു അതിൻെറ വിപരീതമായ 'ശിർക്കു'മാകുന്നുവെന്നു പറയേണ്ടതില്ല. അതെ إن الشرك لظلم عظيم (നിശ്ചയമായും, ശിർക്കു വമ്പിച്ച അനീതിയാകുന്നു. (31:13) 'മുഹമ്മദുബ്നുൽ ഖുറളി' (ﷺ)(محمد ابن القرضى) യിൽനിന്നു 'ഇബ്നു അബീഹാതിം' (ﷺ)ഇങ്ങിനെ ഉദ്ധരിക്കുന്നു: എന്നെ (ഖലീഫാ) 'ഉമറുബ്നു അബ്ദിൽ അസീസ്' (ﷺ)വിളിച്ച് ''എനിക്കു നീതിയെക്കുറിച്ചു വിവരിച്ചു തരണം'' എന്നാവശ്യപ്പെട്ടു. ഞാൻ ഇങ്ങിനെ പറഞ്ഞു: ''അഹോ! വലിയൊരു കാര്യത്തെക്കുറിച്ചാണു നിങ്ങൾ ചോദിച്ചത്. ചെറിയ മനുഷ്യർക്കു നിങ്ങൾ പിതാവും, വലിയവർക്കു മകനും, സമൻമാർക്കു സഹോദരനും, അതേപ്രകാരം തന്നെ സ്ത്രീകളോടും ആയിക്കൊള്ളുക. ജനങ്ങളോടു അവരുടെ കുറ്റങ്ങൾക്കനുസരിച്ചും, അവരുടെ ശരീരങ്ങൾക്കനുസരിച്ചും ശിക്ഷാനടപടി സ്വീകരിക്കുക. നിങ്ങളുടെ ദ്വേഷ്യം നിമിത്തം ഒരാളെയും ഒരൊറ്റ ചമ്മട്ടിയടിയും അടിക്കരുത്. എന്നാൽ നിങ്ങൾ അക്രമിയായിത്തീരും.'' നീതിയുടെ വ്യാപ്തി മേലുദ്ധരിച്ചതിൽ നിന്നെല്ലാം വ്യക്തമാണല്ലോ.

2-ാമത്തേതു: الإحسان (നൻമ ചെയ്യൽ-അഥവാ പുണ്യം ചെയ്യൽ) നിർബ്ബന്ധകടമകൾ എന്നപോലെ ഐച്ഛികമായ ദാനധർമ്മങ്ങൾ, ആരാധനാ കർമ്മങ്ങൾ, ജനോപകാരപ്രദമായ കാര്യങ്ങൾ മുതലായ എല്ലാ പുണ്യകർമ്മങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഇങ്ങോട്ടു തിൻമ ചെയ്തവരേട് അങ്ങോട്ടു തിൻമ ചെയ്യാതെ നൻമ ചെയ്തു കൊടുക്കുന്നതു ഏറ്റവും മേലേകിടയിലുള്ള നന്മയത്രെ. 'ഇബ്നു ഉമർ' (ﷺ)പ്രസ്താവിച്ചതായി ബുഖാരിയും, മുസ്ലിമും(ﷺ)ഉദ്ധരിച്ച പ്രസിദ്ധമായ ഒരു 'ഹദീസി'ൽ إحسان എന്ന വാക്കിനു നബി (ﷺ) നൽകിയ വ്യാഖ്യാനം ഇങ്ങിനെയാണു: ان تعبدو الله كأنك تراه وان لم تكن تراه فإنه يراك (നീ അല്ലാഹുവിനെ കാണുന്നുവെന്നപോലെ അവനെ നീ ആരാധിക്കുകയാണ്. നീ അവനെ കാണുന്നില്ലെങ്കിൽ, നിശ്ചയമായും അവൻ നിന്നെ കാണുന്നുണ്ട്) 3-–ാമത്തേതു إيتاء بالقربى (കുടുംബബന്ധമുള്ളവർക്കു കൊടുക്കൽ) ഇതു വാസ്തവത്തിൽ ആദ്യത്തെ രണ്ടു കൽപനകളിൽ ഉൾപെട്ടതാണെങ്കിലും ഇതിൻെറ പ്രാധാന്യം നിമിത്തം പ്രത്യേകം എടുത്തു പറഞ്ഞിരിക്കുകയാണ്. സന്ദർഭവും, ആവശ്യവുമനുസരിച്ച് അടുത്ത ബന്ധുക്കൾക്കു ധനംകൊണ്ടും, വാക്കുകൊണ്ടും, പ്രവൃത്തി കൊണ്ടും ചെയ്തുകൊടുക്കുന്ന എല്ലാ നൻമകളുമാണു വിവക്ഷ കുടുംബബന്ധം പാലിക്കുവാൻ പ്രേരിപ്പിക്കുകയും അതു മുറിക്കുന്നതിനെപ്പറ്റി ആക്ഷേപിക്കുകയും ചെയ്യുന്ന എത്രയോ ഖുർ

ആൻ വചനങ്ങളും, നബിവചനങ്ങളും നിലവിലുള്ളതു പ്രസ്താവ്യമത്രെ.

മൂന്നു കാര്യങ്ങൾ കൽപിച്ചതുപോലെ, മൂന്നുകാര്യങ്ങൾ ഈ വചനത്തിൽ അല്ലാഹു വിരോധിക്കുകയും ചെയ്യുന്നു. 1-ാമത്തേതു: الفحشاء (നീചവൃത്തി). സ്വേച്ഛകൾക്കും, വികാരങ്ങൾക്കും വഴങ്ങിക്കൊണ്ടുണ്ടാകുന്ന വ്യഭിചാരം, മോഷണം, മദ്യപാനംപോലെയുള്ള ദുർവൃത്തികളെല്ലാം ഇതിൽ ഉൾപെടുന്നു. 2-–ാമത്തേതു: المنكر (ദുരാചാരം-അഥവാ വേറുക്കപ്പെട്ട കാര്യം). മതദൃഷ്ട്യാ നിഷിദ്ധമായതും, ജനമദ്ധ്യെ ആക്ഷേപകരമായതും, നിഷ്പക്ഷബുദ്ധിയും തമേടവുമുള്ള ആളുകൾ വെറുക്കുന്നതുമായ എല്ലാ കാര്യങ്ങളും ഇതിൽ പെടുന്നു. 3-ാമത്തേതു البغي (അതിക്രമം). അക്രമമായോ, അഹംഭാവംകൊണ്ടോ, അസൂയ നിമിത്തമോ, സ്വാർത്ഥ താൽപര്യങ്ങളെ മുൻനിറുത്തിയോ ഉണ്ടാകുന്ന കയ്യേറ്റം, വാക്കേറ്റം മുതലായ എല്ലാ അതിരുകവിച്ചലുകളും ഇതിൽ ഉൾപ്പെടുന്നു.

ഇങ്ങിനെ ചിലകാര്യങ്ങൾ നിങ്ങളോടു അല്ലാഹു കൽപിക്കുകയും, ചില കാര്യങ്ങളെ നിങ്ങളോടു വിരോധിക്കുകയും ചെയ്യുന്നതു നിങ്ങളുടെ ഐഹികവും, പാരത്രികവുമായ ഗുണത്തിനു വേണ്ടിയാണ്-അല്ലാഹുവിനു അതു മൂലം യാതൊന്നും നേടുവാനില്ല-നിങ്ങൾമനസ്സിരുത്തി ആലോചിച്ചുനോക്കിയാൽ നിങ്ങൾക്കുതന്നെ അതു മനസ്സിലാക്കാം. അതുകൊണ്ടു ഈ ഉപദേശങ്ങൾ നിങ്ങൾ മുറുകെ പിടിക്കണം എന്നൊക്കെ സൂചിപ്പിച്ചുകൊണ്ടു ഈ വചനം അല്ലാഹു അവസാനിപ്പിക്കുന്നു: يعظكم لعلكم تذكرون (നിങ്ങൾ ഓർമ്മ വെക്കുവാനായി അല്ലാഹു നിങ്ങൾക്കു സദുപദേശം നൽകുകയാണ്.) ഈ വചനത്തിൽ മൊത്തമായി പ്രസ്താവിക്കപ്പെട്ട കാര്യങ്ങളുടെ ചില ഉദാഹരണങ്ങളാണു തുടർന്നുള്ള ഏതാനും വചനങ്ങളിൽ കാണുന്നത്.

وَأَوْفُواْ بِعَهْدِ ٱللَّهِ إِذَا عَـٰهَدتُّمْ وَلَا تَنقُضُواْ ٱلْأَيْمَـٰنَ بَعْدَ تَوْكِيدِهَا وَقَدْ جَعَلْتُمُ ٱللَّهَ عَلَيْكُمْ كَفِيلًا ۚ إِنَّ ٱللَّهَ يَعْلَمُ مَا تَفْعَلُونَ ﴿٩١﴾

91 നിങ്ങൾ കരാർ (അഥവാ ഉടമ്പടി) ചെയ്യുമ്പോൾ അല്ലാഹുവിൻെറ (വക) കരാറിനെ നിങ്ങൾ നിറവേറ്റുകയും ചെയ്യുവിൻ; സത്യ (വാചക)ങ്ങളെ ഉറപ്പിച്ചതിനു ശേഷം, നിങ്ങൾ അവയെ ലംഘിക്കുകയും അരുത്; നിങ്ങളുടെമേൽ നിങ്ങൾ അല്ലാഹുവിനെ ജാമ്യക്കാരനാക്കി (അഥവാ സാക്ഷിയാക്കി)ക്കഴിഞ്ഞ സ്ഥിതിക്ക്. നിശ്ചയമായും അല്ലാഹു, നിങ്ങൾ ചെയ്യുന്നതിനെപ്പറ്റി അറിയുന്നതാണ്.

---

91 **وأوفوا** നിറവേറ്റുക (പൂർണ്ണമാക്കുക)യും ചെയ്യുവിൻ. **بعهد** കരാറിനെ, ഉടമ്പടിയെ, പ്രതിജ്ഞയെ. **الله** അല്ലാഹുവിൻെറ. **إذا عاهدتم** നിങ്ങൾ കരാർ (ഉടമ്പടി) ചെയ്താൽ. **ولا تنقضوا** നിങ്ങൾ ഉടക്കുക (ലംഘിക്കുക)യും ചെയ്യരുത്. **الأيمانَ** സത്യ (ശപഥ)ങ്ങളെ. **بعد** ശേഷം, പിന്നീട്. **توكيدها** അവയെ ബലപ്പെടുത്തിയ(ഉറപ്പിച്ച)തിൻെറ. **وقد جعلتم** നിങ്ങൾ ആയിരിക്കെ. **الله** അല്ലാഹുവിനെ. **عليكم** നിങ്ങളുടെമേൽ. **كفيلاً** ജാമ്യക്കാരൻ, ഏറ്റെടുത്തവൻ, ഉത്തരവാദി. **إن الله** നിശ്ചയമായും അല്ലാഹു. **يعلم** അവൻ അറിയും, അറിയുന്നു. **ما تفعلونَ** നിങ്ങൾ ചെയ്യുന്നതിനെ.

عهد الله (അല്ലാഹുവിൻെറ വക കരാർ) കൊണ്ടു ഇവിടെ ഉദ്ദേശിക്കപ്പെട്ടതെന്താണെന്നുള്ളതിൽ വ്യാഖ്യാതാക്കൾക്കിടയിൽ ഒന്നിലധികം അഭിപ്രായങ്ങൾ കാണാം.

കൂടുതൽ യോജിപ്പുള്ളതായി തോന്നുന്നതും ഇമാം ഇബ്നു ജരീർ, ഇമാം റാസീ (ﷺ)മുതലായവർ സ്വീകരിച്ചിരിക്കുന്നതുമായ അഭിപ്രായമനുസരിച്ച് ഒന്നാമത്തെവാക്യത്തിൽ മനുഷ്യർ സ്വയം ഏറ്റെടുക്കുന്ന എല്ലാതരം കരാറ്ബാധ്യതകളും നിറവേറ്റേണ്ടതാണ് എന്നുള്ള ഒരു പൊതു കൽപനയും, രണ്ടാമത്തെ വാക്യത്തിൽ, അല്ലാഹുവിനെമുൻനിറുത്തി ചെയ്യുന്ന ശപഥങ്ങളൊന്നും ലംഘിച്ചുകൂടാത്തതാണെന്നുള്ള ഒരു പ്രത്യേക കൽപനയും അടങ്ങിയിരിക്കുന്നു. എല്ലാ ശപഥങ്ങളും നിറവേറ്റുവാൻ കടമപ്പെട്ടവയാണെങ്കിലും അല്ലാഹുവിനെ സാക്ഷ്യപ്പെടുത്തിക്കൊണ്ടു അതിനെ ശക്തിപ്പെടുത്തുമ്പോൾ ആ കടമ കൂടുതൽ ശക്തിപ്പെടുന്നുവെന്നും, അതാണ് بعد توكيدها (അവയെ ഉറപ്പിച്ചശേഷം) എന്ന വാക്കു സൂചിപ്പിക്കുന്നതെന്നും ഈ അഭിപ്രായക്കാർ ചൂണ്ടിക്കാട്ടുന്നു.

മനഃപൂർവ്വമല്ലാതെ വന്നുപെടുന്ന സത്യങ്ങൾ പാലിക്കൽ നിർബ്ബന്ധമില്ലെന്നു 2: 225ലും, 5: 92 ലും അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്. ഒരു കാര്യത്തിൽ സത്യംചെയ്തശേഷം, അതിനെക്കാൾ ഉത്തമമായത് മറ്റൊന്നായിരുന്നുവെന്നു ബോധ്യപ്പെട്ടാൽ, ആദ്യത്തെ സത്യം ലംഘിക്കുകയും, അതിനു പ്രായശ്ചിത്തം(كفارة) ചെയ്യുകയും ചെയ്തുകൊണ്ട് കൂടുതൽ ഉത്തമമായതു സ്വീകരിക്കേണ്ടതാണെന്നു നബി(ﷺ)യും (*) അരുളിച്ചെയ്തിരിക്കുന്നു (ബു;മു.) അപ്പോൾ, ഈ രണ്ടു രൂപവും ഒഴിച്ചുള്ള സത്യങ്ങളെക്കുറിച്ചായിരിക്കും ഇവിടെ بعد توكيدها (അവയെ ഉറപ്പിച്ചശേഷം) എന്നു പറഞ്ഞിരിക്കുന്നതെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു. والله أعلم നിങ്ങൾ സത്യങ്ങളും കരാറുകളും ചെയ്യുന്നതും, അവ ലംഘിക്കുന്നതുമൊക്കെ അല്ലാഹു അറിയുന്നതാണ്; അത് കൊണ്ട് നിങ്ങൾ അതൊക്കെ വളരെ സൂക്ഷ്മമായി ചെയ്യേണ്ടതാണ്; ഇല്ലാത്തപക്ഷം, നിങ്ങൾ അവൻെറ മുമ്പാകെ ഉത്തരം പറയേണ്ടിവരും എന്നൊക്കെയാണ് അവസാനത്തെ വാക്യംമുഖേന അല്ലാഹു ഓർമ്മിപ്പിക്കുന്നത്. അല്ലാഹു തുടർന്നു പറയുന്നു:-

وَلَا تَكُونُوا۟ كَٱلَّتِى نَقَضَتْ غَزْلَهَا مِنۢ بَعْدِ قُوَّةٍ أَنكَـٰثًا تَتَّخِذُونَ أَيْمَـٰنَكُمْ دَخَلًۢا بَيْنَكُمْ أَن تَكُونَ أُمَّةٌ هِىَ أَرْبَىٰ مِنْ أُمَّةٍ ۚ إِنَّمَا يَبْلُوكُمُ ٱللَّهُ بِهِۦ ۚ وَلَيُبَيِّنَنَّ لَكُمْ يَوْمَ ٱلْقِيَـٰمَةِ مَا كُنتُمْ فِيهِ تَخْتَلِفُونَ ﴿٩٢﴾

92 (പിരിമുറുക്കി)ഉറപ്പുണ്ടായശേഷം തൻെറ നൂൽ (പിരി)ഉടഞ്ഞ തുണ്ടങ്ങളായി ഉടച്ചുകളയുന്ന ഒരുവളെപ്പോലെ നിങ്ങൾ ആയിത്തീരുകയും ചെയ്യരുത്; നിങ്ങളുടെ (കരാറുകളിലെ) സത്യങ്ങളെ നിങ്ങൾക്കിടയിൽ (കടന്നുകൂടുന്ന) ഒരു ചതി മാർഗ്ഗമാക്കിക്കൊണ്ട്; ഒരുസമൂഹം ഒരു സമൂഹത്തെക്കാൾ വളർന്നത് [പെരുപ്പമുള്ളത്] ആയിരിക്കുന്നതിനാൽ. അത് മുഖേന അല്ലാഹു നിങ്ങളെ പരീക്ഷിക്കുക മാത്രമാണ് ചെയ്യുന്നത്. യാതൊരു കാര്യത്തിൽ നിങ്ങൾ ഭിന്നാഭിപ്രായത്തിലായിക്കൊണ്ടിരിക്കുന്നുവോ അത് ഖിയാമത്തു നാളിൽ അവൻ നിങ്ങൾക്ക് വ്യക്തമാക്കിത്തരുക തന്നെ ചെയ്യുന്നതാണ്.

---

92 **ولا تكُونوا** നിങ്ങളായിരിക്കുയും ചെയ്യരുത്. **كَالتي** യാതൊരുവളെപ്പോലെ. **نقَضت** അവൾ ഉടച്ചു. **غَزلَها** അവളുടെ നൂൽ. **من بعد** ശേഷം. **قُوة** ശക്തിയുടെ, ഉറപ്പിൻെറ. **أنكَاثًا** ഉടഞ്ഞവയായി (ഉടഞ്ഞതുണ്ടങ്ങളായി, ഇഴകളായി). **تتخذُونَ** നിങ്ങൾ ആക്കിക്കൊണ്ട്. **أيمانكُم** നിങ്ങളുടെ സത്യ

* ഹദീസിൻെറ പൂർണ്ണരൂപം അൽബഖറയിലെ ആയത്തിൻെറ വ്യാഖ്യാനത്തിൽ ഉദ്ധരിച്ചിട്ടുണ്ട്.

ങ്ങളെ. **دخلاً** കടന്നുകൂടുന്നത് (ചതിമാർഗ്ഗം). **بينكم** നിങ്ങൾക്കിടയിൽ. **أن تكُونَ** ആയിരുന്നതിനാൽ. **أمةٌ** ഒരു സമൂഹം. **هي** അത്. **أربى** അധികം വളർന്നതു, പൊന്തി നിൽക്കുന്നത് (പെരുപ്പമുള്ളതു). **من أمة** ഒരു സമൂഹത്തെക്കാൾ. **إنما يبلُوكُم** നിങ്ങളെ പരീക്ഷിക്കുക മാത്രം ചെയ്യുന്നു. **اللهُ** അല്ലാഹു. **به** അതുകൊണ്ടു (മൂലം). **وليبينن** അവൻ വ്യക്തമാക്കി (വിവരിച്ചു) തരുക തന്നെ ചെയ്യും. **لكُم** നിങ്ങൾക്ക്. **يوم القيامة** ഖിയാമത്തുനാളിൽ. **ما كُنتم** നിങ്ങളായിരുന്നതിനെ. **فيه** അതിൽ. **تختلفُونَ** നിങ്ങൾ ഭിന്നിക്കും, (ഭിന്നാഭിപ്രായത്തിലായിരിക്കും).

ഒരു കൂട്ടർ മറ്റേ കൂട്ടരെക്കാൾ ഉയർച്ചയും വളർച്ചയും ഉള്ളവരാണെന്ന കാരണത്താൽ, നിങ്ങൾക്കിടയിൽ ചതിവും കുഴപ്പവും കടന്നുകൂടവാൻ ഇടവരുത്തുമാറ് തമ്മതമ്മിൽ നടന്നിട്ടുള്ള സത്യങ്ങളും ശപഥങ്ങളും നിങ്ങൾ ലംഘിക്കരുത്. നൂൽനൂൽക്കാറുള്ള ഒരു സ്ത്രീ വളരെ പണിപ്പെട്ട് നല്ലപോലെ പിരിമുറക്കി നൂലുണ്ടാക്കിയശേഷം, വീണ്ടും ആ നൂൽ ഉടച്ച് പഴയപടി ഉടഞ്ഞ ധൂളങ്ങളാക്കിമാറ്റുന്നതുപോലെ ബുദ്ധിഹീനമായ ഒരു ഏർപ്പാടാണ് ഒരിക്കൽ ഉറപ്പിച്ച സത്യം പിന്നീടും ലംഘിക്കുന്നത്. ഒരു കൂട്ടർ എണ്ണത്തിലും, വണ്ണത്തിലും കൂടുതലും മറ്റേവർ കുറവുമായിരിക്കുന്നതു അല്ലാഹുവിങ്കിൽ നിന്നുള്ള ഒരു പരീക്ഷണമാകുന്നു. ആകയാൽ ശക്തമായ വിഭാഗം അശക്തമായ വിഭാഗത്തോടു കൂടുതൽ സത്യവും മര്യാദയും പാലിക്കുകയാണു ചെയ്യേണ്ടത്. പിന്നെ, അഭിപ്രായാദർശങ്ങളിൽ വിഭാഗങ്ങൾ തമ്മിലുള്ള ഭിന്നിപ്പിൻെറ കാര്യമാണുള്ളത്. അതിനെപ്പറ്റി 'ഖിയാമത്തു'നാളിൽ അല്ലാഹു വേണ്ടപ്രകാരം ചെയ്തുകൊള്ളും. ഒരു കൂട്ടരുമായി സഖ്യ ഉടമ്പടി നടന്നശേഷം, കൂടുതൽ ശക്തരായ മറ്റൊരു കൂട്ടരുമായി സഖ്യത്തിനു അവസരം കാണുമ്പോൾ, ആദ്യത്തെ സഖ്യം ലംഘിക്കുക അറബികളിൽ പതിവുണ്ടായിരുന്നതിനെ നിരോധിക്കുകയാണ് ഈ വചനത്തിൻെറ താൽപര്യമെന്നും, അതല്ല, മുസ്‌ലിംകളുമായി ഉടമ്പടി നടന്നശേഷം 'ഖുറൈശി'കളുടെ ശക്തി പ്രതാപം കണ്ട് ആ ഉടമ്പടി ലംഘിച്ചിരുന്നവരെക്കുറിച്ചുള്ള ആക്ഷേപമാണ് ഇതിൽ അടങ്ങിയിരിക്കുന്നതെന്നും പറയപ്പെടുന്നു. ഏതായാലും, ആയത്തിലെ ആശയം വ്യക്തവും എല്ലാ കരാറ് ലംഘനങ്ങളെയും പൊതുവെ ബാധിക്കുന്നതും തന്നെ.

'മുആവിയാ' (رضي الله عنه)യുടെ ഖിലാഫത്തു കാലത്തു നടന്ന ഒരു സംഭവം ഇങ്ങിനെ ഉദ്ധരിക്കപ്പെട്ടിരിക്കുന്നു: അദ്ദേഹവും, റോമായിലെ രാജാവുമായി ഒരു സമാധാനസന്ധി നടന്നു. കാലാവധി അവസാനിക്കാറായപ്പോൾ, അദ്ദേഹം സൈന്യവുമായി പുറപ്പെട്ട് റോമായുടെ അതിർത്തിക്കടുത്ത ഒരു സ്ഥലത്തു ചെന്നിറങ്ങി. അവധി അവസാനിക്കുന്നതോടെ ഓർക്കാപ്പുറത്തു ആക്രമണം നടത്തുവാനായിരുന്നു അദ്ദേഹം ഉദ്ദേശിച്ചിരുന്നത്. ഈ അവസരത്തിൽ 'അംറുബ്നു അബസ': (رضي الله عنه)ഇപ്രകാരം പറഞ്ഞു: ''അല്ലാഹു അക്ബർ! 'മുആവിയാ' കരാർ നിറവേറ്റുക! വഞ്ചിക്കുകയല്ല ചെയ്യേണ്ടതു. 'റസൂൽ' (ﷺ) ഇങ്ങിനെ പറയുന്നതു ഞാൻ കേട്ടിരിക്കുന്നു; ''ആർക്കെങ്കിലും അവൻെറയും, ഒരു ജനതയുടെയും ഇടക്കു വല്ല അവധി നിശ്ചയവും ഉണ്ടായിരുന്നാൽ, ആ അവധി തീരുന്നതുവരെ അതിലെ ഒരു കെട്ടും അവൻ അഴിക്കരുത്. (ഒരു നിശ്ചയവും ലംഘിക്കരുത്)'' അങ്ങനെ 'മുആവിയാ'(رضي الله عنه)സൈന്യവുമായി മടങ്ങിപ്പോന്നു. (ഇബ്നു കഥീർ)

وَلَوْ شَآءَ ٱللَّهُ لَجَعَلَكُمْ أُمَّةً وَٰحِدَةً وَلَٰكِن يُضِلُّ مَن يَشَآءُ وَيَهْدِى مَن يَشَآءُ ۚ وَلَتُسْـَٔلُنَّ عَمَّا كُنتُمْ تَعْمَلُونَ ﴿٩٣﴾

93 അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ നിങ്ങളെ അവൻ ഒരേ സമുദായമാക്കുമായിരുന്നു. എങ്കിലും, അവൻ ഉദ്ദേശിക്കുന്നവരെ അവൻ വഴിപിഴവിലാക്കുകയും, അവൻ ഉദ്ദേശിക്കുന്നവരെ അവൻ നേർവഴിയിലാക്കുകയും ചെയ്യുന്നു. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് തീർച്ചയായും, നിങ്ങൾ ചോദിക്കപ്പെടുകതന്നെ

ചെയ്യും.

---

93 ولو شاء ഉദ്ദേശിച്ചിരുന്നെങ്കിൽ. الله അല്ലാഹു. لجعلكم നിങ്ങളെ അവൻ ആക്കുമായിരുന്നു, ആക്കുക തന്നെ ചെയ്തിരുന്നു. أمةً واحدةً ഒരേ സമുദായം, സമൂഹം. ولكن എങ്കിലും. يضل അവൻ വഴിപിഴവിലാക്കുന്നു. من يشاء അവൻ ഉദ്ദേശിക്കുന്നവരെ. ويهدي അവൻ നേർമ്മാർഗ്ഗത്തിലാക്കുകയും ചെയ്യുന്നു. من يشاء അവൻ ഉദ്ദേശിക്കുന്നവരെ. ولتسئلن തീർച്ചയായും നിങ്ങൾ ചോദിക്കപ്പെടുക തന്നെ ചെയ്യും. عما كنتم നിങ്ങളായിരുന്നതിനെപ്പറ്റി. تعملونَ നിങ്ങൾ പ്രവർത്തിക്കും.

ഒരുകൂട്ടർ മറ്റൊരുകൂട്ടരേക്കാൾ അധികമുള്ളവരും ശക്തരുമായിരിക്കുന്നതു അല്ലാഹുവിൻെറ ഒരു പരീക്ഷണമാണെന്നും, എല്ലാവരും ഒരേ ആശയാദർശക്കാരായിരിക്കയില്ലെന്നും കഴിഞ്ഞ വചനത്തിൽ സൂചിപ്പിക്കപ്പെട്ടു, അതിൻെറ തുടർച്ചയായിട്ടാണു ഈ വചനം നിലകൊള്ളുന്നത്. മനുഷ്യസമുദായം സന്മാർഗ്ഗികൾ മാത്രമോ, ദുർമ്മാർഗ്ഗികൾ മാത്രമോ ആയ ഒരേതരക്കാരായിരിക്കുവാനല്ല അല്ലാഹു ഉദ്ദേശിച്ചിരിക്കുന്നത്. സന്മാർഗ്ഗികളും ദുർമ്മാർഗ്ഗികളും മിശ്രമായ ഒരു സമുദായമായിരിക്കുവാനാണു അവൻ ഉദ്ദേശിച്ചിരിക്കുന്നത്. പിന്നീട് ഓരോ കൂട്ടരെപ്പറ്റി അവൻ ചോദ്യം ചെയ്തു വേണ്ട നടപടി എടുത്തുകൊള്ളും എന്നു സാരം.

ഒരേ സമുദായമാക്കിത്തീർക്കുക എന്നു പറഞ്ഞതിൻെറ താൽപര്യവും, അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ വഴിപിഴവിലാക്കുകയും, അവൻ ഉദ്ദേശിക്കുന്നവരെ അവൻ നേർമാർഗ്ഗത്തിലാക്കുകയും ചെയ്യുമെന്നു പറഞ്ഞതിമ താൽപര്യവും മുമ്പു പല സന്ദർഭങ്ങളിലും നാം വിവരിച്ചുകഴിഞ്ഞിട്ടുള്ളതാണ്. അടുത്ത വചനംമുതൽ സത്യങ്ങളെ സംബന്ധിച്ച സംസാരം വീണ്ടും തുടരുന്നു:-

وَلَا تَتَّخِذُوٓاْ أَيْمَـٰنَكُمْ دَخَلًۢا بَيْنَكُمْ فَتَزِلَّ قَدَمٌۢ بَعْدَ ثُبُوتِهَا وَتَذُوقُواْ ٱلسُّوٓءَ بِمَا صَدَدتُّمْ عَن سَبِيلِ ٱللَّهِ ۖ وَلَكُمْ عَذَابٌ عَظِيمٌ ﴿٩٤﴾

94 നിങ്ങളുടെ സത്യങ്ങളെ നിങ്ങൾ, നിങ്ങൾക്കിടയിൽ (കടന്നുകൂടുന്ന) ഒരു ചതിമാർഗ്ഗമാക്കിത്തീർക്കരുത്; അപ്പോൾ, (അതുനിമിത്തം) വല്ല പാദവും-അത് ഉറച്ചതിൻെറ ശേഷം-ഇടറിപ്പോയേക്കും, അല്ലാഹുവിൻെറ മാർഗ്ഗത്തിൽനിന്ന് നിങ്ങൾ തട്ടിത്തിരിഞ്ഞ (അഥവാ തട്ടിത്തിരിച്ച)തുമൂലം നിങ്ങൾ തിൻമ അനുഭവിക്കുകയും ചെയ്തേക്കും; നിങ്ങൾക്ക്വമ്പിച്ച ശിക്ഷയുമുണ്ടായിരിക്കും.

وَلَا تَشْتَرُواْ بِعَهْدِ ٱللَّهِ ثَمَنًا قَلِيلًا ۚ إِنَّمَا عِندَ ٱللَّهِ هُوَ خَيْرٌ لَّكُمْ إِن كُنتُمْ تَعْلَمُونَ ﴿٩٥﴾

95 അല്ലാഹുവിൻെറ (വക) കരാറിന് നിങ്ങൾ അൽപമായ വില വാങ്ങുകയും ചെയ്യരുത്. നിശ്ചയമായും, അല്ലാഹുവിങ്കലുള്ളത് തന്നെയാണ്; നിങ്ങൾക്ക് ഉത്തമം-നിങ്ങൾക്കറിയാവുന്നതാണെങ്കിൽ.

مَا عِندَكُمْ يَنفَدُ ۖ وَمَا عِندَ ٱللَّهِ بَاقٍ ۗ وَلَنَجْزِيَنَّ ٱلَّذِينَ صَبَرُوٓاْ أَجْرَهُم بِأَحْسَنِ

96 നിങ്ങളുടെ അടുക്കലുള്ളത് തീർന്നു പോകുന്നതാണ്; അല്ലാഹുവിങ്കലുള്ളതാകട്ടെ, ശേഷിക്കുന്നതുമാകുന്നു. ക്ഷമിച്ചവർക്ക് അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിൽ (വെച്ച്) നല്ലതനുസരിച്ച് അവരുടെ പ്രതിഫ

مَا كَانُوا۟ يَعْمَلُونَ ﴿٩٦﴾	ലം തീർച്ചയായും നാം നൽകുകയും ത ന്നെ ചെയ്യും.

---

94 ولا تتخذُوا നിങ്ങൾ ആക്കരുത്. أيمانكُم നിങ്ങളുടെ സത്യങ്ങളെ. دخلاً കടുന്നുകൂടുന്നതു (ചതി, വഞ്ചന). بينكُم നിങ്ങൾക്കിടയിൽ. فتزل എന്നാൽ ഇടറി (വഴുതി)പ്പോകും. قدم വല്ല പാദവും (കാലും). بعد ثُبوتها അത് ഉറച്ച (സ്ഥിരപ്പെട്ട)ശേഷം. وتذُوقُوا നിങ്ങൾ ആസ്വദിക്കുക (അനുഭവിക്കുക)യും ചെയ്യും. السوءَ തിൻമയെ, മോശമായത് (കഷ്ടത). بما صددتم നിങ്ങൾ തട്ടിത്തിരിഞ്ഞതുകൊണ്ടു, തിരിച്ചുവിട്ടത് നിമിത്തം. عن سبيل മാർഗ്ഗത്തിൽനിന്ന്, മാർഗ്ഗം വിട്ട്. الله അല്ലാഹുവിന്റെ. ولكُم നിങ്ങൾക്കുണ്ടുതാനും. عذابٌ ശിക്ഷ. عظيم വമ്പിച്ചതായ. 95 ولا تشتروا നിങ്ങൾ വാങ്ങുകയും ചെയ്യരുത്. بعهد الله അല്ലാഹുവിന്റെ (വക) കരാറിന്, ഉടമ്പടിക്ക് (പകരം). ثمنا വില, ക്രയം. قليلاً കുറഞ്ഞ, അൽപമായ. إنما നിശ്ചയമായും യാതൊന്നു. عند الله അല്ലാഹുവിങ്കലുള്ള. هوخير അതു തന്നെ ഉത്തമം. لكُم നിങ്ങൾക്ക്. إن كُنتم നിങ്ങളാണെങ്കിൽ. تعلمونَ നിങ്ങൾക്കറിയാവുന്ന(താണെങ്കിൽ), നിങ്ങൾ അറിയുന്നു (വെങ്കിൽ). 96 ما عندكُم നിങ്ങളുടെ പക്കൽ (അടുക്കൽ) ഉള്ളത്. ينفَد തീർന്നു (കഴിഞ്ഞു) പോകും. وما عند الله അല്ലാഹുവിങ്കൽ ഉള്ളതാകട്ടെ. باقٍ ശേഷിക്കുന്നതാണ്. ولنجزين തീർച്ചയായും നാം പ്രതിഫലം നൽകുകതന്നെ ചെയ്യും. الذين صبروا ക്ഷമിച്ചവർക്ക്. أجرهم അവരുടെ കൂലി, പ്രതിഫലം. بأحسن നല്ലത് (അധികം നല്ലത്) അനുസരിച്ച്. ما كانُوا അവരായിരുന്നതിൽ. يعملونَ അവർ പ്രവർത്തിക്കും.

സത്യപ്രതിജ്ഞകളും കരാറുകളും ലംഘിക്കുന്നതിനെപ്പറ്റി മുമ്പു പലതും പ്രസ്താവിച്ചു. അതിനെപ്പറ്റി ശക്തിയായ ഭാഷയിൽ വീണ്ടും ചില കാര്യങ്ങൾ അല്ലാഹു ഓർമ്മിപ്പിക്കുകയാണ്. വിഷയത്തിന്റെ ഗൗരവമാണിത് കുറിക്കുന്നത്. മുമ്പു പറഞ്ഞതുപോലെ, നിരോധത്തിലും ആക്ഷേപത്തിലും എല്ലാതരം ശപഥങ്ങളും ലംഘനവും ഉൾപ്പെടുമെങ്കിലും, നബി(ﷺ) യുമായി നടത്തപ്പെട്ട പ്രതിജ്ഞകളെ ലംഘിക്കുന്നതു സംബന്ധിച്ചാണു ഈ വചനങ്ങളിൽ പ്രധാനമായും പരാമർശിക്കപ്പെട്ടിരിക്കുന്നത് എന്നത്രെ പല ഖുർആൻ വ്യാഖ്യാതാക്കളുടെയും അഭിപ്രായം. ഈ വചനങ്ങളിൽ കാണുന്ന ചില താക്കീതുകളുടെ സ്വരം നോക്കുമ്പോഴും അതാണു മനസ്സിലാകുന്നത്. ശപഥങ്ങളും കരാറുകളും ലംഘിക്കുന്നതു ചതിയും കുഴപ്പം സൃഷ്ടിക്കലുമാണെന്നുള്ളതിനു പുറമെ, (1) അതു ഇസ്ലാമിന്റെ നേരായ മാർഗ്ഗത്തിൽ കാലുറച്ചുനിന്നശേഷം അതിൽ നിന്നുള്ള വ്യതിയാനമാണെന്നും, (2) അല്ലാഹുവിന്റെ മാർഗ്ഗത്തിൽനിന്നു തെറ്റിത്തിരിഞ്ഞു പോകുവാനും മറ്റുള്ളവരെ തെറ്റിത്തിരിക്കുവാനും അതു കാരണമാകുന്നതിനാൽ അതിന്റെ കടുത്തഫലം നിങ്ങൾ അനുഭവിക്കേണ്ടിവരുമെന്നും കൂടി ഈ വചനങ്ങളിൽ താക്കീതു ചെയ്തിരിക്കുന്നു.

അല്ലാഹുവിനെ മുൻനിർത്തി ചെയ്യുന്ന ഉടമ്പടികളെ ലംഘിക്കുന്നതിന്റെ അർത്ഥം, ഐഹികമായ കാര്യലാഭങ്ങൾക്കു അതിനെക്കാൾ പ്രാധാന്യം കൽപിക്കുക എന്നാണല്ലോ. ലംഘനം നിമിത്തം ഇഹത്തിൽ എന്തുതന്നെ നേട്ടം ലഭിച്ചാലും അതു കേവലം തുച്ഛവും നിസ്സാരവുമായിരിക്കും. നേരെമറിച്ച് പാലനം നിമിത്തം അല്ലാഹുവിങ്കൽ നിന്നു ലഭിക്കുവാനിരിക്കുന്ന നേട്ടങ്ങളാകട്ടെ, വമ്പിച്ചതും നിലനിൽക്കുന്നതുമാകുന്നു. സത്യപ്രതിജ്ഞകൾ ശരിക്കു പാലിക്കുവാൻ കുറേയൊക്കെ ക്ഷമയും, സഹനവും ആവശ്യമായി വന്നേക്കാം. എന്നാലതിനു അല്ലാഹു ഏറ്റവും നല്ല പ്രതിഫലം നൽകാതിരിക്കുകയില്ല. എന്നൊക്കയാണ് പിന്നീടു പ്രസ്താവിച്ചതിന്റെ സാരം.

مَنْ عَمِلَ صَـٰلِحًا مِّن ذَكَرٍ أَوْ أُنثَىٰ وَهُوَ	97 ആണാവട്ടേ, പെണ്ണാവട്ടേ ആരെങ്കിലും താൻ സത്യവിശ്വാസിയായിക്കൊണ്ട് സൽ

مُؤۡمِنٞ فَلَنُحۡيِيَنَّهُۥ حَيَوٰةٗ طَيِّبَةٗۖ وَلَنَجۡزِيَنَّهُمۡ أَجۡرَهُم بِأَحۡسَنِ مَا كَانُواْ يَعۡمَلُونَ ﴿٩٧﴾

ക്കർമ്മം പ്രവർത്തിച്ചാൽ, അവനെ, തീർച്ച യായും, നാം നല്ല (വിശിഷ്ടമായ) ഒരു ജീവിതം ജീവിപ്പിക്കുന്നതാണ്; അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിൽ (വെച്ച്) നല്ലതനുസരിച്ച് അവരുടെ പ്രതിഫലം അവർക്ക് തീർച്ചയായും നാം നൽകുക യും ചെയ്യും.

---

97 **من عملَ** ആർ പ്രവർത്തിച്ചുവോ, ആരെങ്കിലും പ്രവർത്തിച്ചാൽ. **صالحا** നല്ലതിനെ, സൽക്കർമ്മം. **من ذكر** ആണിൽനിന്നു, ആണാവട്ടെ. **أو أنثى** അല്ലെങ്കിൽ പെണ്ണിൽനിന്ന്, പെണ്ണാവട്ടെ. **وهو** അവൻ (താൻ, അയാൾ) ആകട്ടെ. **مؤمن** സത്യവിശ്വാസിയാണ്. **فلنحيينه** എന്നാൽ തീർച്ചയായും നാമവനെ ജീവിപ്പിക്കും. **حياةً** (ഒരു) ജീവിതം. **طيبة** നല്ലതായ, വിശിഷ്ടമായ, പരിശുദ്ധമായ. **ولنجزينهم** തീർച്ചയായും അവർക്കു നാം പ്രതിഫലം നൽകുകയും ചെയ്യും. **أجرهم** അവരുടെ പ്രതിഫലം. **بِأحسن ما** യാതൊന്നിൽവെച്ച് നല്ലതനുസരിച്ച്. **كانوا يعملونَ** അവർ പ്രവർത്തിച്ചുകൊണ്ടിരുന്ന.

സൽക്കർമ്മങ്ങൾക്കു പ്രതിഫലം നൽകപ്പെടുന്നതിൽ പുരുഷനും സ്ത്രീയുമെന്ന വ്യത്യാസമില്ല. പക്ഷേ, സത്യവിശ്വാസം സ്വീകരിച്ചുകൊണ്ടു ചെയ്യുന്ന സൽക്കർമ്മങ്ങളെ അല്ലാഹുവിങ്കൽ സ്വീകാര്യമായിരിക്കുകയുള്ളു. സത്യവിശ്വാസികളല്ലാത്തവരുടെ സൽക്കർമ്മങ്ങൾക്കുള്ള പ്രതിഫലം ഇഹത്തിൽവെച്ച്തന്നെ അല്ലാഹു കൊടുത്തുതീർക്കുന്നു. ഈ യാഥാർത്ഥ്യം ഖുർആനിൻ വേറെ സ്ഥലത്തും വ്യക്തമാക്കപ്പെട്ടിട്ടുള്ളതാകുന്നു. സത്യവിശ്വാസത്തോടുകൂടി സൽക്കർമ്മങ്ങൾ ചെയ്യുന്നവർക്കു ഇഹത്തിൽ നല്ല വിശിഷ്ടമായ ജീവിതം നൽകുമെന്നും, പരലോകത്തുവെച്ചു അവർ ചെയ്തിരുന്ന ഏറ്റവും നല്ല കർമ്മങ്ങൾക്കനുസരിച്ചുള്ള പ്രതിഫലം കൂടി നൽകപ്പെടുമെന്നും അല്ലാഹു വാഗ്ദാനം ചെയ്യുന്നു. അനുവദനീയവും ഉത്തമവുമായ ഉപജീവനമാർഗ്ഗം ലഭിക്കുക, ഉള്ളതിൽ സംതൃപ്തിയുണ്ടാകുക, അന്യരെ ആശ്രയിക്കേണ്ടിവരാതിരിക്കുക, അല്ലാഹുവിൻെറ വിധിവിലക്കുകൾക്കനുസരിച്ചു ജീവിക്കുവാൻ സാധിക്കുക, മോക്ഷം സിദ്ധിക്കുക, സൽക്കാര്യങ്ങൾ ചെയ്യുന്നതിൽ താൽപര്യമുണ്ടായിരിക്കുക എന്നിങ്ങിനെ حيوة طيبة (നല്ല ജീവിതം) എന്ന വാക്കിന് പലരും പല പ്രകാരത്തിൽ വിവക്ഷ നൽകിക്കാണാം. ഇങ്ങിനെയുള്ള ചില 'രിവായത്തുകൾ' ഉദ്ധരിച്ചശേഷം ഇബ്നു കഥീർ (ﷺ)പറയുകയാണ്: ''ഇതെല്ലാം തന്നെ ഉൾപ്പെടുന്ന വാക്കാണ് حيوة طيبة എന്നുള്ളതാണ് ശരിയായിട്ടുള്ളത്.'' അനന്തരം ഇതിനു തെളിവായി താഴെകാണുന്ന 'ഹദീസു'കളും അദ്ദേഹം ഉദ്ധരിച്ചിരിക്കുന്നു:-

'അഹ്മദു, മുസ്‌ലിം, തിർമദീ, നസാഈ' (ﷺ)എന്നിവർ പല മാർഗ്ഗങ്ങളിൽകൂടി രേഖപ്പെടുത്തിയിട്ടുള്ള ഒരു ഹദീസിൽ നബി (ﷺ) ഇപ്രകാരം പറഞ്ഞിരിക്കുന്നു: ''മുസ്‌ലിമായിത്തീരുകയും, അത്യാവശ്യത്തിനുള്ള ഉപജീവനമാർഗ്ഗം നൽകപ്പെടുകയും അല്ലാഹു അവനെ താൻ നൽകിയിട്ടുള്ളതിൽ സംതൃപ്തനാക്കുകയും ചെയ്തവൻ തീർച്ചയായും വിജയം പ്രാപിച്ചിരിക്കുന്നു.'' അഹ്മദും, മുസ്‌ലിമും (ﷺ)ഉദ്ധരിച്ച വേറൊരു നബി വചനത്തിൻെറ സാരം ഇപ്രകാരമാകുന്നു: ''ഒരു നൻമയിലും സത്യവിശ്വാസിയോടു അല്ലാഹു അനീതിചെയ്കയില്ല (അവനു കുറവു വരുത്തുകയില്ല). ഇഹത്തിൽ അതിനു പകരം അവനു കൊടുക്കപ്പെടും. അതിൻെറ പേരിൽ അവനു പരലോകത്തുവെച്ചും പ്രതിഫലം നൽകപ്പെടുന്നതാണ്. എന്നാൽ അവിശ്വാസിയാകട്ടെ, അവൻെറ നൻമകൾക്കു (പ്രതിഫലമായി) അവനു ഇഹത്തിൽവെച്ച് ആഹാരം നൽകപ്പെടും. അങ്ങനെ, അവൻ പരലോകത്തു എത്തിച്ചേർന്നാൽ അവനു പ്രതിഫലം ലഭിക്കുന്ന ഒരു നൻമയും ഉണ്ടായിരിക്കയില്ല.''

പലരും ധരിക്കാറുള്ളതുപോലെ, കുറേ സമ്പത്തും ഭൗതികനേട്ടങ്ങളും കൈവരുകയെന്നല്ല 'നല്ല ജീവിതം' കൊണ്ടുദ്ദേശിക്കപ്പെടുന്നത്. സമ്പത്തും സുഖാഡംബര മാർഗ്ഗങ്ങളും എത്ര തന്നെ ഉണ്ടായിരുന്നാലും ശരി, മനസ്സമാധാനവും, സംതൃപ്തിയും ഇല്ലാത്തപക്ഷം ആ ജീവിതം ദുഷ്കരവും കുടുസ്സായതും തന്നെ. ഒരു 'ഹദീസി'ൽ ഈ യാഥാർത്ഥ്യമാണ് നബി(ﷺ) ചൂണ്ടിക്കാട്ടുന്നത്. ''ധനം എന്നതു വിഭവങ്ങളുടെ ആധിക്യം കൊണ്ടല്ല ഉണ്ടാകുന്നത്. മനസ്സിന്റെ ധന്യതയാണു ധനം.'' (ബു;മു) 'പരിഷ്കൃത'ങ്ങളെന്നും 'സമ്പന്ന'ങ്ങളെന്നും ഘോഷിക്കപ്പെടുന്ന ചില രാജ്യങ്ങളിലെ 'ലക്ഷപ്രഭു'ക്കളും 'കോടീശ്വര'ൻമാരും, അവരുടെ മക്കളും തങ്ങളുടെ ജീവിതത്തിൽ സമാധാനമില്ലാതെ, ആത്മഹത്യപോലുള്ള കടുംകൈകൾക്കു മുതിരുന്നത് ഇക്കാലത്ത് ഒരു നിത്യസംഭവമായിരിക്കയാണല്ലോ. ഒരു യഥാർത്ഥ സത്യവിശ്വാസിയെ സംബന്ധിച്ചടത്തോളം-അവന്റെ ജീവിത നിലവാരം ഉയർന്നതാവട്ടെ, താണതാവട്ടെ-അവൻ സന്തുഷ്ടനും അല്ലാഹു തനിക്കു നൽകിയതിൽ സംതൃപ്തനുമായിരിക്കും. അഹങ്കാരമോ, അതിമോഹമോ, അസമാധാനമോ, നൈരാശ്യമോ അവനെ തീണ്ടുകയില്ല. അധികമുള്ളതിൽ അവൻ നന്ദിയുള്ളവനും, കുറവുള്ളതിൽ അവൻ ക്ഷമാലുവുമായിരിക്കും. സൽക്കർമ്മങ്ങൾ ചെയ്തു സമ്പാദിച്ചു വെക്കേണമെങ്കിൽ പിശാചിന്റെ ദുർബോധനങ്ങളിൽനിന്നു മനുഷ്യൻ രക്ഷപ്പെട്ടിരിക്കണമല്ലോ. അതിനുള്ള മാർഗ്ഗം അല്ലാഹു ചൂണ്ടിക്കാട്ടുന്നു:-

98 എന്നാൽ, (നബിയേ) നീ ഖുർആൻ ഓതുന്നതായാൽ, ആട്ടപ്പെട്ട [ശപിക്കപ്പെട്ട] പിശാചിൽനിന്ന് അല്ലാഹുവിനോട് നീ ശരണം തേടിക്കൊള്ളുക.

فَإِذَا قَرَأْتَ ٱلْقُرْءَانَ فَٱسْتَعِذْ بِٱللَّهِ مِنَ ٱلشَّيْطَٰنِ ٱلرَّجِيمِ ﴿٩٨﴾

99 നിശ്ചയമായും അവൻ [പിശാച്]-വിശ്വസിക്കുകയും, തങ്ങളുടെ റബ്ബിന്റെമേൽ (തന്നെ കാര്യങ്ങൾ) ഭരമേല്പിച്ചു വരുകയും ചെയ്യുന്നവരുടെമേൽ അവന് ഒരധികാരവും ഇല്ല.

إِنَّهُۥ لَيْسَ لَهُۥ سُلْطَٰنٌ عَلَى ٱلَّذِينَ ءَامَنُوا۟ وَعَلَىٰ رَبِّهِمْ يَتَوَكَّلُونَ ﴿٩٩﴾

100 അവന്റെ അധികാരം, അവനെ ബന്ധുവാക്കുന്ന (അഥവാ കാര്യകർത്താവാക്കുന്ന)വരുടെയും, അവനോട് [അല്ലാഹുവിനോട്] പങ്കുചേർക്കുന്നവരായുള്ളവരുടെയും മേൽ മാത്രമാകുന്നു (ഉള്ളത്).

إِنَّمَا سُلْطَٰنُهُۥ عَلَى ٱلَّذِينَ يَتَوَلَّوْنَهُۥ وَٱلَّذِينَ هُم بِهِۦ مُشْرِكُونَ ﴿١٠٠﴾

---

98 فَإِذَا قَرأت എന്നാൽ നീ വായിച്ചാൽ, ഓതുന്നതായാൽ. القُرآنَ ഖുർആനെ. فَاستعذْ നീ ശരണം (കാവൽ-രക്ഷ) തേടുക. بِالله അല്ലാഹുവിനോട്, അല്ലാഹുവിനെക്കൊണ്ട്. من الشيطان പിശാചിൽ നിന്ന്, ചെകുത്താനെപ്പറ്റി. الرجيم ആട്ടപ്പെട്ട (ശപിക്കപ്പെട്ട). 99 إنه നിശ്ചയമായും അവൻ. ليس له അവന്ന് ഇല്ല. سُلْطَانٌ ഒരധികാരവും (ശക്തിയും). على الذين آمنوا വിശ്വസിച്ചവരുടെമേൽ. وعلى ربهم തങ്ങളുടെ റബ്ബിന്റെമേൽ. يتوكلُونَ അവർ ഭരമേൽപിക്കുകയും ചെയ്യുന്നു, ഭരമേൽപിച്ചും വരുന്നു. 100 إنما നിശ്ചയമായും (മാത്രം-തന്നെ). سلطانه അവന്റെ അധികാരം ശക്തി. على الذين യാതൊരുവരുടെ മേൽ (മാത്രം) ആകുന്നു. يتولونه അവനെ ബന്ധുവാക്കുന്ന, കാര്യകർത്തൃത്വം എൽപിക്കുന്ന അധികാരിയാക്കുന്ന. والذين യാതൊരുവരുടെയും. هم അവർ. به അവനോടു (അല്ലാഹുവോട്). مشركُونَ ശിർക്ക് ചെയ്യുന്ന (പങ്കു ചേർക്കുന്നവ)രാണ്.

ഖുർആൻ പാരായണം ചെയ്യുമ്പോൾ പിശാചിനെക്കുറിച്ച് രക്ഷതേടിക്കൊള്ളണമെന്നു നബി (ﷺ) യെ അഭിമുഖീകരിച്ചുകൊണ്ടാണു പറഞ്ഞിട്ടുള്ളതെങ്കിലും സത്യവിശ്വാസികളോടു പൊതുവെയുള്ള കൽപനയാണത്. നബി (ﷺ) പോലും പിശാചിൽനിന്നു രക്ഷ തേടുവാൻ കൽപിക്കപ്പെടുമ്പോൾ, മറ്റുള്ളവരിൽ അതിൻെറ ആവശ്യം കൂടുതൽ ശക്തമായിരിക്കുമല്ലോ. ഈ കൽപന ഒരു നിർബ്ബന്ധ കൽപനയല്ലെന്നും, പ്രധാനമായ ഒരു ഉപദേശം എന്ന നിലക്കുള്ള കൽപനയാണെന്നുമാണു മിക്കവാറും എല്ലാ പണ്ഡിതൻമാരുടെയും അഭിപ്രായം. ഖുർആൻ ഓതുമ്പോൾ, അതിൻെറ പ്രസ്താവനകളിലേക്ക് ശ്രദ്ധ പതിയാതിരിക്കുക, ആശയങ്ങൾ തെറ്റി മനസ്സിലാക്കുക, വക്രമായ വ്യാഖ്യാനങ്ങൾ മനസ്സിൽ സ്ഥാനം പിടിക്കുക മുതലായ പലതിനും പിശാചു ദുഷ്പ്രേരണകൾ നൽകിക്കൊണ്ടിരിക്കും. പിശാചിൻെറ ഉപദ്രവത്തിൽനിന്നു രക്ഷ കിട്ടുവാൻ അല്ലാഹുവിനോടു തേടുകയല്ലാതെ നിവൃത്തിയില്ല താനും. അതുകൊണ്ടാണു ഖുർആൻ പാരായണം ചെയ്യുമ്പോൾ പിശാചിൽനിന്നു അല്ലാഹുവിനോടു രക്ഷ തേടുവാൻ കൽപിക്കുന്നത്.

പാരായണം തുടങ്ങുമ്പോഴാണു സ്വാഭാവികമായും ഈ രക്ഷതേടലിൻെറ ആവശ്യമെന്നു വ്യക്തമാണ് 'ഹദീസു'കളിൽനിന്നു മനസ്സിലാകുന്നതും, ഭൂരിഭാഗം പണ്ഡിതൻമാർ അഭിപ്രായപ്പെടുന്നതു അതുതന്നെ. രക്ഷതേടൽ ഇന്നിന്നവാക്കുകളിൽ തന്നെ ആയിരിക്കണമെന്നില്ലെങ്കിലും നബി (ﷺ) യുടെ സുന്നത്തിൽനിന്നു കൂടുതൽ സുപരിചിതമായി അറിയപ്പെടുന്ന വാചകം اعوذ بالله من الشيطان الرجيم (ആട്ടപ്പെട്ട പിശാചിൽനിന്നു ഞാൻ അല്ലാഹുവിനോടു ശരണം തേടുന്നു) എന്നാകുന്നു. ഈ കൽപനയിൽ അല്ലാഹു ഉപയോഗിച്ച വാചകത്തോട് ഏറ്റവും യോജിക്കുന്നതും അതാണല്ലോ. ഈ ശരണം തേടുന്നതിനാണു സാധാരണ 'അഊദു ഓതൽ' (التعوذ أو الإستعاذة) എന്നു പറയപ്പെടുന്നത്. ഇതിനെ സംബന്ധിച്ചു വിശദമായ ഒരു വിവരണം സൂറത്തുൽ ഫാതിഹഃയുടെ ആരംഭത്തിൽ മുമ്പു കഴിഞ്ഞുപോയിട്ടുണ്ട്.

'ഈമാനും തവക്കുലും' (സത്യവിശ്വാസവും, അല്ലാഹുവിൽ ഭരമേൽപിക്കലും) ഉള്ളവരെ പിശാചിനു വഴിപിഴപ്പിക്കുവാൻ കഴിയുകയില്ലെന്നും, അവിശ്വാസികളും അവനെ ബന്ധുവും മിത്രവും കൈകാര്യകർത്താവുമായി സ്വീകരിക്കുന്ന ആളുകളും മാത്രമായിരിക്കും അവൻെറ ഇംഗിതങ്ങൾക്കു വശംവദരാകുന്നതെന്നും അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. ഈ സംഗതി ഒന്നിലധികം സ്ഥലങ്ങളിൽ വേറെയും അല്ലാഹു വ്യക്തമായി പ്രസ്താവിച്ചിട്ടുള്ളതാണ്.

വിഭാഗം-14

وَإِذَا بَدَّلْنَآ ءَايَةً مَّكَانَ ءَايَةٍ وَٱللَّهُ أَعْلَمُ بِمَا يُنَزِّلُ قَالُوٓا۟ إِنَّمَآ أَنتَ مُفْتَرٍۭ ۚ بَلْ أَكْثَرُهُمْ لَا يَعْلَمُونَ ﴿١٠١﴾

101 ഒരു 'ആയത്തി'ൻെറ [സൂക്തത്തിൻെറ] സ്ഥാനത്ത് വേറെ ഒരു 'ആയത്ത്' [സൂക്തം] നാം പകരമാക്കിയാൽ, അല്ലാഹു വാകട്ടെ, അവൻ ഇറക്കുന്നതിനെപ്പറ്റി നല്ല വണ്ണം അറിയുന്നവനുമാണ്. അവൻ പറയും: " നിശ്ചയമായും, നീ ഒരു കെട്ടിച്ചമക്കുന്നവൻ തന്നെയാണ്" എന്ന്. പക്ഷേ, (അതല്ല) അവരിൽ അധികമാളുകൾക്കും അറിഞ്ഞുകൂടാ.

قُلْ نَزَّلَهُۥ رُوحُ ٱلْقُدُسِ مِن رَّبِّكَ بِٱلْحَقِّ لِيُثَبِّتَ ٱلَّذِينَ ءَامَنُوا۟ وَهُدًى وَبُشْرَىٰ

102 പറയുക: അത് [ഖുർആൻ] നിൻെറ റബ്ബിങ്കൽ നിന്ന് പരിശുദ്ധാത്മാവ് യഥാർത്ഥ പ്രകാരം ഇറക്കിയിരിക്കുകയാണ്; വിശ്വസിച്ചവർക്ക് (വിശ്വാസത്തിൽ) അത് സ്ഥൈര്യം നൽകുവാൻവേണ്ടി: മാർഗ്ഗദർ

ശനവും, മുസ്‌ലിംകൾക്ക് സന്തോഷ വാർത്തയുമായിക്കൊണ്ടും.'' لِلْمُسْلِمِينَ ﴿١٠٢﴾

---

101 وإذا بدلنا നാം പകരമാക്കിയാൽ, മാറ്റം ചെയ്താൽ. آية ഒരു ആയത്തിനെ, സൂക്തം. مكان സ്ഥാനത്ത്. آية ഒരു ആയത്തിൻെറ. والله അല്ലാഹുവാകട്ടെ. أعلم ഏറ്റം (നല്ലവണ്ണം) അറിയുന്നവനാണ്. بما ينزل അവൻ ഇറക്കുന്നതിനെപ്പറ്റി. قالوا അവർ പറയും, പറയുകയായി. إنما നിശ്ചയമായും തന്നെ (മാത്രം). أنت നീ. مفتر ഒരു കെട്ടിച്ചമക്കുന്നവൻ (തന്നെ-മാത്രം). بل പക്ഷേ, എന്നാൽ,. أكثرهم അവരിലധികവും. لا يعلمون അറിയുന്നില്ല. 102 قل പറയുക. نزله അതിനെ ഇറക്കിയിരിക്കുന്നു. روح القدس പരിശുദ്ധാത്മാവ്. من ربك നിൻെറ റബ്ബിങ്കൽ നിന്ന്. بالحق യഥാർത്ഥ പ്രകാരം, മുറപ്രകാരം. ليثبت അത് ഉറപ്പിച്ചുനിറുത്തുവാൻ വേണ്ടി. الذين آمنوا വിശ്വസിച്ചവരെ. وهدى മാർഗ്ഗദർശ്ശനമായും. وبشرى സന്തോഷവാർത്തയായും. للمسلمين മുസ്‌ലിംകൾക്ക്.

ഒരു ഖുർആൻ വചനത്തിലടങ്ങിയ വിധി മറ്റൊരു വചനം മുഖേന നീക്കം ചെയ്യുക ('നസ്ഖു' ചെയ്യുക)- അഥവാ ഒരു വചനമനുസരിച്ച് നിലവിലുള്ള താൽക്കാലികമായ ഒരു മത വിധിയെ മാറ്റി അതിൻെറ സ്ഥാനത്തു കൂടുതൽ സ്ഥിരവും പ്രായോഗികവുമായ വേറൊരു വിധി നിർദ്ദേശിച്ചുകൊണ്ടുള്ള വചനം അവതരിക്കുക-എന്നു പറഞ്ഞതിൻെറ ഉദ്ദേശ്യം ഇങ്ങിനെ പുതിയ വല്ല ആയത്തുകളും അവതിരിക്കുമ്പോൾ, ഖുർആൻെറ വൈരികൾ ആരോപിക്കാറുള്ള ഒരാരോപണം എടുത്തുകാട്ടിക്കൊണ്ടു അതിനു മറുപടി നൽകുകയാണു ഈ വചനങ്ങൾ ചെയ്യുന്നത്. ''ഒരിക്കൽ ഒന്നു കൽപിക്കുകയും, പിന്നീടതു മാറ്റി വേറൊന്നു കൽപിക്കുകയും ചെയ്യുന്ന ഏർപ്പാട് അല്ലാഹുവിങ്കൽ നിന്നുണ്ടാകുവാൻ നിവൃത്തിയില്ല. അതുകൊണ്ട് ഈ ഖുർആൻ മുഹമ്മദ് കെട്ടിയുണ്ടാക്കി അല്ലാഹുവിങ്കിൽ നിന്നുള്ളതാണെന്നു വാദിക്കുക മാത്രമാണ്. അല്ലായിരുന്നെങ്കിൽ ഒരിക്കൽ പറഞ്ഞതു പിന്നെ മാറ്റിപ്പറയേണ്ടി വരുമായിരുന്നില്ല.'' എന്നിങ്ങിനെയാണു അവരുടെ ആരോപണം. അവതരിപ്പിക്കുന്നതു എന്തൊക്കെയാണു, അവതരിപ്പിക്കേണ്ടത് എന്തൊക്കെയാണ്, സന്ദർഭത്തിനും പരിതസ്ഥിതികൾക്കും അനുയോജ്യമായത് എന്തൊക്കെയാണ് എന്നിത്യാദി കാര്യങ്ങൾ അല്ലാഹുവിനാണ് കൂടുതൽ അറിയുക. അതനുസരിച്ചാണ് എല്ലാം അവൻ അവതരിപ്പിക്കുന്നതും. പക്ഷേ, മിക്ക ആളുകളും ഈ വക യാഥാർത്ഥ്യങ്ങളൊന്നും അറിഞ്ഞുകൂടാത്തവരാണ്. എന്നിങ്ങിനെ അതിലെ ചില യുക്തിവശങ്ങളെ ആദ്യം ചൂണ്ടിക്കാട്ടിക്കൊണ്ടു അല്ലാഹു അവർക്കു മറുപടി നൽകുന്നു. അതായത്:-

ഈ ഖുർആൻ ആരും കെട്ടിയുണ്ടാക്കിയതല്ല. അല്ലാഹുവിങ്കിൽ നിന്നു അവൻെറ വിശ്വസ്തദൂതനായ പരിശുദ്ധാത്മാവ്- ജിബ്‌രീൽ (عليه السلام)ഇറക്കിയതാണത്. ന്യായയുക്തവും കാര്യസമ്പൂർണ്ണവും മാത്രമാണത്. സത്യവിശ്വാസികൾക്കു അവരുടെ വിശ്വാസത്തിനു അതുമൂലം സ്ഥൈര്യവും ദൃഢതയും ലഭിക്കുന്നു. സൻമാർഗ്ഗവും ദുർമാർഗ്ഗവും വേർതിരിച്ചുകാട്ടുന്ന മാർഗ്ഗദർശനവും, അതനുസരിച്ചുജീവിക്കുന്ന മുസ്‌ലിംകൾക്കു സന്തോഷ വാർത്തയുമാണത് എന്നത്രെ മറുപടിയുടെ ചുരുക്കം. സത്യനിഷേധികൾ ഖുർആനെ കണ്ണടച്ചു നിഷേധിക്കുന്ന വരാകകൊണ്ടു ഇതൊന്നും അവർ മനസ്സിലാക്കുകയോ അംഗീകരിക്കുകയോ ചെയ്യുകയില്ലെന്നും, സത്യവിശ്വാസവും സൻമാർഗ്ഗവും സ്വീകരിച്ചവരെ സംബന്ധിച്ചിടത്തോളം ഓരോ ആയത്തും, ഓരോ സൂറത്തും അവർക്ക് മാർഗ്ഗദർശനവും വിശ്വാസ ദാർഢ്യവും വർദ്ധിപ്പിച്ചു കൊണ്ടിരിക്കുമെന്നും വ്യക്തമാണല്ലോ. അല്ലാഹു പറയുന്നു: ''വല്ല സൂറത്തും അവതരിപ്പിക്കപ്പെട്ടാൽ അവരിൽ ചിലർ പറയും : നിങ്ങളിൽ ആർക്കാണു ഇതു വിശ്വാസം വർദ്ധിപ്പിച്ചത് എന്ന്. എന്നാൽ, വിശ്വസിച്ചവർക്ക് അത് വിശ്വാസം വർദ്ധിപ്പിക്കുന്നതാണ്. അവർ സന്തോഷം കൊള്ളുകയും ചെയ്യും. എന്നാൽ, ഹൃദയങ്ങളിൽ രോഗമുള്ളവരാകട്ടെ, അവർക്കതു മ്ളേഛതയിലൂടെ

മ്ളേഛത വർദ്ധിപ്പിക്കുകയും, അവർ അവിശ്വാസികളായുംകൊണ്ട് മരണമടയുകയും ചെയ്യും.'' (തൗബ :124,125)

'നസ്ഖ്' (نسخ) ൻെറ നിർവ്വചനം, ഖുർആനിൽ അതുണ്ടാകുവാനുള്ള സാധ്യത, കാരണം, അതിൻെറ യുക്തി വശം, 'നസ്ഖി'നെ നിഷേധിക്കുന്നവരുടെ ന്യായം, അതിനുള്ള മറുപടി ആദിയായവയെക്കുറിച്ച് സൂറ:അലർബഖറ: 106-ാം വചനത്തിൻെറ വ്യാഖ്യാനത്തിലും മുഖവരയിലും ആവശ്യമായ വിവരണം കഴിഞ്ഞുപോയിട്ടുള്ളതുകൊണ്ട് ഇവിടെ കൂടുതൽ വിവരിക്കുന്നില്ല. ഖുർആൻ അല്ലാഹുവിൻെറ വചനമായിരിക്കെ അതിൽ 'നസ്ഖ്' ഉണ്ടായിരിക്കുവാൻ സാധ്യതയേ ഇല്ലെന്നു കരുതുന്നവർ ഈ രണ്ടു വചനങ്ങൾ ശരിക്കൊന്നു മനസ്സിരുത്തുകയും, തുറന്ന മനസ്സോടെ അൽപമൊന്നു ചിന്തിക്കുകയും ചെയ്യുന്നപക്ഷം, ആ വിചാരം തീരെ കഴമ്പില്ലാത്തതാണെന്നും, ഈ ന്യായവാദത്തിൻെറ തുടക്കം ഉണ്ടായിട്ടുള്ളതു മുശ്രിക്കുകളിൽ നിന്നാണെന്നും അവർക്കു ബോധ്യപ്പെടുന്നതാണ്. والله موافق

وَلَقَدْ نَعْلَمُ أَنَّهُمْ يَقُولُونَ إِنَّمَا يُعَلِّمُهُۥ بَشَرٌ ۗ لِّسَانُ ٱلَّذِى يُلْحِدُونَ إِلَيْهِ أَعْجَمِىٌّ وَهَٰذَا لِسَانٌ عَرَبِىٌّ مُّبِينٌ ﴿١٠٣﴾

103 അവർ പറയുന്നുവെന്ന് തീർച്ചയായായും നാം അറിയുന്നുണ്ട്: ''അവന്ന് [നബിക്ക്] ഒരു മനുഷ്യൻ പഠിപ്പിച്ചു കൊടുക്കുക തന്നെയാണ് ചെയ്യുന്നത്'' എന്ന്. യാതൊരുവനിലേക്ക് അവർ ദുസ്സൂചന നൽകുന്നുവോ അവൻെറ ഭാഷ അനറബിയാകുന്നു; ഇതാകട്ടെ, [ഖുർആനാകട്ടെ] സ്പഷ്ടമായ അറബിഭാഷയുമാകുന്നു.

---

103 **ولقد نعلم** തീർച്ചയായായും നാം അറിയുന്നുണ്ട്. **أنهم يقولونَ** അവർ പറയുന്നുവെന്നു. **إنما يعلمه** അവന്നു പഠിപ്പിച്ചു കൊടുക്കുകതന്നെ(മാത്രം)ചെയ്യുന്നു. **بشر** ഒരു മനുഷ്യൻ. **لسانُ الذي** യാതൊരുവൻെറ ഭാഷ. **يلحدونَ** അവർ തെറ്റി (മറിഞ്ഞു) പോകുന്ന (ദുസ്സൂചന നൽകുന്ന). **إليه** അവനിലേക്ക്. **أعجمي** അനറബി (അറബിയല്ലാത്തതു) ആകുന്നു. **وهذا** ഇതാകട്ടെ. **لسانٌ** ഭാഷയാണ്. **عربي** അറബിയായ. **مبين** സ്പഷ്ടമായ (തനി).

മുശ്രിക്കുകളുടെ മറ്റൊരു ആരോപണവും, അതിൻെറ മറുപടിയുമാണിത്. മക്കായിലെ ഒരു കച്ചവടക്കാരനോ മറ്റോ ആയിരുന്ന ഒരു അനറബിയുടെ അടുക്കൽ നബി (ﷺ) ചില അവസരങ്ങളിൽ പോകാറുണ്ടായിരുന്നു. വല്ലതും ചോദിച്ചാൽ, കഷ്ടിച്ച് ഉത്തരം പറയത്തക്കവണ്ണം ചില അറബി വാക്കുകൾ അയാൾക്ക് അറിയാമായിരുന്നുവത്രെ. ഈ പഴുതുപയോഗപ്പെടുത്തിക്കൊണ്ട് അയാൾ പഠിപ്പിച്ചുകൊടുക്കുന്നതാണു മുഹമ്മദിൻെറ ഈ ഖുർആൻ എന്നു മുശ്രിക്കുകൾ പറഞ്ഞുവന്നിരുന്നു. ഈ ആരോപണത്തിന് അടിസ്ഥാനമായി അവർ സൂചിപ്പിക്കുന്ന ആ മനുഷ്യൻ കേവലം ഒരു അറബിയല്ല. അറബിഭാഷ അയാൾക്കു വേണ്ടതുപോലെ അറിയുകയുമില്ല. ഖുർആനാണെങ്കിൽ, തനി അറബിയിലുള്ളതും, അറബി സാഹിത്യത്തിൻെറ അപ്രാപ്യ നിലവാരത്തിലുള്ളതും-എന്നിരിക്കെ, ഈ ആരോപണം നിരർത്ഥമാണെന്ന് മാത്രമല്ല, ബുദ്ധി ശൂന്യതയും കൂടിയാണെന്ന് പറയേണ്ടതില്ലല്ലോ. പ്രസ്തുത അനറബി ആരായിരുന്നുവെന്ന് നിർണ്ണയിച്ചു കൊണ്ടുള്ള ചില രിവായത്തുകൾ കാണാമെന്നല്ലാതെ, ഒന്നും തീർത്തു പറയത്തക്ക ബലവത്തല്ല അവ. പേരറിയുന്നതിൽ പ്രത്യേകം പ്രയോജനമൊന്നും ഇല്ലതാനും.

إِنَّ ٱلَّذِينَ لَا يُؤْمِنُونَ بِـَٔايَٰتِ ٱللَّهِ لَا

104 നിശ്ചയമായും, അല്ലാഹുവിൻെറ 'ആയത്ത്' [ലക്ഷ്യം]കളിൽ വിശ്വസിക്കാത്തവർ, അവരെ അല്ലാഹു നേർമാർഗ്ഗത്തിലാക്കു

يَهْدِيهِمُ ٱللَّهُ وَلَهُمْ عَذَابٌ أَلِيمٌ ﴿١٠٤﴾

കയില്ല; അവർക്ക് വേദനയേറിയ ശിക്ഷ
യും ഉണ്ട്.

إِنَّمَا يَفْتَرِى ٱلْكَذِبَ ٱلَّذِينَ لَا يُؤْمِنُونَ
بِـَٔايَـٰتِ ٱللَّهِ ۖ وَأُو۟لَـٰٓئِكَ هُمُ ٱلْكَـٰذِبُونَ ﴿١٠٥﴾

105 അല്ലാഹുവിൻെറ 'ആയത്ത്' [ലക്ഷ്യം]
കളിൽ വിശ്വസിക്കാത്തവർ മാത്രമേ വ്യാ
ജം കെട്ടിപ്പറയൂ. അവർ തന്നെയാണ്
വ്യാജവാദികളും.

---

104 **إن** നിശ്ചയമായും. **الذين لا يؤمنونَ** വിശ്വസിക്കാത്തവർ. **بآيات** ദൃഷ്ടാന്ത (ലക്ഷ്യ)ങ്ങളിൽ. **الله** അല്ലാഹുവിൻെറ. **لا يهديهم** അവരെ നേർവഴിയിലാക്കുകയില്ല. **الله** അല്ലാഹു. **ولهم** അവർക്കുണ്ട് (ഉണ്ടായിരിക്കും) താനും. **عذاب** ശിക്ഷ. **أليم** വേദനയേറിയ. 105 **إنما يفْتري** കെട്ടിച്ചമക്കുകതന്നെ (മാത്രം) ചെയ്യുന്നു. **الكذب** വ്യാജം, കളവു. **الذين لايؤمنونَ** വിശ്വസിക്കത്തവർ. **بآيات** ദൃഷ്ടാന്തങ്ങ ളിൽ. **الله** അല്ലാഹുവിൻെറ. **وأولئك هم** അക്കൂട്ടർതന്നെ. **الكاذبونَ** കളവുപറയുന്നവർ.

മേൽ കണ്ടതുപോലെയുള്ള കള്ളവാദങ്ങൾ മുശ്‌രിക്കുകൾ വാദിക്കുവാൻ കാരണം അവർ അല്ലാഹുവിൻെറ ലക്ഷ്യദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കാത്തവരായതാണ്. മുഹമ്മദ് (ﷺ) നബി അവയിൽ ശരിക്കും വിശ്വസിക്കുന്ന ആളായിരിക്കെ, അവരെപ്പോലെ അദ്ദേഹം ഒരിക്കലും കള്ളവും വ്യാജവും കെട്ടിപ്പറയുകയില്ല തന്നെ എന്നു താൽപര്യം.

مَن كَفَرَ بِٱللَّهِ مِنۢ بَعْدِ إِيمَـٰنِهِۦٓ إِلَّا مَنْ
أُكْرِهَ وَقَلْبُهُۥ مُطْمَئِنٌّۢ بِٱلْإِيمَـٰنِ وَلَـٰكِن مَّن
شَرَحَ بِٱلْكُفْرِ صَدْرًا فَعَلَيْهِمْ غَضَبٌ مِّنَ
ٱللَّهِ وَلَهُمْ عَذَابٌ عَظِيمٌ ﴿١٠٦﴾

106 ആരെങ്കിലും തൻെറ വിശ്വാസത്തിന് ശേ
ഷം, അല്ലാഹുവിൽ അവിശ്വസിച്ചാൽ,
സത്യവിശ്വാസം കൊണ്ട് തൻെറ ഹൃദയം
അടങ്ങിയിരിക്കുന്നവനായിക്കൊണ്ടിരി
ക്ക നിർബ്ബന്ധത്തിന് വിധേയനായവൻ ഒ
ഴികെ-[അവൻ ഇതിൽനിന്ന് ഒഴിവാണ്] പ
ക്ഷേ, ആർ അവിശ്വാസംകൊണ്ട് നെഞ്ച്
[ഹൃദയം] വികാസപ്പെട്ടുവോ, എന്നാൽ
അവരുടെമേൽ അല്ലാഹുവിങ്കൽ നിന്നും
കോപമുണ്ടായിരിക്കും; അവർക്ക് വമ്പിച്ച
ശിക്ഷയും ഉണ്ടായിരിക്കും.

ذَٰلِكَ بِأَنَّهُمُ ٱسْتَحَبُّوا۟ ٱلْحَيَوٰةَ ٱلدُّنْيَا عَلَى
ٱلْـَٔاخِرَةِ وَأَنَّ ٱللَّهَ لَا يَهْدِى ٱلْقَوْمَ
ٱلْكَـٰفِرِينَ ﴿١٠٧﴾

107 അത്, പരലോകത്തെക്കാൾ ഐഹിക
ജീവിതത്തോട് അവർ സ്നേഹം കാണി
ച്ചതു കൊണ്ടാകുന്നു; അവിശ്വാസികളായ
ജനങ്ങളെ അല്ലാഹു നേർവഴിയിലാക്കുക
യില്ലെന്നുള്ളതുകൊണ്ടും (ആകുന്നു).

أُو۟لَـٰٓئِكَ ٱلَّذِينَ طَبَعَ ٱللَّهُ عَلَىٰ قُلُوبِهِمْ
وَسَمْعِهِمْ وَأَبْصَـٰرِهِمْ ۖ وَأُو۟لَـٰٓئِكَ هُمُ
ٱلْغَـٰفِلُونَ ﴿١٠٨﴾

108 അക്കൂട്ടരത്രെ, തങ്ങളുടെ ഹൃദയങ്ങൾ
ക്കും, കേൾവിക്കും, കാഴ്ചകൾക്കും
അല്ലാഹു മുദ്ര കുത്തിയിട്ടുള്ളവർ. അക്കൂ
ട്ടർ തന്നെയാണ് അശ്രദ്ധൻമാരും.

109 നിസ്സംശയമത്രെ, പരലോകത്തിൽ അവർ തന്നെയാണ് നഷ്ടക്കാർ എന്നുള്ളത്.

لَا جَرَمَ أَنَّهُمْ فِي ٱلْآخِرَةِ هُمُ ٱلْخَٰسِرُونَ ﴿١٠٩﴾

---

106 من كفر ആർ അവിശ്വസിച്ചുവോ, ആരെങ്കിലും അവിശ്വസിച്ചാൽ. بالله അല്ലാഹുവിൽ. من بعد ശേഷമായി. إيمانه അവൻെറ വിശ്വാസത്തിൻെറ. إلا ഒഴികെ. من أكره നിർബ്ബന്ധപ്പെട്ടവൻ (നിർബ ന്ധത്തിനുവിധേയൻ). وقلبه അവൻെറ ഹൃദയമാകട്ടെ. مطمئن സമാധാനമടഞ്ഞതാണ്. بالإيمان വിശ്വാസംകൊണ്ട്. ولكن എങ്കിലും. من شرح വിശാലപ്പെട്ടവൻ. بالكفر അവിശ്വാസംകൊണ്ട്. صدرا നെഞ്ചു (ഹൃദയം), ഹൃദയത്താൽ. فعليهم എന്നാൽ അവുടെമേൽ ഉണ്ടായിരിക്കും. غضب കോപം. من الله അല്ലാഹുവിൽ(നിന്ന്). ولهم അവർക്കുണ്ടുതാനും. عذاب ശിക്ഷ. عظيم വമ്പിച്ച. 107 ذلك അത്. بأنهم അവർ എന്നുള്ളതുകൊണ്ടാണ്. استحبوا അവർ സ്നേഹം കാണിച്ചു. الحياة الدنيا ഐഹിക ജീവിതത്തോട്. على الآخرة പരലോകത്തേക്കാൾ. وأن الله അല്ലാഹു എന്നുള്ളതും. لا يهدي അവൻ നേർമ്മാർഗ്ഗത്തിലാക്കുകയില്ല (എന്നുള്ളതും). القوم ജനങ്ങളെ, ജനതയെ. الكافرين അവി ശ്വാസികളായ. 108 أولئك അക്കൂട്ടർ. الذين യാതൊരുവരാകുന്നു. طبع الله അല്ലാഹു മുദ്രകുത്തി. على قلوبهم അവരുടെ ഹൃദയങ്ങൾക്ക്, ഹൃദയങ്ങളിൽ. وسمعهم അവരുടെ കേൾവിക്കും, കേൾവി യിലും. وأبصارهم അവരുടെ കാഴ്ചകൾക്കും, കണ്ണുകളിലും. وأولئك هم അക്കൂട്ടർതന്നെ. الغافلونَ അശ്രദ്ധർ, സുബോധംകെട്ടവർ. 109 لا جرم നിസ്സംശയം (തെറ്റല്ല). أنهم അവർ എന്നുള്ളത്. في الآخرة പരലോകത്തിൽ. هم അവർതന്നെ (എന്നുള്ളതു). الخاسرونَ നഷ്ടക്കാർ.

സത്യവിശ്വാസം സ്വീകരിച്ചശേഷം, പിന്നീട് അവിശ്വാസം സ്വീകരിക്കുന്നതിൻെറ ഭവിഷ്യ ത്തുകളെക്കുറിച്ചാണ് പ്രസ്താവിക്കുന്നത്. മനസ്സിൽ ഉറച്ച വിശ്വാസവും, അതിൽ സന്തുഷ്ടിയും ഉണ്ടായിരിക്കുന്നതോടുകൂടി, ഒഴിഞ്ഞുമാറുവാൻ കഴിയാത്ത വല്ല നിർബ്ബന്ധത്തിനും വിധേയ മായ കാരണത്താൽ അവിശ്വാസം പ്രകടിപ്പിക്കേണ്ടി വരുന്നവർ അതിൽനിന്ന് ഒഴിവാണെന്നും മനഃപൂർവ്വം അവിശ്വാസത്തിന് വഴങ്ങുന്നവരെക്കുറിച്ചാണു പ്രസ്താവിക്കുന്നതെന്നും അല്ലാഹു സ്പഷ്ടമാക്കിയിരിക്കുന്നു. അവരുടെ മേൽ അല്ലാഹുവിൻെറ കോപമുണ്ടായിരിക്കും: അവർക്ക് വമ്പിച്ച ശിക്ഷയുമുണ്ട്'; അവരെ നേർമാർഗ്ഗത്തിലാക്കുകയില്ല; അവരുടെ ഹൃദയങ്ങൾക്കും കേൾവിക്കും കാഴ്ചക്കുമെല്ലാം അല്ലാഹു മുദ്രവെക്കും; അഥവാ സത്യവും ന്യായവും ആലോ ചിച്ചറിയുവാനോ, കണ്ടും കേട്ടും മനസ്സിലാക്കുവാനോ അവർക്ക് സാധ്യമല്ലാതാകും; തന്റേടവും സുബോധവുമില്ലാതെ ചിന്താശൂന്യരായിരിക്കും അവർ; പരലോകത്താകട്ടെ സകല ഗുണങ്ങളും നഷ്ടപ്പെട്ടവരുമായിരിക്കും എന്നൊക്കെ അല്ലാഹു അവർക്ക് താക്കീത് നൽകുന്നു. ആ മഹാപാതകത്തിനു അല്ലാഹു കൽപിക്കുന്ന ഗൗരവം എത്ര മഹത്തരമാണെന്ന് ഇതിൽനിന്ന് വ്യക്തമാണ്. അവിശ്വാസിയായ ഒരാൾ സത്യവിശ്വാസം സ്വീകരിക്കാതിരിക്കുന്നതിനെക്കാൾ ഭയങ്കരമാണ്, സത്യവിശ്വാസം സ്വീകരിച്ച ഒരാൾ പിന്നീടു അവിശ്വാസത്തിലേക്ക് മാറുന്നതെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം.

അമ്മാറുബ്നു യാസിർ (رضي الله عنه)ൻെറ വിഷയത്തിലാണ് الا من اكره الخ (ഹൃദയം വിശ്വാസംകൊ ണ്ട് അടങ്ങിയിരിക്കുന്നവനായി നിർബ്ബന്ധത്തിന് വിധേയമായവനൊഴികെ) എന്ന വാക്യം അവ തരിച്ചതെന്നു കാണിക്കുന്ന പല രിവായത്തുകളും പല മഹാന്മാരും ഉദ്ധരിച്ചുകാണാം. ശത്രുക്ക ളുടെ തുടരെത്തുടരെയുള്ള അക്രമ മർദ്ദനങ്ങൾ അസഹനീയമായപ്പോൾ, അവരുടെ ആവശ്യ പ്രകാരം അദ്ദേഹം നബി (ﷺ) യെക്കുറിച്ചു ചില പഴിവാക്കുകൾ പറയുകയും അവരുടെ, ദൈവ ങ്ങളെക്കുറിച്ച് നല്ലവാക്കുകൾ പറയുകയും ചെയ്തു രക്ഷപ്പെട്ടു. വളരെ വ്യസനത്തോടുകൂടി ആ വിവരം അദ്ദേഹം നബി(ﷺ) യെ അറിയിച്ചു. അപ്പോൾ, തൻെറ മനസ്ഥിതി എന്തായിരുന്നു

വെന്ന് നബി (ﷺ) അദ്ദേഹത്തോട് ചോദിച്ചു. തൻെറ മനസ്സ് ഈമാൻ (സത്യവിശ്വാസം) കൊണ്ടു സമാധാനമടഞ്ഞതായിരുന്നുവെന്ന് അദ്ദേഹം മറുപടി പറഞ്ഞു. അപ്പോൾ തിരുമേനി അദ്ദേഹത്തോടു ഇങ്ങിനെ പറഞ്ഞു: ان عادوا فعد ("അവർ ആവർത്തിച്ചാൽ നീയും ആവർത്തിച്ചു കൊള്ളുക.") ഇതിനെപ്പറ്റിയാണ് ഈ വാക്യം അവതരിച്ചത് എന്നത്രെ പ്രസ്തുത രിവായത്തുകളുടെ ചുരുക്കം. അവതരണ സന്ദർഭം ഏതായിരുന്നാലും ആയത്തിൻെറ വിധി പൊതുവായിട്ടുള്ളതു തന്നെ, സംശയമില്ല.

സത്യവിശ്വാസം ത്യജിക്കുവാൻ വേണ്ടി ശത്രുക്കളുടെ ഭാഗത്തുനിന്നു അസഹ്യമായ മർദ്ദനങ്ങൾ അനുഭവിക്കേണ്ടിവരുമ്പോൾ, തൽക്കാലം രക്ഷ പ്രാപിക്കുവാനായി പുറമെ 'കുഫ്ർ' (അവിശ്വാസം) അഭിനയിക്കുന്നതിന് വിരോധമില്ലെന്ന് ഈ വചനത്തിൽ നിന്നു വ്യക്തമാകുന്നു. അമ്മാർ (رضي الله عنه)ൻെറ സംഭവത്തിൽ നബി(ﷺ) പറഞ്ഞതും അതാണു കാണിക്കുന്നത്. ഈ വിഷയത്തിൽ പണ്ഡിതൻമാർക്കിടയിൽ പൊതുവെ ഭിന്നാഭിപ്രായമില്ലതാനും. നിർബ്ബന്ധത്തിന് വഴങ്ങിക്കൊടുക്കാതെ മർദ്ദനങ്ങൾ സഹിക്കുവാൻതന്നെ വല്ലവരും തയ്യാറാകുകയാണെങ്കിൽ അതാണ് കൂടുതൽ ഉത്തമമെന്നും പല മഹാൻമാരും അഭിപ്രായപ്പെടുന്നു.

നബി(ﷺ) തിരുമേനിയിൽ വിശ്വസിച്ചതിൻെറ പേരിൽ മുശ്രിക്കുകളുടെ ഏറ്റവും കടുത്ത മർദ്ദനമുറകൾക്കു വിധേയരായിത്തീർന്ന ബിലാൽ, ഖബ്ബാബ്, അമ്മാറിൻെറ മാതാപിതാക്കൾ رضي الله عنهم മുതലായ സഹാബികളുടെ ചരിത്രം സുപ്രസിദ്ധമാണല്ലോ. ബിലാൽ (رضي الله عنه)ൻെറ കഴുത്തിൽ കയറിട്ട് അദ്ദേഹത്തെ കുട്ടികൾക്കു കളിക്കുവാൻ വിട്ടുകൊടുക്കുക, പതച്ച മണലിൽ കിടത്തി വലിയ പാറക്കല്ലുകൾ നെഞ്ചിൽ കയറ്റിവെക്കുക മുതലായ കടുംകൈകൾ ചെയ്യപ്പെട്ടപ്പോഴൊക്കെ അദ്ദേഹം احد احد (ഒരുവൻ! ഒരുവൻ!) എന്നു ഉച്ചരിച്ചുകൊണ്ടു തൗഹീദിൻെറ പ്രഖ്യാപനം നടത്തുകയായിരുന്നു ചെയ്തത്. നിങ്ങൾക്ക് ഇതിനെക്കാൾ കോപം വമിക്കുന്ന മറ്റൊരു വാക്ക് എനിക്കറിയാമായിരുന്നെങ്കിൽ അതായിരുന്നു ഞാൻ പറയുക എന്നു പോലും ആ ധീരമനസ്കനായ സഹാബി (رضي الله عنه)പറഞ്ഞിരുന്നുവത്രെ! അമ്മാർ (رضي الله عنه) ൻെറ മാതാപിതാക്കളായ യാസിറും, സുമയ്യയും (رضي الله عنهما)ശത്രു മർദ്ദനങ്ങളുടെ കാഠിന്യത്താൽ കൊല്ലപ്പെടുകയാണുണ്ടായത്. മാതാവിനെ രണ്ടു ഒട്ടകങ്ങൾക്കിടയിൽ കെട്ടിവിടുക മുതലായ കടുംകൈകളൊന്നും ഫലിക്കുന്നില്ലെന്നു കണ്ടപ്പോൾ ആ കഠിന ഹൃദയൻമാർ അവസാനം അവരുടെ ഗുഹ്യസ്ഥാനത്ത് കുന്തം തറച്ച് അവരെ കൊലപ്പെടുത്തിക്കളഞ്ഞു. ഇവർ രണ്ടുപേരുമായിരുന്നു ഇസ്ലാമിൻെറ പേരിൽ കൊല്ലപ്പെട്ട ആദ്യത്തെ രണ്ടു രക്തസാക്ഷികൾ. ഖബ്ബാബ് (رضي الله عنه)ൻെറ യജമാനത്തി അദ്ദേഹത്തെ ഇരുമ്പ് കോൽ ചുട്ടുപഴുപ്പിച്ച് ശരീരത്തിൽ ചൂട് കുത്തിക്കൊണ്ടിരിന്നിട്ടും അദ്ദേഹത്തിൻെറ ഈമാൻ വർദ്ധിച്ചതേയുള്ളു. ഇതുപോലെയുള്ള സംഭവങ്ങൾ സഹാബികളുടെ-വിശേഷിച്ചും പൂർവ്വസഹാബികളുടെ-ചരിത്രത്തിൽ സുലഭമാകുന്നു. فرضي الله عنهم وارضاهم അല്ലാഹു തുടരുന്നു:

ثُمَّ إِنَّ رَبَّكَ لِلَّذِينَ هَاجَرُوا۟ مِنۢ بَعْدِ مَا فُتِنُوا۟ ثُمَّ جَٰهَدُوا۟ وَصَبَرُوٓا۟ إِنَّ رَبَّكَ مِنۢ بَعْدِهَا لَغَفُورٌ رَّحِيمٌ ﴿١١٠﴾

110 പിന്നീട്, നിശ്ചയമായും, നിൻെറ റബ്ബ്, കുഴപ്പത്തിൽ [മർദ്ദനത്തിൽ] അകപ്പെട്ടതിനു ശേഷം 'ഹിജ്റ' [നാടുവിട്ട്] പോകുകയും, പിന്നീട് സമരം ചെയ്കയും, ക്ഷമിക്കുകയും ചെയ്തവർക്ക്, (അതെ) നിശ്ചയമായും നിൻെറ റബ്ബ്-അതിനുശേഷം വളരെ പൊറുത്തുകൊടുക്കുന്നവനും, കരുണാനിധിയും തന്നെ.

110 **ثُمَّ** പിന്നീട്. **إِنَّ رَبَّكَ** നിശ്ചയമായും നിന്റെ റബ്ബ്. **لِلَّذِينَ** യാതൊരുവർക്ക്. **هَاجَرُوا** അവർ ഹിജ്റപോയി. **مِن بَعْدِ** ശേഷം. **مَا فُتِنُوا** അവർ കുഴപ്പത്തിലാക്കപ്പെട്ടതിന്റെ. **ثُمَّ جَاهَدُوا** പിന്നെ സമരം നടത്തുകയും ചെയ്തു. **وَصَبَرُوا** ക്ഷമിക്കുകയും ചെയ്തു. **إِنَّ رَبَّكَ** നിശ്ചയമായും നിന്റെ റബ്ബ്. **مِن بَعْدِهَا** അതിനുശേഷം. **لَغَفُورٌ** വളരെ പൊറുക്കുന്നവൻതന്നെ. **رَحِيمٌ** കരുണാനിധിയാണ്.

നബി (ﷺ) ഹിജ്റപോകുമ്പോൾ, ദുർബ്ബലരായിരുന്ന പല സത്യവിശ്വാസികളും മക്കായിൽ ശേഷിപ്പുണ്ടായിരുന്നു. അവരുടെ കഴിവുകേട് നിമിത്തം അവർക്ക് മക്കാവിട്ട് പോകുവാൻ കഴിഞ്ഞിരുന്നില്ല. കുറച്ചിട 'ഖുറൈശി'കൾക്കിടയിൽ നിന്ദ്യരായും, അവരുടെ ഇംഗിതങ്ങൾക്കു വഴങ്ങികൊണ്ടും, കുഫ്റിന്റെ വേഷം അനുവർത്തിച്ചുകൊണ്ടും അവർ കഴിയേണ്ടിവന്നു. ക്രമേണ ഓരോ സന്ദർഭത്തിലായി അവരും മദീനായിൽ ചെന്ന് അഭയം പ്രാപിക്കുകയും, മുസ്ലിംകളൊന്നിച്ചു സമരങ്ങളിലും മറ്റും പങ്ക് വഹിക്കുകയും ചെയ്തു. അവരെക്കുറിച്ചാണ് ഈ വചനത്തിൽ പ്രസ്താവിച്ചിരിക്കുന്നതെന്നാണ് പല വ്യാഖ്യാതാക്കളുടെയും അഭിപ്രായം. ഇതനുസരിച്ചു ഈ വചനം മദീനായിൽ അവതരിച്ചതായിരിക്കും. ഈ സൂറത്തിന്റെ അവസാനത്തിലെ ചില വചനങ്ങൾ മദീനായിൽ അവതരിച്ചതാണെന്ന് പറയപ്പെട്ടിട്ടുള്ളതും പ്രസ്താവ്യമാകുന്നു. അപ്പോൾ, ആ ഇടക്കാലത്ത് അവർ സ്വീകരിക്കേണ്ടിവന്ന നയങ്ങളെ അല്ലാഹു അവർക്കു മാപ്പാക്കി വിട്ടുകൊടുത്തിരിക്കുന്നുവെന്നായിരിക്കും ഈ വചനത്തിന്റെ താൽപര്യം. അബുജൻദൽ, സലമത്തുബ്നുഹിശാം, അബ്ദുല്ലാഹിബ്നുസലമഃ അബൂജഹലിന്റെ സഹോദരൻ അയ്യാശ് (رضي الله عنهم)മുതലായവർ ഇക്കൂട്ടത്തിൽ പെട്ടവരായിരുന്നു.

വിഭാഗം-15

۞ يَوْمَ تَأْتِي كُلُّ نَفْسٍ تُجَادِلُ عَن نَّفْسِهَا وَتُوَفَّىٰ كُلُّ نَفْسٍ مَّا عَمِلَتْ وَهُمْ لَا يُظْلَمُونَ ﴿١١١﴾

111 എല്ലാ (ഓരോ) വ്യക്തിയും [ആളും] അതിന്റെ സ്വന്തം (കാര്യ) ത്തിന്നായി തർക്കം നടത്തികൊണ്ട് വരുന്ന (ആ) ദിവസം (ഓർക്കുക)! എല്ലാ (ഓരോ) വ്യക്തി (ആൾ) ക്കും അത് പ്രവർത്തിച്ചത് [പ്രവർത്തനഫലം] നിറവേറ്റിക്കൊടുക്കപ്പെടുകയും ചെയ്യും;- അവരാകട്ടെ, (അവരോട്) അനീതിചെയ്യപ്പെടുന്നതുമല്ല. [അങ്ങിനെയുള്ള ആ ദിവസം!]

---

111 **يَوْمَ تَأْتِي** വരുന്നദിവസം. **كُلُّ نَفْسٍ** എല്ലാ ദേഹവും, ആത്മാവും, വ്യക്തിയും. **تُجَادِلُ** തർക്കം നടത്തിക്കൊണ്ട്. **عَن نَّفْسِهَا** അതിന്റെ സ്വന്തത്തിനുവേണ്ടി. **وَتُوَفَّىٰ** നിറവേറ്റിക്കൊടുക്കപ്പെടുകയും ചെയ്യും. **كُلُّ نَفْسٍ** എല്ലാ വ്യക്തിക്കും, ആൾക്കും. **مَا عَمِلَتْ** അത് പ്രവർത്തിച്ചത്. **وَهُمْ** അവരാകട്ടെ. **لَا يُظْلَمُونَ** അക്രമിക്ക(അനീതിചെയ്യ)പ്പെടുകയില്ല.

ഖിയാമത്തുനാളിനെയാണ് ആ ദിവസംകൊണ്ട് ഉദ്ദേശിച്ചിരിക്കുന്നതെന്നു വ്യക്തം. പ്രവാചകൻമാർപോലും ഭയവിഹ്വലരായിക്കൊണ്ടു 'എന്റെ കാര്യം! എന്റെ കാര്യം!' (نفسي نفسي) എന്നു പറയുന്ന ആ ദിവസത്തിൽ മാതാപിതാക്കൾ, മക്കൾ, സഹോദരങ്ങൾ തുടങ്ങിയ പരസ്പര ബന്ധങ്ങളൊന്നും ഉപകരിക്കുകയില്ല. സ്വന്തം കാര്യമല്ലാതെ മറ്റൊരു കാര്യം ഊഹിക്കുവാൻ പോലും ആർക്കും സാധ്യമല്ലാത്തവിധം ഗൗരവമേറിയതായിരിക്കും അന്നത്തെ രംഗം. അതെ, ഓരോരുത്തന്നും മതിയാവോളം അവന്റെ കാര്യം തന്നെ തികച്ചും ഉണ്ടായിരിക്കും.

(لكل امرء منهم يومئذ شأن يغنيه) അവനവനു ഗുണകരമായ ന്യായങ്ങൾ സമർപ്പിക്കുക, തെറ്റുകുറ്റങ്ങളിൽ നിന്നു ഒഴിവു കിട്ടുവാനുള്ള ഒഴികഴിവുകൾ സമർപ്പിക്കുക മുതലായവയാണ് 'സ്വന്തം കാര്യത്തിനായി തർക്കം നടത്തുക' എന്നു പറഞ്ഞതിന്റെ താൽപര്യം.

وَضَرَبَ ٱللَّهُ مَثَلًا قَرْيَةً كَانَتْ ءَامِنَةً مُّطْمَئِنَّةً يَأْتِيهَا رِزْقُهَا رَغَدًا مِّن كُلِّ مَكَانٍ فَكَفَرَتْ بِأَنْعُمِ ٱللَّهِ فَأَذَٰقَهَا ٱللَّهُ لِبَاسَ ٱلْجُوعِ وَٱلْخَوْفِ بِمَا كَانُوا۟ يَصْنَعُونَ ﴿١١٢﴾

112 അല്ലാഹു ഒരു ഉപമ വിവരിക്കുകയാണ്- ഒരു രാജ്യത്തെ: അത് നിർഭയമായതും ശാന്തമായതുമായിരുന്നു; എല്ലാ സ്ഥലത്തു നിന്നും അതിന്റെ (ആവശ്യത്തിനുള്ള) ആഹാരം അതിന് സുഭിക്ഷമായി വന്നെത്തിക്കൊണ്ടിരിക്കും;- എന്നിട്ടത് [അതിലെ ആളുകൾ] അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ അവിശ്വസിച്ചു [നന്ദികേട് കാണിച്ചു]. അപ്പോൾ അത് [അതിലെ ആളുകൾ] പ്രവർത്തിച്ചുകൊണ്ടിരുന്നത് നിമിത്തം അതിന് [അവർക്ക്] അല്ലാഹു വിശപ്പും, ഭയവുമാകുന്ന വസ്ത്രം ആസ്വദിപ്പിച്ചു;

وَلَقَدْ جَآءَهُمْ رَسُولٌ مِّنْهُمْ فَكَذَّبُوهُ فَأَخَذَهُمُ ٱلْعَذَابُ وَهُمْ ظَٰلِمُونَ ﴿١١٣﴾

113 അവർക്ക് അവരിൽനിന്നുള്ള റസൂൽ ചെല്ലുകയും ഉണ്ടായിട്ടുണ്ട്. എന്നാൽ, അവർ അദ്ദേഹത്തെ വ്യാജമാക്കി; അപ്പോൾ, അവർ അക്രമികളായിരിക്കെ ശിക്ഷ അവരെ പിടികൂടി.

---

112 **وضرب** ആക്കിയിരിക്കുന്നു (വിരിക്കുകയാണ്). **الله** അല്ലാഹു. **مثلاً** ഒരു ഉപമ. **قرية** ഒരു രാജ്യത്തെ. **كانت** അതായിരുന്നു. **آمنة** നിർഭയമായത്. **مطمئنة** ശാന്തമായത്. **يأتيها** അതിന് വന്നുകൊണ്ടിരിക്കും. **رزقها** അതിന്റെ ആഹാരം. **رغدا** സുഭിക്ഷമായി. **من كل مكان** എല്ലാ സ്ഥലത്തു നിന്നും. **فكفرت** എന്നിട്ടത് അവിശ്വസിച്ചു (നിഷേധിച്ചു നന്ദികേടു കാട്ടി). **بأنعم الله** അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ. **فأذاقها الله** അപ്പോൾ അതിന് അല്ലാഹു ആസ്വദി(അനുഭവി)പ്പിച്ചു. **لباس** വസ്ത്രത്തെ. **الجوع** വിശപ്പിന്റെ. **والخوف** ഭയത്തിന്റെയും. **بما كانوا** അവരായിരുന്നത് നിമിത്തം. **يصنعون** അവർ തൊഴിലാക്കുക (പ്രവർത്തിക്കുക). 113 **ولقد جاءهم** അവർക്ക് വരുക (ചെല്ലുക)യുണ്ടായിട്ടുണ്ട്. **رسول** ഒരു റസൂൽ. **منهم** അവരിൽനിന്നുള്ള. **فكذبوه** എന്നാലവർ അദ്ദേഹത്തെ വ്യാജമാക്കി. **فأخذهم** അപ്പോൾ അവർക്കു പിടിപെട്ടു, അവരെ പിടികൂടി. **العذاب** ശിക്ഷ. **وهم** അവരാകട്ടെ, അവർ ആയിരിക്കെ. **ظالمون** അക്രമികളുമാണ്, അക്രമികൾ.

ഇവിടെ രാജ്യം (قرية) എന്ന് പറഞ്ഞത് മക്കായെ ഉദ്ദേശിച്ചാണെന്നും, ഒരു പ്രത്യേകം രാജ്യത്തെ ഉദ്ദേശിച്ചില്ല- അല്ലാഹു വിവരിച്ച രൂപത്തിലുള്ള ഏതെങ്കിലും രാജ്യത്തെ പൊതുവെ ഉദ്ദേശിച്ചാണ്-എന്നും രണ്ടഭിപ്രായങ്ങളുണ്ട്. ഇതിലെ വിവരണം മക്കാനിവാസികളെ സംബന്ധിച്ചിടത്തോളം വളരെ അനുയോജ്യമായമാണെന്നുള്ളതിൽ സംശയമില്ലതാനും. യുദ്ധങ്ങളും അക്രമങ്ങളും ഭയപ്പെടുവാനില്ലാതെ നിർഭയമായും, ശാന്തമായും ഇരിക്കുന്ന രാജ്യമാണത്. ആ രാജ്യക്കാർക്കാവശ്യമായ ഭക്ഷണസാധനങ്ങൾ നാനാദിക്കുകളിൽനിന്നും ഇറക്കുമതി ചെയ്യപ്പെടുന്നു. എന്നിട്ടും അവർ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ധിക്കരിച്ചുകൊണ്ട് അവിശ്വാസത്തിലും തോന്നിയ വാസത്തിലും മുഴുകിക്കൊണ്ടിരുന്നു. അവരിൽനിന്ന് തന്നെ അവരെ ഉപദേശിക്കുവാൻ വേണ്ടി അല്ലാഹു ഒരു റസൂലിനെയും-നബി (ﷺ) തിരുമേനിയെ-അയച്ചുകൊടുത്തു.

റസൂലിനെ വ്യാജമാക്കി നിഷേധിക്കുകയും അക്രമം അഴിച്ചുവിടുകയുമാണവർ ചെയ്തത്. എന്നിപ്രകാരം ഇബ്നു കഥീർ (ﷺ)രേഖപ്പെടുത്തിക്കാണുന്നു. ധിക്കാരം മുഴുത്തുപ്പോൾ അല്ലാഹു അവർക്കു ഭക്ഷണക്ഷാമം അനുഭവപ്പെടുത്തി, ഏഴുകൊല്ലം നീണ്ടുനിന്ന ആ കഠിനക്ഷാമത്തിൽ, ഒട്ടകത്തിന്റെ രക്തവും രോമവും കൂട്ടിച്ചേർത്ത് അപ്പമുണ്ടാക്കി ഭക്ഷിക്കുവാൻപോലും അവർ നിർബ്ബന്ധിതരായി. റസൂൽ (ﷺ) തിരുമേനുയുടെ മദീനാ ഹിജ്റയെതുടർന്ന്-അധികം താമസിയാതെത്തന്നെ-അവരിൽ യുദ്ധഭീതിയും ആക്രമണഭയവും സർവ്വത്ര കടന്നുകൂടി. ടസൈരജീവിതം അവർക്കില്ലാതായി, ബദ്ർ യുദ്ധത്തോടെ അവരുടെ നട്ടെല്ലും ഒടിഞ്ഞുപോയി. ഒടുക്കം പല ഏറ്റുമുട്ടലുകൾക്കും ശേഷം നിരുപാധികം അവർ കീഴടങ്ങുകയും ചെയ്യേണ്ടി വന്നു. ചുരുക്കത്തിൽ, ഈ വചനങ്ങളിൽ വിവരിച്ച കാര്യങ്ങളത്രയും മക്കക്കാരെ സംബന്ധിച്ചിടത്തോളം യഥാർത്ഥത്തിൽ സംഭവിച്ചു കഴിഞ്ഞതാകുന്നു.

ഈ ഉപമ മക്കായെയും, അതിലെ നിവാസികളെയും സംബന്ധിച്ചായാലും മേൽ വിവിരിച്ച പ്രകാരമുള്ള രാജ്യങ്ങളെ പൊതുവിൽ ഉദ്ദേശിച്ചായാലും ശരി, അല്ലാഹുവിന്റെ ഒരു നടപടിച്ചട്ടത്തെയാണ് ഈ ഉപമ ചൂണ്ടിക്കാട്ടുന്നത്. ഉപമയിൽനിന്ന് പഠിക്കേണ്ടുന്ന പാഠം അടുത്ത വചനത്തിൽനിന്ന് വ്യക്തമാണ്:-

فَكُلُوا۟ مِمَّا رَزَقَكُمُ ٱللَّهُ حَلَٰلًا طَيِّبًا وَٱشْكُرُوا۟ نِعْمَتَ ٱللَّهِ إِن كُنتُمْ إِيَّاهُ تَعْبُدُونَ ﴿١١٤﴾

114 അതിനാൽ, നിങ്ങൾക്ക് അല്ലാഹു നൽകിയിട്ടുള്ളതിൽ നിന്ന് അനുവദനീയവും നല്ല (വിശിഷ്ടമായ) തുമായത് നിങ്ങൾ തിന്നുകൊള്ളുവിൻ; അല്ലാഹുവിന്റെ അനുഗ്രഹത്തിന് നന്ദി കാണിക്കുകയും ചെയ്യുവിൻ നിങ്ങൾ അവനെയാണ് ആരാധിക്കുന്നതെങ്കിൽ!

---

114 **فَكُلُوا** ആകയാൽ തിന്നുകൊള്ളുവിൻ. **مما رزقكم الله** നിങ്ങൾക്ക് അല്ലാഹു നൽകിയതിൽനിന്ന്. **حلالاً** അനുവദനീയമായത്. **طيبا** നല്ല, വിശിഷ്ടമായ. **واشكروا** നന്ദി കാണിക്കുകയും ചെയ്യുവിൻ. **نِعمةَ اللِه** അല്ലാഹുവിന്റെ അനുഗ്രഹത്തിന്. **إن كُنتم** നിങ്ങളാണെങ്കിൽ. **إياه** അവനെ (തന്നെ). **تعبدونَ** നിങ്ങളാരാധിക്കുന്നു (വെങ്കിൽ).

മറ്റുള്ളവരെ ആരാധിക്കലും, അല്ലാഹുവിനോടു കൂറുകാണിക്കലും രണ്ടുംകൂടി ഒരിക്കലും യോജിക്കുകയില്ല. അതുകൊണ്ട് ആരാധനയും നന്ദിയും അവന്നു തന്നെ ആയിരിക്കണം. ഭക്ഷ്യവസ്തുക്കൾ അനുവദനീയവും നല്ലതുമായിരിക്കണമെന്ന് പറയുമ്പോൾ; ഉപയോഗിക്കാൻ പാടില്ലാത്ത ഭക്ഷ്യവസ്തുക്കൾ കുറേ അധികമുണ്ടോ എന്നു തോന്നിയേക്കാം. അതു അധികമൊന്നുമില്ലെന്നും അല്ലാഹു തുടർന്നറിയിക്കുന്നു:-

إِنَّمَا حَرَّمَ عَلَيْكُمُ ٱلْمَيْتَةَ وَٱلدَّمَ وَلَحْمَ ٱلْخِنزِيرِ وَمَآ أُهِلَّ لِغَيْرِ ٱللَّهِ بِهِۦ ۖ فَمَنِ ٱضْطُرَّ غَيْرَ بَاغٍ وَلَا عَادٍ فَإِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿١١٥﴾

115 ശവവും, രക്തവും, പന്നിമാംസവും, അല്ലാഹു അല്ലാത്തവർക്കുവേണ്ടി ശബ്ദം ഉയർത്തപ്പെട്ട [അറുക്കപ്പെട്ട]തും മാത്രമേ അവൻ നിങ്ങളുടെമേൽ നിഷിദ്ധമാക്കിയിട്ടുള്ളു. ഇനി ആരെങ്കിലും (നിയമ ലംഘനം) കാംക്ഷിക്കുന്നവനല്ലാതെയും, അതിരുവിട്ടവനല്ലാതെയും (ഭക്ഷിക്കുവാൻ)

നിർബ്ബന്ധിതനാകുന്ന പക്ഷം,- അപ്പോൾ, നിശ്ചയമായും, അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.

---

115 إنما حرم അവൻ നിഷിദ്ധമാക്കിയിട്ടുള്ള. عَلَيْكُم നിങ്ങളുടെ മേൽ. الْمَيتَة ശവത്തെ. والدم രക്തത്തെയും. ولحْم മാംസവും. الْخنزير പന്നിയുടെ. وما യാതൊന്നും. أهل ശബ്ദം ഉയർത്ത(അറുക്ക)പ്പെട്ടിരിക്കുന്നു. لغير الله അല്ലാഹു അല്ലാത്തവർക്കുവേണ്ടി. بِهِ അതുകൊണ്ട്, അതുവഴി. فمن ഇനി ആർ, വല്ലവനും. اضْطُر നിർബ്ബന്ധിതനായി. غَير بَاغٍ തേടുന്ന (കാംക്ഷിക്കുന്ന-ധിക്കരിക്കുന്ന)വനല്ലാതെ. ولا عاد അതിരുകടന്നവനുമല്ലാതെ. فَإِن الله എന്നാൽ നിശ്ചയമായും അല്ലാഹു. غَفُور വളരെ പൊറുക്കുന്നവനാണ്. رحيم കരുണാനിധിയാണ്.

ഈ വചനത്തിലടങ്ങിയ സംഗതികളും, ആശയങ്ങളും അൽബഖറ: 173ലും, മാഇദ: 4 ലും, അൻആം 145 ലും മുമ്പുവിവരിച്ചു കഴിഞ്ഞിട്ടുണ്ട്. മാഇദയിലും, അൻആമിലും വേണ്ടത്ര വിശദീകരണങ്ങളും നൽകിയിട്ടുണ്ട്. അതുകൊണ്ടു ഇവിടെ പ്രത്യേകിച്ചൊന്നും വിവരിക്കുന്നില്ല. കൂടുതൽ വിവരങ്ങൾ അവിടങ്ങളിൽ നോക്കുക. ഇത്രയും കുറഞ്ഞ വസ്തുക്കളേ അല്ലാഹു നിഷിദ്ധമാക്കിയിട്ടുള്ളുവെങ്കിലും മുശ്രിക്കുകൾ അവരുടെ സ്വന്തം വകയായി വേറെയും പലതും നിഷിദ്ധമാക്കിവെച്ചിരുന്നു. അതിനെക്കുറിച്ചാണ് അടുത്ത വചനത്തിൽ പറയുന്നത്:-

وَلَا تَقُولُوا۟ لِمَا تَصِفُ أَلْسِنَتُكُمُ ٱلْكَذِبَ هَٰذَا حَلَٰلٌ وَهَٰذَا حَرَامٌ لِّتَفْتَرُوا۟ عَلَى ٱللَّهِ ٱلْكَذِبَ ۚ إِنَّ ٱلَّذِينَ يَفْتَرُونَ عَلَى ٱللَّهِ ٱلْكَذِبَ لَا يُفْلِحُونَ ﴿١١٦﴾

116 നിങ്ങളുടെ നാവുകൾ വ്യാജവിവരണം നൽകി വരുന്നതിനാൽ (മാത്രം) നിങ്ങൾ പറയുകയും അരുത്; ''ഇത് അനുവദനീയമാണ്: ഇത് നിഷിദ്ധവുമാണ്'' (എന്നിങ്ങിനെ); നിങ്ങൾ അല്ലാഹുവിൻെറ പേരിൽ വ്യാജം കെട്ടിച്ചമക്കുവാൻ വേണ്ടി. [അതാണതിൻെറ കലാശമാകുക.] നിശ്ചയമായും, അല്ലാഹുവിൻെറ പേരിൽ വ്യാജം കെട്ടിച്ചമക്കുന്നവർ വിജയിക്കുകയില്ല.

مَتَٰعٌ قَلِيلٌ وَلَهُمْ عَذَابٌ أَلِيمٌ ﴿١١٧﴾

117 അൽപ(മാത്ര)മായ ഒരു സുഖാനുഭവം! അവർക്ക് വേദനയേറിയ ശിക്ഷയുമുണ്ടായിരിക്കും.

---

116 **ولا تقُولُوا** നിങ്ങൾ പറയുകയും ചെയ്യരുത്. **لما تصف** വിവരിക്കുന്നതിനാൽ. **ألسِنتكُم** നിങ്ങളുടെ നാവുകൾ. **الْكَذب** വ്യാജം. **هَذا** ഇത്. **حلالٌ** അനുവദനീയമാണ്. **وهذا** ഇത്. **حرام** നിഷിദ്ധമാണ്. **لتفتروا** നിങ്ങൾ കെട്ടിയുണ്ടാക്കുവാൻവേണ്ടി. **على الله** അല്ലാഹുവിൻെറ മേൽ (പേരിൽ). **الْكَذب** വ്യാജം. **إن** നിശ്ചയമായും. **الذين يفترونَ** കെട്ടിച്ചമക്കുന്നവർ. **على الله** അല്ലാഹുവിൻെറമേൽ. **الْكَذب** വ്യാജം . **لا يفلحونَ** അവർ വിജയിക്കുകയില്ല. 117 **متاع** ഒരു സുഖാനുഭവം, സുഖം, ഉപയോഗം. **قَليلٌ** അൽപമായ, കുറഞ്ഞ. **ولهُم** അവർക്കുണ്ടുതാനും. **عذاب** ശിക്ഷ. **أليم** വേദനയേറിയ.

എന്തെങ്കിലും തെളിവോ വല്ല പ്രമാണമോ കൂടാതെ, സ്വന്തം നാവിനാൽ ഉരുവിടുന്ന ചിലന്യായങ്ങളുടെ അടിസ്ഥാനത്തിൽ, അല്ലാഹു ഹലാലാക്കി (അനുവദനീയമാക്കി) യ ചില

വസ്തുക്കളെ ഹറാമും (നിഷിദ്ധവും), ഹറാമാക്കിയ ചില വസ്തുക്കളെ ഹാലാലുമാക്കിക്കൊണ്ടു മുശ്‌രിക്കുകൾ മതവിധികൾ കെട്ടിയുണ്ടാക്കിയിരുന്നതിനെക്കുറിച്ചു ആക്ഷേപിക്കുകയാണ്. മതത്തിൽ ഹലാലെന്നും ഹറാമെന്നും വിധി കൽപിക്കുവാനുള്ള അധികാരവും, അവകാശവും അല്ലാഹുവിനായിരിക്കെ, ഇതു അല്ലാഹുവിൻെറ പേരിൽ വ്യാജം കെട്ടിച്ചമക്കലാണല്ലോ. അല്ലാഹുവിൻെറ പേരിൽ വ്യാജം കെട്ടിച്ചമക്കുന്നവർ ഒരിക്കലും വിജയിക്കുകയില്ല. ഇഹത്തിൽവെച്ചു തുച്ഛമായ വല്ല കാര്യലാഭവും ലഭിച്ചേക്കാമെങ്കിലും പരലോകത്ത് അവർക്കു കഠിന ശിക്ഷയായിരിക്കും ഫലം എന്നു സാരം.

മുശ്‌രിക്കുകളെ സംബന്ധിച്ചിടത്തോളം ശവം, പന്നിമാംസം മുതലായവയെ അവർ അനുവദനീയമായി ഗണിച്ചിരുന്നു. 'ബഹീറത്ത്' 'സാഇബത്ത്' എന്നും മറ്റുമുള്ള പേരുകളിൽ പല കാലികളെയും വിഗ്രഹങ്ങൾക്കു വഴിപാടാക്കി വിടലും പതിവായിരുന്നു. ചിലതിനെ പുരുഷൻമാർക്കു മാത്രം അനുവദനീയവും, സ്ത്രീകൾക്കു നിഷിദ്ധവുമാക്കിവെക്കുകയും ചെയ്തിരുന്നു. (5:106;6:139 മുതലായ സ്ഥലങ്ങൾ നോക്കുക) ഇത്തരം സംഗതികളെ സൂചിപ്പിച്ചുകൊണ്ടാകുന്നു ഇതു അനുവദനീയമെന്നും, ഇതു നിഷിദ്ധമെന്നും പറയരുതെന്നു വിരോധിച്ചിരിക്കുന്നത്. എന്നാൽ-ഇബ്നുകഥീർ (ﷺ)ചൂണ്ടിക്കാട്ടിയതുപോലെ-ഈ സംഗതികൾ മാത്രമല്ല ഈ വിരോധത്തിൽ അടങ്ങിയിരിക്കുന്നത്. അംഗീകൃതമായ തെളിവുകളുടെ അടിസ്ഥാനത്തിലല്ലാതെ നിർമ്മിക്കപ്പെടുന്ന അനാചാരങ്ങളും, ഖുർആനിന്നും സുന്നത്തിനും എതിരായി പുറപ്പെടുവിക്കപ്പെടുന്ന ഫത്‌വാകളും നിയമങ്ങളുമെല്ലാം തന്നെ, അല്ലാഹുവിൻെറ പേരിൽ വ്യാജം കെട്ടിച്ചമക്കുന്നതിൽ ഉൾപ്പെടുന്നു. അബൂനള്റഃ (رضي الله عنه)പറഞ്ഞതായി ഇബ്നു അബീഹാതിം (ﷺ)ഉദ്ധരിച്ചിരിക്കുന്നു: 'സൂറത്തുന്നഹ്‌ലിലേ' ولا تقولو الخ എന്നുള്ള (ഈ) വചനം ഞാൻ വായിച്ചു. അതിനാൽ, അന്നുമുതൽ ഇന്നുവരെ ഞാൻ 'ഫത്‌വാ' (മതകാര്യങ്ങളിൽ വിധി) നൽകുവാൻ ഭയപ്പെട്ടുകൊണ്ടിരിക്കുകയാണ്.

وَعَلَى ٱلَّذِينَ هَادُوا۟ حَرَّمْنَا مَا قَصَصْنَا عَلَيْكَ مِن قَبْلُ ۖ وَمَا ظَلَمْنَـٰهُمْ وَلَـٰكِن كَانُوٓا۟ أَنفُسَهُمْ يَظْلِمُونَ ﴿١١٨﴾

118 യഹൂദികളായവരുടെ മേലും (തന്നെ) മുമ്പ് നാം നിനക്ക് വിവരിച്ചുതന്നവയെ നാം നിഷിദ്ധമാക്കി. അവരോട് നാം അനീതി ചെയ്തിട്ടില്ല; എങ്കിലും അവർ അവരോടു തന്നെയായിരുന്നു അനീതി ചെയ്തിരുന്നത്.

---

118 **وعلى الذين** യാതൊരുവരുടെ മേൽ. **هادوا** യഹൂദരായ. **حرمنا** നാം നിഷിദ്ധമാക്കി. **ما قصصنا** നാം കഥനം ചെയ്തത്, (വിവരിച്ചത്). **عليك** നിനക്ക്, നിൻെറമേൽ. **من قبلُ** മുമ്പ്. **وما ظلمناهم** നാം അവരോട് അനീതി, (അക്രമം) ചെയ്തിട്ടുമില്ല. **ولكن كانوا** എങ്കിലും അവരായിരുന്നു. **أنفسهم** തങ്ങളോടു തന്നെ, അവരുടെ സ്വന്തങ്ങളെ. **يظلمونَ** (അക്രമിക്കും അനീതിചെയ്യും).

അൽപം ചില ഭക്ഷ്യവസ്തുക്കളെ മാത്രമേ അല്ലാഹു നിഷിദ്ധമാക്കി നിയമിച്ചിട്ടുള്ളുവെന്നു 115 -ാം വചനത്തിൽ പ്രസ്താവിച്ചുവല്ലോ. എന്നാൽ, യഹൂദികളുടെമേൽ മുമ്പ് നിങ്ങൾക്കു വിവരിച്ചു തന്നിട്ടുള്ള ചില വസ്തുക്കളെ നിഷിദ്ധമാക്കിയിരുന്നതു ശരിയാണെന്നും, അത് അവരോടു അല്ലാഹു ചെയ്ത ഒരു അനീതിയായിരുന്നില്ല- അവർ സ്വയം ചെയ്ത ആക്രമങ്ങളുടെ ഫലമായിരുന്നു-എന്നുമാണ് ഈ വചനത്തിൽ പ്രസ്താവിച്ചതിൻെറ സാരം. 'മുമ്പ് വിവരിച്ചു തന്നത്' എന്നു പറഞ്ഞത് സൂറ: അൻആം 146 -ാം വചനത്തിലാകുന്നു. നഖമുള്ള വസ്തുക്കളെയും, ആടുമാടുകളുടെ കൊഴുപ്പുകളും അവർക്കു നിഷിദ്ധമാക്കിയിരുന്നുവെന്നും, അതവരുടെ ധിക്കാരം മൂലമായിരുന്നുവെന്നുമാണ് അവിടെ പറഞ്ഞതിൻെറ ചുരുക്കം. കൂടുതൽ വിവരം

അവിടെ കഴിഞ്ഞുപോയിട്ടുണ്ട്. കൂടാതെ, അവരുടെ ആക്രമം നിമിത്തം വിശിഷ്ടമായ ചില വസ്തുക്കളെ അവരുടെമേൽ നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നുവെന്നു സൂ: നിസാഉ് 160 ലും കാണാം.

119 പിന്നീട്, നിശ്ചയമായും,നിൻെറ റബ്ബ്, വിഡ്ഢിത്തം (അഥവാ വിവരക്കേട്) നിമിത്തം തിൻമ പ്രവർത്തിക്കുകയും, പിന്നീട് അതിനുശേഷം പശ്ചാത്തപിക്കുകയും, നന്നായിത്തീരുകയും ചെയ്തവർക്ക്, (അതെ) നിശ്ചയമായും നിൻെറ റബ്ബ് അതിനുശേഷം വളരെ പൊറുക്കുന്നവനും, കരുണാനിധിയും തന്നെയാകുന്നു.

ثُمَّ إِنَّ رَبَّكَ لِلَّذِينَ عَمِلُوا۟ ٱلسُّوٓءَ بِجَهَٰلَةٍ ثُمَّ تَابُوا۟ مِنۢ بَعْدِ ذَٰلِكَ وَأَصْلَحُوٓا۟ إِنَّ رَبَّكَ مِنۢ بَعْدِهَا لَغَفُورٌ رَّحِيمٌ ﴿١١٩﴾

---

119 **ثم** പിന്നീട്, പിന്നെ. **إن ربك** നിശ്ചയമായും നിൻെറ റബ്ബ്. **للذين عملوا** പ്രവർത്തിച്ചവർക്ക്. **السوء** തിൻമയെ, മോശം. **بجهالة** വിഡ്ഢിത്തംകൊണ്ട്, വിവരക്കേട് നിമിത്തം. **ثم تابوا** പിന്നെ പശ്ചാത്തപിച്ചു. **من بعد** ശേഷം. **ذلك** അതിൻെറ. **وأصلحوا** അവൻ നന്നായിത്തീരുകയും ചെയ്തു (കർമ്മങ്ങളെ) നന്നാക്കുകയും ചെയ്തു. **إن ربك** നിശ്ചയമായും നിൻെറ റബ്ബ്. **من بعدها** അതിനുശേഷം. **لغفور** പൊറുക്കുന്നവൻ തന്നെയാണ്. **رحيم** കരുണാനിധിയാണ്.

അല്ലാഹുവിൻെറ പേരിൽ നിയമങ്ങൾ കെട്ടിയുണ്ടാക്കുക പോലെയുള്ള ഗുരുതരമായ പാപങ്ങൾ വല്ലതും വിവരക്കേടുകൊണ്ടു ചെയ്തുപോയാൽ തന്നെയും പിന്നീടു ഖേദിച്ചുമടങ്ങി സ്വന്തം നില നന്നാക്കിത്തീർത്താൽ അല്ലാഹു പൊറുത്തുകൊടുക്കുകയും കരുണ ചെയ്യുകയും ചെയ്യുന്നതാണെന്നു സത്യവിശ്വാസികളെ സമാധാനിപ്പിക്കുകയാണ്.

വിഭാഗം-16

120 നിശ്ചയമായും ഇബ്റാഹീം, അല്ലാഹുവിനോട് ഭക്ത്യനുസരണമുള്ള ഋജുമാനസനായ ഒരു (പ്രത്യേക) സമുദായം (അഥവാ, മാതൃകാനേതാവ്) ആയിരുന്നു. അദ്ദേഹം മുശ്രിക്കുകളിൽ പെട്ടവനായിരുന്നിട്ടുമില്ല.

إِنَّ إِبْرَٰهِيمَ كَانَ أُمَّةً قَانِتًا لِّلَّهِ حَنِيفًا وَلَمْ يَكُ مِنَ ٱلْمُشْرِكِينَ ﴿١٢٠﴾

121 അവൻെറ [അല്ലാഹുവിൻെറ] അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുന്നവൻ (ആയിരുന്നു). അദ്ദേഹത്തെ അവൻ തിരഞ്ഞെടുക്കുകയും, നേരെ (ചൊവ്വെ)യുള്ള ഒരു പാതയിലേക്ക് അദ്ദേഹത്തെ അവൻ നയിക്കുകയും ചെയ്തിരിക്കുന്നു.

شَاكِرًا لِّأَنْعُمِهِ ٱجْتَبَىٰهُ وَهَدَىٰهُ إِلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿١٢١﴾

122 ഇഹത്തിൽ അദ്ദേഹത്തിന് നാം നൻമ നൽകുകയും ചെയ്തു. അദ്ദേഹം പരലോകത്തിലാകട്ടെ, സദ്‌വൃത്തൻമാരിൽ പെട്ടവൻ തന്നെ.

وَءَاتَيْنَٰهُ فِى ٱلدُّنْيَا حَسَنَةً ۖ وَإِنَّهُۥ فِى ٱلْءَاخِرَةِ لَمِنَ ٱلصَّٰلِحِينَ ﴿١٢٢﴾

123 പിന്നീട് (ഇപ്പോൾ), നിനക്ക് നാം 'വഹ്യു' [സന്ദേശം] നൽകിയിരിക്കുന്നു: ഋജുമാനസനായ നിലയിൽ (ആയിരുന്ന) ഇബ്റാഹീമിൻെറ മാർഗ്ഗത്തെ പിൻപറ്റണമെന്ന്; അദ്ദേഹം മുശ്രിക്കുകളിൽ പെട്ടവനായിരുന്നതുമില്ല.

ثُمَّ أَوْحَيْنَآ إِلَيْكَ أَنِ ٱتَّبِعْ مِلَّةَ إِبْرَٰهِيمَ حَنِيفًا ۖ وَمَا كَانَ مِنَ ٱلْمُشْرِكِينَ ﴿١٢٣﴾

---

120 **إن إبراهيم** നിശ്ചയമായും ഇബ്റാഹീം. **كَانَ** ആകുന്നു, ആയിരുന്നു. **أمةً** ഒരു സമുദായം (മാതൃകാ നേതാവ്). **قانِتا** ഭക്തിയുള്ള, ഒതുക്കമുള്ള, അനുസരണയിള്ള(വൻ). **لله** അല്ലാഹുവിന്, അല്ലാഹുവോട്. **حنيفًا** ഋജുമാനസനായ (നിഷ്കളങ്കഹൃദയനായ). **ولم يك** അദ്ദേഹം ആയിരുന്നില്ല. ആയിട്ടില്ല. **من المشركين** മുശ്രിക്കുകളിൽ (പങ്കുചേർക്കുന്നവരിൽ-ബഹുദൈവ വിശ്വാസികളിൽ) പെട്ട(വൻ). 121 **شاكرا** നന്ദി കാണിക്കുന്നവൻ, നന്ദി കാണിച്ചുകൊണ്ട്. **لأنعمه** അവൻെറ അനുഗ്രഹങ്ങൾക്ക്. **اجتباه** അദ്ദേഹത്തെ അവൻ തിരഞ്ഞെടുത്തിരിക്കുന്നു. **وهداه** അദ്ദേഹത്തെ നയിക്കുക (വഴി ചേർക്കുകയും) ചെയ്തിരിക്കുന്നു. **إلى صراط** ഒരു പാത (വഴി)യിലേക്കു. **مستقيم** ചൊവ്വായ, നേരെയുള്ള. 122 **وآتيناه** അദ്ദേഹത്തിന് നാം നൽകുകയും ചെയ്തു. **في الدنيا** ഇഹത്തിൽ. **حسنةً** നന്മ, നല്ലത്. **وإنه** അദ്ദേഹമാകട്ടെ, നിശ്ചയമായും അദ്ദേഹം. **في الآخرة** പരലോകത്തിൽ. **لمن الصالحين** സദ്വൃത്തരിൽ പെട്ട (വൻ) തന്നെ. 123 **ثم أوحينا** പിന്നെ നാം വഹ്യു നൽകി. **إليك** നിനക്ക്, നിന്നിലേക്ക്. **أن اتبع** നീ പിൻപറ്റുക എന്ന്. **ملة** മാർഗ്ഗത്തെ. **إبراهيم** ഇബ്റാഹീമിൻെറ. **حنيفًا** ഋജുമാനസ (നിഷ്കളങ്ക ഹൃദയ)നായ നിലയിലുള്ള. **وما كانَ** അദ്ദേഹം ആയിരുന്നുമില്ല.. **من المشركين** മുശ്രിക്കു (ബഹുദൈവ വിശ്വാസി)കളിൽപെട്ട(വൻ).

മുശ്രിക്കുകൾ മതാചാരങ്ങളായി ആചരിച്ചുവന്നിരുന്ന ശിർക്കുപരമായ പല കാര്യങ്ങളെക്കുറിച്ചും മുമ്പ് പ്രസ്താവിച്ചു. ഇബ്റാഹീം (عليه السلام)നബിയുടെ പിൻഗാമികളും, അദ്ദേഹത്തിൻെറ മാതൃകയും, നടപടി ക്രമവും സ്വീകരിച്ചുവരുമെന്ന നിലക്കാണ് അതെല്ലാം അവർ ആചരിച്ചു വന്നിരുന്നതും. വാസ്തവത്തിൽ അദ്ദേഹം സ്വീകരിച്ചുവന്നിരുന്ന മാർഗ്ഗമാകട്ടെ, അതിനെല്ലാം കടകവിരുദ്ധവുമായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിൻെറ യഥാർത്ഥ സ്ഥിതി ഇന്നിന്ന പ്രകാരമായിരുന്നുവെന്നും, അദ്ദേഹം സ്വീകരിച്ചിരുന്ന അതേമാർഗം സ്വീകരിക്കുവാനും, അതു പ്രബോധനം ചെയ്വാനും തന്നെയാണു നബി (ﷺ) തിരുമേനിയോടു കൽപിച്ചിരിക്കുന്നതെന്നും അല്ലാഹു ചൂണ്ടിക്കാണിക്കുകയാണ്.

'സമുദായം, സമൂഹം' എന്നീ അർത്ഥങ്ങളിലാണ് امة (ഉമ്മത്ത്) എന്ന വാക്ക് സാധാരണ ഉപയോഗിക്കപ്പെടാറുള്ളതെന്നും, ചിലപ്പോൾ വേറെ അർത്ഥങ്ങളിലും അതു ഉപയോഗിക്കപ്പെടാറുണ്ടെന്നും, അവയിൽ ഒന്നു 'മാതൃകാനേതാവ്' എന്നാണെന്നും സൂ: ഹൂദിലെ 8 -ാം വചനത്തിൻെറ വിവരണത്തിൽ നാം വിവരിച്ചുവല്ലോ. ഒരു വമ്പിച്ച സമുദായത്തിനു മാതൃകയും, നേതൃത്വവും നൽകിയ മഹാനായതുകൊണ്ടു ഇബ്റാഹീം (عليه السلام)ഒരു പ്രത്യേക സമുദായം തന്നെയാണെന്നു പറയത്തക്കവിധം ശ്രേഷ്ഠനും ഉത്തമനും തന്നെയാണുതാനും. അദ്ദേഹത്തെപ്പറ്റി അല്ലാഹു ഇവിടെ പ്രശംസിച്ചു പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിക്കുക: (1) അല്ലാഹുവിനോടു ഭക്തിയും അനുസരണവും ഉള്ളവനായിരുന്നു. (2) വക്രമാർഗ്ഗങ്ങളിലേക്കൊന്നും തുനിയാതെ നേർമാർഗ്ഗത്തിൽ ഉറച്ചുനിൽക്കുന്ന ഋജുമാനസനായിരുന്നു. (3) ശിർക്കിൻെറ പ്രവർത്തനങ്ങളിലൊന്നും അകപ്പെടാതെ 'തൗഹീദി'ൽ അടിയുറച്ചവനായിരുന്നു. (4) അല്ലാഹുവിൻെറ അനുഗ്രഹങ്ങൾക്കു നന്ദിയുള്ളവനായിരുന്നു. (5) അല്ലാഹു അദ്ദേഹത്തെ തിരഞ്ഞെടുത്തിരിക്കുന്നു. അതെ, അദ്ദേഹത്തെ അവൻ നേർമ്മാർഗ്ഗത്തിൻെറ മാതൃകയും, സൻമാർഗ്ഗികളുടെ നേതാവും, ശിർക്കിൻെറ കണ്ഠകോടാലിയും, തൗഹീദിൻെറ പാതാകവാഹകനുമാക്കി ഉയർത്തിയിരിക്കുന്നു. (6) ചൊവ്വാ

യ മാർഗ്ഗത്തിലേക്കു അദ്ദേഹത്തെ അല്ലാഹു നയിച്ചിരിക്കുന്നു. അല്ലാഹു നേർമ്മാർഗ്ഗത്തിലേക്കു നയിച്ചുകൊടുത്തവർ പിന്നെ വഴിതെറ്റുന്ന പ്രശ്നമില്ലല്ലോ. (7) ഇഹത്തിൽ അവൻ അദ്ദേഹത്തിനു നൻമ നൽകിയിരിക്കുന്നു. ഇഹത്തിൽ വെച്ചു അദ്ദേഹത്തിനു സിദ്ധിച്ച നിസ്തുലമായ നൻമകൾ കുറച്ചൊന്നുമല്ല. വേദക്കാരും, അവരുമായി ബന്ധപ്പെട്ടവരുമായ എല്ലാം സമുദായങ്ങൾക്കിടയിലും കാലാവസാനം വരെ അദ്ദേഹത്തിൻെറ സൽപേരും സൽകീർത്തിയും നിലനിൽക്കുന്നുവെന്നുള്ളതു അവയിൽ ഒന്നത്രെ. (8) പരലോകത്തു സദ്വൃത്തൻമാരുടെ കൂട്ടത്തിലായിരിക്കും അദ്ദേഹം. പരലോകത്തു മനുഷ്യനു ലഭിക്കുവാനുള്ള സർവ്വനേട്ടങ്ങളുടെയും മാനദണ്ഡം അവൻ സദ്വൃത്തനും സൽക്കർമ്മിയും ആയിരിക്കുകയെന്നതാണല്ലോ.

ഇബ്റാഹീം (عليه السلام)നബിയുടെ ഉൽകൃഷ്ടഗുണങ്ങളും സ്ഥാനമാനങ്ങളും ചൂണ്ടിക്കാട്ടിയ ശേഷം, അദ്ദേഹം സ്വീകരിച്ചുവന്ന അതേമാർഗ്ഗവും നടപടിക്രമവും പിൻപറ്റുവാനാണു നബി (ﷺ) യോടു കൽപിച്ചിരിക്കുന്നതെന്നു അല്ലാഹു ഉണർത്തുന്നു. ഇതോടുകൂടി, മുകളിൽ പറഞ്ഞ അദ്ദേഹത്തിൻെറ രണ്ടു ഗുണങ്ങളെ വീണ്ടും ആവർത്തിച്ച് ഓർമ്മിപ്പിക്കുകയും ചെയ്തിരിക്കുന്നു. അദ്ദേഹം വക്രമാർഗ്ഗങ്ങളെല്ലാം വിട്ടു നേർമ്മാർഗ്ഗത്തിൽമാത്രം ഉറച്ചു നിന്ന നിഷ്കളങ്ക ഹൃദയനായിരുന്നു. (حنيفا) എന്നും, ശിർക്കിൻെറ മാർഗ്ഗങ്ങളിലൊന്നും അദ്ദേഹത്തിനു പ്രവേശനമുണ്ടായിരുന്നില്ല (وما كان من المشركين) എന്നുമാണത്. എല്ലാ സൽഗുണങ്ങളുടെയും ഉറവിടം ഈ രണ്ടു ഗുണങ്ങളാണല്ലോ. നബി (ﷺ) തിരുമേനിയുടെ പ്രബോധനമാർഗ്ഗത്തിൻെറ അടിത്തറയും അവതന്നെ.

إِنَّمَا جُعِلَ ٱلسَّبْتُ عَلَى ٱلَّذِينَ ٱخْتَلَفُوا۟ فِيهِ ۚ وَإِنَّ رَبَّكَ لَيَحْكُمُ بَيْنَهُمْ يَوْمَ ٱلْقِيَـٰمَةِ فِيمَا كَانُوا۟ فِيهِ يَخْتَلِفُونَ ﴿١٢٤﴾

124 'ശബ്ബത്ത്' (ആചരണം) ഏർപ്പെടുത്തപ്പെട്ടിരിക്കുന്നത്, അതിൽ ഭിന്നാഭിപ്രായത്തിലായവരുടെ മേൽ മാത്രമാകുന്നു. നിശ്ചയമായും നിൻെറ റബ്ബ്, യാതൊന്നിൽ അവർ ഭിന്നാഭിപ്രായത്തിലായിക്കൊണ്ടിരിക്കുന്നുവോ അതിൽ, അവർക്കിടയിൽ ഖിയാമത്തുനാളിൽവെച്ച്, വിധി കൽപിക്കുക തന്നെ ചെയ്യും.

---

124 **إنما جعلَ** ആക്കപ്പെടുക (ഏർപ്പെടുത്തപ്പെടുക) മാത്രം ചെയ്തിരിക്കുന്നു. **السبت** ശബ്ബത്ത് (ആചരണം). **على الذين** യാതൊരുവരുടെ മേൽ (മാത്രം). **اختلفُوا** അവർ ഭിന്നാഭിപ്രായത്തിലായി. **فيه** അതിൽ. **وإن ربك** നിശ്ചയമായും നിൻെറ റബ്ബ്. **لَيحكُم** അവൻ വിധിക്കുക തന്നെ ചെയ്യും. **بينهم** അവർക്കിടയിൽ. **يوم القيامة** ഖിയാമത്തുനാളിൽ. **فيما** യാതൊന്നിൽ. **كانوا** അവരായിരുന്നു. **فيه** അതിൽ. **يختلفُونَ** അവർ ഭിന്നാഭിപ്രായത്തിലാകും.

ഇബ്റാഹീം (عليه السلام)നബിയുടെ മാർഗ്ഗം പിൻപറ്റുവാൻ നബി (ﷺ) യോടു കൽപിച്ചിരിക്കുകയാണല്ലോ. അങ്ങിനെയാണെങ്കിൽ, അദ്ദേഹത്തിൻെറ പിൻതുടർച്ചക്കാരായ വേദക്കാർ ശനിയാഴ്ച ദിവസം ആഴ്ചതോറും ആചരിച്ചുവരുന്ന ശബ്ബത്താചരണം എന്തുകൊണ്ട് നബി (ﷺ) നടത്തുന്നില്ല? അതേ സമയം വെള്ളിയാഴ്ച പ്രധാന ദിവസമായി ആചരിക്കുകയും ചെയ്യുന്നു? എന്നു ചോദിക്കപ്പെടുന്നതിനുള്ള മറുപടിയാണിത്. ശബ്ബത്തിൻെറ ആചരണം ഇബ്റാഹീം (عليه السلام)നബിയുടെ കാലശേഷമാണ് നിയമിക്കപ്പെട്ടിരിക്കുന്നത്. അത് ആരുടെ മേൽ നിയമിക്കപ്പെട്ടിരിക്കുന്നുവോ അവർ തന്നെയാണ് അതിൽ ഭിന്നിക്കുകയും ചെയ്തിരിക്കുന്നത്. അതുകൊണ്ട് ആ വിഷയത്തിൽ അവരോട് യോജിക്കാത്തതിൻെറ പേരിൽ നബി (ﷺ) ഇബ്റാഹിം (عليه السلام)നബിയുടെ മാർഗ്ഗത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്നുവെന്ന് പറയുവാനില്ല. അവരുടെ

ഭിന്നതയെക്കുറിച്ചുള്ള തീരുമാനം അല്ലാഹു ഖിയാമത്തുനാളിൽ നടത്തിക്കൊള്ളുകയും ചെയ്യും എന്നത്രെ മറുപടിയുടെ സാരം.

ഇമാം ശാഫിഈ, ബുഖാരീ, മുസ്‌ലിം (ﷺ)എന്നിവർ അബൂഹുറൈറ (ﷺ)യിൽ നിന്നു ദ്ധരിച്ച ഒരു ഹദീസിൽ നബി (ﷺ) പറയുന്നു: ''നാം അവസാനം വന്നവരാകുന്നു, ഖിയാമത്തു നാളിൽ നാം മുമ്പൻമാരുമായിരിക്കും. പക്ഷേ, അവർക്ക് (വേദക്കാർക്ക്) നമ്മുടെ മുമ്പ് വേദ ഗ്രന്ഥം നൽകപ്പെടുകയും, നമുക്ക് അവരുടെ ശേഷം നൽകപ്പെടുകയും ചെയ്തിരിക്കുന്നു. പിന്നെ, ഈ ദിവസ (വെള്ളിയാഴ്ച ദിവസ) മാണ് അവരുടെ മേൽ നിയമിക്കപ്പെട്ടിരിക്കുന്നത്. എന്നിട്ട് അവരതിൽ ഭിന്നിച്ചു. എന്നാൽ അല്ലാഹു നമ്മെ അതിലേക്ക് വഴിചേർത്ത് തന്നിരിക്കുന്നു. അങ്ങനെ മനുഷ്യർ അതിൽ നമ്മുടെ പിന്നിലാണുള്ളതും. 'യഹൂദികൾ' നാളെയും, ക്രിസ്ത്യാനികൾ മറ്റന്നാളും'. ഇബ്നു അബ്ബാസ് (ﷺ)പറഞ്ഞതായി ഇപ്രകാരം നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: ''മൂസാ (عليه السلام)നബി യഹൂദികളോട് ജുമുഅ ദിനം (വെള്ളിയാഴ്ച) ആചരിക്കുവാൻ കൽപിച്ചു ആഴ്ചയിൽ ഒരു ദിവസം നിങ്ങൾ അല്ലാഹുവിന്നായി (ആരാധനാ കർമ്മങ്ങളക്കു വേണ്ടി) ഒഴിഞ്ഞിരിക്കണം. അന്ന് നിങ്ങൾ ജോലികളൊന്നും ചെയ്യരുത്' എന്നു പറഞ്ഞു. അത് വെള്ളിയാഴ്ചയായിരുന്നു. അവർ അതിന് വിസമ്മതിച്ചു. അല്ലാഹു സൃഷ്ടിയിൽ നിന്ന് ഒഴിവായ ദിവസമല്ലാതെ മറ്റൊന്നും ഞങ്ങൾക്കാവശ്യമില്ല എന്നവർ പറഞ്ഞു. ഇത് ശനിയാഴ്ചയാണ്. അങ്ങനെ ആ ദിവസം അദ്ദേഹം അവരിൽ നിശ്ചയിക്കുകയും, അവരുടെമേൽ (കർമ്മങ്ങൾ) കർശനമാക്കുകയും ചെയ്തു. പിന്നീട് ഈസാ (عليه السلام)നബിയും വെള്ളിയാഴ്ച കൊണ്ടുവന്നു. അപ്പോൾ ക്രിസ്ത്യാനികൾ പറഞ്ഞു: അവരുടെ പെരുന്നാൾ ദിവസം നമ്മുടെ പെരുന്നാളിന് ശേഷമായിരിക്കുവാൻ ഞങ്ങൾ ഇഷ്ടപ്പെടുന്നില്ല. അങ്ങനെ, അവർ ഞായറാഴ്ച സ്വീകരിച്ചു.

ശബ്ബത്തിൽ അവർ ഭിന്നിച്ചു (اختلفوا فيه) എന്നതിന്റെ താൽപര്യം, വേദക്കാർ അവരുടെ നബിമാരുടെ നിർദ്ദേശം സ്വീകരിക്കാതിരുന്നുവെന്നാണെന്നു മേലുദ്ധരിച്ചതിൽ നിന്നു മനസ്സിലാക്കാം. ശബ്ബത്തുനാളിനെ യഥാവിധി ആചരിക്കാതെ യഹൂദികളിൽ ചിലർ അന്ന് മൽസ്യം പിടിച്ചതും അതിനെത്തുടർന്ന് അവരെ ശിക്ഷിച്ചതും അല്ലാഹു (7:163-166) വിവരച്ചിട്ടുണ്ടല്ലോ. അതാണിവിടെ ഉദ്ദേശ്യമെന്ന് വ്യാഖ്യാതാക്കൾ പറയുന്നു. ഇതിന് ഇവിടെ പ്രസക്തി കാണുന്നില്ല. യഹൂദികൾക്കിടയിലുള്ള ഭിന്നിപ്പാണ് ഉദ്ദേശ്യമെന്നും ചിലർ പറയുന്നു. യഹൂദികൾക്കിടയിൽ ശബ്ബത്തു നാളിന്റെ ആചരണ സ്വഭാവത്തിൽ ഭിന്നിപ്പുണ്ടായിട്ടുണ്ടെങ്കിൽ തന്നെയും ദിവസ നിർണ്ണയത്തിൽ ഭിന്നിപ്പുണ്ടായിട്ടില്ലെന്നുള്ളതും പ്രസ്താവ്യമാകുന്നു. യഹൂദികൾക്കും, അവരിൽ നിന്ന് ക്രിസ്ത്യാനികളായിത്തീർന്നവർക്കും ഇടയിൽ മാത്രമേ അതിൽ ഭിന്നിപ്പുണ്ടായിട്ടുള്ളു. ഇതുപോലെത്തന്നെ, ഇബ്റാഹീം (عليه السلام)നബി വെള്ളിയാഴ്ച ആചരിച്ചുവന്നിരുന്നുവെന്നും ചിലർ പ്രസ്താവിച്ചു കാണുന്നു. ഇതിനും തെളിവുകളില്ല. ഈസാ (عليه السلام)നബിയുടെ കാലത്ത് ശനിയാഴ്ച ദിവസം തന്നെയായിരുന്നു 'ശബ്ബത്താചരണം' നടന്നിരുന്നതെന്നും പിന്നീട് ക്രിസ്തീയ സഭകളാണ് അതിനുപകരം ഞായറാഴ്ചയുടെ ആചരണം നടപ്പിൽ വരുത്തിയതെന്നും ക്രിസ്ത്യാനികളുടെ രേഖകളിൽ നിന്ന് വ്യക്തമാണ്. (*) ഇബ്റാഹിം (عليه السلام)നബിയുടെ മാർഗ്ഗത്തെയാണു

---

* 'ശബ്ബത്ത്' എന്ന ശീർഷകത്തിൽ വേദപുസ്തക നിഘണ്ഡുവിൽ പറയുന്നു: 'ഇക്കാലത്ത് ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസമായ ഞായറാഴ്ച പൊതുവെ 'ശബ്ബത്ത്' എന്നും, 'കർത്താവിന്റെ ദിവസം' എന്നും പറഞ്ഞുവരുന്നു. എന്നാൽ, യെഹൂദൻമാർ ആഴ്ചവട്ടത്തിന്റെ ഏഴാം ദിവസത്തെ 'ശബ്ബത്ത്' എന്നും, ആദ്യക്രിസ്ത്യാനികൾ ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തെ 'കർത്താവിന്റെ ദിവസ'മെന്നും പറഞ്ഞുവെന്ന് ധരിക്കണം....ആദ്യക്രൈസ്തവ സഭയിൽ, യഹൂദമതത്തിൽ നിന്ന് ക്രിസ്ത്യാനികളായവർ ഏഴാം ദിവസം--ശബ്ബത്തായി ആചരിച്ചുവെങ്കിലും ആഴ്ചവട്ടത്തിന്റെഒന്നാം ദിവസം കർത്താവിന്റെ ദിവസമായി ആചരിക്കുക കൂടുതൽ പ്രചാരമായിത്തീരുകയാൽ, ക്രൈസ്തവ സഭയിൽ യഹൂദപ്രമാണം ക്ഷയിച്ചപ്പോൾ കർത്താവിന്റെ ദിവസം ഭൂരിപക്ഷം ജനങ്ങളാൽ ആചരിക്കപ്പെട്ടു. എബ്രായർ ശബ്ബത്തിനെ സംബന്ധിച്ചുള്ള ഭാരമേറിയ കൽപനകളാൽ പീഡിപ്പിക്കുന്നത് കണ്ടിട്ട് വി. പൗലോസ് ക്രിസ്ത്യാനികൾ ദിവസങ്ങളെ വിശേഷിപ്പിച്ചിട്ടാവശ്യമില്ലെന്ന് ഉൽബോധിപ്പിക്കുന്നു.... ക്രമേണ സഭ വളർന്നു വന്നതോടു കൂടി ദിവസം തോറും ഓരോരുത്തരും ആരാധനക്ക് വരുന്നത് അസാദ്ധ്യമാണെന്ന് കണ്ട് ഒരു നിശ്ചിത ദിവസം

പിൻപറ്റേണ്ടതെന്നു കല്പിച്ചശേഷം, അദ്ദേഹം ആ മാർഗ്ഗത്തിലേക്ക് ജനങ്ങളെ ക്ഷണിച്ചിരുന്ന പ്രകാരം അതിലേക്കു ക്ഷണിക്കുവാനും നബി (ﷺ) യോടു അല്ലാഹു കൽപിക്കുന്നു:-

ٱدْعُ إِلَىٰ سَبِيلِ رَبِّكَ بِٱلْحِكْمَةِ وَٱلْمَوْعِظَةِ ٱلْحَسَنَةِ ۖ وَجَٰدِلْهُم بِٱلَّتِى هِىَ أَحْسَنُ ۚ إِنَّ رَبَّكَ هُوَ أَعْلَمُ بِمَن ضَلَّ عَن سَبِيلِهِۦ ۖ وَهُوَ أَعْلَمُ بِٱلْمُهْتَدِينَ ﴿١٢٥﴾

125 (നബിയേ) നിൻെറ റബ്ബിൻെറ മാർഗ്ഗത്തിലേക്ക് യുക്തിതത്വവും, നല്ല സദുപദേശവും മുഖേന നീ (ജനങ്ങളെ) ക്ഷണിച്ചുകൊള്ളുക. കൂടുതൽ നല്ലതേതോ അതനുസരിച്ച് അവരോട് വിവാദം നടത്തുകയും ചെയ്യുക. നിശ്ചയമായും നിൻെറ റബ്ബ് തന്നെയാണ് അവൻെറ മാർഗ്ഗംവിട്ട് പിഴച്ചു പോകുന്നവരെപ്പറ്റി ഏറ്റം അറിയുന്നവൻ; അവൻ (തന്നെ), നേർമ്മാർഗ്ഗം പ്രാപിക്കുന്നവരെപ്പറ്റി ഏറ്റം അറിയുന്നവനുമാകുന്നു.

---

125 **أدع** നീ ക്ഷണിക്കുക, വിളിക്കുക. **إلى سبيل** മാർഗ്ഗത്തിലേക്ക്. **ربك** നിൻെറ റബ്ബിൻെറ. **بالحكمة** യുക്തി (തത്വം-വിജ്ഞാനം)കൊണ്ടു(മുഖേന). **والموعظة** സദുപദേശവും. **الحسنة** നല്ലതായ. **وجادلهم** അവരോട് തർക്കം വിവാദം-വാഗ്വാദം-വാദപ്രതിവാദം) നടത്തുകയും ചെയ്യുക. **بالتي** യാതൊന്നുമായി, യാതൊന്നനുസരിച്ചു. **هي** അത്. **أحسن** കൂടുതൽ നല്ലതാണ്. **إن ربك** നിശ്ചയമായും നിൻെറ റബ്ബ്. **هو** അവൻ (തന്നെ). **أعلم** നല്ലവണ്ണം (ഏറ്റം കൂടുതൽ) അറിയുന്നവനാണ്. **بمن ضل** പിഴച്ച (തെറ്റിയ)വരെപ്പറ്റി. **عن سبيله** അവൻെറ മാർഗ്ഗംവിട്ട്, മാർഗ്ഗത്തിൽനിന്ന്. **وهوأعلم** അവൻ നല്ലവണ്ണം അറിയുന്നവനുമാണ്. **بالمهتدين** നേർമ്മാർഗ്ഗം പ്രാപിക്കുന്നവരെപ്പറ്റി.

സത്യമാർഗ്ഗത്തിലേക്കു ക്ഷണിക്കുന്നതു നിർബന്ധം ചെലുത്തിയോ, ശക്തിയും സ്വാധീനവും ഉപയോഗിച്ചോ ആവരുത്. അതിനു മൂന്നു രീതികളാണുള്ളതെന്നു ഇവിടെ അല്ലാഹു ഈ വചനത്തിൽ ചൂണ്ടിക്കാട്ടുന്നു. (1) യുക്തിതത്വങ്ങൾ (حكمة) (2) നല്ല രൂപത്തിലുള്ള സദുപദേശം. (الموعظة الحسنة) (3) കൂടുതൽ നല്ല രീതിയിലുള്ള വിവാദം (المجادلة بالتي هي احسن) ഉപദേശിക്കുന്ന വിഷയത്തിൻെറ യഥാർത്ഥം ഗ്രഹിക്കുമാറ് അതിൻെറ യുക്തി, തെളിവ്, ലക്ഷ്യം ആദിയായവ വിവരിച്ചു കൊടുക്കുക എന്നു ഒന്നാമത്തെതിനും, അനുഷ്ഠിക്കേണ്ടതു അനുഷ്ഠിക്കുവാനും, ഉപേക്ഷിക്കേണ്ടതു ഉപേക്ഷിക്കുവാനും ആവശ്യമായ പ്രോൽസാഹനങ്ങളും പ്രേരണകളും ന്യായങ്ങളും നൽകുകയെന്നു രണ്ടാമത്തേതിനും സാമാന്യമായി വിവക്ഷ നൽകാം. ആപേക്ഷികമായി നോക്കുമ്പോൾ, ബുദ്ധിയും വിവേകവും ഉള്ളവരിൽ ഒന്നാമത്തെ രീതിയും, സാധാരണക്കാരിൽ രണ്ടാമത്തെ രീതിയും കൂടുതൽ ഫലവത്തായിരിക്കും.

എല്ലാവരും സാത്വികന്മാരും, സത്യാന്വേഷണ തൽപരരുമായിരിക്കയില്ലല്ലോ. അങ്ങിനെയുള്ളവരോട് തർക്കവും വാദവും നടത്തേണ്ടതായി വരും. എന്നാലത്, വായടപ്പിക്കുന്ന തരത്തിലുള്ളതോ, ഉത്തരം മുട്ടിക്കുവാൻ വേണ്ടിയോ ആയിരിക്കരുത്. സന്ദർഭത്തിനും ആൾക്കും, പരിതസ്ഥിതിക്കും അനുസരിച്ച് കൂടുതൽ നയത്തോടും മയത്തോടുകൂടിയും, സത്യസന്ധമായും ആയിരിക്കേണ്ടതാണ്. സംഭാഷണം പ്രതിയോഗിയുടെ പരാജയത്തെമാത്രം ഉന്നം വെച്ചു

ഏർപ്പെടുത്തേണ്ടതായിവന്നു...ആഴ്ചവട്ടത്തിൻെറ ഒന്നാം ദിവസം ആരാധനാ ദിവസമായിത്തീർന്നു.....അതിന് ശബ്ബത്ത് എന്നും പേരിട്ടു'

കൊണ്ടാവരുത്. സത്യം ഗ്രഹിപ്പിക്കുകയാവണം ലക്ഷ്യം. സംസാരശൈലിയും ഉപയോഗിക്കുന്ന വാക്കുകളും വെറുപ്പിക്കുന്ന രൂപത്തിലാവരുത്. അല്ലാത്തപക്ഷം, പ്രതിയോഗി ഉത്തരംമുട്ടി പരാജയപ്പെട്ടാൽപോലും സത്യത്തോട് ഇണങ്ങാതിരിക്കുകയായിരിക്കും ഉണ്ടാകുക. ന്യായവും തെളിവും സമർപ്പിക്കുന്നതു ഇരു വിഭാഗക്കാരും അംഗീകരിക്കുന്ന അടിസ്ഥാനം തെറ്റാതിരിക്കുകയും വേണം. ഇത്തരം കാര്യങ്ങൾ ഓരോ കക്ഷിയും മനസ്സിരുത്തായ്കകൊണ്ടാണു രണ്ടു വ്യത്യസ്തമായ അഭിപ്രായഗതിക്കാർ തമ്മിൽ നടത്തപ്പെടുന്ന ഇന്നത്തെ വാദപ്രതിവാദങ്ങളിൽ ബഹുഭൂരിഭാഗവും ഫലശൂന്യമായിത്തീരുന്നതും, പരസ്പരം വിദ്വേഷം വളർത്തുവാൻ കാരണമായിത്തീരുന്നതും.

ക്ഷണിക്കുന്ന മാർഗ്ഗവും, രീതിയും എത്രതന്നെ നല്ലതായിരുന്നാലും ക്ഷണിക്കപ്പെടുന്നവരെല്ലാം സത്യം സ്വീകരിക്കുക വിരളമായിരിക്കും. അതു ക്ഷണകർത്താവിൻെറ ചുമതലയുമല്ല. നബി (ﷺ) യോടു അല്ലാഹു പറയുന്നു: ....ليس عليك هداهم (''അവരെ നേർമ്മാർഗ്ഗത്തിലാക്കൽ നിൻെറ മേൽ ബാധ്യതയില്ല. എങ്കിലും അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ നേർമാർഗ്ഗത്തിലാക്കുന്നു'' (2 : 272) انك لا تهدى من احببت ('നിശ്ചയമായും നീ ഇഷ്ടപ്പെട്ടവരെ നീ നേർമാർഗ്ഗത്തിലാക്കുന്നതല്ല.' (28 : 56). നേർമാർഗ്ഗത്തിലാക്കൽ (ഹിദായത്തു) അല്ലാഹുവിൻെറ പ്രവൃത്തിയാണെന്നും, അവൻ ഉദ്ദേശിക്കുന്നവരെയായിരിക്കും അവൻ നേർമാർഗ്ഗത്തിലാക്കുന്നതെന്നുമുള്ള വസ്തുത അല്ലാഹു ഖുർആനിൽ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിട്ടുള്ളതാകുന്നു. എന്നാൽ, യുക്തമായ മാനദണ്ഡമൊന്നുമില്ലാതെ കുറേ ആളുകളെ നേർമാർഗ്ഗത്തിലും, കുറെ ആളുകളെ ദുർമാർഗ്ഗത്തിലുമായി നിശ്ചയിക്കുമെന്നല്ല ഇതിൻെറ അർത്ഥം. ആരൊക്കെയാണ് നേർമാർഗ്ഗം സ്വീകരിക്കാതെ പിഴച്ചുപോകുന്നവർ, ആരൊക്കെയാണ് നേർമ്മാർഗ്ഗം പ്രാപിക്കുന്നവർ എന്നൊക്കെ അവനു നല്ലതുപോലെ അറിയാം. അഥവാ അവനാണ് അതു അറിയുക. ഈ അറിവിൻെറ അടിസ്ഥാനത്തിലായിരിക്കും അത് എന്നത്രെ അവസാനവാക്യം ചൂണ്ടിക്കാട്ടുന്നത്.

وَإِنْ عَاقَبْتُمْ فَعَاقِبُوا۟ بِمِثْلِ مَا عُوقِبْتُم بِهِۦ ۖ وَلَئِن صَبَرْتُمْ لَهُوَ خَيْرٌ لِّلصَّٰبِرِينَ ﴿١٢٦﴾

126 നിങ്ങൾ പ്രതികാരനടപടി എടുക്കുന്ന പക്ഷം, നിങ്ങളോട് എടുക്കപ്പെട്ടത് പോലെയുള്ള നടപടികൊണ്ട് (അങ്ങോട്ടും) പ്രതികാര നടപടി എടുത്തുകൊള്ളുവിൻ. നിങ്ങൾ ക്ഷമിച്ചുവെങ്കിലാകട്ടെ, അത് (ആ) ക്ഷമിക്കുന്നവർക്ക് കൂടുതൽ ഉത്തമം തന്നെയാണുതാനും.

وَٱصْبِرْ وَمَا صَبْرُكَ إِلَّا بِٱللَّهِ ۚ وَلَا تَحْزَنْ عَلَيْهِمْ وَلَا تَكُ فِى ضَيْقٍ مِّمَّا يَمْكُرُونَ ﴿١٢٧﴾

127 (നബിയേ) നീ ക്ഷമിച്ചുകൊള്ളുക: നിൻെറ ക്ഷമ അല്ലാഹുവിനെക്കൊണ്ടല്ലാതെ [അല്ലാഹുവിൻെറ സഹായം കൊണ്ടല്ലാതെ ഉണ്ടാകുക]ഇല്ലതാനും. അവരുടെ പേരിൽ നീ വ്യസനിക്കുകയും ചെയ്യരുത്. അവർ (കു)തന്ത്രം പ്രയോഗിക്കുന്നതിനെ സംബന്ധിച്ച് നീ ഞെരുക്കത്തിൽ [മനസ്താപത്തിൽ] ആയിരിക്കുകയും അരുത്.

إِنَّ ٱللَّهَ مَعَ ٱلَّذِينَ ٱتَّقَوا۟ وَّٱلَّذِينَ هُم مُّحْسِنُونَ ﴿١٢٨﴾

128 നിശ്ചയമായും അല്ലാഹു, സൂക്ഷ്മത പാലിച്ചവരോട് കൂടെയാകുന്നു; യാതൊരു കൂട്ടർ (നിഷ്കളങ്കം) സുകൃതം പ്രവർത്തിക്കുന്നവരാണോ അവരോടും (കൂടിയാകുന്നു).

126 وَإِنْ عَاقَبْتُمْ നിങ്ങൾ പ്രതികാര (ശിക്ഷാ) നടപടി എടുക്കുന്നപക്ഷം. فَعَاقِبُوا നിങ്ങൾ പ്രതികാര നടപടി എടുത്തുകൊള്ളുവിൻ. بِمِثْلِ مَا യാതൊന്നുപോലെയുള്ളതു (തുല്യമായതു) കൊണ്ട്. عُوقِبْتُم بِهِ അതുകൊണ്ട് നിങ്ങളോട് പ്രതികാരനടപടി എടുക്കപ്പെട്ടിരിക്കുന്നു. وَلَئِن صَبَرْتُمْ നിങ്ങൾ ക്ഷമിച്ചുവെങ്കിലോ. لَهُوَ അതുതന്നെ. خَيْرٌ നല്ലതാണ്, കൂടുതൽ ഉത്തമമാണ്. لِّلصَّابِرِينَ ക്ഷമിക്കുന്നവർക്ക്. 127 وَاصْبِرْ ക്ഷമിക്കുകയും ചെയ്യുക. وَمَا صَبْرُكَ നിന്റെ ക്ഷമഅല്ല. إِلَّا بِاللَّهِ അല്ലാഹുവിനെക്കൊണ്ടല്ലാതെ. وَلَا تَحْزَنْ നീ വ്യസനിക്കുകയും ചെയ്യരുത്. عَلَيْهِمْ അവരെപ്പറ്റി, അവരുടെപേരിൽ. وَلَا تَكُ നീ ആയിരിക്കയും ചെയ്യരുത്. فِي ضَيْقٍ ഇടുക്ക (ഞെരുക്ക)ത്തിൽ. مِّمَّا يَمْكُرُونَ അവർ തന്ത്രം പ്രയോഗിക്കുന്നതിനെ സംബന്ധിച്ച്. 128 إِنَّ اللَّهَ നിശ്ചയമായും അല്ലാഹു. مَعَ കൂടെയാകുന്നു. الَّذِينَ اتَّقَوا സൂക്ഷ്മതപാലിച്ചവർ. وَالَّذِينَ യാതൊരുവരുടെയും. هُم അവർ. مُّحْسِنُونَ നന്മ പ്രവർത്തിക്കുന്ന (സുകൃതം ചെയ്യുന്ന)വരാണ്, നിഷ്കളങ്കമായി ചെയ്യുന്നവരാണ്.

സത്യമാർഗ്ഗത്തിലേക്കു ക്ഷണിക്കുമ്പോൾ അതു സ്വീകരിക്കാതെ, അതിനെതിരിൽ ആക്രമവും, ശത്രുതയും, കുതന്ത്രവും പ്രയോഗിക്കുന്നവരോടു അനുവർത്തിക്കേണ്ടുന്ന നയമെന്താണെന്നു പഠിപ്പിക്കുകയാണ്. ഇങ്ങോട്ടു ചെയ്തതുപോലെയുള്ള അക്രമം അതേ അളവിൽ അങ്ങോട്ടും പ്രയോഗിക്കാം. പക്ഷേ, പ്രതികാര നടപടി എടുക്കാതെ ക്ഷമയും, വിട്ടുവീഴ്ചയും സ്വീകരിക്കുന്നതാണ് കൂടുതൽ നല്ലതും കരണീയവുമായിട്ടുള്ളതെന്നു ഉപദേശിക്കുന്നു. ഈ തത്വം പലപ്പോഴും ഖുർആൻ ആവർത്തിച്ചു പറയാറുള്ളതാണ്. ക്ഷമ കൈകൊള്ളുകയാണു കൂടുതൽ ഉത്തമമെന്നു പൊതുവിൽ ഉപദേശിച്ചശേഷം, നബി (ﷺ)യെ അഭിമുഖീകരിച്ചുകൊണ്ടു അതു പിന്നെയും ഒന്നുകൂടി ഊന്നിപ്പറഞ്ഞിരിക്കുന്നു. ക്ഷമിക്കുന്ന പക്ഷം അല്ലാഹുവിന്റെ സഹായം ലഭിക്കുന്നതാണെന്നു സൂചിപ്പിക്കുകയും ചെയ്തിരിക്കുന്നു. ക്ഷണം സ്വീകരിക്കാതെ അവിശ്വാസത്തിൽ തന്നെ ഉറച്ചുനിൽക്കുന്നവരുടെ കാര്യത്തിൽ വ്യസനപ്പെടേണ്ടതില്ലെന്നും, അവർ അതിനെതിരെ അഴിച്ചുവിടുന്ന കുതന്ത്രങ്ങളെ കരുതി മനസ്താപപ്പെടേണ്ടതില്ലെന്നും നബി (ﷺ)യെ സമാശ്വസിപ്പിക്കുകയും ചെയ്യുന്നു.

അവസാനമായി, അല്ലാഹുവിന്റെ വിധിവിലക്കുകൾ സൂക്ഷിച്ചുപോരുന്ന ഭയഭക്തൻമാർക്കും, സുകൃതങ്ങൾ ചെയ്യുന്ന നിഷ്കളങ്കൻമാർക്കും ഒന്നും ഭയപ്പെടാനില്ല-അല്ലാഹു അവരുടെ ഭാഗത്താണുള്ളത്-അവന്റെ സഹായം അവർക്കു ലഭിക്കാതിരിക്കുകയില്ല എന്നു ധൈര്യപ്പെടുത്തുകയും ചെയ്യുന്നു. അല്ലാഹുവിന്റെ സഹായവും പ്രീതിയും ലഭിക്കുന്ന സൽഭാഗ്യവാൻമാരിൽ അല്ലാഹു നമ്മെയെല്ലാം ഉൾപ്പെടുത്തട്ടെ. ആമീൻ.

اللهم لك الحمد والشكر ولك الفضل والمنة

Translation & Intereptation by:

Muhammed Amani Moulavi
Published by:

Kerala Nadvathul Mujahideen – Mujahid Centre – Calicut -4

Prepared by:
www.islamhouse.com as per the copyright received from the Publishers:
To be used for Reference and Daawa purpose only.

17. സൂറത്തുൽ ഇസ്രാഉ് سورة الإسراء

മക്കായിൽ അവതരിച്ചത്വചനങ്ങൾ 111 – വിഭാഗം (റുകൂഅ്) 12

ജുസ്ഉ് – 15

[‘സൂറത്ത് ബനൂ ഇസ്രാഈൽ’ എന്നും ‘സൂറത്ത് സുബ്ഹാന’ എന്നും ഈ സൂറത്തിന് പേര് പറയപ്പെടാറുണ്ട്. ഇസ്രാഈല്യരുടെ ചരിത്ര സംഭവങ്ങൾ പലതും ഇതിൽ വിവരിക്കപ്പെട്ടിരിക്കുന്നതിൽ നിന്നാണ് സൂറത്ത് ബനൂഇസ്രാഈൽ എന്ന പേര് വന്നത്. ‘സുബ്ഹാന’ എന്ന പേർ സൂറത്തിൻെറ തുടക്കത്തെയും, ‘ഇസ്രാഉ് ’ എന്ന പേർ ആദ്യവചനത്തിൽ പ്രസ്താ—വിക്കുന്ന ഇസ്രാഉ് (രാപ്രയാണ) സംഭവത്തെയും സൂചിപ്പിക്കുന്നു. ഇത് മക്കീ സൂറത്തുകളിൽ പെട്ടതായി എണ്ണപ്പെടുന്നുണ്ടെങ്കിലും അവസാനത്തിലെ ഏതാനും ചില വചനങ്ങൾ മദീനായിൽ അവതരിച്ചതാണെന്നും അഭിപ്രായമുണ്ട്. അവ ഇന്നതൊക്കെയാണെന്നുള്ളതിൽ ഏകോപിച്ച അഭിപ്രായമില്ല.]

എല്ലാ രാത്രിയിലും നബി (ﷺ) തിരുമേനി സൂറത്തുബനൂഇസ്രാഈലും, സൂറത്തുസ്സുമറും ഓതാറുണ്ടായിരുന്നുവെന്ന് ആയിശാ (رضي الله عنها)പ്രസ്താവിച്ചതായി അഹ്മദു, തിർമദി, നസാഈ (رحمهم الله)മുതലായവർ നിവേദനം ചെയ്തിരിക്കുന്നു

പരമകാരുണികനും കരുണാനിധിയമായ അല്ലാഹുവിന്റെ നാമത്തിൽ.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ۝١

1 യാതൊരുവൻ മഹാപരിശുദ്ധൻ! തൻെറ അടിയാനെ ഒരു രാത്രിയിൽ ‘മസ്ജിദുൽ ഹറാമി’ൽ [പവിത്രമായ പള്ളിയിൽ] നിന്ന് അവൻ രാപ്രയാണം ചെയ്യിച്ചിരിക്കുന്നു, ചുററുപാടും നാം ആശീർവ്വദിച്ചിട്ടുള്ള (അഥവാ അനുഗ്രഹിച്ചിട്ടുള്ള) ‘മസ്ജിദുൽ അഖ്സ്വാ’ [അങ്ങേഅററത്തെ പള്ളി]യിലേക്ക്; നമ്മുടെ ദൃഷ്ടാന്തങ്ങളിൽനിന്ന് (ചിലതെല്ലാം) അദ്ദേഹത്തിന് നാം കാണിച്ചു കൊടുക്കുവാൻ വേണ്ടി. നിശ്ചയമായും, അവനത്രെ (എല്ലാം) കേൾക്കുന്നവനും, കാണുന്നവനുമായുള്ളവൻ.

سُبۡحَٰنَ ٱلَّذِيٓ أَسۡرَىٰ بِعَبۡدِهِۦ لَيۡلٗا مِّنَ ٱلۡمَسۡجِدِ ٱلۡحَرَامِ إِلَى ٱلۡمَسۡجِدِ ٱلۡأَقۡصَا ٱلَّذِي بَٰرَكۡنَا حَوۡلَهُۥ لِنُرِيَهُۥ مِنۡ ءَايَٰتِنَآۚ إِنَّهُۥ هُوَ ٱلسَّمِيعُ ٱلۡبَصِيرُ ۝١

---

1 **سبحانَ** മഹാ പരിശുദ്ധൻ ഞാൻ, സ്തോത്രം ചെയ്യുന്നു. **الذي أسرى** രാപ്രയാണം (രാവുയാത്ര) ചെയ്യിച്ചവനെ. **بعبده** തൻെറ അടിമയെ, അടിയാനെ. **ليلاً** ഒരു രാത്രിയിൽ. **مّن المسجد** മസ്ജിദിൽ (പള്ളിയിൽ) നിന്ന്. **الحرام** ഹറാമായ (അലംഘനീയമായ- പവിത്രമായ). **إلى المسجد** മസ്ജിദിലേക്ക്(പള്ളിയിലേക്ക്). **الأقصى** അഖ്സായാകുന്ന (അങ്ങേ അറ്റത്തുള്ള). **الذى** യാതൊരു (പള്ളി). **باركنا** നാം ബർക്കത്ത് (ആശീർവ്വാദം-അനുഗ്രഹം-ഗുണവർദ്ധന) ചെയ്തിരിക്കുന്നു. **حوله** അതിൻെറ ചുറ്റുപാടിൽ. **لنريه** അദ്ദേഹത്തിന് നാം കാണിച്ചു കൊടുക്കുവാൻവേണ്ടി. **من آياتنا** നമ്മുടെ ദൃഷ്ടാന്തങ്ങളിൽ നിന്ന്. **إنه هو** നിശ്ചയമായും അവനത്രെ. **السميع** കേൾക്കുന്നവൻ. **البصير** കാണുന്നവൻ, കാണുന്നവനായ.

[നമ്മുടെ അടിയാന്ന് നമ്മുടെ ദൃഷ്ടാന്തങ്ങളിൽനിന്നും (ചിലതെല്ലാം) കാണിച്ച് കൊടുക്കുവാൻ വേണ്ടി, 'മസ്ജിദുൽ ഹറാമി'ൽ നിന്ന് ഒരു രാത്രിയിൽ ചുറ്റുപാടും നാം അനുഗ്രഹിച്ചാശീർവദിച്ചിട്ടുള്ള 'മസ്ജിദുൽ അഖ്സ്വാ' യിലേക്ക് അദ്ദേഹത്തെ രാപ്രയാണം ചെയ്യിച്ചവൻ (അല്ലാഹു) മഹാപരിശുദ്ധൻ തന്നെ, അവനത്രെ (എല്ലാം) കേൾക്കുന്നവനും കാണുന്നവനുമായുള്ളവൻ]

ഒരു രാത്രിയിൽ മക്കായിൽ നിന്ന് ബൈത്തുൽ മുഖദ്ദസിലേക്കും, പിന്നീട് അവിടെനിന്ന് ആകാശത്തേക്കും നബി (ﷺ) ചെയ്ത രണ്ടു യാത്രകളിൽ ഒന്നാമത്തേത് الإسراء (രാപ്രയാണം അഥവാ രാവുയാത്ര) എന്നും, രണ്ടാമത്തേത് المعراج (ആകാശാരോഹണം—അഥവാ വാനയാത്ര) എന്നുമുള്ള പേരുകളിൽ പ്രസിദ്ധമാണ്. സാമാന്യമായിട്ടെങ്കിലും അവയെക്കുറിച്ചു അറിയാത്തവർ മുസ്‌ലിം സുമുദായത്തിൽ ഉണ്ടായിരിക്കുവാൻ പ്രയാസമാണ്. ആകാശാരോഹണത്തെ ('മിഅ്റാജി'നെ) സംബന്ധിച്ച ചില പരാമർശങ്ങൾ സൂറത്തുന്നജ്മ്: 13—18ൽ കാണാവുന്നതാണ്. (ആ വചനങ്ങളും അവയുടെ വ്യാഖ്യാനവും നോക്കുക) രാപ്രയാണത്തെ('ഇസ്രാഉ്'നെ) ക്കുറിച്ചാണ് ഈ വചനത്തിൽ പ്രസ്താവിച്ചിരിക്കുന്നത്. പ്രസ്തുത രണ്ട് സംഭവങ്ങളെക്കുറിച്ചും വിശദവിവരം നമുക്ക് ലഭിക്കുന്നത് ഹദീസുകളിൽ നിന്നാകുന്നു. 'ഇസ്രാഉ് ' സംബന്ധിച്ച് ഈ വചനത്തിൽ അല്ലാഹു പറഞ്ഞ വാക്യങ്ങളെ നമുക്ക് പരിശോധിക്കാം.

سبحان الذى اسرى بعبده (തൻെറ അടിയാനെ രാപ്രയാണം ചെയ്യിച്ചവൻ മഹാപരിശുദ്ധൻ.) എന്നുള്ള 'തസ്ബീഹി' ൻെറ പ്രയോഗം, ആ പ്രയാണം കേവലം സാധാരണപോലെയുള്ള ഒരു യാത്രയല്ലെന്നും, അൽഭുതകരവും അസാധാരണവുമായ ഒരു യാത്രയായിരുന്നുവെന്നും കാണിക്കുന്നു. سبحان (സുബ്ഹാന) എന്ന പദം ഉപയോഗിച്ചുകൊണ്ട് ആശ്ചര്യം പ്രകടിപ്പിക്കുന്നതായി ഖുർആനിൽ വന്നിട്ടുള്ള സ്ഥാനങ്ങൾ പരിശോധിച്ചാൽ ഈ വസ്തുത മനസ്സിലാക്കാവുന്നതാകുന്നു. اسرى (അസ്റാ) എന്ന ക്രിയയിൽ നിന്ന് തന്നെ ആ യാത്ര രാത്രികാലത്തായിരുന്നുവെന്നറിയാമെങ്കിലും ഒരു രാത്രിയുടെ ഏതാനും ഭാഗമേ അതിന് എടുത്തിട്ടുള്ളുവെന്ന് ليلا (ഒരു രാത്രിയിൽ) എന്ന വാക്കിൽ നിന്നു മനസ്സിലാക്കാം. യാത്രയുടെ തുടക്കത്തെപ്പറ്റി من المسجد الحرام ('മസ്ജിദുൽ ഹറാമിൽ' നിന്ന്) എന്നത്രെ അല്ലാഹു പറഞ്ഞത്.

കഅ്ബയുടെ ചുറ്റുപുറങ്ങളിലായി സ്ഥിതി ചെയ്യുന്ന പള്ളിക്കാണ് സാധാരണമായി 'മസ്ജിദുൽഹറാം' എന്നു പറയാറുള്ളത്. ഹദീസുകളിലാകട്ടെ, മസ്ജിദുൽ ഹറാമിൽ നിന്ന് എന്നും, ഉമ്മുഹാനീ (﵂)യുടെ വീട്ടിൽ നിന്നു എന്നും, ഹിജ്റിൽ നിന്നു എന്നും രിവായത്തുകൾ വ്യത്യസ്ത രൂപത്തിൽ വന്നിട്ടുണ്ട് താനും. അതുകൊണ്ട് 'മസ്ജിദുൽ ഹറാമു' കൊണ്ട് ഇവിടെ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്--പല മഹാൻമാരും പറയുന്നതുപോലെ, മക്കാഹറമോ, മക്കാരാജ്യമോ ആണെന്നു കരുതേണ്ടിയിരിക്കുന്നു. മക്കയെയും, മക്കാ ഹറമിനേയും ഉദ്ദേശിച്ചു 'മസ്ജിദുൽ ഹറാം' എന്ന് പറയാമെന്നും അൽബഖറ: 191, 196 എന്നീ വചനങ്ങളിൽ നിന്നു വ്യക്തമാകുന്നുണ്ടുതാനും. ഉമ്മുഹാനീ (﵂)യുടെ വീടും മസ്ജിദുൽ ഹറാമിൻെറ പരിസരത്തിലായിരുന്നുവെന്നുള്ളതും, ഹിജ്ർ കഅ്ബയുടെ ഒരു ഭാഗമാണെന്നുള്ളതും(*) പ്രസ്താവ്യമാകുന്നു. ഇതും ഹദീസിൻെറ രിവായത്തുകളും കൂടി പരിശോധിക്കുമ്പോൾ, നബി (ﷺ) സഹോദരി ഉമ്മുഹാനീ (﵂)യുടെ വീട്ടിൽ ഉറങ്ങികിടക്കുന്നേടത്ത് നിന്ന് എഴുന്നേറ്റ് മസ്ജിദുൽ ഹറാമിലേക്ക് പോയെന്നും, പിന്നീട് ഹിജ്റിൽവെച്ച് തിരുമേനി ഉറക്ക

* ഇപ്പോഴുള്ള കഅ്ബാ കെട്ടിടത്തിനുള്ളിൽപെടുത്താതെ, അതോടു ചേർത്തു അൽപം ഉയരത്തിൽ മതിൽ കെട്ടപ്പെട്ടു കിടക്കുന്നതും, സാക്ഷാൽ കഅ്യുടെ സ്ഥാനം തന്നെ ഉള്ളതുമായ സ്ഥലത്തിനത്രെ ഹിജ്ർ-അഥവാ ഹിജ്ർ ഇസ്മാഈൽ-എന്നു പറയപ്പെടുന്നത്.

ത്തിനും ഉണർച്ചക്കുമിടയിലുള്ള (ശരിക്കും ഉറങ്ങി കഴിഞ്ഞിട്ടില്ലാത്ത) അവസ്ഥയിലായിരിക്കുമ്പോഴായിരുന്നു ഇസ്രാഉന്റെ തുടക്കമുണ്ടായതെന്നും, കിടന്നിരുന്ന വിരുപ്പിൽ തന്നെ യാത്ര കഴിഞ്ഞ് മടങ്ങിയെത്തിയെന്നും പല മഹാൻമാരും ചൂണ്ടിക്കാട്ടുന്നു.

الى المسجد الاقصى ('മസ്ജിദുൽ അഖ്സ്വാ' യിലേക്കു) – അഥവാ ബൈത്തുൽ മുഖദ്ദസു വരെ-ആയിരുന്നു ആ യാത്ര. അവിടുന്നങ്ങോട്ട് ഉപരി ലോകത്തേക്കുണ്ടായ യാത്രയാണു 'മഅ്റാജ് '. അതിനെക്കുറിച്ചു ഇവിടെ പരാമർശമൊന്നുമില്ല. ബൈത്തുൽ മുഖദ്ദസിലെ പള്ളി മക്കായിൽ നിന്നു വളരെ-അഥവാ അക്കാലത്ത് ഒരു മാസത്തെ യാത്രാദൂരം- അകലെയായതു കൊണ്ടും, അക്കാലത്ത് അതിനപ്പുറം പള്ളി ഇല്ലാതിരുന്നതുകൊണ്ടുമാണ് അതിനെ അങ്ങേ അറ്റത്തേത് (الاقصى) എന്ന് വിശേഷിപ്പിച്ചിരിക്കുന്നത് الذى باركنا حوله (ചുറ്റുപാടും നാം അനുഗ്രഹിച്ചാശീർവദിച്ചത്) എന്ന് അതിനെ വിശേഷിപ്പിച്ചിരിക്കുന്നു. വിവിധതരം കൃഷികളാലും തോട്ടങ്ങളാലും സമൃദ്ധവും അനുഗൃഹീതവുമത്രെ അന്നും ഇന്നും ആ പ്രദേശങ്ങൾ. അതോടുകൂടി, ഇബ്റാഹീം (عليه السلام)നബി മുതൽ അനേകം പ്രവാചകൻമാരുടെയും, അവരുടെ മതപ്രബോധന സംരംഭങ്ങളുടെയും ചരിത്രങ്ങൾക്ക് ചിരകാല സാക്ഷ്യം വഹിക്കുവാനുള്ള ഭാഗ്യവും ആ നാടുകൾക്ക് അല്ലാഹു നൽകിയിട്ടുണ്ട്. لنريه من اياتنا (നമ്മുടെ ദൃഷ്ടാന്തങ്ങളിൽ നിന്നും അദ്ദേഹത്തിന് നാം കാണിച്ചുകൊടുക്കുവാൻ വേണ്ടി) ഇതായിരുന്നു ആ പ്രയാണത്തിന്റെ ലക്ഷ്യം. ഈ ദൃഷ്ടാന്തങ്ങൾ കൊണ്ടുദ്ദേശ്യം എന്താണെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല. പ്രസ്തുത യാത്ര വേളയിൽ നബി (ﷺ) കണ്ടതും, അനുഭവിച്ചതുമായി പ്രബലമായ ഹദീസുകളിൽ വന്നിട്ടുള്ള അൽഭുതകരമായ സംഭവങ്ങളും, അവിടുത്തേക്ക് സിദ്ധിച്ച അനുഗ്രഹങ്ങളുമായിരിക്കും അതുകൊണ്ട് വിവക്ഷയെന്ന് സാമാന്യമായി മനസ്സിലാക്കാവുന്നതാണ്. ഒരു രാത്രിയുടെ ഏതാനും സമയം കൊണ്ട് ഒരു മാസത്തെ വഴി ദൂരമുള്ള സ്ഥലത്തെത്തി മടങ്ങുവാൻ കഴിഞ്ഞത്, ചരിത്ര പ്രധാനമായ ബൈത്തുൽ മുഖദ്ദസും പള്ളിയും കണ്ടത്, കഴിഞ്ഞുപോയ പല പ്രവാചകൻമാരുമായി സമ്പർക്കം പുലർത്തിയത് എന്നിങ്ങിനെ ഹദീസുകളിൽ വന്നിട്ടുള്ളതെല്ലാം ആ ദൃഷ്ടാന്തങ്ങളിൽപെട്ടതാകുന്നു.

തന്റെ അടിയാന്റെ-നബി (ﷺ) തിരുമേനിയുടെ-എല്ലാ സ്ഥിതിഗതികളും കേട്ടും കണ്ടും അറിയുന്നവനാണ് അല്ലാഹു. അതുകൊണ്ട് തന്നെയാണ് അസാധാരണവും അൽഭുതകരവുമായ ഈ യാത്രപോലെയുള്ള അനുഗ്രഹങ്ങൾ നൽകി അദ്ദേഹത്തെ ആദരിച്ചതും, ഇങ്ങിനെയുള്ള സൂചനയാണ് അവസാനത്തെ വാക്യം. انه هو السميع البصير (നിശ്ചയമായും, അവൻ കേട്ടറിയുന്നവനും കണ്ടറിയുന്നവനുമാകുന്നു.)

'ഇസ്രാഉം', 'മിഅ്റാജും'. (രാവുയാത്രയും വാനയാത്രയും)

ഉമർ, അലി, ഇബ്നു മസ്ഊദു, അനസ്, അബൂഹുറൈറ, അബൂദർ-റു, ഇബ്നു അബ്ബാസ് (رضي الله عنهم)മുതലായ സഹാബീ പ്രമുഖൻമാരിൽ നിന്നും, ഉമ്മുഹാനീ, അസ്മാഉ് (رضي الله عنهما)എന്നീ പ്രമുഖ വനിതാ സഹാബികളിൽ നിന്നുമായി ബുഖാരീ, മുസ്ലിം (رحمهم الله)തുടങ്ങിയ ഹദീസു പണ്ഡിതൻമാർ പല മാർഗ്ഗങ്ങളിൽകൂടി ഈ വിഷയം സംബന്ധിച്ചു ധാരാളം ഹദീസുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ചിലതിൽ സുദീർഘമായും, ചിലതിൽ സംക്ഷിപ്തമായും സംഭവം വിവരിക്കപ്പെട്ടിരിക്കുന്നു. വിശദാംശങ്ങളിൽ ചില രിവായത്തുകൾ തമ്മിൽ അൽപം ചില വ്യത്യാസങ്ങൾ കാണപ്പെടുമെങ്കിലും പ്രധാന വശങ്ങളിൽ അവ തമ്മിൽ യോജിപ്പ് കാണാവുന്നതാണ്. മിക്കവാറും ഹദീസുകളും രിവായത്തുകളും ഉദ്ധരിച്ചശേഷം ഇബ്നു കഥീർ (رحمه الله)ഇസ്രാഉനെപ്പറ്റി പ്രസ്താവിച്ചതിന്റെ ചുരുക്കം താഴെ കൊടുക്കുന്നു.:-

'നബി (ﷺ) ഉണർച്ചയിലായിരുന്നപ്പോൾ തന്നെ – സ്വപ്നത്തിലല്ല – മക്കായിൽ നിന്ന് ബൈതുൽ മുഖദ്ദസ്സിലേക്ക് 'ബുറാഖി' ൻമേൽ രാത്രിയിൽ തിരുമേനി കൊണ്ടുപോകപ്പെട്ടു. പള്ളിയുടെ വാതിൽക്കലെത്തിയപ്പോൾ മൃഗത്തെ (ബുറാഖിനെ) വാതിൽക്കൽ കെട്ടി. പള്ളിയി

ൽ കടന്ന് രണ്ട് റക്അത്തു ‘തഹിയ്യത്ത്’ (*) നമസ്കരിച്ചു. പിന്നീട് ‘മിഅ്റാജ്’ (†) കൊണ്ടുവരപ്പെട്ടു. പല പടികളുള്ള കൊണിപോലെയായിരുന്നു അത്. അതിലായി അടുത്ത ആകാശത്തിലേക്കും, മറ്റുള്ള ആകാശത്തിലേക്കും തിരുമേനി കയറിപ്പോയി. അതതിലെ പ്രധാനികളായ ആളുകൾ (മലക്കുകൾ) തിരുമേനിയെ സ്വീകരിച്ചു. ആകാശങ്ങളിലുണ്ടായിരുന്ന പ്രവാചകൻമാർ (‡) ക്ക് അവരവരുടെ പദവി ക്രമമനുസരിച്ച് നബി (ﷺ) സലാം പറയുകയും ചെയ്തു. അങ്ങനെ, ആറാം ആകാശത്തിൽ ‘കലീമായ’ (അല്ലാഹുവിൻെറ സംസാരം നേരിൽ കേട്ട പ്രവാചകനായ) മൂസാ (عليه السلام)നബിയുടെയും , ഏഴാം ആകാശത്തിൽ ‘ഖലീലായ’ (അല്ലാഹുവിൻെറ ഉറ്റ ചങ്ങാതി എന്ന് അല്ലാഹു വിശേഷിപ്പിച്ച) ഇബ്റാഹീം (عليه السلام)നബിയുടെയും അടുക്കൽ തിരുമേനി ചെന്നു. പിന്നീട് അവിടെ നിന്നും അപ്പുറം കടന്ന് അല്ലാഹു കണക്കാക്കുന്ന കാര്യങ്ങളെ രേഖപ്പെടുത്തുന്ന പേനകളുടെ ചലനം കേൾക്കുമാറുള്ള ഒരു മണ്ഡലത്തിൽ തിരുമേനി എത്തി. ‘സിദ്റത്തുൽ മുൻതഹാ’ (§) എന്ന വൃക്ഷവും കണ്ടു. അതിമഹത്തായ പല കാര്യങ്ങളും, കണക്കറ്റ വർണ്ണങ്ങളും, മലക്കുകളും അതിനെ ആവരണം ചെയ്തിരുന്നു. അവിടെ വെച്ച് ജിബ്രീൽ (عليه السلام)നെ അദ്ദേഹത്തിൻെറ സാക്ഷാൽ രൂപത്തിൽ- അറുന്നൂറ് ചിറകുകൾ സഹിതം-തിരുമേനി കാണുകയുണ്ടായി. (**) ‘ബൈത്തുൽ മഅ്മൂറും ’ തിരുമേനി കണ്ടു. (††) ഭൂമിയിലെ ‘കഅ്ബ’യുടെ സ്ഥാപകനായ ഇബ്റാഹീം (عليه السلام)നബി അതിലേക്ക് പുറം ചാരി ഇരിക്കുന്നതായിട്ടാണ് തിരുമേനി കണ്ടത്. കാരണം അത് ആകാശത്തിലെ ‘കഅ്ബ’ യാകുന്നു. ദിവസം തോറും എഴുപതിനായിരം മലക്കുകൾ അതിൽ പ്രവേശിച്ച ആരാധനാകർമ്മങ്ങൾ നടത്തുന്നു. അവർ പിന്നീട് ഖിയാമത്തുനാൾവരെ അതിലേക്ക് മടങ്ങിവരുകയില്ല. തിരുമേനി സ്വർഗ്ഗവും നരകവും കണ്ടു. അമ്പത് നേരത്തെ നമസ്കാരം അവിടെ വെച്ച് നിർബന്ധമാക്കപ്പെട്ടു. അനന്തരം (മൂസാനബിയുടെ ഉപദേശപ്രകാരം തിരുമേനി അല്ലാഹുവിനോട് അപേക്ഷിച്ചതനുസരിച്ച് എണ്ണം കുറേശ്ശെ ചുരുക്കിക്കൊടുത്തുകൊണ്ട്) അതിൽ ലഘുത്വം നൽകി. അത് അഞ്ച് നേരമാക്കി ഇളവുചെയ്തുകൊടുക്കുകയും ചെയ്തു. നമസ്കാരത്തിൻെറ മഹത്വവും, മനുഷ്യരോട് അല്ലാഹുവിനുള്ള കാരുണ്യവും നിമിത്തമാണത്. പിന്നീട് തിരുമേനി ബൈത്തുൽ മുഖദ്ദസിലേക്ക് ഇറങ്ങിപ്പോരുകയും (അവിടെ വെച്ച് കണ്ട) പ്രവാചകൻമാരെയും കൊണ്ട് നമസ്കരിക്കുകയും ചെയ്തു. പിന്നീട്, തിരുമേനി ബുറാഖിൻമേൽ കയറിക്കൊണ്ട് (നിശാന്ത്യത്തിലെ) ഇരുട്ടത്ത് തന്നെ മക്കായിലേക്ക് മടങ്ങിവരുകയും ചെയ്തു. വാസ്തവം അല്ലാഹുവിനറിയാം. ആ യാത്രയിൽ നബി (ﷺ) ക്ക് പാലും തേനും മറ്റും കാണിക്കപ്പെട്ടതും അവിടുന്ന് പാൽ തിരഞ്ഞെടുത്തതും ബൈത്തുൽ മുഖദ്ദസിൽ വെച്ചാണെന്നും, ആകാശത്ത് വെച്ചാണെന്നും (രിവായത്ത്) വന്നിട്ടുണ്ട്. ഒരു പക്ഷേ, രണ്ടിടത്ത് വെച്ചും അത് ഉണ്ടായിരിക്കുവാൻ സാദ്ധ്യതയുണ്ട്. കാരണം, സന്ദർശനത്തിന് വരുന്ന ആൾക്ക് നൽകപ്പെടുന്ന ഒരു സൽക്കാരം പോലെയുള്ളതാണല്ലോ അത്. അല്ലാഹുവിനറിയാം. [‘ഇബ്നു കഥീറി’ ൻെറ പ്രസ്താവന അവസാനിച്ചു.]

നേരം പുലർന്നശേഷം, രാത്രിയിലുണ്ടായ അസാധാരണവും അത്യൽഭുതകരവുമായ

---

* പള്ളിയിൽ പ്രവേശിക്കുമ്പോൾ അല്ലാഹുവിൻെറ മുമ്പിൽ ഒരു ഉപചാരമെന്നാണം ചെയ്യപ്പെടേണ്ടുന്ന നമസ്കാരമാണ് തഹിയ്യത്ത്.

† കയറിപ്പോകാനുള്ള സാധനം.

‡ ഈ കാഴ്ചയെപ്പറ്റിയും മറ്റും താഴെ വിവരിക്കുന്നുണ്ട്.

§ സ്വർഗ്ഗത്തിനടുത്തു സ്ഥിതിചെയ്യുന്ന ഒരൽഭുത മഹാവൃക്ഷമാണ് ‘സിദ്റത്തുൽ മുൻതഹാ’ (سدرة المنتهى) ഇതിനെപ്പറ്റി സൂറത്തുന്നജ്മ്, 14-18ലും, ഹദീസുകളിലും വിവരിക്കപ്പെട്ടിരിക്കുന്നു. സൂറത്തുന്നജ്മിൻെറ വ്യാഖ്യാനത്തിൽ ഇതിനെപ്പറ്റി പ്രസ്താവിച്ചത് നോക്കുക.

** ഇതിനെ പറ്റിയും സൂറത്തുന്നജ്മിൽ പരാമർശമുണ്ട്.

†† സദാ പെരുമാറ്റമുള്ള ഭവനം എന്നാണ് ‘ബൈത്തുൽ മഅ്മൂർ’ എന്ന വാക്കിൻെറ സാരം. തുടർന്നുള്ള വിവരണത്തിൽ നിന്നു ഇതിനെപ്പറ്റി സാമാന്യം ഗ്രഹിക്കാം.

ഈ സംഭവത്തെക്കുറിച്ച് നബി (ﷺ) ജനങ്ങളെ അറിയിക്കേണ്ട താമസം, ജനമദ്ധ്യെ അതിനെത്തുടര്‍ന്നുണ്ടായ കോലാഹലങ്ങള്‍ പലതരത്തിലായിരുന്നു. കൈകൊട്ടിച്ചിരിക്കുന്നവര്‍, തലയില്‍ കൈവെച്ച് ആശ്ചര്യം പ്രകടിപ്പിക്കുന്നവര്‍ എന്നിങ്ങിനെ പല രൂപത്തിലും അവര്‍ പരിഹാസത്തിന്‍െറയും, നിഷേധത്തിന്‍െറയും പ്രകടനങ്ങള്‍ നടത്തി. ചിലര്‍ അബൂബക്കര്‍ (رضي الله عنه)ന്‍െറ അടുക്കലേക്ക് ഓടി വിവരം പറഞ്ഞ് അദ്ദേഹത്തിന്‍െറ പ്രതികരണം ആരാഞ്ഞു. ''നബി (ﷺ) അങ്ങിനെ പറഞ്ഞുവോ?'', എന്ന് മാത്രമേ അദ്ദേഹത്തിന് അറിയേണ്ടതുണ്ടായിരുന്നുള്ളു. ''അതെ, അദ്ദേഹം അങ്ങിനെ പറഞ്ഞു'' എന്നറിഞ്ഞതോടെ അബൂബക്കര്‍ (رضي الله عنه)പറഞ്ഞു: ''അദ്ദേഹം അങ്ങിനെ പറഞ്ഞിട്ടുണ്ടെങ്കില്‍ അതു സത്യമാണെന്ന് ഞാന്‍ സാക്ഷ്യം വഹിക്കുന്നു.'' അവര്‍ ചോദിച്ചു. ''ഒരു രാത്രികൊണ്ട് അവന്‍ ശാമില്‍ പോയി വന്നുവെന്ന് പറഞ്ഞത് താങ്കള്‍ വിശ്വസിക്കുന്നുവോ?'' അദ്ദേഹം മറുപടി പറഞ്ഞു: ''അതിനെക്കാള്‍ വിദൂരമായ വിഷയത്തിലും ഞാനദ്ദേഹത്തെ വിശ്വസിക്കും. ആകാശത്തുനിന്നുള്ള വര്‍ത്തമാനത്തില്‍ ഞാനദ്ദേഹത്തെ വിശ്വസിച്ച് വരുന്നു.'' ഇത് മുതല്‍ക്കാണ് അദ്ദേഹത്തെപ്പറ്റി 'സിദ്ദിഖ്' (الصديق) മഹാ സത്യവാന്‍-അഥവാ സത്യസന്ധന്‍) എന്ന് വിളിക്കപ്പെട്ടുവന്നതെന്ന് പറയപ്പെടുന്നു.

പിന്നീട്, ബൈത്തുല്‍ മുഖദ്ദസ് നേരില്‍ പോയി കണ്ടിട്ടുള്ളവരുടെ മുമ്പില്‍ വെച്ച് ആ പള്ളിയെപ്പറ്റി പലതും ചോദിച്ചുകൊണ്ട് മുശ്‌രിക്കുകള്‍ നബി (ﷺ) യെ പരീക്ഷണം നടത്തി നോക്കി. നബി (ﷺ) യുടെ വിവരണം തികച്ചും ശരിയാണെന്ന് അവര്‍ക്ക് ബോധ്യമായി. ''ഈ വിവരണമൊക്കെ ശരിതന്നെ. എന്നാല്‍, ഞങ്ങളുടെ ഒരു വര്‍ത്തക സംഘം ശാമിലേക്ക് പോയിട്ടുണ്ട്. അവരുടെ വര്‍ത്തമാനമെന്താണ്?'' ഇതായിരുന്നു അടുത്ത ചോദ്യം. ആ സംഘത്തില്‍ ഇത്ര ആളുകളുണ്ട്; ഇത്ര ഒട്ടകങ്ങളുണ്ട്; ഇന്ന ദിവസം അവര്‍ തിരിച്ചെത്തും എന്നൊക്കെ നബി (ﷺ) പ്രതിവചിച്ചു. അതുപോലെ അവര്‍ വന്നുചേരുകയും ചെയ്തു. പക്ഷേ, ഇതുകൊണ്ടൊന്നും അവര്‍ വിശ്വസിക്കുവാന്‍ ഒരുക്കമുണ്ടായിരുന്നില്ല. ''മുഹമ്മദിന്‍െറ സിഹ്ര്‍ വല്ലാത്ത സിഹ്ര്‍ തന്നെ'' എന്ന് പറഞ്ഞ് തടിതപ്പിക്കളയുകയാണ് അവര്‍ ചെയ്തത്.

ബലവത്തായ അനേകം ഹദീസുകളെ അടിസ്ഥാനമാക്കി ഇസ്രാഉലും മിഅ്‌റാജിലും നടന്ന പ്രധാന സംഭവങ്ങള്‍ ഇന്നവയാണെന്ന് ഇബ്നു കഥീര്‍ (رحمه الله)ന്‍െറ മേലുദ്ധരിച്ച പ്രസ്താവനയില്‍ നിന്ന് മനസ്സിലായല്ലോ. ഇസ്രാഉന്‍െറ ലക്ഷ്യം ചൂണ്ടിക്കാട്ടിക്കൊണ്ട് لنريه من اياتنا(അദ്ദേഹത്തിന് നമ്മുടെ ദൃഷ്ടാന്തങ്ങളില്‍നിന്നും കാണിച്ച് കൊടുക്കുവാന്‍ വേണ്ടി) എന്ന് അല്ലാഹു പറഞ്ഞതിന്‍െറ സാരം ഏറെക്കുറെ അതില്‍നിന്ന് മനസ്സിലാക്കാവുന്നതാകുന്നു. മിഅ്‌റാജില്‍ നടന്ന ചില സംഭവങ്ങളെപ്പറ്റി സൂറത്തുന്നജ്മിലെ വചനങ്ങളിലും ഇതുപോലെ അതിന്‍െറ ലക്ഷ്യത്തെ സൂചിപ്പിച്ചുകൊണ്ട് സൂറത്തുന്നജ്മില്‍ لقد رأى من ايات ربه الكبرى (തീര്‍ച്ചയായും, അദ്ദേഹം തന്‍െറ ബ്ബിന്‍െറ അതി മഹത്തായ ദൃഷ്ടാന്തങ്ങളില്‍നിന്നും കണ്ടിട്ടുണ്ട്) എന്ന് പറഞ്ഞു കാണാം. കൂടാതെ, ഹദീസുകളില്‍ പ്രസ്താവിക്കപ്പെട്ടിട്ടുള്ള മേലുദ്ധരിച്ചതില്‍പെട്ട ചില കാര്യങ്ങളും അല്ലാഹു അവിടെ എടുത്തുപറഞ്ഞിരിക്കുന്നു.

യുക്തിവാദക്കാര്‍ക്കും, ഖുര്‍ആനിലോ, ഹദീസിലോ കാണപ്പെടുന്ന അസാധാരണ സംഭവങ്ങളെ കഴിവതും സാധാരണവല്‍ക്കരിക്കുന്നതില്‍ താല്‍പര്യമെടുക്കുന്നവര്‍ക്കും ഇസ്രാഉന്‍െറയും മിഅ്‌റാജിന്‍െറയും വിവരണത്തില്‍ പലതും ദഹിക്കാത്തവയുണ്ടായിരിക്കും. അത് സ്വഭാവികവുമാണ്. നമ്മെ സംബന്ധിച്ചിടത്തോളം അല്ലാഹുവും റസൂലും വ്യക്തമായ ഭാഷയില്‍ പ്രസ്താവിച്ച ഏത് കാര്യവും മുഖവിലക്ക് തന്നെ സ്വീകരിക്കുവാന്‍ നാം തയ്യാറാകുന്നു. ഒരു രാത്രി കൊണ്ട് മക്കായില്‍ നിന്ന് ഒരാള്‍ ബൈത്തുല്‍ മുഖദ്ദസില്‍ പോയി വന്നത്, ഒരു മനുഷ്യന്‍ ആകാശത്തേക്ക് കയറി തിരിച്ചുവന്നത് മരണപ്പെട്ടുപോയ പ്രവാചകന്‍മാരുമായി സമ്പര്‍ക്കം പുലര്‍ത്തത്തക്കവണ്ണം അവര്‍ക്ക് രൂപം നല്‍കപ്പെട്ടത് എന്നിങ്ങനെയുള്ള കാര്യങ്ങളൊക്കെ നമ്മുടെ അറിവിലും പരിചയത്തിലുമുള്ള പ്രകൃതി നിയമങ്ങള്‍ക്കതീതം തന്നെ. പക്ഷേ, ബുദ്ധിപരമായി നോക്കുമ്പോള്‍ അവയൊന്നും അസംഭവ്യങ്ങളല്ല. അല്ലാഹുവിനെ

സംബന്ധിച്ചാണെങ്കിൽ, അവൻ ഉദ്ദേശിക്കുമ്പോൾ മാറ്റം സ്വീകരിക്കാത്ത പ്രകൃതി നിയമം എന്നൊന്നില്ലതാനും. പ്രകൃതിയെന്ന് നാം ഏതിനെപ്പറ്റി പറയുന്നുവോ അത്, അല്ലാഹു സാധാരണമായി നടപ്പാക്കിവരുന്ന ചില നടപടി ക്രമങ്ങൾ മാത്രമാകുന്നു. നമുക്ക് അതിൽ മാറ്റം വരുത്തുവാൻ സാധ്യമല്ലെന്നത് ശരി. അല്ലാഹുവിന്, അവൻ ഉദ്ദേശിക്കുന്നതെന്തും ചെയ്യാവുന്നതാകുന്നു. (ويفعل الله ما يشاء)

ഉണർച്ചയിൽ നബി (ﷺ) യുടെ ശരീരത്തോടുകൂടിത്തന്നെയായിരുന്നു ആ യാത്രയെന്നും, ഉറക്കത്തിൽ സ്വപ്നരൂപത്തിലായിരുന്നു അതെന്നും രണ്ടഭിപ്രായങ്ങൾ പണ്ഡിതൻമാർക്കിടയിൽ മുമ്പേ നിലവിലുണ്ട്. ആധുനിക കാലത്ത് ഈ രണ്ടാമത്തെ അഭിപ്രായത്തിന് പൂർവ്വാധികം സ്വീകരണവും, പ്രചാരവും കാണുമെങ്കിലും, സഹാബികൾതൊട്ട് അടുത്ത കാലം വരെയുള്ള-മുൻഗാമികളും പിൻഗാമികളുമടങ്ങുന്ന-ബഹുഭൂരിപക്ഷം പണ്ഡിതൻമാരും ഒന്നാമത്തെ അഭിപ്രായക്കാരാകുന്നു. ആയിശാ, മുആവിയാ, ഹസൻ (ﷺ)എന്നിവർ രണ്ടാമത്തെ അഭിപ്രായക്കാരായിട്ടാണ് അറിയപ്പെടുന്നത്. ഇസ്രാഉ് ശാരീരികവും, മിഅ്റാജും ആത്മീയവും (അഥവാ സ്വപ്നത്തിലും) ആയിരുന്നുവെന്ന മൂന്നാമതൊരു അഭിപ്രായവും നിലവിലുണ്ടെങ്കിലും ആദ്യം പറഞ്ഞ രണ്ടഭിപ്രായങ്ങളും തമ്മിൽ കൂട്ടിയിണക്കുവാനുള്ള ഒരു ശ്രമമായേ അതു ഗണിക്കേണ്ടതുള്ളൂ.

നബി (ﷺ) ഉണർന്നിരിക്കുമ്പോൾ ശരീരത്തോടും ആത്മാവോടും കൂടിത്തന്നെയായിരുന്നു ആ യാത്രയെന്ന് സ്ഥാപിക്കുന്നതിന് താഴെ കാണുന്നവിധം പല തെളിവുകളും ഇബ്നു ജരീർ, ഇബ്നു കഥീർ, റാസീ (ﷺ)പോലെയുള്ള പ്രമുഖ ഖുർആൻ വ്യാഖ്യാതാക്കളും, ഇമാം അസ്ഖലാനീ (ﷺ)പോലെയുള്ള ഹദീസ് പണ്ഡിതൻമാരും അവരവരുടെ ഗ്രന്ഥങ്ങളിൽ ചൂണ്ടിക്കാട്ടിയിരിക്കുന്നു. ഉദാഹരണമായി:- (1) سبحانه الذي الخ എന്ന 'തസ്ബീഹി'ൻെറ വാക്യത്തോടെയാണ് അല്ലാഹു ഇസ്രാഉനെക്കുറിച്ച് പ്രസ്താവിച്ചത്. വമ്പിച്ച കാര്യങ്ങളെക്കുറിച്ച് പറയുമ്പോൾ മാത്രമാണ് ഇങ്ങിനെയുള്ള തസ്ബീഹിൻെറ രൂപത്തിലുള്ള വാചകങ്ങൾ പ്രയോഗിക്കുക പതിവ്. അത് കേവലം ഒരു സ്വപ്നം മാത്രമായിരുന്നുവെങ്കിൽ, ഈ പ്രയോഗത്തിന് ഇവിടെ വിശേഷിച്ച് സ്ഥാനമൊന്നുമില്ല. (2) അതൊരു സ്വപ്നമായിരുന്നെങ്കിൽ, ഖുറൈശികൾ അതിനെ നിഷേധിക്കുവാനോ ഇസ്‌ലാം സ്വീകരിച്ച ചിലർ സംശയത്തോടെ ചോദ്യം ചെയ്യുവാനോ മുതിരുമായിരുന്നില്ല. അബൂബക്കർ (ﷺ)ആ വാർത്ത കേട്ട ഉടനെ അത് ശരിവെച്ചതിൽ ഒരു പ്രത്യേകതയും ഉണ്ടായിരിക്കുവാനും അവകാശമില്ല. അത് നബി (ﷺ) യുടെ സത്യസന്ധതക്ക് ഒരു തെളിവായിരിക്കുകയുമില്ല. സ്വപ്നത്തിൽ ഇതുപോലെയുള്ള പലതും സംഭവിക്കാമെന്നുള്ളതിൽ വിശേഷബുദ്ധിയുള്ളവരാരും തർക്കിക്കുകയില്ലല്ലോ. (3) اسرى بعبده (തൻെറ അടിയാനെ അവൻ രാവുയാത്ര ചെയ്യിച്ചു) എന്നാണ്. അല്ലാഹു പറഞ്ഞത്. ആത്മാവിനെ മാത്രം ഉദ്ദേശിച്ച് അടിയാൻ(عبد) എന്ന് പറയപ്പെടാറില്ല. (4) 'ബുറാഖ്' എന്ന ഒരു മൃഗത്തിൻെറ പുറത്തായിരുന്നു ആ യാത്രയെന്ന് ഹദീസുകളിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. ശരീരത്തിന്നല്ലാതെ- ആത്മാവിന് ഒരു മൃഗത്തിൻമേൽ സവാരി ചെയ്യേണ്ടുന്ന ആവശ്യമില്ല.

(5) രാവിലെയും, വൈകുന്നേരവും ഓരോ മാസത്തെ വഴിദൂരം സുലൈമാൻ (عليه السلام)നബിയെയും കൊണ്ട് കാറ്റ് ചലിച്ചിരുന്നുവെന്ന് 34:12 ലും, കണ്ണടച്ചുമിഴിക്കുമ്പോഴേക്കും യമനിലെ രാജ്ഞിയുടെ സിംഹാസനം അവിടെ നിന്ന് ശാമിൽ സുലൈമാൻ (عليه السلام)ൻെറ മുമ്പിൽ കൊണ്ടുവരപ്പെട്ടതായി 27:40 ലും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. അപ്പോൾ ഒരു രാത്രയിൽ ഒരു മാസത്തെ ദൂരം നബി(ﷺ) സഞ്ചരിച്ചതിൽ അസാംഗത്യമൊന്നുമില്ല. (6) ഖുർആനിലും, ഹദീസുകളിലും വന്ന വാക്കുകൾ പരിശോധിച്ചാൽ, നേർക്കു നേരെ മനസ്സിലാക്കാൻ കഴിയന്നത് ആ യാത്ര ശാരീരികവും ഉണർച്ചയിലും ആയിരുന്നുവെന്നാകുന്നു. എന്നിരിക്കെ അതിനെ ആത്മിയമെന്നോ, സ്വപ്നക്കാഴ്ച എന്നോ വ്യാഖ്യാനിക്കുന്നത് ന്യായമല്ല. (7) സഹാബികളിൽപെട്ട ചുരുക്കം പേർ അത് ആത്മീയമായിരുന്നുവെന്നോ, സ്വപ്നത്തിലായിരുന്നുവെന്നോ പ്രസ്താവിച്ചിരുന്നാൽ തന്നെയും അവരെയക്കാൾ എത്രയോ

അധികം സഹാബികൾ അതിന് എതിരായിരിക്കെ ചിലരുടെ മാത്രം പ്രസ്താവന തെളിവായി എടുത്ത്കൂടാത്തതാണ്. മാത്രമല്ല എതിരഭിപ്രായക്കാരായി അറിയപ്പെടുന്ന സഹാബികൾ മറ്റുള്ളവരെപ്പോലെ നബി (ﷺ) യുമായി അധികകാലം സഹവസിക്കുവാൻ സാധിച്ചിട്ടില്ലാത്തവരുമാകുന്നുവെന്നുള്ളത് ശ്രദ്ധേയമാണ്.

ആത്മീയമായിരുന്നു, അഥവാ സ്വപ്നമായിരുന്നു എന്നതിന് പറയപ്പെടാറുള്ള പ്രധാന തെളിവുകൾ ഇവയാകുന്നു.: (1) അന്ന് റസൂൽ (ﷺ) തിരുമേനിയുടെ ശരീരം കാണപ്പെടാതായിട്ടില്ല എന്ന് ആയിശാ (رضي الله عنها)യുടെ ഒരു പ്രസ്താവന. (2) അത് സ്വപ്നത്തിൽ അല്ലാഹു കാണിച്ച് കൊടുത്ത കാഴ്ചയായിരുന്നുവെന്ന മുആവിയാ (رضي الله عنه)യുടെ പ്രസ്താവന. വാസ്തവത്തിൽ ഈ രണ്ട് തെളിവുകളും വിമർശന വിധേയങ്ങളാകുന്നു. കാരണം, നബി (ﷺ) യുടെ ആ യാത്ര ഉണ്ടായ കാലത്ത് ആയിശാ (رضي الله عنها)നബിയുടെ പത്നിയായിട്ടില്ലെന്നുമാത്രമല്ല, വളരെ ചെറുപ്പവുമായിരുന്നു. മുആവിയാ (رضي الله عنه)ആകട്ടെ, ആ സംഭവകാലത്ത് മുശ്‌രിക്കുകളുടെ കൂട്ടത്തിലായിരുന്നു. പിന്നീട് ഏതാനും കൊല്ലങ്ങൾക്ക് ശേഷമാണദ്ദേഹം മുസ്‌ലിമായതും. ആ സ്ഥിതിക്ക് ആ രണ്ടു പേർക്കും വിഷയത്തിൻെറ യഥാർത്ഥ സ്ഥിതിയെപ്പറ്റി ശരിക്ക് അറിയുവാനിടയില്ല. പിന്നീടത് ഏതാനും ചില യുക്തി ന്യായങ്ങൾ മാത്രമാണ്. അവയെ അതേ നിലവാരത്തിലുള്ള യുക്തിന്യായങ്ങൾ കൊണ്ടുതന്നെ വിമർശിക്കാവുന്നതുമാകുന്നു.والله اعلم

ലോകാവസാനം വരെയുള്ള മനുഷ്യസുമദായത്തിൻെറ റസൂലാണ് നബി (ﷺ) തിരുമേനി, എക്കാലത്തേക്കും ബാധകവും പക്വവുമായ ഒരു വേദഗ്രന്ഥവും നിയമസംഹിതയുമാണ് തിരുമേനിക്ക് ജനമദ്ധ്യെ സമർപ്പിക്കുവാനുള്ളതും. നബി (ﷺ) യാണെങ്കിൽ, വല്ല പാഠശാലയിൽ നിന്നോ, അന്യരുടെ ശിക്ഷണത്തിൽ വെച്ചോ മറ്റോ ഒന്നും പഠിച്ചറിയുവാൻ സന്ദർഭം കിട്ടിയിട്ടുമില്ല. വേദഗ്രന്ഥങ്ങളോ, ചരിത്രകൃതികളോ വായിച്ചറിഞ്ഞിട്ടുമില്ല. എഴുത്തും വായന പോലും അറിഞ്ഞുകൂടാ. മനുഷ്യസമുദായമാകട്ടെ, ബുദ്ധിപരവും, ചിന്താപരവും, ശാസ്ത്രപരവുമെല്ലാം തന്നെ വളർന്ന് വളർന്നുകൊണ്ടുമിരിക്കുന്നു. മനുഷ്യന് ക്രമേണ സിദ്ധിച്ചു കൊണ്ടിരിക്കുന്ന വിജ്ഞാനമണ്ഡലങ്ങളുടെയും, പുരോഗമന സാഹചര്യങ്ങളുടെയും ഫലമായി ഭാവിതലമുറകൾ പുതിയ പുതിയ അറിവുകളും അനുഭവങ്ങളും നേടിക്കൊണ്ടിരിക്കുകയാണ്. ഖുർആൻ അവതരിക്കുന്ന കാലത്ത് ഓർക്കുവാൻപോലും കഴിയാത്ത പല കാര്യങ്ങളും. അന്ന് അസംഭവ്യമാണെന്ന് പരക്കെ കരുതപ്പെട്ടിരുന്ന പല കാര്യങ്ങളും ഇന്ന് മനുഷ്യ ജീവിതത്തിലെ നിത്യസംഭവങ്ങളായി മാറിക്കഴിഞ്ഞിരിക്കുകയാണ്. ഉദാഹരണമായി: വായുവിൽ മനുഷ്യൻ യഥേഷ്ടം സഞ്ചരിക്കുന്നതിനെപ്പറ്റി മുൻകാലത്ത് വിഭാവനം ചെയ്‌വാൻ പോലും കഴിഞ്ഞിരുന്നില്ല. ഇന്ന് വായുവിലെ യാത്രയെ അല്ല-വായുമണ്ഡലത്തിനപ്പുറം കടന്ന്-ഗോളാന്തര യാത്രകൾ കൂടി മനുഷ്യൻ നടത്തിക്കൊണ്ടിരിക്കുന്നു. നാളത്തെ കഥ എന്തൊക്കെയായിരിക്കുമെന്ന് അല്ലാഹുവിനേ അറിഞ്ഞുകൂടൂ! അപ്പോൾ, മനുഷ്യസാധാരണമായ പ്രകൃതിയുടെ പരിമിതികളെ കവച്ചുവെക്കുമാറ് ആത്മീയ സവിശേഷതകളാൽ അനുഗൃഹീതരായ പ്രവാചകൻമാർക്ക്-വിശേഷിച്ചും പ്രവാചകപ്രഭുവായ നബി (ﷺ) തിരുമേനിക്ക്-ഈ ഭൗതിക മണ്ഡലങ്ങൾക്കപ്പുറം സ്ഥിതിചെയ്യുന്ന ചില യാഥാർത്ഥ്യങ്ങൾ സർവ്വശക്തനും സർവ്വജ്ഞനുമായ അല്ലാഹു വെളിവാക്കിക്കൊടുക്കുകയും, പ്രവാചകന്മാരല്ലാത്ത മനുഷ്യർക്ക് സിദ്ധിക്കാവതല്ലാത്ത ചില സിദ്ധികൾ കൊടുക്കുകയും ചെയ്യുന്നതിൽ യുക്തിവിരുദ്ധമായി എന്താണുള്ളത്?! ഈ ബാഹ്യലോകത്തിനപ്പുറം നമ്മുടെ ഊഹത്തിനും, വിഭാവനത്തിനും അതീതമായ കണക്കറ്റ യാഥാർത്ഥ്യങ്ങൾ നടമാടുന്ന മറ്റൊരു ആത്മീയ ലോകമുണ്ടെന്ന് വിശ്വസിക്കുന്നവർക്ക് ഇസ്രാഇലോ, മിഅ്റാജിലോ അസംഗതമായി ഒന്നുമില്ല.

അല്ലാഹു നബി (ﷺ)യോട് പറയുന്നു: وانزل الله عليك الكتاب ـ الى قوله عظيما ـ النساء (നിനക്ക് അല്ലാഹു വേദഗ്രന്ഥവും വിജ്ഞാനവും ഇറക്കിത്തരുകയും, നിനക്കറിയാതിരുന്നത് പഠിപ്പിക്കുകയും ചെയ്തിരിക്കുന്നു. നിൻെറ മേൽ അല്ലാഹുവിൻെറ അനുഗ്രഹം വമ്പിച്ചതാകുന്നു.) (സൂറ: നിസാഉ് 113).

وَءَاتَيۡنَا مُوسَى ٱلۡكِتَٰبَ وَجَعَلۡنَٰهُ هُدٗى لِّبَنِيٓ إِسۡرَٰٓءِيلَ أَلَّا تَتَّخِذُواْ مِن دُونِي وَكِيلٗا ﴿٢﴾

2 മൂസാക്ക് നാം (വേദ) ഗ്രന്ഥം നൽകിയിരിക്കുന്നു; അതിനെ നാം ഇസ്രാഈൽ സന്തതികൾക്ക് മാർഗ്ഗദർശനമാക്കുകയും ചെയ്തു; എന്നെക്കൂടാതെ (കാര്യങ്ങൾ) ഭരമേൽപിക്കപ്പെടുന്ന ഒരാളെയും നിങ്ങൾ ഉണ്ടാക്കിവെക്കരുതെന്ന് (കൽപിച്ചുകൊണ്ട്);

ذُرِّيَّةَ مَنۡ حَمَلۡنَا مَعَ نُوحٍۚ إِنَّهُۥ كَانَ عَبۡدٗا شَكُورٗا ﴿٣﴾

3 നൂഹിൻെറ കൂടെ നാം (കപ്പലിൽ) കയററിയവരുടെ സന്തതികളേ! [നിങ്ങളോടാണ് ഇങ്ങിനെ കൽപിച്ചത്.] നിശ്ചയമായും അദ്ദേഹം, വളരെ നന്ദിയുള്ള ഒരു അടിയാനായിരുന്നു.

---

2 **وآتينا** നാം നൽകി. **موسى** മൂസാക്ക്. **الْكتاب** ഗ്രന്ഥം. **وجعلْناه** അതിനെ നാം ആക്കുകയും ചെയ്തു. **هدى** മാർഗ്ഗദർശനം. **لبنِي إسرائيلَ** ഇസ്റാഈൽ സന്തതികൾക്ക്. **ألا تتخذُوا** നിങ്ങൾ ആക്കരുത് (സ്വീകരിക്കരുത്-ഏർപ്പെടുത്തരുത്) എന്ന്. **من دونِي** എന്നെക്കൂടാതെ, എനിക്ക്പുറമെ. **وكيلاً** ഒരു ഭരമേൽപിക്കപ്പെടുന്നവനെ, കൈകാര്യക്കാരനെ.. 3 **ذُريةَ** സന്തതികളേ. **من حملنا** നാം വഹിച്ച (കയറ്റിയ)വരുടെ. **مع نوح** നൂഹിൻെറ ഒപ്പം. **إنه** നിശ്ചയമായും അദ്ദേഹം. **كَانَ** ആയിരുന്നു. **عبدا** ഒരു അടിയാൻ, അടിമ. **شكُورا** വളരെ നന്ദിയുള്ള.

'ഇസ്രാഉ്' എന്ന രാവുയാത്ര മുഖേന നബി (ﷺ) യെ അനുഗ്രഹിച്ചാദരിച്ച സംഭവത്തെത്തുർന്ന് മൂസാ (عليه السلام)നബിക്ക് തൗറാത്ത് നൽകി അനുഗ്രഹിച്ച വിവരം ഉണർത്തുകയാണ്. നബി (ﷺ) തിരുമേനിയെപ്പറ്റി പ്രസ്താവിച്ചശേഷം, മൂസാ (عليه السلام)നബിയെക്കുറിച്ച് പ്രസ്താവിക്കുക ഖുർആനിൽ പലപ്പോഴും പതിവുള്ളതാകുന്നു. ഒരു വമ്പിച്ച സമുദായത്തെ ഒരു വേദഗ്രന്ഥത്തിൻെറയും നിയമസംഹിതയുടെയും കീഴിൽ ഏകീകരിച്ച് സമുദ്ധരിക്കുകയെന്ന ഗൗരവമേറിയ ചുമതലാ നിർവഹണത്തിൽ, നബി (ﷺ)ക്ക് മുമ്പ് ഒരു ചരിത്രം സൃഷ്ടിച്ച പ്രവാചകവര്യനാണല്ലോ അദ്ദേഹം. പ്രസ്തുത കൃത്യനിർവ്വഹണത്തിൽ മൂസാ (عليه السلام)നബിയുടെ ചരിത്രത്തിൽ നിന്ന് നബി (ﷺ) ക്ക് പലതും പഠിക്കുവാനുള്ളതായിരിക്കണം അതിന് കാരണം.

ഇസ്റാഈല്യർക്ക് മാർഗ്ഗദർശനം നൽകുവാനും, അല്ലാഹു അല്ലാത്ത ആരെയും കൈകാര്യക്കാരാക്കരുതെന്ന് കൽപിച്ചുകൊണ്ടുമാണ് മൂസാ (عليه السلام)ക്ക് വേദഗ്രന്ഥം നൽകിയതെന്ന് അല്ലാഹു ആദ്യം പറഞ്ഞു. തുടർന്നുകൊണ്ട് ആ മാർഗ്ഗദർശനം സ്വീകരിക്കുവാൻ ബാധ്യസ്ഥമായ ഒരു പാരമ്പര്യത്തിൻെറ പിൻതുടർച്ചക്കാരാണ് നിങ്ങൾ-അഥവാ നൂഹ് (عليه السلام)നബിയുടെ നേതൃത്വത്തിൽ കപ്പലിൽ കയറി ജലപ്രളയത്തിൽ നിന്ന് രക്ഷപ്പെട്ട സത്യവിശ്വാസികളുടെ സന്താനപരമ്പരയാണല്ലോ നിങ്ങൾ-എന്ന് ഇസ്റാഈല്യരെ അനുസ്മരിപ്പിക്കുകയും ചെയ്തിരിക്കുന്നു. നൂഹ് (عليه السلام)നബിയാണെങ്കിൽ, അല്ലാഹുവിനോട് വളരെ കൂറും നന്ദിയും അനുസരണവുമുള്ള ആളായിരുന്നു, ആ മാതൃക നിങ്ങളും പിൻപറ്റേണ്ടതാണല്ലോ എന്നും ഓർമ്മിപ്പിച്ചിരിക്കുന്നു. ആ മാതൃകക്കും പാരമ്പര്യത്തിനും എതിരായി ഇസ്റാഈല്യരിൽ ഉണ്ടായ ചില ചെയ്തികളാണ് അടുത്ത വചനങ്ങളിൽ ചൂണ്ടിക്കാട്ടുന്നത്:-

وَقَضَيۡنَآ إِلَىٰ بَنِيٓ إِسۡرَٰٓءِيلَ فِي ٱلۡكِتَٰبِ لَتُفۡسِدُنَّ فِي

4 ഇസ്രാഈൽ സന്തതികൾക്ക് (ആ) വേദ ഗ്രന്ഥത്തിൽ നാം തീരുമാനി (ച്ചറിയി)

ٱلْأَرْضِ مَرَّتَيْنِ وَلَتَعْلُنَّ عُلُوًّا كَبِيرًا ﴿٤﴾

ക്കുകയും ചെയ്തു; തീർച്ചയായും, നിങ്ങൾ ഭൂമിയിൽ രണ്ടുപ്രാവശ്യം കുഴപ്പമുണ്ടാക്കും; തീർച്ചയായും, നിങ്ങൾ വലിയ ഔന്നത്യം (പൊങ്ങച്ചം) കാണിക്കുകയും ചെയ്യും.

فَإِذَا جَآءَ وَعْدُ أُولَىٰهُمَا بَعَثْنَا عَلَيْكُمْ عِبَادًا لَّنَآ أُو۟لِى بَأْسٍ شَدِيدٍ فَجَاسُوا۟ خِلَـٰلَ ٱلدِّيَارِ ۚ وَكَانَ وَعْدًا مَّفْعُولًا ﴿٥﴾

5 അങ്ങനെ, ആ രണ്ടിൽ ആദ്യത്തേതിൻെറ വാഗ്ദത്തം (ശിക്ഷാവധി) വന്നാൽ, നമ്മുടെ കടുത്ത ശൗര്യശാലികളായ ചില അടിയാൻമാരെ നാം നിങ്ങളുടെ മേൽ നിയോഗിച്ചയക്കുന്നതാണ്; എന്നിട്ടവർ (നിങ്ങളുടെ) വാസസ്ഥലങ്ങൾക്കിടയിലൂടെ തേടിത്തിരിഞ്ഞ് നടക്കുന്നതാണ്. അത് പ്രയോഗത്തിൽ വരുത്തപ്പെടുന്ന ഒരു വാഗ്ദത്തം (തന്നെ) ആയിരുന്നുതാനും.

ثُمَّ رَدَدْنَا لَكُمُ ٱلْكَرَّةَ عَلَيْهِمْ وَأَمْدَدْنَـٰكُم بِأَمْوَٰلٍ وَبَنِينَ وَجَعَلْنَـٰكُمْ أَكْثَرَ نَفِيرًا ﴿٦﴾

6 പിന്നീട്, അവർക്കെതിരിൽ നിങ്ങൾക്കു നാം ഊക്ക് (വിജയം) തിരിച്ചു തന്നു; സ്വത്തുക്കളും, മക്കളും കൊണ്ട് നിങ്ങൾക്കു നാം സഹായം നൽകുകയും ചെയ്തു; നിങ്ങളെ നാം വളരെ കൂടുതൽ സംഘ (ബല)മുള്ളവരാക്കുകയും ചെയ്തു.

إِنْ أَحْسَنتُمْ أَحْسَنتُمْ لِأَنفُسِكُمْ ۖ وَإِنْ أَسَأْتُمْ فَلَهَا ۚ فَإِذَا جَآءَ وَعْدُ ٱلْـَٔاخِرَةِ لِيَسُـۥٓـُٔوا۟ وُجُوهَكُمْ وَلِيَدْخُلُوا۟ ٱلْمَسْجِدَ كَمَا دَخَلُوهُ أَوَّلَ مَرَّةٍ وَلِيُتَبِّرُوا۟ مَا عَلَوْا۟ تَتْبِيرًا ﴿٧﴾

7 നിങ്ങൾ നൻമ പ്രവർത്തിക്കുന്ന പക്ഷം, നിങ്ങളുടെ സ്വന്തങ്ങൾക്കു (തന്നെ) നിങ്ങൾ നൻമ പ്രവർത്തിക്കുകയാണ് (ചെയ്യുന്നത്). നിങ്ങൾ തിൻമ പ്രവർത്തിക്കുകയാണെങ്കിലാകട്ടെ, അതിന്നായിരിക്കും (അതും). എന്നാൽ, അവസാനത്തേതിൻെറ വാഗ്ദത്തം (ശിക്ഷാവിധി) വന്നാൽ, നിങ്ങളുടെ മുഖങ്ങളെ അവർ (ശത്രുക്കൾ) വഷളാക്കുവാനും, ആദ്യപ്രാവശ്യം അവർ പള്ളിയിൽ പ്രവേശിച്ചതുപോലെ, (വീണ്ടും) അതിൽ പ്രവേശിപ്പിക്കുവാനും, അവർ ഔന്നത്യം നേടിയത് (ജയിച്ചടക്കിയത്) അവർ ഒരു (കടുത്ത) നശിപ്പിക്കൽ നശിപ്പിച്ചു തകർക്കുവാനും (അവരെ നാം നിയോഗിക്കും).

عَسَىٰ رَبُّكُمْ أَن يَرْحَمَكُمْ ۚ وَإِنْ عُدتُّمْ عُدْنَا ۘ وَجَعَلْنَا جَهَنَّمَ لِلْكَـٰفِرِينَ حَصِيرًا ﴿٨﴾

8 നിങ്ങളുടെ റബ്ബ് നിങ്ങൾക്ക് കരുണ ചെയ്യുമാറായേക്കാം. നിങ്ങൾ (വീണ്ടും) ആവർത്തിച്ചുവെങ്കിൽ, നാമും ആവർത്തിക്കുന്നതാണ്. അവിശ്വാസികൾക്ക് 'ജഹന്നമി'നെ (നരകത്തെ) നാം തടങ്ങൽ സ്ഥാനമാക്കുകയും ചെയ്തിരിക്കുന്നു.

4 وَقَضَيْنَا നാം തീരുമാനം നടത്തി (തീരുമാനം അറിയിച്ചു). إِلَىٰ بَنِي إِسْرَائِيلَ ഇസ്റാഈൽ സന്തതികളിലേക്ക്. فِي الْكِتَابِ (വേദ) ഗ്രന്ഥത്തിൽ. لَتُفْسِدُنَّ തീർച്ചയായും നിങ്ങൾ കുഴപ്പമുണ്ടാക്കും, നാശമുണ്ടാക്കുകതന്നെ ചെയ്യും. فِي الْأَرْضِ ഭൂമിയിൽ. مَرَّتَيْنِ രണ്ട് പ്രാവശ്യം. وَلَتَعْلُنَّ നിങ്ങൾ ഔന്നത്യം കാണിക്ക (പൊങ്ങച്ചം കാട്ടുക)യും തന്നെ ചെയ്യും. عُلُوًّا ഔന്നത്യം (പൊങ്ങച്ചം). كَبِيرًا വലുതായ.. 5 فَإِذَا جَاءَ അങ്ങനെ വന്നാൽ. وَعْدُ വാഗ്ദത്തം, താക്കീത്. أُولَاهُمَا ആ രണ്ടിൽ ആദ്യത്തേതിൻെറ. بَعَثْنَا നാം അയക്കും, എഴുന്നേൽപ്പിക്കും (നിയോഗിക്കും). عَلَيْكُمْ നിങ്ങളുടെ മേൽ, നിങ്ങൾക്കെതിരെ. عِبَادًا ചില അടിയാൻമാരെ. لَنَا നമ്മുടെ. أُولِي ഉള്ളവരായ, ഉടയവരായ. بَأْسٍ ശൗര്യം (പരാക്രമ ശക്തി). شَدِيدٍ കഠിനമായ, കടുത്ത. فَجَاسُوا എന്നിട്ടവർ തേടിത്തിരഞ്ഞു നടക്കും, നാശവിഹാരം ചെയ്യും, പരതും. خِلَالَ ഇടയിലൂടെ. الدِّيَارِ വീട് (വസതി-വാസസ്ഥലം)കളുടെ. وَكَانَ അതായിരിക്കുന്നു, (ആകുന്നു) താനും. وَعْدًا ഒരു വാഗ്ദത്തം. مَفْعُولًا ചെയ്യപ്പെടുന്ന (പ്രയോഗത്തിൽ വരുത്തപ്പെടുന്ന). 6 ثُمَّ رَدَدْنَا പിന്നെ നാം മടക്കി (തിരിച്ചു) തരുന്നതാണ്. لَكُمُ നിങ്ങൾക്ക്. الْكَرَّةَ എടുത്തുചാട്ടം (ശക്തി-വിജയം). عَلَيْهِمْ അവരുടെമേൽ (എതിരെ). وَأَمْدَدْنَاكُمْ നിങ്ങൾക്ക് നാം സഹായം (പോഷണം) നൽകുകയും ചെയ്യും. بِأَمْوَالٍ സ്വത്തുക്കൾ (ധനം) കൊണ്ടും. وَبَنِينَ മക്കളും (കൊണ്ടും). وَجَعَلْنَاكُمْ നിങ്ങളെ നാം ആക്കുകയും ചെയ്യും. أَكْثَرَ വളരെ അധികമുള്ളവർ. نَفِيرًا സംഘം (കൂട്ടം).. 7 إِنْ أَحْسَنتُمْ നിങ്ങൾക്ക് നൻമ ചെയ്യുന്ന പക്ഷം. أَحْسَنتُمْ നിങ്ങൾ നൻമ ചെയ്തു (ചെയ്യുന്നു). لِأَنفُسِكُمْ നിങ്ങൾക്ക് തന്നെ, നിങ്ങളുടെ സ്വന്തങ്ങൾക്ക്. وَإِنْ أَسَأْتُمْ നിങ്ങൾ തിൻമ ചെയ്തുവെങ്കിലാകട്ടെ. فَلَهَا എന്നാലതിന്ന് (തന്നെ), അതിന്നായിരിക്കും. فَإِذَا جَاءَ ഇനി (എന്നാൽ) വന്നാൽ. وَعْدُ വാഗ്ദത്തം. الْآخِرَةِ അവസാനത്തേതിൻെറ. لِيَسُوءُوا അവർ തിൻമ (മോശം-വഷളത്വം) ചെയ്വാൻ വേണ്ടി. وُجُوهَكُمْ നിങ്ങളുടെ മുഖങ്ങളെ. وَلِيَدْخُلُوا അവർ പ്രവേശിക്കുവാനും. الْمَسْجِدَ പള്ളിയിൽ. كَمَا دَخَلُوهُ അവരതിൽ പ്രവേശിച്ചതുപോലെ. أَوَّلَ مَرَّةٍ ഒന്നാം (ആദ്യ) പ്രവശ്യം. وَلِيُتَبِّرُوا അവർ നശിപ്പിക്കുവാനും, തകർക്കുവാനും,. مَا عَلَوْا അവർ ഔന്നത്യം (മേൻമ-വിജയം-ഊക്ക്) നേടിയതിനെ. تَتْبِيرًا ഒരു (കടുത്ത) നശിപ്പിക്കൽ. 8 عَسَىٰ ആയേക്കാം. رَبُّكُمْ നിങ്ങളുടെ റബ്ബ്. أَن يَرْحَمَكُمْ നിങ്ങളോട് (നിങ്ങൾക്ക്) കരുണ ചെയ്യുമാറ്. وَإِنْ عُدتُّمْ നിങ്ങൾ മടങ്ങിയെങ്കിലോ, ആവർത്തിച്ചാലാകട്ടെ. عُدْنَا നാം (നാമും) മടങ്ങുന്നതാണ്, ആവർത്തിക്കുകയായി. وَجَعَلْنَا നാം ആക്കുന്നതുമാണ് ആക്കുകയും, ചെയ്തിരിക്കുന്നു. جَهَنَّمَ ജഹന്നമിനെ. لِلْكَافِرِينَ അവിശ്വാസികൾക്ക്. حَصِيرًا തടങ്ങൽസ്ഥാനം, ഒരു തടങ്ങൽ, പായ

മുൻകൂട്ടി വേദഗ്രന്ഥം മുഖേന അല്ലാഹു താക്കീത് നൽകിയിട്ടും അതിനെ വില വെക്കാതെ ഇസ്റാഈല്യർ കൈക്കൊണ്ട ചില അഴിമതികളെയും, അതിൻെറ അനന്തരഫലം അവർ അനുഭവിക്കേണ്ടിവന്നതിനെയും സംബന്ധിച്ചാണ് ഈ വചനങ്ങളിൽ പ്രസ്താവിക്കുന്നത്. മതകൽപനകളെ ലംഘിക്കലും, അക്രമം പ്രവർത്തിക്കലും ഇസ്റാഈല്യരിൽ നിത്യസംഭവങ്ങളായിരുന്നു. അവയിൽ ഏറ്റവും അതിരുകവിഞ്ഞ രണ്ട് അവസരങ്ങളെ (അഥവാ കുഴപ്പങ്ങളെ)പ്പറ്റി അല്ലാഹു അവരെ പ്രത്യേകം താക്കീതുചെയ്തിരുന്നു. ഒന്നാമത്തെ കുഴപ്പത്തിൻെറ ഘട്ടത്തിലായിരുന്നു ശഅ്യാഉ്(ع - شعياء) നബി കൊല്ലപ്പെട്ടതെന്നും അവർക്ക് നേരിടുവാൻ പോകുന്ന ഭവിഷ്യത്തുകളെപ്പറ്റി മുന്നറിയിപ്പു നൽകിക്കൊണ്ടിരുന്ന അർമിയാഉ് (عليه السلام)ബന്ധനസ്ഥനാക്കപ്പെട്ടതെന്നും പറയപ്പെടുന്നു. അതുപോലെ, രണ്ടാമത്തെ കുഴപ്പത്തിൻെറ കാലത്താണ് സകരിയ്യാ (عليه السلام)യഹ്യാ (عليه السلام)എന്നീ നബിമാർ കൊല്ലപ്പെട്ടതെന്നും പറയപ്പെട്ടു കാണുന്നു.

രണ്ടിൽ ഓരോന്നിൻെറയും ഘട്ടം വന്നപ്പോൾ, അവർ പിൻമാറാത്തപക്ഷം അവർക്കനുഭവിക്കേണ്ടിവരുന്ന അനുഭവങ്ങളെയും ദുരിതങ്ങളെയും കുറിച്ച് പ്രവാചകൻമാർ മുഖേന നേരത്തെ തന്നെ അവർക്ക് അല്ലാഹു മുന്നറിയിപ്പ് നൽകിയിരുന്നു. ഒന്നാം പ്രവാശ്യത്തെക്കുറിച്ചുള്ള താക്കീതാണ് 5-ാംവചനത്തിൽ കാണുന്നത്. അല്ലാഹു അവൻെറ അടിയാൻമാരിൽ ചിലരെ അവരിൽ നിയോഗിക്കും, അവർ കനത്ത പരാക്രമശാലികളും ഊക്കൻമാരുമായിരിക്കും, അവർ നാട്ടിലൂടെയും പാർപ്പിടങ്ങളിലൂടെയും പരതി നടക്കും എന്നൊക്കെയായിരുന്നു താക്കീ

തിൻെറ ചുരുക്കം. അഥവാ, കണ്ടതും കിട്ടിയതുമെല്ലാം നശിപ്പിക്കും. തേടിത്തിരിഞ്ഞ് കണ്ടു കിട്ടിയവരെല്ലാം കൊല്ലുകയോ ബന്ധനസ്ഥരാക്കുകയോ അടിമകളാക്കുകയോ ചെയ്യും, കൊള്ളയും കവർച്ചയും നടത്തും. അങ്ങനെ അവരെയും അവരുടെ സർവ്വസ്വവും നശിപ്പിക്കും എന്ന് സാരം. അത് അപ്പടി തന്നെ സംഭവിക്കുകയും ചെയ്തു. 'ഈ അടിയാന്മാർ' ആരായിരുന്നുവെന്നുള്ളതിൽ ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ രണ്ടുമൂന്നഭിപ്രായങ്ങൾ കാണപ്പെടുന്നു. (1) ജാലൂത്ത് (جالوت) രാജാവും സൈന്യവുമാണെന്നും, (2) സൻഹാരീബ് (سنحاريب) രാജാവും കൂട്ടരുമായിരുന്നുവെന്നും (3) ബുഖ്ത്തുനസ്സറും (بختنصر) സൈന്യവുമായിരുന്നുവെന്നുമാണ് ആ അഭിപ്രായങ്ങൾ.

ഇവയിൽ മൂന്നാമത്തെ അഭിപ്രായത്തിനാണ് കൂടുതൽ ന്യായം കാണുന്നത് الله اعلم ജാലൂത്തിനെപ്പറ്റി സൂറുത്തുൽബഖറയിൽ വിവരിച്ചുകഴിഞ്ഞിട്ടുണ്ട്. ഇസ്റാഈല്യരുടെ നേരെ പടയെടുക്കുകയും, വമ്പിച്ച നാശനഷ്ടങ്ങൾ വരുത്തിവെക്കുകയും നിർദ്ദയം കൊന്നൊടുക്കുകയും ചെയ്ത ഒരു ബാബിലോണ്യൻ രാജാവായിരുന്നു സൻഹാരിബ്. (*) ബുഖ്ത്തുനസ്സറും ഒരു ബാബിലോണ്യൻ രാജാവായിരുന്നു. ഇയാൾ ബൈത്തുൽ മുഖദ്ദസിലെ പള്ളിയും, ഇസ്റാഈല്യരുടെ മതസംസ്ക്കാര ചിഹ്നങ്ങളും, സ്വത്തുക്കളുമെല്ലാം തകർക്കുകയും അവരെ കൂട്ടത്തോടെ ബന്ധനസ്ഥരാക്കി ബാബിലോണിലേക്ക് കൊണ്ടുപോവുകയും ചെയ്തു. (†) ബാബിലോണ്യരുടെ ആക്രമങ്ങളിൽ തൗറാത്തിൻെറ പകർപ്പുകളെല്ലാം- സാക്ഷാൽ തൗറാത്തു പോലും-അഗ്നിക്കിരയാക്കപ്പെടുകയുണ്ടായി. (പിന്നീട് കുറെ കാലത്തിനുശേഷം സ്വന്തം ഓർമ്മയിൽ നിന്നും മറ്റുമായിട്ടാണ് ഉസൈർ (عليه السلام)ൻെറ കാലത്ത് അത് പുനർലേഖനം ചെയ്യപ്പെട്ടത് എന്ന് പറയപ്പെടുന്നു.

ഒന്നാമത്തെ പ്രാവശ്യം ഇസ്റാഈല്യർ അനുഭവിക്കേണ്ടിവന്ന ശിക്ഷകൊണ്ടുദ്ദേശ്യം ഈ മൂന്നിൽ ഏതായിരുന്നാലും ശരി, പിന്നീട് അതിനുശേഷം ക്രമേണഅവരുടെ സ്ഥിതിഗതി മാറി. അവർ നന്നായിത്തീരുകയും അന്യരുടെ അടിമത്തത്തിൽ നിന്ന് മോചനം നേടുകയും ചെയ്തു. രാജ്യവും രാഷ്ട്രവും പുനർനിർമ്മാണം ചെയ്യുവാനും, സംസ്കാരവും പ്രതാപവും നിറഞ്ഞ ഭരണങ്ങൾ സ്ഥാപിക്കുവാനും അവർക്ക് കഴിഞ്ഞു. ജനസംഖ്യയിലും, സമ്പൽസമൃദ്ധിയിലും അവർ മികച്ചുനിലക്കുകയും ചെയ്തു. പല രാജാക്കൻമാരും പ്രവാചകൻമാരും അവരെ നയിക്കുവാനുമുണ്ടായിരുന്നു. ഇതിനെപ്പറ്റിയാണ് 6-ാം വചനത്തിൽ പ്രസ്താവിക്കുന്നത്. അവരുടെ സ്വന്തം നിലപാട് നന്നായിതീർന്നപ്പോഴാണ് അവരുടെ ദുസ്ഥിതി മാറി നൻമ കൈവന്നതെന്നും, മനുഷ്യൻ ചെയ്യുന്ന നൻമതിൻമകളുടെ ഫലം ഇഹത്തിലും പരത്തിലും അവൻ അനുഭവിക്കേണ്ടിവരുമെന്നും അതോടൊപ്പം 7-ാം വചനത്തിൽ ആദ്യവാക്യങ്ങളിൽ ചൂണ്ടിക്കാട്ടിയിരിക്കുന്നു.

കാലക്രമത്തിൽ ഇസ്റാഈല്യരുടെ നില വീണ്ടും പഴയപടിയായിത്തീർന്നു. മതമൂല്യങ്ങൾക്ക് വില കൽപിക്കാതായി. ശിർക്കിലും തോന്നിയവാസങ്ങളിലും മുഴുകി. ഈ ഘട്ടത്തെപ്പറ്റിയുള്ള മുന്നറിയപ്പാണ് 7-ാം വചനത്തിൽ പിന്നീട് പറയുന്നത് എന്നത്രെ ഖുർആൻ വ്യാഖ്യാതക്കളുടെ പൊതുവെയുള്ള അഭിപ്രായം. മുമ്പ് നിങ്ങളുടെ ശത്രുക്കൾ നിങ്ങളിൽ വരുത്തിത്തീർത്ത അതേമാതിരി നാശനഷ്ടങ്ങളും ആക്രമ മർദ്ദനങ്ങളും വീണ്ടും അഴിച്ചുവിടുമാറ് നിങ്ങളിൽ

---

* ക്രി. മു. 701ൽ സൻഹേരീബ് സിരിയാ രാജ്യത്തെ ആക്രമിച്ചു. നാൽപത്താറ് കോട്ടകൾ പിടിച്ചു. രണ്ടുലക്ഷം ജനങ്ങളെ അടിമകളാക്കി നാട്ടിലേക്കു കൊണ്ടുപോയി....പിന്നീടു യെരൂശലേ പട്ടണത്തെ വളഞ്ഞു. (വേ. പു. നിഘണ്ടു: പേ:28)

† നെബൂഖദ് നേസർ (ബുഖ്ത്തുനസ്സർ) ക്രി. മു. 604 മുതൽ 561 വരെ രാജ്യം ഭരിച്ചു...യെരൂശലേമിനെ വീണ്ടും വന്ന് നിരോധിച്ചു. അതിലെ ജനങ്ങളെ ആസകലം ബന്ധസ്ഥരാക്കി ബാബിലോണ്യായിലേക്കു കൊണ്ടുപോയി, ശലൈമോൺ (സുലൈമാൻ നബി) പണിത ദേവാലയത്തെ (ബൈത്തുൽ മുഖദ്ദസ് പള്ളിയെ) ക്രി. മു. 586-ൽ ഇവൻ നിശ്ശേഷം നശിപ്പിച്ചു. (വേ. പു. നി. പേജ്: 209 & 390.)

അല്ലാഹു ശത്രുക്കളെ നിയോഗിക്കുമെന്നുസാരം. രണ്ടാംപ്രാവശ്യം ഇസ്റാഈല്യർ അനുഭവിക്കേണ്ടി വന്ന യാതനകൾ ആരുടെ കൈകൊണ്ടാണ് അനുഭവപ്പെട്ടതെന്ന് നിർണ്ണയിച്ച് പറയത്തക്ക തെളിവുകളില്ല. ചില റോമൻ കൈസർമാരുടെകാലത്ത് ഇസ്രാഇല്യർ കണക്കറ്റ അക്രമങ്ങൾക്ക് വിധേയരാകേണ്ടിവന്നിട്ടുണ്ട്. ജൂദ-ക്രിസ്തീയ ചരിത്രങ്ങളിൽ ഇവയുടെ നീണ്ട പട്ടിക തന്നെ കാണാം. ഇവയിൽപെട്ട ഏതെങ്കിലുമായിരിക്കാം ഉദ്ദേശ്യം. അല്ലാഹുവിനറിയാം. ഏതായാലും ഇമാം റാസീ (ﷺ)മുതലായവർ ചൂണ്ടിക്കാട്ടിയതുപോലെ-ഏതുകാലത്ത്, ആരുടെ കൈക്കാണത് സംഭവിച്ചതെന്ന് നിർണ്ണയിച്ചറിയായ്കകൊണ്ട് ഈ വചനങ്ങൾ നൽകുന്ന പാഠങ്ങൾ മനസ്സിലാക്കുന്നതിന് തടസ്സമൊന്നുമില്ലല്ലോ.

അവസാനം ചില കാര്യങ്ങൾ അല്ലാഹു അവരെ ഓർമ്മിപ്പിക്കുകയും ചെയ്തിരിക്കുന്നു: (1) عسى ربكم ان يرحمكم (നിങ്ങളുടെ റബ്ബ് നിങ്ങൾക്ക് കരുണ ചെയ്തേക്കാം) നിങ്ങളുടെ അക്രമങ്ങൾ നിമിത്തം രണ്ടുപ്രാവശ്യം അല്ലാഹുവിൻെറ കോപത്തിന് പാത്രമാകേണ്ടിവന്നാലും അവൻെറ കാരുണ്യത്തെക്കുറിച്ചു നിങ്ങൾ നിരാശപ്പെടേണ്ടതില്ല. നിങ്ങളുടെ സ്ഥിതിഗതികൾ നിങ്ങൾ നന്നാക്കിത്തീർത്താൽ അവൻെറ കാരുണ്യം നിങ്ങൾക്ക് ലഭിക്കുക തന്നെ ചെയ്യും എന്നു സാരം. ഈ വാഗ്ദാനം അല്ലാഹു അവരിൽ പാലിക്കുക തന്നെ ചെയ്തിട്ടുണ്ടെന്നും എല്ലാ നിലക്കും ആ സമുദായം അഭിവൃദ്ധിപ്പെടുകയുണ്ടായിട്ടുണ്ടെന്നും അവരുടെ ചരിത്രം പരിശോധിച്ചാൽ അറിയാവുന്നതാണ്. (2)وان عدتم عدنا (നിങ്ങൾ ആവർത്തിച്ചാൽ നാമും ആവർത്തിക്കും.) അതായത് പിന്നെയും നിങ്ങളുടെ നില മുമ്പുണ്ടായതുപോലെ വഷളായിത്തീരുന്ന പക്ഷം നിങ്ങളുടെമേൽ അല്ലാഹു നടപടി എടുക്കുവാൻ മടിക്കുകയില്ലെന്ന് താൽപര്യം. ഈ മുന്നറിയിപ്പും അവരിൽ സാക്ഷാൽകൃതമാകുകയുണ്ടായി. തൗറാത്തിൻെറയും പ്രവാചകൻമാരുടെയും അദ്ധ്യാപനങ്ങളിൽ നിന്ന് അകന്നകന്ന് കൊണ്ടിരുന്ന അവർ, നബി (ﷺ) തിരുമേനി നിയോഗിക്കപ്പെട്ടപ്പോൾ തിരുമേനിയുടെയും ഇസ്ലാമിൻെറയും കഠിന ശത്രുക്കളായിത്തീർന്നു. നബി (ﷺ)ക്കും ഇസ്ലാമിനുമെതിരിൽ അവർ സ്വീകരിച്ച നിലപാട് കുപ്രസിദ്ധമാണ്. അതിൻഫലമായി മുസ്ലിംകളുടെ കൈക്കു പല അവശതകളും അവർ അനുഭവിക്കേണ്ടി വരുകയും ഒടുക്കം അറേബ്യയിൽ നിന്നു കൂട്ടത്തോടെ അവർ നാടുകടത്തപ്പെടുകയും ചെയ്തു.

ഇസ്ലാമിക ഭരണത്തിൻെറ ആദ്യകാലങ്ങളിൽ മുസ്ലിംകൾക്ക് അധീനപ്പെട്ടുകൊണ്ട് കുറെയൊക്കെ ശാന്തമായി കഴിഞ്ഞുകൂടിയശേഷം ദുസ്വാർത്ഥങ്ങൾമൂലം ഇസ്ലാമിനെതിരെയുള്ള ഗൂഢപ്രവർത്തനങ്ങളിൽ അവർ ഏർപ്പെട്ടുകൊണ്ടേയിരുന്നു. അടുത്തകാലം വരെ അവഹേളിക്കപ്പെട്ട ഒരധമ സമൂഹമായിക്കൊണ്ടല്ലാതെ ലോകത്ത് ജീവിക്കുവാൻ അവർക്ക് കഴിഞ്ഞിട്ടില്ല. നാല് ദശകങ്ങൾക്കപ്പുറം ജർമ്മനിയിലെ സർവ്വാധിപതിയായിരുന്ന ഹിറ്റ്ലരുടെ കൈക്ക് അവർ അനുഭവിക്കേണ്ടിവന്ന കൂട്ടക്കൊലകളുടെയും കഷ്ടതകളുടെയും കഥ പ്രസിദ്ധമാകുന്നു. ഇപ്പോൾ, ഹിറ്റ്ലറുടെ എതിരാളികളായിരുന്ന വൻകോയ്മകളുടെ ഇടപെടൽ നിമിത്തം അവരുടെ വകയായി ഫലസ്തീനിൽ ഒരു ഇസ്രഈൽ രാഷ്ട്രം സ്ഥാപിക്കപ്പെട്ടതോടെ മുസ്ലിംകൾക്കെതിരിൽ അവരുടെ ധിക്കാരവും വൈരവും പൂർവ്വാധികം ശക്തിപ്പെട്ടു കൊണ്ടിരിക്കുന്ന വസ്തുത ഇന്നാരെയും പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. ഇതിൻെറ ഫലം ഇന്നല്ലെങ്കിൽ നാളെ, ഒരു കൂട്ടരുടെ കൈക്കല്ലെങ്കിൽ മറ്റൊരു കൈക്ക് അവർ അനുഭവിക്കാതിരിക്കുകയില്ലെന്നുള്ളതിൽ സംശയമില്ല. ''നിങ്ങൾ ആവർത്തിച്ചാൽ നാമും ആവർത്തിക്കു''മെന്ന് അല്ലാഹു പറഞ്ഞ വാക്ക് പുലരാതിരിക്കുകയില്ല.

(3) وجعلنا جهنم للكافرين حصيرا (അവിശ്വാസികൾക്ക് നാം ജഹന്നമിനെ തടങ്ങൽ സ്ഥാനമാക്കുകയും ചെയ്തിരിക്കുന്നു.) മേൽ കണ്ടതെല്ലാം ഈ ലോകത്ത് വെച്ചുതന്നെയുള്ള നടപടികളാണ്. ഇതുകൊണ്ട് അവരുടെ മേലുള്ള നടപടി അവസാനിക്കുന്നില്ല. ഇസ്റാഈല്യരായ അവിശ്വാസികളടക്കം എല്ലാ അവിശ്വാസികൾക്കും പരലോകത്ത് നരകമായിരിക്കും ആധാരമെന്ന് സാരം. ഇസ്റാഈല്യരെ അഭിമുഖികരിച്ചും, അവരുടെ ചരിത്രമെന്ന നിലക്കുമാണ് ഈ വചനങ്ങൾ നിലകൊള്ളുന്നതെങ്കിലും സത്യവിശ്വാസികൾക്ക് അവരുടെ ചരിത്രത്തിൽ നിന്ന്

പാഠങ്ങൾ പഠിക്കുവാനുണ്ടെന്ന് തീർച്ച. അതിനുവേണ്ടിയാണ് അല്ലാഹു ഖുർആനിൽ ഇത് പ്രസ്താവിച്ചിരിക്കുന്നതും. ഇസ്രാഈൽ സമുദായത്തെപ്പോലെ മുസ്‌ലിം സമുദായം ധിക്കാരത്തിൽ മുഴുകിയാൽ അവരും ഇതുപോലെ ഇഹത്തിലും പരത്തിലും അല്ലാഹുവിൻെറ ശിക്ഷാ നടപടികൾക്ക് പാത്രമാകേണ്ടിവരുമെന്നുള്ളതിന് പുറമെ മറ്റൊരു പാഠം കൂടി നാം ഇതിൽ നിന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. അതായത്, ഇസ്റാഈല്യർക്ക് നേരിട്ട കഷ്ടനഷ്ടങ്ങൾ സംഭവിച്ചത് അവരെക്കാൾ സത്യവിശ്വാസത്തിലും സൻമാർഗ്ഗത്തിലും മികച്ചുനിന്നിരുന്ന മറ്റൊരു സമുദായത്തിൻെറ കൈക്കായിരുന്നില്ല. വിശ്വാസാചരങ്ങളിൽ അവരെക്കാൾ ദുഷിച്ച ചില സമുദായക്കാരുടെ കൈക്കായിരുന്നു അത്. അതുപോലെ മുസ്‌ലിം സമുദായം ദുഷിക്കുമ്പോഴും അവരെക്കാൾ ദുഷിച്ച മറ്റൊരു കൂട്ടരുടെ കൈക്കാവാം അവർ പരീക്ഷിക്കപ്പെടുന്നതും. ചരിത്രം പരിശോധിച്ചാൽ ഈ യാഥാർത്ഥ്യത്തിൻെറ ഉദാഹരണങ്ങൾ പലതും മുസ്‌ലിം സുദായത്തിൽ ഇതഃ പര്യന്തം കഴിഞ്ഞുപോയിട്ടുണ്ടുതാനും. അല്ലാഹു സമുദായത്തിന് സൻമാർഗ്ഗവും തൻേറടവും പ്രദാനം ചെയ്യട്ടെ. ആമീൻ.

9 നിശ്ചയമായും, ഈ ഖുർആൻ ഏറ്റവും ചൊവ്വായ (അഥവാ ബലവത്തായ) തിലേക്ക് മാർഗ്ഗദർശനം നൽകുന്നു, സൽകർമ്മങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലുതായ പ്രതിഫലം ഉണ്ടെന്ന് അതവരെ സന്തോഷ വാർത്ത അറിയിക്കുകയും ചെയ്യുന്നു;-	إِنَّ هَٰذَا ٱلْقُرْءَانَ يَهْدِى لِلَّتِى هِىَ أَقْوَمُ وَيُبَشِّرُ ٱلْمُؤْمِنِينَ ٱلَّذِينَ يَعْمَلُونَ ٱلصَّٰلِحَٰتِ أَنَّ لَهُمْ أَجْرًا كَبِيرًا ﴿٩﴾
10 പരലോകത്തിൽ വിശ്വസിക്കാത്തവരാകട്ടെ, അവർക്കു നാം വേദനയേറിയ ശിക്ഷ ഒരുക്കിവെച്ചിരിക്കുന്നുവെന്നും.	وَأَنَّ ٱلَّذِينَ لَا يُؤْمِنُونَ بِٱلْءَاخِرَةِ أَعْتَدْنَا لَهُمْ عَذَابًا أَلِيمًا ﴿١٠﴾

വിഭാഗം–2

11 മനുഷ്യൻ ഗുണത്തിന് പ്രാർത്ഥിക്കുന്ന പ്രകാരം, അവൻ ദോഷത്തിനും പ്രാർത്ഥിക്കുന്നു. മനുഷ്യൻ ഒരു ധൃതി കൂട്ടുന്നവനാകുന്നുതാനും.	وَيَدْعُ ٱلْإِنسَٰنُ بِٱلشَّرِّ دُعَآءَهُۥ بِٱلْخَيْرِ ۖ وَكَانَ ٱلْإِنسَٰنُ عَجُولًا ﴿١١﴾

---

9 **إن هذا** നിശ്ചയമായും ഇത്. **القُرآنَ** (ഈ) ഖുർആൻ. **يهدي** മാർഗ്ഗദർശനം നൽകുന്നു, വഴികാട്ടും. **للتي** യാതൊന്നിലേക്ക്. **هي** അത് . **أقْوَم** ഏറ്റം ചൊവ്വായതാണ്, കൂടുതൽബലവത്താണ്. **ويبشر** അത് സന്തോഷമറിയിക്കുകയും ചെയ്യുന്നു. **المؤمنين** സത്യവിശ്വാസികളെ. **الذين يعملُونَ** പ്രവർത്തിക്കുന്നവരായ. **الصالحات** സൽക്കർമ്മളെ. **أن لهم** അവർക്കുണ്ടെന്ന്. **أجرا** പ്രതിഫലം, കൂലി. **كَبيرا** വലിയ.10 **وأن الذين لا يؤمنونَ** വിശ്വസിക്കാത്തവർ എന്നും. **بالآخرة** പരലോകത്തിൽ. **أعْتدنا** നാം ഒരുക്കിവെച്ചിരിക്കുന്നു(എന്നും). **لهم** അവർക്ക്. **عذَابًا** ശിക്ഷ. **أليما** വേദനയേറിയ. 11 **ويدع** പ്രാർത്ഥിക്കുന്ന. **الإِنسانُ** മനുഷ്യൻ. **بِالشر** ദോഷത്തിന്, തിൻമയെക്കുറിച്ച്. **دعاءَه** അവൻെറ പ്രാർത്ഥന. **بِالخير** ഗുണത്തിന്, നൻമയെപ്പറ്റി. **وكانَ الإِنسانُ** മനുഷ്യൻ ആകുന്നു (ആയിരിക്കുന്നു) താനും. **عجولاً** ധൃതികൂട്ടുന്നവൻ.

മനുഷ്യസഹജമായ ഒരു സ്വഭാവദോഷമാണ് അല്ലാഹു ചൂണ്ടിക്കാട്ടുന്നത്. അനിഷ്ടകരമായ വല്ല കാര്യവും വന്നുഭവിക്കുമ്പോഴേക്കും അവൻ അക്ഷമനും വികാരഭരിതനുമായിത്തീരുന്നു. തനിക്കോ, തൻെറ മക്കൾ, സ്വത്തുക്കൾ മുതലായവക്കോ ദോഷകരമായ പ്രാർത്ഥനകളും ശാപവാക്കുകളും അവനിൽ നിന്നുണ്ടാകുന്നു. 'ഞാൻ മരിച്ചെങ്കിൽ! ഇവൻ നശിച്ചാൽ നന്നായിരുന്നു! തുലഞ്ഞു നശിക്കട്ടെ!' എന്നിത്യാദി പലതും അവൻെറ നൻമക്കുവേണ്ടി ധൃതിപ്പെടുന്ന അതേ രൂപത്തിൽ തിൻമക്കും അവൻ ധൃതികൂട്ടികൊണ്ടിരിക്കും. ഭവിഷ്യത്തിനെപ്പറ്റി ചിന്തിക്കുവാനോ, ദീർഘദൃഷ്ടിയോടുകൂടി കാര്യങ്ങളെ വിലയിരുത്തുവാനോ ഭാവിയെക്കുറിച്ചുള്ള സുപ്രതീക്ഷയോടുകൂടിയിരിക്കുവാനോ അവന് കഴിയാതെ പോകുന്നു. പക്ഷേ, അവൻെറ കഥകേടും അക്ഷമയുമെല്ലാം അറിയുന്നവനും, പരമ കാരുണികനുമാണല്ലോ അല്ലാഹു. അതുകൊണ്ട് അത്തരം പ്രാർത്ഥനകളെ അപ്പടി സ്വീകരിക്കാതെ അല്ലാഹു അവനോട് വിട്ടുവീഴ്ച കാണിക്കുകയാണ് ചെയ്യുന്നത് എന്നു താൽപര്യം. അല്ലാഹു പറയുന്നു: ولو يجعل الله للناس الشر استعجالهم بالخير لقضي اليهم اجلهم - يونس (സാരം: മനുഷ്യർ ഗുണത്തിന് ധൃതി കാണിക്കുന്ന പ്രകാരം അല്ലാഹു അവർക്ക് ദോഷത്തെ ധൃതികൂട്ടിക്കൊടുക്കുമായിരുന്നെങ്കിൽ അവർക്ക് അവരുടെ അവധി തീരുമാനമാക്കപ്പെടുക തന്നെ ചെയ്യുമായിരുന്നു. (10:11) ഒരു ഹദീസിൽ നബി (ﷺ) പറയുന്നു. ''നിങ്ങളുടെ സ്വന്തങ്ങൾക്കോ, നിങ്ങളുടെ സ്വത്തുക്കൾക്കോ എതിരായി പ്രാർത്ഥിക്കരുത്. അല്ലാഹു പ്രാർത്ഥനകൾക്കുത്തരം ചെയ്യുന്ന വല്ല സമയവുമായി ഒത്തുകൂടിയെന്നുവരാം'' (മു.) അഥവാ അതിന് ഇടവരുന്നത് സൂക്ഷിക്കണമെന്നർത്ഥം.

وَجَعَلْنَا ٱلَّيْلَ وَٱلنَّهَارَ ءَايَتَيْنِ ۖ فَمَحَوْنَآ ءَايَةَ ٱلَّيْلِ وَجَعَلْنَآ ءَايَةَ ٱلنَّهَارِ مُبْصِرَةً لِّتَبْتَغُوا۟ فَضْلًا مِّن رَّبِّكُمْ وَلِتَعْلَمُوا۟ عَدَدَ ٱلسِّنِينَ وَٱلْحِسَابَ ۚ وَكُلَّ شَىْءٍ فَصَّلْنَٰهُ تَفْصِيلًا ﴿١٢﴾

12 രാത്രിയെയും, പകലിനെയും നാം രണ്ടു ദൃഷ്ടാന്തങ്ങളാക്കിയിരിക്കുന്നു. എന്നാൽ, രാത്രിയാകുന്ന ദൃഷ്ടാന്തത്തെ നാം മായിച്ചു (ഇരുട്ടിയതാക്കി) വെച്ചു; നിങ്ങളുടെ റബ്ബിങ്കൽ നിന്നുള്ള അനുഗ്രഹം നിങ്ങൾ തേടിയെടുക്കാൻ വേണ്ടി പകലാകുന്ന ദൃഷ്ടാന്തത്തെ നാം കാണത്തക്ക (വെളിച്ചമുള്ള) താക്കുകയും ചെയ്തിരിക്കുന്നു; നിങ്ങൾ കൊല്ലങ്ങളുടെ എണ്ണവും, കണക്കും അറിയുവാൻ വേണ്ടിയും. എല്ലാ കാര്യവും തന്നെ, നാമത് വിസ്തരിച്ച് വിശദീകരിച്ചിരിക്കുന്നു. (ആവശ്യമായതൊന്നും നാം വിവരിക്കാതിരുന്നിട്ടില്ല.)

---

12 **وجعلنا** നാം ആക്കിയിരിക്കുന്നു. **الليلَ** രാത്രിയെ. **والنهار** പകലിനെയും. **آيتين** രണ്ട് ദൃഷ്ടാന്തങ്ങൾ. **فَمحونا** എന്നാൽ (എന്നിട്ടു-അങ്ങനെ) നാം മായിച്ചു. **آيةَ الليل** രാത്രിയുടെ (രാത്രിയാകുന്ന) ദൃഷ്ടാന്തത്തെ. **وجعلنا** നാം ആക്കുകയും ചെയ്തു. **آيةَ النهار** പകലിൻെറ (പകലാകുന്ന) ദൃഷ്ടാന്തത്തെ. **مبصرةً** കാണത്തക്കത് (കാണാവുന്നത്). **لتبتغوا** നിങ്ങൾ തേടു, (തേടിയെടുക്കു-അന്വേഷിക്കു)വാൻവേണ്ടി. **فَضلاً** അനുഗ്രഹത്തെ, ദയവിനെ. **من ربكُم** നിങ്ങളുടെ റബ്ബിങ്കൽ നിന്നുള്ള. **ولتعلموا** നിങ്ങൾ അറിയുവാൻ വേണ്ടിയും. **عدد** എണ്ണം. **السنِين** കൊല്ലങ്ങളുടെ. **والحساب** കണക്കും. **وكُلّ شيءٍ** എല്ലാ കാര്യവും (വസ്തുവും). **فَصلناه** നാമതിനെ വിശദീകരിച്ചിരിക്കുന്നു. **تفصِيلاً** ഒരു (നല്ല) വിശദീകരണം.

ശാന്തത, സ്വസ്ഥത, വിശ്രമം എന്നിവക്ക് ഉതകുമാറ് രാത്രിയെ ഇരുട്ടുമയമാക്കിയത്, ഉപജീവന മാർഗ്ഗങ്ങളും ഉദ്ദിഷ്ട കാര്യങ്ങളും അന്വേഷിച്ച് നേടിയെടുക്കാൻ സാധിക്കുമാറ് പകലിനെ വെളിച്ചമയമാക്കിയത്, രാവും പകലും മാറി മാറിക്കൊണ്ട് വരുന്നത് എന്നിവയിലൊക്കെ

അല്ലാഹുവിൻെറ മഹിതമഹത്വങ്ങൾക്കും അനുഗ്രഹങ്ങൾക്കും പല ദൃഷ്ടാന്തങ്ങളും അടങ്ങിയിരിക്കുന്നു. അതുകൊണ്ട് ഈ വിഷയങ്ങളെക്കുറിച്ച് അല്ലാഹു പലപ്പോഴും ഖുർആനിൽ ഉണർത്തിക്കാണാം. രാപ്പകലുകളുടെ മാറ്റത്തിൽ നിന്നാണല്ലോ സമയങ്ങളുടെയും മറ്റും കണക്കുകൾ നിർണ്ണയിക്കപ്പെടുന്നത്. സൂ:ഖസ്വസ്വ് 71, 72 വചനങ്ങളിൽ അല്ലാഹു ചൂണ്ടിക്കാണിച്ചതുപോലെ, സദാസമയവും പകലോ, രാത്രിയോ മാത്രമായിരുന്നാലത്തെ അവസ്ഥയെന്തായിരിക്കും?! ആലോചിച്ച് നോക്കുക!

13 എല്ലാ മനുഷ്യന്നും തന്നെ, അവൻെറ ശകുനം അവൻെറ കഴുത്തിൽ നാം ഏർപ്പെടുത്തി (ഉറപ്പിച്ചു) വെച്ചിരിക്കുന്നു. ഖിയാമത്തു നാളിൽ അവന് ഒരു ഗ്രന്ഥം (രേഖ) നാം വെളിക്കുകൊണ്ടുവരുകയും ചെയ്യും; (തുറന്ന്) വിരുത്തപ്പെട്ടതായി അതവൻ കണ്ടെത്തുന്നതാണ്.

وَكُلَّ إِنسَٰنٍ أَلْزَمْنَٰهُ طَٰٓئِرَهُۥ فِى عُنُقِهِۦ ۖ وَنُخْرِجُ لَهُۥ يَوْمَ ٱلْقِيَٰمَةِ كِتَٰبًا يَلْقَىٰهُ مَنشُورًا ﴿١٣﴾

14 (പറയപ്പെടും:) ''നിൻെറ ഗ്രന്ഥം നീ വായിച്ചു കൊള്ളുക!- നിൻെറ പേരിൽ കണക്കുനോക്കുന്നവനായി ഇന്ന് നീ തന്നെ മതി!''

ٱقْرَأْ كِتَٰبَكَ كَفَىٰ بِنَفْسِكَ ٱلْيَوْمَ عَلَيْكَ حَسِيبًا ﴿١٤﴾

---

13 **وكُلّ إنسان** എല്ലാ മനുഷ്യനും. **ألْزمناه** അവന് നാം ഏർപ്പെടുത്തിവെച്ചിരിക്കുന്നു (അനിവാര്യമാക്കി- വേറിടാതാക്കിയിരിക്കുന്നു). **طائره** അവൻെറ ശകുനം, ലക്ഷണം. **في عنقه** അവൻെറ കഴുത്തിൽ. **ونخرج** നാം പുറപ്പെടുവിക്കുക (വെളിക്ക് കൊണ്ടുവരുക)യും ചെയ്യും. **له** അവന്. **يوم القيامة** ഖിയാമത്തുനാളിൽ. **كتابا** ഒരു ഗ്രന്ഥം, രേഖ. **يلْقاه** അതവൻ കാണും, കണ്ടെത്തും. **منشورا** വിരുത്ത(നിവർത്ത)പ്പെട്ടതായി. 14 **اقْرأ** വായിക്കുക. **كتابك** നിൻെറ ഗ്രന്ഥം. **كفَى** മതി. **بِنفْسِك** നീ തന്നെ, നിൻെറ സ്വന്തം. **اليوم** ഇന്ന്. **عليك** നിൻെറ പേരിൽ. **حسيبا** കണക്ക് നോക്കുന്നവനായി

കൂട്ടിൽനിന്ന് പക്ഷികൾ വലത്തോട്ട് പാറിയാൽ ശുഭം, ഇടത്തോട്ട് പാറിയാൽ അശുഭം എന്നും മറ്റും പക്ഷികളുടെ ചലനം നോക്കി ശകുനം നിശ്ചയിക്കുന്ന ഒരു പതിവ് അറബികൾക്കുണ്ടായിരുന്നു. ഇതിൽ നിന്ന് 'പക്ഷി' എന്നർത്ഥമുള്ള **طائر** (ത്വാ ഇർ) എന്ന വാക്ക് 'ശകുനം' എന്ന അർത്ഥത്തിലും ഉപയോഗിക്കപ്പെട്ട് വന്നു. ഇവിടെയും ഈ അർത്ഥമാണ് അതിനുള്ളത്. പക്ഷേ, ഇവിടെ പക്ഷിയല്ല-മനുഷ്യകർമ്മങ്ങളാണ്-പക്ഷി (ശകുനം) എന്നതുകൊണ്ട് വിവക്ഷ. ഈ വചനങ്ങളിൽ പ്രസ്താവിച്ചതിൻെറ സാരം ഇപ്രകാരമാകുന്നു:-

ഓരോരുത്തന്റെയും ശകുനം അവന്റെ കഴുത്തിൽ കെട്ടിത്തൂക്കി വെച്ചിട്ടുള്ള താലിപോലെ അവനോടൊപ്പം തന്നെ സ്ഥിതി ചെയ്യുന്നു. ഓരോരുത്തന്റെയും കർമ്മങ്ങളെ ആശ്രയിച്ചാണ് അവന്റെ ശുഭാശുഭ ഫലങ്ങൾ നിലകൊള്ളുന്നത്. പക്ഷികളെയോ മറ്റോ ആശ്രയിച്ചല്ല അത്. അതിന് പുറമെ, ഖിയാമത്തുനാളിൽ, ഓരോരുവന്റെയും സകല കർമ്മങ്ങളും സവിസ്തരം രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ഒരു രേഖാഗ്രന്ഥം അവന്റെ കയ്യിൽ കൊടുക്കപ്പെടുകയും ചെയ്യും. അതിൽ എല്ലാം അവന് വ്യക്തമായി രേഖപ്പെടുത്തി കാണാവുന്നതായിരിക്കും. അത് കാണുമ്പോൾ, തന്റെ ഗുണദോഷങ്ങളെയും, രക്ഷാശിക്ഷകളെയും, നേട്ടകോട്ടങ്ങളെയും കുറിച്ച് ഓരോരുത്തർക്കും ശരിക്കും വ്യക്തമാകുന്നതാണ്. പരസഹായമൊന്നും കൂടാതെ, തന്റെ കണക്ക് തികച്ചും തനിക്കുതന്നെ പരിശോധിച്ചറിയാം.

مَّنِ ٱهْتَدَىٰ فَإِنَّمَا يَهْتَدِى لِنَفْسِهِۦ ۖ وَمَن ضَلَّ فَإِنَّمَا يَضِلُّ عَلَيْهَا ۚ وَلَا تَزِرُ وَازِرَةٌ وِزْرَ أُخْرَىٰ ۗ وَمَا كُنَّا مُعَذِّبِينَ حَتَّىٰ نَبْعَثَ رَسُولًا ﴿١٥﴾

15 ആര്‍ നേര്‍മ്മാര്‍ഗ്ഗം പ്രാപിച്ചുവോ അവന്‍, തന്‍റെ സ്വന്തത്തിന് വേണ്ടിത്തന്നെയാണ് നേര്‍മ്മാര്‍ഗ്ഗം പ്രാപിക്കുന്നത്. ആര്‍ വഴിപിഴച്ചുവോ അവന്‍, അതിനെതിരായിത്തന്നെയാണ് വഴിപിഴക്കുന്നതും. കുറ്റം വഹിക്കുന്ന ഒരു ദേഹവും (അഥവാ ആത്മാവും) മറ്റൊന്നിന്‍റെ കുറ്റം വഹിക്കുകയില്ല. ഒരു റസൂലിനെ അയക്കുന്നതു വരെ നാം (ആരെയും) ശിക്ഷിക്കുന്നവരായിരിക്കില്ലതാനും.

---

15 **من** ആര്‍, ആരെങ്കിലും, യാതൊരുവന്‍. **اهتدى** നേര്‍മ്മാര്‍ഗ്ഗം പ്രാപിച്ചു(എങ്കില്‍) . **فإنما يهتدي** എന്നാലവന്‍ നേര്‍മാര്‍ഗ്ഗം പ്രാപിക്കുന്നത്. **لنفسه** തനിക്കുവേണ്ടി തന്നെ, തന്‍റെ സ്വന്തത്തിനു വേണ്ടി മാത്രം. **ومن** ആരെങ്കിലും, വല്ലവനും. **ضل** വഴിപിഴച്ചു (എങ്കില്‍). **فإنما يضل** എന്നാലവന്‍ വഴി പിഴക്കുന്നത്. **عليها** അതിന്‍റെമേല്‍ (എതിരില്‍)തന്നെ. **ولا تزر** (കുറ്റം) പേറുക (വഹിക്കുക)യില്ല. **وازرةٌ** ഒരു (കുറ്റം) പേറിയ ദേഹം (ആള്‍). **وزر** കുറ്റത്തെ, കുറ്റഭാരം. **أخرى** മറ്റേതിന്‍റെ, മറ്റൊന്നിന്‍റെ. **وما كنّا** നാമായിരിക്കുകയുമില്ല. **معذبين** ശിക്ഷിക്കുന്നവര്‍. **حتى نبعثَ** നാം അയക്കുന്ന (എഴുന്നേല്‍പിക്കുന്ന)തുവരെ. **رسولاً** ഒരു റസൂലിനെ.

മനുഷ്യരുടെ രക്ഷാശിക്ഷകളില്‍ അംഗീകരിക്കപ്പെട്ടിട്ടുള്ള മൂന്ന് അടിസ്ഥാന തത്വങ്ങളാണ് ഈ വചനങ്ങളില്‍ കാണുന്നത്. (1) ഓരോ ആളുടെയും സല്‍ക്കര്‍മ്മ ദുഷ്ക്കര്‍മ്മങ്ങളുടെ ഫലം ആ ആള്‍ക്ക് തന്നെയായിരിക്കും അനുഭവപ്പെടുക. (2) ഒരാളുടെ കുറ്റം മറ്റൊരാള്‍ വഹിക്കുകയോ, വഹിക്കേണ്ടി വരുകയോ ഇല്ല. ഈ രണ്ടു വിഷയത്തെപ്പറ്റിയും അല്ലാഹു ഒന്നിലധികം സ്ഥലത്ത് പ്രസ്താവിച്ച് കാണാം. 1-ാമത്തേതിനെപ്പറ്റി 10:108;27:92;39:41 മുതലായ വചനങ്ങളിലും, 2-ാമത്തേതിനെപ്പറ്റി 6:164;35:18;39:7;53:38 മുതലായ വചനങ്ങളിലും നോക്കുക. (3) റസൂലുകളെ അയച്ച് നേര്‍മ്മാര്‍ഗ്ഗവും, ദുര്‍മ്മാര്‍ഗ്ഗവും വിവരിച്ചുകൊടുക്കാതെ അല്ലാഹു ആരെയും ശിക്ഷിക്കുകയില്ല. പ്രവാചകന്‍മാര്‍ നിയോഗിക്കപ്പെടുകയോ, പ്രവാചകന്‍മാരുടെ അദ്ധ്യാപനങ്ങളെപ്പറ്റി അറിവ് ലഭിക്കുകയോ ചെയ്തിട്ടില്ലാത്തവര്‍ വഴിപിഴിച്ചുപോകുന്നപക്ഷം, അവര്‍ ശിക്ഷാര്‍ഹരായിരിക്കയില്ല എന്ന് ഇതില്‍ നിന്ന് വ്യക്തമാകുന്നു.

പക്ഷേ, ഒരു സമുദായത്തിലും അല്ലാഹു നബിമാരെ അയക്കാതിരുന്നിട്ടില്ല. അല്ലാഹു പറയുന്നു: وان من امة الا خلافيها نذير (ഒരു സമുദായവും അതില്‍ ഒരു താക്കീതുകാരന്‍ കഴിഞ്ഞുപോകാതിരുന്നിട്ടില്ല.) (35:24) പ്രവാചകന്‍മാരുമായി നേരില്‍ ബന്ധപ്പെടുവാന്‍ കഴിയാത്തവര്‍ക്ക് അവരുടെ അദ്ധ്യാപനങ്ങളെപ്പറ്റി മറ്റു മതോപദേഷ്ടാക്കള്‍ വഴിയോ, വേദഗ്രന്ഥങ്ങള്‍ വഴിയോ അറിവായാലും മതിയല്ലോ. നരകത്തിന്‍റെ ആള്‍ക്കാരായിത്തീരുന്ന ഓരോ കൂട്ടം ആളുകളെയും അതില്‍ ഇടപ്പെടുമ്പോള്‍, നരകത്തിന്‍റെ കാവല്‍ക്കാര്‍ അവരോട് നിങ്ങള്‍ക്ക് ഒരു താക്കീതുകാരനും വന്നില്ലേ (الم يأتكم نذير) എന്ന് ചോദിക്കുമെന്നും, അപ്പോള്‍ അവര്‍: ഞങ്ങള്‍ക്ക് താക്കീതുകാര്‍ വന്നിട്ടുണ്ട്. എന്നാല്‍ ഞങ്ങള്‍ വ്യാജമാക്കുകയാണുണ്ടായതെന്നു (بلى قد جاءنا نذير فكذبنا الخ) അവര്‍ മറുപടി പറയുമെന്നും സൂറത്തുല്‍ മുല്‍കില്‍ അല്ലാഹു അറിയിച്ചിരിക്കുന്നു.

وَإِذَآ أَرَدْنَآ أَن نُّهْلِكَ قَرْيَةً أَمَرْنَا مُتْرَفِيهَا فَفَسَقُوا۟

16 ഒരു രാജ്യത്തെ നാം നശിപ്പിക്കുവാന്‍ ഉദ്ദേശിച്ചാല്‍, അതിലെ സുഖിയന്‍മാരോട് നാം കല്‍പിക്കും (അനുസരിക്കുവാന്‍

فِيهَا فَحَقَّ عَلَيۡهَا ٱلۡقَوۡلُ فَدَمَّرۡنَٰهَا تَدۡمِيرٗا ﴿١٦﴾

കൽപ്പന കൊടുക്കും); എന്നിട്ട് അവർ അതിൽ തോന്നിയവാസം പ്രവർത്തിക്കും; അങ്ങനെ, അതിൻെറമേൽ (ആ) വാക്ക് (ന്യായമായി) സ്ഥിരപ്പെടും; അപ്പോൾ, നാം അതിനെ ഒരു തകർക്കൽ തകർക്കുന്നതാണ്.

---

16 وإذا أردنا നാം ഉദ്ദേശിച്ചാൽ. أن نهلك നാം നശിപ്പിക്കുവാൻ. قرية ഒരു രാജ്യത്തെ, വല്ല രാജ്യത്തെയും. أمرنا നാം കൽപിക്കുന്നതാണ്. مترفيها അതിലെ സുഖിയൻ (സുഖലോലുപൻ)മാരോട്. ففسقوا എന്നിട്ട് (അപ്പോൾ) അവർ തോന്നിയവാസം (തെമ്മാടിത്തം-ധിക്കാരം) പ്രവർത്തിക്കും. فيها അതിൽ. فحق അപ്പോൾ സ്ഥിരപ്പെടും, ന്യായമാകും, അവകാശപ്പെടും, യഥാർത്ഥമാകും. عليها അതിൻെറ മേൽ. القول വാക്ക് (ആ പറഞ്ഞതു). فدمرناها അപ്പോൾ നാം അതിനെ തകർക്കും. تدميرا ഒരു തകർക്കൽ.

റസൂലുകൾ മുഖാന്തരം അല്ലാഹു നൽകിയിട്ടുള്ള കൽപനകളെ വകവെക്കാതെ ധിക്കരിച്ചു കൊണ്ട് രാജ്യത്തുള്ള നേതാക്കൾ, മൂപ്പൻമാർ തുടങ്ങിയ സുഖലോലുപൻമാർ തോന്നിയവാസത്തിലും, ദുർമ്മാർഗ്ഗത്തിലും മുഴുകിക്കൊണ്ടിരിക്കും. അങ്ങനെ അവരുടെ നേതൃത്വത്തിൽ നാട്ടിൽ ധാർമ്മികമായ അരാജകത്വം നടമാടുകയും അപ്പോൾ രാജ്യം ഉൻമൂല നാശത്തിന്നു അവകാശപ്പെട്ടതായിത്തീരുകയും ചെയ്യുന്നു. അപ്പോഴാണ് അല്ലാഹു അവിടെ ഉൻമൂല നാശം വരുത്തുന്നത്. അല്ലാതെ, നാട്ടുകാർ പൊതുവെ നിരപരാധികളായിരിക്കുമ്പോൾ ഒരു രാജ്യവും അല്ലാഹു നശിപ്പിക്കാറില്ല, അങ്ങിനെ അവന് ഉദ്ദേശവുമില്ല എന്ന് സാരം. എവിടെ നോക്കിയാലും തോന്നിയവാസത്തിലും, സദാചാരലംഘനങ്ങളിലും മുമ്പൻമാരായിരിക്കുക അവിടത്തെ സുഖലോലുപൻമാരായിരിക്കുമല്ലോ. പൊതുജനങ്ങളും, സാധാരണക്കാരും ക്രമേണ അവരുടെ അഭീഷ്ടങ്ങൾക്കുവഴങ്ങി അവരിൽ ലയിക്കുകയാണ് പതിവ്. അതുകൊണ്ടാണ് സുഖിയൻമാരുടെ തോന്നിയവാസത്തെപ്പറ്റി എടുത്ത് പറയുന്നത്.

وَكَمۡ أَهۡلَكۡنَا مِنَ ٱلۡقُرُونِ مِنۢ بَعۡدِ نُوحٖۗ وَكَفَىٰ بِرَبِّكَ بِذُنُوبِ عِبَادِهِۦ خَبِيرَۢا بَصِيرٗا ﴿١٧﴾

17 നൂഹിനുശേഷമായി എത്ര (യേറെ) തലമുറകളെയാണ് നാം നശിപ്പിച്ചിരിക്കുന്നത്?! തൻെറ അടിയാൻമാരുടെ പാപങ്ങളെപ്പറ്റി സൂക്ഷ്മജ്ഞനും, കണ്ടറിയുന്നവനുമായി നിൻെറ റബ്ബ് തന്നെ മതിതാനും!

---

17 وكم എത്രയാണ്, എത്രയോ. أهلكنا നാം നശിപ്പിച്ചിരിക്കുന്നു. من القرون തലമുറകളിൽ (കാലക്കാരിൽ) നിന്നും. من بعد ശേഷം, ശേഷമായിട്ട്. نوح നൂഹിൻെറ. وكفى മതിതാനും. بربك നിൻെറ റബ്ബ് (തന്നെ). بذنوب പാപങ്ങളെപ്പറ്റി. عباده തൻെറ അടിയാൻമാരുടെ. خبيرا സൂക്ഷ്മജ്ഞാനിയായിട്ട്. بصيرا കണ്ടറിയുന്നവനായിട്ട്, കാണുന്നവനായ.

നൂഹ് (عليه السلام)നബിയുടെ കാലശേഷം മുതൽ ഇതുവരെയായി മേൽ പ്രസ്താവിച്ച പ്രകാരം പൊതുശിക്ഷക്കുവിധേയരാകേണ്ടി വന്ന എത്രയോ ജനസമൂഹങ്ങൾ കഴിഞ്ഞുപോയിട്ടുണ്ട്! ഓരോ കൂട്ടരുടെയും തെറ്റുകുറ്റങ്ങൾ എന്തൊക്കെയായിരുന്നുവെന്നും, അത് എത്രമാത്രം കവി

ഞ്ഞു പോയിരുന്നുവെന്നുമൊക്കെ അല്ലാഹുവിന് ശരിക്കും സൂക്ഷ്മമായും അറിയാം. അതനുസരിച്ച് തന്നെയാണ് അവരെ അവൻ ശിക്ഷിച്ചതും. അല്ലാതെ ഒരു മൊത്തക്കണക്കിലോ, ഏകദേശ അനുമാനപ്രാകാരമോ അല്ല അല്ലാഹു അങ്ങിനെ ചെയ്തത് എന്ന് താൽപര്യം. അതുപോലെയുള്ള വല്ല പൊതുശിക്ഷക്കും ബാധ്യസ്ഥരായിത്തീർന്നേക്കാനിടയുണ്ടെന്ന് നിലവിലുള്ള ഈ മുശ്‌രിക്കുകളും ഓർത്തുകൊള്ളട്ടെ എന്നുള്ള ഒരു സൂചനകൂടി ഇതിൽ അടങ്ങിയിരിക്കുന്നു.

مَّن كَانَ يُرِيدُ ٱلْعَاجِلَةَ عَجَّلْنَا لَهُۥ فِيهَا مَا نَشَآءُ لِمَن نُّرِيدُ ثُمَّ جَعَلْنَا لَهُۥ جَهَنَّمَ يَصْلَىٰهَا مَذْمُومًا مَّدْحُورًا ﴿١٨﴾

18 ആർ (ഈ) ക്ഷണികമായതിനെ (ഐഹിക ജീവിതത്തെ) ഉദ്ദേശിച്ചു കൊണ്ടിരിക്കുന്നുവോ, അതിൽ അവന്- (അതെ) നാം വേണമെന്നു വെക്കുന്നത് നാം വേഗമാക്കിക്കൊടുക്കുന്നതാണ്; പിന്നെ, അവനു നാം 'ജഹന്നമി'നെ (നരകത്തെ) ഏർപ്പെടുത്തിക്കൊടുക്കുന്നതാണ്. അതിൽ അവൻ ആക്ഷേപിക്കപ്പെട്ടവനായും (കാരുണ്യത്തിൽനിന്നും) ആട്ടപ്പെട്ടവനായും കൊണ്ടു കടന്നെരിയും.

وَمَنْ أَرَادَ ٱلْـَٔاخِرَةَ وَسَعَىٰ لَهَا سَعْيَهَا وَهُوَ مُؤْمِنٌ فَأُو۟لَـٰٓئِكَ كَانَ سَعْيُهُم مَّشْكُورًا ﴿١٩﴾

19 ആർ പരലോകത്തെ ഉദ്ദേശിച്ചുവോ, അവൻ സത്യവിശ്വാസിയായും കൊണ്ട് അതിനു വേണ്ടി അതിൻേറതായ പരിശ്രമം പരിശ്രമിക്കുകയും ചെയ്തു (വോ), എന്നാൽ അക്കൂട്ടർ- അവരുടെ പരിശ്രമം നന്ദിപൂർവ്വം സ്വീകരിക്കപ്പെടുന്നതായിരിക്കും.

كُلًّا نُّمِدُّ هَـٰٓؤُلَآءِ وَهَـٰٓؤُلَآءِ مِنْ عَطَآءِ رَبِّكَ ۚ وَمَا كَانَ عَطَآءُ رَبِّكَ مَحْظُورًا ﴿٢٠﴾

20 എല്ലാവർക്കും-ഇക്കൂട്ടർക്കും അക്കൂട്ടർക്കും (തന്നെ)- നിൻെറ റബ്ബിൻെറ കൊടുതിയിൽ (ദാനത്തിൽ) നിന്നും നാം അയച്ചു (നീട്ടി) കൊടുക്കുന്നതാണ്. നിൻെറ റബ്ബിൻെറ കൊടുതി (ദാനം) മുടക്കം ചെയ്യപ്പെടുന്നതായിരിക്കയില്ലതാനും.

---

18 **من كَانَ** ആർ ആയിരുന്നു(വോ), ആരെങ്കിലും ആയിരുന്നാൽ. **يريد** ഉദ്ദേശിക്കും. **العَاجِلَة** ധൃതിയിൽ തീരുന്നതിനെ, വേഗം കഴിയുന്നത്, ക്ഷണികമായത്. **عجلنا** നാം ധൃതിയാക്കി (വേഗമാക്കി) കൊടുക്കും. **له** അവന്. **فيها** അതിൽ. **ما نشاءُ** നാം ഉദ്ദേശിക്കുന്നത്, വേണമെന്ന് വെക്കുന്നത്. **لمن نريد** നാം ഉദ്ദേശിക്കുന്നവർക്ക്. **ثم جعلنا** പിന്നെ നാം ആക്കും (ഏർപ്പെടുത്തും). **له** അവന്. **جهنم** ജഹന്നമിനെ. **يصلاها** അവൻ അതിൽ എരിയും, കടക്കും (കടന്നെരിയും). **مذْموما** ആക്ഷേപിക്ക(കുറ്റപ്പെടുത്ത)പ്പെട്ടവനായിട്ട്. **مدحورا** ആട്ടപ്പെട്ട(അകറ്റപ്പെട്ട)വനായി.. 19 **ومن أراد** ആർ ഉദ്ദേശിച്ചുവോ, ആരെങ്കിലും ഉദ്ദേശിച്ചാൽ. **الآخرةَ** പിന്നീടുള്ളതിനെ (പരലോകത്തെ). **وسعى لها** അതിനുവേണ്ടി പരിശ്രമിക്കുക (യത്നിക്കുക)യും (ചെയ്താൽ). **سعيها** അതിൻേറ(തായ) പരിശ്രമം. **وهو** അവൻ, അവനാകട്ടെ. **مؤمن** സത്യവിശ്വാസിയുമാണ്. **فأولئك** എന്നാൽ ആ കൂട്ടർ. **كَانَ** ആയിരിക്കും. **سعيهم** അവരുടെ പരിശ്രമം. **مشكُورا** നന്ദി ചെയ്യപ്പെടുന്ന (സന്ദിപൂർവ്വം സ്വീകരിക്കപ്പെടുന്ന)ത്.. 20 **كُلًّا** എല്ലാവർക്കും. **نمد** നാം അയച്ചുകൊടുക്കും, നീട്ടിക്കൊടുക്കും. **هؤلاءِ** ഇക്കൂട്ടർക്ക്, ഇവർക്ക്. **وهؤلاءِ** ഇക്കൂട്ടർക്കും, അവർക്കും. **من عطاءِ**

കൊടുതിയിൽ (ദാനത്തിൽ) നിന്ന്. ربك നിൻെറ റബ്ബിൻെറ. وما كانَ ആയിട്ടില്ല ആയിരിക്ക യില്ല. عطاءُ ربك നിൻെറ റബ്ബിൻെറ കൊടുതി. محظورا മുടക്കപ്പെട്ട(തടയപ്പെട്ട)ത്.

ക്ഷണികമായ ഈ ഐഹിക സുഖസൗകര്യങ്ങളെ ലക്ഷ്യം വെക്കുന്നവരിൽ അവൻ ഉദ്ദേശിക്കുന്നവർക്ക് ഇഹത്തിൽ താനുദ്ദേശിക്കുന്ന ഏതാനും ചില നേട്ടങ്ങൾ അല്ലാഹു തൽക്കാലം നൽകിയേക്കും. എല്ലാവർക്കും പൂർണ്ണമായി ലഭിക്കുകയില്ല. അവരുടെ പര്യവസാനം നരകവുമായിരിക്കും. ശാശ്വതമായ പരലോക സുഖസൗകര്യങ്ങളെ ലക്ഷ്യം വെക്കുകയും, അതോടുകൂടി അതിനുവേണ്ടി വിശ്വാസപൂർവ്വം പ്രയത്നം നടത്തുകയും ചെയ്യുന്നവരുടെ പ്രവർത്തനം അല്ലാഹു സസന്തോഷം സ്വീകരിക്കുകയും, അർഹമായ പ്രതിഫലം അവർക്ക് നൽകുകയും ചെയ്യും. ഉപജീവനമാർഗ്ഗങ്ങൾ, ജീവിതാവശ്യങ്ങൾ ആദിയായ ഭൗതികാനുഗ്രഹങ്ങളാകട്ടെ, എല്ലാവർക്കും അവൻ നൽകിക്കൊണ്ടിരിക്കുകയും ചെയ്യും. അതിൽ രണ്ടു കൂട്ടർക്കുമിടയിൽ വ്യത്യാസം കാണിക്കുകയില്ല, എന്നൊക്കെയാണ് ഈ വചനങ്ങളിൽ പറഞ്ഞതിൻെറ ചുരുക്കമെന്ന് പറയാം. എന്നാൽ, അല്ലാഹു ഉപയോഗിച്ച വാക്യങ്ങൾ പരിശോധിക്കുന്ന പക്ഷം അതിൽനിന്ന് നമുക്ക് പല കാര്യങ്ങളും മനസ്സിലാക്കുവാൻ കഴിയുന്നതാണ്. ഉദാഹരണമായി:-

(1) ഐഹിക ജീവിതത്തെ ഉദ്ദേശിക്കുന്നവരെക്കുറിച്ച് പറഞ്ഞപ്പോൾ, പരലോകത്തെ ഉദ്ദേശിക്കുന്നവരെക്കുറിച്ച് പറഞ്ഞതുപോലെ وسعى لها سعيها (അതിനുവേണ്ടി അതിൻേറതായ പരിശ്രമം നടത്തി) എന്നോ മറ്റോ ഒരു ഉപാധി പറഞ്ഞിട്ടില്ല. എന്തുകൊണ്ടെന്നാൽ പരലോകത്ത് ഗുണം കിട്ടുമെന്ന ലക്ഷ്യത്തോടെയുള്ള എല്ലാ പ്രവർത്തനങ്ങളും ലക്ഷ്യം പ്രാപിക്കുകയില്ല. അല്ലാഹുവും റസൂലും നിർദ്ദേശിച്ച പ്രകാരമുള്ള സൽക്കർമ്മങ്ങളും അനുഷ്ഠാനമുറകളും സ്വീകരിക്കേണ്ടതുണ്ട്. അതുകൊണ്ടാണ് ദീനിൽ പുതുതായി നിർമ്മിച്ചുണ്ടാക്കുന്ന ബിദ്അത്തുകൾ പ്രവർത്തിക്കുന്നതിന് പ്രതിഫലം ലഭിക്കുകയില്ലെന്നും അവ തള്ളപ്പെടേണ്ടതാണന്നും നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ചുരുക്കത്തിൽ ജീവിതത്തിൻെറ പരമലക്ഷ്യം പരലോകവിജയമായിരി.ക്കണം.

(2) എന്നാൽ ഐഹിക നേട്ടങ്ങളെ ലക്ഷ്യംവെക്കുന്നവർക്ക് അവരുടെ ഉദ്ദിഷ്ട കാര്യങ്ങളെല്ലാം സാധിച്ച് കിട്ടുമോ? അതുമില്ല. അല്ലാഹു ഉദ്ദേശിക്കുന്നതും അവൻ കണക്കാക്കിയതും മാത്രമേ ലഭിക്കുകയുള്ളുതാനും. ആർക്കൊക്കെ, എന്തൊക്കെയാണ് വേണ്ടത് എന്നുള്ള കാര്യവും അവൻെറ ഉദ്ദേശത്തെ മാത്രം ആശ്രയിച്ചിരിക്കുന്നു. അതിനപ്പുറം വല്ലതും നേടുവാൻ അവർക്കും സാദ്ധ്യമല്ല.

(3) പരലോകത്തെ ഉന്നംവെക്കുന്നവരുടെ യത്നങ്ങളും കർമ്മങ്ങളും അല്ലാഹു ഒന്നും പാഴാക്കുകയില്ല. എല്ലാം നന്ദിപൂർവ്വം സ്വീകരിക്കുകതന്നെ ചെയ്യും. അഥവാ, അവരുടെ ഓരോ ചലനങ്ങൾക്കും ഇരട്ടിക്കണക്കിൽ പ്രതിഫലം നൽകുകയും, അവയെ വളർത്തി പോഷിപ്പിച്ചു കൊടുക്കുകയും ചെയ്യും.

(4) ജീവിതലക്ഷ്യത്തെ ആസ്പദമാക്കി മനുഷ്യർ മേൽക്കണ്ടപ്രകാരം രണ്ട് തരക്കാരായി വിഭജിക്കപ്പെട്ടുവെങ്കിലും ആഹാരം, ആരോഗ്യം, ധനം, സന്താനം ആദിയായ ഭൗതികമായ അനുഗ്രഹങ്ങളിൽ ആ വിവേചനം ഉണ്ടായിരിക്കയില്ല. സത്യവിശ്വാസി, അവിശ്വാസി, ഇഹലോക ജീവിതത്തെ ഉന്നം വെച്ചവൻ എന്നിങ്ങിനെ വ്യത്യാസമില്ലാതെ അല്ലാഹു എല്ലാവർക്കും അത് പ്രദാനം ചെയ്യുകതന്നെ ചെയ്യും. പക്ഷേ, വ്യക്തികളെ സംബന്ധിച്ചിടത്തോളം അവയുടെ തോത് വ്യത്യാസപ്പെട്ടിരിക്കുമെന്നുള്ളതിൻെറ മാനദണ്ഡം അല്ലാഹുവിനുമാത്രം അറിയാവുന്ന ഒരു രഹസ്യമത്രെ. അടുത്ത വചനത്തിൽ ഈ യാഥാർത്ഥ്യം സൂചിപ്പിക്കപ്പെട്ടിരിക്കുന്നത് കാണാം. അല്ലാഹു പറയുന്നു:-

ٱنظُرۡ كَيۡفَ فَضَّلۡنَا بَعۡضَهُمۡ عَلَىٰ بَعۡضٖۚ وَلَلۡأٓخِرَةُ أَكۡبَرُ دَرَجَٰتٖ وَأَكۡبَرُ تَفۡضِيلٗا ﴿٢١﴾

21 നോക്കുക; അവരിൽ (മനുഷ്യരിൽ) ചില രെ ചിലരെക്കാൾ നാം ശ്രേഷ്ഠമാക്കിയി രിക്കുന്നത് എങ്ങിനെയാണെന്ന്! പരലോ കമാകട്ടെ, പദവികളിൽ ഏറ്റം വലുതും, ശ്രേഷ്ഠതയിൽ ഏറ്റം വലുതും തന്നെയ ാകുന്നു.

---

21 أُنظُر നോക്കുക. كَيف എങ്ങിനെ, എപ്രകാരമാണ്. فَضَلْنَا നാം ശ്രേഷ്ടമാക്കി (മെച്ചപ്പെടുത്തി) യത്. بعضهم അവരിൽ ചിലരെ. على بعض ചിലരെക്കാൾ. وللْآخرةُ പരലോകം തന്നെ. أكْبر ഏറ്റം വലുത്. درجات പദവികളിൽ, പടികളാൽ. وأكْبر ഏറ്റം വലുതും. تفْضيلاً ശ്രേഷ്ഠത നൽകുന്ന തിലും (ശ്രേഷ്ഠതയാലും.).

ധനം, ദാരിദ്ര്യം, രോഗം, ആരോഗ്യം, സുഖം, ദുഃഖം, സന്താനലാഭം, സന്താനനഷ്ടം, ജ്ഞാനം, അജ്ഞാനം, ബുദ്ധി, ഭോഷത്തം ആദിയായ അനേകമനേകം ഭൗതികകാര്യങ്ങളിൽ സജ്ജനങ്ങളും ദുർജ്ജനങ്ങളും തമ്മിൽ പൊതുവെ വ്യത്യാസപ്പെടാറില്ല. പക്ഷേ, രണ്ട് വിഭാഗ ത്തിലെയും വ്യക്തികളെ സംബന്ധിച്ചിടത്തോളം വ്യത്യാസങ്ങൾ അനുഭവപ്പെടാറുണ്ട്. ചില പ്പോഴെല്ലാം ഇതിന്-വ്യക്തിപരമോ സാഹചര്യപരമോ ആയ-ബാഹ്യമായ വല്ല കാരണങ്ങളും നമുക്ക് കണ്ടെത്തുവാൻ കഴിഞ്ഞേക്കും. എന്നാൽ ഈ ഏറ്റക്കുറവിന്റെ സാക്ഷാൽ കാരണം അല്ലാഹുവിനേ അറിഞ്ഞുകൂടൂ. അവന്റെ ഉദ്ദേശത്തെയും, നിയന്ത്രണത്തെയും മാത്രം ആശ്രയിച്ചാണ് അതുളളത് എന്ന് അൽപം ആലോചിച്ചാൽ കാണാവുന്നതാകുന്നു.

ബുദ്ധിമതികളും, വിദ്യാസമ്പന്നരും, അതിസമർത്ഥരുമായ ആളുകളെ ദരിദ്രൻമാരും രോഗികളുമായി കാണപ്പെടുകയും, മറിച്ച് ഭോഷൻമാരും വിഡ്ഢികളും ദുർബ്ബലരുമായവരെ ആരോഗ്യവാൻമാരും, ധനാഢ്യൻമാരുമായി കാണപ്പെടുകയും ചെയ്യുന്നത് ദുർല്ലഭമല്ലല്ലോ. ആവശ്യമായ പോഷകാംശങ്ങൾ അടങ്ങിയ ഭക്ഷണക്രമവും ആരോഗ്യശാസ്ത്രവിധികളും മുറ തെറ്റാതെ സൂക്ഷിച്ചുപോരുന്ന വ്യക്തികൾക്ക് മഹാരോഗം പിടിപെടുന്നതും, താളും തവരയും തിന്നും, വൈദ്യോപദേശങ്ങൾ അറിയാതെയും കഴിഞ്ഞുകൂടുന്ന വ്യക്തികൾ ആരോഗ്യദൃഢ ഗാത്രൻമാരായി നടക്കുന്നതും അപൂർവ്വമല്ല. അപ്പോൾ, ഇതിന്റെയെല്ലാം പിന്നിൽ ഒരു അദൃ ശ്യമായ നിയന്ത്രണം നടക്കുന്നുവെന്ന് സ്പഷ്ടമാണ്. അത് അല്ലാഹുവിന്റേതല്ലാത്ത മറ്റാരു ടേതുമല്ല. അതാണ് ഈ വചനത്തിലെ ആദ്യത്തെ വാക്യം ചൂണ്ടിക്കാട്ടുന്നത്. ഈ വിഷയം സൂ: അൻആം165; സുഖ്റുഫ് 32 മുതലായ സ്ഥലങ്ങളിൽ അല്ലാഹു കൂടുതൽ വ്യക്തമായി പ്രസ്താവിച്ച് കാണാം.

മേൽ പ്രസ്താവിച്ച പ്രകാരം ഐഹിക സുഖസൗകര്യങ്ങളിൽ ചിലർ ചിലരെക്കാൾ കവിഞ്ഞവരും, കുറഞ്ഞവരുമായിരിക്കും. എന്നാൽ, പരലോകത്തിൽ ഈ ഏറ്റക്കുറവ് ഏറ്റവും അധികം വമ്പിച്ചതോതിലായിരിക്കും ഉണ്ടായിരിക്കുക എന്നത്രെ രണ്ടാമത്തെ വാക്യത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നത്. സജ്ജനങ്ങൾ സ്വർഗ്ഗീയ സുഖസൗകര്യങ്ങളിൽ നിത്യാനന്ദരായിരി ക്കും. ദുർജ്ജനങ്ങൾ നരകീയ കഠിനശിക്ഷകൾ അനുഭവിച്ചുകൊണ്ടിരിക്കുന്നവരുമായിരിക്കും. ഇരുവിഭാഗക്കാരിലുമുള്ള വ്യക്തികളാകട്ടെ, ഓരോരുത്തരുടെയും കർമ്മങ്ങൾക്കനുസരിച്ച് പദവികളിൽ വ്യത്യസ്തരുമായിരിക്കും. നബി(ﷺ) പറയുന്നു: ''അല്ലുഹുവിന്റെ സദ്വൃത്തരാ യ അടിയാൻമാർക്ക് ഒരു കണ്ണും കണ്ടിട്ടില്ലാത്തതും, ഒരു കാതും കേട്ടിട്ടില്ലാത്തതും, ഒരാളുടെ മനസ്സിലും തോന്നിയിട്ടില്ലാത്തതും (ആയ അനുഗ്രഹങ്ങൾ) അവൻ ഒരുക്കി വെച്ചിരിക്കുന്നു.'' (ബു:മു.) മറ്റൊരു ഹദീസിൽ തിരുമേനി പറയുന്നു: ''ഉന്നതപദവിക്കാരായ ആളുകൾ 'ഇല്ലിയ്യീ

നി' ൽ വസിക്കുന്നവരെ കാണുന്നത് നിങ്ങൾ ആകാശത്തിലെ വിദൂര നക്ഷത്രങ്ങളെ കാണുന്നതുപോലെയായിരിക്കും'' (ബു;മു) സ്വർഗ്ഗവാസികളായ സജ്ജനങ്ങളിൽ തന്നെയുള്ള പദവി വ്യത്യാസമാണ് നബി (ﷺ) ഈ വചനത്തിൽ ചൂണ്ടിക്കാട്ടുന്നത്. ഇതുപോലെ, നരകവാസികൾക്കിടയിലും ശിക്ഷാനുഭവങ്ങളിൽ വമ്പിച്ച വ്യത്യാസങ്ങളുണ്ടായിരിക്കും.

പരലോകത്തെ ലക്ഷ്യംവെച്ചുകൊണ്ട് സത്യവിശ്വാസത്തോടുകൂടി പരലോക നൻമക്കുവേണ്ടി പരിശ്രമിക്കുകയാണ് വിജയത്തിനുള്ള മാർഗ്ഗമെന്ന് മുൻവചനങ്ങളിൽ ചൂണ്ടിക്കാട്ടിയല്ലോ. ആ മാർഗ്ഗം ഏതാണെന്നുള്ളതിന് ഒരു വിശദീകരണമാണ് തുടർന്നുള്ള ഏതാനും വചനങ്ങൾ. സ്വഭാവികമായും ഏകദൈവ വിശ്വാസമാണ് എല്ലാറ്റിൻെറയും അടിത്തറയെന്ന് പറയേണ്ടതില്ല. അല്ലാഹു പറയുന്നു:-

لَّا تَجْعَلْ مَعَ ٱللَّهِ إِلَٰهًا ءَاخَرَ فَتَقْعُدَ مَذْمُومًا مَّخْذُولًا ﴿٢٢﴾

22 അല്ലാഹുവോടുകൂടി വേറെ ഒരു ആരാധ്യനെയും നീ ഏർപ്പെടുത്തരുത്; എന്നാൽ (അങ്ങിനെ ചെയ്താൽ), നീ ആക്ഷേപിക്കപ്പെട്ടവനായും, കൈവെടിയപ്പെട്ടവനായും ഇരിക്കേണ്ടിവരും.

വിഭാഗം–3

۞ وَقَضَىٰ رَبُّكَ أَلَّا تَعْبُدُوٓا۟ إِلَّآ إِيَّاهُ وَبِٱلْوَٰلِدَيْنِ إِحْسَٰنًا ۚ إِمَّا يَبْلُغَنَّ عِندَكَ ٱلْكِبَرَ أَحَدُهُمَآ أَوْ كِلَاهُمَا فَلَا تَقُل لَّهُمَآ أُفٍّ وَلَا تَنْهَرْهُمَا وَقُل لَّهُمَا قَوْلًا كَرِيمًا ﴿٢٣﴾

23 നിൻെറ റബ്ബ് തീരുമാനി(ച്ച് കൽപി)ച്ചിരിക്കുന്നു; അവനെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്ന്; മാതാപിതാക്കളിൽ നൻമ ചെയ്യണമെന്നും. അവർ രണ്ടിലൊരാൾ അല്ലെങ്കിൽ അവർ രണ്ടാളും (തന്നെ) നിൻെറ അടുക്കൽവെച്ച് വാർദ്ധക്യം പ്രാപിച്ചേക്കുന്ന പക്ഷം, അവരോട് 'ഛ്ഫെ!' (അഥവാ- 'ച്ഛെ!') എന്ന് നീ പറയരുത്; അവരോട് കയർക്കുകയും ചെയ്യരുത്; അവരോട് നീ മാന്യമായ വാക്ക് പറയുകയും ചെയ്യുക.

وَٱخْفِضْ لَهُمَا جَنَاحَ ٱلذُّلِّ مِنَ ٱلرَّحْمَةِ وَقُل رَّبِّ ٱرْحَمْهُمَا كَمَا رَبَّيَانِى صَغِيرًا ﴿٢٤﴾

24 കാരുണ്യം നിമിത്തം എളിമയുടെ ചിറക് അവർക്ക് താഴ്ത്തിക്കൊടുക്കുകയും ചെയ്യുക. നീ പറയുകയും ചെയ്യണം: ''റബ്ബേ! അവർ രണ്ടാളും എന്നെ ചെറുപ്പ [പ്രായ]ത്തിൽ പരിപാലിച്ചു] വളർത്തിയതു പോലെ, നീ അവരോട് കരുണ ചെയ്യേണമേ!'' എന്ന്.

---

22 **لا تجعل** നീ ആക്ക (ഉണ്ടാക്ക-ഏർപ്പെടുത്ത)രുത്. **مع الله** അല്ലാഹുവിൻെറ കൂടെ. **إلها آخر** വേറെ ആരാധ്യനെ. **فتقعد** എന്നാൽ നീ ഇരുന്നു പോകും, ഇരിക്കേണ്ടിവരും. **مذموما** ആക്ഷേപിക്കപ്പെട്ടവനായി. **مخذولا** കൈവെടിയപ്പെട്ട (സഹായം ലഭിക്കാത്ത)വനായി.. 23 **وقضى** തീരുമാനിച്ചിരിക്കുന്നു (കൽപിച്ചിരിക്കുന്നു), വിധിച്ചു. **ربك** നിൻെറ റബ്ബ്. **ألا تعبدوا** നിങ്ങൾ ആരാധിക്കരുതെന്ന്. **إلا إياه** അവനെയല്ലാതെ. **وبالوالدين** മാതാപിതാക്കളോട്. **إحسانا** നന്മചെയ്വാനും, നന്മ പ്രവർത്തിക്കുകയും (വേണമെന്ന്). **إما يبلغن** പ്രാപിച്ചേക്കുന്ന പക്ഷം. **عندك** നിൻെറ അടുക്കൽ.

الْكِبر വാർദ്ധക്യം. **أحدهما** ആ രണ്ടിലൊരാൾ. **أو كلاهما** അല്ലെങ്കിൽ അവർ രണ്ടാളും. **فَلا تقُل** എന്നാൽ നീ പറയരുത്. **لهما** അവർ രണ്ടാളോട്. **أف** പ്ഫെ!, ച്ഛെ! (എന്ന്). **ولا تنهرهما** അവരോട് കയർക്കുക (അധിക്ഷേപിക്കുക)യും ചെയ്യരുത്. **وقُل** പറയുകയും ചെയ്യുക. **لهما** അവർ രണ്ടാളോടും. **قَولاً** വാക്ക്, പറയൽ. **كريما** മാന്യമായ, ആദരവുള്ള.. 24 **واخفض** താഴ്ത്തുകയും ചെയ്യുക. **لهما** അവർക്ക്. **جناح** ചിറക്, പക്ഷം. **الذل** എളിമയുടെ, താഴ്മയാകുന്ന. **من الرحمة** കാരുണ്യത്താൽ, കരുണ നിമിത്തം. **وقُل** നീ പറുകയും ചെയ്യുക. **رب** എന്റെ റബ്ബേ. **ارحمهما** അവർ രണ്ടാളോടും (രണ്ടാൾക്കും) നീ കരുണ ചെയ്യണേ. **كما ربياني** രണ്ടുപേരും എന്നെ വളർത്തിയ (പരിപാലിച്ച)തുപോലെ. **صغيرا** ചെറുപ്പമായിരിക്കെ (ചെറുപ്പത്തിൽ).

ഈ വചനങ്ങളിലും, തുടർന്നുള്ള ചില വചനങ്ങളിലും 'നീ' എന്നും 'നിന്റെ' എന്നും പോലെയുള്ള സംബോധനകൾ പ്രത്യക്ഷത്തിൽ നബി(ﷺ) യെ അഭിമുഖീകരിച്ചുകൊണ്ടുള്ളവയാണെങ്കിലും യഥാർത്ഥത്തിൽ അവ സമുദായത്തെ മുഴുവനും ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു പ്രസംഗവേളകളിൽ സദസ്യരെ മുഴുവനും ഉന്നംവെച്ചുകൊണ്ട് 'സഹോദരാ' എന്നും മറ്റും ഏകവചന രൂപത്തിൽ സംബോധനചെയ്യാറുണ്ടല്ലോ.

യാതൊരു വിട്ടുവീഴ്ചയും കൂടാതെ രണ്ട് കാര്യങ്ങൾ അല്ലാഹു തീരുമാനിച്ചുറപ്പിച്ച് വെച്ചിരിക്കുന്നുവെന്നറിയിച്ചുകൊണ്ടാണ് ആദ്യത്തെ രണ്ട് കൽപനകളും അല്ലാഹു പ്രഖ്യാപിച്ചിരിക്കുന്നത്. (1) അല്ലാഹുവിനെയല്ലാതെ മറ്റാരെയും ആരാധിക്കരുതെന്ന്. ഇതിന്റെ പ്രാധാന്യത്തെക്കുറിച്ച് വിശേഷിച്ചൊന്നും വിവരിക്കേണ്ട ആവശ്യമില്ല. (2) മാതാപിതാക്കളോട് നൻമ ചെയ്യണമെന്ന്. മനുഷ്യന്റെ ജൻമത്തിന് കാരണക്കാരും, അവൻ ജീവിക്കുവാൻ സ്വയംപര്യാപ്തനായിത്തീരുന്നതുവരെ കണക്കറ്റ കഷ്ടനഷ്ടങ്ങൾ സഹിച്ചുകൊണ്ട് അവനെ പരിപാലിച്ച് വളർത്തിപ്പോന്നവരും അവരാണല്ലോ. അല്ലാഹുവിനോട് മനുഷ്യനുള്ള ഏറ്റവും മഹത്തായ കമെയെക്കുറിച്ചു പ്രസ്താവിച്ച ഉടനെത്തന്നെ–അതോടുചേർത്തുകൊണ്ടു–മാതാപിതാക്കളോട് മക്കൾ നിറവേറ്റേണ്ടുന്ന കടമയെക്കുറിച്ച് പ്രസ്താവിച്ചതിൽ നിന്ന് അവരോടുള്ള കടമകൾക്ക് അല്ലാഹു കൽപിച്ച പ്രാധാന്യം എത്ര വമ്പിച്ചതാണെന്ന് മനസ്സിലാക്കാവുന്നതാണ്. ഇവിടെ മാത്രമല്ല, വേറെ പല വചനങ്ങളിലും ഈ രണ്ട് കാര്യങ്ങളും ഇതുപോലെ അല്ലാഹു കൂട്ടിച്ചേർത്ത് പ്രസ്താവിച്ചിരിക്കുന്നത് കാണാം. ചില സ്ഥലങ്ങളിൽ അല്ലാഹുവിന്റെ വക ഒരു വസിയ്യത്തു കൂടിയായിട്ടാണ് മാതാപിതാക്കൾക്ക് നൻമചെയ്യുന്ന കാര്യം അല്ലാഹു പ്രസ്താവിച്ചിരിക്കുന്നത്. (അങ്കബൂത്ത് 8; ലുഖ്മാൻ 14; അഹ്ഖാഫ് 15 എന്നിവിടങ്ങളിൽ നോക്കുക.)

മാതാപിതാക്കൾക്ക് നൻമ ചെയ്യണമെന്ന് കൽപിച്ച് മതിയാക്കാതെ, അതിനൊരു രൂപരേഖയെന്നോണം തുടർന്ന് വിവരിക്കുകയും ചെയ്തിരിക്കുന്നു. ഇവിടെ നൽകിയ ആ വിവരങ്ങൾ ഇവയാകുന്നു:–

(1) മാതാവോ, പിതാവോ, അല്ലെങ്കിൽ രണ്ടാളുമോ വാർദ്ധക്യം പ്രാപിക്കുന്നപക്ഷം, മക്കൾ അവരോട് 'പ്ഫെ! ച്ഛെ!' എന്നിങ്ങനെയുള്ള അറപ്പിന്റെയും വെറുപ്പിന്റെയും വാക്കുകൾ പറഞ്ഞുകൂടാ. എക്കാലത്തും അവരോട് അനുവർത്തിക്കപ്പെടേണ്ടുന്ന ഒരു കടമ തന്നെയാണ് ഇത്. എങ്കിലും പ്രയാധിക്യം നേരിടുമ്പോൾ അവരുടെ വാക്കിലും പെരുമാറ്റത്തിലുമൊക്കെ ചെറുപ്പക്കാരായ മക്കൾക്ക് രുചിക്കാത്ത പലതും കൂടുതൽ അനുഭവപ്പെടുക സ്വാഭാവികമായിരിക്കും. അതുകൊണ്ടാണ് പ്രായാധിക്യം വരുമ്പോഴത്തെ കാര്യം പ്രത്യേകം അല്ലാഹു എടുത്തുപറഞ്ഞിരിക്കുന്നത് (2) അവരോട് കയർത്ത് സംസാരിക്കുകയോ, പരുഷവാക്കുകൾ പറയുകയോ ചെയ്യരുത്. (3) അതും പോരാ, അവരോട് സംസാരിക്കുന്നത് മാന്യമായ വാക്കുകളിലായിരിക്കുക കൂടി വേണം. അഥവാ, അച്ചടക്കവും, മര്യാദയും, ബഹുമാനവും പ്രകടമാവുന്ന വാക്കുകളായിരിക്കണം ഉപയോഗിക്കുന്നത്. ഈ 'മാന്യമായ വാക്ക്' (قولا كريما) കൊണ്ട് എന്താണുദ്ദേശ്യമെന്ന് ചോദിക്കപ്പെട്ടപ്പോൾ, സഈദുബ്നുൽ മുസയ്യബ്

(ﷺ)ഇപ്രകാരം മറുപടി പറഞ്ഞതായി ഇബ്നു ജരീർ (ﷺ)നിവേദനം ചെയ്തിരിക്കുന്നു: قول العبد المذنب للسيد الفظ (പാപം ചെയ്ത അടിമ കഠിന സ്വഭാവിയായ യജമാനനോട് പറയും പ്രകാരമുളള വാക്ക്.) അല്ലാഹു ഒരിക്കലും പൊറുക്കാത്ത മഹാപാപമാണല്ലോ ശിർക്ക്. ആ ശിർക്ക് ചെയ്‌വാൻ വല്ല മാതാപിതാക്കളും മക്കളോട് നിർബ്ബന്ധം ചെലുത്തിയാൽ ആ വിഷയത്തിൽ അവരെ അനുസരിക്കരുതെന്ന് കൽപിച്ചതോടൊപ്പം തന്നെ, സൂറത്ത് ലുഖ്മാനിൽ അവരോട് ഇഹത്തിൽ സദാചാരമനുസരിച്ച്-നല്ലനിലയിൽ-സഹവസിക്കുകയും വേണം (وصاحبها فى الدنيامعروفا) എന്നുകൂടി അല്ലാഹു കൽപിച്ചിരിക്കുന്നു.

(4) അവർക്ക് എളിമയാകുന്ന ചിറക് താഴ്ത്തിക്കൊടുക്കണം. തളളക്കോഴി അതിൻെറ കുഞ്ഞുങ്ങളോടുളള സ്നേഹവാൽസല്യം നിമിത്തം അതിൻെറ ചിറകുവിടർത്തി താഴ്ത്തിക്കൊടുത്തുകൊണ്ട് അതിനുളളിൽ അവയെ അണച്ചുകൂട്ടാറുളളതിനോട് ഉപമിച്ചുകൊണ്ടുളള ഒരു അലങ്കാരപ്രയോഗമാണ് 'ചിറകു താഴ്ത്തൽ' (خفض الجناح) ഒരു കാലത്ത് സ്നേഹവാത്സല്യത്തോടു കൂടി അവർ ഇങ്ങോട്ട് പെരുമാറിയപോലെ, ഇപ്പോൾ അവരോടങ്ങോട്ട് താഴ്മയോടും വിനയത്തോടും പെരുമാറണമെന്ന് താൽപര്യം. ഇത് കേവലം ഒരു പ്രകടനമോ, അഭിനയമോ ആയിക്കൂടാ- അവരുടെ നേരെയുളള കാരുണ്യത്തിൽനിന്നും കൃപയിൽനിന്നും ഉടലെടുത്തതായിരിക്കുകയും വേണം എന്നുകൂടി അല്ലാഹു ചൂണ്ടിക്കാട്ടുന്നു. അതാണ് من الرحمة (കാരുണ്യം നിമിത്തം) എന്ന വാക്ക് സൂചിപ്പിക്കുന്നത്. (5) അവർക്കുവേണ്ടി رب ارحمهما كما ربيانى صغيرا (എൻെറ റബ്ബേ, അവർ രണ്ടാളും എന്നെ ചെറുപ്പത്തിൽ വളർത്തിയുണ്ടാക്കിയതുപോലെ നീ അവരോട് കരുണ ചെയ്യേണമേ!) എന്ന് പ്രാർത്ഥിക്കണം. അവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്നോ മറ്റോ പറഞ്ഞുമതിയാക്കാതെ, പ്രാർത്ഥിക്കേണ്ട മാതൃകകൂടി അല്ലാഹു കാണിച്ച് തന്നിരിക്കുകയാണ്. ചെറുപ്പകാലത്ത് എന്നെ വളർത്തിയുണ്ടാക്കുവാൻ അവർ വളരെയധികം ക്ളേശങ്ങൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. അതിൽ അവരോടുളള എൻെറ കടപ്പാട് വേണ്ടതുപോലെ നിർവ്വഹിക്കുവാൻ എനിക്ക് സാധ്യമല്ല. അതുകൊണ്ട് അതിൻെറ പേരിൽ നീ തന്നെ നിൻെറ കാരുണ്യം അവരിൽ ചൊരിയേണമേ! എന്നാണാ പ്രാർത്ഥനയുടെ താൽപര്യം.

മാതാപിതാക്കൾ ജീവിച്ചിരിക്കുമ്പോൾ മാത്രമല്ല, അവരുടെ മരണശേഷവും മക്കൾക്ക് അവരോട് ചില കടപ്പാടുകളുണ്ട്. അവയിൽ ഒന്നത്രെ അവർക്കുവേണ്ടിയുളള പ്രാർത്ഥന. ''എൻെറ മാതാപിതാക്കൾ മരണപ്പെട്ടശേഷം അവർക്ക് ഞാൻ ചെയ്യേണ്ടുന്ന വല്ല പുണ്യവും എൻെറ മേൽ ബാക്കിയുണ്ടോ?'' എന്ന് ഒരാൾ നബി(ﷺ) യോട് ചോദിച്ചു. അപ്പോൾ തിരുമേനി ഇങ്ങിനെ മറുപടി പറയുകയുണ്ടായി: ''ഉണ്ട്, നാല് കാര്യങ്ങളുണ്ട്. അവരുടെ പേരിൽ (ജനാസഃ) നമസ്കരിക്കുകയും അവർക്ക് പാപമോചനം തേടുകയും ചെയ്യലും, അവരുടെ വാഗ്ദത്തം നടപ്പിലാക്കലും, അവരുടെ ചങ്ങാതിമാരെ ആദരിക്കലും, അവർ മുഖാന്തിരം മാത്രമുണ്ടാകുന്ന രക്തബന്ധം (കുടുംബബന്ധം) പാലിക്കലും. ഇവയാണ് അവരുടെ മരണശേഷം അവരോട് ചെയ്യേണ്ടുന്ന പുണ്യത്തിൽ നിൻെറമേൽ ബാക്കിയുളളത്.'' (അ;ദാ;ജ.) ഇബ്നു ഉമർ (ﷺ) ഒരിക്കൽ മക്കായിലെ ഒരു തെരുവീഥിയിൽ വെച്ച് ഒരു 'അഅ്റാബി' യെ (ഗ്രാമീണനെ) കണ്ടപ്പോൾ, അദ്ദേഹത്തിന് സലാം ചൊല്ലി വാഹനപുറത്ത് നിന്നിറങ്ങി. അദ്ദേഹത്തെ അതിൻമേൽ ഒന്നിച്ചിരുത്തുകയും, തൻെറ തലപ്പാവ് അദ്ദേഹത്തിന് സമ്മാനിക്കുകയും ചെയ്തു. ഇബ്നുദീനാർ (ﷺ)പറയുകയാണ്: ''ഈ അഅ്റാബികൾക്ക് അൽപം കൊടുത്താലും അവർ തൃപ്തിപ്പെടുമല്ലോ'' എന്ന് ഞങ്ങൾ അപ്പോൾ ഇബ്നുഉമർ (ﷺ)നോട് പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞു: ''ഇയാളുടെ പിതാവ് (എൻെറ പിതാവായ) ഉമറിൻെറ ഒരു ഇഷ്ടക്കാരനായിരുന്നു. റസൂൽ (ﷺ) ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടിട്ടുമുണ്ട്. ''പുണ്യത്തിൽവെച്ച് വളരെ നല്ല ഒരു പുണ്യമാണ് പിതാവ് പിന്നിട്ടുപോയ ശേഷം അദ്ദേഹത്തിൻെറ ഇഷ്ടക്കാരോട് ബന്ധം ചേർക്കുന്നത്.'' (മു.)

മാതാപിതാക്കൾക്ക് നൻമ ചെയ്യലും, അവരോടുളള കഷ്ടപ്പാടുകളും സംബന്ധിച്ച് പല

ഖുർആൻ വചനങ്ങളും നിലവിലുള്ളതിന് പുറമെ, ധാരാളം ഹദീസുകളും കാണാവുന്നതാകുന്നു. ഓർമ്മക്കായി, ചുരുക്കം ചിലത് ഇവിടെ ഉദ്ധരിക്കാം. 1. ഇബ്നുമസ്ഊദ് (ﷺ)പറയുകയാണ്; ''അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട കർമ്മം ഏതാണ്?'' എന്ന് ഞാൻ നബി(ﷺ)യോട് ചോദിച്ചു അവിടുന്ന് പറഞ്ഞു: ''നമസ്കാരം അതിൻെറ സമയത്ത് ചെയ്യലാണ്,'' ഞാൻ ചോദിച്ചു: ''പിന്നെ ഏതാണ്?'' അവിടുന്ന് പറഞ്ഞു. ''മാതാപിതാക്കൾക്ക് ഗുണം ചെയ്യലാണ്''. ഞാൻ ചോദിച്ചു: ' പിന്നെ ഏതാണ്'? അവിടന്ന് പറഞ്ഞു. ''അല്ലാഹുവിൻെറ മാർഗ്ഗത്തിൽ സമരം ചെയ്യലാണ്.'' (ബു;മു.) 2. റസൂൽ (ﷺ) പറഞ്ഞതായി അബൂഹുറൈറഃ (ﷺ)ഉദ്ധരിക്കുന്നു: മാതാപിതാക്കളെ (അന്യരുടെ) അടിമകളായി കണ്ടിട്ട് അവരെ വിലകൊടുത്ത് വാങ്ങി മോചിപ്പിച്ചാലല്ലാതെ ഒരു സന്താനത്തിന് അവരോട് പ്രത്യുപകാരം ചെയ്യാൻ സാധിക്കുന്നതല്ല.'' (മു.) 3. നബി (ﷺ) പറഞ്ഞതായി അദ്ദേഹം വീണ്ടും ഉദ്ധരിക്കുന്നു: ''തൻെറ മാതാപിതാക്കളെ-ഒരാളെയോ രണ്ടാളെയും തന്നെയോ-(അവരുടെ) വാർദ്ധക്യകാലത്ത് തനിക്ക് കിട്ടിയിട്ട് സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ സാധിക്കാത്തവൻ നിന്ദ്യനാണ്! നിന്ദ്യനാണ്! നിന്ദ്യനാണ്!'' (മു.) 4. നബി (ﷺ) പറഞ്ഞതായി അബ്ദുല്ലാഹിബ്നുഅംറിബ്നിൽ ആസ് (ﷺ)ഉദ്ധരിക്കുന്നു: ''മഹാപാപങ്ങൾ എന്നാൽ, അല്ലാഹുവിനോട് പങ്ക് ചേർക്കലും, മാതാപിതാക്കളെ വെറുപ്പിക്കലും, ആളെ കൊലപ്പെടുത്തലും, കള്ളസത്യം ചെയ്യലുമാകുന്നു.'' (ബു: മു.) പിതാക്കളെക്കാൾ മാതാക്കളോടാണ് മക്കൾക്ക് കൂടുതൽ കടപ്പാടുള്ളതെന്നും ഖുർആൻ വചനങ്ങളിൽനിന്നും, നബി വചനങ്ങളിൽ നിന്നും അറിയപ്പെട്ടതാകുന്നു. ഗർഭകാലത്തും പ്രസവിച്ചശേഷം മുലകുടി കഴിഞ്ഞ് പിരിയുന്നതുവരെയും മക്കൾക്കുവേണ്ടി ഏറ്റവുമധികം ബുദ്ധിമുട്ടും കഷ്ടപ്പാടും അനുഭവിക്കുന്നത് മാതാക്കളാണല്ലോ. സൂ: ലുഖ്മാനിലെ ആയത്തിൽ അല്ലാഹു ഇക്കാര്യം എടുത്ത് പറഞ്ഞിരിക്കുന്നത് കാണാം.

സത്യവിശ്വാസികളായ ആളുകൾ തങ്ങളുടെ മാതാപിതാക്കളോട് എത്രമാത്രം സൗമ്യത്തിലും മയത്തിലും പെരുമാറേണ്ടതുണ്ടെന്നുള്ളത് ഇതിൽ നിന്നൊക്കെ നല്ലപോലെ മനസ്സിലാക്കാം. ധാർമ്മിക മൂല്യങ്ങളും, മാനുഷിക ഗുണങ്ങളും ഓരോന്നോരോന്നായി ചവിട്ടിമെതിക്കപ്പെട്ടു കൊണ്ടിരിക്കുന്ന ഇക്കാലത്ത്-മീതെയുള്ളവരോട് ബഹുമാനവും സമൻമാരോട് സ്നേഹവും താഴെയുള്ളവരോട് കൃപയും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലത്ത്- മാതാപിതാക്കളോട് മക്കൾക്ക് പ്രത്യേക കടമകളൊന്നുമില്ലെന്നും, അവർ നിമിത്തമാണ് നാം ഈ ജീവിത ക്ളേശങ്ങൾ അനുഭവിക്കാൻ ഇടയായതെന്നും തുറന്നാക്ഷേപിക്കുവാൻ പോലും ചില മനുഷ്യരൂപികൾ ധൈര്യപ്പെടുന്ന ഈ കാലത്ത് - ഖുർആനിലും നബി (ﷺ) യുടെ ഹദീസിലും വിശ്വാസമുള്ള ഓരോ മുസ്ലിമും ഈ തുറയിൽ കൂടുതൽ ശ്രദ്ധചെലുത്തേണ്ടിയിരിക്കുന്നു, പക്ഷേ അനുഭവം വെച്ചുനോക്കുമ്പോൾ, കുറെയൊക്കെ അറിവും പഠിപ്പുമുള്ളവരിൽ പോലും വൃദ്ധരായ മാതാപിതാക്കളുടെ നേരെ അനാദരവും, അലംഭാവനയവും കാണിക്കുന്നവർ ധാരാളമുണ്ടെന്നുള്ളതു വളരെ ഖേദകരവും ലജ്ജാവഹവുമത്രെ! അല്ലാഹുവിൽ ശരണം! അല്ലാഹു നമ്മെയെല്ലാം കാത്തുരക്ഷിക്കട്ടെ. ആമീൻ അല്ലാഹു പറയുന്നു:

25 നിങ്ങളുടെ റബ്ബ് നിങ്ങളുടെ മനസ്സുകളിലുള്ളതിനെപ്പറ്റി ഏറ്റവും അറിയുന്നവനാണ്; നിങ്ങൾ നല്ലവരായിരിക്കുന്ന പക്ഷം, അവൻ (മനസാ ഖേദിച്ചു) മടങ്ങുന്നവർക്ക് വളരെ പൊറുക്കുന്നവനാകുന്നു.	رَّبُّكُمْ أَعْلَمُ بِمَا فِي نُفُوسِكُمْ ۚ إِن تَكُونُوا صَٰلِحِينَ فَإِنَّهُۥ كَانَ لِلْأَوَّٰبِينَ غَفُورًا ﴿٢٥﴾

25 **ربكم** നിങ്ങളുടെ റബ്ബ്. **أعلم** ഏറ്റം(നല്ലവണ്ണം) അറിയുന്നവനാണ്. **بما** യാതൊന്നിനെപ്പറ്റി. **في نفوسكم** നിങ്ങളുടെ സ്വന്തം (മനസ്സു)കളിൽ. **إن تكونوا** നിങ്ങളായിരിക്കുന്ന പക്ഷം. **صالحين** നല്ല വർ, സദ്‌വൃത്തർ. **فإنه كان** എന്നാൽ അവനാകുന്നു. **للأوابين** (മനസാ) മടക്കമുള്ളവർക്ക്. **غفورا** വളരെ പൊറുക്കുന്നവൻ.

മനുഷ്യമനസ്സുകളിലെ വിചാര വികാരങ്ങളും, ഉദ്ദേശ്യലക്ഷ്യങ്ങളുമൊക്കെ മനുഷ്യനെക്കാൾ അറിയുന്നവനാണ് അല്ലാഹു. അതനുസരിച്ചായിരിക്കും അവന്റെ ചെയ്തികളെ അവൻ വിലയിരുത്തുക. മനുഷ്യൻ സൽക്കർമ്മങ്ങൾ മുഖേന നല്ലവനായിത്തീരുന്നപക്ഷം-സ്വന്തം പാകപ്പിഴവുകളെയും, തെറ്റുകുറ്റങ്ങളെയും സംബന്ധിച്ച് ഖേദവും പശ്ചാത്താപവുമുണ്ടായിരിക്കുക അതിന്റെ അനിവാര്യ ഫലവുമാണ്-അതിന്റെ വീഴ്ചകളും കുറ്റങ്ങളും അല്ലാഹു പൊറുത്ത് കൊടുക്കുക തന്നെ ചെയ്യും എന്ന് സാരം.

ഇപ്പറഞ്ഞത് ഒരു പൊതുതത്വമെന്ന നിലക്കാണെങ്കിലും-സന്ദർഭം നോക്കുമ്പോൾ-ഇതിൽ ചില സൂചനകൾ അടങ്ങിയിട്ടുണ്ടെന്ന് കാണാവുന്നതാണ്. (1) മാതാപിതാക്കളോടുള്ള പെരുമാറ്റത്തിലും നയത്തിലും നിങ്ങളുടെ യഥാർത്ഥ മനഃസ്ഥിതി എന്താണെന്ന് അല്ലാഹുവിന് നല്ലപോലെ അറിയാം. അതു കൊണ്ട് ഹൃദയം തീണ്ടാത്ത ബാഹ്യപ്രകടനങ്ങളൊന്നും അവന്റെ അടുക്കൽ സ്വീകാര്യമായിരിക്കയില്ലെന്ന് ഓർക്കേണ്ടതാകുന്നു. (2) സദുദ്ദേശ്യത്തോടുകൂടിയും, ആത്മാർത്ഥതയോടുകൂടിയും നിങ്ങളാൽ കഴിയുന്നവിധം നല്ല നിലക്ക് നിങ്ങൾ അവരോട് പെരുമാറുന്നതായാൽ, നിങ്ങൾ അറിയാതെയോ നിങ്ങൾക്ക് കഴിയാതെയോ വരുന്ന പോരായ്മകളെ അല്ലാഹു നിങ്ങൾക്ക് പൊറുത്തു തരും.

മാതാപിതാക്കളോടുള്ള കടമകളെക്കുറിച്ച് പ്രസ്താവിച്ചശേഷം, അവർക്ക് പുറമെയുള്ള അടുത്ത ബന്ധുക്കളോടും മറ്റും പാലിക്കേണ്ടുന്ന കടമകളെപ്പറ്റി പ്രസ്താവിക്കുന്നു:-

26 അടുത്ത (കുടുംബ) ബന്ധമുള്ളവന് അവന്റെ അവകാശം നീ നൽകുകയും ചെയ്യുക; സാധുവിനും, വഴിപോക്കനും (അവരുടെ അവകാശവും). (ദുർവ്യയമായി) വിതറിക്കളയുകയും ചെയ്യരുത്.

وَءَاتِ ذَا ٱلْقُرْبَىٰ حَقَّهُۥ وَٱلْمِسْكِينَ وَٱبْنَ ٱلسَّبِيلِ وَلَا تُبَذِّرْ تَبْذِيرًا ﴿٢٦﴾

27 നിശ്ചയമായും (ദുർവ്യയമായി) വിതറുന്നവർ പിശാചുക്കളുടെ സഹോദരൻമാരായിരിക്കുന്നതാണ്. പിശാച് അവന്റെ റബ്ബിനോട് വളരെ നന്ദികെട്ടവനാകുന്നു താനും.

إِنَّ ٱلْمُبَذِّرِينَ كَانُوٓا۟ إِخْوَٰنَ ٱلشَّيَـٰطِينِ ۖ وَكَانَ ٱلشَّيْطَـٰنُ لِرَبِّهِۦ كَفُورًا ﴿٢٧﴾

28 നിന്റെ റബ്ബിങ്കൽനിന്നും നീ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന വല്ല കാരുണ്യത്തെയും ആഗ്രഹിച്ചതിനാൽ, നീ അവരിൽനിന്ന് (വല്ലപ്പോഴും) തിരിഞ്ഞുകളയുന്ന പക്ഷം, അവരോട് എളുപ്പമുള്ള (സൗമ്യതയുള്ള) വാക്ക് പറഞ്ഞുകൊള്ളുക.

وَإِمَّا تُعْرِضَنَّ عَنْهُمُ ٱبْتِغَآءَ رَحْمَةٍ مِّن رَّبِّكَ تَرْجُوهَا فَقُل لَّهُمْ قَوْلًا مَّيْسُورًا ﴿٢٨﴾

---

26 **وآت** നൽകുകയും ചെയ്യുക. **ذا القربى** അടുത്ത ബന്ധമുള്ളവന്. **حقه** അവന്റെ അവകാശം, അവന്റെ (അവനോടുള്ള) കടമ. **والمسكين** സാധുവിന്നും, പാവപ്പെട്ടവനും. **وابن السبيل** വഴിപോക്കനും. **ولا تبذر** വിതറുക (വിതക്കുക-ധൂർത്തടിക്കുക-ദുർവ്യയം ചെയ്യുക)യും അരുത്. **تبذيرا**

ഒരു വിതറൽ, ധൂർത്തടി, ദുർവ്യയം. 27 **إن المبذرين** നിശ്ചയമായും വിതറുന്ന (ദുർവ്യയം ചെയ്യുന്ന)വർ. **كَانوا** ആയിരിക്കുന്നു. **إخوانَ** സഹോദരൻമാർ. **الشياطين** പിശാചുക്കളുടെ. **وكَانَ** ആകുന്നു (ആയിരിക്കുന്നു)താനും. **الشيطَانُ** പിശാച്. **لربه** തന്റെ റബ്ബിന്. **كَفُورا** നന്ദികെട്ടവൻ.. 28 **وإما تعرضن** നീ എങ്ങാനും (വല്ലപ്പോഴും) തിരിഞ്ഞു (അവഗണിച്ചു)കളയുന്ന പക്ഷം. **عنهم** അവരെപ്പറ്റി, അവരിൽ നിന്ന്. **ابْتغاءَ** ആഗ്രഹിച്ചു(തേടി)ക്കൊണ്ട്. **رحمة** വല്ല കാരുണ്യവും (അനുഗ്രഹവും). **من ربك** നിന്റെ റബ്ബിങ്കൽനിന്ന്. **ترجوها** നീ അത് പ്രതീക്ഷിച്ചു (അഭിലഷിച്ചു)കൊണ്ടിരിക്കുന്നു. **فَقُل** എന്നാൽ പറയുക. **لهم** അവരോട്. **قَولاً** വാക്ക്. **ميسورا** എളുപ്പമുള്ള (ലഘുവായ-സൗകര്യപ്പെട്ട-സൗമ്യതയുള്ള).

حق (കടമ—അഥവാ അവകാശം) എന്നതിൽ ധനപരമായും, സ്വഭാവ സംബന്ധമായും പാലിക്കപ്പെടേണ്ടുന്ന എല്ലാ ബാധ്യതകളും ഉൾപ്പെടുന്നു. എങ്കിലും തുടർന്നുള്ള വാക്യങ്ങളിൽ നിന്ന് ഇവിടെ പ്രധാനമായും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് ധനപരമായ ബാധ്യത നിറവേറ്റലാണെന്ന് മനസ്സിലാകുന്നു. ആവശ്യത്തിൽ കവിഞ്ഞ് ചിലവഴിക്കുക, അനാവശ്യ വിഷയങ്ങളിൽ ചെലവഴിക്കുക, അനുവദനീയമല്ലാത്ത വിഷയത്തിൽ വിനിയോഗിക്കുക—ഇതെല്ലാം ധനം ധൂർത്തടിക്കലാകുന്നു. ധൂർത്തടിക്കൽ തനി പൈശാചിക സ്വഭാവ—മാണെന്നും, അല്ലാഹുവിനോടുള്ള നന്ദികേടും ധിക്കാരവുമാണെന്നും അല്ലാഹു താക്കീത് ചെയ്യുന്നു. തൽക്കാലം കയ്യിലൊന്നുമില്ല. എന്നാലും അല്ലാഹുവിന്റെ അനുഗ്രഹംകൊണ്ട് താമസിയാതെ വല്ലതും ലഭിച്ചേക്കുമെന്ന് പ്രതീക്ഷയുമുണ്ട്. കിട്ടിയാൽ അതിൽനിന്ന് ചെലവഴിക്കുവാൻ സന്നദ്ധതയുമുണ്ട്. ഇങ്ങിനെയുള്ള അവസരങ്ങളിൽ മേൽപറഞ്ഞവർ സമീപിച്ചാൽ അവരോട് നല്ല വാക്കുകൾ പറഞ്ഞ് തൃപ്തിപ്പെടുത്തണം-—മുറുമുറുപ്പും വെറുപ്പും ഉണ്ടായിത്തീരരുത്—എന്നുകൂടികൽപിക്കുന്നു.

وَلَا تَجۡعَلۡ يَدَكَ مَغۡلُولَةً إِلَىٰ عُنُقِكَ وَلَا تَبۡسُطۡهَا كُلَّ ٱلۡبَسۡطِ فَتَقۡعُدَ مَلُومًا مَّحۡسُورًا ﴿٢٩﴾

29 നിന്റെ കൈ നിന്റെ പിരടിയിലേക്ക് കൂട്ടി ബന്ധിക്കപ്പെട്ടതാക്കുകയും ചെയ്യരുത്; അതിനെ നീ മുഴുവൻ (അങ്ങ്) നീട്ടിവിടുകയും അരുത്; എന്നാൽ, നീ കുറ്റപ്പെടുത്തപ്പെട്ടവനായും, (വലഞ്ഞ്) ഖേദപ്പെട്ടവനായും ഇരിക്കേണ്ടിവരും.

إِنَّ رَبَّكَ يَبۡسُطُ ٱلرِّزۡقَ لِمَن يَشَآءُ وَيَقۡدِرُۚ إِنَّهُۥ كَانَ بِعِبَادِهِۦ خَبِيرَۢا بَصِيرًا ﴿٣٠﴾

30 നിശ്ചയമായും അല്ലാഹു, അവൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം (അഥവാ ആഹാരം) വിശാലമാക്കുകയും, കണക്കാ(ക്കി കുടുസ്സാ)ക്കുകയും ചെയ്യുന്നു. നിശ്ചയമായും അവൻ, തന്റെ അടിയാൻമാരെപ്പററി സൂക്ഷ്മജ്ഞനും, കണ്ടറിയുന്നവനുമാകുന്നു.

---

29 **ولاَ تجعلْ** ആക്കുകയും ചെയ്യരുത്. **يدك** നിന്റെ കൈ. **مغلُولَةً** ബന്ധിക്കപ്പെട്ടത്. **إلى عنقك** നിന്റെ പിരടിയിലേക്ക്. **ولاَ تبسطْها** അതിനെ വിരുത്തുക (നീട്ടുക)യും ചെയ്യരുത്. **كُل البْسط** മുഴുവൻ വിരുത്തൽ (നീട്ടൽ). **فَتقْعد** എന്നാൽ നീ ഇരിക്കും (ഇരിക്കേണ്ടി വരും). **ملُوما** കുറ്റപ്പെടുത്ത (ആക്ഷേപിക്ക)പ്പെട്ടവനായി. **محسورا** ഖേദപ്പെട്ടവനായി, കഷ്ടപ്പെട്ടവനായി.. 30 **إن ربك** നിശ്ചയമായും അല്ലാഹു. **يبسطُ** നീട്ടും, വിരുത്തും (വിശാലമാക്കും). **الرزق** ആഹാരം, ഉപജീവനം. **لمن يشاءُ** അവൻ ഉദ്ദേശിക്കുന്നവർക്ക്. **ويقْدر** കണക്കാ(കുടുസ്സാ)ക്കുകയും ചെയ്യും. **إنه** നിശ്ചയമായും അവൻ. **كَانَ** ആകുന്നു. **بِعباده** അവന്റെ അടിയാൻമാരെപ്പറ്റി. **خبِيرا** സൂക്ഷ്മജ്ഞൻ. **بصيرا** കണ്ടറിയുന്നവൻ.

ആവശ്യത്തിനുപോലും ചിലവഴിക്കാതെ പിശുക്കുപിടിക്കരുതെന്നത്രെ, കൈ പിരടിയിലേക്ക് ബന്ധിക്കപ്പെട്ടതാക്കരുത് എന്ന് പറഞ്ഞതിന്റെ താൽപര്യം. ആവശ്യവും കഴിവും നോക്കാതെ അമിതവ്യയം ചെയ്യരുതെന്നത്രെ കൈ മുഴുവനും അങ്ങ് നീട്ടരുത് എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം. സ്വന്താവശ്യങ്ങൾക്ക് വേണ്ടിയാകട്ടെ, മറ്റുള്ളവരുടെ ആവശ്യങ്ങൾക്കു വേണ്ടിയാകട്ടെ ധനം ചെലവഴിക്കുമ്പോൾ അതിൽ മിതത്വം പാലിക്കൽ നിർബന്ധമാണെന്ന് സാരം. പിശുക്ക് പിടിക്കുന്നവൻ-അല്ലാഹുവിന്റെയും ജനങ്ങളുടെയും അടുക്കൽ-ആക്ഷേപവിധേയനും, അമിതവ്യയം ചെയ്യുന്നവൻ ഉള്ളത് നഷ്ടപ്പെട്ട് ഖേദക്കാരനും ആയിത്തീരുമെന്ന് അല്ലാഹു താക്കീത് ചെയ്യുന്നു. തുടർന്നുകൊണ്ട് ജീവിത സൗകര്യങ്ങൾ ചിലർക്ക് വിശാലമായും, ചിലർക്ക് പരിമിതമായും നൽകപ്പെടുന്നത് അല്ലാഹുവിന്റെ ഉദ്ദേശം അനുസരിച്ചാണെന്നും, ആർക്ക് അധികം നൽകണം, ആർക്ക് കുറച്ച് കൊടുക്കണം എന്നൊക്കെ അവന് ശരിക്കും കൃത്യമായും അറിയാമെന്നും ഓർമ്മിപ്പിച്ചിരിക്കുന്നു.

ഖുർആനിലും ഹദീസിലും വളരെ നിഷ്കർഷമായി ഉപദേശിക്കപ്പെട്ടിട്ടുള്ള ഒരു വിഷയമത്രെ മിതവ്യയം. വിളവെടുപ്പ് നടത്തുമ്പോൾ അതിൽ നിന്ന് കൊടുത്തുതീർക്കേണ്ടുന്ന കടമ തീർക്കണമെന്ന് കൽപിച്ചതിനെത്തുടുർന്ന് അല്ലാഹു പറയുന്നു: **ولا تسرفوا انه لايحب المسرفين ـ الانعام** (അമിതമാക്കുകയും അരുത്. അമിതമാക്കുന്നവരെ അവൻ-അല്ലാഹു -ഇഷ്ടപ്പെടുകയില്ല.) (6:141) മറ്റൊരു സ്ഥലത്ത് പറയുന്നു: **وكلوا واشربوا ولا تسرفوا انه لا يحب المسرفين ـ الاعراف** (തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുവിൻ, അമിതമാക്കുകയും ചെയ്യരുത്. അവൻ അമിതമാക്കുന്നവരെ ഇഷ്ടപ്പെടുകയില്ല.) (7:31). സജ്ജനങ്ങളുടെ സൽഗുണങ്ങൾ വിവരിക്കുന്ന മദ്ധ്യെ സൂ: ഫുർഖാനിൽ പറയുന്നു: **والذين اذا انفقوا لم يسرفوا ولم يقتروا الخ** (സാരം: ചെലവഴിക്കുമ്പോൾ അമിതവ്യയം ചെയ്യുകയാകട്ടെ, പിശുക്ക് കാണിക്കുകയാകട്ടെ ചെയ്യാതെ അതിനിടയിൽ അത് മിതമായ നിലക്കായിരിക്കുന്നവരും). അഹ്മദ് (رحمه الله)മുതലയാവർ ഉദ്ധരിച്ച ഒരു ഹദീസിൽ നബി (ﷺ) പറയുന്നു: ‘‘മിതവ്യയം പാലിച്ചവന് ദാരിദ്ര്യം പിണയുകയില്ല.’’ ബൈഹഖീ (رحمه الله)ഉദ്ധരിച്ച ഒരു ഹദീസിൽ, ‘‘മിതത്വം പാലിക്കൽ ഉപജീവനമാർഗ്ഗത്തിന്റെ പകുതിയാകുന്നു’’ എന്നും വന്നിരിക്കുന്നു.

വിഭാഗം-4

31 ദാരിദ്ര്യത്തെ ഭയന്ന് നിങ്ങൾ നിങ്ങളുടെ കുട്ടികളെ കൊല്ലുകയും ചെയ്യരുത്. നാമത്രെ, അവർക്കും നിങ്ങൾക്കും ഉപജീവനം (ആഹാരം) നല്കുന്നത്. നിശ്ചയമായും, അവരെ കൊല്ലൽ ഭീമമായ ഒരു തെററാകുന്നു.

وَلَا تَقْتُلُوٓا۟ أَوْلَـٰدَكُمْ خَشْيَةَ إِمْلَـٰقٍ ۖ نَّحْنُ نَرْزُقُهُمْ وَإِيَّاكُمْ ۚ إِنَّ قَتْلَهُمْ كَانَ خِطْـًٔا كَبِيرًا ﴿٣١﴾

---

31 **ولا تقتلوا** നിങ്ങൾ കൊല്ലുക (വിധിക്കുക)യും ചെയ്യരുത്. **أولادكم** നിങ്ങളുടെ കുട്ടികളെ. **خشية** ഭയന്നതിനാൽ. **إملاق** ദാരിദ്ര്യത്തെ, വലയുന്നതിനെ. **نحن** നാം (തന്നെ) നാമത്രെ. **نرزقهم** അവർക്ക് ആഹാരം (ഉപജീവനം)നൽകുന്നത്. **وإياكم** നിങ്ങൾക്കും. **إن قتلهم** നിശ്ചയമായും അവരെ കൊല്ലൽ. **كَانَ** ആകുന്നു. **خطئًا** ഒരു തെറ്റു, കുറ്റം. **كبيرا** വലിയ, ഭീമമായ.

ഉപജീവനമാർഗ്ഗം വിശാലമാക്കുന്നതും, കുടുസ്സാക്കുന്നതും അല്ലാഹുവാണെന്ന് കഴിഞ്ഞ വചനത്തിൽ പറഞ്ഞുവല്ലോ. തുടർന്നുകൊണ്ട് ഈ വചനത്തിൽ, പെൺമക്കൾ ജനിക്കുന്നതു ദാരിദ്ര്യത്തിന് കാരണമാകാമെന്ന് കരുതി സ്വന്തം മക്കളെ കൊന്നുകളയുന്ന മുൻകാല

അറബികളുടെ പതിവിനെ നിരോധിക്കുകയും ആക്ഷേപിക്കുകയുമാണ് അല്ലാഹു ചെയ്യുന്നത്. ആ കുട്ടികൾ ബാക്കിയായാൽ അവർക്ക് ആഹാരത്തിന് വഴിയുണ്ടാക്കുന്നത് നിങ്ങളല്ല, അവർക്കും നിങ്ങൾക്ക് തന്നെയും ആഹാരം നൽകുന്നത് നാമാണ്, എന്നിരിക്കെ ദാരിദ്ര്യത്തിൻെറ പേരിൽ അവരെ കൊല്ലുന്നതിന് അർത്ഥമില്ല, അത് വളരെ വമ്പിച്ച ഒരു അപരാധമാണ് എന്ന് താക്കീതും നൽകുന്നു. ദാരിദ്ര്യത്തിൻെറ പേരിൽ മക്കളെ കൊല്ലുന്നതിനെ സൂ: അൻആം: 151-ാം വചനത്തിലും വിരോധിച്ചിരിക്കുന്നത് നാം കണ്ടു. പക്ഷേ, അവിടെ നിലവിലുള്ള ദാരിദ്ര്യം നിമിത്തം (من املاق) കൊല്ലരുത് എന്നായിരുന്നു പറഞ്ഞത് ഇവിടെ ദാരിദ്ര്യം ഉണ്ടാകുമെന്ന ഭയം നിമിത്തം (خشية املاق) കൊല്ലരുത് എന്നാണ് പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് ഈ വിരോധത്തെത്തുടർന്ന് അവിടെ نحن نرزقكم واياهم (നിങ്ങൾക്കും ആഹാരം നൽകുന്നത് നാമാണ്) എന്നും, ഇവിടെ نحن نرزقهم واياكم (അവർക്കും നിങ്ങൾക്കും ആഹാരം നൽകുന്നത് നാമാണ്) എന്നും പറഞ്ഞിരിക്കുന്നു. വിശ്വാസവും ചിന്താശക്തിയും ഉള്ളവരെ ഇരുത്തിച്ചിന്തിപ്പിക്കേണ്ടുന്ന രണ്ട് വാക്യങ്ങളാണിവ.

ശിർക്ക് കഴിഞ്ഞാൽ പിന്നെ ഏറ്റവും വമ്പിച്ച പാപമാണ് മനുഷ്യവധം. അതു നിർദ്ദോഷിയും, പാവവുമായ സ്വന്തം കുഞ്ഞിനെ കൂടിയാകുമ്പോൾ ആ പാപം കൂടുതൽ കൂടുതൽ ഗൗരവപ്പെട്ടതായിത്തിരുന്നു. കൊലപ്പെടുത്തുവാനുള്ള കാരണം ദാരിദ്ര്യഭയം കൂടിയാകുമ്പോൾ അപരാധത്തിൻെറ കാഠിന്യം വീണ്ടും കൂടിപ്പോകുന്നു. ആഹാരത്തിൻെറ കാര്യം മുഴവനും തങ്ങളുടെ കയ്യിലും നിയന്ത്രണത്തിലുമാണെന്നുള്ള തെറ്റായ ധാരണ-അല്ല, അഹങ്കാരം-ആണല്ലോ ഇതിൻെറ പിന്നിലുള്ളത്. അടുത്ത രണ്ടാമത്തെ വചനത്തിൽ മനുഷ്യവധത്തെപ്പറ്റി പ്രത്യേകം വിരോധിക്കുന്നുണ്ട്. സൂ: ആൻആമിലാകട്ടെ, അതേ ആയത്തിൽ തന്നെ അത് വിരോധിച്ചിരിക്കുന്നത് കാണാം. അപ്പോൾ, പൊതുവായ ആ നിരോധനത്തിൽ ഉൾപ്പെടുത്താതെ, ദാരിദ്ര്യത്തിൻെറ പേരിൽ മക്കളെ കൊല്ലുന്നതിനെപ്പറ്റി പ്രത്യേകം എടുത്തുപറഞ്ഞിരിക്കുന്നതും ആ അപരാധത്തിൻെറ ഗൗരവം കൊണ്ടുതന്നെ.

നമ്മുടെ രാജ്യമടക്കം 'പരിഷ്കൃതരാജ്യ' ങ്ങളെന്ന് അഭിമാനിക്കുന്ന പല രാജ്യങ്ങളിലും -ചില സങ്കൽപക്കണക്കുകളെ അടിസ്ഥാനമാക്കി-അടുത്ത ഭാവിയിൽ ഉണ്ടായേക്കുമെന്ന് അനുമാനിക്കപ്പെടുന്ന ദാരിദ്ര്യത്തിൻെറ പേരിൽ നടപ്പിൽ വരുത്തപ്പെടുന്ന സന്താന നിയന്ത്രണത്തിനും, ആ ആവശ്യാർത്ഥം അംഗീകരിക്കപ്പെട്ടുവരുന്ന ലജ്ജാവഹവും, സംസ്കാരശൂന്യവുമായ പല സംരഭങ്ങൾക്കും ഇസ്ലാമിക ദൃഷ്ട്യാ എന്തായിരിക്കും സ്ഥാനമുള്ളതെന്ന് ആലോചിച്ച് നോക്കുക! അതിന് സന്താനഹത്യയെന്ന് പേർ പറയാതെ, മറ്റെന്തെങ്കിലും അഭികാമ്യമായ പേരുകൾ നൽകി തൃപ്തി അടയുന്നത് കൊണ്ടോ, ജനിച്ചശേഷം കൊലചെയ്യുന്നില്ലല്ലോ എന്ന സമർത്ഥനംകൊണ്ടോ അല്ലാഹുവിൻെറ മുമ്പിൽ ഒരിക്കലും അതിന് ന്യായീകരണം ഉണ്ടാവാൻ പോകുന്നില്ല. 'ദാരിദ്ര്യം നിമിത്ത'വും 'ദാരിദ്ര്യത്തെ ഭയന്നു' കൊല ചെയ്യരുതെന്നും, 'നിങ്ങൾക്കും അവർക്കും', 'അവർക്കും നിങ്ങൾക്കും' ഞാനാണ് ആഹാരം നൽകുന്നതെന്നുമുള്ള അല്ലാഹുവിൻെറ വാക്കുകൾ ശരിക്കും വിലയിരുത്തിക്കൊണ്ട് ആലോചിക്കുന്നവർക്ക് ഇതിൽ സംശയത്തിനവകാശമില്ല. ഖുർആൻ അവതരിക്കുന്ന കാലത്തെ പതിവിനെ ആസ്പദമാക്കി 'കൊലപ്പെടുത്തരുത്' എന്ന വാക്കാണ് അല്ലാഹു ഉപയോഗിച്ചിട്ടുള്ളത്. ആ നിരോധത്തിന് ആധാരമായി അല്ലാഹു ചൂണ്ടിക്കാട്ടിയ അതേ കാരണങ്ങൾ ഇന്നത്തെ സന്താന നിയന്ത്രണത്തിലും കാണാവുന്നതാണ്. സന്താന നിയന്ത്രണം നിർബന്ധപൂർവ്വം നടപ്പിലാക്കിയ ചില പരിഷ്കൃത രാജ്യങ്ങളിൽ ജനസംഖ്യ കുറയുകയും പിൽക്കാലത്ത് കൂടുതൽ പ്രസവിക്കുന്ന സ്ത്രികളക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകി വുരന്നതും ഇത്തരുണത്തിൽ സ്മരണീയമാണ്.

ഇബ്നുമസ്ഊദ് (ﷺ)പറയുന്നു: പാപത്തിൽ വെച്ച് ഏറ്റവും വമ്പിച്ചത് ഏതാണെന്ന് ഞാൻ നബി (ﷺ) യോട് ചോദിച്ചപ്പോൾ അവിടുന്ന് പറഞ്ഞു: ''നിന്നെ സൃഷ്ടിച്ചത് അല്ലാഹുവായിരിക്കെ, അവന് നീ സമൻമാരെ ഏർപ്പെടുത്തലാകുന്നു.'' പിന്നെ ഏതെന്ന് ചോദിച്ചപ്പോൾ അവിടുന്ന് പറഞ്ഞു: ''നിൻെറ സന്താനം നിന്നോടൊപ്പം ഭക്ഷണം കഴിക്കുമെന്ന് ഭയന്ന്-അ

തിനെ നീ കൊല്ലലാകുന്നു.'' പിന്നെ ഏതാണെന്ന് ചോദിച്ചപ്പോൾ അവിടന്ന് പറഞ്ഞു: ''നിൻെറ അയൽക്കാരൻെറ പത്നിയെ നീ വ്യഭിചരിക്കുകയാണ്.'' (ബു: മു) സൂ: അൻആമിലെ ആയത്തിൻെറ വ്യഖ്യാനത്തിൽ വിവരിച്ച സംഗതികൾ ഇവിടെയും ഓർമ്മിക്കുക.

32 നിങ്ങൾ വ്യഭിചാരത്തെ സമീപിക്കുകയും ചെയ്യരുത്. നിശ്ചയമായും അത് ഒരു നീചവൃത്തിയാകുന്നു; വളരെ ദുഷിച്ച മാർഗ്ഗവുമാണ്.	وَلَا تَقْرَبُوا۟ ٱلزِّنَىٰٓ ۖ إِنَّهُۥ كَانَ فَـٰحِشَةً وَسَآءَ سَبِيلًا ﴿٣٢﴾

---

32 ولا تقربوا നിങ്ങൾ സമീപിക്കുക (അടുക്കുക)യും ചെയ്യരുത്. الزنى വ്യഭിചാരത്തെ. إنه كان നിശ്ചയമായും അതാകുന്നു. فاحشة ഒരു നീചവൃത്തി. وساء അത് വളരെ ദുഷിച്ചതുമാണ്. سبيلا മാർഗ്ഗം, വഴി.

വ്യഭിചരിക്കരുത് എന്ന് പറയാതെ, അതിനെ സമീപിക്കരുതെന്നത്രെ അല്ലാഹു പറഞ്ഞ വാക്ക്. വളരെ ശ്രദ്ധേയമാണിത്. വ്യഭിചാരത്തിലേക്ക് നയിക്കുന്നതോ, അതിനു വഴിവെക്കുന്നതോ ആയ എല്ലാ കാര്യവും വർജ്ജിക്കണമെന്നാണിതിൻെറ താൽപര്യം. അന്യ സ്ത്രീ പുരുഷൻമാർ തമ്മിൽ നോക്കുന്നതും, കൂടിക്കലരുന്നതുമൊക്കെ ഇസ്ലാമിൽ വിരോധിക്കപ്പെട്ടിരിക്കുന്നതും അതുകൊണ്ട് തന്നെയാകുന്നു. അനിയന്ത്രിതമായ സ്ത്രീപുരുഷ സമ്പർക്കങ്ങൾക്കും പ്രേമപ്രകടനങ്ങൾക്കും പരിഷ്ക്കാരത്തിൻെറയും, പുരോഗമനത്തിൻെറയും പേര് നൽകി പോത്സാഹനം നൽകിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് വ്യഭിചാരം ഒരു വൻകുറ്റമായി ഗണിക്കപ്പെടാതിരിക്കുക സ്വഭാവികമാണ്. പക്ഷേ, കാലദേശങ്ങളുടെയോ, ജനാഭിലാഷങ്ങളുടെയോ വ്യത്യാസം കൂടാതെ എക്കാലത്തും വ്യഭിചാരം വളരെ നീചവും നിന്ദ്യവുമായ ഒരു മഹാപാപമായിട്ടാണ് അല്ലാഹു കണക്കാക്കുന്നത്.

ഈ വചനത്തിലും, അടുത്ത ചില വചനങ്ങളിലും പ്രസ്താവിക്കപ്പെട്ട എല്ലാ വിഷയങ്ങളെപ്പറ്റിയും കഴിഞ്ഞ സൂറത്തുകളിലും, താഴെ സൂറത്തുകളിലുമായി കൂടുതൽ വിവരങ്ങൾ കാണാവുന്നത്കൊണ്ട് ഇവിടെ ഓരോന്നിനെയും പറ്റി കൂടുതലൊന്നും വിവരിക്കുന്നില്ല.

33 അല്ലാഹു (കൊല) നിഷിദ്ധമാക്കിയ (അഥവാ പരിപാവനമാക്കിയ) ദേഹത്തെ (ആളെ) ന്യായപ്രകാരമല്ലാതെ നിങ്ങൾ കൊല്ലുകയും ചെയ്യരുത്. അക്രമിക്കപ്പെട്ടവനായ നിലയിൽ ആരെങ്കിലും കൊല്ലപ്പെടുന്നപക്ഷം, അവൻെറ കൈകാര്യക്കാരന് നാം ഒരധികാരം ഏർപ്പെടുത്തിക്കൊടുത്തിട്ടുണ്ട്. എന്നാലവൻ കൊലയിൽ അതിരു കവിഞ്ഞു പോകരുത്. നിശ്ചയമായും, അവൻ സഹായിക്കപ്പെടുന്നവനാകുന്നു.	وَلَا تَقْتُلُوا۟ ٱلنَّفْسَ ٱلَّتِى حَرَّمَ ٱللَّهُ إِلَّا بِٱلْحَقِّ ۗ وَمَن قُتِلَ مَظْلُومًا فَقَدْ جَعَلْنَا لِوَلِيِّهِۦ سُلْطَـٰنًا فَلَا يُسْرِف فِّى ٱلْقَتْلِ ۖ إِنَّهُۥ كَانَ مَنصُورًا ﴿٣٣﴾

---

33 ولا تقتلوا നിങ്ങൾ കൊല്ലുകയും ചെയ്യരുത്. النفس ദേഹത്തെ, ആത്മാവിനെ. التي حرم നിഷിദ്ധമാക്കിയതായ, പരിപാവനമാക്കിയ. الله അല്ലാഹു. إلا بالحق ന്യായ (മുറ-അവകാശ)പ്രകാരമ

ല്ലാതെ. وَمن قُتل ആരെങ്കിലും കൊല്ലപ്പെട്ടാൽ. مظْلُوما അക്രമിക്കപ്പെട്ടവനായിക്കൊണ്ട്. فَقَد جعلْنا എന്നാൽ തീർച്ചയായും നാം ആക്കി (ഏർപ്പെടുത്തി)യിട്ടുണ്ട്. لوليه അവൻെറ കൈകാര്യക്കാരന്, ബന്ധുവിന്. سلْطَانا ഒരു അധികാരം, ശക്തി. فَلَا يسرف എന്നാലവൻ അമിതമാക്കരുത്. في الْقَتْل കൊലയിൽ. إِنه كَانَ നിശ്ചയമായും അവനാകുന്നു. منصورا സഹായിക്കപ്പെടുന്നവൻ.

കൊലക്കുപകരം കൊലയായോ, കൊലശിക്ഷ വിധിക്കപ്പെട്ട കുറ്റങ്ങൾക്ക് ശിക്ഷയായോ അല്ലാതെ മറ്റ് തരത്തിലുള്ള കൊലകളൊന്നും പാടില്ലെന്നാണ് الا بالحق (ന്യായപ്രകാരമല്ലാതെ) എന്ന് പറഞ്ഞതിൻെറ താൽപര്യമെന്ന് സൂ:അൻആം 151 -ാം വചനത്തിൽ വിവരിച്ച് കഴിഞ്ഞിട്ടുണ്ട്. ന്യായപ്രകാരമല്ലാതെ അക്രമമായി ആരെങ്കിലും കൊല്ലപ്പെടുന്നതായാൽ അയാളുടെ അടുത്ത ബന്ധുക്കൾക്ക് പ്രതികാരനടപടി എടുക്കുവാൻ അധികാരമുണ്ടെന്നും, ആ അധികാരം ദുരുപയോഗപ്പെടുത്തി നിരപരാധികളെ കയ്യേറ്റം ചെയ്തോ, പ്രതികാരത്തിൻെറ രൂപത്തിൽ കാഠിന്യം കൂട്ടിയോ മറ്റോ അതിരുകവിഞ്ഞുപോകുവാൻ പാടില്ലെന്നും അല്ലാഹു അിറയിക്കുന്നു. വിശദീകരണം സൂ:അൽബഖറഃ 178ലും നിസാഉ് 92,93 ലും, മാഇദഃ 32ലും മുമ്പ് കഴിഞ്ഞു പോയിട്ടുണ്ട്. انه كان منصورا (നിശ്ചയമായും അവൻ സഹായിക്കപ്പെട്ടവനാകുന്നു.) എന്ന് പറഞ്ഞത് കൊല്ലപ്പെട്ടവനെ ഉദ്ദേശിച്ചും അവൻെറ കൈകാര്യക്കാരനെ ഉദ്ദേശിച്ചും ആകാവുന്നതാണ്. തത്വത്തിൽ രണ്ടും ഒരുപോലെത്തന്നെ. വധിക്കപ്പെട്ടവൻെറ ഭാഗത്തിനാണ്–അന്യായമായി വധിച്ചവൻെറ ഭാഗത്തിനല്ല––സഹായം നൽകപ്പെടേണ്ടതെന്ന് വ്യക്തമാണല്ലോ.

وَلَا تَقْرَبُوا۟ مَالَ ٱلْيَتِيمِ إِلَّا بِٱلَّتِى هِىَ أَحْسَنُ حَتَّىٰ يَبْلُغَ أَشُدَّهُۥ ۚ وَأَوْفُوا۟ بِٱلْعَهْدِ ۖ إِنَّ ٱلْعَهْدَ كَانَ مَسْـُٔولًا ﴿٣٤﴾

34 ഏറ്റവും നല്ലതേതോ അതനുസരിച്ചല്ലാതെ അനാഥയുടെ സ്വത്തിനെ നിങ്ങൾ സമീപിക്കുകയും ചെയ്യരുത്; അവൻ അവൻെറ ശക്തി (പ്രായപൂർത്തി) പ്രാപിക്കുന്നതുവരെ. നിങ്ങൾ കരാറ് നിറവേറ്റുകയും ചെയ്യുവിൻ. നിശ്ചയമായും കരാർ ചോദ്യം ചെയ്യപ്പെടുന്നതാകുന്നു.

وَأَوْفُوا۟ ٱلْكَيْلَ إِذَا كِلْتُمْ وَزِنُوا۟ بِٱلْقِسْطَاسِ ٱلْمُسْتَقِيمِ ۚ ذَٰلِكَ خَيْرٌ وَأَحْسَنُ تَأْوِيلًا ﴿٣٥﴾

35 നിങ്ങൾ അള(ന്നു കൊടു)ക്കുമ്പോൾ അളവ് പൂർത്തിയാക്കുകയും ചെയ്യുവിൻ. (കൃത്രിമമില്ലാതെ) ചൊവ്വിന് നിലകൊള്ളുന്ന തുലാസ്സുകൊണ്ട് തൂ (ക്കിക്കൊടു) ക്കുകയും ചെയ്യുവിൻ. അത് കൂടുതൽ ഗുണ(കര)വും, ഏറ്റവും നല്ല പര്യവസാനമുള്ളതുമാണ്.

---

34 ولا تقْربوا നിങ്ങൾ സമീപിക്കുകയും ചെയ്യരുത്. مالَ സ്വത്തിനെ. اليتيم അനാഥയുടെ. إلا بِالتي യാതൊന്നനുസരിച്ചല്ലാതെ. هي അത്. أَحسن ഏറ്റം (കൂടുതൽ) നല്ലതാണ്. حتى يبلُغَ അവൻ എത്തുന്ന (പ്രാപിക്കുന്ന)തുവരെ. أشده അവൻെറ ശക്തി (പ്രായപൂർത്തി). وأَوفُوا നിറവേറ്റുക (പൂർത്തിയാക്കുക)യും ചെയ്വിൻ. بِالْعهد കരാറിനെ ഉടമ്പടിയെ. إِن العهد നിശ്ചയമായും കരാർ. كَانَ ആകുന്നു. مسؤولاً ചോദ്യം ചെയ്യപ്പെടുന്നത്.. 35 وأَوفُوا നിറവേറ്റുക (പൂർത്തിയാക്കുക)യും ചെയ്വിൻ. الْكَيلَ അളത്തം. إِذَا كلتم നിങ്ങൾ അളന്നാൽ. وزنوا തൂക്കുകയും ചെയ്യുക. بِالْقسطَاس തുലാസുകൊണ്ട്. المستقيم ചൊവ്വായ, നേരെയുള്ള. ذَلك അത്. خير ഗുണമാണ്, കൂടുതൽ നൻമയാണ്. وأَحسن ഏറ്റം (അധികം) നല്ലതുമാണ്. تأْويلاً പര്യവസാനം.

ഏറ്റവും നല്ല മാർഗ്ഗത്തിലൂടെയല്ലാതെ അനാഥയുടെ സ്വത്തിനെ സമീപിക്കരുത് എന്ന് പറഞ്ഞതിൻെറ താല്പര്യം സൂ: അൻആം 152ൻെറ വ്യാഖ്യനത്തിൽ വിവരിച്ച് കഴിഞ്ഞിട്ടുണ്ട്. കരാറുകൾ പാലിച്ചുവോ, അതിലെ നിശ്ചയങ്ങൾ നിറവേറ്റിയോ എന്നൊക്കെ അല്ലാഹു ചോദ്യം ചെയ്യുമെന്നത്രേ കരാറ് ചോദ്യം ചെയ്യപ്പെടുമെന്ന് പറഞ്ഞതിൻെറ സാരം. അളത്തത്തിലും തൂക്കത്തിലും കൃത്രിമം നടത്തി വല്ലതും വഞ്ചിക്കപ്പെടുന്നപക്ഷം, തൽക്കാലം അതൊരു നേട്ടമായി തോന്നാമെങ്കിലും അതിൻെറ ഭാവി നഷ്ടത്തിലാണ് കലാശിക്കുകയെന്നും, രണ്ടിലും കൃത്യം പാലിക്കുന്നതുമൂലം ഇഹത്തിലും പരത്തിലും പല നൻമയും അഭിവൃദ്ധിയും ഉണ്ടായിത്തീരുമെന്നുമാണ് അവസാനം പറഞ്ഞതിൻെറ താൽപര്യം.

36 നിനക്ക് അറിവില്ലാത്തതിനെ നീ പിൻതുടരുകയും ചെയ്യരുത്. നിശ്ചയമായും, കേൾവിയും, കാഴ്ചയും, ഹൃദയവും, അവ എല്ലാം തന്നെ, അ(താ)തിനെക്കുറിച്ചു ചോദ്യം ചെയ്യപ്പെടുന്നതാകുന്നു.

وَلَا تَقْفُ مَا لَيْسَ لَكَ بِهِۦ عِلْمٌ ۚ إِنَّ ٱلسَّمْعَ وَٱلْبَصَرَ وَٱلْفُؤَادَ كُلُّ أُو۟لَٰٓئِكَ كَانَ عَنْهُ مَسْـُٔولًا ﴿٣٦﴾

---

36 **ولا تقف** നീ പിൻതുടരുകയും ചെയ്യരുത്. **ما ليس** ഇല്ലാത്തതിനെ. **لك به** നിനക്ക് അതിനെപ്പറ്റി. **علم** ഒരറിവും, അറിവ്. **إن السمع** നിശ്ചയമായും കേൾവി. **والبصر** കാഴ്ചയും. **والفؤاد** ഹൃദയവും. **كل أولئك** അക്കൂട്ടരെല്ലാം (അവയെല്ലാം). **كانَ** ആകുന്നു. **عنه** അതിനെപ്പറ്റി. **مسئولاً** ചോദ്യം ചെയ്യപ്പെടുന്നത്.

ശരിയായ അറിവ് ലഭിക്കാതെ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതും, ഊഹത്തെയും ധാരണയെയും അടിസ്ഥാനമാക്കി കാര്യങ്ങൾ നിർണ്ണയിക്കുന്നതും ഈ വചനംമൂലം അല്ലാഹു വിരോധിക്കുന്നു. വളരെ ശ്രദ്ധിക്കപ്പെടേണ്ടുന്ന ഒരു തത്വമാണിത്. ഊഹം പലപ്പോഴും തെറ്റായിരിക്കും. അല്ലാഹു പറയുന്നു: اجتنبوا كثيرا من الظن ان بعض الظن اثم (ഊഹത്തിൽ മിക്കതിനെയും നിങ്ങൾ വർജ്ജിക്കുവിൻ. നിശ്ചയമായും, ഊഹത്തിൽ ചിലത് കുറ്റകരമായിരിക്കും) (49:12) വീണ്ടും പറയുന്നു. وان الظن لا يغني من الحق شيئا (നിശ്ചയമായും, ഊഹം യഥാർത്ഥത്തെ സംബന്ധിച്ച് ഒട്ടും ഉപകരിക്കുകയില്ല.) (53:28.) നബി (ﷺ) പറയുന്നു: اياكم والظن فان الظن اكذب الحديث (നിങ്ങൾ ഊഹത്തെ സൂക്ഷിക്കുവിൻ. കാരണം, ഊഹം വർത്തമാനത്തിൽവെച്ച് ഏറ്റം കളവായതാകുന്നു.) (ബു.) വേറൊരു ഹദീസിൽ നബി (ﷺ) പറയുന്നു: بئس مطية الرجل زعموا (‘ആളുകൾ പറയുന്നു’ വെന്നുളളത് മനുഷ്യൻെറ വളരെ ദുഷിച്ച വാഹനമാകുന്നു (ദാ,) അതായത്, തക്കതായ അറിവ് കൂടാതെ, കേട്ടുകേൾവിയെ അടിസ്ഥാനമാക്കി വല്ലുതും പറയുകയും, ‘‘ആളുകൾ അങ്ങിനെ പറയുന്നു’’ വെന്നും മറ്റും പറഞ്ഞ് ഉത്തരവാദിത്വം അന്യരുടെമേൽവെച്ച് കെട്ടുകയും ചെയ്യുന്നത് വളരെ ദുഷിച്ച സമ്പ്രദായമാണെന്ന് സാരം.)

കാതുകൊണ്ട് കേട്ടും, കണ്ണുകൊണ്ട് കണ്ടും, ഹൃദയംകൊണ്ട് ചിന്തിച്ചും ഇങ്ങിനെ മൂന്നു വിധത്തിലാണല്ലോ കാര്യങ്ങളെപ്പറ്റി ശരിയായ അറിവ് സമ്പാദിക്കുക. അതതിനെ ഉപയോഗിക്കേണ്ട പ്രകാരം ഉപയോഗിച്ചുവോ ഇല്ലേ, എന്തിലെല്ലാമാണ് ഉപയോഗിച്ചത് എന്നിത്യാദി സംഗതികളെപ്പറ്റി ചോദ്യം ചെയ്യപ്പെടുന്നതാണെന്ന് അല്ലാഹു താക്കീത് ചെയ്യുന്നു. ഈ ചോദ്യം ചെയ്യപ്പെടൽ ഒരർത്ഥത്തിൽ ഇവിടെവെച്ചുതന്നെ ഉണ്ടാവാമെങ്കിലും, യഥാർഥത്തിൽ അത് നടക്കുക പരലോകത്തുവെച്ചായിരിക്കും. അതെ, നാവും, കയ്യും, കാലുമെല്ലാം സാക്ഷ്യം വഹിക്കുന്ന ആ ദിവസത്തിൽ. (يوم تشهد عليهم السنتهم وايديهم وارجلهم - النور) എന്നാൽ, മുഴുവൻ കാര്യങ്ങളിലും മനുഷ്യന് ശരിയായ അറിവ്-അഥവാ ഉറപ്പായ വിവരം-സാധ്യമല്ലെന്നും, ഉറപ്പായ

അറിവു ലഭിക്കുവാൻ മാർഗ്ഗമില്ലാത്ത പല കാര്യങ്ങളുമുണ്ടെന്നും തീർച്ചയാണ്. അപ്പോൾ, ഉറപ്പായ അറിവ് ലഭിക്കുവാൻ സാദ്ധ്യമാകുന്ന വിഷയങ്ങളെപ്പറ്റിയാണ് ഇവിടെ പ്രസ്താവിക്കുന്നതെന്ന് വ്യക്തമാകുന്നു. അത് കൊണ്ടാണ്, മൗലികമായതും, വിശ്വാസപരമായതുമായ കാര്യങ്ങളിലും, സ്പഷ്ടമായ തെളിവുകളുള്ള വിഷയങ്ങളിലും يقين (ഉറപ്പായ അറിവ്) ഉണ്ടായിരിക്കൽ നിർബ്ബന്ധമാണെന്നും, ഭിന്നാഭിപ്രായത്തിന് സാധ്യതയുള്ള ശാഖാപരവും, അനുഷ്ഠാനപരവുമായ വിഷയങ്ങളിൽ ഉറപ്പായ അറിവുണ്ടായിരിക്കൽ നിർബ്ബന്ധമില്ലെന്നും പണ്ഡിതൻമാർ പറയുന്നത്. ഇതുസംബന്ധിച്ച വിശദവിവരങ്ങളുടെ സ്ഥാനം 'ഉസ്വൂലി' ന്റെ (മതനിദാന ശാസ്ത്രങ്ങളുടെ) ഗ്രന്ഥങ്ങളാകുന്നു.

وَلَا تَمْشِ فِى ٱلْأَرْضِ مَرَحًا ۖ إِنَّكَ لَن تَخْرِقَ ٱلْأَرْضَ وَلَن تَبْلُغَ ٱلْجِبَالَ طُولًا ﴿٣٧﴾

37 നീ ഭൂമിയിലൂടെ അഹന്ത കാട്ടി നടക്കുകയും ചെയ്യരുത്. നിശ്ചയമായും നീ, ഭൂമിയെ (കീറി) പിളർക്കുകയില്ല തന്നെ; നീളത്തിൽ നീ മലകളോളം എത്തുകയുമില്ല തന്നെ.

---

37 **ولا تمش** നീ നടക്കുകയും ചെയ്യരുത്. **في الأرض** ഭൂമിയിൽ. **مرحا** അഹന്തയായി. **إنك** നിശ്ചയമായും നീ. **لن تخرق** കീറുക(പിളർക്കുക-ചിന്തുക)യേ ഇല്ല. **الأرض** ഭൂമിയെ. **ولن تبلغ** നീ എത്തുകയുമില്ലതന്നെ. **الجبال** പർവ്വതങ്ങളോളം. **طولا** നീളത്തിൽ, നീളംകൊണ്ട്.

നടത്തത്തിലും പെരുമാറ്റത്തിലും അഹന്തയും അഹങ്കാരവും പ്രകടിപ്പിക്കുന്നതിനെ അല്ലാഹു വളരെ ഗൗരവപൂർവ്വം വിരോധിക്കുന്നു. നീ എത്രതന്നെ അഹന്ത കാണിച്ചാലും ഭൂമിയെ പിളർക്കുവാനോ, വലുപ്പംകൊണ്ട് മലകളോളം എത്തുവാനോ നിനക്ക് സാദ്ധ്യമല്ലെന്ന് അത്തരക്കാരെ പരിഹസിക്കുകയും ചെയ്യുന്നു. അവരോട് അല്ലാഹുവിനുള്ള കടുത്ത വെറുപ്പാണിത് കാണിക്കുന്നത്. ഒരു ഹദീസിൽ ഇപ്രകാരം വന്നിട്ടുള്ളതായി ഇബ്നുകഥീർ (رحمه الله)ഉദ്ധരിച്ചിരിന്നു. ''അല്ലാഹുവിന് ആരെങ്കിലും താഴ്മ കാണിച്ചാൽ, അല്ലാഹു അവനെ ഉയർത്തുന്നതാണ്. അവൻ തന്റെ മനസ്സിൽ നിസ്സാരനും, ജനങ്ങളുടെ അടുക്കൽ വലിയവനുമായിരിക്കും. ആരെങ്കിലും ഗർവ്വ് നടിച്ചാൽ, അല്ലാഹു അവനെ താഴ്ത്തുന്നതാണ്. അവൻ തന്റെ മനസ്സിൽ വലിയവനും, ജനങ്ങളുടെ അടുക്കൽ നിസ്സാരനുമായിരിക്കും. എത്രത്തോളമെന്നാൽ, അവൻ അവരുടെ അടുക്കൽ നായയെക്കാളും പന്നിയെക്കാളും നിസ്സാരനായിരിക്കും.''

كُلُّ ذَٰلِكَ كَانَ سَيِّئُهُۥ عِندَ رَبِّكَ مَكْرُوهًا ﴿٣٨﴾

38 (മേൽപറഞ്ഞ) അതെല്ലാം (തന്നെ), അതിലെ ദുഷിച്ചത് (ഒക്കെയും) നിന്റെ റബ്ബിന്റെ അടുക്കൽ വെറുക്കപ്പെട്ടതാകുന്നു.

ذَٰلِكَ مِمَّآ أَوْحَىٰٓ إِلَيْكَ رَبُّكَ مِنَ ٱلْحِكْمَةِ ۗ وَلَا تَجْعَلْ مَعَ ٱللَّهِ إِلَٰهًا ءَاخَرَ فَتُلْقَىٰ فِى جَهَنَّمَ مَلُومًا مَّدْحُورًا ﴿٣٩﴾

39 അത് (ഒക്കെയും) നിന്റെ റബ്ബ് വിജ്ഞാനമായി നിനക്ക് 'വഹ്‌യു' [സന്ദേശം] നൽകിയതിൽ പെട്ടതാകുന്നു. അല്ലാഹുവിനോടുകൂടി വേറെ ഒരു ആരാധ്യനെയും നീ ഏർപ്പെടുത്തുകയും ചെയ്യരുത്: എന്നാൽ, കുറ്റപ്പെടുത്തപ്പെട്ടവനായും, ആട്ടപ്പെട്ടവനായും കൊണ്ട് നീ 'ജഹന്നമി'ൽ [നരകത്തിൽ] ഇടപ്പെടും.

---

38 كُلُّ ذَٰلِكَ അതെല്ലാം. كَانَ ആകുന്നു. سَيِّئُه അതിൽ ദുഷിച്ചത്. عند ربك നിന്റെ റബ്ബിന്റെ അടുക്കൽ. مكْرُوهًا വെറുക്കപ്പെട്ടത്. 39 ذَٰلِكَ അത്. مما أوحى വഹ്‌യു നൽകിയതിൽ പെട്ടതാണ്. إِلَيْكَ നിനക്ക്, നിന്നിലേക്ക്. ربك നിന്റെ റബ്ബ്. من الْحِكْمَةِ വിജ്ഞാനത്തിൽ (തത്വത്തിൽ) നിന്ന്. ولا تجعلْ നീ ആക്കുക (ഏർപ്പെടുത്തുക)യും അരുത്. مع الله അല്ലാഹുവിന്റെ കൂടെ (ഒപ്പം). إِلَٰهًا ആരാധ്യനെ, ദൈവത്തെ. آخر വേറെ. فَتُلْقَى എന്നാൽ നീ ഇടപ്പെടും. في جهنم ജഹന്നമിൽ. ملُوما കുറ്റപ്പെടുത്ത(ആക്ഷേപിക്ക)പ്പെട്ടവനായി. مدحورا ആട്ടപ്പെട്ടവനായി.

23–ാം വചനത്തിൽ അല്ലാഹുവിനെയല്ലാതെ ആരെയും ആരാധിക്കരുത് എന്ന് തുടങ്ങി ഇതേവരെയായി പല ഉപദേശനിർദ്ദേശങ്ങളും, വിധിവിലക്കുകളും അല്ലാഹു നൽകുകയുണ്ടായി. അവയിലേക്ക് ചൂണ്ടിക്കൊണ്ട് അല്ലാഹു ഉണർത്തുകയാണ്: അവയിൽ ചെയ്യരുതാത്തതും വിലക്കപ്പെട്ടതുമായ കാര്യങ്ങളെല്ലാം അല്ലാഹു ഇഷ്ടപ്പെടാത്തതും, അവൻ വെറുക്കുന്നതുമായ കാര്യങ്ങളാണ്; അതുകൊണ്ടാണവൻ അവ വിരോധിച്ചത്, ആകയാൽ അവയൊന്നും ചെയ്തു അല്ലാഹുവിന്റെ വെറുപ്പും സമ്പാദിക്കരുത് എന്നൊക്കെ. അനന്തരം, മേൽപറഞ്ഞ കാര്യങ്ങൾ മുഴുവനും നബി (ﷺ) മുഖാന്തരം ജനങ്ങൾക്കുവേണ്ടി അല്ലാഹു അറിയിച്ച് തരുന്ന തത്വവിജ്ഞാനങ്ങളാണെന്ന് വീണ്ടും ഉണർത്തിയിരിക്കുന്നു. ഏറ്റവും ആദ്യമായി പ്രസ്താവിച്ച കാര്യം– അല്ലാഹുവിനെയല്ലാതെ ആരാധിക്കരുത് എന്നുള്ള ഏറ്റവും മൗലികപ്രധാനമായ ഉപദേശം–അവസാനം ഒരു വട്ടംകൂടി ഓർമ്മിപ്പിക്കുകയും, ഈ ഉപദേശം വിലവെക്കാത്തപക്ഷം, കാരുണ്യത്തിന്റെയും അനുഭാവത്തിന്റെയും കണികപോലും ലഭിക്കാതെ കാലാകാല നരകശിക്ഷ അനുഭവിക്കേണ്ടിവരുമെന്ന് താക്കീത് ചെയ്കയും ചെയ്തിരിക്കുന്നു. അല്ലാഹുവിന്റെ കൽപനകൾ മുഴുവനും കഴിവതും അനുസരിക്കുകയും, അവന്റെ വിരോധങ്ങൾ മുഴുവനും വർജ്ജിക്കുകയും ചെയ്‌വാൻ അവൻ നമുക്ക് തൗഫീഖ് നൽകട്ടെ. ആമീൻ.

أَفَأَصْفَىٰكُمْ رَبُّكُم بِٱلْبَنِينَ وَٱتَّخَذَ مِنَ ٱلْمَلَٰٓئِكَةِ إِنَٰثًا ۚ إِنَّكُمْ لَتَقُولُونَ قَوْلًا عَظِيمًا ﴿٤٠﴾

40 എന്നാൽ, (ഹേ, മുശ്‌രിക്കുകളേ,) നിങ്ങളുടെ റബ്ബ് ആൺമക്കളെക്കൊണ്ട് നിങ്ങളെ പ്രത്യേകപ്പെടുത്തുകയും, മലക്കുകളിൽ നിന്ന് പെണ്ണുങ്ങളെ[പെൺമക്കളെ] അവൻ സ്വീകരിച്ചുവെച്ചിരിക്കുകയുമാണോ?! നിശ്ചയമായും, വമ്പിച്ച ഒരു വാക്കുതന്നെയാണ് നിങ്ങൾ പറയുന്നത്!

---

40 أَفَأَصْفَاكُمْ എന്നാൽ (അപ്പോൾ) അവൻ നിങ്ങളെ തിരഞ്ഞു (തെളിയിച്ചു പ്രത്യേകപ്പെടുത്തി) വെച്ചിരിക്കയാണോ. ربكُم നിങ്ങളുടെ റബ്ബ്. بِالْبنِين ആൺമക്കളെ (പുത്രൻമാരെ)ക്കൊണ്ട്. واتخذَ അവൻ ആക്കി(ഉണ്ടാക്കി-സ്വീകരിച്ചു)വെച്ചിരിക്കുകയും. من الْملائكة മലക്കുകളിൽ നിന്ന്. إناثًا പെണ്ണുങ്ങളെ. إنكُم നിശ്ചയമായും നിങ്ങൾ. لَتقُولُونَ പറയുകതന്നെ ചെയ്യുന്നു. قَولاً ഒരു വാക്ക്. عظيما വമ്പിച്ചതായ.

മലക്കുകൾ അല്ലാഹുവിന്റെ പെൺമക്കളാണെന്ന് ജൽപിച്ചുകൊണ്ട് അവരെ ആരാധ്യദൈവങ്ങളാക്കി വെച്ചിരുന്ന മുശ്‌രിക്കുകളോടാണ് ഈ ചോദ്യം. നിങ്ങൾ പറഞ്ഞപ്രകാരമാണെങ്കിൽ, മക്കളുടെ കൂട്ടത്തിൽ കൂടുതൽ ശ്രേഷ്ഠത കൽപ്പിക്കപ്പെടുന്ന ആൺമക്കളെ അല്ലാഹു നിങ്ങൾക്കായി നീക്കിവെക്കുകയും, താണതരക്കാരായി ഗണിക്കപ്പെട്ടുവരുന്ന പെൺമക്കളെ അവൻ എടുത്തിരിക്കുകയും ചെയ്തിരിക്കുന്നുവെന്നാണല്ലോ അതിന്റെ അർത്ഥം. ഇതൊട്ടും നീതിയായില്ല. കളവു പറയുന്നതിലും വേണ്ടേ അൽപമെങ്കിലും നീതി?! എന്ന് സാരം. الكم الذكر وله الانثى تلك اذا قسمة ضيزى (നിങ്ങൾക്ക് ആണും അവന് പെണ്ണുമാണോ? അങ്ങിനെയാ

ണെങ്കിൽ അത് നീതികെട്ട ഒരു വിഭജനമാകുന്നു.) (സൂ: അന്നജ്മ് 21, 22.) മറ്റുള്ള ശിർക്കിൻെറ വാദങ്ങളെ അപേക്ഷിച്ച് വളരെ കടുത്തതും നികൃഷ്ടമായതുമായ ഒരു വാദമാണിത്. അല്ലാഹുവിനെ സൃഷ്ടിസമാനമാക്കി താഴ്ത്തുക, അവൻെറ അവകാശം മറ്റുള്ളവർക്കും വകവെച്ചുകൊടുക്കുക, മലക്കുകളെ സ്ത്രീകളാക്കി സങ്കൽപിക്കുക, എന്നിട്ട് ഇല്ലാത്ത ആ സ്ത്രീകളെ അല്ലാഹുവിൻെറ മക്കളാക്കുകയും അവരെ ആരാധ്യരാക്കുകയും ചെയ്യുക. ഇങ്ങിനെ പലതും. അതേ സമയത്ത് അവർക്കൊരു പെകുട്ടിയുണ്ടായിത്തീർന്നാലോ? അങ്ങേയറ്റം വെറുപ്പും ലജ്ജയും, ഇതെല്ലാം സൂചിപ്പിച്ചുകൊണ്ടാണ് അവരോട് ''നിങ്ങൾ വമ്പിച്ച ഒരു വാക്കു തന്നെയാണ് പറയുന്നത്'' (انكم لتقولون قولا عظيما) എന്ന് അല്ലാഹു പറയുന്നത്.

വിഭാഗം-5

41 അവർ ഉറ്റാലോചിക്കുവാൻ വേണ്ടി തീർച്ചയായും, ഈ ഖുർആനിൽ നാം (കാര്യങ്ങൾ) വിവിധ രൂപത്തിൽ വിവരിച്ചിട്ടുണ്ട്. അതവർക്ക് വിരണ്ടോട്ടമല്ലാതെ വർദ്ധിപ്പിക്കുന്നില്ലതാനും!

وَلَقَدْ صَرَّفْنَا فِي هَٰذَا ٱلْقُرْءَانِ لِيَذَّكَّرُوا۟ وَمَا يَزِيدُهُمْ إِلَّا نُفُورًا ﴿٤١﴾

---

41 ولقد തീർച്ചയായും ഉണ്ട്. صرفْنا വിവിധ രൂപത്തിൽ വിവരിച്ചിട്ടുണ്ട്. في هذاالقرآن ഈ ഖുർആനിൽ. ليذكروا അവർ ഉറ്റാലോചിക്കുവാൻ വേണ്ടി. وما يزيدهم അത് വർദ്ധിപ്പിക്കുന്നുമില്ല. هم അവർക്ക്. إلا نفُورا വിരണ്ടോട്ടമല്ലാതെ.

ഖുർആൻ കാര്യങ്ങളെ വേണ്ടതുപോലെ വിവരിച്ചുകൊടുക്കാത്തതുകൊണ്ടല്ല അവർ വിശ്വസിക്കാതിരിക്കുന്നത്. ഉറ്റാലോചിക്കുന്നവർക്ക് ശരിക്കും മനസ്സിലാക്കുവാൻ സാധിക്കുമാറ് എല്ലാ കാര്യങ്ങളും തിരിച്ചും മറിച്ചും ആവർത്തിച്ച് ഈ ഖുർആനിൽ വിവരിക്കുകതന്നെ ചെയ്തിട്ടുണ്ട്. പക്ഷേ, ആലോചിക്കുവാനും, ചിന്തിക്കുവാനും ഒരുക്കമില്ലാതെ വിരണ്ടോടുകയേ അവർ ചെയ്യുന്നുള്ളു.

42 (നബിയേ) പറയുക: അവർ (ഈ) പറയുന്നതുപോലെ അവനോടൊപ്പം (വേറെ) വല്ല ആരാധ്യരും ഉണ്ടായിരുന്നുവെങ്കിൽ, എന്നാൽ-സിംഹാസനാധിപൻെറ അടുക്കലേക്ക് അവർ വല്ല മാർഗ്ഗവും തേടുക തന്നെ ചെയ്യുമായിരുന്നു.

قُل لَّوْ كَانَ مَعَهُۥٓ ءَالِهَةٌ كَمَا يَقُولُونَ إِذًا لَّٱبْتَغَوْا۟ إِلَىٰ ذِى ٱلْعَرْشِ سَبِيلًا ﴿٤٢﴾

43 അവൻ മഹാപരിശുദ്ധൻ! അവർ പറഞ്ഞു കൊണ്ടിരിക്കുന്നതിനേക്കാൾ അവൻ ഉന്നതനാകുന്നു, വമ്പിച്ച ഉന്നതി.

سُبْحَٰنَهُۥ وَتَعَٰلَىٰ عَمَّا يَقُولُونَ عُلُوًّا كَبِيرًا ﴿٤٣﴾

---

42 قُل പറയുക. لو كَانَ ഉണ്ടായിരുന്നെങ്കിൽ. معه അവനോടൊപ്പം(കൂടെ). آلِهةٌ വല്ല ആരാധ്യരും. كما يقُولُونَ അവർ പറയുന്നതുപോലെ. إذًا എന്നാൽ, അപ്പോൾ. لابتغوا അവർ തേടുക(അ

ന്വേഷിക്കുക)തന്നെചെയ്യും. **إلى ذي العرش** അർശിൻെറ ഉടയവനിലേക്ക്(സിംഹാസനാധിപനിലേക്ക്). **سبيلاً** ഒരു മാർഗ്ഗം, വല്ലവഴിയും. 43 **سبحانه** അവൻ മഹാപരിശുദ്ധൻ, അവനെ സ്തോത്രം ചെയ്യുന്നു. **وتعالى** അവൻ വളരെ ഉന്നതനാകുന്നു, മേലെയുമായിരിക്കുന്നു. **عما يقُولُونَ** അവർ പറയുന്നതിനേക്കാൾ. **علُوا** ഒരു ഉന്നതി, മേൻമ. **كبِيرا** വലുതായ, വമ്പിച്ച.

ഏത് വസ്തുക്കളെ ദൈവമാക്കി ആരാധിച്ചുവരുന്നവരും ആ വസ്തുക്കളെ സാക്ഷാൽ സ്രഷ്ടാക്കളായോ, ലോകത്തിൻെറ സർവ്വാധികാരികളായ കൈകാര്യകർത്താക്കളായോ ഗണിക്കുന്നില്ല. അല്ലാഹുവിങ്കലേക്കുള്ള ശുപാർശക്കാരും, അവൻെറ സാമീപ്യം സിദ്ധിക്കുവാനുള്ള മദ്ധ്യസ്ഥൻമാരുമായേ അവയെ കണക്കാക്കുന്നുള്ളു. എന്നിരിക്കെ, അവയെല്ലാം ആരാധ്യവസ്തുക്കളാണെന്ന് സങ്കൽപിച്ചാൽ തന്നെയും അവയൊക്കെ സർവ്വാധിനാഥനായ അല്ലാഹുവിൻെറ സഹായവും സാമീപ്യവും ആവശ്യമുള്ളവരും അവനെ ആശ്രയിക്കേണ്ടുന്നവരുമാണല്ലോ. അപ്പോൾ, അല്ലാഹുവിനെ ആശ്രയിക്കാതിരിക്കുവാൻ നിർവ്വാഹമില്ലാത്ത അവയെ ആരാധിക്കുന്നതിന് എന്താണർത്ഥം?! അല്ലാഹുവിനെ മാത്രം ആരാധിച്ചുകൊണ്ട് അവൻെറ സഹായവും സാമീപ്യവും നേർക്കുനേരെ അങ്ങ് തേടുകയല്ലേ ഇവർ ചെയ്യേണ്ടത്?! തങ്ങളുടെ ആരാധ്യവസ്തുക്കൾക്ക് അല്ലാഹുവിങ്കൽ ഉണ്ടെന്ന് ഇവർ വാദിച്ചുവരുന്ന എല്ലാ സങ്കൽപങ്ങളിൽ നിന്നും എത്രയോ പരിശുദ്ധനും ഉന്നതനുമത്രെ അല്ലാഹു എന്ന് സാരം.

تُسَبِّحُ لَهُ ٱلسَّمَٰوَٰتُ ٱلسَّبْعُ وَٱلْأَرْضُ وَمَن فِيهِنَّ ۚ وَإِن مِّن شَىْءٍ إِلَّا يُسَبِّحُ بِحَمْدِهِۦ وَلَٰكِن لَّا تَفْقَهُونَ تَسْبِيحَهُمْ ۗ إِنَّهُۥ كَانَ حَلِيمًا غَفُورًا ﴿٤٤﴾

44 ഏഴ് ആകാശങ്ങളും, ഭൂമിയും, അവയിലുള്ളവരും അവന് 'തസ്ബീഹ്' [സ്തോത്രകീർത്തനം] ചെയ്യുന്നു. ഒരു വസ്തുവും തന്നെ, അവനെ സ്തുതിച്ചുകൊണ്ട് അവന് 'തസ്ബീഹ്' [സ്തോത്ര കീർത്തനം] ചെയ്യാതെയില്ല. എങ്കിലും, അവരുടെ 'തസ്ബീഹ്' നിങ്ങൾക്ക് മനസ്സിലാവുകയില്ല. നിശ്ചയമായും, അവൻ സഹനശീലനും, വളരെ പൊറുക്കുന്നവനുമാകുന്നു.

---

44 **تسبح** തസ്ബീഹു (സ്തോത്രകീർത്തനം) ചെയ്യുന്നു. **له** അവന്. **السماوات** ആകാശങ്ങൾ. **السبع** ഏഴു. **والأرض** ഭൂമിയും. **ومن فيهن** അവയിലുള്ളവരും. **وإن** ഇല്ല, ഇല്ലതാനും. **من شيءٍ** ഒരു വസ്തുവും തന്നെ. **إلا يسبح** തസ്ബീഹു ചെയ്യാതെ, സ്തോത്രകീർത്തനം നടത്താതെ. **بحمده** അവനെ സ്തുതിച്ചുകൊണ്ട്. **ولكن** എങ്കിലും. **لا تفْقهونَ** നിങ്ങൾക്ക് മനസ്സിലാവില്ല. **تسبيحهم** അവരുടെ തസ്ബീഹു. **إنه كانَ** നിശ്ചയമായും അവനാകുന്നു. **حليما** സഹനശീലൻ. **غفُورا** വളരെ പൊറുക്കുന്നവൻ.

ആകാശഭൂമികളും അവയിലുള്ള സകല വസ്തുക്കളും അല്ലാഹുവിനെ സ്തുതിക്കുകയും, അവന് സ്തോത്രകീർത്തനം നടത്തുകയും ചെയ്തുവരുന്നുണ്ടെന്നും, പക്ഷേ, മനുഷ്യരായ നിങ്ങൾക്കത് ഗ്രഹിക്കുവാൻ കഴിയുകയില്ലെന്നും അല്ലാഹു ഈ വചനത്തിൽ സ്പഷ്ടമായി പ്രസ്താവിച്ചിരിക്കുന്നു. ഓരോ വസ്തുവിൻെറയും സ്തോത്രകീർത്തനരൂപത്തെപ്പറ്റി ഗ്രഹിക്കുവാൻ കഴിയാത്ത സ്ഥിതിക്ക് ഇനി അതിൻേറത് ഇന്നിന്നപ്രകാരത്തിലായിരിക്കുമെന്ന് ആർക്കും അഭിപ്രായം പറയുവാൻ നിവൃത്തിയില്ല. അല്ലാഹുവിൻെറ മഹത്വത്തിനും ഏകത്വത്തിനും അവ സാക്ഷ്യം വഹിക്കുന്നുവെന്നോ, ഓരോ വസ്തുവും ചില പ്രകൃതിനിയമങ്ങൾക്ക് വിധേയമായിരിക്കയാണെന്നോ അതിന് വ്യാഖ്യാനം നൽകി തൃപ്തി അടയുന്നതും ശരിയല്ല. ഓരോ വസ്തുവും അതതിൽ നിന്ന് അല്ലാഹു ഉദ്ദേശിക്കുന്ന രൂപത്തിലുള്ള ഹംദും തസ്ബീ

ഹും (സ്തുതിയും സ്തോത്രകീർത്തനവും) നടത്തുന്നുവെന്നും, ബുദ്ധിജീവികളുടെയെന്ന പോലെത്തന്നെ, അല്ലാത്തവയുടെയും ഹംദും, തസ്ബീഹും അതിനോട് യോജിക്കുന്ന വിധത്തിലായിരിക്കുമെന്നും, ബുദ്ധിജീവികളുടെ ഹംദും-തസ്ബീഹുകളിൽ ഇഷ്ടാനുസരണമുള്ളതും ഇഷ്ടാനുസരണമല്ലാത്തതും കൂടിയുണ്ടാവാമെന്നും നമുക്ക് മൊത്തത്തിൽ മനസ്സിലാക്കാവുന്നതാണ്.

രാവും പകലും മലക്കുകൾ അല്ലാഹുവിന് തസ്ബീഹ് നടത്തുന്നു. (21:20); പർവ്വതങ്ങളും പറവകളും തസ്ബീഹ് നടത്തുന്നു. (21:79); ഇഷ്ടാനുസരണമോ, നിർബ്ബന്ധപൂർവ്വമോ ആകാശ ഭൂമികളിലുള്ളവർ അല്ലാഹുവിന് സുജൂദ് ചെയ്യുന്നു; രാവിലെയും, വൈകുന്നേരവും അവരുടെ നിഴലുകളും ചെയ്യുന്നു. (13:15) ആകാശഭൂമികളിലുള്ള എല്ലാ ജീവികളും, മലക്കുകളും സുജൂദ് ചെയ്യുന്നു. (16:49) എന്നിങ്ങിനെ പല പ്രസ്താവനകളും ഖുർആനിൽ കാണാം. നബി (ﷺ) യൊന്നിച്ച് ഭക്ഷണം കഴിച്ചപ്പോൾ ഭക്ഷണം തസ്ബീഹ് നടത്തുന്നത് സഹാബികൾ കേൾക്കയുണ്ടായെന്നും, നബി (ﷺ)ക്ക് പ്രസംഗിക്കുവാൻ ഒരു 'മിമ്പർ' (പ്രസംഗപീഠം) ഉണ്ടാക്കിയപ്പോൾ അതുവരെ നബി (ﷺ) ചാരിനിന്ന് പ്രസംഗിക്കാറുണ്ടായിരുന്ന ഒരു ഈന്തത്തടി തേങ്ങിക്കരയുകയുണ്ടായെന്നും, മക്കായിൽ നബി (ﷺ) ക്ക് ഒരു കല്ല് സലാം പറഞ്ഞിരുന്നുവെന്നും, നബി(ﷺ) യുടെ കൈയിൽ വെച്ച് ചരൽകല്ല് തസ്ബീഹ് ചെയ്യുകയുണ്ടായെന്നും മറ്റും പ്രബലങ്ങളായ ഹദീസുകളിലും വന്നിട്ടുണ്ട്. ഓരോ ജീവവർഗ്ഗത്തിനും അതിൻേറതായ ചില പ്രത്യേക ഗ്രഹണശക്തികളുണ്ടെന്നും ചില പ്രത്യേക ശബ്ദങ്ങളോ ചേഷ്ടകളോ വഴി അവയുടെ ഇംഗിതങ്ങൾ അവ കാണിക്കാറുണ്ടെന്നും ഇന്നത്തെ ജന്തുശാസ്ത്രജ്ഞൻമാർ സിദ്ധാന്തിക്കുകയും ചെയ്യുന്നു. അത്രയുമല്ല, സസ്യങ്ങൾക്ക് ഗാനാലാപങ്ങൾ മൂലം ചില പ്രതികരണങ്ങൾ ഉണ്ടാകാറുണ്ടെന്നുപോലും ശാസ്ത്രജ്ഞന്മാർ പറയുന്നു.

ചുരക്കിപ്പറഞ്ഞാൽ പല വസ്തുക്കളിലും മുമ്പ് മുനഷ്യർക്ക് അജ്ഞാതവും, ദുരൂഹവുമായിരുന്ന പല രഹസ്യങ്ങളും അടങ്ങിയിട്ടുള്ളതായി ഇതിനകം കണ്ടുപിടിക്കപ്പെട്ട് കഴിഞ്ഞിട്ടുണ്ട്. മേലിലും കൂടുതൽ കണ്ടുപിടിക്കപ്പെടുകയും ചെയ്തേക്കാം. എങ്കിലും എല്ലാ വസ്തുക്കളിലും അല്ലാഹു നിക്ഷേപിച്ചുവെച്ചിട്ടുള്ള രഹസ്യങ്ങൾ പരിപൂർണ്ണമായി അറിയുവാൻ മനുഷ്യർക്കോ മനുഷ്യശാസ്ത്രങ്ങൾക്കോ കഴിയുകയില്ലെന്ന് തീർത്തും പറയാം. മനുഷ്യരെ അഭിമുഖീകരിച്ചുകൊണ്ട് താഴെ 85-ാം വചനത്തിൽ അല്ലാഹു പറയുന്നു.:وما أتيتم من العلم الا قليلا (അറിവിൽ നിന്ന് അൽപമല്ലാതെ നിങ്ങൾക്ക് നൽകപ്പെട്ടിട്ടില്ല) ലോകാവസാനം വരെ മനുഷ്യർക്ക് ലഭിക്കുന്ന അറിവുകളെല്ലാം ഈ ''അൽപമായ അറിവിൻെറ പരിധിയിൽ ഒതുങ്ങിനിൽക്കുന്നതാകുന്നു. ആ പരിധിക്കുപുറമെയുള്ളതത്രെ ഈ തസ്ബീഹും, ഹംദും, സുജൂദുമൊക്ക.'' والله أعلم

മറ്റു പല സ്ഥലങ്ങളിലുമെന്നപോലെ 'ഏഴു ആകാശങ്ങൾ' എന്ന് അല്ലാഹു ഇവിടെയും പറഞ്ഞിരിക്കുന്നു. ഈ ഏഴിനെപ്പറ്റി മുമ്പും പിമ്പുമുള്ള സൂറത്തുകളിൽ ഒന്നിലധികം സന്ദർഭങ്ങളിൽ നാം വിവരിച്ചു കഴിഞ്ഞിട്ടുള്ളതാണ്.

45 (നബിയേ) നീ ഖുർആൻ വായിക്കുന്നതായാൽ, നിൻെറയും, പരലോകത്തിൽ വിശ്വസിക്കാത്തവരുടെയും ഇടയിൽ മറക്കപ്പെട്ട [ദൃശ്യമല്ലാത്ത] ഒരു മറയെ നാം ഏർപ്പെടുത്തുന്നതാണ്.

وَإِذَا قَرَأْتَ ٱلْقُرْءَانَ جَعَلْنَا بَيْنَكَ وَبَيْنَ ٱلَّذِينَ لَا يُؤْمِنُونَ بِٱلْءَاخِرَةِ حِجَابًا مَّسْتُورًا ﴿٤٥﴾

46 അത് ഗ്രഹിക്കുന്നതിന് (തടസ്സമായി) അവരുടെ ഹൃദയങ്ങളുടെ മേൽ നാം ചില മൂടികളും, അവരുടെ കാതുകളിൽ ഒരു (തരം) ഭാരവും നാം ഏർപ്പെടുത്തുകയും ചെയ്യുന്നതാണ്. ഖുർആനിൽ നി

وَجَعَلْنَا عَلَىٰ قُلُوبِهِمْ أَكِنَّةً أَن يَفْقَهُوهُ وَفِىٓ ءَاذَانِهِمْ وَقْرًا ۚ وَإِذَا ذَكَرْتَ رَبَّكَ فِى ٱلْقُرْءَانِ

വَحْدَهُۥ وَلَّوْا۟ عَلَىٰٓ أَدْبَـٰرِهِمْ نُفُورًا ﴿٤٦﴾

ൻെറ റബ്ബിനെ (കുറിച്ച്) മാത്രം നീ പ്രസ്താവിച്ചാൽ അവർ വിറളിയെടുത്ത് തങ്ങളുടെ പിൻപുറങ്ങളിലായി തിരിഞ്ഞു പോകുന്നതാണ്.

---

45 **وإذا قرأت** നീ വായിച്ചാൽ, ഓതിയാൽ. **القرآن** ഖുർആൻ. **جعلنا** നാം ആക്കും, ഏർപ്പെടുത്തുന്നതാണ്. **بينك** നിൻെറ ഇടയിൽ. **وبين الذين** യാതൊരുവരുടെ ഇടയിലും. **لا يؤمنون** അവർ വിശ്വക്കുന്നില്ല. **بالآخرة** പരലോകത്തിൽ. **حجابا** ഒരു മറ. **مستورا** മറക്കപ്പെട്ടതായ.
46 **وجعلنا** നാം ആക്കുക (ഏർപ്പെടുത്തുക)യും ചെയ്യും. **على قلوبهم** അവരുടെ ഹൃദയങ്ങളുടെ മേൽ. **أكنة** ചില മൂടികളെ. **أن يفقهوه** അവരതിനെ ഗ്രഹിക്കുന്നതിന്(തടസ്സമായി). **وفي آذانهم** അവരുടെ കാത്(ചെവി)കളിലും. **وقرا** ഒരു ഭാരം, കട്ടി. **وإذا ذكرت** നീ പ്രസ്താവിച്ചാൽ. **ربك** നിൻെറ റബ്ബിനെ. **في القرآن** ഖുർആനിൽ. **وحده** അവനെ മാത്രം, ഏകനായി. **ولوا** അവർ തിരിഞ്ഞുപോകുന്നതാണ്. **على أدبارهم** അവരുടെ പിൻപുറങ്ങളിലായി (പിന്നോക്കം). **نفورا** വിരണ്ടോട്ടമായി, വിറളിയെടുത്ത്, അറച്ച്.

പരലോകത്തിൽ വിശ്വാസമില്ലാത്ത ആ അവിശ്വാസികൾ ഖുർആൻ കേട്ടാൽ അതിലേക്ക് ശ്രദ്ധിക്കുകയോ, ചെവികൊടുക്കുകയോ ചെയ്യാത്തവിധം അവർക്കും നബി (ﷺ)ക്കുമിടയിൽ അദൃശ്യമായ ഒരുതരം മറ അല്ലാഹു ഏർപ്പെടുത്തും. അഥവാ അവരുടെ അവിശ്വാസം അതിന് അവർക്ക് തടസ്സമായിരിക്കും. അതുകൊണ്ട് അവർ അതിലേക്ക് ശ്രദ്ധകൊടുക്കുകയില്ല. അല്ലാഹുവിൻെറ ഏകത്വത്തെക്കുറിച്ച് പറഞ്ഞുകേൾക്കുന്നത് അവർക്ക് വമ്പിച്ച വെറുപ്പാകുന്നു. അത് കേൾക്കുമ്പോഴേക്കും അവർ വിറളിപിടിച്ച് പിന്നോക്കം തിരിഞ്ഞോടുകയാണ് ചെയ്യുക എന്ന് സാരം. മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നു: ‘‘അല്ലാഹുവിനെക്കുറിച്ച് മാത്രം പ്രസ്താവിക്കപ്പെട്ടാൽ, പരലോകത്തിൽ വിശ്വസിക്കാത്തവരുടെ ഹൃദയങ്ങൾ അറച്ച് ചുളുങ്ങുന്നതാണ്. അവന് പുറമേയുള്ളവരെപ്പറ്റി പ്രസ്താവിക്കപ്പെട്ടാൽ, അപ്പോൾ അവരതാ സന്തോഷം പ്രകടിപ്പിക്കുകയും ചെയ്യുന്നതാണ്!’’ (സുമർ:45)

نَّحْنُ أَعْلَمُ بِمَا يَسْتَمِعُونَ بِهِۦٓ إِذْ يَسْتَمِعُونَ إِلَيْكَ وَإِذْ هُمْ نَجْوَىٰٓ إِذْ يَقُولُ ٱلظَّـٰلِمُونَ إِن تَتَّبِعُونَ إِلَّا رَجُلًا مَّسْحُورًا ﴿٤٧﴾

47 അവർ നിന്നിലേക്ക്(ശ്രദ്ധിച്ചു) ചെവികൊടുക്കുമ്പോൾ അവർ യാതൊന്നിനെപ്പറ്റി ചെവികൊടുക്കുന്നുവോ അതിനെക്കുറിച്ചു നാം നല്ലവണ്ണം അറിയുന്നവനാണ്; അവർ സ്വകാര്യം പറയുന്നവരായിരിക്കുമ്പോഴും – അതായത്, ‘‘മാരണം ബാധിച്ച ഒരു പുരുഷനെയല്ലാതെ നിങ്ങൾ പിൻപറ്റുന്നില്ല’’ എന്ന് അവർ പറയുന്ന സന്ദർഭം – (നാം നല്ലവണ്ണം അറിയുന്നവനാണ്).

ٱنظُرْ كَيْفَ ضَرَبُوا۟ لَكَ ٱلْأَمْثَالَ فَضَلُّوا۟ فَلَا يَسْتَطِيعُونَ سَبِيلًا ﴿٤٨﴾

48 (നബിയേ) നോക്കൂ: എങ്ങിനെയാണ് അവർ നിനക്ക് ഉപമകൾ വിവരിച്ചതെന്ന്! അങ്ങനെ, അവർ വഴിപിഴച്ചുപോയിരിക്കുന്നു; ഇനി, അവർക്ക് ഒരു മാർഗ്ഗവും (പ്രാപിക്കുക) സാധ്യമാകുകയില്ല.

47 **نحن أعلم** നാം ഏറ്റം (നല്ലവണ്ണം) അറിയുന്നവനാണ്. **بِما** യാതൊന്നിനെപ്പറ്റി, ഏതൊന്നു നിമിത്തം (എന്ന്). **يستمعونَ** അവർ ചെവികൊടുക്കുന്നു. **بِهِ** അതുകൊണ്ട്, അത് നിമിത്തം, അതിനെപ്പറ്റി. **إِذْ يستمعونَ** അവർ ചെവികൊടുക്കുമ്പോൾ, (ശ്രദ്ധിച്ചുകേൾക്കുന്ന സന്ദർഭം). **إِلَيْكَ** നിന്നിലേക്ക്. **وإِذْ هم** അവരായിരിക്കുമ്പോഴും, അവരാകുന്ന സന്ദർഭവും. **نجوى** സ്വകാര്യം (രഹസ്യം) പറയുന്നവർ. **إِذْ يقُولُ** അതായത് പറയുമ്പോൾ. **الظالمونَ** അക്രമികൾ. **إن تتبِعونَ** നിങ്ങൾ പിൻപറ്റുന്നില്ല (എന്നു). **إلا رجلاً** ഒരു പുരുഷനെയല്ലാതെ. **مسحورا** മാരണം ചെയ്യപ്പെട്ട (ബാധിച്ച).
48 **انظُر** നോക്കുക. **كَيفَ ضربوا** അവർ എങ്ങിനെ ആക്കി (വിവരിച്ചു). **لَكَ** നിനക്ക്, തനിക്ക്. **الأمثَالَ** ഉപമകളെ. **فَضلوا** അങ്ങനെ അവർ വഴിപിഴച്ചു. **فلا يستطيعونَ** ഇനി അവർക്ക് സാധിക്കുകയില്ല. **سبيلاً** ഒരു മാർഗ്ഗവും .

മുശ്രിക്കുകൾ ചിലപ്പോൾ, നബി(ﷺ) ഖുർആൻ ഓതുന്നത് രഹസ്യമായി ചെവിയോർത്തുകൊണ്ടിരിക്കും. കാര്യം ഗ്രഹിക്കുവാനോ, സത്യം മനസ്സിലാക്കുവാനോ വേണ്ടിയല്ല. പരിഹാസത്തിനും നിഷേധത്തിനും വല്ല മാർഗ്ഗവും കണ്ടെത്തുവാൻ വേണ്ടി മാത്രം. പിന്നീട്, ഇവന് ആരോ മാരണം ചെയ്തിരിക്കുകയാണ്, ഇവൻെറ ബുദ്ധി ഭ്രമിച്ചുപോയിരിക്കുന്നു, ഇവനെ പിൻപറ്റുന്നതിൻെറ അർത്ഥം ഭ്രാന്തനെ പിൻപറ്റുക എന്നാണ് എന്നൊക്കെ പറഞ്ഞ് പ്രചരിപ്പിക്കുകയും ചെയ്യും. അവരുടെ ഈ ഗൂഢപ്രവൃത്തനങ്ങളും, അതിന് അവരെ പ്രേരിപ്പിക്കുന്ന കാരണങ്ങളുമൊക്കെ അല്ലാഹുവിന് നന്നായറിയാം എന്നത്രെ ആദ്യത്തെ വചനത്തിൽ പറഞ്ഞതിൻെറ സാരം. നബി(ﷺ) യെപ്പറ്റി മാരണം ബാധിച്ചവൻ, ഗണിതക്കാരൻ, ഭ്രാന്തൻ, മാരണക്കാരൻ, കവി എന്നിങ്ങിനെ പലതും അവർ പറയാറുള്ളതിനെപ്പറ്റിയാണ് രണ്ടാമത്തെ വചനത്തിൽ പരാമർശിച്ചിരിക്കുന്നത്.

وَقَالُوٓاْ أَءِذَا كُنَّا عِظَٰمًا وَرُفَٰتًا أَءِنَّا لَمَبۡعُوثُونَ خَلۡقًا جَدِيدًا ﴿٤٩﴾

49 അവർ പറയുകയാണ്: ''നാം എല്ലുകളും തുരുമ്പുകളും ആയിത്തീർന്നിട്ടാണോ?- നിശ്ചയമായും നാം, ഒരു പുതിയ സൃഷ്ടിയായി (വീണ്ടും) എഴുന്നേൽപിക്കപ്പെടുന്നവരാകുന്നു?!''

۞ قُلۡ كُونُواْ حِجَارَةً أَوۡ حَدِيدًا ﴿٥٠﴾

50 പറയുക: ''നിങ്ങൾ കല്ലോ, ഇരുമ്പോ ആയിക്കൊള്ളുക;-

أَوۡ خَلۡقًا مِّمَّا يَكۡبُرُ فِي صُدُورِكُمۡۚ فَسَيَقُولُونَ مَن يُعِيدُنَاۖ قُلِ ٱلَّذِي فَطَرَكُمۡ أَوَّلَ مَرَّةٖۚ فَسَيُنۡغِضُونَ إِلَيۡكَ رُءُوسَهُمۡ وَيَقُولُونَ مَتَىٰ هُوَۖ قُلۡ عَسَىٰٓ أَن يَكُونَ قَرِيبًا ﴿٥١﴾

51 അല്ലെങ്കിൽ നിങ്ങളുടെ നെഞ്ചു [ഹൃദയം]കളിൽ വലുതായിത്തോന്നുന്ന (മറ്റു) വല്ല സൃഷ്ടിയോ (ആയിക്കൊള്ളുക). [നിങ്ങൾ എന്തുതന്നെ ആയിരുന്നാലും നിങ്ങൾ എഴുന്നേൽപിക്കപ്പെടാതിരിക്കുകയില്ല]'' അപ്പോൾ, (വഴിയെ) അവർ പറഞ്ഞേക്കും: ''ആരാണ് നമ്മെ മട(ക്കി സൃഷ്ടി) ക്കുക?!'' പറയുക: ''ഒന്നാം പ്രാവശ്യം നിങ്ങളെ സൃഷ്ടിച്ചവൻ (തന്നെ).'' അപ്പോൾ, നിൻെറ നേരെ അവർ തങ്ങളുടെ തലയാട്ടിയേക്കും; അവർ പറയുകയും ചെയ്യും: എപ്പോഴായിരിക്കും അത്?!'' പറയുക: ''അത് അടുത്ത് (തന്നെ) ആയേക്കാവുന്നതാണ്.''

يَوۡمَ يَدۡعُوكُمۡ فَتَسۡتَجِيبُونَ بِحَمۡدِهِۦ

52 (അതെ) അവൻ നിങ്ങളെ വിളിക്കുകയും, അപ്പോൾ, അവനെ സ്തുതിച്ചുകൊണ്ട് നിങ്ങൾ (ആ വിളിക്ക്) ഉത്തരം നൽ

وَتَظُنُّونَ إِن لَّبِثْتُمْ إِلَّا قَلِيلًا ﴿٥٢﴾

കുകയും ചെയ്യുന്ന ദിവസം; നിങ്ങൾ അൽപമല്ലാതെ താമസിക്കയുണ്ടായിട്ടില്ലെന്ന് നിങ്ങൾ വിചാരിക്കുകയും ചെയ്യും.

---

49 **وقالوا** അവർ പറയുകയാണ്, പറയുകയും ചെയ്യുന്നു. **أإذا كنا** നാം ആയിത്തീർന്നിട്ടാണോ. **عظاما** എല്ലുകൾ. **ورفاتا** തുരുമ്പും. **أإنا** നമ്മളോ, നിശ്ചയമായും നാമോ. **لمبعوثون** എഴുന്നേൽപ്പിക്കപ്പെടുന്നവർ(തന്നെ ആകുന്നത്). **خلقا** ഒരു സൃഷ്ടിയായി. **جديدا** പുതുതായ. 50 **قل** പറയുക. **كونوا** നിങ്ങളായിരിക്കുക. **حجارة** കല്ല്. **أو حديدا** അല്ലെങ്കിൽ ഇരുമ്പ്. 51 **أو خلقا** അല്ലെങ്കിൽ ഒരു സൃഷ്ടി, വല്ല സൃഷ്ടിയും. **مما يكبر** വലുതായിരിക്കുന്ന (വലുതായി തോന്നുന്ന). **في صدوركم** നിങ്ങളുടെ നെഞ്ച് (ഹൃദയം)കളിൽ. **فسيقولون** അപ്പോൾ (എന്നാൽ) അവർ വഴിയെ പറഞ്ഞേക്കും. **من يعيدنا** നമ്മെ ആർ മടക്കും, ആർ നമ്മെ ആവർത്തിച്ചുണ്ടാക്കും. **قل** പറയുക. **الذي فطركم** നിങ്ങൾക്ക് പ്രകൃതം നൽകിയ (നിങ്ങളെ സൃഷ്ടിച്ചുണ്ടാക്കിയ)വൻ. **أول مرة** ഒന്നാം (ആദ്യ)പ്രാവശ്യം. **فسينغضون** അപ്പോൾ (എന്നാൽ) അവർ ആട്ടും, ഇളക്കും. **إليك** നിന്റെ നേരെ, നിന്നിലേക്ക്. **رؤوسهم** അവരുടെ തലകളെ. **ويقولون** അവർ പറയുകയും ചെയ്യും. **متى هو** എപ്പോഴാണ് അത്. **قل** പറയുക. **عسى** ആയേക്കാം. **أن يكون** അതായിരിക്കുക. **قريبا** അടുത്ത്, സമീപത്തിൽ. 52 **يوم يدعوكم** നിങ്ങളെ അവൻ വിളിക്കുന്ന ദിവസം. **فتستجيبون** അപ്പോൾ നിങ്ങൾ ഉത്തരം നൽകും(നൽകുന്ന). **بحمده** അവനെ സ്തുതിച്ചുകൊണ്ട്, അവന്റെ സ്തുതിയോടെ. **وتظنون** നിങ്ങൾ വിചാരിക്കുക (ധരിക്കുക-കരുതുക)യും ചെയ്യും. **إن لبثتم** നിങ്ങൾ താമസിച്ചിട്ടില്ല (എന്ന്). **إلا قليلا** അൽപമല്ലാതെ, കുറച്ചൊഴികെ.

പുനരുത്ഥാനത്തെയും, പരലോകത്തെയും നിഷേധിക്കുന്ന അവർ പരിഹാസത്തോടും ആശ്ചര്യത്തോടുംകൂടി ചോദിക്കുന്ന ചില ചോദ്യങ്ങളും, മറുപടികളുമാണ് അല്ലാഹു ചൂണ്ടിക്കാണിക്കുന്നത്. മരണശേഷം എല്ലും തുരുമ്പുമായി നശിച്ച് മണ്ണോട് കലർന്ന ശേഷം മനുഷ്യർ രണ്ടാമത് ജീവിപ്പിക്കപ്പെടുമെന്നാണോ നിങ്ങൾ പറയുന്നത്? ഇതാണ് ഒന്നാമത്തെ ചോദ്യം. ഒരിക്കൽ ജീവനുണ്ടായിരുന്ന വസ്തുക്കളാണല്ലോ ആ എല്ലും തുരുമ്പുമൊക്കെ. എന്നാൽ ജീവന്റെ പ്രവേശനം ഉണ്ടായിട്ടില്ലാത്ത കരിങ്കല്ലോ, ഇരുമ്പോ, അല്ലെങ്കിൽ നിങ്ങളുടെ മനസ്സിൽ അതിനേക്കാൾ വിദൂരമായിത്തോന്നുന്ന വേറെ ഏതെങ്കിലും വസ്തുവോ തന്നെ ആയിത്തീർന്നാലും അത് സംഭവിക്കാതിരിക്കയില്ല എന്നാണതിന് നൽകിയ മറുപടി. അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം, ഇന്നിന്ന തരത്തിൽപെട്ട വസ്തുക്കൾക്കേ ജീവൻ നൽകുവാൻ സാധിക്കുകയുള്ളുവെന്നില്ല. എല്ലാം അവന്റെ അടുക്കൽ ആ വിഷയത്തിൽ ഒരുപോലെയാണ് എന്ന് സാരം. ശരി, എന്നാൽ, ആരാണ് രണ്ടാമത് ജീവിപ്പിക്കുന്നവൻ? അഥവാ ആർക്കാണതിന് കഴിയുക? ഇതാണ് അടുത്ത ചോദ്യം. നിങ്ങളെ ആദ്യം സൃഷ്ടിച്ചുണ്ടാക്കിയവൻ ആരോ അവൻ തന്നെ എന്നാണതിനുള്ള മറുപടി. ശുദ്ധ ശൂന്യതയിൽ നിന്ന് ആദ്യമായുണ്ടാക്കിയവന് അവശിഷ്ടങ്ങളിൽ നിന്ന് രണ്ടാമതും സൃഷ്ടിക്കുവാൻ കഴിയാതെ വരുമോ? അഥവാ അതല്ലേ കൂടുതൽ എളുപ്പമായത്? എന്ന് സാരം.

ഇത് ഒരു വായടപ്പൻ മറുപടി തന്നെയാണെങ്കിലും ന്യായത്തിൽ മുട്ടിയതുകൊണ്ട് സത്യനിഷേധികളുണ്ടോ അടങ്ങുന്നു? അവർ നബി (ﷺ) യുടെ നേരെ തലയാട്ടി പരിഹസിച്ചുകൊണ്ട് ചോദിക്കും: എന്നാൽ എപ്പോഴായിരിക്കും അത് സംഭവിക്കുക? പുനരുത്ഥാനത്തിന്റെ സമയമാകട്ടെ, ആർക്കും അല്ലാഹു അറിയിച്ചു കൊടുക്കാത്ത ഒരു പരമരഹസ്യമാണത്. അതുകൊണ്ട് മറുപടിയിൽ അതിന്റെ സമയം ഇന്നതാണെന്ന് പറയാതെ, ഒരു പക്ഷേ അടുത്തു തന്നെ ആയേക്കാം എന്നുമാത്രം പറഞ്ഞ് മതിയാക്കിയിരിക്കുകയാണ്. വരാനിരിക്കുന്നതെല്ലാം സമീപിച്ചുകൊണ്ടേ ഇരിക്കുകയാണല്ലോ. എപ്പോഴാണത് സംഭവിക്കുക എന്നല്ല നിങ്ങൾ ആരായേണ്ട

ത്; ആ സമയം വരുമ്പോൾ നിങ്ങൾ അല്ലാഹുവിൻെറ അടുക്കൽ ചെല്ലുക തന്നെ വേണ്ടി വരും; ആ ജീവിതത്തെ അപേക്ഷിച്ച് ഈ ജീവിതം വളരെ തുച്ഛമായിരിക്കും; അതുകൊണ്ട് അപ്പോഴേക്കും വേണ്ടുന്ന മുൻകരുതലുകൾ എടുക്കുകയാണ് നിങ്ങൾ ചെയ്യേണ്ടത് എന്നുകൂടി അതോടൊപ്പം സൂചിപ്പിക്കുകയും ചെയ്യുന്നു.

വിഭാഗം-6

53 (നബിയേ) എൻെറ അടിയാന്മാരോട് പറയുകയും ചെയ്യുക: ''കൂടുതൽ നന്നായുള്ളതേതോ അത് [ആ വാക്ക്] അവർ പറഞ്ഞുകൊള്ളട്ടെ'' എന്ന്. (കാരണം) നിശ്ചയമായും, പിശാച് അവർക്കിടയിൽ (കുഴപ്പം) ഇളക്കിവിടുന്നതാണ്. നിശ്ചയമായും, പിശാച് മനുഷ്യന് സ്പഷ്ടമായ ഒരു ശത്രുവാകുന്നു.

وَقُل لِّعِبَادِى يَقُولُوا۟ ٱلَّتِى هِىَ أَحْسَنُ ۚ إِنَّ ٱلشَّيْطَـٰنَ يَنزَغُ بَيْنَهُمْ ۚ إِنَّ ٱلشَّيْطَـٰنَ كَانَ لِلْإِنسَـٰنِ عَدُوًّا مُّبِينًا ﴿٥٣﴾

---

53 وقُل പറയുകയും ചെയ്യുക. لعبادي എൻെറ അടിയാൻമാരോട്. يقُولُوا അവർപറയട്ടെ. التي യാതൊന്ന്, ഏതോ ഒന്ന്. هي അത്. أحسن കൂടുതൽ (ഏറ്റം)നല്ലതാണ്. إن الشيطَانَ നിശ്ചയമായും പിശാച്. ينـزغُ ഇളക്കിവിടും, തോണ്ടിവിടും. بينهم അവർക്കിടയിൽ. إن الشيطَانَ നിശ്ചയമായും പിശാച്. كَانَ ആകുന്നു, ആയിരിക്കുന്നു. للإنسان മനുഷ്യന്. عدوا ശത്രു. مبينا സ്പഷ്ടമായ, വ്യക്തമായ, തനി.

സത്യവിശ്വാസികൾ തമ്മതമ്മിലും, മറ്റുള്ളവരോടും സംഭാഷണങ്ങളിൽ കഴിയുന്നത്ര നല്ലവാക്കും ശൈലിയും ഉപയോഗിക്കണമെന്ന് അവരെ ഉപദേശിക്കുവാൻ നബി(ﷺ) യോട് അല്ലാഹു കൽപിക്കുന്നു. അല്ലാത്തപക്ഷം അവർക്കിടയിൽ എന്തെങ്കിലും കുഴപ്പങ്ങളോ അനിഷ്ടസംഭവങ്ങളോ ഉണ്ടാകത്തക്കവണ്ണം നിങ്ങളെ അന്യോന്യം ഇളക്കിവിടുവാൻ പിശാച് നിങ്ങളുടെ സംസാരത്തെ ഉപയോഗപ്പെടുത്തും. അവൻ നിങ്ങളുടെ പ്രത്യക്ഷശത്രുവാണ്. അതുകൊണ്ട് അതിന് ഇടവരുത്താതെ സൂക്ഷിക്കണം, എന്നിങ്ങനെ സത്യവിശ്വാസികളെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. ഒരു ഹദീസിൽ നബി (ﷺ) ഇപ്രകാരം പറഞ്ഞിരിക്കുന്നു: ''നിങ്ങളിൽ ഒരാൾ തൻെറ സഹോദരന് നേരെ ആയുധം കൊണ്ട് ആംഗ്യം കാണിക്കരുത്. കാരണം, നിങ്ങൾ ഒരാൾക്ക് അറിയുകയില്ല; പിശാച് അവൻെറ കൈക്ക് കുഴപ്പം ഇളക്കിവിട്ടേക്കാമെന്ന്. അങ്ങനെ, അവൻ നരകക്കുണ്ടിൽ വീണേക്കും'' (അ; ബു; മു.)

54 നിങ്ങളുടെ റബ്ബ് നിങ്ങളെപ്പറ്റി നല്ലവണ്ണം അറിയുന്നവനാകുന്നു. അവൻ ഉദ്ദേശിക്കുന്ന പക്ഷം, അവൻ നിങ്ങൾക്ക് കരുണ ചെയ്യും; അല്ലെങ്കിൽ - അവൻ ഉദ്ദേശിക്കുന്ന പക്ഷം - അവൻ നിങ്ങളെ ശിക്ഷിക്കും. (നബിയേ) നിന്നെ നാം അവരുടെ മേൽ (അധികാരം) ഏൽപിക്കപ്പെട്ടവനായി അയച്ചിട്ടില്ലതാനും.

رَّبُّكُمْ أَعْلَمُ بِكُمْ ۖ إِن يَشَأْ يَرْحَمْكُمْ أَوْ إِن يَشَأْ يُعَذِّبْكُمْ ۚ وَمَآ أَرْسَلْنَـٰكَ عَلَيْهِمْ وَكِيلًا ﴿٥٤﴾

55 നിൻെറ റബ്ബ് ആകാശങ്ങളിലും, ഭൂമിയിലുമുള്ളവരെപ്പറ്റി നല്ലവണ്ണം അറിയുന്നവനുമത്രെ. നബിമാരിൽ ചിലരെ ചിലരെ

وَرَبُّكَ أَعْلَمُ بِمَن فِى ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۗ

وَلَقَدْ فَضَّلْنَا بَعْضَ ٱلنَّبِيِّـۧنَ عَلَىٰ بَعْضٍ ۖ وَءَاتَيْنَا دَاوُۥدَ زَبُورًا ﴿٥٥﴾

ക്കാൾ നാം ശ്രേഷ്ഠമാക്കുകയും ചെയ്തിട്ടുണ്ട്. ദാവൂദിനു നാം 'സബൂർ' [ഏട്] നൽകുകയും ചെയ്തിരിക്കുന്നു.

---

54 **ربكُم** നിങ്ങളുടെ റബ്ബ്. **أعلم** ഏറ്റം (നല്ലവണ്ണം) അറിയുന്നവനാണ്. **بِكُم** നിങ്ങളെപ്പറ്റി. **إن يشأ** അവൻ ഉദ്ദേശിക്കുന്ന പക്ഷം. **يرحمكُم** നിങ്ങൾക്കവൻ കരുണ ചെയ്യും. **أو** അല്ലങ്കിൽ, അല്ലാത്തപക്ഷം. **إن يشأ** അവൻ ഉദ്ദേശിക്കുന്ന പക്ഷം. **يعذبكُم** നിങ്ങളെ അവൻ ശിക്ഷിക്കും. **وما أرسلناك** നിന്നെ നാം അയച്ചിട്ടില്ലതാനും. **عليهم** അവരുടെ മേൽ. **وكيلاً** ഏൽപിക്കപ്പെട്ടവനായി.
55 **وربك** നിൻെറ റബ്ബ്. **أعلم** നല്ലവണ്ണം അറിയുന്നവനാണ്. **بمن** യാതൊരുവരെപ്പറ്റി. **في السماوات** ആകാശങ്ങളിലുള്ള. **والأرض** ഭൂമിയിലും. **ولقد فضلنا** നാം തീർച്ചയായും ശ്രേഷ്ടമാക്കിയിട്ടുണ്ട്. **بعض** ചിലരെ. **النبيين** നബിമാരിൽ. **على بعض** ചിലരെക്കാൾ. **وآتينا** നാം നൽകുകയും ചെയ്തിരിക്കുന്നു. **داود** ദാവൂദിന്. **زبورا** സബൂർ(ഏട്).

നിങ്ങളിൽ സൻമാർഗ്ഗം പ്രാപിക്കുന്നവരും, ദുർമ്മാർഗ്ഗികളായിത്തീരുന്നവരും ആരാണ്? പിശാചിൻെറ കെണിയിൽ അകപ്പെടുന്നവരും, അല്ലാത്തവരും ആരാണ്? എന്നൊക്കെയുള്ള വിവരം സവിശദം അല്ലാഹുവിനറിയാം ആ അടിസ്ഥാനത്തിൽ അവൻ ഉദ്ദേശിക്കുന്നവർക്ക് കാരുണ്യവും, അവൻ ഉദ്ദേശിക്കുന്നവർക്ക് ശിക്ഷയും അവൻ നൽകുന്നുവെന്നല്ലാതെ, ഇന്നിന്നവർക്ക് കാരുണ്യവും, ഇന്നിന്നവർക്ക് ശിക്ഷയും ലഭിക്കുവാൻ അർഹരാണെന്ന് തീരുമാനിക്കുവാൻ നിങ്ങൾക്ക് സാധ്യമല്ല. നിങ്ങളെ സംബന്ധിച്ചിടത്തോളം, കാരുണ്യത്തിൻെറ മാർഗ്ഗം പിൻപറ്റുകയും, ശിക്ഷയുടെ മാർഗ്ഗത്തിൽ പ്രവേശിക്കാതിരിക്കയുമാണ് നിങ്ങളുടെ കടമ. നബി (ﷺ) യെ സംബന്ധിച്ചിടത്തോളം നിങ്ങൾക്ക് വേണ്ടത് ഉപദേശിക്കുകയല്ലാതെ, നിങ്ങളുടെ നൻമതിൻമകളുടെ ഉത്തരവാദിത്വമോ, നിങ്ങളെയൊക്കെ നേർവഴിയിലാക്കുവാനുള്ള ചുമതലയോ, അധികാരമോ അദ്ദേഹത്തിനില്ല. നിങ്ങളെക്കുറിച്ച് മാത്രമല്ല, ആകാശഭൂമികളിലുള്ള എല്ലാവരെപ്പറ്റിയും നല്ലപോലെ അറിയുന്നവനാണ് അല്ലാഹു. അവരിൽ ഉൽകൃഷ്ടരും, ഉന്നതൻമാരും ആരാണ് എന്നൊക്കെ അവനറിയാം. ആ അടിസ്ഥാനത്തിലാണ് നബിമാരിൽ ചിലർക്ക് ചിലരെക്കാൾ ശ്രേഷ്ഠസ്ഥാനങ്ങൾ അവൻ നൽകിയിരിക്കുന്നതും. അതിനൊരു ഉദാഹരണമാണ് ദാവൂദ് നബിക്ക് 'സബൂർ' നൽകിയത്. അതുപോലെ മുഹമ്മദ് നബിക്ക് നൽകപ്പെട്ട ഗ്രന്ഥമാണ് ഖുർആനും എന്നൊക്കെയാണ് ഈ വചനങ്ങളിലടങ്ങിയ ആശയങ്ങൾ.

زبور (സബൂർ) എന്ന വാക്കിന് 'ഗ്രന്ഥം', അഥവാ 'ഏട്' എന്നർത്ഥം. ദാവൂദ് (عليه السلام)നബിക്ക് നൽകപ്പെട്ട വേദഗ്രന്ഥത്തെ പ്രത്യേകം ഉദ്ദേശിച്ചും 'സബൂർ' എന്നു പറയപ്പെടാറുണ്ട്. 'സങ്കീർത്തനങ്ങൾ' എന്ന പേരിൽ അറിയപ്പെടുന്ന ആ പുസ്തകമാണ് അതെന്നാണ് സാധാരണമായി പറയപ്പെടുന്നത്, എങ്കിലും ബൈബിളിൽ ഇന്ന് നിലവിലുള്ള സങ്കീർത്തന പുസ്തകത്തിൽ അതിൻെറ ഏതാനും ഭാഗങ്ങൾ അടങ്ങിയിരിക്കാമെങ്കിലും അതുതന്നെയാണ് യഥാർത്ഥ സബൂർ എന്ന് പറയുവാൻ നിവൃത്തിയില്ല. കാരണം, അല്ലാഹുവിങ്കൽ നിന്നുള്ളതായിരിക്കുവാൻ തരമില്ലാത്ത പലതും അതിൽ അടങ്ങിയിരിക്കുന്നതായി കാണാം.

വേദഗ്രന്ഥത്തിൻെറ പാരായണത്തിലും, അല്ലാഹുവിൻെറ സ്തോത്രകീർത്തനങ്ങളടങ്ങുന്ന സംഗീതാലാപനങ്ങളിലും ദാവൂദ് (عليه السلام)നബിക്ക് ചില സവിശേഷതകൾ ഉണ്ടായിരുന്നതായി ഖുർആനിൽനിന്നും ഹദീസിൽനിന്നും വ്യക്തമാണ്. അദ്ദേഹത്തോടൊപ്പം മലകളും, പറവകളും തസ്ബീഹ് ചെയ്തിരുന്നതായി 21:79 ൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. ബുഖാരീ (رحمه الله)ഉദ്ധരിച്ച ഒരു നബി വചനത്തിൽ ഇങ്ങിനെയും കാണാം: ''ദാവൂദി' ന്

ഖുർആൻ (പാരായണഗ്രന്ഥം) ലഘുവാക്കപ്പെട്ടിരുന്നു.(*) അദ്ദേഹം തൻെറ മൃഗത്തിന് ജീനി ഇടുവാൻ കൽപ്പിച്ചിട്ട് അത് തീരും മുമ്പായി അദ്ദേഹം അത് ഓതിത്തീർക്കുമായിരുന്നു.'' അദ്ദേഹത്തിൻെറ ഈ സവിശേഷതകളെ മുൻനിറുത്തിയായിരിക്കാം അദ്ദേഹത്തിന് സബൂർ നൽകപ്പെട്ടത് ഇവിടെ പ്രത്യേകം പറഞ്ഞിരിക്കുന്നത്. الله أعلم ഒരു മഹാരാജാവും, പ്രവാചകവര്യനും എന്ന നിലക്കുള്ള അദ്ദേഹത്തിൻെറ പല പ്രത്യേകതകളും ഖുർആനിൽ പലേടത്തുമായി അല്ലാഹു എടുത്തുപറഞ്ഞിട്ടുണ്ടുതാനും.

56 പറയുക: ''അവന് [അല്ലാഹുവിനു] പുറമെ നിങ്ങൾ (ദൈവങ്ങളെന്നു) വാദിച്ചവരെ നിങ്ങൾ വിളിച്ചു പ്രാർത്ഥിച്ചു കൊള്ളുവിൻ; - എന്നാൽ, നിങ്ങളിൽ നിന്ന് ഉപദ്രവത്തെ (നീക്കി) തുറവിയാക്കുവാനാകട്ടെ, സ്ഥിതിമാറ്റം വരുത്തുവാനാകട്ടെ, അവർക്ക് സാധ്യമാകുന്നതല്ല.

قُلِ ٱدْعُوا۟ ٱلَّذِينَ زَعَمْتُم مِّن دُونِهِۦ فَلَا يَمْلِكُونَ كَشْفَ ٱلضُّرِّ عَنكُمْ وَلَا تَحْوِيلًا ﴿٥٦﴾

57 അവർ വിളി(ച്ചുപ്രാർത്ഥി)ക്കുന്നവരായ അക്കൂട്ടർ,- തങ്ങളുടെ റബ്ബിങ്കലേക്ക് സമീപനമാർഗ്ഗം തേടിക്കൊണ്ടിരിക്കുന്നു; അതായത്, അവരിൽ അധികം അടുത്തവരേതോ അവർ (തന്നെ). അവർ അവൻെറ കാരുണ്യം അഭിലഷിക്കുകയും അവൻെറ ശിക്ഷ ഭയപ്പെടുകയും ചെയ്യുന്നു. നിശ്ചയമായും, നിൻെറ റബ്ബിൻെറ ശിക്ഷ (ജാഗ്രതയോടെ) സൂക്ഷിക്കപ്പെടേണ്ടതാകുന്നു.

أُو۟لَٰٓئِكَ ٱلَّذِينَ يَدْعُونَ يَبْتَغُونَ إِلَىٰ رَبِّهِمُ ٱلْوَسِيلَةَ أَيُّهُمْ أَقْرَبُ وَيَرْجُونَ رَحْمَتَهُۥ وَيَخَافُونَ عَذَابَهُۥٓ ۚ إِنَّ عَذَابَ رَبِّكَ كَانَ مَحْذُورًا ﴿٥٧﴾

---

56 **قُلْ** പറയുക. **ادعوا** നിങ്ങൾ വിളിക്കുവിൻ, പ്രാർത്ഥിക്കുവിൻ. **الذين** യാതൊരുവരെ. **زعمتم** നിങ്ങൾ വാദിച്ച, ജൽപിച്ച. **من دونه** അവന് പുറമെ, അവനെകൂടാതെ. **فَلَا يملكُونَ** എന്നാൽ അവർ സ്വാധീനമാക്കുകയില്ല (അവർക്ക് സാധിക്കുകയില്ല). **كشف** തുറവിയാക്കൽ, നീക്കുവാൻ. **الضر** ഉപദ്രവത്തെ. **عنكُم** നിങ്ങളിൽ നിന്ന്. **ولا تحويلاً** (സ്ഥിതി) മാറ്റം വരുത്തുവാനുമില്ല.
57 **أولَئك** അക്കൂട്ടർ. **الذين يدعونَ** അവർ വിളിക്കുന്ന (പ്രാർത്ഥിക്കുന്ന)വരായ. **يبتغونَ** അവർ തേടുന്നു, അന്വേഷിക്കുന്നു. **إلى ربهم** അവരുടെ റബ്ബിങ്കലേക്ക്. **الْوسيلةَ** സമീപനമാർഗ്ഗം (മാദ്ധ്യമം). **أيهُم** അവരിൽ ഏതോ (അവർ). **أقْرب** ഏറ്റവും അടുത്തവർ. **ويرجونَ** അവർ അഭിലഷിക്കുക (ആശിക്കുക-പ്രതീക്ഷിക്കുക)യും ചെയ്യുന്നു. **رحمته** അവൻെറ കാരുണ്യം. **ويخافُونَ** അവർ ഭയപ്പെടുകയും ചെയ്യുന്നു. **عذابَه** അവൻെറ ശിക്ഷയെ. **إن عذاب** നിശ്ചയമായും ശിക്ഷ. **ربك** നിൻെറ റബ്ബിൻെറ. **كَانَ** ആകുന്നു, ആയിരിക്കുന്നു. **محذُورا** ജാഗ്രതവെക്കപ്പെടേണ്ടത് (സൂക്ഷിക്കപ്പെടേണ്ടത്-കരുതിയിരിക്കേണ്ടത്).

അല്ലാഹുവിനെ ആരാധിച്ചും പ്രാർത്ഥിച്ചും കൊണ്ട് അവൻെറ സാമീപ്യം സിദ്ധിക്കുവാൻ തക്ക അർഹത തങ്ങൾക്കില്ലെന്നും, അതുകൊണ്ടാണ് അവൻെറ സാമീപ്യം സിദ്ധിച്ചവരെ തങ്ങൾ വിളിച്ചും ആരാധിച്ചും വരുന്നതെന്ന് മുശ്‌രിക്കുകൾ വാദിക്കുന്നതിൻെറ ഖണ്ഡനമാ

* ഈ ഹദീസിൽ 'ഖുർആൻ' എന്നു പറഞ്ഞതു 'സബൂറി' നെ ഉദ്ദേശിച്ചാകുന്നു, 'ഖുർആൻ' എന്ന വാക്കിൻെറ അർത്ഥത്തെയും പ്രയോഗത്തെയും സംബന്ധിച്ചു സൂ: റഅ്ദ്: 31-ാം വചനത്തിൻെറ വ്യാഖ്യാനത്തിൽ വിവരിച്ചതിൽ നിന്നു ഇതിൻെറ കാരണം മനസ്സിലാകുന്നതാണ്.

ണിത്. നിങ്ങൾ ആരാധ്യ ദൈവങ്ങളായി സങ്കൽപിച്ചുവരുന്ന ഏതൊന്നിനെ നിങ്ങൾ വിളിച്ച് പ്രാർത്ഥിച്ചാലും യാതൊരു ഫലവും നിങ്ങൾക്ക് ലഭിക്കുവാൻ പോകുന്നില്ല. നിങ്ങളുടെ വല്ല വിഷമതകളും നീക്കുവാനോ, അതിൽ വല്ല മാറ്റവും വരുത്തുവാനോ, അവർക്ക് സാധ്യമല്ല. എന്നിങ്ങിനെ ആദ്യം ഓർമ്മപ്പെടുത്തിയശേഷം, ആ ആരാധ്യ ദൈവങ്ങളുടെ യഥാർത്ഥ സ്ഥിതി എന്താണെന്ന് അവരെ അറിയിക്കുന്നു. അതായത്: ആ ആരാധ്യവസ്തുക്കളിൽ അല്ലാഹുവിനോട് ഏറ്റവും അടുത്തവരായ ആളുകൾ-മലക്കുകൾ, പ്രവാചകൻമാർ മുതലായവർ-പോലും അവൻെറ സാമീപ്യവും പ്രീതിയും തേടിക്കൊണ്ടിരിക്കുന്നവരും, അവൻെറ കാരുണ്യം ആശിച്ചുകൊണ്ടിരിക്കുന്നവരുമാകുന്നു. അവൻെറ ശിക്ഷയെപ്പറ്റി എല്ലാവരും സദാ ജാഗരൂകരായിരിക്കേണ്ടതുള്ളതുകൊണ്ട് അവർ അതിനെപ്പറ്റി വളരെ ഭയപ്പാടോടുകൂടിയിരിക്കുന്നവരുമാകുന്നു. അല്ലാഹുവിനോട് വളരെ അടുത്ത ആളുകളുടെ സ്ഥിതി തന്നെ ഇതാണെങ്കിൽ, മറ്റുള്ള ആ ആരാധ്യവസ്തുക്കളുടെ സ്ഥിതി എന്താണെന്ന് പിന്നെ പറയേണ്ടുന്ന ആവശ്യമില്ലല്ലോ. വാസ്തവം ഇതായിരിക്കെ, അല്ലാഹുവല്ലാത്ത ആരെയും വിളിച്ച് പ്രാർത്ഥിച്ചതുകൊണ്ടോ, ആരാധിച്ചതുകൊണ്ടോ അല്ലാഹുവിൻെറ സാമീപ്യവും കാരുണ്യവും മറ്റുള്ളവർക്ക് നേടിക്കൊടുക്കുവാൻ അവർക്ക് എങ്ങിനെ കഴിയും?!

وسيلة (വസീല) എന്ന വാക്കിനു സമീപനമാർഗ്ഗം-അഥവാ ഉദ്ദിഷ്ട കാര്യത്തിലേക്ക് എത്തിച്ചേരുവാനുള്ള മാർഗ്ഗം (وما يتوسل به الى المقصود) എന്നാണു വാക്കർത്ഥം. അല്ലാഹുവിങ്കലേക്കു സമീപനമാർഗ്ഗം തേടുക എന്നു പറഞ്ഞതിൻെറ അർത്ഥം സൽക്കർമ്മങ്ങൾ വഴി അവൻെറ സാമീപ്യം സിദ്ധിക്കുവാൻ യത്നിക്കുക എന്നാണെന്നുള്ളതിൽ ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ ഭിന്നാഭിപ്രായമില്ലാത്തതാകുന്നു. (സൂ:മാഇദഃ 38ാം വചനത്തിൻെറ വ്യാഖ്യാനത്തിൽ നൽകിയ വിവരണം ഓർക്കുക.)

وَإِن مِّن قَرْيَةٍ إِلَّا نَحْنُ مُهْلِكُوهَا قَبْلَ يَوْمِ ٱلْقِيَـٰمَةِ أَوْ مُعَذِّبُوهَا عَذَابًا شَدِيدًا ۚ كَانَ ذَٰلِكَ فِى ٱلْكِتَـٰبِ مَسْطُورًا ﴿٥٨﴾

58 ഒരു രാജ്യവും (തന്നെ ഇല്ല,) ഖിയാമത്തുനാളിനുമുമ്പ് നാം അതിനെ (അതിലെ നിവാസികളെ) നശിപ്പിക്കുന്നവരോ, അല്ലെങ്കിൽ അതിനെ കഠിനമായ വല്ല ശിക്ഷയും ശിക്ഷിക്കുന്നവരോ ആയിരിക്കാതെ. അത് ഗ്രന്ഥത്തിൽ രേഖപ്പെടുത്തപ്പെട്ട കാര്യമായിരിക്കുന്നു.

---

58 **وإن من قرية** ഒരു രാജ്യവും ഇല്ല. **إلا نحن** നാം അല്ലാതെ. **مهلكوها** അതിനെ നശിപ്പിക്കുന്നവർ. **قبلَ يوم** ദിവസത്തിന് മുമ്പ്. **القيامة** ഖിയമാത്തിൻെറ. **أو معذبوها** അല്ലെങ്കിൽ അതിനെ ശിക്ഷിക്കുന്നവർ. **عذابا** ശിക്ഷ, വല്ല ശിക്ഷയും. **شديدا** കഠിനമായ. **كَانَ ذَلِكَ** ആയിരിക്കുന്നു. **في الْكتاب** ഗ്രന്ഥത്തിൽ, രേഖയിൽ. **مسطورا** രേഖപ്പെടുത്ത(എഴുതപ്പെട്ട)ത്.

ഖിയാമത്തുനാളിൽ, സകല രാജ്യങ്ങളും അവയിലെ വസ്തുക്കളും നശിച്ചുപോകുമെന്നുള്ളത് തീർച്ചയാണ്. എന്നാൽ, അതിനുമുമ്പുതന്നെ, ഒരു നാട്ടിലെ ജനങ്ങൾ അവിശ്വാസത്തിലും തോന്നിയവാസത്തിലും അതിരുകവിയുമ്പോൾ, ആ ജനതയെ നിശ്ശേഷം നശിപ്പിക്കുകയോ, അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള വല്ല കഠിനശിക്ഷയും അവർക്ക് നൽകുകയോ അല്ലാഹു ചെയ്യാതിരിക്കുകയില്ല. ഇക്കാര്യം അല്ലാഹുവിൻെറ ജ്ഞാനരേഖയാകുന്ന ഗ്രന്ഥത്തിൽ-'ലൗഹുൽമഹ്ഫൂളി'ൽ-മുമ്പേ രേഖപ്പെടുത്തപ്പെട്ട കാര്യമാകുന്നു എന്ന് സാരം. 'കഠിനമായ ശിക്ഷ' എന്ന് പറഞ്ഞതിൽ, യുദ്ധം, കലഹം, കൊടുങ്കാറ്റ്, ഭൂകമ്പം, വെള്ളപ്പൊക്കം ആദിയായവയെല്ലാം ഉൾപ്പെടുന്നതാകുന്നു.الله أعلم

ജനങ്ങൾ ധിക്കാരത്തിൽ മുഴുകുമ്പോൾ, ഇഹത്തിൽവെച്ചുതന്നെ അവരുടെമേൽ ചില ശിക്ഷാനടപടികൾ എടുക്കുമെന്നത്രെ അല്ലാഹു പറയുന്നത്. അല്ലാതെ, രാജ്യത്തുള്ളവർ നിർദ്ദോഷികളായിരുന്നാൽപോലും എല്ലാ രാജ്യത്തെയും നശിപ്പിക്കുകയോ, പൊതുശിക്ഷക്കു വിധേയമാക്കുകയോ ചെയ്യുമെന്നല്ല ഈ വചനത്തിൽ പറഞ്ഞതിൻെറ താൽപര്യം. അല്ലാഹു പറയുന്നു: وما كنا مهلكى القرى الا واهلها ظالمون ـ القصص (രാജ്യക്കാർ അക്രമികളായിരിക്കവെയല്ലാതെ നാം അവയെ നശിപ്പിക്കുന്നവരല്ല.) (28:59). നശിപ്പിക്കപ്പെട്ട സമുദായങ്ങളെക്കുറിച്ച് അല്ലാഹു പറയുന്നു: وما ظلمناهم ولكن ظلموا أنفسهم ـ هود (നാം അവരോട് അക്രമം ചെയ്തിട്ടില്ല. എങ്കിലും അവർ അവരോടുതന്നെ ആക്രമം പ്രവർത്തിച്ചു.) (11:101).

وَمَا مَنَعَنَآ أَن نُّرۡسِلَ بِٱلۡأٓيَٰتِ إِلَّآ أَن كَذَّبَ بِهَا ٱلۡأَوَّلُونَۚ وَءَاتَيۡنَا ثَمُودَ ٱلنَّاقَةَ مُبۡصِرَةٗ فَظَلَمُواْ بِهَاۚ وَمَا نُرۡسِلُ بِٱلۡأٓيَٰتِ إِلَّا تَخۡوِيفٗا ﴿٥٩﴾

59 ദൃഷ്ടാന്തങ്ങളെ അയക്കുന്നതിന് നമ്മെ മുടക്കം ചെയ്തിട്ടില്ല; പൂർവ്വികൻമാർ അവയെ വ്യാജമാക്കിയെന്നതല്ലാതെ. ഥമൂദ് (ഗോത്രത്തി)ന് നാം ഒട്ടകത്തെ കണ്ടറിയത്തക്ക വിധം [പ്രത്യക്ഷദൃഷ്ടാന്തമായി] നൽകി; എന്നിട്ട് അതു സംബന്ധിച്ച് അവർ അക്രമം പ്രവർത്തിച്ചു. ഭയപ്പെടുത്തുവാനായിട്ടല്ലാതെ, നാം ദൃഷ്ടാന്തങ്ങളെ അയക്കുന്നില്ലതാനും.

---

59 **وما منعنا** നമ്മെ മുടക്കി (നമുക്ക് തടസ്സമാ)യിട്ടില്ല. **أن نرسلَ** നാം അയക്കുന്നതിന്. **بِالآيات** ദൃഷ്ടാന്തങ്ങളെ, ദൃഷ്ടാന്തങ്ങളുമായി. **إلا أن كذب** വ്യാജമാക്കിയതല്ലാതെ. **بِها** അവയെ. **الْأولُونَ** ആദ്യത്തേവർ, പൂർവ്വികൻമാർ. **وآتينا** നാം നൽകി, നൽകുകയും ചെയ്തു. **ثَمود** ഥമൂദിന്. **النَاقَة** ഒട്ടകത്തെ. **مبصرةً** കാണത്തക്കതായി (പ്രത്യക്ഷ ദൃഷ്ടാന്തമായിട്ട്). **فَظَلَموا** എന്നിട്ടവർ അക്രമം പ്രവർത്തിച്ചു. **بِها** അത് നിമിത്തം, അത് സംബന്ധിച്ചു. **وما نرسلُ** നാം അയക്കുന്നില്ല, അയക്കാറില്ല. **بِالآيات** ദൃഷ്ടാന്തങ്ങളെ. **إلا تخويفًا** ഭയപ്പെടുത്തുന്നതിനല്ലാതെ.

ഇമാം അഹ്മദ്, നസാഈ, ഇബ്നുജരീർ, ത്വബ്റാനി, ഹാകിം, ബസ്സാർ (رحمهم الله)മുതലായവർ ഇബ്നുഅബ്ബാസ് (رضي الله عنه)പറഞ്ഞതായി ഇപ്രകാരം നിവേദനം ചെയ്തിരിക്കുന്നു: ''മക്കാനിവാസികൾ നബി(ﷺ) യോട് സ്വഫാ എന്ന കുന്ന് (جبل صفا) സ്വർണ്ണമാക്കി കൊടുക്കണമെന്നും, അവരിൽ നിന്ന് (മക്കായിലെ) മലകൾ നീക്കംചെയ്ത് കൃഷിചെയ്യുമാറാക്കിക്കൊടുക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി. അപ്പോൾ നബി(ﷺ)യോട് പറയപ്പെട്ടു: വേണമെങ്കിൽ അവർക്ക് സാവകാശം നൽകാം. (അവർക്ക് തൽക്കാലം ഒഴിവ് നൽകാം) അവർ ചോദിച്ചതുതന്നെ വേണമെങ്കിൽ അതും ചെയ്യാം. എന്നിട്ട് അവർ അവിശ്വസിക്കുന്നപക്ഷം അവരുടെ മുമ്പുണ്ടായിരുന്ന സമുദായങ്ങൾ നശിപ്പിക്കപ്പെട്ടതുപോലെ അവർ നശിപ്പിക്കപ്പെടും. നബി(ﷺ) പറഞ്ഞു: (വേണ്ടാ) എന്നാൽ ഞാൻ അവർക്ക് സാവകാശം നൽകിക്കൊള്ളാം. ഈ അവസരത്തിൽ .... ومامنعنا എന്നുള്ള (ഈ) വചനം അല്ലാഹു അവതരിപ്പിച്ചു. ഇബ്നുഅബ്ബാസ്(رضي الله عنه)ൽ നിന്ന് തന്നെ വേറൊരു മാർഗ്ഗത്തിലൂടെ ഇങ്ങിനെയും നിവേദനം വന്നിട്ടുണ്ട്: സ്വലിഹ് (عليه السلام)നബിയും (മറ്റു) നബിമാരും കൊണ്ടുവന്നതുപോലെ, താൻ ഞങ്ങൾക്കൊരു ദൃഷ്ടാന്തം കൊണ്ടുവന്നെങ്കിൽ! എന്ന് ജനങ്ങൾ നബി(ﷺ)യോട് പറഞ്ഞു. അപ്പോൾ റസൂൽ (ﷺ) പറഞ്ഞു: ''നിങ്ങൾക്ക് വേണമെന്നുണ്ടെങ്കിൽ ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കാം. അവൻ അത് ഇറക്കിയിട്ട് നിങ്ങൾ അനുസരണക്കേടുകാണിച്ചാൽ നിങ്ങൾ നാശമടയും. അപ്പോൾ, അവർ പറഞ്ഞു:'' ഞങ്ങൾ അത് ആവശ്യപ്പെടുന്നില്ല.'' (അ;ബ.) ഏതാണ്ട് ഈ സ്വഭാവത്തിലുള്ള രിവായത്തുകൾ വേറെയും കാണാം.

മേലുദ്ധരിച്ചതില്‍ നിന്ന് ഈ വചനത്തിന്‍റെ താല്‍പര്യം വ്യക്തമായി മനസ്സിലാക്കാം. അതായത്, ഈ അവിശ്വാസികള്‍ ആവശ്യപ്പെടുന്ന ദൃഷ്ടാന്തങ്ങള്‍-അവന്‍ കെട്ടിച്ചോദിക്കുന്നതോ, സ്വാലിഹുനബി (عليه السلام), മൂസാനബി (عليه السلام)മുതലായവര്‍ക്ക് നല്‍കപ്പെട്ടതുപോലെയുള്ളതോ ആയ പ്രത്യക്ഷ ദൃഷ്ടാന്തങ്ങള്‍-നാം അവര്‍ക്ക് അയച്ചുകൊടുക്കാത്തതിന്‍റെ കാരണം ഇതാണ്: മുന്‍സമുദായങ്ങള്‍ക്ക് അത്തരം ദൃഷ്ടാന്തങ്ങള്‍ അയച്ചുകൊടുത്തിട്ട് അവര്‍ അവയെ വ്യാജമാക്കുകയും, അങ്ങനെ അവര്‍ നാശത്തിന് വിധേയരാകുകയുമാണ് ചെയ്തത്. അതുപോലെ, ഈ സമുദായത്തിനും നാശം സംഭവിക്കുവാന്‍ ഇടവരരുതെന്നുദ്ദേശിച്ചാണ്. മുന്‍ സമുദായങ്ങള്‍ അവര്‍ക്ക് നല്‍കപ്പെട്ട പ്രത്യക്ഷ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കിയതിന്‍റെ വ്യക്തമായ ഒരു ഉദാഹരണമാണ് സ്വാലിഹ് (عليه السلام)നബിയുടെ സമുദായമായ ഥമൂദ് ഗോത്രത്തിന് നല്‍കിയിരുന്ന ഒട്ടകത്തിന്‍റെ ദൃഷ്ടാന്തം. അവര്‍ ആവശ്യപ്പെട്ടതനുസരിച്ചാണ് ആ പ്രത്യക്ഷദൃഷ്ടാന്തം അവര്‍ക്ക് നല്‍കിയത്. അവര്‍ ആ ദൃഷ്ടാന്തത്തെ നിഷേധിക്കുകയും, ആ ഒട്ടകത്തെ അക്രമിക്കുകയുമാണുണ്ടായത്. അതുമൂലം അവര്‍ പൊതുശിക്ഷക്ക് വിധേയരാകുകയും ചെയ്തു. ഥമൂദ് ഗോത്രത്തിന്‍റെ ഒട്ടകത്തെപ്പറ്റി പലപ്പോഴും ഖുര്‍ആനില്‍ പ്രസ്താവിച്ചിട്ടുണ്ടല്ലോ.

ദൃഷ്ടാന്തങ്ങള്‍ കാണിച്ച് കൊടുക്കുന്നതിന്‍റെ ഉദ്ദേശ്യം ജനങ്ങള്‍ക്ക് ഭയപ്പാടുണ്ടാക്കുകയല്ലാതെ മറ്റൊന്നുമല്ലെന്ന് അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. അഥവാ സത്യത്തിന്‍റെ സ്ഥാപനത്തിന് വേണ്ടിയോ, നിര്‍ബ്ബന്ധപൂര്‍വ്വം ജനങ്ങളെ വിശ്വസിപ്പിക്കുകയോ അല്ല-അല്ലാഹുവിനെക്കുറിച്ച് ഭയവും ബോധവും ഉണ്ടായിത്തീരുകയും, അങ്ങിനെ, സത്യത്തിലേക്ക് മടങ്ങുവാന്‍ പ്രേരണ ലഭിക്കുകയുമാണ്-ദൃഷ്ടാന്തം കൊണ്ടുദ്ദേശ്യം. താഴെ ഉദ്ധരിക്കുന്ന ഹദീസില്‍നിന്ന് ഇത് കൂടുതല്‍ വ്യക്തമാകുന്നതാണ്. അതായത് നബി (ﷺ) യുടെ പുത്രന്‍ ഇബ്റാഹീം എന്ന കുട്ടി ചരമമടഞ്ഞ ദിവസം സൂര്യഗ്രഹണമുണ്ടായി. അത് കുട്ടിയുടെ മരണം നിമിത്തമാണെന്ന് ചിലര്‍ പറഞ്ഞു. ആ അവസരത്തില്‍ തിരുമേനി പറഞ്ഞു: ''നിശ്ചയമായും, സൂര്യനും ചന്ദ്രനും അല്ലാഹുവിന്‍റെ ദൃഷ്ടാന്തങ്ങളില്‍പെട്ട രണ്ട് ദൃഷ്ടാന്തങ്ങളാകുന്നു. ഒരാളുടെയും മരണം നിമിത്തമോ, ജീവിതം നിമിത്തമോ അവക്ക് ഗ്രഹണം ബാധിക്കുകയില്ല. എങ്കിലും അത് രണ്ടും മുഖേന അല്ലാഹു അവന്‍റെ അടിയാന്‍മാരെ ഭയപ്പെടുത്തുന്നു. അതിനാല്‍, അത് (ഗ്രഹണം) നിങ്ങള്‍ കണ്ടാല്‍, അവന്‍റെ സ്മരണയിലേക്കും, പ്രാര്‍ത്ഥനയിലേക്കും, പാപമോചനം തേടുന്നതിലേക്കും നിങ്ങള്‍ അഭയം പ്രാപിച്ചുകൊള്ളുവിന്‍.'' പിന്നീട് തിരുമേനി പറഞ്ഞു: ''മുഹമ്മദിന്‍റെ സമുദായമേ, അല്ലാഹുവിനെത്തന്നെ സത്യം! എനിക്കറിയാവുന്നത് നിങ്ങള്‍ക്കറിയാമായിരുന്നെങ്കില്‍, നിങ്ങള്‍ അല്‍പം (മാത്രം) ചിരിക്കുകയും, ധാരാളം കരയുകയും ചെയ്തേക്കുമായിരുന്നു.'' (ബു:മു)

وَإِذْ قُلْنَا لَكَ إِنَّ رَبَّكَ أَحَاطَ بِالنَّاسِ ۚ وَمَا جَعَلْنَا الرُّؤْيَا الَّتِي أَرَيْنَاكَ إِلَّا فِتْنَةً لِّلنَّاسِ وَالشَّجَرَةَ الْمَلْعُونَةَ فِي الْقُرْآنِ ۚ وَنُخَوِّفُهُمْ فَمَا يَزِيدُهُمْ إِلَّا طُغْيَانًا كَبِيرًا ﴿٦٠﴾

60 ''നിശ്ചയമായും, നിന്‍റെ റബ്ബ് മനുഷ്യരെ വലയംചെയ്തിരിക്കുന്നു'' എന്നു നാം നിന്നോട് പറഞ്ഞ സന്ദര്‍ഭം (ഓര്‍ക്കുക). നിനക്കു നാം കാണിച്ചുതന്നതായ (ആ) കാഴ്ചയെ മനുഷ്യര്‍ക്ക് ഒരു പരീക്ഷണമായിട്ടല്ലാതെ നാം ആക്കിയിട്ടില്ല. ഖുര്‍ആനിലെ (ആ) ശപിക്കപ്പെട്ട വൃക്ഷത്തെയും (ഒരു പരീക്ഷണമാക്കിയിരിക്കുന്നു). നാം അവരെ ഭയപ്പെടുത്തിക്കൊണ്ടുമിരിക്കുന്നു; എന്നാല്‍ അതവര്‍ക്ക് വലുതായ അതിരുകവിയലിനെ [ധിക്കാരത്തെ] യല്ലാതെ വര്‍ദ്ധിപ്പിക്കുന്നില്ല.

60 وَإِذْ قُلْنَا നാം പറഞ്ഞ സന്ദർഭം. لَكَ നിന്നോട്. إِنَّ رَبَّكَ നിശ്ചയമായും നിൻെറ റബ്ബ്. أَحَاطَ വലയം ചെയ്തിരിക്കുന്നു, ചൂഴ്ന്നിരിക്കുന്നു. بِالنَّاسِ മനുഷ്യരെ, മനുഷ്യരിൽ. وَمَا جَعَلْنَا നാം ആക്കിയിട്ടുമില്ല. الرُّؤْيَا കാഴ്ചയെ. الَّتِي أَرَيْنَاكَ നിനക്ക് നാം കാണിച്ചു (കാട്ടി)തന്ന. إِلَّا فِتْنَةً ഒരു പരീക്ഷണമല്ലാതെ. لِلنَّاسِ മനുഷ്യർക്ക്. وَالشَّجَرَةَ വൃക്ഷ(മര)ത്തെയും. الْمَلْعُونَةَ ശപിക്കപ്പെട്ട. فِي الْقُرْآنِ ഖുർആനിൽ(ഉള്ള). وَنُخَوِّفُهُمْ നാം അവരെ ഭയപ്പെടുത്തുകയും ചെയ്യുന്നു. فَمَا يَزِيدُهُمْ എന്നാൽ (എന്നിട്ടും) അത് വർദ്ധിപ്പിക്കുന്നില്ല. إِلَّا طُغْيَانًا അതിരുവിടൽ (ധിക്കാരം) അല്ലാതെ. كَبِيرًا വലുതായ.

നാലു വാക്യങ്ങളടങ്ങിയ ഈ വചനത്തിൽ അല്ലാഹുപ്രസ്താവിച്ച കാര്യങ്ങൾ ഇങ്ങിനെ മനസ്സിലാക്കാം: (1) മനുഷ്യരെ അല്ലാഹു വലയം ചെയ്തിരിക്കുന്നുവെന്ന് അറിയിച്ചുകൊണ്ട് നബി(ﷺ)ക്ക് അല്ലാഹു മനസ്സമാധാനവും ധൈര്യവും നൽകുന്നു. അതായത്, അല്ലാഹുവിൻെറ അധികാരനിയന്ത്രണങ്ങളുടെ വലയത്തിലാണ് മനുഷ്യരുള്ളത്. ആ വലയം ലംഘിച്ച്, നബി (ﷺ) യെ ദ്രോഹിക്കുവാനോ, പ്രബോധന കൃത്യത്തിന് തടസ്സം വരുത്തുവാനോ അവർക്ക് കഴിയുകയില്ല. അതുകൊണ്ട് ആ കൃത്യം ശരിക്ക് നിർവ്വഹിച്ചുകൊണ്ടേയിരിക്കണമെന്ന് അല്ലാഹു നബി(ﷺ)ക്ക് അറിയിച്ചിട്ടുണ്ട് എന്ന് സാരം. സൂ: മാഇദഃയിൽ അല്ലാഹു പറയുന്നു: والله يعصمك من الناس (അല്ലാഹു മനുഷ്യരിൽ നിന്ന് നിന്നെ കാത്തുരക്ഷിക്കുന്നതാണ്.) (2) നബി (ﷺ)ക്ക് അല്ലാഹു കാണിച്ചുകൊടുത്ത ആ കാഴ്ച ജനങ്ങൾക്ക് ഒരു പരീക്ഷണം മാത്രമായിരുന്നു. അഥവാ വിശ്വാസികളുടെ വിശ്വാസം വർദ്ധിക്കുവാനും, അവിശ്വാസികളുടെ നിഷേധം കൂടുതൽ മൂർച്ഛിക്കുവാനും അത് കാരണമാകുമെന്നു സാരം.

الرؤيا التى أريناك (നിനക്ക് നാം കാണിച്ചുതന്ന ആ കാഴ്ച) കൊണ്ടുദ്ദേശിക്കപ്പെട്ടിരിക്കുന്നത് എന്താണെന്നുള്ളതിൽ വ്യാഖ്യാതാക്കൾക്കിടയിൽ രണ്ടുമൂന്ന് അഭിപ്രായങ്ങൾ കാണാം. അവയിൽ വെച്ച് കൂടുതൽ സ്വീകാര്യമായ അഭിപ്രായം ഈ സൂറത്തിലെ 1-ാം വചനത്തിൽ പ്രസ്താവിക്കപ്പെട്ട 'ഇസ്രാഇ'ൻെറ യാത്രയിൽ നബി (ﷺ) ക്ക് അല്ലാഹു കാട്ടിക്കൊടുത്ത അൽഭുത ദൃഷ്ടാന്തങ്ങളാണുദ്ദേശ്യം എന്നുള്ളതാകുന്നു. ആ വാർത്ത സത്യവിശ്വാസികൾക്ക് വിശ്വാസദാർഢ്യത്തിനും, അവിശ്വാസികൾക്ക് നിഷേധ വർദ്ധനവിനും കാരണമായിട്ടുണ്ടെന്നു പറയേണ്ടതില്ലല്ലോ. ഈ വാക്യത്തിലെ 'കാഴ്ച' (الرؤيا) കൊണ്ടുദ്ദേശ്യം, 'ഇസ്രാഇ' ൻെറ രാത്രിയിൽ നബി (ﷺ)ക്ക് കൺകാഴ്ചയായി കാണിക്കപ്പെട്ട കാഴ്ചയാണെന്നും, 'ശപിക്കപ്പെട്ട വൃക്ഷം' (الشجرة الملعونة) കൊണ്ടുദ്ദേശ്യം 'സഖ്-ഖൂം' (الزقوم) വൃക്ഷവുമാണെന്നും ഇബ്നു അബ്ബാസ് (رضي الله عنه)പ്രസ്താവിച്ചതായി അഹ്മദ്, ബുഖാരി (رحمه الله)മുതലായവർ രേഖപ്പെടുത്തിയിരിക്കുന്നു. വ്യാഖ്യാതാക്കളിൽ അധികഭാഗവും സ്വീകരിച്ചിട്ടുള്ളതും ഈ അഭിപ്രായം തന്നെയാകുന്നു. (*)

(3) ഖുർആനിൽ ശപിക്കപ്പെട്ട വൃക്ഷത്തെയും അല്ലാഹു ഒരു പരീക്ഷണമാക്കിയിരിക്കുന്നു. അതായത്: നരകത്തിൽ 'സഖ്-ഖൂം' എന്ന ഒരു വൃക്ഷമുണ്ടെന്നും അത് പാപികളുടെ ഭക്ഷണമാണെന്നും അതും അവരുടെ ശിക്ഷാവകുപ്പുകളിൽപ്പെട്ട ഒന്നാണെന്നും അല്ലാഹു ഖുർആനിൽ (സ്വാഫ്ഫാത്ത്, ദുഖാൻ, വാഖിഅ: എന്നീ സൂറത്തുകളിൽ) പ്രസ്താവിച്ചിരിക്കുന്നു. ഈ വൃക്ഷത്തെപ്പറ്റി കേട്ടപ്പോൾ, 'നരകം കല്ലുകൾ പോലും കരിച്ചുകളയുമെന്ന് മുഹമ്മദ് പറയുന്നു. അതേ സമയത്ത് അതിൽ വൃക്ഷങ്ങളുണ്ടെന്നും അവൻ പറയുന്നു, തീയിൽ

---

* الرءيا എന്ന വാക്ക് സ്വപ്നക്കാഴ്ചയിലാണ് കൂടുതൽ ഉപയോഗിക്കപ്പെടാറുള്ളതെങ്കിലും കണ്ണുകൊണ്ടുള്ള കാഴ്ചയെ ഉദ്ദേശിച്ചും അതു ഉപയോഗിക്കപ്പെടാറുണ്ടെന്നും, 'ഇസ്റാഉം, മിഅ്റാജും' സ്വപ്നത്തിലായിരുന്നുവെന്ന വാദക്കാർ ഈ വാക്ക് തങ്ങൾക്ക് തെളിവായി എടുത്തു കാണിക്കാറുണ്ടെന്നും, അതു ശരിയല്ലെന്നും 1-ാം വചനത്തിൻെറ വ്യാഖ്യാനത്തിൽ നാം ചൂണ്ടിക്കാട്ടിയിരിക്കുന്നു.

കരിഞ്ഞ് പോകുന്ന വൃക്ഷം തീയിൽ എങ്ങനെ മുളച്ചുണ്ടാകും? എന്നും മറ്റും പറഞ്ഞ് അബൂ ജഹ്ൽ മുതലായ മുശ്‌രിക്കുകൾ പരിഹസിക്കുകയുണ്ടായി. സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം നരകത്തെക്കുറിച്ച് അതവർക്ക് കൂടുതൽ ഭയപ്പാടുളവാക്കുകയേ ചെയ്തുള്ളുതാനും. ഇതിനെപ്പറ്റിയാണ് ഖുർആനിൽ ശപിക്കപ്പെട്ട ആ വൃക്ഷത്തെയും ഒരു പരീക്ഷണമാക്കിയിരിക്കുന്നു പറഞ്ഞത്. ശപിക്കപ്പെട്ട വൃക്ഷം എന്ന് പറഞ്ഞത് 'സഖ്-ഖൂ' മിനെപ്പറ്റിയാണെന്ന് ഇബ്നു അബ്ബാസ് (رضي الله عنه)പ്രസ്താവിച്ചത് മുമ്പ് ഉദ്ധരിച്ചുവല്ലോ. സ്വർഗ്ഗത്തിലെയും നരകത്തിലെയും വസ്തുക്കൾക്ക് ഭൗതികവസ്തുക്കളുമായി നാമമാത്ര സാമ്യമേ ഉള്ളൂ. മനുഷ്യർക്ക് പരിചിതമായ പേരുകളിലും വാക്കുകളിലുമല്ലാതെ അവയെക്കുറിച്ച് വിവരിക്കുവാൻ നിവൃത്തിയില്ലല്ലോ. ഭൗതികവസ്തുക്കളിൽ തന്നെ തീയിൽ കരിഞ്ഞുപോകാത്ത ചിലതുണ്ടെന്നും, ചില വൃക്ഷങ്ങളിൽ നിന്ന് തീ ഉൽപാദിപ്പിക്കപ്പെടാമെന്നും ആലോ—ചിക്കുമ്പോൾ നരകാഗ്നിയിൽ വൃക്ഷം വളരുവാനുള്ള സാധ്യതയിൽ സംശയത്തിന്നവകാശമില്ല. അത്രയുമല്ല, സസ്യവർഗ്ഗങ്ങളിലും ജലത്തിലുമെല്ലാം അഗ്നിയുടെ അംശം കൂടി അടങ്ങിയിട്ടുണ്ടെന്നുള്ളത് ആധുനിക ശാസ്ത്രം തെളിയിച്ച കഴിഞ്ഞതാണ്. (4) മനുഷ്യരെ അല്ലാഹു ഭയപ്പെടുത്തിക്കൊണ്ടിരുന്നിട്ടും അവർക്ക് വലിയ അതിരു കവിയലും ധിക്കാരവും വർദ്ധിക്കുകയാണ് ചെയ്യുന്നത്. അതായത്, താക്കീതുകൾ ദൃഷ്ടാന്തങ്ങൾ മുതലായവ മനുഷ്യർക്ക് ഭയപ്പാടുണ്ടാക്കുവാനും, അങ്ങനെ അവർ മാനസാന്തരപ്പെട്ട് നന്നായിത്തീരുവാനും വേണ്ടിയാണ് നൽകിവരുന്നത്. എന്നാൽ, അവിശ്വാസികൾ അതുകൊണ്ടൊന്നും ഭയപ്പെടുകയോ, മാനസാന്തരപ്പെടുകയോ ചെയ്യുന്നില്ലെന്ന് മാത്രമല്ല, അവരുടെ നിഷേധവും പരിഹാസവും വർദ്ധിക്കുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത് എന്ന് സാരം

വിഭാഗം-7

ആദം (عليه السلام)നബിയെ സൃഷ്ടിച്ചപ്പോൾ, മലക്കുകളോട് അദ്ദേഹത്തിന് സുജൂദ് ചെയ്യാൻ കൽപിക്കുകയും ശപിക്കപ്പെക്ക ഇബ്‌ലീസ് മാത്രം സുജൂദ് ചെയ്യാതിരിക്കുകയും ചെയ്ത സംഭവവും, അതുമായി ബന്ധപ്പെട്ട ചില വിഷയങ്ങളുമാണ് തുടർന്നുള്ള ചില വചനങ്ങളിൽ പ്രസ്താവിക്കപ്പെടുന്നത്. ഈ വിഷയകമായി മുകളിൽ അൽബഖറഃ അഅ്റാഫ്, ഹിജ്ർ എന്നീ സൂറത്തുകളിലും, താഴെ അൽകഹ്ഫു, ത്വാഹാ, സ്വാദ് എന്നീ സൂറത്തുകളിലും വിവരിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് വിഷയം ഇവിടെ അധികമൊന്നും വ്യാഖ്യാനിക്കേണ്ട ആവശ്യമില്ല. മനുഷ്യൻെറ ജൻമശത്രുവും, ആജീവാനന്തശത്രുവുമാണ് ഇബ്‌ലീസും അവൻെറ സൈന്യങ്ങളുമെന്നും, അവൻ മനുഷ്യരെ വഴിപിഴപ്പിക്കുവാൻ പ്രതിജ്ഞയെടുത്തവനും, പലതരം ദുരുപദേശങ്ങളും ഗൂഢതന്ത്രങ്ങളും അതിനായി അവൻ ഉപയോഗിക്കുമെന്നും അതുകൊണ്ട് മനുഷ്യൻ അവനെ സദാ സൂക്ഷിച്ചുകൊണ്ടിരിക്കണമെന്നും ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുവാനാണ് ഈ വിഷയം അല്ലാഹു പലേടത്തും ആവർത്തിച്ച് പറഞ്ഞിരിക്കുന്നതെന്ന് നാം പ്രത്യേകം മനസ്സിരുത്തേണ്ടിയിരിക്കുന്നു. പിശാചിൻെറ ദുഷ്പ്രേരണകളിൽ നിന്ന് അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ, ആമീൻ.

61 ''നിങ്ങൾ ആദമിന് 'സുജൂദു' ചെയ്യുവിൻ'' എന്ന് മലക്കുകളോട് നാം പറഞ്ഞ സന്ദർഭം (ഓർക്കുക). അപ്പോൾ, അവർ 'സുജൂദു' ചെയ്തു-ഇബ്‌ലീസ് ഒഴികെ. അവൻ പറഞ്ഞു: ''നീ കളിമണ്ണിനാൽ സൃഷ്ടിച്ചവനു ഞാൻ 'സുജൂദു' ചെയ്യുകയോ?!''

وَإِذْ قُلْنَا لِلْمَلَٰٓئِكَةِ ٱسْجُدُوا۟ لِءَادَمَ فَسَجَدُوٓا۟ إِلَّآ إِبْلِيسَ قَالَ ءَأَسْجُدُ لِمَنْ خَلَقْتَ طِينًا ﴿٦١﴾

62 അവൻ പറഞ്ഞു: ''കണ്ടുവോ, ഇവനോ എന്നെക്കാൾ നീ ആദരിച്ചിട്ടുള്ളവൻ? (ഒന്നു പറഞ്ഞു തരൂ)! തീർച്ചയായും, ഖി

قَالَ أَرَءَيْتَكَ هَٰذَا ٱلَّذِى كَرَّمْتَ عَلَىَّ لَئِنْ

أَخَّرْتَنِ إِلَىٰ يَوْمِ ٱلْقِيَـٰمَةِ لَأَحْتَنِكَنَّ ذُرِّيَّتَهُۥٓ إِلَّا قَلِيلًا ﴿٦٢﴾

യാമത്തുനാൾവരെ നീ എന്നെ (ഒഴിവാക്കി) പിന്തിച്ചുവെങ്കിൽ, ഇവൻെറ സന്തതികളെ അൽപം ഒഴിച്ച് (ബാക്കിയെല്ലാം) ഞാൻ അടക്കി ഒതുക്കുകതന്നെ ചെയ്യും.

قَالَ ٱذْهَبْ فَمَن تَبِعَكَ مِنْهُمْ فَإِنَّ جَهَنَّمَ جَزَآؤُكُمْ جَزَآءً مَّوْفُورًا ﴿٦٣﴾

63 അവൻ [അല്ലാഹു] പറഞ്ഞു: ‘‘നീ പോയിക്കൊള്ളുക. എന്നാൽ, അവരിൽനിന്നു നിന്നെ ആർ പിന്തുടർന്നുവോ, അപ്പോൾ നിശ്ചയമായും, ‘ജഹന്നം’ [നരകം] നിങ്ങളുടെ പ്രതിഫലമായിരിക്കും; (അതെ) പൂർണ്ണമാക്കപ്പെട്ട പ്രതിഫലം!

وَٱسْتَفْزِزْ مَنِ ٱسْتَطَعْتَ مِنْهُم بِصَوْتِكَ وَأَجْلِبْ عَلَيْهِم بِخَيْلِكَ وَرَجِلِكَ وَشَارِكْهُمْ فِى ٱلْأَمْوَٰلِ وَٱلْأَوْلَـٰدِ وَعِدْهُمْ ۚ وَمَا يَعِدُهُمُ ٱلشَّيْطَـٰنُ إِلَّا غُرُورًا ﴿٦٤﴾

64 ‘‘നിൻെറ ശബ്ദം [ക്ഷണം] കൊണ്ട് അവരിൽ നിന്നും നിനക്ക് സാധ്യമായവരെ നീ ഇളക്കിവിട്ടേക്കുകയും ചെയ്തുകൊള്ളുക; അവർക്കെതിരെ നിൻെറ കുതിരപ്പടയെയും, നിൻെറ കാലാൾപടയെയും നീ വിളിച്ച് കൂട്ടിക്കൊള്ളുകയും ചെയ്യുക; സ്വത്തുക്കളിലും, മക്കളിലും അവരുമായി നീ പങ്കുചേരുകയും ചെയ്യുക; അവരോട് നീ വാഗ്ദാനവും ചെയ്തുകൊള്ളുക.’’ വഞ്ചനയല്ലാതെ പിശാച് അവരോട് വാഗ്ദാനം ചെയ്കയില്ലതാനും.

إِنَّ عِبَادِى لَيْسَ لَكَ عَلَيْهِمْ سُلْطَـٰنٌ ۚ وَكَفَىٰ بِرَبِّكَ وَكِيلًا ﴿٦٥﴾

65 ‘‘നിശ്ചയമായും, എൻെറ അടിയാൻമാർ -അവരുടെ മേൽ നിനക്ക് ഒരധികാരശക്തിയുമില്ല.’’ (കാര്യങ്ങൾ) ഭരമേൽപിക്കപ്പെടുന്നവനായി നിൻെറ റബ്ബുതന്നെ മതിതാനും!

---

61 **وإذْ قُلنا** നാം പറഞ്ഞ സന്ദർഭം. **لِلملائكة** മലക്കുകളോട്. **اسجدوا** സുജൂദു ചെയ്യുവിൻ. **لِآدم** ആദമിന്. **فَسجدوا** എന്നിട്ട് (അപ്പോൾ) അവർ സുജൂദ് ചെയ്ത്. **إلا إبليس** ഇബ്‌ലീസ് ഒഴികെ. **قَالَ** അവൻ പറഞ്ഞു. **أأسجد** ഞാൻ സുജൂദ് ചെയ്യുകയേ, ചെയ്യുമോ. **لمن خلقْت** നീ സൃഷ്ടിച്ചവന്. **طينا** കളിമണ്ണാൽ. 62 **قَالَ** അവൻ പറഞ്ഞു. **أرأيتك** നീ കണ്ടുവോ (പറഞ്ഞു തരുക). **هذا الذي** ഈയൊരുവനെ, യാതൊരുവൻ ഇവനോ. **كرمت** നീ ആദരിച്ചു. **علي** എന്നെക്കാൾ. **لئن أخرتن** തീർച്ചയായും എന്നെ നീ പിന്തിച്ചു (ഒഴിവാക്കിത്തന്നു)വെങ്കിൽ. **إلى يوم** നാൾവരേക്ക്. **القيامة** ഖിയാമത്തിൻെറ. **لَأحتنِكن** ഞാൻ അടക്കി ഒടുക്കം (ഒതുക്കം), അധികാരം നടത്തും, പറ്റെ നശിപ്പിക്കും. **ذُريته** അവൻെറ സന്തതികളെ. **إلا قليلاً** അല്പമൊഴികെ, കുറച്ചല്ലാതെ. 63 **قَالَ** അവൻ പറഞ്ഞു. **اذْهب** നീ പോകുക. **فَمن** എന്നാൽ ആർ, വല്ലവനും. **تبعك** നിന്നെ തുടർന്ന്, നിന്നെ പിൻതുടർന്നുവോ. **منهم** അവരിൽനിന്ന്. **فَإن** എന്നാൽ നിശ്ചയമായും. **جهنم** ജഹന്നം, നരകം. **جزاؤكُم** നിങ്ങളുടെ പ്രതിഫലമാകുന്നു. **جزاً** ഒരു പ്രതിഫലം. **موفُورا** നിവേറ്റിക്കൊടുക്കപ്പെട്ട, പൂർത്തിയാക്കപ്പെട്ട (പൂർണ്ണമായ). 64 **واستفْزِز** നീ ഇളക്കിവിടുകയും ചെയ്യുക. **من استطعت** നിനക്ക് ബാധിച്ചവരെ. **منهم** അവരിൽനിന്ന്. **بِصوتك** നിൻെറ ശബ്ദം കൊണ്ട്. **وأجلب** വിളിച്ചു കൂട്ടുക (ഒച്ചപ്പാടുണ്ടാക്കുക-ശേഖരിച്ചു കൂട്ടുക)യും ചെയ്യുക. **عليهم** അവർക്കെതിരെ, അവരുടെമേൽ (എതിരായി). **بِخيلك** നിൻെറ കുതിര(പ്പട്ടാളം) കൊണ്ട്, കുതിരപ്പടയെ. **ورجِلك** നിൻെറ കാലാൾ (പട്ടാളം) കൊണ്ടും, കാലാൾപടയെയും. **وشاركْهم** അവരോട് നീ പങ്കുചേരുകയും ചെയ്യുക. **في الأموال** സ്വത്തുക്കളിൽ. **والأولاد** മക്കളിലും. **وعدهم** അവരോട് നീ വാഗ്ദാനവും

ചെയ്യുക. **وما يعدهم** അവരോട് വാഗ്ദാനം ചെയ്കയില്ല താനും. **الشيطانُ** പിശാച്. **إلا غُرورا** വഞ്ചന (കൃത്രിമം) അല്ലാതെ. 65 **إن عبادي** നിശ്ചയമായും എന്റെ അടിയാൻമാർ. **ليس لك** നിനക്കില്ല. **عليهم** അവരുടെമേൽ, അവർക്കെതിരെ. **سلطانٌ** ഒരു അധികാരവും, അധികാരശക്തി. **وكفى** മതിതാനും. **بربك** നിന്റെ റബ്ബ് (തന്നെ). **وكيلاً** ഭരമേൽപിക്കപ്പെടുന്നവനായി (ഉത്തരവാദപ്പെട്ടവനായി).

62-ാം വചനത്തിൽ الا قليلا (അൽപം ആളുകളൊഴികെ) എന്ന് പറഞ്ഞതുകൊണ്ടുദ്ദേശ്യം അല്ലാഹുവിന്റെ അടിയാൻമാരായ ആളുകളാണെന്ന് 65- ാം വചനത്തിൽ നിന്ന് മനസ്സിലാക്കാം. അതായത് പിശാചിന്റെ ഇംഗിതങ്ങൾക്ക് അടിമപ്പെടുവാൻ കൂട്ടാക്കാത്ത സജ്ജനങ്ങളോട് അവന്റെ അധികാരശക്തിയോ കുസൃതിയോ വിലപ്പോകുകയില്ലെന്ന് താൽപര്യം. ''നിഷ്ക്കളങ്കരായ നിന്റെ അടിയാൻമാരൊഴിച്ച് ബാക്കിയുള്ളവരെയാണ് ഞാൻ വഴിപിഴപ്പിക്കുക'' എന്ന് ഇബ്‌ലീസും, ''നിന്നെ പിൻപറ്റിയ വഴികെട്ടവരുടെ മേലല്ലാതെ നിനക്കൊര് അധികാരശക്തിയുമില്ല'' എന്ന് അല്ലാഹുവും പറഞ്ഞതായി സൂ:ഹിജ്ർ 40, 42 വചനങ്ങളിൽ പ്രസ്താവിച്ചതും ഈ നല്ല അടിയാൻമാരെക്കുറിച്ച് തന്നെ. മനുഷ്യരെ വഴിപിഴപ്പിക്കുവാൻ നിനക്ക് കഴിയുന്ന എല്ലാ മാർഗ്ഗങ്ങളും നിർവിഘ്നം നടത്തുവാൻ നിനക്ക് സ്വാതന്ത്ര്യമുണ്ട്. പക്ഷേ, നീ എന്ത് തന്നെ പ്രയോഗിച്ചാലും എന്റെ നിഷ്ക്കളങ്കരായ നല്ല അടിയാൻമാരെ വശീകരിക്കുവാനും, വഴിപിഴപ്പിക്കുവാനും നിനക്ക് സാധ്യമാകുന്നതല്ല. നിന്റെ ദുഷ്പ്രേരണകൾക്ക് അടിമപ്പെടുന്നവരെ മാത്രമേ നിന്റെ കെണിയിൽ പെടുത്തുവാൻ നിനക്ക് കഴിയുകയുള്ളു എന്നത്രെ ഇബ്‌ലീസിനോട് അല്ലാഹു പറഞ്ഞതിന്റെ ചുരുക്കം. ഇബ്‌ലീസിന്റെ ശബ്ദകോലാഹലങ്ങളും, കാലദേശങ്ങൾക്കനുസരിച്ച പരിഷ്കൃതങ്ങളായ പ്രചാരണ പരിപാടികൾ കൊണ്ട് അന്തരീക്ഷം മുറ്റിനിൽക്കുന്ന ഇക്കാലത്ത്-അവന്റെ വക്താക്കളും, സഹകാരികളും, അനുയായികളുമായ ജനക്കൂട്ടം ധാരാളക്കണക്കിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്തു- അവന്റെ ശബ്ദത്തെയും, കുതിരപ്പടയെയും, കാലാൾപ്പടയെയും കുറിച്ച് വിശേഷിച്ചൊന്നും പറയേണ്ടുന്ന ആവശ്യമില്ല. അൽപം സത്യവിശ്വാസവും നിഷ്കളങ്ക ബുദ്ധിയുമുള്ള ഏവർക്കും ഊഹിച്ചറിയാവുന്നതാണ്.

ധനത്തിന്റെ സമ്പാദനം, വിനിയോഗം, ക്രയവിക്രയം, മക്കളുടെ പരിപാലനം, പരിശീലനം, ശിക്ഷണം, പഠനം ആദിയായ തുറകളിലെല്ലാം അല്ലാഹുവിന്റെ നിയമ നിർദ്ദേശങ്ങൾക്കും പ്രീതിക്കും വിരുദ്ധമായി പ്രവർത്തിക്കുമാറ് മനുഷ്യരിൽ ദുഷ്പ്രേരണയും സ്വാധീനവും ചെലുത്തുക എന്നത്രെ, മനുഷ്യരുടെ സ്വത്തുക്കളിലും മക്കളിലും പങ്ക് ചേർന്നുകൊള്ളുക എന്ന് പറഞ്ഞതിന്റെ താൽപര്യം. (കൂടുതൽ വിവരം സൂ: നിസാഉ്;118-120 വചനങ്ങളിലും വ്യാഖ്യാനത്തിലും കാണുക) പിശാചിന് മനുഷ്യരെ വഴിപിഴപ്പിക്കുവാനുള്ള മാർഗ്ഗങ്ങൾ സുലഭമാണെങ്കിലും അതിൽനിന്നെല്ലാം രക്ഷ പ്രാപിക്കുവാനുള്ള ഏക മാർഗ്ഗവും കൂടി وكفى بالله وكيلا (ഭരമേൽപിക്കപ്പെടുന്നവനായി അല്ലാഹു തന്നെ മതി) എന്ന വാക്യത്തിലൂടെ അല്ലാഹു സൂചിപ്പിച്ചിരിക്കുന്നു. അതെ, പിശാചിനെ കൈകാര്യകർത്താവാക്കാതെ, അല്ലാഹുവിൽ മാത്രം എല്ലാം അർപ്പിക്കുകയും, അവന്റെ കൈകാര്യങ്ങൾക്ക് വിധേയമായി നിലകൊള്ളുകയും ചെയ്യുന്നപക്ഷം, പിശാചിന്റെ വലയിൽ അകപ്പെടാതെ രക്ഷപ്പെടാം എന്നത്രെ ആ സൂചന.

رَّبُّكُمُ ٱلَّذِى يُزْجِى لَكُمُ ٱلْفُلْكَ فِى ٱلْبَحْرِ لِتَبْتَغُوا۟ مِن فَضْلِهِۦٓ ۚ إِنَّهُۥ كَانَ بِكُمْ رَحِيمًا ﴿٦٦﴾

66 നിങ്ങളുടെ റബ്ബ് നിങ്ങൾക്കുവേണ്ടി സമുദ്രത്തിൽ കപ്പലിനെ ചലിപ്പിച്ചുതരുന്നവനത്രെ; അവന്റെ അനുഗ്രഹത്തിൽനിന്നും നിങ്ങൾ തേടുവാൻവേണ്ടി. നിശ്ചയമായും അവൻ, നിങ്ങളിൽ കരുണയുള്ളവനാകുന്നു.

وَإِذَا مَسَّكُمُ ٱلضُّرُّ فِى ٱلْبَحْرِ ضَلَّ مَن تَدْعُونَ إِلَّآ إِيَّاهُ ۖ فَلَمَّا نَجَّىٰكُمْ إِلَى ٱلْبَرِّ أَعْرَضْتُمْ ۚ وَكَانَ ٱلْإِنسَـٰنُ كَفُورًا ﴿٦٧﴾

67 സമുദ്രത്തിൽവെച്ച് നിങ്ങൾക്ക് ഉപദ്രവം ബാധിച്ചാൽ നിങ്ങൾ വിളി (ച്ചു പ്രാർത്ഥി) ക്കുന്നവർ (നിങ്ങളുടെ മനസ്സുകളിൽ നിന്ന്) അപ്രത്യക്ഷമാകും-അവൻ (മാ ത്രം) ഒഴികെ എന്നാൽ, അവൻ നിങ്ങളെ കരയിലേക്ക് രക്ഷപ്പെടുത്തുമ്പോൾ, നിങ്ങൾ തിരിഞ്ഞു കളയുകയായി! മനുഷ്യൻ നന്ദികെട്ടവനാകുന്നുതാനും!

---

66 **ربكُم** നിങ്ങളുടെ റബ്ബ്. **الذي يزجي** ഇളക്കി(ചലിപ്പിച്ചു)വിടുന്ന(തെളിക്കുന്ന)വനത്രെ. **لَكُمُ** നിങ്ങൾക്ക് വേണ്ടി. **الفُلْكَ** കപ്പലിനെ. **في البحر** സമുദ്രത്തിൽ. **لتبتغوا** നിങ്ങൾ തേടു(അന്വേഷിക്കു)വാൻ വേണ്ടി. **من فضله** അവന്റെ ദയവിൽ (അനുഗ്രഹത്തിൽ) നിന്ന്. **إنه كَانَ** നിശ്ചയമായും അവൻ ആകുന്നു. **بِكُمْ** നിങ്ങളിൽ, നിങ്ങളെപ്പറ്റി, നിങ്ങളോട്. **رحيما** കരുണയുള്ളവൻ.
67 **وإذَا مسكُم** നിങ്ങളെ സ്പർശി(ബാധി)ച്ചാൽ. **الضر** ഉപദ്രവം, കഷ്ടത. **في البحر** സമുദ്രത്തിൽ. **ضل** വഴിതെറ്റി (മറഞ്ഞു-അപ്രത്യക്ഷമായി)പോകും. **من تدعونَ** നിങ്ങൾ വിളിക്കുന്ന(പ്രാർത്ഥിക്കുന്ന)വർ. **إلا إياه** അവൻ ഒഴികെ. **فلما نجاكُم** എന്നാലവൻ നിങ്ങളെ രക്ഷപ്പെടുത്തുമ്പോൾ. **إلَى البر** കരയിലേക്ക്. **أعرضتم** നിങ്ങൾ തിരിഞ്ഞു (അവഗണിച്ചു)കളയുന്നതാണ്. **وكَانَ الإِنسان** മനുഷ്യൻ ആകുന്നു. **كفُورا** നന്ദികെട്ടവൻ.

മനുഷ്യർക്ക് ഉപജീവനമാർഗ്ഗങ്ങൾ അന്വേഷിക്കുവാനും സമ്പാദിക്കുവാനും വേണ്ടി സമുദ്രത്തിലൂടെ കപ്പൽ യാത്ര നടത്തുവാനുള്ള സൗകര്യങ്ങൾ സജ്ജീകരിച്ച് തന്നിട്ടുള്ളവൻ ആരാണോ അവനാണ് നിങ്ങളുടെ റബ്ബ് എന്ന് അല്ലാഹു ഉണർത്തുന്നു. അഥവാ ഈ ഒരു കാര്യത്തെപ്പറ്റി ചിന്തിച്ചാൽ തന്നെ അവനാണ് നിങ്ങളുടെ ഏക റബ്ബ് എന്നും, അത് അവൻ നിങ്ങൾക്ക് ചെയ്തു തന്ന വമ്പിച്ച ഒരനുഗ്രഹമാണെന്നും നിങ്ങൾക്ക് വ്യക്തമാകുമെന്ന് താൽപര്യം. പക്ഷെ, അനുഗ്രഹത്തിന് സദാ നന്ദി ചെയ്വാൻ കടപ്പെട്ട മനുഷ്യൻ നന്ദിക്ക് പകരം നന്ദികേട് കാണിക്കുകയാണ് ചെയ്യുന്നതെന്നും തുടർന്നുകൊണ്ട് ചൂണ്ടിക്കാട്ടിയിരിക്കുന്നു. അതായത് സമുദ്രത്തിൽവെച്ച് കാറ്റും കോളും പോലെയുള്ള വല്ല അത്യാപത്തുകളും നേരിടുമ്പോൾ, ബഹുദൈവവിശ്വാസികളായ ആളുകൾ തങ്ങളുടെ ദൈവങ്ങളെയും, ആരാധ്യൻമാരെയുമെല്ലാം മറന്നുകളയുന്നു. എന്നിട്ട് അല്ലാഹുവിനെ മാത്രം വിളിച്ച് രക്ഷക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ആപത്തിൽ നിന്ന് രക്ഷപ്പെട്ട് കഴിഞ്ഞാലാകട്ടെ, വീണ്ടും പഴയ നില തന്നെ തുടരുകയും ചെയ്യും. ഇതെത്രമാത്രം കടുത്ത നന്ദികേടാണെന്ന് ആലോചിച്ച് നോക്കുക! ഇത്തരം നന്ദികെട്ട മനുഷ്യരെ അഭിമുഖീകരിച്ചുകൊണ്ട് അല്ലാഹു പറയുന്നു:-

أَفَأَمِنتُمْ أَن يَخْسِفَ بِكُمْ جَانِبَ ٱلْبَرِّ أَوْ يُرْسِلَ عَلَيْكُمْ حَاصِبًا ثُمَّ لَا تَجِدُوا۟ لَكُمْ وَكِيلًا ﴿٦٨﴾

68 അപ്പോൾ (ഹേ, കൂട്ടരേ,) നിങ്ങൾ നിർഭയരായിരിക്കുകയാണോ? കരയുടെ ഭാഗത്ത് നിങ്ങളെ അവൻ ആഴ്ത്തിക്കളയുന്നതിനെ! അല്ലെങ്കിൽ, നിങ്ങളുടെമേൽ വല്ല ചരൽ മഴയും അവൻ അയക്കുന്നതിനെ! പിന്നെ നിങ്ങൾക്ക് (കാര്യങ്ങൾ) ഭരമേൽപിക്കപ്പെടുന്ന ഒരാളെയും നിങ്ങൾ കണ്ടെത്താതിരിക്കുകയും(ചെയ്യുന്നതിനെ)!

أَمْ أَمِنتُمْ أَن يُعِيدَكُمْ فِيهِ تَارَةً أُخْرَىٰ فَيُرْسِلَ

69 അതല്ല, നിങ്ങൾ നിർഭയരായിരിക്കുകയാണോ? അതിൽ [സമുദ്രത്തിൽ] മറ്റൊരു പ്രാവശ്യം നിങ്ങളെ (വീണ്ടും) മട(ക്കി

عَلَيْكُمْ قَاصِفًا مِّنَ ٱلرِّيحِ فَيُغْرِقَكُم بِمَا كَفَرْتُمْ ثُمَّ لَا تَجِدُوا۟ لَكُمْ عَلَيْنَا بِهِۦ تَبِيعًا ﴿٦٩﴾

എത്തി) ക്കുന്നതിനെ! എന്നിട്ട് ഒരു (ശക്തിയായ) കൊടുങ്കാറ്റ് നിങ്ങളുടെമേൽ അവൻ അയച്ച് നിങ്ങൾ നന്ദികേട് കാണിച്ചതിന്ന് നിങ്ങളെ മുക്കിക്കൊന്നു കളയുന്നതിനെ! പിന്നെ നിങ്ങൾ, നമുക്കെതിരിൽ അതിനെപ്പറ്റി (നടപടി എടുക്കുവാൻ) പിന്നാലെ കൂടുന്ന ഒരാളെയും നിങ്ങൾക്ക് കണ്ടെത്താതിരിക്കുകയും (ചെയ്യുന്നതിനെ)!

---

68 **أَفَأَمنتم** അപ്പോൾ നിങ്ങൾ നിർഭയരായിരിക്കുന്നുവോ. **أن يخسِف** അവൻ ആഴ്ത്തിക്കളയുന്നതിനെ. **بِكُم** നിങ്ങളെ, നിങ്ങളെയുംകൊണ്ട്. **جانِب** ഭാഗത്തു, ഭാഗത്തെ. **البر** കരയുടെ. **أو يرسلَ** അല്ലെങ്കിൽ അയക്കുന്നതിനെ. **عليكُم** നിങ്ങളിൽ, നിങ്ങളുടെ മേൽ. **حاصبا** വല്ല ചരൽ വർഷവും ഒരു ചരൽമഴ, കൊടുങ്കാറ്റു. **ثُم لا تجدوا** പിന്നെ നിങ്ങൾ കണ്ടെത്താതെയും. **لَكُم** നിങ്ങൾക്ക്. **وكيلا** ഒരു ഭരമേൽപിക്കപ്പെടുന്നവനെ (ഏറ്റെടുക്കുന്നവനെ). 69 **أَم** അതോ, അതല്ല, അല്ലാത്ത പക്ഷം. **أَمنتم** നിങ്ങൾ നിർഭയരായോ. **أَن يعيدكُم** അവൻ നിങ്ങളെ മടക്കുന്ന (ആവർത്തിക്കുന്ന)തിനെ. **فيه** അതിൽ. **تارةً** പ്രാവശ്യം. **أخرى** വേറെ, മറ്റ്. **فَيرسلَ** എന്നിട്ട് അയക്കുകയും. **عليكُم** നിങ്ങളുടെമേൽ. **قَاصفًا** ഒരു കഠോരമായത്, രൂക്ഷമായത്. **من الريح** കാറ്റിൽ നിന്ന്. **فَيغرقكُم** എന്നിട്ട് നിങ്ങളെ മുക്കി നശിപ്പിക്കുക. **بِما كَفَرتم** നിങ്ങൾ അവിശ്വസിച്ച(നന്ദികേട് കാണിച്ച)തിനു (പകരം). **ثُم لا تجدوا** പിന്നെ നിങ്ങൾ കണ്ടെത്താതെയും. **لَكُم** നിങ്ങൾക്ക്. **علينا** നമ്മുടെമേൽ, നമുക്കെതിരെ. **بِه** അതിനെപ്പറ്റി, അതിന്ന്. **تبيعا** പിന്നാലെ കൂടുന്ന ഒരാളെയും.

സാരം:-മേൽ സൂചിപ്പിച്ചപ്രകാരം ആപത്തുകളിൽനിന്ന് രക്ഷപ്പെട്ട് കരയിൽ എത്തിച്ചേർന്നാൽ വീണ്ടും പഴയ ശിർക്കിലേക്കുതന്നെ മടങ്ങുകയാണല്ലോ നിങ്ങൾ ചെയ്യുന്നത്. അപ്പോൾ, വീണ്ടും മേലിൽ അങ്ങിനെയുള്ള ആപത്തുകളിലൊന്നും പെടുത്തുവാൻ അല്ലാഹുവിന് കഴിയുകയില്ലന്നാണോ നിങ്ങളുടെ വിചാരം?! ഉദാഹരണമായി: കരയിൽ എത്തിയശേഷം നിങ്ങളെ ഭൂമിയിൽ ആഴ്ത്തിക്കളയുക, അല്ലെങ്കിൽ, നിങ്ങളിൽ വല്ല ചരൽമഴയും വർഷിപ്പിച്ചു നശിപ്പിക്കുക, അല്ലെങ്കിൽ എനിക്കും ഒരു തവണ നിങ്ങളെ സമുദ്രത്തിലേക്ക് തിരിച്ചുവരുത്തി വീണ്ടും ഒരു കൊടുങ്കാറ്റയച്ച് നിങ്ങളുടെ നന്ദികേടിന് പകരം നിങ്ങളെ മുക്കിക്കൊല്ലുക മുതലായവയൊന്നും സംഭവിക്കുകയില്ലെന്നും, മേലിൽ അങ്ങിനെയൊന്നും നിങ്ങൾക്ക് ഭയപ്പെടാനില്ലെന്നുമാണോ നിങ്ങൾ കരുതുന്നത്?! അങ്ങിനെ വല്ലതും സംഭവിക്കുന്നപക്ഷം, നിങ്ങളുടെ കാര്യം ഏറ്റെടുക്കുവാനോ നിങ്ങളെ സഹായിക്കുവാനോ ആരും ഉണ്ടായിരിക്കയില്ല. അതിൻെറ പേരിൽ അല്ലാഹുവിനെതിരെ വല്ല അനന്തര നടപടിയും എടുക്കുവാനും നിങ്ങൾക്ക് ആരെയും കിട്ടുകയില്ല.

മക്കാവിജയത്തിൽ ഖുറൈശികൾ ഇസ്ലാമിന് കീഴൊതുങ്ങിയ അവസരത്തിൽ ഇക്‌രിമത്തുബ്നു അബീജഹ്ൽ (ﷺ)നബി (ﷺ) യിൽനിന്ന് ഓടി രക്ഷപ്പെടുവാൻവേണ്ടി ഒരു കപ്പലിൽ ഒരു കയറി അബീസീനിയയിലേക്ക് യാത്രയായി. സമുദ്രത്തിൽവെച്ച് കപ്പൽ കൊടുങ്കാറ്റിലും കോളിലും അകപ്പെട്ടു. ഈ സമയത്ത് അല്ലാഹുവിനോടുമാത്രം പ്രാർത്ഥിക്കുന്നതുകൊണ്ടല്ലാതെ ഫലമില്ലെന്ന് കപ്പലിലുള്ളവർ തമ്മതമ്മിൽ പറഞ്ഞു. ഇതുകേട്ടപ്പോൾ, സമുദ്രത്തിൽ രക്ഷനൽകുവാൻ അല്ലാഹുമാത്രമാണുള്ളതെങ്കിൽ, കരയിലും അങ്ങിനെത്തന്നെ ആയിരിക്കുവാനേ നിവൃത്തിയുള്ളുവെന്ന് ഇക്‌രിമഃ (ﷺ)യുടെ ഹൃദയം അദ്ദേഹത്തോട്

മന്ത്രിച്ചു. അദ്ദേഹം സ്വയം പറഞ്ഞു: ‘‘അല്ലാഹുവേ! ഈ ആപത്തിൽനിന്ന് നീ എന്നെ രക്ഷപ്പെടുത്തിത്തന്നാൽ, നിശ്ചയമായും ഞാൻ, മുഹമ്മദിന്റെ അടുക്കൽചെന്ന് എന്റെ കൈ അദ്ദേഹത്തിന്റെ കൈയിൽ വെക്കുമെന്ന് (ഇസ്‌ലാമിന്റെ പ്രതിജ്ഞ ചെയ്യുമെന്ന്) ഞാനിതാ കരാർ ചെയ്യുന്നു’’ പ്രസ്തുത ആപത്തിൽ നിന്ന് രക്ഷ കിട്ടിയപ്പോൾ, അദ്ദേഹം നബി(ﷺ)യുടെ അടുക്കലേക്ക് മടങ്ങിവന്ന് മുസ്‌ലിമാകുകയും ചെയ്തു. ഇസ്‌ലാമിനുവേണ്ടി വളരെ ധീരമായ സേവനങ്ങൾ അനുഷ്ഠിച്ച ഒരു യുവസഹാബിയായിത്തീർന്നു ഇക്‌റിമഃ (رضي الله عنه).

70 തീർച്ചയായും, ആദമിന്റെ സന്തതികളെ (മനുഷ്യരെ) നാം ആദരിച്ചിട്ടുണ്ട്; കരയിലും കടലിലും അവരെ നാം [വാഹനം] കയറ്റുകയും ചെയ്തിരിക്കുന്നു; നല്ല [വിശിഷ്ട] വസ്തുക്കളിൽ നിന്നും അവർക്കു നാം ആഹാരം നൽകുകയും ചെയ്തിരിക്കുന്നു; നാം സൃഷ്ടിച്ചിട്ടുള്ളവരിൽ മിക്കവരെക്കാളും ഒരു വലിയ ശ്രേഷ്ഠത അവർക്കു നാം നൽകുകയും ചെയ്തിരിക്കുന്നു.

۞ وَلَقَدْ كَرَّمْنَا بَنِىٓ ءَادَمَ وَحَمَلْنَٰهُمْ فِى ٱلْبَرِّ وَٱلْبَحْرِ وَرَزَقْنَٰهُم مِّنَ ٱلطَّيِّبَٰتِ وَفَضَّلْنَٰهُمْ عَلَىٰ كَثِيرٍ مِّمَّنْ خَلَقْنَا تَفْضِيلًا ﴿٧٠﴾

---

70 **ولقد** തീർച്ചയായും ഉണ്ട്. **كرمنا** നാം ആദരിക്കുക-മാനിക്കുക(ഉണ്ടായിട്ടുണ്ട്). **بني آدم** ആദമിന്റെ മക്കളെ. **وحملنا** നാം വഹിക്കു(കയറ്റുക)യും ചെയ്തിരിക്കുന്നു. **هم** അവരെ . **في البر** കരയിൽ. **والبحر** കടലി(സമുദ്രത്തി)ലും. **ورزقناهم** അവർക്ക് നാം (ആഹാരം ഉപജീവനം) നൽകുകയും ചെയ്തിരിക്കുന്നു. **من الطيبات** നല്ല(വിശിഷ്ട)വസ്തുക്കളിൽ നിന്ന്. **وفضلناهم** അവരെ നാം ശ്രേഷ്ഠരാക്കുക (മെച്ചപ്പെടുത്തുക)യും ചെയ്തിരിക്കുന്നു. **على كثير** പലരെയും (മിക്കവരെയും, അധികത്തെയും)കാൾ. **ممن خلقنا** നാം സൃഷ്ടിച്ചവരിൽ നിന്ന്. **تفضيلا** ഒരു ശ്രേഷ്ഠമാക്കൽ, മെച്ചപ്പെടുത്തൽ.

ആദം സന്തതികളാകുന്ന മുനഷ്യവർഗ്ഗത്തിന് അല്ലാഹു ചെയ്തുകൊടുത്തിട്ടുള്ള ചില പ്രത്യേകാനുഗ്രഹങ്ങളെക്കുറിച്ചാണ് പ്രസ്താവിക്കുന്നത്: (1) അവരെ നാം, ആദരിച്ചിരിക്കുന്നുവെന്ന്, ഇതര ജീവികളിൽനിന്നും വ്യത്യസ്തമായി മനുഷ്യർക്ക് പ്രകൃത്യാലഭിച്ചിട്ടുള്ള എല്ലാ വിശേഷതകളും ഇതിൽ ഉൾപ്പെടുന്നു. ഇരു കാലുകളിൽ നിവർന്ന് നിൽക്കുകയും നടക്കുകയും ചെയ്യുന്ന ശരീരപ്രകൃതി, കാര്യങ്ങൾ ഗ്രഹിച്ചറിയുവാനുള്ള വിവേചനശക്തി, പഞ്ചേന്ദ്രിയങ്ങൾ മുഖേന കാര്യങ്ങളെ വിലയിരുത്തുവാനുള്ള ഗ്രഹണശക്തി, ഭൂത-വർത്തമാന-ഭാവികാലങ്ങളെക്കുറിച്ച് ചിന്തിക്കുവാനുള്ള കഴിവ്, ഇതര ജീവികളെ അടക്കിഭരിക്കുവാനുള്ള പ്രാപ്തി, ഭൂവിഭവങ്ങളെ ചൂഷണം ചെയ്വാനുള്ള സാമർത്ഥ്യം, കൈകൊണ്ട് ഭക്ഷണപദാർത്ഥങ്ങൾ എടുത്തുതിന്നുവാനുള്ള കഴിവ്, ഇതരജീവികൾക്കൊന്നും സാധ്യമല്ലാത്ത എത്രയൊ കാര്യങ്ങൾ ചെയ്വാൻ സാധിക്കുമാറുള്ള ശരീരഘടന, വേഷഭൂഷാദി അലങ്കാരങ്ങളും സൗന്ദര്യവിഭവങ്ങളും ആസ്വദിക്കുവാനുള്ള വാസനയും കഴിവും, വിവിധ ജീവിതമാർഗ്ഗങ്ങൾ അന്വേഷിക്കുവാനുള്ള സാമർത്ഥ്യം, എഴുത്തും വായനയും ശീലിക്കുവാനും ഉപയോഗപ്പെടുത്തുവാനുമുള്ള സാധ്യത, സംസാരശേഷി എന്നിത്യാദി എത്രയോ കാര്യങ്ങൾ ഇതിന് ഉദാഹരണങ്ങളാകുന്നു.

(2) കരയിലും, കടലിലും അവരെ നാം വഹിച്ചു-അഥവാ വാഹനത്തിൽ കയറ്റികൊണ്ടു പോയിരിക്കുന്നുവെന്ന്. വായുവിലൂടെയും, ശൂന്യാകാശത്തിലൂടെയും മനുഷ്യൻ സഞ്ചരിക്കുന്ന പതിവ് മുൻകാലത്തില്ലാത്തതുകൊണ്ട് അത് രണ്ടിനെക്കുറിച്ചും പ്രത്യേകം എടുത്ത് പറയ

പ്പെട്ടില്ലെങ്കിലും അതത് കാലത്ത് മനുഷ്യന് യഥേഷ്ടം സഞ്ചാരം ചെയ്വാനുതകുന്ന വിവിധതരം വാഹനങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുകയും ആ വാഹനങ്ങൾ വഴി സഞ്ചരിക്കുവാനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തിട്ടുള്ളതിനെയാണിത് സൂചിപ്പിക്കുന്നത്. വാഹനങ്ങൾ ജീവജന്തുക്കളായിരുന്നാലും, മനുഷ്യനിർമ്മിത വസ്തുക്കളായിരുന്നാലും അവയെ അവന് വിധേയമാക്കിക്കൊടുത്തതും, നിർമ്മാണത്തിനുവേണ്ടുന്ന സാധനസാമഗ്രികളും, സംവിധാനങ്ങളും ശരിപ്പെടുത്തിക്കൊടുക്കുന്നതും അല്ലാഹുവാണല്ലോ. (3) നല്ല വിശിഷ്ടമായ ആഹാരവസ്തുക്കളെ നാം അവർക്ക് നൽകിയിരിക്കുന്നുവെന്ന് ഹൃദ്യവും, രുചികരവും, പോഷകകരവുമായ എല്ലാ ഭക്ഷ്യപദാർത്ഥങ്ങളും, ധാന്യങ്ങൾ, ഫലങ്ങൾ, മൽസ്യമാംസങ്ങൾ തുടങ്ങിയ എല്ലാ ഭക്ഷ്യവിഭവങ്ങളും **الطيبات** (നല്ല വിശിഷ്ട വസ്തുക്കൾ) എന്ന വാക്കിൽ ഉൾപ്പെട്ടിരിക്കുന്നു. (4) നാം സൃഷ്ടിച്ച വസ്തുക്കളിൽ മിക്കതിനെക്കാളും അവരെ നാം ശ്രേഷ്ഠമാക്കിവെച്ചിരിക്കുന്നുവെന്ന്. മേൽവിവരിച്ചതുപോലെയുള്ള പ്രകൃതിവിശേഷങ്ങൾക്ക് പുറമെ, ഐഹിക ജീവിതത്തിൽവെച്ച് ബുദ്ധിയും, അറിവും, പരിചയവും ഉപയോഗപ്പെടുത്തിക്കൊണ്ട് പുരോഗമനപരവും സാൻമാർഗ്ഗികവുമായ ജീവിതം നയിക്കുവാനും, ആത്മീയ പുരോഗതി നേടി പാരത്രിക മോക്ഷം ലഭിക്കുവാനും മനുഷ്യന് സാധ്യമാക്കിയിരിക്കുന്നതും മനുഷ്യൻെറ വിശേഷത തന്നെ.

എല്ലാവിധ സൃഷ്ടികളിലും വെച്ചു ശ്രേഷ്ഠനാണ് മനുഷ്യൻ എന്ന് പലരും പ്രസ്താവിച്ച് കാണാറുണ്ട്. പുരോഗമനവാദികളെന്ന് അഭിമാനിക്കുന്ന ചിലരിൽ ഈ ധാരണ കുറെക്കൂടി ശക്തമായിട്ടാണ് കാണപ്പെടുന്നത്. അങ്ങിനെയുള്ള ചില വ്യക്തികൾ മനുഷ്യസൃഷ്ടിയുടെ മഹത്വങ്ങൾ വിവരിക്കുന്നത് കണ്ടാൽ, മനുഷ്യൻ പുരോഗമിച്ച് പുരോഗമിച്ച് അല്ലാഹുവിൻെറ ഉന്നതപദവിവരേക്കും എത്തിച്ചേർന്നേക്കുമെന്ന് തോന്നിപ്പോകും! (**تعالى الله عن ذلك**) അതേ സമയത്ത് മലക്കുകളെപ്പറ്റി ഇവർ വർണ്ണിക്കുന്നത് കാണുമ്പോൾ, അവർ കേവലം യന്ത്രസമാനമായ ചില ജീവികളാണെന്നും തോന്നിപ്പോകുന്നു!

മറ്റൊരു വിഷയത്തെപ്പറ്റി പ്രസ്താവിച്ചുകൊണ്ടിരിക്കെ-സന്ദർഭവശാൽ-മനുഷ്യൻെറ ശ്രേഷ്ടതയെ സംബന്ധിച്ച് ചില സൂചനകൾ നൽകുകയല്ല അല്ലാഹു ഈ വചനം മുഖേന ചെയ്തിതിരിക്കുന്നത്. ഈ വചനത്തിൻെറ ഇതിവൃത്തം തന്നെ മനുഷ്യൻെറ ശ്രേഷ്ഠത വിവരിക്കലത്രെ. ഇതോർത്തുകൊണ്ട് ....**وفضلنا هم على كثير** (നാം സൃഷ്ടിച്ചിട്ടുള്ളവരിൽനിന്ന് മിക്കവരെക്കാളും നാം അവരെ-മനുഷ്യരെ-ശ്രേഷ്ഠമാക്കിയിരിക്കുന്നു) എന്ന വാക്യം ഒന്ന് പരിശോധിച്ചുനോക്കുക. ''നാം സൃഷ്ടിച്ചവരെക്കാൾ ശ്രേഷ്ഠരാക്കി'' എന്നോ മറ്റോ പറയാതെ, ''നാം സൃഷ്ടിച്ചവരിൽ മിക്കവരെക്കാളും ശ്രേഷ്ഠരാക്കി'' എന്നേ അല്ലാഹു പറഞ്ഞിട്ടുള്ളൂ. അപ്പോൾ, മനുഷ്യൻെറ അത്രയോ, അല്ലെങ്കിൽ അവനെക്കാൾ അധികമോ ശ്രേഷ്ഠതയുള്ള മറ്റു വല്ല സൃഷ്ടികളും ഉണ്ടാവാം-അഥവാ ഉണ്ടായിരിക്കും-എന്നാണല്ലോ ഇതിൽനിന്ന് വ്യക്തമാകുന്നത്. പക്ഷേ, ആ സൃഷ്ടി ആരാണെന്നോ, ഏതാണെന്നോ അല്ലാഹു വ്യക്തമാക്കിയിട്ടില്ല. നമ്മുടെ അറിവിൽ പെട്ടേടത്തോളം മനുഷ്യന് പുറമെ, ജിന്നുകളും മലക്കുകളും എന്നിങ്ങിനെ രണ്ട് സമുദായമാണ് ബുദ്ധിജീവികളായി വേറെയുള്ളത്. എങ്കിലും, ഈ രണ്ട് വർഗ്ഗമല്ലാതെ വേറെയും വല്ല ബുദ്ധിവർഗ്ഗവും ഉണ്ടായിക്കൂടാ എന്നില്ലല്ലോ. ആ രണ്ട് സമുദായത്തെക്കുറിച്ചും വേണ്ടത്ര നമുക്കറിയുകയുമില്ലതാനും.

അല്ലാഹു പറയുന്നു:- **وما يعلم جنود ربك الا هو** (നിൻെറ റബ്ബിൻെറ സൈന്യങ്ങളെ അവനല്ലാതെ അറിയുകയില്ല. 74:31) **ويخلق مالا تعلمون**(നിങ്ങൾ അറിയാത്തത് അവൻ സൃഷ്ടിക്കുകയും ചെയ്യും. 16:8) **يخلق الله ما يشا**(അല്ലാഹു ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. 24:45) **يزيد فى الخلق ما يشاء**(സൃഷ്ടിയിൽ അവൻ ഉദ്ദേശിക്കുന്നത് അവൻ വർദ്ധിപ്പിക്കുന്നു. (35:1) **ومن آياته خلق السموات والارض وما بث فيهما من دابة** (അവൻെറ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ് ആകാശങ്ങളെയും,ഭൂമിയെയും അവ രണ്ടിലും ജീവിയായി അവൻ വിതരണം ചെയ്തിട്ടുള്ളതിനെയും സൃഷ്ടിച്ചത് 42:29) അപ്പോൾ, ആകാശങ്ങളിൽ മലക്കുകളല്ലാത്തതും, നമുക്കറിഞ്ഞുകൂടാ

ത്തതുമായ വേറെയും ജീവവർഗ്ഗം ഉണ്ടായിരിക്കുവാൻ സാധ്യതയുണ്ടെന്ന് ഇതൊക്കെ സൂചിപ്പിക്കുന്നു. ആകാശങ്ങളിലുള്ളവരെപ്പറ്റി പൊതുവെ മലക്കുകൾ എന്ന് പറയപ്പെടുമെന്ന് വന്നാലും അവരിൽ പലതരക്കാരും പല പദവിക്കാരും ഉണ്ടെന്നുള്ളതും അനിഷേധ്യമാകുന്നു. ചുരുക്കിപ്പറഞ്ഞാൽ സർവ്വസൃഷ്ടികളെക്കാളും ശ്രേഷ്ഠരാണ് മനുഷ്യരെന്ന് അല്ലാഹു പറഞ്ഞിട്ടില്ല. മനുഷ്യനെപ്പോലെയോ അതിലധികമോ ശ്രേഷ്ഠതയുള്ള വേറെയും സൃഷ്ടികളുണ്ടാവാമെന്നാണ് ഈ വാക്യത്തിൽ നിന്ന് സ്പഷ്ടമാകുന്നതും. ഈ സൃഷ്ടികൾ ഒരു പക്ഷെ, മലക്കുകളല്ലാത്ത വേറെ വല്ല കൂട്ടരുമാവാം. അല്ലെങ്കിൽ മലക്കുകളുടെ വർഗ്ഗമോ, അവരിൽപെട്ട ഏതെങ്കിലും വിഭാഗമോ ആയിരിക്കാവുന്നതുമാണ്. അല്ലാഹുവിന്നറിയാം.والله اعلم بالصوا

വിഭാഗം-8

71 എല്ലാ മനുഷ്യരെയും അവരുടെ നേതാവുസഹിതം നാം വിളിക്കുന്ന ദിവസം (ഓർക്കുക). അപ്പോൾ, ആർക്ക് തന്റെ (രേഖാ) ഗ്രന്ഥം തന്റെ വലം കയ്യിൽ നൽകപ്പെട്ടുവോ അക്കൂട്ടർ അവരുടെ (രേഖാ) ഗ്രന്ഥം വായിക്കുന്നതാണ്. അവർ ഒരു തരിമ്പും (ഒട്ടും) അനീതി ചെയ്യപ്പെടുകയുമില്ല.

يَوْمَ نَدْعُواْ كُلَّ أُنَاسٍ بِإِمَـٰمِهِمْ ۖ فَمَنْ أُوتِىَ كِتَـٰبَهُۥ بِيَمِينِهِۦ فَأُوْلَـٰٓئِكَ يَقْرَءُونَ كِتَـٰبَهُمْ وَلَا يُظْلَمُونَ فَتِيلًا ﴿٧١﴾

72 ഇവിടത്തിൽ (ഇഹത്തിൽ) ആർ അന്ധനായിരുന്നുവോ അവൻ പരത്തിലും അന്ധനായിരിക്കും; ഏറ്റവും വഴിപിഴച്ചവനുമായിരിക്കും.

وَمَن كَانَ فِى هَـٰذِهِۦٓ أَعْمَىٰ فَهُوَ فِى ٱلْـَٔاخِرَةِ أَعْمَىٰ وَأَضَلُّ سَبِيلًا ﴿٧٢﴾

---

71 **يوم** ദിവസം. **ندعوا** നാം വിളിക്കുന്ന. **كلّ أناس** എല്ലാമനുഷ്യരെയും. **بإمامهم** അവരുടെ മുമ്പൻ (നേതാവ്) സഹിതം. **فمن** അപ്പോൾ ആർ. **أوتي** നൽകപ്പെട്ടു. **كتابه** അവന്റെ ഗ്രന്ഥം. **بيمينه** തന്റെ വലങ്കയ്യിൽ. **فأولئك** എന്നാൽ ആ കൂട്ടർ, അവർ. **يقرؤونَ** വായിക്കും, വായിച്ചുകൊണ്ടിരിക്കും. **كتابهم** അവരുടെ ഗ്രന്ഥം. **ولا يظلمونَ** അവർ അനീതി (അവർ അക്രമം) ചെയ്യപ്പെടുകയുമില്ല. **فتيلاً** ഒരു ആരോളം(തരിമ്പും-ഒട്ടും). 72 **ومن كانَ** ആർ ആയിരുന്നാൽ. **في هذه** ഇതിൽ (ഇവിടത്തിൽ). **أعمى** അന്ധൻ. **فهو** എന്നാലവൻ. **في الآخرة** പരലോകത്തിൽ. **أعمى** അന്ധനായിരിക്കും. **وأضل** ഏറ്റം (കൂടുതൽ) പിഴച്ചവനും. **سبيلاً** വഴി.

اماا (ഇമാമ്) എന്ന വാക്കിനാണ് 'നേതാവ്' എന്നർത്ഥം കൽപിച്ചത്. 'മുമ്പിൽ നിലകൊള്ളുന്നത്, പിൻപറ്റപ്പെടുന്നത്, മാതൃക, തുറന്നവഴി' എന്നൊക്കെ അതിന് അർത്ഥങ്ങൾ വരും. ഇവിടെ 'അവരുടെ നേതാവ്' കൊണ്ടുദ്ദേശിക്കപ്പെടുന്നത് ഓരോ മനുഷ്യസമൂഹവും തങ്ങൾക്ക് മാതൃകയായി സ്വീകരിച്ചുവന്നിരുന്ന നേതാക്കളാണെന്നും അവരുടെ കർമ്മങ്ങൾ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ഗ്രന്ഥരേഖകളാണെന്നും വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. രണ്ട് വ്യാഖ്യാനങ്ങളും തമ്മിൽ എതിരില്ലതാനും. ഓരോ സമൂഹത്തിനുമുള്ള നബിമാരെയും സാക്ഷികളെയും കർമ്മരേഖകളെയും മഹ്ശറിൽ ഹാജരാക്കുമെന്ന് ഖുർആൻ വ്യക്തമാക്കിയിട്ടുള്ളതാണ്. (സൂ:സുമർ:69 ഉം മറ്റും നോക്കുക.) വലങ്കയ്യിൽ ഗ്രന്ഥം നൽകപ്പെടുക സജ്ജനങ്ങൾക്കും, ഇടങ്കയ്യിൽ ഗ്രന്ഥം നൽകപ്പെടുക ദുർജ്ജനങ്ങൾക്കുമായിരിക്കും. സജ്ജനങ്ങൾ അവരുടെ ഗ്രന്ഥം കയ്യിൽ കിട്ടുമ്പോൾ, തങ്ങളുടെ സൽക്കർമ്മങ്ങൾ മുഴുവനും അതിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത് കണ്ട് സന്തോഷിക്കുകയും, സാവേശം അത് വായിച്ചുകൊണ്ടിരിക്കുകയും ചെയ്യും. ഇടങ്കയ്യി

ൽ നൽകപ്പെട്ടവരാകട്ടെ, ‘‘അത് കയ്യിൽ കിട്ടാതിരുന്നെങ്കിൽ നന്നായേനെ!’’ എന്നു കൊതിച്ചു പോകും. (സൂ: അൽഹാഖ്-ഖഃ 19, 20, 25, 26, 27 നോക്കുക)

സജ്ജനങ്ങൾ സന്തോഷപൂർവ്വം അത് വായിക്കുന്നതിനെപ്പറ്റിയാണ് ‘‘അവർ അവരുടെ ഗ്രന്ഥം വായിക്കും’’ എന്ന് ഇവിടെ പറഞ്ഞത്. അവരുടെ ഏതെങ്കിലും ഒരു കർമ്മം അതിൽ രേഖപ്പെടുത്താതെയോ, ഏതെങ്കിലും കർമ്മത്തിന് തക്ക പ്രതിഫലം നൽകപ്പെടാതെയോ വരുകയില്ല എന്നത്രെ, ‘‘അവരോട് തരിമ്പുപോലും അനീതി ചെയ്യപ്പെടുകയില്ല’’ എന്നു പറഞ്ഞതിൻെറ താൽപര്യം فتيلا (ഫതീലൻ) എന്ന വാക്കിനാണ് ‘ഒരു തരിമ്പും-അഥവാ ഒട്ടും’ എന്ന് നാം അർത്ഥം നൽകിയിരിക്കുന്നത്. ഈ വാക്കിൻെറ അർത്ഥത്തെയും ഉദ്ദേശ്യത്തെയും കുറിച്ച് സൂ: നിസാഉ് 49 ൻെറ വ്യാഖ്യാനത്തിൽ മുമ്പ് വിവരിച്ചിട്ടുണ്ട്.

72-ാം വചനത്തിൻെറ സാരം ഇതാണ്: നേർമ്മാർഗ്ഗം അന്വേഷിക്കുക, ദൃഷ്ടാന്തങ്ങളെപ്പറ്റി ചിന്തിക്കുക, ഉപദേശങ്ങൾ സ്വീകരിക്കുക എന്നിവയൊന്നും ചെയ്യാതെ, ഈ ലോകത്ത് അന്ധരായി കഴിഞ്ഞുകൂടിയവർ പരലോകത്ത് യാതൊരു രക്ഷാമാർഗ്ഗവും കാണാതെ അന്ധരായിത്തന്നെ കഴിയേണ്ടിവരും. ഏറ്റവും പിഴച്ചവരും ഏറ്റവും നഷ്ടം പിടിപെട്ടവരുമായിരിക്കും അവർ. സൂറത്തുൽ ഹജ്ജ് 46ൽ അല്ലാഹു പറയുന്നു:.....**فانها لا تعمى الابصار ولكن تعمى القلوب** (സാരം: കണ്ണുകൾക്കല്ല അന്ധത ബാധിക്കുന്നത്. പക്ഷേ, നെഞ്ചുകളിലുളള ഹൃദയങ്ങൾക്കാണ് അന്ധത ബാധിക്കുന്നത്.)

وَإِن كَادُوا۟ لَيَفْتِنُونَكَ عَنِ ٱلَّذِىٓ أَوْحَيْنَآ إِلَيْكَ لِتَفْتَرِىَ عَلَيْنَا غَيْرَهُۥ ۖ وَإِذًا لَّٱتَّخَذُوكَ خَلِيلًا ﴿٧٣﴾

73 (നബിയേ) നിശ്ചയമായും, നിനക്കു നാം ‘വഹ്‌യു’ (സന്ദേശം) നൽകിയിട്ടുള്ളതിൽ നിന്ന് അവർ നിന്നെ (തെറ്റിച്ചു) കുഴപ്പത്തിലാക്കുമാറായിരിക്കുന്നു; ഇതല്ലാത്തത് (വല്ലതും) നമ്മുടെ പേരിൽ നീ കെട്ടിച്ചമക്കുവാൻ വേണ്ടി. എന്നാൽ (അപ്പോൾ) അവർ നിന്നെ ഒരു ചങ്ങാതിയാക്കുകതന്നെ ചെയ്യുന്നതുമാണ്.

وَلَوْلَآ أَن ثَبَّتْنَـٰكَ لَقَدْ كِدتَّ تَرْكَنُ إِلَيْهِمْ شَيْـًٔا قَلِيلًا ﴿٧٤﴾

74 നിന്നെ നാം ഉറപ്പിച്ചു നിറുത്തിയിട്ടില്ലായിരുന്നെങ്കിൽ, തീർച്ചയായും, നീ അവരിലേക്ക് അൽപമൊന്ന് ചാഞ്ഞു പോയേക്കുകതന്നെ ചെയ്യുമായിരുന്നു.

إِذًا لَّأَذَقْنَـٰكَ ضِعْفَ ٱلْحَيَوٰةِ وَضِعْفَ ٱلْمَمَاتِ ثُمَّ لَا تَجِدُ لَكَ عَلَيْنَا نَصِيرًا ﴿٧٥﴾

75 എന്നാൽ (ചാഞ്ഞു പോയാൽ) നിനക്കു നാം (ഈ) ജീവിതത്തിലെ ഇരട്ടി(ശിക്ഷ)യും മരണത്തിലെ ഇരട്ടി (ശിക്ഷ)യും ആസ്വദിപ്പിക്കുകതന്നെ ചെയ്യുന്നതാണ്. പിന്നെ, നമുക്കെതിരിൽ ഒരു സഹായകനെയും നീ കണ്ടെത്തുകയുമില്ല.

---

73 **وإن كادوا** നിശ്ചയമായും അവരാകാറായിരിക്കുന്നു, ആകുമാറായി. **ليفتنونك** നിന്നെ കുഴപ്പത്തിലാക്കുക തന്നെ. **عن الذي** യാതൊന്നിൽ നിന്ന്. **أوحينا** നാം വഹ്‌യു നല്കിയ. **إليك** നിനക്ക്, നിന്നിലേക്ക്. **لتفتري** നീ കെട്ടിച്ചമക്കു(കെട്ടിപ്പറയു)വാൻ. **علينا** നമ്മുടെ പേരിൽ. **غيره** ഇതല്ലാ (അതല്ലാ)ത്തതിനെ. **وإذًا** അപ്പോൾ, അന്നേരം, എന്നാൽ. **لاتخذوك** അവർ നിന്നെ ആക്കുക തന്നെ ചെയ്യുന്നതാണ്. **خليلا** ഒരു ചങ്ങാതി, സുഹൃത്ത്. 74 **ولولا** ഇല്ലായിരുന്നെങ്കിൽ. **أن ثبتناك** നിന്നെ നാം ഉറപ്പിച്ചു നിറുത്തൽ. **لقد كدت** തീർച്ചയായും നീ ആയേക്കും (ആകുമാറാകുന്നതാണ്). **تركن** നീ ചായുക, ചെരിയുക. **إليهم** അവരിലേക്ക്. **شيئا قليلا** കുറഞ്ഞ വസ്തു (അൽപമൊ

ന്നു-കുറച്ചൊന്ന്). 75 إِذًا എന്നാൽ, അപ്പോൾ. لَأَذَقْنَاكَ നിനക്ക്(നിന്നെ) നാം ആസ്വദി(അനുഭവി)പ്പിക്കുക തന്നെ ചെയ്യും. ضعف ഇരട്ടി. الحياة ജീവിതത്തിൻെറ(ലെ). وضعف ഇരട്ടിയും. الممات മരണത്തിൻെറ(ലെ). ثُمَّ لَا تجد പിന്നെ നീ കണ്ടെത്തുക (നിനക്ക് കിട്ടുക)യില്ല. لَكَ നിനക്ക്. علينا നമുക്കെതിരെ. نصيرا ഒരു സഹായകനെയും.

തൗഹീദിൻെറ പ്രബോധനത്തിൽ നബി (ﷺ) വല്ല അയവോ വിട്ടുവീഴ്ചയോ കാണിക്കുന്നപക്ഷം, തങ്ങൾക്ക് നബി(ﷺ)യുമായുള്ള വൈരം അവസാനിപ്പിക്കുകയും, അനുഭാവത്തിൽ വർത്തിക്കുകയും ചെയ്യാമെന്ന് മുശ്രിക്കുകൾ ആഗ്രഹിച്ചിരുന്നു. അതിനായി അവർ ചില ഉപായങ്ങൾ പ്രയോഗിക്കുകയും ചിലപ്പോൾ ചില ഉപാധികൾ സമർപ്പിക്കുകയും ചെയ്തിരുന്നു. അവരുടെ സമ്മർദ്ദത്തിൻെറ ശക്തിയും അവർ സത്യവിശ്വാസം സ്വീകരിക്കുന്നതിൽ നബി (ﷺ)ക്കുള്ള അതീവ താൽപര്യവും നോക്കുമ്പോൾ, അവരുടെ ആവശ്യത്തിന് നബി(ﷺ) കുറച്ചെങ്കിലും വഴങ്ങിക്കൊടുക്കുവാൻ തയ്യാറാകുവാൻ എളുപ്പമാണ്. പക്ഷേ, അങ്ങിനെ ഒരിക്കലും സംഭവിക്കുകയുണ്ടായിട്ടില്ല. കാരണം, സത്യത്തിൻെറ നേർരേഖയിൽ നിന്ന് അണുപോലും തെറ്റാതെ അല്ലാഹു നബി (ﷺ)യെ സ്ഥിരപ്പെടുത്തി ഉറപ്പിച്ച് നിർത്തിയിരിക്കുകയാണ്. അതില്ലായിരുന്നുവെങ്കിൽ, നബി (ﷺ) സ്വാഭാവികമായും അവരുടെ നേരെ അൽപമൊന്ന് ചാഞ്ഞുപോകുമായിരുന്നു. ഇനി, നബി (ﷺ)ക്ക് അങ്ങിനെ ഒരു ചായ്വുണ്ടായെന്ന് സങ്കൽപിക്കുക. എന്നാലത് അല്ലാഹു ഒരിക്കലും അവഗണിക്കുവാൻ പോകുന്നില്ല. അതിൻെറ പേരിൽ ഇഹത്തിലും പരത്തിലും അല്ലാഹു ഇരട്ടിക്കണക്കിൽ അതിന് ശിക്ഷ നൽകുക തന്നെ ചെയ്യും. അല്ലാഹുവിൻെറ ശിക്ഷക്ക് വിധേയമായാലാകട്ടെ, അതിൽ നിന്ന് രക്ഷ നൽകുവാൻ ഒരാൾക്കും സാദ്ധ്യമാകുന്നതുമല്ല എന്നൊക്കെയാണ് ഈ വചനങ്ങളിൽ പറഞ്ഞതിൻെറ ചുരുക്കം.

താഴെ പറയുന്ന സംഗതികൾ ഈ വചനങ്ങളിൽ നിന്ന് മനസ്സിലാക്കുവാൻ കഴിയുന്നതാണ്. (1) എത്ര ഉന്നതനിലവാരത്തിലുള്ള ആളായാലും അല്ലാഹുവിങ്കൽ നിന്നുള്ള പ്രത്യേക കാവൽ ഇല്ലാത്തപക്ഷം, സമ്മർദ്ദങ്ങളുടെ പ്രവാഹം നിമിത്തം മനുഷ്യൻ അബദ്ധത്തിൽ പതിച്ചേക്കുവാൻ ഇടയുണ്ട്. ഈ വചനം അവതരിച്ചപ്പോൾ, നബി(ﷺ) ഇപ്രകാരം പ്രാർത്ഥിച്ചതായി ഖത്താദ (رضي الله عنه)യിൽ നിന്ന് നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: اللهم لا تكلفى الى نفسى طرفة عين (സാരം: അല്ലാഹുവേ, ഒരു കണ്ണിമവെട്ടുന്ന നേരം പോലും നീ എന്നെ എന്നിലേക്ക് തന്നെ ഭരമേൽപിച്ച് വിടരുതേ!) അഥവാ എൻെറ എല്ലാ കാര്യവും എല്ലായ്പ്പോഴും നീ തന്നെ ഏറ്റെടുത്ത് നല്ല നിലയിലാക്കിത്തരണേ എന്നുദ്ദേശ്യം.

2) ഒരാളുടെ ഉന്നതപദവിയോ, ഉൽകൃഷ്ടസ്ഥാനമോ നിമിത്തം അയാൾ ചെയ്യുന്ന തെറ്റുകുറ്റങ്ങളുടെ ശിക്ഷയിൽ നിന്ന് അയാൾക്ക് ഒഴിവ് കിട്ടുകയില്ല. പ്രവാചകൻമാർ പാപവിമുക്തരാണ്. നബി (ﷺ) തിരുമേനിയാകട്ടെ, അവരിൽ വെച്ച് ഏറ്റവും ശ്രേഷ്ഠനും, എന്നിട്ടു പോലും നബി(ﷺ)യോട് അല്ലാഹു പറയുന്നു: ''നീ അങ്ങിനെ ചെയ്തുപോയാൽ നിനക്കു ഈ ജീവിതത്തിലും മരണത്തിലും-അഥവാ മരണശേഷവും--ഇരട്ടിശിക്ഷ അനുഭവിപ്പിക്കുമെന്ന്,'' മറ്റൊരു സ്ഥലത്ത് പറയുന്നു: ''നീയെങ്ങാനും ശിർക്ക് പ്രവർത്തിച്ചെങ്കിൽ, നിശ്ചയമായും, നിൻെറ കർമ്മം നിഷ്ഫലമാകുകയും, നീ നഷ്ടക്കാരിൽ പെട്ടുപോകുകയും തന്നെ ചെയ്യും.'' (സുമർ 65) നബി (ﷺ) യോടും പ്രവാചകൻമാരോടുമുള്ള ഇത്തരം കനത്ത താക്കീതുകളുടെയും ഉന്നം പ്രധാനമായും അവരുടെ സമുദായങ്ങളായിരിക്കുന്നതാണ്. (3) ഉന്നതൻമാരായ ആളുകളിൽ നിന്നുണ്ടാകുന്ന തെറ്റുകുറ്റങ്ങൾക്ക് സാധാരണക്കാരുടേതിനേക്കാൾ കവിഞ്ഞതോതിലായിരിക്കും ശിക്ഷ നൽകപ്പെടുകയെന്ന് ഇതിൽ നിന്നൊക്കെ വ്യക്തമാകുന്നു. ഇതനുസരിച്ചാണ് നബി (ﷺ) യുടെ പത്നിമാരോട് ഇങ്ങിനെ പറഞ്ഞത്: يا نساء النبى من يأت منكن ـ الآية (നബിയുടെ പത്നിമാരെ, നിങ്ങളിൽ നിന്ന് ആരെങ്കിലും വ്യക്തമായ വല്ല നീചവൃത്തിയും കൊണ്ടുവരുന്ന പക്ഷം, അവൾക്ക് രണ്ടിരട്ടിയായി ശിക്ഷ ഇരട്ടിച്ചു കൊടുക്കപ്പെടുന്നതാണ്. അത് അല്ലാഹുവിൻെറ അടുക്കൽ ഒരു നിസ്സാരമായ കാര്യമാകുന്നു.) (അഹ്സാബ്:30)

76 നിശ്ചയമായും, അവർ നിന്നെ ഭൂമിയിൽ (നാട്ടിൽ) നിന്ന് മിരട്ടി വിടുമാറായിരിക്കുന്നു; നിന്നെ അതിൽനിന്നും പുറത്താക്കുവാൻവേണ്ടി. എന്നാൽ, (അപ്പോൾ) നിൻെറ പിന്നീട് അവർ അൽപമല്ലാതെ (അവിടെ) താമസിക്കുകയില്ലതാനും.	وَإِن كَادُوا۟ لَيَسْتَفِزُّونَكَ مِنَ ٱلْأَرْضِ لِيُخْرِجُوكَ مِنْهَا ۖ وَإِذًا لَّا يَلْبَثُونَ خِلَٰفَكَ إِلَّا قَلِيلًا ﴿٧٦﴾
77 (അതെ) നമ്മുടെ റസൂലുകളിൽനിന്ന് നിൻെറ മുമ്പ് നാം അയക്കുകയുണ്ടായിട്ടുള്ളവരുടെ (കാര്യത്തിലുണ്ടായ) നടപടിച്ചട്ടം! നമ്മുടെ നടപടിച്ചട്ടത്തിന് ഒരു ഭേദഗതിയും നീ കണ്ടെത്തുകയില്ല.	سُنَّةَ مَن قَدْ أَرْسَلْنَا قَبْلَكَ مِن رُّسُلِنَا ۖ وَلَا تَجِدُ لِسُنَّتِنَا تَحْوِيلًا ﴿٧٧﴾

---

76 **وإن كادوا** നിശ്ചയമായും അവർ ആകാറായിരിക്കുന്നു. **ليستفزونك** നിന്നെ ഇളക്കി (മിരട്ടി) വിടുക തന്നെ ചെയ്യുക. **من الأرض** ഭൂമിയിൽ (നാട്ടിൽ) നിന്ന്. **ليخرجوك** നിന്നെ പുറത്താക്കുവാൻവേണ്ടി. **منها** അതിൽ (അവിടെ) നിന്ന്. **وإذًا** എന്നാൽ, അപ്പോൾ. **لا يلبثونَ** അവർ താമസിക്കുക (കഴിഞ്ഞുകൂടുക)യില്ല. **خلافك** നിൻെറ പിന്നീട്, നിനക്കെതിരിൽ ((നിൻെറ പിന്നിൽ)). **إلا قليلاً** അൽപം (കുറച്ച്) അല്ലാതെ. 77 **سنة** നടപടിച്ചട്ടം, പതിവ്. **من** യാതൊരുവരുടെ. **قد أرسلنا** നാം അയക്കുകയുണ്ടായ. **قبلك** നിൻെറ മുമ്പ്. **من رسلنا** നമ്മുടെ റസൂലുകളിൽ നിന്ന്. **ولا تجد** നീ കണ്ടെത്തുകയുമില്ല. **لسنتنا** നമ്മുടെ നടപടിച്ചട്ടത്തിന്. **تحويلاً** ഒരു സ്ഥിതിമാറ്റം(ഭേദഗതി)വരുത്തൽ.

خلافك എന്ന വാക്കിനു 'നിൻെറ പിന്നീട്' എന്നും 'നിനക്കെതിരിൽ' എന്നും അർത്ഥമാകാവുന്നതാണ്. **خلفك** ഖൽഫക ('നിൻെറ പിന്നിൽ') എന്നും ഇവിടെ വായിക്കപ്പെട്ടിട്ടുണ്ട്. ഒരേ സാരത്തിൽ തന്നെയാണ് രണ്ടും കലാശിക്കുന്നത്.

കുതന്ത്രങ്ങളും ഉപദ്രവങ്ങളും വഴി നബി (ﷺ) യെ മക്കായിൽനിന്ന് പുറത്താക്കി സൈ്വരം കൊള്ളുവാൻ മുശ്‌രിക്കുകൾ നടത്തികൊണ്ടിരിക്കുന്ന യത്നങ്ങളെക്കുറിച്ചാണ് പ്രസ്താവിക്കുന്നത്. രാജ്യം ത്യജിച്ചുപോകുവാൻ നബി(ﷺ)യെ നിർബന്ധിതനാക്കുമാറുള്ള ശ്രമങ്ങൾ പലതും അവർ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഇതുവരെ അവർക്കതിന് കഴിഞ്ഞിട്ടില്ല. അങ്ങിനെ സംഭവിച്ചാലാകട്ടെ, അവർക്കതുകൊണ്ട് രക്ഷ കിട്ടുവാൻ പോകുന്നില്ല, നബി(ﷺ) ബഹിഷ്കൃതനായിക്കഴിഞ്ഞാൽ, പിന്നീടവർക്ക് അധികമൊന്നും അവിടെ സമാധാനത്തോടിരിക്കുവാൻ സാധിക്കുകയില്ല. മുൻപ്രവാചകൻമാരുടെ ചരിത്രത്തിലും അല്ലാഹു സ്വീകരിച്ചുവന്ന ഒരു നടപടിച്ചട്ടമാണ്, അവരുടെ ജനത അവരെ ബഹിഷ്കരിച്ചാൽ പിന്നെ അവർ ശിക്ഷക്ക് വിധേയരാകുമെന്നുള്ളത് ഇവരുടെ ഗതിയും അതുതന്നെയായിരിക്കും ആ ചട്ടത്തിൽ ഭേദഗതിയൊന്നും ഉണ്ടാവാൻ പോകുന്നില്ല എന്ന് സാരം. നബി (ﷺ) ഹിജ്റ പോയി രണ്ട് വർഷം കഴിഞ്ഞപ്പോഴേക്കും ബദ്റിൽവെച്ച് അവരിലുള്ള നെടും തൂണുകളായിരുന്ന എഴുപതുപേർ കൊല്ലപ്പെടുകയും, എഴുപതുപേർ ബന്ധനസ്ഥരാകുകയും ചെയ്തു. നട്ടെല്ലൊടിഞ്ഞ അവർ പല ഏറ്റുമുട്ടലുകൾക്കുശേഷം, അധികം താമസിയാതേ മുഴുവൻ ഇസ്‌ലാമിനു കീഴൊതുങ്ങേണ്ടി വരുകയും ചെയ്യും.

വിഭാഗം–9

أَقِمِ ٱلصَّلَوٰةَ لِدُلُوكِ ٱلشَّمْسِ إِلَىٰ غَسَقِ ٱلَّيْلِ وَقُرْءَانَ ٱلْفَجْرِ ۖ إِنَّ قُرْءَانَ ٱلْفَجْرِ كَانَ مَشْهُودًا ﴿٧٨﴾

78 സൂര്യൻ (ഉച്ച) തിരിയുമ്പോൾ (മുതൽ) രാത്രി ഇരുട്ടുന്നതുവരെ നീ നമസ്കാരം നിലനിറുത്തുക; പ്രഭാത (നമസ്കാര) ത്തിലെ [ഖുർആൻ] പാരായണവും [നിലനിറുത്തുക]. നിശ്ചയമായും, പ്രഭാത [നമസ്കാര] ത്തിലെ [ഖുർആൻ] പാരായണം, സാക്ഷ്യപ്പെടുത്തപ്പെടുന്നതാകുന്നു.

وَمِنَ ٱلَّيْلِ فَتَهَجَّدْ بِهِۦ نَافِلَةً لَّكَ عَسَىٰٓ أَن يَبْعَثَكَ رَبُّكَ مَقَامًا مَّحْمُودًا ﴿٧٩﴾

79 രാത്രിയിൽനിന്നും [തന്നെ, അൽപസമയം] അതുമായി നീ 'തഹജ്ജുദ്' [ഉറക്കുണർന്നുള്ള നമസ്കാരം] ചെയ്തുകൊള്ളുക; നിനക്ക് [നിർബ്ബന്ധത്തിനു പുറകെ] കൂടുതലായുള്ള ഒരു കാര്യം (ഐച്ഛികം) എന്ന നിലക്ക്. നിൻെറ റബ്ബ് നിന്നെ സ്തുതിക്കപ്പെടുന്നതായ ഒരു സ്ഥാനത്ത് എഴുന്നേൽപിച്ചു തന്നേക്കാം.

---

78 **أَقِمِ الصَّلاةَ** നമസ്കാരം നിലനിറുത്തുക. **لِدُلُوكِ** നീക്കത്തിന്, തിരിയുന്നതിന്(തിരിയുമ്പോൾ). **الشمس** സൂര്യൻെറ, സൂര്യൻ. **إِلَى غَسَقِ** ഇരുട്ടു(ന്നതു)വരെ. **الليل** രാത്രി. **وَقُرْآنَ** പാരായണവും, ഖുർആനും. **الْفَجر** പ്രഭാത(നമസ്കാര)ത്തിലെ. **إِنَّ قُرْآنَ** നിശ്ചയമായും പാരായണം, ഖുർആൻ. **الْفَجر** പ്രഭാതത്തിലെ. **كَانَ** അതാകുന്നു, ആയിരിക്കുന്നു. **مشهودا** സാക്ഷ്യം വഹിക്കുന്നത്, ഹാജറാക്കപ്പെടുന്നത്. 79 **ومن الليل** രാത്രിയിൽ നിന്ന് (തന്നെ). **فتهجد** നീ തഹജ്ജുദു (നമസ്കാരം) ചെയ്യുക. **به** അതുമായി, അതുകൊണ്ട്. **نَافِلَةً** കൂടുതലായുള്ള(അധികമുള്ള)തെന്ന നിലക്ക്. **لك** നിനക്ക്. **عسى** ആയേക്കാം. **أن يبعثَك** നിന്നെ നിയോഗിക്കുക, എഴുന്നേൽപിക്കുക, അയക്കുക. **ربك** നിൻെറ റബ്ബ്. **مقاما** ഒരു സ്ഥാനത്ത്. **محمودا** സ്തുതിക്കപ്പെടുന്നതായ.

സ്വുബ്ഹ്നമസ്കാരത്തെ ഉദ്ദേശിച്ചാണ് പ്രഭാതത്തിലെ ഖുർആൻപാരായണം (قرأن الفجر) എന്ന് പറഞ്ഞിരിക്കുന്നത്. സമസ്കാര കർമ്മത്തിലെ പ്രധാന ഘടകങ്ങളായ സുജൂദ് (السجود-സാഷ്ടാംഗം ചെയ്യൽ), റുകൂഉ് (الركوع-കുമ്പിടൽ), ഖിയാമ് (القيام- നീറുത്തം) എന്നിവപോലെയുള്ള ഒരു പ്രധാന ഘടകം തന്നെയാണ് ഖുർആൻ പാരായണവും. അതുകൊണ്ട് നമസ്കാര കർമ്മത്തെ ഉദ്ദേശിച്ച് ആ മൂന്ന് വാക്കുകളും ഉപയോഗിക്കാറുള്ളപോലെ 'ഖുർആൻ' (പാരായണം ചെയ്യൽ) എന്ന വാക്കും ഉപയോഗിക്കപ്പെട്ടിരിക്കുകയാണ്. എങ്കിലും സ്വുബ്ഹ് നമസ്കാരത്തെപ്പറ്റി മാത്രം ആ വാക്ക് ഉപയോഗിച്ചതിൽ-ചില വ്യാഖ്യാതാക്കൾ ചൂണ്ടിക്കാട്ടിയതു പോലെ-സ്വുബ്ഹ് നമസ്കാരത്തിൽ മറ്റ് നമസ്കാരങ്ങളെക്കാൾ ഖുർആൻ പാരായണം ചെയ്യുന്നത് നന്നായിരിക്കുമെന്ന ഒരു സൂചന കാണാം. നബി (ﷺ) യുടെ ചര്യ പരിശോധിക്കുമ്പോൾ അങ്ങിനെത്തന്നെയാണ് കാണപ്പെടുന്നതും. 'തഹജ്ജുദ്'(تهجد) എന്ന വാക്കിന് ഉറക്കിൽ നിന്നുണരുക എന്നും മറ്റുമാണ് അർത്ഥം. രാത്രിയിൽ അൽപമെങ്കിലും ഉറങ്ങിയശേഷം എഴുന്നേറ്റ് ചെയ്യപ്പെടുന്ന ഐച്ഛിക നമസ്കാരത്തിന് صلوة التهجد (തഹജ്ജുദ് നമസ്കാരം) എന്ന് പറയുവാൻ കാരണം ഇതിൽനിന്ന് വ്യക്തമാണ്.

ദിനംപ്രതി അഞ്ച് നേരത്തെ നിർബ്ബന്ധ നമസ്കാരങ്ങളാണല്ലോ ഇസ്ലാമിലുള്ളത്. അവയിൽ ളുഹ്ർ, അസ്വർ, മഗ്രിബ്, ഇശാഅ് , എന്നീ നാലും സൂര്യൻ ഉച്ചതിരിഞ്ഞത് മുതൽ രാത്രി ശരിക്കും ഇരുട്ടുമൂടുന്നതുവരെയുള്ള സമയങ്ങളിലാകുന്നു. ഈ നാലും സമയം തെറ്റാതെ കൃത്യനിഷ്ഠയോടുകൂടി നിർവ്വഹിച്ചുപോരണമെന്നും അഞ്ചാമത്തേതായ സ്വുബ്ഹ്നമസ്കാരം പ്രഭാതവേളയിൽ അനുഷ്ഠിച്ചുപോരണമെന്നും അല്ലാഹു കൽപിക്കുന്നു. കൽപന നബി(ﷺ)

യെ അഭിമുഖീകരിച്ചുകൊണ്ടാണെങ്കിലും എല്ലാവര്‍ക്കും ബാധകമാണതെന്ന് പറയേണ്ടതില്ല. പ്രഭാതനമസ്കാരം സാക്ഷ്യപ്പെടുത്തപ്പെട്ടതാണ് (**مشهود**) എന്ന് ഓര്‍മ്മിപ്പിച്ചുകൊണ്ട് അതിന്‍റെ കാര്യം പ്രത്യേകം ഗൗനിക്കപ്പെടേണ്ടതുണ്ടെന്നും ഉണര്‍ത്തിയിരിക്കുന്നു. ആ നമസ്കാരത്തിങ്കല്‍ മലക്കുകള്‍ ഒരുമിച്ചു കൂടുകയും, അതിന് സാക്ഷ്യം വഹിക്കുകയും ചെയ്യുമെന്നാണ് 'അത് സാക്ഷ്യപ്പെടുത്തപ്പെടു'മെന്ന് പറഞ്ഞതിന്‍റെ താല്‍പര്യമെന്ന് ഹദീസുകളില്‍ നിന്നു വ്യക്തമാകുന്നു. മിക്ക ഖുര്‍ആന്‍ വ്യാഖ്യാതാക്കളും പ്രസ്താവിക്കുന്നതും അതുതന്നെ. സ്വുബ്ഹ് നമസ്കാരവേളയില്‍ രാത്രിയിലെ മലക്കുകളും, പകലിലെ മലക്കുകളും ഒരുമിച്ചുകൂടുന്നതാണെന്നും അതില്‍ അവര്‍ സംബന്ധിക്കുമെന്നും നബി (ﷺ) പറഞ്ഞതായി ഒന്നിലധികം ഹദീസുകളില്‍ വന്നിട്ടുണ്ട്. (അ; ബു: തി ; ന) ഉറക്കില്‍ നിന്ന് ഉണര്‍ച്ചയിലേക്കും, സ്വസ്ഥതയില്‍ നിന്ന് ജോലിത്തിരക്കിലേക്കും, ഇരുട്ടില്‍ നിന്ന് വെളിച്ചത്തിലേക്കും പോലെയുള്ള പല സ്ഥിതിമാറ്റങ്ങളും അല്ലാഹുവിന്‍റെ മഹത്വത്തിന് സാക്ഷ്യം വഹിക്കുന്ന സമയമാണ് അതെന്നത്രെ ചില വ്യാഖ്യാതക്കള്‍ അതിന് നല്‍കുന്ന വ്യാഖ്യാനം. **الله اعلم**

തഹജ്ജുദ് സമസ്കാരത്തിന്‍റെ പ്രാധാന്യം സംബന്ധിച്ച് പല ഖുര്‍ആന്‍ വചനങ്ങളും നബിവചനങ്ങളും കാണാവുന്നതാണ്. പുണ്യകര്‍മ്മങ്ങളുടെ കൂട്ടത്തില്‍ വളരെ മുന്‍പന്തിയില്‍ നില്‍ക്കുന്ന ഒരു കര്‍മ്മമാണിത്. നിര്‍ബന്ധ നമസ്കാരങ്ങളെപ്പറ്റി കല്‍പിച്ചശേഷം, രാത്രിയില്‍ തഹജ്ജുദ് നമസ്കാരം ചെയ്യണമെന്ന് പ്രത്യേകം എടുത്തുപറഞ്ഞതില്‍ നിന്ന് തന്നെ അതിന്‍റെ പ്രാധാന്യം ഏറെക്കുറെ മനസ്സിലാക്കാമല്ലോ. **نافلة لك** (നിനക്ക് കൂടുതലായുള്ള കാര്യം) എന്ന് നബി (ﷺ) അഭിമുഖീകരിച്ച് പറഞ്ഞതിന് രണ്ട് പ്രകാരത്തില്‍ വ്യാഖ്യാനം നല്‍കപ്പെട്ടിരിക്കുന്നു. (1) നബി (ﷺ) ക്കും അവിടുത്തെ സമുദായത്തിനും അഞ്ചുനേരത്തെ നിര്‍ബന്ധ നമസ്കാരങ്ങള്‍ക്ക് പുറമെ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഒരു ഐച്ഛിക കര്‍മ്മമാണത്. (2) മറ്റുള്ളവര്‍ക്കൊന്നും കൂടാതെ നബി (ﷺ) ക്ക് പ്രത്യേകമായി നിശ്ചയിക്കപ്പെട്ട ഒരു നിര്‍ബ്ബന്ധ കര്‍മ്മമാണത്. നബി (ﷺ) യല്ലാത്തവരെ സംബന്ധിച്ചിടത്തോളം ഐച്ഛികവുമായിരിക്കും.

രണ്ടായാലും ശരി, രാത്രിയിലെ ഐച്ഛിക നമസ്കാരത്തില്‍ നബി (ﷺ) വളരെയധികം നിഷ്കര്‍ഷ പാലിച്ചിരുന്നുവെന്നും, കാലില്‍ നീര് കെട്ടുമാറ് ദീര്‍ഘനേരം നമസ്കരിക്കാറുണ്ടായിരുന്നുവെന്നും ഹദീസുകളില്‍ നിന്ന് അറിയപ്പെട്ടതാകുന്നു. അങ്ങയുടെ പാപങ്ങളെല്ലാം അല്ലാഹു പൊറുത്തുതന്നിരിക്കെ, ഇത്രയധികം ബുദ്ധിമുട്ടുന്നത് എന്തിനാണെന്ന് ആയിശ (رضي الله عنها)ചോദിച്ചപ്പോള്‍ **افلا اكون عبدا شكورا** (ആ സ്ഥിതിക്ക് ഞാനൊരു നന്ദിയുള്ള അടിയാനായിരിക്കേണ്ടേ?!) എന്നായിരുന്നു തിരുമേനി മറുപടി പറഞ്ഞത്.

നമസ്ക്കാരങ്ങളെ നിലനിറുത്തുവാനും, രാത്രിയില്‍ തഹജ്ജുദ് നമസ്കരിക്കുവാനും കല്‍പിച്ചതിനെത്തുടര്‍ന്ന് അല്ലാഹു നബി (ﷺ) യോട് പറയുന്നു: **عسى ربك ان يبعثك مقاما محمودا** (നിന്‍റെ റബ്ബ് സ്തുതിക്കപ്പെടുന്നതായ ഒരു സ്ഥാനത്ത് നിന്നെ എഴുന്നേല്‍പിച്ച് തന്നേക്കാം). 'ഉണ്ടായേക്കാം' എന്ന് അല്ലാഹു പറയുന്ന കാര്യം ഉണ്ടാകുകതന്നെ ചെയ്യുന്നതാണ്. മേല്‍പറഞ്ഞ കല്‍പനകള്‍ പാലിക്കുന്നപക്ഷം, എല്ലാവരാലും സ്തുതിക്കപ്പെടുന്ന ഒരു ഉന്നതസ്ഥാനം നബി(ﷺ)ക്ക് നല്‍കുമെന്നുള്ള ഒരു വാഗ്ദാനവും ആ കല്‍പനകള്‍ പാലിക്കുവാനുള്ള ഒരു പ്രോത്സാഹനവും കൂടിയാണ്. 'സ്തുതിക്കപ്പെടുന്ന സ്ഥാനം' കൊണ്ടുള്ള വിവക്ഷ എന്താണെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല. എങ്കിലും മഹ്ശര്‍ മഹാസമ്മേളനത്തില്‍ താഴെ കാണുന്നവിധം സൃഷ്ടികള്‍ക്കെല്ലാം ആശ്വാസം ലഭിക്കുമാറ് നബി (ﷺ) ക്ക് ശുപാര്‍ശചെയ്വാന്‍ അനുവദിച്ചുകൊടുക്കുന്ന ആസ്ഥാനമാണതുകൊണ്ട് വിവക്ഷയെന്ന് ഹദീസുകളില്‍ നിന്ന് മനസ്സിലാക്കാവുന്നതാണ്. ഇബ്നുജരീര്‍ (رحمه الله)പ്രസ്താവിച്ചതുപോലെ, ഖുര്‍ആന്‍ വ്യാഖ്യാതാക്കളില്‍ അധികമാളുകളുടെ അഭിപ്രായവും അതുതന്നെയാണ്.

ലോകാരംഭം മുതല്‍ ലോകാവാസാനം വരെയുള്ള സൃഷ്ടികളെല്ലാം സമ്മേളിക്കുന്ന അതിമഹത്തായ സദസ്സാണല്ലോ മഹ്ശര്‍. അവിടെ വെച്ച് എല്ലാവരും അനിശ്ചിതാവസ്ഥയില്‍

ദീർഘകാലം ഭയവിഹ്വലരായി കഴിയുമ്പോൾ, തങ്ങളുടെ വിചാരണ കഴിച്ച് രണ്ടിലൊരു തീരുമാനമെടുത്ത് തരുവാൻ അല്ലാഹുവിനോട് ശുപാർശ ചെയ്യണമെന്ന് പ്രവാചക പ്രമുഖൻമാരായ പലരോടും ജനങ്ങൾ അപേക്ഷിക്കും. ഓരോരുത്തരും ഓരോ കാരണം പറഞ്ഞ് അതിൽ നിന്ന് ഒഴിവാകും. അവസാനം അവർ നബി (ﷺ) തിരുമേനിയെ സമീപിക്കും. തിരുമേനി അല്ലാഹുവിൻെറ അനുമതിപ്രകാരം അതിനായി അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും ശുപാർശ ചെയ്യുകയും ചെയ്യും. അല്ലാഹു അത് സ്വീകരിച്ച് എല്ലാവരെയും വിചാരണ നടത്തി ഓരോരുത്തരെയും സംബന്ധിച്ച തീരുമാനമെടുക്കുകയും ചെയ്യും. ഇതാണ് പ്രസ്തുത ഹദീസുകളുടെ രത്നച്ചുരുക്കം.

സൃഷ്ടികളെയെല്ലാം ബാധിക്കുന്നതും, എല്ലാവർക്കും ആശ്വാസം നൽകുന്നതും എല്ലാവരുടെയും സ്തുതിക്ക് കാരണമായിത്തീരുന്നതുമായ ശുപാർശയാണത്. الشفاعة الكبرى (ഏറ്റവും മഹത്തായ ശുപാർശ) എന്ന പേരിൽ അതറിയപ്പെടുന്നു. ഇതിനെപ്പറ്റി പ്രബലങ്ങളായ-ചെറുതും വലുതുമായ-പലഹദീസുകളും നിലവിലുണ്ട്. അവയിൽ കേവലം ചെറുതായ ഒരു ഹദീസുമാത്രം ഓർമ്മക്കായി ഇവിടെ ഉദ്ധരിക്കാം. ഇബ്നുഉമർ (ﷺ)ഇപ്രകാരം പ്രസ്താവിക്കുന്നു. ''ഖിയാമത്തുനാളിൽ, മനുഷ്യർ മുട്ടുകുത്തി വീണവരായിത്തീരും. ഇന്നവരേ, ഇന്നവരേ, ഞങ്ങൾക്ക് വേണ്ടി ശുപാർശചെയ്യണമെന്ന് പറഞ്ഞുകൊണ്ട് ഓരോ സമുദായവും അതിൻെറ നബിമാരുടെ പിന്നാലെ കൂടും. അവസാനം ഈ ശുപാർശ നബി (ﷺ) യിൽ ചെന്നവസാനിക്കും. അതാണ് അദ്ദേഹത്തെ സ്തുതിക്കപ്പെടുന്ന ഒരു സ്ഥാനത്ത് അല്ലാഹു എഴുന്നേൽപിച്ച് കൊടുക്കുന്ന ആ ദിവസം.'' (ബുഖാരി.)

''ബാങ്കുവിളി കേട്ടാൽ (അത് കഴിഞ്ഞ ഉടനെ) ഇപ്രകാരം പറയുന്നവർക്ക് ഖിയാമത്തുനാളിൽ എൻെറ ശുപാർശ ലഭിക്കുന്നതാണ്'', എന്ന് നബി (ﷺ) അരുളിച്ചെയ്തതായി ജാബിർ (ﷺ)വഴി ഇമാം ബുഖാരീ (رحمه الله)ഉദ്ധരിച്ചിരിക്കുന്നു: اللهم رب هذه الدعوة التامة والصلوة القائمة آت محمدا الوسيلة والفضيلة وابعثه مقاما محمودا الذى وعدته (സാരം: ഈ പരിപൂർണ്ണമായ വിളിയുടെയും, നില നിന്നുപോരുന്ന നമസ്കാരത്തിൻെറയും അധിപനായ അല്ലാഹുവേ! മുഹമ്മദിന് നീ 'വസീലത്തും' 'ഫളീലത്തും' നൽകേണമേ! അദ്ദേഹത്തോട് നീ വാഗ്ദാനം ചെയ്തിട്ടുള്ള സ്തുതിക്കപ്പെടുന്ന സ്ഥാനത്ത് അദ്ദേഹത്തെ എഴുന്നേൽപിച്ചുകൊടുക്കുകയും ചെയ്യേണമേ! 'വസീലത്ത്' എന്നാൽ അല്ലാഹുവിൻെറ സാമീപ്യമാകുന്ന ഉന്നത പദവി എന്നും, 'ഫളീലത്ത്' എന്നാൽ മറ്റുള്ളവർക്കില്ലാത്ത ശ്രേഷ്ഠ പദവി എന്നും സാമാന്യമായി പറയാം.
كما يظهر - فتح البارى

وَقُل رَّبِّ أَدْخِلْنِى مُدْخَلَ صِدْقٍ وَأَخْرِجْنِى مُخْرَجَ صِدْقٍ وَٱجْعَل لِّى مِن لَّدُنكَ سُلْطَٰنًا نَّصِيرًا ﴿٨٠﴾

80 [നബിയേ] നീ പറയുകയും ചെയ്യുക: ''എൻെറ റബ്ബേ! എന്നെ നീ സത്യത്തിൻെറതായ പ്രവേശനം പ്രവേശിപ്പിക്കുകയും, സത്യത്തിൻേറതായ പുറപ്പാട് പുറപ്പെടുവിക്കുകയും ചെയ്യേണമേ! നിൻെറ പക്കൽനിന്ന് എനിക്ക് സഹായകമായ ഒരു (അധികൃത) ശക്തിയും നീ ഏർപ്പെടുത്തിത്തരേണമേ!''

---

80 **وقُل** പറയുകയും ചെയ്യുക. **رب** റബ്ബേ, രക്ഷിതാവേ. **أدخلني** എന്നെ പ്രവേശിപ്പിക്കണേ. **مدخلَ** പ്രവേശിപ്പിക്കൽ (പ്രവേശനം). **صدقٍ** സത്യത്തിൻെറ. **وأخرجني** എന്നെ പുറപ്പെടുവിക്കുകയും വേണമേ. **مخرج** പുറപ്പെടുവിക്കൽ (പുറപ്പാട്). **صدقٍ** സത്യത്തിൻെറ. **واجعل** നീ ആക്കു(ഏർപ്പെടുത്തു)കയും വേണമേ. **لي** എനിക്ക്. **من لدنك** നിൻെറ പക്കൽ നിന്ന്. **سلطانا** ശക്തി, അധികാരം. **نصيرا** സഹായിക്കുന്ന (സഹായകമായ).

مدخل صدق 'എന്ന വാക്കിന് സത്യത്തിൻെറ പ്രവേശിപ്പിക്കൽ' എന്നും,**مخرج صدق** എന്ന വാക്കിന് 'സത്യത്തിൻെറ പുറപ്പെടുവിക്കൽ' എന്നുമാണ് സാക്ഷാൽ വാക്കർത്ഥം നൽകേണ്ടത്. ഉദ്ദേശ്യം കൂടുതൽ വ്യക്തമായി മനസ്സിലാകുവാൻ കൂടുതൽ എളുപ്പമെന്നനിലക്ക് പരിഭാഷയിൽ കണ്ടപ്രകാരം രണ്ട് വാക്കിന് ഉദ്ദേശാർത്ഥംകൊണ്ട് മതിയാക്കിയിരിക്കുകയാണ്. നബി (ﷺ) യോട് പ്രാർത്ഥിക്കുവാൻ കൽപിച്ച ഈ പ്രാർത്ഥനയുടെ സാരം ഇങ്ങിനെ മനസ്സിലാക്കാം: ''ഞാൻ വല്ല കാര്യത്തിലും പ്രവേശിക്കുമ്പോൾ ആ പ്രവേശനം സത്യത്തിൻെറ പാതയിൽ അധിഷ്ഠിതവും പ്രശംസനീയമായതും ആക്കിത്തരേണമേ! ഞാൻ വല്ല കാര്യത്തിൽനിന്നും വിരമിച്ച് പുറത്തുവരുന്നതും സത്യത്തിൻെറ പാത പിഴക്കാതെ ശുഭകരവും തൃപ്തികരവുമായ വിധത്തിൽ ആക്കിത്തരേണമേ! എൻെറ കൃത്യങ്ങളെല്ലാം വേണ്ടതുപോലെ നിർവ്വഹിക്കുവാനും, അതിനെതിരിൽ വിലങ്ങടിക്കുന്ന തടസ്സങ്ങളെ അതിജയിക്കുവാനും സഹായകമായ അധികാരശക്തിയും ന്യായബലവും എനിക്ക് തന്നരുളേണമേ!''

ഇന്നിന്ന വിഷയങ്ങളിലുള്ള പ്രവേശനമെന്നും, ഇന്നിന്ന വിഷയങ്ങളിൽനിന്നുള്ള പുറപ്പാട് എന്നും നിജപ്പെടുത്തപ്പെട്ടിട്ടില്ലാത്ത സ്ഥിതിക്ക് ഏതെങ്കിലും ചില പ്രത്യേക വിഷയങ്ങളെ സംബന്ധിച്ച പ്രവേശനവും പുറപ്പാടുമാണ് ഉദ്ദേശമെന്ന് വെച്ച് ഈ പ്രാർത്ഥനയെ പരിമിതപ്പെടുത്തേണ്ടുന്ന ആവശ്യമില്ല. മദീനായിലേക്കുള്ള പ്രവേശനവും, മക്കായിൽനിന്നുള്ള പുറപ്പാടും, മരണശേഷം ഖബ്റിലേക്കുള്ള പ്രവേശനവും പിന്നീട് പുനരുത്ഥാന ദിവസം മഹ്ശറയിലേക്കുള്ള പുറപ്പാടും അടക്കം ആവശ്യമായ എല്ലാ കാര്യങ്ങളിലേക്കുമുള്ള പ്രവേശനങ്ങളും, എല്ലാവിഷയങ്ങളിൽനിന്നുള്ള പുറപ്പാടുകളും സത്യത്തിൻെറ പാതയിലൂടെ ആക്കിക്കിട്ടുവാനുള്ള പ്രാർത്ഥനയാണിതെന്ന് വെക്കുവാനാണ് ന്യായം.

അഹ്മദ്, തിർമദീ, ഹാകിം, ത്വബ്റാനീ (رحمهم الله) തുടങ്ങിയവർ ഇബ്നു അബ്ബാസ് (رضي الله عنه) പ്രസ്താവിച്ചതായി ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു: ''നബി (ﷺ) മക്കായിലായിരുന്നു. പിന്നീട് തിരുമേനിയോട് ഹിജ്റ പോകുവാൻ കൽപിക്കപ്പെട്ടു. അപ്പോഴാണ് ഈ വചനം അവതരിച്ചതും.'' ഈ പ്രസ്താവന അടിസ്ഥാനമാക്കിയാണ് ഇബ്നു ജരീർ (رحمه الله)മുതലായവരും മദീനായിലേക്കുള്ള പ്രവേശനവും, മക്കായിൽനിന്നുള്ള പുറപ്പാടും, മദീനായിൽ ചെന്നതിന്നുശേഷം ശത്രുക്കളെ ജയിച്ചടക്കുവാനുള്ള സഹായശക്തിയുമാണ് ഇവിടെ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നത്. അവതരണ സന്ദർഭം അതായിരുന്നാൽ തന്നെയും അക്കാര്യങ്ങൾ പ്രത്യേകം അതിൽ ഉദ്ദേശിക്കപ്പെട്ടിരിക്കുമെന്നല്ലാതെ, മറ്റുള്ള കാര്യങ്ങളും ഉദ്ദേശിക്കപ്പെടുന്നതിന് അത് തടസ്സമാകുന്നില്ല. മദീനായിലെ പ്രവേശനത്തെയും, മക്കായിൽനിന്നുള്ള പുറപ്പാടിനെയും, ഇസ്‌ലാമിന് പിന്നീട് ലഭിച്ച ശക്തി പ്രതാപത്തെയും സംബന്ധിച്ചിടത്തോളം നബി (ﷺ) യുടെ ഈ പ്രാർത്ഥന തികച്ചും ഫലവത്തായിട്ടുണ്ടെന്ന് പറയേണ്ടതില്ലതാനും. അടുത്ത വചനത്തിൽ അതിലേക്കുള്ള ഒരു സൂചനയും കാണാം.

81 (ഇങ്ങിനെയും) പറയുക: ''യഥാർത്ഥം (വെളിക്കു) വന്നു; അയഥാർത്ഥം (നശിച്ചു) നാമാവശേഷമാകുകയും ചെയ്തു.'' നിശ്ചയമായും അയഥാർത്ഥം നാമാവശേഷമാകുന്നതാകുന്നു.

وَقُلْ جَآءَ ٱلْحَقُّ وَزَهَقَ ٱلْبَٰطِلُ ۚ إِنَّ ٱلْبَٰطِلَ كَانَ زَهُوقًا ﴿٨١﴾

---

81 **وقُل** പറയുകയും ചെയ്യുക. **جَاءَ** വന്ന്. **الحق** യഥാർത്ഥം. **وزهق** നശിച്ചുപോയി, നാമാവശേഷമാകയും ചെയതു. **البَاطلُ** അയഥാർത്ഥം. **إن البَاطلَ** നിശ്ചയമായും അയഥാർത്ഥം. **كَانَ** ആകുന്നു. **زهوقًا** നശിച്ചു(തേഞ്ഞുമാഞ്ഞു-നാമാവശേഷമായി) പോകുന്നത്.

മുശ്‌രിക്കുകളെ സംബന്ധിച്ചിടത്തോളം ഒരു അന്ത്യശാസനവും, കനത്ത താക്കീതുമാണതിൽ അടങ്ങിയിരിക്കുന്നത്. തൗഹീദും, തൗഹീദിൽ അധിഷ്ഠിതമായ സത്യമാർഗ്ഗവും ഇതാ പലർന്നു കഴിഞ്ഞു. ശിർക്കും അതിൻെറ അടിസ്ഥാനത്തിലുള്ള ദുർമ്മാർഗ്ഗവും ഇതാ നശിച്ചു കഴിഞ്ഞു. നിങ്ങൾ എത്രതന്നെ എതിർപ്പും നിഷേധവും കാണിച്ചാലും അതിൻെറ സമയം ഇതാ എത്തിക്കഴിഞ്ഞിരിക്കുന്നു. മിഥ്യയായുള്ളതിന് നിലനിൽപില്ല. അടുത്ത ഭാവിയിൽ തന്നെ മുശ്‌രിക്കുകൾ ഈ യഥാർത്ഥം അനുഭവത്തിൽ കാണുകയും ചെയ്തു. മക്കാ വിജയദിവസം കഅ്ബയിലും പരിസരങ്ങളിലും ഉണ്ടായിരുന്ന നൂറ് കണക്കിലുള്ള വിഗ്രഹങ്ങളെ കയ്യിലുണ്ടായിരുന്ന ഒരു കൊള്ളിക്കഷ്ണം കൊണ്ട് കുത്തിക്കൊണ്ട് നബി (ﷺ) ഈ വചനവും, സൂ: സബഇലെ 49 -ാം വചനവും ഓതിയിരുന്നതായി ബുഖാരി, മുസ്‌ലിം (رحمهما الله)മുതലായവർ രേഖപ്പെടുത്തിയിരിക്കുന്നു

82 സത്യവിശ്വാസികൾക്ക് ശമനവും, കാരുണ്യവുമായുള്ളതിനെ ഖുർആനിലൂടെ നാം അവതരിപ്പിച്ചുകൊണ്ടിരിക്കുന്നു. അക്രമികൾക്ക് അത് നഷ്ടപ്പാടല്ലാതെ വർദ്ധിപ്പിക്കുകയുമില്ല.

وَنُنَزِّلُ مِنَ ٱلۡقُرۡءَانِ مَا هُوَ شِفَآءٞ وَرَحۡمَةٞ لِّلۡمُؤۡمِنِينَ وَلَا يَزِيدُ ٱلظَّٰلِمِينَ إِلَّا خَسَارٗا ٨٢

---

82 **وننزلُ** നാം അവതരിപ്പിക്കുന്നു. **من القُرآن** ഖുർആനിൽ നിന്നായി (ഖുർആനിലൂടെ). **ما** യാതൊന്ന്. **هو** അത്. **شفَاءٌ** ശമനം ആശ്വാസം. **ورحمةٌ** കാരുണ്യവും. **لِلْمؤمنين** സത്യവിശ്വാസികൾക്ക്. **ولا يزيد** അത് വർദ്ധിപ്പിക്കുകയുമില്ല. **الظالمين** അക്രമികൾക്ക്. **إلا خسارا** നഷ്ടപ്പാടല്ലാതെ.

സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം, സംശയം, ആശയക്കുഴപ്പം, അന്ധവിശ്വാസം, കാപട്യം, വക്രത, അജ്ഞത ആദിയായ മനോരോഗങ്ങൾക്ക് ഖുർആൻ ശമനം നല്കുന്നു. അതിൻെറ നിയമനിർദ്ദേശങ്ങളും സിദ്ധാന്തങ്ങളും വഴി ഐഹികവും പാരത്രികവുമായ കണക്കറ്റ അനുഗ്രഹങ്ങളും അവർക്ക് സിദ്ധിക്കുന്നു. സത്യവിശ്വാസം സ്വീകരിക്കാത്ത ആക്രമികളെ സംബന്ധിച്ചിടത്തോളം, അവർ അതിലേക്ക് ശ്രദ്ധ കൊടുക്കുകയോ, അതിൻെറ മാർഗ്ഗനിർദ്ദേശങ്ങൾ സ്വീകരിക്കുകയോ ചെയ്യാത്തതുകൊണ്ട് പ്രസ്തുത ഗുണങ്ങളൊന്നും അവർക്ക് ലഭിക്കുകയില്ല. മാത്രമല്ല, അവർക്കതുമൂലം നഷ്ടം വർദ്ധിക്കുകയേ ചെയ്കയുള്ളുതാനും. കാരണം, ഖുർആൻെറ ഓരോ ഭാഗം അവതരിക്കുമ്പോഴും അതിനെ നിഷേധിക്കുകയും എതിർക്കുകയുമാണല്ലോ അവർ ചെയ്യുന്നത്. അതോടെ അവരുടെ നഷ്ടം വർദ്ധിച്ചുകൊണ്ടേ ഇരിക്കും.

83 മനുഷ്യനു നാം അനുഗ്രഹം ചെയ്തു കൊടുത്താൽ അവൻ (അവഗണിച്ചു) തിരിഞ്ഞുകളയുകയും, (ഊരതിരിച്ച്) അവൻെറ പാർശ്വവുംകൊണ്ട് അവൻ അകന്നു പോകുകയും ചെയ്യും. അവന് ദോഷം ബാധിച്ചാലാവട്ടെ, അവൻ വളരെ നിരാശനുമായിരിക്കും.

وَإِذَآ أَنۡعَمۡنَا عَلَى ٱلۡإِنسَٰنِ أَعۡرَضَ وَنَـَٔا بِجَانِبِهِۦۖ وَإِذَا مَسَّهُ ٱلشَّرُّ كَانَ يَـُٔوسٗا ٨٣

84 പറയുക: ''എല്ലാവരും അവ(രവ)രുടെ സമ്പ്രദായമനുസരിച്ചു പ്രവർത്തിക്കുന്നു. എന്നാൽ, നിങ്ങളുടെ റബ്ബ്, മാർഗ്ഗം കൂടു

قُلۡ كُلّٞ يَعۡمَلُ عَلَىٰ شَاكِلَتِهِۦ فَرَبُّكُمۡ أَعۡلَمُ

بِمَنْ هُوَ أَهْدَىٰ سَبِيلًا ﴿٨٤﴾

തൽ നേരെയുള്ളവനെപ്പറ്റി നല്ലവണ്ണം അറിയുന്നവനാകുന്നു.''

---

83 **وإذا أنعمنا** നാം അനുഗ്രഹം ചെയ്താൽ. **على الإنسان** മനുഷ്യന്, മനുഷ്യൻെറ മേൽ. **أعرض** അവൻ തിരിഞ്ഞു കളയും. **ونأى** അവൻ അകന്നു പോകയും ചെയ്യും. **بجانبه** അവൻെറ പാർശ്വവുംകൊണ്ട് (അവൻെറ പാട്ടിൽ-ഊര തിരിച്ച്). **وإذا مسه** അവനെ സ്പർശി(ബാധി)ച്ചാൽ. **الشر** ദോഷം, തിൻമ. **كَانَ** അവനായിരിക്കും. **يئوسا** തീരെ ആശയറ്റവൻ. 84 **قُلْ** പറയുക. **كُلٌ** എല്ലാവരും. **يعملُ** പ്രവർത്തിക്കുന്നു. **على شاكلته** അവൻെറ സമ്പ്രദായത്തിൽ, ആകൃതി (രീതി) അനുസരിച്ച്. **فَربكُم** എന്നാൽ നിങ്ങളുടെ റബ്ബ്. **أعلمُ** അധികം (നന്നായി) അറിയുന്നവനാണ്. **بمن** യാതൊരുവനെപ്പറ്റി. **هو أهدى** അവൻ കൂടുതൽ നേർമ്മാർഗ്ഗി(നേരെയുള്ളവൻ) ആണ്. **سبيلاً** മാർഗ്ഗം, മാർഗ്ഗത്താൽ.

നൻമയും അനുഗ്രഹവും ലഭിക്കുമ്പോൾ നന്ദികാണിക്കാതെ, അവഗണിച്ചുതള്ളലും, അഹങ്കാരപൂർവ്വം ഊര തിരിച്ച് പിൻമാറിപ്പോകലും, തിൻമയും ഉപദ്രവവും വരുമ്പോൾ നിരാശയും അക്ഷമയും കാണിക്കലും മനുഷ്യൻെറ പൊതു സ്വഭാവമാണെന്ന് ആദ്യത്തെ വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നു. അല്ലാഹു കാത്തുരക്ഷിച്ചവർക്കേ ഈ സ്വഭാവദൂഷ്യം ബാധിക്കാതെ രക്ഷപ്പെടുകയുള്ളു. മുശ്രിക്കുകളടക്കമുള്ള എല്ലാ ദുർന്നടപ്പുകാർക്കുമുള്ള ഒരു താക്കീതാണ് രണ്ടാമത്തെ വചനത്തിലുള്ളത്. അതായത്, ഓരോരുത്തരും അവരവരുടെ ഹിതവും ആശയാദർശവും അനുസരിച്ച് തങ്ങളുടെ പ്രവർത്തനങ്ങളും കർമ്മങ്ങളും നടത്തിക്കൊണ്ടിരിക്കുന്നു. ആർക്കും ഇപ്പോൾ അതിന് തടസ്സമൊന്നുമില്ല. പക്ഷേ, ആരാണ് കൂടുതൽ നല്ല മാർഗ്ഗം സ്വീകരിക്കുന്നവർ, ആരാണ് മോശപ്പെട്ടവർ എന്നൊക്കെ അല്ലാഹുവിന് ശരിക്കും അറിയാം. അതനുസരിച്ച് ഓരോരുത്തരുടെ മേലും പിന്നീട് അവൻ തക്ക നടപടി എടുക്കുകതന്നെ ചെയ്യും എന്ന് താൽപര്യം.

വിഭാഗം-10

وَيَسْـَٔلُونَكَ عَنِ ٱلرُّوحِ ۖ قُلِ ٱلرُّوحُ مِنْ أَمْرِ رَبِّى وَمَآ أُوتِيتُم مِّنَ ٱلْعِلْمِ إِلَّا قَلِيلًا ﴿٨٥﴾

85 (നബിയേ) നിന്നോട് അവർ ആത്മാവിനെക്കുറിച്ചു ചോദിക്കുന്നു. പറയുക: ''ആത്മാവ് എൻെറ റബ്ബിൻെറ കാര്യത്തിൽ പെട്ടതാണ്; നിങ്ങൾക്ക് അറിവിൽ നിന്നും അൽപമല്ലാതെ നൽകപ്പെട്ടിട്ടില്ലതാനും.''

---

85 **ويسألونك** അവർ നിന്നോട് ചോദിക്കുന്നു, ചോദിക്കും. **عن الروح** ആത്മാവിനെപ്പറ്റി. **قُلْ** പറയുക. **الروح** ആത്മാവ്. **من أمر** കാര്യത്തിൽപെട്ടതാണ്. **ربي** എൻെറ റബ്ബിൻെറ. **وما أوتيتم** നിങ്ങൾക്ക് നൽകപ്പെട്ടിട്ടില്ലതാനും. **من العلم** അറിവിൽ നിന്ന്. **إلا قليلاً** അൽപം(കുറച്ച്) അല്ലാതെ

ചില പ്രത്യേക അടയാളങ്ങൾ ഒരു വസ്തുവിൽ കാണപ്പെടുമ്പോൾ അതിന് ജീവനുണ്ടെന്നും, അതില്ലാതിരിക്കുമ്പോൾ അതിന് ആത്മാവില്ലെന്നും നാം പറയുന്നു. എന്നാൽ, ആത്മാവ് എന്നാലെന്താണ്? എങ്ങിനെയാണ്? എവിടെ നിന്ന് വന്നു? എങ്ങോട്ട് പോകുന്നു? ഇതിനെപ്പറ്റിയെല്ലാം സൂക്ഷ്മവും ശരിയുമായ അറിവ് അല്ലാഹുവിന് മാത്രമേയുള്ളു. ആത്മാവിന് കൃത്യ

വും ശരിയുമായ ഒരു നിർവ്വചനം നൽകുവാൻ പോലും മനുഷ്യന് ഇതേവരെ സാധിച്ചിട്ടില്ല. ആ അജ്ഞാത രഹസ്യം കണ്ടെത്തുവാൻ വേണ്ടി വിവിധതരത്തിലുള്ള നിരീക്ഷണ പരീക്ഷണങ്ങൾ ശാസ്ത്രജ്ഞൻമാർ നടത്തിക്കൊണ്ടിരിക്കുകയാണ്. മുമ്പില്ലാത്ത പല അറിവുകളും അതുമൂലം അവർക്ക് ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. പക്ഷേ, ഇന്നിന്ന വസ്തു ഇന്നിന്ന പ്രകാരത്തിലായിത്തീരുമ്പോൾ ജീവാത്മാവ് ഉണ്ടായിത്തീരുന്നുവെന്നതിൽ കവിഞ്ഞ് വല്ലതും പറയുവാനോ, ആത്മാവിനെ സൃഷ്ടിച്ചുണ്ടാക്കുവാനോ, കാണുവാനോ, വസ്തുനിഷ്ഠമായി അപഗ്രഥിക്കുവാനോ ഇന്നേവരെ കഴിഞ്ഞിട്ടില്ല. കഴിയുകയുമില്ല. മനുഷ്യൻെറ അറിവും കഴിവും എത്രതന്നെ പുരോഗമിച്ചാലും അതൊക്കെ പദാർത്ഥലോകവും, ബാഹ്യലോകവുമായി ബന്ധപ്പെട്ടവയായിരിക്കും. ആതമീയലോകവും, അദൃശ്യലോകവും സംബന്ധിച്ച വിവരങ്ങൾ അല്ലാഹുവിൽ നിന്ന് പ്രവാചകൻമാർ മുഖേന മാത്രം ലഭിക്കുന്നവയത്രെ. പദാർത്ഥ ലോകത്തെയും ബാഹ്യലോകത്തെയും സംബന്ധിച്ച് തന്നെയും മനുഷ്യൻെറ അറിവ് പരിപൂർണ്ണമാണോ? അതുമല്ല, അറിവ് വർദ്ധിക്കും തോറും അവൻെറ അജ്ഞതയുടെ ആഴവും പരപ്പും അവന് കൂടുതൽ വ്യക്തമാവുകയാണ് ചെയ്യുന്നത്. അതെ, وما اوتيتم من العلم الا قليلا (നിങ്ങൾക്ക് അറിവിൽനിന്നും അൽപമല്ലാതെ നൽകപ്പെട്ടിട്ടില്ല.) എന്ന് മനുഷ്യൻെറ സൃഷ്ടാവ് ഉറപ്പിച്ച് പറഞ്ഞതാണല്ലോ.

الروح (റൂഹ്) കൊണ്ട് ഇവിടെ വിവക്ഷ ജിബ്‌രീൽ (عليه السلام)എന്ന മലക്കാണെന്നും, ഈസാ(عليه السلام)നബിയാണെന്നും, ഖുർആനാണെന്നും മറ്റും ചിലർ അഭിപ്രായപ്പെട്ട് കാണാം. ഖുർആനിൽ സന്ദർഭമനുസരിച്ച് ചില സ്ഥലങ്ങളിൽ പ്രസ്തുത ഉദ്ദേശ്യങ്ങളിൽ വന്നിട്ടുള്ളത് ശരിയാണ്. പക്ഷേ, പ്രത്യക്ഷത്തിൽ മനസ്സിലാകുന്നതും, ഹദീസിൻെറ പിൻബലമുള്ളതും, ഭൂരിഭാഗം ഖുർആൻ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നതും ജീവാത്മാവുതന്നെയാണ് ഇവിടെ ‘റൂഹ്’ കൊണ്ട് വിവക്ഷ എന്നത്രെ. ബുഖാരീയും, മുസ്‌ലിമും (رحمهما الله)അടക്കം പല മഹാൻമാരും ഇബ്നു മസ്ഊദ് (رضي الله عنه)ൽ നിന്ന് രേഖപ്പെടുത്തിയിട്ടുള്ള ഒരു ഹദീസിൻെറ സാരം ഇപ്രകാരമാകുന്നു:-അദ്ദേഹം പറയുന്നു: ‘‘മദീനായിൽ വെച്ച് നബി (صلى الله عليه وسلم) ഒരു യഹൂദ സംഘത്തിൻെറ അടുക്കൽ കൂടി പോകുമ്പോൾ അവരിൽ ചിലർ, അദ്ദേഹത്തോട് റൂഹിനെക്കുറിച്ച് ചോദിച്ച് നോക്കാമെന്ന് പറഞ്ഞു. അത് ചോദിക്കേണ്ടതില്ലെന്നും, ചോദിച്ചാൽ നിങ്ങൾക്ക് ഇഷ്ടകരമല്ലാത്ത മറുപടിയായിരിക്കും ലഭിക്കുകയെന്നും വേറെ ചിലരും പറഞ്ഞു. അവസാനം അവർ ചോദിക്കുകതന്നെ ചെയ്തു. അൽപനേരം നബി (صلى الله عليه وسلم) മൗനമവലംബിച്ചു. അപ്പോൾ, നബി (صلى الله عليه وسلم) ക്ക് വഹ്‌യു വരികയാണെന്ന് എനിക്ക് മനസ്സിലായി. പിന്നീട് നബി (صلى الله عليه وسلم) ويسألونك عن الروح എന്നുള്ള ഈ വചനം ഓതികേൾപ്പിച്ചു.’’ നബി(صلى الله عليه وسلم) യെ ഉത്തരം മുട്ടിച്ച വിജയഭേരി അടിക്കാമെന്ന് കരുതിയ യഹൂദികൾ ചോദിച്ച ഈ ചോദ്യത്തിൽ പറഞ്ഞ ‘റൂഹ്‘ കൊണ്ടുദ്ദേശ്യം ജീവാത്മാവല്ലാത്ത മറ്റൊന്നുമായിരിക്കുവാൻ തരമില്ലെന്നും, ജീവാത്മാവിനെക്കുറിച്ച് തന്നെയാണ് അവർ ചോദിച്ചതെന്നും ഇമാം ഖുർത്വുബി (رحمه الله)പോലുള്ള ചില മഹാൻമാർ ന്യായസഹിതം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. സ്ഥലദൈർഘ്യം ഭയന്ന് അതിവിടെ ഉദ്ധരിക്കുന്നില്ല.

وَلَئِن شِئْنَا لَنَذْهَبَنَّ بِٱلَّذِىٓ أَوْحَيْنَآ إِلَيْكَ ثُمَّ لَا تَجِدُ لَكَ بِهِۦ عَلَيْنَا وَكِيلًا ﴿٨٦﴾

86 നാം ഉദ്ദേശിച്ചുവെങ്കിൽ, നിശ്ചയമായും, നിനക്ക് നാം വഹ്‌യു (സന്ദേശം) നൽകിയിട്ടുള്ളതിനെ നാം കൊണ്ടുപോകുക തന്നെ ചെയ്യുന്നതാണ്; പിന്നെ, നമുക്കെതിരിൽ അതിനു ഭരമേൽപിക്കപ്പെടുന്ന ഒരാളെയും നിനക്ക് നീ കണ്ടെത്തുകയില്ല;-

إِلَّا رَحْمَةً مِّن رَّبِّكَ ۚ إِنَّ فَضْلَهُۥ كَانَ عَلَيْكَ كَبِيرًا ﴿٨٧﴾

87 പക്ഷേ, നിൻെറ റബ്ബിങ്കൽ നിന്നുള്ള കാരുണ്യമായിട്ടത്രെ (അങ്ങിനെ ചെയ്യാത്തത്). നിശ്ചയമായും, നിൻെറ മേൽ അവൻെറ അനുഗ്രഹം (വളരെ) വലുതാകുന്നു.

86 **ولئن شئنا** തീർച്ചയായും നാം ഉദ്ദേശിച്ചെങ്കിൽ നാം. **لنذهبن** നാം പോകുകതന്നെ ചെയ്യും. **بالذي أوحينا** നാം വഹ്‌യു(സന്ദേശം) നൽകിയതുംകൊണ്ട്. **إليك** നിനക്ക്. **ثم** പിന്നെ. **لا تجد** നീ കണ്ടെത്തുകയില്ല. **لك** നിനക്ക്. **به** അതിന്, അതിനെപ്പറ്റി. **علينا** നമ്മുടെ മേൽ (എതിരെ). **وكيلاً** ഒരു ഭരമേൽപ്പിക്കപ്പെടുന്ന (ഏറ്റെടുക്കുന്ന)വനെ.87 **إلا رحمةً** പക്ഷെ കാരുണ്യമായിട്ട്, കാരുണ്യമായിട്ടല്ലാതെ. **من ربك** നിന്റെ റബ്ബിങ്കൽ നിന്നുള്ള. **إن فضله** നിശ്ചയമായും അവന്റെ ദയവ്, അനുഗ്രഹം, പുണ്യം. **كَانَ** ആകുന്നു. **عليك** നിന്റെമേൽ. **كبيرا** വലിയത്.

അല്ലാഹു ഉദ്ദേശിക്കുന്നപക്ഷം, ജനഹൃദയങ്ങളിലാകട്ടെ, 'മുസ്ഹഫ്' കളിലാകട്ടെ അവശേഷിക്കാത്ത വിധം ഖുർആനെ മായിച്ച് നീക്കം ചെയ്‌വാൻ അവനു കഴിയും. അങ്ങിനെ സംഭവിച്ചാൽ അതിനെതിരായ ഒരു നടപടിയും എടുക്കുവാൻ സാധിക്കുന്ന ആരും തന്നെ ഇല്ല. എങ്കിലും അല്ലാഹു അവന്റെ കാരുണ്യവും അനുഗ്രഹവും കൊണ്ട് അങ്ങിനെ ചെയ്യുന്നില്ല. നബി (ﷺ)ക്ക് അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ അതിമഹത്തരമായതാണ്. അക്കൂട്ടത്തിൽ ഖുർആനെ ലോകാവസാനം വരെ നിലനിറുത്തുവാനാണ് അവൻ ഉദ്ദേശിക്കുന്നത്.

قُل لَّئِنِ ٱجْتَمَعَتِ ٱلْإِنسُ وَٱلْجِنُّ عَلَىٰٓ أَن يَأْتُوا۟ بِمِثْلِ هَـٰذَا ٱلْقُرْءَانِ لَا يَأْتُونَ بِمِثْلِهِۦ وَلَوْ كَانَ بَعْضُهُمْ لِبَعْضٍ ظَهِيرًا ﴿٨٨﴾

88 (നബിയേ) പറയുക: ''തീർച്ചയായും, ഈ ഖുർആൻ പോലെയുള്ളത് കൊണ്ടുവരുവാൻ മനുഷ്യരും, ജിന്നുകളും ഒരുമിച്ചു ചേർന്നാലും, ഇതുപോലെയുള്ളത് അവർ കൊണ്ടുവരുന്നതല്ല; അവരിൽ ചിലർ ചിലർക്ക് പിൻതുണ നൽകുന്നവരായിരുന്നാലും ശരി.

88 **قُل** പറയുക. **لئن** തീർച്ചയായും എങ്കിൽ. **اجتمعت** ഒരുമിച്ചുകൂട(യെങ്കിൽ). **الإنس** മനുഷ്യർ. **والجن** ജിന്നുകളും. **على أن يأتوا** അവർ വരുവാൻ. **بمثل** പോലെയുള്ളതുകൊണ്ട്. **هذَا القرآن** ഈഖുർആൻ. **لا يأتونَ** അവർ വരികയില്ല. **بمثله** ഇത് (അത്) പോലെയുള്ളതുകൊണ്ട്. **ولو كَانَ** ആയിരുന്നാലും ശരി. **بعضهم** അവരിൽ ചിലർ. **لبعض** ചിലർക്ക്. **ظهيرا** പിൻതുണ (സഹായം) നൽകുന്നവർ.

ഖുർആന്റെ അമാനുഷികതയെ സ്ഥാപിക്കുന്ന സുവ്യക്തമായ ഒരു ദൃഷ്ടാന്തമാണ് ഈ വചനത്തിൽ കാണുന്ന പ്രവചനം. മനുഷ്യവർഗ്ഗവും, ജിന്നുവർഗ്ഗവുമാണല്ലോ അല്ലാഹുവിന്റെ നിയമശാസനങ്ങൾക്ക് വിധേയരായവർ. ഈ രണ്ട് വർഗ്ഗവും കൂടി ഒത്തൊരുമിച്ച് പരസ്പരം സഹായം നൽകിക്കൊണ്ടിരുന്നാലും ഈ ഖുർആനോട് കിടയൊത്ത ഒരു ഗ്രന്ഥം കൊണ്ടുവരുവാൻ സാധിക്കുകയില്ലെന്ന് അല്ലാഹു ഖണ്ഡിതമായ ഭാഷയിൽ ഉറപ്പിച്ച് പറയുന്നു. ഖുർആൻ നിലവിലുള്ള കാലത്തോളം ഈ വെല്ലുവിളി അതിൽ അവശേഷിക്കുകയും ചെയ്യും. ഖുർആന്റെ മുരത്ത ശത്രുക്കളായി ധാരാളാം ആളുകളും സമൂഹങ്ങളും ഉണ്ടായക്കൊണ്ടിരുന്നിട്ടും ഇക്കാലം വരെ ആർക്കും അതിന് സാധിച്ചിട്ടില്ല. മേലിലും സാധിക്കുകയില്ലെന്നും തീർച്ചതന്നെ.

ഈ ഖുർആൻ പോലയുള്ള ഒരു ഗ്രന്ഥം കൊണ്ടുവരുവാനാണ് ഈ വചനത്തിൽ ശത്രുക്കളെ വെല്ലുവിളിച്ചിരിക്കുന്നതെങ്കിലും, ഖുർആനിലെ ഏതെങ്കിലും പത്ത് സൂറത്തുപോലെയു

ളളത് കൊണ്ടുവന്നാലും മതിയെന്ന് 11:13ലും, ഒരു സൂറത്തുപോലെയുളളത് കൊണ്ടുവന്നാലും മതിയെന്ന് 10:38 ലും, 2:23 ലും അല്ലാഹു വെല്ലുവിളിക്കുകയുണ്ടായിട്ടുണ്ട്. എന്നിട്ടും ഇവയിൽ ഒന്നിനെ നേരിടുവാൻ പോലും ഇന്നോളം ആർക്കും കഴിഞ്ഞിട്ടില്ല. മേലിലും കഴിയുകയില്ലതാനും. (കൂടുതൽ വിവരണം അവിടങ്ങളിൽ കഴിഞ്ഞുപോയിട്ടുളളത് നോക്കുക.)

89 തീർച്ചയായും, ഈ ഖുർആനിൽ എല്ലാ (വക) ഉപമകളെയും നാം വിവിധ രൂപത്തിൽ വിവരിച്ചിട്ടുണ്ട്. എന്നാൽ, മനുഷ്യരിൽ അധികമാളും നന്ദികേട് കാണി(ച്ചു നിഷേധി) ക്കുന്നതിന്നല്ലാതെ വിസമ്മതിച്ചിരിക്കുകയാണ്.

وَلَقَدْ صَرَّفْنَا لِلنَّاسِ فِي هَٰذَا ٱلْقُرْءَانِ مِن كُلِّ
مَثَلٍ فَأَبَىٰٓ أَكْثَرُ ٱلنَّاسِ إِلَّا كُفُورًا ﴿٨٩﴾

90 അവർ പറയുകയും ചെയ്തു: ''ഭൂമിയിൽ നിന്നും നീ ഞങ്ങൾക്ക് ഒരു ഉറവിടം പൊട്ടി ഒഴുക്കിത്തരുന്നതുവരെ ഞങ്ങൾ നിന്നെ വിശ്വസിക്കുകയേ ഇല്ല;-

وَقَالُوا۟ لَن نُّؤْمِنَ لَكَ حَتَّىٰ تَفْجُرَ لَنَا مِنَ
ٱلْأَرْضِ يَنۢبُوعًا ﴿٩٠﴾

91 ''അല്ലെങ്കിൽ, നിനക്ക് ഈത്തപ്പനയും, മുന്തിരിയുമായി ഒരു തോട്ടമുണ്ടായിരിക്കുക; എന്നിട്ട് അതിൻെറ ഇടയിലൂടെ നീ അരുവികളെ ഒരു (ശക്തമായ) പൊട്ടി ഒഴുക്കൽ ഒഴുക്കുക;-

أَوْ تَكُونَ لَكَ جَنَّةٌ مِّن نَّخِيلٍ وَعِنَبٍ
فَتُفَجِّرَ ٱلْأَنْهَٰرَ خِلَٰلَهَا تَفْجِيرًا ﴿٩١﴾

92 ''അല്ലെങ്കിൽ, നീ ജൽപിച്ചതുപോലെ ഞങ്ങളുടെമേൽ നീ ആകാശത്തെ കഷ്ണങ്ങളായി വീഴ്ത്തുക; അല്ലെങ്കിൽ, അല്ലാഹുവിനെയും, മലക്കുകളെയും നീ അഭിമുഖമായി കൊണ്ടുവരുക;-

أَوْ تُسْقِطَ ٱلسَّمَآءَ كَمَا زَعَمْتَ عَلَيْنَا كِسَفًا أَوْ
تَأْتِيَ بِٱللَّهِ وَٱلْمَلَٰٓئِكَةِ قَبِيلًا ﴿٩٢﴾

93 ''അല്ലെങ്കിൽ, നിനക്ക് തങ്കംകൊണ്ടുളള ഒരു വീടുണ്ടായിരിക്കുക; അല്ലെങ്കിൽ, നീ ആകാശത്തിലൂടെ കയറിപ്പോകുക, (ഇവ ഏതെങ്കിലും ഒന്നുണ്ടാവാതെ ഞങ്ങൾ നിന്നെ വിശ്വസിക്കുകയേ ഇല്ല.) ഞങ്ങൾക്ക് വായിക്കാവുന്ന ഒരു ഗ്രന്ഥം ഞങ്ങളിൽ നീ ഇറക്കിത്തരുന്നതുവരെ നിൻെറ കയറിപ്പോക്ക് ഞങ്ങൾ വിശ്വസിക്കുകയുമില്ല തന്നെ,'' (നബിയേ) പറയുക: ''എൻെറ റബ്ബ് മഹാ പരിശുദ്ധൻ! (അവനെ ഞാൻ വാഴ്ത്തുന്നു.) ഞാൻ ഒരു റസൂലായ മനുഷ്യനല്ലാതെ (മറ്റു വല്ലവനും) ആകുന്നുവോ?!''

أَوْ يَكُونَ لَكَ بَيْتٌ مِّن زُخْرُفٍ أَوْ تَرْقَىٰ فِي
ٱلسَّمَآءِ وَلَن نُّؤْمِنَ لِرُقِيِّكَ حَتَّىٰ تُنَزِّلَ
عَلَيْنَا كِتَٰبًا نَّقْرَؤُهُۥ ۗ قُلْ سُبْحَانَ رَبِّي هَلْ
كُنتُ إِلَّا بَشَرًا رَّسُولًا ﴿٩٣﴾

---

89 **ولقد صرفنا** തീർച്ചയായും നാം വിവിധ രൂപത്തിൽ വിവരിച്ചിട്ടുണ്ട്. **للناس** മനുഷ്യർക്ക്. **في هذاالقرآن** ഈ ഖുർആനിൽ. **من كل مثل** എല്ലാ ഉപമകളെയും, എല്ലാ ഉപമയിൽനിന്നും. **فأبى** എന്നാൽ വിസമ്മതിച്ചു. **أكثر الناس** മനുഷ്യരിൽ അധികവും. **إلا كفورا** നന്ദികേടിന്നല്ലാതെ. 90 **وقالوا** അവർ പറയുകയും ചെയ്തു. **لن نؤمن** ഞങ്ങൾ വിശ്വസിക്കുകയേ ഇല്ല. **لك** നിന്നെ. **حتى تفجر** നീ പൊട്ടി ഒഴുക്കുന്നതുവരെ. **لنا** ഞങ്ങൾക്ക്. **من الأرض** ഭൂമിയിൽനിന്ന്. **ينبوعا** ഒരു ഉറവിടത്തെ. 91 **أو تكونَ** അല്ലെങ്കിൽ ഉണ്ടാവുക, ഉണ്ടാകുന്നതു(വരെ). **لك** നിനക്ക്. **جنةٌ** ഒരു തോട്ടം. **من نخيلٍ**

ഈത്തപ്പനയാൽ. وعنب മുന്തിരിയാലും. فتفجر എന്നിട്ട് നീ പൊട്ടിയൊഴുക്കുക, ഒഴുക്കുന്നതു(വരെ). الأنهار അരുവി (നദി-തോട്)കളെ. خلالها അതിൻെറ(അവയുടെ) ഇടയിൽ. تفجيرا ഒരു (ശക്തമായ) പൊട്ടി ഒഴുക്കൽ. 92 أو تسقط അല്ലെങ്കിൽ നീ വീഴ്ത്തുക, വീഴ്ത്തുന്നത് (വരെ). السماء ആകാശത്തെ. كما زعمت നാം ജൽപിച്ച(വാദിച്ച)പോലെ. علينا ഞങ്ങളുടെ മേൽ. كسفا കഷ്ണങ്ങളായി. أو تأتي അല്ലെങ്കിൽ നീ വരുക, വരുന്നത്(വരെ). بالله അല്ലാഹുവിനെക്കൊണ്ട്. والملائكة മലക്കുകളെയും. قبيلا അഭിമുഖമായി. 93 أو يكون അല്ലെങ്കിൽ ഉായിരിക്കുക, ഉാകുന്നത്(വരെ). لك നിനക്ക്. بيت ഒരു വീട്. من زخرف തങ്കം (സ്വർണ്ണം) കൊ്, തങ്കത്താൽ. أو ترقى അല്ലെങ്കിൽ നീ കയറുക, കയറിപ്പോകുന്നത് (വരെ). في السماء ആകാശത്തിൽ. ولن نؤمن ഞങ്ങൾ വിശ്വസിക്കുകയുമില്ലതന്നെ. لرقيك നിൻെറ കയറിപ്പോക്കിനെ. حتى تنزل നീ ഇറക്കുവോളം (ഇറക്കാതെ). علينا ഞങ്ങളുടെമേൽ, ഞങ്ങളിൽ. كتابا ഒരു ഗ്രന്ഥം. نقرأه ഞങ്ങളതിനെ വായിക്കുമാറ് (ഞങ്ങൾക്ക് വായിക്കാവുന്ന). قل പറയുക. سبحان മഹാ പരിശുദ്ധൻ (ഞാൻ വാഴ്ത്തുന്നു). ربي എൻെറ റബ്ബ് (റബ്ബിനെ). هل كنت ഞാനാകുന്നുവോ. إلا بشرا ഒരു മനുഷ്യനല്ലാതെ. رسولا റസൂലായ, (ദൈവ)ദൂതനായ.

സത്യം വേണ്ടതുപോലെ ഗ്രഹിക്കുവാനാവശ്യമായ എല്ലാതരം വിശദീകരണങ്ങളും തെളിവുകളും ഈ ഖുർആൻ മുഖേന അല്ലാഹു നൽകിക്കഴിഞ്ഞിട്ടുണ്ട്. എന്നിട്ടും നന്ദിപൂർവ്വം അത് സ്വീകരിക്കുന്നതിന് പകരം, നന്ദികേടും നിഷേധവുമാണ് മിക്ക മനുഷ്യരും കൈക്കൊണ്ടിരിക്കുന്നതെന്നും, അതുകൊണ്ടും മതിയാക്കാതെ ധിക്കാരപരമായ കുറെ മുട്ടുചോദ്യങ്ങളും വെല്ലുവിളികളും നടത്തുകയാണ് അവർ ചെയ്യുന്നതെന്നും പ്രസ്താവിച്ചുകൊണ്ട് ഖുറൈശീപ്രമാണികൾ നബി (ﷺ) യുടെ മുമ്പിൽ സമർപ്പിച്ച ചില ആവശ്യങ്ങൾ അല്ലാഹു വിവരിക്കുന്നു. നീ അല്ലാഹുവിൻെറ ദൂതനാണെന്നും, നീ പ്രബോധനം ചെയ്യുന്ന ഈ ഖുർആൻ അവൻ അവതരിച്ചാതാണെന്നുമാണല്ലോ നിൻെറ വാദം. അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം അവന് കഴിയാത്ത കാര്യമൊന്നുമില്ല. ആ സ്ഥിതിക്ക് ഞങ്ങൾ ആവശ്യപ്പെടുന്ന ഈ കാര്യങ്ങളിൽ ഒന്നെങ്കിലും സംഭവിച്ച് കാണാതെ നിൻെറ വാക്ക് ഞങ്ങൾ വിശ്വസിക്കുന്ന പ്രശ്നമേ ഇല്ല എന്നത്രെ അവർ പറയുന്നത്. അവർ ഉന്നയിച്ച സംഗതികൾ ഇവയാണ്:-

(1) വെള്ളമില്ലാതെ വരണ്ട് കിടക്കുന്ന ഈ നാട്ടിൽ, ഭൂമിയിൽ നിന്നൊരു ഉറവിടം പൊട്ടി ഒഴുക്കി വെള്ളത്തിൻെറ ക്ഷാമം വേണ്ടതുപോലെ തീർത്ത് തരിക. (2) അല്ലെങ്കിൽ, ഈ തരിശായിക്കിടക്കുന്ന നാട്ടിൻ ഈത്തപ്പനയും മുന്തിരിയും മുറ്റി നിൽക്കുന്ന ഫലസമൃദ്ധമായ ഒരു തോട്ടമുണ്ടാക്കി അതിനിടയിലൂടെ അരുവികളും തോടുകളും ഒഴുകുമാറാക്കുക. (3) അല്ലെങ്കിൽ, ഒരിക്കൽ ഈ ലോകം നശിക്കുമെന്നും, അപ്പോൾ ആകാശം പൊട്ടിപ്പിളരുമെന്നുമൊക്കെ നീ പറയാറുണ്ടല്ലോ. അതുപോലെ, ഇപ്പോൾ തന്നെ ഞങ്ങളുടെ മീതെ ആകാശം തുണ്ടുതുണ്ടായി വീഴ്ത്തിക്കാണിക്കുക. (4) അതുമല്ലെങ്കിൽ, നീ സത്യവാനാണെന്ന് സാക്ഷ്യപ്പെടുത്തുമാറ് അല്ലാഹുവിനെയും മലക്കുകളെയും കൂട്ടത്തോടെ ഇങ്ങ് കൊണ്ടുവരുക. (5) അല്ലെങ്കിൽ, തങ്കത്താൽ നിർമ്മിതമായ ഒരു വീട് നിനക്കുണ്ടായിക്കാണുക. (6) ഇതുമല്ലെങ്കിൽ, നീ ആകാശത്തിലൂടെ ഒന്ന് കയറിപ്പോകുന്നത് കാണുക. പക്ഷേ, വല്ല മായവിദ്യയും കാട്ടി ഞങ്ങളെ കബളിപ്പിച്ചാൽ പോരാ. നീ യഥാർത്ഥത്തിൽ കയറിപ്പോയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ വേണ്ടി, ഞങ്ങൾക്ക് നേരിൽ തന്നെ വായിച്ച് ഗ്രഹിക്കുവാൻ ഉതകുന്ന വിധം ഒരു ഗ്രന്ഥം നീ അവിടെനിന്ന് കൊണ്ടുവരുകകൂടി വേണം. എന്നാലേ അത് ഞങ്ങൾ വിശ്വസിക്കൂ. ഇത്രയും കാര്യങ്ങളിൽ ഒന്നെങ്കിലും ചെയ്ത് കാണിക്കാതെ ഞങ്ങൾ ഒരിക്കലും നിന്നെ വിശ്വസിക്കുകയില്ലെന്ന് ആ ധിക്കാരികൾ ശഠിച്ച് പറഞ്ഞു. മലക്കുകളെ ഇറക്കിയാലും, മരണപ്പെട്ടവർ എഴുന്നേറ്റ് വന്ന് സംസാരിച്ചാലും, എന്നു വേണ്ടാ, എല്ലാ വസ്തുക്കളെയും ഒന്നായി ഒരുമിച്ചുകൂട്ടി കാണിച്ചാലും വിശ്വസിക്കുവാൻ തയ്യാറില്ലാത്തവരാണവർ എന്നും 6:111 ൽ അല്ലാഹു പ്രസ്താവിച്ച ആ ദുർബുദ്ധികൾ ഇത്തരം ആവശ്യങ്ങൾ ഉന്നയിച്ചതിലുണ്ടോ വല്ല ആശ്ചര്യവും?!

സദുദ്ദേശത്തിൻെറയോ സത്യാന്വേഷണത്തിൻെറയോ കണികപോലുമില്ലാതെ, ധിക്കാരത്തിൽ നിന്നും അഹങ്കാരത്തിൽ നിന്നും മാത്രം ഉടലെടുത്ത ഈ വെല്ലുവിളിക്ക് നബി (ﷺ) യോട് നൽകുവാൻ കൽപിച്ച മറുപടിയൊന്ന് നോക്കുക! هل كنت الا بشرا رسولا (ഞാൻ റസൂലായ ഒരു മനുഷ്യനല്ലാതെ മറ്റുവല്ലവനുമാണോ?) ഹാ! എന്തൊരു നയത്തിലും മയത്തിലുമുള്ള മറുപടി?! അതോടൊപ്പം വളരെ അർത്ഥഗർഭവും, വിശേഷബുദ്ധിയുള്ള ആരെയും ഇരുത്തി ചിന്തിപ്പിക്കുവാൻ പോന്നതും! നിങ്ങളുടെ സ്ഥിതി വളരെ അൽഭുതകരം തന്നെ. ഞാനൊരു റസൂലാണെന്നുള്ളതുകൊണ്ട് ഞാനൊരു മനുഷ്യനല്ലാതാകുമോ? ഒരു മനുഷ്യന് ഇതൊക്കെ ചെയ്യുവാൻ എങ്ങനെ കഴിയും? എന്ന് സാരം. അമാനുഷിക സംഭവങ്ങൾ കാണിക്കുവാനുള്ള കഴിവ് അല്ലാഹുവിന് മാത്രമേ ഉളളൂ. അവൻ ഉദ്ദേശിക്കുമ്പോൾ അത് സംഭവിക്കുമെന്ന് മാത്രം. നബിയായതുകൊണ്ടോ, റസൂലായതുകൊണ്ടോ മറ്റോ ആർക്കും അതിന് സാധ്യമല്ല. എന്നത്രെ ഇതിലടങ്ങിയ തത്വം. മുശ്‌രിക്കുകൾ തങ്ങളുടെ നിഷേധത്തിന് എടുത്തുപറയാറുള്ള വേറെ ഒരു കാരണവും അതിനുള്ള മറുപടിയുമാണ് അടുത്ത വചനത്തിൽ കാണുന്നത്.

വിഭാഗം-11

94 മനുഷ്യർക്ക് സൻമാർഗ്ഗം വന്നപ്പോൾ, അവർ (അതിൽ) വിശ്വസിക്കുന്നതിന് അവരെ മുടക്കം ചെയ്തിട്ടില്ല. "അല്ലാഹു മനുഷ്യനെ ഒരു റസൂലായി നിയോഗി (ച്ചയ) ച്ചിരിക്കുകയോ?" എന്ന് അവർ പറഞ്ഞ [വാദിച്ച] തല്ലാതെ!

وَمَا مَنَعَ ٱلنَّاسَ أَن يُؤْمِنُوٓاْ إِذْ جَآءَهُمُ ٱلْهُدَىٰٓ إِلَّآ أَن قَالُوٓاْ أَبَعَثَ ٱللَّهُ بَشَرًا رَّسُولًا ﴿٩٤﴾

95 (നബിയേ) പറയുക: "ഭൂമിയിൽ (സമാധാനപൂർവ്വം) അടങ്ങിയവരായി നടന്നുകൊണ്ടിരിക്കുന്ന വല്ല മലക്കുകളും ഉണ്ടായിരുന്നുവെങ്കിൽ, അവരിൽ ആകാശത്തു നിന്ന് നാം മലക്കിനെ ഒരു റസൂലായി ഇറക്കുമായിരുന്നു."

قُل لَّوْ كَانَ فِى ٱلْأَرْضِ مَلَٰٓئِكَةٌ يَمْشُونَ مُطْمَئِنِّينَ لَنَزَّلْنَا عَلَيْهِم مِّنَ ٱلسَّمَآءِ مَلَكًا رَّسُولًا ﴿٩٥﴾

---

94 وما منع മുടക്കിയിട്ടില്ല, തടസ്സപ്പെടുത്തിയിട്ടില്ല. الناس മനുഷ്യരെ. أن يؤمنوا അവർ വിശ്വസിക്കുന്നതിന്, വിശ്വസിക്കലിനെ. إذ جاءهم അവർക്ക് വന്നപ്പോൾ. الهدى സന്മാർഗ്ഗം, മാർഗ്ഗദർശനം. إلا أن قالوا അവർ പറഞ്ഞതല്ലാതെ, പറയലല്ലാതെ. أبعث അയച്ചു(നിയോഗിച്ചു-എഴുന്നേൽപിച്ചു)വോ. الله അല്ലാഹു. بشرا ഒരു മനുഷ്യനെ, മനുഷ്യനായി. رسولا റസൂലായി, റസൂലിനെ. 95 قل പറയുക. لو كان ഉണ്ടായിരുന്നാൽ. في الأرض ഭൂമിയിൽ. ملائكة മലക്കുകൾ, വല്ലമലക്കുകളും. يمشون നടക്കുന്ന. مطمئنين അടങ്ങിക്കൊണ്ട്, സമാധാനമടഞ്ഞവരായി. لنزلنا നാം ഇറക്കുകതന്നെ ചെയ്തിരുന്നു. عليهم അവരിൽ, അവരുടെമേൽ,. من السماء ആകാശത്തു നിന്ന്. ملكا മലക്കായിട്ട് മലക്കിനെ. رسولا ഒരു റസൂലിനെ, റസൂലായി.

അല്ലാഹു അയക്കുന്ന റസൂലുകൾ മലക്കുകളായിരിക്കേണ്ടതല്ലേ? എന്തുകൊണ്ട് മനുഷ്യനെ റസൂലായി അയക്കുന്നു? ഞങ്ങളെപ്പോലെയുള്ള ഒരു മനുഷ്യനെ ഞങ്ങൾ എങ്ങിനെ പിൻപറ്റും? എന്നൊക്കെ പൂർവ്വകാലം മുതൽക്കേ അവിശ്വാസികൾ വാദിച്ചു വന്നിരുന്നു. അതുപോലെ മക്കാ മുശ്‌രിക്കുകളും പറഞ്ഞുവന്നു. റസൂൽ (ﷺ) തിരുമേനിയിൽ വിശ്വസിക്കാത്തതിന് അതവർ ഒരു ന്യായമായി എടുത്തുകാണിക്കുകയും ചെയ്തു. ഒന്നാമത്തെ ആയത്തിൽ പ്രസ്തുതവാദവും, രണ്ടാമത്തെ ആയത്തിൽ അതിനുള്ള മറുപടിയുമാണ് കാണുന്നത്. മറുപടി

യുടെ സാരം ഇതാണ്: ഭൂമിയിൽ സമാധാനപൂർവ്വം അടങ്ങിഒതുങ്ങിക്കഴിയുകയും മനുഷ്യരെപ്പോലെ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്ന കുറെ മലക്കുകൾ ഉണ്ടായിരുന്നുവെങ്കിൽ, ആകാശത്തുനിന്ന് ഒരു മലക്കിനെ അവർക്ക് റസൂലായി അയക്കുമായിരുന്നു. പക്ഷേ, ഭൂമിയിൽ അങ്ങിനെയുള്ള മലക്കുകൾ ഇല്ലല്ലോ. ഒരു കൂട്ടരിലേക്ക് റസൂലായി നിയോഗിക്കപ്പെടുന്ന ആൾ അവരുമായി ഇടപഴകുവാൻ പറ്റിയവരായിരിക്കേണ്ടതുണ്ട്. എന്നിരിക്കെ, ആത്മീയജീവികളും മനുഷ്യപ്രകൃതിയിൽ നിന്ന് വ്യത്യസ്തരുമായ മലക്കുകളെ മനുഷ്യരിലേക്ക് റസൂലായി അയച്ചിട്ട് എന്തുകാര്യം? അയച്ചാൽ തന്നെയും–സൂ:അൻആം: 9ൽ അല്ലാഹു ചൂണ്ടിക്കാട്ടിയതുപോലെ–ആ മലക്കിനെ അദ്ദേഹത്തിൻെറ രൂപത്തിലും സ്വഭാവത്തിലുമൊക്കെ മനുഷ്യനാക്കേണ്ടതായും വരും. അപ്പോഴും ഈ ആക്ഷേപവും സംശയം നിലനിൽക്കുമല്ലോ.

ഭൂമിയിൽ മലക്കുകൾ ഉണ്ടായിരുന്നുവെങ്കിൽ എന്ന് പറഞ്ഞുമതിയാക്കാതെ നടന്നുകൊണ്ടിരിക്കുന്നവർ (يمشون) എന്നും, സമാധാനപ്പെട്ട് അടങ്ങിക്കൊണ്ടിരിക്കുന്നവർ (مطمئنين) എന്നും രണ്ട് ഉപാധികൾകൂടി മലക്കുകളെപ്പറ്റി അല്ലാഹു പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാകുന്നു. ഭൂമിയിൽ ഓരോ ആവശ്യാർത്ഥം മലക്കുകൾ വന്നുപോയുംകൊണ്ടിരിക്കുന്നുവെന്നും ഭൂമിയിലെ ചില കാര്യങ്ങളിൽ മലക്കുകളും ബന്ധപ്പെടാറുണ്ടെന്നും ഖുർആൻ കൊണ്ടും, ഹദീസുകൾകൊണ്ടും സ്ഥാപിതമായതാണ്. എന്നാലും അക്കാരണംകൊണ്ട് മലക്കിനെ റസൂലായി അയക്കുന്നതിന് അർത്ഥമില്ല. അവരും മനുഷ്യരെപ്പോലെ ഇവിടെ താമസിച്ച് കഴിഞ്ഞുകൂടുന്നുണ്ടെങ്കിലേ അതിന് അർത്ഥമുള്ളു. എന്നിങ്ങനെയുള്ള സൂചന അതിൽ കാണാം. മുശ്രിക്കുകൾക്ക് നൽകിയ ഈ മറുപടിയുടെ അർത്ഥവ്യാഖ്യാനങ്ങളെ വളച്ചുതിരിച്ചുകൊണ്ട് 'ജിന്ന്' എന്നൊരു പ്രത്യേക വർഗ്ഗമില്ലെന്നും, മനുഷ്യരിൽ തന്നെയുള്ള ചില വിഭാഗക്കാരാണ് ജിന്നുകളെന്നും വാദിക്കുന്ന ചില പുത്തൻ ആശയക്കാർ 95–-ാം വചനം തങ്ങൾക്കൊരു തെളിവാക്കുവാൻ ഒരു പാഴ്ശ്രമം നടത്തിയിട്ടുണ്ട്. ഇതിനെപ്പറ്റി സൂറത്തുൽ ഹിജ്റിനുശേഷം കൊടുത്തിട്ടുള്ള വ്യാഖ്യാനക്കുറിപ്പിൽ മുമ്പ് വിശദമായി സംസാരിച്ചിട്ടുള്ളതുകൊണ്ട് ഇവിടെ പ്രത്യേകമൊന്നും പ്രസ്താവിക്കുന്നില്ല.

قُلْ كَفَىٰ بِٱللَّهِ شَهِيدًۢا بَيْنِى وَبَيْنَكُمْ ۚ إِنَّهُۥ كَانَ بِعِبَادِهِۦ خَبِيرًۢا بَصِيرًا ﴿٩٦﴾

96 (നബിയേ) പറയുക: "എൻെറയും നിങ്ങളുടെയും ഇടയിൽ സാക്ഷിയായി അല്ലാഹു തന്നെ മതി. നിശ്ചയമായും, അവൻ അവൻെറ അടിയാൻമാരെപ്പറ്റി സൂക്ഷ്മമായറിയുന്നവനും, കണ്ടറിയുന്നവനുമാകുന്നു.

وَمَن يَهْدِ ٱللَّهُ فَهُوَ ٱلْمُهْتَدِ ۖ وَمَن يُضْلِلْ فَلَن تَجِدَ لَهُمْ أَوْلِيَآءَ مِن دُونِهِۦ ۖ وَنَحْشُرُهُمْ يَوْمَ ٱلْقِيَٰمَةِ عَلَىٰ وُجُوهِهِمْ عُمْيًا وَبُكْمًا وَصُمًّا ۖ مَّأْوَىٰهُمْ جَهَنَّمُ ۖ كُلَّمَا خَبَتْ زِدْنَٰهُمْ سَعِيرًا ﴿٩٧﴾

97 ഏതൊരുവനെ അല്ലാഹു സൻമാർഗ്ഗത്തിലാക്കുന്നുവോ അവനത്രെ സൻമാർഗ്ഗം പ്രാപിക്കുന്നവൻ. അവൻ ഏതൊരുവനെ വഴിപിഴവിലാക്കുന്നുവോ, അവർക്ക് അവനെക്കൂടാതെ യാതൊരു മിത്രങ്ങളെ (അഥവാ രക്ഷാകർത്താക്കളെ) യും നീ കണ്ടെത്തുന്നതേ അല്ല. (മാത്രമല്ല) ഖിയാമത്തുനാളിൽ അവരെ അവരുടെ മുഖങ്ങളിലായി[മുഖം കുത്തി]ക്കൊണ്ടു നാം ഒരുമിച്ചു കൂട്ടുകയും ചെയ്യും; അന്ധൻമാരും, ഊമകളും, ബധിരന്മാരുമായിക്കൊണ്ട്. അവരുടെ സങ്കേതസ്ഥാനം 'ജഹന്നം' [നരകം] ആകുന്നു. അത് (ജ്വാല) അടങ്ങുമ്പോഴെല്ലാം അവർക്കു നാം ആളിക്കത്തൽ വർദ്ധിപ്പിക്കുന്നതാണ്.

96 **قُلْ** പറയുക. **كَفَى** മതി. **بِاللَّهِ** അല്ലാഹു(തന്നെ). **شهيدا** സാക്ഷിയായി. **بيني** എൻെറ ഇടയിൽ.
وبينكم നിങ്ങളുടെ ഇടയിലും. **إنه كَانَ** നിശ്ചയമായും അവനാകുന്നു. **بعباده** അവൻെറ അടി
യാൻമാരെപ്പറ്റി. **خبيرا** സൂക്ഷ്മമായി അറിയുന്നവൻ. **بصيرا** കണ്ടറിയുന്നവൻ. 97 **ومن** ആർ,
ഏതൊരുവൻ. **يهد الله** അല്ലാഹു നേർമ്മാർഗ്ഗത്തിലാക്കുന്നുവോ. **فَهو** എന്നാലവനത്രെ. **المهتد**
നേർമ്മാർഗ്ഗം പ്രാപിച്ചവൻ. **ومن** ഏതൊരുവൻ (ആർ). **يضْلل** അവൻ വഴിപിഴവിലാക്കുന്നുവോ.
فَلَن تجِد എന്നാൽ നീ കണ്ടെത്തുകയില്ലതന്നെ (നിനക്ക് ലഭിക്കയേ ഇല്ല). **لهم** അവർക്ക്. **أولياء**
ബന്ധുക്കളെ, ഒരു രക്ഷാകർത്താക്കളെയും. **من دونه** അവന് പുറമെ, അവനെ കൂടാതെ. **ونحشرهم**
അവരെ നാം ഒരുമിച്ചു കൂട്ടുകയും ചെയ്യും. **يوم القيامة** ഖിയാമത്തുനാളിൽ. **على وجوههم** അവ
രുടെ മുഖങ്ങളിലായി. **عميا** അന്ധൻമാരായി. **وبكْما** ഊമകളായും. **وصما** ബധിരൻമാരായും.
مأواهم അവരുട പ്രാപ്യ(സങ്കേത)സ്ഥാനം. **جهنم** ജഹന്നമകുന്നു. **كُلما خبت** അടങ്ങി (ഒതുങ്ങി)
പ്പോകമ്പോഴെല്ലാം. **زدناهم** അവർക്ക് നാം വർദ്ധിപ്പിക്കും. **سعيرا** ജ്വാല, ആളിക്കത്തൽ.

അല്ലാഹു നേർമ്മാർഗ്ഗത്തിലാക്കുക എന്നും, അല്ലാഹു വഴിപിഴവിലാക്കുക എന്നും പറഞ്ഞതിൻെറ പൊരുൾ ഒന്നിലധികം പ്രാവശ്യം മുമ്പ് വിവരിച്ച് കഴിഞ്ഞതാകുന്നു. വേണ്ടപ്പെട്ട കാര്യങ്ങൾ കണ്ടും, കേട്ടും, മനസ്സിലാക്കുകയോ, പറയുകയോ, പ്രവർത്തിക്കുകയോ ചെയ്യാതെ, സത്യത്തിനും സൻമാർഗ്ഗത്തിനും കടകവിരുദ്ധമായിട്ടാണല്ലോ സത്യനിഷേധികൾ ഈ ലോകത്ത് കഴിച്ചുകൂട്ടിയിരുന്നത്. അതുകൊണ്ട് അതിന് തികച്ചും യോജിച്ച ശിക്ഷകൾ തന്നെ പരലോകത്തുവെച്ച് അവർ അനുഭവിക്കേണ്ടിവരുമെന്ന് അല്ലാഹു താക്കീത് ചെയ്യുന്നു.

ഖിയാമത്തുനാളിൽ ഖബ്റുകളിൽ നിന്ന് മഹശ്റിലേക്ക് സൃഷ്ടികൾ ഒരുമിച്ചുകൂട്ടപ്പെടുമ്പോൾ ആ കുറ്റവാളികളെ മുഖം കുത്തിക്കൊണ്ടായിരിക്കും ഒരുമിച്ചുകൂട്ടുക എന്നാണ് ഇവിടെ അല്ലാഹു പറഞ്ഞത്. നരകത്തിൽ വെച്ചും മുഖം കുത്തിക്കൊണ്ടുതന്നെ അവർ വലിച്ചിഴക്കപ്പെടും (**يسحبون في النار على وجوههم**) എന്ന് സൂറത്തുൽ ഖമർ: 48 ലും അല്ലാഹു പറഞ്ഞിരിക്കുന്നു. ‘‘മനുഷ്യർ എങ്ങിനെയാണ് അവരുടെ മുഖങ്ങളിൽ (മുഖം കുത്തിക്കൊണ്ട്) ഒരുമിച്ച് കൂട്ടപ്പെടുക?’’ എന്ന് ചോദിക്കപ്പെട്ടപ്പോൾ നബി (ﷺ) ഇപ്രകാരം ഉത്തരം പറഞ്ഞതായി അനസ് (رضي الله عنه)ഉദ്ധരിച്ചിരിക്കുന്നു: ‘‘അവരെ അവരുടെ കാലുകളിൽ നടത്തിയവൻ, അവരെ അവരുടെ മുഖങ്ങളിൽ നടത്തുവാനും നിശ്ചയമായും കഴിവുള്ളവനാകുന്നു.’’ (അ; ബു; മു.) അബൂഹുറൈറഃ (رضي الله عنه)വഴി ഉദ്ധരിക്കപ്പെട്ട ഒരു നബിവചനം ഇങ്ങനെയാകുന്നു: ‘‘ഖിയാമത്തുനാളിൽ മനുഷ്യർ മൂന്ന് തരക്കാരായി ഒരുമിച്ചുകൂട്ടപ്പെടും. ഒരു തരക്കാർ കാൽനടക്കാർ, ഒരുതരക്കാർ വാഹനക്കാർ, ഒരുതരക്കാർ തങ്ങളുടെ മുഖങ്ങളിലായി’’ (ദ; തി; ബ; ഇബ്നുജരീർ.) ഇത്രയും കടുത്ത ശിക്ഷകൾക്ക് അവർ പാത്രമാകുവാൻ കാരണം അല്ലാഹു ചൂണ്ടിക്കാട്ടുന്നു:-

98 അത് അവരുടെ പ്രതിഫലമത്രെ; നമ്മുടെ ‘ആയത്തു’ [ലക്ഷ്യ]ംകളിൽ അവർ അവിശ്വസിക്കുകയും, അവർ (ഇങ്ങിനെ) പറയുകയും, ചെയ്തതു നിമിത്തം: ‘‘നാം എല്ലുകളും തുരുമ്പുമായിരുന്നാലുമോ? നിശ്ചയമായും, നാം ഒരു പുതിയ സൃഷ്ടിയായി എഴുന്നേൽപിക്കപ്പെടുന്നവരാണോ!?’’ എന്ന്.

ذَٰلِكَ جَزَآؤُهُم بِأَنَّهُمۡ كَفَرُواْ بِـَٔايَٰتِنَا وَقَالُوٓاْ أَءِذَا كُنَّا عِظَٰمٗا وَرُفَٰتًا أَءِنَّا لَمَبۡعُوثُونَ خَلۡقٗا جَدِيدًا ﴿٩٨﴾

99 അവർക്ക് കണ്ടുകൂടേ?-ആകാശങ്ങളെയും, ഭൂമിയെയും സൃഷ്ടിച്ചവൻ, അവരെപ്പോലെയുള്ളവരെ സൃഷ്ടിക്കുവാൻ

۞ أَوَلَمۡ يَرَوۡاْ أَنَّ ٱللَّهَ ٱلَّذِي خَلَقَ ٱلسَّمَٰوَٰتِ

وَٱلْأَرْضَ قَادِرٌ عَلَىٰٓ أَن يَخْلُقَ مِثْلَهُمْ وَجَعَلَ لَهُمْ أَجَلًا لَّا رَيْبَ فِيهِ فَأَبَى ٱلظَّٰلِمُونَ إِلَّا كُفُورًا ﴿٩٩﴾

കഴിവുള്ളവനാണെന്ന്!- അവർക്ക് അവൻ ഒരു അവധി ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു-അതിൽ സന്ദേഹമേ ഇല്ല. എന്നാൽ, (ഈ) അക്രമികൾ നന്ദികേട് കാണി(ച്ച് നിഷേധി)ക്കുന്നതിനല്ലാതെ വിസമ്മതിച്ചിരിക്കുകയാണ്.

---

98 **ذَلك** അത്. **جزاؤهم** അവരുടെ പ്രതിഫലമാണ്. **بأنهم** അവർ(ആകുന്നു) എന്നുള്ളത് നിമിത്തം. **كفَروا** അവർ അവിശ്വസിച്ചിരിക്കുന്നു(എന്നുള്ളത്). **بآياتنا** നമ്മുടെ ആയത്ത് (ദൃഷ്ടാന്തം-ലക്ഷ്യം-സൂക്തം)കളിൽ. **وقَالُوا** അവർ പറയുകയും ചെയ്തു(വെന്നതും). **إذَا كُنا** നാം ആയാലോ, ആയിട്ടാണോ. **عظاما** എല്ലുകൾ. **ورفَاتا** തുരുമ്പും, നുരുമ്പും. **إنا** നിശ്ചയമായും നാമോ. **لَمبعوثُون** എഴുന്നേല്പിക്കപ്പെടുന്നവർ(ആകുന്നത്). **خلقًا** ഒരു സൃഷ്ടിയായി. **جديدا** പുതിയ. 99 **أو لم يروا** അവർ കണ്ടില്ലേ, അവർക്ക് കണ്ടുകൂടേ. **أن الله** അല്ലാഹു (ആകുന്നു)വെന്ന്. **الذي خلق** സൃഷ്ടിച്ചവനായ. **السماوات** ആകാശങ്ങളെ. **والأرض** ഭൂമിയെയും. **قادر** കഴിവുള്ളവനാണ് (എന്ന്). **على أن يخلق** സൃഷ്ടിക്കുവാൻ. **مثلَهم** അവരെപ്പോലെ(യുള്ളവരെ). **وجعلَ** അവൻ ആക്കുകയും ചെയ്തിരിക്കുന്നു. **لهم** അവർക്ക്. **أجلاً** ഒരവധി. **لا ريب** സന്ദേഹമേ,ഇല്ല (സംശയമില്ലാത്ത). **فيه** അതിൽ. **فأبى** എന്നാൽ വിസമ്മതിച്ചു. **الظالمونَ** അക്രമികൾ. **إلا كُفُورا** നന്ദികേടിനല്ലാതെ.

സൂ: മുഅ്മിനിൽ അല്ലാഹു പറയുന്നു: ''ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിക്കൽ മനുഷ്യരെ സൃഷ്ടിക്കൽ മനുഷ്യരെ സൃഷ്ടിക്കുന്നതിനെക്കാൾ വലിയ കാര്യം തന്നെ.'' (40 :57) സൂ: അഹ്ഖാഫിൽ പറയുന്നു: ''അവർക്ക് കണ്ടുകൂടേ, ആകാശങ്ങളെയും ഭൂമിയെയും സൃഷടിക്കുകയും, അവയെ സൃഷ്ടിച്ചതുകൊണ്ട് ക്ഷീണിക്കാതിരിക്കുകയും ചെയ്തവനായ അല്ലാഹു, മരണപ്പെട്ടവരെ ജീവിപ്പിക്കുവാൻ കഴിയുന്നവൻ തന്നെയാണെന്ന്?!'' (46:33) അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം, ചെറുതും വലുതമെന്നോ, ഒന്നാമത്തെ സൃഷ്ടിപ്പും രണ്ടാമത്തെ സൃഷ്ടിപ്പുമെന്നോ വ്യത്യാസമില്ല. എല്ലാം അവന് ഒരുപോലെത്തന്നെ. എങ്കിലും ഇവരെ സംബന്ധിച്ചിടത്തോളം, ആകാശഭൂമികളെ സൃഷ്ടിച്ചുണ്ടാക്കിയവന് രണ്ടാമത് ആവർത്തിച്ചുണ്ടാക്കുവാനും കൂടുതൽ എളുപ്പമായിരിക്കുമെന്ന് മനസ്സിലാക്കാമല്ലോ. പക്ഷേ, അതിന് ഒരു അവധി അവൻ വെച്ചിട്ടുണ്ട്. ആ അവധിയെക്കുറിച്ച് യാതൊരു സന്ദേഹത്തിനും അവകാശമില്ല . അത് വരുമ്പോഴേ രണ്ടാമത്തെ സൃഷ്ടിക്കൽ ഉണ്ടാകൂ എന്നുമാത്രം.

قُل لَّوْ أَنتُمْ تَمْلِكُونَ خَزَآئِنَ رَحْمَةِ رَبِّىٓ إِذًا لَّأَمْسَكْتُمْ خَشْيَةَ ٱلْإِنفَاقِ ۚ وَكَانَ ٱلْإِنسَٰنُ قَتُورًا ﴿١٠٠﴾

100 (നബിയേ) പറയുക: ''നിങ്ങൾ എന്റെ റബ്ബിന്റെ കാരുണ്യത്തിന്റെ ഖജനാക്കളെ അധീനമാക്കിയിരുന്നാൽ പോലും എന്നാൽ-ചിലവഴിക്കുന്നതിനു ഭയപ്പെട്ട് നിങ്ങൾ പിടിച്ചുവെക്കുക തന്നെ ചെയ്യുമായിരുന്നു''. മനുഷ്യൻ വളരെ പിശുക്കനാകുന്നു.

---

100 **قُل** പറയുക. **لو أنتم** നിങ്ങൾ ആയിരുന്നെങ്കിൽ. **تملكُونَ** നിങ്ങൾ ഉടമയാക്കിയിരുന്നു, അധീനമായക്കിയിരുന്നു(വെങ്കിൽ). **خزائن** ഖജനാക്കളെ, നിക്ഷേപങ്ങളെ, ഭണ്ഡാരങ്ങളെ. **رحمة** കാരുണ്യ(അനുഗ്രഹ)ത്തിന്റെ. **ربي** എന്റെ റബ്ബിന്റെ. **إذًا** എന്നാൽ, അന്നേരം. **لأمسكتم** നിങ്ങൾ പിടിച്ചുവെക്കുക തന്നെ ചെയ്യും. **خشية** ഭയന്നിട്ട്, ഭയത്താൽ. **الإنفَاق** ചിലവഴിക്കൽ,

ചിലവാക്കുന്നതിനെ. وكَانَ ആകുന്നു. الْإِنسانُ മനുഷ്യൻ. قتورا (വളരെ) പിശുക്കൻ, ഇറുക്കിപ്പിടിക്കുന്നവൻ.

സജ്ജന ദുർജന വ്യത്യാസം കൂടാതെ, കുറഞ്ഞുപോകുമെന്നോ തീർന്നുപോകുമെന്നോ ഭയപ്പെടാതെ, അല്ലാഹു അവൻെറ കണക്കറ്റ അനുഗ്രഹങ്ങളെ എല്ലാവർക്കും നൽകിക്കൊണ്ടിരിക്കുന്നു. അവൻെറ അനുഗ്രഹങ്ങളുടെ നിക്ഷേപഭണ്ഡാരങ്ങളത്രയും നിങ്ങളുടെ അധീനത്തിലായിരുന്നുവെങ്കിൽപോലും അവ തീർന്ന് പോകുമെന്ന് ഭയപ്പെട്ട് അവയിൽ നിന്ന് ചിലവഴിക്കുവാൻ നിങ്ങൾ മടിക്കുകതന്നെ ചെയ്തേക്കും. കാരണം, മനുഷ്യൻ സ്വതവേ മഹാ പിശുക്കനാകുന്നു. ഒരു ഹദീസിൽ നബി (ﷺ) പറയുന്നു: ''അല്ലാഹുവിൻെറ കൈ ഏറ്റവും നിറഞ്ഞതാകുന്നു. യാതൊരു ചിലവും അതിൽ കുറവുവരുത്തുകയില്ല. രാവും പകലും ഒഴുകിക്കൊണ്ടിരിക്കുന്നതാണ്. അവൻ ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചത് മുതൽ അവൻ ചിലവഴിച്ചത് നിങ്ങൾ കണ്ടോ?! എന്നിട്ട് അവൻെറ വലങ്കൈയിലുള്ളത് നിശ്ചയമായും, ചുരങ്ങിപ്പോയിട്ടില്ല.''(ബു; മു.)

വിഭാഗം-12

وَلَقَدْ ءَاتَيْنَا مُوسَىٰ تِسْعَ ءَايَٰتٍۭ بَيِّنَٰتٍۖ فَسْـَٔلْ بَنِىٓ إِسْرَٰٓءِيلَ إِذْ جَآءَهُمْ فَقَالَ لَهُۥ فِرْعَوْنُ إِنِّى لَأَظُنُّكَ يَٰمُوسَىٰ مَسْحُورًا ﴿١٠١﴾

101 തീർച്ചയായും, മൂസാക്ക് വ്യക്തങ്ങളായ ഒമ്പതു ദൃഷ്ടാന്തങ്ങളെ നാം നൽകുകയുണ്ടായി. എന്നാൽ, ഇസ്രാഈൽ സന്തതികളോട് അദ്ദേഹം അവരിൽ ചെന്ന സന്ദർഭത്തെക്കുറിച്ച് നീ ചോദി (ച്ചു നോ)ക്കുക. (അതെ) അപ്പോൾ, ഫിർഔൻ അദ്ദേഹത്തോട് പറഞ്ഞു: ''നിശ്ചയമായും, നിന്നെ ഞാൻ-മൂസാ-മാരണം പിണഞ്ഞ ഒരുവനാണെന്ന് വിചാരിക്കുന്നു.''

---

101 ولَقَد آتينا തീർച്ചയായും നാം നൽകിയിട്ടുണ്ട്. موسى മൂസാക്ക്. تسع ഒമ്പത്. آيات ദൃഷ്ടാന്തങ്ങൾ. بينات സുവ്യക്തങ്ങളായ, സ്പഷ്ടങ്ങളായ. فاسألْ എന്നാൽ ചോദിക്കുക (അന്വേഷിക്കുക). بني إسرائيلَ ഇസ്റാഈൽ സന്തതികളോട്. إذْ جاءَهم അദ്ദേഹം അവരിൽ ചെന്ന സന്ദർഭത്തെ. فقَالَ لَه അപ്പോൾ അദ്ദേഹത്തോട് പറഞ്ഞു. فرعونُ ഫിർഔൻ. إني لَأظُنك നിശ്ചയമായും ഞാൻ നിന്നെ കരുതുന്നു, വിചാരിക്കുന്നു. يا موسى മൂസാ. مسحورا ഒരു മാരണം ചെയ്യപ്പെട്ട (പിടിപെട്ടവനെന്ന്).

നബി (ﷺ) തിരുമേനിയോട് മുശ്രിക്കുകൾ, തങ്ങളാൽ കെട്ടിച്ചമക്കപ്പെട്ട ദൃഷ്ടാന്തങ്ങളിൽ ഏതെങ്കിലും കാട്ടിക്കൊടുക്കുവാൻ ആവശ്യപ്പെടുകയുണ്ടായ വിവരം കഴിഞ്ഞ വചനങ്ങളിൽ പ്രസ്താവിച്ചുവല്ലോ. എന്നാൽ, മൂസാ (عليه السلام)നബി സ്പഷ്ടമായ ഒമ്പത് പ്രധാന ദൃഷ്ടാന്തങ്ങൾ സഹിതം ഫിർഔൻെറയും ജനതയുടെയും അടുക്കൽ ചെല്ലുകയുണ്ടായിട്ടും അവർ വിശ്വസിച്ചില്ല. അനന്തരമുണ്ടായ ചരിത്രങ്ങൾ നിലവിലുള്ള ഇസ്റാഈല്യർക്കും അറിയാവുന്നതാണ്. വേണമെങ്കിൽ അവരോട് അന്വേഷിച്ച് നോക്കാവുന്നതുമാണ്. ആ ദൃഷ്ടാന്തങ്ങളൊക്കെ നേരിൽ കണ്ടിട്ടും ഫിർഔൻ മൂസാ(عليه السلام)നെക്കുറിച്ച് പറഞ്ഞത് നീ മാരണത്തിൽ അകപ്പെട്ടുപോയിരിക്കയാണ്-നിൻെറ ബുദ്ധിക്ക് എന്തോതകരാറ് പറ്റിയിരിക്കുന്നു- എന്നായിരുന്നു. ഇവർക്കും അത്തരം ദൃഷ്ടാന്തങ്ങൾ കാട്ടിക്കൊടുത്താൽ ഉണ്ടാവാൻ

പോകുന്നത് അതുപോലെത്തന്നെയായിരിക്കും. സദുദ്ദേശത്തോടുകൂടിയല്ല അവർ ദൃഷ്ടാന്തങ്ങൾക്കാവശ്യപ്പെടുന്നത്. എന്നൊക്കെയാണ് ഈ വചനത്തിലടങ്ങിയ ആശയം.

മൂസാ (عليه السلام)നബിയുടെ കൈക്ക് ഈജിപ്തിൽവെച്ചും, പിന്നീടുമായി വെളിപ്പെട്ട അൽഭുത ദൃഷ്ടാന്തങ്ങൾ ഖുർആനിൽ പലതും വിവരിക്കപ്പെട്ടിട്ടുണ്ട്. അവയിൽ ഏതിനെയൊക്കെ ഉദ്ദേശിച്ചാണ് **تسع ايات** (ഒമ്പത് ദൃഷ്ടാന്തങ്ങൾ) എന്ന് പറഞ്ഞിരിക്കുന്നതെന്ന് തിട്ടമായി എണ്ണിപ്പറയുക സാദ്ധ്യമല്ല. പക്ഷേ, ഫിർഔനും കൂട്ടരും സമുദ്രത്തിൽ മുങ്ങിനശിക്കുന്നതിന് മുമ്പുണ്ടായ ഒമ്പതെണ്ണമാണ് ഇവിടെ ഉദ്ദേശമെന്ന് വ്യക്തമാകുന്നു. ഈ ഒമ്പതെണ്ണം നിജപ്പെടുത്തുന്നതിൽ അഭിപ്രായവ്യത്യാസം കാണാമെങ്കിലും, കൂടുതൽ ബലപ്പെട്ടതും, ഖുർആൻെറ പ്രസ്താവനകളോട് കൂടുതൽ യോജിക്കുന്നതും ഇവയാണെന്നാകുന്നു: 1ഉം, 2ഉം അദ്ദേഹത്തിൻെറ വടിയും, കൈയും തന്നെ. ഈ രണ്ടിനെയും കുറിച്ച് പ്രസ്താവിച്ചശേഷം അവയെപ്പറ്റി **فى تسع ايات الى فرعون وقومه** (ഫിർഔൻെറയും അവൻെറ ജനതയുടെയും അടുക്കലേക്കുള്ള ഒമ്പത് ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്.) എന്ന് സൂ: നംല്: 12ൽ അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. 3 മുതൽ 9 കൂടിയവ സൂ: അഅ്റാഫ്:130,133ൽ പ്രസ്താവിക്കപ്പെട്ട ഏഴ് ദൃഷ്ടാന്തങ്ങളാണ്. അതായത് മഴ ഇല്ലായ്മ മൂലമുണ്ടായവരൾച്ച, ഉൽപന്നങ്ങളുടെ ദൗർലഭ്യം, ജലപ്രളയം, വെട്ടുകിളി, പേൻ, തവള, രക്തം എന്നിവ. ഇവയെപ്പറ്റി വിവരിച്ചതിനുശേഷം അവയെപ്പറ്റി **ايات مفصلا** (വിശദമാക്കപ്പെട്ട ദൃഷ്ടാന്തങ്ങൾ) എന്നും അവിടെ അല്ലാഹു പറഞ്ഞിരിക്കുന്നു.

സ്പഷ്ടങ്ങളായ ആ ദൃഷ്ടാന്തങ്ങളെല്ലാം നേരിൽ കണ്ടറിഞ്ഞിട്ടും ഫിർഔനിൽനിന്നുണ്ടായ പ്രതികരണം ‘‘മൂസാ, നീ ഒരു മാരണം പിടിപെട്ട ആളായിട്ടാണ് ഞാൻ നിന്നെ കരുതുന്നത്’’ (.....**انى لاظنك**) എന്നായിരുന്നു. അതിന് മൂസാ (عليه السلام)നബി പറഞ്ഞ മറുപടി നോക്കുക:

قَالَ لَقَدْ عَلِمْتَ مَآ أَنزَلَ هَٰٓؤُلَآءِ إِلَّا رَبُّ ٱلسَّمَٰوَٰتِ وَٱلْأَرْضِ بَصَآئِرَ وَإِنِّى لَأَظُنُّكَ يَٰفِرْعَوْنُ مَثْبُورًا ﴿١٠٢﴾

102 അദ്ദേഹം പറഞ്ഞു: ‘‘(ഫിർഔനേ) തീർച്ചയായും, നീ അറി (ഞ്ഞുകഴി)ഞ്ഞിട്ടുണ്ട്: ഉൾക്കാഴ്ച (നൽകുന്ന തെളിവു)കളായിക്കൊണ്ട് ആകാശങ്ങളുടെയും, ഭൂമിയുടെയും റബ്ബല്ലാതെ (മറ്റാരും) ഇവയെ ഇറക്കിയിട്ടില്ല എന്ന്. നിശ്ചയമായും ഞാൻ- ഫിർഔനേ-നിന്നെ ഒരു നാശം പിണഞ്ഞവനായി വിചാരിക്കുകതന്നെ ചെയ്യുന്നു’’.

---

102 **قَالَ** അദ്ദേഹം പറഞ്ഞു. **لقد علمت** തീർച്ചയായും നീ അറിഞ്ഞിട്ടുണ്ട്. **ما أنزلَ** ഇറക്കിയിട്ടില്ല എന്ന്. **هؤلاءِ** ഇവയെ. **إلا رب** റബ്ബല്ലാതെ. **السماوات** ആകാശങ്ങളുടെ. **والأرض** ഭൂമിയുടെയും. **بصائر** ഉൾക്കാഴ്ച നൽകുന്നവയായി, തെളിവുകളായിട്ട്. **وإني** നിശ്ചയമായും ഞാൻ, ഞാനാവട്ടെ. **لأظنك** നിന്നെ ഞാൻ കരുതുക തന്നെ ചെയ്യുന്നു. **يا فرعونُ** ഫിർഔനേ. **مثبورا** ആട്ടിവിടപ്പെട്ടവൻ, നാശം പണിഞ്ഞവൻ.

ഈ ദൃഷ്ടാന്തങ്ങളെല്ലാം അല്ലാഹുവിങ്കൽ നിന്നുള്ളതാണെന്നസത്യം നിനക്ക് തികച്ചും ബോദ്ധ്യപ്പെട്ട് കഴിഞ്ഞിട്ടുണ്ടെന്ന് ഉറപ്പാണ്. എന്നിട്ടും, കൽപിച്ചുകൂട്ടി നീ നിഷേധത്തിൽ ശഠിച്ച് നിൽക്കുന്നത് നിൻെറ ഔദ്ധത്യം കൊണ്ടുമാത്രമാണ്. അതുകൊണ്ട് നാശത്തിലേക്കാണ് നിൻെറ നീക്കം എന്ന് ഞാനിതാ നിന്നെ താക്കീത് ചെയ്യുന്നു എന്ന് താൽപര്യം.

فَأَرَادَ أَن يَسْتَفِزَّهُم مِّنَ ٱلْأَرْضِ فَأَغْرَقْنَٰهُ وَمَن مَّعَهُۥ جَمِيعًا ﴿١٠٣﴾

103 എന്നാൽ, അവൻ [ഫിർഔൻ]അവരെ [ഇസ്രാഈല്യരെ] ഭൂമിയിൽ [നാട്ടിൽ] നിന്ന് മിരട്ടിവിടുവാൻ ഉദ്ദേശിക്കയാണ് ചെയ്തത്; ആകയാൽ, അവനെയും, അവൻെറ കൂടെയുള്ളവരെയും മുഴുവനും നാം മുക്കിനശിപ്പിച്ചു.

وَقُلْنَا مِنۢ بَعْدِهِۦ لِبَنِىٓ إِسْرَٰٓءِيلَ ٱسْكُنُوا۟ ٱلْأَرْضَ فَإِذَا جَآءَ وَعْدُ ٱلْـَٔاخِرَةِ جِئْنَا بِكُمْ لَفِيفًا ﴿١٠٤﴾

104 അവൻെറ (നാശത്തിനു) ശേഷം ഇസ്രാഈൽ സന്തികളോട് നാം പറയുകയും ചെയ്തു: ''നിങ്ങൾ ഭൂമിയിൽ [നാട്ടിൽ] താമസിച്ചുകൊള്ളുവിൻ; അങ്ങനെ, പരലോകത്തിൻെറ വാഗ്ദത്തം (അഥവാ നിശ്ചയം) വന്നാൽ, നിങ്ങളെ നാം കൂട്ടമായി (ഒരുമിച്ചു) കൊണ്ടുവരുന്നതാണ്.''

---

103 **فَأَرادَ** എന്നാൽ അവൻ ഉദ്ദേശിച്ചു. **أَن يستفزهم** അവരെഇളക്കി (മിരട്ടി) വിടുവാൻ. **من الأَرضِ** ഭൂമിയിൽ(നാട്ടിൽ) നിന്ന്. **فَأَغْرَقْنَاه** അപ്പോൾ (അതിനാൽ) അവനെ നാം മുക്കി (നശിപ്പിച്ചു). **ومن معه** അവൻെറ കൂടെയുള്ളവരെയും. **جميعا** മുഴുവനും. 104 **وقُلْنَا** നാം പറയുകയും ചെയ്തു. **من بعده** അവൻെറ ശേഷം. **لِبَنِي إِسرائيلَ** ഇസ്റാഈൽ സന്തതികളോട്. **اسكُنوا** നിങ്ങൾ പാർത്ത് (താമസിച്ചു) കൊള്ളുവിൻ. **الأَرضَ** ഭൂമിയിൽ (നാട്ടിൽ). **فَإِذَا جاءَ** അങ്ങനെ (എന്നിട്ട്-എന്നാൽ) വന്നാൽ. **وعد** വാഗ്ദത്തം, നിശ്ചയമായും. **الآخرة** പരലോകത്തിൻെറ. **جِئْنَا** നാം വരുന്നതാണ്. **بِكُمْ** നിങ്ങളെകൊണ്ട്. **لَفِيفًا** കൂട്ടായിട്ടു, ഒരുമിച്ചു കൂടിയതായി.

മർദ്ദിച്ചും കൊന്നൊടുക്കിയും ഇസ്റാഈല്യരെ ആ നാട്ടിൽനിന്ന് തുരത്താനാണ് ഫിർഔൻ ഉദ്ദേശിച്ചത്. നാം നേരെമറിച്ചും പ്രവർത്തിച്ചു. അവനെയും അവൻെറ ആൾക്കാരെയും സമുദ്രത്തിൽ മുക്കിനശിപ്പിച്ചു. ഇസ്റാഈല്യരെ പരിശുദ്ധ ഭൂമിയായ ഫലസ്തീനിൽ (*) കുടിയിരുത്തി സുഖമായി കഴിയുവാൻ ഏർപ്പാടും ചെയ്തു. ഖിയമാത്തുനാൾ വന്നാൽ, നിങ്ങളും നിങ്ങളുടെ ശത്രുക്കളുമടക്കം എല്ലാവരെയും ഒരുമിച്ചുകൂട്ടുകയും, തക്ക നടപടി എടുക്കുകയും ചെയ്യുമെന്ന് അവരെ തെര്യപ്പെടുത്തുകയും ചെയ്ത് എന്നുസാരം.

ഈ സംഭവം ഓർമ്മിപ്പിച്ചതിൽ, നബി (ﷺ) ക്കും സത്യവിശ്വാസികൾക്കും ശുഭസൂചകമായ ഒരു ഭാവിയുടെ സൂചന അടങ്ങിയിരിക്കുന്നു. ഇസ്റാഈല്യരെ മർദ്ദിച്ച് തുരത്തുവാൻ ഉദ്ദേശിച്ച ഫിർഔനെയും കൂട്ടരെയും നശിപ്പിക്കുകയും, മർദ്ദനത്തിന് വിധേയരായവർക്ക് സ്വൈരജീവിതവും സ്വാധീനവും നൽകി അനുഗ്രഹിക്കുകയും ചെയ്തതുപോലെ, മക്കായിലെ മുശ്രിക്കുകളുടെ മർദ്ദനങ്ങൾ അവസാനിപ്പിച്ച് സത്വവിശ്വാസികൾക്ക് നല്ലൊരുഭാവി താമസിയാതെ പ്രദാനം ചെയ്യുമെന്നത്രെ സൂചന. ഈ സൂറത്ത് അവതരിച്ച് അധികം താമസിയാതെ, നബി (ﷺ) യെയും സത്യവിശ്വാസികളെയും മക്കായിൽനിന്ന് തുരത്തിവിടുവാൻ ശത്രുക്കൾ വട്ടം കൂട്ടിയപ്പോൾ, അവർക്ക് മദീനായിൽ അല്ലാഹു അഭയം നൽകുകയും, പിന്നീട് നാട്ടിൽ-മക്കായിൽ തന്നെയും-സ്വൈരവും സ്വാധീനവും നൽകുകയും ഉണ്ടായല്ലോ.

وَبِٱلْحَقِّ أَنزَلْنَٰهُ وَبِٱلْحَقِّ نَزَلَ ۗ وَمَآ أَرْسَلْنَٰكَ إِلَّا

105 യഥാർത്ഥമനുസരിച്ചുതന്നെ നാം ഇതിനെ[ഖുർആനെ] അവതരിപ്പിച്ചിരിക്കുന്നു;

---

* ഇസ്റാഈല്യർ, ഫിർഔനിനെ സമുദ്രത്തിൽ മുക്കിയശേഷം ഈജിപ്തിൽ താമസിച്ചതായി അറിയപ്പെടുന്നില്ല.

مُبَشِّرًا وَنَذِيرًا ﴿١٠٥﴾

യഥാർത്ഥപ്രകാരം തന്നെ ഇത് അവതരിക്കുകയും ചെയ്തിരിക്കുന്നു. (നബിയേ) സന്തോഷവാർത്ത അറിയിക്കുന്നവനും, താക്കീതുകാരനുമായിട്ടല്ലാതെ നിന്നെ നാം അയച്ചിട്ടുമില്ല.

وَقُرْءَانًا فَرَقْنَٰهُ لِتَقْرَأَهُۥ عَلَى ٱلنَّاسِ عَلَىٰ مُكْثٍ وَنَزَّلْنَٰهُ تَنزِيلًا ﴿١٠٦﴾

106 ഖുർആനെയാകട്ടെ, നാം അതിനെ വേർതിരി (ച്ചു വിശദീകരി)ക്കുകയും ചെയ്തിരിക്കുന്നു; അതിനെ നീ മനുഷ്യർക്ക് താമസത്തോടെ [സാവധാനത്തിൽ] ഓതിക്കൊടുക്കുവാൻ വേണ്ടി. അതിനെ നാം ഒരു (ക്രമേണയായ) ഇറക്കൽ ഇറക്കുകയും ചെയ്തിരിക്കുന്നു.

---

105 **وبالحق** യഥാർത്ഥ പ്രകാരം (യഥാർത്ഥത്തോടെ)തന്നെ. **أنزلناه** നാം ഇതിനെ (അതിനെ) അവതരിപ്പിച്ചിരിക്കുന്നു. **وبالحق** യഥാർത്ഥ പ്രകാരം (അനുസരിച്ചു)തന്നെ. **نزلَ** അത് അവതരിക്കുകയും ചെയ്തിരിക്കുന്നു. **وما أرسلناك** നിന്നെ നാം അയച്ചിട്ടുമില്ല. **إلا مبشرا** സന്തോഷവാർത്ത അറിയിക്കുന്നവനായിട്ടല്ലാതെ. **ونذيرا** താക്കീത് (മുന്നറിയിപ്പു)കാരനും. 106 **وقرآنا** ഖുർആനെ, ഖുർആനെയാകട്ടെ. **فرقْناه** അതിനെ നാം വേർതിരിച്ചിരിക്കുന്നു, വിവേചി(ച്ചു വിവരി)ച്ചിരിക്കുന്നു. **لتقْرأه** അതിനെ നീ ഓതുവാൻവേണ്ടി. **على الناس** മനുഷ്യർക്ക്, മനുഷ്യരിൽ. **على مكْث** താമസത്തോടെ, സാവധാനത്തിൽ. **ونزلناه** അതിനെ നാം ഇറക്കുകയും ചെയ്തിരിക്കുന്നു. **تنزيلاً** ഒരു (തരം) ഇറക്കൽ.

فرقنا(ഫറഖ്നാ) എന്നും فرّقنا (ഫർ-റഖ്നാ) എന്നും ഇവിടെ വായിക്കപ്പെട്ടിട്ടുണ്ട്. ഒന്നാമത്തേതനുസരിച്ച് ഖുർആനിൽ വേണ്ടപ്പെട്ട എല്ലാ കാര്യങ്ങളും നാം വേർതിരിച്ച് വിശദീകരിച്ചിരിക്കുന്നുവെന്നും, രണ്ടാമത്തേതനുസരിച്ച് ഖുർആനെ പല ഗഡുക്കളായി പിരിച്ചിരിക്കുന്നു- അഥവാ, കുറേശ്ശെ കുറേശ്ശെയായി അവതരിപ്പിച്ചിരിക്കുന്നു.-വെന്നും അർത്ഥമായിരിക്കുന്നതാണ്.

ഖുർആനെക്കുറിച്ച് സംസാരിച്ചുകൊണ്ടിരിക്കെ, ബന്ധപ്പെട്ട പല കാര്യങ്ങളെപ്പറ്റിയും പരാമർശിക്കുകയുണ്ടായി. വീണ്ടും ഖുർആനിലേക്ക് തന്നെ സംസാരഗതി തിരിഞ്ഞ് വന്നിരിക്കുകയാണ്. ഖുർആനെ അല്ലാഹു അവതരിപ്പിച്ചതും, അത് അവതരിച്ചതും യഥാർത്ഥ പ്രകാരം തന്നെ. അതായത് സത്യയാഥാർത്ഥ്യങ്ങൾ, ന്യായയുക്തങ്ങളായ തെളിവുകൾ, സുസ്ഥിരങ്ങളായ സനാതന തത്വങ്ങൾ എന്നിങ്ങിനെ ആവശ്യമായതെല്ലാം ഉൾപ്പെടുത്തിക്കൊണ്ടാണ് അല്ലാഹു ഖുർആനെ അവതരിപ്പിച്ചിരിക്കുന്നത്. യാതൊരു കൃത്രിമമോ, ഏറ്റക്കുറവോ കൂടാതെ യഥാർത്ഥ രൂപത്തിൽ സുരക്ഷിതമായിത്തന്നെ അത് നബി (ﷺ) യിലേക്ക് അവതരിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ, അത് ആരെയും അടിച്ചേൽപിക്കുവാൻ നബി (ﷺ) യോട് കലപിക്കപ്പെട്ടിട്ടില്ല. അതിൻെറ സന്ദേശങ്ങൾ കേൾപ്പിക്കുക, അതനുസരിക്കുന്നവർക്കുണ്ടാകുന്ന സൽഫലങ്ങളെക്കുറിച്ചു സന്തോഷവാർത്ത അറിയിക്കുക, ധിക്കരിക്കുന്നവർക്കുണ്ടാകുന്ന ഭവിഷ്യത്തുകളെപ്പറ്റി താക്കീത് നൽകുക, ഇത് മാത്രമേ നബി (ﷺ) യോട് കൽപിക്കപ്പെട്ടിട്ടുള്ളൂ. ഓരോ കാര്യവും സവിശദം വേർതിരിച്ച് വിവരിച്ചുകൊണ്ടാണ് അതുള്ളത്. സന്ദർഭവും, ആവശ്യവും അനുസരിച്ച് ജനങ്ങളെ ഓതിക്കേൾപ്പിക്കുവാൻ വേണ്ടി കുറേശ്ശെ കുറേശ്ശെ പല ഗഡുക്കളായിട്ടാണ് അതിനെ അവതരിപ്പിച്ചിരിക്കുന്നതും എന്നൊക്കെയാണ് ഈ വചനങ്ങളിൽ പ്രസ്താവിച്ചതിൻെറ സാരം.

قُلْ ءَامِنُوا۟ بِهِۦٓ أَوْ لَا تُؤْمِنُوٓا۟ ۚ إِنَّ ٱلَّذِينَ أُوتُوا۟ ٱلْعِلْمَ مِن قَبْلِهِۦٓ إِذَا يُتْلَىٰ عَلَيْهِمْ يَخِرُّونَ لِلْأَذْقَانِ سُجَّدًا ﴿١٠٧﴾

107 (നബിയേ) പറയുക: ‘‘നിങ്ങൾ ഇതിൽ വിശ്വസിച്ചുകൊള്ളുക, അല്ലെങ്കിൽ വിശ്വസിക്കാതിരിക്കുക! [രണ്ടായാലും ഖുർആനെ സംബന്ധിച്ചിടത്തോളം ഒരുപോലെയാണ്.] നിശ്ചയമായും, ഇതിനുമുമ്പ് അറിവ് നൽകപ്പെട്ടിട്ടുള്ളവർ, അവർക്കത് ഓതിക്കേൾപ്പിക്കപ്പെടുന്നതായാൽ, അവർ താടി കുത്തി ‘സുജൂദ്’ [സാഷ്ടാംഗ നമസ്കാരം] ചെയ്തുകൊണ്ട് നിലംപതിക്കുന്നതാണ്.

وَيَقُولُونَ سُبْحَـٰنَ رَبِّنَآ إِن كَانَ وَعْدُ رَبِّنَا لَمَفْعُولًا ﴿١٠٨﴾

108 അവർ പറയുകയും ചെയ്യും: ‘‘ഞങ്ങളുടെ റബ്ബ് മഹാ പരിശുദ്ധൻ! [അവനെ ഞങ്ങൾ വാഴ്ത്തുന്നു.] നിശ്ചയമായും, ഞങ്ങളുടെ റബ്ബിൻെറ വാഗ്ദാനം പ്രവർത്തനത്തിൽ വരുത്തപ്പെടുന്നത് തന്നെയാകുന്നു.’’

وَيَخِرُّونَ لِلْأَذْقَانِ يَبْكُونَ وَيَزِيدُهُمْ خُشُوعًا ۩ ﴿١٠٩﴾

109 അവർ കരഞ്ഞുകൊണ്ട് താടികുത്തി നിലംപതിക്കുകയും, അതവർക്ക് ഭക്തിയെ വർദ്ധിപ്പിക്കുകയും ചെയ്യും.

---

107 **قُلْ** പറയുക. **آمنوا** വിശ്വസിക്കുവിൻ. **به** ഇതി(അതി)ൽ. **أو لا تؤمنوا** അല്ലെങ്കിൽ വശ്വസിക്കാതിരിക്കുവിൻ. **إن** നിശ്ചയമായും. **الذين أوتوا** നൽകപ്പെട്ടവർ. **العلم** അറിവ്. **من قبله** ഇതിന് (അതിനു)മുമ്പ്. **إذا يتلى** അത് ഓതികേൾപ്പിക്ക(ഓതിക്കൊടുക്ക)പ്പെടുന്നതായാൽ. **عليهم** അവർക്ക്. **يخرونَ** അവർ വീഴും, നിലം പതിക്കും, അടഞ്ഞുവീഴും. **للأذقان** താടികളിലേക്ക് (താടി കുത്തി). **سجدا** സുജൂദു (സാഷ്ടാംഗ നമസ്കാരം) ചെയ്യുന്നവരായി. 108 **ويقُولُونَ** അവർ പറയുകയും ചെയ്യും. **سبحانَ** മഹാപരിശുദ്ധൻ (വാഴ്ത്തുന്നു). **ربنا** ഞങ്ങളുടെ റബ്ബ് (റബ്ബിനെ). **إن كانَ** നിശ്ചയമായും ആകുന്നു, ആയിരിക്കുന്നു. **وعد** വാഗ്ദാനം (നിശ്ചയം). **ربنا** ഞങ്ങളുടെ റബ്ബിൻെറ. **لمفعولاً** ചെയ്യപ്പെടുന്ന (പ്രവർത്തനത്തിൽ വരുത്തപ്പെടുന്ന)തു തന്നെ. 109 **ويخرونَ** അവർ വീഴുക (നിലം പതിക്കുക)യും ചെയ്യും. **للأذقان** താടികളിലേക്ക് (താടി കുത്തി). **يبكونَ** അവർ കരഞ്ഞുകൊണ്ട്. **ويزيدهم** അതവർക്ക് വർദ്ധിപ്പിക്കുകയും ചെയ്യും. **خشوعا** ഭക്തി. ഭയപ്പാട്.

ഓത്തിൻെറ സുജൂദ് ചെയ്യേണ്ടുന്ന ആയത്തുകളിൽ ഒന്നാണിത്. **يخرون للاذقان** എന്ന വാക്കിലെപദങ്ങൾ നോക്കുമ്പോൾ ‘താടികളിലേക്കു വീഴും’ എന്നാണെങ്കിലും ‘താടി കുത്തിവീഴും’ എന്നത്രെ അതുകൊണ്ട് വിവക്ഷ.

വേണമെങ്കിൽ വിശ്വസിച്ച് കൊള്ളുക, അല്ലെങ്കിൽ വിശ്വസിക്കാതിരിക്കുക--നിങ്ങളുടെ യുക്തം പോലെയാവാം-രണ്ടായാലും അതിൻെറ ഫലം നിങ്ങൾക്കുതന്നെ. നിങ്ങൾ വിശ്വസിച്ചില്ലെന്നുവെച്ച് ഖുർആന് യാതൊര് ന്യൂനതയും കുറവും ബാധിക്കുവാനില്ല. വിശ്വസിച്ചതുകൊണ്ട് അതിന് ഒരു മേൻമയും ലഭിക്കുവാനുമില്ല. വേദഗ്രന്ഥങ്ങളെക്കുറിച്ച് പരിചയം സിദ്ധിക്കാത്ത നിങ്ങൾ അതിൽ വിശ്വസിക്കുവാൻ തയ്യാറാകുന്നില്ലെങ്കിൽ വേദഗ്രന്ഥങ്ങളെക്കുറിച്ച് നേരത്തെ ശരിക്ക് മനസ്സിലാക്കിയിട്ടുള്ള ആളുകൾക്ക് അത് ഓതിക്കേൾക്കുമ്പോൾ അത് സത്യമാണെന്ന് ബോദ്ധ്യപ്പെടുകതന്നെ ചെയ്യും. അഥവാ മുൻവേദഗ്രന്ഥങ്ങളിൽ പ്രവചിക്കപ്പെട്ട ആറസൂലാണിതെന്നും, അദ്ദേഹം മുഖേന അല്ലാഹു അവതരിപ്പിച്ച ഗ്രന്ഥമാണ് ഖുർആനെന്നും

അവർക്ക് മനസ്സിലാകും. അങ്ങനെ, അത് കേൾക്കുമ്പോൾ, ഭക്തിവിനയം നിമിത്തം അവർ മുഖംകുത്തി നിലം പതിക്കുകയും, അല്ലാഹുവിന് സ്തോത്ര കീർത്തനം ചെയ്തുകൊണ്ടും കരഞ്ഞുകൊണ്ടും അവന് സാഷ്ടാംഗ നമസ്കാരം ചെയ്യുകയും ചെയ്യും. എന്നൊക്കെ ആ അവിശ്വാസികളോട് പറയുവാൻ അല്ലാഹു നബി (ﷺ) യോട് കൽപിക്കുന്നു.

ഇതിന് മുമ്പ് അറിവ് നൽകപ്പെട്ടവർ (الذين أوتو العلم من قبله) എന്ന വാക്കിൽ വേദക്കാർ മൊത്തത്തിൽ ഉൾപ്പെടുമെങ്കിലും, നബി (ﷺ) യുടെ വെളിപ്പാടിന് മുമ്പുതന്നെ, അന്ത്യപ്രവാചകൻ വരുന്നുവെന്നും, അദ്ദേഹത്തിൻെറ സ്ഥിതിഗതികൾ ഇന്നിന്നപ്രകാരമായിരിക്കുമെന്നും തങ്ങളുടെ വേദഗ്രന്ഥം വഴി വേണ്ടതുപോലെ മനസ്സിലാക്കിവെച്ചിട്ടുള്ള അവരിലെ സത്യവാൻമാരാണ് ഇവിടെ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാണ്. ഖുർആൻ കേൾക്കുമ്പോൾ ഭയഭക്തി നിമിത്തം അവർ സുജൂദായി താടികുത്തി വീഴുമെന്ന് പറഞ്ഞതിൽ നിന്ന് ഇതു സ്പഷ്ടമാണ്. ഇന്നത്തെ ചില കൃസ്തീയ പാതിരിമാർ-മുസ്ലിം പാമരൻമാരെ കബളിപ്പിക്കുവാൻ വേണ്ടി അവർ നടത്താറുള്ള പല സൂത്രങ്ങളിൽ ഒന്നായി-ഇതുപോലെയുള്ള ചില അരമുറി ഖുർആൻ വാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ട്-തങ്ങളെപ്പറ്റി ഖുർആനിൽ വളരെ പ്രശംസിച്ച് പറഞ്ഞിട്ടുണ്ടെന്നും, തങ്ങൾ സത്യമാർഗ്ഗത്തിലാണെന്ന് ഖുർആൻ അംഗീകരിച്ചിട്ടുണ്ടെന്നുമൊക്കെ തട്ടിമൂളിക്കാറുണ്ട്. സന്ദർഭങ്ങളിൽ നിന്ന് അടർത്തിയെടുത്തും, അവരെക്കുറിച്ച് മറ്റ് സ്ഥലങ്ങളിൽ ഖുർആൻ അർത്ഥശങ്കക്കിടമില്ലാത്തവിധം വ്യക്തമായി പ്രസ്താവിച്ചിട്ടുള്ള പല യാഥാർത്ഥ്യങ്ങളുടെയും നേരെ കണ്ണടച്ചുകൊണ്ടുള്ള ഒരു ചെപ്പടിവിദ്യയത്രെ അത്. അവർ ജൽപിക്കുന്നതിൽ സത്യത്തിൻെറ വല്ല അംശവും ഉണ്ടെങ്കിൽ, ആ തട്ടിമൂളിക്കുന്ന ആളുകൾ ആദ്യമായി തങ്ങളെ പ്രശംശിക്കുന്ന ആ ഖുർആനിൽ വിശ്വസിക്കുകയും, അതിനെ അംഗീകരിക്കുകയുമായിരുന്നു ചെയ്യേണ്ടിയിരുന്നത്.

അല്ലാഹുവിൻെറ വചനങ്ങൾ കേൾക്കുമ്പോൾ, ഭക്തിവിനയം പ്രകടിപ്പിക്കലും, കണ്ണുനീരൊഴുക്കി കരയലുമൊക്കെ സദ്വൃത്തരായ സജ്ജനങ്ങളുടെ ലക്ഷണമത്രെ. അല്ലാഹുവിൻെറ ആയത്തുകളിൽ വിശ്വസിക്കുന്നവരുടെ ലക്ഷണങ്ങൾ പറയുന്ന കൂട്ടത്തിൽ ഒന്നിലധികം സ്ഥലത്ത് ഇക്കാര്യം അല്ലാഹു എടുത്ത് പറഞ്ഞിരിക്കുന്നത് കാണാം. ഒരുഹദീസിൽ നബി (ﷺ) ഇങ്ങിനെ പ്രസ്താവിച്ചിരിക്കുന്നു: ''അല്ലാഹുവിനെ ഭയപ്പെട്ടത് നിമിത്തം കരയുന്ന മനുഷ്യൻ, (മൃഗത്തിൻെറ) പാൽ അകിട്ടിലേക്ക് മടങ്ങിപ്പോകുന്നതുവരെ നരകത്തിൽ പ്രവേശിക്കുകയില്ല. അല്ലാഹുവിൻെറ മാർഗ്ഗത്തിലെ പൊടിയും, നരകത്തിൻെറ പുകയും ഒരുമിച്ചു കൂടുകയില്ല''. (തി; ന; മു)

قُلِ ٱدْعُوا۟ ٱللَّهَ أَوِ ٱدْعُوا۟ ٱلرَّحْمَـٰنَ ۖ أَيًّا مَّا تَدْعُوا۟ فَلَهُ ٱلْأَسْمَآءُ ٱلْحُسْنَىٰ ۚ وَلَا تَجْهَرْ بِصَلَاتِكَ وَلَا تُخَافِتْ بِهَا وَٱبْتَغِ بَيْنَ ذَٰلِكَ سَبِيلًا ﴿١١٠﴾

110 (നബിയേ) പറയുക: നിങ്ങൾ 'അല്ലാഹു' എന്ന് വിളിച്ചുകൊള്ളുക, അല്ലെങ്കിൽ 'റഹ്മാൻ' എന്ന് വിളിച്ചു കൊള്ളുക. ഏതുതന്നെ നിങ്ങൾ വിളിക്കുന്നതായാലും (നല്ലതുതന്നെ; കാരണം) അവന് ഏറ്റം നല്ല (ഉൽകൃഷ്ട) നാമങ്ങളുണ്ട്. നിൻെറ നമസ്കാരത്തെ നീ ഉറക്കെയാക്കരുത്; അതിനെ നീ പതുക്കെയുമാക്കരുത്;-അതിന് (രണ്ടിന്നും) ഇടയിൽ ഒരു മാർ ഗ്ഗം നീ തേടുകയും ചെയ്യുക.

---

110 **قُلْ** പറയുക. **ادعوا** നിങ്ങൾ വിളിക്കുക. **الله** അല്ലാഹു എന്ന്, 'അല്ലാഹു'വിനെ. **أو ادعوا** അല്ലെങ്കിൽ വിളിക്കുക. **الرحمن** റഹ്മാൻ എന്ന്, 'അർ-റഹ്മാനെ'. **أيا ما** ഏതു തന്നെ. **تدعوا** നിങ്ങൾ വിളിച്ചാലും, വിളിക്കുന്നുവോ. **فله** എന്നാൽ അവനുണ്ട്. **الأسماء** നാമങ്ങൾ, പേരുകൾ.

الحسنى ഏറ്റം നല്ല (അത്യുൽകൃഷ്ടമായ). **ولا تجهر** നീ ഉച്ചത്തിലാക്കുക (ഉറക്കെയാക്കുക)കയും ചെയ്യരുത്. **بصلاتك** നിൻെറ നമസ്കാരത്തെ. **ولا تخافت** നീ പതുക്കെയാക്കു(ഒതുക്കു) കയും അരുത്. **بها** അതിനെ. **وابتغ** തേടുകയും ചെയ്യുക. **بين ذلك** അതിനിടയിൽ. **سبيلا** ഒരു മാർഗ്ഗം.

രണ്ടു കാര്യങ്ങളാണ് ഈ വചനത്തിൽ അല്ലാഹു പഠിപ്പിക്കുന്നത് (1) അല്ലാഹുവിനെ വിളിക്കുമ്പോൾ ‘അല്ലാഹു’ എന്നോ ‘റഹ്മാൻ’ (പരമകാരുണികൾ) എന്നോ വിളിക്കാം. രണ്ടായാലും നല്ലതുതന്നെ. വേറെയും പല ഉൽകൃഷ്ട നാമങ്ങൾ അവനുണ്ട്. അവയിൽ ഏത് നാമം ഉപയോഗിക്കുന്നതിനും വിരോധമില്ല. (2) നമസ്കാരം-അഥവാ അതിലെ ഖുർആൻ പാരായണം, പ്രാർത്ഥന, ദിക്ർ എന്നിവ-അധികം ഉച്ചത്തിലോ, വളരെ പതുക്കെയോ ആയിരിക്കാതെ, രണ്ടിനും മദ്ധ്യേ ഒരു മിതമായ ശബ്ദത്തിലായിരിക്കേണ്ടതാണ്. ഈ രണ്ട് കാര്യങ്ങളെക്കുറിച്ചും പ്രത്യേകം ഉണർത്തുവാൻ കാരണമായ ചുറ്റുപാട് എന്തായിരുന്നുവെന്ന് താഴെ കാണുന്ന ഉദ്ധരണികളിൽ നിന്ന് മനസ്സിലാക്കാവുന്നതാകുന്നു:-

നമസ്കാരത്തിൽ നബി(ﷺ) ‘അല്ലാഹുവേ’ എന്നും ‘റഹ്മാനേ’ എന്നും (يا الله يارحمن) പറയുന്നതായി ചില മുശ്രിക്കുകൾ കേട്ടു. ഇവൻ ഒരു ദൈവത്തെ വിളിക്കുവാൻ കൽപിക്കുകയും, രണ്ടു ദൈവങ്ങളെ വിളിക്കുകയും ചെയ്യുന്നുവെന്ന് അവർ ആക്ഷേപിക്കുകയുണ്ടായി. ഇതിനെത്തുടർന്ന് ഈ വചനം അവതരിച്ചുവെന്ന് ഇബ്നുഅബ്ബാസ്, മക്ഹൂൽ (ﷺ)എന്നിവരിൽ നിന്ന് ഇബ്നുജരീർ (ﷺ)മുതലായ പലരും രിവായത്ത് ചെയ്തിരിക്കുന്നു. യമാമയിൽ കള്ളപ്രവാചകനായി പ്രത്യക്ഷപ്പെട്ട മുസൈലമത്തുൽ കദ്ദാബിന് رحمن اليمامة (യമാമ:യിലെ റഹ്മാൻ) എന്ന് പറയപ്പെട്ടിരുന്നതുകൊണ്ട് അവനെയാണ് നബി (ﷺ) ‘റഹ്മാനേ’ വിളിക്കുന്നതെന്ന് മുശ്രിക്കുകൾ പറഞ്ഞതായും ചില രിവായത്തുകളിൽ വന്നിരിക്കുന്നു. തൗറാത്തിൽ റഹ് മാൻ (പരമകാരുണികൾ) എന്നും അല്ലാഹുവിനെക്കുറിച്ച് ധാരാളം പ്രസ്താവിച്ചിട്ടുണ്ടെന്നും, നബി (ﷺ) ആ പേർ വളരെ കുറച്ചേ പറയാറുള്ളുവെന്നും ചില വേദക്കാർ പറഞ്ഞുവെന്നും, അപ്പോൾ ഇത് അവതരിച്ചുവെന്നും ളാഹ്-ഹാക് (ﷺ)പ്രസ്താവിച്ചതായി വേറെയും നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു.

അഹ്മദു, ബുഖാരി, മുസ്ലിം (ﷺ)എന്നിവർ ഇബ്നു അബ്ബാസ് (ﷺ)ൽ നിന്ന് ഉദ്ധരിച്ച ഒരു ഹദീസിൻെറ സാരം ഇപ്രകാരമാകുന്നു: മക്കായിൽ നബി (ﷺ) മറഞ്ഞിരുന്ന കാലത്ത് (നമസ്കാരം മുതലായവ പരസ്യമായി നടത്തിയിരുന്നിട്ടില്ലാത്ത കാലത്ത്) **ولا تجهر بصلاتك ولا تخافت بها** (നിൻെറ നമസ്കാരത്തെ നീ ഉറക്കെയാക്കുകയും, അതിനെ പതുക്കെയാക്കുകയും ചെയ്യേണ്ടാ) എന്നുള്ള ആയത്ത് അവതരിച്ചു. റസൂൽ (ﷺ) സഹാബികളോട് കൂടി നമസ്ക്കരിക്കുമ്പോൾ ഖുർആൻ ഉറക്കെ ഓതുമായിരുന്നു. മുശ്രിക്കുകൾ അത് കേട്ടപ്പോൾ, അവർ ഖുർആനെയും, അത് അവതരിപ്പിച്ചവനെയും, അത് കൊണ്ടുവന്ന ആളെയും പഴിക്കുകയായി. അപ്പോൾ, മുശ്രിക്കുകൾ ഖുർആൻ കേട്ട് പഴിക്കുവാൻ ഇടയാകുമാറ് നമസ്ക്കാരത്തെ ഉറക്കെയാക്കരുതെന്നും, സഹാബികൾക്ക് കേട്ടുപഠിക്കുവാൻ കഴിയാതിരിക്കുമാറ് പതുക്കെയാക്കരുതെന്നും, രണ്ടിനുമിടയിൽ ഒരു മാർഗ്ഗം സ്വീകരിക്കണമെന്നും അല്ലാഹു നബി(ﷺ) യോട് പറഞ്ഞു. ഇബ്നുസീരിനിൽ(ﷺ)നിന്ന് ഇബ്നു ജരീർ (ﷺ)ഇങ്ങിനെയും ഉദ്ധരിച്ചിരിക്കുന്നു: അബൂബക്കർ (ﷺ)നമസ്കരിക്കുമ്പോൾ ശബ്ദം താഴ്ത്തുമായിരുന്നു. ഉമർ(ﷺ)സമസ്കരിക്കുമ്പോൾ ശബ്ദം ഉയർത്തുകയും ചെയ്തിരുന്നു. താങ്കൾ എന്തുകൊണ്ടാണിങ്ങനെ ചെയ്യുന്നതെന്ന് അബൂബക്കർ (ﷺ)നോട് ചോദിക്കപ്പെട്ടു. അദ്ദേഹം പറഞ്ഞു: ‘‘ഞാൻ എൻെറ റബ്ബുമായി സ്വകാര്യഭാഷണം (അഥവാ കൂടിക്കാഴ്ച) നടത്തുകയാണ്, എൻെറ ആവശ്യം അവന്നറിയാം.’’ അത് നല്ലത് എന്ന് പറയപ്പെട്ടു. ഉമർ (ﷺ)നോട് ചോദിക്കപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു. ‘‘ഞാൻ പിശാചിനെ ആട്ടുകയും, ഉറങ്ങിത്തൂങ്ങുന്നവരെ ഉണർത്തുകയും ചെയ്യുകയാണ്.’’ അത് നല്ലത് എന്ന് പറയപ്പെട്ടു. **ولا تجهر بصلاتك** (നിൻെറ നമ

സ്ക്കാരത്തെ ഉറക്കെയാക്കരുത്........) എന്നുള്ള വചനം അവതരിച്ചപ്പോൾ അബൂബക്കർ (ﷺ)നോട് (ശബ്ദം) അൽപം ഉയർത്തണമെന്നും, ഉമർ (ﷺ)നോട് അൽപം താഴ്ത്തണമെന്നും പറയപ്പെട്ടു.

മേൽകണ്ട ഉദ്ധരണികളിൽനിന്ന് ഈ വചനത്തിലെ രണ്ട് കൽപനകളും അവതരിച്ച ചുറ്റുപാടുകൾ നമുക്ക് മനസ്സിലാക്കാം. അതായത് (1) മുശരിക്കുകൾക്കിടയിൽ അല്ലാഹുവിനെക്കുറിച്ച് 'റഹ്മാൻ' എന്ന് പറയുക പതിവില്ലാതിരുന്നതുകൊണ്ട് നബി (ﷺ) 'റഹ്മാൻ' എന്ന് പറഞ്ഞകേട്ടപ്പോൾ നബി (ﷺ) ക്കെതിരായി അക്ഷേപത്തിനും ദുഷ്പ്രചാരണത്തിനും അവർ അതൊരു ആയുധമാക്കിയ ചുറ്റുപാടിലായിരുന്നു നിങ്ങൾ അല്ലാഹു എന്നോ റഹ്മാൻ എന്നോ വിളിച്ചുകൊള്ളുക എന്ന കൽപനയുണ്ടായത്. അല്ലെങ്കിൽ 'അല്ലാഹു' എന്ന നാമത്തിന്റെ അത്ര തന്നെ 'റഹ്മാൻ' എന്ന നാമത്തെ നബി(ﷺ) പ്രാർത്ഥനയിലും മറ്റും ഉപയോഗിക്കുക പതിവില്ലാത്തതിനെപ്പറ്റി യഹൂദികൾ പ്രസ്താവിച്ചുകൊണ്ടിരുന്ന ചുറ്റുപാടിലായിരുന്നു. ഒരു പക്ഷേ, ഈരണ്ടും ഒരേ സന്ദർഭത്തിൽ തന്നെയായിരുന്നുവെന്നും വരാം. അല്ലാഹുവിനറിയാം. (2) നമസ്കാരത്തിലെ ഖുർആൻ പാരായണം ഉച്ചത്തിലും പതുക്കെയും നടത്തപ്പെട്ടിരുന്ന പരിസ്ഥിതിയിൽ രണ്ടിലും ചില നന്മകൾ ഉണ്ടെങ്കിലും ഓരോന്നും ചിലദോഷത്തിന് കാരണമായിരുന്നത് കൊണ്ടാണ് നമസ്കാരം ഉറക്കെയും പതുക്കെയും ആക്കാതെ ഒരു മദ്ധ്യനിലകൈക്കൊള്ളണമെന്ന കൽപനയുണ്ടായത്.

നിങ്ങൾ ഏതുതന്നെ വിളിച്ചാലും അല്ലാഹുവിന് ഏറ്റവും ഉൽകൃഷ്ടമായ നാമങ്ങൾ ഉണ്ട് (أياما تدعوا فله الاسماء الحسنى) എന്ന് പറഞ്ഞതിൽ നിന്ന് 'അല്ലാഹു' എന്നും 'റഹ്മാൻ' എന്നുമല്ലാത്ത ഏത് നാമങ്ങളിലും അല്ലാഹുവിനെ വിളിക്കാമെന്നും, എന്നാൽ ആ നാമങ്ങൾ അവന്റെ ഉൽകൃഷ്ട നാമങ്ങളിൽ പെട്ടതായിരിക്കണമെന്നും മനസ്സിലാക്കാം. സൂ: അഅ്റാഫിൽ പറയുന്നു: والله الاسماء الحسنى فادعوه بها (അല്ലാഹുവിന് ഏറ്റം നല്ല ഉൽക്കൃഷ്ടനാമങ്ങളുണ്ട്. അവകൊണ്ട് അവനെ വിളിക്കുവിൻ അവന്റെ നാമങ്ങളിൽ ക്രമക്കേട് കാണിക്കുന്നവരെ നിങ്ങൾ വിട്ടേക്കുകയും ചെയ്യുവിൻ. അവർ പ്രവർത്തിക്കുന്നതിന് അവർക്ക് വഴിയെ പ്രതിഫലം നൽകപ്പെടുന്നതാണ്.) (അഅ്റാഫ്:180) അല്ലാഹുവിന്റെ പരിശുദ്ധതക്കും മഹത്വത്തിനും യോജിക്കുന്നതല്ലാത്ത നാമങ്ങളോ വിശേഷണങ്ങളോ അവനെക്കുറിച്ച് ഉപയോഗിക്കുവാൻ പാടില്ലെന്ന് ഇതിൽനിന്ന് വ്യക്തമാണ്. (ഈ വിഷയകമായി കൂടുതൽ വിവരം അഅ്റാഫിൽ പ്രസ്തുത ആയത്തിന്റെ വിവരണത്തിലും, സൂറത്തുൽഹശ്ർ അവസാനത്തെ വചനത്തിന്റെ വിവരണത്തിലും കാണാം. നമസ്കാരത്തിന്റെ മാത്രമല്ല, നമസ്കാരത്തിന് പുറത്തും തന്നെ എല്ലാ ദിക്റുകളിലും പൊതുവെ ശബ്ദം അധികം ഉയർത്താതെയും, അധികം താഴത്താതെയും മിതമായ ഒരുനില കൈക്കൊള്ളേണ്ടതാണെന്ന് പല മഹാന്മാരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

മുമ്പു ചില സന്ദർഭങ്ങളിൽ നാം ചൂണ്ടിക്കാട്ടിയതുപോലെ, അല്ലാഹുവിന്റെ ഉൽകൃഷ്ട നാമങ്ങളിൽ 'അല്ലാഹു' എന്ന തിരുനാമം കഴിച്ചാൽ ഏറ്റവും സ്ഥാനം ഖുർആനിൽ നൽകപ്പെട്ടിരിക്കുന്നത് 'റഹ്മാൻ' (പരമകാരുണികൾ) എന്ന നാമത്തിനാകുന്നു. മറ്റൊരു വിശേഷണവും കൂടാതെ പലപ്പോഴും ആ നാമം സ്വതന്ത്രമായി അല്ലാഹുവിനെക്കുറിച്ച് ഖുർആൻ ഉപയോഗിച്ചിരിക്കുന്നത് കാണാം. لرحمن علم القرأن ، عباد الرحمن , وعد الرحمن എന്നിങ്ങനെയുള്ളവ അതിന് ഉദാഹരണങ്ങളാകുന്നു. അല്ലാഹുവിന്റെ അതിമഹത്തും വിശാലവുമായ കാരുണ്യത്തെയാണല്ലോ അത് കുറിക്കുന്നത്. ഈ നാമം വേദക്കാർക്കിടയിൽ സുപരിചിതമായിരുന്നുവെങ്കിലും, അറബി മുശ്രിക്കുകൾക്കിടയിൽ അല്ലാഹുവിനെക്കുറിച്ച് അത് ഉപയോഗിക്കുക പതിവുണ്ടായിരുന്നില്ല. അതുകൊണ്ടാണ്-സൂ: ഫുർഖാൻ:60 ൽ കാണുന്നതുപോലെ, 'റഹ്മാനിന്ന് സുജൂദു ചെയ്വിൻ' എന്ന് പറയപ്പെട്ടാൽ റഹ്മാൻ എന്താണ്? وما الرحمن എന്ന് അവർ ചോദിച്ചിരുന്നതും, ഹുദൈബിയാ സന്ധിപത്രത്തചമ .....بسم الله (ബിസ്മില്ലാഹി.....) എന്ന് എഴുതുവാൻ നബി (ﷺ) ആവശ്യപ്പെട്ടപ്പോൾ "ഞങ്ങൾക്ക് റഹ്മാനും, റഹീമും അറിയുകയില്ല" എന്ന് അവ

ർ പറഞ്ഞതും, അവരുടെ പതിവ് പ്രകാരം باسمك اللهم (ബിസ്മിക-ല്ലാഹുമ്മ) (*)എന്നെഴുതണമെന്ന് അവർ ശഠിച്ചതും.

കരുണയില്ലാത്ത ഒരു ക്രൂരനായി മാത്രമേ പൗരാണിക മനുഷ്യർ അല്ലാഹുവിനെക്കുറിച്ച് കരുതിയിരുന്നുള്ളുവെന്നും, അതുകൊണ്ടാണ് അവർ അവൻെറ കാരുണ്യത്തെക്കുറിക്കുന്ന 'റഹ്മാൻ' എന്ന നാമത്തെ എതിർത്തതെന്നും ചില ആളുകൾ പ്രസ്താവിച്ച് കാണാറുണ്ട്. പൗരാണിക ജനവിഭാഗങ്ങളിൽ വല്ലവർക്കും അങ്ങിനെ ഒരന്ധവിശ്വാസം ഉണ്ടായിരുന്നിരിക്കാമെങ്കിലും, ഖുർആൻെറ അവതരണ കാലത്തുള്ളവരിൽ അങ്ങിനെ വിശ്വാസമുണ്ടായിരുന്നുവെന്നും, അതുകൊണ്ടാണവർ 'റഹ്മാൻ' എന്ന നാമത്തെ എതിർത്തതെന്നുമുള്ളതിന് തെളിവൊന്നും കാണുന്നില്ല. ഇസ്റാഈല്യരെ സംബന്ധിച്ചിടത്തോളം, അവർക്ക് ആ നാമം മുമ്പേ സുപരിചിതമായിരുന്നുവെന്ന് ഖുർആനിൽ നിന്ന് തന്നെ മനസ്സിലാക്കാം. ഉദാഹരണമായി: ഹാറൂൻ (عليه السلام)നബി ഇസ്റാഈല്യരോട് وان ربكم الرحمن فاتبعوني وأطيعوا أمري (നിങ്ങളുടെ റബ്ബ് റഹ്മാനാകുന്നു, അതുകൊണ്ട് എൻെറ കൽപന പിൻപറ്റുവിൻ.) എന്ന് പറയുകയുണ്ടായി. (ത്വാഹാ: 90) സുലൈമാൻ (عليه السلام) നബി ബിൽഖീസിനയച്ച കത്തിൽ بسم الله الرحمن الرحيم (ബിസ്മി....) എന്ന് എഴുതിയിരിക്കുന്നു. (നംല്:30) (ഞാൻ റഹ്മാനിന്ന് നോമ്പ് നോറ്റിരിക്കുന്നു) എന്ന് മർയം (عليها السلام)ബീവിയും പറയുകയുണ്ടായി. (മർയം:26) തൗറാത്തിൽ റഹ്മാൻ എന്ന് അല്ലാഹുവിനെക്കുറിച്ച് ധാരാളം പറയുന്നുണ്ടെന്നും, താങ്കൾ ആ പേര് പറയൽ കുറവാണെന്നും വേദക്കാർ നബി (ﷺ) യോട് പറഞ്ഞതായി ഇബ്നു-ഹാക് (رحمه الله)ൽ നിന്നുള്ള ഒരു രിവായത്ത് നാം അൽപം മുമ്പ് ഉദ്ധരിച്ചിട്ടുണ്ടല്ലോ. വേദക്കാർക്കിടയിൽ ആ പേര് സുപരിചിതമായിരുന്നുവെന്ന് ഇതിൽ നിന്നൊക്കെ വ്യക്തമാണ്. അല്ലാഹു സ്നേഹവും കൃപയുമുള്ളവനാണെന്ന് കാണിക്കുന്ന പല വാക്യങ്ങളും നിലവിലുള്ള ബൈബിളിലും കാണാം.

അറബികളെ സംബന്ധിച്ചിടത്തോളം, 'റഹ്മാൻ' എന്നും 'റഹീം' എന്നുമുള്ള നാമങ്ങൾ അല്ലാഹുവിനെപ്പറ്റി ഉപയോഗിക്കുന്നതിലല്ലാതെ, അല്ലാഹുവിൻെറ കാരുണ്യത്തിൽ അവർക്ക് എതിർപ്പുണ്ടായിരുന്നതായി തെളിയുന്നില്ല. ആ നാമം അവർക്കിടയിൽ പരക്കെ ഉപയോഗിക്കുക പതിവുണ്ടായിരുന്നില്ലെങ്കിൽപോലും അത് അവർക്ക് അജ്ഞാതമായിരുന്നില്ലെന്ന് സൂ: സുഖ്റുഫ്: 20-ാം വചനത്തിൽ നിന്ന് മനസ്സിലാക്കാം. മുശ്രിക്കുകൾ മലക്കുകളെ ആരാധിച്ചിരുന്നതിനെ ന്യായീകരിക്കുവാൻ വേണ്ടി اني نذرت للرحمن صوما (റഹ്മാൻ ഉദ്ദേശിച്ചിരുന്നെങ്കിൽ ഞങ്ങൾ അവരെ ആരാധിക്കുമായിരുന്നില്ല.) എന്ന് പറഞ്ഞതായി അല്ലാഹു അവിടെ ഉദ്ധരിച്ചിരിക്കുന്നു. മാത്രമല്ല, വേദക്കാരിൽ നിന്ന് ആ പേര് അവർ കേട്ടുപരിചയിക്കുവാൻ തികച്ചും സാധ്യതയുമുണ്ട് ചുരുക്കിപ്പറഞ്ഞാൽ, അറബികൾക്കിടയിൽ ആ വാക്ക് അല്ലാഹുവിനെപ്പറ്റി ഉപയോഗിക്കുക പതിവില്ലാത്തതും, കിട്ടുന്ന അവസരമെല്ലാം നബി (ﷺ) യെ എതിർക്കുന്നതിനും അക്ഷേപിക്കുന്നതിനും ഉപയോഗപ്പെടുത്തുവാനുള്ള വെമ്പലും നിമിത്തമായിരുന്നു അവർ 'റഹ്മാൻ' എന്ന പ്രയോഗത്തെ ആക്ഷേപിച്ചത് എന്ന് പറയുവാനേ ന്യായം കാണുന്നുള്ളു.

ഒരു വസ്തുതകൂടി ഇവിടെ കണക്കിലെടുക്കേണ്ടതുണ്ട്. അതായത്, ഓരോ മതക്കാർക്കും, സമുദായങ്ങൾക്കുമിടയിൽ അല്ലാഹുവിനെക്കുറിച്ച് അവർ ഉപയോഗിച്ചുവരാറുള്ള ചില പ്രത്യേക നാമവിശേഷണങ്ങൾ ഉണ്ടായിരിക്കും. ഉദാഹരണമായി: ''അല്ലാഹു, പടച്ചവൻ, കാരുണ്യവാൻ'' പോലെയുള്ള വാക്കുകൾ മുസ്ലിംകൾക്കിടയിലും,'ഈശ്വരൻ, കുരുണാകരൻ' പോലെയുള്ള വാക്കുകൾ ഹിന്ദുക്കൾക്കിടയിലും, 'കർത്താവ്' എന്ന് ക്രിസ്ത്യാനികൾക്കിടയിലുമാണ് അധികം ഉപയോഗം. ആ വാക്കുകളിലടങ്ങിയ ആശയത്തിൽ പരസ്പരം ഭിന്നിപ്പില്ലെങ്കിൽതന്നെയും ഒരു കൂട്ടർ പ്രത്യേകം ഉപയോഗിക്കുന്ന വാക്കുകൾ മറ്റൊരു കൂട്ടർക്ക് ഉപയോ

* അല്ലാഹുവേ, നിൻെറ നാമത്തിൽ എന്നർത്ഥം.

ഗിക്കുവാൻ വൈമനസ്യമുണ്ടായരിക്കും. അന്യോന്യം വെറുപ്പിലും വിദ്വേഷത്തിലും കഴിഞ്ഞു കൂടുന്ന പരിതസ്ഥിതികളിൽ പ്രത്യേകിച്ചും വെറുപ്പ് തോന്നുക സ്വാഭാവികമാകുന്നു.

وَقُلِ ٱلْحَمْدُ لِلَّهِ ٱلَّذِى لَمْ يَتَّخِذْ وَلَدًا وَلَمْ يَكُن لَّهُۥ شَرِيكٌ فِى ٱلْمُلْكِ وَلَمْ يَكُن لَّهُۥ وَلِىٌّ مِّنَ ٱلذُّلِّ ۖ وَكَبِّرْهُ تَكْبِيرًۢا ﴿١١١﴾

111 നീ പറയുകയും ചെയ്യുക: ''യാതൊരു അല്ലാഹുവിനത്രെ സ്തുതി (മുഴുവനും)! അവൻ ഒരു സന്താനത്തെയും സ്വീകരിച്ചിട്ടില്ല; രാജാധികാരത്തിൽ അവന് ഒരു പങ്കാളിയും ഇല്ല; എളിമ [ദൗർബ്ബല്യം] നിമിത്തം അവന് ഒരു ബന്ധുവും ഇല്ല. (അങ്ങിനെയുള്ള അല്ലാഹുവിനത്രെ സ്തുതി)അവനെ നീ ഒരു (പരിപൂർണ്ണമായ) മഹത്വപ്പെടുത്തൽ മഹത്വപ്പെടുത്തുകയും ചെയ്യുക! (അവൻെറ മഹത്വത്തെ പരിപൂർണ്ണമായി കീർത്തനം ചെയ്കയും ചെയുക.]

---

111 **وقُل** പറയുകയും ചെയ്യുക. **الحمد** സ്തുതി(മുഴുവൻ). **لله** അല്ലാഹുവിന്നാകുന്നു. **الذي** യാതൊരുവനായ. **لم يتّخذ** അവൻ ഏർപ്പെടുത്തിയിട്ടില്ല (സ്വീകരിച്ചിട്ടില്ല). **ولدا** സന്താനം. **ولم يكُن** ഇല്ലതാനും. **له** അവന്. **شريك** ഒരു പങ്കാളി, കൂറുകാരൻ. **في الملك** രാജത്വ(രാജാധികാര)ത്തിൽ. **ولم يكُن** ഇല്ലതാനും. **له** അവന്. **ولي** ഒരു മിത്ര (ബന്ധു-കൈകാര്യകർത്താ)വും. **من الذل** നിന്ദ്യത(എളിമ-ദുർബ്ബലത) നിമിത്തം. **وكبره** അവനെ മഹത്വപ്പെടുത്തുക (മഹത്വം കീർത്തനം ചെയ്യക)യും ചെയ്യുക. **تكْبيرا** ഒരു മഹത്വപ്പെടുത്തൽ (മഹത്വകീർത്തനം).

തസ്ബീഹ്' (സ്തോത്ര കീർത്തനം) കൊണ്ട് ആരംഭിച്ച ഈ സൂറത്ത് 'ഹംദും' (സ്തുതി കീർത്തനവും) 'തക്ബീറും' (മഹത്വ കീർത്തനവും) കൊണ്ടാണ് അല്ലാഹു അവസാനിപ്പിക്കുന്നത്. ഈ രണ്ടിനുമിടയിലായി, തൗഹീദിൻെറ മർമ്മപ്രധാനവും, അവൻെറ മഹത്വത്തിനും പരിശുദ്ധിക്കും നിദാനവുമായിരിക്കുന്ന മൂന്ന് യാഥാർത്ഥ്യങ്ങൾ ഓർമ്മിപ്പിക്കുകയും ചെയ്തിരിക്കുന്നു. (1) അവൻ ഒരു സന്താനത്തെയും സ്വീകരിച്ചിട്ടില്ലെന്ന്. അഥവാ യഥാർത്ഥമക്കളോ പോറ്റുമക്കളോ, ദത്തുമക്കളോ അവനില്ല. യഹൂദികൾ ഉസൈർ (عليه السلام)നെയും, ക്രിസ്ത്യാനികൾ ഈസാ (عليه السلام)നെയും, മുശ്രിക്കുകൾ മലക്കുകളെയും അല്ലാഹുവിൻെറ സന്താനങ്ങളാക്കുന്നു. മറ്റ് ചില മതക്കാർ വേറെ ചിലരെയും അവൻെറ സന്താനങ്ങളായി ഗണിച്ച് വരുന്നു. ഇങ്ങിനെയുള്ള എല്ലാതരം സന്താന വാദങ്ങളിൽനിന്നും അവർ പരിശുദ്ധനത്രെ. (2) രാജാധികാരത്തിൽ അവന് യാതൊരു പങ്കാളികളുമില്ലെന്ന്. അതെ, അവൻെറ അധികാരവകാശങ്ങളിലും, കൈകാര്യ നടത്തിപ്പിലും നാമമാത്രമായ ഒരു പങ്കുപോലും ആർക്കുമില്ല. (3) എളിമ നികത്തുവാൻ അവന് ഒരു ബന്ധവുമില്ല. അതായത്, അവൻെറ ഏതെങ്കിലും ദൗർബല്യമോ, പോരായ്മയോ കാരണത്താൽ അവന് ബന്ധുമിത്രാദികളോ, സഖികളോ, സഹായികളോ ആയി ആരുമില്ല. അതെ, هو الله الاحد الصمد الذى لم يلد ولم يولد ولم يكن له كفوا أحد അവൻ ഏകനായ അല്ലാഹുവാണ്; അവൻ സർവ്വാശ്രയനായ യജമാനനാണ്; അവന് സന്താനം ജനിച്ചിട്ടില്ല; അവൻ ജനിച്ചുണ്ടായവനുമല്ല; അവന് തുല്യനായി ഒരാളും ഇല്ല.)

ـ ولله الحمد أولا وآخرا.

Translation & Intereptation by:

വിശുദ്ധ ഖുർആൻ വിവരണം

17. സൂറത്തുൽ ഇസ്രാഉ്

Muhammed Amani Moulavi

Published by:

Kerala Nadvathul Mujahideen – Mujahid Centre – Calicut -4

Prepared by:
www.islamhouse.com as per the copyright received from the Publishers:
To be used for Reference and Daawa purpose only.